കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2022

വാല്യം I



ജനുവരി 2023

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2022

കേരള സംസ്ഥാന ആസൂത്രണ ബോർഡ്,
തിരുവനന്തപുരം, കേരളം, ഇന്ത്യ
ജനുവരി 2023

**വാല്യം 1**

**സാമ്പത്തിക അവലോകനം 2022**
കേരള സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം, കേരളം, ഇന്ത്യ

ഡിസൈൻ & ലേഔട്ട്: സി-ഡിറ്റ്, www.cdit.org

# മുഖവുര

കേരളത്തിന്റെ സമ്പദ് വ്യവസ്ഥ 2021-22ൽ ശക്തമായ ഒരു തിരിച്ചുവരവ് രേഖപ്പെടുത്തി. ത്വരിത കണക്കുകൾ പ്രകാരം സ്ഥിരവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം 2020-21 ലെ (-)8.43 എന്ന നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 12.01 ശതമാനം എന്ന ശക്തമായ വളർച്ച 2021-22ൽ കൈവരിച്ചു. 2012-13നു ശേഷമുള്ള ഏറ്റവും ഉയർന്ന വളർച്ചയാണിത്. സംസ്ഥാന സർക്കാരിന്റെ നയപരമായ ഇടപെടലുകൾക്കൊപ്പം ഉത്തേജക പാക്കേജുകളും വളർച്ച വേഗത്തിലാക്കി, പ്രത്യേകിച്ചും സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കടുത്ത പരിമിതികൾ നേരിട്ട സമയത്ത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ പൊതുവിദ്യാഭ്യാസത്തിലും പൊതുജനാരോഗ്യ രംഗത്തും പൊതുജനങ്ങൾക്കുള്ള പ്രാപ്യതയിലും സേവനങ്ങളുടെ ഗുണനിലവാരത്തിലും വലിയ മാറ്റങ്ങൾക്ക് സംസ്ഥാനം സാക്ഷ്യംവഹിച്ചു. ഭൗതികസൗകര്യങ്ങളുടെ രൂപപരിണാമം, വ്യവസായത്തിലെയും വിവിരസാങ്കേതിക വിദ്യയിലെയും പുതിയ ദിശാബോധം, പ്രാദേശിക സർക്കാരുകളിലെ ജനപങ്കാളിത്തം വർധിപ്പിക്കൽ, ജീവനോപാധികളുടെയും തൊഴിൽസൃഷ്ടിക്കലിന്റെയും പുനരുജ്ജീവനശ്രമം, സാമൂഹിക സുരക്ഷയുടെ മെച്ചപ്പെടുത്തൽ, ലിംഗശാക്തീകരണ രംഗത്തെ പുതിയ നടപടികൾ എന്നീ കാര്യങ്ങളിലൊക്കെ അനിതരസാധാരണമായ മാറ്റങ്ങൾ സംസ്ഥാനത്ത് രേഖപ്പെടുത്തി.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ശക്തമായ സാമൂഹിക ഇടപെടലിലൂടെ ജനങ്ങളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിന്റെയും സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക സ്ഥിതിഗതികളുടെ നിലവാരം ഉയർത്തിയതിന്റെയും ഏറ്റവും നല്ല ഉദാഹരണമാണ് കേരളം. മാനവവികസന സൂചികകളിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്താണ് കേരളം. തുടർച്ചയായി മൂന്നുവർഷം (2018, 2019, 2020) എസ്.ഡി.ജി ഇന്ത്യ സൂചികയിൽ ഒന്നാം സ്ഥാനത്താണ് കേരളം. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരം കേരളത്തിലെ പ്രതിശീർഷ അനുപാതം 0.71 ശതമാനമാണ്, ഇത് രാജ്യത്തെ സംസ്ഥാനങ്ങളിലെ ഏറ്റവും താഴ്ന്ന നിരക്കാണ്. ഇന്ത്യ നൈപുണ്യ റിപ്പോർട്ട് 2022 യുവജനങ്ങളുടെ തൊഴിൽ ക്ഷമതയുടെ കാര്യത്തിൽ സംസ്ഥാനങ്ങളിൽ കേരളത്തിന് മൂന്നാംസ്ഥാനമാണ് നൽകിയിരിക്കുന്നത്. ജനനസമയത്തെ ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ജനസംഖ്യയിൽ സ്ത്രീ-പുരുഷാനുപാതം തുടങ്ങിയ സൂചകങ്ങളുടെ കാര്യത്തിൽ രാജ്യത്ത് കേരള സംസ്ഥാനം മുൻനിരയിലാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷമാണ് 2022-23. സാമ്പത്തിക ആസൂത്രണമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക നേട്ടങ്ങളുടെ കേന്ദ്രബിന്ദു. ആസൂത്രണത്തിലൂടെ ആധുനികവും വികസിതവുമായ കേരളം സൃഷ്ടിക്കാനുള്ള പ്രതിബദ്ധത സർക്കാർ ആവർത്തിച്ചുറപ്പിക്കുന്നു. അത് ശാസ്ത്ര സാങ്കേതിക പുരോഗതി, ശാസ്ത്രബോധത്തിന്റെ വികാസം, പുതിയ തലങ്ങളിലുള്ള ഉൽപാദനം, തൊഴിൽരംഗത്തേക്കു കടന്നുവരുന്ന യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ എന്നിവയാൽ മികച്ചതായിരിക്കും.

2021-22ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിലെ മേഖല തിരിച്ചുള്ള കണക്കുകൾ എല്ലാ മേഖലകളിലെയും പുരോഗതി വെളിവാക്കുന്നു. കൃഷിയും അനുബന്ധ പ്രവൃത്തികളും, വ്യവസായം, ദ്വിദീയ മേഖല എന്നിവ 2020-21 നെ അപേക്ഷിച്ച് 2021-22ൽ യഥാക്രമം 4.6 ശതമാനം, 3.8 ശതമാനം, 17.3 ശതമാനം എന്നീ നിരക്കുകളിൽ വളർന്നു. ഇത് വളരെ അഭിമാനകരമായ വളർച്ചയാണ്, പ്രത്യേകിച്ചും കഴിഞ്ഞവർഷം ഈ മേഖലകൾ നെഗറ്റീവ് വളർച്ച രേഖപ്പെടുത്തിയ പശ്ചാത്തലത്തിൽ. കേന്ദ്ര സർക്കാർ ഏൽപ്പിച്ച ധനപരമായ പരിമിതികൾക്കിടയിലാണ് സംസ്ഥാന സർക്കാർ ഈ ശക്തമായ വളർച്ച കൈവരിച്ചത്. പല ഘടകങ്ങൾ വളർച്ചയ്ക്ക് സംഭാവനയേകിയിട്ടുണ്ട്. യഥാക്രമം 2020 മാർച്ചിലും 2021 ജൂണിലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ രണ്ട് സാമ്പത്തിക പാക്കേജുകളും ചെറുകിട വ്യവസായങ്ങളെ സഹായിക്കുന്നതിനായി പ്രഖ്യാപിച്ച 5,650 കോടി രൂപയുടെ പാക്കേജും ഉൾപ്പടെ, ചാക്രിക വിരുദ്ധ ധനനയത്തിലൂടെയുള്ള സംസ്ഥാനത്തിന്റെ ഇടപെടലുകൾ, വീണ്ടെടുക്കലിൽ ഒരു പ്രധാന പങ്കുവഹിച്ചു.


സാമ്പത്തിക അവലോകനം 2022 ന്റെ പ്രമേയ അധ്യായം "പുരോഗതിക്കും വികസനത്തിനും ഉന്നതവിദ്യാഭ്യാസം: ഒരു അവലോകനം" എന്നതാണ്. സർക്കാർ വിഭാവനം ചെയ്യുന്ന ഒരു വിജ്ഞാന സമൂഹമായി സംസ്ഥാനത്തെ വികസിപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ രംഗത്തെ പുരോഗതി അനിവാര്യമാണ്. കേരള സർക്കാർ അക്കാദമിക നിലവാരം ഉയർത്തുന്നതിനും പ്രവേശനാനുപാതം വർധിപ്പിക്കുന്നതിനും യുവജനങ്ങൾക്ക് അത്യാധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഒന്നിലധികം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കേരളത്തിലെ കോളേജുകളും സർവകലാശാലകളും 2022-23 ലെ നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റാങ്കിംഗിൽ പുതിയ തലത്തിലുള്ള അംഗീകാരം നേടിയെടുത്തു. ഈ വർഷം രണ്ട് പുതിയ സംഭവവികാസങ്ങൾ കൂടിയുണ്ടായി. ഒന്നാമത്തേത്, ഉന്നതവിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതത്തിൽ കുത്തനെയുള്ള വർധനവുണ്ടായി. രണ്ടാമത്, മൂന്ന് കമ്മീഷനുകളെ സർക്കാർ നിയോഗിക്കുകയും അവരിൽനിന്ന് റിപ്പോർട്ടുകൾ സ്വീകരിക്കുകയും ചെയ്തു. കേരളത്തിലെ സർവകലാശാലകളിലെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷാ പരിഷ്കാരങ്ങൾ, ഉന്നതവിദ്യാഭ്യാസ പരിഷ്കരണം, സർവകലാശാല നിയമ പരിഷ്കരണം എന്നിവയായിരുന്നു കമ്മീഷനുകൾ.

സാമ്പത്തിക അവലോകനം 2022ൽ സർക്കാർ വകുപ്പുകളുടെ നയങ്ങളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്നു. ഇത് വിവിധ വകുപ്പുകളുടെ പ്രകടനത്തെക്കുറിച്ചും വരുംവർഷങ്ങളിൽ കൈകാര്യം ചെയ്യേണ്ട പ്രശ്നങ്ങളെക്കുറിച്ചും ചർച്ചചെയ്യുന്നു.

മുൻവർഷങ്ങളിലെപ്പോലെ സാമ്പത്തിക അവലോകനം രണ്ടു വാല്യങ്ങളിലായി അവതരിപ്പിക്കുന്നു. വാല്യം I-ൽ സർക്കാർ വകുപ്പുകളുടെ നയങ്ങൾ, പരിപാടികൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. വാല്യം II-ൽ അനുബന്ധ സ്ഥിതിവിവര കണക്കുകൾ നൽകുന്നു. സാമ്പത്തിക അവലോകനം 2022 ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുന്നു. ഡിജിറ്റൽ പതിപ്പ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് സൈറ്റായ www.spb.kerala.gov.in ൽ അപ്‌ലോഡുചെയ്യും.

**വി കെ രാമചന്ദ്രൻ**



വൈസ് ചെയർപേഴ്സൺ
ജനുവരി, 2023

# ഉള്ളടക്കം


| | | |
|---|---|---|
| | **കേരളം ഒറ്റനോട്ടത്തിൽ** | vii |
| | **കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സൂചികകൾ – ദ്രുതവീക്ഷണം** | xiii |
| | **ജില്ലകൾ – അവലോകനം** | xvi |
| | **പട്ടികകൾ** | xix |
| | **ചിത്രങ്ങൾ** | xxix |
| | **ബോക്സുകൾ** | xxxvi |
| **അദ്ധ്യായം 1** | **കേരള സമ്പദ് വ്യവസ്ഥ** | **1** |
| 1.1 | സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ: മുന്നോട്ടുള്ള കാഴ്ചപ്പാട് | 3 |
| 1.2 | ജനസംഖ്യ വിവരണം | 14 |
| 1.3 | ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ | 20 |
| 1.4 | വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക് | 25 |
| 1.5 | സംസ്ഥാനത്തിന്റെ ധനസ്ഥിതി | 32 |
| 1.6 | പതിനാലാം പഞ്ചവത്സര പദ്ധതിയും (2022-2027)<br>2022-23 വാർഷിക പദ്ധതിയും | 39 |
| **അദ്ധ്യായം 2** | **പുരോഗതിക്കും വികസനത്തിനും ഉന്നതവിദ്യാഭ്യാസം: ഒരു അവലോകനം** | **43** |
| **അദ്ധ്യായം 3** | **കൃഷിയും അനുബന്ധ മേഖലകളും** | **65** |
| 3.1 | കാർഷികമേഖല | 67 |
| 3.2 | കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ | 90 |
| 3.3 | കന്നുകാലി വികസനം | 100 |
| 3.4 | മത്സ്യ വികസനം | 113 |
| 3.5 | ജലവിഭവങ്ങൾ | 121 |
| 3.6 | വനം – വന്യജീവി സംരക്ഷണം | 129 |
| 3.7 | പരിസ്ഥിതി | 137 |
| 3.8 | ഭക്ഷ്യസുരക്ഷയും പൊതുവിതരണ സംവിധാനവും | 148 |
| **അദ്ധ്യായം 4** | **ഉല്പന്ന നിർമ്മാണ മേഖല** | **155** |
| 4.1 | കേരളത്തിന്റെ വ്യാവസായിക മേഖല | 157 |
| 4.2 | ഉല്പന്ന നിർമ്മാണ മേഖല | 162 |
| 4.3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 166 |
| 4.4 | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ | 177 |
| 4.5 | ഭക്ഷ്യ സംസ്കരണം | 186 |
| 4.6 | പരമ്പരാഗത വ്യവസായങ്ങൾ | 189 |

| | | |
|---|---|---|
| **അദ്ധ്യായം 5** | **സേവന മേഖല** | **211** |
| 5.1 | വിവരസാങ്കേതിക വിദ്യ | 213 |
| 5.2 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 225 |
| 5.3 | വിനോദ സഞ്ചാരം | 239 |
| 5.4 | വിദേശ വ്യാപാരം | 250 |
| 5.5 | പൊതു സേവനങ്ങൾ | 258 |
| 5.6 | ജനങ്ങളിലേക്ക് | 266 |
| **അദ്ധ്യായം 6** | **മാനവ വികസനം** | **269** |
| 6.1 | വിദ്യാഭ്യാസം | 271 |
| 6.2 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 290 |
| 6.3 | ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ | 316 |
| **അദ്ധ്യായം 7** | **തൊഴിലും സാധ്യതകളും** | **321** |
| 7.1 | തൊഴിൽ | 323 |
| 7.2 | ആഗോള തൊഴിൽ വീക്ഷണം | 332 |
| 7.3 | നൈപുണ്യ വികസനം | 341 |
| **അദ്ധ്യായം 8** | **സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ** | **353** |
| 8.1 | ലിംഗ പദവിയും വികസനവും | 355 |
| 8.2 | സാമൂഹിക – സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ | 372 |
| 8.3 | സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ | 389 |
| **അദ്ധ്യായം 9** | **കല, സംസ്കാരം, കായികരംഗം** | **399** |
| 9.1 | കലയും സംസ്കാരവും | 401 |
| 9.2 | കായികവും യുവജനകാര്യവും | 411 |
| **അദ്ധ്യായം 10** | **പ്രവാസി മലയാളികൾ** | **421** |
| **അദ്ധ്യായം 11** | **പശ്ചാത്തല സൗകര്യം** | **431** |
| 11.1 | ഗതാഗതം | 433 |
| 11.2 | ഊർജ്ജം | 463 |
| 11.3 | വാർത്താവിനിമയം | 471 |
| 11.4 | കുടിവെള്ളം | 476 |
| 11.5 | പാർപ്പിടം | 488 |
| 11.6 | നവകേരള നിർമ്മാണം | 493 |
| 11.7 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 498 |
| 11.8 | കാസറഗോഡ് വികസന പാക്കേജ് | 503 |
| **അദ്ധ്യായം 12** | **പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും** | **505** |
| | ശബ്ദാവലി | **541** |
| | ചുരുക്കെഴുത്തുകൾ | **543** |

# കേരളം ഒറ്റനോട്ടത്തിൽ

കേരള സംസ്ഥാനം 2021-22ൽ സാമ്പത്തികരംഗത്ത് ശക്തമായ തിരിച്ചുവരവ് രേഖപ്പെടുത്തി. മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്നം 2020-21 ലെ (-)8.43 ശതമാനവുമായി താരതമ്യംചെയ്യുമ്പോൾ യഥാർത്ഥത്തിൽ 12.01 ശതമാനം (ത്വരിത കണക്ക്) വർധിച്ചു. മൊത്ത സംസ്ഥാന സംയോജിത മൂല്യം 2011-12 ലെ സ്ഥിരവില അടിസ്ഥാനപ്പെടുത്തി 2020-21 ലെ (-)10.0 ൽ നിന്നും 2021-22ൽ 12.1 ശതമാനമായി വർധിച്ചു. ത്വരിത കണക്കുകൾ പ്രകാരം സ്ഥിരവിലയിൽ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്നം 2021-22ൽ 1,62,992 രൂപയായിരുന്നു, ആനുപാതിക ദേശീയ ശരാശരി 1,07,670 രൂപയാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ 2021-22ൽ ദേശീയതലത്തിൽ ഒരാളുടെ ശരാശരി വരുമാനത്തേക്കാൾ കൂടുതലാണ് കേരളത്തിലെ ഒരാളുടെ ശരാശരി വരുമാനം.

പ്രതി ചാക്രിക ധനനയത്തിലൂടെ (Counter-cyclical fiscal policy) പ്രധാനമായും നടപ്പിലാക്കിയ വിവിധ ഉത്തേജക പാക്കേജുകളിലൂടെ സംസ്ഥാനത്തിന് സാമ്പത്തിക വളർച്ച വീണ്ടെടുക്കാൻ സാധിച്ചു. സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് അവശ്യസേവനങ്ങൾ, സാധനങ്ങൾ, പണം എന്നിവ നൽകിക്കൊണ്ട് ആശ്വാസം നൽകാൻ സർക്കാർ മുന്നിട്ടിറങ്ങി. സാമ്പത്തിക സൂചകങ്ങൾ സുസ്ഥിരമായി നിലനിർത്താൻ സംസ്ഥാനം വിവേകപൂർണ്ണമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

റവന്യൂ കമ്മിയും മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പന്നവും തമ്മിലുള്ള അനുപാതം 2020-21 ലെ 2.51 ശതമാനത്തിൽ നിന്ന് 2021-22ൽ 2.29 ശതമാനമായി കുറഞ്ഞു. ധന കമ്മിയും മൊത്ത ആഭ്യന്തര ഉൽപന്നവും തമ്മിലുള്ള അനുപാതം 2020-21 ലെ 4.57 ശതമാനത്തിൽ നിന്നും 2021-22ൽ 4.11 ശതമാനമായി കുറഞ്ഞു, അത് 2022-23ൽ 3.91 ശതമാനമായി കുറയുമെന്ന് കണക്കാക്കുന്നു.

2021-22 ൽ റവന്യൂ വരുമാനം മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപന്നത്തിന്റെ 2020-21 ലെ 12.66 ശതമാനത്തിൽ നിന്നും നേരിയതോതിൽ വർധിച്ച് 12.86 ശതമാനമായി. 2022-23 ലെ ബജറ്റ് കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെയും നികുതിയേതര വരുമാനത്തിന്റെയും വർദ്ധനവ് യഥാക്രമം 27.01 ശതമാനവും 12.49 ശതമാനവുമായിരിക്കുമെന്ന് കണക്കാക്കുന്നു. അതായത് സംസ്ഥാനത്തിന്റെ മൊത്ത വരുമാനം 19.94 ശതമാനമായി വർദ്ധിക്കും. എന്നിരുന്നാലും 2021-22ൽ കേന്ദ്ര നികുതികളുടെയും ഗ്രാന്റിന്റെയും വിഹിതത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 0.82 ശതമാനം കുറവ് രേഖപ്പെടുത്തുകയുണ്ടായി. 2022-23 ബജറ്റ് കണക്കുകൾ പ്രകാരം മൂലധന അടങ്കൽ 4.93 ശതമാനം വർദ്ധിക്കുമെന്നും അതേസമയം മൂലധനച്ചെലവ് 3.08 ശതമാനം കുറയുമെന്നും കണക്കാക്കുന്നു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ കണക്ക പ്രകാരം, ഇന്ത്യയിലെ സംയോജിത ഉപഭോക്തൃ വിലസൂചിക 2022 സെപ്റ്റംബറിൽ 7.41 ശതമാനമായിരുന്നപ്പോൾ കേരളത്തിന്റേത് 6.45 ശതമാനമായിരുന്നു.

മേഖലാധിഷ്ഠിത വളർച്ച വ്യക്തമാക്കുന്നത് കൃഷി, അനുബന്ധമേഖലകളിൽ വളർച്ച 2020-21 ലെ 0.24 ശതമാനത്തെ അപേക്ഷിച്ച് 2021-22ൽ ത്വരിത കണക്കുകൾ പ്രകാരം 4.64 ശതമാനം വർദ്ധിക്കുകയുണ്ടായി എന്നാണ്. സമാനകാലയളവിൽ വിളമേഖല 0.46 ശതമാനത്തെ അപേക്ഷിച്ച് 3.63 ശതമാനം വളർച്ച രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് മേഖലയിലൊന്നാകെ ശ്രദ്ധേയമായ പുരോഗതി രേഖപ്പെടുത്തുകയുണ്ടായി. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ കൃഷി, അനുബന്ധമേഖലകളുടെ വിഹിതം 2020-21 ലെ 10.00 ശതമാനത്തിൽ നിന്നും 2021-22ൽ (സ്ഥിരവിലയിൽ) 9.33 ശതമാനമായി കുറഞ്ഞു.

2021-22 ലെ ഭൂവിനിയോഗ കണക്കുകൾ പ്രകാരം മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ മൊത്തം കൃഷി വിസ്തീർണ്ണം 25.23 ലക്ഷം ഹെക്ടറും (64.92 ശതമാനം) യഥാർത്ഥത്തിൽ കൃഷി ചെയ്ത സ്ഥലം 20.29 ലക്ഷം ഹെക്ടറും (52.22 ശതമാനം) ആണ്. കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി 14.7 ശതമാനവും വനമേഖല 27.8 ശതമാനവുമാണ്.

2021-22 ലെ മൊത്തം വിളയിൽ നെല്ല്, പയർവർഗ്ഗങ്ങൾ, മരച്ചീനി, റാഗി, ചെറുകിട തിന, മധുരക്കിഴങ്ങ്, മറ്റു കിഴങ്ങുകൾ എന്നിവ ഉൾപ്പെടുന്ന ഭക്ഷ്യവിളകൾ 10.51 ശതമാനമാണ്.

നാണ്യവിളകളായ കശുവണ്ടി, റബർ, കുരുമുളക്, നാളികേരം, ഏലം, തേയില, കാപ്പി എന്നിവ മൊത്തം കൃഷിയിടത്തിന്റെ 65.8 ശതമാനവുമാണ്. റബർ, കാപ്പി, തേയില, ഏലം എന്നിവ മൊത്തം കൃഷിയിടത്തിന്റെ 28.2 ശതമാനമാണ്. മൊത്തം കൃഷിഭൂമിയിൽ ഗണ്യമായ ശതമാനം (30 ശതമാനം) നാളികേര കൃഷിക്കായി ഉപയോഗപ്പെടുത്തുന്നു, തൊട്ടുപിന്നാലെ റബർ (21.8 ശതമാനം) വരുന്നു. നെല്ലുൽപാദനം മൊത്തം കൃഷിഭൂമിയുടെ 7.69 ശതമാനം പ്രദേശത്താണ്. ഇഞ്ചിയുടെയും ഏലത്തിന്റെയും ഉൽപാദനം യഥാക്രമം 6.5 ശതമാനവും 3.4 ശതമാനവും വർധിക്കുകയുണ്ടായി. തോട്ടവിളകളിൽ കാപ്പി, റബർ, ഏലം എന്നിവയുടെ ഉൽപാദനം യഥാക്രമം 1.97 ശതമാനവും 7.14 ശതമാനവും 3.4 ശതമാനവും വർദ്ധിച്ചു. അതേസമയം 2020-21 നെ അപേക്ഷിച്ച് തേയില ഉൽപാദനം 9.7 ശതമാനം കുറഞ്ഞു. നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും യഥാക്രമം 15.6 ശതമാനവും 16 ശതമാനവും വർദ്ധിച്ചു.

2021-22ൽ സംസ്ഥാനം 2.25 ലക്ഷം ടൺ ഉൾനാടൻ മത്സ്യവും 6.01 ലക്ഷം ടൺ സമുദ്രമത്സ്യവും ഉൽപാദിപ്പിച്ചു. കഴിഞ്ഞ നാലുവർഷമായി ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിച്ചുവരികയാണ്. ഇത് 2017-18 ലെ 1.89 ലക്ഷം ടണ്ണിൽനിന്ന് 2021-22ൽ 2.25 ലക്ഷം ടണ്ണായി വർദ്ധിച്ചു. ഉൾനാടൻ മത്സ്യ ഉൽപാദനമേഖല നേരിടുന്ന പ്രധാന വെല്ലുവിളി ഗുണനിലവാരമുള്ള മത്സ്യവിത്തിന്റെ ദൗർലഭ്യമാണ്.

സംസ്ഥാനത്തെ മൊത്തം ജലസേചിത പ്രദേശവും യഥാർത്ഥ ജലസേചിത പ്രദേശവും 2021-22ൽ മുൻവർഷത്തെ അപേക്ഷിച്ച് വർധിച്ചു. യഥാർത്ഥ ജലസേചിത പ്രദേശം 2020-21 ലെ 3.89 ലക്ഷം ഹെക്ടറിൽ നിന്നും 2021-22ൽ 4.03 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. അതേസമയം മൊത്തം ജലസേചിത പ്രദേശം 5.21 ലക്ഷം ഹെക്ടറിൽ നിന്നും 5.61 ലക്ഷം ഹെക്ടറായി. മൊത്തം ജലസേചിത പ്രദേശവും മൊത്തം കൃഷി ഭൂമിയുമായുള്ള അനുപാതം 2020-21ൽ 20.3 ശതമാനമായിരുന്നത് 2021-22ൽ 22.25 ശതമാനമായി വർദ്ധിച്ചു.

സഹകരണ സ്ഥാപനങ്ങൾ കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക വികസന പ്രക്രിയകളിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. രാജ്യത്ത് ആദ്യമായി കേരളത്തിൽ 'യുവജന സഹകരണ സംഘങ്ങൾ' സ്ഥാപിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ രണ്ടാമത്തെ 100 ദിന പരിപാടിക്ക് കീഴിൽ പ്രാഥമിക സഹകരണ സംഘങ്ങൾ, അപെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ 759 സ്ഥിരം ജോലികളും 34,942 താൽക്കാലിക തൊഴിലവസരങ്ങളും വകുപ്പ് സൃഷ്ടിച്ചു. മൊത്തം 14 സഹകരണ സൂപ്പർമാർക്കറ്റുകൾ സ്ഥാപിക്കുകയും 75 സഹകരണ സംഘങ്ങളുടെ 360 ഉൽപന്നങ്ങൾ വിപണനം നടത്തുകയും ചെയ്യുന്നു.

വർഷങ്ങളായി കേരളം അതിന്റെ വ്യാവസായിക മേഖലയുടെ നവീകരണത്തിലും വൈവിധ്യവൽക്കരണത്തിലും ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 2021-22 ലെ സ്ഥിര അടിസ്ഥാന വിലകളിൽ (ത്വരിത കണക്കു പ്രകാരം) മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ ഏകദേശം 26.82 ശതമാനം വ്യവസായ മേഖലയുടേതാണ്. വ്യവസായ മേഖല 2021-22ൽ ത്വരിത കണക്കു പ്രകാരം 3.9 ശതമാനം വളർച്ച രേഖപ്പെടുത്തി. വ്യവസായത്തിലെ പ്രധാനപ്പെട്ട ഉപമേഖലകളായ ഉല്പന്ന നിർമ്മാണം (3.63 ശതമാനം), നിർമ്മാണ മേഖല (2.4 ശതമാനം) എന്നിവ 2021-22ൽ മെച്ചപ്പെട്ട വളർച്ച രേഖപ്പെടുത്തി. നിർമ്മാണ മേഖലയിലെ പുരോഗതി പ്രധാനമായി കോവിഡ് നിയന്ത്രണങ്ങളിൽ വരുത്തിയ ഇളവുകൾകൊണ്ടാണ്. ത്വരിത കണക്കുകൾ പ്രകാരം 2021-22 ലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ 12.12 ശതമാനവും (2011-12 ലെ സ്ഥിരവിലയിൽ) ഉല്പന്ന നിർമ്മാണമേഖലയുടേതാണ്. സംസ്ഥാനത്തിന്റെ മൊത്ത സംയോജിത മൂല്യത്തിന്റെ (സ്ഥിരവിലയിൽ) ഉല്പന്ന നിർമ്മാണമേഖലയുടെ പങ്ക് 2014-15 ലെ 9.78 ശതമാനത്തിൽ നിന്ന് 2021-22ൽ 12.12 ശതമാനമായി ഉയർന്നു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചു. ഈ ഉദ്യമത്തിന്റെ ലക്ഷ്യം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഈ മഹത്തായ ലക്ഷ്യം ഏപ്രിൽ 1, 2022 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസങ്ങൾക്കുള്ളിൽ സർക്കാർ കൈവരിച്ചു. ഈ നേട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 6,274 കോടി രൂപയുടെ നിക്ഷേപം ലഭിക്കുകയും 2,20,285 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമുണ്ടായി. ആധുനികവൽക്കരണവും യന്ത്രവൽക്കരണവും കേന്ദ്രബിന്ദുവാക്കിക്കൊണ്ട് കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയാണ് സംസ്ഥാനം

നടപ്പിലാക്കുന്നത്. സംസ്ഥാനത്തൊട്ടാകെ 130 പുതിയ ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു. 2022ൽ നൂലിന്റെ ഉൽപാദനം 2016 ലെ 7,880 ടണ്ണിൽ നിന്ന് 18,662 ടണ്ണായി കുതിച്ചുയർന്നു. ഇതിനു കാരണം പ്രധാനമായും 140 ലധികം സൊസൈറ്റികളിൽ ഗുണനിലവാരമുള്ള 26,000 ലധികം ഇലക്ട്രോണിക് റാട്ടുകളും 1,493 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും സ്ഥാപിച്ചതാണ്.

ത്വരിത കണക്കുപ്രകാരം 2021-22ൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ (സ്ഥിരവിലയിൽ) സേവന മേഖലയ്ക്ക് 63.85 ശതമാനമെന്ന ഏറ്റവും വലിയ പങ്കുണ്ട് എന്നുള്ളത് സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സവിശേഷതയാണ്. 2021-22 ലെ ത്വരിത കണക്കു പ്രകാരം സേവന മേഖല മുൻവർഷത്തെ (-)14.44 എന്ന നിരക്കിനെ അപേക്ഷിച്ച് 17.3 ശതമാനം എന്ന നിലയിൽ ശക്തമായ വളർച്ച രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് സേവനമേഖലയുടെ എല്ലാ ഉപരംഗങ്ങളിലും നല്ല വളർച്ച രേഖപ്പെടുത്തി. വിവര സാങ്കേതികവിദ്യ, വിനോദസഞ്ചാരം, വ്യാപാരം എന്നിവയാണ് സേവന മേഖലയിൽ ഏറ്റവും മുന്നിൽ നിൽക്കുന്നവ.

കേരള സർക്കാരിന്റെ ക്രിയാത്മകമായ നയസമീപനം വിവര സാങ്കേതികവിദ്യയെ സംസ്ഥാനത്തെ വളർന്നുകൊണ്ടിരിക്കുന്ന മേഖലയാക്കി മാറ്റി. ടെക്നോപാർക്ക് സംസ്ഥാനത്തെ ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ഏറ്റവും വലിയ ക്യാമ്പസ്സായി മാറി. ടെക്നോപാർക്കിന്റെ മൂന്നാംഘട്ടം കമ്മീഷൻ ചെയ്തതോടെ 380 ഏക്കർ സ്ഥലത്ത് 9.7 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയയോടെ ഇത് ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി മാറി. 2020-21 ലെ ടെക് സ്റ്റാർട്ട് അപ്പുകളുടെ എണ്ണം 3143 എന്നതിൽ നിന്നും 2021-22ൽ 3650 ആയി വർധിച്ചു. 322.98 ഏക്കർ സ്ഥല വിസ്തൃതിയുള്ള കൊച്ചിയിലെ ഇൻഫോപാർക്കിന്റെ 5 ക്യാമ്പസ്സുകൾ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മൊത്തം ജീവനക്കാരുടെ എണ്ണം 2020-21 ലെ 51,000ൽ നിന്നും 63,600 ആയി വർദ്ധിച്ചു. ഐടി കമ്പനികളുടെ എണ്ണം 2020 ലെ 420 ൽ നിന്നും 546 ആയി വർധിച്ചു. സംസ്ഥാനത്തൊട്ടാകെ ഏകദേശം 30,000 സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവയ്ക്ക് അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകാൻ കഴിയുന്ന ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്കായ കെഫോൺ പ്രൊജക്ട് വിവര വിനിമയ മേഖലയിലെ ഒരു പ്രധാന ഉദ്യമമാണ്. ഇതിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞനിരക്കിലും ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

സദ്ഭരണനിർവഹണ ഉദ്യമമായി ആരംഭിച്ച 'ഇ-സേവനം' എന്ന കേരളത്തിന്റെ ഇ-സേവന പോർട്ടൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ മിക്കവാറും എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചിരിക്കുന്നു. 70ൽ അധികം വകുപ്പുകളിലെ 711 ഓളം സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചിരിക്കുന്നതിനു പുറമേ, എം-സേവനം എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലൂടെ എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും (ഏകദേശം 546 എണ്ണം) ലഭ്യമാക്കുന്നു.

സ്കിൽ ഡെലിവറി പ്രോജക്ട്, കേരള (SDPK) എന്നത് വിദ്യാർത്ഥികളെ വ്യവസായവുമായി ബന്ധപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള ഒരു അഭിമാന പദ്ധതിയാണ്. പ്രോജക്ടിന്റെ ഭാഗമായി 150 എഞ്ചിനീയറിംഗ് കോളേജുകളിലും 3 സ്റ്റുഡിയോകളിലും ടെലികോൺഫറൻസിംഗ് സംവിധാനമുള്ള ഒരു വെർച്വൽ പ്ലാറ്റ്ഫോം സ്ഥാപിച്ചു.

2022 ൽ കേരളത്തിലെ സംഘടിത മേഖലയിൽ ജോലിചെയ്തിരുന്ന 12.5 ലക്ഷംപേരിൽ 5.6 ലക്ഷം (44.8 ശതമാനം) പൊതുമേഖലയിലും 6.9 ലക്ഷം (55.2 ശതമാനം) സ്വകാര്യ മേഖലയിലുമാണ്. 2021 നെ അപേക്ഷിച്ച് 2022ൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തൊഴിലവസരങ്ങൾ വർധിച്ചു. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്റ്റർ പ്രകാരം 2022 ജൂലൈ 31 ലെ കണക്കനുസരിച്ച് മൊത്തം തൊഴിലന്വേഷകരുടെ എണ്ണം 28.4 ലക്ഷമാണ്.

2022 ആഗസ്റ്റ് വരെയുള്ള കണക്കു പ്രകാരം റേഷൻ കാർഡുടമകളുടെ എണ്ണം 92.51 ലക്ഷമാണ്. ഇതിൽ 40.83 ലക്ഷം കാർഡുകൾ എൻഎഫ്എസ്എ യ്ക്കു കീഴിലും 51.68 ലക്ഷം കാർഡുകൾ നോൺ എൻഎഫ്എസ്എ യ്ക്കു കീഴിലുമാണ്. എൻഎഫ്എസ്എ വിഭാഗത്തിൽ 5.9 ലക്ഷം എഎവൈ കാർഡുകളും 34.93 ലക്ഷം മുൻഗണനാ കാർഡുകളും ഉൾപ്പെടുന്നു. നോൺ എൻഎഫ്എസ്എ വിഭാഗത്തിൽ മുൻഗണനേതര സബ്സിഡി ഗ്രൂപ്പിൽ 23.47 ലക്ഷവും മുൻഗണനേതര നോൺ സബ്സിഡി ഗ്രൂപ്പിൽ 28.21 ലക്ഷവും ഉൾപ്പെടുന്നു. 2021-22 ൽ സബ്സിഡി ഇനത്തിൽ വിവിധ കാർഡ് ഉടമകൾക്കായി 232.3 കോടി രൂപ ചെലവഴിച്ചു.

ഇതിൽ 59.2 ശതമാനം മുൻഗണനാ കാർഡുടമകൾക്കും 40.8 ശതമാനം മുൻഗണനേതര കാർഡുടമകൾക്കുമായിരുന്നു.

റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിപ്രകാരം വരുന്ന നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 1,550 വില്ലേജുകളിൽ റീസർവ്വേ നടത്താനുള്ള ഒരു പ്രധാന പരിപാടിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അനുയോജ്യമായ സ്ഥലങ്ങളിൽ ഇതിനോടകംതന്നെ CORS (തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ) സ്ഥാപിച്ചിട്ടുണ്ട്. റീസർവ്വേ നടത്തുന്നതിന് തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ (CORS), തത്സമയ ചലനാത്മകത (RTK), ഡ്രോണുകൾ, ലിഡാർ, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷനുകൾ (ETS) എന്നിവ ഉപയോഗിപ്പെടുത്തും.

കേരള സർക്കാർ അടിസ്ഥാന സൗകര്യ വികസനത്തിന് മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്. 2021-22 ൽ കിഫ്ബി അംഗീകാരം നൽകിയ പ്രധാന പ്രൊജക്ടുകളിൽ ഒന്ന് കോഴിക്കോട്, വയനാട് ജില്ലകൾക്കിടയിലുള്ള ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി ടണൽ റോഡാണ്.

പൊതുമരാമത്ത് വകുപ്പ് (വിവിധ സ്കീമുകൾക്ക് കീഴിൽ) 14,181 കിലോമീറ്റർ ബിറ്റുമെൻ മെക്കാഡം (ബിഎം) ബിറ്റുമെൻ കോൺക്രീറ്റ് (ബിസി) ഉൾപ്പടെ മൊത്തം 14,724 കിലോമീറ്റർ റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലും നടത്തി. കെഎസ്ആർടിസി പുനരുജ്ജീവിപ്പിക്കുന്നതിനായി ലോജിസ്റ്റിക്സ്, ഷോപ്പ് വൺ വീൽ, മൂന്നാറിൽ സ്റ്റേ ഓൺ കെ.എസ്.ആർ.ടി.സി ബസ്, കെ.എസ്.ആർ.ടി.സി ലൂബ് ഷോപ്പ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് 'യാത്രാ ഫ്യുവൽ' എന്ന പേരിൽ ഇന്ധനം നിറയ്ക്കുന്ന സ്റ്റേഷനുകൾ എന്നീ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു. എന്നിരുന്നാലും വർഷങ്ങളായി പ്രവർത്തനച്ചെലവിലെ വർദ്ധനവ് പെൻഷൻ ബാധ്യതയിലെ വർദ്ധനവ്, പലിശ അടയ്ക്കൽ, ലാഭകരമല്ലാത്ത റൂട്ടുകളിലെ ബസ് സർവീസ്, യാത്രാ ഇളവുകൾ എന്നിവ കാരണം കോർപ്പറേഷന്റെ നഷ്ടം വർധിച്ചതിനാൽ കെഎസ്ആർടിസിയുടെ സാമ്പത്തിക സ്ഥിതി മോശമാണ്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ 2022 ജൂലൈയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെഎസ്ആർടിസി ഗ്രാമവണ്ടി സർവീസുകൾ ആരംഭിച്ചു. പൊതുജനങ്ങൾക്ക് സൗകര്യപ്രദവും സാമ്പത്തിക ഭാരമില്ലാത്തതുമായ ഗതാഗത സൗകര്യങ്ങൾ നൽകുന്ന സിറ്റി സർക്കുലർ സർവീസ് കെഎസ്ആർടിസി ആരംഭിച്ചു. കൊച്ചി മേഖലയിൽ 1,064.83 കോടി രൂപ ചെലവിൽ ആധുനിക ജലഗതാഗത സൗകര്യങ്ങൾ ഒരുക്കാൻ വിഭാവനം ചെയ്ത വാട്ടർ മെട്രോ പദ്ധതി അന്തിമഘട്ടത്തിലാണ്.

സാമ്പത്തിക വികസനത്തിന്റെ താക്കോലാണ് ഊർജ്ജമേഖല. 2022 മാർച്ചിൽ സംസ്ഥാനത്തെ മൊത്തം സ്ഥാപിത വൈദ്യുത ശേഷി 3,145.82 മെഗാവാട്ട് ആണ്. ഇതിൽ ജലവൈദ്യുതിയുടെ പങ്ക് 2,136.91 മെഗാവാട്ടും (67.92 ശതമാനം) താപവൈദ്യുതി 529.54 മെഗാവാട്ടും (16.83 ശതമാനം), സോളാർ 409.09 മെഗാവാട്ട് (13 ശതമാനം), 70.28 മെഗാവാട്ടും (2.23 ശതമാനം) കാറ്റിൽ നിന്നുമാണ്. കെഎസ്ഇബി 11 ബൾക്ക് ലൈസൻസികളുൾപ്പടെ 1,34,22,642 ഉപഭോക്താക്കൾക്ക് 23,499.59 മില്ല്യൺ യൂണിറ്റ് വൈദ്യുതി വിറ്റു. സംസ്ഥാനത്തിനു പുറത്തുള്ള മറ്റ് യൂട്ടിലിറ്റികൾക്കുള്ള വിൽപന ഉൾപ്പടെ വൈദ്യുതി വിൽപനയിൽ നിന്നുള്ള ആകെ വരുമാനം 15,766.34 കോടി രൂപയാണ്.

ലൈഫ് (ഉപജീവനം, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം) മിഷൻ പദ്ധതിക്ക് കീഴിൽ ഒക്ടോബർ 31, 2022 വരെ സംസ്ഥാനത്ത് 3,13,455 വീടുകൾ പൂർത്തീകരിച്ചു. കേരളത്തെ പട്ടിണിരഹിതമാക്കാനുള്ള സർക്കാരിന്റെ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ഏകദേശം 1,196 ജനകീയ ഹോട്ടലുകൾ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കുടുംബശ്രീ സജ്ജീകരിച്ച് 20 രൂപയ്ക്ക് ഭക്ഷണം നൽകുന്നത്) ആരംഭിച്ചു. ഈ ഹോട്ടലുകളിൽ ശരാശരി 1.65 ലക്ഷം ഊണുകളാണ് പ്രതിദിനം വിൽക്കുന്നത്.

2021-22ൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ആകെ 46,33,552 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. ഇക്കാലയളവിൽ 96,990 കുടുംബങ്ങൾക്കും 96,456 സ്ത്രീകൾക്കും തൊഴിൽ നൽകുകയും 9,333 കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കുകയും ചെയ്തു. 2022-23ൽ ഒക്ടോബർ 31, 2022 വരെ 20,62,951 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും 48,495 കുടുംബങ്ങൾക്കും 48,228 സ്ത്രീകൾക്കും തൊഴിൽ നൽകുകയും 4,667 കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭിക്കുകയും ചെയ്തു.

സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ക്ഷേമ പെൻഷനുകൾ 2016ൽ ഒരു ഗുണഭോക്താവിന് ലഭിച്ചിരുന്ന 600 രൂപയിൽ നിന്ന് 2021ൽ 1,600 രൂപയായി ഉയർന്നു. 2015-16ൽ സാമൂഹിക സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 34 ലക്ഷമായിരുന്നത് 2022 ഒക്ടോബറിൽ 52.38 ലക്ഷമായി ഉയർന്നു. ഇതിൽ 32.67 ലക്ഷം (62 ശതമാനം) സ്ത്രീകളാണ്. വിഭാഗങ്ങൾ തരംതിരിച്ചു നോക്കിയാൽ, 56 ശതമാനം ഗുണഭോക്താക്കൾ വാർധക്യ പെൻഷനും 27 ശതമാനം വിധവാ പെൻഷനും 7 ശതമാനം വീതം വികലാംഗ, കർഷകത്തൊഴിലാളി പെൻഷനും വാങ്ങുന്നവരാണ്. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 87,983 ഗുണഭോക്താക്കൾ കൈപ്പറ്റുന്നു.

മാനവ വികസനവും ദുർബല ജനവിഭാഗങ്ങളുടെ മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി 6,611 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിൽ 139 പഠനമുറികൾ പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ളതാണ്. നൈപുണ്യ പരിശീലനവും തൊഴിലും പദ്ധതി പ്രകാരം 171 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സബ്സിഡിയും 599 പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ ജനങ്ങൾക്ക് വിവിധ നൈപുണ്യ വികസന പരിപാടികളിലൂടെ വൈദഗ്ദ്ധ്യവും 673 പേർക്ക് വിദേശത്ത് ജോലിതേടാനുള്ള സഹായവും ലഭിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള വാത്സല്യനിധി പദ്ധതി പ്രകാരം 1,691 പെൺകുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകി. ഭൂബാങ്കിനു കീഴിൽ, 53 ഭൂരഹിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് 6.17 ഏക്കർ ഭൂമിയും വനാവകാശ നിയമത്തിന് കീഴിൽ 362 ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് 406.66 ഏക്കർ ഭൂമിയും വിതരണം ചെയ്തു. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിനു കീഴിൽ തിരഞ്ഞെടുത്ത 94 കോളനികളിൽ 49 കോളനികളിലെ അടിസ്ഥാനസൗകര്യ വികസനം പൂർത്തിയായി.

കേരളത്തിന് പരമ്പരാഗതമായി അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ രണ്ട് മേഖലകളാണ് വിദ്യാഭ്യാസവും ആരോഗ്യവും. എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ വികസനത്തിന് കേരളം പുരോഗമനപരമായ ചുവടുവെയ്പുകൾ നടത്തിവരികയാണ്. കഴിഞ്ഞ അഞ്ച് വർഷമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പുതിയതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം 8,16,929 ആണ്. എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം, യാത്രാച്ചെലവുകൾക്കുള്ള സാമ്പത്തിക സഹായം, ഹോസ്റ്റൽ സൗകര്യങ്ങൾ, വിനോദയാത്രാ ആനുകൂല്യം തുടങ്ങിയവ നൽകുന്നു. ഇതുകൂടാതെ കാഴ്ച പരിമിതിയുള്ളവർക്കായി ഓഡിയോ ബുക്കുകളും, 10, 12 ക്ലാസുകളിലെ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി സൈൻ അഡാപ്റ്റഡ് ക്ലാസുകളും കൈറ്റ് വികസിപ്പിച്ചു.

ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം നയപരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. വിജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നയത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ വലിയ ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിൽ താഴെപ്പറയുന്ന നവീകരണ സാധ്യതകൾ പരിശോധിക്കുന്നതിനായി മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. 1) സംസ്ഥാനത്ത് നിലവിലുള്ള ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വിവിധ വശങ്ങൾ പ്രത്യേകിച്ച്, ഒരു വിജ്ഞാന സമൂഹമായും വിജ്ഞാന സമ്പദ് വ്യവസ്ഥയായും സ്വയംമാറുക എന്ന വലിയ ലക്ഷ്യം മുൻ നിർത്തി പരിശോധന നടത്തുക, 2) കേരളത്തിലെ സർവകലാശാലകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലവിലെ പരീക്ഷാ രീതി അവലോകനം ചെയ്യുക, 3) യുജിസി, എഐസിടിഇ, എൻസിടിഇ എന്നിവയുടെ നിബന്ധനകളുടെ പശ്ചാത്തലത്തിൽ സർവകലാശാലകളുടെ നിയമങ്ങളും ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും പരിശോധിക്കുക, കൂടാതെ സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യങ്ങൾ കണക്കിലെടുത്ത് അവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക.

എല്ലാവർക്കും പ്രാപ്യമായതും തുല്യതയുള്ളതും സാമ്പത്തികഭാരമില്ലാത്തതും ഗുണമേന്മയുള്ളതുമായ ആരോഗ്യസേവനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതാണ് സംസ്ഥാനത്തെ പൊതുജനാരോഗ്യ സംരക്ഷണം. കേരളത്തിലെ ആയുർദൈർഘ്യം (ജനന സമയത്ത്) 75 വർഷമാണ്. ഇത് സംസ്ഥാനങ്ങളിൽ വെച്ചേറ്റവും ഉയർന്നതും ദേശീയ ശരാശരിയെക്കാൾ (70) ഉയർന്നതുമാണ്. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് (19) കേരളത്തിലാണ്. അത് ദേശീയതലത്തിൽ 97 ആണ്. ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളിൽ കേരളത്തിൽ മാത്രമാണ് ശിശുമരണ നിരക്ക് ഒറ്റ അക്കത്തിൽ ഉള്ളത് (6). ഇത് അഖിലേന്ത്യാതലത്തിൽ 28 ആണ്.

നവകേരള കർമ്മ പദ്ധതി-II ന്റെ ഭാഗമായി 2022ൽ ആർദ്രം മിഷൻ-2 ആരംഭിച്ചു. 241 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പുതിയതായി ആരംഭിച്ച 'ആശ്വാസം' ഡിപ്രഷൻ മാനേജ്മെന്റ് ക്ലിനിക്കുകൾ, സ്വാസ് എന്ന പേരിൽ ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമിണറി ഡിസീസ് കൺട്രോൾ പ്രോഗ്രാം, 4,261 ഗ്രാമീണ ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നത്, വൈകുന്നേരം 6 മണിവരെ എല്ലാ ദിവസവും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപി സൗകര്യം, ലാബോറട്ടറി സൗകര്യങ്ങളും, ജീവിതശൈലീ രോഗ ക്ലിനിക്കുകളും, സമ്പൂർണ്ണ മാനസിക ആരോഗ്യ പ്രോഗ്രാം എന്നിവയെല്ലാം ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ച പുതിയ ഉദ്യമങ്ങളാണ്. ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നു, 2,59,55,975 പേരുടെ ഡാറ്റാബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സൂക്ഷിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

കോവിഡ്-19 മഹാമാരി, പ്രകൃതി ദുരന്തങ്ങൾ, ആഗോളമാന്ദ്യം എന്നിവയാൽ സമ്മർദ്ദങ്ങളുണ്ടായിട്ടും സമ്പദ് വ്യവസ്ഥയിലെ വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനുമുള്ള നയം സംസ്ഥാന സർക്കാർ തുടരുന്നു. ഉയർന്ന സാമ്പത്തിക വളർച്ചയും ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതനിലവാരവും കൈവരിക്കുന്നതിന് സംസ്ഥാനത്തിന്റെ നിലവിലുള്ള കരുത്ത് ഉപയോഗിച്ച്കൊണ്ട് ഉന്നത നിലവാരമുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു കേരളം മുന്നോട്ടുപോകും.

# കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സൂചികകൾ: ദ്രുതവീക്ഷണം

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭ്രുവിസ്തൃതി | സ്ക്വയർ കി.മി | 38864 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 |
| ഭരണരംഗം | | | | | | | | | | | | | |
| 2 | റവന്യൂ ഡിവിഷനുകൾ | എണ്ണം. | | | | | 21 | 21 | 26 | 27 | 27 | 27 | 27 |
| 3 | ജില്ലകൾ | എണ്ണം. | 10 | 12 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 4 | താലൂക്കുകൾ | എണ്ണം. | 56 | 58 | 61 | 63 | 63 | 75 | 75 | 75 | 77 | 77 | 77 |
| 5 | വില്ലേജുകൾ | എണ്ണം. | 1326 | 1331 | 1364 | 1452 | 1532 | 1664 | 1664 | 1664 | 1664 | 1664 | 1664 |
| 6 | ടൗണുകൾ | എണ്ണം. | 88 | 106 | 197 | 159 | 520 | 520 | 520 | 520 | 520 | 520 | 520 |
| സെൻസസ് അനുസരിച്ചുള്ള ജനസംഖ്യ | | | 1961 | 1971 | 1981 | 1991 | 2001 | 2011 | | | | | |
| 7 | ആകെ | (ആയിരത്തിൽ) | 16904 | 21347 | 25454 | 29099 | 31844 | 33406 | | | | | |
| 8 | പുരുഷന്മാർ | (ആയിരത്തിൽ) | 8362 | 10588 | 12609 | 14289 | 15469 | 16027 | | | | | |
| 9 | സ്ത്രീകൾ | (ആയിരത്തിൽ) | 8542 | 10760 | 12885 | 14810 | 16373 | 17379 | | | | | |
| 10 | ഗ്രാമം | (ആയിരത്തിൽ) | 14351 | 17880 | 20682 | 21618 | 23574 | 17471 | | | | | |
| 11 | നഗരം | (ആയിരത്തിൽ) | 2552 | 3467 | 4771 | 7018 | 8267 | 15935 | | | | | |
| 12 | പട്ടിക ജാതിക്കാർ | (ആയിരത്തിൽ) | 1422 | 2002* | 2549 | 2887 | 3124 | 3040 | | | | | |
| 13 | പട്ടികവർഗ്ഗക്കാർ | (ആയിരത്തിൽ) | 208 | 193* | 261 | 321 | 364 | 485 | | | | | |
| 14 | ജനസാന്ദ്രത | ആളുകളുടെ എണ്ണം സ്ക്വയർ കി.മി.ന് | 435 | 549 | 655 | 749 | 819 | 860 | | | | | |
| 15 | സാക്ഷരതാ നിരക്ക് | ശതമാനം | 55 | 60 | 70 | 90 | 90 | 94 | | | | | |
| 16 | സ്ത്രീപുരുഷാനുപാതം | 1000 പുരുഷന്മാർക്ക് സ്ത്രീകൾ | 1022 | 1016 | 1032 | 1036 | 1058 | 1084 | | | | | |
| 17 | നഗര ജനസംഖ്യ | ശതമാനം | 15 | 16 | 19 | 24 | 26 | 48 | | | | | |
| | സ്ഥിരവിലയിൽ ജില്ല മൊത്തം ആഭ്യന്തര ഉൽപ്പന്നം | | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 (P) | 2021-22 (Q) |
| 18 | ജില്ലാതല മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി എസ് ഡി പി) | രൂപ കോടിയിൽ | 1255 | 3823 | 12195 | 63715 | 180812 | 485301.54 | 516189.76 | 554228.3 | 559194.18 | 512076.08 | 573591.46 |
| 19 | പ്രാഥമികമേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 653 | 1682 | 4756 | 14017 | 15966 | 45936.94 | 47619.23 | 46114.01 | 44306.26 | 44657.68 | 46515.96 |
| 20 | ദ്വിതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 163 | 841 | 3171 | 14017 | 38249 | 123289.49 | 129866.26 | 130450.4 | 132480.25 | 128749.03 | 133735.84 |
| 21 | തൃതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 439 | 1300 | 4268 | 35680 | 126597 | 266144.63 | 283268.51 | 303661.64 | 317187.72 | 271393.14 | 318336.73 |
| 22 | പ്രതിശീർഷ വരുമാനം (ജി എസ് ഡി പി) | രൂപയിൽ | 594 | 1508 | 4207 | 19951 | 47360 | 141398 | 149650 | 159878 | 160506 | 146246 | 162992 |
| കൃഷി | | | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 23 | യഥാർത്ഥ കൃഷി വിസ്തൃതി | 000 ഹെക്ടർ | 2171 | 2180 | 2247 | 2206 | 2079 | 2015 | 2040 | 2033 | 2026 | 2035 | 2029 |
| 24 | മൊത്തം കൃഷി ഭൂമി | 000 ഹെക്ടർ | 2933 | 2885 | 3020 | 3022 | 2669 | 2584 | 2579 | 2571 | 2586 | 2568 | 2523 |
| 25 | മൊത്തം ജലസേചന മേഖല | 000 ഹെക്ടർ | | 381 | 385 | 460.3 | 458 | 497 | 539.87 | 515.39 | 517.64 | 521.48 | 561.31 |
| 26 | മൊത്തം വിളവിറക്കിയ ഭ്രുവിസ്തൃതിയിൽ മൊത്തം ജലസേചനം നടത്തിയ ഭ്രുവിസ്തൃതി | ശതമാനം | | 13 | 13 | 15 | 18 | 19 | 21 | 20 | 20.01 | 20.3 | 22.25 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പ്രധാന വിളകൾ കൃഷി ചെയ്ത ഭൂമി | | | 1970-71 | 1980-81 | 1990-91 | 2000-01 | 2012-13 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 27 | നെൽ വയൽ കൃഷി | 000 ഹെക്ടർ | 875 | 802 | 559 | 347 | 197 | 166 | 189 | 198 | 191.05 | 201.87 | 193.95 |
| 28 | പയറുവർഗ്ഗങ്ങൾ | 000 ഹെക്ടർ | 40 | 34 | 23 | | 3 | 1.74 | 1.9 | 2.5 | 2.06 | 2.006 | 1.44 |
| 29 | കരിമ്പ് (വിളവെടുത്ത പ്രദേശം) | 000 ഹെക്ടർ | 8 | 8 | 8 | 3 | 2 | | 1.05 | | 0.95 | 0.92 | 0.92 |
| 30 | റബ്ബർ | 000 ഹെക്ടർ | 188 | 238 | 384 | 474 | 545 | 551.05 | 551 | 551.2 | 551.03 | 550.65 | 550 |
| 31 | തേയില | 000 ഹെക്ടർ | 37 | 36 | 35 | 37 | 30 | 30.2 | 30 | 36.47 | 35.87 | 35.87 | 35.87 |
| 32 | തെങ്ങ് | 000 ഹെക്ടർ | 719 | 651 | 870 | 926 | 798 | 781.5 | 760.4 | 760.94 | 760.77 | 768.8 | 765.4 |
| 33 | കവുങ്ങ് | 000 ഹെക്ടർ | 86 | 61 | 65 | | 102 | 97.7 | 94.6 | 95.73 | 96.9 | 96.57 | 93.97 |
| 34 | നിലക്കടല | 000 ഹെക്ടർ | 15 | 9 | 13 | | 0.7 | | 0.27 | 0.18 | 0.12 | 0.11 | 0.12 |
| 35 | കുരുമുളക് | 000 ഹെക്ടർ | 12 | 108 | 169 | 202 | 85 | 85.2 | 85.1 | 82.76 | 83.76 | 82.12 | 76.35 |
| 36 | ഏലം | 000 ഹെക്ടർ | 47 | 56 | 67 | 41 | 42 | 39 | 39.1 | 38.88 | 39.69 | 39.14 | 39.14 |
| 37 | ഇഞ്ചി | 000 ഹെക്ടർ | 12 | 13 | 14 | 12 | 5 | 5.15 | 4.37 | 3.27 | 2.82 | 2.7 | 2.92 |
| പ്രധാനവിളകളുടെ ഉല്പാദനം | | | 1970-71 | 1980-81 | 1990-91 | 2000-01 | 2012-13 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 38 | നെല്ല് | 000 ടണ്ണിൽ | 1298 | 1272 | 1087 | 751 | 509 | 436 | 521.3 | 578.25 | 587.1 | 626.90 | 559.30 |
| 39 | പയറുവർഗ്ഗങ്ങൾ | 000 ടണ്ണിൽ | 13 | 22 | 17 | | 3 | 1.7 | 2.04 | 2.3 | 2.18 | 1.92 | 1.47 |
| 40 | കരിമ്പ് | 000 ടണ്ണിൽ | 38 | 48 | 52 | 28 | 17 | | 11.5 | 10.63 | 12.08 | 10.70 | 10.40 |
| 41 | റബ്ബർ | 000 ടണ്ണിൽ | 88 | 140 | 308 | 560 | 800 | 540.4 | 540.7 | 492.5 | 533.5 | 519.50 | 556.60 |
| 42 | തേയില | 000 ടണ്ണിൽ | 43 | 48 | 63 | 69 | 63 | 61.5 | 62.23 | 60.76 | 59.26 | 66.85 | 60.36 |
| 43 | നാളികേരം | ദശലക്ഷം യൂണിറ്റ് | 3981 | 3008 | 4232 | 5536 | 5799 | 5384 | 5230 | 5299 | 481.4 | 4788.00 | 5535.00 |
| 44 | അടയ്ക്ക | 000 ടണ്ണിൽ | 13 | 11 | 13 | | 118 | 116.8 | 108.5 | 99.92 | 92.75 | 103.20 | 103.50 |
| 45 | നിലക്കടല | 000 ടണ്ണിൽ | 16 | 8 | 10 | 10 | 9 | | 0.38 | | 0.15 | 0.14 | 0.16 |
| 46 | കുരുമുളക് | 000 ടണ്ണിൽ | 25 | 29 | 47 | 61 | 46 | 34.06 | 37.9 | 36.77 | 34.54 | 33.59 | 32.52 |
| 47 | ഏലം | 000 ടണ്ണിൽ | 1 | 3 | 3 | | 10 | 17.14 | 18.3 | 11.53 | 10.07 | 20.57 | 21.27 |
| 48 | ഇഞ്ചി | 000 ടണ്ണിൽ | 20 | 32 | 46 | 42 | 22 | 20.47 | 18.9 | 15.12 | 11.92 | 12.09 | 12.87 |
| കന്നുകാലി സെൻസസ് | | | 1982 | 1987 | 1996 | 2003 | 2007 | 2012 | 2019 | 2020 | 2021 | 2022 | |
| 49 | ആകെ കന്നുകാലികൾ | ലക്ഷത്തിൽ | 56 | 55 | 56 | 35 | 36 | 38.88 | 29.09 | 29.09 | 29.09 | 29.09 | |
| 50 | ആകെ പൗൾട്രി | ലക്ഷത്തിൽ | 152 | 185 | 308 | 139 | 127 | 238.45 | 297.71 | 297.71 | 297.71 | 297.71 | |
| വനം | | | 1970-71 | 1980-81 | 1990-91 | 2000-01 | 2011-12 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 51 | വനവിസ്തൃതി | '000 ഹെക്ടർ | 1056 | 1123 | 1122 | 1115 | 1131 | 1131 | 1152 | 1152 | 1152 | 1152 | 1152 |
| ഫാക്ടറികൾ | | | 1981 | 1991 | 2001 | 2011 | 2012 | 2017 | 2018 | 2019 | 2020 | 2021 | 2022 |
| 52 | പ്രവർത്തിക്കുന്ന ഫാക്ടറികൾ | എണ്ണം. | 9106 | 13255 | 18554 | 19676 | 20473 | 22998 | 23335 | 24254 | 24468 | 24453 | 24271 |
| 53 | ജീവനക്കാർ | എണ്ണം | 300515 | 368738 | 436410 | 644606 | 644802 | 678058 | 698679 | 726195 | 702901 | 652875 | 678586 |
| 54 | ലക്ഷം ജനസംഖ്യയിൽ ജീവനക്കാരുടെ നിരക്ക് | എണ്ണം | 1181 | 1267 | 1370 | 1930 | 1930 | 2030 | 2091 | 2174 | 2104 | 1954 | 2031 |
| വൈദ്യുതി | | | 1980-81 | 1990-91 | 2000-01 | 2009-10 | 2011-12 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 55 | ആകെ ഉല്പാദനം | ദശലക്ഷം യൂണിറ്റ് | 5242 | 5491 | 7656 | 6495 | 8351 | 4380 | 5505.73 | 7626.37 | 5781.23 | 7109.09 | 9858.27 |
| 56 | ആകെ ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 2869 | 5282 | 10319 | 12878 | 16182 | 20038 | 21159.19 | 22361.45 | 22948.82 | 22151.6 | 23499.54 |
| 57 | വ്യാവസായിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 2025 | 2697 | 3784 | 4002 | 4926 | 5260 | 5648.31 | 5820.49 | 5683.3 | 3826.99 | 4481.02 |
| 58 | കാർഷിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 125 | 288 | 350 | 225 | 286 | 322 | 346 | 337.65 | 348.48 | 412.22 | 382.73 |
| 59 | ഗാർഹിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 409 | 1621 | 4688 | 5931 | 7706 | 10281 | 10574.8 | 10864.34 | 11898.13 | 12716.47 | 12679.39 |
| വിദ്യാഭ്യാസം | | | 1980-81 | 1990-91 | 2000-01 | 2009-10 | 2012-13 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22# |
| 60 | പ്രൈമറി സ്കൂളുകൾ | എണ്ണം | 9605 | 9682 | 9714 | 9828 | 9737 | 9861 | 9852 | 9841 | 9833 | 9858 | 9847 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 61 | പ്രൈമറി സ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | 4284 | 4402 | 3637 | 3015 | 2545 | 2377 | 2384 | 2428 | 2450 | 2593.6 | 2559.1 |
| 62 | ഹൈസ്കൂളുകൾ | എണ്ണം | 1971 | 2451 | 2596 | 2814 | 2890 | 3021 | 3119 | 3120 | 3118 | 3128 | 3125 |
| 63 | ഹൈസ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | 1310 | 1498 | 1611 | 1443 | 1426 | 1325 | 1297 | 1276 | 1267 | 1274.51 | 1273.29 |
| ആരോഗ്യം | | | 1980-81 | 1990-91 | 2000-01 | 2009-10 | 2011-12 | 2016-17# | 2017-18# | 2018-19# | 2019-20# | 2020-21# | 2021-22# |
| 64 | ആശുപത്രികൾ | എണ്ണം. | 746 | 1199 | 1319 | 1254 | 1255 | 1463 | 1470 | 1470 | 1471*** | 1473*** | 1477*** |
| 65 | കിടക്കകളുടെ എണ്ണം | എണ്ണം | 32447 | 38726 | 38242 | 37021 | 37388 | 56257 | 56596 | 56596 | 57713 | 58021 | 58828 |
| വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് | | | 1980-81 | 1990-91 | 2001 | 2009 | 2010 | 2011 | 2017## | 2018## | 2019## | 2020## | |
| 66 | ജനനനിരക്ക് | ആയിരം ജനങ്ങളിൽ | 26 | 20 | 16 | 15 | 15 | 15 | 14.2 | 13.9 | 13.5 | 13.2 | |
| 67 | മരണനിരക്ക് | ആയിരം ജനങ്ങളിൽ | 6 | 6 | 7 | 7 | 7 | 7 | 6.8 | 6.9 | 7.1 | 7 | |
| 68 | ശിശുമരണനിരക്ക് | ആയിരം ജനങ്ങളിൽ | 37 | 21 | 11 | 12 | 14 | 13 | 10 | 7 | 6 | 6 | |
| ഗതാഗതം | | | 1980-81 | 1990-91 | 2000-01 | 2010-11 | 2011-12 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 69 | റെയിൽപാതകളുടെ ദൈർഘ്യം | കി.മി | 921 | 988 | 1148 | 1257 | 1257 | 1257 | 1257 | 1257 | 1257 | 1745### | 1745### |
| 70 | ആകെ റോഡുകളുടെ ദൈ ർഘ്യം | കി.മി | 94145 | 128403 | 125835 | 151652 | 244373 | 218942 | 229349.2 | 273113.3 | 331904.11 | 238773.02 | 230934.18 |
| 71 | മോട്ടോർ വാഹനങ്ങൾ | എണ്ണം | 195000 | 648000 | 2111885 | 6072019 | 8048673 | 11030037 | 12042691 | 13334984 | 14184184 | 14847163 | 15565149 |
| തദ്ദേശ സ്ഥാപനങ്ങൾ | | | 2000-01 | 2006-07 | 2007-08 | 2008-09 | 2010-11 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 72 | ജില്ലാ പഞ്ചായത്ത് | എണ്ണം | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 73 | ബ്ലോക്ക് പഞ്ചായത്ത് | എണ്ണം | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 |
| 74 | ഗ്രാമപഞ്ചായത്ത് | എണ്ണം | 990 | 999 | 999 | 999 | 978 | 941 | 941 | 941 | 941 | 941 | 941 |
| 75 | മുനിസിപ്പാലിറ്റികൾ | എണ്ണം | 53 | 53 | 53 | 53 | 60 | 87 | 87 | 87 | 87 | 87 | 87 |
| 76 | കോർപ്പറേഷനുകൾ | എണ്ണം | 5 | 5 | 5 | 5 | 5 | 6 | 6 | 6 | 6 | 6 | 6 |

# അലോപ്പതിയും ആയുഷും ഉൾപ്പെടെ
## എസ്.ആർ.എസ്
### റൂട്ടിന്റെ നീളവും റണ്ണിംഗ് ട്രാക്കും ഉൾപ്പെടെ
* അടിസ്ഥാന വർഷം 2011-12
** എൽ.എസ്.ജി.ഡി നോൺ പക്കാറോഡ് ഒഴികെ
*** ആർ സിസി ഉൾപ്പെടെ
(P) പ്രൊവിഷണൽ എസ്റ്റിമേറ്റ്
(Q) ക്യുക്ക് എസ്റ്റിമേറ്റ്

# ജില്ലകൾ: അവലോകനം

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 2192 | 2491 | 2637 | 1414 | 2208 | 4358 | 3068 | 3032 | 4480 | 3550 | 2344 | 2131 | 2966 | 1992 | 38863 |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ) * | 1317 | 1334 | 1949 | 80 | 1099 | 3155 | 1383 | 1166 | 2104 | 1984 | 1448 | 1581 | 1669 | 984 | 21253 |
| 3 | ജനസംഖ്യ 2011 (ലക്ഷത്തിൽ) | 33.01 | 26.35 | 11.97 | 21.28 | 19.75 | 11.09 | 32.82 | 31.21 | 28.1 | 41.13 | 30.86 | 8.17 | 25.23 | 13.07 | 334.06 |
| | ഗ്രാമം | 15.3 | 14.48 | 10.66 | 9.8 | 14.09 | 10.57 | 10.48 | 10.25 | 21.33 | 22.96 | 10.14 | 7.86 | 8.82 | 7.98 | 174.71 |
| | പുരുഷൻമാർ | 7.25 | 6.81 | 5 | 4.65 | 6.93 | 5.27 | 5.18 | 4.88 | 10.31 | 10.95 | 4.85 | 3.86 | 4.26 | 3.88 | 84.08 |
| | സ്ത്രീ | 8.05 | 7.68 | 5.66 | 5.15 | 7.16 | 5.3 | 5.3 | 5.36 | 11.02 | 12 | 5.29 | 4 | 4.56 | 4.11 | 90.63 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | –28.6 | –31.7 | –4 | –34.2 | –14.8 | –1.4 | –35.7 | –52 | –5.7 | –29.8 | –43 | –4.6 | –26.3 | –17.7 | –25.9 |
| | നഗരം | 17.72 | 11.87 | 1.32 | 11.48 | 5.65 | 0.52 | 22.34 | 20.96 | 6.77 | 18.17 | 20.73 | 0.32 | 16.41 | 5.09 | 159.35 |
| | പുരുഷൻ | 8.57 | 5.66 | 0.62 | 5.48 | 2.76 | 0.26 | 11.01 | 9.92 | 3.28 | 8.65 | 9.86 | 0.15 | 7.56 | 2.41 | 76.19 |
| | സ്ത്രീ | 9.15 | 6.21 | 0.7 | 6 | 2.9 | 0.26 | 11.33 | 11.04 | 3.49 | 9.52 | 10.86 | 0.16 | 8.85 | 2.68 | 83.16 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | 62.3 | 154.8 | 6.3 | 84.8 | 88.6 | –9.6 | 51.3 | 149.7 | 89.8 | 410.2 | 88.2 | 6.6 | 35.3 | 117.8 | 92.8 |
| | ജനസാന്ദ്രത | 1508 | 1061 | 452 | 1504 | 895 | 255 | 1072 | 1031 | 627 | 1157 | 1316 | 384 | 852 | 657 | 860 |
| | മത്സ്യത്തൊഴിലാളികൾ (എണ്ണം) | 164883 | 123100 | 2073 | 167794 | 24420 | 691 | 133387 | 90306 | 2534 | 82044 | 106613 | 230 | 60208 | 43342 | 1001625 |
| | പട്ടികജാതി വിഭാഗ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 11.3 | 12.5 | 13.7 | 9.5 | 7.8 | 13.1 | 8.2 | 10.4 | 14.4 | 7.5 | 6.5 | 4 | 3.3 | 4.1 | 9.1 |
| | പട്ടികവർഗ്ഗ വിഭാഗ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 0.8 | 0.4 | 0.7 | 0.3 | 1.1 | 5 | 0.5 | 0.3 | 1.7 | 0.6 | 0.5 | 18.5 | 1.6 | 3.7 | 1.5 |
| 4 | സാക്ഷരതാ നിരക്ക് (2011) | | | | | | | | | | | | | | | |
| | പുരുഷൻ | 95.06 | 96.09 | 97.36 | 97.36 | 97.97 | 94.56 | 97.36 | 96.78 | 93.1 | 95.76 | 97.42 | 92.51 | 97.19 | 94.05 | 96.11 |
| | സ്ത്രീ | 91.17 | 92.31 | 95.83 | 94.24 | 96.48 | 89.45 | 94.46 | 93.56 | 85.79 | 91.62 | 92.99 | 85.7 | 93.29 | 86.49 | 92.07 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം 2021–22 | | | | | | | | | | | | | | | |
| | ലോവർ പ്രൈമറി | 0.04 | 0.01 | 0 | 0.01 | 0.09 | 0.11 | 0.17 | 0.01 | 0.03 | 0.02 | 0.02 | 0.02 | 0.02 | 0.01 | 0.03 |
| | അപ്പർ പ്രൈമറി | 0.01 | 0 | 0 | 0.01 | 0.1 | 0.06 | 0.09 | 0.01 | 0.01 | 0.02 | 0.01 | 0.01 | 0.02 | 0.01 | 0.02 |
| | ഹൈസ്കൂൾ | 0.01 | 0.01 | 0.01 | 0.01 | 0.05 | 0.23 | 0.07 | 0.05 | 0.07 | 0.06 | 0.02 | 0.18 | 0.01 | 0.08 | 0.05 |
| 6 | ജി.ഡി.വി.എ 2021–22 (ത്വരിതം) (അടിസ്ഥാന വിലയിൽ) | | | | | | | | | | | | | | | |
| | ജി.ഡി.വി.എ അടിസ്ഥാന വിലയിൽ രൂപ ലക്ഷത്തിൽ | 4812638 | 4599803 | 1344119 | 3984385 | 3255427 | 1578916 | 6674178 | 5101154 | 3647124 | 4550872 | 4141763 | 889283 | 3573387 | 1705805 | 49858853 |
| | ഓഹരി ശതമാനം | | | | | | | | | | | | | | | |
| | പ്രാഥമികം | 7.24 | 8.91 | 21.58 | 4.53 | 11.18 | 30.47 | 6.80 | 6.18 | 11.21 | 8.92 | 7.73 | 19.55 | 7.77 | 13.05 | 9.33 |
| | ദ്വിതീയം | 18.38 | 27.88 | 14.65 | 39.66 | 24.63 | 19.75 | 28.69 | 27.91 | 29.68 | 19.13 | 31.07 | 8.88 | 32.70 | 28.71 | 26.82 |
| | തൃതീയം | 74.38 | 63.21 | 63.77 | 55.81 | 64.19 | 49.78 | 64.51 | 65.91 | 59.12 | 71.95 | 61.20 | 71.57 | 59.54 | 58.24 | 63.85 |
| 7 | കേരളത്തിലെ നെല്ലുല്പാദനം (ടണ്ണിൽ) 2021–22 | 4437 | 4178.5 | 8554 | 93174 | 48656.5 | 916 | 10462 | 72574.5 | 242975.2 | 31314 | 2406.3 | 22807 | 10783 | 6098 | 559336 |
| 8 | യഥാർത്ഥ ജലസേചിത ഭൂവിസ്തൃതി(ഹെക്ടറിൽ) 2021–22 | 6340 | 3912 | 6112 | 36023 | 18350 | 53622 | 20640 | 64190 | 75573 | 29558 | 4785 | 14766 | 13425 | 55939 | 403235 |
| 9 | വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2022) | 742 | 404 | 380 | 385 | 520 | 190 | 1008 | 756 | 490 | 496 | 467 | 143 | 389 | 223 | 6593 |
| 10 | സി.ഡി. അനുപാതം | 68.84 | 61.28 | 24.32 | 44.78 | 50.17 | 111.47 | 81.93 | 50.47 | 63.26 | 52.96 | 71.48 | 123.17 | 52.22 | 73.46 | 61.68 |
| 11 | രജിസ്റ്റർ ചെയ്ത എസ്.എസ്.ഐ.കൾ/ എം.എസ്.എം.ഇ.കൾ 2021–22 | 1420 | 1412 | 641 | 1112 | 1205 | 515 | 1308 | 1789 | 1413 | 1236 | 1455 | 284 | 1275 | 220 | 15285 |
| 12 | പി.ഡബ്ല്യൂ.ഡി റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) | 2377.04 | 1924.09 | 1993.27 | 1405.42 | 3310.44 | 2661.28 | 2964.49 | 1932.34 | 2101.84 | 2375.27 | 1952.22 | 856.95 | 2223.16 | 1444.34 | 29522.15 |
| 13 | വാഹനങ്ങളുടെ എണ്ണം | 1934013 | 1162526 | 653313 | 1078234 | 945185 | 333491 | 2216348 | 1572478 | 1061724 | 1428443 | 1447391 | 259676 | 993725 | 478602 | 15565149 |
| 14 | എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ 2022 | | | | | | | | | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ) | 8262 | 77 | 72 | 777 | 365 | 591 | 46821 | 463 | 41 | 553 | 2074 | 164 | 81 | 146 | 60487 |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ) | 1235570 | 209102 | 95840 | 353921 | 158922 | 949574 | 1587882 | 659981 | 200801 | 342685 | 567374 | 703871 | 346406 | 125688 | 7537617 |

*തുറന്ന വനം ഉൾപ്പെടെ

# പട്ടികകൾ


| നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1.1.1 | 2022, 2023 വർഷങ്ങളിലെ വിവിധ ഏജൻസികളുടെ ലോക സാമ്പത്തിക വളർച്ചാ പ്രവചനം (ശതമാനത്തിൽ) | 4 |
| 1.1.2 | ഇന്ത്യയുടെ വളർച്ചാ പ്രവചനങ്ങൾ (ശതമാനത്തിൽ) | 2 |
| 1.1.3 | കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോൽപ്പന്നവും പ്രതിശീർഷ വരുമാനവും | 4 |
| 1.1.4 | ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനം, ആഭ്യന്തരോൽപ്പന്നം , പ്രതിശീർഷ വരുമാനം 2011-12 വിലയിലും നടപ്പ് വിലയിലും (രൂപ കോടിയിൽ) | 5 |
| 1.1.5 | കേരളത്തിലെ GSDP, GSVA യുടെ മേഖലാടിസ്ഥാനത്തിലുള്ള വാർഷിക വളർച്ചാ നിരക്കും, GSVA-യുടെ ഓഹരിയും (ശതമാനത്തിൽ) | 6 |
| 1.1.6 | വിവിധ മേഖലകളിലെ സംയോജിത മൂല്യവർദ്ധിത, തൊഴിലും ഓഹരികൾ, കേരളംവും ഇന്ത്യയും, 2020-21 | 9 |
| 1.1.7 | ജില്ല തിരിച്ചുള്ള മൊത്തം സംസ്ഥാന സംയോജിത മൂല്യം | 9 |
| 1.1.8 | ജില്ല തിരിച്ചുള്ള പ്രതിശീർഷ മൊത്ത സംസ്ഥാന സംയോജിത മൂല്യം അടിസ്ഥാന വില, സ്ഥിര വില, 2011-12 എന്നിവയിൽ ചേർത്ത | 10 |
| 1.1.9 | 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ(ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ | 11 |
| 1.2.1 | ജനസംഖ്യാ വലിപ്പം അനുസരിച്ച് ജില്ലകളുടെ റാങ്കിംഗ് - 2001 ഉം 2011-ഉം | 15 |
| 1.2.2 | മത വിഭാഗം തിരിച്ചുള്ള കേരളത്തിന്റെ ജനസംഖ്യ | 16 |
| 1.2.3 | കേരളത്തിന്റെ സാക്ഷരതാ നിരക്ക് (1951-2021) | 16 |
| 1.2.4 | വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള അനുപാതം-2011 | 17 |
| 1.3.1 | ഇന്ത്യയിലെയും കേരളത്തിലെയും കേവല ദാരിദ്ര്യ നിരക്ക് (1973-74 മുതൽ 2011-12 വരെ) | 21 |
| 1.4.1 | 2022ൽ കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച്ശൃംഖല, 2022 | 26 |
| 1.4.2 | പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2022 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ) | 29 |
| 1.4.3 | കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2022 (രൂപ കോടിയിൽ) | 31 |
| 1.4.4 | കെ.എസ്.എഫ്.ഇയുടെ 2021 -22 വർഷത്തെ ബിസിനസ് | 31 |
| 1.5.1 | പ്രധാന കമ്മി സൂചകങ്ങൾ 2012-13 മുതൽ 2022-23 വരെ, കോടി രൂപയിൽ | 33 |
| 1.5.2 | കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപകോടിയിൽ) | 37 |
| 1.5.3 | റവന്യൂ ചെലവിലെ പ്രവണത (രൂപ കോടിയിൽ) | 37 |

| | | |
|---|---|---|
| 1.6.1 | 2021-22 ലെയും 2022-23 ലെയും വാർഷിക പദ്ധതികളുടെ മേഖലതിരിച്ചുള്ള വിഹിതം, (രൂപ കോടിയിൽ) | 40 |
| 2.1 | വിദ്യാഭ്യാസത്തിലെ സർക്കാർ നിക്ഷേപം (രൂപ കോടിയിൽ) | 46 |
| 2.2 | സംസ്ഥാനത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം | 48 |
| 2.3 | 2021-22 ലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം | 49 |
| 3.1.1 | മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ/ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ പങ്ക്, ദേശീയ തലത്തിലും സംസ്ഥാനതലത്തിലും (സ്ഥിരവില, അടിസ്ഥാനവർഷം 2011-12) | 68 |
| 3.1.2 | കേരളത്തിലെ കാർഷിക അനുബന്ധ മേഖലയിലെ വളർച്ചാ നിരക്ക്, 2013-14 മുതൽ 2021-22 വരെ | 68 |
| 3.1.3 | സംസ്ഥാനത്തെ കീടനാശിനി -രാസവള (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം) ഉപഭോഗം, 2017-18 മുതൽ 2021-22 വരെ (മെട്രിക്ടൺ) | 76 |
| 3.1.4 | ഉൽപ്പാദനം തിരിച്ചും വിളതിരിച്ചുമുള്ള രാസജൈവ കീടനാശിനികളുടെ ഉപഭോഗം 2019-20 മുതൽ 2021-22 വരെ (മെട്രിക് ടൺ, ടെക്നിക്കൽ ഗ്രേഡ്) | 76 |
| 3.1.5 | അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേനകളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ (2012-13 മുതൽ 2021-22 വരെ) | 79 |
| 3.1.6 | 2020-21 ൽ കാർഷിക മേഖലയിലേക്കുള്ള വായ്പാ വിതരണം (കോടി രൂപയിൽ) | 86 |
| 3.2.1 | കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിതരണം (കോടിയിൽ) | 98 |
| 3.3.1 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ്/ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും- തുക കോടി രൂപയിലും ശതമാനത്തിലും | 102 |
| 3.3.2 | കേരളത്തിലെ തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി (2017-18 മുതൽ 2021-22 വരെ) | 104 |
| 3.3.4 | പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ ക്ഷീരവികസന മേഖലയുടെ ധനകാര്യ നിർവ്വഹണം (തുക ലക്ഷത്തിൽ) | 109 |
| 3.5.1 | ചെറുകിട ജലസേചനത്തിലൂടെയുള്ള ഭൗതിക നേട്ടം, 2017-18 മുതൽ 2021-22 വരെ (ഹെക്ടറിൽ) | 124 |
| 3.5.2 | ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ (2017-18 മുതൽ 2022-23 വരെ) | 125 |
| 3.6.1 | മനുഷ്യ-വന്യജീവി സമ്പർക്കം മൂലമുള്ള പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും, 2021-22 | 131 |
| 3.8.1 | വിവിധ വിഭാഗം കാർഡ് ഉടമകൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, തുക രൂപ ലക്ഷത്തിൽ | 150 |
| 4.1.1 | തൊഴിലവസരവും മൂല്യവർദ്ധിത മൂല്യവും സംബന്ധിച്ച ഘടനയും ആപേക്ഷിക വലുപ്പവും: താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2018-19 | 159 |
| 4.1.2 | തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, കേരളത്തിലെയും ഇന്ത്യയിലെയും (എണ്ണത്തിൽ) 2018-19 | 160 |

| | | |
|---|---|---|
| 4.2.1 | ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം (രൂപ കോടിയിൽ) | 164 |
| 4.2.2 | ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 164 |
| 4.3.1 | വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ) | 169 |
| 4.3.2 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ (കോടി രൂപയിൽ) | 171 |
| 4.3.3 | കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ) | 171 |
| 4.3.4 | 2021-22 കാലയളവിൽ കിൻഫ്ര പാർക്കുകളിലെ പ്രധാന കമ്പനികൾ, നിക്ഷേപം, തൊഴിലവസരങ്ങൾ | 173 |
| 4.3.5 | കിൻഫ്രയുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ (രൂപ കോടിയിൽ) | 173 |
| 4.3.6 | കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ) | 173 |
| 4.4.1 | എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം | 178 |
| 4.4.2 | 2020-21 മുതൽ 2022-23 വരെ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിന്റെ പദ്ധതി വിഹിതവും ചെലവും, ലക്ഷത്തിൽ | 178 |
| 4.4.3 | 2017-18 മുതൽ 2021-22 വരെയുള്ള MSME മേഖലയിലെ നേട്ടം | 180 |
| 4.4.4 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ | 181 |
| 4.4.5 | പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, 2021 -22 | 182 |
| 4.4.6 | സെപ്റ്റംബർ 30, 2022 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം | 184 |
| 4.6.1 | സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), ലക്ഷം രൂപയിൽ | 193 |
| 4.6.2 | ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ 2017-18-2020-21 | 198 |
| 4.6.3 | കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 198 |
| 4.6.4 | കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 198 |
| 4.6.5 | കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ) | 199 |
| 4.6.6 | പ്രധാന മന്ത്രിയുടെ തൊഴിലാ ദാന പദ്ധതി (പിഎം ഇ ജി പി) യുടെ നേട്ടങ്ങൾ, 2021-22 കാലയളവിൽ | 199 |
| 4.6.7 | സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) ലക്ഷം രൂപയിൽ | 201 |
| 4.6.8 | കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം - 2014-15 മുതൽ 2021-22 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും | 207 |

| | | |
|---|---|---|
| 4.6.9 | കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും, 13-ാം പഞ്ചവത്സര പദ്ധതിയും 2022-23 (കോടി രൂപയിൽ) | 208 |
| 4.6.10 | കെ.എസ്.സി.ഡി.സി യുടെ വിൽപ്പന വിറ്റുവരവ് (കോടി രൂപയിൽ) | 208 |
| 4.6.11 | കാപെക്സിന്റെ വിൽപ്പന വിറ്റുവരവ് (കോടി രൂപയിൽ) | 209 |
| 5.1.1 | പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ) | 214 |
| 5.1.2 | സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന | 217 |
| 5.1.3 | ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി | 217 |
| 5.1.4 | ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി. | 219 |
| 5.1.5 | ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 219 |
| 5.1.6 | സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ | 220 |
| 5.1.7 | എസ്.ഡി.പി.കെ പ്രവൃത്തി പൂർത്തീകരണ സ്ഥിതി | 221 |
| 5.1.8 | കെ-ഫോൺ പ്രോജക്ടിന്റെ സ്ഥിതി | 221 |
| 5.1.9 | കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 223 |
| 5.2.1 | 2018-19 മുതൽ 2022-23 വരെയുള്ള സയൻസ് ആൻഡ് ടെക്നോളജി മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 226 |
| 5.2.2 | കേന്ദ്ര - സംസ്ഥാന സർക്കാർ പദ്ധതികൾ, 2020-21 & 2021-22 | 236 |
| 5.3.1 | 2020 ലും 2021 ലും ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ | 241 |
| 5.3.2 | കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിൽ എത്തിയ ആഭ്യന്തര വിനോദസഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ | 243 |
| 5.3.3 | 2012 മുതൽ 2021 വരെയുള്ള കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നുള്ള (നേരിട്ടുള്ളതും പരോ ക്ഷവുമായ) മൊത്തം വരുമാനം (രൂപ കോടിയിൽ) | 245 |
| 5.3.4 | സംസ്ഥാന പദ്ധതി വിഹിതവും ചെലവും -രൂപ കോടിയിൽ | 246 |
| 5.4.1 | 2016-17 മുതൽ 2021-22 വരെയുള്ള ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം യു.എസ് ബില്യൺ ഡോളറിൽ | 251 |
| 5.4.2 | കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2019-20 മുതൽ 2021-22 വരെ, (അളവ് ലക്ഷം മെട്രിക് ടൺ) | 251 |
| 5.4.3 | സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി -ഇന്ത്യയിലും കേരളത്തിലും- 2016-17 മുതൽ 2021-22 വരെ (അളവ് മെട്രിക് ടൺ, മൂല്യം കോടി രൂപയിൽ) | 253 |
| 5.4.4 | കശുവണ്ടി പരിപ്പിന്റെ കയറ്റുമതി ഇന്ത്യയും കേരളവും (2015-16 മുതൽ 2021-22 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ) | 254 |
| 5.4.5 | ഇന്ത്യയിൽ നിന്നും, കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2016-17 മുതൽ 2021-22 വരെ, (അളവ് മെട്രിക് ടൺ, മൂല്യം ലക്ഷം രൂപയിൽ) | 255 |
| 5.4.6 | സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി കേരളത്തിലും, ഇന്ത്യയിലും - 2016-17 മുതൽ 2021-22 വരെ (അളവ് മെട്രിക് ടണ്ണിൽ, മൂല്യം ലക്ഷം രൂപയിൽ) | 256 |

| | | |
|---|---|---|
| 5.5.1 | തടവുകാരുടെ എണ്ണം 2016 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ | 266 |
| 5.5.2 | 30/11/2022 പ്രകാരം കേരളത്തിലെ പ്രൊബേഷണർമാരുടെ എണ്ണം. | 264 |
| 6.1.1 | 2021ലും 2022ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ ചേർന്നവരുടെ എണ്ണം | 273 |
| 6.1.2 | 2021, 2022 വർഷങ്ങളിലെ കെ.എസ്.എൽ.എം.എ യുടെ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ | 273 |
| 6.1.3 | 2017-18 മുതൽ 2022-23 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ | 275 |
| 6.1.4 | 2022-23 ൽ (പ്രൊവിഷണൽ) കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം, | 276 |
| 6.1.5 | സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക് | 276 |
| 6.1.6 | ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2021-22 | 277 |
| 6.1.7 | ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ | 282 |
| 6.1.8 | 2021-22ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി എസ്.ടി വിദ്യാർത്ഥികൾ | 283 |
| 6.1.9 | ബി.ടെക് ഫലം, 2022 | 288 |
| 6.1.10 | എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2022 | 288 |
| 6.1.11 | പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 289 |
| 6.2.1 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം | 291 |
| 6.2.2 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ | 292 |
| 6.2.3 | ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ പ്രധാന ഫെർട്ടിലിറ്റി സൂചകങ്ങൾ | 293 |
| 6.2.4 | ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി | 294 |
| 6.2.5 | ഇ-ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ | 295 |
| 6.2.6 | കഴിഞ്ഞ അഞ്ച് വർഷത്തെ വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 296 |
| 6.2.7 | ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ) | 296 |
| 6.2.8 | ഇന്ത്യയുമായി താരതമ്യപ്പെടുത്തിയുള്ള കേരളത്തിന്റെ ആരോഗ്യ കണക്കുകൾ 2018-19 | 297 |
| 6.2.9 | കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം | 298 |
| 6.2.10 | കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം | 300 |

| | | |
|---|---|---|
| 6.2.11 | ഇന്ത്യയിലെയും കേരളത്തിലെയും എച്ച്.ഐ.വി. കണക്കുകൾ | 300 |
| 6.2.12 | കോവിഡ്-19 രോഗത്തിന്റെ പ്രധാന വിശദാംശങ്ങൽ | 301 |
| 6.2.13 | എൻ.എഫ്.എച്ച്.എസ്. 4 നെ താരതമ്യപ്പെടുത്തി എൻ.എഫ്.എച്ച്.എസ്. 5 അനുസരി ച്ചുള്ള കേരളത്തിലെ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ | 302 |
| 6.2.14 | ശ്വാസ് ക്ലിനിക്കുകളും സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗും രോഗനിർണയ വിശദാംശങ്ങളും | 302 |
| 6.2.15 | 2021-22 മുതൽ 2022-23 (2022 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ പി.എം-ജെ.എ.വൈ./ കെഎഎസ്പി യുടെ പുരോഗതി | 307 |
| 6.2.16 | 2016-17 മുതൽ 2022-26 വരെ (ഒക്ടോബർ 31 വരെ) എൻ.എച്ച്.എം-നുള്ള കേന്ദ്രസഹായം | 308 |
| 6.2.17 | 2021-22 ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം | 309 |
| 6.2.18 | ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ-2020-21, 2021-22 വരെ | 310 |
| 6.2.19 | വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2022 ലെ എണ്ണം) | 311 |
| 6.2.20 | ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2022 ഒക്ടോബർ | 311 |
| 6.2.21 | ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം | 312 |
| 6.2.22 | 2010-11 മുതൽ കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ | 313 |
| 6.3.1 | കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം, 2016-17 മുതൽ 2021-22 വരെ | 318 |
| 6.3.2 | പെൻഷൻ ഗുണഭോക്താക്കൾ (LSGI തിരിച്ച്) | 319 |
| 6.3.3 | 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ | 320 |
| 7.1.1 | പി.എൽ.എഫ്.എസ് (2017-18), (2018-19), (2019-20), (2020-21) വർഷങ്ങളിലെ സാധാരണ നില (ps+ss), പ്രതിവാര സ്റ്റാറ്റസ് എന്നിവ അനുസരിച്ച് തൊഴിൽ സേനയുടെ പങ്കാളിത്ത നിരക്ക് (LFPR) (ശതമാനത്തിൽ) | 324 |
| 7.1.2 | എന്നിവ അനുസരിച്ച് തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) ശതമാനത്തിൽ | 325 |
| 7.1.3 | സാധാരണ നില (usual status) (ps+ss) അനുസരിച്ച് തൊഴിലാളി ജനസംഖ്യ അനുപാതം (WPR) (ശതമാനത്തിൽ) | 326 |
| 7.1.4 | സംസ്ഥാനാടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ (പുരുഷന്മാർ - കാർഷികേതര) | 327 |
| 7.1.5 | 2021-22ൽ ഒഡിഇപിസി വഴി വിവിധ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുകൾ | 328 |
| 7.1.6 | ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം | 328 |
| 7.1.7 | കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്ന ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ - 2016 മുതൽ 2022 വരെ (എണ്ണത്തിൽ) | 329 |

| | | |
|---|---|---|
| 7.1.8 | ആവാസ് രജിസ്ട്രേഷൻ പ്രകാരം കേരളത്തിലെ ജില്ലകളിൽ (31.08.2022 പ്രകാരം) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും / കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്ത കുടിയേറ്റ തൊഴിലാളികളുടെ കണക്ക് | 329 |
| 7.2.1 | പൊതു മേഖല തൊഴിൽ-സ്ത്രീ പങ്കാളിത്തം, 2021-22 | 336 |
| 7.3.1 | പട്ടികവർഗ്ഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെ വിശദാംശങ്ങൾ | 343 |
| 7.3.2 | 2021-22, 2022-23 കാലയളവിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരം പ്രയോജനം നേടിയ പട്ടികജാതിക്കാരുടെ എണ്ണം | 344 |
| 7.3.3 | കേരളത്തിലെ DDU GKY നില | 344 |
| 7.3.4 | സാങ്കേതിക കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ | 345 |
| 7.3.5 | KASE-ന്റെ പരിശീലന, പ്ലേസ്മെന്റ് വിശദാംശങ്ങൾ | 349 |
| 7.3.6 | നൈപുണ്യ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷന്റെ നിലവിലെ അവസ്ഥ | 351 |
| 7.3.7 | കേരള സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ നിലവിലെ സ്റ്റാറ്റസ് | 351 |
| 8.1.1 | വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം (വയസ്സ് 15-49) | 357 |
| 8.1.2 | വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ  പ്രവേശനം, കേരളം 2022-23 | 357 |
| 8.1.3 | 3 ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനം 2021-22 | 357 |
| 8.1.4 | 2022 ഒക്ടോബർ പ്രകാരം 2021-22 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്ര വേശനത്തിന്റെ അനുപാതം | 357 |
| 8.1.5 | ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി | 358 |
| 8.1.6 | മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ | 359 |
| 8.1.7 | പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്ന് ഓരോ ദിവസവുമുള്ള ശരാശരി വേതനം / ശമ്പളം / വരുമാനം എന്നിവയിലെ ലിംഗപദവിപദവി വ്യത്യാസം | 361 |
| 8.1.8 | കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്) | 361 |
| 8.1.9 | സംഘടിത മേഖലയിലെ തൊഴിൽ | 362 |
| 8.1.10 | സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം | 363 |
| 8.1.11 | കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ | 363 |
| 8.1.12 | അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ | 364 |
| 8.1.13 | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും | 364 |
| 8.1.14 | കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ ആർ ഇ ജി എ തൊഴിൽ നില, 2018-19 മുതൽ 2021-22 വരെ | 365 |
| 8.1.15 | തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം അവലംബം: എൻ എഫ് എച്ച് സ് | 365 |

| | | |
|---|---|---|
| 8.2.1 | 2018-19 മുതൽ 2022-23 വരെ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ) | 373 |
| 8.2.2 | ആറളം ഫാം-വിളകൾ, കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 382 |
| 8.3.1 | സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ | 390 |
| 8.3.2 | വിഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള വൈകല്യങ്ങൾ | 391 |
| 8.3.3 | സാമൂഹ്യനീതി വകുപ്പിന്റെ 2021-22ലെ പ്രധാന പരിപാടികൾ | 392 |
| 9.2.1 | ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ | 414 |
| 9.2.2 | എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ | 415 |
| 9.2.3 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ | 416 |
| 9.2.4 | വിവിധ തരം ക്ലബ്ബുകളും അവയുടെ പ്രവർത്തനങ്ങളും | 417 |
| 10.1.1 | അന്താരാഷ്ട്ര കുടിയേറ്റത്തെക്കുറിച്ചുള്ള പ്രധാന സൂചകങ്ങൾ | 423 |
| 10.1.2 | കുടിയേറ്റക്കാരുടെ പ്രധാന 5 പ്രഭവ കേന്ദ്രങ്ങൾ | 424 |
| 10.1.3 | അന്താരാഷ്ട്ര പണമയയ്ക്കൽ  സ്വീകരിക്കുന്ന മികച്ച 10 രാജ്യങ്ങൾ (2005–2020) (നിലവിലെ USD ബില്യൺ) | 424 |
| 10.1.4 | 2020-21 ലെ ഇൻവാർഡ് റെമിറ്റൻസിൽ സംസ്ഥാനം തിരിച്ചുള്ള വിഹിതം | 424 |
| 10.1.5 | പ്രവാസികളും സർവ്വേ തല വ്യതിയാനവും | 425 |
| 10.1.6 | 2018 ലെ കേരളത്തിലെ ജില്ല തിരിച്ചുള്ള പ്രവാസികൾ | 426 |
| 10.1.7 | കെഎൻആർകെഡബ്ല്യുബി - 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (നവംബർ 2022 വരെ) | 428 |
| 11.1.1 | ഇന്ത്യയിലെ റോഡ് ശൃംഖല | 433 |
| 11.1.2 | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ, ദൈർഘ്യം (കി.മി) | 435 |
| 11.1.3 | സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം | 449 |
| 11.1.4 | കെഐവി നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ | 455 |
| 11.1.5 | കേരളത്തിൽ രജിസ്റ്റർ ചെയ്ത കപ്പലുകളുടെ എണ്ണം (കെ.ഐ.വി നിയമപ്രകാരം) | 455 |
| 11.1.6 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം നടത്തിയ സർവേയുടെ വിശദാംശങ്ങൾ | 456 |
| 11.1.7 | കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ 2018 മുതൽ 2022 വരെ കൈകാര്യം ചെയ്ത ചരക്കു ഗതാഗതം (അളവ് ടണ്ണിൽ) | 456 |
| 11.1.8 | കേരളത്തിലെ ഇന്റർമീഡിയറ്റ മൈനർ തുറമുഖങ്ങളിൽ 2017 മുതൽ 2022 വരെ ശേഖരിക്കുന്ന വരുമാനം (തരം തിരിച്ച്) കോടി രൂപയിൽ | 456 |
| 11.1.9 | കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം (വർഷം തിരിച്ചുള്ള) | 457 |
| 11.1.10 | കേരളത്തിലെ ദേശീയ ജലപാതകൾ | 459 |

| | | |
|---|---|---|
| 11.1.11 | കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത.3 ലെ ചരക്ക് നീക്കം - ലക്ഷം ദശലക്ഷം ടൺ (എം എം ടി) | 460 |
| 11.1.12 | വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും 2020-21 മുതൽ 2022-23* വരെയുള്ള ചെലവും (രൂപ ലക്ഷത്തിൽ) | 460 |
| 11.2.1 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 2021-22 ൽ | 463 |
| 11.2.2 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്), 2021-22 ൽ | 464 |
| 11.2.3 | കേരള സംസ്ഥാനത്തിന്റെ ഊർജ്ജ സംവിധാനത്തിന്റെ വളർച്ച ഒറ്റനോട്ടത്തിൽ (2017-22) | 464 |
| 11.2.4 | വാർഷിക പദ്ധതി 2021-22, 2022-23 ന്റെ പദ്ധതി വിഹിതവും ചെലവുകളും (രൂപ കോടിയിൽ) | 465 |
| 11.2.5 | 2021-22 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും | 466 |
| 11.2.6 | കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി | 468 |
| 11.2.7 | കേരളത്തിലെ വിതരണ ലൈസൻസികൾ | 468 |
| 11.2.8 | 2021-22 ൽ കേരളത്തിൽ നടന്ന വൈദ്യുത അപകടങ്ങൾ | 469 |
| 11.3.1 | കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/ കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം, 2022, ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് | 473 |
| 11.3.2 | കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിത മൂല്യവർദ്ധിത സേവനങ്ങൾ | 474 |
| 11.4.1 | 2022 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ | 485 |
| 11.5.1 | ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (2022 ഒക്ടോബർ 31 വരെ) | 489 |
| 11.6.1 | വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിന്റെയും ചെലവഴിച്ചിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ, 2022 നവംബർ 15 വരെ (തുക രൂപ കോടിയിൽ) | 495 |
| 11.6.2 | ആർകെഐ യുടെ കീഴിൽ പൂർത്തിയാക്കിയ പ്രോജക്ടുകൾ, 2022 നവംബർ 15 വരെ (തുക രൂപ കോടിയിൽ) | 496 |
| 11.7.1 | 2022 മാർച്ച് വരെ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ഏകീകൃത വിശദാംശങ്ങൾ (രൂപ കോടിയിൽ) | 498 |
| 11.7.2 | 2022 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയ്ക്ക് കിഫ്ബി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ (രൂപ കോടിയിൽ) | 499 |
| 11.7.3 | അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്വിസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ | 501 |
| 11.8.1 | കാസറഗോഡ് വികസന പാക്കേജ് - സാമ്പത്തിക പുരോഗതി (31.10.2022 വരെ) | 503 |
| 11.8.2 | കാസറഗോഡ് വികസന പാക്കേജ് - ഭൗതിക പുരോഗതി (31.10.2022 വരെ) | 504 |
| 12.1.1 | 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ) പ്രാദേശിക സർക്കാരുകൾക്കുള്ള ബജറ്റ് വിഹിതം (വികസന ഫണ്ട്) (₹ കോടിയിൽ) | 508 |

| | | |
|---|---|---|
| 12.1.2 | 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ) പ്രാദേശിക സർക്കാരുകൾക്കുള്ള ബജറ്റ് വിഹിതം (മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്) (₹ കോടിയിൽ) | 509 |
| 12.1.3 | 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ) വികസന ഫണ്ട് വിഹിതവും ചെലവും, (₹ കോടിയിൽ) | 509 |
| 12.1.4 | 13-ാം പഞ്ചവത്സര പദ്ധതിയിലെ (2017-18 മുതൽ 2021-22 വരെ) എസ്‌സിഎസ്‌പി, ടിഎസ്.പി വിഹിതവും ചെലവും (₹ കോടിയിൽ) | 510 |
| 12.1.5 | പ്രത്യേക മേഖലാ പദ്ധതികളിലെ ചെലവിന്റെ വിവരങ്ങൾ 2021-22 (₹ കോടിയിൽ) | 515 |
| 12.1.6 (എ) | വനിതാ ഘടക പദ്ധതി - കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിലെ പ്രോജക്ടുകളും ചെലവ് ശതമാനവും (2017-18 മുതൽ 2021-22 വരെ) | 516 |
| 12.1.6 (ബി) | പട്ടിക 12.1.6 (ബി) വനിതാ ഘടക പദ്ധതി - ഫിഷറീസ്, ചെറുകിട തൊഴിൽ, സ്വയംതൊഴിൽ, വ്യവസായം എന്നീ മേഖലകളിലെ പ്രോജക്ടുകളും ചെലവ് ശതമാനവും (2017-18 മുതൽ 2021-22 വരെ) | 516 |
| 12.1.7 | പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള ദുരന്ത നിവാരണ പദ്ധതികൾ (2021-2022) | 516 |
| 12.1.8 | 2021-2022 വാർഷിക പദ്ധതിയിലെ കോവിഡ് സ്പെഷ്യൽ പ്രോജക്ടുകൾ (₹ കോടിയിൽ) | 517 |
| 12.1.9 | 15-ാം ധനകാര്യ കമ്മീഷൻ അൺടൈഡ് ഗ്രാന്റുകൾ - പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള വിശദാംശങ്ങൾ - 2021-2022 (₹കോടിയിൽ) | 517 |
| 12.1.10 | 15-ാം ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റുകൾ - പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള വിശദാംശങ്ങൾ - 2021-2022 | 518 |
| 12.1.11 | 15-ാം ധനകാര്യ കമ്മീഷൻ -ആരോഗ്യ മേഖലയിലെ കേരളത്തിനുള്ള ഗ്രാന്റുകളുടെ വിശദാംശങ്ങൾ (₹ കോടിയിൽ) | 519 |
| 12.1.12 | പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള നൂതന പദ്ധതികളുടെ വിശദാംശങ്ങൾ 2021-22 (₹ കോടിയിൽ) | 519 |
| 12.1.13 | സ്മാർട്ട് ഗാർബേജ് ആപ്പിന്റെ ജില്ലാതല പുരോഗതി സംബന്ധിച്ച വിവരങ്ങൾ 2022-23 (30.09.2022 വരെ) | 528 |
| 12.1.14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ പ്രകടനം | 534 |

# ചിത്രങ്ങൾ


| നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1.1.1 | പ്രതിശീർഷ എൻഎസ്ഡിപിയും പ്രതിശീർഷ എൻഡിപിയും 2011-12ലെ സ്ഥിര വിലയിൽ (രൂപയിൽ) | 8 |
| 1.1.2 | ഇന്ത്യയിലെയും കേരളത്തിലേയും പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2022 ജനുവരി മുതൽ സെപ്റ്റംബർ വരെ, ജനറൽ ഇന്റക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ | 12 |
| 1.2.1 | കേരളത്തിലെ ജനസംഖ്യ | 14 |
| 1.2.2 | കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ | 15 |
| 1.3.1 | ജനസംഖ്യയുടെ ശതമാനം | 22 |
| 1.3.2 | അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ- ഘട്ടങ്ങൾ | 23 |
| 1.3.3 | സംസ്ഥാനത്ത് തിരിച്ചറിഞ്ഞ അതിദരിദ്ര കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് | 23 |
| 1.3.4 | അതിദാരിദ്ര്യ വിഭാഗങ്ങളുടെ വേർതിരിച്ച ലിസ്റ്റ് | 24 |
| 1.4.1 | കേരളത്തിലെ ആഭ്യന്തര, പ്രവാസി ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച - 2012 മുതൽ 2022 വരെ (രൂപ കോടിയിൽ) | 27 |
| 1.4.2 | പ്രാഥമിക മേഖലയിലെ വായ്പ വിതരണത്തിന്റെ വിഹിതം, മാർച്ച് 20 | 27 |
| 1.4.3 | 2022 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം | 28 |
| 1.4.4 | കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിതരണം. | 30 |
| 1.5.1 | കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ച | 34 |
| 1.5.2 | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ വിവിധ സ്രോതസ്സുകളുടെ വിഹിതം (ശതമാനത്തിൽ) | 34 |
| 1.5.3 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച | 35 |
| 1.5.4 | വിവിധ സ്രോതസ്സുകളിൽ നിന്നുള്ള തനത് നികുതി വരുമാനം 2020-21ലെയും 2021-22 ലെയും | 35 |
| 1.5.5 | വിവിധ ധനകാര്യ കമ്മീഷനുകളിൽ നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതം | 36 |
| 2.1 | 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സർക്കാർ ചെലവ് (രൂപ കോടിയിൽ) | 47 |
| 3.1.1 | തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2022 ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ. | 69 |
| 3.1.2 | വടക്കു കിഴക്കൻ കാലവർഷത്തിൽ 2022 ഒക്ടോബർ ഒന്നു മുതൽ നവംബർ 2 വരെ ലഭിച്ച മഴ | 69 |

| | | |
|---|---|---|
| 3.1.3 | 2021-22 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി | 69 |
| 3.1.5 | കേരളത്തിൽ 2017-18 മുതൽ 2021-22 വരെയുള്ള കാർഷിക വായ്പകൾ | 86 |
| 3.1.6 | കേരളത്തിലെ മൊത്തം കാർഷിക വായ്പയിൽ ഉൽപാദന, നിക്ഷേപ വായ്പകളുടെ വിഹിതം | 87 |
| 3.1.7 | 2020-21 ൽ കാർഷിക മേഖലയിലെ നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം | 88 |
| 3.3.1 | 2014-15 മുതൽ 2021-22 വരെയുള്ള കന്നുകാലി മേഖലയിലെ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം | 102 |
| 3.3.2 | 2021-22-ൽ കേരളത്തിലെ ഇനം തിരിച്ചുള്ള ക്ഷീര ഉൽപ്പാദനം | 103 |
| 3.3.3 | കേരളത്തിലെ വളർത്തുപക്ഷികളുടെ ഇനം തിരിച്ചുള്ള മുട്ട ഉൽപ്പാദനം 2021-22 | 103 |
| 3.3.4 | കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉൽപ്പാദനം, 2021-22 | 104 |
| 3.3.5 | കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലനിലവാര പ്രവണത 2017-18 മുതൽ 2021-22 വരെ | 107 |
| 3.3.6 | കേരളത്തിലെ ആനന്ദ് മാതൃകയിലുള്ള സഹകരണ സൊസൈറ്റികളുടെയും (ആപ്കോസ്)അല്ലാത്തവയുടെയും (നോൺ ആപ്കോസ്) വിശദാംശങ്ങൾ | 111 |
| 3.4.1 | കേരളത്തിലെ ജലാശയങ്ങളുടെ സംഗ്രഹം | 114 |
| 3.4.2. | 2 ഇന്ത്യയിലെയും കേരളത്തിലേയും മത്സ്യ ഉൽപ്പാദനം | 114 |
| 3.4.3 | 2015-16 മുതൽ 2021-22 വരെയുള്ള കേരളത്തിലെ മത്സ്യ വിത്ത് ഉൽപ്പാദനം | 115 |
| 3.4.4 | ജനകീയ മത്സ്യകൃഷിക്ക് കീഴിൽ സ്വീകരിച്ച കൃഷി രീതികൾ | 117 |
| 3.4.5 | മത്സ്യഫെഡിന്റെ വിപണന പ്രവർത്തനങ്ങൾ | 118 |
| 3.5.1 | ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളുടെ സംഭരണ നില | 128 |
| 3.6.1 | വനത്തിൽ നിന്നുള്ള വരുമാനം 2017-18 മുതൽ 2021-22 വരെ | 133 |
| 3.7.1 | കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021 | 141 |
| 3.7.2 | കേരളത്തിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021 | 142 |
| 3.7.3 | കേരളത്തിലെ വ്യവസായിക മേഖലകളിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021 | 142 |
| 3.7.4 | തെരഞ്ഞെടുത്ത റിവർ സ്റ്റേഷനുകളിലെ ബി.ഒ.ഡി ലെവലുകൾ, 2020-21 | 143 |
| 3.7.5 | കേരളത്തിലെ എം.എസ്.ഡബ്ല്യു ഉത്പാദനവും സംസ്കരണവും 2019-20 മുതൽ 2021-22 വരെ | 143 |
| 3.8.1 | വിവിധ വിഭാഗം കാർഡ് ഉടമകൾ, 2022 ഓഗസ്റ്റ് മാസം വരെ, ശതമാനത്തിൽ | 149 |
| 3.8.2 | ഉച്ചഭക്ഷണ പരിപാടി 2015-16 മുതൽ 2021-22 വരെ | 152 |

| | | |
|---|---|---|
| 4.2.1 | ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച മൊത്ത സംയോജിത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ | 162 |
| 4.2.2 | കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ | 163 |
| 4.2.3 | കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, മൊത്ത മൂല്യ വർദ്ധനവ്, ശതമാനത്തിൽ | 164 |
| 4.3.1 | കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപ വിഹിതം, ശതമാനത്തിൽ | 167 |
| 4.4.1 | 2020-21 ൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം | 179 |
| 4.4.2 | 2019-20, 2020-21 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും | 180 |
| 4.4.3 | കേരളത്തിൽ 2020-21, 2021-22 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകൾ | 181 |
| 4.4.4. | 2021-22 ൽ കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം ശതമാനത്തിൽ | 182 |
| 4.6.1 | കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, ലക്ഷം രൂപയിൽ | 201 |
| 5.1.1 | ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച | 217 |
| 5.1.2 | ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം | 218 |
| 5.1.3 | ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി (കോടി രൂപയിൽ) | 218 |
| 5.1.4 | ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധനവ് | 218 |
| 5.2.1 | കെ.എസ്.സി.എസ്.ടി.ഇ നടപ്പാക്കിയ വിവിധ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ | 229 |
| 5.2.2 | ആർസിസി യിൽ 2012-13 മുതൽ 2021-22 വരെ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ | 234 |
| 5.2.3 | ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം – ജില്ല തിരിച്ച് | 235 |
| 5.2.4 | 2021-22ൽ രജിസ്റ്റർ ചെയ്ത സ്പെഷ്യാലിറ്റി ക്ലിനിക്ക് തിരിച്ചുള്ള പുതിയ രോഗികളുടെ ശതമാനം | 235 |
| 5.2.5 | 2021-22ൽ ആർസിസിയിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ പ്രായവും ലിംഗഭേദവും അനുസരിച്ച് | 236 |
| 5.3.1 | 2012 മുതൽ 2021 വരെയുള്ള കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ | 241 |
| 5.3.2 | കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് 2020ലും 2021ലും കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ എണ്ണം. | 242 |
| 5.3.3 | 2020 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം പ്രദേശം തിരിച്ച്, ശതമാനത്തിൽ | 243 |

| | | |
|---|---|---|
| 5.3.4 | 2012 മുതൽ 2021 വരെ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ | 243 |
| 5.3.5 | 2020 ലും 2022 ലും കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 10 സംസ്ഥാനങ്ങളിൽ നിന്നുള്ള സംഭാവന, ശതമാനത്തിൽ | 244 |
| 5.3.6 | 2021-ൽ പ്രാദേശിക മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, ശതമാനത്തിൽ | 244 |
| 5.3.7 | 2012 മുതൽ 2021 വരെ കേരളത്തിൽ ടൂറിസത്തിൽ നിന്ന് ലഭിച്ച മൊത്തം വരുമാനം കാണിക്കുന്നു (രൂപ കോടിയിൽ) | 245 |
| 5.4.1 | സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്കുകൾ (അളവിൽ)-ഇന്ത്യ, കേരളം – കേരളത്തിന്റെ വിഹിതം, 2016-17 മുതൽ 2021-22 വരെ (ശതമാനത്തിൽ) | 252 |
| 5.4.2 | 2021-22 ൽ ഇന്ത്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ) | 252 |
| 5.4.3 | 2021-22 കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി, ശതമാനത്തിൽ | 253 |
| 5.4.4 | 2021-22 ൽ ഇന്ത്യയുടെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ | 253 |
| 5.4.5 | 2021-22 ലെ കേരളത്തിന്റെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ | 253 |
| 5.4.6 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള (കൊച്ചി തുറമുഖം വഴി), കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി 2016-17 മുതൽ 2021-22 വരെ, (അളവ് ലക്ഷം മെട്രിക് ടൺ) | 256 |
| 5.4.7 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി വളർച്ചാ നിരക്ക് , 2017-18 മുതൽ 2021-22 വരെ, ശതമാനത്തിൽ | 257 |
| 5.5.1 | ജില്ല തിരിച്ചുള്ള റീസർവ്വേ അപ്പീലുകൾ സ്വീകരിച്ചതും അന്തിമമാക്കിയതും – 2021 | 259 |
| 5.5.2 | സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം | 262 |
| 6.1.1 | മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2021-22 | 274 |
| 6.1.2 | 2022-23ൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം | 275 |
| 6.1.3 | 2021-22 ലെ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം | 283 |
| 6.1.4 | ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ | 283 |
| 6.2.1 | കുറഞ്ഞ എംഎംആർ ഉള്ള 5 സംസ്ഥാനങ്ങൾ | 291 |
| 6.2.2 | ഏറ്റവും കുറഞ്ഞ ഐ.എം.ആർ. ഉള്ള മികച്ച 5 സംസ്ഥാനങ്ങൾ | 292 |
| 6.2.3 | കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം (2022) | 306 |

| | | |
|---|---|---|
| 6.2.4 | കേരള ആരോഗ്യ സർവ്വകലാശാലക്ക് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനത്തിൽ | 311 |
| 7.2.1 | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ | 333 |
| 7.2.2 | കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് [(യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ്)] ശതമാനത്തിൽ | 334 |
| 7.2.3 | യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ) | 335 |
| 7.2.4 | കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ - (ലക്ഷത്തിൽ) | 335 |
| 7.2.5 | പൊതുമേഖലയിലെ തൊഴിൽ വിതരണം | 336 |
| 7.2.6 | സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം-മാർച്ച് 2022 (ശതമാനത്തിൽ) | 337 |
| 7.2.7 | കേരളത്തിലെ തൊഴിലന്വേഷകർ (എണ്ണം ലക്ഷത്തിൽ) | 337 |
| 7.2.8 | വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ | 338 |
| 7.2.9 | തൊഴിലന്വേഷകരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ, 2021, (ലക്ഷത്തിൽ) | 338 |
| 7.2.10 | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ | 340 |
| 8.1.1 | ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം ചിത്രം 8.1.1 കാണിക്കുന്നു. | 356 |
| 8.1.2 | കേരളത്തിലെ സ്ത്രീ പുരുഷൻമാരുടെ (എല്ലാ പ്രായക്കാരും) തൊഴിൽ പങ്കാളിത്ത നിരക്ക് | 360 |
| 8.1.3 | സ്ത്രീ തൊഴിലാളികളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള അനുപാതം | 361 |
| 8.1.4 | സംഘടിത മേഖലയിലെ തൊഴിൽ | 362 |
| 8.2.1 | 2017-18 മുതൽ 2021-22 വരെ ഭൂമി വാങ്ങുന്നതിന് സഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 374 |
| 8.2.2 | 2017-18 മുതൽ 2021-22 വരെ വിവാഹ ധനസഹായത്തിന് അനുവദിച്ച വിഹിതവും ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, (രൂപ ലക്ഷത്തിൽ) | 376 |
| 8.2.3 | പട്ടികവർഗ്ഗ മേഖലയിലെ ലൈഫ് മിഷന്റെ പുരോഗതി | 378 |
| 10.1.1 | സ്ത്രീ-പുരുഷ അന്തർദേശീയ കുടിയേറ്റക്കാർ 2000-2020 ശതമാന കണക്കിൽ | 425 |
| 10.1.2 | 2013 ലും 2018 ലും കേരളത്തിലെ മൊത്തം പ്രവാസികളുടെ എണ്ണം | 426 |
| 10.1.3 | കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം 1998 മുതൽ 2018 വരെ | 427 |
| 11.1.1 | വിവിധ വകുപ്പുകൾ പരിപാലിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ, ശതമാനത്തിൽ | 434 |
| 11.1.2 | 2013 മുതൽ 2022 വരെ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, | 435 |

| | | |
|---|---|---|
| 11.1.3 | 2021 മുതൽ 2022 വരെ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ എണ്ണം (ഇനം തിരിച്ച്), ശതമാനത്തിൽ | 436 |
| 11.1.4 | 2022 ജനുവരി മുതൽ ആഗസ്റ്റ് വരെ കേരളത്തിൽ ഉണ്ടായിട്ടുള്ള റോഡ് അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, ശതമാനത്തിൽ | 437 |
| 11.1.5 | 2010 മുതൽ 2022 വരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത | 438 |
| 11.1.6 | 2017 മുതൽ 2022 വരെ കൊച്ചി മെട്രോ പദ്ധതിയുടെ വരുമാനവും ചെലവും (കോടി രൂപയിൽ) | 445 |
| 11.1.7 | 2018 മുതൽ 2022 വരെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെയുള്ള യാത്രക്കാരുടെ എണ്ണം | 446 |
| 11.1.8 | 8 2018 മുതൽ 2022 വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെയുള്ള യാത്രക്കാരുടെ എണ്ണം | 447 |
| 11.1.9 | 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത ചരക്കുകളുടെ പോർട്ട് തിരിച്ചുള്ള വിഹിതം | 450 |
| 11.1.10 | 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ പോർട്ട് തിരിച്ചുള്ള വിഹിതം | 450 |
| 11.1.11 | 2021-22 ഏപ്രിൽ-മാർച്ച് മാസത്തിൽ ആറിൽ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം | 451 |
| 11.1.12. | നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം (തുറമുഖം തിരിച്ച്) | 452 |
| 11.1.13 | 2021-22 ഏപ്രിൽ -നവംബർ വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം | 452 |
| 11.1.14 | 2021-22 ഏപ്രിൽ -നവംബർ വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം | 453 |
| 11.2.1 | കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഊർജ്ജ ആവശ്യകതയും ഊർജ്ജത്തിന്റെ പരമാവധി ആവശ്യകതയും | 466 |
| 11.2.2 | 2017-18 മുതൽ 2021-22 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം | 466 |
| 11.2.3 | എ .റ്റി & സി നഷ്ടവും, റ്റി & ഡി നഷ്ടവും ശതമാനത്തിൽ (2017-18 മുതൽ 2021-22 വരെ ) | 467 |
| 11.2.4 | 2021-22 ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ) | 467 |
| 11.3.1 | വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം | 472 |
| 11.3.2 | വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം | 472 |
| 11.4.1 | ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2022 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം | 479 |
| 11.4.2 | 2022 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത | 480 |
| 11.7.1 | മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ | 500 |

| | | |
|---|---|---|
| 11.7.2 | 2022 ഒക്ടോബർ വരെയുള്ള കിഫ്ബി പദ്ധതികളുടെ ഭൗതിക പ്രകടനം | 501 |
| 11.7.3 | 2022 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം | 502 |
| 12.1.1 | എസ്‌സിഎസ്‌പി, ടിഎസ്.പി എന്നിവയിലെ 2017-18 മുതൽ 2021-22 വരെയുള്ള മേഖല തിരിച്ചുള്ള പ്രകടനം (ശതമാനത്തിൽ) | 510 |
| 12.1.2 | 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ), ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിലെ ചെലവ് (ശതമാനത്തിൽ) | 510 |
| 12.1.3 (എ) | 13-ാം പദ്ധതിയിൽ (2017-18 മുതൽ 2021-22 വരെ) ഉൽപ്പാദന ഉപമേഖലകളിലെ ചെലവ് (ശതമാനത്തിൽ) | 511 |
| 12.1.3 (ബി) | 13-ാം പദ്ധതിയിൽ (2017-18 മുതൽ 2021-22 വരെ) ഉൽപ്പാദന ഉപമേഖലകളിലെ ചെലവ് (ശതമാനത്തിൽ) | 511 |
| 12.1.4 | 2021-22 ലെ ബജറ്റ് വിഹിതം അനുസരിച്ചുള്ള ചെലവ് ശതമാനം | 512 |
| 12.1.5 | പ്രാദേശിക സർക്കാരുകളുടെ വിഭാഗം തിരിച്ചുള്ള ചെലവ് -2021-22 ബജറ്റ് വിഹിതം അടിസ്ഥാനത്തിൽ (ശതമാനത്തിൽ) | 512 |
| 12.1.6 | 2021-22ൽ പ്രാദേശിക സർക്കാരുകൾ കൈവരിച്ച മൊത്തം ചെലവിൽ വിവിധ മേഖലകളുടെ വിഹിതം (ശതമാനത്തിൽ) | 513 |
| 12.1.7 | 2021-22 ൽ പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ) | 513 |
| 12.1.8 | 2021-22ൽ സേവനമേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിഹിതം (ശതമാനത്തിൽ) | 514 |
| 12.1.9 | 2021-22 ൽ പശ്ചാത്തല മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (ശതമാനത്തിൽ) | 515 |
| 12.1.10 | പതിമൂന്നാം പദ്ധതി കാലയളവിലെ പിഎംജിഎസ്‌വൈ യുടെ ഭൗതിക നേട്ടങ്ങൾ | 532 |
| 12.1.11 | എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ പ്രകടനം, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ താരതമ്യം (2021-22) | 534 |
| 12.1.12 | എം.ജി.എൻ.ആർ.ഇ.ജി.എസ്-ന് കീഴിൽ ഏറ്റെടുത്ത പ്രവർത്തികളുടെ അന്തർ സംസ്ഥാന താരതമ്യം (2021-22) | 535 |
| 12.1.13 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭൗതിക പുരോഗതി സംബന്ധിച്ച വിവരങ്ങൾ (2017-18 മുതൽ 2021-22 വരെ) | 536 |

# ബോക്സുകൾ


| നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1.1.1 | സംസ്ഥാന മൊത്തം ആഭ്യന്തര ഉൽപ്പന്നം | 7 |
| 1.6.1 | പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകളും പ്രധാന ലക്ഷ്യങ്ങളും | 39 |
| 1.6.2 | പ്ലാൻസ്പേസ് 2.0- ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനം | 41 |
| 2.1 | കേരളത്തിലെ പ്രമുഖ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവാർഡുകൾ / അക്രഡിറ്റേഷൻ/ റാങ്കിംഗുകൾ | 51 |
| 2.2 | ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവിനുള്ള കമ്മീഷനുകൾ | 63 |
| 3.3.1 | 2021-22 ൽ തീറ്റപ്പുൽ കൃഷിയുടെ വിസ്തൃതിയിൽ നേരിയ വർധനവുണ്ടായതായി പട്ടിക സൂചിപ്പിക്കുന്നു | 105 |
| 3.3.2 | ഡിജിറ്റൽ ഹെർഡ്ബുക്ക് പദ്ധതി | 108 |
| 3.4.1 | ഉൾനാടൻ മത്സ്യോൽപ്പാദനം | 116 |
| 3.4.2 | മത്സ്യ മേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ | 118 |
| 3.5.1 | കേരള വാട്ടർ റിസോഴ്സസ്സ് ഇൻഫർമേഷൻ സിസ്റ്റം (Kerala WRIS) | 122 |
| 3.5.2 | സംസ്ഥാനത്തിന്റെ സൂക്ഷ്മ ജലസേചന നയം | 124 |
| 3.5.3 | “റൂം ഫോർ ദി റിവർ” (നദിയ്ക്കൊരിടം) തോട്ടപ്പള്ളി ലീഡിംഗ് ചാനൽ വികസിപ്പിക്കുന്നതിനുള്ള ചെന്നൈ ഐഐടിയുടെ ഹൈഡ്രോഡൈനാമിക് പഠനം | 127 |
| 3.8.1 | പൊതുവിതരണ സംവിധാനവും കോവിഡ്-19 പ്രതിസന്ധിയും. | 151 |
| 4.3.1 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും | 171 |
| 4.3.2 | കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ | 174 |
| 4.4.1 | ഇയർ ഓഫ് എന്റർപ്രൈസസ് 2022-23. | 179 |
| 5.1.1 | കേരളത്തിലെ ഐ.ടി മേഖലയുടെ പ്രകടനം | 214 |
| 5.2.1 | ആർസിസി സ്ഥിതി വിവരക്കണക്കുകൾ | 234 |
| 5.3.1 | കേരള വിനോദസഞ്ചാരം ഒറ്റനോട്ടത്തിൽ | 240 |
| 5.3.2 | കരട് ദേശീയ ടൂറിസം നയം 2021 | 249 |
| 5.5.1 | കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് (CORS) | 258 |
| 5.5.2 | പതിമൂന്നാം പദ്ധതി കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പ്രധാന സംരംഭങ്ങൾ | 260 |

| | | |
|---|---|---|
| 5.5.3 | 3 വിമുക്തി മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ | 260 |
| 5.5.4 | കോവിഡ്-19 മഹാമാരി സമയത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പ്രവർത്തനങ്ങൾ | 261 |
| 6.1.1 | ഇ ക്യൂബ് ഇംഗ്ലീഷ് ഇ-ലാംഗ്വേജ് ലാബ് | 279 |
| 6.1.2 | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്റ്റുഡന്റ് അഫയേഴ്സ് ആൻഡ് കൗൺസിലിംഗ് സെന്ററും (എസ്.എ.സി.സി.), ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെല്ലും (എച്ച്.ആർ.ഡി.സി.) | 287 |
| 6.2.1 | ന്യൂ ബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം (2013-23) | 308 |
| 6.3.1 | എൽഡർലൈൻ-വയോജനങ്ങൾക്കായുള്ള ദേശീയ ഹെൽപ്പ് ലൈൻ | 319 |
| 7.3.1 | 2021-22 സാമ്പത്തിക വർഷത്തിലെ പ്രധാന നേട്ടങ്ങൾ | 347 |
| 7.3.2 | ഇന്ത്യൻ സ്കിൽസ് റിപ്പോർട്ട് 2022 | 352 |
| 8.2.1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് 2021-22ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം) | 375 |
| 8.2.3 | 2021-22 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 380 |
| 8.2.4 | സമഗ്ര വികസന പ്രവർത്തനങ്ങൾ | 383 |
| 8.2.5 | കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം | 386 |
| 9.1.1 | സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സാംസ്കാരിക ഡയറക്ടറേറ്റിൽ നിന്നുള്ള അനാവർത്തന ഗ്രാന്റ് | 403 |
| 9.1.2 | വനിതാ ചലച്ചിത്ര സംവിധായകർക്കും എസ്.സി/എസ്.ടി വിഭാഗത്തിൽ നിന്നുള്ള ചലച്ചിത്ര സംവിധായകർക്കും പിന്തുണ നൽകുന്നതിനുള്ള പദ്ധതി | 404 |
| 9.1.3 | അന്താരാഷ്ട്ര ചലച്ചിത്ര മേള | 406 |
| 9.1.4 | ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് (ബി.എം.ഒ.ഒ.സി) | 408 |
| 9.1.5 | പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ | 409 |
| 9.2.1 | ഗ്രാമീണ കളിസ്ഥലം (ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം) | 413 |
| 9.2.2 | കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ 2021-22 ലെ നേട്ടങ്ങൾ | 414 |
| 9.2.3 | ബർമിംഗ്ഹാം കോമൺവെൽത്ത് ഗെയിംസ് 2022 | 416 |
| 9.2.4 | 2021-22 ലെ കേരള യുവജനക്ഷേമ ബോർഡിന്റെ നേട്ടങ്ങൾ | 418 |
| 11.1.1 | ബ്ലാക്ക് സ്പോട്ടുകൾ | 438 |
| 11.1.2 | ഗ്രാമവണ്ടി | 443 |
| 11.1.3 | അർദ്ധ അതിവേഗ റെയിൽ പദ്ധതി (രജത രേഖ) | 444 |
| 11.1.4 | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് | 458 |
| 11.4.1 | 14-ാം പഞ്ചവത്സര പദ്ധതിയിൽ കുടിവെള്ളവും മലിനജല നിവാരണവും മേഖലയ്ക്കുള്ള കർമ്മ സമിതി നിർദ്ദേശങ്ങൾ | 477 |

| | | |
|---|---|---|
| 11.4.2 | കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ) യുടെ പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ | 484 |
| 11.4.3 | എൻ.എ.ബി.എൽ അംഗീകൃത ലബോറട്ടറികൾ മുഖേനയുള്ള ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും പരിശോധനയും | 486 |
| 12.1.1 | ആരോഗ്യ ഗ്രാന്റ് | 518 |
| 12.1.2 | പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഘടകങ്ങൾ | 520 |
| 12.1.3 | തൊഴിൽ സഭകൾ | 521 |
| 12.1.4 | ടേക്ക് എ ബ്രേക്ക് (ടി.എ.ബി) | 527 |
| 12.1.5 | തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ | 528 |
| 12.1.6 | പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക സഹായം (സംസ്ഥാന പദ്ധതി) | 535 |

അദ്ധ്യായം
01

# കേരള സമ്പദ്‌വ്യവസ്ഥ

# കേരള സമ്പദ് വ്യവസ്ഥ

## 1.1 സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ: മുന്നോട്ടുള്ള കാഴ്ചപ്പാട്

പൊതുജനപ്രതിബദ്ധതയോടെ ആസൂത്രണപ്രക്രിയ തുടരുന്ന ഏക സംസ്ഥാനമായി കേരളം തുടരുന്നു. സംസ്ഥാന സമ്പദ് വ്യവസ്ഥ വീണ്ടെടുക്കലിന്റെ പാതയിലാണ്. സംസ്ഥാന സർക്കാരിന്റെ കോവിഡ്-19 ദുരിതാശ്വാസ നയങ്ങളും അതോടൊപ്പം തുടർന്നുള്ള പിന്തുണ നയങ്ങളുമാണ് ഇതിനുള്ള പ്രധാന കാരണം. മുൻകാലയളവിൽ മികച്ച പ്രകടനം കേരളം കാഴ്ചവെച്ചെങ്കിലും, സമീപകാലത്തായി സംസ്ഥാനം പല തിരിച്ചടികളും നേരിടേണ്ടതായി വന്നിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളായ 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018 ലേയും 2019 ലേയും വെള്ളപ്പൊക്കം, സമീപകാലത്തെ കോവിഡ്-19 മഹാമാരി തുടങ്ങിയവയാണിത്. ഇത് മൂലമുണ്ടായ മാന്ദ്യത്തിന്റെ അനന്തരഫലങ്ങൾ സാമ്പത്തിക തന്ത്രത്തെ പുനഃക്രമീകരിക്കാൻ സംസ്ഥാനത്തെ നിർബന്ധിതമാക്കി. ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയും തന്മൂലം വിദേശത്ത് നിന്നുള്ള പണം അയയ്ക്കലിന്റെ കുറവും സംസ്ഥാന സമ്പദ് വ്യവസ്ഥയെ ബാധിച്ചു.

**ആഗോള സാമ്പത്തിക അവലോകനം**

രണ്ട് വർഷത്തിലധികമായി നീണ്ടുനില്ക്കുന്ന മഹാമാരിയുടെ പ്രത്യാഘാതങ്ങൾ ഇപ്പോഴും അനുഭവിച്ച് കൊണ്ടിരിക്കുന്ന ആഗോള സമ്പദ് വ്യവസ്ഥ മറ്റൊരു വലിയ ആഘാതം കൂടി നേരിട്ടുകൊണ്ടിരിക്കുയാണ്. ഉക്രൈയിനിലെ സംഘർഷം പ്രാദേശിക മാന്ദ്യത്തിനും ആഗോള പ്രത്യാഘാതത്തിനും കാരണമായി. ഇത്തരത്തിലുള്ള പ്രത്യാഘാതങ്ങൾ മഹാമാരിയുടെ പാർശ്വഫലങ്ങൾക്ക് ആക്കം കൂട്ടുകയും വിതരണ ശൃംഖലയിലെ സ്തംഭനത്തിനും സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവിനും ഇടയാക്കുകയും ചെയ്തു. സംഘർഷത്തിത്തിന്റെ ഭാഗമായി നയപരമായതീരുമാനങ്ങൾ കൈകൊള്ളുന്ന കാര്യത്തിൽ കുറവുകൾ ഉണ്ടായിട്ടുണ്ട്, എന്നാൽ ഇത് മഹാമാരിയുടെ തുടക്ക സമയത്തെ അപേക്ഷിച്ച് വളരെ പരിമിതമാണ്. കൂടാതെ ഉക്രൈയിനിലെ സംഘർഷം, ഊർജ്ജമേഖലയിലും, ഭക്ഷ്യ, ചരക്ക് വിലകളിലേയും പണപെരുപ്പം, പ്രധാന സെൻട്രൽ ബാങ്കുകളുടെ സാമ്പത്തിക നിലപാട് കർശനമാക്കൽ എന്നിവ മൊത്തത്തിൽ ആഗോള സാമ്പത്തിക വളർച്ചയുടെ സാധ്യതയെ ദുർബലമാക്കി. ആഗോള സാമ്പത്തിക വ്യവസ്ഥകൾ കർശനമാക്കുകയും, കടം എടുക്കൽ ചെലവ് പ്രത്യേകിച്ചും എമർജിംഗ് മാർക്കറ്റ് ആൻഡ് ഡെവലപ്പിംഗ് ഇക്കോണമീസ് (ഇഎംഡിഇഎസ്) വർദ്ധിക്കുകയും ചെയ്തു. കൂടാതെ സാമ്പത്തിക സഹായ നടപടികൾ തുറന്നു കൊടുത്ത കാരണം ആഗോള പ്രവർത്തനം തുടർച്ചയായി ദുഷ്ക്കരമാകുന്നു. ഈ പശ്ചാത്തലത്തിൽ ആഗോള സാമ്പത്തിക വളർച്ചയിൽ ഗണ്യമായ കുറവുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലോകബാങ്ക് കണക്കുകൾ പ്രകാരം, ആഗോള വളർച്ച 2021 ലെ 5.7 ശതമാനത്തിൽ നിന്ന് 2022 ൽ 2.9 ശതമാനമായും 2023-24 ൽ ശരാശരി 3 ശതമാനമായും കുറയും. ആഗോള വളർച്ചാ നിരക്ക് 2021 ലെ 6.0 ശതമാനത്തിൽ നിന്ന് 2022 ൽ 3.2 ശതമാനമായും തുടർന്ന് 2023 ൽ 2.7 ശതമാനമായും കുറയുമെന്ന് ഐഎംഎഫ് പ്രവചിക്കുന്നു. 2008 ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയും കോവിഡ്-19 മഹാമാരിയുടെ നിർണ്ണായക ഘട്ടവും ഒഴികെ 2001 ന് ശേഷമുള്ള ഏറ്റവും ദുർബലമായ വളർച്ചാ ചിത്രമാണിത്. ആഗോള പണപ്പെരുപ്പം 2021-ലെ 4.7 ശതമാനത്തിൽ നിന്ന് 2022 ൽ 8.8 ശതമാനമായി ഉയരുമെന്നും 2023 ൽ 6.5 ശതമാനമായും 2024 ൽ 4.1 ശതമാനമായും കുറയുമെന്നും പ്രവചിക്കപ്പെടുന്നു. വിവിധ അന്താരാഷ്ട്ര ഏജൻസികളുടെ വളർച്ചാ പ്രവചനങ്ങൾ **പട്ടിക 1.1.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.1.1** 2022, 2023 വർഷങ്ങളിലെ വിവിധ ഏജൻസികളുടെ ലോക സാമ്പത്തിക വളർച്ചാ പ്രവചനം (ശതമാനത്തിൽ)

| ഏജൻസി | ആഗോള യഥാർത്ഥ ജിഡിപി വളർച്ചാ പ്രവചനങ്ങൾ | |
|---|---|---|
| | 2022 | 2023 |
| ഐ.എം.എഫ് | 3.2 | 2.7 |
| വേൾഡ് ബാങ്ക് | 2.9 | 3.0 |
| ഒഇസിഡി | 3.1 | 2.2 |

അവലംബം: IMF WEO ഒക്ടോബർ 2022 അപ്ഡേറ്റ്; OECD ഇക്കണോമിക് ഔട്ട്ലുക്ക്, നവംബർ 2022; ലോകബാങ്ക്,
(ആഗോള സാമ്പത്തിക സാധ്യതകൾ)-ജൂൺ 2022

ഉക്രൈയിനിലെ സംഘർഷത്തിന്റെ അനന്തരഫലങ്ങൾ മൂലം വികസിത സമ്പദ്‌വ്യവസ്ഥകളിലെ വളർച്ച 2022 ൽ 2.6 ശതമാനമായി കുറയുമെന്നും, തുടർന്ന് 2023-24 ൽ ഇത് ശരാശരി 2.2 ശതമാനമായി കുറയുമെന്നും ലോകബാങ്ക് പ്രതീക്ഷിക്കുന്നു. യുഎസിലെ വളർച്ച 2022 ൽ 2.5 ശതമാനമായി കുറയുമെന്ന് പ്രവചിക്കപ്പെടുന്നു, ഇത് മുൻ പ്രവചനങ്ങളേക്കാൾ 1.2 ശതമാനം കുറവ് രേഖപ്പെടുത്തുന്നു. 2023-24 ൽ ഇത് ശരാശരി 2.4 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. ധനസഹായം തുടർച്ചയായി നിർത്തലാക്കുന്നതും, കർശനമായ ധനനയവും സാമ്പത്തിക പ്രവർത്തനങ്ങളെ കൂടുതൽ സമ്മർദ്ദത്തിലാക്കുന്നു. യുക്രെയിൻ സംഘർഷം മൂലം വിതരണ ശൃംഖലയിലെ കടുത്ത ആഘാതങ്ങൾ, യൂറോ മേഖലയിലെ വളർച്ച കുറയുമെന്നും തുടർന്ന് 2022ൽ വളർച്ചാ നിരക്ക് 2.5 ശതമാനമായി കുറയുമെന്നും പ്രതീക്ഷിക്കുന്നു. യൂറോപ്യൻ സെൻട്രൽ ബാങ്ക് ധനനയം കർശനമാക്കുന്നത് മൂലവും ഉക്രൈയിനിലെ സംഘർഷം മൂലവും യുദ്ധത്തിന്റെ നീണ്ടുനിൽക്കുന്ന പ്രത്യാഘാതങ്ങൾ സാമ്പത്തിക പ്രവർത്തനങ്ങളെ സമ്മർദ്ദപ്പെടുത്തുകയും ചെയ്യുന്നതിനാൽ 2023-24 ൽ വളർച്ച ശരാശരി 1.9 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇഎംഡിഇ-കളിലെ വളർച്ച 2021 ലെ 6.6 ശതമാനത്തിൽ നിന്ന് 2022ൽ 3.4 ശതമാനമായും, 2023ൽ 4.2 ശതമാനമായും കുറയുമെന്ന് കണക്കാക്കുന്നു. ഈ സമ്പദ്‌വ്യവസ്ഥകൾ മഹാമാരിയിൽ നിന്ന് പൂർണ്ണമായും കരകയറുന്നതിന് വളരെ മുമ്പ് കണക്കാക്കിയിട്ടുള്ളതാണ്. അവികസിത രാജ്യങ്ങളാണ് (LDCs) ബാഹ്യ ആഘാതങ്ങൾക്ക് ഏറ്റവും കൂടുതൽ ഇരയായിട്ടുള്ളത്. ഭൂരിഭാഗം അവികസിത രാജ്യങ്ങളും ഭക്ഷ്യവസ്തുക്കളുടേയും എണ്ണയുടേയും ഇറക്കുമതിക്കാരായതിനാൽ, ആഗോള വിലക്കയറ്റവും ഭക്ഷ്യ വിതരണത്തിലെ തടസ്സങ്ങളും ഈ സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായി ബാധിച്ചു. ഈ രാജ്യങ്ങളുടെ വളർച്ച 2022 ൽ 4.1 ശതമാനവും 2023 ൽ 5.3 ശതമാനവും ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു (ലോകബാങ്ക്).

**ഇന്ത്യയുടെ സ്ഥൂല സാമ്പത്തിക അവലോകനം**

കോവിഡ്-19 മഹാമാരിയുടെ ആഘാതത്തിൽ നിന്ന് ഇന്ത്യ ഇപ്പോഴും വീണ്ടെടുക്കലിന്റെ പാതയിലാണ്. കേന്ദ്രത്തിന്റെ സാമ്പത്തിക അവലോകന സർവേ 2021-22 പ്രകാരം, 2022-23 ൽ സമ്പദ്‌വ്യവസ്ഥ 8.0 ശതമാനത്തിനും 8.5 ശതമാനത്തിനും ഇടയ്ക്കുള്ള വളർച്ച കൈവരിക്കുമെന്ന് കണക്കാക്കുന്നു. ഐ.എം.എഫ് കണക്കുകൾ പ്രകാരം 2022-23 ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.1 ശതമാനം വളർച്ച നേടികൊണ്ട് ഇന്ത്യ ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാകുമെന്നും പ്രവചിക്കുന്നു.

**പട്ടിക 1.1.2** ഇന്ത്യയുടെ വളർച്ചാ പ്രവചനങ്ങൾ (ശതമാനത്തിൽ)

| ഏജൻസി | ആഗോള യഥാർത്ഥ ജിഡിപി വളർച്ചാ പ്രവചനങ്ങൾ | |
|---|---|---|
| ഐഎംഎഫ് | 2022-23 | 2023-24 |
| വേൾഡ് ബാങ്ക് | 6.8 | 6.1 |
| ഇക്കണോമിക് സർവ്വേ 2021-22 | 7.5 | 7.1 |
| ഇക്കണോമിക് സർവ്വേ 2021-22 | 8.0-8.5 | |

അവലംബം: ഐ.എം.എഫ് , ഡബ്ല്യൂഇഒ ഒക്ടോബർ 2022 അപ്ഡേറ്റ്; യൂണിയൻ സാമ്പത്തിക സർവേ 2021-22,
ലോകബാങ്ക് (ആഗോള സാമ്പത്തിക സാധ്യതകൾ)-ജൂൺ 2022

1.**മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനം**

ഏറ്റവും ഉയർന്ന പ്രതിശീർഷ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി എസ് ഡി പി) ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സ്ഥിര വില അനുസരിച്ച് 2021-22 ൽ കേരളത്തിന്റെ പ്രതിശീർഷ ജി എസ് ഡി പി 1,62,992 രൂപയും ദേശീയ ശരാശരി 1,07,670 രൂപയും ആണ്. ത്വരിത കണക്കുകൾ പ്രകാരം 2021-22 ൽ മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം (ജിഎസ്ഡിപി) 2011-12-ലെ സ്ഥിര വില അനുസരിച്ച് 5,73,59,146 ലക്ഷം രൂപയായി. 2020-21 ലെ താൽക്കാലിക കണക്കുകൾ പ്രകാരം 5,12,07,608 ലക്ഷം രൂപയായിരുന്നു. 2020-21-ലെ (-)8.43 ശതമാനം നെഗറ്റീവ് വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 ൽ 12.01 ശതമാനം പോസിറ്റീവ് വളർച്ചാ നിരക്കോടെ ശക്തമായ വീണ്ടെടുക്കലിന്റെ സൂചനയാണ് കാണിക്കുന്നത്. നടപ്പുവിലയിൽ ജിഎസ്ഡിപി 2020-21 ലെ താൽക്കാലിക കണക്ക് അനുസരിച്ച് 7,71,00,866 ലക്ഷം രൂപയിൽ നിന്ന് 17.63 ശതമാനം വളർച്ചയോടെ 2021-22 -ൽ ത്വരിത കണക്ക് അനുസരിച്ച് 9,06,92,093 ലക്ഷം രൂപയായി വിശദാംശങ്ങൾ **പട്ടിക 1.1.3**ൽ നൽകിയിരിക്കുന്നു.

കേരളത്തിൽ മൊത്തം സംസ്ഥാന സംയോജിത മൂല്യത്തിന്റെ (GSVA) (2011-12 സ്ഥിര വിലയിൽ) വളർച്ച 2020-21 ലെ (-) 9.95 ശതമാനത്തിൽ നിന്ന് 2021-22 ൽ 12.09 ശതമാനമായി ഉയർന്നു. ഇത് പ്രധാനമായും സൂചിപ്പിക്കുന്നത് സംസ്ഥാന സമ്പദ്‌വ്യവസ്ഥ കോവിഡ്-19 മഹാമാരിയുടെ പ്രതികൂല ആഘാതത്തിൽ നിന്ന് ഒരു പുനരുജ്ജീവന ഘട്ടത്തിലാണ് എന്നതാണ്.

**ദേശീയതലത്തിലുള്ള പ്രവണതകൾ**

സ്ഥിതി വിവരക്കണക്ക്, പദ്ധതി നടപ്പാക്കൽ മന്ത്രാലയത്തിന് (എംഒഎസ് പിഐ) കീഴിലുള്ള കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (സിഎസ്ഒ) കണക്ക് പ്രകാരം, 2021-22 ൽ ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനം 2011-12 ലെ സ്ഥിരവിലയിൽ 143.00 ലക്ഷം കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. മുൻവർഷം ഇത് 133.68 ലക്ഷം കോടി രൂപയായിരുന്നു. വളർച്ചാനിരക്കിന്റെ അടിസ്ഥാനത്തിൽ മൊത്തം ദേശീയ വരുമാനം 2020-21 ലെ (-) 7.0 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 ൽ 8.5 ശതമാനമായി വർദ്ധിച്ചതായി കാണാം. ഇന്ത്യയുടെ മൊത്തം സംയോജിത മൂല്യം (ജിവിഎ)

**പട്ടിക 1.1.3** കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോൽപ്പന്നവും പ്രതിശീർഷ വരുമാനവും

| | വരുമാനം (രൂപ ലക്ഷത്തിൽ) | | | നിരക്ക് (ശതമാനം) | |
|---|---|---|---|---|---|
| | 2019-20 | 2020-21 (പി) | 2021-22 (ക്യു) | 2020-21 (പി) | 2021-22 (ക്യു) |
| മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 55919418 | 51207608 | 57359146 | -8.43 | 12.01 |
| ബി) നടപ്പ് വിലയിൽ | 81293463 | 77100866 | 90692093 | -5.16 | 17.63 |
| അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പന്നം | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 51455269 | 46464345 | 52361222 | -9.70 | 12.69 |
| ബി) നടപ്പ് വിലയിൽ | 72772184 | 68041366 | 80506274 | -6.50 | 18.32 |
| മൊത്തം സംസ്ഥാന സംയോജിത മൂല്യം (ജി എസ് വി എ) അടിസ്ഥാന വിലയിൽ | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 49397423 | 44479985 | 49858853 | -9.95 | 12.09 |
| ബി) നടപ്പ് വിലയിൽ | 73019294 | 68442541 | 80813309 | -6.27 | 18.07 |
| സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 160506 | 146246 | 162992 | -8.88 | 11.45 |
| ബി) നടപ്പ് വിലയിൽ | 233338 | 220196 | 257711 | -5.63 | 17.04 |
| അറ്റ സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 147693 | 132700 | 148790 | -10.15 | 12.13 |
| ബി) നടപ്പ് വിലയിൽ | 208879 | 194322 | 228767 | -6.97 | 17.73 |

പി:താത്കാലികം,ക്യൂ:ത്വരിതം
അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

(2011-12) സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ, 2020-21 ലെ 125.85 ലക്ഷം കോടി രൂപയിൽ നിന്നും 2021-22 ൽ 8.1 ശതമാനം വളർച്ചയോടെ 136.05 ലക്ഷം കോടി രൂപയായി. മൊത്തം ആഭ്യന്തര ഉത്പന്നം (ജിഡിപി) (2011-12) സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ, 2020–21 ലെ 135.58 ലക്ഷം കോടി രൂപയിൽ നിന്നും 2021-22 ൽ 147.35 ലക്ഷം കോടി രൂപയായി, ഇത് 2020-21 ലെ ജിഡിപി യെക്കാൾ 8.7 ശതമാനം വളർച്ചയാണ് കാണിക്കുന്നത്. വിശദാംശങ്ങൾ **പട്ടിക 1.1.4**ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.1.4** ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനം, ആഭ്യന്തരോൽപ്പന്നം , പ്രതിശീർഷ വരുമാനം 2011-12 വിലയിലും നടപ്പ് വിലയിലും (രൂപ കോടിയിൽ)

| ക്രമ നം | ഇനം | At 2011-12 Prices | | | At Current Prices | | |
|---|---|---|---|---|---|---|---|
| | | 2019-20 | 2020-21 | 2021-22 (PE) | 2019-20 | 2020-21 | 2021-22 (PE) |
| 1 | മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി.ഡി.പി) | 14515958 | 13558473 (-6.6) | 14735515 (8.7) | 20074856 | 19800914 (-1.4) | 23664637 (19.5) |
| 2 | അറ്റ ആഭ്യന്തരോൽപ്പന്നം (എൻ.ഡി.പി) | 12783337 | 11726198 (-8.3) | 12754679 (8.8) | 17909710 | 17460845 (-2.5) | 20898019 (19.7) |
| 3 | മൊത്തം സംയോജിത മൂല്യം (ജി.വി.എ) അടിസ്ഥാന വിലയിൽ | 1,32,19,476 | 1,25,85,074 (-4.8) | 1,36,05,474 (8.1) | 1,83,55,109 | 1,80,57,810 (-1.6) | 2,13,49,399 (18.2) |
| 4 | മൊത്തം ദേശീയ വരുമാനം(ജി.എൻ.ഐ) | 1,43,74,253 | 1,33,68,279 (-7.0) | 1,45,00,812 (8.5) | 1,98,81,742 | 1,95,34,226 (-1.7) | 2,32,96,345 (19.3) |
| 5 | അറ്റ ദേശീയ വരുമാനം(എൻ.എൻ.ഐ) | 12641633 | 11536004 (-8.7) | 12519976 (8.5) | 17716597 | 17194158 (-2.9) | 20529727 (19.4) |
| 6 | പ്രതിശീർഷ മൊത്ത ആഭ്യന്തരോൽപ്പന്നം (രൂപ) | 108247 | 100032 (-7.6) | 107670 (7.6) | 149701 | 146087 (-2.4) | 172913 (18.4) |
| 7 | പ്രതിശീർഷ അറ്റ ആഭ്യന്തരോൽപ്പന്നം (രൂപ) | 94,270 | 85110 (-9.7) | 91481 (7.5) | 132115 | 126855 (-4.0) | 150007 (18.3) |

കുറിപ്പ്: ബ്രാക്കറ്റിൽ പറയുന്ന അക്കങ്ങൾ മുൻവർഷത്തിന് മേലുള്ള ശതമാനം ആകുന്നു.പി.ഇ- പ്രൊവിഷണൽ എസ്റ്റിമേറ്റ്
അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്.

2021-22 ലെ നടപ്പ് വിലയിൽ ഇന്ത്യയുടെ ജിഡിപി 236.64 ലക്ഷം കോടി രൂപയായി കണക്കാക്കപ്പെടുന്നു, ഇത് 2020-21 ലെ ജിഡിപി ആയ 198.00 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 19.5 ശതമാനം വളർച്ചാ നിരക്ക് കാണിക്കുന്നു. 2021-22 ലെ നടപ്പ് വിലയിൽ ഇന്ത്യയുടെ മൊത്തം സംയോജിത മൂല്യം 213.49 ലക്ഷം കോടി രൂപയായി കണക്കാക്കപ്പെടുന്നു, 2020-21 ലെ മൊത്തം സംയോജിത മൂല്യമായ 180.57 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 18.2 ശതമാനം വർധനവ് രേഖപ്പെടുത്തുന്നു. 2021-22 ൽ പ്രതിശീർഷ മൊത്തം ആഭ്യന്തര ഉത്പന്നം (2011-12 വിലയിൽ) 107670 രൂപയായി കണക്കാക്കുന്നു. ഇത് 2020-21 ലെ 100032 രൂപയിൽ നിന്ന് 7.6 ശതമാനം വർധനവ് രേഖപ്പെടുത്തുന്നു. നടപ്പ് വിലയിലെ പ്രതിശീർഷ മൊത്തം ആഭ്യന്തര ഉത്പന്നം മുൻ വർഷത്തെ 146087 രൂപയിൽ നിന്നും 18.4 ശതമാനം വളർച്ചയോടെ 2021-22ൽ 1,72,913 രൂപയായി വർദ്ധിച്ചു.

ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പന്നം, അറ്റ ആഭ്യന്തര ഉൽപ്പന്നം, മൊത്തം ദേശീയ വരുമാനം, അറ്റ ദേശീയ വരുമാനം എന്നിവയെ സംബന്ധിക്കുന്ന 2012-13 മുതൽ 2021-22 വരെയുള്ള (2011-12 സ്ഥിര വിലയിൽ, നടപ്പ് വിലയിൽ) വിശദാംശങ്ങൾ മുൻ വർഷത്തെ അപേക്ഷിച്ചുള്ള ശതമാന മാറ്റത്തോടെ **അനുബന്ധം 1.1.1, 1.1.2, 1.1.3, 1.1.4**ൽ കൊടുത്തിട്ടുണ്ട്. മൊത്തം സംയോജിത മൂല്യത്തിന്റെ മേഖലാ വിതരണവും (2011-12 സ്ഥിര വിലയിൽ, നടപ്പ് വിലയിൽ) മുൻ വർഷത്തെ അപേക്ഷിച്ചുള്ള ശതമാന മാറ്റവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ **അനുബന്ധം 1.1.5**-ലും **1.1.6**ലും നൽകിയിട്ടുണ്ട്.

### മേഖല തിരിച്ചുള്ള ഘടന

മൊത്തം സംസ്ഥാന സംയോജിത മൂല്യത്തിൽ (ജിഎസ് വി എ) സേവനമേഖലയുടെ ഉയർന്ന പങ്കാണ് സംസ്ഥാന സമ്പദ് വ്യവസ്ഥയെ മുൻപന്തിയിൽ നിർത്തുന്നത്. ഇത് 2021-22 ൽ (ത്വരിത കണക്കനുസരിച്ച്) 63.8 ശതമാനമാണ്. 2021-22 ലെ ത്വരിത കണക്കനുസരിച്ച് കേരളത്തിലെ സേവന മേഖല ഉയർന്ന വളർച്ചാ നിരക്കായ 17.3 ശതമാനം രേഖപ്പെടുത്തി. സേവന മേഖലയിലെ ഉയർന്ന വളർച്ചാ നിരക്കാണ് 2021-22 ലെ ഉയർന്ന വളർച്ചയ്ക്ക് കാരണം. വ്യവസായ മേഖലയിലെ വളർച്ചാ നിരക്ക് 2021-22 ലെ ത്വരിത കണക്കനുസരിച്ച് 3.9 ശതമാനം ആണ്. 2021-22 ൽ വ്യവസായ മേഖലയിലെ ഉപവിഭാഗങ്ങളായ മാനുഫാക്ചറിങ് മേഖലയിൽ 3.63 ശതമാനവും കൺസ്ട്രക്ഷൻ മേഖലയിൽ 2.4 ശതമാനവും വളർച്ചയാണ് കാണിക്കുന്നത്. (അനുബന്ധം 1.1.9). 2021-22 ൽ നിർമ്മാണ മേഖലയിൽ വളർച്ച കൂട്ടുവാൻ പ്രധാന കാരണം സേവന മേഖലയിലും അതോടൊപ്പം സാമ്പത്തിക മേഖലയിലും കോവിഡ്-19 നിയന്ത്രണങ്ങളിൽ നൽകിയ ഇളവ് മൂലമാണ്. കാർഷിക മേഖലയിൽ 2020-21 മുതൽ പോസിറ്റീവ് വളർച്ചാ നിരക്കാണ് കാണിക്കുന്നത്. 2021-22ൽ ഈ മേഖലയിലെ വളർച്ചാ നിരക്ക് 4.16 ശതമാനമാണ് (ത്വരിത കണക്ക്).

**പട്ടിക 1.1.5** അനുസരിച്ച് ജി എസ് വി എ യിൽ സേവന മേഖലയുടെ പങ്ക് 2020-21 ലെ 62.8 ശതമാനത്തിൽ നിന്നും 2021-22 ൽ 64.2 ശതമാനമായി ഉയർന്നു, ഇതേ സമയം മറ്റ് രണ്ടു മേഖലകളുടെയും പങ്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ, സംസ്ഥാനം പലവിധ തിരിച്ചടികൾ നേരിട്ടെങ്കിലും, ഒപ്പം ദേശീയതലത്തിൽ വർദ്ധിച്ച് വരുന്ന നിലയിൽ മാന്ദ്യം അനുഭവപ്പെട്ടെങ്കിലും 2016-17 മുതൽ 2018-19 വരെ കേരളത്തിന്റെ മൊത്തം സംയോജിത മൂല്യം (ജി എസ് വി എ) താരതമ്യേന വളരെ വേഗത്തിൽ വർദ്ധിച്ചു. മത്സ്യ ബന്ധനം, അക്വാകൾച്ചർ, മാനുഫാക്ച്ചറിംഗ്, വ്യാപാരം, ഹോട്ടലും ഭക്ഷണശാലയും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹ്യ സേവനങ്ങൾ, പൊതു സേവനങ്ങൾ, പ്രൊഫഷണൽ സേവനങ്ങൾ എന്നിങ്ങനെയുള്ള മേഖലകളുടെ സംഭാവനകളാണ് വളർച്ചാ നിരക്ക് കൂട്ടുവാൻ കാരണം. കെമിക്കൽ, ഇലക്ട്രിക്കൽ മേഖലയിലെ സംസ്ഥാന പൊതുമേഖല യൂണിറ്റുകളുടെ ഉൽപാദനത്തിന്റെ പ്രകടനം, പെട്രോളിയം ശുദ്ധീകരണത്തിൽ പുതിയ നിക്ഷേപങ്ങൾ, ഇലക്ട്രോണിക്സ് വസ്തുക്കളുടെ നിർമ്മാണത്തിനായുള്ള പ്രചോദനം എന്നിവയാണ് 2016-17 മുതൽ കേരളത്തിന്റെ വ്യവസായ മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ചില പ്രസക്ത ഭാഗങ്ങൾ. കോവിഡ്- 19 മഹാമാരി സംസ്ഥാനത്തിന്റെ

**പട്ടിക 1.1.5** കേരളത്തിലെ GSDP, GSVA യുടെ മേഖലാടിസ്ഥാനത്തിലുള്ള വാർഷിക വളർച്ചാ നിരക്കും, GSVA-യുടെ ഓഹരിയും (ശതമാനത്തിൽ)

| ഇനം | സ്ഥിര വിലയിൽ | | | നടപ്പ് വിലയിൽ | | |
|---|---|---|---|---|---|---|
| | 2019-20 | 2020-21 (പി) | 2021-22 (ക്യു) | 2019-20 | 2020-21 (പി) | 2021-22(ക്യു) |
| **വളർച്ച നിരക്ക്** | | | | | | |
| ജി.എസ്.ഡി.പി | 0.9 | -8.4 | 12.0 | 3.1 | -5.2 | 17.6 |
| കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും* | -3.9 | 0.8 | 4.2 | 3.8 | 5.0 | 6.4 |
| വ്യവസായം | 1.6 | -2.8 | 3.9 | 0.1 | -2.1 | 17.3 |
| സേവന മേഖല | 4.5 | -14.4 | 17.3 | 6.9 | -9.8 | 20.8 |
| ജി.എസ്.വി.എ | 2.9 | -10.0 | 12.1 | 4.9 | -6.3 | 18.1 |
| **ജി.എസ്.വി.എ യുടെ ഓഹരി** | | | | | | |
| കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും* | 9 | 10 | 9.3 | 11.5 | 12.9 | 11.6 |
| വ്യവസായം | 26.8 | 28.9 | 26.8 | 23.3 | 24.3 | 24.2 |
| സേവന മേഖല | 64.2 | 61 | 63.8 | 65.2 | 62.8 | 64.2 |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, * പ്രാഥമിക മേഖല പി: താത്കാലിക കണക്ക്, ക്യു: ത്വരിത കണക്ക്

**ബോക്സ് 1.1.1** സംസ്ഥാന മൊത്തം ആഭ്യന്തര ഉൽപ്പന്നം

2021-22 സാമ്പത്തിക വർഷത്തിൽ കേരള സമ്പദ്വ്യവസ്ഥ ശക്തമായ തിരിച്ചു വരവ് രേഖപ്പെടുത്തി. ത്വരിത കണക്ക് അനുസരിച്ച്, സ്ഥിര വിലയിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) 2020-21 ലെ (-) 8.43 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ, 12.01 ശതമാനം ശക്തമായ വളർച്ച രേഖപ്പെടുത്തി. 2012-13 ന് ശേഷമുള്ള ഏറ്റവും ഉയർന്ന വളർച്ചയാണിത്. 2011-12 ലെ സ്ഥിര വിലയിൽ മൊത്തം സംയോജിത മൂല്യം (ജി.എസ്.വി.എ) 2020-21 ലെ (-)9.95 ശതമാനത്തിൽ നിന്ന് 2021-22 ൽ 12.09 ശതമാനമായി ഉയർന്നു. താൽക്കാലിക കണക്കുകൾ പ്രകാരം, 2021-22ൽ ദേശീയ സമ്പദ്വ്യവസ്ഥ 8.7 ശതമാനം വളർന്നു.

ഉയർന്ന വളർച്ചാ നിരക്ക് എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് പ്രകടമാണ്. കൃഷിയും അനുബന്ധ മേഖലകളും 2020-21 ലെ 0.24 ശതമാനത്തിൽ നിന്ന് 2021-22 ൽ 4.64 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് വളരെ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. 2012-13 ന് ശേഷമുള്ള ഏറ്റവും ഉയർന്ന വളർച്ചാ നിരക്കാണിത്. ഇതേ കാലയളവിൽ, വ്യവസായ മേഖലയിലെ വളർച്ച (-)2.82 ശതമാനത്തിൽ നിന്ന് 3.87 ശതമാനമായി ഉയർന്നു. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ വേറിട്ട സവിശേഷത സേവന മേഖലകളുടെ ഗണ്യമായ സംഭാവനയാണ്. 2020-21ൽ രേഖപ്പെടുത്തിയ (-)14.44 ശതമാനത്തിൽ നിന്ന് 2021-2022 ൽ ഈ മേഖല 17.3 ശതമാനം വളർച്ച രേഖപ്പെടുത്തി. മുൻവർഷങ്ങളിൽ അപ്രതീക്ഷിതമായ പല തരത്തിലുള്ള ദുരന്തങ്ങൾ അനുഭവപ്പെട്ടിട്ടുണ്ട്. 2017ലെ ഓഖി ചുഴലിക്കാറ്റ്, 2018ലും 2019ലും ഉണ്ടായ മഴക്കെടുതിയും തുടർന്നുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉൾപ്പെടെയുള്ള തീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾ സംഭവിക്കുകയും, 2018 ൽ സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ നിപ വൈറസ് ബാധയുണ്ടാകുകയും ചെയ്തു. 2016-ലെ നോട്ട് നിരോധനവും, 2017-ൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതും സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ പുതിയ സമ്മർദ്ദങ്ങളുണ്ടാക്കാൻ ഇടയായി. കൂടാതെ മറ്റിടങ്ങളിലെന്നപോലെ കേരളത്തിലും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രതിസന്ധി സമ്പദ്വ്യവസ്ഥയെ മുമ്പെങ്ങുമില്ലാത്തവിധം അസ്ഥിരപ്പെടുത്തി. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധം സംസ്ഥാനത്തിന് മറ്റൊരു ആശങ്കാജനകമായ അവസ്ഥ ഉണ്ടാക്കുന്നു.

നിരവധി വെല്ലുവിളികൾക്കിടയിലും 2021-22ൽ മൊത്തം സംയോജിത മൂല്യത്തിൽ (ജി.എസ്.വി.എ) കേരള സർക്കാർ ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. ഈ വളർച്ചയ്ക്ക് നിരവധി ഘടകങ്ങൾ കാരണമായിട്ടുണ്ട്. 2020 മാർച്ചിലും 2021 ജൂണിലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ രണ്ടു സാമ്പത്തിക പാക്കേജുകൾ ഉൾപ്പെടെ മാന്ദ്യത്തിൽ നിന്നുള്ള വീണ്ടെടുക്കലിനായുള്ള സംസ്ഥാനത്തിന്റെ പ്രതിചാക്രിക ധന നയത്തിലൂടെയുള്ള ഇടപെടലുകൾ വളർച്ചയ്ക്ക് കാരണമായി. കൂടാതെ, 2021 ജൂലൈയിൽ ചെറുകിട വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതിനായി 5,650 കോടി രൂപയുടെ അനുബന്ധ പാക്കേജ് പ്രഖ്യാപിച്ചു. ഈ ഉത്തേജക പാക്കേജുകളും കൂടാതെ സംസ്ഥാന ഗവൺമെന്റിന്റെ സജീവമായ നയ ഇടപെടലുകളും, വളർച്ച വർദ്ധിപ്പിക്കാൻ പ്രത്യേകിച്ച് സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കടുത്ത പരിമിതി നേരിട്ട സമയത്ത് സഹായിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും 2020-21ൽ വളർച്ച നിരക്കിൽ ഇടിവ് ഉണ്ടാക്കിയെങ്കിലും ഇപ്പോൾ മെച്ചപ്പെട്ടുവരുന്നതായി കാണാവുന്നതാണ്.


കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ മൊത്തം സംസ്ഥാന സംയോജിത മൂല്യത്തിന്റെ മേഖലാ വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.1.7, 1.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ (ജിഎസ്ഡിപി) മുൻ വർഷത്തെ അപേക്ഷിച്ച ശതമാന വ്യതിയാനം **അനുബന്ധം 1.1.9**ൽ നൽകിയിരിക്കുന്നു. 2011-12 മുതൽ 2017-18 വരെയുള്ള കാലയളവിലെ സ്ഥിരവിലയിലേയും, നടപ്പ് വിലയിലെയും, മൊത്തം സംസ്ഥാന സംയോജിത മൂല്യം, അറ്റ സംസ്ഥാന സംയോജിത മൂല്യം എന്നിവ **അനുബന്ധം 1.1.10, 1.1.11, 1.1.12, 1.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

#### സംസ്ഥാന പ്രതിശീർഷ വരുമാനം

ഉയർന്ന പ്രതിശീർഷ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനമുള്ള (GSDP) ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2021-22ൽ കേരളത്തിന്റെ പ്രതിശീർഷ ജി എസ് ഡി പി 1,62,992 രൂപയും ദേശീയ ശരാശരി 1,07,670 രൂപയും ആണ്. അതായത്, 2021-22ൽ കേരളത്തിലെ ഒരാളുടെ ശരാശരി വരുമാനം ഇന്ത്യൻ ശരാശരിയെക്കാൾ 1.5 മടങ്ങ് കൂടുതലാണ്. ഹരിയാന, കർണാടക, തെലങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം, പ്രതിശീർഷ വരുമാനം കൂടുതലുള്ള സംസ്ഥാനമാണ് കേരളം.

ത്വരിത കണക്ക് പ്രകാരം, 2021-22ൽ (2011-12 സ്ഥിര വിലയിൽ) പ്രതിശീർഷ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം 1,62,992 രൂപയാണ്. താൽകാലിക എസ്റ്റിമേറ്റ് പ്രകാരം, 2020-21 ലെ പ്രതിശീർഷ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനമായ 146246 രൂപയുമായും താരതമ്യം ചെയ്യുമ്പോൾ ഇത് 11.45 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നു. നിലവിലെ വിലയിൽ, 2021-22ൽ പ്രതിശീർഷ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം 2,57,711 രൂപ ആണ്, ഇത് മുൻവർഷത്തെ എസ്റ്റിമേറ്റായ 2,20,196 രൂപയെക്കാൾ 17.04 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. ത്വരിത കണക്ക് അനുസരിച്ച് 2021-22 ൽ പ്രതിശീർഷ എൻഎസ്ഡിപി (2011-12 സ്ഥിര വിലയിൽ) 1,48,790 രൂപയും, താത്കാലിക എസ്റ്റിമേറ്റ് പ്രകാരം 2020-21 ൽ 1,32,700 രൂപയുമാണ്. 2021-22 ലെ പ്രതിശീർഷ എൻ എസ് ഡി പി മുൻവർഷത്തെ അപേക്ഷിച്ച് 12.13 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി. 2013-14 നും 2021-22 നും ഇടയിൽ, സ്ഥിര വിലയിൽ പ്രതിശീർഷ എൻഎസ്ഡിപി അഖിലേന്ത്യാ തലത്തിലെ പ്രതിശീർഷ എൻഡിപിയേക്കാൾ

**ചിത്രം 1.1.1** പ്രതിശീർഷ എൻഎസ്ഡിപിയും പ്രതിശീർഷ എൻഡിപിയും 2011-12 ലെ സ്ഥിര വിലയിൽ (രൂപയിൽ)




അവലംബം: കേന്ദ്ര സ്ഥിതിവിവര കണക്ക് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് ഓഫീസ്, കേരള.
എൻഎസ്ഡിപി-അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം
എൻഡിപി- അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം

കൂടുതലായിരുന്നു (**ചിത്രം 1.1.1**).

**തൊഴിൽ പങ്കാളിത്വത്തിത്തിന്റെയും മൂല്യ വർദ്ധനവിന്റെയും മേഖലാടിസ്ഥാനത്തിലുള്ള വിതരണം**

കേരളത്തിലെ സമ്പദ് വ്യവസ്ഥയുടെ ഘടനയും തൊഴിൽ പങ്കാളിത്തവും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രത്യക്ഷത്തിൽ വ്യത്യസ്തമാണ്. 2020-21 കാലയളവിൽ ഇന്ത്യയിലെ മൊത്തം തൊഴിലാളികളുടെ 46.5 ശതമാനവും കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലുമാണ് ജോലി ചെയ്തിരുന്നത്.എന്നിരുന്നാലും, കേരളത്തിൽ, വർഷങ്ങളായി കാർഷികമേഖലയിൽ നിന്ന് തൊഴിലാളികൾ വലിയ തോതിൽ പിൻമാറിയിരിക്കുന്നു, അതിനാൽ ഈ മേഖലയിലെ തൊഴിലാളികളുടെ പങ്കാളിത്ത വിഹിതം 2020-21 ൽ 22.56 ശതമാനമായി കുറഞ്ഞു. മൊത്തം മൂല്യവർദ്ധനയിൽ കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും പങ്ക് കേരളത്തിലും, ഇന്ത്യയിലും യഥാക്രമം 9.5 ശതമാനവും 16.27 ശതമാനവുമാണ്. മൊത്തം മൂല്യവർദ്ധനയിൽ മാനുഫാക്ചറിംഗിന്റെ പങ്ക് ഇന്ത്യയിലെ 17.86 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിൽ 13.11 ശതമാനം മാത്രമായിരുന്നു (**പട്ടിക 1.1.6**).

അതേസമയം, നിർമ്മാണ, സേവന മേഖലകൾ സമ്പദ്‌വ്യവസ്ഥയ്ക്ക് നൽകുന്ന സംഭാവന ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണ്. 2020-21 ൽ മൊത്തം മൂല്യവർദ്ധനവിൽ നിർമ്മാണ മേഖലയുടെ വിഹിതം കേരളത്തിലും ഇന്ത്യയിലും യഥാക്രമം 14.43 ശതമാനവും 7.65 ശതമാനവുമാണ്. 2020-21 ൽ കേരളത്തിൽ മൊത്തം മൂല്യവർദ്ധനയുടെ 61.01 ശതമാനവും മൊത്തം തൊഴിൽ പങ്കാളിത്തം 47.29 ശതമാനവും സേവന മേഖലയിലാണ്. ദേശീയ തലത്തിൽ, മൊത്തം സംയോജിത മൂല്യത്തിന്റെ 53.58 ശതമാനവും തൊഴിലവസരങ്ങളുടെ 29.6 ശതമാനവും സേവന മേഖലയാണ് (**പട്ടിക 1.1.6**). 2021-22 ലും ജില്ല തിരിച്ചുള്ള ജി എസ് വി എ അടിസ്ഥാന വിലയ്ക്ക് നിലവിലെ വിലയിൽ എറണാകുളം ജില്ല ഏറ്റവും ഉയർന്ന വരുമാനമുള്ള ജില്ലയായി തുടരുന്നു. 2021-22 ൽ എറണാകുളം ജില്ലയുടെ വരുമാനം 1,05,58,586 ലക്ഷം രൂപയാണ്, 2020-21 ലെ 89,45,861 ലക്ഷം രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 18.03 ശതമാനം വളർച്ച രേഖപ്പെടുത്തുന്നു. ജില്ല തിരിച്ചുള്ള ജി.എസ്.വി.എ വിശദാംശങ്ങൾ **പട്ടിക 1.1.7**ൽ നൽകിയിരിക്കുന്നു.

**ജില്ല തിരിച്ചുള്ള പ്രതിശീർഷ വരുമാനം (ജിഎസ് വി എ)**

2021-22 ലും എറണാകുളം ജില്ല 191863 രൂപയുമായി പ്രതിശീർഷ വരുമാനത്തിൽ ഒന്നാം സ്ഥാനത്ത് തുടരുന്നതായി ജില്ലാതല പ്രതിശീർഷ വരുമാനത്തിന്റെ (2011-12 സ്ഥിര വിലയിൽ) വിശകലനം കാണിക്കുന്നു. 2020-21 ൽ ഇത് 1,73,437 രൂപ ആയിരുന്നു. ജില്ല തിരിച്ചുള്ള പ്രതിശീർഷ വരുമാനവും യഥാക്രമമുള്ള റാങ്കും വളർച്ചാ നിരക്കും **പട്ടിക 1.1.8**ൽ നൽകിയിരിക്കുന്നു.

കോട്ടയം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ 2021-22 ലെ പ്രതിശീർഷ വരുമാന വളർച്ചാ നിരക്ക്, സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണ്. കാസർകോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിൽ പ്രതിശീർഷ വരുമാന വളർച്ചാ നിരക്ക് സംസ്ഥാന ശരാശരിയെ അപേക്ഷിച്ച് കുറവാണ് (പട്ടിക 1.1.8). 2019-20 മുതൽ 2021-22 വരെയുള്ള ജിഎസ് വി എ യുടെ നടപ്പ് വിലയിലും, (2011-12) സ്ഥിര വിലയിലുമുള്ള ജില്ലാതല മേഖലാതല ജിഎസ് വി എ **അനുബന്ധം 1.1.14, 1.1.15, 1.1.16, 1.1.17, 1.1.18, 1.1.19** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 1.1.6** വിവിധ മേഖലകളിലെ സംയോജിത മൂല്യവർദ്ധിത, തൊഴിലും ഓഹരികൾ, കേരളംവും ഇന്ത്യയും, 2020-21

| മേഖലകൾ | മൊത്ത സംയോജിത മൂല്യ വിഹിതം | | തൊഴിൽ | |
|---|---|---|---|---|
| | കേരളം (ജി. എസ്.വി.എ) | ഇന്ത്യ (ജി.വി .എ) | കേരളം | ഇന്ത്യ |
| കൃഷി, കന്നുകാലികൾ, വനം, മത്സ്യബന്ധനം | 9.5 | 16.27 | 22.56 | 46.5 |
| ഖനനവും ക്വാറിയും | 0.52 | 2.34 | 0.32 | 0.3 |
| പ്രാഥമികം | 10.04 | 18.61 | 22.88 | 46.8 |
| മാനുഫാക്ച്ചറിംഗ് | 13.11 | 17.86 | 9.82 | 10.9 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.4 | 2.3 | 1.68 | 0.6 |
| നിർമ്മാണം | 14.43 | 7.65 | 12.68 | 12.1 |
| സെക്കൻഡറി | 28.95 | 27.81 | 24.18 | 23.6 |
| വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ | 14.79 | 17.07 | 18.03 | 12.2 |
| ഗതാഗതം, സംഭരണം, ആശയവിനിമയം പ്രക്ഷേപണവുമായി ബന്ധപ്പെട്ട സേവനങ്ങൾ | 6.85 | 1.3 | 6.5 | 5.4 |
| സാമ്പത്തിക, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ സേവനങ്ങൾ | 24.65 | 23.54 | 5.15 | 2.08 |
| പബ്ലിക് അഡ്മിനിസ്ട്രേഷനും മറ്റ് സേവനങ്ങളും | 14.72 | 11.67 | 15.2 | 9.92 |
| തൃതീയ | 61.01 | 53.58 | 47.29 | 29.6 |
| | 100 | 100 | 100 | 100 |

അവലംബം: ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് (കേരളത്തിന്റെ ജിഎസ്‌വിഎയ്ക്ക്), നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് (ഇന്ത്യയുടെ ജിവിഎ), തൊഴിലിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി 2020-21ൽ ഇന്ത്യയുടെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS).
ജില്ല തിരിച്ചുള്ള ജി.എസ്.വി.എ

**പട്ടിക 1.1.7** ജില്ല തിരിച്ചുള്ള മൊത്തം സംസ്ഥാന സംയോജിത മൂല്യം

| ക്രമനമ്പർ | ജില്ല | മൊത്തം സംസ്ഥാന സംയോജിത മൂല്യം (ലക്ഷം രൂപയിൽ) | | | | | |
|---|---|---|---|---|---|---|---|
| | | നിലവിലെ വിലയിൽ | | | സ്ഥിര വിലയിൽ | | |
| | | 2020-21 (പി) | 2021-22 (ക്യു) | വളർച്ചാ നിരക്ക് (%) | 2020-21 (പി) | 2021-22 (ക്യു) | വളർച്ചാ നിരക്ക് (%) |
| 1 | തിരുവനന്തപുരം | 6564106 | 7771651 | 18.40 | 4250500 | 4812638 | 13.23 |
| 2 | കൊല്ലം | 6422860 | 7506331 | 16.87 | 4145608 | 4599803 | 10.96 |
| 3 | പത്തനംതിട്ട | 1961760 | 2233577 | 13.86 | 1225882 | 1344119 | 9.65 |
| 4 | ആലപ്പുഴ | 5507598 | 6381108 | 15.86 | 3661811 | 3984385 | 8.81 |
| 5 | കോട്ടയം | 4351862 | 5090723 | 16.98 | 2958868 | 3255427 | 10.02 |
| 6 | ഇടുക്കി | 2406977 | 2751220 | 14.30 | 1421060 | 1578916 | 11.11 |
| 7 | എറണാകുളം | 8945861 | 10558586 | 18.03 | 5999946 | 6674178 | 11.24 |
| 8 | തൃശ്ശൂർ | 6936459 | 8206622 | 18.31 | 4538437 | 5101154 | 12.40 |
| 9 | പാലക്കാട് | 5119242 | 6007069 | 17.34 | 3261691 | 3647124 | 11.82 |
| 10 | മലപ്പുറം | 6181182 | 7507973 | 21.47 | 3893788 | 4550872 | 16.88 |
| 11 | കോഴിക്കോട് | 5656777 | 6772415 | 19.72 | 3676392 | 4141763 | 12.66 |
| 12 | വയനാട് | 1279161 | 1535265 | 20.02 | 762224 | 889283 | 16.67 |
| 13 | കണ്ണൂർ | 4786002 | 5694430 | 18.98 | 3192040 | 3573387 | 11.95 |
| 14 | കാസർകോട് | 2322694 | 2796339 | 20.39 | 1491737 | 1705805 | 14.35 |
| | ജി.എസ്.വി.എ | 68442541 | 80813309 | 18.07 | 44479985 | 49858853 | 12.09 |

അവലംബം: ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, (പി: പ്രൊവിഷണൽ ക്യു: ക്വിക്ക്)

**പട്ടിക 1.1.8** ജില്ല തിരിച്ചുള്ള പ്രതിശീർഷ മൊത്ത സംസ്ഥാന സംയോജിത മൂല്യം അടിസ്ഥാന വില, സ്ഥിര വില, 2011-12 എന്നിവയിൽ ചേർത്ത്

| ക്രമ നമ്പർ | ജില്ല | 2020-21 (പി) രൂപ | റാങ്ക് | 2021-22 (ക്യൂ) രൂപ | റാങ്ക് | വളർച്ച നിരക്ക് (ശതമാനത്തിൽ) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 126261 | 7 | 142666 | 7 | 12.99 |
| 2 | കൊല്ലം | 154460 | 3 | 171054 | 3 | 10.74 |
| 3 | പത്തനംതിട്ട | 105349 | 12 | 115858 | 12 | 9.98 |
| 4 | ആലപ്പുഴ | 170663 | 2 | 185534 | 2 | 8.71 |
| 5 | കോട്ടയം | 148343 | 4 | 163037 | 4 | 9.91 |
| 6 | ഇടുക്കി | 130363 | 6 | 145107 | 6 | 11.31 |
| 7 | എറണാകുളം | 173437 | 1 | 191863 | 1 | 10.62 |
| 8 | തൃശ്ശൂർ | 138895 | 5 | 155365 | 5 | 11.86 |
| 9 | പാലക്കാട് | 108511 | 10 | 120476 | 10 | 11.03 |
| 10 | മലപ്പുറം | 83980 | 14 | 96921 | 14 | 15.41 |
| 11 | കോഴിക്കോട് | 111511 | 9 | 124757 | 9 | 11.88 |
| 12 | വയനാട് | 89255 | 13 | 103654 | 13 | 16.13 |
| 13 | കണ്ണൂർ | 121078 | 8 | 134918 | 8 | 11.43 |
| 14 | കാസർകോട് | 105520 | 11 | 119673 | 11 | 13.41 |
| | സംസ്ഥാനം | 127032 | | 141679 | | 11.53 |

പി:പ്രൊവിഷണൽ,ക്യു:ക്വിക്ക്
അവലംബം: ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്

**വിലക്കയറ്റം–സമീപകാല പ്രവണതകൾ**

വിലക്കയറ്റം സമ്പദ്വ്യവസ്ഥയ്ക്ക് നിർബന്ധമായും ദോഷകരമാകണമെന്നില്ല. ചെറിയ തോതിലുള്ള പണപ്പെരുപ്പം മൊത്തത്തിലുള്ള സമ്പദ്വ്യവസ്ഥയെ നല്ല രീതിയിൽ സ്വാധീനിക്കുന്നുണ്ട്. എന്നാൽ, ഉയർന്ന പണപ്പെരുപ്പം അനിശ്ചിതത്വം സൃഷ്ടിക്കുന്നു, കാരണം ഇത് യഥാർത്ഥ വേതനം കുറയ്ക്കുകയും, വാങ്ങൽ ശേഷി കുറയുമ്പോൾ കുറഞ്ഞ സമ്പാദ്യം, കുറഞ്ഞ നിക്ഷേപം, കുറഞ്ഞ ഉൽപ്പാദനം, കുറഞ്ഞ തൊഴിലവസരങ്ങൾ എന്നിവയിലേക്ക് നയിക്കുകയും ചെയ്യുന്നു. പണപ്പെരുപ്പ നിയന്ത്രണ സംവിധാനത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും കേന്ദ്ര സർക്കാരും അംഗീകരിച്ച പണപ്പെരുപ്പ നിരക്ക് 2 മുതൽ 6 ശതമാനം വരെയും ശരാശരി നിരക്ക് 4 ശതമാനവുമാണ്.

റഷ്യ-ഉക്രെയ്ൻ സംഘർഷം തുടരുന്നത് മൂലം എണ്ണവിലയിലുണ്ടായ വർധനയും കോവിഡ്-19 മഹാമാരിയുടെ വിവിധ തരംഗങ്ങളും ലോകമെമ്പാടും പണപ്പെരുപ്പത്തിന്റെ അളവ് വർദ്ധിക്കുന്നതിന് കാരണമായി. ഇന്റർനാഷണൽ മോണിട്ടറി ഫണ്ടിന്റെ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കിന്റെ ഒക്ടോബറിലെ അപ്ഡേറ്റ് പ്രകാരം ആഗോള പണപ്പെരുപ്പം 2022-ൽ 8.8 ശതമാനം ആയിരിക്കുമെന്ന് പ്രവചിക്കുന്നു, 2023-ൽ ഇത് 6.5 ശതമാനമായും 2024-ൽ 4.1 ശതമാനമായും കുറയുമെന്നും പ്രതീക്ഷിക്കുന്നു. യുഎസ് ഫെഡറൽ പലിശ നിരക്ക് 2022 നവംബർ വരെ തുടർച്ചയായി നാല് തവണ 75 ബേസിസ് പോയിന്റ് വീതം വർദ്ധിപ്പിച്ച് 3.75-4 ശതമാനത്തിലെത്തി[1]. ഇത് 2008 ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണ്. വർദ്ധിച്ച ഫെഡറൽ നിരക്ക് വളർന്നുവരുന്ന രാജ്യങ്ങളിൽ നിന്നുള്ള മൂലധന ഒഴുക്കിന് കാരണമായി. തൽഫലമായി, ഈ രാജ്യങ്ങളുടെ വിനിമയ നിരക്ക് കുറഞ്ഞു. ഇതുമൂലം ഇൻപുട്ടുകളുടെ ഇറക്കുമതി ചെലവേറിയതാവുകയും , ഈ രാജ്യങ്ങളിൽ പൊതു വില നിലവാരം ഉയരുകയും ചെയ്തു. ഈ വർഷം അന്താരാഷ്ട്ര ക്രൂഡ് ഓയിൽ വിലയിൽ വലിയ ചാഞ്ചാട്ടം പ്രകടമാകുന്നുണ്ട്. 2022 ജൂൺ പകുതിയോടെ ബ്രെന്റ് ക്രൂഡ് ഓയിൽ വില വർഷത്തിലെ ഏറ്റവും ഉയർന്ന നിലയിൽ എത്തി. ഒപെക് പ്ലസ് രാജ്യങ്ങൾ തുടർച്ചയായി സപ്ലൈ മാനേജ്മെന്റ് ഏറ്റെടുക്കുന്നതും വില വർദ്ധനവിനെക്കുറിച്ച് ആശങ്കകൾ ഉയർത്തുന്നു.

മേൽപറഞ്ഞ കാരണങ്ങളാൽ 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറ് മാസങ്ങളിൽ ഇന്ത്യയിലെ സംയോജിത ഉപഭോക്തൃ വില സൂചിക (സി.പി.ഐ) പണപ്പെരുപ്പ നിയന്ത്രണ ചട്ടക്കൂടിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിയായ 6 ശതമാനത്തേക്കാൾ കൂടുതലാണ്. 2022 ഏപ്രിൽ മാസത്തിൽ റീട്ടെയിൽ പണപ്പെരുപ്പ നിരക്ക് എട്ട് വർഷത്തെ ഏറ്റവും ഉയർന്ന നിരക്കായ 7.79 ശതമാനത്തിലേക്ക് ഉയർന്നിട്ടുണ്ട് . ജൂലൈയിലെ ചെറിയ ഇളവുകൾക്ക് ശേഷം ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിലക്കയറ്റം വീണ്ടും ഉയർന്നു. സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ റിസർവ്വ് ബാങ്കിന് ചെലവുചുരുക്കൽ ധനനയം സ്വീകരിക്കേണ്ടതായി വന്നു. റിസർവ്വ് ബാങ്ക് 2022 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ ഹ്രസ്വകാല വായ്പാ നിരക്ക് (റിപ്പോ) 225 ബേസിസ് പോയിന്റുകൾ (ബി.പി.എസ്) ഉയർത്തി. സെൻട്രൽ ബാങ്ക് റിപ്പോ നിരക്ക് മെയ് മാസത്തിൽ 40 ബി.പി.എസ് ഉയർത്തുകയും, ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 50 ബി.പി.എസ് വീതം ഉയർത്തുകയും ചെയ്തു. ഡിസംബർ മാസം വീണ്ടും 35 ബേസിസ്

[1] വിവിധ യുഎസ് ഫെഡറൽ ഓപ്പൺ മാർക്കറ്റ് കമ്മിറ്റി പത്രപ്രസ്താവനകൾ

പോയിന്റിന്റെ വർധനവ് വരുത്തി[2]. മോണിറ്ററി പോളിസി കമ്മിറ്റി (എംപിസി)യുടെ അഭിപ്രായത്തിൽ, 2022-23ലെ ആദ്യ മൂന്ന് പാദങ്ങളിൽ പണപ്പെരുപ്പം ഉയർന്ന പരിധിയായ 6 ശതമാനത്തിനും മുകളിലായിരിക്കാൻ സാധ്യതയുണ്ട്.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ (എൻ.എസ്.ഒ) കണക്കുകൾ പ്രകാരം, 2022 സെപ്റ്റംബറിൽ ഇന്ത്യയിലെ സംയോജിത ഉപഭോക്തൃ വില സൂചിക 7.41 ശതമാനവും, ഗ്രാമപ്രദേശങ്ങളിലെ പണപ്പെരുപ്പ നിരക്ക് (7.56 ശതമാനം) നഗരപ്രദേശങ്ങളിലേതിനേക്കാൾ (7.27 ശതമാനം) കൂടുതലും ആണ്. കേരളത്തിൽ ചില്ലറ വിലക്കയറ്റം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. കേരളത്തിൽ സംയോജിത ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള പണപ്പെരുപ്പം 6.45 ശതമാനമായി ഉയരുകയും, സംസ്ഥാനത്തിലെ നഗരപ്രദേശങ്ങളേക്കാൾ (6.31 ശതമാനം) ഗ്രാമ പ്രദേശങ്ങളിൽ (6.48 ശതമാനം) പണപ്പെരുപ്പം നേരിയ തോതിൽ കൂടുകയും ചെയ്തു. 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിലവാരം **പട്ടിക 1.1.9**ൽ നൽകിയിരിക്കുന്നു. 2022 ജനുവരി മുതൽ 2022 സെപ്റ്റംബർ വരെയുള്ള ഇന്ത്യയിലെയും കേരളത്തിലെയും പണപ്പെരുപ്പ നിരക്ക് **ചിത്രം 1.1.2**ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ വിലനിലവാരം

#### കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക

കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക(ഡബ്ല്യു.പി.ഐ.) 2021 ലെ 130.34ൽ നിന്ന് 2022 ആഗസ്റ്റ് വരെ 142.61 ആയി ഉയർന്നിട്ടുണ്ട്. 2022ൽ (ആഗസ്റ്റ് വരെ) എല്ലാ വിളകളുടെയും വിലയിൽ 9.41 ശതമാനം വർധന മൊത്തത്തിൽ ഉണ്ടായി. ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, കറിക്കൂട്ടുകൾ സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വിലക്കയറ്റം കാരണം ഭക്ഷ്യവിളകളുടെ മൊത്തത്തിലുള്ള വിലയിൽ 16.03 ശതമാനം വർധനയുണ്ടായി. ഭക്ഷ്യവിളകളിൽ പയറുവർഗങ്ങളുടെ വില 0.06 ശതമാനം കുറഞ്ഞതായി കാണുന്നു. ഭക്ഷ്യേതര വിളകളുടെ മൊത്തത്തിലുള്ള വില 3.67 ശതമാനം കുറഞ്ഞു. ഭക്ഷ്യേതര വിഭാഗത്തിലുള്ള വാണിജ്യ വിളകൾ, പാനീയങ്ങൾ, മറ്റ് ഭക്ഷ്യേതര ഇനങ്ങൾ എന്നിവയുടെ വിലയിൽ വർധനവുണ്ടായിട്ടുണ്ടെങ്കിലും എണ്ണക്കുരുക്കളുടെ വില കുത്തനെ ഇടിഞ്ഞത് (25.09 ശതമാനം) ഭക്ഷ്യേതര വിളകളുടെ വില മൊത്തത്തിൽ ഇടിയാൻ കാരണമായി. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ 2021-2022ലെ മൊത്തവില സൂചിക (അടിസ്ഥാനം: 2015-16=100) **അനുബന്ധം 1.1.20**ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക കാണിക്കുന്നത് എല്ലാ വിളകളുടെയും സൂചിക 2021 ജനുവരിയിലെ 131.25 ൽ നിന്ന് ഡിസംബറിൽ 135.92 ആയി ഉയർന്നു എന്നാണ്. ഇതേ കാലയളവിൽ, ഭക്ഷ്യവിളകളുടെ സൂചിക 125.69 ൽ നിന്ന് 130.58ലേക്കും, ഭക്ഷ്യേതര ഇനങ്ങളുടെ വില 144.55ൽ നിന്ന് 148.7ലേക്കും ഉയർന്നു. 2022ൽ എല്ലാ വിളകളുടെയും മൊത്തവില സൂചിക ജനുവരിയിലെ 133.77ൽ നിന്ന് ആഗസ്റ്റിൽ 155.26 ആയി ഉയർന്നു. ഇതേ കാലയളവിൽ, ഭക്ഷ്യവിളകളുടെ സൂചിക 130.37 ൽ നിന്ന് 161.11 ആയി ഉയർന്നു, ഭക്ഷ്യേതര ഇനങ്ങളുടെ സൂചിക 141.9 ൽ നിന്ന് 141.25 ആയി നേരിയ തോതിൽ കുറഞ്ഞു. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ 2021 ജനുവരി മുതൽ ഡിസംബർ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക (2015-16 അടിസ്ഥാനത്തിൽ ) **അനുബന്ധം 1.1.21**ലും. 2022 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള പ്രതിമാസ മൊത്തവില സൂചിക (2015-16 അടിസ്ഥാനത്തിൽ ) **അനുബന്ധം 1.1.21 (i)** ലും നൽകിയിരിക്കുന്നു.

#### കേരളത്തിലെ ഉപഭോക്തൃ വില സൂചിക (സിപിഐ)

കേരളത്തിൽ 2020ലെ വാർഷിക ശരാശരി ഉപഭോക്തൃ വില സൂചിക (2011-12 അടിസ്ഥാന വർഷം) 174.17 ആയിരുന്നത് 2021-ൽ 182.35 ആയി ഉയർന്നു. 2022 ആഗസ്റ്റ് വരെയുള്ള കാലയളവിൽ സൂചിക വീണ്ടും വർദ്ധിച്ച് 191.18 ആയി. 2020-നെ അപേക്ഷിച്ച് 2021-ലെ വ്യതിയാനം 4.7 ശതമാനമാണ്. 2021ൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയ ഏറ്റവും ഉയർന്ന പണപ്പെരുപ്പം പാലക്കാടും (6.92 ശതമാനം), തുടർന്ന് പുനലൂർ (5.88 ശതമാനം), ചാലക്കുടി (5.62 ശതമാനം) എന്നിവിടങ്ങളിലുമാണ്. ഈ കേന്ദ്രങ്ങളിലെ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പ നിരക്ക് പത്തനംതിട്ടയിൽ (2.14 ശതമാനം) രേഖപ്പെടുത്തി. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലെ വാർഷിക ശരാശരി ഉപഭോക്തൃ വില സൂചികയും വ്യതിയാനശതമാനവും **അനുബന്ധം 1.1.22**ൽ കാണിച്ചിരിക്കുന്നു. അവശ്യ സാധനങ്ങളുടെ 2022 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള പ്രതിമാസ ചില്ലറ വിലകൾ **അനുബന്ധം 1.1.23**ൽ നൽകിയിരിക്കുന്നു.

#### പാരിറ്റി സൂചിക

കർഷകരുടെ കൃഷിയിൽ നിന്നുള്ള വരുമാനവും ചെലവും കണക്കിലെടുത്താണ് പാരിറ്റി സൂചിക കണക്കാക്കുന്നത്. 2008-09 മുതൽ കർഷകരുടെ വരുമാനത്തേക്കാൾ കൂടുതലാണ് കൃഷിച്ചെലവ്. 2021-ൽ, പാരിറ്റി സൂചിക 55.58 ആയിരുന്നു, ഇത് 2020ലെ 56.50-നേക്കാൾ കുറവാണ്. 2022 മെയ് വരെ പാരിറ്റി സൂചിക 57.20 ആയി ഉയർന്നു. 2020-ൽ കർഷകർ നൽകിയ വിലയുടെ സൂചിക 16,063.42ഉം കർഷകർക്ക് ലഭിച്ച വിലയുടെ സൂചിക 9,055.50ഉം


**പട്ടിക 1.1.9:** 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ(ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ

| ഉപഭോക്തൃ വില സൂചിക | സെപ്റ്റംബർ 2022 | | | ആഗസ്റ്റ് 2022 | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | സംയോജിതം | ഗ്രാമം | നഗരം | സംയോജിതം |
| ഇന്ത്യ | 7.56 | 7.27 | 7.41 | 7.15 | 6.72 | 7 |
| കേരളം | 6.48 | 6.31 | 6.45 | 5.71 | 5.77 | 5.73 |

ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ

[2] വിവിധ പണ നയ പ്രസ്താവനകൾ,ആർ.ബി. ഐ

**ചിത്രം 1.1.2** ഇന്ത്യയിലെയും കേരളത്തിലേയും പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2022 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇന്റക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ




ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ

ആയിരുന്നു. ഇതിനനുസൃതമായി 2021 ലെ സൂചികകൾ യഥാക്രമം 16,705.42 ഉം 9,274.58 ഉം ആയിരുന്നു. സംസ്ഥാനത്തെ കർഷകർ ദുരിതത്തിലാണെന്ന് പാരിറ്റി സൂചിക വെളിപ്പെടുത്തുന്നു. ഉയർന്ന ഉത്പാദന ചിലവ്, അമിതമായ ഗതാഗതച്ചെലവ്, തൊഴിലാളികളുടെ കൂലിയിൽ കുത്തനെയുണ്ടായ വർദ്ധനവ് എന്നിവയാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. 2009 മുതൽ 2022 വരെ കർഷകർക്ക് ലഭിച്ചതും നൽകിയതുമായ വാർഷിക ശരാശരി വില **അനുബന്ധം 1.1.24**ൽ കാണിച്ചിരിക്കുന്നു

**കൂലി**

കേരളത്തിലെ കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മരപ്പണിക്കാരുടെ ദിവസ വേതന നിരക്ക് 2020-21ലെ ₹946.95ൽ നിന്ന് 2021-22ൽ ₹973.03 ആയി ഉയർന്നു. അതുപോലെ, കൽപ്പണിക്കാരുടെ ദിവസ വേതന നിരക്കും 2020-21ലെ 950.52 രൂപയിൽ നിന്ന് 2021-22 ൽ 978.45 രൂപയായി ഉയർന്നു. മേൽപ്പറഞ്ഞ കാലയളവിൽ മരപ്പണിക്കാരന്റെ ദിവസ വേതന നിരക്ക് 2.75 ശതമാനവും കൽപ്പണിക്കാരന്റേത് 2.94 ശതമാനവും വർദ്ധിച്ചു. കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ 2008-09 മുതൽ 2021-22 വരെയുള്ള ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.25**ൽ നൽകിയിരിക്കുന്നു.

2020-21ൽ കാർഷിക മേഖലയിലെ പുരുഷ അവിദഗ്ധ തൊഴിലാളികളുടെ (നെൽവയൽ തൊഴിലാളികൾ) ശരാശരി പ്രതിദിന വേതനം ₹741.89 ഉം സ്ത്രീ അവിദഗ്ധ തൊഴിലാളികളുടേത് ₹536.68 ഉം ആയിരുന്നു. 2021-22 ആയപ്പോഴേക്കും പുരുഷ തൊഴിലാളികളുടെ വേതന നിരക്ക് 5.37 ശതമാനം വർദ്ധിച്ച് 781.75രൂപയിലെത്തി. സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക് 7.65 ശതമാനം വർധിക്കുകയും 2021-22ൽ ₹577.73 രൂപയിലെത്തുകയും ചെയ്തു. പുരുഷ- സ്ത്രീ നെൽവയൽ തൊഴിലാളികളുടെ ശരാശരി കൂലി നിരക്കിൽ ഉള്ള വ്യത്യാസം 2020-21ൽ ₹205.21 ആയിരുന്നത് 2021-22ൽ ₹204.02 ആയി കുറഞ്ഞു. കാർഷിക മേഖലയിലെ അവിദഗ്ധ തൊഴിലാളികളുടെ 2008-09 മുതൽ 2021-22 വരെയുള്ള ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.26**ൽ നൽകിയിരിക്കുന്നു.

കേരളത്തിലെയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെയും ഗ്രാമീണ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് തമ്മിൽ വലിയ അന്തരമുണ്ട്. ഉദാഹരണത്തിന് 2020-21 ലെ ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ പുരുഷ കർഷകേതര തൊഴിലാളികളുടെ വേതന നിരക്കുകളെക്കുറിച്ചുള്ള ലേബർ ബ്യൂറോയുടെ കണക്കുകൾ പട്ടിക 7.1.4 ൽ നൽകിയിട്ടുള്ളതു പ്രകാരം, ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ ശരാശരി വേതന നിരക്ക് ₹315.30ഉം കേരളത്തിലെ ഗ്രാമീണ മേഖലയിലെ ശരാശരി കൂലി നിരക്ക് ₹677.60ഉം ആണ്. ഇത് രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്ക് ആണ്.

**സംസ്ഥാന ഇടപെടലുകൾ**

ജനങ്ങൾക്ക് ഭക്ഷണവും അവശ്യവസ്തുക്കളും സാർവത്രികമായി ലഭ്യമാക്കുന്നതിനായി കേരള സർക്കാർ വിവിധ വിതരണ നടപടികൾ സ്വീകരിച്ചു. കോവിഡ്-19 മഹാമാരിയുടെ സാമ്പത്തിക ആഘാതം നേരിടാൻ സംസ്ഥാനം 20,000 കോടി രൂപയുടെ ഒരു പാക്കേജ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാളും കേന്ദ്ര സർക്കാരിനേക്കാളും വളരെ മുൻപ് തന്നെ പ്രഖ്യാപിക്കുകയുണ്ടായി. കുടുംബശ്രീ പദ്ധതിയിലൂടെ 2,000 കോടി രൂപ വായ്പയായി വിതരണം ചെയ്തു, ഇതിന്റെ പലിശ ഘടകം കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ നൽകാൻ 2,000 കോടി രൂപ നീക്കിവച്ചു. കൂടാതെ, സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകാനുള്ള കുടിശ്ശിക തീർക്കാൻ സംസ്ഥാന സർക്കാർ 14,000 കോടി രൂപ അനുവദിച്ചു. എല്ലാ വിഭാഗം ആളുകൾക്കും ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുക, സഹകരണ സ്ഥാപനങ്ങൾ, സപ്ലൈ-കോ, കൺസ്യൂമർഫെഡ് തുടങ്ങിയവയിലൂടെ അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകുക, താങ്ങാവുന്ന വിലയിൽ പാകം ചെയ്ത ഭക്ഷണം ഉറപ്പാക്കുന്ന സുഭിക്ഷ ഹോട്ടലുകൾ, ജനകീയ ഹോട്ടലുകൾ തുടങ്ങിയവയാണ് മറ്റ് പ്രധാന നടപടികൾ. റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങളുടെയും അവശ്യസാധനങ്ങളുടെയും വിതരണം ഉറപ്പാക്കുന്ന പൊതുവിതരണ സംവിധാനത്തിന് സംസ്ഥാന സർക്കാർ ഗണ്യമായ തുകയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ന്യായവില കടകളിൽ കഴിഞ്ഞ ആറ് വർഷമായി പതിമൂന്ന് സാധനങ്ങളുടെ വില വർധിച്ചിട്ടില്ല. സംസ്ഥാനത്തെ വിലക്കയറ്റം തടയുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ നിർണായകമായ പങ്ക് വഹിച്ചു.

# 1.2 ജനസംഖ്യ വിവരണം

ജനസംഖ്യ വിശകലനത്തിനായി ഈ ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത് 2011 ലെ ജനസംഖ്യാ സെൻസസ് വിശദാംശങ്ങളാണ്. കഴിഞ്ഞ വർഷം നടത്താനിരുന്ന 2021 ലെ ജനസംഖ്യാ കണക്കെടുപ്പ് നടന്നിട്ടില്ല. 2021-ലെ സെൻസസ്, 2023-ൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

**ഇന്ത്യയിലെ ജനസംഖ്യ**


2011 സെൻസസ് പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യ 1,21,08,54,977 ആണ്. 2001 സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 1,02,86,18,821 ആയിരുന്നു. 2011 സെൻസസ് പ്രകാരം ഇന്ത്യയിൽ 62,32,70,258 പുരുഷന്മാരും, 58,75,84,719 സ്ത്രീകളുമാണ് ഉള്ളത്. രാജ്യത്തെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 382 എന്ന അനുപാതത്തിലാണ്. 2011-ൽ രാജ്യത്തെ സ്ത്രീ പുരുഷ അനുപാതം 1,000 പുരുഷന്മാർക്ക് 943 സ്ത്രീകൾ എന്നതാണ്. ഇത് ഗ്രാമീണ പ്രദേശങ്ങളിൽ 949 -ഉം നഗര മേഖലയിൽ 929-ഉം ആണ്. 2011-ൽ രാജ്യത്തെ 0-6 വയസ്സിനിടയിലുള്ള കുട്ടികളുടെ എണ്ണം 16,45,15,253 ആണ്. ഇതേ പ്രായക്കാർക്കിടയിലെ ശിശു ആൺ-പെൺ അനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ എന്ന തരത്തിലാണ്.

**സംസ്ഥാനത്തിന്റെ ജനസംഖ്യാ വിവരണം**

2011-ലെ ഇന്ത്യയിലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്, ഇത് ഇന്ത്യയുടെ ജനസംഖ്യയുടെ 2.76 ശതമാനമാണ് . കേരളത്തിലെ ആകെ ജനസംഖ്യയിൽ 48 ശതമാനം പുരുഷന്മാരും 52 ശതമാനം സ്ത്രീകളുമാണ് (**ചിത്രം 1.2.1**). ഗ്രാമീണ ജനസംഖ്യ 1,74,71,135-ഉം നഗര ജനസംഖ്യ 1,59,34,926-ഉം ആണ്. വിശദാംശങ്ങൾ **ചിത്രം 1.2.2**ൽ നൽകിയിരിക്കുന്നു.


2001 ലെയും 2011 ലെയും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ജില്ലകളുടെ റാങ്കിംഗ് പ്രകാരം മലപ്പുറം ജില്ല ജനസംഖ്യയിൽ ഒന്നാം സ്ഥാനത്താണ്. 2001 സെൻസസ് പ്രകാരം 11 -ാം സ്ഥാനത്തായിരുന്ന പത്തനംതിട്ട ജില്ല 2011-ലെ

**ചിത്രം 1.2.1** കേരളത്തിലെ ജനസംഖ്യ




അവലംബം: സെൻസസ് 2001 & 2011

**ചിത്രം 1.2.2** കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ




അവലംബം: സെൻസസ് 2001, 2011

സെൻസസ് പ്രകാരം 12-ാം സ്ഥാനത്തെത്തി. 2001 ലെയും 2011 ലെയും ജനസംഖ്യ താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറഞ്ഞ ജനസംഖ്യാ വളർച്ച വയനാട് ജില്ലയിലാണ് **(പട്ടിക 1.2.1).**

**ജനസംഖ്യ വളർച്ച**

2001-2011 കാലയളവിലെ ജനസംഖ്യയുടെ ദശാബ്ദ വളർച്ച നിരക്ക് നോക്കുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വെച്ച് ഏറ്റവും കുറവ് ജനസംഖ്യാ വളർച്ചാ നിരക്ക് (4.9 ശതമാനം) കേരളത്തിലാണ്. ജില്ലകളിൽ ഏറ്റവും ഉയർന്ന ജനസംഖ്യാ വളർച്ച നിരക്ക് മലപ്പുറത്തും (13.4 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ് (-3.0 ശതമാനം) ഇടുക്കിയിലും ജനസംഖ്യാ വളർച്ചാനിരക്ക് പൂജ്യത്തിൽ താഴെയാണ് കാണിക്കുന്നത് (-1.8 ശതമാനം.) ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ആറ് തെക്കൻ ജില്ലകളിൽ ജനസംഖ്യാ വളർച്ചാനിരക്ക് മറ്റ് ജില്ലകളേക്കാൾ താരതമ്യേന കുറവാണ്. **(അനുബന്ധം 1.2.1)**

**പട്ടിക 1.2.1.** ജനസംഖ്യാ വലിപ്പം അനുസരിച്ച് ജില്ലകളുടെ റാങ്കിംഗ് - 2001 ഉം 2011-ഉം

| 2011-ലെ റാങ്ക് | ജില്ല | 2011 ലെ ജനസംഖ്യ | 2011 ലെ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ജില്ലയുടെ ശതമാനം | 2001 ലെ ജനസംഖ്യ | 2001 ലെ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ജില്ലയുടെ ശതമാനം | 2001-ലെ റാങ്ക് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | മലപ്പുറം | 4,112,920 | 12.31 | 3,625,471 | 11.39 | 1 |
| 2 | തിരുവനന്തപുരം | 3,301,427 | 9.88 | 3,234,356 | 10.16 | 2 |
| 3 | എറണാകുളം | 3,282,388 | 9.83 | 3,105,798 | 9.75 | 3 |
| 4 | തൃശ്ശൂർ | 3,121,200 | 9.34 | 2,974,232 | 9.34 | 4 |
| 5 | കോഴിക്കോട് | 3,086,293 | 9.24 | 2,879,131 | 9.04 | 5 |
| 6 | പാലക്കാട് | 2,809,934 | 8.41 | 2,617,482 | 8.22 | 6 |
| 7 | കൊല്ലം | 2,635,375 | 7.89 | 2,585,208 | 8.12 | 7 |
| 8 | കണ്ണൂർ | 2,523,003 | 7.55 | 2,408,956 | 7.57 | 8 |
| 9 | ആലപ്പുഴ | 2,127,789 | 6.37 | 2,109,160 | 6.62 | 9 |
| 10 | കോട്ടയം | 1,974,551 | 5.91 | 1,953,646 | 6.14 | 10 |
| 11 | കാസർകോട് | 1,307,375 | 3.91 | 1,204,078 | 3.78 | 12 |
| 12 | പത്തനംതിട്ട | 1,197,412 | 3.58 | 1,234,016 | 3.88 | 11 |
| 13 | ഇടുക്കി | 1,108,974 | 3.32 | 1,129,619 | 3.55 | 13 |
| 14 | വയനാട് | 817,420 | 2.45 | 780,619 | 2.45 | 14 |

അവലംബം: സെൻസസ് ഇന്ത്യ റിപ്പോർട്ട്, 2011

**പട്ടിക 1.2.2** മത വിഭാഗം തിരിച്ചുള്ള കേരളത്തിന്റെ ജനസംഖ്യ

| മതം | 2001 | ശതമാനം | 2011 | ശതമാനം |
|---|---|---|---|---|
| ഹിന്ദു | 1,788,3449 | 56.16 | 18,282,492 | 54.73 |
| ഇസ്ലാം | 7,863,842 | 24.70 | 8,873,472 | 26.56 |
| ക്രിസ്തുമതം | 6,057,427 | 19.02 | 6,141,269 | 18.4 |
| ബുദ്ധമതം | 2,027 | 0.01 | 4752 | 0.01 |
| ജൈനമതം | 4,528 | 0.01 | 4489 | 0.01 |
| സിഖ് മതം | 2,762 | 0.01 | 3814 | 0.01 |
| മറ്റുള്ളവ | 2,256 | 0.01 | 7618 | 0.02 |
| പ്രസ്താവിച്ചിട്ടില്ല | 25,083 | 0.08 | 88,155 | 0.26 |
| ആകെ | 31,841,374 | 100 | 33,406,061 | 100 |

അവലംബം: 2001, 2011 ലെ സെൻസസ് പട്ടിക

**ജനസാന്ദ്രത**

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിൽ 860 ആളുകളാണ്. ഇത് ഇന്ത്യയുടെ ജനസാന്ദ്രതയെക്കാൾ (382) വളരെ ഉയർന്നതാണ്. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല തിരുവനന്തപുരവും (1,508), ഏറ്റവും കുറവ് ജനസാന്ദ്രതയുള്ള ജില്ല (255) ഇടുക്കിയുമാണ്. 2001 നെ അപേക്ഷിച്ച് പത്തനംതിട്ടയും ഇടുക്കിയും ഒഴികെയുള്ള എല്ലാ ജില്ലകളിലും ജനസാന്ദ്രത വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 1.2.1** ൽ നൽകിയിരിക്കുന്നു.

**ജനന നിരക്ക്**

ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്തിലെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ ഉണ്ടാകുന്ന ജനനങ്ങളുടെ എണ്ണത്തെ അതെ മധ്യവർഷത്തെ (ഭൂമി ശാസ്ത്ര പരമായ പ്രദേശത്തിന്റെ) മൊത്തം ജനസംഖ്യ കൊണ്ട് ഹരിച്ച് 1000 ജനസംഖ്യയിൽ എത്ര ജനനങ്ങൾ ആണ് ഉണ്ടാകുന്നത് എന്ന് കണക്കാക്കുന്നതാണ് ക്രൂഡ് ബർത്ത് റേറ്റ്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച 2020ലെ വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അനുസരിച്ച്, 2010ൽ 15.75 ആയിരുന്ന ക്രൂഡ് ബർത്ത് റേറ്റ്, 2020ൽ 12.77 ആയി കുറഞ്ഞു **(അനുബന്ധം 1.2.3).**

**മരണനിരക്ക്**

ഒരു നിശ്ചിത ഭൂമി ശാസ്ത്ര പരമായ പ്രദേശത്തിലെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ ഉണ്ടാകുന്ന മരണങ്ങളുടെ എണ്ണത്തെ അതെ മധ്യവർഷത്തെ മൊത്തം ജനസംഖ്യ കൊണ്ട് ഹരിച്ച് 1000 ജനസംഖ്യയിൽ എത്ര മരണങ്ങൾ ആണ് സംഭവിക്കുന്നത് എന്ന് നിശ്ചയിക്കുന്ന രീതിയാണ് ക്രൂഡ് ഡെത്ത് റേറ്റ്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ 2020 ലെ വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അനുസരിച്ച്, 2020ലെ ക്രൂഡ് മരണനിരക്ക് 7.17 ആയിരുന്നു, ഇത് 2010ൽ 6.88 ആയിരുന്നു. ഒരു നിശ്ചിത വർഷത്തിൽ ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്ത് തത്സമയം ജനിച്ചവരിൽ, (ആയിരത്തിൽ) ഒരു വയസ്സിൽ താഴെ ഉണ്ടാകുന്ന മരണങ്ങളുടെ എണ്ണമാണ്, ശിശു മരണനിരക്ക്. ശിശു മരണ നിരക്ക് 2020-ൽ 5.13 ആണ്, ഇത് 2010-ൽ 7.42 ആയിരുന്നു. മാതൃമരണ നിരക്ക് (എംഎംആർ) എന്നത് ഗർഭധാരണം മൂലമോ ഗർഭം അവസാനിപ്പിച്ചതിനാലോ 100,000 ജനനങ്ങളിൽ എത്ര മാതൃ മരണങ്ങൾ ആണ് സംഭവിക്കുന്നത് എന്ന് കണക്കാക്കുന്നതാണ്. സ്ത്രീകൾക്കിടയിൽ ഗർഭധാരണവുമായി ബന്ധപ്പെട്ട അപകടസാധ്യതയെ വിവരിക്കാൻ മാതൃമരണ നിരക്ക് ഉപയോഗിക്കുന്നു. കേരളത്തിലെ മാതൃമരണ നിരക്ക് 2010ൽ 30 ആയിരുന്നത് 2020ൽ 14 ആയി കുറഞ്ഞിട്ടുണ്ട് എല്ലാ സൂചകങ്ങളും കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 1.2.3** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.2.3** കേരളത്തിന്റെ സാക്ഷരതാ നിരക്ക് (1951-2021)

| വർഷം | പുരുഷൻ | സ്ത്രീ | അകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1951 | 58.35 | 36.43 | 47.18 |
| 1961 | 64.89 | 45.56 | 55.08 |
| 1971 | 77.13 | 62.53 | 69.75 |
| 1981 | 84.56 | 73.36 | 78.85 |
| 1991 | 93.62 | 86.17 | 89.81 |
| 2001 | 94.24 | 87.72 | 90.86 |
| 2011 | 96.02 | 91.98 | 93.91 |

അവലംബം : സെൻസസ് റിപ്പോർട്ട്, 2011

**മതവിഭാഗം**

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജന സംഖ്യയുടെ 54.7 ശതമാനം ഹിന്ദുക്കളാണ്, തുടർന്ന് 26.6 ശതമാനം മുസ്ലീങ്ങളും, ക്രിസ്ത്യാനികൾ 18.4 ശതമാനം ജനസംഖ്യയോടെ മൂന്നാം സ്ഥാനത്താണ്.

**സാക്ഷരത**

2011 സെൻസസ് പ്രകാരം, ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സാക്ഷരതയുള്ളത് കേരളത്തിനാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് 94 ശതമാനമാണ്. 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ സാക്ഷരതാ നിരക്ക് 90.9 ശതമാനമായിരുന്നു. കേരള ജനതയിൽ 96.11 ശതമാനം പുരുഷൻമാരും, 92.07 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ദേശീയ തലത്തിൽ 82.14 ശതമാനം പുരുഷൻമാരും 65.46 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ജില്ലകളിൽ സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് 97.2 ശതമാനവുമായി കോട്ടയവും, തൊട്ടുപിന്നിൽ 96.5 ശതമാനവുമായി പത്തനംതിട്ടയുമാണുള്ളത്. ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്ക് യഥാക്രമം വയനാട്ടിലും (89 ശതമാനം) പാലക്കാട്ടുമാണ് (89.3 ശതമാനം). കേരളത്തിലെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കായ വയനാട്ടിലെ 89

ശതമാനം ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. 2001-ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011-ൽ എല്ലാ ജില്ലകളിലെയും സാക്ഷരതാ നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 1.2.1**ൽ കൊടുത്തിട്ടുണ്ട്.

### സ്ത്രീപുരുഷ അനുപാതം

ജനസംഖ്യയിലെ 1,000 പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണമാണ് സ്ത്രീപുരുഷ അനുപാതം. 2011 ലെ കേരളത്തിന്റെ സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. 2001-ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011-ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം 26 പോയിന്റ് വർദ്ധിച്ച് 1084-ൽ എത്തി. 1981 മുതൽ 1991 വരെ ഇത് 1,032-ൽ നിന്ന് 1,036 ആയും തുടർന്ന് 2001-ൽ 1,058 ആയും വർദ്ധിച്ചു. സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തേക്കാൾ കൂടിനിൽക്കുന്ന ഒരേഒരു സംസ്ഥാനമാണ് കേരളം. ആഖിലേന്ത്യാ തലത്തിൽ സ്ത്രീ പുരുഷാനുപാതം 943 ആണ്.

കേരളത്തിലെ എല്ലാ ജില്ലകളും പോസിറ്റീവ് സ്ത്രീപുരുഷാനുപാതം കാണിക്കുന്നു എന്നതാണ് സംസ്ഥാനത്തിന്റെ മറ്റൊരു പ്രധാന സവിശേഷത. ജില്ലകളിൽ ഏറ്റവും ഉയർന്ന സ്ത്രീ പുരുഷാനുപാതം (1,136) കണ്ണൂരും തൊട്ടുപിന്നിൽ പത്തനംതിട്ടയുമാണ് (1,132). ഏറ്റവും കുറവ് ഇടുക്കിയും (1,006), തൊട്ടു മുകളിലായി എറണാകുളവുമാണ് (1,027). എല്ലാ ജില്ലകളിലും 1,000-ത്തിന് മുകളിലാണ് സ്ത്രീ-പുരുഷ അനുപാതം. 2001-ൽ വയനാടിൽ മാത്രം സ്ത്രീ പുരുഷ അനുപാതം 1,000-ൽ താഴെയായിരുന്നു (995). സ്ത്രീപുരുഷാനുപാതം ഏറ്റവും കുറഞ്ഞ ജില്ലയായ ഇടുക്കിയും (1,006) ഏറ്റവും ഉയർന്ന ജില്ലയായ കണ്ണൂരും (1,136) തമ്മിൽ 130 പോയിന്റിന്റെ അന്തരമാണുള്ളത്. വിശദാംശങ്ങൾ **അനുബന്ധം 1.2.2**ൽ കൊടുത്തിരിക്കുന്നു.

### കുട്ടികളിലെ ആൺ–പെൺ അനുപാതം (0–6 വയസ്)

കേരളത്തിൽ കുട്ടികളിലെ ആൺ- പെൺ അനുപാതം (1,000 ആൺകുട്ടികളിൽ എത്ര പെൺകുട്ടികൾ എന്ന കണക്ക്) 2011- ലെ സെൻസസ് പ്രകാരം 964 ആണ്. 2001 സെൻസസ് പ്രകാരം ഇത് 960 ആയിരുന്നു. തമിഴ്നാട്ടിൽ കുട്ടികളിലെ ആൺ-പെൺ അനുപാതം 943-ഉം, കർണ്ണാടകയിൽ 948-ഉം ആന്ധ്രാപ്രദേശിൽ 939-ഉം ദേശീയ ശരാശരി 919 ഉം ആണ്. ജില്ലകളിൽ ആൺ-പെൺ അനുപാതത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് പത്തനംതിട്ടയാണ് (976). തൊട്ടുപിന്നിലായി കൊല്ലം (973), കണ്ണൂർ (971) എന്നീ ജില്ലകളാണ്. തൃശ്ശൂരിലാണ് ഏറ്റവും കുറഞ്ഞ അനുപാതം (950). ഏറ്റവും കുറഞ്ഞതും കൂടിയതും തമ്മിൽ 26 പോയിന്റ് അന്തരമാണുള്ളത്. ഏറ്റവും ഉയർന്ന ദശാബ്ദ വർദ്ധനവ് കൊല്ലത്തും (13) തൊട്ടുപിന്നിൽ കോഴിക്കോടുമാണ് (10). മറ്റെല്ലാ ജില്ലകളുടെയും ദശാബ്ദമാറ്റം പത്തിൽ താഴെയാണ്.തൃശ്ശൂർ (-)8, ഇടുക്കി (-)5, ആലപ്പുഴ (-)5 എന്നീ ജില്ലകളിൽ കുട്ടികളിലെ ആൺ-പെൺ അനുപാതത്തിൽ ദശാബ്ദ വളർച്ച പൂജ്യത്തിനും താഴെയാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.2**ൽ കൊടുത്തിരിക്കുന്നു.

### പ്രായവിഭാഗ അനുപാതം

കഴിഞ്ഞ അമ്പത് വർഷത്തിനിടയിലെ കേരളത്തിലെ ജനസംഖ്യാപരമായ മാറ്റം ശ്രദ്ധേയമാണ്. 0-14 പ്രായ വിഭാഗത്തിലുള്ള ജനസംഖ്യ 1961-ൽ 43 ശതമാനമായിരുന്നത് 2011-ൽ 23.4 ശതമാനമായി കുറഞ്ഞു. മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിച്ചതും കാരണം 60 വയസ്സിനു മുകളിലുള്ളവരുടെ അനുപാതം, 1961 ൽ 5 ശതമാനം ആയിരുന്നത് 2011-ൽ 12.7 ശതമാനം ആയി വർദ്ധിച്ചു. ദേശീയ തലത്തിൽ, ജനസംഖ്യയുടെ 29.5 ശതമാനം 0-14 വയസ്സിനിടയിലും 62.5 ശതമാനവും 15-59 വിഭാഗത്തിലും 8 ശതമാനം 60 വയസ്സിന് മുകളിലുള്ളവരുമാണ് ഈ പ്രവണത തുടരുകയാണെങ്കിൽ, 0-14 വയസ്സിനിടയിലുള്ള

**പട്ടിക 1.2.4** വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള അനുപാതം-2011

| ക്രമ നമ്പർ | ജില്ല | ജില്ലയിലെ മൊത്തം ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ എണ്ണം | | | ജില്ലയിലെ മൊത്തം ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ ശതമാനം | | |
|---|---|---|---|---|---|---|---|
| | | 0-14 | 15-59 | 60+ | 0-14 | 15-59 | 60+ |
| 1 | കാസർകോഡ് | 3,42,696 | 8,35,111 | 1,29,568 | 26.2 | 63.9 | 9.9 |
| 2 | കണ്ണൂർ | 5,94,411 | 16,06,593 | 3,21,999 | 23.6 | 63.7 | 12.8 |
| 3 | വയനാട് | 2,12,246 | 5,26,414 | 78,760 | 26.0 | 64.4 | 9.6 |
| 4 | കോഴിക്കോട് | 7,49,692 | 19,72,762 | 3,63,839 | 24.3 | 63.9 | 11.8 |
| 5 | മലപ്പുറം | 12,41,491 | 25,26,407 | 3,45,022 | 30.2 | 61.4 | 8.4 |
| 6 | പാലക്കാട് | 6,78,192 | 17,95,096 | 3,36,646 | 24.1 | 63.9 | 12.0 |
| 7 | തൃശ്ശൂർ | 6,88,592 | 20,01,050 | 4,31,558 | 22.1 | 64.1 | 13.8 |
| 8 | എറണാകുളം | 6,93,215 | 21,35,689 | 4,53,484 | 21.1 | 65.1 | 13.8 |
| 9 | ഇടുക്കി | 2,47,338 | 7,32,193 | 1,29,443 | 22.3 | 66.0 | 11.7 |
| 10 | കോട്ടയം | 4,13,849 | 12,47,065 | 3,13,637 | 21.0 | 63.2 | 15.9 |
| 11 | ആലപ്പുഴ | 4,46,279 | 13,57,100 | 3,24,410 | 21.0 | 63.8 | 15.2 |
| 12 | പത്തനംതിട്ട | 2,32,670 | 7,50,202 | 2,14,540 | 19.4 | 62.7 | 17.9 |
| 13 | കൊല്ലം | 5,83,023 | 17,00,534 | 3,51,818 | 22.1 | 64.5 | 13.3 |
| 14 | തിരുവനന്തപുരം | 7,07,280 | 21,60,992 | 4,33,155 | 21.4 | 65.5 | 13.1 |
| | കേരളം | 78,30,974 | 2,13,47,208 | 42,27,879 | 23.4 | 63.9 | 12.7 |

അവലംബം: സെൻസസ് 2011

ജനസംഖ്യയുടെ അനുപാതം കുറഞ്ഞുവരുന്നതിനാൽ, തൊഴിൽ ചെയ്യുന്ന പ്രായ വിഭാഗത്തിലേക്കുള്ള (15-59) ജനസംഖ്യ സമീപഭാവിയിൽ കുറയും. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ വർദ്ധിച്ചുവരുന്ന അനുപാതം സർക്കാരിന് ഉയർന്ന സാമൂഹിക സുരക്ഷാ ബാധ്യതകൾ ഉണ്ടാക്കും.

**പ്രായവിഭാഗം – ജില്ലാതല അനുപാതം**

2011 ലെ സെൻസസ് പ്രകാരം വിവിധ പ്രായക്കാർക്കിടയിലുള്ള ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **പട്ടിക 1.2.4**ൽ കൊടുത്തിരിക്കുന്നു. സംസ്ഥാനത്തെ ജനസംഖ്യയുടെ 63.9 ശതമാനം തൊഴിൽ സേനയുൾക്കൊള്ളുന്ന 15-59 പ്രായ വിഭാഗത്തിലും, 23.4 ശതമാനം 0-14 പ്രായ വിഭാഗത്തിലും 12.7 ശതമാനം 60 വയസ്സിന് മുകളിൽ പ്രായമുള്ള വിഭാഗത്തിലും ഉൾപ്പെടുന്നവരുമാണ്. ജില്ലകളുടെ കാര്യമെടുത്താൽ തൊഴിൽ സേനയുൾക്കൊള്ളുന്ന (15-59) വിഭാഗത്തിൽ ഏറ്റവും ഉയർന്ന ശതമാനം ഇടുക്കി (66 ശതമാനം) ജില്ലയിലാണ്, ഏറ്റവും കുറവ് മലപ്പുറം (61.4 ശതമാനം) ജില്ലയിലുമാണ്. വയോജനങ്ങൾ ഉൾക്കൊള്ളുന്ന (60 ഉം അതിന് മുകളിലും) പ്രായ വിഭാഗത്തിൽ ഉയർന്ന ശതമാനം പത്തനംതിട്ട (17.9 ശതമാനം ജില്ലയും, ഏറ്റവും കുറവ് മലപ്പുറം (8.4 ശതമാനം) ജില്ലയിലുമാണ്. അതേ സമയം 0-14 പ്രായ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ഏറ്റവും കൂടുതൽ മലപ്പുറം (30.2 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് പത്തനംതിട്ട (19.4 ശതമാനം) ജില്ലയിലുമാണ്.

വ്യത്യസ്ത പ്രായ വിഭാഗങ്ങളിലെ എണ്ണം കണക്കിലെടുത്താൽ 0-14, 15-59 എന്നീ രണ്ട് പ്രായ വിഭാഗങ്ങളിലും ഏറ്റവും കൂടുതൽ ആൾക്കാർ ഉള്ളത് മലപ്പുറം ജില്ലയിലാണ് (യഥാക്രമം 12.4 ലക്ഷം, 25.2 ലക്ഷം). അതേ സമയം 60 വയസ്സും അതിനു മുകളിലും പ്രായമുള്ളവരുടെ വിഭാഗത്തിൽ ഏറ്റവും കൂടുതൽ പേരുള്ളത് എറണാകുളം ജില്ലയിലാണ്. എല്ലാ പ്രായ വിഭാഗങ്ങളിലും ഏറ്റവും കുറവ് എണ്ണം ആൾക്കാർ ഉള്ളത് വയനാട് ജില്ലയിലാണ്.

**നഗരവൽക്കരണം**

വികസനത്തിലേക്കുള്ള ചാലകമായിട്ടാണ് നഗരവൽക്കരണത്തെ നോക്കിക്കാണുന്നത്. ഗ്രാമങ്ങളും മനുഷ്യാധിവാസ പ്രദേശങ്ങളും നഗരമായി മാറുന്ന പ്രവണതയെയാണ് നഗരവത്ക്കരണം എന്ന് വിവക്ഷിക്കുന്നത്. 2011 മാർച്ച് 1 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തെ 1210 ദശലക്ഷം ജനങ്ങളിൽ ഏകദേശം 377 ദശലക്ഷം ജനങ്ങളും നഗരപ്രദേശങ്ങളിലാണ് വസിക്കുന്നത്. കൂടാതെ, ദശലക്ഷത്തിലധികമുള്ള നഗരങ്ങൾ/അഗ്ലോമെറേഷനുകൾ എന്നിവ 2001 ലെ സെൻസസ് പ്രകാരം 35 ആയിരുന്നത് 2011 സെൻസസ് പ്രകാരം 53 ആയി വർദ്ധിച്ചിട്ടുണ്ട്. 2031 ആകുമ്പോഴേയ്ക്കും പത്ത് ദശലക്ഷത്തിലധികം ജനസംഖ്യയുള്ള 6 നഗരങ്ങൾ രാജ്യത്ത് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. നിലവിലെ വളർച്ച നിരക്ക് വച്ച് നോക്കുമ്പോൾ രാജ്യത്തെ നഗര ജനസംഖ്യ 2030 ആകുമ്പോഴേയ്ക്കും 575 ദശലക്ഷമാകുമെന്നാണ് കണക്കാക്കപ്പെടുന്നത്.

1901 ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങൾ ചേർന്ന് 6.4 ദശലക്ഷം ജനസംഖ്യ ഉണ്ടായിരുന്നു. ഇതിൽ 5.9 ദശലക്ഷത്തോളം പേരും അതായത് (92.2 ശതമാനം) ഗ്രാമീണ മേഖലയിലായിരുന്നു ജീവിച്ചിരുന്നത്. നഗര ജനസംഖ്യ അഞ്ച് ലക്ഷം മാത്രമായിരുന്നു. ഇതാകട്ടെ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 10 ശതമാനത്തിൽ താഴെയുമായിരുന്നു. കഴിഞ്ഞ നൂറു വർഷത്തിനിടയിൽ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ഗ്രാമീണ ജനതയുടെ അനുപാതം കുറയുകയും 2001 ആയപ്പോഴേക്കും ജനസംഖ്യയുടെ 74 ശതമാനം ആയിത്തീരുകയും ചെയ്തു. 2011 ലെ സെൻസസിൽ ഗ്രാമ/നഗര ജനസംഖ്യാനുപാതം സംസ്ഥാനത്ത് ഏകദേശം തുല്യമായി വിഭജിക്കപ്പെട്ട അവസ്ഥയിലാണെന്ന് കാണാവുന്നതാണ്. 2011 സെൻസസ് പ്രകാരം സംസ്ഥാനത്തിന്റെ നഗര ജനസംഖ്യ 15.9 ദശലക്ഷം ആണ്. ഇതാകട്ടെ ജനസംഖ്യയുടെ 47.7 ശതമാനത്തോളം വരും. അതേ സമയം ഗ്രാമീണ ജനസംഖ്യ 17.4 ദശലക്ഷം (52.3 ശതമാനം) വുമാണ്. 2001 നും 2011 നും ഇടയിലെ നഗര ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്ക് 92.72 ശതമാനമാണ്. രാജ്യത്തെ നഗരവത്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ നാലാം സ്ഥാനമാണ് കേരളത്തിനുള്ളത്. മാത്രവുമല്ല ദ്രുതഗതിയിൽ നഗരവത്കൃതമാവുന്ന സംസ്ഥാനം കൂടിയാണ് കേരളം. സംസ്ഥാനത്ത് നഗര ജനസംഖ്യയുടെ അനുപാതം കൂടുതലുള്ള ജില്ല എറണാകുളവും (68.1 ശതമാനം), കുറവ് വയനാട്ടിലുമാണ് (3.8 ശതമാനം).

2011 ലെ കാനേഷുമാരി പ്രകാരം സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിനാൽ നഗരങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനയുണ്ടായി എന്നത് വ്യക്തമാണ്. ഒരു സെൻസസ്സ് ടൗൺ എന്നത് നിയമപരമായി നഗരമായി പ്രഖ്യാപിക്കപ്പെടാത്തതും ജനസംഖ്യ 5,000 ൽ അധികവും ജനസാന്ദ്രത ചുരുങ്ങിയത് ചതുരശ്ര കിലോമീറ്ററിന് 400 വ്യക്തികളും; കാർഷിക മേഖലയ്ക്ക് പുറത്ത് ചുരുങ്ങിയത് 75 ശതമാനം പുരുഷന്മാർ തൊഴിലെടുക്കുന്ന നഗര സ്വഭാവത്തിലെത്തപ്പെട്ടതുമായ പ്രദേശമാണ്. 2001 സെൻസസ് അനുസരിച്ച്, കേരളത്തിൽ 99 സെൻസസ് നഗരങ്ങളും, 60 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമുണ്ടായിരുന്നു. എന്നാൽ 2011 സെൻസസ് കണക്കുകൾ പ്രകാരം 461 സെൻസസ് നഗരങ്ങളും 59 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമായിട്ടുണ്ട്. സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ മാത്രം 366 ശതമാനം വളർച്ചയുണ്ടായിട്ടുള്ളതായി കാണാം. 2011 ലെ കണക്ക് നോക്കിയാൽ വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ സ്റ്റാറ്റ്യൂട്ടറി നഗരങ്ങൾ മാത്രമേ ഉള്ളുവെന്നും ഒരു സെൻസസ് നഗരം പോലുമില്ല എന്നും കാണാം.

സെൻസസ് നഗരങ്ങളുടെ വർഗ്ഗീകരണം ഗ്രാമ ജനസംഖ്യയിലെ വളർച്ച കുറഞ്ഞ് നെഗറ്റീവിലേക്ക് എത്തിക്കുകയുണ്ടായി. കൂടാതെ 2001, 2011 സെൻസസുകൾ പരിശോധിച്ചാൽ നഗര ജനസംഖ്യയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാ നിരക്ക് 3.90 ശതമാനമാണെന്നു കാണാം. ഇതാകട്ടെ സംസ്ഥാന ശരാശരി വളർച്ചാ നിരക്കായ 4.86 ശതമാനത്തേക്കാൾ കുറവുമാണ്. നഗരജനസംഖ്യാ വളർച്ചയുടെ കാരണം നഗരങ്ങളിലേക്കുള്ള കുടിയേറ്റമല്ലെന്ന് തന്നെയാണ് ഇത് കാണിക്കുന്നത്. നഗര ജനസംഖ്യയിലെ വളർച്ച മുഖ്യമായും സെൻസസ് ടൗണുകളുടെ വർദ്ധനവ് മൂലമാണെന്നും കാണാവുന്നതാണ്. അതേപോലെ നിലവിൽ സംസ്ഥാനത്ത് 19 അർബൻ അഗ്ലോമെറേഷനുകളാണുള്ളത്. ഭൂമിയുടെ കാര്യത്തിൽ ദൗർലഭ്യമുള്ള സംസ്ഥാനമായതിനാൽ തന്നെ ദ്രുതഗതിയിലുള്ള നഗര വത്ക്കരണം മൂലം പരിസ്ഥിതിയും കൃഷിഭൂമിയും അവഗണിക്കപ്പെടുന്നു.

135 പട്ടണങ്ങളുള്ള (സ്റ്റ്യാറ്റ്യൂട്ടറി+സെൻസസ്) തൃശ്ശൂർ ജില്ലയിലാണ് ഏറ്റവുമധികം പട്ടണങ്ങൾ ഉള്ളത്. ഇത്

സംസ്ഥാനത്തെ ആകെ പട്ടണങ്ങളുടെ 25 ശതമാനത്തിലധികം വരും. ഏകദേശം 60 ശതമാനം പട്ടണങ്ങളും തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ്. 8 ജില്ലകളിൽ നഗര ജനസംഖ്യ ദശലക്ഷം കടന്നിട്ടുണ്ട്. ഇതിൽ എറണാകുളം തുടർന്ന് തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളും. ഈ നാല് ജില്ലകളിലാണ് സംസ്ഥാനത്തെ ആകെ നഗരജനസംഖ്യയുടെ 50 ശതമാനത്തോളവും വസിക്കുന്നത്. 2001-2011 കാലയളവിൽ നഗര ജനസംഖ്യാ വളർച്ചയുടെ കണക്കെടുത്താൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും നഗര ജനസംഖ്യയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മലപ്പുറം ജില്ലയിലാണ് നഗര ജനസംഖ്യയുടെ വളർച്ചയിൽ വലിയ വർദ്ധനവ് കാണിക്കുന്നത്. തുടർന്ന് കൊല്ലം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളുമാണ് വരുന്നത്.

സംസ്ഥാനത്തെ ഗ്രാമീണ ജനസംഖ്യയുടെ 25 ശതമാനത്തോളം വസിക്കുന്നത് മലപ്പുറം, പാലക്കാട് എന്നീ രണ്ട് ജില്ലകളിലാണ്. ഈ ജില്ലകൾക്കും പുറമേ കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലും ഗ്രാമീണ ജനസംഖ്യ നഗര ജനസംഖ്യയേക്കാൾ കൂടുതലാണെന്നും കാണാം. ഇടുക്കി, വയനാട് ജില്ലകളിൽ വസിക്കുന്ന 95 ശതമാനം പേരും ഗ്രാമീണരാണ്.

സംസ്ഥാനത്തെ ദ്രുതഗതിയിലുള്ള നഗരവത്ക്കരണം മൂലം നഗര ജനതയുടെ ആവശ്യങ്ങൾ ലഭ്യമാക്കുക, നഗരപ്രദേശങ്ങളിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നയങ്ങളും പരിപാടികളും രൂപീകരിക്കുക തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്തമാണ് സംസ്ഥാനത്തിന് മുന്നിലുള്ളത്. എന്നിരുന്നാലും നഗര വത്ക്കരണം സാമ്പത്തിക വളർച്ചക്കുള്ള അനന്തസാധ്യതകൾ തുറന്ന് തരുന്നതിനാൽ ശരിയായ സ്ഥാപനതല സംയോജനം സാധ്യമാക്കേണ്ടത് അനിവാര്യമാണ്.

# 1.3 ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ആഗോളതലത്തിൽ നേടിയ പുരോഗതിയുടെ ഒരു ഘട്ടത്തിന്റെ അവസാനത്തെയാണ് കോവിഡ്-19 അടയാളപ്പെടുത്തിയത്. കോവിഡിന് മുമ്പുള്ള മൂന്ന് ദശകങ്ങളിൽ ഒരു ബില്യണിലധികം ആളുകൾ അതിദാരിദ്ര്യത്തിൽ നിന്നും മുക്തി നേടിയിരുന്നു. മാത്രവുമല്ല 2015-ഓടെ ആഗോളതലത്തിൽത്തന്നെ അതിദാരിദ്ര്യം നേർപകുതിയിലധികം കുറഞ്ഞിരുന്നു. എന്നാൽ ആഗോള സാമ്പത്തിക തകർച്ചയുടെ ചുവടുപിടിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന നിരക്കും മന്ദഗതിയിലാകുകയുണ്ടായി. കോവിഡ്-19 ന്റെ വരവും ഉക്രൈൻ യുദ്ധവും ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വിപരീത ഫലമാണ് ഉണ്ടാക്കിയത്. നിലവിൽ 574 മില്യൺ ആളുകൾ, അതായത് ലോക ജനസംഖ്യയുടെ ഏകദേശം 7 ശതമാനം പേർ പ്രതിദിനം 2.15 അമേരിക്കൻ ഡോളറിലാണ് ജീവിക്കുന്നത് പോലും. ഇതിൽ ഭൂരിഭാഗം പേരും ആഫ്രിക്കൻ ഭൂഖണ്ഡത്തിലുള്ളവരുമാണ്. 2030 ഓടെ അതിദാരിദ്ര്യം തുടച്ചുനീക്കാം എന്ന ലക്ഷ്യം തികച്ചും അപ്രാപ്യമാണ് എന്നതിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. (ദാരിദ്ര്യവും പങ്കിട്ട സമൃദ്ധിയും - 2022 ലോക ബാങ്ക്)

കോവിഡ്-19 മഹാമാരി ദാരിദ്ര്യത്തിൽ ഉണ്ടാക്കിയ ആഘാതത്തെ കുറിച്ചുള്ള ലോക ബാങ്കിന്റെ റിപ്പോർട്ട് പരിശോധിച്ചാൽ, 2020 ൽ മാത്രം അതിദാരിദ്ര്യ രേഖയുടെ താഴെ ജീവിക്കുന്ന ആളുകൾ 70 ദശലക്ഷത്തിലധികം വർദ്ധിച്ചു എന്നാണ്. ആഗോള ദാരിദ്ര്യ നിരീക്ഷണം ആരംഭിച്ച 1990 ന് ശേഷമുള്ള ഏറ്റവും ഉയർന്ന വാർഷിക വർദ്ധനയാണിത്. കോവിഡ്-19 ന്റെ ആഘാതം ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് ഏറ്റവും ദരിദ്രരെയാണ് എന്ന് തന്നെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. കൂടാതെ ലോക ജനസംഖ്യയിലെ ഏറ്റവും ദരിദ്രരായ 40 ശതമാനം പേരുടെ വരുമാന നഷ്ടം സമ്പന്നരായ 20 ശതമാനം ആളുകളുടെ നഷ്ടത്തേക്കാൾ ഇരട്ടിയിലധികവുമാണ്. ഇത് ആഗോള അസമത്വത്തിന്റെ വർദ്ധനവിനെ യാണ് സൂചിപ്പിക്കുന്നത്. ചരിത്രപരമായി രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു വികസന പാതയാണ് കേരളം പിന്തുടർന്ന് പോരുന്നത്. ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസ-ആരോഗ്യ പരിപാലനത്തിന്റെ വ്യാപനം, ജനാധിപത്യ വികേന്ദ്രീകരണം, പെൻഷൻ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ പരിപാടികൾ, തുടങ്ങിയ സംസ്ഥാനത്തിന്റെ ഇടപെടലുകൾ ഗ്രാമ-നഗര ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഔദ്യോഗിക കണക്കുകൾ പ്രകാരം കഴിഞ്ഞ 40 വർഷത്തിനിടയിൽ കേരളത്തിലെ കേവല ദാരിദ്ര്യ നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ദാരിദ്ര്യ നിരക്ക് 11.3 ശതമാനമാണ് (2011-12). 1973-74 മുതൽ 2011-12 വരെ രാജ്യത്തെയും സംസ്ഥാനത്തെയും കേവല ദാരിദ്ര്യ നിരക്ക് **പട്ടിക 1.3.1**ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഗ്രാമ-നഗര ദാരിദ്ര്യത്തിൽ ഗണ്യമായി കുറവ് വന്നിട്ടുണ്ട്. 1973-74 മുതൽ 2011-12 വരെ കാലയളവിൽ, കേരളത്തിലെ ഗ്രാമ നഗര ദാരിദ്ര്യ അനുപാതം യഥാക്രമം 59.19 ശതമാനത്തിൽ നിന്ന് 7.3 ശതമാനവും 62.74 ശതമാനത്തിൽ നിന്ന് 15.3 ശതമാനവുമായി കുറഞ്ഞിട്ടുണ്ട്. ഈ നേട്ടം തുടർന്നും സാധ്യമാക്കുന്നതിൽ ഒട്ടനവധി പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനം വലിയ ശ്രദ്ധ നൽകേണ്ടതായിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ റാങ്ക് ചെയ്യുക എന്ന ലക്ഷ്യത്തോടെ ഭാരത സർക്കാർ 2011-ൽ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) നടത്തുകയുണ്ടായി. ദാരിദ്ര്യത്തിന് വളരെ വിശാലവും പരിവർത്തനാത്മകവുമായ നിർവ്വചനം നൽകുന്നതിനാൽ തന്നെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസിന് വളരെയധികം പ്രാധാന്യം ഉണ്ട്. ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാന മാക്കിയാണ് സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് ഇല്ലായ്മയുടെ സൂചിക (deprivation index) നിർണ്ണയിച്ചിരിക്കുന്നത്. 2011 ലെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് പ്രകാരം സംസ്ഥാനത്തെ 76.99 ലക്ഷം കുടുംബങ്ങളിൽ 63.19 ലക്ഷം കുടുംബങ്ങളും (82.08 ശതമാനം) ഗ്രാമീണമേഖലയിൽ അധിവസിക്കുന്നവരാണ്. ഇതിൽ 10.32 ശതമാനം പട്ടികജാതി കുടുംബങ്ങളും 1.63 ശതമാനം പട്ടികവർഗ്ഗ കുടുംബങ്ങളുമാണ്. ഗ്രാമീണ കുടുംബങ്ങളിൽ 19.16 ലക്ഷവും (30.33 ശതമാനം) ദാരിദ്ര്യ ദുരിതമനുഭവിക്കുന്നവരാണ്. ഇല്ലായ്മയുടെ തോത് ഏറ്റവും കൂടുതൽ പാലക്കാട് (42.33 ശതമാനം) ജില്ലയിലും തൊട്ടു

**പട്ടിക 1.3.1:** ഇന്ത്യയിലെയും കേരളത്തിലെയും കേവല ദാരിദ്ര്യ നിരക്ക് (1973-74 മുതൽ 2011-12 വരെ)

| വർഷം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1973-74 | 59.19 | 62.74 | 59.79 | 56.44 | 49.01 | 54.88 |
| 1977-78 | 51.48 | 55.62 | 52.22 | 53.07 | 45.24 | 51.32 |
| 1983 | 39.03 | 45.68 | 40.42 | 45.65 | 40.79 | 44.48 |
| 1987-88 | 29.10 | 40.33 | 31.79 | 39.09 | 38.20 | 38.86 |
| 1993-94 | 25.76 | 24.55 | 25.43 | 37.27 | 32.36 | 35.97 |
| 1999-00 | 9.38 | 20.27 | 12.72 | 27.09 | 23.62 | 26.10 |
| 2004-05 | 13.2 | 20.2 | 15.0 | 28.3 | 25.7 | 27.5 |
| രംഗരാജൻ കമ്മിറ്റി കണക്കാക്കൽ | | | | | | |
| 2009-10 | 9.7 | 23.7 | 16.0 | 39.6 | 35.1 | 38.2 |
| 2011-12 | 7.3 | 15.3 | 11.3 | 30.9 | 26.4 | 29.5 |


അവലംബം:-പ്ലാനിംഗ് കമ്മീഷൻ, ഭാരത സർക്കാർ, 2014
(1973-74 മുതൽ 2004–05 വരെ ലക്ഡാവാല രീതിയിലാണ് കണക്കാക്കിയിരിക്കുന്നത്)

പിന്നിലായി തിരുവനന്തപുരം (38.36 ശതമാനം), വയനാട് (36.33 ശതമാനം) എന്നീ ജില്ലകളിലുമാണ്. ഇല്ലായ്മയുടെ കുറഞ്ഞ തോത് എറണാകുളം (20.30 ശതമാനം), കോട്ടയം (23.02 ശതമാനം), കണ്ണൂർ (24.25 ശതമാനം) തുടങ്ങിയ ജില്ലകളിലാണെന്നും കാണാവുന്നതാണ്. സംസ്ഥാനത്തെ ആകെയുള്ള ഗ്രാമീണ പട്ടികജാതി കുടുംബങ്ങളിൽ 57.66 ശതമാനവും ഗ്രാമീണ പട്ടികവർഗ്ഗ കുടുംബങ്ങളിലെ 61.68 ശതമാനവും ഇല്ലായ്മയിൽ കഴിയുന്നവരാണ്. സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഗ്രാമീണ കുടുംബങ്ങളുടെ ഇല്ലായ്മയുടെ ജില്ല തിരിച്ചുള്ള കണക്ക് (ശതമാനത്തിൽ) **അനുബന്ധം 1.3.1** ൽ നൽകിയിരിക്കുന്നു. ഇല്ലായ്മയുടെ വിവിധ സൂചകങ്ങൾ പരിശോധിച്ചാൽ, സംസ്ഥാനത്തെ ഗ്രാമീണ കുടുംബങ്ങളിൽ ഇല്ലായ്മയുടെ ഉയർന്ന നിരക്ക് കാണിക്കുന്ന സൂചികകൾ വരുമാനത്തിന്റെ മുഖ്യപങ്കം കായിക അധ്വാനം ആവശ്യമായ താത്ക്കാലിക തൊഴിലിലൂടെ കണ്ടെത്തുന്ന ഭൂരഹിത കുടുംബങ്ങൾ (18.86 ശതമാനം), തൊട്ടു പിന്നിലായി പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ (7.11 ശതമാനം), സ്ത്രീ ഗൃഹനാഥയായിട്ടുള്ള '16-നും 59-നും ഇടയിൽ പ്രായമുള്ള ഒരു പുരുഷ അംഗം പോലും ഇല്ലാത്തതുമായ കുടുംബങ്ങൾ' (3.65 ശതമാനം) എന്നിവയാണ്. ഇല്ലായ്മയുടെ നിരക്കിലെ കുറവ് കാണിക്കുന്നത് 'ഭിന്നശേഷിക്കാരായ അംഗങ്ങളും പ്രായപൂർത്തിയായ ശാരീരികശേഷിയുള്ള ഒരു അംഗം പോലും ഇല്ലാത്തതും' (0.19 ശതമാനം), 'താല്ക്കാലിക ഭിത്തിയോടും മേൽക്കൂരയോടുംകൂടിയ ഒറ്റ മുറി മാത്രമുള്ളവരിലും (1.43 ശതമാനം), '25 വയസ്സിനു മുകളിൽ പ്രായമായ നിരക്ഷരർ (1.81 ശതമാനം) എന്നീ സൂചകങ്ങളിലാണ്. വിവിധ ഇല്ലായ്മയുടെ സൂചകങ്ങൾ അടിസ്ഥാനമാക്കി ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് (ശതമാനത്തിൽ) **അനുബന്ധം 1.3.2**ൽ നൽകിയിട്ടുണ്ട്.

നീതി ആയോഗിന്റെ പ്രഥമ ബഹുമുഖ ദാരിദ്ര്യ സൂചക (എംപിഐ) റിപ്പോർട്ട് (2021) പ്രകാരം, ഇന്ത്യയിലെ ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കേരളത്തിന് പിന്നിലായി (0.71 ശതമാനം), ഗോവ (3.76 ശതമാനം), സിക്കിം (3.82 ശതമാനം), തമിഴ്നാട് (4.89 ശതമാനം) എന്നീ സംസ്ഥാനങ്ങളാണ് ഉള്ളത്. കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക് (0.19 ശതമാനം), മാതൃ ആരോഗ്യം (1.73 ശതമാനം), സ്കൂൾ വിദ്യാഭ്യാസം (1.78 ശതമാനം), സ്കൂൾ ഹാജർ നില (0.3 ശതമാനം), ശുചിത്വം (1.86 ശതമാനം) തുടങ്ങി ദാരിദ്ര്യത്തിന്റെ ഒട്ടുമിക്ക മാനദണ്ഡങ്ങളിലും കേരളം കുറഞ്ഞ ശതമാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പോഷകാഹാരം, പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നീ മാനദണ്ഡങ്ങളിൽ വളരെക്കുറച്ച് കുടുംബങ്ങൾ മാത്രമേ ഉൾക്കൊള്ളുന്നതായും കാണാവുന്നതാണ്. ജില്ലകളിൽ പൂജ്യം ശതമാനത്തോളം ദരിദ്രരോടെ കോട്ടയം മുന്നിൽ നിൽക്കുന്നു. 3.48% ഉള്ള വയനാടിൽ ആണ് ബഹുമുഖ ദാരിദ്ര്യത്തിന്റെ ഏറ്റവും ഉയർന്ന ശതമാനം കാണിക്കുന്നത്. ദരിദ്രരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായുള്ള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത എംപിഐ സൂചികയിൽ നിന്നും പ്രകടമാണ്. **ചിത്രം 1.3.1**

ദാരിദ്ര്യത്തിന്റെ കണക്കുകൾ നോക്കിയാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നേറ്റം നടത്തിയിട്ടുണ്ടെങ്കിലും ഇല്ലായ്മയിൽ കഴിയുന്നവർ സംസ്ഥാനത്ത് ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗം, മത്സ്യതൊഴിലാളികൾ, മൺപാത്രമുണ്ടാക്കുന്നവർ, കരകൗശലത്തൊഴിലാളികൾ തുടങ്ങിയ ചില സാമൂഹ്യ വിഭാഗങ്ങൾക്കിടയിലും ദാരിദ്ര്യം കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളതായി കാണാൻ സാധിക്കുന്നതാണ്. സംസ്ഥാന പ്രാദേശിക സർക്കാർ പദ്ധതികളിൽ പുതിയ ഉപജീവന പദ്ധതികൾ രൂപകല്പനചെയ്ത് ഇവർക്കിടയിൽ നടപ്പിലാക്കുന്നതുവഴി മാത്രമേ ദാരിദ്ര്യം കുറയ്ക്കുവാൻ സാധിക്കുകയുള്ളു എന്ന വസ്തുതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ ഒട്ടനവധി ദാരിദ്ര്യ നിർമ്മാർജ്ജന/ഉപജീവനമാർഗ പദ്ധതികൾ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. ദാരിദ്ര്യത്തിന്റെ വ്യാപ്തി കുറഞ്ഞിട്ടുണ്ടെങ്കിലും പാർശ്വവത്കൃത വിഭാഗങ്ങൾക്കിടയിൽ ദാരിദ്ര്യം

ചിത്രം 1.3.1 ജനസംഖ്യയുടെ ശതമാനം




ഉറവിടം : എം.പി.ഐ റിപ്പോർട്ട് നീതി ആയോഗ്

ലഘൂകരിക്കുന്നതിനുള്ള നടപടികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നത് സംസ്ഥാനത്തിന്റെ മുന്നിലുള്ള വെല്ലുവിളി തന്നെയാണ്. തദ്ദേശ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടെയും ഇടപെടലുകൾ വഴി ദാരിദ്ര്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിനായി സർക്കാർ ഒരു സമഗ്ര പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

### അതിദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയ


അതിദാരിദ്ര്യം തുടച്ചുനീക്കുക എന്ന യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അതിദാരിദ്ര്യ സർവ്വേക്ക് തുടക്കമിടുകയുണ്ടായി. ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ 4 ഘടകങ്ങളിലെ ഇല്ലായ്മയെ അടിസ്ഥാനമാക്കിയായിരുന്നു അതിദാരിദ്ര നിർണ്ണയ പ്രക്രിയ. ഗ്രാമവികസന കമ്മീഷണറേറ്റിനായിരുന്നു സർവ്വെയുടെ ചുമതല. ആശ്രയ പദ്ധതിക്കു കീഴിൽ വരാത്ത കുടുംബങ്ങളെ യാണ് സർവ്വേയുടെ ഭാഗമാക്കിയത് (അഗതികളെ കണ്ടെത്താനുള്ള സംസ്ഥാന പദ്ധതിയാണ് ആശ്രയ പദ്ധതി). നിലവിൽ 1.57 ലക്ഷം ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉള്ളത്)

ബഹുതലത്തിലുള്ള സർവ്വേ പ്രക്രിയയ്ക്ക് ശേഷം സംസ്ഥാനത്ത് 64006 കുടുംബങ്ങളെ (1,03,099 വ്യക്തികൾ) അതിദാരിദ്രരായി കണ്ടെത്തുകയുണ്ടായി. വാർഡുകൾ/ ഡിവിഷനുകളിൽ നിന്നും പങ്കാളിത്ത നാമനിർദ്ദേശ പ്രക്രിയ വഴി കണ്ടെത്തിയ 1,18,309 കുടുംബങ്ങളിൽ നിന്നും പ്രാദേശിക സർക്കാർ തലത്തിലെ സബ്കമ്മറ്റികൾ പരിശോധിച്ച് 87,158 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ എം.ഐ.എസിൽ രേഖപ്പെടുത്തുകയും 87,158 കുടുംബങ്ങളെ ഇതിനായി രൂപകൽപന ചെയ്തിട്ടുള്ള മൊബൈൽ അപ്പിന്റെ സഹായത്തോടെ ഇന്റർവ്യൂ ചെയ്യുകയും 20 ശതമാനം സാമ്പിളുകൾ സൂപ്പർ ചെക്കിംഗിന് വിധേയമാക്കുകയും അതിൽനിന്നും 73,747 കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്യുകയുണ്ടായി. ഈ മുൻഗണന പട്ടിക, ഗ്രാമസഭകൾ പരിശോധിക്കുകയും അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കി 64006 കുടുംബങ്ങളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയാണ് ചെയ്തത്.

അതിദാരിദ്ര സർവ്വേ വഴി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 75 ശതമാനം പൊതുവിഭാഗത്തിലും, 20 ശതമാനം പട്ടികജാതി വിഭാഗത്തിലും, 5 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നറിയാത്ത വളരെ ചെറിയ ശതമാനം കുടുംബങ്ങളും ഇതിൽ ഉൾപ്പടുന്നുണ്ട്.

സർവ്വേ പ്രകാരം 81 ശതമാനം അതിദരിദ്രർ ഗ്രാമ പഞ്ചായത്തുകളിലും, 15 ശതമാനം മുൻസിപ്പാലിറ്റികളിലും, 4 ശതമാനം കോർപ്പറേഷനുകളിലും വസിക്കുന്നു. ദാരിദ്ര്യത്തിന്റെ ഗ്രാമ മേഖലകളിലെ കേന്ദ്രീകരണ ത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ജില്ല തിരിച്ച് വിശകലനം ചെയ്യുമ്പോൾ 8553 ദാരിദ്ര്യ കുടുംബങ്ങളുള്ള മലപ്പുറം ജില്ലയാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് (13.4 ശതമാനം). തൊട്ടുപിന്നാലെ തിരുവനന്തപുരം ജില്ലയാണ് (11.4 ശതമാനം). സംസ്ഥാനത്ത് ഏറ്റവും കുറവ് ദരിദ്രർ വസിക്കുന്നത് കോട്ടയം ജില്ലയിലാണ് (1071 കുടുംബങ്ങൾ).

ചിത്രം 1.3.2 അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ- ഘട്ടങ്ങൾ




ഉറവിടം : ഇ.പി.ഐ.പി സംസ്ഥാന സെൽ, ഗ്രാമ വികസന വകുപ്പ്


നേരത്തെ പരാമർശിച്ചതുപോലെ അതിദരിദ്രരെ കണ്ടെത്തുക എന്ന പ്രക്രിയ ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ 4 ഇല്ലായ്മ ഘടകങ്ങളെ ആസ്പദമാക്കിയാണ് പൂർത്തീകരിച്ചത്. സർവ്വേയിലൂടെ കണ്ടെത്തിയ 35 ശതമാനം കുടുംബങ്ങൾ വരുമാനത്തിന്റെ അഭാവവും 24 ശതമാനം കുടുംബങ്ങൾക്ക് ആരോഗ്യ സംബന്ധമായ പ്രശ്നങ്ങളും 21 ശതമാനത്തിന് ഭക്ഷണത്തിന്റെ അഭാവവും 15 ശതമാനം കുടുംബങ്ങൾക്ക് പാർപ്പിടത്തിന്റെ അഭാവവും ഉള്ളതായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരു കുടുംബത്തിൽ തന്നെ ഒന്നിലധികം ഇല്ലായ്മ ഘടകങ്ങളുടെ സാന്നിദ്ധ്യം പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒന്നാണ്.

വരുന്ന 4 വർഷം കൊണ്ട് അതിദാരിദ്ര്യം സംസ്ഥാനത്ത് നിന്ന് തുടച്ചുമാറ്റുക എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനായി അതിദാരിദ്ര്യ സബ്പ്ലാൻ തയ്യാറാക്കുന്നതിനുള്ള കാൽവെയ്പ്പുകൾക്ക് 2021ൽ സംസ്ഥാനം തുടക്കമിടുകയുണ്ടായി. കുടുംബാധിഷ്ഠിത മൈക്രോപ്ലാനിന്റെ നിർവ്വഹണം കുടുംബശ്രീയുടെ പിന്തുണയോടെ തദ്ദേശഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നത്. സർവ്വേയുടെ ഭാഗമായി ശേഖരിച്ച വിവരങ്ങൾക്ക് പുറമേ കുടുംബങ്ങളിൽ നിന്നും അധികമായി ശേഖരിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് മൈക്രോ പ്ലാനുകൾ തയ്യാറാക്കേണ്ടത്.

1. മൈക്രോ പ്ലാനുകളെ മൂന്നായിട്ടാണ് തരം തിരിച്ചിരിക്കുന്നത്.
2. അടിയന്തിര പരിചരണ പ്ലാൻ
3. ഹ്രസ്വകാല പ്ലാൻ
4. ദീർഘകാല പ്ലാൻ


അടിയന്തിര സ്വഭാവമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് അടിയന്തിര പരിചരണ പ്ലാൻ. 3 മാസം മുതൽ 2 വർഷം വരെ ദൈർഘ്യമുള്ള സേവനങ്ങൾ

1.3.3 സംസ്ഥാനത്ത് തിരിച്ചറിഞ്ഞ അതിദരിദ്ര കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്




അവലംബം: ഇപിഐപി സെൽ, ഗ്രാമവികസന വകുപ്പ്

1.3.4 അതിദാരിദ്ര്യ വിഭാഗങ്ങളുടെ വേർതിരിച്ച ലിസ്റ്റ്




അവലംബം: ഇപിഐപി സെൽ, ഗ്രാമവികസന വകുപ്പ്

ഉറപ്പുവരുത്താനാണ് ഹ്രസ്വകാല പ്ലാൻ. ഇവ രണ്ടും മതിയാവാത്ത സാഹചര്യത്തിൽ അതിദരിദ്രർക്കായി ദീർഘകാല പ്ലാനുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

ആധാർകാർഡ്, റേഷൻകാർഡ്, അടിയന്തിര വൈദ്യസഹായം എന്നിവ ഉറപ്പാക്കുന്ന അടിയന്തിര പരിചരണ പദ്ധതികൾ ഏറ്റെടുത്തതിന് പിന്നാലെ അതിദാരിദ്ര്യ സർവ്വേയിൽ ഉൾപ്പെട്ട കുടുംബങ്ങളുമായി ആലോചിച്ച് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾക്ക് രൂപം നൽകുന്ന പ്രക്രിയകൾ പ്രാദേശിക സർക്കാറുകളിൽ നടന്ന് വരുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പ്രാദേശിക സർക്കാരുകൾ നടത്തിയ വലിയ ശ്രമങ്ങളുടെ ഭാഗമായിട്ടാണ് കേവലം ആറ് മാസത്തിനുള്ളിൽ തന്നെ അതിദാരിദ്ര്യരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ പൂർത്തീകരിക്കുവാൻ സാധിച്ചത്. സർവ്വേയിൽ സ്വീകരിച്ച മാനേജ്മെന്റ് തന്ത്രത്തിന്റെ ഭാഗമായി പ്രാദേശിക സർക്കാറുകൾ ഈ പ്രക്രിയയുടെ ഉടമസ്ഥാവകാശം ഏറ്റെടുക്കുകയും ഈ തിരിച്ചറിയൽ പ്രക്രിയയിൽ ധാരാളം സന്നദ്ധ പ്രവർത്തകരും മറ്റും മുന്നിട്ടിറങ്ങുകയും ചെയ്യുകയുണ്ടായി. അതിദാരിദ്ര്യ സർവ്വേയിലൂടെ കണ്ടെത്തിയ കുടുംബങ്ങൾക്ക് അതിജീവന ഉപജീവന സാധ്യതകൾ ഉറപ്പാക്കുക എന്നത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. ഒരു വലിയ ദൗത്യത്തിലേക്കുള്ള സംസ്ഥാന സർക്കാരിന്റെ ആദ്യ കാൽവയ്പ് ആയിട്ടാണ് അതിദാരിദ്ര പ്രക്രിയയും മൈക്രോപ്ലാനും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

# 1.4 വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

ലാഭകരമായ ആസ്തികളിൽ നിക്ഷേപിക്കാൻ താൽപര്യപ്പെടുന്നവർക്കും സമ്പാദിക്കാൻ ആഗ്രഹിക്കുന്നവർക്കും ഇടയിൽ പണത്തിന്റെ ഒഴുക്ക് സുഗമമാക്കുന്ന ഇടനിലക്കാരായി ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 'എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സാമ്പത്തിക മേഖല' എന്ന നിലയിലേക്ക് ആഗോളതലത്തിൽ ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. ജനസംഖ്യയുടെ ബഹുഭൂരിപക്ഷത്തിനും അവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള നിരവധി സാമ്പത്തിക സേവനങ്ങൾ സ്ഥിരമായി ലഭിക്കുന്നു എന്നാണ് ഇതിനർത്ഥം. പാവപ്പെട്ടവർക്കും വികസനത്തിന്റെ പ്രയോജനം ലഭിക്കണമെന്നുണ്ടെങ്കിൽ സാമ്പത്തിക സേവനങ്ങൾ അവർക്കും ലഭ്യമാക്കണം. ലോകബാങ്കും ഐഎംഎഫും പ്രവചിച്ചതുപോലെ, ലോകത്തിന്റെ വളർച്ചാ നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക് വീണ്ടും വർദ്ധിക്കുകയാണുണ്ടായത്.

### ദേശീയതലത്തിലും സംസ്ഥാന തലത്തിലും ബാങ്കുകളുടെ വളർച്ച

ആർബിഐയുടെ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, 2022 മാർച്ച് അവസാനത്തോടെ 1,51,320 ബാങ്ക് ശാഖകൾ മുഖേന 136 ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ (എസ്‌സിബി)ഇന്ത്യയിൽ പ്രവർത്തിക്കുന്നു. ഇതിൽ 53,069 ശാഖകൾ ഗ്രാമപ്രദേശത്തും 42,532 എണ്ണം അർദ്ധ നഗരപ്രദേശത്തും 27,641 എണ്ണം നഗരപ്രദേശത്തും ബാക്കി 28,078 ശാഖകൾ മെട്രോപൊളിറ്റൻ നഗരങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് (17,686), തുടർന്ന് മഹാരാഷ്ട്രയും (13,220), തമിഴ്നാടും (11,781). കേരളത്തിൽ 6,593 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകളുണ്ട്, ഇത് ഇന്ത്യയിലെ മൊത്തം ബാങ്ക് ശാഖകളുടെ 4.36 ശതമാനമാണ്. ആർബിഐ കണക്കുകൾ പ്രകാരം, മുൻവർഷത്തെ അപേക്ഷിച്ച് 2022 മാർച്ചിൽ കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണത്തിൽ 0.66 ശതമാനം കുറവുണ്ടായി. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) കണക്കുകൾ പ്രകാരം, 2022 മാർച്ചിൽ കേരളത്തിൽ 7,622 ബാങ്ക് ശാഖകളുണ്ട്. ഇതിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്നു. കേരളത്തിൽ ആകെയുള്ള 7,622 ബാങ്ക് ശാഖകളിൽ 12.14 ശതമാനം ശാഖകൾ ഗ്രാമപ്രദേശത്തും 66.37 ശതമാനം ശാഖകൾ അർദ്ധ നഗരപ്രദേശത്തും 21.49 ശതമാനം ശാഖകൾ നഗരപ്രദേശത്തുമാണ്. ആർബിഐ കണക്കുകൾ പ്രകാരം രാജ്യത്തെ അർദ്ധ നഗര പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് കേരളത്തിലാണ്. **(അനുബന്ധം 1.4.1).** എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് 2022 മാർച്ച് വരെ കേരളത്തിലെ ബാങ്കുകളുടെ ഗ്രൂപ്പ് തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല **പട്ടിക 1.4.1**ൽ കാണിച്ചിരിക്കുന്നു.

എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ, 2021 മാർച്ചിൽ 6,319 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകൾ ഉണ്ടായിരുന്നത് 11 എണ്ണത്തിന്റെ വർദ്ധനവോടെ 2022 മാർച്ചിൽ 6,330 ശാഖകളായി ഉയർന്നു. (ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ എന്നിവ മാത്രം ഉൾപ്പെടുന്നു). 2022 മാർച്ചിൽ കേരള ഗ്രാമീണ ബാങ്കിന്റെ ആകെ ശാഖകളുടെ എണ്ണം മുൻവർഷത്തേത് പോലെ 634 തന്നെയാണ്. 2022 മാർച്ച് വരെ കേരളത്തിൽ 294 ചെറുകിട ധനകാര്യ ബാങ്കുകളും 998 കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഉണ്ട്.

### നിക്ഷേപങ്ങൾ

ആർബിഐ കണക്കുകൾ പ്രകാരം, രാജ്യത്തെ മൊത്തം നിക്ഷേപങ്ങളിൽ 2022 മാർച്ച് അവസാനത്തോടെ മുൻ വർഷത്തേക്കാൾ 10.21 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 12.3 ശതമാനത്തിൽ നിന്ന് 2022 മാർച്ചിൽ 10.21 ശതമാനമായി കുറഞ്ഞു. കേരളത്തിലെ മൊത്തം ബാങ്ക്

**പട്ടിക 1.4.1** 2022ൽ കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച്ശൃംഖല, 2022

| ക്രമ നമ്പർ | ബാങ്കുകളുടെ ഇനം | ബ്രാഞ്ചുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ഗ്രാമം | അർദ്ധനഗരം | നഗരം | മൊത്തം |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 142 | 2331 | 832 | 3305 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ-കേരള ഗ്രാമീൺ ബാങ്ക് | 53 | 542 | 39 | 634 |
| 3 | സ്വകാര്യ വാണിജ്യ ബാങ്കുകൾ | 127 | 1671 | 593 | 2391 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 147 | 111 | 36 | 294 |
| 5 | സഹകരണ ബാങ്കുകൾ * | 456 | 404 | 138 | 998 |
| | മൊത്തം | 925 | 5059 | 1638 | 7622 |

* കേരള ബാങ്ക് ശാഖകൾ ഉൾപ്പെടെ

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2022

നിക്ഷേപങ്ങളിൽ 2021 മാർച്ചിനെ അപേക്ഷിച്ച് 2022 മാർച്ചിൽ 9.75 ശതമാനം വർദ്ധനവുണ്ടായി. രാജ്യത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2021 മാർച്ചിൽ 1,54,39,970 കോടി രൂപയായിരുന്നത് 2022 മാർച്ചിലെ കണക്കനുസരിച്ച്, 1,70,15,931 കോടി രൂപയായി. 2022 മാർച്ചിൽ രാജ്യത്തെ മൊത്തം നിക്ഷേപത്തിന്റെ 3.94 ശതമാനമാണ് കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപത്തിന്റെ വിഹിതം. രാജ്യത്ത് ഏറ്റവും ഉയർന്ന നിക്ഷേപ വിഹിതമുള്ളത് മഹാരാഷ്ട്രയാണ് (20.57 ശതമാനം) (അനുബന്ധം 1.4.2). മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2021 മാർച്ചിൽ 14.9 ശതമാനമായിരുന്നത് 2022 മാർച്ചിൽ 11.6 ശതമാനമായി കുറഞ്ഞു, ഗ്രാമപ്രദേശങ്ങളിൽ ഇത് 2021 മാർച്ചിൽ 6.9 ശതമാനമായിരുന്നത് 2022 മാർച്ചിൽ 7.6 ശതമാനമായി വർദ്ധിച്ചു. പൊതുമേഖലാ ബാങ്കുകളിൽ, മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2021 മാർച്ചിലെ 10.4 ശതമാനത്തിൽ നിന്നും 2022 മാർച്ചിൽ 8.0 ശതമാനമായി കുറഞ്ഞു. അതേ സമയം ചെറുകിട ധനകാര്യ ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിൽ 2021 മാർച്ചിലെ 25.6 ശതമാനത്തിൽ നിന്ന് 2022 മാർച്ചിൽ 37.3 ശതമാനത്തിന്റെ വളർച്ചാ നിരക്കാണ് ആർബിഐ റിപ്പോർട്ട് പ്രകാരം കാണിക്കുന്നത്. ചെറുകിട ധനകാര്യ ബാങ്കുകളിലെ മൊത്തത്തിലുള്ള നിക്ഷേപങ്ങളുടെ വളർച്ച വളരെ വേഗത്തിലാണ്, എന്നാൽ പ്രാദേശിക ഗ്രാമീണ ബാങ്കുകളിൽ ഇത് മന്ദഗതിയിലാണ് (5.7 ശതമാനം).


എസ്എൽബിസി കണക്കുകൾ പ്രകാരം, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപം (കൊമേഴ്സ്യൽ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ നിക്ഷേപം ഉൾപ്പെടെ) 2021 മാർച്ചിലെ 6,05,914 കോടി രൂപയിൽ നിന്ന് 2022 മാർച്ചിൽ 6,66,220 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും, എസ്എൽബിസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൊത്തം നിക്ഷേപങ്ങളുടെ വാർഷിക വളർച്ചാ നിരക്ക് 2021 മാർച്ചിലെ 11.31 ശതമാനത്തിൽ നിന്ന് 2022 മാർച്ചിൽ 9.95 ശതമാനമായി കുറയുന്ന പ്രവണത കാണിക്കുന്നു. 2012-2022 കാലയളവിൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച **അനുബന്ധം 1.4.3**ൽ കൊടുത്തിരിക്കുന്നു.

**ആഭ്യന്തര നിക്ഷേപവും പ്രവാസി നിക്ഷേപവും**

എസ്എൽബിസി കണക്കുകൾ പ്രകാരം 2022 മാർച്ചിൽ, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപത്തിൽ 4,27,811 കോടി രൂപ ആഭ്യന്തര നിക്ഷേപവും (മൊത്തം നിക്ഷേപത്തിന്റെ 64.21 ശതമാനം), 2,38,409 കോടി രൂപ പ്രവാസി നിക്ഷേപവുമാണ് (35.79 ശതമാനം). 2021 മാർച്ചിൽ ഇത് യഥാക്രമം 3,76,278 കോടി രൂപയും 2,29,636 കോടി രൂപയുമായിരുന്നു. 2022 മാർച്ചിൽ മൊത്തം ആഭ്യന്തര നിക്ഷേപത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 13.70 ശതമാനമാണ്. ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ്. 2022 മാർച്ചിലെ സംസ്ഥാനത്തെ മൊത്തം പ്രവാസി നിക്ഷേപങ്ങളിൽ 3.82 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. മുൻ വർഷം ഇത് 10 ശതമാനത്തിലേറെയായിരുന്നു. 2021-22 മുതൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച (ആഭ്യന്തരവും, പ്രവാസിയും) **ചിത്രം 1.4.1ൽ** കാണിച്ചിരിക്കുന്നു.

എസ്എൽബിസി കണക്ക് പ്രകാരം, പൊതുമേഖലാ ബാങ്കുകളുടെ 2022 മാർച്ച് വരെയുള്ള മൊത്തം പ്രവാസി നിക്ഷേപം 1,08,971.40 കോടി രൂപയാണ്, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 45.71 ശതമാനമാണ്. സ്വകാര്യമേഖലാ ബാങ്കുകൾക്ക് 1,25,076.47 കോടി രൂപയുടെ പ്രവാസി നിക്ഷേപമുണ്ട്, അതായത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 52.46 ശതമാനം. മുൻവർഷം ഇത് യഥാക്രമം 45.83 ശതമാനവും 52.60 ശതമാനവുമായിരുന്നു. ചെറുകിട ധനകാര്യ ബാങ്കുൾക്ക് 2022 മാർച്ചിൽ പ്രവാസി നിക്ഷേപമായി 2,552.01 കോടി രൂപ ലഭിച്ചു, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 1.07 ശതമാനമാണ്. അതുപോലെ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾക്ക് പ്രവാസി നിക്ഷേപമായി ലഭിച്ചത് 1,808.68 കോടി രൂപയാണ്. സഹകരണ മേഖലയിലെ ബാങ്കുകളിൽ പ്രവാസി നിക്ഷേപത്തിന്റെ വിഹിതം വളരെ തുച്ഛമാണ്. കേരളത്തിലെ പ്രമുഖ ബാങ്കുകളുടെ 2022 മാർച്ച് വരെയുള്ള പ്രവാസി നിക്ഷേപങ്ങളുടെയും വായ്പാ നിക്ഷേപ അനുപാതത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 1.4.4**–ൽ നൽകിയിരിക്കുന്നു.

**ചിത്രം 1.4.1** കേരളത്തിലെ ആഭ്യന്തര, പ്രവാസി ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച - 2012 മുതൽ 2022 വരെ (രൂപ കോടിയിൽ)





അവലംബം : സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2022

### വായ്പകൾ

2022 മാർച്ചിലെ എസ്എൽബിസി കണക്കുകൾ പ്രകാരം, വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും സംസ്ഥാനത്ത് വായ്പയായി 4,78,657.12 കോടി രൂപ വിതരണം ചെയ്തു. 2021 മാർച്ചിൽ വായ്പയായി നൽകിയ 4,43,554.33 കോടി രൂപയേക്കാൾ 7.91 ശതമാനം കൂടുതലാണിത്. പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ (എസ്എഫ്ബി) എന്നിവയുൾപ്പെടെ എല്ലാ വാണിജ്യ ബാങ്കുകളും ചേർന്ന് 2022 മാർച്ച് അവസാനത്തോടെ 4,24,625.73 കോടി രൂപ വിതരണം ചെയ്തു. 2021 മാർച്ചിൽ ഇത് 3,92,669.16 കോടി രൂപയായിരുന്നു. ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവർ നൽകിയ വായ്പകൾ യഥാക്രമം 2,32,866.27 കോടി രൂപ, 1,66,524.59 കോടി രൂപ, 19,276.34 കോടി രൂപ, 5,958.53 കോടി രൂപ എന്നിങ്ങനെയാണ്. മുൻവർഷത്തെ അപേക്ഷിച്ച് മുൻഗണനാ മേഖലകളിൽ നൽകിയ വായ്പയിൽ (പിഎസ്എ) ഏഴ് ശതമാനത്തിന്റെ വർദ്ധനവുണ്ട്. പൊതുമേഖലാ വാണിജ്യബാങ്കുകൾ അവരുടെ വായ്പയുടെ 48.75 ശതമാനം (പ്രാഥമികമേഖലയിൽ) വിതരണം ചെയ്തു, ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ് 44.54 ശതമാനം;

**ചിത്രം 1.4.2** പ്രാഥമിക മേഖലയിലെ വായ്പ വിതരണത്തിന്റെ വിഹിതം, മാർച്ച് 2022





അവലംബം : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2022

സഹകരണ ബാങ്കുകൾ അവരുടെ വായ്പയുടെ 12.34 ശതമാനം മാത്രമാണ് പ്രാഥമികമേഖലയ്ക്ക് നൽകിയത്. മുൻ വർഷം ഇത് 20.30 ശതമാനമായിരുന്നു. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിൽ കേരള ഗ്രാമീൺ ബാങ്കിന്റെ വിഹിതം 14.03 ശതമാനമാണ്. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിലെ വിഹിതം **ചിത്രം 1.4.2**ൽ കാണിച്ചിരിക്കുന്നു. ആർ ബി ഐയുടെ ത്രൈമാസ റിപ്പോർട്ട് പ്രകാരം പ്രമുഖ സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ നൽകിയ വായ്പാധനസഹായങ്ങളുടെ **പട്ടിക അനുബന്ധം 1.4.5**ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**കാർഷിക വായ്പകൾ**

2022 മാർച്ചിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ മുഖേനയുള്ള ആകെ കാർഷിക വായ്പ, 2021 മാർച്ചിലെ 95,676 കോടി രൂപയിൽ നിന്നും 9.6 ശതമാനം വർദ്ധിച്ച് 1,04,841.94 കോടി രൂപയായി. മുൻവർഷത്തെ പോലെ 2022 മാർച്ചിലും മൊത്തം വായ്പയുടെ 22 ശതമാനം തന്നെയാണ് കാർഷിക വായ്പയായി നൽകിയത്. 2022 മാർച്ച് വരെ കാർഷിക വായ്പയിൽ വിവിധ ബാങ്കുകളുടെ വിഹിതം **ചിത്രം 1.4.3**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 1.4.3** 2022 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം




അവലംബം : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2022

**പട്ടിക ജാതി/പട്ടിക വർഗ്ഗ, ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ**

2022 മാർച്ചിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് വിവിധ ബാങ്കുകൾ വഴി പട്ടികജാതി (എസ്‌സി), പട്ടികവർഗ (എസ്ടി) വിഭാഗക്കാർക്ക് യഥാക്രമം 2335.98 കോടി രൂപയും 398.72 കോടി രൂപയും വായ്പയായി വിതരണം ചെയ്തു. 2021 മാർച്ചിൽ ഇത് യഥാക്രമം 5,354.1 കോടി രൂപയും, 1,205.7 കോടി രൂപയുമായിരുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് പട്ടിക ജാതി /പട്ടിക വർഗ്ഗവിഭാഗക്കാർക്ക് ബാങ്കുകൾ നൽകിയ വായ്പയിൽ, പട്ടികജാതി വിഭാഗത്തിൽ 56.37 ശതമാനത്തിന്റെ കുറവും പട്ടിക വർഗ്ഗ വിഭാഗത്തിൽ 66.93 ശതമാനത്തിന്റെ കുറവും ഉണ്ടായതായാണ് കാണുന്നത്. സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്ക് നൽകിയ വായ്പാ തുക മുൻവർഷത്തെ അപേക്ഷിച്ച് 16.97 ശതമാനം വർദ്ധിച്ചു. അതായത് 2022 മാർച്ചിൽ വായ്പയായി നൽകിയ തുക 101759.09 കോടി രൂപയും 2021 മാർച്ചിൽ ഇത് 86,995 കോടി രൂപയുമായിരുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 2022 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ഇനം തിരിച്ച് **പട്ടിക 1.4.2**ൽ നൽകിയിട്ടുണ്ട്.

**ഭവനവായ്പ**

എസ്എൽബിസി കണക്കുകൾ പ്രകാരം വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഉൾപ്പെടെ കേരളത്തിലെ ബാങ്കുകൾ 2022 മാർച്ചിൽ 7,52,631 ഗുണഭോക്താക്കൾക്ക് ഭവനവായ്പയായി 41,842.51 കോടി രൂപ അനുവദിച്ചു. 2021 മാർച്ചിൽ ഇത് 7,11,356 ഗുണഭോക്താക്കൾക്ക് 39,507 കോടി രൂപയായിരുന്നു. 2021 മാർച്ചിനെ അപേക്ഷിച്ച് 2022 മാർച്ചിൽ അനുവദിച്ച മൊത്തം ഭവന വായ്പയിൽ 5.91 ശതമാനം വർദ്ധനവുണ്ടായി. അവലോകന കാലയളവിൽ പൊതുമേഖലാ ബാങ്കുകൾ 3,07,988 ഗുണഭോക്താക്കൾക്ക് 23,864.67 കോടി രൂപയും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 60,928 ഗുണഭോക്താക്കൾക്ക് 3,152.28 കോടി രൂപയും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ 98,472 ഗുണഭോക്താക്കൾക്ക് 5899.12 കോടി രൂപയും ചെറുകിട ധനകാര്യ ബാങ്കുകൾ 4,791 ഗുണഭോക്താക്കൾക്ക് 129.90 കോടി രൂപയും, സഹകരണ ബാങ്കുകൾ 2,80,452 ഗുണഭോക്താക്കൾക്ക് 8,796.55 കോടി രൂപയും ഭവന വായ്പയായി വിതരണം ചെയ്തു. ഭവന വായ്പയുടെ ഭൂരിഭാഗവും (57 ശതമാനം) വിതരണം ചെയ്യുന്നത് പൊതു മേഖല വാണിജ്യ ബാങ്കുകളാണ്. രണ്ടാം സ്ഥാനത്ത് സഹകരണ ബാങ്കുകളാണ് (21 ശതമാനം).

**വിദ്യാഭ്യാസ വായ്പ**

സംസ്ഥാനത്ത് 2022 മാർച്ച് വരെ 2,95,717 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയായി 11,129.03 കോടി രൂപ അനുവദിച്ചു. ആകെ അനുവദിച്ച തുകയിൽ 3.62 ശതമാനം വർധനവുണ്ടായെങ്കിലും മുൻവർഷത്തെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണത്തിൽ 15.16 ശതമാനം കുറവുണ്ടായി. മൊത്തം വിദ്യാഭ്യാസ വായ്പയുടെ 84 ശതമാനവും പൊതുമേഖലാ വാണിജ്യ ബാങ്കുകളാണ് വിതരണം ചെയ്തത്. അതായത് 2,20,795 വിദ്യാർത്ഥികൾക്ക് 9335.49 കോടി രൂപ. പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 17,455 വിദ്യാർത്ഥികൾക്ക് 517.61 കോടി രൂപയും സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ 31414 വിദ്യാർത്ഥികൾക്ക് 1157.73 കോടി രൂപയും വിതരണം ചെയ്തു. ചെറുകിട ധനകാര്യ ബാങ്കുകൾ 23,810 വിദ്യാർത്ഥികൾക്ക് 49.84 കോടി രൂപ വിതരണം ചെയ്തു. സഹകരണ ബാങ്കുകൾ

**പട്ടിക 1.4.2** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2022 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ)

| ക്രമ നമ്പർ | ബാങ്ക് | പട്ടികജാതിക്കാർക്കുള്ള വായ്പ 2022 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2022 | | പട്ടികജാതിക്കാർക്കുള്ള വായ്പ 2021 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2021 | | 2021നെ അപേക്ഷിച്ച് 2022ൽ എസ്.സി വായ്പയിൽ ഉണ്ടായ വർദ്ധനവ്/കുറവ് ശതമാനത്തിൽ | 2021നെ അപേക്ഷിച്ച് 2022ൽ എസ്.ടി വായ്പയിൽ ഉണ്ടായ വർദ്ധനവ്/കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | | |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 53735 | 979.95 | 10161 | 193.53 | 163643 | 3164.92 | 34140 | 706.63 | -69.04 | -72.61 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 49015 | 381.99 | 11482 | 67.68 | 37264 | 271.15 | 20065 | 146 | 40.88 | -53.64 |
| 3 | സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | 127103 | 356.17 | 28977 | 74.71 | 252138 | 693 | 66701 | 144.18 | -48.60 | -48.18 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 13233 | 40.94 | 4151 | 14.82 | 152042 | 374.27 | 58641 | 147.07 | -89.06 | -89.92 |
| 5 | സഹകരണ ബാങ്കുകൾ | 23615 | 576.93 | 3008 | 47.98 | 35462 | 850.71 | 7759 | 61.82 | -32.18 | -22.39 |
| | മൊത്തം | 266701 | 2335.98 | 57779 | 398.72 | 640549 | 5354.05 | 187306 | 1205.7 | -56.37 | -66.93 |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2022

2022 മാർച്ചിൽ 2,243 വിദ്യാർത്ഥികൾക്കായി 68.36 കോടി രൂപ വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തു.

**വായ്പാ നിക്ഷേപ അനുപാതം**

ആർബിഐയുടെ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് ഇന്ത്യയിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2022 മാർച്ച് അവസാനത്തോടെ 71.47 ശതമാനത്തിൽ നിന്ന് 71.87 ശതമാനമായി നേരിയ തോതിൽ വർദ്ധിച്ചുവെന്നാണ്. 2022 മാർച്ചിൽ ആന്ധ്രാപ്രദേശിലാണ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം, (138.78 ശതമാനം). തമിഴ്‌നാടിന്റെ (101.58 ശതമാനം) വായ്പാ നിക്ഷേപ അനുപാതം മുൻവർഷത്തെപ്പോലെ രണ്ടാം സ്ഥാനത്ത് തന്നെ തുടരുന്നു. മഹാരാഷ്ട്രയുടെ വായ്പാ നിക്ഷേപ അനുപാതം കുറയുന്ന പ്രവണത കാണിക്കുന്നു. അതായത്, 2021 മാർച്ചിലെ 94.83 ശതമാനത്തിൽ നിന്ന് 2022 മാർച്ചിൽ 90.91 ശതമാനമായി. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തെലങ്കാനയ്ക്കും ഉയർന്ന വായ്പാ നിക്ഷേപ അനുപാതമുണ്ട് (96.96 ശതമാനം). 2021ലും ആന്ധ്രപ്രദേശിലാണ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം ഉണ്ടായിരുന്നത്.

ആർബിഐ റിപ്പോർട്ട് പ്രകാരം, 2022 മാർച്ച് വരെ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 61.68 ശതമാനമാണ് (അനുബന്ധം 1.4.6). കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 9.75 ശതമാനം വർദ്ധിച്ചു, അതായത് 2021 മാർച്ചിലെ 6,10,519 കോടി രൂപയിൽ നിന്ന് 2022 മാർച്ചിൽ 6,70,023 കോടി രൂപയായി. ആകെ വായ്പ 2021 മാർച്ചിലെ 3,75,588 കോടി രൂപയിൽ നിന്നും 10.04 ശതമാനം വർദ്ധിച്ച് 4,13,288 കോടി രൂപയായി. എസ്എൽബിസി കണക്കുകൾ പ്രകാരം, സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ ബാങ്കുകളുടെയും, 2022 മാർച്ച് വരെയുള്ള വായ്പാ നിക്ഷേപ അനുപാതം 64.59 ശതമാനമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2022 മാർച്ചിലും 65 ശതമാനമായിതന്നെ തുടരുന്നു. പൊതുമേഖലാ ബാങ്കുകളിൽ ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം ആന്ധ്രാപ്രദേശിലാണ്; 2021 മാർച്ചിലെ 136.20 ശതമാനത്തിൽ നിന്ന് 2022 മാർച്ചിൽ 145.62 ശതമാനമായി വർദ്ധിച്ചു. രണ്ടാമത്തെ ഉയർന്ന വായ്പാ നിക്ഷേപ അനുപാതം തെലങ്കാനയ്ക്കാണ്. 2021 മാർച്ചിലെ 95.10 ശതമാനത്തിൽ നിന്നും 2022 മാർച്ചിൽ 105.62 ശതമാനമായി ഉയർന്നു. 2021 മാർച്ചിൽ (103.05 ശതമാനം) രണ്ടാം സ്ഥാനത്തായിരുന്ന തമിഴ്നാട് 2022 മാർച്ചിൽ (99.76 ശതമാനം) വായ്പാ നിക്ഷേപ അനുപാതത്തിൽ കുറവ് രേഖപ്പെടുത്തി. കേരളത്തിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2021 മാർച്ചിലെ 64.74 ശതമാനത്തിൽ നിന്ന് 2022 മാർച്ചിൽ 65.85 ശതമാനമായി ഉയർന്നു. (അനുബന്ധം 1.4.7). കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽ, നിക്ഷേപങ്ങളുടെ പ്രധാന പങ്കം (57.70 ശതമാനം) സ്റ്റേറ്റ്

ബാങ്ക് ഓഫ് ഇന്ത്യക്കാണ്. എന്നാൽ ബാങ്ക് ഗ്രൂപ്പിലെ ഏറ്റവും താഴ്ന്ന വായ്പാ നിക്ഷേപ അനുപാതവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്കാണ്; 2022 മാർച്ചിൽ 48.48 ശതമാനമാണ് അവരുടെ വായ്പാ നിക്ഷേപ അനുപാതം.

### ബാങ്കിംഗ് സ്ഥിതി വിവര കണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം

ആർബിഐ സ്ഥിതിവിവരക്കണക്കുകളുടെ ജില്ല തിരിച്ചുള്ള വിശകലനത്തിൽ എറണാകുളത്താണ് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ഏറ്റവും കൂടുതൽ ശാഖകൾ പ്രവർത്തിക്കുന്നത്. എന്നാൽ ബാങ്ക് ശാഖകളുടെ എണ്ണം 2021 മാർച്ചിൽ 1,013 ആയിരുന്നത് 2022 മാർച്ചിൽ 1008 ആയി കുറഞ്ഞു. തൃശ്ശൂർ (756), തിരുവനന്തപുരം (742) എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലാണ്. ഏറ്റവും കുറവ് ബാങ്ക് ശാഖകളുള്ള വയനാട്ടിൽ, ശാഖകളുടെ എണ്ണം 147ൽ നിന്ന് 143 ആയി കുറഞ്ഞു. (അനുബന്ധം 1.4.8). 2022 മാർച്ച് വരെയുള്ള കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിതരണം **ചിത്രം 1.4.4ൽ** കാണിച്ചിരിക്കുന്നു.

### കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല

കേരളത്തിന്റെ വികസനത്തിൽ സഹകരണ ബാങ്കുകൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൊത്തം ബാങ്ക് ശാഖകളുടെ 13 ശതമാനവും സഹകരണ മേഖലയിലാണ്. 2022 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിൽ 998 സഹകരണ ബാങ്ക് ശാഖകളുണ്ട്. ആകെയുള്ള 998 ശാഖകളിൽ 456 എണ്ണം ഗ്രാമപ്രദേശത്തും 404 എണ്ണം അർദ്ധ നഗരപ്രദേശത്തും 138 എണ്ണം നഗരപ്രദേശത്തുമാണുള്ളത്.


വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ മൊത്തം നിക്ഷേപം 2022 മാർച്ച് വരെ 7,41,122 കോടി രൂപയാണ്, ഇതിൽ 10 ശതമാനവും സഹകരണ മേഖലയിൽ നിന്നാണ്. മൊത്തം ബിസിനസിൽ (നിക്ഷേപങ്ങളും, വായ്പകളും ഒരുമിച്ച്) സഹകരണ ബാങ്കുകളുടെ വിഹിതം മുൻവർഷത്തെതുപോലെ തന്നെ 11 ശതമാനമാണ്. 2022 മാർച്ചിൽ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള മൊത്തം വായ്പ 4,78,657 കോടി രൂപയായിരുന്നു, ഇതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 54,031 കോടി രൂപയാണ്. 2022 മാർച്ച് വരെ സംസ്ഥാനത്തെ വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നുള്ള മൊത്തം കാർഷിക വായ്പ 1,04,842 കോടി രൂപയും അതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 10,094 കോടി രൂപയുമാണ്. കാർഷിക വായ്പയിൽ സഹകരണ സംഘങ്ങളുടെ വിഹിതം 2021 മാർച്ചിലെ 9 ശതമാനത്തിൽ നിന്ന് 2022 മാർച്ചിൽ 10 ശതമാനമായി വർദ്ധിച്ചു. സഹകരണ ബാങ്കുകൾ അവരുടെ വായ്പയുടെ 64 ശതമാനം മുൻഗണനാ മേഖലയ്ക്കും 6 ശതമാനം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്കും നൽകുന്നു. ബാങ്കിംഗ് മേഖലയിലെ സഹകരണ മേഖലയുടെ പ്രകടനം **പട്ടിക 1.4.3ൽ** കാണിച്ചിരിക്കുന്നു.

### ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ

#### കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ)

1969ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമാണ് (MNBC). കെഎസ്എഫ്ഇയുടെ പ്രധാന ബിസിനസ് വിഭാഗങ്ങൾ ചിട്ടി, ലോണുകളും

**ചിത്രം 1.4.4** കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിതരണം.




അവലംബം: ഭാരതീയ റിസർവ് ബാങ്കിന്റെ ത്രൈമാസ റിപ്പോർട്ട്, മാർച്ച് 2022

**പട്ടിക 1.4.3** കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2022 (രൂപ കോടിയിൽ)

| | | മാർച്ച്2022 | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ഘടകം | സഹകരണ മേഖല | വാണിജ്യ ബാങ്കുകൾ + പ്രാദേശിക ഗ്രാമീണ ബാങ്കുകൾ + ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ | ആകെബാങ്കിംഗ് മേഖല | സഹകരണ മേഖലയുടെ വിഹിതം (%) |
| 1 | ശാഖകൾ | | 6622 | 7622 | 13 |
| 2 | ആകെ നിക്ഷേപങ്ങൾ | 74902 | 666220 | 741122 | 10 |
| 3 | ആകെ വായ്പകൾ | 54031 | 424626 | 478657 | 11 |
| 4 | ആകെ ബിസിനസ്സ് | 128933 | 1090846 | 1219779 | 11 |
| 5 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ | 34704 | 203194 | 237898 | 14 |
| 6 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ (ശതമാനം) | 64% | 48% | 50% | .... |
| 7 | കാർഷിക വായ്പകൾ | 10094 | 94748 | 104842 | 10 |
| 8 | കാർഷിക വായ്പകൾ (ശതമാനം) | 19% | 22% | 22% | .... |
| 9 | എം.എസ്.എം.ഇ വായ്പകൾ | 3004 | 64957 | 67961 | 4 |
| 10 | എം.എസ്.എം.ഇ വായ്പകൾ (ശതമാനം) | 6% | 15% | 14% | ...... |
| 11 | വായ്പ നിക്ഷേപ അനുപാതം | | 63.74% | 64.59% | ...... |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2022

അഡ്വാൻസുകളും, നിക്ഷേപങ്ങൾ എന്നിവയാണ്. 2022 മാർച്ച് വരെയുള്ള മൊത്തം വിറ്റുവരവ് 59,323 കോടി രൂപയാണ്. കെ.എസ്.എഫ്.ഇയുടെ 2021-22 ലെ ബിസിനസ്സ് സംബന്ധിച്ച വിവരങ്ങൾ **പട്ടിക 1.4.4**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.4.4** കെ.എസ്.എഫ്.ഇയുടെ 2021 -22 വർഷത്തെ ബിസിനസ്

| ക്രമ നമ്പർ | വിശദാംശങ്ങൾ | രൂപ (കോടിയിൽ) |
|---|---|---|
| 1 | ചിട്ടി (വാർഷിക സലാ ) | 30688 |
| 2 | വായ്പകൾ (ഔട്ട്സ്റ്റാൻഡിങ്) | 9115 |
| 3 | നിക്ഷേപങ്ങൾ (ഔട്ട്സ്റ്റാൻഡിങ്) | 19520 |
| | മൊത്തം വിറ്റുവരവ് | 59,323 |

അവലംബം: കെ.എസ്.എഫ്.ഇ

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി)**

1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റിന് കീഴിൽ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) കേരളത്തിന്റെ വികസനത്തിലും വ്യവസായവൽക്കരണത്തിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. കെഎഫ്സിയുടെ അറ്റലാഭം 2020-21ലെ 6.6 കോടി രൂപയിൽ നിന്ന് 2021-22ൽ 13.20 കോടി രൂപയായി ഉയർന്നു. 500 എംഎസ്എംഇ യൂണിറ്റുകൾക്ക് 100 ലക്ഷം രൂപ വരെ എല്ലാ വർഷവും ധനസഹായം നൽകുന്നത് ലക്ഷ്യമിടുന്ന 'മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി (സിഎംഇഡിപി) കെഎഫ്സി മുഖേന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. കെഎഫ്സിയെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1.5 സംസ്ഥാനത്തിന്റെ ധനസ്ഥിതി

പ്രകൃതിദുരന്തങ്ങൾ, കോവിഡ്-19 മഹാമാരി എന്നിവയുടെ ഭവിഷ്യത്തുകൾക്കൊപ്പം ആഗോള സാമ്പത്തിക മാന്ദ്യത്തിനിടയിലും സംസ്ഥാനത്തിന്റെ പൊതുധനകാര്യം സർക്കാർ ഫലപ്രദമായി കൈകാര്യം ചെയ്തു വരുന്നു. റഷ്യ-ഉക്രെയിൻ യുദ്ധം നിമിത്തം ഉണ്ടായ പണപ്പെരുപ്പം ലോക സമ്പദ്‌വ്യവസ്ഥയെ അസ്ഥിരപ്പെടുത്തി. തുടർച്ചയായ പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുവാൻ ആഗോള നാണയ നയം കർശനമാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ബാങ്കുകൾ സ്വീകരിച്ചു. യു.എസ് ഫെഡ് ഫണ്ട് നിരക്കിലുണ്ടായ വർദ്ധന പല രാജ്യങ്ങളുടെയും പ്രത്യേകിച്ച്, വികസ്വര രാജ്യങ്ങളിലെ പേയ്മെന്റ് ബാലൻസിൽ ദൂരവ്യാപകമായ മാറ്റങ്ങൾ വരുത്തി. ഉയർന്ന പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി പലിശ നിരക്ക് ഉയർത്തിക്കൊണ്ടുള്ള ഒരു ധന നയം ഇന്ത്യയും സ്വീകരിച്ചു.

ഈ അവസരത്തിലും ക്ഷേമ പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുവാനുള്ള എല്ലാ ശ്രമങ്ങളും കേരളം ഏറ്റെടുത്തിട്ടുണ്ട്. സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവേകുന്നതിനും സാമ്പത്തിക മാന്ദ്യം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള സർക്കാരിന്റെ സാമ്പത്തിക ശേഷി നിർണ്ണയിക്കുന്നത് വായ്പയെടുക്കാനുള്ള ശേഷി, സർക്കാരിന്റെ വരുമാനം എന്നിവ കണക്കിലെടുത്താണ്. മഹാമാരി കാലഘട്ടത്തിലും അതിനുശേഷവും സംസ്ഥാനത്തിന്റെ തനത് നികുതി - നികുതിയേതര വരുമാനത്തിന്റെ വളർച്ചയിലുണ്ടായ ശോഷണം കണക്കിലെടുത്ത്, ബജറ്റ് ചെലവുകൾക്ക് ധനസഹായം നൽകുന്നതിനായി കേന്ദ്രത്തിൽ നിന്നുള്ള വിഭവ വിഹിതം വർധിപ്പിക്കുന്നതിന്റെ ആവശ്യകതയേറി. എന്നിരുന്നാലും ഈ രംഗത്തെ പുരോഗതി കേരളത്തിന് അനുകൂലമായിട്ടുള്ളതല്ല. സംസ്ഥാനത്തേക്കുള്ള കേന്ദ്ര വിഭവ കൈമാറ്റത്തിന്റെ ഘടകങ്ങളിൽ (i) ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന പ്രകാരമുള്ള കേന്ദ്ര നികുതി വിഹിതം (ii) റവന്യൂ കമ്മി നികത്തൽ, ദുരിതാശ്വാസം, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സഹായം, ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മേഖലാധിഷ്ഠിത, സംസ്ഥാനാധിഷ്ഠിത പദ്ധതികൾക്കുള്ള ധനസഹായം എന്നിവയുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്, കൂടാതെ (iii) കേന്ദ്ര സർക്കാരും മന്ത്രാലയങ്ങളും വിതരണം ചെയ്യുന്ന ഗ്രാന്റുകൾ എന്നിവ ഉൾപ്പെടുന്നു.

പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര സർക്കാരിന്റെ പങ്കുവയ്ക്കാവുന്ന മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത 32 ശതമാനത്തിൽ നിന്ന് 42 ശതമാനമായി ഉയർത്തി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 41 ശതമാനം ശുപാർശ ചെയ്തു. എന്നിരുന്നാലും, പല കാരണങ്ങളാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ യഥാർത്ഥ ചിത്രം ഈ കണക്കുകൾ വെളിപ്പെടുത്തുന്നില്ല. വർഷങ്ങളായി കേന്ദ്ര സർക്കാർ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനങ്ങളുമായി പങ്കിടാവുന്ന നികുതിയിൽ ഉൾപ്പെടാത്ത സർചാർജുകളിലും സെസുകളിലും വർധനവ് വരുത്തുന്നു. രണ്ടാമതായി, ആസൂത്രണ കമ്മീഷനും കേന്ദ്ര പദ്ധതികളും നിർത്തലാക്കുകയും ഗാഡ്ഗിൽ ഫോർമുലയുടെ അടിസ്ഥാനത്തിൽ പ്ലാൻ ഗ്രാന്റായി നൽകിയിരുന്ന കേന്ദ്രസഹായം ഇല്ലാതാക്കുകയും ചെയ്തു. അവസാനമായി, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (സിഎസ്എസ്) കേന്ദ്ര വിഹിതം 75 ശതമാനത്തിൽ നിന്ന് 60 ശതമാനമായി കുറച്ചു. തൻമൂലം സംസ്ഥാനങ്ങളുടെ തനതു വിഭവങ്ങളുടെ ഏറിയ പങ്കും മുൻഗണന നൽകിയ പദ്ധതികൾക്ക് നൽകാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി വകയിരുത്തേണ്ടി വരുന്നു.

ചരക്ക് സേവന നികുതി സമ്പ്രദായം നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം നിർണ്ണയിക്കുന്നതിനുള്ള ചട്ടക്കൂടിൽ സമൂല മാറ്റം സംഭവിച്ചു. കൂടാതെ, റവന്യൂ കമ്മി ഗ്രാന്റ് വെട്ടിക്കുറച്ചതും ജി.എസ്.ടി നഷ്ടപരിഹാരം നിർത്തിയതും പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പിന് ഏർപ്പെടുത്തിയ പുതിയ വ്യവസ്ഥയും (അതായത്, സംസ്ഥാന സർക്കാർ

പിരിച്ചെടുത്ത നികുതിയുടെ ഒരു ഭാഗം നൽകുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തുന്ന രീതി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ, ആഗോള രാഷ്ട്രീയ അനിശ്ചിതത്വങ്ങളും അതോടനുബന്ധിച്ചുള്ള ദേശീയ, പ്രാദേശിക സാമ്പത്തിക മാന്ദ്യവും കാരണം സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തുടർന്നും നിലനിന്നേക്കാം. എന്നിരുന്നാലും 2020-21നെ അപേക്ഷിച്ച് 2021-22 വർഷത്തിൽ സംസ്ഥാനത്തിന്റെ പ്രധാന ധന സൂചകങ്ങളിൽ നേരിയ പുരോഗതി കാണുന്നു.

**പ്രധാന കമ്മി സൂചകങ്ങൾ**

റവന്യൂ കമ്മി 2020-21ൽ 2.51 ശതമാനമായിരുന്നത് 2021-22ൽ 2.29 ശതമാനമായി. 2022-23 ലെ ബജറ്റ് എസ്റ്റിമേറ്റുകൾ പ്രകാരം റവന്യൂ കമ്മി 2.3 ശതമാനമായിരിക്കുമെന്നു കണക്കാക്കുന്നു. ധനകമ്മിയും മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനവും തമ്മിലുള്ള അനുപാതം 2020-21 ൽ 4.57 ശതമാനമായിരുന്നത് 2021-22-ൽ 4.11 ശതമാനമായി കുറയുകയും 2022-23ൽ 3.91 ശതമാനമായിരിക്കുമെന്നു കണക്കാക്കുകയും ചെയ്യുന്നു. 2012-13 മുതൽ 2022-23 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ പ്രധാന കമ്മി സൂചകങ്ങൾ **പട്ടിക 1.5.1**ൽ കാണിച്ചിരിക്കുന്നു.

**വരുമാനം**

സംസ്ഥാനസർക്കാരിന്റെ വരവുകളെ റവന്യൂ വരുമാനം മൂലധന വരുമാനം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂ വരുമാനം. എന്നാൽ മൂലധന വരുമാനത്തിൽ ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള വായ്പാ വരുമാനം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ഓഹരി നിക്ഷേപങ്ങൾ/ പൊതുസ്വത്ത് വിറ്റഴിക്കലിൽ നിന്നുള്ള വരുമാനം, വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവുകൾ, പബ്ളിക് അക്കൗണ്ടിലെ ശേഖരണങ്ങൾ എന്നിവ ഉൾപ്പെടുന്നു.

**റവന്യൂ വരുമാനം**

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2012-13 ലെ 44,137.31 കോടി രൂപയിൽ നിന്ന് 2021-22 ൽ 1,16,640.24 കോടി രൂപയായി വർദ്ധിച്ചു, സംയുക്ത വാർഷിക വളർച്ചാ നിരക്ക് 11.40 ശതമാനമാണ്. റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക് 2012-13 ലെ 16.12 ശതമാനത്തിൽ നിന്ന് 2021-22ൽ 19.49 ശതമാനമായി വർദ്ധിച്ചു. ജിഎസ്ഡിപിക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2020-21ലെ 12.66 ശതമാനത്തിൽ നിന്ന് 2021-22ൽ 12.86 ശതമാനമായി വർധിച്ചു.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന ഘടകം തനത് നികുതി വരുമാനമാണ്. 2021-22ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 58,340.52 കോടി രൂപയായിരുന്നു (50.02 ശതമാനം). പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം 10,462.51 കോടി രൂപയും (8.97 ശതമാനം), കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതം 47,837.21 കോടി രൂപയും (41.01 ശതമാനം), കേന്ദ്രം അനുവദിച്ച തുകയിൽ നികുതി വിഹിതം 17,820.09 കോടി രൂപയും ഗ്രാന്റുകൾ, ധനസഹായം എന്നിവയുടെ വിഹിതം 30,017.12 കോടി രൂപയുമാണ്. കേന്ദ്രത്തിൽ നിന്നും ലഭിച്ച പദ്ധതി വിഹിതത്തിൽ 21,743.99 കോടി രൂപയാണ് ധനകാര്യ കമ്മീഷൻ അവാർഡ്. വിവിധ സ്രോതസ്സുകളിൽ


**പട്ടിക 1.5.1** പ്രധാന കമ്മി സൂചകങ്ങൾ 2012-13 മുതൽ 2022-23 വരെ, കോടി രൂപയിൽ

| വർഷം | റവന്യൂ കമ്മി | | ധന കമ്മി | | പ്രാഥമിക കമ്മി | |
|---|---|---|---|---|---|---|
| | തുക | ജി.എസ്.ഡി.പിയുടെ ശതമാനം | തുക | ജി.എസ്.ഡി.പിയുടെ ശതമാനം | തുക | ജി.എസ്.ഡി.പിയുടെ ശതമാനം |
| 2012-13 | 9351.45 | 2.27 | 15002.47 | 3.64 | 7797.66 | 1.89 |
| 2013-14 | 11308.60 | 2.43 | 16944.13 | 3.64 | 8678.74 | 1.87 |
| 2014-15 | 13796.00 | 2.69 | 18641.72 | 3.64 | 8872.13 | 1.73 |
| 2015-16 | 9656.81 | 1.73 | 17818.46 | 3.20 | 6707.61 | 1.20 |
| 2016-17 | 15484.59 | 2.44 | 26448.35 | 4.17 | 14331.85 | 2.26 |
| 2017-18 | 16928.21 | 2.41 | 26837.41 | 3.83 | 11717.48 | 1.67 |
| 2018-19 | 17461.92 | 2.22 | 26958.30 | 3.42 | 10210.39 | 1.30 |
| 2019-20 | 14495.25 | 1.78 | 23837.48 | 2.93 | 4622.78 | 0.57 |
| 2020-21* | 20063.50 | 2.51 | 35203.69 | 4.57 | 14228.33 | 1.85 |
| 2021-22* | 20799.96 | 2.29 | 37306.47 | 4.11 | 14003.65 | 1.54 |
| 2022-23 ബജറ്റ് എസ്റ്റിമേറ്റ് | 22968.09 | 2.30 | 39116.62 | 3.91 | 13150.76 | 1.32 |

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

കുറിപ്പ് * ധനമന്ത്രാലയം, ചെലവ് വകുപ്പ് (പബ്ലിക് ഫിനാൻസ് സ്റ്റേറ്റ് ഡിവിഷൻ), ഭാരത സർക്കാരിന്റെ 10.12.2021 ലെ എഫ്. 40(1) പിഎഫ്-എസ് 2021-22 നമ്പർ കത്ത് അനുസരിച്ച്, ജി.എസ്.റ്റി. നഷ്ടപരിഹാരത്തിന് പകരമായി ലഭിച്ച വായ്പ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിക്ക് പുറമേയുള്ളതും ഈ വായ്പയുടെ തിരിച്ചടവ് ബാധ്യത സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സിൽ നിന്ന് നൽകേണ്ടതില്ലാത്തതുമാണ് . അതിനാൽ, 2020-21, 2021-22 വർഷങ്ങളിൽ ജി.എസ്.റ്റി. നഷ്ടപരിഹാരമായി യഥാക്രമം ലഭിച്ച 5,766 കോടി രൂപയും 8,739.31 കോടി രൂപയും പകരമായി ലഭിച്ച വായ്പ, റവന്യൂ ഗ്രാന്റായി കണക്കാക്കിയാണ് സാമ്പത്തിക സൂചകങ്ങൾ നിർണ്ണയിക്കുന്നത്.

**ചിത്രം 1.5.1** കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ച




അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ


നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ **ചിത്രം 1.5.1**ൽ നൽകിയിരിക്കുന്നു. സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.1** ലും നൽകിയിരിക്കുന്നു.

2013-14ൽ മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്ര വിഹിതത്തിന്റെ അനുപാതം 23.6 ശതമാനമായിരുന്നു. 2014-15 ന് ശേഷം മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്ര വിഹിതം വർധിച്ചതിന് കാരണം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾക്ക് നേരിട്ട് നൽകുന്ന രീതി ഒഴിവാക്കി സംസ്ഥാന ബജറ്റ് വഴി നൽകുന്നതുകൊണ്ടാണ്. 2020-21ൽ 43.67 ശതമാനം എന്ന ഏറ്റവും ഉയർന്ന നിലയിലെത്തിയ ശേഷം, കേന്ദ്ര സഹായത്തിന്റെ വിഹിതം 2021-22ൽ 41.01 ശതമാനമായി കുറഞ്ഞു. 2022-23ൽ ഇത് 35.97 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.റ്റി നഷ്ടപരിഹാരം 2022 ജൂൺ മുതൽ നിർത്തലാക്കിയതും റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും വരും വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ വഷളാക്കും. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനം **ചിത്രം 1.5.2**ൽ കൊടുത്തിരിക്കുന്നു.

### i) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം


സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസ് സംസ്ഥാന ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വില്പനനികുതി, സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാന എക്സൈസ് ഡ്യൂട്ടി, വാഹന നികുതി, ഭൂനികുതി തുടങ്ങിയവയാണ്. 2010-11 ൽ സംസ്ഥാനത്തിന്റ തനത് നികുതി വരുമാനത്തിന്റ

**ചിത്രം 1.5.2** സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ വിവിധ സ്രോതസ്സുകളുടെ വിഹിതം (ശതമാനത്തിൽ)




അവലംബം : ധനകാര്യ വകുപ്പ്, കേരള സർക്കാർ

**ചിത്രം 1.5.3** സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച





അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

വളർച്ചാനിരക്ക് 23.24 ശതമാനം ആയിരുന്നു. കോവിഡ് -19 മഹാമാരിയുടെ പ്രതികൂല ആഘാതം കാരണം 2020-21 ൽ ഇത് (-)5.29 ശതമാനമായി കുറഞ്ഞു (**അനുബന്ധം 1.5.2**).

2021-22ൽ കേരളത്തിന്റെ തനത് നികുതി വരുമാനത്തിന്റ വളർച്ചാനിരക്ക് 22.41 ശതമാനമാണ്. വളർച്ചാ നിരക്ക് ഉയർന്നതിനുള്ള പ്രധാന കാരണം ചരക്ക് സേവനനികുതിയിൽ 20.68 ശതമാനത്തിന്റെയും (4,141.5 കോടി) വിൽപ്പന നികുതിയിലും വാറ്റിലും (4,798.26 കോടി) 27.13 ശതമാനത്തിന്റെയും വർധനവ് ഉണ്ടായതാണ്. സംസ്ഥാനത്തിന്റ തനത് നികുതി വരുമാനത്തിന്റെ വളർച്ചാ പ്രവണത **ചിത്രം 1.5.3** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2021-22ൽ 58,340.52 കോടി രൂപയാണ് 2020-21ൽ ഇത് 47,660.84 കോടി രൂപയായിരുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ പ്രധാന പങ്കും ചരക്ക് സേവന നികുതിയിൽ നിന്നാണ്. 2021-22ൽ സംസ്ഥാന ചരക്കുസേവന നികുതി വരുമാനം 24,169.81 കോടി രൂപയാണ്. ഇത് ആകെ നികുതി വരുമാനത്തിന്റെ 41.43 ശതമാനമാണ്. വില്പനനികുതി 38.55 ശതമാനം (22,487.43 കോടി രൂപ), സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും 8.33 ശതമാനം (4,857.33 കോടി രൂപ) വാഹനനികുതി 6.92 ശതമാനം (4,037.10 കോടി രൂപ), സംസ്ഥാന എക്സൈസ് ഡ്യൂട്ടി 3.48 ശതമാനം (2,032.23 കോടി രൂപ), ഭൂനികുതി

**ചിത്രം 1.5.4** വിവിധ സ്രോതസ്സുകളിൽ നിന്നുള്ള തനത് നികുതി വരുമാനം 2020-21 ലെയും 2021-22 ലെയും




അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

0.81 ശതമാനം (470.84 കോടി രൂപ). 2020-21 ലെയും 2021-22 ലെയും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 1.5.4**ൽ കാണിച്ചിരിക്കുന്നു.

#### (ii) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം

സംസ്ഥാന നികുതിയേതര വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനമാണ്. പലിശ, ഡിവിഡന്റ്, വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം, സാമൂഹ്യ സേവന മേഖലകളിൽ നിന്നും ലഭിക്കുന്ന ഫീസ്, പിഴ എന്നിവയാണ് മറ്റ് പ്രധാന സ്രോതസ്സുകൾ. 2021-22ൽ സംസ്ഥാന നികുതിയേതര വരുമാനം 10,462.51 കോടി രൂപ ആണ്. 2020-21ൽ ലഭിച്ച 7,327.31 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 42.79 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്. സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.3**ൽ നൽകിയിരിക്കുന്നു.


#### (iii) കേന്ദ്ര വിഹിത കൈമാറ്റം

ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് മുഖ്യഘടകങ്ങൾ. ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. നികുതി കൈമാറ്റത്തിനു ശേഷമുള്ള റവന്യൂ കമ്മി കുറയ്ക്കുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം, സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇതു കൂടാതെ പ്രത്യേക മേഖലകൾക്കു വേണ്ടി പ്രത്യേക ഗ്രാന്റും ധനകാര്യ കമ്മീഷൻ അനുവദിക്കുന്നു. നികുതി കൈമാറ്റവും റവന്യൂ കമ്മി ഗ്രാന്റും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ ഉപാധി രഹിത വിഹിതം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള മറ്റു ഘടകങ്ങൾ ഉപാധികളോടെ അനുവദിക്കുന്ന ഗ്രാന്റാണ്, ഈ വിഹിതം ചെലവഴിക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് അയവുവരുത്താൻ കഴിയില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 41 ശതമാനമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 2.5 ശതമാനം കേരളത്തിന് അർഹമായിരുന്നു. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റ വിഹിതം വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കി **ചിത്രം 1.5.5**ൽ കാണിച്ചിരിക്കുന്നു.

2021-22-ൽ സംസ്ഥാനത്തിനുലഭിച്ച മൊത്തം കേന്ദ്ര വിഹിതം 47,837.21 കോടി രൂപയാണ്, 2020-21ൽ ഇത് 42,628.68 കോടി രൂപയായിരുന്നു. കേന്ദ്ര നികുതി വിഹിതമായി 2021-22ൽ ലഭിച്ച തുക 17,820.09 കോടി രൂപയാണ്, 2020-21ൽ ഇത് 11,560.40 കോടി രൂപയായിരുന്നു. കഴിഞ്ഞ വർഷം ലഭിക്കാനുള്ള കുടിശിക 3,000 കോടി രൂപയായിരുന്നു. ചരക്കു സേവന നികുതി നടപ്പിലാക്കിയതിൽ ഉണ്ടായ നഷ്ടപരിഹാര തുകയായ 3,855.55 കോടി രൂപ ഉൾപ്പെടെ ഗ്രാന്റ് ഇൻ എയ്ഡായി 2021-22ൽ ൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച തുക 30,017.12 കോടി രൂപയാണ്. കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.5.2**ൽ ചേർത്തിരിക്കുന്നു.

**ചിത്രം 1.5.5** വിവിധ ധനകാര്യ കമ്മീഷനുകളിൽ നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതം




അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

**പട്ടിക 1.5.2** കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപ കോടിയിൽ)

| വർഷം | കേന്ദ്ര നികുതിയിലും ചുങ്കത്തിലുമുള്ള വിഹിതം | | പദ്ധതി പദ്ധതിയേതര ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം | | ആകെ കൈമാറിയ വിഹിതം | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) |
| 2012-13 | 6840.65 | 14.19 | 3021.53 | (-)18.54 | 9862.18 | 1.68 |
| 2013-14 | 7468.68 | 9.18 | 4138.21 | 36.96 | 11606.90 | 17.69 |
| 2014-15 | 7926.29 | 6.13 | 7507.99 | 81.43 | 15434.30 | 32.98 |
| 2015-16 | 12690.70 | 60.11 | 8921.35 | 18.82 | 21612.00 | 40.03 |
| 2016-17 | 15225.00 | 19.97 | 8510.35 | (-)4.61 | 23735.40 | 9.82 |
| 2017-18 | 16833.10 | 10.56 | 8527.84 | 0.21 | 25360.90 | 6.85 |
| 2018-19 | 19038.20 | 13.10 | 11389.00 | 33.55 | 30427.10 | 19.98 |
| 2019-20 | 16401.10 | (-)13.85 | 11235.30 | (-)1.35 | 27636.30 | (-)9.17 |
| 2020-21 | 11560.40 | (-)29.51 | 31068.28 | 176.52 | 42628.68 | 54.25 |
| 2021-22 | 17820.09 | 54.15 | 30017.12 | (-)3.38 | 47837.21 | 12.22 |

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

**ചെലവ്**

റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പാ തിരിച്ചടവിൽ ഉണ്ടാകുന്ന ചെലവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് സംസ്ഥാനത്തിന്റെ ചെലവിൽ ഉൾപ്പെട്ടിരിക്കുന്നത്. 2012-13 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിനിടയിൽ, മൊത്തം ചെലവ് 59,228.18 കോടി രൂപയിൽ നിന്ന് 1,63,225.53 കോടി രൂപയായി വർദ്ധിച്ചു, സംയോജിത വാർഷിക വളർച്ചാ നിരക്ക് 11.92 ശതമാനം ആണ്. 2021-22 ലെ മൊത്തം ചെലവായ 1,63,225.53 കോടി രൂപയിൽ 1,28,765.74 കോടി രൂപ (78.89 ശതമാനം) പദ്ധതിയേതര ചെലവും, 34,459.79 കോടി രൂപ (21.11 ശതമാനം) പദ്ധതി ചെലവുമാണ്.

**റവന്യൂ ചെലവുകൾ**

വികസന ചെലവുകളും വികസനേതര ചെലവുകളുമാണ് റവന്യൂ ചെലവിൽ ഉൾപ്പെടുന്നത്. വികസനച്ചെലവിൽ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വ്യവസായം, തൊഴിലും തൊഴിലവസരങ്ങളും എന്നിവയ്ക്കുള്ള ചെലവ് ഉൾപ്പെടുന്നു. വികസനേതര ചെലവുകളിൽ പലിശ അടവ്, പെൻഷൻ വിതരണം, കടബാധ്യതകൾ, ഭരണപരമായ സേവനങ്ങൾ മറ്റുള്ളവ എന്നിവ ഉൾപ്പെടുന്നു. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 1.5.3**ൽ നൽകിയിരിക്കുന്നു.

പൂർത്തിയായ പദ്ധതികളുടെ പ്രവർത്തന, സംരക്ഷണ ചെലവുകളും റവന്യൂ ചെലവിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സർവകലാശാലകളിലെയും സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളവും പെൻഷൻ ബാധ്യതകളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യതകളും നിറവേറ്റുന്നതിനായി സംസ്ഥാനം നൽകുന്ന ഗ്രാന്റുകൾ റവന്യുചെലവായാണ് കണക്കാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വരുമാനത്തിന്റെ പ്രധാന ഭാഗവും പ്രാദേശിക സർക്കാർ തലത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

**പട്ടിക 1.5.3** റവന്യൂ ചെലവിലെ പ്രവണത (രൂപ കോടിയിൽ)

| വർഷം | ആകെ റവന്യൂ ചെലവ് | | വികസന ചെലവ് | | വികസനേതര ചെലവ് | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം |
| 2012-13 | 53488.74 | 16.17 | 29889.00 | 55.88 | 23599.70 | 44.12 |
| 2013-14 | 60485.50 | 13.08 | 32921.10 | 54.43 | 27564.40 | 45.57 |
| 2014-15 | 71746.43 | 18.62 | 39182.20 | 54.61 | 32564.20 | 45.39 |
| 2015-16 | 78689.47 | 9.68 | 41762.70 | 53.07 | 36926.80 | 46.93 |
| 2016-17 | 91096.31 | 15.77 | 48602.63 | 53.35 | 42493.68 | 46.65 |
| 2017-18 | 99948.35 | 9.72 | 52979.53 | 53.01 | 46968.82 | 46.99 |
| 2018-19 | 110316.39 | 10.37 | 56787.99 | 51.48 | 53528.40 | 48.52 |
| 2019-20 | 104719.92 | -5.07 | 47550.18 | 45.41 | 57169.74 | 54.59 |
| 2020-21 | 123446.33 | 17.88 | 71223.99 | 57.70 | 52222.34 | 42.30 |
| 2021-22 | 146179.51 | 18.42 | 74026.85 | 50.64 | 72152.66 | 49.36 |
| 2022-23 ബജറ്റ് എസ്റ്റിമേറ്റ് | 157065.89 | 7.45 | 82714.33 | 52.66 | 74351.56 | 47.34 |

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

കുറിപ്പ്: 2006-07 മുതൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധന സഹായം "ഗ്രാന്റ് ഇൻ എയ്ഡും സംഭാവനകളും" എന്ന പട്ടികയിലാണ് ഉൾപ്പെടുത്തിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വികസന ചെലവും ഈ ഇനത്തിൽ കണക്കാക്കുന്നു.

2020-21ൽ 1,23,446.33 കോടി രൂപയായിരുന്ന റവന്യൂ ചെലവ് 2021-22ൽ 1,46,179.51 കോടി രൂപയായി ഉയർന്നു. 2021-22 ലെ മൊത്തം റവന്യൂ ചെലവിൽ പദ്ധതിച്ചെലവ് 18,433.02 കോടി രൂപയും പദ്ധതിയേതര ചെലവ് 1,27,746.49 കോടി രൂപയുമാണ്. റവന്യൂ ചെലവും മൊത്തം ആഭ്യന്തര ഉൽപാദനവുമായുള്ള അനുപാതം 2020-21ൽ 16.01 ശതമാനത്തിൽ നിന്ന് 2021-22ൽ 16.12 ശതമാനമായി ഉയർന്നു. 0.11 ശതമാനത്തിന്റെ നേരിയ വർദ്ധനവാണ് കാണിക്കുന്നത്.

മുൻവർഷവുമായി താരതമ്യംചെയ്യുമ്പോൾ 2021-22 കാലയളവിൽ ബാധ്യതപ്പെട്ട ചെലവ് വർദ്ധിച്ചിട്ടുള്ളതായി കാണാം. മൊത്തം റവന്യൂ ചെലവിന്റെ 75.04 ശതമാനവും ബാധ്യതപ്പെട്ട ചെലവുകളായ പെൻഷൻ, ശമ്പളം, പലിശ തിരിച്ചടവ്, സബ്സിഡികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ചെലവുകൾ എന്നിവയാണ്. 2020-21ൽ ശമ്പളച്ചെലവ് മൊത്തം റവന്യൂ ചെലവിന്റെ 22.46 ശതമാനമായിരുന്നത് 2021-22ൽ 30.44 ശതമാനമായി ഉയർന്നു. 2021-22ൽ പെൻഷൻ ചെലവ് 2020-21ലെ 15.35 ശതമാനത്തിൽ നിന്ന് 18.40 ശതമാനമായി ഉയർന്നു. പലിശയിനത്തിലുണ്ടായ ചെലവ് 2020-21 ലെ 16.99 ശതമാനത്തിൽ നിന്ന് 2021-22 ൽ 15.94 ശതമാനമായി കുറഞ്ഞു. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1.5.4, 1.5.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**മൂലധന ചെലവ്**

മാനവ ശേഷി വികസനത്തിനുള്ള സംസ്ഥാനത്തിന്റെ ചെലവിന്റെ ഭൂരിഭാഗവും റവന്യൂ ചെലവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മൂലധന ചെലവിന്റെ വിഹിതം എല്ലായിപ്പോഴും കുറവായിരിക്കുന്നു. ഭാവിയിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നവീനമായ ഒരു ധനവിനിമയരീതി തന്നെ സർക്കാർ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. മൂലധന പദ്ധതികളിൽ ദീർഘകാല നിക്ഷേപം ആകർഷിക്കുക വഴി സർക്കാർ ആരംഭിച്ച ഇത്തരം വികസന മാതൃകകൾ ഇതിനകം തന്നെ നല്ല സൂചനകൾ നൽകി തുടങ്ങിയിട്ടുണ്ട്. മൂലധന ചെലവിന്റെയും മൊത്തം ചെലവുകളുടേയും വിശദാംശങ്ങൾ **അനുബന്ധം 1.5.6**ൽ നൽകിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ മേഖലകളിലെ മൂലധന പദ്ധതികളിൽ സർക്കാർ മുടക്കുന്ന വിഹിതം കൂടി വരുന്നതായി കാണാം. സംസ്ഥാനത്തിന്റെ മൂലധന ചെലവ് 2020-21ലെ 15,438.16 കോടി രൂപയിൽ നിന്ന് 2021-22ൽ 17,046.02 കോടി രൂപയായി ഉയർന്നു. 2021-22 ലെ മൊത്തം മൂലധന വിഹിതത്തിന്റെ 24.43 ശതമാനവുമായി പൊതുമരാമത്ത് പ്രവർത്തികൾക്കു വകയിരുത്തി മുഖ്യമൂലധന മേഖലയായി തുടരുന്നു. തുടർന്ന് വ്യവസായങ്ങൾക്കും തൊഴിൽ മേഖലയ്ക്കും 3.81 ശതമാനവും കൃഷിയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും 3.37 ശതമാനവും ജലസേചനത്തിന് 3.10 ശതമാനവുമാണ് മൂലധന വിഹിതമായി വകയിരുത്തിയിട്ടുള്ളത്. മൂലധന ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.7**ൽ നൽകിയിരിക്കുന്നു.

**കട ബാധ്യത**

വിപണിയിൽ നിന്നുള്ള വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെയുള്ള ആഭ്യന്തര കടം, കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം എന്നിവയിൽ നിന്നുള്ള വായ്പയും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കടം. 2021-22 അവസാനത്തോടെ സംസ്ഥാനത്തിന് കുടിശ്ശികയുള്ള പൊതുകടം 2,19,974.54 കോടി രൂപയായിരുന്നു. പൊതുകടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2020-21ലെ 14.34 ശതമാനത്തിൽ നിന്ന് 2021-22ൽ 10.16 ശതമാനമായി കുറഞ്ഞു. പ്രസ്തുത കാലയളവിൽ പൊതുകടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം 25.90 ശതമാനത്തിൽ നിന്നും 24.26 ശതമാനമായും സംസ്ഥാനത്തിന്റെ ആകെ കുടിശ്ശിക ബാധ്യതകൾ 2020-21ൽ 37.13 ശതമാനമായിരുന്നത് 2021-22ൽ 37 ശതമാനമായും കുറഞ്ഞു.

പൊതു കടവും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം 2020-21ൽ 204.56 ശതമാനമായിരുന്നത് 2021-22ൽ 188.59 ശതമാനമായി കുറഞ്ഞു. 2021-22 വർഷത്തിൽ സംസ്ഥാനത്തിന്റെ പൊതു കടബാധ്യതയിൽ 95.83 ശതമാനവും ആഭ്യന്തര കടമാണ്. 2020-21ൽ 1,90,474.10 കോടി രൂപയായിരുന്ന ആഭ്യന്തര കടം 2021-22-ൽ 2,10,791.60 കോടി രൂപയായി വർദ്ധിച്ചു. ആഭ്യന്തര കടത്തിന്റെ വളർച്ചാനിരക്ക് 2021-22ൽ 10.67 ശതമാനമാണ്. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയുടേയും മുൻകൂർ തുകയുടേയും കുടിശ്ശിക ബാധ്യത 2020-21ൽ 9207.63 കോടി രൂപയായിരുന്നത് 2021-22ൽ 9182.96 കോടി രൂപയായി കുറഞ്ഞു.സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്ര വായ്പയുടെ വിഹിതം 2021-22ൽ 4.17 ശതമാനമാണ്.

ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത 2021-22 അവസാനത്തിൽ 1,15,666.60 കോടി രൂപയാണ്. 2020-21ൽ ഇത് 97,219.13 കോടി രൂപയായിരുന്നു. 2021-22 വർഷത്തെ മൊത്തം നീക്കിയിരുപ്പ് കടവും അറ്റ നീക്കിയിരുപ്പ് കടവും യഥാക്രമം 38,740.29 കോടി രൂപയും 15,538.41 കോടി രൂപയുമാണ്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിനതീതമായി പല ഭാഗങ്ങളിൽ നിന്നുമുണ്ടായ തുടർച്ചയായ തിരിച്ചടികൾ മൂലം സാമ്പത്തിക ഏകീകരണ പാതയിലൂടെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ഉലച്ചിൽ സംഭവിച്ചു. സാമ്പത്തിക ഏകീകരണം സുസ്ഥിരമാക്കുന്നതിന്, തനത്-വരുമാന സമാഹരണ യജ്ഞത്തിൽ നിന്നും വ്യതിചലിക്കുവാൻ സംസ്ഥാനത്തിന് സാധ്യമല്ല. തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് മുൻഗണന നൽകേണ്ടതും ഈ ലക്ഷ്യം കൈവരിക്കുന്നതിന് വരുമാനം സ്വരൂപിക്കുന്ന എല്ലാ വകുപ്പുകളും 2022-23 മുതൽ ഒരു "വിഷൻ ഡോക്യുമെന്റ്" തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതുമാണ്. നികുതി-നികുതിയേതര സ്രോതസ്സുകളിലൂടെ വിഭവങ്ങൾ സമാഹരിക്കാനുള്ള ശ്രമങ്ങൾക്കൊപ്പം ചെലവുകൾ, പ്രത്യേകിച്ച് റവന്യൂ ചെലവുകൾ യുക്തിസഹമാക്കുന്നതിലും സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. അധിക വരുമാനം സമാഹരിക്കുന്നതിനോടൊപ്പം മുൻഗണനാക്രമം അനുസരിച്ച് ചെലവുകൾ ക്രമീകരിച്ച് സാമ്പത്തിക ഏകീകരണ പ്രക്രിയ തുടരേണ്ടതാണ്.

# 1.6 പതിനാലാം പഞ്ചവത്സര പദ്ധതിയും (2022-2027) 2022-23 വാർഷിക പദ്ധതിയും

എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് വേഗത്തിൽ സാമ്പത്തിക വികസനം കൈവരിക്കുന്നതിനുള്ള ഫലപ്രദമായ ഉപകരണമായി ആസൂത്രണം പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പഞ്ചവത്സര പദ്ധതികളുടെയും വാർഷികപദ്ധതികളുടെയും രൂപീകരണ പ്രക്രിയ ഭാരതസർക്കാർ ഉപേക്ഷിച്ചെങ്കിലും, കേരള സർക്കാർ സംസ്ഥാനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ കൂടുതൽ ശ്രദ്ധിക്കുകയും പഞ്ചവത്സര പദ്ധതികളുടെയും വാർഷിക പദ്ധതികളുടെയും രൂപീകരണത്തിൽ അർഹമായ ശ്രദ്ധ ചെലുത്തുകയും ചെയ്തിട്ടുണ്ട്. നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ സർവതോന്മുഖമായ വികസനത്തിനും ജനങ്ങളുടെ ഉത്കടമായ അഭിലാഷങ്ങളെ പദ്ധതികളും പരിപാടികളുമായി രൂപപ്പെടുത്തുന്നതിനും ചിട്ടയായ ആസൂത്രണം അനിവാര്യമാണ്.

### പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രൂപീകരണ പ്രക്രിയ 2021 മധ്യത്തോടെ ആരംഭിക്കുകയും, സംസ്ഥാന ആസൂത്രണ ബോർഡ് വിപുലമായ കൂടിയാലോചനകളും ചർച്ചകളും നടത്തുകയും ചെയ്തു. വിവിധ മേഖലകൾ നേരിടുന്ന പ്രത്യേക പ്രശ്നങ്ങളും ആശങ്കകളും ചർച്ചചെയ്യുന്നതിന് 44 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഓരോ വർക്കിങ് ഗ്രൂപ്പിലും പ്രഗത്ഭരായ അക്കാദമിക് വിദഗ്ധർ, പണ്ഡിതന്മാർ, വിഷയ വിദഗ്ധർ, ഭരണാധികാരികൾ, സാമൂഹിക-രാഷ്ട്രീയ പ്രവർത്തകർ എന്നിവരാണുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ, ആശങ്കകൾ, തടസ്സങ്ങൾ എന്നിവ പരിഹരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിച്ച വിലയേറിയ ആശയങ്ങളും വ്യക്തമായ ശുപാർശകളും പരിഗണിക്കുകയുണ്ടായി. തുടർന്നുള്ള അഞ്ചുവർഷ കാലയളവിലെ കേരളത്തിന്റെ വികസന കാഴ്ചപ്പാടുകൾക്ക് ഊന്നൽ നൽകുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ തയ്യാറാക്കിയിട്ടുണ്ട്.

**ബോക്സ് 1.6.1** പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകളും പ്രധാന ലക്ഷ്യങ്ങളും

- സാമൂഹികനിക്ഷേപം (പ്രത്യേകിച്ച് ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം എന്നിവയിൽ), സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നിവ ശക്തിപ്പെടുത്തുക:
- മാനവശേഷിയുടെ കരുത്തിലൂന്നി ഒരു വിജ്ഞാനസമൂഹം കെട്ടിപ്പടുക്കുകയും സമ്പദ്ഘടനയിലെ ഉൽപാദനശക്തികളുടെ വളർച്ച ദ്രുതഗതിയിലാക്കുകയും ചെയ്യുക
- വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവയടങ്ങുന്ന വരുമാനദായക സേവനങ്ങൾ, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ആധുനിക വ്യവസായം, പശ്ചാത്തലസൗകര്യ വികസനം എന്നിവയുടെ വളർച്ച മെച്ചപ്പെടുത്താനായി ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക നിപുണതകൾ എന്നിവ ഉപയോഗപ്പെടുത്തുക;
- ആധുനികവും ഉയർന്ന തൊഴിൽ സാധ്യതയുള്ളതും ഉൽപാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കുക;
- ഉന്നത വിദ്യഭ്യാസ സമ്പ്രദായം ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുകയും യുവതലമുറയ്ക്ക് ആധുനിക സമ്പദ്ഘടനയിലെ ഏറ്റവും മികച്ച തൊഴിൽ നൽകുകയും ചെയ്യുക;
- അതിദാരിദ്ര്യം ഇല്ലാതാക്കുക;
- മാലിന്യനിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക;
- വളർച്ചയുടെ ചാലകശക്തികളായി മാറാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക;
- എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന പ്രക്രിയയെ പ്രോത്സാഹിപ്പിക്കുക - വികസന പ്രക്രിയയെ നയിക്കുന്ന തത്വം ആരെയും പിന്നിലാക്കരുത് എന്നതാണ്.

**വാർഷിക പദ്ധതി 2022–23**

2022-23 വാർഷിക പദ്ധതി പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷ പരിപാടിയാണ്. പദ്ധതി പ്രവർത്തനങ്ങൾക്ക് വിഭവസമാഹരണം നടത്തുക എന്നതാണ് സംസ്ഥാനത്തിന്റെ മുന്നിലുള്ള പ്രധാനപ്പെട്ട വെല്ലുവിളി. പരിമിതികൾക്കിടയിലും, കടുത്ത ദാരിദ്ര്യം തുടച്ചുനീക്കുക, കൃഷിയിലും അനുബന്ധമേഖലകളിലും, വ്യവസായത്തിലും പ്രത്യേകിച്ച് എംഎസ്എംഇ എന്നിവയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വിവിധ മേഖലകളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സൗകര്യങ്ങൾ ചെയ്യുക, വിജ്ഞാന സമ്പദ്‌വ്യവസ്ഥ പ്രോത്സാഹിപ്പിക്കുക, ലിംഗപദവിവികസനവും സാമൂഹിക നീതിയും ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വിവിധ മേഖലകളുടെ അഭിവൃദ്ധി സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. വിളപരിപാലനം, മൃഗസംരക്ഷണം, ഇടുക്കി, വയനാട്, ശബരിമല, കാസർകോട് എന്നീ പ്രത്യേക പാക്കേജുകൾ, ഉന്നത വിദ്യാഭ്യാസം, വൈദ്യശാസ്ത്രവും പൊതുജനാരോഗ്യവും, ജലവിതരണം, ശുചിത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി മുൻഗണനന നൽകിയിട്ടുണ്ട്. ലൈഫ് മിഷനും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കും മതിയായ തുക അനുവദിച്ചിട്ടുണ്ട്.

വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക 39,640.19 കോടി രൂപയാണ്, ഇതിൽ 30,370 കോടി രൂപയുടെ സംസ്ഥാന പദ്ധതിയും 9,270.19 കോടി രൂപയുടെ കേന്ദ്ര സഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആറാമത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ₹8,048 കോടി രൂപ (സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26.5 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (എൽഎസ്ജിഐ) നീക്കിവച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതമായ 30,370 കോടി രൂപയിൽ 22,322 കോടി രൂപ സംസ്ഥാന പദ്ധതികൾക്കായി നീക്കിവച്ചു. അതുപോലെ, പട്ടികജാതി ഉപപദ്ധതിക്ക് (എസ് സി എസ് പി) 2,979.4 കോടി രൂപയും പട്ടികവർഗ ഉപപദ്ധതിക്ക് (ടി എസ് പി) 859.5 കോടി രൂപയും നീക്കിവച്ചു. കൂടാതെ, സംസ്ഥാന പദ്ധതി വിഹിതത്തിൽ ₹4,665.20 കോടി രൂപ (20.90 ശതമാനം) പെൺകുട്ടികൾക്കും സ്ത്രീകൾക്കും മാത്രമായാണ് നീക്കിവച്ചിരിക്കുന്നത്, ഇതിൽ ₹5.80 കോടി രൂപ ട്രാൻസ് ജെൻഡർ വിഭാഗത്തിനായി മാറ്റി വച്ചിട്ടുണ്ട്. 2022-23ൽ കുട്ടികളുടെ ക്ഷേമത്തിനായി ₹2,063.88 കോടി രൂപയാണ് (9.25 ശതമാനം) ഉദ്ദേശിച്ചിട്ടുള്ളത്. 2021-22 ലെയും 2022-23 ലെയും വാർഷിക പദ്ധതികളുടെ മേഖലതിരിച്ചുള്ള വിഹിതം **പട്ടിക 1.6.1**-ൽ നൽകിയിട്ടുണ്ട്.

**പട്ടിക 1.6.1** 2021-22 ലെയും 2022-23 ലെയും വാർഷിക പദ്ധതികളുടെ മേഖലതിരിച്ചുള്ള വിഹിതം, (രൂപ കോടിയിൽ)

| ക്രമ നം. | മേഖല/ഉപമേഖല | 2021-22 | | | 2022-23 | | | 2021-22 നെ അപേക്ഷിച്ച് 2022-23 ലെ ആകെ വിഹിതത്തിലുണ്ടായ വർദ്ധനവ്/ കുറവ് (ശതമാനത്തിൽ) |
|---|---|---|---|---|---|---|---|---|
| | | സംസ്ഥാന വിഹിതം | കേന്ദ്ര സഹായം | ആകെ വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര സഹായം | ആകെ വിഹിതം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 1528.42 | 287.38 | 1815.80 | 1648.44 | 268.09 | 1916.53 | 5.55 |
| II | ഗ്രാമ വികസനം | 1607.72 | 4358.69 | 5966.41 | 1753.11 | 4343.19 | 6096.30 | 2.18 |
| III | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 245.67 | 12.00 | 257.67 | 390.50 | 0.00 | 390.50 | 51.55 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 469.69 | 59.00 | 528.69 | 540.85 | 11.60 | 552.45 | 4.49 |
| V | ഊർജ്ജം | 1150.11 | 0.00 | 1150.11 | 1152.93 | 0.00 | 1152.93 | 0.25 |
| VI | വ്യവസായവും, ധാതുക്കളും | 1059.70 | 6.75 | 1066.45 | 1214.66 | 12.00 | 1226.66 | 15.02 |
| VII | ഗതാഗതം | 1444.25 | 0.00 | 1444.25 | 1788.67 | 0.00 | 1788.67 | 23.85 |
| VIII | ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 954.44 | 55.30 | 1009.74 | 1027.14 | 61.39 | 1088.53 | 7.80 |
| IX | പൊതു സാമ്പത്തിക സേവനങ്ങൾ | 1343.38 | 94.38 | 1437.76 | 1425.58 | 108.82 | 1534.40 | 6.72 |
| X | സാമൂഹ്യ സേവനങ്ങൾ | 8615.58 | 4523.41 | 13138.99 | 9696.23 | 4429.10 | 14125.33 | 7.51 |
| XI | പൊതുസേവനങ്ങൾ | 81.04 | 36.00 | 117.04 | 83.89 | 36.00 | 119.89 | 2.44 |
| | ആകെ (I-XI) | 18500.00 | 9432.91 | 27932.91 | 20722.00 | 9270.19 | 29992.19 | 7.37 |
| XII | എൽ.എസ്.ജി.ഡി | 7280.00 | 0.00 | 7280.00 | 8048.00 | 0.00 | 8048.00 | 10.55 |
| XIII | ആർ.കെ .ഐ | 1830.00 | 0.00 | 1830.00 | 1600.00 | 0.00 | 1600.00 | -12.57 |
| | ആകെ മൊത്തം | 27610.00 | 9432.91 | 37042.91 | 30370.00 | 9270.19 | 39640.19 | 7.01 |

അവലംബം: 2021-22ലെയും & 2022-23ലെയും വാർഷിക പദ്ധതി രേഖകൾ

**ബോക്സ് 1.6.2** പ്ലാൻസ്പേസ് 2.0- ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനം

- പ്ലാൻസ്പേസിന്റെ പുതിയ പതിപ്പായ പ്ലാൻസ്പേസ് 2.0 ന്റെ പ്രവർത്തനം 2022-ൽ ആരംഭിച്ചു. ഇത് എല്ലാ പദ്ധതികളുടെയും നിർവ്വഹണത്തിലെ എല്ലാ ഘട്ടങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ സഹായിക്കുന്നു. പ്രധാന സവിശേഷതകൾ ഇവയാണ്:
- പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി തത്സമയ അടിസ്ഥാനത്തിൽ നിരീക്ഷിക്കാൻ സൗകര്യമൊരുക്കുന്നു.
- തദ്ദേശ സ്ഥാപനതലം വരെ വ്യാപിപ്പിക്കുകയും നിരീക്ഷണം സാധ്യമാക്കുകയും ചെയ്യുന്നു.
- പദ്ധതി നിർവ്വഹണത്തിന്റെ ഭൗതിക പുരോഗതി നിരീക്ഷിക്കുന്നതിനായി ജിയോ ടാഗ് ചെയ്ത ചിത്രങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് മൊബൈൽ ആപ്പ് വികസിപ്പിച്ചു.
- ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ നിരീക്ഷണത്തിനായി ലഭ്യമാക്കിയിട്ടുണ്ട്.
- നിയോജക മണ്ഡല അടിസ്ഥാനത്തിലുള്ള ഡാഷ്ബോർഡ് വികസിപ്പിച്ചു.
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നത് സംബന്ധിച്ച അവലോകനം സാധ്യമാക്കുന്നതിനായി പദ്ധതികളുടെ എസ്.ഡി.ജി മാപ്പിങ് നടത്തുന്നു.
- വിവിധ തലങ്ങളിൽ പദ്ധതി നിരീക്ഷണം സുഗമമാക്കുന്നു.
- പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയാൻ അവസരം നൽകലും പദ്ധതി നിരീക്ഷണ സംവിധാനത്തിന്റെ ജനാധിപത്യവൽക്കരണവും.
- നാൽപ്പതിൽ അധികം പ്രധാന റിപ്പോർട്ടുകളും നിരവധി അനുബന്ധ റിപ്പോർട്ടുകളും ലഭ്യമാക്കുന്നു.
- സംസ്ഥാനത്തുടനീളമുള്ള 6000-ത്തിലധികം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
  വെബ് സൈറ്റ് സന്ദർശിക്കുക: www.planspace.kerala.gov.in

അദ്ധ്യായം
02

# പുരോഗതിക്കും വികസനത്തിനും ഉന്നതവിദ്യാഭ്യാസം: ഒരു അവലോകനം

# പുരോഗതിക്കും വികസനത്തിനും ഉന്നതവിദ്യാഭ്യാസം: ഒരു അവലോകനം

**ആമുഖം**

കേരളത്തിന്റെ വികസനാനുഭവത്തിന്റെ പ്രധാന സവിശേഷത വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും പൊതുമേഖലയുടെ ഇടപെടലാണ്. കേരളത്തിൽ സാമൂഹ്യമേഖലയിൽ സർക്കാർ ചെലവഴിക്കുന്ന വിഹിതം ദേശീയ ശരാശരിയേക്കാളും രാജ്യത്തെ മറ്റ് പ്രധാന സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലുമാണ്. വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ വഴി സാർവത്രിക സാക്ഷരത, സ്കൂൾ വിദ്യാഭ്യാസം, മറ്റ് വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്ന ആരോഗ്യ സൂചകങ്ങൾ എന്നിവ പോലുള്ള വലിയ നേട്ടങ്ങളിലേക്ക് നയിച്ചു. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം അതിന്റെ എല്ലാവരെയും ഉൾക്കൊള്ളുന്ന സ്വഭാവത്തിനും (ഇൻക്ലൂസിവ്നെസ്സ്) ലിംഗപദവി സമത്വത്തിനും അംഗീകാരം നേടിയിട്ടുണ്ട്. സ്കൂളുകളുടെ ഭൗതികവും സാമൂഹികവുമായ സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട്, എല്ലാ വിഭാഗങ്ങളെയും സമുദായങ്ങളെയും പൊതുവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്താൻ വർഷങ്ങളായി സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കീഴിൽ അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി പൊതുവിദ്യാലയങ്ങളിലെ പ്രവേശനം വർദ്ധിപ്പിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ മൂലം സ്കൂൾ വിദ്യാഭ്യാസ മേഖല മികച്ച പ്രകടനമാണ് കാഴ്ച വച്ചിട്ടുള്ളത്. തൽഫലമായി, സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മാതാപിതാക്കൾക്കും കുട്ടികൾക്കും കൂടുതൽ ആകർഷകമായിത്തീർന്നു, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 10 ലക്ഷത്തിലധികം വിദ്യാർത്ഥികൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ചേർന്നു. നീതി ആയോഗ് തയ്യാറാക്കിയ സ്കൂൾ വിദ്യാഭ്യാസ നിലവാര സൂചികയിൽ തുടർച്ചയായി മൂന്ന് തവണ കേരളം, ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്തെത്തി.

സാധ്യമാകും വിധം വിശാലമായി മനുഷ്യന്റെ കഴിവുകൾ വികസിപ്പിക്കാനുള്ള ഒരു സമൂഹത്തിന്റെ ശ്രമങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. സർക്കാർ വിഭാവനം ചെയ്യുന്ന ഒരു വിജ്ഞാന സമൂഹമായി സംസ്ഥാനത്തെ വികസിപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസത്തിന്റെ പുരോഗതി ഒരു പ്രഥമ ആവശ്യകതയായി കണക്കാക്കപ്പെടുന്നു, അത് ആത്യന്തികമായി നവകേരളത്തിന്റെ അടിത്തറയായി മാറും.

ഈ രംഗത്ത് വലിയ കടമകളാണ് കേരളത്തിന് മുന്നിലുള്ളത്. ആദ്യത്തേത് തൃതീയ വിദ്യാഭ്യാസത്തിൽ മൊത്തം പ്രവേശന അനുപാതം (ജി.ഇ.ആർ) ഉയർത്തുന്നതുമായി ബന്ധപ്പെട്ടതാണ്. ഉന്നതവിദ്യാഭ്യാസത്തിൽ മൊത്തം പ്രവേശന അനുപാതം 38 ശതമാനത്തിൽ നിന്ന് 75 ശതമാനമായി ഉയർത്തുകയെന്ന ലക്ഷ്യമാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. തൃതീയ വിദ്യാഭ്യാസത്തിൽ പ്രവേശന അനുപാതം 75 ശതമാനമായി ഉയർത്തുക എന്ന ദൗത്യം ലക്ഷക്കണക്കിന് പുതിയ വിദ്യാർത്ഥികൾക്ക് തൃതീയ വിദ്യാഭ്യാസം നൽകുന്നതിൽ ഉൾപ്പെടുന്നു. ഈ വിദ്യാർത്ഥികൾ പൊതുവും സ്വകാര്യവുമായ വിദ്യാഭ്യാസത്തിന്റെ വിവിധ ശാഖകളിൽ പ്രവേശിക്കുമ്പോൾ, ലക്ഷ്യത്തിനനുസരിച്ചുള്ള നേട്ടത്തിന് തൃതീയ വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും എല്ലാ തലങ്ങളിലും പുതിയ രീതിയിലുള്ള പ്ലാൻ ഫണ്ടിംഗ് ആവശ്യമാണെന്ന് വ്യക്തമാണ്. രണ്ടാമതായി, യുവാക്കൾക്ക് ബിരുദ, ബിരുദാനന്തര ബിരുദ, ഗവേഷണ വിദ്യാഭ്യാസത്തിന്റെ ഉയർന്ന നിലവാരം നൽകുകയെന്ന ദൗത്യവും സംസ്ഥാനത്തിനുണ്ട്.

അക്കാദമിക് നിലവാരം ഉയർത്താനും പ്രവേശന അനുപാതം വർദ്ധിപ്പിക്കാനും യുവജനങ്ങൾക്ക് നിലവിലുള്ളതും ഉയർന്നുവരുന്നതുമായ വിജ്ഞാന മണ്ഡലങ്ങളിൽ

അത്യാധുനിക സൗകര്യങ്ങൾ ലഭ്യമാക്കാനുമായി ഉന്നതവിദ്യാഭ്യാസ മേഖലയെ പരിഷ്കരിക്കുന്നതിന് കേരള സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും വികാസത്തിനുമുള്ള ബൗദ്ധികവും സാങ്കേതികവുമായ പിന്തുണയുടെ പ്രധാന സ്രോതസ്സായി ഉന്നത വിദ്യാഭ്യാസ മേഖലയെ മാറ്റുക എന്നതും ഈ സംരംഭങ്ങളിലൂടെ ലക്ഷ്യമിടുന്നു.

**ഉന്നതവിദ്യാഭ്യാസത്തിനുള്ള സർക്കാർ ചെലവ്**

വിദ്യാഭ്യാസത്തിനായുള്ള പൊതു ചെലവ് വിദ്യാഭ്യാസത്തിന്റെ വ്യാപ്തിയും ഗുണനിലവാരവും നിർണ്ണയിക്കുന്ന ഒരു പ്രധാന ഘടകമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നേരിട്ടുള്ള ചെലവുകളും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുടുംബങ്ങൾക്ക് നൽകുന്ന പൊതു ഇളവുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണ സംവിധാനവും ഇതിൽ ഉൾപ്പെടുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ശക്തമായ പരിപാടികളോടെ, ഉന്നതവിദ്യാഭ്യാസരംഗത്തെ ചെലവുകളുടെ സാമൂഹ്യ വരുമാനം പിടിച്ചെടുക്കുന്നതിന് മതിയായ നിലവാരം കൈവരിക്കുന്നതിനും നിലനിർത്തുന്നതിനും പൊതു ധനസഹായത്തിൽ കുറഞ്ഞ സ്ഥിരത ആവശ്യമാണ് (Birdshall, 1996)[1]. എന്നാൽ മിക്ക വികസ്വര രാജ്യങ്ങളിലും പൊതുചെലവ് പ്രധാനമായും ഗവൺമെന്റ് ചെലവ് മാത്രമായിരിക്കും, കാരണം മറ്റ് സ്രോതസ്സുകൾ വളരെ കുറവാണ്. സംസ്ഥാന രൂപീകരണത്തിനു ശേഷം കേരള സർക്കാർ, വരുമാന പ്രതിസന്ധിയുടെ സമയത്തും വിദ്യാഭ്യാസ മേഖലയിൽ വൻ നിക്ഷേപം നടത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായി വിദ്യാഭ്യാസത്തിൽ പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസത്തിൽ സർക്കാർ നടത്തിയ നിക്ഷേപം **പട്ടിക 2.1**ൽ കാണിക്കുന്നു.

പകർച്ചവ്യാധിയും അതിന്റെ ഫലമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടലും കാരണം 2020-21 ൽ ഉന്നത വിദ്യാഭ്യാസത്തിനും സ്കൂൾ വിദ്യാഭ്യാസത്തിനുമുള്ള ചെലവ് താരതമ്യേന കുറവായിരുന്നുവെങ്കിലും, ഈ അഞ്ച് വർഷങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള പൊതുചെലവിൽ മൊത്തത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പട്ടിക 2.1ൽ നൽകിയിരിക്കുന്നതുപോലെ, മൊത്തം ഗവൺമെന്റ് ചെലവിൽ ഉന്നതവിദ്യാഭ്യാസച്ചെലവിന്റെ അനുപാതം വർഷങ്ങളിലുടനീളം വ്യത്യാസപ്പെട്ടിരിക്കുന്നു, 2020-21-ൽ കുറഞ്ഞ അനുപാതം, 2021-22-ൽ 4 ശതമാനത്തിലേറെയായി വർദ്ധിച്ച് മുമ്പത്തെ നില വീണ്ടെടുത്തു. 2017-18, 2019-20 വർഷങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനായുള്ള ചെലവ് മൊത്തം ചെലവിന്റെ 4.86 ശതമാനമായിരുന്നുവെന്നും കാണുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച്, 2021-22ൽ ജിഎസ്ഡിപിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ചെലവ് 1.20 ശതമാനം ആയി വർദ്ധിച്ചു, ഇത് ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നു.

ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവിന്റെ അനുപാതം സ്കൂൾ വിദ്യാഭ്യാസത്തേക്കാൾ കുറവാണെങ്കിലും, 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷത്തിനിടയിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള സർക്കാർ ചെലവ് വർദ്ധിച്ചു. (**ചിത്രം 2.1**).


**പട്ടിക 2.1** വിദ്യാഭ്യാസത്തിലെ സർക്കാർ നിക്ഷേപം (രൂപ കോടിയിൽ)

| ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| എ. സർവ്വകലാശാല വിദ്യാഭ്യാസം | 2510.44 | 2696.75 | 2578.99 | 2501.21 | 3148.95 |
| ബി. സെക്കൻഡറി വിദ്യാഭ്യാസം | 7400.62 | 7246.67 | 7459.27 | 6551.93 | 10433.96 |
| സി. പ്രാഥമിക വിദ്യാഭ്യാസം | 7320.74 | 7384.61 | 7192.66 | 6168.22 | 9705.78 |
| ഡി. പ്രത്യേക വിദ്യാഭ്യാസം | 27.54 | 78.74 | 17.17 | 19.52 | 24.04 |
| ഇ. പൊതു വിദ്യാഭ്യാസം | 56.56 | 71.80 | 41.80 | 45.59 | 66.11 |
| എഫ്. സാങ്കേതിക വിദ്യാഭ്യാസം | 948.02 | 964.09 | 977.46 | 913.99 | 1180.54 |
| ജി. സ്പോർട്സ് & യൂത്ത് അഫയേഴ്സ് | 166.18 | 178.05 | 151.00 | 132.85 | 166.52 |
| എച്ച്. കാർഷിക വിദ്യാഭ്യാസം | 514.44 | 496.60 | 511.83 | 548.46 | 589.92 |
| ഐ. കലയും സംസ്കാരവും | 215.06 | 219.40 | 209.19 | 241.11 | 262.39 |
| ജെ. മെഡിക്കൽ വിദ്യാഭ്യാസം | 1385.65 | 1598.33 | 1487.33 | 1560.70 | 1958.63 |
| കെ. മൂലധന വിഹിതം | 625.92 | 612.49 | 311.64 | 563.78 | 692.61 |
| എൽ. വായ്പകൾ | 0.97 | 0.97 | 0.91 | 0.00 | 53.00 |
| ആകെ | 21172.14 | 21548.50 | 20939.25 | 19247.36 | 28282.45 |
| ഉന്നത വിദ്യാഭ്യാസം (എച്ച്.ഇ.ഇ) (എ+എഫ്+എച്ച്+ജെ)ചെലവ് | 5358.55 | 5755.77 | 5555.61 | 5524.36 | 6878.04 |
| മൊത്തം സർക്കാർ ചെലവിൽ എച്ച്.ഇ.ഇ യുടെ ശതമാനം | 4.86 | 4.79 | 4.86 | 3.98 | 4.17 |
| ജി,എസ് .ഡി.പി യിൽ എച്ച്.ഇ.ഇ യുടെ ശതമാനം | 1.04 | 1.04 | 0.99 | 1.08 | 1.20 |

ഉറവിടം : ധനകാര്യ വകുപ്പ്, കേരള സർക്കാർ-2022

[1] Birdsall, N, 1996: Public Spending on higher education in developing countries: Too much or too little? Economics of Education Review, 15(4), pp 407-419

**ചിത്രം 2.1** 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സർക്കാർ ചെലവ് (രൂപ കോടിയിൽ)




ഉറവിടം: ധനകാര്യ വകുപ്പ്

കുറിപ്പ്: സർക്കാർ ചെലവിൽ പദ്ധതിയും പദ്ധതിയേതര ചെലവും ഉൾപ്പെടുന്നു

**കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല– ഒരു രൂപരേഖ**

കേരളത്തിലെ ആധുനിക ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഉത്ഭവം 19-ാം നൂറ്റാണ്ടിലാണ്. കൊളോണിയൽ ഭരണാധികാരികളും തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികളും ഈ പ്രക്രിയയിൽ ഗണ്യമായ പങ്ക് വഹിച്ചു. പ്രത്യേകിച്ചും സംസ്ഥാന രൂപീകരണത്തിന് ശേഷം, സംസ്ഥാനത്തുടനീളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ സ്ഥാപിക്കുകയും ഉന്നതവിദ്യാഭ്യാസ സമ്പ്രദായം നിരവധി പരിവർത്തനങ്ങൾക്ക് വിധേയമാകുകയും ചെയ്തിട്ടുണ്ട്. പ്രൊഫഷണൽ, സാങ്കേതിക വിദ്യാഭ്യാസ വിഭാഗത്തിലെ സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനയുണ്ടായി. ഉന്നതവിദ്യാഭ്യാസ മേഖല ഉയർന്നുവരുന്ന കാലഘട്ടത്തിന്റെ ആവശ്യകതകളോട് പ്രതികരിച്ചു കൊണ്ട്, പാഠ്യപദ്ധതിയിൽ കാര്യമായ പരിഷ്കാരങ്ങൾ വരുത്തി. സംസ്ഥാനത്തെ പൊതു, സ്വകാര്യ, സഹകരണ മേഖലകളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലാണ് ഏറ്റവും പ്രധാനപ്പെട്ട മാറ്റം. ഇത് ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രവേശനം വർദ്ധിപ്പിച്ചു. സാമൂഹികവും സാമ്പത്തികവുമായ ചലനാത്മകത കൈവരിക്കുന്നത് പ്രധാനമായും താങ്ങാനാവുന്ന ഉന്നത വിദ്യാഭ്യാസം മൂലമാണ്. വർഷങ്ങളായി, കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ ഒരു പ്രധാന വികസനം സംസ്ഥാനത്ത് നിരവധി സ്വാശ്രയ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടതാണ്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ എല്ലായ്പ്പോഴും ഈ സംവിധാനത്തിൽ ഉൾപ്പെട്ടിരിക്കുന്ന സാമ്പത്തികവും ന്യായവുമായ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്നു. വിദ്യാഭ്യാസത്തിലെ തുല്യതയെപ്പറ്റിയുള്ള ആശങ്കകളെ ഈ മേഖല വേണ്ടത്ര അഭിസംബോധന ചെയ്യാത്തതിന്റെ സാധ്യതയെക്കുറിച്ച് പലരും ആശങ്കാകുലരാണ്. ഇക്കാര്യത്തിൽ, ഈ സ്ഥാപനങ്ങളുടെ പ്രവർത്തനരീതിയിൽ പൊതു നിയന്ത്രണം ഉറപ്പുവരുത്തുന്നതിനും തുല്യതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനായി നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാൻ സർക്കാർ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

**കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ച:**

നേരത്തെ പറഞ്ഞതുപോലെ, ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ച സർക്കാർ, സ്വകാര്യ സംരംഭങ്ങൾക്ക് കടപ്പെട്ടിരിക്കുന്നു. 1990-കളിൽ സ്വാശ്രയ സ്ഥാപനങ്ങൾക്ക് അനുമതി ലഭിക്കുന്നത് വരെ സർക്കാരായിരുന്നു പിന്തുണയുടെ പ്രധാന ഉറവിടം. ഗ്രാന്റുകളുടെയും അധ്യാപകരുടെ ശമ്പളത്തിന്റെയും രൂപത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സർക്കാർ പിന്തുണയാണ് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചത്.

കേരളത്തിൽ 14 സംസ്ഥാന സർവകലാശാലകളുണ്ട്. ഇവയിൽ, കേരളം, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ എന്നീ നാല് സർവകലാശാലകൾ പൊതുവായ സ്വഭാവമുള്ളതും വൈവിധ്യമാർന്ന കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നതുമാണ്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല, കേരള ആരോഗ്യ സർവകലാശാല, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, കേരള സാങ്കേതിക സർവകലാശാല എന്നിവ നിർദ്ദിഷ്ട വിഷയ മേഖലകളിൽ പ്രത്യേക കോഴ്സുകൾ നടത്തുന്നു. 2020ൽ കൊല്ലം ആസ്ഥാനമായി സ്ഥാപിതമായ കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും 2020ൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളാണ്. ഡിജിറ്റൽ സർവ്വകലാശാല രാജ്യത്ത് ഇത്തരത്തിലുള്ള ആദ്യത്തേതാണ്, കൂടാതെ അത്യാധുനിക വിജ്ഞാന മണ്ഡലങ്ങളിൽ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ചുമതലകൂടി ഇതിനുണ്ട്. ഇവ കൂടാതെ, 2005-ൽ സ്ഥാപിതമായ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസും (നുവാൽസ്), കാസർഗോഡ് ജില്ലയിൽ ആരംഭിച്ച കേന്ദ്ര സർവകലാശാലയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

ഈ 14 സർവകലാശാലകളിൽ, കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കേരള സാങ്കേതിക സർവകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്) ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല എന്നിവ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലാണ്. സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റ് നിർവ്വഹണ ഏജൻസികൾ; 1. കോളേജ് വിദ്യാഭാസ ഡയറക്ടറേറ്റ് 2. കേരള സ്റ്റേറ്റ് ഹയർ എജ്യൂക്കേഷൻ കൗൺസിൽ 3. സർവ്വകലാശാലകൾ (കേരളം, കാലിക്കറ്റ്, എം.ജി., കണ്ണൂർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, മലയാളം സർവകലാശാല, നുവാൽസ്) 4. തുടർ വിദ്യാഭാസ കേന്ദ്രം 5. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെ.സി.എച്ച്.ആർ) 6. ലോ കോളേജുകൾ (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) 7. രാഷ്ട്രീയ ഉച്ചാതാർ ശിക്ഷാ അഭിയാൻ (റൂസ) 8. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) 9. നാഷണൽ കേഡറ്റ് കോർപ്സ് (എൻ.സി.സി.) ഡയറക്ടറേറ്റ്, 10. കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ്, 11. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് 12. കേരള സാങ്കേതിക സർവകലാശാല 13. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) 14. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (ഐഎച്ച്ആർഡി) 15. കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം (കെ.എസ്.എസ്.റ്റി.എം.) 16. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി 17. ടെസ്റ്റ് റിസർച്ച് പാർക്ക്, 18. സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ടെക്നോളജി (സി-ആപ്റ്റ്) എന്നിവയാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ/കോളേജുകളുടെ എണ്ണം **പട്ടിക 2.2**ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കോളേജുകളുടെ അഫിലിയേഷന്റെ കാര്യത്തിൽ, 237 കോളേജുകളുമായി കാലിക്കറ്റ് സർവ്വകലാശാല ഒന്നാം സ്ഥാനത്തും 201 കോളേജുകളുള്ള എം ജി സർവ്വകലാശാല രണ്ടാം സ്ഥാനത്തുമാണ്.

**പട്ടിക 2.2** സംസ്ഥാനത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം

| ക്രമ നമ്പർ | വിഭാഗം | സർക്കാർ കോളേജുകളുടെ എണ്ണം | സർക്കാർ എയ്ഡഡ് കോളേജുകളുടെ എണ്ണം | സ്വകാര്യ, സർക്കാർ സ്വാശ്രയ കോളേജുകളുടെ എണ്ണം (പ്രൈവറ്റ്+കോ-ഓപ്പറേറ്റീവ്) |
|---|---|---|---|---|
| 1 | കേരള സർവകലാശാല (എല്ലാ കോഴ്സുകളും ഉൾപ്പെടെ) | 15 | 48 | 48 |
| 2 | കാലിക്കറ്റ് സർവകലാശാല (എല്ലാ കോഴ്സുകളും ഉൾപ്പെടെ) | 38 | 60 | 139 |
| 3 | മഹാത്മാഗാന്ധി സർവകലാശാല (എല്ലാ കോഴ്സുകളും ഉൾപ്പെടെ) | 11 | 66 | 124 |
| 4 | കണ്ണൂർ സർവകലാശാല (എല്ലാ കോഴ്സുകളും ഉൾപ്പെടെ) | 11 | 17 | 73 |
| 5 | കേരള സാങ്കേതിക സർവകലാശാല | 9 | 3 | 104+26* |
| 6 | കുസാറ്റ് | 1 | - | |
| 7 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല | 1 | - | |
| 8 | മലയാളം സർവകലാശാല | 1 | | |
| 9 | മെഡിക്കൽ കോളേജുകൾ (എല്ലാ ഔഷധ ശാഖകളും) | 24 | 5 | 53 |
| 10 | നഴ്സിംഗ് കോളേജുകൾ | 6 | - | 118 |
| 11 | ഫാർമസി, പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 13 | - | 100 |
| 12 | ലോ കോളേജുകൾ | 4 | - | 19 |
| 13 | കേരള കാർഷിക സർവ്വകലാശാല | 9 | - | - |
| 14 | കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് | 1 | - | - |
| 15 | കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി | 7 | - | - |
| 16 | കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (മാസ്റ്റേഴ്സ് ആൻഡ് പിഎച്ച്ഡി) | 1 | - | - |
| 17 | പോളിടെക്നിക്കുകൾ | 45 | 6 | 49** |

* 104 സ്വകാര്യ സ്വാശ്രയ ധനസഹായം, 26- ഗവ. സ്വാശ്രയ ധനസഹായം

**49(IHRD- 8, CAPE-4, SF പോളി-36, KELTRAC-1)

കേരളത്തിലെ മറ്റ് പ്രത്യേക സർവകലാശാലകൾ ബന്ധപ്പെട്ട വികസന വകുപ്പുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലാണ് വരുന്നത്, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി കൈകാര്യം ചെയ്യുന്നത് മൃഗസംരക്ഷണ വകുപ്പാണ്, കേരള ആരോഗ്യ സർവകലാശാല ആരോഗ്യ വകുപ്പുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു.

### 2021–22ൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം

2021-22 വർഷത്തിൽ കോളേജുകളിലെയും സർവകലാശാലകളിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം **പട്ടിക 2.3**-ൽ നൽകിയിരിക്കുന്നു. റിപ്പോർട്ട് പ്രകാരം, 2021-22 വർഷത്തിൽ 4,04,799 വിദ്യാർത്ഥികൾ വിവിധ സ്ഥാപനങ്ങളിൽ ചേർന്നിട്ടുണ്ട്. സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ആണ് കൂടുതൽ വിദ്യാർത്ഥികളും ചേർന്നിരിക്കുന്നത്. സാങ്കേതിക സർവകലാശാല, പോളിടെക്നിക് കോളേജുകൾ, കുസാറ്റ്, കേരള ഡിജിറ്റൽ സയൻസ് ഇന്നവേഷൻ ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി എന്നിവയിലൊഴികെ പെൺകുട്ടികളുടെ അനുപാതം 50 ശതമാനത്തിലേറെയാണെന്നത് ശ്രദ്ധേയമാണ്. (**അധ്യായം 6.1** കാണുക).

### സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രകടന സൂചകങ്ങൾ – ഒരു രൂപരേഖ

ഉന്നതവിദ്യാഭ്യാസരംഗത്തെ മൊത്തം പ്രവേശന അനുപാതം (ജി.ഇ.ആർ$_{എച്ച്.ഇ}$) ഉയർത്താൻ കേരളം ഉത്സുകമാണ്. 2019-20 ൽ, കേരളത്തിലെ പ്രവേശനാനുപാതം 38.8 ശതമാനമായി കണക്കാക്കപ്പെടുന്നു, ഇത് ദേശീയ ശരാശരിയായ 27.1 ശതമാനത്തേക്കാൾ കൂടുതലാണ്. 1972-73ൽ കേരളത്തിന്റെ മൊത്തം പ്രവേശന അനുപാതം 5.9 ശതമാനവും 1986-87ൽ ഇത് കേവലം 4.5 ശതമാനവും ആയിരുന്നതിനാൽ ഇത് ശ്രദ്ധേയമായ നേട്ടമാണ്. അതിനുശേഷം സംസ്ഥാനം മൊത്തം പ്രവേശനാനുപാതം ഗണ്യമായി മെച്ചപ്പെടുത്തി. 2006-07ൽ കേരളത്തിൽ ഈ അനുപാതം 11.8 ശതമാനമായി വളർന്നു. 2009-10ന് ശേഷം 2019-20ൽ 38.8 ശതമാനത്തിലെത്തുന്നതുവരെ കേരളത്തിന്റെ മൊത്തം പ്രവേശനാനുപാതം അതിവേഗം ഉയരാൻ തുടങ്ങി.

സംസ്ഥാനത്തിന്റെ മൊത്തം പ്രവേശനാനുപാതം 2015-16ൽ 30.8 ശതമാനത്തിൽ നിന്ന് 2019-20ൽ 38.8 ശതമാനമായി ഗണ്യമായി മെച്ചപ്പെട്ടപ്പോൾ, ഇന്ത്യയുടെ പ്രവേശനാനുപാതം വളരെ കുറഞ്ഞ വേഗതയിൽ വളരുകയും 2019-20ൽ 27.1 ശതമാനത്തിൽ എത്തുകയും ചെയ്തു എന്നതും ശ്രദ്ധേയമാണ്.

**പട്ടിക 2.3** 2021-22 ലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം

| ക്രമ നമ്പർ | വിഭാഗം | പെൺകുട്ടികൾ | ആൺകുട്ടികൾ | ട്രാൻസ് ജെൻഡർ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കേരള സർവകലാശാല | 44,453 | 22,367 | | 66,820 | 66.53 |
| 2 | കാലിക്കറ്റ് സർവകലാശാല | 71,907 | 40,307 | | 112,214 | 64.08 |
| 3 | മഹാത്മാഗാന്ധി സർവകലാശാല | 72,287 | 49,766 | 1 | 122,054 | 59.23 |
| 4 | കണ്ണൂർ സർവകലാശാല | 13,454 | 7,178 | | 20,632 | 65.21 |
| 5 | കേരള സാങ്കേതിക സർവകലാശാല (കെ.റ്റി.യു.) | 12,568 | 17,579 | | 30,147 | 41.69 |
| 6 | പോളിടെക്നിക്കുകൾ | 2,656 | 9,665 | | 12,321 | 21.56 |
| 7 | കുസാറ്റ് | 4,111 | 5,019 | | 9,130 | 45.03 |
| 8 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല | 1,043 | 389 | | 1,432 | 72.84 |
| 9 | മലയാളം സർവകലാശാല | 64 | 120 | | 184 | 34.78 |
| 10 | ആരോഗ്യവും അനുബന്ധ ശാസ്ത്രങ്ങളും | 18,800 | 4,361 | | 23,161 | 81.17 |
| 11 | കേരള കാർഷിക സർവ്വകലാശാല | 2,585 | 900 | | 3,485 | 74.18 |
| 12 | കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) | 379 | 134 | | 513 | 73.88 |
| 13 | കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു) | 1,605 | 905 | | 2,510 | 63.94 |
| 14 | കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (മാസ്റ്റേഴ്സ് ആൻഡ് പിഎച്ച്ഡി) | 75 | 121 | | 196 | 38.27 |
| | ആകെ | 2,45,987 | 1,58,811 | 1 | 4,04,799 | 60.77 |

ഉറവിടം: സർവ്വകലാശാലകൾ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ഉന്നതവിദ്യാഭ്യാസത്തിലെ പ്രവേശന അനുപാതത്തെ ക്കുറിച്ചുള്ള വിവരങ്ങൾ കാണിക്കുന്നത് 2019-20ൽ മൊത്തം പ്രവേശന അനുപാതത്തിന്റെ കണക്കിൽ പ്രധാന സംസ്ഥാനങ്ങളിൽ കേരളം ആറാം സ്ഥാനത്താണ്. തമിഴ്നാട്ടിൽ 51.4 ശതമാനവും, ഡൽഹിയിൽ 48 ശതമാനവും, ആണ് ഏറ്റവും ഉയർന്ന മൊത്തം പ്രവേശന അനുപാതം ഉള്ളത്. ശ്രദ്ധേയമായ കാര്യം എന്തെന്നാൽ, സമീപകാലത്ത് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ പല സംസ്ഥാനങ്ങളിലും കേരളത്തേക്കാൾ താഴ്ന്ന മൊത്തം പ്രവേശനാനുപാതം (ജി.ഇ.ആർ) ആയിരുന്നു. ഉദാഹരണത്തിന്, ഗുജറാത്തിലെ പ്രവേശന അനുപാതം 21.3 ശതമാനം, ഹരിയാന 29.3 ശതമാനം, കർണാടക 32 ശതമാനം തെലങ്കാനയിൽ 35.6 ശതമാനം എന്നിങ്ങനെയായിരുന്നു.

ലിംഗപദവി സമത്വം ഉറപ്പാക്കാനുള്ള ശ്രമങ്ങൾ ഉയർന്ന സ്ത്രീ മൊത്തം പ്രവേശന അനുപാതത്തിന്റെ തെളിവായി മികച്ച ഫലം കണ്ടു. 2019-20ൽ ഉന്നതവിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ പ്രവേശന അനുപാതം 44.7 ശതമാനവും പുരുഷന്മാരുടേത് 32.9 ശതമാനവുമാണ്. അതേസമയം ദേശീയ തലത്തിൽ സ്ത്രീ പ്രവേശന അനുപാതം 27.3 ശതമാനമാണ്. എന്നിരുന്നാലും, പ്രധാന സംസ്ഥാനങ്ങളിൽ അഞ്ചാം സ്ഥാനത്താണ് കേരളം, (ഉന്നത വിദ്യാഭ്യാസത്തിലെ പരിഷ്കാരങ്ങൾക്കായുള്ള കമ്മീഷന്റെ റിപ്പോർട്ട്, 2022).

എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിൽ, 2019-20ൽ കേരളത്തിലെ എല്ലാ പട്ടികജാതി വിഭാഗക്കാരുടെയും (എസ്.സി) പ്രവേശനാനുപാതം 26.7 ശതമാനമായിരുന്നു. പ്രധാന സംസ്ഥാനങ്ങളിൽ വച്ച് നമ്മുടെ സംസ്ഥാനം പതിനൊന്നാം സ്ഥാനത്താണ്. ദേശീയ ശരാശരി 23.4 ശതമാനത്തിൽ കുറവാണെങ്കിലും ഈ അനുപാതം വർദ്ധിപ്പിക്കേണ്ടതാണ്. പട്ടികജാതി സ്ത്രീകളുടേതുമായി (34.8 ശതമാനം) അപേക്ഷിച്ച് പട്ടികജാതി പുരുഷന്മാരുടെ (18.7 ശതമാനം) പ്രവേശന അനുപാതം വളരെ കുറവായതാണ് ഇതിന്റെ കാരണം. ദേശീയ ശരാശരികൾ ഇത് യഥാക്രമം 22.8 ശതമാനവും 24.1 ശതമാനവുമാണ്. പട്ടികജാതി സ്ത്രീ പ്രവേശന അനുപാതത്തിൽ കേരളം, പ്രധാന സംസ്ഥാനങ്ങളിൽ അഞ്ചാം സ്ഥാനത്തെത്തിയപ്പോൾ, പട്ടികജാതി പുരുഷ പ്രവേശന അനുപാതത്തിൽ പതിനേഴാം സ്ഥാനത്താണ്.

കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ പ്രവേശന അനുപാതം 2019-20ൽ 24 ശതമാനമായിരുന്നു, പ്രധാന സംസ്ഥാനങ്ങളിൽ വച്ച് എട്ടാം സ്ഥാനത്താണ് ഇത്. ദേശീയ ശരാശരി 18 ശതമാനത്തിൽ താഴെയാണ്. പട്ടിക ജാതി വിഭാഗക്കാരുടെ കാര്യത്തിലെന്നപോലെ, പുരുഷന്മാരുടെയും സ്ത്രീകളുടെയും പ്രവേശന അനുപാതം തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. പട്ടികവർഗ്ഗ പുരുഷന്മാരുടെ പ്രവേശന അനുപാതം 19.1 ശതമാനമായിരുന്നപ്പോൾ പട്ടികവർഗ സ്ത്രീകളുടെ അനുപാതം 28.7 ശതമാനമാണ്. യഥാക്രമം ദേശീയ ശരാശരിയായ 18.2 ശതമാനത്തിനും 17.7 ശതമാനത്തിനും വളരെ മുകളിലാണെങ്കിലും സ്ത്രീ പ്രവേശന അനുപാതത്തിൽ ഏഴാം സ്ഥാനവും പുരുഷ പ്രവേശന അനുപാതത്തിൽ പതിനേഴാം സ്ഥാനവും മാത്രമാണ് കേരളം നേടിയത്.

എന്നിരുന്നാലും, നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ (എൻ.എസ്.എസ്.ഒ.) ഗാർഹിക സർവേ പ്രകാരമുള്ള കണക്കുകൾ അല്പം വ്യത്യസ്തമായ ചിത്രം കാണിക്കുന്നു. 2017-18ൽ പോസ്റ്റ്-ഹയർ സെക്കൻഡറി ലെവലിന്റെ മൊത്ത ഹാജർ അനുപാതം (ജി.എ.ആർ.$_{\text{എച്ച്ഇ}}$) അതായത്, 18-23 പ്രായത്തിലുള്ളവരുടെ എണ്ണവും ടി പ്രായത്തിനുശേഷം ഹയർ സെക്കൻഡറി തലത്തിൽ പഠിക്കുന്ന ആളുകളുടെ എണ്ണത്തിന്റെയും അനുപാതം) കേരളത്തിൽ 37.6 ശതമാനവും ഇന്ത്യയിൽ 22.8 ശതമാനവും ആയിരുന്നു. വാസ്തവത്തിൽ, പോസ്റ്റ്-ഹയർസെക്കണ്ടറി തലത്തിൽ എല്ലാ സംസ്ഥാനങ്ങളിലും വച്ച് ഏറ്റവും ഉയർന്ന മൊത്ത ഹാജർ അനുപാതം കേരളത്തിനുണ്ടായിരുന്നു.

പ്രായ-നിർദ്ദിഷ്ട ഹാജർ അനുപാതം (എ.എസ്.എ.ആർ.$_{\text{എച്ച്ഇ}}$) അതായത്, നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 18-23 വയസ്സിനിടയിലുള്ള ആളുകളുടെ, അവർ പഠിക്കുന്ന നിലവാരമോ ക്ലാസോ പരിഗണിക്കാതെ തന്നെയുള്ള അനുപാതം) എൻ.എസ്.എസ്.ഒ സർവേകൾ കാണിക്കുന്നു. 2017-18ൽ പ്രായ-നിർദ്ദിഷ്ട ഹാജർ അനുപാതം കേരളത്തിൽ 47.4 ശതമാനമായിരുന്നു, ഇത് രാജ്യത്ത് ഏറ്റവും ഉയർന്നതാണ്, ഈ അനുപാതം ഇന്ത്യയിൽ 28.8 ശതമാനമാണ്.

എ.ഐ.എസ്.എച്ച്.ഇ ഡാറ്റ പ്രകാരം, ഒരു ലക്ഷം ജനസംഖ്യയ്ക്ക് (18-23 വയസ്സ്) ഉള്ള കോളേജുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ, 2019-20ൽ ഒരു ലക്ഷം ജനസംഖ്യയിൽ 48 കോളേജുകളുള്ള കേരളം പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളിൽ അഞ്ചാം സ്ഥാനത്താണ്. ഒരു ലക്ഷം ജനസംഖ്യയിൽ 30 കോളേജുകൾ എന്നതായിരുന്നു ദേശീയ ശരാശരി. ഒരു ലക്ഷം ജനസംഖ്യയിൽ 59 കോളേജുകളുള്ള കർണാടകയാണ് ഒന്നാമത്, തെലങ്കാന (53), ആന്ധ്രാപ്രദേശ് (51), ഹിമാചൽപ്രദേശ് (49) എന്നിവയാണ് തൊട്ടുപിന്നിൽ.

**സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ്:** കേരളത്തിന്റെ ഒരു സുപ്രധാന നേട്ടം സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരമാണ്. വിദ്യാഭ്യാസത്തിൽ മികച്ച നിലവാരം കൈവരിക്കുന്നതിൽ കേരളം ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ചു എന്നത് മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ (എം.എച്ച്. ആ ർ.ഡി.) നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന് (എൻ.ഐ.ആർ.എഫ്) കീഴിലുള്ള കോളേജുകളുടെ റാങ്കിംഗിൽ നിന്ന് വ്യക്തമാണ്. 2022ൽ ആദ്യ 100 റാങ്കിൽ കേരളത്തിൽ നിന്ന് 17 കോളേജുകളും (17 ശതമാനം) ആദ്യ 200 റാങ്കിൽ കേരളത്തിൽ നിന്ന് 38 കോളേജുകളും (19 ശതമാനം) ഉണ്ടായിരുന്നു. സംസ്ഥാനത്തിന്റെ വലിപ്പവും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ, ഇത് തീർച്ചയായും ശ്രദ്ധേയമായ നേട്ടമാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേടിയ പ്രധാന അംഗീകാരങ്ങൾ **ബോക്സ് 2.1**ൽ സംഗ്രഹിച്ചിരിക്കുന്നു.

പ്രധാന സർവകലാശാലകൾ അക്രെഡിറ്റേഷനിൽ മികച്ച ഗ്രേഡുകൾ നേടിയെടുത്ത ശ്രദ്ധേയമായ നേട്ടം, നാക് അക്രഡിറ്റേഷനിൽ മികച്ച ഗ്രേഡുകൾ നേടുന്നതിനും ഉയർന്ന നിലവാരം നിലനിർത്തുന്നതിനുമായി എല്ലാ സർവകലാശാലകൾക്കും അവരുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും അക്കാദമിക് നിലവാരം ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഒരു പ്രേരണയായി മാറി. ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ ലക്ഷ്യം കൈവരിക്കാനുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മഹത്തായ സാധ്യത കണക്കിലെടുത്ത്, എല്ലാ സർവകലാശാലകളെയും പൊതുമേഖലാ

**ബോക്സ് 2.1** കേരളത്തിലെ പ്രമുഖ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവാർഡുകൾ /അക്രഡിറ്റേഷൻ/ റാങ്കിംഗുകൾ

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുകയും അംഗീകാരം നൽകുകയും ചെയ്യുന്ന ഇന്ത്യയിലെ ഒരു സർക്കാർ സ്ഥാപനമാണ്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ധനസഹായം നൽകുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്.

2022ൽ, 3.67 എന്ന ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജോടെ (സി.ജി.പി.എ.) കേരള സർവ്വകലാശാല ഏറ്റവും ഉയർന്ന നാക് ഗ്രേഡിംഗ് ആയ A++ നേടി. സംസ്ഥാനത്തെ ഏതൊരു സർവകലാശാലയും നേടിയ ഉയർന്ന ഗ്രേഡിംഗും പോയിന്റുമാണിത് . 2015-ൽ കേരളത്തിലെ ഏറ്റവും മികച്ച സർവ്വകലാശാലയ്ക്കുള്ള ആദ്യ ചാൻസലർ അവാർഡ് ഈ സർവ്വകലാശാലയ്ക്ക് ലഭിച്ചിരുന്നു. 2022 വർഷത്തിൽ സർവ്വകലാശാലകളിൽ 40-ാം സ്ഥാനവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് (എൻ.ഐ.ആർ.എഫ്.) പ്രകാരം ഇന്ത്യയിൽ മൊത്തത്തിൽ 52-ആം സ്ഥാനവും ഈ സർവ്വകലാശാലയ്ക്ക് ലഭിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 2017-ൽ 3.24 സി.ജി.പി.എ-യോടെ നാക്, A ഗ്രേഡ് അംഗീകാരം നൽകിയിട്ടുണ്ട്. 2021-ൽ യൂണിവേഴ്സിറ്റി തലത്തിൽ 31-ാം റാങ്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് പ്രകാരം (എൻ.ഐ.ആർ.എഫ്.) ഇന്ത്യയിൽ മൊത്തത്തിൽ 52-ാം റാങ്കും നേടി. 2015-16, 2017-18, 2019-20 വർഷങ്ങളിൽ കേരളത്തിലെ മികച്ച യൂണിവേഴ്സിറ്റി ഓഫ് എക്സലൻസിനുള്ള ചാൻസലറുടെ അവാർഡും സർവകലാശാലയ്ക്ക് ലഭിച്ചു. ദേശീയ തലത്തിൽ മികച്ച രീതിയിൽ കോഹ നടപ്പിലാക്കിയതിനുള്ള ലൈബ്രറി ടെക്നോളജി കോൺക്ലേവ് (എൽ.റ്റി.സി.) 2019 കോഹ ലൈബ്രറി അവാർഡ് സർവകലാശാല ലൈബ്രറിക്ക് ലഭിച്ചു. 2022-ലെ ലോക സർവ്വകലാശാല റാങ്കിംഗിൽ ഇന്ത്യൻ സർവ്വകലാശാലകളിൽ 15-ാം റാങ്കും ഈ സർവ്വകലാശാല കരസ്ഥമാക്കി.

25-ലധികം ബിരുദാനന്തര ബിരുദ പഠന, ഗവേഷണ വകുപ്പുകളുള്ള കാലിക്കറ്റ് സർവകലാശാല കേരളത്തിലെ ഏറ്റവും വലിയ സർവകലാശാലയാണ്. നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) അടുത്തിടെ നടത്തിയ നാലാമത്തെ മൂല്യനിർണയത്തിൽ നാലിൽ 3.45 പോയിന്റുമായി കാലിക്കറ്റ് സർവകലാശാല അതിന്റെ ഗ്രേഡ് 'എ+' ആയി മെച്ചപ്പെടുത്തി. 2022 ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് (എൻ.ഐ.ആർ.എഫ്) അനുസരിച്ച്, സർവ്വകലാശാലകളിൽ (മൊത്തത്തിൽ ഇന്ത്യയിൽ) 69-ാം സ്ഥാനവും കാലിക്കറ്റ് സർവ്വകലാശാലയ്ക്കുണ്ട്. ക്യൂ.എസ് ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗ് 2022 പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റി 401-450 ബാൻഡിന് കീഴിലും യുഎസിലെ ഇന്ത്യൻ സർവ്വകലാശാലകളിലെ 100 സർവ്വകലാശാലകളിൽ 45-ാം സ്ഥാനത്തും എത്തിയിട്ടുണ്ട്. 2021-ൽ നാക് അക്രഡിറ്റേഷന്റെ രണ്ടാം ആവൃത്തിയിൽ കണ്ണൂർ സർവകലാശാലയ്ക്ക് ബി++ ഗ്രേഡ് ലഭിച്ചു.

ഉറവിടം: സർവ്വകലാശാലകളും കോളേജ് വിദ്യാഭാസ ഡയറക്ടറേറ്റും

സ്ഥാപനങ്ങളെയും അവരുടെ റാങ്കിംഗ് പരമാവധി മെച്ചപ്പെടുത്തുന്നതിന്പി ന്തുണയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രവേശനക്ഷമതയും ചെലവ് വഹിക്കാനുള്ള പ്രാപ്തിയും**

**പട്ടിക 2.1**ൽ കാണുന്നത് പോലെ, സർക്കാർ മേഖലയിൽ ധാരാളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. 1990 കളിൽ സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ കോളേജുകൾ പ്രവർത്തിക്കാൻ അനുവദിക്കുന്നത് വരെ ഈ മേഖലയിൽ ആകെ ഉണ്ടായിരുന്നത് സർക്കാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അനേകം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിധ്യമാണ് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തെ എല്ലാവർക്കും താങ്ങാനാവുന്നതും ഉൾക്കൊള്ളാവുന്നതും ആയി മാറ്റുന്നത്.

എയ്ഡഡ് സ്ഥാപനങ്ങൾക്കും ഗ്രാന്റുകൾ നൽകിക്കൊണ്ട് വിദ്യാഭ്യാസ ചെലവ് താങ്ങാനാവുന്ന തരത്തിൽ നിയന്ത്രിച്ചിട്ടുണ്ട്. ഇത് എല്ലാ വിഭാഗങ്ങൾക്കും ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനപ്രാപ്യത വർദ്ധിപ്പിക്കുകയും അതിന്റെ താങ്ങാനാവുന്ന നിരക്ക് വർഷങ്ങളായി ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു.

**സ്കോളർഷിപ്പുകൾ:** വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉന്നതവിദ്യാഭ്യാസത്തിൽ തുല്യത ഉറപ്പാക്കുന്നതിനുമായി ബിരുദാനന്തര ബിരുദ, ബിരുദ തലങ്ങളിൽ വിവിധ സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. 2019-20ൽ കേന്ദ്ര-സംസ്ഥാന മേഖലകളിലായി, വിദ്യാർത്ഥികൾക്ക് 13 തരത്തിലുള്ള സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. 2019-20ൽ 65,626 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും 20,409 വിദ്യാർത്ഥികൾക്ക് ജില്ലാ മെറിറ്റ് സ്കോളർഷിപ്പും 4,473 വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന സുവർണ ജൂബിലി സ്കോളർഷിപ്പും ലഭിച്ചു. കൂടാതെ, ആസ്പയർ സ്കോളർഷിപ്പ്, സാമൂഹ്യ ശാസ്ത്രം, സാഹിത്യം, സംഗീതം, കലകൾ, പെർഫോമിംഗ് ആർട്സ് തുടങ്ങിയവയ്ക്ക് പ്രത്യേകം സ്കോളർഷിപ്പുകളും നൽകുന്നുണ്ട്. ഇവ കൂടാതെ ആർട്സ് ആന്റ് സയൻസ് കോഴ്സുകളിലെ ബിരുദ, പിജി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രത്യേക മെറിറ്റ് സ്കോളർഷിപ്പുകൾ നൽകുന്നു. പ്രശസ്തമായ കൈരളി സ്കോളർഷിപ്പുകളും സി.എം. ഫെലോഷിപ്പുകളും ഈ പട്ടികയിൽ അടുത്തിടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഉയർന്ന നിലവാരമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകൾ ആരംഭിച്ചു. 2021-22 ലെ സംസ്ഥാന ബജറ്റിലാണ് ഇത് പ്രഖ്യാപിച്ചത്. രണ്ട് വർഷത്തേക്ക് പ്രതിമാസം 50,000 രൂപ മുതൽ 1,00,000 രൂപ വരെ

ഫെലോഷിപ്പുകൾ നൽകാൻ സംസ്ഥാനം പദ്ധതിയിടുന്നു. പാരിസ്ഥിതിക വൈവിധ്യം, കൃഷി, ഡിജിറ്റൽ സാങ്കേതികവിദ്യ, ജനിതകശാസ്ത്രം, കാലാവസ്ഥാ വ്യതിയാനം, കേരളത്തിന്റെ തദ്ദേശീയ സംസ്കാരം തുടങ്ങിയ മേഖലകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന പദ്ധതികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

അപേക്ഷകൻ കേരളീയനായിരിക്കണമെന്നും ഡോക്ടറൽ ബിരുദം ഉണ്ടായിരിക്കണമെന്നും നിർബന്ധമുണ്ട്. അപേക്ഷിക്കുന്ന തീയതിയിലെ ഉയർന്ന പ്രായപരിധി 45 വയസ്സാണ്, മറ്റ് യോഗ്യതയുള്ള വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകൾക്കും ഉദ്യോഗാർത്ഥികൾക്കും ഇളവുണ്ട്. സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയിൽ പോസ്റ്റ്-ഡോക്ടറൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും ഒരു അംഗീകൃത സ്ഥാപനത്തിൽ സ്ഥിരം സംവിധാനത്തിൽ ഒരു മെന്റർ ഉണ്ടായിരിക്കുകയും വേണം. ഫെലോഷിപ്പ് കേരളത്തിൽ മാത്രമാണ് പ്രാബല്യത്തിൽ ഉള്ളത്, കൂടാതെ സംസ്ഥാനത്തെ ഏതെങ്കിലും അംഗീകൃത സ്കൂളുകളിലും/ ഡിപ്പാർട്ട്മെന്റുകളിലും ഇത് നടപ്പിലാക്കാം. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർദ്ദേശിച്ച ഉന്നതതല വിദഗ്ധ സമിതിയാണ് പ്രൊപ്പോസലുകൾ തെരഞ്ഞെടുക്കുന്നത്. പ്രൊപ്പോസലുകൾ ഉയർന്ന നിലവാരമുള്ളതാണെന്ന് ഉറപ്പാക്കാൻ ഈ ഫെലോഷിപ്പുകൾക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ കർശനമായതിനാൽ, മുഖ്യമന്ത്രിയുടെ പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകൾ വളരെ അഭിമാനകരമാണ്. ഈ പദ്ധതി സർവ്വകലാശാലകളെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും നവീകരിക്കാനും സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകുന്ന സാങ്കേതികവിദ്യ നൽകാനും പ്രാപ്തമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### ഉന്നതവിദ്യാഭ്യാസത്തിൽ സമഗ്രതയും ലിംഗപദവി സമത്വവും

ജാതി, സമുദായം, ലിംഗഭേദം, ഭൗതിക സാഹചര്യങ്ങൾ എന്നിവ കണക്കിലെടുക്കാതെ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകാനുള്ള ബോധപൂർവമായ ശ്രമങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങൾക്ക് വിദ്യാഭ്യാസം ഏറെക്കുറെ സൗജന്യമാക്കിയും അവരുടെ പ്രാതിനിധ്യത്തിന് ആനുപാതികമായി മതിയായ സീറ്റ് സംവരണം ഉറപ്പാക്കിക്കൊണ്ടും ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നു. സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന് പുറമെ, സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികളുടെ ഫീസ് സർക്കാരാണ് വഹിക്കുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ അനുപാതം അവരുടെ ജനസംഖ്യാ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ താരതമ്യേന മികച്ചതാണ്. എന്നിരുന്നാലും, നേരത്തെ വിശദീകരിച്ചതുപോലെ, 2019-20ൽ എല്ലാ പട്ടികജാതിക്കാരുടെയും (എസ്. സി) കേരളത്തിന്റെ പ്രവേശന അനുപാതം 26.7 ശതമാനമായിരുന്നു, കൂടാതെ സംസ്ഥാനം, പ്രധാന സംസ്ഥാനങ്ങളിൽ 11-ാം സ്ഥാനത്തെത്തി. പട്ടികജാതി സ്ത്രീകളെ (34.8 ശതമാനം) അപേക്ഷിച്ച് പട്ടികജാതി പുരുഷന്മാരുടെ (18.7 ശതമാനം) കുറഞ്ഞ പ്രവേശന അനുപാതമാണ് കേരളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതുപോലെ, പട്ടികവർഗക്കാർക്കിടയിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും പ്രവേശന അനുപാതം തമ്മിൽ കാര്യമായ വ്യത്യാസമുണ്ടായിരുന്നു. പട്ടികവർഗ പുരുഷന്മാരുടെ പ്രവേശന അനുപാതം 19.1 ശതമാനമായിരുന്നപ്പോൾ പട്ടികവർഗ സ്ത്രീകളുടെ അനുപാതം 28.7 ശതമാനമാണ്. സ്ത്രീ പ്രവേശന അനുപാതത്തിൽ ഏഴാം സ്ഥാനവും പുരുഷ പ്രവേശന അനുപാതത്തിൽ 17-ാം സ്ഥാനവും മാത്രമാണ് കേരളം നേടിയത്. വിശദവിവരങ്ങൾക്ക് എസ്.സി/ എസ്.ടി. വിദ്യാർത്ഥികളുടെ കോഴ്സ് തിരിച്ചുള്ള എൻറോൾമെന്റിന്റെ വിശദാംശങ്ങൾ നൽകിയിരിക്കുന്ന **അധ്യായം 6.1** കാണുക.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ മറ്റൊരു പ്രധാന സവിശേഷത അതിന്റെ ലിംഗപദവി സമത്വമാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രകടന സൂചകങ്ങൾ: ഒരു അവലോകനം, എന്ന വിഭാഗത്തിൽ ചർച്ച ചെയ്തതുപോലെ, ഉന്നതവിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ പ്രാതിനിധ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ജനറൽ, എസ്.സി, എസ്.ടി. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ പ്രവേശന അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണെങ്കിലും, പ്രധാന സംസ്ഥാനങ്ങളിൽ വച്ച് കേരളത്തിന് അഞ്ചാം സ്ഥാനമേ ലഭിച്ചിട്ടുള്ളൂ. എന്നിരുന്നാലും, പ്രാദേശിക ഭരണം ഉൾപ്പെടെയുള്ള മറ്റ് പല മേഖലകളിലും ലിംഗസമത്വം ഉറപ്പാക്കുന്നതിന്റെ ശ്രമങ്ങളുടെ ഭാഗമായി പ്രതിബന്ധങ്ങളില്ലാതെ നില മെച്ചപ്പെടുത്താനും ദേശീയ തലത്തിൽ മുൻപന്തിയിൽ എത്താനും കഴിയും.

**അധ്യായം 8.1** (ലിംഗപദവിയും വികസനവും), പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെ എല്ലാ കോഴ്സുകളിലും എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ഒഴികെ പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കൂടുതലാണെന്ന് നിരീക്ഷിക്കപ്പെടുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം, 4 വർഷത്തിനുശേഷം, ഡോക്ടർമാരും അഭിഭാഷകരും കാർഷിക വിദഗ്ധരും ഉൾപ്പെടെ എല്ലാ പ്രൊഫഷണലുകളിലും 60 ശതമാനത്തിലധികം കേരളത്തിലെ സ്ത്രീകളായിരിക്കും.

### 13ഉം 14-ഉം പഞ്ചവത്സര പദ്ധതികളിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ മികവ് കൈവരിക്കുന്നതിനായി ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ

വികസനത്തിന്റെ ഉത്തേജകമെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും തുല്യത ഉറപ്പാക്കുന്നതിനും പ്രവേശനം വർദ്ധിപ്പിക്കുന്നതിനും ഗവേഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനും സർക്കാർ നിരവധി സംരംഭങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പാഠ്യപദ്ധതിയും അധ്യാപനവും ശക്തിപ്പെടുത്തുകയും പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആഗോള നവീകരണ ആവാസവ്യവസ്ഥയുമായി ബന്ധിപ്പിക്കുക; അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ; മൊത്തത്തിലുള്ള പ്രവേശന അനുപാതവും പ്രത്യേകിച്ച് സമൂഹത്തിലെ നാമമാത്ര വിഭാഗങ്ങളുടേത് വർദ്ധിപ്പിക്കുക; ഉയർന്ന തലത്തിലുള്ള ഇന്റർ ഡിസിപ്ലിനറി, വിവർത്തന ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ഈ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗങ്ങളാണ്.

അധ്യാപന തന്ത്രങ്ങൾ ഈ പരിവർത്തനം പ്രാപ്തമാക്കേണ്ടതും ആവശ്യമാണ്. പഠന പ്രക്രിയ കൃത്യമായ

ഫലങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. ആവർത്തിച്ച് പഠിച്ച് ഗ്രഹിക്കുന്ന തരത്തിലുള്ള പഠനം പ്രോത്സാഹിപ്പിക്കുന്ന അക്കാദമിക് അന്തരീക്ഷം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. അധ്യാപന-പഠന-മൂല്യനിർണ്ണയ പ്രക്രിയകളുടെ പ്രാഥമിക ലക്ഷ്യം വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്തയും വിശകലനവും വളർത്തിയെടുക്കണം എന്നതായിരിക്കണം.

അതിനനുസൃതമായി, ഉയർന്നുവരുന്ന മൂല്യനിർണ്ണയ സംവിധാനങ്ങൾ, ഒരുപക്ഷേ നന്നായി രൂപകൽപ്പന ചെയ്ത പരീക്ഷണങ്ങളിലൂടെ, പഠന പ്രക്രിയകൾക്ക് ഗണ്യമായ പ്രാധാന്യം നൽകുകയും വിദ്യാർത്ഥികളുടെ ഭാഗത്തുനിന്ന് പുതിയ ചിന്തകൾക്കും പഠനരീതികൾക്കും ഇടം നൽകുകയും വേണം. ഒരു വിദ്യാർത്ഥിയുടെ പഠനത്തിലെ യുക്തിസഹമായ പുരോഗതി പരിഗണിക്കാതെയുള്ള സംഗ്രഹ മൂല്യനിർണ്ണയം ഒരു വശത്തേക്ക് മാത്രം ശ്രദ്ധയുള്ളതായിരിക്കും. ആഭ്യന്തരമായ വിലയിരുത്തലിന്റെ ഘടകങ്ങൾ പഠന മാനേജ്മെന്റ് വ്യവസ്ഥയുമായി സംയോജിപ്പിക്കേണ്ടതുണ്ട്. മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ ന്യായവും വസ്തുനിഷ്ഠവും വിദ്യാർത്ഥികൾ ഇരയാക്കപ്പെടുന്നതിൽ നിന്ന് മുക്തവുമാക്കുന്നതിന് അനുയോജ്യമായിരിക്കേണ്ടതാണ്.

ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചുള്ള സംസ്ഥാന ആസൂത്രണ ബോർഡിന്റെ വർക്കിംഗ് ഗ്രൂപ്പ്, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ നിലനിൽക്കുന്ന പ്രതികൂലമായ അക്കാദമിക് അന്തരീക്ഷം ഉള്ളടക്കത്തിന്റെ നടത്തിപ്പിനെയും ക്ലാസ്റൂമിലെ ഗുണനിലവാരത്തെയും സാരമായി ബാധിക്കുന്നതായി നിരീക്ഷിച്ചു. ഈ പരിമിതികൾ അടിച്ചേൽപ്പിക്കപ്പെടുന്നത്, അമിതമായ ദൈനംദിന ഭരണപരമായ ജോലികൾ, വിദ്യാർത്ഥി പിന്തുണാ സംവിധാനങ്ങളുമായുള്ള ഇടപഴകൽ, അനുകൂലമല്ലാത്ത അധ്യാപക-വിദ്യാർത്ഥി അനുപാതങ്ങളുടെ ഫലമായി ഉയർന്ന ജോലിഭാരം എന്നിവമൂലമാണ്. കൂടാതെ, അധ്യാപക വികസനത്തിന് വിധേയമാകാനുള്ള അവസരത്തിന്റെ അഭാവം പാഠ്യപദ്ധതി ലക്ഷ്യങ്ങളുടെ ഫലപ്രാപ്തിയെ ബാധിക്കുന്നു. ലോകമെമ്പാടും, ബിരുദാനന്തര/ഡോക്ടറേറ്റ് തലങ്ങളിൽ ശക്തമായ അച്ചടക്ക അടിസ്ഥാനത്തിലും ഇന്റർ/മൾട്ടി ഡിസിപ്ലിനറി സമീപനങ്ങളിലും ഉന്നത വിദ്യാഭ്യാസത്തിൽ ഊന്നൽ വർധിച്ചുവരികയാണ്. അക്കാദമിക് ആവാസവ്യവസ്ഥ, അച്ചടക്ക കഴിവുകൾ ശക്തിപ്പെടുത്തുകയും അധ്യാപകരിലും വിദ്യാർത്ഥികൾക്കിടയിലും മൾട്ടി/ഇന്റർ-ഡിസിപ്ലിനറി ദിശാബോധത്തിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സംവിധാനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുകയും വിജ്ഞാനം സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തെ തടസ്സപ്പെടുത്തുന്ന പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കാനും അത് കാലോചിതവും ഭാവിപരവുമാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കാനും സർക്കാർ തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ, ഉന്നതവിദ്യാഭ്യാസരംഗത്ത് നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനും പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചു. എന്നിരുന്നാലും, കമ്മീഷനുകളുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പുതന്നെ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിരവധി നടപടികൾ ആരംഭിച്ചിരുന്നു. ബോക്സ് 2.1-ൽ കാണിച്ചിരിക്കുന്നതുപോലെ, ഈ ശ്രമങ്ങൾ നല്ല ഫലങ്ങൾ നേടാൻ തുടങ്ങിയിട്ടുണ്ട്.

**പുതിയ സ്ഥാപനങ്ങൾ /സ്ഥാപന വികസനം:**

പുതിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുകയെന്നത് സർക്കാരിന്റെ മുൻഗണനയാണ്. അടുത്തിടെ, ഉന്നതവിദ്യാഭ്യാസരംഗത്ത് നിലവിലുള്ള ചില വിടവുകൾ നികത്താനും സാർവത്രികമാക്കാനുമുള്ള പ്രത്യേക ലക്ഷ്യങ്ങളോടെയാണ് രണ്ട് പുതിയ സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടത്.

വിദൂര പഠനത്തിലൂടെയും ഓൺലൈൻ രീതിയിലൂടെയും ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചു. ഉന്നതവിദ്യാഭ്യാസത്തെ സാർവത്രികമാക്കാനും ദേശീയതലത്തിലുള്ള വിദൂരപഠന കേന്ദ്രമായി മാറാനും ഈ സർവ്വകലാശാലയ്ക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2020-ൽ സ്ഥാപിതമായ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി (മുമ്പ് ഐഐഐടിഎം-കെ) രാജ്യത്ത് ഇത്തരത്തിലുള്ള ആദ്യത്തേതാണ്, ഈ മാതൃക വളരെപ്പെട്ടെന്ന് ദേശീയ തലത്തിൽ അനുകരിക്കപ്പെട്ടു. ഉയർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ഉയർന്ന നിലവാരമുള്ള അക്കാദമിക്, ഗവേഷണ പരിപാടികൾ നടത്താൻ ഡിജിറ്റൽ സർവകലാശാല നിർബന്ധിതമാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ, ഡിജിറ്റൽ സർവ്വകലാശാല ഗവേഷണത്തിന്റെ അത്യാധുനിക മേഖലകളിലേക്ക് കടക്കുകയും അക്കാദമിക-വ്യവസായ ബന്ധങ്ങളുടെ പുതിയ മാതൃകകൾ വികസിപ്പിക്കാൻ സഹായിക്കുന്ന നിരവധി നൂതന പരിപാടികൾ ആരംഭിക്കുകയും ചെയ്തു.

താരതമ്യേന പുതുതായ മലയാളം സർവ്വകലാശാലയുടെയും സാങ്കേതിക സർവ്വകലാശാലയുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും സർക്കാർ പിന്തുണ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സമഗ്രവികസനത്തിനായി വിപുലമായ പ്രവർത്തനങ്ങളോടെ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എജ്യുക്കേഷന്റെ പുനഃക്രമീകരണമാണ് മറ്റൊരു സമീപകാല സംഭവവികാസം.

**പുതിയ തസ്തികകൾ/നിയമനങ്ങളും കോഴ്സുകളും:**

ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മാനവവിഭവശേഷി വിന്യാസം ഒരു പ്രധാന ആവശ്യമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 1000-ലധികം അധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും സർക്കാർ, എയ്ഡഡ് കോളേജുകളിൽ നൂതനമായ നിരവധി കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. എഞ്ചിനീയറിംഗ് കോളേജുകളിൽ സമീപകാല സാങ്കേതികവിദ്യകൾക്കായി 17 കോഴ്സുകൾ ബിരുദ ബിരുദാനന്തര ബിരുദ തലങ്ങളിൽ ആരംഭിച്ചു. ഏറെ നാളായി മുടങ്ങിക്കിടന്ന അധ്യാപക നിയമനം എല്ലാ സർവകലാശാലകളിലും പുനരാരംഭിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലെയും അധ്യാപക തസ്തികകളുടെ എണ്ണത്തിൽ അഭൂതപൂർവമായ കുതിപ്പ് രേഖപ്പെടുത്തി.

പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടപ്പോൾ, ധാരാളം ഒഴിവുകൾ നികത്തപ്പെട്ടു.

അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, മറ്റ് ക്ലറിക്കൽ തസ്തികകളിലേക്കുള്ള നിയമനം മുതലായവ കേരള പിഎസ്സി വഴിയാണ് നടക്കുന്നത്. പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിനായി സർവകലാശാലയിലെ നിരവധി സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാലാവധി നിശ്ചയിക്കുകയും ഈ ഉദ്യോഗസ്ഥരുടെ വിരമിക്കൽ പ്രായം 56 വയസ്സായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പുതിയ ഓർഡിനൻസ് പ്രകാരം രജിസ്ട്രാർമാരുടെയും ഫിനാൻസ് ഓഫീസർമാരുടെയും പരീക്ഷാ കൺട്രോളർമാരുടെയും കാലാവധി നാല് വർഷമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ വികസനം:**
ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച് സർവ്വകലാശാലകളിൽ അടിസ്ഥാന സൗകര്യങ്ങളിൽ പ്രകടമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്തും അതിനുശേഷവും ധനസഹായം നൽകുന്ന വിവിധ ഏജൻസികളിൽ നിന്നുള്ള പദ്ധതി ഫണ്ടുകളും ഗ്രാന്റുകളും ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടന്നിരുന്നു. സർവ്വകലാശാലകളിലും സർക്കാർ കോളേജുകളിലും അക്കാദമിക് ബ്ലോക്കുകൾ, ക്ലാസ് മുറികൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കായിക സൗകര്യങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

അടിസ്ഥാന സൗകര്യ വികസനത്തിലെ പ്രധാന നേട്ടങ്ങൾ ഇവയാണ്: കാര്യവട്ടത്ത് ഒരു അക്കാദമിക് കോംപ്ലക്സ്, കേരള യൂണിവേഴ്സിറ്റിയിൽ നിർമ്മിച്ച സെനറ്റ് ഹൗസ് കാമ്പസിലെ ഇൻഡോർ സ്റ്റേഡിയം, എംജി സർവകലാശാലയിൽ അക്കാദമിക് കോംപ്ലക്സും ആധുനിക ലാബ് കെട്ടിടവും, കുസാറ്റിൽ പുരുഷന്മാരുടെ ഹോസ്റ്റലും അക്കാദമിക് കെട്ടിടവും, ആറ്റിങ്ങലിലെയും, കണ്ണൂരിലെയും (വനിത), കോഴിക്കോട്ടെയും ഗവണ്മെന്റ് കോളേജുകളിലും എറണാകുളം മോഡൽ എഞ്ചിനീയറിംഗ് കോളേജിലും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലും (സി ഇ റ്റി) ആർ എൽ വി മ്യൂസിക് & ഫിനാൻസ് കോളേജിലും, തൃപ്പൂണിത്തറ, മട്ടന്നൂർ, നെടുമങ്ങാട്, പൂഞ്ഞാർ, പയ്യന്നൂർ എന്നിവിടങ്ങളിലെ പോളിടെക്നിക് കോളേജുകളിലെയും അക്കാദമിക് ബ്ലോക്ക്/ലൈബ്രറി/ലബോറട്ടറികൾക്കായി പുതിയ കെട്ടിടങ്ങൾ, തിരുവനന്തപുരം എൻജിനീയറിങ് കോളേജിൽ ഇൻഡസ്ട്രിയൽ ആൻഡ് പ്രൊഡക്ഷൻ എൻജിനീയറിങ് ബ്ലോക്ക് എന്നിവ നിർമിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരണത്തിലേക്കും സംരംഭകത്വ വികസനത്തിലേക്കും നയിക്കുന്നതിലെ ഊന്നൽ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും സർവകലാശാലകളിലും ഇൻകുബേഷൻ സെന്ററുകളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് കാരണമായി. ഇക്കാര്യത്തിൽ, എല്ലാ സർക്കാർ കോളേജുകളിലും, പ്രത്യേകിച്ച് വിദൂര സ്ഥലങ്ങളിൽ പോലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

**കിഫ്ബിയുടെ സഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനം**
സംസ്ഥാനത്തെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) 570 കോടി രൂപയുടെ സഹായം നൽകുന്നു. കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ 70 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തീകരിച്ച് കെട്ടിടങ്ങളുടെ ഉദ്ഘാടനം 2020 ഒക്ടോബറിൽ നടന്നു. എൻസിസി കേഡറ്റുകളുടെ പരിശീലനത്തിനുള്ള എയർ സ്ട്രിപ്പിന്റെ നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കിഫ്ബിയുടെ വിവിധ പദ്ധതികളുടെ കീഴിൽ 48 കോളേജുകൾക്ക് 8.5 കോടി വീതവും 5 ഹെറിറ്റേജ് കോളേജുകൾക്ക് 30 കോടി വീതവും 12 കോളേജുകൾക്ക് 10 കോടി വീതവും അനുവദിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 45 കെട്ടിടങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2016 ജൂണിനും 2020 നവംബറിനുമിടയിൽ 30-ലധികം കെട്ടിടങ്ങൾ ഇതിനകം പൂർത്തിയാക്കി അതത് സ്ഥാപനങ്ങൾക്ക് കൈമാറി.

**കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ള സംരംഭങ്ങൾ**
ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഊന്നൽ അടിസ്ഥാന സൗകര്യ വികസനത്തിലും മനുഷ്യശക്തി വിന്യാസത്തിലും മാത്രമല്ല, ദുർബല വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനും ലിംഗപദവിസമത്വം ഉറപ്പാക്കുന്നതിനും ബൗദ്ധിക ഫലപ്രാപ്തി മെച്ചപ്പെടുത്തുന്നതിനും നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഹൈബ്രിഡ് മോഡിലുള്ള മെച്ചപ്പെട്ട പഠന ആവാസവ്യവസ്ഥകൾ സൃഷ്ടിക്കുന്നതിലും പ്ലെയ്സ്മെന്റുകൾ സുഗമമാക്കുന്നതിലും, സഹപാഠ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും, വിദ്യാർത്ഥികൾക്ക് മികച്ച അവസരങ്ങൾ സൃഷ്ടിക്കുന്നതിലും നൂതനമായ നിരവധി സംരംഭങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്ത ചില പ്രധാന പരിപാടികൾ ചുവടെ നൽകിയിരിക്കുന്നു:

- **ജീവനി:** വിദ്യാർത്ഥി സമൂഹത്തിന് കൗൺസിലിംഗ് സേവനങ്ങൾ നൽകുന്നതിനുള്ള ഒരു പരിപാടിയാണിത്. കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ ആവശ്യങ്ങൾക്കായി എല്ലാ സർക്കാർ കോളേജുകളിലും ജീവനി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. സമ്മർദ്ദം മാനേജ് ചെയ്യൽ, അവർ അഭിമുഖീകരിക്കുന്ന അക്കാദമിക്, അക്കാദമികേതര പ്രശ്നങ്ങൾ എന്നിവയിൽ ഉപദേശം ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ഒരു വേദി ഒരുക്കുന്നതിനാൽ ഈ പദ്ധതി വളരെയധികം പ്രശംസിക്കപ്പെട്ടു. ലഹരിവസ്തുക്കളുടെ ദുരുപയോഗം, ആസക്തി മുതലായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന കേന്ദ്രങ്ങളായി വികസിക്കാനുള്ള വേദിയായി ഇതിന് വലിയ സാധ്യതയുണ്ട്.

- **പെർഫോമൻസ് ലിങ്ക്ട് എൻകറേജ്മെന്റ് ഫോർ അക്കാദമിക് സ്റ്റഡീസ് ആൻഡ് എന്‍ഡെവർ (പ്ലീസ്സ്)** - പുതിയതും സങ്കീർണ്ണവുമായ ഗവേഷണ പദ്ധതികളും ആശയങ്ങളും ഏറ്റെടുക്കാൻ അക്കാദമിക് സമൂഹത്തെ പ്രേരിപ്പിക്കുന്ന പദ്ധതിയാണിത്. ഗവൺമെന്റ് ആർട്സ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ഗവേഷണത്തിനും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കുമായി നൂതന ആശയങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി എല്ലാ സ്ഥാപനങ്ങൾക്കും ലാബ് നിർമ്മിക്കുന്നതിനും ഗവേഷണം ശക്തിപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റും സാമ്പത്തിക സഹായം നൽകുന്നു.

- **ഗ്രീൻ കാമ്പസ്:** കാമ്പസുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനും ജൈവമാലിന്യങ്ങൾ ശരിയായി സംസ്കരിക്കുന്നതിനുമായി ഗ്രീൻ കാമ്പസ് പദ്ധതി നടപ്പിലാക്കുന്നു. സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ ഒഴിഞ്ഞ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി, പുഷ്പകൃഷി, ബട്ടർഫ്ലൈ പാർക്ക്, മിയോവാകി വനം എന്നിവ പദ്ധതി വഴി നടപ്പാക്കുന്നു.

- **മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി പ്രതിഭാധനരായ വിദ്യാർത്ഥികൾക്കുള്ള അവാർഡ്**: മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 1000 വിദ്യാർത്ഥികൾക്ക് അവാർഡ് നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് രൂപകല്പന ചെയ്ത നൂതന പദ്ധതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിലുള്ള സ്കോളർഷിപ്പ്. സ്കോളർഷിപ്പ് തുക ഒരു ലക്ഷം രൂപയാണ്.

- **ഒറൈസ്, ഓൺലൈൻ പരിപാടികൾ/സേവനങ്ങൾ:** കോളേജ് വിദ്യാഭ്യാസ വകുപ്പ് ഓൺലൈൻ റിസോഴ്സ് ഇനിഷ്യേറ്റീവ്സ് ഓഫ് കൊളീജിയറ്റ് എജ്യുക്കേഷൻ (ഒറൈസ്) പ്രോഗ്രാമിന്റെ ഭാഗമായി മേഘനാഥ സാഹ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ വഴി ബിയോണ്ട് സിലബസ്, മലയാള സാഹിത്യ യാത്ര, വിംഗ്ലീഷ് എന്നീ മൂന്ന് പഠന പരമ്പരകൾ നടപ്പിലാക്കി. ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ അക്കാദമിക് വിദഗ്ധരുടെ വീഡിയോ ഉള്ളടക്കം വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ ഒരു സംരംഭമാണ് ഒറൈസ്. ഇ-ലേണിംഗിനായി ഗുണനിലവാരമുള്ള വിദ്യാഭ്യാസ ഉള്ളടക്കം വികസിപ്പിക്കുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമാണ് ഈ പ്രോഗ്രാം. ബി.എസ്.എൻ.എൽ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ച് സർക്കാർ കോളേജുകളിൽ അതിവേഗ സ്ഥിരതയുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നു. പ്രവേശനവും സർട്ടിഫിക്കേഷനും ഉൾപ്പെടെ സർവകലാശാലകൾ വാഗ്ദാനം ചെയ്യുന്ന മിക്ക സേവനങ്ങളും ഓൺലൈൻ ആക്കി; എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈനായി നടത്തി.

- **അക്കാദമിക് മെച്ചപ്പെടുത്തൽ പ്രോഗ്രാമുകൾ:** അക്കാദമിക് നിലവാരം വർധിപ്പിക്കുന്നതിനായി വകുപ്പ് വിവിധ അക്കാദമിക് മെച്ചപ്പെടുത്തൽ പരിപാടികൾ നടത്തിയിട്ടുണ്ട്. പ്രധാന പ്രോഗ്രാമുകൾ ഇവയാണ്: അക്കാദമിക മികവ് ഉറപ്പാക്കാനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം, വോക്ക് വിത്ത് സ്കോളർ ആൻഡ് ഫ്ലെയർ (ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നൊവേഷൻ ആൻഡ് റിസർച്ച്). ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നിർദ്ദേശമാണ് മറ്റൊരു സംരംഭം. വളർന്നുവരുന്ന വിജ്ഞാന മേഖലകളിൽ ഗവേഷണം നടത്തുന്നതിനും നൂതന വിജ്ഞാന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് അവരെ പിന്തുണയ്ക്കുന്നതിനും രാജ്യത്തും സംസ്ഥാനത്തും മികച്ച സംഭാവനകൾ കൊണ്ടുവരാൻ ഈ പദ്ധതി ഉദ്ദേശിക്കുന്നു.

**സാങ്കേതിക വിദ്യാഭ്യാസത്തിന് കീഴിലുള്ള സംരംഭങ്ങൾ**

സ്ഥാപനങ്ങളുടെ കഴിവ് വർധിപ്പിക്കുക, നൂതനാശയങ്ങൾ വളർത്തുക, സാധ്യമായതും പ്രായോഗികവുമായ സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കാൻ അവരെ സഹായിക്കുക, പുതിയ ഊന്നൽ പിന്തുടരുക, എന്നിവയ്ക്കായി ഊന്നൽ കൊടുത്തുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിരവധി പരിപാടികൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചില പ്രധാന സംരംഭങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- **പ്രത്യേക സാങ്കേതിക വികസന കേന്ദ്രങ്ങൾ:** വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ സാങ്കേതിക വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി പ്രത്യേക കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇതിൽ ഗവ. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂരിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്ററും, പ്രോഡക്റ്റ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്ററും, കോട്ടയത്തെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പുനരുപയോഗിക്കാവുന്ന കെട്ടിട സംവിധാനം, ഗവൺമെന്റ് ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ ബാംബൂ ടെക്നോളജി കേന്ദ്രം എന്നിവ പ്രത്യേക പരാമർശം അർഹിക്കുന്നു. സാമൂഹിക പ്രസക്തിയും മികച്ച പ്രയോഗക്ഷമതയുമുള്ള ഗവേഷണ പദ്ധതികൾ അവർ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.
- **ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ**: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും അവർ കണ്ടെത്തിയ പ്രത്യേക മേഖലകളിൽ ഘട്ടം ഘട്ടമായി ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കും. അധ്യാപകരുടെ ഇടയിൽ ഇന്റർ ഡിസിപ്ലിനറി ഗവേഷണം സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വേദിയായി പ്രവർത്തിക്കാൻ കേന്ദ്രങ്ങൾ വിഭാവനം ചെയ്യുന്നു, അതുവഴി സമൂഹത്തിന് ഉപയോഗപ്രദമായ ഗുണനിലവാരമുള്ള ഗവേഷണ ഫലങ്ങൾ ഉണ്ടാകുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ മൂന്ന് കേന്ദ്രങ്ങൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- സിഇടി സെന്റർ ഫോർ ഇന്റർ ഡിസിപ്ലിനറി റിസർച്ച് (സിസിഐആർ) നോഡൽ ഏജൻസിയായി തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ഒരു സ്റ്റുഡന്റ് സാറ്റലൈറ്റ് വിക്ഷേപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും ഒരു നോഡൽ സെന്റർ ആരംഭിച്ചു.
- കണ്ണൂരിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സിസ്റ്റം, എനർജി, എൻവയോൺമെന്റ് എന്നീ മേഖലകളിലെ മികവിന്റെ കേന്ദ്രം സ്ഥാപിച്ചു.

- **ഉൽപ്പാദനത്തിനും പരിശീലനത്തിനുമുള്ള കേന്ദ്രങ്ങൾ, മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകൾ, ആധുനികമായ ഫാബ്രിക്കേഷൻ ലബോറട്ടറികൾ:** ടെക്നോളജിയിലെ ഏറ്റവും പുതിയ വികസനം വിദ്യാർത്ഥികളെ പരിചയപ്പെടുത്താനും പ്രായോഗിക പരിശീലനത്തിലൂടെ അധ്യാപന-പഠന പ്രക്രിയ മെച്ചപ്പെടുത്താനും, ഡിപ്പാർട്ട്മെന്റ്, പ്രൊഡക്ഷൻ, പരിശീലന സെന്ററുകൾ, മെറ്റീരിയൽ പരിശോധന കേന്ദ്രങ്ങൾ നൂതന ഫാബ്രിക്കേഷൻ ലബോറട്ടറികൾ എന്നിവ എല്ലാ ഗവൺമെൻറ് പോളിടെക്നിക് കോളേജുകളിലും ഘട്ടംഘട്ടമായി സ്ഥാപിക്കുന്നു.
- അഡീഷണൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളായി തിരിച്ചറിയപ്പെടുന്ന എല്ലാ ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിലും ഇൻഡസ്ട്രി ഓൺ കാമ്പസ് (ഐ.ഒ.സി) എന്ന പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.
- **ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ (ടി.ബി.ഐ) :** എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തിരഞ്ഞെടുത്ത ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകളിലൂടെയാണ് സംരംഭകത്വ സംരംഭങ്ങൾ പ്രവർത്തിക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് അവരെ പ്രോത്സാഹിപ്പിക്കുന്നത്. ടിബിഐകളുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:
  1. ഭാവി സംരംഭകരെ അവരുടെ സാങ്കേതിക ആശയങ്ങൾ പരിപോഷിപ്പിക്കുന്നതിന് സഹായിക്കുകയും വിജയകരമായ കോർപ്പറേറ്റ് സ്ഥാപനത്തെ പ്രീ-സ്റ്റാർട്ട് അപ്പ്, സ്റ്റാർട്ട് അപ്പ് ഘട്ടങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
  2. സ്ഥാപനം പരിശീലിപ്പിച്ച ബഡ്ഡിംഗ് എഞ്ചിനീയർമാർക്കിടയിൽ നൂതനതയെ പ്രോത്സാഹിപ്പിക്കുക.
  3. നടന്നുകൊണ്ടിരിക്കുന്ന ഗവേഷണം വാണിജ്യവൽക്കരിക്കുക.
  4. വിദ്യാർത്ഥികളിൽ നിന്നുള്ള സംരംഭക കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുക.
  5. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വ്യവസായത്തിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കും വ്യക്തികൾക്കും വേണ്ടി സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി) നടത്തുക.

നിലവിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ ഏകദേശം 50 ടിബിഐ യൂണിറ്റുകൾ സജീവമാണ്, അതിൽ 21 എണ്ണം 2021-22 കാലയളവിൽ പ്രവർത്തനം ആരംഭിച്ചു. നിരവധി ആപ്ലിക്കേഷനുകൾ മെന്റർ ചെയ്യപ്പെടുന്നു, അവ ഇൻകുബേഷനായി തയ്യാറാകും. ഇതുകൂടാതെ, ഏകദേശം 40 പ്രീ-ഇൻകുബേഷൻ യൂണിറ്റുകൾ പരിപോഷിപ്പിക്കപ്പെടുന്നു, കൂടാതെ 2014-ൽ പദ്ധതി ആരംഭിച്ചതു മുതൽ 50-ലധികം യൂണിറ്റുകൾ അവയുടെ കാലാവധി പൂർത്തിയാക്കി. 2021-22 കാലയളവിൽ, 10 യൂണിറ്റുകൾ അവരുടെ കാലാവധി പൂർത്തിയാക്കി. നൂതന ചിന്തകൾ വളർത്തുന്നതിനുള്ള നടപടികളും കോളേജുകളിൽ നടപ്പിലാക്കുന്നു. ഈ ലക്ഷ്യത്തോടെ, ഭാവി സംരംഭകരെ സ്വാഗതം ചെയ്യുന്നതിനായി സ്ഥാപനങ്ങളിൽ നിരവധി ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

**ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (എച്ച്.ആർ.ഡി.) സെൽ:** അധ്യാപകരെ അവരുടെ മേഖലകളിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ അറിയാൻ പരിശീലിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. അധ്യാപകരുടെയും ഗവേഷകരുടെയും പ്രധാന കഴിവുകൾ വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, അധ്യാപകരെ ഉന്നത പഠനത്തിന് പ്രോത്സാഹിപ്പിക്കുന്നു. ഉയർന്ന സാമൂഹിക പ്രതിബദ്ധതയുള്ള യുവാക്കളുടെ സമഗ്രമായ വികസനം സാധ്യമാക്കുന്നതിന്, 2019-20 കാലയളവിൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (എച്ച്ആർഡി) സെൽ സ്ഥാപിക്കപ്പെട്ടു, അത് വിവിധ സ്ഥാപനങ്ങളിൽ വിജയകരമായി പ്രവർത്തിക്കുന്നു.

- **നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ:** അന്താരാഷ്ട്ര തലത്തിൽ ദൃശ്യപരതയും അംഗീകാരവും നേടുന്നതിന് നമ്മുടെ സാങ്കേതിക സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന്, 2022-23 കാലയളവിൽ എല്ലാ ഉയർന്ന തലത്തിലുള്ള സ്ഥാപനങ്ങൾക്കും നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള തന്ത്രങ്ങൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇടുക്കിയിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഒഴികെയുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും എൻബിഎ അക്രഡിറ്റേഷൻ പദവി വിജയകരമായി നേടി. ഇടുക്കിയിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്കുള്ള നടപടിക്രമങ്ങൾ ഇതിനകം നടന്നുകൊണ്ടിരിക്കുകയാണ്. പോളിടെക്നിക് കോളേജുകളിൽ, നെട്ടൂപുഴയിലെ ഡബ്ലി.യു.പി.റ്റി.സി ആണ് എൻബിഎ അക്രഡിറ്റേഷൻ നേടിയത്, കൂടാതെ അഞ്ച് പോളിടെക്നിക് കോളേജുകൾ കൂടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി, പരിശോധനയ്ക്കായി കാത്തിരിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

- **സാക്ക്:** അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ വിലയിരുത്തി ഗ്രേഡിംഗ് ചെയ്യുക എന്ന ലക്ഷ്യത്തോടെ നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ്

കമ്മീഷന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി സാക്ക് എന്ന പേരിൽ സംസ്ഥാനതല അക്രഡിറ്റേഷൻ മെക്കാനിസം എന്ന ആശയം കൗൺസിൽ രൂപീകരിച്ചു.

- **കമ്മ്യൂണിറ്റി ഹയർ എജ്യൂക്കേഷൻ (പ്രബുദ്ധത):** നൂതനമായ അറിവ്, ജീവിത നിലവാരത്തെയും മനുഷ്യന്റെ നിലനിൽപ്പിന്റെ അവസ്ഥയെയും എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് ബോധവാന്മാരാകാൻ പൊതുജനങ്ങളെ സഹായിക്കുന്നതിന് രൂപപ്പെടുത്തിയ ഒരു സംരംഭമാണിത്.
- **ഇ–ജേണൽ കൺസോർഷ്യം:** രാജ്യത്തെ സ്ഥാപനങ്ങളിലുടനീളമുള്ള ഇ-ജേണലുകളിലേക്കുള്ള സൗജന്യ പ്രവേശനസൗകര്യമാണ് ഇൻഫർമേഷൻ ആൻഡ് ലൈബ്രറി നെറ്റ്‌വർക്ക് സെന്ററുകൾ നൽകുന്നത്, അതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനാകും. പ്രസക്തമായ വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാബേസും കുറഞ്ഞ ചെലവിൽ പൂർണ്ണമായും സർക്കാർ അല്ലെങ്കിൽ സർവ്വകലാശാലകളുടെ സഹായത്തോടെ സബ്സ്ക്രൈബുചെയ്യാനാകും. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടെയും പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.
- **കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്):** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലൈബ്രറികളുടെ സഹകരണത്തോടെ, സംസ്ഥാനത്ത് ഒരു ലൈബ്രറി ശൃംഖല രൂപീകരിച്ച് വിഭവങ്ങൾ പങ്കിടൽ ഈ സംരംഭം ഉറപ്പാക്കുന്നു. കാൽനെറ്റിൽ രണ്ട് ലെവലുകൾ ഉൾക്കൊള്ളുന്നു.
  1. ഒരു സർവ്വകലാശാലയുടെ ലൈബ്രറികൾ നെറ്റ്‌വർക്ക് ചെയ്യപ്പെടുകയും സർവ്വകലാശാലയുടെ പേരിൽ അറിയപ്പെടുകയും ചെയ്യുന്നു.
  2. അഫിലിയേറ്റഡ് കോളേജ് ലൈബ്രറികളുടെ ശൃംഖല കാൽനെറ്റിലേക്ക് ബന്ധിപ്പിക്കുക.
- **സ്കോളർഷിപ്പുകൾ:** കേരള സംസ്ഥാന ഉന്നത വിദ്യാഭാസ കൗൺസിൽ ബിരുദ വിദ്യാർത്ഥികൾക്ക് 12,000, 14,000, 24,000 രൂപയും (1, 2, 3 വർഷം), ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 40,000 രൂപയും 60,000 രൂപയും (1, 2 വർഷം) മെറിറ്റ് സ്കോളർഷിപ്പ് നൽകുന്നു. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അൽപം കൂടുതലാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പായി 4031.95 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പായി 127.41 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

**കേരളത്തിലെ സർവ്വകലാശാലകൾ ആരംഭിച്ച പ്രധാന പരിപാടികൾ**

- **ഐടി അധിഷ്ഠിത അക്കാദമിക് സംരംഭങ്ങൾ:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ടയർ-3 ഡാറ്റാ സെന്ററിനാൽ എല്ലാ സർവ്വകലാശാലകളും, ഐടി പ്രവർത്തനക്ഷമമാക്കുകയും ഡിജിറ്റലായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. എൽഎംഎസ് (മൂഡിൽ അടിസ്ഥാനമാക്കിയുള്ളത്), ഓൺലൈൻ മീറ്റിംഗുകൾക്കും ക്ലാസുകൾക്കുമായി യുഒകെ മീറ്റ്, സംയോജിത ലൈബ്രറികൾക്കായി കോഹ അടിസ്ഥാനമാക്കിയുള്ള യുണി@ഹോം, കെയു പാഠശാല (യുട്യൂബ് അടിസ്ഥാനമാക്കിയുള്ള വീഡിയോ ആർക്കൈവ്), സുരക്ഷിതമായ ഓൺലൈൻ പരീക്ഷകൾക്കും മൂല്യനിർണയത്തിനുമുള്ള സുരക്ഷിത പരീക്ഷ ബ്രൗസർ, അധ്യാപകരുടെ സംഭാവനകൾ ഏകീകരിക്കുന്നതിനുള്ള ആചാര്യ മൊബൈൽ ആപ്പ്, ഓൺലൈൻ കോഴ്സുകൾക്കുള്ള വെർച്വൽ സ്കൂൾ എന്നിങ്ങനെ ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമുകളെ അടിസ്ഥാനമാക്കി സർവ്വകലാശാലകൾ അവരുടെ പ്രത്യേക ആവശ്യങ്ങൾക്കായി സ്വന്തം ഇന്റർഫേസുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അധ്യാപകർ ഈ ഐസിടി സൗകര്യങ്ങളും ഇ-ജേണലുകൾ, ഇ-ബുക്കുകൾ, ഓൺലൈൻ പ്രഭാഷണങ്ങൾ, ഇ-ഡാറ്റാബേസ് തുടങ്ങിയ മറ്റ് ബാഹ്യ ഓൺലൈൻ ഉറവിടങ്ങളും വിപുലമായി ഉപയോഗിക്കുന്നു. പകർച്ചവ്യാധിക്കുശേഷം ഓൺലൈൻ വിഭവങ്ങളുടെ പ്രാധാന്യം ഗണ്യമായി വർദ്ധിച്ചത് വൻതോതിലുള്ള ഡിജിറ്റൽ ഉള്ളടക്ക ഉൽപ്പാദനം, അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കൽ, മികച്ച കണക്റ്റിവിറ്റി എന്നിവ ആരംഭിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിച്ചു.

- **ഓട്ടോമേഷൻ/ഇ–ഗവേണൻസ്:** എല്ലാ സർവ്വകലാശാലകളിലെയും ഭരണനിർവഹണം,, അക്കാദമിക്, ധനകാര്യം, ആസൂത്രണം, പരീക്ഷാ തുടങ്ങിയ വിഭാഗങ്ങൾ, ഏതൊരു ഗുണഭോക്താക്കൾക്കും വേഗത്തിലുള്ളതും കാര്യക്ഷമവുമായ ഇടപാടുകൾ ഉറപ്പാക്കുന്നതിന് തക്കവണ്ണം പൂർണ്ണമായും യന്ത്രവൽകൃതമാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ഒരു പൊതു ഇടപെടൽ ഉള്ള എല്ലാ പ്രവർത്തനങ്ങളും പരിഹരിക്കുന്നതിന് യന്ത്രവൽക്കരണ പ്രക്രിയകൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇത് അക്കാദമിക് സ്ഥാപനങ്ങളുടെ പ്രതികരണം മെച്ചപ്പെടുത്തുകയും ഫലപ്രഖ്യാപനം പോലുള്ള പ്രക്രിയകൾ തടസ്സ രഹിതമാക്കുകയും ചെയ്യും. ഈ മേഖലയിലെ അടുത്ത തലമുറ പരിഷ്കാരങ്ങൾ സംരംഭ വിഭവ ആസൂത്രണ പ്രയോഗങ്ങളുടെ സങ്കീർണ്ണതയിലും വിദ്യാർത്ഥികളുടെ ആവശ്യങ്ങളോട് കൂടുതൽ പ്രതികരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും.

- **വെർച്വൽ ലേണിംഗ് സെന്റർ:** കേരള സർവകലാശാല അടുത്തിടെ പരീക്ഷണാടിസ്ഥാനത്തിൽ ഒരു വെർച്വൽ ലേണിംഗ് സെന്റർ http://www.hpc.ku.in/moodle ആരംഭിക്കുകയും ചില ഓൺലൈൻ കോഴ്സുകൾ വിജയകരമായി നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് സൗജന്യവും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തെ അടിസ്ഥാനമാക്കിയുള്ളതും പിഎച്ച്പിയിൽ തയ്യാറാക്കിയതും ജി.എൻ.യു ജനറൽ പബ്ലിക് ലൈസൻസിന് കീഴിൽ വിതരണം ചെയ്യുന്നതുമാണ്. കേന്ദ്രത്തിലെ സൗകര്യങ്ങൾ, ബ്ലെൻഡഡ് ലേണിംഗ്, വിദൂര വിദ്യാഭ്യാസം, ഫ്ലിപ്പ്ഡ് ക്ലാസ്റൂം, മറ്റ് ഇ-ലേണിംഗ് പ്രോജക്ടുകൾ എന്നിവയ്ക്കായി ഉപയോഗിക്കാം. മറ്റ് സർവ്വകലാശാലകളിലെ വെർച്വൽ പഠന കേന്ദ്രങ്ങൾ അവയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിച്ച്

ശക്തിപ്പെടുത്തുന്നുണ്ട്. നിരവധി കോളേജുകളും സമാനമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- **ഗ്രീൻ എനർജി സംരംഭങ്ങൾ:** സർവ്വകലാശാലകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗരോർജ്ജം കൂടുതൽ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും കാര്യക്ഷമമായ ജലസംഭരണവും മാലിന്യ സംസ്കരണവും ഉൾപ്പെടെയുള്ള ഊർജ്ജ കാര്യക്ഷമമായ ഹരിത കാമ്പസുകൾ ആരംഭിച്ചു. ഉദാഹരണത്തിന്, കാര്യവട്ടം കാമ്പസിന്റെ ഗോൾഡൻ ജൂബിലി ബിൽഡിംഗിന്റെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള 100 കെ ഡബ്ല്യു ഗ്രിഡ് കണക്ട് ചെയ്ത സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാന്റ്, ഒരു വർഷം 146000 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഇത് കേരള സർവ്വകലാശാലയുടെ 'ഗോ ഗ്രീൻ' സംരംഭങ്ങൾക്ക് അനുസൃതമാണ്, കൂടാതെ ഇത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തന്നെ അതുല്യമായ ഏക സംരംഭമാണ്.

- **ഗ്ലോബൽ ഇനീഷ്യേറ്റീവ് ഓഫ് അക്കാഡമിക് നെറ്റ്‌വർക്കുകളുടെ (ജി.ഐ.എ.എൻ) കീഴിലുള്ള വിദേശ അധ്യാപകർ:** എം.എച്ച്.ആർ.ഡിയുടെ സഹായത്തോടെ, ഇന്ത്യാ ഗവൺമെന്റ്, ഗ്ലോബൽ ഇനീഷ്യേറ്റീവ് ഓഫ് അക്കാദമിക് നെറ്റ്‌വർക്കുകളുടെ (ജി.ഐ.എ.എൻ) സ്കീമുകൾക്ക് കീഴിൽ വിദേശ അധ്യാപകരുടെ മൂന്ന് കോഴ്സുകൾ കേരള സർവകലാശാലയിൽ അനുവദിച്ചു.

- **ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്ററുകൾ:** എല്ലാ പ്രധാന സർവകലാശാലകളും പ്രത്യേക സർവകലാശാലകളും നൂതന, വ്യവസായ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ (കെയുബിഐഐസി) സ്ഥാപിക്കുകയും പതിനൊന്ന് സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. അടുത്തിടെ, കെ.യു. ബി.ഐ.ഐ.സി ആശയങ്ങൾ ഒരു ഓൺലൈൻ കോൾ ഹാക്കത്തോൺ മത്സരമായ ഫ്ലൈ 2021 (ലാബിൽ നിന്ന് സൊസൈറ്റിയിലേക്ക്), നടത്തിയതിന് ശേഷം ആശയ രൂപികരണ ഘട്ടത്തിൽ 52 പുതിയ സ്റ്റാർട്ടപ്പുകളെ (42 ഡിപ്പാർട്ട്മെന്റുകളിൽ നിന്നും 10 എണ്ണം കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും) തെരഞ്ഞെടുത്തു.

- **ലൈബ്രറികളുടെ കംപ്യൂട്ടർവൽക്കരണം:** കേരള സർവ്വകലാശാലയിലെ മിക്കവാറും എല്ലാ ലൈബ്രറി പ്രവർത്തനങ്ങളും ലിബ്സിസ്-4 സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കമ്പ്യൂട്ടർവത്കരിച്ചതാണ്. മുഴുവൻ അംഗങ്ങളുടെയും ഡാറ്റാബേസ് സൃഷ്ടിക്കുകയും, അത് ദിവസേന നവീകരിക്കുകയും ചെയ്യുന്നു. വായ്പയുടെ ടിക്കറ്റുകൾ സ്വയമേവ ജനറേറ്റുചെയ്യുന്നു. പ്രമുഖർ, ഗവേഷണ പണ്ഡിതർ, അധ്യാപകർ തുടങ്ങിയ അംഗത്വ വിഭാഗങ്ങൾക്കായി ആർഎഫ്ഐഡി അടിസ്ഥാനമാക്കിയുള്ള സ്മാർട്ട് കാർഡ് സംവിധാനം നടപ്പിലാക്കി. എല്ലാ വിഭാഗങ്ങളും ലാൻ വഴി ബന്ധിപ്പിച്ചിരിക്കുന്നു. കേരള സർവ്വകലാശാലയിലെ മുഴുവൻ ലൈബ്രറി സംവിധാനങ്ങളും മെച്ചപ്പെടുത്താൻ സഹായിക്കുന്ന ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമായ "കോഹ" ഉപയോഗിച്ച് ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നത് പൂർത്തിയായി. മുഴുവൻ ലൈബ്രറി സിസ്റ്റത്തിലും "കോഹ ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം" അവതരിപ്പിക്കുന്നതോടെ, വിദ്യാർത്ഥികൾക്ക് ആർഎഫ്ഐഡി യുള്ള ഒറ്റ കാർഡ് ഉപയോഗിച്ച് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള വിവിധ ലൈബ്രറികളുടെ സേവനങ്ങൾ ഉപയോഗിക്കാൻ കഴിയും. കൂടാതെ, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കും ഇത് ഉപയോഗിക്കാം, ഇത് ആത്യന്തികമായി കേരള സർവകലാശാലയിൽ 'ഒരു കാമ്പസ്, ഒരു ലൈബ്രറി സിസ്റ്റം' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സഹായിക്കും.

- **സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം (എക്സാമിനേഷൻ സോഫ്റ്റ്‌വെയർ)**: കേരള യൂണിവേഴ്സിറ്റിയിലെ 'സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം (എക്സാമിനേഷൻ സോഫ്റ്റ്‌വെയർ)' എന്ന പ്രോജക്റ്റ് ഒരു വിദ്യാർത്ഥിയുടെ "ലൈഫ് സൈക്കിൾ", അതായത് പ്രവേശന നടപടിക്രമം മുതൽ, അന്തിമ സർട്ടിഫിക്കറ്റുകൾ നൽകുന്നതുവരെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സമഗ്ര സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കാൻ വിഭാവനം ചെയ്യുന്നു. കൂടാതെ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, പ്രവേശനം, മെട്രിക്കുലേഷൻ, മൈഗ്രേഷൻ, യോഗ്യത, എസ്ഡിസി തുടങ്ങിയ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സേവനങ്ങൾ, പരീക്ഷാ രജിസ്ട്രേഷൻ, വെരിഫിക്കേഷൻ സിഎ മാർക്ക്, ഹാജർ, അധ്യാപക സൂചിക കാർഡ്, ഓൺലൈൻ ചോദ്യപേപ്പറുകൾ, ഹാൾ ടിക്കറ്റുകൾ, ക്യൂആർ കോഡ് ചെയ്ത ഫാൾസ് നമ്പറിംഗ്, ഓൺലൈൻ പരീക്ഷ, ക്യാമ്പ് മാനേജ്മെന്റ്, ഓൺലൈൻ മൂല്യനിർണ്ണയം, ക്യൂആർ കോഡ് സംവിധാനം, ടാബുലേഷൻ, ഫല പ്രസിദ്ധീകരണം, പുനർമൂല്യനിർണയം, ഏകീകൃത മാർക്ക് ലിസ്റ്റ്, ബിരുദ സർട്ടിഫിക്കറ്റുകളും മറ്റ് പ്രസക്തമായ എല്ലാ സർട്ടിഫിക്കറ്റുകളും 2022 ഡിസംബറോടെ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

- **എം ജി സർവ്വകലാശാലയിലെ കൺവെർജൻസ് അക്കാഡമിയ കോംപ്ലക്സ്:** പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന നേട്ടങ്ങളിലൊന്നാണ് എം ജി സർവ്വകലാശാലയിലെ "കൺവേർജൻസ് അക്കാദമിയ കോംപ്ലക്സിന്റെ" നിർമ്മാണം പൂർത്തീകരിച്ചത്. ഇന്ത്യയിലും വിദേശത്തുമുള്ള കേന്ദ്രങ്ങൾ, എംഎൻജിയു ഗവേഷണ സ്കൂളുകൾ, എൻജിഒകൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ എന്നിവയ്ക്കിടയിൽ വലിയ തോതിലുള്ള ഇന്റർ ഡിസിപ്ലിനറി ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് കൺവെർജൻസ് അക്കാദമി കോംപ്ലക്സ്.

- **ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാല്യവേഷൻ മാനേജ്മെന്റ് സിസ്റ്റവും എംജി യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥി സേവനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങളും :** ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാല്യവേഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ അവതരണവും വിദ്യാർത്ഥി സേവനങ്ങൾക്കായി അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാമുകൾക്കായുള്ള ഡയറക്ടറേറ്റിലെ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുക എന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന ശ്രമങ്ങളിലൊന്നാണ്. ഓൺലൈൻ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽഎംഎസ്) വികസിപ്പിക്കുക, വിദ്യാർത്ഥി പ്രവേശന പ്രക്രിയ കാര്യക്ഷമമാക്കുന്നതിന് ഇന്ററാക്ടീവ് സ്റ്റുഡന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുക, ഓൺലൈൻ പരീക്ഷാ അടിസ്ഥാനസൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനൊപ്പം ഓൺലൈൻ പരീക്ഷകൾക്ക് ഫലപ്രദമായ സംവിധാനം വികസിപ്പിക്കുക വിദ്യാർത്ഥികളുടെ ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉത്തരം നൽകുന്നതിനുമായി ഒരു കോൾ സെന്റർ സൃഷ്ടിക്കുക എന്നിവയായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

- **'ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ'–** മഹാത്മാഗാന്ധി സർവകലാശാല 1983-ൽ ആരംഭിച്ചതുമുതൽ വിദ്യാർത്ഥികളുടെ എല്ലാ പരീക്ഷാ രേഖകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. നാശത്തിന്റെ വക്കിലായിരുന്ന മൊത്തം റെക്കോർഡുകളും ഇപ്പോൾ ഡിജിറ്റൽ രീതിയിൽ ലഭ്യമാണ്.

- **'നിർമലം–എംജിയു':** 2018-ൽ സംസ്ഥാന സർക്കാർ ആരംഭിച്ച ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് ഹരിത വൽക്കരണത്തിനായി രൂപികരിച്ച ഈ പദ്ധതിക്ക് വേരുകൾ ഉള്ളത്. എല്ലാ ഖരമാലിന്യങ്ങളുടെയും വിജയകരമായ പുനരുപയോഗം അല്ലെങ്കിൽ അപ്സൈക്ലിംഗ്, എല്ലാ ജൈവ നശീകരണ മാലിന്യങ്ങളും വിള സൗഹൃദ കമ്പോസ്റ്റ് പോലെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവയാണ് ഈ പദ്ധതിയുടെ ഒരു പ്രധാന നേട്ടം.

- **'എംജിയു ഡിഎഎസ് പി ഓൺലൈൻ പരീക്ഷാ കേന്ദ്രം'** പ്രവർത്തനക്ഷമമാക്കി. ഈ കേന്ദ്രത്തിൽ ഒരേസമയം 100 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരീക്ഷയിൽ പങ്കെടുക്കാം. ആദ്യ ഘട്ടത്തിൽ, ഇഷ്ടാനുസൃതമായി വികസിപ്പിച്ച ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാല്യവേഷൻ മാനേജ്മെന്റ് സിസ്റ്റം (എ.എൽ.ഇ.എം.എസ്.) വഴി ഓട്ടോമേറ്റഡ് സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സൗകര്യം വികസിപ്പിച്ചെടുത്തു.

- **എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ ബ്രിഡ്ജിംഗ് ഡിജിറ്റൽ ഡിവൈഡ് സംരംഭം:** കോവിഡ്-19 സാഹചര്യത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള അധ്യാപന-പഠന പ്രക്രിയ സാധ്യമാക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ നിലവിലുള്ള ഡിജിറ്റൽ വിഭജനം പരിഹരിക്കുന്നതിനും, എപിജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ ഈ സംരംഭം വിദ്യാർത്ഥികളെ സഹായിച്ചു. സർവകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ലാപ്ടോപ്പുകൾ നൽകുന്നതിനായി 2021-2022 കാലയളവിൽ ബജറ്റ് വിഹിതത്തിൽ നിന്ന് 410.39 ലക്ഷം രൂപ വിനിയോഗിച്ചു.

- **കുസാറ്റിലെ ടെക്നോളജി ബിസിനസ് ഇൻകുബേഷനും സ്റ്റാർട്ടപ്പ് സംരംഭങ്ങളും:** 4000 ചതുരശ്ര അടി വിസ്തീർണമുള്ള ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ (ടിബിഐ) സി.ഐ.റ്റി.റ്റി.ഐ.സി എന്ന പേരിൽ കേരള സർക്കാരിൽ നിന്ന് 1 കോടി രൂപ ഗ്രാന്റോടെ സ്ഥാപിക്കുന്ന കേരളത്തിലെ ആദ്യത്തെ സംസ്ഥാന സർവ്വകലാശാലയാണ് കുസാറ്റ്. പ്രധാനമായും സി.ഐ.റ്റി.റ്റി.ഐ.സി യിൽ പ്രവർത്തിക്കുന്ന 50 സ്റ്റാർട്ടപ്പുകൾ കുസാറ്റ് വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും വഴിയാണ് നടത്തുന്നത്. ഈ കേന്ദ്രം അക്കാദമിക് വിദഗ്ധരുമായും വ്യവസായികളുമായും ബന്ധപ്പെട്ട് ആവശ്യമായ സഹായങ്ങൾ നൽകിക്കൊണ്ട് അവരുടെ ബിസിനസ്സ് വളർത്താൻ സഹായിക്കുന്നു. കുസാറ്റ് ടിബിഐയിൽ ഇൻകുബേറ്റ് ചെയ്ത നിധി പ്രയാസ്, ബിരാക്, കെഎസ്‌യുഎം, മേക്കർ വില്ലേജ് എന്നിവയുൾപ്പെടെ 19 സ്ഥാപനങ്ങൾ വിവിധ ഏജൻസികളിൽ നിന്ന് സ്റ്റാർട്ടപ്പ് ഗ്രാന്റുകൾ നേടിയിട്ടുണ്ട്.

- **കേരള കാർഷിക സർവ്വകലാശാല:** 2018-ൽ 60 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വയനാട്ടിലെ അമ്പലവയലിൽ ഒരു പുതിയ കാർഷിക കോളേജ് ആരംഭിച്ചു. സംസ്ഥാനത്തിന്റെ കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രൊഫഷണൽ യോഗ്യതയുള്ള മനുഷ്യശേഷി പ്രദാനം ചെയ്യുന്നതിനായി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, കേരള കാർഷിക സർവ്വകലാശാലയിൽ ബിഎസ്‌സി (ഓണേഴ്സ് അഗ്രിക്കൾച്ചർ) വിദ്യാർത്ഥികളുടെ എണ്ണം 220 ൽ നിന്ന് 420 ആയി ഉയർത്തി. ഈ കാലയളവിൽ, കൃഷിയിലും അനുബന്ധ ശാസ്ത്രങ്ങളിലും കാലാവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും പരിശീലനം ലഭിച്ച മനുഷ്യവിഭവശേഷിയുടെ ആവശ്യകത കണക്കിലെടുത്ത് തൃശ്ശൂരിലെ വെള്ളാനിക്കരയിൽ കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് ആൻഡ് എൻവയോൺമെന്റ് സയൻസും സർവകലാശാല സ്ഥാപിച്ചു. 2021-22 അധ്യയന വർഷം മുതൽ, ബിഎസ്‌സി (ഓണേഴ്സ്) പ്രവേശനം, സഹകരണവും ബാങ്കിംഗും, ബി.ടെക്. (ബയോടെക്നോളജി), ബി.എസ്‌സി (ഓണേഴ്സ്) കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി സയൻസും എന്നീ കോഴ്സുകൾ കേരളത്തിലെ പ്രവേശന പരീക്ഷാ കമ്മീഷണർ മുഖേന കാര്യക്ഷമമാക്കി.

വെള്ളായണിയിലെ കാർഷിക കോളേജിൽ സീഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ എം.എസ്.സി (അഗ്രിക്കൾച്ചർ) തുടങ്ങിയ പുതിയ അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിച്ചു. 2021-22 അധ്യയന

വർഷത്തിൽ, കേരള കാർഷിക സർവ്വകലാശാല ബി.ടെക് (ബയോടെക്നോളജി), കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി സയൻസും എന്ന കോഴ്സിൽ ബി.എസ്.സി. (ഓണേഴ്സ്) മുതലായ 4 വർഷത്തെ ദൈർഘ്യമുള്ള രണ്ട് പുതിയ അക്കാദമിക് പ്രോഗ്രാമുകളും ആരംഭിച്ചു. ഹോർട്ടികൾച്ചറൽ തെറാപ്പിയിലും ലാൻഡ്സ്കേപ്പിംഗിലും അലങ്കാര ഉദ്യാനത്തിലും ഒരു വർഷത്തെ രണ്ട് പുതിയ പിജി ഡിപ്ലോമ പ്രോഗ്രാമുകളും ഈ കാലയളവിൽ ആരംഭിച്ചു. ഈ കാലയളവിൽ, നാനോടെക്നോളജി, റിമോട്ട് സെൻസിംഗ് & ജിഐഎസ്, ഓർഗാനിക് അഗ്രികൾച്ചർ എന്നിങ്ങനെ മൂന്ന് പുതിയ ഡിപ്പാർട്ട്മെന്റുകളും, ഒരു പുതിയ സെന്റർ ഫോർ ട്രേഡ് ആൻഡ് ഐപിആർ എന്നിവയും സർവകലാശാല ആരംഭിച്ചു. കൂടാതെ, ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റി, യു.എസ്.എയിലെ കോർണൽ യൂണിവേഴ്സിറ്റി എന്നിവയുൾപ്പെടെയുള്ള അന്തർദ്ദേശീയ സർവ്വകലാശാലകളുമായി സഹകരിച്ച് പ്രവർത്തിക്കാൻ ആരംഭിച്ചു.

- **കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി:** കഴിഞ്ഞ അഞ്ച് വർഷത്തിനിടെ യൂണിവേഴ്സിറ്റിക്ക് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ (ഐ.സി.എ.ആർ), ന്യൂഡൽഹിയുടെ 2016-17, 2017-18, 2018-19 വർഷങ്ങളിലെ പ്രസ്റ്റീജിയസ് എമർജിംഗ് യംഗ് യൂണിവേഴ്സിറ്റി അവാർഡ് ഉൾപ്പെടെ നിരവധി അഭിമാനകരമായ ബഹുമതികൾ ലഭിച്ചു. സർവകലാശാലയുടെ കീഴിലുള്ള മുൻനിര കോഴ്സുകൾക്ക് ഐ.സി.എ.ആർ, വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യ, എ.ഐ.സി.ടി.ഇ തുടങ്ങിയ ദേശീയ കൗൺസിലുകളുടെ അംഗീകാരമുള്ളതാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ, രാഷ്ട്രീയ ഗോകുൽ മിഷൻ, കിഫ്ബി എന്നിവയുടെ സഹായത്തോടെ നിരവധി അക്കാദമിക് പ്രോഗ്രാമുകളും സഹകരണ ഗവേഷണ പദ്ധതികളും സർവകലാശാല ആരംഭിച്ചു.

- **കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്):** ഫിഷറീസ്, ഓഷ്യൻ സ്റ്റഡീസ് എന്നിവയിൽ മാനവ വിഭവശേഷി വികസനത്തിന്റെ മികവിന്റെ കേന്ദ്രമായി സർവ്വകലാശാല പ്രവർത്തിക്കുന്നു, കൂടാതെ ഫിഷറീസ്, അക്വാകൾച്ചർ, ഫിഷ് പ്രോസസിംഗ്, ഫിഷറീസ് എഞ്ചിനീയറിംഗ്, ഓഷ്യൻ പഠനങ്ങൾ, ഫിഷറീസ്-തീരദേശ പരിപാലനം, കാലാവസ്ഥാ പഠനം, ദുരന്തനിവാരണം, ഭക്ഷ്യ സാങ്കേതികവിദ്യ, മാനേജ്മെന്റ്, മറൈൻ നിയമം എന്നീ മേഖലകളിൽ സ്പെഷ്യലിസ്റ്റ് പ്രൊഫഷണലുകളുടെ ആവശ്യം നിറവേറ്റുന്നു. സംസ്ഥാന, ദേശീയ മുൻഗണനകളുടെ ആവശ്യകത നിറവേറ്റുന്നതിനായി പ്രത്യേക കോഴ്സ് അവതരിപ്പിക്കുന്നു. പ്രമുഖ കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളുമായി ഒപ്പുവെച്ച ധാരണാപത്രങ്ങളുടെ ഫലമായി നിരവധി സഹകരണ ഗവേഷണ പരിപാടികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എൽസെവിയർ റിസർച്ച് ഇന്റലിജൻസ് റിപ്പോർട്ട് പ്രകാരം, 2020-ൽ ഫീൽഡ് വെയ്റ്റഡ് സിറ്റേഷൻ ഇംപാക്റ്റ് അനുസരിച്ച് കുഫോസ് രണ്ടാം സ്ഥാനത്താണ്.

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വൈദഗ്ധ്യം**

വൻതോതിലുള്ള തൊഴിലവസരങ്ങളും സംരംഭകത്വ വികസനവും സുഗമമാക്കുക എന്ന സർക്കാരിന്റെ ലക്ഷ്യം കണക്കിലെടുത്ത്, സമീപ വർഷങ്ങളിൽ നൈപുണ്യത്തിന് മുഖ്യ പ്രാധാന്യം നൽകിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ആധുനിക സംരംഭങ്ങളിലും വിജ്ഞാന മേഖലകളിലും വൈദഗ്ധ്യം നൽകുന്നതിന് വകുപ്പും സർവ്വകലാശാലകളും നിരവധി പരിപാടികൾ ആരംഭിച്ചിട്ടുണ്ട്:

- **സാങ്കേതിക സ്ഥാപനങ്ങളിലെ നൂതന നൈപുണ്യ വികസനം:** എഞ്ചിനീയറിംഗ്, പോളിടെക്നിക് സ്ഥാപനങ്ങളിലെ നൈപുണ്യ വിടവ് നികത്തുന്നതിനും വിദ്യാർത്ഥികളെ ഭാവി സാങ്കേതികവിദ്യകളുമായി ബന്ധിപ്പിക്കുന്നതിനും, 66 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക്കുകളിലും അസാപ് അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (എഎസ്ഡിസി) സ്ഥാപിച്ചു. ഈ എഎസ്ഡിസികൾ വ്യവസായ പ്രമുഖരുമായി സഹകരിക്കുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ എന്നിവ പോലുള്ള വിപുലമായ കോഴ്സുകൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. പരമ്പരാഗത തൊഴിൽ രീതിയിൽ നിന്ന് മോചനം നേടാനുള്ള ആഗ്രഹത്തിന്റെ സൂചനയായി, ഈ നൂതന കോഴ്സുകളിൽ ചേരാൻ വിദ്യാർത്ഥിനികൾ വലിയ താൽപ്പര്യം കാണിക്കുന്നു. 2021-22ൽ, 9,180 വിദ്യാർത്ഥികൾ അസാപ് ലെവൽ 2 കോഴ്സുകളിലും (എഎസ്ഡിസി കോഴ്സുകൾ), 2018-19ൽ 249 പേരും 2019-2020ൽ 8,931 വിദ്യാർത്ഥികളും പ്രവേശനം നേടി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് കോഴ്സിൽ 96 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. ഈ കണക്കുകൾ നൈപുണ്യ പ്രോഗ്രാമുകളുടെ എണ്ണത്തിൽ പുരോഗതി കാണിക്കുന്നുണ്ടെങ്കിലും, മികച്ച വൈദഗ്ധ്യത്തിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും നൈപുണ്യ വികസന പദ്ധതികളിലെ നിലവിലെ പ്രവേശന നിരക്ക് നിരവധി മടങ്ങ് വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് പരിശീലകരെ പരിശീലിപ്പിക്കുന്നതിനും കഴിവുള്ള ഏജൻസികളെ ഉൾപ്പെടുത്തുന്നതിനും സംസ്ഥാനത്തുടനീളം നൈപുണ്യ ഏജൻസികളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രോഗ്രാമുകൾ ആവശ്യമായി വന്നേക്കാം.

- **പഠനത്തോടൊപ്പം സമ്പാദ്യം–ബിരുദ വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദ വിദ്യാർത്ഥികൾ ഒരു പരമ്പരാഗത വിദ്യാഭ്യാസ പരിപാടിയിൽ ഭാഗമാകുമ്പോൾ തന്നെ ജോലി ചെയ്യാനുള്ള അവസരം നൽകുന്നതിനായി ആവശ്യമായ ഒരു സംസ്ഥാന ഇന്റേൺഷിപ്പ് പോർട്ടൽ പ്രവർത്തിപ്പിക്കാനുള്ള ചുമതല സംസ്ഥാന സർക്കാർ അസാപിനെ ഏൽപ്പിച്ചു. 'ചെയ്ത് പഠിക്കുക'

എന്ന സമീപനമാണ് പോർട്ടൽ ലക്ഷ്യമിടുന്നത്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഇന്റേൺഷിപ്പ് ഫോർ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോജക്റ്റ്, എല്ലാ ഗുണഭോക്താക്കളും വിദ്യാർത്ഥികളും, അക്കാദമിക് വിദഗ്ധരും, വ്യവസായങ്ങളും ഒരേ പോയിന്റിൽ കണ്ടുമുട്ടുന്ന വിധത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു ഓൺലൈൻ വെബ് പ്ലാറ്റ്ഫോമാണ്. ഇന്റേൺഷിപ്പ് പോർട്ടലിന്റെ പ്രധാന സവിശേഷതകളിലൊന്ന് അത് വിദ്യാർത്ഥികളെ വ്യവസായങ്ങളുമായി മാത്രമല്ല, സാങ്കേതിക ജോലികൾ ഉൾപ്പെടുന്ന സംസ്ഥാന വകുപ്പുകളുമായും ബന്ധിപ്പിക്കുന്നു എന്നതാണ്.

- **കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ:** വ്യവസായ നേതൃത്വത്തിലുള്ള പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയായി നൈപുണ്യ പരിശീലനത്തിനായി സംസ്ഥാനത്തുടനീളമുള്ള വിവിധ സ്ഥലങ്ങളിൽ വിഭാവനം ചെയ്ത അത്യാധുനിക പരിശീലന സൗകര്യങ്ങളുള്ള മൾട്ടി സ്കിൽ ട്രെയിനിംഗ് സെന്ററുകളായാണ് അസാപിന്റെ മുൻനിര സംരംഭമായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (സി.എസ്.പി) വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഒരു നൈപുണ്യ വികസന ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനായി സി.എസ്.പികൾ ഒരു കേന്ദ്രമായും ഹബ് ആൻഡ് സ്പോക്ക് മോഡലായും പ്രവർത്തിക്കുകയും അക്കാദമിക് സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, പ്രാദേശിക വ്യവസായം എന്നിവയുമായി ബന്ധപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്ത് ആകെ 16 സി.എസ്.പികൾ നടപ്പാക്കാനുണ്ട്, അതിൽ 9 എണ്ണം ഇതിനകം പ്രവർത്തനക്ഷമമാണ്, ബാക്കിയുള്ള 7 സി.എസ്.പികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

- **നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്റർ (എൻ.ക്യൂ.ആർ):** നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ.എസ്.ക്യൂ.എഫ്) അനുസരിച്ച് നൈപുണ്യ യോഗ്യതകൾ വികസിപ്പിക്കുന്നതിനുള്ള വൈദഗ്ധ്യവും കഴിവും അസാപ് നേടിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ, നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിൽ ഇപ്പോൾ ലഭ്യമായ അഞ്ച് എൻ.എസ്.ക്യൂ എഫ് യോഗ്യതകൾ അസാപ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതോടെ നൈപുണ്യ കോഴ്സ് പാഠ്യപദ്ധതി വികസന മണ്ഡലത്തിലേക്ക് അസാപ് പ്രവേശിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ (എൻ.എസ്.ക്യൂ.എഫ്.ലെവൽ 6), ജൂനിയർ കറസ്പോണ്ടന്റ് കോഴ്സ് (എൻ.എസ്.ക്യൂ.എഫ്. ലെവൽ 5), അസിസ്റ്റന്റ് ഓഫ്സെറ്റ് പ്രിന്റിംഗ് ഓപ്പറേറ്റർ (എൻ.എസ്.ക്യൂ.എഫ്. ലെവൽ 4), എയർ കാർഗോ മാനേജ്മെന്റ് എക്സിക്യൂട്ടീവ് (എൻ.എസ്.ക്യൂ.എഫ്. ലെവൽ 6), സർട്ടിഫിക്കറ്റ് ഇൻ ഹൈടെക് കോഴ്സ്, ഫാം മാനേജ്മെന്റ് (എൻ.എസ്.ക്യൂ.എഫ്. ലെവൽ 6) എന്നിവയാണ് അസാപ് വികസിപ്പിച്ച എൻ.എസ്.ക്യൂ.എഫ്. യോഗ്യതകൾ. 2019ൽ നാല് യോഗ്യതകൾ കൂടി വികസിപ്പിച്ചെടുത്തു. 3 ഡി പ്രോട്ടോടൈപ്പിംഗ് മാനേജർ- എൻ.എസ്.ക്യൂ.എഫ്. ലെവൽ 6, മാനേജർ പ്രീ പ്രസ്- എൻ.എസ്.ക്യൂ.എഫ്. ലെവൽ 6, ബൈൻഡിംഗ് മെഷീൻ ഓപ്പറേറ്റർ- എൻ.എസ്.ക്യൂ.എഫ്. ലെവൽ 4, എ ഐ -മെഷീൻ ലേണിംഗ് ഡെവലപ്പർ- എൻ.എസ്.ക്യൂ.എഫ്. ലെവൽ 7 എന്നീ യോഗ്യതകൾ എൻ.എസ്.ക്യൂ.എഫ്. ന്റെ അംഗീകാരം നേടിയിട്ടുണ്ട്.

- **പോളിടെക്നിക്കുകളിലെ അസാപ് കമ്മ്യൂണിറ്റി കോളേജുകൾ:** ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷന്റെ (എഐസിടിഇ) കീഴിലുള്ള കമ്മ്യൂണിറ്റി കോളേജ് മോഡൽ, പ്രാദേശിക തൊഴിലവസരങ്ങളും സ്വയം തൊഴിലവസരങ്ങളും കണ്ടെത്തി പ്രസക്തമായ നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിടുന്നു. യഥാർത്ഥ വ്യവസായികളായ നൈപുണ്യ വിജ്ഞാന ദാതാക്കളാണ് പരിശീലന പരിപാടികൾ നടത്തുന്നത്.

- **ഷീ സ്കിൽസ്:** 15 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് മൂന്ന് മാസത്തേയ്ക്കുള്ള ഒരു പ്രത്യേക പരിശീലന പരിപാടിയാണ് ഷീ സ്കിൽസ്. സ്ത്രീകളെ, കുട്ടതലും വീട്ടമ്മമാരെ, വിപണന കഴിവുകൾ പഠിക്കാൻ സഹായിക്കുന്നതിലൂടെയും സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. ഷീ-സ്കിൽസ് 2019, 11 തൊഴിൽ മേഖലകളിലായി 23 കോഴ്സുകൾ വാഗ്ദാനം ചെയ്തു. പ്ലെയ്സ്മെന്റ് ഗ്രൂമിംഗ്, സോഫ്റ്റ്സ് സ്കിൽസ് പരിശീലനം എന്നിവ പ്രോഗ്രാമിന്റെ പ്രധാന സവിശേഷതകളാണ്. 5,529 സ്ത്രീകളാണ് പരിപാടിയിൽ പങ്കെടുത്തത്.

### വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മികവും പരിവർത്തനവും: കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവി

നേരത്തെ പറഞ്ഞതുപോലെ, ഒരു സംസ്ഥാനമെന്ന നിലയിൽ, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, പ്രവേശനം, തുല്യത, സ്കൂൾ വിദ്യാഭ്യാസത്തിലെ മികവ് എന്നീ വിഷയങ്ങളിൽ കേരളത്തിന് അസൂയാവഹമായ ഒരു ട്രാക്ക് റെക്കോർഡുണ്ട്. ഈ നേട്ടം ഉന്നത വിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. ചരിത്രപരമായും പാരമ്പര്യമായും ഉണ്ടായ പ്രാദേശിക സാമൂഹ്യ അസമത്വങ്ങൾ നിലനിൽക്കുമ്പോഴും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും ദേശീയ വിദ്യാഭ്യാസ നയങ്ങളും ഏർപ്പെടുത്തിയ സാമ്പത്തികവും മറ്റ് നിയന്ത്രണങ്ങളും കണക്കിലെടുക്കുമ്പോഴും ഗുണമേന്മയും നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ കൊണ്ടുവന്നെങ്കിലും ഇവിടെയുള്ള വെല്ലുവിളി വളരെ വലുതാണ്.

ഒരു വിജ്ഞാന സമൂഹമായി സ്വയം രൂപാന്തരപ്പെടാനും വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനും ശ്രമകരവും എന്നാൽ സാധ്യമായതുമായ ഒരു ദൗത്യമാണ് കേരളം ആരംഭിച്ചിരിക്കുന്നത്. കേരളം, ഒരു സമൂഹമെന്ന നിലയിൽ, മനുഷ്യന്റെ അവസ്ഥ മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്ന അറിവ് അതിന്റെ എല്ലാ അംഗങ്ങൾക്കും വേണ്ടി സൃഷ്ടിക്കുകയും പങ്കിടുകയും ലഭ്യമാക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നു. സമൂഹത്തെ ഫലപ്രദമായ നടപടിയെടുക്കാൻ അനുവദിക്കുന്ന, അതിന്റെ

വിവരങ്ങൾ വിഭവങ്ങളാക്കി മാറ്റാനും വികസനവും ക്ഷേമവും സുഗമമാക്കി മാറ്റാനും ഒരു വിജ്ഞാന സമൂഹം സഹായിക്കുന്നു. വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനുമുള്ള കഴിവ് മനുഷ്യചരിത്രത്തിലുടനീളം നിലവിലുണ്ട്. വർത്തമാനകാല വിജ്ഞാന സമൂഹം എന്ന ആശയം അനേകം വൈജ്ഞാനിക മേഖലകളിലെ നൂതനാശയങ്ങളുടെയും വിവരസാങ്കേതിക വിദ്യകളുടെ സങ്കീർണ്ണമായ പ്രയോഗങ്ങളുടെയും ഫലമായുണ്ടാകുന്ന വിവര നിർമ്മാണത്തിലും വിവര വ്യാപനത്തിലുമുള്ള വൻതോതിലുള്ള വർദ്ധനയെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നതിനാൽ, അതിനുള്ള സംവിധാനങ്ങൾ കെട്ടിപ്പടുക്കാൻ കേരളം ബോധപൂർവമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങളെ ഈ വീക്ഷണകോണിലൂടെയാണ് വീക്ഷിക്കുന്നത്. വിജ്ഞാന ഉൽപ്പാദനം ഉത്തേജിപ്പിക്കുന്നതിനും കേരളത്തിലുടനീളം അതിന്റെ വ്യാപകമായ പ്രയോഗം ഉറപ്പാക്കുന്നതിനുമായി ഗവേഷണവും നവീകരണവും ഉൾപ്പെടെ സ്കൂൾ തലം മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെ സമഗ്രമായ പുനഃക്രമീകരണം ലക്ഷ്യമിടുന്നു. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് വിഭാവനം ചെയ്തിട്ടുള്ള പരിഷ്കാരങ്ങൾ ഇനിപ്പറയുന്നവയെ വിശാലമായി അഭിസംബോധന ചെയ്യും:

സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രാദേശിക വിതരണത്തെയും അവയുടെ വിഭവങ്ങളെയും കുറിച്ചുള്ള ഒരു സർവേയ്ക്ക്, പ്രാദേശിക അസമത്വങ്ങൾ പരിഹരിക്കുന്നതിനുള്ള നയങ്ങൾ രൂപപ്പെടുത്തുന്നതിന് ആവശ്യമായ വിവര അടിസ്ഥാനത്തിന്റെ ഒരു ഭാഗം നൽകാൻ കഴിയും. കേരളത്തിലെ വ്യക്തിഗത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരസ്പരം തികച്ചും വ്യത്യസ്തമായ പ്രാദേശിക സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക പ്രക്രിയകളിൽ നിന്ന് പരിണമിച്ചതാണ്. വർഷങ്ങളായി, സംസ്ഥാനത്തിന് മൊത്തത്തിൽ ബാധകമായ നിയമങ്ങളും നിയന്ത്രണങ്ങളും നയങ്ങളും ഉപയോഗിച്ച്, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ സംസ്ഥാനത്തുടനീളം ഒരു പരിധിവരെ ഒത്തുചേരൽ ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും, പല സ്ഥാപനങ്ങളും ചില വ്യതിരിക്തമായ പാരമ്പര്യ സവിശേഷതകൾ നിലനിർത്തുകയും വ്യത്യസ്തമായ രീതിയിൽ വികസിക്കുകയും ചെയ്തു. ഓരോ സ്ഥാപനത്തിന്റെയും പ്രത്യേക ശക്തികൾ പ്രയോജനപ്പെടുത്തുന്ന സ്ഥാപന-നിർദ്ദിഷ്ട പദ്ധതികളുടെയും പ്രോഗ്രാമുകളുടെയും വികസനം പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെങ്കിലും, ബന്ധപ്പെട്ട സ്ഥാപനങ്ങളെ അവരുടെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും അതുപോലെ തന്നെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള നയപരമായ ഉന്നത വിദ്യാഭ്യാസ ആവശ്യകതകളുമായി യോജിപ്പിക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ പരിവർത്തനത്തിനായുള്ള കാഴ്ചപ്പാടിൽ അടിസ്ഥാന സൗകര്യ വികസനം, മാനവശേഷി വിന്യാസം, ആഗോള പ്രശസ്തിയുള്ള സ്ഥാപനങ്ങളുമായുള്ള സഹകരണം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കാര്യക്ഷമവും യോജിച്ചതുമായ അക്കാദമിക ഭരണസംവിധാനങ്ങൾ കെട്ടിപ്പെടുക്കൽ എന്നിവയ്ക്കായി ഗണ്യമായ നിക്ഷേപം ഉൾപ്പെടുന്നു. പൊതു ധനസഹായത്തിന് പുറമെ, മാനദണ്ഡങ്ങളിലും നിലവാരത്തിലും കൃത്യമായ നിയന്ത്രണ ജാഗ്രതയോടെ സാമ്പത്തികവും ബൗദ്ധികവുമായ സഹായത്തിന്റെ പുതിയ സ്രോതസ്സുകൾ കണ്ടെത്തുകയും ഉപയോഗിക്കുകയും വേണം.

ബിരുദ, ബിരുദാനന്തര പാഠ്യപദ്ധതികളുടെ ഉള്ളടക്കം ശക്തിപ്പെടുത്തുന്നതിനും ഈ പാഠ്യപദ്ധതികൾ കൈകാര്യം ചെയ്യുന്നതിൽ ഉപയോഗിക്കുന്ന അധ്യാപനശാസ്ത്രത്തിന്റെ മികവിനായുള്ള കണ്ടെത്തലുകൾക്ക് മുൻഗണനയുണ്ട്. പാഠ്യപദ്ധതി ഉള്ളടക്കം പുനഃപരിശോധിക്കുന്നതിനൊപ്പം, വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി നിലവിലുള്ള അക്കാദമിക് സംവിധാനങ്ങൾ പരിഷ്കരിക്കുകയും അവ ശക്തിപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യേണ്ട രീതികളും സൂക്ഷ്മമായി വിലയിരുത്തേണ്ടത് ആവശ്യമാണ്. നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള ഭരണരീതികളും സംവിധാനങ്ങളും വിമർശനാത്മകമായി പരിശോധിക്കുകയും പരിഷ്ക്കരിക്കുകയും തുല്യതയുടെയും മികവിന്റെയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നവീകരിക്കുകയും വേണം. ഉയർന്ന ക്രമത്തിലുള്ള വിജ്ഞാന ഉൽപ്പാദനത്തിന് മാത്രമല്ല, സ്വതന്ത്രവും സർഗ്ഗാത്മകവും വിമർശനാത്മകവുമായ ചിന്തയ്ക്കും ഉതകുന്ന ഒരു അക്കാദമിക് ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നു. ഇത് നേടുന്നതിന്, അക്കാദമിക് സ്വാതന്ത്ര്യത്തോടുള്ള ദൃഢമായ പ്രതിബദ്ധതയും അന്വേഷണ മനോഭാവം പ്രോത്സാഹിപ്പിക്കലും ആവശ്യമാണ്. നമ്മുടെ ബിരുദ, ബിരുദാനന്തര പാഠ്യപദ്ധതികളും അധ്യാപനവും അതത് വിഷയങ്ങളിൽ ശക്തമായ അടിത്തറയും പ്രസക്തമായ മറ്റ് വിഷയങ്ങളുമായി മതിയായ സമ്പർക്കവും പ്രദാനം ചെയ്യുന്നുവെന്നും വിദ്യാർത്ഥികളെ ഇന്റർ ഡിസിപ്ലിനറി ഗവേഷണത്തിനും പിഎച്ച് ഡി തലത്തിലും പ്രാപ്തരാക്കുമെന്നും ഉറപ്പാക്കണം.

വിവര വിനിമയ സാങ്കേതിക വിദ്യകളിലെ ഗണ്യമായ പുരോഗതിയും താരതമ്യേന കുറഞ്ഞ ചിലവിൽ സംവേദനാത്മക ഡിജിറ്റൽ ആശയവിനിമയ സാധ്യതകളുടെ ആവിർഭാവവും വിപുലമായ വിജ്ഞാന ഉൽപ്പാദനത്തിനും പ്രക്ഷേപണത്തിനും വലിയ അവസരമാണ് നൽകുന്നത്. നവീനവും ഫലപ്രദവുമായ അധ്യാപനരീതികളുടെ ഉപയോഗത്തിനുള്ള സാധ്യതയും വിശാലമാക്കുന്നു. ശരിയായി രൂപകൽപ്പന ചെയ്യുകയും പ്രയോഗിക്കുകയും ചെയ്താൽ, ന്യായമായതും തുല്യവുമായ പ്രവേശനം ദാരിദ്ര്യവും ദുരിതവും ഉള്ളവർക്കു കൂടി അനുഭവവേദ്യമാക്കാനും ഈ മുന്നേറ്റങ്ങൾ നമ്മെ സഹായിക്കും.

പരസ്പരം പിന്തുണയ്ക്കുകയും സമന്വയിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ നടത്തുന്ന സഹകരണ ശ്രമങ്ങൾ എന്ന നിലയിൽ അറിവിന്റെ ആർജിക്കൽ, സമ്പാദനം, വിനിമയം എന്നിവ ഏറ്റവും നന്നായി പിന്തുടരുന്നു. ഇതിനായി, നമ്മുടെ സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും മികച്ചതും സജീവവുമായ ഗവേഷണവും നവീകരണവും അക്കാദമിക് മികവിന്റെ സംസ്കാരവും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്, കൂടാതെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലോ വിദേശത്തോ ഉള്ള അക്കാദമിക് സ്ഥാപനങ്ങളുമായുള്ള ആശയവിനിമയത്തിനും ഈ വിഷയത്തിൽ ഒരു പ്രധാന പങ്ക് വഹിക്കാനാകും. സംസ്ഥാനത്തിനകത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരസ്പരം സഹകരിക്കുന്നത് ഒരു നല്ല തുടക്കമായിരിക്കും.

ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി അക്കാദമിക സഹകരണത്തോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംഘടിത ശ്രമങ്ങളും പ്രോത്സാഹിപ്പിക്കണം. അക്കാദമിക മേഖലയ്ക്ക് അതീതമായി, ഗവേഷണ-വികസനരംഗത്തും അവയുടെ വാണിജ്യവൽക്കരണത്തിലും മികവും മൂല്യവത്തായ പ്രയോഗസാധ്യതയും ലക്ഷ്യമാക്കിയുള്ള സംസ്ഥാന-ദേശീയ തലങ്ങളിലെ വ്യവസായങ്ങളുമായുള്ള സഹകരണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഈ പ്രക്രിയയിൽ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുകയും അത്തരം സഹകരിച്ചുള്ള ഗവേഷണ-വികസന-നവീകരണ ശ്രമങ്ങളുടെ പ്രയോജനങ്ങൾ സംസ്ഥാനത്തെ ജനങ്ങൾക്ക് താങ്ങാനാവുന്ന രീതിയിൽ ലഭ്യമാക്കുകയും ചെയ്യുക എന്നത് ഒരു പ്രധാന ലക്ഷ്യമായിരിക്കണം.

**കേരളത്തിലെ ഉന്നത വിദ്യാഭാസ മേഖലയിലെ പരിഷ്കാരങ്ങൾക്കായുള്ള സമീപകാല സംരംഭങ്ങൾ**

ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമീപകാല സംരംഭങ്ങൾ മുകളിൽ വിശദീകരിച്ച വിശാലമായ ലക്ഷ്യങ്ങളെ അഭിസംബോധന ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. തുടക്കമെന്ന നിലയിൽ, നിലവിലെ സംവിധാനങ്ങളെ പ്രതികൂലമായി സ്വാധീനിച്ചിരിക്കുന്ന പരിമിതികൾ നിർവചിക്കാനും വിലയിരുത്താനും ഈ മേഖലയെ നവീകരിക്കുന്നതിനുള്ള തന്ത്രപരമായ പദ്ധതി ആവിഷ്കരിക്കുന്നതിന് കൃത്യമായ ശിപാർശകൾ രൂപീകരിക്കാനും സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് ശിപാർശകൾ തയ്യാറാക്കാൻ സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചു. ഇങ്ങനെ രൂപീകരിച്ച കമ്മീഷനുകളുടെ വിശദാംശങ്ങൾ **ബോക്സ് 2.2**ൽ നൽകിയിരിക്കുന്നു.

ഹ്രസ്വകാല, ഇടക്കാല, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിയുന്ന നിരവധി നടപടികൾ കമ്മീഷനുകൾ നിർദ്ദേശിച്ചിട്ടുണ്ട്. മൊത്തം പ്രവേശന അനുപാതം നിലവിലെ 37 ശതമാനത്തിൽ നിന്ന് 75 ശതമാനമായി ഉയർത്തുന്നതിന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗണ്യമായ നിക്ഷേപം നടത്തണമെന്നതാണ് പൊതുവായ ശിപാർശകൾ. സർക്കാർ നിക്ഷേപം കൊണ്ട് മാത്രം ഇത് നേടാനാകില്ലെന്ന് അവർ നിരീക്ഷിച്ചു. വിജ്ഞാനത്തിന്റെ പൊതുവായിട്ടുള്ള ഗുണകരമായ സ്വഭാവവും അത് സൃഷ്ടിക്കുന്ന നല്ല ബാഹ്യഘടകങ്ങളുടെ അളവും കണക്കിലെടുക്കുമ്പോൾ ഉന്നതവിദ്യാഭ്യാസത്തിൽ പൊതുനിക്ഷേപത്തിന്റെ പങ്കും പ്രാധാന്യവും വിസ്മരിക്കാനാവില്ല. ധനസഹായത്തിന്റെ ഉറവിടം (പൊതു നിക്ഷേപം അല്ലെങ്കിൽ സ്വകാര്യ നിക്ഷേപം) ഉന്നതവിദ്യാഭ്യാസത്തിലെ പ്രവേശനവും ഫലങ്ങളും സംബന്ധിച്ച തുല്യതയുടെ ചോദ്യത്തിൽ ഒരു പ്രധാന സ്വാധീനം ചെലുത്തുന്നു. പൊതുനിക്ഷേപം വളർച്ചാ ശേഷിയുടെ വികസനം തീരുമാനിക്കുന്നതിൽ വളരെ നിർണായകമാണ്. ഉന്നതവിദ്യാഭ്യാസരംഗത്തെ പൊതുനിക്ഷേപം വർധിപ്പിക്കുന്നതിനായി പൊതു നിക്ഷേപത്തിന് പുറമെ, സർവ്വകലാശാലകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും (എച്ച്.ഇ.ഐ) സ്വകാര്യ ജീവകാരുണ്യ ഫണ്ടുകൾ, സി.എസ്.ആർ ഫണ്ടുകൾ, പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവന, സ്വകാര്യ സംഭാവനകൾ, എൻഡോവ്മെന്റുകൾ എന്നിവ സമാഹരിക്കുന്നതിനുള്ള സാധ്യതകൾ ആരായണം. അതുപോലെ "പലിശ രഹിത വായ്പ" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് സമാഹരണത്തിന്റെ സാധ്യതയും അന്വേഷിക്കേണ്ടതുണ്ട്. സംസ്ഥാനതല സഹകരണ സ്ഥാപനമോ മുഖ്യമന്ത്രിയുടെ ഉന്നതവിദ്യാഭ്യാസ നിധിയോ (പ്രത്യേക ഉദ്ദേശ്യ പദ്ധതിയായി) രൂപീകരിച്ച് അത്തരം ഫണ്ടുകളെല്ലാം അത് വഴിയാക്കണം. അത്തരമൊരു സ്ഥാപനപരമായ ക്രമീകരണം ഉന്നതവിദ്യാഭ്യാസത്തിന്റെ ധനസഹായത്തിൽ സാമൂഹ്യ നിയന്ത്രണം ഉറപ്പാക്കും. മറ്റ് പ്രധാന ശിപാർശകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഇന്റർ-ഇൻസ്റ്റിറ്റ്യൂഷണൽ ലിങ്കേജിന്റെ മെക്കാനിസങ്ങൾ, വ്യവസായവുമായുള്ള സജീവ ബന്ധം എന്നിവ ഉൾപ്പെടുന്നു.

സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ഘടനയും പ്രവർത്തനങ്ങളും, പരീക്ഷാ നടത്തിപ്പ്, സിലബസുക

**ബോക്സ് 2.2** ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവിനുള്ള കമ്മീഷനുകൾ

വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിൽ നവീകരണ സംരംഭങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനായി സർക്കാർ സംസ്ഥാന തലത്തിൽ മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സുപ്രധാന വശങ്ങൾ, പ്രത്യേകിച്ച് സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനും വിജ്ഞാന സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുന്നതിനുമുള്ള വലിയ ലക്ഷ്യങ്ങൾ ഡോ. ശ്യാം ബി മേനോൻ അധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ പരിശോധിച്ചു. കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷയുടെ നിലവിലെ അവസ്ഥ അവലോകനം ചെയ്യുകയും പരീക്ഷാ സമ്പ്രദായത്തിലും അതിന്റെ പ്രക്രിയകളിലും കാര്യമായ പരിഷ്കരണം, കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷാ പരിഷ്കാരങ്ങൾക്കായുള്ള കമ്മീഷൻ അധ്യക്ഷനായ പ്രൊഫ. (ഡോ.) സി.ടി.അരവിന്ദകുമാർ മുന്നോട്ടുവെക്കുകയും ചെയ്തു. പ്രൊഫ. (ഡോ) എൻ.കെ ജയകുമാർ അധ്യക്ഷനായ കേരള സ്റ്റേറ്റ് യൂണിവേഴ്സിറ്റി ലോ റിഫോംസ് കമ്മീഷൻ, യു.ജി.സി., എ.ഐ.സി.ടി.ഇ., എൻ.സി.ടി.ഇ. എന്നിവയുടെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സർവകലാശാലകളുടെ നിയമങ്ങളും ചട്ടങ്ങളും ഓർഡിനൻസുകളും പരിശോധിക്കുകയും, സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി അവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്തു. കമ്മീഷനുകൾ വ്യക്തിഗതമായി സ്ഥിതിഗതികൾ പരിശോധിക്കുകയും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ അടിസ്ഥാനപരവും ദൂരവ്യാപകവുമായ മാറ്റങ്ങളുമായി മുന്നോട്ട് വരികയും ചെയ്തിട്ടുണ്ട്. കമ്മീഷനുകളുടെ ശിപാർശകൾ മുൻഗണനാടിസ്ഥാനത്തിൽ പരിശോധിച്ച് നടപ്പിലാക്കുന്നതിനായി സർക്കാരിൽ ഒരു നിർവ്വഹണ സെൽ രൂപീകരിച്ചിട്ടുണ്ട്.

ളുടെയും പാഠ്യപദ്ധതികളുടെയും ആവിഷ്കരണം എന്നിവയുൾപ്പെടെയുള്ള ഭരണസംവിധാനങ്ങളുടെ പുനഃക്രമീകരണത്തോടൊപ്പം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണസംവിധാനങ്ങളിൽ സമൂലമായ മാറ്റങ്ങൾക്ക് കമ്മീഷനുകൾ ശിപാർശ ചെയ്തിട്ടുണ്ട്, ഇതിന് സർവകലാശാലകളുടെ നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് സമഗ്രമായ ഒരു പുനരവലോകനം ആവശ്യമായി വരും.

**ഉപസംഹാര കുറിപ്പ്**

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സുപ്രധാനമായ ചുവടുകൾ കൈക്കൊണ്ടിട്ടുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കാര്യമായ പുരോഗതി കൈവരിച്ച കോളേജുകളുടെയും സർവ്വകലാശാലകളുടെയും റാങ്കിംഗിൽ മാറ്റം പ്രതിഫലിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ പുരോഗതിയും ഈ മേഖലയിലെ അധ്യാപനവും അടിസ്ഥാന സൗകര്യങ്ങളും ഈ സർക്കാരിന്റെ മുൻഗണനാ മേഖലയാണ്. ശാസ്ത്രം, സാങ്കേതിക വിദ്യ, നവീനത എന്നീ മേഖലകളിൽ കേരളം ശക്തമായി മുന്നേറേണ്ടതുണ്ട്. സർവ്വകലാശാലകളെയും വ്യവസായങ്ങളെയും ബന്ധിപ്പിക്കുക, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുക, ഈ മാറ്റങ്ങളെ സഹായിക്കുന്നതിന് ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുക എന്നിങ്ങനെ ഈ പരിവർത്തനത്തിൽ ഉന്നത വിദ്യാഭ്യാസം ഒരു ഹബ്ബിന്റെ രൂപത്തിൽ നിർണായക പങ്ക് വഹിക്കണം. ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം എന്നിവയിലെന്നപോലെ, സാമൂഹ്യശാസ്ത്രം, മാനവികത, ഭാഷകൾ, കലകൾ എന്നിവയിൽ ഇന്റർ ഡിസിപ്ലിനറി, ട്രാൻസ് ഡിസിപ്ലിനറി ഗവേഷണങ്ങൾക്കായി സ്ഥാപന ശൃംഖലകളും മിഷനുകളും സ്ഥാപിക്കുന്നതിന് സർക്കാർ തുടക്കമിട്ടിട്ടുണ്ട്. നമ്മൾ പുതിയ സ്ഥാപനങ്ങൾ സ്ഥാപിക്കുമ്പോഴും നമുക്ക് വ്യക്തമാകുന്നത് ഉന്നതവിദ്യാഭ്യാസരംഗത്തെ അളവിലും ഗുണനിലവാരത്തിലും വർദ്ധനവിനുള്ള യഥാർത്ഥ ഊന്നൽ നിലവിലുള്ള സർവകലാശാലാ വകുപ്പുകളിൽ നിന്നും കോളേജുകളിൽ നിന്നുമായിരിക്കണം എന്നതാണ്. ഇവ നേടിയെടുക്കാൻ സർക്കാർ ഉന്നതവിദ്യാഭ്യാസത്തിൽ കൂടുതൽ നിക്ഷേപം നടത്താൻ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിലൂടെ സർവകലാശാലകളുടെ പ്ലാൻ ഫണ്ടിൽ 25 ശതമാനം സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. കിഫ്ബിക്ക് കീഴിൽ ഗണ്യമായ നിക്ഷേപവും വിഭാവനം ചെയ്തിട്ടുണ്ട്, കൂടാതെ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ നിന്ന് 2,000 കോടി രൂപയുടെ സാമ്പത്തിക സഹായവും വിഭാവനം ചെയ്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ തുടരുകയാണ്. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ പാരമ്പര്യവും സർക്കാരിന്റെ നിശ്ചയദാർഢ്യവും കണക്കിലെടുക്കുമ്പോൾ, ഉന്നത വിദ്യാഭ്യാസത്തെ പരിവർത്തനം ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കപ്പെടേണ്ട ഒന്നാണ്.

അദ്ധ്യായം

# 03

# കൃഷിയും അനുബന്ധ മേഖലകളും

# കൃഷിയും അനുബന്ധ മേഖലകളും

## 3.1 കാർഷികമേഖല

**കൃഷിയുടെ പ്രകടനം**

കേരളത്തിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയും മണ്ണിന്റെ പ്രത്യേകതകളും കൊണ്ട് നാണ്യവിളകൾ, ഭക്ഷ്യവിളകൾ, തോട്ടവിളകൾ എന്നിവ ഉൾപ്പെടുന്ന വ്യത്യസ്തമായ വിളരീതികൾക്ക് അനുയോജ്യമാണ്. കഴിഞ്ഞ നിരവധി വർഷങ്ങളായി സംസ്ഥാന കാർഷിക മേഖല, ഭക്ഷ്യവിളകളിൽ നിന്നും ഭക്ഷ്യേതര വിളകളിലേക്കുള്ള പരിവർത്തനം പോലെയുള്ള നിർണ്ണായക മാറ്റങ്ങൾക്ക സാക്ഷ്യം വഹിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയിൽ കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമിയുടെ വിഹിതം (കൃഷിയ്ക്കനുയോജ്യമായ പാഴ് ഭൂമിയും നിലവിലെ തരിശു ഭൂമിയിൽപ്പെടാത്ത തരിശുഭൂമിയുമുൾപ്പെടെ) ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. സംസ്ഥാനത്തെ ശരാശരി പ്രതിശീർഷ ഭൂലഭ്യതയിലും ഗണ്യമായ കുറവ് സംഭവിച്ച് നിലവിൽ 0.18 ഹെക്ടറായി നിൽക്കുന്നു(കാർഷിക സെൻസസ് 2015-16).

കൃഷി സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളുടെയും പ്രാഥമിക ഉപജീവനമാർഗമായി തുടരുന്നു. 2021-22 വർഷത്തെ ദ്രുത കണക്കെടുപ്പ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്ത മൂല്യ വർധനവിൽ കൃഷി അനുബന്ധ മേഖലകളുടെ വിഹിതം 11.28 ശതമാനമായിരുന്നു(നിലവിലെ വില). ഓഖി ചുഴലിക്കാറ്റ് (2017), പ്രളയം (2018), കോവിഡ് മഹാമാരി തുടങ്ങിയ അപ്രതീക്ഷിത വിപത്തുകൾ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ സംസ്ഥാനത്തെ കാർഷിക മേഖലയുടെ പ്രകടനത്തെ സാരമായി ബാധിച്ചു. 2017-18 ൽ, 2.11 ശതമാനത്തിലെത്തിയ വളർച്ചാ നിരക്ക് പിന്നീടുള്ള രണ്ടു വർഷങ്ങളിലും കുറഞ്ഞ് നെഗറ്റീവ് നിരക്കിലേക്കായി. എന്നാൽ, തുടർന്നുള്ള വർഷങ്ങളിൽ വളർച്ചാ നിരക്കിൽ പുരോഗതി രേഖപ്പെടുത്തി. 2020-21 ലെ 0.24 ശതമാനമായിരുന്ന വളർച്ചാനിരക്ക് 2021-22 വർഷത്തിൽ ദേശീയ വളർച്ചാ നിരക്കിനേക്കാൾ ഉയർന്നു 4.64 ശതമാനമായി.

കുറഞ്ഞ ഭൂലഭ്യത നിമിത്തം സംസ്ഥാനത്ത് കൃഷി വിസ്തൃതിയുടെ വലിയ രീതിയിലുള്ള വർദ്ധനവിന് സാധ്യത കുറവാണ്. ആയതിനാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക മാത്രമാണ് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഏക മാർഗം. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ആധുനിക കൃഷി വിജ്ഞാനത്തെ ആശ്രയിച്ചേ മതിയാകൂ. പാരിസ്ഥിതിക സുസ്ഥിരതയും ഉയർന്ന കാർഷിക ബിസിനസ്സ് വരുമാനവും ഉറപ്പാക്കാനുതകുന്ന ശാസ്ത്രീയ ഉൽപ്പാദനോപാദികളും കൃഷി മുറകളും അടിസ്ഥാനമാക്കിയ കാർഷിക ആധുനികവൽക്കരണത്തിനാണ് ഈ സന്ദർഭത്തിൽ ഊന്നൽ നൽകേണ്ടത്. സംസ്ഥാനത്തെ കർഷകർക്ക് വരുമാന സുരക്ഷ ഉറപ്പു വരുത്തുക എന്ന കാഴ്ചപ്പാട് സഫലമാക്കുന്നതിനു കൃഷിയുടെ വൈവിധ്യവൽക്കരണത്തിനു അതിയായ പ്രാധാന്യമുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും, മാത്രമല്ല കയറ്റുമതി മെച്ചപ്പെടുത്തുന്നതിനും ആഭ്യന്തര വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമുള്ള മൂല്യ വർധനവിന്റെ ശേഷി കണക്കിലെടുത്ത് കാർഷിക മേഖലയിൽ ഈ പ്രവർത്തനത്തിന് ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകതയുണ്ട് .

**കാർഷികമേഖലയിലെ മൊത്തം മൂല്യ വർദ്ധനവ്**

രാജ്യത്തിന്റെ മൊത്തം മൂല്യ വർദ്ധനവിൽ കൃഷി, വനം, മത്സ്യബന്ധനം എന്നീ മേഖലകളുടെ വിഹിതം(സ്ഥിരവില) 2013-14 വർഷത്തിലെ 17.8 ശതമാനത്തിൽ നിന്നും 2021-22ൽ 15.5 ശതമാനമായി (താൽക്കാലികം) കുറഞ്ഞു. പതിമൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്ത് സംസ്ഥാനത്തെ കാർഷിക മേഖലയുടെ പ്രകടനം ഏറ്റക്കുറച്ചിലുകൾ നിറഞ്ഞതായിരുന്നു. 2020-21 ൽ കാർഷിക അനുബന്ധ മേഖലയുടെ വിഹിതം 9.52 ശതമാനമായിരുന്നത്(താൽകാലികം)2021-22ൽ 8.88 ശതമാനമായി (ദ്രുതകണക്കെടുപ്പ്) കുറഞ്ഞു (**പട്ടിക 3.1.1**).

മുൻ വർഷങ്ങളിൽ കൃഷി-അനുബന്ധ മേഖലകളുടെ (വിളകൾ, കന്നുകാലികൾ, വനം, മത്സ്യബന്ധനം എന്നിവ ഉൾപ്പെടെ) വാർഷിക വളർച്ചാ നിരക്ക് (ജി.എസ്.വി.എ 2011-12 ലെ സ്ഥിരവിലയിൽ) ഏറിയും കുറഞ്ഞുമിരുന്നു. കഴിഞ്ഞ അഞ്ചു വർഷത്തെ വളർച്ചാനിരക്ക് വിശകലനം ചെയ്യുമ്പോൾ 2017-18ൽ 2.11 ശതമാനം പോസിറ്റീവ് വളർച്ചയാണ് കാണിച്ചത്. 2018-19 മുതൽ വളർച്ചാ

നിരക്ക് നെഗറ്റീവായിരുന്നു(അവലംബം: സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് 2022). കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാനിരക്ക് 2020-21 ൽ 0.24 ശതമാനമായിരുന്നത് 2021-22 ൽ 4.64 ശതമാനമായി **(പട്ടിക 3.1.2).** ഇതേ കാലയളവിൽ വിളമേഖലയിലെ വളർച്ച 0.46 ശതമാനത്തിൽ നിന്നും 3.63 ശതമാനമായി (അവലംബം: സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് 2022).

**പട്ടിക 3.1.1** മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ/ ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ പങ്ക്, ദേശീയ തലത്തിലും സംസ്ഥാനതലത്തിലും (സ്ഥിരവില, അടിസ്ഥാനവർഷം 2011-12)

| വർഷം | മൊത്തം മൂല്യവർദ്ധനവിൽ (ജി. വി.എ) കൃഷി അനുബന്ധ മേഖലകളുടെ പങ്ക് (ശതമാനത്തിൽ) ഇന്ത്യ | മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധ മേഖലകളുടെ പങ്ക് (ശതമാനത്തിൽ) കേരളം |
|---|---|---|
| 2013-14 | 17.8 | 12.37 |
| 2014-15 | 16.5 | 11.92 |
| 2015-16 | 15.4 | 10.74 |
| 2016-17 | 15.2 | 9.96 |
| 2017-18 | 15.1 | 9.61 |
| 2018-19 | 14.6. | 9.03 |
| 2019-20 | 15.0 | 8.55 |
| 2020-21 | 16.3 | 9.52(P) |
| 2021-22 | 15.5(P) | 8.88(Q) |

കുറിപ്പ്: P താൽക്കാലികം (Q )ദ്രുതകണക്കെടുപ്പ്
അവലംബം: നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2022, സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് 2022

**പട്ടിക 3.1.2** കേരളത്തിലെ കാർഷിക അനുബന്ധ മേഖലയിലെ വളർച്ചാ നിരക്ക്, 2013-14 മുതൽ 2021-22 വരെ

| വർഷം | വാർഷിക വളർച്ചാ നിരക്ക് കേരളം (ശതമാനത്തിൽ) |
|---|---|
| 2013-14 | (-)6.31 |
| 2014-15 | 0.02 |
| 2015-16 | (-)5.10 |
| 2016-17 | (-)0.65 |
| 2017-18 | 2.11 |
| 2018-19 | (-)2.09 |
| 2019-20 | (-)2.56 |
| 2020-21 | 0.24 |
| 2021-22 | 4.64 (P) |

കുറിപ്പ്: (P) താൽക്കാലികം
അവലംബം: സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് 2022

### വളർച്ചാ നിരക്കിന്റെ ഗതി

2013-14 വർഷം മുതൽ കൃഷി, അനുബന്ധ മേഖലകളുടെ അഖിലേന്ത്യാ വളർച്ചാ നിരക്ക് ഏറിയും കുറഞ്ഞുമിരുന്നു. കൃഷി, വനം, മൽസ്യബന്ധനം എന്നീ മേഖലകളിൽ 2020-21ൽ 3.3 ശതമാനമായിരുന്ന വളർച്ച നിരക്ക് 2021-22ൽ 3.00 ശതമാനമായി കുറഞ്ഞു. രാജ്യത്തിന്റെ മൊത്തം മൂല്യ വർദ്ധനവിൽ കൃഷി, വനം, മത്സ്യബന്ധനം എന്നീ മേഖലകളുടെ വിഹിതം 2013-14 മുതൽ ഏറിയും കുറഞ്ഞുമിരുന്നു. ദേശീയ വരുമാനത്തിന്റെ താൽക്കാലിക എസ്റ്റിമേറ്റ് പ്രകാരം ഈ മേഖലകളുടെ വിഹിതം 2020-21ൽ രേഖപ്പെടുത്തിയ 16.3 ശതമാനത്തിൽ നിന്നും 2021-22ൽ 15.5 ശതമാനമായി കുറഞ്ഞു (**പട്ടിക 3.1.1**).

### കാലവർഷം 2022

2022 മാർച്ച് ഒന്നു മുതൽ 2022 മെയ് 31 വരെ സംസ്ഥാനത്ത് സാധാരണ നിലയിൽ നിന്നും 84 ശതമാനം വ്യതിയാനത്തോടെ 'വളരെ അധികം' കാലവർഷ പൂർവ്വ മഴ ലഭിച്ചു. ഈ കാലയളവിൽ സംസ്ഥാനത്ത് ലഭിച്ച മഴയുടെ ശരാശരി അളവ് 676 മി.മീ ആയിരുന്നു. ഈ കാലയളവിൽ സാധാരണ തോതിലുള്ള മഴ 367 മി.മീ ആണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം ഒഴികെയുള്ള എല്ലാ ജില്ലകളിലും 'വളരെ അധികം' മഴ ലഭിച്ചു. എറണാകുളം (1007.6 മി.മീ), കോട്ടയം (971.6 മി.മീ) ജില്ലകളിലാണ് ഈ കാലയളവിൽ ഏറ്റവുമധികം മഴ ലഭിച്ചത്. സാധാരണ നിലയിൽ നിന്നുമുള്ള വ്യതിയാനം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് എറണാകുളം ജില്ലയിലും (152 ശതമാനം) തുടർന്ന് കോട്ടയം (124 ശതമാനം) ജില്ലയിലുമാണ്.


തെക്കു പടിഞ്ഞാറൻ കാലവർഷ സമയത്ത് (2022 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ) കേരളത്തിൽ ലഭിച്ച യഥാർത്ഥ മഴ 1720 മി.മീ ആയിരുന്നു. പ്രസ്തുത കാലയളവിൽ ലഭിക്കേണ്ട സാധാരണ മഴ 2004 മി.മീ ആണ്. അതായത് സാധാരണ നിലയിൽ നിന്നും (-)14 ശതമാനം വ്യതിയാനമാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയത്. 2022 ൽ സംസ്ഥാനത്തെ പതിനൊന്ന് ജില്ലകളിൽ 'സാധാരണ' തോതിലുള്ള മഴ ലഭിച്ചു. തിരുവനന്തപുരം (592.9 മി.മീ), കൊല്ലം (998.7 മി.മീ), ആലപ്പുഴ (1159.3 മി.മീ) എന്നീ മൂന്നു ജില്ലകളിൽ 'കുറവ്' മഴ ലഭിച്ചു. എല്ലാ വടക്കൻ ജില്ലകളിലും 'സാധാരണ' മഴ ലഭിച്ചു. കാസറഗോഡ് ജില്ലയിലാണ് ഏറ്റവുമധികം മഴ ലഭിച്ചത് (2785.7 മി.മീ) **(ചിത്രം 3.1.1)**.

2022-ൽ വടക്കു കിഴക്കൻ കാലവർഷ സമയത്ത് (2022 ഒക്ടോബർ ഒന്നു മുതൽ നവംബർ 2 വരെ) സംസ്ഥാനത്ത് ലഭിച്ചത് 233 മി.മീ മഴയായിരുന്നു. അത് സാധാരണ മഴയേക്കാൾ(322 മി.മീ.) (-)27 ശതമാനം വ്യതിയാനമായിരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ 'സാധാരണ' തോതിലുള്ള മഴ ലഭിച്ചു. മറ്റെല്ലാ ജില്ലകളിലും 'കുറവ്' മഴയാണ് ലഭിച്ചത്. ഏറ്റവും കൂടുതൽ മഴ ലഭിച്ചത് ഇടുക്കി ജില്ലയിലും (420.7 മി.മീ.) തുടർന്ന് പത്തനംതിട്ട ജില്ലയിലുമാണ്(352.2മി. മീ.) **(ചിത്രം 3.1.2)**. 2022-ൽ സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് ജില്ല തിരിച്ച് **അനുബന്ധം 3.1.1**ൽ ചേർത്തിരിക്കുന്നു.

### ഭൂവിനിയോഗക്രമം


കേരളത്തിന്റെ ഭൂവിനിയോഗ രീതിയിൽ കഴിഞ്ഞ നിരവധി വർഷങ്ങളായി സമൂലമായ മാറ്റങ്ങളാണ് കാണപ്പെട്ടിട്ടുള്ളത്. മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ , യഥാർത്ഥ കൃഷി വിസ്തൃതി 20.29 ലക്ഷം ഹെക്ടറും (52.22 ശതമാനം) , കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന

**ചിത്രം 3.1.1** തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2022 ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ.




അവലംബം: ദേശീയ കാലാവസ്ഥാ വകുപ്പ് 2022


**ചിത്രം 3.1.2** വടക്ക കിഴക്കൻ കാലവർഷത്തിൽ 2022 ഒക്ടോബർ ഒന്നു മുതൽ നവംബർ 2 വരെ ലഭിച്ച മഴ




അവലംബം: ദേശീയ കാലാവസ്ഥാ വകുപ്പ് 2022

ഭൂമി 5.72 ലക്ഷം ഹെക്ടറും (14.71 ശതമാനം), വനമേഖല 10.82 ലക്ഷം ഹെക്ടറുമാണ് (27.82 ശതമാനം). 2021-22 വർഷത്തെ, ഭൂവിനിയോഗ രീതിയനുസരിച്ചുള്ള വർഗ്ഗീകരണം **ചിത്രം 3.1.3**ൽ കാണുക.

**ചിത്രം 3.1.3** 2021-22 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി




അവലംബം: സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് 2022

ഓരോ വിളകളുടെ കൃഷി വിസ്തൃതിയിലും മൊത്തം കൃഷി വിസ്തൃതിയിലുമുണ്ടായ മാറ്റം കാർഷിക ഭൂവിനിയോഗത്തിൽ മാറ്റമുണ്ടാക്കിയതായി കാണാം. 2000-01 ൽ മൊത്തം ഭൂവിസ്തൃതിയിൽ 77 ശതമാനവും വിളവിറക്കിയ പ്രദേശമായിരുന്നതെങ്കിൽ 2021-2022ൽ അത് 64.92 ശതമാനമായി കുറഞ്ഞു. 2021-22ലെ ഭൂവിനിയോഗ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ, 25.23 ലക്ഷം ഹെക്ടർ (64.92 ശതമാനം) വിളയിറക്കിയ പ്രദേശമാണ്. ഇതിൽ യഥാർത്ഥ കൃഷി വിസ്തൃതി 20.29 ലക്ഷം ഹെക്ടറാണ് (52.22 ശതമാനം).

2020-21ലെ ഭൂവിനിയോഗ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയുടെയും നിലവിലുള്ള തരിശുഭൂമിയുടെയും വിസ്തൃതി യഥാക്രമം 5.83 ശതമാനവും 0.63 ശതമാനവുമായി കുറഞ്ഞു. എന്നാൽ നിലവിലുള്ള തരിശുഭൂമിയിലുൾപ്പെടാത്ത തരിശുഭൂമി, തരിശും കൃഷി ചെയ്യപ്പെടാത്തതുമായ ഭൂമി എന്നിവയുടെ വിസ്തൃതി യഥാക്രമം 15.6 ശതമാനവും 2.67 ശതമാനവുമായി ഉയർന്നു(**അനുബന്ധം 3.1.2**).

യഥാർത്ഥ കൃഷി വിസ്തൃതിയും ഒന്നിൽകൂടുതൽ തവണ കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതിയും യഥാക്രമം 0.28 ശതമാനവും 7.53 ശതമാനവുമായി കുറഞ്ഞു. 2021-22 ൽ സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയിൽ 1.79 ശതമാനത്തിന്റെ കുറവുണ്ടായി. വിളതീവ്രത 126 ശതമാനത്തിൽ നിന്നും 124 ശതമാനമായി കുറഞ്ഞു (**അനുബന്ധം 3.1.2**).

സംസ്ഥാനത്തെ കൃഷിയിടങ്ങളുടെ എണ്ണം 2010-11 ൽ 68.31 ലക്ഷം ആയിരുന്നത് 2015-16 ആയപ്പോൾ പതിനൊന്നു ശതമാനം വർദ്ധിച്ച് 75.83 ലക്ഷം ആയി. പ്രതിശീർഷ ഭൂലഭ്യത 2010-11 ൽ 0.22 ഹെക്ടറായിരുന്നത് 2015-16ൽ 0.18 ഹെക്ടറായി കുറഞ്ഞു (**അനുബന്ധം 3.1.3**). 2019 ലെ നാഷണൽ സാമ്പിൾ സർവ്വേയുടെ 77 ആം റൗണ്ട് കാർഷിക കുടുംബങ്ങളുടെ സ്ഥിതി വിലയിരുത്തൽ കണക്കു പ്രകാരം സംസ്ഥാനത്തെ 33.2 ശതമാനം ഗ്രാമീണ കുടുംബങ്ങളും കാർഷിക കുടുംബങ്ങളാണ്. ദേശീയ തലത്തിൽ ഇത് 54 ശതമാനമാണ്. സംസ്ഥാനത്തെ കാർഷിക കുടുംബങ്ങളിൽ 34.4 ശതമാനവും വിള മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ദേശീയതലത്തിൽ ഇത് 68.9 ശതമാനമാണ്.

### വിളക്രമം

കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.4**ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2021-22ൽ സംസ്ഥാനത്തെ മൊത്തം കൃഷിഭൂമിയായ 25.23 ലക്ഷം ഹെക്ടറിൽ 10.51 ശതമാനത്തിൽ ഭക്ഷ്യ വിളകളായ നെല്ല്, പയർവർഗ്ഗങ്ങൾ, മരച്ചീനി, റാഗി, ചെറു ധാന്യങ്ങൾ, മധുരക്കിഴങ്ങ് എന്നിവ കൃഷി ചെയ്യുന്നു. 2020-21 നെ അപേക്ഷിച്ച് ചെറുധാന്യങ്ങൾ ഒഴികെ മറ്റു ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിൽ ഇടിവുണ്ടായി. ഏലം, ഇഞ്ചി ഒഴികെ മറ്റെല്ലാ സുഗന്ധ വ്യഞ്ജനങ്ങളുടെ ഉത്പാദനത്തിൽ 2021-22 ൽ കുറവ് രേഖപ്പെടുത്തി. ഇഞ്ചി, ഏലം എന്നിവയുടെ ഉൽപ്പാദനത്തിൽ യഥാക്രമം 6.5 ശതമാനവും 3.4 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. തോട്ടവിളകളിൽ കാപ്പി, റബ്ബർ, ഏലം എന്നിവയുടെ ഉൽപ്പാദനം യഥാക്രമം 1.97 ശതമാനം, 7.14 ശതമാനം, 3.4 ശതമാനം എന്നിങ്ങനെ വർദ്ധിച്ചപ്പോൾ തേയിലയുടെ ഉൽപ്പാദനം 2020-21ൽ നിന്നും 9.7 ശതമാനം കുറവ് രേഖപ്പെടുത്തി. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 15.6 ശതമാനവും, 16 ശതമാനവും വർദ്ധിച്ചു.

സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 65.8 ശതമാനം കശുവണ്ടി, റബ്ബർ, കുരുമുളക്, ഏലം, കാപ്പി എന്നിവ ഉൾപ്പെടുന്ന നാണ്യവിളകളാണ്. റബ്ബർ, കാപ്പി, തേയില, ഏലം എന്നിവ, മൊത്തം കൃഷി വിസ്തൃതിയുടെ 28.2 ശതമാനമാണ്. മൊത്തം കൃഷി വിസ്തൃതിയുടെ 30 ശതമാനം തെങ്ങ് കൃഷിയും, തുടർന്ന് 21.8 ശതമാനം റബ്ബർ കൃഷിയുമായിരുന്നു. നെൽകൃഷിവിസ്തൃതി മൊത്തം കൃഷി വിസ്തൃതിയുടെ 7.69 ശതമാനം ആയിരുന്നു.

### വിള തിരിച്ചുള്ള വിശകലനം

#### നെല്ല്

ഭക്ഷ്യ കാർഷിക സംഘടന (എഫ്.എ.ഒ) യുടെ 2020 ലെ സ്ഥിതിവിവര കണക്കനുസരിച്ച് അരി ഉൽപ്പാദനത്തിൽ ചൈന ഒന്നാം സ്ഥാനത്തും ഇന്ത്യയും, ബംഗ്ലാദേശും രണ്ടും മൂന്നും സ്ഥാനങ്ങളിലും നിൽക്കുന്നു. 2021-22ലെ നാലാം അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഇന്ത്യയുടെ നെല്ലുൽപ്പാദനം മുൻവർഷത്തെ അപേക്ഷിച്ച് 4.8 ശതമാനം വർദ്ധിച്ച് 130.29 ദശലക്ഷം ടണ്ണായി.

2021-22ൽ സംസ്ഥാനത്തെ നെൽകൃഷിയുടെ(നെൽവയൽ) വിസ്തൃതി 1.94 ലക്ഷം ഹെക്ടറായി കുറഞ്ഞു. 2020-21 നെ അപേക്ഷിച്ച് നെൽകൃഷി വിസ്തൃതിയിൽ 3.9 ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്. ഈ കാലയളവിൽ ഉത്പാദനം 5.59 ലക്ഷം ടണ്ണും ഉൽപ്പാദനക്ഷമത ഹെക്ടറിനു 2884 കിലോഗ്രാമും രേഖപ്പെടുത്തി. ഇത് മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 10.7 ശതമാനവും 7.1 ശതമാനവും കുറവാണ് (അവലംബം:സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് 2022).

2021-22ൽ സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 7.69 ശതമാനം നെൽകൃഷിയായിരുന്നു. കഴിഞ്ഞ ദശാബ്ദക്കാലത്തെ നെൽകൃഷി വിസ്തൃതി വിശകലനം ചെയ്യുമ്പോൾ നെൽകൃഷി വിസ്തൃതി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് 2020-21 ലാണെന്നു കാണാം. 2020-21ൽ നെൽകൃഷി വിസ്തൃതി 2.02 ലക്ഷം ഹെക്ടറും ഉൽപ്പാദനം 6.27 ലക്ഷം ടണ്ണുമായിരുന്നു. ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും 2017-18 മുതൽ കാണപ്പെട്ട ക്രമാനുഗതമായ വർദ്ധനവ് 2021-22 ൽ കുറവ് രേഖപ്പെടുത്തി (**അനുബന്ധം 3.1.5**).

2021-22ൽ വിരിപ്പ് (ശരത്കാലം) മുണ്ടകൻ (ശീതകാലം) സീസണുകളിൽ നെൽകൃഷി വിസ്തൃതി മുൻവർഷത്തെ അപേക്ഷിച്ച് കുറയുകയും, പുഞ്ച(വേനൽ) കൃഷി വിസ്തൃതി കൂടുകയും ചെയ്തു. മൂന്നു സീസണുകളിലും നെല്ലിന്റെ ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും കുറഞ്ഞു. കഴിഞ്ഞ രണ്ടു വർഷത്തിൽ നിന്നും വ്യത്യസ്തമായി 2021-22 ൽ മുണ്ടകൻ കൃഷിയിലാണ് ഉയർന്ന ഉൽപ്പാദനക്ഷമത ലഭിച്ചത്. ഇത് ഹെക്ടറിനു 3066 കി.ഗ്രാം രേഖപ്പെടുത്തിയെങ്കിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മുണ്ടകൻ കൃഷിയിലെ ഉൽപ്പാദനക്ഷമത 3.12 ശതമാനം കുറവായിരുന്നു. **(അനുബന്ധം 3.1.6)**

2021-22 വർഷത്തിൽ സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതിയുടെ 44 ശതമാനവും മുണ്ടകൻ കൃഷിയായിരുന്നു. ഇതിൽ 62.8 ശതമാനവും പാലക്കാട്, തൃശ്ശൂർ ജില്ലകളിലായിരുന്നു. വിരിപ്പ് കൃഷി വിസ്തൃതിയുടെ 78 ശതമാനവും ആലപ്പുഴ, പാലക്കാട് ജില്ലകളിലായിരുന്നു. ഇതിൽ 69 ശതമാനവും പാലക്കാട് ജില്ലയിലായിരുന്നു. ആലപ്പുഴ ജില്ലയിൽ പുഞ്ചകൃഷിക്കും പാലക്കാട് ജില്ലയിൽ മുണ്ടകൻ കൃഷിക്കും വിരിപ്പ് കൃഷിക്കുമായിരുന്നു പ്രാധാന്യം. (**അനുബന്ധം 3.1.7**)

സംസ്ഥാനത്തെ മൊത്തം നെൽകൃഷി വിസ്തൃതിയിൽ 79 ശതമാനവും പാലക്കാട് (39 ശതമാനം), ആലപ്പുഴ (18.8 ശതമാനം), തൃശ്ശൂർ (12 ശതമാനം), കോട്ടയം (9.1 ശതമാനം) ജില്ലകളിലായിരുന്നു. സംസ്ഥാനത്തെ മൊത്തം നെല്ലുൽപ്പാദനത്തിൽ 82 ശതമാനവും ഈ ജില്ലകളിൽ നിന്നുമായിരുന്നു. മലപ്പുറം, വയനാട് ഒഴികെ മറ്റെല്ലാ ജില്ലകളിലും 2020-21 നെ അപേക്ഷിച്ച് നെൽകൃഷി വിസ്തൃതിയിൽ കുറവ് രേഖപ്പെടുത്തി.

നെൽകൃഷി വിസ്തൃതിയിലും ഉൽപ്പാദനത്തിലും പാലക്കാട് ജില്ല ഒന്നാം സ്ഥാനത്തും ആലപ്പുഴ ജില്ല രണ്ടാം സ്ഥാനത്തുമാണ്. എന്നാൽ ഉൽപ്പാദനക്ഷമതയിൽ മലപ്പുറം ജില്ലയായിരുന്നു മുൻപന്തിയിൽ തുടർന്ന് പാലക്കാട് ജില്ലയും. 2021-22 വർഷത്തിൽ മലപ്പുറം ഒഴികെ എല്ലാ ജില്ലകളിലും നെല്ലുൽപ്പാദനം കുറഞ്ഞു. സംസ്ഥാനത്തെ പ്രധാന നെല്ലുൽപ്പാദന ജില്ലകളിലൊന്നായ ആലപ്പുഴയിൽ, 2020-21 വർഷത്തെ അപേക്ഷിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും (നെൽവയൽ) യഥാക്രമം 25 ശതമാനവും 18 ശതമാനവും കുറഞ്ഞു (**അനുബന്ധം 3.1.8**).

നെൽവയൽ കൃഷിക്കു പുറമേ 1,784 ഹെക്ടർ പ്രദേശത്ത് കരനെൽ കൃഷി നടപ്പിലാക്കുകയും 2,761 ടൺ ഉൽപ്പാദനം നടക്കുകയും ചെയ്തു. ഹെക്ടറിനു 1,548 കിലോഗ്രാമായിരുന്നു കരനെൽകൃഷിയുടെ ഉൽപ്പാദനക്ഷമത. മുൻ വർഷങ്ങളെ അപേക്ഷിച്ച് കരനെൽകൃഷി 3,175 ഹെക്ടറിൽ നിന്നും 1,784 ഹെക്ടറായി കുറഞ്ഞു. (**അനുബന്ധം 3.1.8**)

ഉൽപ്പാദനക്ഷമത കൂടിയ നെല്ലിനങ്ങളുടെയും പ്രാദേശിക നെല്ലിനങ്ങളുടെയും കൃഷി വിസ്തൃതി സീസണടിസ്ഥാനത്തിൽ **അനുബന്ധം 3.1.9, 3.1.10**ൽ നൽകിയിരിക്കുന്നു. നെൽകൃഷി വിസ്തൃതിയിൽ 97 ശതമാനവും അതായത് 1.88 ലക്ഷം ഹെക്ടറിലും ഉൽപ്പാദനക്ഷമത കൂടിയ നെല്ലിനങ്ങളാണ് കൃഷി ചെയ്തത്. പ്രാദേശിക ഇനങ്ങളുടെ കൃഷി 5,777 ഹെക്ടറിലായിരുന്നു.

ഉൽപ്പാദനോപാധികൾക്കായി ഹെക്ടർ ഒന്നിന് 5,500 രൂപ കൂടാതെ നെൽകൃഷി വിസ്തൃതി വർധിപ്പിക്കുന്നതിനുള്ള സഹായവും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പദ്ധതിയിലൂടെ നൽകി വരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഹെക്ടർ ഒന്നിന് 25,000 രൂപ നെൽകൃഷിയ്ക്ക് സഹായമായി നൽകിവരുന്നു. പൊക്കാളി, കൈപ്പാട്, കോൾ പ്രദേശങ്ങളിലെ നെൽകൃഷിയ്ക്ക് ഈ സഹായം ഹെക്ടർ ഒന്നിന് 32,000 രൂപ എന്ന രീതിയിലാണ്. വളം, വിത്ത്, കീടനാശിനികൾ തുടങ്ങിയ ഉൽപ്പാദനോപാധികൾക്കായും, നിലമൊരുക്കൽ പ്രവർത്തനങ്ങൾക്കുമുള്ള സഹായമാണ് ഇതിലൂടെ നൽകുന്നത്.

നെല്ലുൽപ്പാദന ബോണസായി ഓരോ സീസണിലും ഹെക്ടർ ഒന്നിന് 1,000 രൂപ വീതവും സൗജന്യ വൈദ്യുതിയും നെൽകർഷകർക്ക് പ്രോൽസാഹനമായി നൽകി വരുന്നു. 2020-21 മുതൽ നെൽവയലുകൾ സംരക്ഷിക്കുന്നതിനായി നെൽവയലുടമകൾക്ക് നൽകി വന്നിരുന്ന റോയൽറ്റി, 2022-23 മുതൽ ഹെക്ടർ ഒന്നിന് 3,000 രൂപ എന്ന നിരക്കിലും നൽകി വരുന്നുണ്ട്.

### പച്ചക്കറികൾ

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകി. ഇതിന്റെ ഫലമായി കഴിഞ്ഞ വർഷങ്ങളിൽ പച്ചക്കറി ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. വീട്ടുവളപ്പിലെ പച്ചക്കറികൃഷി, ഗ്രേഡഡ്, സ്റ്റാഗേർഡ്, അർബൻ എന്നിങ്ങനെയുള്ള പച്ചക്കറി ക്ലസ്റ്ററുകൾ കൂടാതെ സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷിയ്ക്കുള്ള പ്രോത്സാഹനം, ചെറുകിട ജലസേചനം, ജലസേചനത്തിലൂടെ വളം നൽകൽ, തരിശുനിലങ്ങളിലെ കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പിന്തുണ എന്നിവ നൽകി സംസ്ഥാനത്ത് പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നു. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവയുടെ പിന്തുണയോടെയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നത്.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കെടുക്കുമ്പോൾ, 2017-18ൽ 10.01 ലക്ഷം മെട്രിക് ടണ്ണായിരുന്ന പച്ചക്കറി ഉൽപ്പാദനം 2021-22ൽ 16.01 ലക്ഷം ടണ്ണായി വർദ്ധിച്ചു. ഇതേ കാലയളവിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 69,047 ഹെക്ടറിൽ നിന്നും 1.08 ലക്ഷം ഹെക്ടറായി ഉയർന്നു. 2020-21ൽ 1.02 ലക്ഷം ഹെക്ടർ കൃഷിയിടത്തിൽ നിന്നും 15.7 ലക്ഷം ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചത്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ 2021-22ൽ പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും യഥാക്രമം 5.9 ശതമാനവും 2 ശതമാനവുമായി വർദ്ധിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനം സുരക്ഷിത ഭക്ഷണമെന്ന ആശയത്തിനു ഊന്നൽ നൽകികൊണ്ട് ജൈവകൃഷിയും, നല്ല കൃഷി മുറകളും സംസ്ഥാനത്ത് പ്രോൽസാഹിപ്പിച്ചു. കൃഷിവകുപ്പിന്റെ കണക്കുകൾ പ്രകാരം ജൈവകൃഷിയിടവിസ്തൃതി 2017-18ൽ 7,355.12 ഹെക്ടറായിരുന്നത് 2021-22ൽ, 73,543 ഹെക്ടറായി വർദ്ധിച്ചു.

### കീടനാശിനി അവശിഷ്ട നിർണ്ണയം

കാർഷിക സർവ്വകലാശാലയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കാർഷിക കോളേജിലെ എൻ എ ബി എൽ (ഐ.എസ്.ഒ:17025) അംഗീകൃതമായ കേരള സർക്കാരിന്റെ കീഴിലുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറിയിൽ ദേശീയ അന്തർദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് വിവിധ ഭക്ഷ്യവസ്തുക്കളിൽ കീടനാശിനി അവശിഷ്ട നിർണ്ണയം നടത്തുന്നു. പച്ചക്കറികൾ, പഴങ്ങൾ, ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പാൽ, മാംസം, വെള്ളം, ഔഷധസസ്യങ്ങൾ (കറിവേപ്പില), കുരുമുളക്, മീൻ എന്നിവയുടെ സാമ്പിളുകളിൽ കീടനാശിനി അവശിഷ്ടത്തിന്റെ സാന്നിധ്യം പരിശോധിച്ച് എൻ.എ.ബി.

എൽ ലോഗോയുള്ള സർട്ടിഫിക്കറ്റ് നൽകുന്നു. 98 തരം കീടനാശിനികൾ നിർണ്ണയ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ പൊതുവിപണികൾ, ഫാം ഗേറ്റ്, ഇക്കോഷോപ്പുകൾ, ജൈവ വിപണികൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുകയും നിരീക്ഷണ ഫലങ്ങൾ നിശ്ചിത കാലയളവിൽ പൊതുജനങ്ങൾക്കായി www.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

2021-22 കാലയളവിൽ പൊതുവിപണികൾ, ഫാം ഗേറ്റ്, ഇക്കോ ഷോപ്പുകൾ, ജൈവവിപണികൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച 1,136 സാമ്പിളുകളിൽ കീടനാശിനി അവശിഷ്ടങ്ങളുടെ സാന്നിധ്യം പരിശോധിച്ചു. ആകെ പരിശോധന നടത്തിയ സാമ്പിളുകളിൽ 344 (30.28 ശതമാനം) എണ്ണത്തിൽ കീടനാശിനി അവശിഷ്ടത്തിന്റെ സാന്നിധ്യം കണ്ടെത്തി. ഇക്കോഷോപ്പുകളിൽ (21.11 ശതമാനം) നിന്നും, ഓർഗാനിക് വിപണിയിൽ (21.05 ശതമാനം) നിന്നും ശേഖരിച്ച സാമ്പിളുകളിലാണ് ഏറ്റവും കുറവ് കീടനാശിനി സാന്നിധ്യം കണ്ടത്. പൊതുവിപണികളിൽ നിന്നും ശേഖരിച്ച സാമ്പിളുകളിലാണ് ഏറ്റവും ഉയർന്ന കീടനാശിനി സാന്നിധ്യം കണ്ടെത്തിയത് (32.87 ശതമാനം). മുളക്, ക്യാപ്സിക്കം, അമര, കറിവേപ്പില, മല്ലിയില, പുതിനയില എന്നിവയിലാണ് ഏറ്റവും കൂടുതൽ കീടനാശിനി സാന്നിധ്യം കണ്ടത്. പരിശോധിച്ച 77 പഴങ്ങളുടെ സാമ്പിളുകളിൽ 14 സാമ്പിളുകളിൽ (18.18 ശതമാനം) കീടനാശിനി അവശിഷ്ടം കലർന്നതായി കണ്ടെത്തി. ആപ്പിളിലും മുന്തിരിയിലുമാണ് ഏറ്റവുമധികം കീടനാശിനി സാന്നിധ്യം കണ്ടെത്തിയത്.

**തെങ്ങ്**

ഭക്ഷ്യ കാർഷിക സംഘടനയുടെ 2020 ലെ സ്ഥിതിവിവര കണക്ക് പ്രകാരം ലോകത്തിലെ നാളികേരം ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഇന്തോനേഷ്യ ഒന്നാം സ്ഥാനത്തും, ഇന്ത്യയും ഫിലിപ്പൈൻസും യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തുമാണ്.

2021-22 ലെ രണ്ടാമത്തെ മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം (കാർഷിക വികസന കർഷക ക്ഷേമ മന്ത്രാലയം), രാജ്യത്തെ തെങ്ങ് കൃഷിയുടെ വിസ്തൃതി 21.10 ലക്ഷം ഹെക്ടറായിരുന്നു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 19,247 ദശലക്ഷം നാളികേരവും ഹെക്ടറിന് 9123 നാളികേരവുമായിരുന്നു. മൊത്തം തെങ്ങ് കൃഷി വിസ്തൃതിയുടെ 89 ശതമാനവും ഉൽപ്പാദനത്തിന്റെ 91 ശതമാനവും നാളികേര കൃഷിയ്ക്ക് പ്രാധാന്യമുള്ള തെക്കൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കേരളം, കർണാടക, ആന്ധ്രാപ്രദേശ് എന്നിവ സംഭാവന ചെയ്യുന്നു. 2020-21 നെ അപേക്ഷിച്ച് 2021-22ൽ രാജ്യത്തെ തെങ്ങ് കൃഷി വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ കുറഞ്ഞു. 'ഗജ' ചുഴലിക്കാറ്റും വരൾച്ചയും മൂലമുള്ള പ്രതികൂല കാലാവസ്ഥയും തെങ്ങ് കൃഷി ചെയ്യുന്ന പ്രധാന സംസ്ഥാനങ്ങളെ ബാധിക്കുന്ന വെള്ളീച്ച ശല്യവുമാണ് ഇതിനു കാരണമായി കാണുന്നത്. രാജ്യത്ത് തെങ്ങ് കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിൽ, ഉൽപ്പാദനത്തിൽ കർണാടകവും ഉൽപ്പാദനക്ഷമതയിൽ ആന്ധ്രാപ്രദേശും ഒന്നാമതാണ്. തെങ്ങ് കൃഷി വിസ്തൃതിയിൽ ഒന്നാമതും ഉൽപ്പാദനത്തിൽ മൂന്നാമതുമാണ് കേരളം.

നാളികേര വികസന ബോർഡിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ച് വർഷ കാലത്ത് രാജ്യത്തെ നാളികേര മേഖലയിൽ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഇടിവുള്ളതായി കാണുന്നു. എന്നാൽ 2021-22 ലൊഴികെ കൃഷി വിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും 19 ശതമാനം കുറഞ്ഞു. 2021-22ൽ മുൻവർഷത്തെ അപേക്ഷിച്ച് കൃഷി വിസ്തൃതി കുറഞ്ഞെങ്കിലും 2017-18 നെ അപേക്ഷിച്ച് 0.6 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

2021-22ൽ സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 30.3 ശതമാനം, അതായത് 7.65 ലക്ഷം ഹെക്ടർ പ്രദേശത്ത് നാളികേരകൃഷി ചെയ്തു. 2021-22 ൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 5,535 ദശലക്ഷം നാളികേരവും, ഹെക്ടറിന് 7,231 നാളികേരവുമായിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 15.6 ശതമാനവും 16 ശതമാനവും വർദ്ധിച്ചു.

കഴിഞ്ഞ അഞ്ചുവർഷമായി സംസ്ഥാനത്തെ നാളികേര മേഖലയുടെ പ്രകടനം ഏറിയും കുറഞ്ഞുമായിരുന്നു. എന്നിരുന്നാലും 2017-18 നെ അപേക്ഷിച്ച് കൃഷി വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ യഥാക്രമം 0.65 ശതമാനം, 5.83 ശതമാനം, 5.13 ശതമാനം വർദ്ധിച്ചു. (**അനുബന്ധം 3.1.11**)

മേഖലയിലെ വെല്ലുവിളികളെ നേരിടുന്നതിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെങ്ങിൻതോട്ടങ്ങളുടെ സംയോജിത പരിപാലത്തിനായുള്ള കേരഗ്രാമം, ആവർത്തന നടീൽ, പരിപാലനം, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, കാർഷികവ്യവസായ മേഖലയുമായി മുന്നോട്ടുള്ള ബന്ധം ഉറപ്പാക്കൽ എന്നീ പ്രചാരണ പരിപാടികളിലൂടെ നാളികേര മിഷൻ, എന്നിങ്ങനെ കേരളത്തിന്റെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം, 2018-ൽ ബൃഹത്തായ തെങ്ങ് നട്ടുവളർത്തൽ പരിപാടി ആരംഭിച്ചു, ഇത് 2028 വരെ തുടരുന്നതാണ്. സംസ്ഥാനം പ്രോത്സാഹിപ്പിക്കുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ) ഉൽപ്പന്നങ്ങളുടെ സമാഹരണത്തിനും അതുവഴി ഗതാഗത ചെലവു കുറയ്ക്കുന്നതിനും മൂല്യവർദ്ധനവ് സഹായകരമാക്കുന്നതിനും ഉതകുന്നു. മികച്ച ഉപോൽപ്പന്ന വിനിയോഗത്തിനും കാര്യക്ഷമമായ വിപണനത്തിനും അതുവഴി മെച്ചപ്പെട്ട വില കർഷകർക്കുറപ്പാക്കുന്നതിനും ഇതു സഹായിക്കുന്നു.

**കുരുമുളക്**

അന്താരാഷ്ട്ര പെപ്പർ കമ്മ്യൂണിറ്റിയുടെ കണക്കനുസരിച്ച് കുരുമുളകുൽപ്പാദനം 2020 ലെ 5.93 ലക്ഷം ടണ്ണിൽ നിന്നും കുറഞ്ഞ് 2021 ൽ 5.37 ലക്ഷം ടണ്ണായി രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ കുരുമുളകുൽപ്പാദിപ്പിക്കുന്ന രാജ്യമായ വിയറ്റ്നാമാണ് ആഗോള കുരുമുളകുൽപ്പാദനത്തിന്റെ 31 ശതമാനവും സംഭാവന ചെയ്തത്.

2018-19 മുതൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആഭ്യന്തര കുരുമുളകുൽപ്പാദനം 2021-22 ൽ കുത്തനെ കുറഞ്ഞു. സുഗന്ധവ്യഞ്ജന ബോർഡിന്റെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം 2021-22 ലെ ഇന്ത്യയുടെ കുരുമുളക് ഉൽപ്പാദനം 60,000 ടണ്ണായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇത് 2020-21ൽ രേഖപ്പെടുത്തിയ 65,000 ടണ്ണിൽ നിന്നും ഇടിവാണ് കാണിക്കുന്നത്. കുരുമുളകിന്റെ കൃഷി വിസ്തൃതിയിലും ഉൽപ്പാദനത്തിലും കർണ്ണാടകം ഒന്നാം സ്ഥാനത്തും, കേരളം തൊട്ടു പിന്നിലുമാണ്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം 2020-21 നെ അപേക്ഷിച്ച് 2021-22 ൽ സംസ്ഥാനത്തെ കുരുമുളക് ഉൽപ്പാദനത്തിലും വിസ്തൃതിയിലും കുറവു രേഖപ്പെടുത്തി. കുരുമുളകിന്റെ ഉൽപ്പാദനം 3.2 ശതമാനം കുറഞ്ഞ് 32,516 ടണ്ണായി രേഖപ്പെടുത്തി. 76,351 ഹെക്ടർ പ്രദേശത്താണ് കുരുമുളക് കൃഷി നടത്തിയത് (**അനുബന്ധം 3.1.4**). എന്നാൽ ഈ കാലയളവിൽ ഉൽപ്പാദനക്ഷമത ഹെക്ടറിന് 409 കിലോഗ്രാം എന്നതിൽ നിന്നും 429 കിലോഗ്രാമായി വർദ്ധിച്ചു.

2016 മുതൽ കുരുമുളകിന്റെ ആഭ്യന്തര വില കുറയുന്നതായി യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സൗത്ത് ഇന്ത്യയുടെ (യു.പി.എ.എസ്.ഐ) റിപ്പോർട്ട് സൂചിപ്പിക്കുന്നു. 2020ൽ കിലോയ്ക്ക് 697.69 രൂപയിൽ നിന്നും 336.47 രൂപയായി വില കുറഞ്ഞു. എന്നാൽ 2021 ൽ കുരുമുളക് വില കിലോയ്ക്ക് 419.44 രൂപയായി വർദ്ധിച്ചു.

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 2021-22 ൽ കുരുമുളക് കയറ്റുമതി ഏറ്റവും ഉയർന്ന് 21,860 ടണ്ണായി രേഖപ്പെടുത്തി. 2021-22ൽ മൊത്തം കൈവരിച്ച മൂല്യം 753.31 കോടി രൂപയും യൂണിറ്റ് മൂല്യം കിലോഗ്രാമിന് 344.56 രൂപയുമായിരുന്നു. ഇത് 2020-21 നെ അപേക്ഷിച്ച് കൈവരിച്ച മൂല്യത്തിൽ 182.63 കോടി രൂപയും യൂണിറ്റ് മൂല്യത്തിൽ കിലോയ്ക്ക് 58.93 രൂപയും കൂടുതലാണ്.

കുരുമുളക് ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി സംയോജിത കുരുമുളക് വികസനവും കുരുമുളക് പുനരുജ്ജീവന പരിപാടികളും സംസ്ഥാനം പ്രോൽസാഹിപ്പിക്കുന്നു. വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ ശുചിത്വപൂർണ്ണമാക്കുക, മൂല്യവർദ്ധന പ്രവർത്തനങ്ങളിലും നേരിട്ടുള്ള വിപണി ബന്ധം സ്ഥാപിക്കുന്നതിലും കർഷകരെ എഫ്.പി.ഒ-കളുമായി സംയോജിപ്പിക്കുക എന്നതും കുരുമുളക് കൃഷിയിലെ വരുമാന വർദ്ധനവിനു സഹായകമാകും.

**കശുവണ്ടി**

2020 ലെ ഭക്ഷ്യ കാർഷിക സംഘടനയുടെ സ്ഥിതി വിവര കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നത് ഐവറികോസ്റ്റും തുടർന്ന് ഇന്ത്യയുമാണ്.

കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റിന്റെ കണക്കുകൾ പ്രകാരം 2021-22ൽ രാജ്യത്ത് അസംസ്കൃത കശുവണ്ടിയുടെ ഉൽപ്പാദനം 7.52 ലക്ഷം ടണ്ണായിരുന്നു. ഇത് 2020-21 നെ അപേക്ഷിച്ച് പതിനാലായിരം ടണ്ണിന്റെ വർദ്ധനവാണ്. ഈ കാലയളവിൽ കശുവണ്ടിയുടെ കൃഷി വിസ്തൃതി 4 ശതമാനം വർദ്ധിച്ച് 11.84 ലക്ഷം ഹെക്ടറിലെത്തി. 2021-22ൽ അവസാനിക്കുന്ന കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ പ്രകാരം രാജ്യത്ത് കശുവണ്ടി കൃഷിയുടെ വ്യാപ്തിയിൽ ക്രമാനുഗതമായ വർദ്ധനവ് രേഖപ്പെടുത്തി. അതേസമയം അസംസ്കൃത കശുവണ്ടിപ്പരിപ്പ് ഉൽപ്പാദനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടായിട്ടുണ്ട് (**അനുബന്ധം 3.1.12**).

കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 25.23 ശതമാനം സംഭാവന ചെയ്യുന്ന മഹാരാഷ്ട്രയാണ് ഇന്ത്യയിലെ കശുവണ്ടി കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിൽ മുന്നിലുള്ളത്. തൊട്ടു പിന്നിൽ 16.9 ശതമാനം സംഭാവന ചെയ്യുന്ന ആന്ധ്രാപ്രദേശാണ്. കൃഷി വിസ്തൃതിയിൽ ഒഢീസയാണ് മുൻപിൽ. 2.23 ലക്ഷം ഹെക്ടർ പ്രദേശത്താണ് ഒഢീസയിലെ കശുവണ്ടികൃഷി. തൊട്ടു പിന്നിൽ 1.98 ലക്ഷം ഹെക്ടർ വിസ്തൃതിയുമായി ആന്ധ്രാപ്രദേശാണ്. കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റിന്റെ കണക്കുകൾ പ്രകാരം 2021-22ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കയറ്റുമതി 51,908 ടണ്ണാണ്. ഇത് 2020-21 നെ അപേക്ഷിച്ച് 6.8 ശതമാനം കൂടുതലാണ്.

കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റിന്റെ കണക്കുകൾ പ്രകാരം, കേരളത്തിൽ കശുവണ്ടിയുടെ കൃഷി വിസ്തൃതി വർദ്ധിച്ചു. എന്നാൽ മുൻവർഷത്തെ അപേക്ഷിച്ച് ഉൽപ്പാദനം കുറഞ്ഞു. 2017-18ൽ 92,810 ഹെക്ടറായിരുന്ന കശുവണ്ടിയുടെ കൃഷി വിസ്തൃതി 2021-22ൽ 14.7 ശതമാനം വർദ്ധിച്ച് 1,06,520 ഹെക്ടറായി. ഇക്കാലയളവിൽ സംസ്ഥാനത്തെ കശുവണ്ടിയുടെ ഉൽപ്പാദനം 88,180 ടണ്ണിൽ നിന്നും 71,760 ടണ്ണായി കുറഞ്ഞു.

സി.എം.ഐ.ഇ യുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള കയറ്റുമതി കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ചുവർഷ ത്തിനിടെ കേരളത്തിൽ നിന്നുള്ള കശുവണ്ടിയുടെ കയറ്റുമതിയിൽ ഇടിവ് കാണിക്കുന്നു. 2017-18ൽ 45,133 ടണ്ണായിരുന്ന കയറ്റുമതി, 2021-22ൽ 29,091 ടണ്ണായി കുറഞ്ഞു.

**തോട്ടവിളകൾ**

കയറ്റുമതി, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ സാധ്യതകൾ കണക്കിലെടുക്കുമ്പോൾ തോട്ടവിളകൾ ദേശീയ-സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സുപ്രധാന പങ്കു വഹിക്കുന്നു.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാല് തോട്ടവിളകളുടെ കൃഷിയിൽ കേരളത്തിന് ഗണ്യമായ പങ്കുണ്ട്. ഈ നാല് വിളകളും കൂടി 7.11 ലക്ഷം ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്യുന്നു. സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 28.2 ശതമാനം തോട്ട വിളകളാണ് (**അനുബന്ധം 3.1.4**). 2021-22ൽ ദേശീയ റബ്ബറുൽപാദനത്തിൽ കേരളത്തിന്റെ പങ്ക് 72 ശതമാനമായിരുന്നു. എന്നാൽ ഏലം, കാപ്പി, തേയില എന്നിവയുടെ ദേശീയ ഉൽപാദനത്തിലെ പങ്ക് യഥാക്രമം 91 ശതമാനം, 20.4 ശതമാനം, 4.5 ശതമാനം എന്നിങ്ങനെയായിരുന്നു.

സമ്പദ്‌വ്യവസ്ഥയിൽ തോട്ടവിളകളുടെ പങ്ക് കണക്കിലെടുത്ത് വിപുലീകരണത്തിനും പുനർനടീലിനും ഉൽപ്പാദനക്ഷമത വർദ്ധനവിനും പുറമേ തോട്ടവിളകളുടെ സംസ്കരണവും മൂല്യവർദ്ധനയും മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തോട്ടവിളകളുടെ വിപുലീകരണത്തിനും തോട്ടങ്ങളിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.

**റബ്ബർ**

2021ൽ മലേഷ്യ ഒഴികെയുള്ള എല്ലാ റബ്ബർ ഉൽപ്പാദക രാജ്യങ്ങളും സ്വാഭാവിക റബ്ബറുൽപ്പാദനത്തിൽ ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തി. അന്തർദേശീയ റബ്ബർ സ്റ്റഡി ഗ്രൂപ്പിന്റെ കണക്കു പ്രകാരം 2021ലെ ആഗോള പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 13.77 ദശലക്ഷം ടണ്ണായിരുന്നു. ഇത് 2020 ലെ ഉത്പാദനത്തിൽ നിന്നും 5.4 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ 48.36 ലക്ഷം ടൺ ഉൽപ്പാദനവുമായി തായ്‌ലാൻഡ് ഒന്നാമതാണ്. ഇന്തോനേഷ്യയും, വിയറ്റ്നാമുമാണ് രണ്ടും മൂന്നും സ്ഥാനത്ത്. ആഗോള റബ്ബർ ഉൽപ്പാദനത്തിന്റെ 5.5 ശതമാനം വിഹിതവുമായി ഇന്ത്യ ആറാമതാണ്. പ്രകൃതിദത്ത റബ്ബറിന്റെ ആഗോള ഉപഭോഗം 10.2 ശതമാനം വർദ്ധിച്ച് 13.978 ദശലക്ഷം ടണ്ണായി രേഖപ്പെടുത്തി. പ്രകൃതിദത്ത റബ്ബർ ഉപഭോഗത്തിൽ ചൈനയ്ക്ക് തൊട്ടുപിന്നിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്.

റബ്ബർ ബോർഡിന്റെ കണക്കുകൾ പ്രകാരം, 2021-22ൽ രാജ്യത്തെ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം മുൻവർഷത്തെക്കാൾ മെച്ചപ്പെട്ടു. 2021-22 ൽ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 8.4 ശതമാനം വർദ്ധിച്ച് 7.75 ലക്ഷം ടണ്ണായി. ടാപ്പ് ചെയ്യാൻ കഴിയുന്ന 7.19 ലക്ഷം ഹെക്ടർ പ്രകൃതിദത്ത റബ്ബർ കൃഷിയിൽ നിന്നും 5.27 ലക്ഷം ഹെക്ടറിൽ മാത്രമാണ് പ്രകൃതിദത്ത റബ്ബർ ഉൽപ്പാദനം നടന്നത്. ടാപ്പ് ചെയ്ത കൃഷിയിടത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ ശരാശരി വിളവ് ഹെക്ടറിന് 1,442 കിലോഗ്രാമിൽ നിന്നും ഹെക്ടറിന് 1,472 കിലോഗ്രാമായി വർദ്ധിച്ചു. വിളവ് വർദ്ധിച്ചതിനൊപ്പം ടാപ്പ് ചെയ്യാവുന്ന കൃഷിയിടത്തിന്റെ വിസ്തൃതി വർദ്ധിച്ചതും മുൻ വർഷത്തെ അപേക്ഷിച്ച് ടാപ്പ് ചെയ്യാവുന്ന കൃഷി വിസ്തൃതിയുടെ ശതമാനത്തിലെ വർദ്ധനവും പ്രകൃതിദത്ത റബ്ബർ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കാരണമായി. റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി (ആർ.പി.ഐ.എസ്)യും അതിന്റെ നിരക്ക് കിലോയ്ക്ക് 170 രൂപയായി വർദ്ധിച്ചതും വർഷം മുഴുവനും ലഭിച്ച ലാഭകരമായ വിലയും ഉൽപ്പാദനം മെച്ചപ്പെടുത്താനുള്ള ഘടകങ്ങളായി മാറി.

2021-22ൽ രാജ്യത്ത് 12.38 ലക്ഷം ടൺ പ്രകൃതിദത്ത റബ്ബറിന്റെ ഉപഭോഗം നടന്നു. ഇത് 2020-21ൽ ഉപയോഗിച്ച 10.96 ടണ്ണിനെക്കാൾ 12.9 ശതമാനം കൂടുതലാണ്. 2021-22ൽ പ്രകൃതിദത്ത റബ്ബറിന്റെ ഇറക്കുമതി, 2020-21ലെ 4.10 ലക്ഷം ടണ്ണിൽ നിന്നും 33 ശതമാനം വർദ്ധിച്ച് 5.46 ലക്ഷം ടണ്ണായി (**അനുബന്ധം 3.1.14**). രാജ്യത്തിൽ നിന്നുള്ള പ്രകൃതിദത്ത റബ്ബറിന്റെ കയറ്റുമതിയുടെ അളവ് 2020-21 ൽ 11,343 ടണ്ണായിരുന്നത് 2021-22 ൽ 3560 ടണ്ണായി കുറഞ്ഞു.

സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 21.8 ശതമാനം റബ്ബറാണ്. 2020-21 നെ അപേക്ഷിച്ച് സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനം 7.1 ശതമാനം വർദ്ധിച്ച് 5.57 ലക്ഷം ടണ്ണായി. എന്നാൽ കൃഷി വിസ്തൃതി 5.5 ലക്ഷം ഹെക്ടറായി കുറഞ്ഞു. മുൻ വർഷത്തെ അപേക്ഷിച്ച് റബ്ബറിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 1,534 കിലോഗ്രാമിൽ നിന്നും 1565 കിലോഗ്രാമായി വർദ്ധിച്ചു (**അനുബന്ധം 3.1.13**).

സംസ്ഥാനത്തെ റബ്ബറിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കഴിഞ്ഞ അഞ്ചു വർഷത്തിനിടെ മെച്ചപ്പെട്ടതായി കാണുന്നു. 2017-18ൽ റബ്ബറുൽപ്പാദനം 5.4 ലക്ഷം ടണ്ണായിരുന്നത് 2021-22 ൽ 5.57 ലക്ഷം ടണ്ണായി വർദ്ധിച്ചു.

ആർ.എസ്.എസ് 4 ഗ്രേഡ് റബ്ബറിന്റെ വാർഷിക ശരാശരി ആഭ്യന്തര വില 2020-21ൽ 100 കിലോയ്ക്ക് 14,185 രൂപയായിരുന്നത് 2021-22 വർഷത്തിൽ 100 കിലോയ്ക്ക് 17,101 രൂപയായിരുന്നു. വർഷത്തിലുടനീളം ആഭ്യന്തര വില അന്താരാഷ്ട്ര വിലയേക്കാൾ മുകളിലായിരുന്നു. 2017-18 മുതൽ 2021-22 വരെയുള്ള അഞ്ചു വർഷ കാലയളവിലെ പ്രകൃതിദത്ത റബ്ബറിന്റെ വില നോക്കുമ്പോൾ 2018-19 ഒഴികെ മറ്റെല്ലാ വർഷങ്ങളിലും വില വർദ്ധനവുണ്ടായിരുന്നുവെന്നാണ് കാണുന്നത് (**അനുബന്ധം 3.1.15, 3.1.16**).

**കാപ്പി**

അന്താരാഷ്ട്ര കോഫി ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം 2021-22ൽ ആഗോള കാപ്പി ഉൽപ്പാദനം 167.17 ദശലക്ഷം ബാഗുകൾ (60 കിലോ ബാഗുകൾ) ആയി കണക്കാക്കുന്നു. ഇത് 2020-21 നെ അപേക്ഷിച്ച് 3.66 ദശലക്ഷം ബാഗുകളുടെ കുറവാണ്. ആഗോള കാപ്പി ഉൽപ്പാദനത്തിന്റെ 35.7 ശതമാനം വിഹിതവുമായി ബ്രസീൽ ഒന്നാം സ്ഥാനത്തും 18.7 ശതമാനം വിഹിതവുമായി വിയറ്റ്നാം രണ്ടാം സ്ഥാനത്തുമാണ്. 3.7 ശതമാനം വിഹിതവുമായി ഇന്ത്യ ഏഴാം സ്ഥാനത്താണ്. ആഗോളതലത്തിൽ ഈ കാലയളവിൽ അറബിക്ക ഉൽപ്പാദനം കുറയുകയും റോബസ്റ്റ ഉൽപ്പാദനം കൂടുകയും ചെയ്തു.

കോഫി ബോർഡിന്റെ കണക്കു പ്രകാരം 2021-22ൽ ആഭ്യന്തര കാപ്പി ഉൽപ്പാദനം 3.42 ലക്ഷം ടണ്ണായിരുന്നു. ഇത് മൊത്തം കാപ്പി ഉൽപ്പാദനത്തിന്റെ 8,000 ടൺ വർദ്ധനവാണ് കാണിക്കുന്നത്. ഇതിൽ അറബിക്ക കാപ്പിയുടെ ഉൽപ്പാദനം 95,000 ടണ്ണും (27.8 ശതമാനം) റോബസ്റ്റ കാപ്പിയുടെ ഉൽപ്പാദനം 2,47,000 ടണ്ണു (72.2 ശതമാനം)മാണ്. 2020-21 നെ അപേക്ഷിച്ച് അറബിക്ക, റോബസ്റ്റ ഇനങ്ങളുടെ ഉൽപ്പാദനം യഥാക്രമം 4000 ടണ്ണും 12,000 ടണ്ണും വർദ്ധിച്ചു. രാജ്യത്തെ കാപ്പി ഉൽപ്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന സംസ്ഥാനങ്ങൾ കർണ്ണാടകവും കേരളവും തമിഴ്നാടുമാണ്. രാജ്യത്തെ കാപ്പി ഉൽപ്പാദനത്തിൽ ഒന്നാമത് കർണ്ണാടകവും രണ്ടാം സ്ഥാനത്ത് കേരളവുമാണ്.

2021-22ൽ ഇന്ത്യയുടെ കാപ്പി കയറ്റുമതി 35 ശതമാനം വർദ്ധിച്ച് 4.2 ലക്ഷം ടണ്ണായി. 2020-21 നെ അപേക്ഷിച്ച് 2021-22 ൽ കൈവരിച്ച മൂല്യം 43 ശതമാനം വർദ്ധിച്ച് 7,767 കോടി രൂപയായി. യൂണിറ്റിനു കൈവരിച്ച മൂല്യം 5 ശതമാനം ഉയർന്ന് കിലോഗ്രാമിന് 185 രൂപയായി.

കേരളത്തിലെ കാപ്പി ഉൽപ്പാദനം 2020-21 ൽ 68,545 മെട്രിക് ടണ്ണായിരുന്നത്, 2021-22ൽ 69,900 മെട്രിക് ടണ്ണായി വർദ്ധിച്ചു. 2021-22 ലും മുൻ വർഷത്തെ വിസ്തൃതിയിൽ മാറ്റമില്ലാതെ, 85,880 ഹെക്ടർ കൃഷിയിടത്തിൽ കാപ്പി കൃഷി നടത്തി (**അനുബന്ധം 3.1.13**). രാജ്യത്തെ കാപ്പി ഉൽപ്പാദനത്തിൽ കേരളത്തിന്റെ പങ്ക് 20.4 ശതമാനമാണ്. ഹെക്ടറിന് 814 കിലോഗ്രാമായിരുന്നു സംസ്ഥാനത്ത് കാപ്പിയുടെ ഉൽപ്പാദനക്ഷമത. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സംസ്ഥാനത്തെ കാപ്പി ഉൽപ്പാദനത്തിൽ 5.2 ശതമാനം വർദ്ധനവുണ്ടായി. പ്രതിദിനം 44,194 പേർ കാപ്പി തോട്ടങ്ങളിൽ തൊഴിലെടുക്കുന്നു.

സി.എം.ഐ.ഇ യുടെ കണക്കനുസരിച്ച് 2021-22ൽ കേരളത്തിൽ നിന്നുള്ള കാപ്പി കയറ്റുമതി 45,000 ടണ്ണായിരുന്നു. ഇത് മുൻവർഷത്തെക്കാൾ കൂടുതലാണ്. കഴിഞ്ഞ അഞ്ചു വർഷത്തിൽ കാപ്പി കയറ്റുമതിയിൽ വർദ്ധനവുണ്ടായി. 2017-18ൽ 27,000 ടണ്ണായിരുന്ന കയറ്റുമതിയിൽ നിന്നും 66 ശതമാനം വർധനവാണ് ഉണ്ടായത്.

ചിട്ടയായ നടീൽ, ജലസേചന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിലൂടെ നിലവിലുള്ള കാപ്പിത്തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ കാപ്പി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. ഇക്കോ സർട്ടിഫൈഡ് കാപ്പി ഉൽപ്പാദനത്തിലൂടെ ഉയർന്ന മൂല്യമുള്ള സ്പെഷ്യാലിറ്റി വിപണികളിൽ പ്രവേശിക്കാൻ കാപ്പി കർഷകരെ പ്രോത്സാഹിപ്പിക്കുന്നത് അവർക്ക് ഉയർന്ന വരുമാനം നേടാൻ സഹായകമാകും. മെച്ചപ്പെട്ട സാങ്കേതിക വിദ്യയിലൂടെയുള്ള മൂല്യ വർദ്ധനവും, എഫ്.പി.ഒ കളുടെ രൂപീകരണവും, ഇ-പ്ലാറ്റ്ഫോമിലൂടെ കർഷകർക്ക് വിപണിയിലേക്ക് നേരിട്ടുള്ള പ്രവേശനവും ഉൽപ്പാദനത്തിലും വിപണനത്തിലും കാപ്പി മേഖലയുടെ പുരോഗതിക്ക് സഹായകമാകും.

**തേയില**

അന്താരാഷ്ട്ര ടീ കമ്മിറ്റിയുടെ കണക്കുകൾ പ്രകാരം, 2017 മുതൽ ആഗോള തേയില ഉൽപ്പാദനത്തിൽ സ്ഥിരമായ വർദ്ധനവ് കാണിക്കുന്നു. 2020 നെ അപേക്ഷിച്ച് 2021 ൽ ആഗോള തേയില ഉൽപ്പാദനം 2.7 ശതമാനം വർദ്ധിച്ച് 6,455 ദശലക്ഷം കിലോഗ്രാമായി. ആഗോള തേയില ഉൽപ്പാദനത്തിന്റെ 47.5 ശതമാനം സംഭാവനയോടെ ചൈന ഒന്നാം സ്ഥാനത്താണ്. ഇന്ത്യയും കെനിയയും യഥാക്രമം 21 ശതമാനവും 8.3 ശതമാനവും സംഭാവനയോടെ രണ്ടും മൂന്നും സ്ഥാനത്താണ്.

ടീ ബോർഡിന്റെ കണക്കുകൾ പ്രകാരം 6.37 ലക്ഷം ഹെക്ടർ കൃഷിയിടത്തിൽ കൃഷി ചെയ്യുന്ന 2.12 ലക്ഷം തേയില കർഷകർ രാജ്യത്തുണ്ട്. വടക്കേ ഇന്ത്യയിൽ തേയില കൃഷി പ്രബലമാണ്. രാജ്യത്തെ മൊത്തം തേയില കൃഷിയിൽ 84 ശതമാനവും വടക്കേ ഇന്ത്യയിലാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 2020-21 ലൊഴികെ ഇന്ത്യയിലെ തേയില ഉൽപ്പാദക മേഖലയിൽ വർദ്ധനവിന്റെ പ്രവണതയാണുള്ളത്. 2021-22ലെ ആഭ്യന്തര തേയില ഉൽപ്പാദനം 1,344.40 ദശലക്ഷം കിലോഗ്രാമായിരുന്നു. 2020-21 നെ അപേക്ഷിച്ച് 4.8 ശതമാനം വർദ്ധനവാണ് കാണിക്കുന്നത് (**അനുബന്ധം 3.1.17**). ആഭ്യന്തര തേയില ഉൽപ്പാദനത്തിന്റെ 50 ശതമാനവും സംഭാവന ചെയ്യുന്ന പ്രധാന തേയില ഉൽപ്പാദന സംസ്ഥാനം അസ്സമാണ്. ആഭ്യന്തര ഉൽപ്പാദനത്തിൽ മുപ്പത് ശതമാനം വിഹിതമുള്ള പശ്ചിമബംഗാളാണ് തൊട്ടുപിന്നിൽ. രാജ്യത്തെ തേയില ഉൽപ്പാദനത്തിന്റെ 17 ശതമാനം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നാണ്. ദക്ഷിണേന്ത്യയിൽ തേയില ഉൽപ്പാദനത്തിൽ തമിഴ്നാടാണ് മുന്നിൽ.

2021-22ൽ തേയില കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് 3 ദശലക്ഷം കിലോഗ്രാം കുറഞ്ഞ് 201 ദശലക്ഷം കിലോഗ്രാമായിരുന്നു. യൂണിറ്റിന് കൈവരിച്ച മൂല്യം കിലോഗ്രാമിന് 260.64 രൂപയിൽ നിന്നും വർദ്ധിച്ച് കിലോഗ്രാമിന് 269.72 രൂപയായി. ഇതേ കാലയളവിൽ തേയില കയറ്റുമതിയിലെ മൊത്തം കൈവരിച്ച മൂല്യം 104.25 കോടി വർദ്ധിച്ച് 5,415.78 കോടി രൂപയായി. 2020-21 നെ അപേക്ഷിച്ച് 2021-22ൽ രാജ്യത്തെ തേയില ഇറക്കുമതി 1.78 ദശലക്ഷം കിലോഗ്രാം കുറഞ്ഞു.

ടീ ബോർഡിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 8,590 തേയില കർഷകർ 35,872 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. 2021-22 വർഷത്തിൽ രാജ്യത്തെ മൊത്തം ആഭ്യന്തര തേയില ഉൽപ്പാദനത്തിന്റെ 4.5 ശതമാനം കേരളത്തിൽ നിന്നുമായിരുന്നു. 2020-21 നെ അപേക്ഷിച്ച് സംസ്ഥാനത്തെ തേയിലയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും 9.7 ശതമാനം കുറഞ്ഞ് യഥാക്രമം 60.36 ദശലക്ഷം കിലോഗ്രാമും, ഹെക്ടറിന് 1,683 കിലോഗ്രാമുമായിരുന്നു (**അനുബന്ധം 3.1.13**). സി.എം.ഐ.ഇ യുടെ സംസ്ഥാനം തിരിച്ചുള്ള കയറ്റുമതി കണക്കുകൾ പ്രകാരം കേരളത്തിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി കഴിഞ്ഞ അഞ്ചുവർഷത്തിനിടെ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. കേരളത്തിൽ നിന്നുള്ള തേയില കയറ്റുമതി 2017-18ൽ 35 ദശലക്ഷം കിലോഗ്രാമായിരുന്നത്, 2021-22ൽ 23.7 ദശലക്ഷം കിലോഗ്രാമായി കുറഞ്ഞു.

**ഏലം**

അന്താരാഷ്ട്ര തലത്തിൽ ചെറിയ ഏലം ഉൽപ്പാദനത്തിൽ രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണ്. സുഗന്ധവ്യഞ്ജന ബോർഡിന്റെ 2021-22 വർഷത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം 2021-22 കാലയളവിൽ ഇന്ത്യയിലെ ഏലം ഉൽപ്പാദനം 23,340 ടണ്ണായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത് 2020-21 നെ അപേക്ഷിച്ച് 3.6 ശതമാനം വർദ്ധനവാണ്.

2019-20ൽ ഏലത്തിന് കിലോയ്ക്ക് ഏറ്റവും ഉയർന്ന വിലയായ 2,980.50 രൂപ ലഭിച്ചു. തുടർന്ന് വില കുത്തനെ കുറഞ്ഞ് 2021-22ൽ കിലോയ്ക്ക് 953.16 രൂപയായി രേഖപ്പെടുത്തി. കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഏറ്റവും ഉയർന്ന ഏലം കയറ്റുമതി 2021-22ൽ 10,570 ടണ്ണായി രേഖപ്പെടുത്തി.

ദേശീയ തലത്തിൽ ഏലം ഉൽപ്പാദനത്തിൽ കേരളത്തിനു ഗണ്യമായ പങ്കുണ്ട്. രാജ്യത്തെ മൊത്തം ഉൽപ്പാദനത്തിന്റെ 91 ശതമാനം ഉൽപ്പാദനം കേരളത്തിൽ നിന്നാണ്. ചെറിയ ഏലത്തിന്റെ ഉൽപ്പാദനം 2021-22 ൽ മുൻ വർഷത്തെ അപേക്ഷിച്ച് 3.4 ശതമാനം വർധിച്ച് 21,270 ടണ്ണായി രേഖപ്പെടുത്തി (**അനുബന്ധം 3.1.13**).

കഴിഞ്ഞ അഞ്ചു വർഷത്തിൽ (2017-18 മുതൽ 2021-22 വരെ), ആദ്യ മൂന്നു വർഷങ്ങളിൽ ഏലം ഉൽപ്പാദനം കുറഞ്ഞു. 2020-21 ൽ ഇത് ഇരട്ടിയായി വർദ്ധിച്ച് 20,570 ടണ്ണായി രേഖപ്പെടുത്തി. എന്നാൽ ഈ കാലയളവിൽ ഏലത്തിന്റെ കൃഷി വിസ്തൃതി ഏറിയും കുറഞ്ഞുമിരുന്നു. എന്നിരുന്നാലും 2017-18 ലെ 39,080 ഹെക്ടർ വിസ്തൃതി അപേക്ഷിച്ച് 2021-22ൽ ഏല കൃഷി വിസ്തൃതി 39,143 ഹെക്ടറായി വർദ്ധിച്ചു.

**വളങ്ങളുടെയും കീടനാശിനികളുടെയും ഉപഭോഗം**

2021-22 ൽ കീടനാശിനികളുടെ ഉപഭോഗം 484.05 മെട്രിക് ടണ്ണായിരുന്നു. ഇതിൽ രാസകീടനാശിനി 207.38 മെട്രിക് ടണ്ണും ജൈവകീടനാശിനി 276.67 മെട്രിക് ടണ്ണുമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് മൊത്തം കീടനാശിനി

**പട്ടിക 3.1.3** സംസ്ഥാനത്തെ കീടനാശിനി -രാസവള (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം) ഉപഭോഗം, 2017-18 മുതൽ 2021-22 വരെ (മെട്രിക്ടൺ)

| വർഷം | രാസ കീടനാശിനികൾ | ജൈവ കീടനാശിനികൾ | മൊത്തം | നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാസ്യം |
|---|---|---|---|---|---|---|
| 2017-18 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 138213 | 43295 | 60472 |
| 2018-19 | 517.30 | 676.76 | 1194.06 | 73109 | 40802 | 67877 |
| 2019-20 | 291.01 | 343.80 | 634.81 | 75292 | 36797 | 55866 |
| 2020-21 | 224.53 | 268.37 | 492.89 | 89238 | 42613 | 75085 |
| 2021-22 | 207.38 | 276.67 | 484.05 | 76682 | 36327 | 50072 |

അവലംബം: സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

ഉപഭോഗത്തിൽ 1.7 ശതമാനം കുറവുണ്ടായതായി കാണുന്നു. ഈ കാലയളവിൽ ജൈവകീടനാശിനികളുടെ ഉപഭോഗത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ നാലു വർഷങ്ങളായി കീടനാശിനി ഉപഭോഗം കുറയുന്നതായാണ് കീടനാശിനി ഉപഭോഗത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. 2018-19 നെ അപേക്ഷിച്ച് 2021-22 ൽ രാസജൈവ കീടനാശിനി ഉപഭോഗം 60 ശതമാനം കുറഞ്ഞു.

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം (എൻ.പി.കെ.) വളങ്ങളുടെ ഉപഭോഗം ഏറിയും കുറഞ്ഞുമിരുന്നു. എന്നാൽ 2017-18 നെ അപേക്ഷിച്ച് 2021-22 ൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങളുടെ ഉപഭോഗം യഥാക്രമം 44 ശതമാനം, 16 ശതമാനം, 17 ശതമാനം എന്നിങ്ങനെ കുറവ് രേഖപ്പെടുത്തി (**പട്ടിക 3.1.3**).

**പട്ടിക 3.1.4**ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഏറ്റവും കൂടുതൽ കീടനാശിനി ഉപഭോഗം നടന്നത് വാഴയിലും തുടർന്ന് നെല്ലിലും തെങ്ങിലുമായിരുന്നു. എന്നാൽ 2019-20 നെ അപേക്ഷിച്ച് 2021-22ൽ കീടനാശിനി ഉപഭോഗം നെല്ലിൽ 33 ശതമാനവും തെങ്ങിൽ 34.5 ശതമാനവും കുറവ് രേഖപ്പെടുത്തി.

2021-22 വർഷത്തിൽ ഹെക്ടറടിസ്ഥാനത്തിൽ നോക്കുമ്പോൾ നൈട്രജൻ വളങ്ങളുടെ ഉപഭോഗം കഴിഞ്ഞ മൂന്നു വർഷങ്ങളെ അപേക്ഷിച്ചു 29 കിലോഗ്രാമായി വർദ്ധിച്ചു. ഇത് നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങളുടെ ഉപഭോഗത്തിന്റെ 47 ശതമാനമാണ്. ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ ഉപഭോഗം യഥാക്രമം ഹെക്ടറിന് 14 കിലോഗ്രാമും 19 കിലോഗ്രാമുമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് ഇതു കുറവാണ് (**അനുബന്ധം 3.1.18**).

### കുടുംബശ്രീ വഴിയുള്ള കൂട്ടുകൃഷി

ഭക്ഷ്യ സുരക്ഷയിലേക്ക് നീങ്ങുന്നതിൽ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം എന്നീ ലക്ഷ്യത്തോടെ പാട്ടത്തിനെടുത്ത കൃഷിഭൂമിയിൽ കൃഷി ഏറ്റെടുക്കുന്നതിനായി സ്ത്രീകളെ സംഘടിപ്പിച്ച് കുടുംബശ്രീയാണ് കൂട്ടുകൃഷി ആരംഭിച്ചത്. നബാർഡ് പ്രോൽസാഹിപ്പിക്കുന്ന ജോയിന്റ് ലയബലിറ്റി ഗ്രൂപ്പുകളുടെ ആശയത്തിന്റെ മാതൃകയിൽ ഉടലെടുത്തിട്ടുള്ള സംഘകൃഷി ഗ്രൂപ്പുകൾ പഞ്ചായത്തുകളുടെയും സാമൂഹ്യ ശൃംഖലകളുടെയും പിന്തുണയോടെ തരിശുഭൂമി അനൗപചാരികമായി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്.

2021-22ൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മറ്റു വിളകൾ എന്നിവ 58,755 ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ 20,441 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. 3,286 ഹെക്ടർ സ്ഥലത്ത് നെല്ലും, 4,681 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും, 5,674 ഹെക്ടർ പ്രദേശത്ത് കിഴങ്ങുവർഗ്ഗങ്ങളും, 5,683 ഹെക്ടർ പ്രദേശത്ത് വാഴയും, 1,117 ഹെക്ടർ പ്രദേശത്ത് മറ്റു വിളകളും കൃഷി ചെയ്തു. 2020-21നെ അപേക്ഷിച്ച് കൂട്ടുകൃഷിയിലൂടെയുള്ള കൃഷിവിസ്തൃതി എല്ലാ വിളകളിലും കുറഞ്ഞു. 2021-22 ലെ കൃഷി വിസ്തൃതിയുടെ വിശദാംശങ്ങൾ **അനുബന്ധം 3.1.19**ൽ നൽകിയിരിക്കുന്നു.

### സോയിൽ ഹെൽത്ത് കാർഡ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പും മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പും സംസ്ഥാനത്തെ കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തുന്നു. ദേശീയ സുസ്ഥിര കാർഷിക മിഷന്റെ കീഴിലുള്ള കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം 2017-18 മുതൽ 2021-22 കാലയളവിൽ 23.62 ലക്ഷം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.

**പട്ടിക 3.1.4** ഉൽപ്പാദനം തിരിച്ചും വിളതിരിച്ചുമുള്ള രാസജൈവ കീടനാശിനികളുടെ ഉപഭോഗം 2019-20 മുതൽ 2021-22 വരെ (മെട്രിക് ടൺ, ടെക്നിക്കൽ ഗ്രേഡ്)

| ഉൽപ്പന്നം | രാസകീടനാശിനികൾ | | | ജൈവകീടനാശിനികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2021-22 | 2019-20 | 2020-21 | 2021-22 | 2019-20 | 2020-21 | 2021-22 |
| ധാന്യങ്ങൾ, നെല്ല് | 72.32 | 52.85 | 48.97 | 85.64 | 62.88 | 56.30 | 157.96 | 115.73 | 105.27 |
| പച്ചക്കറികൾ | 40.00 | 34.14 | 35.64 | 57.01 | 42.79 | 58.25 | 97.01 | 76.94 | 93.89 |
| സുഗന്ധവ്യഞ്ജനങ്ങൾ | 32.47 | 22.05 | 15.15 | 45.00 | 31.19 | 24.84 | 77.46 | 53.25 | 39.99 |
| തേങ്ങ | 78.05 | 52.89 | 46.22 | 81.70 | 63.66 | 58.43 | 159.75 | 116.55 | 104.65 |
| അടക്ക | 17.20 | 12.35 | 10.68 | 19.73 | 19.89 | 23.11 | 36.94 | 32.24 | 33.79 |
| വാഴ | 50.97 | 50.24 | 50.72 | 54.72 | 47.94 | 55.74 | 105.69 | 98.19 | 106.46 |
| ആകെ | 291.01 | 224.53 | 207.38 | 343.80 | 268.37 | 276.67 | 634.81 | 492.89 | 484.05 |

അവലംബം: സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ്.

സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയുടെ രണ്ടാം ഘട്ടമായ 2017-19 കാലഘട്ടത്തിൽ പത്തു ഹെക്ടറിന് ഒരു സാമ്പിളെന്ന നിലയ്ക്ക് മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങളിലും, 2.5 ഹെക്ടറിന് ഒരു സാമ്പിളെന്ന നിലയ്ക്ക് ജലസേചിത പ്രദേശങ്ങളിലും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് 20.52 ലക്ഷം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.

2019-20 മുതൽ, പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ, മാതൃകാ ഗ്രാമങ്ങളുടെ വികസനം എന്ന ആശയം കൊണ്ടുവരികയും അതിനു കീഴിൽ വ്യക്തിഗത കർഷകന്റെ പുരയിടത്തിൽ നിന്നും സാമ്പിൾ ശേഖരിച്ചുമാണ് മണ്ണു പരിശോധന നടത്തിയത്. അതനുസരിച്ച് സംസ്ഥാനത്ത് 2019-22 കാലഘട്ടത്തിൽ 3.09 ലക്ഷം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം നടത്തി (അവലംബം: സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ്.)

കേന്ദ്ര പദ്ധതി കൂടാതെ വിവിധ പദ്ധതികളിലൂടെ മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ് 8,325ഉം വി.എഫ്.പി.സി.കെ 5,500 ഉം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു (അവലംബം: മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് )

**കാർഷിക വിപണനം**

സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കർഷക ഉൽപ്പാദക സംഘടനകളുടെയും പിന്തുണയോടെയാണ് സംസ്ഥാനത്ത് കാർഷിക വിപണനം നടക്കുന്നത്. നഗര ഗ്രാമ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വിപണി ശൃംഖലയിലൂടെയാണ് സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ സംഘടിത വിപണനം സാധ്യമാകുന്നത്. ഇതിൽ ആറ് മൊത്ത വിപണികളുണ്ട്, അതിൽ മൂന്നെണ്ണം നഗരപ്രദേശത്തും (തിരുവനന്തപുരത്ത് ആനയറ, എറണാകുളത്ത് മരട്, കോഴിക്കോട് വേങ്ങേരി), മൂന്നെണ്ണം ഗ്രാമപ്രദേശത്തുമാണ് (തിരുവനന്തപുരത്ത് നെടുമങ്ങാട്, എറണാകുളത്ത് മൂവാറ്റുപുഴ, വയനാട്ടിൽ സുൽത്താൻബത്തേരി). ഇത് കൂടാതെ അഞ്ച് ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളും കൊല്ലത്ത് കാളിയൻ ചന്ത, ആലപ്പുഴയിൽ കോടൻതുരുത്ത്, കോട്ടയത്ത് കുറുപ്പന്തറ, ഇടുക്കിയിൽ തൊടുപുഴ, തൃശ്ശൂരിൽ പവറട്ടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഈ കേന്ദ്രങ്ങൾ കേരള സർക്കാരിന്റെ വിപണി നിയമങ്ങൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കർഷകർക്ക് സുതാര്യമായ മൽസരാധിഷ്ഠിത ഓൺലൈൻ ബിഡ്ഡിംഗ് സുഗമമാക്കുന്നതിനും അതുവഴി അവരുടെ ഉൽപ്പന്നങ്ങൾക്ക് ആദായകരമായ വില ഉറപ്പാക്കുന്നതിനുമായി കേന്ദ്ര സർക്കാർ ആരംഭിച്ച ദേശീയ കാർഷിക വിപണിയായ ഇ-നാമിനു കീഴിൽ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അങ്ങനെ 998 കർഷകരും 165 വ്യാപാരികളും ഈ മാർക്കറ്റുകളിലൂടെ സംസ്ഥാനത്ത് ഇ-നാമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ കൂടാതെ വിവിധ തലങ്ങളിലുള്ള പ്രാദേശിക വിപണന കേന്ദ്രങ്ങൾ, ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ് മാതൃകയിലൂടെയും കർഷകരിൽ നിന്ന് നേരിട്ടും സമാഹരിച്ചുകൊണ്ട് വ്യത്യസ്ത രീതിയിലുള്ള സംയോജനത്തിലൂടെ പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കി. വി.എഫ്.പി.സി.കെ ഉൽപ്പാദന കേന്ദ്രങ്ങളിൽ സ്ഥാപിച്ച 289 സ്വാശ്രയ കർഷക സമിതികളുടെ വിപണന സംവിധാനം, സംയോജനത്തിനും നേരിട്ടുള്ള വിപണനത്തിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും സഹായിക്കുന്നു. ഈ വിപണികളുടെ വിറ്റുവരവ് 2021-22ൽ 212.3 കോടിയായിരുന്നു. ഇവിടെ 78,373 മെട്രിക് ടണ്ണിന്റെ പച്ചക്കറികളും പഴങ്ങളും വിൽപ്പന നടന്നു. വി.എഫ്.പി.സി.കെ സ്ഥാപിച്ച ഏഴ് പ്രാഥമിക സംസ്കരണ കേന്ദ്രങ്ങളും ഒരു കേന്ദ്രീകൃത പഴംപച്ചക്കറി സംസ്കരണ വിപണന കേന്ദ്രത്തിനും 15.96 ലക്ഷം രൂപയുടെ തളിർ ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ വ്യാപാരം ഫലപ്രദമായി നടത്തുവാൻ സാധിച്ചു.

സംസ്ഥാനത്തിന്റെ 'കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില' പദ്ധതി പ്രകാരം പതിനാറിനം പച്ചക്കറികൾക്കും പഴങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില പ്രകാരം എല്ലാ സീസണുകളിലും നിശ്ചിത വില ഉറപ്പുവരുത്തുന്നു. അടിസ്ഥാനവിലയേക്കാൾ വിപണി വില ഇടിയുന്ന സാഹചര്യത്തിൽ വിലയിലെ വ്യത്യാസം കർഷകർക്ക് നഷ്ടപരിഹാരമായി നൽകി വരുന്നു. 2021-22ൽ, കൃഷി വകുപ്പിന്റെ 250 പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റിയും 300 നോഡൽ മാർക്കറ്റുകളും ഉൾപ്പെടെ തിരഞ്ഞെടുത്ത 550 നോഡൽ മാർക്കറ്റുകൾ വഴി ഈ പദ്ധതി നടപ്പിലാക്കി. ഇതുവഴി 2,675 ഗുണഭോക്താക്കൾക്കായി 2.99 കോടി രൂപ വിതരണം ചെയ്തു. ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള വിലസ്ഥിരതയ്ക്കായുള്ള വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി 2021 ലെ ഓണക്കാലത്ത് വി.എഫ്.പി.സി.കെ, കൃഷി വകുപ്പ്, ഹോർട്ടികോർപ്പ് എന്നിവ മുഖേന 2,000 ഓണചന്തകൾ സംഘടിപ്പിച്ചു. 10.76 കോടി രൂപയുടെ 3,203 മെട്രിക് ടൺ ഉൽപ്പന്നങ്ങളാണ് ഈ വിപണികളിലൂടെ വിറ്റഴിക്കപ്പെട്ടത്. ഇതിനുപുറമേ, സംസ്ഥാനത്തുടനീളം വി.എഫ്.പി.സി.കെ യുടെ കീഴിൽ 28 മൊബൈൽ ചില്ലറ വില്പനശാലകൾ, 33.27 ലക്ഷം രൂപയുടെ 76.24 മെട്രിക് ടൺ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു.

സംഘടിത വിപണി വ്യവസ്ഥയുടെയും മാർക്കറ്റ് ഇന്റലിജൻസ് സംവിധാനത്തിന്റെയും അഭാവം, ഉൽപ്പന്നങ്ങളെ തരംതിരിക്കുന്നതിനും നിലവാരം നിശ്ചയിക്കുന്നതിനുമുള്ള പ്രോട്ടോക്കോളിന്റെ അഭാവം, വിഘടിതമായ ഉൽപ്പാദനം, നിശ്ചിത ലോജിസ്റ്റിക് സംവിധാനത്തിന്റെ അഭാവം, കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ചും ചീഞ്ഞുപോകുന്ന പച്ചക്കറികളുടെ സംഭരണത്തിനായി സംഭരണശാലകളുടെ അഭാവം എന്നിവ സംസ്ഥാനത്ത് കാര്യക്ഷമമായ കാർഷിക വിപണന സംവിധാനത്തിന്റെ വികസനത്തിനുള്ള വെല്ലുവിളികളാണ്.

**വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും**

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു കീഴിലുള്ള ചെറുകിട കർഷക അഗ്രിബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി) കർഷകരുടെയും സംരംഭകരുടെയും പ്രയോജനത്തിനായി വിജയകരമായി അഗ്രിബിസിനസ് സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ആവശ്യമായ ലിങ്കേജ് ലഭ്യമാക്കുന്നു. ഒൻപതു സൂക്ഷ്മ യൂണിറ്റുകൾ (മൈക്രോ), 5 ചെറുകിട യൂണിറ്റുകൾ, 2 ഇടത്തരം യൂണിറ്റുകൾ എന്നിവ അടങ്ങിയ 16 കാർഷിക സംരംഭകർക്ക് 2021-22ൽ സംസ്ഥാന എസ്.എഫ്.എ.സി മുഖേന ധനസഹായം നൽകി. ഈ പതിനാറ് യൂണിറ്റുകൾക്കു പുറമേ 2017-18 മുതൽ എസ്.എഫ്.എ.സി പ്രോത്സാഹിപ്പിക്കുന്ന 48 മൂല്യവർദ്ധന യൂണിറ്റുകൾ സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്നു.

കർഷകരെ സംഘടിപ്പിക്കുന്നതിനും, സംഘടിതമായി ഉൽപ്പാദനവും വിപണനവും നടത്തുന്നതിനുമുള്ള ശേഷി ഉണ്ടാകുന്നതിന് ഏറ്റവും ഉചിതമായ സംവിധാനമാണ് കാർഷിക ഉത്പാദക സംഘങ്ങൾ. അതുകൊണ്ടുതന്നെ സാങ്കേതിക വൈദഗ്ധ്യത്തോടൊപ്പം പരിപാലനത്തിലും പ്രാധാന്യം നൽകിക്കൊണ്ട് പുതിയ എഫ്.പി.ഒ കൾ രൂപീകരിക്കുന്നതിനാവശ്യമായ അനുകൂല അന്തരീക്ഷം പ്രദാനം ചെയ്യുന്നതിൽ സംസ്ഥാന സർക്കാർ ശ്രദ്ധ ചെലുത്തി. എസ്.എഫ്.എ.സിയുടെ നേതൃത്വത്തിൽ 50 പുതിയ എഫ്.പി.ഒ കൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള 50 എഫ്.പി.ഒ. കൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി. ഇതേ കാലയളവിൽ വാഴ, പൈനാപ്പിൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചക്ക, മാങ്കോസ്റ്റിൻ, പച്ചക്കറികൾ തുടങ്ങിയ വിളകൾ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ. യ്ക്ക് കീഴിൽ സംസ്ഥാനത്ത് 41 എഫ്.പി.ഒ കൾ രജിസ്റ്റർ ചെയ്യാൻ സാധിച്ചു. പതിനായിരം എഫ്.പി.ഒ-കൾ രൂപീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയുടെ ഭാഗമായി നബാർഡ്, എൻ.സി.ഡി.സി, എൻ.എ.എഫ്.ഇ.ഡി, എസ്.എഫ്.എ.സി എന്നീ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് 25 എഫ്.പി.ഒ. കൾ രജിസ്റ്റർ ചെയ്തു. മുൻ വർഷം ഈ പദ്ധതിയുടെ കീഴിൽ 34 എഫ്.പി.ഒ കൾ രജിസ്റ്റർ ചെയ്തു.

രാജ്യത്തെ കാർഷിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ, പ്രത്യേകിച്ചും വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന ഫണ്ട് പ്രയോജനപ്പെടുത്താൻ സംസ്ഥാന കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചു. പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, ശീതീകരിച്ച സംഭരണികൾ, കസ്റ്റം ഹയറിങ് സെന്ററുകൾ, തരം തിരിക്കൽ, വില്പന യൂണിറ്റുകൾ, കൃത്യത കൃഷി എന്നിവയ്ക്കായി ഫണ്ട് പ്രയോജനപ്പെടുത്തി. എഫ്.പി.ഒ കൾ സ്റ്റാർട്ട് അപ്പുകൾ, കർഷകർ, സഹകരണ സംഘങ്ങൾ, കർഷക സംരംഭകർ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് മേൽപ്പറഞ്ഞ പദ്ധതികൾക്കായി 102.14 കോടി രൂപ അനുവദിച്ചു.

മതിയായ ഇൻക്യുബേറ്ററുകൾ ലഭ്യമാക്കുക, ചെറുകിട സംരംഭകർക്ക് ഉപയോഗിക്കാൻ പാകത്തിലുള്ള പാക്കേജിങ്ങിനുള്ള സാങ്കേതിക പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കുക, ഓൺലൈൻ മാർക്കറ്റിങ്ങിലെയും ഇ-കൊമേഴ്സിലെയും അറിവ് പ്രചരിപ്പിക്കുക ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ക്രമീകരിക്കുക, കോൾഡ് സ്റ്റോറേജുകൾക്കും കമ്മ്യൂണിറ്റി പ്രോസസിംഗ് സെന്ററുകൾക്കും പൊതു അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയവ സംസ്ഥാനത്തെ കാർഷിക ബിസിനസ് സംരംഭങ്ങളെ ശാക്തീകരിക്കുവാൻ സഹായകമാകും.

**യന്ത്രവൽക്കരണം**

സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രധാന പരിമിതികളിലൊന്നായ കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ് കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം അനിവാര്യമാക്കുന്നു. കർഷകർക്ക് ആവശ്യമായതും സമയബന്ധിതവുമായ യന്ത്രവൽക്കരണ പിന്തുണയ്ക്കായി അടിസ്ഥാനസൗകര്യങ്ങളും പരിശീലനം സിദ്ധിച്ച തൊഴിലാളികളെ സൃഷ്ടിക്കുന്നതിനും കൃഷി വകുപ്പും വിവിധ ഏജൻസികളും മുഖേന നിക്ഷേപം നടത്തിയിട്ടുണ്ട്. കർഷകർക്ക് യന്ത്രവൽക്കരണ പിന്തുണയും മറ്റു കാർഷിക സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള സംരംഭങ്ങളിൽ ബ്ലോക്ക്തല അഗ്രോ സർവീസ് സെന്ററുകൾ (എ.എസ്.സി), പഞ്ചായത്തുതല കാർഷിക കർമ്മസേനകൾ (കെ.കെ.എസ്), കസ്റ്റം ഹയറിങ് സെന്ററുകൾ (സി.എച്ച്.സി) എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉൾപ്പെടുന്നു. വ്യക്തമായ ഒരു ബിസിനസ്സ് പ്ലാനിന്റെ അഭാവം, യൂണിറ്റുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ, അപര്യാപ്തമായ പരിശീലനം, വാങ്ങിയ കാർഷിക യന്ത്രങ്ങളുടെ ശരിയായ പരിപാലനമില്ലായ്മ, എന്നിവ പ്രധാന പോരായ്മകളായിരുന്നു.

അഗ്രോ സർവീസ് സെന്റർ (എ.എസ്.സി), കാർഷിക കർമ്മസേന (കെ.കെ.എസ്), കസ്റ്റം ഹയറിങ് സെന്റർ, കേരളാ അഗ്രോ മെഷിനറി കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയ സേവന ദാതാക്കളുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിരീക്ഷണത്തിനുമായി 2018 വർഷത്തിൽ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകൃതമായി. കൂടാതെ ഇത് കർഷകർക്ക് സേവനങ്ങൾ എത്തിക്കുന്നതിന് ഏകജാലക സംവിധാനം പ്രാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. 2021-22 ലെ മിഷന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തു സ്ഥാപിതമായ 107 അഗ്രോ സർവീസ് സെന്ററുകൾ, 368 കാർഷിക കർമ്മസേന എന്നിവയിൽ 95 എ.എസ്.സികളിലും 194 കെ.കെ.എസുകളിലും കാർഷിക യന്ത്രങ്ങൾ നൽകിയിട്ടുണ്ട്. മിഷൻ നടത്തിയ ഫാം മെഷിനറി കണക്കെടുപ്പ് പ്രകാരം, സംസ്ഥാനത്തുടനീളമുള്ള അഗ്രോ സർവീസ് സെന്ററുകളിലും കാർഷിക കർമ്മ സേനകളിലുമായി 4633 യന്ത്രങ്ങൾ ലഭ്യമാണ്. അതിൽ 3788 യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ്. മിഷന്റെ തുടക്കം മുതൽ 1855 യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും എ.എസ്.സി., കെ.കെ.എസ് എന്നിവയിലെ 705 അംഗങ്ങൾ യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിൽ വൈദഗ്ധ്യം നേടുകയും ചെയ്തു. എ.എസ്.സികളിലും കെ.കെ.എസ് കളിലും പ്രവർത്തനക്ഷമമായ കാർഷികയന്ത്രങ്ങളുടെ ലഭ്യത, ജില്ല തിരിച്ച് **പട്ടിക 3.1.5**ൽ നൽകിയിരിക്കുന്നു.

2021-22 കാലയളവിൽ 161 പുരുഷൻമാരും 87 സ്ത്രീകളും ഒരു ട്രാൻസ് ജെൻഡറും അടങ്ങുന്ന 249 വ്യക്തികൾക്ക് കാർഷികയന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും പരിശീലനം നൽകി. യന്ത്രവൽക്കരണ സേവനങ്ങൾ നൽകുന്നതിനു പുറമെ അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും 2021-22ലെ ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പരിപാടിയുടെ ഭാഗമായി 15.22 ലക്ഷം ഫലവൃക്ഷ തൈകൾ ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള പിന്തുണ നൽകി.

**2021–22 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

2021-22 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിള പരിപാലനം, വിപണനം, മൂല്യവർദ്ധന, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷകക്ഷേമ പദ്ധതികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കാര്യക്ഷമമായ വിഭവ പരിപാലനം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ, സാങ്കേതിക വിദ്യാധിഷ്ഠിത വികസനം എന്നിവയ്ക്കും പ്രാധാന്യം നൽകി. നിർദ്ദിഷ്ട വിള ഉല്പാദന പദ്ധതികൾക്കു പുറമേ ശാസ്ത്രീയവും

**പട്ടിക 3.1.5** അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേനകളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ (2012-13 മുതൽ 2021-22 വരെ)

| ജില്ല | മൊത്തം യന്ത്രങ്ങളുടെ എണ്ണം | അഗ്രോ സർവീസ് സെന്ററുകളുടെ (എണ്ണം) | | കാർഷിക കർമ്മ സേന (എണ്ണം) | |
|---|---|---|---|---|---|
| | | എ.എസ്.സി | പ്രവർത്തനക്ഷമ മായ യന്ത്രങ്ങൾ | കെ.കെ.എസ് | പ്രവർത്തനക്ഷമമായ യന്ത്രങ്ങൾ |
| തിരുവനന്തപുരം | 305 | 10 | 168 | 23 | 74 |
| കൊല്ലം | 343 | 7 | 146 | 18 | 151 |
| പത്തനംതിട്ട | 247 | 4 | 95 | 27 | 51 |
| ആലപ്പുഴ | 383 | 8 | 144 | 31 | 193 |
| കോട്ടയം | 314 | 8 | 177 | 23 | 119 |
| ഇടുക്കി | 340 | 6 | 206 | 20 | 95 |
| എറണാകുളം | 310 | 8 | 118 | 31 | 126 |
| തൃശ്ശൂർ | 251 | 12 | 163 | 37 | 52 |
| പാലക്കാട് | 139 | 7 | 41 | 27 | 72 |
| മലപ്പുറം | 300 | 7 | 92 | 36 | 99 |
| കോഴിക്കോട് | 562 | 10 | 294 | 32 | 194 |
| വയനാട് | 275 | 4 | 103 | 11 | 99 |
| കണ്ണൂർ | 624 | 11 | 267 | 39 | 270 |
| കാസർഗോഡ് | 240 | 5 | 103 | 13 | 76 |
| ആകെ | 4633 | 107 | 2117 | 368 | 1671 |

അവലംബം:സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ

നല്ലതുമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചു. കർഷകർക്കു വരുമാന സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനവിലൂടെ കാർഷിക മേഖലയുടെ വ്യാവസായികാധിഷ്ഠിത വികസനത്തിനും പിന്തുണ നൽകി. കാർഷിക വായ്പാ സൗകര്യങ്ങൾ, വിള ഇൻഷുറൻസ് പരിരക്ഷ, വില സ്ഥിരതയ്ക്കു വിപണി ഇടപെടൽ, കർഷക പെൻഷൻ എന്നിവയായിരുന്നു സംസ്ഥാനം പിന്തുണച്ച കർഷകക്ഷേമ പരിപാടികൾ. വില ഇടിയുന്ന സാഹചര്യത്തിൽ കർഷകർക്ക് അടിസ്ഥാനവില ലഭ്യമാക്കുന്നതിനായി 2021-22ൽ 'കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില' എന്ന പദ്ധതി ആരംഭിച്ചു. ഈ കാലയളവിലെ പ്രധാന നേട്ടങ്ങൾ താഴെ പറയുന്നു.

- ഹെക്ടറിന് 5,500 രൂപ ഇൻപുട്ട് സബ്സിഡിയായി 1.67 ലക്ഷം ഹെക്ടറിലെ നെൽകൃഷി വികസനത്തിന് സഹായം നൽകി.
- 18,519.9 ഹെക്ടർ കൃഷിയോഗ്യമായ നെൽകൃഷി ഭൂമിയുടെ ഉടമകൾക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ ആവാസവ്യവസ്ഥാ സേവനങ്ങൾക്കായി റോയൽറ്റി നൽകി.
- തണ്ണീർത്തടവും നെൽവയലും നിയമം 2017 നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1,061 പഞ്ചായത്തുകളുടെ തണ്ണീർത്തട ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു.
- നാളികേര കൃഷി പുനരുദ്ധാരണത്തിന്റേയും പുനരുജ്ജീവനത്തിന്റേയും ഭാഗമായി നാളികേര മിഷന്റെ കീഴിൽ 8,98,467 നെടിയ ഇനവും 31,293 കുള്ളൻ തൈകളും, 1,30,052 സങ്കരയിനം തൈകളും വിതരണം ചെയ്തു.
- ഫലവർഗ്ഗ വികസന പാക്കേജിന്റെ ഭാഗമായി 30 ഇനങ്ങളിലായി 84.3 ലക്ഷം നടീൽ വസ്തുക്കൾ വിതരണം ചെയ്തു.
- കർഷകക്ഷേമനിധി ബോർഡിൽ 11,735 കർഷകർ അംഗങ്ങളായി. പി.എം.കിസാൻ പദ്ധതിയിൽ 37,32,621 കർഷകർക്ക് ആനുകൂല്യം ലഭിച്ചു.
- നെല്ലുല്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നിരക്കിൽ 752.42 ലക്ഷം രൂപ വിതരണം ചെയ്തു.
- കാർഷിക വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഴങ്ങൾക്കും പച്ചക്കറികൾക്കുമായി 32 കണ്ടെയ്നർ മോഡൽ ഔട്ട്ലെറ്റുകളും 19 താപനില നിയന്ത്രിത വാഹനങ്ങളും സ്ഥാപിച്ചു.

**പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പ്രധാന നേട്ടങ്ങൾ**

- കൃഷിയോഗ്യമായ നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനായി നെൽവയൽ ഉടമകൾക്കായി ഹെക്ടറിനു 2,000 രൂപ നിരക്കിൽ റോയൽറ്റി 2020-21 മുതൽ നടപ്പിലാക്കി.
- നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി, അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളും പ്രാദേശിക ഇനങ്ങളും നട്ടുപിടിപ്പിക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക വ്യവസായവുമായി മുന്നോട്ടുള്ള ബന്ധം ഉറപ്പാക്കുന്നതിനുമായി 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 2018ൽ നാളികേര വികസന കൗൺസിലിന് ആരംഭമിട്ടു.
- സാമ്പത്തികവും പാരിസ്ഥിതികവുമായ സുസ്ഥിരതയും കർഷക ക്ഷേമവും ഉറപ്പാക്കുന്നതിനായി പ്രാദേശിക അടിസ്ഥാനത്തിലുള്ള വിള തിരഞ്ഞെടുക്കുന്നതിന്റെയും വിള പരിപാലന ശിപാർശകളുടെയും പ്രാധാന്യം കണക്കിലെടുത്ത്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 5 പാരിസ്ഥിതിക മേഖലകളും 23 കാർഷിക

പരിസ്ഥിതി യൂണിറ്റുകളും അടിസ്ഥാനമാക്കിയുള്ള പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും പ്രാധാന്യം നൽകി.

- കാർഷിക വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കുന്നതിനായി, കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ, ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ (എ.കെ.സി) 152 ബ്ലോക്കുകളിലും പ്രവർത്തന ക്ഷമമാക്കി. കാർഷിക മേഖലയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുന്നതിനും ശാസ്ത്രീയ വിവരങ്ങളുടെ കേന്ദ്രമായി വർത്തിക്കുക എന്നതുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം .
- കാർഷിക കർമ സേന,അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന കാർഷിക യന്ത്രവൽകൃത മിഷൻ 2018ൽ ആരംഭിച്ചു.
- കൊവിഡ്-19 മഹാമാരിയുടെ കാലത്ത് ഭക്ഷ്യക്ഷാമം മറികടക്കാൻ കേരള സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതി മൃഗസംരക്ഷണം, മത്സ്യബന്ധനം, സഹകരണം, തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി സംയോജിപ്പിച്ച് കൃഷിവകുപ്പ് നടപ്പാക്കി.
- കാർഷിക മേഖലയിലെ ഗുണനിലവാര നിയന്ത്രണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2020ൽ പട്ടാമ്പിയിൽ ജൈവവളങ്ങളുടെയും ഗുണനിലവാര നിയന്ത്രണ ലബോറട്ടറി (BOQCL) സ്ഥാപിച്ചു .
- സംസ്ഥാനത്ത് പച്ചക്കറികളുടെയും പൂക്കളുടെയും സമഗ്രമായ പ്രോത്സാഹനത്തിനും കർഷകർക്ക് ഉയർന്ന വരുമാനം നേടുന്നതിനുള്ള മൂല്യ ശൃംഖലകൾ സൃഷ്ടിക്കുന്നതിനുമായി വയനാട് ജില്ലയിൽ പച്ചക്കറികൾക്കും പൂക്കൾക്കും വേണ്ടിയുള്ള ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾക്ക് തുടക്കമിട്ടു.
- കർഷകരുടെ ഉൽപന്നങ്ങൾക്ക് ഉറപ്പായ വില ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും തറ വില പ്രഖ്യാപിച്ചു. അടിസ്ഥാന വിലയേക്കാൾ വില താഴുന്ന സാഹചര്യത്തിൽ വിലയിലെ വ്യത്യാസം കർഷകർക്ക് നഷ്ടപരിഹാരമായി നൽകുന്നതിനായി 2021-22-മുതൽ "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി - അടിസ്ഥാന വില" എന്ന പദ്ധതിക്ക് ആരംഭമിട്ടു.
- 2020 മെയ് മാസത്തിൽ കേരള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ് (എഫ്.പി.ഒ) നയം കൊണ്ടുവരുകയും പ്രവർത്തന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. 2021-22ൽ വി. എഫ്. പി.സി. കെ, എസ്.എഫ്.എ.സി. എന്നിവ വഴി 85 എഫ്.പി.ഒ കൾ സംസ്ഥാനത്ത് രൂപീകരിക്കുവാൻ സാധിച്ചു.
- വി.എഫ്.പി.സി.കെയുടെ കീഴിൽ ഇടുക്കിയിൽ ചക്ക വ്യാപാര കേന്ദ്രം സ്ഥാപിച്ചതും ശീതീകരണ സംഭരണം ഉൾപ്പടെ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം മൂലം വിളവെടുപ്പിനു ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനായി 20 മെട്രിക് ടൺ സംഭരണ ശേഷിയുള്ള പ്രീ കൂളിംഗ്, കൂളിംഗ്, പഴുപ്പിക്കൽ സൗകര്യങ്ങളുള്ള സംയോജിത പച്ചക്കറി, വാഴപ്പഴം പായ്ക്ക് ഹൗസ്, എ.പി.ഇ.ഡി.എ യുടെ സഹായത്തോടെ വയനാട്ടിൽ സ്ഥാപിച്ചതും വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ ഉൾപെടുന്നു.

**വിള ഇൻഷുറൻസ് പദ്ധതി**

കൃഷിയിൽ നഷ്ടം സംഭവിക്കുന്നതിനുള്ള അധിക സാധ്യതകൾ കണക്കിലെടുത്ത് കാർഷിക സമൂഹത്തെ അതിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ), പരിഷ്ക്കരിച്ച കാലാവസ്ഥാ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷുറൻസ് എന്നിവയാണ് സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതികൾ.

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിലൂടെ പ്രകൃതി വ്യതിയാനങ്ങൾ മൂലവും കീടരോഗ ആക്രമണങ്ങൾ നിമിത്തവുമുള്ള നഷ്ടത്തിൽ നിന്നും പരിരക്ഷ നൽകുന്നു. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം, കശുവണ്ടി, പൈനാപ്പിൾ, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതിയ്ക്ക, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാങ്ങ, ചെറുധാന്യങ്ങൾ തുടങ്ങിയ വിളകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, ഭൂകമ്പം, കടൽക്ഷോഭം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, ഇടിമിന്നൽ, വന്യജീവി ഭീഷണി, കാട്ടുതീ തുടങ്ങി പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഈ പദ്ധതിയിൽ പരിരക്ഷ നൽകിവരുന്നു. 2021-22 ൽ ഈ പദ്ധതി മുഖേന 31.80 കോടി രൂപ കൃഷിനാശത്തിന് നഷ്ടപരിഹാരമായി വിതരണം ചെയ്തു.

പരിഷ്കരിച്ച കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷുറൻസ് പദ്ധതിയിൽ ഖാരിഫ് സീസണിൽ നെല്ല്, അടയ്ക്ക, കുരുമുളക്, ഇഞ്ചി, കരിമ്പ്, മഞ്ഞൾ, ഏലം, പൈനാപ്പിൾ, വാഴ, ജാതി എന്നീ വിളകളും റാബി സീസണിൽ നെല്ല്, വാഴ, കശുവണ്ടി, മാങ്ങ, കരിമ്പ്, പൈനാപ്പിൾ, ഉരുളക്കിഴങ്ങ്, കാബേജ്, കാരറ്റ്, വെളുത്തുള്ളി, ബീൻസ്, വാളരിപ്പയർ, പടവലം, പാവയ്ക്ക എന്നിവയും ഉൾപ്പെടുന്നു. 2021 ഖാരിഫ് സീസണിൽ 28661 കർഷകർ അംഗങ്ങളായി. 26,788 കർഷകർക്ക് 29.53 കോടി രൂപയുടെ ആനുകൂല്യം നൽകുകയുണ്ടായി. വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ മൂലമുണ്ടാകുന്ന നഷ്ടത്തിന് എല്ലാ വിളകളേയും, കനത്ത കാറ്റ് മൂലമുണ്ടാകുന്ന നഷ്ടത്തിന് വാഴ, ഏലം, ജാതിയ്ക്ക, അടയ്ക്ക എന്നീ വിളകളേയും ഉൾപ്പെടുത്തി. കാലാവസ്ഥാ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികൂല കാലാവസ്ഥയുള്ള ക്ലെയിമുകൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ 140 സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചു.

നെല്ല്, നേന്ത്രൻ, മരച്ചീനി, വാഴ എന്നീ വിളകൾ പ്രധാനമന്ത്രി ഫസൽ ബീമ യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2021 ഖാരിഫ് സീസണിൽ 8796 കർഷകർ അംഗങ്ങളാകുകയും, നെൽകൃഷിയ്ക്കു മാത്രമായി 4,741 കർഷകർക്കായി 4.53 കോടി രൂപയുടെ ആനുകൂല്യം നൽകുകയും ചെയ്തു.

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ,കേരള (വി. എഫ്.പി.സി.കെ.)**

കേരളത്തിലെ കർഷകർക്ക് വാണിജ്യാടിസ്ഥാനത്തിൽ പഴം, പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് വിത്തു മുതൽ വിപണനംവരെയുള്ള വിവിധ കാർഷിക പ്രവർത്തനങ്ങളിൽ വി.എഫ്.പി.സി.കെ പിന്തുണ നൽകുന്നു. കർഷകർക്കുള്ള സാങ്കേതിക പിന്തുണ, പങ്കാളിത്ത സാങ്കേതിക പരീക്ഷണങ്ങൾ, സ്വയംസഹായ സംഘങ്ങളുടെ രൂപീകരണം, പ്രചാരണം/പരിശീലനപരിപാടികൾ, ഗുണമേന്മയുള്ള വിത്ത്/നടീൽ വസ്തുക്കളുടെ ഉല്പാദനം, പങ്കാളിത്ത വായ്പാ പിന്തുണ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള വിപണനം, കയറ്റുമതി, നഗരപ്രദേശത്തെ പച്ചക്കറി കൃഷി പ്രോത്സാഹനം തുടങ്ങിയവയാണ് ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ.

കൗൺസിലിന്റെ കീഴിൽ രൂപപ്പെടുത്തിയ സ്വയം സഹായസംഘം എന്ന ആശയത്തിലൂടെ പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലയളവിൽ 392 സ്വയം സഹായസംഘങ്ങളിലായി 19,000 കർഷകർ രജിസ്റ്റർ ചെയ്തു. അങ്ങനെ ആകെ 10,211 സംഘങ്ങളിലായി 2,08,194 കർഷകർ കൗൺസിലിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2022 ആഗസ്റ്റ് മാസത്തെ കണക്കനുസരിച്ച് ഇത് 2,09,091 കർഷകരാണ്.

ആലത്തൂരിലെ വിത്ത് സംസ്കരണ പ്ലാന്റ്, എറണാകുളം നടുക്കരയിലെ ഹൈടെക് പ്ലഗ് നഴ്സറി, എറണാകുളം, തിരുവനന്തപുരം, കാസറഗോഡ് എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്രങ്ങൾ വഴി ഗുണനിലവാരമുള്ള വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ഉല്പാദനവും വിതരണവും നടത്തിവരുന്നു. 2021-22ൽ 68 മെട്രിക് ടൺ വിത്തുകളും, 50.35 ലക്ഷം പച്ചക്കറി-ഫലവൃക്ഷ തൈകളും ഈ കേന്ദ്രങ്ങൾ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്തു. പച്ചത്തേങ്ങ സംഭരണം ആരംഭിക്കുകയും മലപ്പുറം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ 34 സംഭരണ കേന്ദ്രങ്ങളിലൂടെ 2301 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും ചെയ്തു.

മണ്ണുപരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 5,500 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. പാട്ടഭൂമി കർഷകർ ഉൾപ്പെടെയുള്ള കർഷകർക്ക് വായ്പാ സൗകര്യം നൽകുകയും കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരം 76.51 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2 ശതമാനം സബ്സിഡി എന്ന രീതിയിൽ 109.07 ലക്ഷം രൂപ നൽകി. പങ്കാളിത്ത സമീപനത്തോടെയുള്ള സാങ്കേതിക വിദ്യ പ്രചാരണത്തിന്റെ ഭാഗമായി 70 പരീക്ഷണങ്ങൾ നടത്തുകയും 12 പുതിയ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുകയും ചെയ്തു. ഇതിൽ ബാംഗ്ളൂർ ഐ.ഐ.എച്ച്.ആർ ന്റെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് നികത്തുന്നതിനായിട്ടുള്ള ബനാന സ്പെഷ്യൽ, വെജിറ്റബിൾ സ്പെഷ്യൽ എന്ന മിശ്രിതത്തിന്റെ ഉല്പാദനവും വിതരണവും, കാർഷിക സർവ്വകലാശാലയുടെ വാഴക്കുലകൾ പൊതിയുന്ന വിദ്യയും, നിർജ്ജലീകരിച്ച പഴങ്ങൾ ഉണ്ടാക്കുന്ന പ്രോട്ടോക്കോളും ഉൾപ്പെടുന്നു.

കാർഷിക കയറ്റുമതി നയത്തിനായുള്ള നിയുക്ത സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയ്ക്ക് തൃച്ചിയിൽ പ്രവർത്തിക്കുന്ന നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാനയുമായി സഹകരിച്ച് വി.എഫ്.പി.സി.കെ നേന്ത്രൻ വാഴയുടെ കടൽ കയറ്റുമതി പ്രോട്ടോക്കോൾ വികസിപ്പിച്ച് 2020-21ൽ കയറ്റുമതി ചെയ്തു തുടങ്ങി. 2022 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച് 6 കയറ്റുമതി സ്ഥാപനങ്ങളുമായി ചേർന്ന് 55 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും കയറ്റുമതി ചെയ്തു. അഗ്രിക്കൾച്ചറൽ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ (എ.പി.ഇ.ഡി.എ) മാർഗ്ഗനിർദ്ദേശപ്രകാരം തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ ക്ലസ്റ്റർ രൂപീകരിക്കുന്നതിന് വി.എഫ്.പി.സി.കെ നേതൃത്വം നൽകി. ഹൈദരാബാദിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാനിംഗ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം മുഖേന ഉപയോക്താക്കൾക്ക് പരിശീലനവും നൽകി.

കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണത്തിനും രജിസ്ട്രേഷനുമായി കേന്ദ്ര ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യത്തിന്റെ ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ്സ് ഓർഗനൈസേഷൻ (സി.ബി.ബി.ഒ) പദവി വി.എഫ്.പി.സി.കെ യ്ക്ക് ലഭിച്ചു. കൂടാതെ, 'MANAGE' ന്റെ കാർഷിക സംരംഭകത്വ പരിശീലനം ഏറ്റെടുക്കുന്നതിനുള്ള നോഡൽ പരിശീലന സ്ഥാപനമായും വി.എഫ്.പി.സി.കെ തിരഞ്ഞെടുക്കപ്പെട്ടു. കയറ്റുമതി ബിസിനസ്സും മൂല്യവർദ്ധന സാധ്യതകളും ലക്ഷ്യമിട്ട് 41 കർഷക ഉല്പാദക സംഘങ്ങൾ വി.എഫ്.പി.സി.കെ വഴി രജിസ്റ്റർ ചെയ്തു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ, ഈ സ്ഥാപനം പഴങ്ങളുടേയും പച്ചക്കറികളുടേയും ഉല്പാദനത്തിലും വിപണനത്തിലും പുറമേ സംസ്കരണത്തിലും മൂല്യവർദ്ധനയിലും, ഉല്പന്നങ്ങളുടെ ബ്രാൻഡിംഗിലും, കയറ്റുമതി പ്രോത്സാഹന പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. വി.എഫ്.പി.സി.കെ യുടെ കർഷകരുടെ ഉല്പന്നങ്ങൾ 'തളിർ' എന്ന ബ്രാൻഡിൽ വിപണനം ചെയ്തുവരുന്നു. നിർജ്ജലീകരിച്ച പഴുത്ത വാഴപ്പഴം, എണ്ണ കുറഞ്ഞ വാഴപ്പഴ ചിപ്സ് തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ജനപ്രീതി നേടി. നടുക്കരയിൽ പ്രവർത്തിച്ചുവരുന്ന ഹൈടെക് പ്ലഗ് നഴ്സറി കമ്മീഷൻ ചെയ്തതും ആലത്തൂരിൽ പ്രവർത്തിക്കുന്ന വിത്ത് സംസ്കരണ പ്ലാന്റ് സ്ഥാപിച്ചതും വി.എഫ്.പി.സി.കെയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായിരുന്നു. കൂടാതെ തിരുവാലിയിലും തുറവൂരിലും മണ്ണ് പരിശോധന ശാലകളും, ഏഴ് പ്രാഥമിക സംസ്കരണ സെന്ററുകളും, പഴം പച്ചക്കറികളുടെ പ്രാഥമിക സംസ്കരണത്തിനുവേണ്ടിയും 'തളിർ' ബ്രാൻഡ് ചെയ്ത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമായി കേന്ദ്രീകൃത പഴം പച്ചക്കറി സംസ്കരണ വിതരണ കേന്ദ്രവും സ്ഥാപിച്ചു. ജൈവ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി സ്ഥാപിച്ച 63 തളിർ ഹരിത ഇക്കോഷോപ്പുകളും, ഇടുക്കിയിലും വയനാട്ടിലും സ്ഥാപിച്ച ചക്ക സംഭരണ കേന്ദ്രങ്ങളും, ഇടുക്കിയിലെ ചക്ക സംസ്കരണ കേന്ദ്രവും വിപണന മേഖലയിലും സംസ്കരണ മേഖലയിലും വി.എഫ്.പി.സി.കെ യുടെ പങ്ക് ശക്തിപ്പെടുത്തി. എ.പി.ഇ.ഡി.എ യുടെ സഹായത്തോടെ ഇടുക്കിയിലും വയനാട്ടും രണ്ട് പായ്ക്ക് ഹൗസുകൾ സ്ഥാപിച്ചതും ശ്രദ്ധേയമായ നേട്ടമാണ്.

**സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം)**

സംസ്ഥാനത്തെ ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം എന്നതാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ലക്ഷ്യം. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്), പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന –

മൈക്രോ ഇറിഗേഷൻ ഘടകം (പി.എം.കെ.എസ്.വൈ), പരംപരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ മിഷൻ നടപ്പിലാക്കുന്നു. 2021-22 വർഷത്തിൽ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ മെച്ചപ്പെടുത്തുന്ന പരിപാടികൾ കൂടാതെ സംസ്കരണശാലകൾ, ഗ്രേഡിംഗ് യൂണിറ്റുകൾ, തരംതിരിക്കൽ, സഞ്ചരിക്കുന്ന പ്രീകൂളിംഗ് യൂണിറ്റുകൾ, സംയോജിത പായ്ക്ക്ഹൗസുകൾ, ചില്ലറ വിപണികൾ, റീഫർ കണ്ടെയ്നറുകൾ തുടങ്ങിയ വിപണന പശ്ചാത്തല സൗകര്യ വികസന പരിപാടികളിലും മിഷൻ ശ്രദ്ധ കേന്ദ്രീകരിച്ചു.

ബാൽക്കണി, ടെറസ്സ് പോലെയുള്ള സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലങ്ങളിൽ ലംബമാനവ്യാപ്തി പരമാവധി ഉപയോഗിച്ചുകൊണ്ട് തെരഞ്ഞെടുത്ത പച്ചക്കറികൾ, ഔഷധസസ്യങ്ങൾ, അലങ്കാരച്ചെടികൾ എന്നിവ സുരക്ഷിതമായി വളർത്തുന്നതിനായി ബംഗ്ലൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ റിസർച്ചിന്റെ 'അർക്ക വെർട്ടിക്കൽ ഗാർഡൻ' മാതൃക മിഷൻ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് പ്രചരിപ്പിച്ചു. അതുവഴി 340 യൂണിറ്റുകൾ സ്ഥാപിക്കുവാനും സാധിച്ചു.

തദ്ദേശീയവും വിദേശ പഴവർഗ്ഗങ്ങളുടേയും കൃഷി പ്രോത്സാഹനപരിപാടിയുടെ ഭാഗമായി 131 ഹെക്ടർ പ്രദേശത്ത് ഡ്രാഗൺ ഫ്രൂട്ട് കൃഷിയ്ക്കും 660 ഹെക്ടർ പ്രദേശത്ത് തുള്ളിനനയ്ക്കുള്ള പിന്തുണയോടെ മറ്റ് വിദേശഫലങ്ങൾ കൃഷി ചെയ്യുന്നതിനും സഹായം നൽകി.

വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പത്ത് പ്രാഥമിക സംസ്കരണ യൂണിറ്റുകൾ, 20 പായ്ക്ക് ഹൗസുകൾ, ഒരു സംയോജിത പായ്ക്ക് ഹൗസ്, ഒരു റീഫർവാൻ, 2 ചില്ലറ വില്പനശാല, 9 പ്രിസർവേഷൻ യൂണിറ്റുകൾ എന്നിവ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിന് സഹായം നൽകി. ഇതിൽ ഇടുക്കി ജില്ലയിലെ കട്ടപ്പന സർവ്വീസ് സഹകരണ ബാങ്കിനു നൽകിയ റീഫർ വാനും ഉൾപ്പെടുന്നു. കാസറഗോഡ് ജില്ലയിലെ തുളുനാട് ഇക്കോ ഗ്രീൻ കർഷക ഉല്പാദക കമ്പനിയ്ക്കായി സുഗന്ധവ്യഞ്ജനങ്ങൾ, തേൻ, പച്ചക്കറികൾ, ഫലങ്ങൾ എന്നിവയ്ക്കായി പായ്ക്ക് ഹൗസ് സ്ഥാപിച്ചത് 250 കർഷകർക്ക് പ്രയോജനപ്പെട്ടു.

മിഷൻ പിന്തുണയോടെ 600 കർഷക കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ രാജക്കാട് സ്പൈസസ് ഫാർമേഴ്സ് സൊസൈറ്റിയ്ക്കായി ഏലം സംസ്കരണ യൂണിറ്റ് സ്ഥാപിച്ചു. കൂടാതെ, കോട്ടയം ജില്ലയിലെ അഞ്ഞൂറോളം കർഷകർക്ക് കൊക്കോ ബീൻസ് സൂക്ഷിക്കുന്നതിനായി മണിമല കൊക്കോ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയ്ക്ക് കൊക്കോ പ്രിസർവേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് സഹായം നൽകി. ആർ.കെ.വി.വൈ സഹായത്തോടെ സ്ഥാപിച്ച 8 കൂൺ മൂല്യവർദ്ധിത യൂണിറ്റുകളും ഈ നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

കാർഷികോല്പന്നങ്ങൾ, നിവേശങ്ങൾ എന്നിവയുടെ വില, കാർഷിക വികസന സൂചികകൾ എന്നിവയുടെ വിവരങ്ങൾ **അനുബന്ധം 3.1.20, 3.1.21, 3.1.22, 3.1.23, 3.1.24** എന്നിവയിൽ നൽകിയിരിക്കുന്നു.

**കാർഷിക ഗവേഷണവും വിദ്യാഭ്യാസവും**

കാർഷിക മേഖലയിലും അനുബന്ധമേഖലകളിലും വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും കാർഷിക മേഖലയുടെ സുസ്ഥിരമായ വികസനത്തിനും പരിപാലനത്തിനുമായി വൈദഗ്ദ്ധ്യവും അറിവുമുള്ള മനുഷ്യവിഭവശേഷി പ്രദാനം ചെയ്യുന്നതിനും നിയുക്തമായിട്ടുള്ള കേരളത്തിലെ പ്രധാന കാർഷിക സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല. മെച്ചപ്പെട്ട വിള ഇനങ്ങൾ, കാര്യക്ഷമമായ കാർഷിക സാങ്കേതികവിദ്യകൾ വിള ഉല്പാദനത്തിനും വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾക്കുമായുള്ള ഉപകരണങ്ങൾ എന്നിവയുടെ വികസനത്തിനും കൂടാതെ വിളകളുടെ മൂല്യവർദ്ധനവിനും അനുബന്ധ സംരംഭക വികസനത്തിലും സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നു.

കാർഷിക ഗവേഷണ മേഖലയിലെ വിടവുകൾ നികത്തികൊണ്ട് സമഗ്രവും സുസ്ഥിരവുമായ വളർച്ച ഉറപ്പാക്കുന്നതിനുവേണ്ടിയാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ സർവ്വകലാശാല ലക്ഷ്യമിട്ടത്. കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖലയിലെ ആഘാതങ്ങളുടെ വിലയിരുത്തൽ സാമൂഹിക ദുർബ്ബലതയും ലഘൂകരണവും, ആഘാതങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള തന്ത്രങ്ങളുടെ ആവിഷ്ക്കരണം, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന വിളയിനങ്ങളുടെ സംരക്ഷണവും ഉപയോഗവും, പരമ്പരാഗത വിളയിനങ്ങളുടെ സംരക്ഷണവും ഉപയോഗവും, പ്രകൃതി വിഭവ സംരക്ഷണം (വിളയിനങ്ങൾ, മണ്ണ്, ജലം, സസ്യജന്തുജാലങ്ങൾ) തുടങ്ങിയ മേഖലകളിൽ സർവ്വകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ഊന്നൽ നൽകി. കൂടാതെ ഉപയോഗിക്കാൻ എളുപ്പവും സുരക്ഷിതവുമായിട്ടുള്ള കാർഷികയന്ത്രങ്ങളുടെ രൂപകൽപ്പന, കൃഷിയിൽ രാസവസ്തുക്കളുടെ ഉപയോഗം പരിമിതപ്പെടുത്തൽ, പ്രകൃതി സൗഹൃദ രോഗകീട പരിപാലന മാർഗ്ഗങ്ങൾ, മണ്ണിന്റെ ആരോഗ്യം സുസ്ഥിരമായി നിലനിർത്തുന്നതിന് കൃത്യതാ കൃഷി, ഹൈടെക് കൃഷി പോലെയുള്ള കൃഷി രീതികൾക്കുള്ള സാങ്കേതികവിദ്യാ വികസനം തുടങ്ങിയവയിൽ കേന്ദ്രീകരിച്ചായിരുന്നു ഗവേഷണങ്ങൾ. തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം ഉൽപ്പന്നങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതും കൂടാതെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, പോഷകാഹാര സമൃദ്ധമായ ഉൽപ്പന്നങ്ങളുടെ വികസനം, അത്തരം സാങ്കേതിക വിദ്യകളുടെ വാണിജ്യപരമായ പ്രയോഗം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ദ്വിതീയകൃഷി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി.

കൃഷിയിൽ നിന്നും മികച്ച വരുമാനം, ചെറുകിട നാമമാത്ര കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, ഭക്ഷ്യപോഷകാഹാര സുരക്ഷ, പാരിസ്ഥിതിക സുരക്ഷ, പ്രകൃതിവിഭവ സംരക്ഷണം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് രൂപകൽപ്പന ചെയ്തത്. അങ്ങനെ കാർഷികമേഖലയെ സുസ്ഥിരമായി ഉത്തേജിപ്പിക്കാൻ സഹായകമാകുന്ന ഫലങ്ങൾ കൊണ്ടുവരുന്നതിന് പദ്ധതികൾ ലക്ഷ്യമിട്ടു. മാത്രമല്ല ഗുണനിലവാരമുള്ള വിത്തുകളും നടീൽ വസ്തുക്കളും വികസിപ്പിക്കുന്നതിനും വിത്തു പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തുല്യ ഊന്നൽ നൽകി.

**2021–2022ൽ സർവ്വകലാശാലയുടെ പ്രധാന നേട്ടങ്ങൾ**

- കുറ്റ്യാട്ടൂർ മാമ്പഴം, എടയൂർ മുളക് എന്നിവയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കി. സർവ്വകലാശാലയുടെ പരിശ്രമത്തിലൂടെ ജനിതകഘടന സംരക്ഷണത്തിലും ഭൗമസൂചിക രജിസ്ട്രേഷനിലും കേരളം ഒന്നാം സ്ഥാനം കരസ്ഥമാക്കി.
- സർവ്വകലാശാലയുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തിന് മൂന്ന് ദേശീയ 'സസ്യ ജീനോം സേവിയർ' അവാർഡുകൾ ലഭിച്ചു.
- നാനോ സയൻസ്, റിമോട്ട് സെൻസിംഗ്, ജൈവകൃഷി എന്നീ മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനായി മൂന്ന് പുതിയ വിഭാഗം രൂപീകരിച്ചു. ബൗദ്ധിക സ്വത്തവകാശത്തേയും വാണിജ്യത്തെയും കുറിച്ചുള്ള പഠന കേന്ദ്രവും സ്ഥാപിച്ചു.
- നെല്ല്, തെങ്ങ്, വാഴ എന്നിവയെ അടിസ്ഥാനമാക്കി സംയോജിത കാർഷിക സമ്പ്രദായ മാതൃകകൾ വികസിപ്പിച്ചു.
- ഉണങ്ങിയ കശുമാങ്ങ പൊടി, ഓസ്മോ എയർ ഡീഹൈഡ്രേറ്റഡ് ഫ്രൂട്ട്സ് (ചതുരപ്പുളി, പപ്പായ), ചക്ക പായ്ക്ക് ചെയ്യുന്നതിനും, വെജിറ്റബിൾ,മിക്സ്ഡ് ഫ്രൂട്ട് ജാം എന്നിവയുടെ നിർമ്മാണത്തിനുമുള്ള സാങ്കേതികവിദ്യ പ്രമാണാനുസാരമാക്കുകയും വിദ്യ കൈമാറുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു.
- കശുമാങ്ങയിൽ നിന്നും പുതിയ ആരോഗ്യപാനീയം വികസിപ്പിക്കുകയും, കൂടാതെ മുളപ്പിച്ച കശുമാവിന്റെ ഉൽപ്പാദന പ്രോട്ടോക്കോൾ വാണിജ്യവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.
- 1365 ടൺ വിത്ത്, 68 ലക്ഷം തൈകൾ/ഗ്രാഫ്റ്റ്/ലെയർ, 520 ടൺ ജൈവനിയന്ത്രണ ഉപാധികൾ എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു.
- കെ.എ.യു വീഡ് വൈപ്പർ, ചിലവ് കുറഞ്ഞ "ഇലക്ട്രോസ്റ്റാറ്റിക് സ്പ്രേ ചാർജിംഗ്" സംവിധാനം, കളനിയന്ത്രണത്തിനായുള്ള "ഹാൻഡ് ഹെൽഡ്വൈപ്പർ", 'വീൽ ഹോ വീഡർ', പൊക്കാളി കൃഷിയിൽ ഉപയോഗിക്കുന്ന ഫ്ലോട്ടിംഗ് നെല്ല് കൊയ്ത്തുയന്ത്രം എന്നിവയ്ക്ക് പേറ്റന്റ് ലഭിച്ചു.
- വിജ്ഞാനവ്യാപന പ്രവർത്തനങ്ങളിൽ കാര്യശേഷി വർദ്ധന പരിപാടികൾ, കൃഷിയിടങ്ങളിലെ പരീക്ഷണങ്ങൾ, ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനുകൾ, ഉപദേശക സേവനങ്ങൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ ഉൾപ്പെടുന്നു. മൾട്ടിഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (എം.ഡി.റ്റി) സന്ദർശനങ്ങളും മുഖാമുഖം പരിപാടികളുമായിരുന്നു മറ്റു പ്രവർത്തനങ്ങൾ. 966 കർഷകരെ ഉൾപ്പെടുത്തി 21 ഫീൽഡ് സന്ദർശനങ്ങൾ നടത്തി.
- കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹകരണത്തോടെ സംസ്ഥാനത്തുടനീളം 7 കർഷക ഉൽപ്പാദന സംഘടനകൾ രൂപീകരിക്കുന്നതിനു വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് നേതൃത്വം നല്കി .
- ജൈവകീടനിയന്ത്രണ ഉപാധികൾ ഉപയോഗിച്ചു കൊണ്ടുള്ള കീടരോഗനിയന്ത്രണം, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നീ മൂന്നു വിഷയങ്ങളിൽ ഓപ്പൺ ഓൺലൈൻ കോഴ്സുകൾ (എം.ഒ.ഒ.സി) സെന്റർ ഫോർ ഇ-ലേർണിംഗ്, 300 രജിസ്റ്റേർഡ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കി.

**പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ സർവ്വകലാശാലയുടെ ശ്രദ്ധേയമായ നേട്ടങ്ങൾ താഴെ പറയുന്നു.**

- വിവിധ വിളകളിലായി 35 ഇനങ്ങളുടെ വികസനം, സുരക്ഷിത ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 3 കീടനാശിനി അവശിഷ്ട നിർണ്ണയ ലബോറട്ടറികളുടെ (ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര, കാർഷിക കോളേജ്, പടന്നക്കാട്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം) സ്ഥാപനം, ദ്വിതീയ സൂക്ഷ്മ മൂലക മിശ്രിതങ്ങളായ അയർ, സമ്പൂർണ്ണ, ബനാന മൈക്രോമിക്സ്, വെജിറ്റബിൾ മിക്സ് എന്നിവയുടെ വികസനം.
- പ്രാദേശിക ഇനങ്ങളുടേയും പരമ്പരാഗത ഇനങ്ങളുടേയും സംരക്ഷണം, പരിപാലനം, ലഭ്യത, വ്യാപനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച വിത്തു ബാങ്ക് പദ്ധതിയിൽ ഏകദേശം 50,000 വിത്തു ശേഖരങ്ങൾ 30 വർഷത്തേയ്ക്ക് സംരക്ഷിക്കാൻ സൗകര്യമുള്ള വിത്തു ബാങ്കുകൾ സ്ഥാപിച്ചു.
- R-ABI (RKVY-RAFTAAR Agribusiness incubator) എന്ന പദ്ധതിയിലൂടെ 122 സ്റ്റാർട്ട് അപ്പുകൾ സ്ഥാപിതമായി. ഇതിൽ 45 ശതമാനവും സംസ്കരണ മേഖലയിലുള്ളവയാണ്.
- ഇൻപുട്ട് ഡീലർമാരെ കർഷകരുടെ ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിന് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 4 ജില്ലകളിൽ ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ കോഴ്സ് നടപ്പിലാക്കി.
- ശാസ്ത്രീയ കാർഷിക രീതികൾ പ്രചരിപ്പിക്കുന്നതിനും അത്യാധുനിക സാങ്കേതിക വിദ്യകൾ കർഷകർക്ക് നൽകുന്നതിനുമായി 152 ബ്ലോക്കുകളിലായി പ്രവർത്തിക്കുന്ന ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ പ്രധാന പങ്കു വഹിച്ചു.
- കുടുംബശ്രീ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ദേശീയ കാർഷിക നൈപുണ്യ കൗൺസിൽ, സാമൂഹിക സേവന വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്ന് വിവിധ ഉപയോക്താക്കൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കി.
- വയനാട് ജില്ലയിലെ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തോടു ചേർന്ന് 60 വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന പുതിയ കാർഷിക കോളേജ് സ്ഥാപിച്ചു.
- സമ്പുഷ്ട കേരളം പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്തെ ചെറുപ്പക്കാരുടേയും കൗമാരക്കാരുടേയും പോഷകാഹാര ക്കുറവ് പരിഹരിക്കുന്നതിനായി മൾട്ടിന്യൂട്രിയന്റ് ന്യൂട്രിബാർ വികസിപ്പിച്ചു.

**പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന സംരംഭങ്ങൾ**

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തി ബഹുവിളകൃഷി/സംയോജിതകൃഷി സമ്പ്രദായരീതി എന്നിങ്ങനെയുള്ള ശാസ്ത്രീയമായ കൃഷിരീതികളിലൂടെ പരമാവധി വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭമിട്ട കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പുതിയ

സംരംഭങ്ങളിലൊന്നാണ്. കന്നുകാലി, മത്സ്യബന്ധനം, വിള, കൂടാതെ തേനീച്ചവളർത്തൽ, പട്ടുനൂൽകൃഷിപോലെയുള്ള സംരംഭങ്ങൾ ഈ സമീപനത്തിൽ ഉൾപ്പെടുന്നു. വിളയധിഷ്ഠിത ആസൂത്രണത്തിൽ നിന്നും സംയോജിത കൃഷി സമ്പ്രദായംപോലെയുള്ള സമ്പ്രദായാധിഷ്ഠിത പദ്ധതികളിലേയ്ക്കുള്ള മാറ്റമാണ് ഇതിലൂടെ കൊണ്ട് വരാൻ ലക്ഷ്യമിടുന്നത്.

കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള കൃഷിഭവനുകളെ 'സ്മാർട്ട് കൃഷിഭവനു'കളായി പരിവർത്തനം ചെയ്യുക എന്നതാണ് മറ്റൊരു സംരംഭം. വിവരസാങ്കേതികവിദ്യ ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക വിദ്യകളുടെ സംയോജനത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന രീതിയിൽ കർഷകരെ സഹായിക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനങ്ങളെ സജ്ജമാക്കും.

ഉല്പന്നങ്ങൾക്കായുള്ള സമാഹരണ സംവിധാനം, ശീതീകരണ സംവിധാനം ഉൾപ്പെടെ വിപണികളുടെ പശ്ചാത്തല സൗകര്യവികസനം എന്നിങ്ങനെ കാർഷിക വിപണന സംവിധാനം ശാക്തീകരിക്കുന്നതിനും സംഘടിതമാക്കുന്നതിനുമായുള്ള പദ്ധതികൾക്ക് ഊന്നൽ നൽകും. സംഭരണ സംവിധാനം മെച്ചപ്പെടുത്തുന്നത് കൂടാതെ പുതിയ വിപണികൾ, വ്യവസ്ഥാപിത വിതരണ ശൃംഖല വികസനം എന്നീ പ്രവർത്തനങ്ങൾക്കും തുല്യപ്രാധാന്യം നൽകും.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണസംഘങ്ങൾ, കുടുംബശ്രീ, വ്യവസായ വകുപ്പ് എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് മൂല്യവർദ്ധന, കാർഷികസംസ്കരണം ഉൾപ്പെടെയുള്ള കൃഷിയധിഷ്ഠിത സംരംഭകത്വത്തിന് പിന്തുണ നൽകുന്ന പരിപാടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

കാർഷികമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിൽ നിലവിലുള്ള സ്ഥാപന അടിസ്ഥാന സൗകര്യവികസനം, ധനസഹായം, വിപണനം, അറിവ്, വിവരപരിമിതികൾ എന്നിവ പരിഹരിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിക്കുന്നതിന്റെ ഉത്തരവാദിത്തം മൂല്യവർദ്ധിത കാർഷിക മിഷനിലൂടെ ലക്ഷ്യമിടുന്നു. കാർഷിക പ്രവർത്തനങ്ങളുടെ നവീകരണത്തിലൂടെ മൊത്തത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൂല്യശൃംഖലയുൾപ്പെടെ, കാർഷിക ഉല്പാദന പ്രക്രിയകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കും.

ഓരോ കാർഷിക ആവാസവ്യവസ്ഥാ യൂണിറ്റുകൾക്കും അനുയോജ്യമായ വിളയിനങ്ങളും, ഉല്പാദന പ്രോട്ടോക്കോളുകളും ഉൾപ്പെടെ വിളകൾക്കും വിളക്രമങ്ങൾക്കും അനുയോജ്യമായ ശുപാർശകൾ ശാസ്ത്രീയത ഉറപ്പ് വരുത്തി വികസിപ്പിക്കുന്നതിനും കാർഷിക ഗവേഷണം ശ്രദ്ധ കേന്ദ്രീകരിക്കും. കാലാവസ്ഥ മാറ്റം ഉൾപ്പെടെയുള്ള സമ്മർദ്ദങ്ങളെ പ്രതിരോധിക്കുന്ന ഹ്രസ്വകാല ഇനങ്ങളുടെ വികസനം, കൃത്യതാ കൃഷി, ഡിജിറ്റൽ കൃഷിയിലെ നൂതനാശയങ്ങൾക്കായുള്ള പ്രോട്ടോക്കോൾ വികസനം എന്നിവയ്ക്കും ഊന്നൽ നൽകും. കൃഷി വകുപ്പിന്റെ കാർഷിക വികസന പരിപാടികളുമായി യോജിച്ച് പോകുന്ന പ്രവർത്തനങ്ങളിൽ കാർഷിക സർവ്വകലാശാല കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും.

**മുന്നോട്ടേക്കുള്ള സാധ്യത**

സുസ്ഥിര കാർഷിക വികസനം എന്നതിന്റെ വിജയം കാർഷിക സാങ്കേതിക വിദ്യകളുടെ സമീപകാല മുന്നേറ്റങ്ങളെക്കുറിച്ചും അതനുസരിച്ച് കാർഷിക നിവേശങ്ങളുടെ കാര്യക്ഷമവും ഫലപ്രദവുമായ പരിപാലനത്തെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. കുറഞ്ഞ ഉല്പാദനക്ഷമത, ഉയർന്ന ഉല്പാദനച്ചെലവ്, തൊഴിലാളികളുടെ ദൗർലഭ്യം, കാര്യക്ഷമമല്ലാത്ത യന്ത്രവൽക്കരണം, വിഘടിതമായ വിതരണ ശൃംഖല, വിളവെടുപ്പിനു ശേഷമുള്ള പരിപാലനത്തിനായിട്ടുള്ള സംവിധാനത്തിന്റെ അപര്യാപ്തത എന്നിവ സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വികസനത്തിന് നിർണ്ണായകമായി നിൽക്കുന്ന ചില ഘടകങ്ങളാണ്. ലഭിക്കുന്ന ലാഭത്തിൽ സുസ്ഥിരത വരുത്തുന്നതിനായി ഉല്പാദനം, കാർഷിക വ്യവസായം, മൂല്യശൃംഖല, നിക്ഷേപവർദ്ധന എന്നിവയിലെ മാറ്റങ്ങളിലൂടെ കാർഷിക ആസൂത്രണത്തിൽ മാറ്റം കൊണ്ടുവരേണ്ടതുണ്ട്. ആധുനിക കൃഷി രീതിയിലും മറ്റ് കാർഷിക പ്രവർത്തനങ്ങളിലും കഴിവുകൾ വികസിപ്പിക്കുന്നത് ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിലേയ്ക്കുള്ള ശരിയായ നീക്കമായിരിക്കും.

കൃഷിയിൽ സ്ത്രീകളുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക മൂല്യശൃംഖലയുൾപ്പെടെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ ശാക്തീകരണം കൊണ്ടുവരുന്നതിന്റെ സാധ്യത കാണേണ്ടതാണ്. കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണം, യന്ത്രവൽക്കരണം എന്നിവ സഹായിക്കുന്നതിനായി ക്ലസ്റ്റർ കൃഷി, ഉല്പാദനത്തിലും വിളവെടുപ്പിനു ശേഷമുള്ള സംസ്കരണത്തിനായി ആധുനികവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിലൂടെ മികച്ച വില സാക്ഷാത്കരിക്കുവാൻ സഹായിക്കും. വിളയിറക്കുന്ന സീസണിന് മുമ്പായി കാർഷിക കാലാവസ്ഥാ കാർഷിക പരിസ്ഥിതി മേഖലകളെ അടിസ്ഥാനമാക്കിയുള്ള വിള ആസൂത്രണം, കാലാവസ്ഥാ അനിശ്ചിതത്വത്തിന് തയ്യാറെടുക്കുവാൻ കർഷകരെ സഹായിക്കും.

**കൃഷിക്കും അനുബന്ധ മേഖലകൾക്കും ധനസഹായം**

കാർഷിക മേഖലയുടെ വളർച്ചയെ പരിപോഷിപ്പിക്കുന്നതിൽ കാർഷിക ധനസഹായം നിർണായകമായ ഒരു സ്ഥാനം വഹിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷികമേഖലയുടെ ആകെയുള്ള സാമ്പത്തിക വളർച്ചയ്ക്കും കാർഷിക ധനസഹായം അത്യന്താപേക്ഷിതമായ ഒന്നാണ്. കാർഷിക ധനസഹായം പാവപ്പെട്ട കർഷകരെ അവരുടെ സമ്പത്ത് വർധിപ്പിക്കാൻ പ്രാപ്തരാക്കുന്നതിനോടൊപ്പം ഭക്ഷ്യ മൂല്യ വർദ്ധിത ശൃംഖലകളുടെ വികസനം സുഗമമാക്കുകയും ചെയ്യുന്നുണ്ട്. കൃഷി ഇറക്കുന്നതിനാവശ്യമായ വിത്തുകൾ, വളങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ, അഥവാ വിളവെടുപ്പ് സമയത്തിന് മുൻപുള്ള പ്രവർത്തനച്ചെലവുകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം കണ്ടെത്തുന്നതിൽ കാർഷിക ധനകാര്യത്തിന് നിർണ്ണായകമായ ഒരു സ്ഥാനമുണ്ട്.

ആഗോള വളർച്ചയ്ക്കും ഭക്ഷ്യസുരക്ഷയ്ക്കും ആവശ്യമായ കാർഷിക പ്രവർത്തനങ്ങളിൽ നിക്ഷേപ മൂലധനത്തിനും, സുസ്ഥിര സാമ്പത്തിക സേവനങ്ങൾക്കും വലിയ തോതിലുള്ള ആവശ്യകതയുണ്ട്. പ്രത്യേകിച്ചും, വികസ്വര രാജ്യങ്ങളിലെ ചെറുകിട കാർഷിക സംരംഭ ഉടമകളായ

കുടുംബങ്ങൾക്കും സംരംഭങ്ങൾക്കും ആവശ്യമായ നിക്ഷേപ മൂലധനവും സാമ്പത്തിക സേവനങ്ങളും ലഭ്യമാകുന്നതിനു വലിയതോതിലുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇത് കുറഞ്ഞ കാർഷിക ഉൽപ്പാദനക്ഷമത, കാര്യക്ഷമതയില്ലായ്മകൊണ്ടുള്ള കുറഞ്ഞ വരുമാനം, കാർഷിക പ്രവർത്തികൾക്കുള്ള ഉയർന്ന നഷ്ടം എന്നിവക്ക് കാരണമാകുന്നു. 2050 ആകുമ്പോഴേക്കും ആഗോള ഭക്ഷ്യ ആവശ്യം 70 ശതമാനം കണ്ട് വർദ്ധിക്കുന്നതിനുള്ള സാധ്യത കാണുന്നുണ്ട്. അതനുസരിച്ച് കാർഷിക, കാർഷിക-മൂല്യ വർദ്ധിത ശൃംഖലകളിൽ കുറഞ്ഞത് 80 ബില്യൺ ഡോളർ വാർഷിക നിക്ഷേപം ആവശ്യമായിവരും. വലിയ തോതിലുള്ള യന്ത്രവൽക്കരണം, കാലാവസ്ഥാ, നൂതന സാങ്കേതികവിദ്യകൾ, സംസ്കരണം, കാർഷിക-ഭക്ഷ്യ വിതരണ ശൃംഖല എന്നിവ വലിയതോതിൽ ആവശ്യമായിവരും. പരിമിതമായ പൊതുവിഭവങ്ങൾ മാത്രമേ നമുക്ക് ഇവിടെ ലഭ്യമായിട്ടുള്ളൂ ആയതിനാൽ ഇവയിൽ ഭൂരിഭാഗവും തന്നെ സ്വകാര്യ മേഖലയിൽ നിന്ന് വരേണ്ടതായിട്ടുണ്ട്. പാരിസ്ഥിതിക ആഘാതം കുറച്ചുകൊണ്ടും കാലാവസ്ഥാ അപകടസാധ്യതകൾ കണക്കാക്കികൊണ്ടും കാർഷിക പ്രവർത്തികളിൽ ഏർപ്പെടുന്ന കർഷകർക്കും കാർഷിക സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ചെറിയ നിക്ഷേപങ്ങൾ ആവശ്യമായിവരും.

ആഭ്യന്തര ഉൽപ്പാദന വളർച്ചയിൽ കാർഷിക മേഖലയുടെ വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ കാർഷിക വായ്പകളും നിക്ഷേപ പദ്ധതികളും നിലവിൽ ആനുപാതികമായി കുറവാണ്. കാർഷിക മേഖലയിലെ തനതായ അപകടസാധ്യതകൾ കൈകാര്യം ചെയ്യുന്നതിലുള്ള പരിചയക്കുറവ്, കാർഷിക ധനകാര്യത്തിനുള്ള പരിമിതമായ ആവശ്യം, കാർഷിക വായ്പാ പദ്ധതികൾ കൈകാര്യം ചെയ്യുന്നതിൽ ധനകാര്യ സ്ഥാപനങ്ങളുടെ വൈദഗ്ധ്യത്തിന്റെ അഭാവം, ചെറുകിട കർഷകരും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും നേരിടുന്ന ഉയർന്ന ഇടപാട് ചെലവ് എന്നിവ സാമ്പത്തിക വിപണി നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

പട്ടിണി, ദാരിദ്ര്യം, അസമത്വം എന്നിവ അവസാനിപ്പിക്കുന്നതിനുള്ള പ്രധാന ലക്ഷ്യങ്ങൾ ഉൾപ്പെടെയുള്ള 17 ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി. എസ്) കൈവരിക്കുന്നതിന് കൃഷിക്കും അതുമായി ബന്ധപ്പെട്ട നിരവധി മൂല്യവർദ്ധിത കാർഷിക വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും നിർണായക പങ്ക് വഹിക്കാനാകും. ഇന്ത്യയിൽ നബാർഡ്, വർദ്ധിച്ചുവരുന്ന മൂലധന രൂപീകരണത്തിനായി കൃഷിയിലും അനുബന്ധമേഖലകളിലും നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ വിവിധ പ്രൊമോഷണൽ & ഡെവലപ്മെന്റ് സംരംഭങ്ങളിലൂടെയും ബാങ്കുകൾക്ക് പുനർവായ്പാ പിന്തുണ നൽകുന്നതിലൂടെയും കാർഷികരംഗത്ത് സുസ്ഥിര വികസനം കൈവരിക്കാൻ സഹായിക്കുന്നുണ്ട്.


വിഭവസമാഹരണം, ഭൂവിനിയോഗം, കൃഷിരീതി, കൃഷിയുടെ തോത്, സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ എന്നിവയിൽ കേരളത്തിൽ നിലനിൽക്കുന്ന കൃഷിരീതി രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. സംസ്ഥാനത്തെ ഭൂരിഭാഗം കർഷകരും ചെറുകിട നാമമാത്ര കർഷകരാണ്, നാമമാത്ര-ചെറുകിട തോട്ടങ്ങളിലാണ് ഉത്പാദനം കൂടുതലായും നടക്കുന്നത്. കേരളം പോലൊരു സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ ശേഖരണത്തിന് വലിയ പ്രാധാന്യമുണ്ട്. ആയതുകൊണ്ടുതന്നെ കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും വായ്പ നൽകുന്നതോടൊപ്പം തന്നെ കാർഷിക-കാർഷികോൽപ്പന്ന വിതരണ ശൃംഖലയ്ക്കും വായ്പ നൽകുന്നതിൽ കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിച്ചുവരുന്നു.

സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾ പ്രാഥമിക മേഖലയ്ക്ക് ദീർഘകാല, ഇടത്തരം, ഹ്രസ്വകാല വായ്പകൾ നൽകിവരുന്നുണ്ട്. 2021 മാർച്ചിലെ കണക്കനുസരിച്ച് രാജ്യത്തെ മൊത്തം കാർഷിക വായ്പാ വിതരണത്തിന്റെ 5.64 ശതമാനത്തോളം കേരളത്തിന്റെ വിഹിതമാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളത്തിലെ കാർഷിക വായ്പാ വിതരണ തോത് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ കണക്ക് പ്രകാരം കേരളത്തിൽ ഒരു മികച്ച ബാങ്കിംഗ് ശൃംഖലതന്നെ നിലവിലുണ്ട്. 2022 മാർച്ചിലെ കണക്കു പ്രകാരം കേരളത്തിൽ ബ്രാഞ്ചുകൾ ഉൾപ്പെടെ ആകെ 7622 ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്, അതിൽ 6624 വാണിജ്യ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും ചെറുകിട ധനകാര്യ ബാങ്കുകളുമാണ്, കൂടാതെ 998 സഹകരണ ബാങ്കുകളും അവയുടെ ശാഖകളും ഉൾപ്പെടെ കാർഷിക ധനകാര്യ മേഖലയിൽ വാണിജ്യ വാണിജ്യേതര ബാങ്കുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും (പി.എ.സി.എസ്) സംസ്ഥാനത്ത് കാർഷിക മേഖലയിൽ കൂടുതൽ സാമ്പത്തിക വളർച്ച നേടിയെടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. സഹകരണവും പ്രാഥമിക സഹകരണ സംഘങ്ങളും കേരളത്തിന്റെ ശക്തിയാണ്, അത് സ്വാതന്ത്ര്യ സമരത്തിന്റെ സമ്പന്നമായ പാരമ്പര്യവും പേറുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസം കേരളത്തിന്റെ ചരിത്ര പൈതൃകത്തിന്റെ ഭാഗം കൂടിയാണ്, ഇന്ന് ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തെ ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങളുടെ നട്ടെല്ലാണ്. കേരളത്തിലെ സഹകരണ മേഖല അവരുടെ വികസനത്തിലും പ്രവർത്തനത്തിലും സർക്കാരിൽ നിന്നുള്ള എല്ലാ സഹായ സഹകരണങ്ങളും അനുഭവഭേദ്യമായ ഒരു മേഖലയാണ്. വാസ്തവത്തിൽ, കേരളത്തിലെ ഒട്ടുമിക്ക സഹകരണ സ്ഥാപനങ്ങളുടെയും അടച്ചുതീർത്ത ഓഹരി മൂലധനത്തിൽ സർക്കാർ ഓഹരിയും ഉൾപ്പെട്ടിട്ടുണ്ട്. പ്രാദേശിക തലത്തിൽ 2022, മാർച്ച് വരെയുള്ള കണക്കനുസരിച്ച് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ റൂറൽ ഡെവലപ്മെന്റ് ബാങ്കിന്റെ 170 ഓഫീസുകളിലൂടെയും 1,644 പ്രാഥമിക സഹകരണ സംഘങ്ങളിലൂടെയും ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്ക് കേരളത്തിൽ നല്ലൊരു ശൃംഖലതന്നെയുണ്ട്.

സംസ്ഥാനത്തിന്റെ വായ്പാ-നിക്ഷേപ അനുപാതം, 2022 മാർച്ചിലെ കണക്കനുസരിച്ച് 65 ശതമാനത്തിൽ നിന്ന് 64 ശതമാനമായി കുറഞ്ഞു. ഈ അനുപാതം വർഷംതോറും കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കാർഷിക, കാർഷിക-അനുബന്ധ മേഖലകളിലെ നിഷ്ക്രിയ ആസ്തി മൊത്തം കാർഷിക വിതരണത്തിന്റെ 4.08 ശതമാനമാണ്. 2021-22 ൽ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിൽ നിന്ന് 28 ശതമാനം വർദ്ധനവോടെ കേരളത്തിലെ പ്രാഥമികമേഖല വായ്പ 128 ശതമാനം ഉയർച്ച കൈവരിച്ചു. 2022 മാർച്ച് വരെ കിസാൻ ക്രെഡിറ്റ് കാർഡിന് (കെ.സി.സി) കീഴിൽ പിരിഞ്ഞുകിട്ടാനുള്ള ബാക്കി തുക 43,159.41

**ചിത്രം 3.1.5** കേരളത്തിൽ 2017-18 മുതൽ 2021-22 വരെയുള്ള കാർഷിക വായ്പകൾ




അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ, 2022-23

കോടി രൂപയാണ്. 2020-21 വർഷത്തിൽ കിസാൻ ക്രെഡിറ്റ് കാർഡിന് (കെ.സി.സി) കീഴിൽ എല്ലാ ഏജൻസികളും കൂടി നൽകിയ 12.89 ലക്ഷം കാർഡുകളിലൂടെ ഇതുവരെ ആകെ വിതരണം ചെയ്തത് 24,413.31 കോടി രൂപയാണ്.

കാർഷിക വായ്പയുടെ വിതരണം 2017-18 ലെ 67,089 കോടി രൂപയിൽ നിന്നും 2020-21ൽ 83,102 കോടി രൂപയായി. 2020-21 ൽ വിതരണം ചെയ്ത മൊത്തം 52,224 കോടി രൂപ പൊതു-സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകളും, 16,872 കോടി രൂപ സഹകരണ ബാങ്കുകളും, 12,846 കോടി രൂപ റീജണൽ റൂറൽ ബാങ്കുകളും, 1,160 കോടി രൂപ മറ്റ് ചെറുകിട ധനകാര്യ ബാങ്കുകളും ചേർന്നാണ് വിതരണം ചെയ്തത്. കാർഷിക, കാർഷികാനുബന്ധ പ്രവർത്തനങ്ങളിലെ വായ്പാ മുന്നേറ്റത്തിൽ വാണിജ്യ ബാങ്കുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നതായി ഇത് കാണിക്കുന്നു **(പട്ടിക 3.1.6).** 2020-21 കാലയളവിലെ വിളവായ്പാ വിതരണത്തിന്റെ കണക്കെടുത്താൽ വിള വായ്പയുടെ നേട്ടം 110 ശതമാനമായി ഉയർന്നതായി കാണാം. അതേസമയം 2019-20 ൽ വിളവായ്പ വിതരണം നിശ്ചയിച്ച ലക്ഷ്യത്തിന്റെ 105 ശതമാനം മാത്രമായിരുന്നു. സഹകരണ ബാങ്കുകളുടെ മുൻ സാമ്പത്തിക വർഷത്തെ ഹ്രസ്വകാല വായ്പാ വിതരണം 55 ശതമാനമായിരുന്നത് 2020-21ൽ അത് 84 ശതമാനം നേട്ടം കൈവരിച്ചുകൊണ്ട് സഹകരണ ബാങ്കുകൾ കാർഷിക വായ്പ നൽകുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുള്ളതായി കാണാൻ കഴിയും.

കാർഷിക ദീർഘകാല വായ്പാ നേട്ടം 2019-20 ലെ 97 ശതമാനത്തിൽ നിന്ന് 2020-21ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 117 ശതമാനം കൈവരിച്ചതായി കാണാം. 2020-21ൽ ദീർഘകാല വായ്പാ ലക്ഷ്യത്തിന്റെ 119 ശതമാനം കൈവരിച്ചുകൊണ്ട് ഉത്പാദന വായ്പ നൽകുന്നതിൽ സഹകരണ സ്ഥാപനങ്ങൾ 19 ശതമാനം അധിക വളർച്ച നേടി എന്നത് ശ്രദ്ധേയമാണ്, പൊതുമേഖലാ വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് സഹകരണ ബാങ്കുകളുടെ ഈ നേട്ടം ശ്ലാഘനീയമാണ്. ഇത് കാണിക്കുന്നത് കഴിഞ്ഞ അഞ്ച് വർഷമായി മുൻഗണനാ മേഖലയുടെ അല്ലെങ്കിൽ കാർഷിക ഉത്പാദന വായ്പയുടെ വിതരണത്തിൽ വർദ്ധനവ് വരുന്നുണ്ടെന്നുള്ള ഒരു പ്രവണത കാണിക്കുന്നു **(ചിത്രം 3.1.5).**

**പട്ടിക 3.1.6** 2020-21ൽ കാർഷിക മേഖലയിലേക്കുള്ള വായ്പാ വിതരണം (കോടി രൂപയിൽ)


| ക്രമനം | ഏജൻസിയുടെ പേര് | ഹ്രസ്വകാല (വിള) വായ്പ | | | ദീർഘകാല (ഉത്പാദന) വായ്പാ | | | ആകെ കാർഷിക വായ്പ | | |
|---|---|---|---|---|---|---|---|---|---|---|
| | | ലക്ഷ്യം | നേട്ടം | ശതമാനം | ലക്ഷ്യം | നേട്ടം | ശതമാനം | ലക്ഷ്യം | നേട്ടം | ശതമാനം |
| 1 | പൊതു സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | 27433.55 | 30088.46 | 110 | 18378.59 | 22135.19 | 120 | 45812.15 | 52223.66 | 114 |
| 2 | സഹകരണ ബാങ്കുകൾ | 12490.94 | 10530.03 | 84 | 5323.05 | 6341.73 | 119 | 17813.99 | 16871.76 | 95 |
| 3 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 7227.59 | 11342.91 | 157 | 2270.28 | 1503.72 | 66 | 9497.87 | 12846.63 | 135 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 305.90 | 218.57 | 71 | 477.57 | 941.01 | 197 | 783.47 | 1159.58 | 148 |
| | ആകെ | 47457.98 | 52179.97 | 110 | 26449.49 | 30921.65 | 117 | 73907.48 | 83101.63 | 112 |

അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ, 2022-23

### നിക്ഷേപ വായ്പ

മൊത്തം കാർഷിക വായ്പയെ ഉൽപ്പാദനവായ്പയായും നിക്ഷേപവായ്പയായും വിഭജിച്ച് വിലയിരുത്തിയാൽ നിക്ഷേപ വായ്പയുടെ വിഹിതം 2021-22 ലെ മൊത്തം വായ്പയുടെ 36 ശതമാനമാണ്. ദീർഘകാലാടിസ്ഥാനത്തിൽ നിക്ഷേപ വായ്പയിൽ 2015-16 ലെ 20 ശതമാനത്തിൽ നിന്ന് 2021-22 ൽ 36 ശതമാനമായി ക്രമാനുഗതമായ വർദ്ധനവുണ്ടായതായി കാണാം. എന്നിരുന്നാലും ദീർഘകാല/നിക്ഷേപ വായ്പയുടെ വിഹിതം 2018-19 ൽ കാർഷിക മേഖലയ്ക്കുള്ള മൊത്തം ഗ്രൗണ്ട് ലെവൽ ക്രെഡിറ്റിന്റെ 38 ശതമാനമായിരുന്നത് 2019-20 ൽ 33 ശതമാനമായി കുറയുകയും 2020-21 ൽ ഇത് 37 ശതമാനവും, 2021-22 ൽ 36 ശതമാനവും ആയതായി കാണാം. ഇത് ഹ്രസ്വകാല/ഉത്പാദന വായ്പയുമായി താരതമ്യപ്പെടുത്തുമ്പോൾ ദീർഘകാല/നിക്ഷേപ വായ്പയിൽ സ്ഥിരതയുള്ളതായി കാണാം. **(ചിത്രം 3.1.6)**

**ചിത്രം 3.1.6** കേരളത്തിലെ മൊത്തം കാർഷിക വായ്പയിൽ ഉൽപാദന, നിക്ഷേപ വായ്പകളുടെ വിഹിതം




അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2022-23

കഴിഞ്ഞ കുറച്ച് വർഷങ്ങളായി നിക്ഷേപ വായ്പയുടെ അനുപാതത്തിൽ വളരെയേറെ മാറ്റം സംഭവിച്ചതായി കാണാൻ സാധിക്കും. 2015-16-ൽ കൃഷിയിലേക്കുള്ള മൊത്തം ഗ്രൗണ്ട് ലെവൽ ക്രെഡിറ്റിന്റെ (ജി.എൽ.സി വിതരണത്തിന്റെ) യഥാക്രമം 80 ശതമാനം ഉൽപ്പാദന വായ്പയും 20 ശതമാനം നിക്ഷേപ വായ്പയും ആയിരുന്നത്

2020-21-ൽ ഉൽപ്പാദന നിക്ഷേപ വായ്പകളുടെ അനുപാതം യഥാക്രമം 64 ശതമാനമായും 36 ശതമാനമായും മാറി. ഹ്രസ്വകാല വായ്പ 13 ശതമാനം കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്കിലും ദീർഘകാലവായ്പ 20 ശതമാനം സി.എ.ജി.ആറിലും ആണ് നൽകി വരുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ കാർഷിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമായ ആസ്തികൾ സൃഷ്ടിക്കാൻ കാർഷിക മേഖലയെ ദീർഘകാല വായ്പകൾ സഹായിക്കുന്നുണ്ട്, എന്നതിനാൽതന്നെ നിക്ഷേപ വായ്പയുടെ വിഹിതം വർദ്ധിപ്പിക്കാനാകുന്നത് വളരെ പ്രധാനമാണ്. ദീർഘകാലാടിസ്ഥാനത്തിൽ കൃഷിയിൽ നിന്നുള്ള വരുമാനത്തിൽ സുസ്ഥിരമായ വർദ്ധനയുണ്ടാക്കുന്നതിനും, ആവശ്യകതകൾക്ക് അനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നിക്ഷേപ വായ്പയുടെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.


2021-22 ൽ സംസ്ഥാനത്ത് 97,265 കോടി രൂപ കാർഷിക വായ്പയായി വിതരണം ചെയ്തു. ഇതിൽ 62,609 കോടി രൂപ ഉൽപ്പാദന വായ്പയും 34,657 കോടി നിക്ഷേപ വായ്പയുമാണ്. **അനുബന്ധം 3.1.25**ൽ ഉപമേഖലാ തിരിച്ചുള്ള കാർഷിക വായ്പാ വിതരണവും **അനുബന്ധം 3.1.26**ൽ ഉൽപ്പാദന, നിക്ഷേപ വായ്പകളുടെ വിഭജനവും നൽകിയിരിക്കുന്നു. കാർഷിക മേഖലയിൽ മൂലധന രൂപീകരണം സുഗമമാക്കുന്നതിന് ദീർഘകാല കാർഷിക വായ്പ വിതരണത്തിൽ തടസ്സങ്ങളേതുമില്ലെന്ന് ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട്. ഏജൻസി തിരിച്ചുള്ളതും മേഖല തിരിച്ചുള്ളതുമായ കാർഷിക വായ്പാവിതരണം **അനുബന്ധം 3.1.27**ൽ നൽകിയിരിക്കുന്നു.

### കാർഷിക മേഖലയ്ക്കുള്ള നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം

2020-21 കാലയളവിൽ കേരളത്തിലെ കാർഷിക മേഖലയ്ക്കുള്ള നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം **ചിത്രം 3.1.7**ൽ നൽകിയിരിക്കുന്നു. 2020-21 ൽ സംസ്ഥാനത്ത് നിക്ഷേപ വായ്പയായി 30,922 കോടി രൂപ വിതരണം ചെയ്തു, അതിൽ സ്വകാര്യ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ 22,135 കോടി രൂപയും സഹകരണ ബാങ്കുകൾ 6342 കോടി രൂപയും ആർ.ആർ.ബി കൾ 1504 കോടി രൂപയും മറ്റുള്ളവ 941 കോടി രൂപയുമാണ് വിതരണം ചെയ്തത്. മൊത്തം ദീർഘകാല വായ്പയുടെ 72 ശതമാനമാണ് വാണിജ്യ ബാങ്കുകളുടെ വിഹിതം. അതേസമയം സഹകരണ ബാങ്കുകളുടെ വിഹിതം 20 ശതമാനം മാത്രമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് സഹകരണ ബാങ്കുകളുടെ വിഹിതത്തിൽ നേരിയ വർദ്ധനവ് കാണുന്നുണ്ട്. ദീർഘകാല/നിക്ഷേപ വായ്പയിൽ ആർ.ആർ.ബികളുടെയും ചെറുകിട ധനകാര്യ ബാങ്കുകളുടെയും വിഹിതം യഥാക്രമം 5 ശതമാനവും 3 ശതമാനവുമായിരുന്നു. **കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) :** ബാങ്കിംഗ് മേഖലയിൽ നിന്ന് കർഷകർക്ക് മിതമായതും സമയബന്ധിതവുമായ വായ്പ ഉറപ്പാക്കുന്നതിനുള്ള ഒരു നടപടിയെന്ന നിലയിലാണ് 1998-99 ൽ കെ.സി.സി പദ്ധതി അവതരിപ്പിച്ചത്. നബാർഡിന് ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം, 2021-22 കാലയളവിൽ സംസ്ഥാനത്ത് 24,413 കോടി രൂപയുടെ 12.89 ലക്ഷം കിസാൻ ക്രെഡിറ്റ് കാർഡുകൾ (കെ.സി.സി) വിതരണം ചെയ്തു. വിവിധ ഏജൻസികൾ മുഖേനയുള്ള കെ.സി.സിയുടെ വിതരണം **അനുബന്ധം 3.1.28**ൽ നൽകിയിരിക്കുന്നു. കർഷകർക്ക് ഓട്ടോമേറ്റഡ് ടെല്ലർ മെഷീനുകൾ, എവിടെയും ബാങ്കിംഗ്, ഡെബിറ്റ് കാർഡുകൾ എന്നിവ പോലുള്ള മൂല്യവർദ്ധിത സേവനങ്ങൾ നൽകുന്നതിന് ബാങ്കുകൾ അവരുടെ കോർ ബാങ്കിങ് സൊല്യൂഷൻ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. കെ.സി.സി യിൽ സ്മാർട്ട് കാർഡുകളോ ഡെബിറ്റ് കാർഡുകളോ നൽകുന്നതിന് ബാങ്കുകൾക്ക് റുപേ നെറ്റ്‌വർക്ക് ഉപയോഗിക്കാനാകും. അതുവഴി കർഷകർക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകും. 2020 ഏപ്രിൽ മുതൽ വിതരണം ചെയ്ത ഹ്രസ്വകാല വായ്പകളുടെ പലിശ സബ്‌വെൻഷന്റെ (ഐ.എസ്.എസ്) ആനുകൂല്യം ലഭിക്കുന്നതിന് കെ.സി.സി വേണമെന്നുള്ളത് നിർബന്ധമാക്കി. ഐ.എസ്.എസ്-ന്റെ ആനുകൂല്യം ലഭിക്കുന്നതിന് ആധാറും നിർബന്ധമാക്കിയിട്ടുണ്ട്. ഏകദേശം മൂന്ന് കോടിയോളം കിസാൻ ക്രെഡിറ്റ് കാർഡുകൾ സഹകരണ മേഖലയിൽ റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും, പി.എ.സി.എസുകളിലുമായി ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു, അതിനാൽത്തന്നെ കിസാൻ ക്രെഡിറ്റ് കാർഡുകൾ റുപേ

കാർഡുകളാക്കി മാറ്റുന്നതിന് സഹകരണ മേഖലയെ പിന്തുണയ്ക്കേണ്ടത് വളരെ പ്രധാനമാണ്. കേരള ഗ്രാമീൺ ബാങ്കിലും ഡി.സി.ബി കളിലുമായി ഏകദേശം 8 ലക്ഷം കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകളുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

**ചിത്രം 3.1.7** 2020-21 ൽ കാർഷിക മേഖലയിലെ നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം




അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2022-23

**നബാർഡ്**

നബാർഡ് സംസ്ഥാനങ്ങൾക്ക് വായ്പ/പുനർവായ്പാ രൂപത്തിലും ഗ്രാന്റ് പിന്തുണയായും സഹായങ്ങൾ നൽകി വരുന്നു. കാർഷിക മേഖലകളിലേക്കും അനുബന്ധ മേഖലകളിലേക്കും ഗ്രൗണ്ട് ലെവൽ വായ്പാ പ്രവാഹം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി വായ്പ വിപുലീകരിക്കേണ്ടതായിട്ടുണ്ട്. കാർഷിക മേഖലയിലെ നവീകരണം മുതൽ കർഷക ഉൽപ്പാദക സംഘടനകളുടെ പ്രോത്സാഹനം, ഫാം പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, നൈപുണ്യ വികസനം, സാമ്പത്തിക സഹായ പിന്തുണ, ബാങ്കിംഗ് ഇടപാടുകൾ ഡിജിറ്റൈസ് ചെയ്യൽ, ഉപജീവന സാധ്യതകൾ സൃഷ്ടിക്കൽ തുടങ്ങി വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് രൂപത്തിലുള്ള സാമ്പത്തിക സഹായം വിപുലീകരിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം തന്നെ സ്വയം സഹായ ഗ്രൂപ്പ് /ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവക്കുള്ള പരിശീലനത്തിലൂടെയും വിപണന പിന്തുണയിലൂടെയും അവരുടെ ശേഷി വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളും നടത്തിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ, നബാർഡ് കേരള മേഖല 19660 കോടി രൂപ സംസ്ഥാനത്ത് വിതരണം ചെയ്തു. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 46 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി കാണുന്നുണ്ട്.

**ദീർഘകാല ഗ്രാമീണ വായ്പാ ഫണ്ട് (എൽറ്റി.ആർ. സി.എഫ്), ഹ്രസ്വകാല പുനർ വായ്പ, നേരിട്ടുള്ള പുനർ വായ്പ**

നിക്ഷേപ വായ്പ, കർഷകർക്കും സംരംഭകർക്കും, അവരുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, അധിക വരുമാനം എന്നിവ ആർജിക്കുന്നതിനു കാരണമാകുന്നുണ്ട്. കർഷകരുടെയും ഗ്രാമീണ കരകൗശല-കൈത്തൊഴിലാളികൾ എന്നിവരുടെ നിക്ഷേപ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മതിയായ വായ്പകൾ നൽകുന്നതിന് ബാങ്കുകൾക്ക് ദീർഘകാല, ഇടത്തരം പുനർവായ്പ നബാർഡ് നൽകുന്നു. സഹകരണ ബാങ്കുകൾക്കും റീജിയണൽ റൂറൽ ബാങ്കുകൾക്കും (ആർ. ആർ.ബി) മാത്രമായി കാർഷിക പ്രവർത്തനങ്ങളിലെ നിക്ഷേപ വായ്പയ്ക്ക് ദീർഘകാല റീഫിനാൻസ് പിന്തുണ നൽകുന്നതിനായി നബാർഡുമായി ചേർന്ന് ഇന്ത്യ ഗവൺമെന്റ് ഒരു "ലോംഗ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്" രൂപീകരിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും (എസ്.സി.എ.ആർ. ഡി.ബി.എസ്), ആർ.ആർ.ബി-കൾക്കും യോഗ്യതാ മാനദണ്ഡങ്ങളുടെ നിബന്ധനകൾക്കു വിധേയമായി നബാർഡിൽ നിന്ന് റീഫിനാൻസ് സൗകര്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്.

2021-22 സാമ്പത്തികവർഷത്തിൽ നബാർഡ് കേരള മേഖല 18,350 കോടി രൂപ പുനർവായ്പയായി നൽകി. അതിൽ ദീർഘകാല, ഹ്രസ്വകാല, നേരിട്ടുള്ള പുനർവായ്പ എന്നിവയും ഉൾപ്പെടുന്നുണ്ട്. ദീർഘകാല, ഹ്രസ്വകാല വായ്പകളുടെ രൂപത്തിൽ 18,250.95 കോടി രൂപയും, സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി (ആർ.ബി.ഐ വിപുലീകരിച്ചത്) ഉൾപ്പെടെ ഹ്രസ്വകാല പുനർവായ്പയായി 11,280 കോടി രൂപയും, ദീർഘകാല പുനർവായ്പയായി 6970.95 കോടി രൂപയും കേരള മേഖല വിതരണം ചെയ്തു. ഇങ്ങനെ വിതരണം ചെയ്തതിൽ ഭൂരിഭാഗവും വാണിജ്യ ബാങ്കുകൾക്കും ചെറുകിട ധനകാര്യ ബാങ്കുകൾക്കുമാണ് വിതരണം ചെയ്തത്.

കാർഷിക പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ബാങ്കുകളിൽ നിന്ന് കർഷകർക്ക് തടസ്സമില്ലാത്ത വായ്പാ പ്രവാഹം ഉറപ്പാക്കുന്നതിന്, ആർ.ആർ.ബി കൾക്കും സഹകരണ ബാങ്കുകൾക്കും മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്കും ഫ്രണ്ട് എന്റെഡ് ലിക്വിഡിറ്റി സപ്പോർട്ട് നൽകുന്നതിന് ആർ.ബി.ഐ നബാർഡിന് പ്രത്യേക സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 ൽ നബാർഡ് കേരള സംസ്ഥാന സഹകരണ ബാങ്കുകൾക്ക് 1720 കോടി രൂപയും കേരള ഗ്രാമീണ ബാങ്കിന് 1000 കോടി രൂപയും കെ.എസ്.സി.സി.ആർ.ഡി.ബി ക്ക് 200 കോടി രൂപയും ലിക്യുഡിറ്റി പിന്തുണയെന്ന നിലയിൽ പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി-2 പ്രകാരം നൽകിയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കും ആർ.ആർ.ബി-കൾക്കും എൽ.ടി.ആർ. സി.എഫിന് കീഴിൽ കാർഷിക മേഖലയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല പുനർവായ്പ നൽകുന്നതിന് പുറമേയാണ് ഇത് നൽകുന്നത്. നബാർഡിന്റെ പുനർവായ്പാ സഹായത്തിന്റെ ഏജൻസി തിരിച്ചുള്ള വിതരണം **അനുബന്ധം 3.1.29**ൽ നൽകിയിരിക്കുന്നു.

**നബാർഡിന്റെ മറ്റ് സഹായം**

നബാർഡ് ഗ്രാമീണ മേഖലകളിൽ വായ്പയുടെ സുഗമമായ വിതരണം സാധ്യമാക്കുകയും അതോടൊപ്പം അതിന്റെ വായ്പാ പ്രോത്സാഹന വികസന ഇടപെടലുകളിലൂടെ ഗ്രാമീണ മേഖലകളുടെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യുന്നു. സംസ്ഥാന സഹകരണ ബാങ്കുകൾക്കും (എസ്.സി.ബി) റീജിയണൽ റൂറൽ ബാങ്കുകൾക്കും (ആർ.ബി.ഐ) വായ്പാ പരിധി നിശ്ചയിച്ച് കുറഞ്ഞ നിരക്കിൽ കാർഷിക, കാർഷിക അനുബന്ധ മേഖലകളിലെ ദീർഘകാല നിക്ഷേപ ആവശ്യങ്ങൾക്കും ഉൽപ്പാദനത്തിനും നബാർഡ് പുനർവായ്പ നൽകി വരുന്നു.

കാർഷിക വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങളെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പിന്തുണ നൽകുന്നുണ്ട്. 2021-22 ൽ കൃഷി, കൃഷി അനുബന്ധ മേഖല, സാമൂഹിക മേഖല, കണക്റ്റിവിറ്റി മേഖല എന്നിവയിലായി

507.17 കോടി രൂപ, 4.4 ശതമാനം പലിശനിരക്കിൽ അനുവദിച്ചിരുന്നു. ആർ.ഐ.ഡി.എഫിന്റെ ട്രാഞ്ചെ തിരിച്ചുള്ള അനുമതിയും വിതരണവും **അനുബന്ധം 3.1.30**ൽ നൽകിയിരിക്കുന്നു. ഇതു കൂടാതെ പൂർത്തീകരിക്കാനുള്ള വൻകിട ഇടത്തരം ജലസേചന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്നതിലേക്കായി നബാർഡ് ഒരു ദീർഘകാല ജലസേചന ഫണ്ടും (എൽ.റ്റി.ഐ.എഫ്) രൂപീകരിച്ചിട്ടുണ്ട്.

നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്‌മെന്റ് അസിസ്റ്റൻസ് (എൻ.ഐ.ഡി.എ) എന്നത് ഗ്രാമീണ അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള നബാർഡിന്റെ ഒരു വായ്പാ പിന്തുണ പദ്ധതിയാണ്. സംസ്ഥാന സർക്കാരുകൾക്കും കോർപ്പറേഷനുകൾ പോലെയുള്ള മറ്റ് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കും എൻ.ഐ.ഡി.എ യുടെ സഹായം ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ ഗ്രാമീണ മേഖലയിലെ അടിസ്ഥാനസൗകര്യ പദ്ധതികളെ സഹായിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ ഫണ്ട് (എഫ്.പി.എഫ്), ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി. എഫ്), ഡയറി പ്രോസസിംഗ് & ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ഡി.ഐ.ഡി.എഫ്), മൈക്രോ ഇറിഗേഷൻ ഫണ്ട് (എം.ഐ.എഫ്) തുടങ്ങിയ ധാരാളം സാമ്പത്തിക സഹായ പരിപാടികൾ നബാർഡിന്റേതായി നിലവിലുണ്ട്. 2021-22 കാലയളവിൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുള്ള നബാർഡിന്റെ ധനസഹായം 802.55 കോടി രൂപയായിരുന്നു.

കേന്ദ്ര മേഖലാ പദ്ധതികളായ മൈക്രോ ഫുഡ് എന്റർപ്രൈസസ്(എം.എഫ്.ഇ) ഫണ്ട്, പ്രധാൻ മന്ത്രി മത്സ്യ സമ്പത്ത് യോജന, മൃഗസംരക്ഷണ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് എന്നിവ നബാർഡിന്റെ സഹായം കൂടാതെയുള്ള കാർഷിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്ന കേന്ദ്ര പദ്ധതികളാണ്. മേൽപ്പറഞ്ഞ സ്കീമുകൾക്ക് അനുസൃതമയി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മൾട്ടി സർവീസ് സെന്ററുകളാക്കി മാറ്റുന്നതിന് ഇളവോടെ പുനർവായ്പ നൽകുന്നതിന് എ.ഐ.എഫിന് കീഴിൽ ഒരു പ്രത്യേക പുനർവായ്പ പദ്ധതിയുമായി നബാർഡ് രംഗത്തെത്തിയിട്ടുണ്ട്. ഈ സ്കീമിനു കീഴിൽ കേരള ബാങ്കിന് 3 ശതമാനം പുനർവായ്പ അനുവദിക്കുകയും അത് പി.എ.സി.എസു-കൾ 4 ശതമാനം എന്ന നിരക്കിൽ ധനസഹായം നൽകുകയും ചെയ്യുന്നു. സംസ്ഥാനത്ത് എ.ഐ.എഫ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതിന്റെ സുഗമമായ വിതരണം ഉറപ്പാക്കുന്നതിന് കേരളത്തിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നാബ്കോണുമായി ഒരു കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. നബാർഡിന്റെ ഇടപെടലുകൾ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വരുമാനം സുഗമമാക്കുകയും അതോടൊപ്പം കൃഷിയുടെയും അനുബന്ധമേഖലകളുടെയും, സാമൂഹിക സാമ്പത്തിക മേഖലകളുടെയും അവസ്ഥ മെച്ചപ്പെടുത്തുന്നതിനും സഹായകരമാണ്. നബാർഡിന്റെ ഇത്തരത്തിലുള്ള ഇടപെടലുകൾ ഗ്രാമവികസനത്തിന് കൂടുതൽ ഉതകുമെന്നും മേഖലകളിലുടനീളമുള്ള സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

കേരളത്തിൽ ആവശ്യമുള്ള കർഷകർക്ക് സമയബന്ധിതവും മതിയായതുമായ വായ്പയുടെ ലഭ്യത യാതൊരു തടസ്സവുമില്ലാതെ ഉറപ്പാക്കാൻ ബാങ്കിംഗ് സംവിധാനം എല്ലായിപ്പോഴും സംസ്ഥാന സർക്കാരുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നുണ്ട്. നിക്ഷേപ വായ്പയുടെ വിഹിതം സംസ്ഥാനത്ത് പൊതുവെ കുറവാണ്, എന്നിരുന്നാലും സമീപ വർഷങ്ങളിൽ ഇത് വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നുണ്ട്. കേരളത്തിലെ ഭൂമി കൈവശഘടന അനുസരിച്ച് ഓരോ കൈവശഭൂമിയും ശരാശരി 0.18 ഹെക്ടർ വിസ്തൃതിയുള്ള തുണ്ടുവൽക്കരിച്ച ഭൂമിയാണ്. ഇതുതന്നെയാണ് കാർഷിക മേഖലയിലേക്കുള്ള കുറഞ്ഞ നിക്ഷേപ വായ്പയുടെ പ്രധാന കാരണം. കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ലഭ്യമാകുന്ന സ്വീകാര്യത ധനകാര്യ സ്ഥാപനങ്ങളുടെ ഉപഭോക്താക്കളോടുള്ള സമീപനം, ഭൂവുടമസ്ഥത എന്നിവ നമ്മുടെ സംസ്ഥാനത്ത് കാർഷിക ധനസഹായം വിപുലീകരിക്കുന്നതിനുള്ള പ്രധാനപ്പെട്ട വെല്ലുവിളികളാണ്. കാരണം അവ കാർഷിക ധനസഹായത്തിനുള്ള ശക്തമായ തടസ്സങ്ങളെ പ്രതിനിധീകരിക്കുന്നു. ഇങ്ങനെയുള്ള വെല്ലുവിളികൾക്ക് പരിഹാരംകണ്ടുകൊണ്ടു മാത്രമേ കാർഷിക ധനസഹായത്തിന്റെ മുന്നോട്ടുള്ള പ്രയാണം സുഗമമാകുകയുള്ളൂ. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായി കാലാവസ്ഥാ അനുകൂല നിക്ഷേപങ്ങൾ സുഗമമാക്കേണ്ടതും ഉയർത്തികൊണ്ടുവരേണ്ടതുമുണ്ട്. അതോടൊപ്പം തന്നെ കാർഷിക വായ്പാ പദ്ധതികളിൽ കാലാവസ്ഥാ അപകടസാധ്യതകൾ കൈകാര്യം ചെയ്യാൻ, ധനകാര്യ സ്ഥാപനങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ഇടപെടലുകളും ആവശ്യമാണ്.

# 3.2 കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ

സഹകരണ പ്രസ്ഥാനം ലോകമെമ്പാടും വ്യപിക്കുകയും സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകളെയും ഉൾക്കൊള്ളുകയും ചെയ്യുന്നു. ലോകമെമ്പാടുമുള്ള 3 ദശലക്ഷം സഹകരണ സംഘങ്ങളുടെ ഭാഗമാണ് മനുഷ്യരാശിയുടെ 12 ശതമാനത്തിലധികം വരുന്ന ജനങ്ങൾ. സഹകരണ സ്ഥാപനങ്ങൾ സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുകയും ലോകമെമ്പാടുമുള്ള 280 ദശലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകുകയും ചെയ്യുന്നു. വേൾഡ് കോപ്പറേറ്റീവ് മോണിറ്ററിന്റെ കണക്കനുസരിച്ച് ലോകത്തിലെ തൊഴിൽ ചെയ്യുന്ന ജനസംഖ്യയുടെ 10 ശതമാനവും സഹകരണ മേഖലയിലാണ്.

സമ്പദ്‌വ്യവസ്ഥയിൽ സഹകരണ സ്ഥാപനങ്ങളുടെ സ്ഥാനം സുപ്രധാനമാണ്. വായ്പ, സംഭരണം, ഉത്പാദനം, നിർമ്മാണം, വിപണനം, കാർഷിക സംസ്കരണം, ഉപഭോക്തൃ വിപണി, പരമ്പരാഗത വ്യവസായങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയുൾപ്പെടെ സമ്പദ്‌വ്യവസ്ഥയുടെ മിക്കവാറും എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം വ്യാപിച്ചുകിടക്കുന്നു. ഇന്നത്തെ മത്സരാധിഷ്ഠിതവും നിയന്ത്രണാതീതവുമായ സാമ്പത്തിക അന്തരീക്ഷത്തിൽ സഹകരണ സ്ഥാപനങ്ങൾ ആഗോളതലത്തിൽ മത്സരാധിഷ്ഠിതമാകുവാൻ വേണ്ടിയുള്ള പുതുതന്ത്രങ്ങൾ മെനഞ്ഞുകൊണ്ട് അവരുടെ നയങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്.

കേരളത്തിൽ സഹകരണ സംഘങ്ങളുടെ ശൃംഖലകൾ ഗ്രാമങ്ങളിലും നഗരങ്ങളിലും വ്യാപകമാണ്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സാമ്പത്തിക വികസനത്തിൽ പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ ദുർബലരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസനത്തിന് സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കാർഷിക വായ്പ, പൊതുവിതരണ സംവിധാനം, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, വനിതാ വികസനവും മത്സ്യബന്ധനവും, ആരോഗ്യം, പ്രൊഫഷണൽ വിദ്യാഭ്യാസവുമുൾപ്പെടെയുള്ള വിദ്യാഭ്യാസം, പാർപ്പിടം, കാർഷിക സംസ്കരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ വിപുലമായ ശൃംഖല തന്നെ സംസ്ഥാനത്തുണ്ട്. ദീർഘകാല വായ്പ നൽകുന്നതിനായി 1932 ലാണ് ഭൂപണയ ബാങ്ക് രൂപീകരിച്ചത്. കൊച്ചിൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് 1913-ൽ നിലവിൽ വന്നു. ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത ആദ്യത്തെ സഹകരണസംഘം "ദി അഡ്വാൻസ്ഡ് കോപ്പറേറ്റീവ് സൊസൈറ്റി" ആയിരുന്നു (കേരള വികസന റിപ്പോർട്ട് 2021, സംസ്ഥാന ആസൂത്രണ ബോർഡ്). കേരളത്തിൽ സഹകരണ സംഘങ്ങളെ നിയന്ത്രിക്കുന്നത് സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ (ആർ.സി.എസ്) ആണ്. പ്രവർത്തനത്തിന്റെ വിസ്തൃതിയും സ്വഭാവവും അതോടൊപ്പം അവ ഏറ്റെടുക്കുന്ന അധികാരങ്ങൾ പ്രവർത്തനങ്ങൾ എന്നിവ അനുസരിച്ച് സഹകരണ സംഘങ്ങളെ വിവിധങ്ങളായി തരം തിരിച്ചിരിക്കുന്നു. നിലവിൽ കേരളത്തിൽ 16,256 സഹകരണ സംഘങ്ങളാണുള്ളത്. അതിൽ 12,285 എണ്ണം പ്രവർത്തിക്കുന്നവയും ബാക്കിയുള്ളവ പ്രവർത്തനരഹിതവുമാണ്. ഭൂരിഭാഗവും ഉപഭോക്തൃ സഹകരണ സംഘങ്ങളും (4,640), വായ്പാ സഹകരണസംഘങ്ങളും (3,753), വനിതാ സഹകരണ സംഘങ്ങളും (1,245)ആണ്. ഇവ കൂടാതെ വിപണനം, പാർപ്പിടം, സംസ്കരണം, ആരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ട്. 2022 വരെയുള്ള കണക്കനുസരിച്ച് വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.2.1**ൽ നൽകിയിരിക്കുന്നു.

### ക്രെഡിറ്റ് സഹകരണസംഘങ്ങൾ

കേരളത്തിലെ ഒരു പ്രധാന വായ്പാ സ്രോതസ്സാണ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ. പ്രത്യേകിച്ച് ഗ്രാമീണ വായ്പകളുടെ വിതരണത്തിൽ 2018 ലെ കണക്കനുസരിച്ച് കേരളത്തിലെ മൊത്തം ഗാർഹിക കടത്തിന്റെ 33 ശതമാനവും ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ നിന്നുള്ളതായിരുന്നു. അതിന്റെ അനുബന്ധ വിഹിതം അഖിലേന്ത്യാതലത്തിൽ 8 ശതമാനം മാത്രമാണ്. കേരള ബാങ്ക്, പി.എ.സി.എസ്, ഫാർമേഴ്സ് സർവീസ് സൊസൈറ്റികൾ (എഫ്.എസ്.എസ്), കെ.എസ്.സി.ആർ.ഡി.ബി, പ്രൈമറിഅഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾ (പി.സി.ആർ.ഡി.ബി) എന്നിവയുൾപ്പെടെയുള്ള വായ്പാ സഹകരണ സംഘങ്ങൾ പ്രാഥമിക മേഖലയിലേക്കുള്ള വായ്പാ വിതരണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു. പി.എ.സി.എസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് 14 ജില്ലകളിലും ശാഖകളുണ്ട്. സംസ്ഥാനത്തെ സഹകരണ കാർഷിക വായ്പാ മേഖലയിൽ ഘടനാപരമായ മാറ്റം കൊണ്ടുവരാൻ സർക്കാർ നിരവധി നടപടികൾ ആരംഭിച്ചിരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വായ്പാ ഘടനയെ ദ്വിതല ഘടനയാക്കി മാറ്റാൻ സർക്കാർ നയപരമായ തീരുമാനമെടുക്കുകയും, തുടർന്ന് കേരള ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്കും (എം.ഡി.സി.ബി), താഴെത്തട്ടിലുള്ള ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (എഫ്.എസ്.സി.എസ്) ഉൾപ്പെടെയുള്ള പ്രാഥമിക കാർഷിക സഹകരണ സംഘവും (പി.എ.സി.എസ്) അടങ്ങുന്ന ഹ്രസ്വകാല ഇടത്തരം ഘടനയാക്കി മാറ്റിയിട്ടുണ്ട്. 2022 മാർച്ച് വരെ 3,753, ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 3383 എണ്ണം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു, ബാക്കിയുള്ളവ പ്രവർത്തനരഹിതവുമാണ്. ക്രെഡിറ്റ് സഹകരണസംഘങ്ങളുടെ തെരഞ്ഞെടുത്ത ചില ക്രെഡിറ്റ് പ്രവർത്തനങ്ങളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 3.2.2**ൽ നൽകിയിരിക്കുന്നു.

### പ്രാഥമിക കാർഷിക സഹകരണ സംഘം (പി.എ.സി.എസ്)

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഹ്രസ്വകാല വായ്പയുടെ പ്രാഥമികതലമാണ് പി.എ.സി.എസുകൾ. കേരളത്തിലെ പ്രൈമറി സൊസൈറ്റികൾ ഗണ്യമായ നിക്ഷേപം സമാഹരിക്കുകയും അവരുടെ അംഗങ്ങൾക്ക് വായ്പകളും അഡ്വാൻസുകളും നൽകുകയും ഈ മേഖലയിൽ ഒരു വിപുലമായ വിപണി വിഹിതം കൈവശം വയ്ക്കുകയും ചെയ്യുന്നു. കേരളത്തിലെ പി.എ.സി.എസിന്റെ പ്രാഥമിക തലത്തിലുള്ള ഘടനയുടെ ശക്തമായ അടിത്തറയിലൂടെ, അതിന്റെ വിജയഗാഥ വിശദീകരിക്കപ്പെടുന്നുണ്ട്. കാർഷിക ആവശ്യത്തിനുള്ള സാധനങ്ങളുടെ വിതരണം, കൺസ്യൂമർ, മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംയോജനവും വിപണനവും, മൂല്യവർദ്ധനം, ഗ്രേഡിംഗ്, ബ്രാൻഡിംഗ്, പാക്കിംഗ് തുടങ്ങിയ സേവനങ്ങളും ഈ സ്ഥാപനങ്ങൾ ഏറ്റെടുത്തുവരുന്നുണ്ട്. 2022 മാർച്ച് വരെ സംസ്ഥാനത്ത് സഹകരണ രജിസ്ട്രാർക്ക് കീഴിൽ 1644 പി.എ.സി.എസുകൾ പ്രവർത്തിക്കുന്നുണ്ട്. പി.എസി.എസുകൾ അതിലെ അംഗങ്ങൾക്ക് 1.08 ലക്ഷം കോടി രൂപ വായ്പയായി നൽകുകയും 1.39 ലക്ഷം കോടി രൂപ നിക്ഷേപം സ്വീകരിക്കുകയും ചെയ്തു. വിതരണം ചെയ്ത മൊത്തം വായ്പയിൽ നിക്ഷേപങ്ങളുടെ 72 ശതമാനവും ഹ്രസ്വ, ഇടത്തരം, ദീർഘകാല വായ്പകളായി അംഗങ്ങൾക്കിടയിൽ വിതരണം ചെയ്തിട്ടുള്ളതാണ്. പി.എ.സി.എസ്-കളുടെ ക്രെഡിറ്റ് പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തെരഞ്ഞെടുത്ത സൂചകങ്ങളും **അനുബന്ധം 3.2.3, അനുബന്ധം 3.2.4** എന്നിവയിൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (കേരള ബാങ്ക്)

കാർഷിക മേഖലയ്ക്കും സംരംഭകർക്കും പ്രവർത്തന മൂലധനം നൽകുന്നതിൽ കേരള ബാങ്ക് മുഖ്യ പങ്ക് വഹിച്ചുവരുന്നു. പി.എ.സി.എസ് ലെ അംഗങ്ങൾ ഏതെങ്കിലും സാമ്പത്തിക ഉൽപ്പന്നത്തിനോ സേവനത്തിനോ വേണ്ടി മറ്റാരെയും ആശ്രയിക്കേണ്ടാത്തവിധത്തിൽ പി.എ.സി.എസ്-നും അതിലെ അംഗങ്ങൾക്കും സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ/സേവനങ്ങൾ കേരള ബാങ്ക് നൽകുന്നുണ്ട്. ഹെഡ് ഓഫീസിനു പുറമേ, ബാങ്കിന് ഒരു കോർപ്പറേറ്റ് ബിസിനസ്സ് ആൻഡ് ലെയസൺ ഓഫീസും ഏഴ് റീജിയണൽ ഓഫീസുകളും 13 ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകളും 769 ശാഖകളും ഉണ്ട്. 2022 മാർച്ച് 31 വരെ കേരള ബാങ്കിൽ 1,558 അംഗങ്ങളുണ്ട്. അംഗങ്ങളിൽ എ ക്ലാസ് അംഗങ്ങളായി കേരളസർക്കാരും 1,557 പ്രാഥമിക സൊസൈറ്റികളുമാണ് ഉൾപ്പെടുന്നത്. 2022 മാർച്ച് 31 വരെ ബാങ്കിന്റെ മൊത്തം ഓഹരി മൂലധനം 2042.08 കോടി രൂപയാണ്. അതിൽ ഗവൺമെന്റ് സൊസൈറ്റികൾ, വ്യക്തികൾ എന്നിവയുടെ വിഹിതം ഉൾപ്പെടുന്നു. സൊസൈറ്റികളുടെയും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും നിക്ഷേപം ഉൾപ്പെടെ 69,907 കോടി രൂപയുടെ നിക്ഷേപമുണ്ട്. ബാങ്കിന് 816.5 കോടി രൂപ കരുതൽ ധനവും മിച്ചഫണ്ടും ഉണ്ട്. നബാർഡിൽ നിന്നുള്ള വായ്പകളും ദീർഘകാല നിക്ഷപങ്ങളും, കേരള സർക്കാരിൽ നിന്നും കടമെടുത്തിട്ടുള്ളതും ഉൾപ്പെടെ 10,574.82 കോടി രൂപയാണ് ബാങ്ക് മൊത്തം കടമെടുത്തിട്ടുള്ളത്. 2022 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് ബാങ്കിന്റെ മൊത്തം വായ്പാ കുടിശ്ശിക 40,950 കോടി രൂപയാണ്. സഹകരണ വിഭാഗത്തിൽ നിന്നുള്ള ബാങ്കായതിനാൽ തന്നെ കേരള ബാങ്കിന്റെ ഭൂരിഭാഗം ഉപഭോക്താക്കളും ഗ്രാമീണ, അസംഘടിത മേഖലകളിൽ നിന്നുള്ളവരാണ്. 2021-22 സാമ്പത്തിക വർഷത്തെ കേരള ബാങ്കിന്റെ വിശദമായ സാമ്പത്തിക വിവരങ്ങൾ **അനുബന്ധം 3.2.5**ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി)

കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് അഗ്രികൾച്ചർ റൂറൽ ഡെവലപ്മെന്റ് ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി) ദീർഘകാല വായ്പകൾ, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ, കാർഷികേതര മേഖലയിലെ പ്രവർത്തനങ്ങൾ, ഗ്രാമീണ ഭവനങ്ങൾ എന്നിവയ്ക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ (പി.സി.എ.ആർ.ഡി.ബി) മുഖേന ലോണുകളും അഡ്വാൻസുകളും നൽകുന്ന ഒരു പ്രധാന സഹകരണ സ്ഥാപനമാണ്. വായ്പ നൽകുന്നതിനു ബാങ്കിന് സ്വന്തമായി പരിമിതമായ വിഭവങ്ങൾ മാത്രമേയുള്ളൂ. പ്രധാനമായും നബാർഡ് നൽകുന്ന പുനർവായ്പയെ ആശ്രയിച്ചിരിക്കുന്നു. ഓരോ താലൂക്കിലും സ്ഥിതി ചെയ്യുന്ന പി.സി.എ.ആർഡി.ബികളുടെ ശൃംഖലയിലൂടെയും അവയുടെ ശാഖകളിലൂടെയും കെ.എസ്.സി.എ.ആർ.ഡി ബാങ്ക് ഈ പരിമിതമായ വിഭവങ്ങൾ ആത്യന്തികമായി വായ്പയെടുക്കുന്നവരിലേക്ക് എത്തിക്കുന്നു. സംസ്ഥാനത്ത 79 പി.സി.എ.ആർ.ഡി.ബി-കളുണ്ട്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. സഹകരണമേഖലയിൽ കുടിശ്ശികയുള്ള വായ്പയുടെ

33 ശതമാനവും കെ.എസ്.സി.എ.ആർ.ഡി.ബിയുടെത് മാത്രമാണ് (പതിനാലാം പഞ്ചവത്സരപദ്ധതി രേഖകൾ 2022, സംസ്ഥാന ആസൂത്രണ ബോർഡ്). കെ.എസ്.സി.എ.ആർ.ഡി.ബി വായ്പയെടുക്കുന്നവരിൽ സിംഹഭാഗവും അതായത് 80 ശതമാനവും ചെറുകിട നാമമാത്ര കർഷക വിഭാഗത്തിൽപ്പെടുന്നവരാണ്. ഗ്രാമീണ ജനതയുടെ അടിസ്ഥാന തലത്തിലുള്ള സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. 2021-22 ലെ കെ.എസ്.സി.എ.ആർ.ഡി.ബി യുടെ വായ്പാ വിതരണം 762.5 കോടിയായിരുന്നു, അതിൽ 11.41 കോടി സാധാരണ വായ്പയും 751.09 കോടി സ്കീം വായ്പയുമാണ്. ഈ വായ്പയുടെ വലിയൊരു ഭാഗം ആസ്തി സൃഷ്ടിക്കാനാണ് ഉപയോഗിക്കുന്നത്. കെ.എസ്.സി.എ.ആർ.ഡി.ബി നൽകുന്ന ദീർഘകാല വായ്പകളുടെ വർഗ്ഗീകരണം **അനുബന്ധം 3.2.6**ൽ നൽകിയിരിക്കുന്നു.

### ഉപഭോക്തൃ സഹകരണ സംഘങ്ങൾ

ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ ഉപഭോക്തൃ സാധനങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി എന്നിവ ലഭ്യമാക്കുന്നതിലും സ്വകാര്യ ചില്ലറ വ്യാപാരികളുടെ ചൂഷണത്തിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനും ഒരു പ്രധാന പങ്ക് വഹിച്ചുവരുന്നു. 2022 മാർച്ച് 31 വരെ സംസ്ഥാനത്ത് 4640 ഉപഭോക്തൃ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 3801 സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാണ്. സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനും (കൺസ്യൂമർഫെഡ്), ജില്ലാതലത്തിൽ മൊത്തവ്യാപാര സഹകരണ സ്റ്റോറുകളും, താഴേത്തട്ടിൽ പ്രാഥമിക ഉപഭോക്തൃ സൊസൈറ്റികൾ, സ്റ്റോറുകൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ മേഖല. ജില്ലാ ഹോൾസെയിൽ സ്റ്റോറുകളും, പ്രൈമറി സ്റ്റോറുകളും അവരുടെ സ്വന്തം ഔട്ട്ലറ്റുകൾ, സൂപ്പർമാർക്കറ്റുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ എന്നിവയിലൂടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. കൺസ്യൂമർഫെഡ് അവരുടെ സൂപ്പർമാർക്കറ്റുകളിലൂടെ റീട്ടെയിൽ ബിസിനസിലും ഏർപ്പെട്ടിരിക്കുന്നു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് (കൺസ്യൂമർ ഫെഡ്) 1965-ൽ കേരളത്തിലെ ഉപഭോക്തൃ മൊത്തവ്യാപാര സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ബോഡിയായി സ്ഥാപിതമായി. സംസ്ഥാനത്തുടനീളം 179 ത്രിവേണി സൂപ്പർമാർക്കറ്റുകളും 47 മൊബൈൽ ത്രിവേണി ഔട്ട്ലറ്റുകളും 13 ഇ-ത്രിവേണി ബിസിനസ്സ് സെന്ററുകളും ഉൾപ്പെടെ റീട്ടെയിൽ ഔട്ട്ലറ്റുകളുടെ ഒരു ശൃംഖലതന്നെ കൺസ്യൂമർ ഫെഡിനുണ്ട്. കൺസ്യൂമർഫെഡിന് വിപണി ഇടപെടൽ എന്ന ഉത്തരവാദിത്തം നിക്ഷിപ്തമായിട്ടുണ്ട് പ്രത്യേകിച്ച് ഉത്സവ സീസണുകളിൽ. കൺസ്യൂമർഫെഡ് അതിന്റെ നീതി മെഡിക്കൽ സ്കീമിലൂടെ ഔഷധ ശസ്ത്രക്രിയാ വസ്തുക്കൾ കൊണ്ടുവന്ന് അതിന്റെ റീട്ടെയിൽ വ്യാപാരം വിപുലീകരിക്കുകയുണ്ടായി. കൺസ്യൂമർഫെഡിന് ഇന്ന് 12 നീതി മെഡിക്കൽ വെയർഹൗസുകളും 76 നീതി മെഡിക്കൽ ഷോപ്പുകളും ഉണ്ട്. അതോടൊപ്പം സംസ്ഥാനത്തുടനീളമുള്ള 36 വിദേശ മദ്യവിതരണ കേന്ദ്രങ്ങൾ 3 ബിയർ ഔട്ട്ലറ്റുകൾ എന്നിവ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. കുന്നംകുളത്ത് ഒരു നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ്, പാലക്കാട് നീതി ഗ്യാസ് പ്ലാന്റ്, തൃശ്ശൂരിൽ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി (റ്റി.ഐ.പി) എന്നിവ കൺസ്യൂമർഫെഡിന് സ്വന്തമാണ്. കുന്നംകുളത്തെ നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റിന് 2022 മാർച്ച് വരെ 512.3 ലക്ഷം രൂപയുടെ വിറ്റുവരവുണ്ട്.

സംസ്ഥാനത്തുടനീളം 179 ത്രിവേണി യൂണിറ്റുകളും 47 മൊബൈൽ ത്രിവേണി യൂണിറ്റുകളുമുണ്ട്. 2021-22ൽ ത്രിവേണി യൂണിറ്റുകളിലെ മൊത്തം വിൽപ്പന 290.55 കോടി രൂപയായിരുന്നു. 2020-21ൽ 2478 ഫെസ്റ്റിവൽ മാർക്കറ്റുകൾ നടത്തി 56.8 കോടി രൂപയുടെ മൊത്തം സബ്സിഡി വിൽപ്പന ഫെഡറേഷൻ നേടി. 2022 ലെ ഓണക്കാലത്ത് 42.36 കോടി രൂപയുടെ സബ്സിഡി വിൽപ്പനയോടെ ഏകദേശം 1685 ഫെസ്റ്റിവൽ മാർക്കറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഈ മത്സരാധിഷ്ഠിത ബിസിനസ്സ് അന്തരീക്ഷത്തിൽ അതിജീവിക്കണമെങ്കിൽ ത്രിവേണി ഔട്ട്ലറ്റുകളും ഗോഡൗണുകളും വലിയ തോതിൽ നവീകരിക്കേണ്ടതായിട്ടുണ്ട്.

കൺസ്യൂമർഫെഡിന് കേരളത്തിൽ 36 വിദേശ മദ്യശാലകളും മൂന്ന് ബിയർ ഷോപ്പുകളുമുണ്ട്. ഇവിടങ്ങളിലെ മദ്യവിൽപ്പന വിറ്റുവരവ് 2018-19ൽ 1,790 കോടി രൂപയിലും 2019-2020ൽ 1821.60 കോടി രൂപയിലും 2020-21ൽ 1,084 കോടി രൂപയിലും എത്തി നിൽക്കുന്നു. 2021-22ൽ വിദേശമദ്യത്തിൽ നിന്നുള്ള വിറ്റുവരവ് 1500.99 കോടി രൂപയായിരുന്നു. വിദേശ മദ്യശാലകളിലെയും ബിയർ ഷോപ്പുകളിലെയും വിൽപ്പന വർദ്ധനവിന്റെ ഭാഗമായി അവ സ്വയം സേവന കൗണ്ടറുകൾ, പ്രീമിയം കൗണ്ടറുകൾ, ഡെലിവറി കൗണ്ടറുകൾ എന്നിവ ആരംഭിച്ചുകൊണ്ട് നവീകരിച്ചു.

കൺസ്യൂമർഫെഡിന് കേരളത്തിലുടനീളം 12 മെഡിക്കൽ വെയർഹൗസുകളും 76 മെഡിക്കൽ സ്റ്റോറുകളും ഉണ്ട്. 2021-22ൽ നീതി മെഡിക്കൽ സ്കീം വിൽപ്പന 200.88 കോടി രൂപയും 2022 ഓഗസ്റ്റ് വരെയുള്ള വിൽപ്പന 86.76 കോടി രൂപയാണ്. കൺസ്യൂമർഫെഡിന് പാലക്കാട് മുക്കിൽമടയിൽ ഒരു ഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. അതിലൂടെ "നീതിഗ്യാസ്" എന്ന പേരിൽ ഗാർഹിക പാചക വാതകം കേരളത്തിൽ വിതരണം ചെയ്തുവരുന്നു. 2021-22ൽ 101.4 ലക്ഷം രൂപയായിരുന്നു നീതി പാചക വാതകത്തിന്റെ മൊത്തം വിൽപ്പന, 2022 ഓഗസ്റ്റ് വരെയുള്ള വിൽപ്പന 48.15 ലക്ഷം രൂപയായിരുന്നു. ത്രിവേണി ഔട്ട്ലറ്റുകൾ വഴി വിതരണം ചെയ്യുന്നതിനായി ചെറിയ ഗ്യാസ് സിലിണ്ടറുകളുടെ വിൽപ്പന കൺസ്യൂമർഫെഡ് ഏറ്റെടുക്കുന്നുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കും ബിസിനസ്സുകൾക്കും പുറമേ "ദി ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി" എന്ന പേരിൽ ഒരു ബി-ഫാം കോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടും കൺസ്യൂമർഫെഡ് നടത്തുന്നുണ്ട്.

### വനിതാ സഹകരണസംഘം

സ്ത്രീ ശാക്തീകരണത്തിന് സഹകരണ പ്രസ്ഥാനം വലിയ സംഭാവന നൽകിയിട്ടുണ്ട്. കേരള വിമൻ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (വനിതാഫെഡ്) എന്നത് പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ്. 2022 മാർച്ച് വരെ 1,245 വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 951 സൊസൈറ്റികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന്, ഫലപ്രദമായ രീതിയിൽ അംഗസംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് സംയോജിത വായ്പയും സേവനങ്ങളും ലഭ്യമാക്കുക എന്നതാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം.

### ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

കേരളത്തിൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ദ്വിതല ഘടനയിലാണ് പ്രവർത്തിക്കുന്നത്. 2022 മാർച്ചിലെ കണക്കനുസരിച്ച് 395 ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 288 സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (ഹൗസ് ഫെഡ്) ആണ് ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനം. സംസ്ഥാന സർക്കാരും പ്രാഥമിക ഭവന സഹകരണ സംഘങ്ങളും ഇതിൽ അംഗങ്ങളാണ്. 2021-22ൽ 970 വായ്പാ അപേക്ഷകളിലൂടെ 56.14 കോടി രൂപ വിതരണം ചെയ്തു.

### പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി സംഘടിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുള്ള സംഘടനയാണ്. 2022 മാർച്ച് 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 837 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ട്, അതിൽ 434 എണ്ണം പ്രവർത്തിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ തൊഴിലവസരങ്ങളും ഉപജീവനവും സൃഷ്ടിക്കുന്നതിനും എസ്.സി/എസ്.ടി വിഭാഗങ്ങളുടെ പ്രോത്സാഹനത്തിനുമായി കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ് കോ-ഓപ്പറേറ്റീവ് എന്നറിയപ്പെടുന്ന പ്രാഥമിക എസ്.സി/എസ്.ടി സഹകരണ സംഘങ്ങളുടെ ഒരു ഉന്നത സ്ഥാപനവും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

### മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ് ഫെഡ്) എന്നറിയപ്പെടുന്ന പ്രൈമറി മാർക്കറ്റിംഗ് സൊസൈറ്റിയുടെ അപെക്സ് സ്ഥാപനവും അതോടൊപ്പം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്) എന്നറിയപ്പെടുന്ന പ്രാഥമിക റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ അപെക്സ് ബോഡിയും ചേർന്നാണ് വിപണന മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. 2020-21ൽ 612 പ്രൈമറി മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 234 എണ്ണം സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

### ആരോഗ്യ സഹകരണ സംഘങ്ങൾ

2022 മാർച്ച് വരെ സംസ്ഥാനത്ത് 194 ആശുപത്രി-ഡിസ്പൻസറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്, അതിൽ 98 സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്. കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ ഫെഡറേഷൻ ലിമിറ്റഡ് എന്ന പേരിൽ ആരോഗ്യ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ബോഡി എറണാകുളം ആസ്ഥാനമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

### വിവിധ സഹകരണ സ്ഥാപനങ്ങൾ

സംസ്ഥാനത്ത് 4,557 രജിസ്റ്റർ ചെയ്ത വിവിധ സഹകരണ സംഘങ്ങളുണ്ട്, അവയിൽ 3,074 എണ്ണം 2022 മാർച്ച് വരെ പ്രവർത്തിച്ചുവരുന്നുണ്ട്. കരാർ തൊഴിൽ, ഗതാഗതം, റബ്ബർ തോട്ടം, കോഴിവളർത്തൽ, സംയുക്ത കൃഷി, കൂട്ടുകൃഷി സൊസൈറ്റികൾ, ടൂറിസം സൊസൈറ്റികൾ എന്നിവ ഉൾപ്പെടുന്ന വിവിധ സഹകരണ സംഘങ്ങൾ ഇതിന്റെ കീഴിൽ വരും.

### വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം

വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ പ്രൊഫഷണൽ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (സി.എ.പി.ഇ) രൂപീകരിച്ചത്. സഹകരണ വകുപ്പാണ് സി.എ.പി.ഇ-യെ പ്രോത്സാഹിപ്പിക്കുന്നത്. ഇത് കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സൊസൈറ്റിയാണ്. സി.എ.പി.ഇ-ന് കീഴിൽ ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളും, ഒരു എം.ബി.എ കോളേജും പുന്നപ്രയിൽ ഒരു ഫിനിഷിംഗ് സ്കൂളും പ്രവർത്തിച്ചുവരുന്നു. ഇത് ഏകദേശം 12,000 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരം നൽകുന്നു. വിവിധ സി.എ.പി.ഇ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷനും, നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ/നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്.

### സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് യൂണിയൻ (എസ്.സി.യു)

1969 -ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് സെക്ഷൻ 89 പ്രകാരം സഹകരണ തത്വങ്ങളും സമ്പ്രദായങ്ങളും പഠിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി സ്ഥാപിതമായ ഒരു നിയമാനുസൃത സ്ഥാപനമാണ് സംസ്ഥാന സഹകരണ യൂണിയൻ. ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി), ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി) കോഴ്സുകൾക്കായി 13 കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജുകളും 10 പരിശീലന കേന്ദ്രങ്ങളും ആറ് എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. അംഗങ്ങളുടെ വിദ്യാഭ്യാസ പരിപാടികൾക്കും എസ്.സി/എസ്.ടി പരിശീലന കേന്ദ്രങ്ങൾ നടത്തുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ സർക്കാർ സഹായം ലഭിച്ചുപോരുന്നു. സംസ്ഥാന സഹകരണ യൂണിയന്, എം.ബി.എ കോഴ്സുകൾ പഠിപ്പിക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന ഒരു സഹോദര സ്ഥാപനം നെയ്യാർഡാമിൽ പ്രവർത്തിക്കുന്നുണ്ട്.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം)

സഹകരണ മേഖലയിലെ ഉദ്യോഗസ്ഥർക്കും അതോടൊപ്പം അനൗദ്യോഗിക അംഗങ്ങൾക്കും വിപുലമായ പരിശീലന കോഴ്സുകൾ നൽകുന്നതിനായി നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ ഭരണ നിയന്ത്രണത്തിൽ തിരുവനന്തപുരത്തും കണ്ണൂരിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സ്ഥാപിച്ചു. സംസ്ഥാന സർക്കാർ എല്ലാ വർഷവും ബജറ്റ് വിഹിതത്തിലൂടെ സഹകരണ മേഖലയിലെ ഈ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി സാമ്പത്തിക സഹായം നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 524 പേർ പങ്കെടുത്ത 13 പരിശീലന പരിപാടികൾ ഐ.സി.എം കണ്ണൂരും, 2022 ഓഗസ്റ്റ് വരെ 3,866 പേർ പങ്കെടുത്ത 123 പരിശീലന പരിപാടികൾ ഐ.സി.എം തിരുവനന്തപുരവും നടത്തിയിരുന്നു.

**അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ)**
നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 1992ൽ സ്ഥാപിതമായ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ) കഴിഞ്ഞ 30 വർഷമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. സഹകരണ മേഖലയിലെ സഹകരണ വായ്പാ ഘടനയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് 2018 ഓഗസ്റ്റ് 27ന് കേരള സർക്കാർ സ്വയംഭരണ പദവി നൽകിയതനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു സ്വയംഭരണ സ്ഥാപനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട്.

**2021–22 ലെ നൂതന സംരംഭങ്ങളും മാതൃകാ പദ്ധതികളും**

**സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും**
ഭക്ഷ്യ-ഭക്ഷ്യേതര ഉൽപ്പന്നങ്ങൾ, വിവിധതരം ഉപഭോക്തൃ ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന നിരവധി സഹകരണ സംഘങ്ങൾ കേരളത്തിലുണ്ട്. ചുരുക്കം ചില സൊസൈറ്റികൾ സ്വന്തം ബ്രാൻഡുകൾ വികസിപ്പിച്ചെടുക്കുകയും നല്ല വിപണി വിഹിതം പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക ഭദ്രത കുറവുള്ളതും ഉൽപ്പാദനം കുറവായതുമായ പല സൊസൈറ്റികൾക്കും ബ്രാൻഡ് ദൃശ്യപരതയുടെ അഭാവം മൂലം തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ കഴിയുന്നില്ല എന്നുള്ളത് വാസ്തവമാണ്. അതിനാൽ ബ്രാൻഡ് ദൃശ്യപരത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി സഹകരണ വകുപ്പ് ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണനം എന്നിവയ്ക്കായി ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഗുണനിലവാരത്തിലുള്ള ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും ദേശീയ അന്തർദേശീയ വിപണികളിലേക്ക് പ്രവേശിക്കുന്നതിനും പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലറ്റുകൾ സ്ഥാപിക്കുന്നതിനും ഓൺലൈൻ വിപണികൾ സൃഷ്ടിക്കുന്നതിനും ഒരു സംയോജിത ബ്രാൻഡിംഗ്, മാർക്കറ്റ് ശൃംഖല കെട്ടിപ്പടുക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലായി 14 കോപ്മാർട്ട് ഔട്ട്ലറ്റുകൾ സ്ഥാപിച്ചു. കേരളത്തിലെ 75 സഹകരണ സംഘങ്ങൾ വഴി നിർമ്മിക്കുന്ന 360ഓളം ഉൽപ്പന്നങ്ങൾ ഈ ഔട്ട്ലറ്റുകൾ വഴി വിൽക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. "കോപ്കേരള" എന്ന ബ്രാൻഡ് നാമവും, ഔട്ട്ലറ്റ് വ്യാപാര നാമമായ "കോപ്മാർട്ട്" ഉം 1999-ലെ ട്രേഡ്മാർക്ക് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. "കോപ്കേരള" എന്ന വ്യാപാര നാമം നൽകുന്നതിനായി 11 അംഗ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്ന സഹകരണ ഉൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നു. വിവിധ സഹകരണ സംഘങ്ങളെ പൊതുവായ B2B, B2C ഐടി പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ച് സഹകരണ സംഘങ്ങൾക്കിടയിലും സാധാരണ പൗരന്മാർക്കിടയിലും വ്യാപാരം നടത്താൻ അവരെ പ്രാപ്തമാക്കുകയെന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**പാലക്കാട് നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘം ലിമിറ്റഡ് (പാപ്കോസ്):** പാലക്കാട്ടും സമീപ ജില്ലകളിലും നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായാണ് 2019ൽ പാപ്കോസ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചത്. ഈ സഹകരണ സംഘം വിളവെടുപ്പ് കഴിഞ്ഞ ഉടൻ തന്നെ നെല്ല് സംഭരിക്കുകയും, സംഭരണ സമയത്ത് തന്നെ കർഷകർക്ക് പണം നൽകുകയും ചെയ്യുന്നു. അരി, ഞുറുക്ക് അരി, തവിട്, അരിപ്പൊടി എന്നിവ സംഭരിക്കുകയും സംസ്കരിക്കുകയും വിപണനം ചെയ്യുകയും ചെയ്യുക എന്നതാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. ഇടനിലക്കാരായ വിൽപ്പനക്കാർക്ക് കുറഞ്ഞ വിലയിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ഒഴിവാക്കാൻ കർഷകരെ ഇത് സഹായിക്കും. സൊസൈറ്റിയുടെ ഇപ്പോഴത്തെ അടഞ്ഞു തീർന്ന ഓഹരി മൂലധനം 13.7 കോടി രൂപയാണ്. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് (പി.എ.സി.എസ്) ഇതിൽ അംഗത്വമുണ്ട്.

**സംസ്ഥാനത്ത് വ്യാപകമായി നെല്ല് സംഭരണ സൊസൈറ്റി രൂപീകരിക്കുകയും കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുകയും ചെയ്യുക (കാപ്കോസ്):** 310 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനത്തോടെ കേരള നെല്ല് സംഭരണ വിപണന സഹകരണ സംഘം (കാപ്കോസ്) 2021 ൽ രജിസ്റ്റർ ചെയ്തു. നെൽകർഷകർ നേരിടുന്ന സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം. കാപ്കോസ് കർഷകരിൽ നിന്ന് ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച് സംസ്കരിച്ചതിനുശേഷം സർക്കാർ, അർദ്ധ സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ, ഓൺലൈൻ വിപണികൾ, സ്വന്തം വിപണന കേന്ദ്രങ്ങൾ എന്നിവ വഴി വിതരണം ചെയ്യുക എന്നതാണ് കാപ്കോസിലൂടെ ലക്ഷ്യമിടുന്നത്. ഈ സംഘത്തിന് കോട്ടയം ജില്ലയിൽ 26 പി.എ.സി. എസുകൾ അംഗ സംഘങ്ങളായിട്ടുണ്ട്. കോട്ടയത്താണ് സൊസൈറ്റിയുടെ ആസ്ഥാനം. പാലക്കാട് ഒഴികെയുള്ള എല്ലാ ജില്ലകളും ഈ പുതിയ സഹകരണ സംഘത്തിന്റെ ഭാഗമാണ്. അതോടൊപ്പം കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ഈ സംഘം റൈസ് മില്ലുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി യിലെ വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ വിതരണം:** 2021-22ൽ കെ.എസ്.ആർ.ടി.സി. യിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷനായി 821 കോടി രൂപ സഹകരണ മേഖല വഴി വിതരണം ചെയ്തു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പ് പി.എ.സി.എസുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചുകൊണ്ടാണ് ഈ പെൻഷൻ വിതരണം നടത്തി വരുന്നത്. ഈ ഇനത്തിൽ 10 ശതമാനം പലിശ സഹിതം 754 കോടി രൂപ അതത് പി.എ.സി. എസുകൾക്ക് സർക്കാർ തിരികെ നൽകിയിട്ടുണ്ട്.

**യുവജന സഹകരണ സംഘങ്ങൾ:** യുവാക്കൾക്കായുള്ള രാജ്യത്തെ ആദ്യ സഹകരണ മേഖലയിലെ സംരംഭമാണ് ഇത്. ഇവിടെ യുവ സഹകരണ സംഘങ്ങൾ, വായ്പാ പ്രവർത്തനത്തേക്കാൾ സംരംഭകത്വത്തിന് ഊന്നൽ നൽകുന്നു. കൂടാതെ 18 നും 45 നും ഇടയിൽ പ്രായമുള്ളവരാണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്. വിവരസാങ്കേതികവിദ്യ, കൃഷി, മാലിന്യ സംസ്കരണം, വ്യാപാരം, ഉൽപ്പാദനവും വിപണനവും, സിനിമ, ഇക്കോടൂറിസം, കാറ്ററിംഗ് സേവനങ്ങൾ, ജൈവകൃഷി എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഈ

**സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA)**

കേരളത്തിലെ ചെറുകിട നാമമാത്ര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സഹകരണ മേഖലയുടെ സഹായത്തോടെയും ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തോടെയും കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ടോ മൂല്യവർദ്ധനയിലൂടെയോ/സംസ്കരിച്ചോ വിപണനം ചെയ്യുന്നതിന് അവരെ സഹായിക്കുന്നതിനുള്ള 2022-23 സാമ്പത്തികവർഷത്തെ ഒരു സംസ്ഥാന പദ്ധതിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) എന്ന ഈ പുതിയ പദ്ധതി. കേരള സംസ്ഥാന ആസൂത്രണ ബോർഡും സഹകരണ വകുപ്പും സംയുക്തമായി ആവിഷ്ക്കരിച്ച ഈ പദ്ധതി ചെറുകിട നാമമാത്ര കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കി ഉൽപ്പാദനം, മൂല്യവർദ്ധന, വിപണനം, ഗതാഗതം, ബ്രാൻഡിംഗ് എന്നിവയെ പിന്തുണയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

ഉൽപ്പാദനത്തിലും വിപണനത്തിലുമുള്ള ഇടപെടൽ, തുറസ്സായ സ്ഥലങ്ങളിലെ കൃഷി, കൃത്യതാ കൃഷി, അടുക്കളത്തോട്ടങ്ങൾ, ടെറസ് ഫാമുകൾ എന്നിവയിലൂടെ ഉൽപ്പാദനം കാര്യക്ഷമമായി വർദ്ധിപ്പിക്കാനും മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളെ സമന്വയിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ (പി.എ.സി. എസ്) സഹായത്തോടെ പ്രദേശത്തെ ചെറുകിട കർഷകരെ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി 14 ജില്ലകളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തികവർഷത്തിൽ ഏഴ് ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 22.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള സാങ്കേതിക യോഗ്യതയുള്ള പ്രൊഫഷണലുകൾ ഉൾപ്പെടുന്ന 11 അംഗ ഉന്നതതല സാങ്കേതിക സമിതിയുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം 7 ജില്ലകളിൽ നിന്നുള്ള 15 പി.എ.സി.എസ്-കളുടെ പദ്ധതികൾ തെരഞ്ഞെടുത്തു. ഇതിൽ നിന്നും ഒമ്പത് പ്രോജക്ടുകൾ സാങ്കേതിക സമിതി തെരഞ്ഞെടുക്കുകയും വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ വാസവൻ അവർകൾ കോട്ടയം ജില്ലയിലെ ആനിക്കാട് പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റിയിൽ നിർവഹിച്ചു. തെരഞ്ഞെടുക്കപ്പെട്ട പി.എ.സി.എസുകളും അവയുടെ പ്രവർത്തന മേഖലയും ചുവടെ നൽകിയിരിക്കുന്നു.

| ക്രമനം. | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്) | പ്രവർത്തനം/പ്രവർത്തന മേഖല |
|---|---|---|
| 1 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), ആനിക്കാട്, കോട്ടയം | ഹൈടെക് നഴ്സറി |
| 2 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), പനയാൽ, കാസർഗോഡ് | പച്ചക്കറികൾ, അരി, പയർവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി, കാർഷികോൽപ്പന്നങ്ങളുടെ സംയോജനവും വിപണനവും അഗ്രോ ക്ലിനിക്ക് എന്നിവ |
| 3 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), വില്ലണിവിത്തിനശ്ശേരി, പാലക്കാട് | അരിയും പച്ചക്കറികളും |
| 4 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), മാടപ്പള്ളി, കോട്ടയം | വാഴ, മരച്ചീനി, മത്സ്യകൃഷി, പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും സമ്മിശ്ര കൃഷി |
| 5 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), മാങ്കുളം, ഇടുക്കി | സംയോജിത കൃഷി സമ്പ്രദായം, പാഷൻ ഫ്രൂട്ട്, വാഴ, പച്ചക്കറി, തീറ്റപ്പുല്ല് എന്നിവയുടെ കൃഷി, സംസ്കരണം, മൂല്യവർദ്ധന, വിപണനം, കൂടാതെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ. |
| 6 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്),തങ്കമണി, ഇടുക്കി | മരച്ചീനി, വാഴ,പൈനാപ്പിൾ, ചക്ക തുടങ്ങിയവയുടെ കൃഷിയും മൂല്യവർദ്ധനയും ഉണങ്ങിയ പഴങ്ങളുടെയും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും സംസ്കരണവും സംഭരണവും വിതരണവും |
| 7 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്),ഒക്കൽ, എറണാകുളം | പ്രിസിഷൻ ഫാമിംഗ്, ഫാർമേഴ്സ് ഇൻഫർമേഷൻ സെന്റർ, ഫാർമേഴ്സ് സർവീസ് സെന്റർ, ഹോർട്ടികൾച്ചർ, വിളവെടുപ്പിനു ശേഷമുള്ള സേവനങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ടിഷ്യുകൾച്ചർ ലാബ്, നഴ്സറി എന്നിവ |
| 8 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), പട്ടുവം, കണ്ണൂർ | നെല്ല്, ഉഴുന്ന്, ധാന്യങ്ങളും, പച്ചക്കറികളും ഉൾപ്പെടെയുള്ള സമ്മിശ്ര കൃഷി, മത്സ്യകൃഷി–കൊഞ്ച് (അക്വാകൾച്ചർ) തുടങ്ങിയവ |
| 9 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), ബേഡഡുക്ക, കാസർഗോഡ് | പച്ചക്കറി കൃഷി, വളം വിൽപ്പന കേന്ദ്രങ്ങൾ, ഗ്രേഡിംഗ്, സംസ്കരണം, കാർഷിക ഉൽപ്പന്നങ്ങളുടെ പാക്കിംഗ്, വിതരണം, കാർഷിക യന്ത്രങ്ങൾ പാട്ടത്തിനെടുക്കൽ (വിൽപ്പന & പാട്ടം), കാർഷിക മേഖലയിലെ ലേബർ ബാങ്ക്, കാർഷിക പരിശീലന കേന്ദ്രം, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവ |

സൊസൈറ്റികൾ പ്രവർത്തനം നടത്തിവരുന്നു. ഈ യുവജന സഹകരണ സംഘങ്ങൾ യുവാക്കൾക്കായി സർക്കാർ നടത്തുന്ന ഒരു നൂതന സംരംഭമാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 30 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു.

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (നമ്പർ.10957):** 1925 മുതൽ യു.എൽ.സി.സി.എസ് പ്രവർത്തിച്ചുവരുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കിടയിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമൂഹിക ഉന്നമനത്തിനായി പ്രവർത്തിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് സൊസൈറ്റി രൂപീകരിച്ചത്. പതിമൂവായിരത്തിലധികം തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി സൊസൈറ്റിയെ നേരിട്ട് ആശ്രയിക്കുന്നു. കൂടാതെ ഓരോ വർഷവും സൊസൈറ്റിക്ക് കീഴിൽ 35 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. സൊസൈറ്റി അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങളും സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്തുവരുന്നു. റോഡുകൾ, പാലങ്ങൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയുടെ വികസനത്തിന് പേരുകേട്ട സ്ഥാപനങ്ങളിലൊന്നാണ് യു.എൽ.സി.സി.എസ്. കേരളത്തിൽ 7,500-ലധികം പ്രധാന പദ്ധതികൾ യു.എൽ.സി.സി.എസ് പൂർത്തിയാക്കിയിട്ടുണ്ട്. 4587.28 കോടിയിലധികം രൂപയുടെ പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കലയുടെയും കരകൗശലത്തിന്റെയും വികസനത്തിനായി ഇരിങ്ങലിലും തിരുവനന്തപുരത്തും ആർട്ട് ആൻഡ് ക്രാഫ്റ്റ് വില്ലേജ്, നൈപുണ്യ വികസനത്തിനോടൊപ്പം വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി കൊല്ലത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ എന്നിവയും ആരംഭിച്ചിട്ടുണ്ട്, ഇതെല്ലാംതന്നെ യു.എൽ. സി.സി.എസിന്റെ മറ്റ് പ്രധാന ആകർഷണങ്ങളാണ്. 2021-22 ൽ യു.എൽ.സി.സി.എസ്-യുടെ വാർഷിക വിറ്റുവരവും അറ്റാദായവും യഥാക്രമം 77.76 കോടി രൂപയും, 4.08 കോടി രൂപയുമാണ്. യുണൈറ്റഡ് നേഷൻസ് ഇന്ത്യയിലെ മാതൃകാ സഹകരണ സംഘമായി യു.എൽ.സി.സി. എസിനെ തിരഞ്ഞെടുത്തിട്ടുണ്ട്. യു.എൽ.സി.സി.എസിന്റെ വിജയഗാഥ ലോകത്ത് സംപ്രേക്ഷണം ചെയ്യുന്നതിനായി യു.എൽ.സി.സി.എസിന്റെ ഒരു ഡോക്യുമെന്ററി തയ്യാറാക്കികൊണ്ടിരിക്കുകയാണ്. യു.എൽ.സി.സി.എസ് ആണ് ഇന്ത്യയിൽതന്നെ ഇന്റർനാഷണൽ കോഓപ്പറേറ്റീവ് അലയൻസ് അംഗത്വമുള്ള ഏക പ്രാഥമിക സഹകരണ സംഘം.

**കെയർ കേരള:** 2018 ലെ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പ്രളയബാധിതരായ ജനങ്ങൾക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനായി സഹകരണ വകുപ്പ്, കോ-ഓപ്പറേറ്റീവ് അലയൻസ് ടു റീബിൽഡ് കേരള (കെയർ കേരള) എന്ന പദ്ധതിക്ക് രൂപം നൽകി. പദ്ധതിയിൽ മൂന്ന് സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ്.

പ്രളയബാധിതരായവർക്ക് അനുയോജ്യമായ ഭൂമി യുണ്ടെങ്കിൽ അവർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതിയാണ് കെയർ ഹോം പദ്ധതി. സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പിന്തുണയോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നാണ് വീടുകളുടെ നിർമ്മാണത്തിനാവശ്യമായ തുക സമാഹരിക്കുന്നത്. സൊസൈറ്റികളിൽ നിന്ന് സഹകരണ വകുപ്പ് 52.7 കോടി രൂപ സമാഹരിക്കുകയും അത് സി.എം.ഡി.ആർ. എഫ്-ലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. അതിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് കെയർ ഹോം പദ്ധതിയിൽ വീടുകൾ നിർമ്മിക്കുന്നത്. കെയർ ഹോം പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുക്കുന്നതിനായി സി.എം.ഡി.ആർ.എഫിൽ നിക്ഷേപിച്ച തുകയ്ക്ക് തുല്യമായ തുക സർക്കാർ സഹകരണ സംഘങ്ങളുടെ രജിസ്ട്രാർക്ക് അനുവദിച്ചുകൊടുക്കുന്നു. ഇതുകൂടാതെ അംഗങ്ങളുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 35 കോടി രൂപയും തനതു വർഷം ഈ പദ്ധതിക്കായി വിനിയോഗിച്ചു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (എസ്.ഡി.ആർഎഫ്) നിന്ന് ഗുണഭോക്താക്കൾക്ക് അനുവദനീയമായ തുകയായ 5 ലക്ഷം രൂപ ചെലവിട്ടാണ് ഓരോ വീടും നിർമ്മിക്കുക. അനുവദിച്ച തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾക്ക് സ്വന്തം ഫണ്ട് കൂട്ടിച്ചേർത്തുകൊണ്ടും വീട് നിർമ്മിക്കാം. ഇതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സ്വമേധയാ നൽകുന്ന സംഭാവനകളും പണം/ഉൽപ്പന്നങ്ങൾ എന്നിവയും സ്വീകരിക്കും. ഈ പദ്ധതി പ്രകാരം 2018ൽ വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും, 2021ൽ ഏകദേശം 2,000 വീടുകൾ നിർമ്മിച്ചു നൽകുകയുമുണ്ടായി. 2022 ഓഗസ്റ്റ് വരെ 90 വീടുകൾ കൂടി പൂർത്തിയാക്കാനായി. 3 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

ഭൂരഹിതർക്കും ഭവനരഹിതർക്കും വേണ്ടി 14 കൂട്ടായ വാസസ്ഥലങ്ങൾ (ഫ്ലാറ്റ്) നിർമ്മിക്കുന്നതിനുള്ള കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം സഹകരണ വകുപ്പ് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്കുള്ള കളിസ്ഥലം, അങ്കണവാടി, ലൈബ്രറി, വായനശാല, മീറ്റിംഗ് ഹാൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഓരോ വാസകേന്ദ്രത്തിലും ഉണ്ടായിരിക്കും. ഓരോ വാസസ്ഥലത്തും 30 മുതൽ 40 വരെ ഭവന യൂണിറ്റുകൾ ഉൾപ്പെടുന്നു. തൃശ്ശൂർ ജില്ലയിൽ കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കീഴിലുള്ള പാർപ്പിട യൂണിറ്റുകളുടെ താക്കോൽ കൈമാറ്റം ഡിസംബർ 6 ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിച്ചു. അനുയോജ്യമായ ഭൂമി ലഭ്യമായാൽ ഈ പദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും നടപ്പാക്കും.

**നവകേരളീയം കുടിശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ):** സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി സഹകരണ വകുപ്പ് 'നവകേരളീയം കുടിശിക നിവാരണം' എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. സഹകരണസംഘങ്ങളുടെ രജിസ്ട്രാറുടെ കീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളെയും ബാങ്കുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വായ്പയെടുക്കുന്നവർക്ക് പലിശ ഇളവുകൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ സ്കീമിന് കീഴിൽ കുടിശ്ശികയുള്ള വായ്പ തുകകൾക്ക് ലളിതമായ പലിശ മാത്രമേ ഈടാക്കുകയുള്ളൂ. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കും, ലോക്ക്ഡൗൺ മൂലവും പ്രളയംമൂലവും തൊഴിൽനഷ്ടം സംഭവിച്ചവർക്കും ഈ പദ്ധതിയിൽ പരമാവധി ഇളവിന് അർഹതയുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ മൊത്തം അടവ് മുടങ്ങിയ 4,28,450 അക്കൗണ്ടുകൾക്കായി 843.57 കോടി രൂപ ഇളവ് നൽകിയിട്ടുണ്ട്.

**സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം:** സംസ്ഥാനത്തെ സാമൂഹിക സുരക്ഷാ പെൻഷൻ സുഗമമായി വിതരണം ചെയ്യുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ ഉൾപ്പെടുന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യം കമ്പനി നിയമപ്രകാരം സർക്കാർ തലത്തിൽ രൂപീകരിച്ചു. 'ദി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്' എന്ന പേരിലാണ് ഈ കൺസോർഷ്യം അറിയപ്പെടുന്നത്. സഹകരണ സംഘങ്ങളിൽ നിന്ന് 8 ശതമാനം പലിശയ്ക്കാണ് കൺസോർഷ്യം ഫണ്ട് സ്വരൂപിക്കുന്നത്. കൺസേർഷ്യത്തിന്റെ അക്കൗണ്ടിലെ നിലവിലെ ബാലൻസ് 3585.80 കോടി രൂപയാണ്. ക്ഷേമ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യ പെൻഷൻ, വികലാംഗ പെൻഷൻ, അവിവാഹിതരായ മാതാക്കൾക്കുള്ള പെൻഷൻ, വിധവാ പെൻഷൻ എന്നിവ സഹകരണ സംഘങ്ങൾ വഴി അർഹരായവർക്ക് നേരിട്ട് വിതരണം ചെയ്തുവരുന്നു. പ്രളയത്തിന്റെയും, മഹാമാരിയുടെയും കാലത്തും വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിലും പെൻഷൻ ഫലപ്രദമായി വിതരണം ചെയ്യാനായി എന്നത് സഹകരണ മേഖലയുടെ ഒരു നേട്ടമാണ്. 2022 മാർച്ച് വരെ നാൽപ്പത്തിയാറാം ഘട്ടം വരെയുള്ള സാമൂഹിക സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുവാൻ സാധിച്ചു. അതായത് മുപ്പത്തിയൊന്നാം ഘട്ടം മുതൽ നാൽപ്പത്തിയാറാം ഘട്ടം വരെയുള്ള പെൻഷൻ തുകയായ 4,218 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തു.

**പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണത്തിനും വിതരണത്തിനുമായി പി.എ.സി.എസ് മുഖേന കോപ്മാർട്ട് വെജ് ഫ്രഷ് ഔട്ട്ലറ്റുകളുടെ സ്ഥാപനം:** പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ലക്ഷ്യത്തോടെ സർക്കാർ 'കോപ്മാർട്ട് വെജ് ഫ്രഷ് ഔട്ട്ലറ്റുകൾ' ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചു. നാടൻ പച്ചക്കറികളും, പഴങ്ങളും ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് സുരക്ഷിതമായി എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൃഷി വകുപ്പിന്റെ സഹായത്തോടെ ആവശ്യമായ പഴം, പച്ചക്കറി എന്നിവയുടെ ശേഖരണവും വിതരണവും ആരംഭിച്ചിട്ടുണ്ട്. കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി വിപണന സംവിധാനം ശക്തിപ്പെടുത്തുകയും വില സ്ഥിരത ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രാഥമിക സംഭരണ ഏജൻസികളായി 198 പി.എ.സി.എസുകൾ തിരഞ്ഞെടുത്തിട്ടുണ്ട്.

**മുറ്റത്തെ മുല്ല പദ്ധതി:** സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ 2018-ലാണ് മുറ്റത്തെ മുല്ല പദ്ധതി അവതരിപ്പിച്ചത്. കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതി പ്രകാരം 2022 ഓഗസ്റ്റ് വരെ 5,25,986 ഗുണഭോക്താക്കൾക്കായി 2,421.58 കോടി രൂപ വിതരണം ചെയ്തു.

**നിക്ഷേപ സമാഹരണ പ്രചരണം:** യുവാക്കൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനായി 2022-ൽ സഹകരണ വകുപ്പ് നാൽപ്പത്തിരണ്ടാമത് നിക്ഷേപ സമാഹരണ പ്രചരണം നടത്തി. ഈ പ്രചാരണ പരിപാടി വളരെ വിജയകരമായിരുന്നു. നിക്ഷേപസമാഹരണ പ്രചരണത്തിലൂടെ 6,000 കോടി രൂപ ലക്ഷ്യമിട്ടിരുന്നടത്ത് ഈ മേഖല 9,967 കോടി രൂപ സമാഹരിച്ചു, അതുവഴി 1,527 കോടി രൂപയുടെ വർദ്ധന കൈവരിക്കാൻ സാധിച്ചു. മുൻവർഷം 6,000 കോടി രൂപ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 8,440 കോടി രൂപയായിരുന്നു സമാഹരിക്കാൻ സാധിച്ചിരുന്നത്. മുൻ നിശ്ചയിച്ചിരുന്ന തുകയേക്കാൾ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ ഇങ്ങനെയുള്ള പ്രചരണ പരിപാടികൾ സഹകരണ മേഖലയിൽ വിജയിച്ചിട്ടുള്ളതായി കാണാം **അനുബന്ധം 3.2.7.**

**കോ–ഓപ്പറേറ്റീവ് എക്സ്പോ:** 2022ൽ സർക്കാർ രൂപീകരണത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച്, സഹകരണ വകുപ്പ് "ഒരുമയുടെപൂരം" എന്ന അടിക്കുറിപ്പോടെ കോ-ഓപ്പറേറ്റീവ് എക്സ്പോ സംഘടിപ്പിച്ചു. ഏപ്രിൽ 18, 2022 മുതൽ 25 വരെ നടന്ന 8 ദിവസത്തെ എക്സ്പോ എറണാകുളം മറൈൻ ഡ്രൈവിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്ഘാടനം ചെയ്തു. ജൈവ ഉൽപ്പന്നങ്ങൾ, ഭക്ഷണം, മഞ്ഞൾ, ആയുർവേദ ഉൽപ്പന്നങ്ങൾ, ശുദ്ധീകരിച്ച ശർക്കര, ഫർണിച്ചർ, ഫിൻടെക് സേവനങ്ങൾ, പുനരുപയോഗിക്കാവുന്ന സൗരോർജ്ജ നിർമ്മിതികൾ എന്നിവ അവതരിപ്പിച്ച് പരമ്പരാഗത സഹകരണ ബാങ്കുകൾ എങ്ങനെ സ്മാർട്ട് ബാങ്കുകളായി മാറുന്നു എന്ന കാഴ്ച്ച ഈ എക്സ്പോയിലൂടെ കാണുവാൻ സാധിച്ചു. വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളടങ്ങിയ സ്റ്റാളുകളുടെ ഒരു വിലിയ നിരയാണ് എക്സ്പോയിലെ എക്സിബിഷൻ കം സെയിൽസ് സ്റ്റാളുകൾ അവതരിപ്പിച്ചത്. സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ, ഫങ്ഷണൽ രജിസ്ട്രാറുടെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ, ദേശീയ സഹകരണ സ്ഥാപനങ്ങൾ തുടങ്ങി 60,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പവലിയനിൽ 210 ഓളം സ്റ്റാളുകൾ ഒരുക്കിയിരുന്നു. കോ-ഓപ്പറേറ്റീവ് എക്സ്പോ 2022 കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾ, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവയുടെ പ്രദർശനം, വ്യാപാരം, ബ്രാൻഡിംഗ്, അവബോധം, വിപണനം എന്നിവയ്ക്കായി ഒരു സവിശേഷ പ്ലാറ്റ്ഫോം തുറന്നുകൊടുത്തു. ഏകദേശം 28 വ്യത്യസ്ത ഉൽപ്പന്നങ്ങളിലൂടെ 12 സൊസൈറ്റികൾക്ക് കോപ്-കേരള മാർട്ട് സർട്ടിഫിക്കറ്റുകൾ സഹകരണ മന്ത്രി ശ്രീ. വി.എൻ,വാസവൻ വിതരണം ചെയ്തു. എക്സ്പോയിലുടനീളം സെമിനാറുകൾ, പ്രഭാഷണ പരമ്പരകൾ ബിസിനസ്സ് മീറ്റുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയും ഉണ്ടായിരുന്നു.

**രണ്ടാം ഘട്ട 100 ദിന പരിപാടി**

**20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ:** 100 ദിവസം കൊണ്ട് പ്രത്യക്ഷമായും പരോക്ഷമായും 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുടക്കം കുറിച്ചു. പ്രത്യക്ഷമായും പരോക്ഷമായും 20,000 തൊഴിലവസരം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം വച്ചിരുന്നതെങ്കിൽപ്പോലും സഹകരണ വകുപ്പ് 759 സ്ഥിരം ജോലികളും 34,942 താൽക്കാലിക ജോലികളും, പ്രാഥമിക സഹകരണ സംഘങ്ങൾ, അപെക്സ് ഫെഡറേഷനുകൾ, മറ്റെല്ലാ സഹകരണ സംഘങ്ങൾ എന്നിവ വഴി സൃഷ്ടിച്ചു.

**ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫ്:** കേരള സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കീഴിൽ ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ നിർമ്മിക്കാൻ സഹകരണ വകുപ്പ് തീരുമാനിച്ചു. തിരുവനന്തപുരം ജില്ലയിൽ വിതുര സർവ്വീസ് സഹകരണ ബാങ്കിന് കീഴിലും പാലക്കാട് ജില്ലയിൽ പട്ടാമ്പി സർവീസ് സഹകരണ ബാങ്കിന് കീഴിലും, മലപ്പുറം ജില്ലയിൽ കടന്നമണ്ണ സർവ്വീസ് സഹകരണ ബാങ്കിനു കീഴിലും, കണ്ണൂർ ജില്ലയിൽ കതിരൂർ സർവീസ് സഹകരണ ബാങ്കിനും കീഴിലും ടർഫുകൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. എറണാകുളം ജില്ലയിൽ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെയും കാസർഗോഡ് ജില്ലയിൽ മുട്ടത്തൊടി സർവീസ് സഹകരണ ബാങ്കിന്റെ കീഴിലുമുള്ള ടർഫുകൾ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്.

**സഹകരണ സൗഹൃദം:** കേരള സർക്കാരിന്റെ നൂറുദിന പരിപാടിയുടെ രണ്ടാം ഘട്ടത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവ വഴി ഭിന്നശേഷിക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു വായ്പാ പദ്ധതി ആരംഭിക്കാൻ സഹകരണ വകുപ്പ് തീരുമാനിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട സഹകരണ മന്ത്രി ശ്രീ. വി.എൻ.വാസവൻ അവർകൾ 2022 മേയ് 10-ന് നിർവ്വഹിച്ചു. ഈ പദ്ധതിക്കായി 2022 സെപ്റ്റംബർ വരെ 508 വായ്പകളിലൂടെ 4.25 കോടി രൂപ വിതരണം ചെയ്തു.

**സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി:** നൂറ്ദിന പരിപാടിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖേന ഗുണമേന്മയുള്ള സാന്ത്വന പരിചരണം എന്ന ഉദ്ദേശത്തോടെ സഹകരണ ആശുപത്രി സൊസൈറ്റികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി. സഹകരണ മേഖലയിലെ ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മെയ് 18, 2022ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി.വി.എൻ. വാസവൻ അവർകൾ നിർവ്വഹിച്ചു. വാർദ്ധക്യ സഹജമായ അസുഖങ്ങൾ ബാധിച്ച അവശത അനുഭവിക്കുന്നവർക്ക് ചികിത്സയും പരിചരണവും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സെപ്റ്റംബർ 2022 വരെ 10 ജില്ലകൾ ഉൾപ്പെട്ട പദ്ധതിയിൽ 20 സഹകരണ ആശുപത്രികളും സഹകരണ സംഘങ്ങളും പങ്കെടുത്തു.

**"ഹരിതം സഹകരണം"** എന്ന പദ്ധതിക്ക് കീഴിൽ ഏകദേശം 1.14 ലക്ഷം മാവിൻ തൈകൾ സഹകരണ സംഘങ്ങൾ വഴി നട്ടുപിടിപ്പിച്ചു. **"സുഭിക്ഷകേരളം പദ്ധതിയുമായി"** ബന്ധപ്പെട്ട് കൃഷി, മൃഗസംരക്ഷണം, ക്ഷീരോൽപ്പാദനം എന്നിവയുടെ സംയോജിത പദ്ധതികൾക്കായി 554.72 കോടി രൂപ ചെലവഴിച്ചു. **ദുരിതാശ്വാസ നിധി**യുടെ മൂന്നാം ഘട്ടത്തിൽ അംഗങ്ങളുടെ 10,271 അപേക്ഷകൾ പരിഗണിച്ചുകൊണ്ട് 21.36 കോടി രൂപ അനുവദിച്ചു.

**സഹകരണ സംവിധാനത്തിലേക്കുള്ള (എസ്.റ്റി–എസ്.എ.ഒ) നബാർഡിന്റെ സഹായം:**
നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്) 2021-22ൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ഹ്രസ്വകാല സെഷനൽ അഗ്രികൾച്ചറൽ ഓപ്പറേഷൻസ് (എസ്.റ്റി-എസ്.എ.ഒ) റീഫിനാൻസായി 1200.00 കോടി രൂപ അനുവദിച്ചു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വിഹിതത്തോടൊപ്പം ഈ തുകയും ചേർത്ത് കാർഷിക വായ്പയായി ജില്ലാ ഓഫീസുകളിലൂടെ അത് വിതരണം ചെയ്തു. **(പട്ടിക. 3.2.1)**

**പട്ടിക 3.2.1** കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിതരണം (കോടിയിൽ)

| ക്രമ.നം. | ജില്ലാ സഹകരണ ബാങ്ക് | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 430.84 |
| 2 | കൊല്ലം | 406.35 |
| 3 | പത്തനംതിട്ട | 220.94 |
| 4 | ആലപ്പുഴ | 737.89 |
| 5 | കോട്ടയം | 465.98 |
| 6 | ഇടുക്കി | 322.14 |
| 7 | എറണാകുളം | 539.13 |
| 8 | തൃശ്ശൂർ | 544.02 |
| 9 | പാലക്കാട് | 348.59 |
| 10 | മലപ്പുറം | 0.00 |
| 11 | കോഴിക്കോട് | 312.82 |
| 12 | വയനാട് | 121.27 |
| 13 | കണ്ണൂർ | 477.75 |
| 14 | കാസർഗോഡ് | 229.35 |
| ആകെ | | 5157.07 |

ഉറവിടം: സഹകരണ രജിസ്ട്രാർ, കേരള സർക്കാർ

**ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായം:**
എൻ.സി.ഡി.സി സഹകരണ സ്ഥാപനങ്ങൾക്ക് അവരുടെ ബിസിനസ്സുകൾ വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ക്രെഡിറ്റ്, മാർക്കറ്റിംഗ്, റൂറൽ ഇൻഫ്രാസ്ടക്ചർ, ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം തുടങ്ങിയ സേവന മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ മുഖേനയോ നേരിട്ടോ സഹായം നൽകുന്നുണ്ട്.

സഹകരണ ശൃംഖലകളിലൂടെ തിരഞ്ഞെടുത്ത ജില്ലകളുടെ സമഗ്രവും സംയോജിതവുമായ വികസനത്തിന്, എൻ.സി.ഡി.സി യുടെ സഹായത്തോടെയുള്ള സവിശേഷമായ ഒരു പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.സി). വ്യാപാരത്തിന്റെ മൂല്യവും വ്യാപ്തിയും വർദ്ധിപ്പിച്ചുകൊണ്ട് നിലവിലുള്ള സഹകരണ ഘടനയെ ലംബമായും തിരശ്ചീനമായും ബന്ധിപ്പിച്ച് ശക്തിപ്പെടുത്തി കാർഷിക-വായ്പ മേഖലയെ നവീകരിക്കുക, ചെറുകിട നാമമാത്ര കർഷകരുടെയും ദുർബല വിഭാഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പി.എ.സി.എസ്-നെ പ്രായോഗിക മൾട്ടി പർപ്പസ് സൊസൈറ്റികളായി വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ. കേരളത്തിലെ സഹകരണ മേഖലയ്ക്ക് ധനസഹായം നൽകുന്നതിനായി സംസ്ഥാനത്തെ എൻ.സി.ഡി.സി 200 കോടി രൂപ അനുവദിച്ചിരുന്നു, അതിൽ 92.12 കോടി രൂപ 2021 ഏപ്രിൽ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ അനുവദിച്ചു. 2022 മാർച്ച് വരെയുള്ള കേരളത്തിലെ വികസന പ്രവർത്തന പദ്ധതികൾക്കായി തുക അനുവദിച്ചതിൽ 2227.38 കോടി രൂപ സംസ്ഥാന സർക്കാർ മുഖേനയും 6750.62 കോടി രൂപ നേരിട്ടുള്ള ധനസഹായത്തിലൂടെയുമാണ് വിതരണം ചെയ്തത്. ഇതിൽ 2.26 കോടി രൂപ ദീർഘകാല വായ്പയും, 0.48 കോടി രൂപ സബ്സിഡിയും 6747.88

കോടി രൂപ പ്രവർത്തന മൂലധനവുമാണ്. എൻ.സി.ഡി.സി സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.2.8**ൽ കാണിച്ചിരിക്കുന്നു. കേരളത്തിലേക്കുള്ള എൻ.സി.ഡി.സി ഫണ്ടുകൾ അനുവദിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും കണക്കുകൾ **അനുബന്ധം 3.2.9**ൽ കാണിച്ചിരിക്കുന്നു. വർഷം തിരിച്ചുള്ള ലോണുകളും പലിശ നിരക്കുകളും **അനുബന്ധം 3.2.10**ൽ കാണിച്ചിരിക്കുന്നു.

കേരളത്തിന്റെ സഹകരണ ഘടനയിലെ മുൻനിര സ്ഥാപനമായ കേരളബാങ്ക് അതിന്റെ വികസന പങ്ക് പരിഷ്ക്കരിക്കുകയും ബാങ്കിംഗ് ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോ വിശാലമാക്കുകയും ചെയ്തുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനം നൽകേണ്ടതായിട്ടുണ്ട്. കേരള ബാങ്കും, പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സാമ്പത്തിക തന്ത്രങ്ങളും കേരള ബാങ്കിന്റെ വാണിജ്യ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുകയും വേണം.

സഹകരണ സ്ഥാപനങ്ങൾ സ്വയം ഭരണ സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങളിൽ 2 ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപമുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ ഉപയോഗത്തിനായി സഹകരണ മേഖലയ്ക്ക് ഈ ഫണ്ട് ഉൽപ്പാദന മേഖലകളിലേക്ക് ഉപയുക്തമാക്കാൻ കഴിയണം. അതിനുപുറമേ കേരളത്തിലെ ബാങ്കിംഗ്, സാമ്പത്തിക മേഖലകളിൽ കേരള ബാങ്ക് ഒരു സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. അതിനാൽതന്നെ അവർക്ക് ഏകദേശം രണ്ട് ലക്ഷത്തി അൻപതിനായിരം കോടി പ്രവാസികളുടെ ചിതറിക്കിടക്കുന്ന നിക്ഷേപങ്ങൾ കേരള ബാങ്കിലേക്ക് എളുപ്പത്തിൽ ശേഖരിക്കാനാകും. ഇതോടൊപ്പം ഉൽപ്പാദനം, നിർമ്മാണം, സംഭരണം, വിതരണം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ഇടപെട്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കേരള ബാങ്കിന് കഴിയും.

പ്രാഥമിക മേഖല, കാർഷിക വിപണനം, ഉൽപ്പന്ന സംയോജനം, വ്യവസായം, സേവനം, ചില്ലറ വ്യാപാരം, മറ്റ് മേഖലകൾ എന്നിവയിലേക്ക് നിക്ഷേപം വർദ്ധിപ്പിക്കണം. അതിലൂടെ പ്രാഥമിക, വ്യവസായിക സേവന വ്യാപാര മേഖലകളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിയും. അതോടൊപ്പം തന്നെ സഹകരണ പ്രസ്ഥാനങ്ങൾക്ക് യുവാക്കളെ വൻതോതിൽ ആകർഷിക്കാനും പങ്കാളികളാക്കാനും കഴിയണം. എങ്കിൽ മാത്രമേ സഹകരണ പ്രസ്ഥാനങ്ങളെ ഭാവിയുടെ ഒരു സംഘടനാ രൂപമായി സ്വയം സ്ഥാപിക്കാൻ കഴിയുകയുള്ളൂ. സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾക്ക് സഹകരണ മേഖല കൂടുതൽ സാങ്കേതികവിദ്യയും ഫണ്ടും നൽകേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ ഇന്നത്തെ സാങ്കേതികവിദ്യാധിഷ്ഠിത കാലഘട്ടത്തിനൊത്ത് സഹകരണ പ്രസ്ഥാനങ്ങൾക്കും നിലനിൽക്കാൻ കഴിയുകയുള്ളൂ.

# 3.3 കന്നുകാലി വികസനം

ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് കന്നുകാലി മേഖലയുടെ സംഭാവന വിവിധ തലങ്ങളിലാണ്. കന്നുകാലികളുടെ വിതരണം ഭൂവിതരണത്തേക്കാൾ തുല്യമായതിനാൽ, കന്നുകാലി മേഖലയിലെ ഉൽപ്പാദനം കാർഷിക വരുമാനത്തിലും ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ നിർമാർജനത്തിലും ഗുണപരമായ സ്വാധീനം ചെലുത്തുന്നു. മിക്ക കർഷകരുടെയും പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നാണ് കന്നുകാലികൾ. ഇത് കാർഷികമേഖലയ്ക്കാവശ്യമായ ഉൽപ്പാദനോപാധികൾ നൽകുകയും ആരോഗ്യവും പോഷകാഹാരവും പ്രദാനം ചെയ്യുകയും, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ക്ഷേമം വർധിപ്പിക്കുകയും ചെയ്യുന്നു. കാർഷിക-അനുബന്ധ മേഖലകളിൽ ഏറ്റവും പ്രതീക്ഷ നൽകുന്ന മേഖലയാണ് കന്നുകാലി മേഖല. ഉൽപ്പാദനക്ഷമത വർധിപ്പിക്കൽ, രോഗനിയന്ത്രണം, കാലിത്തീറ്റ ഉൽപ്പാദനം, മൂല്യവർധന, ശാസ്ത്രീയമായ പ്രജനനരീതികൾ സ്വീകരിക്കൽ എന്നിവയിൽ ഈ മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഗണ്യമായ വിഹിതം വകയിരുത്തുന്നുണ്ട്.

ഇന്ത്യയിലെ കന്നുകാലി മേഖല ലോകത്തിലെ തന്നെ ഏറ്റവും ബൃഹത്തായ ഒന്നാണ്. ഇരുപതാമത് കന്നുകാലി സെൻസസ് (2019) പ്രകാരം, രാജ്യത്തെ മൊത്തം കന്നുകാലി എണ്ണം 536.76 ദശലക്ഷമാണ്.

കന്നുകാലി സെൻസസ് (2019) പ്രകാരം കേരളത്തിലെ കന്നുകാലികളുടെ എണ്ണം 29.09 ലക്ഷമാണ്. സംസ്ഥാനത്തെ കോഴി, താറാവ് മുതലായ വളർത്തു പക്ഷികളുടെ എണ്ണം 297.71 ലക്ഷം ആയിരുന്നു, ഇത് രാജ്യത്തെ മൊത്തം വളർത്തു പക്ഷികളുടെ എണ്ണത്തിന്റെ 3.49 ശതമാനമാണ്. കഴിഞ്ഞ കന്നുകാലി സെൻസസിൽ രേഖപ്പെടുത്തിയതിനെക്കാൾ 22.61 ശതമാനം വർധനയാണ് വളർത്തുപക്ഷികളുടെ എണ്ണത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വർധനവ് ദേശീയ വർധനവിനേക്കാൾ (16.81 ശതമാനം) കൂടുതലാണ്.

**സമ്പദ്‌വ്യവസ്ഥയിലെ ദേശീയ–സംസ്ഥാന സംഭാവനകൾ**

നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സിന്റെ (എൻ.എ.എസ്) 2022 ലെ കണക്കനുസരിച്ച് കൃഷി അനുബന്ധമേഖലയുടെ മൊത്തം മൂല്യ വർധനവിൽ കന്നുകാലി ഉപമേഖലയുടെ വിഹിതം 2019-20ൽ 29.33 ശതമാനമായിരുന്നത് 2020-21ൽ 30.13 ശതമാനമായി വർധിച്ചു. 2020-21ൽ മൊത്തം മൂല്യവർധനവിന്റെ (ജി.വി.എ) 4.90 ശതമാനമായിരുന്നു കന്നുകാലിമേഖലയുടെ സംഭാവന.

കേരളത്തിലെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ത്വരിത ഗതിയിൽ വളരുന്ന മേഖലകളിലൊന്നാണ് കന്നുകാലി മേഖല. കൃഷി അനുബന്ധ മേഖലകളുടെ മൊത്തം മൂല്യവർധനവിൽ (ജി.എസ്.വി.എ, 2011-12 ലെ സ്ഥിര വിലയിൽ) കന്നുകാലി മേഖലയുടെ വിഹിതം 26.44 ശതമാനമാണ്. (ഡി.ഇ.എസ്, ദ്രുതകണക്കെടുപ്പ്, 2021-22). 2021-22 വർഷത്തിൽ സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർധനവിൽ കന്നുകാലിമേഖലയുടെ വിഹിതം 2.35 ശതമാനമായിരുന്നു. കന്നുകാലി മേഖലയിലെ ആഭ്യന്തര മൂല്യവർധനവ് (2011-12-ലെ സ്ഥിരവിലയിൽ) 2020-21ൽ 11,701.86 കോടി രൂപയായിരുന്നത് 2021-22ൽ 11,714.01 കോടി രൂപയായി നേരിയ വളർച്ച രേഖപ്പെടുത്തി.

**മൃഗസംരക്ഷണ മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പുകളും ഏജൻസികളും**

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, കേരള ഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ), കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെ.എൽ.ഡി.ബി), മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ), കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി), കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്ങ് ഫെഡറേഷൻ ലിമിറ്റഡ് (മിൽമ), കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു) എന്നിവയാണ് മൃഗസംരക്ഷണ മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പുകളും ഏജൻസികളും.

ഈ ഉപമേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പ് നേതൃത്വം നൽകുന്നു. വെറ്ററിനറി സേവനങ്ങൾ, മൃഗസംരക്ഷണം, രോഗ നിർമാർജനം, കന്നുകാലി, ആട്, പന്നി, കോഴി എന്നിവയുടെ വികസനം, ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം, കർഷകർക്കും വെറ്ററിനറി ഉദ്യോഗസ്ഥർക്കുമുള്ള പരിശീലന പരിപാടികൾ സംഘ ടിപ്പിക്കലും അവയുടെ ഏകോപനവും, വാക്സിനുകളുടെ ഉൽപ്പാദനം എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണവും ഗുണനില വാരവും വർധിപ്പിക്കുക എന്നതാണ് വകുപ്പിന്റെ പ്രാഥമിക ലക്ഷ്യം. പാലിന്റെയും മാംസത്തിന്റെയും ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി സംസ്ഥാനം കന്നുകാലി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സങ്കരയിനങ്ങളുടെ പ്രജനന പ്രവർത്തനങ്ങളാണ്. കൂടാതെ മൃഗസംരക്ഷണ വകുപ്പ് ആടുവളർത്തൽ, എരുമ വളർത്തൽ, പന്നി, മുയൽ, കോഴി എന്നിവയുടെ പ്രജനന പ്രവർത്തനങ്ങളും നടത്തിവരുന്നു. ഉൽപ്പാദന വർധനയ്ക്ക് കർഷകർക്ക് ഉൽപ്പാദന യൂണിറ്റുകളുടെ ശാസ്ത്രീയ മാനേജ്മെന്റിന് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. സ്ത്രീകൾക്ക് അവരുടെ കുടുംബവരുമാനം വർധിപ്പിക്കുന്നതിന് കന്നുകാലികളെയും വളർത്തുപക്ഷികളേയും വളർത്താൻ പരിശീലനം നൽകുന്നു. ഡയറി ഫാമിങ്ങ്, ആട് വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ, ഇറച്ചിക്കോഴി ഉൽപ്പാദനം, മുട്ടക്കോഴി പരിപാലനം, വീട്ടുമുറ്റത്തെ കോഴി വളർത്തൽ, കാടക്കോഴി വളർത്തൽ, കോഴിക്കുഞ്ഞുങ്ങളിലെ പൂവനും പിടയും നിർണയിക്കൽ തുടങ്ങിയ വിവിധ പരിശീലനങ്ങളാണ് വകുപ്പ് നൽകുന്നത്. പ്രധാന കന്നുകാലി ഉൽപ്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർഷം തോറും കണക്കാക്കുന്നതിനായി വകുപ്പ് മൃഗ സെൻസസും സംയോജിത സാമ്പിൾ സർവേയും നടത്തുന്നു.

മൃസംരക്ഷണ വകുപ്പിന്റെ കീഴിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 50 വെറ്ററിനറി പോളിക്ലിനിക്കുകൾ, 214 വെറ്ററിനറി ഹോസ്പിറ്റലുകൾ, 868 വെറ്ററിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ, 1,330 വെറ്ററിനറി സബ് സെന്ററുകൾ, 9 മൊബൈൽ വെറ്ററിനറി ആശുപത്രികൾ, 7 മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകൾ, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശുപത്രി എന്നിവ മുഖേന കന്നുകാലികൾക്ക് മെച്ചപ്പെട്ട ആരോഗ്യസുരക്ഷ നൽകിവരുന്നു. സാംക്രമിക രോഗങ്ങൾ പൂർണമായും നിർമാർജനം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പ് കാര്യക്ഷമവും സമയബന്ധിതവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. കുളമ്പുരോഗ നിർമാർജന പരിപാടി, പേവിഷ രഹിത കേരള വാക്സിനേഷൻ പ്രോഗ്രാം, മൃഗരോഗ നിയന്ത്രണത്തിനു സംസ്ഥാനങ്ങൾക്കുള്ള സഹായം (എ.എസ്.സി.എ.ഡി) പൗൾട്രി വാക്സിനേഷൻ തുടങ്ങിയ വാക്സിനേഷൻ പരിപാടികൾ വ്യവസ്ഥാപിതമായി നടത്തിവരുന്നു. 2015-16 മുതൽ 2021-22 വരെ കേരളത്തിലെ കന്നുകാലികളെ ബാധിച്ച പ്രധാന പകർച്ചവ്യാധികൾ, അവ മൂലമുണ്ടായ മരണം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.3.1**ൽ നൽകിയിരിക്കുന്നു. മൃഗസംരക്ഷണ മേഖലയുടെ ധനകാര്യ നിർവഹണം **പട്ടിക 3.3.1**ൽ കാണിച്ചിരിക്കുന്നു.

മൃഗസംരക്ഷണ മേഖലയ്ക്ക് പതിമ്മൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 1,517.84 കോടി രൂപ വകയിരുത്തിയിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇത് 1,355.96 കോടി രൂപയായിരുന്നു (11.94 ശതമാനം വർധന). 2021-22ൽ മൃഗസംരക്ഷണ മേഖലയിലെ മൊത്തം അടങ്കൽ 289 കോടി രൂപയും മൊത്തം ചെലവ് 242.11 കോടി രൂപയുമാണ് (83.77 ശതമാനം).

### കേരളത്തിലെ കന്നുകാലി മേഖലയിലെ പ്രധാന ഉൽപ്പന്നങ്ങൾ

പാലും മാംസവും മുട്ടയുമാണ് സംസ്ഥാനത്തെ കന്നു കാലിമേഖലയിലെ പ്രധാന ഉൽപ്പന്നങ്ങൾ. 2014-15 മുതൽ 2021-22 വരെയുള്ള കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം **ചിത്രം 3.3.1**ൽ കാണിച്ചിരിക്കുന്നു.

### പാൽ ഉൽപ്പാദനം

2020-21 ൽ ലോകത്തെ മൊത്തം പാൽ ഉൽപ്പാദനത്തിൽ 23 ശതമാനം സംഭാവന ചെയ്ത് ഇന്ത്യ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യമായി തുടരുന്നു. ദേശീയ തലത്തിൽ, പാലുൽപ്പാദനം 2019-20ൽ 19.84 കോടി ടണ്ണായിരുന്നത് 5.80 ശതമാനം ഉയർന്ന് 2020-21ൽ 20.9 കോടി ടണ്ണായി. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലമായി പാലുൽപ്പാദനത്തിൽ വർധനവ് നിലനിൽക്കുന്നു. 2020-21 ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന അഞ്ച് സംസ്ഥാനങ്ങൾ ഉത്തർപ്രദേശ് (14.94 ശതമാനം), രാജസ്ഥാൻ (14.63 ശതമാനം), മധ്യപ്രദേശ് (8.57 ശതമാനം), ഗുജറാത്ത് (7.51 ശതമാനം), ആന്ധ്രാപ്രദേശ് (7.01 ശതമാനം) എന്നിവയാണ്. ഈ സംസ്ഥാനങ്ങൾ രാജ്യത്തെ മൊത്തം പാൽ ഉൽപ്പാദനത്തിന്റെ 52.69 ശതമാനം സംഭാവന ചെയ്തു (ഇന്ത്യാസ്റ്റാറ്റ്.കോം). പാൽ ഉൽപ്പാദിപ്പിക്കുന്ന പ്രമുഖ സംസ്ഥാനങ്ങളിൽ പതിനഞ്ചാം സ്ഥാനത്താണ് കേരളം. പാലിന്റെ പ്രതിശീർഷ ലഭ്യത കഴിഞ്ഞ കുറേ വർഷങ്ങളായി വർധിച്ചുകൊണ്ടിരിക്കുകയാണ്. 2020-21 ൽ ഇത് പ്രതിദിനം 427 ഗ്രാം ആയി കണക്കാക്കപ്പെടുന്നു (താൽക്കാലിക കണക്കുകൾ, സാമ്പത്തിക സർവേ, 2021-22). ഏറ്റവും ഉയർന്ന പ്രതിശീർഷ ലഭ്യത പഞ്ചാബിലും(പ്രതിദിനം 1,219 ഗ്രാം) തുടർന്ന് രാജസ്ഥാനിലുമാണ് (പ്രതിദിനം 1,075 ഗ്രാം). കേരളത്തിന്റെ പ്രതിശീർഷ പാൽ ലഭ്യത പ്രതിദിനം 197 ഗ്രാമാണ് (ഇന്ത്യാസ്റ്റാറ്റ്-കോം). മൃഗങ്ങളുടെ ഇനം തിരിച്ചുള്ള കണക്കനുസരിച്ച് മൊത്തം പാലുൽപ്പാദനത്തിന്റെ 33 ശതമാനവും തദ്ദേശീയ എരുമകളിൽ നിന്നും ഏതാണ്ട് 30 ശതമാനം സങ്കരയിനം പശുക്കളിൽ നിന്നുമാണ് ലഭിക്കുന്നത്. രാജ്യത്തെ മൊത്തം പാലുൽപ്പാദനത്തിന്റെ 8.82 ശതമാനവും സംഭാവന ചെയ്യുന്നത് നാടൻ കന്നുകാലികളാണ്. രാജ്യത്ത് ആകെ ഉൽപ്പാദിപ്പിക്കുന്ന പാലിൽ 2.98 ശതമാനവും ആട്ടിൻ പാലാണ് (താൽക്കാലിക കണക്കുകൾ, ഇന്ത്യാസ്റ്റാറ്റ്-കോം).

2021-22ൽ കേരളത്തിലെ മൊത്തം പാലിന്റെ ആവശ്യകത 33.51 ലക്ഷം മെട്രിക് ടൺ ആയിരുന്നു. എന്നാൽ വാർഷിക ഉൽപ്പാദനം 25.32 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നു. ഇതുമൂലം പ്രതിദിനം ശരാശരി 1.34 ലക്ഷം ലിറ്റർ പാലിന്റെ ഇറക്കുമതി വേണ്ടിവന്നു. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 25.32 ലക്ഷം മെട്രിക് ടൺ പാലിന്റെ ഭൂരിഭാഗവും സങ്കരയിനത്തിൽപ്പെടുന്ന പശുക്കളിൽ നിന്നുമാണ് (93.56 ശതമാനം). നാടൻ പശുക്കൾ 0.04 മെട്രിക് ടൺ (0.16 ശതമാനം) പാൽ മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. നാടൻ (നോൺഡിസ്ക്രിപ്റ്റ്) കന്നുകാലികളുടെ സംഭാവന 0.24 മെട്രിക് ടൺ (0.95 ശതമാനം) ആയിരുന്നു. ആടുകളിൽ

**പട്ടിക 3.3.1** പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ്/ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും- തുക കോടി രൂപയിലും ശതമാനത്തിലും

| വകുപ്പ്/ഏജൻസി | പതിമ്മൂന്നാം പഞ്ചവൽസര പദ്ധതി | | |
|---|---|---|---|
| | വിഹിതം | ചെലവ് | ശതമാനം |
| മൃഗസംരക്ഷണ വകുപ്പ് | 870.77 | 741.13 | 85.11 |
| കേരള ലൈഫ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് (കെ.എൽ.ഡി.ബി) | 109.06 | 95.24 | 87.33 |
| കേരള ഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ) | 36.86 | 20.9 | 56.7 |
| മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ) | 58.43 | 19.32 | 33.07 |
| കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) | 58.44 | 25.86 | 44.25 |
| കേരള കോ-ഓപ്പറേറ്റീവ് മിൽക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെ.സി.എം.എം.എഫ്) | 37.91 | 37.91 | 100 |
| കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു) | 346.37 | 152.07 | 43.9 |
| ആകെ | 1517.84 | 1092.43 | 71.97 |


അവലംബം: കേരള സംസ്ഥാന ആസൂത്രണ ബോർഡ്

നിന്നുള്ള പാൽ ഉൽപ്പാദനം 1.23 മെട്രിക് ടൺ (4.86 ശതമാനം) ആയിരുന്നു. ബാക്കിയുള്ളത് തദ്ദേശീയ എരുമകളിൽ നിന്നും നാടൻ (നോൺഡിസ്ക്രിപ്റ്റ്) എരുമകളിൽ നിന്നുമുള്ള ഉൽപ്പാദനമാണ് (മൃഗസംരക്ഷണ വകുപ്പ്). 2021-22ൽ കേരളത്തിലെ ക്ഷീരോൽപ്പാദനം മൃഗങ്ങളുടെ ഇനം തിരിച്ച് **ചിത്രം 3.3.2**ൽ നൽകിയിരിക്കുന്നു. പ്രധാന പാൽ ഉൽപ്പാദകസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കന്നുകാലികളുടെ എണ്ണം കുറവാണെങ്കിലും കേരളത്തിലെ കന്നുകാലി ഉൽപ്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. 2020-21ൽ ഇന്ത്യയിലെ വിദേശ, സങ്കരയിനം കന്നുകാലികളുടെ ശരാശരി പ്രതിദിന പാലുൽപ്പാദനം യഥാക്രമം 11.1 കിലോയും 6.98 കിലോയുമാണ്. നാടൻ കന്നുകാലികളുടെയും നാടൻ (നോൺഡിസ്ക്രിപ്റ്റ്) കന്നുകാലികളുടെയും ശരാശരി പാലുൽപ്പാദനം യഥാക്രമം പ്രതിദിനം 3.08 കിലോയും 2.7 കിലോയും ആണ് (ഇന്ത്യാസ്റ്റാറ്റ്-കോം). കേരളത്തിലെ സങ്കരയിനം കന്നുകാലികളുടെ ശരാശരി പാലുൽപ്പാദനം പ്രതിദിനം 10.27 കിലോഗ്രാം ആണ്. സങ്കരയിനം കന്നുകാലികളുടെ ഉൽപ്പാദനക്ഷമതയിൽ പഞ്ചാബ് ഒന്നാം സ്ഥാനത്തും (പ്രതിദിനം 13.23 കിലോഗ്രാം)ചണ്ഡിഗഢ് രണ്ടാം സ്ഥാനത്തും (പ്രതിദിനം 11.05 കിലോഗ്രാം), കേരളം മൂന്നാം സ്ഥാനത്തുമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കന്നുകാലി എണ്ണത്തിൽ വിദേശ/സങ്കരയിനം മൃഗങ്ങളുടെ ഉയർന്ന ശതമാനമാണ് കേരളത്തിന്റെ ഈ നേട്ടത്തിനു കാരണം.

### മുട്ട ഉൽപ്പാദനം

കഴിഞ്ഞ നാല് പതിറ്റാണ്ടിനിടെ ഇന്ത്യയിലെ മുട്ടയുടെയും മാംസത്തിന്റെയും ഉൽപ്പാദനത്തിൽ കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്. ഈ മേഖല അശാസ്ത്രീയമായ കൃഷിരീതിയിൽ നിന്നും അത്യാധുനിക സാങ്കേതിക ഇടപെടലുകളുള്ള വാണിജ്യ ഉൽപ്പാദന സമ്പ്രദായത്തിലേക്ക് ഉയർന്നു വന്നിരിക്കുന്നു. 2020-ലെ എഫ്.എ.ഒ സ്റ്റാറ്റിന്റെ ഉൽപ്പാദന കണക്കുകൾ അനുസരിച്ച് മുട്ട ഉൽപ്പാദനത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ് (സാമ്പത്തിക സർവേ, 2021-22). ഇന്ത്യയിലെ മൊത്തം മുട്ട ഉൽപ്പാദനം 2019-20ൽ 11,438 കോടിയായിരുന്നത് 6.7 ശതമാനം വളർച്ച രേഖപ്പെടുത്തിക്കൊണ്ട് 2020-21ൽ 12,205


**ചിത്രം 3.3.1** 2014-15 മുതൽ 2021-22 വരെയുള്ള കന്നുകാലി മേഖലയിലെ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2022

കോടിയായി ഉയർന്നു. 2000-01 മുതൽ മുട്ടയുടെ പ്രതിശീർഷ ലഭ്യതയിൽ ക്രമാനുഗതമായ വർധനവുണ്ടായിട്ടുണ്ട്. 2020-21ൽ പ്രതിശീർഷ മുട്ട ലഭ്യത പ്രതിവർഷം 91 മുട്ടകൾ എന്ന തോതിൽ വർധിച്ചു (സാമ്പത്തിക സർവേ 2021-22). 2020-21ൽ ഏറ്റവും കൂടുതൽ മുട്ട ഉൽപ്പാദിപ്പിച്ചത് ആന്ധ്രാപ്രദേശാണ്, ഇത് രാജ്യത്തെ മൊത്തം മുട്ട ഉൽപ്പാദനത്തിന്റെ 20.45 ശതമാനമാണ്. തൊട്ടുപിന്നിൽ തമിഴ്നാടും (16.49 ശതമാനം) തെലങ്കാനയുമാണ് (12.98 ശതമാനം). പശ്ചിമബംഗാളും (8.64 ശതമാനം) കർണാടകയുമാണ് (6.2 ശതമാനം) രാജ്യത്തിന്റെ മുട്ട ഉൽപ്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മറ്റ് സംസ്ഥാനങ്ങൾ. രാജ്യത്തെ മൊത്തം മുട്ട ഉൽപ്പാദനത്തിൽ 1.81 ശതമാനമാണ് കേരളത്തിന്റെ സംഭാവന. പ്രതിശീർഷ മുട്ടയുടെ ഏറ്റവും ഉയർന്ന ലഭ്യത അന്ധ്രാപ്രദേശിലാണ് (പ്രതിവർഷം 475 മുട്ടകൾ) തൊട്ടുപിന്നിൽ തെലങ്കാനയും (പ്രതിവർഷം 423 മുട്ടകൾ) തമിഴ്നാടുമാണ് (പ്രതിവർഷം 265 മുട്ടകൾ) (ഇന്ത്യാസ്റ്റാറ്റ്.കോം).

**ചിത്രം 3.3.2** 2021-22-ൽ കേരളത്തിലെ ഇനം തിരിച്ചുള്ള ക്ഷീര ഉൽപ്പാദനം





അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2022

മുട്ട ഉൽപ്പാദനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ പതിന്നാലാം സ്ഥാനത്താണ് കേരളം. പതിമ്മൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിൽ മുട്ടയുടെ ഉൽപ്പാദനം കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. 2017-18ൽ സംസ്ഥാനത്തെ മൊത്തം മുട്ട ഉൽപ്പാദനം 235 കോടി ആയിരുന്നു. ഇത് 2018-19ൽ 229 കോടി ആയി കുറഞ്ഞു. 2019-20ൽ ആകെ മുട്ട ഉൽപ്പാദനം 218.12 കോടി ആയിരുന്നു. 2020-21ൽ സംസ്ഥാനത്ത് ആകെ മുട്ട ഉൽപ്പാദനം 217.68 കോടിയായി കുറഞ്ഞു (മൃഗസംരക്ഷണ വകുപ്പ്). എന്നാൽ, 2021-22 വർഷത്തിൽ മൊത്തം മുട്ട ഉൽപ്പാദനം 223.01 കോടിയായി വർധിച്ചെങ്കിലും 536.14 കോടി മുട്ടകളാണ് സംസ്ഥാനത്ത് ആവശ്യമായിരുന്നത് (മൃഗസംരക്ഷണ വകുപ്പ്). നമ്മുടെ സംസ്ഥാനത്ത് മുട്ടയുടെ പ്രതിശീർഷ ലഭ്യത 2020-21ൽ പ്രതിവർഷം 63 എണ്ണമായിരുന്നു. ഇത് രാജ്യത്തെ മുട്ടയുടെ പ്രതിശീർഷ ലഭ്യതയായ 90 നേക്കാൾ കുറവാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മുട്ടയുടെ 75.58 ശതമാനവും ഉല്പാദനക്ഷമത കൂടുതലുള്ള കോഴികളിൽ നിന്നും 18.89 ശതമാനം നാടൻ കോഴികളിൽ നിന്നുമാണ്. സംസ്ഥാനത്തിന്റെ മൊത്തം മുട്ട ഉൽപ്പാദനത്തിൽ നാടൻ താറാവിന്റെയും ഉല്പാദനക്ഷമത കൂടുതലുള്ള താറാവിന്റെയും സംഭാവന യഥാക്രമം 2.59 ശതമാനവും 2.92 ശതമാനവുമാണ്. കേരളത്തിലെ വളർത്തു പക്ഷികളുടെ ഇനം തിരിച്ചുള്ള മുട്ട ഉൽപ്പാദനം **ചിത്രം 3.3.3** ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 3.3.3** കേരളത്തിലെ വളർത്തുപക്ഷികളുടെ ഇനം തിരിച്ചുള്ള മുട്ട ഉൽപ്പാദനം 2021-22




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2022


### മാംസ ഉൽപ്പാദനം

നമ്മുടെ രാജ്യത്ത് കഴിഞ്ഞ പത്ത് വർഷമായി മാംസ ഉൽപ്പാദനത്തിൽ ക്രമാനുഗതമായ വർധനവ് ഉണ്ടായിട്ടുണ്ട്. എഫ്.എ.ഒസ്റ്റാറ്റ് (2020) പ്രകാരം ലോകത്ത് മാംസ ഉൽപ്പാദനത്തിൽ ഇന്ത്യ എട്ടാം സ്ഥാനത്താണ്. രാജ്യത്തെ മാംസ ഉത്പാദനം 2019-20ൽ 8.60 ദശലക്ഷം ടണ്ണായിരുന്നത് 2020-21ൽ 8.80 ദശലക്ഷം ടണ്ണായി ഉയർന്നു (സാമ്പത്തിക സർവേ, 2021-22). 2020-21 വർഷത്തിൽ രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉത്പാദിപ്പിക്കുന്ന സംസ്ഥാനം മഹാരാഷ്ട്രയാണ്. മൊത്തം മാംസഉൽപ്പാദനത്തിന്റെ 12.60 ശതമാനവും മഹാരാഷ്ട്രയിൽ നിന്നാണ്. തൊട്ടു പിന്നിലാണ് ഉത്തർപ്രദേശ് (11.79 ശതമാനം). പശ്ചിമബംഗാൾ (11.29 ശതമാനം), ആന്ധ്രാപ്രദേശ് (10.84 ശതമാനം), തെലങ്കാന (10.45 ശതമാനം) എന്നീ സംസ്ഥാനങ്ങളെല്ലാം ചേർന്ന് രാജ്യത്തെ മൊത്തം മാംസ ഉൽപ്പാദനത്തിന്റെ 57 ശതമാനവും സംഭാവന ചെയ്യുന്നു. രാജ്യത്തെ മൊത്തം മാംസ ഉൽപ്പാദനത്തിൽ കേരളത്തിന്റെ സംഭാവന 5.24 ശതമാനമാണ് (ഇന്ത്യാസ്റ്റാറ്റ്.കോം). 2020-21 വർഷത്തിൽ രാജ്യത്തെ മൊത്തം മാംസ ഉൽപ്പാദനത്തിന്റെ 50 ശതമാനത്തിലധികം വളർത്തുപക്ഷികളുടെ ഇറച്ചിയിൽ (പൗൾട്രി) നിന്നാണെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. മഹാരാഷ്ട്ര, ഹരിയാന, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് രാജ്യത്തെ ഏറ്റവും വലിയ പൗൾട്രി മാംസ ഉത്പാദകർ. ഇന്ത്യയുടെ മൊത്തം മാംസ ഉൽപ്പാദനത്തിൽ എരുമകളുടെയും ആടുകളുടെയും മാംസം യഥാക്രമം 18 ശതമാനവും 14 ശതമാനവുമാണ്.

പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ മാംസ ഉൽപ്പാദനം 23.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2018 ലെയും 2019 ലെയും വെള്ളപ്പൊക്കവും കോവിഡ്-19 മഹാമാരിയുടെ ആഘാതവും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു. 2021-22ൽ മൊത്തം ഇറച്ചി ഉൽപ്പാദനം 4.63 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2021-22ൽ സംസ്ഥാനത്ത് മൊത്തം ആവശ്യമുള്ള ഇറച്ചി 8.71 ലക്ഷം മെട്രിക് ടൺ ആയിരുന്നു. മാംസത്തിന്റെ ആഭ്യന്തര ആവശ്യം അതിവേഗം വളരുകയാണ്. ഈ സാഹചര്യത്തിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ "കേരള ചിക്കൻ" പദ്ധതി വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്. കാളക്കുട്ടികളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും

പരിഗണിക്കേണ്ടതുണ്ട്. കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉൽപ്പാദനം **ചിത്രം 3.3.4**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 3.3.4** കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉൽപ്പാദനം, 2021-22




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2022

കേരളത്തിലെ മാംസമേഖലയുടെ യഥാർഥ സാധ്യതകൾ ഇനിയും പൂർണമായി പ്രയോജനപ്പെടുത്തിയിട്ടില്ല. കേരളത്തിലെ മാംസത്തിന്റെ ആവശ്യം, പ്രത്യേകിച്ച് ബീഫിന്റെ ആവശ്യകത സംസ്ഥാനത്തിന് പുറത്തുനിന്ന്, പ്രധാനമായും ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് കശാപ്പിനായി കൊണ്ടുവരുന്ന മൃഗങ്ങളിൽ നിന്നാണ് നികത്തുന്നത്.

മാംസ ഉൽപ്പാദന മേഖല കൂടുതൽ ഊർജസ്വലവും ലാഭകരവും സുരക്ഷിതവുമാകണമെങ്കിൽ അസംഘടിതമേഖലയിൽ നിന്നും സംഘടിത മേഖലയിലേക്കുള്ള മാറ്റം അനിവാര്യമാണ്.വൃത്തിയുള്ളതും ഹരിതവും നീതിയുക്തവുമായ (സി.ജി.ഇ) കൃഷിയും ഉൽപ്പാദന സംവിധാനവും അടിസ്ഥാനമാക്കി സുരക്ഷിതവും ആരോഗ്യകരവുമായ മാംസത്തിന്റെ ഉൽപ്പാദനത്തിലേക്ക് മാംസ ഉൽപ്പാദന മേഖലയെ നവീകരിക്കുന്നതിനുള്ള തന്ത്രപ്രധാനമായ പദ്ധതി അനിവാര്യമാണ്.

സുരക്ഷിതവും ആരോഗ്യകരവുമായ മാംസത്തിന്റെ ഉൽപ്പാദനത്തിന്, കശാപ്പിനാവശ്യമായ ആധുനിക ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുകയും മൂല്യവർധനവ് പ്രോത്സാഹിപ്പിക്കുകയും ഈ മേഖലയിൽ പരിശീലനം നേടിയ മാനവവിഭവശേഷി വികസനം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ സഹായത്തോടെ സർക്കാർ പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിൽ 40 റെൻഡറിങ് പ്ലാന്റുകൾ സ്ഥാപിച്ചു. ശാസ്ത്രീയമായ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുകയും പകർച്ചവ്യാധികളും മൃഗരോഗങ്ങളും പടരുന്നത് തടയുകയും ഉപോൽപ്പന്നങ്ങളിൽ നിന്നും മാലിന്യത്തിൽ നിന്നും സാമ്പത്തിക വരുമാനം ഉണ്ടാക്കുകയും ചെയ്യും.

**കന്നുകാലിത്തീറ്റയും തീറ്റപ്പുൽ ഉൽപ്പാദനവും**

കന്നുകാലി മേഖലയുടെ വികസനത്തെ പിന്തുണയ്ക്കുന്നതിനായി, കന്നുകാലിത്തീറ്റയുടെയും തീറ്റപ്പുല്ലിന്റെയും ലഭ്യതയിലെ വിടവ് കണക്കിലെടുത്ത് കാലിത്തീറ്റയ്ക്കും തീറ്റപ്പുൽ ഉൽപ്പാദനത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തീറ്റപ്പുൽ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയാണ് ക്ഷീരവികസന വകുപ്പ്. കൃഷിയിടങ്ങളിലും ക്ഷീര സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപ്പാദനവും സംരക്ഷണവും എന്ന പദ്ധതി പ്രകാരം തരിശുനിലങ്ങളിലും പാഴ്ഭൂമിയിലും വാണിജ്യാടിസ്ഥാനത്തിൽ വൻതോതിൽ കാലിത്തീറ്റ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. പുരോഗമന കർഷകർ, മറ്റ് വ്യക്തികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഉടമസ്ഥതയിൽ ഒഴിഞ്ഞു കിടക്കുന്ന ഫലഭൂയിഷ്ഠമായ ഭൂമി തീറ്റപ്പുൽ കൃഷി പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നുണ്ട്. 2021-22 ൽ 2397 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി നടത്തുകയും 343 ലക്ഷം വേരു പിടിപ്പിച്ച തീറ്റപ്പുൽ തൈകൾ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ, അസോള കൃഷി, തീറ്റപ്പുൽ കൃഷി, വിളവെടുപ്പ്, ജലസേചനം തുടങ്ങിയ പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുന്നതിനും കർഷകർക്ക് സഹായം നൽകി. 2020-21 ൽ 3.26 ലക്ഷം മെട്രിക് ടണ്ണായിരുന്ന കാലിത്തീറ്റ ഉൽപ്പാദനം 2021-22 ൽ 3.58 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചു. കാലിത്തീറ്റ ഉൽപ്പാദനത്തിന്റെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 3.3.2, 3.3.3, 3.3.4** എന്നിവയിൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് നിലവിൽ 7,755 കാലിത്തീറ്റ കൃഷിയിടങ്ങൾ ഉണ്ട്. അതിൽ 5,638 കൃഷിയിടങ്ങൾ (72.7 ശതമാനം) ഒരേക്കറിനും 2.5 ഏക്കറിനും ഇടയിൽ വിസ്തൃതിയുള്ളവയാണ്. 2.5 ഏക്കറിനും 5 ഏക്കറിനും ഇടയിൽ വിസ്തൃതിയുള്ള 1858 കൃഷിയിടങ്ങളുണ്ട് (23.9 ശതമാനം). 5 ഏക്കറിൽ കൂടുതൽ വിസ്തൃതിയുള്ള 259 കൃഷിയിടങ്ങൾ (3.3 ശതമാനം) മാത്രമാണുള്ളത്. കേരളത്തിലെ തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി **പട്ടിക 3.3.2**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.3.2** കേരളത്തിലെ തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി (2017-18 മുതൽ 2021-22 വരെ)

| വർഷം | ഹൈബ്രിഡ് നേപ്പിയർ (ഹെക്ടറിൽ) |
|---|---|
| 2017-18 | 2250 |
| 2018-19 | 2750 |
| 2019-20 | 2865 |
| 2020-21 | 2363 |
| 2021-22 | 2397 |

അവലംബം: ക്ഷീരവികസന വകുപ്പ്, 2022

**പ്രജനനത്തിനുള്ള പന്തുണ**

ഉൽപ്പാദന സാധ്യതകൾ സുഗമമാക്കുന്നതിനും മൃഗങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിൽ ഉൽപ്പാദനത്തിൽ ജനിതക പുരോഗതി കൊണ്ടുവരുന്നതിനുമുള്ള പ്രധാന മാർഗങ്ങളിലൊന്നാണ് പ്രജനനം. നമ്മുടെ സംസ്ഥാനത്ത് കന്നുകാലി വളർത്തൽ ആസൂത്രിതമായി നടപ്പിലാക്കി വരുന്നു. കൂടാതെ കൃത്യമായ ആസൂത്രിത ബ്രീഡിങ് നയവും നമുക്കുണ്ട്. സംസ്ഥാനത്തിന്റെ പ്രജനന നയമനുസരിച്ച് കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നൽകുന്ന ജനിതക ദ്രവ്യം (ജേംപ്ലാസം) മാത്രമാണ് മൃഗസംരക്ഷണ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്നത്. മൃഗസംരക്ഷണ വകുപ്പ് എല്ലാ പഞ്ചായത്തുകളിലെയും മൃഗാശുപത്രികൾ വഴി കൃത്രിമ ബീജ സങ്കലന സൗകര്യം ഉറപ്പാക്കുന്നുണ്ട്. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വഴി കൃത്രിമ ബീജസങ്കലന പദ്ധതി വീട്ടുപടിക്കലെത്തിക്കുന്ന സൗകര്യവും മൃഗസംരക്ഷണ വകുപ്പ് ഒരുക്കിയിരിക്കുന്നു.

**ബോക്സ് 3.3.1** 2021-22ൽ തീറ്റപ്പുൽ കൃഷിയുടെ വിസ്തൃതിയിൽ നേരിയ വർധനവുണ്ടായതായി പട്ടിക സൂചിപ്പിക്കുന്നു

കാലിത്തീറ്റ സ്വയംപര്യാപ്തതയ്ക്ക് കേരളത്തെ സജ്ജമാക്കാൻ: കേരളത്തിലെ കാലിത്തീറ്റ വികസനത്തിനുള്ള നോഡൽ ഏജൻസിയാണ് ക്ഷീരവികസന വകുപ്പ്. ക്ഷീരവികസന വകുപ്പിന്റെ കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് കറവയുള്ള മൃഗങ്ങൾക്ക് പ്രതിദിനം 335.5 ലക്ഷം കിലോഗ്രാം കാലിത്തീറ്റയാണ് ആവശ്യമുള്ളത്. എന്നാൽ ആകെ ആവശ്യമുള്ള കാലിത്തീറ്റയുടെ 47 ശതമാനം മാത്രമാണ് നിലവിലെ തീറ്റപ്പുൽ കൃഷിയിലൂടെ ലഭിക്കുന്നത്. കാലിത്തീറ്റ ഉൽപ്പാദനത്തിലെ കുറവ് നികത്തുന്നതിനും പാലിന്റെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും മൃഗങ്ങൾക്ക് സമീകൃത ആഹാരം ഉറപ്പാക്കുന്നതിനും ഉൽപ്പാദനക്ഷമതയും മൃഗങ്ങളുടെ ആരോഗ്യവും നിലനിർത്തുന്നതിനും സംസ്ഥാനത്തിന്റെ കന്നുകാലി മേഖലയ്ക്ക് കാലിത്തീറ്റ പദ്ധതി അടിയന്തിരമായി ആവശ്യമാണ്.

ക്ഷീരവികസന വകുപ്പിന്റെ കണക്കുകൾ പ്രകാരം പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിയിൽ 10,078 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി നടത്തി. ഇതിലൂടെ സംസ്ഥാനത്ത് 17.08 ലക്ഷം മെട്രിക്ടൺ അധിക കാലിത്തീറ്റയാണ് ലഭിച്ചത്. 2021-22ൽ തീറ്റപ്പുൽ കൃഷി പ്രവർത്തനങ്ങൾക്കായി ക്ഷീരവകുപ്പ് നൽകിയ ആകെ സബ്സിഡി 585.4 ലക്ഷം രൂപയാണ്.

നാരടങ്ങിയ കാലിത്തീറ്റ ഉൽപ്പാദന ലക്ഷ്യം കൈവരിക്കണമെങ്കിൽ സംസ്ഥാനത്തിന് കുറഞ്ഞത് 54,750 ഹെക്ടറിൽ തീറ്റപ്പുൽ കൃഷി വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. സംസ്ഥാനത്ത് കാലിത്തീറ്റ ഉൽപ്പാദനം ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾ, അതായത് കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ, ജില്ലാ സഹകരണ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും വേണം.

അവലംബം: ക്ഷീര വികസന വകുപ്പ്

നിലവിലുള്ള പ്രജനന നിയമമനുസരിച്ച് എക്സോട്ടിക് ഇൻഹെറിറ്റൻസ് ലെവൽ ഏകദേശം 50 ശതമാനം ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ നല്ല വിഭവങ്ങളുള്ള വാണിജ്യ/അർധ വാണിജ്യ ക്ഷീരോൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെയും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെയും സൂക്ഷ്മ നിരീക്ഷണത്തിൽ ഉയർന്ന മൂല്യമുള്ള ശുദ്ധമായ ഹോൾസ്റ്റിൻ ഫ്രീസിയൻ കാളകളുടെ (ഇറക്കുമതി ചെയ്ത/ സംസ്ഥാനത്തിനു പുറത്തു നിന്ന് സംഭരിച്ച) ബീജം നൽകുന്നു. സംസ്ഥാനത്തെ തദ്ദേശീയ ഇനങ്ങളുടെ (വെച്ചൂർ പോലുള്ളവ) സംരക്ഷണ പരിപാടിയും നടപ്പിലാക്കി വരുന്നു. വെച്ചൂർ, ഗിർ,കാസർഗോഡ് കുള്ളൻ, റെഡ് സിന്ധി, കാങ്കായം, കാംക്രെജ് തുടങ്ങിയ നാടൻ ഇനങ്ങളുടെ ബീജം കെ.എൽ.ഡി ബോർഡ് വിതരണം ചെയ്യുന്നുണ്ട്. വന്ധ്യതാ ക്യാമ്പുകൾ നടത്തുന്നതിനും കന്നുകാലികളുടെ വന്ധ്യതാ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫെർട്ടിലിറ്റി മാനേജ്മെന്റ് എന്ന പ്രത്യേക സ്ഥാപനത്തിന് മൃഗസംരക്ഷണ വകുപ്പ് പദ്ധതി പണം ചെലവഴിക്കുന്നുണ്ട്. കേരള കന്നുകാലി വികസന ബോർഡിന്റെ (കെ. എൽ.ഡി.ബി) ലക്ഷ്യം സംസ്ഥാനത്തിന്റെ നിലവിലുള്ള ക്ഷീര പരിസ്ഥിതിക്ക് അനുയോജ്യമായ കറവ കന്നുകാലികളെ വികസിപ്പിക്കുക എന്നതാണ്. ബ്രീഡിങ് ഇൻപുട്ടുകളുടെ ഉൽപ്പാദനവും ഗവേഷണവും വികസനവും പരിശീലനവുമാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

കെ.എൽ.ഡി.ബി ക്ക് മൂന്ന് ബുൾ സ്റ്റേഷനുകളും നാല് ബുൾ മദർ ഫാമുകളും ഓരോ നാടൻ കന്നുകാലി, ആട്, പന്നി ഫാമുകളും ഉണ്ട്. രണ്ടു ജില്ലകൾക്ക് ഒന്ന് എന്ന ക്രമത്തിൽ ഏഴ് പ്രാദേശിക ബീജ ബാങ്കുകളുണ്ട്. ശീതീകരിച്ച ബീജ ഉൽപ്പാദനത്തിനു കേന്ദ്ര സർക്കാർ നിർദേശിക്കുന്ന മിനിമം സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ അനുസരിച്ച് ബീജ ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്ന കാളകളിൽ പകർച്ചവ്യാധികളും മറ്റു ജനിതക രോഗങ്ങളും ഇല്ലെന്നു ഉറപ്പു വരുത്തുന്നു. കെ.എൽ.ഡി.ബിക്ക് കീഴിലുള്ള മൂന്ന് ബീജ സ്റ്റേഷനുകൾക്കും ISO 9001:2015 സർട്ടിഫിക്കേഷനും ബയോസെക്യൂരിറ്റി നടപടികൾ പ്രാബല്യത്തിലുള്ള ഹസാർഡ് അനാലിസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്.എ.സി.സി.പി) സർട്ടിഫിക്കേഷനുമുണ്ട്. കെ.എൽ.ഡി ബോർഡ് മൃഗസംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്തെ കന്നുകാലി കർഷകർക്ക് ആടിന്റെ ബീജം ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിനും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ഏജൻസികൾക്ക് പന്നികളുടെ ബ്രീഡിങ് സ്റ്റോക്കും കർഷകർക്ക് പന്നികളുടെ കൊഴുപ്പ് കൂട്ടുന്നതിനുള്ള ബ്രീഡിങ് സ്റ്റോക്കുകളും വിതരണം ചെയ്യുന്നു.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കണക്കുകൾ പ്രകാരം 2021-22ൽ ശീതീകരിച്ച ബീജത്തിന്റെ ഉൽപ്പാദനം 29.87 ലക്ഷം ഡോസാണ്. സംസ്ഥാനത്തിനകത്തു ശീതീകരിച്ച ബീജത്തിന്റെ വിതരണം 14.96 ലക്ഷം ഡോസാണ്. ഇതേ കാലയളവിൽ 2021-22 ൽ സംസ്ഥാനത്തിന് പുറത്ത് ശീതീകരിച്ച ബീജത്തിന്റെ വിതരണം 9.01 ലക്ഷം ഡോസായിരുന്നു. കേരളത്തിലെ ശീതീകരിച്ച ബീജത്തിന്റെ ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 3.3.5** ൽ കൊടുത്തിരിക്കുന്നു. 2021-22ൽ 2515 ബീജസങ്കലന കേന്ദ്രങ്ങളിലായി 11.07 ലക്ഷം കൃത്രിമ ബീജസങ്കലനങ്ങൾ നടത്തി, 2.53 ലക്ഷം കിടാങ്ങളുണ്ടായി. ഒരു കിടാവ് ജനിക്കുന്നതിന് ശരാശരി നാല് ബീജസങ്കലനങ്ങൾ ആവശ്യമായിട്ടുണ്ട്. കൃത്രിമബീജ സങ്കലനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.3.6** ലും കെ.എൽ.ഡി.ബി യുടെ പ്രധാന പ്രവർത്തനങ്ങൾ **അനുബന്ധം 3.3.7** ലും കൊടുത്തിരിക്കുന്നു. മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ സമാന ആപ്ലിക്കേഷനുകളുമായി സമന്വയിപ്പിച്ചുകൊണ്ട് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി (ഐ.ഐ.ഐ.ടി.എം.കെ) സഹകരിച്ച് ഇലക്ട്രോണിക് രീതിയിൽ ഹെർഡ് ബുക്ക് രജിസ്ട്രേഷനായി കെ.എൽ.ഡി.ബി ഒരു പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കുടുംബശ്രീയുമായി സഹകരിച്ച് തീറ്റപ്പുൽ വളർത്തൽ പരിപാടികളും കാലിത്തീറ്റ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കലും നാടൻ കന്നുകാലികളുടെ ബീജ സംരക്ഷണവും വ്യാപനവും ബോർഡ് ഏറ്റെടുത്ത് നടപ്പാക്കുന്നു. ഫീൽഡ് പെർഫോമൻസ് റെക്കോർഡിങ് പ്രോഗ്രാമിലൂടെ കന്നുകാലികളുടെ ജനിതക നവീകരണവും ജീനോമിക് സെലക്ഷനിലൂടെ കാളകളെ തിരഞ്ഞെടുക്കുന്നതിനുള്ള സഹായവും നടപ്പാക്കി വരുന്നു. കന്നുകാലി മേഖലയിൽ വിദേശ കന്നുകാലികളുടെ

ജേംപ്ലാസമുപയോഗിച്ചുള്ള ക്രോസ്ബ്രീഡിങ്ങിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ, മെച്ചപ്പെട്ട പൊരുത്തപ്പെടുത്തലും രോഗ പ്രതിരോധശേഷിയും തീറ്റ കാര്യക്ഷമത അനുപാതവുമുള്ള തദ്ദേശീയ ഇനങ്ങളുടെ എണ്ണം കുറയുന്നു. അതിനാൽ ഇന്ത്യൻ തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണവും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തലും അത്യാവശ്യമാണ്. നൂതനമായ പ്രത്യുൽപ്പാദന സാങ്കേതിക പ്രയോഗത്തോടൊപ്പം സംസ്ഥാനത്ത് സമ്പൂർണമോ പൂർണമോ ആയ കൃത്രിമബീജ സങ്കലനത്തിൽ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

മൃഗങ്ങളുടെ ആരോഗ്യവും പരിരക്ഷയും ഇൻഷുറൻസും ഉൾപ്പെടെ 32 മാസം വരെ കാലിത്തീറ്റ സബ്സിഡി അടക്കം നൽകുന്ന ഒരു കന്നുകാലി വളർത്തൽ പരിപാടിയാണ് സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിങ് പ്രോഗ്രാം (എസ്.എൽ.ബി.പി). 1976 ലാണ് ഇതാരംഭിച്ചത്. എരുമകളുടെ എണ്ണം ഗണ്യമായി കുറയുന്നതു തടയാൻ 2006-07 മുതൽ ഈ പദ്ധതി എരുമക്കുട്ടികളിലേക്ക് വ്യാപിപ്പിച്ചു. 2014-15 മുതൽ എരുമക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പദ്ധതിയനുസരിച്ച് 2020-21ൽ 42,410 പുതിയ പശുക്കിടാങ്ങളെ ചേർത്തു. 2021-22ൽ ഇത് വർധിച്ച് 56,373 പശുക്കിടാങ്ങളായി. 2010-11 മുതൽ പ്രത്യേക കന്നുകാലി പ്രജനന പരിപാടിയിൽ ചേർത്ത പശുക്കിടാങ്ങളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.3.8**ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാക്സിൻ ഉൽപ്പാദനം.**

സംസ്ഥാനത്ത് മൃഗങ്ങൾക്കുള്ള വാക്സിൻ നിർമിച്ച് വിതരണം ചെയ്യുന്ന ഒരേ ഒരു സ്ഥാപനമാണ് പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഉൽപ്പാദിപ്പിക്കുന്ന വാക്സിനുകൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.3.9**ൽ ചേർത്തിരിക്കുന്നു. 2021-22ൽ പൗൾട്രി വാക്സിൻ ഉൽപ്പാദനം 197.45 ലക്ഷം ഡോസും, കന്നുകാലി വാക്സിൻ 6.44 ലക്ഷം ഡോസുമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് പൗൾട്രി വാക്സിൻ ഉൽപ്പാദനം 9.01 ശതമാനവും കന്നുകാലി വാക്സിൻ 18.87 ശതമാനവും വർധിച്ചു. 2021-22 ൽ കന്നുകാലികൾക്ക് 9.43 ലക്ഷവും കോഴികൾക്ക് 93.78 ലക്ഷവുമാണ് വാക്സിനേഷൻ നടത്തിയത്. മുൻവർഷത്തെ അപേക്ഷിച്ച് കന്നുകാലികൾക്കുള്ള വാക്സിനേഷൻ 26.07 ശതമാനവും കോഴികളുടെ വാക്സിനേഷൻ 31.67 ശതമാനവും വർധിച്ചു. നായ്ക്കളുടെ പേവിഷബാധയ്ക്ക് എതിരെയുള്ള വാക്സിനേഷൻ 2020-21ൽ 1.8 ലക്ഷത്തിൽ നിന്ന് 2021-22 ൽ 3.04 ലക്ഷമായി ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 3.3.10**ൽ നൽകിയിരിക്കുന്നു.

**ഭൂമിക – ജി.ഐ.എസ് അടിസ്ഥാനത്തിലുള്ള അനിമൽ റിസോഴ്സ് മാപ്പിങ് സിസ്റ്റം**

സംസ്ഥാനത്തെ കന്നുകാലി മേഖലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സംബന്ധിച്ച വിവരങ്ങൾ ജി.ഐ.എസ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന "ഭൂമിക" എന്ന വിവര ശേഖരണ പ്രക്രിയ മൃഗസംരക്ഷണ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, ദുരന്തനിവാരണം, മനുഷ്യവിഭവശേഷി കൈകാര്യം ചെയ്യൽ എന്നിവ ക്രമമായി നിരീക്ഷിക്കുന്നതിന് പര്യാപ്തമാണ് ഈ സംവിധാനം. വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ ഏകദേശം 25 ലക്ഷം കുടുംബങ്ങൾ ഉള്ളതിൽ, കന്നുകാലി/എരുമ വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന 5.4 ലക്ഷം കർഷകരെ 2022 വരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്നാണ് മൃഗസംരക്ഷണ വകുപ്പ്, കർഷകരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം നിർണയിക്കുന്ന "ഭൂമിക" വികസിപ്പിച്ചത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ ഈ ആപ് ഡൗൺലോഡ് ചെയ്യാൻ സാധിക്കും.

**വിലകൾ**

കന്നുകാലി വളർത്തൽ മേഖലയിലെ ഉൽപ്പന്നങ്ങളുടെയും കാലിത്തീറ്റയുടെയും കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ശരാശരി വിലകൾ **അനുബന്ധം 3.3.11**ൽ കൊടുത്തിരിക്കുന്നു. ഈ കാലയളവിൽ എല്ലാ ഉൽപ്പന്നങ്ങളുടെയും വിലയിൽ വർധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ബ്രോയിലർ ചിക്കന്റെ വില 7.24 ശതമാനവും, നാടൻ ചിക്കന്റെ വിലയിൽ 0.48 ശതമാനവും വർധനവ് രേഖപ്പെടുത്തി. ആട്ടിറച്ചി, മാട്ടിറച്ചി, പന്നിയിറച്ചി എന്നിവയുടെ വില യഥാക്രമം 1.79 ശതമാനം, 0.42 ശതമാനം, 0.72 ശതമാനം എന്നിങ്ങനെ വർധിച്ചു. 2020-21 മായി താരതമ്യപ്പെടുത്തുമ്പോൾ വെള്ളക്കോഴി മുട്ടയുടെ വില 1.82 ശതമാനവും, തവിട്ടുനിറമുള്ള മുട്ടയുടെ വില 2.27 ശതമാനവും, താറാമുട്ടയുടെ വില 2.56 ശതമാനവും 2021-22 ൽ വർധിച്ചു. പശുവിൻ പാലിന്റെ വില 1.87 ശതമാനവും, എരുമപ്പാലിന്റെ വില 0.26 ശതമാനവും പ്രസ്തുത കാലയളവിൽ വർധിച്ചു.

2021-22ൽ വയ്ക്കോലിന്റെ വിലയിൽ 2.44 ശതമാനവും, പുല്ലിന്റെ വിലയിൽ 7.17 ശതമാനവും വിലവർധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ നിലക്കടലപ്പിണ്ണാക്കിന്റെ വില 4.02 ശതമാനവും തേങ്ങാപ്പിണ്ണാക്കിന്റെ വില 2.64 ശതമാനവും എള്ളിൻ പിണ്ണാക്കിന്റെ വില 4.17 ശതമാനവും വർധിച്ചു. ഈ വിലവർധനവ് ക്ഷീര കർഷകരെ സംബന്ധിച്ചിടത്തോളം ഒരു ഭീഷണിയാണ്. ആയതിനാൽ സംസ്ഥാനത്ത് ലഭ്യമാവുന്ന തദ്ദേശീയമായ തീറ്റസ്രോതസ്സുകളുടെ സാധ്യത കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. 2017-18 മുതൽ 2021-22 വരെ കന്നുകാലി ഉൽപ്പന്നങ്ങളുടെ ശരാശരി വിലനിലവാരത്തിലുണ്ടായ പ്രവണത **ചിത്രം 3.3.5**ൽ കൊടുത്തിരിക്കുന്നു.

**പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ**

പതിമ്മൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ മൃഗസംരക്ഷണ, ക്ഷീര മേഖലകളിൽ നിന്നുള്ള ലാഭം വർധിപ്പിക്കാൻ ഗൗരവകരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ചില നേട്ടങ്ങൾ ഈ മേഖലയിലെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വർധനവിന് കാരണമായി. മറ്റു ചിലത് നയപരമായ പ്രാധാന്യമുള്ളവയായിരുന്നു. സംസ്ഥാനത്തുടനീളം 45 ബ്ലോക്കുകളിലായി 31 പ്രവർത്തനക്ഷമമായ മൃഗാശുപത്രികൾ ആരംഭിച്ചത് വലിയ നേട്ടമാണ്. കന്നുകാലികൾക്ക് ഇൻഷുറൻസ് പദ്ധതി നിലവിൽ വന്നു. 85,000 മൃഗങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൃഗവിഭവ വകുപ്പിന് കീഴിലുള്ള നാല് പ്രാദേശിക ലബോറട്ടറികൾക്ക് അക്രെഡിറ്റേഷൻ പദവി ലഭിച്ചു. രണ്ട് ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചു. ആടുകൾക്കായി അഞ്ഞൂറോളം കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, അപകടസാധ്യത,


ദുരന്തനിവാരണം, മാനവവിഭവശേഷി മാനേജ്മെന്റ് എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ജിയോസ്പേഷ്യൽ ഡാറ്റാബേസ് നിർമിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ജി.ഐ.എസ് അടിസ്ഥാനമാക്കി "ഭൂമിക" എന്ന ആപ്പ് വികസിപ്പിച്ചെടുത്തു. വിഭവശേഷി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് ബയോളജിക്കൽസ് – പാലോട്, എന്ററോടോക്സീമിയ വാക്സിൻ ഉൽപാദനം ആരംഭിച്ചു. ഗോട്ട് സാറ്റലൈറ്റ് പദ്ധതി പോലുള്ള പദ്ധതികളിലൂടെ പതിമ്മൂന്നാം പദ്ധതി കാലയളവിൽ ആട് ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകി.

ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് സുരക്ഷിതമായ ബ്രോയിലർ ചിക്കൻ വിതരണം ചെയ്യാനും കർഷകരുടെ ഉപജീവനമാർഗം വികസിപ്പിക്കാനുമുള്ള പദ്ധതിയായ 'കേരള ചിക്കൻ' പ്രോഗ്രാം ആരംഭിച്ചതാണ് മറ്റൊരു പ്രധാന നേട്ടം. 82 കേരള ചിക്കൻ ഔട്ട്ലറ്റുകൾ ഇതുവരെ തുറന്നിട്ടുണ്ട്. 106 കോടിയുടെ വിൽപ്പന നടന്നിട്ടുണ്ട്. വടക്കൻ കേരളത്തിലെ ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് നല്ല ഗുണനിലവാരമുള്ള കാലിത്തീറ്റ സ്ഥിരമായി വിതരണം ചെയ്യുന്നതിനായി കോഴിക്കോട് തിരുവണ്ണൂരിൽ 46 കോടി രൂപയുടെ 300 റ്റി.പി.ഡി ഹൈടെക് കാലിത്തീറ്റ പ്ലാന്റ് സർക്കാർ സഹായത്തോടെ സ്ഥാപിച്ചു.


**2021–22 ലെ ഭൗതിക നേട്ടങ്ങൾ**

- 156 കേന്ദ്രങ്ങളിലേക്ക് രാത്രികാല അടിയന്തിര വെറ്ററിനറി സേവനം വ്യാപിപ്പിച്ചു.
- സമഗ്ര കന്നുകാലി വികസന പരിപാടിക്ക് കീഴിൽ "ഗോസമൃദ്ധി" പദ്ധതിയിൽ 43,953 കന്നുകാലികളെ ഇൻഷ്വർ ചെയ്തു.
- മെച്ചപ്പെട്ട രോഗനിർണയ സൗകര്യങ്ങൾക്കായി ലാബുകളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിക്കൊണ്ട് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തി.
- മുമ്പ് സി.ഡി.ഐ.ഒ പാലോട് എന്നറിയപ്പെട്ടിരുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് (എസ്.ഐ.എ.ഡി), തിരുവല്ലയിലെ ഏവിയൻ ഡിസീസ് ഡയഗ്നോസിസ് ലാബ്, പാലക്കാട് ജില്ലാ ലാബ്, എറണാകുളത്ത് മരടിലെ സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി-പ്രൊഡക്ട്സ് ലബോറട്ടറി എന്നിവയ്ക്ക് എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ ലഭിച്ചു.
- 'ഗോവർധിനി' 'എസ്.എൽ.ബി.പി' പദ്ധതികൾക്ക് കീഴിൽ 56,373 പുതിയ പശുക്കിടങ്ങളെ ഉൾപ്പെടുത്തി. 85,157 കന്നുകുട്ടികൾക്ക് പ്രയോജനം ലഭിച്ചു.


**ചിത്രം 3.3.5** കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലനിലവാര പ്രവണത 2017-18 മുതൽ 2021-22 വരെ





അവലംബം: മൃഗസംരക്ഷണ വകുപ്പ്




അവലംബം: മൃഗസംരക്ഷണ വകുപ്പ്




അവലംബം: മൃഗസംരക്ഷണ വകുപ്പ്




അവലംബം: മൃഗസംരക്ഷണ വകുപ്പ്

**ബോക്സ് 3.3.2** ഡിജിറ്റൽ ഹെർഡ്ബുക്ക് പദ്ധതി

ഏതു പശുവിൽ നിന്ന്/കാളയിൽ നിന്ന് ജനിച്ചതാണെന്നു തിരിച്ചറിയാവുന്ന കന്നുകാലികളുടെ ഔദ്യോഗിക പട്ടികയാണ് ബ്രീഡ് രജിസ്ട്രി. കന്നുകാലി പുസ്തകം, സ്റ്റഡ്ബുക്ക് അല്ലെങ്കിൽ രജിസ്റ്റർ എന്നും ഇത് അറിയപ്പെടുന്നു. മൃഗങ്ങളെ അതിന്റെ ചെറിയ പ്രായത്തിൽ തന്നെ ഉടമകൾ രജിസ്റ്റർ ചെയ്യും. അങ്ങനെ രജിസ്റ്റർ ചെയ്യുന്നതോടെ രജിസ്റ്റർ ചെയ്ത ഓരോ മൃഗത്തിനും സർട്ടിഫിക്കറ്റുകൾ നൽകുന്നു. അവയെ പെഡിഗ്രി, പെഡിഗ്രീഡ് ആനിമൽ ഡോക്യുമെന്റേഷൻ, മൃഗത്തിന്റെ പേപ്പറുകൾ എന്നു വിളിക്കുന്നു. രജിസ്ട്രേഷൻ പേപ്പറുകളിൽ സർട്ടിഫിക്കറ്റോ മൃഗത്തിന്റെ പൂർവികരുടെ പട്ടികയോ അടങ്ങിയിരിക്കും. ചിലപ്പോൾ ഇതോടൊപ്പം വംശപരമ്പര സൂചിപ്പിക്കുന്ന ചാർട്ടുമുണ്ടാകും.

1970 കളിൽ തന്നെ കേരളത്തിൽ കൃത്രിമ ബീജസങ്കലനം ആരംഭിച്ചെങ്കിലും സംസ്ഥാനത്തെ ഏറ്റവും മികച്ച പശുക്കളെയോ ഏതിനം കാളകളിൽ നിന്നാണ് മികച്ച ഉൽപ്പാദനശേഷിയുള്ള പശുക്കളുണ്ടായതെന്നു കണ്ടെത്താനോ, മികച്ച പശുക്കളുടെ നിര കണ്ടെത്താനോ ഉതകുന്ന പശുക്കളുടെ വംശാവലി രേഖകൾ നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമായിരുന്നില്ല. പ്രജനന ചരിത്രം ഡിജിറ്റലായി സൂക്ഷിക്കുന്നതിനോടൊപ്പം (ഡിജിറ്റൽ ഹേർഡ് രജിസ്റ്റർ) മൃഗങ്ങളുടെ ആരോഗ്യ പരിപാലന വിശദാംശങ്ങൾ, ഉൽപ്പാദനത്തിനു കാലാവസ്ഥയുമായുള്ള ബന്ധം എന്നിവ ഉൾപ്പെടുത്തുന്നതോടെ കേരളത്തിനനുയോജ്യമായ മുന്തിയ ഇനം പശു/കാള/കന്നുകാലി ഇനത്തെ കണ്ടെത്താൻ സംസ്ഥാനത്തിനു കഴിയും. അതോടെ, ഭാവിയിൽ സംസ്ഥാനത്തിനു അനുയോജ്യമായ കന്നുകാലി ഇനത്തെ വികസിപ്പിക്കുന്നതിനുള്ള ഒരു ഡാറ്റാ ശേഖരമായും ഇതു മാറും.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് നിർദേശിച്ചതു പ്രകാരം 2022 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയായ ആധുനികവൽക്കരണവും ഇ-ഗവേൺസിനും കീഴിൽ ഡിജിറ്റൽ ഹെർഡ് ബുക്ക് ഒരു ഡിസിഷൻ സപ്പോർട്ട് സിസ്റ്റമായി (ഡി.എസ്.എസ്) വികസിപ്പിക്കുന്നതിന് 100 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് ഡിജിറ്റൽ ഹേർഡ് ബുക്ക് വികസിപ്പിക്കുന്നത്. ആരോഗ്യം, പ്രജനനം, വംശാവലി, ഭക്ഷണം, പാലുൽപ്പാദനം, പ്രതിരോധ കുത്തിവയ്പ്പുകൾ, ജനിതക ശേഷിക്ക് കാർഷിക കാലാവസ്ഥയുമായുള്ള ബന്ധം, കന്നുകാലി ഉൽപ്പന്നങ്ങളുടെ ട്രേസബിലിറ്റി തുടങ്ങി ക്ഷീര മൃഗങ്ങളുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ വിശദാംശങ്ങളും ഈ ഡിസിഷൻ സപ്പോർട്ട് സിസ്റ്റം പകർത്തും. ഭാവിയിൽ എല്ലാ മൃഗസംരക്ഷണ വികസന പ്രവർത്തനങ്ങളുടെയും അടിസ്ഥാനമായിരിക്കും ഈ വിവര സഞ്ചയം.

കെ.എൽ.ഡി.ബി, എൻ.ഡി.ഡി.ബി മുതലായ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിലൂടെ ജനനം, ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, മരണം എന്നിവയുടെ വിശദാംശങ്ങൾ ഉചിതമായ ഡാഷ് ബോർഡുകൾ ഉപയോഗിച്ച് സംയോജിപ്പിച്ച് മൃഗങ്ങളുടെ ഒരു വിവര സഞ്ചയം (ഡാറ്റാബേസ്) മൃഗസംരക്ഷണ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. മൃഗങ്ങളുടെ ദൈനംദിന ഉൽപ്പാദന വിവരങ്ങൾ നൽകുന്നതിനായി അവയുടെ ചികിത്സ, പ്രജനനം എന്നീ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ കർഷകർക്കായും വികസിപ്പിച്ചിട്ടുണ്ട്. ഈ ഡാറ്റാബേസ് ഒരു കേന്ദ്രീകൃത ശേഖരമായി മാറും. അതിൽ മൃഗങ്ങളുടെ എല്ലാ പരിപാലന പ്രവർത്തനങ്ങളും ഉൾപ്പെട്ടിരിക്കുകയും ഒരു മൃഗ ആധാർ ഡാറ്റാബേസ് പോലെ പ്രവർത്തിക്കുകയും ചെയ്യും.

അവലംബം:- മൃഗസംരക്ഷണ വകുപ്പ്

- വകുപ്പ് ഫാമുകളിൽ 64.39 ലക്ഷം മുട്ടകളും 39.60 ലക്ഷം കോഴിക്കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചു.
- 214 വാണിജ്യ ഗോട്ടറി യൂണിറ്റുകളും, 911 വീട്ടുമുറ്റത്ത് ആട് വളർത്തൽ യൂണിറ്റുകളും കെ.എൽ.ഡി.ബി യുമായി സഹകരിച്ച് ആടുകൾക്കായി 500 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും സ്ഥാപിച്ചു.
- നാഷണൽ ലൈഫ്സ്റ്റോക്ക് മിഷൻ പ്രോഗ്രാമിന് (എൻ.എൽ.എം) കീഴിൽ 2362 കാളക്കുട്ടികളുടെ കൊഴുപ്പ് വർധിപ്പിക്കുന്ന യൂണിറ്റുകളും സ്ഥാപിച്ചു.
- കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കാത്ത കർഷകർക്ക് നഷ്ടപരിഹാരമായി 1.70 കോടി രൂപ വിതരണം ചെയ്തു.

മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും വർഷങ്ങളായി തുടരുന്ന പരമ്പരാഗത രീതിയിൽ നിന്നും ആധുനിക സാങ്കേതികവിദ്യയിലേക്കുള്ള പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്. കൃത്രിമ ബീജസങ്കലനം, രോഗ-കീട നിയന്ത്രണം, പാൽ, മാംസം ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം എന്നിവയിലെല്ലാം നൈപുണ്യ വൈദഗ്ധ്യം ആവശ്യമാണ്. സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിന് ഈ മേഖലയിൽ ഉൽപ്പാദനം വർധിപ്പിക്കുന്നതും മാലിന്യം കുറയ്ക്കുന്നതുമായ സാങ്കേതികവിദ്യകൾ ആരംഭിക്കേണ്ടത് അനിവാര്യമാണ്. കന്നുകാലികളുടെ ഉൽപ്പാദനക്ഷമത നിലനിർത്തുന്നതിനും വർധിപ്പിക്കുന്നതിനും മൃഗങ്ങളുടെ പോഷണം നിർണായകമാണെങ്കിലും വാക്സിനേഷനും ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഒരുപോലെ പ്രധാനമാണ്. രോഗം പടരുന്ന സാഹചര്യത്തിലും ഉയർന്ന ഉൽപ്പാദനമുള്ള വിദേശ ഇനങ്ങളെ വളർത്തുന്നതിലും ആരോഗ്യം, ക്വാറന്റൈൻ, ശുചിത്വ സേവനങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം ഉണ്ട്. കന്നുകാലി മേഖലയിലെ ഉൽപ്പാദനത്തിലും വൈദഗ്ധ്യത്തിലും ഉള്ള വിടവുകൾ പരിഹരിക്കുന്നതിന് സമഗ്രമായ സംരംഭകത്വ വികസന പരിപാടികൾ അനിവാര്യമാണ്. സംരംഭകത്വം, നവീകരണം, നൈപുണ്യവികസനം, ശേഷിവികസനം എന്നിവ വെറ്ററിനറി വിപുലീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള സാധ്യതയുള്ള മേഖലകളായി ഉയർന്നുവരേണ്ടതുണ്ട്. കന്നുകാലി, ക്ഷീര, പൗൾട്രി സംരംഭകത്വ പരിപാടി വിദേശത്തു നിന്നും മടങ്ങിയെത്തിയവർക്കും (എൻ.ആർ.കെ) തൊഴിലില്ലാത്ത യുവാക്കൾക്കും കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ വാണിജ്യ കന്നുകാലി സംരംഭങ്ങൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സ്ത്രീകൾക്കും പ്രയോജനം ചെയ്യും.

### ക്ഷീര വികസനം

പോഷകാഹാരത്തിന്റെ സുപ്രധാന ഉറവിടങ്ങളാണ് പാലും പാലുൽപ്പന്നങ്ങളും. കൂടാതെ ലോകമെമ്പാടുമുള്ള ക്ഷീര മൂല്യ ശൃംഖലയിലെ ദശലക്ഷക്കണക്കിനാളുകൾക്ക് ഉപജീവനമാർഗം കൂടി ഈ മേഖല ലഭ്യമാക്കുന്നു. ഭക്ഷ്യ-കാർഷിക സംഘടനയുടെ (എഫ്.എ.ഒ) കണക്കുകൾ പ്രകാരം ലോകമെമ്പാടും ഏകദേശം 150 ദശലക്ഷം കുടുംബങ്ങൾ

പാൽ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മിക്ക വികസ്വര രാജ്യങ്ങളിലും ചെറുകിട ഉടമകളാണ് പാൽ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നത്, കൂടാതെ ഗാർഹിക ഉപജീവനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരത്തിനും പാൽ ഉൽപ്പാദനം സഹായകമാകുന്നു. ചെറുകിട ഉൽപ്പാദകർക്ക് പാലുൽപ്പാദനം താരതമ്യേന പെട്ടെന്നുള്ള വരുമാനം നൽകുന്നു. വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് പാലുൽപ്പാദനം. ദശലക്ഷക്കണക്കിന് ഗ്രാമീണർക്ക് തൊഴിൽ നൽകുകയും ഗ്രാമീണ കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുക വഴി ദേശീയ വരുമാനത്തിലേക്ക് സംഭാവന ചെയ്യുകയും ചെയ്യുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ ഒരു പ്രധാന മേഖലയാണ് ക്ഷീര മേഖല. ഭക്ഷ്യസുരക്ഷ, ദാരിദ്ര്യ ലഘൂകരണം, സ്ത്രീകളുടെ മെച്ചപ്പെട്ട തൊഴിലവസരസാധ്യത എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് ഈ മേഖല ഒരു സുപ്രധാന പങ്കു വഹിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ക്ഷീരമേഖല പ്രധാന പങ്കു വഹിക്കുന്നുണ്ട്. പ്രത്യേകിച്ചും എസ്.ഡി.ജി 3, എസ്.ഡി.ജി 5, എസ്.ഡി.ജി 8, എസ്.ഡി.ജി 10 എന്നിവ കാർഷിക മേഖലയിലെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളെ മാറ്റുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്നു.

ഭക്ഷ്യ കാർഷിക സംഘടനയുടെ (എഫ്.എ.ഒ) 'ആഗോള ക്ഷീര വിപണി വികസനത്തിന്റെ അവലോകനം 2020' പ്രകാരം ആഫ്രിക്ക ഒഴികെയുള്ള മറ്റു രാജ്യങ്ങളിലെ ഉയർന്ന പാൽ ഉൽപ്പാദനം മൂലം 2020 ലെ ആഗോള പാൽ ഉൽപ്പാദനം 906 ദശലക്ഷം ടണ്ണിൽ എത്തി. ഇന്ത്യയിലെ പാൽ ഉൽപ്പാദനം 2020-ൽ 195 ദശലക്ഷം ടണ്ണിലെത്തി. കറവപ്പശുക്കളുടെ എണ്ണത്തിൽ വന്ന തുടർച്ചയായ വർധനവും അനുകൂലമായ മൺസൂൺ മഴയിൽ (ജൂൺ മുതൽ സെപ്റ്റംബർ വരെ) ലഭ്യമായ മെച്ചപ്പെട്ട തീറ്റയും, കാലിത്തീറ്റ ലഭ്യതയും ഈ വർധനവിന് അടിസ്ഥാനമുറപ്പിച്ച ഘടകങ്ങളാണ്. ഗ്രാമീണ സഹകരണ സംഘങ്ങളുടെ ശൃംഖലയിലൂടെ മഹാമാരിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ നടത്തിയ ദ്രുതഗതിയിലുള്ള പാൽ സമാഹരണവും, ഡ്രൈയിങ് പ്ലാന്റുകളിലേക്ക് പാൽ കൃത്യമായി എത്തിച്ചതുമെല്ലാം പാൽ ഉൽപ്പാദന വളർച്ചയെ കൂടുതൽ സുഗമമാക്കി. ലോകത്ത് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യമായി ഇന്ത്യ തുടരുന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ കന്നുകാലികളുള്ള രാജ്യമാണ് ഇന്ത്യ. 2021 ലെ ആഗോള പാൽ ഉല്പാദനത്തിന്റെ 23 ശതമാനവും ഇന്ത്യയുടെ സംഭാവനയാണ്. രാജ്യത്തെ പാൽ ഉൽപ്പാദനം 6.2 ശതമാനം വാർഷിക വളർച്ചാ നിരക്കിൽ 2014-15 കാലയളവിലെ 146.31 ദശലക്ഷം ടണ്ണിൽ നിന്ന് 2020-21ൽ 209.96 ദശലക്ഷം ടണ്ണിലെത്തി. 2020-21ൽ ഇന്ത്യയിലെ പാലിന്റെ പ്രതിശീർഷ ലഭ്യത ദിവസത്തിൽ 427 ഗ്രാം ആണ്.

രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന മൊത്തം പാലിന്റെ 46 ശതമാനവും ഉൽപ്പാദക തലത്തിൽ തന്നെ ഉപയോഗിക്കുകയോ അല്ലെങ്കിൽ ഗ്രാമീണ മേഖലയിൽ വിൽക്കുകയോ ആണ് ചെയ്യുന്നത്. ബാക്കിയുള്ള 54 ശതമാനം മാത്രം പാലാണ് നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് വിൽക്കുന്നതിന് ലഭ്യമായിട്ടുള്ള വിപണി മിച്ചം. 2020ൽ ക്ഷീരവിപണിയുടെ ആകെ വലിപ്പം 11.35 ലക്ഷം കോടിയാണ്. ഐ.എം.എ.ആർ.സി (ഇന്റർനാഷണൽ മാർക്കറ്റ് അനാലിസിസ് റിസർച്ച് ആന്റ് കൺസൾട്ടിങ് ഗ്രൂപ്പ്) 2021 റിപ്പോർട്ട് പ്രകാരം ക്ഷീര വിപണി കഴിഞ്ഞ 15 വർഷത്തിനിടയിൽ 15 ശതമാനം വളർച്ച കൈവരിച്ചിട്ടുണ്ട്. രാജ്യത്തെ മൊത്തം ക്ഷീര വിപണിയുടെ പകുതിയോളം പ്രതിനിധീകരിക്കുന്നത് പാൽ വിപണിയാണ്. കഴിഞ്ഞ 3 വർഷത്തിനിടയിൽ മൊത്തം പാൽ വിപണിയിൽ സംഘടിത മേഖലയുടെ വിഹിതം 32 ശതമാനത്തിൽ നിന്നും 41 ശതമാനമായി ഉയർന്നു. 2026 ഓടെ സംഘടിത മേഖലയുടെ വിഹിതം 54 ശതമാനത്തിലേക്കെത്തുമെന്ന് കണക്കാക്കപ്പെടുന്നു. (വാർഷിക റിപ്പോർട്ട് 2021-22, മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ്, ജി.ഒ.ഐ)

### സർക്കാർ പദ്ധതികളും സംരംഭങ്ങളും

സംസ്ഥാനത്തെ ഗ്രാമീണ ക്ഷീര വികസനത്തിനും, കാലിത്തീറ്റ വികസനത്തിനും, ഗ്രാമീണ പാൽ വിപണനത്തിനുള്ള നോഡൽ ഏജൻസിയായി ക്ഷീര വികസന വകുപ്പ് പ്രവർത്തിക്കുന്നു. പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കൽ, കാലിത്തീറ്റ ഉല്പാദനം വർധിപ്പിക്കൽ, ഉല്പാദനച്ചെലവ് കുറയ്ക്കൽ, ക്ഷീരസഹകരണസംഘങ്ങളുടെ ശാക്തീകരണം, ഉപഭോക്താക്കൾക്ക് സുരക്ഷിതവും, ഗുണനിലവാരമുള്ളതുമായ പാൽ ലഭ്യമാക്കൽ, ഉല്പാദകർക്ക് ന്യായമായ മാർജിനും, ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക നേട്ടങ്ങളും ഉറപ്പാക്കൽ എന്നീ ലക്ഷ്യങ്ങളോടെ കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടുകളുടെ സഹായത്താൽ ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ക്ഷീര കർഷകർ, ഉപഭോക്താക്കൾ, മറ്റ് പങ്കാളികൾ എന്നിവരുടെ ക്ഷേമത്തിനൊപ്പം സമഗ്രവും, സുസ്ഥിരവുമായ ക്ഷീര വികസനമാണ് കേരളത്തിലെ ക്ഷീര വികസനവകുപ്പിന്റെ ലക്ഷ്യങ്ങൾ. സംസ്ഥാനത്തെ കാലിത്തീറ്റ വികസനത്തിനുള്ള നോഡൽ ഏജൻസിയായും ക്ഷീരവികസന വകുപ്പ് പ്രവർത്തിക്കുന്നു.

162 ഡയറി എക്സ്റ്റെൻഷൻ സർവീസ് യൂണിറ്റുകൾ, 14 ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, പാലും പാലുൽപ്പന്നങ്ങളും കന്നുകാലിത്തീറ്റയും പരിശോധിക്കുന്നതിനായി ഒരു സംസ്ഥാന ഡയറി ലാബ് (എൻ.എ.ബി.എൽ അംഗീകൃതം), മൂന്ന് പ്രാദേശിക ഡയറി ലാബുകൾ, 14 മൊബൈൽ ഗുണനിലവാര നിയന്ത്രണ യൂണിറ്റുകൾ, 6 ക്ഷീര പരിശീലന കേന്ദ്രങ്ങൾ, ഒരു സംസ്ഥാന ഫോഡർ ഫാം, ഒരു സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ എന്നിവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ ക്ഷീരവകുപ്പിന്റെ ധനകാര്യ നിർവ്വഹണം **പട്ടിക 3.3.4**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.3.4** പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ ക്ഷീരവികസന മേഖലയുടെ ധനകാര്യ നിർവ്വഹണം (തുക ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 9775.00 | 12863.40 | 131.59 |
| 2018-19 | 10753.00 | 11399.55 | 106.00 |
| 2019-20 | 10853.00 | 7598.52 | 70.01 |
| 2020-21 | 9621.00 | 9409.45 | 97.80 |
| 2021-22 | 9621.00 | 8639.62 | 89.79 |
| ആകെ | 50623.00 | 49910.54 | 98.59 |

അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്

### പതിമ്മൂന്നാം പഞ്ചവത്സര പദ്ധതികാലയളവിലെ പ്രധാന നേട്ടങ്ങൾ

ക്ഷീരവികസന മേഖലയിൽ നിന്നുള്ള ആദായം വർധിപ്പിക്കുന്നതിനായി പതിമ്മൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഗൗരവകരമായ ഇടപെടലുകൾ നടത്തി. ചില നേട്ടങ്ങൾ ഈ മേഖലയിലെ ഉൽപ്പാദന-ഉൽപ്പാദക്ഷമത വർധനവിന് കാരണമായി. മറ്റു ചിലത് നയപരമായി പ്രാധാന്യമുള്ളവയായിരുന്നു. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാനത്തെ സജ്ജമാക്കുന്നതിന്റെ ഭാഗമായി പാൽ സംഭരണത്തിൽ ഇക്കാലയളവിൽ 16.46 ശതമാനം വർധനവുണ്ടായി.

ഈ കാലയളവിൽ 134 ക്ഷീര സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്യുകയും, പ്രവർത്തനരഹിതമായ 120 സൊസൈറ്റികളെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കേരളത്തിൽ എട്ട് ലക്ഷത്തോളം കുടുംബങ്ങൾ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ക്ഷീരമേഖലയുടെ നട്ടെല്ലാണ് ക്ഷീര സഹകരണ സംഘങ്ങൾ. പതിമ്മൂന്നാം പദ്ധതിക്കാലത്ത് ക്ഷീര സഹകരണ സംഘങ്ങളിലെ അംഗസംഖ്യ 25,000 ആയി ഉയർന്നു. 26 ലക്ഷം മെട്രിക് ടൺ ആണ് സംസ്ഥാനത്തിന്റെ വാർഷിക പാൽ ഉൽപ്പാദനം. ക്ഷീര സഹകരണ സംഘങ്ങൾ വഴിയുള്ള പാൽ ശേഖരണം 2021 ഡിസംബറിൽ പ്രതിദിനം 21.37 ലക്ഷം ലിറ്റർ എന്ന റെക്കോർഡ് കണക്കിലെത്തി. പാൽ സംഭരണത്തിൽ 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഏകദേശം 30 ശതമാനം വർധനവുണ്ടായി. കേരളത്തിലെ ക്ഷീരസഹകരണ മേഖലയിൽ പ്രതിവർഷം 9.5 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. തിരഞ്ഞെടുത്ത ജില്ലകളിലും ബ്ലോക്കുകളിലുമായി നടത്തപ്പെടുന്ന സംയോജിത ക്ഷീര വികസന പരിപാടിയും, ഡയറി സോൺ പ്രോഗ്രാമും ക്ഷീര മേഖലയെ സുസ്ഥിരമാക്കുന്നതിൽ ഹീഫർ പാർക്കുകളുടെ സ്ഥാപനവും, പശുക്കുട്ടികളെ ദത്തെടുക്കുന്ന പരിപാടിയും ഏറെ സഹായിച്ചിട്ടുണ്ട്. കന്നുകാലി ഇൻഡക്ഷൻ പ്രോഗ്രാമിന്റെ ഭാഗമായി 29,577 കറവ കന്നുകാലികൾക്കും, 7,576 പശുക്കിടാങ്ങൾക്കും സാമ്പത്തിക സഹായം അനുവദിച്ചു. കർഷകരുടെ സാമൂഹിക സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനായുള്ള 'ക്ഷീരവികസനം' എന്ന സമഗ്ര ക്ഷീര ഇൻഷുറൻസ് പദ്ധതിയിലൂടെ 18,278 കന്നുകാലികളെയും 60,792 കന്നുകാലി ഉടമകളെയും ഇൻഷ്വർ ചെയ്തു.

### ക്ഷീര സഹകരണ സംഘങ്ങൾ

ഇന്ത്യയിൽ പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിൽ ക്ഷീര സഹകരണ സംഘങ്ങൾ നിർണായക പങ്കു വഹിക്കുന്നു. സഹകരണ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ ലാഭവും ഉൽപ്പാദനക്ഷമതയും പരമാവധി വർധിപ്പിക്കുക എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഇന്ത്യയിലെ മിക്ക ക്ഷീര സഹകരണ സംഘങ്ങളും. രാജ്യത്തെ തന്നെ ഏറ്റവും മികച്ചതും സുസ്ഥിരവുമായ ക്ഷീര സഹകരണ സംഘങ്ങളിൽ ഒന്നാണ് കേരളത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ. രാജ്യത്തെ മറ്റ് യൂണിയനുകളെ അപേക്ഷിച്ച് സംസ്ഥാനത്തെ പ്രാദേശിക യൂണിയനുകൾ അംഗങ്ങളായ ഉൽപ്പാദകർക്ക് പരമാവധി വില നൽകുന്നു. ക്ഷീരവ്യവസായത്തിന്റെ നട്ടെല്ലായ ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീര കർഷകർക്ക് ഒരു സുസജ്ജമായ വിപണിയും സ്ഥിരവിലയും ലഭ്യമാക്കുന്നു. 2022 മാർച്ച് വരെ രജിസ്റ്റർ ചെയ്ത 3633 ക്ഷീര സഹകരണ സംഘങ്ങൾ (ഡി.സി.എസ്) ഉണ്ട്. (ആപ്കോസും നോൺ ആപ്കോസും ഉൾപ്പെടെ) ആകെ രജിസ്റ്റർ ചെയ്ത 3,633 ഡി.സി.എസുകളിൽ 3,364 എണ്ണം പ്രവർത്തനക്ഷമവും, ബാക്കി 269 ഡി.സി.എസുകൾ പ്രവർത്തനരഹിതവുമാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3,643 ഡി.സി.എസുകൾ അവരുടെ കർഷകരിൽ നിന്ന് രണ്ട് തവണ പാൽശേഖരിക്കുകയും, ഗുണനിലവാരം (കൊഴുപ്പ്, എസ്.എൻ.എഫ് ശതമാനം) അടിസ്ഥാനമാക്കി പാലിന്റെ മൂല്യം നൽകുകയും ചെയ്യുന്നു. ക്ഷീര സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ **ചിത്രം 3.3.6**ൽ കാണിച്ചിരിക്കുന്നു.


ക്ഷീര വികസന കാഴ്ചപ്പാട് 2022 റിപ്പോർട്ടിലെ ദേശീയ കർമപദ്ധതി പ്രകാരം ഗ്രാമതലത്തിൽ ക്ഷീരമേഖലയിലെ അടിസ്ഥാന സൗകര്യവികസനം സജ്ജമാക്കിക്കൊണ്ട് പാൽ സംഭരണവും സംസ്കരണവും വർധിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംഘടിത പാൽ സംഭരണം 2022ൽ 41 ശതമാനമായും 2023-24ൽ 50 ശതമാനമായും വർധിക്കും. സഹകരണ സംഘങ്ങൾ വഴിയുള്ള പാൽ സംഭരണം 2020ൽ 10 ശതമാനമായിരുന്നത് 2023ൽ 20 ശതമാനമായി വർധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇന്ത്യയിലെ ക്ഷീര സഹകരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും അടുത്ത ദശകത്തിൽ 4.5-4.8 കോടി ലിറ്റർ അധിക പാൽ സംസ്കരണശേഷി സൃഷ്ടിക്കാനാകും. ഇന്ത്യയുടെ പാൽ സംസ്കരണശേഷി പ്രതിദിനം 12 കോടി ലിറ്ററിൽ നിന്ന് 17 കോടി ലിറ്ററായി ഉയർത്തും. സംഘടിത മേഖലയിൽ ഒരു ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നുവെന്ന് കണക്കാക്കപ്പെടുന്നു. പ്രതിവർഷം 6,000 പേർക്ക് തൊഴിൽ ലഭിക്കുന്നു. കൂടാതെ, മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കാൻ ആനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് വഴി സാധിക്കും. ക്ഷീരകർഷകരിലേക്ക് കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) പദ്ധതി വിപുലീകരിക്കുന്നതിലൂടെ പണലഭ്യത ഉറപ്പാക്കുകയും ചെറുകിട കർഷകരുടെ പ്രവർത്തനമൂലധന ആവശ്യകത നിറവേറ്റാനും സാധിക്കും.

### ക്ഷീര വിപണനം

രാജ്യത്തെ കർഷകർക്ക് ഉയർന്ന പാൽവില നൽകുന്ന സംസ്ഥാനമാണ് കേരളം. ത്രിതല ക്ഷീര സഹകരണ സംഘങ്ങളുടെ ഉന്നതകേന്ദ്രമായ കേരളാ ക്ഷീര സഹകരണ വിപണന ഫെഡറേഷൻ (കെ.സി.എം.എം.എഫ്) അഥവാ മിൽമ സംസ്ഥാനത്ത് ഓപ്പറേഷൻ ഫ്ലഡ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ വർഷം മിൽമയുടെ പാൽ വിൽപ്പനയിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിൽ നിന്ന് ലഭ്യമായ വിവര പ്രകാരം 2021-22 കാലയളവിൽ സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ 7,732.72 ലക്ഷം ലിറ്റർ പാൽ സംഭരിച്ചതിൽ 5,502.69 ലക്ഷം ലിറ്റർ പാൽ ഡയറിയിലേക്ക് അയയ്ക്കുകയും 2,201.08 ലക്ഷം ലിറ്റർ പാൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി പ്രാദേശിക വിൽപ്പന നടത്തുകയും ചെയ്തു. മൊത്തം സംഭരണത്തിന്റെ 28.95 ലക്ഷം ലിറ്റർ മാത്രമാണ് വിവിധ ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനായി വിനിയോഗിച്ചത്. 2020-21ൽ ആനന്ദ് മാതൃക സഹകരണ സംഘങ്ങളുടെ (ആപ്കോസ്) പ്രതിദിന ശരാശരി ക്ഷീര സംഭരണം കഴിഞ്ഞ വർഷത്തെ 1,367.67 മെട്രിക് ടണ്ണിൽ നിന്നും 1,565.84 മെട്രിക് ടണ്ണായി. 2021-22 ൽ പ്രതിദിനം ഒരു ക്ഷീര സഹകരണ സംഘത്തിന്റെ സംഭരണം 508.17 ലിറ്ററാണ്.

**ചിത്രം 3.3.6** കേരളത്തിലെ ആനന്ദ് മാതൃകയിലുള്ള സഹകരണ സൊസൈറ്റികളുടെയും (ആപ്കോസ്) അല്ലാത്തവയുടെയും (നോൺ ആപ്കോസ്) വിശദാംശങ്ങൾ




അവലംബം: ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്

2021-22ൽ കെ.സി.എം.എം.എഫിന്റെ പാൽ സംഭരണവും, വില്പനയും യഥാക്രമം 5,549.07 ലക്ഷം ലിറ്റർ, 5,214.06 ലക്ഷം ലിറ്റർ എന്നിങ്ങനെയായിരുന്നു. എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, വയനാട് ഡയറികൾ ഒഴികെ ബാക്കി എല്ലാ ഡയറികളിലും പാൽ വിതരണം, സംഭരണത്തേക്കാൾ കൂടുതലാണ്. ആഭ്യന്തര ലഭ്യത കുറവായതിനാൽ കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഫെഡറേഷനുകളിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുകയും, പാട നീക്കം ചെയ്ത പാൽപ്പൊടി വാങ്ങുകയും ചെയ്തു. പാലിന്റെ വിൽപ്പനയോടൊപ്പം കെ.സി.എം.എം.എഫ് അവരുടെ കീഴിലുള്ള യൂണിറ്റുകൾ വഴി പാൽ ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണിയായ നെയ്യ്, വെണ്ണ, തൈര്, ഐസ്ക്രീം, പനീർ, ചോക്ലേറ്റ്, ഫ്ലേവേർഡ് മിൽക്ക്, ഗുലാബ് ജാമുൻ, ലസ്സി, പാലട മിക്സ്, പേഡ, ടെട്രാ പാക്ക് ഉൽപ്പന്നങ്ങൾ, ഡയറി വൈറ്റ്നർ, മാമ്പഴ ജ്യൂസ്, പാക്ക് ചെയ്ത വെള്ളം എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നു. 2021-22ൽ കെ.സി.എം.എം.എഫിന്റെ ക്ഷീരശാലകൾ സംഭരിച്ചതും, വിപണനം നടത്തിയതുമായ പാൽ സംബന്ധിച്ച വിവരങ്ങൾ ഇക്കാലയളവിൽ ഫെഡറേഷന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ, പ്രതിദിനം ആപ്കോസ് സംഭരിച്ച പാലിന്റെ ശരാശരി കണക്ക് എന്നിവ യഥാക്രമം **അനുബന്ധം 3.3.12, 3.3.13, 3.3.14** എന്നിവയിൽ കൊടുത്തിരിക്കുന്നു. 2010 മുതലുള്ള പാലിന്റെ വില പരിഷ്കരണവും, വില വ്യാപനവും യഥാക്രമം **അനുബന്ധം 3.3.15, 3.3.16** എന്നിവയിൽ നൽകിയിരിക്കുന്നു. ക്ഷീരകർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനായി ഡിസംബർ 2022 മുതൽ കേരള സർക്കാർ പാലിന്റെ വില ലിറ്ററിന് നാലു രൂപ മുതൽ ആറു രൂപ വരെ വർധിപ്പിച്ചു.

### കേരള പുനർ നിർമാണ പദ്ധതി (ആർ.കെ.ഐ)

കേരള പുനർ നിർമാണ പദ്ധതിയുടെ ഭാഗമായി 2021-22ൽ മലബാർ മിൽക്ക് യൂണിയൻ 630 ലക്ഷം രൂപാ ചെലവിൽ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ കാലിത്തീറ്റ ഹബ്ബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു. വയനാട് ജില്ലയിലെ മാനന്തവാടി യൂണിറ്റ് പ്രവർത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. 2022-23 ൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ യൂണിറ്റും പാലക്കാട് യൂണിറ്റും പ്രവർത്തനക്ഷമമാകും.

കേരളത്തിൽ ഇറക്കുമതി ചെയ്യുന്ന പാലിലുള്ള ആശ്രിതത്വം കുറഞ്ഞുവരുകയാണ്. ക്ഷീര സഹകരണ മേഖലയ്ക്ക് ചരിത്രത്തിലാദ്യമായി 2021 നവംബറോടെ പാൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിച്ചു. 21.19 ലക്ഷം ലിറ്ററാണ് പ്രതിദിന പാൽ സംഭരണം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ പ്രതിദിനം 6 ലക്ഷം ലിറ്ററോളം പാൽ ഇറക്കുമതി ചെയ്തിരുന്നു. നമ്മുടെ സംസ്ഥാനം അധികം പാൽ, പാൽപ്പൊടി നിർമാണത്തിനായി അയൽ സംസ്ഥാനത്തിലേക്ക് അയക്കുകയാണ്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ പാൽ സംഭരണത്തിൽ ഏകദേശം 16.46 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത് (ക്ഷീരവികസനവകുപ്പ്).

### മിച്ചമുള്ള പാലും, ഉല്പന്ന വൈവിധ്യവൽക്കരണവും

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ കോവിഡ്-19 മഹാമാരിയിൽ നിന്നും ഉൾക്കൊണ്ട ഒരു പ്രധാന പാഠം മൃഗോല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സ്വയം പര്യാപ്തത കൈവരിക്കണമെന്നായിരുന്നു. പാലുൽപ്പാദനത്തിൽ സംസ്ഥാനത്തിന് ഏതാണ്ട് സ്വയംപര്യാപ്തത നേടാനായി എന്നുള്ള ഓർമപ്പെടുത്തലും മഹാമാരി നൽകി. ആയതിനാൽ, പാലിൽ നിന്ന് ചീസ്, യോഗർട്ട് തുടങ്ങിയ മൂല്യവർധിത വസ്തുക്കളുടെ ഉല്പാദനം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള ഡയറിപ്ലാന്റുകളിൽ വിപുലമായ ഉല്പന്ന

വൈവിധ്യവൽക്കരണ സൗകര്യങ്ങൾ സ്ഥാപിക്കാൻ ഇത് കാരണമായി. ഫാം തലത്തിൽ അസംസ്കൃത പാലിന്റെ ഗുണനിലവാരം പ്രത്യേക പരിഗണന അർഹിക്കുന്നു. ഫാം തലം മുതൽ ഭക്ഷ്യയോഗ്യമാക്കുന്നതുവരെ കോൾഡ് ചെയിൻ മെയിന്റനൻസ് ഉറപ്പാക്കേണ്ടതുണ്ട്. ഫാം തലത്തിൽ നിന്നും സംഭരിക്കുന്ന പാൽ ബാക്ടീരിയൽ ലോഡ് കുറയ്ക്കുന്നതിനായി ചുരുങ്ങിയ സമയത്തിനുള്ളിൽ തണുപ്പിക്കേണ്ടതായുണ്ട്. ആയതിനാൽ കോൾഡ് ചെയിൻ മെയിന്റനൻസ് ഉറപ്പാക്കുന്നതിനായി സാമ്പത്തികസഹായം ആവശ്യമുണ്ട്. നിലവിൽ, പ്രതിദിനം 17.7 ലക്ഷം ലിറ്റർ ശേഷിയുള്ള 442 ബൽക്ക് മിൽക്ക് ചില്ലിങ് സെന്ററുകൾ (ബി.എം.സി.സി) മാത്രമാണ് സംസ്ഥാനത്തുള്ളത്. ക്ഷീര സഹകരണ സംഘങ്ങളുടെ പാൽ സംഭരണശേഷിക്ക് അനുസൃതമായി ഇത് വർധിപ്പിക്കേണ്ടതുണ്ട്.

**കിസാൻ ക്രെഡിറ്റ് കാർഡ് കാമ്പയിൻ**

ബജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 2020 ഫെബ്രുവരിയിൽ, കന്നുകാലി മേഖലയെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രചാരണത്തിന് നേതൃത്വം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി ക്ഷീര വികസന വകുപ്പിനെ ചുമതലപ്പെടുത്തി. ക്ഷീരമേഖലയിൽ 1.96 ലക്ഷം സജീവ കർഷകരുള്ളതിൽ 21,410 കർഷകർക്ക് പ്രചരണത്തിനു മുൻപു തന്നെ കെ.സി.സി ലഭ്യമായിട്ടുണ്ടായിരുന്നു. 1.26 ലക്ഷം കർഷകർ ഇതിനകം കെ.സി.സി ഫോമുകൾ പൂരിപ്പിച്ചു നൽകുകയും, 1.21 ലക്ഷം ഫോമുകൾ ബാങ്കുകളിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 52,975 കർഷകർക്ക് കെ.സി.സി വായ്പയായി 335.20 കോടി രൂപ ബാങ്കുകൾ അനുവദിച്ചു. ക്ഷീരവികസന പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട ആവർത്തന ചെലവുകൾക്കായാണ് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നത്. ക്ഷീര കർഷകർക്ക് തീറ്റപ്പുൽ, കാലിത്തീറ്റ എന്നിവ വാങ്ങുന്നതിനും, ഡയറിഫാം ഉപകരണങ്ങൾ, പാരിസ്ഥിതിക സമ്മർദം നേരിടാൻ ശാസ്ത്രീയമായ കന്നുകാലിത്തൊഴുത്തുകളുടെ നിർമാണം, നിലവിലുള്ള കാലിത്തൊഴുത്തിന്റെ അറ്റകുറ്റപ്പണികൾ, പരിപാലനം, ഇൻഷ്വറൻസ്, വെറ്ററിനറി സഹായം എന്നിവയ്ക്ക് നാമമാത്രമായ പലിശ നിരക്കിൽ വായ്പ ലഭ്യമാകുന്നതാണ്.

**മുന്നോട്ടുള്ള മാർഗം**

കർഷകർക്ക് മാന്യമായും സംതൃപ്തിയോടെയും ഈ മേഖലയിൽ തുടരാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനു അത്യന്താപേക്ഷിതമായ ആധുനികവൽക്കരണത്തിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും ക്ഷീര, മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വികസനം സംസ്ഥാനം വിഭാവനം ചെയ്യുന്നു. കാലിത്തീറ്റ ഉല്പാദനം വർധിപ്പിക്കുന്നതിനായി കേരളത്തിന് അനുയോജ്യമായ ഒരു കാലിത്തീറ്റ പദ്ധതി ആവശ്യമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള കാലിത്തീറ്റ ഉൽപാദനത്തിനൊപ്പം സഹകരണ സംഘങ്ങൾ മുഖേന വിപണി ഉറപ്പു നൽകുകയും, തീറ്റപ്പുൽ കൃഷിയെ എം.ജി.എൻ. ആർ.ഇ.ജി.എസുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായസംഘങ്ങൾ, സംരംഭകർ എന്നിവ മുഖേന പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ പ്രജനന നയത്തോടൊപ്പം, തീറ്റപ്പുൽ, കാലിത്തീറ്റ നയത്തിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ക്ഷീര കർഷകർക്ക് ഉയർന്ന ജനിതകശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കേണ്ടതും ഗുണനിലവാരമുള്ള കാലിത്തീറ്റലഭ്യത ഉറപ്പുവരുത്തേണ്ടതും ക്ഷീരമേഖലയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് ആവശ്യമാണ്.

വരുംവർഷങ്ങളിൽ പ്രോട്ടീൻ സമ്പുഷ്ടമായ ഭക്ഷണത്തിന്റെ ആവശ്യകത പതിൻമടങ്ങ് വർധിക്കുമെന്നാണ് കണക്കാക്കുന്നത്. അതിനാൽ പരിസ്ഥിതി സുസ്ഥിരത ഉറപ്പുവരുത്തിക്കൊണ്ട് ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്ന തന്ത്രപ്രധാനമായ പാതയിലൂടെ സംസ്ഥാനം മുന്നോട്ട് പോകണം. കേരളത്തിന്റെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നത് അത്യന്താപേക്ഷിതമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഭക്ഷണത്തിന്റെ ആവശ്യകത ഉയർത്തുക എന്നതായിരിക്കണം നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ലക്ഷ്യം.

# 3.4 മത്സ്യ വികസനം

മത്സ്യബന്ധന മേഖല കേരളത്തിന്റെ സാമൂഹിക സാമ്പത്തിക പാരമ്പര്യത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പോഷകാഹാര നിലവാരം വർദ്ധിപ്പിക്കുന്നതിനു പുറമേ തൊഴിലും, വരുമാനവും സൃഷ്ടിക്കുന്നതിനും ഈ മേഖല സഹായിച്ചിട്ടുണ്ട്. ലോകത്തിലെ മൊത്തം മത്സ്യ ഉൽപ്പാദനത്തിന്റെ 7.96 ശതമാനം ഇന്ത്യയുടെ സംഭാവനയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 13.69 ലക്ഷം മെട്രിക് ടൺ സമുദ്ര ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്തിരുന്നു. സമുദ്ര ഉൽപ്പന്നങ്ങളുടെ കയറ്റുമതി മൂല്യം 57,586.5 കോടി രൂപ ആയിരുന്നു. (മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്പ്മെന്റ് ഏജൻസി). ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്.

സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ മത്സ്യബന്ധന മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2021-22 ലെ മൊത്തം ജി.എസ്.വി.എയിൽ (സ്ഥിരവിലയിൽ) മത്സ്യബന്ധന മേഖലയുടെ പങ്ക് 0.97 ശതമാനവും ജി.എസ്.ഡി.പിയുടെ 0.84 ശതമാനവുമാണ്. കാർഷിക അനുബന്ധമേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാനമൂല്യവർദ്ധനവിന്റെ (ജി.എസ്.വി.എ) 2021-22 സ്ഥിരവിലയിൽ 10.92 ശതമാനം മത്സ്യബന്ധന, അക്വാകൾച്ചർ മേഖലയുടെ സംഭാവനയാണ്. ജി.എസ്.വി.എ യിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.4.1**ൽ നൽകിയിരിക്കുന്നു.

കേരളത്തിന്റെ സമുദ്ര അതിർത്തി 590 കിലോമീറ്റർ ദൈർഘ്യമുള്ളതും, 2.18 ലക്ഷം ചതുരശ്ര കിലോമീറ്റർ പ്രത്യേക സാമ്പത്തിക മേഖലയുമാണ് (ഇ.ഇ.ഇസഡ്). ഈ പ്രദേശം കടൽ മത്സ്യബന്ധനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ വിപുലമായ ജലവിഭവങ്ങളുള്ള സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കാവുന്നതാണ്. കേരളത്തിന്റെ ജലസ്രോതസ്സുകളുടെ വിശദാംശങ്ങൾ **ചിത്രം 3.4.1**ൽ നൽകിയിരിക്കുന്നു.

**വളർച്ചാനിരക്കുകൾ**

2020-21 ലെ മൃഗസംരക്ഷണ, ക്ഷീരവികസന മത്സ്യ ബന്ധന വകുപ്പ്, ഭാരത സർക്കാരിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ മത്സ്യ ഉൽപ്പാദനം 147.3 ലക്ഷം മെട്രിക്ക് ടണ്ണായിരുന്നു. അതിൽ ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും 112.5 ലക്ഷം മെട്രിക്ക് ടണ്ണും, സമുദ്രമേഖലയിൽ നിന്നും 34.8 ലക്ഷം മെട്രിക്ക് ടണ്ണുമായിരുന്നു. 2021-22 കാലയളവിൽ കേരളത്തിലെ സമുദ്ര മേഖലയുടെ മത്സ്യ ഉൽപ്പാദനം 6.01 ലക്ഷം ടൺ ആയിരുന്നു. അതിൽ ഉൾനാടൻ മത്സ്യമേഖലയുടെ സംഭാവന 2.25 ലക്ഷം ടൺ ആയിരുന്നു. ഉയർന്ന മൂല്യമുള്ള മത്സ്യങ്ങളായ സിയർ ഫിഷ്, കൊഞ്ച്, റിബൺ ഫിഷ് എന്നിവ കേരളത്തിലെ സമുദ്ര മത്സ്യലഭ്യതയിൽ കുറവാണ്. കാലാവസ്ഥാവ്യതിയാനം, അശാസ്ത്രീയമായ മത്സ്യബന്ധനം തുടങ്ങിയ കാരണങ്ങളാൽ മത്സ്യ ഉൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്റ്റിന്റെ (കെ.എം.എഫ്.ആർ.എ) സമയോചിതമായ ഭേദഗതിയും, കെ.എം.എഫ്.ആർ റൂൾ കർശനമായി നടപ്പാക്കിയതും 2018-19 കാലയളവിൽ സമുദ്ര മേഖലയിലെ മത്സ്യ ഉൽപ്പാദനം 26 ശതമാനമായി വർദ്ധിക്കുവാൻ സാഹചര്യമുണ്ടായി. 2019-20, 2020-21 എന്നീ വർഷങ്ങളിൽ ലഭിച്ച ഉൽപ്പാദനത്തെ അപേക്ഷിച്ച് 2021-22 വർഷം കടൽ മത്സ്യ ഉൽപ്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു. ഈ വർദ്ധനവ് മത്സ്യമേഖലയെ പുനർജീവിപ്പിക്കാൻ സഹായിച്ചു. വൈവിധ്യമാർന്നതും നൂതന സാങ്കേതികവിദ്യയുടെ ഉപയോഗവും ഉൾനാടൻ മത്സ്യകൃഷിയിൽ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിച്ചു.

ഷാർക്ക്, മത്തി, സാധാരണ മത്തി, നെത്തോലി, സൗരിത, കണവ, സ്കിയാനിസ്, ചുണ്ണാമ്പുവാള, ചൂര, ലിയോഗ് കാത്താസ്, അയല, നെയ്മീൻ സാധാരണ കൊഞ്ച്, ഞണ്ട്, കണവ എന്നീ ഇനം മത്സ്യങ്ങളുടെ ഉൽപ്പാദനം 2021-22ൽ വർദ്ധിച്ചു. കേരളത്തിന്റെ പ്രതിശീർഷ മത്സ്യഉപഭോഗം 19.4 കിലോയും, കേന്ദ്രഭരണ പ്രദേശമായ ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ പ്രതിശീർഷ മത്സ്യഉപഭോഗം 59.5 കിലോയുമാണ്. 2018-19 മുതൽ 2021-22 വരെ കേരളത്തിലെ

**ചിത്രം 3.4.1** കേരളത്തിലെ ജലാശയങ്ങളുടെ സംഗ്രഹം

- സംസ്ഥാനം 85000  ഹെക്ടർ വിസ്തൃതിയുള്ള പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളാലും, കിഴക്കോട്ടൊഴുകുന്ന മൂന്ന് നദികളാലും അനുഗ്രഹീതമാണ്.
- 1620 ഹെക്ടർ വിസ്തൃതിയുള്ള 9 ശുദ്ധജല തടാകങ്ങളാൽ  സമ്പന്നമാണ്
- 46,128.9 ഹെക്ടർ വിസ്തൃതിയുള്ള 51 കായലുകളും സ്ഥിതി ചെയ്യുന്നു.
- 17,780 ഹെക്ടർ വിസ്തൃതിയുള്ള 35 റിസർവോയറുകൾ വന്യജീവി സങ്കേതങ്ങൾക്ക് പുറത്ത് സ്ഥിതി ചെയ്യുന്നു.
- 17,209.5 ഹെക്ടർ വിസ്തൃതിയുള്ള 12 ജലസംഭരണികൾ വന്യജീവി സങ്കേതങ്ങളിൽ സ്ഥിതി ചെയ്യുന്നു.

ഉറവിടം: അക്വാകൾച്ചർ റിസോഴ്സ്, 2021, ഫിഷറീസ് വകുപ്പ്, (കേരള സർക്കാർ)

ഇനം തിരിച്ചുള്ള സമുദ്രമത്സ്യ ലഭ്യത **അനുബന്ധം 3.4.2**ൽ കൊടുത്തിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ 'സുഭിക്ഷ കേരളം' പോലെയുള്ള പദ്ധതികളിലൂടെ ഉൾനാടൻ മത്സ്യഉൽപ്പാദനത്തിലും വർദ്ധനവുണ്ടായി. 2018-19 മുതൽ 2021-22 വരെയുള്ള കേരളത്തിലെ ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.3**ൽ നൽകിയിരിക്കുന്നു.

ഇന്ത്യയിലെയും കേരളത്തിലെയും മത്സ്യ ഉൽപ്പാദന മേഖലയിലെ വ്യത്യാസം **ചിത്രം 3.4.2**ൽ നൽകിയിരിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉൽപ്പാദനത്തിന്റെ വിവരങ്ങൾ **അനുബന്ധം 3.4.5**ൽ നൽകിയിരിക്കുന്നു.


ദേശീയ സമുദ്ര ഉൽപ്പാദന കയറ്റുമതിയിൽ കേരളം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 2021-22ൽ 6,396.2 കോടി രൂപയുടെ 1.8 ലക്ഷം ടൺ സമുദ്ര ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു. രാജ്യത്തെ മൊത്തം സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന്റെ സംഭാവന 13.2 ശതമാനമാണ്. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ പങ്ക് 11.1 ശതമാനമാണ്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം 3.4.6**ൽ നൽകിയിരിക്കുന്നു.

മത്സ്യബന്ധന മേഖലയിൽ ഉൾനാടൻ മത്സ്യകൃഷി വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. സമുദ്ര ശോഷണവും, അമിതമായ കടൽ മത്സ്യബന്ധനവും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ മത്സ്യലഭ്യതയിൽ നേരിടുന്ന വിടവ് ലഘൂകരിക്കുവാൻ സാധിക്കും. വരുംതലമുറക്ക് പോഷകഗുണമുള്ളതും, പ്രകൃതി സൗഹൃദവുമായ പരിഹാരമെന്ന നിലയിൽ സുസ്ഥിരവും, ഉത്തരവാദിത്തവുമുള്ള ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം.


വിപണനയോഗ്യമായ മത്സ്യഉൽപ്പാദനം ആശ്രയിച്ചിരിക്കുന്നത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ

**ചിത്രം 3.4.2** ഇന്ത്യയിലെയും കേരളത്തിലേയും മത്സ്യ ഉൽപ്പാദനം

ഇന്ത്യയിലെ മത്സ്യ ഉൽപ്പാദനം 2020-21




കേരളത്തിലെ മത്സ്യ ഉൽപ്പാദനം 2021-22




അവലംബം:- ഫിഷറീസ് വകുപ്പ് (കേരള സർക്കാർ), മൃഗസംരക്ഷണ ക്ഷീരവികസന മത്സ്യബന്ധന വകുപ്പ്(2021)(ഭാരത സർക്കാർ)

ഏറ്റവും ഗുണമേന്മയുള്ള മത്സ്യം ലഭിക്കുക എന്നതിലാണ്. ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ വിതരണമാണ് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രധാന ഘടകം. മത്സ്യവിത്തുകളുടെ ആവശ്യം വർദ്ധിച്ചുവരികയാണ്.


മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി 2021-22ൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള 20 ഹാച്ചറികൾ മുഖേന 7.6 കോടി മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. 2021-22ൽ വകുപ്പിന്റെ ഹാച്ചറികളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നുമായി 15.9 കോടി വിത്തുൽപ്പാദനം കൈവരിക്കുവാൻ സാധിച്ചു. വർഷം തിരിച്ച് വകുപ്പും മറ്റ് ഏജൻസികളും കൈവരിച്ച വിത്തുൽപ്പാദനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.4.3**ൽ നൽകിയിരിക്കുന്നു. നെയ്യാർ, കുളത്തുപ്പുഴ, വെസ്റ്റ് കല്ലട, പീച്ചി, തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിലാണ് പുതിയ ഹാച്ചറികൾ സ്ഥാപിച്ചിട്ടുള്ളത്. വിത്തുൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള കരിമീൻ ഹാച്ചറികൾ, പോളച്ചിറ, പള്ളം, മീൻകര, കല്ലനോട്, ചുള്ളിയാർ എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു. പന്നിവേലിച്ചിറയിലും, നെയ്യാറിലും ഗിഫ്റ്റ് മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിച്ചു. തൃശ്ശൂർ ജില്ലയിലെ അഴീക്കോടിൽ പൊമ്പനോ മത്സ്യവിത്ത് ഹാച്ചറി സ്ഥാപിച്ചു. മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കൊല്ലം തേവള്ളിയിൽ സ്ഥാപിച്ചിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം, സംസ്ഥാനത്തുടനീളമുള്ള ഹാച്ചറികൾക്കാവശ്യമായ വിത്ത് ഉൽപ്പാദിപ്പിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ, ഹാച്ചറികൾ എന്നിവക്കുള്ള രജിസ്ട്രേഷൻ സൗകര്യങ്ങളും ലഭ്യമാക്കുന്നു.

മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങളുടെ ദ്രുതഗതിയിലുള്ള രോഗനിർണ്ണയം ഉറപ്പാക്കുന്നതിനും അവയുടെ വ്യാപനം തടയുന്നതിനുമായി സംസ്ഥാനത്ത് ജലജീവി ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മത്സ്യ കർഷകരുടെ സാമ്പത്തിക നഷ്ടം തടയുന്നതിനായി രോഗനിർണ്ണയവും, നിരീക്ഷണ പരിപാടികളും സംഘടിപ്പിച്ചു. പി.എം.എം.എസ്.വൈ 2020-21ൽ ഉൾപ്പെടുത്തി കുഫോസിൽ അക്വാകൾച്ചർ റഫറൽ ലാബ് സ്ഥാപിച്ചു. കൂടാതെ തിരുവനന്തപുരത്തെ ആയിരംതെങ്ങ് മത്സ്യ ഫാമിൽ "പേൾ സ്പോട്ട് ബ്രൂഡ് ബാങ്ക്" സ്ഥാപിച്ച് വിവിധ ഇനം മത്സ്യങ്ങളുടെ ശേഖരണവും പുരോഗമിക്കുന്നു.

ഉൾനാടൻ മത്സ്യകൃഷിയുടെ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളാണ് ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളും, മത്സ്യതീറ്റയും. മത്സ്യങ്ങളുടെ വളർച്ചക്കും പ്രത്യുൽപ്പാദനത്തിനും ആവശ്യമായ പോഷകങ്ങൾ തീറ്റയിൽ അടങ്ങിയിട്ടുണ്ട്. തീറ്റയുടെ അളവിൽ വരുന്ന വ്യതിയാനങ്ങൾ മത്സ്യങ്ങളുടെ വളർച്ചയെ സ്വാധീനിക്കും. ഫിഷറീസ് സർവ്വകലാശാല പംഗാസിയസ് പോലെയുള്ള മത്സ്യങ്ങൾക്ക് അനുയോജ്യമായ കൃത്രിമതീറ്റ വികസിപ്പിച്ചിട്ടുണ്ട്. മത്സ്യങ്ങൾക്കും, അലങ്കാര മത്സ്യങ്ങൾക്കും അനുയോജ്യമായ വിവിധ ഇനം തീറ്റ സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്.

കേരളത്തിൽ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൾനാടൻ മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം' പോലെയുള്ള പദ്ധതികൾ നടപ്പിലാക്കി. തിലാപ്പിയ, മുരൾ, ബസ, അനാബസ്, കരിമീൻ, ഭീമൻ ശുദ്ധജല കൊഞ്ച്, പെനിയസ് വനാമി, പെനിയസ് മോണോഡൺ, ഏഷ്യൻ കടൽ ബാസ്, പോമ്പാനോ, കോബിയ, മുള്ളറ്റുകൾ എന്നിവക്ക് കേരളത്തിൽ ഉയർന്ന ഉല്പാദമൂല്യമുണ്ട്. ഉൾനാടൻ മത്സ്യഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് 'സുഭിക്ഷ കേരള'ത്തിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷി നടപ്പിലാക്കി. ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ ഉപയോഗിച്ചുവരുന്ന ലളിതവും,


**ചിത്രം 3.4.3** 2015-16 മുതൽ 2021-22 വരെയുള്ള കേരളത്തിലെ മത്സ്യ വിത്ത് ഉൽപ്പാദനം




അവലംബം:ഫിഷറീസ് വകുപ്പ്

**ബോക്സ് 3.4.1** ഉൾനാടൻ മത്സ്യോൽപ്പാദനം

**അക്വാകൾച്ചർ ഉത്പാദനം ഉയർന്ന വിഭവശേഷിയുള്ളതാണ്**



| | | | | |
|---|---|---|---|---|
| പ്രോട്ടീൻ റിടെൻഷൻ | 31% | 21% | 18% | 15% |
| എനർജി റിടെൻഷൻ | 23% | 10% | 14% | 27% |
| ഫീഡ് കൺവെർഷൻ അനുപാതം | 1.1 | 2.2 | 2.0 | 4-10 |
| ഭക്ഷ്യയോഗ്യമായ മാംസം 100 കി.ലോ. തീറ്റക്ക് | 61kg | 21kg | 17kg | 4-10kg |

ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന ഫാമഡ് പ്രോട്ടീനുകളിൽ അക്വാകൾച്ചറിൽ നിന്ന് ലഭ്യമാകുന്ന പ്രോട്ടീനുകൾക്ക് സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കും. കടലിൽ നിന്നും ലഭ്യമാകുന്ന ഭക്ഷ്യയോഗ്യമായ ഉൽപ്പന്നങ്ങൾക്ക് മറ്റ് മാംസ്യോൽപ്പന്നങ്ങളായ കോഴി, പോർക്ക്, ബീഫ് എന്നിവയെക്കാൾ അധിക പ്രോട്ടീൻ ലഭ്യതയുണ്ട്. പാരിസ്ഥിതികമായും അക്വാകൾച്ചർ മറ്റ് കൃഷിരീതികളെ അപേക്ഷിച്ച് കുറവ് ഹരിതഗൃഹവാതകം മാത്രമേ പുറംതള്ളുന്നുള്ളൂ.

അവലംബം: ദി നോർവീജിയൻ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഗ്ലോബൽ സീ ഫുഡ് അലൈൻസ്

പരമ്പരാഗതവുമായ രീതികളിൽ (ഉദാ: വീട്ടുവളപ്പിലെ കുളങ്ങളിൽ പരിമിതമായ ഉപയോഗത്തിനു വേണ്ടി) നിന്നും ഉയർന്ന സാങ്കേതിക സംവിധാനങ്ങൾ (ഉദാ: കയറ്റുമതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി) വികസിപ്പിച്ചു. ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ ഉപയോഗിക്കുന്ന സാങ്കേതിക രീതികൾ താരതമ്യേന ലളിതവും, മത്സ്യ ഇനങ്ങളുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുന്നതുമാണ്. ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി സ്വീകരിച്ച കൃഷി രീതികൾ **ചിത്രം 3.4.4** നൽകിയിരിക്കുന്നു.

**മത്സ്യത്തൊഴിലാളി സമൂഹത്തിനായുള്ള സാമൂഹിക സുരക്ഷയും ഉപജീവനോപാധിയും.**

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഉപജീവനോപാധികൾ വളരെ സങ്കീർണ്ണവും നിരന്തരമായ മാറ്റത്തിന് വിധേയമാകുന്നവയുമാണ്. കേരളത്തിലെ 2.4 ലക്ഷം ഉൾനാടൻ മത്സ്യത്തൊഴിലാളികളും, 8.1 ലക്ഷം സമുദ്രമേഖലയിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളും ഉൾപ്പെടെ മത്സ്യത്തൊഴിലാളി ജനസംഖ്യ ഏകദേശം 10.5 ലക്ഷമാണ്. സംസ്ഥാനത്തെ 222 സമുദ്ര മത്സ്യഗ്രാമങ്ങളിലും, 113 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലുമാണ് ഇവർ വസിക്കുന്നത്. മത്സ്യത്തൊ ഴിലാളികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4.7** ൽ നൽകി യിരിക്കുന്നു. 2021 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2.4 ലക്ഷമാണ്. തങ്ങളുടെ ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളെയാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം 85,094 ആണ്. ജില്ല തിരിച്ചുള്ള സജീവ മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും വിശദാംശങ്ങൾ **അനുബന്ധം 3.4.8**ൽ നൽകിയിരിക്കുന്നു.


മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും ഉപജീവനവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഫിഷറീസ് വകുപ്പിന് പുറമേ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയും വിവിധ പെൻഷൻ പദ്ധതികൾ, ഇൻഷുറൻസ് പദ്ധതികൾ, പുനരധിവാസ പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നു. ഈ കാലഘട്ടത്തിൽ 2.4 ലക്ഷം മത്സ്യത്തൊഴിലാളികൾക്കും 84,603 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന 1.6 ലക്ഷം മത്സ്യത്തൊഴിലാളികൾക്കും 21,743 അനുബന്ധ മത്സ്യതൊഴിലാളികൾക്കും പ്രയോജനം ലഭിച്ചു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.4.9, 3.4.10**ൽ നൽകിയിരിക്കുന്നു.

കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരത്ത് വിഴിഞ്ഞം, എറണാകുളത്ത് വൈപ്പിൻ, കോഴിക്കോട് ബേപ്പൂർ എന്നീ മൂന്ന് മേഖലകളിലായി ഒരേസമയം 10 പേർക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് ആവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും സജ്ജീകരിച്ച മൂന്ന് ആംബുലൻസുകൾ സർക്കാർ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ തീരദേശ മേഖലകളിൽ ആശുപത്രികളും നിർമ്മിച്ചു. ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിനാൽ കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്നവരുടെ എണ്ണം 79ൽ നിന്ന് 33 ആയി കുറയ്ക്കുവാൻ സാധിച്ചു.

കേരളത്തിന്റെ മത്സ്യമേഖലയിൽ 6,474 യന്ത്രവൽകൃത യാനങ്ങളും, 34,008 മോട്ടോറൈസ്ഡ് യാനങ്ങളും, 3,050 നോൺ-മോട്ടോറൈസ്ഡ് യാനങ്ങളും ഉൾപ്പെടുന്നു. കൂടാതെ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയ യാനങ്ങളുടെ എണ്ണം 2020-21ൽ 924ൽ നിന്ന് 2021-22ൽ 2,758 ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിലെ വിതരണ ശൃംഖലയിൽ സ്ത്രീകൾ

**ചിത്രം 3.4.4** ജനകീയ മത്സ്യകൃഷിക്ക് കീഴിൽ സ്വീകരിച്ച കൃഷി രീതികൾ




അവലംബം: ഫിഷറീസ് വകുപ്പ്

ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ വില്പന, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, എന്നിവയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കൂടുതലാണ്. മത്സ്യബന്ധന മേഖലയിലെ വിതരണ ശൃംഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന സ്ത്രീ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും, കെ.എസ്.ആർ.ടി.സിയും സംയോജിതമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സമുദ്ര'.

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾക്കിടയിൽ സംരംഭകത്വ കഴിവ് വർദ്ധിപ്പിക്കുവാനും, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും ആകമാനമുള്ള വികസനം സാധ്യമാക്കുന്നതിനു വേണ്ടിയും സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റു ഫിഷർവുമൺ (സാഫ്) എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ കൂട്ടായ പ്രവർത്തനങ്ങൾ തുടങ്ങുവാനും, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാനും, നിലനിർത്തുവാനും, സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ബദൽ ഉപജീവനോപാധി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 349 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകി. 2021-22 കാലയളവിൽ 275 തീരമൈത്രി ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത പ്രവർത്തന മൂലധനം അനുവദിച്ചു. 2,633 ഗുണഭോക്താക്കൾക്ക് കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകി. 81 ഗ്രൂപ്പുകൾക്ക് സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള സഹായങ്ങൾ അനുവദിച്ചു. ഓൺലൈൻ വിപണന മേഖലയുമായി ബന്ധപ്പെട്ട 30 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പരിശീലനം ലഭ്യമാക്കി. വിവിധ പരിപാടികളിലൂടെ സാഫ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.11**ൽ നൽകിയിരിക്കുന്നു.

പ്രാഥമിക തലത്തിലുള്ള 687 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 346 സംഘങ്ങൾ സമുദ്ര മേഖലയിലും 204 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 137 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗസംഖ്യ 4,62,614 ആണ് (മാർച്ച് 31, 2022-ലെ മത്സ്യഫെഡിന്റെ റിപ്പോർട്ട് പ്രകാരം). ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150 കോടി രൂപയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്തുവാനും അതുവഴി സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസും, പലിശരഹിത വായ്പകളും നൽകുക വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2021-22ൽ 57.6 കോടി രൂപയുടെ മൈക്രോ ഫിനാൻസിന്റെ സഹായം 17,892 ഗുണഭോക്താക്കൾക്ക് ലഭിച്ചു. വിഷരഹിതമായി പോഷകഗുണമുള്ള മത്സ്യം വിതരണം ചെയ്യുന്നതിന് 'അന്തിപ്പച്ച' എന്ന പേരിൽ 10 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2021-22 ൽ 5,566 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 10.6 കോടി രൂപയുടെ പലിശരഹിത വായ്പ അനുവദിച്ചു. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.12**ൽ നൽകിയിട്ടുണ്ട്.

വിപുലവും പരമ്പരാഗതവുമായ മത്സ്യകൃഷിയിൽ നിന്നും പാലാക്കരി മത്സ്യഫാമിൽ സ്വീകരിച്ച ശാസ്ത്രീയമായ മത്സ്യകൃഷി മത്സ്യഫെഡിന്റെ ഒരു നേട്ടമായി കണക്കാക്കാവുന്നതാണ്. വാണിജ്യ അടിസ്ഥാനത്തിൽ കരിമീൻ, മിൽക്ക് ഫിഷ്, മുള്ളറ്റുകൾ, കൊഞ്ച്, ഞണ്ട് എന്നിവ എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, മാലിപ്പുറം എന്നീ പ്രദേശങ്ങളിലും, കോട്ടയം ജില്ലയിലെ പാലാക്കരി മത്സ്യഫാമിലും ഉൽപ്പാദിപ്പിക്കുന്നുണ്ട്. കരിമീൻ കൂട് കൃഷി രീതികൾ ഞാറയ്ക്കൽ, പാലാക്കരി മത്സ്യഫാമുകളിലും, ഗിഫ്റ്റ് കൃഷി രീതി പാലാക്കരി മത്സ്യഫാമിലും പരിശീലിപ്പിക്കുന്നുണ്ട്.

**ബോക്സ് 3.4.2** മത്സ്യ മേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ

തൃശ്ശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിൽ സെപ്റ്റംബർ 07, 2015 ന് സ്ഥാപിച്ച ഒരു തീരമൈത്രി ആക്റ്റിവിറ്റി ഗ്രൂപ്പ് ആണ് 'അമ്മ നെയ്ത്തൽ സ്പെഷ്യൽ സീ ഫുഡ് കിച്ചൻ'. സാഫിന്റെ പിന്തുണയും മാർഗ്ഗനിർദേശവും ഉപയോഗപ്പെടുത്തി ആറ് സ്ത്രീ മത്സ്യത്തൊഴിലാളികൾ ആരംഭിച്ച സംരംഭം, വരുമാനത്തിന്റെ കാര്യത്തിലും, ഒരു ചെറുകിട സംരംഭം എന്ന നിലയിലും വൻ വിജയമായിരുന്നു. അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിച്ചു. സാഫിൽ നിന്നുള്ള സഹായം, ഗുണഭോക്തൃ വിഹിതം, ബാങ്ക് വായ്പ എന്നിവയുൾപ്പെടെ 8 ലക്ഷം രൂപയായിരുന്നു യൂണിറ്റിന്റെ അടങ്കൽ തുക. പ്രാരംഭ ഘട്ടത്തിൽ യൂണിറ്റിന്റെ പ്രതിദിന വരുമാനം 5,000 രൂപയായിരുന്നു. അത് 15,000 രൂപയായി ഉയർന്നു. ഒരു യൂണിറ്റ് അംഗത്തിന്റെ മാസവരുമാനവും 3,000 രൂപയിൽ നിന്ന് 10,000 രൂപയായി വർദ്ധിച്ചു. കൂടാതെ യൂണിറ്റ് അംഗങ്ങൾ ഒരു ചിട്ടിയിൽ വരുമാനത്തിന്റെ ഒരു വിഹിതം നിക്ഷേപിക്കുകയും ചെയ്യുന്നു. യൂണിറ്റിന്റെ സ്ഥിരനിക്ഷേപം 6.00 ലക്ഷം രൂപയാണ്. യൂണിറ്റ് അംഗങ്ങൾക്കു പുറമേ 5 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. പൊയ്യ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അഡാക്കിന്റെ ഫാമിൽ നിന്നുള്ള ഗുണനിലവാരമുള്ള മത്സ്യമാണ് പാചകത്തിനായി ഉപയോഗിക്കുന്നത്. മിൽക്ക് ഫിഷ്, എട്രോപ്ലസ്, കൊഞ്ച്, ഞണ്ട് തുടങ്ങിയ മത്സ്യങ്ങളിൽ വീട്ടിലെ ചേരുവകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ഭക്ഷണത്തിന്റെ രുചിയും ഗുണവും വിവിധ തുറകളിലുള്ളവരെ ആകർഷിക്കുന്നു. തൃശ്ശൂർ ജില്ലയിൽ മികച്ച ചെറുകിട സംരംഭമായി അമ്മ നെയ്ത്തൽ തീരമൈത്രി അക്വാകൾച്ചർ ഗ്രൂപ്പിനെ തെരഞ്ഞെടുത്തിരുന്നു.

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമ പഞ്ചായത്തിലെ മൂന്ന് വനിത മത്സ്യത്തൊഴിലാളികൾ ആരംഭിച്ച 'മുത്ത്' എന്ന അക്വാകൾച്ചർ ഗ്രൂപ്പിന്റെ സ്ഥിരനിക്ഷേപം 1.28 കോടി രൂപയാണ്. ഉണക്കമീൻ വിപണനം ചെയ്യുന്നതിന് കോപ്പറേഷൻ ബാങ്കിൽ നിന്ന് വായ്പ എടുത്താണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചത്. സാഫിന്റെ പിന്തുണ സ്വീകരിച്ച് സമീപ പ്രദേശങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളി സ്ത്രീകൾ ശേഖരിക്കുന്ന മത്സ്യം വാങ്ങി യൂണിറ്റിന്റെ പ്രവർത്തനത്തെ വിപുലീകരിച്ചു. യൂണിറ്റിന്റെ ലാഭം ഉപയോഗിച്ച് വാങ്ങിയ ഭൂമിയിൽ കെട്ടിടം നിർമ്മിച്ച് വ്യത്യസ്ത ഇനം മത്സ്യങ്ങളുടെ വിപണനം ആരംഭിച്ചു. എറണാകുളം ജില്ലയിലെ മികച്ച ആക്ടിവിറ്റി ഗ്രൂപ്പിനുള്ള അവാർഡും സംഘം കരസ്ഥമാക്കി.

അവലംബം: ഫിഷറീസ് വകുപ്പ്

ഞാറയ്ക്കൽ, മാലിപ്പുറം, പാലാക്കരി എന്നീ പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദ അക്വാടൂറിസം സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഒരു വർഷം 30 ദശലക്ഷം കൊഞ്ച്/ ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ള നാല് ഹാച്ചറികൾ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നത് കൊല്ലം ജില്ലയിലെ തിരുമുള്ളാവരം, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂർ ജില്ലയിലെ മാപ്പിളബേ എന്നീ പ്രദേശങ്ങളിലാണ്.

അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കൊല്ലം, കോട്ടയം, വൈക്കം എന്നിവിടങ്ങളിൽ മൂന്ന് പൊതു അക്വാറിയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അലങ്കാര മത്സ്യമേഖലയിൽ താൽപര്യമുള്ള സംരംഭകർക്ക് പരിശീലനം നൽകിയും ഈ മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നു. കൂടാതെ കുഫോസ് ആസ്ഥാനത്ത് അലങ്കാര മത്സ്യ പ്രജനനത്തിനും, മത്സ്യകൃഷിക്കും ഗവേഷണ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പുതുവൈപ്പിൻ ഗവേഷണ നിലയത്തിൽ കടൽ മത്സ്യങ്ങളുമായി ബന്ധപ്പെട്ട ഒരു അലങ്കാര മത്സ്യ ഹാച്ചറി, റീ സർക്കുലേറ്റിംഗ് അക്വാകൾച്ചർ സംവിധാനത്തോടുകൂടി സ്ഥാപിച്ചിട്ടുണ്ട്.

കേരള അക്വാവെഞ്ചർ ഇന്റർ നാഷണൽ ലിമിറ്റഡ് (കാവിൽ) ഒരു കേരള സർക്കാർ സ്ഥാപനമാണ്. അലങ്കാരമത്സ്യ കർഷകർക്കും ആഭ്യന്തര, അന്തർദേശീയ വിപണികൾക്കുമിടയിൽ ഒരു ശക്തമായ സംയോജനം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ അലങ്കാര മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കാവിൽ. ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യതകൾ തിരിച്ചറിഞ്ഞ് വ്യാപാരത്തിന്റെ ഗുണനിലവാരവും ആവശ്യകതകളും മനസ്സിലാക്കി തന്ത്രപരമായ സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ കാവിൽ പ്രവർത്തിക്കുന്നു.

**ചിത്രം 3.4.5** മത്സ്യഫെഡിന്റെ വിപണന പ്രവർത്തനങ്ങൾ




അവലംബം: ഫിഷറീസ് വകുപ്പ്

## അടിസ്ഥാന സൗകര്യങ്ങൾ

മത്സ്യബന്ധന തുറമുഖം ഉൽപ്പാദനത്തെയും വ്യാപാരത്തെയും സംയോജിപ്പിക്കുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുന്നു. കൂടാതെ ഉത്തരവാദിത്തമുള്ള മത്സ്യബന്ധനത്തിനുള്ള അവസരം പ്രദാനം ചെയ്യുകയും ചെയ്യുന്നു. കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട 22 തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 3 തുറമുഖങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥാനവും, നിലവിലെ അവസ്ഥാ റിപ്പോർട്ടും **അനുബന്ധം 3.4.13**ൽ നൽകിയിരിക്കുന്നു. 2021-22ൽ മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും, ഫിഷ് ലാൻഡിംഗ് കേന്ദ്രങ്ങളിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം

6.9 കോടി രൂപയാണ്. തോട്ടപ്പള്ളി, നീണ്ടകര എന്നീ തുറമുഖങ്ങളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത്. ആകെ ലഭ്യമായ വരുമാനത്തിന്റെ 73 ശതമാനവും തോട്ടപ്പള്ളി, നീണ്ടകര, കായംകുളം എന്നീ തുറമുഖങ്ങളിൽ നിന്നുമാണ്. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്ന് ലഭ്യമായ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.14**ൽ നൽകിയിരിക്കുന്നു.

പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിന് പുറമേ നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ നിർമ്മാണം, റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നബാർഡ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ് XXIIIൽ ഉൾപ്പെടുത്തി വെള്ളയിൽ ഫിഷിംഗ് ഹാർബർ, തങ്കശ്ശേരി ഫിഷിംഗ് ഹാർബർ, പുതിയാപ്പ ഫിഷിംഗ് ഹാർബർ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 25.37 കോടി രൂപയുടെ നാല് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXVI ന്റെ ഭാഗമായി തങ്കശ്ശേരി, നീണ്ടകര ഫിഷിംഗ് ഹാർബറിൽ അധിക സൗകര്യങ്ങൾ, നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ (ശക്തികുളങ്ങര സൈഡ്) വിപുലീകരണവും, നവീകരണവും, കായംകുളം ഫിഷിംഗ് ഹാർബറിൽ അധിക ബെർത്തിംഗ് സൗകര്യങ്ങൾ എന്നിവക്കായി 57.4 കോടി രൂപയുടെ 4 പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXVII-ൽ താനൂർ, വെള്ളയിൽ, ചെല്ലാനം ഫിഷിംഗ് ഹാർബറുകളിലും വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിലും അധിക അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി 55.55 കോടി രൂപയുടെ 4 പദ്ധതികൾ അനുവദിച്ചു.

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി). തീരദേശ വികസനം, മത്സ്യബന്ധനമേഖലയിലെ അടിസ്ഥാനസൗകര്യവികസനം, സാങ്കേതികവിദ്യ ആർജ്ജിക്കൽ, വാണിജ്യ പ്രവർത്തനങ്ങൾ, വിദഗ്ധോപദേശം എന്നിവ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നു. 2021-22 ൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ, മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ തെക്ക് ഭാഗത്ത് ബീച്ച് സ്ഥിരപ്പെടുത്തൽ, പൂന്തുറ, ബീമാപള്ളി, വലിയതുറ മത്സ്യബന്ധന വില്ലേജുകളുടെ തീരത്ത് കൃത്രിമ റീഫ് സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കി. ചെല്ലാനത്തെ മാതൃകാ മത്സ്യബന്ധന ഗ്രാമമാക്കുന്നതിനുള്ള സമഗ്ര വികസന പദ്ധതിക്കായി ഒരു ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തു. കമ്പനിയുടെ വാണിജ്യ പ്രവർത്തനങ്ങളിൽ "ഫ്രിഷ് കേരള" എന്ന ബ്രാൻഡിലുള്ള ഉണക്കിയ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ വിപണനവും ഉൾപ്പെടുന്നു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് തീരദേശ മേഖലയിൽ ശുചിത്വം, ആരോഗ്യ സംരക്ഷണം, കുടിവെള്ളം, വൈദ്യുതി, ലൈബ്രറി സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി മത്സ്യത്തൊഴിലാളികളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജീവന് സംരക്ഷണം നൽകുന്നതിനുമുള്ള പദ്ധതികളാണ് ഊന്നൽ കൊടുത്തു നടപ്പിലാക്കിയത്. ഉൾനാടൻ മത്സ്യമേഖലയുടെ വികസനം, വിപുലീകരണം, ആവശ്യമായ പരിശീലനം ലഭ്യമാക്കൽ, വിപണികളുടെ നവീകരണവും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല സൃഷ്ടിക്കുന്നതിനും പ്രാമുഖ്യം നൽകിയിരുന്നു. തുറമുഖങ്ങളുടെ വികസനം, ഫിഷറീസ് സർവ്വകലാശാലക്ക് വേണ്ടിയുള്ള പദ്ധതികളും നടപ്പിലാക്കിയിരുന്നു.

### പ്രധാന നേട്ടങ്ങൾ

- മുതലപ്പൊഴി, ചെല്ലാനം, ചേറ്റുവ, താനൂർ, തലായി, വെള്ളയിൽ, കൊയിലാണ്ടി, മഞ്ചേശ്വരം എന്നീ ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, കമ്മീഷൻ ചെയ്യുകയും ചെയ്തു.
- മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികൾ, ജനപ്രതിനിധികൾ, മത്സ്യമേഖലയിലെ വിദഗ്ധർ എന്നിവരുടെ പങ്കാളിത്തത്തോടെ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും രൂപീകരിച്ചു.
- വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 9 തീരദേശ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 17 സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായി. 951 വ്യക്തിഗത ഭവന യൂണിറ്റുകളുടെ നിർമ്മാണം കെ.എസ്.സി.എ.ഡി.സി പൂർത്തീകരിച്ചു. ആരോഗ്യമേഖലയിൽ 9 തീരദേശ ജില്ലകളിലെ 16 ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളും ഈ കാലയളവിൽ പൂർത്തിയാക്കി.
- കടലിൽ നിന്നും 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' വഴി 2785 കുടുംബങ്ങൾക്ക് ഭൂമി രജിസ്റ്റർ ചെയ്യുകയും, അതിൽ 614 കുടുംബങ്ങൾക്ക് വീട് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.
- ബഹു.മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളുടെ കീഴിൽ പൊതുകുളങ്ങളിൽ കൃഷി നടത്തുകയും 1367.8 ഹെക്ടറിൽ 6.8 ലക്ഷം കരിമീൻ വിത്തുകൾ സംഭരിക്കാൻ ഉപയോഗിക്കുകയും ചെയ്തു. 1,344 കുളങ്ങളിൽ വിളവെടുപ്പ് പൂർത്തിയാക്കി 2.3 കോടി രൂപ വിലമതിക്കുന്ന 230.16 ടൺ മത്സ്യം ഉൽപ്പാദിപ്പിച്ചു.
- മത്സ്യ വകുപ്പും വിവിധ ഏജൻസികളും പ്രദാനം ചെയ്യുന്ന സേവനങ്ങളെയും പദ്ധതികളെയും കുറിച്ച് പൊതുജനങ്ങളുടെ സംശയങ്ങൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 'ഫിഷറീസ് കോൾസെന്റർ' സ്ഥാപിച്ചു.
- സാഫിന്റെ സഹായത്തോടെ 2,699 മത്സ്യത്തൊഴിലാളി സ്ത്രീകൾ 934 പുതിയ സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിച്ചു. 46 തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾ, 12 ടെയ് ലറിംഗ് ഗാർമെന്റ് യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു അപ്പാരൽ കൺസോർഷ്യം, 34 ശീതീകരിച്ച മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ എന്നിവയും സ്ഥാപിച്ചു.
- 2017 ലും 2019 ലും നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ മികച്ച രണ്ടാമത്തെ വാണിജ്യ പ്രദർശക അവാർഡ് കേരള പവലിയൻ കരസ്ഥമാക്കി.
- ക്ഷേമ പദ്ധതികൾ, സേവനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) ഡി.ബി.റ്റി വഴി ബാങ്കിലേക്ക് ആനുകൂല്യം കൈമാറുന്നതിനുമായി 'ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം' (എഫ്.ഐ.എം.എസ്) സ്ഥാപിച്ചു.
- കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന യാനങ്ങൾ, പുറപ്പെടുന്നതും, തിരിച്ചെത്തുന്നതും രേഖപ്പെടുത്താൻ സാഗർ മൊബൈൽ ആപ്പ് ആവിഷ്കരിച്ചു. 1980 കളിൽ കേരളം രൂപീകരിച്ച മറൈൻ ഫിഷറീസ് നിയന്ത്രണ നിയമവും ചട്ടങ്ങളും

(കെ.എം.എഫ്.സി.എ.ആർ) 2017ൽ സമഗ്രമായി പരിഷ്ക്കരിച്ചു.

- സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുന്നതിനായി, 'ശുചിത്വസാഗരം' (ശുദ്ധമായ കടൽ) എന്ന പദ്ധതി നടപ്പിലാക്കി. സമുദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുക, കടലിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുക, എല്ലാത്തരം പ്ലാസ്റ്റിക്കുകളും നീക്കം ചെയ്യുക എന്നിവ ലക്ഷ്യമിട്ട് ഒരു ശുചിത്വ പരിപാടി ആരംഭിച്ചു. ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്), ശുചിത്വ മിഷൻ, നെറ്റ് വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മന്റ് ആന്റ് സസ്റ്റേനബിൾ ഫിഷിംഗ് (നെറ്റ്ഫിഷ്) എന്നിവയുമായി സഹകരിച്ചാണ് ഈ സംരംഭം നടപ്പിലാക്കിയത്. 'ശുചിത്വസാഗരം' എന്ന സംരംഭത്തിലൂടെ സമുദ്ര പരിസ്ഥിതി വൃത്തിയായി സൂക്ഷിക്കുന്നതിനെക്കുറിച്ചുള്ള അവബോധം വ്യാപിപ്പിക്കുന്നതിനും വലിയ തോതിലുള്ള പ്രചാരണ പരിപാടികൾ നടത്തി.
- കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി തിരുവനന്തപുരത്തെ വിഴിഞ്ഞം, എറണാകുളത്തെ വൈപ്പിൻ, കോഴിക്കോട്ടെ ബേപ്പൂർ എന്നീ മൂന്ന് മേഖലകളിലായി സമ്പൂർണ സജ്ജീകരണങ്ങളുള്ള മറൈൻ ആംബുലൻസുകൾ സർക്കാർ കമ്മീഷൻ ചെയ്തു.
- മത്സ്യ വിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നെയ്യാർ, പീച്ചി, വെസ്റ്റ് കല്ലട, കുളത്തുപ്പുഴ, തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ ആറ് പുതിയ ഹാച്ചറികൾ സ്ഥാപിച്ചു. ജൈവ പ്രോട്ടോക്കോൾ പാലിച്ച് കുഫോസ് ഒരു പൈലറ്റ് ഹാച്ചറി പദ്ധതി "പെനിയാസിസ് മോണോഡൺ" ആരംഭിച്ചു.
- കുഫോസ് 150 ലധികം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും പരമ്പരാഗത അറിവുകൾ രേഖപ്പെടുത്തുകയും മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി വിലയിരുത്തുന്നതിന് ഒരു സർവേ നടത്തുകയും ചെയ്തു.
- കോവിഡ്-19 പകർച്ചവ്യാധിയുടെ കാലത്ത് വിവിധ മത്സ്യങ്ങളുടെ വില നിശ്ചയിക്കാൻ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളെ ചുമതലപ്പെടുത്തി. ഫിഷിംഗ് ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലും തിരക്ക് ഒഴിവാക്കാൻ ടോക്കൺ സംവിധാനം ഏർപ്പെടുത്തി. മത്സ്യത്തിന്റെ ഓൺലൈൻ വിപണനത്തിനായി മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തു.

**2021–22 ലെ പ്രധാന നേട്ടങ്ങൾ**

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കിയ സുഭിക്ഷ കേരളം പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും, 75,226 കർഷകർക്ക് വിവിധ കൃഷിരീതികളിൽ പരിശീലനം ലഭ്യമാക്കുകയും 11,939 നൂതന മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു.
- തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലും കുട്ടനാട് മേഖലയിലും 17,854.9 ഹെക്ടറിൽ ഒരു നെല്ല് ഒരു മീൻ വളർത്തൽ/ഒരു നെല്ല് ഒരു ചെമ്മീൻ കൃഷി എന്നിവ നടപ്പിലാക്കി.
- റിസർവോയർ ഫിഷറീസുമായി ബന്ധപ്പെട്ട വന്യജീവി സങ്കേതത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന തെന്മല, കല്ലട, ഇടുക്കി, ഭൂതത്താൻകെട്ട്, ഷോളയാർ എന്നീ 5 റിസർവോയറുകളിലായി 18.7 ലക്ഷം മത്സ്യ വിത്തുകൾ നിക്ഷേപിച്ചു.
- 119 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ ഹോളോഗ്രാഫിക് പ്ലേറ്റ് ഘടിപ്പിച്ചു. യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളുടെ കളർ കോഡിംഗ് പൂർത്തിയാക്കി. 300 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിൽ വെസൽ ട്രാക്കിംഗ് സംവിധാനം ഘടിപ്പിച്ചു. തീരസുരക്ഷ ഉറപ്പാക്കാൻ ശക്തികുളങ്ങര, വിഴിഞ്ഞം, പൊന്നാനി ഫിഷിംഗ് ഹാർബറുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.
- 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 360 മൗണ്ടിംഗ് ജി.പി.എസും (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) 400 ഹാൻഡ് ഹെൽഡ് ജിപിഎസും നൽകി.
- പി.എം.എം.എസ്.വൈ പദ്ധതിയുടെ ഭാഗമായി 4 ജലസംഭരണികളിലായി നാല് കൂട് കൃഷി യൂണിറ്റുകൾ സ്ഥാപിച്ചു. ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമുഴി, കക്കി എന്നീ ജലസംഭരണികളിൽ 400 കൂടുകൾ സ്ഥാപിക്കുകയും നൂതന കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി 366 യൂണിറ്റ് റീസർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനം സ്ഥാപിക്കുകയും ചെയ്തു.
- ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, മലപ്പുറം ജില്ലയിലെ പൊന്നാനി, കാസർകോട് ജില്ലയിലെ കീഴൂർ എന്നിവിടങ്ങളിൽ നാല് പുതിയ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു.
- പ്രതിഭാതീരം പദ്ധതിയുടെ ഭാഗമായി 75 തീരദേശ ലൈബ്രറികളിൽ ഇലക്ട്രോണിക് ഉപകരണങ്ങളും ഇന്റർനെറ്റ് സൗകര്യങ്ങളുമുള്ള പഠനമുറികൾ സ്ഥാപിച്ചു. 'വിദ്യാതീരം' പ്രോജക്ടിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് മെഡിക്കൽ പ്രവേശനത്തിനും, ബാങ്ക് കോച്ചിംഗിനും, സിവിൽ സർവീസ് പരീക്ഷയ്ക്കും കോച്ചിംഗ് പരിപാടികൾ നടപ്പിലാക്കി.

കാർഷിക അനുബന്ധ മേഖലകളിൽ വേഗത്തിലുള്ള വളർച്ച രേഖപ്പെടുത്തിയ ഒരു മേഖലയായിട്ടാണ് മത്സ്യബന്ധന മേഖല കണക്കാക്കപ്പെടുന്നു. വിഭവങ്ങളുടെ അമിതമായ ചൂഷണം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് മത്സ്യബന്ധന മേഖല. കടൽ മത്സ്യത്തിൽ നിന്നും ഉൾനാടൻ മത്സ്യബന്ധനത്തിലേക്ക് സ്വാഗതാർഹമായ ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. ഉൾനാടൻ മത്സ്യമേഖലയെ തൊഴിൽ പ്രദാനം ചെയ്യുന്നതിനും, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കാവുന്നതാണ്. കാലാവസ്ഥാ വ്യതിയാനം, താപനിലയിലെ വർദ്ധനവ് എന്നിവ ഈ മേഖലയിൽ നിന്നുള്ള ഉത്പാദനത്തിനെ ബാധിക്കുന്നു. സാമൂഹിക പശ്ചാത്തലവും, വിഭവങ്ങളുടെ ലഭ്യത അടിസ്ഥാനപ്പെടുത്തി നവീനവും ശാസ്ത്രീയവുമായ ഇടപെടലുകൾ ഈ മേഖലയുടെ വികസനത്തിന് അനിവാര്യമാണ്. മത്സ്യമേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളിസമൂഹങ്ങളുടെ സമഗ്രമായ വികസനത്തിന് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

# 3.5 ജലവിഭവങ്ങൾ

സവിശേഷവും പകരം വയ്ക്കാൻ കഴിയാത്തതുമായ ഒരു വിഭവമാണ് ജലസമ്പത്ത്. കാർഷികോൽപാദനത്തിന് സഹായകമാകുന്ന ഒരു സുപ്രധാന ഘടകമാണിത്. കൂടാതെ, ഭക്ഷ്യസുരക്ഷയിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. "വാല്യൂയിങ് വാട്ടർ" എന്ന വിഷയത്തിലുള്ള ഐക്യരാഷ്ട്രസഭയുടെ ലോക ജലവികസന റിപ്പോർട്ടിൽ, ജലമൂല്യനിർണ്ണയത്തിലെ നിലവിലെ രീതികളും വെല്ലുവിളികളും വിലയിരുത്തുന്നതോടൊപ്പം, സുസ്ഥിരത കൈവരിക്കുന്നതിനുള്ള ഒരു ഉപാധിയായി മൂല്യനിർണ്ണയത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ തിരിച്ചറിയുകയും ചെയ്യുന്നു. ജല വിഭവങ്ങളുടെ നിലവിലെ സ്ഥിതി സൂചിപ്പിക്കുന്നത് ജലവിഭവ മാനേജ്മെന്റിന്റെ ആവശ്യകതയെയാണ്. ജല ഉപയോഗത്തിൽ സുസ്ഥിരത കൈവരിക്കുന്നതിനായി, ജല പരിപാലനത്തിൽ ബഹുമുഖ സമീപനം ആവശ്യമാണ്. ജലത്തിന്റെ മൂല്യം തിരിച്ചറിയുകയും, മനസ്സിലാക്കുകയും, കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ ഇവയെ ഉൾപ്പെടുത്തുകയും ചെയ്യുകയെന്നത് സുസ്ഥിരവും നിക്ഷ്പക്ഷവുമായ ജല പരിപാലനത്തിനും, സുസ്ഥിര വികസനത്തിനായുള്ള ഐക്യരാഷ്ട്രസഭയുടെ 2030 അജണ്ടയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) കൈവരിക്കുന്നതിനും അടിസ്ഥാനപരമായ ആവശ്യമാണ്.

ജലത്തിന്റെ യഥാർത്ഥ മൂല്യം പലപ്പോഴും അവഗണിക്കപ്പെടുന്നതുകാരണം അത് പാഴായി പോകുന്നതിനും, ദുരുപയോഗം ചെയ്യപ്പെടുന്നതിനും ഇടയാകുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ആഗോള സമ്പദ്‌വ്യവസ്ഥയും, കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങളും മൂലം ഗാർഹിക ആവശ്യങ്ങൾക്കുള്ള ജലലഭ്യത സങ്കീർണ്ണമാകും. ജലപരിപാലനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ നേരിടാനുള്ള ശ്രമങ്ങളുടെ ഭാഗമായി, 2018 മുതൽ 2028 വരെയുള്ള കാലയളവ് "സുസ്ഥിര വികസനത്തിനായി ജലം" എന്ന ആശയത്തിന് വേണ്ടിയുള്ള അന്താരാഷ്ട്ര ദശകമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു.

**ജലസംബന്ധിയായ വിവര സാങ്കേതിക രീതികൾ (ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റംസ്)**

പടിഞ്ഞാറോട്ട് ഒഴുകുന്ന നാല്പത്തിയൊന്ന് നദികളും കിഴക്കോട്ട് ഒഴുകുന്ന മൂന്ന് നദികളും സംസ്ഥാനത്തുണ്ട്. ശരാശരി വാർഷിക മഴ ഏകദേശം 3,000 മില്ലിമീറ്ററാണ്. എന്നാൽ, ലഭ്യമായ ജലം നിലനിർത്താനും, സംഭരിക്കാനും, കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും സാധ്യമാകുന്ന തോത് ഇപ്പോഴും അപര്യാപ്തമാണ്. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ യാഥാർത്ഥ്യം വിലയിരുത്തുന്നതിനായി, റിയൽ ടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം ഉപയോഗിച്ച് നിലവിലുള്ള ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം നവീകരിക്കാനുള്ള പ്രക്രിയയിലാണ് ജലസേചന വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്. കേരളത്തിലെ നദീതടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വിവിധ ഗേജിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള ജലസംബന്ധിയായ വിവരങ്ങളുടെ ശേഖരണം, സാധൂകരണം, ക്രോഡീകരണം എന്നിവയാണ് ജലസേചന വകുപ്പിലെ ഹൈഡ്രോളജി വിഭാഗത്തിന്റെ പ്രധാന പ്രവർത്തനം. ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ ഹൈഡ്രോളജി പദ്ധതിയിലൂടെ, ജലവിഭവ വിവരങ്ങളുടെ ഗുണനിലവാരവും ഉപ യോഗക്ഷമതയും മെച്ചപ്പെടുത്തുന്നതിനും, സംസ്ഥാനത്തെ ജലവിഭവ മാനേജ്മെന്റ് സ്ഥാപനങ്ങളുടെ പ്രവർത്തനശേഷി ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ജലസ്രോതസ്സുകളുടെ മെച്ചപ്പെട്ട ആസൂത്രണത്തിനും മാനേജ്മെന്റിനുമായി, ജലസംബന്ധ വിവരങ്ങളുടെ ഒരു ഡാറ്റാബേസും, വിവര സാങ്കേതിക സംവിധാനവും ഫലപ്രദമായരീതിയിൽ രൂപീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**ബോക്സ് 3.5.1** കേരള വാട്ടർ റിസോഴ്സസ്സ് ഇൻഫർമേഷൻ സിസ്റ്റം (Kerala WRIS)

ശാസ്ത്രീയമായ സാങ്കേതികവിദ്യയിലൂടെ ജലവിഭവങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ വിശകലനം നടത്തുവാൻ ഉതകുന്ന ഒരു സംവിധാനമാണ് കേരള വാട്ടർ റിസോഴ്സസ്സ് ഇൻഫർമേഷൻ സിസ്റ്റം. ഈ സംവിധാനത്തിലെ വിവിധ മോഡ്യൂളുകളായ കാലാവസ്ഥ, ജല ലഭ്യത, ജല ആവശ്യകത, ജല ബജറ്റ്, ജല ഓഡിറ്റ് എന്നിവ ഇതര വകുപ്പുകളിൽ നിന്നും ഇതുവരെ ലഭിച്ചിട്ടുള്ള ഡാറ്റാ ഉൾപ്പെടുത്തിയാണ് വികസിപ്പിച്ചിട്ടുള്ളത്. ജല അനുബന്ധ മേഖലകളിലെ ഡാറ്റ ഒരു പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുകയും അതിലൂടെ നയ നിർമ്മാതാക്കൾക്കും ജലമേഖലയിലെ അനുബന്ധ വകുപ്പുകൾക്കും അഭികാമ്യമായ ഒരു വെബ് പോർട്ടലായാണ് Kerala WRIS വിഭാവനം ചെയ്തിരിക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (R.K.I) അനുവദിച്ച 3.8 കോടി രൂപ ഉപയോഗിച്ചാണ് Kerala WRIS വികസിപ്പിച്ചെടുത്തത്. കേരള സംസ്ഥാനത്തിനകത്തെ ജലസ്രോതസ്സുകൾ വിലയിരുത്തുന്നതിനും, സുഗമവും നീതിപൂർവ്വവും സുസ്ഥിരവുമായ മാനേജ്മെന്റ്, ജലസ്രോതസ്സുകളുടെ വിനിയോഗം എന്നിവ ഉറപ്പാക്കാനും മേൽപ്പറഞ്ഞ സംവിധാനം ഉപയോഗപ്രദമാകും. ജലമേഖലയ്ക്ക് ഒരു മുതൽക്കൂട്ടാകുന്ന ഈ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം ആഗസ്റ്റ് 2022ന് നിർവഹിക്കുകയുണ്ടായി.

അവലംബം: ജലസേചന വകുപ്പ് (ഐ ഡി ആർ ബി), കേരള സർക്കാർ

2018, 2019 വർഷങ്ങളിൽ തുടർച്ചയായുണ്ടായ വെള്ളപ്പൊക്കം മൂലം, വെള്ളപ്പൊക്ക സാധ്യത മുൻകൂട്ടി അറിയിക്കുന്നതിനു വേണ്ട സംവിധാനം (എഫ്.എഫ്.ഇ.ഡബ്ല്യൂ.എസ്) സംസ്ഥാനത്തിന് ആവശ്യമായി വന്നു. പെരിയാർ, ചാലക്കുടി നദീതടങ്ങളിലെ റിസർവോയർ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് വെള്ളപ്പൊക്ക സാധ്യതാ മുന്നറിയിപ്പ് സംവിധാനങ്ങൾ നടപ്പിലാക്കുന്ന പ്രവൃത്തികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ദേശീയ ഹൈഡ്രോളജി പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചു. സമയബന്ധിതമായ മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള ഒരു സംവിധാനമായി എഫ്.എഫ്.ഇ.ഡബ്ല്യൂ.എസ് പ്രവർത്തിച്ചുവരുന്നു. തത്സമയം ലഭിക്കുന്ന ഹൈഡ്രോ-മെറ്റ് ഡാറ്റായുടെയും, സ്ഥലസംബന്ധിയായ വിവരങ്ങളുടെ ലഭ്യമായ ഗുണനിലവാരത്തെയും ആശ്രയിച്ചായിരിക്കും പ്രവചനത്തിന്റെ കൃത്യത.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവലോകനം

ജലസേചിതപ്രദേശം വിപുലപ്പെടുത്തുന്നതിലൂടെ കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും, ജലസേചന കാര്യക്ഷമതയും സാധ്യതയും വർദ്ധിപ്പിക്കുന്നതിലും പതിമൂന്നാം പഞ്ചവത്സര പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചു. കനാൽ നവീകരണ പ്രവൃത്തികൾ, വരൾച്ച നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ, കൂടാതെ നിർമ്മാണം പുരോഗമിക്കുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ പൂർത്തീകരണത്തിനും കമ്മീഷനിങ്ങിനും ഈ കാലയളവിൽ പ്രത്യേക ഊന്നൽ നൽകുകയുണ്ടായി. പദ്ധതിക്കാലയളവിൽ ചെറുകിട ജലസേചനത്തിന്റെ വിഹിതത്തിൽ വർദ്ധനവുണ്ടായെങ്കിലും, വൻകിട ഇടത്തരം മേഖലയ്ക്കായിരുന്നു വിഹിതത്തിന്റെ പ്രധാന പങ്ക്. പതിമൂന്നാം പദ്ധതിക്കാലയളവിൽ ഈ മേഖലയുടെ ബജറ്റ് വിഹിതം 2,682.15 കോടി രൂപയായിരുന്നു. ഇതിൽ പ്രധാന വിഹിതം വൻകിട ഇടത്തരം ജലസേചനത്തിനായിരുന്നു (51.79 ശതമാനം). തുടർന്ന്, ചെറുകിട ജലസേചനം (33 ശതമാനം), വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (14.46 ശതമാനം), കമാൻഡ് ഏരിയ വികസനം (0.74 ശതമാനം) എന്നിങ്ങനെയായിരുന്നു.

### ജലസേചിത പ്രദേശത്തിന്റെ കണക്കുകൾ

ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ വിലയിരുത്തൽ പ്രകാരം, 2021-22ൽ സംസ്ഥാനത്തെ ജലസേചിത പ്രദേശത്തിന്റെ വിസ്തൃതി 4.03 ലക്ഷം ഹെക്ടറും, മൊത്തം വിസ്തൃതി 5.61 ലക്ഷം ഹെക്ടറുമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച്, 2021-22ൽ സംസ്ഥാനത്തെ മൊത്തം ജലസേചിത വിസ്തൃതിയിലും, അറ്റ വിസ്തൃതിയിലും വർദ്ധനവുണ്ടായി.

കൃഷി ചെയ്ത പ്രദേശത്തിന്റെ മൊത്തം വിസ്തൃതിയും, ജലസേചിത പ്രദേശത്തിന്റെ മൊത്തം വിസ്തൃതിയും തമ്മിലുള്ള അനുപാതം 2020-21ൽ 20.30 ശതമാനമായിരുന്നത്, 2021-22ൽ 22.25 ശതമാനമായി വർദ്ധിച്ചുവെന്നത് ശ്രദ്ധേയമാണ്. സ്ഥായിയായ വർദ്ധനവാണ് ജലസേചിത പ്രദേശത്തിന്റെ മൊത്തം വിസ്തൃതിയിൽ കണ്ടുവരുന്നത്. 2019-20ൽ 5.17 ലക്ഷം ഹെക്ടറിൽ നിന്നും, 2020-21ൽ 5.21 ലക്ഷം ഹെക്ടറായും, തുടർന്ന് 2021-22ൽ 5.61 ലക്ഷം ഹെക്ടറായും വർദ്ധിച്ചു. ജലസ്രോതസ്സിന്റെ അടിസ്ഥാനത്തിൽ, കിണറുകളിലൂടെയുള്ള ജലസേചനമായിരുന്നു 2021-22ൽ മുൻപന്തിയിൽ ഉണ്ടായിരുന്നത് (1.66 ലക്ഷം ഹെക്ടർ). തുടർന്ന്, മറ്റ് സ്രോതസ്സുകൾ (1.16 ലക്ഷം ഹെക്ടർ), ചെറിയ തോടുകൾ (0.72 ലക്ഷം ഹെക്ടർ) എന്നിങ്ങനെയായിരുന്നു. സ്രോതസ്സ് തിരിച്ചുള്ളതും, ജില്ല തിരിച്ചുള്ളതുമായ ജലസേചിതപ്രദേശത്തിന്റെ യഥാർത്ഥ വിസ്തൃതി വിശദാംശങ്ങൾ **അനുബന്ധം 3.5.1** ലും, **3.5.2** ലും രേഖപ്പെടുത്തിയിരിക്കുന്നു.

വിളകളിൽ, നെല്ലിനും, നാളികേരത്തിനുമാണ് ജലസേചനത്തിലൂടെ ഏറ്റവും അധികം പ്രയോജനം ലഭിച്ചത്. എന്നിരുന്നാലും, നെല്ലിന്റെയും നാളികേരത്തിന്റെയും മൊത്തം ജലസേചിത വിസ്തൃതിയിൽ മുൻവർഷത്തെ അപേക്ഷിച്ച് 2021-22-ൽ കുറവ് വന്നിട്ടുണ്ട്. നെൽകൃഷിയുടെ ജലസേചിത വിസ്തൃതി 2020-21ൽ 1.59 ലക്ഷം ഹെക്ടറായിരുന്നത്, 2021-22ൽ 1.54 ലക്ഷം ഹെക്ടറായും, നാളികേരത്തിന്റേത് 1.58 ലക്ഷം ഹെക്ടറിൽ നിന്ന് 1.52 ലക്ഷം ഹെക്ടറായും കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. നെൽകൃഷിയുടെ ജലസേചിത പ്രദേശവും മൊത്തം ജലസേചിത പ്രദേശവും തമ്മിലുള്ള അനുപാതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21ൽ 30.61 ശതമാനമായിരുന്നത്, 27.44 ശതമാനമായി കുറയുകയുണ്ടായി. വാഴയുടെ ജലസേചിതവിസ്തൃതിയിലാണ് ഗണ്യമായ കുറവ് രേഖപ്പെടുത്തിയിരിക്കുന്നത്. 2020-21ൽ 0.52 ലക്ഷം ഹെക്ടറായിരുന്നത്, 2021-22ൽ 0.37 ലക്ഷം ഹെക്ടറായി കുറഞ്ഞു. പച്ചക്കറിയുടെ ജലസേചിതവിസ്തൃതിയിലും ഇപ്രകാരം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21ൽ 0.28 ലക്ഷം ഹെക്ടറിൽ നിന്നും 2021-22ൽ 0.25 ലക്ഷം ഹെക്ടറായി

കുറഞ്ഞിട്ടുണ്ട്. മൊത്തം ജലസേചിത പ്രദേശങ്ങളുടെയും പ്രയോജനം ലഭിച്ച വിളകളുടെയും വിശദാംശങ്ങൾ **അനുബന്ധം 3.5.3** ലും, **3.5.4** ലും രേഖപ്പെടുത്തിയിരിക്കുന്നു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

### വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്ക് നൽകിയ പ്രാധാന്യം

നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികളായ മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുര സാഗർ എന്നീ പ്രവൃത്തികൾ ഏതാനും പതിറ്റാണ്ടുകളായി തുടർന്നുവരികയായിരുന്നതിനാൽ ഇവ പരിശോധിക്കുവാൻ സർക്കാർ തീരുമാനമെടുത്തു. ഈ ജലസേചന പദ്ധതികൾ വിലയിരുത്തുന്നതിനായി, പതിമൂന്നാം പദ്ധതിക്കാലയളവിന്റെ ആദ്യ വർഷത്തിൽ തന്നെ അഞ്ചംഗ സാങ്കേതിക സമിതിയ്ക്ക് സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരണം നൽകി. പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ മനസ്സിലാക്കിയ ശേഷം, ഇവയുടെ പൂർത്തീകരണത്തിന്/കമ്മീഷൻ ചെയ്യുന്നതിന് ചില ലക്ഷ്യങ്ങളും സമയക്രമങ്ങളും കമ്മിറ്റി നിർദ്ദേശിക്കുകയും അതിനനുസൃതമായി പദ്ധതിക്കാലയളവിൽ വിഹിതം വകയിരുത്തുകയും ചെയ്തിരുന്നു.

മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയുടെ കമ്മീഷനിംഗ് നടപ്പിലാക്കിയത് 2020 ജൂലൈ മാസത്തിലായിരുന്നു. ഈ കാലയളവിലെ ശ്രദ്ധേയമായ ഒരു നേട്ടമാണിത്. പദ്ധതി കമ്മീഷൻ ചെയ്ത തീയതി പ്രകാരം, ആകെ 1,083.64 കോടി രൂപ ചെലവിൽ, ഇതിലൂടെ പ്രയോജനം ലഭിച്ച മൊത്തം ആയകട്ട് 33,670 ഹെക്ടറും, അറ്റ ആയകട്ട് 17,179 ഹെക്ടറും ആണ്. ഇടമലയാർ ജലസേചന പദ്ധതിയുടെ ലോ ലെവൽ കനാലിൽ എം.സി റോഡ് ഭാഗത്തെ തടസ്സം പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിന് സാധിച്ചു. ജലവിഭവ വകുപ്പിൽ ആദ്യമായി പുഷ്-ത്രൂ രീതി അവലംബിച്ച് കൊണ്ടാണ് എം.സി റോഡ് ഭാഗത്തെ തടസ്സങ്ങൾ നീക്കം ചെയ്തത്. ലോ-ലെവൽ കനാലിന്റെ ഈ ഭാഗത്തുകൂടിയുള്ള ജലവിതരണത്തിലൂടെ നെടുമ്പാശ്ശേരി പഞ്ചായത്തിന്റെയും അങ്കമാലി മുനിസിപ്പാലിറ്റിയുടെയും കാർഷിക, കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിന് സാധിച്ചു. ലോ ലെവൽ കനാലിന്റെ റെയിൽവെ ക്രോസ്സിങ്ങ് ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3.06 കോടി രൂപ റെയിൽവെ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

കാരാപ്പുഴ പദ്ധതിയുടെ ഇടതുകര പ്രധാന കനാലിലും (എൽബിഎംസി), വലത് കര പ്രധാന കനാലിലും (ആർബിഎംസി) നടപ്പിലാക്കിയ പുനരുദ്ധാരണ പ്രവൃത്തികളുടെ ഫലമായി, 2022 മുതൽ, ആകെ 25.54 കിലോമീറ്റർ നീളത്തിൽ പ്രധാന കനാലുകളിലൂടെ പൂർണ്ണമായും ജലവിതരണം സാധ്യമാകും. ഇതുവഴി 636.48 ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കുകയും ചെയ്യും. കാരാപ്പുഴ പദ്ധതി ആരംഭിച്ചതിനുശേഷം പ്രധാന കനാലുകൾ പ്രവർത്തനക്ഷമമാക്കുവാൻ ഇതിലൂടെ സാധിക്കും. കാരാപ്പുഴ മെഗാ ടൂറിസം പദ്ധതി 2017ൽ ഉദ്ഘാടനം ചെയ്തതും ഈ മേഖലയുടെ വികസനത്തിന് സഹായകമായി. ബാണാസുരസാഗർ പദ്ധതിയുടെ പ്രധാന കനാലിലെ, ചെ.1130 മീറ്റർ മുതൽ 1,500 മീറ്റർ വരെയുള്ള തടസ്സം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചു. വെണ്ണിയോട്, കാപ്പുംകുന്ന് വിതരണ ശൃംഖലകൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളും ഇക്കാലയളവിൽ ആരംഭിച്ചു.

### ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (ഡ്രിപ്പ്)

ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ജലസേചന വകുപ്പിന്റെ പതിനാറ് അണക്കെട്ടുകൾ/ബാരേജുകൾ/റെഗുലേറ്ററുകൾ എന്നിവയുടെ സുരക്ഷയും പ്രവർത്തനവും മെച്ചപ്പെടുത്തുക എന്നതാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (ഡ്രിപ്പ്) ലക്ഷ്യമിടുന്നത്. 2012-ൽ ആരംഭിച്ച ഒന്നാം ഘട്ട പദ്ധതി 2021 മാർച്ച് വരെ നീട്ടിയിരുന്നു. DRIP ഘട്ടം ഒന്നിന്റെ പ്രധാന നേട്ടങ്ങൾ ഇവയെല്ലാമാണ് – (1) സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ജോലികൾ ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ 13 ഡാമുകളിൽ നടപ്പിലാക്കി (2) മൂലത്തറ റഗുലേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ (3) 14 അണക്കെട്ടുകളുടെ ഹൈഡ്രോ മെക്കാനിക്കൽ നവീകരണ പ്രവർത്തനങ്ങൾ (4) ചിമോണി, കല്ലട, കാഞ്ഞിരപ്പുഴ, കുറ്റിയാടി, മലമ്പുഴ, മലങ്കര, പഴശ്ശി, പോത്തുണ്ടി എന്നീ എട്ട് ഡാമുകൾ ബലപ്പെടുത്തുന്ന പ്രവൃത്തികൾ (5) 14 ഡാമുകളുടെ അടിയന്തര പ്രവർത്തന പദ്ധതിയ്ക്കുള്ള CWCയുടെ അംഗീകാരം (6) ഡാമുകളുടെ സുരക്ഷാ ഡാറ്റ ഫലപ്രദമായി ശേഖരിക്കുന്നതിനും പരിപാലനത്തിനുമായി വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ പാക്കേജ്.

ജലസേചന വകുപ്പിന്റെ 15 ഡാമുകൾ/ബാരേജുകൾ/റെഗുലേറ്റർ എന്നിവയുടെ സുരക്ഷയും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി, ഡ്രിപ്പ് രണ്ടാം ഘട്ടത്തിന്റെ (2021-2027) ഭാഗമായി സംസ്ഥാന ജലവിഭവ വകുപ്പ് പ്രവൃത്തിക്കുന്നു.

### ചെറുകിട ജലസേചനത്തിന് കൂടുതൽ പ്രാധാന്യം

ജലവിനിയോഗം കുറയ്ക്കുന്നതരത്തിൽ ജലസേചന സംവിധാനങ്ങൾ ശരിയായി രൂപകൽപ്പന ചെയ്യുന്നതിലൂടെ, ജലസേചനത്തിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കുവാൻ സാധിക്കും. ചെറിയ വിസ്തൃതിയുള്ള കൃഷിയിടങ്ങളിൽ ജലസേചനം നടത്തുന്നതിന് വേണ്ടിയുള്ളതാണ് ചെറുകിട ജലസേചന പദ്ധതികൾ. നദികളിൽ നിന്നും കനാലുകളിൽ നിന്നും വെള്ളം തിരിച്ചുവിടുന്നതിലൂടെയും, പാർശ്വഭിത്തികൾ, സ്ലൂയിസുകൾ, ക്രോസ്ബാറുകൾ എന്നിവ നിർമ്മിച്ച് ശരിയായ ഡ്രെയിനേജ് സമ്പ്രദായത്തിലൂടെയുമാണ് ഇവ നടപ്പിലാക്കുന്നത്. സൃഷ്ടിക്കപ്പെട്ട ജലസേചിത പ്രദേശങ്ങളുടെ വിസ്തൃതി, അവയുടെ വിനിയോഗം, ജലവിതരണ രീതികൾ, പദ്ധതികളുടെ ഊർജ്ജ സ്രോതസ്സുകൾ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റാ ബേസാണ് ചെറുകിട ജലസേചന സെൻസസ്.

സുസ്ഥിരമായ രീതിയിൽ ജലസ്രോതസ്സുകൾ കാര്യക്ഷമമായി പരിപാലിക്കുന്നതിനു വേണ്ട പ്രവൃത്തികൾ ആവശ്യമാണ്. ജല ഉപയോഗം കാര്യക്ഷമമാക്കുന്നതിൽ സൂക്ഷ്മ ജലസേചനത്തിന് ഒരു പ്രധാന പങ്ക് വഹിക്കുവാൻ സാധിക്കും. 2021 മാർച്ച് 31-ലെ കണക്ക് പ്രകാരം, സംസ്ഥാനത്തെ സൂക്ഷ്മ ജലസേചനത്തിന്റെ വിസ്തൃതി (ഡ്രിപ്പ് & സ്പ്രിംഗ്ളർ) 33,264 ഹെക്ടറാണ്. (ഉറവിടം: കൃഷി മന്ത്രാലയം, കർഷക ക്ഷേമ വകുപ്പ്; ഇന്ത്യാസ്റ്റാറ്റ്). സ്പ്രിംഗ്ളർ, ഡ്രിപ്പ് ഇറിഗേഷൻ തുടങ്ങിയ ജലസംരക്ഷണ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിലൂടെ ജലസംരക്ഷണം കാര്യക്ഷമമാകുമെന്നു മാത്രമല്ല, വിളവ് വർദ്ധിപ്പിക്കുന്നതിലും ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇവ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, മറ്റ് വകുപ്പുകളുടെ സഹായത്തോടെ സംസ്ഥാനത്തുടനീളം കമ്മ്യൂണിറ്റി

മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിന് ജലസേചന വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കൃഷി, ജലസേചന വകുപ്പുകൾ സംയുക്തമായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഇരുപത്തിയൊന്ന് പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ പത്തനംതിട്ട, ഇടുക്കി, വയനാട്, തൃശ്ശൂർ ജില്ലകളിൽ നിന്നുമായി ആറ് പദ്ധതികളാണ് ആദ്യഘട്ടത്തിൽ ഏറ്റെടുത്തത്. ഇവയെല്ലാം രൂപരേഖ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

**പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ ചെറുകിട ജലസേചന പദ്ധതികൾ**

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നു വൻകിട ഇടത്തരം ജലസേചനത്തിൽ നിന്നും ചെറുകിട ജലസേചനത്തിലേയ്ക്ക് ശ്രദ്ധ പതിപ്പിക്കുകയെന്നത്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചെറുകിട ജലസേചനത്തിന്റെ (ഉപരിതല ജലം) ഭൗതിക നേട്ടങ്ങൾ **പട്ടിക 3.5.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.5.1** ചെറുകിട ജലസേചനത്തിലൂടെയുള്ള ഭൗതിക നേട്ടം, 2017-18 മുതൽ 2021-22 വരെ (ഹെക്ടറിൽ)

| വർഷം | ഭൗതിക നേട്ടം (അറ്റ) ഹെക്ടറിൽ |
|---|---|
| 2017-18 | 8006.64 |
| 2018-19 | 3388.05 |
| 2019-20 | 4474.86 |
| 2020-21 | 3164.81 |
| 2021-22 | 4566.45 |
| ആകെ | 23600.81 |

അവലംബം: ജലസേചന വകുപ്പ് (ഐ &എ), കേരള സർക്കാർ

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ചെറുകിട ജലസേചനത്തിലൂടെ പ്രയോജനം ലഭിച്ച അയക്കട്ടിൽ വ്യതിയാനം പ്രകടമായിരുന്നു. 2017-18ന് ശേഷം, തുടർന്നുള്ള രണ്ട് വർഷങ്ങളിൽ അയക്കട്ടിൽ ഗണ്യമായി കുറവ് രേഖപ്പെടുത്തിയെങ്കിലും, 2021-22ൽ സ്ഥിതി അല്പം മെച്ചപ്പെട്ടു. 2018ലെയും 2019ലെയും വെള്ളപ്പൊക്കത്തിൽ ജലസേചന നിർമ്മിതികൾ, നദീതീരങ്ങൾ, കനാലുകൾ എന്നിവയ്ക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിരുന്നു. നെൽകൃഷിയിൽ നിന്നും നാണ്യവിളകളിലേക്ക് കൃഷിരീതിയിലുണ്ടായ മാറ്റവും, ഷെഡ്യൂൾ നിരക്കുകളിലുണ്ടായ മാറ്റം മൂലം നിർമ്മാണച്ചെലവ് വർദ്ധിച്ചതിനാൽ അയക്കട്ടിലുണ്ടായ കുറവ് മൂലവും ജലസേചിതപ്രദേശത്തിന്റെ ഭൗതിക നേട്ടത്തിൽ കുറവുണ്ടായി. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചെറുകിട ജലസേചനത്തിലൂടെയുള്ള (വിവിധ പദ്ധതികളിലൂടെ) ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.5**-ൽ നൽകിയിരിക്കുന്നു. വെന്റഡ് ക്രോസ് ബാറുകൾ (വി.സി.ബി), ചെക്ക് ഡാമുകൾ, ക്രോസ് ബാറുകൾ, ലവണാംശം പുറന്തള്ളുന്നതിനുള്ള നിർമ്മിതികൾ തുടങ്ങിയ ചെറുകിട ജലസേചന പ്രവർത്തനങ്ങൾക്കു നബാർഡ് ധനസഹായം നൽകുന്നുണ്ട്. RIDF XXVII വരെ 1,619 സ്കീമുകൾക്ക് നബാർഡ് അനുമതി നൽകിയതിൽ, 1,354 സ്കീമുകൾ വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കി. വിശദാംശങ്ങൾ **അനുബന്ധം 3.5.6** ൽ നൽകിയിരിക്കുന്നു.

കാസർഗോഡ് ജില്ലയിലൂടെ ധാരാളം നദികൾ ഒഴുകുന്നുണ്ട്. കൂടാതെ, ജില്ലയ്ക്ക് ഗണ്യമായ മഴയും ലഭിക്കുന്നുണ്ട്. എന്നാൽ, ജലസംരക്ഷണ പദ്ധതികളുടെ അഭാവം ജില്ലയുടെ കാർഷിക ഉൽപാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ലഭ്യമായ ജലം ഫലപ്രദമായി ജലസേചനത്തിനായി വിനിയോഗിക്കുന്നതിനുവേണ്ടി ജില്ലയിൽ വിസിബികൾ നിർമ്മിക്കാൻ കാസർകോട് പാക്കേജിലൂടെ വിഭാവനം ചെയ്യുന്നു. പ്രവർത്തന റിപ്പോർട്ട് പ്രകാരം, 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ, 77 വിസിബികളുടെ നിർമ്മാണത്തിനായി 42.62 കോടി രൂപ ചെലവഴിച്ചു. 62 വിസിബികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. (അവലംബം: കാസർകോട് ജില്ലാ കളക്ടറുടെ 18.11.2022 ലെ റിപ്പോർട്ട്).

**ഹരിതകേരളം മിഷൻ – ജലസംരക്ഷണവും പ്രകൃതിവിഭവ പരിപാലനവും**

2015 മുതൽ 2021 വരെയുള്ള കാലയളവിൽ, സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി, നവകേരളം മിഷന്റെ ഒരു പ്രധാന ഭാഗമായി ഹരിതകേരളം മിഷൻ കേരള സർക്കാർ രൂപീകരിക്കുകയുണ്ടായി. ശുചിത്വം, കാർഷിക വികസനം, ജലസംരക്ഷണം എന്നിവയായിരുന്നു ഹരിതകേരളത്തിന്റെ മൂന്ന് ഉപമിഷനുകൾ. ഹരിതകേരളം മിഷൻ പരിപാടിയുടെ കീഴിൽ ജലവിഭവ വകുപ്പിന്റെ ചുമതല ജലസംരക്ഷണമായിരുന്നു. കുളങ്ങൾ, നദികൾ, കായലുകൾ തുടങ്ങിയ ജലസ്രോതസ്സുകൾ നവീകരിക്കുക, വലിയ കുളങ്ങളെ ജലസേചന കനാലുകളുമായി ബന്ധിപ്പിക്കുക, ജലസേചന കനാലുകളിലെ ചോർച്ച തടയുക എന്നിവയായിരുന്നു ജലസംരക്ഷണം ലക്ഷ്യമിട്ടത്.

**ബോക്സ് 3.5.2** സംസ്ഥാനത്തിന്റെ സൂക്ഷ്മ ജലസേചന നയം

സൂക്ഷ്മ ജലസേചന രീതികളുടെ പ്രയോജനവും ആവശ്യകതകളും ജനകീയമാക്കുന്നതിനും, സംവിധാനത്തിന്റെ ആസൂത്രണത്തിലും, രൂപകല്പനയിലും, നടത്തിപ്പിലുമുള്ള ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനുമായി ഒരു സൂക്ഷ്മ ജലസേചന നയം രൂപീകരിക്കേണ്ടത് ആവശ്യമാണ്. സംസ്ഥാനത്തിനായി ഒരു സൂക്ഷ്മ ജലസേചന നയം രൂപീകരിക്കുന്നതിനുവേണ്ടി, ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് കൃഷി വിഭാഗം ചീഫ് ചെയർപേഴ്സനായും, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ഐ ആൻഡ് എ) കൺവീനറായും, വിവിധ വകുപ്പുകളിൽ നിന്നുള്ള പ്രതിനിധികൾ അംഗങ്ങളായും ഉൾപ്പെട്ട കമ്മിറ്റിയാണ് രൂപീകരിച്ചത്.

സൂക്ഷ്മ ജലസേചനത്തിൽ കേരളത്തിന്റെ സാധ്യത, നയപരമായ ലക്ഷ്യങ്ങൾ, പദ്ധതി ആസൂത്രണത്തിലും രൂപകൽപ്പനയിലുമുള്ള സാങ്കേതികരീതികൾ, ധനസഹായവും സബ്സിഡിയും, പ്രവർത്തന രീതികളും അവയുടെ നടത്തിപ്പും, സുസ്ഥിര നിർവ്വഹണ സംവിധാനങ്ങളും പാലിക്കപ്പെടേണ്ട രീതികളും, വിവിധ നിർവ്വഹണ ഏജൻസികളുടെ സംയോജനം എന്നിവയാണ് നയ രൂപീകരണത്തിലുള്ള പ്രധാന ഘടകങ്ങൾ.

സ്രോതസ്സ്: കേരള സംസ്ഥാന ആസൂത്രണ ബോർഡ്

**പട്ടിക 3.5.2** ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ (2017-18 മുതൽ 2022-23 വരെ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുവദിച്ച പ്രവൃത്തികൾ | പൂർത്തീകരിച്ച പ്രവൃത്തികൾ |
|---|---|---|---|
| 1 | ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളുടെയും, ടാങ്കുകളുടെയും നവീകരണം | 711 | 326 |
| 2 | ചെറുകിട ജലസേചനം ക്ലാസ്സ് 1 – ഹരിത കേരളം | 67 | 33 |
| 3 | ചെറുകിട ജലസേചനം ക്ലാസ്സ് 11 – ഹരിത കേരളവും, മൈക്രോ ഇറിഗേഷനും | 99 | 59 |

അവലംബം: ജലസേചന വകുപ്പ് (ഐ &എ), കേരള സർക്കാർ

ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ **പട്ടിക 3.5.2**ൽ നൽകിയിരിക്കുന്നു.

**ഭൂഗർഭജല വികസനം**

ജലസേചനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് ഭൂഗർഭജലം. ഭൂഗർഭജലത്തെ ആശ്രയിക്കുന്നത് ഇക്കാലത്ത് വർദ്ധിച്ചുവരികയാണ്. ഉപരിതല ജലത്തിന്റെയും ഭൂഗർഭജലത്തിന്റെയും യുക്തിസഹജമായ ഉപയോഗം സംസ്ഥാനത്തിന്റെ ജല പരിപാലനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭൂഗർഭ ജലസ്രോതസ്സുകളുടെ സുസ്ഥിര വികസനമാണ് ഭൂഗർഭജല സംരക്ഷണത്തിലൂടെയും പുനരുജ്ജീവനത്തിലൂടെയും ലക്ഷ്യമിടുന്നത്. കിണറുകൾ, റീച്ചാർജ് പിറ്റുകൾ, കുഴൽക്കിണറുകൾ, ചെറിയ ചെക്ക് ഡാമുകൾ എന്നിവയിലൂടെയാണ് മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള സംഭരണം നടപ്പിലാക്കുന്നത്. കേരളത്തിലെ ഭൂഗർഭജലം പ്രധാനമായും ഗാർഹിക ഉപയോഗത്തിനും ജലസേചന ആവശ്യങ്ങൾക്കുമാണ്.

കേന്ദ്ര ഭൂഗർഭജല ബോർഡും സംസ്ഥാന ഭൂഗർഭജല വകുപ്പും ഒരുമിച്ച് തയ്യാറാക്കിയ "ഗ്രൗണ്ട് വാട്ടർ റിസോഴ്സസ് ഓഫ് കേരള (മാർച്ച് 2020)" റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5,654.19 എംസിഎം ഉം, എല്ലാ ആവശ്യങ്ങൾക്കും വേണ്ടി നിലവിലുള്ള ഭൂഗർഭജല ഉപയോഗം 2,645.9 എംസിഎം ഉം ആണ്. ഗാർഹിക ആവശ്യത്തിനും വ്യാവസായിക ഉപയോഗത്തിനും വേണ്ടത് 1,483.16 എംസിഎം ഉം, ജലസേചന ആവശ്യത്തിനായി 1,162.74 എംസിഎം ഉം ആയാണ് കണക്കാക്കപ്പെട്ടത്. കേരളത്തിലെ ഭൂഗർഭജല ഉപയോഗത്തിന്റെ തോത് 51.68 ശതമാനമാണ്. സംസ്ഥാനത്ത് നിർണ്ണയം നടത്തിയ 152 യൂണിറ്റുകളിൽ, 3 ബ്ലോക്കുകൾ (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളും, കാസർകോട് ജില്ലയിലെ കാസർഗോഡ് ബ്ലോക്കും) 'ക്രിട്ടിക്കൽ' വിഭാഗത്തിലും 29 ബ്ലോക്കുകൾ 'സെമി ക്രിട്ടിക്കൽ' വിഭാഗത്തിലും, 120 ബ്ലോക്കുകൾ 'സുരക്ഷിത' വിഭാഗത്തിലുമാണ്.

2017-ലെയും 2020-ലെയും ഭൂഗർഭ ജലസ്രോതസ്സുകളുടെ ഘടകങ്ങളുടെ താരതമ്യ വിശകലന പ്രകാരം, 2020-ൽ കേരളത്തിലെ വാർഷിക ഭൂഗർഭജല റീചാർജിൽ, 2017 നെ അപേക്ഷിച്ച്, 1.76 ശതമാനം കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ ആവശ്യങ്ങൾക്കുമുള്ള വാർഷിക ഭൂഗർഭജലം ഇക്കാലയളവിൽ 0.93 ശതമാനമാണ് കുറഞ്ഞത്. 2017ലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് ഭാവിയിലെ ഉപയോഗത്തിനുള്ള ഭൂഗർഭജല ലഭ്യതയിൽ 11.34 ശതമാനത്തിന്റെ കുറവാണ് 2020ൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2017 ലെ വിലയിരുത്തലുമായി താരതമ്യം ചെയ്യുമ്പോൾ വിവിധ വിഭാഗങ്ങളിലെ ബ്ലോക്കുകളുടെ എണ്ണത്തിലും മാറ്റമുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ 'സെമി ക്രിട്ടിക്കൽ' ബ്ലോക്കുകളുടെ എണ്ണം 30-ൽ നിന്ന് 29 ആയി കുറഞ്ഞു, അതേസമയം 'സേഫ്' ബ്ലോക്കുകളുടെ എണ്ണം 119-ൽ നിന്ന് 120 ആയി ഉയരുകയും ചെയ്തു. 'ക്രിട്ടിക്കൽ ബ്ലോക്കുകളുടെ' എണ്ണം 2 ൽ നിന്നും 3 ആയിട്ടുണ്ട്. (ഉറവിടം: ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സസ് ഓഫ് കേരള, മാർച്ച് 2020) ഭൂഗർഭജലത്തിന്റെ സുസ്ഥിരമായ ഉപയോഗത്തിനുള്ള ബോധവൽക്കരണത്തോടൊപ്പം, ഭൂഗർഭ ജലസ്രോതസ്സുകളുടെ മെച്ചപ്പെട്ട വിനിയോഗത്തിന്റെ ആവശ്യകതയിലേക്കും ഇത് വിരൽ ചൂണ്ടുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത്, തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിൽ ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി, കിണറുകളിലെ ഭൂഗർഭജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനായി റീചാർജ് പിറ്റിലൂടെ മേൽക്കൂരയിലെ മഴവെള്ള സംഭരണം വിജയകരമായി ഭൂഗർഭജല വകുപ്പ് നടപ്പാക്കുകയുണ്ടായി. എല്ലാ സർക്കാർ സ്കൂളുകളിലും ഓഫീസുകളിലും കൃത്രിമ ഭൂഗർഭജല റീചാർജിംഗ് രീതികൾ നടപ്പിലാക്കിയ സംസ്ഥാനത്തെ ആദ്യ നിയമസഭാ മണ്ഡലമായി കാട്ടാക്കട മണ്ഡലം 2019 ൽ പ്രഖ്യാപിക്കപ്പെട്ടു. ഈ കാലയളവിൽ വകുപ്പിന്റെ ശ്രദ്ധേയമായ ചില നേട്ടങ്ങൾ ഇവയാണ്.

- 178 ചെറിയ കുടിവെള്ള വിതരണ പദ്ധതികൾ സ്ഥാപിക്കുകയും 384 പദ്ധതികൾ നവീകരിക്കുകയും ചെയ്തു. 4,074 ഹാൻഡ് പമ്പുകളുടെ കേടുപാടുകൾ പൂർത്തീകരിച്ചു.
- 361 കുഴൽക്കിണറുകളുടെ നിർമ്മാണത്തിലൂടെ സംസ്ഥാനത്തെ 68,842 കുടുംബങ്ങൾക്കും, 22 സ്ഥാപനങ്ങൾക്കും പ്രയോജനം ലഭ്യമായി.
- വിവിധ സർക്കാർ കെട്ടിടങ്ങളിലായി 767 ഭൂഗർഭ ജല സംരക്ഷണ നിർമ്മിതികൾ സ്ഥാപിച്ചതിലൂടെ പദ്ധതി പ്രദേശത്തെ ജലനിരപ്പ് വർദ്ധിപ്പിക്കാൻ സാധിച്ചു.
- ഭൂഗർഭജല ഗവേഷണ പ്രവർത്തനങ്ങൾ (52,308), കിണർ നിർമ്മാണം (11,030), പമ്പിംഗ് ടെസ്റ്റുകൾ (2,398), കിണർ ലോഗ്ഗിംഗ് പ്രവൃത്തികൾ (235), വെൽ ഡെവലപ്പിംഗ് പ്രവൃത്തികൾ (2,452), ജലത്തിന്റെ ഗുണനിലവാര വിശകലനം (19,534) എന്നിവയാണ് മറ്റ് നേട്ടങ്ങൾ.
- സംസ്ഥാന ഭൂഗർഭജല വകുപ്പും കേന്ദ്ര ഭൂഗർഭജല ബോർഡും സംയുക്തമായി ആനുകാലിക ഭൂഗർഭ ജലവിഭവ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

- 2016 മുതൽ 2024 വരെയുള്ള എട്ട് വർഷങ്ങളിലായി നടപ്പിലാക്കുന്ന 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാഷണൽ ഹൈഡ്രോളജി പ്രൊജക്ട്. വാട്ടർ ബജറ്റിംഗ് എന്ന ആശയത്തിലൂടെ ഒരു സംയോജിത ജലവിഭവ സംവിധാനം വികസിപ്പിക്കുവാൻ പദ്ധതിയുടെ മൂന്നാം ഘട്ടം ലക്ഷ്യമിടുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഇവയെല്ലാമാണ് -
  - ഭൂഗർഭജല നിരീക്ഷണ സംവിധാനങ്ങളുടെ നവീകരണവും ശക്തിപ്പെടുത്തലും.
  - ജല ഗുണനിലവാര നിരീക്ഷണ സംവിധാന ത്തിന്റെ നവീകരണം.
  - കിണർ സെൻസസ് നടപ്പാക്കുക (ഭൂഗർഭ ജലത്തിന്റെ വിവരശേഖരണം) - കിണർ സെൻസസ് നടപ്പിലാക്കുന്നതിനായി "നീരറിവ്" എന്ന മൊബൈൽ ആപ്ലിക്കേഷൻ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസി വികസിപ്പിച്ചു. കുടുംബശ്രീ മിഷൻ മുഖേന സംസ്ഥാനത്തെ 39 ബ്ലോക്കുകളിൽ ഇതിന്റെ പ്രവർത്തനം നടപ്പിലാക്കും.
  - ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (ഡിഎസ്എസ്), വാട്ടർ ബജറ്റിംഗ് സിസ്റ്റം എന്നിവ വികസിപ്പിക്കൽ - നീർത്തടാധിഷ്ഠിത ജല ബജറ്റിംഗ് സംവിധാനം നെയ്യാർ നദീതടത്തിൽ വികസിപ്പിക്കുന്നതിനും, ഡിഎസ്എസ് സംവിധാനം ചിറ്റൂർ നദീതടത്തിൽ വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.
  - രണ്ട് പഠനങ്ങൾ പൂർത്തീകരിച്ചു-
    1. എറണാകുളത്തെ വ്യവസായവൽക്കരണം മൂലമുണ്ടാകുന്ന ജലമലിനീകരണം
    2. ഇടുക്കിയിലെ ഏലത്തോട്ടങ്ങളിലുള്ള ഭൂഗർഭജല സ്രോതസ്സുകളിൽ കീടനാ ശിനികളുടെ സ്വാധീനം.

ഭൂഗർഭജല വികസന പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 3.5.7**ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ്, യഥാർത്ഥ വാർഷിക ഭൂഗർഭജല ലഭ്യത, ഭൂഗർഭജല ഉപയോഗത്തിന്റെ തോത് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.5.8**ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ

#### രണ്ടാം കുട്ടനാട് പാക്കേജ്

2018-ലെ വെള്ളപ്പൊക്കത്തെ തുടർന്ന് കുട്ടനാട് മേഖലയുടെ സമഗ്രമായ പുനരുദ്ധാരണത്തിനായി "പ്രളയാനന്തര കുട്ടനാടിനുള്ള പ്രത്യേക പാക്കേജ്" എന്ന റിപ്പോർട്ട് കേരള സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുകയുണ്ടായി. ഈ റിപ്പോർട്ടിലെ ശുപാർശകൾ, 2020ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടാം കുട്ടനാട് പാക്കേജായി പ്രഖ്യാപിച്ചിരുന്നു. കുട്ടനാട്ടിലെ ജനങ്ങളുടെ ക്ഷേമത്തിനും ഉപജീവനത്തിനും വേണ്ടുന്ന വിവിധ മേഖലകൾ ഇതിൽ ഉൾപ്പെടുന്നു. സംസ്ഥാന വിഹിതം, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ), കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) എന്നിവയിൽ നിന്നുള്ള സഹായമാണ് ഈ പാക്കേജിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സുകൾ.

കുട്ടനാട് മേഖലയിലെ ജല പരിപാലനത്തിന് കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. ഇതിനായി നൂതനവും പരമ്പരാഗതവുമായ സമീപനങ്ങൾ ആവശ്യമാണ്. ഈ മേഖലയിലെ ജലസ്രോതസ്സുകളെ വിവിധ തലങ്ങളിൽ തരംതിരിക്കുക, വെള്ളപ്പൊക്ക കെടുതികൾ കുറയ്ക്കുന്നതിനുള്ള "കംപാർട്ട്മെന്റലൈസേഷൻ" എന്ന സാങ്കേതികത അവലംബിക്കുക, "റൂം ഫോർ റിവർ" എന്ന ആശയത്തിന് അനുസൃതമായി വേമ്പനാട് കായലിന്റെയും, പമ്പ നദിയുടെയും സ്വാഭാവിക ഒഴുക്കിന് പരമാവധി ഇടം നൽകുക, വേമ്പനാട് കായലിന്റെ വിസ്തൃതി സംരക്ഷിക്കുക, തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കേണ്ടത്.

#### പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ കുട്ടനാട്ടിൽ നടപ്പിലാക്കിയ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ

വെള്ളപ്പൊക്കത്തിൽ നിന്നും കുട്ടനാടൻ പാടശേഖരങ്ങളെ സംരക്ഷിക്കുന്നതിനായി, ആവശ്യാനുസരണം, ചളി, വലിയ കല്ലുകൾ, പൈൽ ആൻഡ് സ്ലാബ് എന്നിവ ഉപയോഗിച്ച് പുറം ബണ്ടുകൾ ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി. മോട്ടോർത്തറ, മോട്ടോർ ഷെഡ്, ബോക്സ് കൾവർട്ട് എന്നിവയുടെ നിർമ്മാണവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുകയുണ്ടായി. ഈ കാലയളവിലെ പ്രധാന നേട്ടങ്ങൾ ഇവയെല്ലാമാണ്-

1. കോട്ടയത്തും ആലപ്പുഴയിലുമുള്ള 231 പാടശേഖ രങ്ങളിലായി 128.63 കി.മീ നീളത്തിൽ ബണ്ട് നിർമ്മിച്ചു കൊണ്ടുള്ള വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, അതിലൂടെ 2818 ഹെക്ടർ നെൽപ്പാടം സംരക്ഷിക്കുകയും ചെയ്തു.
2. ഓണാട്ടുകര മേഖലയിൽ 33.2 കിലോമീറ്റർ ദൈർഘ്യമുള്ള ബണ്ട് നിർമ്മാണത്തിലൂടെ 5834 ഹെക്ടർ നെൽപ്പാടം സംരക്ഷിക്കുവാൻ സാധിച്ചു.
3. കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലും, വിയ്യപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളിലും വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിനായി, 177.64 കിലോമീറ്റർ ദൈർഘ്യത്തിൽ ബണ്ട് നിർമ്മിച്ചു, അതിലൂടെ 3,871.75 ഹെക്ടർ നെൽപ്പാടം സംരക്ഷിക്കുവാൻ സാധിച്ചു.
4. തണ്ണീർമുക്കം ബാരേജിന്റെ മൂന്നാം ഘട്ട പ്രവൃത്തികൾ 2018 ജൂലൈയിൽ പൂർത്തിയാക്കി ഗതാഗതത്തിനായി തുറക്കപ്പെട്ടു.
5. കുട്ടനാട് താലൂക്കിലെ ഡി-ബ്ലോക്കിലെ പുത്തനാറായിരം പാടശേഖരത്തിലെ ബണ്ട് തകർന്നത് മൂലമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ 2019 സെപ്റ്റംബറിൽ പൂർത്തീകരിച്ചു. ഇതിലൂടെ 2019-20ൽ കൃഷി സാധ്യമാകുകയും, ഇരുന്നൂറിലധികം കർഷകർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു.
6. മല്ലപ്പള്ളി കായലിന്റെ കിഴക്കുവശത്തായി 2019-ലുണ്ടായ ബണ്ട് തകർച്ചയിൽ, കനകാശ്ശേരി പാടത്ത് 48.90 ഹെക്ടറിലെയും, മീനപ്പള്ളി പാടശേഖരത്തിൽ 58.7 ഹെക്ടറിലെയും, വലിയകരി പാടശേഖരത്തിൽ 100.8 ഹെക്ടറിലെയും നെൽക്കൃഷി നശിച്ചു. തകരാർ പരിഹരിക്കുന്നതിനായി, 60 മീറ്റർ നീളത്തിൽ ഒരു താത്കാലിക ബണ്ട് ജലസേചന വകുപ്പ് നിർമ്മിച്ചു.
7. തോട്ടപ്പള്ളി സ്പിൽവേയിലൂടെ അധികജലം കടലിലേക്ക് ഒഴുക്കിവിടുന്നതിനായി തോട്ടപ്പള്ളി അഴിമുഖത്തിന് സമീപം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യേണ്ടതുണ്ട്. വെള്ളപ്പൊക്ക നിയന്ത്രണ നടപടിയെന്ന നിലയിൽ, അഴിമുഖം വീതികൂട്ടുന്നതിനായി, 2020ൽ തോട്ടപ്പള്ളി സ്പിൽവേയുടെ പൊഴിമുഖത്തു നിന്നും ചാനലിൽ നിന്നുമായി അടിഞ്ഞുകൂടിയ 2,04,481 ക്യൂബിക് മീറ്റർ മണൽ നീക്കം ചെയ്തു. ഇതിലൂടെ പൊഴിമുഖത്തിന്റെ വീതി 100 മീറ്ററിൽ നിന്ന് 310 മീറ്ററായി വർദ്ധിച്ചു.

2021, 2022 വർഷങ്ങളിലായി യഥാക്രമം 2,49,121.50 ക്യുബിക് മീറ്ററും 2,01,476. 36 ക്യുബിക് മീറ്ററും മണൽ നീക്കം ചെയ്തു.

8. കുട്ടനാട്ടിലെയും കോട്ടയത്തെയും വിവിധ പഞ്ചായത്തുകളിലായി 47.09 കിലോമീറ്റർ നീളത്തിൽ പുറംബണ്ടുകൾ സംരക്ഷിക്കുന്നതിനു വേണ്ടി 2020-21ൽ സംസ്ഥാന വിഹിതം ഉപയോഗിച്ച് ആരംഭിച്ച 42 പ്രവൃത്തികളിൽ 38 എണ്ണം പൂർത്തീകരിച്ചു. ഇക്കാലയളവിൽ 30.51 കിലോമീറ്റർ നീളത്തിൽ തോട് നവീകരണ പ്രവൃത്തികളും നടപ്പിലാക്കി. ഇതിനുപുറമെ നബാർഡിന്റെ സഹായത്തോടെ, 12.15 കിലോമീറ്റർ ദൈർഘ്യത്തിൽ പുറംബണ്ട് സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കി. 2021-22ൽ 48 കിലോമീറ്റർ നീളത്തിൽ പുറംബണ്ടുകൾ നിർമ്മിക്കുന്നതിന് വേണ്ടി 53 പ്രവൃത്തികൾ ഏറ്റെടുത്തതിൽ, 22 എണ്ണം പൂർത്തീകരിച്ചു.

കുട്ടനാടൻ പ്രദേശത്തെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഗുരുതര ഭീഷണി ഉയർത്തുന്നതിനാൽ, അടിയന്തര ശ്രദ്ധ ആവശ്യമാണ്. വിഷയം മനസ്സിലാക്കുന്നതിനും, വിശകലനം ചെയ്യുന്നതിനുമായി, ചെന്നൈ ഐഐടിയിൽ നിന്നുള്ള ഒരു വിദഗ്ധ സംഘം 2022-ൽ ഈ പ്രദേശം സന്ദർശിച്ചിരുന്നു. ഈ മേഖലയിലെ നിലവിലെ സാഹചര്യം വിശകലനം ചെയ്യുകയും, മെച്ചപ്പെട്ട സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതായിരുന്നു സന്ദർശനത്തിന്റെ ലക്ഷ്യം. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് നിലവിലുള്ള ജലശുദ്ധീകരണ പ്ലാന്റ് സംഘം സന്ദർശിച്ചു. കുട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകളിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഒരു പുതിയ ജലശുദ്ധീകരണ പ്ലാന്റ് കിഫ്ബിയുടെ സഹായത്തോടെ പ്രവർത്തനക്ഷമമാകും. കുടിവെള്ളത്തിന്റെ ഗുണനിലവാരം രൂക്ഷമായി ബാധിച്ച പ്രദേശങ്ങളിലെ തദ്ദേശ സ്ഥാപന പ്രതിനിധികളുമായും, മലിനജലം മൂലം മേഖലയിൽ നിലവിലുള്ള ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കാനായി ആലപ്പുഴ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയുമായും അവർ ചർച്ച് നടത്തുകയുണ്ടായി. ചെന്നൈ ഐഐടി ഒരു പ്രധാന സ്ഥാപനമായതിനാൽ, അവരുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായും, സാങ്കേതിക പിന്തുണയോടും കൂടി കുട്ടനാട്ടിലെ ജലഗുണ നിലവാരപ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**നദികളിലെയും ജലസംഭരണികളിലെയും ഡിസിൽറ്റേഷൻ പ്രവർത്തികൾ**

2018-ലെയും 2019-ലെയും വെള്ളപ്പൊക്കം മൂലം നദികളിലും ജലസംഭരണികളിലും അടിഞ്ഞു കൂടിയ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും, നദികളുടെ പുനരുജ്ജീവനത്തിനുമായി 2021ൽ കേരള സർക്കാർ ഉത്തരവിറക്കിയിരുന്നു. ജില്ലാ ഭരണകൂടത്തിന്റെ ഏകോപനത്തോടെയാണ് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. 2022 സെപ്റ്റംബർ മാസം വരെയുള്ള കണക്കു പ്രകാരം, ആകെയുള്ള 44 നദികളിൽ, 30 നദികളുടെ ഡിസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇതിലൂടെ 98,35,939 ക്യുബിക് മീറ്റർ മാലിന്യം നീക്കം ചെയ്തു.

സംസ്ഥാനത്തെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞു കൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ (എസ്ഒപി) 2017ൽ കേരള സർക്കാർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് മംഗലം റിസർവോയറിൽ നിന്ന് 1,55,941 ക്യുബിക് മീറ്റർ മാലിന്യം നീക്കം ചെയ്തു. ചുള്ളിയാർ, വാളയാർ, മീങ്കര അണക്കെട്ടുകളിലെ ഡിസിൽറ്റെഷൻ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതുപോലെ, വലിയ കുളങ്ങളുടെ (ഏരികൾ) (ഒരു ഹെക്ടറിൽ കൂടുതൽ ഉള്ള വലിയ ജലാശയങ്ങൾ) ഡിസിൽറ്റേഷനു വേണ്ട എസ്ഒപിയുടെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ കുന്നംപിഡാരി ഏരി, കമ്പളത്തറ ഏരി, വെങ്കലക്കയം ഏരി എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചു. പീച്ചിയിലെ കേരള എൻജിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ മൂന്ന് ഏരികളുടെ ഡിസിൽറ്റേഷനു വേണ്ട പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയത്. ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ ഡിസിൽറ്റേഷൻ പ്രവൃത്തികൾക്ക് വേണ്ടി

**ബോക്സ് 3.5.3** "റൂം ഫോർ ദി റിവർ" (നദിയ്ക്കൊരിടം) തോട്ടപ്പള്ളി ലീഡിംഗ് ചാനൽ വികസിപ്പിക്കുന്നതിനുള്ള ചെന്നൈ ഐഐടിയുടെ ഹൈഡ്രോഡൈനാമിക് പഠനം


കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്ക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി "റൂം ഫോർ ദി റിവർ" പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിയുള്ള ഹൈഡ്രോഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ ഐഐടിയെ നിയോഗിച്ചിരിക്കുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ സാമ്പത്തിക സഹായത്തോടെയാണ് പഠനം നടക്കുന്നത്. പഠനത്തിന്റെ ലക്ഷ്യങ്ങൾ ഇവയെല്ലാമാണ്

1. ലീഡിങ് ചാനലിന്റെ തീരത്തുള്ള ബണ്ടുകളുടെ ഉയരം വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുക.
2. പമ്പ, അച്ചൻകോവിൽ നദികളിൽ നിന്നും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന അധിക ജലം കുട്ടനാട് ഭാഗത്തേക്ക് കടക്കാതെ ലീഡിങ് ചാനൽ വഴിയും, ബൈപാസ് കനാലുകൾ വഴിയും തോട്ടപ്പള്ളി അഴിമുഖത്തേക്ക് തിരിച്ചുവിടുന്നതിനായി ഫ്ലഡ് റെഗുലേറ്ററുകളുടെ കാര്യക്ഷമത പരിശോധിക്കുക.
3. വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി ലീഡിങ് ചാനലിന് സമാന്തരമായി കുറച്ച് ചാനലുകൾ നിർമ്മിക്കുന്നതിനും, തോട്ടപ്പള്ളിയിലേക്ക് ഒരു ബൈപ്പാസ് കനാലും വികസിപ്പിക്കുന്നതിനുള്ള സാധ്യത.
4. വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന അധിക ജലം മണിമലയാറിൽ നിന്നും പള്ളാത്തുരുത്തിയിലേക്ക് തിരിച്ചുവിടുന്നതിനായി എസി കനാൽ വികസിപ്പിക്കുന്നതിന്റെ ഫലപ്രാപ്തി വിശകലനം ചെയ്യുക.

ചെന്നൈ ഐഐടി സമർപ്പിച്ച കരട് പഠന റിപ്പോർട്ട് ജലസേചന വകുപ്പ് പരിശോധിച്ചുവരികയാണ്. അന്തിമ റിപ്പോർട്ട് ഉടൻ പ്രതീക്ഷിക്കുന്നു.

അവലംബം: ചെന്നൈ ഐഐടിയുടെ ഹൈഡ്രോഡൈനാമിക് പഠനത്തിന്റെ ഇടക്കാല റിപ്പോർട്ട്

**ചിത്രം 3.5.1** ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളുടെ സംഭരണ നില




അവലംബം: ജലസേചന വകുപ്പ് (ഐഡിആർബി ), കേരള സർക്കാർ

തിരഞ്ഞെടുത്ത ആറു പദ്ധതികളിൽ, ചെങ്ങനാംകുന്ന് റഗുലേറ്റർ, മഞ്ഞുമ്മേൽ റഗുലേറ്റർ, ചെറുതുരുത്തി ചെക്ക്ഡാം എന്നീ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചു.

**റിസർവോയറുകളിലെ ജലസംഭരണനില**

കാലവർഷാരംഭത്തിലും, കാലവർഷത്തിനു ശേഷവും ജലസംഭരണികളിലെ സംഭരണ നിലയുടെ വിശദാംശങ്ങൾ **ചിത്രം 3.5.1**ൽ രേഖപ്പെടുത്തിയിരിക്കുന്നു. 2021ലും 2022ലും യഥാക്രമം 1,312.93 ദശലക്ഷം ക്യുബിക് മീറ്ററും 1,127.41 ദശലക്ഷം ക്യുബിക് മീറ്ററുമാണ് വർഷകാലത്തിന് ശേഷമുള്ള സംഭരണ നില. വർഷകാലത്തിന് ശേഷം സംഭരണ നിലയിലുണ്ടായ വർദ്ധനവ് 2021ൽ 713.55 ദശലക്ഷം ക്യുബിക് മീറ്ററും, 2022ൽ 495.94 ദശലക്ഷം ക്യുബിക് മീറ്ററുമാണ്. 2020 മുതൽ 2022 വരെയുള്ള കാലയളവിലെ ജലസംഭരണികളിലെ സംഭരണ നില (വർഷകാലത്തിന് മുൻപും ശേഷവും) **അനുബന്ധം 3.5.9**ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സമീപനം**

പതിമൂന്നാം പദ്ധതിക്കാലത്ത് ആരംഭിച്ച ശ്രമങ്ങൾ തുടരുകയെന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ജലസേചന മേഖലയോട് സ്വീകരിക്കുന്ന പൊതുവായ സമീപനം, പ്രത്യേകിച്ച് ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ പദ്ധതികൾക്കുള്ള സഹായം. ജലസേചനപദ്ധതി കനാലുകളുടെ, പ്രത്യേകിച്ച് കൃഷിയിടത്തിലേക്കുള്ള കനാൽ ഭാഗത്തെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനും കൂടുതൽ ശ്രദ്ധ നൽകുന്നതാണ്. ചെറുകിട ജലസേചനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, സംസ്ഥാനത്തുടനീളമുള്ള നദികൾ, കനാലുകൾ, തടാകങ്ങൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ ഡ്രെഡ്ജിംഗിനും ശുചീകരണത്തിനുമുള്ള പിന്തുണയും പതിനാലാം പദ്ധതിക്കാലയളവിൽ നൽകുന്നതായിരിക്കും. കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്ക നിയന്ത്രണ നടപടികൾ തുടരുന്നതാണ്. “റൂം ഫോർ ദി റിവർ” എന്ന ആശയം നടപ്പിലാക്കുന്നതിന് പ്രത്യേക പിന്തുണ നൽകും. ചെറുതും വലുതുമായ ജലസംഭരണികളിൽ വെള്ളം സംഭരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും, ഇതിലൂടെ ജലസേചിത പ്രദേശം വിപുലീകരിക്കുന്നതിനും കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനും സഹായിക്കും.

**മുന്നോട്ടുള്ള സാദ്ധ്യതകൾ**

കേരളത്തിലെ നദികൾക്കായി ഒരു നദീതട പദ്ധതി വികസിപ്പിക്കേണ്ടതായുണ്ട്. ചെറുതും വലുതുമായ ജലസംഭരണികളിൽ വെള്ളം സംഭരിക്കാനുള്ള നടപടികൾ അതത് നദീതട പദ്ധതികളുമായി സംയോജിപ്പിക്കണം. സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി ജല സംഭരണികളിൽ ഡ്രെഡ്ജിങ്ങിലൂടെ മണലും മറ്റ് വസ്തുക്കളും നീക്കംചെയ്യുന്നത് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൂടാതെ, പ്രിസിഷൻ കൃഷിരീതികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കണിക ജലസേചിത പ്രദേശം കൂടുതൽ വിപുലീകരിക്കുന്നതിൽ സംസ്ഥാനം ശ്രദ്ധ നൽകേണ്ടതുണ്ട്. 2018ലെ വെള്ളപ്പൊക്കത്തിനു ശേഷമുള്ള കേരളത്തിന്റെ ജലസ്ഥിതി വിശകലനം ചെയ്തുകൊണ്ട് വിദഗ്ധ സംഘം ശുപാർശ ചെയ്തത് സംയോജിത ജലവിഭവ മാനേജ്മെന്റ് (ഐഡബ്ല്യുആർഎം) എന്ന ആശയത്തിന് അനുസൃതമായി കേരളത്തിന്റെ ജലനയം മാറ്റണമെന്നതാണ്. അതിനാൽ, ഒരു സംയോജിത നദീതട മാനേജ്മെന്റ് (ഐആർബിഎം) എന്ന ആശയം സംസ്ഥാനം പരിഗണിക്കേണ്ടതുണ്ട്.

## 3.6 വനം- വന്യജീവി സംരക്ഷണം

നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെയും ആരോഗ്യത്തിന്റെയും അവിഭാജ്യഘടകമാണ് വനങ്ങൾ. ഭൂവിസ്തൃതിയുടെ ഏതാണ്ട് മൂന്നിലൊന്ന് ഭാഗം ഉൾക്കൊള്ളുന്ന വനങ്ങളിലാണ് ലോകത്തിലെ കരയിൽ ജീവിക്കുന്ന ജീവികളിൽ പകുതിയിലധികവും വസിക്കുന്നത്. ഭൂമിയിൽ ലഭ്യമാകുന്ന ശുദ്ധജലത്തിന്റെ 75 ശതമാനത്തിന്റെ ഉറവിടം വനങ്ങളിലാണ്. 2022 ലെ വേൾഡ് വൈൽഡ് ഫണ്ട് (ഡബ്ല്യു.ഡബ്ല്യു.എഫ്) റിപ്പോർട്ടായ 'വനനശീകരണ വശങ്ങൾ: വെല്ലുവിളി നിറഞ്ഞ ലോകത്തെ സാരഥികളും പ്രതികരണങ്ങളും,' അനുസരിച്ച് ഒരു ബില്യണിലധികം ആളുകൾ വനങ്ങളിലും പരിസരങ്ങളിലുമായി വസിക്കുന്നു. സമുദ്രങ്ങൾ കഴിഞ്ഞാൽ കാർബണിന്റെ ഏറ്റവും വലിയ സംഭരണവും വനങ്ങളിലാണ്. മനുഷ്യരാശി ഓരോ വർഷവും പുറന്തള്ളുന്നതിനെക്കാൾ ഏഴിരട്ടി കാർബൺ ഉഷ്ണമേഖലാ വനങ്ങളിൽ മാത്രം സംഭരിക്കുകയും പ്രതിവർഷം 1.8 ഗിഗാ ടൺ വരെ കാർബൺ കുറയ്ക്കുകയും ചെയ്യുന്നു. കാർബൺഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് ഓക്സിജൻ പുറത്തുവിടുന്നതിലൂടെ കാലാവസ്ഥയെ സുസ്ഥിരമായി നിലനിർത്താൻ സഹായിക്കുന്നതോടൊപ്പം ജലവിതരണ നിയന്ത്രണത്തിലൂടെ അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും അതു വഴി വനങ്ങൾ നമ്മുടെ പല പ്രകൃതിദത്ത സംവിധാനങ്ങളെയും നിലനിർത്തുകയും ചെയ്യുന്നു. എഫ്.എ.ഒ യുടെ 'സ്റ്റേറ്റ് ഓഫ് വേൾഡ്സ് ഫോറസ്റ്റ് 2022' റിപ്പോർട്ട് അനുസരിച്ച് വനമേഖല ലോക ജിഡിപിയിലേക്ക് 1.52 ട്രില്യൺ ഡോളറിലധികം സംഭാവന നൽകുകയും 33 ദശലക്ഷം ജനങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്യുന്നുണ്ട്.

വനങ്ങൾ കടുത്ത പ്രതിസന്ധിയാണ് ഇപ്പോൾ നേരിടുന്നത്. കാട്ടുതീ മൂലമുള്ള നാശനഷ്ടത്തോടൊപ്പം കൃഷിക്കും ഇന്ധനത്തിനും തടിക്കുമായി അവയെ വെട്ടി മാറ്റുകയും നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. വനങ്ങളുടെ ദുരുപയോഗം കാർബൺ ബഹിർഗമനം വർദ്ധിപ്പിക്കുന്നതോടൊപ്പം ജൈവവൈവിധ്യത്തെയും, സുപ്രധാന ആവാസ വ്യവസ്ഥകളെയും നശിപ്പിക്കുകയും അതോടൊപ്പം ആഗോളതലത്തിലും പ്രാദേശിക തലത്തിലും സമൂഹങ്ങളുടെ ഉപജീവനത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുന്നുമുണ്ട്. മനുഷ്യ ഇടപെടലുകൾ മൂലം ലോകത്തെ 40 ശതമാനം വനങ്ങളും ഇതിനകംതന്നെ നശിച്ചിട്ടുണ്ട്. പ്രതിവർഷം 10 ദശലക്ഷം ഹെക്ടർ എന്ന തോതിൽ നമുക്ക് വനങ്ങൾ നഷ്ടപ്പെടുന്നുണ്ട്. വനനശീകരണം തടയുക, വനങ്ങളെ സംരക്ഷിക്കുകയും സുസ്ഥിരമായി നിയന്ത്രിക്കുകയും, പുനഃസ്ഥാപിക്കുകയും ചെയ്യുക എന്നിവ ഒരിക്കലും അടിയന്തിരപ്രശ്നമായി സമൂഹം കണ്ടിരുന്നില്ല.

പ്രാദേശിക-ആഗോളതലങ്ങളിൽ വെല്ലുവിളികളെ നേരിടുന്നതിനുള്ള പരിഹാരമായി വനങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂന്ന് ഉപാധികൾ എഫ്.എ.ഒ മുന്നോട്ടുവയ്ക്കുന്നു. വനനശീകരണം തടയുകയും വനങ്ങളുടെ പരിപാലനവും, നശിച്ച വനങ്ങളുടെ പുനഃസ്ഥാപനവും കാർഷിക വനവൽക്കരണവും വിപുലീകരണവും, വനങ്ങളുടെ സുസ്ഥിരമായ ഉപയോഗം, ഹരിത മൂല്യ ശൃംഖലകൾ എന്നിവയാണവ. ഡബ്ല്യു.ഡബ്ല്യു.എഫ് "ഫോറസ്റ്റ് ഫോർവേഡ്" എന്ന പുതിയ പരിപാടിക്ക് തുടക്കമിട്ടു. ഇത് ലോകമെമ്പാടുമുള്ള മറ്റ് പങ്കാളികളുമായി സഹകരിക്കാനും വനങ്ങൾക്കായി ബിസിനസ്സ്, സുസ്ഥിരത ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്ന ഫലപ്രദമായ പ്രകൃത്യാധിഷ്ഠിത തന്ത്രങ്ങൾക്ക് രൂപം നൽകാനും ഇടയാക്കി. ഇതിലൂടെ പരസ്പര സഹകരണത്തിന് അടിസ്ഥാനമാകുന്ന പ്രകൃതിക്കും സമൂഹങ്ങൾക്കും ആവശ്യമായ ലാൻഡ്സ്കേപ്പ് അവസരങ്ങൾ, ഭാവിയിലേക്കുള്ള ഉത്തരവാദിത്വ വിതരണ ശൃംഖലകൾ, മെച്ചപ്പെട്ട വനപരിപാലനം എന്നീ അടിസ്ഥാന സ്തംഭങ്ങൾ ലഭ്യമാവുകയും ചെയ്തു.

### വനവിസ്തൃതി

1988ലെ ദേശീയ വനനയം വിഭാവനം ചെയ്യുന്നത് രാജ്യത്തെ ഭൂവിസ്തൃതിയുടെ 33 ശതമാനം വനത്തിനും മരങ്ങൾക്കും കീഴിൽ കൊണ്ടു വരിക എന്നതാണ്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ (എഫ്എസ്ഐ)യുടെ "ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2021"ൽ രാജ്യത്തെ വനവിഭവങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തുകയുണ്ടായി. റിപ്പോർട്ട് അനുസരിച്ച് രാജ്യത്തെ മൊത്തം വനവിസ്തൃതി 7.14 ലക്ഷം ചതുരശ്ര കിലോമീറ്ററാണ്. ഇത് രാജ്യത്തെ ഭൂവിസ്തൃതിയുടെ 21.71 ശതമാനമാണ്. എഫ്.എസ്.ഐ യുടെ കണക്ക് പ്രകാരം 10 ശതമാനത്തിലധികം മരങ്ങളുടെ മേലാപ്പ് സാന്ദ്രതയുള്ളതും, ഒരു ഹെക്ടറിൽ കൂടുതൽ

വിസ്തൃതിയുള്ളതുമായ (വനങ്ങളിലും മറ്റ് സർക്കാർ ഭൂമികളിലും സ്വകാര്യ-സാമൂഹ്യ സ്ഥാപനങ്ങളുടെ ഭൂമികളിലും ഉള്ള) തോട്ടങ്ങൾ, മുള, ഈന്തപ്പന മുതലായ എല്ലാ ഭൂമിയും വനമേഖലയിൽ ഉൾപ്പെടുന്നു. രാജ്യത്തെ ഭൂവിസ്തൃതിയുടെ 2.91 ശതമാനമായ 95,748 ചതുരശ്ര കിലോമീറ്ററിൽ മരങ്ങൾ വ്യാപിച്ചുകിടക്കുന്നു. രാജ്യത്തെ വനവും മരങ്ങളും ഉൾപ്പെട്ട വിസ്തൃതി 8.09 ലക്ഷം ചതുരശ്ര കിലോമീറ്ററാണ് (80.9 ദശലക്ഷം ഹെക്ടർ), ഇത് രാജ്യത്തെ ഭൂവിസ്തൃതിയുടെ 24.61 ശതമാനമാണ്. ദേശീയ തലത്തിൽ 2019നും 2021നും ഇടയിൽ വനത്തിന്റെയും മരങ്ങളുടെയും വിസ്തൃതിയിൽ 0.25 ശതമാനം വർദ്ധനവാണ് റിപ്പോർട്ട് ചെയ്തത്.

ജൈവ-ഭൂമിശാസ്ത്രപരമായി കേരളത്തിലെ വനങ്ങൾ പശ്ചിമഘട്ടം, പശ്ചിമതീരം എന്നീ രണ്ട് പ്രവിശ്യകളിലായി കാണപ്പെടുന്നു. അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യജന്തുജാലങ്ങളുടെ ശേഖരമായ ഇവിടം ജൈവവൈവിധ്യത്താൽ സമ്പന്നവും പരിസ്ഥിതി സംരക്ഷണത്തിന് അത്യന്താപേക്ഷിതവുമാണ്. കേരളത്തിലെ ഭൂവിസ്തൃതി ഇന്ത്യയുടെ 1.2 ശതമാനം മാത്രമാണെങ്കിലും ദേശീയ വനവിസ്തൃതിയുടെ 2.3 ശതമാനം കേരളത്തിലാണ്. എഫ്.എസ്.ഐ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ മൊത്തം കാർബൺ സ്റ്റോക്ക് (വനത്തിന് പുറത്ത് ഒരു ഹെക്ടറിൽ കൂടുതലുള്ള മരങ്ങൾ ഉൾപ്പെടെ) 205.5 ദശലക്ഷം ടൺ (753.57 ദശലക്ഷം ടൺ കാർബൺ ഡൈ ഓക്സൈഡിന് തുല്യം) ആണ്. ഇത് രാജ്യത്തെ വനത്തിൽ നിന്നുള്ള മൊത്തം കാർബൺ സ്റ്റോക്കിന്റെ 2.8 ശതമാനമാണ്.

സംസ്ഥാനത്തെ വനവിസ്തൃതി 11,524.2 ചതുരശ്ര കിലോമീറ്ററാണ്, ഇത് ഭൂവിസ്തൃതിയുടെ ഏകദേശം 29.65 ശതമാനമാണ് (38,863 ചതുരശ്ര കിലോമീറ്റർ), എന്നാൽ സംരക്ഷിത വനങ്ങൾക്ക് പുറത്തുള്ളവ ഉൾപ്പെട്ട യഥാർത്ഥ വനമേഖല വളരെ കൂടുതലാണ്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (എഫ്.എസ്.ഐ) 2021 ലെ വിലയിരുത്തൽ പ്രകാരം തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനവിസ്തൃതി 21,253 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തെ ഭൂവിസ്തൃതിയുടെ 54.7 ശതമാനമാണ്. വളരെ ഇടതൂർന്ന വനങ്ങളുടെ വ്യാപ്തി 1944 ചതുരശ്ര കിലോമീറ്ററാണ്. അതായത് വനമേഖലയുടെ 9.2 ശതമാനം. മിതമായ ഇടതൂർന്ന വനങ്ങളുടെ വ്യാപ്തി 9472 ചതുരശ്ര കിലോമീറ്ററാണ്. ഇത് മൊത്തം വനവിസ്തൃതിയുടെ 44.6 ശതമാനം വരും. എന്നാൽ 9837 ചതുരശ്ര കിലോമീറ്റർ, അതായത് വനവിസ്തൃതിയുടെ 46.3 ശതമാനവും തുറന്ന വനങ്ങളാണ്. എഫ്.എസ്.ഐ റിപ്പോർട്ട് പ്രകാരം 2019 നും 2021 നും ഇടയിൽ സംസ്ഥാനത്തെ വനവിസ്തൃതി യിൽ 0.52 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് (109 ചതുരശ്ര കിലോമീറ്റർ). വനവിസ്തൃതിയുടെ വർദ്ധനവിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം എട്ടാം സ്ഥാനത്താണ്.

വനമേഖലയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.6.1**ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ ജില്ലകളിൽ ഇടുക്കിയിൽ 3,155 ചതുരശ്ര കിലോമീറ്റർ വനഭൂമിയുണ്ട്. തൊട്ടു പിന്നാലെ 2104 ചതുരശ്ര കിലോമീറ്ററുള്ള പാലക്കാടും, മലപ്പുറവുമാണ് (1,984 ചതുരശ്ര കിലോമീറ്റർ). ഭൂവിസ്തൃതിയുടെ ശതമാനമായി കണക്കാക്കുമ്പോൾ പത്തനംതിട്ട, വയനാട് ജില്ലകളിൽ 74 ശതമാനവും വനങ്ങളാണ്. തൊട്ടു പിന്നാലെ ഇടുക്കിയും (73 ശതമാനം).

സംസ്ഥാനത്തെ വനങ്ങളും കാർഷിക ഭൂപ്രകൃതിയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും പൊതുവിഭവങ്ങൾ പങ്കിടുന്നതിനാലും വനങ്ങളുടെയും വന്യജീവികളുടെയും സുസ്ഥിരമായ പരിപാലനത്തിന് ലാൻഡ്സ്കേപ്പ് തലത്തിലുള്ള സമീപനമാണ് ആവശ്യമായിട്ടുള്ളത് കേരളത്തിൽ ആവാസവ്യവസ്ഥ നിർണ്ണയിക്കുന്നതിൽ വനങ്ങളുടെ പാരിസ്ഥിതിക പ്രവർത്തനങ്ങളുടെ പങ്ക് വളരെ വലുതാണ്. വനങ്ങൾക്ക് പുറത്തുള്ള മരങ്ങളുടെ കൂട്ടത്തിൽ കാർഷിക തോട്ടവിളകൾ, ഗാർഹിക തോട്ടങ്ങൾ, ഫാം ഫോറസ്ട്രി, കാവുകൾ, നഗര ഹരിത ഇടങ്ങൾ എന്നിവയുൾപ്പെട്ട വളരെ വൈവിധ്യമാർന്ന ഭൂവിഭാഗങ്ങൾ ഉൾക്കൊള്ളുന്നു; അതിൽ ഗണ്യമായ പങ്കും സ്വകാര്യ ഭൂമിയിലാണ്. സംസ്ഥാനത്തെ തടി വിതരണത്തിന്റെ 82 ശതമാനത്തിന്റെയും പ്രധാന സ്രോതസ്സ് റബ്ബർ തോട്ടങ്ങളും വീട്ടുതോട്ടങ്ങളുമാണ്. സംസ്ഥാനത്തെ തടി വിതരണത്തിൽ 1.6 ശതമാനം മാത്രമാണ് വനങ്ങളിൽ നിന്നുള്ളത്. തടി ഉൽപാദനത്തിൽ വീട്ടുതോട്ടങ്ങളുടെ പങ്ക് ഗണ്യമായി വർദ്ധിപ്പിക്കാനും അതുവഴി പൊതു വനങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും കഴിയും.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പാരിസ്ഥിതികവും സാമ്പത്തികവുമായ പരാധീനതകൾ കുറയ്ക്കുന്നതിൽ വനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. പഞ്ചവത്സര പദ്ധതികൾ വനങ്ങളുടെ പരിപാലനത്തിലൂടെ ജലസുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, പ്രദേശിക സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ, മറ്റ് സാമൂഹിക ലക്ഷ്യങ്ങൾ തുടങ്ങിയ പൊതുസേവനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. ജലസുരക്ഷ വർദ്ധിപ്പിക്കുക, മനുഷ്യ-വന്യ മൃഗ സമ്പർക്കം കുറയ്ക്കുക, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ജീവിതവും ഉപജീവനവും സുരക്ഷിതമാക്കുക, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ സംരക്ഷണ കവചമായി വനങ്ങളെ നിലനിർത്തുക തുടങ്ങിയ പ്രധാന വിഷയങ്ങളിൽ വനം വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

#### സ്വാഭാവിക വനങ്ങളുടെ പരിപാലനം

കേരളത്തിലെ വന പരിപാലനത്തിൽ കയ്യേറ്റങ്ങൾ, വേട്ടയാടൽ, മരംവെട്ടൽ എന്നിവയിൽ നിന്നുള്ള സംരക്ഷണം, ജൈവ ഇടപെടലിൽ നിന്നും കാട്ടുതീയിൽ നിന്നുമുള്ള സംരക്ഷണം, നദീതീര സംരക്ഷണം, ജീർണ്ണിച്ച വനമേഖലകളുടെ പുനരുദ്ധാരണം, ദുർബലമായ പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണം, പങ്കാളിത്ത വന പരിപാലനം, ആദിവാസികളുടെ വർദ്ധിച്ച പങ്കാളിത്തം എന്നിവ ഉൾപ്പെടുന്നു. പ്രകൃതിദത്ത വനങ്ങളുടെ പരിപാലനത്തിൽ വനങ്ങളുടെ സർവേയും അതിർത്തി നിർണയവും, കയ്യേറ്റങ്ങളിൽ നിന്നും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നുമുള്ള സംരക്ഷണം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ഈർപ്പ സംരക്ഷണം, പ്രത്യേക ആവാസവ്യവസ്ഥകളുടെ സംരക്ഷണം, റാപ്പിഡ് റെസ്പോൺസ് ടീമുകളുടെയും (ആർആർടി) എലിഫന്റ് ഡ്രൈവിംഗ് ടീമുകളുടെയും ശാക്തീകരണം എന്നിവ ഉൾപ്പെടുന്നു. 2021-22 കാലയളവിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളിൽ വനാതിർത്തികളുടെ സർവേ, വനസംരക്ഷണം, നാശം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനം എന്നിവ ഉൾപ്പെടുന്നു. വനാതിർത്തിയിൽ വഴിയടയാളങ്ങളും കയ്യാലകളും (കുള്ളൻ മതിലുകൾ) നിർമ്മിച്ചാണ് അതിർത്തി നിർണ്ണയിക്കുന്നത്. നാശോന്മുഖമായ വനമേഖലകളിൽ പ്രാദേശിക ഇനങ്ങൾ നട്ടുപിടിപ്പിച്ചാണ് പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നത്. ഫയർ ലൈനുകൾ നിർമ്മിച്ച് ഫയർ

പ്രൊട്ടക്ഷൻ വാച്ചർമാരുടെ സഹായത്തോടെയാണ് വനങ്ങളെ തീയിൽ നിന്ന് സംരക്ഷിക്കുന്നത്.

എഫ്.എസ്.ഐയുടെ കണക്കുകളനുസരിച്ച് കേരളത്തിലെ മൊത്തം വനമേഖലയിൽ 2.2 ശതമാനവും തീപിടുത്ത സാധ്യത കൂടുതലുള്ളവയാണ്. വനസംരക്ഷണ സമിതികൾ (വി.എസ്.എസ്), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) എന്നിവ മുഖേനയാണ് അഗ്നി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത്. ചോല വനങ്ങൾ, ചന്ദനക്കാടുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ, മറ്റ് ദുർബല ആവാസവ്യവസ്ഥകൾ എന്നിങ്ങനെ സവിശേഷമായ ആവാസവ്യവസ്ഥകളുടെ പ്രത്യേക സംരക്ഷണവും നാശം സംഭവിച്ച വനങ്ങളുടെ പുനരുദ്ധാരണത്തിനോടൊപ്പം നടത്തി.

**തോട്ടങ്ങളുടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ**

വനം വകുപ്പിന് ഏകദേശം 1.5 ലക്ഷം ഹെക്ടറിൽ (ആകെ വനവിസ്തൃതിയുടെ 13 ശതമാനം) വിവിധ ഇനങ്ങളിൽപ്പെട്ട വനത്തോട്ടങ്ങൾ ഉണ്ട്. അതിൽ തേക്ക് ഏകദേശം 77,000 ഹെക്ടർ (മൊത്തം തോട്ടം വിസ്തൃതിയുടെ 51 ശതമാനം) വ്യാപിച്ചുകിടക്കുന്നു. വനത്തോട്ട പരിപാലനം യുക്തിസഹമായതിനാൽ ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പ്രദേശങ്ങളിൽ മണ്ണിന്റെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തിക്കൊണ്ട് തീവ്ര പരിപാലനത്തിന് വിധേയമാക്കും. തേക്ക് പ്ലാന്റേഷൻ മാനേജ്മെന്റിന്റെ ദീർഘകാല ചരിത്രം പ്രയോജനപ്പെടുത്തി, ശാസ്ത്രീയമായ പരിപാലന രീതികൾ ഉപയോഗിച്ച് ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്.

2021-22ൽ 38.2 ഹെക്ടർ തോട്ടപ്രദേശത്ത് പരിപാലനം നടത്തി. വനത്തോട്ടങ്ങളുടെ സ്പീഷീസ് തിരിച്ചുള്ള വിസ്തൃതി **അനുബന്ധം 3.6.2**ൽ നൽകിയിരിക്കുന്നു. വനത്തോട്ടങ്ങളുടെ വിസ്തൃതി 2020-21 ൽ 156.2 ആയിരം ഹെക്ടറിൽ നിന്ന് 2021-22ൽ 156.1 ആയിരം ഹെക്ടറായി കുറഞ്ഞു.

**മനുഷ്യ–വന്യജീവി സമ്പർക്ക പാലനം**

മനുഷ്യ-വന്യജീവി സമ്പർക്ക പാലനം ഒരു സങ്കീർണ്ണമായ പ്രശ്നമാണ്. ഈ പ്രശ്നം ഫലപ്രദമായി നേരിടാൻ വനംവകുപ്പ് വിവിധ തലങ്ങളിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിഫെന്റ് പ്രൂഫ് കിടങ്ങുകൾ, ആനയെ തടയുന്ന കല്ല് ഭിത്തികൾ, സോളാർ പവർ ഫെൻസിങ്ങ് എന്നിവയുടെ നിർമ്മാണം, മറ്റ് പ്രതിരോധ നടപടികൾ, വന്യജീവി ആക്രമണത്തിലും വിളനാശത്തിലും ഇരയായവർക്കുള്ള നഷ്ടപരിഹാരം നൽകൽ, വന്യജീവികളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, വന്യജീവികൾക്ക് ഉൾക്കാടുകളിൽ തീറ്റയും വെള്ളവും ഉറപ്പാക്കൽ, ആർ.ആർ.റ്റി കൾക്കുള്ള പിന്തുണ മുതലായവ കൈക്കൊണ്ട പ്രതിരോധ നടപടികളിൽ ഉൾപ്പെടുന്നു. വനാതിർത്തികളിൽ താമസിക്കുന്ന ആളുകളുടെ ജീവിതത്തിനും വിളകൾക്കും നാശനഷ്ടങ്ങൾ വരുത്തുന്നതിൽ പ്രധാന കാരണം ആനകളുടെ ആക്രമണമാണ്. കടുവ, പുള്ളിപ്പുലി, പന്നി, മയിൽ തുടങ്ങിയ വന്യമൃഗങ്ങളും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കാരണമാവുന്നുണ്ട്. വന്യജീവി സംഖ്യയിലെ വർദ്ധനവ്, ആവാസവ്യവസ്ഥയുടെ നാശവും തുണ്ടുവൽക്കരണവും, കൃഷി രീതിയിലെ മാറ്റം, കാലാവസ്ഥാ വ്യതിയാനം, എന്നിവയാണ് മനുഷ്യ-വന്യജീവി സംഘർഷത്തിനുള്ള (എച്ച്.ഡബ്ല്യു.സി) പ്രധാന കാരണങ്ങൾ. പ്രതിരോധത്തിലൂന്നിയതും ലഘൂകരണത്തിലൂന്നിയതുമായ ദീർഘകാല-ഹ്രസ്വകാല നടപടികളുൾക്കൊള്ളുന്ന സമഗ്രമായ ഒരു തന്ത്രം ഇക്കാര്യത്തിൽ ആവശ്യമാണ്. മനുഷ്യ-വന്യജീവിസംഘർഷം സമീപകാലത്ത് വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ഇത് നഷ്ടപരിഹാരത്തിനായുള്ള ക്ലെയ്മുകളിൽ വർദ്ധനവിന് കാരണമായി. 2021-22ൽ മാത്രം 13.1 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. ഇത് മുൻവർഷത്തേക്കാൾ 25 ശതമാനം കൂടുതലാണ്. വിശദാംശങ്ങൾ **പട്ടിക 3.6.1**ൽ നൽകിയിരിക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനുള്ള ലഘൂകരണ നടപടികളിൽ മനുഷ്യവാസ കേന്ദ്രങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും വന്യമൃഗങ്ങൾ എത്തുന്നത് തടയുന്നതിന് ഭൗതിക തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള സംയോജിത ഭൂപ്രകൃത്യാധിഷ്ഠിത പരിപാലന രീതിയാണ് അവലംബിക്കുന്നത്. ഇതിൽ മുന്നറിയിപ്പിനുള്ള ഇലക്ട്രോണിക് സംവിധാനങ്ങൾ, ഡ്രോണുകളുടെ ഉപയോഗം, പ്രശ്നക്കാരായ ആനകളിലെ റേഡിയോ കോളറിംഗ്, വന്യജീവികൾക്കായി ഇടനാഴികൾ സൃഷ്ടിക്കൽ (മനുഷ്യ ആവാസ കേന്ദ്രങ്ങൾ വനങ്ങളാൽ ഇടകലർന്നിടത്ത്) എന്നിവയും ഉൾപ്പെടുന്നു.

**പട്ടിക 3.6.1** മനുഷ്യ-വന്യജീവി സമ്പർക്കം മൂലമുള്ള പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും, 2021-22

| അപകടങ്ങൾ | പാമ്പുകടി (എണ്ണം) | ആന ആക്രമണം (എണ്ണം) | കാട്ടുപന്നി ആക്രമണം (എണ്ണം) | കാട്ടുപോത്ത് ആക്രമണം (എണ്ണം) | കടുവയുടെ ആക്രമണം (എണ്ണം) | പുള്ളിപ്പുലി ആക്രമണം (എണ്ണം) | മറ്റുള്ളവ (എണ്ണം) | ആകെ എണ്ണം | നഷ്ടപരിഹാരം (രൂപയിൽ) |
|---|---|---|---|---|---|---|---|---|---|
| മനുഷ്യ ജീവഹാനി | 65 | 35 | 6 | 3 | 1 | 0 | 4 | 114 | 4,44,10,030 |
| മനുഷ്യർക്കുണ്ടാകുന്ന അപകടങ്ങൾ | 547 | 44 | 127 | 3 | 0 | 1 | 36 | 758 | 2,54,90,087 |
| കന്നുകാലിമരണം | 33 | 9 | 3 | 1 | 179 | 180 | 109 | 514 | 1,11,65,868 |
| കൃഷി നാശവും വസ്തു നാശവും | 0 | 3349 | 1737 | 75 | 24 | 0 | 1395 | 6580 | 5,00,20,732 |

അവലംബം: വനം, വന്യജീവി വകുപ്പ്, കേരള സർക്കാർ, 2022

പ്രൈമറി റെസ്പോൺസ് ടീമുകളുടെയും (പി.ആർടി) ആർ.ആർ.ടികളുടെയും രൂപീകരണം, പ്രശ്നബാധിത സെറ്റിൽമെന്റുകളുടെ പുനഃസ്ഥാപനം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ജനജാഗ്രതാ സമിതികൾ (ജെ.ജെ.എസ്), വി.എസ്.എസുകൾ, ഇ.ഡി.സി കൾ എന്നിവയുടെ സഹകരണത്തോടെ വനംവകുപ്പ് പഞ്ചായത്തുകളുമായും ബന്ധപ്പെട്ട വകുപ്പുകളുമായും സഹകരിച്ച് പ്രാന്തപ്രദേശങ്ങളിലെ സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ഉയർന്ന സംഘർഷ ബാധിത മേഖലകളിൽ 15 ആർ.ആർ.റ്റികൾ (സ്ഥിരമായി എട്ടും താൽക്കാലികമായി ഏഴും ഉൾപ്പെടെ) ഇതിനകം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ 25 ആർ.ആർ.റ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുമുണ്ട്. നിലവിൽ കേരള വനം വകുപ്പിന് കീഴിൽ 427 വി.എസ്.എസുകളും 213 ഇ.ഡി.സികളുമുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ (എച്ച്. ഡബ്ല്യു.സി) വർദ്ധിച്ച മേഖലകളിൽ ഇ.ഡി.സി/വി.എസ്.എസ് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

വന്യമൃഗങ്ങളാൽ മരണം, പരിക്കുകൾ, വസ്തുവകകൾക്ക് നാശനഷ്ടം എന്നിവ പതിവായി റിപ്പോർട്ട് ചെയ്യപ്പെടുന്നതും, മനുഷ്യ പ്രവൃത്തികൾ മൂലം വന്യമൃഗങ്ങൾക്ക് മരണവും പരിക്കും സംഭവിക്കുന്നതുമായ ഹോട്ട്സ്പോട്ടുകൾ ഡിവിഷൻ തിരിച്ച് കണ്ടെത്തുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക കമ്മ്യൂണിറ്റി പ്രതിനിധികളുടെ പങ്കാളിത്തത്തോടെയുള്ള സംയുക്ത പട്രോളിംഗ് പ്രവർത്തനങ്ങൾ റേഞ്ച്, സ്റ്റേഷൻ തലങ്ങളിൽ പ്രത്യേകിച്ച് ഹോട്ട് സ്പോട്ടുകളിൽ നടത്തുന്നു. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള സുരക്ഷിതമായ എം.ഐ.എസ് പ്ലാറ്റ്ഫോമിൽ ഇത്തരം ഹോട്ട് സ്പോട്ടുകളുടെ സംസ്ഥാനതല ഇൻവെന്ററികൾ പരിപാലിക്കുകയും വൈൽഡ് ലൈഫ് വാർഡൻമാർക്ക് ഇത്തരം പ്ലാറ്റ്ഫോമുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പുനലൂർ, കോന്നി, മറയൂർ, പാലക്കാട്, തിരുവനന്തപുരം, മൂന്നാർ, വയനാട് തുടങ്ങിയ വിവിധ ഡിവിഷനുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിനുള്ള മുന്നറിയിപ്പ് സംവിധാനം നിലവിലുണ്ട്. വളരെ പ്രയോജനപ്രദമായ ഈ സംവിധാനത്തിന്റെ 42 യൂണിറ്റുകൾ കൂടി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കും. സാമൂഹിക വികസനത്തിലും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിലും ഗ്രാമപഞ്ചായത്തുകളുടെ പ്രാധാന്യം പരിഗണിച്ച് സംസ്ഥാനത്തുടനീളം 246 ജെ.ജെ.എസുകൾ രൂപീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഫോറസ്റ്റ് ഓഫീസർമാർ എന്നിവരടങ്ങുന്നതാണ് പഞ്ചായത്ത് തലത്തിലുള്ള ജെ.ജെ. എസ്. പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വാർഡുതല സമിതികൾ രൂപീകരിക്കാനും മുൻകൈയ്യെടുത്തിട്ടുണ്ട്. സംഘർഷ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നതിനാൽ ഈ സമിതികൾ ഫലപ്രദമാകുന്നതോടൊപ്പം വെല്ലുവിളി നേരിടുന്നതിന് പൊതുജന പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

**വനത്തിൽ നിന്നുള്ള വരുമാനം**

സംസ്ഥാനത്തെ നികുതിയേതര വരുമാനത്തിൽ വനംവകുപ്പ് ഗണ്യമായ സംഭാവന നൽകുന്നുണ്ട്. തടിയുടെയും മറ്റ് വനോത്പന്നങ്ങളുടെയും വിൽപ്പനയിലൂടെ വനമേഖലയിൽ നിന്നുള്ള വരുമാനം 2021-22ൽ 196 കോടി രൂപയാണ്. വനത്തിൽ നിന്നുള്ള വരുമാനത്തിന്റെ വലിയൊരുഭാഗം തടി വിൽപ്പനയിലൂടെയാണ് ലഭ്യമാകുന്നത്. 2021-22ൽ വനത്തിൽ നിന്നുള്ള വരുമാനത്തിന്റെ 90 ശതമാനവും തടി വിൽപ്പനയിൽ നിന്നാണ്, അതായത് 176 കോടി രൂപ വരുമാനമായി ലഭിച്ചു. തടി, വിറക്, മുള, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവയുടെ ഉത്പാദനം 2021-22 ൽ വർദ്ധിച്ചപ്പോൾ തേൻ, ഈറ, ചന്ദനം എന്നിവയുടെ ഉത്പാദനം 2020-21 നെ അപേക്ഷിച്ച് കുറഞ്ഞു. 2020-21, 2021-22 വർഷങ്ങളിലെ പ്രധാന വന ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം **അനുബന്ധം 3.6.3**ൽ നൽകിയിരിക്കുന്നു.

2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉൽപ്പന്നങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ ഗതിവിഗതികൾ **അനുബന്ധം 3.6.4**ൽ നൽകിയിരിക്കുന്നു. 2020-21 നെ അപേക്ഷിച്ച് 2021-22ൽ വന ഉൽപ്പന്നങ്ങളിൽ നിന്നുള്ള അറ്റാദായം 236 കോടിയിൽ നിന്ന് 196 കോടി രൂപയായി കുറഞ്ഞു. തടിയിൽ നിന്നുള്ള വരുമാനം കുറഞ്ഞതാണ് ഈ ഇടിവിനുള്ള പ്രധാന കാരണം.


**ചിത്രം 3.6.1ൽ** വനത്തിൽ നിന്നുള്ള വരുമാനത്തിലെ ഗതിവിഗതികൾ കാണിക്കുന്നു. 2017-18 മുതൽ 2018-19 വരെ, വനത്തിൽ നിന്നുള്ള അറ്റാദായം 17 ശതമാനം വർദ്ധിച്ചു. എന്നാൽ 2019-20 ൽ അത് 12.5 ശതമാനമായി കുറയുകയും 2020-21ൽ 5.8 ശതമാനമായി വീണ്ടും കുറയുകയും ചെയ്തു. 2020-21നും 2021-22നും ഇടയിൽ, തടിയിൽ നിന്നുള്ള വരുമാനം 18 ശതമാനം കുറയുകയുണ്ടായി.

2021-22ലെ അടിസ്ഥാന വിലയിൽ മൊത്തം മൂല്യവർദ്ധനവിൽ വനമേഖലയുടെ വിഹിതം 0.96 ശതമാനമായിരുന്നു. 2020-21ൽ ഇത് 1.07 ശതമാനമായിരുന്നു. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ പ്രാഥമിക മേഖലയുടെ വിഹിതം 2020-21 ൽ 8.7 ശതമാനമായിരുന്നത് 2021-22ൽ 8.1 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ വനമേഖലയുടെ സംഭാവന **അനുബന്ധം 3.6.5ൽ** കൊടുത്തിരിക്കുന്നു.

**ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും**

വന്യജീവികളുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണത്തിന് ഈ അടുത്ത കാലത്തായി വളരെ പ്രാധാന്യം ലഭിക്കുന്നുണ്ട്. കേരളത്തിലെ വനങ്ങൾ ലോകത്തിലെ ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളുടെ ഭാഗമാണ്. അതുകൊണ്ട് തന്നെ സമ്പന്നമായ ജൈവവൈവിധ്യ സംരക്ഷണത്തിന്, പ്രത്യേകിച്ച് സംരക്ഷിത പ്രദേശങ്ങളിലെ സംരക്ഷണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ദേശീയ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നിവ ഉൾപ്പെടുന്ന 3,441.21 ചതുരശ്ര കിലോമീറ്റർ സംരക്ഷിത വനങ്ങൾ കൈകാര്യം ചെയ്യുന്നത് വന്യജീവിവിഭാഗം ആണ്. കേരളത്തിൽ ആറ് ദേശീയോദ്യാനങ്ങളും 18 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവുമുണ്ട്. ഇത് സംസ്ഥാനത്തെ വന മേഖലയുടെ 30 ശതമാനത്തോളം വരും. സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള പ്രധാനപ്പെട്ട ജൈവവൈവിധ്യ മേഖലകളുടെ സംരക്ഷണവും

**ചിത്രം 3.6.1** വനത്തിൽ നിന്നുള്ള വരുമാനം 2017-18 മുതൽ 2021-22 വരെ




**അവലംബം:–** വനം, വന്യജീവി വകുപ്പ്, കേരള സർക്കാർ, 2022

പരിപാലനവും വന്യജീവി വിഭാഗത്തിന്റെ പരിധിയിലാണ്. ജലസ്രോതസ്സുകളുടെ വികസനം, അധിനിവേശ കളകളുടെ ഉന്മൂലനം, ട്രെക്ക് പാതകളുടെ നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനവും അറ്റകുറ്റപ്പണികളും, ആശയവിനിമയത്തിനുള്ള സൗകര്യം, കാട്ടുതീ നിയന്ത്രണം തുടങ്ങിയവയാണ് ആവാസവ്യവസ്ഥയുടെ മെച്ചപ്പെടുത്തലിൽ ഉൾപ്പെടുന്നവ. വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ, ബയോസ്ഫിയർ റിസർവുകൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.6ൽ** നൽകിയിരിക്കുന്നു.

വനമേഖലകളിലെ പൊതു വന്യജീവി സെൻസസിന് പുറമേ കടുവ, ആന, നീലഗിരി താർ എന്നിവയ്ക്കായി പ്രത്യേക സെൻസസ് നടത്തുന്നുണ്ട്. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ (എം.ഒ.ഇ.എഫ്.സി.സി) റിപ്പോർട്ട് അനുസരിച്ച് കടുവകളുടെ എണ്ണം 2014ൽ 136 ആയിരുന്നത് 2018 ൽ 190 ആയി ഉയർന്നു. രാജ്യത്തെ കടുവകളുടെ എണ്ണത്തിന്റെ 6.4 ശതമാനവും കാട്ടാനകളുടെ 19 ശതമാനവും കേരളത്തിലാണ്. കേരളത്തിലെ പ്രാദേശിക ഇനമായ നീലഗിരി താറുകളുടെ എണ്ണം 2017ൽ 575 ആയിരുന്നത് 2018 ൽ 643 ആയി വർദ്ധിച്ചു. എന്നാൽ 2019ൽ ഇത് 526 ആയി കുറയുകയാണ് ചെയ്തത്.

വിശദമായ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വന്യ മൃഗങ്ങളുടെ ആവാസവ്യവസ്ഥകളെ ബന്ധിപ്പിക്കുന്ന വന്യജീവി ഇടനാഴികൾ സ്ഥാപിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ജനവാസകേന്ദ്രങ്ങളെ വനങ്ങളിൽ നിന്ന് വനാതിർത്തികളിലേക്ക് മാറ്റിപ്പാർപ്പിച്ചുകൊണ്ടുള്ള പുനരധിവാസ പരിപാടി നടപ്പാക്കി. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (എൽ.എസ്.ജി) പിന്തുണ നൽകുന്നുണ്ട്. ജൈവവൈവിധ്യ രജിസ്റ്ററുകളുടെ വികസനത്തിനും നവീകരണത്തിനും പിന്തുണ നൽകുന്നതോടൊപ്പം കാവുകൾ, കണ്ടൽക്കാടുകൾ മുതലായ അതുല്യ ആവാസവ്യവസ്ഥകൾക്ക് സംരക്ഷണം നൽകുകയും ചെയ്യുന്നു. അതുല്യ ജൈവവൈവിധ്യമുള്ള രണ്ട് ബയോസ്ഫിയർ റിസർവുകൾ കേരളത്തിലുണ്ട്. അവ അഗസ്ത്യമല ബയോസ്ഫിയർ റിസർവും, നീലഗിരി ബയോസ്ഫിയർ റിസർവും ആണ്. പൊതുവെ നാശം സംഭവിച്ച വനങ്ങളുടെ മെച്ചപ്പെടുത്തലിനു പുറമെ ചോല വനങ്ങൾ, ചന്ദനക്കാടുകൾ തുടങ്ങിയ സവിശേഷ പരിസ്ഥിതി വ്യവസ്ഥകളുടെ പ്രത്യേക സംരക്ഷണവും ഇതിന്റെ പരിധിയിലാണ്. പരിസ്ഥിതി ബോധവും ഉത്തരവാദിത്തവുമുള്ള നിരവധി പൗരന്മാരും കൂട്ടായ്മകളും ഉണ്ട്. അവർ വ്യക്തിപരമായ/കൂട്ടായ ശ്രമങ്ങളിലൂടെ വനങ്ങൾക്ക് പുറത്തുള്ള ജൈവവൈവിധ്യത്തിന്റെയും ജൈവവിഭവങ്ങളുടെയും സംരക്ഷണത്തിൽ സജീവമായി പങ്കെടുക്കാറുണ്ട്. ഇത്തരം പൗരന്മാരെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തുകയുണ്ടായി.

### സുസ്ഥിര പരിസ്ഥിതി സൗഹൃദ ടൂറിസം

തടിയിതര വനവിഭവങ്ങളുടെ ശേഖരണവും മൂല്യവർദ്ധനയും ഉൾപ്പെടെ വനവൽക്കരണത്തിൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനു പുറമേ, ഇക്കോ-ടൂറിസം പോലുള്ള ബദൽ മാർഗ്ഗങ്ങളിലൂടെയും അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ടൂറിസത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **സെക്ഷൻ 5.3**ൽ നൽകിയിരിക്കുന്നു.

### സാമൂഹിക വനവൽക്കരണവും നഗരവനവൽക്കരണവും

കേരളത്തിലെ നഗര-ഗ്രാമ ഇടനാഴികളിൽ ജനസംഖ്യ കൂടുതലായി കേന്ദ്രീകരിക്കുന്നതുകൊണ്ട് പൊതു ഹരിത ഇടങ്ങളുടെ വിസ്തൃതിയിൽ ശ്രദ്ധേയമായ കുറവുണ്ടായിട്ടുണ്ട്. ഇത് നഗര/അർദ്ധ നഗര പ്രദേശങ്ങളിലെ പൊതു ഇടങ്ങളിൽ ഹരിത തുരുത്തുകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. കേരള വനം വകുപ്പ് നഗരവനം പദ്ധതിയിലൂടെ നഗര/അർദ്ധ നഗര പ്രദേശങ്ങളിൽ ഇത്തരം പച്ച തുരുത്തുകൾ നിർമ്മിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-22 കാലയളവിൽ 11 നഗരവനങ്ങൾ സ്ഥാപിച്ചു. 1980-കളുടെ തുടക്കത്തിൽ സ്കൂളുകളിൽ 'ഫോറസ്ട്രി ക്ലബ്ബുകൾ' എന്ന ആശയം ഡിപ്പാർട്ട്മെന്റ് അവതരിപ്പിയ്ക്കുകയും അടുത്തകാലത്തായി മിഷൻ ഫോറസ്ട്രി ക്ലബ്ബുകളിലൂടെ ഇവയുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്തു. സ്കൂളുകളുടെയും

കോളേജുകളുടെയും പരിസരത്ത് വിദ്യാവനം/ചെറിയ വനങ്ങൾ സ്ഥാപിക്കുക എന്നതാണ് മറ്റൊരു പ്രവർത്തനം. സാമൂഹിക വനവിഭാഗം 2021-22 കാലയളവിൽ 26 വിദ്യാവനങ്ങൾ സ്ഥാപിക്കുകയും ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കുകയും ചെയ്തു.

വനവൽക്കരണ പരിപാടിക്ക് കീഴിൽ 2021-22ൽ രണ്ട് ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. പക്ഷികളെ നിരീക്ഷിക്കുന്നതിനായി 2014 ൽ ഓരോ ജില്ലയിലും സംരക്ഷണ സംരംഭം ആരംഭിച്ചു. കേരളത്തെ ഹരിതാഭമാക്കുക എന്ന ലക്ഷ്യത്തോടെ 2009-10-ൽ കേരള വനം വകുപ്പ് ഹരിതകേരളം പദ്ധതി ആരംഭിച്ചു. സ്കൂളുകളുൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും സാമൂഹിക രാഷ്ട്രീയ സംഘടനകളുടെ പങ്കാളിത്തത്തോടെയും പൊതു സ്ഥലങ്ങളിൽ നട്ടു പിടിപ്പിക്കാൻ സൗജന്യമായി തൈകൾ വിതരണം ചെയ്തു. തൈകൾ ഉൽപ്പാദിപ്പിച്ച് സബ്സിഡി നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിതരണം ചെയ്യുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. ഹരിത കേരളം പദ്ധതിയുടെ പതിമൂന്നാം ഘട്ടം 2021-22-ൽ നടപ്പാക്കുകയും ഇതിനായി 46.6 ലക്ഷം തൈകൾ നട്ടു വളർത്തുകയും ചെയ്തു. സോഷ്യൽ ഫോറസ്ട്രി വഴി വിതരണം ചെയ്ത തൈകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.7**ൽ കൊടുത്തിരിക്കുന്നു.

### ഹോം ഗാർഡനുകൾ

കേരള കാർഷിക സർവ്വകലാശാലയുടെയും (കെ.എ.യു) മറ്റ് സ്ഥാപനങ്ങളുടെയും സാങ്കേതിക വൈദഗ്ധ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വീട്ടുതോട്ടങ്ങളിൽ നിന്നുള്ള തടി ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി നടപ്പിലാക്കിവരുന്നു. ഇതിനായി കുടുംബശ്രീ യൂണിറ്റുകളുടെ സജീവമായ പങ്കാളിത്തത്തോടെ തൈകളുടെയും മറ്റ് നടീൽ വസ്തുക്കളുടെയും ഉത്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. സിൽവികൾച്ചർ രീതികൾ പിന്തുടർന്ന് പ്രധാനപ്പെട്ടതും, അപൂർവ്വവും, വംശനാശഭീഷണി നേരിടുന്നതുമായ ഇനങ്ങളുടെ തൈകൾ ഉൽപ്പാദിപ്പിക്കുകയും പരിസ്ഥിതി സേവനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ജില്ലാ സ്ഥിരം നഴ്സറിയുടെ ലക്ഷ്യം. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർകോട് എന്നിവിടങ്ങളിൽ ജില്ലാ സ്ഥിരം നഴ്സറികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കർഷകർക്ക് ക്യാഷ് ഇൻസെന്റീവ് നൽകുന്നത് ഉൾപ്പെടെ സ്വകാര്യഭൂമിയിൽ കൂടുതൽ മരങ്ങൾ വളർത്തുന്നതിനും തടി ഉൽപ്പാദനം വർദ്ധിപ്പിക്കാനും സ്വകാര്യ വനവൽക്കരണ പരിപാടികളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പ്രോത്സാഹനത്തിന്റെ 50 ശതമാനം ആദ്യ വർഷാവസാനവും ബാക്കിയുള്ളത് മൂന്നാംവർഷാവസാനവും നൽകും. മികച്ച പ്രകടനം നടത്തുന്നവർക്ക് അഞ്ചാം വർഷവും പത്താം വർഷവും അനുയോജ്യമായ ക്യാഷ് അവാർഡുകളും പദ്ധതി ഉറപ്പാക്കുന്നു. കർഷകർ, വി.എസ്.എസ്, ഇ.ഡി.സി, കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, എൻജിഒകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

### വനാവകാശ നിയമത്തിന്റെ അംഗീകാരം

2006ലെ വനാവകാശ നിയമം വനവാസി പട്ടിക വർഗ്ഗക്കാരുടെ അവകാശങ്ങൾ അംഗീകരിക്കാൻ നിർദ്ദേശിക്കുന്നു. വനവാസി/പട്ടികവർഗ്ഗക്കാരുടെയും ആശ്രിത സമൂഹങ്ങളുടെയും അവകാശങ്ങളും, വ്യക്തിപരവും സാമുദായികവുമായ അവകാശങ്ങളുടെ അടിസ്ഥാനത്തിൽ, സുസ്ഥിരമായ ഉപയോഗത്തിനും ജൈവവൈവിധ്യ സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുമുള്ള ഉത്തരവാദിത്തവും അധികാരവും ഈ നിയമം ഉറപ്പാക്കുന്നു. വനാവകാശ നിയമം നടപ്പാക്കാൻ ചുമതലയുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ്. റവന്യു, വനം വകുപ്പുകൾ ആവശ്യമായ സഹായം നൽകുന്നുണ്ട്. സംസ്ഥാനത്ത് 511 ഗ്രാമസഭകൾ, 14 സബ് ഡിവിഷണൽ കമ്മിറ്റികൾ, 12 ജില്ലാതല കമ്മിറ്റികൾ എന്നിവയിലൂടെയാണ് നിയമം നടപ്പാക്കുന്നത്. നിയമപ്രകാരം വികസനാവകാശം നൽകേണ്ടത് വനം വകുപ്പിന്റെ ചുമതലയാണ്. ഏകദേശം 27,121 വ്യക്തിഗത അംഗീകാരങ്ങളും 190 കമ്മ്യൂണിറ്റി അംഗീകാരങ്ങളും, 501 വികസന അവകാശങ്ങളും 2022 ജൂലൈ വരെ നൽകിയിട്ടുണ്ട്.

### വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗം

വനംവകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് വിവിധ പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. വനവിഭവങ്ങളിലുള്ള തദ്ദേശവാസികളുടെ ആശ്രയത്വം കുറയ്ക്കുന്നതിന് അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികൾ, തയ്യൽ മെഷീനുകൾ മുതലായവ വിതരണം ചെയ്യുകയും ഇതര ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു. വനങ്ങളുടെ ചൂഷണം തടയുന്നതിന് സോളാർ വിളക്കുകൾ, പുകയില്ലാത്ത അടുപ്പുകൾ, എൽ.പി.ജി.വിതരണം, ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. വനമേഖലയിലെ ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പ് സൗജന്യമായി ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാൻ അനുവദിക്കാറുണ്ട്. തടിയിതരവനവിഭവ പരിപാലനത്തിന്റെ ഭാഗമായി എൻ.റ്റി.എഫ്.പി-ഐ.എം.എസ് എന്ന വെർച്വൽ ഗോഡൗൺ വികസിപ്പിച്ചെടുത്തു. ഇത് തടിയിതരവനപരിപാലനവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾക്ക് തടസ്സമില്ലാത്തതും പരിഷ്കരിച്ചതുമായ വിവരങ്ങൾ നൽകുന്നുണ്ട്.

1988 ലെ ദേശീയ വനനയം, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ പ്രത്യേകിച്ച് ആദിവാസി ജനവിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ വനങ്ങളുടെ പരിപാലനം വിഭാവനം ചെയ്യുന്നു. ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷനുകളിൽ വനസംരക്ഷണ സമിതികളെയും വൈൽഡ് ലൈഫ് ഡിവിഷനുകളിൽ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളെയും അടിസ്ഥാനമാക്കി സംസ്ഥാനത്ത് പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് (പി.എഫ്.എം) ആരംഭിച്ചു. ഫോറസ്റ്റ് ഡിവിഷൻ തലത്തിലുള്ള വനസംരക്ഷണ സമിതികളുടെയും ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളുടെയും ഫെഡറേഷനാണ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി (എഫ്.ഡി.എ). ഇവ വിവിധ പങ്കാളിത്ത വനപരിപാലന പരിപാടികളിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങളും ഉപജീവനമാർഗവും കണ്ടെത്താൻ

സഹായിക്കുന്നു. നിലവിൽ സംസ്ഥാനത്ത് 50 എഫ്.ഡി.എ-കൾ പ്രവർത്തിക്കുന്നുണ്ട്. വനസംരക്ഷണത്തിനായി സംയോജിത വനവികസനം, ഗ്രാമീണ തൊഴിലുറപ്പ് എന്നീ രണ്ട് സമീപനങ്ങളെ ഒരു കുടക്കീഴിൽ ബന്ധിപ്പിക്കുക എന്നതാണ് എഫ്.ഡി.എ യുടെ ലക്ഷ്യം. ചെറുകിട വനവിഭവങ്ങളുടെ താങ്ങുവില അവയുടെ ശേഖരണത്തിലും മൂല്യവർദ്ധനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നു. ചെറുകിട വനവിഭവങ്ങളുടെ ചില്ലറ വിപണനത്തെയും മൂല്യവർദ്ധനയെയും പിന്തുണയ്ക്കുന്നതിനായി ഗോത്രകാര്യ മന്ത്രാലയം (ഗവൺമെന്റ് ഓഫ് ഇന്ത്യ) ആരംഭിച്ചതാണ് വൻ ധൻ വികാസ് കേന്ദ്രങ്ങൾ (വി.ഡി.വി.കെ). ഇക്കോ ഡെവലപ്മെന്റ് പ്രോഗ്രാം ആദിവാസി ഗ്രാമങ്ങളിലെ വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്.

### നവകേരള നിർമ്മാണ വികസന പദ്ധതിയുടെ (ആർകെഡിപി) കീഴിലുള്ള സംരംഭങ്ങൾ

പ്രളയബാധിത പ്രദേശങ്ങൾ പുനർനിർമ്മിക്കുന്നതിനായി, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ) ഭാഗമായി വനംവകുപ്പ് സംസ്ഥാനത്തെ വനമേഖലകൾക്കായി ഒരു പ്രോജക്റ്റ് തയ്യാറാക്കി. 2019-20 മുതൽ മൂന്ന് വർഷത്തേക്ക് മൊത്തം 800 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തത്. സ്വകാര്യ വാസസ്ഥലങ്ങളുടെ മാറ്റി സ്ഥാപിക്കൽ, കണ്ടൽക്കാടുകളുടെയും സ്വകാര്യ എസ്റ്റേറ്റുകളുടെയും ഏറ്റെടുക്കൽ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. വനങ്ങളിൽ നിന്നും ജനവാസ കേന്ദ്രങ്ങൾ മാറ്റുന്നതിന് 291.96 കോടി രൂപയും വനത്തിനുള്ളിലെ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് 385.31 കോടി രൂപയും, കണ്ടൽക്കാടുകൾ ഏകീകരിക്കുന്നതിന് 120 കോടി രൂപയും സാധ്യതാ പഠനത്തിനും വ്യാപ്തി പഠനത്തിനും 5.98 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

### 2021–22ൽ വനം–വന്യജീവി വകുപ്പിന് കീഴിലെ പ്രധാന നേട്ടങ്ങളും സംരംഭങ്ങളും

അതിർത്തി ഏകീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2021-22ൽ 5,954 കെയ്‌നുകൾ നിർമ്മിച്ചു. ഇക്കാലയളവിൽ 46.52 ലക്ഷം തൈകൾ നട്ടുവളർത്തുകയും 42.82 ലക്ഷം തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. തടിയിതര വനവിഭവ പദ്ധതി പ്രകാരം 33.13 ഹെക്ടറിൽ ഔഷധ സസ്യങ്ങളുടെ പരിപാലനം നടത്തി. പദ്ധതി കാലയളവിൽ 143 കുടുംബങ്ങളെ വയനാട് വന്യജീവി സങ്കേതത്തിൽ നിന്ന് മാറ്റിപ്പാർപ്പിച്ചു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സോളാർ വേലി (226.5 കി.മീ), തൂക്കുവേലി (9.5 കി.മീ), കൽഭിത്തി (0.8 കി.മീ) എന്നിവ നിർമ്മിച്ചു. വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് 13.1 കോടി രൂപ നഷ്ടപരിഹാരമായി നൽകി. ഈ കാലയളവിൽ ഏകദേശം 500 ആനകളെ തടയുന്ന കിടങ്ങുകളുടെ പരിപാലനവും നടത്തി.

വനനശീകരണം കുറയ്ക്കുന്നതിനും, നശിക്കുന്ന വനങ്ങൾ പുനഃസ്ഥാപിക്കുന്നതിനും വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കി. സംസ്ഥാനത്തെ 465 ആദിവാസി കോളനികളിലായി വനവാസി സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഒരു ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. സംസ്ഥാനത്ത് ആദ്യമായി ചെക്ക് പോസ്റ്റുകൾ സംയോജിത ഫോറസ്റ്റ് ചെക്ക് പോസ്റ്റുകളാക്കി മാറ്റുന്ന പദ്ധതിക്ക് തുടക്കമായി. മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി വിവിധ കേഡറുകളിലായി 557 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. വനങ്ങളിലെ കാട്ടുതീ നിയന്ത്രണത്തിന്റെ ഭാഗമായി എല്ലാ സർക്കിളുകളിലും ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂമുകൾ ആരംഭിക്കുകയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ/വനസംരക്ഷണ സമിതികൾ എന്നിവയിലെ അംഗങ്ങൾ ഉൾപ്പെടെയുള്ള പ്രതിരോധ സംഘങ്ങളെ വിന്യസിച്ച് കാട്ടുതീ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു. ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആൻഡ് മാനേജ്മെന്റ് സ്കീമിന് (എഫ്.പി.എം.എസ്) കീഴിൽ 193.47 കിലോമീറ്റർ ഫയർ ലൈനുകൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു.

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി വനങ്ങൾക്ക് പുറത്തുള്ള വൃക്ഷങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നഗര വനം, വിദ്യാവനം, തീരദേശ വനം തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. ഇക്കാലയളവിൽ 12 നഗരവനങ്ങൾ നിർമ്മിക്കുകയും നെയ്യാർ ഇക്കോടൂറിസം പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. ഗ്രാമപ്രദേശങ്ങളിൽ വൃക്ഷസമൃദ്ധി പദ്ധതിയിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും വിദ്യാവനം പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ 31 'കുട്ടി വനങ്ങൾ' രൂപീകരിക്കുകയും ചെയ്തു. ഇക്കാലയളവിൽ 14 സംയോജിത ഫോറസ്റ്റ് ചെക്ക് പോസ്റ്റ് കോംപ്ലക്സുകളുടെയും 15 ഫോറസ്റ്റ് സ്റ്റേഷനുകളുടെയും നിർമ്മാണം ആരംഭിച്ചു. നബാർഡിൽ നിന്ന് ആർ.ഐ.ഡി.എഫ് മുഖേന 130.5 ഹെക്ടറിൽ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. സുനാമി, കടൽക്ഷോഭം, ചുഴലിക്കാറ്റ് മുതലായ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനായി മണലിൽ വളരുന്ന സസ്യജാലങ്ങളുടെ ജൈവകവചം എന്ന 'തീരവനം' പരിപാടി ആരംഭിച്ചു. കിഫ്ബിയുടെ കീഴിൽ തിരുവനന്തപുരം, വയനാട്, കണ്ണൂർ ജില്ലകളിലായി 64 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് കീഴിലുള്ള പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തെ വനമേഖലയുടെ വികസനത്തിന് സമഗ്രമായ ഒരു സമീപനം നൽകുന്നതോടൊപ്പം വനങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും നൽകുന്നുണ്ട്. വനപരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തന പദ്ധതികളുടെ തയ്യാറാക്കൽ പരിഷ്ക്കരിച്ചു. കൂടാതെ വനപരിപാലനത്തിലെ കേന്ദ്ര വിഷയമായി ഹൈഡ്രോളജിയെ മാറ്റുകയും, അതിനനുസൃതമായി പ്രവർത്തന പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തു. അതിർത്തി ഏകീകരണത്തിന്റെ ഭാഗമായി പഞ്ചവത്സര പദ്ധതി കാലയളവിൽ 49,344 കെയ്‌നുകൾ നിർമ്മിച്ചു. എല്ലാ ജില്ലകളിലും വനം അദാലത്ത് നടത്തുകയും, ലഭിച്ച 3,870 പരാതികളിൽ 3,304 എണ്ണം പരിഹരിക്കുകയും, 2.59 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്യുകയും ചെയ്തു. 'ബുദ്ധ മയൂരി'യെ സംസ്ഥാനത്തെ ഔദ്യോഗിക ചിത്രശലഭമായി പ്രഖ്യാപിച്ചു. ഇക്കാലയളവിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി 165 ലക്ഷം തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു.

കേരള വനം വകുപ്പിന്റെ ഇക്കോ ഡെവലപ്മെന്റ്, ട്രൈബൽ വെൽഫയർ വിഭാഗങ്ങൾക്ക് കീഴിൽ യഥാക്രമം 2016-17, 2019-20 വർഷങ്ങളിൽ ആരംഭിച്ച രണ്ട് പദ്ധതികളാണ് ഗ്രീൻ ഇന്ത്യ മിഷൻ സ്കീമും (ജി.ഐ.എം), ചെറുകിട വനവിഭവങ്ങൾക്കുള്ള കുറഞ്ഞ താങ്ങു വിലയും (എം.എസ്.പി). ശാസ്ത്രീയമായ സംഭരണം, മൂല്യവർദ്ധനവ്, തടിയിതരവനവിഭവങ്ങളുടെ വിപണനം തുടങ്ങിയ ഇടപെടലുകളിലൂടെ ആദിവാസി സമൂഹങ്ങളുടെ ഉപജീവനവും തൊഴിലവസരങ്ങളും അതുവഴി വനസംരക്ഷണവും ഉറപ്പാക്കുകയാണ് ലക്ഷ്യം. സംയുക്ത വന പരിപാലനത്തിന്റെ ഭാഗമായി, 640 വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളാണ് എൻ.റ്റി.എഫ്.പി ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്നത്, അതിനായി ഡിപ്പാർട്ട്മെന്റ് മൂല്യവർദ്ധനയ്ക്കുള്ള സൗകര്യങ്ങളും അത്തരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കുള്ള മാർഗ്ഗങ്ങളും ഒരുക്കിയിട്ടുണ്ട്. വി.എസ്.എസ്/ഇ.ഡി.സികൾ ശേഖരിക്കുന്ന തടയിതര വനവിഭവങ്ങളുടെ വിൽപ്പനയ്ക്കായി വകുപ്പ് 34 വനശ്രീ ഔട്ട്ലെറ്റുകളും രണ്ട് മൊബൈൽ യൂണിറ്റുകളും സജ്ജീകരിച്ചിട്ടുണ്ട്. ഈ ഔട്ട്ലെറ്റുകളിൽ 10 കോടിയിലധികം രൂപയുടെ വാർഷിക വിറ്റുവരവാണ് ഉള്ളത്. മലപ്പുറം ജില്ലയിലെ കരിമ്പുഴയെ പുതിയ വന്യജീവി സങ്കേതമായി ഇക്കാലയളവിൽ പ്രഖ്യാപിച്ചു.

സംഘടിത കയ്യേറ്റം, കള്ളക്കടത്ത് തുടങ്ങിയ പ്രശ്നങ്ങൾ ഫലപ്രദമായി നേരിടുന്നതിന്, വകുപ്പ് റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുകയും, മനുഷ്യ-വന്യജീവി സംഘർഷം (എച്ച്.ഡബ്ല്യു.സി) നേരിടാൻ റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.റ്റി) രൂപീകരിക്കുകയും ചെയ്തു. മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിൽ ജനജാഗ്രതാ സമിതികൾ, വനസംരക്ഷണ സമിതികൾ, ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവർക്കൊപ്പം വനംവകുപ്പ് പഞ്ചായത്തുകളുമായും, മറ്റ് വകുപ്പുകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. വയനാട് വന്യജീവി സങ്കേതത്തിലെ പുനരധിവാസത്തിന്റെ ഭാഗമായി 37.96 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് ഒമ്പത് സെറ്റിൽമെന്റുകളിൽ നിന്നുള്ള യോഗ്യരായ 382 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.

ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നായിരുന്നു ഫോറസ്ട്രി ക്ലബ്ബുകൾ. നിലവിൽ സംസ്ഥാനത്തുടനീളം 1,131 ഫോറസ്ട്രി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. "മിഷൻ ഫോറസ്ട്രി ക്ലബ്ബുകൾ" വഴി ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനും വിപുലീകരിക്കാനുമുള്ള ഒരു പരിപാടി അടുത്തിടെ വകുപ്പ് ആരംഭിച്ചു. നഗരപ്രദേശങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നഗര വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ നഗരങ്ങളിൽ ഹരിത ഇടങ്ങളും 'നഗരവനങ്ങൾ' എന്ന പേരിൽ നഗര പാർക്കുകളും സ്ഥാപിച്ചു. ചെറുകിട വന ഉൽപ്പന്നങ്ങളുടെ ശേഖരണത്തിലും മൂല്യവർദ്ധനയിലും, ഇവ ശേഖരിക്കുന്നവർക്ക് ന്യായമായ വരുമാനം ഉറപ്പാക്കാൻ മിനിമം താങ്ങുവിലയിലൂടെ ശ്രമിക്കുന്നുണ്ട്. പദ്ധതി പ്രകാരം വിവിധ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾക്ക് (എഫ്.ഡി.എ) കീഴിൽ ആദിവാസികൾ വനങ്ങളിൽ നിന്ന് ശേഖരിക്കുന്ന ചെറുകിടവനവിഭങ്ങൾക്കായി 16 സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, ചെറുകിട വനവിഭവങ്ങളുടെ വിപണനത്തിനായി വിവിധ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾക്ക് കീഴിൽ 25 ബസാറുകൾ സ്ഥാപിക്കുകയും ചെയ്തു. നിലവിൽ സംസ്ഥാനത്ത് 64 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ, 2018 ൽ ഫോറസ്റ്റ്-പ്ലസ് 2.0 എന്ന പഞ്ചവത്സര പരിപാടി പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ (എം.ഒ.ഇ.എഫ്)യും യുഎസ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റിന്റെയും സഹകരണത്തോടെ നടപ്പാക്കി. ഈ പദ്ധതിയുടെ മുഖമുദ്ര ജലത്തിനും സമൃദ്ധിക്കും വേണ്ടിയുള്ള വനം എന്നതാണ്.

ജലശാസ്ത്ര ചാക്രീകരണത്തിൽ വനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്യദേശ സ്പീഷീസുകളുടെ തോട്ടങ്ങൾ ഘട്ടംഘട്ടമായി നിർത്തലാക്കാനും അത്തരം പ്രദേശങ്ങളെ പ്രകൃതിദത്ത വനങ്ങളായി പുനഃസ്ഥാപിക്കാനും നിരവധി സംരംഭങ്ങൾ സംസ്ഥാന സർക്കാർ നടപ്പാക്കി. ഇതിൽ ദുരന്തസാധ്യതയുള്ള പ്രദേശങ്ങൾ, വന്യജീവി ഇടനാഴികൾ, നദീതീര പ്രദേശങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുകയുണ്ടായി. ഇത്തരം പ്രദേശങ്ങൾ കണ്ടെത്തുകയും തുടർനടപടികൾ അന്തിമഘട്ടത്തിലുമാണ്. ഇത്തരം വനങ്ങൾ ഘട്ടംഘട്ടമായി വെട്ടിമാറ്റുന്നതും സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതും 2034ൽ പൂർത്തിയാക്കും. നബാർഡിന്റെ ആർ.ഐ.ഡി.എഫിന് കീഴിൽ ഇത്തരമൊരു പദ്ധതിക്ക് അംഗീകാരം നൽകുകയും തൃശ്ശൂരിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മറ്റ് എട്ട് പദ്ധതികൾ അന്തിമഘട്ടത്തിലാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 2017-18 മുതൽ 2021-22 വരെയുള്ള മേഖലയുടെ അടങ്കൽ, ചെലവ് തുടങ്ങിയ വിശദാംശങ്ങൾ **അനുബന്ധം 3.6.8**ൽ നൽകിയിരിക്കുന്നു.

# 3.7 പരിസ്ഥിതി

ശുചിത്വപൂർണ്ണവും ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതി സാർവത്രിക മനുഷ്യാവകാശമാണെന്ന് 2022 ജൂലൈ 28 ന് ഐക്യരാഷ്ട്ര പൊതുസഭ അംഗീകരിച്ചു. യു.എൻ ഫോറം അംഗീകരിച്ച ചരിത്രപരമായ ഈ പ്രമേയത്തിന് 193 അംഗരാജ്യങ്ങളുടെയും പിന്തുണയുണ്ടായിരുന്നു. 2030 ലെ അജണ്ടയിലെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും സമഗ്രമായി ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി സാമൂഹികവും സാമ്പത്തികവുമായ പരിവർത്തനത്തിനും ഇത് തുടക്കമാകും. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇന്റർ ഗവൺമെന്റൽ പാനലിന്റെ (ഐ.പി.സി.സി) ആറാം വിലയിരുത്തൽ റിപ്പോർട്ട് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഭീഷണിയെ അഭിമുഖീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. യു.എൻ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികളും ലോകമെമ്പാടുമുള്ള ഗവൺമെന്റുകളും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഇന്ന് തിരിച്ചറിയുന്നുണ്ട്. യു.എൻ.ഇ.പി യുടെ 2022-ലെ ഫ്രോണ്ടിയേഴ്സ് റിപ്പോർട്ട് നിലവിലുള്ളതും പുതിയതായി ഉയർന്നുവരുന്നതുമായ പാരിസ്ഥിതിക ആശങ്കകൾ തിരിച്ചറിയാനും സൂക്ഷ്മ പരിശോധന നടത്താനും നഗരങ്ങളിലെ ശബ്ദമലിനീകരണം, വർദ്ധിച്ചുവരുന്ന കാട്ടുതീ ഭീഷണി, കാലാവസ്ഥാ സംബന്ധിയായ വ്യതിയാനങ്ങൾ എന്നിവ പരിശോധിക്കാനും ശ്രമിക്കുന്നുണ്ട്. സുസ്ഥിര വികസനത്തിലേക്കുള്ള പ്രവർത്തനത്തെയും ഡെലിവറിയെയും സംബന്ധിച്ച ദശാബ്ദത്തിന്റെ സാഹചര്യത്തിൽ, 2022 ജൂണിലെ സ്റ്റോക്ക്ഹോം+50-യുടെ ഉദ്ദേശ്യം പ്രതിബദ്ധതകൾ ത്വരിതപ്പെടുത്തുന്നതിന് സുസ്ഥിര വികസനത്തിനായി പാരിസ്ഥിതികമായ തലത്തിലേക്ക് സംഭാവനകൾ ചെയ്യുക എന്നതായിരുന്നു.

ഐക്യരാഷ്ട്രസഭയുടെ കണക്കുകളനുസരിച്ച് ഒരു ദശലക്ഷം സസ്യ ജന്തുജാലങ്ങൾ വംശനാശത്തിന്റെ വക്കിലാണ്. ലോകത്താകമാനം 36 ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളാണുള്ളത്. അവയിൽ നാലെണ്ണം ഇന്ത്യയിലാണ്. ഈ 36 ഹോട്ട്സ്പോട്ടുകൾ ആഗോള ഭൂവിസ്തൃതിയുടെ 2.3 ശതമാനം മാത്രമാണ് പ്രതിനിധാനം ചെയ്യുന്നതെങ്കിലും ലോകത്തിലെ പകുതിയിലധികം എൻഡെമിക് സസ്യ ജാലങ്ങൾ ഇവിടെയാണ് കാണപ്പെടുന്നത്. ഏയ്ൽ സെന്റർ ഫോർ എൻവയോൺമെന്റൽ ലോ ആൻഡ് പോളിസിയുടെ 180 രാജ്യങ്ങളുൾപ്പെട്ട 2022 ലെ എൻവയോൺമെന്റൽ പെർഫോർമൻസ് ഇൻഡക്സ് (ഇ.പി.ഐ) പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം അവസാനമാണ്. ആഗോള സുസ്ഥിര അവസ്ഥയുടെ വസ്തുനിഷ്ഠമായ സംഗ്രഹമാണ് ഇ.പി.ഐ നൽകുന്നത്.

സവിശേഷമായ ജൈവവൈവിധ്യ ഹോട്ട്സ് പോട്ടുകളിൽ ഒന്നാണ് കേരളം. ഉഷ്ണമേഖലാ മഴക്കാടുകൾ, ശുദ്ധജല-ഉപ്പുവെള്ള തണ്ണീർത്തടങ്ങൾ, സമുദ്ര പവിഴപ്പുറ്റുകൾ തുടങ്ങിയ ഉൽപ്പാദനക്ഷമവും ജൈവവൈവിധ്യ സമ്പന്നവുമായ മൂന്ന് ആവാസവ്യവസ്ഥകളും കേരളത്തിലുണ്ട്. പാരിസ്ഥിതിക അവബോധം ബൗദ്ധിക വരേണ്യവർഗ്ഗത്തിന്റെ ഇടുങ്ങിയ പരിധിക്കപ്പുറത്തേക്ക് കേരളത്തിൽ ആഴത്തിൽ വേരോടിയിരിക്കുന്നതുകൊണ്ട് പൊതുമണ്ഡലത്തിൽ പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങൾ ആധികാരികമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്.

**കാലാവസ്ഥാവ്യതിയാനം**

കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതിയിലും മനുഷ്യ ക്ഷേമത്തിലും സാരമായ സ്വാധീനം ചെലുത്തുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ, ഭാവിയിലെ അപകടസാധ്യതകൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയമായ വിലയിരുത്തലുകൾ നടത്തി നയ രൂപീകരണത്തിൽ സഹായിക്കുന്നതിനും, അതുപോലെ പൊരുത്തപ്പെടൽ, ലഘൂകരണ മാർഗ്ഗങ്ങൾ എന്നിവ മുന്നോട്ട് വയ്ക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസിയാണ് ഐ.പി.സി.സി. 2022 ഏപ്രിൽ പുറത്തിറങ്ങിയ വർക്കിംഗ് ഗ്രൂപ്പ് 3-ന്റെ ഏറ്റവും പുതിയ ഐ.പി.സി.സി റിപ്പോർട്ട് കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും, ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കുന്നതിനുള്ള രീതികൾ വിലയിരുത്തുന്നതിനും, അന്തരീക്ഷത്തിൽ നിന്ന് ജി.എച്ച്.ജി നീക്കം ചെയ്യുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ആഗോള താപനം 1.5 ഡിഗ്രി സെൽഷ്യസായി പരിമിതപ്പെടുത്തുന്ന പാതകളിൽ, കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനം 2019 നെ അപേക്ഷിച്ച് 2030-ൽ 48 ശതമാനവും 2040-ൽ 80 ശതമാനവും കുറയ്ക്കേണ്ടതുണ്ട്. കൂടാതെ ആഗോള മീഥേൻ ബഹിർഗമനം 2030-ഓടെ 34 ശതമാനവും 2040-ൽ 44

ശതമാനവും കുറയ്ക്കേണ്ടിയിരിക്കുന്നു. ബന്ധപ്പെട്ട നയങ്ങൾ ശക്തിപ്പെടുത്താതിരുന്നാൽ ജി.എച്ച്.ജി ബഹിർഗമനം 2025-നപ്പുറം ഉയരുമെന്ന് കണക്കാക്കപ്പെടുന്നു. ആഗോളതാപനം 2100-ഓടെ 3.2 ഡിഗ്രി സെൽഷ്യസിൽ എത്തുമെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു.

കാലാവസ്ഥാ സംബന്ധിയായ ദുരന്തങ്ങളുടെ ഉയർന്ന സാധ്യത കണക്കിലെടുത്തും സമ്പദ്‌വ്യവസ്ഥ പ്രധാനമായും കാലാവസ്ഥാ സെൻസിറ്റീവ് മേഖലകളായ കൃഷി, വനം, വിനോദസഞ്ചാരം, മത്സ്യബന്ധനം എന്നിവയെ ആശ്രയിച്ചിരിക്കുന്നതിനാലും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ ശേഷി വളരെ ദുർബലമാണെന്ന് പറയാം. ഇന്ത്യ 2007-ൽ ആക്ഷൻ പ്ലാനിന്റെ പ്രവർത്തനം ആരംഭിക്കുകയും, കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കാനുള്ള ദേശീയ ആക്ഷൻ പ്ലാൻ (എൻ.എ.പി.സി.സി) 2008-ൽ പുറത്തിറക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനത്തോട് പ്രതികരിക്കാൻ എൻ.എ.പി.സി.സി എട്ട് ദേശീയ ദൗത്യങ്ങൾക്ക് രൂപം കൊടുത്തു. സൗരോർജ്ജം, മെച്ചപ്പെടുത്തിയ ഊർജ്ജ കാര്യക്ഷമത, സുസ്ഥിര കൃഷി, സുസ്ഥിര ആവാസവ്യവസ്ഥ, ജലം, സുസ്ഥിര ഹിമാലയൻ ആവാസവ്യവസ്ഥ, ഹരിത ഇന്ത്യ ദൗത്യം, പൊരുത്തപ്പെടലും ലഘൂകരണവും ഉൾപ്പെട്ട കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള തന്ത്രപരമായ അറിവ് എന്നിവ ദേശീയ ദൗത്യത്തിൽ ഉൾപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനം കേരളത്തിലെ പരിസ്ഥിതിക്ക് ഗുരുതര ഭീഷണി ഉയർത്തുന്നതുകൊണ്ട് സമീപ വർഷങ്ങളിൽ വികസന ആസൂത്രണത്തിലെ ഒരു അജണ്ടയായി ഇത് മാറിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഏകോപനത്തിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് പരിസ്ഥിതി വകുപ്പ്. എൻ.എ.പി.സി.സിയുടെ ആവിർഭാവത്തിന് ശേഷം എൻ.എ.പി.സി.സിയുടെ തന്ത്രങ്ങൾക്ക് അനുസൃതമായി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി (എസ്.എ.പി.സി.സി) തയ്യാറാക്കാൻ സംസ്ഥാന സർക്കാരുകളോട് നിഷ്കർഷിച്ചു. ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് (ഡി.ഒ.ഇ.സി.സി) തയ്യാറാക്കിയ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ആദ്യ കേരള സംസ്ഥാന കർമ്മപദ്ധതി 2014-ൽ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചു. എസ്.എ.പി.സി.സി-യുടെ പുനരവലോകനത്തിന് 2019-ൽ പരിസ്ഥിതി മന്ത്രാലയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഡയറക്ടറേറ്റ് 85 സ്റ്റേക്ക് ഹോൾഡർ ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള നോഡൽ ഓഫീസർമാരുമായി കൂടിയാലോചിക്കുകയും പുതുക്കിയ എസ്.എ.പി.സി.സി സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതനിലവാരം നിലനിർത്തുന്നതിനുള്ള ഒരു സുപ്രധാന ദർശന രേഖ എന്ന നിലയിൽ സുസ്ഥിര വികസനത്തിന്റെ മുൻനിരയിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ആശങ്കകൾ എസ്.എ.പി.സി.സി മുന്നോട്ടുവയ്ക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാന തന്ത്രങ്ങൾ സംസ്ഥാനതല ആസൂത്രണത്തിലും വികസന പ്രക്രിയയിലും മുഖ്യധാരയാക്കുകയും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ അപകടസാധ്യതകൾ കുറയ്ക്കുകയുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ (ഡി.ഒ.ഇ.സി.സി) 2021-22 ലെ പ്രധാന സംരംഭങ്ങളിൽ ചുവടെ പറയുന്നവ ഉൾപ്പെടുന്നു.

2021-22ൽ കാലാവസ്ഥാ വ്യതിയാന സെല്ലിന്റെ ശാക്തീകരണത്തിന് ഭരണാനുമതി ലഭിച്ചു. ബന്ധപ്പെട്ട ഡിപ്പാർട്ടമെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ നിയന്ത്രണ അതോറിറ്റികൾ, ഗവേഷണ-വികസന സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ (എൻ.ജി.ഒ), കമ്മ്യൂണിറ്റി അധിഷ്ഠിത സംഘടനകൾ (സി.ബി.ഒ), ദേശീയ-അന്താരാഷ്ട്ര സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറുന്നതിനും ഡാറ്റാ പങ്കിടുന്നതിനും പദ്ധതികളുടെ തത്സമയ നിരീക്ഷണം സുഗമമാക്കുന്നതിനുമാണ് സെൽ പ്രവർത്തിക്കുന്നത്. കാലാവസ്ഥാ വ്യതിയാന ഡാറ്റായുടെയും വിവരങ്ങളുടെയും ശേഖരണം, വിശകലനം, പ്രചരിപ്പിക്കൽ എന്നിവ ഉറപ്പാക്കാൻ ഒരു കാലവസ്ഥാ വ്യതിയാന വിജ്ഞാന മാനേജ്മെന്റ് പോർട്ടൽ വികസിപ്പിക്കാൻ സെൽ തീരുമാനിച്ചിട്ടുണ്ട്.

കോളേജുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ഭൂമിത്രസേന ക്ലബ്ബുകളുടെ കീഴിൽ വിദ്യാർത്ഥികളുടെ പാരിസ്ഥിതിക പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിലവിലുള്ള ക്ലബ്ബുകൾക്കുള്ള സഹായത്തോടൊപ്പം 2021-22 ൽ സ്കൂൾ/കോളേജുകളിൽ 58 പുതിയ ബി.എം.സികൾ രൂപീകരിച്ചു. പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി പാരിസ്ഥിതികം പരിപാടിയിലൂടെ ബോധവൽക്കരണവും പ്രവർത്തന-അധിഷ്ഠിത പരിപാടികളും നടത്താൻ 12 സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. പരിസ്ഥിതി അവബോധവും പ്രോത്സാഹനവും എന്ന സ്കീമിലെ പ്രോഗ്രാമുകൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി ഓൺലൈൻ ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റവും മൊബൈൽ ആപ്പും വികസിപ്പിച്ചുവരുന്നു. ലോക പരിസ്ഥിതി ദിനം, ലോക തണ്ണീർത്തട ദിനം, ലോക ജലദിനം, ലോക വനദിനം, ലോക ഓസോൺ ദിനം തുടങ്ങിയ പരിസ്ഥിതി പ്രസക്തമായ ദിനങ്ങൾ ആചരിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

പരിസ്ഥിതി ഗവേഷണത്തിന്റെയും വികസനത്തിന്റെയും ഭാഗമായി പുതിയ പദ്ധതികളോടൊപ്പം തുടർപദ്ധതികളും നടപ്പിലാക്കി. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി മേഖലയിൽ ഹ്രസ്വകാല ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വിദ്യാപോഷിണി സ്റ്റുഡന്റ് ഫെല്ലോഷിപ്പ് പ്രോഗ്രാമിലൂടെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. പരിസ്ഥിതി പോഷിണി ഗവേഷണ ഫെലോഷിപ്പ് പ്രോഗ്രാമിലൂടെ പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ യുവ ഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നു. ഈ കാലയളവിൽ രണ്ട് പി.എച്ച്.ഡി ഗവേഷകർ ഫെലോഷിപ്പ് പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കി.

സംസ്ഥാനത്തുടനീളമുള്ള 21 സംഘടനകൾക്ക് പരിശീലന പരിപാടികൾ/ ശിൽപശാലകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുകയും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന പ്രധാന കാർഷിക വിളകളുടെ മാതൃകകളും സാങ്കേതിക വിദ്യകളും വികസിപ്പിക്കാൻ എട്ട് പദ്ധതികൾക്ക് ആവർത്തന ഫണ്ട് അനുവദിക്കുകയും

ചെയ്തു. തന്ത്രപരമായ ഗവേഷണം, സാങ്കേതികവിദ്യാ വികസനം, പ്രദർശനം എന്നിവയിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ നേരിടാൻ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുകയാണ് കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കാർബൺ ഫൂട്ട് പ്രിന്റ് കണക്കാക്കുന്നതിനുള്ള രീതിശാസ്ത്രത്തിന് അന്തിമരൂപം നൽകുന്നതിന് കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് നടത്തുകയും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻ വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്തു.

തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനമനുസരിച്ച്, തീരദേശ ജില്ലകൾക്കുള്ള തീരദേശ പരിപാലന പദ്ധതികളുടെ (സി.ഇസഡ്.എം.പി) കരട് തയ്യാറാക്കുന്നത് കേരള തീരദേശ പരിപാലന അതോറിറ്റി (കെ.സി.ഇസഡ്.എം.എ) ആണ്. ദേശീയ അക്വാട്ടിക് ഇക്കോസിസ്റ്റംസ് (എൻ.പി.സി.എ) സംരക്ഷണ പദ്ധതിയുടെ കീഴിൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ വിവിധ സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. തണ്ണീർത്തടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന്റെ ഭാഗമായി എറണാകുളം, കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിലെ റവന്യൂ ഉദ്യോഗസ്ഥരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗങ്ങൾ പൂർത്തിയായി വരുന്നു.

**ജൈവവൈവിധ്യം**

ജൈവവൈവിധ്യം, ആവാസവ്യവസ്ഥയുടെ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംഭാവനകൾ എന്നിവയിലെ ദ്രുതഗതിയിലുള്ള കുറവ് കാണിക്കുന്നത് ഏയ്ച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങളും സുസ്ഥിര വികസനത്തിനായുള്ള അജണ്ട 2030ഉം ഉൾക്കൊള്ളുന്ന അന്താരാഷ്ട്ര സാമൂഹിക പാരിസ്ഥിതിക ലക്ഷ്യങ്ങൾ നിലവിലെ അവസ്ഥയിൽ കൈവരിക്കാൻ കഴിയില്ല എന്നാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ ഫ്രെയിംവർക്ക് കൺവെൻഷന്റെയും ജൈവവൈവിധ്യത്തിനായുള്ള 2050 കാഴ്ചപ്പാടിന്റെയും പരിധിയിലുള്ള പാരീസ് ഉടമ്പടിയിലെ ലക്ഷ്യങ്ങളെയും ഈ കുറവ് ദുർബലപ്പെടുത്തും.

ഭാവി തലമുറക്ക് വലിയ മൂല്യമുള്ള ആഗോള സ്വത്താണ് ജൈവവൈവിധ്യം. മനുഷ്യന്റെ പ്രവർത്തനങ്ങൾ മൂലം ജീവജാലങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു. യു.എൻ.ഇ.പി യുടെ പഠനങ്ങളനുസരിച്ച് കരയിലെ പരിസ്ഥിതിയുടെ മുക്കാൽ ഭാഗവും സമുദ്ര പരിസ്ഥിതിയുടെ 66 ശതമാനവും മനുഷ്യ പ്രവർത്തനങ്ങളാൽ ഗണ്യമായി മാറിക്കൊണ്ടിരിക്കുന്നുവെന്നാണ്. ഒരു ദശലക്ഷത്തോളം മൃഗങ്ങളും സസ്യജാലങ്ങളും ഇപ്പോൾ നാശത്തിന്റെ ഭീഷണിയിലാണ്. നാം കെട്ടിപ്പടുക്കുന്ന നാഗരികതകളുടെ അടിസ്ഥാനമാണിവ. അതുകൊണ്ടുതന്നെ ജൈവ വൈവിധ്യത്തിന്റെ നാശം നമ്മുടെ ആരോഗ്യമുൾപ്പെടെ എല്ലാവരുടെയും നിലനിൽപ്പിന് ഭീഷണിയാകുന്നു. ജൈവവൈവിധ്യത്തിന്റെ നാശം മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യരോഗങ്ങൾ വർദ്ധിപ്പിക്കാൻ കാരണമാകുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ഈ വിഷയത്തെക്കുറിച്ചുള്ള അവബോധത്തിന്റെ ആവശ്യവും കണക്കിലെടുത്ത് ജൈവ വൈവിധ്യത്തിനായുള്ള അന്താരാഷ്ട്ര ദിനം വർഷം തോറും ആഘോഷിക്കാൻ യു.എൻ തീരുമാനിച്ചു.

ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ (എഫ്.എ.ഒ) 'ഭക്ഷണത്തിനും കൃഷിക്കും വേണ്ടിയുള്ള ജൈവവൈവിധ്യ പ്രവർത്തനങ്ങളുടെ ചട്ടക്കൂട് 2022' എന്ന റിപ്പോർട്ട് പറയുന്നത് ഭക്ഷണത്തിനും കൃഷിക്കുമായുള്ള ജൈവവൈവിധ്യ പരിപാലനത്തിലും, ആവാസവ്യവസ്ഥാ സേവനങ്ങളുടെ പ്രോത്സാഹനത്തിനും പ്രാദേശിക ദേശീയ ആഗോള തലങ്ങളിലുള്ള ബഹുമുഖ സഹകരണം ആവശ്യമാണെന്നാണ്. യു.എൻ.ഇ.പിയുടെ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഔട്ട്ലുക്ക്-5 റിപ്പോർട്ട് അനുസരിച്ച് സംരക്ഷിത മേഖലകളുടെ വിസ്തൃതിയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2000-2020 കാലയളവിൽ (ജൈവവൈവിധ്യത്തിനായുള്ള യു.എൻ ദശകം) കരപ്രദേശങ്ങളിൽ 10 ശതമാനത്തിൽ നിന്ന് 15 ശതമാനമായും സമുദ്രമേഖലയിൽ 3 ശതമാനത്തിൽ നിന്ന് 7 ശതമാനമായും വർദ്ധനവുണ്ടായി. ജൈവവൈവിധ്യത്തിന് പ്രത്യേക പ്രാധാന്യമുള്ള മേഖലകളുടെ സംരക്ഷണവും (പ്രധാന ജൈവവൈവിധ്യ മേഖലകൾ) ഇതേ കാലയളവിൽ 29 ശതമാനത്തിൽ നിന്ന് 44 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

ഭൂവിസ്തൃതിയിൽ 2.4 ശതമാനം ഉൾക്കൊള്ളുന്ന ഇന്ത്യയിലാണ് രേഖപ്പെടുത്തിയിരിക്കുന്ന ജീവജാലങ്ങളിൽ ഏഴ് ശതമാനവും, ലോക ജനസംഖ്യയുടെ 18 ശതമാനവും. ഇന്ത്യ വികസന പദ്ധതികൾ വഴി (കേന്ദ്ര-സംസ്ഥാന സർക്കാരുകൾ) പ്രത്യക്ഷമായും പരോക്ഷമായും ജൈവവൈവിധ്യമേഖലയിൽ വലിയ തുക നിക്ഷേപിക്കുന്നുണ്ട്. ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ മൂന്നിൽ രണ്ട് ഭാഗവും വരണ്ടതോ അർദ്ധ-ശുഷ്കമോ ആയ ഈർപ്പമുള്ള പ്രദേശങ്ങളാണ്. ഗ്രാമീണ, അർദ്ധ-നഗര പ്രദേശങ്ങളിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉപജീവന മാർഗ്ഗമാണ് ഇവ. ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് നിലവിൽ വന്ന ആദ്യ രാജ്യമാണ് ഇന്ത്യ.

കേരളത്തിലെ വൈവിധ്യമാർന്ന ഭൂപ്രകൃതി 13 കാർഷിക-കാലാവസ്ഥാ മേഖലകൾക്കും, വനങ്ങൾ, പുൽമേടുകൾ, തണ്ണീർത്തടങ്ങൾ, തീരദേശ, സമുദ്ര ആവാസവ്യവസ്ഥകൾ തുടങ്ങി വൈവിധ്യമാർന്ന പരിസ്ഥിതി വ്യവസ്ഥകൾക്കും കാരണമായി. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പശ്ചിമഘട്ടത്തിലെ 39 സൈറ്റുകളിൽ 19 എണ്ണവും കേരളത്തിലാണ്. സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാടൻ കൃഷി ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക സംവിധാനമായി (ജി.ഐ.എ.എച്ച്.എസ്) അംഗീകരിച്ചിട്ടുള്ളതാണ്. ജൈവവിഭവങ്ങളുടെ സുസ്ഥിരമായ വിനിയോഗത്തിൽ കേരളം എന്നും മുൻപന്തിയിലാണ്. നാഗോയ പ്രോട്ടോക്കോളിന് വളരെ മുമ്പേ 2002-ൽ തന്നെ ഇക്വേറ്റർ സമ്മാനം ആദ്യമായി ലഭിച്ചത് കനി മോഡലിനായിരുന്നു. മറൈൻ സ്റ്റുവാർഡ്ഷിപ്പ് കൗൺസിൽ (എം.എസ്.സി) സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഏഷ്യയിലെ മൂന്നാമത്തെ മത്സ്യബന്ധനരീതിയാണ് അഷ്ടമുടി 'ഷോർട്ട്-നെക്ക് ക്ലാം ഫിഷറി'.

2002 ലെ ദേശീയ ജൈവവൈവിധ്യ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി 2004ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി) സ്ഥാപിക്കുകയും അതനുസരിച്ച് ജൈവവൈവിധ്യ നിയമങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.

2021-22 ലെ ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.

**സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള ജൈവവൈവിധ്യ സമ്പന്നമായ പ്രദേശങ്ങളെ തിരിച്ചറിയുകയും അവയെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക സൈറ്റുകളായി (എൽ.ബി.എച്ച്.എസ്) സംരക്ഷിക്കുകയും ചെയ്യുക:** 'ഫലപ്രദമായ പ്രദേശാധിഷ്ഠിത സംരക്ഷണ നടപടികളായി' പ്രഖ്യാപിക്കാൻ കഴിയുന്ന 13 മേഖലകൾ കണ്ടെത്തി. വിവിധ ജില്ലകളിലായി പ്രഖ്യാപിച്ച 10 എൽ.ബി.എച്ച്.എസുകളെക്കുറിച്ചുള്ള ഫീൽഡ് പഠനങ്ങളും അതിന്റെ സംരക്ഷണത്തിനുള്ള ഡി.പി.ആറും തയ്യാറാക്കി.

**പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ (പി.ബി.ആർ), 'ഡിറൈവ്ഡ് ആക്ഷൻ പ്ലാൻ', ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയുടെ നടപ്പാക്കൽ:** ബി.എം.സി കൾ വഴി പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുകയും 14 ബി.എം. സി കളിൽ പി.ബി.ആർ നവീകരണം പുരോഗമിക്കുകയും ചെയ്യുന്നു. ജില്ലാതല ബി.എം.സി പരിശീലന പരിപാടികൾ നടത്തുകയുണ്ടായി.

**ബി.എം.സികളുടെ ശാക്തീകരണം:** ജില്ലാതല ഫെസിലിറ്റികളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും നവീകരണത്തിലൂടെ ബി.എം.സികളുടെ ശാക്തീകരണം പുരോഗമിക്കുന്നു.

**അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ (ആർ.ഇ.റ്റി) തദ്ദേശീയ ഇനങ്ങളുടെ പ്രജനനം:** ജൈവ വൈവിധ്യ നിയമപ്രകാരം വിജ്ഞാപനം ചെയ്ത തദ്ദേശീയ ആർ.ഇ.റ്റി സ്പീഷീസുകൾക്കായി പ്രജനന സാങ്കേതികവിദ്യയുടെ വികസനവും, നേഴ്സറികൾ സ്ഥാപിക്കലും, ഗവേഷണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എം.എൻ.ആർ.ഇ.ജി.എസ് എന്നിവയുടെ പിന്തുണയോടെ കൃഷിയുടെ പ്രോത്സാഹനവും.

**എബിഎസ് സെല്ലിന്റെ ശാക്തീകരണം:** നിയമ വിദഗ്ദ്ധരുമായും പ്രാദേശിക അറിവുള്ളവരുമായും കൂടിയാലോചിച്ച് റിസോഴ്സ് യൂസർ ഗ്രൂപ്പുകളുടെ കപ്പാസിറ്റി ബിൽഡിംഗ് വഴി എബിഎസ് സെൽ ശാക്തീകരിക്കുകയും കളക്ഷൻ ഫീസ് ഈടാക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ചെയ്യുന്നു.

**ജൈവവൈവിധ്യ പഠനം:** മനുഷ്യൻ, മൃഗം, സസ്യങ്ങളുടെ ഇടപെടലുകൾ, ജൈവവൈവിധ്യ നഷ്ടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ജൈവവൈവിധ്യ നിരീക്ഷണം എന്നിവയെ സംബന്ധിച്ച ജൈവവൈവിധ്യ പഠനം നടത്തുകയുണ്ടായി.

**മ്യൂസിയത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം:** കേരള ജൈവവൈവിധ്യ മ്യൂസിയത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം ഏറ്റെടുത്തു.

**മൊബൈൽ ആപ്ലിക്കേഷന്റെ വികസനം:** ബോധവൽക്കരണത്തിന്റെ ഭാഗമായി എൻ.ഐ.സി യുമായി സഹകരിച്ച് ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ്:** റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന മൂന്ന് പദ്ധതികൾ കെ.എസ്.ബി.ബി നടപ്പിലാക്കി. ഇവ 2022 മാർച്ചോടെ പൂർത്തിയായി.

**കേരളത്തിൽ വ്യാപാരം ചെയ്യപ്പെടുന്ന ജൈവവിഭവങ്ങളുടെ ഡാറ്റാബേസും അവയുടെ സാമ്പത്തിക മൂല്യനിർണ്ണയവും:** 250 അസംസ്കൃത മരുന്ന് വ്യാപാരികൾ, 800 പ്ലാന്റ് നഴ്സറികൾ, 138 മറൈൻ ലാൻഡിംഗ് സെന്ററുകൾ, 4000 മത്സ്യത്തൊഴിലാളികൾ, 100 ആയുർവേദ മരുന്ന് നിർമ്മാതാക്കൾ എന്നിവരെ പദ്ധതിയിൽ ഉൾപ്പെടുത്തി. ജൈവവിഭവങ്ങളുടെ (വനം, വനത്തിനു പുറത്തുള്ള ഭൂമി, സമുദ്രം, ഉൾനാടൻ ജലവിഭവങ്ങൾ, കൃഷി, കന്നുകാലികൾ) ഉത്ഭവസ്ഥാനത്തുള്ള മൊത്തം വാർഷിക മൂല്യം 66,883.11 കോടി രൂപയായി കണക്കാക്കുന്നു. ഇത് സംസ്ഥാനത്തെ ജൈവവൈവിധ്യത്തിന്റെ സംഭാവനയുടെ വ്യാപ്തി സൂചിപ്പിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ ജൈവവൈവിധ്യ ആവാസവ്യവസ്ഥകൾ വിപണനം ചെയ്യാൻ കഴിയാത്ത നിരവധി സേവനങ്ങളും നൽകുന്നുണ്ട്.

**നദീതീര ജൈവവൈവിധ്യ പുനരുജ്ജീവനം–പമ്പാ നദി:** നാശം സംഭവിച്ച നദീതീരങ്ങളിലെ സസ്യജാലങ്ങൾ പുനഃസ്ഥാപിക്കുന്നതിനും പ്രദേശവാസികൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പത്തനംതിട്ടയിലെ തെരഞ്ഞെടുത്ത 14 പഞ്ചായത്തുകളിലാണ് ഇത് നടപ്പാക്കിയത്.

**കാർഷിക വൈവിധ്യ സംരക്ഷണം:** സംരക്ഷകരായ കർഷകർ മുഖേന വിളകളുടെയും അവയുടെ വന്യമായ സ്പീഷീസുകളുടെയും, നാടൻ ഇനങ്ങളുടെയും ജനിതക വൈവിധ്യത്തെ സംരക്ഷിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ക്രോസ് ലേണിംഗ്, ട്രെയിനിംഗ്, എക്സ്പോഷർ സന്ദർശനങ്ങൾ, സീഡ് ഫെസ്റ്റുകൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കാർഷികജൈവവൈവിധ്യ സംരക്ഷണത്തിനായി സംരക്ഷകരായ കർഷകരെ ശാക്തീകരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

### മലിനീകരണ നിയന്ത്രണം

വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷന്റെ (ഡബ്ല്യു.എം.ഒ) 2022-ലെ എയർ ക്വാളിറ്റി ആൻഡ് ക്ലൈമറ്റ് ബുള്ളറ്റിൻ അനുസരിച്ച്, മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും തമ്മിലുള്ള ഇടപെടൽ ദശലക്ഷക്കണക്കിന് ആളുകളിൽ ക്ലൈമറ്റ് പെനാൽറ്റി ആയി മാറുന്നുവെന്നാണ്. 2025ൽ ലോകത്തിലെ നഗരങ്ങൾ 2.2 ബില്യൺ ടൺ മാലിന്യം ഉൽപ്പാദിപ്പിക്കുമെന്ന് യു.എൻ.ഇ.പി യുടെ ബീറ്റ് പൊല്യൂഷൻ മുന്നറിയിപ്പ് നൽകുന്നു. ഇത് 2009ൽ പുറംതള്ളിയതിന്റെ മൂന്നിരട്ടിയിലധികമാണ്. മലിനീകരണ രഹിത ഭൂമിയെന്ന ആഗോള പദ്ധതിയുടെ നടത്തിപ്പ് ഏകോപിപ്പിക്കുന്നതിന് യു.എൻ.ഇ.പി യെ യു.എൻ എൻവയോൺമെന്റ് അസംബ്ലി ചുമതലപ്പെടുത്തുകയുണ്ടായി. മലിനീകരണം പരിഹരിക്കുക എന്നത് പാരിസ്ഥിതിക മുൻഗണന മാത്രമല്ല; എസ്.ഡി.ജി-കൾ കൈവരിക്കുന്നതിനും ഇത് ആവശ്യമാണ്. പ്ലാസ്റ്റിക് മലിനീകരണത്തിൽ നിന്ന് ഒരു വഴി കണ്ടെത്തുകയെന്നത് പരിസ്ഥിതിയുടെയും സമുദ്രങ്ങളുടെയും

നിലവാരം മെച്ചപ്പെടുത്തുന്നതിന് മാത്രമല്ല, മറിച്ച് സമ്പദ്‌വ്യവസ്ഥ, പൊതുജനാരോഗ്യം, ഉപജീവനമാർഗം എന്നിവ മെച്ചപ്പെടുത്തുന്നതിനും ആവശ്യമാണ്. പ്ലാസ്റ്റിക് മാലിന്യത്തിന്റെ 98 ശതമാനവും കരയിൽ അടിഞ്ഞുകൂടുന്നു. അവിടെ നിന്ന് അത് സമുദ്രത്തിലേക്ക് നയിക്കുന്ന ഉൾനാടൻ ജലപാതകളെ ക്രമേണ മലിനമാക്കുന്നു. ആവശ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ സമുദ്രങ്ങളിലേക്കുള്ള പ്ലാസ്റ്റിക്കിന്റെ പ്രവാഹം 2040-ഓടെ ഏകദേശം മൂന്നിരട്ടിയാകും.


ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നായ ഇന്ത്യ, ലോകത്തിലെ ജി.എച്ച്.ജി ബഹിർഗമനത്തിന്റെ ഏഴ് ശതമാനത്തോളം സംഭാവന ചെയ്യുന്നുണ്ട്. ജി.എച്ച്.ജി ബഹിർഗമനത്തിൽ ചൈനയ്ക്കും യു.എസിനും ശേഷം മൂന്നാം സ്ഥാനത്താണ് ഇന്ത്യ. എന്നാൽ ഇന്ത്യയുടെ സഞ്ചയ ബഹിർഗമനം വളരെ കുറവാണ്. സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് പ്രസിദ്ധീകരിച്ച സ്റ്റേറ്റ് ഓഫ് ഇന്ത്യയുടെ 2022 ലെ പരിസ്ഥിതി റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ നാലിൽ മൂന്ന് റിവർ മോണിറ്ററിംഗ് സ്റ്റേഷനുകളിലും ഈയം, ഇരുമ്പ്, നിക്കൽ, കാഡ്മിയം, ആർസെനിക്, ക്രോമിയം, ചെമ്പ് തുടങ്ങിയ ഘന വിഷ ലോഹങ്ങളുടെ അളവ് ഭയാനകമായ അളവിൽ വർദ്ധിക്കുന്നുവെന്ന് മുന്നറിയിപ്പ് നൽകുന്നു. മലിനീകരണ തോത് നിരീക്ഷിച്ച 21 സംസ്ഥാനങ്ങളിലെ 588 ജലഗുണനിലവാര സ്റ്റേഷനുകളിൽ, മൊത്തം കോളിഫോം, ബയോകെമിക്കൽ ഓക്സിജൻ ഡിമാൻഡ് (ബി.ഒ.ഡി) എന്നിവ യഥാക്രമം 239, 88 എന്നീ ഉയർന്ന നിലകളിലായിരുന്നു. വ്യവസായം, കൃഷി, വീടുകൾ എന്നിവയിൽ നിന്നുള്ള മോശപ്പെട്ട മലിനജല സംസ്കരണത്തിന്റെ സൂചകമാണിത്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെ.എസ്.പി.സി.ബി) സംസ്ഥാനത്തെ 34 സ്റ്റേഷനുകളിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നുണ്ട്. ഇതിൽ 28 സ്റ്റേഷനുകൾ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് (എൻ.എ.എം.പി) കീഴിൽ വരുന്നവയാണ്. കോഴിക്കോട്, എറണാകുളം, കൊല്ലം, കണ്ണൂർ, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തുടർച്ചയായ അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ **ചിത്രം 3.7.1**ലും കേരളത്തിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ **ചിത്രം 3.7.2**ലും നൽകിയിരിക്കുന്നു. കേരളത്തിലെ വ്യാവസായിക മേഖലകളിലെ നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ **ചിത്രം 3.7.3**ൽ കൊടുത്തിരിക്കുന്നു.

നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് (എൻ.ഡബ്ല്യു.എം.പി) കീഴിൽ സംസ്ഥാനത്ത് 128 വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളുണ്ട്. ഇക്കൂട്ടത്തിൽ 48 നദികളിലെ (വലിയ ഇടത്തരം, മൈനർ നദികൾ) 72 സ്റ്റേഷനുകൾ, റിസർവോയറുകളിലെ ആറ്, ശുദ്ധജല തടാകങ്ങളിലെ മൂന്ന്, അഴിമുഖ തടാകങ്ങളിൽ എട്ട്, കനാലുകളിലെ മൂന്ന്, കുളങ്ങളിലെ രണ്ട്, ഗ്രൗണ്ട് വാട്ടറിലെ 34 സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടുന്നു. സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (എസ്.ഡബ്ല്യു.എം.പി) 23 നദികളിലായി 115 സ്റ്റേഷനുകളിലും നാല് തടാകങ്ങളിലെ 23 സ്റ്റേഷനുകളിലും പ്രവർത്തിക്കുന്നുണ്ട്. ശബരിമല ഉത്സവ കാലത്തെ പമ്പാ നദിയും കരമന, പെരിയാർ, ഭാരതപ്പുഴ, വാമനപുരം, കടലുണ്ടി നദികളിലെ താഴ്ന്ന ഭാഗങ്ങളിലും ഉയർന്ന ബി.ഒ.ഡി രേഖപ്പെടുത്തിയിട്ടുണ്ട്. കരമനയാറിലെ മൂന്നാറ്റുമുക്ക്, കല്ലായി പുഴയിലെ കല്ലായി പാലം, പമ്പാ നദി, മൂന്നാർ നദി, തൊടുപുഴ, കോരപ്പുഴയിലെ പുറക്കാട്ടേരി എന്നിവിടങ്ങളിൽ കോളിഫോമിന്റെ അളവ് വളരെ കൂടുതലാണ്.


മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസുകളോട് ചേർന്നുള്ള ലബോറട്ടറികൾ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നേടുന്നതിനായി നൂതന ഉപകരണങ്ങളും യന്ത്രങ്ങളും ഉൾപ്പെടുത്തി ആധുനികവത്ക്കരിച്ചിട്ടുണ്ട്.

**ചിത്രം 3.7.1** കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021





അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2022

**ചിത്രം 3.7.2** കേരളത്തിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021




അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2022

**ചിത്രം 3.7.3** കേരളത്തിലെ വ്യവസായിക മേഖലകളിലെ നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2021





അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2022

കൊച്ചിയിലെ അമ്പലമേട്ടിൽ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനും, നീക്കം ചെയ്യുന്നതിനുമുള്ള സൗകര്യം (സി.ബി.ഡബ്ല്യു.റ്റി.ഡി.എഫ്) സ്ഥാപിക്കുന്നതിന് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് (കെ.ഇ.ഐ.എൽ) സാമ്പത്തിക സഹായം നൽകി. ഇക്കാലയളവിൽ അഷ്ടമുടിക്കായലിലെ ശുചിത്വ സർവേ സാമൂഹിക-സാമ്പത്തിക യൂണിറ്റ് ഫൗണ്ടേഷൻ വഴി നടത്തി. കെ.എസ്.പി.സി.ബിയുടെ ഇ-ഗവേണൻസിന്റെയും ബിസിനസ്സ് എളുപ്പമാക്കുന്നതിന്റെയും ഭാഗമായുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്തെ മലിനമായ 21 സ്ട്രെച്ചുകൾക്കായുള്ള കർമപദ്ധതി, തീരദേശ കർമപദ്ധതി, കുളങ്ങൾക്കായുള്ള കർമ പദ്ധതി പുരോഗമിക്കുകയാണ്.


കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കെ.എ.ആർ.എസ്.എ.പി) നടപ്പിലാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് മുൻകൈയെടുത്തു. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ചെടുത്ത ഓൺലൈൻ കൺസന്റ് മാനേജ്മെന്റ് മോണിറ്ററിംഗ് സിസ്റ്റം (ഒ.സി.എം.എം.എസ്)

**ചിത്രം 3.7.4** തെരഞ്ഞെടുത്ത റിവർ സ്റ്റേഷനുകളിലെ ബി.ഒ.ഡി ലെവലുകൾ, 2020-21




അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2022

**ചിത്രം 3.7.5** കേരളത്തിലെ എം.എസ്.ഡബ്ല്യു ഉത്പാദനവും സംസ്കരണവും 2019-20 മുതൽ 2021-22 വരെ




അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2022

വഴിയാണ് കൺസന്റ് അഡ്മിനിസ്ട്രേഷൻ നടത്തുന്നത്. **ചിത്രം 3.7.4**-ൽ കേരളത്തിലെ തെരഞ്ഞെടുത്ത റിവർ സ്റ്റേഷനുകളിലെ ബി.ഒ.ഡി ലെവലുകൾ ചിത്രീകരിക്കുന്നു. 2020 നെ അപേക്ഷിച്ച്, 2021ൽ ചാലിയാർ, കല്ലട, ചന്ദ്രഗിരി, പമ്പ എന്നിവിടങ്ങളിലെ ബി.ഒ.ഡി നില ഉയർന്നതാണ്.

സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണം ഇക്കാലയളവിൽ വലിയ തോതിൽ മെച്ചപ്പെട്ടിട്ടുണ്ട്. മുനിസിപ്പൽ ഖരമാലിന്യത്തിന്റെ (എം.എസ്.ഡബ്ല്യു) ഉൽപ്പാദനത്തിന്റെയും സംസ്കരണത്തിന്റെയും വിശദാംശങ്ങൾ **ചിത്രം 3.7.5**-ൽ നൽകിയിരിക്കുന്നു. എം.എസ്.ഡബ്ല്യു സംസ്കരണം 2019-20ൽ 52 ശതമാനമായിരുന്നു, ഇത് 2021-22ൽ 77 ശതമാനമായി ഉയർന്നു. 2020-21 ൽ സംസ്ഥാനത്ത് അപകടകരമായ മാലിന്യ ഉൽപ്പാദനം 5949 മെട്രിക് ടൺ ആയിരുന്നു. ഇത് മുൻവർഷത്തേക്കാൾ 65 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. 2021-22ൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് സംസ്കരിച്ച ജൈവ മെഡിക്കൽ മാലിന്യം (ബി.എം.ഡബ്ല്യു) 611.4 ടൺ ആയിരുന്നു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നേട്ടങ്ങൾ

മനുഷ്യ ക്ഷേമത്തിന്റെ അവിഭാജ്യ ഘടകമായി കണക്കാക്കപ്പെടുന്ന ശുദ്ധവും ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതിയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തത്. വിദ്യാർത്ഥികൾക്ക് പരിസ്ഥിതി വിദ്യാഭ്യാസ അവസരങ്ങൾ നൽകുന്നതിന്റെയും പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവരെ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 112 ഭൂമിത്ര സേനാ ക്ലബ്ബുകൾ ഹയർസെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ചു. നിലവിൽ 426 ഭൂമിത്ര സേനാക്ലബ്ബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലബ്ബുകൾ ജലഗുണനിലവാര നിരീക്ഷണം, പ്രളയാനന്തര പരിസ്ഥിതി പുനരുദ്ധാരണ പരിപാടികൾ എന്നിവ

പ്രചരിപ്പിക്കുന്നതിൽ സഹായിക്കുന്നു. പാരിസ്ഥിതികം പരിപാടിയിലൂടെ സ്കൂളുകൾ, കോളേജുകൾ, എൻ. ജി.ഒ-കൾ എന്നിവയുൾപ്പെടെ 139 സ്ഥാപനങ്ങൾക്ക് ഇടപെടലുകളോടൊപ്പം ബോധവൽക്കരണ പരിപാടികൾ നടത്താൻ സാമ്പത്തിക സഹായം നൽകി. വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാഷണൽ എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് കോൺഗ്രസ് (എൻ.ഇ.സി.സി.സി) സംഘടിപ്പിക്കുകയും പരിസ്ഥിതി പ്രാധാന്യമുള്ള ദേശീയ അന്തർദേശീയ ദിനങ്ങൾ ആചരിക്കുകയും ചെയ്തു. ഈ കാലയളവിൽ 10 പരിസ്ഥിതി പോഷിണി ഫെലോഷിപ്പുകൾ നൽകുകയും പുതിയ വിദ്യാർത്ഥി ഫെലോഷിപ്പായ വിദ്യാപോഷിണി ഫെലോഷിപ്പ് ആരംഭിക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട 13 പദ്ധതികൾക്ക് ഈ കാലയളവിൽ സാമ്പത്തിക സഹായം നൽകി. കൊല്ലം ജില്ലയിലെ മൺറോ തുരുത്തിൽ ബയോ-സലൈൻ കൃഷിയും ഓപ്പൺ വാട്ടർ ഫിഷ് ഫാമിംഗും ആരംഭിച്ചു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതിയുടെ (എസ്.എ.പി. സി.സി) പുനരവലോകനത്തിന്റെ ഭാഗമായി കാലാവസ്ഥാ വ്യതിയാന ദുർബലത വിശകലനം നടത്തുകയും കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

കേരളത്തിലെ എട്ട് പ്രധാന തണ്ണീർത്തടങ്ങളുടെ മാനേജ്മെന്റ് ആക്ഷൻ പ്ലാനുകൾ സി.ഡബ്ല്യൂ.ആർ.ഡി.എം-ന്റെ സഹായത്തോടെ തയ്യാറാക്കി. അഷ്ടമുടി, ശാസ്താംകോട്ട, വേമ്പനാട് അഴിമുഖം എന്നീ കർമ്മപദ്ധതികൾ നടപ്പാക്കലിനോടൊപ്പം മൂന്ന് റാംസർ തണ്ണീർത്തടങ്ങൾ എന്നിവ പുരോഗമിക്കുകയാണ്. നൂറ് പരിവർത്തന ആശയങ്ങൾ എന്ന മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി, സംയോജിത മാനേജ്മെന്റ് കർമ്മ പദ്ധതി നടപ്പാക്കിയതിനോടൊപ്പം വെള്ളായണി തടാകത്തെ തെരഞ്ഞെടുത്തു. സംസ്ഥാനത്തുടനീളമുള്ള എല്ലാ പ്രധാന തണ്ണീർത്തടങ്ങളിലും പ്രളയാനന്തര ആവാസവ്യവസ്ഥയുടെ സ്ഥിതി ഡയറക്ടറേറ്റ് വിലയിരുത്തി. സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ കേരള സെന്റർ ഫോർ ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് (കെ.സി.ഐ.സി.എം) പരിസ്ഥിതി വകുപ്പിന് കീഴിലാണ് സ്ഥാപിച്ചത്. തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനമനുസരിച്ച്, കേരള തീരദേശ പരിപാലന അതോറിറ്റി (കെ.സി.ഇസഡ്.എം.എ) എല്ലാ തീരദേശ ജില്ലകൾക്കും തീരദേശ പരിപാലന പദ്ധതി തയ്യാറാക്കി.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി) രൂപീകരിക്കുകയും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും ചെയ്തു. ശാക്തീകരണത്തിന്റെ ഭാഗമായി, ജൈവ വൈവിധ്യ പാർക്ക്, നദീതീര സസ്യങ്ങളുടെ പുനരുജ്ജീവനം, കണ്ടൽക്കാടുകളുടെ പുനരുജ്ജീവനം, ചിത്രശലഭ-പാർക്ക്, നാടൻ ഫലസസ്യങ്ങളുടെ സംരക്ഷണം, നാടൻ ഇനം നെല്ലുകൾ, കിഴങ്ങുകൾ, കാവുകൾ തുടങ്ങി വിവിധ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 55 ബി.എം.സികൾക്ക് പിന്തുണ നൽകുകയുണ്ടായി. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ തീരത്തുള്ള കണ്ടൽക്കാടുകൾ പൈതൃക സ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. ജൈവവൈവിധ്യ സംരക്ഷണത്തിനും ആനുകൂല്യങ്ങളുടെ ന്യായമായ പങ്കുവയ്ക്കലിനും വേണ്ടിയാണ് കേരള ജൈവവൈവിധ്യ ഫണ്ട് രൂപീകരിച്ചത്. കെ.എസ്. ബി.ബി, പ്രളയാനന്തരം 187 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബി.എം.സികൾ വഴി ജൈവവൈവിധ്യത്തിലെ ആഘാതം വിലയിരുത്തുകയും ഉപജീവനമാർഗ്ഗങ്ങൾ, ജൈവവൈവിധ്യ നഷ്ടം, ഭൂപ്രകൃതി നാശം, സസ്യ ജന്തുജാലങ്ങളുടെ നാശം എന്നിവയെക്കുറിച്ചുള്ള ഡാറ്റ ശേഖരിക്കുകയും, അതനുസരിച്ച് ആവശ്യമുള്ള മേഖലകൾക്ക് മുൻഗണന നൽകുകയും ചെയ്തു. ഇതിന്റെ ഭാഗമായി ജൈവവൈവിധ്യത്തിലും ആവാസവ്യവസ്ഥയിലും വെള്ളപ്പൊക്കത്തിന്റെയും ഉരുൾപ്പൊട്ടലിന്റെയും ആഘാതം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട 28 പഠനങ്ങൾ ഗവേഷണ വികസന സ്ഥാപനങ്ങൾക്കും സർവകലാശാലകൾക്കും നൽകുകയുണ്ടായി. ബി.എം. സി.കളിലൂടെ നദീതീര ജൈവവൈവിധ്യ പുനരുജ്ജീവനം, കാർഷിക-ജൈവവൈവിധ്യ സംരക്ഷണം, കേരളത്തിലെ വ്യാപാര ജൈവവിഭവങ്ങളുടെ ഡാറ്റാബേസ് പഠനം എന്നിവ ഉൾപ്പെടെ മൂന്ന് പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി നടപ്പിലാക്കിയത്. ഇന്ത്യയിലെയും കേരളത്തിലെയും സമ്പന്നമായ ജൈവവൈവിധ്യങ്ങൾ പ്രദർശിപ്പിക്കുന്ന അത്യാധുനിക ജൈവവൈവിധ്യ മ്യൂസിയം തിരുവനന്തപുരത്തെ വള്ളക്കടവിൽ സ്ഥാപിച്ചു. ഇക്കാലയളവിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 1500 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുകയും ജൈവവൈവിധ്യ അവബോധം സൃഷ്ടിക്കുന്നതിനായി ശിൽപശാലകൾ നടത്തുകയും ചെയ്തു.

കോഴിക്കോട് ജില്ലയിലെ പാളയം, എറണാകുളം ജില്ലയിലെ എം.ജി റോഡ്, ഏലൂർ, കൊല്ലത്തെ പോളയത്തോട്, തിരുവനന്തപുരത്തെ കാര്യവട്ടം, കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണ സ്റ്റേഷനുകൾ സ്ഥാപിച്ചു. 'തിരുവനന്തപുരത്തിന്റെ പാരിസ്ഥിതിക സ്ഥിതി റിപ്പോർട്ട്', 'ജലാശയങ്ങളുടെ വർഗ്ഗീകരണത്തെക്കുറിച്ചുള്ള പഠനം-നല്ലതണ്ണിയും മുതിരപ്പുഴയാറും' എന്നീ പദ്ധതികൾ പൂർത്തിയാക്കി. കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കെ.എ.ആർ. എസ്.എ.പി) സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങി. 19 എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളിൽ പി.എം 2.5 സാമ്പിൾ സ്ഥാപിക്കൽ, ബിസിനസ്സ് ചെയ്യാൻ സൗകര്യത്തിനായി ഓൺലൈൻ കൺസന്റ് മാനേജ്മെന്റ് സിസ്റ്റം സജ്ജീകരിക്കൽ, പെരിയാറിലെ നിരീക്ഷണത്തിനായി നൈറ്റ് വിഷൻ ക്യാമറകൾ സ്ഥാപിക്കൽ, വെബ് അധിഷ്ഠിത തീരുമാന പിന്തുണയും നിരീക്ഷണ സംവിധാനവും വികസിപ്പിക്കൽ, മലിനീകരണം കുറയ്ക്കൽ, കിള്ളിയാറിലെയും കരമനയാറിലെയും ശുചിത്വ സർവേ, പ്രളയബാധിത പ്രദേശങ്ങളിലെ 40,000 കിണറുകളുടെ നിരീക്ഷണം എന്നിവ പൂർത്തീകരിച്ച പദ്ധതികളിൽ ഉൾപ്പെടുന്നു. മലിനീകരണ നിയന്ത്രണബോർഡ് സംസ്ഥാനത്തെ ജലം, വായു ഗുണനിലവാര നിരീക്ഷണ ഡയറക്ടറികൾ പ്രസിദ്ധീകരിക്കുകയും തീർത്ഥാടന കാലത്ത് ശബരിമലയിലെ മലിനീകരണ നിരീക്ഷണം നടത്തുകയും ചെയ്തു.

**ഹരിതകേരളം മിഷൻ**

സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നാല് വികസന ദൗത്യങ്ങളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. ശുചിത്വം, ജലസമൃദ്ധി, ജല സുരക്ഷ, ഭക്ഷ്യവസ്തുക്കളുടെ സുരക്ഷിതമായ ഉൽപാദനം എന്നിവ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ 2016 ഡിസംബറിൽ ആരംഭിക്കുകയുണ്ടായി. മിഷന്റെ പ്രധാന മേഖലകൾ ഇവയാണ്.

- ഓരോ ജില്ലയിലെയും പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെയും മറ്റ് വകുപ്പുകളുടെയും പദ്ധതികളുടെ വിവിധ തലത്തിലുള്ള ഏകോപനത്തിനുള്ള മാർഗ്ഗങ്ങൾക്ക് രൂപം നൽകുക.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയവും കാര്യക്ഷമവും സാങ്കേതികവുമായ ഉപദേശം നൽകുക.
- "ഹരിതകേരളം" സൃഷ്ടിക്കുന്നതിനായി നേതൃത്വം നൽകുകയും ജനപങ്കാളിത്തവും സാമൂഹിക ഉൾപ്പെടുത്തലും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക എന്നിവയ്ക്കാണ് ഹരിതകേരളം മിഷൻ പ്രധാന ഊന്നൽ നൽകുന്നത്.

ശുചിത്വവും മാലിന്യ സംസ്കരണവും, ജല സംരക്ഷണം, കാർഷിക വികസനം എന്നിങ്ങനെ മൂന്ന് ഉപ ദൗത്യങ്ങളാണ് മിഷനുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടേയും ഏകോപനത്തോടെയാണ് മിഷൻ വിവിധതരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്.

**ശുചിത്വമാലിന്യ സംസ്ക്കരണവും**

ഹരിത പെരുമാറ്റച്ചട്ടം സാമൂഹ്യജീവിതത്തിന്റെ ഭാഗമാക്കുന്നതിന് മിഷൻ ഒട്ടനവധി ഇടപെടൽ നടത്തിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വ പദവി കൈവരിക്കുകയും 15,000 സർക്കാർ ഓഫീസുകൾ ഹരിത ഓഫീസായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യം ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനും ഹരിതകർമ്മസേന സ്വയം സഹായ സംഘങ്ങൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഹരിത നിയമ ബോധവത്ക്കരണ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പ്രധാനപ്പെട്ട പൊതുവിദ്യാഭ്യാസ പരിപാടിയായി മാറിയിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി "വഴികാട്ടാൻ വാഗമൺ"ന്റെ മാതൃകയിൽ മൂന്നാറിൽ ഒരു ഗ്രീൻ ടൂറിസം പ്രോജക്ട് ആരംഭിക്കുകയുണ്ടായി. ഈ മേഖലയിലെ ചില പ്രധാന ഇടപെടലുകൾ ഇവയാണ്.

- ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 93 നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുകയുണ്ടായി.
- അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി 1,002 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ സംവിധാനം സ്ഥാപിക്കുകയുണ്ടായി.
- ക്ലീൻ കേരള കമ്പനി ഈ കാലയളവിൽ 7,383 ടൺ തരംതിരിച്ച പ്ലാസ്റ്റിക്കും, 31,672 ടൺ ലെഗസി വേസ്റ്റും, 1,962 ടൺ ഇ-വേസ്റ്റും, 583 ടൺ ഗ്ലാസ് വേസ്റ്റും, 42 ടൺ ടെക്സ്റ്റൈൽ വേസ്റ്റും എന്നിവ ശേഖരിക്കുകയുണ്ടായി. കൂടാതെ 3,183 ടൺ പ്ലാസ്റ്റിക് വേസ്റ്റ് ഷ്രെഡ് ചെയ്യുകയുമുണ്ടായി.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി കൈവരിക്കുന്നതിലേക്കായി വീടുകൾ തോറുമുള്ള മാലിന്യ ശേഖരണവും സംസ്കരണവും 100 ശതമാനം ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായവും നല്കുന്നു.
- മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെയുള്ള കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ നിരീക്ഷണ സംവിധാനമായ 'ഹരിതമിത്രം ആപ്പ്' 312 ഗ്രാമപഞ്ചായത്തുകളിലും 58 മുനിസിപ്പാലിറ്റികളിലും 4 മുനിസിപ്പൽ കോർപ്പറേഷനുകളിലും നടപ്പിലാക്കിവരുന്നു.
- പ്രത്യേകതരം മാലിന്യങ്ങളായ കെട്ടിടനിർമ്മാണ മാലിന്യം ഇറച്ചി മാലിന്യം, മുടിമാലിന്യം, ഗാർഹിക മാലിന്യം, മെഡിക്കൽ/ശുചിത്വമാലിന്യം മുതലായവ സംസ്കരിക്കുന്നതിനുള്ള മിഷന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- വീടുകളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് 29,538 ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുകയും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പ്രവർത്തിച്ച് വരുന്നുമുണ്ട്.

**കാർഷിക വികസനം**

കൃഷി വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഹരിതകേരളം മിഷൻ തരിശുനിലങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കുക, ഹരിതസമൃദ്ധി വാർഡ് ആയി പ്രഖ്യാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം നൽകുക, കരഭൂമി ഉൾപ്പെടെയുള്ള പ്രദേശത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുക, ജൈവപച്ചക്കറി ഉത്പാദനം, സ്കൂൾ പരിസരങ്ങളിലും വിവിധ സ്ഥാപനങ്ങളുടെ ഭൂമിയിലും പച്ചക്കറി കൃഷി, സംയോജിത കൃഷി പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഐടിഐ കാമ്പസുകളും ഹരിതാഭമാക്കാനുള്ള കർമ്മപദ്ധതിയും സംസ്ഥാനത്തെ പരമാവധി വീടുകളെ ഹരിതഗൃഹങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ കാർഷിക പ്രവർത്തനങ്ങളും ശ്രദ്ധേയമായ ഫലം നൽകുകയുണ്ടായി.

സംസ്ഥാനത്തുടനീളം ഹരിത തുരുത്തുകളാക്കുന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പച്ചത്തുരുത്ത്" പ്രോജക്ട് ഹരിതകേരളം മിഷന്റെ നൂതന സംരംഭമെന്ന നിലയിൽ പ്രശംസിക്കപ്പെടുകയുണ്ടായി. പൊതുസ്ഥലങ്ങളിലും പൊതുസ്ഥാപനങ്ങളുടെ പരിസരങ്ങളിലും കണ്ടെത്തിയ ഒഴിഞ്ഞ സ്ഥലങ്ങളിൽ നിശ്ചിത സാന്ദ്രതയും വൈവിധ്യവുമുള്ള തനത് മരങ്ങളും നാടൻ ചെടികളും നട്ടുപിടിപ്പിച്ച് ജൈവവൈവിധ്യം സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രതികൂല സാഹചര്യങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രായോഗിക ഇടപെടലെന്ന നിലയിൽ ഈ പരിപാടി പൊതുജനശ്രദ്ധയും പിന്തുണയും ലഭിക്കുകയുണ്ടായി. ഈ അവലോകന കാലയളവിൽ 314 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തുടനീളം 617.79 ഏക്കറിൽ 2457 പച്ചത്തുരുത്തുകളാണുള്ളത് .കാർഷിക മേഖലയിൽ ഹരിതകേരളം മിഷന്റെ ചില പ്രധാന ഇടപെടലുകൾ ഇവയാണ്:

- ഒരു ഗ്രാമപഞ്ചായത്തിലെ തരിശു നിലങ്ങളുൾപ്പെടെ മുഴുവൻ കൃഷിഭൂമിയിലും അനുയോജ്യമായ വിളകൾ കൃഷിചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് തരിശുരഹിത ഗ്രാമം ക്യാമ്പയിൻ നടത്തിയത്. സംസ്ഥാനത്തെ 126 ഗ്രാമപഞ്ചായത്തുകളെയാണ് ഈ പരിപാടിയിലേക്ക് തിരഞ്ഞെടുത്തത്. കൊല്ലം

ജില്ലയിലെ മൈനാഗപ്പള്ളി പഞ്ചായത്തിൽ തരിശായി കിടന്നിരുന്ന 574 ഏക്കർ സ്ഥലത്ത് ഈ പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്യുകയുണ്ടായി. അതുപോലെ 30 വർഷത്തിന് ശേഷം കോഴിക്കോട് ജില്ലയിലെ തിക്കോടി പഞ്ചായത്തിലെ നടയകം പാടശേഖരം കൃഷിക്ക് ഏറ്റെടുക്കുകയുണ്ടായി. കോഴിക്കോട് കോർപ്പറേഷനിലെ പാലാട്ടി പാടശേഖരത്തിലെ ആറ് ഏക്കർ നെൽപ്പാടത്തിന്റെ വിളവെടുപ്പ് ഫെസ്റ്റും നടത്തുകയുണ്ടായി.

- സംസ്ഥാനത്തെ 446 വാർഡുകളിൽ ഹരിത സമൃദ്ധി വാർഡ് പദ്ധതി പുരോഗമിക്കുന്നു.
- ക്ഷേത്രങ്ങളുടെയും മറ്റ് ആരാധനാലയങ്ങളുടെയും ഒഴിഞ്ഞ സ്ഥലങ്ങളിൽ കൃഷിയും ഹരിതവൽക്കരണവും ലക്ഷ്യമിടുന്ന ദേവഹരിതം പദ്ധതിയിൽ 126 സ്ഥലങ്ങൾ കണ്ടെത്തുകയുണ്ടായി.
- ഇൻസ്റ്റിറ്റ്യൂഷണൽ ഫാമിങ്ങിനായി 62 വ്യവസായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്. ഇതിന്റെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം ഉൽപ്പന്ന ഫാക്ടറിയിൽ യഥാക്രമം 5 ഏക്കറിലും 15 ഏക്കറിലും കശുമാവ്, പച്ചക്കറികൾ എന്നിവ നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- കാർബൺ ന്യൂട്രൽ സംസ്ഥാനം/നെറ്റ് സീറോ എമിഷൻ തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടികളും മിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ഇതിനായി മാർഗ്ഗരേഖയുടെ കരട് തയ്യാറാക്കി വരികയുമാണ്.

**ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതി (IHRML)**

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, യുഎൻഡിപി, "ഗ്ലോബൽ എൻവയോൺമെന്റ്" ഫെസിലിറ്റി എന്നിവയുമായി സഹകരിച്ച് ഹരിതകേരളം മിഷനാണ് ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതി നടപ്പിലാക്കിയത്. കൃഷിയിലൂടെ ആദിവാസികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണവും വരുമാനവും ഉറപ്പാക്കുക, തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ യുവാക്കളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പിന്തുണ നൽകുക, മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുക, പരിസ്ഥിതി സുസ്ഥിരത ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇടുക്കി ജില്ലയിലെ ഒമ്പത് ഗ്രാമപഞ്ചായത്തുകളും എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ഓരോ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടെ 11 ഗ്രാമപഞ്ചായത്തുകളിലായാണ് പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രധാന നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി.

- സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് 345 ഏക്കർ സ്ഥലത്ത് പരമ്പരാഗത തിനയും നെല്ലും കൃഷി ചെയ്യുകയും 1160 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി.
- പ്രദേശിക ഇനം നെല്ല്, തിന, ഔഷധ സസ്യങ്ങൾ, കിഴങ്ങുവിളകൾ എന്നിവയുടെ സംരക്ഷണത്തിനായി മൂന്ന് കാർഷിക-ജൈവവൈവിധ്യ പരീക്ഷണ പ്ലോട്ടുകൾ സ്ഥാപിക്കുകയുണ്ടായി.
- മൂന്നാർ, മറയൂർ, കാന്തല്ലൂർ, ദേവികുളം ഗ്രാമപഞ്ചായത്തുകളിലെ 2892 കുടുംബങ്ങളുടെ പുരയിടങ്ങളിൽ ഔഷധത്തോട്ടങ്ങൾ സ്ഥാപിക്കുകയുണ്ടായി.
- യുഎൻഡിപി പദ്ധതിയിലൂടെ മാങ്കുളം, ചിന്നക്കനൽ, മറയൂർ, കാന്തല്ലൂർ, അതിരപ്പിള്ളി, കുട്ടമ്പുഴ, മൂന്നാർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കുകയുണ്ടായി.

**മണ്ണ്, ജല സംരക്ഷണം**

ഹരിതകേരളം മിഷൻ നിരവധി ജലസംരക്ഷണ പ്രവർത്തനങ്ങൾ സമീപ വർഷങ്ങളിൽ ഏറ്റെടുക്കുകയുണ്ടായി. സംസ്ഥാനത്തുടനീളം നദികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുകയും അതിലൂടെ നിരവധി നദികളുടെ സ്വതന്ത്രമായ ഒഴുക്കും സജീവതയും പുനഃസ്ഥാപിക്കുന്നതിനും സാധിച്ചു. കിണറുകളുടെയും കുളങ്ങളുടെയും നവീകരണവും റീചാർജിംഗും മികച്ച ഫലങ്ങൾ നൽകുകയുണ്ടായി. പൊതുവായി ജലസംരക്ഷണ പരിപാടികൾ കാർഷിക മേഖലയെയും പരിപോഷിപ്പിച്ചിട്ടുണ്ട്. ജലനിരപ്പ് സ്കെയിലുകൾ സ്ഥാപിച്ച് ജലാശയങ്ങളിലെ ജലലഭ്യത നിരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഡിജിറ്റൽ ഭൂപടത്തിൽ ജലസ്രോതസ്സുകൾ അടയാളപ്പെടുത്തുന്നതിനുള്ള മാപ്പത്തോൺ, കുടിവെള്ളത്തിന്റെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് ഈ മേഖലയിലെ മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ. ഈ മേഖലയിലെ ഇടപെടലുകൾ താഴെ പ്രതിപാദിക്കുന്നു:

- 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ക്യാമ്പയിനിന്റെ ഭാഗമായി തോടുകളുടെ പുനരുജ്ജീവനം ആരംഭിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 10,253 കിലോമീറ്റർ നദികളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പുനരുജ്ജീവിപ്പിച്ച 45,736 കിലോമീറ്ററിന് പുറമെയാണിത്. പശ്ചിമഘട്ട മേഖലയിലെ അരുവികൾ വീണ്ടെടുക്കൽ 'ഇനി ഞാൻ ഒഴുകട്ടെ' കാമ്പയി ക്യാമ്പയിനിന്റെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ, പരീക്ഷണാടിസ്ഥാനത്തിൽ 10 ജില്ലകളിലെ ഓരോ ഗ്രാമപഞ്ചായത്തിൽ വീതം സ്ട്രീംസ് മാപ്പത്തോൺ പൂർത്തിയാക്കുകയുണ്ടായി.
- ഇതുകൂടാതെ, 11,914 കിലോമീറ്റർ തോടുകളും 923 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും, 1,839 പുതിയ കുളങ്ങൾ നിർമ്മിക്കുകയും, 4,486 കിണറുകൾ റീചാർജ് ചെയ്യുകയും, 7,582 പുതിയ കിണറുകൾ നിർമ്മിക്കുകയുമുണ്ടായി.
- ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തേയും ഒരു ഹയർസെക്കൻഡറി സ്കൂളിലെ കെമിസ്ട്രി ലാബുമായി ചേർന്ന് പ്രദേശവാസികൾക്ക് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇത്തരത്തിൽ 254 ലാബുകൾ സ്ഥാപിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്, ഇതിൽ 166 സ്കൂളുകളിൽ ലാബുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ 313 ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട് .
- ജലസംരക്ഷണത്തിനായി പാറമടകൾ റീചാർജ് ചെയ്യുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ രണ്ട് ക്വാറികളിൽ പദ്ധതി

ആരംഭിക്കുകയുണ്ടായി. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി മറ്റിടങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

- ജലലഭ്യത നിർണയ സ്കെയിൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നാല് കുളങ്ങളിൽ ജലലഭ്യത നിർണ്ണയ സ്കെയിൽ സ്ഥാപിക്കുകയുണ്ടായി.
- തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിലെ പ്രധാന തോടുകൾ വൃത്തിയാക്കുന്നതിന് ലക്ഷ്യമിട്ടുള്ള "പുഴ ഒഴുകും മാണിക്കൽ പദ്ധതി" ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഏകദേശം 50 ശതമാനം പ്രവർത്തികളും പൂർത്തീകരിക്കുകയുണ്ടായി.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നീർത്തട പ്രദേശങ്ങളിലെ മണ്ണ്-ജല സംരക്ഷണം ലക്ഷ്യമിട്ടുള്ള നീരുറവ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ചുള്ളാളത്ത് ഈ പദ്ധതി അന്തിമഘട്ടത്തിലാണ്. ഈ പദ്ധതി സംസ്ഥാനത്തെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നു.
- ജലാഞ്ജലി-നീരുറവ പദ്ധതി പേരാവൂർ ബ്ലോക്ക് പഞ്ചായത്തിൽ അന്തിമഘട്ടത്തിലാണ്.
- കനാൽ പുനരുജ്ജീവനവും അനുബന്ധ ടൂറിസം വികസനവും ലക്ഷ്യം വെക്കുന്ന പദ്ധതിയായ പൊഴിയൂർ എവിഎം കനാലിന്റെ പുനരുജ്ജീവനം എന്ന പദ്ധതിക്ക് തുടക്കമിടുകയുണ്ടായി.

ഈ മൂന്ന് ഉപദൗത്യങ്ങൾക്കു കീഴിലുള്ള വൈവിധ്യവും നൂതനവുമായ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രചാരണങ്ങളിലൂടെയും കൃഷി, അനുബന്ധ മേഖലകൾ, ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നിവയിൽ ഗുണപരവും സുസ്ഥിരവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്.

# 3.8 ഭക്ഷ്യസുരക്ഷയും പൊതുവിതരണ സംവിധാനവും

2021-ൽ ലോകത്തിലെ 768 ദശലക്ഷം ആളുകളെ പട്ടിണി ബാധിച്ചു, ഇത് മുൻ വർഷത്തേക്കാൾ 46 ദശലക്ഷം കൂടുതലും, കോവിഡ്-19 ന് മുൻപുള്ള കാലഘട്ടത്തിലെ നിരക്കിനേക്കാൾ 150 ദശലക്ഷവും കൂടുതലാണ്. പോഷകാഹാരക്കുറവിന്റെ വ്യാപനം 2019-ലെ 8 ശതമാനത്തിൽ നിന്ന് 2020-ൽ ലോകജനസംഖ്യയുടെ 9.3 ശതമാനമായി ഉയർന്നു, 2021-ൽ അത് വീണ്ടും ഉയർന്ന് 9.8 ശതമാനമായി. 2021-ൽ ലോകത്തിലെ 2.3 ബില്യൺ ആളുകൾ (29.3 ശതമാനം) മിതമായതോ കടുത്തതോ ആയ ഭക്ഷ്യ അരക്ഷിതാവസ്ഥയിലാണ്. ഭക്ഷ്യസുരക്ഷയിലെ ലിംഗ വ്യത്യാസവും ഈ കാലയളവിൽ വർദ്ധിക്കുകയുണ്ടായി. 2021-ൽ 27.6 ശതമാനം പുരുഷന്മാരുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീകളിൽ ഇത് 31.9 ശതമാനമായി വർദ്ധിച്ചു (സ്റ്റേറ്റ് ഓഫ് ഫുഡ് സെക്യൂരിറ്റി ആന്റ് ന്യൂട്രീഷൻ ഇൻ ദി വേൾഡ്, റിപ്പോർട്ട്-2022 പ്രകാരം). 149 ദശലക്ഷം കുട്ടികൾ അവരുടെ ഭക്ഷണത്തിലെ അവശ്യ പോഷകങ്ങളുടെ അഭാവം മൂലം വളർച്ചയും വികാസവും മുരടിച്ചതായി കണക്കാക്കപ്പെടുന്നു. ഇക്കണോമിസ്റ്റ് ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടുള്ള 2022 ലെ ആഗോള ഭക്ഷ്യ സുരക്ഷാ സൂചികയിൽ (ജിഎഫ്എസ്) 29.1 പോയിന്റുമായി ഇന്ത്യ 121 രാജ്യങ്ങളിൽ 107-ാം സ്ഥാനത്താണ്.

**പൊതുവിതരണ സംവിധാനം**

ഇന്ത്യയിലെ പൊതുവിതരണ സംവിധാനം (പിഡിഎസ്) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ഉത്തരവാദിത്വമാണ്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്സിഐ) മുഖേന ഭക്ഷ്യധാന്യങ്ങളുടെ ശേഖരണം, സംഭരണം, വിതരണം, സംസ്ഥാന സർക്കാരുകൾക്കുള്ള മൊത്തത്തിലുള്ള വിഹിതം അനുവദിക്കുക എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ ചുമതലയാണ്. സംസ്ഥാനത്തിനകത്തെ വിനിയോഗം, യോഗ്യരായ കുടുംബങ്ങളെ കണ്ടെത്തൽ, റേഷൻ കാർഡ് വിതരണം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തന ചുമതലകളും ന്യായവില കടകളുടെ (എഫ് പി എസ്) പ്രവർത്തനത്തിന്റെ മേൽനോട്ടവും സംസ്ഥാന സർക്കാരുകൾക്കാണ്. ഗോതമ്പ്, അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ അവശ്യ സാധനങ്ങളാണ് പൊതുവിതരണ സമ്പ്രദായത്തിന് കീഴിൽ വിതരണം ചെയ്യുന്നതിനായി സംസ്ഥാനങ്ങൾക്ക് വകയിരുത്തുന്നത്.

**കേരളത്തിലെ പൊതുവിതരണ സംവിധാനം**

ഇന്ത്യയിലെ ഏറ്റവും ഫലപ്രദവും മികച്ചതുമായ പൊതുവിതരണ സമ്പ്രദായങ്ങളിലൊന്നാണ് കേരളത്തിനുള്ളത്, കൂടാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിൽ കേരളം മുൻനിര നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ ഭക്ഷ്യധാന്യങ്ങളുടെ പൊതുവിതരണത്തിന്റെ ഉത്ഭവം രണ്ടാം ലോക മഹായുദ്ധ കാലഘട്ടത്തിലാണ്. പിന്നീട്, സംസ്ഥാന സർക്കാർ 1957-ൽ താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി അനൗപചാരിക സംവിധാനം നടപ്പിലാക്കുകയും അത് 1964 വരെ തുടരുകയും ചെയ്തു. ഇന്ത്യാ ഗവൺമെന്റിന്റെ 1955 ലെ അവശ്യസാധന നിയമത്തിന്റെ അടിസ്ഥാനത്തിൽ, പൊതുവിതരണ സമ്പ്രദായം ഔപചാരികമായി 1965 ജൂലൈ 1-ന് നിലവിൽ വന്നു. അതിനെ തുടർന്ന് ഇത് ഇന്ത്യയിലുടനീളം ഒരു സാർവത്രിക റേഷനിംഗ് സംവിധാനമായി വളർന്നു. ഇന്ത്യാ ഗവൺമെന്റ് വരുത്തിയ നയപരമായ മാറ്റങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനം 1997-ൽ ടാർഗെറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ആരംഭിച്ചു. കേന്ദ്ര വിഹിതത്തിൽ നിന്ന് അനുവദിക്കുന്ന സാധനങ്ങൾ സമയബന്ധിതമായി ശേഖരിക്കുക, റേഷൻ കടകൾ വഴിയുള്ള അവയുടെ വിതരണം ഉറപ്പാക്കുക, ഇത് കൃത്യസമയത്തും ഫലപ്രദമായും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നിവ പൊതുവിതരണ സംവിധാനത്തിന്റെ പ്രധാന ഉത്തരവാദിത്വമാണ്. പൊതുവിതരണ സംവിധാനത്തിന്റെ ഔട്ട്ലെറ്റുകളുടെ ശൃംഖലയിലൂടെ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, വിപണി അച്ചടക്കം നടപ്പിലാക്കുക,

ഉപഭോക്തൃ അവബോധം പ്രോത്സാഹിപ്പിക്കുക, അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക തുടങ്ങിയ സുപ്രധാന ചുമതലകൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നിർവഹിക്കുന്നു.


**പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ**

- ഏകീകൃത മാതൃകയിൽ റേഷൻ കടകളുടെ നവീകരണവും ഓട്ടോമേഷനും, ഇ-റേഷൻ കാർഡ് പദ്ധതി നടപ്പാക്കലും, എടിഎം കാർഡുകളുടെ വലുപ്പത്തിൽ റേഷൻ കാർഡുകളുടെ വിതരണവും, രാജ്യത്ത് എവിടെനിന്നും എളുപ്പത്തിൽ റേഷൻ ലഭ്യമാക്കുന്നതിനായുള്ള 'വൺ നേഷൻ വൺ റേഷൻ കാർഡ്' പരിപാടി എന്നിവ ഉൾപ്പെടെയുള്ള ആധുനികവൽക്കരണ, ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ ന്യായവില കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും മെച്ചപ്പെട്ട ഗുണനിലവാരത്തോടെ ശരിയായ അളവിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണം ഉറപ്പാക്കുകയും എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ മാസവും റേഷൻകാർഡുടമകൾക്ക് അർഹമായ വിഹിതം സംബന്ധിച്ച് അവരെ എസ് എം എസ് മുഖേന അറിയിക്കുന്നു.
- ഉപജീവന മാർഗ്ഗത്തിനായി വനത്തെ ആശ്രയിക്കുന്ന ആദിവാസി, തീരദേശ നിർധനർക്കും, ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി, തീരദേശ ആളുകൾക്കും, പ്രകൃതിക്ഷോഭം ബാധിച്ച ആളുകൾക്കും റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണത്തിലൂടെ ലഭ്യമാക്കുകയും, തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നിങ്ങനെ 8 ജില്ലകളിലെ ആദിവാസി മേഖലയിൽ 60 മൊബൈൽ റേഷൻ കടകൾ ആരംഭിക്കുകയും ചെയ്തു.
- മിക്കവാറും എല്ലാ വിഭാഗം ആളുകൾക്കും റേഷൻ കാർഡുകൾ നൽകിക്കൊണ്ട് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം ലക്ഷ്യമിട്ടിട്ടുള്ള പരിധിക്കുമപ്പുറമുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സാർവത്രിക കവറേജ് ഉറപ്പാക്കുകയും യോഗ്യരായ കുടുംബങ്ങളുടെ വിശദാംശങ്ങൾ പൊതുസഞ്ചയത്തിൽ ലഭ്യമാക്കുകയും ചെയ്തു.
- പരാതി പരിഹാര പ്രവർത്തനത്തിനായി കമ്മീഷണറേറ്റ് തലത്തിൽ പ്രത്യേക കോൾ സെന്റർ സ്ഥാപിക്കുകയും സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു.
- ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻഎഫ്എസ്എ) നടപ്പാക്കുന്നതിന്റെ ഭാഗമായി എൻഡ് ടു എൻഡ് കംപ്യൂട്ടർവൽക്കരണം, പരാതി പരിഹാര പോർട്ടൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും അംഗീകൃത റേഷൻ ഡീലർമാരുടെ തലം വരെയുള്ള വിതരണ ശൃംഖലയുടെ മേൽനോട്ടം, ഭക്ഷ്യധാന്യങ്ങളുടെ സുതാര്യവും കാര്യക്ഷമവുമായ വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ കൊണ്ടു പോകുന്ന വാഹനത്തിന്റെ ജിപിഎസ് ട്രാക്കിംഗും സിസിടിവി സ്ഥാപിക്കലും, ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) ഇൻഫ്രാസ്ട്രക്ചറും കണക്റ്റിവിറ്റിയും, 100 ന്യായവില ഷോപ്പുകളുടെ സോഷ്യൽ ഓഡിറ്റിംഗ്, ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ (IEC) പ്രവർത്തനങ്ങൾ, ഇടനില ഗോഡൗണിന്റെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കി.
- സപ്ലൈകോയുടെ ആധുനീകരണത്തിന്റെ ഭാഗമായി 241 ഔട്ട്‌ലെറ്റുകളുടെ നവീകരണവും ഡിപ്പോ മാനേജ്മെന്റ് സിസ്റ്റം, ഔട്ട്‌ലെറ്റ് മാനേജ്മെന്റ് സിസ്റ്റം, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, ടീ ബ്ലെൻഡിംഗ് പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളും തിരുവനന്തപുരം ജില്ലയിലെ വലിയതുറയിലും കൊല്ലം ജില്ലയിലെ (റെയിൽവെ സ്റ്റേഷനു സമീപം) ഗോഡൗണുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും തിരുവല്ലയിലെ രണ്ട് ഗോഡൗണുകളുടെയും കൊച്ചിയിലെ ഒരു ഗോഡൗണിന്റെയും നിർമ്മാണം നടന്നു വരികയുമാണ്. സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം എല്ലാ വിള സീസണുകളിലും ഫലപ്രദമായി നടക്കുന്നുണ്ട്.

**റേഷൻ കാർഡ് വിതരണം**

2020-21ൽ 89.81 ലക്ഷമായിരുന്ന റേഷൻ കാർഡ് ഉടമകളുടെ എണ്ണം 2021-22ൽ 90.21 ലക്ഷമായി ഉയർന്നു. 2022 ആഗസ്റ്റ് വരെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം 92.51 ലക്ഷമാണ്. ഇതിൽ എൻഎഫ്എസ്എ കാർഡുകൾ 40.83 ലക്ഷവും, എൻഎഫ്എസ്എ ഇതര കാർഡുകൾ 51.68 ലക്ഷവും ആണ്. എൻഎഫ്എസ്എ വിഭാഗത്തിൽ 5.9 ലക്ഷം അന്ത്യോദയ അന്നയോജന കാർഡുകളും (എഎവൈ), 34.93 ലക്ഷം മുൻഗണനാ കാർഡുകളും ഉൾപ്പെടുന്നു. എൻഎഫ്എസ്എ ഇതര കാർഡുകളിൽ 23.47 ലക്ഷം മുൻഗണനേതര സബ്സിഡി വിഭാഗത്തിലും 28.21 ലക്ഷം മുൻഗണനേതര സബ്സിഡി ഇതര വിഭാഗത്തിലും ഉൾപ്പെടുന്നു. ഇതിനുപുറമെ സ്ഥാപനങ്ങളിലൂടെ കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി 2021-22 ൽ 890 റേഷൻ പെർമിറ്റുകളും നൽകിയിട്ടുണ്ട്.

**ചിത്രം 3.8.1** വിവിധ വിഭാഗം കാർഡ് ഉടമകൾ, 2022 ഓഗസ്റ്റ് മാസം വരെ, ശതമാനത്തിൽ




അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്

2021-22 ലെ വിവിധ വിഭാഗം കാർഡുടമകളുടെ എണ്ണവും, സംസ്ഥാന സർക്കാർ 2021-22ൽ വിവിധ വിഭാഗം കാർഡുടമകൾക്ക് ഭക്ഷ്യധാന്യ വിതരണത്തിനായി ചെലവഴിച്ച സബ്സിഡി തുകയും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.8.1**ൽ നൽകിയിട്ടുണ്ട്.

**സംസ്ഥാന സർക്കാർ വിവിധ വിഭാഗം കാർഡ് ഉടമക ൾക്കായി ചെലവഴിച്ച സബ്സിഡി തുക**

2021-22ൽ വിവിധ വിഭാഗം കാർഡ് ഉടമകൾക്കായി 232.3 കോടി രൂപ സബ്സിഡിയായി ചെലവഴിച്ചു . 2021-22 ലെ മൊത്തം സബ്സിഡി തുകയുടെ 59.2 ശതമാനം മുൻഗണനാ കാർഡ് ഉടമകൾക്കും 40.8 ശതമാനം മുൻഗണനേതര കാർഡ് ഉടമകൾക്കുമാണ് ചെലവഴിച്ചത്. 2021-22 ൽ മുൻഗണനാ കാർഡ് ഉടമകൾക്കായി ചെലവഴിച്ച സബ്സിഡി തുക മുൻവർഷത്തെ അപേക്ഷിച്ച് 5.7 ശതമാനം വർദ്ധിക്കുകയും മുൻഗണനേതര കാർഡ് ഉടമകളുടെ സബ്സിഡിതുക (-)12.5 ശതമാനം കുറയുകയുമുണ്ടായി. (**പട്ടിക 3.8.1**).

**ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും വിഹിതം**

2021-22ൽ, സംസ്ഥാനത്ത് പൊതുവിതരണ സംവിധാന ത്തിലൂടെയുള്ള അരി വിതരണം 2020-21 ലെ 12,09,840 മെട്രിക് ടണ്ണിൽ നിന്ന് 11,05,835 മെട്രിക് ടണ്ണായി കുറഞ്ഞു, ഇത് (-)8.6 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. 2021-22ൽ 1,44,079 മെട്രിക് ടൺ ഗോതമ്പും, 21,920 കിലോ ലിറ്റർ മണ്ണെണ്ണയും, 6604 മെട്രിക് ടൺ പഞ്ചസാരയും പൊതുവിതരണ സമ്പ്രദായത്തിലൂടെ സംസ്ഥാനത്ത് വിതരണം ചെയ്തു. 2020-21 ൽ 1,99,317 മെട്രിക് ടൺ ഗോതമ്പും, 37,809 കിലോ ലിറ്റർ മണ്ണെണ്ണയും, 6641 മെട്രിക് ടൺ പഞ്ചസാരയുമാണ് വിതരണം ചെയ്തത്. 2021-22 ലെ ഗോതമ്പിന്റേയും മണ്ണെണ്ണയുടെയും പഞ്ചസാരയുടേയും വിതരണം മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാ നിരക്ക് യഥാക്രമം (-)27.7 ശതമാനവും, (-)42 ശതമാനവും, (-)0.6 ശതമാനവും ആണ്. 2022-23ൽ (2022 ആഗസ്റ്റ് വരെ) സംസ്ഥാനത്ത് ആകെ 4,91,138 മെട്രിക് ടൺ അരിയും, 57,344 മെട്രിക് ടൺ ഗോതമ്പും, 6,500 കിലോലിറ്റർ മണ്ണെണ്ണയും 3320 മെട്രിക് ടൺ പഞ്ചസാരയും പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്തു. പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്ത സാധനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.2**ൽ നൽകിയിരിക്കുന്നു.

**അന്ത്യോദയ അന്ന യോജന (എഎവൈ)**

അന്ത്യോദയ അന്ന യോജന (എഎവൈ) പദ്ധതി പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ കുടുംബങ്ങളിലെ പട്ടിണി കുറയ്ക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ്. 2021-22ൽ (2022 മാർച്ച് വരെ) 5.9 ലക്ഷം അന്ത്യോദയ അന്ന യോജന (എഎവൈ) കാർഡ് ഉടമകൾ ഉണ്ട്. ഇവർക്ക് പ്രതിമാസം 30 കിലോ ഗ്രാം അരിക്കും 5 കിലോഗ്രാം ഗോതമ്പിനും അർഹതയുണ്ട്. 2021-22ൽ 1.95 ലക്ഷം മെട്രിക് ടൺ അരി എഎവൈ കാർഡുടമകൾക്ക് വിതരണം ചെയ്തു. കേന്ദ്ര സർക്കാർ എഎവൈ പദ്ധതിയിൽ സംസ്ഥാനത്തിന് കിലോ ഗ്രാമിന് 3 രൂപ നിരക്കിൽ അരിയും, കിലോ ഗ്രാമിന് 2 രൂപ നിരക്കിൽ ഗോതമ്പും അനുവദിക്കുമ്പോൾ സംസ്ഥാന സർക്കാർ അത് ഗുണഭോക്താക്കൾക്ക് സൗജന്യമായിട്ടാണ് നൽകുന്നത്. (**അനുബന്ധം 3.8.1, 3.8.3**). 2022 ഓഗസ്റ്റ് 31 വരെയുള്ള വിശദാംശങ്ങൾ **അനുബന്ധം 3.8.4**ൽ നൽകിയിരിക്കുന്നു.

**പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും കേന്ദ്ര വിഹിതം**

അന്ത്യോദയ അന്ന യോജന (എഎവൈ) കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിലൂടെ പഞ്ചസാര ലഭിക്കുന്നതിന് അർഹതയുണ്ട്. ഓരോ കാർഡിനും ഇപ്പോൾ അനുവദിച്ചിരിക്കുന്ന പഞ്ചസാരയുടെ അളവ് പ്രതിമാസം കിലോഗ്രാമിന് 21 രൂപ നിരക്കിൽ 1 കിലോ ഗ്രാം ആണ്. സംസ്ഥാന സർക്കാരാണ് ഇതിന്റെ അവശേഷിക്കുന്ന ചെലവും പദ്ധതി നടപ്പാക്കാനുള്ള ചെലവും വഹിക്കുന്നത്. 2021-22ൽ സംസ്ഥാനത്ത് മൊത്തം 6604 മെട്രിക് ടൺ പഞ്ചസാര വിതരണം ചെയ്തു, 2020-21 ലെ 6641 മെട്രിക് ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ ഇത് (-)0.6 ശതമാനം കുറവ് രേഖപ്പെടുത്തുന്നു. 2022-23 ൽ (2022 ആഗസ്റ്റ് വരെ) ആകെ 3320 മെട്രിക് ടൺ പഞ്ചസാര വിതരണം ചെയ്തു. 2021-22 ൽ മണ്ണെണ്ണ വിഹിതം കുത്തനെ കുറഞ്ഞ് 21,920 കിലോ ലിറ്റർ ആയി. 2020-21ൽ 37,809 കിലോ ലിറ്റർ ആയിരുന്നു മണ്ണെണ്ണ വിഹിതം. 2022-23ൽ (2022 ആഗസ്റ്റ് വരെ) സംസ്ഥാനത്ത് 6500 കിലോ ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്തു. സംസ്ഥാനത്തിന്റെ ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ മണ്ണെണ്ണയുടെ കേന്ദ്ര വിഹിതത്തിൽ വലിയ കുറവാണ് ഉണ്ടായിട്ടുള്ളത്. ഇത് മത്സ്യബന്ധന മേഖലയെ പ്രത്യേകിച്ച് പരമ്പരാഗത മേഖലയെ സാരമായി ബാധിച്ചു.

**ജില്ല തിരിച്ചുള്ള ഭക്ഷ്യധാന്യ വിതരണം**

2021-22ൽ എഎവൈ കുടുംബങ്ങൾക്ക് വിതരണത്തിനായി 18,740 മെട്രിക് ടൺ അരി ഏറ്റെടുത്തു കൊണ്ട് തൃശ്ശൂർ ജില്ല മുന്നിൽ നിൽക്കുന്നു. തൊട്ടു പിറകിൽ മലപ്പുറം ജില്ലയും (18,513 മെട്രിക് ടൺ), വയനാട് ജില്ലയുമാണ് (18,146 മെട്രിക് ടൺ). മുൻഗണനാ കുടുംബങ്ങൾക്കുള്ള വിതരണത്തിനായി ഏറ്റവും കൂടുതൽ അരി ഏറ്റെടുത്തത് മലപ്പുറം ജില്ലയാണ് (86,489 മെട്രിക് ടൺ), തുടർന്ന് പാലക്കാട് ജില്ലയും (59,813 മെട്രിക് ടൺ), കോഴിക്കോട് ജില്ലയും (56,383 മെട്രിക് ടൺ) ആണ്. വിശദാംശങ്ങൾ **അനുബന്ധം 3.8.3** മുതൽ **3.8.6** വരെ നൽകിയിരിക്കുന്നു.

**പട്ടിക 3.8.1** വിവിധ വിഭാഗം കാർഡ് ഉടമകൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, തുക രൂപ ലക്ഷത്തിൽ

| ക്രമ. നം | വിഭാഗം | തുക | | ശതമാനം | | മുൻവർഷത്തെ അപേക്ഷിച്ച് 2021-22 ലെ വളർച്ച (ശതമാനത്തിൽ) |
|---|---|---|---|---|---|---|
| | | 2020-21 | 2021-22 | 2020-21 | 2021-22 | |
| 1 | അന്നപൂർണ്ണ | 0.00 | 0.00 | 0.00 | 0.00 | |
| 2 | എഎവൈ | 6927.0 | 7096.63 | 29.0 | 30.6 | 2.4 |
| 3 | മുൻഗണന | 6073.9 | 6644.04 | 25.5 | 28.6 | 9.4 |
| 4 | മുൻഗണനേതര | 10842.0 | 9485.16 | 45.5 | 40.8 | (-) 12.5 |
| | ആകെ | 23842.9 | 23225.83 | 100.0 | 100.0 | (-) 2.6 |

അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്

**ഭക്ഷ്യ കിറ്റുകളുടെ വിതരണം**

കോവിഡ് -19 ന്റെ ആഘാതം മറികടക്കാൻ സംസ്ഥാന സർക്കാർ 2020 മുതൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും അവശ്യ സാധനങ്ങളുടെ കിറ്റ് സൗജന്യമായി നൽകി വരുന്നു. 2021 ലും 2022 ലും വിതരണം തുടർന്നു. അർഹരായ ഗുണഭോക്താക്കൾക്ക് റേഷൻകടകൾ വഴിയുള്ള സൗജന്യ റേഷൻ വിതരണത്തിന് പുറമേയാണിത്. 2021-22 കാലയളവിൽ 52.79 ലക്ഷം ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. 2021-22ൽ വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.8.7**ൽ നൽകിയിരിക്കുന്നു. 2022ൽ 85.70 ലക്ഷം കുടുംബങ്ങൾക്ക് ഓണം ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.8.8**ൽ നൽകിയിരിക്കുന്നു. കോവിഡ്-19 പ്രതിസന്ധി നേരിടുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ **ബോക്സ് 3.8.1**ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ)**

കേരളം ഒരു ഉപഭോക്തൃ കേന്ദ്രീകൃത സംസ്ഥാനമായതിനാൽ, അവശ്യസാധനങ്ങളുടെ സ്വകാര്യ ചില്ലറ വിൽപനയിൽ കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത വളരെ കൂടുതലാണ്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ- സപ്ലൈകോ, സംസ്ഥാനത്ത് പൊതു വിതരണ സംവിധാനത്തിൽ ഫലപ്രദമായി ഇടപെടുകയും പയറുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, അരി, ആട്ട, പഞ്ചസാര തുടങ്ങിയ 13 അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ ഇടപെടുകയും ചെയ്യുന്നു.

എൻഎഫ്എസ്എ 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ 6,000-ലധികം വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ ചില്ലറ വിൽപ്പനയിൽ ഫലപ്രദമായി ഇടപെട്ട് പൊതു വിപണിയേക്കാൾ ശരാശരി 10 ശതമാനം വിലക്കുറവിൽ വിൽപ്പന നടത്തുക, കറിപൗഡർ, വെളിച്ചെണ്ണ, തേയില, കാപ്പി, ഏലം തുടങ്ങിയ തനതായ ഉൽപ്പന്നങ്ങൾ ശബരി എന്ന പേരിൽ ചില്ലറ വിൽപ്പന നടത്തുക, ഉത്സവ സീസണുകളിൽ പ്രത്യേക മേളകൾ നടത്തുക, 95 മെഡിക്കൽ സ്റ്റോറുകൾ വഴിയും 5 മൊത്ത വ്യാപാര മെഡിക്കൽ സ്റ്റോറുകൾ വഴിയും ശരാശരി 15 ശതമാനം കിഴിവിൽ മരുന്നുകളുടെ ചില്ലറ വിൽപ്പന, പിഡിഎസ് ഗോതമ്പിനെ ആട്ടയാക്കി മാറ്റി കിലോയ്ക്ക് 17 രൂപയ്ക്ക് വിതരണം നടത്തുക, എഎവൈ കാർഡ് ഉടമകൾക്ക് പിഡിഎസ് പഞ്ചസാര വിതരണം, സ്കൂളുകളിലെ ഉച്ച ഭക്ഷണ പരിപാടിക്കായുള്ള അരി വിതരണം, ഫുഡ് കോർപ്പറേഷനിൽ നിന്നും സിഎംആർ മില്ലുകളിൽ നിന്നും റേഷൻ സാധനങ്ങൾ ഇടനില ഗോഡൗണുകളിലേക്കും തുടർന്ന്, അംഗീകൃത റേഷൻ വിൽപ്പനശാലകളിലേക്കുമുള്ള വാതിൽപ്പടി വിതരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ കൃത്യമായ വിതരണം ഉറപ്പാക്കുന്നതിനായി അതിന്റെ സഞ്ചാര പാത രേഖപ്പെടുത്തുന്നതിനായി വാഹനങ്ങളുടെ ചലനം നിരീക്ഷിക്കുന്നതിന് ജിപിഎസ് ട്രാക്കിംഗ് നടപ്പിലാക്കി. ഇ-പോസ് മെഷീൻ സജ്ജീകരിച്ചു കൊണ്ടുള്ള ഓൺലൈൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും മാറിക്കൊണ്ടിരിക്കുന്ന വിപണിയുടെ പ്രവണതയ്ക്കനുസരിച്ചും കോവിഡ്-19 പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിലും 2020-21 മുതൽ വാതിൽപ്പടി വിതരണം ആരംഭിച്ചു. കൂടാതെ നെല്ല്

**ബോക്സ് 3.8.1** പൊതുവിതരണ സംവിധാനവും കോവിഡ്-19 പ്രതിസന്ധിയും.

2020 ജനുവരിയിൽ ഉണ്ടായ കൊവിഡ്-19 പകർച്ചവ്യാധിയെത്തുടർന്ന്, കേരള സംസ്ഥാനം 1956-ൽ രൂപീകൃതമായതിന് ശേഷം ആദ്യമായി ഭക്ഷ്യമേഖലയിൽ അസാധാരണമായ ഒരു സാഹചര്യത്തിന് സാക്ഷ്യം വഹിച്ചു. സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളുടേയും താഴെ തട്ടിലേക്കുള്ള വിതരണ ശൃംഖലയുടേയും സഹായത്തോടെ പകർച്ചവ്യാധികൾ സൃഷ്ടിച്ച പ്രതിസന്ധിയും, വ്യാപനം നിയന്ത്രിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയ ലോക്ക്ഡൗണും മറികടക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഇ-പോസ് മെഷീനുകൾ, ഓൺലൈൻ വിതരണ സംവിധാനങ്ങൾ, ഫലപ്രദമായ വിതരണ ശൃംഖല മാനേജ്മെന്റ്, വ്യക്തമായി ഇനം തിരിച്ചുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ, സ്മാർട്ട് പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയോടു കൂടിയ പൂർണ്ണമായും ഓട്ടോമേറ്റഡ് ആയ ന്യായവില കടകൾ കോവിഡ്-19 അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കാൻ സംസ്ഥാനത്തെ സഹായിച്ചു.

2020-21ൽ, (2020 ഏപ്രിലിൽ), മുൻഗണനേതര സബ്സിഡി (എൻപിഎസ്), മുൻഗണനേതര സബ്സിഡി രഹിത(എൻപിഎൻഎസ്) എന്നിവയ്ക്ക് കീഴിലുള്ള എല്ലാ കുടുംബങ്ങൾക്കും 15 കിലോ അരി വീതം സൗജന്യമായി നൽകി. തുടർന്ന്, സംസ്ഥാനത്തെ 87.9 ലക്ഷം കുടുംബങ്ങൾക്കും 972 രൂപ വിലയുള്ള 17 അവശ്യ സാധനങ്ങളടങ്ങിയ കിറ്റ് സൗജന്യമായി നൽകി. കൂടാതെ, അന്ത്യോദയ അന്ന യോജന, മുൻഗണനാ കാർഡ് ഉടമകൾ, മുൻഗണനേതര സബ്സിഡി, മുൻഗണനേതര സബ്സിഡി രഹിത കാർഡുടമകൾ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കുമായി 300 കോടി രൂപയുടെ സൗജന്യ റേഷൻ വിതരണം ചെയ്തു. 2021-ലെ ഓണക്കാലത്ത്, കോവിഡ്-19-ന്റെ പ്രതിസന്ധി നിലനിൽക്കുമ്പോഴും സംസ്ഥാനം അനന്യ സാധാരണമായ നടപടികൾ സ്വീകരിച്ചു കൊണ്ട് റേഷൻ കാർഡ് ഉടമകൾക്ക് 11 തരം പലചരക്ക് ഇനങ്ങൾ ഉൾപ്പെടുന്ന ഓണം ഭക്ഷ്യ കിറ്റുകൾ നൽകുകയുണ്ടായി. മൊത്തം 83.7 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. കൂടാതെ, മുൻഗണനേതര വിഭാഗങ്ങൾക്ക് കിലോയ്ക്ക് 15 രൂപ നിരക്കിൽ കാർഡ് ഒന്നിന് 10 കിലോ അരി നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികൾക്ക് 5 കിലോ അരി/4 കിലോ ആട്ട സൗജന്യമായി വിതരണം ചെയ്തു. കൂടാതെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി തലം വരെയുള്ള 26.26 ലക്ഷം വിദ്യാർത്ഥികൾക്ക് അരിയും പലചരക്ക് സാധനങ്ങളും ഉൾപ്പെടുന്ന കിറ്റ് നൽകി. കൂടാതെ, ട്രോളിംഗ് നിരോധനത്തിന്റെയും പകർച്ചവ്യാധിയുടേയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. മൊത്തം 1.1 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

2021-22 ലും വിതരണം തുടരുകയും മൊത്തം 52.79 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു, 2021 സെപ്റ്റംബറിൽ 86.92 ലക്ഷം കുടുംബങ്ങൾക്ക് ഓണം ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. 2022-23 ലും (2022 സെപ്റ്റംബറിൽ) 85.70 ലക്ഷം കുടുംബങ്ങൾക്ക് ഓണം ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

സംഭരണം, ഗോതമ്പിന്റെയും അതിന്റെ ഉൽപന്നങ്ങളുടെയും സംസ്കരണം, വിതരണം എന്നിവയിലും സപ്ലൈകോ ഏർപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം സപ്ലൈകോ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഡീലറുമാണ്. 11 പെട്രോൾ ബങ്കുകൾ, 3 എൽപിജി ഔട്ട്ലെറ്റുകൾ, 1 മണ്ണെണ്ണ മൊത്ത വിൽപ്പന ഡിപ്പോ എന്നിവയിലൂടെ മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽപിജി തുടങ്ങിയവ വിതരണം ചെയ്യുന്നു. എഎവൈ, പിഎച്ച്എച്ച് കാർഡ് ഉടമകൾക്കുള്ള പിഡിഎസ് ആട്ട വിതരണം എല്ലാ ജില്ലകളിലും നടപ്പാക്കി. എഎവൈ ആട്ട കിലോയ്ക്ക് ആറ് രൂപ നിരക്കിലും പിഎച്ച്എച്ച് ആട്ട കിലോയ്ക്ക് എട്ട് രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് 5 റീജിയണൽ ഓഫീസുകൾ, 56 ഡിപ്പോകൾ, റീജിയണൽ ഓഫീസുകളോട് ചേർന്നുള്ള 5 മെഡിക്കൽ മൊത്തവ്യാപാര സ്ഥാപനങ്ങൾ, 1,600ൽ പരം റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവയുണ്ട്. 2021-22 ൽ, 3 മാവേലി സ്റ്റോറുകളും 6 സൂപ്പർമാർക്കറ്റുകളും 3 മാവേലി സൂപ്പർ സ്റ്റോറുകളും 1 മെഡിക്കൽ സ്റ്റോറും സപ്ലൈകോ ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ഗോഡൗണിന്റെ നിർമ്മാണം പൂർത്തീയാകുകയും തിരുവല്ലയിലെ ഗോഡൗൺ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.8.9**ൽ നൽകിയിരിക്കുന്നു

### ഉച്ചഭക്ഷണ പരിപാടി


ഉച്ച ഭക്ഷണ പരിപാടി കേന്ദ്രമാനവ വിഭവ ശേഷി മന്ത്രാലയം 1995-ൽ ആരംഭിച്ചിട്ടുള്ളതാണ്. പ്രൈമറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കിക്കൊണ്ട് സ്കൂൾ പ്രവേശനം, സ്ഥിരം ഹാജരാകൽ, പഠനം എന്നിവ പ്രോത്സാഹിപ്പിച്ചു കൊണ്ട് പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചുമതല സപ്ലൈകോയ്ക്ക് ആണ്. ഇതിന് ആവശ്യമായ അരി എടുക്കുന്നത് എഫ്സിഐയിൽ നിന്നാണ്. 2020-21ൽ 27.36 ലക്ഷം വിദ്യാർത്ഥികൾക്കായി 8.27 ലക്ഷം ക്വിന്റൽ അരി വിതരണം ചെയ്തപ്പോൾ 2021-22ൽ 25.97 ലക്ഷം വിദ്യാർത്ഥികൾക്കായി 6.71 ലക്ഷം ക്വിന്റൽ അരി വിതരണം ചെയ്തു. 2022-23 കാലയളവിൽ, (2022 ഓഗസ്റ്റ് വരെ), 12,327 സ്കൂളുകൾക്ക് കീഴിൽ വരുന്ന 27.3 ലക്ഷം വിദ്യാർത്ഥികൾക്കായി 2.8 ലക്ഷം ക്വിന്റൽ അരി വിതരണം ചെയ്തു.

സംസ്ഥാനത്ത് ഉച്ചഭക്ഷണ പരിപാടിയുടെ പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ **ചിത്രം 3.8.2**-ലും വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിശദാംശങ്ങൾ (2015-16 മുതൽ 2021-22 വരെ) **അനുബന്ധം 3.8.10**-ലും കാണിച്ചിരിക്കുന്നു.

### നെല്ല് സംഭരണം

കേന്ദ്ര ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം വിഭാവനം ചെയ്യുന്ന വികേന്ദ്രീകൃത സംഭരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നെല്ല് സംഭരണം, സംസ്കരണം, വിതരണം എന്നിവയ്ക്കുള്ള നിർവ്വഹണ ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് സപ്ലൈകോ നേരിട്ട് നെല്ല് സംഭരിക്കുകയും നെല്ലിന്റെ വില വ്യക്തിഗത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. 2021-22 സീസണിൽ കിലോ ഗ്രാമിന് 28 രൂപ നിരക്കിൽ 7.85 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ഗുണമേന്മയോടു കൂടി ആധുനിക റൈസ് മില്ലുകൾ വഴി നെല്ലിനെ അരിയാക്കി സംസ്കരിക്കുകയും അത് പിഡിഎസ് വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. ഇതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവിലയുടേയും സംസ്ഥാന സർക്കാർ സംഭരണത്തിനായി പ്രഖ്യാപിക്കുന്ന വിലയുടേയും അധികമായ തുക സംസ്ഥാനം സപ്ലൈകോയ്ക്ക് ഇൻസെന്റീവ് ബോണസായി നൽകുന്നു. അരി

**ചിത്രം 3.8.2** ഉച്ചഭക്ഷണ പരിപാടി 2015-16 മുതൽ 2021-22 വരെ



സംഭരണത്തിനും വിതരണത്തിനുമുള്ള യഥാർത്ഥ ചെലവുകൾ മാനദണ്ഡങ്ങൾക്കനുസൃതമായി ഇന്ത്യാ ഗവൺമെന്റ് തിരികെ നൽകുന്നു.

**മേഖലയിലെ നിർണായക വിടവുകൾ/വെല്ലുവിളികൾ**

- ഭക്ഷ്യധാന്യങ്ങൾ വേണ്ടത്ര അളവിൽ സംഭരിക്കുന്നതിനും സംഭരണനഷ്ടം ഒഴിവാക്കു ന്നതിനുമായി സിസിടിവി നിരീക്ഷണ സൗകര്യത്തോടെ ശാസ്ത്രീയമായി രൂപകല്പന ചെയ്ത താലൂക്കതലത്തിലുള്ള ഇടനില ഗോഡൗണുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.
- ന്യായവില കടകൾക്ക് 2 മാസത്തേക്ക് ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ മതിയായ സംഭരണ സ്ഥലം നിർമ്മിക്കേണ്ടതുണ്ട്.
- അരിയും ഗോതമ്പും കൂടാതെ നാടൻ ധാന്യങ്ങൾ പോലെയുള്ള കൂടുതൽ പോഷകഗുണമുള്ള ഭക്ഷ്യ ധാന്യങ്ങൾ ഉൾപ്പെടുത്തി കൊണ്ട് പോഷകാഹാര നിലവാരം വർധിപ്പിക്കുന്നതിനായി പൊതുവിതരണ സമ്പ്രദായത്തിലെ ഭക്ഷ്യ വസ്തുക്കൾ വൈവിധ്യവൽക്കരിക്കേണ്ടതുണ്ട്.
- പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ജില്ലാ പരാതി പരിഹാര ഓഫീസുകൾ സ്ഥാപിക്കേണ്ടതുണ്ട്.
- ജിപിഎസ് ട്രാക്കിംഗും അളവുതൂക്ക ബാലൻസുമായി ഇ-പോസ് മെഷീനുകളുടെ സംയോജനവും സുതാര്യത ഉറപ്പാക്കുന്നതിന് സഹായിക്കും.

**14–ാം പഞ്ചവത്സര പദ്ധതി– മേഖലയിലെ സമീപനം**

കേരളത്തിലെ പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയുടെ സംരക്ഷണ കവചമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ, പ്രകൃതിദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടെയും കാലത്ത് ഇത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷയുടെ ജീവനാഡിയായിരുന്നു. 14-ാം പഞ്ചവത്സര പദ്ധതി കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ വളർച്ചയുടെയും വികസനത്തിന്റെയും വിവിധ വശങ്ങൾക്ക് തുടർന്നും പിന്തുണ നൽകുന്നതാണ്. റേഷൻ കടകളുടേയും ന്യായവില കടകളുടേയും ശൃംഖലയുടെ വിപുലീകരണം പ്രത്യേകിച്ചും പട്ടികവർഗ ജനവാസ കേന്ദ്രങ്ങളിൽ; വിതരണ ശൃംഖലയുടെ നവീകരണവും ഡിജിറ്റലൈസേഷനും; പുതിയതും ആധുനികവുമായ വെയർ ഹൗസിംഗ് സൗകര്യങ്ങളുടെ നിർമ്മാണം; പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തൽ; വിശപ്പ് രഹിത കേരളം ഉറപ്പാക്കുന്നത് തുടരുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

അദ്ധ്യായം

# 04

# ഉല്പന്ന നിർമ്മാണ മേഖല

# ഉല്പന്ന നിർമ്മാണ മേഖല

## 4.1 കേരളത്തിന്റെ വ്യാവസായിക മേഖല

ശക്തവും ദൃഢവുമായ വ്യാവസായിക, ഉൽപ്പാദന മേഖല, ആഭ്യന്തര ഉൽപ്പാദനം, കയറ്റുമതി, തൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നു. ഇവയെല്ലാം സമ്പദ്‌വ്യവസ്ഥയിലെ ഉയർന്ന വളർച്ചയ്ക്ക് ഉത്തേജകമാകും. മൊത്ത സംയോജിത മൂല്യത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംഭാവനയുടെ കാര്യത്തിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വ്യവസായ മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. നാമമാത്രമായ മൊത്ത സംയോജിത മൂല്യത്തിൽ (നിലവിലെ വിലയിൽ) വ്യാവസായിക മേഖലയുടെ പങ്ക് 2020-21ൽ 27.81 ശതമാനമായിരുന്നു.

വർഷങ്ങളായി, വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 2021-22ൽ (ത്വരിത കണക്ക്) സ്ഥിരമായ വിലയിൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ 26.8 ശതമാനം സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടേതാണ്. പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) 2020-21 കണക്ക് പ്രകാരം, സംസ്ഥാനത്തെ മൊത്തം തൊഴിലാളികളിൽ 11.9 ശതമാനം പേരും നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു, അതേസമയം ഇത് അഖിലേന്ത്യാ തലത്തിൽ 10.9 ശതമാനമാണ്. സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ പ്രബലമായത് കൺസ്ട്രക്ഷൻ മേഖലയാണ്. സംസ്ഥാനത്തിന്റെ മൊത്തം മൂല്യവുമായി താരതമ്യപ്പെടുത്തുമ്പോൾ വ്യവസായിക മേഖലയിൽ കൺസ്ട്രക്ഷൻ മേഖലയുടെ സംഭാവന 52.4 ശതമാനവും മാനുഫാക്ചറിങ് മേഖല 40.6 ശതമാനവുമാണ്. 2021-22ൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ 13.2 (ത്വരിത കണക്ക്) ശതമാനവും കൺസ്ട്രക്ഷൻ മേഖലയും 12.2 ശതമാനം ഉത്പാദന നിർമ്മാണ മേഖലയുമാണ്. വ്യവസായ മേഖല 2020-21ൽ (-)2.09 (താൽക്കാലിക വിലയിൽ) ശതമാനത്തിൽ നിന്ന് 2021-22ൽ (ത്വരിത കണക്ക്) 17.29 ശതമാനം വളർച്ച കൈവരിച്ചു. സ്ഥിരവിലയിൽ ഈ മേഖല ഇതേ കാലയളവിൽ (-)2.82 മുതൽ 3.87 ശതമാനം വരെ വളർച്ച രേഖപ്പെടുത്തി.

നിക്ഷേപം ആകർഷിക്കുന്നതിനും ബിസിനസ്സ് സുഗമമാക്കുന്നതിനും വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിനും സംസ്ഥാനം സജീവമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 'ഇയർ ഓഫ് എന്റർപ്രൈസസ്' ആയി പ്രഖ്യാപിക്കുകയും ഈ വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യം ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ കൂടാതെ ബാങ്കുകൾ 4 ശതമാനം പലിശ നിരക്കിൽ വായ്പ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എംഎസ്എംഇ എന്നിവയിൽ ഹെൽപ്പ് ഡെസ്ക്കുകൾ എന്നിവയിലൂടെ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്താനും പിന്തുണക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1,153 പ്രൊഫഷണലുകളെ നിയമിച്ചു. എല്ലാ ജില്ലകളും ഈ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. തൽഫലമായി, നിശ്ചിത സമയത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു. 2022 ഡിസംബർ 7-ഓടെ, അതായത് വെറും 250 ദിവസങ്ങൾക്കുള്ളിൽ, 6,274 കോടി രൂപ മുതൽമുടക്കിൽ 1,00,000 സംരംഭങ്ങൾ സംസ്ഥാനത്ത് വിജയകരമായി ആരംഭിച്ച് 2.20 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിലവസരം സൃഷ്ടിച്ചു. ഇതിൽ 32,000-ത്തിലധികം വനിതാ സംരംഭങ്ങളും ഉൾപ്പെടുന്നു. വ്യാപാരം, കാർഷിക ഭക്ഷ്യ സംസ്കരണം, വസ്ത്രങ്ങൾ, തുണിത്തരങ്ങൾ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് മേഖലകളിലാണ് ഏറ്റവും കൂടുതൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചത്.

**കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ പുനരുജ്ജീവനം**

കേരളത്തിലെ മാനുഫാക്ചറിംഗ് മേഖല താരതമ്യേന ചെറുതാണ്. 2021-22ൽ (ദ്രുത എസ്റ്റിമേറ്റ്സ്) കേരളത്തിന്റെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ (സ്ഥിരമായ 2011-12 വിലകളിൽ) 12.12 ശതമാനം വിഹിതമായി. താരതമ്യപ്പെടുത്തുമ്പോൾ, 2021-22ൽ (താൽക്കാലിക വിലയിൽ) ഇന്ത്യയുടെ ജിവിഎയുടെ (സ്ഥിരമായ 2011-12 വിലകളിൽ) 18.16 ശതമാനവും മാനുഫാക്ചറിംഗ് മേഖലയുടേതാണ്.

അതേസമയം, കഴിഞ്ഞ നാല് വർഷമായി കേരളത്തിന്റെ മാനുഫാക്ചറിംഗ് മേഖലയിൽ ക്രമാനുഗതമായ വർദ്ധന യുണ്ടായിട്ടുണ്ടെന്ന് എടുത്തുപറയേണ്ടതുണ്ട്. കേരളത്തിന്റെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ ഉൽപന്ന നിർമ്മാണ മേഖലയുടെ വിഹിതം 2014-15 ലെ 9.78 ശതമാനത്തിൽ നിന്ന് 2021-22ൽ 12.12 ശതമാനമായി ഉയർന്നു. 2020-21ൽ ഇത് 13.11 ശതമാനമായിരുന്നു. ഇന്ത്യൻ വ്യവസായ വാർഷിക സർവേ 2018-19 ൽ നിന്നുള്ള കണക്കുകൾ പ്രകാരം, ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ മൊത്ത സംയോജിത മൂല്യത്തിൽ കേരളത്തിന്റെ പങ്ക് 2014-15ൽ 1.2 ശതമാനത്തിൽ നിന്ന് 2018-19ൽ 1.52 ശതമാനമായി ഉയർന്നു.

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽ എഫ്എസ്) കണക്ക് പ്രകാരം, കേരളത്തിലെ മാനു ഫാക്ചറിംഗ് മേഖലയിൽ 2017-18ൽ 15 ലക്ഷം തൊഴിലാളികൾ (സംസ്ഥാനത്തിന്റെ മൊത്തം 127 ലക്ഷം തൊഴിലാളികളിൽ 12.8 ശതമാനം) ജോലി ചെയ്യുന്നു. 2017-18 ൽ ഫാക്ടറി മേഖലയിലെ 3.1 ലക്ഷം തൊഴിലാളികളും ഇതിൽ ഉൾപ്പെടുന്നു. 2018-19 ൽ ഫാക്ടറി മേഖലയിൽ 3.42 ലക്ഷത്തിലധികം ആളുകൾ തൊഴിൽ ചെയ്യുന്ന സംഘടിത ഉൽപാദന മേഖലയും ഫാക്ടറി മേഖലയും ഏതാണ്ട് സമാനമാണ്. പത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതും വൈദ്യുതോർജ്ജത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ ഫാക്ടറികൾ (അതുപോലെ തന്നെ വൈദ്യുതോർജ്ജത്തിന്റെ സഹായമില്ലാതെ 20 ലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളും), ഫാക്ടറി മേഖലയിൽ ഉൾപ്പെടുന്നു. ഫാക്ടറി മേഖലയെക്കുറിച്ചുള്ള ഡാറ്റയുടെ പ്രധാന ഉറവിടം ഇന്ത്യാ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (മോസ്പി) പ്രസിദ്ധീകരിച്ച വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് (എ എസ് ഐ) ആണ്. കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ് കേരള സംസ്ഥാനത്തിനായുള്ള വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് (എഎസ്ഐ) പ്രസിദ്ധീകരിക്കുന്നത്.

കേരളത്തിലെ മാനുഫാക്ചറിങ് മേഖലയിലെ ആകെ തൊഴിലാളികളിൽ ഗണ്യമായ പങ്ക് പരമ്പരാഗത വ്യവസായങ്ങളിൽ, പ്രധാനമായും കയർ, കശുവണ്ടി, കൈത്തറി എന്നിവയിലെ തൊഴിലാളികൾ വഹിക്കുന്നു. കേരളത്തിലെ ഫാക്ടറി മേഖലയിലെ (2018-19 ൽ) 3.42 ലക്ഷം തൊഴിലാളികളിൽ 43.33 ശതമാനം അഥവാ 1.48 ലക്ഷം തൊഴിലാളികളാണ് വിഭവഅധിഷ്ഠിത വ്യവസായങ്ങളായ ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും (കശുവണ്ടി സംസ്കരണം ഉൾപ്പെടെ), ബീഡി നിർമ്മാണം, തുണിത്തരങ്ങൾ (കയർ സംസ്കരണം, കൈത്തറി എന്നിവ ഉൾപ്പെടെ) എന്നിവയിലുള്ളത്. ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യ വ്യവസായങ്ങളുടെ ഒരു താരതമ്യപഠനം **പട്ടിക 4.1.1**ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ വ്യവസായങ്ങളിൽ ചിലത് (കശുവണ്ടി പോലുള്ളവ) നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങളും പരമ്പരാഗത വ്യവസായങ്ങളിൽ നിന്ന് അഭ്യസ്തവിദ്യരായ യുവതലമുറ പിൻവലിയുന്നതും ഇതിന് കാരണമാണ്.

അതേസമയം, കേരളത്തിൽ ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ വളരുന്നുവെന്നത് ശ്രദ്ധേയമാണ്. രാസവസ്തുക്കൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപ ന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഔഷധ, ബൊ ട്ടാണിക്കൽ ഉൽപന്നങ്ങൾ എന്നിവയാണ് മൂല്യ വർദ്ധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന വ്യവസായങ്ങൾ.

**പൊതുമേഖലാ യൂണിറ്റുകളുടെ അപ്രതീക്ഷിത മാറ്റം**

കേരളത്തിന്റെ വ്യാവസായിക മേഖലയുടെ സവിശേഷ തകളിലൊന്ന് സംസ്ഥാന, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകളുടെ സാന്നിധ്യവും ഈ യൂണിറ്റുകൾക്ക് ലഭിക്കുന്ന ശക്തമായ സംസ്ഥാന സർക്കാർ പിന്തുണയുമാണ്. കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നി ങ്ങനെ വിവിധ നിർമ്മാണ മേഖലകളിൽ പ്രസ്തുത യൂണിറ്റുകൾ ഏർപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളായ തിരുവിതാംകൂർ കൊച്ചി കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ രാജ്യത്ത് അതത് ഉൽപാദന മേഖലകളിൽ (യഥാക്രമം കാസ്റ്റിക് സോഡ, ഇലക്ട്രോണിക്സ്) മുൻ നിരയിൽ ആണ്. എന്നിരുന്നാലും, കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും സമീപകാലത്ത് പ്രതീക്ഷയ്ക്കനുസരിച്ച ഉയരാൻ സാധിച്ചിട്ടില്ല. 2016-17 മുതൽ കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മെച്ചപ്പെട്ട പ്രകടന ത്തിന്റെ ഒരു പ്രധാന സവിശേഷത, പ്രധാനമായും രാസവസ്തുക്കളുടെയും ഇലക്ട്രിക്കൽ മെഷിനറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലതിന്റെ പ്രകടനത്തിലെ ഒരു അപ്രതീക്ഷിത മാറ്റമാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ, 2020-21 ലെ 16 പൊതുമേഖലാ സ്ഥാപനങ്ങളെ അപേക്ഷിച്ച് 2021-22 ൽ 21 യൂണിറ്റുകൾ പ്രവർത്തന ലാഭം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 386.03 കോടി രൂപ പ്രവർത്തന ലാഭത്തോടെ 3,892.14 കോടി രൂപയുടെ മൊത്തം വിറ്റുവരവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് മൊത്തം വിറ്റുവരവ് 17.80 ശതമാനം വർദ്ധിച്ചു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (ടിസിസിഎൽ), കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് (ടിടിപിഎൽ) എന്നിവയാണ് ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ. കോട്ടയം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദു സ്ഥാൻ ന്യൂസ്പ്രിന്റ്സ് ലിമിറ്റഡ് കേരള സർക്കാർ ഏറ്റെടുത്തു. കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ) എന്ന് പുനർനാമകരണം ചെയ്യുകയും അത് പുനരുജ്ജീവിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തു. കാസർകോട്ടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബിഎച്ച്ഇഎൽ-ഇഎംഎൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തു. ഇത് പുനരുജ്ജീവിപ്പിക്കുകയും ഉടൻ ഉൽപ്പാദനം ആരംഭിക്കുകയും ചെയ്യും. കേരളത്തിലെ പ്രകൃതിദത്ത റബ്ബർ മേഖലയിൽ

**പട്ടിക 4.1.1** തൊഴിലവസരവും മൂല്യവർദ്ധിത മൂല്യവും സംബന്ധിച്ച ഘടനയും ആപേക്ഷിക വലുപ്പവും: താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2018-19

| വ്യവസായങ്ങൾ | കേരളത്തിന്റെ മൊത്തം ഫാക്ടറി വിഹിതം | | കേരളത്തിലെ മൊത്തം ഫാക്ടറി മേഖലയിലെ ഓഹരികൾ | | ഇന്ത്യയുടെ മൊത്തം ഫാക്ടറി മേഖല | | ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ ഓഹരികൾ | |
|---|---|---|---|---|---|---|---|---|
| | തൊഴിൽ (എണ്ണത്തിൽ) | മൂല്യവർധനവ് (രൂപ ലക്ഷത്തിൽ) | തൊഴിൽ (എണ്ണത്തിൽ) | മൂല്യവർധനവ് (രൂപ ലക്ഷത്തിൽ) | തൊഴിൽ (എണ്ണത്തിൽ) | മൂല്യവർധനവ് (രൂപ ലക്ഷത്തിൽ) | തൊഴിൽ (എണ്ണത്തിൽ) | മൂല്യവർധനവ് (രൂപ ലക്ഷത്തിൽ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഭക്ഷ്യ ഉല്പന്നങ്ങളും പാനീയങ്ങളും (10, 11) | 100476 | 408200 | 29.3 | 16.6 | 2005286 | 13574513 | 12.32 | 8.83 |
| പുകയില ഉല്പന്നങ്ങൾ (12) | 13377 | 11563 | 3.9 | 0.5 | 456487 | 1847865 | 2.80 | 1.20 |
| ടെക്സ്റ്റയിൽസ് (13) | 24682 | 70762 | 7.2 | 2.9 | 1673250 | 8027293 | 10.28 | 5.22 |
| വസ്ത്രങ്ങൾ (14) | 9869 | 36767 | 2.9 | 1.5 | 1197318 | 3882563 | 7.35 | 2.52 |
| പാദരക്ഷ (15) | 8048 | 31436 | 2.4 | 1.3 | 407117 | 1396126 | 2.50 | 0.91 |
| തടിയും തടി ഉല്പന്നങ്ങളും (16) | 10443 | 25854 | 3.0 | 1.0 | 98176 | 496470 | 0.60 | 0.32 |
| പേപ്പറും പേപ്പർ ഉല്പന്നങ്ങളും (17) | 3798 | 17517 | 1.1 | 0.7 | 316614 | 2596520 | 1.94 | 1.69 |
| റിക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ അച്ചടിയും പുനർനിർമ്മാണവും (18) | 7927 | 94897 | 2.3 | 3.8 | 152344 | 1313662 | 0.94 | 0.85 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (19) | 7339 | 269501 | 2.1 | 10.9 | 187072 | 7555128 | 1.15 | 4.91 |
| രാസവസ്തുക്കളും ഫാർമസ്യൂട്ടിക്കൽസും (20, 21) | 23971 | 463025 | 7.0 | 18.8 | 1645592 | 27787238 | 10.11 | 18.07 |
| റബറും പ്ലാസ്റ്റിക് ഉല്പന്നങ്ങളും (22) | 30368 | 279923 | 8.9 | 11.4 | 813489 | 6265571 | 5.00 | 4.07 |
| മറ്റ് ലോഹേതര ധാതു ഉല്പന്നങ്ങൾ (23) | 20181 | 154984 | 5.9 | 6.3 | 1045868 | 8447185 | 6.42 | 5.49 |
| ബേസിക് ലോഹങ്ങൾ (24) | 5115 | 32323 | 1.5 | 1.3 | 1149215 | 16914048 | 7.06 | 11.00 |
| ഫാബ്രിക്കേറ്റഡ് ലോഹ ഉല്പന്നങ്ങൾ (25) | 7199 | 37521 | 2.1 | 1.5 | 681921 | 4635914 | 4.19 | 3.01 |
| ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉല്പന്നങ്ങൾ (26) | 10028 | 86111 | 2.9 | 3.5 | 255847 | 3499002 | 1.57 | 2.28 |
| ഇലക്ട്രിക്കൽ ഉപകരണങ്ങൾ (27) | 6096 | 40266 | 1.8 | 1.6 | 607944 | 5769254 | 3.73 | 3.75 |
| യന്ത്രങ്ങളും ഉപകരണങ്ങളും (28) | 3532 | 21630 | 1.0 | 0.9 | 934103 | 9451069 | 5.74 | 6.14 |
| മോട്ടോർ വാഹനങ്ങൾ (29) | 624 | 1815 | 0.2 | 0.1 | 1095138 | 12646577 | 6.73 | 8.22 |
| മറ്റ് ഗതാഗത ഉപകരണം (കപ്പലുകളും ബോട്ടുകളും)(30) | 5912 | 102563 | 1.7 | 4.2 | 370776 | 4785274 | 2.28 | 3.11 |
| ഫർണീച്ചർ, ജൂവലറി, മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32) | 7005 | 99893 | 2.0 | 4.1 | 505390 | 2888066 | 3.10 | 1.88 |
| യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണിയും ഇൻസ്റ്റാളേഷനും (33) | 1381 | 4349 | 0.4 | 0.2 | 38267 | 288390 | 0.24 | 0.19 |
| മാലിന്യ ശേഖരണം, സംസ്കരണം, നിർമാർജന പ്രവർത്തനങ്ങൾ; മെറ്റീരിയൽ വീണ്ടെടുക്കൽ (38) | 58 | 1524 | 0.0 | 0.1 | 21425 | 191726 | 0.13 | 0.12 |
| പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ (58) | 2182 | 27120 | 0.6 | 1.1 | 24001 | 228511 | 0.15 | 0.15 |
| മറ്റുള്ളവ | 32857 | 146344 | 9.6 | 5.9 | 597572 | 9313962 | 3.67 | 6.06 |
| എല്ലാ വ്യവസായങ്ങളും കൂടി | 342468 | 2465888 | 100.0 | 100.0 | 16280212 | 153801927 | 100.00 | 100.00 |

കുറിപ്പ്: ഓരോ വ്യവസായങ്ങളും നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (NIC) - 2008 അനുസരിച്ച് ഏതിലാണ് ഉൾപ്പെടുന്നതെന്ന് സൂചിപ്പിക്കുന്നതാണ് ബ്രാക്കറ്റിലെ രണ്ടക്ക സംഖ്യകൾ സൂചിപ്പിക്കുന്നത്.
അവലംബം: വാർഷിക വ്യാവസായിക സർവെയിലെ തൊഴിലാളികളുടെയും മൊത്ത മൂല്യവർധനവിന്റെയും കണക്കുകൾ

മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി സിയാൽ മോഡലിനെ അടിസ്ഥാനമാക്കിയുള്ള ഒരു സ്വകാര്യ പൊതു പങ്കാളിത്ത (പിപിപി) കമ്പനിയായ കേരള റബ്ബർ ലിമിറ്റഡും കേരള സർക്കാർ സ്ഥാപിക്കുന്നു. കോട്ടയത്തെ വെള്ളൂരിൽ റബ്ബർ അധിഷ്ഠിത വ്യവസായത്തിനും അനുബന്ധ വ്യവസായങ്ങൾക്കുമായി ഒരു സംയോജിത സൗകര്യം/ വ്യവസായ സമുച്ചയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

**ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങൾ**

ഏതാനും ആധുനിക വ്യവസായങ്ങളുടെ ആവിർഭാവം കേരളത്തിന്റെ വ്യവസായ മേഖലക്ക് പ്രത്യാശപൂർണ്ണമായ വികസനസ്വപ്നങ്ങൾ നേടിത്തന്നു. ഇലക്ട്രോണിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, സപ്ലൈസ് തുടങ്ങിയ വ്യവസായങ്ങൾ അവയിൽ ചിലതാണ്. കേരളത്തിൽ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012-13ൽ മാത്രം 2,930 ആയിരുന്നത് 2018-19 ആയപ്പോഴേക്കും 7,806 ആയി ഉയർന്നു. മെഡിക്കൽ, ദന്തൽ ഉപകരണങ്ങളുടെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ 2012-13 ലെ 1,023ൽ നിന്ന് 2018-19ൽ 3,265 ആയി ഉയർന്നു. മുഖ്യ വ്യവസായങ്ങളിലെ തൊഴിൽ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.1.2**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.1.2** തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, കേരളത്തിലെയും ഇന്ത്യയിലെയും (എണ്ണത്തിൽ) 2018-19

| വ്യവസായങ്ങൾ | കേരളം | ഇന്ത്യ |
|---|---|---|
| റബർ ഉല്പന്നങ്ങൾ (221) | 18,045 | 2,52,741 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (192) | 6,851 | 1,37,937 |
| കെമിക്കൽ ഉല്പന്നങ്ങൾ (201, 202) | 12,842 | 8,05,397 |
| ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഭാഗങ്ങൾ (261) | 7,806 | 84,934 |
| ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ, കെമിക്കൽ ആന്റ് ബൊട്ടാണിക്കൽ ഉല്പന്നങ്ങൾ (210) | 11,128 | 7,58,352 |
| പാദരക്ഷ (152) | 7,779 | 2,79,870 |
| വസ്ത്രങ്ങൾ (141) | 9,647 | 8,15,867 |
| പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (222) | 12,323 | 5,60,748 |
| അച്ചടിയും അതുമായി ബന്ധപ്പെട്ട സേവനങ്ങളും (181) | 7,927 | 1,51,749 |
| കപ്പലുകളും ബോട്ടുകളും (301) | 5,046 | 13,940 |
| ഇലക്ട്രിക് മോട്ടോഴ്സ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ജനറേറ്റേഴ്സ് (271) | 4,664 | 2,26,867 |
| മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങളും വിതരണവും (325) | 3,265 | 65,823 |
| ഫർണിച്ചർ (310) | 2,839 | 86,623 |

അവലംബം: വാർഷിക വ്യാവസായിക സർവെ, ഇന്ത്യ 2018-19, എം.ഒ.എസ്.പി.ഐ, ജി ഒ ഐ & വാർഷിക വ്യാവസായിക സർവെ, കേരള 2018-19, ഡി ഇ എസ്, ജി ഒ കെ

ഫാർമസ്യൂട്ടിക്കൽസ്, ജൈവ സാങ്കേതിക വിദ്യ, ലൈഫ് സയൻസസ്, മെഡിക്കൽ-ഉപകരണ നിർമ്മാണ വ്യവസായങ്ങൾ എന്നിവയുടെ വളർച്ചയ്ക്ക് കേരളത്തിൽ വലിയ സാധ്യതയുണ്ട്. മരുന്നുകൾക്കും ആരോഗ്യ സംരക്ഷണ ഉല്പന്നങ്ങൾക്കും സംസ്ഥാനത്തിനകത്ത് വലിയ ആവശ്യകത ഉള്ളതിനാലാണിത്. ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ എന്നിവയുടെ എണ്ണത്തിൽ കേരളം മുൻപന്തിയിൽ ആണ്. ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് വളരെയധികം അനുകൂലമായ സാഹചര്യമാണ് ഇത്.

സംസ്ഥാനത്തെ ഐടി, ഇലക്ട്രോണിക് മേഖലകളും സോഫ്റ്റ് വെയർ, ഹാർഡ് വെയർ ഉല്പാദനവും ആഗോളതലത്തിനനുസൃതമായി വളർച്ച സംഭവിക്കുന്നതിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. ഐടി മേഖല തന്നെ അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നു പോകുമ്പോൾ, ഹാർഡ് വെയർ നിർമ്മാണത്തിലും വൈവിധ്യവത്കരണത്തിലും സംസ്ഥാനം ഇതനുസരിച്ച് തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. വലിയ രീതിയിൽ ഇലക്ട്രോണിക്സ് ഹാർഡ് വെയർ നിർമ്മാണ മേഖല കെട്ടിപ്പടുക്കാൻ കേരളത്തിന് ശേഷിയുണ്ട്. ഇത്തരം വ്യവസായം കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ ഐടി മേഖലയിൽ കൈവരിച്ച നേട്ടങ്ങളും ഉയർന്ന യോഗ്യതയുള്ള തൊഴിലാളികളുടെ മാനവ വിഭവ ശേഷിയും ഉപയോഗിക്കണം. പരമ്പരാഗത മേഖലകളുടെ നവീകരണം വഴി പുതിയ അവസരങ്ങൾ രൂപപ്പെടുന്നു. ആയതിനാൽ കയർ, കശുവണ്ടി, കൈത്തറി, ഖാദി, ചെറുകിട എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തിൽ ഈ വ്യവസായങ്ങളിലെ ഉൽപ്പാദന പ്രക്രിയകളുടെ യന്ത്രവൽക്കരണം ഉൾപ്പെടുന്നു (എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല). മാത്രമല്ല, ആധുനികവൽക്കരണത്തോടെ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉൽപ്പന്നങ്ങളിലേക്ക് വൈവിധ്യവത്കരിക്കാനും ഫലപ്രദമായ വിപണന-വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കാനും ശ്രമിക്കുന്നു. സംസ്ഥാനത്ത് പരമ്പരാഗത, ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ച പരസ്പര സഹകരണത്തിലൂടെ നേടാനാവും. ഇതിലൂടെ ഈ രംഗങ്ങളിൽ സംസ്ഥാനത്തിന് ആഗോള അംഗീകാരം നേടിയെടുക്കാനാവും.

**വ്യാവസായിക പ്രോത്സാഹനം, നിക്ഷേപ സൗകര്യ പ്രവർത്തനങ്ങൾ**

സംസ്ഥാനത്ത് വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നയപരമായ പിന്തുണയുണ്ടെന്ന് സംസ്ഥാനം ശക്തമായി വിശ്വസിക്കുന്നു. നയങ്ങളുടെ സമയബന്ധിതമായ അവലോകനവും കേരള സർക്കാർ ഗൗരവമായി പിന്തുടരുന്നു. പുതിയ കേരള വ്യാവസായിക വാണിജ്യ നയം 2022 ന്റെ കരട് സംസ്ഥാനം പുറത്തിറക്കി. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഹൈടെക് വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും സെക്കുറൽ ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിനും 'കേരള' ബ്രാൻഡ് ഇക്വിറ്റി വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഭാവി തൊഴിൽ നൈപുണ്യ സെറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള സംരംഭങ്ങളും പ്രോത്സാഹനങ്ങളും കൂടി കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസക്തമായ നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ്സ് സൗഹൃദ ഭേദഗതികൾ വരുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി, കേരള സർക്കാർ 2018 ലെ കേരള നിക്ഷേപ പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് കൊണ്ടുവന്നിട്ടുണ്ട്. ഇതു

പ്രകാരം ആവശ്യമായ എല്ലാ രേഖകളോടെ അപേക്ഷകൾ സമർപ്പിക്കുകയാണെങ്കിൽ 30 ദിവസത്തിനുള്ളിൽ അംഗീകാരം നൽകുന്നു. വിവിധ നിയമങ്ങൾ അനുസരിച്ച് ആവശ്യമായ വിവിധ ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ എന്നിവ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും സംസ്ഥാനം നിക്ഷേപക സൗഹൃദപരമാക്കാനും ഈ നിയമം അനുശാസിക്കുന്നു.

എം.എസ്.എം.ഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനുമായുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പരിഷ്കാരങ്ങൾക്ക് കീഴിലുള്ള പ്രധാന സംരംഭങ്ങളിലൊന്നാണ് കേരള മൈക്രോ സ്മോൾ മീഡിയം എൻ്ടർപ്രൈസസ്സ് ഫെസിലിറ്റേഷൻ ആക്റ്റ് 2019 കൂടാതെ 6/01/2020 ലെ നിയമത്തിന്റെ സെക്ഷൻ 14 പ്രകാരമുള്ള ജി.ഒ. (പി)നം. 2/2020/ഐ.ഡി എന്നിവ. ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് മെക്കാനിസത്തിന്റെ ഭാഗമാണിത്. പരിശോധനകൾക്കായുള്ള കേന്ദ്ര പരിശോധന സംവിധാനം, സ്വയം സർട്ടിഫിക്കേഷൻ വ്യവസ്ഥ അവതരിപ്പിക്കൽ, അപേക്ഷകളിൽ വിവിധ വകുപ്പുകളുടെ സമാന്തര പ്രോസസ്സിംഗ്, നിർബന്ധിത സമയപരിധിക്ക് ശേഷമുള്ള അംഗീകാരങ്ങൾ, അനാവശ്യ അനുമതികൾ ഇല്ലാതാക്കൽ, സംസ്ഥാന, ജില്ലാ, വ്യാവസായിക പാർക്കുകളിൽ നവീകരിച്ച സിംഗിൾ വിൻഡോ ബോർഡ് നോഡൽ ഏജൻസികൾ വഴി രജിസ്ട്രേഷന് സ്പോട്ട് അംഗീകാരം എന്നിവ ഉൾക്കൊള്ളുന്നു.

സംസ്ഥാനത്തിന്റെ വ്യാവസായിക പ്രോത്സാഹനവും നിക്ഷേപം സുഗമമാക്കുന്ന പ്രവർത്തനങ്ങളും പ്രോത്സാഹജനകമായ ഫലം കണ്ടു തുടങ്ങി. കേരളത്തിലെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് വ്യാവസായിക വികസനത്തിൽ പാർക്ക് മാതൃകയാണ് സംസ്ഥാന സർക്കാർ പിന്തുടരുന്നത്. ഈ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (കിൻഫ്ര). വ്യാവസായിക നിക്ഷേപം സുഗമമാക്കുന്നതിനും ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും കിൻഫ്ര നിരവധി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിനാൽ, നിക്ഷേപകർക്ക് ബിസിനസ്സ് ആരംഭിക്കാൻ കൂടുതൽ ലളിതമാകുകയും എളുപ്പമാകുകയും ചെയ്തു. എല്ലാ കിൻഫ്ര പാർക്കുകളും ഏകജാലക ക്ലിയറൻസ് സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ലളിതമാക്കിയ സമയബന്ധിത നടപടിക്രമങ്ങളും ഗതാഗതം, വൈദ്യുതി, ജലം, കണക്റ്റിവിറ്റി തുടങ്ങിയ മികച്ച അടിസ്ഥാന സൗകര്യങ്ങളും കിൻഫ്ര പാർക്കുകൾക്ക് സംരംഭകർക്കിടയിൽ സ്വീകാര്യത വർധിപ്പിച്ചു. തൽഫലമായി, 18 മാസത്തിനുള്ളിൽ (2021 ഏപ്രിൽ 1 മുതൽ 2022 ഒക്ടോബർ വരെ) ഏകദേശം 1800 കോടി രൂപ മുതൽമുടക്കിൽ ഏകദേശം 23,000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഏകദേശം 250 യൂണിറ്റുകൾ ആരംഭിക്കുന്നതിൽ ഏജൻസി നിർണായക പങ്കുവഹിച്ചു. 150 ഏക്കറിലധികം ഭൂമിയും 2.92 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥലവുമാണ് അനുവദിച്ചിരിക്കുന്നത്. ടി സി എസ്, ടാറ്റാ എൽഎക്സി, വി ഗാർഡ്, അഗാപ്പെ ഡയഗൊണോസ്റ്റിക്സ്, ഹൈക്കൺ, വിൻവിഷ് ടെക്നോളജീസ്, ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് കമ്പനി, ജോളി കോട്ട്സ്സ്, ജൻ റോബോട്ടിക് ഇന്നോവേഷൻസ്, മെസേർസ് മലബാർ നാച്വറൽ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയവയാണ് കിൻഫ്ര വഴി അലോട്ട്മെന്റ് നൽകിയ പ്രധാന കമ്പനികൾ. കൊച്ചി-ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ, പെട്രോകെമിക്കൽ പാർക്ക്-കൊച്ചി, സ്പൈസസ് പാർക്ക്-ഇടുക്കി, ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഇ എം സി)-കൊച്ചി, എസ് ഡി എഫ് - രണ്ടാം ഘട്ടം കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം, ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ (ഐ ഇ സി സി), കൊച്ചി, കേരളത്തിലെ മിനി ഫുഡ് പാർക്ക് പദ്ധതികൾ, കണ്ണൂരിലെ ലാൻഡ്ബാങ്ക്, ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ എന്നിവയാണ് വരാനിരിക്കുന്ന പ്രധാന പദ്ധതികൾ.


# 4.2 ഉൽപ്പന്ന നിർമ്മാണ മേഖല

ഈ ദശാബ്ദത്തിൽ സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനുള്ള ഇന്ത്യയുടെ ഏറ്റവും വലിയ സാധ്യതയാണ് ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഒരു ഉൽപന്ന നിർമ്മാണ മേഖല. ധാരാളം വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത, പ്രകൃതിവിഭവങ്ങൾ, ആഭ്യന്തര ഡിമാൻഡ് തുടങ്ങിയ ഘടകങ്ങൾ കാരണം, ഇന്ത്യയ്ക്ക് അതിന്റെ ഉൽപന്ന നിർമ്മാണ മേഖലയെ വളർത്താൻ ഗണ്യമായ സാധ്യതയുണ്ട്. ആഗോള വിതരണ ശൃംഖലയിലെ മാറ്റങ്ങൾ ഉൾപ്പെടെയുള്ള നിരവധി ഘടകങ്ങൾ അന്താരാഷ്ട്ര വിപണികളിൽ ഇടപഴകാനുള്ള ഇന്ത്യയുടെ കഴിവ് വികസിപ്പിക്കുന്നതിന് സഹായിക്കുന്നു. ഒന്നാമതായി, അസംസ്കൃത വസ്തുക്കൾ, വ്യാവസായിക വൈദഗ്ധ്യം, സംരംഭകത്വം എന്നിവയുടെ കാര്യത്തിൽ ഇന്ത്യയുടെ നേട്ടങ്ങളിൽ നിന്ന് പ്രയോജനം നേടുന്നതിന് ഈ മൂല്യ ശൃംഖലകൾ മികച്ചതാണ്. രണ്ടാമതായി, അവർക്ക് നാല് വിപണി അവസരങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും: കയറ്റുമതി വിപുലീകരിക്കുക, ഇറക്കുമതി പ്രാദേശികവൽക്കരിക്കുക, ആഭ്യന്തര ഡിമാൻഡ്, കരാർ നിർമ്മാണം.

കടുത്ത മത്സരാധിഷ്ഠിത വ്യവസായത്തിലും സാങ്കേതികവിദ്യയിലും നേട്ടം കൈവരിക്കുന്നതിൽ ഡിജിറ്റൽ പരിവർത്തനം ഒരു നിർണായക ഘടകമാണ്. ഇന്ന് ഇന്ത്യയിലെ നിർമ്മാണ മേഖല ക്രമേണ കൂടുതൽ യാന്ത്രികവും പ്രക്രിയാധിഷ്ഠിതവുമായ നിർമ്മാണത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്, ഇത് ഉൽപന്ന നിർമ്മാണ വ്യവസായത്തിന്റെ കാര്യക്ഷമതയും ഉൽപ്പാദനവും വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിൽ (സിഎസ്ഒ) നിന്നുള്ള താൽക്കാലിക ഡാറ്റ സൂചിപ്പിക്കുന്നത്, മുൻ വർഷത്തെ വളർച്ചാ നിരക്കായ -0.60 ശതമാനത്തിൽ നിന്ന് 2021-22 ൽ ഇന്ത്യയുടെ ഉൽപന്ന നിർമ്മാണ മേഖലയുടെ വളർച്ച 9.9 ശതമാനമായതായി കണക്കാക്കപ്പെടുന്നു എന്നാണ്. 2015-16 മുതൽ 2021-22 വരെയുള്ള സ്ഥിരമായ വിലയിൽ, മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം, ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ മൊത്ത സംയോജിത മൂല്യം (ജിവിഎ) വാർഷിക വളർച്ച **ചിത്രം 4.2.1**ൽ നൽകിയിരിക്കുന്നു.

**ചിത്രം 4.2.1** ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച മൊത്ത സംയോജിത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ




അവലംബം: സി.എസ്.ഒ

**കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല**

കേരളത്തിന്റെ ഉൽപന്ന നിർമ്മാണ മേഖല, മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, പ്രത്യേകിച്ച് കഴിഞ്ഞ നാല് വർഷത്തിനിടയിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതിലും പ്രധാനമായി, വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2021-22 ലെ കേരളത്തിന്റെ മൊത്ത സംസ്ഥാന സംയോജിത മൂല്യം (ജിഎസ്‌വിഎ) ദ്രുത എസ്റ്റിമേറ്റ് പ്രകാരം, 2021-22ൽ കേരളത്തിന്റെ ഉൽപന്ന നിർമ്മാണ മേഖല സ്ഥിരമായ വിലയിൽ (2011-12) 3.6 ശതമാനം വർദ്ധനവ് കാണിക്കുന്നു. 2021-22ൽ സ്ഥിരവും നിലവിലുള്ളതുമായ വിലയിൽ കേരളത്തിലെ ജിഎസ്‌വിഎയിലേക്കുള്ള ഉല്പന്ന നിർമ്മാണ മേഖലയുടെ പങ്ക് യഥാക്രമം 12.1 ശതമാനവും 9.8 ശതമാനവുമായിരുന്നു. 2015-16 മുതൽ 2021-22 വരെയുള്ള കേരളത്തിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ വളർച്ച **അനുബന്ധം 4.2.1**ൽ കൊടുത്തിരിക്കുന്നു.

2011-12 മുതൽ 2021-22 വരെ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വരുമാന വളർച്ചാ നിരക്ക് **ചിത്രം 4.2.2**ൽ ചേർത്തിരിക്കുന്നു.

**കേരളത്തിലെ ഖനന മേഖല**

ഹെവി മിനറൽ സാൻഡ്സ് (ഇൽമനൈറ്റ്, റൂട്ടൈൽ സിർക്കോൺ, മോണസൈറ്റ്, സില്ലിമാനൈറ്റ്) ഇരുമ്പയിര്, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, ചൈന ക്ലേ, ടൈൽ, ബ്രിക്ക് കളിമണ്ണ്, സിലിക്ക മണൽ, ലിഗ്നൈറ്റ്, ചുണ്ണാമ്പുകല്ല് തുടങ്ങിയ ധാതുക്കളുടെ നിരവധി നിക്ഷേപങ്ങൾ കേരള സംസ്ഥാനത്തിലുണ്ട്. എന്നിരുന്നാലും, വലിയ തോതിലുള്ള ഖനന പ്രവർത്തനങ്ങൾ പ്രധാനമായും കുറച്ച് ധാതുക്കളിൽ ഒതുങ്ങുന്നു. കനത്ത ധാതു മണൽ, ചൈന കളിമണ്ണ്, ഒരു പരിധി വരെ ചുണ്ണാമ്പുകല്ല്/ലിംഷെൽ, സ്ലിക്ക മണൽ, ഗ്രാനൈറ്റ്.


മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലേക്ക് മൈനിംഗ് ആന്റ് ക്വാറിംഗ് മേഖലയുടെ സംഭാവന 2021-22 ൽ 2217.01 കോടി രൂപയാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 4.6 ശതമാനം കുറവാണ്.

കേരളത്തിൽ മൈനിംഗ് ആന്റ് ക്വാറിയിംഗ് സെക്ടറിൽ നിന്ന് 2011-12 മുതൽ 2020-21 വരെയുള്ള വരുമാന വളർച്ച, 2011-12 സ്ഥിരവിലയിൽ, **ചിത്രം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും 2021–22**


സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ ധാതുക്കളിൽ നിന്നും ബാക്കി മേജർ ധാതുക്കളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2020-21ൽ ആകെ ലഭിച്ച വരുമാനം 192.2 കോടി രൂപയായിരുന്നു. 2021-22 ആയപ്പോഴേക്കും വരുമാനം 207.6 കോടി രൂപയായി വർദ്ധിച്ചു (8 ശതമാനം വർദ്ധിച്ചു). ഇതിൽ 10.8 കോടി രൂപ മേജർ ധാതുക്കളിൽ നിന്നും 196.8 കോടി രൂപ മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭിച്ചത്. മേജർ ധാതുക്കളിൽ 2021-22 ൽ ഏറ്റവുമധികം വരുമാനം ലഭിച്ചത് ഇൽമനൈറ്റ് ൽ നിന്നാണ് (4.1 കോടി രൂപ) തുടർന്ന് സിർക്കോൺ, (0.8 കോടി രൂപ). മൈനർ ധാതുക്കളിൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിൽ (78.8 കോടി രൂപ)

**ചിത്രം 4.2.2** കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ




അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

**ചിത്രം 4.2.3** കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, മൊത്ത മൂല്യ വർദ്ധനവ്, ശതമാനത്തിൽ




അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

നിന്നാണ് ഏറ്റവുമധികം വരുമാനം, തുടർന്ന് ലാറ്ററൈറ്റ് (ബിൽഡിംഗ്) (0.7 കോടി രൂപ) എന്നിങ്ങനെ ആണ് 2021-22 വർഷത്തിൽ ലഭിച്ചത്. 2016-17 മുതൽ 2021-22 വരെയുള്ള ധാതുക്കളിൽ നിന്നുള്ള വരുമാനം **പട്ടിക 4.2.1** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.2.1** ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം (രൂപ കോടിയിൽ)

| ക്രമ നം. | വർഷം | മേജർ ധാതുക്കൾ | മൈനർ ധാതുക്കൾ | ആകെ |
|---|---|---|---|---|
| 1 | 2016-17 | 6.4 | 132.3 | 138.7 |
| 2 | 2017-18 | 8.5 | 143.5 | 152.0 |
| 3 | 2018-19 | 5.4 | 165.9 | 171.3 |
| 4 | 2019-20 | 8.8 | 151.3 | 160.1 |
| 5 | 2020-21 | 8.4 | 183.8 | 192.2 |
| 6 | 2021-22 | 10.8 | 196.8 | 207.6 |

അവലംബം: ഖനന, ജിയോളജി വകുപ്പ്

കേരളത്തിൽ 2021-22 വർഷത്തിൽ 449.5 ലക്ഷം ടൺ മേജർ/മൈനർ ധാതുക്കൾ ഉൽപ്പാദിപ്പിച്ചു. മേജർ ധാതുക്കളിൽ ഒന്നാം സ്ഥാനം ലൈംസ്റ്റോൺ (3.0 ലക്ഷം ടൺ), തുടർന്ന് ഇൽമനൈറ്റ് (0.9 ലക്ഷം ടൺ). മൈനർ മിനറലുകളിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണാണ് (328.5 ലക്ഷം ടൺ), തുടർന്ന്, ഓർഡിനറി എർത്ത് (107.1ലക്ഷം ടൺ) രണ്ടാം സ്ഥാനത്തുണ്ട്. 2021-22ൽ സംസ്ഥാനത്തെ ധാതുക്കളുടെ ഉൽപ്പാദനവും വരുമാനവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.2.2**ൽ ചേർത്തിരിക്കുന്നു.

**മേജർ/മൈനർ ധാതുക്കളിൽ നിന്ന് ലഭിച്ച ജില്ല തിരിച്ചുള്ള വരുമാനം സംബന്ധിച്ച വിശകലനം**

2021-22 ലെ ജില്ല തിരിച്ചുള്ള വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വരുമാനം നേടിയ ജില്ല എറണാകുളമാണ്, 25.1 കോടി രൂപ. കൊല്ലം 25.02 കോടി രൂപ, തിരുവനന്തപുരം 23.8 കോടി രൂപ, പാലക്കാട് 22.66 കോടി രൂപ എന്നീ ജില്ലകൾ തുടർന്ന് വരുന്നു. ഏറ്റവും കുറച്ച് വരുമാനം ലഭിച്ചത് വയനാട് ജില്ലയിൽ നിന്നുമാണ് 2.3 കോടി രൂപ. ധാതുക്കളിൽ (മേജർ/മൈനർ ധാതുക്കൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2016-17 മുതൽ 2021-22- വരെ ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 4.2.2** ൽ കാണിച്ചിരിക്കുന്നു. **പട്ടിക 4.2.2**

**പട്ടിക 4.2.2** ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് |
|---|---|---|---|
| 1 | 2016-17 | 84.00 | 48.82 |
| 2 | 2017-18 | 135.00 | 123.03 |
| 3 | 2018-19 | 149.00 | 61.46 |
| 4 | 2019-20 | 149.00 | 75.92 |
| 5 | 2020-21 | 132.00 | 117.73 |
| 6 | 2021-22 | 132.00 | 111.29 |
| 7 | 2022-23 | 405.00 | *60.57 |

അവലംബം: ബജറ്റ് കണക്കുകൾ
* 2022 നവംബർ വരെയുള്ള ചെലവ്

**ഇ-ഗവേർണൻസ് പദ്ധതിയുടെ നടപ്പാക്കൽ**

കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (കോംപാസ്) എന്ന ഓൺലൈൻ സംവിധാനം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വഴിയാണ് നടപ്പിലാക്കുന്നത്. എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കി വരുന്നു.

**കേരളത്തിലെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ.**

ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കുണ്ടറ സെറാമിക്സ്, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്, കേരള ക്ലെയിസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ മേജർ മിനറൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ ചിലതാണ്. സ്റ്റോൺ ക്രഷർ, സാന്റ് നിർമ്മാണ യൂണിറ്റ്, ബ്രിക്സ് ഫാക്ടറി, ടൈൽ ഫാക്ടറി, എന്നിവ മൈനർ മിനറൽ അടിസ്ഥാനമാക്കിയുള്ള പ്രധാന വ്യവസായങ്ങളാണ്. ഈ അടുത്തകാലത്തായി അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായ മുന്നേറ്റം മൂലം അനേകം ഗ്രാനൈറ്റ് ബിൽഡിംഗ് യൂണിറ്റുകളും, മണൽ ഉത്പാദന യൂണിറ്റുകളും സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു.

മൈനിംഗും ക്വാറിംഗും വളരെ അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങളാണെങ്കിലും ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ, ഖനന പ്രവർത്തനങ്ങൾ മൂലമുള്ള പ്രതികൂലമായ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ സന്നദ്ധമാണ്. ആധുനിക സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഒരു പരിധിവരെ മൈനിംഗ്, ക്വാറിയിംഗ് പ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിക്കും സമ്പത്തിനും ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് സഹായകമാണ്.

# 4.3 പൊതുമേഖലാ സ്ഥാപനങ്ങൾ

പൊതുമേഖലയെ ശക്തിപ്പെടുത്തുക, പൊതുമേഖലാ സ്ഥാപനങ്ങൾ പ്രൊഫഷണലായി പ്രവർത്തിപ്പിക്കുക, ലാഭം നേടുന്നതിന് അവരെ സഹായിക്കുക വ്യവസായ മേഖലയുടെയും സമ്പദ്‌വ്യവസ്ഥയുടെയും വികസനം എന്നിവയാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. നവീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരള വ്യവസായ മേഖല കൈവരിച്ച പുരോഗതി, പൊതുമേഖലാ യൂണിറ്റുകളുടെ, പ്രത്യേകിച്ച് സംസ്ഥാന പൊതുമേഖലാ യൂണിറ്റുകളുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ഭാഗമാണ്. പ്രധാനമായും കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നിവയുടെ നിർമ്മാണത്തിന്റെ വിവിധ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ തങ്ങളുടെ ഉൽപ്പാദന മേഖലകളിൽ രാജ്യത്തെ മുൻനിരക്കാരാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുറമേ, കേരളത്തിൽ നിരവധി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഉണ്ട്. കൊച്ചിയിലെ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്എസിടി), ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ), കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് (സിഎസ്എൽ), പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് (ഐഎൽ) എന്നിവ അതിൽ ഉൾപ്പെടുന്നു.

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

2021 മാർച്ച് 31 വരെ, ഇന്ത്യാ ഗവൺമെന്റിന്റെ (ജിഐഐ) വിവിധ മന്ത്രാലയങ്ങളുടെ/വകുപ്പുകളുടെ ഭരണപരമായ നിയന്ത്രണത്തിൽ 389 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ അറ്റാദായം 2019- 20 ലെ ₹0.93 ലക്ഷം കോടി രൂപയിൽ നിന്ന് 2020-21 ൽ ₹1.58 ലക്ഷം കോടി രൂപയായി ഉയർന്നു. ശതമാനാടിസ്ഥാനത്തിൽ 69.48 ശതമാനത്തിന്റെ വർദ്ധനവ് കാണിച്ചു. 2020-21 ൽ ഇന്ത്യയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റാദായം 2019-20 ലെ ₹1.38 ലക്ഷം കോടി രൂപയിൽ നിന്ന് ₹1.89 ലക്ഷം കോടി രൂപയായി ഉയർന്നു. ശത മാനാടിസ്ഥാനത്തിൽ അറ്റാദായം 37.5 ശതമാനം വർദ്ധനവുണ്ടായി. സമ്പദ്‌വ്യവസ്ഥയിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 2019-20 ലെ ₹0.44 ലക്ഷം കോടിയുമായി താരതമ്യം ചെയ്യുമ്പോൾ 2020-2021ൽ ₹0.31 ലക്ഷം കോടി രൂപയായി കുറഞ്ഞു. ശതമാനാടിസ്ഥാനത്തിൽ നഷ്ടത്തിൽ 29.86 ശതമാനം കുറവുണ്ടായതായി കാണിക്കുന്നു (പബ്ലിക് എന്റർപ്രൈസസ് സർവേ 2020-21).


### കേന്ദ്ര മേഖലാ നിക്ഷേപം

ഇന്ത്യയിലെ സെൻട്രൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തത്തിലുള്ള നിക്ഷേപം, 'ഗ്രോസ് ബ്ലോക്കുകളുടെ' അടിസ്ഥാനത്തിൽ കണക്കാക്കിയാൽ, 2019-20ൽ ₹21.28 ലക്ഷം കോടിയിൽ നിന്ന് 2020-21ൽ ₹21.67 ലക്ഷം കോടിയായി ഉയർന്നു, മുൻവർഷത്തേക്കാൾ 1.8 ശതമാനം വളർച്ച രേഖപ്പെടുത്തി. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള നിക്ഷേപം 2019-20 ലെ ₹67,710 കോടി രൂപയിൽ നിന്ന് 2020-21ൽ ₹66,493 കോടി രൂപയായി 1.8 ശതമാനം കുറഞ്ഞു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നിക്ഷേപത്തിൽ സംസ്ഥാനത്തിന്റെ വിഹിതം 2019-20ൽ 2.8 ശതമാനത്തിൽ നിന്ന് 2020-21ൽ 2.5 ശതമാനമായി കുറഞ്ഞു. 2021 മാർച്ച് 31-ലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം ഏറ്റവും ഉയർന്നത് മഹാരാഷ്ട്രയിലും (നിക്ഷേപത്തിന്റെ 7.9 ശതമാനം) ഉത്തർപ്രദേശിലും (നിക്ഷേപത്തിന്റെ 7.1 ശതമാനം) തമിഴ്‌നാട്ടിലുമാണ് (നിക്ഷേപത്തിന്റെ 6.7 ശതമാനം). (പബ്ലിക് എന്റർപ്രൈസസ് സർവേ 2020 -21). 2013-14 മുതൽ 2020-2021 വരെയുള്ള കേരളത്തിലെ കേന്ദ്ര മേഖലാ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.1** ലും തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ കേന്ദ്രമേഖലാ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ (2021 മാർച്ച് 31-ലെ) **അനുബന്ധം 4.3.2** ലും നൽകിയിരിക്കുന്നു. 2013-14 മുതൽ 2020-21 വരെയുള്ള കാലയളവിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം **ചിത്രം 4.3.1**.ൽ ചേർത്തിരിക്കുന്നു.

### ജോയിന്റ് സ്റ്റോക്ക് കമ്പനികൾ

2022 മാർച്ച് വരെ കേരളത്തിൽ 43,697 ജോയിന്റ് സ്റ്റോക്ക് കമ്പനികൾ ഉണ്ടായിരുന്നു, അതിൽ 41,114 (94.1ശതമാനം) പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും 2,583 (5.9ശതമാനം) പബ്ലിക് ലിമിറ്റഡ് കമ്പനികളുമാണ്. 2021 മാർച്ചിനെ അപേക്ഷിച്ച്, 2022 മാർച്ചോടെ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ എണ്ണം 4,236 ന്റെ വർദ്ധന രേഖപ്പെടുത്തി. 2021-22ൽ 6,417 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു (6,106 പ്രൈവറ്റ് ലിമിറ്റഡ്, 311 പബ്ലിക് ലിമിറ്റഡ്). 2021-

ചിത്രം 4.3.1 കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപ വിഹിതം, ശതമാനത്തിൽ




അവലംബം: പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2020-21

22ൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് 23 കമ്പനികളും മറ്റ് സംസ്ഥാനങ്ങളിലേക്ക് 5 കമ്പനികളും മാറി. 2021-22ൽ പിരിച്ചുവിടപ്പെട്ട/സംയോജിപ്പിച്ച കമ്പനികളുടെ എണ്ണം 2,199 ആയിരുന്നു. 7 പബ്ലിക് ലിമിറ്റഡ് കമ്പനികളെ പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളായും 4 പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളെ പബ്ലിക് ലിമിറ്റഡ് കമ്പനികളായും മാറ്റി. 2022 മാർച്ചിലെ മൊത്തം സർക്കാർ കമ്പനികളുടെ എണ്ണം 175 ആയിരുന്നു (രജിസ്ട്രാർ ഓഫ് കമ്പനീസ് കേരളയും ലക്ഷദ്വീപും). കേരളത്തിൽ പ്രവർത്തിക്കുന്ന ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.3** ൽ നൽകിയിരിക്കുന്നു.

### വ്യവസായ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 8 സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ ഏഴു സെക്ടറുകളിലായി 42 പൊതു മേഖലായൂണിറ്റുകളുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തിൽ കാര്യമായ പുരോഗതിയുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ ₹3892.14 കോടി രൂപയുടെ വിറ്റുവരവും ₹386.05 കോടി രൂപ പ്രവർത്തന ലാഭവും രേഖപ്പെടുത്തി. വിറ്റുവരവ് മുൻവർഷത്തേക്കാൾ 17.8 ശതമാനം വർദ്ധിച്ചു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (ടിസിസി), കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (ടിടിപി) എന്നിവയാണ് ഈ വർഷം ലാഭമുണ്ടാക്കിയ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങൾ. 17 ടെക്സ്റ്റൈൽ മില്ലുകളിൽ, 5 മില്ലുകൾ പ്രവർത്തന ലാഭം രേഖപ്പെടുത്തുകയും ബാക്കിയുള്ളവ അവയുടെ നഷ്ടം ഗണ്യമായി കുറയ്ക്കുകയും ചെയ്തു.

2021-22 വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ ₹248.79 കോടി രൂപ അനുവദിച്ചു. ഇതിൽ ₹218.79 കോടി രൂപ ഇതിനകം ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള മൂലധനച്ചെലവ് പദ്ധതികൾക്കും പുതിയതായി നിർദേശിച്ച പദ്ധതി കൾക്കുമായിരുന്നു. ₹30 കോടി രൂപ സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തന മൂലധന പിന്തുണയ്ക്കായി നീക്കിവച്ചു.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങൾ

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ അവയുടെ മൊത്തത്തിലുള്ള പ്രകടന മെച്ചപ്പെട്ട ത്തലുകൾക്കായി ദീർഘകാല വീക്ഷണത്തോടെ കാര്യക്ഷമമാക്കുന്നതിന്, ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഹ്രസ്വ, ഇടത്തരം, ദീർഘകാല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.
- തിരഞ്ഞെടുത്ത പ്രോജക്ടുകൾ ഹ്രസ്വകാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
  - വിറ്റഴിക്കാവുന്ന അയൺ ഓക്സൈഡ് (ഐഒ), ഡിസിഎസ്, ഐഒ എന്നിവയ്ക്കായി എആർപി സാങ്കേതിക പരിഷ്ക്കരണത്തിന് ₹46 കോടി രൂപ – കേരള മിനറൽസ് ആൻഡ് മെറ്റൽ ലിമിറ്റഡ്.
  - സിപിടി പാട്ടഭൂമിയിൽ ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക്സ് ഹബ്ബും - ₹166.55 കോടി രൂപ - മലബാർ സിമന്റ്സ് ലിമിറ്റഡ്
  - പുതിയ വൈവിധ്യമാർന്ന പദ്ധതികൾ- ട്രാവൻകൂർ ടൈറ്റാനിനം പ്രൊഡക്ട്സ് ലിമിറ്റഡ്-₹234.52 കോടി
  - പുതിയ 150 ടിപിഡി കാസ്റ്റിക് സോഡ പ്ലാന്റ് - ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്-₹80 കോടി രൂപ
  - 400 ടിപിഡി ഗ്രേ സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ്- ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്- ₹10 കോടി രൂപ
  - പിണറായി ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിൽ ഹൗസ് വയറിംഗ് കേബിളിന്റെ ഉൽപ്പാദന ശേഷി ഇരട്ടിയാക്കുന്നു- ₹4.75 കോടി രൂപ
  - ഷൊർണൂർ മെഷീനിംഗ് യൂണിറ്റിന്റെ വികസനം - സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്-₹5 കോടി
  - എസ്എഫ്യു ചേർത്തലയിലെ ഹൈടെക്

ഫാബ്രിക്കേഷൻ ഷോപ്പ് സംഭാവന സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്- ₹4 കോടി രൂപ
- ഫൗണ്ടറി മോഡേണൈസേഷൻ ഘട്ടം-I -ഓട്ടോകാസ്റ്റ് ലിമിറ്റഡ് ₹10 കോടി രൂപ
- കെൽട്രോണിന്റെ പ്രതിരോധ ഇലക്ട്രോണിക്സ് എന്ന പുതിയ നിർദ്ദേശവും ഗവേഷണ-വികസനത്തിന്റെ വൈവിധ്യവൽക്കരണവും ₹ 62 കോടി
- ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണം ഡി-ബോട്ടിൽനെക്കിംഗ് പ്രോസസ് സ്റ്റീം വഴി പ്ലാന്റ് കപ്പാസിറ്റി 18,000 ടിപിഎയിൽ സ്ഥിരപ്പെടുത്തൽ- കേരള സെറാമിക്സ് ലിമിറ്റഡ് - ₹7 കോടി രൂപ

- പ്രോജക്ടുകളുടെ മൂല്യനിർണ്ണയം, വിലയിരുത്തൽ, ഫണ്ട് കണ്ടെത്തൽ, സമയബന്ധിതമായി നടപ്പിലാക്കൽ എന്നിവയ്ക്കായി റിയാബിന് കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പിഎംയു) കൊച്ചിയിൽ സ്ഥാപിച്ചു.
- പൊതുമേഖലയ്ക്ക് കീഴിലുള്ള കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി, കേരള സർക്കാർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്സ് ലിമിറ്റഡ് (എച്ച്എൻഎൽ) വെള്ളൂർ, ബിഎച്ച്ഇഎൽ - ഇഎംഎൽ, കാസർഗോഡ് എന്നിവ ഏറ്റെടുത്ത് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളാക്കി മാറ്റി ഉത്പാദനം പുനരാരംഭിച്ചു.
- പരമ്പരാഗത മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനായി ഒരു ഇ-കൊമേഴ്സ് പോർട്ടൽ സമാരംഭിക്കുന്നതിന് മുൻകൈ എടുത്തിട്ടുണ്ട്.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഒരു ഓൺലൈൻ പ്രോജക്ട് മാനേജ്മെന്റ്, ആക്റ്റിവിറ്റി മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.
- പിഎസ്‌സിക്ക് റഫർ ചെയ്യുന്ന തസ്തിക ഒഴികെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റിൽ കൂടുതൽ സുതാര്യത ഉറപ്പാക്കാൻ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു.
- കിൻഫ്രയുടെ പിന്തുണയോടെ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉപയോഗശൂന്യമായ ഭൂമിയുടെ ഫലപ്രദമായ വിനിയോഗം.

വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം കഴിഞ്ഞ 6 വർഷങ്ങളിൽ **അനുബന്ധം 4.3.4**ൽ നൽകിയിരിക്കുന്നു.

വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള സാമ്പത്തിക പ്രകടനം **പട്ടിക 4.3.1**ൽ കാണിച്ചിരിക്കുന്നു.

വ്യാവസായിക മേഖലയിലെ കെമിക്കൽ, ഇലക്ട്രോണിക് മേഖലകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 2020-21 കാലയളവിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച പ്രകടനത്തിന് കാരണമായി. അതേസമയം, ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം രേഖപ്പെടുത്തി, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രകടനം കുറയ്ക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും കേരളത്തിലെ വ്യാവസായിക മേഖലയുടെ സാങ്കേതിക പരിവർത്തനത്തിന്റെ ഏജന്റായി ഉയർന്നുവരാൻ സഹായിക്കാനുമുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ ആരംഭിച്ചു.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 2020-21 നെ അപേക്ഷിച്ച് 2021-22ൽ 17.8 ശതമാനം വർദ്ധനയുണ്ടായി. 2021-22, 2022-23 (2022 ഓഗസ്റ്റ് വരെ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ്, ലാഭം/ നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.3.5**ൽ കൊടുത്തിരിക്കുന്നു.

### ഭാവി പരിപാടികൾ

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ പൊതു സ്വകാര്യ മേഖലകളിൽ ഉയർന്ന സാങ്കേതിക സംരംഭങ്ങൾക്ക് പ്രവർത്തനക്ഷമമായ അന്തരീക്ഷം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളായി മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖല സ്ഥാപനങ്ങളുടെ ബന്ധം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി, കേരളത്തിൽ നിന്നു തന്നെ അസംസ്കൃത വസ്തുക്കൾ കഴിയുന്നത്ര ശേഖരിക്കുകയും താഴെ തട്ടിലുള്ള വ്യവസായങ്ങളെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. സംരംഭകത്വം പ്രത്യേകിച്ച് ഉയർന്ന സാങ്കേതിക വിദ്യ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ചാലക ശക്തികളായി കേരളത്തിലെ പൊതുമേഖലസ്ഥാപനങ്ങൾ മാറണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേക്ക് പ്രൊഫഷണൽ മാനേജർമാരെ നിയമിച്ചിട്ടുണ്ട്. സുതാര്യമായ രീതിയിൽ ഉന്നതതലത്തിലുള്ള മാനേജർമാരുടെ ഒരു കേഡർ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന് രൂപം നൽകി. ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

### പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്)

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിയാബിലൂടെയാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ/നവീകരണ പദ്ധതികൾ നടപ്പാക്കുന്നത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന/ പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കുന്നതിൽ റിയാബ് ഒരു പ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുക, സ്ഥാപന പുന:നിർമ്മാണം, ശേഷി വർദ്ധിപ്പിക്കൽ, പൊതു മേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭരണപരമായ ഉപദേശക സഹായവും നൽകുക എന്നിവയാണ് ഏജൻസിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

### വ്യാവസായിക പ്രോത്സാഹനവും അടിസ്ഥാന സൗകര്യ വികസന ഏജൻസികളും

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവയാണ് സംസ്ഥാനത്തെ

**പട്ടിക 4.3.1** വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ)

| ഇനങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 (31/8/2022 വരെ) |
|---|---|---|---|---|---|---|
| **കെമിക്കൽ മേഖല** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 7 | 7 | 7 | 7 | 7 | 7 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 19.5 | 28.22 | 21.07 | 43.24 | 26.62 | 1 |
| ടേൺ ഓവർ (കോടി രൂപയിൽ) | 1404.93 | 1599.1 | 1412.35 | 1537.18 | 1912.44 | |
| പ്രവർത്തന ലാഭം (കോടി രൂപയിൽ) | 268.03 | 232.24 | 62.5 | 120.89 | 423.57 | 120.26 |
| അറ്റാദായം (കോടി രൂപയിൽ) | 221.62 | 182.53 | 58.9 | 58.07 | 346.92 | 85.23 |
| **ഇലക്ട്രിക്കൽ മേഖല** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 4 | 4 | 4 | 4 | 4 | 4 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 17.86 | 32.95 | 7.43 | 29 | 44 | 11.75 |
| ടേൺ ഓവർ (കോടി രൂപയിൽ) | 367.06 | 564.28 | 492.89 | 474.28 | 356.91 | 111.81 |
| പ്രവർത്തന ലാഭം (കോടി രൂപയിൽ) | 1.28 | 20.01 | 25.79 | -37.93 | -51.23 | -21.29 |
| അറ്റാദായം (കോടി രൂപയിൽ) | -34.17 | -19.92 | -8.05 | -78.38 | -92.58 | .39.72 |
| **എഞ്ചിനീയറിംഗ് മേഖല** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 6 | 6 | 6 | 6 | 6 | 6 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 25.86 | 30.45 | 16 | 40.49 | 38.27 | 3.5 |
| ടേൺ ഓവർ (കോടി രൂപയിൽ) | 125.78 | 149.31 | 153.38 | 182.52 | 225.87 | 94.09 |
| പ്രവർത്തന ലാഭം (കോടി രൂപയിൽ) | -16.35 | -25.65 | -13.08 | -12.67 | -13.62 | -6.2 |
| അറ്റാദായം (കോടി രൂപയിൽ) | -45.7 | -54.53 | -38.84 | -41.86 | -45.68 | -22.64 |
| **ഇലക്ട്രോണിക്സ് മേഖല** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 3 | 3 | 3 | 3 | 3 | 3 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 2.68 | 10.57 | 2.51 | 7.96 | 14.72 | 5.25 |
| ടേൺ ഓവർ (കോടി രൂപയിൽ) | 474.68 | 542.28 | 522.45 | 533.94 | 615.85 | 140.18 |
| പ്രവർത്തന ലാഭം (കോടി രൂപയിൽ) | 22.71 | 21.19 | 19.04 | 27.36 | 50.01 | -2.74 |
| അറ്റാദായം (കോടി രൂപയിൽ) | 4.77 | 8.72 | 4.07 | 10.46 | 32.01 | -10.84 |
| **ടെക്സ്റ്റയിൽ മേഖല** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 10 | 11 | 11 | 11 | 11 | 11 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 23.81 | 22.2 | 19.4 | 40.91 | 22.99 | 12.85 |
| ടേൺ ഓവർ (കോടി രൂപയിൽ) | 134 | 154.83 | 158.56 | 181.18 | 322.26 | 152.06 |
| പ്രവർത്തന ലാഭം(കോടി രൂപയിൽ) | -49.93 | -44 | -51.77 | -15.57 | -1.25 | -21.27 |
| അറ്റാദായം (കോടി രൂപയിൽ) | -92.43 | -95.93 | -115.24 | -88.31 | -86.65 | -58.7 |
| **സെറാമിക് മേഖല** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 2 | 2 | 2 | 2 | 2 | 2 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 4.94 | 16.2 | 3.02 | 14.48 | 7.5 | 1.5 |
| ടേൺ ഓവർ (കോടി രൂപയിൽ) | 4.98 | 7.46 | 9.62 | 36.32 | 59.75 | 28.23 |
| പ്രവർത്തന ലാഭം(കോടി രൂപയിൽ) | -9.5 | -1.32 | 1.18 | 1.17 | 1.57 | 1.05 |
| അറ്റാദായം (കോടി രൂപയിൽ) | 15.36 | -6.96 | -10.45 | -13.45 | -9.91 | -5.64 |

| | | | | | | |
|---|---|---|---|---|---|---|
| **പരമ്പരാഗത തടി അധിഷ്ഠിത വ്യവസായങ്ങൾ** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 7 | 7 | 7 | 7 | 7 | 7 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 7.1 | 7.45 | 5.08 | 15 | 21.22 | 2.29 |
| ടേൺ ഓവർ (കോടി രൂപയിൽ) | 121.54 | 123.48 | 109.65 | 66.82 | 98.49 | 43.42 |
| പ്രവർത്തന ലാഭം(കോടി രൂപയിൽ) | -19.6 | -19.36 | -15.45 | -25.01 | -20.89 | -5.8 |
| അറ്റാദായം (കോടി രൂപയിൽ) | -30.69 | -25.95 | -26.67 | -35.76 | -27.77 | -9.92 |
| **വികസന മേഖല** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 2 | 2 | 2 | 2 | 2 | 2 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | | | 1.1 | 17.1 | 9.5 | 1.48 |
| ടേൺ ഓവർ (കോടി രൂപയിൽ) | 246.5 | 274.92 | 209.48 | 291.71 | 300.57 | 71.85 |
| പ്രവർത്തന ലാഭം(കോടി രൂപയിൽ) | -7.98 | -0.82 | 2.12 | -8.91 | -2.13 | -3.84 |
| അറ്റാദായം (കോടി രൂപയിൽ) | -14.56 | -4.18 | -1.15 | -17.44 | -12.79 | -8.71 |
| **മൊത്തം** | | | | | | |
| (ആകെ യൂണിറ്റ്) എണ്ണം | 41 | 42 | 42 | 42 | 42 | 42 |
| പദ്ധതി വിഹിതം (കോടി രൂപയിൽ) | 101.75 | 148.04 | 75.61 | 208.18 | 184.82 | 39.62 |
| ടേൺ ഓവർ (കോടി രൂപയിൽ) | 2879.47 | 3415.76 | 3068.38 | 3303.95 | 3892.14 | 1343.08 |
| പ്രവർത്തന ലാഭം(കോടി രൂപയിൽ) | 188.66 | 182.29 | 27.97 | 46.99 | 386.03 | 60.17 |
| അറ്റാദായം (കോടി രൂപയിൽ) | -6.52 | -46.22 | -137.43 | -206.63 | 103.55 | -70.94 |

അവലംബം: റിയാബ്

പ്രധാന വ്യവസായ ധനസഹായ ഏജൻസികൾ. വ്യാവസായിക ധനസഹായത്തിനു പുറമെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെ. എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. കൂടാതെ, വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)**

കേരളത്തിൽ ഇടത്തര-വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കമ്പനിയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി). കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ വ്യവസായിക പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപ പ്രോത്സാഹന ഉദ്യമങ്ങളെ മുന്നോട്ട് നയിക്കുന്നതിനും, വ്യവസായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും ജൈവവ്യവസ്ഥയ്ക്കും സംരംഭകരെ വളർത്തുന്നതിനും സ്റ്റാർട്ട് അപ്പുകൾക്ക് പിന്തുണ നൽകുന്നതിനും ഒരു പ്രധാന പങ്ക് കെ.എസ്.ഐ.ഡി.സി വഹിക്കുന്നു. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. വിവിധ ആനുകൂല്യങ്ങളും പദ്ധതികളും പരിശോധിക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് എന്റർപ്രൈസ് സ്ഥാപിക്കുന്ന നിക്ഷേപകർക്കുള്ള സിഗിംൾ പോയിന്റ് ഓഫ് കോൺടാക്റ്റായി കെഎസ്ഐഡിസി പ്രവർത്തിക്കുന്നു. ബിസിനസ് ആശയങ്ങൾ പ്രായോഗിക പദ്ധതികളാക്കി വികസിപ്പിക്കുന്നതിനുള്ള പിന്തുണ, സാധ്യതാപഠനങ്ങൾ നടത്തുന്നതിനുള്ള സഹായം, വികസിപ്പിച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പ്രോജക്ട് ആശയരൂപീകരണം മുതൽ കമ്മീഷൻ ചെയ്യൽ വരെ നിക്ഷേപകനെ കൈപിടിച്ചുയർത്തുന്നതിനുള്ള സമയോചിതമായ അംഗീകാരങ്ങളും അനുമതികളും കെഎസ്ഐഡിസി വാഗ്ദാനം ചെയ്യുന്നു. ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, മെന്ററിംഗ് സെഷനുകൾ നൽകുക, സ്റ്റാർട്ടപ്പിനായി സീഡ് ഫണ്ട് നൽകുക എന്നിവയിലൂടെ സ്റ്റാർട്ടപ്പുകളെ പ്രാപ്തമാക്കുന്ന ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ കെഎസ്ഐഡിസി പരിശ്രമിക്കുന്നു.

വിവിധ വ്യവസായ യൂണിറ്റുകൾക്കും വിവിധ മെഗാ പ്രോജക്ടുകൾക്കും ധനസഹായം നൽകുന്നതിന് പുറമെ കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ **ബോക്സ് 4.3.1**ൽ കൊടുത്തിരിക്കുന്നു.

**ബോക്സ് 4.3.1** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും

- ഇടത്തര - വൻകിട വ്യവസായങ്ങൾക്ക് ധനസഹായവും പിന്തുണയും
- കേരളത്തിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക
- വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാന സൗകര്യ വികസനം.
- കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി) പ്രോത്സാഹിപ്പിക്കുക
- വിവിധ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പിന്തുണ നൽകുക
- സംരംഭക സഹായം
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി
- ലൈഫ് സയൻസ് പാർക്ക് - ലൈഫ് സയൻസ് മേഖലയിൽ സ്വകാര്യ വ്യവസായങ്ങളെയും ഗവേഷണവികസന സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി.
- ലൈറ്റ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്-രണ്ടാം ഘട്ടം.
- ബിസിനസ്സ് ഇൻകുബേറ്റർ
- മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്)
- മെഗാ ഫുഡ് പാർക്ക്

**സാമ്പത്തിക സ്ഥിതി**

2020-21ൽ കോർപറേഷൻ ₹26.6 കോടി രൂപ അറ്റാദായമായി നേടി. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ കെ.എസ്.ഐ.ഡി.സി യുടെ ചില പ്രധാന സാമ്പത്തിക പരാമീറ്ററുകൾ **പട്ടിക 4.3.2**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.2** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ (കോടി രൂപയിൽ)

| വിശദാംശങ്ങൾ | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| മൊത്തം ആസ്തി | 725.1 | 643.2 | 810.9 |
| ആകെ ചിലവുകൾ | 14.4 | 14.6 | 18.4 |
| ജീവനക്കാരുടെ ചിലവുകൾ | 8.9 | 10.7 | 10.7 |
| അറ്റലാഭം/നഷ്ടം (+/-) | 33.8 | 39.6 | 26.6 |
| ഓഡിറ്റ് നില | ആഡിറ്റ് ചെയ്തിട്ടുണ്ട് | | പൂർത്തിയാക്കിട്ടില്ല |

അവലംബം: ബി.പി.ഇ അവലോകനം 2020-21

**കെ.എസ്.ഐ.ഡി.സി യുടെ വ്യാവസായിക ധനസഹായ പ്രവർത്തനങ്ങൾ**

2021-22ൽ ₹428.02 കോടി രൂപയുടെ പദ്ധതികൾക്ക് കെഎസ്ഐഡിസി അനുമതി നൽകി. കോർപ്പറേഷൻ ₹287.24 കോടി രൂപ പിരിച്ചെടുക്കുകയും മുതലും പലിശയുമടക്കം മൊത്തം ₹148.27 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. ₹569.69 കോടി രൂപ മുതൽമുടക്കിൽ 13 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു, ഇത് ഏകദേശം 2350 പേർക്ക് തൊഴിൽ സൃഷ്ടിക്കും. 2021-22, 2022-23 (2022 ആഗസ്റ്റ് 31 വരെ) വർഷങ്ങളിലെ കെഎസ്ഐഡിസിയുടെ ഭൗതികവും സാമ്പത്തികവുമായ പ്രകടനം **അനുബന്ധം 4.3.6** ൽ നൽകിയിരിക്കുന്നു.കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016-17 മുതൽ 2022-23 വരെ **പട്ടിക 4.3.3**ൽ കൊടുത്തിരിക്കുന്നു.

**കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രോത്സാഹന പ്രവർത്തനങ്ങൾ**

**ഈസ് ഓഫ് ഡ്യൂയിംഗ് ബിസ്സിനസ്**

ഈസ് ഓഫ് ഡ്യൂയിംഗ് ബിസ്സിനസ് മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച പരിഷ്കരണ നടപടികളുടെ അടിസ്ഥാനത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ ഇന്റസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ വകുപ്പ് (ഡി.ഐ.പി.പി) വർഷംതോറും സംസ്ഥാനങ്ങളെ റാങ്ക് ചെയ്യുന്നു. കേരളത്തിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള ക്ലിയറൻസ് നടപടിയ്ക്കായി നിലവിലുള്ള ചട്ടങ്ങളെയും വകുപ്പുകളെയും പരിഷ്കരിക്കുന്നതിനെപ്പറ്റി കെ.എസ്.ഐ.ഡി.സി ഒരു പഠനം നടത്തുകയും, റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 7 ആക്ടുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം സംസ്ഥാന കാബിനറ്റ് അംഗീകരിച്ചു. ഇതിനെത്തുടർന്ന് ഇ.ഒ.ഡി.ബി യുടെ ഭാഗമായി സംസ്ഥാന സർക്കാർ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018ൽ പ്രസിദ്ധീകരിച്ചു.

**പട്ടിക 4.3.3** കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2016-17 | 87.5 | 75.5 | 86.3 |
| 2 | 2017-18 | 96.3 | 171.7 | 178.4 |
| 3 | 2018-19 | 134.4 | 77.5 | 57.7 |
| 4 | 2019-20 | 116.0 | 15.9 | 13.7 |
| 5 | 2020-21 | 109 | 84.32 | 77.36 |
| 6 | 2021-22 | 109 | 48.74 | 44.72 |
| 7 | 2022-23 | 113 | *15.89 | 14.06 |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ്
*2022 നവംബർ വരെയുള്ള ചെലവുകൾ

"കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019" നടപ്പിലാക്കിയത്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും ലൈസൻസുകൾ, അംഗീകാരങ്ങൾ, പെർമിറ്റുകൾ തുടങ്ങിയവയിൽ നിന്ന് മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം ചെയ്ത റെഡ് കാറ്റഗറിയിൽ പെടാത്തതുമായ എല്ലാ പ്രോജക്റ്റുകളും ഒഴിവാക്കുന്ന ഒരു ഓട്ടോമേറ്റഡ് അപ്രൂവൽ റൂട്ട് നടപ്പിലാക്കുന്നതിനാണ്. ആദ്യത്തെ മൂന്ന് വർഷം സംസ്ഥാന ഭരണത്തിൻ കീഴിൽ നടപ്പിലാക്കുന്നു. ഇന്നത്തെ കണക്കനുസരിച്ച് 13,863-ലധികം എംഎസ്എംഇ-കൾ സംസ്ഥാനത്തുടനീളം എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള ഇളവുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം (കെ.സ്വിഫ്റ്റ്)**

സംസ്ഥാനത്ത് വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി കേരള സർക്കാർ ഒരു 'ഏകജാലക ക്ലിയറൻസ് സംവിധാനം' ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. ഓൺലൈൻ ക്ലിയറൻസ് സംവിധാനവും ഓൺലൈൻ പൊതു അപേക്ഷ ഫോമുകളും വികസിപ്പിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ (എൻ.ഐ.സി) ചുമതലപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി ലൈസൻസുകളും അംഗീകാരങ്ങളും നൽകുന്ന വിഷയത്തിൽ സർക്കാരുമായുള്ള ഭാവിയിലെ എല്ലാ ഇടപാടുകൾക്കും കെ.സ്വിഫ്റ്റ് വേദിയാകും. 2021 ഒക്ടോബർ 20 വരെയുള്ള കണക്കനുസരിച്ച്, ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള 27,776 സംരംഭകർ കെ. സ്വിഫ്റ്റ് സംവിധാനം ഉപയോഗിക്കുകയും 21 വകുപ്പുകളുടെ 75 പ്ലസ് സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**സാമ്പത്തിക സഹായം**

സംസ്ഥാനത്തെ ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി കെഎസ്ഐഡിസി നിരവധി ധനസഹായ സഹായ പദ്ധതികൾ ആരംഭിച്ചു. കെഎസ്ഐഡിസിയുടെ ദീർഘ കാല വായ്പ സഹായം ഒരു പദ്ധതിയിൽ പരമാവധി ₹100 കോടി രൂപ വരെ പരിമിതപ്പെടുത്തിയിരിക്കുന്നു. ടേം ലോൺ, ഹ്രസ്വകാല വായ്പാസൗകര്യം, ഉപകരണങ്ങൾ വാങ്ങൽ വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, കോർപ്പറേറ്റ് വായ്പകൾ, ഇക്വിറ്റി/പ്രിഫറൻസ് ഷെയർ നിക്ഷേപങ്ങൾ എന്നിവയാണ് കെഎസ്ഐഡിസി നൽകുന്ന വിവിധ തരം വായ്പകൾ. യുവ സംരംഭകരെ സഹായിക്കുന്നതിനായി കെഎസ്ഐഡിസി സീഡ് ഫണ്ട് സഹായം, ഇൻകുബേഷൻ ഫെസിലിറ്റി, മെൻ്ററിംഗ് സപ്പോർട്ട് എന്നിവ നൽകുന്നു. നൂതന സംരംഭങ്ങൾക്ക് സീഡ് ഫണ്ട് സഹായം സോഫ്റ്റ് ലോണായി നൽകുന്നു. ഇത് ചെലവിന്റെ 90 ശതമാനമോ ₹25 ലക്ഷം രൂപയോ ഏതാണോ കുറവ് അത് നൽകും. ഇതുവരെ 100 കമ്പനികൾക്കായി ₹22 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കേരള സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ ഒരു പ്രധാന മേഖലയാണ് വനിതാ സംരംഭകത്വകരെ പ്രോത്സാഹിപ്പിക്കുക എന്ന് കെഎസ്ഐഡിസി തിരിച്ചറിഞ്ഞിട്ടുണ്ട്. കെഎസ്ഐഡിസിയുടെ വനിതാ സംരംഭകത്വ ദൗത്യം നിലവിലുള്ള വനിതാ സംരംഭകരെ അവരുടെ ബിസിനസ്സ് സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിന് തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതിനുമായി ആരംഭിച്ച മറ്റൊരു സംരംഭമാണ്. ഈ പ്രോഗ്രാമിന് കീഴിലുള്ള സഹായത്തിന്റെ അളവ് ഫണ്ട് ആവശ്യകതയുടെ 80 ശതമാനം അല്ലെങ്കിൽ പരമാവധി ₹25 ലക്ഷം രൂപയോ ഏതാണോ കുറവ് അതായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**കെഎസ്ഐഡിസിയുടെ ദുരിതാശ്വാസ പാക്കേജ്**

കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 ലെ 'വ്യവസായ ഭദ്രത' പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് കെഎസ്ഐഡിസി അതിന്റെ ഉപഭോക്താക്കൾക്കായി നടപ്പിലാക്കിയ സമാശ്വാസ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- പുതുതായി ഭൂമി ലഭ്യമാക്കിയവർക്കുള്ള തവണ അടവ് നയം. 20 ശതമാനം മാത്രം മുൻകൂർ അടവ് ആയി സ്വീകരിച്ചുകൊണ്ട് പുതുതായി ഭൂമി അനുവദിച്ചു നൽകുന്നു.
- ഭൂമിയിന്മേലുള്ള തവണ അടവുകൾ ഒരു വർഷത്തേക്ക് മരവിപ്പിച്ചു നൽകി.
- കെഎസ്ഐഡിസി, കിൻഫ്ര പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2020 ഏപ്രിൽ മാസം മുതൽ 2021 മാർച്ച് മാസം വരെ ഒടുക്കേണ്ടതായ ഭൂമി പാട്ടം/അടവ് മരവിപ്പിച്ചു.
- 2020 മാർച്ച് മുതൽ 2020 മെയ് വരെ കെഎസ്ഐഡിസി,കിൻഫ്ര പാർക്കുകളിലെ നിക്ഷേപകർ നിലവിൽ കൈവശം വച്ചിരിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ വാടക മൂന്നു മാസത്തേക്ക് ഒഴിവാക്കി.
- 2020 മാർച്ച് മാസം മുതൽ 2020 മെയ് വരെയുള്ള 3 മാസത്തേക്ക് പൊതു സൗകര്യങ്ങൾക്കായി ഈടാക്കുന്ന നിരക്കുകൾ ഒഴിവാക്കി.
- കെഎസ്ഐഡിസിയുടെ എല്ലാ പ്രവർത്തന യൂണിറ്റുകൾക്കും മുതലും പലിശയും അടയ്ക്കുന്നതിന് മൂന്ന് മാസത്തേക്ക് മൊറട്ടോറിയം അനുവദിച്ചു.
- കെഎസ്ഐഡിസിയിലെ ടോപ്പ് അപ്പ് വായ്പകൾ
- കെഎസ്ഐഡിസിയുടെ നിലവിലുള്ള സംരംഭകർക്ക് അടിയന്തിര മൂലധനവും ആസ്തി സൃഷ്ടിക്കുന്നതിനുള്ള പിന്തുണയും നൽകൽ.
- കെഎസ്ഐഡിസിയുടെ നിലവിലുള്ള ഉപഭോക്താക്കൾക്കുള്ള പിഴപ്പലിശ ഒഴിവാക്കൽ.
- കെഎസ്ഐഡിസി നൽകുന്ന വായ്പകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ നയം.
- സൂക്ഷ്മ,ചെറുകിട,ഇടത്തര,ക്കസംരംഭങ്ങൾക്ക് ആസ്തി സൃഷ്ടിക്കുന്നതിന് പ്രത്യേക വായ്പകൾ.

കോവിഡ്-19 സമാശ്വാസ പദ്ധതിയുടെ ഭാഗമായി കെഎസ്ഐഡിസി നടപ്പിലാക്കിയ സമാശ്വാസ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- കൊവിഡ്-19 സംബന്ധമായ നിയന്ത്രണങ്ങൾ കാരണം വായ്പ എടുത്തതും തിരിച്ചടയ്ക്കാൻ കഴിയാത്തതുമായ എല്ലാ കെഎസ്ഐഡിസി ഉപഭോക്താക്കൾക്കും അക്കൗണ്ട് ഒരു മോശം കടമായി ലേബൽ ചെയ്യപ്പെടാതെ തന്നെ പുനഃസംഘടിപ്പിക്കുന്ന പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.
- 2020 ഒക്ടോബർ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആറ് മാസത്തേക്ക് ടോപ്പ്-അപ്പ് വായ്പയുടെ തിരിച്ചടവിന് മൊറട്ടോറിയം ആനുവദിച്ചു.
- കെഎസ്ഐഡിസി ഉപഭോക്താക്കൾക്കുള്ള എല്ലാ പിഴപ്പലിശയും 2021 ഏപ്രിൽ മുതൽ ഒരു വർഷത്തേക്ക് മുഴുവനായി ഒഴിവാക്കി.
- കെഎസ്ഐഡിസി 5 ശതമാനം പലിശ നിരക്കിൽ എംഎസ്എംഇകൾക്കായി 100 കോടി രൂപയുടെ സോഫ്റ്റ് ലോൺ അനുവദിക്കും.

- നോർക്ക റൂട്ട്സ് തിരഞ്ഞെടുത്ത റിട്ടേണി മൈഗ്രന്റ്സിന് 5 ശതമാനം പലിശയോടെ കെഎസ്ഐഡിസി ₹100 കോടി രൂപയുടെ സോഫ്റ്റ് ലോൺ അനുവദിക്കും.
- കൊവിഡ്-19 അനുബന്ധ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കീഴിൽ വരുന്ന വ്യവസായങ്ങൾക്ക് 5 ശതമാനം നിരക്കിൽ പ്രത്യേക വായ്പ നൽകുന്നതിനായി കെഎസ്ഐഡിസി ₹100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര)**

സംസ്ഥാനത്തുടനീളം വ്യവസായ-നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, അതുവഴി സ്വകാര്യ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, ഭാവിയിലെ വ്യാവസായിക വളർച്ചയ്ക്ക് ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ടാണ് 1993ൽ കിൻഫ്ര ആരംഭിച്ചത്. വ്യവസായ പാർക്കുകൾ / ടൗൺഷിപ്പുകൾ / സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്തെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം കിൻഫ്ര പ്രോത്സാഹിപ്പിച്ചു, ഇത് സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൗകര്യങ്ങളും നൽകുന്നു. കിൻഫ്ര വികസിപ്പിച്ചെടുത്ത വ്യവസായ പാർക്കുകളിൽ ബിൽറ്റ് അപ്പ് സ്ഥലത്ത് വികസിത ഭൂമി, സമർപ്പിത വൈദ്യുതിയും ജലവിതരണവും ആശയവിനിമയ സൗകര്യങ്ങളും ഉണ്ട്. സംരംഭകർക്കായി കിൻഫ്ര ഒരു റെഡിമെയ്ഡ് നിർമ്മാണ അന്തരീക്ഷം നൽകുന്നു, കൂടാതെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സമയവും ചെലവും കുറയ്ക്കാൻ അവരെ സഹായിക്കുന്നു.

നിക്ഷേപ സൗഹൃദ കേരളം എന്ന ആശയം നടപ്പിലാക്കുന്നതിലും കേരളത്തിന്റെ വ്യാവസായിക വളർച്ചയെ മികവിന്റെ പാതയിലേക്ക് ഉയർത്തുന്നതിലും കിൻഫ്ര നിർണായക പങ്ക് വഹിക്കുന്നു. കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ഭൂമി/സ്ഥലം അനുവദിച്ച് സംസ്ഥാനത്തേക്ക് നിക്ഷേപം കൊണ്ടുവരിക എന്നിവയാണ്.

2021-22 കാലയളവിൽ വിവിധ കിൻഫ്ര പാർക്കുകളിൽ കേരളത്തിന് പുറത്തുള്ള/അകത്തുള്ള ചില മുൻനിര കമ്പനികൾ അവരുടെ ബിസിനസ് യൂണിറ്റുകളുമായി എത്തിയിട്ടുണ്ട്. ഏതാനും പ്രധാന കമ്പനികളുടെ പട്ടികയും നിക്ഷേപത്തിന്റെയും തൊഴിൽ സൃഷ്ടിക്കുന്നതിന്റെയും വിശദാംശങ്ങളും **പട്ടിക 4.3.4**ൽ കാണിച്ചിരിക്കുന്നു.

**സാമ്പത്തിക സ്ഥിതി**

2020-21ൽ കോർപ്പറേഷൻ 15.5 കോടി രൂപ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ മൂന്ന് വർഷത്തെ ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ **പട്ടിക 4.3.5**ൽ കാണിച്ചിരിക്കുന്നു

**പട്ടിക 4.3.5** കിൻഫ്രയുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ (രൂപ കോടിയിൽ)

| വിശദാംശങ്ങൾ | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| മൊത്തം ആസ്തി | 1230.2 | 1427.4 | 1471.1 |
| മൂലധനം | 43.4 | 505.4 | 333.3* |
| അറ്റ ലാഭം / നഷ്ടം(+/-) | 6.4 | 2.3 | 15.5 |
| ഓഡിറ്റ് ചെയ്തത് | പൂർത്തിയായത് | | പൂർത്തിയാക്കിയിട്ടില്ല |

അവലംബം- ബിപിഇ റിവ്യൂ 2020-21
* ദീർഘകാല പാട്ടത്തിനെടുത്ത ഭൂമിയുടെ വില.

കിൻഫ്രയുടെ 2018-19 മുതൽ 2022-23 വരെയുള്ള പദ്ധതി വിഹിതവും ചെലവ് വിവരങ്ങളും **പട്ടിക 4.3.6** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.6** കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

| ക്രമ നം. | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2018-19 | 96.0 | 47.0 | 49.0 |
| 2 | 2019-20 | 107.0 | 31 | 17.4 |
| 3 | 2020-21 | 92.53 | 85.14 | 92.0 |
| 4 | 2021-22 | 302.53 | 177.88 | 58.80 |
| 5 | 2022-23 | 332.53 | *55.28 | 16.62 |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ്
*2022 നവംബർ വരെയുള്ള ചെലവ്

**പട്ടിക 4.3.4** 2021-22 കാലയളവിൽ കിൻഫ്ര പാർക്കുകളിലെ പ്രധാന കമ്പനികൾ, നിക്ഷേപം, തൊഴിലവസരങ്ങൾ

| ക്രമ നം. | കമ്പനികൾ | അനുവദിച്ച സ്ഥലം (ഏക്കറിൽ) | അനുവദിച്ച സ്ഥലം (ചതുരശ്ര അടിയിൽ) | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരം (എണ്ണം) |
|---|---|---|---|---|---|
| 1 | ടിസിഎസ് | 36.83 | | 600 | 10000 |
| 2 | ടാറ്റ എൽക്സി | | 92914 | 75 | 2500 |
| 3 | വി-ഗാർഡ് | 3.00 | - | ഫേസ് I-50<br>ഫേസ് II-70 | 800 |
| 4 | അഗ്ഗപ്പെ ഡയഗ്നോസ്റ്റിക്സ് | 2.10 | - | 9.3 | 200 |
| 5 | ട്രാൻസ് ഏഷ്യ ഷിപ്പിംഗ് കമ്പനി | 2.00 | - | 29.03 | 80 |
| 6 | ഹൈക്കോൺ | 5.00 | - | 40.00 | 100 |
| 7 | വിൻവിഷ് ടെക്നോളജീസ് | 2.00 | - | 155.00 | 1000 |
| 8 | ജോളി കോട്ടുകൾ | 3.50 | -- | 38.00 | 130 |
| 9 | ഡീൻസ് കൺസ്ട്രക്ഷൻ | 1.5 | - | 5 | 20 |
| | ആകെ | 55.93 | 92914 | 1071.33 | 14830 |

ഉറവിടം: കിൻഫ്ര

**കിൻഫ്രയുടെ കൈവശമുള്ള ഭൂമി**

കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 3750.43 ഏക്കർ ആണ്. ഇതിൽ 2,015.9 ഏക്കർ ഭൂമി വ്യവസായ യൂണിറ്റുകൾക്ക് ഇതിനകം അനുവദിച്ച് കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി (1,734.5 ഏക്കർ) വ്യവസായിക യൂണിറ്റുകളുടെ അലോട്ട്മെന്റിനായി കിൻഫ്രയുടെ പക്കൽ ഇപ്പോഴും ലഭ്യമാണ്. 2022 ഓഗസ്റ്റ് വരെയുള്ള കിൻഫ്ര വ്യവസായ പാർക്കുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.7**ൽ കൊടുത്തിരിക്കുന്നു.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും പാർക്കുകളിൽ നിക്ഷേപ സൗഹൃദ കാലാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു, ഇത് സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായി സംഭാവന ചെയ്യുന്നു.

തിരുവനന്തപുരത്തെ അന്താരാഷ്ട്ര അപ്പാരൽ പാർക്ക്, എറണാകുളത്തെ കയറ്റുമതി വികസന വ്യവസായ പാർക്ക്, തിരുവനന്തപുരത്തെ ഇൻഫോടെയിൽമെന്റ് പാർക്ക്, ഫിലിം ആന്റ് വീഡിയോ പാർക്ക്, മലപ്പുറത്തെ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, എന്നിവ കിൻഫ്ര വിജയകരമായി പൂർത്തികരിച്ച പ്രോജക്ടുകളാണ്.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്.

ഒറ്റപ്പാലത്തെ വ്യാവസായിക പാർക്കുമായി ബന്ധപ്പെട്ട്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബിൽറ്റ് അപ് സ്പേസ് അനുവദിക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. പാർക്കിനകത്തെ റോഡുകളുടെയും മറ്റ് പൊതു സൗകര്യങ്ങളുടെയും നിർമ്മാണം പൂർത്തിയായി. കിൻഫ്രയുടെ നടന്നു കൊണ്ടിരിക്കുന്ന പ്രധാന പ്രോജക്ടുകളുടെ വിശദാംശങ്ങൾ **ബോക്സ് 4.3.2** കൊടുത്തിരിക്കുന്നു.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും അതിന്റെ പാർക്കുകളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 1,210 വ്യാവസായിക യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചുകൊണ്ട് ₹4,590.9 കോടി രൂപയുടെ മൊത്തം പ്രതിജ്ഞാബദ്ധമായ നിക്ഷേപവും, 65,907 പേർക്ക് നേരിട്ട് തൊഴിലും ലഭ്യമാക്കി. കിൻഫ്രയുടെ എല്ലാ പാർക്കുകളിലും ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പാക്കി.

**ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം (ഐപിആർഎസ്) ഇന്ത്യാ ഗവൺമെന്റ്**

ഐപിആർഎസ് റേറ്റിംഗ് സംവിധാനം അനുസരിച്ച്, വ്യവസായ പാർക്കുകൾ നടപ്പിലാക്കുന്ന രീതിയിൽ കിൻഫ്ര വമ്പിച്ച മുന്നേറ്റം നടത്തി. വാണിജ്യ മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) അവതരിപ്പിച്ച ഐപിആർഎസിന്റെ 4 വളർച്ചാ സ്തംഭങ്ങൾ അനുസരിച്ച് താഴെ പറയുന്ന അഞ്ച് കിൻഫ്ര പാർക്കുകൾ മികവിന്റെ കാര്യത്തിൽ തെക്കൻ മേഖലയിലെ മികച്ച പ്രകടനം നടത്തുന്ന പാർക്കുകളുടെ കൂട്ടത്തിൽ ഉയർന്നുവന്നു.

- കിൻഫ്ര ഹൈടെക് പാർക്ക്, കൊച്ചി
- കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ
- കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട്

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) (വ്യാവസായിക ധനസഹായം)**

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി). വ്യവസായങ്ങൾക്ക് ധന സഹായം നൽകുന്നതിലൂടെ കേരളത്തിന്റെ വ്യവസായ വൽക്കരണത്തിന് പ്രധാന പങ്ക് വഹിക്കുന്ന ഒരു ഏജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. നിർമ്മാണ, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക സഹായം നൽകുക എന്നതാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി) പ്രധാന ലക്ഷ്യം. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉൽപാദന, സേവന മേഖലകളിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം/

**ബോക്സ് 4.3.2** കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ

- ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കെഇപിപി എന്നിവയ്ക്കുള്ള ജലവിതരണവും റോഡ് പ്രവർത്തനങ്ങളും
- ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
- ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, തൊടുപുഴ
- കിൻഫ്രാ ഫിലിം ആൻഡ് വീഡിയോ പാർക്കിലെ ആനിമേഷൻ/ഐടി/ ഐടിഇഎസിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കഴക്കൂട്ടം, തിരുവനന്തപുരം,
- മലപ്പുറത്തെ കക്കഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ നിയോ സ്പെയ്സിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം
- പെട്രോകെമിക്കൽ പാർക്ക്, കൊച്ചി
- സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോരട്ടി, തൃശ്ശൂർ
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
- ആഗോള ആയുർവേദ ഗ്രാമം, തോന്നക്കൽ & വർക്കല, തിരുവനന്തപുരം
- കൊച്ചിയിലെ ഇന്റർനാഷണൽ ട്രേഡ് ആൻഡ് കൺവെൻഷൻ സെന്റർ (ജെവി വിത്ത് ഐടിപിഒ)
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
- മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- നിലവിലുള്ള വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുക.

നവീകരണം/വൈവിധ്യവൽക്കരണം എന്നിവയ്ക്കും കോർപ്പറേഷന് സാമ്പത്തിക സഹായം നൽകാൻ കഴിയും. വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിങ്ങനെയുള്ള രൂപത്തിൽ സാമ്പത്തിക സഹായം നൽകുന്നു. സൂക്ഷ്മ ചെറുകിട സ്ഥാപനങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെ.എഫ്.സി. കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഉൽപ്പന്ന നിർമ്മാണ സേവന മേഖലകളിൽ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വായ്പകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/സേവന സ്ഥാപനങ്ങൾക്ക് വികസനത്തിനും, ആധുനിക വൽക്കരണത്തിനും/വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടിയുള്ള വായ്പ നൽകുക
- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നല്കുക.
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയ്യേറ്ററുകളുടെ ആധുനികവൽക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ
- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/മാലിന്യ സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ
- ഐ.റ്റി ഹാർഡ് വെയറിനും സോഫ്റ്റ് വെയർ സംരംഭങ്ങൾക്കുമുള്ള കടാശ്വാസത്തിനുള്ള ധന സഹായം
- സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തനങ്ങൾക്കുള്ള മൂലധന ഫിനാൻസിംഗ് പദ്ധതി

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2021-22ൽ ₹2,876.8 കോടി രൂപ ധനസഹായം അനുവദിച്ചു, മുൻ വർഷം ഇത് 4,146.5 കോടി രൂപയായിരുന്നു. 2020-21ൽ 3,709.2 കോടി രൂപ നൽകിയ സ്ഥാനത്ത് 2021-22ൽ 2,175.2 കോടി രൂപ വിതരണം ചെയ്തു. സർക്കാർ നയങ്ങളിലെ മാറ്റങ്ങളും മറ്റ് ബാഹ്യ ഘടകങ്ങളും ചില മേഖലകളിലെ ബിസിനസിനെ ബാധിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തെ കെഎഫ്സിയുടെ പ്രകടനം **അനുബന്ധം 4.3.8**ൽ കൊടുത്തിരിക്കുന്നു. കെഎഫ് സി യുടെ 2021-22 ലെ ലോൺ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും വ്യവസായം തിരിച്ചുള്ള വായ്പകളുടെ വർഗ്ഗീകരണവും യഥാക്രമം **അനുബന്ധം 4.3.9, അനുബന്ധം 4.3.10** എന്നിവയിൽ കാണിച്ചിരിക്കുന്നു.

### കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി)

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി). 1991 ൽ സ്ഥാപിതമായതും 1955 ലെ ട്രാവൻകൂർ കൊച്ചിൻ സയൻറിഫിക് ലിറ്ററസി & ചാരിറ്റബിൾ സൊസൈറ്റിസ് ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സൊസൈറ്റിയാണ് കെബിഐപി.

**കെബിഐപി ഏറ്റെടുത്ത വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.**

- വ്യാവസായിക ക്ലസ്റ്റർ വികസനം.
- കേരളസംസ്ഥാന ബാംബൂ മിഷൻറെ പ്രവർത്തനങ്ങൾ.
- പി എം ഫോർമുലേഷൻ മൈക്രോഫുഡ് പ്രൊസിസ്സിംഗ് എന്റർപ്രൈസസ് സ്കീമിന്റെ നടപ്പിലാക്കൽ.
- വാണിജ്യമിഷൻറെ പ്രവർത്തനങ്ങൾ.
- ഭക്ഷ്യസംസ്കരണത്തിന്റെയും അനുബന്ധയൂണിറ്റുകളുടെയും ഓഡി റ്റ്,സർട്ടിഫിക്കേഷൻ.
- ദേശീയപട്ടികജാതി/പട്ടികവർഗ്ഗ ഹബ്ബിന്റെ കേരളത്തിലെ പ്രവർത്തനങ്ങൾ.
- പ്രാദേശിക, ദേശിയ, അന്തർദേശിയ, ഇവെന്റുകളിൽ പങ്കെടുക്കുക.
- പൊതുവായ പ്രോത്സാഹന പ്രവർത്തനങ്ങൾ.
- കേരള ബി2ബി ഓൺലൈൻപോർട്ടൽ.
- ഔദ്യോഗിക വെബ് സൈറ്റുകളുടെ പരിപാലനം.

### സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി)

കേരള സർക്കാർ സ്പോൺസർ ചെയ്യുന്നതും വ്യവസായ വാണിജ്യ വകുപ്പിനോട് ചേർന്നുള്ളതുമായ ഒരു സ്വയംഭരണ സ്ഥാപനമാണ്. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി) സംസ്ഥാനത്തെ പൊതുസംരംഭങ്ങൾക്ക് പ്രൊഫഷണൽ മാനേജ്മെന്റ് പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെ 1979-ൽ രജിസ്റ്റർ ചെയ്ത ഒരു പ്രൊഫഷണൽ സൊസൈറ്റിയാണ്. വർഷങ്ങളായി, സിഎംഡി അതിന്റെ പ്രവർത്തന മേഖല വിശാലമാക്കുകയും കൺസൾട്ടൻസി, പ്രോജക്ട് മാനേജ്മെന്റ്, മോണിറ്ററിംഗ് & ഇവാല്യവേഷൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, പരിശീലനം, വിദ്യാഭ്യാസം, ഗവേഷണവും പൊതു സ്വകാര്യ പങ്കാളിത്തവും (പിപിപി) എന്നിവയിലൂടെ ദേശീയ, സംസ്ഥാന തലങ്ങളിൽ വികസന ഏജൻസികൾക്കും കോർപ്പറേറ്റ് വിഭാഗത്തിനും സർക്കാരിനും പിന്തുണ നൽകുന്നു.

### 2021–22 കാലയളവിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ

- ദേശീയതല സ്ഥാപന നിരീക്ഷണം
- കൺസൾട്ടിംഗ്, പ്രോജക്ട് മാനേജ്മെന്റ് എന്നിയിൽ കിഫ്ബിക്ക് പിന്തുണ
- കെ ഡിസ്ക്-ന് പ്രോജക്ട് മാനേജ്മെന്റ്, മാൻപവർ എന്നിവയിൽ പിന്തുണ
- എൻഡിപിആർഇഎം നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് പിന്തുണ
- പട്ടികവർഗ്ഗ സമുദായത്തിന് സുസ്ഥിര ഉപജീവന പരിപാടി
- സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് പഠനങ്ങൾ
- കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക സാമ്പത്തിക സർവേ

### പുതിയ സംരംഭങ്ങൾ

- മന്ത്രിയുമായുള്ള കൂടികാഴ്ച : വ്യവസായ മേഖലയിൽ നിക്ഷേപകർ നേരിടുന്ന പ്രശ്നങ്ങൾ മന്ത്രിയെ നേരിട്ട് കണ്ട് പരിഹരിക്കാനുള്ള ഒരു സംരംഭമാണിത്. ഇത് പ്രകാരം 14 ജില്ലകളിലും പരിപാടി നടത്താൻ നിർദ്ദേശിക്കുകയും 13 ജില്ലകളിൽ പൂർത്തിയാക്കുകയും ചെയ്തു. നാളിതുവരെ 1,490 പരാതികൾ ലഭിച്ചതിൽ 1,131 എണ്ണം പരിഹരിച്ചിട്ടുണ്ട്.
- നിക്ഷേപകരുമായുള്ള കൂടികാഴ്ച : വ്യാവസായിക മേഖലയിൽ 100 കോടി രൂപയിലധികം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപകരെ മന്ത്രി നേരിട്ട്

കാണുന്നതിനും, നിക്ഷേപകനെ സഹായിക്കാൻ ഒരു നോഡൽ ഓഫീസറെ നിയമിക്കാനുമുള്ള ഒരു പരിപാടിയാണിത്. ഈ പരിപാടിയിൽ നാളിതുവരെ 6,480 കോടി രൂപയുടെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

- കൊച്ചി-പാലക്കാട് ഹൈടെക് വ്യാവസായിക ഇടനാഴിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. ഇതുവരെ 85 ശതമാനം സ്ഥലം ഏറ്റെടുത്തു. ഇത് 10,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുമെന്നും 5 വർഷത്തിനുള്ളിൽ 22,000 പ്രത്യക്ഷ തൊഴിലവസരങ്ങളും 80,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു.
- കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡ്- കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡിന്റെ ഉദ്ഘാടനം 2022 ജനുവരി 1 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും നവംബർ 1, 2023 ന് ഉത്പാദനം ആരംഭിക്കുകയും ചെയ്തു.
- കേരള റബ്ബർ ലിമിറ്റഡ് – കേരള റബ്ബർ ലിമിറ്റഡിന് മെയ് 9, 2022 ന് അടിസ്ഥാന ശില സ്ഥാപിച്ചു.

**ഭാവി വീക്ഷണം**

കഴിഞ്ഞ നാലുവർഷമായി കേരളത്തിൻറെ ഉത്പന്ന നിർമ്മാണ മേഖലയിൽ സ്ഥായിയായ വർദ്ധനവുണ്ട്. പ്രധാനമായും വ്യവസായ മേഖലയുടെ നവീകരണത്തിനും വൈവിധ്യവൽകരണത്തിലും പ്രധാനമായി പുരോഗതി കൈവരിക്കാനായി. ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ കേരളത്തിൽ വളർന്നു വരുന്നതായി ഉയർത്തി കാണിക്കാനാകും.

നല്ല അടിസ്ഥാന സൗകര്യങ്ങളോടെ വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെയും വിപണനത്തിന് സഹായം നൽകുന്നതിലൂടെയും പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സംരംഭകരെ പിന്തുണയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭക്ഷ്യ-കാർഷിക അധിഷ്ഠിത വ്യവസായങ്ങളിലും സാങ്കേതികമായി മെച്ചപ്പെട്ട വ്യവസായങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിരമായ ഒരു വ്യാവസായിക പരിവർത്തനം കൈവരിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഉൽപാദനം, രൂപകൽപ്പന, വിപണനം എന്നിവയുടെ വിവിധ ഘട്ടങ്ങളിൽ പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുക എന്നത് ഈ പരിവർത്തനത്തിന്റെ ഒരു പ്രധാന ഘടകമായിരിക്കും.

# 4.4 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) പ്രധാന പങ്ക് വഹിക്കുന്നു. എംഎസ്എംഇ കൾ ഇന്ത്യയിലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വികസനത്തിനും ശക്തമായ ചാലകശക്തികളാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകാനുമുള്ള സാധ്യതകൾ തിരിച്ചറിഞ്ഞ് കേരള സർക്കാർ ഈ മേഖലയ്ക്ക് മുൻഗണന നൽകുന്നു. കൂടാതെ, ഈ മേഖലയ്ക്ക് കയറ്റുമതി വളർച്ച കൂട്ടാനും, നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിലും സുസ്ഥിര വികസനം, തുല്യമായ വളർച്ച, പ്രകൃതിവിഭവങ്ങളുടെ വിനിയോഗം എന്നിവ ഉറപ്പുവരുത്തുന്നതിലും നിർണായക പങ്ക് വഹിക്കുന്നു.

73-മത് നാഷണൽ സാമ്പിൾ സർവേ അനുസരിച്ച് രാജ്യത്ത് ഇൻകോർപ്പറേറ്റ് ചെയ്യാത്ത 633.88 ലക്ഷം കാർഷികേതര എം.എസ്.എം.ഇ.കൾ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. ഇതിൽ 31 ശതമാനം എംഎസ്എംഇകൾ ഉല്പന്ന നിർമ്മാണ പ്രവർത്തനങ്ങളിലും 32 ശതമാനം വ്യാപാരത്തിലും 33 ശതമാനം മറ്റ് സേവനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു (ഉൽപ്പന്ന നിർമ്മാണ മേഖലയിൽ 196.65 ലക്ഷം, വ്യാപാര മേഖലയിൽ 230.35 ലക്ഷം, മറ്റു സേവന മേഖലയിൽ 206.85 ലക്ഷം, അനൗദ്യോഗിക വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിൽ 0.03 ലക്ഷം). ഇതിൽ 1948-ലെ ഫാക്ടറീസ് ആക്ട്, (ബി) കമ്പനീസ് ആക്ട്, 1956, (സി) നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (എൻഐസി) 2008-ലെ സെക്ഷൻ എഫ്-ന്റെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ "(a) സെക്ഷൻ 2m (i), 2m (ii) പ്രകാരം രജിസ്റ്റർ ചെയ്തവ ഉൾപ്പെടുന്നില്ല. ഇന്ത്യയുടെ നിർമ്മാണ ഉത്പന്നങ്ങളുടെ 45 ശതമാനവും എംഎസ്എംഇകൾ പങ്കുവെക്കുകയും രാജ്യത്തിന്റെ കയറ്റുമതിയിൽ 40 ശതമാനത്തിലധികം സംഭാവന നൽകുകയും ചെയ്യുന്നു. ആഭ്യന്തര ഉൽപ്പാദനത്തിന്റെ 28 ശതമാനവും ഈ മേഖലയിൽ നിന്നാണ്. രാജ്യത്തുടനീളമുള്ള ഗ്രാമങ്ങളിലും നഗരങ്ങളിലുമായി എംഎസ്എംഇഎസ് കൾ ഏകദേശം 11.1 കോടി ആളുകൾക്ക് (3.60 കോടി ഉത്പന്ന നിർമ്മാണത്തിലും 3.87 കോടി വ്യാപാരത്തിലും 3.62 കോടി മറ്റ് സേവനങ്ങളിലും 0.0007 കോടി അനൗദ്യോഗിക വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിലും) തൊഴിൽ നൽകുന്നു. 633.88 ലക്ഷം എംഎസ്എംഇകളിൽ 324.88 ലക്ഷം (51 ശതമാനം) ഗ്രാമപ്രദേശങ്ങളിലും 309 ലക്ഷം എംഎസ്എംഇകൾ (49 ശതമാനം) നഗരപ്രദേശങ്ങളിലുമാണ്.

ജനുവരി 1, 2021ന്, ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഓൺലൈൻ പോർട്ടലിൽ മൊത്തം 65,23,067 സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇതിൽ 21,13,233 സംരംഭങ്ങൾ ഉൽപ്പന്ന നിർമ്മാണ വിഭാഗത്തിലും 44,09,834 സംരംഭങ്ങൾ സേവന മേഖലയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ഇന്ത്യ ഗവൺമെന്റ്, 2022). കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന മേഖലയാണിത്. വലിപ്പം, സാങ്കേതികവിദ്യയുടെ നിലവാരം, ഉൽപ്പന്നങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ മേഖല വൈവിധ്യപൂർണ്ണമാണ്. പ്ലാന്റ്, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയിലുള്ള നിക്ഷേപം അടിസ്ഥാനമാക്കി എംഎസ്എംഇ കളുടെ നിലവിലുള്ള വർഗ്ഗീകരണം **പട്ടിക 4.4.1**ൽ കൊടുത്തിരിക്കുന്നു.

### കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല

കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല താരതമ്യേന കുറഞ്ഞ മുതൽമുടക്കോടുകൂടി തൊഴിൽ പ്രദാനം ചെയ്യുന്നതും വരുമാനം വർദ്ധിപ്പിക്കുന്നതുമായ ഒരു മേഖലയായി വളർന്നുകൊണ്ടിരിക്കുന്നു. എംഎസ്എംഇ സർവേയും നാലാമത്തെ സെൻസസിന്റെ ദ്രുത ഫലങ്ങളും

1 സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളെ കുറിച്ചുള്ള വിദഗ്ധ സമിതി റിപ്പോർട്ട്, ആർ.ബി.ഐ, 2019
2 വാർഷിക റിപ്പോർട്ട് 2021-22, സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ

**പട്ടിക 4.4.1** എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം

| സമ്മിശ്ര മാനദണ്ഡം: പ്ലാന്റ് /യന്ത്രങ്ങൾ/ഉപകരണങ്ങൾ, എന്നിവയിലുള്ള നിക്ഷേപവും വാർഷിക വിറ്റുവരവും | | | |
|---|---|---|---|
| വർഗ്ഗീകരണം | സൂക്ഷ്മം | ചെറുകിടം | ഇടത്തരം |
| നിർമ്മാണ സംരംഭങ്ങളും സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളും | നിക്ഷേപം 1 കോടി രൂപയിൽ കുറവ് | നിക്ഷേപം 10 കോടി രൂപയിൽ കുറവ് | നിക്ഷേപം 50 കോടി രൂപയിൽ കുറവ് |
| | വിറ്റുവരവ് 5 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 50 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 250 കോടി രൂപയിൽ കുറവ് |

അവലംബം: എംഎസ്.എം.ഇ മന്ത്രാലയം ഭാരത സർക്കാർ

അനുസരിച്ച്, ഇന്ത്യയിലെ 5.62 ശതമാനം എംഎസ്എംഇ സംരംഭങ്ങളും കേരളത്തിലാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖല ഗ്രാമീണ പിന്നോക്ക പ്രദേശങ്ങളുടെ വ്യവസായവത്ക്കരണത്തിന് സഹായിക്കുകയും യുവാക്കൾക്കും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, ശാരീരിക വെല്ലുവിളി നേരിടുന്നവർ എന്നിങ്ങനെയുള്ളവർക്ക് തൊഴിൽ നല്കുകയും ചെയ്യുന്നു.

സൂക്ഷ്മ, ചെറുകിട ഇടത്തര സംരംഭക മേഖലയിൽ പ്രവർത്തന സജ്ജമായതും തൊഴിൽ പ്രദാനം ചെയ്യുന്നതുമായ സൂക്ഷ്മ സംരംഭങ്ങൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ മേഖലയുടെ കീഴിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ കര കൗശലം, കൈത്തറി, ഖാദി, ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, നെയ്ത്ത്, നെയ്ത്തു വ്യവസായം, കയർ/തടി/മുള/റബ്ബർ/തുകൽ/കളിമൺ ഉല്പന്നങ്ങൾ ഇവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ എന്നിവയാണ്. പരമ്പരാഗത ഉൽപ്പന്നങ്ങൾ മുതൽ ഉന്നത സാങ്കേതിക ഉൽപ്പന്നങ്ങൾ വരെ ഉൾക്കൊള്ളുന്ന വ്യത്യസ്തമായ എണ്ണായിരത്തിൽ അധികം എം എസ് എം ഇ ഉൽപന്നങ്ങളാണ് വിവിധ എം എസ് എം ഇ കൾ ഉൽപാദിപ്പിക്കുന്നത്.

കേരളത്തിൽ സർക്കാരും ബാങ്കുകളും എം എസ് എം ഇ കളെ സഹായിക്കുകയും ധാരാളം സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയുടെയും പരമ്പരാഗത വ്യവസായ മേഖലകളുടെയും വളർച്ചക്ക് സഹായിക്കുന്ന ഒരു ഫെസിലിറ്റേറ്റർ ആയി ജില്ലാ വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു, സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും അവർക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് സാമ്പത്തിക സഹായം നല്കുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സേവനങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നല്കുന്നു.

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഡയറക്ടറേറ്റിന് കീഴിലുള്ള ഏജൻസികൾ ഇവയാണ്: സംസ്ഥാനത്ത് കൈത്തറി, തുണി മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി നയങ്ങൾ ആവിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടുള്ള കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്. കയറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നയപരമായ തീരുമാനങ്ങളും നടപ്പാക്കുന്ന ഏജൻസിയാണ് കയർ ഡവലപ്മെന്റ് ഡയറക്ടറേറ്റ്. സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചുമതലയുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കൂടാതെ സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനത്തിനായി 2022-23ൽ സ്ഥാപിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നിവയാണ്.

**സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യുഎഎം)**

2015 സെപ്റ്റംബർ 18 മുതൽ വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ, സംരംഭക മെമ്മോറാൻഡം (ഇഎം) ഭാഗം-II സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും അതിന്റെ സ്ഥാനത്ത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. 2022 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 1,90,517 ആണ്. ഇതിൽ യഥാക്രമം ഉല്പന്ന നിർമ്മാണ മേഖലയിൽ 62,414

**പട്ടിക 4.4.2** 2020-21 മുതൽ 2022-23 വരെ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ടീസ് ആൻഡ് കൊമേഴ്സിന്റെ പദ്ധതി വിഹിതവും ചെലവും, ലക്ഷത്തിൽ

| മേഖല | 2020-21 | | 2021-22 | | 2022-23 (15.11.2022 വരെ) | |
|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| ചെറുകിട വ്യവസായം | 13,469.00 | 10,668.00 | 13,894.00 | 13,680.47 | 20,040.00 | 7,932.57 |
| വാണിജ്യം | 1,600.00 | 864.00 | 1,200.00 | 1,193.00 | 700.00 | 341.78 |
| കരകൗശലം | 465.00 | 1,208.40 | 385.00 | 321.53 | 350.00 | 185.90 |
| ആകെ | 15,479.00 | 12,740.40 | 15,479.00 | 15,195.00 | 21,090.00 | 8,460.25 |

അവലംബം: പ്ലാൻസ്പേസ് കേരള

* ചെലവ് 15/11/2022 വരെ

**ബോക്സ് 4.4.1** ഇയർ ഓഫ് എന്റർപ്രൈസസ് 2022-23.


സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭകരെ ഉണർവേകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർക്കാർ "2022-23 ഇയർ ഓഫ് എന്റർപ്രൈസ്" ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 2022-23 കാലഘട്ടത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ഉദ്യമം വാണിജ്യവ്യവസായ ഡയറക്ടേറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിവിധ വകുപ്പുകളുടെ സംയുക്തമായ പരിശ്രമത്തിലൂടെ ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുക അതിലൂടെ 2022 ൽ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ് ലക്ഷ്യം. പ്രവർത്തന മേഖലയിലെ താഴെത്തട്ടിൽ സ്ഥാപനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കുക, വിവിധ വ്യവസായിക മേഖല പങ്കാളികളുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുക, പുതിയ പ്രോത്സാഹന പദ്ധതികളും നയങ്ങളും അവതരിപ്പിക്കുക, എന്നിവ ഉൾക്കൊള്ളുന്ന ഒരു ബൃഹത്തായ തന്ത്രത്തിലൂടെ പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ ഒരു അനുകൂല ആവാസ വ്യവസ്ഥ സൃഷ്ടിക്കൽ, അതുപോലെ സംസ്ഥാനത്ത് നിലവിലുള്ള സംരംഭങ്ങളുടെ വികസനം സാധ്യമാക്കൽ എന്നിവയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

ഈ ഉദ്യമത്തിന്റെ ഭാഗമായി നിലവിലുള്ള സംവിധാനത്തെ പരിപോഷിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന പ്രവർത്തനങ്ങൾ: സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുവാനായി സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള 1,153 ഉദ്യോഗാർത്ഥികളെ ഇന്റേണുകളായി നിയമിച്ചു. എല്ലാ തദ്ദേശഭരണ കാര്യാലയങ്ങളിലും സംരംഭങ്ങൾ ആരംഭിക്കുവാനായി ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലും എംഎസ്എംഇ ക്ലിനിക്കുകൾ സ്ഥാപിച്ചു, പ്രൊഫഷണൽ യോഗ്യരായവരുടെ സേവനത്തോടെ താലൂക്ക് തലങ്ങളിൽ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചു, ഈ സംരംഭത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനായി സംസ്ഥാന, ജില്ല, തദ്ദേശഭരണസ്ഥാപന തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചു. സംസ്ഥാനത്തെ വ്യവസായിക വികസനത്തിനുള്ള പ്രധാന പരിമിതികൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതികളായ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കൽ, എല്ലാ എന്റർപ്രൈസുകളുടെയും വായ്പകൾക്ക് 4 ശതമാനം പലിശയിളവ് സബ് സിഡിയായി നൽകൽ, ആവശ്യമായ വ്യവസായിക ഭൂമി/അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംരംഭകർക്ക് ലഭ്യമാണെന്ന് ഉറപ്പാക്കൽ, സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകുന്നതിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി എന്നിവ അവതരിപ്പിച്ചു. വ്യവസായ വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വളരെ കാര്യക്ഷമമായതും ക്രിയാത്മകവുമായ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചു. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള സംരംഭകർക്കായി പരിശീലനവും ജനറൽ ഓറിയെന്റേഷനും, വായ്പകൾ, ലൈസൻസ്, സംരംഭകർക്കായുള്ള സബ് സിഡി എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി തുടർച്ചയായ ക്യാമ്പയിനുകൾ, പുതിയതായി ആരംഭിച്ച സ്ഥാപനങ്ങൾക്ക് വിപണി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി മാർക്കറ്റിംഗ് ഫെസ്റ്റിവൽ എന്നിവ സംഘടിപ്പിച്ചു.

ഏപ്രിൽ 1, 2022 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിനങ്ങൾക്കുള്ളിൽ തന്നെ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയെന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സർക്കാരിന് സാധിച്ചു. ഈ നേട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 6,274 കോടിരൂപയുടെ നിക്ഷേപവും 2,20,285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ 1/3 ഭാഗവും വനിത സംരംഭകരുടെ ഉടമസ്ഥതയിലുള്ളതാണെന്ന് ശ്രദ്ധേയമാണ്. കാർഷിക, ഭക്ഷ്യ സംസ്കരണം, ഗാർമെന്റ് & ടെക്സ്റ്റയിൽസ്, സേവന പ്രവർത്തനങ്ങൾ എന്നീ പ്രധാന മേഖലകളിലാണ് പുതിയ സംരംഭങ്ങൾ മുഖ്യമായും ആരംഭിച്ചിരിക്കുന്നത്.

അവലംബം: വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

**ചിത്രം 4.4.1** 2020-21ൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം




അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

യൂണിറ്റുകൾ, സേവനമേഖലയിൽ 1,28,103 യൂണിറ്റുകൾ എന്നിവയാണ്. ഉല്പന്ന നിർമ്മാണ മേഖലയിൽ 58,280 സൂക്ഷ്മ യൂണിറ്റുകൾ, 3,726 ചെറുകിട യൂണിറ്റുകൾ, 408 ഇടത്തരം യൂണിറ്റുകൾ എന്നിവ ഉൾക്കൊള്ളുന്നു. യുഎഎം പ്രകാരം സേവന മേഖലയിലെ 1,28,103 യൂണിറ്റുകളിൽ; 1,21,457 സൂക്ഷ്മ യൂണിറ്റുകൾ, 6,220 ചെറുകിട യൂണിറ്റുകൾ, 426 ഇടത്തരം യൂണിറ്റുകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. 2021-22ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 4.4.1**-ൽ നൽകിയിരിക്കുന്നു.

**മേഖലയുടെ പ്രകടനം**

2021-22ൽ, പുതിയ 15,285 എംഎസ്എംഇ യൂണിറ്റുകൾ (മുൻവർഷത്തേക്കാൾ 32 ശതമാനം കൂടുതൽ) 1,535.09 കോടി രൂപ (മുൻവർഷത്തേക്കാൾ 26 ശതമാനം കൂടുതൽ) മുതൽമുടക്കിൽ സംസ്ഥാനത്ത് ആരംഭിച്ചു അതുവഴി 56,233 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു (മുൻവർഷത്തേക്കാൾ 25 ശതമാനം കൂടുതൽ). 2022-23ൽ ഇതിൽ ഗണ്യമായ വർധനവുണ്ടായി, 2022 ഡിസംബർ 7 വരെ 1,00,000 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും അതുവഴി 2,20,285 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ച് വർഷത്തെ പുതിയ MSME യൂണിറ്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.4.3**ൽ കൊടുത്തിരിക്കുന്നു.

2021-22 വർഷത്തിൽ 121.15 കോടി രൂപയുടെ നിക്ഷേപത്തോടെ 5,200 തൊഴിലുകൾ സൃഷ്ടിച്ച് ഏറ്റവും കൂടുതൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ (1,789) ആരംഭിച്ച് തൃശ്ശൂർ ജില്ല ഒന്നാമതും 1,455 പുതിയ എംഎസ്എംഇ യൂണിറ്റുകൾ 134.38 കോടി രൂപയുടെ നിക്ഷേപത്തോടെ ആരംഭിച്ച് 4,738 തൊഴിലുകൾ സൃഷ്ടിച്ച കോഴിക്കോട് രണ്ടാമതും, 207.49 കോടി രൂപയുടെ നിക്ഷേപത്തോടെ 1,413 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 5,850 തൊഴിലുകൾ സൃഷ്ടിച്ച പാലക്കാട് തൊട്ടുപുറകിലുമാണ്. 17.09 കോടി രൂപയുടെ നിക്ഷേപത്തോടെ 220 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 959 തൊഴിലുകൾ സൃഷ്ടിച്ച കാസർഗോഡാണ് ഏറ്റവും കുറവ് പുതിയ യൂണിറ്റുകൾ ആരംഭിച്ചത്. വിശദാംശങ്ങൾ **അനുബന്ധം 4.4.2**ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷമായി ആരംഭിച്ച പുതിയ MSME യൂണിറ്റുകളുടെയും നൽകിയ തൊഴിലവസരങ്ങളുടെയും എണ്ണം **ചിത്രം 4.4.2**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.4.3** 2017-18 മുതൽ 2021-22 വരെയുള്ള MSME മേഖലയിലെ നേട്ടം


| വർഷം | എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടിയിൽ) | തൊഴിൽ (എണ്ണം) |
|---|---|---|---|
| 2017-18 | 15,468 | 1,249.61 | 51,244 |
| 2018-19 | 13,826 | 1,321.94 | 49,068 |
| 2019-20 | 13,695 | 1,338.65 | 46,081 |
| 2020-21 | 11,540 | 1,221.86 | 44,975 |
| 2021-22 | 15,285 | 1,535.09 | 56,233 |
| 2022-23^ | 100000 | 6274.00 | 2,20,285 |
| ആകെ | 1,69,814 | 12,941.15 | 4,67,886 |

*2022 ഡിസംബർ 7 വരെ
അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

2020-21ൽ ഏറ്റവും കൂടുതൽ പുതിയ യൂണിറ്റുകൾ (1,855 യൂണിറ്റുകൾ) സൃഷ്ടിച്ച തൃശ്ശൂർ ജില്ലയാണ് 6,118 തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്, 1,477 യൂണിറ്റുകളുമായി 6,300 തൊഴിലവസരങ്ങൾ പാലക്കാട് ജില്ല സൃഷ്ടിച്ചു, എറണാകുളത്ത് 1,165 എംഎസ്എംഇ യൂണിറ്റുകൾ 4,729 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. കാസർകോട് പുതിയ യൂണിറ്റുകളുടെ എണ്ണം മാറ്റമില്ലാതെ തുടരുന്നുണ്ടെങ്കിലും 1.03 കോടി കോടി രൂപയുടെ അധിക നിക്ഷേപത്തിലൂടെ 116 പുതിയ തൊഴിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞു. 2020-21, 2021-22 വർഷങ്ങളിൽ സംസ്ഥാനത്തെ പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 4.4.3** ൽ കൊടുത്തിരിക്കുന്നു.


2017-18ൽ 2,553 ആയിരുന്ന കാർഷിക, ഭക്ഷ്യ അധിഷ്ഠിത യൂണിറ്റുകളുടെ എണ്ണം 2021-22ൽ 4,297 ആയി ഉയർന്നതായി കഴിഞ്ഞ അഞ്ച് വർഷത്തെ എംഎസ്.എംഇ യൂണിറ്റുകളുടെ മേഖലാ തിരിച്ചുള്ള വളർച്ച വെളിപ്പെടുത്തുന്നു. സേവനവുമായി ബന്ധപ്പെട്ട എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 2017-18ൽ 3,679 ആയിരുന്നത് 2021-22ൽ 4,097 യൂണിറ്റുകളായി ഉയർന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ ഉപവിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.4.4**ൽ നൽകിയിരിക്കുന്നു. പ്രധാന അഞ്ചു ഉപ മേഖലകളിലായാണ് 85 ശതമാനം എംഎസ്എംഇ യൂണിറ്റുകളും കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഉൾക്കൊള്ളുന്നത്. കാർഷിക, ഭക്ഷ്യ അധിഷ്ഠിത (28

**ചിത്രം 4.4.2** 2019-20, 2020-21 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും




അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം 4.4.3** കേരളത്തിൽ 2020-21, 2021-22 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകൾ




അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

ശതമാനം) യൂണിറ്റുകളും സേവനമേഖല (27 ശതമാനം) യൂണിറ്റുകളുമാണ് പ്രധാനമായി എംഎസ്എംഇ കളിൽ ആധിപത്യം പുലർത്തുന്നത്. പ്ലാസ്റ്റിക് പാത്രങ്ങൾ, സ്വർണ്ണാഭരണങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങൾ, കരകൗശല ഉൽപന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളെ "മറ്റുള്ളവ" (16 ശതമാനം) എന്ന് തരം തിരിച്ചിരിക്കുന്നു. ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് (10 ശതമാനം), ജനറൽ/മെക്കാനിക്കൽ/ലൈറ്റ് എഞ്ചിനീയറിംഗ് (8 ശതമാനം) എന്നിവയാണ് മറ്റ് രണ്ട് മുൻനിര ഉപമേഖലകൾ. ഓരോ ഉപവിഭാഗത്തിന്റെയും വിഹിതം **ചിത്രം 4.4.4**ൽ നൽകിയിരിക്കുന്നു.

**വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ**


2022 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആകെ എണ്ണം 475 ആണ്, ഇതിൽ വനിതകൾ രജിസ്റ്റർ ചെയ്ത കോ-ഓപ്പറേറ്റീവ് സൊസൈകളുടെ എണ്ണം 73 ആണ്. 2021-22ൽ 43 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു. തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നത്, 167 എണ്ണം. ഇത് സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.4.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.4.4** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉപമേഖല | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | കാർഷിക ഭക്ഷ്യാധിഷ്ഠിതം | 2,553 | 2712 | 2,582 | 3,359 | 4,297 |
| 2 | തുണിത്തരങ്ങളും വസ്ത്രങ്ങളും | 1,947 | 1858 | 1,904 | 1,276 | 1,564 |
| 3 | ജനറൽ/മെക്കാനിക്കൽ/ലൈറ്റ് എഞ്ചിനീയറിംഗ് | 2,001 | 1533 | 1,334 | 959 | 1,193 |
| 4 | സേവന പ്രവർത്തികൾ | 3,679 | 3259 | 4,036 | 2,725 | 4,097 |
| 5 | തടി ഉൽപ്പന്നങ്ങൾ | 871 | 644 | 5,32 | 436 | 517 |
| 6 | സിമന്റ് ഉൽപ്പന്നങ്ങൾ | 469 | 329 | 3,09 | 233 | 368 |
| 7 | പ്രിൻറിംഗും അനുബന്ധ പ്രവർത്തികളും | 392 | 348 | 2,80 | 188 | 198 |
| 8 | പേപ്പർ ഉൽപ്പന്നങ്ങൾ | 163 | 192 | 1,88 | 198 | 234 |
| 9 | ഇൻഫർമേഷൻ ടെക്നോളജി | 316 | 294 | 2,40 | 187 | 348 |
| 10 | മറ്റുള്ളവ | 3,077 | 2657 | 2,290 | 1,949 | 2,469 |
| ആകെ | | 15,468 | 13,826 | 13,695 | 11,540 | 15,285 |

അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം 4.4.4** 2021-22ൽ കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം ശതമാനത്തിൽ




അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ**

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റാണ് (ഡി.ഐ.സി). നിലവിൽ ഡി.ഐ.സിയുടെ കീഴിൽ 2,525.20 ഏക്കറിലായി 40 വികസന പ്രദേശങ്ങൾ/പ്ലോട്ടുകൾ ഉണ്ട്. ഈ വികസന പ്രദേശം/പ്ലോട്ടുകളിലായി ആകെ 2,627 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഡി.എ/ഡി.പി കളിലൂടെ ആകെ 38,225 പേർക്ക് തൊഴിൽ നൽകുകയും 2,22,078 ലക്ഷം രൂപ വരുമാനമുണ്ടാക്കുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.4.4**ൽ കൊടുത്തിരിക്കുന്നു.

**വ്യവസായ എസ്റ്റേറ്റുകൾ**

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വളർച്ചക്കും പര്യാപ്തമായതും ഗ്രാമീണ പിന്നോക്ക മേഖലകളിലെ വ്യവസായ പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണത്തിനും പര്യാപ്തമായ ഉപാധിയായി വ്യാവസായിക എസ്റ്റേറ്റുകൾ വിനിയോഗിച്ച് വരുന്നു. വ്യവസായങ്ങളുടെ വളർച്ചക്ക് ആവശ്യമായ റോഡുകൾ, വൈദ്യുതി, മറ്റ് ആവശ്യസേവനങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന പ്രത്യേക സോണുകളാണ് വ്യാവസായിക എസ്റ്റേറ്ററുകൾ. ഇവ പരിസ്ഥിതിയിൽ ആഘാതം സൃഷ്ടിക്കാതെ വികസനം സാധ്യമാക്കുന്നു. കേരളത്തിൽ 2022 മാർച്ച് 31 വരെയുള്ള പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം **പട്ടിക 4.4.5**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.4.5** പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, 2021 -22

| ക്രമ നമ്പർ | ഏജൻസി | വ്യവസായ എസ്റ്റേറ്റ് എണ്ണം | |
|---|---|---|---|
| | | മേജർ എസ്റ്റേറ്റ് | മിനി എസ്റ്റേറ്റ് |
| 1 | ജില്ല വ്യവസായ കേന്ദ്രം | | 91 |
| 2 | സിഡ്കോ | 17 | 36 |
| ആകെ | | 17 | 127 |

അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സേവനങ്ങളും സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് വേണ്ടി ജില്ലകളിൽ സ്ഥാപിതമായിട്ടുള്ള സ്ഥിരമായ ഒരു സംവിധാനമാണ് ജില്ലാതല വ്യവസായ കേന്ദ്രങ്ങൾ. അനുയോജ്യമായ പ്രോജക്റ്റുകൾ കണ്ടെത്തുക, ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുക, വായ്പാ സൗകര്യം ഒരുക്കൽ, ഉപകരണങ്ങളും അസംസ്കൃതവസ്തുക്കളും ലഭ്യമാക്കൽ അതോടൊപ്പം യൂണിറ്റുകളെ വ്യവസായ പോസ്റ്റുകളുമായി ബന്ധിപ്പിക്കൽ തുടങ്ങിയവ ഇതിലുൾപ്പെടുന്നു. എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതും അതോടൊപ്പം വ്യവസായ സഹകരണ സംഘങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും ഈ കേന്ദ്രം സഹായിക്കുന്നു. 2022 മാർച്ച് 31 ലെ കണക്കനുസരിച്ച് 91 ചെറുകിട വ്യവസായിക എസ്റ്റേറ്റുകളിലായി 879 ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ട്. അതിൽ പ്രവർത്തനക്ഷമമായ 762 യൂണിറ്റുകളിലൂടെ 3,355 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.4.5**ൽ കൊടുത്തിരിക്കുന്നു.

### സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സിഡ്കോ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃതവസ്തുക്കളുടെ വിതരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോ ലഭ്യമാക്കുന്നുണ്ട്. 2022 മാർച്ച് 31 ആയപ്പോഴേക്കും 233.86 ഏക്കറിലായി 17 പ്രധാന വ്യാവസായിക എസ്റ്റേറ്റുകൾ ഉള്ളതിൽ 194.90 ഏക്കർ അനുവദിക്കുകയും ഇതിൽ 875 പ്രവർത്തനക്ഷമമായ യൂണിറ്റുകളിലൂടെ 7,456 തൊഴിലവസരങ്ങൾ നല്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തൊട്ടാകെ സിഡ്കോയുടെ ഭരണനേതൃത്വത്തിൽ 7 വ്യവസായ പാർക്കുകളും 36 മിനി ഇൻഡസ്ട്രിയൽ സ്റ്റേറ്റുകളും ഉണ്ട്. 2021-22 കാലയളവിൽ സിഡ്കോയുടെ മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകളിലൂടെ സൃഷ്ടിച്ച ആകെ വരുമാനം 32.86 ലക്ഷം രൂപയായിരുന്നു. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.6, 4.4.7, 4.4.8** എന്നിവ യിൽ കൊടുത്തിരിക്കുന്നു.

### വ്യാവസായിക ക്ലസ്റ്റർ വികസനം

എം.എസ്.എം.ഇ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം സാങ്കേതിക വിദ്യയുടെ സ്വാംശീകരണം, ശേഷി മെച്ചപ്പെടുത്തൽ പൊതു വിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിൽ വ്യവസായ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദന ക്ഷമത, മത്സരക്ഷമത, ചെറുകിട സംരംഭങ്ങൾക്കുള്ള കാര്യശേഷി എന്നിവ വർദ്ധി പ്പിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമായാണ് ക്ലസ്റ്റർ സമീപനത്തെ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം സ്വീകരിച്ചിരിക്കുന്നത്.

സംസ്ഥാന സർക്കാർ മറ്റ് പങ്കാളികളുമായി ചേർന്ന് ആരംഭിച്ച തൃശ്ശൂരിലെ എംഎസ്.എം.ഇ-വികസന ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി സജീവമായി ഇടപെട്ട് കൊണ്ടിരിക്കുകയാണ്. സുസ്ഥിര ഉപഭോഗവും ഉൽപ്പാദന സംവിധാനവും സൃഷ്ടിക്കുന്നതിന് പ്രാദേശിക സംരംഭകത്വത്തിന്റെ പ്രോത്സാഹനം പ്രധാനമാണ്. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ തൃശ്ശൂരിലെ എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എം.എസ്.എം.ഇ-ഡിഐ). 2021-22 വർഷത്തിൽ 25 പരിശീലന പരിപാടികൾ/ കോഴ്സുകൾ നടത്തിയിട്ടുണ്ട്. 1,822 പേർ ഈ പരിപാടിയുടെ ഗുണഭോക്താക്കളായി. വിശദാംശങ്ങൾ **അനുബന്ധം 4.4.9** ൽ കൊടുത്തിരിക്കുന്നു

### കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ ബിപ്)

കൂട്ടായ്മയിലൂടെ നേട്ടം ഉണ്ടാക്കുന്നതിന് കേരള സർക്കാർ വ്യവസായവത്ക്കരണത്തിന് ക്ലസ്റ്റർ വികസന സമീപനം സ്വീകരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ, കെ-ബിപ് എന്നിവയിലൂടെയാണ് സംസ്ഥാനം ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. കോമൺ ഫെസിലിറ്റി സെന്ററുകൾ (സിഎഫ്സി) സംസ്ഥാനത്ത് വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മരം, പ്ലൈവുഡ്, ഫർണിച്ചർ, റബ്ബർ, തുണിത്തരങ്ങൾ, റൈസ് മിൽ, പ്ലാസ്റ്റിക്, പ്രിന്ററുകൾ, എത്നിക് ഫുഡ്, കാർഷിക ഉപകരണങ്ങൾ, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രധാന മേഖലകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ (സിഎഫ്സി) സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയം 19 പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. എംഎസ്ഇ-സിഡിപി (കോമൺ ഫെസിലിറ്റി സെന്ററുകൾ & ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്) പദ്ധതി ഫലപ്രദമായി നടപ്പാക്കുന്ന മികച്ച 5 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പദ്ധതി പ്രകാരം ഇന്ത്യാ ഗവൺമെന്റ് ഗ്രാന്റ് ഇനത്തിൽ കേരളത്തിന് 193.7 കോടി രൂപ അനുവദിച്ചു, ആയതിൽ 113.81 കോടി രൂപ സർക്കാർ ഗ്രാന്റായി വിതരണം ചെയ്തു. 11 സിഎഫ്സികൾ ഇതിനകം കമ്മീഷൻ ചെയ്തിട്ടുണ്ട്, ഈ ഫണ്ട് ഉപയോഗിച്ച് 8 ഇൻഡസ്ട്രിയൽ പാർക്കുകൾ വികസിപ്പിച്ചെടുത്തു. 4 സിഎഫ്സികളും 3 ഐഡിഡി പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കേന്ദ്ര എം എസ് എം ഇ മന്ത്രാലയത്തിന്റെ എംഎസ്ഇ - സിഡിപി പദ്ധതിയുടെ കീഴിൽ വ്യവസായ ക്ലസ്റ്റർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായുള്ള ഏജൻസിയാണ് കെ ബിപ്. സംസ്ഥാനത്തെ വ്യവസായ ഡയറക്ടറേറ്റ് ജില്ലാതല വ്യവസായ കേന്ദ്രങ്ങളുമായി ചേർന്നാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ കീഴിൽ വിവിധ ക്ലസ്റ്ററുകളിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 70 ശതമാനം വരെ സാമ്പത്തിക സഹായം കേന്ദ്രസർക്കാർ അനുവദിക്കുന്നു. പ്രോജക്റ്റിനെ 20 ശതമാനം സംസ്ഥാന സർക്കാർ വിഹിതവും 10 ശതമാനം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (കൺസോർഷ്യം) പങ്കാളിത്തവുമാണ്.

സംസ്ഥാനത്ത് ബിസിനസ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി കെബിഐപി കേരളത്തിലെ വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. വ്യാവസായിക ക്ലസ്റ്റർ വികസനം, കേരള ബാംബൂ മിഷന്റെ പ്രവർത്തനങ്ങളുടെ ഏകോപനം, പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതിയുടെ നിർവ്വഹണം, ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ ഹബ് പ്രവർത്തനങ്ങൾ, വാണിജ്യ മിഷൻ പ്രവർത്തനങ്ങളുടെ സംയോജനം, ഓഡിറ്റ് & ഭക്ഷ്യ സംസ്കരണത്തിന്റെയും അനുബന്ധ യൂണിറ്റുകളുടെയും സർട്ടിഫിക്കേഷൻ, പ്രാദേശിക, ദേശീയ, അന്തർദേശീയ ഇവന്റുകളിലെ പങ്കാളിത്തം, കേരള B2B ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനം എന്നിവയാണ് കെബിഐപിയുടെ വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ. നാല് പൊതു സൗകര്യ കേന്ദ്രങ്ങൾ നടപ്പിലാക്കൽ ഘട്ടത്തിലാണ്: (i) കോഴിക്കോട് വുഡൻ ഫർണിച്ചർ സെന്റർ, (ii) എറണാകുളത്ത് സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ, (iii) എറണാകുളത്ത് പ്ലൈവുഡ് ക്ലസ്റ്റർ, (iv) തിരുവനന്തപുരത്ത് പപ്പഡ് ക്ലസ്റ്റർ.

### ഗ്രാമീണ വ്യവസായങ്ങൾക്കായുള്ള പാക്കേജ്-പ്രധാന മന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി )

ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും കാർഷി കേതര മേഖലയിൽ ചെറു സംരംഭങ്ങൾ സ്ഥാപിച്ച് തൊഴില വസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ തലത്തിൽ ആരംഭിച്ച ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതിയാണ് 'പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി)'. 2021 -22 കാലയളവിൽ ബാങ്കുകൾ 2,080 അപേക്ഷകൾ സ്വീകരിക്കുകയും മാർജിൻ മണി 4,921.95 ലക്ഷം രൂപ നൽകുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 4.4.10**ൽ നൽകിയിരിക്കുന്നു.

**സൂക്ഷ്മചെറുകിടവ്യവസായ മേഖലയിലെ വ്യവസായ ധനസഹായം**

**സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ.ബി.സി)**
സ്റ്റേറ്റ് ബാങ്കേഴ്സ് കമ്മിറ്റിയുടെ (എസ്.എൽ.ബി.സി) റിപ്പോർട്ട് പ്രകാരം, വിവിധ മേഖലകളിലായി 2022 മാർച്ച് വരെ എം.എസ്.എം.ഇ മേഖലയിൽ കേരളത്തിന് അനുവദിച്ച വായ്പ തുക 64,956.92 കോടി രൂപയാണ്. ഇത്, മുൻ വർഷത്തെ 59,970.70 കോടി രൂപയേക്കാൾ 8 ശതമാനം അധികമാണ്. വിവിധ മേഖലകളിലെ വായ്പകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.11**ൽ നൽകിയിരിക്കുന്നു.

**സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)**
സുരക്ഷിതമല്ലാത്ത വായ്പാ സൗകര്യം ലഭ്യമാക്കുന്ന പണമിടപാട് സ്ഥാപനങ്ങൾക്ക് അവരുടെ ഇടപാട് ചരിത്രം പരിശോധിച്ച് ന്യായമായ പലിശനിരക്കിൽ റീഫിനാൻസ് ചെയ്യുന്നതിന് ഗവണ്മെന്റ് സിഡ്ബിയെ പ്രോത്സാഹിപ്പിക്കുന്നു. എംഎസ്എംഇ ക്ലസ്റ്ററുകളുടെ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്കും സംസ്ഥാന സർക്കാർ സ്പോൺസേർഡ് ഓർഗനൈസേഷനുകൾക്കും പിന്തുണ നൽകുന്നതിനായി ആർബിഐ 6,990.00 കോടി രൂപ സിഡ്ബിക്ക് അനുവദിച്ചു. 2022 മാർച്ച് 31 വരെ, വിവിധ സ്കീമുകൾക്ക് കീഴിൽ എംഎസ്എംഇ കൾക്ക് സിഡ്ബി മൊത്തം 1,43,758 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തു. കോവിഡ്-19 ബാധിച്ച സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി സിഡ്ബി കോവിഡ്-19 സ്റ്റാർട്ട് അപ്പ് അസിസ്റ്റൻസ് സ്കീം (സിഎസ്എഎസ്) ആരംഭിച്ചു. കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗത്തിൽ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതോ നേരിട്ട് ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതോ ആയ എല്ലാ എംഎസ്എംഇ കൾക്കും 5.50 ശതമാനം സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതിന് കോവിഡ്-19 മഹാമാരി (എആർജി) സമയത്ത് വീണ്ടെടുക്കലിനും ജൈവവളർച്ചയ്ക്കും വേണ്ടി എംഎസ്എംഇ കൾക്കായി സിഡ്ബി പദ്ധതി ആരംഭിച്ചു. ഈ സ്കീമിന് കീഴിൽ മാർച്ച് 31, 2022 വരെ 329 ഉപഭോക്താക്കൾക്കായി 406 കോടി രൂപ അനുവദിച്ചു. (അവലംബം: സിഡ്ബി, വർക്കിംഗ് റിപ്പോർട്ട് 2022).

**എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS)**
കൊവിഡ്-19 പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ബാങ്കുകൾക്കും എൻബിഎഫ്ഐകൾക്കും 100 ശതമാനം ഗ്യാരണ്ടി കവറേജ് നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം. അധിക ടേം ലോൺ/അധിക പ്രവർത്തന മൂലധന ആവശ്യകതകൾ നിറവേറ്റുന്നതിനായി ബിസിനസ്സ് എന്റർപ്രൈസസ്/എംഎസ്എംഇ കൾക്ക് അടിയന്തര ക്രെഡിറ്റ് സൗകര്യങ്ങൾ വിപുലീകരിക്കാൻ ഇത് അവരെ പ്രാപ്തരാക്കും. എസ്എൽബിസി നൽകിയ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, സെപ്റ്റംബർ 30, 2022ന് കേരളത്തിൽ, സംസ്ഥാനത്തുടനീളമുള്ള യോഗ്യരായ 2,51,283 വായ്പക്കാരിൽ 1,59,447 അർഹരായ കേസുകൾക്ക് എമർജൻസി ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ചത് 8,970.26 കോടി രൂപയാണ്. 1,34,714 വായ്പക്കാർക്ക് 7,987.37 കോടി രൂപയുടെ വായ്പ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.4.6**ൽ നൽകിയിരിക്കുന്നു.

**പ്രധാന ഭൗതിക നേട്ടങ്ങൾ**

- 'ഇയർ ഓഫ് എന്റർപ്രൈസസ്' 2022-23 'പദ്ധതിയുടെ ഭാഗമായി ഡിസംബർ 7, 2022 വരെ പദ്ധതി ലക്ഷ്യമായ 1,00,000 യൂണിറ്റുകൾ ആരംഭിച്ചു.
- 2021-22ൽ, പുതിയ 15,285 എംഎസ്എംഇ 1,535.09 കോടി രൂപ മുതൽമുടക്കിൽ സംസ്ഥാനത്ത് ആരംഭിച്ചു.
- വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രചാരണവും സെമിനാറുകളും നടത്തി.
- തദ്ദേശ സ്ഥാപനങ്ങൾക്കായി 73 ഈസ് ഓഫ് ഡൂയിംഗ് ബോധവത്കരണ കാമ്പയിനുകൾ നടത്തി.
- കേരള എംഎസ്എംഇ ജിയോ പോർട്ടൽ വഴി 1,50,000-ത്തിലധികം സംരംഭകരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അതുവഴി വ്യവസായ ഭൂപടം രൂപകൽപന ചെയ്തു.
- എല്ലാ പരിശോധനകളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ നടത്തുന്നതിന് "സെൻട്രൽ ഇൻസ്പെക്ഷൻ ഫ്രെയിംവർക്ക്" & "കേരളം - സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (കെ-സിഐഎസ്)" എന്നിവ സജ്ജീകരിച്ചു.
- സംസ്ഥാനത്ത് വ്യാപാരവും വാണിജ്യവും പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും തദ്ദേശീയ ഉൽപന്നങ്ങൾ ആഭ്യന്തര, ആഗോള വിപണികളിൽ

**പട്ടിക.4.4.6** സെപ്റ്റംബർ 30, 2022 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം

| ബാങ്ക് | അർഹരായ വയ്പ്പക്കാരുടെ എണ്ണം | അനുവദിച്ചത് | | വിതരണം ചെയ്തത് | |
|---|---|---|---|---|---|
| | | അക്കൗണ്ടുകൾ | തുക (കോടിയിൽ) | അക്കൗണ്ടുകൾ | തുക (കോടിയിൽ) |
| ആകെ പൊതു മേഖല വാണിജ്യ ബാങ്കുകൾ | 1,67,615 | 1,32,123 | 3,349.46 | 1,10,774 | 2,837.97 |
| ആർ.ആർ.ബി – കേരള ഗ്രാമീൺ ബാങ്ക് | 35,568 | 2,515 | 27.69 | 2,515 | 27.69 |
| ആകെ – സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ | 48,100 | 24,809 | 5,593.11 | 21,425 | 5,121.75 |
| ആകെ-ബാങ്കിംഗ് മേഖല | 2,51,283 | 1,59,447 | 8,970.26 | 1,34,714 | 7,987.37 |

അവലംബം: സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി

വിപണനം ചെയ്യുന്നതിനും വാണിജ്യ മിഷന്റെ രൂപീകരണം.

- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കെഐഇഡി) സംരംഭകത്വ വികസനത്തിലെ മികവിന്റെ കേന്ദ്രമായി.
- ദേശീയ അന്തർദേശീയ വിപണികൾ ആക്സസ് ചെയ്യുന്നതിനായി www.keralamsme.org, www.keralamsme.com എന്നീ പുതിയ വെബ്സൈറ്റുകൾ ആരംഭിച്ചു, എംഎസ്എംഇ കൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മികച്ച വിപണന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഇ-മാർക്കറ്റ് വെബ് പോർട്ടലും ആരംഭിച്ചു.
- വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2021-22 കാലയളവിൽ 489 സംരംഭകത്വ വികസന ക്ലബ്ബുകൾ സ്ഥാപിച്ചു.
- 1,357 വ്യാവസായിക യൂണിറ്റുകൾക്ക് എന്റർപ്രണർ സപ്പോർട്ട് സ്കീമിന് കീഴിൽ 7,093.97 ലക്ഷം രൂപ സഹായം ലഭിച്ചു.
- വ്യാവസായിക വളർച്ചയുടെ ഭാഗമായി 'ഉത്തരവാദിത്തപരമായ നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' പരിപാടി സ്വീകരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം.

**മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും**

ഈ മേഖലയുടെ വളർച്ചയെ ബാധിക്കുന്ന നിരവധി വെല്ലുവിളികൾ കാരണം സമ്പദ്വ്യവസ്ഥയിൽ ഈ മേഖലയുടെ സംഭാവന നിലവിൽ പരിമിതപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട വെല്ലുവിളികൾ ഇവയാണ്:

- **നയവും സ്ഥാപനപരവുമായ ഇടപെടലുകൾ–** അടിസ്ഥാന സൗകര്യ വികസനം, ആധുനികവത്കരണം, സാങ്കേതികവിദ്യ സ്വീകരിക്കൽ, പിന്നോക്ക മുന്നോക്ക ബന്ധം, ക്രെഡിറ്റ് വിടവ് കുറയ്ക്കൽ, എംഎസ്എംഇ കൾക്ക് സമയബന്ധിതമായി പണം നൽകൽ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള നയങ്ങൾ രൂപീകരിക്കുന്നതും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും വെല്ലുവിളികൾ നേരിടുന്നു.
- **വളർച്ച ത്വരിതപ്പെടുത്തലും ഔപചാരികവൽക്കരണം പ്രാപ്തമാക്കലും-** നൂതന ബിസിനസ്സ് ആശയങ്ങൾ സുഗമമാക്കുകയും പരിപോഷിപ്പിക്കുകയും പിന്തുണയ്ക്കുകയും അവയെ സംരംഭങ്ങളായി രൂപപ്പെടുത്തുകയും അതിലൂടെ എം.എസ്.എം.ഇകൾക്ക് അനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കുകയും വേണം. സംരംഭക വികസന, ഇൻകുബേഷൻ സെന്ററുകളുടെ പിന്തുണയോടെ ഇത് നേടാനാകും. ക്രെഡിറ്റ് പിന്തുണയ്ക്കുള്ള പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതി കളുടെ ഉപയോഗവും എത്തിച്ചേരലും പല കാരണങ്ങളാൽ പരിമിതപ്പെട്ടിരിക്കുന്നു. എം.എസ്.എം.ഇ കൾക്കിടയിൽ ഔപചാരികവൽക്കരണവും ഡിജിറ്റലൈസേഷനും പ്രോത്സാഹിപ്പിക്കുകയും യു.എ.എം-ൽ രജിസ്റ്റർ ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഒരു വെല്ലുവിളിയായി തുടരുന്നു.
- **അടിസ്ഥാന സൗകര്യ പ്രതിസന്ധികൾ പരിഹരിക്കുക-** അടിസ്ഥാന സൗകര്യങ്ങളായ വർക്ക് ഷെഡുകൾ, ടൂൾ റൂമുകൾ, പ്രൊഡക്റ്റ് ടെസ്റ്റിംഗ് ലബോറട്ടറികൾ, വൈദ്യുതി, ഗ്രാമീണ ബ്രോഡ്ബാൻഡ്, ഇന്നൊവേഷൻ ഹബ്ബുകൾ എന്നിവയുടെ അപര്യാപ്തത ഈ മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി പ്രവർത്തിക്കുന്നു. മികച്ച അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന കുറച്ച് എംഎസ്എംഇ ക്ലസ്റ്ററുകൾ മാത്രമേ നിലവിലുള്ളൂ.
- **ക്രെഡിറ്റ്, റിസ്ക് ക്യാപിറ്റല് ലഭ്യത സുഗമമാക്കുക–** അനൗപചാരിക സ്വഭാവം കാരണം എം.എസ്.എം.ഇ കള്ക്ക് ഔപചാരിക ക്രെഡിറ്റ് സ്രോതസുകളിലേക്ക് പ്രവേശനം ലഭിക്കുന്നില്ല. സാമ്പത്തിക വിവരങ്ങളുടെ അഭാവം മൂലം എം.എസ്.എം.ഇ കളുടെ ക്രെഡിറ്റ് റിസ്ക് വിലയിരുത്തലിൽ ബാങ്കുകള് വെല്ലുവിളികൾ നേരിടുന്നു. ഇക്വിറ്റി സപ്പോർട്ടും വെഞ്ച്വർ ക്യാപിറ്റൽ ഫിനാൻസിംഗും ആകർഷിക്കാൻ വളരെ കുറച്ച് എംഎസ്എംഇകൾക്ക് മാത്രമേ കഴിയുന്നുള്ളൂ.
- **വിപണി ബന്ധവും പൊതു സംഭരണ സംവിധാനവുമായുള്ള ബന്ധം പ്രാപ്തമാക്കുക–** പരിമിതമായ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത, അന്തിമ ഉൽപ്പന്നത്തിന്റെ വിപണന സൗകര്യ അഭാവം എന്നിവയാണ് എംഎസ്എംഇകള് നേരിടുന്ന രണ്ട് പ്രധാന വെല്ലുവിളികള്. പൊതുമേഖലാ യൂണിറ്റുകളുമായുള്ള ബന്ധം സംരംഭങ്ങളുടെ വളർച്ചയെ സഹായിക്കും.
- **വനിതാ സംരംഭകത്വം–** "സാമൂഹിക ധാരണ വെല്ലുവിളി"-നിക്ഷേപ പിന്തുണയുടെ അഭാവം, കുടുംബത്തിൽ നിന്നും ആവശ്യമായ പിന്തുണ ഇല്ലായ്മ, മറ്റ് ബിസിനസ്സ് നിക്ഷേപകരിൽ നിന്നും തല്പരകക്ഷികളിൽ നിന്നുമുള്ള സഹായമില്ലായ്മ എന്നിവ എന്റർപ്രൈസിനായി മൂലധനവും പ്രവർത്തന മൂലധനവും സമാഹരിക്കുന്നതിനുള്ള വനിതാ സംരംഭകരുടെ ശേഷി കുറയ്ക്കുന്നു.

# 4.5. ഭക്ഷ്യസംസ്കരണം

ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ മേഖലയിൽ പഴവർഗ്ഗങ്ങളും, പച്ചക്കറികളും, തോട്ടവിളകൾ, ധാന്യസംസ്കരണം, സുഗന്ധദ്രവ്യങ്ങൾ, പാലുംപാലുൽപ്പന്നങ്ങളും, മാംസാഹാരവും കോഴിയിറച്ചിയും, മത്സ്യം, മദ്യം, ലഹരി ഇതര പാനീയങ്ങൾ, കൂടാതെ മറ്റ് ഉപഭോഗ ഉൽപ്പന്നങ്ങളായ മിഠായികൾ, ചോക്ലേറ്റുകൾ, കൊക്കോഉൽപ്പന്നങ്ങൾ, സോയഉൽപ്പന്നങ്ങൾ, മിനറൽ വാട്ടർ, ഉയർന്ന പ്രോട്ടീൻ ആഹാര പദാർത്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം 41 മെഗാ ഫുഡ് പാർക്ക് പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, ഇതിൽ 7 മെഗാ ഫുഡ് പാർക്കുകൾക്ക് വനിതാ പ്രൊമോട്ടർമാരുണ്ട്. 2018-19ൽ രാജ്യത്ത് രജിസ്റ്റർ ചെയ്ത 40,579 യൂണിറ്റുകളിലായി ഏകദേശം 20.05 ലക്ഷം പേർ ഈ വ്യവസായത്തിൽ പ്രവർത്തിക്കുന്നു. ഭക്ഷ്യ ഉൽപന്നങ്ങളുടെയും പാനീയങ്ങളുടെയും നിർമ്മാണത്തിൽ ഗണ്യമായ സ്ത്രീ പങ്കാളിത്തമുണ്ട്. രജിസ്റ്റർ ചെയ്ത ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിൽ 2 ലക്ഷത്തിലധികം സ്ത്രീ തൊഴിലാളികൾ നേരിട്ട് ജോലി ചെയ്യുന്നു, കൂടാതെ 12 ലക്ഷത്തിലധികം സ്ത്രീ തൊഴിലാളികൾ അസംഘടിത ഭക്ഷ്യസംസ്കരണ മേഖലയിലെ കാർഷികേതര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു[1]

ഇന്ത്യയിലെ കാർഷിക ഉൽപ്പാദന മേഖല വർഷങ്ങളായി ഉയർന്ന ഉൽപ്പാദനം രേഖപ്പെടുത്തുന്നു. 2018-ലെ വേൾഡ് അഗ്രികൾച്ചർ റിപ്പോർട്ട് പ്രകാരം കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ ഇന്ത്യ, ധാന്യങ്ങളിൽ മൂന്നാം സ്ഥാനത്തും പയറുവർഗ്ഗങ്ങളിൽ ഒന്നാമതും , വെജിറ്റബിൾ പ്രൈമറി, ഫ്രൂട്ട് പ്രൈമറി എന്നിവയിൽ രണ്ടാമതും, പാലിൽ ഒന്നാമതും, മുട്ടയുടെ പ്രൈമറിയിൽ മൂന്നാം സ്ഥാനത്തും ആണ്. ഭക്ഷ്യ ഉൽപന്നങ്ങളുടെ ആവശ്യകത വർധിച്ചതും സർക്കാർ നൽകുന്ന ആനുകൂല്യങ്ങളും അസംസ്കൃത വസ്തുക്കളുടെ സമൃദ്ധമായ വിതരണവും ഭക്ഷ്യ സംസ്കരണ മേഖലയെ ഗുണപരമായി സഹായിച്ചു. 2019-20 അവസാനം വരെയുള്ള കഴിഞ്ഞ 5 വർഷങ്ങളിൽ 2011-12 വിലയിൽ ഭക്ഷ്യ സംസ്കരണ മേഖല ശരാശരി വാർഷിക വളർച്ചാ നിരക്കിൽ (എഎജിആർ) 11.18 ശതമാനം വളർച്ച കൈവരിച്ചു. ഇത് കാർഷിക മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ 4.19 ശതമാനം ആണ്. ജിഡിപി, തൊഴിൽ, നിക്ഷേപം എന്നിവയ്ക്കുള്ള സംഭാവനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ മേഖല ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന വിഭാഗമായി ഉയർന്നുവന്നിട്ടുണ്ട്. 2011- 12 വിലയിൽ 2019-20ൽ ഉൽപാദന മേഖലയിലും കാർഷിക മേഖലയിലും യഥാക്രമം 9.87 ശതമാനവും ജിവിഎയുടെ 11.38 ശതമാനവും ഈ മേഖലയാണ് സംഭാവന ചെയ്യുന്നത്.

സ്ഥിര മൂലധനം, മൊത്തം കൂട്ടിച്ചേർക്കപ്പെട്ട മൂല്യം, ഉൽപ്പന്നം എന്നിവയുടെ അടിസ്ഥാനത്തിൽ മികച്ച അഞ്ച് മേഖലകളിൽ ഒന്നാണ് ഭക്ഷ്യ ഉൽപന്ന വ്യവസായം. 2018-19 ലെ ഏറ്റവും പുതിയ വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് (എഎസ്ഐ) പ്രകാരം രജിസ്റ്റർ ചെയ്ത ഭക്ഷ്യ സംസ്കരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന മൊത്തം ആളുകളുടെ എണ്ണം 20.05 ലക്ഷമാണ്. എൻഎസ്എസ്ഒ 73-ാം റൗണ്ട്, 2015-16 പ്രകാരം രജിസ്റ്റർ ചെയ്യാത്ത ഭക്ഷ്യ സംസ്കരണ മേഖല 51.11 ലക്ഷം പേർക്ക് തൊഴിൽ നൽകുകയും രജിസ്റ്റർ ചെയ്യാത്ത നിർമ്മാണ മേഖലയിൽ 14.18 ശതമാനം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ കയറ്റുമതി ഉൾപ്പെടെയുള്ള കാർഷിക-ഭക്ഷ്യ കയറ്റുമതിയുടെ മൂല്യം 2020-21-ൽ 38.32 ബില്യൺ യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 13.2 ശതമാനവുമായിരുന്നു (ആകെ കയറ്റുമതി 291.17 ബില്യൺ യുഎസ് ഡോളർ). 2020-21ൽ സംസ്കരിച്ച ഭക്ഷണം ഉൾപ്പെടെയുള്ള കാർഷിക ഭക്ഷ്യ വസ്തുക്കളുടെ ഇറക്കുമതി മൂല്യം 20.99 ബില്യൺ യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ 5.3 ശതമാനമായിരുന്നു (മൊത്തം ഇറക്കുമതി 393.61 ബില്യൺ യുഎസ് ഡോളർ)[1]

**കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായം**

മൂല്യവർദ്ധനവിന് ധാരാളം അവസരങ്ങൾ പ്രദാനം ചെയ്യുന്ന വൈവിദ്ധ്യമാർന്ന വിളകളുള്ള വളരെ ഫലഭൂയിഷ്ഠമായ ഒരു നാടാണ് കേരളം. തെങ്ങാണ് ഏറ്റവും പ്രധാനപ്പെട്ട നാണ്യവിള, 7.81 ലക്ഷം ഹെക്ടറിലായി

1 ഉറവിടം: വാർഷിക റിപ്പോർട്ട് 2021-22, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ

5,384 ദശലക്ഷം തേങ്ങ ഉത്പാദിപ്പിക്കുന്നു - പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, തേങ്ങാ ശർക്കര, പാം ഷുഗർ, ചിപ്സ്, ജെല്ലി, വിനാഗിരി എന്നിവയുടെ രൂപത്തിൽ മൂല്യവർദ്ധനവിൽ വ്യാപ്തിയുണ്ട്. 'നേന്ത്രൻ' ഇനത്തിൽ കേരളം പ്രശസ്തി നേടിയിട്ടുണ്ട്. ഗണ്യമായ അളവിൽ പുതിയ രൂപത്തിൽ വാഴപ്പഴം കയറ്റുമതി ചെയ്യുന്നു, എന്നിരുന്നാലും, മിൽക്ക് ഷേക്ക് പൊടി, വാഴപ്പഴം അടിസ്ഥാനമാക്കിയുള്ള ബേബി ഫുഡ്, വാഴപ്പഴത്തിന്റെ പൾപ്പ് തുടങ്ങിയവയുടെ സംസ്കരണത്തിൽ അവസരങ്ങളുണ്ട്. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ 75 ശതമാനവും കേരളത്തിൽ നിന്നുമാണ്. കയറിന്റെയും നാളികേരത്തിന്റെയും പ്രധാന ഉത്പാദകർ കേരളമാണ്. രാജ്യത്തിന്റെ മൊത്തം ഭക്ഷ്യ കയറ്റുമതിയിൽ കേരളം മികച്ച സംഭാവനയാണ് നൽകുന്നത്. സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, കശുവണ്ടി, തേങ്ങ, കൊക്കോ, കാപ്പി, ചായ, വാഴപ്പഴം, പൈനാപ്പിൾ എന്നിവയിൽ കേരളം പരമ്പരാഗതമായി ശക്തമായ സംഭാവന നൽകുന്നു.

വലിയ വിപണി സാധ്യതകളുള്ള 'ഭക്ഷ്യ സംസ്കരണം' എന്ന മേഖല Sunrise മേഖലയാണ്, കൂടാതെ കാർഷിക മേഖലയുടെയും ഹോർട്ടികൾച്ചർ, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയുൾപ്പെടെയുള്ള അനുബന്ധ മേഖലകളുടെയും വളർച്ചയ്ക്ക് സംഭാവന നൽകുന്നതിനുള്ള മികച്ച സാധ്യതകളും കേരള സർക്കാർ മുൻഗണനാ മേഖലാ പദവി നൽകിയിട്ടുള്ള ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് ഉണ്ട്.

സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര) ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെയും, വാണിജ്യ വ്യവസായ മന്ത്രാലയം നടപ്പിലാക്കുന്ന "കയറ്റുമതി അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം" (എഎസ്ഐഡിഇ) എന്ന പദ്ധതിയുടെയും സംസ്ഥാനത്തിന്റെ നോഡൽ ഏജൻസി എന്നിവയായി കിൻഫ്ര പ്രവർത്തിക്കുന്നു. കിൻഫ്ര സംസ്ഥാനത്തുടനീളം നിരവധി ഭക്ഷ്യാധിഷ്ഠിത പാർക്കുകൾ സ്ഥാപിച്ചു. പാർക്കുകളിലെ കിൻഫ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.5.1**ൽ നൽകിയിരിക്കുന്നു.

**കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം**

50.57 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്തനക്ഷമങ്ങളായ 45 യൂണിറ്റുകളുണ്ട്. 2021-22 കാലയളവിൽ 14,977.53 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 1,479 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**കിൻഫ്രാ മെഗാ ഫുഡ് പാർക്ക്, പാലക്കാട്**

മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ പാലക്കാട്ടെ കഞ്ചിക്കോട്ടുള്ള 50.18 ഏക്കറിൽ 40 പ്രവർത്തനക്ഷമമായ യൂണിറ്റുകളുമായി മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ പ്രോപ്പോസലിന് ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. കണക്കാക്കുന്ന ആകെ പദ്ധതി ചെലവ് 119.02 കോടി രൂപയാണ്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സഹായം 50 കോടി രൂപയാണ്. 2021-22 കാലയളവിൽ 24,026.23 ലക്ഷം രൂപ നിക്ഷേപം സാധ്യമാക്കിയ ഇവിടെ 1,266 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, അടൂർ, പത്തനംതിട്ട**

40 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന പത്തനംതിട്ട ജില്ലയിലെ അടൂർ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്തനക്ഷമങ്ങളായ 18 യൂണിറ്റുകളുണ്ട്. 2021-22 കാലയളവിൽ 6,831.22 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 796 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, ഇടുക്കി**

ഇടുക്കി ജില്ലയിലെ മുട്ടം എന്ന സ്ഥലത്തുള്ള 15 ഏക്കർ സ്ഥലത്താണ് ഈ പ്രൊജക്റ്റ് സ്ഥിതിചെയ്യുന്നത്. ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിനു കീഴിലുള്ള എംഎസ്എംഇ-ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (എംഎസ്എംഇ-സിഡിപി) എന്ന പദ്ധതിയ്ക്ക് കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഭക്ഷ്യ, സുഗന്ധവ്യഞ്ജനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പൂർണ്ണമായ അടിസ്ഥാന സൗകര്യങ്ങൾ ഇത് വിഭാവനം ചെയ്യുന്നു. ഇന്ത്യാ ഗവൺമെന്റ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൊത്തം പദ്ധതി ചെലവ് 12.5 കോടി രൂപയാണ്, അതിൽ 6 കോടി രൂപയാണ് കേന്ദ്ര സഹായം.

**കെ.എസ്.ഐ.ഡി.സി മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ**

ഭാരത സർക്കാരിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നുള്ള സഹായം ലഭ്യമാക്കിക്കൊണ്ട് കടൽ ഭക്ഷ്യ സംസ്കരണ മേഖലയെ കേന്ദ്രീകരിച്ച് ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രമായ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നു. കോൾഡ് സ്റ്റോറേജ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഐസ് പ്ലാന്റ് തുടങ്ങിയ സമുദ്ര ഭക്ഷ്യ ഉല്പന്നസംസ്കരണ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പാർക്ക് നിറവേറ്റും. ഇത് ശക്തമായ പിന്നോക്ക-മുന്നോട്ട് ബന്ധങ്ങളുള്ള ഡിമാൻഡ്-ഡ്രൈവ്ഡ് ഹബ്ബും സ്പോക്ക് മോഡലും ചേർന്നതാണ്. ഭക്ഷ്യ സംസ്കരണ വ്യവസായം സ്ഥാപിക്കുന്നതിന് ആധുനിക സൗകര്യങ്ങളുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഈ പാർക്കിൽ മൂന്ന് സുപ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു - (i)ഹബ്ബിലെ സെൻട്രൽ പ്രോസസ്സിംഗ് സെന്റർ (സിപിസി), (ii) പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ (പിപിസി), (iii) കളക്ഷൻ സെന്ററുകൾ (സിസി) ഇവ അഗ്രോ ലോജിസ്റ്റിക്സ് നെറ്റ്‌വർക്ക് വഴി ബന്ധിപ്പിച്ചിരിക്കുന്നു.

മൂന്ന് വർഷത്തിനുള്ളിൽ 350 കോടി രൂപയുടെ നിക്ഷേപം കൊണ്ട് വരാനാകുമെന്ന് ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നു. നിലവിൽ പാർക്കിലെ 42 ഏക്കറോളം വിവിധ കടൽ ഭക്ഷ്യ/ഭക്ഷ്യ സംസ്കരണത്തിനും അനുബന്ധ യൂണിറ്റുകൾക്കും അനുവദിച്ചിട്ടുണ്ട്. മെഗാ ഫുഡ് പാർക്കിൽ വിതരണത്തിനായി അവശേഷിക്കുന്ന ഭൂമി ഏകദേശം 3 ഏക്കറാണ്. കടൽ ഭക്ഷ്യ / ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും അനുബന്ധ മേഖലകളിലെ വ്യാവസായിക യൂണിറ്റുകൾക്കും 30 വർഷത്തെ പാട്ടക്കാലത്തേക്ക്ഭൂമിഅനുവദിക്കും. (അവലംബം: ഡബ്ല്യു. ഡബ്ല്യു.ഡബ്ല്യു.കെ.എസ്.ഐ.ഡി.സി.ഒആർജി).

**എൻ.സി.എച്ച്.സി വഴി ഭക്ഷ്യ സുരക്ഷാ സംവിധാനം നടപ്പിലാക്കുക**

നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പി സർട്ടിഫിക്കേഷനും (എൻ.സി.എച്ച്.സി) കെ-ബിപ്പും സംയുക്തമായി കേരളത്തിനകത്തും മറ്റ് വിവിധ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റി സർട്ടിഫിക്കേഷൻ തുടങ്ങിയവ കൈകാര്യം ചെയ്തു വരുന്നു. ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച അവബോധം നൽകുന്നതിന് വേണ്ടി നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പിയുടേയും കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു .

**ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രധാന വെല്ലുവിളികൾ**

- വിതരണ ശൃംഖല അടിസ്ഥാന സൗകര്യ വിടവ്: പ്രാഥമിക സംസ്കരണം, സംഭരണം, വിതരണ സൗകര്യങ്ങളുടെ അഭാവം.
- വിതരണ ശൃംഖല സ്ഥാപനപരമായ വിടവ്: എപിഎംസി വിപണിയിലെ സംഭരണ ആശ്രിതത്വം.
- ഉൽപാദനവും സംസ്കരണവും തമ്മിലുള്ള പരസ്പര ബന്ധത്തിലെ പോരായ്മകൾ.
- കാലികമായ പ്രവർത്തനങ്ങൾ, കുറഞ്ഞ ശേഷി വിനിയോഗം.
- ഗുണനിലവാരത്തിലും സുരക്ഷാ മാനദണ്ഡങ്ങളിലും വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കാത്തത്.
- ഉൽപ്പന്ന വികസനത്തിന്റെയും നൂതന ആശയത്തിന്റെയും അഭാവം.

**മുന്നോട്ടുള്ള വഴി**

ഭക്ഷ്യ സംസ്കരണ വികസന തന്ത്രത്തെ സ്വാധീനിക്കുവാൻ കഴിയുന്ന തരത്തിലുള്ള പ്രത്യേക പ്രശ്നങ്ങളെ ഈ മേഖല അഭിമുഖീകരിക്കുന്നു. ഇതിനെ അതിജീവിക്കാൻ ശക്തമായ ഇടപെടൽ ആവശ്യമാണ്. ചെറുകിട സൂക്ഷ്മ സംരംഭങ്ങളാണ് ഈ മേഖലയൽ കൂടുതലും പ്രവർത്തിക്കുന്നത്. ഇവയുടെ വിപുലീകരണത്തിന് ആവശ്യമായ മിച്ചം സൃഷ്ടിക്കാനോ അടിസ്ഥാന സൗകര്യങ്ങളെ വർദ്ധിപ്പിക്കുന്നതിന് നിക്ഷേപങ്ങൾ നടത്തുന്നതിനോ സാധിക്കുന്നില്ല. അതിനാൽ, അടിസ്ഥാന സൗകര്യ വികസനത്തിലും സൃഷ്ടിക്കുന്നതിനും സംസ്കരണ ശേഷി വിപുലീകരണത്തിനും ആവശ്യമായ നിക്ഷേപം ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്ന പ്രോത്സാഹനങ്ങളും ഈ മേഖലയ്ക്ക് ആവശ്യവുമുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിതരണ ശൃംഖലയുടെ വിവിധ ഘടകങ്ങളിൽ ഗണ്യമായ നിക്ഷേപം ആവശ്യമാണ്. ഗ്രേഡിംഗ്, പാക്കിംഗ് സെന്ററുകൾ, നിയന്ത്രിത അന്തരീക്ഷ സൗകര്യങ്ങൾ, റീഫർ വാനുകൾ, പോർട്ട്/എയർപോർട്ട്/റെയിൽവേ സ്റ്റേഷനുകളിൽ പെട്ടന്ന് നശിക്കുന്ന ഭക്ഷ്യ ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനായി കോൾഡ് സ്റ്റോറേജ്, ടെസ്റ്റിംഗ് ലബോറട്ടറികൾ, മറ്റ് പിന്തുണയ്ക്കൽ സൗകര്യങ്ങൾ/സേവനങ്ങളായ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കൽ, ഗവേഷണവും വികസനവും, നൈപുണ്യ പരിശീലനം നൽകൽ, മാർക്കറ്റിംഗ് പിന്തുണ എന്നിവയിലാണ് നിക്ഷേപങ്ങൾ അനിവാര്യമായി വരുന്നത്.

സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾക്ക് വലിയ കയറ്റുമതി സാധ്യതയും ആഭ്യന്തര ചോദനവുമുണ്ട്. കർഷകരെയും ഭക്ഷ്യസംസ്കരണ യൂണിറ്റുകളെയും ചില്ലറ വിൽപനക്കാരെയും ഒരുമിച്ച് കൊണ്ടുവന്ന് കാർഷികോൽപ്പാദനത്തെ വിപണിയുമായി ബന്ധിപ്പിക്കണം. കൃത്യമായ വിപണനം, അത്യാധുനിക സാങ്കേതിക വിദ്യ സ്വീകരിക്കൽ, സ്ഥിരമായ വിലയിൽ കർഷകരിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ സ്ഥിരമായ ലഭ്യത, പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നത് എന്നിവ കാർഷിക മേഖലയുടെയും കർഷകരുടെയും വരുമാന വർദ്ധനവിനും മികച്ച വികസനത്തിനും കാരണമാകും.

[2]www.ksidc.orga

# 4.6 പരമ്പരാഗത വ്യവസായങ്ങൾ

### കരകൗശല മേഖല

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കരകൗശല മേഖലയ്ക്ക് പ്രബലവും പ്രധാനവുമായ പങ്കുണ്ട്. ഗ്രാമീണ, അർദ്ധ നഗരപ്രദേശങ്ങളിലെ കരകൗശല തൊഴിലാളികൾക്ക് ഇത് തൊഴിൽ നൽകുന്നതിനൊപ്പം രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുകയും വിദേശനാണ്യം നേടി തരുകയും ചെയ്യുന്നു. കരകൗശല വ്യവസായത്തിന് വളരെയധികം സാധ്യതകളുണ്ട്, കാരണം രാജ്യത്തുടനീളം വ്യാപിച്ചുകിടക്കുന്ന ദശലക്ഷക്കണക്കിന് കരകൗശല തൊഴിലാളികളുടെ നിലനില്പ് ഇത് സാധ്യമാക്കുന്നു. മാത്രമല്ല, നിലവിൽ, കരകൗശല മേഖല തൊഴിലവസരങ്ങൾക്കും കയറ്റുമതിക്കും ഗണ്യമായ സംഭാവന നൽകുന്നു. ഇന്ത്യയിൽ കരകൗശല മേഖലയിൽ 68.86 ലക്ഷം കരകൗശല തൊഴിലാളികൾ പണിയെടുക്കുന്നു. ഇതിൽ 38.61 ലക്ഷം സ്ത്രീകളാണ്. 2021-22ൽ ഒക്ടോബർ 2021 വരെ കൈകൊണ്ട് നിർമ്മിച്ച പരവതാനി ഉൾപ്പെടെയുള്ള കരകൗശല വസ്തുക്കളുടെ കയറ്റുമതി, 29,020.94 കോടി രൂപയായിരുന്നു (അവലംബം: വാർഷിക റിപ്പോർട്ട് 2021-22, ടെക്സ്റ്റയിൽസ് മന്ത്രാലയം, ഭാരത സർക്കാർ).

വ്യവസായത്തിന്റെ അസംഘടിത സ്വഭാവം, തൊഴിലാളികളുടെ കുറഞ്ഞ വിദ്യാഭ്യാസ നിലവാരം, കുറഞ്ഞ മൂലധന അടിത്തറ, പുതിയ സാങ്കേതികവിദ്യകളിലേക്കുള്ള എത്തിച്ചേരലിന്റെ അഭാവം, മാർക്കറ്റ് ഇന്റലിജൻസ് അഭാവം, സ്ഥാപനപരമായ ചട്ടക്കൂട് തുടങ്ങിയ ബലഹീനതകളാൽ ഈ മേഖല ബുദ്ധിമുട്ടുന്നു. കരകൗശല മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ "ദേശീയ കരകൗശല വികസന പദ്ധതി [എൻഎച്ച്ഡിപി]", സമഗ്ര കരകൗശല ക്ലസ്റ്റർ വികസന പദ്ധതി (സിഎച്ച്സിഡിഎസ്) എന്നിവയ്ക്ക് കീഴിൽ നടപ്പിലാക്കുന്നു.

### കേരളത്തിലെ കരകൗശല വ്യവസായം

ആനക്കൊമ്പ്, മുള, പനയോല, കക്ക, തടി, ചിരട്ട, കളിമണ്ണ്, തുണി, കയർ, ലോഹം, കല്ലുകൾ, ലാക്വയർ വെയർ തുടങ്ങിയവ ഉപയോഗിച്ച് അതിമനോഹരങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ട്. സംസ്ഥാനത്തുടനീളമുള്ള കൊട്ടാരങ്ങളിലും, പുരാതന ഗൃഹങ്ങളിലും, മ്യൂസിയങ്ങളിലും പ്രാചീന കരകൗശല വിസ്മയങ്ങൾ കാണാൻ കഴിയും.

കേരളത്തിൽ 32 വ്യത്യസ്ത ഇനം കരകൗശല വസ്തുക്കളുണ്ട്. ദന്ത കൊത്തുപണി, മരം, കൊമ്പ് കൊത്തുപണി, ബെൽ മെറ്റൽ കാസ്റ്റിംഗ് ഹാൻഡ് എംബ്രോയിഡറി, ചിരട്ട കൊത്തുപണി എന്നിവ പ്രധാന വാണിജ്യ ഇനങ്ങളാണ്. പരമ്പരാഗത കരകൗശലത്തൊഴിലാളികളിൽ ഭൂരിഭാഗവും സാമൂഹികവും സാമ്പത്തികവുമായ പോരായ്മകളാൽ കഷ്ടപ്പെടുന്നു. ഇടനിലക്കാരെ ഉന്മൂലനം ചെയ്യുക, കരകൗശലത്തൊഴിലാളികളുടെ കഴിവ് മെച്ചപ്പെടുത്തുക, ഉൽപാദനക്ഷമത, വിപണി അവസരങ്ങൾ വർദ്ധിപ്പിക്കുക, സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക എന്നിവയാണ് കേരള സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ.

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കരകൗശല വികസന കോർപ്പറേഷൻ (എച്ച്.ഡി.സി.കെ.), കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ) എന്നിവയാണ് കേരളത്തിലെ കരകൗശല വ്യവസായത്തിന്റെ പ്രധാന പ്രോത്സാഹന ഏജൻസികൾ.

### കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ പരമോന്നത സംഘടനയായ സുരഭി കരകൗശല ത്തൊഴിലാളികളെ അവരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലൂടെയും ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമ പദ്ധതികളിലൂടെ പിന്തുണയ്ക്കുന്നതിലൂടെയും അവരെ ഉയർത്തികൊണ്ട് വരുക എന്ന ലക്ഷ്യത്തോടെയാണ് സുരഭി സ്ഥാപിച്ചിരിക്കുന്നത്. ഇതിന്റെ കീഴിൽ 38 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിനകത്തും പുറത്തുമായി 9 ഷോറൂമുകൾ സുരഭിയ്ക്ക് കീഴിൽ ഉണ്ട്. 2021-22 വർഷത്തെ ആകെ വിറ്റുവരവ് 63.36

ലക്ഷം രൂപയായിരുന്നു. 2021-22ൽ സംസ്ഥാന സർക്കാരിൽ നിന്ന് അപെക്സ് സ്ഥാപനത്തിന് 40.00 ലക്ഷം രൂപ ലഭിച്ചു. ഈ കാലയളവിൽ നൽകിയ ആകെ തൊഴിൽ 30,000 ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.1**ൽ നൽകിയിരിക്കുന്നു

### കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എച്ച് ഡി സി കെ)

കരകൗശല ഉൽപന്നങ്ങൾ സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും കരകൗശല തൊഴിലാളികൾക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിലും കരകൗശല വികസന കോർപ്പറേഷൻ (എച്ച്ഡിസികെ) ഏർപ്പെട്ടിരിക്കുന്നു. കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പ റേഷൻ, ഭാരതത്തിലുടനീളമുള്ള 19 കൈരളി എംപോറിയ ങ്ങളിലൂടെയും തിരുവനന്തപുരത്തുള്ള ശ്രീമൂലം ഷഷ്ട്യബ്ദി പൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലൂടെയും (എസ്എംഎസ്എംഐ) കരകൗശല മേഖലയിലെ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായ വില നൽകിക്കൊണ്ട് ഇവയുടെ സംഭരണവും വിപണനവും നടത്തിവരുന്നു. മർക്കറ്റിംഗ് കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാർ ക്ഷേമ പദ്ധതികളിലൂടെ തടി കൊണ്ടുള്ള കരകൗശല പണിയിൽ ഏർപ്പെട്ടിരിക്കുന്ന കരകൗശലക്കാർക്ക് തിരുവനന്തപുരത്ത് ഒരു പൊതു സൗകര്യ സേവനകേന്ദ്രം നടത്തുന്നുണ്ട്.

പത്തൊൻപത് വിൽപ്പന യൂണിറ്റുകളിലൂടെ കരകൗശല വസ്തുക്കളുടെ വിൽപ്പന കൂടാതെ, എൻബിസിഎഫ്ഡിസി വായ്പാ പദ്ധതികൾക്ക് കീഴിൽ കരകൗശല തൊഴിലാളികളുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോർപ്പറേഷൻ ധനസഹായ പദ്ധതികളും നടപ്പാക്കുന്നു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ, കരകൗശലത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പാക്കൽ, പരിശീലന പരിപാടികൾ, സി.എഫ്.സികൾ സ്ഥാപിക്കൽ, ടൂൾ കിറ്റ് വിതരണം, കരകൗശല തൊഴിലാളികൾ നിർമ്മിച്ച കലാസൃഷ്ടികൾ പ്രധാന സ്ഥലങ്ങളിൽ എക്സിബിഷനുകൾ / ക്രാഫ്റ്റ് ബസാറുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ വഴി പ്രദർശിപ്പിച്ച് വിപണി സൗകര്യവും ഒരുക്കുന്നു.

2021-22 കാലയളവിൽ, 1,200 ലക്ഷം രൂപയുടെ വിറ്റുവരവാണ് കോപ്പറേഷൻ ലക്ഷ്യമിട്ടതെങ്കിലും മൊത്തം വിൽപ്പന 536.92 ലക്ഷം രൂപ മാത്രമാണ്. ലക്ഷ്യമിട്ട വിൽപ്പന കൈവരിക്കാത്തതിന്റെ പ്രധാന കാരണം കോവിഡ്-19 മഹാമാരിയുടെ തുടർച്ചയായ പ്രത്യാഘാതമാണ്. കോർപ്പറേഷന്റെ വിൽപ്പന പ്രധാനമായും ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളെയും മേളകളെയും എക്സിബിഷനുകളെയും ആശ്രയിച്ചിരിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.2**ൽ നൽകിയിരിക്കുന്നു.

### കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) 1956 ലെ കമ്പനീസ് ആക്റ്റിന് കീഴിൽ പൂർണമായും കേരള ഗവണ്മെന്റ് കമ്പനിയായി രജിസ്റ്റർ ചെയ്ത് 1981ൽ നിലവിൽ വന്നതാണ്. കേരളത്തിലെ തദ്ദേശീയരായ കരകൗശല തൊഴിലാളികളായ മരപ്പ ണിക്കാർ, സ്വർണപ്പണിക്കാർ, കൊല്ലപണിക്കാർ, കശവപണിക്കാർ, കൊത്തപണിക്കാർ, ചെമ്പ്/ വെങ്കലം ഉപയോഗിച്ചുള്ള ജോലി ചെയ്യുന്നവർ, മറ്റു കൈത്തൊഴിൽക്കാർ എന്നിവരുടെ ഉന്നമനമാണ് കോർപ്പറേഷന്റെ മുഖ്യ ലക്ഷ്യം. വിവിധതരത്തിലുള്ള കരകൗശല തൊഴിലാളികളെ കണ്ടെത്തുകയും അവരുടെ കൈതൊഴിലുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് കാഡ്കോയുടെ പ്രാഥമിക ലക്ഷ്യം. കോഴിക്കോട്ടെ നടവന്നൂർ, കൊല്ലത്തെ ഉമയനല്ലൂർ എന്നിവിടങ്ങളിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ മരപ്പണിക്കായി പൊതു സൌകര്യ സേവന കേന്ദ്രങ്ങൾ കാഡ്കോ വിജയകരമായി നടത്തിവരുന്നു. യഥാർത്ഥ ഗുണഭോക്താക്കളെ ശാസ്ത്രീയമായ രീതിയിൽ അവരുടെ ഉപജീവനത്തിന് സൗകര്യമൊരുക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി സംഘടിപ്പിക്കുന്നതിനുള്ള ആദ്യപടിയായി രജിസ്ട്രേഷൻ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ലേബർ ഡാറ്റാ ബാങ്ക് കാഡ്കോ അവതരിപ്പിച്ചു. ഈ ഡാറ്റാ ബാങ്ക് ഒളിഞ്ഞിരിക്കുന്ന കഴിവുകൾ മനസ്സിലാക്കാനും ഉപയോഗപ്പെടുത്താനും അതത് മേഖലകളിൽ ശരിയായ പരിശീലനം നൽകാനും ബിസിനസ്, വാണിജ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ഫലപ്രദമായി ചെയ്യുന്നതിനും സഹായിക്കും.

ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) ന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസികളിലൊന്നായ കാഡ്കോ ഒരു ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് 5 ശതമാനം നാമമാത്ര പലിശ നിരക്കിൽ പിന്നോക്ക വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് വിവിധ വരുമാന വർദ്ധന പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഹ്രസ്വകാല വായ്പകൾ വിതരണം ചെയ്യുന്നു. കൂടാതെ കരകൗശല യൂണിറ്റുകൾക്ക് നവീകരണത്തിനും പുതിയ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നു (അവലംബം : www.keralaartisans.com).

### മുള വ്യവസായം

വിവിധ ഉപയോഗങ്ങളുള്ള പരിസ്ഥിതി സൗഹാർദ്ദവും പുനർ വിനിയോഗ സാദ്ധ്യതയുമുള്ള ഒരു വിഭവമാണ് മുള. പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, ഉയർന്ന മൂല്യമുള്ള നിർമ്മാണ സാമഗ്രി എന്നിവയ്ക്ക് പുറമെ മറ്റ് 1,500 ൽ അധികം വിവിധ ആവശ്യങ്ങൾക്കും വർദ്ധിച്ച തോതിൽ മുള പ്രയോജനപ്പെടുത്തുന്നുണ്ട്. ആഗോളതലത്തിൽ 2.5 ബില്ല്യൺ ആൾക്കാർ വിവിധ രൂപങ്ങളിൽ മുള ഉപയോഗിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഫലപ്രദമായ ഇന്ധനോല്പാദനത്തിന് മുള ഉപയോഗിക്കുന്നതിനുള്ള ഗവേഷണപ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരളത്തിൽ, 28 വിവിധ ഇനം മുളകൾ ലഭ്യമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള കുറഞ്ഞ നിരക്കിൽ പ്രാധാനമായും പൾപ്പ്, റയോൺ യൂണിറ്റുകളിലാണ് എത്തിച്ചേരുന്നത്. സംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷം ആൾക്കാർ മുള വ്യവസായത്തിൽ ജീവനോപാധി കണ്ടെത്തുന്നു. വ്യവസായ ആവശ്യത്തിനുള്ള 67.3 ശതമാനം മുളയും വനത്തിൽ നിന്നല്ല മറിച്ച് പുരയിടങ്ങളിൽ നിന്നുതന്നെ ലഭിക്കുന്നു എന്നത് കേരളത്തിലെ മുള വ്യവസായത്തിന്റെ മാത്രം പ്രത്യേകതയാണ്. പഞ്ചായത്തുകളിൽ നിന്ന് ഈയിടെ ലഭ്യമായ വിവരങ്ങളനുസരിച്ച് എഴുപതുകളുടെ തുടക്കം മുതൽ ഈ മേഖലയിൽ നിന്ന് ധാരാളം തൊഴിലാളികൾ നിർമ്മാണ മേഖല പോലെയുള്ള കുറഞ്ഞ നൈപുണ്യം ആവശ്യമുള്ളതും നൈപുണ്യം ആവശ്യമില്ലാത്ത തൃതീയ മേഖലകളിലേയ്ക്കു ചേക്കേറുന്നതായി കണ്ടെത്തിയിട്ടുണ്ട്. (അവലംബം: www.keralabamboomission.org)

**കേരള സ്റ്റേറ്റ് ബാംബൂ മിഷൻ**

2003 ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെഎസ് ബിഎം), സംസ്ഥാനത്തിന്റെ ബാംബൂ വികസന ഏജൻസി (ബിഡിഎ) ആയി പ്രവർത്തിക്കുന്നു. വിഭവങ്ങളെ സംയോജിപ്പിച്ച് സംസ്ഥാനത്തെ മുള വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, മൂല്യ വർധനവ്, വരുമാനവർദ്ധനവ്, ദാരിദ്ര്യനിർമ്മാർജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. 2021-22-ൽ കെ-ബിഐപി മുഖേന കേരള സ്റ്റേറ്റ് ബാംബൂ മിഷൻ നടത്തിയ ഇടപെടലുകളിൽ പ്രധാനപ്പെട്ടവ. സംസ്ഥാനത്ത് ദേശീയ ബാംബൂ മിഷൻ (ഇന്ത്യ ഗവൺമെന്റ്) പദ്ധതികൾ നടപ്പിലാക്കുക, എക്സിബിഷനുകൾ/വ്യാപാര മേളകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക, നൈപുണ്യ വികസനം/ പരിശീലന പരിപാടികൾ (5 എണ്ണം ഇതിലൂടെ 75 പേർക്ക് പ്രയോജനം ലഭിച്ചു). കൂടാതെ മുള മേഖലയിലെ പ്രമോഷണൽ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് (ഉറവിടം: കേരള സ്റ്റേറ്റ് ബാംബൂ മിഷൻ).

**ബാംബൂ ഫെസ്റ്റ് 2021**

കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിനെ പ്രതിനിധീകരിച്ച്, കേരള സ്റ്റേറ്റ് ബാംബൂ മിഷൻ 2021 ഡിസംബർ 19 മുതൽ 23 വരെ എറണാകുളത്തെ മറൈൻ ഡ്രൈവിൽ വെച്ച് 'കേരള ബാംബൂ ഫെസ്റ്റിന്റെ' 18-ാം പതിപ്പ് സംഘടിപ്പിച്ചു. സംസ്ഥാനത്തിനകത്ത് നിന്നുള്ള 211 മുള കരകൗശല വിദഗ്ധർ 150 സ്റ്റാളുകളിലായി തങ്ങളുടെ മുള ഉൽപന്നങ്ങൾ ഫെസ്റ്റിൽ പ്രദർശിപ്പിച്ചു. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമാണ് ഇത് സംഘടിപ്പിച്ചത്. സംസ്ഥാനത്തിനകത്ത് മുള കർഷകർ, കരകൗശല വിദഗ്ധർ, സംരംഭകർ, പൊതു-സ്വകാര്യ ഏജൻസികൾ/ സ്ഥാപനങ്ങൾ, സാങ്കേതിക ദാതാക്കൾ തുടങ്ങിയവർ പങ്കെടുക്കുന്നതിന് ഇതു അവസരം നൽകി.

നാഷണൽ ബാംബൂ മിഷന്റെ സഹായത്തോടെ പൂർത്തിയാക്കിയ പദ്ധതികൾ:

- വയനാട് തൃക്കൈപ്പറ്റയിൽ മുള നഴ്സറി.
- കുമരകം (കോട്ടയം), മാനന്തവാടി, വൈത്തിരി റിസോർട്ട് (വയനാട്) എന്നിവിടങ്ങളിലെ ബാംബൂ ബസാറുകൾ.
- കോഴിക്കോട് നാദാപുരത്ത് ധൂപവർഗ്ഗ നിർമാണ യൂണിറ്റ്.
- കേരളത്തിലെ വിവിധ ജില്ലകളിലായി MNREGS സ്റ്റേറ്റ് മിഷന്റെയും (111.59 ഏക്കർ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെയും മലപ്പുറത്തെ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി കാമ്പസിൽ (121.4 ഹെക്ടർ) മുള ബ്ലോക്ക് പ്ലാന്റേഷനുകൾ. (ഉറവിടം: കേരള സ്റ്റേറ്റ് ബാംബൂ മിഷൻ)

**കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ**

സംസ്ഥാനത്തെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായി 1971ൽ നിലവിൽവന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, റാട്ടൺ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും, മേൽപറഞ്ഞ ഉത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഏറ്റെടുത്ത് പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തിക, സാങ്കേതിക, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കോർപ്പറേഷൻ ഇന്ന് കേരളത്തിലെ 10,000ൽ അധികം വരുന്ന മുള തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ആശ്രയകേന്ദ്രമാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരും സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരും, പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്.

ഗവൺമെന്റിന്റെ വന ഭൂമിയിൽ നിന്നും ഗുണമേന്മയേറിയ ഈറ്റ സ്വരൂപിക്കുകയും പരമ്പരാഗത മുള, നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഇത് വായ്പയായി വിതരണം ചെയ്യുക, നെയ്ത പായകൾ നെയ്ത്തുകാരിൽ നിന്ന് നേരിട്ട് സംഭരിക്കുകയും ചെയ്യുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നത്. മുള കൊണ്ടുള്ള പായകൾ, മുള പലകകൾ, പരന്ന മുള ബോർഡുകൾ, ബാംബൂ ഫ്ലോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ. പായ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊഴിഞ്ഞുപോയ തൊഴിലാളികൾക്കായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുള പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് അസംസ്കൃത മുളയിൽ നിന്നും വിവിധ തരത്തിലുള്ള സ്ടിപ്പുകൾ ഉത്പാദിപ്പിക്കുന്നതിനായി പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിൽ മൂന്ന് ഫീഡർ/പ്രൈമറി പ്രോസ്സസിംഗ് യൂണിറ്റുകൾ ഉണ്ട്. ബാംബൂ കർട്ടനുകൾ, ബാംബൂ ബോർഡ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ മുള ഉത്പന്ന അസംസ്കൃത വസ്തുക്കൾ അങ്കമാലി ബാംബൂ ബോർഡിനും അതിന്റെ അനുബന്ധ യൂണിറ്റുകൾക്കും ബാംബൂ കോർപ്പറേഷൻ ലഭ്യമാക്കുന്നു. മുകളിൽ പറഞ്ഞ പ്രക്രിയയിൽ നിന്നുമുണ്ടാകുന്ന മാലിന്യ മുള, 50 ശതമാനം മുതൽ 70 ശതമാനം വരെ ടൂത്ത് പിക്, കർട്ടൻ ബ്ലൈൻഡ്സ്, ബാംബൂ കർട്ടൻസ്, ധൂപ വർഗ്ഗങ്ങൾ എന്നീ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു.

**മേഖലയിലെ പ്രശ്നങ്ങൾ**

മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്:

- ഇടനിലക്കാരുടെ ചൂഷണം.
- മുള ഉൽപന്നങ്ങളുടെ വിപണനം സീസൺ സ്വഭാവമുള്ളതായതിനാൽ ഓഫ് സീസണുകളിൽ ഉൽപ്പന്നങ്ങളുടെ ആവശ്യം കുറയുന്നു.
- സ്വകാര്യമേഖലയിൽ നിന്നുള്ള കടുത്ത മത്സരം
- കുറഞ്ഞ വിലയിൽ കരകൗശല വസ്തുകൾക്ക് പകരമുള്ള ഉൽപ്പന്നങ്ങളുടെ ലഭ്യത, പ്രത്യേകിച്ച് ചൈനീസ് ഉൽപ്പന്നങ്ങൾ .
- പ്രതികൂലമായ തൊഴിൽ സാഹചര്യങ്ങളിൽ പരമ്പരാഗത ജോലികൾ ചെയ്യാൻ കൈത്തൊഴിലാളികൾ മടിക്കുന്നു.
- പുതിയ തലമുറയുടെ താൽപ്പര്യക്കുറവ്.
- മുള ഉൽപ്പന്ന ഉൽപ്പാദന വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്.
- വനത്തിൽ നിന്നും മുള മുറിക്കുന്നതിനും സംഭരിക്കുന്നതിനുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും.
- മുളയുടെ ശരിയായ വിതരണ ശൃംഖലയുടെ അഭാവം.
- കരകൗശല/എൻ.ജി.ഒ/എം.എസ്.എം.ഇ.കളുടെ പ്രവർത്തന മൂലധനത്തിന്റെയും വായ്പയുടെയും അഭാവം.

- സംരംഭകത്വ വികസന പരിപാടികളുടെയും നൈപുണ്യ വികസന പരിപാടികളുടെയും ആധുനികവൽക്കരണവും,പുതിയ ഡിസൈനുകൾ/നവീനത എന്നിവയുടെയും അഭാവം.
- സാങ്കേതിക വിദ്യാ, ഡിസൈൻ, ഉപകരണങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ഉള്ള അവ ബോധമില്ലായ്മ.
- സ്റ്റാൻഡഡൈസേഷന്റെയും പാക്കേജിംഗ് സാങ്കേതികവിദ്യയുടെയും അഭാവം.
- വിപണന സൗകര്യം/മേൽത്തട്ട് കീഴ്ത്തട്ട് ലിങ്കേജിന് ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സപ്പോർട്ട് എന്നിവയുടെ അപര്യാപ്തത.

**മുന്നോട്ടുള്ള വഴി**

കേരളത്തിലെ വ്യാവസായിക മേഖല ആഗോളമായുള്ള നല്ല മാതൃകകൾ പിന്തുടരുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുകയും ഇവിടത്തെ വിദ്യാസമ്പന്നരും വൈദഗ്ദ്യവുമുള്ള തൊഴിലാളി സമൂഹത്തെ പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഈ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് മുന്തൂക്കം നൽകേണ്ടതാണ്.

## തുണി നെയ്ത്തു വ്യവസായം

**ഇന്ത്യയിലെ തുണി– തുണിനെയ്ത്ത് വ്യവസായം**

മൂല്യ ശൃംഖലയിലുടനീളം അസംസ്കൃത വസ്തുക്കളുടെ വലിയ അടിത്തറയും നിർമ്മാണ ശക്തിയും ഉള്ള ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായം ലോകത്തിലെ ഏറ്റവും വലിയ ഒന്നാണ്. ചൈന കഴിഞ്ഞാൽ മനുഷ്യനിർമിത ഫൈബർ (എംഎംഎഫ്) ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന രാജ്യമാണിത്. തുണിത്തരങ്ങളും വസ്ത്രങ്ങളും കയറ്റുമതി ചെയ്യുന്ന ലോകത്തിലെ ആറാമത്തെ വലിയ രാജ്യമാണ് ഇന്ത്യ.

2020-21 ൽ ഇന്ത്യയുടെ മൊത്തം കയറ്റുമതിയിൽ തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും (T&A) വിഹിതം 11.4 ശതമാനമായിരുന്നു. തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും ആഗോള വ്യാപാരത്തിന്റെ 4 ശതമാനം ഇന്ത്യയ്ക്കാണ്. കൈത്തറി മേഖലയിലും മൂലധനാധിഷ്ഠിതമായ മിൽ മേഖലയിലുമുള്ള ശക്തിയാണ് ഈ വ്യവസായത്തിന്റെ പ്രത്യേകത.

മിൽ മേഖല ലോകത്തിലെ രണ്ടാമത്തെ വലിയ മേഖലയാണ്. പരമ്പരാഗത മേഖലകളായ കൈത്തറി, കരകൗശലവസ്തുക്കൾ, ചെറുകിട പവർ-ലൂം യൂണിറ്റുകൾ എന്നിവ ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിലെ ദശലക്ഷക്കണക്കിന് ആളുകൾക്ക് ഏറ്റവും വലിയ തൊഴിൽ സ്രോതസ്സാണ്. ഇത് 4.5 കോടിയിലധികം ആളുകൾക്ക് നേരിട്ട് തൊഴിലും 10 കോടിയിലധികം ആളുകൾക്ക് പരോക്ഷമായി ഉപജീവന മാർഗ്ഗവും നൽകുന്നു, ഇതിൽ വലിയ പങ്ക് സ്ത്രീകളും ഗ്രാമീണരുമാണ്. (നാഷണൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഏജൻസി)

**ഇന്ത്യയിലെ കൈത്തറി, പവർ ലൂം വ്യവസായം**

23.77 ലക്ഷം തറികളുള്ള കൈത്തറി വ്യവസായമാണ് രാജ്യത്തെ ഏറ്റവും വലിയ കുടിൽ വ്യവസായം. ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ 2021-22 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, 35.22 ലക്ഷം നെയ്ത്തുകാരും അനുബന്ധ തൊഴിലാളികളും ഉൾപ്പെടുന്ന, നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന കൈത്തറി നെയ്ത്ത് മേഖല കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും വലിയസാമ്പത്തിക പ്രവർത്തനങ്ങളിലൊന്നാണ്. ഈ മേഖല രാജ്യത്തെ തുണി ഉൽപ്പാദനത്തിന്റെ 15 ശതമാനത്തോളം സംഭാവന ചെയ്യുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാരുടെ എണ്ണം കുറഞ്ഞുവരികയാണെങ്കിലും, കൈത്തറി ഉൽപ്പാദനത്തിലെ ഇടിവ് തടയുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ശ്രമങ്ങൾ വിജയിച്ചിട്ടുണ്ട്. 2004-05 മുതൽ, കൈത്തറി ഉൽപന്നങ്ങളുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വളർച്ച ഇന്ത്യയിൽ ദൃശ്യമാണ്. 2019-20ൽ കൈത്തറി ഇനങ്ങളുടെ കയറ്റുമതി മൂല്യം 2248.33 കോടി രൂപയും 2020-21 വർഷത്തിൽ 1644.78 കോടി രൂപയുമാണ്. (വാർഷിക റിപ്പോർട്ട് 2021-22, ടെക്സ്റ്റൈൽ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്)

തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടേബിൾ ലിനൻ, ടോയ്‌ലറ്റ്, കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകളും പാഡുകളും, ടേപ്പ്സ്ട്രികളും അപ്ഹോൾസ്റ്ററിയും, പരവതാനികൾ, ഫ്ലോർ കവറിംഗ്, എംബ്രോയ്ഡറി ടെക്സ്റ്റൈൽ മെറ്റീരിയലുകളും കൈത്തറി വ്യവസായത്തിൽ നിന്നുളള വിവിധ ഉത്പന്നങ്ങളാണ്. കരൂർ, പാനിപ്പത്ത്, വാരണാസി, കണ്ണൂർ എന്നിവ രാജ്യത്തെ പ്രമുഖ കൈത്തറി കയറ്റുമതി കേന്ദ്രങ്ങളാണ്. കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിൽ രൂപീകരിച്ച നോഡൽ ഏജൻസിയായ ഹാൻഡ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (HEPC) പ്രകാരം, ഇന്ത്യയിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങൾ പ്രധാനമായും കയറ്റുമതി ചെയ്യുന്നത് യുഎസ്എ, യുകെ, സ്പെയിൻ, ഇറ്റലി, യു.എ.ഇ. ജർമ്മനി, ഫ്രാൻസ്, ജപ്പാൻ, സൗദി അറേബ്യ, ഓസ്ട്രേലിയ, നെതർലാൻഡ്സ് എന്നീ രാജ്യങ്ങളിലേക്കാണ്.

ഈ മേഖലയുടെ സാങ്കേതിക നിലവാരത്തിന്റെ അന്തരം പ്ലെയിൻ ലൂം മുതൽ ഹൈടെക് ഷട്ടിൽ-ലെസ് ലൂമുകൾ വരെയാണ്. ഷട്ടിൽ ലൂമുകളിൽ 75 ശതമാനത്തിലധികം കാലഹരണപ്പെട്ടതുമാണെന്ന് കണക്കാക്കപ്പെടുന്നു. ഇവയ്ക്ക് 15 വർഷത്തിലധികം പഴക്കമുണ്ട്, ഫലത്തിൽ പ്രോസസ്സ് ചെയ്യുന്നതിനോ ഗുണനിലവാരം നിയന്ത്രിക്കുന്നതിനോ ഉപകരണങ്ങളോ/അറ്റാച്ച്മെന്റുകളോ ഇല്ല. എന്നിരുന്നാലും, കഴിഞ്ഞ 8-9 വർഷങ്ങളിൽ (വാർഷിക റിപ്പോർട്ട് 2020-21, ടെക്സ്റ്റൈൽ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്) പവർലൂം മേഖലയിലെ സാങ്കേതിക വിദ്യയുടെ നവീകരണം മെച്ചപ്പെട്ടിട്ടുണ്ട്.

**കേരളത്തിലെ ടെക്സ്റ്റൈൽ മേഖല**

കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയിൽ സ്പിന്നിംഗ്, നെയ്ത്ത്, വസ്ത്ര നിർമ്മാണം, ഡൈയിംഗ്, പ്രോസസ്സിംഗ് യൂണിറ്റുകൾ തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്നു. ഈ മേഖലയിൽ പൊതുമേഖല (സംസ്ഥാനവും കേന്ദ്രവും), സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവയിലെ യൂണിറ്റുകൾ ഉൾപ്പെടുന്നു. കോവിഡ് മഹാമാരി ആരംഭിച്ചതു മുതൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. സ്പിന്നിംഗ് മേഖലയിൽ സ്പിൻഡിൽ ശേഷി 7.03 ലക്ഷവും ഏകദേശം 7,600 ആളുകൾ ജോലി ചെയ്യുന്നതുമായ 26 മില്ലുകൾ ഉൾപ്പെടുന്നു. നെയ്ത്ത് മേഖലയിൽ ഖാദി യൂണിറ്റുകൾ, കൈത്തറി യൂണിറ്റുകൾ, പവർലൂം യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. അത്യാധുനിക സാങ്കേതിക വിദ്യകൾ അവലംബിച്ചുകൊണ്ടു വലിയ തോതിൽ

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വസ്ത്ര വ്യവസായത്തിന് കഴിയും. സ്ത്രീ തൊഴിലാളികളുടെ വൻതോതിലുള്ള സാന്നിധ്യം ഈ മേഖലയിൽ കാണാവുന്നതാണ്. ടെക്സ്റ്റൈൽ സംസ്കരണത്തിന്റെ പ്രാദേശികവൽക്കരണത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പാണ് സംസ്ഥാന സർക്കാർ നാട്ടുകാണിയിൽ സ്ഥാപിക്കുന്ന ടെക്സ്റ്റൈൽ സംസ്കരണ കേന്ദ്രം.

2021-22 വാർഷിക പദ്ധതിയിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള (സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) സംസ്ഥാന പദ്ധതി വിഹിതം 5,139.00 ലക്ഷം രൂപയും ചെലവഴിച്ച തുക 6,966.26 ലക്ഷം രൂപയുമാണ് (135.55 ശതമാനം). 2022-23 ലെ വാർഷിക പദ്ധതിയിൽ ഈ മേഖലയുടെ മൊത്തം പദ്ധതി വിഹിതം ₹ 5,640.00 ലക്ഷം രൂപയും 2022 ഒക്ടോബർ വരെ ചെലവഴിച്ച തുക ₹ 1,580.57 ലക്ഷം രൂപയുമാണ് (28.02 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.1**ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ കൈത്തറി മേഖല

കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ സ്രോതസ്സാണ് കൈത്തറി മേഖല. വാസ്തവത്തിൽ, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ, തൊഴിലിന്റെ കാര്യത്തിൽ കയർ മേഖലയ്ക്ക് പിന്നിൽ കൈത്തറി മേഖലയാണ്. സംസ്ഥാനത്ത് കൈത്തറി വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർകോട് എന്നീ ജില്ലകളിലെ ചില ഭാഗങ്ങളിലുമാണ്. മൊത്തം തറിയുടെ 98.4 ശതമാനത്തിലധികം വരുന്ന സഹകരണ മേഖലയാണ് ഈ വ്യവസായത്തിൽ ആധിപത്യം പുലർത്തുന്നത്. ബാക്കിയുള്ള വ്യവസായം സ്വകാര്യമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്.

2021-22 ൽ സംസ്ഥാനത്തെ ആകെ കൈത്തറികളുടെ എണ്ണം 16,324 ആയിരുന്നു. ഏകദേശം 62.7 ലക്ഷം മീറ്റർ കൈത്തറി തുണി അവർ ഉൽപ്പാദിപ്പിച്ചു. 2021-22 ൽ മൊത്തം ഉൽപ്പാദന മൂല്യം 107.32 കോടി രൂപയും വിറ്റുവരവ് 120.72 കോടി രൂപയുമാണ്. 2021-22 ൽ കൈത്തറി മേഖലയിലെ ആകെ നെയ്ത്തുകാരുടെ എണ്ണം 14,456 ആയിരുന്നു. സ്ത്രീ നെയ്ത്തുകാരുടെ എണ്ണം 11,317 ആയിരുന്നു. 2021-22 ൽ 10.36 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. 2020-21 നെ അപേക്ഷിച്ച്, 2021-22 ൽ, മൊത്തം തറികളുടെ എണ്ണം, മൊത്തം ഉൽപ്പാദനം, മൊത്തം വിറ്റുവരവ്, തൊഴിൽ ദിനങ്ങൾ എന്നിവ കുറഞ്ഞു. കൊവിഡ്-19 മഹാമാരിയുടെ തുടർച്ചയായ ആഘാതമൂലമാണ് ഈ കുറവ് ഉണ്ടായിരിക്കുന്നത്. ഈ കാലയളവിൽ വിപണനം നടത്താൻ സാധ്യമല്ലാതെ വന്നതും ഉത്സവ കാലങ്ങളുടെ നഷ്ടവും (സാധാരണയായി നല്ല വിൽപ്പന ലഭിച്ചിരുന്നു) കൈത്തറി മേഖലയിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.3**ൽ നൽകിയിരിക്കുന്നു.

മുണ്ടുകൾ, ഫർണിഷിംഗ് മെറ്റീരിയൽ, ബെഡ് ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ് സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഉത്പാദിപ്പിക്കുന്ന പ്രധാന ഇനങ്ങൾ. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന താഴെ പറയുന്ന ഉല്പന്നങ്ങൾ ജിയോ ഇൻഡിക്കേഷൻ ആക്റ്റ് ഓഫ് ഇന്ത്യയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ബാലരാമപുരം സാരിയും ശ്രേഷ്ഠമായ കോട്ടൺ തുണിത്തരങ്ങളും.
2. കാസർകോട് സാരി
3. കുത്തം പുള്ളി സാരി
4. ചേന്ദമംഗലം മുണ്ട്
5. കണ്ണൂർ ഹോം ഫർണ്ണീഷിംഗ്

### കൈത്തറി മേഖലയിലെ ഏജൻസികൾ

ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ്, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹാൻവീവ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (IIHT, കണ്ണൂർ) എന്നിവയാണ് സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാന സ്ഥാപനങ്ങൾ.

### ഹാൻഡ് ലൂംസ് ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

ഈ മേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള സംസ്ഥാന സർക്കാരിന്റെ വകുപ്പാണ് കേരള കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്. ഈ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത നൈപുണ്യങ്ങളുടേയും ഉല്പന്നങ്ങളുടെയും പരിരക്ഷണവും സംരക്ഷണവും, ധനകാര്യം, ഡിസൈൻ ഇൻപുട്ട്, അസംസ്കൃത വസ്തുക്കളുടെ വിതരണം, നവീകരണം, ക്ഷേമപരിപാടികൾ, ആഗോള പരിതസ്ഥിതിയുമായി മത്സരിക്കുന്നതിന് സഹായകമാകുന്ന വിലസ്ഥിരത എന്നീ മേഖലകളിൽ പിൻതുണക്കുന്നതിനുള്ള മൊത്തത്തിലുള്ള ഉത്തരവാദിത്വം ഈ സ്ഥാപനത്തിനുണ്ട്. സർക്കാർ

**പട്ടിക 4.6.1** സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), ലക്ഷം രൂപയിൽ

| ഉപമേഖല | 2021-22 | | | 2022-23 (2022 ഒക്ടോബർ വരെ) | | |
|---|---|---|---|---|---|---|
| | അടങ്കൽ തുക | ചെലവ് | % | അടങ്കൽ തുക | ചെലവ് | % |
| കൈത്തറി | 2,192 | 3,557.94 | 162.29 | 2,565 | 547.57 | 21.35 |
| പവർലൂം | 197 | 62.24 | 31.59 | 184 | 3.00 | 1.63 |
| സ്പിന്നിംഗ് മില്ലുകൾ | 1,750 | 2,846.08 | 162.63 | 1,500 | 1,030.00 | 68.67 |
| ടെക്സ്റ്റൈൽ സംസ്കരണ കേന്ദ്രം-നാട്ടുകാണി | 1,000 | 500.00 | 50.00 | 1,391 | 0.00 | 0.00 |
| ആകെ | 5,139 | 6,966.26 | 135.55 | 5,640 | 1,580.57 | 28.02 |

ഉറവിടം: പ്ലാൻ സ്പേസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

കൈത്തറി വ്യവസായത്തിന്റെ വികസനത്തിന് വായ്പ യായും ഗ്രാന്റായും സഹായം നല്കുന്നു. സംസ്ഥാന സർക്കാർ, കേന്ദ്രഗവൺമെന്റ്, എൻസിഡിസി, നബാർഡ്, ഹഡ്കോ തുടങ്ങിയവയും മറ്റ് സാമ്പത്തിക ഏജൻസികൾ എന്നിവയിൽ നിന്നുള്ള ഗ്രാന്റും ഇതിൽ ഉൾപ്പെടുന്നു. റിബേറ്റിലൂടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായവും സർക്കാർ നല്കി വരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.4**ൽ നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘം (ഹാൻഡെക്സ്)**

കേരളത്തിലെ പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളുടെ നേതൃത്വ സ്ഥാപനമായി 1961-ലാണ് ഹാൻഡെക്സ് രജിസ്റ്റർ ചെയ്തത്. ഇതിൽ അംഗങ്ങളായ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുക, അവർക്ക് സ്ഥാപനപരമായ പിന്തുണയും ഉൽപ്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ നൽകുക എന്നിവയാണ് ഹാൻഡെക്സിന്റെ പ്രധാന ലക്ഷ്യങ്ങൾ. നിലവിൽ, ഹാൻഡെക്സിൽ ഏകദേശം 380 പ്രാഥമിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ ഏകദേശം 10,000 നെയ്ത്തുകാരുണ്ട്. ആഭ്യന്തര, കയറ്റുമതി വിപണിക്ക് പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾക്കനുസൃതമായി കരകൗശല തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, ഫർണിച്ചറുകൾ, സാരികൾ, എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ഹാൻഡെക്സ് സൊസൈറ്റികൾ ആധുനിക അടിസ്ഥാന സൗകര്യങ്ങളോടെ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഹാൻഡെക്സ് സർക്കാർ സബ്സിഡിയോടെ NHDC-യിൽ നിന്ന് നൂൽ, രാസവസ്തുക്കൾ, ചായങ്ങൾ എന്നിവ ശേഖരിക്കുകയും അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്യുന്നു.

കൂടാതെ ഹാന്റക്സ് അതിന്റെ അംഗങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു. നിലവിൽ 89 ഷോറൂമുകളാണ് പ്രവർത്തിക്കുന്നത്. എല്ലാ ഉൽപ്പാദന, സംഭരണ പ്രവർത്തനങ്ങളും 4 റീജിയണൽ ഓഫീസുകളുടെയും 5 പ്രവർത്തന ക്ഷമമായ സെന്ററുകളുടെയും കീഴിൽ വരുന്നു. ഹാന്റക്സിന് തിരുവനന്തപുരത്ത് ഒരു പ്രോസസ് ഹൗസ് ഉണ്ട്, അതിൽ തുണികൾ ഡൈ ചെയ്യാനും പ്രിന്റ്ചെയ്യാനുമുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. രണ്ട് നെയ്ത്ത് ഫാക്ടറികളും ആധുനിക യന്ത്രസാമഗ്രികളുള്ള ഒരു അന്താരാഷ്ട്ര വസ്ത്ര യൂണിറ്റും ഇതിന് സ്വന്തമാണ്. ആധുനിക വസ്ത്ര യൂണിറ്റിന്റെ നിർമ്മാണ ശേഷി ദിവസേന 500 ഷർട്ടുകളാണ്.

2021-22 ൽ ഹാൻഡെക്സ് 1,800.77 ലക്ഷം രൂപയുടെ വിൽപ്പന കൈവരിച്ചു, അതിൽ 1,705 ലക്ഷം രൂപ ഷോറൂം വിൽപ്പനയും 95.77 ലക്ഷം രൂപ വകുപ്പിന്റെ വിൽപ്പനയുമാണ്. 2020-21 ലെ വില്പന 1,681.02 ലക്ഷം രൂപയുടേതായിരുന്നു 2021-22 ൽ 1,028.11 ലക്ഷം രൂപയുടെ തുണിത്തരങ്ങൾ സംഭരിച്ചു. 2020-21 വർഷത്തിന്റെ അവസാനത്തിൽ കൊടുത്തു തീർത്ത ഓഹരി മൂലധനം 6,656.44 ലക്ഷം രൂപയാണ്. 2017-18 മുതൽ ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹാൻഡെക്സിന്റെ സഞ്ചിത നഷ്ടവും വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2020-21 അവസാനത്തോടെ ഇത് 21,265.22 ലക്ഷം രൂപയിലെത്തി. വിശദാംശങ്ങൾ **അനുബന്ധം 4.6.5**ൽ നൽകിയിരിക്കുന്നു.

തിരുവനന്തപുരം, നോർത്ത് പറവൂർ, കാഞ്ഞങ്ങാട്, കണ്ണൂർ എന്നിവിടങ്ങളിലായി 4 ഷോറൂമുകൾ ഹാന്റക്സ് നവീകരിച്ചു. കോവിഡ് മഹാമാരി മൂലമുള്ള പ്രശ്നങ്ങൾ മറികടക്കാൻ, നെയ്ത്തുകാർക്ക് പിന്തുണയായി ഏജൻസി "കൈത്തറി സുരക്ഷാ പദ്ധതി" നടപ്പാക്കി. സർക്കാർ / ബാങ്കിംഗ് മേഖലയിലെ ജീവനക്കാരെ ഉപഭോക്താക്കളായി ആകർഷിക്കുന്നതിനായി ഏജൻസി ഒരു 'ഇ-ക്രെഡിറ്റ് കാർഡ് സ്കീം' ആരംഭിച്ചിട്ടുണ്ട്. കൂടാതെ 4 മൊബൈൽ വിൽപ്പന യൂണിറ്റുകളും ആരംഭിച്ചു.

**കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്)**

അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനും വികസനത്തിനുമായി 1968-ൽ രൂപികരിച്ച ഹാൻവീവ് വൈവിധ്യമാർന്ന കൈത്തറി ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നു. നിലവിൽ 1,950 വ്യക്തിഗത നെയ്ത്തുകാരെ ഹാൻവീവ് പിന്തുണയ്ക്കുന്നു. ഹാൻവീവിനു 36 ഷോറൂമുകളും 2 എക്സ്ക്ലൂസീവ് ഏജൻസി ഷോറൂമുകളും 32 പ്രൊഡക്ഷൻ സെന്ററുകളുമുണ്ട്. കോർപ്പറേഷൻ ഉത്സവ സീസണുകളിൽ പ്രദർശനങ്ങൾ നടത്തുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തുന്ന എക്സ്പോകളിൽ പങ്കെടുക്കുകയും ചെയ്യുന്നു.

കോവിഡ് -19 മഹാമാരി ഹാൻവീവിനെ പ്രതികൂലമായി ബാധിച്ചു. 2021-22 ൽ ഹാൻവീവിന്റെ വിൽപ്പന വിറ്റുവരവ് (താൽക്കാലിക കണക്കുകൾ) 997.97 ലക്ഷം രൂപയായിരുന്നു. 2020-21ലെ വിൽപ്പന വിറ്റുവരവിന്റെ പകുതിയിൽ ഒരു ചെറിയ ശതമാനം കൂടുതൽ മാത്രമാണിത്. 2020-21ൽ 1,133.61 ലക്ഷം രൂപയായിരുന്ന തുണിയുടെയും മറ്റ് വസ്തുക്കളുടെയും മൂല്യം 2021-22 ൽ 1,090.10 ലക്ഷം രൂപയായി കുറഞ്ഞു. 2020-21 ൽ വാങ്ങിയതും വിതരണം ചെയ്തതുമായ നൂലിന്റെയും മറ്റ് സാധനങ്ങളുടെയും മൂല്യം 291.90 ലക്ഷം രൂപയാണ്. 2021-22 ൽ ഇത് 465.20 ലക്ഷം രൂപയായി വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.6**ൽ നൽകിയിരിക്കുന്നു. 2021-22 അവസാനത്തിൽ ഹാൻവീവിന്റെ കൊടുത്തു തീർത്ത ഓഹരി മൂലധനം 4,966 ലക്ഷം രൂപയായിരുന്നു. വില്പനയിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവും അതെ സമയം അസംസ്കൃത വസ്തുവായ യാണിന്മേലുള്ള ചെലവിന്റെ ക്രമാതീമായ വർദ്ധനയും ശ്രദ്ധേയമാണ്. 2021-22ൽ ഹാൻവീവിന്റെ അറ്റനഷ്ടം 1,423.82 ലക്ഷം (താൽക്കാലിക കണക്കുകൾ) രൂപയായിരുന്നു, ഇത് 2020-21 ലെ നഷ്ടത്തിന്റെ മൂന്നിരട്ടിയാണ്. ആയതിനാൽ വർഷാവർഷം ഏജൻസിയുടെ സഞ്ചിത നഷ്ടം കൂടിവരികയാണ്. ഹാൻവീവിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.7**ൽ നൽകിയിരിക്കുന്നു.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (IIHT, കണ്ണൂർ)**

1987-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽ ടെക്നോളജി (IHTT) സ്ഥാപിതമായി. തുടർന്ന്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി രൂപീകരിക്കുന്നതിനായി IIHT-കൾ സംയോജിപ്പിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് ഇത് പ്രവർത്തിക്കുന്നത്. ഐഐഐഎച്ച്ടിയുടെ സാങ്കേതിക പിന്തുണാ സംവിധാനം കൈത്തറി മേഖലയിൽ ഗുണനിലവാര നിയന്ത്രണം മെച്ചപ്പെടുത്തി. തുടക്കത്തിൽ

4.13 ഏക്കറിൽ പ്രവർത്തിച്ചിരുന്ന ഇൻസ്റ്റിറ്റ്യൂട്ട്, ഇഎസ്ഐ കോർപ്പറേഷനിൽ നിന്ന് 5.64 ഏക്കർ ഭൂമി കൂടി വാങ്ങി, ഇപ്പോൾ 9.77 ഏക്കർ സ്ഥലത്താണ് ഇതു പ്രവർത്തിക്കുന്നത്.

**സഹകരണ മേഖല**

സംസ്ഥാനത്തെ ടെക്സ്റ്റൈൽ രംഗത്തുള്ള സഹകരണ മേഖല നൂൽനൂൽക്കൽ, നെയ്ത്ത് എന്നീ പ്രവർത്തനങ്ങളിലാണ് (പവർലൂം, കൈത്തറി എന്നിവയിൽ) ഏർപ്പെട്ടിരിക്കുന്നത്. സഹകരണ മേഖലയിൽ 8 സ്പിന്നിങ് മില്ലുകൾ ഉണ്ട്. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണ് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 8 സ്പിന്നിംഗ് മില്ലുകൾ. സംസ്ഥാനത്ത് ടെക്സ്ഫെഡിന് കീഴിലുള്ള അഞ്ച് സഹകരണ സംഘങ്ങളിലായി 562 പരമ്പരാഗത പവർ ലൂമുകൾ ഉണ്ട്. സഹകരണ മേഖലയിലെ മൊത്തം പവർ ലൂമുകളുടെ എണ്ണം ഏകദേശം 637 ആണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ മൊത്തം പവർ ലൂമുകളുടെ 38 ശതമാനവും സഹകരണ യൂണിറ്റുകളാണ്. സംസ്ഥാനത്ത് 21 പവർലൂം സഹകരണ സംഘങ്ങളുണ്ട്. കൈത്തറി മേഖലയിലെ സഹകരണ മേഖല ഫാക്ടറി തരത്തിലും കോട്ടേജ് മാതൃകയിലും ഉള്ള സൊസൈറ്റികളാണ്. 2021-22 ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 526 പ്രൈമറി ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (പിഎച്ച്ഡബ്ല്യുസിഎസ്) ഉണ്ടായിരുന്നതിൽ 199 ഫാക്ടറി തരത്തിലും 327 കോട്ടേജ് ഇനത്തിലുള്ള സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്. രജിസ്റ്റർ ചെയ്ത 526 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിൽ 311 എണ്ണം പ്രവർത്തിക്കുന്നുണ്ട്. 2021-22 ൽ 311 വർക്കിംഗ് സൊസൈറ്റികളിൽ 98 എണ്ണം ലാഭത്തിലും 213 എണ്ണം നഷ്ടത്തിലാണ്. മുൻ വർഷത്തെ അപേക്ഷിച്ച് ലാഭ/നഷ്ടമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം കുറഞ്ഞു. കൂടാതെ പ്രവർത്തന രഹിതമായ സൊസൈറ്റികളുടെ എണ്ണം വർദ്ധിച്ചു. സംസ്ഥാനത്തെ കൈത്തറി സംഘങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.8**ൽ നൽകിയിരിക്കുന്നു.

2021-22 ൽ 95.42 കോടി രൂപ മൂല്യമുള്ള 5.41 ദശലക്ഷം മീറ്ററാണ് സഹകരണ മേഖലയുടെ കൈത്തറി തുണിയുടെ ഉത്പാദനം. ഉല്പാദനത്തിന്റെ അളവ് കുറഞ്ഞെങ്കിലും മൂല്യം കൂടിയിട്ടുണ്ട്. 2020-21 ൽ 156.94 കോടി രൂപയായിരുന്ന മൊത്തം വിറ്റുവരവ് 2021-22ൽ 31.24 ശതമാനം കുറഞ്ഞ് 107.91 ലക്ഷം രൂപയിലെത്തി. തറികളുടെ എണ്ണം 2020-21 ൽ 15,405 ആയിരുന്നത് 2021-22ൽ 13,715 ആയി കുറഞ്ഞു. കൂടാതെ നെയ്ത്തുകാരുടെ എണ്ണം 2020-21ലെ 12,458 ൽ നിന്ന് 2021-22 ൽ 11,857 ആയി കുറഞ്ഞു. 9.33 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. മുൻവർഷത്തെ അപേക്ഷിച്ച് സ്ത്രീ നെയ്ത്തുകാരുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ മുമ്പ് സൂചിപ്പിച്ച **അനുബന്ധം 4.6.3** ൽ കാണാം.

**പവർലൂം സെക്ടർ**

സംസ്ഥാനത്ത് 1680 പവർ ലൂമുകളാണുള്ളത്, അതിൽ 37.92 ശതമാനം (637) സഹകരണ മേഖലയിലാണ്. പവർലൂം മേഖലയിൽ 2021-22ൽ 8,449.67 ലക്ഷം രൂപ മൂല്യമുള്ള 91.09 ലക്ഷം മീറ്ററായിരുന്നു തുണി ഉൽപ്പാദനം. ഉൽപാദനക്ഷമത തറിക്ക് 5,422.02 മീറ്ററും മൊത്തം വിറ്റുവരവ് 7,980.66 ലക്ഷം രൂപയുമാണ്. വിശദാംശങ്ങൾ അനുബന്ധം 4.6.9 ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി ടെക്സ്ഫെഡിന് കീഴിൽ അഞ്ച് സംയോജിത പവർലൂം കോപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിച്ചു. അവ നെയ്യാറ്റിൻകര താലൂക്ക് സംയോജിത പവർലൂം ഗ്രാമ വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി (NIPCOTEX), കോട്ടയം സംയോജിത പവർലൂം വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി, കേരള ഹൈടെക് വസ്ത്ര കോപ്പറേറ്റീവ് (KELTEX), കോഴിക്കോട് സംയോജിത പവർലൂം വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി, വയനാട് കൈത്തറി & പവർലൂം മൾട്ടി പർപ്പസ് വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി (WHIPCOS) എന്നിവയാണ്. മൊത്തം തൊഴിലവസരങ്ങൾ 283 ആണ്. ഈ യൂണിറ്റുകളിലെ മൊത്തം സർക്കാർ നിക്ഷേപം ഇതുവരെ 43 കോടി രൂപയാണ്.

**സ്പിന്നിംഗ് മില്ലുകൾ**

കേരളത്തിലെ സ്പിന്നിംഗ് മേഖലയിൽ പൊതുമേഖലയും (സംസ്ഥാനവും കേന്ദ്രവും), സഹകരണ മേഖലയും സ്വകാര്യമേഖലയും ഉൾപ്പെടുന്നു. സ്പിന്നിംഗ് മേഖലയിൽ 7.03 ലക്ഷം മൊത്തം സ്പിൻഡിൽ ശേഷിയുള്ള 26 മില്ലുകൾ ഉൾപ്പെടുന്നു. ഏകദേശം 7,600 ആളുകൾ ജോലി ചെയ്യുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (7 മില്ലുകൾ), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിങ്ങനെ 3 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കീഴിൽ 9 സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. കേരളത്തിൽ 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. അവർ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന്റെ (ടെക്സ്ഫെഡ്) ഭാഗമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ മേഖലയ്ക്കും കീഴിലായി 2.87 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 17 സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഏകദേശം 3500 പേർക്ക് തൊഴിൽ നൽകുന്നുമുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് 1.99 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 5 മില്ലുകൾ ഉണ്ട്. അതിൽ ഏകദേശം 1,900 പേർ ജോലി ചെയ്തിരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കോവിഡ് മഹാമാരി പ്രതികൂലമായി ബാധിച്ചു. അവ നിലവിൽ പ്രവർത്തിക്കുന്നില്ല. കൂടാതെ, ആകെ 4 മില്ലുകളുള്ള രണ്ട് പ്രധാന സ്വകാര്യ മേഖലാ സംരംഭങ്ങളുണ്ട്. 2.16 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള അവയിൽ 2,200 ഓളം ആളുകൾ ജോലി ചെയ്യുന്നു.

പ്രവർത്തന മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ് മില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഈ മേഖലയ്ക്കായുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്, RIAB, TEXFED, KSTC, വ്യക്തിഗത സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയുടെ കീഴിൽ പ്രൊഫഷണലായി കൈകാര്യം ചെയ്യുന്ന ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെയാണ്. കേരള സർക്കാർ ഇപ്പോൾ സംസ്ഥാനത്തെ മുഴുവൻ ടെക്സ്റ്റൈൽ മേഖലയ്ക്കും പരുത്തി സംഭരിക്കുന്നത് ഈ സംവിധാനം വഴിയാണ്. ഈ മില്ലുകൾ ഉത്പാദിപ്പിക്കുന്ന നൂലിന്റെ

വിൽപന കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു ഡിപ്പോ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. തൽഫലമായി, അസംസ്കൃത വസ്തുക്കളുടെ വില കുറയുകയും മേഖലയുടെ പ്രകടനം മെച്ചപ്പെടുകയും ചെയ്തു. കേരളത്തിലെ ടെക്സ്റ്റയിൽ മില്ലുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ ഒരു വിദഗ്ദ്ധ സമിതിയ്ക്ക് രൂപം നൽകിയിരുന്നു. ഈ സമിതി സഹകരണ സ്പിന്നിങ് മില്ലുകൾ ആധുനികവത്ക്കരണം നടത്തണമെന്ന് നിർദേശിച്ചു.

**കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)**

കേരളത്തിലെ സഹകരണ ടെക്സ്റ്റൈൽ യൂണിറ്റുകളുടെ രൂപീകരണവും നടത്തിപ്പും ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി 1992-ൽ ടെക്സ്ഫെഡ് സ്ഥാപിതമായി. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും സംയോജിത പവർലൂം സഹകരണ സംഘങ്ങളുടെയും പരമോന്നത സ്ഥാപനമാണ് ടെക്സ്ഫെഡ്. സ്പിന്നിംഗ്, നെയ്ത്ത്, സംസ്കരണം, വസ്ത്രനിർമ്മാണം എന്നിവയുൾപ്പെടെ ടെക്സ്റ്റൈൽ വ്യവസായത്തിന്റെ എല്ലാ വിഭാഗങ്ങളെയും ഇത് സമന്വയിപ്പിക്കുന്നു. ടെക്സ്ഫെഡിന്റെ അംഗങ്ങളായി എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. അവയിൽ ആറെണ്ണം സംസ്ഥാന സർക്കാരും രണ്ടെണ്ണം തിരഞ്ഞെടുക്കപ്പെട്ട ബോർഡുകളുമാണ് നിയന്ത്രിക്കുന്നത്. ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കാനനൂർ എന്നിവ സർക്കാർ നിയന്ത്രിക്കുന്ന മില്ലുകളിൽ ഉൾപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട ബോർഡുകൾ നിയന്ത്രിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കെ കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവ ഉൾപ്പെടുന്നു.

ഈ 8 കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകൾക്ക് ആകെ 1,58,248 സ്പിൻഡിലുകളുടെ ശേഷിയുണ്ട്, കൂടാതെ 2,050 തൊഴിലാളികൾക്ക് നേരിട്ട് ജോലി നൽകിയിട്ടുണ്ട്. വാർഷിക ഉൽപ്പാദനം 52 ലക്ഷം കിലോഗ്രാം ഗ്രേ നൂലും വാർഷിക വിൽപ്പന വിറ്റുവരവ് 112 കോടി രൂപയുമാണ്.

2021-22 ൽ ടെക്സ്ഫെഡിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി 1,750 ലക്ഷം രൂപ സഹായധനം നൽകിയിരുന്നു. കൂടാതെ തൃശ്ശൂർ, ആലപ്പുഴ, മലബാർ, മലപ്പുറം, കണ്ണൂർ, പ്രിയദർശിനി, കരുണാകരൻ, കൊയിലോൺ എന്നീ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളുടെ നവീകരണം 2021-22ൽ പദ്ധതി സഹായത്തോടെ പൂർത്തീകരിക്കുന്നതിൽ നടപടി സ്വീകരിച്ചിരുന്നു. പ്രസ്തുത മില്ലുകളുടെ ആധുനികവൽക്കരണം 70 ശതമാനം പൂർത്തീകരിക്കുകയും മികച്ച ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും വഴി പ്രകടനം ഒരു പരിധിവരെ മെച്ചപ്പെടുത്തിയിട്ടുണ്ട്. എട്ട് മില്ലുകളിൽ അഞ്ചെണ്ണം 2021-22 വർഷത്തിൽ പ്രവർത്തന ലാഭം രേഖപ്പെടുത്തി.

**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (KSTC)**

കേരളത്തിൽ ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക, കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായത്തിലെ ദുർബലാവസ്ഥയിലുള്ള യൂണിറ്റുകളെ അഭിവൃദ്ധിപ്പെടുത്തുക എന്നീ പ്രധാന ലക്ഷ്യങ്ങളോടെ 1972-ൽ കേരള സർക്കാർ സ്ഥാപനമായ കെഎസ്ടിസി സ്ഥാപിതമായി. കോർപ്പറേഷന് ഏഴ് മില്ലുകളും ഒരു ഗവേഷണ-പരിശോധനാ കേന്ദ്രവുമുണ്ട്. പ്രഭുറാം മില്ല്, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഉദുമ ടെക്സ്റ്റൈൽസ് എന്നിവയാണ് കെ.എസ്.ടി.സി യുടെ കീഴിലുള്ള മില്ലുകൾ. സീതാറാം ടെക്സ്റ്റൈൽസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ രണ്ട് യൂണിറ്റുകളും ഇപ്പോൾ കെ.എസ്.ടി.സിയുടെ ഭരണ നിയന്ത്രണത്തിലാണ്. മേൽപ്പറഞ്ഞവ കൂടാതെ, കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തെ ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന ഒരു റിസർച്ച് ആൻഡ് ടെസ്റ്റിംഗ് ഡിവിഷൻ (CARDT - സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ്) ഉണ്ട്. കോർപ്പറേഷനിൽ (മില്ലുകളും സിഎആർഡിടി ഉൾപ്പെടെ) 130 ഭരണനിർവ്വഹണ ചുമതലയുള്ള ജീവനക്കാർ ഉണ്ട്. തൊഴിലാളികളുടെ എണ്ണം 1711 ആണ്. കണ്ണൂരിലെ നാടുകാണി കിൻഫ്ര പാർക്കിൽ ഏജൻസി പുതിയ പ്രിന്റിംഗ് കം ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നുണ്ട്. കോർപ്പറേഷന്റെ ഉൽപ്പാദന മൂല്യം 2020-21 ലെ 83.63 കോടി രൂപയിൽ നിന്ന് 2021-22ൽ 135.38 കോടി രൂപയായി ഉയർന്നു. വിൽപ്പനയിൽ നിന്നുള്ള വരുമാനം 2020-21ലെ 78.77 കോടിരൂപയിൽ നിന്ന് 2021-22ൽ 132.9 കോടിരൂപയായി ഉയർന്നു. കെ.എസ്.റ്റി.സി യുടെ കഴിഞ്ഞ 5 വർഷത്തെ അറ്റ നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021-22 അവസാനത്തിൽ കോർപ്പറേഷന്റെ സഞ്ചിത നഷ്ടം ഏകദേശം 484.78 കോടി രൂപയാണ്. കെഎസ്ടിസിയുടെ പ്രകടനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.10**–ൽ നൽകിയിരിക്കുന്നു.

സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് 1903-ലാണ് ആരംഭിച്ചത്, ആദ്യ കാലത്തു നെയ്ത്തും തുടർന്ന് സ്പിന്നിങ്ങിലും പ്രോസസ്സിങ്ങിലും പ്രവർത്തനം വ്യാപിപ്പിച്ചു. തൊഴിലും മറ്റ് സാമ്പത്തിക പ്രശ്നങ്ങളും കാരണം, 1972-ൽ, കേരള സർക്കാർ പൊതു ലേലത്തിലൂടെ യൂണിറ്റ് ഏറ്റെടുക്കുകയും വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പൂർണ്ണ ഉടമസ്ഥതയിലുള്ള കേരള സർക്കാർ സ്ഥാപനമായി പ്രവർത്തിപ്പിക്കുകയും ചെയ്തു. ആകെ 190 തൊഴിലാളികൾ ഉള്ള മില്ലിൽ ഇപ്പോൾ സ്പിന്നിംഗ് വിഭാഗം മാത്രമാണ് പ്രവർത്തിക്കുന്നത്. ഇതിന് 25,000 സ്പിൻഡിൽ ശേഷിയുണ്ട്. വിൽപ്പനയിൽ നിന്നുള്ള വരുമാനം 2020-21 ൽ 7.28 കോടി രൂപയിൽ നിന്ന് 2021-22ൽ 10.03 കോടിരൂപയായി ഉയർന്നു. വർഷങ്ങളായി നഷ്ടം റിപ്പോർട്ട് ചെയ്യുന്നു. സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.11**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഏറ്റവും വലിയ കൈത്തറി കേന്ദ്രങ്ങളിലൊന്നായ ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് 1957-ൽ സ്ഥാപിച്ചതാണ്. 1998-ൽ യൂണിറ്റ് അടച്ചുപൂട്ടേണ്ടി വന്നു. വ്യവസായ യൂണിറ്റ് പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹായത്തോടെ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിനെ പുനരുജ്ജീവിപ്പിക്കാൻ നടപടിയെടുക്കുകയും, ചെക്ക് റിപ്പബ്ലിക്, ജർമ്മനി, ചൈന എന്നീ രാജ്യങ്ങളിൽ നിന്ന് EPCG (കയറ്റുമതി പ്രമോഷൻ

ക്യാപിറ്റൽ ഗുഡ്സ്) സ്കീമിന് കീഴിൽ ഇറക്കുമതി ചെയ്ത അത്യാധുനിക സാങ്കേതിക യന്ത്രങ്ങളുള്ള ഒരു പുത്തൻ ഓപ്പൺ എൻഡ് (OE) സ്പിന്നിംഗ് മില്ലാക്കി മാറ്റുകയും ചെയ്തു. 2009-ൽ, 360 റോട്ടറുകളുടെ ശേഷിയോടെ കമ്പനി അതിന്റെ ഉത്പാദനം പുനരാരംഭിച്ചു. ഇപ്പോൾ കമ്പനിക്ക് 680 റോട്ടർ ശേഷിയുണ്ട്. 64 ജീവനക്കാരുള്ള യൂണിറ്റിൽ 28.04 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ട്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.12**ൽ നൽകിയിരിക്കുന്നു.

### ടെക്സ്റ്റൈൽ മേഖലയിലെ നേട്ടങ്ങൾ 2021–22

2021-22 ൽ 340 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്ത വിഹിതം നൽകി. 2119 നെയ്ത്തുകാർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ പ്രയോജനം ലഭിച്ചു. കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീമിൽ നിന്ന് 2119 നെയ്ത്തുകാർക്ക് 2021-22 ൽ പ്രയോജനം ലഭിച്ചു. കൂടാതെ 2.50 കോടി ഇതിനായി ഉപയോഗിച്ചതിൽ 50 ശതമാനം സ്ത്രീ നെയ്ത്തുകാർക്ക് വേണ്ടിയാണ് വിനിയോഗിച്ചത്. ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് സർക്കാർ ഓഹരി പങ്കാളിത്ത സഹായവും നൽകി. 8 സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനായി 28.46 കോടി രൂപ അനുവദിച്ചു. കണ്ണൂർ നാടുകാണി കിൻഫ്ര പാർക്കിൽ കെഎസ്ടിസി പുതിയ പ്രിന്റിംഗ് കം ഡൈയിംഗ് യൂണിറ്റ് സ്ഥാപിച്ചുവരുന്നു.

### പ്രശ്നങ്ങളും വെല്ലുവിളികളും

പ്രവർത്തന മൂലധനത്തിന്റെ ദൗർലഭ്യവും അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിലെ ബുദ്ധിമുട്ടും ഈ മേഖല നേരിടുന്ന വെല്ലുവിളികൾ ആണ്. നൂൽനൂൽപ്പ്, നെയ്ത്ത് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കേരളത്തിലെ മില്ലുകൾ ചോദനത്തിലും പ്രദാനത്തിലും പ്രശ്നങ്ങൾ നേരിടുന്നു. കാലഹരണപ്പെട്ട യന്ത്രസാമഗ്രികൾ, കടുത്ത മത്സരം, കുറഞ്ഞ ഉൽപ്പാദനക്ഷമത, ലാഭം കുറയൽ, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവയും കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമായ വിഷയങ്ങളാണ്. സംസ്ഥാനത്തെ ഭൂരിഭാഗം ടെക്സ്റ്റൈൽ സ്പിന്നിംഗ് മില്ലുകളും 25 വർഷത്തിലേറെ പഴക്കമുള്ളവയാണ്, അവ കാലഹരണപ്പെട്ട സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഉപയോഗിക്കുന്നു. മികച്ച നിലവാരത്തിലെത്തുന്നതിനു ചില യൂണിറ്റുകളിൽ ഭാഗികമായ നവീകരണം നടപ്പിലാക്കിയിട്ടുണ്ട്. ഫാബ്രിക് പ്രോസസ്സിങ്ങിനുള്ള സൗകര്യങ്ങളുടെ അഭാവം കേരളത്തിലെ പവർ ലൂം വ്യവസായം നേരിടുന്ന ഒരു പ്രശ്നമാണ്. നെയ്ത്തുതൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങളെക്കുറിച്ച് അവബോധമില്ലാത്തതും ഈ മേഖല നേരിടുന്ന വെല്ലുവിളിയാണ്. കോവിഡ് -19 മഹാമാരി കാരണമുള്ള ലോക്ക് ഡൗൺ ഈ മേഖലയിലെ ഉൽപാദനത്തെയും വിൽപ്പനയെയും പ്രതികൂലമായി ബാധിച്ചു.

### മുന്നോട്ടുള്ള വഴി

കേരളത്തിൽ വസ്ത്രങ്ങൾക്ക് വലിയൊരു വിപണി കൂടാതെ, മൂല്യ ശൃംഖലയിലെ വിവിധ വിഭാഗങ്ങളിൽ (നൂൽ നൂൽക്കുന്നത് മുതൽ വസ്ത്രങ്ങൾ വരെ) ഒരു മുഖ്യ പങ്കാളിയായി സംസ്ഥാനം ഉയർന്നു വരാൻ ഉള്ള സാധ്യതയുമുണ്ട്. മൂല്യവർധനവിനുള്ള ശ്രമങ്ങളിലായിരിക്കണം ഭാവിയിൽ ശ്രദ്ധ കൂടുതൽ നൽകേണ്ടത്. പുതിയ ഉൽപന്നങ്ങൾ, പുതിയ വിപണന തന്ത്രങ്ങൾ, പുതുമകൾ എന്നിവ ഈ മേഖലയുടെ ഭാവി വിജയത്തിന് നിർണായകമാണ്. തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടോയ്ലറ്റ്, കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, കുഷ്യനുകൾ പാഡുകൾ, അപ്ഹോൾസ്റ്ററി, പരവതാനികൾ, ഫ്ലോർ കവറുകൾ, എംബ്രോയിഡറി തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും അവസരങ്ങളുണ്ട്. കേരളത്തിലെ യുവജനങ്ങളെയും അഭ്യസ്തവിദ്യരെയും സംരംഭകരെന്ന നിലയിലോ തൊഴിലാളികളെന്ന നിലയിലോ ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള വഴികൾ ടെക്സ്റ്റൈൽ മേഖല കണ്ടെത്തേണ്ടതുണ്ട്. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ ഉറപ്പുവരുത്തുന്നതിനൊപ്പം ടെക്സ്റ്റൈൽ മേഖലയുടെ നവീകരണത്തിനായി കേരള സർക്കാർ കൈക്കൊണ്ട നിരവധി നടപടികൾ തുടരേണ്ടതുണ്ട്. കൊവിഡ്-19 പ്രേരിത ലോക്ക്ഡൗൺ ഓൺലൈൻ മാർക്കറ്റിംഗിൽ പുതിയ അവസരങ്ങൾ തുറന്നതിനാൽ പുതിയ വിപണികൾ കണ്ടെത്താൻ ഈ സാധ്യത ഉപയോഗിക്കാവുന്നതാണ്. സമ്പദ്‌വ്യവസ്ഥ സാധാരണ നിലയിലേക്ക് നീങ്ങുമ്പോൾ, തുറന്നു വരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. 'മെയ്ഡ് ഇൻ ഇന്ത്യ' ഉൽപന്നങ്ങളോടുള്ള താൽപര്യം വർധിപ്പിക്കുകയും അന്താരാഷ്ട്ര വ്യാപാര സാഹചര്യങ്ങൾ മാറ്റുകയും ചെയ്യുന്നത് ഇന്ത്യയിലും സംസ്ഥാനത്തും തുണിത്തരങ്ങൾക്ക് പുതിയ അവസരങ്ങൾ തുറക്കുന്നു. ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ ഈ മേഖലയ്ക്ക് നേട്ടമുണ്ടാക്കാനാകും.

## ഖാദി ഗ്രാമ വ്യവസായ മേഖല

### ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖല

ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ മൂലധനനിക്ഷേപത്തിൽ വേണ്ടത്ര തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളത്. ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി), എംഎസ്എംഇ മന്ത്രാലയത്തിന്റെ കീഴിലുള്ള ഒരു നിയമാനുസൃത സ്ഥാപനമാണ്. ഗ്രാമ പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും അതുവഴി ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ഖാദി, ഗ്രാമവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ഇത് പ്രവർത്തിക്കുന്നു. കുറഞ്ഞ പ്രതിശീർഷ നിക്ഷേപത്തിൽ ഗ്രാമപ്രദേശങ്ങളിൽ സുസ്ഥിര കാർഷികേതര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വികേന്ദ്രീകൃത മേഖലയിലെ പ്രധാന സ്ഥാപനങ്ങളിലൊന്നാണിത്. നൈപുണ്യ മെച്ചപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ കൈമാറ്റം, ഗവേഷണം & വികസനം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇത് ഏറ്റെടുക്കുന്നു.

കെ.വി.ഐ.സി.യുടെ കീഴിൽ ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളായിട്ടുള്ള ആകെ 4.97 ലക്ഷം കൈതൊഴിലുകാർ രാജ്യത്താകെയുള്ള 2,863 ഖാദി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. ഇതിൽ ഭൂരിഭാഗവും (80 ശതമാനം) സ്ത്രീകളാണ്. ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉൽപ്പാദനം (പോളി വസ്ത്രവും സോളാർ വസ്ത്രവും ഉൾപ്പെടെ) 2019-20 ലെ 67,667.31 കോടി രൂപയിൽ നിന്ന് 2020-21ൽ 72,235.15 കോടി രൂപയായി വർദ്ധിച്ചു. സമാനമായി ഖാദി ഉൽപ്പന്നങ്ങളുടെ വിൽപന 2019-20ൽ 88,875.54 കോടി രൂപയിൽ നിന്ന് 2020-21 ൽ 95,741.36 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ തൊഴിലവസരങ്ങളുടെ എണ്ണം 2019-20ലെ 1.52 കോടിയിൽ നിന്നും 2020-21ൽ 1.59 കോടിയായി വർദ്ധിച്ചിട്ടുണ്ട് ഇന്ത്യയിലെ കഴിഞ്ഞ 5 വർഷത്തെ ഖാദി,

**പട്ടിക 4.6.2** ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ 2017-18-2020-21

| വർഷം | ഉൽപ്പാദനം (രൂപ കോടിയിൽ) | വിൽപ്പന (രൂപ കോടിയിൽ) | തൊഴിൽ (എണ്ണം കോടിയിൽ) |
|---|---|---|---|
| 2017-18 | 48,081.41 | 59,182.43 | 1.40 |
| 2018-19 | 58,130.34 | 74,292.09 | 1.46 |
| 2019-20 | 67,667.31 | 88,875.54 | 1.52 |
| 2020-21 | 72,235.15 | 95,741.36 | 1.59 |
| 2021-22 (31/12/2021) വരെ | 62,504.29 | 84,405.16 | 1.64 |

അവലംബം: വാർഷിക റിപ്പോർട്ട് 2020-21, എം.സ്.എം.ഇ മന്ത്രാലയം, ഭാരത സർക്കാർ

ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ എന്നിവ **പട്ടിക 4.6.2**ൽ കാണിച്ചിരിക്കുന്നു.

**കേരളത്തിലെ ഖാദിഗ്രാമ വ്യവസായ മേഖല**

കേരളത്തിലെ ഖാദി മേഖലയ്ക്ക് ചരിത്രപരമായ പ്രാധാന്യവും അത് ആർജ്ജിക്കുന്ന സാമൂഹിക രാഷ്ട്രീയ പിന്തുണയും ഉള്ള ശക്തമായ അടിത്തറയുണ്ട്. ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ, കെകെവിഐബി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം), കെവിഐസി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം) എന്നിവ ഖാദി ഉൽപാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു. 2021-22 കാലയളവിൽ കേരളത്തിലെ ഖാദി മേഖല 12,706 കരകൗശലത്തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും മൊത്തം 2,794.32 ലക്ഷം രൂപയുടെ തുണി/ നൂൽ ഉത്പാദനം കൈവരിക്കുകയും ചെയ്തു. ഖാദി കരകൗശലത്തൊഴിലാളികൾക്ക് 2021-22 ൽനൽകിയ ആകെ വേതനം 3,318.12 ലക്ഷം രൂപയാണ് ഗ്രാമ വ്യവസായങ്ങളിലൂടെ ഖാദി, ഗ്രാമ വ്യവസായ ബോർഡിന് 7,026 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. 2018-19 മുതൽ 2021-22 വരെയുള്ള ഈ സ്ഥാപനങ്ങളുടെ ഉത്പാദനം, വിൽപ്പന എന്നിവയും 2021-22 ലെ തൊഴിൽ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.13** ലും **4.6.14** ലും നൽകിയിരിക്കുന്നു. കഴിഞ്ഞ 3 വർഷത്തെ ഈ മേഖലയുടെ ബജറ്റ് വിഹിതവും ചെലവും **പട്ടിക 4.6.3** ൽ നൽകിയിരിക്കുന്നു.

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി)**

കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ചുമതലയുള്ള വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു നിയമാനുസൃതമായ ചട്ടക്കൂടാണ് കെകെവിഐബി. കേരള സർക്കാർ, ഖാദി കമ്മീഷൻ, ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്ന് സഹായം ലഭ്യമാക്കികൊണ്ട് സഹകരണ സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, വകുപ്പുതല യൂണിറ്റുകൾ എന്നിവയിലൂടെ ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നു. കെവിഐസിയുടെ പ്രധാനമന്ത്രി തൊഴിൽ ദാന പദ്ധതി (പിഎംഇജിപി), പ്രത്യേക തൊഴിൽദാന പദ്ധതി (എസ്ഇജിപി) (എന്റെ ഗ്രാമം) ഉൾപ്പെടെ സംസ്ഥാന പദ്ധതി പ്രകാരം ബോർഡ് വിവിധ പദ്ധതികൾ

**പട്ടിക 4.6.3** കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | ചെലവ് (ശതമാനത്തിൽ) |
|---|---|---|---|
| 2019-20 | 1,443.00 | 667.15 | 46.22 |
| 2020-21 | 1,610.00 | 1,248.45 | 77.54 |
| 2021-22 | 1,610.00 | 630.59 | 39.16 |
| 2022-23 (15/11/2022) വരെ | 1,610.00 | 584.85 | 36.32 |

അവലംബം: പ്ലാൻ സ്പേസ് കേരള

**പട്ടിക 4.6.4** 2020-21 & 2021-22 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ

| മേഖല/ഉപമേഖല | ഉൽപ്പാദന മൂല്യം (രൂപ കോടിയിൽ) | | വിൽപ്പന മൂല്യം (രൂപ കോടിയിൽ) | | തൊഴിൽ (എണ്ണത്തിൽ) | |
|---|---|---|---|---|---|---|
| | 2020-21 | 2021-22 | 2020-21 | 2021-22 | 2020-21 | 2021-22 |
| ഖാദി മേഖല | 79.81 | 60.01 | 92.19 | 115.61 | 12,507 | 12,706 |
| ഗ്രാമ വ്യവസായ മേഖല | 106.17 | 101.36 | 112.71 | 104.51 | 83,395 | 40,862 |
| ആകെ | 185.98 | 161.37 | 204.90 | 220.12 | 95,902 | 53,568 |

അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്

നടപ്പാക്കി. കഴിഞ്ഞ രണ്ട് വർഷത്തെ കേരള ഖാദി, ഗ്രാമ വ്യവസായത്തിന്റെ ഉത്പാദനം, വിൽപ്പന, തൊഴിൽ, നൽകിയ വേതനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 4.6.4**ൽ കാണിച്ചിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2020-21, 2021-22 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 4.6.5**ൽ ചേർത്തിരിക്കുന്നു.

**പ്രത്യേക തൊഴിൽ ദാന പദ്ധതി**

പദ്ധതി വിലയിരുത്തലിന്റെയും വ്യവസായ വാണിജ്യ വകുപ്പിന്റെ അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബാങ്ക് ലിങ്ക്ഡ് പ്രോജക്ടുകൾ വഴി ചെറുകിട സംരംഭകർക്കും പരമ്പരാഗത കരകൗശ ലത്തൊഴിലാളികൾക്കും മാർജിൻ മണി സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2021-22 കാലയളവിൽ 155 ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും 486 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്തു. 2021-22 ലെ ഈ പരിപാടിയുടെ നേട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.14** ലും **4.6.15** ലും കൊടുത്തിരിക്കുന്നു.

**പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി)**

ഗ്രാമീണ, നഗര മേഖലകളിൽ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തിനായി ലക്ഷ്യമിട്ടുകൊണ്ടുള്ള വായ്പാബന്ധിത സബ്സിഡി പരിപാടിയാണ് പി എം ഇ ജി പി. രാജ്യത്തെ ഒരു വലിയ വിഭാഗം പാരമ്പര്യ കൈത്തൊഴിലുകാർ, ഗ്രാമീണ, നഗര മേഖലയിലെ തൊഴിൽ രഹിതരായ യുവാക്കൾ എന്നിവർക്ക് സുസ്ഥിരമായ തൊഴിൽ പ്രദാനം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ചെറുകിട മേഖലകളിലേക്ക് കൂടുതലായി വായ്പകൾ അനുവദിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. പദ്ധതിയുടെ കീഴിൽ ചെറുകിട സംരംഭങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സർക്കാർ സബ്സിഡി ലഭ്യമാക്കുന്നു. ഇതിന് ഖാദി ഗ്രാമവ്യവസായ ബോർഡ് മേൽനോട്ടം വഹിക്കുന്നു, കൂടാതെ അധിക വേതനമായും വിതരണം ചെയ്യുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ (പിഎംഇജിപി) ബോർഡ് 261 യൂണിറ്റുകളിലൂടെ 1,976.06 ലക്ഷം രൂപ മൂലധന നിക്ഷേപം സൃഷ്ടിക്കുകയും 2,516 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. 2021-22ൽ ഈ പരിപാടിയുടെ നേട്ടങ്ങൾ **പട്ടിക 4.6.6**ൽ കൊടുത്തിരിക്കുന്നു.

**ഖാദിഗ്രാമം പരിപാടി**

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ സ്ത്രീകൾ, ദുർബല വിഭാഗത്തിൽപ്പെട്ടവർ എന്നീ 5,000 പേർക്ക് ക്ലസ്റ്റർ മാതൃകയിൽ 3,000 ചർക്കകളും 2,000 തറികളും സ്ഥാപിച്ചുകൊണ്ട് പുതിയ തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

**വിപണനം**

ഖാദി ബോർഡിന് കീഴിൽ ഖാദി ഗ്രാമ ഉൽപ്പന്നങ്ങൾക്കായി 183 വില്പനകേന്ദ്രങ്ങളുണ്ട്. 2020-21, 2021-22 വർഷങ്ങളിലെ വകുപ്പുതല വില്പന കേന്ദ്രങ്ങളുടെയും, വിൽപ്പനയുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 4.6.16** ലും **4.6.17** ലും നൽകിയിരിക്കുന്നു.

**കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും**

- ഖാദിയുടെ ഉൽപാദനവും വിൽപനയും തമ്മിൽ വലിയ അന്തരം ഉണ്ട്.
- ഉൽപാദന ശേഷിയുടെ വിനിയോഗത്തിലുള്ള കുറവ് മറ്റൊരു പ്രശ്നമാണ്. കേരളത്തിൽ ആവശ്യത്തിന് ചർക്കകളും തറികളും ഉണ്ട്. സ്പെയർ പാർട്സ് വാങ്ങുന്നതിനും ഉപകരണങ്ങളുടെ സേവനം നൽകുന്നതിനുമുള്ള ഫണ്ടിന്റെ അഭാവം ഖാദി സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അതിനാൽ ധാരാളം ചർക്കയും തറികളും നിഷ്ക്രിയമായിരിക്കുന്നു.
- കുറഞ്ഞ ഉൽപാദനക്ഷമത ഖാദി മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്. കുറഞ്ഞ ഉൽപാദനക്ഷമത കുറഞ്ഞ വേതനത്തിലേക്ക് നയിക്കുന്നു.
- ഉയർന്ന നിലവാരമുള്ള മസ്ലിൻ, സിൽക്ക് തുണിത്തരങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കൽ.

**പട്ടിക 4.6.5** കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ)

| ഇനം | 2020-21 | | 2021-22 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| സംസ്ഥാന സർക്കാർ ഗ്രാൻറ്-പദ്ധതി വിഹിതം | | | | |
| 1. ഭരണ ചെലവുകൾ (ബജറ്റ് വിഹിതം) | 1,248.45 | 1,248.45 | 1,351.48 | 1,320.83 |
| 2. ഇൻകം സപ്പോർട്ട് സ്കീം (ഡി ഐ സി വഴി യുള്ളഫണ്ട്) | 3,000.00 | 2,100.00 | 3,300.00 | 4,635.75 |
| സംസ്ഥാന സർക്കാർ ഗ്രാൻറ് - പദ്ധതിയേതരം | | | | |
| 1. പദ്ധതിയേതര- ഭരണ ചെലവുകൾ | 4,650.00 | 4,656.24 | 4,599.45 | 4,635.75 |
| 2. പദ്ധതിയേതര – പ്രത്യേക ഇളവ് | 1,500.00 | 1,500.00 | 1,400.00 | 1,400.00 |
| കെ.വി.ഐ.സി ഗ്രാൻറ് | | | | |
| പി.എം.ഇ.ജി.പി - മാർജിൻ മണി സഹായം | 1,329.22 | 723.03 | 1,655.75 | 806.08 |

അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ

**പട്ടിക 4.6.6** പ്രധാന മന്ത്രിയുടെ തൊഴിലാ ദാന പദ്ധതി (പിഎം ഇ ജി പി) യുടെ നേട്ടങ്ങൾ, 2021-22 കാലയളവിൽ

| ക്രമ നം. | പദ്ധതി | യൂണിറ്റു കളുടെ എണ്ണം | ഉല്പാദനം (രൂപ ലക്ഷത്തിൽ) | വില്പന (രൂപ ലക്ഷത്തിൽ) | തൊഴിൽ എണ്ണം | വേതനം (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| 1 | പി എം ജി പി | 261 | 3165 | 3545 | 2516 | 906.00 |

അവലംബം: ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ

- നിലവിലെ വെല്ലുവിളികളെ നേരിടുന്നതിനായി ഖാദി സ്ഥാപനങ്ങൾക്കാവശ്യമായ പ്രൊഫഷണൽ മാനേജ്മെന്റ്, തൊഴിൽ കാര്യക്ഷമത എന്നിവയുടെ അഭാവം.
- മാറുന്ന സാമ്പത്തിക പരിസ്ഥിതികൾക്ക് അനുസൃതമായി മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള പരമ്പരാഗത രീതി അവലംബിച്ചു പോരുന്ന ഖാദി വ്യവസായ മേഖലയുടെ വിമുഖത മറ്റൊരു പ്രധാന വെല്ലുവിളിയാണ്.
- വ്യാജ ഖാദിയുടെ വ്യാപകമായ ഉൽപാദനവും ഉപയോഗവും ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം ഗുരുതരമായ വെല്ലുവിളിയാണ്.
- വിൽപ്പന ശാലകളിൽ ഉപഭോക്താക്കളെ ആകർഷിക്കാൻ പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
- ഗ്രാമ വ്യവസായ ഉൽപന്നങ്ങളുടെ വിപണനം ഒരു പ്രധാന വെല്ലുവിളിയാണ്. ഉയർന്ന മത്സരം, കുറഞ്ഞ പ്രചാരണം, സാങ്കേതികവിദ്യയുടെ അഭാവം എന്നിവയാണ് പ്രധാന കാരണങ്ങൾ.
- ഖാദിയിൽ ജിഎസ്ടിയുടെ സ്വാധീനം: ഖാദി സ്ഥാപനങ്ങൾ ഇപ്പോൾ ജിഎസ്ടിക്ക് കീഴിൽ രജിസ്റ്റർ ചെയ്യുകയും വിവിധ ഇനം ഖാദി ഉത്പന്നങ്ങൾക്ക് 5 % ജിഎസ്ടി നൽകുകയും വേണം.
- മന്ദഗതിയിലുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ.

**മുന്നോട്ട്**

ഉല്പാദനത്തിലും വിപണനത്തിലും നൂതന ആശങ്ങൾ കൊണ്ടുവരേണ്ടത് ഏതൊരു വ്യവസായത്തിന്റെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഒരു പരമ്പരാഗത വ്യവസായ മേഖല എന്ന നിലയിൽ ഖാദി മേഖല പിന്തുണക്കായി സർക്കാരിനെ ആശ്രയിക്കുന്നു. സാമ്പത്തിക മേഖലയിലെ മാറ്റങ്ങൾക്കനുസരണമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഈ മേഖലയെ പിന്തുണക്കേണ്ടത് അനിവാര്യമാണ്. ഈ മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനവും സുസ്ഥിരത ഉറപ്പിക്കലും സംസ്ഥാനത്തെ സുസ്ഥിര വികസനത്തിന് സഹായിക്കും. ഖാദിയുടെ സ്ഥാനം വർധിപ്പിക്കുന്നതിനുള്ള നൂതനമായ മാർഗ്ഗങ്ങളും സംരംഭങ്ങളും ഉപയോഗിച്ച് ഈ മേഖലയിലേക്ക് സംഭാവന നൽകാൻ കേരളത്തിലെ യുവാക്കൾക്ക് അപാരമായ കഴിവുണ്ട്. ഗവൺമെന്റിൽ നിന്നും ദേശീയ സ്ഥാപനങ്ങളിൽ നിന്നും ഈ മേഖലയിൽ ലഭ്യമായ സഹായങ്ങൾ വിനിയോഗിക്കുകയാണെങ്കിൽ ഫലപ്രദമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

**കയർ മേഖല**

**ഇന്ത്യയിലെ കയർ വ്യവസായം**

ഇന്ത്യൻ കയർ മേഖല, പ്രത്യേകിച്ചും പ്രധാന നാളികേര ഉത്പാദക സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ, ഒഡിഷ, അസ്സം എന്നിവടങ്ങളിലും ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, പുതുച്ചേരി, എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളിലും, ഒട്ടനവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും വലിയതോതിൽ സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു. ഇന്ത്യയിൽ ഏകദേശം 7 ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന വ്യവസായമാണിത്. തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീകളാണ്. കയറ്റുമതിയുടെ കാര്യത്തിലും ഈ വ്യവസായത്തിന് പ്രാധാന്യമുണ്ട്. 2021-22 ൽ, ഇന്ത്യ എക്കാലത്തേയും റെക്കോഡ് രേഖപ്പെടുത്തിക്കൊണ്ട് 12,34,855 മെട്രിക് ടൺ കയറും കയർ ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുകയും, 4,340.05 കോടി രൂപ കയറ്റുമതി വരുമാനം നേടുകയും ചെയ്തു. 2020-21 കാലയളവിൽ 3,778.98 കോടി രൂപ മൂല്യമുള്ള 11,63,213 മെട്രിക് ടൺ കയറും കയർ ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്തിരുന്നു. 2021-22ൽ കയർ കയറ്റുമതി, മുൻവർഷത്തെ അപേക്ഷിച്ച് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 14.8 ശതമാനവും അളവിൽ 6.2 ശതമാനവും വർദ്ധിച്ചു. ഇന്ത്യയിൽ നിന്നുള്ള കയറും കയർ ഉൽപ്പന്നങ്ങളും 2021-22ൽ 103 രാജ്യങ്ങൾ ഇറക്കുമതി ചെയ്യുകയുണ്ടായി. മൂല്യത്തിൽ 29.79 ശതമാനവും അളവിൽ 17 ശതമാനവും രേഖപെടുത്തികൊണ്ട് ഇന്ത്യയിൽ നിന്നുള്ള കയർ ഉത്പന്നങ്ങൾ ഏറ്റവുമധികം ഇറക്കുമതി ചെയ്തത് യു.എസ്.എ ആണ്. നേടിയ ആഭ്യന്തര വരുമാനം, കയറ്റുമതി വരുമാനത്തിന്റെ ഇരട്ടിയാണ്. കയർ ഉല്പന്നങ്ങളുടെ ആഗോള ഉല്പാദനത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ഇന്ത്യയിലാണ്. വൈറ്റ് ഫൈബറിന്റെ ആഗോള വിപണനത്തിന്റെ 60 ശതമാനവും ഇന്ത്യയിലാണ്. ആഗോള ഉൽപാപദനത്തിൽ രണ്ടാം സ്ഥാനത്തുള്ള ശ്രീലങ്കയാണ് ആഗോള ഗോൾഡൻ ഫൈബറിന്റെ 36 ശതമാനം ഉൽപ്പാദിപ്പിക്കുന്നത് (കയർ ബോർഡ്, ഭാരത സർക്കാർ, സൂക്ഷ്മ ഇടത്തര ചെറുകിട വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ).

ഒരു കാർഷിക അധിഷ്ഠിത വ്യവസായമായതിനാൽ കയർ വ്യവസായം പ്രാധാന്യം അർഹിക്കുന്നു, ഈ വ്യവസായത്തിന് ഗ്രാമീണ മേഖലയിൽ ഗണ്യമായ സാന്നിധ്യമുണ്ട്. തൊഴിലാളികളിൽ വലിയൊരു വിഭാഗം (80 ശതമാനം) വനിതകളാണ്. മാത്രവുമല്ല തൊഴിലാളികൾ സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും ദുർബല വിഭാഗങ്ങളിൽപ്പെടുന്നവരുമാണ്. ഇന്ത്യ നിലവിൽ ഏകദേശം 14 തരം കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. അതിൽ ചകിരിച്ചോർ, കയർഫൈബർ, ടഫ്റ്റഡ് മാറ്റുകൾ, കൈത്തറി പായകൾ, കയർ ഭൂവസ്ത്രം, കയർ നൂൽ, കയർ പിരിച്ചത്, കൈത്തറി മാറ്റിംഗ്, റബ്ബറൈസ്ഡ് കയർ എന്നിവ ഉൾപ്പെടുന്നു. നിലവിൽ തൊണ്ടിന്റെ 40 ശതമാനം മാത്രമാണ് കയർ വ്യവസായം ഉപയോഗിക്കുന്നത് അതിനാൽ ഭാവിയിൽ കയർ വികസനത്തിനുള്ള സാധ്യത നിലനിക്കുന്നുണ്ട്.

**കേരളത്തിലെ കയർ വ്യവസായം**

ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് വൈറ്റ് ഫൈബറിന്റെ ഉൽപാദനത്തിൽ. തേങ്ങ ഉൽപാദനത്തിന്റെ 61 ശതമാനവും, കയർ ഉൽപന്നങ്ങളുടെ 85 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. 1.5 ലക്ഷത്തോളം കയർ തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിലെ പരമ്പരാഗത വ്യവസായമാണ് കയർ മേഖല. ഇതിൽ 80 ശതമാനവും സ്ത്രീകളാണ്. കയർ വ്യവസായത്തിലെ മുഴുവൻ പ്രക്രിയകളും നാരു വേർതിരിചെടുക്കൽ, സ്പിന്നിംഗ്, ഉത്പാദനം എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കാം. നാരു വേർതിരിച്ചെടുക്കൽ, സ്പിന്നിംഗ് വിഭാഗം എന്നിവ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് സഹകരണ മേഖലയിലാണ്, അതേസമയം ഉൽപാദന വിഭാഗം ഫാക്ടറി മാതൃകയിൽ ആണ് പ്രവർത്തിക്കുന്നത്. ഇതിൽ നിരവധി കയറ്റുമതിക്കാരും ഉൾപ്പെടുന്നു.

കയറ്റുമതി വരുമാനം സൃഷ്ടിക്കുന്നതിൽ കേരളത്തിലെ കയർ മേഖലയുടെ പങ്ക് ശ്രദ്ധേയമാണ്. സംസ്ഥാന

പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരും കേരളത്തിൽ കയർ, കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും കയർഫെഡിനൊപ്പം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ഏർപ്പെടുന്നു. ഈ ഏജൻസികളിൽ നിന്നുള്ള കയറ്റുമതി 2015-16 മുതൽ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2020-21 ൽ ഇത് 1,413.78 ലക്ഷം രൂപ ആയിരുന്നത് 2021-22ൽ 1,731.66 ലക്ഷം രൂപയായി വർദ്ധിച്ചു. വിശദാംശങ്ങൾ **ചിത്രം 4.6.1 അനുബന്ധം 4.6.18** എന്നിവയിൽ നൽകിയിരിക്കുന്നു.

### കയർ മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും നേട്ടങ്ങൾ

കയർ മേഖലയിൽ, സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളിൽ ഭൂരിഭാഗവും കയർ വികസന വകുപ്പ്, കയർ വികസന ഡയറക്ടറേറ്റ് എന്നിവയിലൂടെയാണ് നടപ്പിലാക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയ്ക്കായി വാർഷിക പദ്ധതികളിലൂടെ 636.19 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. ഇത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഒഴിവാക്കിയുള്ളതാണ്. 658.72 കോടി രൂപയാണ് ചെലവ് (103.54 ശതമാനം രേഖപ്പെടുത്തിയിട്ടുള്ളത്). മൊത്തത്തിൽ, ചെലവിന്റെ ശതമാനം ഉയർന്നതാണ്. വിശദാംശങ്ങൾ **പട്ടിക 4.6.7**ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഉപജീവനമാർഗം നൽകുന്ന കാർഷിക അധിഷ്ഠിത ഗ്രാമീണ വ്യവസായമെന്ന നിലയിൽ, കയർ മേഖലയെ പുനരുജ്ജീവിപ്പിക്കേണ്ടത് നിർണ്ണായകമാണ്. 'കയർ വ്യവസായത്തിന്റെ രണ്ടാം പുനസംഘടന'യുടെ ഭാഗമായി സംസ്ഥാനത്തെ കയർ വ്യവസായത്തിനായി സമഗ്രമായ പുനരുജ്ജീവന പരിവർത്തന പാക്കേജ് കേരള സർക്കാർ, കയർ ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്നു. പരിപാടിയിലൂടെ, കയർ മേഖലയെ യന്ത്രവത്കരിക്കാനും തൊഴിലാളികളുടെ വേതനം സംരക്ഷിക്കാനും ഒരേ സമയം ശ്രമിക്കുന്നു. പാക്കേജിന്റെ മൊത്തം വിഹിതം ഏകദേശം 1,444.44 കോടി രൂപയാണ്. ഇതിൽ 200.00 കോടി രൂപയുടെ സംസ്ഥാന വിഹിതവും, എൻസിഡിസി വിഹിതവും അടങ്ങുന്നു.


**പട്ടിക 4.6.7** സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) ലക്ഷം രൂപയിൽ

| വർഷം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 12,812 | 9,872.89 | 77.06 |
| 2018-19 | 14,108 | 12,766.13 | 90.49 |
| 2019-20 | 14,151 | 8,247.06 | 58.28 |
| 2020-21 | 11,274 | 21,913.40 | 194.37 |
| 2021-22 | 11,274 | 13,072.26 | 115.95 |
| പതിമൂന്നാം പഞ്ചവത്സര പദ്ധതി - ആകെ | 63,619 | 65,871.74 | 103.54 |
| 2022-23* | 11,700 | 5,457.07 | 46.64 |
| ആകെ | 75,319 | 71,329.00 | 94.70 |

*ചെലവ് 18/10/2022 വരെയുള്ളത്
ഉറവിടം: വിവിധ വർഷങ്ങളിലെ ബജറ്റ് പ്രോഗ്രാം ബുക്ക്, പ്ലാൻ സ്പേസ് കേരള.

സംസ്ഥാന വിഹിതത്തിൽ പ്ലാനും നോൺ-പ്ലാൻ അലോക്കേഷനും ഉൾപ്പെടുന്നു. 2017 മുതൽ ഈ പരിപാടിക്കായി 1,233.00 കോടി രൂപ (110.00 കോടി രൂപ എൻസിഡിസി ഫണ്ട് ഉൾപ്പെടെ) ചെലവായിട്ടുണ്ട്. പാക്കേജിൽ 5 പ്രധാന ഏജൻസികൾക്ക് മുൻതൂക്കം നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അതിൽ i) സാങ്കേതിക സഹായത്തോടെയുള്ള സംഭരണം, വികേന്ദ്രീകൃത നാര് വേർതിരിച്ചെടുക്കൽ, ii) പരമ്പരാഗത കയർ പിരിക്കൽ, നെയ്ത്ത് മേഖലയ്ക്കുള്ള പ്രത്യേക തന്ത്രം, iii) വ്യാവസായിക

**ചിത്രം 4.6.1** കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, ലക്ഷം രൂപയിൽ




ഉറവിടം: കയർ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ

കയർ പിരിക്കൽ, നെയ്ത്ത് മേഖലയുടെ നവീകരണം (കയർ ഭൂവസ്ത്ര നിർമ്മാണത്തിൽ പ്രത്യേക ശ്രദ്ധ) , iv) വ്യാവസായിക കയർ ഉൽപന്ന വൈവിധ്യവൽക്കരണം - ശ്രദ്ധ കേന്ദ്രീകരിച്ചുള്ള നെയ്ത്തിതര വ്യവസായം v) കയർ മേഖലയ്ക്കുള്ള സ്ഥാപന പിന്തുണ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

യന്ത്രവൽക്കരണവും ആധുനിക വൽകരണവുമടക്കമുള്ള പുനസംഘടനാ പ്രവർത്തനങ്ങൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. യന്ത്രവൽക്കരണ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 130 ഡിഫൈബറിംഗ് യൂണിറ്റുകൾ (ഡിഎഫ്) പുതുതായി സജ്ജീകരിച്ചിരിക്കുന്നു. പല യൂണിറ്റുകളുടെയും പ്രതിദിനശേഷി 10,000 തൊണ്ടിൽ നിന്ന് 80,000 തൊണ്ടായി വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ ഡീഫൈബറിങ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ തൊണ്ട് ഉപയോഗം 12.5 ശതമാനത്തിൽ നിന്ന് 14.8 ശതമാനമായി ഉയർന്നു. ചകിരിചോറിനും, ചെറിയ നാരിനുമുള്ള അപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തു. ഇതിന്റെ ഫലമായി അസംസ്കൃത ചകിരിച്ചോറിന്റെ മൂല്യം കിലോയ്ക്ക് 0.50 രൂപയിൽ നിന്ന് 6 രൂപയായി ഉയർന്നു. ഒരു കയർ കോമ്പോസിറ്റ് നിർമ്മാണ പ്ലാന്റ് സ്ഥാപിച്ചു. ബൈൻഡർലെസ് ബോർഡ് നിർമ്മിക്കുന്നതിനുള്ള പൈലറ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടികളും സംസ്ഥാനം ആരംഭിച്ചിട്ടുണ്ട്.

26,000-ലധികം നല്ല നിലവാരമുള്ള ഇലക്ട്രോണിക് റാട്ടുകളും, 140-ലധികം സൊസൈറ്റികളിലായി 1493 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും (ASMs) അവതരിപ്പിച്ചതോടെ, നൂൽ ഉത്പാദനം 2016-ൽ 7,880 ടണ്ണിൽ നിന്ന് 2022-ൽ 18,662 ടണ്ണായി കുതിച്ചുയർന്നു. പരമ്പരാഗത നൂൽനൂൽക്കുന്ന മേഖലയിലെ കയർ തൊഴിലാളികളുടെ വാർഷിക വരുമാനം 2016ൽ 13,000 ആയിരുന്നത് 2022ൽ 50,000 രൂപയായി ഉയർന്നു. കൂടാതെ ASM തൊഴിലാളികളുടെ ദിവസ വേതനം ഏകദേശം 500 രൂപയായി ഉയർന്നു. നിലവിലെ വിഭവങ്ങൾക്ക് 28,000 റാറ്റുകളിൽ നിന്ന് 1,26,000 ടൺ നൂലും 1,500 എഎസ്എമ്മുകളിൽ നിന്ന് 3,000 ടൺ നൂലും ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഓട്ടോ സിൻക്രണസ് ഫീഡ് ഘടിപ്പിച്ച ASM-കൾ അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന ഫൈബറും നൂലും പ്രയോജനപ്പെടുത്തുന്നതിന് അടുത്ത ഘട്ടമായി നെയ്ത്ത് മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സർക്കാർ തീരുമാനിച്ചു. പവർ ലൂമുകളും ഓട്ടോമാറ്റിക് പവർ ലൂമുകളും അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 2021-22ൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്രത്തിനുള്ള ഓർഡർ ലഭിച്ചു, അതിൽ 50 കോടി രൂപയുടെ ഭൂവസ്ത്രം സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്.

നിലവിലുള്ള സ്കീമുകളുടെ ഭാഗമായി 506 സൊസൈറ്റികൾക്ക് 117.43 ലക്ഷം രൂപ 'ഉൽപ്പാദന, വിപണന പ്രോത്സാഹനമായി' നൽകി. 25 കയർ മാറ്റ് സൊസൈറ്റികൾ, കയർ ഫെഡ്,ഫോമിൽ, കെ എസ് സി സി എ എന്നിവർക്ക് വിപണി വികസന സഹായം നല്കി. കയർ ജിയോ ടെക്സ്റ്റൈൽ ഡെവലപ്മെന്റ് പ്രോഗ്രാം പ്രകാരം 103 കോടി രൂപയുടെ ഓർഡർ ലഭിച്ചു. അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് ബാങ്കിലെ യൂണിറ്റിൽ റോട്ടറി ക്രഷറുകളോട് കൂടിയ വലിയ ശേഷിയുള്ള ഹെവി ഡ്യൂട്ടി ഡിഎഫ് മില്ലുകൾ സ്ഥാപിച്ചു. 4 സ്വകാര്യ ഡിഎഫ് യൂണിറ്റുകൾക്ക് നിക്ഷേപ സബ്സിഡി നൽകി.

92 ബാച്ചുകളിലായി 1,200 കയർ തൊഴിലാളികൾക്ക് കയർ നൂല്ക്കുന്നതിനെക്കുറിച്ച് പരിശീലനം നല്കി. പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം നടപ്പിലാക്കുന്നതിനായി കയർഫെഡിനും കയർ കോർപ്പറേഷനും 38 കോടി രൂപ അനുവദിച്ചു. ഇൻകം സപ്പോർട്ട് സ്കീമിൽ കയർ തൊഴിലാളികൾക്ക് സഹായമായി 15.5 കോടി രൂപ അനുവദിച്ചു. റഗ്ലേറ്റഡ് മെക്കനൈസേഷൻ ഓഫ് കയർ ഇൻഡസ്ട്രീസ് എന്ന പദ്ധതിയുടെ ഭാഗമായി 46 സ്ഥാപനങ്ങൾക്ക് പ്രധാനമായും സഹകരണസംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, അപെക്സ് സൊസൈറ്റി, ഗവേഷണ വികസന സ്ഥാപനങ്ങൾ എന്നിവയ്ക്ക് യന്ത്രവത്കരണ സഹായം നൽകുകയുണ്ടായി. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ 75,667 അംഗങ്ങൾക്ക് പെൻഷനും 1,01,269 അംഗങ്ങൾക്ക് കോവിഡ് ആനുകൂല്യ സഹായവും നൽകി.

കയർ, പ്രകൃതിദത്ത ഫൈബർ ഉൽപന്നങ്ങൾ എന്നിവയുടെ അന്താരാഷ്ട്ര പരിപാടിയായ കയർ കേരള 2021 ന്റെ ഒമ്പതാമത് സമ്മേളനം ഫെബ്രുവരി 16 മുതൽ 21 വരെ നടന്നു. ആലപ്പുഴയെ നാഡീകേന്ദ്രമാക്കി, ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് പരിപാടി നടന്നത്. രാജ്യത്തുടനീളമുള്ള ഇരുനൂറോളം വെർച്വൽ സ്റ്റാളുകളുള്ള ഒരു അന്താരാഷ്ട്ര എക്സ്പോ ക്രമീകരിച്ചു. ഉപഭോക്താവിന്റെയും വ്യാപാരികളുടെയും കൂടിച്ചേരലുകൾ, സെമിനാറുകൾ, ചർച്ചകൾ, സാംസ്കാരിക പരിപാടികൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടന്നു, ഏകദേശം 5 ലക്ഷം കാഴ്ചക്കാരും 527 ഉപഭോക്താക്കളും ഓൺലൈനിൽ ഇവന്റ് സന്ദർശിച്ചു. ഇവന്റ് പ്രദർശനങ്ങൾ വഴി 616.73 കോടി രൂപയുടെ ഓർഡറുകൾ നേടി, അതിൽ ഏകദേശം 448.73 രൂപയുടെ ഓർഡറുകൾ സംസ്ഥാനത്ത് നിന്നുള്ള പ്രദർശകർക്ക് വേണ്ടിയും 121.00 കോടി രൂപയുടെ ഓർഡറുകൾ സംസ്ഥാനത്തിന് പുറത്തുള്ള പ്രദർശകരുടെതുമാണ്. കയർ ഭൂവസ്ത്രങ്ങളുടെ ജനകീയവൽക്കരണമാണ് കയർ ഉൽപ്പാദനം വർധിപ്പിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളിലൊന്ന്. ഈ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നത്തിന് റോഡുകളും മണ്ണ്-ജല സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഉൾപ്പെടെ നിർമ്മാണത്തിൽ നിരവധി ആപ്ലിക്കേഷനുകൾ ഉണ്ട്. ഏകദേശം 100 കോടി രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം ഇതിനകം തന്നെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കയർ കേരള 2021ൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കരാറും ഉണ്ടാക്കിയിട്ടുണ്ട്.

**കേരള കയർ മേഖലയിലെ ഏജൻസികളും കയർ വികസന ഡയറക്ടറേറ്റും**

സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സഹായക സ്ഥാപനമായി കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻസിആർഎംഐ), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി, കേരള സ്റ്റേറ്റ് കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവ കയർ വ്യവസായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികളാണ്. കയർ മേഖലയിൽ തൊണ്ട് ശേഖരിക്കുക, നാരു വേർതിരിച്ചെടുക്കൽ, നൂലും മറ്റ് ഉൽപന്നങ്ങളും

ഉൽപാദിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരണ മേഖലയ്ക്ക് കാര്യമായ പങ്കുണ്ട്.

**കയർ സഹകരണ സംഘങ്ങൾ**

കേരളത്തിലെ മൊത്തം കയർ സഹകരണ സംഘങ്ങളുടെ എണ്ണം 2020-21ൽ 1,122 ആയിരുന്നത് നേരിയ തോതിൽ കുറഞ്ഞ് 2021-22ൽ 1,096 ആയി. ഈ കാലയളവിൽ, വർക്കിംഗ് സൊസൈറ്റികളുടെ എണ്ണം (568 എണ്ണം) അതേപടി തുടരുന്നു. പ്രവർത്തനക്ഷമമായ സൊസൈറ്റികളിൽ ലാഭകരമായ സൊസൈറ്റികളുടെ എണ്ണം 2020-21ൽ 437 ൽ നിന്ന് 2021-22 ൽ 290 ആയി കുറഞ്ഞു. ലിക്വിഡേഷനിലുള്ള സൊസൈറ്റികളുടെ എണ്ണം 272ൽ നിന്ന് 257 ആയി കുറഞ്ഞു.

മൊത്തം വർക്കിംഗ് സൊസൈറ്റികളുടെ പകുതിയിലേറെയും നൂൽ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളാണ്. നൂൽ മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണം 2020-21ൽ 514 ആയിരുന്നത് 2021-22ൽ 519 ആയി. ഈ സൊസൈറ്റികളിൽ, നഷ്ടമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം 2020-21 ൽ 71 ൽ നിന്ന് 2021-22 ൽ 190 ആയി വർദ്ധിച്ചു.

നൂൽ ഇതര മേഖലയിൽ മാനുഫാക്ച്ചറിംഗ് സൊസൈറ്റികളും (മാറ്റുകളും മറ്റിംഗുകളും) ചെറുകിട ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. മൊത്തം നിർമ്മാണ സൊസൈറ്റികളുടെ എണ്ണവും (മാറ്റുകളും മറ്റിംഗുകളും) ചെറുകിട ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളുടെ എണ്ണവും ഏറെക്കുറെ മാറ്റമില്ലാതെ തുടർന്നു, എന്നാൽ ലാഭമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം കുറയുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 4.6.19** ൽ നൽകിയിരിക്കുന്നു.

കയർ വ്യവസായത്തിലെ രണ്ട് പ്രധാന ഉപമേഖലകൾ നൂൽ മേഖലയും ഉൽപ്പന്ന മേഖലയുമാണ്. നൂൽ മേഖലയിലെ കയർ സഹകരണ സംഘങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2020-21 ൽ 38,500 ആയിരുന്നത് 2021-22ൽ 39,256 ആയി (1.9 ശതമാനം) വർദ്ധിച്ചു. തൽഫലമായി, ഈ മേഖലയിൽ നൽകുന്ന കൂലി തുക 2020-21 ൽ 46.56 കോടി രൂപയിൽ നിന്ന് 2021-22ൽ 48.54 കോടി രൂപയായി ഉയർന്നു. 2020-21 നെ അപേക്ഷിച്ച്, 2021-22 ൽ സംഭരിച്ച തൊണ്ടിന്റെ മൂല്യം ചെറുതായി വർദ്ധിച്ചു. അതുപോലെ, വാങ്ങിയ നാരുകളുടെ മൂല്യവും ഉത്പാദിപ്പിക്കുന്ന നൂലിന്റെ മൂല്യവും വർദ്ധിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ ഉൽപ്പന്ന മേഖലയിലെ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ എണ്ണം വർധിച്ചിട്ടുണ്ട്. എന്നിരുന്നാലും, കോവിഡ്-19 ന്റെ തുടർച്ചയായ ആഘാതം കാരണം ജോലി ദിവസങ്ങളുടെ എണ്ണം കുറവായതിനാൽ 2021-22 ൽ ഉൽപാദന മൂല്യവും നൽകിയ വേതനവും കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.6.20**ൽ നൽകിയിരിക്കുന്നു.

**കയർഫെഡ്**

കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ പരമോന്നത ഫെഡറേഷനാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്). അംഗത്വ സൊസൈറ്റികളുടെ ഉൽപ്പന്നങ്ങൾ വാങ്ങുക, വിപണന കേന്ദ്രങ്ങൾ വഴി ഈ ചരക്കുകൾ വിപണനം ചെയ്യുക എന്നിവയാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും ഉപജീവനവും നൽകാൻ ഈ പ്രക്രിയ സഹായിക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് കയർഫെഡിന് രണ്ട് കേന്ദ്രങ്ങളുണ്ട്. ഒരു ഫാക്ടറി റബ്ബറൈസ്ഡ് കയർ ഉൽപന്നങ്ങളും മറ്റൊന്ന് റബ്ബർ ഘടിപ്പിച്ച കയർ പായകളും ഉൽപാദിപ്പിക്കുന്നു. കയർഫെഡിന് 4 ഡീഫൈബറിംഗ് യൂണിറ്റുകളുണ്ട്. മിക്കവാറും എല്ലാ ഉൽപ്പന്ന വിഭാഗങ്ങളിലും വിൽപ്പന വർധിപ്പിക്കുന്നതിൽ കയർഫെഡ് വിജയിച്ചു, അതിന്റെ ഫലമായി 2017 മുതൽവിൽപ്പനയിൽ നിന്നുള്ള വരുമാനം വർദ്ധിച്ചു. വിൽപ്പനയിൽ നിന്നുള്ള വരുമാനം 2017-18ൽ 109.22 കോടിയിൽ നിന്ന് 2021-22ൽ 125.35 കോടിയായി ഉയർന്നു. 2017-18 മുതൽ 2021-22 വരെ ഏജൻസിയുടെ വാർഷിക അറ്റ നഷ്ടം കുറഞ്ഞുവന്നിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.21**ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ**

ചെറുകിട കയർ നിർമ്മാതാക്കൾക്ക് നിർമ്മാണത്തിലും വിപണനത്തിലും സഹായം നൽകുന്നതിനായി 1969-ലാണ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത്. വർഷങ്ങളായി, ചെറുകിട നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ സംഭരിക്കുന്നു, അതുവഴി ഇടനിലക്കാരെ ആശ്രയിക്കുന്നത് കുറയ്ക്കുന്നു. അവർ സംഭരിച്ച ഉൽപ്പന്നങ്ങൾ, കയറ്റുമതിക്കാർക്കും മറ്റ് വിൽപ്പനക്കാർക്കും നൽകുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 11 ഷോറൂമുകളും നടത്തുന്നു (കേരളത്തിൽ 8, കേരളത്തിന് പുറത്ത് 3). കൂടാതെ കേരളത്തിൽ 3 ഉൽപ്പാദന കേന്ദ്രങ്ങളുണ്ട്. അടൂരിൽ ഒരു യൂണിറ്റ് കൂടി സ്ഥാപിക്കുന്നുണ്ട്. കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന/വ്യാപാരം ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ പിവിസി ടഫ്റ്റഡ് കയർ മാറ്റുകൾ/മാറ്റിംഗ്സ്, ചകിരിച്ചോർ, കയർ, കയർ നാര്, പിരിച്ച കയർ എന്നിവ ഉൾപ്പെടുന്നു. കൊവിഡ് പകർച്ചവ്യാധിയുടെ കാലത്ത്, കോർപ്പറേഷന് അതിന്റെ തനത് ഉൽപ്പന്നമായ 'സാനി മാറ്റ്' (സാനിറ്റൈസുചെയ്യുന്ന കയർ മാറ്റുകൾ) ഏകദേശം രണ്ട് കോടി രൂപയ്ക്ക് വിൽക്കാൻ കഴിഞ്ഞു. ഏജൻസി അടുത്തിടെ കയർ മെത്ത വ്യാപാരത്തിലേക്ക് പ്രവേശിച്ചു, അതിനായി ഒരു പുതിയ നിർമ്മാണ യൂണിറ്റ് തുറക്കാൻ ഉദ്ദേശിക്കുന്നു. ഓസ്ട്രേലിയ, ബ്രസീൽ, യുഎസ്എ, പോളണ്ട്, ഫ്രാൻസ്, കുവൈറ്റ്, കസാക്കിസ്ഥാൻ, ഗ്വാട്ടിമാല ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് കയറുല്പന്നങ്ങൾ കയറ്റി അയക്കുന്നുണ്ട്. കയർ മേഖലയിൽ കോർപ്പറേഷൻ പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം (പിപിഎസ്എസ്) നടപ്പാക്കുന്നു. പിപിഎസ്എസിന് കീഴിലുള്ള സംഭരണത്തിന്റെ മൂല്യം 2017-18 ലെ 99.83 കോടി രൂപയിൽ നിന്ന് 2020-21ൽ 213.85 കോടി രൂപയായും ഉയർന്നു. എന്നാൽ 2021-22 ൽ ഇത് 202.98 കോടി രൂപയായി നേരിയതോതിൽ കുറഞ്ഞു. 2017-18 മുതൽ 2021-22 വരെ പിപിഎസ്എസിന് കീഴിലുള്ള മൊത്തം സംഭരണ മൂല്യം 839.93 കോടി രൂപയാണ്. കോർപ്പറേഷന്റെ വിറ്റുവരവ് 2017-18ൽ 112.44 കോടിയിൽ നിന്ന് 2020-21ൽ 231.65 കോടിയായും 2021-22ൽ 226.38 കോടിയായും ഉയർന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ മൊത്തം വിറ്റുവരവ് വരുമാനം 932.84 കോടി രൂപയാണ്. 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തിന്റെ മൊത്തം വരുമാനവും മൊത്തം ചെലവും വർദ്ധിച്ചിട്ടുണ്ട്. ഈ പൊതുമേഖലാ സ്ഥാപനവും അറ്റാദായം തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2017-18ൽ 14.77 ലക്ഷം രൂപയായിരുന്ന അറ്റാദായം 2021-22ൽ 1.42 കോടിയായി (താൽക്കാലികം) ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.22** ൽ നൽകിയിരിക്കുന്നു.

### നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻസിആർഎംഐ)

മത്സരാധിഷ്ഠിത വിലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പുതിയ ഡിസൈൻ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനായി കയർ വ്യവസായത്തെ സഹായിക്കുംവിധം ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനമാണ് എൻസിആർഎംഐ.

**ഗവേഷണ സ്ഥാപനത്തിന്റെ 2021–22 ലെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന രീതിയിൽ തരം തിരിക്കാം.**

i. ചരിവ് സ്ഥിരപ്പെടുത്തുന്നതിനും കൃഷി ചെയ്യുന്നതിനും കയർ ജിയോ സെൽ ഉപയോഗം, ചരിവ് സ്ഥിരപ്പെടുത്തുന്നതിന് കയർ ഭൂവസ്ത്രം, കയർ ഭൂവസ്ത്രം പുതയിടൽ, കയർ മുള ഉപയോഗിച്ച് സംരക്ഷണഭിത്തി ബലപ്പെടുത്തൽ, കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് നിയന്ത്രിക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രദർശന പദ്ധതികൾ, ii. ഇലക്ട്രിക്കൽ ഇൻസുലേഷനായി പോളിമർ കയർ കോമ്പോസിറ്റുകളുടെ വികസനം, നെടുമുടി പഞ്ചായത്തിലെ ജിയോടെക്സ്റ്റൈൽ, കോക്കലോഗ് എന്നിവ ഉപയോഗിച്ച് കനാൽ തീരം സംരക്ഷിക്കുന്നതിനുള്ള സഹകരണ പദ്ധതി ഉൾപ്പെടെയുള്ള സഹകരണ പദ്ധതികൾ, iii. മൊബൈൽ ടെൻഡർ കോക്കനട്ട് ക്രഷിംഗ് മെഷീന്റെ വികസനം, ടെൻഡർ കോക്കനട്ട് ക്രഷിംഗ് മെഷീൻ വികസനം, പൂർണ്ണമായും ഓട്ടോമാറ്റിക് ക്രീൽ മാറ്റ് ലൂമിന്റെ വികസനം, iv. ഗണ്യമായ മൈക്രോബയൽ സ്ട്രെയിനുകൾ ഉപയോഗിച്ച് ബയോ പ്ലാസ്റ്റിക്ക് ഉൽപ്പാദിപ്പിക്കുന്നതിന് ചകിരിച്ചോറിന്റെ ഉപയോഗം, പാസീവ് എയറേഷൻ ബിൻ ഉപയോഗിച്ച് ഗാർഹിക ജൈവമാലിന്യങ്ങൾ കമ്പോസ്റ്റുചെയ്യുന്നതിന് പിത്ത് ആക്റ്റിവേറ്ററിന്റെ ഒപ്റ്റിമൈസേഷൻ, ഡിഫൈബ്രിംഗ് യൂണിറ്റുകളിലെ തൊഴിലാളികൾക്ക് കയർ പിത്ത് കമ്പോസ്റ്റിംഗ് സാങ്കേതികവിദ്യ വിതരണം ചെയ്യൽ, പരിശീലനം എന്നിവ ഉൾപ്പെടെയുള്ള സാങ്കേതിക വികസനം. ഇളം തെങ്ങിന്റെ തൊണ്ട് ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യ, എൻസിആർഎംഐ വികസിപ്പിച്ച വ്യത്യസ്തമായ രീതിയിൽ സംസ്കരിച്ച ചകിരിച്ചോറ് കമ്പോസ്റ്റിന്റെ ഫീൽഡ് വിലയിരുത്തൽ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എൻസിആർഎംഐ എന്നിവരുടെ സഹായത്തോടെ ടെറസുകളിൽ പച്ചക്കറി കൃഷിക്ക് അനുയോജ്യമായ ചകിരിച്ചോറ് അടിസ്ഥാനമാക്കിയുള്ള പോഷക സമ്പുഷ്ടമായി വളരുന്ന മേഖല തിരിച്ചറിയുന്നതിനുള്ള പദ്ധതി, ചകിരിച്ചോറ് കമ്പോസ്റ്റിന്റെ ബലപ്പെടുത്തലിനും സമ്പുഷ്ടീകരണത്തി തിരിച്ചറിയുന്നതിനുള്ള പദ്ധതി, അതിന്റെ മൂല്യനിർണ്ണയം, മലിനജലം ശുദ്ധീകരിക്കുന്നതിന് കയർ അധിഷ്ഠിത ബയോമാസ് കാരിയറുകളിൽ ബയോഫിലിം വികസിപ്പിക്കുക, റെറ്റ് ലിക്വർ സംസ്കരിക്കുന്നതിന് ആവശ്യമായ ബാക്ടീരിയ കൺസോർഷ്യയുടെ വികസനം, കയർ നാരുകളുടെ സംസ്കരണം, വിവിധ ജൈവ, രാസ ഏജന്റുകൾ ഉപയോഗിച്ച് ഘടന മെച്ചപ്പെടുത്തുന്നതിന് ടെക്സ്ചറും നിറവും. v. പീറ്റ്കോൾ ഡോട്ട്സ്, ഇക്കോയർ ബാഗ്, ടൈകോപിത്ത് സ്പോൺ പ്രൊഡക്ഷൻ, പിത്ത് ആക്റ്റിവേറ്റർ എന്നിവയുൾപ്പെടെയുള്ള വാണിജ്യ പ്രവർത്തനങ്ങൾ vi. മാനേജ്മെന്റും സാങ്കേതിക പരിശീലനവും vii. നൈപുണ്യ വികസന പരിശീലനം.

### ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (FOMIL)

800 ലക്ഷം രൂപ അംഗീകൃത മൂലധനവും 666.73 ലക്ഷം രൂപ അടച്ചു തീർത്ത മൂലധനവുമായി 1979-ലാണ് FOMIL സ്ഥാപിതമായത്. കയർ, ചണം, സിസൽ എന്നിവയിൽ നിന്ന് നിർമ്മിച്ച പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ പ്രൊമോഷനും നിർമ്മാണവും വിപണനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. ആഭ്യന്തര, വിദേശ വിപണികളിൽ വിൽക്കുന്ന ഡോർ മാറ്റുകൾ, മാറ്റിംഗുകൾ, പരവതാനികൾ, ചവിട്ടി മെത്ത, കയർ ഭൂവസ്ത്രങ്ങൾ, കാർ മാറ്റുകൾ എന്നിവയാണ് പ്രധാന ഉൽപ്പന്നങ്ങൾ. സംസ്ഥാനത്തുടനീളം കയർ മെത്തയുടെ വ്യാപാരത്തിലും ഇത് ഏർപ്പെട്ടിരിക്കുന്നു. ലാറ്റക്സ്, ബാക്കിംഗ് പ്ലാന്റ്, മോഡേൺ ഡൈ ഹൗസ്, ഫുള്ളി ഓട്ടോമാറ്റിക് പവർലൂം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ കമ്പനിക്കുണ്ട്. ശേഷിച്ച ഉല്പാദന ശേഷി ഉപയോഗിച്ച് മറ്റു കയറ്റുമതിക്കാരുടെ പ്രവൃത്തി കൂടി ഈ സ്ഥാപനം ഏറ്റെടുക്കാറുണ്ട്. കമ്പനിയുടെ പുതിയ ഉൽപന്നങ്ങളായ ചകിരിച്ചോർ, കയർ ടൈലുകൾ എന്നിവയ്ക്ക് വിപണിയിൽ നല്ല ഡിമാൻഡാണ്. കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്നതിനുള്ള പുതിയ ഫാക്ടറി സ്ഥാപിക്കുകയും 19.37 ലക്ഷം രൂപയുടെ വിൽപ്പന നേടുകയും ചെയ്തു.

ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ 5 വർഷ വർഷങ്ങളിലും നഷ്ടം രേഖപ്പെടുത്തി. 2021-22 അവസാനത്തിൽ പൊതുമേഖലാ സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടം ഏകദേശം 15.46 കോടി രൂപയാണ്. ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 2018-19 അവസാനം വരെ വർദ്ധിക്കുന്നതിനുള്ള പ്രവണതയാണ് കാണിച്ചിരുന്നത്. 2018-19ൽ 12.05 കോടിയിലെത്തിയ ശേഷം തുടർന്നുള്ള വർഷങ്ങളിൽ വരുമാനം കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.6.23**ൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (KSCMMC)

കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി 2014 ഫെബ്രുവരിയിലാണ് ആലപ്പുഴയിൽ കെഎസ്സിഎംഎംസി ആരംഭിച്ചത്. കയർ വ്യവസായത്തിനാവശ്യമായ ഇലക്ട്രോണിക് റാട്ടുകൾ, ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീനുകൾ, നാരു വേർതിരിച്ചെടുക്കുന്ന മെഷീനുകൾ, ഇന്റഗ്രേറ്റഡ് കയർ സംസ്കരണ യൂണിറ്റുകൾ, വില്ലോയിങ് മെഷീനുകൾ, അനുബന്ധ യന്ത്രങ്ങൾ തുടങ്ങിയ കയർ യന്ത്രങ്ങൾ കമ്പനി നൽകുന്നു. യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനു പുറമേ, സിവിൽ വർക്കുകൾ, യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട വൈദ്യുതീകരണ ജോലികൾ എന്നിവ ഉൾപ്പെടുന്ന കയർ സൊസൈറ്റികളിലെ അടിസ്ഥാന സൗകര്യ വികസനത്തിലും കമ്പനി പങ്കാളിയാണ്. കൂടാതെ, കമ്പനി മെഷീനുകൾ സ്ഥാപിക്കുകയും വിൽപ്പനാനന്തര സേവനം നൽകുകയും ചെയ്യുന്നു. കയർ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന യന്ത്രവൽക്കരണ യജ്ഞത്തിൽ കമ്പനി നിർണായക പങ്ക് വഹിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനിടെ കമ്പനി 86 കോടി രൂപയുടെ യന്ത്രങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കമ്പനി ഏകദേശം 24,000 ഇലക്ട്രോണിക് റാട്ടുകൾ വിതരണം ചെയ്തു. 155 ഓളം നാരു വേർതിരിച്ചെടുക്കുന്ന DF മെഷീനുകൾ കെഎസ്സിഎംഎംസി സ്ഥാപിച്ചു. ഏകദേശം 1400 ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളുള്ള 150 ഫാക്ടറികൾ ആരംഭിക്കുന്നതിൽ കമ്പനി പ്രധാന പങ്കുവഹിച്ചു. സഹകരണ സംഘങ്ങൾക്ക് കയർ ഫൈബർ വൃത്തിയാക്കാൻ 500-ഓളം യന്ത്രങ്ങൾ നൽകിയിട്ടുണ്ട്.

കെഎസ്‌സിഎംഎംസിയുടെ വിൽപ്പന വരുമാനം 2017-18ൽ 4.71 കോടി രൂപയിൽ നിന്ന് 2021-22ൽ 10.02 കോടി രൂപയായി ഉയർന്നു. 2020-21ൽ വിൽപ്പന വരുമാനം 32.87 കോടി രൂപയായി ഉയർന്നിരുന്നു. രണ്ട് വർഷത്തെ അറ്റ നഷ്ടത്തിന് ശേഷം, കമ്പനി 2019-20 ൽ 1.11 കോടി രൂപയും 2020-21 ൽ 3.11 കോടി രൂപയും അറ്റാദായം റിപ്പോർട്ട് ചെയ്തു. കമ്പനിയുടെ ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം, 2021-22 ൽ ഏകദേശം 1.94 കോടി രൂപ നഷ്ടം കാണിക്കുന്നു. . വിശദാംശങ്ങൾ **അനുബന്ധം 4.6.24** ൽ നൽകിയിരിക്കുന്നു.

### കേന്ദ്ര സർക്കാർ പദ്ധതികൾ

കയർ മേഖലയ്ക്കായി കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ മേഖലയിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കയർ ബോർഡ്. കയർ വ്യവസായ നിയമം (45) പ്രകാരം, കയർ വ്യവസായത്തിന്റെ വികസനത്തിനായി 1953-ൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കൊച്ചിയിലെ കയർ ബോർഡ്. കയർ വ്യവസായ സാങ്കേതിക നവീകരണ പദ്ധതി (സി.ഐ.ടി.യു.എസ്), സയൻസ് ആൻഡ് ടെക്നോളജി (എസ് ആൻഡ് ടി), നൈപുണ്യ നവീകരണം, മഹിളാ കയർ യോജന, കയറ്റുമതി വിപണി പ്രോത്സാഹനം (ഇഎംപി), ആഭ്യന്തര വിപണി പ്രോത്സാഹനം (ഡിഎംപി), വ്യാപാരം, വ്യവസായം, പ്രവർത്തന പിന്തുണാ സേവനങ്ങളും (TIRFSS) ക്ഷേമ പരിപാടികളും സമഗ്രപദ്ധതിയായ കയർ വികാസ് യോജനയിൽ ഉൾപ്പെടുന്നു. കേരളത്തിൽ (2020-21) ഏറ്റെടുത്തിട്ടുള്ള സഹകരണ പദ്ധതികളിൽ ഉൾപ്പെടുന്നവയാണ് - എ) എറണാകുളത്തെ സെന്റർ ഫോർ ബയോപോളിമർ സയൻസ് ആൻഡ് ടെക്നോളജിയുമായി ചേർന്ന്, 'മൂല്യവർദ്ധിത ബിറ്റ് കയർ ഫൈബറിന്റെ ഉൽപ്പന്ന രൂപകല്പനയും വികസനവും, ബി) പാലക്കാട് ഐ.ഐ.ടി.യുമായി ചേർന്ന് 'കയർ ഭൂവസ്ത്രം ശക്തിപ്പെടുത്തിയ കായൽ തീരങ്ങളുടെ പ്രകടനത്തെക്കുറിച്ചുള്ള പഠനങ്ങൾ'. 2019-20ലും 2020-21 ലും കേരളത്തിൽ നിന്നുള്ള 62 ഗുണഭോക്താക്കൾക്ക് 126.04 ലക്ഷം രൂപയുടെ കയറ്റുമതി വിപണി വികസന സഹായം ലഭിച്ചു. 2021-22 ആഭ്യന്തര വിപണി വികസന സഹായത്തിനായി കേരളത്തിന് 672.00 ലക്ഷം രൂപ അനുവദിച്ചു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയം (MSME) നടപ്പിലാക്കുന്ന, 'പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള ഫണ്ടുകളുടെ പദ്ധതി' (SFURTI), 'നൂതനാശയങ്ങൾ, ഗ്രാമീണ വ്യവസായങ്ങൾ, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി' (ASPIRE) തുടങ്ങിയ പദ്ധതികളിൽ നിന്നും ഈ മേഖലയ്ക്ക് പ്രയോജനം ലഭിക്കുന്നു. SFURTI യുടെ കീഴിൽ 141.15 കോടി രൂപ അടങ്കലുള്ള മൊത്തം 40 കയർ ക്ലസ്റ്ററുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, ഇതിൽ ഇന്ത്യ ഗവണ്മെന്റിന്റെ ഗ്രാൻറ് 117.05 കോടി രൂപയാണ്. ഇതിൽ 4 കയർ ക്ലസ്റ്ററുകൾ കേരളത്തിലാണ്. മൈക്രോ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയം (എംഎസ്എംഇ) നിയന്ത്രിക്കുന്ന കേന്ദ്ര മേഖലാ പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്‌സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാമിൽ (പിഎംഇജിപി) നിന്നും ഈ മേഖലയ്ക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. 2019-20 മുതലുള്ള മൂന്ന് വർഷത്തിനുള്ളിൽ പിഎംഇജിപിയുടെ കീഴിൽ കേരളത്തിൽ ആകെ 208 യൂണിറ്റുകൾ സ്ഥാപിക്കുകയും അവയ്ക്കായി 296.02 ലക്ഷം രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തു.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

പരമ്പരാഗത കയർ മേഖലയിലെ താരതമ്യേന കുറഞ്ഞ വേതനവും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വ്യവസായം നേരിടുന്ന വെല്ലുവിളികളാണ്. അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിനും അതിന്റെ ഉൽപ്പാദന നവീകരണത്തിനും സംഘാടനത്തിനും വ്യവസായത്തിന് ഫലപ്രദമായ മാതൃകകൾ ആവശ്യമാണ്. സംസ്ഥാന സർക്കാർ ആരംഭിച്ച യന്ത്രവൽക്കരണം ആധുനികവൽക്കരണ ശ്രമങ്ങൾക്ക് കേരളത്തിൽ നല്ല ഫലങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. എന്നിരുന്നാലും, നവീകരണ പ്രക്രിയ വേഗത്തിലാക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യകളുടെ നവീകരണത്തിലും കമ്പോളത്തെ അടിസ്ഥാനമാക്കിയുള്ള വിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കുന്നതിലും ഗവൺമെന്റിന്റെ തുടർച്ചയായ കൈത്താങ്ങ് വ്യവസായത്തെ സ്വയം സുസ്ഥിരമായ പാതയിലേക്ക് നയിക്കുന്നതിന് പ്രധാനമാണ്. പുതുമകൾ, മത്സരക്ഷമത, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, പുതിയ വിപണികൾ കണ്ടെത്തൽ എന്നിവയ്ക്ക് ഊന്നൽ നൽകി, ഈ മേഖല വരും വർഷങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### കശുവണ്ടി വ്യവസായം

അന്താരാഷ്ട്ര വിപണിയിലെ വണ്ടർ നട്ട് ആയി കണക്കാക്കപ്പെടുന്ന കശുവണ്ടി 2021-22 ൽ ആഗോള നട്ട് ഉൽപാദനത്തിലും ഉപഭോഗത്തിലും ബദാം, വാൽനട്ട്, പിസ്ത എന്നിവയ്ക്ക് ശേഷം നാലാം സ്ഥാനത്താണ്. കശുവണ്ടിയുടെ (അസംസ്കൃത കശുവണ്ടിയും കേർണലും) ഒരു പ്രധാന ഉത്പാദകനും, ഉപഭോക്താവും കയറ്റുമതിക്കാരനും (തൊണ്ടോടു കൂടിയത്) ഇന്ത്യയാണ്. INC ഇന്റർനാഷണൽ നട്ട് ആൻഡ് ഡ്രൈഡ് ഫ്രൂട്ട് കൗൺസിൽ പ്രസിദ്ധീകരിച്ച നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2021-22 പ്രകാരം, 2021-22ൽ അസംസ്കൃത കശുവണ്ടിയുടെ ആഗോള ഉത്പാദനം ഏകദേശം 41.1 ലക്ഷം ടണ്ണാണ്. 2021-22 ൽ ആഗോളതലത്തിൽ കശുവണ്ടി കേർണൽ ഉത്പാദനം 8.94 ലക്ഷം മെട്രിക് ടണ്ണിലെത്തി. കശുവണ്ടി കേർണലുകളുടെ ഏറ്റവും വലിയ ഉത്പാദകരാണ് കോട്ട് ഡി ഐവയർ (2.00 ലക്ഷം ടൺ), തുടർന്ന് ഇന്ത്യ (1.77 ലക്ഷം ടൺ), വിയറ്റ്നാം (0.92 ലക്ഷം ടൺ), കംബോഡിയ(0.69 ലക്ഷം ടൺ), ടാൻസാനിയ(0.48 ലക്ഷം ടൺ). ആഗോള കശുവണ്ടി ഉത്പാദനത്തിൽ ഇന്ത്യയുടെ പങ്ക് 20 ശതമാനമാണ്. ലോക കശുവണ്ടി ഉൽപാദനത്തിൽ 48 ശതമാനം പങ്കാളിത്തമുള്ള പടിഞ്ഞാറൻ ആഫ്രിക്കയാണ് ഏറ്റവും വലിയ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന പ്രദേശം.

ഇന്ത്യ സംസ്കരണത്തിനായുള്ള അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഇറക്കുമതിക്കാരാണ്. 2020-ൽ ആഗോളതലത്തിൽ 21 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു, അതിൽ ഇന്ത്യ 8.83 ലക്ഷം മെട്രിക് ടണ്ണും വിയറ്റ്നാം 12 ലക്ഷം മെട്രിക് ടണ്ണും ഇറക്കുമതി ചെയ്തു. 2020ൽ ആഗോളതലത്തിൽ കശുവണ്ടി കയറ്റുമതി 6.62 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 51,600 മെട്രിക് ടൺ കയറ്റുമതിയുള്ള ഇന്ത്യയുടെ കയറ്റുമതി വിഹിതം 8 ശതമാനം ആണ്. 4.61 ലക്ഷം മെട്രിക് ടൺ കയറ്റുമതിയും, കയറ്റുമതിയുടെ 70 ശതമാനം വിഹിതവും ഉള്ള വിയറ്റ്നാമിന് പിന്നിൽ രണ്ടാം സ്ഥാനത്താണ് ഇത്. 2020-ൽ കശുവണ്ടി കേർണലിന്റെ ആഗോള ഉപഭോഗം 8.47 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 1.67 ലക്ഷം മെട്രിക് ടൺ കശുവണ്ടി കേർണൽ ഉപയോഗിക്കുന്ന യുഎസ്എ കശുവണ്ടിയുടെ ഏറ്റവും വലിയ ഉപഭോക്താവായിരുന്നു, കൂടാതെ ആഗോള

കശുവണ്ടി ഉപഭോഗത്തിൽ 19.71 ശതമാനം വിഹിതവും ഉണ്ടായിരുന്നു. 1.66 ലക്ഷം മെട്രിക് ടൺ കശുവണ്ടി ഉപഭോഗവും ആഗോള കശുവണ്ടി ഉപഭോഗത്തിൽ 19.64 ശതമാനം വിഹിതവും രേഖപ്പെടുത്തിക്കൊണ്ട് ഇന്ത്യ രണ്ടാംസ്ഥാനത്തായിരുന്നു. ചൈന, നെതർലൻഡ്സ്, ജർമ്മനി എന്നിവയാണ് കശുവണ്ടിയുടെ മറ്റ് മുൻനിര ഉപഭോക്താക്കൾ.

ആഗോള തലത്തിൽ കശുവണ്ടി മേഖലയെക്കുറിച്ച് രസകരമായ ചില നിരീക്ഷണങ്ങൾ ശ്രദ്ധിക്കാവുന്നതാണ്. അസംസ്കൃത കശുവണ്ടിയുടെ ചില പ്രധാന ഉത്പാദകർ വളരെ കുറച്ച് ഉപഭോഗം ചെയ്യുന്ന (പ്രത്യേകിച്ച് ആഫ്രിക്കയിൽ), പ്രധാനമായും കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നു. അത്തരം രാജ്യങ്ങളിൽ ഉത്പന്ന മൂല്യവർദ്ധനവ് കുറവാണ്. അസംസ്കൃത കശുവണ്ടി ഗണ്യമായ അളവിൽ ഉത്പാദിപ്പിക്കുന്ന വിയറ്റ്നാം പോലുള്ള രാജ്യങ്ങൾ മൂല്യവർദ്ധനയിൽ വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്. കൂടാതെ വലിയ അളവിൽ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുകയും വലിയ അളവിൽ സംസ്കരിച്ച കശുവണ്ടി കയറ്റുമതി ചെയ്യുകയും ചെയ്യുന്നു, അതേസമയം ആഭ്യന്തര ഉപഭോഗം കുറവാണ്. ഉൽപ്പാദനം, ഇറക്കുമതി, മൂല്യവർദ്ധന, കയറ്റുമതി, ഉപഭോഗം എന്നിവ ഉൾപ്പെടുന്ന മൂല്യശൃംഖലയുടെ എല്ലാ ഘട്ടങ്ങളിലും ഇന്ത്യ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

**ഇന്ത്യയിലെ കശുവണ്ടി മേഖല**

ഇന്ത്യയിൽ കശുവണ്ടി ആദ്യമായി എത്തിയത് ഗോവയിലാണ്, അവിടെ നിന്ന് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിച്ചു. ഇന്ത്യയിൽ കശുവണ്ടി കൃഷി ചെയ്യുന്ന പ്രധാന മേഖലകൾ കേരളം, കർണാടക, ഗോവ, മഹാരാഷ്ട്ര എന്നീ പശ്ചിമ തീര പ്രദേശങ്ങളും തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ്സ എന്നീ കിഴക്കൻ തീര പ്രദേശങ്ങളും പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ്, ഗുജറാത്ത്, ജാർഖണ്ഡ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവയിൽ ഒരു പരിധിവരെയും ആണ്.

ഇന്ത്യാ ഗവൺമെന്റ് ഡയറക്ടറേറ്റ് ഓഫ് ക്യാഷ്യൂ ആൻഡ് കൊക്കോ ഡെവലപ്മെന്റ് (ഡിസിസിഡി), പ്രകാരം 2021-22 ൽ ഇന്ത്യയിൽ 11.84 ലക്ഷം ഹെക്ടർ സ്ഥലത്ത് കശുവണ്ടി കൃഷി ചെയ്തുകൊണ്ട് മൊത്തം 7.52 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഉത്പാദിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നത് മഹാരാഷ്ട്രയും തുടർന്നു ആന്ധ്രാപ്രദേശും ഒഡീഷയുമാണ്. അസംസ്കൃത കശുവണ്ടിയുടെ മൊത്തം ഉൽപാദനത്തിന്റെ കാര്യത്തിൽ, കേരളം (ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ) ആറാം സ്ഥാനത്താണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം ഒഡീഷയാണ് (2.23 ലക്ഷം ഹെക്ടർ), തുടർന്ന് ആന്ധ്രാപ്രദേശ് (1.98 ലക്ഷം ഹെക്ടർ), മഹാരാഷ്ട്ര (1.91 ലക്ഷം ഹെക്ടർ) എന്നീ സംസ്ഥാനങ്ങളും ആണ്. കേരളത്തിൽ 1.07 ലക്ഷം ഹെക്ടർ സ്ഥലത്താണ് കശുവണ്ടി ഉൽപാദനം നടക്കുന്നത്. കശുവണ്ടി ഉത്പാദനത്തിന്റെ കൃഷി ഭൂവിസ്തൃതിയിൽ കേരളം ആറാം സ്ഥാനത്താണ്. സംസ്ഥാനാടിസ്ഥാനത്തിലുള്ള കശുവണ്ടി ഉൽപാദനത്തിന്റെയും പ്രദേശത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 4.6.25**-ൽ നൽകിയിരിക്കുന്നു.

കശുവണ്ടി പരിപ്പിന്റെ ആകൃതി, വലിപ്പം, നിറം എന്നിവയെ ആശ്രയിച്ച് വെളുത്ത/ഇരുണ്ട മുഴുവനായുള്ള കഷണങ്ങൾ, വിഭജിച്ചത്, ബട്ടുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ കയറ്റുമതി (ഗുണനിലവാര നിയന്ത്രണവും പരിശോധനയും) നിയമം 1963, പ്രകാരം 33 വ്യത്യസ്ത ഗ്രേഡിലുള്ള കശുവണ്ടി കേർണലുകൾ നിർദ്ദേശിച്ചിരിക്കുന്നു. ഇതിൽ 26 ഗ്രേഡുകൾ മാത്രമേ വാണിജ്യപരമായി ലഭ്യമാകുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്നുള്ളൂ. W-180, W-210, W-240, W-320, W-450 എന്നിവയാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടിയുടെ ജനപ്രിയ ഗ്രേഡുകളിൽ ചിലത്.

ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കേർണലുകളുടെ കയറ്റുമതിയുടെ അളവും മൂല്യവും 2017-18 മുതൽ കുറയുകയാണ്. എന്നിരുന്നാലും, 2021-22ൽ ഇത് വർദ്ധിച്ചിട്ടുണ്ട്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)യുടെ കണക്കനുസരിച്ച്, ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കേർണലുകളുടെ കയറ്റുമതി 2020-21ൽ 49,993 മെട്രിക് ടണ്ണിൽ നിന്ന് 2021-22ൽ 53,769.88 മെട്രിക് ടണ്ണായി ഉയർന്നു. അതുപോലെ കയറ്റുമതി വരുമാനം 2020-21 ൽ 2,906.99 കോടി രൂപയിൽ നിന്ന് 2021-22 ൽ 3175.25 കോടി രൂപയായി ഉയർന്നു. 60 ലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ കശുവണ്ടി പരിപ്പ് കയറ്റുമതി ചെയ്യുന്നു. മൊത്തം കയറ്റുമതിയിൽ, ഏറ്റവും വലിയ കയറ്റുമതി യുഎഇയിലേക്കും, ജപ്പാനിലേക്കും നെതർലൻഡിലേക്കും ആയിരുന്നു.

ഇന്ത്യയിലെ കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വ്യവസായത്തിന്റെ നിലവിലെ ആവശ്യകത / സ്ഥാപിത സംസ്കരണ ശേഷിയായ 20 ലക്ഷം മെട്രിക് ടൺ നിറവേറ്റാൻ പര്യാപ്തമല്ല. അതിനാൽ ഇന്ത്യ മറ്റ് ഉത്പാദക രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നു. 2021-22ൽ 9.36 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഇന്ത്യ ഇറക്കുമതി ചെയ്തത്.

**കേരളത്തിലെ കശുവണ്ടി മേഖല**

കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത കാർഷികാധിഷ്ഠിത വ്യവസായമാണ് കശുവണ്ടി വ്യവസായം. 'ലോകത്തിന്റെ കശുവണ്ടി തലസ്ഥാനം' എന്ന വിശേഷണം നേടിയ കൊല്ലം ജില്ലയിൽ നിരവധി കശുവണ്ടി സംസ്കരണ യൂണിറ്റുകളുണ്ട്. ഔപചാരികവും അനൗപചാരികവുമായ 830-ലധികം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ കേരളത്തിൽ ഉണ്ടെന്നാണ് കണക്ക്. ഏകദേശം 3 ലക്ഷത്തോളം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നും അതിൽ 90 ശതമാനവും സ്ത്രീകളാണെന്നും കണക്കാക്കപ്പെടുന്നു. എന്നിരുന്നാലും, നഷ്ടം കാരണം ധാരാളം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ (ഏകദേശം 730) പ്രവർത്തിക്കുന്നില്ല. ഏകദേശം 1 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രവർത്തനക്ഷമമായ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ എണ്ണം ഏകദേശം 100 ആണ്. കശുവണ്ടി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ (സിഇപിസിഐ) ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുള്ള കശുവണ്ടി കയറ്റുമതി, സംസ്കരണ യൂണിറ്റുകളിൽ 65 ശതമാനവും കേരളത്തിൽ നിന്നുള്ളതാണ്.കശുവണ്ടി സംസ്കരണം പ്രധാനമായും സ്വകാര്യ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കശുവണ്ടി സംസ്കരണത്തിൽ സഹകരണ മേഖലയ്ക്ക് പരിമിതമായ സാന്നിധ്യം ഉണ്ട്. കേരളത്തിൽ കശുവണ്ടി സംസ്കരണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് പൊതുസ്ഥാപനങ്ങളുണ്ട്, കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡും(CAPEX), കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (KSCDC).

2020-21ൽ കേരളത്തിൽ നിന്നുള്ള കശുവണ്ടി കേർണൽ കയറ്റുമതി 1,461.27 കോടി രൂപ മൂല്യമുള്ള 24,929 മെട്രിക് ടൺ ആയിരുന്നു. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കേർണൽ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം അളവിൽ 49.87 ശതമാനവും മൂല്യത്തിൽ 50.27 ശതമാനവുമാണ്. അതേസമയം, 2021-22ൽ ഇന്ത്യയുടെ കശുവണ്ടി കേർണൽ കയറ്റുമതി 53,769.88 മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 3,175.20 കോടി രൂപയാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കണക്കനുസരിച്ച്, 2021-22ൽ കൊച്ചി തുറമുഖത്ത് നിന്ന് കയറ്റുമതി ചെയ്ത കശുവണ്ടിയുടെ അളവ് 24,299 മെട്രിക് ടൺ ആയിരുന്നു. അതിന്റെ മൂല്യം 1,441.03 കോടി രൂപയായിരുന്നു. ഇന്ത്യയിൽ നിന്നുള്ള മൊത്തം കശുവണ്ടി കേർണൽ കയറ്റുമതിയുടെ അളവിന്റെ 45 ശതമാനവും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 45.38 ശതമാനവുമാണ് ഇത്.

കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം 2014-15 ലെ 80,000 മെട്രിക് ടണ്ണിൽ നിന്ന് 2017-18ൽ 88,180 മെട്രിക് ടണ്ണായി വർദ്ധിച്ചു. എന്നാൽ 2021-22ൽ ഉത്പാദനം 71,760 മെട്രിക് ടണ്ണായി കുറഞ്ഞു. 2014-15ൽ 84,500 ഹെക്ടറിൽ ഉണ്ടായിരുന്ന കശുമാവ് കൃഷി 2021-22 ൽ 1,06,520 ഹെക്ടറായി ഉയർന്നു, കശുമാവ് കൃഷിയുടെ വിസ്തൃതിയിൽ ഗണ്യമായ നേട്ടം ഇക്കാലയളവിൽ ഉണ്ടായി. കശുമാവ് കൃഷിയിലെ റീപ്ലാന്റേഷനും ഉത്പാദനം ആരംഭിക്കുന്നതിനുള്ള കാലതാമസവും കശുമാവ് കൃഷിയുടെ വിസ്തൃതിയും ഉത്പാദനവും തമ്മിലുള്ള കണക്കുകളിലെ പൊരുത്തക്കേടിന് കാരണമായിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.6.8** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഭൂമിയുടെ മേലുള്ള സമ്മർദ്ദം, നിലവിലുള്ള ഭൂപരിധി നിയമങ്ങൾ, റബ്ബർ പോലുള്ള നാണ്യവിളകളിലേക്കുള്ള മുൻകാല മാറ്റം (പ്രത്യേകിച്ച് കശുമാവിന് തോട്ടം എന്ന പദവി നിലവിലില്ലാത്തതിനാൽ) കേരളത്തിലെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള വെല്ലുവിളികളാണ്. പല നാണ്യവിളകൾക്കും നീണ്ട ജെസ്റ്റേഷൻ കാലയളവ് ഉണ്ട്, കൂടാതെ സാമ്പത്തിക ലാഭം ലഭിക്കുന്നതിനായി കൃഷി താരതമ്യേന കൂടുതൽ കാലം തുടരേണ്ടതുണ്ട്. അതിനാൽ, മറ്റ് നാണ്യവിളകളിൽ നിന്ന് കശുവണ്ടിയിലേക്ക് പെട്ടെന്ന് മാറാൻ കഴിയുന്നില്ല. കഴിഞ്ഞ ദശകം മുതൽ, കശുവണ്ടി കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേരളം ആരംഭിച്ചിട്ടുണ്ട്. നല്ല മാറ്റങ്ങൾ ദൃശ്യമാണെങ്കിലും, ഇനിയും മെച്ചപ്പെടാനുള്ള സാധ്യത ഉണ്ട്. കേരളത്തിൽ കശുമാവ് കൃഷി ചെയ്തിട്ടുള്ള വിശാലമായ പ്രദേശങ്ങൾ റീപ്ലാന്റ് ചെയ്യപ്പെടാത്തതും ശ്രദ്ധേയമാണ്. കശുമാവ് കൃഷിയിൽ ഉൽപ്പാദനക്ഷമത പരിമിതപ്പെടുന്നതിനുള്ള ഒരു പ്രധാന കാരണം സംസ്ഥാനത്തെ കശുമാവ് മരങ്ങളിൽ 70 ശതമാനവും പ്രായമേറിയ പ്രാദേശിക ഇനങ്ങളാണെന്നതുമാണ്, അവ സീസണിൽ വൈകിയാണ് വിളവ് തരുന്നത്. കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങൾ, അമിത മഴ, ഉയർന്ന ആപേക്ഷിക ആർദ്രത എന്നിവയും കശുമാവ് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

### കശുവണ്ടി മേഖലയിലെ ഏജൻസികൾ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (കെഎസ്സിഡിസി) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (കാപെക്സ്) സംസ്ഥാനത്തെ കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സംസ്ഥാന സർക്കാർ ഏജൻസികളാണ്. കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (കെഎസ്എസിസി), കേരള കശുവണ്ടി ബോർഡ് (കെസിബി) എന്നിവയാണ് ഈ മേഖലയിലെ മറ്റ് രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. കശുവണ്ടി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ), കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി) എന്നിവയാണ് കശുവണ്ടി പ്രോത്സാഹനത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ. സംസ്ഥാന വാർഷിക പദ്ധതിയിൽ നിന്നുള്ള വിഹിതവും 13-ാം പഞ്ചവത്സര പദ്ധതിയിലും 2022-23-ലും നടത്തിയ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.9**ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി)

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി 1969-ലാണ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSCDC) രൂപീകരിച്ചത്. ഭാഗിക യന്ത്രവൽക്കരണവും കട്ടിംഗ് മെഷീനുകളുടെ അവതരണവും കശുവണ്ടിയുടെ പ്രതിദിന സംസ്കരണം 100 മെട്രിക് ടണിൽ നിന്ന് ഏകദേശം 125 മെട്രിക് ടണ്ണായി ആയി വർദ്ധിപ്പിച്ചു. സമീപ വർഷങ്ങളിൽ 1250 കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചത് ഏകദേശം 56 ശതമാനം ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ കാരണമായി. കെ.എസ്.സി.ഡി.സി യുടെ

**പട്ടിക 4.6.8** കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം - 2014-15 മുതൽ 2021-22 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും

| വർഷം | (ആയിരത്തിൽ) ഹെക്ടർ വിസ്തീർണം | വാർഷിക വളർച്ചാ ശതമാനം | അളവ് (മെട്രിക് ടണ്ണിൽ) | വാർഷിക വളർച്ചാ ശതമാനം (%) |
|---|---|---|---|---|
| 2014-15 | 84.5 | -0.4 | 80,000 | -0.2 |
| 2015-16 | 87.0 | 2.9 | 72,000 | -10.0 |
| 2016-17 | 90.87 | 4.5 | 83,980 | 16.6 |
| 2017-18 | 92.81 | 2.1 | 88,180 | 5.0 |
| 2018-19 | 96.65 | 4.1 | 82,889 | -6.1 |
| 2019-20 | 98.82 | 2.3 | 69,624 | -16.1 |
| 2020-21 | 99.87 | 1 | 73,105 | 5.0 |
| 2021-22 | 106.52 | 6.7 | 71,760 | -1.8 |

അവലംബം: കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (DCCD), ഇന്ത്യാ ഗവൺമെന്റ്

**പട്ടിക 4.6.9** കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും,13-ാ പഞ്ചവത്സര പദ്ധതിയും 2022-23 (കോടി രൂപയിൽ)

| ക്രമ നമ്പർ | ഏജൻസി | 13-ാം പഞ്ചവത്സര പദ്ധതി | | | 2022-23 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % |
| 1 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 115.20 | 115.10 | 99.91 | 40.85 | 40.85 | 100.00 |
| 2 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 98.00 | 173.25 | 176.79 | 6.00 | 0.17 | 2.83 |
| 3 | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (KSACC) | 30.80 | 13.40 | 43.49 | 7.15 | 0.00 | 0.00 |
| 4 | കാപെക്സ് | 25.00 | 54.05 | 216.20 | 4.00 | 0.19 | 4.75 |
| | ആകെ | 269.00 | 355.80 | 132.27 | 58.00 | 41.21 | 71.05 |

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

കീഴിൽ നിലവിൽ 30 ഫാക്ടറികൾ പ്രവർത്തിക്കുന്നു, അതിൽ 20 എണ്ണം കരാർ അടിസ്ഥാനത്തിൽ കെ.എസ്.സി.ഡി.സി നടത്തുന്ന സ്വകാര്യ ഫാക്ടറികളാണ്. ഇത് ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉപജീവന സാധ്യതകൾ വർദ്ധിപ്പിച്ചു. എന്നിരുന്നാലും കോവിഡ്-19 മഹാമാരി കോർപ്പറേഷന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. 2019-20 നെ അപേക്ഷിച്ച് 2020-21, 2021-22 വർഷങ്ങളിൽ പ്രവൃത്തി ദിവസങ്ങളുടെയും വിറ്റുവരവുകളുടെയും എണ്ണം കുറഞ്ഞു. 2021-22ൽ കെഎസ്‌സിഡിസി 12,518 പേർക്ക് തൊഴിൽ നൽകി. ഫാക്ടറികളിലെ തൊഴിൽ ദിനങ്ങളുടെ എണ്ണം 96 ദിവസമായിരുന്നു. കെ.എസ്.സി.ഡി.സി ഏകദേശം 6987 MT അസംസ്കൃത കശുവണ്ടി സംസ്കരിച്ച് 2021-22 ൽ ഏകദേശം 1,701 MT കശുവണ്ടി കേർണലുകൾ ഉത്പാദിപ്പിച്ചു. 2021-22 ൽ കെഎസ്‌സിഡിസിയുടെ മൊത്തം വിറ്റുവരവ് 110.58 കോടി രൂപയാണ്. സമീപ വർഷങ്ങളിൽ ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.6.10, അനുബന്ധം 4.6.26** എന്നിവയിൽ നൽകിയിരിക്കുന്നു.

'മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ' വിപണനം ചെയ്യുന്നതിനാൽ കെഎസ്‌സിഡിസിക്ക്, വിൽപ്പന മൂല്യത്തിൽ മികച്ച വിഹിതം ലഭിക്കാൻ കാരണമായി. ഗിഫ്റ്റ് ഹാമ്പറുകൾ (250 ഗ്രാം ടിന്നുകൾ, പ്ലാറ്റിനം, പ്രീമിയം ബോക്സുകൾ), അസോർട്ടഡ് പ്രീമിയം കശുവണ്ടി, ജംബോ കശുവണ്ടി തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ ഏജൻസി പുറത്തിറക്കിയിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്. വിൽപ്പന വർധിപ്പിക്കാൻ കെഎസ്‌സിഡിസിയും ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്ക് വേർഡ് ലിങ്കേജിനുള്ള ഒരു ചുവടുവെയ്പ്പെന്ന നിലയിൽ, കശുമാവ് കൃഷി പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ കെ.എസ്.സി.ഡി.സി സ്വീകരിച്ചിട്ടുണ്ട്. തൈകൾ കുറഞ്ഞ വിലയിൽ ഗ്രോ ബാഗുകളിൽ വിതരണം ചെയ്യുന്നു. 2021-22ൽ കെഎസ്‌സിഡിസി നവീകരണവും സാങ്കേതിക നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുത്തു. കെഎസ്‌സിഡിസിയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.27**-ൽ നൽകിയിട്ടുണ്ട്.

**പട്ടിക 4.6.10** കെ.എസ്.സി.ഡി.സി യുടെ വിൽപ്പന വിറ്റുവരവ് (കോടി രൂപയിൽ)

| കാലഘട്ടം | വിറ്റുവരവ് | ലാഭം /നഷ്ടം |
|---|---|---|
| 2015-16 | 38.66 | -23.88 |
| 2016-17 | 84.99 | -19.44 |
| 2017-18 | 173.09 | -92.26 |
| 2018-19 | 132.33 | -100.27 |
| 2019-20 | 173.13 | -44.56 |
| 2020-21* | 87.44 | -85.15 |
| 2021-22* | 110.58 | -50.76 |

* താത്കാലികം, ഓഡിറ്റിന് വിധേയം
അവലംബം: കെ.എസ്.സി.ഡി.സി, കൊല്ലം

### കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്)

കേരള സർക്കാരിന് കീഴിലുള്ള 10 പ്രാഥമിക സഹകരണ സംഘങ്ങളുടെ ഫാക്ടറികളുടെ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനായി 1984-ൽ കൊല്ലം ആസ്ഥാനമായി കാപെക്സ് സ്ഥാപിക്കപ്പെട്ടു. സംഭരണം, സഹകരണ സംഘങ്ങൾ വഴിയുള്ള പ്രോസസ്സിംഗ് മാനേജ്മെന്റ്, മാർക്കറ്റിംഗ് എന്നിവ ഇതിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഈ സ്ഥാപനം അസംസ്കൃത കശുവണ്ടി സംഭരിക്കുകയും പ്രാഥമിക സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും അവർ മുഖേനെ സംസ്കരണം നടത്തി വിപണനം ചെയ്യുകയും ചെയ്യുന്നു. പ്രോസസ്സിംഗ് ചെലവ് കുറയ്ക്കുക, തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിലും ന്യായമായ വേതനവും നൽകുക എന്നിവ സ്ഥാപനത്തിന്റെ ലക്ഷ്യമാണ്.

2021-22ൽ, CAPEX 4,100-ലധികം തൊഴിലാളികൾക്കും ജീവനക്കാർക്കും 179 പ്രവൃത്തി ദിവസത്തേക്ക് തുടർച്ചയായി തൊഴിൽ നൽകി. 2021-22ൽ മൊത്തം വിൽപ്പന വിറ്റുവരവ് 63.15 കോടി രൂപയായിരുന്നു. കാപെക്സിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.28, 4.6.29** എന്നിവയിൽ നൽകിയിരിക്കുന്നു. കാപെക്സിന്റെ വിൽപ്പനയും വിറ്റുവരവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.11**–ൽ നൽകിയിരിക്കുന്നു

**കശുവണ്ടി കൃഷി വ്യാപനത്തിനായുള്ള കേരള സംസ്ഥാന ഏജൻസി (കെഎസ്എസിസി)**

കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഉറപ്പാക്കുന്നതിനുമായി 2007ൽ കേരള സർക്കാർ കെ.എസ്.എ.സി.സി രൂപീകരിച്ചു. കെഎസ്എസിസി 2007-08 മുതൽ 'ഓർഗാനിക് കശുവണ്ടി കൃഷിയും അസംസ്കൃത നട്ട് ബാങ്ക് സ്ഥാപിക്കലും' പദ്ധതി ആരംഭിച്ചു. 2021-22ൽ കർഷകർക്കും സ്ഥാപനങ്ങൾക്കുമായി ഏജൻസി 8,16,000 ഗ്രാഫ്റ്റുകൾ വിതരണം ചെയ്തു. ആകെ 3,498 ഹെക്ടർ പ്രദേശം കൃഷിയുള്ളതായി കണക്കാക്കപ്പെടുന്നു. 582 ഹെക്ടർ പ്രദേശം ഉയർന്ന സാന്ദ്രത നടീലിനും 2,500 ഹെക്ടർ പ്രദേശം സാധാരണ നടീലിനും വിനിയോഗിച്ചു. കൂടാതെ സംസ്ഥാനത്ത് രണ്ട് മാതൃകാ കശുവണ്ടിത്തോട്ടങ്ങൾ സ്ഥാപിച്ചു. ഒന്ന് കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷന്റെ പരിസരത്തും മറ്റൊന്ന് തിരുവനന്തപുരത്തെ നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിലുമാണ്. കെഎസ്എസിസി പിന്തുണയ്ക്കുന്ന കശുമാവ് കൃഷിയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.30**ൽ നൽകിയിരിക്കുന്നു.

ഇടതടവില്ലാത്തതും ക്രമരഹിതവുമായ മഴയും പ്രതികൂല കാലാവസ്ഥയും കാരണം സർക്കാർ നഴ്സറികളിലെ കശുവണ്ടി ഗ്രാഫ്റ്റ് ഉൽപാദനത്തെ പ്രതികൂലമായി ബാധിച്ചു. നടീൽ, വിളവെടുപ്പ് എന്നിവയ്ക്കാവശ്യമായ തൊഴിലാളികളുടെ ദൗർലഭ്യം, ഉൽപ്പന്നങ്ങളുടെ വിപണനം എന്നീ പ്രശ്നങ്ങൾ ഏജൻസി അഭിമുഖീകരിക്കുന്നു.

**കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് (കെസിബി)**

കേരളത്തിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ന്യായമായ വിലയ്ക്ക് അസംസ്കൃത കശുവണ്ടി (ആർസിഎൻ) സംഭരിച്ച് വിതരണം ചെയ്യുക എന്ന പ്രധാന ലക്ഷ്യത്തോടെ ഒരു പ്രത്യേക ഉദ്ദേശ വാഹനമായി (എസ് പി വി) 2017-ൽ സംസ്ഥാന സർക്കാർ കെ.സി.ബി സ്ഥാപിച്ചു. 2021-22 ൽ, കേരള കശുവണ്ടി ബോർഡ് 115 കോടി രൂപയ്ക്ക് 10,694.118 മെട്രിക് ടൺ ആർസിഎൻ സംഭരിച്ചു, ഇത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും (കെഎസ്സിഡിസി) കപെക്സിന്റെയും കീഴിലുള്ള 40 സംസ്കരണ യൂണിറ്റുകൾക്കും ലഭ്യമാക്കി. കേരള കശുവണ്ടി ബോർഡ്, കെഎസ്സിഡിസി, CAPEX എന്നിവരുടെ ഫാക്ടറികളിൽ മതിയായ സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തുകയും RCN-ന്റെ ഏറ്റവും മത്സരാധിഷ്ഠിതമായ വിലകളിൽ നിന്നും പ്രയോജനം നേടുകയും ചെയ്തു.

കെസിബി ഇറക്കുമതി ചെയ്ത കശുവണ്ടി ഉപയോഗിക്കുന്ന ഏജൻസികളായ കെഎസ്സിഡിസിക്കും കാപെക്സിനും കശുവണ്ടി ഇറക്കുമതിയുടെ മൂല്യം പൂർണ്ണമായും കെസിബിക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. ഇത് കെസിബിക്ക് ലഭിക്കേണ്ട തുകകൾ കുമിഞ്ഞു കൂടുന്നതിലേക്ക് നയിച്ചു. ഏകദേശം 156.17 കോടി രൂപ ഏജൻസിക്ക് ലഭിക്കാനുണ്ട്. ഇതിൽ 108.20 കോടി രൂപ കെഎസ്സിഡിസിയിൽ നിന്നും 47.97 കോടി രൂപ കാപെക്സിൽ നിന്നുമാണ്. തൽഫലമായി, പ്രവർത്തന മൂലധനത്തിന്റെ ആവശ്യകതയ്ക്കായി എടുത്ത വായ്പകളുടെ തിരിച്ചടവിനും കടങ്ങൾ തിരിച്ചടയ്ക്കുന്നതിലും കെസിബി ബുദ്ധിമുട്ട് നേരിടുന്നു.

**ഇന്ത്യയുടെ കശുവണ്ടി കയറ്റുമതി പ്രോത്സാഹന കൗൺസിൽ (സിഇപിസിഐ)**

1955-ൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിതമായ സിഇപിസിഐ, കശുവണ്ടി പരിപ്പിന്റെയും കശുവണ്ടി തോടിൽ നിന്നും ഉത്പാദിപ്പിക്കുന്ന ദ്രാവകത്തിന്റെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൗൺസിൽ അംഗങ്ങളായ കശുവണ്ടിയുടെ ഇറക്കുമതിക്കാർക്കും ആഭ്യന്തര കയറ്റുമതിക്കാർക്കും ഇടയിൽ ഒരു ഇടനിലക്കാരനായി കൗൺസിൽ പ്രവർത്തിക്കുന്നു.

2021-22 കാലയളവിൽ രാജ്യത്ത് നിന്ന് കശുവണ്ടി തോടിൽ നിന്നും ലഭിക്കുന്ന ദ്രാവകത്തിന്റെ കയറ്റുമതി 4,944 മെട്രിക് ടൺ ആയിരുന്നു (മൂല്യം 32.50 കോടി രൂപ). 2020-21ൽ ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതി 19,832 മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 199.75 കോടി രൂപയായിരുന്നു. 2012-13 മുതൽ കേരളം അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തിട്ടില്ല. എന്നാൽ, 2017-18ൽ 1.12 കോടി രൂപ വിലമതിക്കുന്ന 92 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തിരുന്നു. ഇത് മറ്റ് രാജ്യങ്ങളിലേക്ക് സംസ്കരിക്കുന്നതിനായാണ് കയറ്റുമതി ചെയ്തത്. 2021-22ൽ ഇന്ത്യയിൽ അസംസ്കൃത കശുവണ്ടിയുടെ (ആർസിഎൻ) ഇറക്കുമതി 9.36 ലക്ഷം മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 9,145.16 കോടി രൂപയായിരുന്നു. 2020-21ൽ കേരളത്തിലേക്കുള്ള

**പട്ടിക 4.6.11** കാപെക്സിന്റെ വിൽപ്പന വിറ്റുവരവ് (കോടി രൂപയിൽ)

| വർഷം | ആഭ്യന്തര വിൽപ്പന | കയറ്റുമതി | മൊത്തം വിൽപ്പന വിറ്റുവരവ് | ലാഭം/ നഷ്ടം |
|---|---|---|---|---|
| 2014-15 | 59.46 | 14.4 | 73.86 | -14.46 |
| 2015-16 | 59.07 | 14.65 | 73.72 | -16.41 |
| 2016-17 | 26.27 | 19.58 | 45.85 | -9.82 |
| 2017-18 | 81.55 | 5.32 | 86.87 | -12.59 |
| 2018-19 | 76.51 | 0 | 76.51 | -19.81 |
| 2019-20 | 85.19 | 0 | 85.19 | -16.95 |
| 2020-21 | 46.89 | 0 | 46.89 | -17.56 |
| 2021-22* | 63.15 | 0 | 63.15 | - |

അവലംബം: കപെക്സ്
*ഓഡിറ്റിന് വിധേയം

ആർസിഎൻ ഇറക്കുമതി 18,424 മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 166.28 കോടി രൂപയാണ്. അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയിലും ഇറക്കുമതിയിലും വർഷങ്ങളായി വലിയ വ്യതിയാനങ്ങൾ സംഭവിക്കുന്നത് പ്രാഥമികമായി സംസ്കരണ വ്യവസായത്തിലെയും വ്യാപാരികളുടെയും പ്രവർത്തന രീതി മൂലമാണ്. അസംസ്കൃത കശുവണ്ടി, കശുവണ്ടി പരിപ്പ് എന്നിവയുടെ അന്താരാഷ്ട്ര വിലയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. അതിനാൽ, മറ്റ് പ്രോസസ്സിംഗ് രാജ്യങ്ങളിലെ വിപണി സാഹചര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തെ ബാധിക്കുന്നു.

**കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (DCCD)**

ഇന്ത്യാ ഗവൺമെന്റിന്റെ കൃഷി, സഹകരണ, കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഓഫീസാണ് ഡി.സി.സി.ഡി. രാജ്യത്തെ കശുവണ്ടി, കൊക്കോ വികസന പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നോഡൽ ഏജൻസിയാണിത്. അതിന്റെ പ്രവർത്തനങ്ങൾ രാജ്യത്തുടനീളം വ്യാപിച്ചിരിക്കുന്നു. 2021-22 ൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയോജിത പ്രവർത്തനങ്ങളുടെ ഫലമായി 22,744 ഹെക്ടർ സ്ഥലത്തേക്ക് അത്യുത്പാദനശേഷിയുള്ള തൈകൾ വച്ച് പിടിപ്പിച്ച് കശുമാവ് കൃഷി വ്യാപിപ്പിച്ചു. പ്രായമേറിയതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ കശുവണ്ടി തോട്ടങ്ങളുള്ള 2,404 ഹെക്ടർ സ്ഥലത്ത് പുതിയ തൈകൾ നട്ട് പിടിപ്പിക്കലും പുനരുജ്ജീവനവും നടത്തി. ഗുണമേന്മയുള്ള കശുമാവ് തൈകൾ ഉത്പാദിപ്പിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി 86 ലക്ഷം ഗ്രാഫ്റ്റുകളുടെ ഉത്പാദനശേഷിയുള്ള 48 കശുമാവ് നേഴ്സറികൾക്ക് അക്രഡിറ്റേഷൻ നൽകുകയുണ്ടായി. വികസന പരിപാടികൾക്കായി 3,56,000 കശുവണ്ടി ഗ്രാഫ്റ്റുകൾ വിതരണം ചെയ്തു. SAU, ICAR ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ചേർന്ന് 23 കർഷക തല പരിശീലന പരിപാടികൾ നടത്തി 800 ഓളം പേർക്ക് പ്രയോജനം ലഭിച്ചു. നൈപുണ്യ വികസന പരിപാടിക്ക് കീഴിൽ 17 ബാച്ചുകൾക്കും 425 തൊഴിലില്ലാത്ത വനിതകൾക്കും മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിന് പരിശീലനം നൽകി.

**വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

കേരളത്തിലെ കശുമാവ് കൃഷി നേരിടുന്ന വെല്ലുവിളികളിൽ ഭൂമിയുടെ മേലുള്ള സമ്മർദ്ദം, ഭൂപരിധി നിയമങ്ങൾ മൂലമുള്ള നിയന്ത്രണങ്ങൾ, അണുബാധാ രോഗങ്ങളുടെ ആധിക്യം, കർഷകർക്ക് മികച്ച സാമ്പത്തിക ലാഭം നൽകുന്ന മറ്റ് വിളകളുമായുള്ള മത്സരം എന്നിവ ഉൾപ്പെടുന്നു. അത്യുൽപ്പാദനശേഷിയുള്ള കശുവണ്ടി ഇനങ്ങളുടെയും ആധുനിക കൃഷിരീതികളുടെയും സാവധാനത്തിലുള്ള വ്യാപിക്കുന്ന രീതിയും സംസ്ഥാനത്തിന്റെ പരിമിതികളിൽ ഉൾപെടുന്നു. മത്സര വിലയിൽ അസംസ്കൃത കശുവണ്ടിയുടെ ആപേക്ഷിക ദൗർലഭ്യം, ഉയർന്ന സംസ്കരണ ചെലവ്, ആധുനിക സംസ്കരണ സാങ്കേതികവിദ്യകളുടെ മന്ദഗതിയിലുള്ള അവലംബം, മറ്റ് സംസ്കരണ രാജ്യങ്ങളിൽ/പ്രദേശങ്ങളിൽ നിന്നുള്ള കടുത്ത മത്സരം എന്നിവ ആണ് കേരളത്തിലെ കശുവണ്ടി സംസ്കരണം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഇത്തരം വെല്ലുവിളികൾ അഭിമുഖീകരിച്ചു കൊണ്ട് തന്നെ അടച്ചുപൂട്ടിയ സ്വകാര്യ മേഖലയിലെ ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുകയും അതുവഴി ഈ വ്യവസായത്തെ ഉപജീവനത്തിനായി ആശ്രയിക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന സർക്കാർ ഊന്നൽ നൽകുന്നത്.

കശുവണ്ടി സംസ്കരണ യൂണിറ്റുകളെ 'എംഎസ്എംഇ യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും' എന്ന പദ്ധതിക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പലിശ ഇളവ് ഇതിനായി പ്രതീക്ഷിക്കുന്നു. കേരളത്തിലെ കാർഷിക മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുമ്പോൾ, കശുമാവ് കൃഷി ഒരു ലാഭകരമായ സംരംഭമായി മാറുകയാണ്. അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ, ശാസ്ത്രീയ കൃഷിരീതികൾ, വിപുലീകരണ സേവനങ്ങളുടെ കാര്യത്തിൽ കൂടുതൽ പിന്തുണ, വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം എന്നിവയിലൂടെ സംസ്ഥാനത്തിന്റെ അസംസ്കൃത കശുവണ്ടിയുടെ ഉൽപാദനത്തിനു ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിക്കും. ന്യായമായ വിലയും വർദ്ധിച്ചു വരുന്ന കശുവണ്ടിയുടെ ആഭ്യന്തര ഉത്പാദനം കേരളത്തിന് കശുവണ്ടി ഇറക്കുമതിയിലുള്ള ആശ്രയത്വം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സംസ്കരണത്തിലും മൂല്യവർദ്ധനയിലും ആധുനിക സാങ്കേതികവിദ്യകൾ അതിവേഗം സ്വീകരിക്കുക, സംസ്കരണ ചെലവ് കുറയ്ക്കുക, പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുക, കശുവണ്ടി ആപ്പിളിന്റെ ഉപയോഗം ഉൾപ്പെടെയുള്ള കശുവണ്ടിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയിലാണ് കേരളത്തിലെ കശുവണ്ടി മേഖല ശ്രദ്ധകേന്ദ്രീകരിക്കേണ്ടത്. 'കേരള കശുവണ്ടി'യുടെ തനതായ സ്വത്വം നിലനിർത്തുന്നതിനായി പുതിയ വിപണികളും വിപണന തന്ത്രങ്ങളും വികസിപ്പിക്കുന്നതിനുള്ള വലിയ ശ്രമങ്ങൾ ഭാവിയിൽ വ്യവസായത്തെ അഭിവൃദ്ധി പ്പെടുത്താൻ സഹായിക്കും.

അദ്ധ്യായം

# 05

# സേവന മേഖല

# സേവന മേഖല

## 5.1 വിവരസാങ്കേതിക വിദ്യ

കേരളത്തിലെ ഇൻഫർമേഷൻ ടെക്നോളജി (ഐടി) മേഖല സംസ്ഥാനത്തിന്റെ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അതിന്റെ സാധ്യതയും നിർണായക പ്രാധാന്യവും മനസ്സിലാക്കി, ഈ മേഖലയ്ക്ക് മികച്ചതും ലോകോത്തരവുമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിന്റെ ഡിജിറ്റൽ സാങ്കേതിക ശേഷികളും വിഭവങ്ങളും വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി പ്രോജക്ടുകൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരതാ പരിപാടികൾ, അടിസ്ഥാന ഐടി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ എന്നിവ നടപ്പാക്കുന്നതിൽ സംസ്ഥാനത്തെ മുൻനിരയിൽ കൊണ്ടുവരുന്നതിന് ഇത് സഹായിച്ചു.

കേരളത്തിന് വളരെ പ്രധാനപ്പെട്ട ചില സവിശേഷതകളുണ്ട് മൊബൈൽ/ടെലിഫോൺ വ്യാപനം സംസ്ഥാനത്ത് ശ്രദ്ധേയമായ തോതിൽ ഉണ്ട്. ബ്രോഡ്ബാൻഡ്, മൊബൈൽ വഴിയുള്ള ഇന്റർനെറ്റ് വ്യാപനവും വളരെ കൂടുതലാണ്. സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ, കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്നതിലും സംസ്ഥാനത്തെ മുൻ നിരയിൽ നിർത്തുന്നുണ്ട്. നിലവിൽ, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ആപേക്ഷിക വലുപ്പം കണക്കിലെടുക്കുമ്പോൾ ദേശീയ ഐടി മേഖലയിൽ കേരളത്തിന്റെ ഐടി മേഖലയുടെ പങ്ക് പ്രാധാന്യമർഹിക്കുന്നു.

അന്തരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ച സജീവമായ ഒരു സ്റ്റാർട്ട് അപ് എക്കോസിസ്റ്റം ഭാവിയിലേക്കുള്ള നല്ല സൂചകമാണ്. ഐ.ടി വ്യവസായ മേഖലയിലെ ഇത്തരത്തിലുള്ള നിക്ഷേപങ്ങൾ പ്രാദേശികമായോ സ്ഥലപരമായോ വികേന്ദ്രീകരിക്കുന്നതിന് സഹായിക്കും. അടുത്ത വർഷങ്ങളായി ഹബ്ബ് ആന്റ് സ്പോക്ക് മോഡലിലേക്കുള്ള സർക്കാരിന്റെ പ്രതിബദ്ധത ഈ മേഖലയിൽ കൂടുതൽ വികേന്ദ്രീകൃത നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. രാജ്യത്തെ ഇലക്ട്രോണിക്സ്, ഐടി മേഖലയുടെ വികസനത്തിൽ സ്റ്റാർട്ടപ്പുകൾ പ്രധാന പങ്ക് വഹിക്കുന്നതിനാൽ, ഒന്നിലധികം നയ ഇടപെടലുകളിലൂടെ അതിവേഗം വളരുന്ന സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഊർജസ്വലമായ ഒരു സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

സംസ്ഥാനമെന്ന നിലയിൽ ഏറ്റവും കൂടുതൽ മൊബൈൽ വ്യാപനമുള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. കെഫോൺ പദ്ധതിയിലൂടെ കേരളം അതിവേഗ ഫൈബർ കണക്റ്റിവിറ്റിയുടെ ഏറ്റവും ഉയർന്ന കവറേജുള്ള സംസ്ഥാനമായി മാറുകയാണ്. കെ ഫോൺ പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന്റെ നിലവാരം ഉയർത്തും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയും (കെഎസ്ഇബി) കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെഎസ്ഐടിഐഎൽ) വിഭവ സമാഹരണത്തിലൂടെയുള്ള നൂതനമായ സഹകരണമാണ് ഈ പദ്ധതി.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം.), കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ), ഇന്റർനാഷണൽ സെന്റർഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ്), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.), സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) എന്നിവയാണ് സംസ്ഥാനത്ത് വിവര സാങ്കേതിക പദ്ധതികൾ നടപ്പാക്കുന്ന, വിവരസാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ.

**ഐടി മേഖലയിലെ ഏജൻസികളുടെ പ്രകടനം**

സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് ഐടി വ്യവസായം വിപുലീകരിക്കാൻ കേരള സർക്കാർ വിഭാവനം ചെയ്യുന്നു. ഒരു ഹബ്ബും സ്പോക്ക് മോഡലുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിൽ തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോപാർക്ക്), കോഴിക്കോട് (സൈബർ പാർക്ക്) എന്നിവ കേന്ദ്രങ്ങളായി പ്രവർത്തിക്കും, ശേഷിക്കുന്ന ജില്ലകൾ സ്പോക്കുകളായിരിക്കും.

ഐ.റ്റി പശ്ചാത്തല സൗകര്യങ്ങൾക്കും ഐ.റ്റി.ഇ.എസ്, ഇ- ഗവണൻസ് പ്രവർത്തനങ്ങൾക്കും ഈ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2021-22 ബജറ്റിൽ 525.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട് കൂടാതെ, ഇതിൽ, 334.59 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (63.70 ശതമാനം). 2022-23 വാർഷിക പദ്ധതിയിൽ, 559 കോടി രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ (2020-2023) പദ്ധതി വിഹിതത്തിന്റെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 5.1.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1** പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| ക്രമ നം. | വകുപ്പ്/പദ്ധതി | വാർഷിക പദ്ധതി 2020-21 | | വാർഷിക പദ്ധതി 2021-22 | | വാർഷിക പദ്ധതി 2022-23 | |
|---|---|---|---|---|---|---|---|
| | | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് (2022 നവംബർ (രെവ |
| 1 | കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ(കെ.എസ്.ഐ.റ്റി.എം) | 124.14 | 87.43 | 125.13 | 91.17 | 131.62 | 31.92 |
| 2 | ടെക്നോപാർക്ക് | 2 | 1.75 | 24.05 | 21 | 26.6 | 12.00 |
| 3 | ഇൻഫോപാർക്ക് | 10 | 6 | 35.55 | 34.55 | 35.75 | 0 |
| 4 | സൈബർപാർക്ക് | 0.01 | 0 | 12.37 | 0 | 12.83 | 0 |
| 5 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി.എം.കെ) | 64.2 | 64.19 | 20 | 20 | 20.6 | 10.92 |
| 6 | സ്റ്റാർട്ടപ്പ് മിഷൻ | 73.5 | 52.19 | 68.75 | 55.77 | 90.52 | 31.75 |
| 7 | കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ) | 212.75 | 102.29 | 201.9 | 87.5 | 201.09 | 96.59 |
| 8 | സി-ഡിറ്റ് | 6 | 6.43 | 6 | 4.6 | 6 | 2.69 |
| 9 | ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ | 7.5 | 4.75 | 7.5 | 6 | 7.99 | 3 |
| 10 | ഡിജിറ്റൽ യൂണിവേഴ്സിറ്റി | 0 | 0 | 24 | 14 | 26 | 12.68 |
| | ആകെ | 500.1 | 325.03 | 525.25 | 334.59 | 559 | 201.55 |

അവലംബം: ബഡ്ജറ്റ് എസ്റ്റിമേറ്റ്

**ബോക്സ് 5.1.1** കേരളത്തിലെ ഐ.ടി മേഖലയുടെ പ്രകടനം

- ഏകദേശം 30,000 സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഹൈസ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ കഴിവുള്ള സംസ്ഥാനമൊട്ടാകെയുള്ള ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയായ KFON സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങളും നൽകുന്നു.
- 9,017 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് 2,734 അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു.
- 1,000 വൈഫൈ ഹോട്ട്സ്പോട്ടുകളുടെ രണ്ടാം ഘട്ട ഇൻസ്റ്റാളേഷൻ പൂർത്തിയായി, ഏകദേശം 15 ലക്ഷത്തോളം മൊബൈൽ ഉപയോക്താക്കൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നു. പ്രതിദിനം 8 ടിബി വരെയാണ് ഡാറ്റ ഉപഭോഗം.
- ഇൻറർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യയുമായി (ഐഎംഎഐ) സഹകരിച്ച് സൈബർപാർക്ക് കേരളത്തിൽ ആദ്യമായി ആപ്പ് ഇൻകുബേഷൻ ഹബ് വികസിപ്പിച്ചെടുത്തു.
- നിലവിൽ ആധാർ എൻറോൾമെന്റിനും ആധാർ വിശദാംശങ്ങളിൽ മാറ്റം വരുത്തുന്നതിനും അക്ഷയ സിഎസ്സികൾ വഴി ഏകദേശം 900 സ്ഥിരം എൻറോൾമെന്റ് സെന്ററുകളും 1,500 ചൈൽഡ് എൻറോൾമെന്റ് സെന്ററുകളും ഉണ്ട്.
- ടെക്നോപാർക്ക് കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ ബേസ് കാമ്പസാണ്, ടെക്നോപാർക്ക് മൂന്നാം ഘട്ടം കമ്മീഷൻ ചെയ്യുതോടെ 380 ഏക്കർ സ്ഥലവും 9.7 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയും ഉള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി ഇത് മാറി.
- ഇക്കോസിസ്റ്റത്തിലെ സാങ്കേതിക സ്റ്റാർട്ടപ്പുകളുടെ എണ്ണം 2020-21ലെ 3,143 നെ അപേക്ഷിച്ച് 2021-22ൽ 3,650 ആയി.

**കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)**

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ വരുന്ന ഒരു സ്വയംഭരണ ഐ.റ്റി നിർവ്വഹണ ഏജൻസിയാണ്. വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതികവും, ഭരണപരവുമായ സഹായങ്ങൾ ഈ സ്ഥാപനം നൽകി വരുന്നു. ഐ.സി.ടി അനുബന്ധ നയങ്ങൾ, മാർഗ്ഗരേഖകളും മാനദണ്ഡങ്ങളും എന്നിവയുടെ വികസനം, ഗവൺമെന്റ് സ്ഥാപനങ്ങൾക്കുള്ള ഐ.സി.ടി ഫെസിലിറ്റേഷൻ, ഡിജിറ്റൈസേഷൻ പ്രയത്നങ്ങളിൽ സംസ്ഥാന വകുപ്പുകൾക്കുള്ള പിന്തുണയും മാർഗ്ഗ നിർദ്ദേശവും, സർക്കാരിനും വ്യവസായത്തിനും ഇടയിലുള്ള മധ്യവർത്തിയായി പ്രവർത്തിക്കുക, കാര്യശേഷി വികസനത്തിന് മുൻകൈ എടുക്കുക, ഡിജിറ്റൽ വിടവ് നികത്തുക, ഐ.ടി ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക, വിവിധ ഇ-ഗവേണൻസ് സംരംഭങ്ങൾ ഏറ്റെടുക്കുക തുടങ്ങി വൈവിധ്യമാർന്ന റോളുകൾ കെ.എസ്.ഐ.ടി.എം നിർവ്വഹിക്കുന്നു. "സിറ്റിസൺ ഫസ്റ്റ്" എന്ന സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡിജിറ്റൽ സേവനങ്ങൾ ഏറ്റവും മികച്ച രീതിയിൽ പൗരൻമാർക്ക് നൽകുക എന്നതാണ് കെ.എസ്.ഐ.ടി.എമ്മിന്റെ കാതലായ പ്രവർത്തനം.

**കെ.എസ്.ഐ.റ്റി.എം.ന്റെ പ്രധാന പ്രവർത്തനങ്ങൾ**

സേവനങ്ങൾ നൽകുന്നതിൽ സുതാര്യതയും വിശ്വാസ്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി സദ്ഭരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ് ഇ-ഗവേണൻസ്. ഇ-സാക്ഷരതാ പദ്ധതി, ഇ-ഗവേണൻസ്, മൊബൈൽ ഗവേണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും കേരളം മുൻ നിരയിൽ നിൽക്കുന്നു.

**പബ്ലിക് വൈ ഫൈ:** ജനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുന്നതിനായി സംസ്ഥാനത്തുടനീളം 2,023 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ പബ്ലിക് വൈ-ഫൈ പ്രോജക്ടിലൂടെ സ്ഥാപിച്ചു. ബസ് സ്റ്റാൻഡുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവ ഉൾപ്പെടുന്ന ഹോട്ട്സ്പോട്ടുകൾ ജില്ലാ ഭരണകൂടം കണ്ടെത്തിയിട്ടുണ്ട്.

**ഇ–ഓഫീസ്:** ഓഫീസ് നടപടി ക്രമങ്ങൾ ഇലക്ട്രോണിക് ആയി നടപ്പാക്കുന്നതിലൂടെ ഡിജിറ്റൽ വിനിമയത്തിന്റെ ഗുണഫലങ്ങൾ ഉപയോഗിച്ചു കൊണ്ട് സർക്കാർ ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും ആശയവിനിമയം വഴി വേഗത്തിൽ തീരുമാനമെടുക്കുന്നതുമാണ് ഇ-ഓഫീസ് ലക്ഷ്യമിടുന്നത്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും 119 ഡയറക്ടറേറ്റുകളിലും/കമ്മീഷണറേറ്റുകളിലും/മറ്റു ഗവൺമെൻറ് ഓഫീസുകളിലും/എല്ലാ കളക്ടറേറ്റുകളിലും/ 17 സബ്കളക്ടറേറ്റുകളിലും/ആർ ഡി ഒ ഓഫീസുകളിലുമായി ഇ-ഓഫീസ് നടപ്പാക്കി കഴിഞ്ഞു. വരും വർഷങ്ങളിൽ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും തുടങ്ങി താഴെ തട്ടുവരെ ഇ-ഓഫീസ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

**അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ**:- കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്(സ്വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ(എസ്എസ്ഡിജി) എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ.

**കെസ്വാൻ:** സംസ്ഥാനത്തെ 14 ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകളെയും സംസ്ഥാനത്തുടനീളമുള്ള റവന്യൂ ടവറുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കെസ്വാൻ പദ്ധതിയാണ് സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്.ഐ.ഐ) നട്ടെല്ല്. സംസ്ഥാനത്തെ 4,000 ഓളം സർക്കാർ ഓഫീസുകളെ വയർലെസ്സിലൂടെയും മറ്റനവധി ലീസ്ഡ് ലൈൻ, ലാൻ എന്നിവയിലൂടെയും ഈ ശൃംഖല ബന്ധിപ്പിക്കുന്നു. ഐടി പ്രാപ്തമാക്കിയ സേവനങ്ങളുടെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുന്നതിനുള്ള ദർശനത്തോടെ സർക്കാർ സെക്രട്ടേറിയറ്റിൽ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ (ഒഎഫ്സി) അധിഷ്ഠിത നെറ്റ്‌വർക്ക് ആർക്കിടെക്ചർ സ്ഥാപിക്കാനാണ് കെസ്വാൻ ലക്ഷ്യമിടുന്നത്. സംസ്ഥാന ഡാറ്റാ സെന്ററുകൾ (എസ്ഡിസി) സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് ചട്ടക്കൂടിന്റെ ഹൃദയഭാഗത്താണ്, സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റുചെയ്യുകയും അനുബന്ധ സേവനങ്ങൾ നൽകുകയും ചെയ്യുന്നു.

**ഇ ഡിസ്ട്രിക്റ്റ്:** ദേശീയ ഇ-ഗവേണൻസ് പദ്ധതിക്ക് കീഴിലുള്ള സ്റ്റേറ്റ് മിഷൻ മോഡ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ജില്ലാതലത്തിൽ ഉയർന്ന അളവിലുള്ള സേവനങ്ങൾ എത്തിക്കുന്നതിനും അക്ഷയ വഴി ഈ സേവനങ്ങളുടെ ഓൺലൈൻ ലഭ്യത പ്രാപ്തമാക്കുന്നതിനും, ബാക്ക് എൻഡ് കമ്പ്യൂട്ടറൈസേഷനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2021ൽ 1,06,22,604 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 9,54,827 അപേക്ഷകൾ അംഗീകരിക്കുകയും ചെയ്തു.

നിലവിൽ സംസ്ഥാനത്തുടനീളം 23 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് ലൂടെ ഓൺലൈൻ കൊണ്ടുവന്നിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ സഹായത്തോടെയോ പൊതു പോർട്ടൽ വഴിയോ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കാനും ഡിജിറ്റൽ ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ നേടാനും ഈ സൗകര്യം പൗരന്മാരെ പ്രാപ്തരാക്കുന്നു. ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി 6 കോടിയിലധികം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ–ജിപി)** സംസ്ഥാനത്ത് നടപ്പാക്കി. 5 ലക്ഷം രൂപയുടെ മുകളിലുള്ള എല്ലാ ടെൻഡറുകൾക്കും ഇ-ടെൻഡറിംഗ് സ്വീകരിക്കാൻ എല്ലാ സർക്കാർ വകുപ്പുകളും/ബോർഡുകളും/സർവകലാശാലകളും/ ഓർഗനൈസേഷനുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ:** 14 ജില്ലാ ആസ്ഥാനങ്ങളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. പൗരൻമാർക്ക് അധിക ചെലവുകളില്ലാതെ സർക്കാരിലേക്കുള്ള എല്ലാ നികുതികളും മറ്റു കുടിശ്ശികകളും ഒരു കുടക്കീഴിൽ നൽകാനുള്ള അവസരം അക്ഷയ കേന്ദ്രം വഴി ഉറപ്പാക്കുന്നുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ വികസിപ്പിച്ച ഫ്രീസ് (ഫ്രണ്ട്സ് റീ-എഞ്ചിനീയറിംഗ് എന്റർപ്രൈസ് പ്രാപ്തമാക്കിയ സിസ്റ്റം) എന്ന ഒരു പുതിയ

സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തു.

**അക്ഷയ:** വിവര സാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ 2002 നവംബർ 18-ന് ആരംഭിച്ച ഒരു നൂതന സംരംഭമാണ് അക്ഷയ. പൊതു സ്വകാര്യ പങ്കാളിത്ത രീതിയിലാണ് 'അക്ഷയ' പ്രവർത്തിക്കുന്നത്. കുടുംബത്തിലെ ഒരാൾക്കെങ്കിലും ഇ-സാക്ഷരത എന്നതായിരുന്നു തുടക്കത്തിലെ ഉദ്ദേശ്യം. ക്രമേണ പൗരന്മാർക്ക് സേവനം നൽകുക എന്നതിലേക്ക് അക്ഷയ മാറി. അക്ഷയ എൻറോൾമെന്റ് ഏജൻസിയായി പ്രവർത്തിക്കുകയും അക്ഷയ കേന്ദ്രങ്ങളിലൂടെ ആധാർ എൻറോൾമെന്റ് നടത്തുകയും ചെയ്യുന്നു. 2021-22 കാലയളവിൽ 9017 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് 2,734 അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം 5.1.1**ൽ ചേർത്തിരിക്കുന്നു.

**ആധാർ:** കേരളത്തിൽ 100 ശതമാനം ആധാർ എൻറോൾമെൻറ് പൂർത്തിയായിട്ടുണ്ട്. യുഐഡിഎ കെഎസ്ഐറ്റിഎം നെ ആധികാരിക ഉപയോക്തൃ ഏജൻസിയായും, ഇ-കെവൈസി ഉപയോക്തൃ ഏജൻസിയായും, പ്രാമാണീകരണം വാഗ്ദാനം ചെയ്യുന്നതിനുള്ള ഇ-കെവൈസി ഉപയോക്തൃ ഏജൻസിയായും അംഗീകരിച്ചു.

**വീഡിയോ കോൺഫറൻസിംഗ് (വിസി)**
ഒരു മീറ്റിംഗ്/ചർച്ച നടത്തുന്നതിനായി വിദൂര സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിനും വീഡിയോയും ഓഡിയോയും സംയോജിപ്പിച്ച് പ്രക്ഷേപണം ചെയ്യുന്ന ഒരു സാങ്കേതികവിദ്യയാണ് വീഡിയോ കോൺഫറൻസിംഗ് (വിസി). വിസി സെഷനുകളുടെ മാനേജ്മെന്റ്, വിസി ഉപകരണങ്ങളുടെ പരിപാലനം, സ്റ്റുഡിയോകൾ എന്നിവ സി-ഡിറ്റിന്റെ പിന്തുണയോടെയാണ് നടത്തുന്നത്. വിസി ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച്, ഈ വർഷം 7,500 വിസികൾ നടത്താൻ കെഎസ്ഐടിഎമ്മിന് കഴിഞ്ഞു.

**ഡിജിലോക്കർ സേവനം നിലവിൽ ഇനിപ്പറയുന്ന സേവനങ്ങൾക്കായി സംയോജിപ്പിച്ചിരിക്കുന്നു.**
- ഇ ഡിസ്ട്രിക്റ്റ്-റവന്യൂ സർട്ടിഫിക്കറ്റ്
- ഭക്ഷ്യ, സിവിൽ വിതരണ വകുപ്പ്- റേഷന് കാർഡ്
- പരീക്ഷ ഭവൻ- എസ്എസ്എൽസി
- മോട്ടോർവെഹിക്കിൾഡിപ്പാർട്ട്മെന്റ്- ഡ്രൈവിംഗ് ലൈസൻസും വെഹിക്കിൾ രജിസ്ട്രേഷനും.
- പി.എസ്.സി- വൺ ടൈം വെരിഫിക്കേഷൻ(ഒ.ടി.വി).
- കേരളാ സർവകലാശാലയുടെ സർട്ടിഫിക്കറ്റുകൾ

**ഇ–സേവനം & എം–സേവനം:** കേരള ഇ-സേവന പോർട്ടൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരള സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും (ജി2സി &ജി2ബി) ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഒരു സദ്ഭരണ ഉദ്യമമാണ് ഇ-സേവനം. 70-ലധികം വകുപ്പുകളുടെ 546-ഓളം സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകീകരിക്കുന്നതിനു പുറമേ, എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും (ഏകദേശം 546 സേവനങ്ങൾ) എം-സേവനം എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നൽകുന്നത്.

**കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ (കെഎസ്ഡിഐ):** പങ്കാളിത്ത പ്രക്രിയയിലൂടെ കേരളത്തിന്റെ വിശദമായ ഭൂപടം സൃഷ്ടിക്കുകയാണ് മാപത്തോൺ കേരളം ലക്ഷ്യമിടുന്നത്. വിവിധ സന്നദ്ധ സംഘടനകളുടെയും സാമുദായിക സംഘടനകളുടെയും സഹായത്തോടെ കേരളത്തിലുടനീളം മാപ്പിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് എന്ന സോഫ്റ്റ്‌വെയർ (ഫോസ്), പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയുള്ള പുതിയ ജിയോപോർട്ടൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമായി (ഐക്ഫോസ്) ചേർന്ന് സംയുക്തമായി വികസിപ്പിച്ചെടുത്തു.

**കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി**
2020 ൽ കേരള സർക്കാർ ഐഐഐടിഎംകെ യെ "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി" ആയി ഉയർത്തി. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആക്റ്റ് 2021 പ്രകാരമാണ് കേരള സർക്കാർ സർവ്വകലാശാല സ്ഥാപിച്ചത്. 2021 ഫെബ്രുവരി 20ന് ഉദ്ഘാടനം ചെയ്ത് ടെക്നോസിറ്റി കാമ്പസിൽ പ്രവർത്തനം ആരംഭിച്ചു.

ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ശാസ്ത്രം, ഹ്യുമാനിറ്റീസ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം, ഗവേഷണം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി ആഗോള പ്രശസ്തിയുള്ള വികസനത്തിന്റെ കേന്ദ്രമായി മാറാനാണ് സർവകലാശാല വിഭാവനം ചെയ്യുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, ഇലക്ട്രോണിക് സിസ്റ്റങ്ങളും ഓട്ടോമേഷൻ, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റാ അനലിറ്റിക്സ്, ബിഗ് ഡാറ്റ, സൈബർ സെക്യൂരിറ്റി, ബ്ലോക്ക് ചെയിൻ, ഇക്കോളജിക്കൽ, ഇൻഫോർമാറ്റിക്സും ജിയോസ്പേഷ്യൽ അനലിറ്റിക്സും എന്നീ മേഖലകളിൽ മാസ്റ്റേഴ്സ്, ഡോക്ടറേറ്റ് പ്രോഗ്രാമുകളിൽ ശേഷി വർദ്ധിപ്പിക്കാനാണ് സർവകലാശാല ലക്ഷ്യമിടുന്നത്.

**പ്ലേസ്മെന്റ് റെക്കോർഡുകൾ**
ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പാസായ കുട്ടികൾ അന്തർദേശീയമായി അറിയപ്പെടുന്ന ഐടി കമ്പനികളായ ജെ.എഫ്.ഡബ്ലിയു.റ്റി.സി- ജനറൽ ഇലക്ട്രിക് ആക്സെഞ്ചർ, ആംഡോക്സ്, സീമെൻസ് ഏണസ്റ്റ് & യങ്, എ.ആർ. എസ് സോഫ്റ്റ്‌വെയർ അലയൻസ് കോൺഹിൽ, ഐബിഎം, ഐ ബി എസ്, ഇൻഫോസിസ്, ടാറ്റ എൽക്സി ടാറ്റാ കൺസൾട്ടൻസി സർവീസസ്, യു എസ് ടി ഗ്ലോബൽ ടെക്നോളജി വിപ്രോ തുടങ്ങിയ കമ്പനികളിൽ പ്രശംസനീയമായ സ്ഥാനങ്ങൾ വഹിക്കുന്നു.

**ടെക്നോസിറ്റി കാമ്പസ്**
ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കാമ്പസ് ടെക്നോസിറ്റിയിൽ പൂർത്തീകരണ ഘട്ടത്തിലാണ്, ഇൻഫർമേഷൻ ടെക്നോളജിയിലും അതിന്റെ ആപ്ലിക്കേഷൻ ഡൊമെയ്നുകളിലും പഠനങ്ങൾ, ഗവേഷണങ്ങൾ, ഇൻകുബേഷൻ എന്നിവ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പൂർത്തിയായി വരുന്ന ക്യാമ്പസിൽ മൊത്തം 48,161 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ടാകും. അക്കാദമിക് ബ്ലോക്ക്, സ്റ്റുഡന്റ്സ് ഹോസ്റ്റൽ ബ്ലോക്ക്, വിവിധ ബ്ലോക്കുകളായ സബ്സ്റ്റേഷൻ, സംപ്, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം

പൂർത്തിയായി. കാമ്പസിലേക്കുള്ള കെഎസ്ഇബി വൈദ്യുതി വിതരണത്തിനായുള്ള ട്രാൻസ്ഫോർമർ, ടൈം ഓഫ് ദി ഡേ (ടിഒഡി) മീറ്റർ എന്നിവയുടെ പരിശോധന പൂർത്തിയായി. എസ്ടിപി പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്.

**ടെക്നോപാർക്ക്**

ആഗോള നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദ്യയിലൂന്നിയ വ്യവസായങ്ങളുടെ വികസനത്തിനാവശ്യമായ മുഴുവൻ സഹായവും നൽകുന്നതിനുമായി കേരള സർക്കാരിൻറെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് ആരംഭിച്ചത്. 1995 നവംബർ 18-നാണ് ഈ സ്ഥാപനം ഔദ്യോഗികമായി രാഷ്ട്രത്തിന് സമർപ്പിച്ചത്. അന്നു മുതൽ ടെക്നോപാർക്ക് അതിന്റെ വലിപ്പത്തിലും, ജീവനക്കാരുടെ എണ്ണത്തിലും വളർന്നുകൊണ്ടേയിരിക്കുന്നു. മൂന്നാം ഘട്ട വികസനത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐ.റ്റി. പാർക്കുകളിൽ ഒന്നായി ടെക്നോപാർക്ക് മാറും. ഇവിടെ 375 ഏക്കർഭൂമിയും 10.6 മില്യൺ ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏര്യയുമുണ്ട്. കഴക്കൂട്ടത്ത് ടെക്നോസിറ്റി പ്രോജക്ട് വരുന്നതോടുകൂടി 390 ഏക്കർ വിസ്തൃതിയിൽ ഒരു ഏകീകൃത ഐ.റ്റി. ടൗൺഷിപ്പാകുകയും, കേരളത്തിലെ തന്നെ ആദ്യത്തെ ഐ.റ്റി. ഇടനാഴിയായി മാറുകയും ചെയ്യും. 64,000 ത്തിലധികം ഐടി/ഐടിഇഎസ് പ്രൊഫഷണലുകൾ ജോലി ചെയ്യുന്ന ഈ പാർക്കിൽ ഇപ്പോൾ 465 കമ്പനികളുണ്ട്. സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ടെക്നോപാർക്കിന്റെ സംഭാവന **പട്ടിക 5.1.2**ൽ കാണിച്ചിരിക്കുന്നു. ടെക്നോപാർക്കിന്റെ വളർച്ചയുടെയും ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 5.1.2, 5.1.3** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.2** സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന

| ഇനം | നേട്ടങ്ങൾ 2019-20 | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 |
|---|---|---|---|
| ആകെ വിറ്റുവരവ് (രൂപ കോടിയിൽ) | 15,000.00 | 15,000.00 | 18,000.00 |
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 7,890.00 | 8,501.00 | 9,300.00 |
| ആകെ നിക്ഷേപം (രൂപ കോടിയിൽ) | 4,979.00 | 5,309.00 | 5,600.00 |
| ആകെതൊഴിലവസരങ്ങൾ (എണ്ണം) | 62,000.00 | 63,000.00 | 64,000.00 |
| ആകെ കമ്പനികൾ (എണ്ണം) | 450.00 | 460.00 | 465.00 |
| ആകെ സ്ഥലം (ഏക്കറിൽ) | 659.87 | 659.87 | 766.86 |
| ആകെ ബിൽറ്റപ്പ് ഏരിയ (ലക്ഷം ചതുരശ്ര അടി) | 101.00 | 106.00 | 106.00 |

അവലംബം: ടെക്നോപാർക്ക്

**ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.**

**പട്ടിക 5.1.3** ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | ഘട്ടം III | ടെക്നോസിറ്റി | ടെക്നോപാർക്ക് കൊല്ലം |
|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 198.43 | 86 | 90.02 | 389.74 | 2.67 |


അവലംബം: ടെക്നോപാർക്ക്

വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കിയ 766.86 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 കാമ്പസുകളാണ് ടെക്നോപാർക്കിലുള്ളത്. 5 കാമ്പസുകളിലായുള്ള ഭൂവിവരം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.3**ൽ കൊടുത്തിരിക്കുന്നു.

**ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച**

ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് സ്ഥലം 2016-17ൽ 85 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 2021-22ൽ 106 ലക്ഷം ചതുരശ്ര അടി ആയി ഉയർന്നു. ടെക്നോപാർക്കിലെ ബിൽറ്റ്അപ്പ് ഏരിയയുടെ വളർച്ച **ചിത്രം 5.1.1**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 5.1.1** ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയ-യുടെ വളർച്ച




അവലംബം: ടെക്നോപാർക്ക്


**ടെക്നോപാർക്കിലെ കമ്പനികൾ**

കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2015-16 ൽ ടെക്നോപാർക്കിൽ 358 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2021-22 ൽ ഇത് 465 ആയി വർദ്ധിച്ചു. 2015-16 മുതൽ 2021-22 വരെയുള്ള കമ്പനികളുടെ എണ്ണം സംബന്ധിച്ച വിവരം **ചിത്രം 5.1.2**ൽ ചേർത്തിരിക്കുന്നു.

**ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതിയുടെ വളർച്ച**


ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതി 2016-17ൽ 5,000 കോടിയായിരുന്നത് 2020-21 ആയപ്പോൾ 8,501 കോടി രൂപയായി വർദ്ധിച്ചു. 2021-22 ൽ ഇത് 9,300 കോടിയായി ഉയർന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 9.4 ശതമാനം വർദ്ധന രേഖപ്പെടുത്തി. കഴിഞ്ഞ 5 വർഷമായി ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി വിവരം **ചിത്രം 5.1.3**ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചിത്രം** 5 .1. 2 ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം





അവലംബം:ടെക്നോപാർക്ക്

**ചിത്രം** 5.1.3 ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി (കോടി രൂപയിൽ)




അവലംബം: ടെക്നോപാർക്ക്

**ചിത്രം** 5.1.4 ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധനവ്




അവലംബം:ടെക്നോപാർക്ക്

**ടെക്നോപാർക്കിലെ തൊഴിലിലുണ്ടായ വർദ്ധനവ്**

ടെക്നോപാർക്കിന്റെ വളർച്ച ആ സ്ഥാപനത്തിലുണ്ടായ അവസാന അറ് വർഷത്തെ തൊഴിലിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യാവുന്നതാണ്. 2016-17 ൽ തൊഴിലവസരങ്ങൾ 51,860 ആയിരുന്നത് 2021-22 ആയപ്പോഴേക്കും 64,000 ആയി വർദ്ധിച്ചു. കഴിഞ്ഞ 6 വർഷത്തെ തൊഴിലവസരങ്ങളിലുണ്ടായ വർദ്ധനവ് **ചിത്രം** 5.1.4ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ എംബസി ടോറസ് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുകയും അത് സജീവമായി തുടരുകയും ചെയ്യുന്നു. ഇതിൽ രണ്ടു ഘട്ടങ്ങളിലായി മൊത്തം 1,500 കോടി മുതൽമുടക്കിൽ ടെക്നോപാർക്കിൽ ലോകോത്തര ബിസിനസ് ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ 30,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 70,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

**ടെക്നോസിറ്റി**

2009ൽ ആരംഭിച്ച ടെക്നോപാർക്കിന്റെ ഒരു പ്രധാന പദ്ധതിയാണ് ടെക്നോസിറ്റി പ്രോജക്ട്. പ്രോജക്ടിൽ രണ്ട് വിഭാഗങ്ങളുണ്ട്. ഐ.റ്റി ഇന്റഗ്രേറ്റഡ് ടൗൺഷിപ്പും നോളജ്സിറ്റിയും. വളർന്നു വരുന്ന സാങ്കേതിക വിദ്യകളിൽ ആറ് മികവിന്റെ കേന്ദ്രങ്ങൾ (സിഒഇഎസ്) വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സുസ്ഥിരവും ആരോഗ്യകരവുമായ ഐ.റ്റി ഇക്കോസിസ്റ്റം സൃഷ്ടിക്കുവാൻ മികവിന്റെ കേന്ദ്രങ്ങൾ സഹായിച്ചിട്ടുണ്ട്. 1. സൈബർ സെക്യൂരിറ്റി, ബ്ലോക്ക് ചെയിൻ, 2. ഫിൻടെക് ബ്ലോക്ക് ചെയിൻ 3. ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗും 4. വെർച്വൽ/ഓഗ്മെന്റഡ് റിയാലിറ്റി, 5. ഇ-മൊബിലിറ്റി, 6. സ്പേസ് സയൻസ് തുടങ്ങിയ ഐറ്റി മേഖലയിലെ വളർന്നുവരുന്ന സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കിയാണ് ഈ മികവിന്റെ കേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡീപ് മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, ഇലക്ട്രിക് / ഓട്ടോമേറ്റഡ് വാഹനങ്ങൾ എന്നിവയുടെ സെന്റർ ഓഫ് എക്സലൻസ് ആയിരിക്കും നിസ്സാൻ ഡിജിറ്റൽ ഇന്ത്യ എൽഎൽപി. ബഹിരാകാശ ദൗത്യ പരിപാടികൾക്കായി ടെക്നോപാർക്ക് വി.എസ്.എസ്.സിയുമായി സഹകരിച്ച് നാനോ സ്പേസ് പാർക്ക് പ്രോജക്റ്റിനൊപ്പം സ്പേസ് സിസ്റ്റംസ് കോംപ്ലക്സും വിഭാവനം ചെയ്തിട്ടുണ്ട്.

ടെക്നോപാർക്ക് ഐടി ഇന്റഗ്രേറ്റഡ് ടൗൺഷിപ്പിന് വേണ്ടി 287.7 ഏക്കറും നോളജ് സിറ്റിക്കായി 102.05 ഏക്കറുമായി 335.53 ഏക്കർ സ്ഥലം പള്ളിപ്പുറത്ത് ഏറ്റെടുത്തു. അടിസ്ഥാന സൗകര്യങ്ങളുടെ പണി ആരംഭിച്ചു, ടിസിഎസ്, നിസ്സാൻ, സൺടെക്, കാസ്, ഐഐഐടിഎം - കെ എന്നിവയ്ക്ക് ഭൂമി അനുവദിച്ചു. പത്തുവർഷത്തെ പദ്ധതിയായി ടെക്നോസിറ്റി പദ്ധതി വിഭാവനം ചെയ്യുന്നു. ഐടി മേഖലയിൽ ഒരു ലക്ഷം പേർക്ക് നേരിട്ടും 4 ലക്ഷത്തോളം പേർക്ക് പരോക്ഷമായും തൊഴിലവസരം നൽകുന്ന പദ്ധതിയാണിത്. 5,000 കോടി രൂപയുടെ മുതൽ മുടക്കിൽ 10 ദശലക്ഷം ചതുരശ്ര അടി ഓഫീസ് സൗകര്യം നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**ടെക്നോപാർക്ക് കൊല്ലം**

കേരള സർക്കാർ 18 ഹെക്ടർ സ്ഥലം എം/എസ് കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 10 ശതമാനം സ്ഥലം ടെക്നോപാർക്കിന് കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി നൽകും. ലോകോത്തര നിലവാരമുള്ള 1,00,000 ചതുരശ്ര അടി ഐടി കെട്ടിടം അഷ്ടമുടിയിൽ പൂർത്തിയായി. ക്യാമ്പസിനുള്ളിലെ പമ്പ് ഹൗസ്, ഓവർഹെഡ് വാട്ടർ ടാങ്ക്, ആർട്ടീരിയൽ റോഡ് ജോലികൾ എന്നിവയുൾപ്പെടെയുള്ള ജലവിതരണ സംവിധാനം പൂർത്തിയായി. കാമ്പസിലെ തെരുവുവിളക്കുകൾ പൂർണ്ണമായും സൗരോർജ്ജ അധിഷ്ഠിതമാണ്. ആകെ ലീസബിൾ ഏരിയ 58,300 ചതുരശ്ര അടിയാണ്. ഇതിൽ 24,180 ചതുരശ്ര അടി ലീസിന് കൊടുത്തിട്ടുണ്ട്. അടുത്ത 2 വർഷത്തിനുള്ളിൽ 800 തൊഴിലവസരങ്ങൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്മാർട്ട് ബിസിനസ് സെന്റർ പ്രവർത്തന സജ്ജമാണ്. 20 കമ്പനികൾ പ്രസ്തുത കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു.

**ഇൻഫോപാർക്ക്**

കേരളത്തിലെ രണ്ടാമത്തെ വലിയ ഐ.റ്റി ഹബ്ബാണ് കൊച്ചിയിലുള്ള ഇൻഫോപാർക്ക്, ഇതിന്റെ സ്പോക്കുകൾ ചേർത്തലയിലും തൃശ്ശൂരിലുമാണ്. ഐ.ടി./ഐ.ടി.ഇ. എസ് കമ്പനികൾക്ക് ആവശ്യമായ വൈദ്യുതി, ജല വിതരണം, കണക്ടിവിറ്റി, തുടങ്ങിയ സ്റ്റേറ്റ് ഓഫ് ആർട്ട് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. ഇൻഫോപാർക്കും അതിന്റെ വികസന പങ്കാളികളും ചേർന്ന് (2004-ൽ ആരംഭിച്ചതു മുതൽ) 10 മില്ല്യൺ ചതുരശ്ര അടി ബിൽറ്റ് അപ് സ്ഥലം സൃഷ്ടിക്കുകയും 546 ഐ.ടി കമ്പനികളിലൂടെ 63,000 ത്തിലധികം ഐ.ടി പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുന്നുമുണ്ട്. ഇൻഫോപാർക്കിൽ നിന്നുള്ള കയറ്റുമതി 2019-20ൽ 5,200 കോടി രൂപയും 2020-21ൽ 5,700 കോടി രൂപയും 2021-22ൽ 8,500 കോടി രൂപയും ആയിരുന്നു.

**ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി**

322.98 ഏക്കറിലായി വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള അഞ്ച് കാമ്പസുകൾ ഇൻഫോപാർക്കിനുണ്ട്. ഈ അഞ്ച് കാമ്പസുകളിലെ ഭൂവിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.4**ൽ കാണിച്ചിരിക്കുന്നു.

ഇൻഫോപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.4**ൽ ചേർത്തിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.5**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.5** ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2019-20 | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 |
|---|---|---|---|
| മൊത്തം വിറ്റുവരവ് (കോടി രൂപ) | 5,200 | 5700 | 8500 |
| ആകെ തൊഴിൽ (എണ്ണം) | 47,000 | 51,000 | 63600 |
| കമ്പനികളുടെ എണ്ണം (എണ്ണം) | 427 | 420 | 546 |
| ആകെ ഭൂമി (ഏക്കർ) | 323 | 323 | 323 |
| ആകെ ബിൽറ്റ് അപ്പ് സ്പേസ് (ദശലക്ഷം ചതുരശ്ര അടി). | 10 | 10 | 10 |

അവലംബം: ഇൻഫോപാർക്ക്

**2021–22 കാലയളവിൽ ഇൻഫോപാർക്കിന്റെ പ്രധാന നേട്ടങ്ങൾ**

- മൊത്തം ജീവനക്കാരുടെ എണ്ണം 63,600 ആയി ഉയർന്നു. (2020-21ലെ 51,000 ൽ നിന്ന്)
- ഐടി കമ്പനികളുടെ എണ്ണം 546 ആയി വർദ്ധിച്ചു (2020-2021ലെ 420ൽ നിന്ന് )
- മൊത്തം കയറ്റുമതി വരുമാനം 8,500 കോടി രൂപയായി വർദ്ധിച്ചു. (2020-21 ലെ 5,700 കോടിയിൽ നിന്ന്)
- 50000 ചതുരശ്ര അടി സ്ഥലത്തിന്റെ നിർമ്മാണം സന്യ ഏക് (മീഡിയ സിസ്റ്റംസ് പൂർത്തിയായി)
- കോഗ്നിസന്റ് ടെക്നോളജി സൊല്യൂഷൻസ് 3 നിലകൾ കൂടി പൂർത്തിയാക്കി, 1,000 പുതിയ സീറ്റുകൾ തയ്യാറാക്കി.
- എൽഎആർ ബാധ്യത പൂർണ്ണമായും തീർപ്പാക്കി.

**സൈബർ പാർക്ക്**

തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെയും കൊച്ചിയിലെ ഇൻഫോപാർക്കിന്റെയും മാതൃകയിൽ കോഴിക്കോട്

**പട്ടിക 5.1.4** ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | തൃശ്ശൂർ | ചേർത്തല | ടി.ബി.സി കല്ലൂർ |
|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 100.86 | 125.92 | 30 | 66.2 | ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള കെഎസ്ഐടിഎമ്മിന്റെ പാട്ടത്തിന് കീഴിൽ 30,000 ചതുരശ്ര അടി ബിൽറ്റ് അപ് സ്ഥലം |

അവലംബം: ഇൻഫോപാർക്ക്

സൈബർ പാർക്ക് സ്ഥാപിച്ചത് ഒരു ഹബ്, സ്പോക്ക് മോഡലിനെ അടിസ്ഥാനമാക്കിയാണ്. കൊച്ചി മുതൽ കാസർഗോഡ് വരെ പടിഞ്ഞാറൻ തീരത്ത് ഐടി ഇൻഫ്രാസ്ട്രക്ചർ വിടവ് നികത്താനാണ് ഇത് സ്ഥാപിച്ചത്. ഐടി/ഐടിഇഎസ് നിക്ഷേപകർക്ക് ചെലവ് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക അതുവഴി സോഫ്റ്റ് വെയർ/ സോഫ്റ്റ് വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, പ്രമോട്ട് ചെയ്യുക, വർദ്ധിപ്പിക്കുക, മലബാർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സൈബർപാർക്കിന്റെ ലക്ഷ്യം.

സർക്കാരും വ്യവസായവും തമ്മിലുള്ള സാധ്യതയുള്ള നിക്ഷേപകരുമായി ഇടപഴകുക, ഐടി / ഐടിഇഎസ് അടിത്തറ ശക്തിപ്പെടുത്തുക, പ്രമോഷണൽ കാമ്പെയ്നുകൾ നടത്തുക, ഐടി, ഐടിഇഎസ് എന്നിവയ്ക്കായി മാനവ വിഭവശേഷി വികസിപ്പിക്കുക എന്നത് സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് സൈബർപാർക്കിലെ 43 ഏക്കർ ഭൂമിയുടെ മുഴുവൻ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് (കെഎസ്ഐടിഎൽ) ഉണ്ട്.

**സൈബർ പാർക്കിന്റെ പ്രധാന നേട്ടങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.**

- 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 62 ശതമാനം വിനിയോഗിച്ചിട്ടുണ്ട്. നിലവിൽ 52 ഐടി കമ്പനികൾ സെസിൽ പ്രവർത്തിക്കുന്നു.
- സെസ് ഇതര ഐടി പ്രവർത്തനങ്ങൾക്കായി 12,391 ചതുരശ്ര അടി സ്ഥലം നീക്കിവച്ചു. അതിൽ കെഎസ്‌യുഎമ്മിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കാണ് നിലവിൽ പകുതി സ്ഥലം അനുവദിച്ചിരിക്കുന്നത്.
- ഏകദേശം 1,688 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
- കയറ്റുമതി വരുമാനം 2021-22 കാലയളവിൽ 55.70 കോടി രൂപയും 2022 ജൂൺ 30 വരെ ഏകദേശം ₹19.00 കോടി രൂപയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.5**ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷമായി സൈബർപാർക്കിന്റെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.6** നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)**

സംസ്ഥാനത്തെ ഐടി/ഐടിഇഎസിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). സർക്കാരിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഭൂമി പാട്ടത്തിന് നൽകുകയോ പ്രായോഗികമായ സാമ്പത്തിക മാതൃകകളിലൂടെ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്ത് ഐ.റ്റി. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയുമാണ് കമ്പനി ചെയ്യുന്നത്. ഭൂമി ഏറ്റെടുത്ത് അതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ചുറ്റമതിൽ, സെസ് പദവി, മറ്റ സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കുക, സെസ് സ്റ്റാറ്റസ് നേടിയെടുക്കുക, ആവശ്യമായ ഭൂമി, ഐ.റ്റി പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക. കെ.എസ്.ഐ.റ്റി.ഐ.എൽന്റെ പ്രധാന ചില പ്രോജക്ടുകൾ ഇനിപ്പറയുന്നവയാണ്.

**1. സ്കിൽ ഡെലിവറി പ്രോജക്ട്, കേരള**

കെ.എസ്.ഐ.ടി.എല്ലിന് കേരള സർക്കാർ നിയോഗിച്ച അഭിമാനകരമായ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്രോജക്ട്, കേരള. വിദ്യാർത്ഥികളും വ്യവസായവും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് എസ്ഡിപികെ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 150 എൻജിനീയറിംഗ് കോളേജുകളുടെ സജ്ജീകരണവും 3 സ്റ്റുഡിയോകളിലും ടെലികോൺഫറൻസിങ് സംവിധാനമുള്ള വിർച്ച്വൽ പ്ലാറ്റ്ഫോം ഉൾക്കൊള്ളുന്നതാണ് ഇത്. എസ്.ഡി.പി.കെ പ്രോജക്ടിന്റെ പ്രവൃത്തി പൂർത്തീകരണ സ്ഥിതി **പട്ടിക 5.1.7ൽ** നൽകിയിരിക്കുന്നു

**2. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ.ഫോൺ)**

30,000 ത്തോളം സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ട്രാക്ക് 1) അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ പ്രാപ്തിയുള്ള, സംസ്ഥാന വ്യാപകമായ, ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയായ കെഫോൺ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്കും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങൾക്കും സൗജന്യ ഇന്റർനെറ്റ് വാഗ്ദാനം ചെയ്യുന്ന (ട്രാക്ക് 2 ) 1,028.20 കോടി രൂപ ചെലവിൽ കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട്, 1,548.08 കോടി രൂപയായിപുതുക്കി ഭരണാനുമതി നൽകി. കിഫ്ബി യുടെ സഹായത്തോടെ ട്രാക്ക് 1 നടപ്പിലാക്കാൻ തീരുമാനിച്ചു. കെഎസ്ഇബിഎൽ, കെഎസ്ഐടിഐഎൽ, കേരള സർക്കാർ എന്നിവയ്ക്ക് 49: 49: 2ന്റെ ഓഹരി കൈവശമുള്ള പാറ്റേണിൽ ഒരു പുതിയ ജോയിന്റ് വെഞ്ച്വർ കമ്പനി (കെ-ഫോൺ ലിമിറ്റഡ്) രൂപീകരിച്ചു. കെ-ഫോൺ പ്രോജക്ടിന്റെ സ്ഥിതി **പട്ടിക 5.1.8**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.6** സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2019-20 | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 |
|---|---|---|---|
| മൊത്തം വിറ്റുവരവ് (കോടി രൂപ) | 14.75 | 26.16 | 55.70 |
| മൊത്തം കയറ്റുമതി (കോടി രൂപ) | 14.75 | 26.16 | 55.70 |
| മൊത്തം നിക്ഷേപം (കോടി രൂപ) | 1.35 | 2.47 | 4.35 |
| ആകെ തൊഴിൽ (എണ്ണം) | 607 | 764 | 1237 |
| കമ്പനികളുടെ എണ്ണം(പ്രവർത്തനപരം) | 27 | 58 | 67 |
| ആകെ ഭൂമി (ഏക്കറിൽ) | 42.5 | 42.5 | 42.5 |
| ആകെ ഭൂമി (ഏക്കറിൽ) | 3 ലക്ഷം | 3 ലക്ഷം | 3 ലക്ഷം |

അവലംബം:സൈബർപാർക്ക്

പട്ടിക 5.1.7 എസ്.ഡി.പി.കെ പ്രവൃത്തി പൂർത്തീകരണ സ്ഥിതി

| ക്രമ നം | ക്ലാസ്സ് റൂം/സ്റ്റുഡിയോ | കോളേജുകൾ/ സ്ഥാപനങ്ങളുടെ എണ്ണം | പൂർത്തിയാക്കിയ കോളേജുകൾ/ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ആദ്യ ഘട്ടം പൂർത്തിയായി (പ്രൈവറ്റ്) | 23 | 23 |
| 2 | ഗവ. സർക്കാർ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ | 39 | 39 |
| 3 | പോളിടെക്നിക് കോളേജുകൾ | 25 | 0 |
| 4 | രണ്ടാം ഘട്ടത്തിൽ സ്വകാര്യ കോളേജുകൾ | 12 | 12 |
| 5 | മറ്റുള്ളവ പൂർത്തിയാക്കി (ഐസിഫോസ് കെ.എസ്.ഐ.റ്റി.ഐ.എൽ & സെക്രട്ടേറിയറ്റ്) | 3 | 3 |
| 6 | സ്റ്റുഡിയോ | 4 | 3 |

അവലംബം:കെ.എസ്.ഐ.റ്റി.ഐ.എൽ

**3. ഫോസ്റ്റെറ**

ഫോസ്റ്റെറ എന്ന പദത്തിന്റെ അർത്ഥം ഗ്രാമീണ മേഖലയിലെ സാങ്കേതികവിദ്യകളെ വളർത്തിയെടുക്കൽ എന്നാണ്. യോഗ്യരായ തിരഞ്ഞെടുത്ത കമ്പനികൾക്ക് പ്രോത്സാഹനത്തിന്റെ രൂപത്തിൽ ഈ പദ്ധതി സാമ്പത്തിക സഹായം നൽകും. ഐടി, ഐടിഇഎസ്, ബിപിഒ കമ്പനികളെ ചെലവ് കുറഞ്ഞ ഗ്രാമീണ കേന്ദ്രങ്ങളിൽ നിന്ന് പ്രവർത്തിക്കാനും അവിടെ ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് കെ.എസ്.ഐ.റ്റി.ഐ.എൽ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലുടനീളം സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകി പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഐ.റ്റി.ഐ.എൽ തീരുമാനിച്ചിട്ടുണ്ട്.

**ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)**

ഇന്ത്യയിലെയും വിദേശത്തെയും ഫ്രീ സോഫ്റ്റ് വെയർ സംഘടനകളുമായി ചേർന്ന് ഫ്രീ സോഫ്റ്റ് വെയറുകളുടെ വികസനവും പ്രയോഗവും സൗജന്യമായി അറിവുകൾ നൽകുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച അന്താരാഷ്ട്രകേന്ദ്രമാണ് ഐ.സി. ഫോസ്സ്. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഗവേഷണ വികസന പരിപാടികൾ, അക്കാദമിക് പഠനം, സേവനം, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും നോഡൽ ഏജൻസിയാണ് ഐസിഫോസ്. ഫോസ് അധിഷ്ഠിത പരിശീലന പരിപാടികൾ, വർഷോപ്പുകൾ, സെമിനാറുകൾ, ഗവേഷണ പരിപാടികൾ, പ്രൊജക്റ്റുകൾ, മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ, വിദ്യാർഥികളുടെ ഇന്റേൺഷിപ്പുകളും പ്രോജക്ടുകളും, സമ്മർ ക്യാമ്പുകൾ, ഫാക്കൽറ്റി വികസന പരിപാടികൾ, ഫെല്ലോഷിപ്പ് പ്രോഗ്രാമുകൾ തുടങ്ങിയവ ഐ.സി ഫോസ് നടത്തിയിട്ടുണ്ട്. 2020-21ലെ ഐസിഫോസ്സിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നു.

- ബ്രെയിലി ക്രോസ്‌വേഡ് പസിൽ ഉപകരണം – എകെഎസ്എച്ച്ഐ ക്രോസ്‌വേഡ് പസിൽ ഡിവൈസ് ലെവൽ റിലീസ് ഗ്രേഡ് പതിപ്പിന്റെ ഔദ്യോഗിക ലോഞ്ച് 2021 നവംബർ 1-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നടത്തി.
- വേഡ് ടോക്ക്ബാക്ക് ഉപകരണം - ഐസിഫോസ്സിന്റെ അസിസ്റ്റീവ് ടെക്നോളജി വിഭാഗം ഉപകരണത്തിന്റെ ആദ്യ ലെവൽ പ്രോട്ടോ തരം വികസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു
- ടക്ടൈൽ മാപ്പ്- 2021 ജൂണിൽ ഉപകരണത്തിന്റെ ഡിസൈൻ പൂർത്തിയാക്കി
- ബ്രെയിലി പഠന ഉപകരണം - 2022 മാർച്ചിൽ ഉപകരണത്തിന്റെ ആദ്യ ലെവൽ പ്രോട്ടോടൈപ്പ് പൂർത്തിയാക്കി
- ആൽഫ ന്യൂമറിക് ബിൽഡർ- പുനരുപയോഗിക്കാവുന്ന ജ്യാമിതീയ രൂപങ്ങൾ കൂട്ടിച്ചേർത്ത് അക്ഷരങ്ങളും അക്കങ്ങളും നിർമ്മിക്കാൻ സഹായിക്കുന്ന ഒരു ഉപകരണം. 2022 മാർച്ചിൽ ഉപകരണത്തിന്റെ ആദ്യ ലെവൽ പ്രോട്ടോടൈപ്പ് പൂർത്തിയാക്കി
- റൈറ്റിംഗ് അസിസ്റ്റ്- അസിസ്റ്റീവ് ടെക്നോളജി വിഭാഗം ഒരു ഫസ്റ്റ് ലെവൽ പ്രോട്ടോടൈപ്പ് വികസിപ്പിക്കാൻ ശ്രമിക്കുന്നു.
- ലാംഗ്വേജ് കമ്പ്യൂട്ടിംഗ് - മലയാളം പോർട്ടൽ പുറത്തിറക്കി.
- ഹാർഡ്‌വെയർ-ഇടത്തരം ഡ്രോൺ അസംബ്ലി ചെയ്യുകയും ലാബിൽ പരീക്ഷിക്കുകയും ചെയ്തു.
- ജിഐഎസ് മാപ്പിംഗ് - കേരളത്തിലെ എല്ലാ സർക്കാർ

പട്ടിക 5.1.8 കെ-ഫോൺ പ്രോജക്ടിന്റെ സ്ഥിതി

| പ്രവർത്തി | വ്യാപ്തി | പൂർത്തിയായവ |
|---|---|---|
| ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ കേബിൾ ഇടുന്നത് | 2,624 കിമി | 2,470 കിമി |
| (ഓൾ-ഡൈലക്ട്രിക് സെൽഫ് സപ്പോർട്ടിംഗ്) കേബിൾ ഇടൽ | 27,650 കിമി | 21,221 കിമി |
| പോയിന്റ് ഓഫ് പ്രെസെൻസ് (കെഎസ്ഇബിഎൽ സബ്‌സ്റ്റേഷനിലെ പ്രീഫാബ് ഷെൽട്ടർ (കേരളം) | 375 നം | 171 നം |
| ഓഫീസ് ഇൻസ്റ്റാളേഷൻ ജോലികൾ | 28,616 നം (നിലവിലെ വ്യാപ്തി) | 25,729 നം |

അവലംബം:കെ.എസ്.ഐ.റ്റി.ഐ.എൽ

സ്കൂളുകളുടെയും ജിഐഎസ് കോ-ഓർഡിനേഷന്റെ വെബ് സ്റ്റോപിംഗ് ഐസിഫോസ് ടീം പൂർത്തിയാക്കി.

**കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)**

സംരംഭകത്വ വികസനം, ഇൻകുബേഷൻ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.). ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ ആയിഅറിയപ്പെട്ടിരുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ നോൺ അക്കാദമിക് ബിസിനസ്സ് ഇൻകുബേറ്ററാണ് 2007 ൽ പ്രവർത്തനമാരംഭിച്ച കേരള സ്റ്റാർട്ടപ്പ് മിഷൻ.

കേരളത്തിലെ യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വ കഴിവുകൾ തിരിച്ചറിയുന്നതിനും, വികസിപ്പിക്കുന്നതിനും, കേരളത്തിന്റെ പരമ്പരാഗത മേഖലകളിൽസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭകത്വ വികസന ആവശ്യങ്ങൾ കൈകാര്യം ചെയ്യുക, കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സംസ്കാരത്തിന് അനുയോജ്യമായ തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ വിപണി കണ്ടെത്തുക, വൈജ്ഞാനിക, ഗവേഷണ വികസന സ്ഥാപനങ്ങളുമായും, വ്യവസായിക സാമ്പത്തിക സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കുക, ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേഗത്തിൽ വാണിജ്യവൽക്കരിക്കുന്നതിനും ഒരു വേദി സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

കോവിഡ്-19 കാലയളവിൽ പോലും കേരളത്തിൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം വർദ്ധിച്ചു. പ്രവാസികളുടെ കേരളത്തിലേക്കുള്ള തിരിച്ചുവരവ്, സംരംഭങ്ങളിലുള്ള യുവാക്കളുടെ താൽപര്യം, സ്റ്റാർട്ടപ്പുകൾക്കായി നിലവാരമുള്ള സർക്കാർ സൗകര്യങ്ങൾ എന്നിവയാണ് ഇതിന് കാരണം.

വിവിധ സാങ്കേതിക മേഖലകൾക്കായി പ്രത്യേക സൗകര്യങ്ങളോടെ 1.80 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള വിശാലമായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ്പ് കോംപ്ലക്സ് കൊച്ചിയിൽ 2019 ജനുവരിയിൽ കെഎസ്‌യുഎം ആരംഭിച്ചു. ഇവിടെ താഴെ പറയുന്നവ പ്രവർത്തിക്കുന്നുണ്ട്.

1. മേക്കർവില്ലേജ് -ഏറ്റവും വലിയ ഇലക്ട്രോണിക് ഹാർഡ്‌വെയർ ഇൻകുബേറ്ററും ഇ എസ് ഡി എം സൗകര്യവും.
2. ബയേനെസ്റ്റ്- പുതിയ സംരംഭകരെ വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പ്ലാറ്റ്ഫോമാണ് സ്റ്റേറ്റ് ഓഫ് ആർട്ട് ബയോടെക്നോളജി ഇൻസ്ട്രുമെന്റേഷൻ.
3. ബ്രിങ്ക്-ഹാർഡ്‌വെയർ സ്റ്റാർട്ടപ്പുകൾക്കായി ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര ആക്സിലറേറ്റർ
4. കാൻസറിൽ ബയോമെഡിക്കൽ റിസർച്ച് ഇന്നൊവേഷനും കാൻസർ കെയർ വാണിജ്യവൽക്കരണവും (ബ്രിക്ക്)-കാൻസർ രോഗനിർണയത്തിനും പരിചരണത്തിനുമായി പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനായുള്ള ഇൻകുബേറ്റർ
5. യൂണിറ്റിയും സെറയും സ്ഥാപിച്ച സെന്റർ ഓഫ് എക്സലൻസ്

രാജ്യത്തെ ഏറ്റവും വലിയ എക്സ്ക്ലൂസീവ് ഹാർഡ്‌വെയർ ഇൻകുബേറ്ററായ മേക്കർ വില്ലേജിലെ സ്റ്റാർട്ടപ്പ് കമ്പനികൾ; ഓട്ടോമേഷൻ, റോബോട്ടിക്സ്, ഡ്രോണുകൾ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സ്വയംഭരണ വാഹനങ്ങൾ, ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ, എനർജി മാനേജ്മെന്റ് എന്നീ വിവിധ വിഭാഗങ്ങളിൽ അത്യാധുനിക ഹാർഡ്‌വെയർ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നു. തങ്ങളുടെ ഉൽപ്പന്നങ്ങളെ നൂതനവും ആഗോളതലത്തിൽ മത്സരാധിഷ്ഠിതവുമാക്കുന്നതിന് കട്ടിംഗ് എഡ്ജ് സാങ്കേതികവിദ്യകളായ മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആഗ്മെന്റഡ് റിയാലിറ്റി / വെർച്വൽ റിയാലിറ്റി എന്നിവ മിക്ക സ്റ്റാർട്ടപ്പുകളും ഉപയോഗിക്കുന്നു.

നിരവധി സാങ്കേതിക മേഖലകളുടെ ആഗോള നവീകരണ ഇൻകുബേറ്റർ കേന്ദ്രമാണ് ടെക്നോളജി ഇന്നൊവേഷൻ സോൺ. മൾട്ടി സെക്ടർ ടെക്നോളജി ഇൻകുബേറ്ററുകൾക്ക് സ്റ്റാർട്ടപ്പുകൾ ഇൻകുബേറ്റ് ചെയ്യുന്നതിനും മറ്റ് വളർന്ന് വരുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുമായി ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ ടിസ് സൃഷ്ടിക്കും. കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ടിസ് സ്ഥാപിക്കുന്നു. ബിൽറ്റ്-അപ്പ് സ്റ്റാർട്ട് അപ്പ് മൊഡ്യൂളുകൾ, ഹൈ-എൻഡ് ഫാബ്രിക്കേഷൻ ലാബുകൾ, ആർ & ഡി ലാബ് സൗകര്യങ്ങൾ, വാണിജ്യ ഓഫീസ് സ്ഥലങ്ങൾ, ഡോർമിറ്ററികൾ, ചെറിയ ഓഫീസ്/ഹോം ഓഫീസ് (എസ്ഒഎച്ച്ഒകൾ), മാളുകൾ എന്നിവ ഉൾപ്പെടുന്നതാണ് സോൺ. ഏകദേശം 5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള സ്ഥലം ടിസ് സൃഷ്ടിക്കും. ടിസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മിക്കുന്നതാണ്. നിലവിൽ ഘട്ടം-I പ്രവർത്തനക്ഷമമാണ്.

ടെക് വ്യവസായത്തിലും ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലും അവസരങ്ങളുള്ള സ്റ്റാർട്ടപ്പുകളെയും യുവാക്കളെയും പ്രാപ്തമാക്കുന്നതിനും ശാക്തീകരിക്കുന്നതിനും കെഎസ്‌യുഎമ്മിന് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയുമായി സഹകരിക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷത്തെ കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.9**ൽ നൽകിയിരിക്കുന്നു.

**2021–22 കാലഘട്ടത്തിൽ കെ.എസ്.യു.എം.ന്റെ നേട്ടങ്ങൾ**

- ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിന്റെ (ഐഇഡിസി) ആറാം പതിപ്പ് സംഘടിപ്പിച്ചു
- ഇഗ്നൈറ്റ് 2022 – എഞ്ചൽ ഇൻവെസ്റ്റ്മെന്റ് - ഇഗ്നൈറ്റ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു, എച്ച്എൻഐ കൾ, ഏഞ്ചൽ നിക്ഷേപകർ, സ്റ്റാർട്ടപ്പ് സ്ഥാപകർ എന്നിവർ ഉൾപ്പെടെ മൊത്തം 151 പേർ പങ്കെടുത്തു.
- ഇൻവെസ്റ്റർ കഫേ – സീഡിംഗ് കേരളയുടെ ഭാഗമായി ഇൻവെസ്റ്റർ കഫേയുടെ ഒരു പ്രത്യേക പതിപ്പ് സംഘടിപ്പിച്ചു. ഇൻവെസ്റ്റർ കഫേ പ്രോഗ്രാമിൽ ഏഞ്ചൽ നെറ്റ്‌വർക്കിൽ നിന്നുള്ള 20 നിക്ഷേപകരുടെ പങ്കാളിത്തമുണ്ടായിരുന്നു

പട്ടിക 5.1.9 കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| ഇനം | വിശദാംശങ്ങൾ | നേട്ടങ്ങൾ 2019-20 | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 |
|---|---|---|---|---|
| 1 | ഇക്കോസിസ്റ്റത്തിലെ ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം | 2,500 | 3,143 | 3,650 |
| 2 | ഇൻകുബേറ്ററുകൾ / ആക്സിലറേറ്ററുകൾ (എണ്ണം) | 13 | 19 | 67 |
| 3 | മൂല്യം സൃഷ്ടിക്കൽ (കോടി രൂപ) | 1,00,000 | 1,20,000- | 2,00,000 |
| 4 | തൊഴിൽ സൃഷ്ടിക്കൽ (എണ്ണം) | 25,000 | 30,000 | 40,000 |
| 5 | ബാഹ്യ നിക്ഷേപം (കോടി രൂപ) | 1,500 | 1,638 | 4,252 |
| 6 | ഇക്കോസിസ്റ്റം റാങ്കിംഗ് | മികച്ച പ്രകടനം | മികച്ച പ്രകടനം | മികച്ച പ്രകടനം |
| 7 | ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ (എണ്ണം) | 30 | 33 | 43 |
| 8 | ഇൻകുബേഷൻ സ്പേസ് (ലക്ഷം ചതുരശ്ര അടിയിൽ) | 3.29 | 3.78 | 5.77 |

അവലംബം: കെ എസ് യു എം

- സീഡിംഗ് കേരള 2022- സീഡിംഗ് കേരള 2022 ഫെബ്രുവരി 2, 3 തീയതികളിൽ നടത്തി. 40-ലധികം നിക്ഷേപകരും 25 സ്റ്റാർട്ടപ്പ് ഫൗണ്ടേഷനും 10 ഓളം പ്രൊഫഷണൽ പങ്കാളികളും ഉച്ചകോടിയിൽ ചേരുകയും സംഭാവന നൽകുകയും ചെയ്തു.
- 2021 സെപ്റ്റംബർ 18-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഡിജിറ്റൽ ഹബ് ഉദ്ഘാടനം ചെയ്തു.
- കേരള സ്റ്റാർട്ടപ്പ് മിഷൻ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഇന്നൊവേഷൻ ബയോ ഇൻകുബേഷൻ സൊസൈറ്റി 42,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബയോനെസ്റ്റിന്റെ ബയോടെക്നോളജി ഇൻകുബേഷൻ സെന്റർ പ്രവർത്തിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.
- സംയോജിത സ്റ്റാർട്ടപ്പ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി, കെട്ടിടത്തിന് സ്റ്റാർട്ടപ്പുകൾക്കായി 1.8 ലക്ഷം ചതുരശ്ര അടി സ്ഥലമുണ്ട്.
- സി-ഡാക്, ടെക്നോപാർക്കിലെ സ്റ്റാർട്ടപ്പുകൾക്കുള്ള ഇലക്ട്രോണിക് ആക്സിലറേറ്ററിലെ ഫർണിഷിംഗ് ജോലികൾ പൂർത്തിയാക്കി സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

**സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്)**

സർക്കാർ മേഖലയിൽ ഐ.സി.ടി. സൊല്യൂഷൻസ് പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിക്കുന്നു. സി-ഡിറ്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പരിപാടികൾ ഇവയാണ്:

- സി-ഡിറ്റിന് 2021-ൽ ഗവേണൻസ് നൗ ഏർപ്പെടുത്തിയ ദേശീയ അവാർഡ് - തീരദേശ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ഹോളോഗ്രാം ഉൾച്ചേർത്ത സെക്യൂരിറ്റി രജിസ്ട്രേഷൻ ബോർഡിന്റെ പ്രോജക്റ്റിന് സൈബർ സുരക്ഷാ സംരംഭത്തിലെ ഡിജിറ്റൽ പരിവർത്തനം ലഭിച്ചു.
- സർക്കാരിന്റെ ഔദ്യോഗിക പോർട്ടലിന്റെ (കേരള. ജി.ഒവി.ഇൻ) നവീകരണത്തിന് ശേഷം 2022-23 വർഷത്തേക്ക് ഇന്ത്യയിലെ നമ്പർ -1 സ്റ്റേറ്റ് പോർട്ടലായി തിരഞ്ഞെടുക്കപ്പെട്ടു.
- വിവിധ സർക്കാർ വകുപ്പുകളുടെ എല്ലാ ഇ-സേവന അപേക്ഷകളും ഒരു കുടക്കീഴിൽകൊണ്ടുവരുന്നതിനായി ഒരു ഏകജാലക പോർട്ടൽ (ഇ-സേവനം) വികസിപ്പിച്ചെടുത്തു, അത് ഇന്ത്യയിൽ 2021 ൽ ആറാം സ്ഥാനത്താണ്.
- സി-ഡിറ്റ് കഴിഞ്ഞ 20 വർഷമായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനു വേണ്ടി ഹോളോഗ്രാം ഉൾച്ചേർത്ത സുരക്ഷാ നികുതി ലേബലുകൾ വിജയകരമായി നിർമ്മിക്കുന്നു. 90 കോടിയിലധികം സുരക്ഷാ നികുതി ലേബലുകൾ നൽകി.
- വിക്ടേഴ്സ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്നതിനായി പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായുള്ള 50 വീഡിയോകൾ തയ്യാറാക്കുകയും വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി 811 വീഡിയോകൾ നിർമ്മിക്കുകയും ചെയ്തു.
- മലയാളം ടിവി ചാനലുകൾക്ക് നിയമസഭാ നടപടികളുടെ തത്സമയ വീഡിയോ ഫീഡുകൾ നൽകുന്നതിന് സാങ്കേതിക സഹായം നൽകുന്നു.
- കേരളത്തിലെ എല്ലാ ഇ-സേവനങ്ങൾക്കുമായി സംസ്ഥാനതല ഡാഷ്ബോർഡ് വികസിപ്പിച്ചെടുത്തു, അത് ഡാഷ്ബോർഡ്.കേരള.ജിഒവി.ഇൻ ൽ ലഭ്യമാണ്
- വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും രേഖകളുടെ 482 ലക്ഷം പേജുകൾ ഡിജിറ്റലൈസ് ചെയ്തു. രണ്ട് മൊബൈൽ സ്കാനിംഗ് യൂണിറ്റുകൾ ഉൾപ്പെടെ പ്രതിവർഷം 3 ലക്ഷം പേജുകളുടെ സ്കാനിംഗ് ശേഷി കൈവരിച്ചു.
- സംസ്ഥാനതല ഏജൻസി, തിരഞ്ഞെടുപ്പിൽ ഇലക്ഷൻ വകുപ്പിനെ സഹായിക്കുകയും വോട്ടർ പട്ടികകളുടെ അച്ചടി നിർവ്വഹിക്കുകയും ചെയ്തു.
- പിവിസി കാർഡ് സെഗ്മെന്റിലേക്ക് പ്രവേശിക്കുന്നതിനായി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ആർസി/ഡിഎൽ നൽകി.
- 350-ലധികം വിദ്യാഭ്യാസ പങ്കാളികൾ മുഖേന ഐടി, ഐടി കോഴ്സുകൾ ഡെലിവർ ചെയ്യുകയും ആദിവാസി യുവാക്കൾക്കായി യുഎൻഡിപി എയ്ഡഡ് കോഴ്സുകൾ നടത്തുകയും സൈബർശ്രീ പദ്ധതിയിലൂടെ എസ്‌സി/എസ്ടി യുവാക്കൾക്കായി ഐടി & സോഫ്റ്റ് സ്കിൽ പ്രോഗ്രാമുകൾ നടത്തുകയും ചെയ്തു.

**ഭാവി വീക്ഷണം**

ഒരു ഐ.ടി ലക്ഷ്യസ്ഥാനമെന്ന മത്സരം നിലനിർത്താൻ നിലവിൽ സ്ഥാപിതമായ ഐറ്റി/ഐറ്റിഇഎസ്

പ്രവർത്തനങ്ങളിൽ കൂടുതൽ നിക്ഷേപത്തിനായി ആശ്രയിക്കാതെ സംസ്ഥാന ഐ.റ്റി മേഖലയിൽ ഉയർന്നു വരുന്ന ഏരിയകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കേണ്ടതായിട്ടുണ്ട്. ഇന്ത്യൻ ഐ.ടി. മേഖലയിൽ ശ്രദ്ധ മാറുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും, ആഗോള ഐ.റ്റി മേഖലയിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളും ഉൾക്കൊള്ളുന്ന ഇന്ത്യൻ ഐ.ടി. മേഖലയുടെ ഭാഗമെന്ന നിലയിൽ, ഈ മാറ്റങ്ങൾ അനുസരിച്ച് കേരളവും ചുവടുവയ്ക്കേണ്ടതുണ്ട്. ജനങ്ങളുടെ ഡിജിറ്റൽ ശാക്തീകരണത്തിലും വിവര സാങ്കേതിക വിദ്യ അവബോധനത്തിലും ഉപയോഗത്തിലും നേടിയെടുക്കുന്ന മുന്നേറ്റങ്ങൾ സംസ്ഥാനത്തിന്റെ യഥാർത്ഥ ആസ്തികളാണെന്ന് തിരിച്ചറിയേണ്ടതാണ്. ഏറ്റവും അനുയോജ്യമായ ഐറ്റി അടിസ്ഥാന സൗകര്യങ്ങളിൽ കൂടുതൽ നിക്ഷേപം നടത്തിക്കൊണ്ട് ഈ ആസ്തിയും ശക്തിപ്പെടുത്തേണ്ടതാണ്.

# 5.2 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഉപയോഗം വളർച്ചയുടെയും വികാസത്തിന്റെയും പ്രത്യേകിച്ച് ഉയർന്നുവരുന്ന മത്സര സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും ശക്തമായ ഉപകരണമായി മാറിയിരിക്കുന്നു, സയൻസ്, ടെക്ക്നോളജി, ഇന്നവേഷൻ (എസ് ടി ഐ) എന്നിവ സാമ്പത്തിക വളർച്ചയുടെയും മനുഷ്യവികസനത്തിന്റെയും പ്രധാന ചാലകങ്ങളാണ്. വിഭവ കാര്യക്ഷമത കൈവരിക്കുന്നതിന് ശാസ്ത്ര സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പുതിയ കണ്ടെത്തലുകൾ സഹായിക്കുന്നു. വേൾഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ പ്രസിദ്ധീകരിക്കുന്ന, നവീന കണ്ടെത്തലുകൾക്കുള്ള ശേഷിയും അതിലെ വിജയവും കണക്കിലെടുത്ത് രാജ്യങ്ങളുടെ വാർഷിക റാങ്കിംഗായ ഗ്ലോബൽ ഇന്നൊവേഷൻ ഇൻഡക്സ് 2021-ൽ, ഇന്ത്യ 46-ാം സ്ഥാനത്താണ്. ഗ്ലോബൽ ഇന്നൊവേഷൻ ഇൻഡക്സ് 2022ൽ 40-ാം റാങ്ക് നേടി ഇന്ത്യ ഇന്നൊവേഷൻ പ്രകടനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക വിദ്യയുടെ പുതിയ മേഖലകൾ പ്രോത്സാഹിപ്പിക്കുക, രാജ്യത്തെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു നോഡൽ വകുപ്പായി പ്രവർത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് (ഡി എസ് റ്റി), സ്ഥാപിതമായത്. ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും അത്യാധുനിക സാങ്കേതിക വിദ്യയുടെ വികസനത്തിനും, അനുയോജ്യമായ നൈപുണ്യവും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്നതിലൂടെ സാധാരണക്കാരന്റെ സാങ്കേതിക ആവശ്യങ്ങൾ നിറവേറ്റുക തുടങ്ങി വിപുലമായ പ്രവർത്തനങ്ങളാണ് വകുപ്പിനുള്ളത്.

**സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖല**

ശാസ്ത്ര സാങ്കേതിക മേഖലകളിൽ മികവ് കൈവരിക്കുന്നതിനും സമൂഹത്തിന് പൊതുവെ സേവനം നൽകുന്നതിനുമുള്ള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കാൻ കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് സഹായിക്കുന്നു. സംസ്ഥാനത്തെ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളിലെ കാര്യശേഷി വർദ്ധിപ്പിക്കൽ, ഗവേഷണ-വികസന കേന്ദ്രങ്ങൾ വഴിയുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിന്റെ ദൗത്യം. ബയോടെക്നോളജി മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും തിരിച്ചറിയലും സുഗമമാക്കലും ജൈവ വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ കേന്ദ്രങ്ങളിലെയും ലബോറട്ടറി, ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയും ഇത് ലക്ഷ്യമിടുന്നു.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐഎവി), തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (ആർസിസി) എന്നിവയാണ് സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങൾ.

**ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും**

2018-19 മുതൽ 2022-23 വരെയുള്ള ശാസ്ത്ര സാങ്കേതിക മേഖലയുടെ പദ്ധതി വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.2.1ൽ** നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ)**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ), വിവിധ ശാസ്ത്ര പരിപാടികളിലൂടെയും ഗവേഷണ വികസന കേന്ദ്രങ്ങളിലൂടെയും സംസ്ഥാനത്തിന്റെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. കെ.എസ്.സി.എസ്.ടി.ഇ യുടെ പ്രധാന ലക്ഷ്യം ശാസ്ത്രം, സാങ്കേതികവിദ്യ, ഇന്നവേഷൻ പോളിസി, സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുക എന്നതാണ്. ശാസ്ത്രത്തിലെ അറിവിന്റെ ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ കൗൺസിൽ പ്രോത്സാഹിപ്പിക്കുകയും സജീവമാക്കുകയും ചെയ്യുന്നു. കൂടാതെ സുസ്ഥിര മാനവിക വികസനത്തിന് പ്രാധാന്യമുള്ള നയങ്ങളെ മികച്ചതാക്കുന്നു.

**പട്ടിക 5.2.1** 2018-19 മുതൽ 2022-23 വരെയുള്ള സയൻസ് ആൻഡ് ടെക്നോളജി മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | കെ.എസ്.സി.എസ്.ടി.ഇ | | | ആർസിസി | | | ഐഎവി | | |
|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % |
| 2018-19 | 10648 | 5007 | 47.02 | 7260 | 7890.9 | 108.69 | 1500 | 27 | 1.8 |
| 2019-20 | 10258 | 2002 | 19.51 | 7260 | 2777 | 38.25 | 5000 | 1435 | 28.7 |
| 2020-21 | 7664 | 5596.24 | 73.01 | 7100 | 3274.67 | 46.12 | 5000 | 2304.70 | 46.09 |
| 2021-22 | 8164 | 6033.55 | 73.90 | 7100 | 1630.56 | 22.97 | 5000 | 2400 | 48 |
| 2022-23 | 8977 | 3589.63* | 39.98 | 8100 | 2536.23 | 31.31 | 5000 | 1322.12* | 26.44 |

അവലംബം:പ്ലാൻ സ്പേസ് കേരള, അക്കൗണ്ട്സ്
* 2022 നവംബർ 1 വരെയുള്ള ചെലവ്

കെ.എസ്.സി.എസ്.ടി.ഇ ഇയും ഏഴ് ഗവേഷണ വികസന (ആർ ആൻഡ് ഡി) കേന്ദ്രങ്ങളും ചേർന്ന് ശാസ്ത്ര സാങ്കേതിക സമൂഹത്തെ അതിന്റെ ശാസ്ത്രീയവും സാങ്കേതികവുമായ ഉൽപ്പാദനം, ഗുണനിലവാരത്തിലും അളവിലും വർധിപ്പിക്കുന്നതിന്, പ്രാപ്തമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നിരവധി ആസൂത്രിത നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യുആർഡിഎം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻടിബിജിആർഐ), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെഎസ്ഒഎം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്ആർഐബിഎസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (എംബിഐപിഎസ്) എന്നിവയാണ് കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ-വികസന കേന്ദ്രങ്ങൾ.

**ഗവേഷണ–വികസന കേന്ദ്രങ്ങളുടെ പ്രധാന നേട്ടങ്ങൾ**

**ജെഎൻറ്റിബിജിആർഐ** - സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന സ്വയംഭരണ ഗവേഷണ-വികസന കേന്ദ്രവും ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള മികവിന്റെ കേന്ദ്രവുമാണിത്. ഉഷ്ണമേഖലാ സസ്യവിഭവങ്ങളുടെ സംരക്ഷണം, വിലയിരുത്തൽ, സുസ്ഥിരമായ വിനിയോഗം എന്നീ കാഴ്ചപ്പാടോടെയാണ് ഇത് സ്ഥാപിച്ചത്. പശ്ചിമഘട്ടത്തിലെ ഭൂരിഭാഗം പ്രാദേശിക സസ്യങ്ങളും അവയുടെ സ്വാഭാവിക വ്യതിയാനങ്ങളും ഉൾപ്പെടെ, ഏഷ്യയിലെ ഏറ്റവും കൂടുതൽ സസ്യവിഭാഗങ്ങൾ സംരക്ഷിക്കുന്ന, വിശാലമായ സസ്യശേഖരങ്ങളുള്ള ഒരു പ്രധാന കൺസർവേറ്ററി ബൊട്ടാണിക്കൽ ഗാർഡൻ വികസിപ്പിക്കാനും ഇത് വിഭാവനം ചെയ്തിട്ടുണ്ട്.

- 2021-22 ൽ, ഇൻസ്റ്റിറ്റ്യൂട്ട് പ്രധാന ജേണലുകളിൽ 68 പേപ്പറുകൾ, 4 പുസ്തകങ്ങൾ, പുസ്തകങ്ങളിൽ 14 അധ്യായങ്ങൾ, കോൺഫറൻസുകളിൽ 53 പേപ്പറുകൾ, 5 പിഎച്ച്ഡികൾ എന്നിവയും 9 ശാസ്ത്ര യോഗങ്ങൾ/ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും, കൂടാതെ 36 ഗവേഷണ ഉദ്യോഗസ്ഥർ 154 സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകുകയും ചെയ്തു.
- വിവിധ ഗ്രാമപഞ്ചായത്തുകങ്ങളിലെ ഡാറ്റ ഡീകോഡിംഗിന്റെയും ഡാറ്റാ വിശകലനത്തിന്റെയും ഭാഗമായി തീരപ്രദേശങ്ങളിൽ (പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം) 113 വിവരങ്ങളും, ആദിവാസി മേഖലകളിൽ (കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല, പോത്തുകല്ല് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല) 154 വിവരങ്ങളും ഡോക്കുമെന്റ് ചെയ്തു. മോളിക്യുലാർ ഫാർമക്കോളജിക്കൽ സമീപനത്തിലൂടെ വംശീയ-വൈദ്യശാസ്ത്രപരമായി പ്രാധാന്യമുള്ള ഔഷധ സസ്യങ്ങളുടെയും ഗോത്ര/പരമ്പരാഗത അറിവുകളുടെയും ചിട്ടയായ ഡോക്യുമെന്റേഷനും ബയോ-പ്രോസസറിംഗിനും വേണ്ടിയായിരുന്നു ഇത്.
- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ 30 ആയുഷ് ഡോക്ടർമാർക്ക് 'പരമ്പരാഗതവും നാടോടി രീതികളും' എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ പരിശീലന പരിപാടി നടത്തി, തിരഞ്ഞെടുത്ത വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് പരമ്പരാഗത, നാടോടി രീതികളുടെ വീഡിയോ ഡോക്യുമെന്റേഷൻ (ഇംഗ്ലീഷിൽ 1 മണിക്കൂർ ദൈർഘ്യമുള്ള 2 എപ്പിസോഡുകൾ,) പൂർത്തിയാക്കി.
- സംസ്ഥാനത്ത് ആദ്യമായി ജെംപ്ലാസം ശേഖരണത്തിന്റെ ഡിജിറ്റൽ ലഭ്യതാ സംവിധാനം നടപ്പിലാക്കി.
- സംസ്ഥാനത്തെ സൂക്ഷ്മജീവികളുടെ വൈവിധ്യം പര്യവേക്ഷണം ചെയ്യുന്നതിന്റെ ഭാഗമായി കൂണുകളുടെ 14 പുതിയ ഇനങ്ങളും 21 പുതിയ റെക്കോർഡുകളും കണ്ടെത്തി.
- രണ്ട് പുതിയ ഫോളികോളസ് ഫംഗസുകളും ഒരു പുതിയ ഇനവും കണ്ടെത്തി.
- 115-ലധികം കൽപ്പായൽ സാമ്പിളുകൾ ശേഖരിച്ചു, ഇതിൽ 15 പുതിയ റെക്കോർഡുകൾ ഉൾപ്പെടുന്നു.
- 18,761 ശേഖരങ്ങളുള്ള മഷ്റൂം ഹെർബേറിയം, 7,100 ശേഖരങ്ങളുള്ള ഫംഗൽ ഹെർബേറിയം, 3770 ശേഖരങ്ങളുള്ള കൽപ്പായൽ ഹെർബേറിയം എന്നിവ സ്ഥാപിച്ചു.
- ഏഴ് ഭക്ഷ്യയോഗ്യമായ കൂണുകളും, 03 ഔഷധ ഇനങ്ങളും റെക്കോഡ് ചെയ്തു.
- i) മനുഷ്യ രോഗകാരിയായ സ്ട്രെപ്റ്റോകോക്കസ് പയോജനുകൾക്കെതിരായ ഉർദാമൈസിൻ എയുടെ ആന്റിമൈക്രോബിയൽ, ആന്റി-ബയോഫിലിം സ്വഭാവം, ii) കേരളത്തിലെ പശ്ചിമഘട്ടത്തിലെ തിരഞ്ഞെടുത്ത സസ്യങ്ങളിൽ നിന്ന് കാര്യക്ഷമതയുള്ള ആന്റി-ബയോഫിലിം ഏജന്റായി പ്രവർത്തിക്കുന്ന ഫൈറ്റോകെമിക്കലുകൾ എന്നിവ തിരിച്ചറിഞ്ഞു.

**സിഡബ്ല്യൂആർഡിഎം** - ഇത് ജലവിഭവ വികസനത്തിനും പരിപാലനത്തിനുമുള്ള ഗവേഷണ ഇൻപുട്ടുകൾ നൽകുന്നു,

പ്രത്യേകിച്ച് ഈർപ്പമുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിൽ, കൂടാതെ നീർത്തട വികസനം, തണ്ണീർത്തട പരിപാലനം, കൃഷിക്കുള്ള ജലസംരക്ഷണം, വന മേഖലയും നഗര പ്രദേശവും സംബന്ധിക്കുന്ന ജലശാസ്ത്രം, അഴിമുഖ പരിപാലനം, ഭൂഗർഭജല വികസനം, ജലത്തിന്റെ ഗുണനിലവാര സംരക്ഷണം, ജലവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ, ജലസേചനവും, മലിനജലവും സംബന്ധിക്കുന്ന പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യമുണ്ട്. സിഡബ്ല്യുആർഡിഎം-ന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്;

- 77 ശാസ്ത്രീയ റിപ്പോർട്ടുകൾ, 5 ജനപ്രിയ ലേഖനങ്ങൾ, എന്നിവ പ്രസിദ്ധീകരിക്കുകയും 9 ടിവി/റേഡിയോ പ്രോഗ്രാമുകൾ, 5(വാട്ടർ റിസോഴ്സ് മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ് പ്രോഗ്രാം (ഡബ്ല്യുആർഎംറ്റിപി) പരിശീലന കോഴ്സുകൾ എന്നിവ നടത്തുകയും ചെയ്തു.
- കേരളത്തിൽ ആദ്യമായി ഒരു നിയമസഭാ മണ്ഡലത്തിന്റെ (കാട്ടാക്കട) കാർബൺ ന്യൂട്രൽ നില സിഡബ്ല്യുആർഡിഎം കണക്കാക്കുകയുണ്ടായി.
- സിഡബ്ല്യുആർഡിഎം ആസ്ഥാനവും നെയ്യാറ്റിൻകര ഉപകേന്ദ്രവും ഹരിതകേരളം മിഷനിൽ നിന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ നിന്നും ഗ്രീൻ ഓഫീസ് സർട്ടിഫിക്കേഷൻ നേടി.
- ശ്രീ അരബിന്ദോ ഫൗണ്ടേഷന്റെ അമൃതം സുസ്ഥിര അവാർഡുകൾ-2022 (സ്ഥാപന വിഭാഗം) ലഭിച്ചു.
- കാർബൺ വേർതിരിക്കൽ, കാർഷിക സംവിധാനങ്ങളിൽ കാർബൺ കുറയ്ക്കലിനും കാർബൺ ക്രെഡിറ്റുകളുടെ അളക്കുന്നതിനുമുള്ള രീതിശാസ്ത്രം വികസിപ്പിക്കുന്നതിനുള്ള കോർ ഗ്രൂപ്പിൽ നീതി ആയോഗ്, CWRDM നെ ഉൾപ്പെടുത്തിയിട്ടുണ്ട്.
- കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസസ് പിഎച്ച്ഡിക്കുള്ള അംഗീകൃത പഠന കേന്ദ്രമായി സിഡബ്ല്യുആർഡിഎം -നെ അംഗീകരിച്ചിട്ടുണ്ട്.
- കുറ്റിയാടി, മലമ്പുഴ, പീച്ചി ജലസേചന പദ്ധതികളുടെ ജല ഉപയോഗ കാര്യക്ഷമത കണക്കാക്കി.
- അപ്പർ കുട്ടനാട് മേഖലയ്ക്കായി ഏകമാനമായ വെള്ളപ്പൊക്ക മാതൃക വികസിപ്പിക്കുകയും ആശ്വാസ നടപടികൾ ആവിഷ്കരിക്കുകയും ചെയ്തു.
- ജലം വിലയിരുത്തുന്നതിലും നിരീക്ഷണത്തിലും സജീവമായ പങ്ക് വഹിക്കുന്നതിന് പൗരന്മാരെ പ്രാപ്തരാക്കുന്നതിന് സൗകര്യങ്ങളുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ വാട്ടർ - സിറ്റിസൺ അസസ്സ്മെന്റ് ടൂൾ (വാട്ടർ-ക്യാറ്റ്), ആരംഭിച്ചു.
- എംഒഇഎഫ് & സിസി വെറ്റ്ലാന്റ് മാനേജ് മെന്റിലെ വിജ്ഞാന പങ്കാളികളിൽ ഒരാളായി സിഡബ്ല്യുആർഡിഎം -നെ അംഗീകരിച്ചിട്ടുണ്ട്.
- കെമിക്കൽ ടെസ്റ്റിംഗ് മേഖലയിൽ ഐഎസ്ഒ/ഐഇസി 17025:2017 പ്രകാരം സിഡബ്ല്യുആർഡിഎം വാട്ടർ ക്വാളിറ്റി ഡിവിഷൻ ടെസ്റ്റിംഗ് ലബോറട്ടറിയും എൻഎബിഎൽ അക്രഡിറ്റേഷൻ ലഭിച്ചു.
- നിലവിൽ, 11 പിഎച്ച്ഡി സ്കോളർമാരും രണ്ട് പോസ്റ്റ്-ഡോക്ടർമാരും കേന്ദ്രത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ഷിറിയ നദിയുടെ മൊത്തം നീരൊഴുക്കിന്റെ അടിസ്ഥാന പ്രവാഹ ഘടകത്തിന്റെ അളവ് നിർണ്ണയം നടത്തി.
- കോഴിക്കോട് മുതൽ കാസർഗോഡ് വരെയുള്ള തീരപ്രദേശങ്ങളിൽ സബ് മറൈൻ ഭൂഗർഭജല പുറന്തള്ളൽ മേഖലകൾ കണ്ടെത്തുകയും ജലത്തിന്റെയും പോഷക പ്രവാഹങ്ങളുടെയും നിർണ്ണയം നടത്തുകയും ചെയ്തു.
- വാമനപുരം നദീതടത്തിലെ പാരിസ്ഥിതിക റേഡിയോ ആക്റ്റിവിറ്റിക്ക് കാരണമാകുന്ന പ്രധാന റേഡിയോ മൂലകങ്ങളുടെ അളവ് നിർണ്ണയിച്ചു.
- കുട്ടനാട്ടിലെ വേമ്പനാട് തണ്ണീർത്തട മേഖലയിൽ ആവാസവ്യവസ്ഥാ സേവനങ്ങളുടെ സംയോജിത മാനേജ്മെന്റും, അഷ്ടമുടി, കാട്ടാമ്പള്ളി, ബിയ്യം തണ്ണീർത്തടങ്ങളിലെ മൈക്രോപ്ലാസ്റ്റിക്കിന്റെ സ്വഭാവം സംബന്ധിച്ചും പഠിച്ചു.
- നാഷണൽ ഐസോടോപ്പ് ഫെസിലിറ്റി ഫോർ ഹൈഡ്രോളജി ആൻഡ് മൊബൈൽ വാട്ടർ അനാലിസിസ് ലബോറട്ടറി വഴി വിവിധ ദേശീയ അന്തർദേശീയ ഏജൻസികൾക്ക് അനലിറ്റിക്കൽ സേവനങ്ങൾ നൽകി.
- വെള്ളത്തിൽ നിന്ന് ഹെവി മെറ്റൽസ് നീക്കം ചെയ്യുന്നതിനായി വികസിപ്പിച്ച പോളി (സ്റ്റൈറീൻ-ഡിവിനൈൽ ബെൻസീൻ) Cu-Ni ബൈമെറ്റാലിക് നാനോ കോമ്പോസിറ്റ് വികസിപ്പിച്ചു.
- കേരളത്തിലെ കാട്ടാമ്പള്ളി, ബിയ്യം വെറ്റ്ലാന്റുകളിലെ ഇക്കോസിസ്റ്റം ഹെൽത്ത് സ്കോർ (എംഒഇഎഫ് സിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്) നിർണ്ണയിച്ചു.

**കെഎഫ്ആർഐ –** ഇക്കോസിസ്റ്റം സേവനങ്ങൾ, ഇക്കോസിസ്റ്റം ഡൈനാമിക്സ്, ജൈവവൈവിധ്യ സംരക്ഷണം എന്നിവയിൽ മൾട്ടി ഡിസിപ്ലിനറി ഗവേഷണം നടത്തുന്നതിനും പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരവും തുല്യവുമായ ഉപയോഗത്തിന് നയങ്ങളും സാങ്കേതികവിദ്യകളും വികസിപ്പിക്കാനും വേണ്ടിയാണ് കെഎഫ്ആർഐ സ്ഥാപിതമായത്. ഉഷ്ണമേഖലാ വന പരിപാലനത്തിൽ സമൂഹം, പരിസ്ഥിതി, വിദ്യാഭ്യാസം എന്നിവയുടെ സേവനത്തിൽ മികവിന്റെ ലോകോത്തര കേന്ദ്രമായി ഇത് വിഭാവനം ചെയ്യപ്പെട്ടു. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിരമായ വിനിയോഗം, ശാസ്ത്രീയമായ പരിപാലനം എന്നിവയിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് വനവൽക്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ഇത് ശാസ്ത്രീയ പിന്തുണ നൽകുന്നു. വനം വകുപ്പുമായും മറ്റ് പങ്കാളികളുമായും സഹകരിച്ചുകൊണ്ട് വനപരിപാലനത്തിന്റെ ശാസ്ത്രീയ അടിത്തറ മെച്ചപ്പെടുത്തുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രധാന പങ്ക് വഹിക്കുന്നു. വനമേഖലയിലെ സുസ്ഥിരവും ലാഭകരവുമായ മാതൃകയാണ് കെഎഫ്ആർഐയുടെ സെൻട്രൽ നഴ്സറി. 203 ഫാമിലികളിൽ നിന്നുള്ള 2,140-ലധികം ഇനങ്ങളെ പ്രദർശിപ്പിച്ച 18,000 മാതൃകകൾ ഇതിലുണ്ട്. വനസസ്യങ്ങളുടെ പ്രധാന റഫറൻസ് ഹെർബേറിയകളിൽ ഒന്നാണിത്. ഈ സ്ഥാപനം ട്രോപ്പിക്കൽ ഫോറസ്ട്രിയുടെ ഒരു റിസോഴ്സ് സെന്ററും തേക്ക്, മുള, മുരിങ്ങ, കണ്ടൽക്കാടുകൾ, അധിനിവേശ ജീവിവർഗങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷം, കാലാവസ്ഥാ വ്യതിയാനം എന്നിവയെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങളുടെ ഒരു കേന്ദ്രം കൂടിയാണ്. കെഎഫ്ആർഐ യുടെ കൈവശം 18,000-ലധികം പുസ്തകങ്ങളും 2,000 പഴയ പതിപ്പുകളും ഒപ്പം വനശാസ്ത്രവും അനുബന്ധ മേഖലകളിലെ ജേണലുകളിലേക്ക് ഉള്ള ഓൺലൈൻ ആക്സസ്സും ഉണ്ട്.

2021-22 കാലയളവിൽ കെഎഫ്ആർഐയുടെ പ്രധാന നേട്ടങ്ങൾ താഴെ പറയുന്നു

- ഇൻസ്റ്റിറ്റ്യൂട്ട് നാല് പ്രധാന ആഗോള നെറ്റ്‌വർക്കുകളുടെ ഭാഗമാണ്: i) ഇന്റർനാഷണൽ ട്രീ മോർട്ടാലിറ്റി നെറ്റ്‌വർക്ക്, ഐയുഎഫ്ആർഒ ടാസ്ക് ഫോഴ്സിന്റെ ഒരു സംരംഭം, ii) ഫോറസ്റ്റ്പ്ലോട്ട്സ്.നെറ്റ് iii)ബയോടൈം iv) ട്രീവാച്ച്.നെറ്റ്.
- ഐഎസ്ആർഒ ജിയോസ്ഫിയർ ബയോസ്ഫിയർ പ്രോഗ്രാമിനായുള്ള (ഐജിബിപി) ടൈം സീരീസ് റിമോട്ട് സെൻസിംഗ് ഡാറ്റയിൽ നിന്നുള്ള ഫോറസ്റ്റ് ഫിനോളജിക്കൽ പാരാമീറ്ററുകൾ മോഡലിംഗ് ചെയ്യുന്നു.
- കെഎഫ്ആർഐ പീച്ചി കാമ്പസിൽ ടെക്റ്റോണ ഗ്രാൻഡിസിൽ കേസ് സ്റ്റഡി നടത്തി.
- പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന രണ്ട് മുള ഇനങ്ങളായ Dendrocalamus stocksii, Munrochloa ritchiei എന്നിവയുടെ ജനകീയവൽക്കരണത്തിനുള്ള സാമൂഹിക-സാമ്പത്തിക സാംസ്കാരിക ഉപയോഗങ്ങളുടെ വിലയിരുത്തൽ നടത്തി.
- കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട നഗരപ്രദേശങ്ങളിലെ നഗര ജലാശയങ്ങളിലെ വിതരണവും കാലാനുസൃതമായ വ്യതിയാനവും, കേരളത്തിലെ റെഡ് പ്ലാന്റ്സ്, മൈക്രോ പ്ലാസ്റ്റിക്, താലേറ്റ് എസ്റ്ററുകൾ എന്നിവ പുനരാരംഭിക്കുന്നതിന് ത്രികക്ഷി കർമ്മ പദ്ധതി തയ്യാറാക്കി.
- ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു എക്സ്-സിറ്റു സസ്യ സംരക്ഷണ പ്രദേശമായും കേരളത്തിലെ ഒരു പ്രധാന പ്രകൃതി വിദ്യാഭ്യാസ-ഇക്കോടൂറിസം കേന്ദ്രമായും വികസിപ്പിച്ചു. .

**നാറ്റ്പാക്** - ഗതാഗതത്തിലും അനുബന്ധ മേഖലകളിലും നാറ്റ്പാക് ഗവേഷണ-വികസന (ആർ&ഡി) എന്നിവ ഉൾപ്പെടുന്ന ഗതാഗതത്തിലെ പ്രവർത്തനക്ഷമത, സുരക്ഷ, ഇക്കോണമി ഇൻ ട്രാൻസ്പോർട്ടേഷൻ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ നടത്തുന്നു. ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ ഗതാഗത അടിസ്ഥാന സൗകര്യ വികസനം, ഗതാഗത സുരക്ഷ, ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം, ഉൾനാടൻ ജലഗതാഗത സംവിധാനം, തീരദേശ ഷിപ്പിംഗ് എന്നിവ ഉൾപ്പെടുന്നു. റോഡ്, റെയിൽ, ജലം, വായു എന്നിവ ഉൾക്കൊള്ളുന്ന ബഹുവിധ ഗതാഗത സംവിധാനത്തിൽ പ്രവർത്തിക്കുന്ന രാജ്യത്തെ ഗവേഷണ-വികസന കേന്ദ്രങ്ങളിലൊന്നാണ് നാറ്റ്പാക്.

2021-22 കാലയളവിൽ, സ്ഥാപനത്തിന്റെ പ്രധാന നേട്ടങ്ങൾ ഇവയാണ്:

- 24 ഗവേഷണ പ്രോജക്ടുകൾ, 14 കൺസൾട്ടൻസി പ്രോജക്ടുകൾ, കൂടാതെ കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും 14 ജില്ലകളിലെ സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾ, പൊതുജനങ്ങൾ പോലുള്ള വിവിധ ടാർഗെറ്റ് ഗ്രൂപ്പുകൾക്കായി റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും റോഡ് സുരക്ഷാ പരിശീലന പരിപാടികളും നടത്തി. .
- I)ഫീൽഡ്-ഡാറ്റ ഉപയോഗിച്ച് കേരളത്തിലെ സിഗ്നലൈസ്ഡ് ഇന്റർസെക്ഷനുകളുടെ സാച്ചുറേഷൻ ഫ്ലോ കണക്കാക്കുന്നതിൽ ഇൻഡോ-എച്ച്സിഎം അഡ്ജസ്റ്റ്മെന്റ് ഘടകങ്ങളുടെ പ്രകടനം വിലയിരുത്തി, ii) കേരളത്തിലെ റോഡ് സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ കോൾഡ് മിക്സ് അസ്ഫാൽറ്റ് ഡിസൈൻ ഉപയോഗവും വിലയിരുത്തി.
- i) തിരുവനന്തപുരത്തിനായുള്ള ഒരു സംയോജിത ഭൂവിനിയോഗ ഗതാഗത മാതൃകയുടെ വികസനം, ii)കൊച്ചിയിലെ വാട്ടർ മെട്രോ പദ്ധതിയുടെ പ്രകടന വിലയിരുത്തലിനുള്ള ചട്ടക്കൂട് എന്നിവയുടെ പഠനം നടത്തി.
- നാറ്റ്പാക് കേരളത്തിലെ തിരഞ്ഞെടുത്ത ജില്ലകളിൽ ലഭ്യമായ ആകെയുള്ള വിഭവങ്ങൾ, ലഭ്യതയ്ക്ക് വിധേയമായി മാപ്പ് ചെയ്യുന്ന പ്രക്രിയയിലാണ്, കൂടാതെ നടപ്പാതയോ കെട്ടിട നിർമ്മാണ സാമഗ്രികളോ ആയി ഉപയോഗക്ഷമത ഉറപ്പുവരുത്തുന്നതിനായി അവയുടെ ഗുണപരമായ വിലയിരുത്തലും നടത്തുന്നു.
- ദേശീയ പാതകൾ (എൻഎച്ച് കൾ), സംസ്ഥാന പാതകൾ (എസ്എച്ച് കൾ), പ്രധാന ജില്ലാ റോഡുകൾ (എംഡിആർ കൾ) എന്നിവ ഉൾപ്പെടുന്ന തിരഞ്ഞെടുത്ത റോഡുകളുടെ ശൃംഖലയ്ക്കായി ഒരു റോഡ് അസറ്റ് മാനേജ്മെന്റ് സിസ്റ്റം (ആർഎഎംഎസ്) സൃഷ്ടിച്ചു.
- കേരളത്തിനായി ജിയോസ്പേഷ്യൽ ടൂളുകൾ ഉപയോഗിച്ച് ജിഐഎസ് പരിതസ്ഥിതിയിൽ ഒരു റോഡ് ക്രാഷ് ഇൻഫർമേഷൻ സിസ്റ്റവും (ആർസിഐഎസ്), ചേർത്തലയെയും കഴക്കൂട്ടത്തെയും ബന്ധിപ്പിക്കുന്ന എൻഎച്ച്-66 റോഡിനായി ഒരു ക്രാഷ് പ്രെഡിക്ഷൻ മാതൃകയും വികസിപ്പിച്ചെടുത്തു.
- റോഡ് സുരക്ഷയെക്കുറിച്ചുള്ള 'ഡിസ്ട്രക്ഷൻ ഈസ് എക്സ്ട്രാക്ഷൻ', 'ഹാൻഡ്സ്-ഫ്രീ ഈസ് നോട്ട് റിസ്ക് ഫ്രീ' എന്നീ രണ്ട് ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുകയും അവ യുഎൻ റോഡ് സേഫ്റ്റി ഫണ്ട് (യുഎൻആർഎസ്എഫ്), യുഎൻ ഇക്കണോമിക് കമ്മീഷൻ ഫോർ യൂറോപ്പ് (യുഎൻഇസിഇ) എന്നിവയുമായുള്ള സഹകരണത്തോടെ ലേസർ ഇന്റർനാഷണൽ ഫൗണ്ടേഷൻ (ലൈഫ്) സംഘടിപ്പിച്ച ഗ്ലോബൽ റോഡ് സേഫ്റ്റി ഫിലിം ഫെസ്റ്റിവലിൽ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.
- പുസ്തകങ്ങൾ, ലഘുലേഖകൾ, കലണ്ടറുകൾ, ലീഫ് ലെറ്റുകൾ സ്റ്റിക്കറുകൾ, ഡിസ്പ്ലേ ബോർഡുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പരിശീലന സാമഗ്രികൾ തയ്യാറാക്കുകയും എല്ലാ പ്രസിദ്ധീകരണങ്ങളും പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തു.

**കെഎസ്ഒഎം** – കേന്ദ്ര സർക്കാരിന്റെ അണുശക്തി വകുപ്പിന്റെ കീഴിൽ രൂപീകരിച്ച ഇത് കെ.എസ്.സി.എസ്.ടി.ഇ യുടെയും നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമാറ്റിക്സിന്റെയും സംയുക്ത സംരംഭമാണ്. രാജ്യത്ത്, പ്രത്യേകിച്ച് കേരളത്തിൽ ഗണിതശാസ്ത്ര ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം.

- കെഎസ്ഒഎം അംഗീകൃത ജേണലുകളിൽ പത്തോളം ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി കെഎസ്ഒഎം അതിന്റെ ധാരണാപത്രം പുതുക്കിയിട്ടുണ്ട്.
- ഇന്റഗ്രേറ്റഡ് എംഎസ്സി-പിഎച്ച്ഡി പ്രോഗ്രാമിന്റെ ആദ്യ ബാച്ച് ബിരുദം നേടുകയും രണ്ടാമത്തെ ബാച്ചിൽ ആറ് വിദ്യാർത്ഥികൾ എംഎസ്സി പഠിക്കുകയും ചെയ്യുന്നു. അഞ്ച് വിദ്യാർത്ഥികൾ ഇന്റഗ്രേറ്റഡ് എംഎസ്സി-പിഎച്ച്ഡി പ്രോഗ്രാമിൽ ചേർന്നിട്ടുണ്ട്.
- നിലവിൽ വിദേശത്തുള്ള സർവ്വകലാശാലകളുടെ/ സ്ഥാപനങ്ങളുടെ പിന്തുണയോടെ അന്താരാഷ്ട്ര കോൺഫറൻസുകൾ സംഘടിപ്പിക്കുന്നു.

**എംബിജിഐപിഎസ്–** വിവിധയിനം ജലാശയ സസ്യങ്ങൾ, ചെറിയ സസ്യങ്ങൾ, മലബാർ മേഖലയിലെ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമായി പ്രവർത്തിക്കുന്നതിനും സസ്യശാസ്ത്രത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള അറിവ് പ്രചരിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു സ്ഥാപനമാണിത്.

- വയനാട് ജില്ലയിൽ നിന്നും അഗസ്ത്യമലയിൽ നിന്നും വടക്കൻ കേരളത്തിലെ ലാറ്ററൈറ്റ് പീഠഭൂമിയിൽ നിന്നും തദ്ദേശീയ ജലസസ്യങ്ങൾ ശേഖരിച്ചു.
- സി.മലബാറിക്കത്തെക്കുറിച്ചുള്ള ഫിനോളജിക്കൽ, പോളിനേഷൻ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ തുടങ്ങുകയും എം.ബി.ജി.ഐ.പി.എസിൽ സി.മലബാറിക്കത്തിന്റെ എക്സ്-സിറ്റു സംരക്ഷണത്തിനായി കിഴങ്ങുവർഗ്ഗങ്ങൾ, തൈകൾ, ചെടികൾ എന്നിവ ശേഖരിക്കുകയും സി മലബാറിക്കത്തിൽ വിത്ത് മുളയ്ക്കുന്നതിന്റെ ഫിസിയോളജിക്കൽ, ബയോകെമിക്കൽ വശങ്ങൾ പഠിക്കുകയും ചെയ്തു.
- ക്രൈനം മലബാറിക്കം - ന്റെ ഇൻ-വിട്രോ സീഡ് ജെർമിനേഷൻ നടത്തി.
- ഹൈഗ്രോഫില, ലിംനോഫില എന്നീ രണ്ട് ജല ജനുസ്സുകളുടെ സിസ്റ്റമാറ്റിക്സും നാമകരണ പ്രശ്നങ്ങളും അഭിസംബോധന ചെയ്തു.
- 7 ഇനം നിംഫോയിഡുകളുടെ സംരക്ഷണം, പ്രത്യുത്പാദന ജീവശാസ്ത്രം, സിസ്ററമാറ്റിക്സ്, എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ വിജയകരമായി പൂർത്തിയാക്കി.
- 25,000 പച്ചക്കറിത്തൈകൾ പ്രചരിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.
- ടോട്ടൽ സോലുബൾ ഷുഗർ, ആകെ പ്രോട്ടീനുകൾ, ഫിനോൾസ്, കാസിയ ഫിസ്റ്റുല എൽ തുടങ്ങിയ ബയോകെമിക്കൽ വിശകലനങ്ങൾ പൂർത്തിയാക്കി.
- Vatica chinensis L., Hopea parviflora Bedd., Cassia fistula L. എന്നിവയുടെ വിത്തുകളുടെ ജർമിനേഷൻ സ്റ്റാൻഡേർഡൈസ് ചെയ്തു.
- കൽപായലുകളുടെ വന്യസ്വഭാവ ആവാസ വ്യവസ്ഥകൾ, ശീലങ്ങൾ എന്നിവയെക്കുറിച്ച് ലൈഫ് സയൻസ് വിദ്യാർത്ഥികൾക്ക് ഒരു വേദിയായി വർത്തിക്കുന്ന ഈ രീതിയിലുള്ള ആദ്യത്തെ 80 ഇനങ്ങളുള്ള ഒരു Lichen House സ്ഥാപിച്ചു.
- മലബാർ അക്വാട്ടിക് ബയോപാർക്ക് ഇന്റർപ്രെറ്റേഷൻ സെന്റർ സ്ഥാപിച്ചു.


**എസ്ആർഐബിഎസ്** – അടിസ്ഥാന ശാസ്ത്രങ്ങളിൽ അടിസ്ഥാന ഗവേഷണത്തിനുള്ള ഒരു അന്തർദേശീയ കേന്ദ്രമായി മാറുന്നതിനും അടിസ്ഥാന ശാസ്ത്രങ്ങളിൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്നതിനുമായുള്ള ഗവേഷണ വികസന കേന്ദ്രമാണ് എസ്ആർഐബിഎസ്.

- 360 ഓളം വിദ്യാർത്ഥികൾ, ഗവേഷകർ, അടിസ്ഥാന ശാസ്ത്രത്തിലെ ജൂനിയർ അധ്യാപകർ എന്നിവർക്ക് പ്രയോജനം ചെയ്യുന്ന വിധത്തിൽ വിവിധ സ്ഥാപനങ്ങളിലെ പ്രമുഖ ശാസ്ത്രജ്ഞരുടെ പങ്കാളിത്തത്തോടെ ആറ് വെബിനാറുകൾ സംഘടിപ്പിച്ചു.
- കേരളത്തിലെ ശാസ്ത്രസാങ്കേതിക മേഖലയുടെ സുവർണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച്, ജൈവവൈവിധ്യ സാധ്യതകളും നേട്ടങ്ങളും, സുതാര്യമായ സുസ്ഥിരത, അതിശയിപ്പിക്കുന്ന ലോക ഇലക്ട്രോണിക് സാമഗ്രികൾ, ഇന്ത്യയിലെ ഭക്ഷ്യ ആരോഗ്യ സുരക്ഷയും, ഓർഗാനിക് സിന്തസിസും-(തന്മാത്രകൾ സൃഷ്ടിക്കുന്ന കല) ഭാവിയിലെ സാങ്കേതിക വികസനത്തിനായി ഉപയോഗിക്കുന്നതിനെക്കുറിച്ചും പരമ്പരാഗത വിജ്ഞാനത്തിന്റെ ശാസ്ത്രീയ സാധൂകരണം എന്നിവ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഈ സ്ഥാപനം ഒരു പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു.

**II. കെ.എസ്.സി.എസ്.ടി.ഇ യുടെ പദ്ധതികളും പരിപാടികളും**

സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രോത്സാഹനത്തിൽ കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ വിവിധ സ്ഥാപനങ്ങളിലെയും ശാസ്ത്രശാഖകളിലെയും ശാസ്ത്രജ്ഞർക്ക് ഗവേഷണ വികസന പിന്തുണയും നൽകുന്നു. സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതികയിൽ മികവ് കൈവരിക്കുന്നതിനും സമൂഹത്തിനാകമാനം ബൃഹത്തായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമുളള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കുന്നതിനായി, ശാസ്ത്ര പ്രചരണവും പ്രോത്സാഹനവും, ഗവേഷണവും വികസനവും, ആവാസവ്യവസ്ഥയും, പരിസ്ഥിതിയും, സാങ്കേതിക വികസനവും കൈമാറ്റവും, വനിതകൾക്കായുള്ള ശാസ്ത്ര പരിപാടികൾ എന്നിവ കേന്ദ്രീകരിച്ച് കൗൺസിൽ വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നു. 2021-22 ൽ കെ.എസ്.സി.എസ്.ടി.ഇ നടപ്പാക്കിയ വിവിധ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ **ചിത്രം 5.2.1**ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 5.2.1** കെ.എസ്.സി.എസ്.ടി.ഇ നടപ്പാക്കിയ വിവിധ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ




അവലംബം:: കെ.എസ്.സി.എസ്.ടി.ഇ

2021-22 വർഷത്തിൽ കെ.എസ്.സി.എസ്.ടി.ഇ നടപ്പാക്കിയ പദ്ധതികളും പരിപാടികളും നേട്ടങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

**കെ.എസ്.സി.എസ്.ടി.ഇ യുടെ വിവിധ പദ്ധതികളുടെ നേട്ടങ്ങൾ**

**1.ശാസ്ത്ര സാങ്കേതിക വിദ്യയിൽ മാനവ വിഭവശേഷി വികസനം**

**i) ശാസ്ത്ര ഗവേഷണ പദ്ധതി (എസ് ആർ എസ്)**

അടിസ്ഥാനപരവും പ്രായോഗികവുമായ ഗവേഷണങ്ങളിൽ സംസ്ഥാനത്തെ ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന സയൻസ് റിസർച്ച് പദ്ധതി കൗൺസിലിന്റെ ഏറ്റവും പ്രധാനപ്പെട്ട പരിപാടിയാണ്. ശാസ്ത്ര-സാങ്കേതിക രംഗത്തെ വളർന്നുവരുന്ന മേഖലകളിലെ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകിക്കൊണ്ട് പദ്ധതിക്ക് പിന്തുണ നൽകുന്നു. 2021-22 കാലയളവിൽ, 8 പുതിയ പ്രോജക്റ്റുകൾക്കും 13 നിലവിലുള്ള പ്രോജക്ടുകൾക്കുമുള്ള ധനസഹായം നൽകുകയും, 2 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ജേണലുകളിൽ 58 പേപ്പറുകൾ, കോൺഫറൻസുകളിൽ 24 പേപ്പറുകൾ എന്നിവ പ്രസിദ്ധീകരിക്കുകയും, ഒരു പേറ്റന്റ് അനുവദിക്കുകയും ചെയ്തു. 12 പിഎച്ച്ഡി സ്കോളേഴ്സിനും മറ്റുള്ള 40 പേർക്കും ഈ പരിപാടിയിൽ പരിശീലനം നൽകി.

**ii) എമിരിറ്റസ് സയന്റിസ്റ്റ് പദ്ധതി**

അനുഭവസമ്പത്തുള്ള പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ കഴിവും അറിവും പ്രയോജനപ്പെടുത്തുകയും സംസ്ഥാനത്തിന്റെ പ്രയോജനത്തിനായി വൈദഗ്ദ്ധ്യമുള്ള മേഖലയിൽ ഗവേഷണം നടത്താൻ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പരിപാടിയുടെ കീഴിൽ, 2021-22 ൽ, 26 കോൺഫറൻസുകൾ/സെമിനാറുകൾ നടത്തി, ബന്ധപ്പെട്ട പ്രോജക്റ്റുകളിൽ നിന്ന് 13 പേപ്പറുകൾ ജേണലുകളിൽ പ്രസിദ്ധീകരിച്ചു, 6 പിഎച്ച്ഡികൾ 8 പുതിയ കണ്ടെത്തലുകൾ/ സാങ്കേതികവിദ്യകൾ കൈവരിക്കുകയും ചെയ്തു. 2022-23ൽ, 2022 സെപ്തംബർ വരെ, ജേണലുകളിൽ 12 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും 3 കോൺഫറൻസുകൾ/സെമിനാറുകൾ നടത്തുകയും ചെയ്തു. മാഗ്നറ്റിക് നാനോ മെറ്റീരിയൽ സിന്തസിസും അതിന്റെ പ്രയോഗവും എന്ന വിഷയത്തിൽ ഒരു പിഎച്ച്ഡി നൽകുകയും 3 പുതിയ കണ്ടെത്തലുകൾ നടത്തുകയും ചെയ്തു.

**iii) ) യുവ ശാസ്ത്ര പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (സ്പൈറ്റിസ്)**

8,9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഒരു സയൻസ് പ്രോജക്റ്റ് (സ്പൈറ്റിസ് -I) ചെയ്യുന്നതിന് അവാർഡുകൾ നൽകുന്നതിനും, ശാസ്ത്ര സാങ്കേതിക വിദ്യകളിൽ നൂതന ആശയങ്ങൾ ഉള്ള പോളിടെക്നിക് കോളേജുകളിലും ബിരുദ കോഴ്സുകളിലും ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും വേണ്ടിയുള്ളതാണ് സ്പൈറ്റിസ്-II പദ്ധതി. ശാസ്ത്ര സാങ്കേതിക രംഗത്ത് തൊഴിൽ കണ്ടെത്തുന്നതിന് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിയുടെ കീഴിൽ വെബിനാറുകൾ നടത്തുകയുണ്ടായി.

**iv) സ്റ്റുഡന്റ് പ്രോജക്ട്**

കേരളത്തിലെ സർവ്വകലാശാലാ വകുപ്പുകളിലെയും കോളേജുകളിലെയും ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ശാസ്ത്ര സംബന്ധമായ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് പദ്ധതി സാമ്പത്തിക സഹായം നൽകുന്നു. 2021-22 കാലയളവിൽ, ഓരോ പ്രോജക്ടിനും 10,000 രൂപ വീതം ധനസഹായത്തിനായി 500 പ്രോജക്ടുകൾ തിരഞ്ഞെടുത്തു. പൂർത്തീകരിച്ച പദ്ധതികൾക്ക് ഗ്രാന്റായി 17,51,230 രൂപ അനുവദിച്ചു.

**v) കെ.എസ്.സി.എസ്.ടി.ഇ ഗവേഷണ ഫെലോഷിപ്പ്**

മിടുക്കരായ വിദ്യാർത്ഥികളെ പിഎച്ച്.ഡിയിലേക്ക് നയിക്കുന്ന ഗവേഷണത്തിൽ പിന്തുണയ്ക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2021-22ൽ, പ്രോഗ്രാമിന് കീഴിൽ 50 ഫെലോഷിപ്പുകൾ നൽകുകയും 75 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

**vi) കെ.എസ്.സി.എസ്.ടി.ഇ പോസ്റ്റ്–ഡോക്ടറൽ ഫെലോഷിപ്പ്**

ശാസ്ത്ര സാങ്കേതിക രംഗത്ത് തുടരാൻ ഡോക്ടറേറ്റുള്ള വ്യക്തികളെ പ്രോത്സാഹിപ്പിക്കുക, ഗവേഷണം തുടർന്ന് കൊണ്ടുപോകുന്നതിനും ശാസ്ത്രജ്ഞരായി കരിയർ വികസിപ്പിക്കുന്നതിനും അവരെ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കെ.എസ്.സി.എസ്.ടി.ഇ എല്ലാ വർഷവും പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുന്നു. ഈ പരിപാടിയുടെ കീഴിൽ, 2021-22ൽ ജേണലുകളിൽ 24 പേപ്പറുകളും, പുസ്തകങ്ങളിൽ 12 അധ്യായങ്ങളും പ്രസിദ്ധീകരിക്കുകയും 3 കോൺഫറൻസ്/സെമിനാറുകൾ നടത്തുകയും ചെയ്തു. 2022 സെപ്റ്റംബർ 30 വരെ, എൻആർഎഫ് 2, എൻഎഫ്-കെബി സിഗ്നലിംഗിനായി- പ്രകൃതി ഉൽപ്പന്നങ്ങളുടെ പ്രവർത്തന സാധ്യത വിലയിരുത്തൽ - ഒരു ഡ്യുവൽ റിപ്പോർട്ടർ സെൽ വികസിപ്പിക്കുന്ന വിഷയത്തിൽ, പദ്ധതിയുടെ കീഴിൽ മൂന്ന് പുതിയ കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്.

**vii) പാർട്ണറിംഗ് അക്കാദമിക് ഇൻഡസ്ട്രിയൽ റിസർച്ച് പ്രോഗ്രാം (പി എ ഐ ആർ)**

വ്യവസായങ്ങളും അക്കാദമിക്/ ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള ഗവേഷണത്തിൽ പങ്കാളിത്തം സ്ഥാപിക്കുന്നതിനും കേരളത്തിൽ ട്രാൻസ്ലേഷണൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കെ.എസ്.സി.എസ്.ടി.ഇയുടെ ഒരു നവീന സംരംഭമാണ് പാർട്ണറിംഗ് അക്കാദമിക് ഇൻഡസ്ട്രിയൽ റിസർച്ച് (പിഎഐആർ) പരിപാടി. KSCSTE-VINVISH, CSIR-NWWST സംയുക്ത ഗവേഷണ പരിപാടി 2021ൽ പൂർത്തിയായി. ഹാൻഡ് ഹെൽഡ് രാമൻ സ്പെക്ട്രോമീറ്റർ വികസിപ്പിച്ചതിനും അതിന്റെ സമർത്ഥിക്കപ്പെട്ട ആപ്ലിക്കേഷനുകൾക്കുമായി 2020-ലെ മികച്ച നവീകരണത്തിനുള്ള സിഎസ്ഐആർ-ടെക്നോളജി അവാർഡ് CSIR - ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി നേടി. KSCSTE-VINVISH, CSIR-NWWST സംയുക്ത ഗവേഷണ പരിപാടിക്ക് കീഴിലുള്ള ഫോട്ടോ സയൻസസ് ആൻഡ് ഫോട്ടോണിക്സ് വിഭാഗത്തിലെ ഡോ. യൂസഫ് കരുവാത്ത് ആണ് സംഘത്തെ നയിച്ചത്. അന്താരാഷ്ട്ര തലത്തിൽ അവലോകനം ചെയ്ത ജേണലുകളിൽ രണ്ട് പ്രസിദ്ധീകരണങ്ങൾ, കോൺഫറൻസുകളിൽ മൂന്ന് അവതരണങ്ങൾ, രണ്ട് സോഫ്റ്റ് വെയർ പകർപ്പവകാശം എന്നിവ ഈ പരിപാടിക്ക് കീഴിൽ നേടിയിട്ടുണ്ട്.

**2. ആവാസവ്യവസ്ഥാ, പരിസ്ഥിതി പരിപാടികൾ**

പരിസ്ഥിതി സംരക്ഷണം, മലിനീകരണ ലഘൂകരണം, അവബോധം സൃഷ്ടിക്കൽ എന്നിവ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ആവാസവ്യവസ്ഥാപരിസ്ഥിതി പരിപാടി. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ (എംഒഇഎഫ് & സിസി) സ്‌കൂളുകളിലെ പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയായ നാഷണൽ ഗ്രീൻ കോർപ് സ്(എൻജിസി) നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയാണ് കെ.എസ്.സി.എസ്.ടി.ഇ. സ്‌കൂൾ കുട്ടികളിൽ പരിസ്ഥിതി അവബോധം പ്രചരിപ്പിക്കുന്നതിനും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിനും പരിപാടി ലക്ഷ്യമിടുന്നു. 2021-22ൽ, ഈ പദ്ധതിയുടെ ഭാഗമായി വെബിനാറുകളും പരിശീലനങ്ങളും ഓറിയന്റേഷൻ പരിപാടികളും സംഘടിപ്പിച്ചു.

**3. ശാസ്ത്ര പ്രചരണം**

i) കേരള ശാസ്ത്രപുരസ്കാരം ii) കേരള സംസ്ഥാന യുവ ശാസ്ത്രജ്ഞ അവാർഡുകൾ (കെഎസ് വൈഎസ് എ) iii) കേരള സയൻസ് കോൺഗ്രസ് iv) ശാസ്ത്ര സാഹിത്യ അവാർഡുകൾ v) ദേശീയ ബാലശാസ്ത്ര കോൺഗ്രസ് vi) ശാസ്ത്ര മാധ്യമ പിന്തുണ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, vi) സാങ്കേതികവിദ്യ ഫെസ്റ്റിവൽ (ടെക് ഫെസ്റ്റ്) എന്നിവ കെ.എസ്.സി.എസ്.ടി.ഇ യുടെ ശാസ്ത്ര പ്രചരണ പരിപാടികളിൽ ഉൾപ്പെടുന്നു. ലോകത്തെവിടെയും പ്രവർത്തിക്കുന്ന കേരളീയ വംശജരായ മികച്ച ശാസ്ത്രജ്ഞരെ ആദരിച്ചുകൊണ്ട് ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗുണനിലവാരമുള്ള ഗവേഷണം, പരിശീലനം, നേതൃത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിച്ചതാണ് കേരള ശാസ്ത്രപുരസ്കാരം. ശാസ്ത്ര-സാങ്കേതിക രംഗത്തെ മികച്ച സംഭാവനകൾ കണക്കിലെടുത്താണ് പ്രതിഭാധനരായ യുവ ശാസ്ത്രജ്ഞർക്ക് കേരള യംഗ് സയന്റിസ്റ്റ് അവാർഡുകൾ നൽകുന്നത്. 2021-22ൽ നിലവിലെ 7 പ്രോജക്ടുകൾക്കുള്ള കെഎസ്‌വൈഎസ്എ ഗവേഷണ ഗ്രാന്റ് പുറത്തിറക്കി. അഞ്ച് വിഭാഗങ്ങളിലായി ഏഴ് ശാസ്ത്രസാഹിത്യ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

**4. ശാസ്ത്ര സാങ്കേതിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

സർവ്വകലാശാലകളിലും കോളേജുകളിലും സ്‌കൂളുകളിലും ശാസ്ത്രീയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണം വ്യാപിപ്പിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി ഈ സ്ഥാപനങ്ങളിൽ ലാബുകളും അനുബന്ധ സൗകര്യങ്ങളും സൃഷ്ടിക്കുന്നതിന് കൗൺസിൽ സാമ്പത്തിക സഹായം നൽകുന്നു. ഇതിനായി കൗൺസിൽ നടപ്പിലാക്കിയ രണ്ട് പദ്ധതികളാണ് സെലക്ടീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (SARD), ശാസ്ത്രപോഷിണി എന്നിവ നിർദ്ദിഷ്ട മേഖലകളിൽ ഗവേഷണം വർദ്ധിപ്പിക്കുന്നതിന് കോളേജുകളിലും സർവ്വകലാശാലകളിലും സൗകര്യങ്ങൾ സൃഷ്ടിക്കാൻ SARD വിഭാവനം ചെയ്യുന്നു. ഈ പ്രോഗ്രാമിന് കീഴിൽ, ഉപകരണങ്ങൾ വാങ്ങി അതിന്റെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ലബോറട്ടറി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഗ്രാന്റുകൾ നൽകും. ഈ പരിപാടിയിലൂടെ, 2022 വരെ 72 സയൻസ് ബിരുദാനന്തര ബിരുദ ഡിപ്പാർട്ട്മെന്റുകൾക്ക് ആർ & ഡി ലബോറട്ടറികൾക്കും ഗവേഷണം നടത്തുന്നതിനും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകി. ഓരോ വർഷവും ഏകദേശം 3 മുതൽ 4 വരെ ലബോറട്ടറികൾ ഈ പദ്ധതിക്ക് കീഴിൽ ശക്തിപ്പെടുത്തുന്നു. ഹൈസ്‌കൂളുകളിൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിവയിൽ മാതൃകാ സയൻസ് ലബോറട്ടറികൾ സ്ഥാപിക്കാൻ ശാസ്ത്രപോഷിണി പദ്ധതി ലക്ഷ്യമിടുന്നു.

**5. സാങ്കേതിക വികസനവും കൈമാറ്റവും**

**i). ബൗദ്ധിക സ്വത്തവകാശ വിവര കേന്ദ്രം – കേരളം (IPRIC–K)**

എല്ലാത്തരം ബൗദ്ധിക സ്വത്തവകാശങ്ങൾക്കും (ഐപിആർ) ബന്ധപ്പെട്ട സേവനങ്ങൾക്കും കാര്യങ്ങൾക്കുമുള്ള കേരളത്തിന്റെ നോഡൽ ഏജൻസി യാണ് IPRIC-K. ഈ പരിപാടിക്ക് കീഴിൽ, 2021-22 ൽ, അഞ്ച് പേറ്റന്റുകൾ അനുവദിക്കുകയും, വിവിധ സ്ഥാപനങ്ങൾ/സംഘടനകളുമായി സഹകരിച്ച് 116 ഐപിആർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഏകദേശം 15,000 ആളുകളെ ബോധവൽക്കരിക്കുകയും 51 പേറ്റന്റ് ഫെസിലിറ്റേഷൻ അപേക്ഷകളിൽ നടപടിയെടുക്കുകയും ചെയ്തു. 2022 സെപ്റ്റംബർ 30 വരെ, 17 ഐപിആർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും 25 പേറ്റന്റ് ഫെസിലിറ്റേഷൻ അപേക്ഷകൾക്ക് നടപടിയെടുക്കുകയും രണ്ട് പേറ്റന്റുകൾ അനുവദിക്കുകയും കൂടാതെ രണ്ട് സ്ഥാപനങ്ങളിൽ ഐപിആർ സെല്ലുകൾ സ്ഥാപിക്കുകയും ചെയ്തു.

**ii). എഞ്ചിനീയറിംഗ് & ടെക്നോളജി പ്രോഗ്രാം (ഇ റ്റി പി)**

എഞ്ചിനീയറിംഗിന്റെയും സാങ്കേതികവിദ്യയുടെയും ഉയർന്നുവരുന്ന മേഖലകളിൽ ഉയർന്ന നിലവാരമുള്ള ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗവേഷണ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിപാടിയാണ് ഇ റ്റി പി. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രഗത്ഭർക്കും ഗവേഷണ-വികസന സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർക്കും വേണ്ടി ആരംഭിച്ചിട്ടുള്ള ഈ പദ്ധതി 2021-22ൽ, 11 ഗവേഷണ പ്രബന്ധങ്ങളും 11 കോൺഫറൻസ് പേപ്പറുകളും ഒരു പുസ്തക അധ്യായവും പരിപാടിക്ക് കീഴിൽ പ്രസിദ്ധീകരിച്ചു.

**iii) സാങ്കേതികവിദ്യാ വികസനവും അഡാപ്റ്റേഷൻ പ്രോഗ്രാമും (റ്റി ഡി എ പി)**

നൂതനവും ആവശ്യാധിഷ്ഠിതവുമായ സാങ്കേതിക വിദ്യകളുടെ വികസനത്തിനും പ്രദർശനത്തിനും ഉത്തേജക പിന്തുണ നൽകുന്നതിന് ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ പ്രോഗ്രാം (ടിഡിഎപി) വിഭാവനം ചെയ്തിരിക്കുന്നു. 2021-22ൽ നിലവിലെ രണ്ട് പ്രോജക്ടുകൾക്ക് സാമ്പത്തിക ഗ്രാന്റ് അനുവദിച്ചു.

**iv) റൂറൽ ടെക്നോളജി പ്രോഗ്രാം (ആർടിപി)**

പരമ്പരാഗത ഗ്രാമീണ സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും അവ നവീകരിക്കുന്നതിനുമായി ഗ്രാന്റുകളുടെ രൂപത്തിൽ സഹായം നൽകുന്നതിന് വേണ്ടിയാണ് ആർടിപി പദ്ധതി ആരംഭിച്ചത്. വിപുലമായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ ഗ്രാമീണ കുടുംബങ്ങളുടെ

ജോലീഭാരം കുറയ്ക്കുന്നതിനും സഹായിക്കുന്നതാണ്. അടിസ്ഥാനതലത്തിലുള്ള വ്യക്തികളുടെ നൂതന കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുകയും അവരുടെ നൂതന ആശയങ്ങൾ മികച്ചതാക്കുക, അവരെ ഒരു സംരംഭക തലത്തിലേക്ക് ഉയർത്തുന്നതിനുമുള്ള സാങ്കേതിക പിന്തുണ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

### 6. വനിതകൾക്കായുള്ള ശാസ്ത്ര പരിപാടി

കേരളത്തിൽ സ്ത്രീ സാക്ഷരതടെ എണ്ണം കൂടുതലാണെങ്കിലും, ശാസ്ത്രത്തിൽ സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്താൻ ഇനിയും സാധ്യതകളുണ്ട്. ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, കൃഷി, വൈദ്യശാസ്ത്രം എന്നീ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.സി.എസ്.ടി.ഇ നിരവധി പരിപാടികളും പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. സ്ത്രീകളെയും പെൺകുട്ടികളെയും ശാസ്ത്രരംഗത്ത് തൊഴിൽ ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു പിന്തുണാ സംവിധാനം നൽകുന്നു. തൊഴിലിൽ ഇടവേള സംഭവിക്കുമ്പോൾ സ്ത്രീകൾക്ക് പുന: പ്രവേശനത്തിന് ഈ പരിപാടികൾ സഹായമാകുന്നുണ്ട്. ഈ മേഖലയിൽ കൗൺസിൽ നടത്തുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്.

i. ബാക്ക്-ടു-ലാബ് റിസർച്ച് ഫെലോഷിപ്പ് പരിപാടി - 2020-21ൽ പ്രോഗ്രാമിന് കീഴിൽ 10 ബാക്ക്-ടു-ലാബ് പ്രോജക്റ്റുകൾ അനുവദിച്ചു. നിലവിൽ പ്രവർത്തനത്തിലുള്ള 36 പ്രോജക്ടുകളിൽ 27 എണ്ണം പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകളും 9 ഗവേഷണ ഫെലോഷിപ്പ് പ്രോജക്റ്റുകളുമാണ്. 36 പദ്ധതികളിൽ 16 എണ്ണം പൂർത്തീകരിച്ചു. സഹായം ലഭിച്ച പ്രോജക്ടുകളിൽ നിന്നുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ എണ്ണം 28 ആയിരുന്നു. 14 കോൺഫറൻസ്/ സെമിനാർ/ വർക്ക്ഷോപ്പ് പേപ്പറുകൾ പ്രസിദ്ധീകരിച്ചവയിൽ 12 എണ്ണം അന്താരാഷ്ട്ര തലത്തിലുള്ളവയാണ്. മൂന്ന് പുസ്തക അധ്യായങ്ങൾ, ആറ് മികച്ച പേപ്പർ അവാർഡുകൾ, 5 ജീൻ ബാങ്ക് സമർപ്പിക്കലുകൾ, ഒരു പുതിയ സ്പീഷീസ് റെക്കോർഡിംഗ് എന്നിവ 2021-22 കാലയളവിൽ നേടിയിട്ടുണ്ട്.

ii.കേരളത്തിലെ ശാസ്ത്രരംഗത്തെ സ്ത്രീകളെ സംബന്ധിക്കുന്ന ഡാറ്റാബേസ് തയ്യാറാക്കുന്ന പദ്ധതി. - സംസ്ഥാനത്തെ വിവിധ ശാസ്ത്ര മേഖലകളിലെ സ്ത്രീകളുടെ നിലയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി വികസിപ്പിച്ച ഓൺലൈൻ ഡയറക്ടറിയിൽ 3,168 രജിസ്ട്രേഷനുകൾ (മാർച്ച്, 2022 വരെ) നടത്തി. 2021-22 ൽ 72 പുതിയ രജിസ്ട്രേഷനുകൾ നടന്നു.

### 7. ബയോടെക്നോളജി വികസനം

യംഗ് ഇൻവെസ്റ്റിഗേറ്റേഴ്സ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (വൈഐപിബി), ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം (ഐബിആർഎസ്), ബയോടെക്നോളജി ഇന്നൊവേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ് (ബിഐആർഡി), ബയോടെക്നോളജി ട്രെയിനിംഗ് ആൻഡ് വർക്ക്ഷോപ്പ് പ്രോഗ്രാം (ബിറ്റിഡബ്ല്യു), കേരള ബയോടെക്നോളജി റീ-എൻട്രി ഫെല്ലോഷിപ്പ് (കെ-ബിഐആർഇഎഫ്) എന്നിവ ബയോടെക്നോളജി വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ചീഫ് മിനിസ്റ്റേഴ്സ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (സിഎബി). കേരള ബയോടെക്നോളജി കമ്മീഷനിലാണ് (കെബിസി) ബയോടെക്നോളജി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള ബയോടെക്നോളജി നയത്തിന്റെയും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളുടെയും നടത്തിപ്പിന്റെ ഉത്തരവാദിത്തം. കൂടാതെ ബയോടെക്നോളജി മേഖലയിലെ ഗവേഷണ-വികസനവും വ്യാവസായിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു.

യുവ ബിരുദധാരികളെ ബയോടെക്നോളജിയിൽ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടെ 2021-22ൽ ബയോ എന്റർപ്രണർഷിപ്പ് സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ ആരംഭിച്ചു. യുവ ബിരുദധാരികളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ കെബിസി ബയോടെക്നോളജിയിലെ നിലവിലെ വിഷയങ്ങളിൽ വെബിനാറുകൾ സംഘടിപ്പിച്ചു. 2021-22ൽ 19 പേപ്പറുകളും 2 പുസ്തക അധ്യായങ്ങളും പ്രസിദ്ധീകരിക്കുകയും 28 പേപ്പർ അവതരണങ്ങൾ ഈ പ്രോഗ്രാമിന് കീഴിൽ നടത്തുകയും ചെയ്തു.

### കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട്

കാലാവസ്ഥാ വ്യതിയാന ഗവേഷണത്തിനുള്ള സംസ്ഥാനതല ഉന്നത ഏജൻസിയായി പ്രവർത്തിക്കാൻ പരിസ്ഥിതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സ്വയംഭരണ ഗവേഷണ-വികസന കേന്ദ്രമാണ് കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം (ഐസിസിഎസ്). കാലാവസ്ഥാ വ്യതിയാനത്തിന്റെ അനിവാര്യമായ പ്രത്യാഘാതങ്ങൾക്കെതിരെ കേരളത്തെ ശാക്തീകരിക്കുകയും ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയിലൂടെ സംസ്ഥാനത്തിന്റെ പ്രതിരോധശേഷിയും പൊരുത്തപ്പെടുത്തലും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഐസിസിഎസ്-ന്റെ കാഴ്ചപ്പാട്; നവീകരണവും സ്വയം അവബോധവും. 2021-22ലെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്;

- അക്കാദമിക്, ഗവേഷണ സഹകരണം വികസിപ്പിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസും (ഐഐടിഎം) ഐസിസിഎസും തമ്മിൽ ധാരണാപത്രം (എംഒയു) തയ്യാറാക്കി.
- ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ (ഐഎംഡി) സഹായത്തോടെ ഒരു സമ്പൂർണ്ണ ഓട്ടോമാറ്റിക് കാലാവസ്ഥാ സംവിധാനം (എഡബ്ല്യൂഎസ്) ഒബ്സർവേറ്ററി സ്ഥാപിച്ചു.
- കാലാവസ്ഥാ ഗവേഷണ പ്രവചന മാതൃക (ഡബ്ല്യൂആർഎഫ്) അധിഷ്ഠിതമാക്കി ഒമ്പത് കിലോമീറ്റർ സ്പെഷ്യൽ റെസല്യൂഷനിൽ സംസ്ഥാനത്ത് റെയിൻ ഫോൾ ഫൊർകാസ്റ്റ് സംവിധാനം സ്ഥാപിച്ചു.
- സംസ്ഥാനത്തുടനീളം അതിശക്തമായ മഴ പെയ്യുന്ന സംഭവങ്ങളിൽ നൗകാസ്റ്റ് ചെയ്യുന്നതിന് ക്ലൗഡ് മൈക്രോഫിസിക്സ് അടിസ്ഥാനമാക്കിയുള്ള പരീക്ഷണാത്മക നൗകാസ്റ്റിംഗ് സാങ്കേതികത വികസിപ്പിച്ചെടുത്തു.
- 2021ൽ സംസ്ഥാന തലത്തിൽ ആദ്യമായി കേരളത്തിന്റെ ക്ലൈമറ്റ് സ്റ്റേറ്റ്മെന്റ് പുറത്തിറക്കി.
- കരയിലെ കൃഷിരീതികളും അതിന്റെ നടത്തിപ്പ് സാധ്യതകളും മനസ്സിലാക്കുന്നതിനായി ഭാരതപ്പുഴയിൽ ഒരു നിരീക്ഷണ സർവേയും കർഷകരുമായി വ്യക്തിപരമായ ആശയവിനിമയത്തിനായി വിപുലമായ സൈറ്റ് സന്ദർശനങ്ങളും നടത്തി.

**ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ വൈറൽ പകർച്ചവ്യാധികൾ കേരളത്തെ ബാധിച്ചിട്ടുണ്ട്. നിലവിലുള്ളതും ഉയർന്നുവരുന്നതുമായ വൈറൽ അണുബാധകൾ തടയുന്നതിന് വാക്സിനുകൾ, ചെലവ് കുറഞ്ഞ മൾട്ടിപ്ലക്സ് ഡയഗ്നോസ്റ്റിക് പ്ലാറ്റ്ഫോമുകൾ, മോണോക്ലോണൽ ആന്റിബോഡികൾ, മറ്റ് ചികിത്സാ നടപടികൾ എന്നിവയിലൂടെ പരിഹാരം കാണുന്നതിനായി കേരള സർക്കാർ തിരുവനന്തപുരത്തെ തോന്നക്കൽ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ 2019ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു. വൈറൽ ആന്റിജൻ ഡിറ്റക്ഷൻ, വൈറൽ സീറോളജി, മോളിക്യുലാർ ഡയഗ്നോസ്റ്റിക് വൈറോളജി എന്നിവയിലൂടെ വൈറസുകളെ ഫലപ്രദമായി കണ്ടെത്തുന്നതിനും ഉയർന്നുവരുന്ന/നിലവിലുള്ള വൈറൽ അണുബാധകൾ നിയന്ത്രിക്കുന്നതിനും പൊതുജനാരോഗ്യത്തിന്റെ നിരീക്ഷണ പിന്തുണ നിലനിർത്തുന്നതിനു പ്രാദേശികവും ദേശീയവുമായ പ്രാധാന്യമുള്ള വൈറൽ രോഗങ്ങളുടെ പകർച്ചകളെക്കുറിച്ചുള്ള അന്വേഷണത്തിനുമായി ഏകദേശം 88 വൈറൽ പാരാമീറ്ററുകളുടെ രോഗനിർണയം നടത്താൻ ശേഷിയുള്ള ഒരു അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് സൗകര്യം ഇൻസ്റ്റിറ്റ്യൂട്ടിലുണ്ട്.

അടിസ്ഥാന, ട്രാൻസ് ലേഷണൽ വൈറോളജി, പകർച്ച വ്യാധിക്കെതിരെയുള്ള തയ്യാറെടുപ്പ്, ദ്രുത പ്രതികരണം, പൊതുജനങ്ങൾക്ക് അപകടസാധ്യതയെക്കുറിച്ചുള്ള ആശയവിനിമയം എന്നീ മേഖലകളിൽ ഉയർന്ന നിലവാരത്തിലുള്ള ഗവേഷണം ശക്തിപ്പെടുത്തുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നിലവിൽ എട്ട് ബയോ സേഫ്റ്റി ലെവൽ (ബിഎസ്എൽ-II) ലബോറട്ടറികളും അത്യാധുനിക ഗവേഷണ അടിസ്ഥാന സൗകര്യവും, വൈറസ്, വൈറൽ അണുബാധകൾ എന്നിവയെക്കുറിച്ച് വിവിധ തലങ്ങളിൽ പഠിക്കാനുള്ള മാനവ വിഭവശേഷിയും സജ്ജീകരിച്ചിരിക്കുന്നു. ക്ലിനിക്കൽ വൈറോളജി വകുപ്പ്, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ, ആൻറിവൈറൽ ഡ്രഗ് റിസർച്ച്, വൈറസ് ആപ്ലിക്കേഷനുകൾ, വൈറസ് എപ്പിഡെമിയോളജി, വെക്ടർ ഡൈനാമിക്സ് & പബ്ലിക് ഹെൽത്ത്, വൈറസ് ജെനോമിക്സ്, ബയോഇൻഫോർമാറ്റിക്സ് &പൊതു വൈറോളജി എന്നിങ്ങനെ വൈറോളജിയിൽ വിവിധതല പഠനം സുഗമമാക്കുന്നതിന് സ്ഥാപനത്തിന് എട്ട് വകുപ്പുകളുണ്ട്.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

മഹാമാരികളെ നേരിടാൻ തയ്യാറെടുപ്പിനായി സമയബന്ധിതമായ കണ്ടെത്തൽ, അണുബാധ തടയൽ, ശരിയായ ചികിത്സാ പ്രോട്ടോക്കോളുകൾ എന്നിവ ആവശ്യമാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഇനിപ്പറയുന്ന ഉൽപ്പന്ന-അധിഷ്ഠിത ഗവേഷണ പ്രോജക്ടുകൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്:

- വൈറൽ സിൻഡ്രോമുകൾക്കെതിരായ ന്യൂ ജനറേഷൻ മൾട്ടിപ്ലക്സ് ഡയഗ്നോസ്റ്റിക് പ്ലാറ്റ്ഫോമുകൾ.
- ഉയർന്നുവരുന്ന വൈറസുകൾക്കെതിരെ മോണോക്ലോണൽ ആന്റിബോഡികൾ (എംഎബികൾ).
- ഉയർന്നുവരുന്ന വൈറസുകൾക്കെതിരെ ന്യൂക്ലിക് ആസിഡ് അടിസ്ഥാനമാക്കിയുള്ള വാക്സിനുകൾ.
- വൈറൽ പകർച്ചയെക്കുറിച്ചുള്ള അന്വേഷണം.

**അക്കാദമിക് പ്രോഗ്രാമുകൾ:** കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി (കെയുഎച്ച്എസ്) അഫിലിയേഷനിലുള്ള മാസ്റ്റേഴ്സ്, പിഎച്ച്ഡി പ്രോഗ്രാമുകൾ, കുസാറ്റുമായി അഫിലിയേഷനുള്ള മറ്റ് വൈറോളജി വിഷയങ്ങൾ, മെഡിക്കൽ/ഡെന്റൽ/വെറ്ററിനറി/ലബോറട്ടറി ടെക്നീഷ്യൻ, മറ്റ് ലൈഫ് സയൻസസ് എന്നിവയിൽ ബിരുദധാരികൾ/ബിരുദാനന്തര ബിരുദധാരികൾക്കുള്ള ഹ്രസ്വകാല അക്കാദമിക് പ്രോഗ്രാമുകൾ. വിഷയങ്ങൾ, പിജി വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ്/ പ്രോജക്ട് ഡിസേർട്ടേഷൻ സൗകര്യം, സഹകരണ ഗവേഷണ പരിപാടികൾ, ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ബ്രെയിൻ ഗെയിൻ പ്രോഗ്രാം നടപ്പിലാക്കൽ.

2021-22 കാലയളവിൽ, വൈറോളജി, അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി എന്നീ മേഖലകളിൽ അടിസ്ഥാനപരവും ട്രാൻസ്‌ലേഷണൽ ഗവേഷണം നടത്തുന്നതിനായി 88 വിവിധ വൈറൽ പാരാമീറ്ററുകൾ കണ്ടെത്താനുള്ള ശേഷിയുള്ള ആറ് പൂർണ്ണ സജ്ജീകരണങ്ങളുള്ള ബിഎസ്എൽ II-ലെവൽ റിസർച്ച് ലബോറട്ടറികൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇത് തിരുവനന്തപുരം ജില്ലയിലെ 50 ഓളം സർക്കാർ ആശുപത്രികൾക്ക് സൗജന്യ രോഗനിർണ്ണയ സേവനം നൽകുന്നു, അതുവഴി വൈറൽ അണുബാധകൾ കണ്ടെത്തുന്നതിനും സാമ്പിളുകളുടെ ക്രമപ്പെടുത്തലിനും മറ്റും ബാഹ്യ ലബോറട്ടറികളെ സംസ്ഥാനം ആശ്രയിക്കുന്നത് കുറയ്ക്കുന്നു. സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് 'പങ്കാളിത്ത ഗവേഷണവികസനത്തിനായി' നടപടികൾ ആരംഭിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ-വികസന പ്രവർത്തനങ്ങളും പകർച്ചവ്യാധി നേരിടാനുള്ള തയ്യാറെടുപ്പ് ഉറപ്പാക്കുന്നതിനുള്ള നിരവധി നടപടികളും സ്വീകരിച്ചു.

**സി. റീജിയണൽ കാൻസർ സെന്റർ (ആർസിസി), തിരുവനന്തപുരം**

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ലോകമെമ്പാടുമുള്ള മരണകാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അർബുദം. ഇന്ത്യയിൽ, ക്യാൻസർ ബാധിതരുടെ എണ്ണം 2021-ലെ 26.7 ദശലക്ഷത്തിൽ നിന്ന് 2025 ആകുമ്പോഴേക്കും 29.8 ദശലക്ഷമായി ഉയരുമെന്ന് കരുതുന്നു. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ 'ബർഡൻ ഓഫ് ക്യാൻസർ ഇൻ ഇന്ത്യ' റിപ്പോർട്ട് അനുസരിച്ച്, മൊത്തം കാൻസർ രോഗത്തിൽ 40 ശതമാനത്തിലധികം ഏഴ് തരം അർബുദങ്ങളാണ് -ശ്വാസകോശം (10.6 ശതമാനം), സ്തനം (10.5 ശതമാനം), അന്നനാളം (5.8 ശതമാനം), വായ (5.7 ശതമാനം), ആമാശയം (5.2 ശതമാനം), കരൾ (4.6 ശതമാനം), സെർവിക്സ് ഗർഭാശയം (4.3 ശതമാനം).

കാൻസർ രോഗനിർണ്ണയ-ചികിത്സാ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന, രാജ്യത്തെ ഏറ്റവും മികച്ച സമഗ്ര കാൻസർ സെന്ററുകളിലൊന്നാണ് കേരളത്തിലെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (ആർസിസി). കേരളത്തിലും തമിഴ്നാടിന്റെയും കർണാടകയുടെയും സമീപ ജില്ലകളിലും താമസിക്കുന്ന 36 ദശലക്ഷത്തിലധികം ആളുകളുടെ ചികിത്സാ ആവശ്യങ്ങൾ ഈ സ്ഥാപനം നിറവേറ്റുന്നു. കാൻസർ രോഗികളുടെ എണ്ണവും പുതിയ കേസുകളുടെ രജിസ്ട്രേഷനും വർഷങ്ങളായി വൻതോതിൽ വർദ്ധിക്കുകയുണ്ടായി. കേരളത്തിൽ

സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ ക്യാൻസർ രോഗം കഴിഞ്ഞ കുറേ വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഓങ്കോളജിയുമായി ബന്ധപ്പെട്ട സ്പെഷ്യാലിറ്റികളിൽ അധ്യാപനത്തിനും പരിശീലനത്തിനുമുള്ള ദേശീയ അംഗീകാരമുള്ള കേന്ദ്രമായി ആർസിസി പരിണമിച്ചു. ദേശീയ അന്തർദേശീയ പ്രശസ്ത കേന്ദ്രങ്ങളുമായി സഹകരിച്ച് അടിസ്ഥാന ഗവേഷണം, എപ്പിഡെമിയോളജിക്കൽ പഠനങ്ങൾ, ക്ലിനിക്കൽ ഗവേഷണം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളോടെ കാൻസർ ഗവേഷണത്തിനുള്ള ഒരു പ്രധാന കേന്ദ്രമായി മാറി ആർസിസി. കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ സേവനങ്ങൾ വിപുലമാക്കുന്നതിന്റെ ഭാഗമായി, പുലയനാർകോട്ടയിലെ രണ്ടാമത്തെ കാമ്പസിൽ 2022 ഫെബ്രുവരി 4ന് പ്രിവന്റീവ് ഓങ്കോളജി ഒപിയും പരിശീലന കേന്ദ്രവും ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ 28 റീജിയണൽ കാൻസർ സെന്ററുകളുടെ റേറ്റിംഗിൽ മൂന്നാം സ്ഥാനം ആർസിസി കരസ്ഥമാക്കി. കൂടാതെ ഡബ്ല്യൂഎച്ച്ഒ, ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ ക്യാൻസർ (ഫ്രാൻസ്), ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസി (വിയന്ന), നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യുഎസ്എ), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കാൻസർ റിസർച്ച് (യുകെ), യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ് (യുകെ), ഹെൽത്ത് റിസർച്ച് ഫൗണ്ടേഷൻ (ജപ്പാൻ), കൂടാതെ മറ്റ് പ്രശസ്തമായ നിരവധി അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി പ്രവർത്തന ബന്ധം നിലനിർത്തുന്നു. കാൻസർ നിയന്ത്രണത്തിൽ ആഗോള തലത്തിൽ ഉയർന്നുവരുക എന്നതാണ് ആർസിസിയുടെ ലക്ഷ്യം. ആർസിസിയെ കൂടാതെ മറ്റ് രണ്ട് കാൻസർ സെന്ററുകളുണ്ട്, മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ. ഈ രണ്ട് കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ഈ വാല്യത്തിലെ ആരോഗ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർസിസി ഒരു തൃതീയ തലത്തിലുള്ള റഫറൽ ആശുപത്രിയാണ് കൂടാതെ മറ്റ് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്ന് റഫർ ചെയ്യപ്പെടുന്ന രോഗികളെ ഇവിടെ പ്രവേശിപ്പിക്കുകയും ചെയ്യുന്നു.

**ആർസിസിയുടെ രൂപരേഖ**

2021-22ൽ ആർസിസിയിൽ ആകെ 14,183 പുതിയ കേസുകളും 2,11,778 റിവ്യൂ കേസുകളും രജിസ്റ്റർ ചെയ്തു. ദിവസേനയുള്ള ശരാശരി രോഗികളുടെ സന്ദർശനം 705 ആയിരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ ആർസിസിയുടെ രൂപരേഖ **അനുബന്ധം 5.2.1**ൽ നൽകിയിരിക്കുന്നു. കൂടാതെ ആശുപത്രിയെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ **ബോക്സ് 5.2.1**ൽ നൽകിയിരിക്കുന്നു.

**ബോക്സ് 5.2.1** ആർസിസി സ്ഥിതി വിവരക്കണക്കുകൾ


| | |
|---|---|
| കിടത്തി ചികിത്സക്കുള്ള ബെഡ്ഡുകളുടെ എണ്ണം | : 288 |
| ഓപ്പറേഷണൽ ബെഡ്ഡുകളുടെ എണ്ണം | : 276 |
| പ്രതിദിന ശരാശരി ഔട്ട്പേഷ്യന്റ് | : 705 |
| പ്രതിമാസ ശരാശരി പ്രവേശനം | : 877 |
| ബഡ് ഒക്യുപൻസി നിരക്ക് | : 70ശതമാനം |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

**ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്നത് കഴിഞ്ഞ 10 വർഷങ്ങളിൽ 2017-18 വരെ ഓരോ വർഷവും പുതിയ കേസുകളുടെ എണ്ണം വർദ്ധിക്കുന്നു എന്നാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ, എണ്ണം ഗണ്യമായി കുറഞ്ഞു. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 79,841 ആണ്. 2020-21ൽ മൊത്തം 11,191 പുതിയ കേസുകൾ രജിസ്റ്റർ ചെയ്തു, ഇത് മുൻവർഷത്തേക്കാൾ 27.7 ശതമാനം കുറവാണ്. ഇത് കോവിഡ്-19 മഹാമാരി കാരണമായി കണക്കാക്കാം. 2021-22ൽ 14,183 പുതിയ കേസുകളാണ് രജിസ്റ്റർ ചെയ്തത്. 2012-13 മുതൽ 2021-22 വരെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **ചിത്രം 5.2.2**ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 5.2.2** ആർസിസി യിൽ 2012-13 മുതൽ 2021-22 വരെ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ





അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

2021-22ൽ രജിസ്റ്റർ ചെയ്ത 14,183 പുതിയ കേസുകളിൽ 12,890 കേസുകൾ (90.88 ശതമാനം) സംസ്ഥാനത്തിനകത്ത് നിന്നും ബാക്കിയുള്ളവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തിന് പുറത്ത് നിന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മുൻവർഷത്തെപ്പോലെ, 2021-22 ലെ ഭൂരിഭാഗം കേസുകളും തിരുവനന്തപുരത്തുനിന്നും (31.2 ശതമാനം) തുടർന്ന് കൊല്ലത്തും (24.1 ശതമാനം) നിന്നുമാണ്. ഏറ്റവും കുറവ് കേസുകൾ റഫർ ചെയ്യപ്പെട്ടത് വയനാട്ടിൽ നിന്നാണ് (0.3 ശതമാനം). 2020-21ൽ 4,018 കേസുകളും 2021-22ൽ 4,423 കേസുകളുമാണ് തിരുവനന്തപുരത്ത് നിന്ന് റഫർ ചെയ്യപ്പെട്ടത്. വിശദാംശങ്ങൾ **അനുബന്ധം 5.2.2**ൽ നൽകിയിരിക്കുന്നു.

ഇതുകൂടാതെ, 2021-22ൽ തമിഴ്നാട്ടിൽ നിന്ന് 1,155 കേസുകളും കർണാടകയിൽ നിന്ന് 11 കേസുകളും ലക്ഷദ്വീപിൽ നിന്ന് 6 കേസുകളും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് 113 കേസുകളും മാലിദ്വീപിൽ നിന്ന് 8 പേരെയും റഫർ ചെയ്തു. കേരളത്തിലെ ജില്ലകളിൽ

**ചിത്രം 5.2.3** ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം – ജില്ല തിരിച്ച്




അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **ചിത്രം 5.2.3**ൽ കൊടുത്തിരിക്കുന്നു.

**സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ**


2021-22ൽ രജിസ്റ്റർ ചെയ്ത പുതിയ കാൻസർ കേസുകളിൽ ഏറ്റവും ഉയർന്ന ശതമാനം നെഞ്ച്, ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ ക്ലിനിക്കുകളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (3,490 കേസുകൾ). തുടർന്ന് ഗൈനക്, ജെനിറ്റോയൂറിനറി, മറ്റുള്ളവ(2,514 കേസുകൾ), സ്തനവും കേന്ദ്ര നാഡീവ്യൂഹവും സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ (2,387 കേസുകൾ) എന്നിങ്ങനെയാണ് നൽകിയിരിക്കുന്നത്. പീഡിയാട്രിക് ക്ലിനിക്കിലാണ് (454 കേസുകൾ) കുറഞ്ഞ എണ്ണം കേസുകൾ രജിസ്റ്റർ ചെയ്തത്. 2021-22ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ ശതമാനം കണക്കിലെടുത്ത് മനുഷ്യ ശരീരഭാഗങ്ങളിൽ ക്യാൻസർ ബാധിച്ചതിന്റെ വിവരങ്ങൾ **ചിത്രം 5.2.4** നൽകുന്നു.

സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ 2019-2020, 2020-21, 2021-22 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **അനുബന്ധം 5.2.3ൽ കൊടുത്തിരിക്കുന്നു.**

**രജിസ്റ്റർ ചെയ്ത കേസുകൾ (പ്രായവും ലിംഗഭേദവും)**


2021-22ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ പ്രായത്തിന്റെയും ലിംഗഭേദത്തിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് 55-64 പ്രായപരിധിയിലുള്ള ആളുകൾക്ക് കാൻസർ രോഗങ്ങൾക്ക് കൂടുതൽ സാധ്യതയുണ്ട് (പുരുഷന്മാരിൽ 27.9 ശതമാനവും സ്ത്രീകളിൽ 25.5 ശതമാനവും എന്നതാണ്). 65-74 പ്രായത്തിലുള്ളവരിലും കൂടുതൽ പുരുഷ കാൻസർ രോഗികളാണുള്ളത് (27.2 ശതമാനം). 45-54 പ്രായത്തിലുള്ളവരിൽ സ്ത്രീ രോഗികളുടെ എണ്ണം (25 ശതമാനം) വർദ്ധിച്ചതായി കാണിക്കുന്നു. **ചിത്രം 5.2.5**ൽ പ്രായവും ലിംഗഭേദവും അനുസരിച്ച് പുതിയ കാൻസർ രോഗികളെ വ്യക്തമാക്കുന്നു.

**ചിത്രം 5.2.4** 2021-22ൽ രജിസ്റ്റർ ചെയ്ത സ്പെഷ്യാലിറ്റി ക്ലിനിക്ക് തിരിച്ചുള്ള പുതിയ രോഗികളുടെ ശതമാനം




അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

**ചിത്രം 5.2.5** 2021-22ൽ ആർസിസിയിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ പ്രായവും ലിംഗഭേദവും അനുസരിച്ച്




അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

**കേന്ദ്ര–സംസ്ഥാന സർക്കാർ പദ്ധതികൾ**

ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയോ സബ്സിഡിയിസിഡ് ചികിത്സയോ ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 5.2.2**ൽ നൽകിയിരിക്കുന്നു.

**2021–22 ലെ ആർസിസിയുടെ പ്രധാന സംരംഭങ്ങൾ**

സർക്കാർ പിന്തുണയുള്ള പദ്ധതികൾക്ക് പുറമേ, മറ്റ് പല പദ്ധതികളിലൂടെയും ആർസിസി രോഗികളെയും കുടുംബങ്ങളെയും പിന്തുണയ്ക്കുന്നു. പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സൗജന്യ മരുന്ന് ബാങ്ക് പ്രവർത്തിക്കുന്നു, കൂടാതെ ഡയറക്ടർ, ആർസിസി രൂപീകരിച്ച ഒരു കമ്മിറ്റിയാണ് ഇത് നിരീക്ഷിക്കുന്നത്. മരുന്ന് ബാങ്ക് 2021-22ൽ 1,307 രോഗികൾക്ക് പൂർണ്ണമായോ ഭാഗികമായോ സഹായം നൽകി. സൗജന്യ ഭക്ഷണം ('അക്ഷയപാത്രം') പദ്ധതിക്ക് കീഴിൽ, നിരവധി ജീവകാരുണ്യ സംഘടനകളുടെ പിന്തുണയോടെ ദുർബലരായ സാമൂഹിക-സാമ്പത്തിക ഗ്രൂപ്പുകളിൽ പെട്ട 1995 രോഗികൾക്ക്

**പട്ടിക 5.2.2** കേന്ദ്ര - സംസ്ഥാന സർക്കാർ പദ്ധതികൾ, 2020-21 & 2021-22

| പദ്ധതി | രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയ കേസുകൾ) | | പ്രയോജനം ലഭിച്ചവരുടെ എണ്ണം | | ചെലവായ തുക (കോടിയിൽ) |
|---|---|---|---|---|---|
| | 2020-21 | 2021-22 | 2020-21 | 2021-22 | 2022 മാർച്ച് 31 വരെ |
| കേന്ദ്ര സർക്കാർ പദ്ധതികൾ | | | | | |
| പ്രധാനമന്ത്രിയുടെ ആശ്വാസ ഫണ്ട് | 37 | 37 | 2,362 | 2277 | 21.53 |
| ഇന്ത്യൻ കാൻസർ സൊസൈറ്റി | 0 | 77 | 42 | 685 | 12.06 |
| സംസ്ഥാന സർക്കാർ പദ്ധതികൾ | | | | | |
| ക്യാൻസർ സുരക്ഷ പദ്ധതി | 293 | 321 | 6,184 | 6505 | 61.07 |
| കാരുണ്യ ബെനവലന്റ് ഫണ്ട് | 862 | 682 | 37,927 | 3039 | 20.41 |
| താലോലം | 8 | 4 | 125 | 131 | 0.40 |
| പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള രോഗികൾക്കായുള്ള ഫണ്ട് | 30 | 30 | 454 | 484 | 3.62 |
| എൻഡോസൾഫൻ ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പരിപാടി | 1 | 1 | 62 | 63 | 0.47 |
| കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി) | 6,894 | 8855 | 19,652 | 34610 | 134.43 |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

സൗജന്യ ഭക്ഷണം നൽകി. ഇന്ത്യൻ കാൻസർ സൊസൈറ്റി സപ്പോർട്ട് സ്കീമിന് കീഴിൽ, കാൻസർ ചികിത്സയ്ക്കായി ഇന്ത്യൻ കാൻസർ സൊസൈറ്റിയിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് ആർസിസിയെ തിരഞ്ഞെടുത്തു. 2021-22ൽ 77 പുതിയ രോഗികൾക്ക് 48.69 ലക്ഷം രൂപയുടെ സഹായം ലഭിച്ചു.

**കാൻസർ കണ്ടെത്തൽ പ്രവർത്തനങ്ങൾ**

2021-22ൽ ആർസിസിയിലെ ഏർലി കാൻസർ ഡിറ്റെക്ഷൻ ക്ലിനിക്കിൽ 3,043 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. ഇതിന്റെ ഫലമായി 450 ക്യാൻസർ 199 പ്രീ-കാൻസർ ബാധിതരെ കണ്ടെത്തി. 23 കാൻസർ കണ്ടെത്തൽ പരിപാടികളും 25 കാൻസർ ബോധവൽക്കരണ പരിപാടികളും ഈ കാലയളവിൽ നടത്തി. 1,275 പേരെ പരിശോധിച്ചതിൽ രണ്ട് സ്തനാർബുദങ്ങൾ, 65 ഓറൽ പ്രീ ക്യാൻസറുകൾ, 64 സെർവിക്കൽ പ്രീ ക്യാൻസറുകൾ, 157 benign breast lesion എന്നിവ കണ്ടെത്തി തുടർചികിത്സയ്ക്ക് വിധേയരാക്കി.

**മറ്റു പ്രവർത്തനങ്ങൾ**

2021ലെ ലോക പുകയില വിരുദ്ധ ദിനത്തിൽ, സംസ്ഥാന ആരോഗ്യ സേവന വകുപ്പിലെ ദിശ കൗൺസിലർമാർക്കും നെയ്യാറ്റിൻകര നൂറുൽ ഇസ്ലാം കോളേജ് ഓഫ് ഡെന്റൽ സയൻസസിലെയും കൊല്ലം അസീസിയ ഡെന്റൽ കോളേജിലെയും ബിരുദ വിദ്യാർത്ഥികൾക്ക് പുകയില സംബന്ധമായ കാൻസറുകളെക്കുറിച്ചുള്ള പ്രദർശനം, 'പുകയില നിർമ്മാർജനം' എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു.

**മാനവ വിഭവശേഷി വികസനം**

2021-22 കാലയളവിൽ, ഡോക്ടർമാർ (456), നഴ്സുമാർ (91), പാരാ മെഡിക്കൽ (3), സാമൂഹിക പ്രവർത്തകർ (4), ആശാ പ്രവർത്തകർ (153), ദിശ കൗൺസിലർമാർ (512) എന്നിവരുൾപ്പെടെ 1,219 പേർക്ക് കാൻസർ നിയന്ത്രണത്തിൽ പരിശീലനം നൽകി. 24 ഡോക്ടർമാർ, 31 നഴ്സുമാർ, 4 മെഡിക്കൽ സോഷ്യൽ വർക്കർമാർ, 3 പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ഇൻഹൗസ് പരിശീലന പരിപാടികളിലൂടെയും 432 ഡോക്ടർമാർ, 60 നഴ്സുമാർ, 512 ദിശ കൗൺസിലർമാർ, 153 ആശാ പ്രവർത്തകർ എന്നിവർക്ക് ലോക പുകയില വിരുദ്ധ ദിനം, ലോക കാൻസർ ദിനം, സ്തനാർബുദ ബോധവൽക്കരണ മാസത്തിലും ഓൺലൈൻ പരിപാടികളിലൂടെ പരിശീലനം നൽകി

സ്തനാർബുദ ബോധവൽക്കരണ മാസമായ 2021 ഒക്ടോബറിന്റെ ഭാഗമായി സൗജന്യ ഒപിഡി സേവനങ്ങൾ നടത്തി. ബ്രെസ്റ്റ് ക്ലിനിക്കിൽ പങ്കെടുത്ത 252 പേരിൽ മൂന്ന് ക്യാൻസർ ബാധിതരെ കണ്ടെത്തി. ലോക കാൻസർ ദിനത്തിന്റെ (4 ഫെബ്രുവരി 2022) ഭാഗമായി, സംസ്ഥാന ആരോഗ്യ സേവന വകുപ്പുമായി സഹകരിച്ച് തിരുവനന്തപുരം ജില്ലാ കാൻസർ നിയന്ത്രണ പരിപാടിയുടെ മുൻനിര യോദ്ധാക്കൾക്കായി അഞ്ച് ഇന്ററാക്ടീവ് ഓൺലൈൻ പരിശീലന പരിപാടികൾ നടത്തി.

**ഗവേഷണ വികസന പ്രവർത്തനങ്ങൾ**

കാൻസർ ഗവേഷണത്തിലെ ഒരു പയനിയർ ഗവേഷണ സ്ഥാപനമെന്ന നിലയിൽ ആർസിസി, കാൻസർ ഗവേഷണത്തിൽ നിരവധി പിഎച്ച്.ഡികൾ നൽകിയിട്ടുണ്ട്. 2021-22ൽ 30 ഓളം സ്കോളേഴ്സ് പിഎച്ച്ഡി ചെയ്യുന്നുണ്ട്. 45 റെസിഡന്റുകൾ, മെഡിക്കൽ, പീഡിയാട്രിക്, സർജിക്കൽ ഓങ്കോളജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിൽ സ്പെഷ്യലൈസേഷൻ ചെയ്യുകയുണ്ടായി. 42 റെസിഡന്റുകൾ, അനസ്തേഷ്യ, പാത്തോളജി, റേഡിയോ തെറാപ്പി എന്നിവയിൽ ഇവിടെ ബിരുദാനന്തര കോഴ്സുകൾ ചെയ്തു. 14 റെസിഡന്റുകൾ, ഹെഡ് & നെക്ക് സർജിക്കൽ ഓങ്കോളജി, ഗൈനക്കോളജിക് സർജിക്കൽ ഓങ്കോളജി, ബ്രെസ്റ്റ് സർജിക്കൽ ഓങ്കോളജി, ഓങ്കോപാത്തോളജി എന്നിവയിൽ ഫെലോഷിപ്പ് പ്രോഗ്രാമുകൾ നടത്തി. നിലവിൽ നടപ്പിലാക്കുന്ന ഗവേഷണ പദ്ധതികളുടെ എണ്ണം 241 ആണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ആർസിസി ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രി തയ്യാറാക്കുകയും ചെയ്തു.

**ആർസിസിയിലെ അടിസ്ഥാന സൗകര്യ വികസനം**

18,722 ലക്ഷം രൂപ ചെലവിൽ 2.75 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ 14 നിലകളുള്ള അത്യാധുനിക കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആർസിസി ആരംഭിച്ചു. രോഗീ പരിചരണ സൗകര്യങ്ങൾക്കായി സ്ഥലം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഘട്ടം ഘട്ടമായാണ് ഇത് നടപ്പിലാക്കുന്നത്. 2 ലീനിയർ ആക്സിലറേറ്ററുകൾ, ഒരു സിടി സിമുലേറ്റർ, എംആർഐ സിമുലേറ്റർ, 10 കിടക്കകളുള്ള മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റുകൾ, 6 മോഡുലാർ ഓപ്പറേഷൻ തിയറ്ററുകൾ, 8 കിടക്കകളുള്ള ന്യൂക്ലിയർ മെഡിസിൻ വാർഡ്, റോബോട്ടിക് സർജറി യൂണിറ്റ്, പുതിയ ബ്ലഡ് ബാങ്ക് ആധുനിക മൈക്രോബയോളജി ലബോറട്ടറി, ഐസിയു, സർജിക്കൽ, മെഡിക്കൽ വാർഡുകൾ, പേ വാർഡുകൾ, ഹോസ്റ്റലുകൾ എന്നിവയുള്ള റേഡിയോ തെറാപ്പി ബ്ലോക്കിന് പുതിയ ബ്ലോക്കിൽ ഇടമുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്കുകൾ 2021-22 അവസാനത്തോടെ പൂർത്തിയായി.

**2021–22 കാലയളവിൽ നടപ്പിലാക്കിയ രോഗനിർണയ, ചികിത്സാ സൗകര്യങ്ങൾ**

- അനസ്തേഷ്യോളജി- പീഡിയാട്രിക് വീഡിയോ ബ്രോങ്കോസ്കോപ്പും റേഡിയോ ഫ്രീക്വൻസി അബ്ലേഷനുള്ള അനസ്തേഷ്യയും.
- കാൻസർ റിസർച്ച് - മൈനസ് 80 ഡിഗ്രി ഡീപ് ഫ്രീസറും കേജ് ചെഞ്ചിംഗ് സ്റ്റേഷനും.
- ക്ലിനിക്കൽ ലാബ് - ഓട്ടോമേറ്റഡ് ഇലക്ട്രോഫോറെസിസ്, ഡിജിറ്റൽ ക്യാമറയുള്ള ട്രൈനോക്കുലർ മൈക്രോസ്കോപ്പ്, ഇഎസ്ആർ അനലൈസർ, ബൈനോക്കുലർ മൈക്രോസ്കോപ്പുകൾ.
- കമ്മ്യൂണിറ്റി ഓങ്കോളജി -ബൈനോക്കുലർ വീഡിയോ കോൾപോസ്കോപ്പ്.
- മെഡിക്കൽ ഓങ്കോളജി - മൈനസ് 80 ഡിഗ്രി ഫ്രീസർ, ഐസിയു വെന്റിലേറ്റർ.
- മൈക്രോബയോളജി - ലാബ് റഫ്രിജറേറ്റർ, ഹൊറിസോണ്ടൽ സിലിണ്ടർ ഓട്ടോക്ലേവ്, ഹോട്ട് എയർ ഓവൻ, ബ്രഷ്ലെസ്സ് സെൻട്രിഫ്യൂജ്, മൈക്രോ കൺട്രോളർ അടിസ്ഥാനമാക്കിയുള്ള സ്പെക്ട്രോഫോട്ടോമീറ്റർ.
- ന്യൂക്ലിയർ മെഡിസിൻ - ഗാലിയം സ്കാൻ, മെറ്റാസ്റ്റാറ്റിക് ന്യൂറോ എൻഡോക്രൈൻ ട്യൂമറുകൾ, പ്രോസ്റ്റേറ്റ് ക്യാൻസർ എന്നിവയ്ക്കുള്ള 177Lu- ഡോട്ടേറ്റേറ്റ് തെറാപ്പി (പെപ്റ്റൈഡ് റിസപ്റ്റർ റേഡിയോ ന്യൂക്ലൈഡ് തെറാപ്പി).
- പാത്തോളജി - പൂർണ്ണമായും ഓട്ടോമേറ്റഡ് ആയ

ടിഷ്യു പ്രോസസർ, പൂർണ്ണമായും മോട്ടറൈസ്ഡ് മൈക്രോടോം, ടിഷ്യു എംബെഡിംഗ് കോൾഡ് പ്ലേറ്റ്, റാപ്പിഡ് മൾട്ടിഫങ്ഷണൽ മൈക്രോവേവ് ടിഷ്യു പ്രോസസർ, DP74 ക്യാമറയുള്ള മൈക്രോസ്കോപ്പ്, ഓട്ടോമേറ്റഡ് സ്റ്റൈനർ, വോക്ക്-ഇൻ കോൾഡ് റൂം.

- പീഡിയാട്രിക് ഓങ്കോളജി - പീഡിയാട്രിക് ഓട്ടോലോഗസ് സ്റ്റെം സെൽ ട്രാൻസ്പ്ലാൻറേഷൻ, നോൺ-ഇൻവേസീവ് വെന്റിലേഷൻ, പ്ലേറ്റ്ലറ്റ് അജിറ്റേറ്റർ/ഇൻകുബേറ്റർ, പേഷ്യന്റ് വാമർ, ഇൻഫ്യൂഷൻ പമ്പുകൾ, സിറിഞ്ച് പമ്പുകൾ.
- പി എ സി എസ്-ന്റെ റേഡിയോ ഡയഗ്നോസിസ് നവീകരണം.
- ശസ്ത്രക്രിയാ സേവനങ്ങൾ - ഓപ്പറേഷൻ തിയറ്റർ ടേബിൾ, സ്മോക്ക് ഇവാക്വേറ്റർ, ആക്സസറികളുള്ള കോൾപോസ്കോപ്പി ടേബിൾ, ടേബിൾ മൗണ്ടഡ് അബ്ഡോമിനൽ റിട്രാക്ടർ, ലാപ്രോസ്കോപ്പിക് ഉപകരണങ്ങളും ടെലസ്കോപ്പും, പൊതുവായ ശസ്ത്രക്രീയാ ഉപകരണങ്ങൾ, ടീക്ക് റെക്കോർഡർ, ന്യൂമാറ്റിക് സീക്വൻഷ്യൽ കംപ്രഷൻ ഉപകരണം.
- ട്രാൻസ്ഫ്യൂഷൻ മെഡിസിൻ - പൂർണ്ണമായും ഓട്ടോമേറ്റഡ് ഗ്രൂപ്പിംഗ് ക്രോസ് മാച്ചിംഗ് മെഷീനുകൾ, അഫെറെസിസ് മെഷീനുകൾ, ക്രയോബാത്ത്.

**ഭാവി വീക്ഷണം**

ഉയർന്ന സാക്ഷരതാ നിരക്കും വിദ്യാഭ്യാസ നേട്ടങ്ങളും ഉണ്ടായിട്ടും കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖല വിവിധ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ സമർപ്പിത പരിപാടികളിലൂടെയും നയങ്ങളിലൂടെയും മെച്ചപ്പെടുത്തിയ കാര്യശേഷി വികസനം, നൈപുണ്യ വികസനം, കഴിവുകൾ തിരിച്ചറിയൽ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകണം. ഗവേഷണം, സാങ്കേതിക വികസനം, എന്നിവ മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ കഴിവുകളുടെ കൈമാറ്റവും നെറ്റ്‌വർക്കിംഗും അത്യന്താപേക്ഷിതമാണ്. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി കെ.എസ്.സി.എസ്.ടി.ഇ പ്രത്യേക സൂചികകൾ വികസിപ്പിക്കേണ്ടതുണ്ട്. ശാസ്ത്രത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള അവസരങ്ങളുടെ എണ്ണം വിപുലീകരിക്കുന്നതിനും ആധുനിക ഗവേഷണ മേഖലകളിലേക്ക് അവരെ എത്തിക്കുന്നതിനും പ്രത്യേക പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്യുതിരിക്കണം. ഗവേഷകർ തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുന്നതിനും വിജ്ഞാന അടിത്തറ നവീകരിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും പരസ്പര പൂരകമായ ശാസ്ത്ര-സാങ്കേതിക കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനും അക്കാദമിക്-വ്യവസായ ബന്ധങ്ങളും ശാസ്ത്ര-സാങ്കേതിക രംഗത്തെ അന്താരാഷ്ട്ര സഹകരണവും വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഗവേഷണത്തിനും നവീകരണത്തിനും സംരംഭകത്വ വികസനത്തിനും അത്യാധുനിക ഗവേഷണ-വികസനത്തിനുള്ള ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും അനിവാര്യമാണ്. പരിമിതമായ വിഭവങ്ങളുടെ പ്രയോജനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കാർഷിക, വ്യവസായ, സേവന മേഖലകളിലെ സാമ്പത്തിക ആസൂത്രണത്തിൽ ശാസ്ത്രവും സാങ്കേതികവിദ്യയും ഉൾപ്പെടുത്തണം. കെ.എസ്.സി.എസ്.ടി.ഇ-അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവേഷണ സ്ഥാപനങ്ങൾ പ്രോജക്റ്റുകളിലൂടെ രാജ്യത്ത് നിന്നും പുറത്ത് നിന്നും പരമാവധി വിഭവങ്ങൾ സമാഹരിക്കേണ്ടതുണ്ട്.

# 5.3 വിനോദ സഞ്ചാരം

വിനോദസഞ്ചാരം സാമ്പത്തിക വളർച്ചയുടെ ഒരു പ്രധാന ചാലകമായി ഉയർന്നുവന്നിട്ടുള്ളതും അതിവേഗം വളരുന്ന സാമ്പത്തിക മേഖലകളിലൊന്നുമാണ്. കൂടാതെ വ്യാപാരം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, നിക്ഷേപം, അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയിൽ അത് കാര്യമായ സ്വാധീനം ചെലുത്തുന്നു. സേവന മേഖലയുടെ ഭാഗമായി, വിനോദസഞ്ചാര വ്യവസായം പല പ്രദേശങ്ങൾക്കും, രാജ്യത്തിന് തന്നെയും ഒരു പ്രധാന വരുമാന ഉറവിടമായി മാറിയിരിക്കുന്നു. ഈ മേഖല വികസനത്തിന്റെ മറ്റ് മേഖലകളുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, കൂടാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും, വരുമാനം കൊണ്ടുവരുകയും, സമൂഹത്തെ പുറം ലോകത്തിലേക്ക് തുറന്നു കൊടുക്കുകയും ചെയ്യുന്നു. വേൾഡ് ടൂറിസം ആൻഡ് ട്രാവൽ കൗൺസിലിന്റെ (ഡബ്ല്യുടിടിസി) ഇക്കണോമിക് ഇംപാക്റ്റ് 2022 റിപ്പോർട്ട് കാണിക്കുന്നത് 2021-ൽ ട്രാവൽ & ടൂറിസത്തിന്റെ ജിഡിപിയിലേക്കുള്ള സംഭാവന 1 ട്രില്യൺ യു.എസ് ഡോളർ (+ 21.7 ശതമാനം വർദ്ധനവ്) വർദ്ധിച്ചു എന്നാണ്. 2019ൽ ട്രാവൽ & ടൂറിസം മേഖലയുടെ ആഗോളതല ജിഡിപിയിലേക്കുള്ള സംഭാവന 10.3 ശതമാനം ആയിരുന്നു. യാത്രയ്ക്കുള്ള തുടർച്ചയായ നിയന്ത്രണങ്ങളുടെ ഫലമായി ഈ വിഹിതം 2020-ൽ 5.3 ശതമാനമായി കുറഞ്ഞു. ആഗോള ജിഡിപിയിൽ ടൂറിസത്തിന്റെ സംഭാവന 2021-ൽ 6.1 ശതമാനം ആയി ഉയർന്നു. 2020-ൽ ആഗോളതലത്തിൽ 62 ദശലക്ഷം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട് 18.6 ശതമാനത്തിന്റെ ഇടിവ് ഉണ്ടായി, എന്നാൽ 2021-ൽ 18.2 ദശലക്ഷം തൊഴിലവസരങ്ങൾ വീണ്ടെടുക്കപ്പെടുകയും, 6.7 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുകയും ചെയ്തു.

2021-ൽ, കോവിഡ്-19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഉണ്ടായിരുന്നിട്ടും വിനോദസഞ്ചാരം ആഗോള തലത്തിൽ ക്രമാനുഗതമായി വളർന്നു. ആഗോള തലത്തിൽ എല്ലാ പ്രദേശങ്ങളിലേയും സർക്കാരുകളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും അജണ്ടയിൽ നിലവിൽ വിനോദസഞ്ചാരം ഉണ്ട്. 2022 മെയ് മാസത്തിൽ, യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലി വിനോദ സഞ്ചാരത്തെക്കുറിച്ച് നടത്തിയ പ്രത്യേക സംവാദം ഈ മേഖലയുടെ ചരിത്രപരമായ പ്രസക്തി വ്യക്തമാക്കുന്നു. ഈ വർഷത്തെ ലോക വിനോദസഞ്ചാര ദിനത്തിന്റെ (സെപ്റ്റംബർ 27) തീം "ടൂറിസം പുനർവിചിന്തനം" എന്നതാണ്. വിദ്യാഭ്യാസത്തിലൂടെയും തൊഴിലിലൂടെയും ലോകത്തിൽ വിനോദസഞ്ചാരത്തിന്റെ സ്വാധീനവും സുസ്ഥിരമായി വളരാനുള്ള അവസരങ്ങളും ഉൾപ്പെടെ വികസനത്തിനായി വിനോദസഞ്ചാരത്തെ പുനർ വിചിന്തനം ചെയ്യുന്നതിനെക്കുറിച്ചുള്ള ചർച്ചകൾക്ക് പ്രചോദനം നൽകുക എന്നതാണ് ഇത് ലക്ഷ്യമിടുന്നത്. ആളുകളെയും ലോകത്തെയും ഒന്നാം സ്ഥാനത്ത് നിർത്തുകയും കൂടുതൽ സുസ്ഥിരവും ഉൾക്കൊള്ളുന്നതും പ്രതിരോധശേഷിയുള്ളതുമായ മേഖലയ്ക്കായി ഒരു പങ്കാളിത്ത കാഴ്ചപ്പാടോടുകൂടി സർക്കാരുകളും ബിസിനസുകളും മുതൽ പ്രാദേശിക കമ്മ്യൂണിറ്റികൾ വരെയുള്ളവരിൽ നിന്നും എല്ലാവരേയും ഒരുമിച്ച് കൊണ്ടുവരിക എന്നതാണ് ഈ വർഷത്തെ ലോക വിനോദസഞ്ചാര ദിനത്തിന്റെ പ്രധാന ആശയം.

യാത്രയ്ക്കും വിനോദസഞ്ചാരത്തിനും ഇന്ത്യ ഒരു വലിയ വിപണിയാണ്. നൗകകൾ, സാഹസികത, വൈദ്യം, ക്ഷേമം, കായികം, ഇക്കോ-ടൂറിസം, സിനിമ, ഗ്രാമീണ, മത ടൂറിസം എന്നിങ്ങനെ വിവിധ വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന ഒരു ശൃംഖല ഇത് വാഗ്ദാനം ചെയ്യുന്നു. ആഭ്യന്തര, അന്തർദ്ദേശീയ വിനോദസഞ്ചാരികൾക്കുള്ള ആത്മീയ വിനോദസഞ്ചാരത്തിനുള്ള കേന്ദ്രമായി ഇന്ത്യ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ആഗോള ട്രാവൽ ആൻഡ് ടൂറിസം വികസന സൂചിക (റ്റിറ്റിഡിഐ) റാങ്കിംഗ് 2021-ൽ ഇന്ത്യ 54-ാം സ്ഥാനത്താണ്. ഇന്ത്യയിൽ സേവനമേഖലയിലെ വളർച്ചയുടെ പ്രധാന ചാലകങ്ങളിലൊന്നായി വിനോദസഞ്ചാര വ്യവസായം

ഉയർന്നുവന്നിട്ടുണ്ട്. സമ്പന്നമായ സാംസ്കാരികവും ചരിത്രപരവുമായ പൈതൃകം, പാരിസ്ഥിതിക വൈവിധ്യങ്ങൾ, ഭൂപ്രദേശങ്ങൾ, രാജ്യത്തുടനീളം വ്യാപിച്ചുകിടക്കുന്ന പ്രകൃതി സൗന്ദര്യമുള്ള സ്ഥലങ്ങൾ എന്നിവ കണക്കിലെടുക്കുമ്പോൾ ഇന്ത്യയിലെ വിനോദ സഞ്ചാരത്തിന് കാര്യമായ സാധ്യതകളുണ്ട്. രാജ്യത്തിന് വിദേശനാണ്യവിനിമയത്തിന്റെ പ്രധാന സ്രോതസ്സ് എന്നതിലുപരി, വിനോദസഞ്ചാരം ഒരു വലിയ തൊഴിൽ ദാതാവ് കൂടിയാണ്.

വിനോദസഞ്ചാര ആസ്തികളുടെ കലവറയാണ് കേരളം. തൊഴിലവസരങ്ങളും വരുമാനവും സൃഷ്ടിക്കുകയും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങൾക്കും ലോകത്തിനും സംസ്കാരങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്യുന്നതിനാൽ വിനോദസഞ്ചാരം സംസ്ഥാനത്തെ ഒരു പ്രധാന മേഖലയായി തുടരുന്നു. കേരളം അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ട ഒരു വിനോദ സഞ്ചാര കേന്ദ്രവും ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നുമാണ്. അടിസ്ഥാന സൗകര്യ വികസനം, വിപണനം, മാനവ വിഭവശേഷി വികസനം, ആതിഥ്യമര്യാദ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലെ പൊതു നിക്ഷേപം. അതിനാൽ സംസ്ഥാനത്തെ വിനോദസഞ്ചാരത്തിന് പ്രതീക്ഷ നൽകുന്ന തരത്തിലുള്ള സാധ്യതകളുണ്ട്.

### ഇന്ത്യയിലെ വിനോദ സഞ്ചാരം

രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ വിനോദസഞ്ചാരം ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2020-ലെ 6.958 ബില്യൺ യു.എസ്. ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ 2021-ൽ, വിനോദസഞ്ചാരത്തിൽ നിന്നുള്ള വിദേശനാണ്യ വരുമാനം (എഫ്ഇഇ) 8.797 ബില്യൺ യുഎസ് ഡോളറായി വർദ്ധിച്ച് 26.43 ശതമാനം വളർച്ച രേഖപ്പെടുത്തി. യുണൈറ്റഡ് നേഷൻസ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (യുഎൻഡബ്ല്യുടിഒ) കണക്കനുസരിച്ച്, 2021-ൽ അന്താരാഷ്ട്ര വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണത്തിൽ ഇന്ത്യയുടെ പങ്ക് 1.64 ശതമാനമാണ്. 2021-ൽ ഇന്ത്യക്ക് 677.63 ദശലക്ഷം ആഭ്യന്തര വിനോദസഞ്ചാരികളെ ലഭിച്ചു, 2020-ലെ 610.22 ദശലക്ഷത്തിൽ നിന്ന് 11.05 ശതമാനം വർദ്ധനയാണിത്. (ഇന്ത്യ ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് 2022).

### കേരളത്തിലെ വിനോദസഞ്ചാരം

പതിറ്റാണ്ടുകളായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാരം ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. 2021-ൽ ഈ മേഖലയ്ക്ക് 12,285.91 കോടി രൂപ വരുമാനം ലഭിച്ചു. കോവിഡിന് ശേഷമുള്ള സമ്പദ്‌വ്യവസ്ഥയുടെ തിരിച്ചുവരവിന് സാമൂഹ്യ സംരംഭങ്ങൾ, തൊഴിലവസരങ്ങൾ, സാംസ്കാരിക വിനിമയം, അടിസ്ഥാന സൗകര്യ വികസനം എന്നിവയുടെ പ്രധാന പ്രവർത്തനവും കേന്ദ്ര ചാലകവുമാണ് വിനോദസഞ്ചാരം.

കൃഷി, മത്സ്യബന്ധനം, ഗതാഗതം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മറ്റ് മേഖലകളുമായും വകുപ്പുകളുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഷോപ്പിംഗ് മാളുകളും റെസ്റ്റോറന്റുകളും പതിവുപോലെ ബിസിനസ്സ് പുനരാരംഭിക്കുകയും കൂടുതൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ട്

2020-നെ അപേക്ഷിച്ച് 2021-ൽ വിദേശ വിനോദ സഞ്ചാരികളുടെ വരവ് (എഫ് റ്റി എ) എക്കാലത്തെയും താഴ്ന്ന നിരക്കായ (-)82.25 ശതമാനത്തിലെത്തി. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് (ഡിറ്റിഎ) 2020-ൽ (-)72.86 ശതമാനത്തിന്റെ നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി; എന്നാൽ ഇന്ത്യയ്ക്കുള്ളിലെ യാത്രാ നിയന്ത്രണങ്ങളിൽ ഇളവ് വന്നതിനാൽ 2021-ൽ 51.09 ശതമാനം വളർച്ച രേഖപ്പെടുത്തുകയുണ്ടായി. (വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ).

### വിദേശ സഞ്ചാരികളുടെ ആഗമനം


2021-ൽ രാജ്യം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 15.27 ലക്ഷമാണ്, 2020-ലെ വിനോദസഞ്ചാരികളുടെ വരവിനെ അപേക്ഷിച്ച് 44.36 ശതമാനം കുറവാണിത്. 2021-ൽ ഏകദേശം 0.6 ലക്ഷം വിദേശ വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചു, ഇത് മുൻ വർഷത്തേക്കാൾ (3.4 ലക്ഷം) (-)82.25 ശതമാനം കുറവാണ്. 2022 ജൂൺ വരെ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 1.05 ലക്ഷമാണ്. **ചിത്രം 5.3.1**ൽ 2012 മുതൽ 2021 വരെയുള്ള കാലയളവിൽ ഇന്ത്യയിലേക്കും കേരളത്തിലേക്കുമുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ പ്രവണതകൾ കൊടുത്തിരിക്കുന്നു.

**ബോക്സ് 5.3.1** കേരള വിനോദസഞ്ചാരം ഒറ്റനോട്ടത്തിൽ

| | |
|---|---|
| 2020- ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | -49,88,972 |
| 2021- ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | -75,37,617 |
| 2020-ൽ ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | -3,40,755 |
| 2021-ൽ ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | -60,487 |
| 2020-ൽ ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | -53,29,727 |
| 2021-ൽ ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | -75,98,104 |
| 2020-ൽ നേടിയ മൊത്തം വരുമാനം (കോടി രൂപ) | -₹11,335.96 |
| 2021ൽ മൊത്തം വരുമാനം (കോടി രൂപ) | -₹12,285.91 |
| 2020 ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | -₹2799.85 |
| 2021 ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | -₹461.50 |
| 2020ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | -₹6025.68 |
| 2021-ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | -₹9103.93 |

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ചിത്രം 5.3.1** 2012 മുതൽ 2021 വരെയുള്ള കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

2012 മുതൽ 2013 വരെയും 2015 ലും 2019 ലും വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ കേരളത്തിന്റെ വളർച്ചാ നിരക്ക് ഇന്ത്യയേക്കാൾ കൂടുതലായിരുന്നു. 2014, 2016, 2017, 2018 വർഷങ്ങളിൽ ഇത് ദേശീയ ശരാശരിയേക്കാൾ കുറവായിരുന്നു. 2018-ൽ 10,96,407 വിദേശ വിനോദ സഞ്ചാരികൾ എത്തിയപ്പോൾ 2019-ൽ 11,89,771 പേർ കേരളം സന്ദർശിച്ചു, വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ 8.52 ശതമാനം വളർച്ച 2018 നെ അപേക്ഷിച്ച് സംസ്ഥാനം രേഖപ്പെടുത്തി. വിനോദസഞ്ചാര വ്യവസായത്തിൽ കോവിഡ് മഹാമാരിയുടെ ആഘാതം കാരണം, 2020 ലും 2021 ലും വിദേശ വിനോദസഞ്ചാരികളുടെ വരവിൽ നെഗറ്റീവ് വളർച്ചയാണ് ഉണ്ടായത്. **അനുബന്ധം 5.3.1**, ഇന്ത്യയിലേയും കേരളത്തിലേയും വിദേശ വിനോദസഞ്ചാരികളുടെ വരവും 2012 മുതലുള്ള വാർഷിക വളർച്ചാ നിരക്കും കാണിക്കുന്നു. 2020-ലും 2021-ലും ഇന്ത്യയിലും കേരളത്തിലും മാസാടിസ്ഥാനത്തിലുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവ് **പട്ടിക 5.3.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.3.1** 2020 ലും 2021 ലും ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ

| ക്രമ നം | മാസം | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2020 | | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2021 | |
|---|---|---|---|---|---|
| | | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം |
| 1 | ജനുവരി | 1119250 | 174439 | 94662 | 4298 |
| 2 | ഫെബ്രുവരി | 1018440 | 125523 | 110312 | 4167 |
| 3 | മാർച്ച് | 328304 | 33245 | 133768 | 6024 |
| 4 | ഏപ്രിൽ | 2820 | 707 | 78718 | 987 |
| 5 | മെയ് | 3764 | 75 | 19765 | 169 |
| 6 | ജൂൺ | 8590 | 60 | 36070 | 298 |
| 7 | ജൂലൈ | 12655 | 188 | 72501 | 4054 |
| 8 | ആഗസ്റ്റ് | 19761 | 373 | 92728 | 4349 |
| 9 | സെപ്റ്റംബർ | 28167 | 406 | 115661 | 5066 |
| 10 | ഒക്ടോബർ | 41494 | 1041 | 191415 | 7944 |
| 11 | നവംബർ | 70977 | 2167 | 263867 | 10886 |
| 12 | ഡിസംബർ | 90544 | 2531 | 317647 | 12245 |
| | ആകെ | 2744766 | 340755 | 1527114 | 60487 |

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**വിദേശ വിനോദസഞ്ചാരികളുടെ ഉറവിട വിപണി**

2021-ൽ സംസ്ഥാനത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളിൽ ഭൂരിഭാഗവും റഷ്യയിൽ നിന്നാണ് വന്നിട്ടുള്ളത്. 23.36 ശതമാനമായിരുന്നു അത്. 9.54 ശതമാനവുമായി യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയാണ് രണ്ടാം സ്ഥാനത്ത്. **(ചിത്രം 5.3.2)** 2019-ലും 2020-ലും യുണൈറ്റഡ് കിംഗ്ഡം ഒന്നാം സ്ഥാനത്ത് തുടർന്നു. 2021-ൽ യുകെയും (3.33 ശതമാനം) ഫ്രാൻസും (3.41 ശതമാനം) വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ വലിയൊരു പങ്ക് സംഭാവന ചെയ്തു. **അനുബന്ധം 5.3.2**ൽ, കഴിഞ്ഞ മൂന്ന് വർഷത്തേക്കും, 2022 ജൂൺ 30 വരെയും, കേരള ടൂറിസത്തിന്റെ പ്രധാന അന്താരാഷ്ട്ര ഉറവിട വിപണികളുടെ വിഹിതം നൽകിയിട്ടുണ്ട്. 2020-നും 2021 നും ഇടയിൽ മികച്ച പത്ത് രാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന വിദേശ വിനോദ സഞ്ചാരികളുടെ വിവരങ്ങൾ ഈ കണക്ക് നൽകുന്നു.

**വിദേശ വിനോദ സഞ്ചാരികളുടെ വരവ് – ജില്ല തിരിച്ച്**

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയ രണ്ട് ജില്ലകൾ എറണാകുളവും തിരുവനന്തപുരവുമാണ്. 2021ൽ 46,821 വിദേശ സഞ്ചാരികൾ എറണാകുളത്ത് എത്തിയപ്പോൾ 2020ൽ അത് 1,34,952 ആയിരുന്നു. തിരുവനന്തപുരം ജില്ലയിൽ 8262 വിനോദസഞ്ചാരികൾ 2021 ൽ സന്ദർശിച്ചപ്പോൾ 2020 ൽ അത് 90,550 ആയിരുന്നു. 2021 ലെ ഏറ്റവും കുറച്ച് വിദേശ സഞ്ചാരികൾ സന്ദർശനം നടത്തിയത് പാലക്കാടും (41) പത്തനംതിട്ടയിലും (72) ആണ്. 2020ലും ഇതുതന്നെയാണ് സ്ഥിതി. വിശദാംശങ്ങൾ **അനുബന്ധം 5.3.3** ൽ നൽകിയിരിക്കുന്നു.


2021-ൽ മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 79.82 ശതമാനവും മദ്ധ്യകേരളം സന്ദർശിച്ചതായും 4.98 ശതമാനം പേർ വടക്കൻ കേരളവും 15.19 ശതമാനം പേർ കേരളത്തിന്റെ തെക്കൻ ഭാഗവും സന്ദർശിച്ചുവെന്നുമാണ് സംസ്ഥാനം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ പ്രാദേശിക കണക്കുകൾ കാണിക്കുന്നത്. 2020ൽ മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 52 ശതമാനവും മദ്ധ്യകേരളവും, 42 ശതമാനം പേർ തെക്കൻ കേരളവും 6 ശതമാനം പേർ വടക്കൻ കേരളവും സന്ദർശിച്ചു. **ചിത്രം 5.3.3**ൽ 2021ൽ കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ പ്രദേശാടിസ്ഥാനത്തിലുള്ള വരവ് നൽകിയിരിക്കുന്നു.

**ആഭ്യന്തര വിനോദ സഞ്ചാരികൾ**

2021-ൽ കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 75,37,617 ആയിരുന്നു, ഇത് മുൻവർഷത്തേക്കാൾ 51.09 ശതമാനം കൂടുതലാണ്. 2020ൽ കേരളത്തി ലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് 49,88,972 ആയിരുന്നു. 2022 ജൂൺ 30 വരെയുള്ള ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 88,95,593 ആണ്. **അനുബന്ധം 5.3.4**ൽ 2012 മുതൽ 2021 വരെ കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു. 2012-2021 കാലയളവിൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിലെ പ്രവണതകൾ **ചിത്രം 5.3.4** നൽകിയിരിക്കുന്നു.

2012-2014 കാലഘട്ടത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവുമായി ബന്ധപ്പെട്ട് സംസ്ഥാനം സ്ഥിരമായ വളർച്ചാ നിരക്കിന് സാക്ഷ്യം വഹിച്ചു. 2015ൽ 6.59 ശതമാനമായിരുന്ന വളർച്ചാനിരക്ക് 2016ൽ 5.67 ശതമാനമായി കുറഞ്ഞു. എന്നാൽ 2017ൽ 11.39 ശതമാനം വളർച്ച രേഖപ്പെടുത്തി. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് 2018ൽ വീണ്ടും കുറഞ്ഞ് 6.35 ശതമാനത്തിലെത്തി. എന്നാൽ 2019ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ സംസ്ഥാനം 17.81 ശതമാനം വളർച്ച കൈവരിച്ചു. എന്നാൽ 2020ൽ, കോവിഡ്-19 മഹാമാരി കാരണം, ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് 72.86 ശതമാനം


**ചിത്രം 5.3.2** കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് 2020ലും 2021-ലും കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ എണ്ണം.




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി, എന്നാൽ 2021ൽ 51.09 ശതമാനം വളർച്ച കൈവരിക്കുകയുണ്ടായി.

**ചിത്രം 5.3.3** 2020ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം പ്രദേശം തിരിച്ച്, ശതമാനത്തിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

## ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്

2021-ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് സംബന്ധിച്ച മാസാടിസ്ഥാനത്തിലുള്ള വിവിരങ്ങൾ കാണിക്കുന്നത് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളുടെ വരവ് ഡിസംബർ മാസത്തിലും ഏറ്റവും കുറവ് മെയ് മാസത്തിലുമാണെന്നാണ്. വിശദാംശങ്ങൾ **പട്ടിക 5.3.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.3.2** കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിൽ എത്തിയ ആഭ്യന്തര വിനോദസഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ


| ക്രമ നം. | മാസം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | | |
|---|---|---|---|---|
| | | 2019 | 2020 | 2021 |
| 1 | ജനുവരി | 15,15,551 | 17,25,291 | 7,88,185 |
| 2 | ഫെബ്രുവരി | 13,35,665 | 13,83,951 | 7,28,204 |
| 3 | മാർച്ച് | 13,39,252 | 590,661 | 6,83,801 |
| 4 | ഏപ്രിൽ | 16,13,257 | 3,391 | 3,73,290 |
| 5 | മെയ് | 18,18,986 | 7,370 | 66,711 |
| 6 | ജൂൺ | 13,41,496 | 29,233 | 1,20,473 |
| 7 | ജൂലൈ | 14,30,508 | 40,389 | 4,14,189 |
| 8 | ആഗസ്റ്റ് | 13,21,175 | 61,151 | 6,26,792 |
| 9 | സെപ്റ്റംബർ | 14,68,337 | 1,26,358 | 7,18,945 |
| 10 | ഒക്ടോബർ | 15,94,093 | 2,10,431 | 8,55,682 |
| 11 | നവംബർ | 16,52,880 | 3,29,091 | 9,29,262 |
| 12 | ഡിസംബർ | 19,53,023 | 4,81,655 | 12,32,083 |
| | ആകെ | 1,83,84,233 | 49,88,972 | 75,37,617 |

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

## ആഭ്യന്തര വിനോദസഞ്ചാരത്തിന്റെ ഉറവിടം


2021-ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് 81.42 ശതമാനവും സംസ്ഥാനത്തിനകത്തു നിന്നു തന്നെയാണ് എന്നതാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 5.99 ശതമാനവുമായി തമിഴ്നാട് ഒന്നാം സ്ഥാനത്താണ്. കർണാടക (3.85 ശതമാനം), മഹാരാഷ്ട്ര (2.04 ശതമാനം) എന്നിവയാണ് മറ്റ് പ്രധാന സംസ്ഥാനങ്ങൾ. ഈ സംസ്ഥാനങ്ങൾ കഴിഞ്ഞ വർഷവും സംസ്ഥാനത്തെ ആഭ്യന്തര വിനോദസഞ്ചാരികളുടെ പ്രധാന ഉറവിടമായി തുടർന്നു. **അനുബന്ധം 5.3.5**-ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ സംസ്ഥാനാടിസ്ഥാനത്തിലുള്ള മികച്ച 15 സംസ്ഥാനങ്ങളുടെ വിഹിതത്തിന്റെ വിശദാംശങ്ങൾ നൽകുന്നു.

**ചിത്രം 5.3.4** 2012 മുതൽ 2021 വരെ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ചിത്രം 5.3.5** 2020 ലും 2022 ലും കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 10 സംസ്ഥാനങ്ങളിൽ നിന്നുളള സംഭാവന, ശതമാനത്തിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

2020-ലും 2021-ലും കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 10 സംസ്ഥാനങ്ങളുടെ സംഭാവന **ചിത്രം 5.3.5** കാണിക്കുന്നു.


**ആഭ്യന്തര വിനോദസഞ്ചാരികളുടെ ജില്ല തിരിച്ചുള്ള വരവ്**

കേരളത്തിലെ ജില്ല തിരിച്ചുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2021ൽ എറണാകുളവും തിരുവനന്തപുരവുമാണ് മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾ. 2020ലും ഈ രണ്ട് ജില്ലകൾ മുൻനിരയിലായിരുന്നു. ഏറ്റവും കുറവ് ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നത് പത്തനംതിട്ടയാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.6**ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷമായി കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികൾ മദ്ധ്യകേരളം സന്ദർശിച്ചതായി പ്രദേശാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ കാണിക്കുന്നു. **ചിത്രം 5.3.6** 2021ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ പ്രദേശാടിസ്ഥാനത്തിലുള്ള സന്ദർശനങ്ങൾ വ്യക്തമാക്കുന്നു.

**വിനോദ സഞ്ചാര വരുമാനത്തിലുണ്ടായ മാറ്റം**

2021-ലെ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള മൊത്തം വരുമാനം ₹12,285.91 കോടിയാണ്. ഇത് 2020-നെ അപേക്ഷിച്ച് 8.37 ശതമാനം വർദ്ധനവ് കാണിക്കുന്നു. 2021ൽ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള പ്രത്യക്ഷവും പരോക്ഷവുമായ മാർഗങ്ങളിലൂടെയുൾപ്പെടെ വിനോദ സഞ്ചാരത്തിൽ നിന്നുള്ള വിദേശനാണ്യവിനിമയ വരുമാനം ₹461.50 കോടിയും ആഭ്യന്തര വിനോദ സഞ്ചാര വരുമാനം ₹9103.93 കോടിയുമാണ്. 2020ൽ വിദേശ നാണ്യ വിനിമയ വരുമാനവും ആഭ്യന്തര വിനോദ സഞ്ചാര വരുമാനവും യഥാക്രമം ₹2,799.85 കോടിയും ₹6,025.68 കോടിയുമാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.7**-ൽ നൽകിയിരിക്കുന്നു. 2020-ലും 2021-ലും വിനോദസഞ്ചാര വ്യവസായത്തിൽ നിന്നുള്ള വരുമാനം 2019-നെ അപേക്ഷിച്ച് യഥാക്രമം (-)74.81 ശതമാനവും (-)72.70 ശതമാനവും കുറഞ്ഞു. ഈ വരുമാനത്തിലെ ഇടിവ്, ടൂറിസം വ്യവസായത്തിൽ കൊവിഡിന് ശേഷമുള്ള മന്ദഗതിയിലുള്ള വീണ്ടെടുക്കലിനെ സൂചിപ്പിക്കുന്നു. വിശദാം ശങ്ങൾ **പട്ടിക 5.3.3**ൽ നൽകിയിരിക്കുന്നു.

**ചിത്രം 5.3.6** 2021ൽ പ്രാദേശിക മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, ശതമാനത്തിൽ





അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**കേരളത്തിലെ താമസ സൗകര്യ യൂണിറ്റുകൾ**

2022 ജൂൺ 30-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെ 1,01719 മുറികളുള്ള 8280 ടൂറിസ്റ്റ് താമസ സൌകര്യ യൂണിറ്റുകളാണ് ഉളളത്. ഏറ്റവും കൂടുതൽ താമസ യൂണിറ്റുകളുള്ള ജില്ല എറണാകുളവും (1,343) ഏറ്റവും കുറവ് കാസർഗോഡുമാണ് (114). വിശദാംശങ്ങൾ **അനുബന്ധം 5.3.8**ൽ നൽകിയിരിക്കുന്നു.

**ചിത്രം 5.3.7**ൽ 2012 മുതൽ 2021 വരെ കേരളത്തിൽ ടൂറിസത്തിൽ നിന്ന് ലഭിച്ച മൊത്തം വരുമാനം കാണിക്കുന്നു (രൂപ കോടിയിൽ)




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**പട്ടിക 5.3.3** 2012 മുതൽ 2021 വരെയുള്ള കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നുള്ള (നേരിട്ടുള്ളതും പരോക്ഷവുമായ) മൊത്തം വരുമാനം (രൂപ കോടിയിൽ)

| വർഷം | മൊത്തം വരുമാനം (നേരിട്ടും അല്ലാതെയും) | ശതമാനം വ്യത്യാസം |
|---|---|---|
| 2012 | 20430.00 | 7.31 |
| 2013 | 22926.55 | 12.22 |
| 2014 | 24885.44 | 8.54 |
| 2015 | 26689.63 | 7.24 |
| 2016 | 29658.56 | 11.12 |
| 2017 | 33383.68 | 12.56 |
| 2018 | 36258.01 | 8.60 |
| 2019 | 45010.69 | 24.13 |
| 2020 | 11,335.96 | -74.81 |
| 2021 | 12,285.91 | 8.37 |

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

### 2021, 2022 വർഷങ്ങളിലെ അവാർഡുകളും അംഗീകാരങ്ങളും

- വേൾഡ് ട്രാവൽ മാർട്ട് (ഡബ്ല്യൂറ്റിഎം) അവാർഡ് 2022-ലെ ജലസംരക്ഷണ വിഭാഗത്തിൽ കേരള ടൂറിസത്തിനാണ് കോട്ടയം ജില്ലയിലെ മറവൻതുരുത്തിൽ 13 നദികളും 18 കനാലുകളും ഉൾപ്പെടുത്തിക്കൊണ്ട് ആർ റ്റി മിഷൻ നടപ്പിലാക്കിയ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് ലഭിച്ചു.
- "ട്രാവൽ പ്ലസ് ലെഷർ" മാസികയുടെ വായനക്കാർ ഇന്ത്യയിലെ ഏറ്റവും മികച്ച 'വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ', കേരളത്തെ തിരഞ്ഞെടുത്തു.
- പ്രിന്റ് മാർക്കറ്റിംഗ് കാമ്പെയ്ൻ വിഭാഗത്തിൽ 38-ാമത് പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പിഎറ്റിഎ) 2022 അവാർഡ്.
- 2018-19 കാലയളവിൽ ടൂറിസം മേഖലയിലെ സമഗ്ര വികസനത്തിനുള്ള ഹാൾ ഓഫ് ഫെയിം ബഹുമതി ഉൾപ്പെടെ ഇന്ത്യ ടൂറിസം 2022 സെപ്റ്റംബറിൽ പ്രഖ്യാപിച്ച നാല് ദേശീയ അവാർഡുകൾ.
- 2022ലെ ലോക ടൂറിസം ദിനത്തോടനുബന്ധിച്ച് സർവ്വകലാശാലകളുമായും യുവജനങ്ങളുമായും സഹകരിച്ച് ടൂറിസം ക്ലബ് ആരംഭിച്ചു, അത് അന്താരാഷ്ട്ര തലത്തിലും വ്യാപിക്കുകയും, ലണ്ടനിലെ ട്രിനിറ്റി സെന്ററിൽ 2022 ലെ വേൾഡ് ട്രാവൽ മാർട്ടിൽ ഇതുമായി ബന്ധപ്പെട്ട പ്രഖ്യാപനം നടത്തുകയും ചെയ്തു.
- വേൾഡ് ട്രാവൽ മാർക്കറ്റ്, മധ്യപ്രദേശ് ഗവൺമെന്റ്, ഐസിആർടി ഇന്റർനാഷണൽ എന്നിവ ചേർന്ന് നടത്തുന്ന ഐസിആർടി ഇന്ത്യൻ ഉപഭൂഖണ്ഡ അവാർഡ് 2022, കേരളത്തിന്റെ ജനപ്രിയ ടൂറിസം നയത്തിനുള്ള അംഗീകാരമായി കേരള ഉത്തരവാദിത്ത ടൂറിസം മിഷന് ലഭിച്ചു. പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കൽ, ജലം സംരക്ഷിക്കൽ (വാട്ടർ സ്ട്രീറ്റ്), വിനോദസഞ്ചാരത്തിലെ വൈവിധ്യം വർദ്ധിപ്പിക്കുക, കോവിഡിന് ശേഷമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ പൂർവ്വസ്ഥിതിയിൽ മെച്ചപ്പെടുത്തുക എന്നീ നാല് വിഭാഗങ്ങളിലായാണ് നാല് ഗോൾഡ് അവാർഡുകൾ ലഭിച്ചത്.
- ടൈം മാഗസിൻ ലോകത്ത് തീർച്ചയായും സന്ദർശിച്ചിരിക്കേണ്ട 50 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളത്തെയും ഉൾപ്പെടുത്തിയത് ടൂറിസം വകുപ്പിന് അഭിമാനകരമായ നേട്ടമാണ്. കേരളത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്ന കാരവൻ ടൂറിസത്തിനും കാരവൻ പാർക്കുകൾക്കും പ്രത്യേക പരാമർശം ലഭിച്ചു. 1468 കാരവനുകളും 151 കാരവൻ പാർക്കുകളും പദ്ധതിക്ക് കീഴിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- ഉത്തരവാദിത്ത ടൂറിസം മോഡലിനുള്ള യുഎസ് ആസ്ഥാനമായുള്ള ട്രാവൽ & ലെഷർ വെബ്സൈറ്റിന്റെ ഗ്ലോബൽ വിഷൻ അവാർഡ്. പ്രമുഖ ട്രാവൽ പ്ലാറ്റ്ഫോമായ ബുക്കിംഗ്.കോം നടത്തിയ ആഗോള സർവ്വേയിൽ ഇന്ത്യയിലെ ഏറ്റവും സ്വാഗതാർഹമായ പ്രദേശ വിഭാഗത്തിൽ കേരളം ഒന്നാമതെത്തി.
- 2021 നവംബറിൽ ഡബ്ല്യൂറ്റിഎം അയ്മനം വില്ലേജ് ടൂറിസത്തെ ഏറ്റവും നല്ല മാതൃകാ ആർറ്റി വില്ലേജായി തെരഞ്ഞെടുക്കുകയും, 2022ൽ തീർച്ചയായും സന്ദർശിച്ചിരിക്കേണ്ട 30 സ്ഥലങ്ങളിൽ ഒന്നായി അയ്മനത്തെ സിഎൻറ്റി (കോണ്ടി-നാസ്റ്റ് ട്രാവലർ) തിരഞ്ഞെടുത്തു.

**പദ്ധതി പുരോഗതി**

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ വിനോദസഞ്ചാര മേഖലയിലെ പദ്ധതി വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.3.4**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.3.4** സംസ്ഥാന പദ്ധതി വിഹിതവും ചെലവും -രൂപ കോടിയിൽ

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2018-19 | 379.00 | 237.54 (62.7 %) |
| 2019-20 | 372.37 | 177.698 (47.7%) |
| 2020-21 | 320.14 | 325.63 (101.7%) |
| 2021-22 | 320.14 | 244.49 (76.37%) |
| 2022-23 (2022 സെപ്റ്റംബർ വരെ) | 362.15 | 114.47 (31.6%) |

അവലംബം: പ്ലാൻ സ്പേസ് കേരള

**അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ**

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, പുതിയ വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുക, നിലവിലുള്ള ഹോട്ടലുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതടക്കമുള്ള പദ്ധതികളുടെ നവീകരണം തുടങ്ങിയവ പ്രധാനമായും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ), കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെടിഡിസി), ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി), ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിറ്റിപിസികൾ) തുടങ്ങിയവയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം, മെച്ചപ്പെട്ട സൗകര്യങ്ങൾ, നൂതന ഉൽപ്പന്നങ്ങളുടെ പരിചയപ്പെടുത്തൽ, നിലവിലുള്ള ഉൽപ്പന്നങ്ങളുടെ പരിപാലനം എന്നിവയിലൂടെ സന്ദർശകർക്ക് ലോകോത്തര അനുഭവങ്ങൾ നൽകാനാണ് കേരളത്തിലെ വിനോദസഞ്ചാരം ശ്രമിക്കുന്നത്.

- കെറ്റിഐഎൽ കേരളത്തിലെ മുഴുവൻ തീരദേശ മേഖലയ്ക്കും തീരദേശ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്താൻ ടൂറിസം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്, കഠിനംകുളം-അഞ്ചുതെങ്ങ് കായൽ ടൂറിസം ഇടനാഴിക്ക് ഡിപിആർ തയ്യാറാക്കി, മലബാറിലേക്കുള്ള ഒരു കവാടമായി ബേപ്പൂരിന്റെ സാധ്യതകൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള റിപ്പോർട്ടുകൾ, വേണാട് പ്രദേശത്തിന്റെ പഴയ തലസ്ഥാനം പുനർനിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ, കുട്ടനാടിന്റെ കിഴക്കൻ കവാടമായി തിരുവിതാംകൂർ വിനോദ ഇടനാഴി, ചങ്ങനാശേരി കോട്ടയം മേഖല എന്നിവ തയ്യാറാക്കിയിട്ടുണ്ട്.
- ബേക്കൽ സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ റിംഗ് റോഡ് വികസനം, ബീച്ച് റോഡ് മെച്ചപ്പെടുത്തൽ, ബീച്ച് പാർക്ക് പദ്ധതികൾക്കുള്ളിൽ ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവ ബിആർഡിസി നടപ്പിലാക്കി.
- വയനാട്ടിലെ എൻ ഊരു ട്രൈബൽ ടൂറിസം വികസന പദ്ധതിയുടെ പൂർത്തീകരണം.
- ബൊട്ടാണിക്കൽ ഗാർഡൻ–പുഷ്പ പ്രദർശനത്തിനുള്ള സ്ഥിരം വേദിയോട് കൂടിയുള്ള ഇടുക്കിയിലെ രണ്ടാം ഘട്ടം.
- പാലക്കാട് വെള്ളിയാങ്കല്ല് ഹെറിറ്റേജ് പാർക്ക് പുനഃസ്ഥാപിക്കൽ.
- കോഴിക്കോട് ബീച്ചിന്റെ നവീകരണം.
- മാനന്തവാടി ഇല്ലത്തുമൂല തറവാട്ടിലെ ട്രൈബൽ പെർഫോമൻസ് കേന്ദ്രം നവീകരണം.
- മലപ്പുറത്തെ കോട്ടക്കലിലുള്ള നിളയോരം പാർക്കിന്റെ പുനരുജ്ജീവനം.
- കോഴിക്കോട്, പെരുവണ്ണാമൂഴി-കക്കയം ഡാം സൈറ്റിലെ ടൂറിസം വികസനം.
- കോഴിക്കോട് ഭട്ട് റോഡ് ബീച്ചിലെ ബ്ലിസ് പാർക്ക്, കോഴിക്കോട് തളി ക്ഷേത്രത്തിലെ നഗര പൈതൃക കേന്ദ്രത്തിന്റെ പുനരുജ്ജീവനം.
- മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി എഎച്ച്പിയിലെ മ്യൂസിയത്തിന് ഇന്ത്യൻ നാവിക സേനയുടെ സംഭാവന.
- തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി മ്യൂസിയത്തിന് വേണ്ടി ഗുണ്ടർട്ട് ബംഗ്ലാവ്, ഗുണ്ടർട്ട് സെന്റ് ആംഗ്ലിക്കൻ ചർച്ച്, താഴെ അങ്ങാടി തെരുവ്, വള്ളിയൂർക്കാവിൽ എക്സിബിഷൻ, മാർക്കറ്റ് സ്ഥലം എന്നിവയുടെ വികസനം തുടങ്ങിയവയുടെ പൂർത്തീകരണം.
- തീർത്ഥയാത്ര ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി രാഷ്ട്രത്തിന് സമർപ്പിച്ച പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിലെ നവീകരിച്ച സരസ്വതി മണ്ഡപം.
- 2021-22 ലെ കെടിഡിസിയുടെ അടിസ്ഥാന സൗകര്യ വികസന നേട്ടങ്ങളിൽ മൂന്നാറിലെ ടീ കൗണ്ടിയുടെ ഒന്നാം ഘട്ടം പൂർത്തീകരണം, തിരുവനന്തപുരത്തെ ഹോട്ടൽ ചൈത്രത്തിലെ ലോബിയുടെ നവീകരണത്തിന്റെ പൂർത്തീയാക്കൽ, കുമരകത്തെ വാട്ടർസ്കേപ്സിലെ 40 കോട്ടേജുകളുടെ നവീകരണവും പുതുക്കലും എന്നിവ ഉൾപ്പെടുന്നു. പാറശ്ശാല, കായംകുളം, എരുമയൂർ, വടകര, ശ്രീകൃഷ്ണപുരം, എടക്കന്നം, തൊടുപുഴ, ഗുരുവായൂർ, എന്നിവിടങ്ങളിൽ മോട്ടൽ ആരാം ഭക്ഷണശാലകൾ കെടിഡിസി ആഹാർ റെസ്റ്റോറന്റുകളായി നവീകരിച്ചു. വൈക്കത്ത് ഫുഡ് ഓൺ വീൽസ് റെസ്റ്റോറന്റുകളുടെ നവീകരണം, തിരുവനന്തപുരം മ്യൂസിയം-സൂ വളപ്പിലെ ഭക്ഷണശാല, ചെന്നൈ റെയിൻ ഡ്രോപ്സ് - 10 മുറികൾ എന്നിവയും നവീകരിച്ചു.

**മാനവ വിഭവശേഷി വികസനം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ് സി ഐ) എന്നിവയാണ് ടൂറിസത്തിലെ മാനവവിഭവശേഷി വികസനത്തിനുള്ള പ്രധാന കേന്ദ്രങ്ങൾ. ടൂറിസം വ്യവസായത്തിന്റെ നിലവിലെയും ഭാവിയിലെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കിറ്റ്സ് ഗുണനിലവാരമുള്ള അക്കാദമിക് സേവനങ്ങളും പരിശീലന പരിപാടികളും വാഗ്ദാനം ചെയ്യുന്നു. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (എഐസിടിഇ), അംഗീകരിച്ച രണ്ട് വർഷ എംബിഎ (ട്രാവൽ ആന്റ് ടൂറിസം), കേരള സർവ്വകലാശാല അംഗീകാരത്തോടെയുള്ള 3 വർഷത്തെ ബിബിഎ (ടൂറിസം മാനേജ്മെന്റ്), 3 വർഷത്തെ ബികോം (ട്രാവൽ ആൻഡ് ടൂറിസം) എന്നിവ കിറ്റ്സ് വാഗ്ദാനം ചെയ്യുന്നു. 2021-22-ൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജിയുടെ പിന്തുണയോടെ കോഴിക്കോട് നോളജ് പാർക്കിൽ ട്രാൻസ്ഫോർമേറ്റീവ് ടൂറിസത്തിലും ഡിജിറ്റൽ ഇന്നൊവേഷനിലും കിറ്റ്സ് സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു.

പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതിനായി ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി എന്നീ മേഖലകളിൽ എസ്ഐഎച്ച്എം പരിശീലനം നൽകുന്നു. എസ്ഐഎച്ച്എം ബോയ്സ് ഹോസ്റ്റലിന്റെ നിർമ്മാണം രണ്ടാംഘട്ടം പൂർത്തിയായി.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് യുവാക്കൾക്കും യുവതികൾക്കും ഹോസ്പിറ്റാലിറ്റി, ടൂറിസം മേഖലകളിലെ വിവിധ ട്രേഡുകളിൽ പരിശീലനം വാഗ്ദാനം ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ 13 കേന്ദ്രങ്ങളിലെയും മൊത്തം വിദ്യാർത്ഥികൾ 1,595 ആണ്. കഴിഞ്ഞ വർഷം ഈ പ്രോഗ്രാമിൽ നിന്ന് 86 ശതമാനം വിദ്യാർത്ഥികൾ വിജയിച്ചിരുന്നു.

**വിനോദസഞ്ചാരത്തിലെ വിപണനം**

ഇന്ത്യൻ സംസ്ഥാനങ്ങളിൽ, ആഭ്യന്തരമായും അന്തർദേശീയമായും ഐസിടി (ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി) വഴി വിനോദസഞ്ചാരം മാർക്കറ്റിംഗ് ചെയ്യുന്നതിൽ കേരളം മുൻനിരയിലാണ്. കേരള ടൂറിസത്തിന്റെ ഫേസ്ബുക്ക് പേജ്, ഇൻസ്റ്റഗ്രാം അക്കൗണ്ട്, ട്വിറ്റർ അക്കൗണ്ട് എന്നിവ സോഷ്യൽ മീഡിയ വിപണനത്തിൽ ഇന്ത്യയിൽ മുൻപന്തിയിലാണ്. മൂന്ന് കോടിയിലധികം വരിക്കാരുള്ള വീഡിയോ ചാനലുകൾ, മൊബൈൽ ഫോണുകളിൽ നിന്നുള്ള ക്യൂആർ കോഡുകൾ, പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള കേരള ടൂറിസം മൈക്രോസൈറ്റുകൾ, പ്രധാന ടൂർ ഓപ്പറേറ്റർമാർക്കും സ്ഥലങ്ങൾക്കുമുള്ള പേജുകൾ എന്നിവയെല്ലാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ചാറ്റ് ബോട്ട്- 'മായ' ഒരു ഫലപ്രദമായ ടൂറിസം വിപണന സംവിധാനമാണ്.

**ഉത്തരവാദിത്ത ടൂറിസം (ആർറ്റി)**

ഉത്തരവാദിത്ത ടൂറിസത്തിന്റെ ആശയങ്ങളും സംരംഭങ്ങളും സംസ്ഥാനത്തുടനീളം പ്രചരിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി കേരള സർക്കാർ രൂപീകരിച്ച നോഡൽ ഏജൻസിയാണ് ആർടി മിഷൻ. ഗ്രാമങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും വികസനത്തിന് ടൂറിസത്തെ ഒരു ഉപകരണമാക്കുക, ദാരിദ്ര്യം തുടച്ചുനീക്കുക, സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകുക എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

**പരിശീലനങ്ങളും നൈപുണ്യ വികസനവും:** പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽ നിന്ന് നേരിട്ടോ അല്ലാതെയോ വരുമാനം നേടാനും സൃഷ്ടിക്കാനും കഴിയുന്ന വ്യത്യസ്ത ഡൊമെയ്നുകൾ ഉണ്ട്. ആർടി മിഷൻ ഈ സാധ്യതകൾ തിരിച്ചറിയുകയും പ്രാദേശിക സമൂഹത്തെ പരിശീലിപ്പിക്കുകയും ടൂറിസം മേഖലയിലേക്ക് നേരിട്ടോ അല്ലാതെയോ പ്രവേശിക്കാൻ അവരെ സജ്ജരാക്കുകയും ചെയ്യുന്നു.

**അനുഭവവേദ്യമായ ടൂറിസം പാക്കേജുകൾ** - നിലവിൽ 140 പാക്കേജുകൾ പ്രവർത്തനക്ഷമമാണ്, കൂടാതെ 1,500 കുടുംബങ്ങളെ ആർടി മിഷന്റെ എക്സ്പിരിമെന്റൽ ടൂർ പാക്കേജുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഗ്രാമീണ ജീവിതാനുഭവം, സാംസ്കാരിക അനുഭവങ്ങൾ, സ്വ ദേശ അനുഭവങ്ങൾ ഉത്സവ ടൂർ പാക്കേജുകൾ, അനുഭവ വേദ്യതാമസം, സൈക്കിൾ പാതകൾ, കാർഷിക അനുഭവ പാക്കേജുകൾ എന്നിവ ആർ റ്റി മിഷന്റെ ഇത്തരം പാക്കേജുകളിൽ ഉൾപ്പെടുന്നു.

**സ്ട്രീറ്റ് പ്രോജക്റ്റ് – സ്ട്രീറ്റ് (സുസ്ഥിര, മൂർത്തമായ, ഉത്തരവാദിത്തമുള്ള, അനുഭവ, വംശീയ ടൂറിസം കേന്ദ്രങ്ങൾ)** ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന ഒരു പങ്കാളിത്ത ടൂറിസം വികസന പദ്ധതിയാണ്. പദ്ധതിയിൽ പത്ത് സ്ഥലങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ മറവൻതുരുത്താണ് പദ്ധതിയിലൂടെ ഉയർന്ന് വന്ന പുതിയ ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രം.

**പെപ്പർ പദ്ധതി – പെപ്പർ ഉത്തരവാദിത്ത ടൂറിസത്തിലൂടെ ആസൂത്രണ പങ്കാളിത്തത്തിനും ശാക്തീകരണത്തിനും വേണ്ടിയുള്ള ജനങ്ങളുടെ പങ്കാളിത്തം.** കോട്ടയത്തെ വൈക്കം താലൂക്കിൽ ആരംഭിച്ച ആർടി മിഷന്റെ ഒരു സംരംഭമാണിത്. പെപ്പർ പദ്ധതിയിലൂടെ വൈക്കവും പൊന്നാനിയും ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് സംസ്ഥാന സർക്കാർ പുതിയ ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. സംസ്ഥാനത്ത് 35 സ്ഥലങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് വിവിധ ഘട്ടങ്ങളിലാണ്.

**മാതൃകാ ആർടി വില്ലേജ് പദ്ധതി –** ഈ പദ്ധതി ലക്ഷ്യമിടുന്നത് സാധ്യതയുള്ള ഗ്രാമങ്ങളെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുക എന്നതാണ്. അയ്മനം മോഡൽ ആർടി വില്ലേജ് പദ്ധതി ഇതിനകം ദേശീയ-അന്തർദേശീയ തലത്തിൽ പ്രശംസ നേടിയിട്ടുണ്ട്, കൂടാതെ മറ്റ് 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പുരോഗമിക്കുകയാണ്.

**കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് –** കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് കർഷകരെയും കാർഷിക പ്രവർത്തനങ്ങളെയും ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനും ടൂറിസത്തിലൂടെ അധിക വരുമാനം ഉണ്ടാക്കുന്നതിനുമുള്ള ആർടി മിഷന്റെ മറ്റൊരു പ്രധാന പദ്ധതിയാണ്.

**എക്പീരിയൻസ് എത്നിക് ക്യുസീൻ പ്രോജക്റ്റ് –** എക്സ്പീരിയൻസ് എത്നിക്/ലോക്കൽ ക്യുസിൻ നെറ്റ്‌വർക്ക് എന്നത് പ്രാദേശിക സമൂഹത്തിലെ സ്ത്രീകളെ അധിക നിക്ഷേപമില്ലാതെ വിനോദസഞ്ചാര ത്തിൽ ഏർപ്പെടുന്നതിന് പിന്തുണയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ്.

നിലവിൽ ആർ ടി മിഷനിൽ രജിസ്റ്റർ ചെയ്ത 23786 വ്യക്തിഗത/ഗ്രൂപ്പ് യൂണിറ്റുകൾ ഉണ്ട്, അതിൽ 16660 സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള/പ്രമുഖ യൂണിറ്റുകൾ, തുണി ബാഗ് നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, കൃഷി യൂണിറ്റുകൾ (കൃഷി, കാർഷിക സന്ദർശനം, കൃഷിസ്ഥല താമസ യൂണിറ്റുകൾ) കലാകാരന്മാർ, കരകൗശല വിദഗ്ധർ, ആർടി ഡ്രൈവർമാർ, കമ്മ്യൂണിറ്റി ടൂർ നേതാക്കൾ, ഹോം സ്റ്റേകൾ, താല്കാലിക താമസ യൂണിറ്റുകൾ, എത്നിക് പാചക യൂണിറ്റുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് കീഴിലാണ് ഇവ ആർടി മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 46815 വ്യക്തികൾ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും ഏർപ്പെട്ടിരിക്കുന്നു. 1,30,779 കുടുംബങ്ങളുടെ പ്രാഥമിക വരുമാനം വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനമാണ്. 2021-22, 2022-23 (2022 ഒക്ടോബർ വരെ) ആർടി മിഷൻ യൂണിറ്റുകൾ യഥാക്രമം 5.30 കോടി രൂപയും 5.50 കോടി രൂപയും വരുമാനം ഉണ്ടാക്കി. ഇതുവരെ 48.29 കോടി രൂപയുടെ വരുമാനമാണ് ആർടി മിഷൻ നേടിയത്.

### സുസ്ഥിര ഇക്കോ ടൂറിസം

ദ്രുതഗതിയിലുള്ള സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾ കണക്കിലെടുക്കുമ്പോൾ, പ്രത്യേകിച്ച് നഗരവൽക്കരണം, ഇക്കോ-ടൂറിസത്തിന്റെ ആവശ്യം വർദ്ധിച്ചുവരുകയാണ്. ഒരാളുടെ ചുറ്റുപാടുകളോടും പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയോടും സംവേദനക്ഷമത പുലർത്തുന്നതാണ് ഇക്കോടൂറിസം. പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള ലക്ഷ്യസ്ഥാനങ്ങൾ ശക്തി പ്പെടുത്തുക, വനം, വന്യജീവി സങ്കേതങ്ങളിൽ ഇക്കോ ടൂറിസം ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക എന്നിവയാണ് സംസ്ഥാനത്തെ ഇക്കോടൂറിസം ലക്ഷ്യമിടുന്നത്.

കേരളത്തിലെ വനങ്ങളിൽ നിറഞ്ഞുനിൽക്കുന്ന പച്ചപ്പ് ആശ്വാസത്തോടൊപ്പം ഉന്മേഷദായകവുമാണ്. കേരളത്തിലെ ഹരിത പ്രദേശങ്ങൾ ചില അപൂർവ സസ്യങ്ങൾ, പക്ഷികൾ, സസ്തനികൾ, ഉരഗങ്ങൾ, ഉഭയജീവികൾ എന്നിവയ്ക്ക് അഭയം നൽകുന്നു. സുസ്ഥിരമായി കൈകാര്യം ചെയ്താൽ, ഇക്കോടൂറിസം തടി ഉൽപാദനത്തിൽ നിന്നുള്ള വരുമാനത്തെ മറികടക്കുന്നതരത്തിൽ പ്രാദേശിക സമൂഹങ്ങൾക്ക് കൂടുതൽ നേട്ടങ്ങൾ ഉറപ്പാക്കുന്ന ഒരു പ്രധാന തൊഴിൽ വരുമാന സ്രോതസ്സായി മാറും. വനം അധിഷ്ഠിത ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ശാസ്ത്രീയ തന്ത്രങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ പ്രയോജന ത്തിനായി പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിലെ ഇക്കോടൂറിസം വികസി പ്പിച്ചെടുത്തത്. വന്യജീവി സങ്കേതങ്ങളും ദേശീയ പാർക്കുകളും ഉൾപ്പെടെ 60 അംഗീകൃത ഇക്കോടൂറിസം ഡെസ്റ്റിനേഷനുകൾ സംസ്ഥാനത്തിലുണ്ട്. 2021-22ൽ ഈ ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണം 35 ലക്ഷമായിരുന്നു. സന്ദർശകരിൽ നിന്നും ഒരു സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്. ഇത് ഇക്കോടൂറിസം കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും, മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, സന്ദർശകർക്ക് അടിസ്ഥാന സൗകര്യങ്ങളും സുരക്ഷയും നൽകുന്നതിനും ഇക്കോടൂറിസം സൈറ്റുകളിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിഎസ്എസ് /ഇഡിസി അംഗങ്ങൾക്ക് പ്രതിഫലം നൽകുന്നതിനും ഉപയോഗിക്കുന്നു. വിവിധ ഗ്രൂപ്പുകൾക്കിടയിൽ അവബോധം വളർത്തി പരിസ്ഥിതി സംരക്ഷണത്തിന് വനമേഖലയിലും പരിസരങ്ങളിലും ഇക്കോ ടൂറിസം സഹായിക്കുന്നു.

ഇരവികുളം ദേശീയോദ്യാനം, ചിന്നാർ വന്യമൃഗ സങ്കേതം, ഷോല ദേശീയോദ്യാനം, പെരിയാർ ടൈഗർ റിസർവ് എന്നിവയുൾപ്പെടെ കേരളത്തിലെ തിരഞ്ഞെടുത്ത ഇക്കോ ടൂറിസം സൈറ്റുകളുടെ വാഹകശേഷിയുടെ വിലയിരുത്തൽ ഈ പരിപാടിയുടെ ആദ്യഘട്ടത്തിൽ നടത്തി. രണ്ടാം ഘട്ടത്തിൽ സൗത്ത് വയനാട് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി നാല് സ്ഥലങ്ങൾ തിരഞ്ഞെടുത്തു. മറ്റ് 17 ഇക്കോ ടൂറിസം സൈറ്റുകളിൽ പഠനം പൂർത്തിയാക്കാനുള്ള നടപടികളും സൗത്ത് വയനാട് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ ആരംഭിച്ചിട്ടുണ്ട്. തെന്മലയിലെ ആംഫി തിയേറ്ററിന്റെ നവീകരണവും മെച്ചപ്പെടുത്തലും, ഇരവികുളം നാഷണൽ പാർക്കിലെ ടൂറിസം സൗകര്യങ്ങളുടെ നവീകരണവും മെച്ചപ്പെടുത്തലും, കൊല്ലം മുട്ടറ മരുതിമലയിലെ വിനോദസഞ്ചാര സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും പൂർത്തിയായി. 2016-17 മുതൽ ഇക്കോടൂറിസം ഡയറക്ടറേറ്റ് മൊത്തം 18 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

2021-22 ലെ ഇക്കോടൂറിസത്തിന്റെ പ്രധാന സംരംഭങ്ങൾ തേക്കടിയിലെ കഫറ്റീരിയ കം എന്റർടൈൻമെന്റ് സെന്റർ - ഘട്ടം II, ഇഡിസി/വിഎസ്എസ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടി - പ്രകൃതിശാസ്ത്രജ്ഞർ/വ്യാഖ്യാതാക്കൾ, ശേഷി പഠനം - ഘട്ടം II എന്നിവയാണ്.

നദികൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ, ഇടയ്ക്കിടെ ആളുകൾ കൂടുതലായി സന്ദർശിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിഎസ്എസും ഇഡിസിയും തയ്യാറാക്കിയ മൈക്രോ പ്ലാനുകളുടെ അടിസ്ഥാനത്തിലാണ് ഇക്കോടൂറിസം നടപ്പിലാക്കിയത്. എല്ലാ കേന്ദ്രങ്ങളിലും, എൻറ്റിഎഫ് പി, ചെറിയ വന ഉത്പന്നങ്ങൾ (എംഎഫ് പി) എന്നിവ വിൽക്കുന്നതിനുള്ള ഒരു ഇക്കോ ഷോപ്പ് സ്ഥാപിച്ചു, ഇത് പ്രാദേശിക വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക് തൊഴിൽ നൽകുന്നു. അത്തരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രദേശവാസികളുടെ വനങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കുന്നതിനും പ്രകൃതി പരിസ്ഥിതി വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിഎസ്എസ് അംഗങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തത്തിനു പുറമേ, ഇക്കോടൂറിസം പരിപാടികളിലൂടെ 5000-ത്തിലധികം ആളുകൾക്ക് പരോക്ഷമായി പ്രയോജനം ലഭിക്കുന്നതായി കണക്കാക്കുന്നു. വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുക എന്നത് പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഓരോ കേന്ദ്രത്തിലും 10 മുതൽ 25 വരെ വിഎസ്എസ്/ഇഡിസി അംഗങ്ങൾ ഗൈഡുകളായി പ്രവർത്തിക്കുകയും പരമാവധി സ്ത്രീകളെ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. ഏകദേശം 1200 വിഎസ്എസ്/ഇഡിസി അംഗങ്ങൾ ഈ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായി ഏർപ്പെട്ടിരിക്കുന്നു.

### ടൂറിസത്തിന്റെ മറ്റ് സംരംഭങ്ങൾ

- ബേപ്പൂർ റിവർ ഫെസ്റ്റിവൽ - കോവിഡ്-19 ന് ശേഷം മലബാറിലെ പുനരുജ്ജീവന ടൂറിസത്തിന് വഴിയൊരുക്കിയ ഒരു വിജയകരമായ പരിപാടി.
- ആലപ്പുഴയിലെ "ലോകമേ തറവാട് 2021", ഇത് കൊവിഡ്-19 ന് ശേഷമുള്ള മധ്യകേരളത്തിലെ വിനോദസഞ്ചാര അവലോകനത്തിന് വഴിയൊരുക്കി.
- സമഗ്ര മാസ്റ്റർ പ്ലാൻ വികസനത്തിലൂടെ സംസ്ഥാനത്തെ 25 ടൂറിസം ഹബ്ബുകളുടെ വികസനം.
- വയനാട്ടിലും ഇടുക്കിയിലും ഹെലി-ടൂറിസം പദ്ധതികൾ.
- മുസിരിസ് - സംസ്ഥാന പദ്ധതി പ്രകാരം എംഎച്ച് പി, എഎച്ച് പി എന്നിവയിൽ നടന്നുകൊണ്ടിരിക്കുന്ന സംരക്ഷണ പദ്ധതികൾ പൂർത്തിയായി വരുന്നു.
- നാടൻ കലകൾക്കുള്ള പിന്തുണയും ബിസിനസിനെ പിന്തുണയ്ക്കുന്നതും ഉൾപ്പെടെ കേരളത്തിന്റെ ഉത്സവാന്തരീക്ഷത്തിന്റെ പുനരുജ്ജീവനത്തിനായി ദീപാലങ്കാരം ഉൾപ്പെടെയുള്ള ഓണാഘോഷങ്ങൾ 2022.
- പദ്ധതിയും പ്രാദേശിക ഭാഷാ ചിത്രങ്ങളുടെ ഷൂട്ടിംഗ് നടക്കുന്ന ബേക്കലിലും മറ്റ് പ്രശസ്തമായ സ്ഥലങ്ങളിലും സിനിമാ ടൂറിസം പദ്ധതി.
- കെ റ്റി ഐ എൽ ഏകോപിപ്പിക്കുന്ന കൊല്ലം ജില്ലയിലെ ജൈവ വൈവിധ്യ ടൂറിസം സർക്യൂട്ട് തയ്യാറെടുപ്പുകൾ.

### മുസിരിസ് പൈതൃക പദ്ധതി

ഈ പൈതൃക പദ്ധതി, മുസിരിസ് പ്രദേശത്തെ പുരാ വസ്തു, സാംസ്കാരിക സ്മാരകങ്ങൾ നിലനിർത്താനും സംരക്ഷിക്കാനും, സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ

**ബോക്സ് 5.3.2** കരട് ദേശീയ ടൂറിസം നയം 2021

**കരട് ദേശീയ ടൂറിസം നയം 2021**

ദേശീയ ടൂറിസം നയത്തിന്റെ കരട്, ടൂറിസം മന്ത്രാലയം പുറത്തിറക്കി. ഗ്രീൻ ടൂറിസം, ഡിജിറ്റൽ ടൂറിസം, ഡെസ്റ്റിനേഷൻ മാനേജ്മെന്റ്, ഹോസ്പിറ്റാലിറ്റി മേഖലയിലെ വൈദഗ്ധ്യം, വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട എംഎസ്എംഇകളെ പിന്തുണയ്ക്കൽ തുടങ്ങി അഞ്ച് പ്രധാന മേഖലകൾ അടുത്ത 10 വർഷത്തിനുള്ളിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ദേശീയ ടൂറിസം നയം 2021 രാജ്യത്തെ വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ വളർച്ചയ്ക്കുള്ള ഒരു സമഗ്ര ചട്ടക്കൂടാണ്. നയത്തിലെ ഭൂരിഭാഗം വ്യവസ്ഥകൾക്കും വ്യവസായ പങ്കാളികളുമായി സഹകരിച്ച് കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാരുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സമാന്തരവും ഏകോപിതവുമായ നടപടി ആവശ്യമാണ്. കാലാകാലങ്ങളിൽ നയം നടപ്പിലാക്കുന്നതിനായി തയ്യാറാക്കേണ്ട വിശദമായ തന്ത്രങ്ങളിലും പ്രവർത്തന പദ്ധതികളിലും സ്കീമുകളിലും മാർഗ്ഗനിർദ്ദേശങ്ങളും വ്യത്യസ്ത പങ്കാളികളുടെ പ്രത്യേക ധർമ്മങ്ങളും ഉത്തരവാദിത്തങ്ങളും തയ്യാറാക്കേണ്ടതുണ്ട്.

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ലോക പൈതൃക സ്ഥലങ്ങളിൽ ഒരു പ്രധാന സ്ഥലമായി മാറാനും വിഭാവനം ചെയ്യുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഹോളി ക്രോസ് ചർച്ച്, പാലിയം ഊട്ടുപുര, മതിലകത്ത് ബെങ്കളക്കടവ്, മാളയിലെ കൊടുങ്ങല്ലൂർ ജൂത സിനഗോഗ്, കൊടുങ്ങല്ലൂർ ചേരമാൻ ജുമാമസ്ജിദ് എന്നിവയുടെ സംരക്ഷണം പൂർത്തിയായി. മുസിരിസ് ഇന്റർനാഷണൽ റിസർച്ച് ആൻഡ് കൺവെൻഷൻ സെന്റർ, സന്ദർശക കേന്ദ്രവും ബസ് സ്റ്റാൻഡും, രണ്ട് റസ്റ്റോറന്റുകൾ, ടോയ്‌ലറ്റ് ബ്ലോക്കുകൾ, ആറ് പാതകൾ, 12 ബോട്ട് ജെട്ടികൾ എന്നിവയും ഇതേ പദ്ധതിക്ക് കീഴിൽ നിർമ്മിച്ചു. പര്യവേഷണത്തിന്റെ ഭൂരിഭാഗവും പട്ടണത്തുള്ള കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചും (കെസിഎച്ച്ആർ) കോട്ടപ്പുറത്തുള്ള കേരള സർക്കാരിന്റെ പുരാവസ്തു വകുപ്പുമാണ് നടത്തുന്നത്. പാലിയം കോവിലകം മ്യൂസിയം, പാലിയം നാലുകെട്ട് മ്യൂസിയം, പറവൂർ സിനഗോഗ് മ്യൂസിയം, മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ് മ്യൂസിയം, സഹോദരൻ അയ്യപ്പൻ മ്യൂസിയം, കേസരി ബാലകൃഷ്ണപിള്ള മ്യൂസിയം എന്നിവിടങ്ങളിലും പണി പൂർത്തിയായി. 11 പൈതൃക നിർമിതികളുടെ സംരക്ഷണ നടപടികൾ പുരോഗമിക്കുകയാണ്.

ആദ്യത്തെ മുസിരിസ് പാഡിൽ ഇവന്റ് 2021 ൽ നടന്നു, ലോകമെമ്പാടുമുള്ള 400 ഓളം കയാക്കർമാർ കോട്ടപ്പുറം മുതൽ ബോൾഗാട്ടി കൊച്ചി മറീന വരെയുള്ള കായലിൽ പങ്കെടുത്തു. അടുത്തത് 'വിദ്യാർത്ഥികളുടെ പൈതൃക നടത്തം'. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നായി 2600 വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു. ഇത് പൊതുവിദ്യാഭ്യാസ വകുപ്പുൾപ്പെടെ വിവിധ ഏജൻസികളിൽ നിന്ന് വളരെയധികം പ്രചാരണവും അഭിനന്ദനവും ഏജൻസിക്ക് ലഭിക്കുന്നതിന് ഇടയാക്കി. പുതുവർഷത്തോടനുബന്ധിച്ച് 'മുസിരിസ് വേവ്സ് 2022' എന്ന പരിപാടിയും നടത്തി.

**ഭാവി വീക്ഷണം**

ഒരു പ്രമുഖ വിനോദസഞ്ചാര കേന്ദ്രം, ലോകപ്രശസ്ത ബ്രാൻഡ്, തുടർച്ചയായി വളരുന്ന ബിസിനസ്സ് എന്നീ നിലകളിൽ കേരളം അതിന്റെ പ്രശസ്തി നില നിർത്തേണ്ടതുണ്ട്. കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ ആഭ്യന്തര ടൂറിസത്തിലും ഓരോ ലക്ഷ്യസ്ഥാനത്തും സുരക്ഷയിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ലക്ഷ്യസ്ഥാന വികസനം, ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം ഉൽപന്നങ്ങൾ, വിവരസാങ്കേതികവിദ്യ, ഹോസ്പിറ്റാലിറ്റി, നിക്ഷേപം, ടൂറിസം വ്യവസായത്തിലെ ഫണ്ടിംഗ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ഹെറിറ്റേജ് ടൂറിസം, സാംസ്കാരിക ടൂറിസം, ആരോഗ്യ ടൂറിസം, കാരവൻ ടൂറിസം, കായിക ടൂറിസം, സാഹസിക ടൂറിസം, ജലത്തെ അടിസ്ഥാനമാക്കിയുള്ള ടൂറിസം, മൺസൂൺ ടൂറിസം, മൈസ് ടൂറിസം എന്നിവയ്ക്ക് വ്യവസായം മുൻഗണന നൽകാവുന്നതാണ്. ആരോഗ്യം, ശുചിത്വം, നഗര-ഗ്രാമ ആസൂത്രണം, കണക്റ്റിവിറ്റി തുടങ്ങിയ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കാതെ ടൂറിസം വികസിപ്പിക്കുന്നത് വിജയിക്കില്ല. വിനോദസഞ്ചാരം നിലവിൽ ഒരു ചലനാത്മക വ്യവസായമാണ്, അതിന് ആസൂത്രണം ആവശ്യമാണ്, ഇതിനായി വിവര ശേഖരണത്തിന്റെയും പരിപാലനത്തിന്റെയും മുഴുവൻ സംവിധാനവും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം സമ്പ്രദായങ്ങൾ അതിന്റെ എല്ലാ ലക്ഷ്യസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും കേരളം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ഈ മേഖലയിൽ, ശ്രീലങ്ക, മറ്റ് ഏഷ്യൻ രാജ്യങ്ങൾ തുടങ്ങിയ അയൽ രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും മത്സരം ശക്തമാണ്.

എല്ലാവർക്കും അതുല്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ഊഷ്മളവും സുരക്ഷിതവും വൃത്തിയുള്ളതും ശുചിത്വ മുള്ളതും എത്തിപ്പെടാവുന്നതുമായ ഒരു ലക്ഷ്യസ്ഥാനം നൽകുന്നതലൂടെ സുസ്ഥിരവും ഉത്തരവാദിത്തപരമായ രീതി യിൽ വിനോദസഞ്ചാരികളുടെ വരവ് ത്വരിതപ്പെടുത്താൻ സംസ്ഥാനം ശ്രമിക്കണം. അന്തർദേശീയ, ആഭ്യന്തര (മറ്റ് സംസ്ഥാനങ്ങൾ), പ്രാദേശിക വിനോദസഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരളം വ്യത്യസ്ത തന്ത്രങ്ങൾ വികസിപ്പിക്കേണ്ടതാണ്. യുവസഞ്ചാരികൾ, ഒറ്റയ്ക്ക് യാത്ര ചെയ്യുന്നവർ, മുതിർന്ന സഞ്ചാരികൾ എന്നിവരെ ഉൾക്കൊള്ളുന്ന ഉയർന്നുവരുന്ന പ്രവണതകൾക്ക് അനു സൃതമായിരിക്കണം വിനോദസഞ്ചാര വികസനം.

# 5.4 വിദേശ വ്യാപാരം

2021-ലെ ലോക വ്യാപാര വളർച്ച (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) വർഷത്തിന്റെ ഓരോ പാദത്തിലും പോസിറ്റീവായി തുടരുകയും നാലാം പാദത്തിൽ മഹാമാരിക്ക് മുൻപുള്ള അവസ്ഥയിൽ എത്തുകയും ചെയ്തു. 2022 ഒക്ടോബറിലെ ലോകവ്യാപാര സംഘടനയുടെ പ്രവചനം അനുസരിച്ച് 2022ൽ ആഗോള ചരക്ക് വ്യാപാരം 3.5 ശതമാനം വളർച്ച കണക്കാക്കുന്നു. 2022-ന്റെ രണ്ടാം പകുതിയിൽ വളർച്ചയുടെ വേഗത കുറയുമെന്നും, 2023-ൽ ലോക വ്യാപാരം കുത്തനെ കുറഞ്ഞ് 1 ശതമാനം പോസിറ്റീവ് വളർച്ചയോടെ തുടരുമെന്നും പ്രതീക്ഷിക്കുന്നു. ഇറക്കുമതിയുടെ ഡിമാൻഡിലുള്ള കുറവ്, ഉക്രെയിനിലെ സംഘർഷം മൂലമുണ്ടായ ഉയർന്ന ഊർജ്ജ വില, പണപ്പെരുപ്പം എന്നിവയാണ് വ്യാപാര വളർച്ചയിലെ മാന്ദ്യത്തിന് കാരണമാകുന്നത്. 2021-22ൽ ഇന്ത്യയുടെ വിദേശ വ്യാപാരം ഉയർന്ന മൂലധന വരവോടെ പുനരുജ്ജീവിച്ചു, ഇത് ദ്രുതഗതിയിലുള്ള വിദേശനാണ്യ കരുതൽ ധനത്തിന്റെ ശേഖരണത്തിലേക്ക് നയിക്കുകയും ചെയ്തു.

### ഇന്ത്യയിലെ വിദേശ വ്യാപാരം

ഇന്ത്യയിൽ നിന്നും 190ൽ അധികം രാജ്യങ്ങളിലേക്ക് 7,500 ഓളം ചരക്കുകൾ കയറ്റുമതി ചെയ്യുന്നു. കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, 2021-22ൽ, ഇന്ത്യയുടെ മൊത്തം കയറ്റുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പടെ) മുൻ വർഷത്തെ 497.9 ബില്യൺ യുഎസ് ഡോളറിൽ നിന്ന് 35.8 ശതമാനം വളർച്ചയോടെ 676.2 ബില്യൺ യുഎസ് ഡോളറായി. 2021-22ൽ, ഇന്ത്യയുടെ ചരക്ക് കയറ്റുമതി 2020-21 ലെ 291.81 ബില്യൺ ഡോളറിൽ നിന്ന് 421.8 ബില്യൺ യുഎസ് ഡോളറിലെത്തി. പെട്രോളിയം, കോട്ടൺ നൂൽ, തുണിത്തരങ്ങൾ, രാസവസ്തുക്കൾ, എൻജിനീയറിങ് സാധനങ്ങൾ തുടങ്ങിയ ഉൽപന്നങ്ങളുടെ ആവശ്യകത വർധിച്ചതാണ് കയറ്റുമതി വളർച്ചയ്ക്ക് കാരണം. 2021-22ൽ സേവന കയറ്റുമതി 2020-21 ലെ 206.1 ബില്യൺ യുഎസ് ഡോളറിൽ നിന്ന് 254.4 ബില്യൺ യുഎസ് ഡോളറായി. ടെലികമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടറും വിവര സേവനങ്ങളും, മറ്റ് ബിസിനസ്സ് സേവനങ്ങൾ, ഗതാഗതം എന്നിവയാണ് സേവന കയറ്റുമതിയിൽ പ്രധാന പങ്കു വഹിക്കുന്നത്.

2021-22ൽ ഇന്ത്യയുടെ ചരക്ക് ഇറക്കുമതി 2020-21 ലെ 394.44 ബില്യൺ യുഎസ് ഡോളറിൽ നിന്ന് 611.89 ബില്യൺ യുഎസ് ഡോളറായി. കയറ്റുമതി ലക്ഷ്യത്തേക്കാൾ ഇറക്കുമതി വർദ്ധിച്ചത് വ്യാപാര കമ്മി 87.5 ശതമാനമായി വർദ്ധിക്കുന്നതിനിടയാക്കി. ക്രൂഡ്, കൽക്കരി, സ്വർണം, ഇലക്ട്രോണിക്സ് എന്നിവയുടെ ഇറക്കുമതിയിലെ വർധനവ് ഇറക്കുമതി വളർച്ചയ്ക്ക് കാരണമായി. ഇന്ത്യയുടെ സേവന ഇറക്കുമതി 2020-21ൽ 117.52 ബില്യൺ യുഎസ് ഡോളറായിരുന്നത് 23.2 ശതമാനം വളർച്ചയോടെ 2021-22ൽ 144.79 ബില്യൺ യുഎസ് ഡോളറായി വർദ്ധിച്ചു. ഇന്ത്യയുടെ മൊത്തം ഇറക്കുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 2020-21ൽ 511.96 ബില്യൺ ഡോളറായിരുന്നത് 2021-22ൽ 756.68 ബില്യൺ യുഎസ് ഡോളറായി. 2021-22 കാലഘട്ടത്തിൽ ഇന്ത്യയുടെ ഏറ്റവും വലിയ ഇറക്കുമതി വിപണിയായി ചൈന തുടരുകയുണ്ടായി, തുടർന്ന് യുഎഇ, യുഎസ്എ, സൗദി അറേബ്യ, ഇറാഖ്, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളാണ്.

### കേരളത്തിലെ വിദേശ വ്യാപാരം

സമുദ്രോത്പന്നങ്ങൾ, കാപ്പി, സുഗന്ധവ്യഞ്ജന ഉൽപന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിലൂടെ രാജ്യത്തിന്റെ കയറ്റുമതി സാധ്യതകളിൽ കേരളം സുപ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലെ വിദേശ വ്യാപാരം പ്രധാനമായും കൊച്ചി തുറമുഖം വഴിയാണ്. കാപ്പി, തേയില, കശുവണ്ടിപ്പരിപ്പ്, സമുദ്രോൽപ്പന്നങ്ങൾ, കയറുൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്യുന്ന പ്രധാന ഇനങ്ങൾ. 2021-22ൽ, കൊച്ചി തുറമുഖം കൈകാര്യം ചെയ്ത മൊത്തം ചരക്ക് (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) 345.5 ലക്ഷം മെട്രിക് ടണ്ണായി രേഖപ്പെടുത്തി, 2020-21ൽ ഇത് 315.0 ലക്ഷം മെട്രിക് ടൺ ആയിരുന്നു. മുൻ വർഷത്തെ (-)7.5 ശതമാനത്തിന്റെ നെഗറ്റീവ് വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 2021-22ൽ 9.7 ശതമാനം വളർച്ച രേഖപ്പെടുത്തി. 2021-22 ലെ മൊത്തം ചരക്ക് ഗതാഗതത്തിൽ മൊത്തം ആഭ്യന്തര ചരക്ക് വ്യാപാരം മുൻ വർഷത്തെ 111.0 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 6.6 ശതമാനം വർദ്ധിച്ച് 118.3 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. മൊത്തം വിദേശ ചരക്ക് വ്യാപാരം 2020-21 നെ അപേക്ഷിച്ച് 11.4 ശതമാനം വർദ്ധിച്ച് 227.2 ലക്ഷം മെട്രിക്

**പട്ടിക 5.4.1** 2016-17 മുതൽ 2021-22 വരെയുള്ള ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം യു.എസ് ബില്യൺ ഡോളറിൽ

| വർഷം | കയറ്റുമതി | | | ഇറക്കുമതി | | |
|---|---|---|---|---|---|---|
| | ചരക്ക് കയറ്റുമതി | സേവന കയറ്റുമതി | മൊത്തം കയറ്റുമതി | ചരക്ക് ഇറക്കുമതി | സേവന ഇറക്കുമതി | മൊത്തം ഇറക്കുമതി |
| 2016-17 | 275.9 | 164.2 | 440.1 | 384.4 | 95.5 | 479.9 |
| 2017-18 | 303.5 | 195.1 | 498.6 | 465.6 | 105.2 | 570.8 |
| 2018-19 | 330.1 | 208 | 538.1 | 514.1 | 126.1 | 640.2 |
| 2019-20 | 313.4 | 213.2 | 526.6 | 474.7 | 128.3 | 603.0 |
| 2020-21 | 291.81 | 206.1 | 497.9 | 394.44 | 117.52 | 511.96 |
| 2021-22 | 421.8 | 254.4 | 676.2 | 611.89 | 144.79 | 756.68 |
| 2022-23# (സെപ്റ്റംബർ 2022 വരെ) | 231.88 | 150.43 | 382.31 | 380.34 | 89.13 | 469.47 |

# താൽക്കാലികം
അവലംബം: കേന്ദ്രവ്യവസായ വാണിജ്യ വകുപ്പ് മന്ത്രാലയം

ടണ്ണായി ഉയർന്നു. 2020-21ൽ ഇത് 204.0 ലക്ഷം മെട്രിക് ടൺ ആയിരുന്നു. **(പട്ടിക 5.4.2)**

കൊച്ചി തുറമുഖം വഴിയുള്ള മൊത്തം കയറ്റുമതി (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) 2020-21ൽ 70.3 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22ൽ 85.3 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. മുൻവർഷത്തെ 4.5 ശതമാനം വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 2021-22ൽ 21.2 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തുന്നത്. ഇതിൽ, ആഭ്യന്തര കയറ്റുമതി 2021-22ൽ 49.4 ലക്ഷം മെട്രിക് ടൺ ആണ്. 2020-21 ലെ 38.3 ലക്ഷം മെട്രിക് ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 29.0 ശതമാനം വളർച്ച രേഖപ്പെടുത്തുന്നു. വിദേശ കയറ്റുമതിയും മുൻ വർഷത്തെ 32 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2021-22ൽ 12.2 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 35.9 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.

തേയില, കയറുൽപ്പന്നങ്ങൾ എന്നിവ ഒഴികെയുള്ള ചരക്കുകളുടെ കയറ്റുമതി 2021-22ൽ വർദ്ധിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ കാപ്പി, സമുദ്രോൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവുണ്ടായി. കാപ്പിയുടെ കയറ്റുമതി 2020-21 ലെ 7.5 ശതമാനം വളർച്ചാ നിരക്കിൽ (34,134 മെട്രിക് ടൺ) നിന്ന് 2021-22 ൽ 81.8 ശതമാനം വളർച്ചാ നിരക്കോടെ 62,069 മെട്രിക് ടണ്ണായി വർദ്ധിച്ചു. സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി 2021-22ൽ 19.2 ശതമാനം വർദ്ധിച്ച് 1,79,579 മെട്രിക് ടണ്ണായി. മുൻ വർഷത്തെ വളർച്ചാ നിരക്ക് 2.6 ശതമാനം (1,50,640 മെട്രിക് ടൺ) ആയിരുന്നു. കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി 2021-22 ൽ മുൻ വർഷത്തെ (-)21.8 ശതമാനം (23,368 മെട്രിക് ടൺ) നെഗറ്റീവ് വളർച്ചയിൽ നിന്ന് വ്യത്യസ്തമായി 4 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 24,299 മെട്രിക്ക് ടണ്ണായി വർദ്ധിച്ചു. കയർ ഉൽപന്നങ്ങളുടെ കയറ്റുമതി 2020-21 ലെ ഉയർന്ന വളർച്ചാ നിരക്കായ 140.6 ശതമാനത്തിൽ നിന്ന് (2,84,065 മെട്രിക് ടൺ) 2021-22ൽ (-)15.3 ശതമാനം ഇടിഞ്ഞ് 2,40,745 മെട്രിക് ടണ്ണായി കുറഞ്ഞു. സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി മുൻവർഷത്തെ 33.1 ശതമാനം വളർച്ചയായ 1,00,429 മെട്രിക് ടണ്ണിൽ നിന്ന് 2021-22ൽ 5.3 ശതമാനം നേരിയ വളർച്ചയോടെ 1,05,697 മെട്രിക് ടണ്ണായി വർദ്ധിച്ചു. കൊച്ചി തുറമുഖത്ത് നിന്നുള്ള തേയിലയുടെ കയറ്റുമതി 2019-20 മുതൽ തുടർച്ചയായി കുറഞ്ഞുവരികയാണ്. 2019-20ൽ തേയിലയുടെ കയറ്റുമതി (-)12.8 ശതമാനം ഇടിഞ്ഞ് 71,732 മെട്രിക് ടണ്ണായി, 2020-21 ലും, 2021-22 ലും (-)2.5 ശതമാനവും (-)6.8 ശതമാനവും നെഗറ്റീവ് വളർച്ചയോടെ കയറ്റുമതി കുറയുന്ന പ്രവണത തുടർന്നു. 2021-22ൽ കൊച്ചി തുറമുഖം വഴിയുള്ള തേയിലയുടെ കയറ്റുമതി 65199 മെട്രിക് ടൺ ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 5.4.1**ൽ നൽകിയിരിക്കുന്നു.


2021-22ൽ കൊച്ചി തുറമുഖം വഴിയുള്ള മൊത്തം ഇറക്കുമതി (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) വർദ്ധിച്ചു. 2020-21ൽ ഇറക്കുതി 244.7 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22ൽ 260.2 ലക്ഷം മെട്രിക് ടണ്ണായും വളർച്ചാ നിരക്ക് മുൻ വർഷത്തെ (-)10.4 ശതമാനത്തിൽ നിന്നും 6.3 ശതമാനമായും ഉയർന്നു. ഇതിൽ ആഭ്യന്തര ഇറക്കുമതി 2021-22ൽ 68.9 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു,

**പട്ടിക 5.4.2** കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2019-20 മുതൽ 2021-22 വരെ, (അളവ് ലക്ഷം മെട്രിക് ടൺ)

| വ്യാപാരം | കയറ്റുമതി | | | ഇറക്കുമതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2021-22 | 2019-20 | 2020-21 | 2021-22 | 2019-20 | 2020-21 | 2021-22 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| ആഭ്യന്തരം | 39.2 | 38.3 | 49.4 | 71.8 | 72.7 | 68.9 | 111.0 | 111.0 | 118.3 |
| വിദേശം | 28.1 | 32.0 | 35.9 | 201.3 | 172.0 | 191.3 | 229.4 | 204.0 | 227.2 |
| ആകെ | 67.3 | 70.3 | 85.3 | 273.1 | 244.7 | 260.2 | 340.4 | 315.0 | 345.5 |

അവലംബം: കൊച്ചിൻ പോർട്ട് ട്രസ്റ്റ്

ചിത്രം 5.4.1 സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്കുകൾ (അളവിൽ)-ഇന്ത്യ, കേരളം - കേരളത്തിന്റെ വിഹിതം, 2016-17 മുതൽ 2021-22 വരെ (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

2020-21 ലെ 1.3 ശതമാനം വളർച്ചയായ 72.7 ലക്ഷം മെട്രിക് ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 ൽ (-)5.2 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്ക് രേഖപ്പെടുത്തി. 2021-22 ൽ വിദേശ ഇറക്കുമതി 11.2 ശതമാനം വളർച്ചയോടെ 191.3 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. ഇത് 2020-21 ൽ (-) 14.6 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്കോടെ 172 ലക്ഷം മെട്രിക് ടൺ ആയിരുന്നു **(പട്ടിക 5.4.2).** രാസവളങ്ങളും അസംസ്കൃത വസ്തുക്കളും, ഇരുമ്പ്, ഉരുക്ക്, യന്ത്രങ്ങൾ, പെട്രോളിയം, ഓയിൽ, ലൂബ്രിക്കന്റുകൾ (POL) എന്നിവയാണ് 2021-22ൽ ഇറക്കുമതി ചെയ്ത പ്രധാന ഇനങ്ങൾ. കൊച്ചി തുറമുഖം വഴി ഭക്ഷ്യധാന്യങ്ങൾ, ന്യൂസ് പ്രിന്റ്, കശുവണ്ടി എന്നിവ ഈ കാലയളവിൽ ഇറക്കുമതി ചെയ്തിട്ടില്ല. 2021-22ൽ കൊച്ചി തുറമുഖം വഴി ഇറക്കുമതി ചെയ്ത പ്രധാന ഇനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 5.4.2** ൽ നൽകിയിരിക്കുന്നു.

### സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി


ഇന്ത്യയിൽ നിന്നും 57,586.5 കോടി രൂപ മൂല്യമുള്ള 13.69 ലക്ഷം മെട്രിക് ടൺ സമുദ്രോത്പന്നങ്ങൾ 2021-22ൽ കയറ്റുമതി ചെയ്തു. 2020-21ൽ 43,721 കോടി രൂപ മൂല്യമുള്ള 11.5 ലക്ഷം മെട്രിക് ടൺ സമുദ്രോൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്തിരുന്നത്. കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയിലും 2021-22ൽ ഗണ്യമായ വളർച്ച രേഖപ്പെടുത്തി. 2020-21 ലെ കയറ്റുമതി 5,039.9 കോടി രൂപ മൂല്യമുള്ള 1,44,700 മെട്രിക് ടൺ ആയിരുന്നെങ്കിൽ 2021-22ൽ അളവിൽ 24.6 ശതമാനവും മൂല്യത്തിൽ 26.9 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് 6,396.2 കോടി രൂപ മൂല്യമുള്ള 1,80,315 മെട്രിക് ടൺ സമുദ്രോത്പന്നങ്ങൾ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തു. **(പട്ടിക 5.4.3, ചിത്രം 5.4.1).**

വർഷം തിരിച്ചുള്ള കണക്കുകൾ പ്രകാരം 2019-20, 2020-21 എന്നീ മഹാമാരി ബാധിത കാലയളവ് ഒഴികെയുള്ള, കഴിഞ്ഞ ആറ് വർഷക്കാലയളവിൽ ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയുടെ അളവ് വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം (അളവിൽ) മുൻവർഷത്തെ 12.6 ശതമാനത്തിൽ നിന്ന് 2021-22 ൽ 13.2 ശതമാനമായി വർദ്ധിച്ചു.

2021-22-ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയുടെ ഇനം തിരിച്ചുള്ള വിപണി വിഹിതത്തിൽ അളവിലും മൂല്യത്തിലും യഥാക്രമം 53.2 ശതമാനവും 74.1 ശതമാനവും രേഖപ്പെടുത്തി കൊണ്ട് ശീതീകരിച്ച ചെമ്മീൻ പ്രഥമ സ്ഥാനം നിലനിർത്തി. ശീതീകരിച്ച മത്സ്യം അളവിൽ 16.6 ശതമാനവും മൂല്യത്തിൽ 6.0 ശതമാനവും രേഖപ്പെടുത്തിക്കൊണ്ട് രണ്ടാം സ്ഥാനത്താണ്. 42,706 കോടി രൂപയുടെ 7.3 ലക്ഷം ടൺ ശീതീകരിച്ച ചെമ്മീൻ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്തു **(അനുബന്ധം 5.4.3).** 2021-22 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയുടെ ഇനം തിരിച്ചുള്ള വിപണി വിഹിതം **ചിത്രം 5.4.2** നൽകിയിട്ടുണ്ട്.

**ചിത്രം 5.4.2** 2021-22ൽ ഇന്ത്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി


**പട്ടിക 5.4.3** സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി -ഇന്ത്യയിലും കേരളത്തിലും- 2016-17 മുതൽ 2021-22 വരെ
(അളവ് മെട്രിക് ടൺ, മൂല്യം കോടി രൂപയിൽ)

| വർഷം | ഇന്ത്യ | | കേരളം | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 2016-17 | 11,34,948 | 37,870.9 | 1,59,141 | 5,008.5 | 14.0 | 13.2 |
| 2017-18 | 13,77,244 | 45,106.9 | 1,78,646 | 5,919.0 | 13.0 | 13.1 |
| 2018-19 | 13,92,559 | 46,589.4 | 1,83,064 | 6,014.7 | 13.1 | 12.9 |
| 2019-20 | 12,89,651 | 46,662.9 | 1,48,226 | 5,020.3 | 11.5 | 10.8 |
| 2020-21 | 11,49,510 | 43,721.0 | 1,44,700 | 5,039.9 | 12.6 | 11.5 |
| 2021-22 | 13,69264 | 57,586.5 | 1,80315 | 6,396.2 | 13.2 | 11.1 |

അവലംബം: സമുദ്രോല്പന്നകയറ്റുമതി വികസന അതോറിറ്റി

2021-22ൽ, കേരളത്തിൽ നിന്നും കയറ്റുമതി ചെയ്ത സമുദ്രോൽപ്പന്നങ്ങളിലും മുഖ്യ ഇനമായി ശീതീകരിച്ച ചെമ്മീൻ പ്രഥമ സ്ഥാനത്ത് തുടരുന്നു. ഇത് മൊത്തം വിപണിയുടെ അളവിൽ 39.1 ശതമാനവും മൂല്യത്തിൽ 55.6 ശതമാനവും ആണ്. തുടർന്ന് ശീതീകരിച്ച മത്സ്യം അളവിൽ 17.1 ശതമാനവും മൂല്യത്തിൽ 7.2 ശതമാനവും വിഹിതത്തോടെ രണ്ടാം സ്ഥാനത്താണ്. 2021-22ൽ മുൻ വർഷത്തെ അപേക്ഷിച്ച് കേരളത്തിൽ നിന്നുള്ള ശീതീകരിച്ച ചെമ്മീനിന്റെ കയറ്റുമതിയുടെ അളവിൽ 27 ശതമാനവും മൂല്യത്തിൽ 24 ശതമാനവും ഗണ്യമായ വർധനവ് രേഖപ്പെടുത്തി. 2021-22ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയുടെ ഇനം തിരിച്ചുള്ള വിപണി വിഹിതം **ചിത്രം 5.4.3** കാണിക്കുന്നു.


**ചിത്രം 5.4.3** 2021-22 കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി, ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

2021-22 ൽ ഇന്ത്യൻ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി യുഎസ്എ യും (3.73 ലക്ഷം മെട്രിക് ടൺ), തുടർന്ന് ചൈന (2.67 ലക്ഷം മെട്രിക് ടൺ), തെക്ക്-കിഴക്കൻ ഏഷ്യ (2.43 ലക്ഷം മെട്രിക് ടൺ), യൂറോപ്യൻ യൂണിയൻ (1.98 ലക്ഷം മെട്രിക് ടൺ), ജപ്പാൻ (0.9 ലക്ഷം മെട്രിക് ടൺ). മിഡിൽ ഈസ്റ്റ് (0.58 ലക്ഷം മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (1.39 ലക്ഷം മെട്രിക് ടൺ) എന്നിവയാണ്. ഇന്ത്യൻ സമുദ്രോത്പന്നങ്ങളുടെ പ്രധാന വിദേശ വിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.4** ൽ നൽകിയിട്ടുണ്ട്.


**ചിത്രം 5.4.4** 2021-22 ൽ ഇന്ത്യയുടെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

2021-22 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി യൂറോപ്യൻ യൂണിയൻ (50,336 മെട്രിക് ടൺ), തുടർന്ന് തെക്ക്-കിഴക്കൻ ഏഷ്യ (35,870 മെട്രിക് ടൺ), ചൈന (30,862 മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (20,985 മെട്രിക് ടൺ), യുഎസ്എ (20,206 മെട്രിക് ടൺ), ജപ്പാൻ (12,548 മെട്രിക് ടൺ), മിഡിൽ ഈസ്റ്റ് (9,510 മെട്രിക് ടൺ) എന്നിവയാണ്. 2021-22 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ പ്രധാന വിദേശവിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.5**ൽ നൽകിയിട്ടുണ്ട്.

**ചിത്രം 5.4.5** 2021-22 ലെ കേരളത്തിന്റെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

**കശുവണ്ടി കയറ്റുമതി**

ഇന്ത്യയിൽ നിന്നും 60ൽ അധികം രാജ്യങ്ങളിലേക്ക് കശുവണ്ടി കയറ്റുമതി ചെയ്യുന്നു. 2021-22ൽ ഇന്ത്യയിൽ നിന്നും 3,175.2 കോടി രൂപ മൂല്യമുള്ള 53,770 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു. 2020-21 ൽ ഇത് 2907 കോടി രൂപ മൂല്യമുള്ള 49,992 മെട്രിക് ടൺ ആയിരുന്നു. ഇന്ത്യൻ കശുവണ്ടിയുടെ ഏറ്റവും വലിയ കയറ്റുമതി വിപണിയായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) തുടർന്നു. ജപ്പാൻ, നെതർലൻഡ്സ്, സൗദി അറേബ്യ, യുഎസ്എ, സ്പെയിൻ, കുവൈറ്റ്, ജർമ്മനി, ഖത്തർ, മലേഷ്യ, സിംഗപ്പൂർ എന്നിവയാണ് മറ്റ് രാജ്യങ്ങൾ.

കേരളത്തിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിലും 2021-22ൽ വർദ്ധനവ് ഉണ്ടാകുകയും, 2020-21 ലെ 23,368 മെട്രിക് ടണ്ണിൽ നിന്ന് 2021-22ൽ 24,299 മെട്രിക് ടണ്ണായി വർദ്ധിച്ചു കൊണ്ട് അളവിൽ 4.0 ശതമാനം വളർച്ച രേഖപ്പെടുത്തി. 2021-22ൽ, ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ മൊത്തം കയറ്റുമതി അളവിൽ കേരളത്തിന്റെ വിഹിതം മുൻ വർഷത്തെ 46.7 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 45.2 ശതമാനമായി നേരിയ അളവിൽ കുറഞ്ഞു **(പട്ടിക 5.4.4).**

2021-22ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി തോട് എണ്ണയുടെ കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 മുതൽ ഉണ്ടായിട്ടുള്ള തുടർച്ചയായ ഇടിവിന് ശേഷമാണ് ഇത്തരത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. 2020-21 ൽ 19.72 കോടി രൂപ മൂല്യമുള്ള 3736 മെട്രിക് ടൺ കശുവണ്ടിത്തോട് എണ്ണ കയറ്റുമതി ചെയ്തിരുന്നു. 2021-22 ൽ കയറ്റുമതിയുടെ അളവിലും മൂല്യത്തിലും യഥാക്രമം 32.4 ശതമാനവും 64.8 ശതമാനവും വർദ്ധനവോടെ 32.5 കോടി രൂപ മൂല്യമുള്ള 4944 മെട്രിക് ടൺ ആയി ഉയർന്നു. കൊറിയ റിപ്പബ്ലിക്, ബെൽജിയം, ജപ്പാൻ, ചൈന, ഇറ്റലി എന്നിവയാണ് പ്രധാന വിപണികൾ. 2020-21 മുതൽ കേരളം കശുവണ്ടിത്തോട് എണ്ണ കയറ്റുമതി ചെയ്തിട്ടില്ല. 2018-19ൽ കേരളത്തിൽ നിന്നും 3.3 കോടി രൂപയുടെ 699 മെട്രിക് ടൺ കശുവണ്ടിത്തോട് എണ്ണ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു, 2019-20ൽ ഇത് 1.00 മെട്രിക് ടണ്ണായി കുറഞ്ഞു. **(അനുബന്ധം 5.4.4)**.

2021-2022ൽ ഇന്ത്യയിലെ അസംസ്കൃത കശുവണ്ടി ഉത്പാദനം 7,51,848 മെട്രിക് ടൺ ആണ്. ഇത് മുൻ വർഷത്തെ ഉത്പാദനമായ 738009 മെട്രിക് ടണ്ണിനെ അപേക്ഷിച്ച് 1.9 ശതമാനം വളർച്ച രേഖപ്പെടുത്തി. വിയറ്റ്നാം, കംബോഡിയ, നൈജീരിയ, ടാൻസാനിയ, ഗിനിയ ബിസാവു എന്നിവയാണ് അസംസ്കൃത കശുവണ്ടി ഉത്പാദിപ്പിക്കുന്ന മറ്റ് പ്രധാന രാജ്യങ്ങൾ. 2021-22ൽ, കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം 71,760 മെട്രിക് ടണ്ണായി കുറഞ്ഞു. ഇത് 2020-21 ലെ 73,105 മെട്രിക് ടണ്ണിൽ നിന്ന്, (-)1.8 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. ഇന്ത്യയിൽ അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഉത്പാദകരായി മഹാരാഷ്ട്ര (25.2 ശതമാനം) തുടരുന്നു, തുടർന്ന് ആന്ധ്രാപ്രദേശ് (16.9 ശതമാനം), ഒഡീഷ (16.1 ശതമാനം). 2021-22ൽ ഇന്ത്യയിലെ അസംസ്കൃത കശുവണ്ടിയുടെ മൊത്തം ഉൽപാദനത്തിൽ കേരളത്തിന്റെ വിഹിതം 9.5 ശതമാനമാണ്.

2021-22ൽ, ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത കശുവണ്ടി കയറ്റുമതി മുൻവർഷത്തെ 199.8 കോടി രൂപ മൂല്യമുള്ള 19,832 മെട്രിക് ടൺ കയറ്റുമതിയുമായി താരതമ്യം ചെയ്യുമ്പോൾ 202.3 കോടി രൂപയുടെ 21,654 മെട്രിക് ടൺ ആണ്. കേരളം 2018-19 മുതൽ അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തിട്ടില്ല.

2021-22ൽ ഇന്ത്യ 9145.2 കോടി രൂപ മൂല്യമുള്ള 9,35,574 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു. മുൻ വർഷം 7331.3 കോടി രൂപ മൂല്യമുള്ള 831231 മെട്രിക്ക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഇറക്കുമതി ചെയ്തിട്ടുള്ളത്. ഐവറി കോസ്റ്റ്, ടാൻസാനിയ, ഗിനിയ ബിസാവു, ബെനിൻ, ഘാന, മൊസാംബിക്ക്, നൈജീരിയ, സെനഗൽ തുടങ്ങിയ രാജ്യങ്ങളാണ് അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഇറക്കുമതി വിപണികൾ. ഇന്ത്യയിലേക്കുള്ള മൊത്തം അസംസ്കൃത കശുവണ്ടി ഇറക്കുമതിയിൽ, കേരളത്തിന്റെ വിഹിതം 2020-21 ലെ 166.3 കോടി രൂപ മൂല്യമുള്ള 18,424 മെട്രിക് ടണ്ണിൽ നിന്ന് 2021-22ൽ 220.6 കോടി രൂപ മൂല്യമുള്ള 21,990 മെട്രിക് ടണ്ണായി ഉയർന്നു.

**പട്ടിക 5.4.4** കശുവണ്ടി പരിപ്പിന്റെ കയറ്റുമതി ഇന്ത്യയും കേരളവും (2015-16 മുതൽ 2021-22 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2015-16 | 50,652 | 2,579.5 | 96,346 | 4,952.1 | 52.6 | 52.1 |
| 2016-17 | 38,054 | 2,415.3 | 82,302 | 5,168.8 | 46.2 | 46.7 |
| 2017-18 | 36,930 | 2,580.4 | 84,352 | 5,871.0 | 43.8 | 44.0 |
| 2018-19 | 29,062 | 1,892.6 | 66,693 | 4,434.0 | 43.6 | 42.7 |
| 2019-20 | 30,478 | 1,742.5 | 67,647 | 3,867.2 | 45.1 | 45.1 |
| 2020-21 | *23,368 | NA | 49992 | 2907 | 46.7 | NA |
| 2021-22 | *24299 | NA | 53770 | 3175.2 | 45.2 | NA |

അവലംബം: കാഷ്യു എക്സ്പോർട്ട്പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ/* കൊച്ചിൻ പോർട്ട് ട്രസ്റ്റ്

**കയറിന്റേയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി**
2021-22 ൽ 4340.1 കോടി രൂപയുടെ 12,34,855 മെട്രിക് ടൺ കയറും കയറുൽപ്പന്നങ്ങളും ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്തു. 2020-21 ൽ ഇത് 3,779 കോടി രൂപ മൂല്യമുള്ള 11,63,213 മെട്രിക് ടൺ ആയിരുന്നു. കേരളത്തിൽ നിന്ന് കൊച്ചി തുറമുഖം വഴി കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി മുൻവർഷത്തെ 141 ശതമാനം വളർച്ചയെ അപേക്ഷിച്ച് 2021-22ൽ ഇടിവ് രേഖപ്പെടുത്തി. 2020-21 ലെ കയറ്റുമതി നിരക്കായ 2,84,065 മെട്രിക് ടണ്ണിൽ നിന്ന് 2021-22ൽ (-)15.3 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി കൊണ്ട് 2,40,745 മെട്രിക് ടൺ ആയി കുറഞ്ഞു.

2021-22 ൽ ഇന്ത്യയിൽ നിന്ന് ചകിരിച്ചോറ്, ടഫ്റ്റഡ് മാറ്റ്സ്, കയർ നാരുകൾ, കയർ റഗ്ഗുകൾ, പരവതാനികൾ, കയർ റോപ്പുകൾ, കയർ ചുരുൾ, കയർ യാൺ, കൈത്തറി മാറ്റുകൾ, പവർലൂം മാറ്റുകൾ എന്നിവയുടെ കയറ്റുമതി അളവിലും മൂല്യത്തിലും വളർച്ച രേഖപ്പെടുത്തി. എന്നാൽ കയർ ഭൂവസ്ത്രം, റബ്ബറൈസ്ഡ് കയർ, കൈത്തറി മാറ്റിംഗ്, പവർലൂം മാറ്റിംഗ് എന്നിവ അളവിലും മൂല്യത്തിലും ഇടിവ് രേഖപ്പെടുത്തി. കയർ മറ്റിനങ്ങൾ അളവിൽ കുറവും മൂല്യത്തിൽ വളർച്ചയും കാണിക്കുന്നു. രാജ്യത്തു നിന്നുള്ള മൊത്തം കയർ ഉൽപന്നങ്ങളുടെ കയറ്റുമതി വരുമാനത്തിന്റെ 52.1 ശതമാനവും (2,259.2 കോടി രൂപ) ചകിരിച്ചോറിന്റെ കയറ്റുമതിയിൽ നിന്നാണ്. മൊത്തം കയറ്റുമതിയുടെ 33 ശതമാനം മൂല്യവർദ്ധിത ഇനങ്ങളാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ ടഫ്റ്റഡ് മാറ്റുകൾ ഒന്നാമതായി നിൽക്കുന്നു. ഇത് അളവിൽ 7.5 ശതമാനവും മൂല്യത്തിൽ 23.1 ശതമാനവുമാണ്. കയർ നാരുകളുടെ കയറ്റുമതി മൂല്യം 636.6 കോടി രൂപയാണ്. ഇത് മൊത്തം കയറ്റുമതി അളവിന്റെ 32.3 ശതമാനവും മൂല്യത്തിന്റെ 14.7 ശതമാനവുമാണ്.

2021-22ൽ 103 രാജ്യങ്ങൾ ഇന്ത്യയിൽ നിന്നും കയറും, കയറുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്തിട്ടുണ്ട്. മൊത്തം ഇറക്കുമതി മൂല്യത്തിൽ 29.8 ശതമാനവും അളവിൽ 17 ശതമാനവും വിഹിതമുള്ള യുഎസ്എ യാണ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാമത്. തുടർന്ന് മൂല്യത്തിൽ 20 ശതമാനവും അളവിൽ 38 ശതമാനവും വിഹിതമുള്ള ചൈനയാണ് ഇന്ത്യയിൽ നിന്നുള്ള കയർ ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന രണ്ടാമത്തെ വലിയ രാജ്യം. നെതർലൻഡ്സ്, ദക്ഷിണ കൊറിയ, യുകെ, സ്പെയിൻ, ഓസ്ട്രേലിയ, ഇറ്റലി, ജർമ്മനി, കാനഡ എന്നിവയാണ് ഇന്ത്യയിൽ നിന്നും ഗണ്യമായ അളവിൽ കയറും കയറുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്ന മറ്റ് രാജ്യങ്ങൾ. ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി പ്രവണത **ചിത്രം 5.4.6**ൽ നൽകിയിരിക്കുന്നു.

**തേയിലയുടെ കയറ്റുമതി**
2021-22 ൽ 5,415.8 കോടി രൂപ മൂല്യമുള്ള 2,00,785 മെട്രിക് ടൺ തേയില ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്തു. ഇത് 2020-21 ലെ 5,311.5 കോടിരൂപ മൂല്യമുള്ള 2,03,791 മെട്രിക് ടൺ കയറ്റുമതിയുമായി താരതമ്യം ചെയ്യുമ്പോൾ അളവിൽ (-)1.5 ശതമാനം നെഗറ്റീവ് വളർച്ചയും മൂല്യത്തിൽ 2.0 ശതമാനം വർദ്ധനവും രേഖപ്പെടുത്തി. ഇന്ത്യയിൽ നിന്നുള്ള തേയില കയറ്റുമതിയുടെ പ്രധാന വിപണി റഷ്യൻ ഫെഡറേഷനാണ്, തുടർന്ന് ഇറാൻ, യുഎഇ, യുഎസ്എ എന്നിവയാണ്.

കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി 2021-22 ൽ 1468.4 കോടി രൂപ മൂല്യമുള്ള 64,854 മെട്രിക് ടൺ ആയി കുറഞ്ഞു. ഇത് 2020-21 ലെ 1,566 കോടിരൂപ മൂല്യമുള്ള 70,398 മെട്രിക് ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ അളവിൽ (-)7.9 ശതമാനവും മൂല്യത്തിൽ (-)6.2 ശതമാനവും നെഗറ്റീവ് വളർച്ചയാണ് ഉണ്ടായിട്ടുള്ളത് (**പട്ടിക 5.4.5**).

**പട്ടിക 5.4.5** ഇന്ത്യയിൽ നിന്നും, കേരളത്തിലെ തുറമുഖങ്ങൾ വഴിയുള്ള തേയില കയറ്റുമതി, 2016-17 മുതൽ 2021-22 വരെ, (അളവ് മെട്രിക് ടൺ, മൂല്യം ലക്ഷം രൂപയിൽ)

| | കേരളം | | ഇന്ത്യ | |
|---|---|---|---|---|
| വർഷം | അളവ് | മൂല്യം | അളവ് | മൂല്യം |
| 2016-17 | 67,431 | 1,13,935 | 2,27,634 | 4,63,250 |
| 2017-18 | 75,741 | 1,23,294 | 2,56,572 | 5,06,488 |
| 2018-19 | 80,683 | 1,43,440 | 2,54,502 | 5,50,684 |
| 2019-20 | 76,983 | 1,47,082 | 2,41,344 | 5,45,710 |
| 2020-21 | 70,398 | 1,56,595 | 2,03,791 | 5,31,153 |
| 2021-22 | 64,854 | 1,46,841 | 2,00,785 | 5,41,577 |

അവലംബം: റ്റീബോർഡ്


**കാപ്പിയുടെ കയറ്റുമതി**
2021-22ൽ മൊത്തം 7,655.5 കോടി രൂപ മൂല്യമുള്ള 4.14 ലക്ഷം മെട്രിക് ടൺ കാപ്പി ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്തു. 2020-21 ൽ ഇത് 5449 കോടി രൂപ മൂല്യമുള്ള 3.11 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇറ്റലി, ജർമ്മനി, ബെൽജിയം, റഷ്യൻ ഫെഡറേഷൻ എന്നിവിടങ്ങളിലേക്കാണ് ഇന്ത്യയിൽ നിന്നുള്ള കാപ്പിയുടെ പ്രധാന ഇറക്കുമതി. 2021-22ൽ കൊച്ചി തുറമുഖം വഴി കേരളത്തിൽ നിന്നുള്ള കാപ്പിയുടെ കയറ്റുമതിയിൽ വളരെ ആകർഷകമായ വർദ്ധനവുണ്ടായിട്ടുണ്ട്. മുൻവർഷത്തെ 7.5 ശതമാനം വളർച്ചയെ അപേക്ഷിച്ച് 81.8 ശതമാനം വർദ്ധിച്ച് 34,134 മെട്രിക് ടണ്ണിൽ നിന്ന് 62,069 മെട്രിക് ടണ്ണായി.

**സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി**
2021-22 ൽ ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി പ്രകടനം പ്രോത്സാഹജനകമല്ല. എന്നിരുന്നാലും 2020-21 ലെ കയറ്റുമതിയുമായി താരതമ്യം ചെയ്യുമ്പോൾ അത് (-)2 ശതമാനം നെഗറ്റീവ് വളർച്ചയോടെ (ഡോളർ മൂല്യത്തിൽ) 4 ബില്യൺ യുഎസ് ഡോളർ കടന്നു. 2021-22ൽ, 30,576 കോടി രൂപ മൂല്യമുള്ള 15,31,154 മെട്രിക് ടൺ സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. ഇത് 2020-21 ൽ 30,967.7 കോടി രൂപ മൂല്യമുള്ള 17,58,266 മെട്രിക് ടൺ ആയിരുന്നു.

കേരളത്തിൽ നിന്ന് കൊച്ചി, തിരുവനന്തപുരം തുറമുഖങ്ങൾ വഴിയുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി 2021-22ൽ 5,666.4 കോടി രൂപ മൂല്യമുള്ള 123723 മെട്രിക് ടണ്ണായി വർദ്ധിച്ചു. മുൻ വർഷത്തെ കയറ്റുമതിയേക്കാൾ അളവിലും മൂല്യത്തിലും യഥാക്രമം 2 ശതമാനവും 13.2 ശതമാനവും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതത്തിൽ 2016-17 മുതൽ ഏറ്റക്കുറച്ചിലുകൾ കാണിക്കുന്നു. 2020-21 ൽ ഇന്ത്യൻ കയറ്റുമതിയുടെ അളവിന്റെ 6.9 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം 2021-22ൽ 8.1 ശതമാനമായി ഉയർന്നിട്ടുണ്ട്. മൂല്യത്തിലും,

**ചിത്രം 5.4.6** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള (കൊച്ചി തുറമുഖം വഴി), കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി 2016-17 മുതൽ 2021-22 വരെ, (അളവ് ലക്ഷം മെട്രിക് ടൺ)




അവലംബം: കയർ ബോർഡ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്

ഇത് 2020-21 ലെ 16.2 ശതമാനത്തിൽ നിന്ന് 2021-22 ൽ 18.5 ശതമാനമായി ഉയർന്നു. **(പട്ടിക 5.4.6).**

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയുടെ അളവ് 2021-22 ൽ ഇടിവ് രേഖപ്പെടുത്തി. വൻകിട ഇറക്കുമതി രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യവും ആഭ്യന്തര വില വർദ്ധനവും ചൈന, യൂറോപ്യൻ യൂണിയൻ തുടങ്ങിയ മുഖ്യ ഇറക്കുമതി രാജ്യങ്ങൾ ഏർപ്പെടുത്തിയ ഗുണനിലവാര നിയന്ത്രണവുമാണ് പ്രധാനമായും ഇടിവിന് കാരണം.


ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധ വ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയിൽ ഏകദേശം 52 ഇനം സുഗന്ധവ്യഞ്ജനങ്ങളും അതിന്റെ ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നു. സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നുള്ള മൊത്തം കയറ്റുമതി വരുമാനത്തിന്റെ 80 ശതമാനവും മുളക്, സുഗന്ധവ്യഞ്ജനതൈലങ്ങൾ, ഒലിയോറെസിൻസ്, ജീരകം, പുതിന ഉൽപന്നങ്ങൾ, മഞ്ഞൾ, ഏലം (ചെറുത്), കറിപ്പൊടി/ മിശ്രിതം, ഇഞ്ചി എന്നിവയുടെ കയറ്റുമതിയിലൂടെയാണ്. 2021-22-ൽ, സുഗന്ധ തൈലങ്ങൾ, ഒലിയോറെസിൻസ്, ഏലം, കുരുമുളക്, പുളി, കായം, കുടംപുളി, പെരുംജീരകം, വെളുത്തുള്ളി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവുണ്ടാവുകയും, മഞ്ഞൾ, ജാതിക്ക/ജാതിപത്രി എന്നിവയുടെ കയറ്റുമതിയുടെ മൂല്യത്തിൽ മാത്രം വർദ്ധനവുണ്ടാവുണ്ടായി. മുളക്, മല്ലി, ജീരകം, ഉലുവ എന്നിവയുടെ കയറ്റുമതിയിൽ അളവിലും മൂല്യത്തിലും 2021-22 ൽ ഇടിവുണ്ടായി. ഇന്ത്യൻ സുഗന്ധ വ്യഞ്ജനങ്ങൾ ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്ന രാജ്യം ചൈനയും തുടർന്ന് അമേരിക്ക, യുഎഇ, ബംഗ്ലാദേശ്, തായ്‌ലൻഡ്, ഇന്തോനേഷ്യ, മലേഷ്യ, യുകെ, ശ്രീലങ്ക, നേപ്പാൾ, ജർമ്മനി, സൗദി അറേബ്യ, നെതർലൻഡ്

**പട്ടിക 5.4.6** സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി കേരളത്തിലും, ഇന്ത്യയിലും - 2016-17 മുതൽ 2021-22 വരെ
(അളവ് മെട്രിക് ടണ്ണിൽ, മൂല്യം ലക്ഷം രൂപയിൽ)

| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2016-17 | 84,418.8 | 4,27,120.1 | 9,47,790 | 17,81,223.6 | 8.9 | 24.0 |
| 2017-18 | 95,455.9 | 4,15,296.1 | 10,28,060 | 17,98,016.2 | 9.3 | 23.1 |
| 2018-19 | 89,590.8 | 3,78,560.4 | 11,00,250 | 19,50,581.1 | 8.1 | 19.4 |
| 2019-20 | 1,00,195.8 | 4,05,421.3 | 12,08,400 | 22,06,280.0 | 8.3 | 18.4 |
| 2020-21 | 1,21,348.9 | 5,00,633.6 | 17,58,266 | 30,96,771 | 6.9 | 16.2 |
| 2021-22 | 1,23,723.4 | 5,66,643.6 | 15,31,154 | 30,57,644.3 | 8.1 | 18.5 |

അവലംബം: സ്പൈസസ് ബോർഡ്

**ചിത്രം 5.4.7** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി വളർച്ചാ നിരക്ക്, 2017-18 മുതൽ 2021-22 വരെ, ശതമാനത്തിൽ




അവലംബം: സ്പൈസസ് ബോർഡ്

എന്നിവയുമാണ്. ഇന്ത്യയിൽ നിന്നുള്ള മൊത്തം കയറ്റുമതിയുടെ 75 ശതമാനവും ഈ രാജ്യങ്ങളിലേക്കാണ് അയയ്ക്കുന്നത്.

കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി, 2019-20 മുതൽ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. 2019-20, 2020-21 വർഷങ്ങളിൽ ഇത് യഥാക്രമം 11.8 ശതമാനവും 21.1 ശതമാനവും വർദ്ധിച്ചു. 2021-22 ൽ, മുൻവർഷത്തെ അപേക്ഷിച്ച് കയറ്റുമതി അളവിൽ 2.0 ശതമാനത്തിന്റെ നാമമാത്ര വളർച്ചയും മൂല്യത്തിൽ 13.2 ശതമാനത്തിന്റെ ഗണ്യമായ വളർച്ചയും രേഖപ്പെടുത്തി. ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയുടെ വളർച്ചാ നിരക്കിന്റെ പ്രവണത **ചിത്രം 5.4.7**ൽ നൽകിയിട്ടുണ്ട്.

2021-22 ൽ, കേരളത്തിൽ നിന്നുള്ള മുളക്, ഏലം (ചെറുത്), ഇഞ്ചി, ജീരകം, സെലറി, ഉലുവ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയുടെ അളവിലും മൂല്യത്തിലും മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 ൽ കൊച്ചി, തിരുവനന്തപുരം തുറമുഖങ്ങൾ വഴിയുള്ള ഏലത്തിന്റെ കയറ്റുമതി 586.3 കോടി രൂപ മൂല്യമുള്ള 3029.5 മെട്രിക്ക് ടൺ ആയിരുന്നത് 2021-22 ൽ അളവിൽ 95.6 ശതമാനത്തിന്റെയും മൂല്യത്തിൽ 39.1 ശതമാനത്തിന്റെയും ശ്രദ്ധേയമായ വർദ്ധനവോടെ 815.5 കോടി രൂപ മൂല്യമുള്ള 5,925 മെട്രിക് ടൺ ആയി ഉയർന്നു. മുളകിന്റെ കയറ്റുമതി 2020-21 ലെ 572.8 കോടി രൂപ മൂല്യമുള്ള 29,433.8 മെട്രിക് ടണ്ണിൽ നിന്ന് അളവിൽ 3.2 ശതമാനവും മൂല്യത്തിൽ 13.8 ശതമാനവും വർദ്ധനവോടെ 651.9 കോടി രൂപ മൂല്യമുള്ള 30,365.3 മെട്രിക് ടണ്ണായി ഉയർന്നു. കുരുമുളകിന്റെ കയറ്റുമതി 2021-22ൽ 603.2 കോടി രൂപ മൂല്യമുള്ള 17,253.1 മെട്രിക് ടണ്ണായി കുറഞ്ഞു. ഇത് 2020-21 ലെ 491.4 കോടി രൂപ മൂല്യമുള്ള 17,321.1 മെട്രിക് ടൺ കയറ്റുമതിയിൽ നിന്ന് അളവിൽ 0.4 ശതമാനം നേരിയ ഇടിവും മൂല്യത്തിൽ 22.8 ശതമാനം വളർച്ചയും രേഖപ്പെടുത്തുന്നു.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ, കറിപ്പൊടിയുടെയും മിശ്രിതത്തിന്റെയും കയറ്റുമതി 2021-22 ൽ മുൻവർഷത്തെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും വർദ്ധനവ് കാണിച്ചു, അതേസമയം സുഗന്ധ വ്യഞ്ജന തൈലങ്ങൾ, ഒലിയോറെസിൻ, പുതിന ഉൽപന്നങ്ങൾ എന്നിവയുടെ കയറ്റുമതി അളവിൽ നേരിയ ഇടിവ് രേഖപ്പെടുത്തി. കറിപൗഡർ കൂട്ടിന്റെ കയറ്റുമതി 2020-21 ലെ 313.3 കോടി രൂപ മൂല്യമുള്ള 14,517 മെട്രിക് ടണ്ണിൽ നിന്ന് അളവിലും മൂല്യത്തിലും യഥാക്രമം 5.1 ശതമാനവും 0.5 ശതമാനവും വളർച്ചയോടെ 2021-22 ൽ 314.8 കോടി രൂപ മൂല്യമുള്ള 15,253 മെട്രിക് ടൺ ആയി രേഖപ്പെടുത്തി. 2021-22ൽ 2,444.7 കോടി രൂപ മൂല്യമുള്ള 10,588 മെട്രിക് ടൺ സുഗന്ധവ്യഞ്ജന തൈലങ്ങളും ഒലിയോറെസിനും കയറ്റുമതി ചെയ്തു. ഇത് മുൻവർഷത്തെ 2,210.9 കോടി രൂപ മൂല്യമുള്ള 10,640 മെട്രിക് ടൺ കയറ്റുമതിയുമായി താരതമ്യം ചെയ്യുമ്പോൾ അളവിൽ (-)0.5 ശതമാനത്തിന്റെ നേരിയ ഇടിവും മൂല്യത്തിൽ 10.6 ശതമാനത്തിന്റെ വളർച്ചയും രേഖപ്പെടുത്തുന്നു.

# 5.5 പൊതു സേവനങ്ങൾ

**സർവ്വേ ഭൂരേഖയും**

സംസ്ഥാനത്തെ മൊത്തം ഭൂമിയുടേയും റീസർവ്വേ പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ് സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പിന്റെ പ്രധാന പ്രവർത്തനം. ഇതോടൊപ്പം, ഭൂപരിപാലനം, ഭൂസർവ്വേ രേഖ ഡിജിറ്റൈസേഷൻ, പട്ടയ വിതരണത്തിന് ഭൂസർവ്വേ നടത്തൽ (ഭൂമിയുടെ ഉടമസ്ഥാവകാശം), ഭൂമി വിലയിരുത്തലും ഭൂമി ഏറ്റെടുക്കലും, വനഭൂമി സർവ്വേ, സർക്കാർ നയത്തിന് അനുസൃതമായി പ്രത്യേക പദ്ധതികളുടെ സർവ്വേ, വഖഫ് ബോർഡിന് കീഴിലുള്ള നിർദ്ദിഷ്ട സ്ഥലങ്ങളുടെ സർവ്വേ പ്രവർത്തനങ്ങൾ നടത്തുക എന്നിവയും സർവ്വേ വകുപ്പിന്റെ പ്രവർത്തനങ്ങളാണ്. 2022 വരെ 920 വില്ലേജുകളിലെ ഭൂമിയുടെ റീ സർവ്വേ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്, 746 വില്ലേജുകളിലെ റീ സർവ്വേ ജോലികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് (CORS), റിയൽ ടൈം കൈനറ്റിക്ക് റോവർ (RTK-റോവർ) തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയാണ് റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടത്. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS), ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് WGS 84 സിസ്റ്റത്തിൽ ജിയോ റഫറൻസ് ചെയ്ത ഡിജിറ്റൽ റെക്കോർഡുകൾ നിലവിൽ തയ്യാറാക്കുന്നു. CORS-ന്റെ നിലവിലെ വിവരം **ബോക്സ് 5.5.1**ൽ നൽകിയിരിക്കുന്നു. 2019 മുതൽ 2022 വരെയുള്ള (ആഗസ്റ്റ് 31, 2022 വരെ) നടത്തിയിട്ടുള്ള റീസർവേയുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.1**ൽ നൽകിയിട്ടുണ്ട്. 1550 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ പുരോഗമിക്കുന്നു. ഇത് 4 വർഷത്തിനുള്ളിൽ പൂർത്തിയാകും.


റീസർവ്വേ, ഭൂമിയേറ്റെടുക്കൽ എന്നിവയുടെ മേൽ അപ്പീൽ നടപടി കൈക്കൊള്ളുന്നതും വകുപ്പാണ്. അത്തരം പരാതികളിൽ ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ തീർപ്പ് കൽപ്പിക്കുന്നത്. 2021ൽ 2,15,286 റീസർവ്വേ പരാതികളിൽ 1,71,790 കേസുകൾ (79.79 ശതമാനം) പരിഹരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള റീസർവ്വേ അപ്പീലുകൾ സ്വീകരിച്ചതും അന്തിമമാക്കിയവയുടെയും വിശദാംശങ്ങൾ **ചിത്രം 5.5.1**ൽ കാണിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 41,375 അപ്പീലുകളിൽ 5,917 കേസുകളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 5.5.2**ൽ നൽകിയിട്ടുണ്ട്.

ഐ.എ.എസ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ, സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്ക് സർവ്വേ വകുപ്പ് പരിശീലനം നൽകുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 5.5.3**ൽ നൽകിയിട്ടുണ്ട്.

**ബോക്സ് 5.5.1** കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് (CORS)

സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച്, 28 COR സ്റ്റേഷനുകൾ ആവശ്യമാണ്. സർവേ ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് COR സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. ഇവ പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തത്തിൽ CORS നെറ്റ് വർക്കിന്റെ കീഴിൽ കൊണ്ടുവരുന്നതിനായി ഒരു CORS നിയന്ത്രണ കേന്ദ്രം സ്ഥാപിച്ചു വരുന്നു.

**ചിത്രം 5.5.1** ജില്ല തിരിച്ചുള്ള റീസർവ്വേ അപ്പീലുകൾ സ്വീകരിച്ചതും അന്തിമമാക്കിയതും - 2021




അവലംബം: ഡയറക്ടറേറ്റ് ഓഫ് സർവ്വേ ലാന്റ് റെക്കോർഡ്സ്

### ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ

സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നത് സർവ്വേ വകുപ്പാണ്. 2021ൽ 49 ബ്ലോക്ക് മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ **അനുബന്ധം 5.5.4**-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള ഭൂരേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നുണ്ട്. 2020, 2021 എന്നീ വർഷങ്ങളിൽ യഥാക്രമം 982, 24,858 എണ്ണം ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തിട്ടുണ്ട്. 2022-ൽ, ഓഗസ്റ്റ് 31 വരെ 2,01,969 ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഏറ്റവും കൂടുതൽ ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തത് തിരുവനന്തപുരം ജില്ലയിലാണ് (41,474 എണ്ണം).

### രജിസ്ട്രേഷൻ വകുപ്പ്

രേഖകളുടെ രജിസ്ട്രേഷൻ നടത്തുക, ആധാരവുമായി ബന്ധപ്പെട്ട തെളിവുകൾ സൂക്ഷിക്കുക, സ്പെഷ്യൽ മാര്യേജ്, ചിട്ടികൾ, സൊസൈറ്റികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിന് സൗകര്യമൊരുക്കുക എന്നിവയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന ചുമതലകൾ. രജിസ്ട്രേഷൻ ഫീസ് ശേഖരിക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം വകുപ്പ് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2021-2022-ൽ രേഖകൾ രജിസ്റ്റർ ചെയ്ത ഫീസിനത്തിൽ 1212.53 കോടി രൂപ രജിസ്ട്രേഷൻ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇതിൽ 768.45 കോടി രൂപ വിൽപ്പന കൈമാറ്റം വഴി ലഭിച്ചിട്ടുള്ളതാണ്, ഇത് ഒരു പ്രധാന ഘടകമാണ്. രേഖകൾ രജിസ്റ്റർ ചെയ്തതിന്റെയും ഫീസ് ശേഖരിച്ചതിന്റെയും വിശദവിവരങ്ങൾ **അനുബന്ധം 5.5.5, 5.5.6** എന്നിവയിൽ നൽകിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി കാലയളവിൽ രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ പ്രധാന സംരംഭങ്ങളുടെ വിശദാംശങ്ങൾ **ബോക്സ്** 5.5.2ൽ നൽകിയിരിക്കുന്നു.

### എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പ് മദ്യം, മയക്കമരുന്ന്, സൈക്കോട്രോപിക ലഹരി വസ്തുക്കൾ, മദ്യം, മയക്കമരുന്ന് കൊണ്ട് തയ്യാറാക്കുന്ന ഔഷധം എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ കൈകാര്യം ചെയ്യുന്നു. എക്സൈസ് വകുപ്പിന് 69 എക്സൈസ് സർക്കിൾ ഓഫീസുകളും, 138 എക്സൈസ് റെയ്ഞ്ച് ഓഫീസുകളും, 41 ചെക്ക് പോസ്റ്റുകളും, 19 സ്പെഷ്യൽ സ്ക്വാഡുകളും ഉണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിനായി 'വിമുക്തി' എന്ന ബോധവത്ക്കരണ പരിപാടി വകുപ്പ് നടത്തുന്നുണ്ട്. 1950 ലെ അബ്കാരി ആക്ട്, 1958 ലെ എൻ.ഡി.പി.എസ് (നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക്ക് സബ്സ്റ്റൻസ്) ആക്ട്, COTPA (സിഗരറ്റും മറ്റ് പുകയില ഉൽപന്നങ്ങളും- പരസ്യങ്ങളുടെ നിരോധനവും, വാണിജ്യം, വ്യാപാരം, ഉൽപ്പാദനം, പ്രദാനം, വിതരണം എന്നിവയുടെ നിയന്ത്രണവും) നിയമം 2003 എന്നിവയുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ

**ബോക്സ് 5.5.2** പതിമൂന്നാം പദ്ധതി കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പ്രധാന സംരംഭങ്ങൾ

- എല്ലാ ഇടപാടുകൾക്കും ഇ-പേയ്മെന്റ്.
- ഒരു ലക്ഷം രൂപയും അതിൽ കൂടുതലും സ്റ്റാമ്പ് ഡ്യൂട്ടിയുള്ള സ്ഥാവര വസ്തുക്കളുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ്
- സംസ്ഥാനത്തെ 315 സബ് രജിസ്ട്രി ഓഫീസുകളിലായി വ്യാപിച്ചു കിടക്കുന്ന 1,666 വില്ലേജുകളിൽ രജിസ്ട്രിയുടെ ഓൺലൈൻ കൈമാറ്റം നടപ്പാക്കൽ .
- വാങ്ങുന്നയാൾക്കോ വിൽക്കുന്നയാൾക്കോ രേഖകൾ സ്വയം തയ്യാറാക്കുന്നതിനുള്ള സൗകര്യമൊരുക്കൽ.
- ഡോക്യുമെന്റുകൾ സ്വയം തയ്യാറാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഫയലിംഗ് ഷീറ്റ് A3-വലുപ്പത്തിൽ നിന്ന് A4- വലുപ്പത്തിലേക്ക് മാറ്റൽ.
- എല്ലാ സബ് രജിസ്ട്രി ഓഫീസുകളിലും ഡിജിറ്റൽ മാതൃകയിൽ ഗെഹാൻ ഡോക്യുമെന്റ് (മോർട്ട്ഗേജ് ഡീഡ്) നടപ്പിലാക്കൽ
- എല്ലാ സബ് രജിസ്ട്രി ഓഫീസുകളിലും ട്രാൻസാക്ഷൻ ഫീസ് ശേഖരിക്കുന്നതിനായി ഇന്റഗ്രേറ്റഡ് സ്വൈപ്പിംഗ് മെഷീനുകൾ (പിഒഎസ്) സ്ഥാപിക്കൽ
- ഒരു ജില്ലക്കുള്ളിൽ എവിടെയും രേഖകളുടെ രജിസ്ട്രേഷൻ
- ഒരു ഡോക്യുമെന്റിലേക്ക് കക്ഷികളുടെ ഫോട്ടോയും, ബയോമെട്രിക് വിരലടയാളവും രേഖപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടത്തിപ്പ്
- ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള പ്രമാണം തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടത്തിപ്പ്
- ഡിജിറ്റൽ സർട്ടിഫിക്കറ്റിനൊടൊപ്പം സാക്ഷ്യപ്പെടുത്തിയ പകർപ്പിന്റെ ഓൺലൈൻ വിതരണം

ചെയ്യുന്നത് എക്സൈസ് വകുപ്പാണ്. ഇ-പേയ്മെന്റ് സംവിധാനവും, ഇ-ലൈസൻസിംഗ് സംവിധാനവും എക്സൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വിമുക്തി മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 5.5.3**ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ അബ്കാരി കേസുകൾ 2020-ൽ 15,860 ആയിരുന്നത് 25.68 ശതമാനം വർദ്ധിച്ച് 2021-ൽ 19,934 ആയി. വർദ്ധന നിരക്ക് ഏറ്റവും കൂടുതൽ തിരുവനന്തപുരം ജില്ലയിലാണ് (56.73 ശതമാനം). എൻഡിപിഎസ് കേസുകൾ, 2020-നെ അപേക്ഷിച്ച് 2021ൽ 6.95 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ചില ജില്ലകളിൽ എൻ.ഡി.പി.എസ് കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. കേസുകളിൽ ഏറ്റവും കൂടുതൽ കുറവ് രേഖപ്പെടുത്തിയത് കൊല്ലം ജില്ലയിലാണ് (-)26.40 ശതമാനം. കോട്പാ കേസുകളിൽ, സംസ്ഥാനത്ത് മൊത്തത്തിൽ 42.86 ശതമാനം വർദ്ധനവ് ഉണ്ടായി. COTPA കേസുകളുടെ എണ്ണത്തിൽ കോഴിക്കോട് ജില്ലയിൽ 131.54 ശതമാനം വർദ്ധനവും, ആലപ്പുഴ ജില്ലയിൽ കേസുകളുടെ എണ്ണത്തിൽ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്. 2022-ൽ (2022 ജനുവരി മുതൽ ആഗസ്റ്റ് 31 വരെ) അബ്കാരി നിയമപ്രകാരം 12,358 കേസുകളും, എൻ.ഡി.പി.എസ് നിയമ പ്രകാരം 3,386 കേസുകളും, COTPA പ്രകാരം 56,129 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021ൽ ഇത് യഥാക്രമം 19,934, 3,922, 74,604 എന്നിങ്ങനെയായിരുന്നു. 2020 മുതൽ 2022 വരെയുള്ള വർഷങ്ങളിലെ ജില്ല തിരിച്ചുള്ള കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.7, 5.5.8** ലും നൽകിയിട്ടുണ്ട്.

വിവിധ കേന്ദ്രങ്ങളിൽ നിന്നും നിയമ വിരുദ്ധമായ നിരോധിത വസ്തുക്കൾ വകുപ്പ് പിടിച്ചെടുക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ സ്പിരിറ്റ്, ചാരായം, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, കള്ള്, അരിഷ്ടം, കഞ്ചാവ്, കഞ്ചാവ് ചെടി എന്നിവ ഉൾപ്പെടുന്നു. 2022 വർഷത്തിലെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.9**ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സ്കൂളുകളിലും, കോളേജുകളിലും, പൊതു സ്ഥലങ്ങളിലും എക്സൈസ് വകുപ്പ് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്. 2022-ൽ ആകെ 14,691 ബോധവത്ക്കരണ പരിപാടികൾ 2022 ഓഗസ്റ്റ് 31 വരെ നടത്തി. 2021ൽ ഇത് 9,394 ആയിരുന്നു. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ **അനുബന്ധം 5.5.10**ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പോലീസ് വകുപ്പ്

സംസ്ഥാനത്തെ ക്രമസമാധാനം പരിപാലിക്കുന്നതിനും കുറ്റകൃത്യ അന്വേഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രധാനപ്പെട്ട വിഭാഗമാണ് പോലീസ് വകുപ്പ്. പോലീസ് വകുപ്പിന് ജനറൽ എക്സിക്യൂട്ടീവ് വിഭാഗം, ക്രൈം ബ്രാഞ്ച്, ആംഡ് പോലീസ്, സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോ, പരിശീലന വിഭാഗം, സ്പെഷ്യൽ ബ്രാഞ്ച്, 11 പ്രത്യേക ഉദ്ദേശ്യ വിഭാഗങ്ങൾ എന്നിങ്ങനെ

**ബോക്സ് 5.5.3** വിമുക്തി മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ

- പ്രാദേശികതല ഇടപെടലിന്റെ ഭാഗമായി 19,469 എൽഎസ്ജിഡി വാർഡുകളിൽ വിമുക്തി വാർഡ്തല കമ്മിറ്റികൾ രൂപീകരിച്ചു.
- സ്കൂളുകളിൽ 6,032 ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ ആരംഭിച്ചു.
- കോളേജുകളിൽ 899 ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ ആരംഭിച്ചു.
- വിദ്യാർത്ഥികളുടെ ഊർജ്ജം കലാ-കായിക പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാൻ ലക്ഷ്യമിട്ടുള്ള 'ഉണർവ്' പദ്ധതിക്കായി 52 സ്കൂളുകൾ കണ്ടെത്തി.
- 14 ജില്ലകളിലായി 14 ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.
- 3 സോണൽ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

വിവിധ വിഭാഗങ്ങളുണ്ട്. പ്രത്യേക ഉദ്ദേശ്യ വിഭാഗങ്ങളിൽ ഫോറൻസിക് വിഭാഗം, വനിത സെൽ, ട്രാഫിക്ക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ്, വാച്ച് & വാർഡ്, കോസ്റ്റൽ സെക്യൂരിറ്റി യൂണിറ്റ്, ആന്റി ടെററിസ്റ്റ് സ്ക്വാഡ്, ടെമ്പിൾ പോലീസ്, ടൂറിസം പോലീസ്, മൗണ്ടഡ് പോലീസ്, ഡോഗ് സ്ക്വാഡ്, പോലീസ് ബാന്റ് എന്നിവയും ഉൾപ്പെടുന്നു. സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നത് ജനറൽ എക്സിക്യൂട്ടീവ് വിഭാഗമാണ്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. ഇതിന് നോർത്ത് സോൺ, സൗത്ത് സോൺ എന്നിങ്ങനെയും അതിൽ 4 പോലീസ് റെയ്ഞ്ചുകളും, 20 പോലീസ് ജില്ലകളും, 1 റെയിൽവെ ജില്ലയുമുണ്ട്.

പോലീസ് വകുപ്പ് ജൻഡർ അധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി 9 പിങ്ക് കൺട്രോൾ റൂമുകളും 25 കൗൺസിലിംഗ് കേന്ദ്രങ്ങളും ഉണ്ട്. പോലീസ് വകുപ്പിനോടൊപ്പം 578 നിർഭയ വോളണ്ടിയർമാരും പ്രവർത്തിക്കുന്നു. വിശദ വിവരങ്ങൾ **അനുബന്ധം 5.5.11**ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജനമൈത്രി പോലീസിംഗ് പദ്ധതിയിലൂടെ വകുപ്പ് ജനങ്ങളുമായി ഇടപെട്ട് പ്രവർത്തിക്കുന്നു. ആകെയുള്ള 484 പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്. ജനമൈത്രി സുരക്ഷാ സമിതിയിൽ 7,094 പുരുഷന്മാരും, 2,780 സ്ത്രീകളുമുണ്ട്. **അനുബന്ധം 5.5.12**-ൽ വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, ഗതാഗത വകുപ്പ്, എന്നിവയുടെ പിന്തുണയോടെ പോലീസ് വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന സ്കൂൾ അധിഷ്ഠിത പരിപാടിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി). നിയമത്തെ ബഹുമാനിക്കാനും അച്ചടക്കം പാലിക്കാനും, പൗരബോധം കാത്തു സൂക്ഷിക്കാനും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി കാട്ടുന്നതിനും ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ഇത് അവരുടെ കുടുംബത്തോടും, സമൂഹത്തോടും പരിസ്ഥിതിയോടുമുള്ള അർപ്പണ ബോധം ശക്തിപ്പെടുത്തുന്നതോടൊപ്പം അസഹിഷ്ണുത, വഴി തെറ്റിയ ജീവിത രീതി, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നു. ആഗസ്റ്റ് 2, 2010ന് കേരളത്തിലങ്ങോളമിങ്ങോളമുള്ള 127 ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലുമായാണ് ഈ പദ്ധതി ആരംഭിച്ചത്. നിലവിൽ 1,000 സ്കൂളുകളിലായി 81,514 കേഡറ്റുകൾ ഉണ്ട്. ഈ 1,000 സ്കൂളുകളിൽ 542 എണ്ണം സർക്കാർ സ്കൂളുകളും, 435 എണ്ണം എയ്ഡഡ് സ്കൂളുകളും, 23 എണ്ണം അൺ എയ്ഡഡ് സ്കൂളുകളും ആണ്. വിശദ വിവരങ്ങൾ **അനുബന്ധം 5.5.13, അനുബന്ധം 5.5.14** എന്നിവയിൽ നൽകിയിരിക്കുന്നു. എസ് പി സി യുടെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 5.5.4**ൽ നൽകിയിരിക്കുന്നു.

**ബോക്സ് 5.5.4** കോവിഡ്-19 മഹാമാരി സമയത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പ്രവർത്തനങ്ങൾ

**ഫീഡ് എ സ്റ്റൊമക് പ്രോഗ്രാം:** എസ് പി സി സംഘം 7 ലക്ഷത്തോളം ഭക്ഷണപ്പൊതികൾ തയ്യാറാക്കി നിർധനരായ ആളുകൾക്ക് വിതരണം ചെയ്തു, കൂടാതെ 40,000 പലചരക്ക് പാക്കറ്റുകൾ പാവപ്പെട്ട കുടുംബങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന കമ്മ്യൂണിറ്റി കിച്ചണുകൾക്കും വിതരണം ചെയ്തു.

**ജീവധാര ബ്ലഡ് ഡോണേഴ്സ് ബാങ്ക്:** പകർച്ചവ്യാധിയുടെ സമയത്ത് ആശുപത്രികളിലും ബ്ലഡ് ബാങ്കുകളിലും രക്തത്തിന്റെ ലഭ്യത ഉറപ്പാക്കാൻ എസ്.പി.സി ഒരു ബ്ലഡ് ബാങ്ക് സൃഷ്ടിച്ചു. ഈ പരിപാടി സംസ്ഥാനത്തുടനീളം സന്നദ്ധരായ 3 ലക്ഷം രക്തദാതാക്കളുടെ ശൃംഖല സൃഷ്ടിച്ചു.

**സാദരം:** പകർച്ചവ്യാധി കാലത്ത് ആശുപത്രികളിലെ ശുചീകരണ ജീവനക്കാരെ ആദരിക്കുന്നതിന് എസ്.പി.സി യുടെ പരിപാടി.

**അടുക്കളത്തോട്ടം:** എസ്.പി.സി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയുടെ സഹായത്തോടെ ഒരു ലക്ഷം അടുക്കളത്തോട്ടങ്ങൾ സജ്ജീകരിച്ച് പരിപാലിക്കുന്നു.

**ഹാഷ്ടാഗും ബോധവൽക്കരണ പ്രചാരണവും:** ലോക്ക്ഡൗൺ കാലയളവിനെ ഉൽപ്പാദനപരവും ക്രിയാത്മകവുമായ അനുഭവമാക്കി മാറ്റുന്നതിനുള്ള ഒരു കാമ്പയിൻ ആരംഭിച്ചു. കേഡറ്റുകൾക്ക് അവരുടെ മാതാപിതാക്കളുടെ പിന്തുണയോടെ സൃഷ്ടിച്ച ഫോട്ടോകളും വീഡിയോകളും സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നതിനായി "ബ്രേക്ക് ചെയിൻ മേക്ക് ചേഞ്ച്" എന്ന പ്രത്യേക ഹാഷ്ടാഗ് സൃഷ്ടിച്ചു. ഈ ക്യാമ്പയിൻ 22,731 ഫോട്ടോകളുടെയും വീഡിയോകളുടെയും ശ്രദ്ധേയമായ ശേഖരം ഉണ്ടാക്കുകയും ഇപ്പോഴും ഇത് തുടരുകയും ചെയ്യുന്നു.

**വാട്ട്സ്ആപ്പ് ക്ലാസ് റൂം:** ഓൺലൈൻ ക്ലാസുകൾക്കായി ലോക്ക്ഡൗൺ സമയത്ത് വിവേകത്തോടെ സമയം ചെലവഴിക്കാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ സൃഷ്ടിച്ചു.

**കുട്ടി ഡെസ്കും ബോധവൽക്കരണ വീഡിയോകളും:** സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ടെലിഫോണിലൂടെ കോവിഡ്-19 രോഗത്തെക്കുറിച്ചും അതിന്റെ പ്രതിരോധത്തെക്കുറിച്ചും അവബോധം, കോവിഡ്-19 സംബന്ധമായ വിവിധ ആരോഗ്യ പ്രശ്നങ്ങൾ പ്രദർശിപ്പിക്കുന്ന വീഡിയോകളും പോസ്റ്ററുകളും.

**പറവയ്ക്ക് ഒരു തണ്ണീർക്കുടം (വാട്ടറിംഗ് ഹോൾ):** ഭൂമിയുടെ ജൈവിക താളം നിലനിർത്താൻ, വേനൽകാലത്ത് പക്ഷികൾക്കും മൃഗങ്ങൾക്കും ദാഹം തീർക്കുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ വിവിധ സ്ഥലങ്ങളിൽ ജലപാത്രങ്ങൾ സ്ഥാപിച്ചു.

**ശ്രാവണം 2020:** കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഓൺലൈനായി നടത്തിയ ഓണാഘോഷ പരിപാടി.


**താളം, സാന്ദ്രം, സംഗീതം 2020:** സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ വെർച്വൽ കലോത്സവം.

**പടവുകൾ:** ഫെയ്സ് ബുക്ക് ലൈവ് സ്ട്രീംലൂടെ കുട്ടികൾക്ക് മുന്നിലുള്ള വിവിധ തൊഴിൽ സാധ്യതകൾ ഈ പരിപാടിയിലൂടെ തുറന്നുകാട്ടുന്നു.

**വെർച്വൽ ക്ലാസ് റൂം:** അധ്യാപകരുടെ സഹായത്തോടെ എസ്.പി.സി വെർച്വൽ ക്ലാസ് റൂം ക്രമീകരിച്ചു. ആവശ്യമുള്ള കുട്ടികൾക്ക് ഉപകരണങ്ങൾ നൽകുന്നതിനായി എസ്.പി.സി 'ടിവി ചലഞ്ചും' 'മൊബൈൽ ചലഞ്ചും' സംഘടിപ്പിച്ചു .

**ചിരിയോ ചിരി:** കോവിഡ് -19 കാലഘട്ടത്തിൽ മാനസികമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ സഹായിക്കുന്നതിനായി എസ് പി സി സൃഷ്ടിച്ച ഒരു ഓൺലൈൻ സുഹൃത്താണ് ചിരി.

ചിത്രം 5.5.2 സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം




അവലംബം: പോലീസ് വകുപ്പ്
*ആഗസ്റ്റ് 31, 2022 വരെ

പോലീസിന്റെ എൻ.ആർ.ഐ സെൽ 2021-22ൽ 29 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 5.5.15**ൽ കൊടുത്തിരിക്കുന്നു. 2022-23ൽ (2022 ഓഗസ്റ്റ് വരെ) സൈബർ & ഹൈടെക് എൻക്വയറി സെൽ 201 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021-22-ൽ ഇത് 516 ആയിരുന്നു. 2018-19 മുതൽ 2021-22 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ വർധിച്ചുവരുന്ന പ്രവണത **ചിത്രം 5.5.2**ൽ കാണിച്ചിരിക്കുന്നു.

സാമൂഹ മാധ്യമങ്ങളിലൂടെയുള്ള അധിക്ഷേപം, ഓൺ ലൈൻ ചീറ്റിംഗ്, സ്മാർട്ട് ഫോൺ ഉപയോഗിച്ചുള്ള സൈബർ കുറ്റകൃത്യങ്ങൾ, ബാങ്ക് അക്കൗണ്ടുകളും, ഇ-മെയിൽ ഐഡി എന്നിവയുടെ ഹാക്കിംഗ്, ചൈൽഡ് പ്രോണോഗ്രാഫി സൃഷ്ടിക്കൽ, പ്രസിദ്ധീകരിക്കൽ, പങ്കുവയ്ക്കൽ തുടങ്ങിയവയാണ് പ്രധാനമായും റിപ്പോർട്ട് ചെയ്തിട്ടുള്ള സൈബർ കുറ്റകൃത്യങ്ങൾ. വിശദ വിവരങ്ങൾ **അനുബന്ധം 5.5.16**ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**ജയിലുകൾ**

ആഗോളതലത്തിൽ, കുറ്റകൃത്യങ്ങളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജവാസന കുറയ്ക്കുന്നതിനുമുള്ള ശിക്ഷയായി എല്ലാ രാജ്യങ്ങളും ജയിൽവാസം ഉപയോഗിക്കുന്നു. തടവ് ശിക്ഷയായി വിധിക്കപ്പെടുന്നുണ്ടെങ്കിലും, ജയിലുകളുടെയും തടവുകാരുടെയും അവസ്ഥ മെച്ചപ്പെടുത്താൻ കാര്യമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ആധുനിക യുഗത്തിൽ, തടവുകാരോടുള്ള പെരുമാറ്റത്തെക്കുറിച്ചുള്ള പഴയ ചിന്താഗതിക്ക് സമൂലമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കുന്നതിനൊപ്പം കുറ്റവാളികളുടെ തിരുത്തലും നവീകരണവുമാണ് ഇന്നത്തെ ജയിലിന്റെ യുക്തിയും ലക്ഷ്യവും. ജയിലിൽ കഴിയുന്ന ഒരു കാലയളവ് ആത്യന്തികമായി ലക്ഷ്യമിടുന്നത് കുറ്റവാളികളെ സമൂഹത്തിലേക്ക് പുനഃസംഘടിപ്പിക്കുക, അതിലൂടെ അവർക്ക് മാന്യമായ ജീവിതം നയിക്കാനും സ്വന്തം ജീവിതം കരുപിടിപ്പിക്കാനും പിന്തുണയ്ക്കാനും കഴിയുക എന്നതാണ്. തടവുകാരുടെ തിരുത്തൽ, നവീകരണം, പുനരധിവാസം എന്നീ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്കായി സംസ്ഥാന ജയിൽ, കറക്ഷണൽ സർവീസസ് വകുപ്പ് പ്രവർത്തിക്കുന്നു.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തും ബ്രിട്ടീഷ് മലബാർ സംസ്ഥാനത്തും നിലവിലുണ്ടായിരുന്ന ജയിലുകൾ പുനഃസംഘടിപ്പിച്ചാണ് 1956ൽ കേരളത്തിൽ ജയിൽ വകുപ്പ് സ്ഥാപിതമായത്. ബ്രിട്ടീഷ് ഭരണകൂടം 1869ൽ കണ്ണൂരിൽ സ്ഥാപിച്ച സെൻട്രൽ ജയിലും 1861ൽ കോഴിക്കോട്ട് സ്ഥാപിച്ച ജില്ലാ ജയിലും ആയിരുന്നു ആദ്യകാല ജയിലുകൾ. കേരളത്തിലെ ജയിലുകളെ നയിച്ചിരുന്നത് മുൻ ബ്രിട്ടീഷ് ഭരണാധികാരികൾ രൂപീകരിച്ച ഇന്ത്യൻ പ്രിസൺസ് ആക്ടും പിന്നീട് തിരുവിതാംകൂറിന്റെ ജയിൽ നിയമങ്ങളുമാണ്. തുടർന്ന് 1958ൽ കേരള ജയിൽ ചട്ടങ്ങൾ രൂപീകരിച്ചു. 2010ൽ കേരള ജയിൽ നിയമവും 2014ൽ ജയിൽ ചട്ടങ്ങളും നിലവിൽ വന്നു. രണ്ട് വിദഗ്ധ സമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016ൽ ഒരു മാതൃകാജയിൽ മാന്വലും തയ്യാറാക്കിയിട്ടുണ്ട്.

തടവുകാരെ സുരക്ഷിതമായി കസ്റ്റഡിയിലെടുക്കാനും തിരുത്താനും നവീകരിക്കാനും പുനരധിവസിപ്പിക്കാനും

അവരെ സമൂഹത്തിലേക്ക് തിരികെ വിട്ടയക്കുമ്പോൾ സ്വീകാര്യമായ സാമൂഹിക സ്വഭാവമുള്ള സ്ഥിരതയുള്ള വ്യക്തികളാക്കി മാറ്റാനും ആവശ്യമായ നടപടികൾ കൈക്കൊള്ളുക എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്. നിയമത്തിൽ വിഭാവനം ചെയ്യുന്നതുപോലെ എല്ലാ തടവുകാർക്കും സുരക്ഷിതമായ കസ്റ്റഡി നൽകുന്നതിനും ശുചിത്വമുള്ള ജീവിത സാഹചര്യങ്ങൾ, മതിയായ ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവ നൽകുക എന്നത് പ്രാഥമികമായി വകുപ്പിന്റെ ഉത്തരവാദിത്തമാണ്.

സംസ്ഥാനത്തെ എല്ലാ ജയിലുകളുടെയും നിലവിലുള്ള അംഗീകൃതശേഷി 8,050 ആണ്. 2022 മാർച്ച് വരെയുള്ള കണക്കനുസരിച്ച് 7450 തടവുകാരുണ്ട്, അതിൽ 163 പേർ സ്ത്രീകളാണ്. മൂന്ന് തുറന്ന ജയിലുകളിലായി 110 തടവുകാരും വനിതാ ജയിലുകളിൽ 110 തടവുകാരും പ്രത്യേക സബ് ജയിലുകളിലായി 1,409 തടവുകാരുമുണ്ട്. ജയിലുകളിലെ തടവുകാരുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.17**ൽ നൽകിയിരിക്കുന്നു. 2016 മുതൽ 2022 വരെയുള്ള തടവുകാരുടെ എണ്ണം (2022 മാർച്ച് 31 വരെ) **പട്ടിക 5.5.1** കാണിക്കുന്നു.

2021 മാർച്ചിനെ അപേക്ഷിച്ച് 2022 മാർച്ചിൽ തടവുകാരുടെ എണ്ണത്തിൽ വർധനവുണ്ടായതായി കണക്കുകൾ കാണിക്കുന്നു. 2021 മാർച്ചിൽ തടവുകാരുടെ എണ്ണത്തിലുണ്ടായ ഇടിവാണ് ഇതിന് കാരണം. പൊതു ലോക്ക്ഡൗൺ, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വിചാരണകൾ ഉൾപ്പെടെയുള്ള ഓഫീസ് നടപടിക്രമങ്ങൾ മന്ദഗതിയിലാക്കി. ഇതുകൂടാതെ, രോഗത്തെ പിടിച്ചു നിർത്താനായി അക്കാലത്ത് പരോളുകളുടെയും റിലീസുകളുടെയും എണ്ണം കൂട്ടിയിരുന്നു.

### 2021–22 ലെ വകുപ്പ് പദ്ധതികളുടെ അവലോകനം

ജയിലുകളുടെ ആധുനികവൽക്കരണം, തടവുകാരുടെ ക്ഷേമം എന്നീ രണ്ട് സംസ്ഥാന പദ്ധതികൾക്ക് കീഴിൽ ജയിൽ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. 2021-22 കാലയളവിൽ തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി 12 കോടി രൂപയും ജയിലുകളുടെ നവീകരണത്തിന് 7.50 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

തടവുകാരിൽ അന്തസ്സുള്ള ജീവിതാന്തരീക്ഷം സൃഷ്ടിക്കുകയും അഭിമാനബോധം വളർത്തുകയും അതുവഴി തടവുകാരെ സമൂഹത്തിലേക്ക് മോചിപ്പിക്കുമ്പോൾ അവരെ നല്ല പൗരന്മാരാക്കിത്തീർക്കുകയുമാണ് ജയിൽ നവീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യം. 2021-22 കാലയളവിൽ 11.99 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചു, തവനൂരിലെ ജയിലിന്റെ മൂന്നാം ഘട്ട ജോലികളാണ് പ്രധാനമായും പൂർത്തിയാക്കിയത്. ആലപ്പുഴ, വിയ്യൂർ ജില്ലാ ജയിലുകളിൽ കോമ്പൗണ്ട് മതിൽ നിർമ്മിച്ചു,തിരുവനന്തപുരം സെൻട്രൽ ജയിലിലും ചീമേനിയിലെ തുറന്ന ജയിലിലും കണ്ണൂരിലെ വനിതാ ജയിലിലും ഉള്ള ഇന്റേണൽ റോഡുകൾ നവീകരിച്ചു, ഇവ കൂടാതെ സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും ടോയ്‌ലറ്റ് സൗകര്യം വിപുലീകരിക്കുവാനും , കോട്ടയം ജില്ലാ ജയിലിലേയും കാസർകോട്, കണ്ണൂർ എന്നിവിടങ്ങളിലെ സ്പെഷ്യൽ സബ് ജയിലുകളിലേയും എറണാകുളത്തെ സബ് ജയിലിലേയും കോമ്പൗണ്ട് മതിൽ ഉയർത്തുവാനും സർക്കാർ അനുമതി ലഭിച്ചു.

അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം തുടങ്ങിയ അന്തേവാസികളുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾ ക്ഷേമ പദ്ധതിക്ക് കീഴിൽ ഏറ്റെടുത്തിട്ടുണ്ട്. തടവുകാരുടെ കലാ-കായിക രംഗങ്ങളിൽ അവരുടെ കഴിവും താൽപ്പര്യവും പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2021-22ൽ 7.50 കോടി രൂപ അനുവദിച്ചതിൽ 5.05 കോടി രൂപ ചെലവഴിച്ചു. ബ്യൂട്ടീഷ്യൻ കോഴ്സുകൾ, ഡ്രൈവിംഗ്, ടൈലറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഇലക്ട്രിക്കൽ ഹാർഡ്‌വെയർ, കെട്ടിട നിർമ്മാണം, ഭക്ഷ്യ സംസ്കരണം, ബേക്കറി ഫുഡ് മേക്കിംഗ്, പ്ലംബിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ഓർഗാനിക് ഫാമിംഗ് തുടങ്ങി വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടികൾ നടത്തി. ഇവ കൂടാതെ കംപ്യൂട്ടർ ഹാർഡ്‌വെയർ അസംബ്ലിംഗ്, ലിഫ്റ്റ് ഓപ്പറേഷൻ എന്നിവയിലും പരിശീലനം നൽകുന്നുണ്ട്. തടവുകാരുടെ മാനസിക പരിവർത്തനത്തിന്റെ ഭാഗമായി ജയിൽ ക്ഷേമ ദിനാചരണം, യോഗ ക്ലാസുകൾ, തുടർവിദ്യാഭ്യാസ പരിപാടികൾ എന്നിവ നടത്തി. തടവുകാർക്ക് മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനും മാനസിക ഉന്മേഷം നൽകുന്നതിനുമായി ജയിലുകളിൽ പബ്ലിക് അഡ്രസ് സംവിധാനമുള്ള എഫ്എം റേഡിയോ നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലാ ജയിലിലും തിരുവനന്തപുരം, മാവേലിക്കര, പൊൻകുന്നം എന്നിവിടങ്ങളിലെ സ്പെഷ്യൽ സബ് ജയിലിലും പീരുമേടിലെ സബ് ജയിലിലും ഈ സംവിധാനം ഒരുക്കിയിട്ടുണ്ട്. കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും തടവുകാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനുമായി ചീമേനിയിലെ ഓപ്പൺ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിന് ജാക്ക് ഹാമർ ഉള്ള ഒരു എക്സ്കവേറ്ററും പാലക്കാട് ജില്ലാ ജയിലിൽ ഒരു പവർ ടില്ലറും വാങ്ങി. 3 സെൻട്രൽ ജയിലുകളിൽ ക്വാറന്റൈൻ ബ്ലോക്ക് നിർമിക്കാൻ പൊതുമരാമത്ത് വകുപ്പിൽ 1.50 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും കോഴിക്കോട് ജില്ലാ ജയിൽ, സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി, സബ് ജയിൽ കൊയിലാണ്ടി എന്നിവിടങ്ങളിലെ അടുക്കള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

#### പ്രധാന നേട്ടങ്ങൾ

- കൂത്തുപറമ്പിൽ സ്പെഷ്യൽ സബ് ജയിൽ നിർമ്മിച്ചു, തളിപ്പറമ്പിലെ സ്പെഷ്യൽ സബ് ജയിലിന്റെ ആദ്യഘട്ട ജോലികൾ പൂർത്തിയാക്കി.
- പത്തനംതിട്ട ജില്ലാ ജയിലിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു

**പട്ടിക 5.5.1** തടവുകാരുടെ എണ്ണം 2016 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ

| തടവുകാർ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 |
|---|---|---|---|---|---|---|---|
| വനിതകൾ | 213 | 200 | 196 | 181 | 193 | 148 | 163 |
| പുരുഷന്മാർ | 7770 | 7413 | 7686 | 7786 | 7470 | 6047 | 7287 |
| ആകെ | 7983 | 7613 | 7882 | 7967 | 7663 | 6195 | 7450 |

ഉറവിടം: ജയിൽ വകുപ്പ്, കേരള സർക്കാർ

- പുതിയ സബ് ജയിൽ നിർമ്മാണത്തിനായി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് 4 ഏക്കർ സ്ഥലം ഏറ്റെടുത്തു.
- തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിൽ ട്രാൻസ്ജെൻഡർ തടവുകാർക്കായി പ്രത്യേക ബ്ലോക്കിന്റെ നിർമാണം പൂർത്തിയാക്കി
- സെൻട്രൽ ജയിലുകൾ, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിൽ മാനസിക അസ്വാസ്ഥ്യമുള്ള തടവുകാർക്കായി പ്രത്യേക ബ്ലോക്കുകൾ നിർമ്മിച്ചു.
- ചിമേനിയിലെ ഓപ്പൺ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും പുതിയ ബാരക്കും നിർമ്മിച്ചു.
- വിയ്യൂരിലെ സെൻട്രൽ ജയിലിൽ മൾട്ടിപർപ്പസ് ഓഡിറ്റോറിയവും മാനന്തവാടി ജില്ലാ ജയിലിൽ ക്വാർട്ടേഴ്സും നിർമ്മിച്ചു.

**പ്രൊബേഷനും ആഫ്റ്റർ കെയർ സേവനങ്ങളും**

കുറ്റം തെളിയിക്കപ്പെട്ട കേസുകളിൽ ജുഡീഷ്യറി ഉപയോഗിക്കുന്ന കസ്റ്റഡി ഇതര ബദലാണ് പ്രൊബേഷൻ. ഇത് ഒരു നവീകരണ ഇടപെടലായി കണക്കാക്കപ്പെടുന്നു. എന്നാൽ തടവുശിക്ഷ ചുമത്തുന്നത് ഒരു വ്യക്തിക് അത് മോചിതനായ ശേഷം സാധാരണ സാമൂഹിക ജീവിതത്തിലേക്ക് മാറാനുള്ള കുറ്റവാളിയുടെ ശേഷി കുറയ്ക്കുന്നതുൾപ്പെടെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. 1958ൽ ഇന്ത്യയിൽ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് നിലവിൽ വന്നു. ശിക്ഷാ കാലയളവിനു മുമ്പുള്ള ശിക്ഷാ റിപ്പോർട്ട് മജിസ്ട്രേറ്റിന് നൽകാനും കുറ്റവാളിയുടെ മേൽനോട്ടം വഹിക്കാനും പ്രൊബേഷൻ ഓഫീസർമാരെ നിയമിക്കണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. പ്രൊബേഷൻ സേവനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമായ നിയന്ത്രണം ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്നു, അത് 1975ൽ സാമൂഹ്യക്ഷേമ വകുപ്പിലേക്ക് മാറ്റി.

കേരള ജയിൽ ചട്ടങ്ങൾ അനുസരിച്ച്, സംസ്ഥാന സർക്കാരിന് ചില ജീവപര്യന്തം തടവുകാരെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ജയിലിൽ നിന്ന് മോചിപ്പിക്കാനും നിശ്ചിത കാലയളവിലേക്ക് അവരെ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ സൂക്ഷിക്കാനും കഴിയും. പ്രൊബേഷൻ ഓഫീസർ അയാളുടെ/അവരുടെ ദൈനംദിന ജീവിതരീതി നിരീക്ഷിക്കുകയും വ്യക്തിയെ സമൂഹത്തിലേക്ക് പുനഃക്രമീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ സംവിധാനത്തെ കേരളത്തിൽ എക്സിക്യൂട്ടീവ് പ്രൊബേഷൻ എന്ന് വിളിക്കുന്നു. നവംബർ 30, 2022 പ്രകാരമുള്ള ജുഡീഷ്യൽ പ്രൊബേഷണർമാരുടെ (മുതിർന്നവർ) ജില്ല തിരിച്ചുള്ള എണ്ണം **പട്ടിക 5.5.2** കാണിക്കുന്നു.

കേരള ജുഡീഷ്യൽ അക്കാദമിയുടെ സഹകരണത്തോടെ ജുഡീഷ്യറി, ജയിൽ, പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം പ്രൊബേഷൻ സംവിധാനത്തിലെ കാര്യശേഷി വികസനത്തിൽ ഉൾപ്പെടുന്നു. വിജയകരമായ നൂതന പ്രൊബേഷൻ സമ്പ്രദായങ്ങൾ ഡിപ്പാർട്ട്മെന്റ് മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും മനസിലാക്കുന്ന അന്വേഷണം ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയും മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് സെന്ററും മുഖേന ഒരു പഠനം സംഘടിപ്പിക്കുകയും ചെയ്തു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, കുറ്റവാളികളുടെ മക്കൾക്ക് അടിസ്ഥാനപരവും തൊഴിൽപരവുമായ വിദ്യാഭ്യാസ സഹായത്തിനുള്ള പദ്ധതികളും ദീർഘകാലമായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ തുടരുന്ന മാനസികാസ്വാസ്ഥ്യത്തിൽ നിന്ന് സുഖം പ്രാപിച്ചതും നിയന്ത്രണത്തിലായതുമായ മുൻ തടവുകാർക്ക് മാനസിക സാമൂഹിക പുനരധിവാസ പദ്ധതിയും ആരംഭിച്ചു.

**പട്ടിക 5.5.2** നവംബർ 30, 2022 പ്രകാരം കേരളത്തിലെ പ്രൊബേഷണർമാരുടെ എണ്ണം.

| ജില്ല | പ്രൊബേഷണർമാരുടെ എണ്ണം (01/01/2022-30/11/2022) |
|---|---|
| തിരുവനന്തപുരം | 51 |
| കൊല്ലം | 43 |
| പത്തനംതിട്ട | 11 |
| ആലപ്പുഴ | 40 |
| കോട്ടയം | 39 |
| ഇടുക്കി | 48 |
| എറണാകുളം | 64 |
| തൃശ്ശൂർ | 32 |
| പാലക്കാട് | 46 |
| മലപ്പുറം | 64 |
| വയനാട് | 30 |
| കോഴിക്കോട് | 22 |
| കണ്ണൂർ | 50 |
| കാസർഗോഡ് | 42 |
| ആകെ | 582 |

അവലംബം: സാമൂഹ്യനീതി വകുപ്പ്, കേരളസർക്കാർ

**നേർവഴി–പ്രൊബേഷൻ സംവിധാനത്തിന്റെ നവീകരണവുംശക്തിപ്പെടുത്തലും**

സംസ്ഥാനത്തെ പ്രൊബേഷൻ സംവിധാനത്തെ പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ പ്രൊബേഷൻ അർഹതയുള്ള കുറ്റവാളികളെ സ്ഥിരമായി തിരിച്ചറിയുന്നതിനുള്ള ഒരു പ്രോട്ടോക്കോൾ പിന്തുടരുന്നു. കുറ്റവാളികൾ തിരുത്തലിന് വിധേയരാണോ എന്ന് ഉറപ്പാക്കാൻ സമഗ്രമായ അന്വേഷണ റിപ്പോർട്ടുകൾ ഉപയോഗിക്കുന്നു, ആവശ്യമുള്ളപ്പോഴെല്ലാം മനഃശാസ്ത്രപരമായ ചികിത്സ നൽകുന്നു, പ്രൊബേഷണർമാരെ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവന്ന് അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മേൽനോട്ടം ഉറപ്പാക്കാനും ഈ പ്രോജക്റ്റ് സഹായിക്കുന്നു. കുറ്റകൃത്യങ്ങളുടെ ആവർത്തനങ്ങൾ കുറയ്ക്കാനും കുറ്റവാളികളെ മുഖ്യധാരാ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരാനും ജയിലുകളിലെ തിരക്ക് കുറയ്ക്കാനും ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഈ പ്രക്രിയ സഹായിക്കുന്നു.

**തണലിടം – പ്രൊബേഷൻ ഹോം**

ജയിൽ മോചിതരായ ശേഷം തടവുകാർക്ക് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു, കാരണം അവർ പലപ്പോഴും മുൻ കുറ്റവാളികളെന്ന നിലയിൽ അപകീർത്തിപ്പെടുത്തുന്നു. അവരെ തിരികെ സ്വീകരിക്കാൻ കുടുംബാംഗങ്ങൾ തയ്യാറായേക്കില്ല. മുൻ തടവുകാരുടെ വിജയകരമായ കമ്മ്യൂണിറ്റി പുനഃസംയോജനത്തിന് ഇത് തടസ്സമാകുന്നു. 1960ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾസിലെ സെക്ഷൻ 20 (1) പ്രകാരം, സ്ഥിരമായ താമസസ്ഥലം ഇല്ലാത്ത പ്രൊബേഷണർ, പരോൾ, അകാല മോചനം, ജാമ്യം എന്നിവയ്ക്ക് അർഹതയുള്ള കുറ്റവാളികൾക്ക് താൽക്കാലിക

താമസസ്ഥലം ഉറപ്പാക്കുന്ന സ്ഥാപനങ്ങളോ വീടുകളോ പ്രവർത്തിപ്പിക്കേണ്ടത് നിർബന്ധമാണ്. ഇത്തരക്കാർക്കായി സാമൂഹ്യനീതി വകുപ്പ് "തണലിടം" പ്രൊബേഷൻ ഹോം എന്നറിയപ്പെടുന്ന ഒരു പുതിയ സംരംഭം ആവിഷ്കരിച്ചിട്ടുണ്ട്. മാർച്ച് 13, 2020 ന് ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റുമായി സഹകരിച്ച് കൊല്ലം ജില്ലയിലെ വാളകത്ത് പുരുഷന്മാർക്കായി ഇത്തരമൊരു ഭവനം ആരംഭിച്ചു. ഗൃഹാന്തരീക്ഷം പ്രദാനം ചെയ്യുന്ന ഈ സ്ഥാപനം കേരളത്തിലെ എല്ലാ ജില്ലകളിലുമായി 18 നും 70 വയസ്സിനുമിടയിൽ പ്രായമുള്ള 25 പുരുഷന്മാർക്ക് താമസ സൗകര്യമൊരുക്കുന്നു. കൃഷി, പൂന്തോട്ടപരിപാലനം, അക്വാ ഫാം, സോപ്പ്, ലോഷൻ നിർമ്മാണം, കൂൺ വളർത്തൽ തുടങ്ങി വിവിധ പരിപാടികളിൽ അന്തേവാസികൾ ഏർപ്പെടും. അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പിന്തുണയ്ക്കായി സ്പോർട്സ്, വിനോദ സൗകര്യങ്ങളിലും അവർ ഏർപ്പെടും.

### 2021–22ലെ ആഫ്റ്റർകെയർ സേവനങ്ങളുടെയും ഇരകളുടെ പുനരധിവാസത്തിന്റെയും നേട്ടങ്ങൾ

- കുറ്റകൃത്യത്തിന് ഇരയായവരുടെ മക്കൾക്ക് സാമ്പത്തിക സഹായം നൽകുകയും 31 ഗുണഭോക്താക്കൾക്കായി 1,52,000 രൂപ ചെലവഴിക്കുകയും ചെയ്തു.
- തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതി പ്രകാരം 36 ഗുണഭോക്താക്കൾക്കായി 8,51,000 രൂപ വിനിയോഗിച്ചു.
- തടവുകാരുടെ പെൺമക്കൾക്ക് 9 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ സഹായം നൽകി
- സുഖം പ്രാപിച്ച മാനസിക അസ്വാസ്ഥ്യമുള്ള തടവുകാരുടെ പുനരധിവാസത്തിനായി ₹6,09,597 തുക ഉപയോഗിച്ചു.
- നേർവഴി പരിപാടി നടപ്പിലാക്കുന്നതിനായി 25,44,920 രൂപ വിനിയോഗിച്ചു.
- മുൻ കുറ്റവാളികളുടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം 68 ഗുണഭോക്താക്കൾക്ക് 10,20,000 രൂപ നൽകി.
- അക്രമത്തിനിരയായവർക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രകാരം 176 ഗുണഭോക്താക്കൾക്കായി 26,45,000 രൂപ വിനിയോഗിച്ചു.

### മുന്നോട്ടുള്ള വഴി

ജയിൽ ജനസംഖ്യയുടെ വർദ്ധനയും അതുമൂലം പല ജയിലിലുമുള്ള തിരക്കും ജയിലുകളിലെ അവസ്ഥയെ വഷളാക്കുകയും തടവുകാരോട് മനുഷ്യത്വരഹിതമായ പെരുമാറ്റത്തിലേക്ക് നയിക്കുകയും ചെയ്യും. പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നത് ഈ പ്രശ്നത്തിനുള്ള പരിഹാരങ്ങളിലൊന്നാണ്. സാമൂഹിക പ്രതിരോധ നയം, പ്രൊബേഷൻ സമ്പ്രദായം, ഇതിന്റെ യുക്തി എന്നിവയെക്കുറിച്ച് പൊതുജനങ്ങളെയും വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനെയും ബോധവൽക്കരിക്കുന്നത് ഇതിന്റെ വിജയത്തിന് കൂടുതൽ ആവശ്യമാണ്. മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി 1960 ലെ സംസ്ഥാന പ്രൊബേഷൻ ചട്ടങ്ങളും ഭേദഗതി ചെയ്യാവുന്നതാണ്. സ്ഥാപനപരമായ പിന്തുണ, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ, ഉപജീവന സഹായ പരിപാടികൾ, മികച്ച തുടർനടപടികൾ എന്നിവയെല്ലാം കുറ്റവാളികളെ സമൂഹത്തിലേക്ക് സുഗമമായി പുനഃസംയോജിപ്പിക്കാൻ സഹായിക്കും.

# 5.6 ജനങ്ങളിലേയ്ക്ക്

ജനാധിപത്യ സർക്കാരുകൾ പൊതുജനാഭിപ്രായത്തോട് പ്രതികരിക്കേണ്ടതുണ്ട്. പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ ജനാധിപത്യത്തിൽ നിർണായകമാണ്, കാരണം പൗരന്മാർക്ക് നല്ല അറിവുള്ളവരായിരിക്കുമ്പോൾ വിവിധ തലങ്ങളിലുള്ള സർക്കാർ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. സർക്കാരിലെ വിവിധ വകുപ്പുകൾ പൊതുവെ പബ്ലിസിറ്റി, പ്രൊമോഷണൽ, ഇൻഫർമേഷൻ കാമ്പെയ്‌നുകൾ നടത്തുന്നു; എന്നിരുന്നാലും, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (I&PRD) ആണ് കേരളത്തിലെ ഈ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി. കേരള സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, സംരംഭങ്ങൾ, നേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അച്ചടി, ഇലക്ട്രോണിക്, സോഷ്യൽ മീഡിയ വഴി ഡിപ്പാർട്ട്മെന്റ് പ്രചരിപ്പിക്കുന്നു; പകരമായി, പരമ്പരാഗതവും പുതിയതുമായ ഇലക്ട്രോണിക്, ഡിജിറ്റൽ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നു.

മാറുന്ന കാലത്തിനനുസരിച്ച് പുതിയ സമീപനങ്ങളും ജനസമ്പർക്ക ഇടപെടലുകളും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയയിലെയും മൊബൈൽ ജേണലിസത്തിലെയും സംരംഭങ്ങൾ അവയിൽ ഉൾപ്പെടുന്നു. ലക്ഷ്യമിട്ട പ്രേക്ഷകരിലേക്ക് എത്താൻ മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നത്, സോഷ്യൽ മീഡിയ ഹാൻഡിലുകളിലൂടെയുള്ള ഫലപ്രദമായ പ്രമോഷണൽ കാമ്പെയ്‌നുകൾ, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവ വലിയതോതിൽ പ്രേക്ഷകരിലേക്ക് എത്തിച്ചേരാനും മെച്ചപ്പെട്ടരീതിയിൽ ജനങ്ങളോട് സംവദിക്കാനും ഇടയാക്കുന്നു. ക്രിയാത്മകവും വ്യത്യസ്തവും ഫലപ്രദവുമായ ഓൺലൈൻ കാമ്പെയ്‌നുകൾ ഡിപ്പാർട്ട്മെന്റിന്റെ മൊത്തത്തിലുള്ള പബ്ലിക് റിലേഷൻസിനും വിവര വ്യാപന പ്രവർത്തനങ്ങൾക്കും പ്രചോദനം നൽകി.

**പബ്ലിക് റിലേഷൻസിലെ സംസ്ഥാന സംരംഭങ്ങൾ**

**വിഷ്വൽ മീഡിയ –** വിഷ്വൽ മീഡിയ ഡിവിഷൻ വീഡിയോ ന്യൂസ് ക്ലിപ്പിംഗുകൾ, ഷോർട്ട് വീഡിയോകൾ, ഇൻഫോ-വീഡിയോകൾ, ഡോക്യുമെന്ററികൾ, ഷോർട്ട് ഫിലിമുകൾ, പോസ്റ്ററുകൾ എന്നിവ ടെലിവിഷൻ ചാനലുകൾക്ക് വേണ്ടി നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. നാം മുന്നോട്ട് – ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതിവാര സംവേദനാത്മക ടെലിവിഷൻ പ്രോഗ്രാം, നവകേരളം – പ്രതിവാര വികസന അധിഷ്ഠിത പരിപാടി, പ്രിയകേരളം – വാർത്താ റൗണ്ടപ്പ് എന്നിവയാണ് പ്രധാന ടെലിവിഷൻ പരിപാടികളുടെ സംപ്രേക്ഷണം. വിഷ്വൽ മീഡിയ ഡിവിഷൻ ജനപഥം എന്ന പേരിൽ ആഴ്ചതോറും റേഡിയോ അധിഷ്ഠിത പരിപാടിയും സംപ്രേക്ഷണം ചെയ്യുന്നുണ്ട്.

**വെബ് അധിഷ്ഠിത മാധ്യമങ്ങൾ –** വെബ്-ന്യൂ മീഡിയ വിഭാഗമാണ് സർക്കാർ വെബ് പോർട്ടലുകളുടെയും (www.kerala.gov.in, www.keralacm.gov.in, www.prd.kerala.gov.in, www.keralanews.gov.in) മറ്റ് പ്രധാനപ്പെട്ട വെബ്സൈറ്റുകളുടെയും ഉള്ളടക്കം കൈകാര്യം ചെയ്യുന്നത്. ദ്വിഭാഷാ (ഇംഗ്ലീഷ്, മലയാളം) പോർട്ടലുകൾ, ഗവർണർ, മന്ത്രിമാർ, വിവിധ വകുപ്പുകൾ, ഫീൽഡ് ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച പ്രസക്തമായ വിശദാംശങ്ങൾ നൽകുന്നു, കൂടാതെ സർക്കാരിന്റെ 40-ലധികം ഇ-സേവനങ്ങളിലേക്കുള്ള ഗേറ്റ്‌വേ കൂടിയാണിത്. സർക്കാർ ഉത്തരവുകളും സർക്കുലറുകളും, കാബിനറ്റ് തീരുമാനങ്ങൾ, വിജ്ഞാപനങ്ങൾ, അപേക്ഷാ ഫോമുകൾ, നയരേഖകൾ, പ്രസിദ്ധീകരണങ്ങൾ, നിയമങ്ങളും ചട്ടങ്ങളും, റിപ്പോർട്ടുകൾ, ടെൻഡറുകൾ എന്നിവ ഉൾപ്പെടുന്ന രേഖകളുടെ ഒരു ശേഖരം കൂടിയാണീ പോർട്ടൽ. വെബ്, ന്യൂ മീഡിയ ഡിവിഷൻ ട്വിറ്റർ (twitter.com/keralainfoiprd), ഫേസ്ബുക്ക്

(facebook.com/keralainformation), YouTube (youtube.com/iprdkerala) മുതലായ സോഷ്യൽ മീഡിയ അക്കൗണ്ടുകളും നിയന്ത്രിക്കുന്നു.

**മാധ്യമ ബന്ധങ്ങൾ** – സർക്കാർ പ്രവർത്തനങ്ങൾ, സർക്കാർ ഉത്തരവുകളും സർക്കുലറുകളും എന്നിവയുടെ ബഹുഭാഷാ വാർത്താ റിപ്പോർട്ടുകൾ പ്രസ് റിലീസ് ഡിവിഷൻ ആണ് കൈകാര്യം ചെയ്യുന്നത്. പ്രസ് മീറ്റുകൾ വിളിക്കൽ, പ്രത്യേക അവസരങ്ങളിൽ മീഡിയ സെന്ററുകൾ സ്ഥാപിക്കൽ, മാധ്യമ അക്രഡിറ്റേഷൻ സേവനങ്ങൾ, മാധ്യമ റിപ്പോർട്ടർമാർക്ക് കവറേജിനും റിപ്പോർട്ടിംഗിനും പ്രത്യേക അവസരങ്ങളിൽ സൗകര്യ മൊരുക്കൽ, സംസ്ഥാന മാധ്യമ അവാർഡ് ചടങ്ങുകൾ സംഘടിപ്പിക്കൽ എന്നിവ ഈ ഡിവിഷൻ ഏറ്റെടുക്കുന്നു. ഡിവിഷന്റെ ഫോട്ടോഗ്രാഫി വിഭാഗം സംസ്ഥാനത്തുടനീളമുള്ള സർക്കാർ പരിപാടികൾ കവർചെയ്യുന്നു, ദിവസേന ചിത്രങ്ങൾ മാധ്യമങ്ങൾക്ക് റിലീസ് ചെയ്യുന്നു, ഫോട്ടോഗ്രാഫുകൾ ആർക്കൈവ് ചെയ്യുന്നു. സർക്കാർ നയങ്ങൾ, തീരുമാനങ്ങൾ, പരിപാടികൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവയിൽ സ്വാധീനം ചെലുത്തുന്ന അച്ചടി, ഇലക്ട്രോണിക് മാധ്യമ വാർത്തകളുടെയും കഥകളുടെയും ദൈനംദിന പരിശോധന സൂക്ഷ്മപരിശോധന വിഭാഗം ഏറ്റെടുക്കുന്നു.

**പ്രസിദ്ധീകരണങ്ങൾ** – വകുപ്പ് ആനുകാലികങ്ങൾ പുറത്തിറക്കുന്നു: കേരള കോളിംഗ് (ഇംഗ്ലീഷ്), സമകാലിക ജനപഥം (മലയാളം), വാർത്താക്കുറിപ്പുകൾ, ലഘുലേഖകൾ, ബ്രോഷറുകൾ, റിപ്പോർട്ടുകൾ, കൂടാതെ കേരള സംസ്കാരം, ചരിത്രം, കല, പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവയെക്കുറിച്ചുള്ള പുസ്തകങ്ങളും ഡിവിഷൻ പ്രസിദ്ധീകരിക്കുന്നു. ആനുകാലികങ്ങളുടെ പ്രമോഷണൽ ജോലികൾക്കായി ഒരു സർക്കുലേഷൻ വിഭാഗവും ഉണ്ട്.

**ഔട്ട്ഡോർ പബ്ലിസിറ്റി ആൻഡ് കൾച്ചർ** – പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിനകത്ത് ഔട്ട്ഡോർ പബ്ലിസിറ്റി, അന്തർ സംസ്ഥാന പബ്ലിക് റിലേഷൻസിന്റെ ഭാഗമായി മെട്രോ നഗരങ്ങളിലെ വ്യാപാര സാംസ്കാരിക ഉത്സവങ്ങൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര വ്യാപാര മേള, സോഷ്യൽ മീഡിയ, മൾട്ടിമീഡിയ കാമ്പെയ്നുകൾ, കല, സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നു. ഗാന്ധിജയന്തി, വായനവാരം, ഔദ്യോഗിക ഭാഷ, മലയാളം വാരം തുടങ്ങിയ ദിന - വാരാചരണങ്ങളും ആഘോഷങ്ങളും ഔട്ട്ഡോർ പബ്ലിസിറ്റി ആൻഡ് കൾച്ചറൽ ഡിവിഷനാണ് ഏറ്റെടുക്കുന്നത്.

**ഗവേഷണവും റഫറൻസും** – പ്രസ്സ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്ക്സ് ആക്ടിലെ (പിആർബി ആക്ട്) നിർദ്ദേശങ്ങൾ അനുസരിച്ച് റിസർച്ച് ആൻഡ് റഫറൻസ് വിഭാഗം സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും രജിസ്റ്ററുകൾ പതിവായി പരിപാലിക്കുന്നു. അടിയന്തിര ഘട്ടത്തിലെ ആശയവിനിമയം, പ്രചാരണ ആസൂത്രണം, ബ്രാൻഡ് നിർമ്മാണം, മൊബൈൽ ജേണലിസം, ഡാറ്റ വിശകലനം തുടങ്ങിയ പബ്ലിക് റിലേഷൻസിലെ പുതിയ ട്രെൻഡുകളിലും ഡൊമെയ്നുകളിലും ഈ ഡിവിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുകയും ജീവനക്കാർക്ക് റിഫ്രഷർ ട്രെയിനിങ് നൽകുകയും ചെയ്യുന്നു.

കേരള മീഡിയ അക്കാദമി - കേരള മീഡിയ അക്കാദമി, ജേർണലിസം മേഖലയിലെ പഠന-ഗവേഷണ പരിപാടികൾ സുഗമമാക്കുകയും പരിശീലന പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം, മാധ്യമ അവാർഡുകളുടെ വിതരണവും, ഫെലോഷിപ്പുകളും നൽകുകയും ചെയ്യുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. ടാഗോർ തിയേറ്റർ – തലസ്ഥാന നഗരത്തിലെ ഒരു സാംസ്കാരിക കേന്ദ്രമായി വകുപ്പ് ടാഗോർ തിയേറ്ററിനെ വികസിപ്പിച്ചെടുത്തു. ദേശീയ തിയേറ്റർ ഫെസ്റ്റിവലിനും കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കും ആതിഥേയത്വം വഹിക്കുന്നതിനുള്ള പ്രധാന വേദിയാണിത്.

സർക്കാർ പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിനുള്ള ഔദ്യോഗിക ഏജൻസിയാണ് ഐ ആൻഡ് പിആർഡി. അച്ചടി, ദൃശ്യ, ശ്രാവ്യ പരസ്യങ്ങളുടെ നിർമ്മാണം, പരസ്യങ്ങൾക്ക് സർക്കാർ നിരക്ക് നിശ്ചയിക്കൽ എന്നിവയും വകുപ്പ് തന്നെയാണ് ചെയ്യുന്നത്.

**2021–22 ലെ പ്രധാന നേട്ടങ്ങൾ**

- വില്ലേജ്, ബ്ലോക്ക് തലങ്ങളിൽ പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവീസ് മാനേജ്മെന്റ് (പ്രിസം) പദ്ധതിയിലൂടെ ഒരു മാസത്തിൽ ശരാശരി 15 സ്പെഷ്യൽ സ്റ്റോറികളും 20 വാർത്താധിഷ്ഠിത ഇനങ്ങളും പ്രസിദ്ധീകരിച്ചു.
- 56,220 ചിത്രങ്ങൾ ഡിജിറ്റൈസ് ചെയ്ത് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kerala.gov.in- ലേക്കും; കൂടാതെ www.noticeboard.kerala.gov.in, www.document.kerala.gov.in എന്നീ സബ് പോർട്ടലുകളിലേക്കും അപ്‌ലോഡ് ചെയ്തു.
- സർക്കാരിന്റെ വികസനവും ക്ഷേമാധിഷ്ഠിത പ്രവർത്തനങ്ങളും ഉയർത്തിക്കാട്ടുന്ന IPRD-യുടെ വാർത്താധിഷ്ഠിത ടെലിവിഷൻ പരിപാടിയായ നവകേരളത്തിന്റെ 20 എപ്പിസോഡുകൾ നിർമ്മിക്കുകയും സംപ്രേക്ഷണം ചെയ്യുകയും ചെയ്തു.
- സംസ്ഥാന ബജറ്റിന്റെ തത്സമയ സംപ്രേക്ഷണം, മാധ്യമ അവാർഡ് വിതരണം, സംസ്ഥാന ചലച്ചിത്രോത്സവം 2022, സർക്കാരിന്റെ ഒന്നാം വാർഷികം എന്നിവ ഡിപ്പാർട്ട്മെന്റിന്റെ ഇന്റർനെറ്റ് റേഡിയോയായ റേഡിയോ കേരള വഴിയാണ് നടത്തിയത്. സർക്കാരിന്റെ ക്ഷേമ പരിപാടികൾ, പ്രഖ്യാപനങ്ങൾ, നേട്ടങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഒരു മിനിറ്റ് ദൈർഘ്യമുള്ള 140 വിവര വീഡിയോകൾ നിർമ്മിക്കുകയും സോഷ്യൽ മീഡിയയിലൂടെ പുറത്തുവിടുകയും ചെയ്തു.
- പൊതുജനങ്ങൾക്കായി "മിഴിവ് 2022" എന്ന പേരിൽ ഒരു ഓൺലൈൻ വീഡിയോ മത്സരം സംഘടിപ്പിച്ചു. ഇത് സർക്കാരിന്റെ വികസനത്തിലും നേട്ടങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 69 എൻട്രികൾ ലഭിക്കുകയും കൊവിഡ്-19 ന്റെ 1-ഉം 2-ഉം തരംഗങ്ങളെ നേരിടുന്നതിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകളുടെ കഥകൾ അടിസ്ഥാനമാക്കി, 11 ഷോർട്ട് ഫിലിമുകൾ എംപാനൽ ചെയ്ത സംവിധായകർ മുഖേന നിർമ്മിക്കുകയും ചെയ്തു.
- ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി ആലപ്പുഴ, കോട്ടയം, കാസർകോട്, ഇടുക്കി, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ വകുപ്പ് പൂർത്തിയാക്കി. ടാഗോർ തിയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും മഴവെള്ള സംഭരണിയും പോർട്ടബിൾ ഓഡിയോ സിസ്റ്റവും പൂർത്തിയാക്കുകയും ചെയ്തു.

- ആറ് മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയും അഞ്ച് പുസ്തകങ്ങളും അടങ്ങുന്ന " വിഷ്വൽ ഹിസ്റ്ററി ഓഫ് കേരള " തയ്യാറാക്കി
- വിവിധ സർക്കാർ പരിപാടികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഔട്ട്ഡോർ പബ്ലിസിറ്റി കാമ്പെയ്നുകൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുകയും പ്രത്യേക പബ്ലിക് റിലേഷൻസ് കാമ്പയിൻ വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തു. സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ജില്ലാതലത്തിൽ എന്റെ കേരളം വ്യാപാര വിജ്ഞാന പ്രദർശനങ്ങൾ നടത്തി.
- 14 ഇംഗ്ലീഷ്, മലയാളം ദിനപത്രങ്ങളുടെ റെക്കോർഡിംഗും ശേഖരണവും സൂക്ഷ്മപരിശോധനയും ഡിജിറ്റലൈസേഷനും 10 മലയാളം വാർത്താ ചാനലുകളുടെമോണിറ്ററിംഗും നടത്തി.

**മുന്നോട്ടുള്ള വഴി**

വികസന പ്രവർത്തനങ്ങൾ അതിവേഗം ട്രാക്ക് ചെയ്യുന്നതിനും ക്രമസമാധാന പാലനത്തിനും സംസ്ഥാനത്ത് ക്ഷേമ പരിപാടികൾ നടപ്പാക്കുന്നതിനും പൊതുജനങ്ങളുമായുള്ള വിവരവിനിമയവും വ്യാപനവും നെറ്റ്വർക്കിംഗും നിർണായക പങ്ക് വഹിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി, ഡ്രോണുകളെ അടിസ്ഥാനമാക്കിയുള്ള ഫോട്ടോഗ്രാഫി തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകളും ഗാഡ്ജെറ്റുകളും, പ്രത്യേകിച്ച് പ്രകൃതിക്ഷോഭങ്ങളുടെ സമയത്ത് ഉപയോഗിക്കുന്നതിലൂടെ, മികച്ച ഫലം കൈവരിക്കാൻ കഴിയും. വകുപ്പ് ആസ്ഥാനത്തും അതിന്റെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉയർന്ന നിലവാരമുള്ള മൾട്ടി-മീഡിയ എഡിറ്റിംഗ് സ്റ്റുഡിയോയുടെ സഹായത്തോടെ സർക്കാർ പരിപാടികൾ പൊതുജനങ്ങൾക്ക് തത്സമയം സംപ്രേക്ഷണം ചെയ്യുന്നതിനുള്ള ഒരു സമ്പൂർണ്ണ സംവിധാനവും വികസിപ്പിക്കേണ്ടതുണ്ട്.

അദ്ധ്യായം

# 06

# മാനവ വികസനം

# മാനവ വികസനം

## 6.1 വിദ്യാഭ്യാസം

കേരളത്തിലെ വികസന പ്രക്രിയയെക്കുറിച്ചുള്ള ഏതൊരു വിലയിരുത്തലും സാർവത്രിക സാക്ഷരത, സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ-വിദ്യാർത്ഥി നിലനിർത്തൽ, വിദ്യാഭ്യാസത്തിലെ സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ട അതിന്റെ ശ്രദ്ധേയമായ സൂചികകൾ കണക്കിലെടുത്തുകൊണ്ടാകണം. നഗര, ഗ്രാമ പ്രദേശങ്ങളിലെ മിക്ക കുടുംബങ്ങളുടെയും തൊട്ടടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യത കൂടി കണക്കിലെടുക്കണം. കഴിഞ്ഞ അഞ്ച് വർഷമായി പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരത്തിന്റെ അസാധാരണമായ വർദ്ധനയെ കൂടി കണക്കിലെടുത്താണ് ഇപ്പോഴത്തെയും സമീപകാലത്തെയും വിലയിരുത്തലുകൾ. വിവിധ മേഖലകളിൽ നിന്നുള്ള കുട്ടികളുടെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടതും ദുർബലവുമായ വിഭാഗങ്ങളുടെ ആവശ്യങ്ങളും പരിഹരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. വികലാംഗരായ കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രൊഫഷണൽ വൈദഗ്ധ്യവും സഹായവും ഉപയോഗിച്ച് പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രോഗ്രാമുകൾ നടപ്പിലാക്കുന്നു. കലാകായിക മേഖല പോലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. എന്നിരുന്നാലും എല്ലാവരേയും ഉൾക്കൊള്ളുന്നതിലും ശാസ്ത്രീയ സഹായം ലഭ്യമാക്കുന്നതിലും കൂടുതൽ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം', 'കേരള വൈജ്ഞാനിക സമ്പദ്ഘടന യജ്ഞം' എന്നിവയുടെ തുടർച്ചയായ നവകേരള മിഷന്റെ ഘടകമായ 'വിദ്യാ കിരണം' പോലുള്ള പദ്ധതികളിലൂടെ സ്കൂൾ, ഉന്നത വിദ്യാഭ്യാസ തലങ്ങളിൽ പ്രധാന മാറ്റങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഓൺലൈൻ പഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന മാർഗമായി മാറിയ പകർച്ചവ്യാധിയുടെ കാലത്ത് ഡിജിറ്റൽ വിഭജനം നികത്താൻ കേരളം ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി. പതിനാലാം പഞ്ചവത്സര പദ്ധതി ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കാനും സ്കൂൾ വിദ്യാഭ്യാസവുമായി മികച്ച കണക്റ്റിവിറ്റി ഉറപ്പാക്കാനും ഡിജിറ്റൽ പഠന സാമഗ്രികളിലേക്കും ലൈബ്രറി ശൃംഖലകളിലേക്കും തികച്ചും പുതിയ രീതിയിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകാനും വിഭാവനം ചെയ്യുന്നു.

**സാക്ഷരത**

ഒരു രാജ്യത്തിന്റെ മാനവ മൂലധനത്തിന്റെ ഗുണ നിലവാരത്തിന്റെ ഏറ്റവും പ്രധാന സൂചകം സാക്ഷരതയാണ്. സാക്ഷരത കണക്കിലെടുക്കുമ്പോൾ 94 ശതമാനം സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (91.85 ശതമാനം) മിസോറാമും (91.33) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട് (സെൻസസ്സ് ഓഫ് ഇന്ത്യ 2011). 1951ൽ 47.18 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആയപ്പോൾ ഏകദേശം ഇരട്ടിയായി. 1951 ൽ 22 ശതമാനമായിരുന്ന സ്ത്രീ-പുരുഷ സാക്ഷരതാന്തരം 2011 ൽ 4.04 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92.07 ശതമാനത്തോടെ രാജ്യത്ത് ഒന്നാമത് നിൽക്കുമ്പോൾ ബീഹാറാണ് ഏറ്റവും പിന്നിലുള്ളത് (51.50 ശതമാനം) (സെൻസസ് ഓഫ് ഇന്ത്യ 2011). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ മിഷൻ നിരക്കുകൾ **അനുബന്ധം 6.1.1**ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ തമ്മിലുള്ള അന്തരം വളരെ കുറവാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുമ്പോൾ 97.21 ശതമാനത്തോടെ കോട്ടയമാണ് സാക്ഷരതയിൽ ഏറ്റവും മുന്നിൽ. 96.55 ശതമാനത്തോടെ പത്തനംതിട്ടജില്ലയും 95.89 ശതമാനത്തോടെ എറണാകുളം ജില്ലയും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ല വയനാടാണ് (89.03 ശതമാനം). 2001, 2011 വർഷങ്ങളിലെ പുരുഷ-സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.2**ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെ. എസ്.എൽ.എം.എ) സംസ്ഥാനത്ത്, സാക്ഷരത, തുടർ വിദ്യാഭ്യാസം, ആജീവനാന്ത പഠന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്നു. നിരക്ഷരർ, നവസാക്ഷരർ, സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർ, ആജീവനാന്ത വിദ്യാഭ്യാസമോ തുടർവിദ്യാഭ്യാസമോ താൽപ്പര്യമുള്ള ആളുകൾ എന്നിവരാണ് ഈ പരിപാടികളുടെ പ്രധാന ഗുണഭോക്താക്കൾ. ഈ കഴിഞ്ഞ വർഷങ്ങളിൽ, സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗക്കാർ, ട്രാൻസ്ജെൻഡർമാർ, തീരദേശവാസികൾ, കുടിയേറ്റ തൊഴിലാളികൾ

തുടങ്ങിയവരിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് സമൂഹത്തിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചു. സാക്ഷരത എന്നാൽ വെറും എഴുത്തും വായനയും പഠിക്കുക മാത്രമല്ല മറിച്ച് ആരോഗ്യപരവും വളർച്ചാപരവുമായ ഒരു സാമൂഹിക ജീവിതം എങ്ങനെ വളർത്തിയെടുക്കാം എന്ന അവബോധം വളർത്തിയെടുക്കൽ കൂടിയാണ്. ഈ ആശയം മുന്നിൽ വച്ചുകൊണ്ട് കേരള സാക്ഷരത മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) ആരംഭിച്ച സാമൂഹ്യ സാക്ഷരത പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ-വിദ്യാഭ്യാസം എന്നീ മേഖലകളെയാണ്. സാക്ഷരതയ്ക്കും തുടർവിദ്യാഭ്യാസത്തിനും കീഴിലുള്ള മുതിർന്ന പഠിതാക്കൾ ഈ പ്രോഗ്രാമുകളുടെ നേരിട്ടുള്ള ഗുണഭോക്താക്കളാണ്.

**1. സാക്ഷരതാ പരിപാടികൾ**

നിരക്ഷരരായ ആളുകളെ സാക്ഷരരാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി വിവിധ തരത്തിലുള്ള സാക്ഷരതാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ വർഷം സാക്ഷരതാ പദ്ധതി തീരദേശ, ആദിവാസി, പട്ടികജാതി പ്രദേശങ്ങളിൽ/വാസസ്ഥലങ്ങളിൽ നിന്നുള്ള പഠിതാക്കൾക്ക് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി കേന്ദ്ര സർക്കാർ പദ്ധതിയായ പഢ്ന ലിഖ്ന അഭിയാനും (പിഎൽഎ) കെ.എസ്.എൽ.എം.എ നടപ്പിലാക്കിയിട്ടുണ്ട്. 2021-22 കാലയളവിൽ കെ.എസ്.എൽ.എം.എ യുടെ സാക്ഷരതാ പരിപാടികൾ വഴി പ്രയോജനം നേടിയ വ്യക്തികളുടെ എണ്ണം 2,09,441 ആയിരുന്നു.

2020-ലെ ദേശീയ വിദ്യാഭ്യാസ നയവുമായി സംയോജിപ്പിച്ചുകൊണ്ട് പ്രായപൂർത്തിയായവർക്കുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളും ഉൾപ്പെടുത്തികൊണ്ട് 2022-27 കാലയളവിലൽ ന്യൂ ഇന്ത്യ സാക്ഷരതാ പരിപാടി എന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പിലാക്കിവരികയാണ്. കേരളത്തിലെ 14 ജില്ലകളും ഈ പരിപാടിയുടെ ഭാഗമാകുകയും അതിന്റെ ആദ്യഘട്ടത്തിൽ (ആദ്യവർഷം) 85,000 നിരക്ഷരരെ സാക്ഷരരാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുകയും ചെയ്യും.

**2. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികൾ**

**എ. അട്ടപ്പാടി ആദിവാസി സാക്ഷരതാ പരിപാടി:** ഇതിന്റെ ഭാഗമായി അട്ടപ്പാടിയിലെ 192 ആദിവാസി സെറ്റിൽമെന്റുകളിൽ ക്ലാസുകൾ നടത്തുകയും 2553 പഠിതാക്കൾ സാക്ഷരത നേടുകയും ചെയ്തു.

**ബി. വയനാട് ആദിവാസി സാക്ഷരതാ പരിപാടി:** വയനാട്ടിലെ ഗോത്രവർഗക്കാരുടെ നിരക്ഷരത തുടച്ചുനീക്കാനാണ് ഈ പരിപാടി. ഈ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയാകുകയും 25,000-ത്തിലധികം ആദിവാസി പഠിതാക്കൾ സാക്ഷരത കൈവരിക്കുകയും ചെയ്തു.

**സി. നവചേതന (പട്ടികജാതിക്കാർക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി):** കേരളത്തിലെ 14 ജില്ലകളിലായി ഈ പദ്ധതി നടപ്പിലാക്കി, 1,650 പഠിതാക്കൾ സാക്ഷരരാകുകയും 1,410 പഠിതാക്കൾ നാലാം ക്ലാസ് തുല്യത കൈവരിക്കുകയും ചെയ്തു. നിലവിൽ 2021-22 വർഷത്തിൽ 356 പഠിതാക്കൾ ഈ പ്രോഗ്രാമിന്റെ ഭാഗമാണ്.

**ഡി. സമഗ്ര (പട്ടികവർഗക്കാർക്കുള്ള പ്രത്യേക സാക്ഷരതാ പരിപാടി):** സംസ്ഥാനത്തുടനീളമുള്ള തിരഞ്ഞെടുത്ത 100 ആദിവാസി സെറ്റിൽമെന്റുകളിൽ ഈ പദ്ധതി നടപ്പിലാക്കുകയും 3,835 പഠിതാക്കൾ സാക്ഷരത നേടുകയും ചെയ്തു. നാലാം ക്ലാസ് തുല്യതാ പരീക്ഷയിൽ 941 പേരും ഏഴാം ക്ലാസ് തുല്യതാ പരീക്ഷയിൽ 211 പേരും വിജയിച്ചു.

**ഇ. ചങ്ങാതി** – കുടിയേറ്റ തൊഴിലാളികൾക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി: 2019-20 കാലയളവിൽ സാക്ഷരതാ മിഷൻ എല്ലാ ജില്ലകളിലെയും 14 തദ്ദേശഭരണസ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പാക്കുകയും 1,641 കുടിയേറ്റ തൊഴിലാളികൾ സാക്ഷരത നേടുകയും ചെയ്തു. 2021-22ൽ 1,432 ചങ്ങാതി പഠിതാക്കളുണ്ട്.

**എഫ്. സമന്വയ** – ട്രാൻസ്ജെൻഡർമാരുടെ തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി: ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷൻ ട്രാൻസ്ജെൻഡർ സർവേയും തുല്യതാ ക്ലാസുകളും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികളും നടത്തി.

**ജി. അക്ഷരശ്രീ** – തിരുവനന്തപുരം കോർപ്പറേഷനിലെ 100 വാർഡുകളിൽ നടപ്പിലാക്കുന്ന ഒരു പ്രത്യേക പദ്ധതിയാണിത്. 2022ൽ പത്താംതരം തുല്യതക്കായി 400 പഠിതാക്കളും 862 പ്ലസ് വൺ പഠിതാക്കളും ഈ പ്രോഗ്രാമിന് കീഴിൽ പഠിക്കുന്നു.

**എച്ച്. അക്ഷരസാഗരം** – ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് തീരദേശത്തെ ജനങ്ങളുടെ വികസനം ലക്ഷ്യമിട്ടുള്ള പരിപാടിയാണിത്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയായി. ഈ പദ്ധതിയിലൂടെ 2,135 പഠിതാക്കൾ സാക്ഷരത നേടുകയും 1,473 പഠിതാക്കൾ നാലാം ക്ലാസ് തുല്യതയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു.

**ഐ. ആദിശ്രീ– ആറളം സാക്ഷരതാ പദ്ധതി–** കണ്ണൂരിലെ ആറളം ഫാമിലെ നിരക്ഷരത നിർമാർജനം ചെയ്യുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. 600 പഠിതാക്കൾ ഈ പരിപാടി പ്രകാരം ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ട്.

**3. തുല്യത പ്രോഗ്രാമുകൾ**

നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിന് തുല്യമായ ഒരു ബദൽ വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് തുല്യതാ പരിപാടികൾ സംഘടിപ്പിക്കുന്നത്.

**നാലാം ക്ലാസ്, ഏഴാം ക്ലാസ് തുല്യതാ ക്ലാസുകൾ**

സാക്ഷരതാ പരീക്ഷയിൽ വിജയിച്ചവർക്കും പ്രൈമറി തലം മുതൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ വിദ്യാർത്ഥികൾക്കും നാലാംതരം തുല്യതാ കോഴ്സിലേക്ക് ചേരാം. നാലാംതരം തുല്യത പാസായവർക്കും അപ്പർ പ്രൈമറി തലം മുതൽ സ്കൂൾ പഠനം ഉപേക്ഷിച്ചവർക്കും ഏഴാം ക്ലാസ് തുല്യതാ പ്രോഗ്രാമിലേക്ക് പ്രവേശനം ലഭിക്കും. 2021-22 വർഷത്തിൽ 9,767 പേർ നാലാം ക്ലാസ് തുല്യതാ പ്രോഗ്രാമിൽ ചേരുകയും,

**പട്ടിക 6.1.1** 2021ലും 2022ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ ചേർന്നവരുടെ എണ്ണം

| കോഴ്സ് | | സ്ത്രീ | പുരുഷൻ | ട്രാൻസ്ജെൻഡർ | എസ്.സി | എസ്.ടി | വൈകല്യമുള്ള വ്യക്തികൾ | ആകെ |
|---|---|---|---|---|---|---|---|---|
| ഹയർസെക്കൻഡറി | 2021 | 12,849 | 7,491 | 31 | 4,736 | 740 | 251 | 20,371 |
| | 2022 | 16,104 | 7,065 | 23 | 4,885 | 731 | 325 | 23,192 |
| പത്താംതരം | 2021 | 10,755 | 7,839 | 16 | 4,173 | 675 | 518 | 18,610 |
| | 2022 | 17,064 | 8,620 | 14 | 4,854 | 906 | 656 | 25,698 |

അവലംബം: കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

ഇതിൽ 2,658 പഠിതാക്കൾ വിജയിക്കുകയും ഏഴാം ക്ലാസ് തുല്യത പ്രോഗ്രാമിൽ 4,726 പേർ ചേരുകയും 1,820 പഠിതാക്കൾ വിജയിക്കുകയും ചെയ്തു.

കെഎസ്എൽഎംഎയുടെ കേന്ദ്രീകൃതമായ ശ്രമങ്ങൾ കാരണം, പ്രേരക്മാർക്ക് ആവശ്യമുള്ള വ്യക്തികളെ തിരിച്ചറിയാനും അവരെ വിവിധ തലത്തിലുള്ള തുല്യതാ പ്രോഗ്രാമുകളിലേക്ക് ചേർക്കാനും കഴിഞ്ഞു. ധാരാളം ആളുകളെ പഠനത്തിലേക്ക് തിരികെ കൊണ്ടുവരാനും അവരെ പത്താം തരത്തിലേയ്ക്കും പന്ത്രണ്ടാം തരത്തിലേയ്ക്കും ചേർക്കാനും കെ. എസ്. എൽ. എം. എ. പരിശ്രമിക്കുന്നു **(പട്ടിക 6.1.1).** 2021ൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരിപാടിയിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.3**ൽ നൽകിയിരിക്കുന്നു.

ഈ പരിപാടികളിൽ നിന്ന് പ്രയോജനം നേടുന്ന മൊത്തം വ്യക്തികളുടെ എണ്ണത്തിൽ, പട്ടികജാതി, പട്ടികവർഗ ജനസംഖ്യ ഒരു പ്രധാന ഭാഗമാണെന്ന് കാണുന്നു. പ്രോഗ്രാമുകളിലേക്ക് ട്രാൻസ്ജെൻഡർമാരെ ഉൾപ്പെടുത്താനുള്ള കഴിഞ്ഞ കുറച്ച് വർഷങ്ങളായുള്ള കെ. എസ്. എൽ. എം. എ യുടെ പ്രത്യേക ശ്രമങ്ങൾ കൊണ്ട്, 2022ൽ ആകെ 37 ട്രാൻസ്ജെൻഡർമാർ പത്താം ക്ലാസ്സ്, ഹയർ സെക്കൻഡറി തുല്യതാ പ്രോഗ്രാമുകളിൽ ചേർന്നു.

## 4. സാമൂഹിക സാക്ഷരതാ പരിപാടികൾ

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി അടിസ്ഥാന സാക്ഷരതയിലും സംഖ്യാ സാക്ഷരതയിലും മാത്രമല്ല, മറ്റ് സാമൂഹിക സാക്ഷരതാ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാമൂഹിക സുരക്ഷ, പരിസ്ഥിതി പ്രശ്നങ്ങൾ, നിയമ അവബോധം, ലിംഗപദവിസമത്വം എന്നിവയിൽ സംസ്ഥാനം സമ്പൂർണ സാക്ഷരത നേടിയിട്ടില്ലെന്ന വസ്തുത മനസ്സിലാക്കിയ കെ. എസ്. എൽ. എം. എ. വായനയിലും എഴുത്തിലും സഹായിക്കുക എന്നതിലുപരി സംസ്ഥാനത്തെ വിവിധ സാക്ഷരതാ പരിപാടികൾ സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ മുൻകൈയെടുത്തു.

**എ. ഭരണഘടനാ സാക്ഷരത:** പൊതുജനങ്ങളിൽ ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള അടിസ്ഥാന അവബോധം സൃഷ്ടിക്കുന്നതിനായി കേരള സാക്ഷരതാ മിഷൻ സംസ്ഥാനത്തുടനീളം 'ഭരണഘടനാ സാക്ഷരത'ക്കായി ബഹുജന ജനകീയ പ്രചാരണത്തിന് തുടക്കമിട്ടു. ഇതുവരെ രണ്ട് ഘട്ടങ്ങൾ നടത്തി, കേരള നിയമസഭയുടെ പങ്കാളിത്തത്തോടെ 50 ലക്ഷത്തിലധികം ആളുകൾക്കിടയിൽ മിഷൻ പ്രവർത്തിച്ചു.

**ബി. പരിസ്ഥിതി സാക്ഷരതാ പരിപാടി:** പരിസ്ഥിതി സാക്ഷരതാ പരിപാടിയുടെ ഭാഗമായി സാക്ഷരതാ മിഷൻ പരിസ്ഥിതി സാക്ഷരതാ സർവേ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, ജല സാക്ഷരതാ ക്ലാസുകൾ തുടങ്ങി നിരവധി പരിപാടികൾ നടത്തി.

## 5. സർട്ടിഫിക്കറ്റ് കോഴ്സുകൾ

ഭാഷാ വൈദഗ്ധ്യം മെച്ചപ്പെടുത്താൻ താൽപ്പര്യമുള്ളവരെ ലക്ഷ്യമിട്ട് പച്ച മലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നീ മൂന്ന് പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ കെ. എസ്. എൽ. എം. എ ആരംഭിച്ചു. മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്ന നാല് മാസത്തെ കോഴ്സാണിത്. വിശദാംശങ്ങൾ **പട്ടിക 6.1.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.1.2** 2021, 2022 വർഷങ്ങളിലെ കെ.എസ്.എൽ.എം.എ യുടെ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ

| സീരിയൽ നമ്പർ | കോഴ്സിന്റെ പേര് | 2021-ലെ പഠിതാക്കളുടെ എണ്ണം | 2022-ലെ പഠിതാക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഗുഡ് ഇംഗ്ലീഷ് | 2152 | 2069 |
| 2 | അച്ഛീ ഹിന്ദി | 33 | 255 |
| 3 | പച്ച മലയാളം | 435 | 1072 |

അവലംബം: സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി


## സ്കൂൾ വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രവർത്തനങ്ങളും 1 മുതൽ 10 വരെ ക്ലാസുകളിലും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തലങ്ങളിലും ഏകോപിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. നേരത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിലായിരുന്നു. ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന്

പ്രത്യേകം ഡയറക്ടറേറ്റുകളും നിലവിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ മൂന്ന് വിഭാഗങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലയിപ്പിച്ചിരിക്കുകയാണ്.

2021-22ൽ കേരളത്തിൽ ഉണ്ടായിരുന്ന 12,972 സ്കൂളുകളിൽ, 4,697 (36.2 ശതമാനം) സർക്കാർ സ്കൂളുകളും 7,212 (55.6 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,063 (8.2 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. അപ്പർ പ്രൈമറി (യുപി), ഹൈസ്കൂൾ (എച്ച്എസ്) വിഭാഗങ്ങളെ അപേക്ഷിച്ച് ലോവർ പ്രൈമറി (എൽപി) വിഭാഗത്തിലാണ് കൂടുതൽ സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നത്. എയ്ഡഡ് സ്കൂളുകൾ എല്ലാ വിഭാഗത്തിലും സർക്കാർ സ്കൂളുകളെക്കാൾ എണ്ണത്തിൽ മുന്നിലാണ്.

**ചിത്രം 6.1.1** മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2021-22




അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

2021-22ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ ഉള്ളത് മലപ്പുറം ജില്ലയിലാണ് (1,572) തൊട്ടു പിന്നാലെ കണ്ണൂരും (1,306), കോഴിക്കോടുമാണ് (1,281). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (555) അൺ എയ്ഡഡ് സ്കൂളുകളും (211 എണ്ണം) ഉള്ളതും മലപ്പുറത്തുതന്നെയാണ്. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963). **അനുബന്ധം 6.1.4**ൽ ജില്ല/മാനേജ് മെന്റ്/തലം തിരിച്ച് 2021-22 ലെ കേരളത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

2021-22ൽ സംസ്ഥാനത്തെ 1,523 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇതിൽ 1,309 സി.ബി.എസ്.ഇ. സ്കൂളുകളും, 164 ഐ.സി. എസ്.ഇ. സ്കൂളുകളും, 36 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും ഉണ്ട്. എല്ലാ ജില്ലയിലും ഓരോ ജവഹർ നവോദയ വിദ്യാലയം പ്രവർത്തിക്കുന്നു. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന, 2021-22 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.5**ൽ കൊടുത്തിട്ടുണ്ട്.

### സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. എൺപ തോളം സർക്കാർ സ്കൂളുകൾ വാടക കെട്ടിട ത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.6**ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകളുടെ പശ്ചാത്തലവികസനവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമഗ്രശിക്ഷാ കേരള പോലുള്ള പരിപാടികളും വളരെയേറെ സഹായിച്ചിട്ടുണ്ട്. കിഫ്ബിക്ക് കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ വീതം യഥാക്രമം 141, 386, 446 സ്കൂളുകൾക്കായി അനുവദിച്ചിട്ടുണ്ട്. 5 കോടിയുടെ വിഭാഗത്തിൽ 119 സ്കൂളുകളിൽ പൂർണമായും 20 സ്കൂളുകളിൽ ഭാഗികമായും കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി. 3 കോടിയുടെ വിഭാഗത്തിൽ 132 സ്കൂളുകളിലും ഒരു കോടി രൂപ വിഭാഗത്തിൽ 23 സ്കൂളുകളിലും കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയായി. നബാർഡിന്റെ സഹായത്തോടെ 104 കോടി രൂപ വിനിയോഗിച്ച് 52 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തീകരിച്ചു. കണക്കുപ്രകാരം 99.74 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, മിക്കവാറും എല്ലാ സ്കൂളുകളിലും മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോടുകൂടിയ സർക്കാർ സ്കൂളുകളുടെ 2021-22 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.7**ൽ നൽകിയിരിക്കുന്നു.

### വിദ്യാർത്ഥികളുടെ പ്രവേശനം

വിദ്യാർത്ഥികളുടെ പ്രവേശനം 2021-22 ലെ 38.68 ലക്ഷത്തിൽ നിന്ന് 2022-23ൽ (പ്രൊവിഷണൽ) 38.32 ലക്ഷമായി കുറഞ്ഞു. കേരളത്തിൽ ജനനനിരക്ക് കുറഞ്ഞതിനാലാവാം എൽപി വിഭാഗത്തിൽ കുട്ടികളുടെ കുറവുണ്ടായത്. 2016-17 മുതൽ 2022-23 വരെ കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് **അനുബന്ധം 6.1.8**ൽ കൊടുത്തിരിക്കുന്നു. 2022-23ൽ (പ്രൊവിഷണൽ) സ്കൂളുകളിലെ മാനേജ്മെന്റ് അടിസ്ഥാനത്തിലും ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.9**ൽ നൽകിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും, സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ, സർക്കാർ, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെക്കാൾ കൂടുതലാണ് **(ചിത്രം 6.1.2)**. 2022-23ൽ സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ചും ഘട്ടം തിരിച്ചും ആൺ-പെൺ തിരിച്ചും **അനുബന്ധം 6.1.10**ൽ കൊടുത്തിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും ജില്ലകളിലും പെൺകുട്ടികളേക്കാൾ ആൺകുട്ടികൾ കൂടുതലാണ്.


മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22 അധ്യയന വർഷത്തിൽ കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2,56,448 പുതിയ വിദ്യാർത്ഥികൾ പ്രവേശനം തേടി. 2022-23 വർഷം ഇത് 82,448 ആണ്. കഴിഞ്ഞ അഞ്ച് വർഷമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികളുടെ എണ്ണം 8,16,929 ആണ് **(പട്ടിക 6.1.3)**.

**പട്ടിക 6.1.3** കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ 2017-18 മുതൽ 2022-23 വരെ

| മാനേജ്മെന്റ് | സ്റ്റാൻഡേർഡ് | | | മൊത്തം I-X |
|---|---|---|---|---|
| | I-IV | V-VII | VIII-X | |
| 2017-18 മുതൽ 2018-19 വരെ | | | | |
| സർക്കാർ | 22,931 | 12,229 | 35,484 | 70,644 |
| ഗവ. എയ്ഡഡ് | 29,186 | 67,483 | 18,658 | 11,5327 |
| ആകെ | 5,2117 | 79,712 | 54,142 | 18,5971 |
| 2018-19 മുതൽ 2019-20 വരെ | | | | |
| സർക്കാർ | 16223 | 12616 | 36376 | 65215 |
| ഗവ. എയ്ഡഡ് | 19412 | 63312 | 15619 | 98343 |
| ആകെ | 35635 | 75928 | 51995 | 163558 |
| 2019-20 മുതൽ 2020-21 വരെ | | | | |
| സർക്കാർ | 21339 | 9659 | 3859 | 34857 |
| ഗവ. എയ്ഡഡ് | 32493 | 57844 | 3310 | 93647 |
| ആകെ | 53832 | 67503 | 7169 | 128504 |
| 2020-21 മുതൽ 2021-22 വരെ | | | | |
| സർക്കാർ | 50124 | 20018 | 37316 | 107458 |
| ഗവ. എയ്ഡഡ് | 56196 | 77094 | 15700 | 148990 |
| ആകെ | 106320 | 97112 | 53016 | 256448 |
| 2021-22 മുതൽ 2022-23 വരെ | | | | |
| സർക്കാർ | -3304 | 1557 | 31282 | 29535 |
| ഗവ. എയ്ഡഡ് | -8097 | 54601 | 6409 | 52913 |
| ആകെ | -11401 | 56158 | 37691 | 82448 |
| കഴിഞ്ഞ 5 വർഷത്തിനിടയിൽ ചേർന്ന ആകെ പുതിയ വിദ്യാർത്ഥികൾ | | | | 816929 |

അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**ചിത്രം 6.1.2** കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം 2022-23ൽ




അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം**

2022-23ൽ, സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 48.93 ശതമാനം പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിരുന്നാലും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ ലിംഗപദവി വ്യത്യാസം കേരളത്തിൽ തുലോം കുറവാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം**

2022-23 ലെ കണക്ക പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 9.82 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. സ്വകാര്യ എയ്ഡഡ്, പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ ശതമാനം കൂടുതലാണ്. സർക്കാർ സ്കൂളുകളിലും സ്വകാര്യ എയ്ഡഡ് സ്കൂളുകളിലും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 12.17 ശതമാനം, 9.40 ശതമാനം, 3.67 ശതമാനം എന്നിങ്ങനെയാണ്. **(പട്ടിക 6.1.4).**

**പട്ടിക 6.1.4** കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം 2022-23ൽ (പ്രൊവിഷണൽ)

| മാനേജ്മെന്റ് | മറ്റുള്ളവർ | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| സർക്കാർ | 84.49 | 12.17 | 3.34 |
| സ്വകാര്യ എയ്ഡഡ് | 89.38 | 9.40 | 1.22 |
| സ്വകാര്യ അൺ എയ്ഡഡ് | 95.89 | 3.67 | 0.44 |
| ആകെ | 88.32 | 9.82 | 1.86 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

2022-23 ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 1.86 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. 2022-23ൽ സർക്കാർ/ എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 3.34, 1.22, 0.44 എന്നിങ്ങനെയാണ്. 2022-23 ൽ സംസ്ഥാനത്തെ എസ്‌സി/എസ്ടി വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.11**ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളിൽ 3.25 ശതമാനം പട്ടികജാതിക്കാരും 2.06 ശതമാനം പട്ടികവർഗക്കാരും മാത്രമാണ് സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ ചേർന്നത്. ബാക്കിയുള്ളവർ സർക്കാർ, സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയവരാണ്. സംസ്ഥാനത്ത് ആകെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 59.78 ശതമാനവും പ്രവേശനം നേടിയിരിക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലാണ്.

**കൊഴിഞ്ഞുപോകൽ നിരക്ക്**

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. 2020-21 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് 0.04 ശതമാനമാണ്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 2018 ലെ വിദ്യാഭ്യാസ സ്ഥിതിവിവരകണക്ക് പ്രകാരം എൽ.പി വിഭാഗത്തിലെ ഇന്ത്യയിലെ ശരാശരി കൊഴിഞ്ഞുപോകൽ നിരക്ക് 4.13 ശതമാനവും, യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 4.03, 17.06 ശതമാനവുമാണ്. കേരളത്തിൽ അപ്പർ പ്രൈമറിയെ അപേക്ഷിച്ച് കൊഴിഞ്ഞുപോകൽ നിരക്ക് ലോവർ പ്രൈമറിയിലും ഹൈസ്കൂളിലും കൂടുതലാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലുള്ളത്. കൊഴിഞ്ഞുപോകൽ നിരക്ക് 2017-18 ലെ 0.22 ശതമാനത്തിൽ നിന്ന് 2021-22ൽ 0.05 ശതമാനമായി കുറഞ്ഞതായി **പട്ടിക 6.1.5**ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഈ കുറയുന്ന പ്രവണത കാണാവുന്നതാണ്. (കോവിഡ്-19 കാരണം 2020-21 ലെ ഡാറ്റ ലഭ്യമല്ല).

**പട്ടിക 6.1.5** സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്

| | 2017-18 | 2018-19 | 2019-20 | 2021-22 |
|---|---|---|---|---|
| ആകെ | 0.16 | 0.12 | 0.11 | 0.04 |
| എൽ പി | 0.15 | 0.12 | 0.10 | 0.03 |
| യു പി | 0.1 | 0.07 | 0.06 | 0.02 |
| എച്ച്.എസ് | 0.22 | 0.17 | 0.15 | 0.05 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

സംസ്ഥാനത്തെ ജില്ലകളിൽ ലോവർ പ്രൈമറി തലത്തിൽ കൊഴിഞ്ഞു പോകൽ കൂടുതലുള്ളത് എറണാകുളം ജില്ലയിലാണ് (0.17 ശതമാനം). തൊട്ടു പുറകിൽ ഇടുക്കി ജില്ലയാണ് (0.11 ശതമാനം). അപ്പർ പ്രൈമറി തലത്തിൽ കോട്ടയം (0.10 ശതമാനം) ജില്ലയിൽ ആണ് കൊഴിഞ്ഞു പോകൽ നിരക്ക് കൂടുതൽ ഉള്ളത്. തൊട്ടു പുറകിൽ എറണാകുളം ജില്ലയാണ് (0.09 ശതമാനം), ഹൈസ്കൂൾ തലത്തിൽ ഇടുക്കിയിലാണ് (0.23 ശതമാനം) കൊഴിഞ്ഞു പോകൽ കൂടുതൽ. തൊട്ടു പുറകിൽ വയനാട് ജില്ല ആണ് (0.18 ശതമാനം). 2021-22 ലെ കൊഴിഞ്ഞു പോകൽ നിരക്കുകൾ ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചും **അനുബന്ധം 6.1.12**ൽ കൊടുത്തിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇക്കാലയളവിൽ കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. എന്നിരുന്നാലും ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. (**പട്ടിക 6.1.6**). കേരളത്തിൽ 2021-22 കാലയളവിൽ പട്ടികജാതി വിഭാഗ ത്തിലെ കൊഴിഞ്ഞുപോകൽ നിരക്ക് 0.04 ശതമാ നമായും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കൊഴി ഞ്ഞുപോക്ക് നിരക്ക് 0.30 ശതമാനവുമായും കുറഞ്ഞിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലും (0.14 ശതമാനം) തൊട്ടടുത്ത് വയനാട് ജില്ലയാണ് (0.11 ശതമാനം), പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലും (1.81 ശതമാനം) തൊട്ടടുത്ത് തൃശ്ശൂർ ജില്ലയിലും (1.12 ശതമാനം) ആണ്. 2021-22ൽ കേരളത്തിലെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ ജില്ല തിരിച്ചുള്ളതും മാനേജ്മെന്റ് തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 6.1.13, 6.1.14** എന്നിവയിൽ നൽകിയിരിക്കുന്നു. മലപ്പുറത്തേയും തൃശ്ശൂരിലേയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്ഥിതി കേരളത്തിന്റെ ശരാശരി നിലവാരത്തിലെത്താൻ വളരെയധികം മെച്ചപ്പെടേണ്ടതുണ്ട്.

**പട്ടിക.6.1.6** ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2021-22

| ജില്ല | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0.03 | 0.04 | 0.02 | 0.02 |
| കൊല്ലം | 0.01 | 0.11 | 0.01 | 0.01 |
| പത്തനംതിട്ട | 0.00 | 0.11 | 0.00 | 0.00 |
| ആലപ്പുഴ | 0.03 | 0.00 | 0.01 | 0.01 |
| കോട്ടയം | 0.09 | 0.10 | 0.07 | 0.08 |
| ഇടുക്കി | 0.14 | 0.62 | 0.10 | 0.14 |
| എറണാകുളം | 0.09 | 0.26 | 0.11 | 0.11 |
| തൃശ്ശൂർ | 0.03 | 1.12 | 0.02 | 0.03 |
| പാലക്കാട് | 0.03 | 0.29 | 0.03 | 0.04 |
| മലപ്പുറം | 0.02 | 1.81 | 0.02 | 0.03 |
| കോഴിക്കോട് | 0.01 | 0.06 | 0.02 | 0.02 |
| വയനാട് | 0.10 | 0.25 | 0.01 | 0.07 |
| കണ്ണൂർ | 0.00 | 0.02 | 0.02 | 0.02 |
| കാസർഗോഡ് | 0.09 | 0.06 | 0.02 | 0.03 |
| ആകെ | 0.04 | 0.30 | 0.03 | 0.04 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

### അദ്ധ്യാപകരുടെ എണ്ണം

2021-22ൽ 1,58,637 അദ്ധ്യാപകരാണ് കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. ഇതിൽ 91,219 (57.50 ശതമാനം) അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 14,082 (8.88 ശതമാനം) അദ്ധ്യാപകർ അൺ-എയ്ഡഡ് സ്കൂളുകളിലുമാണ്. ശേഷിക്കുന്ന 53,336 (33.62 ശതമാനം) അദ്ധ്യാപകർ സർക്കാർ സ്കൂളുകളിലാണ്. മൊത്തം അദ്ധ്യാപകരിൽ 50.88 ശതമാനം പേർ ഹൈസ്കൂളിലും, 24.53 ശതമാനം യു.പി യിലും, 24.58 ശതമാനം എൽ. പി. സ്കൂളിലുമാണ്. അതിൽ തന്നെ 73.65 ശതമാനം വനിതകളാണ്. 2021-22 ലെ സ്റ്റേജ് തിരിച്ചും, മാനേജ്മെന്റ് തിരിച്ചും ഉള്ള കേരളത്തിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.15**ൽ ചേർത്തിരിക്കുന്നു.

### സ്കൂളുകളിലെ ഇൻക്ലൂസീവ് വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സ്ഥിതിവിവര ക്കണക്കുകൾ പ്രകാരം 2021-22ൽ കേരളത്തിൽ 45 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കാലയളവിൽ ഈ സ്പെഷ്യൽ സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 3,046 ഉം അദ്ധ്യാപകരുടെ എണ്ണം 642 ഉം ആയിരുന്നു. ആകെയുള്ള 3,046 വിദ്യാർത്ഥികളിൽ 429 പേർ കാഴ്ച വൈകല്യമുള്ളവരും 2,617 വിദ്യാർത്ഥികൾ ബധിരരോ കേൾവിക്കുറവോ ഉള്ളവരുമാണ്. ഇത് കൂടാതെ സംസ്ഥാനത്ത് 328 സ്പെഷ്യൽ സ്കൂളുകൾ, വിവിധ എൻ.ജി.ഒ.കളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും പ്രവർത്തിക്കുന്നുണ്ട്. ഈ 328 സ്കൂളുകളിൽ 40 സ്കൂളുകൾക്ക് ഡിഡിആർഎസ് (ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം) എന്നറിയപ്പെടുന്ന കേന്ദ്ര ഗവൺമെന്റ് സ്കീമിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നു. ബാക്കിയുള്ള 288 സ്കൂളുകൾക്ക് സംസ്ഥാന പദ്ധതികളിൽ നിന്ന് ധനസഹായം ലഭിക്കുന്നു. കൂടാതെ, 61,233 എന്തെങ്കിലും വൈകല്യമുള്ള വിദ്യാർത്ഥികൾ കേരളത്തിലുടനീളമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 36,017 പേർ ആൺകുട്ടികളും 25,216 പേർ പെൺകുട്ടികളുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ എടുക്കുമ്പോൾ, ഐഇഡി വിഭാഗത്തിന് കീഴിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ മലപ്പുറം ജില്ലയിലാണ് (7,271), തൊട്ടുപിന്നിൽ തിരുവനന്തപുരവും (6,705), കൊല്ലവും (6,662) ആണ്. സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം എന്നിവയ്ക്ക് പുറമെ യാത്ര, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിനോദയാത്ര തുടങ്ങിയ ചെലവുക ൾക്കായി സാമ്പത്തിക സഹായവും നൽകുന്നു. വൈകല്യമുള്ളവർക്കായി തടസ്സരഹിത കാമ്പസ്, അനുബന്ധഉപകരണങ്ങൾ, റിസോഴ്സ് സെന്ററുകളിൽ നിന്നുള്ള സേവനങ്ങൾ, റിസോഴ്സ് ടീച്ചർമാരുടെ സേവനം തുടങ്ങി വിവിധ പരിപാടികളും സ്കൂളുകളിൽ സമഗ്രമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നൽകുന്നുണ്ട്.

### കുട്ടികൾ കുറവുള്ള സ്കൂളുകൾ

2022-23 കാലയളവിൽ ശരാശരി 25 കുട്ടികളേക്കാൾ കുറവുള്ള 953 സ്കൂളുകളുണ്ട്. ഇതിൽ 356 എണ്ണം സർക്കാർ സ്കൂളുകളും 597 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 39 സർക്കാർ എൽ. പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 79 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (184 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (126), കണ്ണൂർ (112), ജില്ലകളിലുമാണ്. കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (137) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (96) ജില്ലയുമാണ്. സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികളുള്ള സ്കൂളുകൾ പത്തനംതിട്ട (47) ജില്ലയിലാണ്, തൊട്ടുപിന്നാലെ ആലപ്പുഴ (46), കോട്ടയം (46) ജില്ലകളുമാണ്. എൽ പി സ്കൂൾ മേഖലയിലാണ് ഭൂരിഭാഗവും കുറവു കുട്ടികളുള്ള സ്കൂളുകളുള്ളത്. സർക്കാർ മേഖലയിൽ ഏറ്റവും കറവ് കുട്ടികൾ ഉള്ളത് (93.54 ശതമാനം) കൂടുതലും എൽ.പി.സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (86.26 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ. പി. വിഭാഗത്തിലാണ്. കേരളത്തിലെ കുട്ടികൾ കുറവുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.16**ൽ കൊടുത്തിരിക്കുന്നു.

### കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്)

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്). കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കൈറ്റിന്റെ പരിധിയിലുള്ള പ്രവർത്തനങ്ങളായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണയും പരിപാലന സംവിധാനവും, ഇ-ഗവേണൻസ്, സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നിവയിലൂടെ കൈറ്റ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിച്ചു. കൈറ്റിന്റെ പരിശ്രമത്തോടെ, ഇപ്പോൾ അതിവേഗ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അദ്ധ്യാപകർ എന്നീ പിന്തുണയോടെ ഏറ്റവും പുതിയ ഐ..സി.ടി. ഗാഡ്ജെറ്റുകൾ സംസ്ഥാനത്തെ സ്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്നു, അതുവഴി മൊത്തം ഐ.സി.ടി. പ്രാപ്തമായ പ്രവർത്തന സംവിധാനം ഉണ്ട്.

## 2021–22 കാലയളവിലെ കൈറ്റിന്റെ നേട്ടങ്ങൾ/ ഹൈലൈറ്റുകൾ

### ഫസ്റ്റ് ബെൽ 2.0

കോവിഡ് -19 പാൻഡെമിക് ശമിക്കാത്തതിനാൽ സ്കൂളുകൾ വീണ്ടും തുറക്കുന്നത് വരെ ഡിജിറ്റൽ ക്ലാസുകൾ തുടരാൻ 2021 ജൂണിൽ സർക്കാർ തീരുമാനിച്ചു. അതനുസരിച്ച്, ഫസ്റ്റ് ബെൽ 2.0 എന്ന പേരിൽ ഫസ്റ്റ് ബെൽ ക്ലാസുകളുടെ രണ്ടാം പതിപ്പ് ജൂൺ 1, 2021 ന് സമാരംഭിച്ചു. മുൻ വർഷത്തെപ്പോലെ, കൈറ്റിനെ അതിന്റെ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ ഡിജിറ്റൽ ക്ലാസുകളുടെ വികസനത്തിനും സംപ്രേക്ഷണത്തിനും ചുമതലപ്പെടുത്തി. അധ്യയന വർഷാവസാനം വരെ ഇത് തുടർന്നു, 18,000 ലധികം ഡിജിറ്റൽ ക്ലാസുകൾ വികസിപ്പിക്കുകയും ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുകയും ചെയ്തു.

### ജി സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുന്ന ഓൺലൈൻ ക്ലാസുകൾ

ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾക്ക് പുറമേ, അധിക സാമ്പത്തിക പ്രതിബദ്ധതയില്ലാതെ, എന്നാൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതുമായ ഒരു ജി സ്യൂട്ട് പ്ലാറ്റ്ഫോം ഓൺലൈൻ ക്ലാസുകൾക്കായി പുറത്തിറക്കുന്നതിനായി കൈറ്റ് മുന്നോട്ട് വച്ച നിർദ്ദേശത്തിന് സർക്കാർ അംഗീകാരം നൽകി. കൈറ്റിൽ നിന്നുള്ള ഇൻപുട്ട് അടിസ്ഥാനമാക്കി, kiteschool.in എന്ന പ്രത്യേക ഡൊമെയ്ൻ സൃഷ്ടിച്ച് കൈറ്റിനായി ഗൂഗിൾ വർക്ക്സ്പേസ് ഫോർ എജ്യൂക്കേഷൻ (ജി സ്യൂട്ട്) ഗൂഗിൾ പ്ലാറ്റ്ഫോമിന് അനുസൃതമാക്കി. സൂപ്പർ യൂസറായി ഒരു സംസ്ഥാന അഡ്മിൻ സൃഷ്ടിക്കപ്പെട്ടു. അതിനു താഴെ 14 ജില്ലാ അഡ്മിൻമാരും സ്കൂൾ അഡ്മിനും ഉണ്ടായിരുന്നു. 20 ലക്ഷം വിദ്യാർത്ഥികളും 1 ലക്ഷം അധ്യാപകരും ഈ പ്ലാറ്റ്ഫോമിൽ ലോഗിൻ ചെയ്യുകയും ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തു. ആദ്യ ഘട്ടത്തിൽ, ഈ സംരംഭം 8, 9, 10 ക്ലാസുകളിലേക്ക് വ്യാപിപ്പിച്ചു. രണ്ടാം ഘട്ടത്തിൽ ഇത് പന്ത്രണ്ടാം ക്ലാസിലേക്ക് വ്യാപിപ്പിച്ചു. മൂന്നാം ഘട്ടത്തിൽ പതിനൊന്നാം ക്ലാസും ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം 5,321 സ്കൂളുകൾ ഓൺലൈൻ ക്ലാസുകൾക്കായി ഈ സൗകര്യം ഉപയോഗിച്ചു.

### കൈറ്റ് വിക്ടേഴ്സ് ഏറ്റെടുത്ത കൂടുതൽ കോവിഡ്–19 പ്രതിരോധ നടപടികൾ

കൈറ്റ് വിക്ടേഴ്സ് 'അതിജീവനം' എന്ന തലക്കെട്ടിലുള്ള തത്സമയ ഫോൺ-ഇൻ കം പ്രോഗ്രാമും സംപ്രേഷണം ചെയ്തു. ഈ പ്രോഗ്രാമിലേക്ക് വിളിക്കുന്നവർക്ക് കോവിഡ്-19 പരിശോധന, ക്വാറന്റൈൻ, ഹോം ഐസൊലേഷൻ, ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിൽ അതാത് പ്രദേശങ്ങളിലെ വിദഗ്ധരുമായും ഡോക്ടർമാരുമായും സംവദിക്കാൻ കഴിഞ്ഞു. ബാക്ക്-ടു ബേസിക് കാമ്പെയ്ൻ, സ്വീകരിക്കേണ്ട പ്രതിരോധ നടപടികൾ, എസ്എംഎസ് (സോപ്പ്, മാസ്ക്, സോഷ്യൽ ഡിസ്റ്റൻസിംഗ്), ബ്രേക്ക്-ദ ചെയിൻ, ബാക്ക്-ടു ബേസിക് എന്നിങ്ങനെയുള്ള വ്യത്യസ്ത കാമ്പെയ്നുകൾ, കോവിഡ് വാക്സിനേഷൻ, വ്യത്യസ്ത വാക്സിനുകൾ, അവയുടെ സംരക്ഷണം, ഫലപ്രാപ്തി, അളവ് വിശദാംശങ്ങൾ, വാക്സിനേഷൻ രജിസ്ട്രേഷൻ നടപടിക്രമം, വൈറസ് മ്യൂട്ടേഷൻ, ഇ-സഞ്ജീവനി ടെലിമെഡിസിൻ എന്നിവയും വിഷയങ്ങളിൽ ഉൾപ്പെടുന്നു.

### ഭിന്നശേഷിയുള്ളവർക്കായി ഓഡിയോ ബുക്കുകളും സൈൻ അഡാപ്റ്റഡ് ക്ലാസുകളും

എല്ലാവരേയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ഉറപ്പാക്കാൻ, 10,12 ക്ലാസുകളിലെ ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്കും കാഴ്ച വൈകല്യമുള്ളവർക്കും സൈൻ അഡാപ്റ്റഡ് ക്ലാസുകൾക്കുമായി കൈറ്റ് ഓഡിയോ ബുക്കുകൾ വികസിപ്പിച്ചെടുത്തു, ഇത് ഫെബ്രുവരി 11, 2022ന് വിദ്യാഭ്യാസ മന്ത്രി പുറത്തിറക്കി.

കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകളുടെ തുടർച്ചയായിരുന്നു ഇത്. പ്ലസ് ടു ക്ലാസുകൾക്കുള്ള ഓഡിയോ ബുക്കുകൾക്ക് ഒരു വിഷയത്തിന് ശരാശരി 1.5 മണിക്കൂർ ദൈർഘ്യമുണ്ട്, അവ റേഡിയോ പ്രോഗ്രാം കേൾക്കുന്നത് പോലെ ആസ്വാദ്യകരമായ രീതിയിൽ കേൾക്കാനും എംപി3 ഫോർമാറ്റിൽ എളുപ്പത്തിൽ ഡൗൺലോഡ് ചെയ്യാനും പങ്കിടാനുമാകും. ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി സൈൻ അഡാപ്റ്റഡ് ക്ലാസുകൾക്കൊപ്പം കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക ഊന്നൽ നൽകുന്നതും എല്ലാ വിദ്യാർത്ഥികൾക്കും സുഖമായി കേൾക്കാവുന്നതുമായ ഓഡിയോ ബുക്കുകൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ഉൾപ്പെടുത്തൽ ഉറപ്പാക്കുന്നതിൽ കേരളം വലിയ കുതിച്ചുചാട്ടം നടത്തി.

### കൈറ്റിന്റെ പുതിയ പതിപ്പ് ജിഎൻയു/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം (20.04) പുറത്തിറങ്ങി

കൈറ്റ് ജിഎൻയു/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം (ഒഎസ്) ന്റെ 20.04 എന്ന പുതിയ പതിപ്പ് 2022 മാർച്ച് 16-ന് മുഖ്യമന്ത്രി പുറത്തിറക്കി. സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാത്രമല്ല, വീടുകളിലെ കമ്പ്യൂട്ടറുകൾ, സർക്കാർ ഓഫീസുകൾ, ഡിടിപി സെന്ററുകൾ സോഫ്റ്റ്‌വെയർ ഡെവലപ്പർമാർ തുടങ്ങിയവയിലും ഈ ഒ.എസ് ഉപയോഗിക്കാം. മലയാളം കമ്പ്യൂട്ടിംഗ്, ഡിടിപി ഗ്രാഫിക്സ് ഇമേജ് എഡിറ്റിംഗ് സോഫ്റ്റ്‌വെയർ, സൗണ്ട് റെക്കോർഡിംഗ്- വീഡിയോ എഡിറ്റിംഗ് 3D ആനിമേഷൻ പാക്കേജുകൾ, പ്രോഗ്രാമിംഗിനുള്ള ഐഡിഇകൾ, ഡാറ്റാബേസ് സെർവറുകൾ തുടങ്ങിയവയിൽ സഹായിക്കുന്ന മലയാളം യൂണിക്കോഡ് ഫോണ്ടുകളുടെ ഒരു വലിയ ശേഖരം ഒഎസ് അവതരിപ്പിക്കുന്നു. വലിയ വിലയുള്ള ഓട്ടോകാഡിനും ടാലിക്കും പകരം ജിഎൻയുകാറ്റയും ലിബ്രെകാഡും സ്വീകരിച്ചുകൊണ്ട് സംസ്ഥാനം വിദ്യാഭ്യാസരംഗത്ത് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പൂർണമായ ഉപയോഗവും നടത്തി. കൈറ്റിന്റെ www.kite.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഓപ്പറേറ്റിംഗ് സിസ്റ്റം സൗജന്യമായി ഡൗൺലോഡ് ചെയ്യാം.

### വിദ്യാകിരണം പരിപാടിയുടെ ഭാഗമായി അധിക ലാപ്ടോപ്പുകളുടെ വിന്യാസം

വിദ്യാകിരണം പരിപാടിയുടെ ഭാഗമായി 10, 12 ക്ലാസുകളിലെ എല്ലാ എസ്.സി, എസ്.റ്റി വിദ്യാർത്ഥികൾക്കും കൈറ്റ് നേരത്തെ 45,313 ലാപ്ടോപ്പുകൾ ലഭ്യമാക്കിരുന്നു. തുടർന്ന് ഈ പരിപാടിയുടെ ഭാഗമായി ലഭിച്ച സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരത്തെയും വയനാട്ടിലെയും സ്കൂളുകളിൽ 477 ലാപ്ടോപ്പുകൾ നൽകി.

### അധ്യാപകർക്കുള്ള ശേഷി വർദ്ധിപ്പിക്കൽ

കൂൾ- (കൈറ്റി-ന്റെ ഓപ്പൺ ഓൺലൈൻ ലേണിംഗ്) പ്ലാറ്റ്ഫോം ഉപയോഗിച്ച് കൈറ്റ് 30,000 അധ്യാപകരെ വിവിധ ഐസിടി കോഴ്സുകളിൽ പരിശീലിപ്പിച്ചിട്ടുണ്ട്.

**ബോക്സ് 6.1.1** ഇ ക്യൂബ് ഇംഗ്ലീഷ് ഇ-ലാംഗ്വേജ് ലാബ്

ഫെബ്രുവരി 17, 2020 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 804/2020/ജി.എജ്യൂ. ശേഷം, 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർധിപ്പിക്കുന്നതിനായി 2022 മാർച്ചിൽ കൈറ്റ് ഫോസ് അടിസ്ഥാനമാക്കിയുള്ള ഇ-ക്യൂബ് ഇംഗ്ലീഷ് ഇ-ലാംഗ്വേജ് ലാബ് പ്രോജക്റ്റ് പുറത്തിറക്കി. ഇ3 (ഇ-ക്യൂബ്) എന്നത് ഇംഗ്ലീഷ് ആസ്വദിക്കുക, മെച്ചപ്പെടുത്തുക, സമ്പന്നമാക്കുക എന്നിവയെ പ്രതിനിധീകരിക്കുന്നു. ഇത് വിദ്യാർത്ഥികളുടെ ഭാഷാപരിജ്ഞാനത്തെ സഹായിക്കുക മാത്രമല്ല, പഠനം കൂടുതൽ രസകരമാക്കുകയും ചെയ്യും. കൈറ്റ് നേരത്തെ നടപ്പിലാക്കിയ ഹൈടെക് പ്രോജക്ട്കളുടെ ഭാഗമായി വിന്യസിച്ചിട്ടുള്ള ഐസിറ്റി ഉപകരണങ്ങൾ ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ പൂജപ്പുര സർക്കാർ അപ്പർ പ്രൈമറി സ്കൂളിൽ മാർച്ച് 11, 2022 ന് ഈ പരിപാടി ആരംഭിച്ചു.

ഇ3 ഇംഗ്ലീഷിന് ഇ-ലൈബ്രറി, ഇ-ലാംഗ്വേജ് ലാബ്, ഇ-ബ്രോഡ്കാസ്റ്റ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഇംഗ്ലീഷ് പുസ്തകങ്ങളുടെ ഡിജിറ്റൽ ലൈബ്രറിയാണ് സമഗ്ര പോർട്ടലിലെ ഇ-ലൈബ്രറി. കുട്ടികൾക്ക് അവരുടെ ഭാഷ ആസ്വദിക്കാനും മെച്ചപ്പെടുത്താനും കഴിയുന്ന പുസ്തകങ്ങളുടെ ഡിജിറ്റൽ കോപ്പികൾ ഈ ലൈബ്രറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. അടുത്തത് ഇ-ലാംഗ്വേജ് ലാബ് ആണ്. ഇത് മൂഡിൽ പ്ലാറ്റ്ഫോമിൽ കൈറ്റ് വികസിപ്പിച്ച ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ ഉള്ളതാണ്. അത് വിദ്യാർത്ഥികൾക്ക് അവരുടെ പഠന ശേഷിയനുസരിച്ച് ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും വായിക്കാനും എഴുതാനും അവസരമൊരുക്കുന്നു.




മൂന്നാമത്തെ ഘടകം ഇ-ബ്രോഡ്കാസ്റ്റ് ആണ്; ഇതിൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലെ പ്രോഗ്രാമുകൾ ഉൾപ്പെടുന്നു. ഇത് ഇന്ററാക്ടീവ് മോഡിലൂടെ പ്രായോഗിക സാഹചര്യങ്ങളിൽ ഇംഗ്ലീഷ് എങ്ങനെ ഉപയോഗിക്കാമെന്ന് വിദ്യാർത്ഥികളെ പഠിക്കാൻ സഹായിക്കുന്നു.

ആഗോള പശ്ചാത്തലത്തിൽ ഏറ്റവും വലിയ ഫോസ് അധിഷ്ഠിത ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയറായി മാറാനുള്ള കഴിവ് ഈ സോഫ്റ്റ്‌വെയറിനുണ്ട്; മാത്രമല്ല ഇത് ഘട്ടംഘട്ടമായി മറ്റു സംസ്ഥാനങ്ങളിലുടനീളം പകർത്താനും കഴിയും. ഭാഷാ ലാബ് സോഫ്റ്റ്‌വെയർ പഠിതാക്കളുടെ ശ്രദ്ധ, വായന, എഴുത്ത് എന്നീ കഴിവുകൾ സംയോജിതമായി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. ദേശീയ വിദ്യാഭ്യാസ നയം 2020 (എൻഇപി -2020) അനുശാസിക്കുന്ന ദർശനത്തെയും പാഠ്യപദ്ധതി പ്രതീക്ഷകളെയും അടിസ്ഥാനമാക്കിയുള്ളതാണ് സോഫ്റ്റ്‌വെയറിലെ നാല് തലത്തിലുള്ള സ്റ്റോറികളും പ്രവർത്തനങ്ങളും. 2022ൽ സ്കൂളുകളിൽ ഇ ലാംഗ്വേജ് ലാബുകളുടെ ഉപയോഗം നടപ്പിലാക്കുന്നതിനായി ഏകദേശം 70,000 അധ്യാപകർക്ക് പരിശീലനം നൽകി.

അവലംബം: കൈറ്റ്

### സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)

പ്രീ സ്കൂൾ മുതൽ സീനിയർ സെക്കന്ററി തലം വരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനായി 'സ്കൂൾ' നെ വിഭാവനം ചെയ്യുന്നതക്കവിധത്തിൽ സ്കൂൾ വിദ്യാഭ്യാസത്തെകുറിച്ചുള്ള ഒരു സംയോജിത പദ്ധതിയാണ് സമഗ്രശിക്ഷ. ഇത്തരമൊരു ഭരണ സംവിധാനം സൃഷ്ടിക്കുന്നതിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധയൂന്നി തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും സഹായിക്കുന്നു. നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം വിപുലീകരിക്കുന്നതിലൂടെ പ്രവേശനം വർദ്ധിപ്പിക്കുക, പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെയും ദുർബല വിഭാഗങ്ങളേയും ഉൾപ്പെടുത്തുന്നതിലൂടെ തുല്യത പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക, സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹികവും ലിംഗപദവിപരവുമായ വിടവുകൾ നികത്തുക, സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും തുല്യത ഉറപ്പാക്കുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾ.

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള, പ്രായത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനുള്ള അക്കാദമിക വിടവ് നികത്തുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് എസ്.എസ്.കെ. ഏറ്റെടുത്തിരിക്കുന്നത്.

### 2021–22 ലെ സമഗ്ര ശിക്ഷ കേരളയുടെ പ്രധാന സംരംഭങ്ങൾ/നേട്ടങ്ങൾ

#### തിരികെ സ്കൂളിലേക്ക്

സമഗ്ര ശിക്ഷാ കേരള, ഡയറ്റ് മലപ്പുറം, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ഐടിഡിപി, വനം വകുപ്പ്, സാമൂഹിക നീതി വകുപ്പ്, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ നിലമ്പൂർ കരുളായി വനത്തിൽ താമസിക്കുന്ന ചോലനായ്ക്കർ വിഭാഗത്തെ 2022 മാർച്ചിൽ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും ആശയങ്ങൾ സംബന്ധിച്ച ശിൽപശാല നടത്തുകയും ചെയ്തു. ഊരുകളിൽ ചോലനായ്ക്കർ ഭാഷ മാത്രം സംസാരിക്കുന്ന കുട്ടികൾക്ക് മലയാളം മനസ്സിലാക്കാൻ പ്രയാസമാണെന്നും കുട്ടികൾക്ക് പഠനത്തിൽ താൽപര്യമില്ലായ്മയുടെ കാരണം മനസ്സിലാക്കിയാണ് ചോലനായ്ക്കർ ഭാഷയിൽ (മലയാള ലിപി) പാഠങ്ങൾ തയ്യാറാക്കിയത്. പ്രദേശത്ത് താമസിക്കുന്ന ആറ് കുടുംബങ്ങളിലെ 13 കുട്ടികൾ സ്കൂൾ പ്രവേശനം നേടാതിരിക്കുകയോ കൊഴിഞ്ഞുപോവുകയോ ചെയ്തിട്ടുണ്ട്. മൂന്ന് പ്രാദേശിക അധ്യാപകരെ കണ്ടെത്തി, പരിശീലനം നൽകി. മെയ് 9, 2022 മുതൽ മെയ് 31, 2022 വരെ

അവരുടെ താമസസ്ഥലത്തിന് സമീപം സംഘടിപ്പിച്ച ഒരു പഠന കേന്ദ്രത്തിലാണ് കുട്ടികൾക്ക് പരിശീലനം നൽകിയത്. 2022-23 അധ്യയന വർഷത്തിൽ സമഗ്രശിക്ഷ കേരളയുടെ ഇടപെടലിലൂടെ ഊരിലെ (വാസസ്ഥലം) എല്ലാ കുട്ടികളേയും സ്കൂളിലെത്തിച്ചു.

**ഉൾപ്പെടുത്തൽ വിദ്യാഭ്യാസം – നിരാമയയും നിയമപരമായ രക്ഷാകർതൃത്വവും**

ബോധവൽക്കരണത്തിന്റെ അഭാവംമൂലം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഒരു ആനുകൂല്യവും ലഭിക്കാതെ പോകരുത് എന്ന ലക്ഷ്യത്തോടെ, സൗത്ത് യുആർസി, തിരുവനന്തപുരം ജില്ല, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കായി നിരാമയ നിയമപരമായ രക്ഷാകർതൃത്വത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടി നടത്തി. പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാ രക്ഷിതാക്കൾക്കും നൽകുകയും സ്പെഷ്യൽ എജ്യുക്കേറ്റർമാർ അതിനുള്ള പ്രവർത്തനങ്ങൾ നടപാക്കുകയും എല്ലാ രക്ഷിതാക്കളും മുടങ്ങാതെ പൂർത്തിയാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിക്കാരായ 85 കുട്ടികൾക്ക് നിയമപരമായ രക്ഷാകർതൃ സർട്ടിഫിക്കറ്റും 125 കുട്ടികൾക്ക് നിരാമയ ഇൻഷുറൻസ് സർട്ടിഫിക്കറ്റും നൽകാൻ സൗത്ത് യുആർസിക്ക് കഴിഞ്ഞു.

**പ്രാരംഭ ഘട്ടത്തിലുള്ള തട്ടുകളുടെ വിന്യാസം**

നേരത്തെയുള്ള കണ്ടെത്തലും ഇടപെടലും ഐ.ഇ.ഡിക്ക് പരമപ്രധാനമാണ്. നേരത്തെ കണ്ടെത്തി ഇടപെടുന്നതിന്റെ ഭാഗമായി പ്രത്യേക അധ്യാപകർ അങ്കണവാടികൾ സന്ദർശിച്ച് സർവേ നടത്തുന്നുണ്ട്.

**വി കാൻ**

കോവിഡ് ലോക്ക്ഡൗണിനും വേനൽ അവധിക്കും ശേഷം കേരളത്തിലെ സ്കൂളുകൾ വീണ്ടും തുറന്നത് വലിയ താൽപര്യവും ആവേശവും ഉണ്ടാക്കി. പൊതുവിദ്യാഭ്യാസ വകുപ്പും സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ബിആർസി പരിധിയിലെ ജിഎച്ച്എസ്എസ് കാക്കവയലിലാണ് ജില്ലാതല പ്രവേശനോത്സവം സംഘടിപ്പിച്ചത്. എസ്എസ്കെ, ഡയറ്റ്, ഡിഡിഇ, ഡിഇഒ, എൽഎസ്ജിഡി, പിടിഎ, കൂടാതെ വിദ്യാർത്ഥി സമൂഹവും ചേർന്ന് ഇതൊരു നല്ല അനുഭവമാക്കി മാറ്റി. വയനാട് ജില്ലയിലെ അമ്പലവയൽ പഞ്ചായത്തിലെ പാംബ്ലയിലെ ലോക്കൽ റിസോഴ്സ് സെന്ററിലെ 25 വിദ്യാർത്ഥികളുടെ സംഘമാണ് പ്രവേശനോത്സവത്തിലെ ആകർഷണകേന്ദ്രം. ഈ വിദ്യാർത്ഥികൾ ചെണ്ടമേളത്തിൽ പ്രൊഫഷണൽ പരിശീലനം നേടിയിരുന്നു (ഒരു ദക്ഷിണേന്ത്യൻ ഡ്രം ഉപകരണമാണ് ചെണ്ട, ഒരു ടീമായി അവതരിപ്പിക്കുന്നു). ചെണ്ടമേളം പരിശീലനത്തിലൂടെയും പ്രകടനത്തിന് അവസരമൊരുക്കുന്നതിലൂടെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ പ്രവേശനവും നിലനിർത്തലും എസ്എസ്കെ സാധ്യമാക്കുന്നു.

**സൗജന്യ യൂണിഫോം**

എല്ലാ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ ആൺകുട്ടികളും ഉൾപ്പെടെ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള എല്ലാ പെൺകുട്ടികൾക്കും രണ്ട് ജോഡി സൗജന്യ യൂണിഫോം നൽകുന്നതിന് ഒരു കുട്ടിക്ക് പ്രതിവർഷം 600/- രൂപ അനുവദിച്ചു. 2021-2022ൽ 7,75,676 കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകി. 4,646 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിച്ചത്.

**സൗജന്യ പാഠപുസ്തകങ്ങൾ**

നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ-ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ബ്രെയിലി പുസ്തകങ്ങളും വലിയ പ്രിന്റ് പുസ്തകങ്ങളും സൗജന്യമായി നൽകി. 2021-2022 ൽ 25,35,976 2 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ നൽകി. ഭിന്നശേഷിയുള്ള വിദ്യാർഥികൾക്കായി സൗജന്യമായി 247 ബ്രെയിലി പുസ്തകങ്ങളും 619 വലിയ പ്രിന്റ് പുസ്തകങ്ങളും വിതരണം ചെയ്തു. എൽ ഇ പി (ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം) കുട്ടിയെ വിവിധ മേഖലകളിൽ ഉയർന്ന തലത്തിലേക്ക് കൊണ്ടുവരാൻ ലക്ഷ്യമിടുന്നു. കുട്ടികളുടെ വിവിധ മേഖലയിലെ പഠന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കി. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരീലി ഹിന്ദി, കുഞ്ഞുവായന, ശാസ്ത്ര കൗതുകം, ഭൂമിശാസ്ത്ര ലാബ്, സയൻസ് പാർക്ക്, ശാസ്ത്രപഥം, നാട്ടരങ്ങ്, ഉല്ലാസഗണിതം, ഗണിതോൽസവം തുടങ്ങിയവ.

**സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി)**

സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി), പ്രീ-സ്കൂൾ മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള എല്ലാ അക്കാദമിക് പ്രോഗ്രാമുകളുടെയും ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ എന്നിവയ്ക്കായി ചുമതലപ്പെട്ടുത്തിയിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള സ്കൂൾ ക്ലാസുകൾക്കുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, പാഠപുസ്തകങ്ങൾ വികസിപ്പിക്കുക, അധ്യാപക പാഠങ്ങൾ, മൂല്യനിർണ്ണയ തന്ത്രങ്ങൾ വികസിപ്പിക്കുക, സേവനത്തിലുള്ള അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും വ്യാപനവും, ഗവേഷണങ്ങൾ നടത്തുക, ഗവേഷണ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക, അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, പ്രത്യേക വിദ്യാഭ്യാസവും ജനസംഖ്യാ വിദ്യാഭ്യാസവും, കലാ വിദ്യാഭ്യാസം, ആരോഗ്യ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

2021-22 ലെ ചില പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്

- 'വീട്ടിലൊരു വിദ്യാലയം' എന്ന മുദ്രാവാക്യവുമായി 'ഫസ്റ്റ് ബെൽ' വഴി ഡിജിറ്റൽ ക്ലാസുകൾ നൽകികൊണ്ട് എസ് സി ഇ ആർ ടി അധ്യയന നേതൃത്വം ഏറ്റെടുത്തു.
- വായനാവസന്തവും അവധിക്കാല സന്തോഷങ്ങളും; പകർച്ചവ്യാധി കാലഘട്ടത്തിൽ സംഘടിപ്പിച്ച നവീന സംരംഭങ്ങളാണ്.
- പ്രീ-സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവർക്കുള്ള വിദ്യാഭ്യാസം എന്നിവയ്ക്കായി സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

- കേരളത്തിലെ കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥി കൾക്കായി നടപ്പിലാക്കിയ ഒരു നൂതന പദ്ധതിയാണ് "ശ്രുതിപദം". മൊത്തം 100 പാഠപുസ്തകങ്ങളും ഹാൻഡ് ബുക്കുകളും ഈ സംരംഭത്തിലൂടെ ഓഡിയോ ബുക്കുകളാക്കി മാറ്റി.
- കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്കായി "മുദ്രികപദം" എന്ന മറ്റൊരു നവീന സംരംഭം നടപ്പിലാക്കി.

**ഹയർ സെക്കന്ററി വിദ്യാഭ്യാസം**

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കന്ററി വിദ്യാഭ്യാസം പുന:ക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഹയർസെക്കന്ററി കോഴ്സുകൾ 1990-91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2022-ൽ സംസ്ഥാനത്ത് 2,077 ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലുണ്ട്. അതിൽ 819 എണ്ണം (39.4 ശതമാനം) സർക്കാർ സ്കൂളുകളും 846 എണ്ണം (40.7 ശതമാനം) എയ്ഡഡ് സ്കൂളുകളും ബാക്കി 412 എണ്ണം (19.9 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകൾ മലപ്പുറത്താണ് (248). തൊട്ടുപിന്നാലെ യഥാക്രമം എറണാകുളവും (209) തൃശ്ശൂരുമാണ് (204).

2022-ൽ ഹയർ സെക്കന്ററി കോഴ്സിൽ 7,221 ബാച്ചുകൾ ഉണ്ട്. 3,83,034 പേരാണ് 2022ൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം നേടിയത്. ഏറ്റവും കൂടുതൽ ബാച്ചുകൾ ഉള്ള മലപ്പുറത്താണ് (1,065) ഏറ്റവും കൂടുതലായി 61,815 വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയതും മലപ്പുറം ജില്ലയിലാണ്. ജില്ല-മാനേജ്മെന്റ് തിരിച്ചുള്ള ഹയർ സെക്കന്ററി സ്കൂളുകളുടേയും ബാച്ചുകളുടേയും എണ്ണം **അനുബന്ധം 6.1.17** ലും ജില്ലകളിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 6.1.18** ലും കാണാം.

2021-22ൽ ഹയർസെക്കൻഡറി കോഴ്സുകളിലെ വിദ്യാർഥികളുടെ വിജയശതമാനം 83.87 ശതമാനമാണ്. 2022-ൽ 3,02,865 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹരായി, അതിൽ 1,68,826 പെൺകുട്ടികളും 1,34,039 ആൺകുട്ടികളുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.19** ൽ നൽകിയിരിക്കുന്നു. ഇക്കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം 59.11 ശതമാനവും പട്ടികവർഗ വിദ്യാർത്ഥികളുടേത് 48.92 ശതമാനവുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.20, 6.1.21** എന്നിവയിൽ നൽകിയിരിക്കുന്നു.

**വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം**

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983-84 കാലഘട്ട ത്തിലാണ്. സ്വയം തൊഴിൽ/വേതന/പ്രത്യക്ഷ തൊഴിലുകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേ ഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. 2022-23ൽ 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്കൂളുകൾ സർക്കാർ മേഖലയിലും 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്.എസ് കൾ ഉള്ള ജില്ല കൊല്ലവും, തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2022-23-ലെ ജില്ല തിരിച്ചുള്ള വി.എച്ച്. എസ്.എസ്.കളും കോഴ്സുകളും **അനുബന്ധം 6.1.22**ൽ കൊടുത്തിരിക്കുന്നു.

മാർച്ച് 2022 ലെ വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 81.85 ശതമാനമാണ്. 2013 മുതൽ 2022 വരെ വി.എച്ച്.എസ്.ഇ. പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും (2015-2022) **അനുബന്ധം 6.1.23, 6.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു.

**ഉന്നത വിദ്യാഭ്യാസം**

കേരളത്തെ ഒരു വിജ്ഞാന സമൂഹമായി വളർത്തിയെടുക്കാൻ തീർച്ചപ്പെടുത്തിയിട്ടുള്ളതിനാൽ വിദ്യാഭ്യാസരംഗത്തെ മെച്ചപ്പെടുത്തിയ നിക്ഷേപവും പരിഷ്കാരങ്ങളും വളരെ പ്രധാനമാണ്. പൊതു വിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനും ഊന്നൽ നൽകിക്കൊണ്ട് വിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള പുരോഗതിയാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങളെക്കുറിച്ച് ശുപാർശകൾ നൽകാൻ ഉന്നത വിദ്യാഭ്യാസത്തിനായി മൂന്ന് കമ്മീഷനുകൾ രൂപീകരിക്കാനുള്ള തീരുമാനം സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ മെച്ചപ്പെടുത്തൽ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട അജണ്ടയാണ് എന്നതിന്റെ തെളിവാണ്. എല്ലാവരേയും ഉൾക്കൊള്ളുന്നതും സാർവത്രികമായി പ്രാപ്യവുമായ ഒരു ഉന്നതവിദ്യാഭ്യാസ സമ്പ്രദായം വികസിപ്പിക്കാൻ കേരളം തുടർച്ചയായി ശ്രമിച്ചിട്ടുണ്ടെങ്കിലും, അക്കാദമിക നിലവാരം, സമഗ്രത, തുല്യത എന്നിവ വർധിപ്പിക്കുന്നതിന് ഗൗരവമായ ഇടപെടലുകൾ ഇനിയും ആവശ്യമാണെന്ന് കൂടുതൽ കൂടുതൽ വ്യക്തമാകുകയാണ്. മാത്രമല്ല, ആഗോള നിലവാരത്തിനും മാറ്റങ്ങൾക്കും അനുസൃതമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായം നവീകരി ക്കേണ്ടതുണ്ട്. കാര്യക്ഷമതയും പ്രതികരണശേഷിയും മെച്ചപ്പെടുത്തുന്നതിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതും പ്രധാനമാണ്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നതിൽ, ഫലാധിഷ്ഠിതമായ ഗവേഷണം, വികസനം, സാങ്കേതികവിദ്യയുടെ കൈമാറ്റം പരിശീലനം എന്നിവ വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ആവശ്യമായ തരത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികച്ച സംഭാവനകൾ ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഒരു അവലോകനം താഴെ കൊടുത്തിരിക്കുന്നു:

**സർവ്വകലാശാലകളും ഉന്നതവിദ്യാഭ്യാസവും**

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ - കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ - പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല, കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. 2020-ൽ കൊല്ലം ആസ്ഥാനമായി സ്ഥാപിതമായ കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ

ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും 2020-ൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും അത്യാധുനിക വിജ്ഞാന മണ്ഡലത്തിലെ വിദ്യാഭ്യാസത്തിന്റേയും ഗവേഷണത്തിന്റേയും ആവശ്യകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളാണ്. ഇതുകൂടാതെ 2005ൽ, സ്ഥാപിതമായ നുവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു. ഐഐടി പാലക്കാട്, ഐഐഎം കോഴിക്കോട്, എഐഎസ്ഇആർ തിരുവനന്തപുരം എന്നിവയാണ് കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന ദേശീയതല സ്ഥാപനങ്ങൾ.

### ആർട്സ് ആന്റ് സയൻസ് കോളേജുകൾ

2021-22 ൽ, 163 സർക്കാർ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളും ഉൾപ്പെടുന്ന 229 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ നിരവധി അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ്ങ് കോളേജുകളും സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉള്ളത് എറണാകുളത്തും തിരുവനന്തപുരത്തുമാണ് (26), തൊട്ടടുത്ത സ്ഥാനം കോട്ടയത്തിനാണ് (24). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ കോളേജുകളുള്ളത് (10) തിരുവനന്തപുരത്തും കോഴിക്കോട്ടുമാണ്. 2021-22ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.25**ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെയും സ്വയംഭരണ കോളേജുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 6.1.26**ൽ നൽകിയിരിക്കുന്നു.

### വിദ്യാർത്ഥികളുടെ പ്രവേശനം

കേരളത്തിലെ നാല് സർവ്വകലാശാലകൾക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2021-22ൽ 3.48 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.27 ലക്ഷം (65.4 ശതമാനം) പെൺകുട്ടികളാണ് **(പട്ടിക 6.1.7)**.

ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 47.7 ശതമാനം പേർ ബി.എ യ്ക്കും, 36.5 ശതമാനം പേർ ബി.എസ്.സി.യ്ക്കും, 15.7 ശതമാനം പേർ ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 65.5 ശതമാനം പെൺകുട്ടികളാണ്. ആൺ-പെൺ തിരിച്ചുള്ള പ്രവേശനം വ്യക്തമാക്കുന്നത് ബി.എ, ബി.എസ്.സി കോഴ്സുകളെക്കാൾ ആൺകുട്ടികൾ തെരഞ്ഞെടുക്കുന്നത് ബി.കോം കോഴ്സാണ് എന്നാണ്. **(ചിത്രം 6.1.3)**.

ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. ഇംഗ്ലീഷിൽ ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ വിഷയം. തൊട്ടു പുറകിൽ സാമ്പത്തിക ശാസ്ത്രം വരുന്നു. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ ആണുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഫിസിക്സിലാണ്; തൊട്ടുപിറകിൽ ഗണിതശാസ്ത്രമാണ്. ബി.എ., ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.27, 6.1.28, 6.1.29** എന്നിവയിൽ നൽകിയിരിക്കുന്നു. 2021-22ൽ 23,109 വിദ്യാർത്ഥികളാണ് ബിരുദാനന്തര ബിരുദ കോഴ്സിന് സംസ്ഥാനത്ത് പ്രവേശനം നേടിയത്. പിജി കോഴ്സുകളിൽ ചേരുന്നവരിൽ 65.6 ശതമാനവും പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി, എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 6.1.30, 6.1.31, 6.1.32** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 6.1.7** ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ബി.എ | 1,44,461 | 93,234 | 51,227 | 64.5 |
| ബി എസ്.സി | 1,10,552 | 74,970 | 35,582 | 67.8 |
| ബി.കോം. | 47,580 | 29,910 | 17,670 | 62.9 |
| ആകെ | 3,02,593 | 1,98,114 | 1,02,347 | 65.5 |
| എം.എ | 16,939 | 10,933 | 6,006 | 64.5 |
| എം.എസ്.സി | 20,919 | 13,241 | 7,678 | 63.3 |
| എം.കോം | 7,106 | 4,947 | 2,159 | 69.6 |
| ആകെ | 44,964 | 29,121 | 15,843 | 64.8 |
| ആകെ മൊത്തം | 3,47,557 | 2,27,235 | 1,20,322 | 65.4 |

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾ


2021-22ൽ സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികജാതി (എസ്സി) വിദ്യാർത്ഥികൾ 32,242 ആണ്, ഇത് മൊത്തം വിദ്യാർത്ഥികളുടെ 9.28 ശതമാനമാണ്. 2021-22ൽ സംസ്ഥാനത്ത് ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം 8,053 ആണ്, ഇത് മൊത്തം വിദ്യാർത്ഥികളുടെ 2.32 ശതമാനമാണ്.

2021-22 ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ **അനുബന്ധം 6.1.33**ൽ കാണാം. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **പട്ടിക 6.1.8** ലും **ചിത്രം 6.1.4** ലും കാണാം.

### സ്കോളർഷിപ്പുകൾ

2021-22ൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രധാനമായും 16 തരം കേന്ദ്ര-സംസ്ഥാനതല സ്കോളർഷിപ്പുകൾ ലഭിക്കുന്നു. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (74,291), ജില്ല മെറിറ്റ് സ്കോളർഷിപ്പ് (41,621), കേരള സംസ്ഥാന സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് (6,500), സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (7,600)എന്നിവയാണ് 2021-22 വർഷത്തിൽ നല്കിയ പ്രധാന സ്കോളർഷിപ്പുകൾ. 2017-18

**ചിത്രം 6.1.3** 2021-22 ലെ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം




അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പുകളുടെ വിവരങ്ങൾ **അനുബന്ധം 6.1.34**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.1.8** 2021-22ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി എസ്.ടി വിദ്യാർത്ഥികൾ


| കോഴ്സ് | ആകെ | ശതമാനം എസ്.സി | ശതമാനം എസ്.ടി | ശതമാനം മറ്റുള്ളവർ |
|---|---|---|---|---|
| ബി.എ | 100 | 7.75 | 2.41 | 89.84 |
| ബി.എസ്.സി | 100 | 11.66 | 1.09 | 87.25 |
| ബി.കോം | 100 | 8.41 | 2.13 | 89.46 |
| ആകെ | 100 | 9.28 | 1.88 | 88.83 |
| എം.എ | 100 | 9.09 | 6.25 | 84.66 |
| എം.എസ്.സി | 100 | 8.51 | 3.86 | 87.63 |
| എം.കോം | 100 | 11.67 | 6.91 | 81.42 |
| ആകെ | 100 | 9.23 | 5.24 | 85.53 |
| ആകെ മൊത്തം | 100 | 9.28 | 2.32 | 88.41 |

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### അദ്ധ്യാപകർ

സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2021-22 ലെ അധ്യാപകരുടെ എണ്ണം 10,493 ആണ്. ഇതിൽ 57.5 ശതമാനം സ്ത്രീകളാണ്. 2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ സർവ്വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.35**ൽ കാണാം. ഇവരിൽ 4,390 പേർ (41.8 ശതമാനം) പി.എച്ച്.ഡി. ബിരുദമുള്ളവരാണ്. വിശദവിവരങ്ങൾ **അനുബന്ധം 6.1.36**ൽ കൊടുത്തിട്ടുണ്ട്. 2022 ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 3,943 പേരാണ് ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്തിരുന്നത്. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.37**ൽ കാണാം.

**ചിത്രം 6.1.4** ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ




ഉറവിടം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റിന്റെ പ്രധാന സംരംഭങ്ങൾ**

കേരളത്തിലെ ഉന്നതവിദ്യാഭ്യാസം കാര്യമായ നയമാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കേരള സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിൽ നവീകരണ സംരംഭങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനായി സംസ്ഥാന തലത്തിൽ മൂന്ന് കമ്മീഷനുകൾ താഴെ പറയുന്ന ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുണ്ട്; i) സംസ്ഥാനത്തെ നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സുപ്രധാന വശങ്ങൾ പരിശോധിക്കുന്നതിനും, ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക എന്ന വലിയ ലക്ഷ്യം കണക്കിലെടുത്ത് സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക. ii) കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷയുടെ നിലവിലെ അവസ്ഥ അവലോകനം ചെയ്യുക. iii) യു.ജി.സി., എൻ.സി.ടി.ഇ., എ.ഐ.സി.ടി.ഇ.യുടെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സർവ്വകലാശാലകളുടെ നിയമങ്ങൾ, വ്യവസ്ഥകൾ, ചട്ടങ്ങൾ, ഓർഡിനൻസുകൾ എന്നിവ പരിശോധിക്കുകയും, പ്രത്യേകിച്ച്, സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന വലിയ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് അവ പുനഃപരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക. മൂന്ന് കമ്മീഷനുകളും ഈ മേഖലയെ നവീകരിക്കുന്നതിന് കൃത്യമായ ശുപാർശകളോടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കമ്മീഷനുകൾ നിലവിലുള്ള ദേശീയ അന്തർദ്ദേശീയ സാഹചര്യങ്ങൾ സമഗ്രമായി പരിശോധിക്കുകയും വിദഗ്ധരുമായും വിവിധ തൽപ്പരകക്ഷികളുമായും വിപുലമായി കൂടിയാലോചിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശകൾ പരിശോധിച്ച് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള നീക്കത്തിലാണ് സർക്കാർ.

**കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സംസ്ഥാനതല ആസൂത്രണത്തിന്റേയും സഹകരണത്തിന്റേയും പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണമെന്ന് ദേശീയ വിദ്യാഭ്യാസ നയം 1986ൽ നിർദ്ദേശിച്ചു. 2007 മാർച്ച് 16 ന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ വന്നു. കൗൺസിൽ സംസ്ഥാനത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ ചിന്താകേന്ദ്രമാണ്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ തുല്യത, പ്രവേശനം, മികവ് എന്നിവ കൊണ്ടുവരുന്നതിനുള്ള നയോപദേശം നൽകുന്നു. കൗൺസിലിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു.

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.
- സംസ്ഥാനസർക്കാർ, സർവ്വകലാശാലകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക.
- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും തുടക്കം കുറിക്കുക
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്വയംഭരണാവകാശത്തിൽ ഇടപെടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുക.

**2021–22 കാലയളവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ**

**സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (സാക്)**

രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ പെടുന്ന അനേകം അഫിലിയേറ്റഡ് സ്ഥാപനങ്ങളെ വിലയിരുത്തി ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള ചുമതല നിറവേറ്റുന്നതിനായി നാഷണൽ അസസ്‌മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും സംസ്ഥാനതല അക്രഡിറ്റേഷൻ മെക്കാനിസം എന്ന ആശയം നിർദ്ദേശിച്ചിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്**

ഈ സ്കീമിന് കീഴിൽ, പ്രൊഫഷണൽ അല്ലാത്ത ബിരുദ കോഴ്സുകൾ പിന്തുടരുന്നതിന് മികച്ച വിദ്യാർത്ഥികൾക്ക് ഓരോ അധ്യയന വർഷത്തിലും 1,000 പുതിയ സ്കോളർഷിപ്പുകൾ നൽകുന്നു. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന അവാർഡ് ജേതാക്കളുടെ സ്കോളർഷിപ്പുകൾ അവരുടെ ബിരുദാനന്തര ബിരുദം പൂർത്തിയാകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ പുതുക്കുന്നതാണ്.

**പാഠ്യപദ്ധതി വികസനത്തിനും പരീക്ഷാ പരിഷ്കരണത്തിനുമായി കേന്ദ്രത്തിന് കീഴിലുള്ള പദ്ധതികളും പരിപാടികളും**

പുതിയ സാമൂഹികവും അക്കാദമികവുമായ മാറ്റങ്ങൾക്കും വെല്ലുവിളികൾക്കും അനുസൃതമായി സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര, അധ്യാപക വിദ്യാഭ്യാസ പരിപാടികളുടെ പാഠ്യപദ്ധതിയിലും സിലബസുകളിലും മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുന്നതിനുള്ള ഉത്തരവാദിത്തം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

**ഇ–ജേണൽ കൺസോർഷ്യം**

രാജ്യത്തെ സ്ഥാപനങ്ങളിലുടനീളമുള്ള ഇ-ജേണലുകളിലേക്കുള്ള സൗജന്യ പ്രവേശനസൗകര്യമാണ് ഇൻഫർമേഷൻ ആൻഡ് ലൈബ്രറി നെറ്റ്‌വർക്ക് സെന്ററുകൾ നൽകുന്നത്; അതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനാകും. സർക്കാർ അല്ലെങ്കിൽ സർവ്വകലാശാലകൾ പൂർണ്ണമായും ധനസഹായം നൽകുന്ന, പ്രസക്തമായ വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാബേസും കുറഞ്ഞ ചെലവിൽ സബ്സ്ക്രൈബുചെയ്യാനാകും. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടെയും പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലൈബ്രറികളുടെ സഹകരണത്തോടെ, സംസ്ഥാനത്ത് ഒരു ലൈബ്രറി ശൃംഖല രൂപീകരിച്ച് വിഭവങ്ങൾ പങ്കിടൽ ഈ സംരംഭം ഉറപ്പാക്കുന്നു. കാൽനെറ്റ് രണ്ട് ലെവലുകൾ ഉൾക്കൊള്ളുന്നു.

i) ഒരു സർവ്വകലാശാലയുടെ ലൈബ്രറികൾ നെറ്റ്‌വർക്ക് ചെയ്യപ്പെടുകയും സർവ്വകലാശാലയുടെ പേരിൽ അറിയപ്പെടുകയും ചെയ്യുന്നു.

ii) അഫിലിയേറ്റഡ് കോളേജ് ലൈബ്രറികളുടെ ശൃംഖല കാൽനെറ്റിലേക്ക് ബന്ധിപ്പിക്കുക

**എറുഡൈറ്റ് സ്കീം**

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അവതരിപ്പിക്കുന്ന എറുഡൈറ്റ് പദ്ധതി സർക്കാരിന്റെ ഒരു പ്രധാന പരിപാടിയാണ്. നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ ലോകമെമ്പാടുമുള്ള മികച്ച പണ്ഡിതന്മാരുമായി സംവദിക്കാൻ ഇത് അക്കാദമിക് സമൂഹത്തെ പ്രാപ്തമാക്കുന്നു. സംസ്ഥാനത്തെ വിവിധ സർവകലാശാലകളും കോളേജുകളും മുഖേന പദ്ധതി നടപ്പാക്കുന്നതിനുള്ള ഏകോപന ഏജൻസിയായി കെ.എസ്.എച്ച്.ഇ.സി. പ്രവർത്തിക്കുന്നു.

**കേരള ചരിത്രഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)**

ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കെ.സി.എച്ച്.ആർ. കേരള സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രമായ ഇത് ഇന്ത്യയിലേയും വിദേശത്തേയും പ്രമുഖ സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ഉഭയകക്ഷി അക്കാദമിക, വിനിമയ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന് രണ്ട് വ്യത്യസ്ത കാമ്പസുകൾ ഉണ്ട് - ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് പട്ടണത്തും. ആദ്യത്തേതിൽ ഒരു ലൈബ്രറിയും റിസോഴ്സ് സെന്ററും ഉണ്ട്; ഡിജിറ്റൽ ലൈബ്രറിയും ശേഖരവും ഉൾപ്പെടുത്തുന്നതിനായി അതിനെ കൂടുതൽ വികസിപ്പിച്ചുവരുന്നുണ്ട്.

**2021–22 കാലയളവിൽ KCHR–ന്റെ പ്രധാന പ്രവർത്തനങ്ങൾ**

പ്രളയ ശേഖരങ്ങളും ഓർമ്മകളും, ദൃശ്യപരത, നഗരദൃശ്യങ്ങൾ, പൊതുചരിത്രം: സമകാലിക കേരളത്തിന്റെ ചിന്താരീതികൾ, കേരളത്തിലെ വിദ്യാഭ്യാസ ചരിത്രം, പട്ടണം പുരാവസ്തു കണ്ടെത്തലുകളെക്കുറിച്ചുള്ള ഉത്ഖനനാനന്തര പഠനങ്ങൾ, കൊളോണിയൽ അനന്തര പഠനങ്ങൾ തുടങ്ങിയവയാണ് കെസിഎച്ച്ആർ ഏറ്റെടുത്തിരിക്കുന്ന വിവിധ ഗവേഷണ പദ്ധതികൾ. 2020 നും 2022 നും ഇടയിൽ കെ.സി.എച്ച്.ആർ പട്ടണം കാമ്പസിൽ ഒരു സ്കൂൾ ഓഫ് എപ്പിഗ്രാഫിക്കൽ സ്റ്റഡീസ് ആരംഭിച്ചു. ആദ്യകാല ആധുനിക ഡച്ച് ലിപിയുടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കോസ്മോസ് മലബാറിക്കസ് പദ്ധതിയുടെ ഭാഗമായി 2022ൽ കെസിഎച്ച്ആർ, നെതർലാൻഡ്സിലെ ലൈഡൻ സർവകലാശാലയുമായും നെതർലാൻഡ്സിലെ നാഷണൽ ആർക്കൈവ്സുമായും ധാരണാപത്രം ഒപ്പുവച്ചു.

**കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്റ്റും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമും (അസാപ്)**

2014 മുതൽ ഹയർ സെക്കൻഡറി, ബിരുദ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഡിബി ധനസഹായമുള്ള ഒരു പദ്ധതിയാണ് അസാപ്. 2014 മുതൽ 2020 വരെ ഓഫ്‌ലൈൻ രീതിയിൽ നൈപുണ്യ വികസന കേന്ദ്രങ്ങളിലൂടെയും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലൂടെയും 2 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. 2021 ജനുവരിയിൽ സർക്കാർ അതിനെ അസാപ് കേരള എന്ന സെക്ഷൻ-8 കമ്പനിയാക്കി മാറ്റി. കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടിട്ടും തുടർന്നുള്ള ലോക്ക്ഡൗണുകൾക്കിടയിലും, വ്യവസായവുമായി ബന്ധപ്പെട്ടതും തൊഴിൽ അധിഷ്ഠിതവും നൂതന തലത്തിലുള്ളതുമായ നൈപുണ്യ കോഴ്സുകളും വിദേശ ഭാഷകളിലെ പരിശീലനവും ഓൺലൈനിലും ഡിജിറ്റലും അല്ലാത്തതുമായ രൂപത്തിലും വ്യവസായത്തിന്റെ സ്ഥാപിത പരിശീലന പങ്കാളിത്തത്തോടെ നൽകുന്നു.

**2021–22 കാലയളവിൽ അസാപിന്റെ പ്രധാന നേട്ടങ്ങൾ/ പ്രകടനം**

**അഡ്വാൻസ്ഡ് ലെവൽ സ്കിൽ കോഴ്സുകൾ ഓൺലൈനിൽ**

132 ബാച്ചുകളിലായി 3,711 വിദ്യാർത്ഥികൾക്ക് അഡ്വാൻസ്ഡ് ലെവൽ ഓൺലൈൻ ടെക്നിക്കൽ കോഴ്സുകളിലും 132 ബാച്ചുകളിലായി മൊത്തം 2,805 വിദ്യാർത്ഥികൾക്ക് ഓൺലൈൻ നോൺ ടെക്നിക്കൽ കോഴ്സുകളിലും പരിശീലനം നൽകി.

**വിദേശ ഭാഷാ പരിശീലനം**

ലോക്ക്ഡൗൺ സമയത്ത് ജർമ്മൻ ഭാഷയിൽ 72 വിദ്യാർത്ഥികൾക്കും ഫ്രഞ്ചിൽ 124 പേർക്കും ജാപ്പനീസ് ഭാഷയിൽ 75 പേർക്കും ഓൺലൈനായി ഭാഷാ പരിശീലനം നൽകി.

**കാമ്പസിലെ വ്യവസായം (ഐഒസി)**

സിഎൻസി വെർട്ടിക്കൽ മില്ലിംഗ് മെഷീൻ, സിഎൻസി ലാത്ത്, ലേസർ കട്ടറുകൾ, ടിഐജി-എംഐജി വെൽഡിംഗ് സ്റ്റേഷനുകൾ, റോബോട്ടിക്സ് ലാബുകൾ, ഫാബ് ലാബുകൾ തുടങ്ങി സർക്കാർ പോളിടെക്നിക് കോളേജുകളിൽ 6.5 കോടി രൂപയുടെ ഉപകരണങ്ങൾ അസാപ് കേരള സ്ഥാപിച്ചു. മാത്രമല്ല, അസാപ് കേരള കാമ്പസിൽ വ്യവസായസംരംഭം ആരംഭിച്ചു. ഈ ഉപകരണം ഉപയോഗിക്കുന്നതിനും അവർക്ക് തൊഴിൽ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വ്യവസായവുമായുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു സംരംഭമാണ്. അതിലൂടെ വിദ്യാർത്ഥികൾക്ക് വ്യവസായ ചലനാത്മകത ലഭ്യമാക്കുകയും പഠനത്തോടൊപ്പം സമ്പാദിക്കുക എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനും കാമ്പസിലെ വ്യവസായത്തിന്റെ പ്രായോഗിക മാതൃകയിലൂടെ ബിസിനസ്സ് നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നു.

**പ്ലെയ്സ്മെന്റ്**

2021-22 സാമ്പത്തിക വർഷത്തിൽ, അസാപ് കേരള വഴി മൊത്തം 1,056 ഉദ്യോഗാർത്ഥികൾക്ക് പ്രമുഖ ബഹുരാഷ്ട്ര കമ്പനികളിൽ നിയമനം ലഭിക്കുകയും 127 ഉദ്യോഗാർത്ഥികൾക്ക് സർക്കാർ വകുപ്പുകളിലും എൽ എസ് ജി ഡി, കില, മലിനീകരണ നിയന്ത്രണ ബോർഡ്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി, കെ കെഡബ്ല്യുഎ, കെഎസ്ഐഡിസി, കെഐഐഡിസി, കെഎസ്സിഎഡിസി. തുടങ്ങിയ സ്ഥാപനങ്ങളിലും ഇന്റേൺഷിപ്പ് അവസരങ്ങൾ ലഭിക്കുകയും ചെയ്തു.

**ഗ്രാമീണ വനിതകളെ പരിശീലിപ്പിക്കാൻ 'വായനശാല'**

ഏണസ്റ്റ് ആൻഡ് യങ്ങുമായി സഹകരിച്ച് ആരംഭിച്ച അസാപ് കേരളയുടെ വായനശാല പദ്ധതി ഗ്രാമീണ ഉദ്യോഗാർത്ഥികളെ ഗിഗ് വർക്കിൽ പരിശീലിപ്പിക്കാനും

തുടർന്ന് അവർക്ക് മൂന്ന് മാസത്തേക്ക് വെർച്വൽ ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകാനും ലക്ഷ്യമിടുന്നു.

**അസാപ് സെല്ലുകൾ**
വിദ്യാർത്ഥികൾക്ക് വ്യക്തിപരവും സാമൂഹ്യവും ബൗദ്ധികവുമായ വളർച്ചയ്ക്ക് ഒരു വെർച്വൽ പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള 800 ലധികം അക്കാദമിക് സ്ഥാപനങ്ങളിൽ അസാപ് സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊഴിലിലും വൈദഗ്ധ്യത്തിലും ആഗോള പ്രവണതകൾ അവർക്ക് മുന്നിൽ തുറന്നു കാട്ടപ്പെടുന്നു.

**കമ്മ്യൂണിറ്റി കോളേജുകൾ**
കമ്മ്യൂണിറ്റി കോളേജ് പ്രോജക്ടിന്റെ ആദ്യ ബാച്ചിലേക്കുള്ള പ്രവേശനം 2021-22ൽ ജിപിസി ആറ്റിങ്ങൽ, ജിപിസി നാട്ടകം, ഐപിടി, ജിപിസി ഷൊർണ്ണൂർ എന്നീ മൂന്ന് കോളേജുകളിൽ നടത്തി. എഐസിറ്റിഇ അംഗീകൃത ഡിവോക് പ്രോഗ്രാമുകൾ വിദ്യാർത്ഥികൾക്ക് വാഗ്ദാനം ചെയ്യുന്നു, അവരുടെ സി എസ്ആർ സംരംഭത്തിന്റെ ഭാഗമായി യോഗ്യരായ വിദ്യാർത്ഥികളുടെ ഫീസ് ഫെഡറൽ ബാങ്ക് സബ്സിഡിയായി നൽകി. കമ്മ്യൂണിറ്റി കോളേജുകൾ പ്രാദേശിക നൈപുണ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം പ്രാദേശിക ജനസംഖ്യയുടെ നൈപുണ്യ വിടവ് പരിഹരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ബാഹ്യ ഫണ്ട് പിന്തുണയിലൂടെ നൈപുണ്യ വികസനം**
ഉയർന്ന കോഴ്സുകളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിന് അസാപ് കേരള, നബാർഡ്, നോർക്ക തുടങ്ങിയ ബാഹ്യ ഏജൻസികളുമായി സഹകരിക്കുന്നുണ്ട്. നബാർഡിന്റെ ധനസഹായത്തോടെ ഗ്രാഫിക് ഡിസൈനർ പ്രോഗ്രാമിൽ 58 ഉദ്യോഗാർത്ഥികൾക്കും നോർക്ക ഫണ്ട് ഉപയോഗിച്ച് ക്ലൗഡ് കംപ്യൂട്ടിംഗിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും 150+ ഉദ്യോഗാർത്ഥികൾക്കും അസാപ് കേരള പരിശീലനം നൽകി.

**എൽഎസ്ജിഐകളുമായുള്ള സഹകരണം**
സംസ്ഥാനത്തെ വിവിധ എൽഎസ്ജിഐ കളുമായി ചേർന്ന് നൈപുണ്യത്തിന്റെ ഒരു പുതിയ മാതൃക അസാപ് കേരള സൃഷ്ടിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷമുള്ള വിദ്യാഭ്യാസ അന്തരമുള്ള സ്ത്രീകൾക്കായി അസാപ് കേരളയുടെ ഇത്തരത്തിലുള്ള ആദ്യത്തെ ഉന്നത വിദ്യാഭ്യാസ നൈപുണ്യ ഇടപെടൽ മാതൃകയാണ് ദർപ്പണം.

ഏപ്രിൽ 01, 2021 മുതൽ മാർച്ച് 31, 2022 വരെ അസാപ് വിദ്യാർത്ഥികൾക്ക് നൽകിയ സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ: 2021-ലെ എൻസിവിഇറ്റി യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഡിജിലോക്കർ പോർട്ടലിലൂടെ അസാപ് കേരള ഡിജി സർട്ടിഫിക്കേഷനിലേക്ക് മാറ്റി.

**രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)**
ആസൂത്രിതമായ വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവേശനം, തുല്യത, നിലവാരം എന്നിവ സംസ്ഥാന തലത്തിൽ മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ അക്കാദമിക് സ്ഥാപനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ളവ വികസിപ്പിക്കുക, നവീകരിക്കുക, പ്രൊഫഷണലായി നിയന്ത്രിക്കുന്നതും ഗവേഷണോന്മുഖമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ വികസിപ്പിക്കുക, ദേശീയമായിത്തന്നെ പ്രസക്തിയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുക എന്നിവയാണ് റൂസയുടെ ലക്ഷ്യങ്ങൾ.

റൂസ ഒന്നാം ഘട്ടം 2014ൽ ആരംഭിക്കുകയും 199.57 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകരിച്ചതിൽ 2022 വരെ 173.94 കോടി രൂപ അനുവദിച്ചു. റൂസയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി, 6 സർവകലാശാലകൾക്കും 28 കോളേജുകൾക്കും അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, നിലവിലുള്ള കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളാക്കി ഉയർത്തൽ, മറ്റ് നിരവധി കോളേജുകൾക്കുള്ള ഇക്വിറ്റി സംരംഭങ്ങൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു.

റൂസ രണ്ടാം ഘട്ടം 2018ൽ ആരംഭിക്കുകയും 363.00 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിൽ 2022 വരെ 147.00 കോടി രൂപ അനുവദിച്ചു. വയനാട് മാനന്തവാടിയിൽ ഒരു റൂസ മോഡൽ ഡിഗ്രി കോളേജ്, ഗുണനിലവാരവും മികവും വർദ്ധിപ്പിക്കുന്നതിന് 5 സ്വയംഭരണ കോളേജുകൾ, അടിസ്ഥാന സൗകര്യ ഗ്രാന്റുകൾക്കായി 113 കോളേജുകൾ, 2 സർവ്വകലാശാലകൾക്ക് ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു.

**സാങ്കേതിക വിദ്യാഭ്യാസം**
സമൂഹത്തിന്റെ നേട്ടത്തിനായി സാങ്കേതികവിദ്യയുടെ ഉപയോഗം, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി വ്യവസായ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ എന്നിവയാണ് സാങ്കേതികവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിലൂടെ സുസ്ഥിര വികസനത്തിനും സാമൂഹ്യ ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ പ്രാപ്തമാക്കുന്നതിന് സാധിക്കുന്നു. വിദ്യാർത്ഥികൾക്കിടയിൽ നൂതന ചിന്തയും സംരംഭകത്വ വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു.

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ചു വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.38**ൽ കൊടുത്തിരിക്കുന്നു.

**എഞ്ചിനീയറിംഗ് കോളേജുകൾ**
2021-22 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 174 എഞ്ചിനീയറിംഗ് കോളേജുകളിലായി 46,712 പേർ പ്രവേശനം നേടി. ഇതിൽ 162 എണ്ണം (93.1 ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9 എണ്ണം (5.1 ശതമാനം) സർക്കാർ കോളേജുകളും, 3 എണ്ണം (1.7 ശതമാനം) ഗവൺമെന്റ് എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (29 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (27 എണ്ണം) ജില്ലയിലാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ്

**ബോക്സ് 6.1.2** സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്റ്റുഡന്റ് അഫയേഴ്സ് ആൻഡ് കൗൺസിലിംഗ് സെന്ററും (എസ്.എ.സി.സി.), ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെല്ലും (എച്ച്.ആർ.ഡി.സി.)

സ്റ്റുഡന്റ് അഫയേഴ്സ് ആൻഡ് കൗൺസലിംഗ് സെന്ററും (എസ്.എ.സി.സി.), ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെല്ലും (എച്ച്ആർഡിസി) മാനവ വിഭവശേഷി വികസനത്തിന് സമഗ്രവും സമയബന്ധിതവുമായ സമീപനം സുഗമമാക്കുന്നതിന്, എഞ്ചിനീയർമാർക്ക് പ്രൊഫഷണൽ സാങ്കേതിക വൈദഗ്ധ്യം, സാമൂഹ്യ അവബോധം, മികച്ച സമ്പൂർണ്ണ വ്യക്തിത്വം എന്നിവ ഉണ്ടെന്ന് ഉറപ്പാക്കുന്നു.

വിദ്യാർത്ഥികളെ പൂർണ്ണ ശേഷിയോടെ പ്രവർത്തിക്കാൻ പ്രാപ്തരാക്കുകയും ആത്മവിശ്വാസവും ഉത്തരവാദിത്തവുമുള്ള വ്യക്തികളായി വികസിപ്പിക്കാൻ സഹായിക്കുകയും ചെയ്തുകൊണ്ട് മാനസിക/വൈകാരിക ക്ഷേമം പരിപാലിക്കാൻ ഉദ്ദേശിച്ചുള്ള പരിപാടിയാണ് സ്റ്റുഡന്റ് അഫയേഴ്സ് ആൻഡ് കൗൺസിലിംഗ് സെന്റർ. എസ്.എ.സി.സി. യുടെ കൗൺസിലിംഗ് സെല്ലിൽ, കൗൺസിലർമാരും സൈക്കോളജിസ്റ്റുകളും ഉൾപ്പെടെയുള്ള പ്രൊഫഷണലുകളെ ഉൾപ്പെടുത്തുകയും, സമയബന്ധിതമായി കൗൺസിലിംഗ് നൽകുകയും വിദ്യാർത്ഥികളുടെ മാനസിക/വൈകാരിക ക്ഷേമം ഉറപ്പാക്കുകയും ചെയ്യുന്നു. അധ്യാപകരുമായും രക്ഷിതാക്കളുമായും/പ്രാദേശിക രക്ഷിതാക്കളുമായും ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ എല്ലാ കാര്യങ്ങളെയും കേന്ദ്രം പിന്തുണയ്ക്കുകയും വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങളിൽ ആവശ്യമായ സഹായം നൽകുകയും മാനസിക/വൈകാരിക ക്ഷേമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അടിസ്ഥാന അവബോധം വർദ്ധിപ്പിക്കുന്നതിന് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

പ്രൊഫഷണലിസത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയുടെയും ശരിയായ സംയോജനത്തിലൂടെ വിദ്യാർത്ഥികളെ മൊത്തത്തിലുള്ള സമതുലിതമായ വ്യക്തിത്വങ്ങളാക്കി മാറ്റുന്നതിന് അനുകൂലമായ അന്തരീക്ഷം വളർത്തിയെടുക്കാൻ സ്ഥാപനത്തിൽ നിലവിലുള്ള ഫോറങ്ങൾ/പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും പൂർവ്വവിദ്യാർത്ഥികൾ, വ്യവസായം, പ്രൊഫഷണൽ സൊസൈറ്റികൾ, സർക്കാർ പ്രോഗ്രാമുകൾ എന്നിവയുടെ സഹായത്തിലൂടെയും രൂപപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെൽ (എച്ച്.ആർ.ഡി.സി.) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അദ്ധ്യാപകരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ അവ ഏർപ്പെട്ടിരിക്കുന്നു. അവ; i) പുതിയ തലമുറയിലെ വിദ്യാർത്ഥികൾ, അവരുടെ ശക്തി, ബലഹീനതകൾ, ആശയങ്ങൾ, മുൻഗണനകൾ, പ്രശ്നങ്ങളും ആശങ്കകളും ii) കൗമാരക്കാരുടെ മനഃശാസ്ത്രം മനസ്സിലാക്കുക iii) സാമൂഹ്യ-സാംസ്കാരിക-ലിംഗപദവിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക. iv) അവരെ അവരുടെ പൂർണ്ണതയിൽ ഉയരാൻ പ്രാപ്തരാക്കുക എന്നിവയാണ്. വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ഉചിതമായ മികച്ച സമ്പ്രദായങ്ങൾ ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രൊഫഷണൽ കൺസൾട്ടന്റുമാരെയും പ്രാക്ടീഷണർമാരെയും വിഷയ വിദഗ്ധരെയും സെൽ ഉൾപ്പെടുത്തും. സാമൂഹിക-സാമ്പത്തിക-ലിംഗപദവി വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുകയും എല്ലാ മേഖലകളിലും ഭിന്നശേഷിക്കാരുടെ പ്രവേശനം പ്രാപ്യമാക്കുകയും ചെയ്യുന്ന സമഗ്രതയുടെ സംസ്കാരം വികസിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ സെൽ ഏറ്റെടുക്കും.

ഉറവിടം: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം **അനുബന്ധം 6.1.39**ൽ ചേർത്തിട്ടുണ്ട്. 2021-22 ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 3,570 ആണ് (7.6 ശതമാനം). ഇത് എയ്ഡഡ് കോളേജുകളിൽ 1,970 (4.2 ശതമാനം)ഉം, അൺഎയ്ഡഡ് കോളേജുകളിൽ 41,172 (88.1 ശതമാനം) ഉം ആയിരുന്നു.

2022-23 ൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ളത് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (9,384) തുടർന്ന്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് (8,409), സിവിൽ എഞ്ചിനീയറിംഗ് (7,938), ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് (6,951) വിഭാഗത്തിലുമാണ്. എന്നാൽ 2021-22 ഏറ്റവും കൂടുതൽ സീറ്റുകൾ ഉണ്ടായിരുന്നത് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ശാഖയിലാണ് (9,335). 2022-23 ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭാഗത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.40**ൽ ചേർത്തിരിക്കുന്നു.

ലിംഗപദവിയുമായി ബന്ധപ്പെട്ട വസ്തുതകൾ:ബിരുദ തലത്തിൽ പെൺകുട്ടികളുടെ പ്രവേശനത്തിന്റെ അനുപാതം 2021-22 ൽ 47.3 ശതമാനമാണ്. 2021-22ൽ 1,395 വിദ്യാർത്ഥികൾക്ക് സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സിൽ പ്രവേശനം ലഭിച്ചു. സർക്കാർ-എയ്ഡഡ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 64 ശതമാനം പെൺകുട്ടികളാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.41** ലും **6.1.42** ലും ചേർത്തിരിക്കുന്നു.

**എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്**

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് മികവ് ഉയർന്നതും പ്രശംസനീയവുമാണ്, ഉയർന്ന വിജയശതമാനവും പ്രശസ്ത സ്ഥാപനങ്ങളിലെ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കുമാണ് ഇതിന് കാരണം.

സർക്കാർ എയ്ഡഡ് കോളേജുകൾ മറ്റെല്ലാവിഭാഗത്തേക്കാളും (സർക്കാർ, സർക്കാർ സ്വാശ്രയ, സ്വകാര്യ സ്വാശ്രയ ധനസഹായം) മികച്ച പ്രകടനം കാഴ്ചവച്ച് 72.75 ശതമാനം വിജയവും സ്വകാര്യ സ്വയംഭരണ കോളേജുകൾ 69.12 ശതമാനവും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ 68.11 ശതമാനവും നേടി. സർക്കാർ സ്വാശ്രയ കോളേജുകളുടെ വിജയശതമാനം (54.18 ശതമാനം) 43.25 ശതമാനം നേടിയ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളേക്കാൾ മുകളിലാണ്.

ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ പെൺകുട്ടികൾ 66.59 ശതമാനം വിജയം നേടി. രജിസ്റ്റർ ചെയ്ത ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളേക്കാൾ കൂടുതലാണെങ്കിലും ആൺകുട്ടികളുടെ വിജയശതമാനം പെൺകുട്ടികളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ് **(പട്ടിക 6.1.9)**. എസ്.സി, എസ്.ടി വിദ്യാർത്ഥികളുടെ വിജയ ശതമാനം (24.78

**പട്ടിക 6.1.9** ബി.ടെക് ഫലം, 2022

| മാനേജ് മെന്റ് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
| സർക്കാർ | 2,089 | 1,330 | 63.82 | 1,394 | 1,039 | 74.53 | 3,483 | 2,369 | 68.11 |
| ഗവൺമെന്റ് എയ്ഡഡ് | 1,249 | 837 | 67.01 | 718 | 594 | 82.73 | 1,967 | 1,431 | 72.75 |
| സർക്കാർ സ്വയംഭരണം | 2,123 | 945 | 44.77 | 1,674 | 1,105 | 66.05 | 3,797 | 2,050 | 54.18 |
| സ്വകാര്യ സ്വാശ്രയം | 9,457 | 3,149 | 33.33 | 5,424 | 3,282 | 60.54 | 14,881 | 6,431 | 43.25 |
| സ്വകാര്യ സ്വയംഭരണം | 1,057 | 635 | 60.13 | 618 | 522 | 84.47 | 1,675 | 1,157 | 69.12 |
| ആകെ | 15,975 | 6,896 | 43.24 | 9,828 | 6,542 | 66.59 | 25,803 | 13,438 | 52.14 |

അവലംബം: കേരള സാങ്കേതിക സർവകലാശാല, 2022

ശതമാനവും 29.21 ശതമാനവും യഥാക്രമം) സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നുള്ളത് ആശങ്കാജനകമാണ് **(പട്ടിക 6.1.10)**.

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് റെക്കോർഡും താരതമ്യേന ഉയർന്നതാണ്. ഗേറ്റ്, കാറ്റ് മുതലായ മത്സരപരീക്ഷകളിലൂടെ ധാരാളം വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടുന്നു. മിക്ക വിദ്യാർത്ഥികൾക്കും വിപ്രോ, മഹീന്ദ്ര, ടി.സി.എസ്, ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. 2021-22 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റിയുടെ എണ്ണം 34 ആണ്. 2021-22 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടികളും പ്ലേസ്മെന്റ് വിശദാംശങ്ങളും **അനുബന്ധം 6.1.43** ലും **6.1.44** ലും നൽകിയിരിക്കുന്നു.

**പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും**

കേരളത്തിൽ 45 സർക്കാർ പോളിടെക്നിക്കുകളും, 6 സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് നിലവിലുള്ളത്. ഇവിടങ്ങളിലെ പ്രവേശനം 2021-22ൽ യഥാക്രമം 10,967 ഉം, 1,354 ഉം ആണ്. 2021-22ൽ 32,247 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4,760 വിദ്യാർത്ഥികൾ സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും **അനുബന്ധം 6.1.45** ലും **6.1.46** ലും കാണാം.

2022-23 വർഷത്തിൽ പോളിടെക്നിക്കുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ ട്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ **അനുബന്ധം 6.1.47**ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചത് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (2,030), തുടർന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (2,020), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (1,740), സിവിൽ എഞ്ചിനീയറിംഗ് (1,450), എന്നിവയുമാണ്.

പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 24.4 ശതമാനം പെൺകുട്ടികളാണ്. എന്നാൽ സർക്കാർ, എയ്ഡഡ്, പോളിടെക്നിക്കുകളിൽ ഇത് 25.3 ഉം, 17.6

**പട്ടിക 6.1.10** എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2022

| മാനേജ് മെന്റ് | എസ്.സി | | | എസ്.ടി | | |
|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം |
| സർക്കാർ | 267 | 84 | 31.46 | 39 | 16 | 41.03 |
| ഗവൺമെന്റ് എയ്ഡഡ് | 129 | 50 | 38.76 | 10 | 3 | 30 |
| സർക്കാർ സ്വയംഭരണം | 170 | 19 | 11.38 | 7 | 0 | 0 |
| സ്വകാര്യ സ്വാശ്രയം | 303 | 59 | 19.47 | 32 | 7 | 21.88 |
| സ്വകാര്യ സ്വയംഭരണം | 26 | 9 | 34.62 | 1 | 0 | 0 |
| ആകെ | 895 | 221 | 24.78 | 60 | 26 | 29.21 |

അവലംബം: കേരള സാങ്കേതിക സർവകലാശാല, 2022

**പട്ടിക 6.1.11** പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| സ്ഥാപനം | 2019-20 | | | | 2020-21 | | | | 2021-22 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്. സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
| സർക്കാർ | 8.0 | 1.1 | 91.0 | 100 | 7.46 | 0.83 | 91.7 | 100 | 7.61 | 0.88 | 91.51 | 100 |
| ഗവൺമെന്റ് എയ്ഡഡ് | 5.1 | 0.5 | 94.4 | 100 | 6.5 | 0.40 | 93.1 | 100 | 4.36 | 0.44 | 95.2 | 100 |
| ആകെ | 7.6 | 1.0 | 91.4 | 100 | 7.3 | 0.80 | 91.9 | 100 | 7.20 | 0.83 | 91.97 | 100 |

അവലംബം: കേരള സാങ്കേതിക സർവകലാശാല

ശതമാനവുമാണ്. 2021-22ൽ 1,269 അദ്ധ്യാപകരാണ് സംസ്ഥാനത്തെ പോളിടെക്നിക്കുകളിലുള്ളത്. അധ്യാപികമാരുടെ അനുപാതത്തിലും വളരെ കുറവ് കാണപ്പെടുന്നു (40.9 ശതമാനം). എയ്ഡഡ് പോളിടെക്നിക്കുകളിൽ അധ്യാപികമാരുടെ എണ്ണം 23.4 ശതമാനമാണ്. എന്നിരുന്നാലും സർക്കാർ മേഖലയിൽ ഇത് 45.3 ശതമാനമാണ്, അത് താരതമ്യേന കൂടുതലാണ്.

പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 6.1.48**ൽ കാണാം. 2019-20 മുതൽ 2021-22 വരെ ഇവിടെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ **(പട്ടിക 6.1.11)** വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 6.1.49**ൽ കാണാം.

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2022-23 കാലഘട്ടത്തിൽ ഇവിടെ ആകെ 7,805 വിദ്യാർത്ഥികളും 535 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 34.5 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്കൂളുകളിലെ 2017-18 മുതൽ, 2022-23 വരെയുള്ള വർഷങ്ങളിലെ അധ്യാപക വിദ്യാർത്ഥി വിവരങ്ങൾ **അനുബന്ധം 6.1.50**ൽ കാണാം. 2021-22 വർഷത്തിലെന്നപോലെ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ എസ്‌സി, എസ്ടി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 9.8 ശതമാനവും 0.7 ശതമാനവുമായി തുടരുന്നു. ഇതിന്റെ വിശദവിവരങ്ങൾ **അനുബന്ധം 6.1.51** ലും **6.1.52** ലും ചേർത്തിരിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രവേശനം, തുല്യത, മികവ് എന്നിവ ഉറപ്പാക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വലിയ പുരോഗതി കൈവരിച്ചു. ഈ നേട്ടം കൂടുതൽ പ്രയോജനപ്പെടുത്താൻ ഉന്നത വിദ്യാഭ്യാസ മേഖലയും ശക്തിപ്പെടുത്തണം.

ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തൽ, ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള വിശാലമായ സാമൂഹ്യ പ്രവേശനം, നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) റാങ്കിംഗ് എന്നിവയിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു. അടിസ്ഥാന സൗകര്യവികസനത്തിൽ നിക്ഷേപം നടത്തുന്നതിനും കാര്യക്ഷമമായ ഭരണത്തിന് വഴിയൊരുക്കുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയിലെ സിലബസുകളുടെയും അധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും ഗുണനിലവാരം തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനം ഇപ്പോൾ ഉന്നത വിദ്യാഭ്യാസത്തിൽ മുൻഗണന നൽകിയിട്ടുണ്ട്.

# 6.2. വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

എല്ലാവർക്കുമായി പ്രാപ്യമായതും തുല്യതയുള്ളതും താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലക്ഷ്യം വയ്ക്കുന്നതാണ് സംസ്ഥാനത്തിന്റെ പൊതു ആരോഗ്യ സംരക്ഷണം. ഉയർന്ന ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, മാതൃമരണനിരക്ക്, ജനസംഖ്യയിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും അനുപാതം തുടങ്ങിയ ആരോഗ്യ സൂചികകളിൽ സംസ്ഥാനം രാജ്യത്ത് മുന്നിൽത്തന്നെ തുടരുന്നു. എല്ലാ പ്രധാനപ്പെട്ട ദേശീയ സൂചകങ്ങളും ആരോഗ്യത്തിന്റെ കാര്യത്തിൽ കേരളത്തെ പട്ടികയിൽ ഏറ്റവും മുകളിൽ നിർത്തുന്നു. നീതി ആയോഗിന്റെ 2019-20 ലെ സംസ്ഥാന ആരോഗ്യ സൂചിക അനുസരിച്ച് കേരളം 82.2 എന്ന സ്കോറോടെ മൊത്തത്തിലുള്ള പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വലിയ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം നിലനിർത്തി. തമിഴ്നാടും (72.4), തെലങ്കാനയും (69.96) തൊട്ടടുത്ത സ്ഥാനങ്ങളിലാണ്. മാനസികാരോഗ്യം, ലഹരിവസ്തുക്കളുടെ ദുരുപയോഗം, കൗമാരക്കാരുടെ ആരോഗ്യം, വ്യാപകമായ റോഡ് ട്രാഫിക് അപകടങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന നയം കൂടുതൽ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള പ്രത്യേക വിഭാഗങ്ങളുടെ ആരോഗ്യത്തിനും സംസ്ഥാന നയം പ്രത്യേക ശ്രദ്ധ നൽകുന്നു.

എന്നിരുന്നാലും, സാംക്രമിക രോഗങ്ങളുടെ തിരിച്ചുവരവ്, അപകടങ്ങളുടെയും പരിക്കുകളുടെയും വർദ്ധനവ്, പരിസ്ഥിതി നാശം മൂലമുള്ള രോഗങ്ങൾ എന്നിങ്ങനെ പുതിയതായ ആരോഗ്യ വെല്ലുവിളികൾ കേരളം ഇപ്പോൾ അഭിമുഖീകരിക്കുകയാണ്. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, കൊവിഡ് തുടങ്ങിയ പകർച്ചവ്യാധികളും സംസ്ഥാനത്തിന്റെ പ്രധാന ഉത്കണ്ഠയാണ്. കോവിഡ്-19 മഹാമാരിയുടെ അപ്രതീക്ഷിത വ്യാപനം സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ സംവിധാന ശൃംഖലയെയും ബാധിച്ചു. ഇവ കൂടാതെ, മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യ, ലഹരിവസ്തുക്കളുടെ ദുരുപയോഗം, മദ്യപാനം, കൗമാരക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ, വർധിച്ചുവരുന്ന റോഡ് ട്രാഫിക് അപകടങ്ങൾ എന്നിങ്ങനെ സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്ത് പുതിയ ഭീഷണികൾ ഉയർന്നുവന്നിട്ടുണ്ട്. ഇവയെ നേരിടാൻ, ശരിയായ അന്തർമേഖലാ ഏകോപനത്തോടെയുള്ള സംഘടിതവും പ്രതിബദ്ധതയുള്ളതുമായ ശ്രമങ്ങൾ അത്യാവശ്യമാണ്. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ, രോഗചികിത്സ, സാന്ത്വന പരിചരണം ലഭ്യമാക്കുകയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ജനസൗഹൃദ ആരോഗ്യ പരിചരണ സംവിധാനം സ്ഥാപിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം.

**കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ**

ആയുർദൈർഘ്യം: ജനങ്ങളുടെ ജീവിതനിലവാരവും ക്ഷേമവും വിലയിരുത്തുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട അളവുകോലാണ് ആയുർദൈർഘ്യം. ആയുർദൈർഘ്യം (ജനനത്തിലും 5-10 വയസ്സിലും) കേരളത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളേക്കാളും ഉയർന്നതാണ്. സംസ്ഥാനത്ത് ജനനസമയത്തെ ആയുർദൈർഘ്യം 75 എന്നത് ദേശീയ തലത്തേക്കാൾ (70) ഉയർന്നതാണ്. ആയുർദൈർഘ്യത്തിൽ കേരളം ഒന്നാം സ്ഥാനം (പുരുഷൻ (71.9), സ്ത്രീ (78.0)) നിലനിർത്തുന്നു. ഇത് ദേശീയ തലത്തിലെ പുരുഷന്മാരുടെയും (68.6) സ്ത്രീകളുടെയും (71.4) ശരാശരി ആയുർദൈർഘ്യത്തെക്കാളും ഉയർന്നതാണ് (**പട്ടിക 6.2.1** കാണുക). സംസ്ഥാനത്ത് സ്ത്രീകളുടെ ആയുർദൈർഘ്യം (78) പുരുഷന്മാരേക്കാൾ (71.9) കൂടുതലാണ്.

മാതൃ ആരോഗ്യ സംരക്ഷണം - മാതൃ ആരോഗ്യത്തിന്റെ പ്രാഥമിക സൂചകം മാതൃമരണ അനുപാതം (എംഎംആർ) ആണ്. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ എംഎംആർ (19) ഉള്ളത് കേരളത്തിലാണ്, ദേശീയ തലത്തിൽ എംഎംആർ 97 ആണ് (**പട്ടിക 6.2.1** കാണുക). ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ താരതമ്യേന കുറഞ്ഞ എംഎംആർ ആണുള്ളത്.


ശരിയായ വൈദ്യസഹായം ലഭിക്കാതെ മരിക്കുന്നവരുടെ ശതമാനം ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ നാലിലൊന്ന് മാത്രമാണ്. മരണത്തിന് മുമ്പ് മരണപ്പെട്ടയാൾക്ക് സർക്കാർ

**പട്ടിക 6.2.1** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം

| ക്രമനമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ആകെജനസംഖ്യ (കോടിയിൽ) (സെൻസസ് 2011) | 3.34 | 121.06 |
| 2 | ദശവർഷ വളർച്ച (ശതമാനത്തിൽ) (സെൻസസ് 2011) | 4.90 | 17.7 |
| 3 | ലിംഗഅനുപാതം (സെൻസസ് 2011) | 1084 | 943 |
| 4 | ശിശുലിംഗഅനുപാതം ((സെൻസസ് 2011) | 964 | 919 |
| 5 | ജനനനിരക്ക് # | 13.2 | 19.5 |
| 6 | മരണനിരക്ക്* | | |
| | എ) കുട്ടികൾ (0-4) | 1.8 | 8 |
| | ബി) കുട്ടികൾ (5-14) | 0.5 | 0.4 |
| | സി) വ്യക്തികൾ (15-59) | 2.7 | 2.9 |
| | ഡി) വ്യക്തികൾ (60 ഉം മുകളിലും) | 39.1 | 42.3 |
| 7 | സാധാരണവളർച്ചാനിരക്ക് # | 6.2 | 13.5 |
| 8 | വൈദ്യശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം * | | |
| | സർക്കാർ | 43.3 | 29.9 |
| | സ്വകാര്യം | 37.4 | 18.9 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 16.0 | 33.2 |
| | പരിശീലനംലഭിക്കാത്തവർ/മറ്റുള്ളവർ | 3.4 | 18.0 |
| 9 | ചാപിള്ളയുടെ ജനനനിരക്ക്* | 4 | 3 |
| 10 | ക്രൂഡ് ബർത്ത് റേറ്റ്* | 13.2 | 19.5 |
| 11 | പ്രത്യുൽപാദനനിരക്ക്** | 19 | 97 |
| 12 | പ്രതീക്ഷിതആയുർദൈർഘ്യം *** | 75 | 70 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***- പുരുഷൻ | 71.9 | 68.6 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***- സ്ത്രീ | 78 | 71.4 |

അവലംബം: #എസ്.ആർ.എസ്. 2022 മെയ് /*എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020/
** സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2018-20/ ***എസ്.ആർ.എസ്. ലൈഫ് ടേബിൾ 2016-20

**ചിത്രം 6.2.1** കുറഞ്ഞ എംഎംആർ ഉള്ള 5 സംസ്ഥാനങ്ങൾ




അവലംബം: സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2016-18

ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ വൈദ്യസഹായം ലഭിച്ചതിന്റെ കേരളത്തിലെ അനുപാതം 80.7 ആണ്, ഇത് ഇന്ത്യയിൽ 48.7 ശതമാനമാണ്. എന്നിരുന്നാലും, കേരളത്തിലെ ചാപിള്ള ജനനനിരക്ക് ഇന്ത്യയേക്കാൾ അല്പം കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പ്രസവങ്ങൾ ഏറെക്കുറെ പൂർണമായും ആശുപത്രികളിലാണെന്നതും, മെച്ചപ്പെട്ട വിവര ശേഖരണവും ഇതിന് കാരണമാകാം. പ്രത്യുൽപാദന നിരക്ക് ദേശീയ കണക്കുകളേക്കാൾ കുറവാണ്. ശരിയായ വൈദ്യസഹായം അമ്മമാർക്ക് ലഭിക്കാതെയുള്ള ജനനങ്ങളുടെ ശതമാനം കേരളത്തിൽ 0.1 ഉം ദേശീയ തലത്തിൽ 7.8 ഉം ആണ്.


### വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക്

ശിശുമരണ നിരക്ക് (ഐ.എം.ആർ) - ഒറ്റ അക്ക ശിശുമരണനിരക്ക് (6) ഉള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. അതേസമയം അഖിലേന്ത്യാ തലത്തിൽ ഇത് 28 ആണ്. കുറഞ്ഞ ഐ.എം.ആർ. ഉള്ള മികച്ച അഞ്ച് സംസ്ഥാനങ്ങൾ **ചിത്രം 6.2.2**ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ നവജാത ശിശുക്കളുടെ മരണനിരക്ക് (എൻ.എൻ.എം.ആർ.) 4 ആണ്. ഇത് ദേശീയ ശരാശരിയുടെ (20) അഞ്ചിലൊന്നാണ്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 8 ആണ്, ഇത് അഖിലേന്ത്യാ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ (32) നാലിലൊന്നാണ്. പ്രസവത്തിനു നിശ്ചിതദിവസങ്ങൾക്കു മുൻപോ പ്രസവത്തിനുശേഷം ഒരാഴ്ച്ചക്കകത്തുള്ള ശിശുമരണനിരക്ക് (പിഎൻഎംആർ), ആദ്യ ഘട്ടത്തിലുള്ള നവജാത ശിശു മരണനിരക്ക് (ഏർളി നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), അവസാനപാദ

നവജാത ശിശു മരണനിരക്ക് (ലേറ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), പോസ്റ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ് (പിഎൻഎൻഎംആർ) എന്നിവയും അഖിലേന്ത്യാ കണക്കുകളേക്കാൾ കുറവാണ്. ഈ നേട്ടങ്ങളുടെ ഒരു പ്രധാന കാരണം കേരളത്തിലെ 99.9 ശതമാനം അമ്മമാർക്കും പ്രസവസമയത്ത് സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ യോഗ്യതയുള്ള പ്രൊഫഷണലുകളുടെ വൈദ്യസഹായം ലഭിക്കുന്നു എന്നതാണ്, ഇത് ഇന്ത്യയിൽ 82.6 ശതമാനമാണ്. ഇന്ത്യയിലെയും കേരളത്തിലെയും ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 6.2.2**ൽ നൽകിയിരിക്കുന്നു.

**ചിത്രം 6.2.2** ഏറ്റവും കുറഞ്ഞ ഐ.എം.ആർ. ഉള്ള മികച്ച 5 സംസ്ഥാനങ്ങൾ




അവലംബം: #എസ്.ആർ.എസ്. 2022 മെയ്

**പ്രത്യുല്പാദനക്ഷമത**

നാഷണൽ ഫാമിലി ഹെൽത്ത് സർവേ 2019-20 (എൻ.എഫ്.എച്ച്.എസ്.- 5) പ്രകാരം 25-49 വയസ് പ്രായമുള്ള സ്ത്രീകൾക്കിടയിൽ ആദ്യ വിവാഹത്തിന്റെ ശരാശരി പ്രായം 21.5 വയസ്സാണ്. 20-24 വയസ് പ്രായമുള്ള ആറ് ശതമാനം സ്ത്രീകൾ നിയമപരമായ കുറഞ്ഞ പ്രായമായ 18 വയസ്സ് തികയുന്നതിന് മുമ്പ് വിവാഹിതരായവരാണ്. 20-49 വയസ് പ്രായമുള്ള സ്ത്രീകളിൽ 10.2 ശതമാനം മാത്രമാണ് വിവാഹിതരായിട്ടില്ലാത്തതെങ്കിൽ 20-49 വയസ് പ്രായമുള്ള 35.9 ശതമാനം പുരുഷന്മാരും വിവാഹിതരായിട്ടില്ല. മൊത്തം ഫെർട്ടിലിറ്റി റേറ്റ് (TFR) കേരളത്തിൽ 1.5 ആണ്, ദേശീയതലത്തിൽ ഇത് 2 ആണ്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഉള്ള പ്രധാന ഫെർട്ടിലിറ്റി സൂചകങ്ങളുടെ താരതമ്യ കണക്കുകൾ **പട്ടിക 6.2.3**ൽ നൽകിയിരിക്കുന്നു.

**ആർദ്രം മിഷൻ**

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ എന്ന പദ്ധതി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചു. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു – 1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെൻറ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗി സൗഹൃദ പരിവർത്തനം, 2. ജില്ലാ-താലൂക്ക് തല ആശുപത്രികളെ മാതൃകാനിലവാരത്തിലേക്കുയർത്തൽ 3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക 4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

**പട്ടിക 6.2.2** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ

| ക്രമനമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ശിശുമരണനിരക്ക് # | 6 | 28 |
| | ശിശുമരണനിരക്ക് # - പുരുഷൻ | 10 | 28 |
| | ശിശുമരണനിരക്ക് # - സ്ത്രീ | 3 | 28 |
| 2 | നവജാത ശിശു മരണനിരക്ക്* | 4 | 20 |
| 3 | പെരിനാറ്റൽ മോർട്ടാലിറ്റി നിരക്ക്* | 8 | 18 |
| 4 | ശിശുമരണ നിരക്ക് (5 വയസ്സിൽ താഴെ) * | 2 | 8 |
| 5 | 5 വയസ്സിനു താഴെയുള്ള മരണ നിരക്ക്* | 8 | 32 |
| 6 | ഏർളി നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 4 | 15 |
| 7 | ലേറ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 0 | 5 |
| 8 | പോസ്റ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 2 | 8 |
| 9 | ക്രൂഡ് ഡെത്ത് റേറ്റ്* | 7 | 6 |
| 10 | അമ്മമാർക്ക് വൈദ്യസഹായം ലഭിച്ചുകൊണ്ടുള്ള ജനന ശതമാനം* | | |
| | സർക്കാർ | 44.7 | 54.6 |
| | സ്വകാര്യം | 55.2 | 28 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 0.1 | 9.7 |
| | പരിശീലനംലഭിക്കാത്തവർ/മറ്റുള്ളവർ | 0.1 | 7.8 |

അവലംബം: #എസ്.ആർ.എസ് മെയ് 2022, *എസ്.ആർ.എസ്. സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020

**പട്ടിക 6.2.3** ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ പ്രധാന ഫെർട്ടിലിറ്റി സൂചകങ്ങൾ

| ക്രമ നമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ഫെർട്ടിലിറ്റി റേറ്റ് (ആകെ) (TFR) * | 1.5 | 2 |
| 2 | സാധാരണപ്രത്യുൽപാദനനിരക്ക്* | 45.3 | 67 |
| 3 | ആകെ വൈവാഹിക പ്രത്യുൽപാദന നിരക്ക്* | 4.6 | 5.2 |
| 4 | പൊതു വൈവാഹിക പ്രത്യുൽപാദന നിരക്ക്* | 65.7 | 108.3 |
| 5 | ഗ്രോസ്റീപ്രൊഡക്ഷൻറേറ്റ്* | 0.8 | 0.9 |
| 6 | സ്ത്രീകളിലെവിവാഹപ്രായം * | | |
| | എ) 18-നുമ്പ് | 17 | 16.5 |
| | ബി) 18-20 | 19.2 | 19.3 |
| | സി) 21-നുകളിൽ | 25 | 24.2 |
| | ഡി)എല്ലാവരും | 23.4 | 22.7 |

അവലംബം: എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020

സർക്കാർ മെഡിക്കൽ കോളജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റിയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയും മതിയായ മരുന്ന് വിതരണം, ഉറപ്പായ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും. നവകേരള കർമ്മ പദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷൻ II 2022-ൽ ആരംഭിച്ചു.

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

2017-18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്.സി. കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ തെരഞ്ഞെടുത്തു. ഇതിൽ 166 എഫ്.എച്ച്.സി.കൾ ഇതിനകം പ്രവർത്തനക്ഷമമാക്കി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. 2018-19 ലെ രണ്ടാം ഘട്ടത്തിൽ എഫ്.എച്ച്.സി.കളായി വികസിപ്പിക്കുന്നതിന് 504 പിഎച്ച്സികളെ തെരഞ്ഞെടുത്തു. അതിൽ 403 എണ്ണം പൂർത്തിയായി, മറ്റ് പിഎച്ച്സികളിൽ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണ്. മൂന്നാം ഘട്ടത്തിൽ ദേശീയ ആരോഗ്യ മിഷനു കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് എഫ്എച്ച്സികളായി വികസിപ്പിക്കുന്നതിന് 212 പിഎച്ച്സികളെ തെരഞ്ഞെടുക്കുകയും 27 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഇതിനുപുറമെ സി.എച്ച്സി. കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് ആദ്യഘട്ടമായി 2019-20 കാലയളവിൽ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (സിഎച്ച്സി) 2021-22 ൽ രണ്ടാം ഘട്ടമായി ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് മറ്റൊരു 75 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (ഇതിൽ 11 എണ്ണം പൂർത്തീകരിച്ചു) തെരഞ്ഞെടുത്തു. രണ്ട് ഘട്ടങ്ങളിലായി ആകെ 1830 തസ്തികകൾ സൃഷ്ടിച്ചു.

### എഫ്എച്ച്സികളിൽ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭങ്ങൾ

- സംസ്ഥാനത്തുടനീളമുള്ള 241 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമിക പരിചരണത്തിന്റെ ഭാഗമായി 'ആശ്വാസം' ഡിപ്രഷൻ മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിച്ചു.
- കേരളത്തിൽ ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്ര തലം മുതൽ 'ശ്വാസ്' എന്ന പേരിൽ ക്രോണിക് ഒബ്സ്ടക്റ്റീവ് പൾമണറി ഡിസീസ് (സിഒപിഡി) നിയന്ത്രണ പരിപാടി നടപ്പിലാക്കി.
- 4261 സബ്സെന്ററുകൾ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നത് പുരോഗമിക്കുകയാണ്. 2100 കേന്ദ്രങ്ങളിൽ മിഡിൽ ലെവൽ ഹെൽത്ത് കെയർ പ്രൊവൈഡർമാർ - സ്റ്റാഫ് നഴ്സുമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു.
- എല്ലാ ആശുപത്രികളിലും രോഗി സൗഹൃദ ആശുപത്രി അന്തരീക്ഷം.
- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒ.പി. സൗകര്യം എല്ലാ ദിവസവും വൈകിട്ട് 6.00 മണി വരെ നീട്ടി.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നഴ്സുമാരുടെ പ്രീ-ചെക്കപ്പ് സൗകര്യങ്ങൾ ആരംഭിച്ചു.
- എഫ്എച്ച്സികളിൽ ലബോറട്ടറി സൗകര്യങ്ങൾ ആരംഭിച്ചു.
- എല്ലാ എഫ്എച്ച്സികളിലും ജീവിതശൈലി രോഗ ക്ലിനിക്ക് എല്ലാ ദിവസവും പ്രവർത്തിക്കും.
- സമ്പൂർണ മാനസിക ആരോഗ്യം പ്രോഗ്രാം (SMAP) എഫ്എച്ച്സികളിൽ -കളിൽ ആരംഭിച്ചു.
- സബ് സെന്റർ സേവനങ്ങൾ വർധിപ്പിച്ചു.

### സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിധാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ

ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ ഒ.പി. കമ്പ്യൂട്ടർവൽക്കരണം നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

### ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജനസൗഹൃദ ഒ.പി. പരിവർത്തനം

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്. ഇതിൽ 17 സ്ഥാപനങ്ങളെ മാത്രമാണ് ഒ.പി. വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത്. പതിനാല് ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനത്തിന്റ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 43 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തെരഞ്ഞെടുത്തതിൽ ആറെണ്ണം പൂർത്തിയായി. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച വിവിധ തസ്തികകളുടെ എണ്ണം 891 ആണ്. ഇതിൽ 14 സൂപ്പർ സ്പെഷ്യലിസ്റ്റുകൾ, 252 സ്പെഷ്യലിസ്റ്റുകൾ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, 197 സ്റ്റാഫ് നഴ്സ്, 84 ലാബ് ടെക്നീഷ്യൻമാർ, 344 പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്നു.

### മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി.ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽകുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് നിർമ്മാണം/നവീകരണം, ഒ.പി. മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി **പട്ടിക 6.2.4**ൽ നൽകിയിരിക്കുന്നു.

### നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്.)

2013-ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് ആരംഭിച്ചെങ്കിലും എൻ.ക്യൂ.എ.എസ്. ചെക്ക് ലിസ്റ്റിലെ ചില ചെക്ക് പോയിന്റുകൾ കേരളത്തിൻറെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതുകൊണ്ട് എൻ.ക്യൂ.എ.എസ്. മാനദണ്ഡപ്രകാരമുള്ള അംഗീകാരം കേരളത്തിലെ സ്ഥാപനങ്ങൾക്ക് ലഭിച്ചില്ല. നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ 2017 ൽ കേരള മാനദണ്ഡങ്ങൾക്കനുസരിച്ച് എൻ.ക്യൂ.എം.എസ്. ചെക്ക് ലിസ്റ്റ് മാറ്റംവരുത്തുവാൻ സംസ്ഥാനം മുൻകൈയെടുത്തു. കേരള വ്യവസ്ഥകൾക്ക് യോജിക്കാത്ത ചില ഇനങ്ങൾ നീക്കം ചെയ്യുകയും പകരം പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയുമാണ് ചെക്ക് ലിസ്റ്റ് നവീകരണം നടത്തിയത്. ചെക്ക് ലിസ്റ്റ് നവീകരിച്ച ശേഷം എൻ.ക്യൂ.എ.എസ്. അക്രഡിറ്റേഷനിൽ കേരളം വളരെയധികം പുരോഗതി കൈവരിച്ചു. ഒക്ടോബർ 2022 വരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ 1,284 സ്ഥാപനങ്ങളിൽ 148 സ്ഥാപനങ്ങൾക്ക് [ജില്ലാ ആശുപത്രികൾ (5), താലൂക്ക് ആശുപത്രികൾ (4), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (8), കുടുംബാരോഗ്യ കേന്ദ്രം (93), അർബൻ പിഎച്ച്സി (38)] സംസ്ഥാനത്ത് നിന്നു ഇതിനകം ദേശീയതല അംഗീകാര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) അംഗീകൃത സ്ഥാപനങ്ങളുടെ എണ്ണം 178 ആണ്.

**പട്ടിക 6.2. 4** ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി

| ആശുപത്രികളുടെ തരം | ഘട്ടം | മൊത്തം സ്ഥാപനങ്ങൾ | പ്രവർത്തി പൂർത്തിയായത് | പ്രവർത്തി പുരോഗമിക്കുന്നത് | പ്രവർത്തി ആരംഭിക്കേണ്ടത് |
|---|---|---|---|---|---|
| പി.എച്ച്.സി.കൾ എഫ്എച്ച്സികളാക്കി മാറ്റുന്നത് | ഒന്നാം ഘട്ടം | 170 | 166 | 1 | 3 |
| | രണ്ടാം ഘട്ടം | 504 | 403 | 31 | 70 |
| | മൂന്നാം ഘട്ടം | 212 | 27 | 39 | 146 |
| | ആകെ | 886 | 596 | 71 | 216 |
| സിഎച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് | ഒന്നാം ഘട്ടം | 76 | 11 | 40 | 25 |
| | രണ്ടാം ഘട്ടം | 75 | 0 | 2 | 73 |
| ജില്ലാ / ജനറൽ ആശുപത്രികളുടെ ഒപി.കൾ | ഒന്നാം ഘട്ടം | 17 | 14 | 0 | 3 |
| താലൂക്ക് ആശുപത്രികളിലെ ഒപി.കൾ | ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ | 43 | 6 | 15 | 22 |
| മെഡിക്കൽ കോളേജുകൾ | ഒന്നാം ഘട്ടം | 8 | 8 | 0 | 0 |

അവലംബം: ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

### ഇ-ഹെൽത്ത് പ്രൊജക്ട്

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശ്രൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് ഇ-ഹെൽത്ത് പ്രോജെക്റ്റ് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ച് വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്ക് കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി ആരംഭിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 476 ആശുപത്രികളിൽ ഇ-ഹെൽത്ത് പൂർത്തിയായി, അതിൽ 200 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഇ-ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 2,59,55,975 വ്യക്തികളുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ഇതിൽ 68,34,845 വീടുകളും 1,26,83,841 പുരുഷന്മാരും 1,32,71,318 സ്ത്രീകളും 816 ട്രാൻസ്ജെൻഡറുകളും ഉൾപ്പെടുന്നു. വിശദാംശങ്ങൾ **പട്ടിക 6.2.5**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.5** ഇ-ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് |
|---|---|---|
| 1 | തിരുവനന്തപുരം | 24,06,933 |
| 2 | കൊല്ലം | 21,68,789 |
| 3 | പത്തനംതിട്ട | 10,26,324 |
| 4 | ആലപ്പുഴ | 15,21,575 |
| 5 | കോട്ടയം | 15,22,289 |
| 6 | ഇടുക്കി | 8,67,535 |
| 7 | എറണാകുളം | 18,70,452 |
| 8 | തൃശ്ശൂർ | 23,01,629 |
| 9 | പാലക്കാട് | 23,44,909 |
| 10 | മലപ്പുറം | 38,44,697 |
| 11 | കോഴിക്കോട് | 25,00,494 |
| 12 | വയനാട് | 6,23,140 |
| 13 | കണ്ണൂർ | 19,41,500 |
| 14 | കാസർഗോഡ് | 10,15,709 |
| | ആകെ | 2,59,55,975 |

അവലംബം: ഇ-ഹെൽത്ത് കേരള, ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ് 2022 നവംബർ 15

### പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനബജറ്റിൽ നിന്നും വലിയ തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായികാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സംഭാവനയെ ഒഴിച്ചുനിർത്തിയാൽ തന്നെ മൊത്തം സംസ്ഥാന ബഡ്ജറ്റ് (2022-23 കാലയളവിൽ 30,370 കോടി) വിഹിതത്തിന്റെ 6.21 ശതമാനത്തോളമാണ് (2022-23 കാലയളവിൽ 1,887.13 കോടി) ആരോഗ്യ സംരക്ഷണത്തിന് കേരളം ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച്, മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26.5 ശതമാനം (8,048 കോടി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (എൽഎസ്ജിഐ) നീക്കിവച്ചിരിക്കുന്നു. എൽ.എസ്.ജി.ഐ.-കൾ അവരുടെ ചെലവിന്റെ ഗണ്യമായ ശതമാനം ആരോഗ്യ സംരക്ഷണത്തിനായി ചെലവഴിക്കുന്നു. ഇതിനുപുറമെ, കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കിഫ്ബിയും നബാർഡും വഴി സർക്കാർ ഈ മേഖലയിൽ വലിയ തുക നിക്ഷേപിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 3,31,888.00 ലക്ഷം രൂപ (ബി.ഇ) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 3,00,600.50 ലക്ഷം (90.57 ശതമാനം) രൂപയാണ്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരോഗ്യമേഖലയ്ക്ക് 7,19,929 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ ചെലവ് റിപ്പോർട്ട് ചെയ്തത് 9,10,077 ലക്ഷം രൂപയാണ് (126.41 ശതമാനം). 13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന നാല് വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള പദ്ധതി വിഹിതവും ചെലവും കൂടാതെ 14-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തെ 2022 ഒക്ടോബർ വരെ (2022-23) ആകെ പദ്ധതി വിഹിതവും ചെലവും **പട്ടിക 6.2.6**ൽ കൊടുത്തിട്ടുണ്ട്.

ആരോഗ്യരംഗത്തെ പദ്ധതികളും പദ്ധതിയേതര ചെലവുകളും ഈ അഞ്ച് വർഷത്തിനിടയിൽ വർധിച്ചു. ആരോഗ്യ കുടുംബക്ഷേമത്തിൽ 2017-18 മുതൽ 2021-22 വരെയുള്ള പദ്ധതി പദ്ധതിയേതര നിക്ഷേപങ്ങൽ റവന്യൂ ചെലവിലും മൂലധന ചെലവിലും ആരോഗ്യച്ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ അടിസ്ഥാനത്തിലും ആരോഗ്യച്ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിലും **പട്ടിക 6.2.7**ൽ നൽകിയിരിക്കുന്നു.

### ദേശീയ ആരോഗ്യ കണക്കുകൾ (2018–19)

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 2018-19 ലെ ഇന്ത്യയുടെ ദേശീയ ആരോഗ്യ കണക്കുകളുടെ റിപ്പോർട്ട് പുറത്തിറക്കി. ഒരു സാമ്പത്തിക വർഷത്തിൽ ആരോഗ്യ സംവിധാനത്തിലെ ചെലവുകളും ഫണ്ടിന്റെ ഒഴുക്കും ഹെൽത്ത് അക്കൗണ്ടുകൾ വിവരിക്കുന്നു. രാജ്യത്തെ സർക്കാർ, സ്വകാര്യ മേഖലകളിലെ ഫണ്ടുകളുടെ ഒഴുക്ക് ഇതിൽ ഉൾപ്പെടുന്നു. 2018-19ലെ എൻഎച്ച്എ കണക്കുകൾ കാണിക്കുന്നത് രാജ്യത്തിന്റെ മൊത്തം ജിഡിപിയിൽ സർക്കാർ ആരോഗ്യ ചെലവുകളുടെ വിഹിതത്തിൽ വർധനവുണ്ടായിട്ടുണ്ടെന്നാണ്. ഇത് 2013-14ൽ 1.15 ശതമാനത്തിൽ നിന്ന് 2018-19ൽ 1.28 ശതമാനമായി ഉയർന്നു. മൊത്തം ആരോഗ്യച്ചെലവ് (THE) എന്നത് ഗവൺമെന്റിന്റെയും സ്വകാര്യ സ്രോതസ്സുകളുടെയും ബാഹ്യ ഫണ്ടുകൾ ഉൾപ്പെടെയുള്ള നിലവിലെ ചെലവുകളും മൂലധന ചെലവുകളുമാണ്. ഇന്ത്യയുമായി താരതമ്യപ്പെടുത്തിയുള്ള കേരളത്തിന്റെ ആരോഗ്യ കണക്കുകൾ **പട്ടിക 6.2.8**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.6** കഴിഞ്ഞ അഞ്ചു വർഷത്തെ വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വകുപ്പ് | വാർഷികപദ്ധതി 2018-19 | | വാർഷികപദ്ധതി 2019-20 | | വാർഷികപദ്ധതി 2020-21 | | വാർഷികപദ്ധതി 2021-22 | | വാർഷികപദ്ധതി | |
|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം |
| ആരോഗ്യ സേവനം | 789.21 | 84 | 783.29 | 82 | 991.40 | 135 | 991.40 | 206 | 1297.76 | 71 |
| മെഡിക്കൽ വിദ്യാഭ്യാസം | 494.14 | 56 | 484.25 | 72 | 420.60 | 77 | 420.60 | 111 | 463.75 | 20 |
| ഭാരതീയ ചികിത്സാ വകുപ്പ് | 48.20 | 70 | 47.55 | 67 | 41.95 | 120 | 41.95 | 91 | 44.05 | 29 |
| ആയുർവേദ വിദ്യാഭ്യാസം | 50.60 | 51 | 49.75 | 41 | 43.20 | 39 | 43.20 | 62 | 47.52 | 6 |
| ഹോമിയോപ്പതി | 27.00 | 100 | 26.60 | 65 | 23.75 | 85 | 23.75 | 104 | 25.15 | 21 |
| ഹോമിയോ വിദ്യാഭ്യാസം | 10.15 | 100 | 10.00 | 68 | 8.65 | 170 | 8.65 | 129 | 8.90 | 31 |
| ആകെ | 1419.30 | 73 | 1405.94 | 76 | 1529.55 | 115 | 1529.55 | 170 | 1887.13 | 55 |

അവലംബം: പ്ലാൻ സ്പെയിസ്

**പട്ടിക 6.2.7** ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ)

| | ആരോഗ്യത്തിനുള്ള റവന്യൂ ചെലവ് | | | ആരോഗ്യത്തിനുള്ള മൂലധന ചെലവ് | | | മൊത്തം സർക്കാർ ആരോഗ്യ ചെലവ് | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ | മൊത്തം സർക്കാർ ചെലവ് | ആരോഗ്യ ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ അടിസ്ഥാനത്തിൽ | ജിഎസ്ഡിപി കോടിയിലും സ്ഥിര വിലയിലും | ആരോഗ്യ ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിൽ |
| 2017-18 (കണക്ക്) | 1593.55 | 4580.85 | 6174.4 | 269.4 | 38 | 307.39 | 1862.95 | 4618.85 | 6481.79 | 110237.81 | 5.88 | 516189.76 | 1.26 |
| 2018-19 (കണക്ക്) | 1640.16 | 5206.89 | 6847.05 | 222.6 | 28.91 | 251.51 | 1862.76 | 5235.8 | 7098.56 | 120069.82 | 5.91 | 554228.31 | 1.28 |
| 2019-20 (കണക്ക്) | 2024.97 | 5269.62 | 7294.58 | 221.64 | 22.59 | 244.23 | 2246.61 | 5292.21 | 7538.81 | 114384.94 | 6.59 | 559194.18 | 1.35 |
| 2020-21 (കണക്ക്) | 2894.05 | 5592.71 | 8486.76 | 250.68 | 64.92 | 315.6 | 3144.73 | 5657.63 | 8802.36 | 138884.49 | 6.34 | 512076.08 | 1.72 |
| 2021-22 (പുതുക്കിയ എസ്റ്റിമേറ്റ്) | 3549.83 | 8201.08 | 11750.9 | 258.54 | 88.29 | 346.83 | 3808.37 | 8289.37 | 12097.7 | 164800.19 | 7.34 | 573591.46 | 2.11 |

അവലംബം : ബജറ്റ് ഇൻ ബ്രീഫ്, ഡി.ഇ.എസ്.

**പട്ടിക 6.2.8** ഇന്ത്യയുമായി താരതമ്യപ്പെടുത്തിയുള്ള കേരളത്തിന്റെ ആരോഗ്യ കണക്കുകൾ 2018-19

| ക്രമ നമ്പർ | സൂചകം | ഇന്ത്യ | കേരളം |
|---|---|---|---|
| 1 | ജനസംഖ്യ കോടിയിൽ | 133.42 | 3.5 |
| 2 | മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി)/സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) കോടിയിൽ | 18899668 | 790302 |
| 3 | സർക്കാർ ആരോഗ്യ ചെലവ് (ജി.എച്ച്.ഇ.) കോടിയിൽ | 242219 | 8676 |
| 4 | സർക്കാർ ആരോഗ്യ ചെലവ് (ജി.എച്ച്.ഇ.) ജിഎസ്ഡിപി യുടെ ശതമാനത്തിൽ | 1.28 | 1.1 |
| 5 | സർക്കാർ ആരോഗ്യ ചെലവ് (ജി.എച്ച്.ഇ.) ജി.ജി.ഇ. യുടെ ശതമാനത്തിൽ | 4.81 | 7.4 |
| 6 | സർക്കാർ ആരോഗ്യ ചെലവ് (ജി.എച്ച്.ഇ.) മൊത്തം ആരോഗ്യ ചെലവിന്റെ ശതമാനത്തിൽ | 40.6 | 25.1 |
| 7 | സർക്കാർ ആരോഗ്യ ചെലവ് (ജി.എച്ച്.ഇ.) ആളോഹരി രൂപയിൽ | 1815 | 2479 |
| 8 | സർക്കാർ പൊതുചെലവ് (ജിജിഇ) കോടിയിൽ | 5040707 | 117747 |
| 9 | മൊത്തം ആരോഗ്യ ചെലവ് (ടി.എച്ച്.ഇ.) കോടിയിൽ | 596440 | 34548 |
| 10 | മൊത്തം ആരോഗ്യ ചെലവ് (ടി.എച്ച്.ഇ.) ആളോഹരി രൂപയിൽ | 4470 | 9871 |
| 11 | മൊത്തം ആരോഗ്യ ചെലവ് (ടി.എച്ച്.ഇ.) ജിഡിപിയുടെ ശതമാനത്തിൽ | 3.16 | 4.4 |
| 12 | നേരിട്ടുള്ള ചെലവ് (ഒ.ഒ.പി.ഇ.) കോടിയിൽ | 287573 | 23702 |
| 13 | നേരിട്ടുള്ള ചെലവ് (ഒ.ഒ.പി.ഇ.) ടി.എച്ച്.ഇ.യുടെ ശതമാനത്തിൽ | 48.2 | 68.6 |
| 14 | നേരിട്ടുള്ള ചെലവ് (ഒ.ഒ.പി.ഇ.) ജിഎസ്ഡിപി യുടെ ശതമാനത്തിൽ | 1.52 | 3 |
| 15 | നേരിട്ടുള്ള ചെലവ് (ഒ.ഒ.പി.ഇ.) ആളോഹരി രൂപയിൽ | 2155 | 6772 |

അവലംബം: ദേശീയ ആരോഗ്യ കണക്കുകൾ (2018-19)

## കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ

### സാംക്രമിക രോഗങ്ങൾ

കേരളത്തിൽ സാംക്രമിക സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. കേരളത്തിൽ ഒരുകാലത്ത് സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും ഡെങ്കി, ലെപ്റ്റോസ്പൈറോസിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1എൻ1, സ്ക്രബ് ടൈഫസ്, കോവിഡ്-19 തുടങ്ങിയവയുടെ വ്യാപനം അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ, സ്ക്രബ് ടൈഫസ് മുതലായ കൊതുകുജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു.

### പ്രധാന സാംക്രമിക രോഗങ്ങളുടെ വ്യാപനം

കഴിഞ്ഞ 5 വർഷങ്ങളിലെ സാംക്രമിക രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച താരതമ്യ വിശകലനം **പട്ടിക 6.2.9ൽ** നൽകിയിട്ടുണ്ട്.

### ഡെങ്കിപ്പനി

ഇപ്പോൾ ഏറ്റവും വലിയ കൊതുക്ജന്യ രോഗമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെട്ടു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ടുവന്നിരുന്ന ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു. 2018 മുതൽ 2022 ഓഗസ്റ്റ് വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.9**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.9** കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം

| ക്രമ നമ്പർ | രോഗം | | 2018 | | 2019 | | 2020 | | 2021 | | 2022 (ഓഗസ്റ്റ് 31) | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഡെങ്കിപ്പനി | | 4090 | 32 | 4651 | 14 | 2722 | 22 | 3251 | 27 | 2655 | 19 |
| 2 | മലേറിയ | | 908 | 0 | 656 | 1 | 267 | 1 | 309 | 1 | 208 | 0 |
| 3 | ചിക്കുൻഗുനിയ | | 76 | 0 | 109 | 0 | 558 | 0 | 334 | 0 | 46 | 0 |
| 4 | ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) | | 5 | 2 | 11 | 2 | 0 | 0 | 0 | 0 | 1 | 0 |
| 5 | ലെപ്റ്റോസ്പൈറോസിസ് | | 2079 | 99 | 1211 | 57 | 1039 | 48 | 1745 | 97 | 1522 | 55 |
| 6 | സ്ക്രബ്ബ് ടൈഫസ് | | 400 | 6 | 579 | 14 | 423 | 8 | 438 | 6 | 410 | 11 |
| 7 | കല അസർ | | 6 | 1 | 4 | 0 | 1 | 0 | 1 | 1 | 4 | 0 |
| 8 | കൈസനൂർ ഫോറസ്റ്റ്ഡിസീസ് | | 0 | 0 | 8 | 2 | 29 | 3 | 4 | 0 | 1 | 0 |
| 9 | എച്ച് 1 എൻ 1 | | 823 | 50 | 853 | 45 | 58 | 2 | 1 | 0 | 65 | 3 |
| 10 | പനി | ഒ.പി. | 2935627 | 63 | 2862375 | 51 | 1265782 | 0 | 1463517 | 0 | 2040180 | 10 |
| | | ഐ.പി. | 59983 | | 60080 | | 18879 | | 12458 | | 13029 | |
| 11 | മീസിൽസ് | | 190 | 0 | 199 | 1 | 76 | 1 | 3 | 0 | 1 | 0 |
| 12 | ചിക്കൻപോക്സ് | | 30154 | 17 | 29583 | 20 | 14959 | 3 | 3457 | 2 | 4990 | 9 |

അവലംബം: ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

**എലിപ്പനി**

സംസ്ഥാനം അഭിമുഖീകരിക്കുന്ന മറ്റൊരു പൊതുജനാരോഗ്യവെല്ലുവിളിയാണ് എലിപ്പനി. എൺപതുകളുടെ തുടക്കത്തിൽ അപൂർവരോഗമായി കണക്കാക്കപ്പെട്ടിരുന്ന ഇത് ഇപ്പോൾ എല്ലാ ജില്ലകളിലും വ്യാപിച്ചിരിക്കുന്നു. തുടക്കത്തിൽ രോഗം ബാധിച്ച എലികളുടെ മൂത്രത്തിൽ നിന്നും പരിസ്ഥിതി മലിനീകരണം മൂലമാണ് വ്യാപിച്ചത്. പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ വളർത്തു മൃഗങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് തന്നെ കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രോഗ സാധ്യതയുണ്ട്. കെട്ടികിടക്കുന്ന കനാലുകളിൽ ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്കു ഈ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ലെപ്റ്റോസ്പൈറോസിസ് കാരണം മരണനിരക്ക് ഉയരുന്നതു വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ കൂട്ടായ പരിശ്രമത്തിൻ ഫലപ്രദമായി നിയന്ത്രിക്കേണ്ടതുണ്ട്. 2021-22 ലും 2022-23 ലും (ഓഗസ്റ്റ് 2022 വരെ) എലിപ്പനിക്ക് ചികിത്സ തേടിയവരുടെയും മരണം റിപ്പോർട്ട് ചെയ്തതിന്റെയും ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 6.2.1**ൽ കൊടുത്തിരിക്കുന്നു. 2018 മുതൽ 2022 വരെ (2022 ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിവരങ്ങൾ **പട്ടിക 6.2.9**ൽ നൽകിയിരിക്കുന്നു.

**ചിക്കൻഗുനിയ**

കൊതുകുജന്യ അണുബാധകളിൽ പുതുതായിട്ടുള്ളതാണ് ചിക്കുൻഗുനിയ. 2005-06 കാലയളവിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിലാണ് ഈ രോഗം ഉണ്ടായത് എന്ന് വിശ്വസിക്കപ്പെടുന്നു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളെ ബാധിക്കുകയും ചെയ്തു. രോഗബാധിതരായ ജനങ്ങൾക്ക് ദീർഘകാല പ്രതിരോധശേഷി ലഭിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷമായി ചിക്കുൻഗുനിയ ബാധിച്ച് മരണങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ 2021ൽ 334 കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. ഇവിടെ രോഗം പകർത്തുന്നത് ഈഡിസ് കൊതുകുകൾ ആണ്. ഡെങ്കി, ചിക്കുൻഗുനിയ എന്നിവ ഇതേ കൊതുകിലൂടെ പടർന്ന് കൊണ്ടിരിക്കുന്നതിനാലും സിക വൈറസ്, മഞ്ഞപ്പനിയുടെ ഭീഷണി എന്നിവക്കു ഒരേ കൊതുകുകൾ ഉത്തരവാദികൾ ആയതിനാലും ഭാവിയിൽ നാം ഇവയെ നേരിടാൻ ശ്രദ്ധാലുക്കളായിരിക്കണം. 2021ൽ 334 ചിക്കൻഗുനിയ കേസുകൽ റിപ്പോർട്ട് ചെയ്തതിൽ 315 എണ്ണം തിരുവനന്തപുരം ജില്ലയിൽ ആണ്. 2022 (ഓഗസ്റ്റ് 31 വരെ) 46 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 43 എണ്ണം തിരുവനന്തപുരം ജില്ലയിൽ ആണ്. 2021 ലും 2022 ലും (ഓഗസ്റ്റ് 31 വരെ) ചിക്കൻഗുനിയക്കു ചികിത്സതേടിയവരുടെയും മരണത്തിന്റെയും ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 6.2.2**ൽ കൊടുത്തിരിക്കുന്നു. 2018 മുതൽ 2022 വരെ (2022 ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിവരങ്ങൾ **പട്ടിക 6.2.9**ൽ നൽകിയിരിക്കുന്നു.

**പനി**

ശരീര താപനില സാധാരണയേക്കാൾ കൂടുതലാകുന്നതാണ് പനി. നിരവധി അണുബാധകൾ മനുഷ്യരെ ബാധിക്കും. ഒരു പനി പോലും പല അണുബാധകളുടെയും ലക്ഷണമായിരിക്കാം. വൈറൽ രോഗം മൂലമുണ്ടാകുന്ന പനിയാണ് വൈറൽ പനി. ചില വൈറൽ അണുബാധകൾ ഡെങ്കിപ്പനി പോലുള്ള പനിക്ക് കാരണമാകും. 2021ൽ കേരളത്തിൽ 14,63,517വൈറൽ പനി കേസുകൾ റിപ്പോർട്ട് ചെയ്തു. 2022ൽ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 20, 40,180 ആയിരുന്നു. വൈറൽ പനി ബാധിച്ച് 2021 ലും 2022 ലും (ഓഗസ്റ്റ് 31 വരെ) ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 6.2.2 ൽ നൽകിയിരിക്കുന്നു. 2018 മുതൽ 2022 വരെ (2022 ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിവരങ്ങൾ **പട്ടിക 6.2.9**ൽ നൽകിയിരിക്കുന്നു.

**മലേറിയ**

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന ഒരു പ്രധാന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജ്ജനം ലക്ഷ്യമിടുന്ന വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയമേ നേടിയിട്ടുള്ളൂ. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്തെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഈ രോഗം ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഏറ്റവും ഗുരുതരമായ ഫാൽസിപ്പിയം മലേറിയയും കേരളത്തിൽ നിലവിലുണ്ട്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 500 ൽ താഴെയും മരണനിരക്ക് വളരെ കുറവുമാണ്. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്താകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി രോഗം ഉണ്ട്. കേരളത്തിന്റെ പടിഞ്ഞാറൻ തീരദേശ മേഘലയിലൂടെയുള്ള മത്സ്യതൊഴിലാളികളുടെ സഞ്ചാരം തീരദേശ ജില്ലകളിലെ മലേറിയ വ്യാപന സാധ്യത വളരെ വർധിപ്പിക്കുന്നു. 2021-ൽ മലേറിയ ബാധിതരുടെ എണ്ണം 309 ഉം മരണം റിപ്പോർട്ട് ചെയ്തത് 1 ഉം ആണ്. 2022 (ഓഗസ്റ്റ് 13 വരെ) ൽ മലേറിയ ബാധിതരുടെ എണ്ണം 208 ഉം മരണം ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. 2018 മുതൽ 2022 വരെ (2022 ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിവരങ്ങൾ **പട്ടിക 6.2.9**ൽ നൽകിയിരിക്കുന്നു. ഇപ്പോൾ സംസ്ഥാനത്ത് മലേറിയ കേസുകളുടെ എണ്ണം കുറയുന്ന പ്രവണത കാണിക്കുന്നു.

**ജപ്പാൻ ജ്വരം**

ഇത് കൊതുക് പരത്തുന്നതും മസ്തിഷ്കത്തിന്റെയും അതിന്റെ ആവരണങ്ങളെയും ബാധിക്കുന്ന കോശജ്വലന മസ്തിഷ്ക ജ്വരത്തിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ് കൊതുകിന്റെ ഈ പ്രത്യേകമായ സ്വഭാവം മൂലം മറ്റ് മേഖലകളിലും രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ്. കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ.ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്. 2021ൽ കേസുകളും മരണവും റിപ്പോർട്ട് ചെയ്തിട്ടില്ല. 2022ൽ (ഓഗസ്റ്റ് 31 വരെ) ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018 മുതൽ 2022 വരെ (2022 ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിവരങ്ങൾ പട്ടിക 6.2.9 ൽ നൽകിയിരിക്കുന്നു.

**ജല ജന്യ രോഗങ്ങൾ**

ജില്ലയുടെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്ത വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ ജല ജന്യ രോഗങ്ങൾക്കു കാരണമാകുന്നു. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ മുതൽ "ജാഗ്രത" എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. ടൈഫോയ്ഡ് രോഗികളുടെ എണ്ണത്തിൽ 2015 മുതൽ കേരളത്തിൽ ഗണ്യമായ കുറവുണ്ടായി. 2018 മുതൽ 2022 ഓഗസ്റ്റ് 31 വരെ കടുത്ത വയറിളക്ക രോഗങ്ങൾക്കും ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ രോഗങ്ങൾക്കും ചികിത്സ നേടിയവരുടെ വിശദാംശങ്ങൾ **പട്ടിക 6.2.10**ൽ നൽകിയിരിക്കുന്നു.

**എച്ച്.ഐ.വി/എയ്ഡ്സ്**

കേരളത്തിലെ എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രിക്കുക, എച്ച്.ഐ.വി/എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അഗ്രഗാമിയായ സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്. സംസ്ഥാനത്തെ എയ്ഡ്സ് വ്യാപന നിരക്ക് 2008-09ൽ 0.21 ശതമാനത്തിൽ നിന്നും 2010-11ൽ 0.13 ശതമാനമായും 2021ൽ 0.06 ശതമാനമായും കുറഞ്ഞിരിക്കുന്നു. 2021-ൽ ഇന്ത്യയിലെ വ്യാപന നിരക്ക് 0.21 ശതമാനമാണ്. സംസ്ഥാനത്തെ എച്ച്.ഐ.വി. മഹാമാരി എന്ന പകർച്ചാവ്യാധി മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കിടയിൽ 0.41

**പട്ടിക 6.2.10** കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം

| ക്രമ നമ്പർ | ക്രമ നമ്പർ | 2018 | | 2019 | | 2020 | | 2021 | | (ഓഗസ്റ്റ് 31) | |
|---|---|---|---|---|---|---|---|---|---|---|---|
| | | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഹെപ്പറ്റൈറ്റിസ് - എ | 1369 | 5 | 1620 | 7 | 464 | 2 | 114 | 0 | 95 | 1 |
| 2 | കോളറ | 9 | 0 | 9 | 0 | 2 | 0 | 1 | 0 | 0 | 0 |
| 3 | ടൈഫോയ്ഡ് | 109 | 0 | 27 | 0 | 16 | 0 | 30 | 0 | 45 | 0 |
| 4 | എ.ഡി.ഡി. (വയറിളക്കം) | 540814 | 12 | 544027 | 6 | 250788 | 1 | 240860 | 3 | 318372 | 0 |

അവലംബം: ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

ശതമാനവും (2011ൽ 4.95 ശതമാനം) – ദേശീയ ശരാശരി ഇത് 6.26 ശതമാനം, പുരുഷന്മാരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരുടെയിടയിൽ (എം.എസ്.എം.) 0.23 ശതമാനവും (2011ൽ 0.36 ശതമാനം) – ദേശീയ ശരാശരി ഇത് 2.69 ശതമാനം, സ്ത്രീ ലൈംഗിക തൊഴിലാളികളുടെയിടയിൽ (എഫ്.എസ്.ഡബ്ല്യു.) 0.10 ശതമാനവും (2011ൽ 0.73 ശതമാനം) – ദേശീയ ശരാശരി ഇത് 2017ൽ 1.56 ശതമാനം എന്ന തോതിലുമാണ്. കേരളത്തിൽ ട്രാൻസ്ജെൻഡർമാർക്കിടയിൽ എച്ച്.ഐ.വി. വ്യാപന നിരക്ക് 0.16 ശതമാനവും ദേശീയ ശരാശരി 3.14 ശതമാനവും ആണ്. ഇന്ത്യയിൽ കുടിയേറ്റക്കാർക്കിടയിലെ എച്ച്.ഐ.വി. വ്യാപനം 0.51 ശതമാനമാണ്. (അവലംബം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി). 2021 ലെ ഇന്ത്യയുടെ എച്ച്ഐവി എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും എച്ച്ഐവി കണക്കുകൾ **പട്ടിക 6.2.11**ൽ നൽകിയിരിക്കുന്നു.

**കൊറോണ വൈറസ് രോഗം (കോവിഡ് –19)**

ഇന്ത്യയിലെ ആദ്യ കോവിഡ്-19 രോഗം കേരളത്തിൽ 2020 ജനുവരി 30 ന് തിരിച്ചറിഞ്ഞു. ആദ്യത്തെ കോവിഡ് -19 സ്ഥിരീകരിക്കുന്നതിന് മുന്നേതന്നെ പകർച്ചവ്യാധിയെ നേരിടാൻ കേരളം ബഹുമുഖ തന്ത്രങ്ങൾ അവലംബിച്ചു. ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ (ഡബ്ല്യു.എച്ച്.ഒ.) കോവിഡ്-19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പുതന്നെ കോവിഡ്-19 നുള്ള കേരളത്തിന്റെ പ്രതിരോധം ആരംഭിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ സംസ്ഥാനത്തെ നിയന്ത്രണ തന്ത്രങ്ങൾ നന്നായി നടന്നിരുന്നു.

ആരോഗ്യവകുപ്പ് അടിയന്തിര പ്രതികരണ സംവിധാനങ്ങൾ സജീവമാക്കി. കോവിഡ് -19 നിയന്ത്രണ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ സ്വകാര്യ ആശുപത്രികളുമായി ഇടപെടാൻ നിയോഗിക്കപ്പെട്ട സംഘം ജില്ലാ സ്വകാര്യ ആശുപത്രി നോഡൽ ഓഫീസർമാരുമായും, സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ, ഐ.എം.എ. എന്നിവരുമായും നിരന്തരമായി ബന്ധം പുലർത്തിയിരുന്നു. കോവിഡ്-19 സംശയിക്കപ്പെടുന്നവരെയും രോഗികളെയും അവരുടെ വീടുകളിൽ നിന്ന്/എക്സിറ്റ് പോയിന്റുകളിൽ നിന്ന്/ ഐസൊലേഷൻ സൗകര്യങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കനിവ് -108' ആംബുലൻസുകൾ വഴി കെ.എം.എസ്.സി.എൽ. നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്വാറന്റൈനിലും / ഐസൊലേഷനിലും ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 'ഒറ്റക്കല്ല ഒപ്പമുണ്ട്' എന്ന പേരിൽ മാനസിക-സാമൂഹിക പിന്തുണ നൽകുന്നു. ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും സമൂഹത്തിലെ പല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രവും വിശാലവുമായ രീതിയിൽ സംസ്ഥാനതല പരിശീലനം നടത്തുവാൻ കഴിഞ്ഞു. എല്ലാ പഞ്ചായത്തിലും വാർഡ് തല സംഘങ്ങൾ സജീവമാവുകയും

**പട്ടിക 6.2.11** ഇന്ത്യയിലെയും കേരളത്തിലെയും എച്ച്.ഐ.വി. കണക്കുകൾ

| ക്രമ നമ്പർ | വിഭാഗം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | മുതിർന്നവരുടെ എച്ച്ഐവി വ്യാപനത്തിന്റെ ശതമാനം (15-49 വയസ്സ്), 2021 | 0.06 | 0.21 |
| 2 | എച്ച്ഐവി ബാധിതരായ ആളുകളുടെ ആകെ എണ്ണം, 2021 | 21,211 | 24,01,284 |
| 3 | രോഗബാധിതരല്ലാത്ത 1,000 ജനസംഖ്യയിലെ എച്ച്ഐവി ബാധ, 2021- ൽ | 0.01 | 0.05 |
| 4 | പുതിയ എച്ച്ഐവി അണുബാധകളുടെ ആകെ വാർഷിക കണക്ക് , 2021 | 403 | 62967 |
| 5 | പുതിയ എച്ച്ഐവി അണുബാധകളുടെ വാർഷിക % മാറ്റം, 2010-2021 | -66.80 | -46.25 |
| 6 | 1,00,000 ജനസംഖ്യയിൽ എയ്ഡ്സുമായി ബന്ധപ്പെട്ട മരണനിരക്ക്, 2021 | 0.34 | 3.08 |
| 7 | എയ്ഡ്സ് സംബന്ധമായ മരണങ്ങളുടെ വാർഷിക കണക്ക്, 2021 | 121 | 41,968 |
| 8 | 2010-2021 വർഷങ്ങളിലെ എയ്ഡ്സ് സംബന്ധമായ മരണങ്ങളിലെ % മാറ്റം | -81.69 | -76.54 |
| 9 | അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് പകരുന്നത് തടയൽ ആവശ്യകത | 114 | 20,612 |

അവലംബം: 2021-ലെ ഇന്ത്യ എച്ച്ഐവി എസ്റ്റിമേറ്റ്സ്, ദേശീയ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

വയോജനങ്ങളുടെ വീട്ടുകളിലേക്ക് ദിവസേനയുള്ള കോളുകളും സന്ദർശനങ്ങളും ഉറപ്പു വരുത്തുകയും ചെയ്തു. കോവിഡ്-19 അവബോധത്തിനായി 2020 ന്റെ തുടക്കം മുതൽ തന്നെ നിരവധി മാധ്യമ പ്രചരണങ്ങൾ നടക്കുന്നു. കേരളത്തിൽ ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 2020 ജൂൺ 10-ന് ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് ഇതിൽ സേവനങ്ങൾ നൽകുന്നത്. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് 'ദിശ'യാണ്. www.dashboard.kerala.gov.in എന്ന വെബ് വിലാസത്തിൽ ലഭ്യമായ ജി.ഓ.കെ. ഡാഷ്ബോർഡ് വഴി കോവിഡ് 19 ഡാറ്റ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. കോവിഡ്-19 രോഗത്തിന്റെ പ്രധാന വിശദാംശങ്ങൾ **പട്ടിക 6.2.12**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.12** കോവിഡ്-19 രോഗത്തിന്റെ പ്രധാന വിശദാംശങ്ങൾ *

| | |
|---|---|
| സ്ഥിരീകരിച്ച കേസുകളുടെ ആകെ എണ്ണം | 65,34,596 |
| രോഗം ഭേദമായ കേസുകളുടെ ആകെ എണ്ണം | 64,63,499 |
| സജീവ കേസുകളുടെ ആകെ എണ്ണം (2022 ഏപ്രിൽ 8) | 2351 |
| ആകെ മരണസംഖ്യ റിപ്പോർട്ട് ചെയ്തു | 69,782 |

അവലംബം: www.dashboard.kerala.gov.in

* 2020 ജനുവരി 1 മുതൽ 2022 ഏപ്രിൽ 8 വരെയുള്ള വിവരങ്ങൾ

**സാംക്രമികേതര രോഗങ്ങൾ**

പ്രമേഹം, രക്തസമ്മർദ്ദം, കാർഡിയോവാസ്കുലാർ രോഗങ്ങൾ, അർബുദം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവയാണ് മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തിനു ഭീഷണിയായിട്ടുള്ള പ്രധാനപ്പെട്ട സാംക്രമികേതര രോഗങ്ങൾ. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടാക്കാനിടയുള്ള കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരിക്കും. പ്രായാധിക്യവും ജീവിത രീതികളും ഇതിനെ സ്വാധീനിക്കുന്നു. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ച് മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സക്കാവശ്യമായ സുദീർഘമായ കാലപരിധിയും വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. വൻതോതിൽ ആധുനികവൽക്കരണവും നഗരവത്കരണവും, ജീവിതരീതിയിലുള്ള മാറ്റം, മദ്യം, പുകയില എന്നിവയിലുള്ള ആശ്രയത്വം, വൈറ്റ് കോളർ തൊഴിലുകൾക്കുള്ള മുൻഗണന, അനാരോഗ്യകരമായ ഭക്ഷണരീതികൾ, ശാരീരിക പ്രയത്നത്തിന് കുറഞ്ഞ മുൻഗണന, എല്ലാവിഭാഗം ജനങ്ങളിലും ഉള്ള ഉയർന്ന തലത്തിലുള്ള സമ്മർദ്ദം എന്നിവ സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ ഉണ്ടാകുന്നതിന് ചില കാരണങ്ങളാണ്.

അമിതവണ്ണം, ഹൈപ്പർ ലിപിഡെമിയ, ഹൃദയാഘാതം, പക്ഷാഘാതം എന്നിവയും കൂടുതലാണ്. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ പുരുഷന്മാരിൽ കാൻസർ മരണനിരക്ക് വളരെ കൂടുതലാണ്. അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം നടത്തിയ സർവേയിൽ സംസ്ഥാനത്തെ എൻ.സി.ഡി. സ്ഥിതി കൂടുതൽ വഷളായതായി കാണുന്നു. മൂന്നിൽ ഒരാൾക്ക് രക്താതിമർദ്ദമുണ്ടെന്നും അഞ്ചിൽ ഒരാൾക്ക് പ്രമേഹമുണ്ടെന്നും സർവേ വെളിപ്പെടുത്തുന്നു. നേരത്തേ കണ്ടുപിടിച്ചതിനുശേഷവും രക്തത്തിലെ പഞ്ചസാരയും രക്തസമ്മർദ്ദവും സാധാരണനിലയുടെ അളവ് മാനദണ്ഡങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവ് മാത്രമേ സാധാരണ നിരക്കിലേക്കു നിയന്ത്രിക്കുന്നതിനു സാധിച്ചിട്ടുള്ളുവെന്നു പഠനം വെളിപ്പെടുത്തി.

**വിളർച്ചയുടെ വ്യാപനം**

എൻ.എഫ്.എച്ച്.എസ്.-4, 2015-16 നെ അപേക്ഷിച്ച് സ്ത്രീകളിലും കുട്ടികളിലും വിളർച്ചയുടെ വ്യാപനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് എൻ.എഫ്.എച്ച്.എസ്.-5 (2019-2021) ന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. പഠനം നടത്തിയ എല്ലാ പ്രായക്കാരിലും 40 ശതമാനത്തിൽ താഴെ വ്യാപനം രേഖപ്പെടുത്തിയ ഏക സംസ്ഥാനമാണ് കേരളം. കുട്ടികൾ, പ്രത്യുൽപാദന പ്രായത്തിലുള്ള സ്ത്രീകൾ, കൗമാരക്കാർ, എന്നിവരിൽ വിളർച്ചയുടെ വ്യാപനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ അനീമിയ മുക്ത് ഭാരത് (എഎംബി) പ്രവർത്തനം ആരംഭിച്ചു. അനീമിയ മുക്ത ഭാരതിന്റെ ഭാഗമായി നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വിളർച്ച നേരിടുന്നതിനുള്ള സംസ്ഥാന കേന്ദ്രീകൃതമായ പുതിയ തന്ത്രങ്ങൾ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് അനീമിയ ഫ്രീ കേരളയുടെ ലക്ഷ്യം. എൻ.എഫ്.എച്ച്.എസ്. 4 നെ അപേക്ഷിച്ച് എൻ.എഫ്.എച്ച്.എസ്. 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.13**ൽ നൽകിയിരിക്കുന്നു.

**അമൃതം ആരോഗ്യം**

അമൃതം ആരോഗ്യം സംസ്ഥാനം നടത്തുന്ന സാംക്രമികേതര രോഗ നിയന്ത്രണ പരിപാടിയാണ്. പരിപാടിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. ജനങ്ങളിലെ അപായ ഘടകങ്ങൾ ലഘൂകരിക്കുക 2. ആരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമം, ആസക്തിയുടെ ദൂഷ്യഫലങ്ങൾ എന്നിവയെക്കുറിച്ച് അറിവ് പകരുക 3. മുപ്പത് വയസ്സിന് മുകളിലുള്ള ജനസംഖ്യയുടെ രോഗാവസ്ഥകൾ പരിഗണിക്കാതെ സാംക്രമികേതര രോഗങ്ങൾക്കുള്ള പരിശോധനയും രോഗം കണ്ടെത്തിയ എല്ലാവർക്കും സൗജന്യമായി മരുന്നുവിതരണവും 4. സങ്കീർണതകളുടെ മാനേജ്മെന്റും ചികിത്സയും.

എല്ലാ ജില്ലകളിലും വ്യാപിച്ചുകിടക്കുന്ന അമൃതം ആരോഗ്യം പരിപാടി, ജില്ലാ/ജനറൽ ആശുപത്രികൾ, ഉപജില്ലാതല ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കൂടാതെ അയ്യായിരം ജനസംഖ്യയുള്ള 5,400 ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെയും സേവനങ്ങൾ നൽകുന്നു. മുഴുവൻ ആരോഗ്യ സംവിധാനങ്ങളിലും എൻസിഡി സ്ക്രീനിംഗ് പ്രോഗ്രാം ഉള്ള ഏക സംസ്ഥാനമാണ് കേരളം.

30 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അമൃതം ആരോഗ്യം ക്ലിനിക്കുകളിൽ എൻസിഡി പരിശോധനയ്ക്ക് വിധേയമാക്കും. ഇതുവരെ 1.34 കോടി ആളുകളെ സ്ക്രീനിങ്ങിന് വിധേയരാക്കി, അതിൽ 9.01 ലക്ഷം പുതിയ പ്രമേഹ രോഗികളും 10.06 ലക്ഷം പുതിയ രക്താതിമർദ്ദ രോഗികളും 3.09 ലക്ഷം പേർക്ക് രണ്ട് രോഗങ്ങളുമുള്ളതായും കണ്ടെത്തി. ഏകദേശം 27 ലക്ഷം പ്രമേഹ രോഗികളും 31 ലക്ഷം രക്താതിമർദ്ദ രോഗികളും പ്രോഗ്രാമിന് കീഴിൽ രജിസ്റ്റർ ചെയ്യുകയും ആനുകൂല്യങ്ങൾ നേടുകയും ചെയ്തു.

**പട്ടിക 6.2.13** എൻ.എഫ്.എച്ച്.എസ്. 4 നെ താരതമ്യപ്പെടുത്തി എൻ.എഫ്.എച്ച്.എസ്. 5 അനുസരി ച്ചുള്ള കേരളത്തിലെ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ

| സൂചകം | എൻ.എഫ്. എച്ച്.എസ്. 4 | എൻ.എഫ്. എച്ച്.എസ്. 5 |
|---|---|---|
| വിളർച്ചയുള്ള 6-59 മാസം പ്രായമുള്ള കുട്ടികൾ (<11.0 g/dl) 22 (%), 11 g/dL-ൽ താഴെ ഹീമോഗ്ലോബിൻ സാന്ദ്രതയുള്ള പ്രസ്തുത പ്രായത്തിലുള്ള കുട്ടികളുടെ ശതമാനം | 35.7 | 39.4 |
| അനീമിയ ഉള്ള 15-49 വയസ്സ് പ്രായമുള്ള ഗർഭിണികളല്ലാത്ത സ്ത്രീകൾ (<12.0 g/dl) 22 (%) | 34.7 | 36.5 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള ഗർഭിണികൾ (<11.0 g/dl) (%) ഹീമോഗ്ലോബിൻ സാന്ദ്രത 11 g/dL-ൽ താഴെയുള്ള സ്ത്രീകളുടെ ശതമാനം | 22.6 | 31.4 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും (%) ഒരു ഡെസിലിറ്ററിന് 12 ഗ്രാമിൽ താഴെ (g/dL) ഹീമോഗ്ലോബിൻ സാന്ദ്രത ഉള്ള സ്ത്രീകളുടെ ശതമാനം | 34.3 | 36.3 |
| വിളർച്ചയുള്ള 15-19 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും 22 (%) | 37.8 | 32.5 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | 11.8 | 17.8 |
| വിളർച്ചയുള്ള 15-19 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | 14.3 | 27.4 |

അവലംബം : ആരോഗ്യ സേവന ഡയറക്ടറേറ്റ്

**പട്ടിക 6.2.14** ശ്വാസ് ക്ലിനിക്കുകളും സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗും രോഗനിർണയ വിശദാംശങ്ങളും

| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | ആകെ |
|---|---|---|---|---|---|---|
| രോഗലക്ഷണമുള്ളവരിലെ സ്ക്രീനിംഗ് | 47601 | 63206 | 45444 | 3750 | 35244 | 217773 |
| ശ്വാസ് ക്ലിനിക്ക്-എഫ്.എച്ച്.സി. | 89 | 90 | 91 | 108 | 96 | 474 |
| ശ്വാസ് ക്ലിനിക്ക്- ജില്ല/ജനറൽ /താലൂക്ക് ആശുപത്രികൾ | 14 | 25 | 10 | 0 | 0 | 49 |
| സ്പൈറോമെട്രി സ്ക്രീനിംഗ് | 9147 | 18428 | 1952 | 299 | 7017 | 36843 |
| സി.ഒ.പി.ഡി. രോഗനിർണയം നടത്തിയത് | 4677 | 11557 | 3709 | 737 | 4764 | 25444 |
| ആസ്ത്മ രോഗനിർണയം നടത്തിയത് | 4145 | 7081 | 4371 | 359 | 3036 | 18992 |

അവലംബം: ആരോഗ്യ സേവന ഡയറക്ടറേറ്റ്

**കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി – ശ്വാസ്**

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). ഇന്ത്യയെ സംബന്ധിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ്' (വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാലുവേഷൻ (ഐ.എച്ച്.എം.ഇ.) കണക്കനുസരിച്ച് ഇന്ത്യയിലെ മരണനിരക്കിന്റെ രണ്ടാമത്തെ പ്രധാന കാരണം സി.ഒ.പി.ഡി. യാണ്. അടുത്തിടെ ഇന്ത്യയിലെ എൻ.സി.ഡി. പ്രോഗ്രാമിൽ മുൻഗണനയുള്ള എൻ.സി.ഡി.കളിൽ സി.ഒ.പി.ഡി. യും കടുത്ത വൃക്കരോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ സി.ഒ.പി.ഡി.ക്കായുള്ള ഒരു പ്രത്യേക പൊതുജനാരോഗ്യ പദ്ധതിയാണ് ശ്വാസ്. ഇത് ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ (എഫ്.എച്ച്.സി.) തലം മുതൽ നടപ്പിലാക്കുന്നു. 474 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 49 ഉപജില്ല/ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നു. ശ്വാസ് ക്ലിനിക്കുകളുടെ വിശദാംശങ്ങളും സി.ഒ.പി.ഡി. ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗ്, രോഗനിർണയം എന്നിവയും **പട്ടിക 6.2.14**ൽ നൽകിയിരിക്കുന്നു.

**ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് (ഐഎച്ച്എംഐ)**

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, കേരള സർക്കാർ, ലോകാരോഗ്യ സംഘടന, റിസോൾവ്-ടു സേവ് ഇനിഷ്യറ്റീവ് ഓഫ് വൈറ്റൽ സ്ട്രാറ്റജീസ് എന്നിവയുടെ സഹകരണത്തോടെയുള്ള പദ്ധതിയാണ് ഇന്ത്യാ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ്. ഐഎച്ച്എംഐക്കൊപ്പം പ്രമേഹ നിയന്ത്രണവും നിരീക്ഷണവും കേരള സംസ്ഥാനവും ലക്ഷ്യം വയ്ക്കുന്നു. കേരളത്തിലെ തിരുവനന്തപുരം, തൃശൂർ, കണ്ണൂർ, വയനാട് എന്നീ നാല് ജില്ലകളിലാണ് ഈ സംരംഭം നടപ്പിലാക്കുന്നത്. ഡബ്ല്യു.എച്ച്.ഒ. ഹാർട്ട്സ് പാക്കേജിനെ അടിസ്ഥാനമാക്കി ഹൈപ്പർടെൻഷന്റെ അളക്കാൻ കഴിയുന്ന ചികിത്സയുടെ അഞ്ച് അവശ്യഘടകങ്ങളിൽ ഐഎച്ച്എംഐ ശ്രദ്ധ

കേന്ദ്രീകരിച്ചിരിക്കുന്നു. ഹൈപ്പർടെൻഷൻ രോഗികളുടെ ചികിത്സയിൽ നിയന്ത്രണ നിരക്ക് 13 ശതമാനത്തിൽ നിന്ന് 35.5 ശതമാനമായി വർധിക്കുകയും വീഴ്ച വരുത്തുന്നവരെ ട്രാക്ക് ചെയ്യുകയും ഡിഫോൾട്ടർ നിരക്ക് 55 ശതമാനത്തിൽ നിന്ന് 27.6 ശതമാനമായി കുറയ്ക്കുകയും ചെയ്തു എന്നതാണ് പ്രോഗ്രാമിന്റെ പ്രധാന നേട്ടം.

**നയനാമൃതം – ഡയബറ്റിക് റെറ്റിനോപ്പതി പരിശോധന**

ഡയബറ്റിക് റെറ്റിനോപ്പതി ദീർഘനാളായി തുടരുന്ന ഡയബറ്റിസ് മെലിറ്റസിൽ സാധാരണ കണ്ടുവരുന്ന ഒരു സങ്കീർണതയാണ്. ഇത് കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെടുത്തിയേക്കും. ഡയബറ്റിക് റെറ്റിനോപ്പതിയുടെ ആദ്യഘട്ടത്തിൽ തന്നെ രോഗാവസ്ഥ കണ്ടെത്തിയാൽ പൂർണ്ണമായും ഫലപ്രദമായ ചികിത്സ ലഭ്യമാണ്. ഇ-ഹെൽത്ത് നൽകുന്ന സാങ്കേതിക പിന്തുണയോടെ കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ പ്രാഥമിക കേന്ദ്രങ്ങൾ, ദ്വിതീയ കേന്ദ്രങ്ങൾ, തൃതീയ പരിചരണ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന പൊതുജനാരോഗ്യ സംവിധാനത്തിൽ ആരോഗ്യ സേവന വകുപ്പ് ഒരു പരിചരണ പദ്ധതി നടപ്പിലാക്കി. സമൂഹത്തിലെ പ്രമേഹ രോഗികളെ കണ്ടെത്തുന്നതിലും സ്ക്രീനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിലും ആശാ വർക്കർമാരും മറ്റ് ഫീൽഡ് വർക്കർമാരും സജീവ പങ്ക് വഹിക്കുന്നു. 14 ജില്ലാ ആശുപത്രികളിലും 172 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. മൊത്തം 7,446 രോഗികളെ (ജൂലൈ 2018 മുതൽ ഒക്ടോബർ 2019 വരെ) പരിശോധിച്ചതിൽ 841 കേസുകളിൽ ഡയബറ്റിക് റെറ്റിനോപ്പതിയും 465 കേസുകളിൽ മറ്റ് റെറ്റിന മാറ്റങ്ങളുള്ളതായും കണ്ടെത്തി.

**ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ്**

കേരളത്തിൽ സാംക്രമികേതര രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച് ക്ലിനിക്ക് അടിസ്ഥാനമാക്കിയുള്ള ഡാറ്റ ഉണ്ടെങ്കിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള രജിസ്ട്രി ഇല്ല. സംസ്ഥാനം നാല് ജില്ലകളിൽ സാംക്രമികേതര രോഗങ്ങളുടെ ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്. ആശ വൊളന്റിയർ അവരുടെ പരിധിയിലുള്ള വീടുകൾ സന്ദർശിച്ച് സാംക്രമികേതര രോഗങ്ങളുടെ അവസ്ഥയും അതിന്റെ അപകട ഘടകങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കും. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവരവരുടെ എൻസിഡി നിലയെക്കുറിച്ച് അറിയാത്തവർക്കായി ക്യാമ്പ് അടിസ്ഥാനത്തിലും ഗൃഹാടിസ്ഥാനത്തിലും സ്ക്രീനിംഗ് നടത്തുകയും ആരോഗ്യ കേന്ദ്ര തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവരശേഖരം തയ്യാറാക്കുകയും ചെയ്യും. ആശാ പ്രവർത്തകർക്ക് വിവരശേഖരണത്തിന് ഉപയോഗിക്കുന്നതിനായി ഇ-ഹെൽത്ത് ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. ഇതുവരെ 46 ലക്ഷത്തിലധികം ആളുകളെ പരിശോധിച്ചു, അതിൽ 8 ലക്ഷം പേർക്ക് 4-ന് മുകളിലുള്ള റിസ്ക് ഫാക്ടർ കണ്ടെത്തി, 2 ലക്ഷം പേരെ ക്യാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തു, 4.9 ലക്ഷം പേർക്ക് ഹൈപ്പർടെൻഷനും 4 ലക്ഷം പേർക്ക് പ്രമേഹവും സ്ഥിരീകരിച്ചു.

**സി.എ.പി.ഡി. ക്ലിനിക്കുകൾ (കണ്ടിന്യൂസ് ആംബുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ്)**

വൃക്കസംബന്ധമായ സങ്കീർണതകളുള്ള രോഗികളുടെ എണ്ണം വർധിച്ചതിനാൽ കേരളത്തിൽ ഹീമോഡയാലിസിസ് കേന്ദ്രങ്ങൾ കൂണുപോലെ മുളച്ചുപൊങ്ങുന്നു. ഇത് സാമ്പത്തിക ബാധ്യതയ്ക്കൊപ്പം ജീവിതനിലവാരത്തെയും പ്രതികൂലമായി ബാധിച്ചു. ഈ സാഹചര്യം ലഘൂകരിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് സി.എ.പി.ഡി. പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. അത് രോഗികളുടെ ദൈനംദിന ജീവിതത്തെ ബാധിക്കാതെ ഡയാലിസിസ് തുടരാൻ കഴിയുന്നതും ചെലവ് കുറഞ്ഞതും സൗകര്യപ്രദവുമാണ്. 14 ജില്ലകളിലും സിഎപിഡി കേന്ദ്രങ്ങൾ സ്ഥാപിച്ചു.

**സ്ട്രോക്ക് മാനേജ്മെന്റ് (എസ്.ഐ.ആർ.എ.എസ്– സ്ട്രോക്ക് ഐഡന്റിഫിക്കേഷൻ റീഹാബിലിറ്റേഷൻ അവയർനെസ്സ് ആൻഡ് സ്റ്റബിലൈസേഷൻ പ്രോഗ്രാം)**

രക്താതിമർദ്ദത്തിന്റെ ഒരു സങ്കീർണതയാണ് സ്ട്രോക്ക്. ഇതിൽ രക്തസ്രാവം മൂലം രക്തക്കുഴലുകൾ അടഞ്ഞുപോകുന്നു. സ്ട്രോക്ക് മാനേജ്മെന്റ് സമയബന്ധിതമാണ്. ഇത് രോഗി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സമയപരിധിയെ ആശ്രയിച്ചിരിക്കുന്നു. ഇത് സാധാരണഗതിയിൽ 4 മണിക്കൂർ ആണ്. സ്ട്രോക്ക് നിയന്ത്രണത്തിനായി പ്രത്യേക വൈദഗ്ധ്യവും അടിസ്ഥാന സൗകര്യങ്ങളും വിലകൂടിയ മരുന്നുകളും ആവശ്യമായതിനാൽ സ്ട്രോക്ക് മാനേജ്മെന്റ് സങ്കീർണ്ണമാണ്. എസ്.സി.ടി.ഐ.എം.എസ്.ടി -യിൽ സ്ട്രോക്ക് മാനേജ്മെന്റിൽ ഫിസിഷ്യൻമാരെ പരിശീലിപ്പിച്ചും സി. ടി. സ്കാൻ, ടെലി റേഡിയോളജി സേവനങ്ങളുള്ള ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ഐ.സി.യു. സജ്ജീകരിച്ചും ആരോഗ്യവകുപ്പ് എസ്.ഐ.ആർ.എ.എസ് എന്ന സ്ട്രോക്ക് മാനേജ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. ഒമ്പത് ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ള ജില്ലകളിൽ സ്ട്രോക്ക് ഐസിയു പൂർത്തിയാക്കുകയുമാണ്.

**ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ (പാദസ്പർശം)**

നീണ്ടുനിൽക്കുന്ന പ്രമേഹത്തിന്റെ ഒരു പ്രധാന സങ്കീർണതയാണ് പ്രമേഹ പാദം, പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തിയില്ലെങ്കിൽ കൈകാലുകൾ നഷ്ടപ്പെടാം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് ഡയബറ്റിക് ഫൂട്ട് മാനേജ്മെന്റിനെക്കുറിച്ച് മെഡിക്കൽ ഓഫീസർമാർക്ക് പരിശീലനം നൽകി. 82 ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. പരിശോധനാ ഫലങ്ങൾ, രോഗനിർണയം മുതലായവ ഉൾപ്പെടെയുള്ള ചികിത്സാ സംഗ്രഹം ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് ശേഖരിക്കുകയും ഭാവിയിലെ റഫറൻസിനായി സംരക്ഷിക്കുകയും ചെയ്യുന്നു. കേന്ദ്രത്തിൽ നിന്ന് പുറത്തുപോകുമ്പോൾ രോഗിക്ക് പൂർണ്ണമായ ചികിത്സാ സംഗ്രഹം ലഭിക്കും. ടെലി കോളിംഗ് സൗകര്യം ഉപയോഗിക്കുന്ന രോഗിക്ക് ഷെഡ്യൂൾ ചെയ്ത ഫോളോ അപ്പ് തീയതിക്ക് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഒരു റിമൈൻഡർ കോൾ ലഭിക്കുന്നു.

**360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ്**

ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കാനുള്ള ദൗത്യത്തിന്റെ ഭാഗമായി, ബാഹ്യ പിന്തുണയോടെ കേരള സർക്കാർ എറണാകുളം ജനറൽ ആശുപത്രിയിൽ 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ് എന്ന പേരിൽ ഒരു മാതൃകാ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ രോഗിക്ക് ഒരു ഐഡി ലഭിക്കും. അപ്പോൾ രോഗിയുടെ ഉയരം, ഭാരം, രക്തസമ്മർദ്ദം

തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന പ്രീ-ക്ലിനിക്കൽ ഏരിയയിലേക്ക് അവർക്ക് നീങ്ങാൻ കഴിയും. അഡ്വാൻസ്ഡ് പോയിന്റ് ഓഫ് കെയർ (പിഒസി) ഉപകരണങ്ങളുടെ സഹായത്തോടെ രോഗിക്ക് ലാബിൽ നിന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധനാ ഫലങ്ങൾ ലഭിക്കും. ലാബ് റിപ്പോർട്ടുകൾ വിശകലനം ചെയ്ത ശേഷം, ആവശ്യമെങ്കിൽ, പോഷകാഹാര കൗൺസലിംഗ്, ഫിസിയോതെറാപ്പി, പൾമണറി ഫംഗ്ഷൻ ടെസ്റ്റ്, റെറ്റിനൽ സ്കാനിംഗ്, ഡയബറ്റിക് ഫൂട്ട് അസസ്മെന്റ് തുടങ്ങിയ തുടർ പരിശോധനകൾക്കും നടപടികൾക്കും ഡോക്ടർ രോഗിയെ നയിക്കും.

### അർബുദം

കേരളത്തിലെ ഒരു പ്രധാന സംക്രമികേതര രോഗമാണ് അർബുദം. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ എല്ലാ പ്രധാന സർക്കാർ ആശുപത്രികളും ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. നേരത്തേരോഗം തിരിച്ചറിയാതിരിക്കുക, വൻചികിത്സാചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

### മലബാർ ക്യാൻസർ സെന്റർ

കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകാൻ സ്ഥാപിതമായതാണ് മലബാർ ക്യാൻസർ സെന്റർ. ഇവിടെ 204 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2021-22ൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 5,974 പേർ കിടത്തി ചികിത്സ ലഭ്യമായവരും 74,218 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഇതിൽ പുതിയ കേസുകൾ 8,306 ആണ്. 2022-23 കാലയളവിൽ (ഓഗസ്റ്റ് 31, 2022 വരെ), ഐപിയുടെയും ഒപിയുടെയും എണ്ണം യഥാക്രമം 2,267 ഉം 35,684 ഉം പുതിയ കേസുകൾ 3,129 ഉം ആണ്. കേന്ദ്രത്തിൽ ഓരോ വർഷവും കണ്ടെത്തുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 6,984 ആണ് (കഴിഞ്ഞ അഞ്ച് വർഷത്തെ വിവരങ്ങൾ അടിസ്ഥാനമാക്കി).

### കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു തൃതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. സി.സി.ആർ.സി എന്നത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ്. സി.സി.ആർ.സി യിൽ നിലവിൽ ലഭ്യമാകുന്ന കിടക്കകളുടെ എണ്ണം 20 ആണ്. എന്നാൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന പുതിയ കേസുകളുടെ എണ്ണം 1,351 ആണ് (കഴിഞ്ഞ അഞ്ച് വർഷത്തെ വിവരങ്ങൾ അടിസ്ഥാനമാക്കി). 2021 ൽ ചികിത്സയിലുള്ള ഒപിയുടെ എണ്ണം 8,617 ഉം ഐപി 360 ഉം പുതിയ കേസുകൾ 1,108ഉം ആണ്. 2022ൽ (ഓഗസ്റ്റ് 31 വരെ), ഒപിയുടെ എണ്ണം 8,047ഉം പുതിയ കേസുകൽ 1,098 ആയിരുന്നു.

### റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.)

കേരളത്തിൽ ക്യാൻസർ രോഗനിർണയത്തിനും ചികിത്സക്കും നിയന്ത്രണത്തിനുമായുള്ള സമ്പൂർണ സമർപ്പിത കേന്ദ്രമാണ് ആർ.സി.സി., തിരുവനന്തപുരം. രാജ്യത്തെ ഏറ്റവും മികച്ച 28 ആർ.സി.സി. കളിൽ ഒന്നായ ആർ.സി. സി., തിരുവനന്തപുരം അന്താരാഷ്ട്ര സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ബന്ധവും നിലനിർത്തുന്നു. 2021-22ൽ ആർ.സി.സിയിൽ ദിവസേനയുള്ള ശരാശരി രോഗി സന്ദർശനങ്ങൾ 697 ആണ്. കഴിഞ്ഞ മുപ്പത്തിയൊൻപതു വർഷങ്ങളായി കേരളത്തിന്റെയും തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില പ്രദേശങ്ങളിലെയും ജനങ്ങളുടെ വർദ്ധിച്ചു വരുന്ന കാൻസർ പരിചരണ ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നിർവഹിക്കുന്നു. 2021-22ൽ പുതിയതായി 14,183 കേസുകൾ കണ്ടെത്തുകയും 2,11,778 കേസുകൾ അവലോകനം ചെയ്യുകയും 10,524 ഇൻ-പേഷ്യന്റ് അഡ്മിഷനുകളും ആർ.സി.സിയിൽ നടത്തി. ആർ.സി.സി.-യെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ **സെക്ഷൻ 5.2**ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സക്കും മാത്രമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണിത്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിൽ, 2001ലാണ് ഐ.ഐ.ഡി. പ്രവർത്തനം ആരംഭിച്ചത്. പ്രമേഹത്തിന്റെ ജനിതക അടിത്തറയെക്കുറിച്ച് അന്വേഷിക്കുക, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനം നൽകുക, ചികിത്സാ രീതികൾ വികസിപ്പിക്കുന്നതിന് ഗവേഷണ സഹായം നൽകുക, അക്കാദമിക് തലത്തിൽ പ്രാധാന്യം നൽകുക, കൂടാതെ പ്രമേഹ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അത്യാധുനിക കോൺഫറൻസുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഐ.ഐ.ഡി. യിൽ ലഭ്യമായ കിടക്കകളുടെ എണ്ണം 40 ആണ്. ശരാശരി ഓരോ വർഷവും കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം 6,000 ആണ്. 2021ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 49,239ഉം ഐപി 319ഉം പുതിയ കേസുകൾ 6908ഉം ആണ്. 2022ൽ (ഓഗസ്റ്റ് 31 വരെ) ഐപി, ഒപി, പുതിയ കേസുകൾ എന്നിവ യഥാക്രമം (275), (2,5651), (4,842) എന്നിങ്ങനെയായിരുന്നു.

### മാനസികാരോഗ്യം

ഭാരതസെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20 ശതമാനം മാനസിക രോഗങ്ങളുള്ളവരും 0.20 ശതമാനം മാനസിക വൈകല്യമുള്ള വരുമാണ്. ദേശീയ ശരാശരി യഥാക്രമം 0.06 ശതമാനം വും 0.12 ശതമാനം വുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഈ നിരക്ക് വളരെ കൂടുതലാണെങ്കിലും അതിനനുസരിച്ച് വേണ്ടത്ര പ്രാധാന്യം കേരളത്തിൽ നൽകിയിട്ടില്ല. ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാന സർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും റഫറൽ സംവിധാനങ്ങളാക്കണം. ആർദ്രം മിഷന്റെ ഭാഗമായി

പ്രാഥമിക ചികിത്സയിൽ 'ആശ്വാസം' വിഷാദരോഗ മാനേജ്മെന്റ് സംസ്ഥാനത്തൊട്ടാകെയുള്ള 241 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.

കേരളത്തിൽ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലായി 1,366 കിടക്കകൾ നിലവിലുണ്ട്. മാസംതോറും 10,000 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നല്കിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 26 പകൽവീടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 506 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

### ജില്ലാ മാനസികാരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കും. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 50,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്കു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 31 പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)

1982ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്) കോഴിക്കോട്. കോഴിക്കോട് ഗവൺമെൻറ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സൈക്യാട്രിക് സോഷ്യൽ വർക്ക് (8 സീറ്റ്), ക്ലിനിക്കൽ സൈക്കോളജി (8 സീറ്റ്), പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിങ് (10 സീറ്റ്) എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. ക്ലിനിക്കൽ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ കമ്മ്യൂണിറ്റി സൈക്യാട്രി, ചൈൽഡ് സൈക്യാട്രി, പുനരധിവാസ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇംഹാൻസിന് നിലവിൽ കിടത്തിച്ചികിത്സയ്ക്കുള്ള സൗകര്യമില്ല. 2021-22ൽ പുതിയ ഒ.പി. കേസുകളുടെ എണ്ണം 5,782ഉം ഫോളോ അപ്പ് കേസുകൾ 9,832ഉം ആയിരുന്നു.

### ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽരജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്-ഓർഡർ (എസ്.ആർ.സി.സി.ഡി). കമ്മ്യൂണിക്കേറ്റീവ്, കോഗ്നിറ്റീവ് ന്യൂറോ സയൻസ്, ഡിസെബിലിറ്റി എന്നീ മേഖലകളിൽ ശാസ്ത്രീയ ഗവേഷണം, ക്ലിനിക്കൽ സേവനങ്ങൾ, നൂതന വിദ്യാഭ്യാസം, പരിശീലനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എസ്.ആർ.സി.സി.ഡി തിരുവനന്തപുരത്തും ഷൊർണൂരിലും ഐക്കോൺസ് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്) ഓട്ടിസം, പഠന വൈകല്യം, ബുദ്ധിമാന്ദ്യം, മസ്തിഷ്ക പക്ഷാഘാതം, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, അപസ്മാരം, പക്ഷാഘാതബാധിതർ, മാരകമായ അപകടബാധിതർ തുടങ്ങിയ നാഡീവ്യവസ്ഥയെ ബാധിക്കുന്ന വിവിധ ഡീജനറേറ്റീവ് ഡിസോർഡേഴ്സും ശൈശവം മുതൽ പ്രായമായവർ വരെയുള്ള വികസന വൈകല്യങ്ങളുടെ സമഗ്രമായ മാനേജ്മെന്റ്, പുനരധിവാസം, വിദ്യാഭ്യാസം, ഗവേഷണം, വികസനം എന്നിവയ്ക്കായി ഗവൺമെന്റിന് കീഴിലുള്ള ഒരു പ്രധാന സ്ഥാപനമാണ്. വൈജ്ഞാനികം, ഭാഷ, ചലന പ്രവർത്തനങ്ങൾ എന്നിവയെ തടസ്സപ്പെടുത്തുന്ന അവസ്ഥകൾക്കു കേന്ദ്രം പ്രത്യേക ഊന്നൽ നൽകുന്നു. ന്യൂറോളജിസ്റ്റുകൾ, പീഡിയാട്രീഷ്യൻമാർ, ഇഎൻടി വിദഗ്ധർ, ഓഡിയോളജിസ്റ്റുകൾ, സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, ഫിസിയോതെറാപ്പിസ്റ്റുകൾ, പ്രത്യേക അധ്യാപകർ എന്നിവരടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി ടീം സ്ഥാപനത്തിന്റെ പുനരധിവാസ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ രോഗികളുടെ ഗ്രൂപ്പിന് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിരമായി ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് സേവനങ്ങൾ, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ ട്രെയിനിംഗ്, ഫിസിയോതെറാപ്പി, ഭാഷാശാസ്ത്ര പരിശീലനം തുടങ്ങിയ പുനരധിവാസ പരിപാടികൾ നൽകുന്നു. ഐക്കോൺസ് ഷൊർണൂരിൽ അടിയന്തര സേവനങ്ങൾക്കായി ന്യൂറോ-ഐ.സി.യു. ഉള്ള 60 കിടക്കകളുള്ള ഇൻപേഷ്യന്റ് വാർഡും രോഗികളുടെ സേവനത്തിനായി വിപുലമായ പൂർണ്ണ ഓട്ടോമേറ്റഡ് ന്യൂറോ-എൻഡോക്രൈൻ മെറ്റബോളിക് ലാബും ഇലക്ട്രോ ഫിസിയോളജി ലാബും ഉണ്ട്. ഓട്ടിസം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, പക്ഷാഘാതബാധിതർ, പോസ്റ്റ് മെന്റൽ ട്രോമാറ്റിക് സിൻഡ്രോം, മുതിർന്നവരിലെ അഫാസിയ, ഡിമെൻഷ്യ തുടങ്ങിയ വിവിധ വികസന വൈകല്യങ്ങളുള്ള കുട്ടികൾക്കും മുതിർന്നവർക്കും പ്രായമായവർക്കും ഈ കേന്ദ്രം ചികിത്സ നൽകുന്നു. ഐക്കോൺസ് ഷൊർണൂരിൽ ഗ്രാജ്വേറ്റ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിയിൽ (ബിഎഎസ്എൽപി) നാല് വർഷത്തെ കോഴ്സ് നടത്തുന്നു. ഇത് കെയുഎച്ച്എസുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. കൂടാതെ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവുമുണ്ട്. വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം 20 ആണ്.

### ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും

(ഡി.എച്ച്.എസ്.) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്(ഡി.എം.ഇ.)മാണ്.

**ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യപരിരക്ഷാസ്ഥാപനങ്ങൾ**

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,286 ആരോഗ്യ പരിരക്ഷാസ്ഥാപനങ്ങളിലായി 38,525 കിടക്കകളും 6,550 ഡോക്ടർമാരും, 14,373 നഴ്സിംഗ് ജീവനക്കാരും 7,304 പാരാമെഡിക്കൽ ജീവനക്കാരും ഉണ്ട്. ഇതിൽ 159 (24x7) പിഎച്ച്സികൾ, 688 പിഎച്ച്സി/ എഫ്എച്ച്സികൾ, 227 സിഎച്ച്സികൾ/ബ്ലോക്ക് എഫ്എച്ച്സികൾ, 87 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ, 18 ജില്ലാ ആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികാരോഗ്യ ആശുപത്രികൾ, 11 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗ ആശുപത്രികൾ, 18 ടിബി ആശുപത്രികൾ/ ക്ലിനിക്കുകൾ, 6 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 48 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. രോഗപ്രതിരോധവും രോഗശമനവുമുൾപ്പെടെയുള്ള സമഗ്രമായ പ്രഥമികതല സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ. സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിദീയതലപരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു. 2021-22 ലും 2022-23 ലും കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ ശാസ്ത്രക്രിയകൾ, ഡി.എച്ച്.എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 6.2.3, 6.2.4, 6.2.5** എന്നിവയിൽ കൊടുത്തിരിക്കുന്നു.

**കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം**

കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള **ചിത്രം 6.2.3**ൽ നൽകിയിരിക്കുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കൂടുതൽ കിടക്കകളുണ്ട്. എന്നാൽ കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ കിടക്കകളുടെ എണ്ണം കുറവാണ്. കേരളത്തിലെ കിടക്ക ജനസംഖ്യ അനുപാതം 1:604 ആണ്, ഇത് ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രം 1:668 ആണ്. കേരളത്തിലെ ശരാശരി ഡോക്ടർ ബെഡ് അനുപാതം 1:4 ഉം ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രമായി 1:5ഉം ആണ്. കേരളത്തിലെ ഡോക്ടർ ജനസംഖ്യാ അനുപാതം 1:2634 ആണ്. 2021ലെ എസ്റ്റിമേറ്റഡ് ജനസംഖ്യയാണ് ഇവിടുത്തെ ജനസംഖ്യ. ഈ കണക്കുകൾ സർക്കാർ മേഖലയുടെ മാത്രം സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നതാണ്, സ്വകാര്യ മേഖലയും പരിഗണിക്കുകയാണെങ്കിൽ ഈ കണക്കുകൾ കൂടുതൽ മെച്ചപ്പെടും.


**ആരോഗ്യ ഇൻഷുറൻസ്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി)**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി) എന്നത് കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ഇതിൽ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (പി.എം.-ജെ.എ.വൈ.) ഉൾപ്പെടുന്നു. സർക്കാർ സ്പോൺസർ ചെയ്ത ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വസ്ഥ്യ ഭീമ യോജന (ആർഎസ്ബിവൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (എസ്ചിസ് ) എന്നിവ കെഎഎസ്പി സംയോജിപ്പിക്കുന്നു.

തുടക്കത്തിൽ, 5 ലക്ഷം രൂപ കവറേജുമായി ഇൻഷുറൻസ് മോഡിൽ ഏപ്രിൽ 1, 2019 മുതൽ ജൂൺ 2020 വരെ പദ്ധതി നടപ്പാക്കി. ജൂലൈ 1, 2020 മുതൽ ₹5 ലക്ഷം കവറേജുമായി

**ചിത്രം 6.2.3** കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം (2022)



അഷ്വറൻസ് മോഡിലാണ് പദ്ധതി നടപ്പാക്കുന്നത്. മൊത്തം 41.79 ലക്ഷം കുടുംബങ്ങളെ കെഎഎസ്പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 22.03 ലക്ഷം കുടുംബങ്ങൾ മാത്രമാണ് പി.എം-ജെ.എ.വൈ./എസ്.ഇ.സി.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പിഎംജെഎവൈ, എസ്ഇസിസി എന്നിവയ്ക്ക് കീഴിൽ വരുന്ന കുടുംബങ്ങൾക്ക് മാത്രമായി കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. ഓരോ കുടുംബത്തിനും പ്രീമിയം പരിധി 1,500 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിൽ 60 ശതമാനം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. അതിനാൽ, എൻറോൾ ചെയ്ത ഓരോ പി.എം-ജെ.എ.വൈ. (ആർഎസ്ബിവൈ) കുടുംബത്തിനും കേന്ദ്ര സർക്കാർ 900 രൂപ നൽകുന്നു. അതിനാൽ പ്രതീക്ഷിക്കുന്ന കേന്ദ്രസഹായം 198 കോടി രൂപ (22,00,554 കുടുംബങ്ങൾ * 900) ആയിരിക്കും. 2021-22 കാലയളവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകിയ മൊത്തം ക്ലെയിം തുക 999.93 കോടിയാണ്. ഇതുവരെ 587 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്, ഇതിൽ 396 സ്വകാര്യ ആശുപത്രികളും 191 പൊതു ആശുപത്രികളും ഉൾപ്പെടുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിയും ഇതേ മിഷനു കീഴിൽ സംസ്ഥാനത്ത് പ്രത്യേകം പ്രവർത്തിക്കുന്നു.

പി.എം-ജെ.എ.വൈ./കെഎഎസ്പി എന്നിവയുടെ പുരോഗതി **പട്ടിക 6.2.15**ൽ നൽകിയിരിക്കുന്നു. പി.എം -ജെ.എ.വൈ./കെഎഎസ്പി എന്നിവയുടെ മേഖലാതല ഉപഭോഗം അനുബന്ധം 6.2.6 ൽ നൽകിയിരിക്കുന്നു.

### കാരുണ്യ ബെനവലന്റ് ഫണ്ട്

ചില മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2012 ഫെബ്രുവരിയിൽ കേരള സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് (കെബി.എഫ്) പദ്ധതി ആരംഭിച്ചു. എ.പി.എൽ. നില കണക്കിലെടുക്കാതെ റേഷൻ കാർഡ് അനുസരിച്ച് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള ഓരോ കുടുംബത്തിനും സാമ്പത്തിക സഹായം ലഭിക്കും. എന്നിരുന്നാലും ഈ വരുമാന പരിധി ഹീമോഫീലിയ ചികിത്സയിൽ ഏർപ്പെടുത്തിയിട്ടില്ല. ഓരോ കുടുംബത്തിനും വൃക്കരോഗങ്ങളുടെ ചികിത്സയ്ക്കായി 3 ലക്ഷം രൂപ വരെയും മറ്റ് നിർദ്ദിഷ്ട രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും ധനസഹായം ലഭിക്കും. ഒന്നോ അതിലധികമോ ആളുകൾക്ക് മുകളിൽ നിർദ്ദേശിച്ച പരിധിക്ക് വിധേയമായി ഒരേ റേഷൻ കാർഡിൽ നിന്ന് പ്രയോജനം നേടാം. സംസ്ഥാന ലോട്ടറി വകുപ്പ് വഴിയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. 2020 സെപ്റ്റംബർ 1 മുതൽ ഇത് സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പാക്കുന്നു. 2021-22ൽ സംസ്ഥാന ആരോഗ്യ ഏജൻസി 44.21 കോടി രൂപ ചെലവഴിച്ചു. 2021-22ൽ (നവംബർ 15 വരെ) 40.00 കോടി രൂപ ചെലവഴിച്ചു.

### ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യ പദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൗജന്യചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും നല്കുന്നു. ഈ പദ്ധതിയിലുൾപ്പെടുന്നത് ഒ.പി. രജിസ്ട്രേഷൻ ചെലവ്, രോഗനിർണ്ണയം/മരുന്നുകൾ/ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചെലവുകൾക്കാണ്. മേൽപ്പറഞ്ഞ ചെലവുകൾ നിർവഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ആരോഗ്യ ഏജൻസിയാണ് പദ്ധതി നടപ്പാക്കുന്നത്. 2020-21 കാലഘട്ടത്തിൽ 27,63,291 ഔട്ട് പേഷ്യന്റ് രോഗികൾക്കും 88,919 ഇൻപേഷ്യന്റ് രോഗികൾക്കും പ്രയോജനം ലഭിച്ചു. 2021-22ൽ ഇത് യഥാക്രമം 41,51,114ഉം 1,85,958ഉം ആണ്.

### ദേശീയ ആരോഗ്യ മിഷൻ

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻആർഎച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: 1) എൻ.ആർ.എച്ച്.എം/ആർ.സി.എച്ച് ഫ്ലെക്സി പൂൾ 2) എൻ.യു.എച്ച്.എം ഫ്ലെക്സി പൂൾ 3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ 4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ 5)ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്നിവയാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സബ്സെന്ററുകൾ, നഗര കുടുംബക്ഷേമകേന്ദ്രങ്ങൾ, അർബൻ റീവാംബിംഗ് സ്കീം (ഹെൽത്ത് തസ്തികകൾ), എ.എൻ.എം/എൽ.എച്ച്.വി പരിശീലന സ്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ ധനസഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവ്വീസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ.എച്ച്.എം. ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക്

**പട്ടിക 6.2.15** പി.എം-ജെ.എ.വൈ./കെഎഎസ്പി യുടെ പുരോഗതി 2021-22 മുതൽ 2022-23 (2022 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ

| വർഷം | അംഗമാക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | നഷ്ടപരിഹാരം നൽകിയതിന്റെ എണ്ണം | നഷ്ടപരിഹാരം നൽകിയത് |
|---|---|---|---|
| 2020-21 | 41,48,806 | 2,05,551 | 584,13,75,231 |
| 2021-22 | 41,52,359 | 7,74,835 | 999,92,89,583 |
| 2022-23 (2022 ഓഗസ്റ്റ് 31 വരെ) | 41,79,471 | 4,99,011 | 176,03,15,464 |

അവലംബം : സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള

നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും തിട്ടപ്പെടുത്താൻ കഴിയുന്നതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം. ഗ്രാമതലത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം-ന് 102 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2016-17 മുതൽ 2022-23 വരെ സംസ്ഥാനത്തിനു ലഭിച്ച മൊത്തം കേന്ദ്ര വിഹിതം **പട്ടിക 6.2.16**ൽ നൽകിയിരിക്കുന്നു. മെഡിക്കൽ, പാരാമെഡിക്കൽ, മറ്റുള്ള വിഭാഗങ്ങൾ എന്നിവയിലായി എൻഎച്ച്എമ്മിന്റെ മൊത്തം ജീവനക്കാരുടെ എണ്ണം 12003 ആണ് (ഓഗസ്റ്റ് 2022 വരെ).

**പട്ടിക 6.2.16** എൻ.എച്ച്.എം-നുള്ള കേന്ദ്രസഹായം 2016-17 മുതൽ 2022-26 വരെ (ഒക്ടോബർ 31 വരെ)

| വർഷം | എൻ.എച്ച്.എം പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം | കോവിഡ് പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര റിലീസ് | അടിസ്ഥാന സൗകര്യ പരിപാലനത്തിനുള്ള കേന്ദ്ര റിലീസ് | മൊത്തം കേന്ദ്ര റിലീസ് | സംസ്ഥാന വിഹിതം |
|---|---|---|---|---|---|
| 2016-17 | 191.95 | | 252.49 | 444.44 | 302.8 |
| 2017-18 | 241.31 | | 255.4 | 496.71 | 258.11 |
| 2018-19 | 271.06 | | 574.6 | 845.66 | 226.9627 |
| 2019-20 | 299.12 | 74.21 | 430.26 | 803.59 | 430.29 |
| 2020-21 | 341.95 | 583.04 | 404.69 | 1329.68 | 957.51 |
| 2021-22 | 327.25 | 48.82 | 381.42 | 757.49 | 514.31 |
| 2022-23 | 229.82 | 0 | 381.42 | 611.24 | 350 |
| ആകെ | 1519.43 | 744.19 | 2217.06 | 4480.68 | 2489.55 |

അവലംബം : എൻ.എച്ച്.എം. കേരള

### പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ.)

പ്രധാനമന്ത്രി സ്വാസ്ഥ്യസുരക്ഷായോജന (പി.എം.എസ്.എസ്.വൈ.) എന്ന കേന്ദ്രസർക്കാർ പദ്ധതി മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതികവിദ്യകളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനും, മൂന്നാം ഘട്ടത്തിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്കും 150 കോടി രൂപ വീതമുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ സംസ്ഥാന വിഹിതമാണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ കെട്ടിടം ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ 2022-23ൽ പൂർത്തിയാകും.

### സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് (സിമറ്റ്) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 4 നഴ്സിംഗ് കോളേജുകളിലായി 280 കുട്ടികൾ വാർഷിക പ്രവേശനം നേടുന്നു. 2022 ഒക്ടോബറിൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 1,058 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

### പബ്ലിക് ഹെൽത്ത് ലബോറട്ടറീസ്

സംസ്ഥാനത്ത് ആകെ 9 പബ്ലിക്ക് ഹെൽത്ത് ലാബുകളാണുള്ളത്. തിരുവനന്തപുരത്തുള്ള സംസ്ഥാന പൊതുജനാരോഗ്യ ലാബും, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടറികളും കൂടാതെ ആലപ്പുഴ, മലപ്പുറം, വയനാട്, കൊല്ലം ജില്ലകളിലും പബ്ലിക്ക് ഹെൽത്ത് ലാബുകളും പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലീനിക്കൽ ലാബാണ് എല്ലാ പി.എച്ച്. ലാബുകളിലേക്കുമുള്ള സാങ്കേതിക മാർഗ നിർദ്ദേശവും മെറ്റീരിയലുകളും നൽകുന്നത്. ഏകദേശം 200 രോഗികൾ വീതമാണ് വിവിധ ലാബുകളിൽ പരിശോധനക്കായി ദിവസവും എത്തുന്നത്. ഓരോ ദിവസവും ഏകദേശം 1,300 ത്തോളം പരിശോധനകളാണ് വിവിധ ലാബോറട്ടറികളിലായി നടക്കുന്നത്.

### ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി)

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാരപരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ്വ കൗൺസലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2021-22ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 20,511 ആണ്. ഇവിടെ ഔട്ട്

**ബോക്സ് 6.2.1** ന്യൂ ബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം (2013-23)

2013 മാർച്ചിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം 2017 സെപ്റ്റംബറിൽ പ്രസവം നടത്തുന്ന എല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു. നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലീനിക്കൽ ലബോറട്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് പ്രാദേശിക ലാബോറട്ടറികളിലും പരിശോധിക്കുന്നു. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രിനാൾ ഹൈപ്പർപ്ലാസിയ, പീനൽ കെറ്റോണൂറിയ, ജി 6 പി.ഡി യുടെ കുറവ് എന്നീ രോഗങ്ങൾക്കാണ് സ്ക്രീനിംഗ് പരിശോധന നടത്തുന്നത്. സ്റ്റേറ്റ് പി.എച്ച് ലാബിലെ ഡയറക്ടർ ആണ് കേരളത്തിലെ എൻ.ബി.എസ്. പ്രോഗ്രാമുകളുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ. 2013 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ നാല് പി.എച്ച്. ലാബുകളിലായി എൻ.ബി.എസിനായി ലഭിച്ച മൊത്തം സാമ്പിളുകളുടെ എണ്ണം 9,70,345 ശിശുക്കളുടെതാണ്. അതിൽ പോസിറ്റീവ് കൺജെനിറ്റൽ ഹൈപ്പോതൈറോയിഡിസം (490 കേസുകൾ), കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ (149 കേസുകൾ), ജി6പിഡി കുറവ് (291 കേസുകൾ), ഗാലക്ടോസെമിയ (9 കേസുകൾ) എന്നിവ കണ്ടെത്തി.

പേഷ്യന്റ് സേവനങ്ങൾ മാത്രമേ ലഭിക്കൂ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. 2021-22ൽ 4067 പേർ വിവിധ പരിശീലനങ്ങൾ, കോൺഫറൻസുകൾ കമ്മ്യൂണിറ്റി എക്സ്റ്റെൻഷൻ പ്രോഗ്രാം തുടങ്ങിയവയിൽ പങ്കെടുത്തു.

### ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദ വിഭാഗങ്ങൾ, 4 മരുന്ന് പരിശോധനാലബോറട്ടറികൾ എന്നിവയുണ്ട്. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ). പ്രതിവർഷം 11,500 സാമ്പിളുകളുടെ വിശകലന ശേഷിയുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ള മരുന്ന് പരിശോധനാലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. കണ്ണൂരിൽ ഒരു ലബോറട്ടറി കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്ത് ഏകദേശം 23,000 മെഡിക്കൽ ഷോപ്പുകളും/ഡീലർമാരും ഫാർമസികളും ഉണ്ട്. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ്, 1945 ലെ റൂൾ 51 പ്രകാരം ഡ്രഗ്സ് ഇൻസ്പെക്ടർ വർഷത്തിൽ ഒരിക്കലെങ്കിലും അവർക്ക് നിയോഗിക്കപ്പെട്ട പ്രദേശത്തിനുള്ളിൽ മരുന്നുകൾ വിൽക്കാൻ ലൈസൻസുള്ള എല്ലാ സ്ഥാപനങ്ങളും പരിശോധിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണുള്ളത്. 2021-22 വകുപ്പിന്റെ പ്രധാനനേട്ടങ്ങൾ **പട്ടിക 6.2.17**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.2.17** ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം-2021-22

| | |
|---|---|
| നടത്തിയ പരിശോധനകളുടെ എണ്ണം | 11448 |
| പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിന്റെ എണ്ണം | 61 |
| വിൽക്കാൻ അനുവദിക്കുന്ന ലൈസൻസ് സസ്പെന്റ് ചെയ്തവരുടെ എണ്ണം | 229 |
| ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം | 7686 |
| പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതി / കോസ്മെറ്റിക്സ്) വിതരണം ചെയ്തവയുടെ എണ്ണം | 75 |
| വില ലംഘനങ്ങൾ കണ്ടെത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തതിൻറെ എണ്ണം | 39 |

അവലംബം: ഡ്രഗ്സ് കൺട്രോൾ വകുപ്പ്

### ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന ഭക്ഷ്യപരിശോധന ലബോറട്ടറി എന്നിവയാണ്. വെള്ളം, പാൽ, സാധാരണയിൽ കവിഞ്ഞ കളർ ചേർക്കൽ, ക്രിത്രിമ മധുരം ചേർക്കൽ, ബാഹ്യവസ്തുക്കൾ, ഫംഗസ് വളർച്ച തുടങ്ങിയവയുടെ പരിശോധനകളാണ് ഈ ലബോറട്ടറികളിൽ നടക്കുന്നത്. തിരുവനന്തപുരം, ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളത്തും കോഴിക്കോട്ടും ഉള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിങ്ങനെ മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചു. 2020-21 ലും 2021-22 ലും ഭക്ഷ്യാസുരക്ഷാ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ **പട്ടിക 6.2.18**ൽ നൽകിയിരിക്കുന്നു.

മാനവ വിഭവശേഷിയും സ്ഥാപന ഡാറ്റയും, ഭക്ഷ്യ സുരക്ഷ പാലിക്കൽ, ഭക്ഷ്യ പരിശോധന, അടിസ്ഥാന സൗകര്യങ്ങളും നിരീക്ഷണവും, പരിശീലനവും ശേഷി വർദ്ധിപ്പിക്കലും, ഉപഭോക്തൃ ശാക്തീകരണം എന്നീ വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച് മൊത്തത്തിലുള്ള പ്രകടനത്തിന്റെ അംഗീകാരമായി എഫ്.എസ്.എസ്.എ.ഐ. പുറത്തിറക്കിയ 2021-22 ലെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ 57 പോയിന്റുമായി (വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ) കേരള സംസ്ഥാനത്തിന് ആറാം റാങ്ക് ലഭിച്ചു. വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 82 പോയിന്റുമായി തമിഴ്നാട് ഒന്നാം സ്ഥാനത്തും ആന്ധ്രാപ്രദേശ് വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ അവസാന (17-ാം) സ്ഥാനത്തുമാണ്. പൊതു ജനങ്ങൾക്ക് സുരക്ഷിതമായ ഭക്ഷണം നൽകുന്നതിനായി ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ് നിയമത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഒരു നല്ല മത്സര അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മുൻ സാമ്പത്തിക വർഷത്തിലെ സംസ്ഥാനങ്ങളുടെ/ കേന്ദ്ര ഭരണ പ്രദേശങ്ങളുടെ മൊത്തത്തിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കി എല്ലാ വർഷവും എഫ്.എസ്.എസ്.എ.ഐ. സംസ്ഥാന ഭക്ഷ്യസുരക്ഷാ സൂചിക പുറത്തിറക്കുന്നു.

### മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, എറണാകുളം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, ഇടുക്കി, കോന്നി എന്നിവിടങ്ങളിലുള്ള 11 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി 7 നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ 6 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ കൊല്ലത്തും മഞ്ചേരിയിലുമായി രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കും.

**പട്ടിക 6.2.18** ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ-2020-21, 2021-22 വരെ

| പരിപാടികൾ | 2020-21 | 2021-22 |
|---|---|---|
| നടത്തിയ പരിശോധനകളുടെ ആകെ എണ്ണം | 42742 | 47199 |
| ദ്രുത പ്രതികരണ സംഘം നടത്തിയ പരിശോധനകളുടെ എണ്ണം | 15967 | 18751 |
| ദ്രുത പ്രിതികരണ സംഘം നടപടി സ്വീകരിച്ച ഭക്ഷ്യ വിഷ കേസുകളുടെ എണ്ണം | 41 | 93 |
| നൽകിയ ലൈസൻസിന്റെ എണ്ണം | 24015 | 30726 |
| രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിയത് | 134759 | 193288 |
| എടുത്ത നിയമപരമായ സാമ്പിളുകളുടെ എണ്ണം | 6971 | 7780 |
| എടുത്ത നിരീക്ഷണ സാമ്പിളുകളുടെ എണ്ണം | 8897 | 10160 |
| ഫയൽ ചെയ്ത അഡ്ജൂഡിക്കേഷൻ കേസുകളുടെ എണ്ണം | 422 | 542 |
| ഫയൽ ചെയ്ത പ്രോസിക്യൂഷൻ കേസുകളുടെ എണ്ണം | 274 | 358 |
| മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ച് നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ എണ്ണം | 377 | 442 |
| FoSTaC പരിശീലന സംരംഭത്തിന് കീഴിൽ പരിശീലനം നേടിയ ഭക്ഷണം കൈകാര്യം ചെയ്യുന്നവരുടെ എണ്ണം | 10889 | 12252 |
| ശുചിത്വ റേറ്റിംഗ് ഓഡിറ്റുകൾ നടത്തിയത് | - | 480 |
| സ്കൂളുകളിൽ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം പരിപാടി (സ്കൂളുകളുടെ എണ്ണം) | - | 466 |
| സമ്പൂർണ്ണ ഭാഗ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പരിപാടി (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | - | 36 |
| ലാബ് അനാലിസിസ് വിശകലനം ചെയ്ത നിയമപ്രകാരമുള്ള സാമ്പിളുകളുടെ എണ്ണം | 6971 | 7780 |
| വിശകലനം ചെയ്ത ഭക്ഷണ സാമ്പിളുകളുടെ എണ്ണം | 8897 | 10160 |

അവലംബം: ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2022 ഓഗസ്റ്റ് 31-ന് ഡി.എം.ഇ.യ്ക്ക് കീഴിലുള്ള ആകെ ഫാക്കൽറ്റികളുടെ എണ്ണം 3,381 ആണ്. 2022-23ൽ 9 മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാമെഡിക്കൽ സീറ്റുകളുടെ ആകെ എണ്ണം 5233 ആണ്. 2021-22 ൽ ഇത് 5062 ആയിരുന്നു. 2022-23 ലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാ മെഡിക്കൽ കോഴ്സുകളുടെ വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം 6.2.7ലും 6.2.8ലും കൊടുത്തിരിക്കുന്നു. 2021-22 & 2022-23 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഒരു താരതമ്യ വിശകലനം അനുബന്ധം 6.2.9ൽ കാണാം. 2022-23 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം മുൻവർഷത്തെ 14,418ൽ നിന്ന് 396 എണ്ണം വർധിച്ചു.

**കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്.എസ്.)**

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. 2010-11 അധ്യയന വർഷത്തിലാണ് സർവകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവ്വകലാശാലയ്ക്ക് കീഴിൽ 2022 ഒക്ടോബർ വരെ 319 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 43 സർക്കാർ കോളേജുകൾ, 5 സർക്കാർ ധനസഹായമുള്ള കോളേജുകൾ, 13 സ്വാശ്രയ സഹകരണ കോളേജുകൾ, 258 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.19**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.2.19** വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ ( ഒക്ടോബർ 2022 ലെ എണ്ണം)


| വിഭാഗം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് (സഹകരണം) | അൺഎയ്ഡഡ് (പ്രൈവറ്റ്) | ആകെ |
|---|---|---|---|---|---|
| മോഡേൺമെഡിസിൻ | 12 | 0 | 0 | 20 | 32 |
| ഡെന്റൽ | 6 | 0 | 0 | 19 | 25 |
| ആയുർവേദമെഡിസിൻ | 3 | 2 | 0 | 12 | 17 |
| ഹോമിയോ മെഡിസിൻ | 3 | 3 | 0 | 0 | 6 |
| സിദ്ധ മെഡിസിൻ | 0 | 0 | 0 | 1 | 1 |
| നഴ്സിംഗ് | 6 | 0 | 11 | 107 | 124 |
| ഫാർമസി | 5 | 0 | 0 | 53 | 58 |
| പാരാമെഡിക്കൽ | 8 | 0 | 2 | 45 | 55 |
| യുനാനി മെഡിസിൻ | 0 | 0 | 0 | 1 | 1 |
| ആകെ | 43 | 5 | 13 | 258 | 319 |

അവലംബം: കേരള ആരോഗ്യ സർവ്വകലാശാല

2022 ഒക്ടോബർ വരെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസുമായി (കെയുഎച്ച്എസ്) അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ ഗ്രാഫിക്കൽ പ്രാതിനിധ്യം ചിത്രം 6.2.4ൽ നൽകിയിരിക്കുന്നു. കെ.യു. എച്ച്.എസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മൊത്തം കോളേജുകളുടെ 15 ശതമാനം മാത്രമാണ് സർക്കാർ, സർക്കാർ എയ്ഡഡ് കോളേജുകൾ.

വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി 2022-23ൽ ഏകദേശം 23161 (4361 വിദ്യാർത്ഥികളും 18,800 വിദ്യാർത്ഥിനികളും) വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെയും ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ പുരുഷ/സ്ത്രീ എണ്ണത്തിന്റെയും വിശദാംശങ്ങൾ എന്നിവ **പട്ടിക 6.2.20**ൽ നൽകിയിരിക്കുന്നു.

**ചിത്രം 6.2.4** കേരള ആരോഗ്യ സർവ്വകലാശാലക്ക് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനത്തിൽ




അവലംബം: കേരള ആരോഗ്യ സർവ്വകലാശാല

**പട്ടിക 6.2.20** ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2022 ഒക്ടോബർ

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| മോഡേൺമെഡിസിൻ | 1782 | 3616 | 5398 |
| ഡെന്റൽ | 267 | 1640 | 1907 |
| ആയുർവേദമെഡിസിൻ | 146 | 1030 | 1176 |
| ആയുർവേദ നഴ്സിംഗ് | 0 | 0 | 0 |
| ആയുർവേദ ഫാർമസി | 0 | 0 | 0 |
| ഹോമിയോ മെഡിസിൻ | 40 | 345 | 385 |
| സിദ്ധമെഡിസിൻ | 4 | 13 | 17 |
| നഴ്സിംഗ് | 910 | 6770 | 7680 |
| ഫാർമസി | 858 | 3169 | 4027 |
| പാരാമെഡിക്കൽ | 345 | 2166 | 2511 |
| യുനാനി മെഡിസിൻ | 9 | 51 | 60 |
| ആകെ | 4361 | 18800 | 23161 |

അവലംബം: കേരള ആരോഗ്യ സർവ്വകലാശാല

### ഭാരതീയ വൈദ്യശാസ്ത്രസമ്പ്രദായം

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദ, സിദ്ധ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസീകരോഗാശുപത്രി (1), പഞ്ചകർമ്മ (1), പ്രകൃതി ചികിത്സ (1), സിദ്ധ (1), വിഷ (3), സ്പോർട്സ് ആയുർവേദ (1), മർമ്മ (1) തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 130 ആശുപത്രികളും 818 ഡിസ്പെൻസറികളുമുണ്ട്. ഇതിൽ ആയുർവേദം (806), വിഷ (4), സിദ്ധ (6), പ്രകൃതി ചികിത്സ (1), യുനാനി (1) എന്നിവ ഉൾപ്പെടുന്നു. ഈ ആശുപത്രികളിലെ കിടക്കകളുടെ ആകെ എണ്ണം 3,154 ആണ്. സംസ്ഥാന ഔഷധബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2020-21ലും 2021-22 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ, കിടക്കകൾ, രോഗികൾ എന്നിവ ജില്ലതിരിച്ച് **അനുബന്ധം 6.2.10**ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ട്കളും ഭാരതീയ ചികിത്സാവകുപ്പ് 2020-21, 2021-22 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. അത്തരം പ്രോജക്ട്കളാണ്; ഋതു, പ്രസാദം, ദൃഷ്ടി, ജീവനി, പുനർനവ, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർട്സ് മെഡിസിൻ, പഞ്ചകർമ്മ, ക്ഷാരസൂത്ര, മാനസികം, കൗമാരഭൃത്യം, പ്രസൂതിതന്ത്ര, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം, സിക്കിൾ സെൽ, നിർവിഷ, സിദ്ധ, ക്ഷേമജനനി, മുതലായവ. പ്രത്യേക പ്രോജക്ട്കൾ, നടപ്പാക്കിയ ജില്ലകൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.11**ൽ നൽകിയിരിക്കുന്നു.

### ആയുഷ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധാ, യുനാനി, ഹോമിയോപ്പതി)

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കാൻ ഭാരതസർക്കാർ രണ്ട് റെഗുലേറ്ററി ബോഡികൾ

**പട്ടിക 6.2.21** ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം

| വർഷം | കേന്ദ്ര റിസോഴ്സ് എൻവലപ്പ് | നിർദ്ദേശം സമർപ്പിച്ചത് | കേന്ദ്ര അംഗീകാരം ലഭിച്ചത് | കേന്ദ്ര വിഹിതം ലഭിച്ചത് | സംസ്ഥാന വിഹിതം ലഭിച്ചത് |
|---|---|---|---|---|---|
| 2018-19 | 2700.30 | 5819.47 | 4329.73 | 2597.84 | 1731.89 |
| 2019-20 | 2072.80 | 3507.76 | 2567.55 | 1540.54 | 1027.025 |
| 2020-21 | 3544.30 | 4461.68 | 3895.98 | 2337.59 | 1558.39 |
| 2021-22 | 2440.50 | 3499.48 | 3462.43 | 1153.39 | 768.92 |
| 2022-23 | 4229.70 | 10072.72 | 9777.40 | 1466.61 | 0 |
| ആകെ | 14987.6 | 27361.11 | 24033.09 | 9095.97 | 5086.225 |

ദേശീയ ആയുഷ് മിഷന്റെ കേരളത്തിലേക്കുള്ള കേന്ദ്ര റിലീസ് വിവിധ സാമ്പത്തിക വർഷങ്ങളിൽ വർദ്ധിച്ചു.

സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവേദം, യുനാനി, സിദ്ധ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി.) ആക്ട് 1970 ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയന്ത്രിക്കുന്നില്ല.

**ദേശീയ ആയുഷ് മിഷൻ**

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015 ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തെ കേന്ദ്ര ഫണ്ട് റിലീസ് **പട്ടിക 6.2.21**ൽ നൽകിയിരിക്കുന്നു.

**ആയുർവ്വേദ മരുന്ന് നിർമ്മാണം-ഔഷധി**

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിത്. ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവേദമരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. കേരളത്തിൽ മരുന്നുകൾ ഔഷധി ആയുർവേദവകുപ്പിന് മാർക്കറ്റ് വിലയെക്കാളും 30 ശതമാനം വിലക്കുറവിലാണ് നല്കുന്നത്. ഐ.എസ്.എം ഈ മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാനത്തുടനീളവും സംസ്ഥാനത്തിന് പുറത്തുമുള്ള 1,039 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2020-21 കാലയളവിൽ നികുതിക്കു ശേഷമുള്ള സ്ഥാപനത്തിന്റെ ലാഭം 2,378.60 ലക്ഷം രൂപയായിരുന്നത് 2021-22ൽ 5,864.20 ലക്ഷം രൂപയായി.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം – ആയുർവ്വേദകോളേജുകൾ**

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1,361 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേ മെഡിക്കൽകോളേജുകളുണ്ട്. 2021ൽ 3,987 ഇൻപേഷ്യന്റ്സിനും 2,34,089 ഔട്ട്പേഷ്യന്റ്സിനും ചികിത്സ നൽകുകയുണ്ടായി. ഇതിൽ പുതിയ രോഗികൾ 103888 ആണ്. ഇത് 2022ൽ യഥാക്രമം 7,466ഉം 2,92,822ഉം ആണ്. ഇതിൽ പുതിയ രോഗികൾ 151343 ആണ്. തിരുവനന്തപുരം ആയുർവ്വേ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവേദകോളേജുകളും, 12 സ്വാശ്രയ ആയുർവേദകോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ബിരുദകോഴ്സിന് 1,080, ബിരുദാനന്തരബിരുദകോഴ്സിന് 186, പാരാമെഡിക്കൽ കോഴ്സുകൾക്ക് 482 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നുണ്ട്.

**ഹോമിയോപ്പതി**

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 669 ഹോമിയോപ്പതി ഡിസ്പെൻസറികൾ 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്ഡ് ആശുപത്രികൾ, ഒരു ആശുപത്രി എന്നിവയിലായി 1,000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2021-22 കാലയളവിൽ ഹോംകോയുടെ മൊത്തലാഭം 12.43 കോടിയാണ്. 2021ലും 2022 ലും ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ അനുബന്ധം 6.2.12 ൽ കൊടുത്തിട്ടുണ്ട്.

**ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം**

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജുകളും, ഒരു അൺഎയ്ഡഡ്

പരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഉം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 118ഉം കോഴിക്കോട് 100 ഉം ആണ്. 2020-21ൽ ഈ രണ്ടു മെഡിക്കൽകോളേജുകളിലായി ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 116 ഉം ഔട്ട് പേഷ്യന്റ്സ് 1,48,677ഉം ആണ്. ഇതിൽ പുതിയ രോഗികൾ 37,988 ആണ്. 2021-22ൽ 295 ഐപി, 1, 65,035 ഒപി, 66,872 പുതിയ കേസുകൾ എന്നിങ്ങനെയായിരുന്നു കണക്കുകൾ. അഞ്ച് ഹോമിയോ മെഡിക്കൽ കോളേജുകളിലെയും പരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെയും കോഴ്സുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.13**ൽ കൊടുത്തിരിക്കുന്നു.

### കുടുംബക്ഷേമ പരിപാടികൾ

നിരവധി പദ്ധതി കാലയളവുകളിൽ കുടുംബക്ഷേമ പരിപാടികൾ 100 ശതമാനം കേന്ദ്രവിഷ്കൃത പദ്ധതി ആയിരുന്നു. കൂടാതെ 2016-17 സാമ്പത്തിക വർഷം മുതൽ കേന്ദ്രവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതിയും ധനസഹായ ഘടകങ്ങളും മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് കുടുംബക്ഷേമ പരിപാടി നടപ്പിലാക്കുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. നാഷണൽ ഹെൽത്ത് മിഷന്റെയും (എൻഎച്ച്എം) ഡിഎച്ച്എസിന്റെയും ഭാഗമായാണ് ഇപ്പോൾ ഈ പരിപാടി നടപ്പിലാക്കുന്നത്.

### പ്രസവവും മാതൃമരണ അനുപാതവും

ഡി.എച്ച്.എസ്-ന്റെ കഴിഞ്ഞ 10 വർഷത്തെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിലെ പ്രസവങ്ങൾ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. മാതൃമരണ അനുപാതം കേരളത്തിൽ 19 ഉം ഇന്ത്യയിൽ 97 ഉം ആണ് (അവലംബം : 2018-20-ലെ എം.എം.ആർ. പ്രത്യേക ബുള്ളറ്റിൻ). 2010-11 മുതൽ പൊതു-സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 6.2.22**ൽ കൊടുത്തിരിക്കുന്നു.

### രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പും കൊണ്ട് ഒഴിവാക്കാനാകുന്നതും ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതുമായ വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റിസ് എയും ബിയും, അഞ്ചാം പനി, മുണ്ടിനീര്, ന്യൂമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പുകൾ. 2018-19 മുതലുള്ള 5 വർഷങ്ങളിലെ രോഗപ്രതിരോധ വ്യാപന പരിപാടി **അനുബന്ധം 6.2.14**ൽ കാണാം.

### സംസ്ഥാന വാക്സിൻ നയം

ഡോ. ബി ഇക്ബാൽ അധ്യക്ഷനായ വാക്സിൻ നയ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഹ്രസ്വകാല, ഇടക്കാല, ദീർഘകാല മുൻഗണനാ പദ്ധതികളുടെ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളാണ് ഏഴംഗ സമിതി ശുപാർശ ചെയ്തത്. സമിതിയുടെ പ്രധാന ശുപാർശകൾ ഇവയാണ്:

- ഹ്രസ്വകാല മുൻഗണനാ പദ്ധതി: [ഒന്നര വർഷത്തിനകം നടപ്പിലാക്കാനുള്ള പദ്ധതി]
- മുണ്ടിനീര് (Mumps) രാജ്യത്ത് ഇപ്പോഴും കാണപ്പെടുന്നത് കൊണ്ട് സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ എം ആർ വാക്സിന് (MR : Measles, Rubella] പകരം, എം എം ആർ വാക്സിൻ (MMR: Measles. Mumps, Rubella] ഉൾപ്പെടുത്തുക

**പട്ടിക 6.2.22** കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ 2010-11 മുതൽ

| വർഷം | പൊതുആശുപത്രി | സ്വകാര്യആശുപത്രി | ആകെ | പൊതുആശുപത്രി % | സ്വകാര്യആശുപത്രി % |
|---|---|---|---|---|---|
| 2010-11 | 136161 | 347199 | 483360 | 28 | 72 |
| 2011-12 | 140678 | 360397 | 501075 | 28 | 72 |
| 2012-13 | 135941 | 358563 | 494504 | 27 | 73 |
| 2013-14 | 151277 | 344980 | 496257 | 30 | 70 |
| 2014-15 | 151524 | 342112 | 493636 | 31 | 69 |
| 2015-16 | 139808 | 340841 | 480649 | 29 | 71 |
| 2016-17 | 124115 | 332293 | 456408 | 27 | 73 |
| 2017-18 | 138510 | 313617 | 452127 | 31 | 69 |
| 2018-19 | 143847 | 339989 | 483836 | 30 | 70 |
| 2019-20 | 146174 | 314209 | 460383 | 32 | 68 |
| 2020-21 | 131620 | 288187 | 419807 | 31 | 69 |
| 2021-22 | 134093 | 291546 | 425639 | 32 | 68 |
| 2022 സെപ്റ്റംബർ വരെ | 64921 | 143655 | 208576 | 31 | 69 |

അവലംബം : ആരോഗ്യ സേവന ഡയറക്ടറേറ്റ്

- നിലവിലെ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ 10 വയസ്സിലാണ് ടിഡി (ടെറ്റനസ്, ഡിഫ്തീരിയ വാക്സിൻ) ശുപാർശ ചെയ്യുന്നത്. വില്ലൻചുമ വീണ്ടും വരാനുള്ള സാധ്യതകണക്കിലെടുത്ത് പത്ത് വയസ്സിൽ നൽകുന്ന ടി.ഡി വാക്സിനു പകരം ടിഡാപ് വാക്സിൻ (Tdap: tetanus, diphtheria, pertussis) ഉൾപ്പെടുത്താം
- അയൽ രാജ്യങ്ങളിൽ ഇപ്പോഴും പോളിയോ പകരുന്നതിനാൽ, മൂന്ന് ഇനം പോളിയോ വൈറസുകളും പ്രതിരോധിക്കുന്ന പോളിയോ വാക്സിൻ ഇഞ്ചക്ഷൻ (IPV Injection: Inactivated poliovirus vaccine) 18 ആം മാസത്തിൽ നൽകുക.
- എച്ച് 1 എൻ 1 ഫ്ലൂ ബാധമൂലമുള്ള രോഗതുരതയും മരണസാധ്യതയും കുറക്കുന്നതിനായി ഗർഭിണികൾക്ക് ഇൻഫ്ലുവെൻസ വാക്സിൻ (quadrivalent influenza vaccine) നൽകുക.
- നവജാതശിശുക്കളിൽ രോഗതുരതയും മരണനിരക്കും തടയുന്നതിനായി ഗർഭിണികൾക്ക് നിലവിൽ നൽകിവരുന്ന ടി.ടി ക്ക് പകരം ഓരോ ഗർഭകാലത്തും Tdap അവസാന മൂന്നാം മാസത്തിൽ നൽകണം
- ഡിഫ്തീരിയ, മീസിൽസ്, മുണ്ടിനീര്, റുബല്ല എന്നീ രോഗങ്ങൾ കൗമാരപ്രായത്തിലും മുതിർന്നവരിലും വരുന്നത് തടയാൻ പത്താം ക്ലാസ്സിലോ കോളേജ് പ്രവേശനസമയത്തോ നൽകുക( നേരത്തെ ഇതേ വാക്സിനുകൾ സ്വീകരിച്ചിട്ടില്ലാത്തവർക്ക് ടി.ഡി.എം.എം. ആർ വാക്സിൻ (Td+MMR) നൽകുക)
- ഇൻഫ്ലുവൻസ, ന്യുമോകോക്കൽ അണുബാധകൾ മൂലമുള്ള മരണനിരക്കും രോഗാവസ്ഥയും പ്രായമായവരിലും രോഗപ്രതിരോധ ശേഷി കുറഞ്ഞവരിലും രോഗാവസ്ഥയുള്ളവരിലും കൂടുതലാണ്. ഈ സാഹചര്യത്തിൽ, 65 വയസ്സിന് മുകളിലുള്ളവർക്കും, രോഗപ്രതിരോധ ശേഷി കുറഞ്ഞവരിലും, രോഗാവസ്ഥയുള്ളവർക്കും, രണ്ട് ഡോസ് ന്യുമോകോക്കൽ വാക്സിനും വർഷം തോറുമുള്ള ക്വാഡ്രിവാലന്റ് ഇൻഫ്ലുവൻസ വാക്സിനും നൽകണം.
- കേരളത്തിലെ എല്ലാ അതിഥി തൊഴിലാളികളുടെയും [കുടിയേറ്റ തൊഴിലാളികളുടെ] പ്രതിരോധ കുത്തിവയ്പ്പ് നില വിലയിരുത്തണം. കേരളത്തിലെ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ കാർഡ് നിർബന്ധമാക്കണം. എല്ലാ അതിഥി തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവരുടെ വാക്സിനേഷൻ സ്റ്റാറ്റസ് പരിശോധിച്ചിട്ടുണ്ടെന്നും മുൻഗണനാ ക്രമത്തിൽ പ്രതിരോധ കുത്തിവയ്പ്പ് പൂർത്തിയായിട്ടില്ലെങ്കിൽ ഉചിതമായ വാക്സിനേഷൻ ഉറപ്പാക്കാൻ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.
- സ്കൂളിലും കോളേജിലും ചേരുന്ന സമയത്ത് എല്ലാ വിദ്യാർത്ഥികളുടെയും വാക്സിനേഷൻ സ്റ്റാറ്റസ് രേഖപ്പെടുത്തണം. അപൂർണ്ണമായ പ്രതിരോധ കുത്തിവയ്പ്പ് നിലയിലുള്ള വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ പ്രാദേശിക ആരോഗ്യ അധികാരികളെ അറിയിക്കണം. സ്കൂളിൽ പോകുന്ന കുട്ടികൾക്ക് വാക്സിനേഷന്റെ പ്രാധാന്യം രക്ഷിതാക്കളിൽ ബോധ്യപ്പെടുത്താൻ ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കണം.
- അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരാക്കുന്നവർക്ക് നടത്തേണ്ടിവരുന്ന പരിശോധനാചെലവുകളും വാക്സിനേഷൻ ചെലവുകളും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പെടുത്തുക.
- ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഹോട്ടൽ, പാചകതൊഴിലാളികൾക്കും ഹെപ്പറ്റൈറ്റിസ് എ, എന്ററിക്ക് ഫീവർ (Hepatitis A, Enteric fever) വാക്സിനേഷൻ നൽകുക. ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന എല്ലാവർക്കും വാക്സിനേഷൻ കാർഡ് നിർബന്ധമാക്കുക.
- സ്വകാര്യ ആശുപത്രികളിലൂടെ പീഡിയാട്രിക്സ് വിഭാഗങ്ങളിൽ നിന്നും നൽകിവരുന്ന വാക്സിനേഷൻ സംബന്ധിച്ച വിവരങ്ങൾ പൂർണമായി ശേഖരിക്കപ്പെടുന്നില്ലാത്തതിനാൽ സ്വകാര്യ ആശുപത്രികളിൽ നിന്നും വാക്സിനേഷൻ സ്വീകരിക്കുന്നവർക്കായി പ്രത്യേക വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഫോർമാറ്റ് രൂപകൽപ്പന ചെയ്യണം.
- വിദ്യാഭ്യാസ/ജോലികൾക്കായി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്ന കേരളീയർ അവരുടെ പ്രതിരോധ കുത്തിവയ്പ്പ് സ്ഥിതി വിലയിരുത്തേണ്ടതാണ്. ഇവർക്ക് ഹെപ്പറ്റൈറ്റിസ് എ, ടൈഫോയ്ഡ്, കോളറ (Hepatitis A, Typhoid and Cholera) എന്നീ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകേണ്ടതാണ്. പ്രതിരോധ കുത്തിവയ്പ്പ് നിലയെ അടിസ്ഥാനമാക്കി ടെടനസ്, ഡിഫ്തീരിയ, മീസിൽസ്, റുബല്ല, മുണ്ടിനീര് (Td/ Tdap, MMR) എന്നിവക്കുള്ള വാക്സിനുകൾ ഇതിനകം സ്വീകരിക്കാത്തവർക്ക് നൽകേണ്ടതാണ്.
- മൃഗങ്ങളെ കൈകാര്യം ചെയ്യുന്നവർ, വളർത്തുമൃഗങ്ങളുടെ ഉടമകൾ, വെറ്ററിനറി ഡോക്ടർമാർ തുടങ്ങിയ തൊഴിൽ നിമിത്തം നായ കടിയേൽക്കാനുള്ള സാധ്യത കൂടുതലുള്ള വ്യക്തികൾക്കും പേവിഷബാധയുള്ള പ്രദേശങ്ങളിലെ കുട്ടികൾക്കും പേവിഷ ബാധയ്ക്കെതിരായ പ്രീ-എക്സ്പോഷർ പ്രതിരോധം ശുപാർശ ചെയ്യുന്നു.

**ഇന്റർമീഡിയറ്റ് ടേം മുൻഗണനാ പദ്ധതി: [മൂന്നു വർഷത്തിനകം നടപ്പിലാക്കാനുള്ള പദ്ധതി]**

- ഔഷധ പ്രതിരോധശേഷിയുള്ള ടൈഫോയിഡ് ബാക്ടീരികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട് വരുന്ന സാഹചര്യത്തിൽ ടൈഫോയ്ഡ് വാക്സിൻ (TCV: Typhoid conjugate vaccine) 6-9 മാസത്തിൽ സാർവത്രിക വാക്സിനേഷൻ പ്രോഗ്രാമിൽ പെടുത്തുക
- വിതരണ സാധ്യത കണക്കിലെടുത്ത് ഹെപറ്റൈറ്റിസ് എ (Hepatitis A vaccine) വാക്സിൻ 12 ആം മാസത്തിൽ യുഐപിയിലേക്ക് ഉൾപ്പെടുത്തി നൽകുക.
- കേരളത്തിൽ 16 ആം മാസത്തിൽ ഒരു ഡോസ് മാത്രം നൽകുന്ന ജപ്പാനീസ് എൻസെഫലൈറ്റിസ് വാക്സിൻ (JE: Japanese Encephalitis) ദേശീയ വാകിനേഷൻ പദ്ധതിയിൽ പെടുത്തിയിട്ടുള്ളത് പോലെ 9-16 മാസങ്ങളിലായി രണ്ട് ഡോസ് നൽകുക.
- ജപ്പാനീസ് എൻസെഫലൈറ്റിസ് വാക്സിൻ ഇപ്പോൾ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ മാത്രമാണ് നൽകുന്നത്. രോഗവ്യാപനപഠനം നടത്തി അവശ്യമെങ്കിൽ മറ്റ് ജില്ലകളിലുള്ളവർക്കും വാക്സിൻ നൽകുക.

- വാക്സിനേഷനെ സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ വാക്സിനേഷൻ കാർഡ് എല്ലാവർക്കും നൽകുക
- മൂന്ന് മാസത്തിൽ കൂടുതൽ കേരളത്തിൽ താമസിക്കാൻ പുറമേനിന്നും എത്തുന്നവരുടെ വാക്സിനേഷൻ നില കണക്കാക്കുക. പ്രായത്തിനനുസരിച്ച് വാക്സിനേഷൻ എടുക്കാത്തവർക്ക് ഉചിതമായ വാക്സിനേഷൻ നൽകുക
- നേരത്തെ സ്വീകരിച്ചിട്ടില്ലെങ്കിൽ എല്ലാ അതിഥിസംസ്ഥാന തൊഴിലാളികൾക്കും ടി ഡാപ്, എം എം ആർ, ടൈഫോയിഡ്, കോളറ വാക്സിനേഷൻ നൽകുക/ഉറപ്പുവരുത്തുക

**ദീർഘകാല മുൻഗണനാ പദ്ധതി: [അഞ്ചു വർഷത്തിനകം നടപ്പിലാക്കാനുള്ള പദ്ധതി]**

- കുട്ടികളിലെ വേരിസെല്ല (ചിക്കൻ പോക്സ്), ഇൻഫ്ലുവൻസ എന്നിവയുമായി ബന്ധപ്പെട്ട രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിന് വേരിസെല്ല വാക്സിനേഷനും വർഷംതോറുമുള്ള ഇൻഫ്ലുവൻസ വാക്സിനേഷനും സാർവത്രിക വാക്സിനേഷൻ പ്രോഗ്രാമിലേക്ക് സ്വീകരിക്കാം.
- ഗർഭാശയകാൻസർ വർധിക്കുന്നതായി കണ്ടാൽ ഹ്യൂമൻ പാപ്പിലോമ വൈറസ് വാക്സിൻ (HPV vaccine: Human Papilloma Virus) നൽകുന്നത് പരിഗണിക്കുക
- സംസ്ഥാന വാക്സിൻ നയത്തിൽ അവയവമാറ്റശസ്ത്രക്രിയക്കും (solid organ transplantation) സ്റ്റെം സെൽ (hematopoietic stem cell transplantation) ശസ്ത്രക്രിയക്കും വിധേയരാവുന്നവർക്കുള്ള വാക്സിനുകൾ ഉൾപ്പെടുത്തുക

**ഭാവി വീക്ഷണം**

ഒരു സമൂഹത്തിലെ മാനവവികസനത്തിന്റെ നിർണായക സൂചകങ്ങളിലൊന്നാണ് ജനങ്ങളുടെ ആരോഗ്യനിലയിലെ പുരോഗതി. ആരോഗ്യകരമായ ഒരു സമൂഹത്തിന് സാമ്പത്തിക വികസനത്തിന് കൂടുതൽ പ്രാധാന്യത്തോടെയും കാര്യക്ഷമമായും സംഭാവന ചെയ്യാൻ കഴിയും. ശക്തമായ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനത്തിലാണ് കേരളത്തിന്റെ ശക്തി. പുതിയതും നിലവിലുള്ളതുമായ വെല്ലുവിളികളെ നേരിടാൻ ആരോഗ്യ സൗകര്യങ്ങൾ നിരന്തരം നവീകരിക്കേണ്ടതുണ്ട്. പൊതു ആരോഗ്യം, ഗ്രാമീണ ആരോഗ്യം, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആരോഗ്യം, സ്ത്രീകളുടെ ആരോഗ്യം, മാതൃ-ശിശു ആരോഗ്യ സംരക്ഷണം, ആരോഗ്യ ഇൻഷുറൻസ്, മെഡിക്കൽ ടൂറിസം എന്നീ മേഖലകളിൽ 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രത്യേകം ശ്രദ്ധ നൽകേണ്ടതുണ്ട്. ഈ വെല്ലുവിളികളെ നേരിടാൻ പൊതുജനാരോഗ്യ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

# 6.3 ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ

ആഗോളതലത്തിലും കേരളത്തിലും പ്രായമായവരുടെ എണ്ണവും അനുപാതവും അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ വേൾഡ് പോപ്പുലേഷൻ പ്രോസ്പെക്ട്സ് 2022 അനുസരിച്ച്, ആഗോള ജനസംഖ്യ 2030ൽ 8.5 ബില്യണും 2050ൽ 9.7 ബില്യണും എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ജനസംഖ്യാപരമായ പരിവർത്തനം, അഥവാ 'ജനസംഖ്യാ വാർദ്ധക്യം' എന്ന് വിളിക്കപ്പെടുന്ന, പ്രായമായവരുടെ അനുകൂലമായ ജനസംഖ്യയിൽ സമീപവർഷങ്ങളിൽ ആഗോളതലത്തിൽ വർദ്ധനവ് സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക അഭിവൃദ്ധിയും മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ സൗകര്യങ്ങളും കൈവരിച്ചതിലൂടെ പ്രത്യുല്പാദനക്ഷമത കുറയുകയും ആയുർദൈർഘ്യം വർദ്ധിക്കുകയും ചെയ്തതാണ് ഇതിന്റെ പ്രാഥമിക കാരണം.

വാർദ്ധക്യ ആശ്രിത അനുപാതം (OADR) നിർവചിച്ചിരിക്കുന്നത് 65 വയസോ അതിൽ കൂടുതലോ പ്രായമുള്ള 100 പേർക്ക് 20-64 വയസ്സ് വരെ പ്രായമുള്ള എത്ര ആളുകളുണ്ടെന്ന എണ്ണമാണ്. ജനസംഖ്യയുടെ പ്രായഘടനയിലെ മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന സൂചകമാണിത്. പ്രത്യുൽപാദനക്ഷമത കുറയുകയും ആയുർദൈർഘ്യം വർദ്ധിക്കുകയും ചെയ്യുമ്പോൾ, പ്രായമായവരുടെ സംഖ്യ ആപേക്ഷികമായി വർദ്ധിക്കുന്നു, അതേസമയം യുവാക്കളുടെ എണ്ണം കുറയുന്നു. ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും വാർദ്ധക്യ ആശ്രിത അനുപാതം വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ലോകമെമ്പാടുമുള്ള 65 വയസോ അതിൽ കൂടുതലോ പ്രായമുള്ള ആളുകളുടെ ശതമാനം 1990ൽ 6 ശതമാനത്തിൽ നിന്ന് 2019ൽ 9 ശതമാനമായി വർദ്ധിച്ചു, 2050ൽ ഇത് 16 ശതമാനമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും 65 വയസ്സിന് മുകളിലുള്ള അതിജീവന പ്രായം കൂടുന്നു. പ്രായമായവരിലെ ആയുർദൈർഘ്യം ഉയരുന്നുണ്ടെങ്കിലും ജനന സമയത്തെ അതിജീവന നിരക്ക് അതിനേക്കാളുപരിയാണ്. (ഉറവിടം: വേൾഡ് പോപ്പുലേഷൻ ഏജിംഗ്, 2019)

പ്രായമായവരുടെയും അവരുടെ കുടുംബങ്ങളുടെയും അവർ ജീവിക്കുന്ന സമൂഹത്തിന്റെയും ജീവിതരീതി മെച്ചപ്പെടുത്തുന്നതിനായി ഗവൺമെന്റുകൾ, സിവിൽ സൊസൈറ്റികൾ, അന്താരാഷ്ട്ര ഏജൻസികൾ, പ്രൊഫഷണലുകൾ, മാധ്യമങ്ങൾ, സ്വകാര്യ മേഖല എന്നിവയെ ഒരുമിച്ച് കൊണ്ടുവരുന്ന ഒരു ആഗോള സഹകരണമാണ് ഐക്യരാഷ്ട്രസഭയുടെ ആരോഗ്യകരമായ ഏജിംഗ് ദശകം (2021-2030). ഇത് ആരോഗ്യകരമായ വാർദ്ധക്യത്തിനു വേണ്ടി നിലകൊള്ളുന്നു. അത് വെറും രോഗങ്ങളുടെ അഭാവം മാത്രമല്ല ഉദ്ദേശിക്കുന്നത്. പ്രായമായവരുടെ ജീവിത ചുറ്റുപാട് അവരുടെ ക്ഷേമം നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ്. വേൾഡ് പോപ്പുലേഷൻ ഏജിംഗ്, 2020- ൽ പ്രായമായവരുടെ ജീവിത ചുറ്റുപാടുകൾ, അവരുടെ സാമൂഹിക സാമ്പത്തിക നില, അവരുടെ ആരോഗ്യം, ക്ഷേമം എന്നിവ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത എടുത്തുകാണിക്കുന്നു.

**ജനസംഖ്യാ പരിവർത്തനം – ഇന്ത്യയും കേരളവും**

2011-ലെ സെൻസസ് പ്രകാരം 52.8 ദശലക്ഷം സ്ത്രീകളും 51.1 ദശലക്ഷം പുരുഷന്മാരും ഉൾപ്പെടെ ഇന്ത്യയിൽ ഏകദേശം 104 ദശലക്ഷം വയോധികർ (60 വയസോ അതിൽ കൂടുതലോ പ്രായമുള്ളവർ) ഉണ്ട്. അടുത്ത കാലത്തായി രാജ്യത്ത് പ്രായമായവരുടെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു, വരും വർഷങ്ങളിലും ഈ പ്രവണത തുടരാനാണ് സാധ്യത. 60 വയസ്സിന് മുകളിലുള്ള ജനസംഖ്യയുടെ പങ്ക് 2015-ൽ 8 ശതമാനത്തിൽ നിന്ന് 2050ൽ 19 ശതമാനമായി വർദ്ധിക്കുമെന്ന് പ്രവചിക്കപ്പെടുന്നു. ഇന്ത്യയിലെ പ്രായമായ ജനസംഖ്യ 2031-ൽ 194 ദശലക്ഷത്തിലെത്തുമെന്ന് പ്രവചിക്കപ്പെടുന്നു. ഇന്ത്യ ഏജിങ് റിപ്പോർട്ട്, 2017 അനുസരിച്ച് മൊത്തം പ്രായമായവരുടെ ജനസംഖ്യ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ രാജ്യത്തെ ഏകദേശം 34 ശതമാനമാകുമെന്ന് കണക്കാക്കുന്നു.

കഴിഞ്ഞ ദശകങ്ങളിൽ സംസ്ഥാനത്തെ വൃദ്ധജനസംഖ്യ അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2011ലെ സെൻസസ് പ്രകാരം 60 വയസും അതിൽ കൂടുതലുമുള്ള ജനസംഖ്യയുടെ ദേശീയ ശരാശരി 8 ശതമാനമാണെങ്കിൽ കേരളത്തിൽ അത് 12.6 ശതമാനമാണ്. വാർദ്ധക്യ ആശ്രിത അനുപാതം കേരളത്തിലേത് 19.6 ശതമാനവും ഇന്ത്യയിലേത് 14.2 ശതമാനവുമാണ്.

പ്രായമായവരുടെ ഉയർന്ന വളർച്ചാ നിരക്ക് സാധാരണ ജനസംഖ്യാ വർദ്ധനയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണെന്ന് 2021ലെ എൽഡേർലി ഇൻ ഇന്ത്യ റിപ്പോർട്ട് കാണിക്കുന്നു. 2011-2021 കാലയളവിൽ സാധാരണ ജനസംഖ്യയുടെ വളർച്ചാ നിരക്ക് 12.4 ശതമാനവും പ്രായമായവരുടെ വളർച്ചാ നിരക്ക് 36 ശതമാനവുമായിരുന്നു. അതുകൊണ്ടുതന്നെ ഇന്ത്യയിലെ മൊത്തം ജനസംഖ്യയിലെ പ്രായമായവരുടെ ശതമാനവും വിഹിതവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് 2021-ൽ 10.1 ശതമാനത്തിൽ നിന്ന് 2031ൽ 13.1 ശതമാനത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. മൊത്തം ജനസംഖ്യയിലെ വയോജനങ്ങളുടെ അനുപാതത്തിൽ കേരളം ഒന്നാം സ്ഥാനത്താണ് എന്ന് കണക്കുകൾ കാണിക്കുന്നു(16.5 ശതമാനം). ഇത് 2031-ൽ 20.9 ശതമാനത്തിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. വയോജനങ്ങളുടെ വാർഷിക വളർച്ചാ നിരക്ക് ദേശീയ തലത്തിൽ 3.28 ശതമാനമായിരിക്കുമ്പോൾ കേരളത്തിന് ഇത് 3.96 ശതമാനമായിരിക്കുമെന്നും പ്രതീക്ഷിക്കുന്നു. 2031ൽ ഇന്ത്യയിലെ പ്രായമായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുമെന്ന് കണക്കാക്കപ്പെടുന്നു.

2031ൽ 194 ദശലക്ഷം വരുന്ന മൊത്തം ജനസംഖ്യയിൽ 101 ദശലക്ഷം സ്ത്രീകളും 93 ദശലക്ഷം പുരുഷന്മാരും ആയിരിക്കും. പ്രായമായ ജനസംഖ്യയുടെ ലിംഗാനുപാതം ആകെ ജനസംഖ്യയുടെ അനുപാതവുമായി ഒത്തുപോകുന്നതാണ്. 2031-ലെ ജനസംഖ്യാപ്രവചന കണക്കനുസരിച്ച് ഈ അനുപാതം ആകെ ജനസംഖ്യയിലും പ്രായമായവരുടെ സംഖ്യയിലും യഥാക്രമം (955), (1,085) എന്നിങ്ങനെയാണ്.

**വയോധികരുടെ സാമ്പത്തിക സ്ഥിതി**

വാർദ്ധക്യ ആശ്രിത അനുപാതത്തിൽ വർദ്ധിച്ചുവരുന്ന പ്രവണത കണക്കാക്കപ്പെടുന്നു. അഖിലേന്ത്യാ തലത്തിൽ ഈ അനുപാതം 2011ൽ 14.2 ശതമാനത്തിൽ നിന്ന് 2021ൽ 15.7 ശതമാനമായി വർദ്ധിച്ചു, ഇത് 2031ൽ 20.1 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനങ്ങളിൽ, 2011ലെ സെൻസസ് പ്രകാരം കേരളത്തിലെ വാർദ്ധക്യ ആശ്രിത അനുപാതം 19.6 ശതമാനമായിരുന്നു. 2031ൽ ഇത് 34.3 ശതമാനമാകുമെന്ന് കണക്കാക്കപ്പെടുന്നു. ആശ്രിത അനുപാതവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2031ൽ സ്ത്രീകൾക്കും പുരുഷന്മാർക്കും യഥാക്രമം 21.5 ശതമാനവും 18.8 ശതമാനവും ആയിരിക്കും. 2021ൽ സ്ത്രീകളുടെ വാർദ്ധക്യ ആശ്രിതാനുപാതം, പുരുഷന്മാരെ അപേക്ഷിച്ച്, കേരളം, തമിഴ്നാട്, ഹിമാചൽ പ്രദേശ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വളരെ കൂടുതലാണ്.

2017-18 കാലയളവിൽ നടത്തിയ NSS 75-ാം റൗണ്ട് പ്രകാരം, ഇന്ത്യയിലെ ആരോഗ്യത്തെക്കുറിച്ചുള്ള സാമൂഹിക ഉപഭോഗം അനുസരിച്ച്, പ്രായമായ സ്ത്രീകളുടെ സാമ്പത്തിക സ്ഥിതിയിൽ പ്രായമായ പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ അന്തരമുണ്ട്. ഗ്രാമനഗര പ്രദേശങ്ങളിൽ പുരുഷന്മാരുടെ സാമ്പത്തിക സ്വാതന്ത്ര്യം യഥാക്രമം 48ഉം 57ഉം ശതമാനം ആയിരിക്കുമ്പോൾ സ്ത്രീകളിൽ അത് വെറും 10ഉം 11ഉം ശതമാനം മാത്രമാണ്.

**ആരോഗ്യവും സാമൂഹിക നിലയും**

വാർദ്ധക്യം ആരോഗ്യാവസ്ഥയുടെ വിഭിന്ന സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന കാലമാണ്. വിട്ടുമാറാത്ത രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, വാർദ്ധക്യം, ശാരീരിക വൈകല്യങ്ങൾ, മറ്റ് കോമോർബിഡിറ്റികൾ എന്നിവയിൽ നിന്ന് ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ ആരോഗ്യത്തെക്കുറിച്ചുള്ള NSS 75-ാം റൗണ്ടിന്റെ (ജൂലൈ 2017 മുതൽ ജൂൺ 2018 വരെ) കണ്ടെത്തലുകളെ അടിസ്ഥാനമാക്കി പ്രായമായ ജനസംഖ്യയുടെ ആരോഗ്യനിലയെ എൽഡർലി ഇൻ ഇന്ത്യാ റിപ്പോർട്ട് 2021 കാണിക്കുന്നു. പ്രായമായവരിൽ, രോഗം ഉണ്ടായിരുന്നിട്ടും, സ്ത്രീകളെ അപേക്ഷിച്ച് (60 ശതമാനം) കൂടുതൽ പുരുഷന്മാർക്ക് (64 ശതമാനം) സാമാന്യം നല്ല ആരോഗ്യമുണ്ടെന്ന തോന്നൽ ഉണ്ടെന്ന് നിരീക്ഷിച്ചു. 2004ലും 2017-18ലും ഗ്രാമങ്ങളിലും നഗരങ്ങളിലും 60-64 വയസ്സിനിടയിലുള്ള ശാരീരിക ചലനശേഷിയുള്ള വൃദ്ധരുടെ അനുപാതം ഏതാണ്ട് സമാനമാണ്. 2004ൽ ഇത് 94.7 ശതമാനവും (ഗ്രാമനഗര പ്രദേശങ്ങളിൽ) 2017-18ൽ 96.4 ശതമാനവുമായിരുന്നു. കേരളത്തിൽ, ശാരീരിക ചലനശേഷി അനുസരിച്ച് പ്രായമായവരുടെ ശതമാനം പുരുഷന്മാരിൽ 92ഉം സ്ത്രീകളിൽ 87ഉം ആണ്. നഗര-ഗ്രാമ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിൽ, ശതമാന വിതരണം നഗരത്തിൽ 91ഉം ഗ്രാമത്തിൽ 88ഉം ആണ്.

ദേശീയ തലത്തിൽ, പ്രായമായവരിൽ ഏറ്റവും പ്രബലമായ വൈകല്യം ചലന വൈകല്യമാണ് (4.9 ശതമാനം), തുടർന്ന് ശ്രവണ വൈകല്യം (1.2 ശതമാനം), കാഴ്ച വൈകല്യം (1.1 ശതമാനം) എന്നിവയാണ്. പ്രദേശാടിസ്ഥാനത്തിൽ പ്രായമായവരിലെ വൈകല്യശതമാനം, വൈകല്യങ്ങളുടെ വിശാലമായ വിഭാഗത്തിൽ പരിശോധിക്കുമ്പോൾ അന്ധത, കാഴ്ചക്കുറവ്, കാഴ്ച വൈകല്യം, ശ്രവണ വൈകല്യം തുടങ്ങിയവ നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിൽ അൽപ്പം കൂടുതലാണെന്ന് നിരീക്ഷിക്കപ്പെടുന്നു. (NSS 76-ാം റൗണ്ട്, ജൂലൈ - ഡിസംബർ 2018 - ഇന്ത്യയിലെ ഭിന്നശേഷിക്കാർ)

**വയോധികർക്കെതിരെയുള്ള കുറ്റകൃത്യം**

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച്, 2020ൽ മുതിർന്ന പൗരന്മാർക്കെതിരായ മൊത്തം കുറ്റകൃത്യങ്ങളുടെ നിരക്ക് (ജനസംഖ്യയുടെ ഒരു ലക്ഷത്തിന്) ദേശീയ തലത്തിൽ 23.9 ശതമാനമാണ്, അതേസമയം കേരളത്തിൽ രേഖപ്പെടുത്തിയ കുറ്റകൃത്യങ്ങളുടെ നിരക്ക് 16.7 ശതമാനമാണ്.

**സർക്കാരിന്റെ ഇടപെടലുകൾ**

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നോഡൽ മന്ത്രാലയമാണ് സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം. അത് സംസ്ഥാന സർക്കാരുകൾ, സർക്കാരിതര ഓർഗനൈസേഷനുകൾ, സിവിൽ സൊസൈറ്റി എന്നിവയുമായി സഹകരിച്ച് മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള പ്രോഗ്രാമുകളും നയങ്ങളും വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള ദേശീയ കർമ്മ പദ്ധതി (NAPSrC), മുതിർന്ന പൗരന്മാരുടെ പ്രധാന നാല് ആവശ്യങ്ങളായ സാമ്പത്തിക സുരക്ഷ, ഭക്ഷണം, ആരോഗ്യ സംരക്ഷണം, കൂടാതെ മനുഷ്യ ഇടപെടൽ/അന്തസ്സുള്ള ജീവിതം എന്നിവയ്ക്ക് പരിഗണന നൽകിക്കൊണ്ട് അവരുടെ ക്ഷേമത്തിനുവേണ്ടി നിലകൊള്ളുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനുമായി ഇന്ത്യാ ഗവൺമെന്റ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്;

**പ്രധാനമന്ത്രി വയവന്ദന യോജന** - 60 വയസും അതിൽ കൂടുതലുമുള്ള മുതിർന്ന പൗരന്മാർക്ക് മാത്രമായി സാമൂഹിക സുരക്ഷ നൽകുന്നതിനായി 2017 മെയ് മാസത്തിൽ ആരംഭിച്ച പെൻഷൻ പദ്ധതിയാണിത്. പദ്ധതി ഇപ്പോൾ 2023 മാർച്ച് 31 വരെ നീട്ടി.

**ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി (IGNOAPS)**- ഗവൺമെന്റ് നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, 60 വയസ്സ് കഴിഞ്ഞ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്കുവേണ്ടി 2007 മുതൽ ഗ്രാമവികസന മന്ത്രാലയം ഈ പദ്ധതി നടപ്പിലാക്കുന്നു.

**വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനുള്ള ദേശീയ പരിപാടി (NPHCE)**- 2010-11-ൽ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം പ്രായമായവരുടെ ആരോഗ്യ സംബന്ധമായ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണിത്. പ്രാഥമിക, ദ്വിതീയ, തൃതീയ ആരോഗ്യ സംരക്ഷണത്തിന്റെ വിവിധ തലങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ നൽകുക എന്നതാണ് പരിപാടിയുടെ അടിസ്ഥാന ലക്ഷ്യം.

**രാഷ്ട്രീയ വയോശ്രീ യോജന** - പ്രായാധിക്യത്താലുള്ള വൈകല്യങ്ങൾ/വൈകല്യങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള ബിപിഎൽ വിഭാഗത്തിൽപ്പെട്ടവർക്ക് സഹായ സാമഗ്രികളും ഉപകരണങ്ങളും ഈ പദ്ധതി വഴി നൽകുന്നു: വൈകല്യം, കാഴ്ചക്കുറവ്, കേൾവിക്കുറവ്, പല്ലുകൊഴിയൽ , ചലന വൈകല്യം എന്നിവയ്ക്കുള്ള സഹായങ്ങൾ പദ്ധതി വിഭാവനം ചെയ്യുന്നു.

**പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (PM–JAY)** – 2018-ൽ ആരോഗ്യ കുടുംബ മന്ത്രാലയം ആരംഭിച്ച പദ്ധതിയാണ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി. ഈ പദ്ധതിയിലൂടെ പൊതു-സ്വകാര്യ എംപാനൽ ചെയ്ത ദ്വിതീയ, തൃതീയ പരിചരണ ആശുപത്രികളിലൂടെ ഓരോ കുടുംബത്തിനും പ്രതിവർഷം 5 ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷ നൽകുന്നു.

**കേരള സർക്കാരിന്റെ ഇടപെടലുകൾ**

കേരള ഗവൺമെന്റിന്റെ വയോജന നയം 2013 കേരള സർക്കാരിന്റെ ഇടപെടലുകൾക്ക് ഒരു മാർഗ്ഗനിർദ്ദേശമായി പ്രവർത്തിക്കുന്നു. 60 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാരുടെയും പ്രത്യേകിച്ച് പ്രായമായ സ്ത്രീകളുടെയും ക്ഷേമത്തിനായി പദ്ധതികൾ രൂപപ്പെടുത്തുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കുക, മുതിർന്നവർക്ക് മികച്ച സാമൂഹികവും സാമ്പത്തികവും ആരോഗ്യകരവുമായ ജീവിതം പ്രദാനം ചെയ്യുക എന്നിവയാണ് നയം ലക്ഷ്യമിടുന്നത്.

**വയോധിക പരിചരണത്തിനുള്ള സ്ഥാപനങ്ങൾ**

സാമൂഹ്യനീതി വകുപ്പ് വൃദ്ധസദനങ്ങൾ നടത്തുന്നതു, കൂടാതെ സർക്കാർ ഇതര സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുകയും, വയോജനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ 16 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. ഇതുകൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച്, വയോജനങ്ങൾക്ക് ഡേ കെയർ സൗകര്യങ്ങൾ ഒരുക്കുന്നതിനായി വകുപ്പ് "സായംപ്രഭ ഹോംസ്" നടത്തുന്നു. 2018ൽ 82 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഇത് ആരംഭിച്ചു. പ്രായമായവരുടെ ഡേകെയറിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'പകൽ വീട്' (പകൽ വീട്) നടപ്പാക്കുകയും പിന്നീട് വിനോദം, ആരോഗ്യം, പോഷകാഹാരം എന്നിവ സംയോജിപ്പിച്ച് അവയെ സായംപ്രഭ ഹോമുകളായി ഉയർത്തുകയും ചെയ്തു.

വിവിധ വാർദ്ധക്യ ആവശ്യങ്ങൾക്കായി മൾട്ടി സർവീസ് ഡേ കെയർ സെന്ററുകളായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ "മോഡൽ സായംപ്രഭ ഹോംസ്" വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. സർക്കാർ വൃദ്ധസദനങ്ങളുടെ നിലവാരം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി വകുപ്പ് "രണ്ടാം ഇന്നിംഗ്സ് പദ്ധതി" ആരംഭിച്ചു. കണ്ണൂരിലെ പൈലറ്റ് പദ്ധതി വിജയിച്ചതോടെ കൊല്ലം, മലപ്പുറം സർക്കാർ വൃദ്ധസദനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിച്ചു.

വകുപ്പ് നടത്തുന്ന വൃദ്ധസദനങ്ങൾക്ക് പുറമെ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത 623 വൃദ്ധസദനങ്ങളുണ്ട്. വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ വൃദ്ധസദനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. കേരളത്തിൽ, **പട്ടിക 6.3.1**ൽ കാണുന്നത് പോലെ, വൃദ്ധസദനങ്ങളിൽ അന്തേവാസികളായ വൃദ്ധരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

**പട്ടിക 6.3.1** കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം, 2016-17 മുതൽ 2021-22 വരെ

| വർഷം | അന്തേവാസികളുടെ എണ്ണം |
|---|---|
| 2016-17 | 19149 |
| 2017-18 | 27272 |
| 2018-19 | 28029 |
| 2019-20 | 28021 |
| 2020-21 | 28788 |
| 2021-22 | 30105 |

ഉറവിടം: സാമൂഹിക നീതി ഡയറക്ടറേറ്റ്, കേരള സർക്കാർ

**വാർദ്ധക്യ പെൻഷൻ പദ്ധതി**

ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം (IGNOAPS) BPL വിഭാഗത്തിൽ പെടുന്ന 60 വയസും അതിൽ കൂടുതലുമുള്ള പൗരന്മാർക്ക് വേണ്ടിയുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ഒരു നോൺ-കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണ്. നിലവിൽ, ഐ.ജി.എൻ.ഒ.എ.പി.എസ്സ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ ലഭിക്കുന്നു. ഇതിലെ ഭൂരിഭാഗം വിഹിതവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 60-79 വയസ് പ്രായമുള്ളവർക്ക് പ്രതിമാസം 200 രൂപയും 80 വയസും അതിൽ കൂടുതലുമുള്ളവർക്ക് 500 രൂപയും ആണ് കേന്ദ്ര വിഹിതം. ഇതിൽ അധികമായി വേണ്ടി വരുന്ന തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2021 നവംബർ വരെയുള്ള കണക്കനുസരിച്ച്, 28.23 ലക്ഷം വരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി ഗുണഭോക്താക്കളാണ്, സംസ്ഥാനത്തെ മൊത്തം സാമൂഹിക സുരക്ഷാ പെൻഷൻകാരിൽ 54.98 ശതമാനം വരുന്നത്. 2021 നവംബർ വരെയുള്ള എൽഎസ്ജിഐ

അടിസ്ഥാനത്തിലുള്ള വാർദ്ധക്യ പെൻഷൻ ഗുണഭോക്താക്കളുടെ **പട്ടിക 6.3.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.3.2** പെൻഷൻ ഗുണഭോക്താക്കൾ (LSGI തിരിച്ച്)

| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി | ഗുണഭോക്താക്കളുടെഎണ്ണം നവംബർ 08, 2021 ലെ കണക്ക് പ്രകാരം (ലക്ഷത്തിൽ) |
|---|---|
| ഗ്രാമ പഞ്ചായത്ത് | 22.57 |
| മുനിസിപ്പാലിറ്റി | 3.56 |
| കോർപ്പറേഷൻ | 2.09 |
| ആകെ | 28.23 |

കേരളത്തിലെ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വഴി കേരള സർക്കാർ സേവന പെൻഷൻ എന്ന ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം വികസിപ്പിച്ചെടുത്തു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തദ്ദേശ സ്ഥാപനങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നു. അങ്ങനെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം സംസ്ഥാനം വിജയകരമായി നടപ്പാക്കി.

**കേരള സർക്കാർ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

രാജ്യത്ത് ഏറ്റവും കൂടുതൽ വയോജനങ്ങളുള്ള സംസ്ഥാനമാണ് കേരളം. സാമൂഹിക പിന്തുണയുടെ അഭാവമാണ് പ്രായം കൂടുമ്പോൾ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. വയോജനങ്ങൾ ഒരു ഏകീകൃത ഗ്രൂപ്പല്ലാത്തതിനാൽ, കേരളത്തിലെ വാർദ്ധക്യത്തിന്റെ ജനസംഖ്യാശാസ്ത്രവും അവരുടെ ആരോഗ്യം, വൈകല്യം, ജീവിത ക്രമീകരണങ്ങൾ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയെ സ്വാധീനിക്കുന്ന ഘടകങ്ങളും അറിയുന്നതിലൂടെ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു തന്ത്രം രൂപപ്പെടുത്തേണ്ടത് നിർണായകമാണ്. 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ, വിധവ/അവിവാഹിതർ/കുട്ടികളില്ലാത്ത സ്ത്രീകൾ, അംഗവൈകല്യമുള്ളവർ, ദുർബലർ, അടുത്ത ബന്ധുക്കളില്ലാത്തവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, നിരാലംബർ, ഗുരുതരവും മാരകവുമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ എന്നീ വിവിധ വിഭാഗക്കാർ നേരിടുന്ന പ്രത്യേക ആവശ്യങ്ങളും വെല്ലുവിളികളും പരിഗണിക്കേണ്ടതായി വരും.

വയോജനങ്ങൾക്കായുള്ള സാമൂഹിക സുരക്ഷയും സാമൂഹിക സംരക്ഷണ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ് വയോജനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുന്നിൽ നിൽക്കുന്ന രണ്ട് ഏജൻസികൾ. വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കേന്ദ്രീകൃത വകുപ്പാണ് സാമൂഹ്യനീതി വകുപ്പ്. വയോജന പരിപാലനത്തിൽ വകുപ്പിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വയോജന സ്വയം സഹായ സംഘങ്ങൾക്കും വലിയ പങ്കുണ്ട്. അതുപോലെ, നിരവധി സർക്കാർ ഇതര സംഘടനകളും ചാരിറ്റബിൾ ഓർഗനൈസേഷനുകളും വയോജനങ്ങളെ സേവിക്കാൻ മുൻപന്തിയിലുണ്ട്. വയോജനങ്ങളുടെ പരിചരണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, കുടുംബശ്രീയും (i) വയോജനങ്ങളെ ഉൾപ്പെടുത്തൽ പരിപാടി, (ii) നിരാലംബ പുനരധിവാസ പദ്ധതി (ആശ്രയ), (iii) സാന്ത്വന പരിചരണം എന്നീ കാര്യങ്ങളിൽ നിർണായക പങ്ക് വഹിക്കുന്നു.

വയോജനങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ചില പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

**സായംപ്രഭ** - വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് വയോജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം സുസ്ഥിരമായി കൈവരിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്രമായ പാക്കേജാണിത്.

സായംപ്രഭ പദ്ധതിക്ക് കീഴിൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നു:

- മോഡൽ സായംപ്രഭ ഹോംസ് വയോജനങ്ങൾക്കുള്ള മൾട്ടി-സർവീസ് ഡേ കെയർ സെന്ററുകളാണ്. ഏകദേശം 80 പേർക്ക് പ്രയോജനം ലഭിക്കുന്നു.
- വയോപോഷണം പരിപാടി സായംപ്രഭ ഭവനങ്ങളിൽ രജിസ്റ്റർ ചെയ്ത വയോജനങ്ങൾക്ക് പോഷകാഹാര

**ബോക്സ് 6.3.1** എൽഡർലൈൻ-വയോജനങ്ങൾക്കായുള്ള ദേശീയ ഹെൽപ്പ് ലൈൻ

സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം 14,567 എന്ന ടോൾ ഫ്രീ നമ്പറിൽ ഒരു ദേശീയ ഹെൽപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിൽ നവംബർ 1, 2021 ന് ഇത് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. മുതിർന്ന പൗരന്മാരുമായി ഉദ്യോഗസ്ഥർ ബന്ധപ്പെടുന്ന ഒരു കണക്ഷൻ സെന്ററാണിത്. സ്ഥിരത, പരിചരണം, സഹാനുഭൂതി, പ്രോത്സാഹനം എന്നീ മൂല്യങ്ങളാൽ ഇത് നയിക്കപ്പെടുന്നു. വിവരങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും നല്കുക, വൈകാരിക പിന്തുണ നല്കുക, ഫീൽഡ് ഇടപെടൽ നടത്തുക എന്നിവയാണ് പ്രവർത്തനങ്ങൾ. രാവിലെ 8 മുതൽ രാത്രി 8 വരെയാണ് എൽഡർലൈനിന്റെ പ്രവർത്തനം. നേരിട്ടുള്ള ഇടപെടൽ ആവശ്യമായ എല്ലാ കോളുകളും ഫീൽഡ് ടീം കൈകാര്യം ചെയ്യും. സർക്കാർ വകുപ്പുകൾ, എൻജിഒകൾ, റിസോഴ്സ് പേഴ്സൺമാർ, കമ്മ്യൂണിറ്റി അധിഷ്ഠിത സംഘടനകൾ, പ്രാദേശിക സർക്കാരുകൾ, അങ്കണവാടി ജീവനക്കാർ, ആശാ പ്രവർത്തകർ തുടങ്ങിയവരുമായി അവർ നെറ്റ്‌വർക്ക് ചെയ്യുന്നു. 2021-22 കാലയളവിൽ ആകെ 19,449 കോളുകൾ ലഭിച്ചു, അതിൽ 5,930 എണ്ണം തുടർ നടപടി ആവശ്യമായ കോളുകളായിരുന്നു.

ഉറവിടം: സ്റ്റേറ്റ് എൽഡർലൈൻ. തിരുവനന്തപുരം

**പട്ടിക 6.3.3** 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| വയോജന ഗുണഭോക്താക്കളുടെ എണ്ണം | 253503 | 262845 | 279635 | 280165 | 278623 |

ഉറവിടം: കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സർക്കാർ

കിറ്റുകൾ വിതരണം ചെയ്യുന്നു. 2021-22ൽ ഏകദേശം 4,100 ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

- മന്ദഹാസം പരിപാടി മുതിർന്ന പൗരന്മാർക്ക് സൗജന്യ ട്ടത്ത് സെറ്റുകൾ നൽകുന്നു. 2018-19, 2019-20 വർഷങ്ങളിൽ യഥാക്രമം 1,692 പേർക്കും 1,400 പേർക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചു.
- ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിൽസയ്ക്കായി ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ പിന്തുണയോടെയാണ് വായോമൃതം പദ്ധതി നടപ്പിലാക്കുന്നത്. എല്ലാ വർഷവും 16 സർക്കാർ വൃദ്ധസദനങ്ങളിലെ 900 അന്തേവാസികൾ പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നു.
- ബെംഗളൂരുവിലെ നിംഹാൻസുമായി സഹകരിച്ച് വൃദ്ധസദനങ്ങളിൽ മാനസിക-സാമൂഹിക പരിചരണം നൽകുന്നു
- വയോമധുരം പദ്ധതി ബിപിഎൽ വിഭാഗത്തിന് കീഴിലുള്ള വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി നൽകുന്നു.
- മ്യൂസിക് തെറാപ്പിയും യോഗ തെറാപ്പിയും വൃദ്ധസദനങ്ങളിൽ നൽകുന്നു.

**ഡിമെൻഷ്യ പരിചരണ പരിപാടി**- ഡിമെൻഷ്യ പരിചരണത്തിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച ഒരു പദ്ധതിയാണ് 'സ്മൃതിപഥം'. സാമൂഹ്യനീതി വകുപ്പും അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുമാണ് ഈ സംരംഭം ഏറ്റെടുത്തിരിക്കുന്നത്. പദ്ധതി പ്രകാരം കുന്നംകുളത്ത് ഒരു ഡേകെയർ സൗകര്യവും എറണാകുളം എടവനക്കാട്ട് മുഴുവൻ സമയ ഡേകെയർ സെന്ററും ലഭ്യമാണ്. എറണാകുളത്തെയും തൃശ്ശൂരിലെയും ഡിമെൻഷ്യ കേന്ദ്രങ്ങൾ വഴി പ്രതിവർഷം 40 ഓളം അന്തേവാസികൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

**വയോമിത്രം** - കേരളത്തിലെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണ്. നിലവിൽ, 95 വയോമിത്രം യൂണിറ്റുകൾ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇത് 6 കോർപ്പറേഷൻ ഏരിയകളിലും 85 മുനിസിപ്പൽ ഏരിയകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നു. മൊബൈൽ ക്ലിനിക്കുകൾ വഴി സൗജന്യ വൈദ്യപരിശോധനയും ചികിത്സയും നടത്തി ആരോഗ്യ പരിരക്ഷയും പിന്തുണയും പദ്ധതിയിലൂടെ നൽകുന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 6.3.3**ൽ നൽകിയിരിക്കുന്നു.

**നവജീവൻ** - 50-65 വയസ്സിനിടയിലുള്ള മുതിർന്ന പൗരന്മാരെ സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി സഹായിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിൽ നിന്ന് അവരുടെ ഉന്നമനം ലക്ഷ്യമിട്ട് തൊഴിൽ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണിത്. മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെയുള്ള ബാങ്ക് വായ്പകൾ നൽകുന്നു, പരമാവധി 12,500 രൂപ എന്ന രീതിയിൽ ബാങ്ക് വായ്പയുടെ 25 ശതമാനം സർക്കാർ സബ്സിഡി നൽകുന്നു.

**കുടുംബശ്രീയുടെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം**

മുഖ്യധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരികവും ബുദ്ധിപരവുമായ വൈകല്യമുള്ളവർ, ട്രാൻസ്ജെൻഡറുകൾ, വയോജനങ്ങൾ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ തുടക്കമിട്ടിട്ടുണ്ട്. നിലവിൽ, 2,83,615 അംഗങ്ങൾ അടങ്ങുന്ന 25,992 വയോജന അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു. 525 ചെറുകിട സംരംഭങ്ങൾ സ്ഥാപിച്ചു. പഞ്ചായത്തുകളുടെയും ആശുപത്രികളുടെയും പിന്തുണയോടെ വാർഡ് തല ഏരിയ ഡവലപ്മെന്റ് സൊസൈറ്റികളിലും (എഡിഎസ്), ഗ്രാമപഞ്ചായത്ത് തല കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളിലും (സിഡിഎസ്) മെഡിക്കൽ ക്യാമ്പുകൾ നടത്തി. കോവിഡ്-19 മായി ബന്ധപ്പെട്ട് "ഗ്രാന്റ് കെയർ ഫോർ ദി എൽഡർലി " എന്ന പേരിൽ ഒരു പ്രത്യേക കാമ്പയിൻ സംഘടിപ്പിച്ചു, അതിലൂടെ റിവേഴ്സ് ക്വാറന്റൈനെ കുറിച്ചുള്ള അവബോധം വയോജനങ്ങൾക്ക് (17,68,929 എണ്ണം) ഫോണിലൂടെ നൽകുകയും അവർക്ക് ഭക്ഷണവും (19,933) മരുന്നുകളും (82,632 എണ്ണം) നൽകുകയും ചെയ്തു. 2020-21ൽ 4,700 വയോജന അയൽക്കൂട്ടങ്ങൾക്ക് 5,000 രൂപ നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകി.

**വീക്ഷണം**

ഓരോ വ്യക്തിക്കും പ്രായമാകുമ്പോൾ നല്ല ആരോഗ്യം ലഭിക്കാനുള്ള അവസരം ഉണ്ടായിരിക്കണം. പ്രായമായ ജനസംഖ്യ ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ നൂതനവും സുസ്ഥിരവുമായ സമീപനങ്ങളിലൂടെ പരിഹരിക്കേണ്ടതുണ്ട്. ഫലപ്രദമായ ആസൂത്രണത്തിന് ജനസംഖ്യയുടെ സ്വഭാവസവിശേഷതകളിലൂന്നിയുള്ള, വിശ്വസനീയവും കൃത്യമായിട്ടുള്ളതുമായ വിവരങ്ങൾ അടങ്ങിയ ഒരു ഡാറ്റാബേസ് ഉണ്ടായിരിക്കണം. ഈ മേഖലയിലെ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ സംയോജനത്തിന് ഇത്തരം ഡാറ്റാബേസ് സഹായിക്കും. സേവന വിതരണം മെച്ചപ്പെടുത്തുന്നതിന് സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുമുണ്ട്.

അദ്ധ്യായം

# 07

# തൊഴിലും സാധ്യതകളും

# തൊഴിലും സാധ്യതകളും

## 7.1 തൊഴിൽ

പ്രാദേശിക-മേഖല വേർതിരിവുകളില്ലാതെ തൊഴിലാളികളുടെ ദ്രുതഗതിയിലുള്ളതും ഉയർന്നതലത്തിലുള്ളതുമായ കൂടിച്ചേരലും, സംഘാടനവും ഉൾപ്പെടുന്ന സാമൂഹിക വികസന മേഖലയിലെ നേട്ടങ്ങൾക്ക് കേരളം പ്രസിദ്ധമാണ്. തൊഴിൽ മന്ത്രാലയത്തിന്റെ 2019-20ലെ വാർഷിക റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ, സാമ്പത്തിക വികസനം എന്നാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, സ്വാതന്ത്ര്യത്തോടെയും സുരക്ഷിതത്വത്തോടെയും അന്തസ്സോടെയും പ്രവർത്തിക്കാൻ കഴിയുന്ന തൊഴിൽ സാഹചര്യങ്ങൾ കൂടി സംജാതമാക്കേണ്ടതുണ്ട്.

കേരളത്തിലെ തൊഴിൽ മേഖലയിൽ വരുന്ന മാറ്റങ്ങൾ സർക്കാർ നിരന്തരം നിരീക്ഷിക്കുന്നുണ്ട്. കേരളത്തിലെ തൊഴിൽ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പാണ് ലേബർ കമ്മീഷണറേറ്റ്. തൊഴിൽ മേഖലയിൽ മൊത്തത്തിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുക; തൊഴിലാളികൾക്ക് മാന്യമായ തൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെട്ട ജീവിത നിലവാരവും പ്രദാനം ചെയ്യുക; തൊഴിലുടമകളും തൊഴിലാളികളും തമ്മിലുള്ള സഹകരണവും ആരോഗ്യകരമായ ബന്ധവും ഉറപ്പാക്കുക; സംസ്ഥാനത്തുടനീളം വിവിധ തൊഴിൽ നിയമങ്ങൾ (30 കേന്ദ്ര/സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും) വ്യവസ്ഥാപിതമായി നടപ്പിലാക്കുക; മെച്ചപ്പെട്ട നയങ്ങളിലൂടെയും പരിപാടികളിലൂടെയും തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ കവറേജ് വർധിപ്പിക്കുക എന്നിവയാണ് വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യം.

**തൊഴിൽ സേന (Labour Force)**

തൊഴിൽ സേന, അല്ലെങ്കിൽ, 'സാമ്പത്തികമായി സജീവമായ' ജനസംഖ്യ എന്നതിൽ 'തൊഴിലുള്ളവരും' 'തൊഴിലില്ലാത്തവരും' ഉൾപ്പെടുന്നു. തൊഴിൽ സേനയുടെ കണക്കുകൾ ലഭ്യമാകുന്നത് രണ്ട് സമീപനങ്ങളെ (Approach) അടിസ്ഥാനമാക്കിയാണ്- പ്രധാനമായതും അനുബന്ധമായതുമായ എല്ലാ പ്രവർത്തനങ്ങളും ഒരുമിച്ച് പരിഗണിച്ചുള്ള സാധാരണനില (Usual Status ps+ss) സമീപനവും, പ്രതിവാരനില (Current Weekly Status) സമീപനവും.

യൂഷ്വൽ സ്റ്റാറ്റസ് പ്രകാരം (ps+ss) തൊഴിൽ സേനയുടെ എസ്റ്റിമേറ്റിൽ (എ) സർവ്വേ തീയതിക്ക് മുമ്പുള്ള 365 ദിവസങ്ങളിൽ താരതമ്യേന ദൈർഘ്യമേറിയ ഒരു ഭാഗം ജോലി ചെയ്തവരോ, ജോലി ലഭ്യമായവരോ, കൂടാതെ (ബി) സർവ്വേ തീയതിക്ക് മുമ്പുള്ള 365 ദിവസത്തെ റഫറൻസ് കാലയളവിൽ കുറഞ്ഞത് 30 ദിവസമെങ്കിലും ജോലി ചെയ്ത ബാക്കി ജനസംഖ്യയിൽ നിന്നുള്ള വ്യക്തികളും ഉൾപ്പെടുന്നു.

നിലവിലെ പ്രതിവാര സ്റ്റാറ്റസ് അനുസരിച്ച് സർവ്വേ സമയത്ത് ഒരാഴ്ചത്തെ ചുരുങ്ങിയ കാലയളവിൽ തൊഴിൽ സേനയുടെ പങ്കാളിത്തത്തിന്റെ ശരാശരി ചിത്രം നൽകുന്നു. നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപന പ്രകാരം തൊഴിൽ ശക്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാകുന്നത്, സർവ്വേ തീയതിക്ക് മുമ്പുള്ള 7 ദിവസങ്ങളിൽ കുറഞ്ഞത് 1 മണിക്കൂറെങ്കിലും ജോലി ചെയ്തവരോ അല്ലെങ്കിൽ ഏതെങ്കിലും ദിവസത്തിൽ കുറഞ്ഞത് 1 മണിക്കൂറെങ്കിലും ജോലി അന്വേഷിക്കുന്നവരോ /ലഭ്യമായിരുന്നവരോ ആയവരെ പരിഗണിച്ചാണ്.

**തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) സാധാരണ നിലയിലും പ്രതിവാര നിലയിലും**

സാധാരണ നിലയും (Usual Status) പ്രതിവാര നിലയും (CWS) അനുസരിച്ച് അഖിലേന്ത്യാ തലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (എല്ലാ തലങ്ങളിലും) ക്രമാനുഗതമായി വർദ്ധിച്ചതായി **പട്ടിക 7.1.1**ൽ നിന്നും വ്യക്തമാണ്. 'വ്യക്തി' തലത്തിൽ താരതമ്യമെടുക്കുമ്പോൾ, എല്ലാ തലത്തിലും സാധാരണ നിലയിലും പ്രതിവാര നിലയിലും ഉള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (റൂറൽ+അർബൻ), സ്ഥിരമായ

**പട്ടിക 7.1.1** പി.എൽ.എഫ്.എസ് (2017-18), (2018-19), (2019-20), (2020-21) വർഷങ്ങളിലെ സാധാരണ നില (ps+ss), പ്രതിവാര സ്റ്റാറ്റസ് എന്നിവ അനുസരിച്ച് തൊഴിൽ സേനയുടെ പങ്കാളിത്ത നിരക്ക് (LFPR) (ശതമാനത്തിൽ)

| വ്യക്തികൾ | എൽ.എഫ്.പി.ആർ 2020–21 | | എൽ.എഫ്.പി.ആർ 2019–20 | | എൽ.എഫ്.പി.ആർ 2018–19 | | എൽ.എഫ്.പി.ആർ 2017–18 | |
|---|---|---|---|---|---|---|---|---|
| | യുഷ്വൽ സ്റ്റാറ്റസ് (ps+ss) | പ്രതിവാര സ്റ്റാറ്റസ് | യുഷ്വൽ സ്റ്റാറ്റസ് (ps+ss) | പ്രതിവാര സ്റ്റാറ്റസ് | യുഷ്വൽ സ്റ്റാറ്റസ് (ps+ss) | പ്രതിവാര സ്റ്റാറ്റസ് | യുഷ്വൽ സ്റ്റാറ്റസ് (ps+ss) | പ്രതിവാര സ്റ്റാറ്റസ് |
| | | | | റൂറൽ | | | | |
| പുരുഷൻ | 57.1 | 56.0 | 56.3 | 55.4 | 55.1 | 54.5 | 54.9 | 54.4 |
| സ്ത്രീ | 27.7 | 22.7 | 24.7 | 21.1 | 19.7 | 16.7 | 18.2 | 16.1 |
| വ്യക്തി | 42.7 | 39.7 | 40.8 | 38.6 | 37.7 | 36.0 | 37.0 | 35.7 |
| അർബൻ | | | | | | | | |
| പുരുഷൻ | 58.4 | 57.8 | 57.8 | 57.2 | 56.7 | 56.7 | 57.0 | 56.7 |
| സ്ത്രീ | 18.6 | 17.3 | 18.5 | 17.5 | 16.1 | 15.6 | 15.9 | 15.3 |
| വ്യക്തി | 38.9 | 38.0 | 38.6 | 37.8 | 36.9 | 36.7 | 36.8 | 36.4 |
| | | | | റൂറൽ+അർബൻ | | | | |
| പുരുഷൻ | 57.5 | 56.5 | 56.8 | 56.0 | 55.6 | 55.2 | 55.5 | 55.0 |
| സ്ത്രീ | 25.1 | 21.2 | 22.8 | 20.0 | 18.6 | 16.4 | 17.5 | 15.8 |
| വ്യക്തി | 41.6 | 39.2 | 40.1 | 38.3 | 37.5 | 36.2 | 36.9 | 35.9 |

ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവ്വേ , 2017-18, 2018 -19, 2019-20, 2020-21

വർദ്ധനവ് രേഖപ്പെടുത്തിയതായി കാണാം. 2017-18 ലെ 35.9, 36.9 എന്ന പ്രതിവാര സ്റ്റാറ്റസ്, യുഷ്വൽ സ്റ്റാറ്റസ് കണക്കുകൾ യഥാക്രമം 39.2, 41.6 ആയി 2021-22ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**പട്ടിക 7.1.2** അഖിലേന്ത്യാ തലത്തിൽ (2017-18 മുതൽ 2020-21 വരെയുള്ള) സാധാരണ നില (ps+ss) അടിസ്ഥാനമാക്കിയുള്ള വിവിധ പ്രായത്തിലുള്ള വ്യക്തികളുടെ എൽ.എഫ്.പി.ആർ (LFPR) കാണിക്കുന്നു.

2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ, ഇന്ത്യയിലെയും കേരളത്തിലെയും എല്ലാ പ്രായത്തിലുമുള്ള (വ്യക്തികളിലും, ഗ്രാമീണ-നഗര പ്രദേശങ്ങളിലും) എൽഎഫ്പിആർ വളരെ കുറഞ്ഞ നിരക്കിൽ ആണെങ്കിലും വർദ്ധിച്ചുവരികയാണെന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാം. 2017-18ൽ ഇന്ത്യയിലെ എല്ലാ പ്രായത്തിലുമുള്ള (വ്യക്തികളിലും, ഗ്രാമീണ-നഗരപ്രദേശങ്ങളിലും) എൽഎഫ്പിആർ 36.9 ശതമാനവും കേരളത്തിന്റേത് 36.6 ശതമാനവും ആയിരുന്നു, ഇത് 2020-21ൽ യഥാക്രമം 41.6, 41.8 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ സേന പങ്കാളിത്ത നിരക്ക് (റൂറൽ+അർബൻ) 2017-18ൽ 17.5 ആയിരുന്നത് 2020-21 ആകുമ്പോഴേക്കും 25.1 ആയും കേരളത്തിൽ 2017-18ൽ 21.3 ആയിരുന്നത് 2020-21ൽ 27.5 ശതമാനമായും ഉയർന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ ഇതൊരു നല്ല സൂചനയാണെങ്കിലും, ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീ-പുരുഷ തൊഴിൽ പങ്കാളിത്ത നിരക്ക് തമ്മിൽ വലിയ അന്തരമുണ്ട്. 2020-21 ലെ കണക്കനുസരിച്ച്, ഇന്ത്യയിലെ (ഗ്രാമീണ-നഗര) പുരുഷ തൊഴിൽ പങ്കാളിത്ത നിരക്ക് 57.5 ശതമാനവും കേരളത്തിന്റേത് 57.8 ശതമാനവുമാണ്.

ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിൽ ഗ്രാമ-നഗര പ്രദേശങ്ങൾ തമ്മിൽ അസമത്വം ഉണ്ടെന്നും പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. 2020-21ൽ ഇന്ത്യയിലെ സ്ത്രീകളുടെ എൽ.എഫ്.പി.ആർ ഗ്രാമങ്ങളിൽ 27.7 ശതമാനവും നഗരങ്ങളിൽ 18.6 ശതമാനവുമാണ്, കേരളത്തിൽ ഇത് യഥാക്രമം 29.5 ശതമാനവും 25.2 ശതമാനവുമാണ്.

**തൊഴിലാളി ജനസംഖ്യാ അനുപാതം (ഡബ്ല്യു.പി.ആർ)**

തൊഴിൽ സാഹചര്യം വിശകലനം ചെയ്യുന്നതിനും സമ്പദ്‌വ്യവസ്ഥയിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിൽ സജീവമായി സംഭാവന ചെയ്യുന്ന ജനസംഖ്യയുടെ അനുപാതം അറിയുന്നതിനും ഉപയോഗിക്കുന്ന ഒരു സൂചകമാണ് ഡബ്ല്യു.പി.ആർ. ജനസംഖ്യയിൽ ജോലി ചെയ്യുന്ന ആളുകളുടെ ശതമാനമാണിത്. അഖിലേന്ത്യാ തലത്തിലും കേരളത്തിന്റെയും പി.എൽ.എഫ്.എസ് (PLFS) 2017-18, 2018-19, 2019-20, 2020-21 എന്നിവയിൽ നിന്ന് കണക്കാക്കിയിട്ടുള്ള വ്യത്യസ്ത സമീപനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഡബ്ല്യു.പി.ആർ **പട്ടിക 7.1.3,** കാണിച്ചിരിക്കുന്നു.

ഇന്ത്യയിലെയും കേരളത്തിലെയും 2017-18 ലെ തൊഴിലാളി ജനസംഖ്യാ അനുപാതം (ഗ്രാമീണ നഗരങ്ങളിൽ, എല്ലാ പ്രായക്കാരും) യഥാക്രമം 34.7 ഉം 32.4 ഉം ആയിരുന്നു. 2020-21ൽ ഡബ്ല്യു.പി.ആർ യഥാക്രമം 39.8, 37.6 ശതമാനമായി ഉയർന്നു. തുടർന്നുള്ള വർഷങ്ങളിലും ഡബ്ല്യു.പി.ആർ ൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്.

2017-18ൽ ഇന്ത്യയിലെ സ്ത്രീ ഡബ്ല്യു.പി.ആർ (റൂറൽ) 17.5 ഉം, കേരളത്തിലെ സ്ത്രീ ഡബ്ല്യു.പി.ആർ (റൂറൽ) 16.6 ആയിരുന്നു. ഇന്ത്യയിൽ ഇത് 2018-19ൽ 19 ശതമാനമായും 2019-20ൽ 24 ശതമാനമായും, അതേ വർഷങ്ങളിൽ ഇത് കേരളത്തിൽ യഥാക്രമം 21.1 ശതമാനമായും 25.3 ശതമാനമായും വർദ്ധിച്ചിട്ടുണ്ട്.

**പട്ടിക 7.1.2** സാധാരണ നില (ps+ss), 2017-18, 2018-19, 2019-20 എന്നിവ അനുസരിച്ച് തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) ശതമാനത്തിൽ

| നം | വയസ്സ് | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | | ഇന്ത്യ 2017-18 | | | | | | | | | കേരളം 2017-18 | | | | | | | | |
| 1 | 15-29 വയസ്സ് | 58.9 | 15.9 | 38.1 | 58.5 | 17.5 | 38.5 | 58.8 | 16.4 | 38.2 | 55.1 | 20.8 | 37.2 | 48.4 | 27.6 | 37.8 | 52.2 | 23.6 | 37.4 |
| 2 | 15-59 വയസ്സ് | 80.2 | 26.6 | 53.6 | 80.1 | 22.3 | 51.6 | 80.2 | 25.3 | 53 | 79.5 | 31.1 | 53.6 | 78.1 | 33 | 53.6 | 78.9 | 31.9 | 53.6 |
| 3 | 15 വയസ്സിനു മുകളിൽ | 76.4 | 24.6 | 50.7 | 74.5 | 20.4 | 47.6 | 75.8 | 23.3 | 49.8 | 71.1 | 25.9 | 46.6 | 68.9 | 27.3 | 46.4 | 70.1 | 26.5 | 46.5 |
| 4 | എല്ലാ പ്രായത്തിലും (0+) | 54.9 | 18.2 | 37 | 57 | 15.9 | 36.8 | 55.5 | 17.5 | 36.9 | 54.1 | 20.7 | 36.4 | 53.6 | 22.1 | 36.8 | 53.9 | 21.3 | 36.6 |
| | | കേരളം 2018-19 | | | | | | | | | കേരളം 2018-19 | | | | | | | | |
| 5 | 15-29 വയസ്സ് | 58.8 | 15.8 | 37.8 | 58.6 | 17.1 | 38.7 | 58.8 | 16.2 | 38.1 | 43.3 | 23 | 32.9 | 51.6 | 29.1 | 39.9 | 47 | 25.8 | 36 |
| 6 | 15-59 വയസ്സ് | 80.6 | 28.3 | 54.5 | 79.6 | 22.5 | 51.6 | 80.3 | 26.5 | 53.6 | 76.5 | 35.5 | 54.6 | 79.9 | 35 | 55.4 | 78.1 | 35.2 | 55 |
| 7 | 15 വയസ്സിനു മുകളിൽ | 76.4 | 26.4 | 51.5 | 73.7 | 20.4 | 47.5 | 75.5 | 24.5 | 50.2 | 71 | 31.3 | 49.7 | 71.4 | 29.7 | 48.8 | 71.2 | 30.6 | 49.3 |
| 8 | എല്ലാ പ്രായത്തിലും (0+) | 55.1 | 19.7 | 37.7 | 56.7 | 16.1 | 36.9 | 55.6 | 18.6 | 37.5 | 56.9 | 25 | 39.7 | 56.3 | 24.2 | 39.2 | 56.6 | 24.6 | 39.5 |
| | | ഇന്ത്യ 2019-20 | | | | | | | | | കേരളം 2019-20 | | | | | | | | |
| 9 | 15-29 വയസ്സ് | 60.8 | 20.7 | 41.3 | 58.3 | 20.3 | 40.0 | 60.0 | 20.6 | 40.9 | 55.6 | 26.2 | 40.9 | 52.9 | 25.4 | 38.8 | 54.3 | 25.8 | 39.8 |
| 10 | 15-59 വയസ്സ് | 81.5 | 35.4 | 58.5 | 80.6 | 25.7 | 53.5 | 81.2 | 32.3 | 56.9 | 80.6 | 39.8 | 58.4 | 79.1 | 33.5 | 54.6 | 79.9 | 36.7 | 56.5 |
| 11 | 15 വയസ്സിനു മുകളിൽ | 77.9 | 33.0 | 55.5 | 74.6 | 23.3 | 49.3 | 76.8 | 30.0 | 53.5 | 73.6 | 35.1 | 52.8 | 69.8 | 28.6 | 47.7 | 71.7 | 31.9 | 50.3 |
| 12 | എല്ലാ പ്രായത്തിലും (0+) | 56.3 | 24.7 | 40.8 | 57.8 | 18.5 | 38.6 | 56.8 | 22.8 | 40.1 | 57.9 | 29.4 | 42.9 | 54.9 | 23.2 | 38.1 | 56.4 | 26.3 | 40.5 |
| | | ഇന്ത്യ 2020-21 | | | | | | | | | കേരളം 2020-21 | | | | | | | | |
| 13 | 15-29 വയസ്സ് | 60.6 | 22.0 | 42.0 | 59.0 | 19.0 | 39.9 | 60.1 | 21.1 | 41.4 | 55.3 | 23.6 | 38.7 | 48.2 | 26.3 | 37.8 | 51.7 | 24.9 | 38.3 |
| 14 | 15-59 വയസ്സ് | 81.4 | 39.2 | 60.4 | 80.9 | 25.8 | 53.7 | 81.2 | 35.2 | 58.4 | 82.4 | 40.8 | 60.2 | 76.6 | 36.9 | 55.8 | 79.6 | 38.9 | 58.1 |
| 15 | 15 വയസ്സിനു മുകളിൽ | 78.1 | 36.5 | 57.4 | 74.6 | 23.2 | 49.1 | 77.0 | 32.5 | 54.9 | 75.7 | 35.4 | 53.9 | 68.5 | 30.6 | 48.4 | 72.2 | 33.2 | 51.3 |
| 16 | എല്ലാ പ്രായത്തിലും (0+) | 57.1 | 27.7 | 42.7 | 58.4 | 18.6 | 38.9 | 57.5 | 25.1 | 41.6 | 59.8 | 29.5 | 43.8 | 55.6 | 25.2 | 39.5 | 57.8 | 27.5 | 41.8 |

ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവ്വേ, 2017-18, 2018 -19, 2019-20, 2020-21

ഇന്ത്യയിലെയും കേരളത്തിലെയും ഗ്രാമീണ നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ ഡബ്ല്യൂ.പി.ആർ ൽ ശ്രദ്ധേയമായ വ്യത്യാസമുണ്ട്. 2020-21 ലെ പി.എൽ. എഫ്.എസ് (PLFS) എസ്റ്റിമേറ്റ് അനുസരിച്ച്, ഗ്രാമീണ ഇന്ത്യയിലെ സ്ത്രീ തൊഴിലാളി ജനസംഖ്യാ അനുപാതം 27.1 ഉം നഗരപ്രദേശങ്ങളിൽ ഇത് 17 ശതമാനവുമാണ്. 2020-21 പി.എൽ.എഫ്.എസ് (PLFS) റിപ്പോർട്ട് അനുസരിച്ച്, കേരളത്തിലെ സ്ത്രീകളുടെ ഗ്രാമീണ തൊഴിൽ പങ്കാളിത്ത നിരക്ക് 25.6 ഉം നഗര തൊഴിൽ പങ്കാളിത്ത നിരക്ക് 20.8 ശതമാനവുമാണ്. ഈ കണക്കുകളെല്ലാം കാണിക്കുന്നത് ഇന്ത്യയിലെയും കേരളത്തിലെയും ഗ്രാമ-നഗര പ്രദേശങ്ങളിലെ തൊഴിലാളികളുടെ ജനസംഖ്യാ നിരക്ക് തമ്മിൽ വലിയ അന്തരമുണ്ട് എന്നാണ്.

**കേരളത്തിലെ വേതന നിരക്ക്**

ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO 2018) തയ്യാറാക്കിയ ഇന്ത്യ വേജ് റിപ്പോർട്ട് അനുസരിച്ച്, ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ഥിരമായ ഉയർന്ന കാഷ്വൽ വേതനമുള്ള സംസ്ഥാനങ്ങൾ കേരളം, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവയാണ്. കാഷ്വൽ തൊഴിലാളികൾക്ക് നഗര പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞ വേതനമുള്ള സംസ്ഥാനങ്ങൾ ഉത്തർപ്രദേശ്, അസം, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് എന്നിവയും, ഗ്രാമപ്രദേശങ്ങളിൽ ഒഡീഷ, മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവയുമാണ്.

കേരളത്തിന്റെ ഉയർന്ന വിദ്യാഭ്യാസ നിലവാരം, സാമൂഹിക ചുറ്റുപാടുകൾ, രാഷ്ട്രീയ കാഴ്ചപ്പാടുകൾ, തൊഴിലാളി ക്ഷേമ

**പട്ടിക 7.1.3** സാധാരണ നില (usual status) (ps+ss) അനുസരിച്ച് തൊഴിലാളി ജനസംഖ്യ അനുപാതം (WPR) (ശതമാനത്തിൽ)

| നം | വയസ്സ് | ഗ്രാമം | | | നഗരം | | | ഗ്രാമം +നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം +നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | | ഇന്ത്യ 2017-18 | | | | | | | | | കേരളം 2017-18 | | | | | | | | |
| 1 | 15-29 വയസ്സ് | 48.6 | 13.8 | 31.8 | 47.6 | 12.8 | 30.6 | 48.3 | 13.5 | 31.4 | 43.8 | 7.9 | 25.1 | 35.1 | 9.6 | 22.1 | 40.1 | 8.6 | 23.8 |
| 2 | 15-59 വയസ്സ് | 75.2 | 25.5 | 50.5 | 74.2 | 19.8 | 47.3 | 74.9 | 23.8 | 49.5 | 74.3 | 24.5 | 47.6 | 72.2 | 23.4 | 45.7 | 73.4 | 24 | 46.8 |
| 3 | 15 വയസും അതിനു മുകളിൽ | 72 | 23.7 | 48.1 | 69.3 | 18.2 | 43.9 | 71.2 | 22 | 46.8 | 67 | 20.8 | 41.9 | 64.4 | 19.8 | 40.2 | 65.8 | 20.4 | 41.2 |
| 4 | എല്ലാ പ്രായത്തിലും | 51.7 | 17.5 | 35 | 53 | 14.2 | 33.9 | 52.1 | 16.5 | 34.7 | 50.9 | 16.6 | 32.7 | 50 | 16 | 32 | 50.5 | 16.4 | 32.4 |
| | | ഇന്ത്യ 2018-19 | | | | | | | | | കേരളം 2018-19 | | | | | | | | |
| 5 | 15-29 വയസ്സ് | 49.1 | 13.6 | 31.7 | 47.6 | 12.7 | 30.9 | 48.6 | 13.3 | 31.5 | 33.1 | 9.7 | 21.1 | 39.7 | 13.7 | 26.1 | 36.1 | 11.5 | 23.4 |
| 6 | 15-59 വയസ്സ് | 75.8 | 27.2 | 51.5 | 73.7 | 20.2 | 47.5 | 75.1 | 25 | 50.3 | 72.2 | 29.2 | 49.2 | 75.1 | 27.7 | 49.3 | 73.5 | 28.5 | 49.3 |
| 7 | 15 വയസും അതിനു മുകളിൽ | 72.2 | 25.5 | 48.9 | 68.6 | 18.4 | 43.9 | 71 | 23.3 | 47.3 | 67.6 | 26.4 | 45.5 | 67.7 | 24.1 | 44.1 | 67.7 | 25.3 | 44.9 |
| 8 | എല്ലാ പ്രായത്തിലും | 52.1 | 19 | 35.8 | 52.7 | 14.5 | 34.1 | 52.3 | 17.6 | 35.3 | 54.2 | 21.1 | 36.4 | 53.4 | 19.7 | 35.4 | 53.8 | 20.4 | 35.9 |
| | | ഇന്ത്യ 2019-20 | | | | | | | | | കേരളം 2019-20 | | | | | | | | |
| 9 | 15-29 വയസ്സ് | 52.5 | 18.6 | 35.9 | 47.7 | 15.2 | 32.1 | 51.0 | 17.6 | 34.7 | 40.7 | 10.9 | 25.8 | 39.1 | 13.0 | 25.7 | 39.9 | 11.9 | 25.7 |
| 10 | 15-59 വയസ്സ് | 77.5 | 34.4 | 55.9 | 75.1 | 23.3 | 49.6 | 76.7 | 30.9 | 53.9 | 73.5 | 33.5 | 51.7 | 72.4 | 27.3 | 48.2 | 72.9 | 30.5 | 50.0 |
| 11 | 15 വയസും അതിനു മുകളിൽ | 74.4 | 32.2 | 53.3 | 69.9 | 21.3 | 45.8 | 73.0 | 28.7 | 50.9 | 68.2 | 30.3 | 47.7 | 64.7 | 23.8 | 42.7 | 66.5 | 27.1 | 45.3 |
| 12 | എല്ലാ പ്രായത്തിലും | 53.8 | 24.0 | 39.2 | 54.1 | 16.8 | 35.9 | 53.9 | 21.8 | 38.2 | 53.7 | 25.3 | 38.7 | 50.8 | 19.3 | 34.2 | 52.2 | 22.4 | 36.5 |
| | ഇന്ത്യ 2020-21 | | | | | | | | | | കേരളം 2020-21 | | | | | | | | |
| 13 | 15-29 വയസ്സ് | 53.6 | 20.2 | 37.5 | 49.2 | 14.3 | 32.6 | 52.3 | 18.5 | 36.1 | 41.7 | 11.7 | 25.9 | 35.7 | 12.7 | 24.8 | 38.6 | 12.1 | 25.3 |
| 14 | 15-59 വയസ്സ് | 77.9 | 38.4 | 58.2 | 75.7 | 23.4 | 49.9 | 77.2 | 33.9 | 55.7 | 76.1 | 34.5 | 53.9 | 69.2 | 29.9 | 48.6 | 72.8 | 32.3 | 51.4 |
| 15 | 15 വയസും അതിനു മുകളിൽ | 75.1 | 35.8 | 55.5 | 70.0 | 21.2 | 45.8 | 73.5 | 31.4 | 52.6 | 70.8 | 30.7 | 49.1 | 62.5 | 25.3 | 42.8 | 66.8 | 28.2 | 46.1 |
| 16 | എല്ലാ പ്രായത്തിലും | 54.9 | 27.1 | 41.3 | 54.9 | 17.0 | 36.3 | 54.9 | 24.2 | 39.8 | 55.9 | 25.6 | 39.9 | 50.7 | 20.8 | 34.9 | 53.5 | 23.3 | 37.6 |

ഉറവിടം: പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2017-18, 2018 -19, 2019-20, 2020-21

ബോർഡുകളുടെ ആവിർഭാവം എന്നിവ സംസ്ഥാനത്തെ ഉയർന്ന വേതനത്തിന് കാരണമായി. കേരളത്തിൽ മിനിമം വേതനം നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിൽ തൊഴിലാളി സംഘടനകളും അതീവ ജാഗ്രത പുലർത്തുന്നുണ്ട്. കേരളത്തിലെ പുരുഷ-സ്ത്രീ അവിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്ക് ദേശീയ ശരാശരി വേതനത്തേക്കാളും, സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തേക്കാളും വളരെ കൂടുതലാണ്. പ്രധാന 16 സംസ്ഥാനങ്ങളിലെ ഗ്രാമീണ ഇന്ത്യയിലെ (പുരുഷ-കർഷേതര തൊഴിലാളികൾ) സംസ്ഥാനം തിരിച്ചുള്ള ശരാശരി പ്രതിദിന വേതന നിരക്ക് **പട്ടിക 7.1.4** ചിത്രീകരിക്കുന്നു. കേരളത്തിലെ പ്രതിദിന വേതന നിരക്ക് ഇന്ത്യയിലെ ശരാശരിയേക്കാൾ ഇരട്ടി കൂടുതലാണ് എന്ന് **പട്ടിക 7.1.4**ൽ നിന്ന് വ്യക്തമാണ്. കേരളത്തിൽ ദിവസവേതന നിരക്ക് വർഷങ്ങളായി വർദ്ധിച്ചുവരികയാണ്.

2020-21 കണക്ക് പ്രകാരം, സംസ്ഥാനങ്ങളിൽ പ്രതിദിന വേതന നിരക്കിൽ 677.6 രൂപയുമായി കേരളം ഒന്നാം സ്ഥാനത്താണ്. 483 രൂപയുമായി കശ്മീരും, 384.4 രൂപയുമായി ഹരിയാനയും തൊട്ടു പുറകിലാണ്.

പട്ടിക 7.1.4 സംസ്ഥാനാടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ (പുരുഷന്മാർ - കാർഷികേതര)

| നം | സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|
| 1 | ആന്ധ്രാ പ്രദേശ് | 232.4 | 247.5 | 271.2 | 291.3 | 305.3 |
| 2 | ആസ്സാം | 233.8 | 245.5 | 258.3 | 263.6 | 299.3 |
| 3 | ബീഹാർ | 228.6 | 237.2 | 250.9 | 268.5 | 289.3 |
| 4 | ഗുജറാത്ത് | 204.3 | 216.1 | 224.1 | 234.5 | 239.3 |
| 5 | ഹരിയാന | 352.7 | 355.5 | 362.3 | 376.9 | 384.4 |
| 6 | ഹിമാചൽ പ്രദേശ് | 303.4 | 330.4 | 336.4 | 344.1 | 342.1 |
| 7 | ജമ്മു & കാശ്മീർ | 408.8 | 417.3 | 433.9 | 452.8 | 483.0 |
| 8 | കർണാടക | 238.5 | 242.4 | 261.1 | 263.4 | 279.2 |
| 9 | കേരളം | 615.6 | 625.6 | 657.2 | 670.4 | 677.6 |
| 10 | മധ്യപ്രദേശ് | 184.4 | 198.1 | 202.4 | 205.9 | 232.6 |
| 11 | മഹാരാഷ്ട്ര | 215.9 | 226.7 | 229.6 | 240.2 | 262.3 |
| 12 | പഞ്ചാബ് | 300.5 | 313.1 | 319.2 | 331.9 | 344.2 |
| 13 | രാജസ്ഥാൻ | 300.1 | 301.2 | 316.3 | 312.1 | 329.0 |
| 14 | തമിഴ്നാട് | 389.6 | 401.7 | 414.3 | 438.6 | 449.5 |
| 15 | ഉത്തർ പ്രദേശ് | 222.7 | 244.7 | 261.1 | 272.3 | 286.8 |
| 16 | പശ്ചിമ ബംഗാൾ | 259.9 | 279.3 | 287.0 | 291.1 | 305.8 |
| | ഇന്ത്യ | 261.3 | 273.8 | 284.8 | 293.9 | 315.3 |

ഉറവിടം: ഇന്ത്യൻ ലേബർ ജേണൽ, ലേബർ ബ്യൂറോ, ഇന്ത്യാ ഗവൺമെന്റ്, വിവിധ വോള്യങ്ങൾ
* പ്രതിമാസ ശരാശരി വേതന നിരക്കിൽ നിന്ന് പ്രതിവർഷ ശരാശരി വേതന നിരക്ക് കണക്കാക്കുന്നു.
*2020 ഏപ്രിലിലെ ഡാറ്റ ലഭ്യമല്ലാത്തതിനാൽ 2020-21 ലെ ഓൾ ഇന്ത്യ ഡാറ്റ ശരാശരി 11 മാസമാണ്

**കേരളത്തിലെ തൊഴിൽ, തൊഴിലാളി ക്ഷേമം**

തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും, കഴിവുകൾ വികസിപ്പിക്കാനും ലിംഗ സമത്വം ഉറപ്പാക്കാനും മിനിമം വേതനവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കാനും അതുവഴി മെച്ചപ്പെട്ട ജോലിസ്ഥല അന്തരീക്ഷം സൃഷ്ടിക്കാനും കേരളത്തിലെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് വേതന സംരക്ഷണവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കി അവരുടെ മൊത്തത്തിലുള്ള ക്ഷേമമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**തൊഴിലാളി ക്ഷേമ ബോർഡുകൾ**

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് 28 ലേബർ വെൽഫെയർ ബോർഡുകളുണ്ട് (ലേബർ കമ്മീഷണറേറ്റ്). നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുകയും അതത് തൊഴിൽ മേഖലയ്ക്ക് ക്ഷേമ സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു. ബാക്കിയുള്ള ബോർഡുകൾ കൃഷി, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമ ബോർഡുകളും രജിസ്റ്റർ ചെയ്ത അംഗങ്ങളും **അനുബന്ധം 7.1.1**ൽ കാണിച്ചിരിക്കുന്നു.

തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ലേബർ വെൽഫെയർ ബോർഡുകളിലായി 64,74,501 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് **അനുബന്ധം 7.1.1**ൽ നിന്ന് വ്യക്തമാണ്. 16 ബോർഡുകളിൽ, 20,450,00 അംഗങ്ങൾ രജിസ്റ്റർ ചെയ്ത കേരള ബിൽഡിംഗ്, മറ്റ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലാണ് ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ളത്. കോവിഡ്-19 മഹാമാരിയുടെ കാലത്ത് തൊഴിലാളി ക്ഷേമ ബോർഡുകൾ കേരളത്തിൽ നന്നായി പ്രവർത്തിച്ചു. തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളിലെയും അംഗങ്ങൾക്കുള്ള ധനസഹായം സർക്കാർ വിതരണം ചെയ്തു.

**ലേബർ കമ്മീഷണറേറ്റ്**

ജീവനക്കാർക്കിടയിൽ അവകാശങ്ങളെ കുറിച്ച് മാത്രമല്ല, കടമകളെക്കുറിച്ചും അവബോധം സൃഷ്ടിച്ചുകൊണ്ട് ഒരു നല്ല തൊഴിലാളി-തൊഴിൽ ദാതാവ് ബന്ധം വളർത്തിയെടുക്കാൻ വകുപ്പ് ഊന്നൽ നൽകുന്നു. തൊഴിലുടമകളുടെയും ജീവനക്കാരുടെയും താൽപ്പര്യങ്ങളും, അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇതിനായി, തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്താതെ കാര്യക്ഷമത വർധിപ്പിക്കാനും, തൊഴിൽ നിയമങ്ങളുടെ പ്രയോജനം ജീവനക്കാരനും മുഴുവൻ സമൂഹത്തിനും ഉറപ്പാക്കാനും വകുപ്പ് ലക്ഷ്യമിടുന്നു. കേരളത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്നുണ്ട്. ലിംഗസമത്വം നമ്മുടെ തൊഴിൽ മേഖലയുടെ പ്രത്യേകതകളിൽ ഒന്നാണ്.

**ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൗൺസിൽ (ഒഡിഇപിസി)**

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള തൊഴിലന്വേഷകർക്ക് വിദേശ രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു കേരള സർക്കാർ സ്ഥാപനമാണ് ഓവർസീസ്

ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡിഇപിസി) ലിമിറ്റഡ്. റിക്രൂട്ട്മെന്റിന് പുറമെ, യാത്ര, ടൂറുകൾ, പരിശീലനം, വിദേശപഠനം എന്നിങ്ങനെ 4 മേഖലകളിൽ കൂടി ഒഡിഇപിസി നിലവിൽ പ്രവർത്തിക്കുന്നു.

**പ്രധാന നേട്ടങ്ങൾ**

നഴ്സുമാർക്ക് 10,000 രൂപ വരെ പ്രതിമാസ സ്റ്റൈപ്പന്റോടെ ഓൺലൈൻ/ഓഫ്‌ലൈൻ സൗജന്യ ജർമ്മൻ ഭാഷാ പരിശീലനവും പഠനോപകരണങ്ങളും സഹിതം ജർമ്മനിയിലേക്കുള്ള റിക്രൂട്ട്മെന്റ് പ്രക്രിയ ആരംഭിച്ചുകഴിഞ്ഞു. ആദ്യ വ്യക്തി 2022 സെപ്റ്റംബർ 30-ന് ജർമ്മനിയിലേക്ക് പോയി. ഇപ്പോൾ ഏകദേശം 110 ഉദ്യോഗാർത്ഥികൾ ഭാഷാ പരിശീലനത്തിലാണ്. 6 ഉദ്യോഗാർത്ഥികൾ B1 ക്ലിയർ ചെയ്യുകയും ജർമ്മൻ വിസയുള്ള പേപ്പർ വർക്കുകൾ ആരംഭിക്കുകയും ചെയ്തു. 15 ഉദ്യോഗാർത്ഥികൾ 2022 ഡിസംബറിൽ B1 പരീക്ഷ എഴുതാൻ തയ്യാറെടുക്കുകയാണ്. ഈ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ കുറഞ്ഞത് 40 ഉദ്യോഗാർത്ഥികളെങ്കിലും ജർമ്മനിയിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലാണ്.

ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ് ആരംഭിച്ചു; 22 നഴ്സുമാരുടെ ആദ്യ ബാച്ച് 2022 മാർച്ചിൽ ബെൽജിയത്തിലേക്ക് പോയി. ഉദ്യോഗാർത്ഥികൾക്ക് 6 മാസത്തേക്ക് ഡച്ച് ഭാഷയിൽ സൗജന്യ റെസിഡൻഷ്യൽ പരിശീലനം നൽകുകയും പ്രതിമാസ സ്റ്റൈപ്പന്റും നൽകുകയും ചെയ്തു. 39 ഉദ്യോഗാർത്ഥികളുടെ അടുത്ത ബാച്ച് ഇപ്പോൾ പരിശീലനത്തിലാണ്, അവർ 2023 ജനുവരി/ഫെബ്രുവരിയോടെ ബെൽജിയത്തിലേക്ക് യാത്രയാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ഹെൽത്ത് എഡ്യൂക്കേഷൻ ഇംഗ്ലണ്ടുമായി (എച്ച്ഇഇ, ഒരു ഗവൺമെന്റ് ബോഡി, യുകെ) സഹകരിച്ച് റേഡിയോഗ്രാഫർമാരുടെയും മുതിർന്ന ക്ലിനിക്കൽ ഉപദേശകരുടെയും റിക്രൂട്ട്മെന്റ് പ്രക്രിയ ആരംഭിച്ചു. ഒരു റേഡിയോഗ്രാഫർ യുകെയിലേക്ക് പോയി.

2022 സെപ്റ്റംബറിൽ റിയാദ്, അബുദാബി, ദുബായ് എന്നിവിടങ്ങളിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസുമായി (കെയ്സ്) സഹകരിച്ച് എംപ്ലോയർ മീറ്റ് നടത്തി. ദുബായിൽ 78 സംഘടനകളും അബുദാബിയിൽ 46 സംഘടനകളും സൗദി അറേബ്യയിൽ 67 സംഘടനകളും ഇതിൽ പങ്കെടുത്തു. സൗദി അറേബ്യയിൽ, 50-ലധികം തൊഴിൽദാതാക്കൾ ഒഡിഇപിസി-യുമായി ഒരുമിച്ച് പ്രവർത്തിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചു (**പട്ടിക 7.1.5**).

**കേരളത്തിലെ ഫാക്ടറി തൊഴിലാളികൾ**

2016 മുതൽ 2022 വരെ (31.08.2022 വരെ) ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ എണ്ണം **പട്ടിക 7.1.6** സൂചിപ്പിക്കുന്നു. 2017, 2020, 2021 വർഷങ്ങളിലൊഴികെ ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് (**പട്ടിക 7.1.6** കാണുക).

2020-ലും 2021-ലും ഫാക്ടറി തൊഴിലാളികളുടെ എണ്ണം കുറയാനുള്ള പ്രധാന കാരണം ആഗോളതലത്തിൽ ബാധിച്ച കോവിഡ് -19 പാൻഡെമിക് ആണ്. 2016 മുതൽ 2022 വരെ (31.08.2022 വരെ) പ്രവർത്തിക്കുന്ന ഫാക്ടറികളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.1.5** 2021-22ൽ ഒഡിഇപിസി വഴി വിവിധ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുകൾ

| രാജ്യം | ജോലി | റിക്രൂട്ട് ചെയ്യപ്പെട്ട ആളുകളുടെ എണ്ണം |
|---|---|---|
| ബെൽജിയം | നഴ്സ് | 22 |
| | മെഡിക്കൽ ഇമേജിംഗ് ടെക്നീഷ്യൻ | 4 |
| സൗദിഅറേബ്യ | പെർഫ്യൂഷനിസ്റ്റ് | 1 |
| | നഴ്സ് | 39 |
| ഒമാൻ | നഴ്സ് | 7 |
| | സ്റ്റുഡന്റ് കൗൺസിലർ | 1 |
| | ടീച്ചർ | 10 |
| ഖത്തർ | ടീച്ചർ | 6 |
| | ഡോക്ടർ | 8 |
| | മെഡിക്കൽ ഇമേജിംഗ് ടെക്നീഷ്യൻ | 43 |
| യു.എ.ഇ | സെയിൽസ് എക്സിക്യൂട്ടീവ്/ സെയിൽസ് റെപ്രസന്റേറ്റീവ് | 82 |
| | നഴ്സ് | 3 |
| | ടെലിഫോൺ സ്വിച്ച് ബോർഡ് ഓപ്പറേറ്റർ | 1 |
| യു.കെ | റേഡിയോ ഗ്രാഫർ | 1 |
| | നഴ്സ് | 244 |

ഉറവിടം: ഒഡിഇപിസി, കേരള സർക്കാർ

**പട്ടിക 7.1.6** ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം

| വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|
| 2016 | 702129 |
| 2017 | 678058 |
| 2018 | 698679 |
| 2019 | 726195 |
| 2020 | 702901 |
| *2021 | 665775 |
| *2022 | 678586 |

(31.08.2022 വരെ) ഉറവിടം: ലേബർ കമ്മീഷണറേറ്റ്
* ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകിയ കണക്കുകൾ

**ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ**

ഫാക്ടറികളിലെ എല്ലാ തൊഴിലാളികളുടെയും ഫാക്ടറികളുടെ പരിസരത്ത് താമസിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നിയമപരമായ അതോറിറ്റിയാണ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്. തൊഴിലാളികളുടെ സുരക്ഷയ്ക്കായി വകുപ്പ് വിവിധ പരിപാടികൾ നടത്തിവരുന്നു. 2022-23ൽ (ആഗസ്റ്റ് 31, 2022 വരെ), MAH ഫാക്ടറികളിൽ 23 മുൻഗണനാ പരിശോധനകളും അപകടകരമായ ഫാക്ടറികളിൽ 21 പരിശോധനകളും സ്പെഷ്യലിസ്റ്റ് ഇൻസ്പെക്ടർമാർ നടത്തിയിട്ടുണ്ട്. ഫാക്ടറി തൊഴിലാളികൾക്കും ജീവനക്കാർക്കും മാത്രമല്ല, സ്കൂൾ കുട്ടികൾക്കും ഫാക്ടറി പരിസരത്ത് ജീവിക്കുന്ന

**പട്ടിക 7.1.7** കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്ന ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ - 2016 മുതൽ 2022 വരെ (എണ്ണത്തിൽ)

| അപകടങ്ങൾ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 (ഒക്ടോബർ വരെ) |
|---|---|---|---|---|---|---|---|
| മാരകമായവ | 17 | 20 | 21 | 28 | 14 | 12 | 17 |
| മരകമല്ലാത്തവ | 194 | 200 | 173 | 139 | 79 | 117 | 42 |
| ആകെ | 211 | 220 | 194 | 167 | 93 | 129 | 59 |

ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, GoK

* ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ

പൊതുജനങ്ങൾക്കുമായി വകുപ്പ് പരിശീലന പരിപാടികൾ നടത്തിവരുന്നു. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.3**ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ വ്യാവസായിക അപകടങ്ങൾ**

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന് കീഴിലുള്ള വ്യവസായങ്ങളിൽ മാരകമായ അപകടങ്ങളുടെയും മാരകമല്ലാത്ത അപകടങ്ങളുടെയും എണ്ണം തുടർച്ചയായി കുറഞ്ഞുവരികയാണ് (2017ലും 2021ലും ഒഴികെ). വകുപ്പിന്റെ മാതൃകാപരമായ ഇടപെടലുകളാണ് വകുപ്പിന് കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ അപകടങ്ങൾ കുറയാൻ ഇടയാക്കിയത്. 2016 മുതൽ 2022 വരെയുള്ള (ഒക്ടോബർ വരെ) അപകട വിശദാംശങ്ങൾ **പട്ടിക 7.1.7**ൽ കാണിച്ചിരിക്കുന്നു.

**വ്യാവസായിക തർക്കങ്ങൾ**

തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള പരാതികൾ ഉന്നയിക്കുന്നതിനും പരിഹരിക്കുന്നതിനും ഒരു പ്ലാറ്റ്ഫോം നൽകേണ്ടത് സംസ്ഥാനത്ത് സൗഹൃദപരമായ തൊഴിൽ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. 1947-ലെ വ്യാവസായിക തർക്ക നിയമം, സംഘടിത മേഖലയ്ക്ക് മാത്രം ബാധകമാണെങ്കിലും അതിനുള്ള നിയമ ചട്ടക്കൂട് ലേ ഓഫ്, റിട്രെഞ്ച്മെന്റ് എന്നിവയും നിയന്ത്രിക്കുന്നു

2021-22 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പാക്കാത്ത തർക്കങ്ങളുടെ എണ്ണം 4046 ഉം 2021-22ൽ ഉടലെടുത്ത തർക്കങ്ങളുടെ എണ്ണം 2805 ഉം ആയിരുന്നു. 2021-22 വർഷത്തിൽ കൈകാര്യം ചെയ്ത തർക്കങ്ങളുടെ എണ്ണം 6241 ആണ്. ആകെ തീർപ്പാക്കിയ തർക്കങ്ങളുടെ എണ്ണം 2021-22 ൽ 2956 ആയിരുന്നു. 2021-22ൽ 47 ശതമാനം തർക്കങ്ങൾ പരിഹരിച്ചതായി ഇത് സൂചിപ്പിക്കുന്നു. 2016-17 മുതൽ 2022-23 വരെയുള്ള വ്യാവസായിക തർക്കങ്ങളുടെയും ഒത്തുതീർപ്പുകളുടെയും വിശദാംശങ്ങൾ (ഓഗസ്റ്റ് 31, 2022 വരെ) **അനുബന്ധം 7.1.4**ൽ കാണിച്ചിരിക്കുന്നു.

**പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളും കാരണം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം**

പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളുമാണ് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാൻ ഒരു കാരണം. പണിമുടക്ക്, ലോക്കൗട്ട്, പിരിച്ചുവിടൽ തുടങ്ങി വിവിധ കാരണങ്ങളാൽ 2021-22 വർഷത്തിൽ കേരളത്തിൽ നഷ്ടപ്പെട്ട മൊത്തം തൊഴിൽ ദിനങ്ങൾ 57,13,256 ആണ്. വിവിധ കാരണങ്ങളാൽ നഷ്ടപ്പെട്ട പ്രവൃത്തി ദിവസങ്ങളുടെ എണ്ണത്തെ സംബന്ധിച്ചും വിശദാംശങ്ങൾ **അനുബന്ധം 7.1.5, 7.1.6, 7.1.7** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**കേരളത്തിലെ അതിഥി തൊഴിലാളികൾ**

2001 വരെ കേരളത്തിലേക്കുള്ള കുടിയേറ്റക്കാർ പ്രധാനമായും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ കുടിയേറ്റക്കാർ കൂടുതലും പശ്ചിമ ബംഗാൾ, അസം, ഒഡീഷ, ബീഹാർ എന്നിവിടങ്ങളിലാണ്. 17.5 ലക്ഷം കുടിയേറ്റ തൊഴിലാളികളുമായി നിർമ്മാണ മേഖല ഒന്നാം സ്ഥാനത്തും 6.3 ലക്ഷം കുടിയേറ്റക്കാരുമായി ഉൽപ്പാദന മേഖല രണ്ടാം സ്ഥാനത്തുമാണ് (രവിരാമൻ & പരിദ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള ആവാസ് രജിസ്ട്രേഷനു കീഴിൽ രജിസ്റ്റർ ചെയ്ത കുടിയേറ്റ തൊഴിലാളികളുടെ കേരളത്തിലെ വിവിധ ജില്ലകളിലെ കണക്ക് (ഓഗസ്റ്റ് 31, 2022 വരെ) **പട്ടിക 7.1.8** ലും, കുടിയേറ്റ ക്ഷേമ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ എണ്ണം **അനുബന്ധം 7.1.9**ലും കാണിച്ചിരിക്കുന്നു.

**പട്ടിക 7.1.8** ആവാസ് രജിസ്ട്രേഷൻ പ്രകാരം കേരളത്തിലെ ജില്ലകളിൽ (ഓഗസ്റ്റ് 31, 2022 പ്രകാരം) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും / കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്ത കുടിയേറ്റ തൊഴിലാളികളുടെ കണക്ക്

| നം. | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 63788 |
| 2 | കൊല്ലം | 24946 |
| 3 | പത്തനംതിട്ട | 24119 |
| 4 | ആലപ്പുഴ | 36927 |
| 5 | ഇടുക്കി | 19587 |
| 6 | കോട്ടയം | 34251 |
| 7 | എറണാകുളം | 115053 |
| 8 | തൃശ്ശൂർ | 41900 |
| 9 | പാലക്കാട് | 24694 |
| 10 | മലപ്പുറം | 29856 |
| 11 | കോഴിക്കോട് | 44628 |
| 12 | വയനാട് | 11839 |
| 13 | കണ്ണൂർ | 28874 |
| 14 | കാസറഗോഡ് | 15858 |
| | ആകെ | 516320 |

ഉറവിടം: ലേബർ കമ്മീഷണറേറ്റ്

**1.കേരളത്തിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷയും ക്ഷേമ പ്രവർത്തനങ്ങളും**

1. ലേബർ കമ്മീഷണറേറ്റിന് കീഴിലുള്ള പ്രധാന തൊഴിലാളി ക്ഷേമ പദ്ധതികൾ
2. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത തൊഴിൽമേഖലയായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കശുവണ്ടി. കയർ, തഴപ്പായ, കരകൗശല നിർമ്മാണം തുടങ്ങിയ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1,250 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. കയർ, ഫിഷറീസ് തുടങ്ങിയ വകുപ്പുകൾ, അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡുകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2020-21ൽ 1,53,005 ഗുണഭോക്താക്കൾക്കായി 75 കോടി രൂപയും 2021-22ൽ 1,26,817 ഗുണഭോക്താക്കൾക്കായി 58 കോടി രൂപയും ഈ പദ്ധതിയിലൂടെ ചെലവഴിച്ചിട്ടുണ്ട്.

1. തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കലും, നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും
2. തോട്ടം മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ, വേതന വ്യവസ്ഥ, നഗര സൗകര്യങ്ങളുടെ അഭാവം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ പരിഗണിച്ച് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ഒരുക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.
3. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണം

ഈ സ്കീമിന് ഇനിപ്പറയുന്ന മൂന്ന് ഘടകങ്ങൾ ഉണ്ട്:

(എ) അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി 2007-08 വർഷത്തിൽ നിലവിൽ വരുകയും തൊഴിൽ വകുപ്പ് നടപ്പിലാക്കി ക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ പദ്ധതിയിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ, ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ 2,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ബി)അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി
മരംകയറ്റ തൊഴിലാളി ക്ഷേമസ്കീം വഴി ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്ന കേരള മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി ജനുവരി 1, 2012 ലാണ് നിലവിൽ വന്നത്.

(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ

വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും, അർഹമായ മിനിമം വേതനം ലഭിക്കുന്നതിനുമായി 2011-12 വർഷത്തിലാണ് ഗവൺമെന്റ് പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കിയത്.

വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയാണ് പ്രസവാനുകൂല്യ തുക തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്.

2021-22 കാലയളവിൽ 38,937 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം ലഭിച്ചു.

**2. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (ഇഎസ്ഐ) പദ്ധതി**

അസുഖം, പ്രസവം, അംഗവൈകല്യം, തൊഴിൽ ക്ഷതം മൂലമുള്ള മരണം എന്നിവയിൽ ജീവനക്കാർക്ക് സഹായം നൽകാനും ഇൻഷ്വർ ചെയ്ത വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും വൈദ്യസഹായം നൽകാനും ഇന്ത്യ ഗവണ്മെന്റിന്റെ ഇഎസ്ഐ സ്കീം ലക്ഷ്യമിടുന്നു. സമഗ്രമായ സാമൂഹ്യ സുരക്ഷാ വ്യവസ്ഥകൾ, 1948-ലെ ഇഎസ്ഐ നിയമത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പത്തോ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന വൈദ്യുതി ലഭ്യമായ നോൺ-സീസൺ ഫാക്ടറികളിലും, 20-ഓ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന വൈദ്യുതി ഉപയോഗിക്കാത്ത ഫാക്ടറികളിലും തൊഴിലെടുക്കുന്ന എല്ലാ ജീവനക്കാരെയും ഈ സ്കീം പരിരക്ഷിക്കുന്നു. കടകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സിനിമാശാലകൾ, റോഡ് മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നു. ഇൻഷ്വർ ചെയ്ത ഓരോ ജീവനക്കാരനും അവരുടെ തൊഴിലുടമയും അവരുടെ വേതനത്തിന്റെ ഒരു നിശ്ചിത ശതമാനം എല്ലാ മാസവും ഇഎസ്ഐസി യിലേക്ക് സംഭാവന ചെയ്യേണ്ടതുണ്ട്. കാലാകാലങ്ങളിൽ സീലിംഗ് വേതന നിരക്ക് പരിഷ്കരിക്കുന്നു. മിക്ക സാമൂഹിക സുരക്ഷാ പദ്ധതികളെയും പോലെ ഇഎസ്ഐ സ്കീമും പ്രവർത്തിക്കുന്നു. ഇത് ഒരു സ്വാശ്രയ ആരോഗ്യ ഇൻഷുറൻസ് സ്കീമാണ്, കൂടാതെ ശമ്പളത്തിന്റെ ഒരു നിശ്ചിത ശതമാനമായി പരിരക്ഷിത ജീവനക്കാരിൽ നിന്നും അവരുടെ തൊഴിലുടമകളിൽ നിന്നും സംഭാവനകൾ സമാഹരിക്കുന്നു. പേയ്മെന്റുകൾ മാസാടിസ്ഥാനത്തിൽ നൽകണം. കേരളത്തിൽ 145 ഇഎസ്ഐ ഡിസ്പെൻസറികളും 9 ഇഎസ്ഐ ആശുപത്രികളുമുണ്ട്. ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 7.1.8-ൽ നൽകിയിരിക്കുന്നു.

**3. കേരളത്തിലെ അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

അതിഥി തൊഴിലാളികളുടെ എണ്ണത്തിൽ കൃത്യമായ കണക്കില്ല എന്നതാണ് പ്രധാന പോരായ്മ. പരിദയുടെയും രവിരാമന്റെയും 2021 ലെ പഠനമനുസരിച്ച്, അതിഥി തൊഴിലാളികളുടെ എണ്ണം 31.5 ലക്ഷവും ലേബർ കമ്മീഷണറേറ്റിന്റെ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 5 ലക്ഷത്തിന് മുകളിലും അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 1,60,000 ത്തിനു മുകളിലുമാണ്.

**അപ്നാഘർ**

കുടിയേറ്റ തൊഴിലാളികൾക്ക് മിതമായ നിരക്കിൽ വാസസ്ഥലങ്ങൾ നൽകുന്നതിനായി സർക്കാർ 'അപ്നാ ഘർ പദ്ധതി' ആരംഭിച്ചു. കേരളത്തിൽ ജോലി ചെയ്യുമ്പോൾ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വാടകക്ക് നല്ല നിലവാരമുള്ളതും ശുചിത്വമുള്ളതും സുരക്ഷിതവുമായ

ഹോസ്റ്റൽ താമസസൗകര്യം നൽകുന്ന പദ്ധതിയാണിത്. പങ്കിട്ട് ഉപയോഗിക്കാവുന്ന മുറികൾ, ഒന്നിലധികം അടുക്കളകൾ, മെസ് ഏരിയകൾ, കുളിമുറി, ടോയ്‌ലറ്റുകൾ, വിനോദ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയാണ് ഈ ഹോസ്റ്റലുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സിസിടിവി സംവിധാനങ്ങൾ എന്നിവയും ഉണ്ടായിരിക്കും.

അപ്നാഘർ, പാലക്കാട് പദ്ധതിയിൽ 620 കിടക്കകളുള്ള ഹോസ്റ്റൽ സൗകര്യം സജ്ജമാണ്. അതുപോലെ, അപ്നാഘർ, കിനാലൂർ പദ്ധതിയിൽ 120 കിടക്കകളുള്ള ഹോസ്റ്റലും പൂർത്തിയായിട്ടുണ്ട്.

**കേരളത്തിലെ അതിഥി തൊഴിലാളി സൗഹൃദ വസതി–ആലയ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്ക് താമസ സൗകര്യം ഒരുക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം അതിഥി തൊഴിലാളികൾക്ക് വാടകയ്ക്ക് വീട് നൽകാൻ തയ്യാറുള്ള ഭൂവുടമകൾക്ക് തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യുകയും പ്രസ്തുത വീടുകൾ അവർക്ക് താമസിക്കാൻ ലഭ്യമാക്കുകയും ചെയ്യും. 2022 ഒക്ടോബർ വരെ 493 കെട്ടിടങ്ങൾ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് (AAWAZ)**

അതിഥി തൊഴിലാളികൾക്കായി സർക്കാർ ഹെൽത്ത് കം ഡെത്ത് ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു. അതനുസരിച്ച് ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 25,000 രൂപയുടെ ആരോഗ്യ ഇൻഷുറൻസും 2.00 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് ക്ലെയിമും ലഭിക്കും. 5,16,320 അതിഥി തൊഴിലാളികൾ ഈ പദ്ധതി പ്രകാരം രജിസ്ട്രേഷൻ കാർഡ് എടുത്തിട്ടുണ്ട്. ഇതിൽ 2022 ഒക്ടോബർ വരെ 374 പേർക്ക് ചികിത്സാ ആനുകൂല്യങ്ങളും 29 അതിഥി തൊഴിലാളികളുടെ ആശ്രിതർക്ക് അപകട മരണ സഹായവും നൽകിയിട്ടുണ്ട്.

# 7.2 ആഗോള തൊഴിൽ വീക്ഷണം

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐ എൽ ഒ) പ്രസിദ്ധീകരിച്ച "വേൾഡ് എംപ്ലോയ്മെന്റ് ആൻഡ് സോഷ്യൽ ഔട്ട്ലുക്ക്: ട്രെൻഡ്സ് 2022" പ്രകാരം, ആഗോള തൊഴിലില്ലായ്മ 2019 ലെ നിരക്കിൽ നിന്നും ഏകദേശം 21 ദശലക്ഷത്തിലധികം ഉയർന്ന്, 2022 ൽ 207 ദശലക്ഷം എത്തുമെന്ന് കണക്കാക്കുന്നു. കൂടാതെ ആഗോള തൊഴിലില്ലായ്മ നിരക്ക്, കുറഞ്ഞത് 2023 വരെ, കോവിഡ്-19 ന് മുമ്പുള്ള നിലവാരത്തിന് മുകളിലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും റിപ്പോർട്ട് ചൂണ്ടികാട്ടുന്നു. നിരവധി ആളുകൾ തൊഴിൽ സേനയെ ഉപേക്ഷിച്ചതിനാൽ ഈ കണക്കുകളിൽ സൂചിപ്പിക്കുന്നതിനേക്കാൾ തൊഴിലില്ലായ്മ വളരെ കൂടുതലാണെന്നും ഐ എൽ ഒ യുടെ റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. ജോലി ഉപേക്ഷിച്ച് പോയവരിൽ പലരും തിരികെ വന്നിട്ടില്ലാത്തതിനാൽ കണക്കാക്കപ്പെട്ട തൊഴിലില്ലായ്മ നിരക്ക്, ഇപ്പോഴും തൊഴിൽ പ്രതിസന്ധിയുടെ മൊത്തം ആഘാതത്തിന്റെ അളവ് കുറച്ച് കാണിക്കുന്നു. ആഗോള തൊഴിൽ പങ്കാളിത്ത നിരക്ക് 2019 നും 2020 നും ഇടയിൽ 2 ശതമാനത്തിനടുത്തായി കുറഞ്ഞു, 2022 ഓടെ ഇത് ഭാഗികമായി മാത്രം 59.3 ശതമാനത്തിന് തൊട്ട് താഴെയായി വീണ്ടെടുക്കുമെന്ന് കണക്കാക്കുന്നു, അതായത് 2019 ലെ നിരക്കിന്റെ ഏകദേശം 1 ശതമാനം താഴെയാണ്. പാൻഡെമിക്കിന് മുമ്പുതന്നെ ഉയർന്ന തോതിലുള്ള അസമത്വവും, കൂടുതൽ വ്യത്യസ്തമായ തൊഴിൽ സാഹചര്യങ്ങളും, ദുർബലമായ സാമൂഹിക സംരക്ഷണ സംവിധാനങ്ങളും അനുഭവിക്കുന്ന വികസ്വര രാജ്യങ്ങൾക്ക് ഈ ആഘാതം പ്രത്യേകിച്ചും ഗുരുതരമായിരിക്കുന്നു. 2023-ൽ ആഗോള തൊഴിലില്ലായ്മ 202.7 ദശലക്ഷമായും, തൊഴിലില്ലായ്മ നിരക്ക് 5.7 ശതമാനമായും കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

**തൊഴിൽ രംഗം: ഇന്ത്യയും കേരളവും**

**തൊഴിലില്ലായ്മാ നിരക്ക്**


പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ അനുസരിച്ച് തൊഴിലില്ലായ്മ നിരക്ക് എന്നത് തൊഴിൽ സേനയിലെ തൊഴിൽരഹിതരായ വ്യക്തികളുടെ ശതമാനമാണ്. പിഎൽഎഫ്എസ് സർവേകളിലെ യൂഷ്വൽ സ്റ്റാറ്റസും (പി. എസ് + എസ്.എസ്) പ്രതിവാര സ്റ്റാറ്റസും അനുസരിച്ചാണ് ഇത് കണക്കാക്കുന്നത്. ഇത് തൊഴിൽ ശക്തിയുടെ ഉപയോഗപ്പെടുത്താത്ത ഭാഗത്തെയാണ് കാണിക്കുന്നത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പി.എൽ.എഫ്. എസ്) 2020 ജൂലൈ മുതൽ 2021 ജൂൺ വരെ നടത്തിയ സർവ്വേ പ്രകാരം, പ്രധാന സംസ്ഥാനങ്ങളിൽ 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ്(പി.എസ്. + എസ്.എസ്) പ്രകാരം കേരളത്തിൽ 10.1 ശതമാനവും അഖിലേന്ത്യാ തലത്തിൽ 4.2 ശതമാനവുമാണ് **(ചിത്രം 7.2.1).**

ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 2019-20ൽ 4.8 ശതമാനമായിരുന്നത് 2020-21ൽ 4.2 ശതമാനമായി കുറഞ്ഞു. 2020-21-ൽ പുരുഷന്മാർക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 4.5 ശതമാനവും സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 3.5 ശതമാനവുമാണ്. 2019-20ൽ ഈ നിരക്കുകൾ യഥാക്രമം 5 ശതമാനവും 4.2 ശതമാനവും ആയിരുന്നു. 2020-21-ൽ ഗ്രാമപ്രദേശങ്ങളിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മ നിരക്ക് 3.8 ശതമാനവും സ്ത്രീകളുടേത് 2.1 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 6.1 ശതമാനവും സ്ത്രീകളുടേത് 8.6 ശതമാനവുമാണ്.

കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2019-20 ലെ 10.0 ശതമാനത്തിൽ നിന്നും 2020-21 ആയപ്പോഴേക്കും 10.1 ശതമാനമായി വർദ്ധിച്ചു. തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാർക്കിടയിൽ 7.5 ശതമാനവും സ്ത്രീകൾക്കിടയിൽ 15.1 ശതമാനവുമാണ്. 2020-21ൽ ഗ്രാമപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 6.4 ശതമാനവും സ്ത്രീകളുടേത് 13.4 ശതമാനവും, അതേസമയം നഗര പ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 8.7 ശതമാനവും സ്ത്രീകളുടേത് 17.4 ശതമാനവുമാണ്. സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽസ്റ്റാറ്റസ് (പി.എസ് + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.2.1**ൽ കൊടുത്തിരിക്കുന്നു.

ഇന്ത്യയിൽ 15 വയസ്സും അതിനു മുകളിലും ഉള്ള അഭ്യസ്തവിദ്യരായവരുടെ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) യൂഷ്വൽ സ്റ്റാറ്റസ് (പി.എസ് + എസ്. എസ്) തൊഴിലില്ലായ്മ നിരക്ക് 9.1 ശതമാനവുമാണ്, ഗ്രാമ പ്രദേശങ്ങളിൽ ഇത് 8.3 ശതമാനവും, നഗരപ്രദേശങ്ങളിൽ 10.2 ശതമാനവുമാണ്. ഇതിൽ ഗ്രാമപ്രദേശങ്ങളിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിലില്ലായ്മ നിരക്ക് യഥാക്രമം 7.8 ശതമാനവും, 10.0 ശതമാനവും, നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ

**ചിത്രം 7.2.1** ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്2020-21, കേന്ദ്രസർക്കാർ

നിരക്ക് 8.6 ശതമാനവും, സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 16.3 ശതമാനവുമാണ്. കേരളത്തിലെ വിദ്യാസമ്പന്നരായ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 16.6 ശതമാനമാണ്, ഗ്രാമ പ്രദേശങ്ങളിൽ ഇത് 16.0 ശതമാനവും, നഗര പ്രദേശങ്ങളിൽ 17.3 ശതമാനവുമാണ് (**അനുബന്ധം 7.2.2**).


നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം 15 വയസ്സിനും അതിന് മുകളിലും പ്രായമുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിലില്ലായ്മാനിരക്ക് ഇന്ത്യയിൽ 7.5 ശതമാനവും, കേരളത്തിൽ 16.8 ശതമാനവുമാണ്. ഇതിൽ ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 7.2 ശതമാനവും സ്ത്രീകളുടേത് 4.8 ശതമാനവുമാണ്. അതേസമയം നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിലില്ലായ്മ നിരക്ക് യഥാക്രമം 9.4 ശതമാനവും 12.2 ശതമാനവുമാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരിൽ 12.6 ശതമാനവും സ്ത്രീകളിൽ 22.4 ശതമാനവുമാണ്. അതേസമയം നഗരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരുടേത് 15.7 ശതമാനവും സ്ത്രീകളുടേത് 23.2 ശതമാനവുമാണ് (**അനുബന്ധം 7.2.3**).

കേരളത്തിലെ ഗ്രാമീണ പ്രദേശങ്ങളിലെ സ്ത്രീ-പുരുഷ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് രീതിയിലും (പി.എസ്+എസ്.എസ്) നിലവിലെ പ്രതിവാര സ്റ്റാറ്റസ് രീതിയിലും കണക്കാക്കിയപ്പോൾ അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കേരളത്തിലെ സ്ത്രീ തൊഴിലില്ലായ്മ പ്രത്യേകിച്ചും ഗ്രാമീണ പ്രദേശങ്ങളിലേത് ആശങ്കയുളവാക്കുന്നുവെങ്കിലും കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (എൽ എഫ് പി ആർ) 15-59 വയസ്സിനുമിടയിൽ പ്രായമുള്ളവരുടെ നിരക്ക് 38.9 ശതമാനമെന്നത് അഖിലേന്ത്യാ നിരക്കായ 35.2 ശതമാനത്തിനേക്കാൾ കൂടുതലാണ് (**അനുബന്ധം 7.2.4**). പി.എൽ.എഫ്.എസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് ഗ്രാമ പ്രദേശങ്ങളെ അപേക്ഷിച്ച് നഗര പ്രദേശങ്ങളിൽ കുറവാണ് (**ചിത്രം 7.2.2**).

### യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക്

സാമ്പത്തിക വികസനത്തിന് യുവാക്കളുടെ (15-29 വയസ് പ്രായമുള്ളവർ) ഉൽപാദനക്ഷമമായ തൊഴിൽ അനിവാര്യ ഘടകമാണ്. അഖിലേന്ത്യാ തലത്തിൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക്, പി.എൽ.എഫ്.എസ്-ലും എൻ.എസ്. എസ്.ഒ-യുടെ അവസാന മൂന്ന് ക്വിൻക്വീനിയൽ റൗണ്ടുകളിലും, കണക്കാക്കിയിട്ടുണ്ട്. 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ ഗ്രാമീണ പുരുഷ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 3.9 ശതമാനം മുതൽ 5 ശതമാനം വരെ ആയിരുന്നെങ്കിലും, 2020-21ൽ ഇത് 11.6 ശതമാനമായി ഉയർന്നു. അതേസമയം 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ ഗ്രാമീണ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനത്തിൽ നിന്ന് 4.8 ശതമാനം ആവുകയും, 2020-21 ൽ 8.2 ശതമാനമായി ഉയരുകയും ചെയ്തു. ഇതേ കാലയളവിൽ (2004-05 മുതൽ 2011-12 വരെ) നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പുരുഷന്മാരിൽ 7.5 ശതമാനത്തിൽ നിന്ന് 8.8 ശതമാനം ആയി, തുടർന്ന് 2020-21ൽ 16.6 ശതമാനമായി ഉയരുകയും ചെയ്തു. എന്നാൽ നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 2004-05 ലെ 13.1 ശതമാനത്തിൽ നിന്നും 2011-12ൽ 14.9 ശതമാനം ആവുകയും തുടർന്ന് 2020-21ൽ ഇത് 24.9 ശതമാനമായി ഉയരുകയും ചെയ്തു.

**ചിത്രം 7.2.2** കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് [(യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ്)] ശതമാനത്തിൽ




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്2020-21, കേന്ദ്രസർക്കാർ.
കുറിപ്പ്: യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്.+എസ്.എസ്) കണക്കിൽ പ്രിൻസിപ്പൽ സ്റ്റാറ്റസും, സബ്സിഡിയറി സ്റ്റാറ്റസ് എസ്റ്റിമേറ്റുകളും കൂട്ടിച്ചേർത്താണ് തൊഴിലില്ലാത്തവരെ കണക്കാക്കിയിട്ടുള്ളത്. നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ കണക്ക് സർവെ കാലയളവിനുള്ളിലെ ഹ്രസ്വ കാലമായ 7 ദിവസത്തെ അടിസ്ഥാനമാക്കിയുള്ള ഏകദേശ ചിത്രമാണ്.

കേരളത്തിന്റെ ജനസംഖ്യയുടെ, ഏകദേശം 23 ശതമാനത്തോളം യുവാക്കൾ ആണ്. മൊത്തം തൊഴിലില്ലായ്മ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ ഉയർന്നതാണെന്ന് സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഗ്രാമീണ പ്രദേശങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 33.0 ശതമാനവും നഗരപ്രദേശങ്ങളിലേത് 34.5 ശതമാനവുമാണ്. അതുപോലെ യുവജനങ്ങൾക്കിടയിൽ സ്ത്രീ തൊഴിലില്ലായ്മയാണ് പുരുഷ തൊഴിലില്ലായ്മയേക്കാൾ കൂടുതൽ. ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 50.6 ശതമാനവും, നഗരപ്രദേശങ്ങളിൽ 51.8 ശതമാനവുമാണ്. എന്നാൽ പുരുഷൻമാരുടെ തൊഴിലില്ലായ്മ നിരക്ക് യഥാക്രമം 24.7 ശതമാനവും, 25.9 ശതമാനവുമാണ്. (**ചിത്രം 7.2.3**).

കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ വ്യാപകമാകാനുള്ള കാരണം യുവജനങ്ങൾക്കിടയിൽ നൂതന മേഖലകളിൽ വേണ്ടി വരുന്ന തൊഴിൽ പരിചയ കുറവും നൈപുണ്യ കുറവും മറ്റുമാണ്. ഈ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പരിപാടികളും, തൊഴിലവസരങ്ങൾ വർദ്ധിക്കുന്ന പരിപാടികളും കൂടുതൽ ഫലപ്രദമാക്കേണ്ടതും യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് പ്രാപ്തരാക്കേണ്ടതുമാണ്.

### സംഘടിത മേഖലയിലെ തൊഴിൽ


കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ ഏകദേശം നിശ്ചലമായി നിൽക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2012ൽ കേരളത്തിലെ സംഘടിത മേഖലയിലെ, തൊഴിലവസരങ്ങൾ 10.9 ലക്ഷമായിരുന്നത് 2022 (മാർച്ച് 31, 2022 വരെ) ആയപ്പോഴേക്കും നാമമാത്രമായി വർദ്ധിച്ച് 12.5 ലക്ഷമായി.

പൊതുമേഖലയും സ്വകാര്യ മേഖലയും ഉൾപ്പെടുന്നതാണ് സംഘടിത മേഖല. 2012 ന് ശേഷം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ സാവധാനത്തിൽ 2020 വരെ വർദ്ധിച്ചുവെങ്കിലും 2021 ൽ കുറഞ്ഞു എന്നത് ശ്രദ്ധേയമായ കാര്യമാണ്. 2022-ലെ കണക്കനുസരിച്ച് സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആകെയുള്ള 12.5 ലക്ഷം ജീവനക്കാരിൽ 5.6 ലക്ഷം (44.8 ശതമാനം) പേർ പൊതുമേഖലയിലും, 6.9 ലക്ഷം (55.2 ശതമാനം) പേർ സ്വകാര്യമേഖലയിലും ആണ് തൊഴിൽ ചെയ്യുന്നത്. 2021 വർഷത്തെ അപേക്ഷിച്ച് 2022-ൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിലവസരങ്ങൾ നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ട് (**അനുബന്ധം 7.2.5, ചിത്രം 7.2.4**).

പൊതുമേഖലയിൽ തൊഴിലെടുക്കുന്നവരിൽ 46.6 ശതമാനം സംസ്ഥാന സർക്കാർ ജീവനക്കാരും, 10.8 ശതമാനം കേന്ദ്ര സർക്കാർ ജീവനക്കാരും, 23.6 ശതമാനം സംസ്ഥാന അർദ്ധ സർക്കാർ ജീവനക്കാരും, 4.5 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും, 14.5 ശതമാനം കേന്ദ്ര അർദ്ധ സർക്കാർ ജീവനക്കാരുമാണ് (**അനുബന്ധം 7.2.6, ചിത്രം 7.2.5**).


2022 മാർച്ച് വരെയുള്ള ജില്ല തിരിച്ചുള്ള തൊഴിലവസരങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് എറണാകുളം ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. എറണാകുളം ജില്ലയിൽ

**ചിത്രം 7.2.3** യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ)




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, 2020-21 കേന്ദ്ര സർക്കാർ,

**ചിത്രം 7.2.4** കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ - (ലക്ഷത്തിൽ)





അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്ററേറ്റ് കേരള സർക്കാർ, 2022

സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത് 2.7 ലക്ഷം ആളുകളാണ്. ഇത് സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 21.2 ശതമാനമാണ്. അതേ സമയം വയനാട് ജില്ലയിൽ സംഘടിത മേഖലയിൽ 35,229 ആളുകളാണ് തൊഴിലെടുക്കുന്നത്. ഇതാകട്ടെ സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 2.8 ശതമാനം മാത്രമേയുള്ളൂ **(അനുബന്ധം 7.2.7)**.

കേരളത്തിൽ പൊതുമേഖലാ ജോലികളിൽ പുരുഷൻമാരാണ് സ്ത്രീകളേക്കാൾ എണ്ണത്തിൽ കൂടുതലുള്ളത്. എന്നാൽ സ്വകാര്യ മേഖലയിൽ സ്ത്രീകളാണ് പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലുള്ളത്. 2021-22ൽ പൊതുമേഖലയിൽ ജോലി ചെയ്യുന്നവരിൽ 65.1 ശതമാനം പുരുഷൻമാരും, 34.9 ശതമാനം സ്ത്രീകളുമാണ്. പൊതുമേഖലയിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്. തിരുവനന്തപുരം ജില്ലയിൽ പൊതുമേഖലയിൽ 30,585 സ്ത്രീകളാണ് ജോലി ചെയ്യുന്നത്, തൊട്ടു പിന്നിൽ എറണാകുളം (23,065), തൃശ്ശൂർ (21,973), കൊല്ലം (16,969), മലപ്പുറം (14,941), കോഴിക്കോട് (13,560), പാലക്കാട് (13,519), കണ്ണൂർ (13,497), കോട്ടയം

**ചിത്രം 7.2.5** പൊതുമേഖലയിലെ തൊഴിൽ വിതരണം




അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്ററേറ്റ്, കേരള സർക്കാർ, 2022

**പട്ടിക 7.2.1** പൊതു മേഖല തൊഴിൽ-സ്ത്രീ പങ്കാളിത്തം, 2021-22

| ക്രമ നമ്പർ | വിഭാഗം | തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം | ശതമാനം (%) |
|---|---|---|---|
| 1 | സംസ്ഥാന സർക്കാർ | 105627 | 54.4 |
| 2 | സംസ്ഥാന അർദ്ധ സർക്കാർ | 39120 | 20.1 |
| 3 | കേന്ദ്ര സർക്കാർ | 14726 | 7.6 |
| 4 | കേന്ദ്ര അർദ്ധ സർക്കാർ | 25391 | 13.1 |
| 5 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | 9272 | 4.8 |
| | ആകെ | 194136 | 100.0 |

അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2022

(10,556), ആലപ്പുഴ (10,533) എന്നീ ജില്ലകൾ ആണ്. അതേസമയം ഇടുക്കി ജില്ലയിൽ 3,442 സ്ത്രീകൾ മാത്രമാണ് പൊതുമേഖലയിലുള്ളത്. തൊട്ടു പുറകിൽ കാസർഗോഡും (6,449), വയനാടും (6,889), പത്തനംതിട്ടയുമാണ് (8,108) (**അനുബന്ധം 7.2.8**). പൊതുമേഖലയിലെ സ്ത്രീ പങ്കാളിത്തം **പട്ടിക 7.2.1**ൽ കാണിച്ചിരിക്കുന്നു.

കേരളത്തിൽ സംഘടിത മേഖലയിൽ വ്യവസായ അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്നവരുടെ സമീപകാല കണക്കുകൾ പ്രകാരം, സേവന മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും, കാർഷിക മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായും കാണാം. മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുകയും വിദ്യാഭ്യാസ മേഖലയിലേയും ഉൽപ്പന്ന നിർമ്മാണമേഖലയിലേയും തൊഴിൽ അവസരങ്ങൾ ഉയരുന്നതായും കാണാം. (**അനുബന്ധം 7.2.9, ചിത്രം 7.2.6**).

### അസംഘടിത മേഖലയിലെ തൊഴിൽ


ഇന്ത്യൻ സമ്പദ് ഘടനയിൽ, മൊത്തം ആഭ്യന്തര ഉൽപാദനം, തൊഴിൽ, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിലേക്കുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ, അസംഘടിത മേഖല നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. തൊഴിൽ ശക്തിയുടെ 93 ശതമാനത്തോളം തൊഴിലിലേർപ്പെട്ടിരിക്കുന്നതും, മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ ഏതാണ്ട് 50 ശതമാനം ലഭിക്കുന്നതും ഈ മേഖലയിൽ നിന്നുമാണ്. രാജ്യത്തും സംസ്ഥാനത്തും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വലിയൊരു വിഭാഗം തൊഴിലാളികൾ അസംഘടിത മേഖലയിലാണ് തൊഴിലിലേർപ്പെട്ടിരിക്കുന്നത്. അസംഘടിത മേഖലയിലെ തൊഴിലാളികളിൽ തൊഴിൽ സുരക്ഷിതത്വകുറവ്, സാമൂഹ്യ പരിരക്ഷയില്ലായ്മ, തൊഴിലിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ്, ശമ്പളത്തോടെയുള്ള അവധി ദിനങ്ങൾ ഇല്ലാത്ത അവസ്ഥ എന്നിവ കണ്ടുവരുന്നു. അസംഘടിത മേഖലയിലെ ദുരിത സാഹചര്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള സർക്കാർ എംപ്ളോയ്മെൻറ് ഡയറക്റ്ററേറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അടുത്ത കാലത്തായി, കേരള സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സേവനങ്ങളും

#### രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ കണക്കുകളനുസരിച്ച് തൊഴിലന്വേഷകരുടെ എണ്ണം (ഡിസംബർ 31, 2015 വരെ) 34.9 ലക്ഷത്തിൽ നിന്നും (ഡിസംബർ 31, 2021 വരെ) 38.3 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്.

**ചിത്രം 7.2.6** സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം - മാർച്ച് 2022 (ശതമാനത്തിൽ)





അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2022

2022 ജൂലൈ വരെയുള്ള തൊഴിലന്വേഷകരുടെ എണ്ണം 28.4 ലക്ഷമാണ്. തൊഴിലന്വേഷകരുടെ വർഷം തിരിച്ചുള്ള കണക്കുകൾ **അനുബന്ധം** 7.2.10ലും **ചിത്രം** 7.2.7ലും കൊടുത്തിട്ടുണ്ട്.

അഖിലേന്ത്യാ തലത്തിലെ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണുള്ളത്. ആകെയുള്ള തൊഴിലന്വേഷകരിൽ (2021 ഡിസംബർ 31 വരെ) 63.1 ശതമാനവും സ്ത്രീകളാണ്. തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ പ്രകാരം എസ്.എസ്.എൽ.സിക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 6.4 ശതമാനം മാത്രമേയുള്ളൂ എന്നാണ്. ഏകദേശം 93.5 ശതമാനം തൊഴിലന്വേഷകരും എസ്.എസ്.എൽ.സി യും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത് (**അനുബന്ധം 7.2.11, ചിത്രം 7.2.8**)


2021 ഡിസംബർ 31, ലെ കണക്കനുസരിച്ച് പ്രൊഫഷണലും സാങ്കേതിക യോഗ്യതയുള്ള തൊഴിലന്വേഷകർ 2.9 ലക്ഷമാണ്. ഇതിൽ ഐ.ടി.ഐ. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, എഞ്ചിനീയറിംഗ് എന്നീ യോഗ്യതയുള്ളവർ മൊത്തത്തിൽ 57.4 ശതമാനമാണ്. ഇതിൽ രജിസ്റ്റർ ചെയ്ത 56,540 എഞ്ചിനീയറിംഗ് ബിരുദധാരികളായ തൊഴിലന്വേഷകരും, 11,103 മെഡിക്കൽ ബിരുദധാരികളായ തൊഴിലന്വേഷകരും, 109984 മറ്റ് ബിരുദാനന്തര ബിരുദധാരികളും (സെക്കന്റ് ക്ലാസ്സും അതിന് മുകളിലുമുള്ള ബിരുദാനന്തര

**ചിത്രം 7.2.7** കേരളത്തിലെ തൊഴിലന്വേഷകർ (എണ്ണം ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2022

**ചിത്രം 7.2.8** വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2022

ബിരുദധാരികൾ, എൽ എൽ ബി, പി എച്ച് ഡി മുതലായവ) ഉണ്ട്. (**അനുബന്ധം 7.2.12**). തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **ചിത്രം 7.2.9**ൽ നൽകിയിട്ടുണ്ട്.


2022 ജൂലൈ 31 വരെയുള്ള കണക്കുകൾ പ്രകാരം പൊതു വിഭാഗത്തിലെയും, പ്രൊഫഷണൽ/സാങ്കേതിക വിഭാഗത്തിലെയും തൊഴിലന്വേഷകരുടെ എണ്ണം ഏറ്റവും കൂടുതൽ തിരുവനന്തപുരം ജില്ലയിലാണ്. ജില്ലയിൽ ആകെ 4.5 ലക്ഷം തൊഴിലന്വേഷകർ ഉള്ളതിൽ 2.9 ലക്ഷം പേർ സ്ത്രീകളും 1.6 ലക്ഷം പേർ പുരുഷൻമാരുമാണ്. തുടർന്ന് കൊല്ലം ജില്ലയാണ്. കൊല്ലം ജില്ലയിൽ 3.1 ലക്ഷം തൊഴിലന്വേഷകരാണുള്ളത്. ഏറ്റവും കുറവ് തൊഴിലന്വേഷകരുള്ളത് കാസറഗോഡ് ജില്ലയിലാണ് 0.7 ലക്ഷം (**അനുബന്ധം** 7.2.13).

**കൈവല്യ**

2016-ൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പ് ഭിന്നശേഷിക്കാരായ പൗരൻമാരുടെ സാമൂഹ്യ ഉൾപ്പെടുത്തൽ, അവസര തുല്യത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആരംഭിച്ച സമഗ്ര പദ്ധതിയാണ് കൈവല്യ. ഭിന്ന ശേഷിക്കാരുടെ പൂർണ്ണമായ പങ്കാളിത്തവും ഏകീകരണവും സാധ്യമാകത്തക്ക രീതിയിൽ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 'കൈവല്യ' പദ്ധതിയിൽ താഴെ പറയുന്ന 4 ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു;

1. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്
2. കാര്യക്ഷമത വർദ്ധിപ്പിക്കൽ
3. മത്സര പരീക്ഷകൾക്കായുള്ള പരിശീലനം

**ചിത്രം 7.2.9** തൊഴിലന്വേഷകരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ, 2021, (ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2021

4. സ്വയം തൊഴിൽ ഉദ്യമങ്ങൾക്ക് പലിശരഹിത വായ്പ

മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനായി 2021ൽ 4,906 വ്യക്തികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 2,452.68 ലക്ഷം രൂപ ചെലവഴിച്ചു. 2022-23ൽ (ജൂലൈ 31, 2022 വരെ) 274 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെയും വിതരണം ചെയ്ത തുകയുടെയും വിശദാംശങ്ങൾ **അനുബന്ധം 7.2.14**ൽ നൽകിയിട്ടുണ്ട്.

### സ്വയം തൊഴിൽ പദ്ധതികൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന കേരളത്തിൽ 3 സ്വയം തൊഴിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

1. **കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് (കെഇഎസ്ആർയു):** "കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് (കെ.ഇ.എസ്. ആർ.യു) എന്ന സ്വയം തൊഴിൽ പരിപാടി 1999 മുതൽ നടപ്പാക്കിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 21 നും 50 നും ഇടയിലുള്ള പ്രായവിഭാഗത്തിൽപ്പെടുന്നവരും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളതുമായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ഐറ്റിഐ/ഐറ്റിസി സർട്ടിഫിക്കറ്റുള്ളവർ, പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർ, ബിരുദധാരികളായ വനിതകൾ, തൊഴിലില്ലായ്മ വേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് പ്രത്യേക മുൻഗണന നൽകുന്നു. ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ശതമാനം സബ്സിഡിയോടെ ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. 2021-22 ൽ 137.0 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിച്ചതിൽ, 80 ലക്ഷം രൂപ 444 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.
2. **മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ ജോബ് ക്ലബുകൾ (എം.പി.എസ്.സി./ജെ.സി.):** അസംഘടിതമേഖലയിൽ സംരംഭങ്ങളുടെ വികസനത്തിനായുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പദ്ധതിയാണിത്. സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 25 ശതമാനം, സബ്സിഡിയോടെ (പരമാവധി 2 ലക്ഷം രൂപ) 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 21-45 പ്രായവിഭാഗത്തിൽപ്പെടുന്ന 2 മുതൽ 5 അംഗങ്ങൾ വരെയുള്ള തൊഴിൽരഹിതരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ലയിപ്പിച്ചിട്ടുണ്ട്. 2021-22ൽ 44 ജോബ് ക്ലബ്ബുകൾക്കായി 68.0 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
3. **ശരണ്യ:** വിധവകൾ, വിവാഹമോചിതരായ നേടിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, പട്ടികവർഗ്ഗക്കാരിലെ അവിവാഹിതരായ അമ്മമാർ, ശാരീരിക വൈകല്യമുള്ള സ്ത്രീകൾ, കിടപ്പിലായ വ്യക്തിയുടെ ഭാര്യ എന്നിങ്ങനെയുള്ള അഗതികളായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പരിപാടിയാണ് "എംപ്ലോയ്മെന്റ് സ്കീം ഫോർ ദി ഡെസ്റ്റിറ്റ്യൂട്ട് വിമൻ (ശരണ്യ). ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ 50,000 രൂപവരെ പലിശ രഹിത ബാങ്ക് വായ്പ നൽകുന്നു. ഈ പദ്ധതിയ്ക്ക് 2021-22ൽ അനുവദിച്ച 1,800.00 ലക്ഷം രൂപയിൽ മുഴുവൻ തുകയും 3,586 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.


### മോഡൽ കരിയർ സെന്റർ

കേന്ദ്ര ലേബർ & എംപ്ലോയ്മെന്റ് മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, കേരള സർക്കാരിന്റെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് മോഡൽ കരിയർ സെന്റർ നടപ്പിലാക്കുന്നത്. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഉദ്യോഗാർത്ഥികളായ യുവാക്കൾക്ക് അവരുടെ യോഗ്യതയ്ക്കും നൈപുണ്യത്തിനും അനുസൃതമായി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ ഒരു ഏകജാലക സഹായ കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് ഈ സെന്റർ കൊണ്ട് ലക്ഷ്യമിടുന്നത്. വ്യവസായങ്ങളുടെ സഹകാരിയാക്കുക, കാന്റിഡേറ്റ് എൻഗേജ്മെന്റ്, തൊഴിലും & നൈപുണ്യ മാപ്പിങ്ങ്, പ്ലേയ്സ്മെന്റ്/തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നിവ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

### തൊഴിലില്ലായ്മ വേതനം

കേരള സർക്കാർ 1982-ലാണ് തൊഴിലില്ലായ്മ വേതന പരിപാടി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം 18 വയസ് പൂർത്തിയായ ശേഷം മൂന്ന് വർഷമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യതുമായ (വികലാംഗർക്ക് ഇത് രണ്ട് വർഷം) എസ്.എസ്.എൽ.സി വിജയിച്ച (വികലാംഗർക്കും, എസ്സി/എസ്സ്.റ്റി ഉദ്യോഗാർത്ഥികൾക്കും എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഹാജരായാൽ മതി) കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ താഴെയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിൽ താഴെയും ഉള്ള തൊഴിൽരഹിതരായ യുവാക്കൾക്ക് 35 വയസ്സ് വരെ പ്രതിമാസം 120 രൂപ തൊഴിലില്ലായ്മ വേതനമായി നൽകി വരുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിലവിൽ വന്നതോടെ ഈ പരിപാടിയുടെ നടത്തിപ്പ് ചുമതല 1998 മുതൽ ഗ്രാമ,നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. അർഹരായ അപേക്ഷകർക്ക് അവരുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്. 2021ൽ 37,069 ഗുണഭോക്താക്കൾക്കായി 439.3 ലക്ഷം രൂപ തൊഴിലില്ലായ്മ വേതനമായും, 1,595 ഗുണഭോക്താക്കൾക്കായി 766.6 ലക്ഷം രൂപ സ്വയം തൊഴിൽ സഹായമായും വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷം, 2022 ൽ (ആഗസ്റ്റ് 31, 2022 വരെ) 12,637 ഗുണഭോക്താക്കൾക്കായി 138 ലക്ഷം രൂപ തൊഴിലില്ലായ്മാ വേതനമായും, 4,904 ഗുണഭോക്താക്കൾക്കായി 2,146.1 ലക്ഷം രൂപ സ്വയം തൊഴിൽ സഹായമായും വിതരണം ചെയ്തിട്ടുണ്ട് (**അനുബന്ധം 7.2.15**).

**ചിത്രം 7.2.10** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2022

**കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ**

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ 2010 മുതൽ കുറഞ്ഞുവരികയാണ്. 2021 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം 10,705 ആയി വർദ്ധിച്ചു., 2020 ൽ ഇത് 9,366 ആണ്. 2010 മുതലുള്ള കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ **ചിത്രം 7.2.10**ൽ കാണിച്ചിരിക്കുന്നു.

# 7.3 നൈപുണ്യ വികസനം

നൈപുണ്യ പരിജ്ഞാന കുറവ് ദാരിദ്ര്യവും അസമത്വവും നിലനിർത്തുന്നു. നൈപുണ്യ വികസനത്തിലൂടെ തൊഴിലില്ലായ്മ കുറയ്ക്കാനും വരുമാനവും ക്ഷേമവും മെച്ചപ്പെടുത്താനും കഴിയുന്നു.

ഉയർന്നുവരുന്ന സാങ്കേതികവിദ്യ, കാലാവസ്ഥാ വ്യതിയാനം, ജനസംഖ്യാപരമായ മാറ്റം, നഗരവൽക്കരണം, ആഗോളവൽക്കരണം എന്നിവ ലോകമെമ്പാടുമുള്ള ജോലിയുടെ സ്വഭാവത്തെയും നൈപുണ്യ ആവശ്യകതയെയും മാറ്റിക്കൊണ്ടിരിക്കുന്നു. 21-ാം നൂറ്റാണ്ടിലെ തൊഴിൽ വിപണിയിൽ വിജയിക്കുന്നതിന് വൈജ്ഞാനിക കഴിവുകൾ, സാമൂഹിക-വൈകാരിക കഴിവുകൾ, സാങ്കേതിക വൈദഗ്ധ്യം, ഡിജിറ്റൽ വൈദഗ്ധ്യം എന്നിവ ഉൾക്കൊള്ളുന്ന ഒരു സമഗ്രമായ നൈപുണ്യ സംയോജനം ആവശ്യമാണ്. നൈപുണ്യ വികസനം തൊഴിൽ ക്ഷമതയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് സമ്പദ് വ്യവസ്ഥയുടെ ഘടനാപരമായ പരിവർത്തനത്തിനും സാമ്പത്തിക വളർച്ചയ്ക്കും സഹായിക്കുന്നു. സമീപകാലത്ത് വികസിത രാജ്യങ്ങളും, വികസ്വര രാജ്യങ്ങളും നൈപുണ്യ വികസനത്തിന് ഒരു പോലെ മുൻഗണന നൽകിയിട്ടുണ്ട്.

ഇന്ത്യയിലെ തൊഴിൽ ഘടനയിൽ വലിയ മാറ്റങ്ങൾ സംജാതമായിക്കൊണ്ടിരിക്കുകയാണ്, കാർഷിക മേഖലയിൽ നിന്ന് സേവന-നിർമ്മാണ മേഖലകളിലേക്ക് തൊഴിൽസേനയുടെ ഒഴുക്ക് നിലനിൽക്കുന്നു. കൂടാതെ മികച്ച വൈദഗ്ധ്യത്തിന്റെ ആവശ്യകതയെ രാജ്യം അഭിമുഖീകരിക്കുകയും ചെയ്യുന്നു. നല്ല പരിശീലനം ലഭിച്ച, വിദഗ്ധ തൊഴിലാളികളുടെ കടുത്ത ക്ഷാമമാണ് ഇന്ത്യ ഇപ്പോൾ നേരിടുന്നത്. അതിനാൽ, തൊഴിലുടമകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സാമ്പത്തിക വളർച്ചയെ നയിക്കുന്നതിനുമുള്ള നൈപുണ്യ പരിശീലന ശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഇന്ത്യ ഇനിയും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യ. മൊത്തം ജനസംഖ്യയുടെ 54 ശതമാനത്തിലധികം 25 വയസ്സിന് താഴെയുള്ളവരും ജനസംഖ്യയുടെ 62 ശതമാനത്തിലധികം പേരും (15-59 വയസ്സ്) ജോലി ചെയ്യുന്ന പ്രായത്തിലുള്ളവരുമാണ്. രാജ്യത്തെ ജനസംഖ്യാ പിരമിഡ് അടുത്ത ദശകത്തിൽ 15-59 പ്രായ വിഭാഗങ്ങളിൽ വർധിക്കുമെന്ന് പ്രതീക്ഷിക്കുന്നു

.

2009ൽ തൊഴിൽ, തൊഴിൽ മന്ത്രാലയം രൂപീകരിച്ച ദേശീയ നൈപുണ്യ വികസന നയം (NPSD) ഒരു തരത്തിൽ, എല്ലാ പങ്കാളികളെയും (സർക്കാർ, വ്യവസായം, ട്രേഡ് യൂണിയനുകൾ, സിവിൽ സമൂഹം) ഉൾപ്പെടുത്തി ഇന്ത്യയിൽ ഒരു നൈപുണ്യ ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുള്ള നൈപുണ്യ വികസനത്തിനായുള്ള സമഗ്രമായ ശ്രമത്തിലേക്കുള്ള ആദ്യപടിയായിരുന്നു. വ്യത്യസ്ത വെല്ലുവിളികളെ അഭിസംബോധന ചെയ്തുകൊണ്ട് നൈപുണ്യ വികസന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ഒരു വഴികാട്ടിയായി ഇത് പ്രവർത്തിക്കുന്നു.

**ദേശീയ നൈപുണ്യ വികസന മിഷൻ (NSDM)**

2015 ജൂലൈ 15-ന് ലോക യുവജന നൈപുണ്യ ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ദേശീയ നൈപുണ്യ വികസന മിഷൻ (എൻഎസ്ഡിഎം) ആരംഭിച്ചു. ദേശീയ നൈപുണ്യ നയത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾക്കായി രാജ്യത്തെ എല്ലാ നൈപുണ്യ ശ്രമങ്ങളും നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമാണ് ദേശീയ നൈപുണ്യ വികസന മിഷൻ ആരംഭിച്ചത്. ഉന്നത അധികാരമുള്ള തീരുമാനമെടുക്കൽ ചട്ടക്കൂടിലൂടെ സംയോജനം സാധ്യമാക്കാനും, അന്തർ-മേഖല തീരുമാനങ്ങൾ വേഗത്തിലാക്കാനും ഇത് ലക്ഷ്യമിടുന്നു. ഇത് പാൻ-ഇന്ത്യ അടിസ്ഥാനത്തിൽ നൈപുണ്യ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. മിഷന് ഒരു ത്രിതല സ്ഥാപന ഘടനയാണ് നിലവിലുള്ളത്; നയപരമായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക, മൊത്തത്തിലുള്ള പുരോഗതി, മിഷൻ ലക്ഷ്യങ്ങൾക്ക് അനുസൃതമായി യഥാർത്ഥ നടപ്പാക്കൽ എന്നിവ അവലോകനം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുന്നതാണ് മിഷന്റെ പ്രവർത്തനങ്ങൾ.

1 ദേശീയ നൈപുണ്യ വികസന മിഷൻ - നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യ, മെഹ്റോത്ര എസ്, കലൈയരസൻ എ, നേഹ കുമ്ര, രവി രാമൻ (2015), ഇന്ത്യയിലെ തൊഴിലധിഷ്ഠിത പരിശീലനവും ദ്വൈത തത്വവും: തെളിവ് അടിസ്ഥാനമാക്കിയുള്ള പരിഷ്കരണത്തിനുള്ള ഒരു കേസ്, പ്രോസ്പെക്ട്സ് 45 (2): 259-73

2 നൈപുണ്യ വികസനത്തിനും സംരംഭകത്വത്തിനുമുള്ള ദേശീയ നയം, നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യ -2015

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നാണ് ഇന്ത്യ. സേവന മേഖലയിലെ വ്യാപ്തി വിപുലീകരിക്കേണ്ടതിന്റേയും പരിശീലന കോഴ്സുകൾ അപ്രന്റീസ്ഷിപ്പുമായി സംയോജിപ്പിക്കേണ്ടതിന്റേയും ആവശ്യകത ഇവിടെ ഉണ്ട്. രാജ്യത്ത് അപ്രന്റീസ്ഷിപ്പ് പ്രോത്സാഹിപ്പിക്കുന്നതിനായി, 2014 ഡിസംബറിൽ അപ്രന്റിസ്ഷിപ്പ് നിയമം പരിഷ്ക്കരിക്കുകയും തുടർന്ന് കൂടുതൽ അപ്രന്റീസ് എടുക്കാൻ തൊഴിലുടമകളെ പ്രേരിപ്പിക്കുന്നതിന് 2016 ഓഗസ്റ്റിൽ നാഷണൽ അപ്രന്റീസ്ഷിപ്പ് പ്രൊമോഷൻ സ്കീം (NAPS) ആരംഭിക്കുകയും ചെയ്തു. അപ്രന്റീസ്കളുടെ എൻറോൾമെന്റിൽ കാര്യമായ മെച്ചപ്പെടുത്തലുകളോടെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിലെ ശ്രമങ്ങൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. നൈപുണ്യ വികസനം മാത്രമല്ല അതോടൊപ്പം തൊഴിലവസരങ്ങൾ കൂടി വർദ്ധിക്കേണ്ടതുണ്ട്. ആയതിനാൽ ഗവണ്മെന്റിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്, അത് കൊണ്ട് തന്നെ, പ്രത്യേകിച്ചും തൊഴിലാളി തീവ്ര വ്യവസായങ്ങളിൽ ആയിരിക്കണം ശ്രദ്ധ വെക്കേണ്ടത്.

### ഇന്ത്യയിലെ നൈപുണ്യത്തിലും സംരംഭകത്വത്തിലും ഉള്ള വെല്ലുവിളികൾ

നൈപുണ്യവും അറിവും ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും സാമൂഹിക വികസനത്തിന്റെയും പ്രേരകശക്തികളാണ്. ഉയർന്ന നിലവാരവും മെച്ചപ്പെട്ട നൈപുണ്യവുമുള്ള രാജ്യങ്ങൾ ആഭ്യന്തര-അന്തർദ്ദേശീയ തൊഴിൽ വിപണികളിലെ വെല്ലുവിളികളോടും അവസരങ്ങളോടും കൂടുതൽ ഫലപ്രദമായി പൊരുത്തപ്പെടുന്നു. എൻഎസ്എസ്ഒ, 2011-12 (68-ാം റൗണ്ട്) റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെയും തൊഴിൽ പരിശീലനത്തിന്റെയും നില പ്രകാരം 15-59 വയസ്സ് പ്രായമുള്ളവരിൽ ഏകദേശം 2.2 ശതമാനം പേർ ഔപചാരിക തൊഴിൽ പരിശീലനം നേടിയവരും 8.6 ശതമാനം പേർ ഔപചാരികമല്ലാത്ത തൊഴിൽ പരിശീലനം അല്ലാത്തവരുമാണ്. പി.എൽ.എഫ്.എസ് 2020-21 അനുസരിച്ച്, ജനസംഖ്യയുടെ 3.3 ശതമാനം പേർക്ക് ഔപചാരിക തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്.

നമ്മുടെ രാജ്യത്തെ നൈപുണ്യ വികസനത്തിന്റെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് തൊഴിൽ ശക്തിയുടെ 93 ശതമാനവും അനൗപചാരിക/അസംഘടിത മേഖലയിലാണ് എന്നതാണ്. തൽഫലമായി, അസംഘടിത മേഖലയിൽ നിലവിലുള്ള കഴിവുകൾ മാപ്പ് ചെയ്യാനും ഈ മേഖലയിലെ നൈപുണ്യ ആവശ്യകത അളക്കാനും പ്രയാസമാണ്.

ജനസംഖ്യാപരമായി രാജ്യത്ത് പകുതിയോളം സ്ത്രീകളാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന തൊഴിൽ സേനയിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് ഇവിടെ പ്രധാന വെല്ലുവിളി. പി.എൽ.എഫ്.എസ് 2020-21 റിപ്പോർട്ട് അനുസരിച്ച്, ഗ്രാമീണ മേഖലയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 27.7ഉം നഗരപ്രദേശങ്ങളിൽ 18.6ഉം ആണ്.

ചോദന വശം (demand side) പരിശോധിച്ചാൽ 2010-2014 കാലയളവിൽ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എസ്.ഡി.സി) ഒരു നൈപുണ്യ ഗ്യാപ് പരിശോധിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്, ഇത് സൂചിപ്പിക്കുന്നത് 2022 ആകുമ്പോഴേക്കും ഇരുപത്തിനാല് പ്രധാന മേഖലകളിലായി 120.79 മില്യൺ വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി അധികമായി ആവശ്യമായി വരുമെന്നാണ്. ഇതിന്റെ മേഖല തിരിച്ചുള്ളതും സംസ്ഥാനം തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 7.1.1**ൽ കൊടുത്തിരിക്കുന്നു.

### കേരളത്തിലെ നൈപുണ്യ വികസന മുന്നേറ്റങ്ങൾ

വേഗമേറിയതും സുസ്ഥിരവും സമഗ്രവുമായ വളർച്ച കൈവരിക്കുന്നതിനും കേരളത്തിലെ യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും നൈപുണ്യ വികസനം നിർണായകമാണ്. സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (സിമോ)/ സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനസ് ഫോർ ലൈവ് ലിഹുഡ് പ്രൊമോഷൻ (സങ്കൽപ്) എന്നീ സ്കീമുകൾ ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. നൈപുണ്യ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു പാൻ ഇന്ത്യ വീക്ഷണത്തോടെ ഇത് ഒരു സംസ്ഥാന നൈപുണ്യ വികസന ദൗത്യം വിഭാവനം ചെയ്യുന്നു.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സ്ഥാപനപരമായ ശാക്തീകരണത്തിനായി തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ) നെ സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്എസ്ഡിഎം) ആയി നിയമിച്ചിട്ടുണ്ട്. ഈ മിഷൻ നൈപുണ്യ സംരംഭങ്ങളെ നയിക്കുകയും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുകയും ചെയ്യും.

### വിവിധ വകുപ്പുകൾ മുഖേനയുള്ള നൈപുണ്യ പരിശീലന പരിപാടികൾ

**1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) കേരളം :** കേരള സർക്കാർ തുടക്കമിട്ട, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) യുവാക്കൾക്ക് വ്യവസായ പ്രസക്തമായ കഴിവുകൾ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു നൈപുണ്യ സംരംഭമാണ്. അസാപ് കേരളയുടെ പ്രവർത്തനങ്ങളുമായി 1,510 പങ്കാളിത്ത സ്ഥാപനങ്ങളും 99 എഞ്ചിനീയറിംഗ് കോളേജുകളും 45 പോളിടെക്നിക്കുകളും ബന്ധപ്പെട്ടിരിക്കുന്നു. 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുകയും ഇത് വരെ 251,242 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. 100 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും 80 മണിക്കൂർ അടിസ്ഥാന ഐ.ടി നൈപുണ്യവും, 150 മണിക്കൂർ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിൽപരവും, തൊഴിലിലേക്ക് ആനയിക്കപ്പെടുന്ന പരിശീലനവും ഉൾപ്പെടുന്ന ഫൗണ്ടേഷൻ മൊഡ്യൂൾ എന്ന പേരിൽ പ്രത്യേകം ക്യൂറേറ്റ് ചെയ്ത ഒരു പ്രോഗ്രാമാണ് സ്കൂളുകളിൽ അസാപ് വിതരണം ചെയ്യുന്നത്. അസാപ് പരിശീലന പരിപാടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഇന്റസ്ട്രിയും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എജ്യുക്കേഷൻ ആൻഡ് ട്രെയിനിങ്ങും ഒരുമിച്ച് നൽകുന്നു. സംസ്ഥാനത്തെ ഒരു വിജ്ഞാന

[3] വാർഷിക റിപ്പോർട്ട് 2021-22 - നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം, ഗവണ്മെന്റ് ഓഫ് ഇന്ത്യ

[4] നൈപുണ്യ വികസനത്തിനുള്ള ദേശീയ നയം 2015, സിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് മന്ത്രാലയം, ഗവണ്മെന്റ് ഓഫ് ഇന്ത്യ

സമ്പദ്‌വ്യവസ്ഥയാക്കി മാറ്റാനും 50 ലക്ഷം പേർക്ക് വൈദഗ്ധ്യം നൽകാനും അടുത്ത 5 വർഷത്തിനുള്ളിൽ 20 ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ നൽകാനുമുള്ള കേരള സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയ്ക്കനുസരിച്ചാണിത് രൂപ കൽപ്പന ചെയ്തിരിക്കുന്നത്.

എ) അഡ്വാൻസ്ഡ് ലെവൽ സ്കിൽ കോഴ്സുകൾ ഓൺലൈൻ

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് ഡെവലപ്പർ, ഗൂഗിൾ അസോസിയേറ്റ് ക്ലൗഡ് എഞ്ചിനീയർ, സൈബർ സെക്യൂരിറ്റി, ഓട്ടോഡെസ്ക് ഫ്യൂഷൻ 360 ഉപയോഗിച്ചുള്ള അവശ്യ ഡിസൈൻ കോഴ്സുകൾ, അഡ്വാൻസ്ഡ് സോളാർ പിവി സിസ്റ്റം ഡിസൈൻ എന്നിവയാണ് അസാപ് കേരള വാഗ്ദാനം ചെയ്യുന്ന നൂതന കോഴ്സുകൾ. 132 ബാച്ചുകളിലായി 3,711 വിദ്യാർത്ഥികൾക്ക് സാങ്കേതിക കോഴ്സുകൾ നല്കാൻ കഴിഞ്ഞിട്ടുണ്ട്.

ബി) വിദേശ ഭാഷാ പരിശീലനം
ഭാഷാ പരിശീലനവും വിവിധ തലത്തിലുള്ള ഭാഷാ പ്രാവീണ്യ സർട്ടിഫിക്കേഷനുകളും നൽകുന്നതിനായി ജർമ്മനിയിലേക്ക് വേണ്ടിയുള്ള ഗോഥെ സെൻട്രം, ഫ്രാൻസിലേക്ക് വേണ്ടിയുള്ള അലയൻസ് ഫ്രാങ്കെയ്സ്, ജാപ്പനീസ് എഎസ്എടിസി തുടങ്ങിയ എംബസികളുമായി ബന്ധപ്പെട്ട വിവിധ രാജ്യാന്തര സാധുതയുള്ള ഭാഷാ സർട്ടിഫിക്കേഷൻ ഏജൻസികളുമായി അസാപ് കേരള പങ്കാളികളായിട്ടുണ്ട്. ലോക്ക്ഡൗൺ കാലത്ത് വിദ്യാർത്ഥികൾക്ക് ഭാഷാ പരിശീലനം ഓൺലൈനായി നൽകിയിരുന്നു. 72 വിദ്യാർഥികൾ ജർമനിക്കും 124 പേർ ഫ്രഞ്ചിനും 75 പേർ ജാപ്പനീസ് ഭാഷാ പരിശീലന പരിപാടികൾക്കും ചേർന്നു.

c) കുടുംബശ്രീ മിഷനുമായി ചേർന്നുള്ള പരിശീലന പരിപാടി
അസാപ് കേരള, കുടുംബശ്രീ സ്റ്റേറ്റ് മിഷനുമായി ചേർന്ന്, വിദ്യാസമ്പന്നരായ യുവാക്കളെ അവർക്ക് ഇഷ്ടമുള്ള ജോലി കണ്ടെത്താൻ സഹായിക്കുന്നതിന് 120 മണിക്കൂർ തൊഴിൽ അധിഷ്ഠിത പരിശീലന പരിപാടിയായ 'കണക്ട് ടു വർക്ക്' ആരംഭിച്ചു. ഒരു ഫിനിഷിംഗ് സ്കൂളിന്റെ മാതൃകയിൽ, സോഫ്റ്റ് സ്കില്ലുകളുടെ അഭാവം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് 'കണക്ട് ടു വർക്ക്' സഹായം നൽകി. സംരംഭത്തിന്റെ ഭാഗമായി, പങ്കെടുത്ത 2,200 പേരിൽ 350 പേർ പ്രമുഖ സ്ഥാപനങ്ങളിൽ ഇടം നേടി.

d) ഗ്രാമീണ സ്ത്രീകളെ പരിശീലിപ്പിക്കാൻ 'വായനശാല'
ഏണസ്റ്റ് ആൻഡ് യങ്ങുമായി സഹകരിച്ച് ആരംഭിച്ച അസാപ് കേരളയുടെ വായനശാല പദ്ധതി ഗ്രാമീണ ഉദ്യോഗാർത്ഥികളെ ജിഗ് (gig) വർക്കിൽ പരിശീലിപ്പിക്കാനും തുടർന്ന് അവർക്ക് മൂന്ന് മാസത്തേക്ക് വെർച്ചൽ ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകാനും ലക്ഷ്യമിടുന്നു. ഈ സംരംഭം ജിഗ് (gig)-എക്കണോമിയിലെ സാങ്കേതികവിദ്യയിൽ ഇടപെടുന്ന മേഖലകളിൽ ഗ്രാമീണ സ്ത്രീകളുടെ തൊഴിൽ പരിധി വിശാലമാക്കുന്നു. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു, 2021 ഒക്ടോബർ 8-ന് പ്രോഗ്രാമിന്റെ ആദ്യ ഘട്ടം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. വിജയകരമായി പരിശീലനം നേടിയ 38 ഉദ്യോഗാർത്ഥികളെ ഇവൈ ജിഡിഎസിന്റെ (EY GDS) റിക്രൂട്ട്മെന്റ് പ്രോസസ് ഔട്ട്സോഴ്സിംഗ് (ആർപിഒ) വെർട്ടിക്കലിൽ സ്ഥിരം സ്ഥാനങ്ങളിൽ നിയമിച്ചിട്ടുണ്ട്.

ഇ) ഇതര ഫണ്ടുകളുടെ പിന്തുണയിലൂടെ നൈപുണ്യ വികസനം
ഉന്നത കോഴ്സുകളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിന് അസാപ് കേരള, നബാർഡ്, നോർക്ക തുടങ്ങിയ ബാഹ്യ ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിച്ചിരുന്നു. നബാർഡിന്റെ ധനസഹായത്തോടെ ഗ്രാഫിക് ഡിസൈനർ പ്രോഗ്രാമിൽ 58 ഉദ്യോഗാർത്ഥികൾക്കും നോർക്ക ഫണ്ട് ഉപയോഗിച്ച് ക്ലൗഡ് കംപ്യൂട്ടിംഗിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും 150 ഉദ്യോഗാർത്ഥികൾക്കും അസാപ് കേരള പരിശീലനം നൽകി.

**2.പട്ടികവർഗ വികസന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടികൾ**

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത കുറയ്ക്കുന്നതിന്, ആധുനിക നൈപുണ്യ സെറ്റുകളിൽ നൈപുണ്യ പരിശീലനത്തിന് എസ്ടി കുടുംബങ്ങളെ സഹായിക്കാനും സ്വയം തൊഴിൽ ചെയ്യുന്നതിനായി വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സഹായം നൽകി ഉപജീവനമാർഗം കണ്ടെത്താനും വകുപ്പ് ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും കരിയർ ഗൈഡൻസ് കാമ്പെയ്നുകളും സംഘടിപ്പിച്ചു. കഴിഞ്ഞ 5 വർഷമായി പട്ടികവർഗ യുവാക്കൾക്കായി പ്രാബല്യത്തിൽ വന്ന നൈപുണ്യ പരിശീലനത്തിന്റെയും പ്ലെയ്സ്മെന്റിന്റെയും വിശദാംശങ്ങൾ **പട്ടിക 7.3.1**ൽ പരാമർശിച്ചിരിക്കുന്നു.

**പട്ടിക 7.3.1** പട്ടികവർഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെ വിശദാംശങ്ങൾ

| നം. | കോഴ്സ് | പ്രവേശനം നേടിയ ഉദ്യോഗാർത്ഥി കളുടെ എണ്ണം |
|---|---|---|
| 1 | ക്വാണ്ടിറ്റി സർവെയർ | 50 |
| 2 | ഗാർമെന്റ് ഡിസൈനിംഗ് | 100 |
| 3 | എയർലൈൻ ഉപഭോക്തൃ സേവനം | 50 |
| 4 | എയർലൈൻ, എയർപോർട്ട് മാനേജ്മെന്റ് | 100 |
| 5 | ടെക്സ്റ്റൈൽ ഡിസൈനിംഗും വസ്ത്ര നിർമ്മാണവും | 250 |
| 6 | ഗോത്രജീവിക (രണ്ടാം ഘട്ടം) | 1050 |
| | ആകെ | 1600 |

അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്

**2.പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ**

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ നൽകുന്നതിനായി, പട്ടികജാതിക്കാർക്കായി മാനവ വിഭവശേഷി വികസന പരിശീലനവും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും ഉൾപ്പെടെ വിവിധ തരത്തിലുള്ള നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി. "പരിശീലനം, തൊഴിൽ, മാനവ വിഭവശേഷി വികസനത്തിനുള്ള സഹായം" എന്ന പദ്ധതിയിലൂടെ 2019-20, 2020-21 വർഷങ്ങളിൽ, 1,786 പട്ടികജാതി യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്. 2021-22ൽ 599 പട്ടികജാതി യുവാക്കൾക്ക് നൈപുണ്യ പരിശീലന പരിപാടിയുടെ കീഴിൽ പ്രയോജനം ലഭിച്ചു, 2022-23ൽ (2022 സെപ്റ്റംബർ 30 വരെ) 67 പേർ പരിശീലനം നേടിയിട്ടുണ്ട്.

സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സബ്സിഡിയായി വായ്പയുടെ മൂന്നിലൊന്ന് ഉപയോഗിച്ച് വ്യക്തികൾ/സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സഹായം നൽകുന്നു. 2021-22ൽ 171 ഗുണഭോക്താക്കൾക്ക് "പരിശീലനം, തൊഴിൽ, മാനവ വിഭവശേഷി വികസനത്തിനുള്ള സഹായം" എന്ന പദ്ധതിയിലൂടെ സ്വയം തൊഴിൽ സബ്സിഡി ലഭിച്ചു.

2021-22, 2022-23 വർഷങ്ങളിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരം പ്രയോജനം നേടിയ പട്ടികജാതി വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2022 സെപ്റ്റംബർ 30 വരെ) **പട്ടിക 7.3.2**ൽ നൽകിയിരിക്കുന്നു. പട്ടികജാതി വികസന ഡയറക്ടറേറ്റിന് കീഴിലുള്ള നൈപുണ്യ പരിശീലന പരിപാടികളിൽ നിന്ന് 240 പട്ടികജാതിക്കാർ പ്രയോജനം നേടിയതായും 2021-22, 2022-23 വർഷങ്ങളിൽ സംസ്ഥാനത്ത് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ അവർക്ക് കഴിഞ്ഞതായും പട്ടിക കാണിക്കുന്നു.

**പട്ടിക 7.3.2** 2021-22, 2022-23 കാലയളവിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരം പ്രയോജനം നേടിയ പട്ടികജാതിക്കാരുടെ എണ്ണം

| നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 28 |
| 2 | കൊല്ലം | 16 |
| 3 | പത്തനംതിട്ട | 8 |
| 4 | ആലപ്പുഴ | 21 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 11 |
| 7 | എറണാകുളം | 25 |
| 8 | തൃശ്ശൂർ | 29 |
| 9 | പാലക്കാട് | 27 |
| 10 | മലപ്പുറം | 17 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 22 |
| 14 | കാസറഗോഡ് | 9 |
| ആകെ | 240 | |

അവലംബം: പട്ടികജാതി വികസന ഡയറക്ടറേറ്റ്

**4.കുടുംബശ്രീയുടെ കീഴിൽ നൈപുണ്യ പരിശീലന പരിപാടികൾ**

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായ കുടുംബശ്രീ രൂപീകരിച്ചത്. സ്ത്രീകൾക്കിടയിലെ നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഈ ഏജൻസി സംസ്ഥാന തലത്തിൽ നിരവധി പരിശീലന പരിപാടികൾ നടത്തുന്നു. ദീൻധയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം [DAY-NRLM] എന്ന കേന്ദ്രാവിഷ്കൃത പരിപാടിയുടെ നോഡൽ ഏജൻസിയാണിത്. ഈ സ്കീമിന് കീഴിൽ, ഗ്രാമീണ ദരിദ്രർക്ക് ഒരു ചെലവും കൂടാതെ ആവശ്യപ്രകാരമുള്ള നൈപുണ്യ പരിശീലനം എന്ന ലക്ഷ്യത്തോടെ, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന [DDU GKY] സ്ത്രീകൾക്കും പുരുഷന്മാർക്കും നൈപുണ്യ അധിഷ്ഠിത പരിശീലനം നൽകുന്നു; അവരിൽ വലിയൊരു വിഭാഗം കുടുംബശ്രീ അംഗങ്ങളാണ്.

ഗ്രാമവികസന മന്ത്രാലയവും (MORD) കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതിയാണ് DDU-GKY. DDU-GKY പ്രധാനമായും ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള 15നും 35 നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവാക്കളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. 2022 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 77,775 പേർക്ക് ഈ പദ്ധതിയിൽ പരിശീലനം നൽകുന്നു.

**പട്ടിക 7.3.3** കേരളത്തിലെ DDU GKY നില

| | |
|---|---|
| പദ്ധതി നടപ്പാക്കുന്ന ഏജൻസികളുടെ ആകെ എണ്ണം | 177 |
| പദ്ധതികളുടെ ആകെ എണ്ണം | 230 |
| സജീവ പരിശീലനകേന്ദ്രങ്ങളുടെ എണ്ണം | 94 |
| നടക്കുന്ന പരിശീലനങ്ങൾ | 1971 |

| | ആരംഭിച്ചവ | പൂർത്തിയായവ | നിയമിച്ചവ | 3 മാസത്തെ ജോലി പൂർത്തിയാക്കിയവർ |
|---|---|---|---|---|
| ക്യുമുലേറ്റീവ് | 77775 | 65495 | 47387 | 37747 |
| 2022-23 | 3193 | 4036 | 3229 | 2006 |
| 2021-22 | 6248 | 5718 | 1568 | 3143 |
| 2020-21 | 3358 | 3053 | 1787 | 2931 |
| 2019-20 | 15221 | 12812 | 9957 | 8390 |
| 2018-19 | 16428 | 13702 | 10972 | 9593 |
| 2017-18 | 12998 | 10663 | 9196 | 5854 |
| 2016-17 | 10722 | 11250 | 8232 | 5149 |
| 2015-16 | 9607 | 4261 | 2446 | 681 |

അവലംബം: കുടുംബശ്രീ

**5 സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നൈപുണ്യ പരിശീലനം**

എഞ്ചിനീയറിംഗ്, മെഡിസിൻ, കൃഷി, മാനേജ്മെന്റ്, ക്രാഫ്റ്റ്സ് എന്നിവയിൽ ബിരുദം അല്ലെങ്കിൽ കൃഷി, എഞ്ചിനീയറിംഗ്/ടെക്നോളജി, മെഡിസിൻ, ക്രാഫ്റ്റ് എന്നിവയിൽ ഡിപ്ലോമ/സർട്ടിഫിക്കറ്റ് എന്നിവ സാങ്കേതിക വിദ്യാഭ്യാസത്തിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു വ്യക്തിയുടെ കഴിവുകൾ നേടുന്നതിനും മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യാഭ്യാസം സഹായിക്കുന്നു. ജീവിതനിലവാരം മെച്ചപ്പെടുത്തുക, വ്യാവസായിക ഉൽപ്പാദനക്ഷമത വർധിപ്പിക്കുക, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന്

സാങ്കേതിക വിദ്യകൾ മെച്ചപ്പെടുത്തുക എന്നിവയിൽ സമൂഹത്തിന്റെ പ്രയോജനത്തിനായി സാങ്കേതികവിദ്യ പ്രയോഗിച്ചുകൊണ്ട് മാനവവിഭവശേഷി മെച്ചപ്പെടുത്തുകയാണ് ഇത് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള നോഡൽ വകുപ്പാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

**പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും**

2022-23ൽ സംസ്ഥാനത്ത് 45 സർക്കാർ പോളിടെക്നിക്കുകളും 6 സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളും 39 സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ നൈപുണ്യ പരിശീലനത്തിന് പ്രാധാന്യം നൽകുന്ന കോഴ്സുകൾ നൽകി വരുന്നു.

**പട്ടിക 7.3.4** സാങ്കേതിക കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ

| സ്ഥാപനങ്ങൾ | 2021-22 വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| സർക്കാർ പോളിടെക്നിക് | 32247 |
| സർക്കാർ എയ്ഡഡ് പോളിടെക്നിക് | 4760 |
| ടെക്നിക്കൽ ഹൈസ്കൂൾ | 7834 |
| സർക്കാർ ഐ.ടി.ഐ | 22959 |
| സ്വകാര്യ ഐ.ടി.ഐ | 2787 |
| കെയ്സ് നു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ | 772 |
| ആകെ | 71359 |

ഉറവിടം: ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എജ്യുക്കേഷൻ ആൻഡ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്

കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ 2021-22 വർഷത്തിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കിയ 71359 വിദ്യാർത്ഥികളുണ്ട്. ഇവർക്ക് ആവശ്യമായ നിയമനങ്ങളും അപ്രന്റീസ്ഷിപ്പുകളും നൽകാനുള്ള സൗകര്യങ്ങൾ വർധിപ്പിക്കണമെന്നാണ് ആവശ്യം. അതുപോലെ, ഈ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് വിദേശത്ത് അവസരങ്ങൾ ലഭ്യമാകുമ്പോൾ തന്നെ സുരക്ഷിതമായ കുടിയേറ്റം സാധ്യമാക്കണം.

**6.കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ–ഡിഐഎസ് സി)**

കേരള സർക്കാർ രൂപീകരിച്ച തന്ത്രപ്രധാനമായ ചിന്താകേന്ദ്രവും ഉപദേശക സമിതിയുമാണ് കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ, (കെ-ഡിഎസ്സി). സാങ്കേതികവിദ്യ, ഉൽപ്പന്നം, പ്രക്രിയ നവീകരണങ്ങൾ, സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണം, സംസ്ഥാനത്ത് പുതുമകൾ വളർത്തുന്നതിന് ആരോഗ്യകരവും അനുകൂലവുമായ ആവാസവ്യവസ്ഥ സൃഷ്ടിക്കൽ എന്നിവയിലെ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന തന്ത്രപരമായ പദ്ധതികൾ കൊണ്ടുവരിക എന്നതാണ് കെ-ഡിഎസ്സി ലക്ഷ്യമിടുന്നത്.

കെ-ഡിസ്കിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്, നവീകരണത്തെ ശക്തിപ്പെടുത്തുന്നതിനും ഭൗതികവും മാനുഷികവും വിജ്ഞാന മൂലധനവുമായുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും വിജ്ഞാന സമ്പദ്‌വ്യവസ്ഥ, ടാലന്റ് പൂളിന്റെ കഴിവുകൾ, പെരുമാറ്റങ്ങൾ, മനോഭാവങ്ങൾ എന്നിവ ശക്തിപ്പെടുത്തുക എന്നതാണ്.

**കേരള നോളജ് ഇക്കണോമി മിഷൻ**

തൊഴിലന്വേഷകർക്ക് അവസരങ്ങളുടെ പുതിയ വഴികൾ തുറക്കുന്നതിനായി കേരള സർക്കാർ നിർദ്ദേശിച്ച ഒരു നൂതന പദ്ധതിയാണ് കേരള നോളജ് ഇക്കണോമി മിഷൻ. വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്ക് അവരുടെ ഇഷ്ടപ്പെട്ട തൊഴിലുകളിൽ വൈദഗ്ധ്യം നൽകിക്കൊണ്ട് ആഗോള തൊഴിലിടങ്ങളിൽ മികച്ച ജോലികൾ കണ്ടെത്തുന്നതിന് അവരെ പ്രാപ്തരാക്കുകയും, അവസരങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ദൗത്യം. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനാണ് (K-DISC) ഇതിന്റെ നടത്തിപ്പ് ചുമതല.

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡിഡബ്ല്യുഎംഎസ്) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ 2026-ഓടെ 20 ലക്ഷം പേർക്ക് തൊഴിൽ നൽകാനാണ് മിഷനുകളുടെ ലക്ഷ്യം.

**7.വ്യാവസായിക പരിശീലന വകുപ്പ്**

കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലാണ് വ്യാവസായിക പരിശീലന വകുപ്പ് പ്രവർത്തിക്കുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയത്തിന്റെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണിത്. ഡിജിടി അവതരിപ്പിച്ച പ്രധാന രണ്ട് പദ്ധതികളായ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം, അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് സ്കീം എന്നിവ സംസ്ഥാനത്തെ നഗര, അർദ്ധ നഗര, ഗ്രാമ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ വഴി വകുപ്പ് നടപ്പിലാക്കുന്നു. ട്രെയിനികൾക്ക് നൽകുന്ന സൗജന്യ പരിശീലനവും മറ്റ് സഹായങ്ങളും സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളെ സാങ്കേതിക പുരോഗതിയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. പരിശീലനം നൽകുന്നതിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ ഡിപ്പാർട്ട്മെന്റ് ട്രെയിനികളുടെ തൊഴിൽ ക്ഷമത വർദ്ധിക്കുന്നു. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സംഭാവന നൽകുന്ന നൈപുണ്യവും സാങ്കേതിക യോഗ്യതയുള്ളതുമായ ഒരു തൊഴിൽ സേനയെ സൃഷ്ടിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം.

**a. ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി (CTS)**

ഗാർഹിക വ്യവസായങ്ങൾക്ക് വിവിധ ട്രേഡുകളിൽ വിദഗ്ധ തൊഴിലാളികളുടെ സ്ഥിരമായ ഒഴുക്ക് ഉറപ്പാക്കാനും ചിട്ടയായ പരിശീലനത്തിലൂടെ വ്യാവസായിക ഉൽപ്പാദനം അളവിലും ഗുണപരമായും ഉയർത്താനും അഭ്യസ്തവിദ്യരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കാനും, അവർക്ക് തൊഴിൽ യോഗ്യമായ പരിശീലനം നൽകാനും 1950-ൽ ഇന്ത്യാ ഗവൺമെന്റ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം അവതരിപ്പിച്ചു.. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്

പദ്ധതിയുടെ നടത്തിപ്പിൽ രാജ്യത്തെ പരമോന്നത അതോറിറ്റി. പദ്ധതി പ്രകാരം ഒരു പ്രത്യേക ട്രേഡിൽ പരിശീലനം പൂർത്തിയാക്കി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിക്കുന്ന ട്രെയിനിക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻടിസി) നൽകും.

b. **അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി (ATS)**
1961ലെ അപ്രന്റീസ് ആക്റ്റിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചാണ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം നടത്തുന്നത്. വ്യവസായത്തിനാവശ്യമായ വൈദഗ്ധ്യമുള്ള മനുഷ്യശക്തിയുടെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള ഒരു കാഴ്ചപ്പാട് വിപുലമാക്കുന്നതിനാണ് 1961ലെ അപ്രന്റീസ് ആക്ട് നിലവിൽ വന്നത്. വ്യവസായത്തിലെ അപ്രന്റീസുകളുടെ പരിശീലന പരിപാടി നിയന്ത്രിക്കുകയും അതിലൂടെ ഒരു സ്റ്റാൻഡേർഡ് സിലബസ്, പരിശീലന കാലയളവ്, നൈപുണ്യ സെറ്റുകൾ മുതലായവ സ്ഥിരീകരിക്കുകയും വ്യവസായത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുന്നു.

1961ലെ അപ്രന്റീസ് ആക്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റൈപ്പൻഡ് നൽകുന്നതിന് ഒരു അപ്രന്റീസും തൊഴിലുടമയും തമ്മിലുള്ള കരാറാണ് അപ്രന്റീസ്ഷിപ്പ്. ഈ പ്രക്രിയ നിയന്ത്രിക്കുന്നതിലും നിരീക്ഷിക്കുന്നതിലും കേന്ദ്ര/സംസ്ഥാന സർക്കാർ മൂന്നാം കക്ഷിയായി പ്രവർത്തിക്കുന്നു.

അടുത്തിടെ, ഇന്ത്യാ ഗവൺമെന്റ് നാഷണൽ അപ്രന്റീസ് പ്രൊമോഷൻ എന്ന പദ്ധതി (NAPS) ആവിഷ്കരിച്ചു, ഇതിലൂടെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സ്റ്റൈപ്പൻഡിന്റെ 25 ശതമാനം തിരികെ നൽകും.

കേരളത്തിലെ അപ്രന്റീസ്ഷിപ്പ് പരിശീലനം കേന്ദ്ര-സംസ്ഥാന സംരംഭമാണ്. "ഒരു ഓർഗനൈസേഷനിൽ അപ്രന്റീസ്ഷിപ്പ് പരിശീലനം പൂർത്തിയാക്കി നാഷണൽ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് വിജയിക്കുന്നവർക്ക് നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി) നൽകുന്നു."

സംസ്ഥാനത്തെ അപ്രന്റീസ്ഷിപ്പ് സ്കീമുകൾ സംസ്ഥാന അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെയും 14 ജില്ലകളിലെ അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെയും ഓഫീസ് മുഖേനയാണ് നടപ്പിലാക്കുന്നത്. 81 ട്രേഡുകളിലായി അപ്രന്റീസ്ഷിപ്പ് പരിശീലനത്തിന് സീറ്റ് അനുവദിക്കപ്പെട്ടിട്ടുണ്ട്.

c. **സി) വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ**
സംസ്ഥാനത്ത് 104 ഗവൺമെന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു, മൊത്തം 33,582 സീറ്റുകൾ (ഒന്നാം വർഷം, രണ്ടാം വർഷം) ഇതിൽ 30 ശതമാനം സീറ്റുകളും വനിതാ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

ഇവ കൂടാതെ സർക്കാർ മേഖലയിൽ 14 വനിതാ ഐടിഐകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

ഗവൺമെന്റ്, പ്രൈവറ്റ് ഐടിഐകളുടെ ലിസ്റ്റ്, വർഷം തിരിച്ചുള്ള എൻറോൾമെന്റ് വിശദാംശങ്ങൾ, ട്രേഡ് തിരിച്ചുള്ള വിശദാംശങ്ങൾ (ഒന്നാം വർഷ-രണ്ടാം വർഷ കോഴ്സുകൾ), സ്ഥാപനം തിരിച്ചുള്ള അപ്രന്റീസുകളുടെ വിശദാംശങ്ങൾ, പ്ലേസ്മെന്റ് വിശദാംശങ്ങൾ എന്നിവ **അനുബന്ധം 7.3.2, 7.3.3, 7.3.4,7.3.5, 7.3.6, 7.3.7, 7.3.8** എന്നിവയിൽ കാണിച്ചിരിക്കുന്നു.

2022-23ൽ സർക്കാർ ഐടിഐകളിലെ മൊത്തം സീറ്റ് 2,4134 ഉം വിദ്യാർത്ഥികളുടെ ആകെ എൻറോൾമെന്റ് 22,959 ഉം ആണെന്ന് **അനുബന്ധം 7.3.2**-ൽ നിന്ന് വ്യക്തമാകുന്നു. 2020-21 ലെ മൊത്തം എൻറോൾമെന്റിൽ 5,392 പെൺകുട്ടികളാണ്. 2021-22ൽ മൊത്തം വിദ്യാർത്ഥികളുടെ പ്രവേശനത്തിലും പെൺകുട്ടികളുടെ പ്രവേശനത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് നേരിയ വർധനവുണ്ടായിട്ടുണ്ട്.

**അനുബന്ധം 7.3.6** പ്രകാരം, സർക്കാർ, സ്വകാര്യ ഐടിഐകളിൽ നിന്നുള്ള കഴിഞ്ഞ 6 വർഷങ്ങളിലെ ഐ.ടി.ഐ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ സൂചിപ്പിക്കുന്നു. 2020-21ൽ സർക്കാർ ഐ.ടി.ഐകളിൽ നിന്ന് 6,800 കുട്ടികളും സ്വകാര്യ ഐടിഐകളിൽ നിന്ന് 3,098 കുട്ടികളും പ്ലേസ്മെന്റ് നേടിയിട്ടുണ്ട്. ആകെ ലഭ്യമായ പ്ലേസ്മെന്റുകളിൽ 1,468 പെൺകുട്ടികളും 1,332 എസ്സി/എസ്ടി വിദ്യാർത്ഥികളും ഉൾപ്പെടുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മൊത്തം പ്ലേസ്മെന്റുകളിൽ 30 ശതമാനം വർധന രേഖപ്പെടുത്തി.

d. **സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് (SUIIT) – കേരളം, കഴക്കൂട്ടം**
ഇൻസ്ട്രക്ഷണൽ സ്റ്റാഫിന്റെയും മറ്റുള്ളവരുടെയും വൈദഗ്ധ്യവും അറിവും സാങ്കേതിക വികാസത്തിനനുസരിച്ച് അപ്ഡേറ്റ് ചെയ്യുന്നതിനായി 1999-ൽ തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് - കേരള ആരംഭിച്ചു. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ ടി.എൻ.എയെ കുറിച്ചുള്ള പഠനം, കോഴ്സ് ഡിസൈൻ തയ്യാറാക്കൽ, നൈപുണ്യ പരിശീലനത്തിന്റെയും അദ്ധ്യാപനത്തിന്റെയും പുതിയ രീതികളിലെ ഗവേഷണം, സാങ്കേതിക ജീവനക്കാരുടെ നൈപുണ്യ അപ്ഡേറ്റ് പ്രോഗ്രാമുകൾ, സോഫ്റ്റ് സ്കിൽ പരിശീലനം, ഐ.എം.ജിയിലെ സംസ്ഥാന പരിശീലന നയത്തിന് കീഴിലുള്ള പരിശീലന പരിപാടികൾ, ഓഫ് കാമ്പസ് പരിശീലന പരിപാടികൾ എന്നിവ ഉൾപ്പെടുന്നു. വെർച്വൽ ക്ലാസ് പരിശീലനത്തിന്റെ നിരീക്ഷണം, ഡിജിടിയുടെ ഡി.എൽ.പി പരിശീലനം ഏകോപിപ്പിക്കുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. IMGയും SUIITയും ചേർന്ന് ഇത് വരെ 48 പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.

### VIII കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)

വ്യത്യസ്ത വ്യാവസായിക ഡൊമെയ്നുകൾക്കായി കേന്ദ്രീകൃത നൈപുണ്യ വികസനം ആരംഭിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പരമോന്നത സ്ഥാപനമായി പ്രവർത്തിക്കുന്നതിനാണ് കെയ്സ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ പരിശീലന സംരംഭങ്ങളുടെയും സംയോജനത്തിനുള്ള നോഡൽ ബോഡിയായി പ്രവർത്തിക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്.എസ്.ഡി.എം) ആയി കെയ്സ് നെ നിയുക്തമാക്കിയിട്ടുണ്ട്. വികസനത്തിനായുള്ള നൈപുണ്യ മികവിനായി സ്ഥാപനങ്ങളും അക്കാദമികളും പ്രോത്സാഹിപ്പിക്കുക, സ്ഥാപിക്കുക, സജ്ജീകരിക്കുക, നിരീക്ഷിക്കുക, നിയന്ത്രിക്കുക, നിയന്ത്രിക്കുക എന്നിവയാണ് എസ്.എസ്.ഡി.എമ്മിന്റെ പ്രധാന ലക്ഷ്യങ്ങൾ.

സെന്റർ ഓഫ് എക്സലൻസ് (CoE), അംഗീകൃത സ്ഥാപനങ്ങൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, കൗശൽ കേന്ദ്രങ്ങൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC), കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID), തുടങ്ങിയ വ്യവസായ ടൈ-അപ്പുകളും പ്ലേസ്മെന്റ് ലിങ്കേജുകളും ഉപയോഗിച്ച് SSDM തനതായ നൈപുണ്യ മാതൃകകൾ സ്വീകരിച്ചു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പിഎംകെവിവൈ), സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനസ് ഫോർ ലൈവ് ലിഹുഡ് പ്രോഗ്രാം (സങ്കൽപ്) എന്നിവ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് കെഎഎസ്ഇ. സംസ്ഥാനത്ത് നൈപുണ്യമുണ്ടാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ ലക്ഷ്യം നിറവേറ്റുന്നതിനായി KASE അതിന്റെ നിലവിലുള്ള നെറ്റ്‌വർക്കുകളും ഭാവി നെറ്റ്‌വർക്കുകളും പൂർണ്ണമായും ഉപയോഗപ്പെടുത്തും.

#### കേരളത്തിലെ നൈപുണ്യ സംയോജനം

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ഥാപനപരമായ ശാക്തീകരണത്തിനായി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്.എസ്.ഡി.എം) ആയി നിയമിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് അവരുടേതായ തനത് നൈപുണ്യ പരിപാടികൾ ഉണ്ട്, അത് പലപ്പോഴും ആവർത്തനത്തിൽ കലാശിക്കുന്നു. സംസ്ഥാന തലത്തിൽ ഒരു മിഷന്റെ കീഴിലുള്ള വകുപ്പുകളിലുടനീളം ഒത്തുചേരേണ്ടതിന്റെ ആവശ്യകത ഇത് ഊന്നിപ്പറയുന്നു. ഈ ദൗത്യം നൈപുണ്യ സംരംഭങ്ങളെ നയിക്കുകയും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുകയും ചെയ്യും.

കേയ്സിന്റെ (KASE) പ്രധാന സംരംഭങ്ങളെക്കുറിച്ചുള്ള ഒരു ഹ്രസ്വ അവലോകനം താഴെ പറയും പ്രകാരമാണ്;

#### അന്താരാഷ്ട്ര നൈപുണ്യ പരിശീലനവും, എംപ്ലോയബിലിറ്റി പദ്ധതിയും (iSTEP)

ഇന്റർനാഷണൽ ഔട്ട്റീച്ച് സംരംഭം - iSTEP (ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം), വിവിധ മേഖലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കുന്നതിന് ആവശ്യമായ വേഗമേറിയതും ലളിതവും കാര്യക്ഷമവുമായ പ്രോസസ്സിംഗിനായി വിഭാവനം ചെയ്ത ഒരു സംവിധാനമാണ് ഇത്. നിലവിൽ അത്തരം എല്ലാ മോഡലുകളിലും, കെയ്സ് (KASE) അടിസ്ഥാന സൗകര്യങ്ങൾ നൽകും. അതേസമയം പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശ പ്ലെയ്സ്മെന്റ് ഉൾപ്പെടെയുള്ള പ്ലെയ്സ്മെന്റ് എന്നിവ കെയ്സ് (KASE) നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി വ്യവസായ പങ്കാളിയുടെ ഉത്തരവാദിത്തമാണ്. iSTEP വ്യവസായത്തിലെ ഏത് മേഖലയ്ക്കും തുറന്നിരിക്കുന്നു, അവിടെ പങ്കാളികൾ നൈപുണ്യ വിടവ് തിരിച്ചറിയുന്നു. iSTEP ന് കീഴിലുള്ള മോഡലുകൾ ഇനി പറയുന്നവയാണ്:

- മികവിന്റെ കേന്ദ്രങ്ങൾ (CoE)
- നൈപുണ്യ പരിശീലന കോഴ്സുകളുടെ അക്രഡിറ്റേഷൻ

KASE-ന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ താഴെ വിശദമായി പ്രതിപാദിക്കുന്നു:

#### നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) നഴ്സുമാരുടെ തൊഴിൽ വൈദഗ്ധ്യം വർധിപ്പിക്കുന്നതിന് ലോകോത്തര പരിശീലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. തിരുവനന്തപുരത്തെ കിൻഫ്ര

**ബോക്സ് 7.3.1** 2021-22 സാമ്പത്തിക വർഷത്തിലെ പ്രധാന നേട്ടങ്ങൾ

- ഐടിഐ പിണറായി (4.5 ഏക്കർ), ഐടിഐ ചടയമംഗലം (1.07 ഏക്കർ) എന്നിവയ്ക്കായി ഭൂമി ഏറ്റെടുത്തു
- 9 ഐടിഐകളിൽ ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിച്ചു
- 15 ഐടിഐകൾ ഗ്രീൻ കാമ്പസുകളായി പ്രഖ്യാപിച്ചു
- സർക്കാർ ഐടിഐകളിൽ 32000 ട്രെയിനികൾക്ക് പോഷകാഹാരം നൽകുക
- എല്ലാ ഗവൺമെന്റ് ഐടിഐകളിലും 32000 ട്രെയിനികൾക്ക് 24 മണിക്കൂർ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു
- നൈപുണ്യ കർമ്മ സേന 78 ഐടിഐകളിൽ സ്ഥിരമായി രൂപീകരിച്ചു
- ഡൽഹിയിൽ നടന്ന ദേശീയ നൈപുണ്യ മത്സരത്തിൽ കേരളത്തിന് 8 സ്വർണവും 8 വെള്ളിയും 5 വെങ്കലവും 4 മെഡലും ലഭിച്ചു.

ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ ഈ സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ് സ്ഥാപിക്കാൻ ട്രിവാൻഡ്രം സ്പെഷ്യാലിറ്റി ഹോസ്പിറ്റൽസ് (എൻഎംസി ഹെൽത്ത് കെയർ ഗ്രൂപ്പ്, യുഎഇ) കെയ്സുമായി (KASE) സഹകരിച്ചു. കെയ്സ് പട്ടികജാതി വികസന വകുപ്പ് (SCDD), പട്ടികവർഗ്ഗ വികസന വകുപ്പ് (STDD) എന്നിവയുമായി സഹകരിച്ച് NICE മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ പുരോഗതിക്കും സാമൂഹിക ഉന്നമനത്തിനുമായി നിരവധി നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തിവരുന്നു.

### എൻലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആൻഡ് റിഗ് (ഇ.എസ്.പി.ഒ.ഐ.ആർ)

ഈ വ്യവസായത്തിന് ആവശ്യമായ വൈദഗ്ധ്യം യുവാക്കളെ സജ്ജരാക്കുന്നതിനായി കെയ്സ് (KASE) ഖത്തറിലെ ഇറാം എഞ്ചിനീയറിംഗ് ഡബ്ല്യു.എൽ.എൽ മായി സഹകരിച്ച്, കൊച്ചി അങ്കമാലിയിലെ ഇൻകെൽ ടവറിൽ ഓയിൽ ആൻഡ് റിഗിൽ മികവിന്റെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രോഗ്രാം മെക്കാനിക്കൽ, ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രിക്കൽ അനുബന്ധ ട്രേഡുകളിലെ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു. ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ, സർട്ടിഫൈഡ് വെൽഡർമാർ, ഇൻസ്ട്രുമെന്റ് ഫിറ്റർ, സർട്ടിഫൈഡ് സ്കാർഫോൾഡർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവയാണ് ഈ കോഴ്സുകൾ. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സുസജ്ജമായ ലാബുകൾ, വർക്ക്ഷോപ്പുകൾ എന്നിവയിലൂടെ പ്രായോഗിക വൈദഗ്ധ്യവും പരിശീലനവും നൽകുന്നതിൽ ഇ.എസ്.പി.ഒ.ഐ.ആർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി ഇടപെടുന്നു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ (IIIC)

ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ ഡൊമെയ്നിലെ മികവിന്റെ കേന്ദ്രമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐഐഐസി). താഴെത്തട്ടിലുള്ള തൊഴിലാളികൾ മുതൽ സൂപ്പർവൈസറി വരെയുള്ള ഇൻഫ്രാസ്ട്രക്ചർ, കൺസ്ട്രക്ഷൻ മേഖലയിലെ എല്ലാ കേഡറുകളിലെയും ഉദ്യോഗസ്ഥർക്ക് തൊഴിൽ വൈദഗ്ധ്യം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഇത്. അവരെ ദേശീയ അന്തർദ്ദേശീയ വിപണികളിൽ എളുപ്പത്തിൽ തൊഴിൽ യോഗ്യമാക്കുന്നതിനും ഐഐഐസിയുടെ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ മാനേജീരിയൽ തലത്തിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു ഇടനിലക്കാരനായും ഇത് പ്രവർത്തിക്കുന്നു. കേരളത്തിലെ കൊല്ലം ജില്ലയിലെ ചവറയിൽ 9 ഏക്കർ സ്ഥലത്ത് അത്യാധുനിക കാമ്പസുമായി സ്ഥാപിതമായ IIIC യുടെ ലക്ഷ്യങ്ങളിൽ, നിർമ്മാണ വ്യവസായത്തിലെ എല്ലാ കേഡറുകളിലെയും ഉദ്യോഗസ്ഥർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ സെറ്റുകൾ നൽകുന്നതിനായി ഒരു ലോകോത്തര നൈപുണ്യ കേന്ദ്രം സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. കപ്പാസിറ്റി ഇൻടേക്കിന്റെയും ഉപ മേഖലകളുടെയും കാര്യത്തിൽ നൈപുണ്യ കേന്ദ്രമായ ഈ സ്ഥാപനം, ലോകമെമ്പാടുമുള്ള സെന്ററിന്റെ കോഴ്സുകൾക്ക് ഉയർന്ന അംഗീകാരം നേടുകയും കോഴ്സുകളെ തൊഴിൽ വൈഡ് വ്യാവസായിക ബന്ധങ്ങളുമായി ബന്ധിപ്പിക്കുന്നതിലൂടെ പരമാവധി തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്നു. 2018 ജൂലായ് 23-ന് ഇൻസ്റ്റിറ്റ്യൂട്ട് ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും 2018 ഒക്ടോബറിൽ ആദ്യ ബാച്ചിന്റെ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി ഇടപെടുന്നു.

### ഒ.ഡി.ഇ.പി.സി.യുടെ പങ്കാളിത്തത്തോടെ അങ്കമാലിയിൽ ബഹുഭാഷാ പഠന സ്ഥാപനം

IELTS/OET കോഴ്സുകൾ നടത്തുന്നതിനായി KASE, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ (ODEPC) പങ്കാളിത്തത്തോടെ അങ്കമാലിയിലെ INKEL ടവേഴ്സിൽ മൾട്ടി-ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന കോഴ്സുകൾ, യോഗ്യതയുള്ള നഴ്സുമാർക്ക് ഫിനിഷിംഗ് വൈദഗ്ധ്യം നൽകാനും അവരെ അന്താരാഷ്ട്ര വിപണിയിൽ എളുപ്പത്തിൽ തൊഴിൽ ചെയ്യാനും, കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ നഴ്സുമാരെ തൊഴിലുടമകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു ഇടനിലക്കാരനായി പ്രവർത്തിക്കാനും ലക്ഷ്യമിടുന്നു. ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കായി ഒരു OET ടെസ്റ്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

### സെന്റർ ഓഫ് എക്സലൻസി ഇൻ റിന്യൂവബിൾ എനർജി

കേരള സംസ്ഥാനത്ത് നൈപുണ്യ വികസന പരിശീലനവും ഗുണനിലവാര നിയന്ത്രണവും നൽകുന്നതിനായി കെയ്സ് അനെർട്ടുമായി സഹകരിച്ച് പുനരുപയോഗ ഊർജ്ജ പദ്ധതികളിലും ഗ്രീൻ ജോലികളിലും കപ്പാസിറ്റി ബിൽഡിംഗിൽ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു. തിരുവനന്തപുരത്ത് അനെർട്ടിന്റെ ആസ്ഥാനത്തും സംസ്ഥാനത്തുടനീളമുള്ള വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലും ടെക്നോളജി സെന്ററുകളിലും സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ട്.

### ജലജീവൻ മിഷനു കീഴിൽ നൈപുണ്യ പരിശീലനം

ജൽ ജീവൻ മിഷന്റെ (ജെജെഎം) "കേരള വാർഷിക പ്രവർത്തന പദ്ധതി 2020-21" പ്രകാരം, നൈപുണ്യ വികസന പ്രവർത്തനങ്ങൾ (പ്ലംബർമാർ, ഫിറ്റർമാർ, ഇലക്ട്രീഷ്യൻമാർ, മേസൺ മുതലായവ) ഉൾപ്പെടുന്ന പിന്തുണ പ്രവർത്തനങ്ങൾക്കായി ഫണ്ട് നീക്കിവച്ചിരിക്കുന്നു. ഗ്രാമങ്ങളിൽ വിദഗ്ധ തൊഴിലാളികളുടെ ലഭ്യത വർധിപ്പിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് നൈപുണ്യ പരിശീലന പ്രവർത്തനങ്ങൾ നൽകും. ജെജെഎമ്മിൽ പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം എന്ന ലക്ഷ്യവും ഇത് നിറവേറ്റും. ഗ്രാമീണ ജനതയുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ടുള്ള സംരംഭമായതിനാൽ ജൽ ജീവൻ, കെയ്സ് (KASE) വഴിയാണ് പരിപാടി നടത്തുന്നത്. കെയ്സ് (KASE), വാട്ടർ അതോറിറ്റി, കുടുംബശ്രീ എന്നിവർ തമ്മിൽ ത്രികക്ഷി ധാരണാപത്രം ഒപ്പുവച്ചു. 10 ജില്ലകളിലെ തിരഞ്ഞെടുത്ത ഐടിഐകളിൽ പ്ലംബിങ് ആൻഡ് ഫിറ്റർ ട്രേഡിൽ പരിശീലനം നൽകി.

### നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ

പ്രശസ്തരായ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് കെയ്സുമായി (KASE) സഹകരിക്കാൻ കഴിയും. അതുവഴി അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിൽ അവരുടെ സ്വീകാര്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കും. മാനദണ്ഡങ്ങൾ നിരീക്ഷിക്കുകയും നടപ്പാക്കുകയും

ചെയ്യുന്നുവെന്ന് അറിയുമ്പോൾ അംഗീകൃത സ്ഥാപനങ്ങളുടെ സേവനങ്ങളിൽ പൊതുജന സ്വീകാര്യത വർദ്ധിക്കുന്നു. ഉയർന്ന നിലവാരം പുലർത്തുകയും നിലനിർത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിനുള്ള ഒരു മാർഗമാണ് KASE.

**പട്ടിക 7.3.6** KASE-ന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ കാണിക്കുന്നു. KASE-ന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ നൈപുണ്യ പരിശീലന കേന്ദ്രങ്ങളിൽ നിന്ന് 2020-21 വരെ പരിശീലനം പൂർത്തിയാക്കിയ 41 ശതമാനം വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ലഭിച്ചതായി പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

**നൈപുണ്യ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷൻ**

ഉപഭോക്താക്കൾക്ക് അവരുടെ എല്ലാ സേവന ആവശ്യങ്ങൾക്കും മിതമായ നിരക്കിൽ സർട്ടിഫൈഡ് പരിചയസമ്പന്നരായ വിഭവങ്ങൾ വാടകയ്ക്കെടുക്കാൻ സഹായിക്കുന്നതിന് കേരള ഗവൺമെന്റിന്റെ തൊഴിൽ നൈപുണ്യ വകുപ്പ് ഒരു സവിശേഷമായ ഏകജാലക സൗകര്യം ആരംഭിച്ചു.

സർക്കാർ മേഖലയിലെ ഇത്തരത്തിലുള്ള ആദ്യത്തെ മൊബൈൽ ആപ്ലിക്കേഷനാണ് സ്കിൽ രജിസ്ട്രി. ദൈനംദിന ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കായി വിദഗ്ധ തൊഴിലാളികളുടെ സേവനങ്ങൾ ആപ്ലിക്കേഷൻ പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്നു. വ്യാവസായിക പരിശീലന വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ് എന്നിവയുമായി സഹകരിച്ചാണ് കെയ്സ് (KASE) ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്. തൊഴിൽ സേനയും പൊതുജനങ്ങളും തമ്മിലുള്ള അന്തരം നികത്താനും അതുവഴി ഇടനിലക്കാരെ ഒഴിവാക്കാനും മൊബൈൽ ആപ്ലിക്കേഷൻ സഹായിക്കുന്നു. വിദഗ്ധ തൊഴിലാളികൾക്ക് സേവന ദാതാക്കളായി രജിസ്റ്റർ ചെയ്യാം, അവരുടെ സേവനം ആവശ്യമുള്ളവർക്ക് ഈ ആപ്ലിക്കേഷനിൽ ഉപഭോക്താക്കളായി രജിസ്റ്റർ ചെയ്യാം. ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നു, ഉപയോക്താക്കൾക്കും ഉപഭോക്താക്കൾക്കും സേവന ദാതാക്കൾക്കും രജിസ്ട്രേഷൻ ഫീ ഇല്ല. ഒരു സേവന ദാതാവ് മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, ബന്ധപ്പെട്ട അധികാരികൾ അംഗീകരിച്ചതിനുശേഷം മാത്രമേ ഉപഭോക്താക്കൾക്ക് ആ സേവന ദാതാക്കളെ കാണാൻ കഴിയൂ, ഇത് ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള സേവന ദാതാക്കളെ മാത്രം നൽകാൻ സഹായിക്കുന്നു. സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷന്റെ സ്റ്റാറ്റസ് ചുവടെ സൂചിപ്പിച്ചിരിക്കുന്നു.

**കേരള സ്റ്റേറ്റ് ജോബ് പോർട്ടൽ**

കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പ് സംസ്ഥാനത്തെ തൊഴിലന്വേഷകർക്കും തൊഴിലുടമകൾക്കുമായി സംസ്ഥാന ജോബ് പോർട്ടൽ എന്ന പേരിൽ സവിശേഷമായ ഏകജാലക സൗകര്യം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ജോബ് പോർട്ടൽ ജോലി തെരഞ്ഞെടുക്കുന്നതിനും, റിക്രൂട്ട്മെന്റിനുമുള്ള ഒരു ഏകജാലക പരിഹാരമാണ് അല്ലെങ്കിൽ എല്ലാം ഉൾക്കൊള്ളുന്ന പിന്തുണ സംവിധാനമാണ്. സ്റ്റേറ്റ് ജോബ് പോർട്ടൽ തൊഴിലുടമകൾക്ക് തൊഴിൽ പോസ്റ്റിംഗ് മുതൽ അവസാന ഓഫർ ലെറ്റർ ഇഷ്യൂ വരെ എൻഡ്-ടു-എൻഡ് റിക്രൂട്ട്മെന്റ് പരിഹാരം നൽകുന്നു. തൊഴിലന്വേഷകർക്ക് അവർക്ക് അനുയോജ്യമായ ജോലി കണ്ടെത്തുന്നതിന് പോർട്ടലിൽ അവരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം, കൂടാതെ തൊഴിൽ അവസരങ്ങളുടെ പോർട്ടലിൽ

**പട്ടിക 7.3.5** KASE-ന്റെ പരിശീലന, പ്ലേസ്മെന്റ് വിശദാംശങ്ങൾ

| പരിശീലന സ്ഥാപനത്തിന്റെ പേര് | വർഷം | പരിശീലിപ്പിക്കപ്പെട്ടവരുടെ എണ്ണം | പ്ലേസ്മെന്റ് ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് (NICE) | 2017-18 | 230 | 15 |
| | 2018-19 | 110 | 13 |
| | 2019-20 | 61 | 5 |
| | 2020-21 | 187 | 107 |
| | 2021-22 | 244 | 86 |
| | 2022-23 | 31 | നടന്നു കൊണ്ടിരിക്കുന്നു |
| സെന്റർ ഫോർ അഡ്വാൻസ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS) | 2017-18 | 160 | 76 |
| | 2018-19 | 3 | ഇല്ല |
| എസ്പ്വോയർ (ESPOIR) | 2017-18 | 240 | 176 |
| | 2018-19 | 415 | 220 |
| | 2019-20 | 565 | 289 |
| | 2020-21 | 170 | 122 |
| | 2021-22 | 224 | 168 |
| | 2022-23 | 78 (നടന്നു കൊണ്ടിരിക്കുന്നു) | 40 |
| ഐ.ഐ.ഐ.സി (IIIC) | 2018-19 | 174 | 146 |
| | 2019-20 | 503 | 119 |
| | 2020-21 | 231 | 28 |
| | 2021-22 | 158 | 132 |
| | 2022-23 | 254 (നടന്നു കൊണ്ടിരിക്കുന്നു) | 142 (നടന്നു കൊണ്ടിരിക്കുന്നു) |
| എസ്.ഡബ്ല്യൂ.എ.ടി (SWAT) | 2018-19 | 33 | 20 |
| | 2019-20 | 30 | 33 |

| | | | |
|---|---|---|---|
| ഹെഡ്ജ് സ്കൂൾ ഓഫ് അപ്ലൈഡ് ഇക്കണോമിക്സ് | 2017-18 | 187 | 150 |
| | 2018-19 | 1080 | 252 |
| | 2019-20 | 1304 | ഇല്ല |
| എസ്.എം.ഇ.സി (SMEC) | 2017-18 | 60 | 30 |
| | 2018-19 | 72 | 40 |
| ഇൻഡസ്കാൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട് | 2017-18 | 132 | 65 |
| | 2018-19 | 93 | 85 |
| | 2019-20 | 22 | ഇല്ല |
| ഇൻകാടെക് സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 2017-18 | 31 | 25 |
| | 2018-19 | 29 | 5 |
| | 2019-20 | 8 | 4 |
| ഇന്റർകാഡ് | 2018-19 | 39 | ഇല്ല |
| | 2019-20 | 80 | 34 |
| ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് | 2017-18 | 102 | 75 |
| | 2018-19 | 167 | 104 |
| | 2019-20 | 90 | 6 |
| അത്യോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ് | 2017-18 | 186 | 186 |
| | 2018-19 | 251 | 251 |
| | 2019-20 | 130 | 130 |
| മൾട്ടി ലാംഗ്വേജ് ലേണിംഗ് സെന്റർ | 2019-20 | 32 | ഇല്ല |
| | 2020-21 | 31 | 8 |
| | 2021-22 | 13 | ഇല്ല |
| | 2022-23 | 8 | ഇല്ല |
| സ്പോർട്സ് മാനേജ്മെന്റ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 2018-19 | 44 | 39 |
| | 2019-20 | 27 | 21 |
| | 2020-21 | 24 | 5 |
| | 2021-22 | 18 | ഇല്ല |
| | 2022-23 | 3 | നടന്നു കൊണ്ടിരിക്കുന്നു |
| ബ്ലിറ്റ്സ് അക്കാദമി പ്രൈവറ്റ്. ലിമിറ്റഡ് | 2017-18 | 212 | 102 |
| | 2018-19 | 1075 | 536 |
| | 2019-20 | 744 | 318 |
| | 2020-21 | 161 | 103 |
| | 2021-22 | 97 | ഇല്ല |
| റിന്യൂവബിൾ എനർജിയിലെ മികവിന്റെ കേന്ദ്രം | 2020-21 | 56 | ബാധകമല്ല |
| | 2021-22 | 116 | ബാധകമല്ല |
| ആകെ | | 10825 | 4516 |

അവലംബം: കെയ്സ് (KASE)

പ്രവേശിച്ച് തൊഴിലുടമയ്ക്ക് അവർക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥിയെ കണ്ടെത്താൻ കഴിയും. 2021-2022 സാമ്പത്തിക വർഷത്തിൽ 780 തൊഴിലുടമകളും 2,23,672 തൊഴിലന്വേഷകരും സംസ്ഥാന ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന ജോബ് പോർട്ടൽ വഴി പാലക്കാട്, ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും ജില്ലാ നൈപുണ്യ സമിതിയും ജില്ലാ ഭരണകൂടവുമായി സഹകരിച്ച് 2,680 ഉദ്യോഗാർത്ഥികളെ വിവിധ കമ്പനികളിൽ ഉൾപ്പെടുത്തി കെയ്സ് (KASE) ജില്ലാതല ജോബ് ഫെയറുകൾ നടത്തിയിട്ടുണ്ട്. തൊഴിലന്വേഷകരുടെയും തൊഴിലുടമകളുടെയും രജിസ്ട്രേഷൻ, ഡാറ്റാ അനാലിസിസ്, ലിങ്ക്ഡ്ഇനുമായുള്ള (LinkedIn) സംയോജനം, ഡിജി ലോക്കർ സിസ്റ്റം, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽഎംഎസ്), ജോബ് ബ്ലോഗ്, ഓട്ടോമാറ്റിക് റെസ്യൂം ബിൽഡിംഗ് എന്നിവയും പോർട്ടലിൽ ഉൾപ്പെടുന്നു.

**പ്രധാനമന്ത്രി കൗശൽ വികാസ് യോജന 3.0 (2020–21)**

നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയം (MSDE) അതിന്റെ പ്രധാന പദ്ധതിയുടെ മൂന്നാം ഘട്ടം - പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY 3.0) 2021 ജനുവരിയിൽ ആരംഭിച്ചു. PMKVY 3.0 രാജ്യത്തുടനീളമുള്ള നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുകയും, വ്യവസായ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു,അത് പോലെ, മാർക്കറ്റ് ആവശ്യപ്പെടുന്ന, സേവനങ്ങളിലും പുതിയ കാലത്തെ ജോലി റോളുകളിലും വൈദഗ്ധ്യം പകർന്നുനൽകുക എന്നതും ഈ പദ്ധതിയിൽപ്പെടുന്നു. ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടി (എസ്ടിടി), മുൻകൂർ പഠനത്തിനുള്ള അംഗീകാരം (ആർ.പി.എൽ) എന്നിവയിലൂടെ തൊഴിലില്ലാത്തവരും, കൊഴിഞ്ഞുപോയവരുമായ യുവാക്കൾക്ക് ഉപജീവനമാർഗം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പി.എം.കെ.വി.വൈ പദ്ധതിയുടെ മൂന്നാമത്തെ പതിപ്പാണിത്. PMKVY 3.0 (2020 -21) സ്കീം 15 സെക്ടറുകളിലായി 32 കോഴ്സുകളിലാണ് നടപ്പിലാക്കുന്നത്. പ്രധാനമന്ത്രി കൗശൽ വികാസ് യോജന 3.0 സ്കീമിന് കീഴിൽ 19 എംപാനൽ ചെയ്ത പരിശീലന പങ്കാളികളുണ്ട്, എൻറോൾ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം 2,300 ആണ്. അവരിൽ 560 ഉദ്യോഗാർത്ഥികൾ ഇതിനകം പരിശീലനം പൂർത്തിയാക്കിയിരുന്നു.

**പട്ടിക 7.3.6** നൈപുണ്യ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷന്റെ നിലവിലെ അവസ്ഥ

| രജിസ്റ്റർ ചെയ്ത സേവന ദാതാക്കൾ | അംഗീകാരത്തിനായി കാത്തിരിക്കുന്ന സേവന ദാതാക്കൾ | അംഗീകൃത സേവന ദാതാക്കൾ | രജിസ്റ്റർ ചെയ്ത മൊത്തം ഉപഭോക്താക്കൾ | മൊത്തം സേവന ഓർഡറുകൾ | ലഭ്യമായ മൊത്തം സേവനങ്ങൾ |
|---|---|---|---|---|---|
| 9,932 | 875 | 5416 | 19303 | 1185 | 42 |

അവലംബം: കെയ്സ് (KASE)

### സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനെസ് ഫോർ ലൈവ് ലിഹുഡ് പ്രൊമോഷൻ (സങ്കൽപ്)

നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന് (എംഎസ്ഡിഇ) കീഴിൽ ലോകബാങ്ക് സഹായത്തോടെയുള്ള ഈ പദ്ധതി നൈപുണ്യ ശേഖരണവും വിജ്ഞാന ബോധവൽക്കരണ ഉപജീവന പ്രോത്സാഹനവും (സങ്കൽപ്) നൈപുണ്യ വികസനത്തിനായുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും രാജ്യത്തുടനീളമുള്ള യുവജനങ്ങൾക്ക് ഗുണനിലവാരവും വിപണി പ്രസക്തവുമായ പരിശീലനത്തിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കാനും വേണ്ടി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണിത്. ദേശീയ നൈപുണ്യ വികസന മിഷൻ (എൻഎസ്ഡിഎം) അതിന്റെ പ്രധാന സബ് മിഷനുകളിലൂടെ നടപ്പിലാക്കാനാണ് ഉപജീവന പ്രോത്സാഹനത്തിനായുള്ള സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനെസ് (സങ്കൽപ്) പദ്ധതി ലക്ഷ്യമിടുന്നത്. ദേശീയ-സംസ്ഥാന തലങ്ങളിൽ സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഗുണനിലവാരമുള്ള പരിശീലകരുടെയും മൂല്യനിർണ്ണയക്കാരുടെയും ഒരു ഗ്രൂപ്പ് ഉണ്ടാക്കുക, സംസ്ഥാന തലത്തിലുള്ള എല്ലാ നൈപുണ്യ പരിശീലന പ്രവർത്തനങ്ങളിലും ഒത്തുചേരൽ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. നൈപുണ്യ പരിശീലന പരിപാടികൾക്കായി ശക്തമായ നിരീക്ഷണ-മൂല്യനിർണ്ണയ സംവിധാനം സ്ഥാപിക്കുക, പിന്നാക്ക വിഭാഗങ്ങൾക്ക് നൈപുണ്യ പരിശീലന അവസരങ്ങളിലേക്ക് പ്രവേശനം നൽകുക, ഏറ്റവും പ്രധാനമായി പ്രസക്തമായ ഉൽപ്പാദന മേഖലകളിലെ വൈദഗ്ധ്യ ആവശ്യകതകൾ നിറവേറ്റിക്കൊണ്ട് "മെയ്ക്ക് ഇൻ ഇന്ത്യ" സംരംഭത്തിന് അനുബന്ധമായി നിൽക്കുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

സങ്കൽപ് പദ്ധതിയുടെ ഭാഗമായി, നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ വിവിധ നൈപുണ്യ സംരംഭങ്ങൾ നൈപുണ്യ പരിസ്ഥിതി വ്യവസ്ഥയിൽ ഗുണമേന്മയും സ്ഥിരതയും ഉറപ്പാക്കുന്നതിന് ഗ്രൗണ്ട് നിർവഹണം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ സ്കില്ലിംഗ് കമ്മിറ്റിയും ജില്ലാ നോഡൽ സെന്ററും രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ജില്ലാതലത്തിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള കേന്ദ്രബിന്ദുവായും പ്രാദേശിക സഹായിയായും ജില്ലാ നൈപുണ്യ സമിതി പ്രവർത്തിക്കുന്നു.

സംസ്ഥാന തലത്തിൽ സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ചോദന അധിഷ്ഠിത (demand driven) നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും, ജില്ലാ തലത്തിൽ ഓരോ ജോലി അടിസ്ഥാനത്തിലും ചോദനത്തിലും, വിതരണത്തിലും ഒത്തുചേരൽ ഉറപ്പാക്കുന്നതിനും, ഓരോ ജില്ലയും വാർഷിക ജില്ലാ നൈപുണ്യ വികസന പദ്ധതികൾ (ഡി.എസ്.ഡി.പി.) വികസിപ്പിച്ചെടുക്കണം. ജില്ലാ കലക്ടർക്കായിരിക്കും ഇതിന്റെ ചുമതല. ഈ സാഹചര്യത്തിൽ, കേരളത്തിലെ 13 ജില്ലകൾ ജില്ലാ കളക്ടർമാർ മുഖേന ജില്ലാ വികസന പദ്ധതി (2020-21) ഭാരത സർക്കാരിന് സമർപ്പിച്ചു. സങ്കൽപ് പദ്ധതിയിൽ ആദ്യഗഡുവായ 10,15,50,000/- രൂപയുടെ ധനസഹായം ലഭിക്കുകയും പദ്ധതി നടപ്പാക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

നൈപുണ്യങ്ങൾ നേടിയെടുക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് വിവിധ വഴികളിൽ ജോലി നേടാനും അതുവഴി സ്ഥിരമായ വരുമാന മാർഗ്ഗം നേടാനും അവരെ പ്രാപ്തരാക്കുന്നു. കൂടാതെ, തൊഴിലവസരങ്ങളിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കുന്നതിനും നൈപുണ്യ പഠനം സഹായിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇത്തരം നൈപുണ്യ വിടവുകൾ (skill gap) കണ്ടെത്തി അവ പരിഹരിച്ച് നൈപുണ്യ വികസനം സാധ്യമാക്കാനുള്ള ശ്രമത്തിലാണ്.

**പട്ടിക 7.3.7** കേരള സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ നിലവിലെ സ്റ്റാറ്റസ്

| രജിസ്റ്റർ ചെയ്ത തൊഴിലുടമകൾ | രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ | | രജിസ്റ്റർ ചെയ്ത പങ്കാളിത്ത സ്ഥാപനങ്ങൾ | പോസ്റ്റ് ചെയ്ത ഒഴിവുകൾ | ജോലിക്കുള്ള അപേക്ഷകർ | ഷെഡ്യൂൾ ചെയ്ത അഭിമുഖങ്ങൾ | വാഗ്ദാനം ചെയ്ത ജോലി | ജോബ് ഫെയറുകൾ |
|---|---|---|---|---|---|---|---|---|
| | പൂർത്തിയാക്കിയവ | അടിസ്ഥാനം | | | | | | |
| 1,066 | 28,325 | 4,11,211 | 109 | 62,653 | 78,309 | 4,661 | 3,389 | 16 |

അവലംബം:കെയ്സ് (KASE)

**ബോക്സ് 7.3.2** ഇന്ത്യൻ സ്കിൽസ് റിപ്പോർട്ട് 2022

- കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമുള്ള നിരവധി നഗരങ്ങൾ ഉയർന്ന തൊഴിൽ സാധ്യതയുള്ള 10 നഗരങ്ങളിൽ ഇടംപിടിച്ചിട്ടുണ്ട്.
- വരും വർഷങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള വളരെയധികം കഴിവുകൾ കേരളത്തിൽ നിന്നുള്ള ഒന്നിലധികം നഗരങ്ങൾ സ്ത്രീകളുടെയും പുരുഷൻമാരുടെയും തൊഴിൽക്ഷമതയിൽ ഗണ്യമായ പുരോഗതി പ്രകടമാക്കിയിട്ടുണ്ട്.
- കേരളത്തിൽ നിന്നുള്ള തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങൾ ലഭ്യമായ വൈദഗ്ധ്യമുള്ള പ്രതിഭകൾക്കുള്ള മികച്ച നഗരങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.
- കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ടി, ടാഗ്ഡ്, സൺസ്റ്റോൺ യൂണിവേഴ്സിറ്റിയുടെ പങ്കാളിത്തത്തോടെ വീബോക്സ് പുറത്തിറക്കിയ 2022 ലെ ഇന്ത്യൻ സ്കിൽസ് റിപ്പോർട്ട് പ്രകാരം, പൂനെ, ലക്നൗ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള യുവജന പ്രതിഭകളുണ്ടെന്ന് കണ്ടെത്തി.
- ന്യൂ ഡെൽഹിയും തിരുവനന്തപുരവും സംഖ്യാ വൈദഗ്ധ്യത്തിൽ ഏറ്റവും ഉയർന്ന റാങ്ക് നേടി
- കംപ്യൂട്ടർ വൈദഗ്ധ്യത്തിൽ പൂനെ, ലഖ്നൗ, തിരുവനന്തപുരം എന്നിവ ഒന്നാം സ്ഥാനത്തെത്തി

അവലംബം: ഇന്ത്യ സ്കിൽസ് റിപ്പോർട്ട്

അദ്ധ്യായം

# 08

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

## 8.1 ലിംഗ പദവിയും വികസനവും

ലിംഗപദവിസമത്വം അടിസ്ഥാന മനുഷ്യാവകാശവും സമ്പൂർണ മാനുഷിക ശേഷിയുള്ള സാമൂഹിക ബന്ധങ്ങൾ സ്ഥാപിക്കുന്നതിൽ നിർണായകമാണ്.

യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം വികസിപ്പിച്ച സാധാരണയായി ഉപയോഗിക്കുന്ന രണ്ട് പ്രധാന ലിംഗപദവി സംബന്ധിയായ സൂചികകളാണ് ലിംഗപദവി വികസന സൂചികയും (GDI) ലിംഗപദവി ശാക്തീകരണ അളവും (GEM). അടിസ്ഥാന ശേഷികളും ജീവിത നിലവാരവുമാണ് ജിഡിഐ സൂചിപ്പിക്കുന്നത്. ഇതിന് മാനവ വികസന സൂചികയുടെ (എച്ച്ഡിഐ) അതേ സൂചകങ്ങൾ ഉപയോഗിക്കുന്നു. ഇത് പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അസമത്വവും ജനങ്ങളുടെ ശരാശരി പൊതു നേട്ടവും ഊന്നുന്നു. 2018ൽ ശേഖരിച്ചതും 2019-ൽ പ്രസിദ്ധീകരിച്ചതുമായ ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള ലിംഗപദവി വികസന സൂചിക, എച്ച്ഡിഐ മൂല്യങ്ങളിലെ ലിംഗപദവി സമത്വത്തിൽ നിന്നുള്ള കേവല വ്യതിയാനത്തെ അടിസ്ഥാനമാക്കി രാജ്യങ്ങളെ ക്രമീകരിച്ചിട്ടുണ്ട്. 191 രാജ്യങ്ങളിൽ എച്ച്ഡിഐയിൽ ഇന്ത്യയുടെ സ്ഥാനം 132 ആണ്. വിവിധ രാജ്യങ്ങൾക്കിടയിൽ താരതമ്യങ്ങൾ നടത്തുന്നതിൽ ലിംഗപദവി വികസന സൂചികയുടെ (ജിഡിഐ) വിശ്വാസ്യതയും ഉപയോഗവും സംബന്ധിച്ച് നിരവധി ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും, ലിംഗപദവി അവബോധവും ലിംഗപദവി സെൻസിറ്റീവ് വികസനവും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കുള്ള വഴികാട്ടിയാണിത്.


ലിംഗപദവിസമത്വം കൈവരിക്കുകയും എല്ലാ സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും ചെയ്യുക എന്നത് ഐക്യരാഷ്ട്രസഭയുടെ (യുഎൻ) സുസ്ഥിര വികസന ലക്ഷ്യം 5 (SDG 5) ന്റെ സുസ്ഥിര ലക്ഷ്യങ്ങളിലൊന്നാണ്. സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുന്നത് അടിസ്ഥാന മനുഷ്യാവകാശമായി മാത്രമല്ല, സുസ്ഥിരമായ ഭാവിക്ക് ആവശ്യമായ വ്യവസ്ഥയായും യുഎൻ അംഗീകരിക്കുന്നു. ലിംഗപദവിസമത്വത്തിലേക്കും സ്ത്രീശാക്തീകരണത്തിലേക്കും കാര്യമായ പുരോഗതി കഴിഞ്ഞ നാല് പതിറ്റാണ്ടിനിടെ ഉണ്ടായി എന്നത് വളരെ വ്യക്തമാണ്. എന്നിരുന്നാലും, ഒരു ആഗോള കമ്മ്യൂണിറ്റി എന്ന നിലയിൽ, ലിംഗപദവി-സമത്വ ലോകത്തിൽ നിന്ന് നമ്മൾ ഇപ്പോഴും അകലെയാണ്.

വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ ഗ്ലോബൽ ജെൻഡർ ഗ്യാപ്പ് റിപ്പോർട്ട് 2021ൽ ഇന്ത്യ 156 രാജ്യങ്ങളിൽ 140-ാം സ്ഥാനത്താണ്. കൂടാതെ, ആരോഗ്യം, ശാക്തീകരണം, തൊഴിൽ വിപണി തുടങ്ങിയ മേഖലകളിലെ ലിംഗപദവിപരമായ അസമത്വങ്ങളുടെ ഒരു ചിത്രവും ലിംഗപദവി അസമത്വ സൂചിക (ജിഐഐ) നല്കുന്നുണ്ട്. ഇന്ത്യയിലെ തൊഴിൽ സേനയിൽ സ്ത്രീകളുടെ പങ്കാളിത്തം **ചിത്രം 8.1.1** കാണിക്കുന്നു.

വനിതാ വികസനവുമായി ബന്ധപ്പെട്ട നിരവധി സൂചകങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം വേറിട്ടുനിൽക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സീറ്റുകൾ സംവരണം ചെയ്യാനുള്ള നിയമനിർമ്മാണം വഴി 2010 ൽ ചരിത്രപരമായ ഒരു ചുവടുവെപ്പായിരുന്നു കേരളം നടത്തിയത്. 2021-ൽ ആകെയുള്ള 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 602 ലും സ്ത്രീകൾ നേതൃത്വം നൽകുന്നു (പഞ്ചായത്ത് വകുപ്പ്, കേരള സർക്കാർ 2021). ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പദ്ധതികളിലൊന്നായ കുടുംബശ്രീ മിഷൻ കേരളത്തിന്റെ വനിതാ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രാദേശിക ഭരണകൂടങ്ങളിലെ ഗണ്യമായ സ്ത്രീ പ്രാതിനിധ്യം, പരിശീലനം,

ചിത്രം 8.1.1 ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം




അവലംബം: മുൻ എൻഎസ്എസ് വിവരങ്ങളും വിവിധ പിഎൽഎഫ്എസ് റിപ്പോർട്ടുകളും

സംരംഭകത്വ പിന്തുണ, വിദ്യാഭ്യാസം എന്നിവയിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളെ ശാക്തീകരിക്കുന്നത് കുടുംബശ്രീയുടെ നിരന്തരമായ ഇടപെടലിന്റെയും പ്രാദേശിക തലത്തിൽ സ്ത്രീകളുടെ രാഷ്ട്രീയവൽക്കരണം വർദ്ധിച്ചതിന്റേയും കൂടി പ്രതിഫലനം ആയി കാണേണ്ടതുണ്ട്. നവലിബറലിസത്തിന്റെ ഈ കാലഘട്ടത്തിൽ, ഇന്ത്യയൊട്ടാകെ സാമ്പത്തിക നയത്തിന്റെ സ്വാധീനം ഉണ്ടായിട്ടും, കേരള സംസ്ഥാനത്തിന്റെ സാമൂഹിക ചെലവ് ഇപ്പോഴും ലിംഗ പദവിസമത്വ വികസന മേഖലകളിൽ ശ്രദ്ധേയമാണ്. ലിംഗപദവി സമത്വ സമൂഹത്തിലേക്കുള്ള പാതയൊരുക്കുന്നതിൽ കേരള സർക്കാരും അതിന്റെ വിവിധ ഏജൻസികളും നേതൃത്വപരമായ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1,084 എന്നത് ദേശീയ കണക്കായ 940-മായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. 0-14 വയസ്സ് പ്രായമുള്ള കുട്ടികൾ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 23.44 ശതമാനത്തെ പ്രതിനിധീകരിക്കുന്നു, അവരിൽ 48.91 ശതമാനം പെൺകുട്ടികളാണ്. ദേശീയ ശരാശരിയായ 11 ശതമാനത്തിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ മൊത്തം കുടുംബങ്ങളിൽ 22 ശതമാനവും സ്ത്രീകൾ നയിക്കുന്നതാണ്. അടുത്തിടെ, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ സ്ത്രീകളുടെ തൊഴിലവസരങ്ങളിൽ പ്രശംസനീയമായ വർധനയുണ്ടായി. 2017ൽ, 605 പോലീസ് കോൺസ്റ്റബിൾമാരെയും (ഒരു വനിതാ കമാൻഡന്റ് നിയന്ത്രിക്കുന്ന ഒരു വനിതാ പോലീസ് ബറ്റാലിയൻ ഉൾപ്പെടെ) 2018ൽ 154 പേരെയും നിയമിച്ചു. 2018ൽ എക്സൈസ് വകുപ്പിൽ 133 സ്ത്രീകളെ പട്രോളിംഗിനായി ഉൾപ്പെടുത്തി. മഹാമാരിക്കു ശേഷം ആരോഗ്യ പ്രവർത്തകരുടെ ഗണ്യമായ പുതിയ നിയമനം നടന്നതിൽ, വലിയൊരു വിഭാഗം സ്ത്രീകളാണ്.

**വിദ്യാഭ്യാസവും ലിംഗപദവിസമത്വവും**

സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക വികസനത്തിന് അതിന്റെ ഉയർന്ന സ്ത്രീ സാക്ഷരതയും വിദ്യാഭ്യാസവും കാരണമായി കണക്കാക്കാം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സ്ത്രീ സാക്ഷരതാ നിരക്ക് ഉള്ളത് കേരളത്തിലാണ്, 92 ശതമാനം ഇതിലെ ലിംഗപദവി വ്യത്യാസം വളരെ ചെറുതുമാണ് (സെൻസസ്, 2011). കേരളത്തിൽ ഈ ആറു പതിറ്റാണ്ടിനിടെ ലിംഗപദവി വ്യത്യാസം കുറഞ്ഞിട്ടുണ്ടെന്നും കാണുന്നു (കൂടുതൽ വിവരങ്ങൾക്ക് ഈ അവലോകനത്തിന്റെ 6-ാം അധ്യായം കാണുക). NFHS-5, 2019-20 സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, കേരളത്തിലെ സ്ത്രീകളുടെ (പ്രായം 15-49) സാക്ഷരതാ നിരക്ക് 97.4 ശതമാനമായി വർദ്ധിച്ചു. എന്നാൽ കമ്പ്യൂട്ടർ സാക്ഷരത, അടിസ്ഥാന ഇന്റർനെറ്റ് പരിജ്ഞാനം തുടങ്ങിയ സാക്ഷരതയുടെ മറ്റ് തലങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്, ഇത് ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ പ്രകടമാണ്. സാക്ഷരതയുടെ വിവിധ തലങ്ങളിലെ ലിംഗപദവിഭേദവും ഗ്രാമ-നഗര വ്യത്യാസങ്ങളും **പട്ടിക 8.1.1**ൽ നൽകിയിരിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ സ്ത്രീ-പുരുഷ തുല്യത കൈവരിക്കുകയും ചെയ്തു. സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ 48.93 ശതമാനം പെൺകുട്ടികളാണ്. ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിൽ 50.73 ശതമാനത്തോടെ ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ കൂടുതൽ ആണ്. തൃതീയ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്, എന്നാൽ ടെക്നിക്കൽ സ്കൂളുകളിലെ പെൺകുട്ടികളുടെ എണ്ണം 5.39 ശതമാനം മാത്രമാണ്. വിശദാംശങ്ങൾ **പട്ടിക 8.1.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 8.1.1** വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം (വയസ്സ് 15-49)

| നഗരം/ഗ്രാമം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | നഗരം | ഗ്രാമം | ആകെ | നഗരം | ഗ്രാമം | ആകെ |
| ആൺ സാക്ഷരത | 99.2 | 97.4 | 98.2 | 89.6 | 81.5 | 84.4 |
| പെൺ സാക്ഷരത | 99.1 | 97.5 | 98.3 | 83 | 65.9 | 71.5 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള പുരുഷൻ | 78.3 | 74.2 | 76.1 | 72.5 | 48.7 | 57.1 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള സ്ത്രീ | 64.9 | 57.5 | 61.1 | 51.8 | 24.6 | 33.3 |

അവലംബം: ദേശീയ കുടുംബാരോഗ്യ സർവ്വേ (എൻ.എഫ്.എച്ച്.എസ്) 5, 2019-20

**പട്ടിക 8.1.2** വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ പ്രവേശനം, കേരളം 2022-23

| മേഖല | ആകെ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|
| എൽ.പി | 1373066 | 671150 | 48.87 |
| യു.പി | 1186030 | 583611 | 49.20 |
| എച്ച്.എസ് | 1273299 | 620437 | 48.72 |
| എച്ച്.എസ്.എസ് | 383034 | 194317 | 50.73 |
| വി.എച്ച്.എസ്.എസ് | 29040 | 10857 | 37.38 |
| ടെക്നിക്കൽ ഹൈ സ്കൂൾ | 7805 | 421 | 5.39 |

അവലംബം: ഡി.ജി.ഇ, ഡി.വി.എച്ച്.എസ്.ഇ, ഡി.ടി.ഇ, ഡി.എച്ച്.എസ്.ഇ

**പട്ടിക 8.1.3** ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനം 2021-22

| മേഖല | പെൺകുട്ടികൾ | ആകെ | ശതമാനം |
|---|---|---|---|
| ബിരുദ,ബിരുദാനന്തരം (ആർട്സ് & സയൻസ്) | 203208 | 323336 | 62.84 |
| പോളിടെക്നിക് | 2656 | 12321 | 21.55 |
| ബി.ടെക് & എം.ടെക് | 14242 | 33711 | 42.24 |
| ബിരുദ,ബിരുദാനന്തരം (KAU) | 2585 | 3485 | 74.17 |
| ബിരുദ,ബിരുദാനന്തരം (KUFOS) | 379 | 513 | 73.87 |
| ബിരുദ,ബിരുദാനന്തരം (KVASU) | 1605 | 2510 | 63.94 |
| ആരോഗ്യവും അനുബന്ധ ശാസ്ത്രവും | 23161 | 18800 | 81.17 |

അവലംബം: ഡി.ടി.ഇ, ഡി.സി.ഇ, കെ.എ.യു, കെ.യു.എഫ്.ഒ.എസ്, കെ.വി.എ.എസ്.യു, കെ.യു.എച്ച്.എസ്

**പട്ടിക 8.1.4** 2022 ഒക്ടോബർ പ്രകാരം 2021-22 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്ര വേശനത്തിന്റെ അനുപാതം

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ആധുനിക വൈദ്യശാസ്ത്രം | 1782 | 3616 | 5398 | 67 |
| ദന്ത ചികിത്സ | 267 | 1640 | 1907 | 86 |
| ഹോമിയോ | 40 | 345 | 385 | 90 |
| ആയുർവേദം | 146 | 1030 | 1176 | 88 |
| യുനാനി | 9 | 51 | 60 | 85 |
| സിദ്ധ | 4 | 13 | 17 | 76 |

അവലംബം: കേരള ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്)

കേരളത്തിലെ വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ ശതമാനം 2021-22ൽ 62.84 ആണ്. എന്നാൽ എഞ്ചി നീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പെൺകുട്ടികളുടെ വാർഷിക പ്രവേശനം പരിഗണിക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാണ്. മൊത്തം വിദ്യാർത്ഥികളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 42.24 ശതമാനവും പോളിടെക്നിക്കുകളിൽ 21.55 ശതമാനവും മാത്രമാണ് പെൺകുട്ടികൾ. ആരോഗ്യം, അനുബന്ധ ശാസ്ത്രം എന്നിവയുടെ കാര്യത്തിൽ ഈ അനുപാതം ഉയർന്നതാണ്. മറ്റേതൊരു വിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ, മെഡിക്കൽ സയൻസുമായി ബന്ധപ്പെട്ട കോഴ്സുകളിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കാർഷിക കോഴ്സുകളിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനം 74.17 ശതമാനമാണ്. 2021-22ൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയിൽ ചേർന്ന വിദ്യാർത്ഥികളിൽ 60 ശതമാനത്തിലധികം

പെൺകുട്ടികളാണ്. അതുപോലെ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിലെ (കുഫോസ്) 75 ശതമാനത്തിലധികം വിദ്യാർത്ഥികളും പെൺകുട്ടികളാണ്. ആരോഗ്യ-അനുബന്ധ കോഴ്സുകളിലെ വിദ്യാർത്ഥികളിൽ 81 ശതമാനത്തിലധികം പെൺകുട്ടികളാണ്.

**കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം**

മാതൃമരണനിരക്ക്, ആയുർദൈർഘ്യം, ലിംഗാനുപാതം തുടങ്ങിയ സ്ത്രീകളുടെ ചില ആരോഗ്യ സൂചകങ്ങളിൽ കേരളം ഉയർന്ന പദവി നേടിയിട്ടുണ്ട്. കേരളത്തിലെ ജനനത്തെ ആധാരമാക്കിയുള്ള സ്ത്രീകളുടെ ആയുർദൈർഘ്യം 77.9 വയസ്സ്, എന്നത് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിലെ മൊത്തത്തിലുള്ള സ്ത്രീകളുടെ ആയുർദൈർഘ്യ നിരക്ക് 70.7 വയസ്സ് എന്നതിനേക്കാൾ വളരെ ഉയർന്നതാണിത്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ള സ്ത്രീകളേക്കാൾ കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന ആരോഗ്യനില സംസ്ഥാനത്തിന്റെ ആകെയുള്ള സാമൂഹിക വികസനത്തിന്റെ പ്രതിഫലനമാണ്. മിക്ക ആരോഗ്യ സൂചകങ്ങളും സംസ്ഥാനത്തെ സ്ത്രീകൾക്ക് വളരെ അനുകൂലമാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം, എല്ലാ ജനസംഖ്യാ സൂചകങ്ങളും കേരളത്തിലെ സ്ത്രീകൾക്ക് അനുകൂലമാണ് **(പട്ടിക 8.1.5)**.

സംസ്ഥാനത്ത് മാതൃ പരിചരണത്തിനുള്ള വിപുലമായ പൊതുസംവിധാനം കൊണ്ടുവന്നതിന്റെ ഫലമാണ് കേരളത്തിലെ കുറഞ്ഞ മാതൃമരണ നിരക്കും ഉയർന്ന സ്ത്രീ ആയുർദൈർഘ്യവും. എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018 അനുസരിച്ച്, കേരളത്തിലെ 15-49 വയസ്സിനിടയിലുള്ള നിരക്ഷരരായ സ്ത്രീകളുടെ മൊത്തം ഉൽപ്പാദനക്ഷമതാ നിരക്ക് 1.8 ഉം മൊത്തം സാക്ഷരരായ സ്ത്രീകളുടേത് 1.7 ഉം ആണ്. ദേശീയ തലത്തിൽ ഇത് യഥാക്രമം 3 ഉം 2.1 ഉം ആണ്. ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം മാതൃ പരിചരണവും ആശുപത്രിയിലെ പ്രസവവും എല്ലാവർക്കും ഉറപ്പാക്കാൻ സഹായിക്കുന്നു. കേരളത്തിലെ മാതൃ പരിചരണ സൂചകങ്ങളുടെ കൂടുതൽ വിവരങ്ങൾക്ക് **പട്ടിക 8.1.6** കാണുക. കേരള സർക്കാർ രൂപീകരിച്ചതു മുതൽ ദശാബ്ദങ്ങളായുള്ള പരിശ്രമത്തിന്റെ ഫലമാണ് പൊതുജനാരോഗ്യ സംരക്ഷണം നൽകുന്നതിലുള്ള ഈ നേട്ടങ്ങൾ.

ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ ജീവിതശൈലി ആരോഗ്യ സൂചകങ്ങളിൽ പ്രതിഫലിക്കുന്നില്ല. എൻഎഫ്എച്ച്എസ് 2019-20-ന്റെ റിപ്പോർട്ടുകൾ പ്രകാരം ശരീര ഭാര സൂചിക, പൊണ്ണത്തടി, അനീമിയ എന്നിവയുടെ കാര്യത്തിൽ സ്ത്രീകളുടെ സ്ഥാനം മെച്ചമല്ല. കേരളത്തിലും ഇന്ത്യയിലും, ശരീര ഭാര സൂചിക, സാധാരണയിലും താഴെയുള്ള സ്ത്രീകളുടെ ശതമാനം പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്, എന്നിരുന്നാലും കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് മികച്ചവരാണ്. എന്നാൽ പൊണ്ണത്തടിയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ശതമാനം ഇന്ത്യയിലേതിനേക്കാൾ കൂടുതലാണ്, കൂടാതെ സംസ്ഥാനത്തെ അവരുടെ പങ്കാളികളേക്കാൾ കൂടുതലാണ്. വിളർച്ചയുടെ കാര്യത്തിൽ, 2015-16 മുതൽ 2019-20 വരെ അതിന്റെ ശതമാനം വർദ്ധിച്ചതായി കാണുന്നു, എന്നിരുന്നാലും കേരളത്തിന്റെ സ്ഥിതി അഖിലേന്ത്യാ ശരാശരിയേക്കാൾ മികച്ചതാണ് **(അനുബന്ധം 8.1.1)**. കൗമാരക്കാരുടെ ഗർഭധാരണവും കേരളത്തിൽ വളരെ കുറവാണ്. കേരളത്തിൽ വയോജനങ്ങളുടെ അനുപാതം കൂടുതലായതിനാൽ രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ സാംക്രമികേതര രോഗങ്ങളും വർധിച്ചുവരികയാണ്. കായികാദ്ധ്വാനങ്ങളുടെ അഭാവം സ്ത്രീകൾക്കിടയിൽ അമിതവണ്ണം, സാംക്രമികേതര രോഗങ്ങൾ വർദ്ധിക്കൽ പോലുള്ള നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എൻ.എഫ്.എച്ച്.എസ്-

**പട്ടിക 8.1.5** ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി

| ക്രമ നം. | സൂചകങ്ങൾ | | കേരളം | ഇന്ത്യ |
|---|---|---|---|---|
| 1 | ശിശുമരണ നിരക്ക്# | ആകെ | 6 | 30 |
| | | പുരുഷന്മാർ | 6 | 30 |
| | | സ്ത്രീകൾ | 7 | 31 |
| 2 | ശരാശരി വിവാഹ പ്രായം സ്ത്രീകൾ * | 18 വയസിന് താഴെ ഉള്ളവർ | 17 | 16.8 |
| | | 18-20 | 19.1 | 19.2 |
| | | 21 വയസിന് മുകളിൽ ഉള്ളവർ | 24.6 | 24 |
| | | എല്ലാ പ്രായക്കാരിലും | 23.2 | 22.3 |
| 3 | മാതൃ മരണ നിരക്ക് ** | | 43 | 113 |
| 4 | ജനനത്തെ അടിസ്ഥാനമാക്കിയുള്ള ആയുർദൈർഘ്യം *** | ആകെ | 75.3 | 69.4 |
| | | പുരുഷൻമാർ | 72.5 | 68.2 |
| | | സ്ത്രീകൾ | 77.9 | 70.7 |

അവലംബം: #എസ്.ആർഎസ് ബുള്ളറ്റിൻ ഒക്ടോബർ 2021
*എസ്.ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018/
**എം.എം.ആർ നെ കുറിച്ചുള്ള പ്രത്യേക ബുള്ളറ്റിൻ 2016-18
***എസ്.ആർഎസ് ലൈഫ് ടേബിൾ 2014-18

**പട്ടിക 8.1.6** മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ

| സൂചകങ്ങൾ | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | എൻ.എഫ്. എച്ച്.എസ്-3 (2005-06) | എൻ.എഫ്. എച്ച്.എസ്-4 (2015-16) | എൻ.എഫ്. എച്ച്.എസ്-5 (2019-20) | എൻ.എഫ്. എച്ച്.എസ്-3 (2005-06) | എൻ.എഫ്. എച്ച്.എസ്-4 (2015-16) | എൻ.എഫ്. എച്ച്.എസ്-5 (2019-20) |
| കൗമാര പ്രായക്കാരിലെ ഗർഭധാരണം | 16 | 7.9 | 6.8 | 5.8 | 3 | 2.4 |
| അമ്മമാരുടെ പ്രസവ പൂർവ പരിശോധനകൾ | 43.9 | 58.6 | 70 | 91.9 | 95.1 | 93.6 |
| ആശുപത്രികളിലെ ജനനങ്ങൾ (ശതമാനം) | 38.7 | 78.9 | 88.6 | 99.3 | 99.8 | 99.8 |
| മാതൃ ശിശു സംരക്ഷണവും (എം.സി.പി കാർഡ് ഉടമ) (ശതമാനം) | ലഭ്യമല്ല | 89.3 | 95.9 | ലഭ്യമല്ല | 84.2 | 91.3 |
| ആകെ പ്രത്യുല്പാദന നിരക്ക് (ഓരോ സ്ത്രീകൾക്കുമുള്ള കുട്ടികൾ) | 2.7 | 2.2 | 2 | 1.9 | 1.6 | 1.8 |
| സമ്പൂർണ്ണ പ്രസവ പൂർവ പരിചരണം (ശതമാനം) | 11.6 | 21 | ലഭ്യമല്ല | 66.7 | 61.2 | ലഭ്യമല്ല |
| അമ്മമാരുടെ പ്രസവാനന്തര പരിചരണം ലഭിച്ചത് (ശതമാനം) | 34.6 | 62.4 | 78 | 84.6 | 88.7 | 93.3 |
| സിസേറിയനിലൂടെയുള്ള പ്രസവം (ശതമാനം) | 8.5 | 17.2 | 21.5 | 30.1 | 35.8 | 38.9 |
| കൗമാര പ്രായക്കാരിലെ വിളർച്ച (ശതമാനം) | 55.3 | 53.1 | 57 | 32.8 | 34.3 | 36.3 |
| ഗർഭാവസ്ഥയിൽ അനുഭവിച്ച അക്രമം (ശതമാനം) | ലഭ്യമല്ല | 3.9 | 3.1 | ലഭ്യമല്ല | 1.2 | 0.5 |

അവലംബം: ദേശീയ കുടുംബ ആരോഗ്യ സർവേ

5 കണക്കുകൾ പ്രകാരം കേരളത്തിലെ 24.8 ശതമാനം സ്ത്രീകൾക്ക് പ്രമേഹവും 30.9 ശതമാനം പേർക്ക് രക്ത സമ്മർദ്ദവുമുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര നില മെച്ചപ്പെടുത്തുന്നതിനായി അനുബന്ധ പോഷകാഹാര പരിപാടി, പോഷൻ അഭിയാൻ, ആദ്യ 1,000 ദിനങ്ങൾ തുടങ്ങിയ വിവിധ പദ്ധതികൾ വനിതാ ശിശു വികസന വകുപ്പ് (ഡബ്ല്യൂസിഡി) നടപ്പിലാക്കിയിട്ടും, എൻഎഫ്എച്ച്എസ്-4 നെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും വിളർച്ച വർധിച്ചതായി എൻഎഫ്എച്ച്എസ്-5 റിപ്പോർട്ട് പ്രകാരം കാണുന്നു. പോഷകാഹാരക്കുറവിന്റെ പ്രശ്നം പരിഹരിക്കുന്നതിന്, സാമൂഹ്യ തലത്തിൽ ആരോഗ്യ-പോഷകാഹാര പരിപാടികളുടെ കൂടുതൽ സംയോജനവും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കലും ആവശ്യമാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പ്രചാരണം ജനുവരി 12, 2021 ന് ആരംഭിച്ചു.


കുടുംബാസൂത്രണത്തെ സംബന്ധിച്ചിടത്തോളം ഗർഭനിരോധനത്തെക്കുറിച്ചുള്ള അറിവ് കേരളത്തിൽ ഏറെക്കുറെ സാർവത്രികമാണ്. വിവാഹ - വിവാഹേതര ബന്ധങ്ങളിൽ ഗർഭനിരോധന മാർഗ്ഗങ്ങളുടെ ഉപയോഗം ഗൗരവമുള്ള കാര്യമാണ്. എൻഎഫ്എച്ച്എസ്-5 വിവരങ്ങൾ പ്രകാരം ഗർഭനിരോധന മാർഗ്ഗങ്ങളിൽ പുരുഷ പങ്കാളിത്തം നിസ്സാരമാണ്. കേരളത്തിൽ സ്ത്രീകളുടെ വന്ധ്യംകരണ നിരക്ക് 46.6 ശതമാനവും പുരുഷൻമാരുടേത് 0.1 ശതമാനവും ആണെന്ന് വിവരങ്ങൾ സൂചിപ്പിക്കുന്നു. ദേശീയ തലത്തിൽ ഇത് സ്ത്രീകളിൽ 37.9 ശതമാനവും പുരുഷന്മാരിൽ 0.3 ശതമാനവുമാണ്.

**സമ്പദ് വ്യവസ്ഥയിലെ പങ്കാളിത്തം**

ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് പല വികസന സൂചകങ്ങൾ എന്നിവയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകൾ അവരുടെ പുരുഷ പങ്കാളികളേക്കാൾ മികച്ചവരാണ്; എന്നാലും സാമ്പത്തിക മേഖലയിൽ അവരുടെ പങ്കാളിത്തം ഇനിയും മെച്ചപ്പെടാനുണ്ട്. എൻഎസ്എസ്ഒയുടെ മുൻ റൗണ്ടുകളിൽ, തൊഴിൽ സേനാ പങ്കാളിത്ത നിരക്കിലും (എൽ എഫ് പി ആർ) തൊഴിൽ പങ്കാളിത്ത നിരക്കിലും (ഡബ്ല്യുപിആർ) പുരുഷന്മാരും സ്ത്രീകളും തമ്മിൽ വലിയ വിടവുകൾ ഉണ്ടായിരുന്നു. സമകാലിക കേരള സമൂഹത്തിലെ ലിംഗ പദവീ വിരോധാഭാസങ്ങൾ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കിലും ആനുപാതികമല്ലാത്ത ഉയർന്ന തൊഴിലില്ലായ്മ നിരക്കിലും പ്രതിഫലിക്കുന്നുണ്ട്. ഔദ്യോഗിക തൊഴിൽ സേനാ സർവേ പ്രകാരം സ്ത്രീ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക്, ഇന്ത്യാ തലത്തിലേതിനേക്കാൾ കേരളത്തിൽ കുറവാണ് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ. ഒരു സാക്ഷര സംസ്ഥാനത്തിന്റെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് എല്ലായ്പ്പോഴും കേരളത്തിൽ വളരെ കൂടുതലാണ്. ഈയിടെ നടന്ന ആനുകാലിക

ലേബർ ഫോഴ്സ് സർവേകൾ (പിഎൽഎഫ്എസ്) കാണിക്കുന്നത് ഇക്കാര്യത്തിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അന്തരം ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ടെന്നാണ്. അതുപോലെ, 2020-21ൽ അവർ ഇന്ത്യയിലെ അവരുടെ മറ്റു പ്രതികളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട സ്ഥാനത്തെത്തിയിട്ടുണ്ട്. **(അനുബന്ധം 8.1.2).** 2018-19 ലെ പിഎൽഎഫ്എസ് അനുസരിച്ച്, ദേശീയ തലത്തിലുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും എൽ എഫ് പി ആർ, ഡബ്ല്യൂപിആർ എന്നിവ ചെറുതായി വർദ്ധിച്ചു. എന്നാൽ 2019-20ൽ ഇത് വീണ്ടും കുറഞ്ഞത് സാമ്പത്തിക മേഖലയിൽ കോവിഡ്-19 മഹാമാരിയുടെ പ്രഭാവം കാരണമാണ്. സ്ത്രീകളുടെ ഡബ്ല്യൂപിആർ എല്ലാ പ്രായ വിഭാഗങ്ങളിലും 2018-19ൽ 20.4 ശതമാനത്തിൽ നിന്ന് 2020-21-ലെ 23.3 ശതമാനമായി വർദ്ധിച്ചു. ഉല്പാദന ക്ഷമതയുള്ള 15-29 വയസ് വിഭാഗത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ഡബ്ല്യൂപിആർ 32.3 ആണ്, അതേ സമയം ഇതിന്റെ അഖിലേന്ത്യാ ശരാശരി 33.9 ആണ്. ഡബ്ല്യൂപിആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം **ചിത്രം 8.1.2**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 8.1.2** കേരളത്തിലെ സ്ത്രീ പുരുഷൻമാരുടെ (എല്ലാ പ്രായക്കാരും) തൊഴിൽ പങ്കാളിത്ത നിരക്ക്




അവലംബം: പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2020-21

### വേതന നിരക്കിലെ അസമത്വം

വേതനത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ, സംസ്ഥാനത്തും ദേശീയ തലത്തിലും ലിംഗപദവിപരമായ അസമത്വം കാര്യമായി നിലനിൽക്കുന്നു. ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിൽ എന്ന വിഭാഗത്തിൽ, ശമ്പളമുള്ള ജോലി, സ്വയം തൊഴിൽ, കൂലിപ്പണി എന്നിവയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്കുകളിലെ അസമത്വം നിലനിൽക്കുന്നതിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വേതന നിരക്കിലെ ലിംഗപദവിപരമായ അസമത്വം അനൗപചാരിക അല്ലെങ്കിൽ അസംഘടിത മേഖലയിൽ മാത്രമല്ല, **അനുബന്ധം 8.1.3**ൽ കാണിച്ചിരിക്കുന്നതുപോലെ സ്ഥിരം വേതനം/ശമ്പളമുള്ള ജോലികളിലും വ്യാപകമാണ്. വരുമാനത്തിലെ ലിംഗപദവിപരമായ വ്യത്യാസം ശമ്പളമുള്ള ജോലികളേക്കാളും സ്വയം തൊഴിൽ ചെയ്യുന്നതിനേക്കാളും കൂലിപ്പണിയിലാണ് കൂടുതൽ. കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും കൂലിപ്പണിയിൽ ദേശീയ തലത്തിലുള്ളവരേക്കാൾ ഉയർന്ന വേതനം ലഭിക്കുന്നുണ്ടെങ്കിലും, വേതന നിരക്കിലെ ലിംഗപദവിപരമായ വ്യത്യാസം കേരളത്തിലും നിലനിൽക്കുന്നു **(പട്ടിക 8.1.7).**

തൊഴിൽ സേനയുടെ അവിഭാജ്യ ഘടകമായി മാറുകയും വീട്ടുജോലികളുടെയും പരിപാലനത്തിന്റെയും ഉത്തരവാദിത്തങ്ങളുടെ മുഴുവൻ ഭാരവും വഹിക്കാതെ മികച്ച തൊഴിൽ നേടുകയും ചെയ്യുമ്പോഴാണ് സ്ത്രീകൾ സാമ്പത്തിക ശാക്തീകരണം കൈവരിക്കുന്നത്. ഇത് തിരിച്ചറിയപ്പെടേണ്ടതും കുടുംബത്തിനുള്ളിൽ കൂട്ടുത്തരവാദിത്തം പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ നീതിയുക്തമായ രീതിയിൽ ശമ്പളമില്ലാത്ത ഗാർഹിക, പരിചരണ ജോലികൾ കുറയ്ക്കാനും പുനർവിതരണം ചെയ്യാനും ശ്രമിക്കേണ്ടതും ആവശ്യമാണ്. ഇവ കുറയ്ക്കുന്നതിനും ജോലികളുടെ പുനർവിതരണം ചെയ്യുന്നതിനും സഹായിക്കുന്ന ഉചിതമായ നയങ്ങൾ/പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ സംസ്ഥാനത്തിന് നിർണായക പങ്ക് വഹിക്കേണ്ടതുണ്ട്.

### സ്ത്രീ തൊഴിലാളികളുടെ വ്യാവസായിക വിതരണം

കേരളത്തിൽ സ്ത്രീ തൊഴിൽ സേന കൃഷിയിൽ നിന്ന് അകന്നുപോയതായി കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിനെക്കുറിച്ച് സിഡിഎസിന്റെ 2015-ലെ ഒരു പ്രോജക്ട് റിപ്പോർട്ട് കാണിക്കുന്നു. പിഎൽഎഫ്എസ് 2019-20 അനുസരിച്ച്, ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം, അഖിലേന്ത്യാതലവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉയർന്നതാണ് **(ചിത്രം 8.1.3).** വലിയൊരു വിഭാഗം സ്ത്രീകൾ കുറഞ്ഞ ഉൽപ്പാദനക്ഷമതയുള്ളതും, അത്യധ്വാനം ആവശ്യമുള്ളതും ആയ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതിനാലാകാം ഇത്. കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ സ്ത്രീകളുടെ അംഗത്വത്തിൽ നിന്ന്, കുറഞ്ഞ വരുമാനമുള്ള വ്യവസായങ്ങളിലെ സ്ത്രീകളുടെ കേന്ദ്രീകരണം വ്യക്തമാകുന്നു. ഉദാഹരണത്തിന്, ബീഡി സിഗാർത്തൊഴിലാളികളുടെ ആകെ തൊഴിൽ സേനയിൽ 97.83 ശതമാനവും സ്ത്രീകളാണ്.

2019-20ൽ, കേരളത്തിലെ എഫ്ഡബ്ല്യൂപിആറിന്റെ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ, ഗ്രാമങ്ങളിലും നഗരങ്ങളിലും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളിൽ നേരിയ വർധനയുണ്ടായപ്പോൾ, ഗ്രാമീണ കേരളത്തിലെ വലിയ വർദ്ധനവ് നിർമ്മാണത്തിലും മറ്റ് ചില സേവനങ്ങളിലുമാണെന്ന് കാണാം. കേരളത്തിലെ നഗരപ്രദേശങ്ങളിൽ, വ്യാപാരത്തിലും തുടർന്ന് നിർമ്മാണ വ്യവസായത്തിലും സേവനങ്ങളിലുമാണ് ഉയർന്ന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ 2019-20 ലെ ഗ്രാമീണ സ്ത്രീ പങ്കാളിത്ത നിരക്ക് വർദ്ധന, എൻആർഇജിഎ തൊഴിലവസരങ്ങളുടെ വർദ്ധനവ് മൂലം ഒരു പരിധിവരെ കാർഷികമേഖലയിൽ ഉണ്ടായിട്ടുണ്ട്, മറ്റ് കാർഷികേതര മേഖലകളിലും ഇത് കാണപ്പെടുന്നു.

### തൊഴിൽ നില

**പട്ടിക 8.1.8**ൽ കാണിച്ചിരിക്കുന്നതു പോലെ സ്ത്രീ തൊഴിലിന്റെ സ്ഥിതി വ്യക്തമാക്കുന്നത് കേരളത്തിലെ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ പകുതിയോളം പേരും സ്ഥിര വരുമാനമുള്ള ജോലിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നാണ്. ഇത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിന്റെ ഇരട്ടിയോളം വരും. അതു പോലെ, ഇത് കേരളത്തിലെ എല്ലാ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളേക്കാളും കൂടുതലാണ്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഭൂരിഭാഗം സ്ത്രീ തൊഴിലാളികളും ഗാർഹിക സംരംഭങ്ങളിലെ സഹായികളാണെങ്കിലും കേരളത്തിൽ ഇത് 12 ശതമാനം മാത്രമാണ്. സംസ്ഥാനത്തിന് അതിന്റെ സ്ത്രീ തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന


**പട്ടിക 8.1.7** പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്ന് ഓരോ ദിവസവുമുള്ള ശരാശരി വേതനം/ശമ്പളം/വരുമാനം എന്നിവയിലെ ലിംഗപദവിപദവി വ്യത്യാസം

| കാലയളവ് | കേരളം/ഇന്ത്യ | ഗ്രാമം | | നഗരം | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| ജൂലൈ- സെപ്റ്റംബർ -2019 | കേരളം | 667.71 | 372.05 | 744.50 | 385.75 |
| | ഇന്ത്യ | 297.30 | 185.01 | 374.96 | 243.43 |
| ഒക്ടോബർ- ഡിസംബർ 2019 | കേരളം | 721.39 | 395.56 | 736.51 | 369.43 |
| | ഇന്ത്യ | 305.40 | 193.10 | 384.32 | 244.10 |
| ജനുവരി- മാർച്ച് -2020 | കേരളം | 715.96 | 430.54 | 729.58 | 351.86 |
| | ഇന്ത്യ | 315.13 | 205.43 | 391.31 | 264.86 |
| ഏപ്രിൽ-ജൂൺ 2020 | കേരളം | 685.12 | 318.79 | 697.62 | 489.62 |
| | ഇന്ത്യ | 309.02 | 209.10 | 390.06 | 256.20 |

അവലംബം: പി.എൽ.എഫ്.എസ് 2019-20,സിഡബ്ല്യൂഎസ്

മികച്ച തൊഴിൽ നിലവാരത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അഖിലേന്ത്യാ തലവുമായി താരതമ്യ പ്പെടുത്തുമ്പോൾ കേരളത്തിൽ താരതമ്യേന ചെറിയ തോതിലുള്ള സ്ത്രീ തൊഴിലാളികളാണ് ദിവസക്കൂലി തൊഴിലി ലേർപ്പെട്ടിരിക്കുന്നത്.

**ചിത്രം 8.1.3** സ്ത്രീ തൊഴിലാളികളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള അനുപാതം




അവലംബം: പി.എൽ.എഫ്.എസ് 2019-20

### സംഘടിത മേഖലയിലെ സ്ത്രീകൾ

2022-ൽ കേരളത്തിലെ സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അനുപാതം (43.67 ശതമാനം) പുരു ഷന്മാരുമായി (56.32 ശതമാനം) താരതമ്യ പ്പെടുത്തുമ്പോൾ കുറവാണ്. എന്നാൽ സംഘടിത മേഖ ലയിലെ മൊത്തം സ്ത്രീ തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ പത്ത് വർഷത്തിനിടെ വർദ്ധിച്ചു **(അനുബന്ധം 8.1.4).** 2022 ലെ സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം 5,46,013 ആണ് **(പട്ടിക 8.1.9).**

സംഘടിത മേഖലയിലെ തൊഴിൽ സ്ഥിതിവി വരക്ക ണക്കുകളുടെ മേഖല തിരിച്ചുള്ള ശതമാനം വിഹിതം പരിശോധിച്ചാൽ, പൊതുമേഖലയിലെ പുരുഷ മറ്റുപ്ര തികളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ പിന്നാക്കാ വസ്ഥയിലാണെന്ന് വെളിപ്പെടുത്തുന്നു. പൊതുമേഖലയിലെ സ്ത്രീകളുടെ തൊഴിൽ വിഹിതം 1.9 ലക്ഷമാണ്, 2022ൽ ഇത് 34.86 ശതമാനമാണ്. 3.5 ലക്ഷം സ്ത്രീകൾ (50.75 ശതമാനം) ജോലി ചെയ്യുന്ന സ്വകാര്യമേഖലയുടെ കാര്യത്തിൽ സ്ഥിതി മെച്ചമാണ്.

**പട്ടിക 8.1.8** കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്)

| തൊഴിൽ വിഭാഗം | | 2019-20 | |
|---|---|---|---|
| | | ഇന്ത്യ | കേരളം |
| എല്ലാ സ്വയം തൊഴിലുകളും | സ്വന്തം നിലയിലെ തൊഴിലാളി, തൊഴിൽ ദാതാവ്<br>കുടുംബ സംരംഭങ്ങളിലെ സഹായി | 55.5 | 39.4 |
| സ്ഥിരം വേതനമുള്ളവർ | | 22.6 | 44.3 |
| ദിവസ കൂലിക്കാർ | | 21.9 | 16.3 |

അവലംബം: പി.എൽ.എഫ്.എസ് 2019-20

പൊതുമേഖലയിലും സ്വകാര്യമേഖലയിലും കഴിഞ്ഞ 6 വർഷമായി സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ വർധിച്ചുവരികയാണ്. **(ചിത്രം 8.1.4).** 2021-ലും 2022-ലും പൊതുമേഖലയിലെ തൊഴിലവസരങ്ങളേക്കാൾ കൂടുതലാണ് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങളിലെ വർദ്ധനവ്.


**പട്ടിക 8.1.9** സംഘടിത മേഖലയിലെ തൊഴിൽ

| വർഷം | പൊതു മേഖല | | സ്വകാര്യ മേഖല | | ആകെ | |
|---|---|---|---|---|---|---|
| | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ |
| 2019 | 193807 | 560619 | 342877 | 686881 | 536684 | 1247500 |
| ശതമാനം | 34.6 | 100 | 49.9 | 100 | 43 | 100 |
| 2020 | 193224 | 554919 | 368153 | 699447 | 561377 | 1254366 |
| ശതമാനം | 34.82 | 100 | 52.63 | 100 | 44.75 | 100 |
| 2021 | 194080 | 556634 | 349978 | 691134 | 544058 | 1247768 |
| ശതമാനം | 34.86 | 100 | 50.64 | 100 | 43.60 | 100 |
| 2022 | 194191 | 556933 | 351822 | 693146 | 546013 | 1250079 |
| ശതമാനം | 34.86 | 100 | 50.75 | 100 | 43.67 | 100 |

അവലംബം: തൊഴിൽ ഡയറക്ടറേറ്റ്

**പട്ടിക 8.1.10**-ൽ കാണിച്ചിരിക്കുന്നതുപോലെ വിവിധ തരത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പൊതുമേഖലാ തൊഴിൽ വിതരണം 2020-21 ലും 2021-22 ലും സംസ്ഥാന സർക്കാരിൽ സ്ത്രീകളുടെ അനുപാതം കൂടുതലാണെന്ന് വെളിപ്പെടുത്തുന്നു.

**ചിത്രം 8.1.4** സംഘടിത മേഖലയിലെ സ്ത്രീ തൊഴിലിന്റെ വളർച്ച




അവലംബം: തൊഴിൽ ഡയറക്ടറേറ്റ്

വിവിധ തലങ്ങളിലെ സർക്കാർ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.1.5**ൽ കൊടുത്തിരിക്കുന്നു. പൊതുമേഖലയിലെ ജീവനക്കാരിൽ വനിതകളുടെ എണ്ണവും അനുപാതവും ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ്. തുടർന്ന് വയനാട് ജില്ലയിലും. എന്നാൽ സംസ്ഥാന സർക്കാരിൽ ഏറ്റവും കൂടുതൽ വനിതാ ജീവനക്കരുള്ളത് തിരുവനന്തപുരത്തും രണ്ടാമതായി തൃശ്ശൂരാണ്. കേന്ദ്രസർക്കാർ ജീവനക്കാരുടെ കണക്കെടുത്താൽ വനിതാ പ്രാതിനിധ്യം കൂടുതൽ തിരുവനന്തപുരവും രണ്ടാമതായി എറണാകുളവുമാണ്.

### നൈപുണ്യവും സംരംഭകത്വ വികസനവും

മതിയായ വിദ്യാഭ്യാസ പശ്ചാത്തലമോ വൈദഗ്ധ്യമോ ഇല്ലാത്ത സമർത്ഥരായ വനിതാ സംരംഭകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വകുപ്പ്, കുടുംബശ്രീ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി നിരവധി സർക്കാർ വകുപ്പുകൾ സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി) ഉൾപ്പെടെ വിവിധ പരിപാടികൾ നടത്തുന്നു. പ്രത്യേക പ്രശ്നങ്ങൾ നേരിടുന്ന വനിതാ സംരംഭകർക്ക് ഏകോപനവും സഹായവും നൽകുന്നതിനായി എം.എസ്.എം.ഇ ഒരു വനിതാ സെല്ലും തുറന്നിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ സർക്കാരിന്റെ മറ്റ് നിരവധി പദ്ധതികളും ഉണ്ട്, അവ നിർദ്ധനരായ സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുന്നതിനായി പരിശീലനവും വരുമാനവും നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹായവും നൽകുന്നു. ചില ബാങ്കുകളും നബാർഡ് പോലുള്ള ധനകാര്യ സ്ഥാപനങ്ങളും വനിതാ സംരംഭകർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വനിതാ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾക്ക് പുറമേ, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ-കൗശല്യ യോജന (ഡിഡിയു-ജികെവൈ), നാഷണൽ റൂറൽ ലൈവ്ലി ഹുഡ് മിഷൻ (എൻആർഎൽഎം), കുടുംബശ്രീയുടെ എംഎസ്എംഇ പദ്ധതികളും, വ്യവസായ വകുപ്പിന്റെ സംരംഭ സഹായ പദ്ധതി തുടങ്ങിയ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സർക്കാർ പദ്ധതികളും വനിതാ സംരംഭകർക്ക് ചില പ്രത്യേക പ്രോത്സാഹനങ്ങളും ഇളവുകളും നൽകുന്നു. ഈ പദ്ധതിയിൽ സ്ത്രീ ഗുണഭോക്താക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന് സ്ത്രീകൾക്ക് സർക്കാർ നിരവധി ഇളവുകൾ വരുത്തിയിട്ടുണ്ട്.

### ഐ ടി മേഖലയിലെ സ്ത്രീകൾ

ഐടി മേഖലയിൽ (ടെക്നോ പാർക്ക്, സൈബർ പാർക്ക്, ഇൻഫോ പാർക്ക്) 2020-21, 2021-22 വർഷങ്ങളിൽ തൊഴിലവസരങ്ങൾ വർധിച്ചു. സൈബർ പാർക്കിലെ വനിതാ ജീവനക്കാരുടെ അനുപാതം 2020-21ൽ 36 ശതമാനത്തിൽ നിന്നും 2021-22ൽ 40 ശതമാനത്തിൽ നിന്നും നേരിയ വർധനവ് കാണിക്കുന്നു. ടെക്നോ പാർക്കിന്റെയും ഇൻഫോ പാർക്കിന്റെയും കാലഘട്ടത്തിൽ ഈ അനുപാതം സ്ഥിരമായിരുന്നു. **(പട്ടിക 8.1.11).**

### കുടുംബശ്രീ വഴി സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം

സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായി 1998-ൽ സ്ഥാപിതമായ സ്ത്രീ അയൽക്കൂട്ടങ്ങളുടെ (എൻ.എച്ച്.ജി) സാമൂഹ്യ സംഘടനയായ കുടുംബശ്രീ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തുടക്കത്തിൽ സമ്പാദ്യ,

**പട്ടിക 8.1.10** സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം

| വർഷം | 2021-22 | | | 2020-21 | | |
|---|---|---|---|---|---|---|
| ഗവൺമെന്റിന്റെ തരം | ആകെ | വനിതകൾ | ശതമാനം | ആകെ | വനിതകൾ | ശതമാനം |
| കേന്ദ്ര സർക്കാർ | 60063 | 14726 | 24.51 | 60003 | 14716 | 24.52 |
| സംസ്ഥാന സർക്കാർ | 259339 | 105627 | 40.72 | 259239 | 105567 | 40.7 |
| കേന്ദ്ര അർദ്ധ സർക്കാർ | 80736 | 25391 | 31.44 | 80635 | 25341 | 31.42 |
| സംസ്ഥാന അർദ്ധ സർക്കാർ | 131372 | 39120 | 29.77 | 131480 | 39172 | 29.79 |
| എൽ.എസ്.ജി.ഐ | 25296 | 9272 | 36.65 | 25277 | 9284 | 36.72 |
| ആകെ | 556933 | 194136 | 34.85 | 556634 | 194080 | 34.86 |

അവലംബം: തൊഴിൽ ഡയറക്ടറേറ്റ്

വായ്പാ പ്രവർത്തനങ്ങളിൽ തുടങ്ങി, ആരോഗ്യം, പോഷകാഹാരം, കൃഷി, സാമൂഹിക വികസനം തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമെ, വരുമാന വർദ്ധന പ്രവർത്തനങ്ങളിലൂടെയും ചെറുകിട വായ്പകളിലൂടെയും സ്ത്രീകളെ ശാക്തീകരിക്കുന്നതിലും എൻ.എച്ച്.ജി-കൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദരിദ്രരായ സ്ത്രീകളെ സാമ്പത്തികമായി ഉൾപ്പെടുത്തുന്നതിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിക്കുകയും അതിന്റെ സമ്പാദ്യ, വായ്പാ പദ്ധതികളിലൂടെ താഴേക്കിടയിലുള്ള സ്ത്രീകളുടെ സാമ്പത്തിക നില ഉയർത്തുകയും ചെയ്തു. അയൽക്കൂട്ടങ്ങളുടെ മിച്ചം പിടിച്ച ചെറിയ സ്ഥിര സമ്പാദ്യത്തിൽ നിന്ന് അർഹരായ അംഗങ്ങൾക്ക് അതിനുള്ളിൽ തന്നെ വായ്പ നൽകുന്നു. എൻഎച്ച്ജിക്ക് സ്വയംഭരണാധികാരവും സാമ്പത്തിക പ്രവർത്തനങ്ങളിൽ വിവേചനാധികാരവുമുണ്ടെങ്കിലും ഓരോ എൻഎച്ച്ജിയും കുടുംബശ്രീ നിയമം അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. പ്രവർത്തനങ്ങൾ പ്രാദേശിക വികസന സൊസൈറ്റി (എഡിഎസ്), സാമൂഹ്യ വികസന സൊസൈറ്റി (സിഡിഎസ്) എന്നിവയിൽ റിപ്പോർട്ട് ചെയ്യണം. 2021-22 കാലയളവിൽ എൻ.എച്ച്.ജികൾ സമാഹരിച്ച മൊത്തം മിച്ച തുക 514 കോടി രൂപയിൽ കൂടുതലാണ്, ഈ തുകയിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര വായ്പ മിച്ച തുകയുടെ മൂന്നിരട്ടിയിലധികം വരും **(പട്ടിക 8.1.12)**.

2018-ൽ കേരളത്തിന്റെ സേവനമേഖലയിൽ നിലനിൽക്കുന്ന അവസരങ്ങൾ മനസ്സിലാക്കി കുടുംബശ്രീ "ഹർഷം" പരിപാടിക്ക് തുടക്കമിട്ടിരുന്നു. സ്ത്രീകൾക്ക് 15 ദിവസത്തെ തീവ്രപരിശീലനം നൽകുകയും വയോജന പരിചരണ മേഖലയിൽ സേവനം നൽകാൻ അവരെ സജ്ജരാക്കുകയും ചെയ്യുക എന്നതാണ് ഹർഷം പരിപാടിയുടെ ലക്ഷ്യം. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ആശുപത്രി മാനേജ്മെന്റിന്റെയും സഹായത്തോടെയാണ് പരിചരിക്കുന്നവർക്ക് പരിശീലനം നൽകിയത്. വയോജനങ്ങൾക്ക് സംരംഭക മാതൃകയിൽ മുഴുവൻ സമയ പ്രൊഫഷണൽ പരിചരണം നൽകാനും പകൽ സമയ സംരക്ഷണം നൽകാനും ആശുപത്രികളിൽ കൂട്ടിരിപ്പുകാരായി സേവനം നൽകാനും സുരക്ഷാ ഭവനങ്ങളിലെ വൃദ്ധർക്ക് കെയർടേക്കറായി സേവനം വ്യാപിപ്പിക്കാനും ഹർഷം ടീം തയ്യാറാണ്. 636 പേർക്ക് പരിശീലനം നൽകിയതിൽ 198 പേർക്ക് ഇതിനകം തന്നെ വിവിധ സ്ഥാപനങ്ങൾ/സുരക്ഷാ ഭവനം/ വീടുകളിൽ പ്രതിമാസ ശമ്പള അടിസ്ഥാനത്തിൽ സേവനത്തിനുള്ള അവസരം ലഭിച്ചു.

കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെഎൽജി) സംരംഭങ്ങളുമാണ് കുടുംബശ്രീയുടെ കീഴിലുള്ള പ്രധാന വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ. ഈ സ്ത്രീകളെ കൂട്ടുത്തരവാദിത്ത സംഘം എന്ന് വിളിക്കുന്ന ചെറുകിട കർഷക ഗ്രൂപ്പുകളായി സംയോജിപ്പിച്ചിരിക്കുന്നു, കൂടാതെ ജില്ലാ മിഷനുകൾ വഴിയുള്ള പരിശീലനം, സാമ്പത്തിക സഹായം, ഒത്തുചേരാനുള്ള അവസരങ്ങൾ തുടങ്ങിയവയിലൂടെയും വരുമാന വർദ്ധനയ്ക്കായി ഉപജീവന സംരംഭങ്ങളുടെ വിപുലമായ രംഗം തുറന്നു കൊടുക്കുന്നതിലൂടെയും കുടുംബശ്രീ പിന്തുണയ്ക്കുന്നു. കൂട്ടുകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം സ്ത്രീകൾക്കും കൃഷിയിൽ വരുമാനം നേടുന്നവരോ ജോലിക്കാരോ ഭർത്താവിന്റെ/ മാതാപിതാക്കളുടെ സഹായിയോ ആയി അനുഭവപരിചയം ഉണ്ടായിരുന്നു. ഇപ്പോൾ ഈ പദ്ധതി അവരെ തൊഴിലാളി എന്ന നിലയിൽ നിന്ന് സ്ത്രീ കർഷകരാക്കി മാറ്റി. സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്കും ജീവിത നിലവാരത്തിനും, മുകളിൽ പറഞ്ഞവയ്ക്ക് പുറമെയുള്ള പിന്തുണയായി യാതൊരു ഈടും കൂടാതെ പ്രായോഗികമായി

**പട്ടിക 8.1.11** കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ

| ഐറ്റി പാർക്കുകൾ | 2020-21 | | | 2021-22 | | |
|---|---|---|---|---|---|---|
| | ആകെ | സ്ത്രീകൾ | ശതമാനം | ആകെ | സ്ത്രീകൾ | ശതമാനം |
| ടെക്നോ പാർക്ക് | 63000 | 28350 | 45 | 64000 | 28800 | 45 |
| ഇൻഫോ പാർക്ക് | 54000 | 21600 | 40 | 63600 | 25440 | 40 |
| സൈബർ പാർക്ക് | 764 | 278 | 36 | 1237 | 495 | 40 |

അവലംബം: ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്

പൂജ്യം ശതമാനം പലിശയ്ക്ക് ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ലിങ്കേജ് വായ്പകളും, കൂടാതെ മാസ്റ്റർ ഫാർമേഴ്സ് എന്ന് വിളിക്കപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ തുടർച്ചയായതും തടസ്സമില്ലാത്തതും വർഷം മുഴുവനുമുള്ള സേവനവും ഉൾപ്പെടുന്നതാണ്. **പട്ടിക 8.1.13**ൽ കാണിച്ചിരിക്കുന്നതുപോലെ, 3.4 ലക്ഷത്തിലധികം സ്ത്രീ കർഷകർ കൃഷിയിൽ സജീവമായി ഏർപ്പെടുകയും, അവർ 2021-22 കാലയളവിൽ മുപ്പത്തിമൂന്നായിരം ഹെക്ടറിലധികം സ്ഥലത്ത് കൃഷി അവർ ചെയ്യുകയും ചെയ്യുന്നു. പുരുഷന്മാർ കൂടുതലായി കൃഷിയിൽ നിന്ന് അകന്നുപോകുകയും കൃഷിയോഗ്യമായ ഭൂമി (നെൽവയലുകൾ ഉൾപ്പെടെ) മറ്റ് ആവശ്യങ്ങൾക്കായി മാറ്റുകയും ചെയ്യുന്ന കേരളത്തിൽ ഈ കണക്ക് വളരെ നിർണായകമാണ്.

**പട്ടിക 8.1.12** അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ

| വർഷം | 2019-20 | 2020-21 | 2021-22 |
|---|---|---|---|
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 287723 | 294436 | 306551 |
| അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | 45.1 | 45.85 | 45.86 |
| വരിസംഖ്യ (കോടിയിൽ) | 443.7 | 406.71 | 514 |
| ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം | 73522 | 250018 | 52837 |
| വിതരണ തുക മൊത്തത്തിൽ (കോടിയിൽ) | 2670 | 4070.26 | 3436 |
| ആഭ്യന്തര വായ്പ (കോടിയിൽ) | 1778.4 | 1323.11 | 2510 |

അവലംബം: കുടുംബശ്രീ

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി. എൻ.ആർ.ഇ.ജി.എ)

കേരളത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എയിലെ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. 2021-22ൽ സൃഷ്ടിക്കപ്പെട്ട വ്യക്തിഗത തൊഴിൽ ദിനങ്ങളും എം.ജി. എൻആർഇജിഎ വഴി സൃഷ്ടിക്കപ്പെട്ട സ്ത്രീകളുടെ വ്യക്തിഗത ദിവസങ്ങളുടെ ശതമാനവും വർദ്ധിക്കുകയുണ്ടായി (89.57 ശതമാനം) (**പട്ടിക 8.1.14**).

ഗ്രൂപ്പ് വൈസ് ടാസ്ക് നാപി പേയ്മെന്റ് സിസ്റ്റം (ജിടിഎൻപിഎസ്) വഴി മേറ്റുകളുടെ വിന്യാസത്തിൽ 100 ശതമാനം മേറ്റുകളെ തെരഞ്ഞെടുക്കുന്നത് സ്ത്രീകളിൽ നിന്നാണ്. സംസ്ഥാനത്ത് വിന്യസിച്ചിരിക്കുന്ന എല്ലാ മേറ്റുകൾക്കും വാർഷിക പരിശീലനം നൽകുന്നു. 2020-21ൽ 90,789 മേറ്റുകൾ പരിശീലനം നേടി. എൻ.ആർ.ഇ.ജി.എ യിലെ 37.34 ശതമാനം അർദ്ധ നൈപുണ്യ തൊഴിലാളികളും 25.6 ശതമാനം നൈപുണ്യ തൊഴിലാളികളും സ്ത്രീകളാണ്.

### സ്ത്രീ ശാക്തീകരണവും തീരുമാനമെടുക്കുന്നതിലെ പങ്കാളിത്തവും

ഗാർഹിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലും സംസ്ഥാനത്തിന്റെ നയപരമായ തീരുമാനങ്ങളിലും സ്ത്രീകൾ സജീവമായ പങ്ക് വഹിക്കേണ്ടതുണ്ട്. ഇത് വികസന പ്രക്രിയയിലും ലിംഗപദവിനീതിയുള്ള ഒരു സമൂഹം വികസിപ്പിക്കുന്നതിലും അവരുടെ ആവശ്യങ്ങളുടെയും താൽപ്പര്യങ്ങളുടെയും ഒരു സംയോജനം ഉറപ്പാക്കും. എൻഎഫ്എച്ച്എസ് 5 റിപ്പോർട്ട് കാണിക്കുന്നത് കേരളത്തിലെ 40-49 വയസ്സിനിടയിലുള്ള വിവാഹിതരായ സ്ത്രീകളിൽ 89 ശതമാനവും തങ്ങൾതന്നെയോ പങ്കാളികളുമൊത്തോ പണം സമ്പാദിക്കുന്നതിൽ സ്വയം പര്യാപ്തരാണ്. പങ്കാളികൾക്ക് തുല്യമോ അതിലധികമോ സമ്പാദിക്കുന്ന സ്ത്രീകൾ 40-49 വയസ്സിനിടയിൽ 32.8 ശതമാനവും 30-39 പ്രായത്തിലുള്ളവരിൽ 32.2 ശതമാനവുമാണ്. 12-ാം ക്ലാസിനു മുകളിൽ വിദ്യാഭ്യാസം നേടിയ 92.8 ശതമാനം സ്ത്രീകളും തങ്ങൾതന്നെയോ പങ്കാളികൾക്കൊപ്പമോ സ്വയം പര്യാപ്തരാണ്.

**പട്ടിക 8.1.13** കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും

| വർഷം | 2020-21 | 2021-22 |
|---|---|---|
| ജെ എൽ ജികളുടെ എണ്ണം | 72306 | 74776 |
| ജെ എൽ ജി അംഗങ്ങളുടെ എണ്ണം | 331060 | 343271 |
| കൃഷിയിടത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | 28042.35 | 33310.05 |
| തരിശു നിലത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | 4206.235 | 6634.62 |
| കുടുംബശ്രീയുടെ കീഴിലുള്ള വനിതാ സംരംഭങ്ങൾ | | |
| സംരംഭങ്ങളുടെ എണ്ണം | 46240 (കൂട്ടിച്ചേർത്തത്) | 54471 |
| സംരംഭത്തിലെ സ്ത്രീകളുടെ എണ്ണം | 157848 (കൂട്ടിച്ചേർത്തത്) | 175006 |

അവലംബം: കുടുംബശ്രീ

കേരളത്തിൽ, 30-39 വയസ്സിനിടയിലുള്ള 72.7 ശതമാനം സ്ത്രീകളും 20-24 വയസ്സിനിടയിലുള്ള 56.5 ശതമാനം സ്ത്രീകളും ആരോഗ്യ സംരക്ഷണം, പ്രധാന വീട്ടുസാധനങ്ങൾ വാങ്ങൽ, അവരുടെ കുടുംബത്തിനേയോ ബന്ധുക്കളെയോ സന്ദർശിക്കൽ തുടങ്ങിയ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കുന്നു. 73.1 ശതമാനം ജോലിയുള്ള സ്ത്രീകളും അവരുടെ ദൈനംദിന തീരുമാനങ്ങൾ എടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു, അതേസമയം തൊഴി ലില്ലാത്ത സ്ത്രീകളിൽ ഇത് 67.8 ശതമാനമാണ്.

15-49 വയസ് പ്രായമുള്ള സ്ത്രീകളുടെ പേരിൽ ബാങ്ക് അക്കൗണ്ടുള്ളവരുടെ ശതമാനം 76.48 ആണ്. 40-49 പ്രായമുള്ളവരിൽ 61.4 ശതമാനവും 30-39 പ്രായത്തിലുള്ള 62.6 ശതമാനവും ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് ബോധമുള്ളവരാണ്. എന്നാൽ 15-19 വയസ്സിനിടയിൽ ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് അറിയാവുന്ന സ്ത്രീകൾ 35.9 ശതമാനം മാത്രമാണ്. 15.4 ശതമാനം തൊഴിൽ ചെയ്യുന്ന സ്ത്രീകളും 7.8 ശതമാനം തൊഴിലില്ലാത്ത സ്ത്രീകളും ചെറുകിട വായ്പാ പരിപാടികളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്. 15-49 വയസ് പ്രായമുള്ള സ്ത്രീകളിൽ 24.5 ശതമാനം പേർക്ക് സ്വന്തം പേരിലോ അവരുടെ പങ്കാളികളുടെകൂടെയോ ഒരു വീട് സ്വന്തമായി ഉണ്ട്. എന്നാൽ

**പട്ടിക 8.1.14** കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ ആർ ഇ ജി എ തൊഴിൽ നില, 2018-19 മുതൽ 2021-22 വരെ

| വർഷം | സജീവ തൊഴിൽ കാർഡുകളുടെ എണ്ണം (ലക്ഷത്തിൽ) | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | സൃഷ്ടിക്കപ്പെട്ട വനിതാ തൊഴിൽ ദിനങ്ങൾ (ശതമാനത്തിൽ) | സൃഷ്ടിക്കപ്പെട്ട വ്യക്തി തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ഓരോ വ്യക്തിക്ക് ഓരോ ദിനത്തിലും ലഭിച്ച ശരാശരി വേതന നിരക്ക് (രൂപയിൽ) | കുടുംബങ്ങൾക്ക് തൊഴിൽ നൽകിയ ശരാശരി ദിനങ്ങൾ | 100 ദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 2018-19 | 20.20 | 14.78 | 90.41 | 975.25 | 274.2 | 65.97 | 4,41,479 |
| 2019-20 | 20.00 | 14.38 | 89.8 | 802.3 | 274.29 | 55.75 | 2,51,141 |
| 2020-21 | 20.43 | 16.17 | 90.49 | 1023 | 294.65 | 63.25 | 4,70,410 |
| 2021-22 | 21.59 | 16.45 | 89.57 | 1059.66 | 294.94 | 64.41 | 512823 |

അവലംബം: എൻ ആർ ഇ ജി എ ഡാറ്റാ ബേസ് (21.11.2022 വരെ)

ഒറ്റയ്ക്കോ കൂട്ടായോ ഭൂമി സ്വന്തമായുള്ള സ്ത്രീകൾ 11.5 ശതമാനം മാത്രമാണ്. 15-49 വയസ്സിനിടയിലുള്ള സ്ത്രീകളിൽ 86.5 ശതമാനം പേർക്കും മൊബൈൽ ഫോണുണ്ട്.

എൻഎഫ്എച്ച്എസ് 2019-20ൽ ശേഖരിച്ച മൂന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം ഇവിടെ പരിഗണിക്കുന്നു. സാധാരണയായി ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ ശതമാനവും അവർ തന്നെ കൈകാര്യം ചെയ്യുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ള സ്ത്രീകളുടെ ശതമാനവും അവർ സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോൺ കൈവശമുള്ള സ്ത്രീകളുടെ ശതമാനവുമാണ് അവ. **പട്ടിക 8.1.15**ൽ കാണിച്ചിരിക്കുന്നതുപോലെ, കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ തലത്തിലുള്ള സ്ത്രീകളേക്കാൾ കൂടുതൽ തീരുമാനമെടുക്കൽ പ്രക്രിയയിൽ സജീവമായി പങ്കെടുക്കുന്നു.

ലോക് സഭാ തെരഞ്ഞെടുപ്പിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം 1962ലെ മൂന്നാം ലോക് സഭാ തെരഞ്ഞെടുപ്പിലെ 46.63 ശതമാനത്തിൽ നിന്ന് 16-ാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ 66 ശതമാനമായി വർദ്ധിച്ച് വന്നിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം വളരെ കൂടുതലാണ്. എന്നാൽ പാർലമെന്റിലും നിയമസഭയിലും വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്. 16-ാം ലോക്സഭയിൽ, പാർലമെന്റിലെ മൊത്തം അംഗങ്ങളുടെ 12 ശതമാനം സ്ത്രീകളാണെങ്കിൽ, കേരളത്തിൽ നിന്ന് ഒരു വനിതാ എംപിക്ക് (5 ശതമാനം) മാത്രമേ പാർലമെന്റിൽ എത്താൻ കഴിഞ്ഞുള്ളൂ. അതുപോലെ സംസ്ഥാന അസംബ്ലിയിലും സ്ത്രീ പ്രാതിനിധ്യം കുറവാണ്.

**പട്ടിക 8.1.15** തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം അവലംബം: എൻ എഫ് എച്ച് എസ്

| സൂചികകൾ | ഇന്ത്യ | | | | കേരളം | | | |
|---|---|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്-5 (2019-20) | | | എൻ എഫ് എച്ച് എസ്-4 (2015-16) | എൻ എഫ് എച്ച് എസ്-5 (2019-20) | | | എൻഎഫ്എച്ച്എസ്-4 (2015-16) |
| | നഗരം | ഗ്രാമം | ആകെ | ആകെ | നഗരം | ഗ്രാമം | ആകെ | ആകെ |
| ഇപ്പോൾ വിവാഹം കഴിഞ്ഞ, സാധാരണ ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ (ശതമാനത്തിൽ) | 91 | 87.7 | 88.7 | 84 | 93.6 | 94.6 | 94 | 92.1 |
| സ്വയം ഉപയോഗിക്കുന്ന ബാങ്ക്/ സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 80.9 | 77.4 | 78.6 | 53 | 78.9 | 78.2 | 78.5 | 70.6 |
| സ്വന്തമായി മൊബൈൽ ഫോണുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 69.4 | 46.6 | 54 | 45.9 | 86.2 | 86.9 | 86.6 | 81.2 |

അവലംബം: എൻ.എഫ്.എച്ച്.എസ്

എന്നാൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾ എടുക്കുന്ന സ്ഥാനങ്ങളിൽ പകുതിയും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. 2020ലെ തെരഞ്ഞെടുപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മൊത്തം വ്യക്തികളിൽ 54 ശതമാനവും സ്ത്രീകളാണെന്നത് ശ്രദ്ധേയമാണ്. സാമൂഹികവും രാഷ്ട്രീയവും മതപരവുമായ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ താഴേത്തട്ടിൽ മതിയായ പ്രാതിനിധ്യം ഉണ്ടെങ്കിലും, ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം തുച്ഛമാണ്. കേരളത്തിന്റെ 64 വർഷത്തെ രാഷ്ട്രീയ ചരിത്രത്തിൽ ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട വനിതാ എംഎൽഎമാർ, കേരള നിയമസഭയുടെ 10 ശതമാനം കവിഞ്ഞിട്ടില്ലെന്നത് ആശങ്കാജനകമാണ്.

**സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ**

കഴിഞ്ഞ രണ്ട് വർഷമായി സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ നേരിയ രീതിയിൽ കുറഞ്ഞുവെങ്കിലും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ കേരളത്തിൽ വലിയ ഭീഷണിയായി തന്നെ തുടരുകയാണ്. ബലാത്സംഗം, പീഡനം, തട്ടിക്കൊണ്ടുപോകൽ, തട്ടിക്കൊണ്ടുപോകൽ, പൂവാല ശല്യം, സ്ത്രീധന മരണം, ഭർത്താവ്/ബന്ധുക്കൾ എന്നിവരിൽ നിന്നുള്ള ക്രൂരത, മറ്റ് കുറ്റകൃത്യങ്ങൾ എന്നിങ്ങനെ താഴെപ്പറയുന്ന വിഭാഗങ്ങളിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ ഡാറ്റ കേരളത്തിലെ ക്രൈം റെക്കോർഡ് ബ്യൂറോ നൽകുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യ വിഭാഗങ്ങളിലുള്ള ഭൂരിഭാഗം കേസുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത് സ്ത്രീ പീഡനമാണ് (28 ശതമാനം), ഭർത്താവിൽ നിന്നും ബന്ധുക്കളിൽ നിന്നുമുള്ള ക്രൂരത (27.5 ശതമാനം) എന്നിവയിലാണ്. 2016-2022 കാലയളവിൽ കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ **അനുബന്ധം 8.1.6**ൽ കാണിച്ചിരിക്കുന്നു. 2018-19 ലെ നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS-5) കണക്കുകൾ പ്രകാരം, കേരളത്തിലെ 9 ശതമാനം സ്ത്രീകൾ ശാരീരിക പീഡനങ്ങളും ഒരു ശതമാനം ലൈംഗികാതിക്രമവും അനുഭവിച്ചിട്ടുണ്ട്.

**ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പരിപാടികൾ:**

ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ തടയുക, നേരിടുക, അതിനെ അതിജീവിച്ചവരെ പുനരധിവസിപ്പിക്കുക എന്നിവ വനിതാ വികസനത്തിൽ വളരെ പ്രധാനമാണ്. നോഡൽ ഏജൻസിയായ ഡബ്ല്യൂസിഡിയും പോലീസും ജുഡീഷ്യറിയും ഉൾപ്പടെ നിർണ്ണായകമായ നിരവധി വകുപ്പുകളെ ഇത് ഉൾക്കൊള്ളുന്നു. സ്ഥിര സംവേദനം, പൊതുബോധവൽക്കരണം, സമൂഹാധിഷ്ഠിത കുറ്റകൃത്യങ്ങളുടേയും ദുർബലതയുടേയും മാപ്പിംഗ്, കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള കൗൺസിലിംഗ്, സ്വയം പ്രതിരോധ പരിശീലനം, പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ, ഷെൽട്ടർ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, വൺ സ്റ്റോപ്പ് അടിയന്തിര കേന്ദ്രം, അക്രമത്തിനിരയായവർക്കുള്ള വൈദ്യശുശ്രൂഷ തുടങ്ങി ധാരാളം നടപടികൾ ഈ പരിപാടിയുടെ ഭാഗമാണ്.

**നിർഭയ നയം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനും ചൂഷണത്തിനായി കടത്തി കൊണ്ടു പോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. നിർഭയ സെൽ ഇപ്പോൾ വനിതാ ശിശു വികസന ഡയറക്ടറേറ്റിന്റെ കീഴിലാണ്. നിർഭയ പദ്ധതിയിൽ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടുന്ന സ്ത്രീകൾക്കുള്ള അഭയകേന്ദ്രങ്ങൾ ഉൾപ്പെടുന്നു, അവിടെ അവർക്ക് ഉപജീവനം നേടാനും തൊഴിൽ നേടാനുമായി ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകി വരുന്നു. നിർഭയ സെൽ സംസ്ഥാനത്തുടനീളം പതിനഞ്ച് നിർഭയ ഹോമുകൾ (സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങൾ) സ്ഥാപിച്ചിട്ടുണ്ട്. എസ്.ഒ.എസ് മോഡൽ ഹോം: 12 വയസ്സിന് താഴെയുള്ള പോക്സോയെ അതിജീവിച്ച പെൺകുട്ടികൾക്കായി തിരുവനന്തപുരം ജില്ലയിലാണ് ഈ മാതൃകാ ഷെൽട്ടർ ഹോം ആരംഭിച്ചത്

**വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ:** പൊതു-സ്വകാര്യ സ്ഥലങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഡബ്ല്യൂസിഡിയുടെ ഈ കേന്ദ്രങ്ങൾ പിന്തുണ നൽകുന്നു. ഗതാഗതം, വൈദ്യസഹായം, പോലീസുമായി ഇടപെടുന്നതിനുള്ള സൗകര്യം, നിയമസഹായം, മാനസിക സാമൂഹ്യ കൗൺസിലിംഗ്, ആവശ്യമെങ്കിൽ താൽകാലിക അഭയം എന്നിവ ഉൾപ്പെടെയുള്ള സംയോജിത സേവനങ്ങളുടെ ഒരു ശ്രേണി ഈ കേന്ദ്രങ്ങൾ നൽകും. 2019-20ൽ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ ഉള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനങ്ങളിലൊന്നായി കേരളം മാറി.

**കാതോർത്ത്:** സ്ത്രീകൾക്കായി ഡബ്ല്യൂസിഡിയുടെ ഈ ഓൺലൈൻ കൺസൾട്ടേഷൻ പരിപാടി 2021 ഫെബ്രുവരിയിൽ ആരംഭിച്ചു, കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവയിലൂടെ അവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് ലക്ഷ്യമിടുന്നു. www.kathorthu.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴി പരാതികൾ സമർപ്പിക്കാം.

**ആശ്വാസനിധി:** ലൈംഗിക കുറ്റകൃത്യങ്ങളുടെയും ഹീനമായ ലിംഗ പദവി അധിഷ്ഠിത അക്രമങ്ങളുടെയും ഇരകൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, സംസ്ഥാന സർക്കാർ ഇത്തരം ഇരകൾക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് 300 ലക്ഷം രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുമെന്ന് 2018-19-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചു. ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമം എന്നിവയുടെ ഇരകൾക്ക് വനിതാ ശിശു വികസന വകുപ്പ് ഈ ഫണ്ട് നല്കി വരുന്നു.

**ഭൂമിക:** ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ (എൻ.ആർ.എച്ച്.എം) പിന്തുണയോടെ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ/സാമൂഹിക ദുരുപയോഗങ്ങൾ എന്നിവയ്ക്ക് ഇരയായവർക്കായി വൈദ്യശാസ്ത്ര, മനഃശാസ്ത്ര പരിചരണം നൽകുന്ന പരിപാടിക്ക് സർക്കാർ തുടക്കമിട്ടിരുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്രമായ "ഭൂമിക" ഇരകൾക്ക് സാമൂഹികവും മാനസികവുമായ പിന്തുണ നൽകുന്നു.

**സ്നേഹിത:** കുടുംബശ്രീ ജെൻഡർ ഹെൽപ്പ് ഡെസ്ക് ആയ സ്നേഹിത ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനങ്ങൾ നൽകുന്നു. മറ്റ് വകുപ്പുകളുമായും

എൻജിഒകളുമായും ഒത്തുചേർന്നു കൊണ്ട് അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി ഷോർട്ട് സ്റ്റേ ഹോമുകൾ, വ്യക്തികൾ, കൗമാരക്കാർ, വിവാഹം കഴിക്കേണ്ടവർ എന്നിവർക്കായുള്ള കൗൺസിലിംഗ്, ബോധവൽക്കരണ കൂട്ടായ്മകൾ, നിയമ-വൈദ്യ സഹായങ്ങൾ, പുനരധിവാസം എന്നിവ ഈ സേവനങ്ങളിൽ ഉൾപ്പെടുന്നു.

**അപരാജിത ഈസ് ഓൺലൈൻ:** സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള പീഡനങ്ങളുടെ പരാതി പരിഹാരത്തിനുള്ള ദ്രുത പ്രതികരണ സംവിധാനമായ ഇത് പോലീസ് വകുപ്പാണ് പ്രവർത്തിപ്പിക്കുന്നത്.

**മിത്ര–181 ഹെൽപ്പ് ലൈൻ:** കെ.എസ്.ഡബ്ല്യു.ഡി.സി ആരംഭിച്ച ഈ ഹെൽപ്പ് ലൈൻ സഹായം ആവശ്യമുള്ള സ്ത്രീകൾക്കായി 24x7 ലഭ്യമാകുന്ന ഒരു അടിയന്തിര പ്രതികരണ സേവനമായി വിജയകരമായി പ്രവർത്തിച്ചു വരുന്നു.

### വനിതാ ശിശുവികസന വകുപ്പിന്റെ രൂപീകരണം

സർക്കാരിന്റെ ഒരു സുപ്രധാന നേട്ടം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും സാമൂഹ്യ പിന്തുണയും എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, 2017 ജൂണിൽ വനിതാ ശിശുവികസന വകുപ്പ് (ഡബ്ല്യുസിഡി) സ്ഥാപിച്ചതാണ്, സംസ്ഥാന വനിതാ കമ്മീഷൻ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജെൻഡർ പാർക്ക്, നിർഭയ പദ്ധതി, സ്ത്രീകളുടെയും കുട്ടികളുടെയും അഭയ കേന്ദ്രങ്ങൾ, ഐ.സി.ഡി.എസ്., അങ്കണവാടികൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ഘടനയാണ് ഇത്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായുള്ള 44 ക്ഷേമ സ്ഥാപനങ്ങളുടെ (16 സ്ത്രീകൾക്കും 28 കുട്ടികൾക്കും) നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് അതിന്റെ പ്രവർത്തനത്തിന്റെ വലിയൊരു ഭാഗം, ദുർബലരായ ജനങ്ങൾക്ക് സ്ഥാപനങ്ങളിലൂടെ പരിചരണം നൽകുന്നതിൽ എൻജിഒകളും സന്നദ്ധ സംഘടനകളും ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവും ശാരീരികവും മാനസികവും ബോധപരവും വൈകാരികവുമായ വികാസങ്ങളും ലിംഗാവബോധം പുലർത്തുന്ന കുടുംബം, സമൂഹം, എന്നിവ ഉറപ്പുവരുത്തുന്നതിനാണ് വനിതാ ശിശുവികസന വകുപ്പ് പ്രവർത്തിക്കുന്നത്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017–22) കാലയളവിൽ ഡബ്ല്യുസിഡിയുടെ സംരംഭങ്ങൾ

കേരളത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എണ്ണത്തിലും ആയുസ്സിലും കൂടുതലാണ്, അതുകൊണ്ട് തന്നെ കേരളത്തിലെ സ്ത്രീകളുടെ വൈവാഹിക നില വളരെ പ്രധാനമാണ്. അത് അവരുടെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ലഭിക്കുന്ന പരിചരണത്തിന്റെയും പിന്തുണയുടെയും മൊത്തത്തിലുള്ള നിലവാരത്തെ സ്വാധീനിച്ചേക്കാം. കേരളത്തിലെ മൊത്തം പുരുഷ ജനസംഖ്യയുടെ 3.5 ശതമാനം മാത്രമാണ് ഭാര്യ മരിച്ച പുരുഷൻമാരെന്നും ജനസംഖ്യയുടെ 11.56 ശതമാനം വിധവകൾ ആണെന്നും സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ഈ ലിംഗപദവി വ്യത്യാസം അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ "മംഗല്യ" എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. വിധവകൾ/വിവാഹമോചിതർ എന്നിവർക്ക് പുനർവിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്നതാണ് പദ്ധതി. നിരാലംബരും ഭവനരഹിതരുമായ വിധവകൾക്ക് സുരക്ഷിതവും മെച്ചപ്പെട്ടതുമായ ജീവിത സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ, അഭയകിരണം പദ്ധതിയിൽ നിർധനരായ വിധവകൾക്ക് സംരക്ഷണവും പാർപ്പിടവും നൽകുന്ന അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നു. വിധവകളുടെ കുടുംബങ്ങളിൽ ഭൂരിഭാഗവും പരിതാപകരമായ അവസ്ഥയിലാണ് കഴിയുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഈ കുടുംബങ്ങൾക്ക് സഹായഹസ്തം നീട്ടാൻ സഹായഹസ്തം പദ്ധതി നിർദ്ദേശിക്കുന്നു. 3,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതിയാണ് "പടവുകൾ". അവിചാരിതമായി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ത്രീ നയിക്കുന്ന കുടുംബങ്ങൾക്ക് പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായം നൽകാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "അതിജീവിക".

**തേജോമയ ആഫ്റ്റർ കെയർ ഹോം:**-എറണാകുളം എടയ്ക്കാട്ടുവയലിൽ തേജോമയ ആഫ്റ്റർ കെയർ ഹോം സ്ഥാപിച്ചു. പഠനം പൂർത്തിയാക്കിയവരും വിവിധ തൊഴിലുകളിൽ താൽപ്പര്യമുള്ളവരുമായ, സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങളിലെ താമസക്കാരെ ഉദ്ദേശിച്ചാണ് ഇത്. എച്ച്.എൽ.എഫ്.പി.പി.റ്റി (ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ്) യുടെ സഹായത്തോടെ ഒരു കരിയർ അസസ്മെന്റ് പരിപാടി നടത്തുകയും കാറ്ററിംഗ്, ടൈലറിംഗ്, ബ്യൂട്ടീഷ്യൻ, ഡ്രൈവിംഗ് തുടങ്ങിയ വിവിധ തൊഴിലുകൾക്കായി 42 അന്തേവാസികളെ തിരഞ്ഞെടുക്കുകയും ചെയ്തു. 26 അന്തേവാസികൾക്കായി മനഃശാസ്ത്രപരമായ ഇടപെടൽ പരിപാടി/ക്ഷേമ പരിപാടിയും നടത്തി.

**മാനസികാരോഗ്യത്തിനുള്ള ഭവനം:** സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങളിൽ താമസിക്കുന്ന മാനസിക പ്രശ്നങ്ങളുള്ള അന്തേവാസികളെ ഉദ്ദേശിച്ചുള്ളതാണ്. തൃശ്ശൂരിൽ മാനസികാരോഗ്യ ഭവനം ആരംഭിക്കുന്നതിന് 39.87 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ഇത് തുടങ്ങുന്നതിനായി ഗാന്ധിഭവൻ അന്താരാഷ്ട്ര ട്രസ്റ്റിനെ ഏൽപ്പിക്കുകയും ചെയ്തു. 2019-20 കാലയളവിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

**വൺ ഡേ ഹോം:** ഒറ്റയ്ക്ക് യാത്ര ചെയ്ത് വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കെട്ടിടത്തിന്റെ എട്ടാം നിലയിൽ തിരുവനന്തപുരം കോർപ്പറേഷന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും സംയുക്ത സംരംഭമായി ഒരു വൺഡേ ഹോം ആരംഭിച്ചു. മിതമായ നിരക്കിൽ സുരക്ഷിതമായ താമസവും ഭക്ഷണവും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020 മാർച്ച് 7 മുതലാണ് വൺ ഡേ ഹോം പ്രവർത്തനം ആരംഭിച്ചത്.

**സ്ത്രീധന നിരോധനം:** 2019-2020 കാലഘട്ടത്തിൽ സ്ത്രീധനം ഇല്ലാതാക്കുന്നതിനുള്ള ഒരു ജനകീയ പ്രചാരണം വകുപ്പ് ആരംഭിച്ചു. അവബോധ സൃഷ്ടിയിലൂടേയും ശാക്തീകരണത്തിലൂടേയും സ്ത്രീധനം പൂർണമായി ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ അഞ്ചുവർഷത്തെ ഒരു കർമപദ്ധതി തയാറാക്കിയിട്ടുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, സ്വതന്ത്രമായി ചിന്തിക്കുന്ന പുരുഷന്മാർ എന്നിവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിലൂടെ സ്ത്രീകളെ അപമാനിക്കുന്ന ഈ പഴയ ആചാരത്തോട് സമഗ്രമായ ഒരു സമീപനം ഉറപ്പാക്കാൻ കഴിയേണ്ടതാണ്. പ്രധാനമായും യുവജനങ്ങൾ ഇന്റർനെറ്റ് വഴി ഉപയോഗിക്കുന്ന മീമുകൾ പോലുള്ള മാർഗ്ഗങ്ങളിലൂടെ പ്രചാരണത്തിന്റെ പ്രാരംഭ ഘട്ടം വിജയിച്ചു. അടുത്ത 3 വർഷത്തേക്ക് പ്രചാരണം തുടരും. കേരള സ്ത്രീധന നിരോധന നിയമങ്ങളുടെ ഭേദഗതി (ജൂലൈ 13, 2021) പ്രകാരം, സ്ത്രീധനത്തിന്റെ മോശമായ സ്വാധീനത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സ്ത്രീധന ത്തിനെതിരായി ജില്ലകളിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുമായി ജില്ലാ സ്ത്രീധന നിരോധന ഓഫീ സർമാരെ (ഡിസിപിഒകൾ) നിയമിച്ചു.

### മഹാമാരി നേരിടുന്നതിനായി ഡബ്ല്യൂ സി ഡി യുടെ സ്ത്രീകൾക്കു വേണ്ടിയുള്ള സംവിധാനങ്ങൾ

കോവിഡ്-19 മഹാമാരിയുടെ ആഘാതം പ്രത്യേകിച്ച് സ്ത്രീകളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. കോവിഡ്-19 മഹാമാരി സഞ്ചാര നിയന്ത്രണങ്ങളും സാമൂഹിക ഒറ്റപ്പെടലും ഇരട്ടിയാക്കുന്നത് കാരണം സാമ്പത്തികവും സാമൂഹികവുമായ സമ്മർദ്ദവും അതിതീവ്രമാക്കുന്നു. അതുകൊണ്ടുതന്നെ ലിംഗപദവിയിലധിഷ്ഠിതമായ അക്രമം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള മാതൃകാവകുപ്പെന്ന നിലയിൽ, പകർച്ചവ്യാധിയുടെ കാലത്ത് കുട്ടികളും സ്ത്രീകളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി.

- കോവിഡ് കാലത്ത് ഗാർഹിക പീഡനത്തിൽ നിന്നും സുരക്ഷ: ലോക്ക്ഡൗൺ കാലത്ത് ഗാർഹിക പീഡനം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്നതിനായി എൻഎസ്എസ് സാങ്കേതിക സെല്ലിന്റെ പിന്തുണയോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്ട്സ്ആപ്പ്/ എസ്എംഎസ് ഹെൽപ്പ് ലൈൻ "9400080292" വകുപ്പ് ആരംഭിച്ചു. തപാൽ വകുപ്പുമായി സഹകരിച്ച് വിദൂര പ്രദേശങ്ങളിലുള്ള സ്ത്രീകൾക്കും ഫോൺ, ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത സ്ത്രീകൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനായി "രക്ഷാദൂത്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു.
- വാട്ട്സ്ആപ്പ്, വീഡിയോ കോൺഫറൻസ് കോളുകൾ വഴി പരമാവധി ഗുണഭോക്താക്കളുമായി ബന്ധം നിലനിർത്താൻ വകുപ്പ് മുൻകൈ എടുത്തിട്ടുണ്ട്. ശിശു സംരക്ഷണവും ഭക്ഷണ രീതികളും നൽകുന്നതിൽ ഗർഭാവസ്ഥയിലും മുലയൂട്ടൽ കാലത്തും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള യോഗങ്ങൾ നടത്തി ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു. ഏകദേശം 3.5 ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണം ലഭിച്ചു.
- ലോക ജനസംഖ്യാ ദിനത്തിൽ, ആസൂത്രിതമല്ലാത്ത ഗർഭധാരണം, ഗർഭനിരോധനം എന്നിവയുടെ പ്രശ്നങ്ങളും സ്ത്രീകൾക്കും ദമ്പതികൾക്കുമുള്ള മറ്റ് പ്രത്യുൽപാദന പ്രശ്നങ്ങളും വകുപ്പ് അഭിസംബോധന ചെയ്തു. ഏകദേശം 96,000 കുടുംബം/ദമ്പതികൾക്ക് പരിരക്ഷ ലഭിച്ചു.
- "പോഷൻ മാ" പ്രവർത്തനങ്ങളുടെ ഭാഗമായി പോഷ കാഹാര ഉദ്യാനവും വഴിയരികിൽ ഫലവൃക്ഷങ്ങളും പച്ചക്കറികളും നട്ടുപിടിപ്പിക്കൽ, സ്ത്രീകൾ, കുട്ടികൾ, പുരുഷന്മാർ എന്നിവരുടെ പോഷകാഹാര വെല്ലുവി ളികൾ കണ്ടെത്തുക എന്നിവ നടത്തി.
- പോഷകാഹാരക്കുറവ്, പ്രതിരോധ കുത്തിവയ്പ്പ്, വളരുന്ന കുട്ടിയുടെ ശരിയായ വികസനം, ഗർഭിണികളുടെയും മുലയൂട്ടുന്ന സ്ത്രീകളുടെയും ആശങ്കകൾ എന്നിവ പരിഹരിക്കുന്നതിനായി ടെലിഫോൺ വഴിയുള്ള പോഷകാഹാര കൗൺസിലിംഗും പരിശോധനാ സൗകര്യവും ഇന്ത്യൻ പോഷകാഹാരവിദഗ്ധരുടെ അസോസിയേഷന്റെയും ഇന്ത്യൻ ശിശുരോഗ വിദഗ്ധ അക്കാദമിയുടേയും ഐ.എം.എ യുടെയും സഹായത്തോടെ സംഘടിപ്പിച്ചു. ഏകദേശം 7.31 ലക്ഷം ആളുകൾക്ക് പരിരക്ഷ ലഭിച്ചു.
- വകുപ്പുതല തലകമ്മ്യൂണിക്കേഷൻ നെറ്റ്വർക്കിലൂടെ ദൈനംദിന പോഷകാഹാര പാചകക്കുറിപ്പ് പങ്കിട്ടു.

### കേരള വനിതാ വികസന കോർപ്പറേഷൻ (കെഎസ്ഡബ്ല്യൂഡിസി)

സംസ്ഥാനത്തിലെ സ്ത്രീകളെ സാമൂഹിക വികസനത്തിലും പുരോഗതിയിലും സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ സർവോൻമുഖമായ വികസനമാണ് കെഎസ്ഡബ്ല്യുഡിസി ലക്ഷ്യമിടുന്നത്. കോർപ്പറേഷൻ വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലും പരിശീലനങ്ങളിലും ലിംഗപദവി ബോധവൽക്കരണ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2020-21 സാമ്പത്തിക വർഷം വരെ കോർപ്പറേഷൻ 1,925 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 3.42 ലക്ഷം പെൺകുട്ടികൾക്കായി ഷീ-പാഡ് എന്ന ആർത്തവ ശുചിത്വ പരിപാലന ബോധവൽക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കാക്കനാട്ട് (എറണാകുളം) വനിതാ മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഒന്നാം ഘട്ട നിർമ്മാണം 2021 ഫെബ്രുവരി 12 ന് ഉദ്ഘാടനം ചെയ്തു. സ്ത്രീകൾക്ക് സുരക്ഷിതവും താങ്ങാനാവുന്നതുമായ താമസം ഉറപ്പാക്കുന്നതിനുള്ള സുരക്ഷിത താമസ പദ്ധതി 2021 ഫെബ്രുവരി 5 ന് ഉദ്ഘാടനം ചെയ്തു. ആദ്യ ഘട്ട പരിപാടിക്ക വേണ്ടി 30 വനിതാ ഹോസ്റ്റലുകളുമായി ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ ആപ്പ് വികസിപ്പിച്ചെടുത്തു.

**പോലീസ് ഉദ്യോഗസ്ഥർക്കുള്ള ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം–ബോധ്യം:** പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗ പദവി ബോധവൽക്കരണം ഓൺലൈൻ പരിശീലന പരിപാടി കെ.എസ്.ഡബ്ല്യൂ.ഡി.സി 2020 ജൂലൈ 21 ന് ആരംഭിച്ചു. 30 പേർ വീതമുള്ള (സിവിൽ പോലീസ് ഓഫീസർമാർ) ബാച്ചുകളിലായാണ് പരിശീലനം. തിരുവനന്തപുരം, കേരള പോലീസ് ട്രെയിനിംഗ് കോളേജിലും (പിടിസി) തൃശ്ശൂർ കേരള പോലീസ് അക്കാദമി (കെഇപിഎ) യിലുമാണ് പരിശീലനം നൽകിയത്. സ്ത്രീകൾക്കുള്ള അടിയന്തര പ്രതികരണ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്ത് ലിംഗപദവിസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. കേരളത്തിലുടനീളമുള്ള പോലീസ് ബറ്റാലിയനുകളിൽ നിന്നുള്ള 2,313 പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനം 2021-22 ൽ കോർപ്പറേഷൻ പൂർത്തിയാക്കി.

**വിമൻസ് കോളേജുകളിൽ വനിതാ സെല്ലുകൾ:** ലിംഗ പദവി ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളേജുകളിൽ കെഎസ്ഡബ്ല്യുഡിസി വനിതാ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത

വനിതാ കോളേജുകളിൽ ലിംഗ പദവി ബോധവൽക്കരണ പരിശീലനങ്ങൾ, വിവാഹ പൂർവ്വ കൗൺസിലിംഗ്, തുറന്ന ചർച്ചകൾ, സാംസ്കാരിക പരിപാടികൾ, കൈയ്യെഴുത്ത് പ്രസിദ്ധീകരണം, ഐടി/സോഫ്റ്റ് സ്കിൽ പരിശീലനം, ക്രിയാത്മക ശില്പശാലകൾ, സാമൂഹ്യ ഇടപെടൽ പരിപാടികൾ എന്നിങ്ങനെയുള്ള വിവിധ പരിപാടികൾക്ക് തുടക്കമിട്ടു. 2021-22 കാലയളവിൽ 10,000-ത്തിലധികം അംഗങ്ങളുള്ള 99 വനിതാ കോളേജുകളിൽ വനിതാ സെല്ലുകൾ പ്രവർത്തിച്ചിട്ടുണ്ട്. സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുകയും ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ മാനേജ്മെന്റ് കഴിവുകളോടെ അവരെ സജ്ജമാക്കുകയും ചെയ്യുക എന്നതാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം. 24x7 വനിതാ വിവര സഹായ കേന്ദ്രം: മിത്ര ഹെൽപ്പ് ലൈൻ (181) 2017 മാർച്ച് 27 ന് കെഎസ്ഡബ്ല്യുഡിസി കേരളത്തിൽ ആരംഭിച്ചു. സ്ത്രീകൾക്ക് ഏതു സമയത്തും തുടർച്ചയായ ഫീഡ്ബാക്ക് സങ്കേതങ്ങളുടെ ഒരു പിന്തുണയുടെ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനും ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് അടിയന്തര പ്രതികരണ സംവിധാനമെന്ന നിലയിലുമാണ് ഹെൽപ്പ് ലൈൻ വിഭാവനം ചെയ്തിരിക്കുന്നത്. 2021-22 കാലയളവിൽ 181 മിത്ര ഹെൽപ്പ്ലൈൻ 41,496 വിളികൾക്ക് സേവനങ്ങൾ നൽകി. മിത്ര 181, ഒഎസ്സികൾ (സഖി എന്ന് വിളിക്കുന്ന വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ), സംസ്ഥാന പോലീസ് എന്നിവയുടെ യോജിച്ച ശ്രമങ്ങൾക്ക് സംസ്ഥാനത്തെ സ്ത്രീകൾക്കുള്ള സുരക്ഷാ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനാകും.

**ആദിവാസി വനിതകൾക്കായുള്ള സംയോജിത നൈപുണ്യ വികസന കേന്ദ്രം:** കോഴിക്കോട് ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിൽ ആദിവാസി വനിതകൾക്കായി സംയോജിത നൈപുണ്യ വികസന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി കോർപ്പറേഷൻ നടപ്പിലാക്കി. സ്ത്രീകളുടെ നൈപുണ്യവും ജീവിതാവശ്യങ്ങളും മനസ്സിലാക്കാൻ കോർപ്പറേഷൻ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെ നിയമിച്ചു. നിരവധി പരിശീലന പരിപാടികളും ശിൽപശാലകളും നടത്തി. 2021-2022 കാലയളവിൽ ചാണക പിണ്ണാക്ക് നിർമ്മാണം, ട്രൈക്കോഡെർമ സമ്പുഷ്ടമായ വളം സംസ്കരണ പരിശീലനം എന്നിവയ്ക്ക് പരിശീലനം നൽകി. കന്നുകാലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി വെറ്ററിനറി മെഡിക്കൽ ക്യാമ്പുകൾ നടത്തി. വനമിത്ര പദ്ധതിക്ക് കീഴിലുള്ള ആദിവാസി സ്ത്രീ ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ തിരഞ്ഞെടുപ്പുകളെ അടിസ്ഥാനമാക്കി ശരിയായ തൊഴിൽ പാത തിരഞ്ഞെടുക്കാൻ സഹായിക്കുന്നതിന് ഒരു കരിയർ ഗൈഡൻസ് പരിശീലനം നൽകി.

**സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ:** കെ.എസ്.ഡബ്ല്യൂ.ഡി.സി സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തു ന്നതിനായി അവരുടെ തൊഴിൽ കഴിവുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി റീച്ച് (ആർഇഎസിഎച്ച്) ആരംഭിച്ചു. 2021-22 കാലയളവിൽ 824 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. നഴ്സുമാർക്കുള്ള അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പരിപാടിയിലൂടെ (എഎസ്ഇപിഎൻ) 99 പ്രൊഫഷണലുകൾക്ക് പരിശീലനം നൽകി.

**ജെൻഡർ പാർക്ക്:** വിവിധ പദ്ധതികൾ, സാംസ്കാരിക, അക്കാദമിക് പരിപാടികൾ എന്നിവയുടെ സംയോജന കേന്ദ്രമായി കോഴിക്കോട് സ്ഥിതി ചെയ്യുന്ന പ്രധാന കാമ്പസിലൂടെ സംസ്ഥാനത്ത് ലിംഗപദവിസമത്വത്തിനും ശാക്തീകരണത്തിനും തുടക്കമിടാനുള്ള വനിതാ-ശിശു വികസന വകുപ്പിന്റെ സംരംഭമാണിത്. ഇതിൽ ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ആംഫി തിയേറ്റർ, ജെൻഡർ ലൈബ്രറി, ജെൻഡർ മ്യൂസിയം എന്നിവ ഉൾപ്പെടുന്നു. ഉപജീവനത്തിനായി വാഹനമോടിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കാനാണ് 'ഷീ ടാക്സി'. ജെൻഡർ പാർക്കിനെ ലിംഗപദവി പ്രവർത്തനങ്ങളുടെ ദക്ഷിണേഷ്യൻ ഹബ്ബാക്കി മാറ്റുന്ന ഹെറിറ്റേജ് മ്യൂസിയം, ലൈബ്രറി എന്നിവയ്ക്കൊപ്പം യുഎൻ വനിതകളുമായി (UN WOMEN) സഹകരിച്ച് ഒരു ജെൻഡർ ഡാറ്റാ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി, ജെൻഡർ പാർക്കിന്റെ കോഴിക്കോട് കാമ്പസിൽ ഒരു അന്താരാഷ്ട്ര വനിതാ വ്യവസായ കേന്ദ്രം (ഐഡബ്ല്യുടിസി) സ്ഥാപിക്കും. സ്ത്രീകൾക്ക് സുരക്ഷിതമായി സംരംഭങ്ങൾ ആരംഭിക്കാനും വിപുലീകരിക്കാനും ആഗോളതലത്തിൽ അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനും ഐഡബ്ല്യുടിസി ഒരു വേദിയാകും. ദക്ഷിണേഷ്യൻ മേഖലയിലെ ലിംഗപദവിസമത്വത്തെ അഭിസംബോധന ചെയ്യുന്നതിനായി തുല്യ പങ്കാളികളായി ഒത്തുചേരുന്നതിന് 2020 ഡിസംബറിൽ ജെൻഡർ പാർക്കും യുഎൻ വനിതകളും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.

**ലിംഗപദവി സ്വയം പഠന പരിപാടി (ജിഎസ്എൽപി):** ലിംഗപദവിപരമായ പ്രശ്നങ്ങൾ സ്വയം മനസിലാക്കാനും പഠിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിനായി 2007ൽ കുടുംബശ്രീ ജി.എസ്.എൽ.പി ആരംഭിച്ചു. "അയൽക്കൂട്ടങ്ങളിലെ സ്ത്രീകൾ ലിംഗപദവി ഭേദങ്ങളെയും അവരുടെ ജീവിതാനുഭവത്തിലെ സന്ദർഭങ്ങൾ വച്ച് മനസിലാക്കുന്ന ഒരു പങ്കാളിത്ത വിദ്യാഭ്യാസ പദ്ധതിയാണിത്". സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ കാഴ്ചപ്പാടുകൾ എങ്ങനെ പ്രകടിപ്പിക്കുമെന്നതിനെക്കുറിച്ചും ഒരു കൂട്ടായ ബോധം വളർത്തിയെടുക്കാൻ ഈ പഠന പ്രക്രിയ സ്ത്രീകളെ സഹായിക്കുന്നു. ഈ പരിപാടിയിൽ കീഴിൽ, അയൽക്കൂട്ടങ്ങളുടെ തലം വരെയുള്ള റിസോഴ്സ് പേഴ്സൺമാരായി ആകെ ഏകദേശം 86,307 സ്ത്രീകളെ പരിശീലിപ്പിച്ചു, റിസോഴ്സ് പേഴ്സൺമാരും 3,47,006 സപ്പോർട്ട് ടീം അംഗങ്ങളും ഉൾപ്പെടെ ആകെ 4,33,313 സ്ത്രീകൾ പരിശീലനത്തിന് വിധേയരായി. സംസ്ഥാനത്തിലെ 35 ലക്ഷം സ്ത്രീകൾ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. പഠന പ്രക്രിയയ്ക്കായി തിരഞ്ഞെടുത്ത നാല് വിഷയങ്ങൾ ഇവയാണ്: (1) സ്ത്രീകളും ജോലിയും, (2) സ്ത്രീകളും ആരോഗ്യവും, (3) സ്ത്രീകളും ചലനാത്മകതയും, (4) സ്ത്രീകളും വിനോദവും.

**കേരള വനിതാ കമ്മീഷൻ ലിംഗപദവി ബോധവൽക്കരണ പരിപാടി–** കെ.ഡബ്ല്യൂ.സി യുടെ ഒരു പ്രധാന പ്രവർത്തനം ജാഗ്രത സമിതി (താഴ്ന്ന തലത്തിലുള്ള ഒരു കാവൽ സ്ഥാപനം) അംഗങ്ങളുടെ പരിശീലനമാണ്, ഇതിന് സാമൂഹ്യ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. കമ്മീഷൻ സെമിനാറുകൾ/നിയമ ശിൽപശാലകൾ, പഞ്ചായത്ത് ജാഗ്രതാ സമിതികൾക്കായി സ്ത്രീകളുമായി ബന്ധപ്പെട്ടതും മറ്റുള്ളതുമായ വിവിധ നിയമ നടപടികളെക്കുറിച്ചും അദാലത്തുകളെക്കുറിച്ചും പരിശീലന പരിപാടികൾ എന്നിവ നടത്തുന്നു. 2011-22 കാലയളവിൽ (2022 മാർച്ച് 31വരെ) കേരളത്തിൽ സ്ത്രീകൾക്കെതിരായ വിവിധ കേസുകളുമായി ബന്ധപ്പെട്ട് മൊത്തം 71,812 പരാതികൾ വനിതാ കമ്മീഷനു

ലഭിച്ചു, അതിൽ 25,715 പരാതികളുമായി തലസ്ഥാന നഗരം ഒന്നാം സ്ഥാനത്തും 6863 പരാതികളുമായി കൊല്ലം ജില്ല തൊട്ടുപിന്നാലെയുമാണ്. ആകെ പരാതികളിൽ 14,406 കുടുംബ പ്രശ്നങ്ങളെക്കുറിച്ചുള്ളവയും 6,195 സ്വത്തുമായി ബന്ധപ്പെട്ടതും 7,946 ഗാർഹിക പീഡനക്കേസുകളും ആണുള്ളത്.

ശരണ്യപദ്ധതി - തൊഴിലില്ലാത്ത വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചിതരായ/അവിവാഹിതരായ സ്ത്രീകൾ/അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി സഹായിക്കുന്നതിനുള്ള ഒരു സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. തൊഴിൽ വകുപ്പാണ് ഇത് നടപ്പാക്കുന്നത്. 2021-22 കാലയളവിൽ 3,586 സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായവരുടെ പുനരധിവാസവും ക്ഷേമവും ലക്ഷ്യമിട്ടാണ് കൈവല്യ പദ്ധതി. എംപ്ലോയ്മെന്റ് വകുപ്പാണ് ഇത് നടപ്പിലാക്കുന്നത്. 2020-21ൽ 774 സ്ത്രീകൾക്കും 2021-22ൽ (ആഗസ്റ്റ് 31, 2021 വരെ) 1,656 സ്ത്രീകൾക്കും യഥാക്രമം ഈ പദ്ധതിയിലൂടെ ധനസഹായം ലഭിച്ചു.

**കേരളത്തിലെ ട്രാൻസ് ജെൻഡർ സമൂഹം**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ടിജികൾ) തുല്യതയ്ക്കും തുല്യ സംരക്ഷണത്തിനുമുള്ള അവകാശം ദൃഢമായി സ്ഥാപിച്ച 2014 ലെ സുപ്രിം കോടതിയുടെ സുപ്രധാന വിധിക്ക് ശേഷം സംസ്ഥാന സർക്കാർ 2015 ലെ അവകാശാടിസ്ഥാനത്തിലുള്ള ട്രാൻസ്ജെൻഡർ നയം പുറത്തിറക്കി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം, 2019, ഇന്ത്യയിലെ ട്രാൻസ്ജെൻഡറുകളുടെ അവസ്ഥയെക്കുറിച്ച്, പ്രത്യേകിച്ച് സ്വയം തിരിച്ചറിയാനുള്ള അവകാശവുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. ടിജികൾക്ക് രജിസ്റ്റർ ചെയ്യാനും തിരിച്ചറിയൽ കാർഡുകൾ നൽകാനും കഴിയുന്ന ജില്ലാതല ടിജി ബോർഡുകൾ സ്ഥാപിക്കാനും നയം ശുപാർശ ചെയ്യുന്നു. കേരളത്തിൽ പൊതു ഇടങ്ങളിൽ ട്രാൻസ്ജെൻഡറുകളുടെ പ്രത്യക്ഷപ്പെടൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ലൈംഗിക സ്വത്വങ്ങളുള്ള ആളുകളുടെ പ്രശ്നങ്ങൾ ഇപ്പോഴും ആ രീതിയിൽ എടുത്തുകാണിക്കുന്നില്ല. ക്ഷേമവും അന്തസ്സും നിറഞ്ഞ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും സ്വായത്തമാക്കാൻ ഇവർക്ക് കഴിയുന്നില്ലെന്ന് സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവേയിൽ കണ്ടെത്തി. അതിനാൽ, ടിജികളെ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താനാവില്ല.

ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ, പ്രാഥമികമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നു. അതുപോലെ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ എൽജിബിടികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ/പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്ജെൻഡറുകൾക്കുള്ള കൗൺസിലിങ്ങിനും മരുന്നിനുമായി ഹോമിയോപ്പതി ഡയറക്ടറേറ്റ് 'നിസർഗ' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെഎസ്എൽഎംഎ) അനുവദിച്ച പ്രത്യേക സാക്ഷരതാ പരിപാടിയിൽ, സംസ്ഥാനത്തെ ന്യൂനപക്ഷ ലിംഗക്കാർക്ക് സൗജന്യവും തുടർ വിദ്യാഭ്യാസവും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമന്വയ പരിപാടിയുടെ ഭാഗമായി, അവർ കെഎസ്എൽഎംഎ യുടെ 4, 7, 10, 12 തുല്യതാ പ്രോഗ്രാമുകളിൽ ചേർന്നിട്ടുണ്ട്. 2021-22-ൽ 120 ട്രാൻസ്ജെൻഡ റുകൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചു. തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ നിന്നുള്ള 918 പേർക്കിടയിൽ കെഎസ്എൽഎംഎ ഒരു സർവേ നടത്തി, അതിൽ 20.35 ശതമാനം പേർ തൊഴിലില്ലാത്തവരാണെന്നും 16.70 ശതമാനം പേർ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരാണെന്നും 1.65 ശതമാനം പേർക്ക് സർക്കാർ ജോലിയുണ്ടെന്നും 5.86 ശതമാനം പേർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും കണ്ടെത്തി. 30 ശതമാനത്തിലധികം പേർ ഏതെങ്കിലും തരത്തിലുള്ള സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്നു. ജോലി ചെയ്തിരുന്ന ഭൂരിഭാഗം ആളുകളും തങ്ങളുടെ വ്യതിരിക്തമായ ലൈംഗിക സ്വത്വം ഏതെങ്കിലും ഔദ്യോഗിക രേഖകളിൽ സമൂഹത്തിന് മുന്നിൽ വെളിപ്പെടുത്തിയിരുന്നില്ല. 100 ട്രാൻസ്ജെൻഡറുകളിൽ ആറ് പേർ ഭിക്ഷാടനത്തിലും 100ൽ എട്ട് പേർ ലൈഗിംക തൊഴിലിലും ഏർപ്പെട്ടിരിക്കുന്നതായും സർവേ കണ്ടെത്തി. നാല് ശതമാനത്തിലധികം ആളുകൾക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കാനുള്ള രേഖകളൊന്നും ഉണ്ടായിരുന്നില്ല. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർമാരിൽ 1.2 ശതമാനം പേർക്ക് മാത്രമേ എഴുതാനും വായിക്കാനും അറിയാതെയുള്ളൂ. ട്രാൻസ്ജെൻഡറുകൾക്കിടയിൽ ഉയർന്ന ക്ലാസിലെത്തുമ്പോൾ കൂട്ടുതലും സാമൂഹിക അവഹേളനം കാരണം സ്കൂൾ ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 10.61 ശതമാനം പേർ iv നും vii നും ക്ലാസ്സുകൾക്കിടയിൽ സ്കൂൾ വിട്ട് പോയപ്പോൾ 40 ശതമാനം പേർ vii -നും x -നും ഇടയിൽ പഠനം ഉപേക്ഷിച്ചു. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡറുകളിൽ 26.55 ശതമാനം പേർ പ്ലസ് ടു പാസായിരുന്നു. 13.60 ശതമാനം പേർ ബിരുദധാരികളും 2.10 ശതമാനം ബിരുദാനന്തര ബിരുദധാരികളും. സർവേയിൽ പങ്കെടുത്തവരിൽ 67.14 ശതമാനം പേരും കെഎസ്എൽഎംഎയുടെ തുടർവിദ്യാഭ്യാസ പരിപാടികളിൽ ചേരാൻ താൽപ്പര്യമുള്ളവരായിരുന്നു.

കേരളത്തിൽ നടത്തിയ വികലാംഗ സെൻസസ് പ്രകാരം 1,187 ട്രാൻസ്ജെൻഡറുകൾ ഉൾപ്പെടുന്നു. ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനായി കേരളസർക്കാർ അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സമീപനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. 2018-19ൽ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ സ്വന്തം ആസൂത്രണത്തിന് സഹായിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സാമൂഹിക നീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ചു. അതിനുശേഷം, എസ്.ജെ.ഡി യുടെ കീഴിലുള്ള എല്ലാ പദ്ധതികളും ഒരു സമഗ്ര പദ്ധതിയായ മഴവില്ലിന് കീഴിലായി. സാമൂഹ്യ തല പരിപാടി, സ്ഥാപനപരമായ ഇടപെടൽ, ഗവേഷണവും സർവേയും, അവബോധനവും ശിൽപശാലകളും, പെൻഷൻ, ഇൻഷ്വറൻസ്, ലോൺ, നൈപുണ്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. റ്റിജികളുടെ കലോത്സവം സംഘടിപ്പിക്കുകയും, വിവാഹ സഹായം നൽകുകയും, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ മുൻഗണനാ വിഭാഗമായി അവരെ ഉൾപ്പെടുത്തുകയും ചെയ്തു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന

അംഗീകൃത എൻജിഒകളുടെ സഹായത്തോടെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഹെൽപ്പ് ലൈനും (24x7) പ്രതിസന്ധി കൈകാര്യ കേന്ദ്രവും സ്ഥാപിച്ചു. വിദ്യാഭ്യാസം (സ്കൂൾ കൊഴിഞ്ഞുപോക്ക് കൂടുതലാണ്), തൊഴിലധിഷ്ഠിത പരിശീലനം, സ്വയം തൊഴിൽ, മത്സര പരീക്ഷകൾ എഴുതൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. വൈദ്യോപദേശത്തെ അടിസ്ഥാനമാക്കി സർക്കാർ ആശുപത്രികളിലെ ലിംഗമാറ്റ ശസ്ത്രക്രിയ (എസ്ആർഎസ്) യുടെ തുക 2019-ൽ 2 ലക്ഷം രൂപയായും 2020-ഓടെ 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

2020-21 കാലയളവിൽ 3576 ട്രാൻസ്ജെൻഡർ ഗുണഭോക്താക്കൾ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉണ്ട്. ഹോസ്റ്റൽ സൗകര്യം, ബ്യൂട്ടീഷ്യൻ കോഴ്സ്, തുടർ വിദ്യാഭ്യാസ പദ്ധതി, തയ്യൽ മെഷീൻ വിതരണം, സംരംഭകത്വ വികസന പരിപാടികൾ, ടിജി ഷോർട്ട് സ്റ്റേ/ഷെൽട്ടർ ഹോമുകൾ, എസ്ആർഎസ് ശസ്ത്രക്രിയക്ക് ശേഷമുള്ള തുടർ ചികിത്സ, എച്ച്ഐവി സീറോ നിരീക്ഷണ കേന്ദ്രം (കെഎസ്എസ്ഡബ്ല്യുബി), ഡ്രൈവിംഗ് പരിശീലനം നൽകൽ, ടിജി സൗഹൃദ ടോയ്ലറ്റ്, സ്വയം തൊഴിൽ സഹായം, വർണ്ണം (ടിജി ഉത്സവം), വിവിധ ഉദ്യോഗസ്ഥർ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവർക്കിടയിലും സ്കൂൾ/കോളേജുകളിലും ബോധവൽക്കരണം എന്നിവ 13-ാം പഞ്ചവത്സര പദ്ധതിയിൽ എസ്ജെഡി നടപ്പിലാക്കിയ ടിജികൾക്കായുള്ള മറ്റ് പദ്ധതികളാണ്.

2020-21ൽ ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം തൊഴിലിലൂടെ സ്വയം പര്യാപ്തരാക്കാൻ സഹായി ക്കുന്നതിനായി കെഎസ്ഡബ്ല്യുഡിസി സ്വയം തൊഴിൽ വായ്പാ പദ്ധതി ആരംഭിച്ചു. സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ ഘട്ട വായ്പ വിതരണത്തിനായി 30 ലക്ഷം അനുവദിക്കുകയും 22 ട്രാൻസ്ജെൻഡറുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു.

**ലിംഗപദവി ബജറ്റ്**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വനിത ഘടക പദ്ധതി (ഡബ്യൂസിപി) നിർബന്ധമായി ഉൾപ്പെടുത്തികൊണ്ട് ഒൻപതാം പദ്ധതിയുടെ സമയത്ത് പ്രാദേശിക സർക്കാർ തലത്തിൽ ഒരു ലിംഗപദവി പ്രതികരണ ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചു. സംസ്ഥാനത്ത് നിന്ന് 35-40 ശതമാനം വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് (എൽ.എസ്.ജി.ഐ കൾ) വിഭജിച്ചതോടെ, ഓരോ പഞ്ചായത്തിനും അവരുടെ വികസന പദ്ധതി രേഖയിൽ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഒരു അധ്യായം തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും ലിംഗപദവി ബജറ്റിന്റെ ആദ്യരൂപം 1996ൽ സംസ്ഥാനത്ത് ഉണ്ടാകുകയും ചെയ്തു. 9-ാം പദ്ധതി സമയത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടേയോ, സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്കു വേണ്ടിയോ നീക്കി വച്ചിരുന്നു. അവ വനിതാ ഘടക പദ്ധതി (ഡബ്ല്യു.സി.പി) എന്നറിയപ്പെട്ടു.

ലിംഗപദവി ബജറ്റിംഗ് പ്രക്രിയ സ്ഥാപനവൽക്കരിക്കുന്നതിന് 2005-06 ലെ കേന്ദ്ര ബജറ്റിലാണ് ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ സംസ്ഥാന ബജറ്റിൽ ലിംഗപദവി പ്രതികരണ ബജറ്റ് ആക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. 11-ാം പദ്ധതിയിലാണ് ലിംഗപദവി ബജറ്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഉൾപ്പെടുത്തിട്ടുള്ള പ്രത്യേക രേഖയായി വകുപ്പുകളിലുടനീളം പെൺകുട്ടി കൾക്കും സ്ത്രീകൾക്കും വേണ്ടി അടയാളപ്പെടുത്തിയ വിഭവങ്ങൾ ഉൾപ്പെടുത്തി 2017-18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്.

2020-21-ൽ സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ) 1,509.33 കോടി രൂപയും (7.3 ശതമാനം) പാർട്ട് ബിയിൽ ഘടക പദ്ധതികൾക്കായി 2,300.54 രൂപയും (11.1 ശതമാനം) സ്ത്രീകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കായി ആകെ 3809.87 കോടി രൂപ വകയിരുത്തിയിട്ടുള്ളത് മൊത്തം അടങ്കലിന്റെ 18.4 ശതമാനമാണ്. ഈ തുകയിൽ 5 കോടി രൂപ ട്രാൻസ്ജെൻഡറുകൾക്കായുള്ള പദ്ധതിയായ "മഴവില്ല്" നാണ് അനുവദിച്ചിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ 4,665.2 കോടി രൂപയാണ് സംസ്ഥാനത്തെ ജെൻഡർ ബജറ്റിങ്ങിന്റെ ആകെ അടങ്കൽ. 2021-22 ലെ 19.54 ശതമാനം (₹4,025.4 കോടി) ൽ നിന്ന് സ്ത്രീകൾക്കുള്ള വിഹിതം മൊത്തം പദ്ധതി വിഹിതത്തിന്റെ 20.9 ശതമാനം എന്ന ഉയർന്ന തലത്തിലെത്തി. 90-100 ശതമാനം സ്ത്രീ-നിർദ്ദിഷ്ട സ്കീമുകൾക്കുള്ള വിഭവ വിഹിതം 7.26 ശതമാനം ആണെങ്കിൽ, 2021-22 ലെ 6.54 ശതമാനം ആയിരുന്നത് 90 ശതമാനത്തിൽ താഴെയുള്ള സ്കീമുകൾക്ക് 13.64 ശതമാനം ആണ്, 2021- 22ൽ ഇത് 13 ശതമാനത്തിൽ നിന്ന് വർദ്ധിച്ചു. ഇത് രണ്ട് വിഭാഗങ്ങളിലും നാമമാത്രമായ എന്നാൽ സ്ഥിരമായ വളർച്ചയെ സൂചിപ്പിക്കുന്നു.

# 8.2 സാമൂഹ്യ-സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ

**പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങളുടെ ജീവിതാവസ്ഥയുടെയും തൊഴിൽ സാഹചര്യങ്ങളുടെയും സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിവിധ വികസന നയങ്ങളിലൂടെ പട്ടികജാതി-വർഗ്ഗക്കാരുടെ വികസന ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ സർക്കാർ അതീവ ജാഗ്രത പുലർത്തുന്നു. സംസ്ഥാനത്തിന്റെ ആകെ പദ്ധതിവിഹിതത്തിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ ഒരു വിഹിതം അവരുടെ വികസനത്തിനായി വകയിരുത്തുന്നുവെന്ന് ഉറപ്പാക്കുന്നത് കേരള സർക്കാരിന്റെ നയമാണ്.

കേരളത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ജനസംഖ്യയുടെ യഥാക്രമം 9.1 ശതമാനവും 1.45 ശതമാനവുമാണ്. ജില്ല തിരിച്ചുള്ള പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യയുടെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 8.2.1** ലും, **8.2.2** ലും നൽകിയിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യയുടെ സാക്ഷരത, ലിംഗാനുപാതം എന്നിവയിൽ കേരളത്തിന്റെയും ദേശീയ തലത്തിലെയും സ്ഥിതിയുടെ താരതമ്യം **അനുബന്ധം 8.2.3** ൽ നൽകിയിരിക്കുന്നു. കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് 1958 ലെ റൂൾ 14(എ) പ്രകാരം, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 10 ശതമാനം പ്രാതിനിധ്യം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി (പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും) സംവരണം ചെയ്തിട്ടുണ്ട്. 89 സർക്കാർ വകുപ്പുകളിൽ, 52 വകുപ്പുകളിലെ വാർഷിക അവലോകന കണക്ക് പ്രകാരം, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം, 2022 ജനുവരി 1-ന് മൊത്തം 11.88 ശതമാനമാണ്. ഇതിൽ 9.63 ശതമാനം പട്ടികജാതിക്കാരും 2.25 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവീസിലുള്ള പ്രാതിനിധ്യത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.4**ൽ നൽകിയിരിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള വികസന പരിപാടികൾ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മേൽ സൂചിപ്പിച്ചതുപോലെ, പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും വികസനത്തിനായി സംസ്ഥാന സർക്കാർ ആകെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ വിഹിതം പട്ടികജാതി ഉപപദ്ധതിയ്ക്കായും (എസ്.സി.എസ്.പി) പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കായും (ടി.എസ്.പി) നീക്കിവയ്ക്കുന്നുണ്ട്. നിലവിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായും നീക്കിവച്ചിട്ടുണ്ട്. ഇതിൽ നിന്നും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശരാശരി 45 ശതമാനം ഫണ്ട് പട്ടികജാതി ഉപപദ്ധതിയിലും (എസ്.സി.എസ്.പി) 23 ശതമാനം ഫണ്ട് പട്ടികവർഗ്ഗ ഉപപദ്ധതിയിലും (ടി.എസ്.പി) വകയിരുത്തിയിരുന്നു. ബാക്കി തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നു.

2022-23ൽ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതമായ 30,700 കോടി രൂപയിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി യഥാക്രമം 2,979.40 കോടി രൂപയും 859.50 കോടി രൂപയുമാണ് നീക്കിവെച്ചിരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2018-19 മുതൽ 2022-23 വരെ പ്രതിവർഷം വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **പട്ടിക 8.2.1**ൽ നൽകിയിരിക്കുന്നു.

**പട്ടികജാതി വിഭാഗക്കാരുടെ വികസനം**

2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ പട്ടികജാതി ജനസംഖ്യ 30.39 ലക്ഷമാണ്. സംസ്ഥാനത്തെ

**പട്ടിക 8.2.1** പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ) 2018-19 മുതൽ 2022-23 വരെ

| | | എസ്.സി.എസ്.പി വിഹിതം | | | | ടി.എസ്.പി വിഹിതം | | | |
|---|---|---|---|---|---|---|---|---|---|
| വർഷം | ആകെ സംസ്ഥാന പദ്ധതി അടങ്കൽ | വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടികജാതി ഉപപദ്ധതിയിലേക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം | വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടിക വർഗ്ഗ ഉപ പദ്ധതിയിലേക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം |
| 2018-19 | 29150 | 1570.36 | 1289.26 | 2859.62 | 9.81 | 632.59 | 193.60 | 826.19 | 2.83 |
| 2019-20 | 30610 | 1649.00 | 1353.84 | 3002.84 | 9.81 | 663.27 | 202.99 | 866.26 | 2.83 |
| 2020-21 | 27610 | 1487.39 | 1221.15 | 2708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2021-22 | 27610 | 1487.39 | 1221.15 | 2708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2022-23 | 30700 | 1638.10 | 1341.30 | 2979.40 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| ആകെ | 145680 | 7832.24 | 6426.7 | 14258.94 | 9.81 | 3150.33 | 964.34 | 4114.67 | 2.83 |

അവലംബം: ബഡ്ജറ്റ് രേഖകൾ, കേരള സർക്കാർ.

മൊത്തം ജനസംഖ്യയുടെ 9.10 ശതമാനം വരുന്ന ഈ വിഭാഗത്തിൽ 53 സമുദായങ്ങളാണുള്ളത്. ഇതിൽ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയർ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളായി കണക്കാക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരും ഈ ദുർബല വിഭാഗങ്ങളിലെ ജനങ്ങൾ. ചരിത്രപരമായ പാർശ്വവൽക്കരണവും അതിൽ നിന്നും ഉണ്ടായിട്ടുള്ള സാമൂഹിക-സാമ്പത്തിക പരാധീനതകളും പട്ടികജാതി ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്നതിനാൽ, അവരുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രത്യേക ശ്രമങ്ങൾ നടത്തുന്നുണ്ട്.

വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സർക്കാർ പട്ടികജാതി വികസന വകുപ്പിനും പ്രാദേശിക സർക്കാരുകൾക്കും പദ്ധതി വിഹിതം വകയിരുത്തുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരും ഫണ്ട് അനുവദിക്കുന്നുണ്ട്. 2021-22-ലെ ബജറ്റിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 2,708.54 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 1,487.39 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 1,221.15 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. അനുവദിച്ച ബജറ്റ് വിഹിതത്തിൽ നിന്നും പട്ടികജാതി വികസന വകുപ്പ് 1,267.07 കോടി രൂപയും (85.18 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1,082.75 കോടി രൂപയും (88.66 ശതമാനം) ചെലവഴിക്കുകയുണ്ടായി. പട്ടികജാതി ക്ഷേമത്തിനായി 2022-23 ബജറ്റിൽ നീക്കിവച്ച 2,979.40 കോടിയിൽനിന്നും പട്ടികജാതി വികസന വകുപ്പിന് 1,638.10 കോടിയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 1,341.30 കോടിയും അനുവദിച്ചിട്ടുണ്ട്. 2018-19 മുതൽ 2022-23 വരെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച പട്ടികജാതി ഉപപദ്ധതി വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.5**ൽ നൽകിയിരിക്കുന്നു. 2021-22, 2022-23 (2022സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതീക ലക്ഷ്യങ്ങൾ, നേട്ടങ്ങൾ എന്നിവ യഥാക്രമം **അനുബന്ധം 8.2.6, 8.2.7** എന്നിവയിൽ നൽകിയിരിക്കുന്നു. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഏറ്റെടുത്ത പ്രധാന പരിപാടികൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

### പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രധാന വികസന പരിപാടികൾ


#### ഭൂമിയും പാർപ്പിടവും

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി, സംസ്ഥാന സർക്കാർ 'ഭൂരഹിത കുടുംബ ങ്ങൾക്ക് വീട് നിർമ്മിക്കാൻ ഭൂമി' എന്ന പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. ലൈഫ് മിഷന്റെ കണക്കനുസരിച്ച് 46,731 പട്ടികജാതി കുടുംബങ്ങൾ ഭൂരഹിതരും സ്വന്തമായി ഭൂമിയുള്ള 67,720 പട്ടികജാതി കുടുംബങ്ങൾ ഭവനരഹിതരുമാണ് (2022 സെപ്റ്റംബർ 30 വരെ). ഭൂമി വാങ്ങൽ പദ്ധതിയ്ക്കായി 2021-22- ൽ അനുവദിച്ച 185.00 കോടി രൂപയിൽ നിന്നും 158.61 കോടി രൂപ (85.73 ശതമാനം) ചെലവഴിച്ച് 4,020 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുവാൻ കഴിഞ്ഞു. പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിനായി ഈ പദ്ധതിയുടെ സാധ്യതകൾ പൂർണ്ണമായി പ്രയോജന പ്പെടുത്താവുന്നതാണ്. 2017-18 മുതൽ 2021-22 വരെ ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം **ചിത്രം 8.2.1**ൽ നൽകിയിരിക്കുന്നു.

2020-21 മുതൽ 2022-23 വരെ (2022 സെപ്റ്റംബർ 30 വരെ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.8**ൽ നൽകിയിരിക്കുന്നു.

ഭവന നിർമ്മാണ പദ്ധതിയിൽ പുതിയ വീടുകളുടെ നിർമ്മാണവും, 2007-08 മുതൽ 2016-17 വരെ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്തതിൽ പൂർത്തിയാകാത്ത വീടുകളുടെ പൂർത്തിയാക്കലും ലൈഫ് മിഷൻ വഴിയാണ്

**ചിത്രം 8.2.1** ഭൂമി വാങ്ങുന്നതിന് സഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 2017-18 മുതൽ 2021-22 വരെ




അവലംബം: പട്ടികജാതി വികസന വകുപ്പ്, 2022

നടന്നു വരുന്നത്. 2017-18 മുതൽ ലൈഫ് മിഷൻ വഴി മൂന്ന് ഘട്ടങ്ങളിലായാണ് വീട് നിർമ്മാണം നടപ്പിലാക്കുന്നത്. ലൈഫ് മിഷന്റെ ആദ്യ ഘട്ടത്തിൽ (അപൂർണ്ണമായ വീടുകൾ പൂർത്തീകരിക്കുന്ന ഘട്ടം) പൂർത്തിയാക്കാത്തതായി കണ്ടെത്തിയ 19,566 വീടുകളിൽ 19,153 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന ഘട്ടം), പദ്ധതിക്കനുയോജ്യരായി കണ്ടെത്തിയ 48,494 പട്ടികജാതി ഗുണഭോക്താക്കളിൽ 31,610 ഗുണഭോക്താക്കൾ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും 18,983 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിനായി (ഭൂരഹിതർക്കും ഭവനരഹിതർക്കും വീട് നൽകുന്ന ഘട്ടം), ലൈഫ് മിഷന്റെ സംയുക്ത പട്ടികയിൽ നിന്നും പട്ടികജാതി വികസന വകുപ്പിന്റെ അധിക പട്ടികയിൽ നിന്നും 46,930 പട്ടികജാതി ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ 8,140 കുടുംബങ്ങൾ ഭൂമി ആർജ്ജിക്കുകയും 7,345 കുടുംബങ്ങൾ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 4020 കുടുംബങ്ങൾ ഇതുവരെ വീടുപണി പൂർത്തീകരിച്ചു (സെപ്റ്റംബർ 30, 2022 വരെ).

## വിദ്യാഭ്യാസം

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികജാതി വികസന വകുപ്പ് 85 നഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 87 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 19 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, നാല് പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാം ട്രെയിനിംഗ് സൊസൈറ്റി, വടക്കാഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജ്, കോഴിക്കോടുള്ള സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST), പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ് എന്നിവ നടത്തുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശ സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങളും സർക്കാർ നൽകുന്നുണ്ട്. 2020-21ൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പുതുതായി ആരംഭിക്കുകയുണ്ടായി. 2019-20ൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പ്രൊഫഷണൽ കോഴ്സുകൾക്കായി, പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവയുടെ ധനസഹായ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 1.00 ലക്ഷം രൂപയിൽ താഴെ മാത്രം വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിൽ നിന്നുള്ള ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി 6,611 പഠനമുറികളുടെ നിർമാണം 2021-22ൽ പൂർത്തീകരിക്കുകയുണ്ടായി. ഇതിൽ 139 പഠനമുറികൾ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളിൽപ്പെട്ട കുട്ടികൾക്കായി നിർമ്മിച്ചിട്ടുള്ളതാണ്. അതുപോലെ, 2022-23ൽ പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി 135 പഠനമുറികൾ ഉൾപ്പെടെ ആകെ 1,674 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് (2022 സെപ്റ്റംബർ 30 വരെ). 2021-22ൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **ബോക്സ് 8.2.1**ൽ നൽകിയിരിക്കുന്നു.

2021-22, 2022-23 (സെപ്റ്റംബർ 30, 2022 വരെ) വർഷങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.9**ൽ നൽകിയിരിക്കുന്നു. 2018-19 മുതൽ 2022-23 (സെപ്റ്റംബർ 30, 2022 പ്രകാരം) വരെ അനുവദിച്ച വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകളും സഹായങ്ങളും ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം 8.2.10**ൽ കൊടുത്തിരിക്കുന്നു.

**ബോക്സ് 8.2.1** പട്ടികജാതി വിദ്യാർത്ഥികൾക്ക് 2021-22-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം)

| | |
|---|---|
| പ്രീ മെട്രിക് സ്കോളർഷിപ്പ് | 4,18,188 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1,84,300 |
| വിദേശത്ത് പഠിക്കാനുള്ള സഹായം | 106 |
| മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കാനുള്ള സഹായം | 3,043 |
| ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള സഹായം | 1,110 |
| സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം | 127 |
| അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 7,504 |
| പ്രത്യേക പ്രോത്സാഹനം (എസ്എസ്എൽസി മുതൽ പിജി വരെയുള്ള ക്ലാസ്സുകളിലും മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും വാർഷിക പരീക്ഷകളിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്) | 27,501 |
| എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയവരുടെ പ്രാരംഭ ചെലവുകൾ | 523 |
| ലംപ്സം ഗ്രാന്റ് | 5,11,436 |
| സ്റ്റൈപന്റ് | 27,374 |
| പോക്കറ്റ് മണി | 2,61,609 |

അവലംബം: പട്ടികജാതി വികസന വകുപ്പ്, 2022

**ആരോഗ്യം**

ആരോഗ്യ പരിരക്ഷാ പദ്ധതിക്ക് കീഴിൽ അർഹരായ രോഗികൾക്കും പ്രായമായവർക്കും ചികിത്സാ സഹായം നൽകി വരുന്നുണ്ട്. പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകന്റെ മരണത്തിന് ആശ്വാസമായി സാമ്പത്തിക സഹായം നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിക്ക് കീഴിൽ 2021-22-ൽ സംസ്ഥാനത്തൊട്ടാകെ 10,879 പേർക്ക് വിവിധ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം നൽകുകയുണ്ടായി. ഇതിനുപുറമെ, പട്ടികജാതി കോളനികളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ 2021-22ൽ 57.74 കോടി രൂപയും 2022-23ൽ (സെപ്റ്റംബർ 30, 2022 വരെ) 32.05 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങളും അനുവദിച്ചിട്ടുള്ള ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങളും **അനുബന്ധം 8.2.11**ൽ നൽകിയിരിക്കുന്നു.

**നൈപുണ്യ പരിശീലനവും തൊഴിലും**

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഒരുക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2021-22ൽ 28.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ നൈപുണ്യ വികസന പരിപാടികളിലൂടെ 599 പട്ടികജാതി യുവാക്കൾക്ക് വിദഗ്ധ പരിശീലനം ഈ കാലയളവിൽ ലഭിക്കുകയുണ്ടായി. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് വായ്പയുടെ മുന്നിലൊന്ന് സബ്സിഡിയായി വ്യക്തികൾക്കും/സ്വയം സഹായ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിവരുന്നു. 2021-22ൽ, 171 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിന് സബ്സിഡി ലഭിച്ചിട്ടുണ്ട്. 2021-22, 2022-23 (സെപ്റ്റംബർ 30, 2022 വരെ) വർഷങ്ങളിൽ സ്വയംതൊഴിൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നേടിയവരുടെ എണ്ണം **അനുബന്ധം 8.2.12**ൽ നൽകിയിരിക്കുന്നു. വാർഷിക കുടുംബ വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെയുള്ള തൊഴിലില്ലാത്ത പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി നേടുന്നതിനായി 1.00 ലക്ഷം രൂപ വരെ വകുപ്പ് ധനസഹായം നൽകുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടുന്നതിന് 2021-22ൽ 673 പേർക്കും 2022-23ൽ (സെപ്റ്റംബർ 30, 2022 വരെ) 408 പേർക്കും ധനസഹായം നൽകുകയുണ്ടായി.

**പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം**

പട്ടികജാതി കോളനികളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി, മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി കോളനികളിൽ 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം, ഓരോ കോളനിക്കും കുടിവെള്ളം, കക്കൂസ്, ശുചിത്വം, മാലിന്യ നിർമാർജനം, റോഡ് കണക്റ്റിവിറ്റി, വൈദ്യുതീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, വീട് നവീകരണം, വരുമാനദായക പ്രവർത്തനങ്ങൾക്ക് ധനസഹായം, കോളനിക്കുള്ളിലുള്ള കോളനിയോട് ചേർന്നുള്ള ശ്മശാനങ്ങളുടെ നവീകരണം എന്നിവക്കെല്ലാമായി 1 കോടി രൂപ വീതം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2021-22ൽ 202 കോളനികളിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി.

**മറ്റ് സാമൂഹിക വികസന പരിപാടികൾ**

**വിവാഹ ധനസഹായം**

പട്ടികജാതി കുടുംബങ്ങൾക്ക് പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകി വരുന്നുണ്ട്. 2021-22-ൽ 11,025 പട്ടികജാതി കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുകയും, ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 83.39 കോടി രൂപയിൽ നിന്നും 82.68 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23-ൽ അനുവദിച്ച 83.39 കോടി രൂപയിൽ 32.83 കോടി രൂപ (സെപ്റ്റംബർ 30, 2022 വരെ) ചെലവഴിച്ച് 3,848 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിവാഹ ധനസഹായ നിരക്ക് 2016-1-ൽ 50,000 രൂപയിൽ

നിന്ന് 75,000 രൂപയായി ഉയർത്തുകയുണ്ടായി. 2021-22-ലെ ബജറ്റ് പ്രസംഗ പ്രഖ്യാപനത്തെ തുടർന്ന് ഇത് 1,25,000 രൂപയായി ഉയർത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്ക് കഴിഞ്ഞ അഞ്ചുവർഷമായി നീക്കിവച്ചിട്ടുള്ള പദ്ധതിവിഹിതം, ചെലവഴിച്ച തുക, പദ്ധതി മുഖേന പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ **ചിത്രം 8.2.2**ൽ നൽകിയിരിക്കുന്നു.

### ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ്

പട്ടികജാതിവിഭാഗക്കാർക്കിടയിലെ ദുർബല സമുദായങ്ങളായ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയർ എന്നിവർക്ക് കാർഷിക ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനായി 2019-20ൽ ഒരു പുതിയ പരിപാടി ആരംഭിക്കുകയുണ്ടായി. ഈ പാക്കേജിന് കീഴിൽ, കുറഞ്ഞത് 25 സെന്റ് ഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു. 2021-22ൽ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പ്രവർത്തനങ്ങൾക്കായി 39.80 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2021-22ൽ 144 ഗുണഭോക്താക്കൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും 165 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനും സഹായം നൽകുകയുണ്ടായി. ഇതുകൂടാതെ 139 പഠനമുറികൾ, 90 വീടുകൾ, 206 ശൗചാലയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും 19 കുടുംബങ്ങൾക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായും 2021-22ൽ സഹായവും നൽകിയിട്ടുണ്ട്.


### നിയമപരമായ സേവനങ്ങൾ

പട്ടികജാതി വിഭാഗക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സംസ്ഥാന സർക്കാർ തികഞ്ഞ പ്രതിബദ്ധത പുലർത്തുന്നു. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം, 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ കർശനമായി നടപ്പിലാക്കാനും അതിനായി ആവശ്യമായ വിഭവങ്ങൾ വകയിരുത്താനും സർക്കാർ അതീവ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കും അതിക്രമങ്ങൾക്ക് ഇരയായവർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനും പ്രത്യേക കോടതികൾ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. 2021-22-ൽ ഈ പദ്ധതിക്കായി 12.50 കോടി രൂപ വകയിരുത്തുകയും 14.91 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. ഈ പദ്ധതി പ്രകാരം, 75,000 രൂപ നിരക്കിൽ മിശ്ര വിവാഹ ധനസഹായമായി നൽകി വന്നിരുന്നത് 2022-23ൽ 1,25,000 രൂപയായി ഉയർത്തിയിട്ടുണ്ട്. 2021-22ൽ 2,650 ദമ്പതികൾക്ക് പ്രസ്തുത ധനസഹായം നൽകുകയുണ്ടായി. ഇതുകൂടാതെ അതിക്രമങ്ങൾക്ക് ഇരയായ 983 പേർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷമായി മിശ്രവിവാഹ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ **അനുബന്ധം 8.2.13**ൽ കൊടുത്തിരിക്കുന്നു.

### വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്ന പേരിൽ ഒരു ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷാ പരിപാടി 2017-18ൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, പട്ടികജാതി വികസന വകുപ്പ് പെൺകുട്ടിയുടെ പേരിൽ 1,38,000 രൂപ എൽ.ഐ.സിയിൽ 4 തവണകളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 6 മാസം തികയുമ്പോൾ ആദ്യ ഗഡുവായ 30,000 രൂപയും, കുട്ടിക്ക് പ്രൈമറി ക്ലാസ്സിൽ അഡ്മിഷൻ ലഭിക്കുകയോ അഞ്ച് വയസ്സ് തികയുകയോ ചെയ്യുമ്പോൾ 33,000 രൂപയും, കുട്ടിക്ക് 10 വയസ്സ് തികയുന്ന മുറയ്ക്കോ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴോ മൂന്നാം ഗഡുവായ 36,000 രൂപയും, പത്താം സ്റ്റാന്റേർഡിൽ എത്തുമ്പോൾ നാലാം ഗഡുവായ 39,000 രൂപയും എന്നിങ്ങനെ നാല് ഗഡുക്കളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 18 വയസ്സ്

**ചിത്രം 8.2.2** വിവാഹ ധനസഹായത്തിന് അനുവദിച്ച വിഹിതവും ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, (രൂപ ലക്ഷത്തിൽ) 2017-18 മുതൽ 2021-22 വരെ




അവലംബം: പട്ടികജാതി വികസന വകുപ്പ്, 2022

തികയുമ്പോൾ 3,00,000 രൂപ ഇൻഷ്വറൻസ് തുകയായി ഉറപ്പു നൽകുന്നു. കൂടാതെ കുടുംബത്തിലെ വരുമാനം നേടുന്ന അംഗത്തിന് ഇൻഷുറൻസ് ആനുകൂല്യങ്ങളും, ഒൻപത് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടിയുടെ സഹോദരനോ, സഹോദരിക്കോ 1,000 രൂപ വാർഷിക വിദ്യാഭ്യാസ സഹായമായും നൽകുന്നു. 2021-22ൽ ഈ പദ്ധതിക്കായി 6.59 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഇതിലൂടെ 1,691 നവജാത പെൺകുട്ടികളെ വാൽസല്യനിധിയുടെ കീഴിൽ ഇൻഷ്വർ ചെയ്യാനും കഴിഞ്ഞിട്ടുണ്ട്.

### പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്)

പട്ടികജാതി ഉപപദ്ധതികളിലെ നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികജാതി വികസന വകുപ്പ് ബഡ്ജറ്റിൽ കോർപ്പസ് ഫണ്ടായി പ്രതിവർഷം തുക നീക്കിവയ്ക്കുന്നു. പട്ടികജാതി ഉപപദ്ധതിയുടെ കീഴിലുള്ള വിവിധ പദ്ധതികളിൽ ഉണ്ടാവുന്ന നിർണ്ണായക വിടവുകൾ നികത്തുന്നതിനായി, സാമൂഹ്യ-സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി പ്രോജക്ട് അടിസ്ഥാനത്തിൽ ഫണ്ട് നൽകാനാണ് കോർപ്പസ് ഫണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. 25 ലക്ഷം രൂപ വരെയുള്ള പ്രോജക്റ്റുകൾക്ക് ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ജില്ലാതല കമ്മറ്റിക്ക് ഭരണാനുമതി നൽകാവുന്നതാണ്. 2021-22ൽ ഈ പദ്ധതിയിലൂടെ 19.71 കോടി രൂപ ചെലവഴിച്ച് 101 പ്രോജക്റ്റുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പട്ടികജാതിക്കാരുടെ വീട്ടുകൾക്ക് സംരക്ഷണ മതിൽ നിർമ്മാണം എന്നിവയാണ് ഈ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്തിട്ടുള്ള പ്രധാന പദ്ധതികൾ. 2018-19 മുതൽ 2022-23 വരെ (സെപ്റ്റംബർ 30, 2022 വരെ) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം** 8.2.14 ൽ നൽകിയിരിക്കുന്നു.

### പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ. റ്റു എസ്.സി.എസ്.പി.)

പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭിക്കുന്നു. കേന്ദ്ര, സംസ്ഥാന, തദ്ദേശഭരണ സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിനുള്ള പരിപാടി കൂടിയാണിത്. എസ്.സി.എ. റ്റു എസ്.സി.എസ്.പി. പ്രകാരം ലഭ്യമാകുന്ന ധനസഹായത്തിന്റെ 75 ശതമാനം തുക പട്ടികജാതി ജനസംഖ്യാ അടിസ്ഥാനത്തിൽ ജില്ലകളിൽ കളക്ടർമാർക്ക് നല്കുന്നു. ശേഷിക്കുന്ന 25 ശതമാനം തുക പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നു. പട്ടികജാതി കുടുംബങ്ങൾക്ക് സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്തുന്ന ധനവിഹിതവും കൂട്ടിചേർത്ത് വരുമാനദായകമായ പ്രവർത്തനങ്ങൾ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നതാണ്. 2018-19 മുതൽ 2022-23 വരെ (സെപ്റ്റംബർ 30, 2022 വരെ) എസ്.സി.എ. ടു എസ്.സി.എസ്.പി. പദ്ധതിയുടെ വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.15**ൽ നൽകിയിരിക്കുന്നു. പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ. റ്റു എസ്.സി.എസ്.പി.), മറ്റ് രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആദർശ് ഗ്രാം യോജന (പിഎംഎജിവൈ), ബാബു ജഗജീവൻറാം ഛാത്രവാസ് യോജന (ബിജെആർസിവൈ) എന്നിവ ലയിപ്പിച്ച് പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (PMAJAY) എന്ന പേരിൽ പുതിയ കേന്ദ്രപദ്ധതി 2022-23-ൽ രൂപീകരിച്ചു.

### പട്ടിക വർഗ്ഗ വികസനം

സംസ്ഥാന ജനസംഖ്യയുടെ 1.45 ശതമാനത്തോളം വരുന്ന 4,88,053 പട്ടികവർഗ്ഗ വിഭാഗക്കാർ 1,47,744 കുടുംബങ്ങളിലായി 6578 ഊരുകളിൽ അധിവസിക്കുന്നു. ഇവരിൽ ഭൂരിഭാഗവും വയനാട് (34.05 ശതമാനം) കാസർഗോഡ് (16.97 ശതമാനം) ജില്ലകളിലാണ് വസിക്കുന്നത്. 37 പട്ടികവർഗ്ഗ സമുദായങ്ങൾ ഉള്ള സംസ്ഥാനത്ത് കാടർ, കുറുമ്പ, കാട്ടുനായ്ക്കർ, കൊറഗ, ചോലനായ്ക്കർ എന്നീ വിഭാഗങ്ങളെ പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗമായി കണ്ടെത്തിയിട്ടുണ്ട്. അരനാടൻ, വയനാട് കാടർ, കുടിയ(മേലെകുടി), മഹാമലസർ, പള്ളിയൻ, തച്ചനാടൻ മൂപ്പൻ, മലപ്പണിക്കർ, മല പണ്ടാരം തുടങ്ങിയ എട്ടു ഗോത്ര വിഭാഗങ്ങളെ ന്യൂനപക്ഷ വിഭാഗമായും അടിയൻ, എരവാളൻ, മലപുലയ, ഇരുളർ, മലസർ, മലയൻ, മുഡുഗർ എന്നീ വിഭാഗങ്ങളെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായും കണക്കാക്കുന്നു. അതിനാൽ പ്രത്യേക ദുർബല വിഭാഗമായി കണക്കാക്കുന്ന വിഭാഗങ്ങൾക്ക് നൽകുന്ന പരിഗണന ഇവർക്കും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി, ട്രൈബൽ സബ് പ്ലാനിനുള്ള പ്രത്യേക കേന്ദ്രസഹായം (പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന - എസ്.സി.എ ടു ടി.എസ്.എസ്) എന്നിവയാണ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രധാന ഫണ്ട് സ്രോതസ്സുകൾ. 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസനത്തിനായി 781.36 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിഹിതം 598.26 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 183.1 കോടി രൂപയുമാണ്. അനുവദിച്ച തുകയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 553.69 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 164.27 കോടിയും ചെലവഴിച്ചു. 2018-19 മുതൽ 2022-23 വരെയുള്ള ടിഎസ്പി ഫണ്ടുകളുടെ വിഹിതം **അനുബന്ധം 8.2.16**ൽ നൽകിയിരിക്കുന്നു. 2021-22, 2022-23 വർഷങ്ങളിൽ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ (ഒക്ടോബർ 05, 2022 വരെ) **അനുബന്ധം 8.2.17**ലും, **അനുബന്ധം 8.2.18**ലും രേഖപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി ഏറ്റെടുത്ത പ്രധാന വികസന പരിപാടികൾ ചുവടെ ചേർക്കുന്നു.

### ഭൂമി

ഭൂരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭൂമി നൽകുന്നതിനായി 2001-ൽ പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ (ട്രൈബൽ റീസെറ്റിൽമെൻറ് ഡെവ ലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം) രൂപീകരിക്കുകയുണ്ടായി. ഭൂരഹിതർക്ക് ഭൂമി നൽകലും പുനരധിവാസ മേഖലകളുടെ സമഗ്ര വികസനവുമാണ് ടി.ആർ.ഡി.എം-ന്റെ പ്രധാന പ്രവർത്തനങ്ങൾ. ടി.ആർ.ഡി.എം -ന്റെ കണക്ക് പ്രകാരം 2021-22 ൽ സംസ്ഥാനത്ത് 8,306 ഭൂരഹിതരായ പട്ടികവർഗ്ഗ

വിഭാഗക്കാരുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം എന്നിവ വഴിയാണ് ഭൂമിയുടെ വിതരണം ടി.ആർ.ഡി.എം നടത്തുന്നത്. 2021-22 ലെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വയനാട് ജില്ലയിലെ 53 ഗുണഭോക്താക്കൾക്ക് 6.17 ഏക്കർ ഭൂമി വിതരണം ചെയ്തു.
- വനാവകാശ നിയമപ്രകാരം 362 പട്ടികവർഗ്ഗക്കാർക്ക് 406.66 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇതിലൂടെ ഇടുക്കി ജില്ലയിലെ 159 ഗുണഭോക്താക്കൾക്ക് 223.77 ഏക്കർ ഭൂമിയും, വയനാട് ജില്ലയിലെ 188 ഗുണഭോക്താക്കൾക്ക് 154.58 ഏക്കർ ഭൂമിയും കണ്ണൂർ ജില്ലയിലെ 15 ഗുണഭോക്താക്കൾക്ക് 28.31 ഏക്കർ ഭൂമിയും ലഭിച്ചു.

2021-22ൽ വിവിധ പദ്ധതികളിലായി 1526 പട്ടികവർഗ്ഗക്കാർക്കായി 1,547.76 ഏക്കർ ഭൂമി വിതരണം ചെയ്യുകയുണ്ടായി (ഒക്ടോബർ 05, 2022 വരെ). ഭൂമി വിതരണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് (2018-19 മുതൽ 2022-23 വരെ) **അനുബന്ധം 8.2.19, അനുബന്ധം 8.2.20** എന്നിവയിൽ നൽകിയിരിക്കുന്നു.

- പുനരധിവാസ മേഖലകളിലെ പ്രധാന പ്രവർത്തനങ്ങൾ
- സുഗന്ധഗിരി പൂക്കോട് പ്രദേശത്ത് 5.80 കോടി രൂപ ചെലവിൽ 10 റോഡുകളുടെ നിർമ്മാണം പൂർത്തിയായി.
- വയനാട് ജില്ലയിലെ ചീപ്രാംകുന്ന് കോളനി വൈദ്യുതീകരണത്തിന് 20.74 ലക്ഷം രൂപ അനുവദിച്ചു.
- വയനാട് ജില്ലയിലെ ആവയൽ കോളനിയിൽ കുടിവെള്ള പദ്ധതിയ്ക്കായി 36 ലക്ഷം രൂപ അനുവദിച്ചു.
- വയനാട് ജില്ലയിൽ ഭവന പുനരധിവാസത്തിന് 10 ലക്ഷം രൂപ അനുവദിച്ചു.

### ഭവനം


സംസ്ഥാനത്ത് ഒരു ഭവനരഹിത പട്ടികവർഗ്ഗ കുടുംബം പോലും ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടെ എല്ലാവർക്കും വീട് നൽകുക എന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2018ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവേയിൽ ഭൂമി കൈവശമുള്ള 16,070 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2017-18 മുതൽ ലൈഫ് മിഷൻ വഴി ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട്, പ്രധാനമന്ത്രി ആവാസ് യോജന എന്നിവയിൽ നീക്കിവച്ചിരിക്കുന്ന തുകകൾ ഈ വിഭാഗക്കാരുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. 2016-17ൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ഭവന പദ്ധതികൾക്ക് കീഴിൽ അനുവദിച്ച 7,542 വീടുകളിൽ, 3,321 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് (2022 ഒക്ടോബർ വരെയുള്ള കണക്കുകൾ). പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിട്ട ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ, 18,182 പൂർത്തിയാകാത്ത വീടുകളിൽ 17,400 എണ്ണം പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ട 3,388 പുതിയ വീടുകളിൽ 3,037 വീടുകളും മൂന്നാം ഘട്ടത്തിലെ 555 വീടുകളിൽ 377 എണ്ണവും പൂർത്തീകരിച്ചു കഴിഞ്ഞു. ഈ മേഖലയിലെ ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി **ചിത്രം 8.2.3** ൽ കാണിക്കുന്നു.

2018-19 മുതൽ 2022-23 വരെ ഭവന പദ്ധതിൾക്ക് അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.21**ൽ നൽകിയിരിക്കുന്നു.

### വിദ്യാഭ്യാസ പരിപാടികൾ

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി വിദ്യാഭ്യാസ മേഖലയിലെ സംസ്ഥാന സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ സ്കൂൾ, വിവിധ സ്കോളർഷിപ് പദ്ധതികൾ എന്നിവ പ്രത്യേകിച്ചും പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ഉയർത്തുന്നതിന് കാരണമായിട്ടുണ്ട്. പെൺകുട്ടികൾക്കായി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് ദശകങ്ങളിൽ സംസ്ഥാന സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും സ്ഥാപിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. റസിഡൻഷ്യൽ

**ചിത്രം 8.2.3** പട്ടികവർഗ്ഗ മേഖലയിലെ ലൈഫ് മിഷന്റെ പുരോഗതി




അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്

സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ ബോർഡിംഗ്, താമസ സൗകര്യങ്ങൾ, യൂണിഫോം, ടോയ്‌ലറ്റുകൾ, മറ്റ് ആവശ്യമായ സൗകര്യങ്ങൾ എന്നിവ സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഓരോ വർഷവും ഗണ്യമായ തുകയാണ് ബജറ്റിൽ നീക്കിവയ്ക്കുന്നത്. വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ കുട്ടികൾ അഭിമുഖീകരിക്കുന്ന യാത്രാ സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും, കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള എല്ലാ ചെലവുകളും ഏറ്റെടുത്ത് പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക ഭാരം കുറയ്ക്കുവാനും സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പമുള്ള റസിഡൻഷ്യൽ സൗകര്യങ്ങൾ സഹായിക്കുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി – പദ്ധതിയേതര പരിപാടികളിലൂടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് സ്കോളർഷിപ്പ്. പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് സ്കോളർഷിപ്പുകൾ കൂടാതെ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പെരിപ്പതെറ്റിക് വിദ്യാഭ്യാസം, സ്പോർട്സ് പ്രൊമോഷൻ എന്നിവയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്രമായ വികസനത്തിന് വളരെയധികം സഹായകമാകുന്നുണ്ട്.

2021-22 ലെ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീം' പ്രകാരം 2950 പ്രതിഭാധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകി.
- 505 അനാഥക്കുട്ടികൾക്ക് പ്രത്യേക സഹായം നൽകുകയുണ്ടായി.
- 40,157 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കി
- 77,214 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കി
- 1698 മിടുക്കരായ വിദ്യാർത്ഥികൾക്ക് 'സ്പെഷ്യൽ ഇൻസെന്റീവ്' ലഭ്യമാക്കി.
- 275 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ.
- രണ്ട് നൈപുണ്യ പരിശീലന പരിപാടികളിൽ 150 പട്ടികവർഗ യുവാക്കൾ പങ്കെടുക്കുകയും, പരിശീലന പരിപാടികൾ പൂർത്തിയാക്കിയ വരിൽ 114 പേർ തൊഴിൽ നേടുകയും ചെയ്തു.
- എർണാകുളം ജില്ലയിൽ 596.06 ലക്ഷം രൂപ ചെലവിൽ പെൺകുട്ടികൾക്കായി ഒരു മൾട്ടി പർപ്പസ് ഹോസ്റ്റൽ നിർമ്മിക്കുകയും 100 വിദ്യാർത്ഥിനികൾക്ക് താമസിച്ചു പഠിക്കാൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു.
- 20 എം.ആർ.എസ്സുകളിലെ 7,600-ലധികം വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് സെല്ലിലൂടെ പ്രയോജനം ലഭിച്ചു, കൂടാതെ എംആർഎസിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ഒരു തൊഴിലധിഷ്ഠിത പരിശീലന സെൽ ആരംഭിച്ചു.
- കാസർഗോഡ് സാവിത്രിഭായ് ഫൂലെ സ്മാരക ആശ്രമം സ്കൂളിനായി 31 കോടി രൂപ ചെലവിട്ട് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുകയുണ്ടായി.
- **സിവിൽ സർവീസ് കോച്ചിംഗ്**

  സിവിൽ സർവീസിലും, ഉയർന്ന നിലവാരത്തിലുള്ള സിവിൽ സർവീസ് പരിശീലനങ്ങളിലും അഭിനിവേശമുള്ള പട്ടികവർഗ്ഗ യുവതി/യുവക്കളെ തിരിച്ചറിയുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. 2.5 ലക്ഷത്തിൽ താഴെ കുടുംബവരുമാനമുള്ള, 50 ശതമാനം മാർക്കോടെ ബിരുദം നേടിയ, 30 വയസ്സിൽ താഴെയുള്ള പട്ടികവർഗ്ഗ യുവതി/യുവാക്കൾക്ക് ഈ പരിപാടിയിൽ അപേക്ഷിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. സംസ്ഥാന സിവിൽ സർവീസ് അക്കാദമി നടത്തിയ റസിഡൻഷ്യൽ ഓറിയന്റേഷൻ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ 40 പട്ടികവർഗ്ഗ യുവതി/യുവക്കളെ തിരഞ്ഞെടുത്തു. സ്ക്രീനിംഗിനു ശേഷം അതിൽ നിന്നും തിരഞ്ഞെടുത്ത 20 ഉദ്യോഗാർത്ഥികളെ ഒരു വർഷത്തെ തീവ്രപരിശീലനത്തിന് രാജ്യത്തെ പ്രശസ്ത സ്ഥാപനങ്ങളിൽ അയയ്ക്കുകയുണ്ടായി.
- **പട്ടികവർഗ്ഗ സെറ്റിൽ മെന്റുകളിൽ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾ (സമൂഹ്യ പഠനമുറി)**

  ഈ പദ്ധതിക്കു കീഴിൽ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള കമ്പ്യൂട്ടറുകൾ, ടെലിവിഷൻ, ഫർണിച്ചർ, വായനാ സാമഗ്രികൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾ (സാമൂഹ്യ പഠന മുറികൾ) സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഈ വിഭാഗത്തിൽനിന്നുള്ള വിദ്യാസമ്പന്നനായ യുവതി/യുവാക്കളെയാണ് സാമൂഹ്യ പഠനമുറികളിൽ അധ്യാപകരായും സാമൂഹ്യ പ്രവർത്തകരായും പ്രവർത്തിക്കുന്നതിന് തെരഞ്ഞെടുക്കുന്നത്. 2022 സെപ്റ്റംബർ വരെ, പട്ടികവർഗ്ഗ കേന്ദ്രീകൃത സെറ്റിൽമെന്റുകളിൽ 350 കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 100 എണ്ണം 2021-22 ൽ ആരംഭിച്ചവയാണ്. പഠനത്തിനിടയിലെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനും, സ്കൂൾ ഹാജർനില വർധിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, കൊവിഡ്-19 സമയത്ത് ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിലും ഈ കേന്ദ്രങ്ങൾ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

2018-19 മുതൽ 2022-23 വരെ (ഒക്ടോബർ 05, 2022 വരെ) വിവിധ സ്കോളർഷിപ്പുകളും സഹായങ്ങളും നേടിയ വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം 8.2.22**ൽ കാണിച്ചിരിക്കുന്നു. 2021-22, 2022-23 വർഷങ്ങളിൽ (ഒക്ടോബർ 05, 2022 വരെ) വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണിയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.23**ലും നൽകിയിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 8.2.24**-ലും നൽകിയിരിക്കുന്നു.

2021-22ൽ വിദ്യാഭ്യാസ മേഖലക്കായി 159.25 കോടി വകയിരുത്തിയിരുന്നു. വിദ്യാഭ്യാസമേഖലയിൽ അനുവദിച്ച വിഹിതം, ചെലവ് എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.25**ൽ നൽകിയിരിക്കുന്നു.

### ആരോഗ്യ പരിപാടികൾ

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി വിവിധ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. സമഗ്ര ആരോഗ്യ പരിപാടി, ജനനി ജന്മരക്ഷ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ധനസഹായം, പരമ്പരാഗത വൈദ്യൻമാർക്കുള്ള ധനസഹായം, മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ നടത്തിപ്പ് എന്നിവ പ്രധാന ആരോഗ്യ പരിരക്ഷാ പദ്ധതികളാണ്. 2021-22 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **ബോക്സ് 8.2.3**ൽ നൽകിയിരിക്കുന്നു.

2021-22ൽ പട്ടികവർഗ്ഗ ആരോഗ്യമേഖലയ്ക്കായി 43.73 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ ഫണ്ടിന്റെ ധനപുനർവിനിയോഗം വഴിയും അഡിഷണൽ ആതറൈസേഷൻ വഴിയും ലഭ്യമായ 52.80 കോടി രൂപ ആരോഗ്യമേഖലയ്ക്ക് കീഴിലുള്ള വിവിധ പരിപാടികൾക്കായി ചെലവഴിക്കുകയുണ്ടായി. 2022-23-ൽ (ഒക്ടോബർ 05, 2022 വരെ) ആരോഗ്യ പരിരക്ഷാ പദ്ധതിക്കായി ₹18.35 കോടി ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യമേഖലയിൽ വകയിരുത്തിയ വിഹിതം, ചെലവ്, ഭൗതിക നേട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.26**ൽ കാണിച്ചിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രധാന ആരോഗ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 8.2.27**ലും നൽകിയിരിക്കുന്നു.

**നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടി**

തൊഴിൽരഹിതരായ യുവജനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് കരിയർ ഗൈഡൻസ് ക്യാമ്പുകളും നൈപുണ്യ പരിശീലനവും നടത്തിവരുന്നു. കരിയർ ഗൈഡൻസ് പ്രോഗ്രാമുകളിൽ നിന്നുള്ള റിപ്പോർട്ടുകളുടെയും, നൈപുണ്യ വിടവ് വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വിവിധ തൊഴിലധിഷ്ഠിത സാങ്കേതിക കോഴ്സുകളിൽ നൈപുണ്യ പരിശീലനം നൽകുകയും, ഇത്തരത്തിൽ പരിശീലനം ലഭിച്ച യുവാക്കൾക്ക് സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വിദേശ ബഹുരാഷ്ട്ര കമ്പനികൾ എന്നിവിടങ്ങളിൽ തൊഴിൽ നേടാനുമായിട്ടുണ്ട്.

2021-22ൽ രണ്ട് നൈപുണ്യ പരിശീലന പരിപാടികളിലായി 150 പട്ടികവർഗ യുവാക്കൾ പങ്കെടുക്കുകയും ഇവരിൽ പരിശീലന പരിപാടികൾ പൂർത്തിയാക്കിയ 114 യുവാക്കൾ സ്വകാര്യ സംരംഭങ്ങളിൽ തൊഴിൽ നേടുകയുമുണ്ടായി. കഴിഞ്ഞ നാല് വർഷമായി നടത്തിയ നൈപുണ്യ പരിശീലനങ്ങളുടെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ **അനുബന്ധം 8.2.28**ൽ നൽകിയിരിക്കുന്നു.

**കേരള ട്രൈബൽ പ്ലസ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആ സാമ്പത്തിക വർഷം 100 ദിവസ അധിക തൊഴിൽ കൂടി (200 ദിവസം) നൽകുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'കേരള ട്രൈബൽ പ്ലസ് പദ്ധതി'. 2017-18 മുതൽ എം.എൻ.ആർ.ഇ.ജി.എസ് മിഷൻ മുഖേനയാണ് പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പാണ്.

പട്ടികവർഗ്ഗ കുടുംബങ്ങളിലെ തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം 2017-18ൽ 91,717 ആയിരുന്നത് 2021-22ൽ 1,29,597 ആയി ഉയർന്നിട്ടുണ്ട്. 2021-22 ൽ 100 ദിവസത്തെ തൊഴിൽ (200 ദിവസം ഉൾപ്പെടെ) പൂർത്തിയാക്കിയ പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം 29,644 ആണ്. 2017-18ൽ ട്രൈബൽ പ്ലസ്സിന് കീഴിൽ തൊഴിൽ നേടിയ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 6,609 ആയിരുന്നു, ഇത് 2018-19 ൽ 22,937 കുടുംബങ്ങളായി വർദ്ധിച്ചു. 2019-20 ൽ 21,726 ആയും, 2020-21 ൽ ഇത് 31,870 ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

2021-22 വർഷത്തെ ട്രൈബൽ പ്ലസ് പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി വിശദാംശങ്ങൾ **അനുബന്ധം 8.2.29** ൽ നൽകിയിരിക്കുന്നു.

**ഭക്ഷ്യ സുരക്ഷയും പോഷകാഹാര വികസന പരിപാടികളും**

പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ സമയങ്ങളിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. അട്ടപ്പാടിയിലും വയനാട്ടിലും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാരക്കാർ, മുതിർന്ന പൗരന്മാർ, നിത്യരോഗികളായവർ തുടങ്ങി ദുർബലരായ ജനങ്ങളുടെ പോഷണത്തിനായി കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിരവധി കാർഷിക പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടിയിൽ 'മില്ലറ്റ് ഗ്രാമം' പദ്ധതിയും 'അഗ്രോ ഇക്കോളജിയിലൂടെ ന്യൂട്രിഷൻ' എന്ന പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. 60 വയസ്സിന് മുകളിലുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും പ്രത്യേക പോഷകാഹാരം ഉറപ്പാക്കുന്നതിന്, ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണ മുതലായവ അടങ്ങിയ ഭക്ഷ്യക്കിറ്റും വിതരണം ചെയ്യുന്നു. ഇടുക്കി, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിൽ പോഷകാഹാര അപര്യാപ്തത പരിഹരിക്കുന്നതിനായി ഹരിത രശ്മി എന്ന നൂതന

**ബോക്സ് 8.2.3** 2021-22 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

- സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം 56,000 പേർക്ക് ചികിത്സാ സഹായം നൽകി.
- ആരോഗ്യ പരിരക്ഷാ പദ്ധതിയുടെ ദുരിതാശ്വാസ ഘടകത്തിന് കീഴിൽ, ഏകവരുമാനദായകന്റെ മരണമൂലം കഷ്ടതയനുഭവിക്കുന്ന 42 കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വച്ച് 84 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി.
- 811 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500 രൂപ ധനസഹായം നൽകി.
- ജനനി ജന്മരക്ഷ പദ്ധതിക്ക് കീഴിൽ 8,935 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 2,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു.
- 'പരമ്പരാഗത പട്ടിക വർഗ്ഗ വൈദ്യന്മാർക്കുള്ള ധനസഹായം' എന്ന പദ്ധതി പ്രകാരം 235 പരമ്പരാഗത വൈദ്യന്മാർക്ക് 10,000 രൂപ നിരക്കിൽ വാർഷിക ഗ്രാന്റ് അനുവദിച്ചു.
- ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ഉപയോഗപ്പെടുത്തുകയും 3,909 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്

പദ്ധതിക്ക് പട്ടികവർഗ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. ഇടുക്കിയിലും വയനാട്ടിലുമുള്ള 2,500 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

**മില്ലറ്റ് വില്ലേജ് പദ്ധതി**

അട്ടപ്പാടിയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണിത്. 1,900 ഏക്കർ വിസ്തൃതിയുള്ള 70 സെറ്റിൽമെന്റുകളിലായി നടപ്പിലാക്കുന്ന പദ്ധതിയുടെ ആകെ ചെലവ് 7.41 കോടി രൂപയാണ്. തിന, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറികൾ, തേനീച്ചവളർത്തൽ എന്നിവയുടെ ഉൽപ്പാദനത്തിന് പുറമെ, തിനയുടെ സംഭരണം, സംസ്കരണം, പാക്കിംഗ്, ലേബലിംഗ്, വിപണനം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. 'അട്ടപ്പാടി ഓർഗാനിക് ' എന്ന ബ്രാൻഡിലാണ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഉപജീവനമാർഗം ഉറപ്പാക്കുക അട്ടപ്പാടിയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം.

**ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോളജി**

അട്ടപ്പാടിയിലെ 19 ഉൾഗ്രാമങ്ങളിലെ 1,671 ഏക്കറിലായി നടത്തിവരുന്ന 'ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോളജി' (ഗോത്ര ഭാഷയിൽ 'നമുത്ത് വെള്ളാമേ' എന്ന് നാമകരണം ചെയ്തിരിക്കുന്നു) അഥവാ കാർഷിക പരിസ്ഥിതിയിലൂടെ ഭക്ഷണത്തിലെ പോഷകാഹാര പര്യാപ്തത എന്ന പരിപാടി 1208 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ട്. ഈ പദ്ധതിയിലൂടെ അട്ടപ്പാടിയിലെ വിവിധ പട്ടികവർഗ്ഗ സമൂഹങ്ങൾ അനുഷ്ഠിക്കുന്ന പരമ്പരാഗത കൃഷിരീതികളിലൊന്നായ 'പഞ്ചകൃഷി' പുനരുജ്ജീവിപ്പിച്ചു. പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷയും പോഷണവും വർധിപ്പിക്കുന്നതിന് ഉതകുന്ന സുസ്ഥിര പരിപാടിയാണിത്. ഈ പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും കർഷകരെ പിന്തുണച്ച് പദ്ധതി മുന്നോട്ടുനയിക്കുന്നതും അവർക്കിടയിൽനിന്നുമുള്ള ഫീൽഡ് കോ-ഓർഡിനേറ്റർമാർ ഉൾപ്പെടുന്ന പട്ടികവർഗ്ഗ സമൂഹം തന്നെയാണ്.

**ഹരിത രശ്മി**

സുസ്ഥിരമായ കാർഷിക ഇടപെടലിലൂടെ ഇടുക്കി, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ലഭ്യമായ ഭൂമിയുടെ ഫലപ്രദമായ വിനിയോഗം പ്രോത്സാഹിപ്പിക്കലാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് പ്രയോജനപ്പെടുത്തി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള തരിശു ഭൂമിയിൽ ശാസ്ത്രീയവും ആധുനികവുമായ കൃഷികൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി അവരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

വയനാട് ജില്ലയിലെ തിരഞ്ഞെടുത്ത 3,000 കുടുംബങ്ങൾക്കും ഇടുക്കി ജില്ലയിലെ തിരഞ്ഞെടുത്ത 1,000 കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. പരസ്പരബന്ധിതമായ മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ, ബോധവൽക്കരണ ക്യാമ്പെയിനുകൾ, പട്ടികവർഗ്ഗ ഗുണഭോക്താക്കളെ കണ്ടെത്തൽ, പരിശീലന പരിപാടികൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങളും, രണ്ടാം ഘട്ടത്തിൽ വിളകളുടെ കൃഷിയും വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങളും, മൂന്നാം ഘട്ടത്തിൽ ഉൽപ്പന്നങ്ങളുടെ വിപണനം, ബ്രാൻഡിംഗ്, ഫാർമർ-പ്രൊഡ്യൂസർ സംഘങ്ങളുടെ രൂപീകരണം എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. 376 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ നിന്നുള്ള 4,022 പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 157 കർഷക സംഘങ്ങൾ രൂപീകരിച്ചു. രണ്ട്, മൂന്ന് ഘട്ടത്തിന് കീഴിലുള്ള ജോലികൾ ഒരേസമയം പുരോഗമിച്ചുവരുന്നു. കൃഷി വിദഗ്ധരുടെ പിന്തുണയോടെ കർഷക സംഘങ്ങൾക്ക് വയനാട് ജില്ലയിൽ കൃഷി രീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്ത് പരിപാലനം, നഴ്സറി പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുകയുണ്ടായി. 'ഹരിതരശ്മി' പദ്ധതിയുടെ ഭാഗമായി 2022 സെപ്റ്റംബർ 5, 6 തീയതികളിൽ വയനാട്ടിലെ യെന്നൂരിൽ ദ്വിദിന ഓണം ഫെയറും സംഘടിപ്പിക്കുകയുണ്ടായി.

**സാമൂഹിക വികസന പരിപാടികൾ**

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട സാമൂഹിക സുരക്ഷാ പദ്ധതികളിൽ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം, അടിയ, പണിയ, തുടങ്ങിയ ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനുള്ള പ്രത്യേക പാക്കേജുകൾ, ഗോത്രവത്സല്യനിധി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതികൾക്ക് കീഴിലുള്ള പ്രധാന ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- 895 പെൺകുട്ടികൾക്ക് 1.50 ലക്ഷം രൂപ നിരക്കിൽ വിവാഹ സഹായം നൽകി.
- അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയ്ക്ക് കീഴിൽ തിരഞ്ഞെടുത്ത 94 സെറ്റിൽമെന്റുകളിൽ 49 സെറ്റിൽമെന്റുകളിലൂടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തികരിച്ചു.
- അടിയ, പണിയ, പ്രത്യേക പാക്കേജ് പ്രകാരം 2,780 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി.

**മറ്റ് വികസന പ്രവർത്തനങ്ങൾ**

- വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ ആറളം പുനരധിവാസ മേഖലയിൽ ആനമതിൽ നിർമിക്കാൻ 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്
- 6.13 കോടി രൂപ ചെലവഴിച്ച് 1,013 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്
- പട്ടികവർഗ്ഗക്കാർക്കുള്ള വ്യാപാര-കലാ മേള (ഗദ്ദിക) മിനി ഗദ്ദിക പരിപാടികളായി 6 ജില്ലകളിൽ നടത്തുകയുണ്ടായി.
- പട്ടികവർഗ്ഗ വികസന വകുപ്പും വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഓഫീസുകളും ഇ-ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്.) നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിലും ജില്ലാ ഓഫീസുകളിലും 46.02 ലക്ഷം ചെലവഴിച്ച് ഓഫീസ് ഓട്ടോമേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.

**പട്ടികവർഗ്ഗ വികസന വകുപ്പിന്കീ ഴിലുള്ള പ്രധാന ഫാമുകൾ**

**ആറളം ഫാം**

കണ്ണൂർ ജില്ലയിൽ 1970 ലാണ് ആറളം ഫാം സ്ഥാപിതമായത്.

കണ്ണൂരിലെയും സമീപ ജില്ലകളിലെയും ഭൂരഹിതരായ 3,500 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഫാമിന്റെ അധീനതയിലുള്ള 7,000 ഏക്കറിൽ നിന്നും ഒരേക്കർ ഭൂമി വീതം കൈമാറുകയുണ്ടായി. കാർഷിക വിളകൾക്കായി ഗുണനിലവാരമുള്ള നടീൽ സാമഗ്രികളുടെ ഉൽപാദനം, റബ്ബർ പ്ലാന്റേഷൻ എന്നിവ ഫാമിന്റെ പ്രധാന പ്രത്യേകതകളാണ്. പോളി ഹൗസിന്റെ നവീകരണം, മഴമറ ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി, സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുകയും ഇവിടെ വിവിധ നടീൽ വസ്തുക്കൾ, ഇൻഡോർ പ്ലാന്റുകൾ, ഹാംഗിഗ് പോട്ടുകൾ, ഉദ്യാന സസ്യങ്ങൾ, അടുക്കളത്തോട്ടം ഉൽപ്പന്നങ്ങൾ, ഫാം ഉൽപന്നങ്ങൾ എന്നിവ ലഭ്യമാക്കുക, റബ്ബറിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, അടുത്ത മൂന്നു വർഷത്തിനുള്ളിൽ 2.5 ലക്ഷം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിപാടികൾ എന്നിവയും 2021-22 വർഷത്തിൽ ആറളം ഫാമിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളാണ്. ഫാമിൽ കൃഷിചെയ്യുന്ന വിളകൾ/കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം **പട്ടിക 8.2.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 8.2.2** ആറളം ഫാം-വിളകൾ, കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

| വിളയുടെ പേര് | കൃഷി സ്ഥലം – (ഹെക്ടറിൽ) |
|---|---|
| തെങ്ങ് | 315.35 |
| കശുമാവ് | 587.63 |
| മാവ് | 9.90 |
| കവുങ്ങ് | 16.76 |
| കുരുമുളക് | 6.81 |
| റബ്ബർ | 243.20 |
| മറ്റുള്ളവ | 4.45 |
| നഴ്സറി | 6.00 |

അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്

**അട്ടപ്പാടി കോ–ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ നവീകരണത്തിന്റെ ഭാഗമായി പത്ത് വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ രൂപരേഖ 2020 -ൽ കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കുകയും, ഇതിനായി 3.00 കോടി രൂപ അനുവദിക്കുകയുമുണ്ടായി. ഉല്പാദനം വർദ്ധിപ്പിച്ച് മെച്ചപ്പെട്ടവരുമാനം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ തൈകൾ വച്ചുപിടിപ്പിക്കുക, നിലവിലുള്ള വിളകളുടെ പരിപാലനം, ഫെൻസിംഗുകൾ നിർമ്മിച്ച് സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും തുക വിനിയോഗിച്ചത്. കാപ്പി, കുരുമുളക്, കശുവണ്ടി, ജാതിക്ക, മഞ്ഞൾ, ഏലം, പപ്പായ, കറിവേപ്പില, ചീര വർഗ്ഗങ്ങൾ തുടങ്ങിയവയാണ് സൊസൈറ്റിയുടെ വിവിധ ഫാമുകളിൽ കൃഷിചെയ്യുന്ന പ്രധാന കാർഷികവിളകൾ. ഫാമുകളെ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഫാമിൽ യന്ത്രവൽക്കരണവും നടന്നുവരുന്നു.

**നിയമ പരിരക്ഷ പരിപാടികൾ : പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമവും**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 ഉം നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് സഹായകരമാണ്. ഈ പദ്ധതിക്ക് 2021-22ൽ ഗ്രാന്റ്-ഇൻ-എയ്ഡായി അനുവദിച്ച 295.1 ലക്ഷം രൂപയിൽ 273.90 ലക്ഷം രൂപ പി.സി.ആർ, എസ്‌സി/എസ്ടി (അതിക്രമങ്ങൾ തടയൽ) നിയമങ്ങൾ നടപ്പിലാക്കുന്നതിനായി വിനിയോഗിച്ചു, ഇതിൽ 136.95 ലക്ഷം കേന്ദ്ര വിഹിതവും 136.95 ലക്ഷം സംസ്ഥാന വിഹിതവുമാണ്. അതിക്രമത്തിനിരയായ 195 ഓളം പേർക്ക് ആശ്വാസ ധനസഹായം നൽകുകയുണ്ടായി. 2021-22ൽ 46 ദമ്പതികൾക്കും, 2022-23ൽ, 18 ദമ്പതികൾക്കും (2022 ഒക്ടോബർ 05 വരെ) മിശ്ര വിവാഹ ധനസഹായം നൽകുകയുണ്ടായി. 2018-19 മുതൽ 2022-23 വരെ വിവാഹ ധനസഹായവും മിശ്ര വിവാഹ ധനസഹായവും ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.30**ൽ നൽകിയിരിക്കുന്നു.

**പട്ടികവർഗ്ഗ ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവുനികത്തൽ പദ്ധതി)**

പട്ടികവർഗ്ഗ ഉപപദ്ധതി പദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള നിർണായക വിടവുകൾ നികത്തുന്നതിനായി വാർഷിക ബജറ്റിന്റെ ഒരു വിഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് നീക്കിവയ്ക്കാറുണ്ട്. 2021-22ൽ ഇത്തരത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പും വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഓഫീസുകളും ഏറ്റെടുത്ത വിവിധ പദ്ധതികൾക്കായി 30.00 കോടി രൂപ വകയിരുത്തുകയും ആയതിൽ 29.97 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2018-19 മുതൽ 2022-23 വരെ (ഒക്ടോബർ 05, 2022 വരെ) ഈ പദ്ധതിക്ക് കീഴിൽ അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.31**ൽ നൽകിയിരിക്കുന്നു.

**പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായം**

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വരുമാനം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിലെ ഫണ്ടുകൾക്ക് പുറമേ, 'കേന്ദ്രഫണ്ടായി' പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായം കൂടി ലഭിക്കാറുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതി 'പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന' എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് നടപ്പിലാക്കി വരുന്നത്. 2018-19 മുതൽ 2022-23 വരെയുള്ള (ഒക്ടോബർ 05, 2022 വരെ) പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായത്തിന്റെ വിഹിതവും ചെലവും **അനുബന്ധം 8.2.32**ൽ നൽകിയിരിക്കുന്നു.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ്ങ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്)**

1970-ൽ 'ട്രൈബൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ' ആയി ആരംഭിച്ച കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ട്രൈബ്സ് (കിർത്താഡ്സ്) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗക്കാരെക്കുറിച്ചുള്ള പഠനങ്ങളും ഗവേഷണവും നടത്തിവരുന്നു. ഗവേഷണം, പരിശീലനം, വികസന പഠനം എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ളത്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പഠനങ്ങളുടെ ഗവേഷണത്തിന്റെയും

**ബോക്സ് 8.2.4** സമഗ്ര വികസന പ്രവർത്തനങ്ങൾ

**ഇടമലക്കുടി സമഗ്ര വികസന പാക്കേജ്**
സാമൂഹികവും സാമ്പത്തികവുമായ ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ (മുതുവാൻ വിഭാഗം) ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഒട്ടേറെ വികസനപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, റോഡ്, വിദ്യാഭ്യാസം, ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഈ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനായി 2022-23 വാർഷിക പദ്ധതിയിൽ 15.00 കോടി രൂപ വകയിരുത്തി 'ഇടമലക്കുടി സമഗ്രവികസന പാക്കേജ്' എന്ന പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇടമലക്കുടിയിലെ 'പെട്ടിമുടി-ഇടലിപ്പാറക്കുടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 13.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഓഫീസുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, സ്കൂൾ കെട്ടിടം നിർമ്മാണ പ്രവർത്തികൾ, അങ്കണവാടികളുടെയും കമ്മ്യൂണിറ്റി സെന്ററുകളുടെയും നിർമ്മാണം, തടിയേതിര വനവിഭവങ്ങളുടെ കളക്ഷൻ സെന്റർ, ആരോഗ്യത്തിനും പാർപ്പിടത്തിനുമുള്ള സൗകര്യം തുടങ്ങിയ പരിപാടികളും തുടർന്നുള്ള വർഷങ്ങളിൽ ഏറ്റെടുക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നുണ്ട്.

**കുടുംബാധിഷ്ഠിത– ഊരധിഷ്ഠിത മൈക്രോ പ്ലാൻ.**
സംസ്ഥാന ആസൂത്രണ ബോർഡുമായി സഹകരിച്ച്, പട്ടികവർഗ്ഗ വികസന വകുപ്പ് സെറ്റിൽമെന്റുകളുടെ സമഗ്ര വികസനത്തിനായി കുടുംബം/സെറ്റിൽമെന്റ് അടിസ്ഥാനമാക്കിയുള്ള മൈക്രോ പ്ലാനുകൾ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ ദുർബലവും പാർശ്വവൽക്കരിക്കപ്പെട്ടതുമായ പട്ടിക വർഗ്ഗ സമൂഹങ്ങൾ താമസിക്കുന്ന സംസ്ഥാനത്തെ 162 സെറ്റിൽമെന്റുകളെ മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. മൊബൈൽ ആപ്പ് അധിഷ്ഠിതമായുള്ള വിവരശേഖരണം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ, വിവിധ മേഖലകളിലെ വികസന വിടവുകൾ കണ്ടെത്തുന്നതിനുള്ള അടിയന്തര ഇടപെടലുകൾ, ഫീൽഡ് തല പ്രവർത്തനങ്ങളും 2022-23ൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 1.34 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.

വർഗ്ഗീകരണത്തിന്റെയും ഭാഗമായി നരവംശ ശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും വിവിധ മേഖലകളിൽ നിന്നുള്ള സൈദ്ധാന്തിക വീക്ഷണങ്ങൾ സംയോജിപ്പിച്ച് റിസർച്ച് വിംഗ് വിവിധ സമുദായങ്ങളുടെ, പ്രത്യേകിച്ച് സംസ്ഥാനത്തെ പട്ടികവർഗ്ഗ സമൂഹങ്ങളെക്കുറിച്ച്, നരവംശശാസ്ത്രപരവും സാമൂഹിക-സാംസ്കാരികപരവുമായ പഠനങ്ങൾ നടത്തുന്നു. സംസ്ഥാനത്തെ പട്ടികവർഗ്ഗ സമുദായങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ പരിപാടികളുടെ വിവിധ വിലയിരുത്തൽ പഠനങ്ങൾ കിർത്താഡ്സ് വികസന പഠന വിഭാഗം നടത്തുന്നുണ്ട്.

പരിശീലന വിഭാഗം സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനായി നിരവധി പരിശീലന പരിപാടികൾ ഏകോപിപ്പിക്കുകയും നടത്തുകയും ചെയ്യുന്നുണ്ട്. ബോധവൽക്കരണ പരിപാടികൾ, ശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾ, ശാക്തീകരണം, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഈ വിഭാഗം നടത്തുന്നു. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ പരമ്പരാഗത നൃത്തം, സംഗീതം എന്നിവ ഉൾക്കൊള്ളുന്ന ആദികലാ ഗ്രാമം പരിപാടിയും ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടത്തുന്നുണ്ട്. കിർത്താഡ്സിന്റെ വിവിധ പദ്ധതികളും അവയുടെ വിഹിതവും ചെലവും **അനുബന്ധം 8.2.33**ൽ നൽകിയിരിക്കുന്നു. 2017-18 മുതൽ 2022-23 വരെ (ഒക്ടോബർ 05, 2022 വരെ) കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ അടിസ്ഥാനമാക്കി കിർത്താഡ്സ് നടത്തിയ ആന്ത്രോപോളജിക്കൽ ഇൻവെസ്റ്റിഗേഷനുകളുടെ എണ്ണം **അനുബന്ധം 8.2.34**ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി നിരവധി വരുമാനദായക പദ്ധതികളും ഒപ്പം മറ്റ് ക്ഷേമ പരിപാടികളും രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നു. കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെ (i) സ്വന്തം വായ്പാ പദ്ധതികൾ (ii) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.എഫ്.ഡി.സി.) സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ, (iii) ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.ടി.എഫ്. ഡി.സി) നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വരുമാനം സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുമായുള്ള പദ്ധതികളിൽ ഗുണഭോക്താധിഷ്ഠിത പദ്ധതികൾ, വിവിധോദ്ദേശ്യ യൂണിറ്റ് വായ്പ, ഗതാഗത പദ്ധതി, സ്റ്റാർട്ട് അപ്പ് സംരംഭകർക്കായുള്ള വായ്പ, മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് സിസ്റ്റം, ലഘു വ്യവസായ പദ്ധതി, പട്ടിക വർഗ്ഗ സംരംഭകർക്കുള്ള വായ്പ, വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള സ്ത്രീ ശാക്തീകരണ പരിപാടി, മഹിളാസമൃദ്ധി യോജന, പ്രൊഫഷണൽ സേവന പദ്ധതികൾ, കർഷക തൊഴിലാളികൾക്കായുള്ള ഭൂമി വാങ്ങൽ പദ്ധതി, പെട്രോളിയം ഡീലർമാർക്കുള്ള പ്രവർത്തന മൂലധന വായ്പ തുടങ്ങിയ ഉൾപ്പെടുന്നു. വിദ്യാഭ്യാസ വായ്പ, വിദേശ വിദ്യാഭ്യാസ വായ്പ, വിവാഹ സഹായം, ഭവന വായ്പ, ഭവന നവീകരണ വായ്പ തുടങ്ങിയ സാമൂഹ്യ ക്ഷേമ പദ്ധതികളും കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2021-22ൽ കോർപ്പറേഷൻ പട്ടികജാതിക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതികളിലൂടെ 93.99 കോടി രൂപ ചെലവഴിക്കുകയും 5,207 പേർക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലൂടെ 9.37 കോടി രൂപ ചെലവഴിക്കുകയും 528 ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2022-23ൽ 2,742 പട്ടികജാതി ഗുണഭോക്താക്കൾക്കും 301 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും (2022 സെപ്റ്റംബർ 30 വരെ) കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ 2021-22 ലെ പ്രധാന സംരംഭങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

### വരുമാനദായക/സ്വയം തൊഴിൽ പദ്ധതികൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഗുണ ഭോക്താധിഷ്ഠിത പദ്ധതിയിലൂടെ തൊഴിലില്ലാത്ത യുവതീ-യുവാക്കൾക്ക് പദ്ധതിച്ചെലവിന്റെ പരമാവധി 3,00,000 രൂപ വരെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്നു. ഈ പദ്ധതിയിലൂടെ 2021-22ൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം 769 പേർക്കും 65 പേർക്കും സഹായം ലഭിച്ചിട്ടുണ്ട്. മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ പദ്ധതിയിൽ, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകരുടെ പ്രായോഗികവും കുറഞ്ഞ സമയം ആവശ്യമുള്ളതുമായ ചെറുതും ഇടത്തരവുമായ പ്രോജക്റ്റുകൾക്ക് ധനസഹായം നൽകുന്നു. 2021-22ൽ 35 പട്ടികജാതി സംരംഭകർക്കും 5 പട്ടികവർഗ സംരംഭകർക്കും ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാക്കി. സ്റ്റാർട്ടപ്പ് സംരംഭകർക്ക് വായ്പ നൽകുന്ന പദ്ധതിയിൽ യുവ പട്ടികജാതി സംരംഭകരുടെയും നൂതന ആശയങ്ങൾ ഉള്ളവരുടേയും ചെറുകിട, ഇടത്തരം സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 50 ലക്ഷം രൂപയിൽ അധികരിക്കാത്ത പദ്ധതികൾക്ക് ഏഴ് ശതമാനം പലിശ നിരക്കിൽ വായ്പാ നൽകുന്നു. ഇതിൽ പുതുതായി പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകുന്നത്. അതുപോലെ, കൃഷി, വ്യാപാരം ഉൾപ്പെടെയുള്ള മേഖലകളിൽ ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിന് പാവപ്പെട്ട പട്ടികവർഗ്ഗ യുവാക്കളെ സഹായിക്കാൻ 'ആദിവാസി സംരംഭകർക്ക് വായ്പ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് 120 സംരംഭകരെ സഹായിക്കുകയുണ്ടായി.

അതുപോലെ, ലഘു വ്യവസായ യോജന വഴി 2021-22ൽ 1,502 പട്ടികജാതി സംരംഭകർക്ക് സഹായം ലഭിച്ചു. 'മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള ലോൺ' പദ്ധതി വഴി, നോർക്ക റൂട്ട്സ് കണ്ടെത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് ലാഭകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആവശ്യകത അടിസ്ഥാനമാക്കിയുള്ള വായ്പയായി പരമാവധി 20 ലക്ഷം രൂപ നൽകുന്നു. പദ്ധതിയുടെ 15 ശതമാനം മൂലധന സബ്സിഡിയായി നോർക്ക അനുവദിക്കുകയും ചെയ്യുന്നു.

ഗ്രാമീണ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കുന്ന വനിതാ ശാക്തീകരണ പരിപാടിയിൻ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ വനിതാ സംരംഭകരുടെ ഗ്രൂപ്പുകൾക്കാണ് വായ്പ നൽകുന്നത്. 2021-22ൽ 765 പട്ടികജാതി ഗുണഭോക്താക്കൾക്കും, 56 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചു. ഇതുകൂടാതെ, പട്ടികജാതി വനിതാ സംരംഭകർക്ക് സോഫ്റ്റ് ലോൺ സഹായം ലഭ്യമാക്കുന്ന മഹിളാ സമൃദ്ധി യോജനയും പട്ടികവർഗ്ഗ വനിതകൾക്കായി ആദിവാസി മഹിളാ സശക്തീകരൺ യോജനയും (എൻ.എസ്.ടി.എഫ്.ഡി.സി) കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2021-22ൽ മഹിളാ സമൃദ്ധി യോജനയിലൂടെ 127പട്ടികജാതിക്കാർക്കും, മഹിളാ സശക്തീകരൺ യോജനയിലൂടെ 73 പട്ടിക വർഗ്ഗക്കാർക്കും അവരുടെ സ്വയം തൊഴിൽ സംരംഭത്തിന് സഹായം ലഭിക്കുകയുണ്ടായി.

### സാമൂഹ്യക്ഷേമ പദ്ധതികൾ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക ക്ഷേമത്തിനായുള്ള നിരവധി കാര്യങ്ങൾക്കായി കോർപ്പറേഷൻ വായ്പകളും സഹായങ്ങളും വാഗ്ദാനം ചെയ്യുന്നു. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള വിദ്യാഭ്യാസ വായ്പ, 10 ലക്ഷം രൂപ വരെയുള്ള വിദേശ വിദ്യാഭ്യാസ വായ്പ, 2,50,000 രൂപ വരെ വിവാഹ സഹായം, ഭവന വായ്പ, ഭവന പുനരുദ്ധാരണ വായ്പ തുടങ്ങിയവ അത്തരം ചില പദ്ധതികളാണ്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ 2021-22, 2022-23 വർഷങ്ങളിലെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ (സെപ്റ്റംബർ 30, 2022 വരെ) **അനുബന്ധം 8.2.35**ൽ നൽകിയിരിക്കുന്നു.

### മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ സ്വാതന്ത്ര്യത്തിന് മുമ്പേ തന്നെ രാജ്യത്ത് നടന്നിരുന്നു. സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള സംരക്ഷണ നടപടികൾ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ആവിഷ്കരിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15(4), 16(4) വിദ്യാഭ്യാസത്തിലും തൊഴിലിലും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധയും സംവരണവും ഉറപ്പാക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 340-ാം അനുച്ഛേദവും മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകളും അനുസരിച്ച്, സമൂഹത്തിലെ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി 2011 നവംബറിൽ സംസ്ഥാന സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് തന്നെ രൂപീകരിക്കുകയുണ്ടായി. മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ തന്നെ ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗമാണ് ഒ.ഇ.സി. തൊഴിലിലും വിദ്യാഭ്യാസത്തിലും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഉറപ്പാക്കുന്ന രാജ്യത്തെ സംസ്ഥാനങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതിനാൽ തന്നെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പിന്നാക്ക വിഭാഗങ്ങൾ സാമൂഹിക പുരോഗതിയിൽ ഏറെ മുന്നിലാണ്. സംസ്ഥാന ജനസംഖ്യയുടെ 65 ശതമാനത്തോളം മറ്റ പിന്നാക്ക വിഭാഗങ്ങളിൽ പെടുന്നവരാണ്. അതിൽ 84 സമുദായങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലും 83 സമുദായങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ (എസ്ഇബിസി) പട്ടികയിലും ഉൾപ്പെടുന്നു. കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളിൽ ഭൂരിപക്ഷം ഈഴവ, മുസ്ലീം എന്നീ വിഭാഗങ്ങളാണ്. വിശ്വകർമ, ലത്തീൻ കത്തോലിക്കർ, ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ, ഹിന്ദു നാടാർ, എസ്ഐയുസി നാടാർ, ധീവര എന്നിവരും സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെടുന്നു.

പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തൊഴിലവസര പദ്ധതികൾ, നൈപുണ്യ പരിശീലനം, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം തുടങ്ങിയ വിവിധ പദ്ധതികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലാളി സമൂഹങ്ങളെ, പ്രത്യേകിച്ച് ഏറ്റവും ദുർബലരായ വിഭാഗങ്ങളെ കേന്ദ്രീകൃതമായ ഇടപെടലുകളിലൂടെയും പരിപാടികളിലൂടെയും ഉയർത്തിക്കൊണ്ടുവരുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ പദ്ധതികൾ**

വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുള്ള വിദേശ സ്കോളർഷിപ്പുകൾ ഉൾപ്പെടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിരവധി വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽകുന്നു. ഒ.ബി.സി വിദ്യാർത്ഥികൾക്കും ഒ.ഇ.സി വിദ്യാർത്ഥികൾക്കും പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാത്തരം വിദ്യാഭ്യാസ സഹായങ്ങളും വരുമാന പരിധിയില്ലാതെ ഒ.ഇ.സി വിദ്യാർത്ഥികൾക്കും ലഭിക്കുവാൻ അർഹതയുണ്ട്. 2020-21ൽ ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- 54,370 ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും 65,352 ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- 69,964 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും 1,416 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- വിദേശ സർവകലാശാലകളിൽ ഉപരിപഠനത്തിനായി 31 വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് ലഭ്യമാക്കി. ഒരു വിദ്യാർത്ഥിക്ക് പരമാവധി 10.00 ലക്ഷം രൂപ വരെ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്.

**തൊഴിൽദായക പദ്ധതികൾ**

പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനായി 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം', 'പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്നിവ നടപ്പിലാക്കുകയുണ്ടായി. മെഡിക്കൽ/ എൻജിനീയറിങ് പ്രവേശന പരീക്ഷ, സിവിൽ സർവീസ് പരീക്ഷ, യുജിസി/നെറ്റ്/ജെആർഎഫ്/ഗേറ്റ്/മാറ്റ്, മറ്റ് മത്സര പരീക്ഷകൾ എന്നിവയിൽ പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ്' പരിപാടിയിലൂടെ സാമ്പത്തിക സഹായം നൽകുകയുണ്ടായി. 2021-22 വർഷത്തിൽ, 2,458 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുണ്ട്. 'പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്ന പദ്ധതിയിലൂടെ ഓട്ടോമൊബൈൽ, ലൊജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, പോളിമർ ടെക്നോളജി തുടങ്ങിയ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നു. 2021-22-ൽ ഈ പദ്ധതിയിലൂടെ 720 വിദഗ്ധ തൊഴിലാളികൾക്കും ടെക്നീഷ്യൻമാർക്കും പ്രയോജനം ലഭിക്കുകയുണ്ടായി.

പിന്നാക്ക വിഭാഗങ്ങളിലെ പല സമുദായങ്ങളും മൺപാത്ര നിർമ്മാണം, മത്സ്യബന്ധനം, നെയ്ത്ത്, അലക്ക്, ക്ഷുരകം തുടങ്ങിയ പ്രത്യേക പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. മറ്റ് പിന്നാക്ക വിഭാഗക്കാർക്കിടയിലെ പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൺപാത്ര തൊഴിലാളികൾ, ബാർബർഷോപ്പ് തൊഴിലാളികൾ, കരകൗശല വിദഗ്ധർ എന്നിവർക്ക് ധനസഹായം നൽകിവരുന്നു. 2021-22 ൽ 112 മൺപാത്ര നിർമാണ തൊഴിലാളികൾക്കും 273 പരമ്പരാഗത ക്ഷുരകർക്കും സഹായം നൽകുകയും 'നൈപുണ്യപരിശീലനവും പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾകിറ്റ് ഗ്രാന്റും' എന്ന പദ്ധതിക്ക് കീഴിൽ 2,494 പേർക്ക് നൈപുണ്യ വികസന പരിശീലനവും ടൂൾകിറ്റുകൾ വാങ്ങുന്നതിനുള്ള ധന സഹായവും നൽകുകയുണ്ടായി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആകെ 731.19 കോടി രൂപ ചെലവഴിച്ചുകൊണ്ട് 23,49,815 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിന് വകുപ്പിന് സാധിച്ചു. 2021-22 ൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് 144.83 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2022-23 ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് 161.44 കോടി രൂപയാണ് അനുവദിച്ചത്. 2021-22, 2022-23 (2022 ഒക്ടോബർ 30) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ പദ്ധതി തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതികനേട്ടം എന്നിവ **അനുബന്ധം 8.2.36** ലും **അനുബന്ധം 8.2.37** ലും നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി)**

ദേശീയ ധനകാര്യ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി), നാഷണൽ സഫായി കരംചാരീസ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് (എൻ.എസ്.കെ.എഫ്.ഡി) എന്നിവയുടെ സംസ്ഥാനതലത്തിലെ ഏകോപന ഏജൻസിയായി പ്രവർത്തിക്കുന്നത് കെ.എസ്.ബി.സി.ഡി.സി ആണ്. പിന്നാക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകുക വഴി പിന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യവും പിന്നോക്കാവസ്ഥയും ഇല്ലാതാക്കുകയെന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നാക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ കോർപ്പറേഷൻ ധന സഹായം നൽകിവരുന്നുണ്ട്. വിവാഹ ധനസഹായ പദ്ധതി, സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പകൾ, മൈക്രോഫിനാൻസ്, വീട് നിർമാണം/അറ്റകുറ്റപ്പണി, വ്യക്തിഗത വായ്പ എന്നീ ക്ഷേമപദ്ധതികൾ കോർപ്പറേഷൻ തനത് ഫണ്ടും സംസ്ഥാന സർക്കാർ സഹായവും വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2017-2021) കെ.എസ്.ബി.സി.ഡി.സി 2,727.21 കോടി രൂപ 2,77,539 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി. കോർപ്പറേഷൻ സ്വന്തമായി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിലൂടെയും സംസ്ഥാന സർക്കാരും ദേശീയ ധനകാര്യ ഏജൻസികളും സംഘടിപ്പിക്കുന്ന പ്രദർശന വ്യാപാര മേളകളിലൂടെയും അതിന്റെ ഗുണഭോക്താക്കൾക്ക് വിപണന അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. കോർപ്പറേഷൻ ഒരു "ലോണേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്" (എൽഡിആർഎഫ്) നടപ്പിലാക്കിയതിലൂടെ ഗുണഭോക്താവിന്റെ മരണം, സ്ഥിരമായ വൈകല്യം, അപകടം, അല്ലെങ്കിൽ വിട്ടുമാറാത്ത അസുഖം തുടങ്ങിയ ഘട്ടങ്ങളിൽ ഗുണഭോക്താവിനെയോ അവന്റെ കുടുംബത്തെയോ സഹായിക്കുന്നതിന് സാധിക്കുന്നു. കോവിഡ് -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പിന്നാക്ക വിഭാഗങ്ങളിലെയും ന്യൂനപക്ഷ വിഭാഗങ്ങളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ പിന്തുണയ്ക്കുന്നതിനായി കോർപ്പറേഷൻ കോവിഡ് പ്രവർത്തന മൂലധന വായ്പാ പദ്ധതി നടപ്പിലാക്കുകയും അതുവഴി 338 അംഗങ്ങൾക്ക്

**ബോക്സ് 8.2.5** കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം

പരമ്പരാഗത മൺപാത്ര നിർമ്മാണ സമുദായങ്ങൾ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിലൊന്നാണ്. കുംഭാരൻ, കുശവൻ, കുലാലൻ, ഓടൻ, വേളാൻ തുടങ്ങിയ വിഭാഗങ്ങളാണ് പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ പ്രധാനമായും മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ. ഇവർ താമസിക്കുന്ന കുംഭാര കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത അവസ്ഥയാണ്. മിക്കവർക്കും പ്രവർത്തന ഷെഡ്, ചിമ്മിനി, ആധുനിക ഉപകരണങ്ങൾ തുടങ്ങിയ പ്രവർത്തന സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാത്ത സാഹചര്യമാണുള്ളത്. കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക വഴി പരമ്പരാഗത മൺപാത്ര നിർമാണ സമൂഹങ്ങൾ തിങ്ങിപ്പാർക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. വ്യാപാരത്തിന്റെ നവീകരണം, വർക്ക്ഷെഡ്, ചിമ്മിനി എന്നിവയുടെ നിർമാണം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. 2022-23ൽ പദ്ധതിക്കായി 50.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയിൽ 2021-22ൽ പദ്ധതി നടപ്പാക്കുകയും കോളനിയിൽ ജലലഭ്യതയുള്ള വാട്ടർ ടാങ്കും പൈപ്പ് കണക്ഷനും സ്ഥാപിക്കുകയും ചെയ്തു. കൂടാതെ, കോളനിക്കുള്ളിൽ നടപ്പാതകൾ, ചൂള, കമ്മ്യൂണിറ്റി ഹാൾ, കോളനിയിലെ എല്ലാ വീടുകൾക്കുമായി ഒരു പൊതു മണ്ണ് കുഴയ്ക്കുന്ന യന്ത്രം (പഗ്മിൽ) എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിക്കായി 1.00 കോടി രൂപ ചെലവഴിക്കുകയും അത് വഴി 85 പാവപ്പെട്ട കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

അവലംബം: പിന്നാക്ക വിഭാഗ വികസന വകുപ്പ്

840.00 ലക്ഷം രൂപ വിതരണം ചെയ്യുകയുമുണ്ടായി. പിന്നാക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്ക് വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കോർപ്പറേഷൻ 'സുഭിക്ഷകേരളം' പദ്ധതി നടപ്പിലാക്കുകയും അതുവഴി 56 സ്ത്രീകൾക്ക് 85.00 ലക്ഷം രൂപ വിതരണം ചെയ്യുകയുമുണ്ടായി. 2021-22 ൽ 713.14 കോടി രൂപയുടെ വായ്പ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 68,258 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഒക്ടോബർ 5, 2022 വരെയുള്ള കണക്ക് അനുസരിച്ച് 309.00 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 19,361 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2021-22, 2022-23 (ഒക്ടോബർ 5, 2022 വരെ) വർഷങ്ങളിൽ കോർപ്പറേഷന്റെ ഇനം തിരിച്ചുള്ള ചെലവുകളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.38**ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 അനുസരിച്ച്, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ 1980-ലാണ് രൂപീകരിച്ചത്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മറ്റ് ശുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ വിഭാഗത്തിലേക്ക് പരിവർത്തിതപ്പെട്ടവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനവും അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതുമാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിൽ നിന്നും വാർഷികാടിസ്ഥാനത്തിൽ ലഭിക്കുന്ന ഓഹരി മൂലധന സഹായവും ഗ്രാന്റുകളും എൻ.ബി.സി.ഡി.എഫ്.സി-ൽ നിന്നു ലഭിക്കുന്ന വായ്പ സഹായവുമാണ് കോർപ്പറേഷന്റെ പ്രധാന ധനസ്രോതസ്സുകൾ. സ്വയംതൊഴിൽ വായ്പകൾ, പാർപ്പിട നിർമ്മാണത്തിനും നവീകരണത്തിനുമുള്ള വായ്പകൾ, വിദ്യാർത്ഥികൾക്ക് ധനസഹായം, വിവാഹ വായ്പ, കൃഷിയും അനുബന്ധമേഖലകളിലുമുള്ള സഹായം, ചെറുകിട കച്ചവട വായ്പകൾ, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. ഈ വായ്പാ പദ്ധതികൾക്ക് പുറമേ, ഇൻസെന്റീവ് ഗ്രാന്റ്, സ്പോട്ട് ദി ടാലന്റ്, കരിയർ ഗൈഡൻസ് പ്രോഗ്രാം, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവീസ്, പിഎസ്.സി തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് അസിസ്റ്റൻസ് തുടങ്ങിവയും ഈ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് കോർപ്പറേഷൻ നൽകുന്നുണ്ട്. കോർപ്പറേഷന്റെ നോൺ പെർഫോമിംഗ് അസറ്റ് (എൻപിഎ) നില കുറയ്ക്കുന്നതിനും വായ്പ തിരിച്ചടവ് വേഗത്തിലാക്കുന്നതിനുമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചതിലൂടെ നേരത്തെയുണ്ടായിരുന്ന കോർപ്പറേഷന്റെ നഷ്ടം ഏറെക്കുറെ നികത്തുവാൻ സാധിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ 9.89 കോടി രൂപ ലോൺ റിക്കവറിയായി ശേഖരിക്കുകയുണ്ടായി. 2021-22 ൽ വിവിധ പരിപാടികൾക്കായി 5.00 കോടി രൂപയാണ് കോർപ്പറേഷന് സർക്കാർ അനുവദിച്ചത്. എന്നാൽ കോർപ്പറേഷൻ 7.08 കോടി രൂപ ചെലവഴിക്കുകയുണ്ടായി. കോർപ്പറേഷന് ലഭിച്ച വായ്പ തിരിച്ചടവിൽ നിന്നും വായ്പകൾ നൽകിയത് കാരണമാണ് അധിക ചെലവ് ഉണ്ടായത്. 2017-18 മുതൽ 2022-23 വരെ (2022 ഒക്ടോബർ 5 വരെ) സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള വായ്പ പദ്ധതികൾ, അവ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ എന്നിവ **അനുബന്ധം 8.2.39**ൽ നൽകുന്നു. കോർപ്പറേഷന്റെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.40**ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര മേഖലയുടെ ആധുനികവത്കരണം സാധ്യമാക്കുകയും അതുവഴി ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2016-ൽ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) രൂപീകരിച്ചത്. മൺപാത്ര നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള വായ്പ, വിപണനത്തിനുമുള്ള വായ്പ, വിവാഹ സഹായ വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവ കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പരിപാടികളിൽ ഉൾപ്പെടുന്നു. 2021-22ൽ വിവിധ പ്രവർത്തനങ്ങൾക്കായി കോർപ്പറേഷൻ 70.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

### ന്യൂനപക്ഷ ക്ഷേമം

പൗരൻമാരുടെ സമത്വത്തിനും മതം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ന്യൂനപക്ഷ സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനും ഇന്ത്യൻ ഭരണഘടന ഊന്നൽ നൽകിയിട്ടുണ്ട്. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചുള്ള 1992 ലെ യുഎൻ

പ്രഖ്യാപനത്തിലെ ആർട്ടിക്കിൾ (1) അടിവരയിടുന്നു, "സംസ്ഥാനങ്ങൾ അതത് പ്രദേശങ്ങളിലെ ന്യൂനപക്ഷങ്ങളുടെ അസ്തിത്വവും ദേശീയ അല്ലെങ്കിൽ വംശീയ, സാംസ്കാരിക, മത, ഭാഷാ സ്വത്വവും സംരക്ഷിക്കുകയും അവരുടെ ഉന്നമനത്തിനായുള്ള പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്." 2011-ലെ സെൻസസ് പ്രകാരം, ഇന്ത്യയിലെ ജനസംഖ്യയുടെ 79.8 ശതമാനം പേർ ഹിന്ദുമതവും, 14.2 ശതമാനം പേർ ഇസ്ലാം മതവും, 2.3 ശതമാനം പേർ ക്രിസ്തു മതവും, 1.7 ശതമാനം പേർ സിഖ് മതവും, 0.7 ശതമാനം പേർ ബുദ്ധമതവും, 0.4 ശതമാനം പേർ ജൈന മതവും. 0.006 ശതമാനം പേർ പാഴ്സി മതവുമാണ് പിന്തുടരുന്നത്. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മാനവ വികസന സൂചകങ്ങളിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, രാഷ്ട്രത്തിന്റെ വികസനത്തിന്റെ നേട്ടങ്ങൾ എല്ലാ മത വിഭാഗങ്ങളിലെ ജനങ്ങൾക്കും സാമൂഹിക വിഭാഗങ്ങൾക്കും തുല്യമായി ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

സംസ്ഥാന ജനസംഖ്യയുടെ 45 ശതമാനത്തോളം (26.56% മുസ്ലീങ്ങൾ, 18.38% ക്രിസ്ത്യാനികൾ, 0.014% ബുദ്ധർ, 0.013% ജൈനർ, 0.011% സിഖുകളും പാഴ്സികളും) ന്യൂനപക്ഷങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30 എന്നിവയിൽ വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾക്ക് അവർ അർഹരാണ്. ഈ ന്യൂനപക്ഷ വിഭാഗങ്ങളിൽ മുസ്ലീങ്ങൾ, ലത്തീൻ കാത്തോലിക്കർ, പരിവർത്തിത ക്രിസ്ത്യാനികൾ, നവ ബുദ്ധിസ്റ്റുകൾ എന്നിവരെ കേരളത്തിലെ പിന്നാക്ക സമുദായങ്ങളായി കണക്കാക്കുന്നു. മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, സിഖുകൾ, ജൈനർ, പാഴ്സികൾ എന്നിങ്ങനെ വിജ്ഞാപനം ചെയ്യപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി 2008-ൽ സർക്കാരിന്റെ കീഴിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമവകുപ്പ് ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സഹായം, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി, ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഭവന പദ്ധതി, പി.എം. ജെ.വി.കെ (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം), വിവാഹപൂർവ്വ കൗൺസിലിംഗ്, ന്യൂനപക്ഷ ഗവേഷണ സ്ഥാപനം എന്നിവയാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പിഎംജെവികെ) പദ്ധതി വഴി 216.55 കോടി രൂപയുടെ 97 പദ്ധതികൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2021-22 ൽ പദ്ധതിക്കായി മൊത്തം 88.02 കോടി രൂപ അനുവദിച്ചതിൽ 88.00 കോടി രൂപയും ചെലവഴിക്കുകയുണ്ടായി.
- സംസ്ഥാനത്തുടനീളമുള്ള വിവിധ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിലൂടെ വകുപ്പ് ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പിഎസ്സി/ യുപിഎസ്സി/സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ/ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്/ബാങ്കിംഗ് മേഖലയിലെ മത്സര പരീക്ഷകൾക്കായി സൗജന്യ പരിശീലനം നൽകുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 37,470 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അവരിൽ 2,837 വിദ്യാർത്ഥികൾക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ സ്ഥിരം ജോലി ലഭിക്കുകയും ചെയ്തു.
- ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ/വിവാഹ മോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഇമ്പിച്ചി ബാവ പാർപ്പിടം/നവീകരണ പദ്ധതി പ്രകാരം 42 പൂർത്തീകരിക്ക പ്പെടാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനും 550 വീടുകളുടെ നവീകരണത്തിനുമായി 500.00 ലക്ഷം രൂപ അനുവദിച്ചു.
- 2021-22-ൽ 'ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണം' എന്ന പദ്ധതി വഴി 200 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**2021–22ൽ നൽകിയിട്ടുള്ള പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ**

- സിഎ/സിഎംഎ/സിഎസ്, യുജിസി, സി എസ്ഐആർ, നെറ്റ്, എൻടിഎസ്ഇ, ജിഎസ്ടിയിൽ പിജി ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾക്കുള്ള പരിശീലനത്തിനായി 1513 ന്യൂനപക്ഷ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് നൽകി.
- സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് 4315 വിദ്യാർത്ഥികൾക്കും സിവിൽ സർവീസ് കോച്ചിംഗ് ഫീസ് റീഇംബേഴ്സ്മെന്റ് 30 ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും നൽകി.
- 13 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവ കലാശാലകളിൽ പഠിക്കുന്നതിനുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയിനത്തിലുള്ള തുക തിരികെ നൽകി.
- ന്യൂനപക്ഷ വിദ്യാർത്ഥികൾക്കിടയിൽ നൈപുണ്യ പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനായി അംഗീകൃത ഐടിസികളിൽ സാങ്കേതിക കോഴ്സുകളോ ട്രേഡുകളോ പഠിക്കുന്ന 3,096 വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചടവ് നൽകി.
- സർക്കാർ/സർക്കാർ-എയ്ഡഡ് പോളി ടെക്നിക് കോളേജുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന 1,020 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി.
- നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾ പഠിക്കുന്ന 386 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.

**പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം–പിഎംജെവികെ**

അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ഒരു പ്രദേശത്തിന്റെ വികസനം ലക്ഷ്യമിടുന്ന സവിശേഷ പരിപാടിയാണ് പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (പിഎംജെവികെ). വികസന വിടവുകൾ നിലനിൽക്കുന്നതായി കണ്ടെത്തിയ പ്രദേശങ്ങളിലെ സാമൂഹിക സാമ്പത്തിക വികസനത്തിനായി ആ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ പദ്ധതികൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നിലവിലുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതിയെ ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുന:സംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ മാറ്റി പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ)

എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി. ന്യൂനപക്ഷ ജനസംഖ്യ 25 ശതമാനം കൂടുതലുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ (15 K.M ചുറ്റളവിൽ) പുതിയ പിഎംജെവികെ ഇപ്പോൾ നടപ്പിലാക്കാവുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളാണ് പിഎംജെവികെയുടെ കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളിൽ പ്രധാനമായും ഉൾപ്പെടുന്നത്, കൂടാതെ ന്യൂനപക്ഷ സമുദായങ്ങളുടെയും ആ പ്രദേശത്ത് താമസിക്കുന്ന മറ്റ് സമുദായങ്ങളുടെയും സാമൂഹിക-സാമ്പത്തിക, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. 2021-22ൽ പദ്ധതിക്കായി 88.02 കോടി രൂപ അനുവദിച്ചതിൽ 88.00 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22ൽ പദ്ധതി പ്രകാരം സ്കൂൾ കെട്ടിടങ്ങൾ, സ്കൂളുകളിൽ അധിക ക്ലാസ് മുറികൾ, സ്കൂളുകളിൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവയുടെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ട്.

2021-22ൽ സംസ്ഥാന സർക്കാർ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി മൊത്തം 124.03 കോടി രൂപ അനുവദിച്ചതിൽ 108.77 കോടി രൂപ (88 ശതമാനം) ചെലവഴിച്ചു. 2022-23 ൽ 76.01 കോടി രൂപ സർക്കാർ വകയിരുത്തുകയുണ്ടായി. 2021-22, 2022-23 (ഒക്ടോബർ 5 2022 വരെ) വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതിക സാമ്പത്തിക നേട്ടങ്ങൾ എന്നിവ **അനുബന്ധം 8.2.41**ലും **അനുബന്ധം 8.2.42**ലും നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ**

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധമതക്കാർ, ജൈനർ, സിഖ്, പാഴ്‌സി തുടങ്ങിയ ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2013 മാർച്ച് 22 ന് സ്ഥാപിതമായ ഒരു സർക്കാർ കമ്പനിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ. സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് വികസന വായ്പ, വിദ്യാഭ്യാസ വായ്പ, വിസ വായ്പ, പ്രവാസി വായ്പ, ജീവനക്കാർക്കുള്ള വിവിധോദ്ദേശ വായ്പ, മദ്രസ്സ/പൊതുവിഭാഗ അദ്ധ്യാപകർക്കുള്ള ഭവനവായ്പ മുതലായവയാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കോർപ്പറേഷൻ 'സുമിത്രം' എന്ന പേരിൽ ഒരു വിവിധോദ്ദേശ വായ്പ പദ്ധതി പ്രഖ്യാപിച്ചിരുന്നു. വിവാഹ വായ്പ, ചികിത്സാ വായ്പ, കോവിഡ്-19 രോഗവുമായി ബന്ധപ്പെട്ട വായ്പ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2021-22ൽ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട 628 ഗുണഭോക്താക്കൾക്ക് കോർപ്പറേഷൻ 25.52 കോടി രൂപ വായ്പയായി വിതരണം ചെയ്തു. 2022-23ൽ (ഒക്ടോബർ 5, 2022 വരെ), 422 പേർക്ക് ഇതിനോടകം 23.58 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.43**ൽ നൽകിയിരിക്കുന്നു.

**മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം**

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിൽ 19 ക്രിസ്ത്യൻ സമുദായങ്ങൾ ഉൾപ്പെടെ 168 സമുദായങ്ങൾ ഉൾപ്പെടുന്നു. ഇവർ ഏതെങ്കിലും തരത്തിലുള്ള ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തിന്റെ പരിധിക്ക് പുറത്താണ്. നവംബർ 8, 2012 ന് സംസ്ഥാന സർക്കാർ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചു. കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്ര വികസനവും ക്ഷേമവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കോർപ്പറേഷൻ സ്ഥാപിതമായത്.

കേരള സർക്കാരിൽ നിന്ന് ഗ്രാന്റ്-ഇൻ എയ്ഡായി ലഭിക്കുന്ന തുക ഉപയോഗിച്ച് കോർപ്പറേഷൻ വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പുകൾ, വിദ്യാസമുന്നതി കോച്ചിംഗ് അസിസ്റ്റൻസ്, സംരംഭ സമുന്നതി ടേം ലോൺ സഹായം, നൈപുണ്യ സമുന്നതി നൈപുണ്യ സംരംഭകത്വ വികസനം, മംഗല്യസമുന്നതി, ജീർണിച്ച അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സാധാരണക്കാർക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം തയ്യാറാക്കി നൽകുക എന്ന ഉദ്ദേശത്തോടെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ കൂട്ടുത്തരവാദിത്വ സംഘങ്ങളിലൂടെ കെഎസ്ഡബ്ല്യുസിഎഫ്. സി 'സമുന്നതി തൂശനില മിനി കഫേ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. ഈ പരിപാടിക്ക് കീഴിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ പതിനേഴ് തൂശനില മിനി കഫേകൾ ആരംഭിച്ചിട്ടുണ്ട്. മുന്നാക്ക സമുദായങ്ങളിലെ സ്ത്രീകളുടെ ഉന്നമനത്തിന് ഇത് സഹായകരമായി. സ്വയംതൊഴിലും സംരംഭക പ്രവർത്തനങ്ങളും പ്രോത്സാഹി പ്പിക്കുന്നതിനായി കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ തൊഴിലില്ലാത്ത അംഗങ്ങളുടെ സ്വയംതൊഴിൽ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് കൊടുക്കുന്ന വായ്പകൾക്ക് കോർപ്പറേഷൻ 3 ശതമാനം പലിശ സബ്‌സിഡി നൽകുന്നു. 2021-22 ൽ വിവിധ പരിപാടികൾക്കായി 36.24 കോടി രൂപ കോർപ്പറേഷന് അനുവദിച്ചതിൽ 20.92 കോടി രൂപ ചെലവഴിക്കുകയുണ്ടായി (58 ശതമാനം). 2022-23ൽ കോർപ്പറേഷന് 38.05 കോടി രൂപ അനുവദിച്ചു. 2021-22, 2022-23 (ഒക്ടോബർ 5, 2022 വരെ) കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം 8.2.44**ൽ നൽകിയിരിക്കുന്നു.

# 8.3. സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ

ദാരിദ്ര്യത്തിനെതിരായ പോരാട്ടത്തിന്റെയും മനുഷ്യ ക്ഷേമത്തിന്റെയും ഒരു പ്രധാന മാർഗ്ഗമാണ് സാമൂഹിക സുരക്ഷ. എല്ലാവർക്കും ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പിന്തുണ നൽകുക എന്നതാണ് സാമൂഹിക സുരക്ഷാ നടപടികൾ ലക്ഷ്യമിടുന്നത്. സാമൂഹ്യക്ഷേമ പരിപാടികളിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിശാലമായതും വ്യത്യസ്തവുമായ സർക്കാർ പരിപാടികൾ ഉൾപ്പെടുന്നു. കൂടാതെ ഇത് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും, പ്രത്യേകിച്ച് ദരിദ്രരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വികസനത്തിന്റെ കേരള മോഡൽ, വികസന പ്രക്രിയയിലെ സമത്വത്തിന്റെയും നീതിയുടെയും തത്വങ്ങളെ പ്രതിനിധീകരിക്കുന്നു, കൂടാതെ ചില ജീവിത നിലവാര സൂചികകളിൽ വികസിത രാജ്യങ്ങൾക്ക് തുല്യമായി സാമൂഹിക ക്ഷേമം കൈവരിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ആരോഗ്യം, പോഷകാഹാരം, സാന്ത്വന പരിചരണം, വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ, ഉപജീവനം എന്നിവയിലും മറ്റ് മേഖലകളിലും സംസ്ഥാനം പ്രത്യേക ഇടപെടലുകൾ നടത്തുന്നു.

സാമൂഹ്യക്ഷേമം എന്നത് സംസ്ഥാന സർക്കാരിന്റെ അടിസ്ഥാന പ്രതിബദ്ധതയാണ്. ദുർബല വിഭാഗങ്ങൾക്കായി പല വകുപ്പുകളും പദ്ധതികൾ നടപ്പിലാക്കുന്നു. സാമൂഹിക സുരക്ഷാ, ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നതിന് നേതൃത്വം വഹിക്കുന്നത് സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പുകളും, ഈ വകുപ്പുകൾക്ക് കീഴിലുള്ള ഏജൻസികളുമാണ്. ഈ ഏജൻസികളുടെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം 8.3.1 ൽ നൽകിയിരിക്കുന്നു. മുതിർന്നവർ, ഭിന്നശേഷിക്കാർ, സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർ എന്നിവർക്ക് സർക്കാർ ഏജൻസികൾ നല്കുന്ന പരിചരണവും സാമ്പത്തിക പിന്തുണയുമാണ് ഈ ഭാഗം കൈകാര്യം ചെയ്യുന്നത്

**സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം**

സർക്കാരും സർക്കാരിതര സംഘടനകളും (എൻജിഒകൾ) ജനസംഖ്യയിലെ ദുർബല വിഭാഗങ്ങൾക്ക് സ്ഥാപനപരമായ പരിചരണം നൽകുന്നു. സാമൂഹ്യനീതി, വനിതാ ശിശു വികസന വകുപ്പുകളാണ് സർക്കാർ സ്ഥാപനങ്ങൾ നടത്തുന്നത്. സാമൂഹ്യനീതി വകുപ്പിന് (എസ്ജെഡി) കീഴിൽ മുതിർന്ന പൗരന്മാർക്കായി 16 ക്ഷേമ സ്ഥാപനങ്ങളും ഭിന്നശേഷിക്കാർക്കായി 15 ക്ഷേമ സ്ഥാപനങ്ങളുമുണ്ട്. വനിതാ ശിശു ക്ഷേമ വകുപ്പ് (ഡബ്ല്യുസിഡി) സ്ത്രീകൾക്കും കുട്ടികൾക്കുമായി 64 സ്ഥാപനങ്ങൾ നടത്തുന്നു. കെയർ ഹോമുകളുടെ പട്ടിക **പട്ടിക 8.3.1**ൽ നൽകിയിരിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഹോമുകളുടെ ആകെ അനുവദനീയമായ അന്തേവാസികളുടെ എണ്ണം 4862ഉം, ആകെ അന്തേവാസികൾ 3218ഉം ആണ്. ചില സ്ഥാപനങ്ങൾക്ക് അനുവദനീയമായ അന്തേവാസികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ താമസക്കാരുടെ എണ്ണം കുറവാണ്. 2021-2022 കാലയളവിൽ സാമൂഹ്യ നീതി വകുപ്പിനും വനിതാ ശിശുക്ഷേമ വകുപ്പിനും കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 8.3.2**ൽ നൽകിയിരിക്കുന്നു. ഈ വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്ത സർക്കാർ ഇതര സ്ഥാപനങ്ങളും കെയർ ഹോമുകൾ നടത്തുന്നു. 2021-2022 കാലയളവിൽ എസ്ജെഡിക്കും ഡബ്ല്യുസിഡിക്കും കീഴിൽ രജിസ്റ്റർ ചെയ്ത എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 8.3.3**ൽ നൽകിയിരിക്കുന്നു.

### സാമൂഹ്യ സഹായ പരിപാടികൾ

**സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികൾ**

കർഷകത്തൊഴിലാളികൾ, വയോജനങ്ങൾ, വികലാംഗർ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർ, വിധവകൾ എന്നിവർക്കുള്ള പെൻഷൻ പദ്ധതികളാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന പെൻഷൻ പദ്ധതികൾ. ഒരു ഗുണഭോക്താവിനുള്ള ക്ഷേമ പെൻഷൻ 2016 ൽ 600 രൂപയായിരുന്നത് 2021ൽ 1600 രൂപയായി വർദ്ധിച്ചു. 2015-16ൽ 34 ലക്ഷമായിരുന്ന സാമൂഹിക സുരക്ഷാ പെൻഷൻകാരുടെ എണ്ണം 2022 ഒക്ടോബറിൽ 52.38 ലക്ഷമായി ഉയർന്നു. 2015 ഏപ്രിൽ മുതൽ തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) ആയി വിതരണം ചെയ്തു വരുന്നു. 53 ശതമാനം ഗുണഭോക്താക്കൾക്കും ബാങ്ക് ട്രാൻസ്ഫർ ആയി പെൻഷൻ ലഭിക്കുന്നു, ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു വലിയ ശൃംഖലയിലൂടെ വിജയകരമായി നടപ്പിലാക്കിയ ഡയറക്ട് ടു ഹോം രീതിയിലൂടെയാണ്

**പട്ടിക 8.3.1** സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| | സാമൂഹ്യനീതി വകുപ്പ് | |
| 1 | വൃദ്ധസദനങ്ങൾ | 16 |
| 2 | ആശാഭവനുകൾ | 6 |
| 3 | എച്ച്എംഡിസി | 1 |
| 4 | പ്രത്യാശ ഭവൻ | 1 |
| 5 | പ്രതീക്ഷാഭവൻ | 1 |
| 6 | ശാരീരിക വൈകല്യമുള്ളവർക്കുള്ള വീട് | 3 |
| 7 | വികലാംഗരായ കുട്ടികൾക്കുള്ള കെയർ ഹോം | 1 |
| 8 | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | 2 |
| | വനിതാ ശിശുവികസന വകുപ്പ് | |
| 1 | ഗവ.ചിൽഡ്രൻസ് ഹോം | 16 |
| 2 | സർക്കാർ ഒബ്സർവേഷൻ ഹോം | 8 |
| 3 | സർക്കാർ സ്പെഷ്യൽ ഹോം | 2 |
| 4 | സുരക്ഷിതമായ സ്ഥലം | 1 |
| 5 | മഹിളാമന്ദിരം | 12 |
| 6 | ആഫ്റ്റർ കെയർ ഹോം | 3 |
| 7 | റെസ്ക്യൂ ഹോം | 1 |
| 8 | ഹോം സ്റ്റേ ഹോം | 1 |
| 9 | എൻടി ഹോം | 13 |
| 10 | ഇന്റഗ്രേറ്റഡ് കെയർ സെന്റർ | 1 |
| 11 | മോഡൽ ഹോം & SOS മോഡൽ ഹോം | 4 |
| 12 | തേജോമയ ആഫ്റ്റർ കെയർ ഹോം | 1 |
| 13 | മാനസികാരോഗ്യത്തിനുള്ള ഹോം | 1 |

അവലംബം: സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും

പെൻഷൻ ലഭിക്കുന്നത്. ഗുണഭോക്താക്കൾ അവരുടെ ആരോഗ്യ അവസ്ഥയും സൗകര്യവും അനുസരിച്ച് പെൻഷൻ വാങ്ങൽ രീതി തിരഞ്ഞെടുക്കുന്നു. 2022 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് ആകെ 52.38 ലക്ഷം പെൻഷൻകാരിൽ 32.67 ലക്ഷം (62 ശതമാനം) സ്ത്രീകളാണ്. വിഭാഗങ്ങൾ തിരിച്ച്, 56 ശതമാനം ഗുണഭോക്താക്കളും വാർദ്ധക്യ പെൻഷനും 27 ശതമാനം വിധവ പെൻഷനും, 7 ശതമാനം വീതം വൈകല്യമുള്ളവരും കർഷകത്തൊഴിലാളി പെൻഷൻകാരുമാണ്. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 87,983 ഗുണഭോക്താക്കൾക്ക് നൽകുന്നു. ജില്ല തിരിച്ച് നോക്കിയാൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ളത് തിരുവനന്തപുരത്തും ഏറ്റവും കുറവ് വയനാട്ടുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.3.4**ൽ നൽകിയിരിക്കുന്നു.

ക്ഷേമ പെൻഷനുകൾ വിവിധ ക്ഷേമബോർഡുകൾ വഴിയും വിതരണം ചെയ്യുന്നു. 2020-21ൽ 17.2 ലക്ഷം ഗുണഭോക്താക്കൾക്കായി 951.27 കോടി രൂപ വിവിധ ക്ഷേമ ബോർഡുകൾ വഴി വിതരണം ചെയ്തു (ഉറവിടം: തൊഴിൽ വകുപ്പ്).

**വൈകല്യമുള്ളവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ, വൈകല്യം ഒരു വ്യക്തിയുടെ ശരീരഘടനയിലെ വൈകല്യമോ , ശാരീരികമോ മാനസികമോ ആയ പ്രവർത്തന വൈകല്യമോ, സാധാരണ ദൈനംദിന പ്രവർത്തനങ്ങളിലേർപ്പെടുന്നതിനുള്ള പരിമിതിയോ അല്ലെങ്കിൽ ദിനംപ്രതിയുള്ള സാധാരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള തടസ്സമോ ആകാം. ദൃശ്യമായതോ അദൃശ്യമായതോ, ജന്മനായുള്ളതോ അല്ലെങ്കിൽ പിന്നീട് സംഭവിക്കുന്നതോ ആയ വൈകല്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 1995 ലെ വികലാംഗ നിയമത്തിന് കീഴിലുള്ള ഏഴ് തരം വൈകല്യങ്ങൾക്കുപരി വിവിധങ്ങളായ 21 തരം വൈകല്യങ്ങളെ വികലാംഗരുടെ അവകാശങ്ങൾ (ആർപിഡബ്ല്യുഡി) നിയമം, 2016 വ്യവസ്ഥ ചെയ്യുന്നു. കേരളത്തിൽ, സാമൂഹ്യനീതി വകുപ്പ്, കേരളം സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഒരു വൈകല്യ സെൻസസ് 2015 -ൽ നടത്തിയിരുന്നു. സെൻസസ് പ്രകാരം വൈകല്യങ്ങളുടെ വിഭാഗങ്ങൾ **പട്ടിക 8.3.2**ൽ നൽകിയിരിക്കുന്നു.

2016-ലെ വികലാംഗരുടെ അവകാശ നിയമ പ്രാബല്യത്തിലൂടെ, വികലാംഗരുടെ അവകാശങ്ങളെ ക്കുറിച്ചുള്ള ഐക്യരാഷ്ട്ര കൺവെൻഷന്റെ (PwDs) ഓപ്ഷണൽ പ്രോട്ടോക്കോൾ പ്രാബല്യത്തിൽ വന്നു. വൈകല്യമുള്ളവരുടെ ആവശ്യങ്ങളോടുള്ള അവകാശാധിഷ്ഠിത സമീപനം ഇത് ഉയർത്തിപ്പിടിക്കുന്നു. RPWD ആക്ട് 2016-ന്റെ നിയമനിർമ്മാണത്തെത്തുടർന്ന്, സംസ്ഥാന ഗവൺമെന്റ് ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അന്തരം നികത്തുന്നതിനുമുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചു. ഭിന്നശേഷികൾക്ക് ഗുണമേന്മയുള്ള പരിചരണവും പിന്തുണയും നൽകുന്ന എൻജിഒകളുടെ പരിശ്രമങ്ങളെ സർക്കാർ പിന്തുണക്കുന്നു. സംസ്ഥാന സർക്കാർ സർവീസുകളിൽ ഭിന്നശേഷികൾക്ക് ഒഴിവുകളുടെ 4 ശതമാനം സംവരണം ചെയ്യുന്നതും അത്തരം സംവരണത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്താൻ കഴിഞ്ഞതും ഈ മേഖലയിലെ മറ്റൊരു നാഴികക്കല്ലായിരുന്നു. സുസ്ഥിര വികസന അജണ്ട 2030 യുഎൻ ആഗോള പ്രതിബദ്ധതാ പ്രോട്ടോക്കോളുകൾക്ക് അനുസൃതമായി ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, കാഴ്ചപ്പാടുകൾ, ക്ഷേമം എന്നിവയെ അംഗീകരിക്കുകയും അവയുടെ പ്രോത്സാഹനം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ**

സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സാമൂഹ്യനീതി ഡയറക്ടറേറ്റ്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) ഒരു മിഷൻ മോഡിൽ പ്രത്യേക പരിപാടികൾ നടപ്പിലാക്കുകയും, കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷൻ (കെ.എസ്സ്.എച്ച്.പി. ഡബ്ല്യു.സി) ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. സംസ്ഥാന കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (എസ്.സി.പി.ഡബ്ല്യു.ഡി), ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും, സമൂഹത്തെ ബോധവൽക്കരിക്കുകയും, ബോധവൽക്കരണ ക്യാമ്പുകൾ, അദാലത്തുകൾ, വികലാംഗർക്ക് സൗജന്യ നിയമസഹായം എന്നിവ നൽകുകയും ഗവേഷണ-വികസനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (കെ.എസ്സ്.എച്ച്.പി.

**പട്ടിക 8.3.2** വിഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള വൈകല്യങ്ങൾ

| ക്ര.നം | വൈകല്യങ്ങൾ | എണ്ണം | | | | % |
|---|---|---|---|---|---|---|
| | | പുരുഷൻ | വനിത | റ്റി.ജി | ആകെ | |
| 1 | ലോക്കോമോട്ടോർ ഡിസബിലിറ്റി | | ആകെ | 329 | 261087 | 32.89 |
| 2 | മസ്കുലർ ഡൈസ്ട്രോഫി | 1359 | 913 | 8 | 2280 | 00.29 |
| 3 | ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡേഴ്സ് | 2052 | 1575 | 6 | 3633 | 00.46 |
| 4 | മൾട്ടിപ്പിൾ സ്ലോറോസിസ് | 282 | 232 | 1 | 515 | 00.06 |
| 5 | കൈഫോസിസ് | 2044 | 2835 | 8 | 4887 | 00.62 |
| 6 | ഷോർട്ട് സ്റ്റാറ്റ്യൂർ/ഡാർഫിസം | 2488 | 3577 | 14 | 6079 | 00.77 |
| 7 | ബ്ലൈൻഡ്നെസ് | 11361 | 9094 | 22 | 20477 | 02.58 |
| 8 | ലോ വിഷൻ | 33907 | 27916 | 77 | 61900 | 07.80 |
| 9 | ലേർണിംഗ് ഡിസബിലിറ്റി | 5257 | 2805 | 12 | 8074 | 01.02 |
| 10 | സ്പീച്ച് ലാംഗ്വേജ് ഡിസബിലിറ്റി | 13152 | 9443 | 53 | 22648 | 02.85 |
| 11 | ഇന്റെലെക്ച്വൽ ഡിസബിലിറ്റി | 38245 | 30546 | 143 | 68934 | 08.68 |
| 12 | മെന്റൽ ഇൽനെസ് | 48429 | 52423 | 131 | 100983 | 12.72 |
| 13 | ഓട്ടിസം | 2179 | 950 | 6 | 3135 | 00.39 |
| 14 | ഹിയറിംഗ് ഇംപെയർമെന്റ് | 28771 | 32093 | 61 | 60925 | 07.67 |
| 15 | ലെപ്രസി ക്യൂവേർഡ് | 679 | 494 | 2 | 1175 | 00.15 |
| 16 | ഹീമോഫീലിയ | 1048 | 394 | 3 | 1445 | 00.18 |
| 17 | തലാസീമിയ | 269 | 300 | | 569 | 00.07 |
| 18 | സിക്കിൾ സെൽ അനീമിയ | 461 | 544 | 1 | 1006 | 00.13 |
| 19 | സെറിബ്രൽ പാൾസി | 3781 | 2597 | 7 | 6385 | 00.80 |
| 20 | എപ്പിലെപ്സി | 10839 | 8637 | 36 | 19512 | 02.46 |
| 21 | ഡെഫ് ബ്ലൈൻഡ്നെസ് | 432 | 408 | 2 | 842 | 00.11 |
| 22 | മൾട്ടിപ്പിൾ ഡിസബിലിറ്റി | 75982 | 61197 | 262 | 137446 | 17.31 |
| | ആകെ | 438853 | 353895 | 1189 | 793937 | 100 |

ഉറവിടം: ഡിസബിലിറ്റി സെൻസസ്, കേരള 2015

ഡബ്ല്യൂ.സി) വിവിധ വികലാംഗ സൗഹൃദ ഉപകരണങ്ങൾ നൽകൽ, സ്വയം തൊഴിൽ വായ്പകൾ നൽകൽ, വികലാംഗരായ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകൽ, ഉചിതമായ സൂക്ഷ്മ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സ്വയം സഹായ സംഘങ്ങൾക്ക് സഹായം, സൈഡ് വീൽ സ്കൂട്ടറുകൾ വിതരണം ചെയ്യുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻഐപിഎംആർ)** എന്നിവ പ്രധാനമായും തെറാപ്പിയും പുനരധിവാസവും ഏറ്റെടുക്കുന്നു. ഇതുകൂടാതെ, ഈ സ്ഥാപനങ്ങൾ ഈ മേഖലയ്ക്ക് പ്രൊഫഷണൽ സമീപനം നൽകുന്നതിനുള്ള അക്കാദമിക് കോഴ്സുകളും നടത്തുന്നു. സംസ്ഥാനത്തെ ബധിരരുടെയും കേൾവിക്കുറവുള്ളവരുടെയും പുനരധിവാസത്തിനും ബധിരർക്കും കേൾവിക്കുറവുള്ളവർക്കും ഉന്നത വിദ്യാഭ്യാസം നൽകുന്നതിനും നിഷ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ബധിരരും കേൾവിക്കുറവുള്ളവരുമായ വിദ്യാർത്ഥികൾക്കായി നിഷ്, വിവിധ കോഴ്സുകൾ നടത്തുന്നു, കേൾവിക്കുറവ് വിലയിരുത്തലും കണ്ടെത്തലും, പ്രാരംഭ ഇടപെടൽ നടത്തുകയും, ആശയവിനിമയവും മറ്റ് വൈകല്യവുമുള്ള വ്യക്തികളുടെ പുനരധിവാസം നടത്തുകയും ചെയ്യുന്നു.

വൈകല്യ പരിപാലനത്തിലും പുനരധിവാസത്തിലും മികവിന്റെ കേന്ദ്രമാണ് നിപ്മർ. മെഡിക്കൽ, ചികിത്സാ സേവനങ്ങൾ നൽകുന്നതിന് സ്ഥാപനത്തിൽ വിവിധ ചികിത്സാ വകുപ്പുകളും യൂണിറ്റുകളും ഉണ്ട്. ഇത് പ്രോസ്തെറ്റിക്സ്, ഓർത്തോട്ടിക്സ്, ഫിസിയോതെറാപ്പി, ഓഡിയോളജി, സ്പീച്ച്-ലാംഗ്വേജ് പാത്തോളജി, ഡെവലപ്മെന്റൽ പീഡിയാട്രിക്സ് ആൻഡ് നിയോനാറ്റൽ കെയർ, റിഹാബ് നഴ്സിംഗ് എന്നിവയിൽ ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷനോടൊപ്പം ബാച്ചിലേഴ്സ്, സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളും നടത്തുന്നു. ഇതിന്റെ പതിവ് പ്രവർത്തനങ്ങൾക്കും അക്കാദമിക് പ്രോഗ്രാമുകൾക്കുമൊപ്പം, LSGI-കൾ, KSSM, SJD, വിദ്യാഭ്യാസ വകുപ്പ് എന്നിവയുൾപ്പെടെയുള്ള മറ്റ് പങ്കാളികളുമായി ചേർന്ന് നിരവധി പ്രോജക്ടുകളും ഇത് നടത്തുന്നു. പ്രത്യേകം രൂപകൽപ്പന ചെയ്ത ലോ-ഫ്ലോർ ബസുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിൽ വൈകല്യം വിലയിരുത്തൽ, ആരോഗ്യ സംരക്ഷണം, പരിഹാരസംവിധാനം എന്നിവ നൽകുന്ന ഒരു മൊബൈൽ ഔട്ട്റീച്ച് പ്രോഗ്രാമാണ് റീഹാബ് ഓൺ വീൽസ്. സെന്റർ ഫോർ മൊബിലിറ്റി ആൻഡ് അസിസ്റ്റീവ് ടെക്നോളജി (സി-മാറ്റ്) വിഭാഗം വൈകല്യമുള്ള ആളുകൾക്ക് മൊബിലിറ്റി അസിസ്റ്റീവ് സൊല്യൂഷനുകളുടെ നിർമ്മാണവും വിതരണവും ഏറ്റെടുക്കുന്നു.

സാമൂഹ്യനീതി ഡയറക്ടറേറ്റ് - പാർശ്വവത്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗുണഭോക്താക്കൾക്കുള്ള പ്രധാന പ്രോഗ്രാമുകൾ **പട്ടിക 8.3.3**ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

യൂണിവേഴ്സൽ ഡിസെബിലിറ്റി ഐഡന്റിറ്റി കാർഡ് (യുഡിഐഡി) നൽകുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ. ഭിന്നശേഷിക്കാരായ മുഴുവൻ ആളുകൾക്കും വികലാംഗ സർട്ടിഫിക്കറ്റും യുഡിഐഡി കാർഡും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി സംസ്ഥാനത്തുടനീളം വികലാംഗ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 100 ശതമാനം കാഴ്ച വൈകല്യമുള്ളവർ, കാൻസർ, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികരോഗം, ബൗദ്ധിക വൈകല്യങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന കിടപ്പിലായ രോഗികളെ പോലെ മുഴുവൻ സമയ പരിചരണം ആവശ്യമുള്ള രോഗികളെയും കിടപ്പിലായ വയോജനങ്ങളെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിലൂടെ കെ.എസ്സ്.എസ്സ്.എം. പ്രതിമാസം 600 രൂപ സഹായം നൽകുന്നു. തന്ത്രപരമായ ചട്ടക്കൂട്, ഇടപെടൽ സമീപനം, വൈകല്യങ്ങൾ തടയൽ, പ്രാരംഭ ഇടപെടൽ, ഭിന്നശേഷിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യൽ എന്നിവയ്ക്കായി സംവിധാനങ്ങളുടെയും സ്ഥാപനങ്ങളുടെയും സംഘടിത ശൃംഖല സ്ഥാപിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്നിവ ഉൾക്കൊള്ളുന്ന വിവിധ പരിപാടികളാണ് സ്റ്റേറ്റ്

**പട്ടിക 8.3.3** സാമൂഹ്യനീതി വകുപ്പിന്റെ 2021-22ലെ പ്രധാന പരിപാടികൾ

| പദ്ധതി | വിഭാഗം/മാനദണ്ഡം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| പരിണയം | വൈകല്യമുള്ള പെൺകുട്ടികളും വികലാംഗരുടെ പെൺമക്കളും | 1065 | 3,19,50,000 |
| വിദ്യാഭ്യാസ സഹായം | കേരളയിലെ ഏതെങ്കിലും സർവകലാശാലയിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ | 5 | 1,47,000 |
| സ്കോളർഷിപ്പ് | കുടുംബ വാർഷിക വരുമാനം 36,000 രൂപയിൽ താഴെയുള്ള 40% വൈകല്യമുള്ള വികലാംഗരായ വിദ്യാർത്ഥികൾ. | * | 11,33,750 |
| സാമ്പത്തിക സഹായം | കുടുംബത്തിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള കാഴ്ച വൈകല്യമുള്ള, ഓർത്തോപീഡിക് വൈകല്യമുള്ള അഭിഭാഷകർ | 11 | 2,58,097 |
| മാതൃജ്യോതി | വൈകല്യമുള്ള അമ്മമാർക്ക് അവരുടെ കുഞ്ഞിനെ പരിപാലിക്കാൻ | 62 | 11,80,000 |
| വിദ്യാകിരണം | 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗരുടെ മക്കൾ | 4483 | 2,29,30,000 |
| വിദ്യാ ജ്യോതി | വൈകല്യമുള്ള വിദ്യാർത്ഥികൾ | 343 | 9,23,000 |
| സ്വാശ്രയ | ഭിന്നശേഷിയുള്ള കുട്ടികളുള്ള സിംഗിൾ മദർ ആയ അമ്മമാരുടെ സ്വയം തൊഴിലിനായി | 120 | 42,00,000 |
| വിജയാമൃതം | ബിരുദം/തത്തുല്യ കോഴ്സുകൾ, പിജി/ പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉയർന്ന മാർക്ക് നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ | 38 | 3,12,000 |
| നിരാമയ ഇൻഷുറൻസ് സ്കീം | ഓട്ടിസം, സെറിബ്രൽ പാർസി, മാനസ്സിക വൈകല്യം, ഒന്നിലധികം വൈകല്യങ്ങൾ ഉള്ളവർ | * | 2,17,11,000 |
| ഇംപ്രെസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട അനാഥരുടെ പുനരധിവാസം | 20 | 1,21,000 |
| പരിരക്ഷ | അടിയന്തര ചികിൽസകൾക്കും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോഴും ഭിന്നശേഷിക്കാർക്കുള്ള സാമ്പത്തിക സഹായം | 85 | 8,93,000 |
| പ്രത്യാശ | പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികളെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് തിരിച്ചയക്കൽ. എംഎച്ച്സികളിലും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലും ഇതര സംസ്ഥാന അന്തേവാസികളുടെ പുനരധിവാസം | * | 17,51,000 |
| സഹചാരി | വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും സഹായം | * | 1,12,000 |
| ശ്രേഷ്ഠം പദ്ധതി | കലയിലും കായികരംഗത്തും കഴിവ് തെളിയിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ | * | 20,000 |
| സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് | പുനരധിവസിപ്പിക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങൾ. സൈക്കോ സോഷ്യൽ സ്കീമിന് കീഴിലുള്ള അംഗീകാരം | 44 | 6,98,91,000 |
| അതിജീവനം | ഭിന്നശേഷിയുള്ള, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ എൻജിഒ സഹകരണത്തോടെയുള്ള പുനരധിവാസം ഉറപ്പാക്കാൻ | * | 77,55,000 |
| ബാരിയർ ഫ്രീ കേരള | ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, പൊതു സ്ഥലങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഐടി അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ഭിന്നശേഷി സൗഹൃദമാക്കുക | * | 1,52,06,000 |

ഉറവിടം: സാമൂഹ്യനീതി വകുപ്പ്, * വിവരം ലഭ്യമല്ല

ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (അനുയാത്ര). 5 മെഡിക്കൽ കോളേജുകളിൽ സ്ഥാപിതമായ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ (REICs) വൈകല്യങ്ങളുടെ ആദ്യകാല സ്ക്രീനിംഗ് ഉറപ്പാക്കുന്നതിനും ഉചിതമായ സേവനങ്ങൾ നൽകുന്നതിനുമായി ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററുകളും (DEIC) എന്നിവ അനുയാത്രയിൽ ഉൾപ്പെടുന്നു. കാതോരം പദ്ധതി - ശ്രവണ വൈകല്യം കൈകാര്യം ചെയ്യൽ, നവജാത ശിശുക്കളുടെ യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്, ഓഡിറ്ററി വെർബൽ തെറാപ്പി, ശ്രുതിതരംഗം പ്രോജക്റ്റിന് കീഴിലുള്ള കോക്ലിയർ ഇംപ്ലാന്റ് എന്നിവയിലൂന്നിയുള്ള ഒരു ജീവിത ചക്ര സമീപനമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് ബൗദ്ധിക വൈകല്യമുള്ളവർക്ക് പ്രത്യേക വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസ സേവനങ്ങൾ എന്നിവ നൽകുന്നു. ബൗദ്ധിക വൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക സ്കൂളുകൾ, ക്ലിനിക്കൽ സേവനങ്ങൾ, ഫിസിയോതെറാപ്പി സെന്റർ, ഏർലി ഇന്റർവെൻഷൻ സെന്റർ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം, പ്രത്യേക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഡിപ്ലോമ കോഴ്സുകൾ എന്നിങ്ങനെ ബൗദ്ധിക വൈകല്യ മേഖലയിൽ വിവിധ സേവനങ്ങൾ സ്ഥാപനം നല്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പ്, ആൾട്ടർനേറ്റീവും നൂതനവുമായ വിദ്യാഭ്യാസ കേന്ദ്രം (AIEC) അല്ലെങ്കിൽ മൾട്ടി-ഗ്രേഡ് ലേണിംഗ് സെന്റർ (MGLC) വഴി വിദൂര, തീരദേശ, മലയോര, വനമേഖലകളിലെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നു. ബുദ്ധിപരമായി വൈകല്യമുള്ള കുട്ടികൾക്ക് അവരുടെ അടിസ്ഥാന സൗകര്യങ്ങൾ, ജലവിതരണം, വൈദ്യസഹായ സൗകര്യങ്ങൾ തുടങ്ങിയവ നിറവേറ്റുന്നതിനായി പരിചരണം വാഗ്ദാനം ചെയ്യുന്ന അംഗീകൃത സ്ഥാപനങ്ങൾക്ക് വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് വകുപ്പിന്റെ സഹായവും നൽകുന്നുണ്ട്.

തൊഴിൽ വകുപ്പ്- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ഒരു പുനരധിവാസ പാക്കേജ് (കൈവല്യ) പ്രകാരം, സ്വയം തൊഴിൽ സംരംഭങ്ങളും, തൊഴിലധിഷ്ഠിത സംരംഭങ്ങളും ആരംഭിക്കുന്നതിന് വായ്പയായി പരമാവധി 50,000 രൂപയും, തൊഴിൽ അവസരങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സോഫ്റ്റ് സ്കിൽ പരിശീലനം തുടങ്ങിയവയും വകുപ്പ് നല്കുന്നു. 2019ൽ 2.35 കോടി രൂപ വിതരണം ചെയ്തതിലൂടെ 471 ഭിന്നശേഷിക്കാർക്ക് കൈവല്യ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. 2020ൽ ഗുണഭോക്താക്കളുടെ എണ്ണം 2,226 ആയി വർദ്ധിക്കുകയും 11.12 കോടി രൂപയുടെ വായ്പ വിതരണം ചെയ്യുകയും ചെയ്തു.

**പ്രായമായവർക്കുള്ള പരിചരണം**

പ്രത്യുല്പാദനക്ഷമത, മരണനിരക്ക് എന്നിവയിൽ സംസ്ഥാനം കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളുടെ ഫലമായി ജനസംഖ്യാപരമായ പരിവർത്തനത്തിന്റെ ഏറ്റവും നിർണായക ഘട്ടത്തിലൂടെയാണ് കേരളം ഇപ്പോൾ കടന്നുപോകുന്നതെന്ന് ജനസംഖ്യാ പ്രവണത കാണിക്കുന്നു. ജനസംഖ്യാപരമായ പരിവർത്തനത്തിന്റെ പ്രധാന അനന്തരഫലങ്ങളിലൊന്ന് ജനസംഖ്യാ വാർദ്ധക്യമാണ്. പ്രായമായ ജനസംഖ്യയുടെ വാർദ്ധക്യവും ത്വരിതഗതിയിലുള്ള വളർച്ചയും ലോകമെമ്പാടുമുള്ള ഒരു പ്രസക്തമായ പ്രശ്നമായിത്തീർന്നു, കൂടാതെ ജനസംഖ്യാ വാർദ്ധക്യം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെയും സാധ്യതകളെയും കുറിച്ച് നന്നായി മനസ്സിലാക്കേണ്ടതുണ്ട്.

പ്രായമായവർ കൂടുതൽ ദുർബല ജനസംഖ്യയായി മാറുന്നതിന്റെ കാരണം സമൂഹത്തിൽ അവർ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ, കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കുറഞ്ഞു വരുന്ന മാനസിക-സാമൂഹിക വൈകാരിക പിന്തുണ, ആരോഗ്യ പ്രശ്നങ്ങൾ, ചൂഷണം, പ്രവേശനക്ഷമത പ്രശ്നങ്ങൾ, ഡിജിറ്റൽ വിഭജനം, തൊഴിലവസരങ്ങളിലെ ലഭ്യതക്കുറവ്, അപര്യാപ്തമായ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ, ഏകാന്തത എന്നിവയാണ്. വയോജനങ്ങളുടെ അവകാശ സംരക്ഷിക്കുന്നതിലും മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും നിയമം, 2007 ഉം ഫലപ്രദമായി നടപ്പിലാക്കുന്നതിനെക്കുറിച്ചും സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളെ ശക്തിപ്പെടുത്തുന്നതും, LSGI-കൾ, കുടുംബശ്രീ, NGO-കൾ എന്നിവയുമായി സഹകരിച്ച് സേവനങ്ങളുടെ ഡോർ സ്റ്റെപ്പ് ഡെലിവറി, ഡേകെയർ സൗകര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള കമ്മ്യൂണിറ്റി തലത്തിലുള്ള സേവനങ്ങളുടെ ഗുണനിലവാരവും വ്യാപനവും മെച്ചപ്പെടുത്തുന്നതും ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും, വാർദ്ധക്യത്തോടുള്ള സമൂഹത്തിന്റെയും മുതിർന്നവരുടെയും കാഴ്ചപ്പാടിൽ 'ആക്റ്റീവ് ഏജിംഗ്' എന്ന നിലയിൽ ഒരു മാറ്റത്തിനായി സംസ്ഥാന സർക്കാർ പ്രത്യേക ഇടപെടലുകൾ നടത്തുന്നു.

താഴ്ന്ന വരുമാന വിഭാഗത്തിൽ നിന്നുള്ള 29.42 ലക്ഷം മുതിർന്ന പൗരന്മാർക്ക് കേരള സർക്കാർ വാർദ്ധക്യ പെൻഷൻ നൽകുന്നു, കൂടാതെ മുതിർന്ന പൗരന്മാരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആരോഗ്യ പരിരക്ഷയും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങളും പിന്തുണയ്ക്കുന്നു. പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള പിന്തുണാ പരിപാടികളും സർക്കാർ ശക്തിപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും വയോമിത്രം പോലെയുള്ള നിരവധി പരിപാടികൾ നടപ്പിലാക്കുന്നു, ആനുകാലിക മെഡിക്കൽ പരിശോധനകൾക്കും ചികിത്സാ സേവനത്തിനും ഒപ്പം വയോരക്ഷ, വയോക്ഷേമം എന്നിവയിലൂടെ പ്രായമായവർക്ക് അടിയന്തര സഹായവും പിന്തുണയും നൽകുകയും ചെയ്യുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും എൻജിഒകളുടെയും മുതിർന്ന പൗരന്മാർക്കുള്ള സഹായ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഒരു അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. വയോജന സംരക്ഷണ കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ, പ്രവർത്തനം, നിരീക്ഷണം എന്നിവയ്ക്കായി ഡിപ്പാർട്ട്മെന്റ് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (എസ്ഒപി) തയ്യാറാക്കുന്നു, പ്രത്യേകിച്ച് വിവിധ ഏജൻസികൾ നടത്തുന്ന ഹോമുകൾക്കായി. സമൂഹത്തിലെ മുതിർന്നവരെ വിവിധ പരിപാടികളിലൂടെ സമൂഹവുമായി ഇടപഴകാനും അവരുടെ വ്യക്തിത്വവും ആത്മാഭിമാനവും നിലനിർത്താനും സമൂഹത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ അറിവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തുന്നതിനും പരിപാടികൾ തയ്യാറാക്കുന്നു.

ഈ സാമ്പത്തിക അവലോകനത്തിന്റെ സെക്ഷൻ 6.3 (ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ) ൽ വയോജന പരിപാലന പരിപാടികളുടെ കൂടുതൽ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന അഗതിരഹിത കേരളം നിർധനരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ ഒരു പ്രധാന പരിപാടിയാണ്. ഈ പരിപാടിയിലൂടെ, നിർധന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, വികസന ആവശ്യങ്ങൾ, സാമൂഹിക ആവശ്യങ്ങൾ എന്നിങ്ങനെയുള്ള വിവിധ ആവശ്യങ്ങൾ പരിഹരിക്കപ്പെടുന്നു. നിലവിൽ 1,56,647 കുടുംബങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു, 1,46,917 കുടുംബങ്ങൾ പൊതുവിഭാഗം പദ്ധതികളിലും 9,730 കുടുംബങ്ങൾ ആദിവാസി പദ്ധതികളിലുമാണ്. തദ്ദേശ സ്ഥാപന തലത്തിൽ അഗതികളുടെ ആവശ്യങ്ങൾ വിലയിരുത്തി വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കും. മൊത്തം പദ്ധതിയുടെ 40 ശതമാനം (പൊതുവിഭാഗം, പട്ടിക വർഗ്ഗ പദ്ധതികൾക്ക് യഥാക്രമം 40 ലക്ഷം, 50 ലക്ഷം രൂപ പരിധിയിൽ) കുടുംബശ്രീയാണ് വഹിക്കുന്നത്.

**ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമം**

2015-ൽ ട്രാൻസ്ജെൻഡർ (ടിജി) നയം പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെൻഡർ ജനതയെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി മഴവില്ല് എന്ന പദ്ധതിക്കു കീഴിൽ സംസ്ഥാനം ട്രാൻസ്ജെൻഡറുകൾക്കായി പ്രത്യേക പരിപാടികൾ നടപ്പാക്കി വരുന്നു. തൊഴിലധിഷ്ഠിത പരിശീലനത്തിനുള്ള ധന സഹായം, ലിംഗമാറ്റ ശസ്ത്രക്രിയ (എസ്ആർഎസ്) യും, എസ്ആർഎസിനു ശേഷമുള്ള ശസ്ത്രക്രിയകളും, വിവാഹ സഹായം, സ്കോളർഷിപ്പുകൾ, പെൻഷൻ, ഇൻഷുറൻസ് എന്നിവ സാമ്പത്തിക സഹായ പദ്ധതിയിൽപ്പെടുന്നു. ട്രാൻസ്ജെൻഡറുകൾക്ക് സർക്കാർ ഐഡി കാർഡ് നൽകി; TG സെൽ, ക്രൈസിസ് മാനേജ്മെന്റ് സെന്റർ, 24x7 ഹെൽപ്പ്ലൈൻ എന്നിവ ആരംഭിച്ചു. ട്രാൻസ്ജെൻഡറുകൾക്കായി നൈപുണ്യ വികസനം, പുനരധിവാസ പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ എൻജിഒകളെയും സിബിഒകളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ട്രാൻസ്ജെൻഡറുകളോടുള്ള പൊതുജനങ്ങളുടെ മനോഭാവവും സമീപനവും മാറ്റാൻ പൊതുജനങ്ങൾ, ട്രാൻസ്ജെൻഡർമാരുടെ കുടുംബാംഗങ്ങൾ, അധ്യാപകർ, മറ്റ് സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കായി ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും പോലുള്ള സ്ഥാപനപരമായ ഇടപെടലുകളും ഏറ്റെടുത്തു നടത്തി. ഷെൽട്ടർ ഹോമുകളും ഷോർട്ട്-സ്റ്റേ ഹോമുകളും സ്ഥാപിച്ചു. സംസ്ഥാനത്തെ ട്രാൻസ്ജെൻഡറുകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സ്വയംതൊഴിൽ വായ്പ, ടി.ജി. കലോൽസവം, മറ്റ് പ്രവർത്തനങ്ങൾ എന്നിവയും ഏറ്റെടുത്തു.

'മഴവില്ല്' പദ്ധതി നിരവധി ട്രാൻസ്ജെൻഡർ വ്യക്തികളെ വ്യക്തിപരവും വിദ്യാഭ്യാസപരവും സാമൂഹിക-സാമ്പത്തികവുമായ വശങ്ങളിൽ ശാക്തീകരിക്കുകയും ഭാവിയിൽ കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ശക്തമായ അടിത്തറ പാകുകയും ചെയ്തു. സംസ്ഥാന സാക്ഷരതാ മിഷൻ (സമന്വയ), വിദൂര വിദ്യാഭ്യാസം (വർണ്ണം), പ്രൊഫഷണൽ കോഴ്സുകൾ (സഫലം) എന്നിവയിലൂടെ സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, തുടർ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം എന്നിവയുടെ രൂപത്തിലാണ് വിദ്യാഭ്യാസ സഹായം നൽകുന്നത്. സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിൽ ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ, സ്വയം തൊഴിൽ സഹായം, ഹ്രസ്വ കാല താമസ സൗകര്യം/ഷെൽട്ടർ ഹോമുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ ഉൾപ്പെടുന്നു. ആരോഗ്യ സംബന്ധമായ ഇടപെടലുകൾക്ക് കീഴിൽ, വകുപ്പ് ഒരു എച്ച്ഐവി സെറോ സർവൈലൻസ് സെന്റർ സ്ഥാപിക്കുകയും എസ്ആർഎസ് ശസ്ത്രക്രിയയ്ക്കും പോസ്റ്റ്-കെയർ ചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്നത് തുടരുകയും ചെയ്യുന്നു. നൈപുണ്യ വികസന സംരംഭങ്ങളിൽ ഡ്രൈവിംഗ് പരിശീലനം, ബ്യൂട്ടീഷ്യൻ കോഴ്സ്, സംരംഭകത്വ വികസന പരിപാടികൾ എന്നിവ ഉൾപ്പെടുന്നു. കേരളത്തിലെ ട്രാൻസ്ജെൻഡർ ഷെൽട്ടർ ഹോമുകൾ, ജീവിത പ്രതിസന്ധികളിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ ഉൾക്കൊള്ളുകയും അവർക്ക് പാർപ്പിടം, ഭക്ഷണം, വൈകാരിക പിന്തുണ എന്നിവ നൽകുകയും ചെയ്യുന്ന ഒരു മുൻനിര പ്രോഗ്രാം എന്ന നിലയിൽ ദേശീയ പ്രാധാന്യം നേടിയിട്ടുണ്ട്.

**സ്ത്രീ ശാക്തീകരണവും സാമൂഹ്യക്ഷേമവും**

സാമൂഹിക, രാഷ്ട്രീയ, പൊതു കാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള നിരവധി ഇടപെടലുകൾ വർഷങ്ങളായി കേരളത്തിൽ നടന്നിട്ടുണ്ട്. തൊഴിലിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനും, സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ അവർക്ക് തുല്യമായ പ്രവേശനം സുഗമമാക്കുന്നതിനും, നിരവധി നയ നടപടികളിലൂടെ സംസ്ഥാന സർക്കാർ ഗണ്യമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലും, 1,000 പുരുഷന്മാർക്ക് 1,084 സ്ത്രീകൾ എന്ന ഗണ്യമായ സ്ത്രീ-പുരുഷ അനുപാതത്തിലും (സെൻസസ് 2011), മറ്റ് നിരവധി സൂചികകളിലും ലിംഗഭേദം വളരെ കുറവാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. എന്നിരുന്നാലും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും പീഡനങ്ങളും നമ്മുടെ സമൂഹത്തിൽ വളരെയധികം സങ്കീർണമായ വിഷയങ്ങളാണ്.

2019-2020 കാലഘട്ടത്തിൽ സ്ത്രീധനം എന്ന വിപത്തിൽ നിന്ന് മുക്തി നേടുന്നതിനായി വനിതാ ശിശുവികസന വകുപ്പ് ഒരു ജനകീയ കാമ്പയിൻ നടത്തുകയും അവബോധം സൃഷ്ടിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അഞ്ച് വർഷത്തെ പ്രവർത്തന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. സ്ത്രീധന നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, കേരള സ്ത്രീധന നിരോധന നിയമം 2004 ഭേദഗതി ചെയ്യുകയും സ്ത്രീധന നിരോധന പ്രവർത്തനങ്ങൾക്കായി പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. ജില്ലാ ഉപദേശക ബോർഡ് രൂപീകരിക്കുകയും, സ്ത്രീധന പരാതികൾക്കായി ഒരു പോർട്ടൽ തുറക്കുകയും മറ്റ് നിരവധി നടപടികൾ ആരംഭിക്കുകയും ചെയ്തു. ഗാർഹിക പീഡനവും സ്ത്രീധനവും തടയാൻ വിവാഹ/വിവാഹ പൂർവ കൗൺസിലിംഗ്, സ്ത്രീകളുടെ പരാതികൾ ശ്രദ്ധിക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നതിനുള്ള ഓൺലൈൻ കൺസൾട്ടേഷൻ പ്രോഗ്രാം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് നിയമസഹായം, പോലീസ് സഹായം എന്നീ പ്രവർത്തനങ്ങൾക്ക് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമങ്ങൾ എന്നിവയ്ക്ക് ഇരയായവർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന്, മറ്റ് വ്യവസ്ഥാപിത സഹായങ്ങൾക്കുപരിയായി 300 ലക്ഷം രൂപയുടെ ആശ്വാസനിധി കോർപ്പസ് ഫണ്ടായി സർക്കാർ രൂപീകരിച്ചു. ഇതുകൂടാതെ, സ്വകാര്യ ഇടങ്ങളിലും പൊതു ഇടങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തുമെല്ലാം അക്രമത്തിനിരയായവർക്കായി സർക്കാർ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകൾ ആരംഭിച്ചു. വൈദ്യസഹായം, എഫ്ഐആർ/എൻസിആർ/ഡിഐആർ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സഹായം, മാനസിക-സാമൂഹിക പിന്തുണയും കൗൺസിലിംഗും, നിയമസഹായം, അഭയം, റഫറൽ സേവനങ്ങൾ എന്നിവ ഉൾപ്പെടെ 24 മണിക്കൂർ പ്രത്യേക സേവനങ്ങൾ വൺ സ്റ്റോപ്പ് സെന്ററുകൾ നൽകുന്നു.

സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ കാലം ജീവിക്കുന്നു എന്നത് ആഗോള പ്രതിഭാസമാണ്, 2021-25 ലെ ജനസംഖ്യാ പ്രവചനമനുസരിച്ച് കേരളത്തിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം 73.49 വയസ്സും സ്ത്രീകളുടേത് 79.15 വയസ്സുമാണ്. ആയുർദൈർഘ്യത്തിലെ വർദ്ധനവും അനുകൂലമായ ലിംഗാനുപാതവും കേരളത്തിലെ വിധവ ജനസംഖ്യയിലെ വർദ്ധനവിന് പ്രധാന കാരണമാണ്. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ വിധവകൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. സഹായഹസ്തം പദ്ധതിയിലൂടെ സ്വയം തൊഴിൽ ചെയ്യാൻ 30,000 രൂപ ഒറ്റത്തവണ ധനസഹായം, പടവുകൾ പദ്ധതിയിലൂടെ അവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നതിന് വിദ്യാഭ്യാസ സഹായം, നിരാലംബരായവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നല്കുന്ന അഭയകിരണം പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ വിധവ/ വിവാഹമോചിതർക്ക് പുനർവിവാഹത്തിന് സാമ്പത്തിക പ്രോത്സാഹനം നൽകുന്ന മംഗല്യ എന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

സാമ്പത്തിക ശാക്തീകരണത്തിലേക്കും അവസരങ്ങ ളിലേക്കും സ്ത്രീകൾക്ക് പ്രവേശനം സാധ്യമാക്കു ന്നതിന്, വിദ്യാഭ്യാസം, തൊഴിൽ, സ്ത്രീകളുടെ സ്വയം തൊഴിൽ എന്നിവക്ക് മുഖ്യ പങ്കുണ്ട്. വനിതാ വികസന കോർപ്പറേഷൻ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് കുടുംബത്തിൽ സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലാണ്. കോർപ്പറേഷൻ ലോൺ സ്കീമുകളിലൂടെയും സംസ്ഥാന പദ്ധതികളിലൂടെയും ദരിദ്രരായ സ്ത്രീകളെ കൈപിടിച്ചുയർത്തുകയും തൊഴിൽ പരിശീലന പരിപാടി, പദ്ധതി സഹായം, സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ നടപ്പിലാക്കുകയും ചെയ്തു. ചെറുകിട വനിതാ സംരംഭകർക്ക് അവരുടെ ഉൽപ്പാദന, വിപണന കഴിവുകൾ വികസിപ്പിക്കുന്നതിന് വിപണന സാങ്കേതിക സഹായങ്ങൾ നൽകുക, നൈപുണ്യത്തിലൂടെ സ്ത്രീകളുടെ തൊഴിലവസരം ശക്തിപ്പെടുത്തുക, പെൺകുട്ടികളുടെ കാഴ്ചപ്പാട് മാറ്റുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നൽകുക എന്നിവയാണ് കോർപറേഷന്റെ ചില പ്രവർത്തനങ്ങൾ. കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പരിപാടി, EDP/അവബോധം/തൊഴിൽ പരിശീലന പരിപാടികൾ, എക്സിബിഷനുകൾ എന്നിവ നടപ്പിലാക്കുന്നു കൂടാതെ തിരുവനന്തപുരത്തും കണ്ണൂരിലും ഫിനിഷിംഗ് സ്കൂളുകളും (റീച്ച്) നടത്തുന്നു.

തൊഴിൽ വകുപ്പ് ഈ രംഗത്തെ മറ്റൊരു പങ്കാളിയാണ് തൊഴിൽ രഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/ വിവാഹമോചിതരായ/അവിവാഹിതരായ സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ/ഭിന്നശേഷിയുള്ള സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട താഴ്ന്ന വരുമാനക്കാരായ സ്ത്രീകൾക്കായി ശരണ്യഎന്ന പദ്ധതിയിലൂടെ വകുപ്പ് സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നു. യോഗ്യരായ ഗുണഭോക്താവിന് പലിശ രഹിത വായ്പയും 50 ശതമാനം സബ്സിഡിയും ഈ പദ്ധതി നൽകുന്നു.

വനിതാ വികസന കോർപ്പറേഷൻ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, സ്ത്രീകൾക്ക് ഹ്രസ്വ താമസ സൗകര്യം, ആദിവാസി സ്ത്രീകൾക്കായി വനമിത്ര നൈപുണ്യ വികസന കേന്ദ്രം, പോലീസിന് ബോദ്ധ്യം ജെൻഡർ ബോധവൽക്കരണ പരിശീലനം, കോളേജുകളിലെ വനിതാ സെൽ, മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ തുടങ്ങി നിരവധി ശ്രദ്ധേയമായ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് "പൊൻവാക്ക്", തേജോമയ ആഫ്റ്റർ കെയർ ഹോം തുടങ്ങിയ ചില ജനപ്രിയ സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം കേസുകൾ അറിയിക്കുന്നവരെ പ്രേരിപ്പിക്കുന്നതിലൂടെ സാമുദായിക പങ്കാളിത്തത്തോടെ കേരള സമൂഹത്തിൽ നിന്ന് ശൈശവ വിവാഹം ഇല്ലാതാക്കുക എന്നതാണ് ആദ്യത്തേത്. സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിലെ അന്തേവാസികൾ പഠനം പൂർത്തിയാക്കിയ ശേഷം സമൂഹത്തിലേക്ക് മാറുന്ന പ്രക്രിയ എളുപ്പമാക്കുന്നതിനുള്ള വകുപ്പിന്റെ മറ്റൊരു പുരോഗമനപരമായ ചുവടുവെപ്പാണ് തേജോമയ ആഫ്റ്റർ കെയർ ഹോം.

അർദ്ധ ജുഡീഷ്യൽ സ്ഥാപനമായ കേരള വനിതാ കമ്മീഷൻ അതിന്റെ ലിംഗപദവി ബോധവൽക്കരണ പരിപാടികൾ, നിയമ ശിൽപശാലകൾ/സെമിനാറുകൾ, അദാലത്തുകൾ എന്നിവ തുടരുകയും ആശയങ്ങളും കാഴ്ചപ്പാടുകളും സ്വീകരിക്കുന്നതിനായി കമ്മീഷനുമായി മുഖാമുഖം ആരംഭിക്കുകയും ചെയ്തു. 2020-21ൽ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, സ്വത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഗാർഹിക പീഡനം, കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങി വിവിധ സ്വഭാവത്തിലുള്ള 5,439 പരാതികൾ കമ്മീഷനു ലഭിച്ചു. 2022 മാർച്ച് വരെ ലഭിച്ച പരാതികളുടെ വിഭാഗം തിരിച്ചും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.3.5**ൽ നൽകിയിരിക്കുന്നു.

ലിംഗപദവി സമത്വത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തന്ത്രങ്ങൾ, നയങ്ങൾ, പരിപാടികൾ, പദ്ധതികൾ എന്നിവ വികസിപ്പിക്കുന്നതിന് ജെൻഡർ പാർക്ക് വിഭാവനം ചെയ്യുന്നു. ലിംഗ പദവി വികസന പദ്ധതിയുടെ സംയോജന കേന്ദ്രമായി പ്രവർത്തിക്കുന്ന ഇത് ഗവേഷണം, സംവാദം, നയ ഇടപെടലുകൾ, അവബോധം സൃഷ്ടിക്കൽ എന്നിവയ്ക്കായുള്ള ജെൻഡർ -സെൻസിറ്റീവ് രീതികളിൽ വേരൂന്നിയ ഒരു ബഹുമുഖ സമീപനത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് സംഭാവന നൽകുന്ന സുസ്ഥിര സംരംഭകത്വ സംരംഭങ്ങൾക്കുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രക്രിയയിലാണ് ജെൻഡർ പാർക്ക്.

**കുട്ടികളുടെ ക്ഷേമം**

ശിശുക്ഷേമം കുട്ടികളുടെ ശാരീരികവും സാമൂഹികവും മാനസികവുമായ ക്ഷേമവുമായി ബന്ധപ്പെട്ടതാണ്. പ്രത്യേകിച്ച് ദാരിദ്ര്യം അനുഭവിക്കുന്ന കുട്ടികളും, മാതാപിതാക്കളുടെ സാധാരണ പരിചരണവും മേൽനോട്ടവും ഇല്ലാത്ത കുട്ടികളും, കുട്ടികൾ സുരക്ഷിതരാണെന്നും കുടുംബങ്ങൾക്ക് അവരുടെ കുട്ടികളെ പരിപാലിക്കാൻ ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്ന തുടർ സേവനങ്ങളാണ് രൂപകൽപന ചെയ്തിട്ടുള്ളത്. ജാതി, ദേശീയത, മതം തുടങ്ങിയ എല്ലാ പരിഗണനകൾക്കും അതീതമായി കുട്ടികൾക്ക് നല്കാവുന്നതിൽ ഏറ്റവും മികച്ചവ നല്കാൻ മനുഷ്യർ കടപ്പെട്ടിരിക്കുന്നുവെന്ന തത്വം പ്രഖ്യാപിക്കേണ്ടതും സ്വീകരിക്കേണ്ടതും നൽകേണ്ടതുമാണെന്ന് 1989-ലെ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ അംഗീകരിച്ചിട്ടുണ്ട്.

കുട്ടികളുടെ ദുരുപയോഗവും അവഗണനയും തടയുന്നതിനുള്ള സേവനങ്ങളെ പിന്തുണയ്ക്കുകയോ ഏകോപിപ്പിക്കുകയോ ചെയ്യുക, സംഭവിക്കാൻ സാധ്യതയുള്ള ദുരുപയോഗവും അവഗണനയും സംബന്ധിച്ച് റിപ്പോർട്ടുകൾ സ്വീകരിക്കുകയും അന്വേഷിക്കുകയും ചെയ്യുക, കുട്ടികളുടെ ആവശ്യങ്ങൾ, ശക്തി, വിഭവങ്ങൾ എന്നിവ വിലയിരുത്തുക. അവരെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സഹായം ആവശ്യമുള്ള കുടുംബങ്ങൾക്ക് സേവനങ്ങൾ നൽകുക, കുടുംബങ്ങൾ, ബന്ധുക്കൾ അല്ലെങ്കിൽ വളർത്തു കുടുംബങ്ങൾ എന്നിവിടങ്ങളിൽ കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുക. കുട്ടികളുടെ ആരോഗ്യ പരിരക്ഷയും വിദ്യാഭ്യാസവും ഉറപ്പാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളിലേക്ക് സഹായം നൽകുകയും ഏകോപിക്കുകയുമാണ് ശിശുക്ഷേമപരിപാടികൾ ചെയ്യുന്നത് അവരുടെ വ്യക്തിത്വം വികസിപ്പിക്കുക, സന്തോഷകരമായ അന്തരീക്ഷത്തിൽ വളരുക, അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2011-ലെ സെൻസസ് പ്രകാരം, 0-6 പ്രായത്തിലുള്ള കുട്ടികൾ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 10.4 ശതമാനമാണ്, കേരളത്തിലെ കുട്ടികളുടെ ലിംഗാനുപാതം 964 ആണ്. NFHS-5 റിപ്പോർട്ട് അനുസരിച്ച്, കേരളത്തിലെ ശിശുമരണ നിരക്ക് (IMR) 4.4 ആണ്. NFHS-4-ൽ 5.6 ആയിരുന്നു. അഞ്ചുവയസ്സിന് താഴെയുള്ള മരണനിരക്കും (U5MR) NFHS-4ലെ 7.1 നിന്ന് NFHS-5ൽ 5.2 എന്ന് പുരോഗമിച്ചിട്ടുണ്ട്. പക്ഷേ, വിളർച്ച നിരക്ക് കുട്ടികളിൽ ആരോഗ്യനില കുറയുന്നതായി വെളിപ്പെടുത്തുന്നു. 6-59 മാസം പ്രായമുള്ള കുട്ടികളിൽ വിളർച്ച നിരക്ക് 35.7 (NFHS-4) ശതമാനത്തിൽ നിന്ന് 39.4 ശതമാനമായി വർദ്ധിച്ചതായി NFHS-5 ഡാറ്റ കാണിക്കുന്നു. NFHS-5 ഡാറ്റയുടെ കുട്ടികളുടെ പോഷകാഹാര നിലയെക്കുറിച്ചുള്ള കണക്കുകളും വളരെ ആശ്വാസജനകമാണ്. NFHS-4 എന്ന 16.1-നെ അപേക്ഷിച്ച്, 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഭാരക്കുറവ് 19.7 ശതമാനമായി ഉയർന്നതായി ഡാറ്റ വെളിപ്പെടുത്തുന്നു. അതുപോലെ, വളർച്ച മുരടിച്ച 5 വയസ്സിന് താഴെയുള്ള കുട്ടികൾ 19.7 ശതമാന (NFHS-4) ത്തിൽ നിന്ന് 23.4 ശതമാനം (NFHS-5) ആയി.

18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രമായ വികസനം ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികസനം ഉൾക്കൊള്ളുന്നു. ശൈശവ വിവാഹം കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കുകയും അവരുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. NFHS-5 റിപ്പോർട്ട് 15-19 വയസ്സുള്ള പെൺകുട്ടികളുടെ ശൈശവവിവാഹത്തിൽ നേരിയ കുറവ് കാണിക്കുന്നു. നിരക്ക് 3 ശതമാനത്തിൽ നിന്ന് (NFHS-4) 2.4 ശതമാനമായി (NFHS-5) കുറഞ്ഞു. അവഗണന, അക്രമം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്ന് മുക്തമായ എല്ലാ കുട്ടികൾക്കും സുരക്ഷിതവും കരുതലുള്ളതുമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ബാലാവകാശ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ പുനരവലോകനം ചെയ്യുകയും ബാലാവകാശ ലംഘന കേസുകൾ അന്വേഷിക്കുകയും ആ അവകാശങ്ങൾ അനുഭവിക്കുന്നതിനെ തടയുന്ന ഘടകങ്ങൾ പരിശോധിക്കുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നത് തുടർന്നു വരുന്നു.

കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയിലും 17 പ്രത്യേക ദത്തെടുക്കൽ ഏജൻസികളിലുമായി 2013-14 മുതൽ 2021-22 വരെ 1,202 രാജ്യാന്തര ദത്തെടുക്കലുകളും 118 അന്തർ രാജ്യ ദത്തെടുക്കലുകളും നടത്തി. 2021-22 കാലയളവിൽ കേരളത്തിൽ 100 കുട്ടികളെ ദത്തെടുത്തു (88 രാജ്യാന്തര ദത്തെടുക്കലുകളും 12 അന്തർ രാജ്യ ദത്തെടുക്കലുകളും), അതിൽ 45 പേർ പെൺകുട്ടികളാണ്. ദത്തെടുത്ത കുട്ടികളുടെഎണ്ണം അനുബന്ധം 8.3.6-ൽ നൽകിയിരിക്കുന്നു. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2022 (ഒക്ടോബർ) വരെ കേരളത്തിൽ കുട്ടികൾക്കെതിരെ 4,317 കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. അതോടൊപ്പം കുട്ടികൾ പ്രധാന ഇരകളായ 2696 കേസുകളും 1,363 പോക്സോ കേസുകളുമുണ്ട്.

കുട്ടികൾ നേരിടുന്ന പെരുമാറ്റപരവും വൈകാരികവും പഠനപരവും മാനസികവുമായ വെല്ലുവിളികൾ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമാണ് സ്കൂളുകളിൽ നടപ്പിലാക്കുന്ന 'കുട്ടികളോടുള്ള നമ്മളുടെ ഉത്തരവാദിത്തം' എന്ന പരിപാടി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 304 സ്കൂളുകളിൽ പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രദ്ധയായ സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും പോക്സോയെ അതിജീവിച്ചവർക്കും മാനസിക സാമൂഹിക സമീപനത്തിലൂടെ കമ്മ്യൂണിറ്റി അധിഷ്ഠിത പുനരധിവാസത്തിലും പുനർ സമന്വയത്തിലും കാവൽ പ്ലസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ നേതൃത്വത്തിൽ എൻജിഒകളുടെ സഹകരണത്തോടെ 2020-21 വർഷത്തിലാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കിയത്. പാലക്കാട്ടും തിരുവനന്തപുരത്തും ആരംഭിച്ച പദ്ധതി 2021-22ൽ എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്ക് വ്യാപിപ്പിച്ചു. കുട്ടികൾ മുഖ്യധാരയിലാകുന്നതുവരെയോ സുരക്ഷിതമായ ഉപജീവനമാർഗം നേടുന്നതുവരെയോ അവർക്ക് മാനസികവും വിദ്യാഭ്യാസപരവും നിയമപരവുമായ പിന്തുണ ഇത് നൽകും.

ഒരു വ്യക്തിയുടെ വികാസത്തിന്റെ ഏറ്റവും പ്രാധാന്യമേറിയതാണ് ബാല്യകാലം. ഒരു സ്ത്രീയുടെ ഗർഭം (270 ദിവസം) മുതൽ അവളുടെ കുട്ടിയുടെ രണ്ടാം ജന്മദിനം

(730 ദിവസം) വരെയുള്ള 1,000 ദിവസങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സർക്കാർ 1,000 ദിന പരിപാടി ആരംഭിച്ചു. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കുമായി പതിവായി മെഡിക്കൽ ക്യാമ്പുകൾ, ചികിത്സ, ഭക്ഷണ വിതരണം, ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവ പരിപാടിയിൽ ഉൾപ്പെടുന്നു. പരീക്ഷണാടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി 2022-23 കാലയളവിൽ തീരദേശ, മലയോര മേഖലയിലെ 42 ഐസിഡിഎസ് പദ്ധതികളിലേക്ക് വ്യാപിപ്പിച്ചു.

ഇൻറഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസസ് (ഐസിഡിഎസ്) ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്ന ഒരു പ്രധാന സർക്കാർ പരിപാടിയാണ്. സംസ്ഥാനത്ത് 33,115 അംഗൻവാടികൾ (മാർച്ച് 2022 വരെ) പ്രവർത്തിക്കുന്നുണ്ട്. ഐസിഡിഎസ് ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കവറേജ് അനുബന്ധം 8.3.7 ൽ നൽകിയിരിക്കുന്നു. 5.76 ലക്ഷം ഗുണഭോക്താക്കൾ 0-3 വയസ് പ്രായമുള്ള കുട്ടികളും 5.37 ലക്ഷം ഗുണഭോക്താക്കൾ 3-6 വയസ് പ്രായമുള്ള കുട്ടികളുമാണ്. വനിതാശിശുവികസന വകുപ്പ്, വേൾഡ് ഫുഡ് പ്രോഗ്രാമുമായി (WFP) സഹകരിച്ച്, അങ്കണവാടികളിലെ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ചൂടോടെ പാകം ചെയ്ത ഭക്ഷണമായി വിളമ്പുന്ന അരിയുടെ ഫോർട്ടിഫിക്കേഷൻ ആരംഭിച്ചു. ഈ പദ്ധതി പ്രകാരം അരിയിൽ 8 മൈക്രോ ന്യൂട്രിയന്റുകൾ (ഇരുമ്പ്, ഫോളിക് ആസിഡ്, സിങ്ക്, വിറ്റ്. എ, വിറ്റ്.ബി 12, നിയാസിൻ, വിറ്റ്.ബി6, തയാമിൻ) ഉപയോഗിക്കുന്നു. അസംസ്കൃത അരി 100:1 എന്ന അനുപാതത്തിൽ ഫോർട്ടിഫൈഡ് നെല്ല് കേർണലുമായി കലർത്തും. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ഐസിഡിഎസ് പദ്ധതിയിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി ആരംഭിച്ചത്. ഇതിനുപുറമെ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി നൽകുന്ന അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോ ന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ വയനാട് ജില്ലയിൽ ആരംഭിക്കുകയും പിന്നീട് മറ്റെല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. ഇത് കൂടാതെ, 2022-23 കാലയളവിൽ എല്ലാ അങ്കണവാടികളിലും രണ്ട് ദിവസം മുട്ടയും രണ്ട് ദിവസം പാലും നൽകുന്നതിനുള്ള ഒരു പുതിയ പരിപാടി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്.

പോഷകാഹാര വിദഗ്ധരുടെ സഹായത്തോടെ പോഷകാഹാര കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, റഫറലുകൾ, മറ്റ് സാമൂഹിക പിന്തുണ എന്നിവയിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ന്യൂട്രീഷൻ ക്ലിനിക്കുകൾ ആരംഭിച്ചു. ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ആരോഗ്യകരമായ ഭക്ഷണരീതി പരിശോധിക്കുകയും പോഷകാഹാരക്കുറവിന്റെ അപകടസാധ്യത പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുകയും വ്യക്തിക്ക് പോഷകാഹാരക്കുറവ് നേരിടുന്നതിന് മുമ്പ് ഇടപെടുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും പോഷകാഹാര ക്ലിനിക്കുകൾ സ്ഥാപിച്ചു.

ക്ലാസ് മുറികൾ, ഡൈനിംഗ് ഹാൾ, അടുക്കള, സ്റ്റോർ റൂം, ക്രിയേറ്റീവ് സോൺ, ഇൻഡോർ, ഔട്ട്ഡോർ പ്ലേ ഏരിയകൾ എന്നിവയ്ക്ക് മതിയായ ഇടമുള്ള അങ്കണവാടി കെട്ടിടങ്ങളെ സ്മാർട്ട് അങ്കണവാടികളാക്കി വകുപ്പ് പരിഷ്ക്കരിച്ചുവരികയാണ്. ആദ്യത്തേത് തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുകയും 204 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിന് അംഗീകാരം നൽകുകയും ചെയ്തു. കോവിഡ് പൊതു നിയന്ത്രണങ്ങളിലും ലോക്ക്ഡൗണുകളിലും പ്രീ-സ്കൂൾ വിദ്യാഭ്യാസം തുടരുക എന്നത് വകുപ്പിന് മുന്നിൽ ഒരു വെല്ലുവിളി ആയിരുന്നു. ഭാഷ, ശാരീരികം, വൈജ്ഞാനികം, സാമൂഹികം, വൈകാരികം, സർഗ്ഗാത്മകത, ആസ്വാദനം എന്നിങ്ങനെ കുട്ടികളുടെ വികസനത്തിന്റെ അഞ്ച് പ്രധാന മേഖലകളെ പരിപോഷിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള 30 വിഷയങ്ങളിൽ വിദഗ്ധരായ അംഗൻവാടി ജീവനക്കാരുടെയും ഓഫീസർമാരുടെയും സഹായത്തോടെ സംപ്രേക്ഷണത്തിനായി ഉള്ളടക്കം വികസിപ്പിച്ചു. വിക്ടേഴ്സ് ടിവി ചാനലിൽ കിളികൊഞ്ചൽ എന്ന ലേബലിൽ വീഡിയോകൾ പ്രക്ഷേപണം ചെയ്യുകയും വകുപ്പിന്റെ യൂട്യൂബ് ചാനലിൽ പോഡ്കാസ്റ്റ് ചെയ്യുകയും ചെയ്തു. വകുപ്പിന്റെ തീം അടിസ്ഥാനമാക്കിയുള്ള പ്രീസ്കൂൾ പ്രവർത്തന പോസ്റ്ററുകൾ വികസിപ്പിക്കുകയും കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ഈ കാലയളവിലെ വിദ്യാഭ്യാസ ഉള്ളടക്ക വികസനത്തിലെ മറ്റൊരു നേട്ടം വയനാട് ജില്ലയിലെ പ്രധാന ഗോത്രമായ “പണിയ” യുടെ മാതൃഭാഷയിൽ പ്രീസ്കൂൾ പഠനസഹായികൾ വികസിപ്പിച്ചതാണ്.

കേരള സാമൂഹിക സുരക്ഷാ മിഷൻ രോഗികളായ കുട്ടികൾക്കായി കാൻസർ സുരക്ഷാ, താലോലം പദ്ധതികൾ നടപ്പാക്കി. ഈ പദ്ധതികളിലൂടെ, ക്യാൻസറും മാരകമായ രോഗങ്ങളും ബാധിച്ച 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് KSSM സൗജന്യ ചികിത്സ നൽകുന്നു. കാൻസർ സുരക്ഷാ പദ്ധതി 15 സർക്കാർ ആശുപത്രികളിലൂടെയും താലോലം പദ്ധതി സംസ്ഥാനത്തെ 18 പ്രധാന സർക്കാർ ആശുപത്രികളിലൂടെയും നടപ്പാക്കുന്നു. കോക്ലിയർ ഇംപ്ലാന്റേഷൻ ഇൻ ചിൽഡ്രൻ (ശ്രുതിതരംഗം) 0-5 വയസ്സുവരെയുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്നു. 2021-22ൽ 1200 കുട്ടികൾ ഇതിലൂടെ പ്രയോജനം നേടി. ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കായുള്ള സോഷ്യൽ സപ്പോർട്ട് സ്കീം (മിഠായി) സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള മിഠായി ക്ലിനിക്കുകൾ വഴി ടൈപ്പ്-1 പ്രമേഹമുള്ള കുട്ടികൾ/കൗമാരക്കാർ എന്നിവർക്ക് സമഗ്രമായ പരിചരണം നൽകുന്നു.

സാമ്പത്തിക പരാധീനതകൾ നിമിത്തം മാതാപിതാക്കൾ രണ്ടുപേരോ ഒരാളോ നഷ്ടപ്പെട്ട കുട്ടികൾക്ക് സ്നേഹപൂർവം പദ്ധതിയിലൂടെ വിദ്യാഭ്യാസ സഹായം നൽകുന്നുണ്ട്. എച്ച്ഐവി/എയ്ഡ്സ് ബാധിതരായ വിദ്യാർഥികൾക്ക് ഡിഗ്രി തലം വരെയുള്ള വിദ്യാഭ്യാസ സഹായവും ഈ പദ്ധതി നൽകുന്നുണ്ട്. ഈ പദ്ധതി 2020-21ൽ 25,948 കുട്ടികൾക്ക് വിദ്യാഭാസ സഹായം നൽകി. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ നടപടിയായ സ്നേഹ സാന്ത്വനം ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സഹായവും നൽകുന്നു. ഈ പദ്ധതി 2021-22ൽ 6,941 കുട്ടികൾക്ക് പിന്തുണ നൽകി.

അദ്ധ്യായം

# 09

# കല, സംസ്കാരം, കായികരംഗം

# കല, സംസ്കാരം, കായികരംഗം

## 9.1 കലയും സംസ്കാരവും

ഇന്ത്യയുടെ കലാപരമായ ആവിഷ്കാരത്തിന്റെ വിശാലമായ ശ്രേണി അതിന്റെ സമ്പന്നമായ കലാപൈതൃകത്തിന്റെയും വൈവിധ്യത്തിന്റെയും സാക്ഷ്യമാണ്. കലാരൂപങ്ങളും അതിന്റെ കലാസൃഷ്ടി കളെ പരിപോഷിപ്പിക്കുകയും അതിൽ ജനങ്ങളെ പങ്കാളികളാക്കുകയും ചെയ്യുന്നത് ഒരു രാജ്യത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. പാട്ടുകൾ, നൃത്തങ്ങൾ, കലാരൂപങ്ങൾ, ശിൽപം, വാസ്തുവിദ്യ, അനുഷ്ഠാനങ്ങൾ, പ്രകടന/അവതരണ കലകൾ, ചിത്രകലകൾ തുടങ്ങി വിപുലമായ കലാരൂപങ്ങൾ കലാസ്വാദനത്തിൽ മാത്രം പരിമിതപ്പെടാതെ സമൂഹത്തിൽ സഹവർത്തിത്വപരമായ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

ഒരു പുരോഗമന സമൂഹമെന്ന നിലയിൽ കേരള നവോത്ഥാനത്തിലും വികസനത്തിലും കലാ-സംസ്കാരിക മേഖലയുടെ പങ്ക് വളരെ വലുതാണ്. പുരോഗമന മൂല്യങ്ങൾ ഉൾക്കൊണ്ട് കാലാകാലങ്ങളിൽ പരിവർത്തനത്തിന് വിധേയമായ വിപുലമായ കലാരൂപങ്ങളുടെയും സാംസ്കാരിക സവിശേഷതകളുടെയും മഹത്തായ പാരമ്പര്യമാണ് കേരളത്തിനുള്ളത്. ഇവിടെ ലോകപ്രശസ്ത കലാരൂപങ്ങൾ ഉണ്ട്, അവയുടെ രചന, സൂക്ഷ്മത, ഉള്ളടക്കത്തിന്റെ സമൃദ്ധി എന്നിവയാൽ അവ വിലമതിക്കപ്പെടുന്നു. കലയെ ജനങ്ങളിലെക്കെത്തിക്കുന്നതിന് വൈവിധ്യമാർന്ന സംരംഭങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കലയും സംസ്കാരവും വളർത്തിയെടുക്കുന്നതിൽ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. കലാകാരന്മാർക്കും എഴുത്തുകാർക്കും കലാപ്രകടനം നടത്തുന്നവർക്കും സഹായം നൽകുക, വിവിധ കലാ സാംസ്കാരിക സ്ഥാപനങ്ങളെ സഹായിക്കുക, വിവിധ കലാരൂപങ്ങളുടെ പുരോഗമന പരവും മതേതരവുമായ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സുഗമമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയെല്ലാം സർക്കാരിന്റെ ഉത്തരവാദിത്തമാണ്.

**സാംസ്കാരിക ഡയറക്ടറേറ്റ്**

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ കലാ-സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാണ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ഡയറക്ടറേറ്റ് വഴി നടപ്പാക്കിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാർക്കുള്ള ധനസഹായ വിതരണം, പ്രതിമാസ പെൻഷൻ വിതരണം, മരണമടഞ്ഞുപോയ പ്രമുഖ കലാകാരന്മാരുടെയും എഴുത്തുകാരുടെയും ആശ്രിതർക്ക് പ്രതിമാസ പെൻഷൻ വിതരണം, കേരളത്തിൽ സ്ഥിതിചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ദക്ഷിണ മേഖലാ സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവയും ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പ്രധാന നേട്ടങ്ങളും പ്രവർത്തനങ്ങളും**

ഡയറക്ടറേറ്റിന്റെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

**സാംസ്കാരിക ഡയറക്ടറേറ്റിനായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം:** സാംസ്കാരിക ഡയറക്ടറേറ്റിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്, ഇത് പൂർത്തിയായാൽ, ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന് കീഴിലുള്ള നിരവധി സാംസ്കാരിക സ്ഥാപനങ്ങൾ ഒരിടത്ത് കൊണ്ടുവരാൻ കഴിയുകയും ഇതിലൂടെ ക്രമേണ അധിക സാമ്പത്തിക ബാധ്യത കുറയ്ക്കാനും കഴിയും.

**കേരളത്തിലെ കലയുടെയും സംസ്കാരത്തിന്റെയും രാജ്യവ്യാപകമായ പ്രചരണം:** കേരളത്തിന്റെ കലയും സംസ്കാരവും സംസ്ഥാന അതിർത്തികൾക്കപ്പുറത്തേക്ക്

വ്യാപിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഇതോടനുബന്ധിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി സാംസ്കാരിക വിനിമയ പരിപാടികളും നടന്നിട്ടുണ്ട്. 'മഴമിഴി' എന്ന പരിപാടി ജനശ്രദ്ധ ആകർഷിച്ചിരുന്നു. കേരളത്തിൽ കൊവിഡ്-19 മഹാമാരിയും വെള്ളപ്പൊക്കവും മൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന കലാസമൂഹത്തിന് സഹായമെത്തിക്കുന്നതിനായാണ് 'മഴമിഴി', 'തളിർമിഴി' എന്നീ പദ്ധതികൾ നടപ്പാക്കിയത്. പ്രസ്തുത പരിപാടികൾ കലാകാരന്മാർക്ക് ഒരു നിശ്ചിത സ്ഥലത്ത് അവതരിപ്പിക്കാനും ലോകമെമ്പാടുമുള്ള പ്രേക്ഷകർക്കായി പരിപാടികൾ വെബ്കാസ്റ്റ് ചെയ്യാനുള്ള അവസരവും ഇതിലൂടെ നൽകാൻ കഴിഞ്ഞു.

**സമം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സമീപകാലത്ത് നടന്ന അതിക്രമങ്ങൾക്കെതിരെയായി ക്രിയാത്മകമായി പ്രതികരിക്കുന്നതിനും എല്ലാ മേഖലകളിലും ലിംഗ സമത്വമെന്ന ആശയം പ്രചരിപ്പിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് 'സമം'. സ്ത്രീ സമത്വത്തിനായുള്ള 'സമം' പരിപാടി വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനം വഴി വിവിധ പരിപാടികളിലൂടെ ഈ പദ്ധതിക്ക് പ്രചാരണം നൽകുന്നു. വിവിധ പ്രവർത്തനങ്ങളിലൂടെ സ്ത്രീകളുടെ അവകാശങ്ങളെയും ലിംഗസമത്വത്തെയും കുറിച്ചുള്ള കാമ്പയിനുകൾ രൂപകല്പന ചെയ്യാനും നേതൃത്വം നൽകാനും ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

**വജ്ര ജൂബിലി ഫെല്ലോഷിപ്പ്:** ആയിരം യുവ കലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് പദ്ധതി, വ്യത്യസ്ത കലാരൂപങ്ങളിൽ ജനങ്ങൾക്ക് പരിശീലനം നൽകുന്നതിനും കഴിവുള്ള യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള പദ്ധതി കൂടിയാണ്. നാടൻ കലകളിൽ നിശ്ചിത യോഗ്യതയും മറ്റ് വിവിധ കലകളിൽ പ്രാവീണ്യവുമുള്ളവരുമായ യുവകലാ പ്രവർത്തകരെ തെരഞ്ഞെടുത്ത് അവർക്ക് വ്യക്തികളെ പരിശീലിപ്പിക്കാനുള്ള വേദിയൊരുക്കുകയും അതിനായി കലാകാരന്മാർക്ക് ഒരു നിശ്ചിത കാലയളവിലേക്ക് ഫെലോഷിപ്പ് മുഖേന പിന്തുണ നൽകുകയും ചെയ്യുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 1000 യുവ കലാകാരന്മാരെ പരിശീലകരായി തെരഞ്ഞെടുക്കുകയും ചെയ്യും. ഈ പദ്ധതിയിലൂടെ കലാകാരന്മാർ വഴി 45 വ്യത്യസ്ത കലാരൂപങ്ങളിൽ പരിശീലനം വാഗ്ദാനം ചെയ്യുന്നു. പ്രായ-ലിംഗ ഭേദമന്യേ ആർക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ) ആയിരത്തിലധികം പരിശീലന കേന്ദ്രങ്ങളിലാണ് ഈ പരിശീലന പരിപാടി നടപ്പിലാക്കുന്നത്. കലാ പരിശീലകർക്ക് സംസ്ഥാന സർക്കാർ പ്രതിമാസം 10,000 രൂപയും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം 7,500 രൂപയും (2022-23 സാമ്പത്തിക വർഷം മുതൽ) രണ്ട് വർഷത്തേക്ക് ഫെല്ലോഷിപ്പായി നൽകുന്നു. വജ്ര ജൂബിലി ഫെലോഷിപ്പിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 9.1.1**ൽ നൽകിയിരിക്കുന്നു.

**സ്വാതന്ത്ര്യസമര അനുസ്മരണ ഉദ്യാനം, കോഴിക്കോട്:** സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച്, 'ആസാദി കാ അമൃത് മഹോത്സവ്' പദ്ധതിയുടെ ഭാഗമായി ധീരദേശാഭിമാനികളുടെ സ്മരണയ്ക്കായി സ്വാതന്ത്ര്യസമര അനുസ്മരണ ഉദ്യാനങ്ങളുടെ നിർമ്മാണം വടക്കൻ കേരളത്തിലും മധ്യകേരളത്തിലും തെക്കൻ കേരളത്തിലും ആരംഭിച്ചു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ അനുസ്മരണ ഉദ്യാന നിർമ്മാണം 2021 -22 സാമ്പത്തിക വർഷം ആരംഭിച്ചു.

**ഗ്രാമീണ കലാകേന്ദ്രം:** സമ്പന്നമായ കരകൗശല പാരമ്പര്യമുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ കരകൗശല തൊഴിലാളികൾ അവരുടെ ഉപജീവനമാർഗം പ്രതിസന്ധി നേരിടുകയും മറ്റ് വരുമാന മാർഗ്ഗങ്ങൾ തേടാൻ അവർ നിർബന്ധിതരാകുകയും ചെയ്യുന്നു. കേരളത്തിന്റെ കരകൗശല പൈതൃകം സംരക്ഷിക്കുന്നതിനും കരകൗശലത്തൊഴിലാളികൾക്ക് ഉപജീവനമാർഗം ഉറപ്പാക്കുന്നതിനുമായി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'ഗ്രാമീണ കലാകേന്ദ്രം' അഥവാ റൂറൽ ആർട്ട് ഹബ്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 20 പൈതൃക ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്.

ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുമായി ആറന്മുള വാസ്തു വിദ്യാ ഗുരുകുലത്തെ (പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനം) പദ്ധതിയുടെ നിർവഹണ ഏജൻസിയായി വകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിക്ക് കീഴിൽ നിലവിൽ 21 ആർട്ട് ഹബ് വില്ലേജുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. പൈതൃക ഗ്രാമങ്ങളുടെയും ഉൽപന്നങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം 9.1.2**ൽ നൽകിയിരിക്കുന്നു. തെരഞ്ഞെടുത്ത ഓരോ ഗ്രാമത്തിലും ഉൽപന്നങ്ങൾക്ക് പ്രദർശനവും വിപണന കേന്ദ്രവും സജ്ജീകരിക്കലാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**പ്രധാന സാംസ്കാരിക സ്ഥാപനങ്ങൾ**

കേരളത്തിന്റെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതുമായി നിരവധി സ്ഥാപനങ്ങളുണ്ട്. സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ വരുന്ന പ്രധാന നിർവ്വഹണ വകുപ്പുകളാണ് പുരാവസ്തു വകുപ്പ്, മ്യൂസിയം മൃഗശാല വകുപ്പ്, പുരാരേഖാ വകുപ്പ് എന്നിവ. ഈ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 23 സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നുണ്ട്. സർക്കാരിന്റെയും പ്രത്യേകിച്ച് സാംസ്കാരിക വകുപ്പിന്റെയും സാമ്പത്തിക സഹായത്തോടെ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ അക്കാദമികൾ, സ്ഥാപനങ്ങൾ, സ്മാരകങ്ങൾ/ സ്ഥാപനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങൾ **അനുബന്ധം 9.1.3**ൽ നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

മലയാള സിനിമയുടെ നിർമ്മാണവും പ്രചാരണവും സുഗമമാക്കുകയും, പ്രോൽസാഹിപ്പിക്കുകയും ചെയ്യുക, കൂടാതെ ഒരു സിനിമാ സംസ്കാരം വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി) സ്ഥാപിതമായത്. കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന

**ബോക്സ് 9.1.1** സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സാംസ്കാരിക ഡയറക്ടറേറ്റിൽ നിന്നുള്ള അനാവർത്തന ഗ്രാന്റ്

സാംസ്കാരിക സംഘടനകൾക്കും അസോസിയേഷനുകൾക്കും അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ക്രിയാത്മകമായ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതി വഴി സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതിയുടെ വ്യവസ്ഥകൾ അനുസരിച്ച്, ഒരു സ്ഥാപനത്തിന് അഞ്ച് വർഷത്തിനുള്ളിൽ പരമാവധി മൂന്ന് തവണ ധനസഹായം ലഭിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന 11 സ്ഥാപനങ്ങൾക്കായി ആകെ 47,80,000 രൂപ അനുവദിച്ചിട്ടുണ്ട്.

1. ഒ.വി. വിജയൻ സ്മാരക സമിതി, തസ്രാക്ക്, പാലക്കാട്
2. വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ്
3. അക്കാദമി ഓഫ് മാജിക്കൽ സയൻസസ്
4. ഷഡ്കാല ഗോവിന്ദ മാരാർ സമിതി
5. കേരള മാജിക്കൽ മിഷൻ, ആലപ്പുഴ
6. ചെറുകാട് സ്മാരക ട്രസ്റ്റ്, പെരിന്തൽമണ്ണ
7. ഡോ.സദനം കൃഷ്ണൻകുട്ടി അശീതി ഉത്സവം, ഇരിഞ്ഞാലക്കുട
8. ഡയലോഗ് ഫിലിം സൊസൈറ്റി ഫിലിം ഫെസ്റ്റിവൽ, ഒറ്റപ്പാലം
9. വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റ്, കോട്ടയം
10. പത്തനംതിട്ട കഥകളി ക്ലബ്ബ്
11. കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം

അവലംബം : സാംസ്കാരിക ഡയറക്ടറേറ്റ്

17 മനോഹരമായ തിയേറ്ററുകളുള്ള ഒരു പ്രദർശന ശൃംഖലയും കോർപ്പറേഷന്റെ ഉടമസ്ഥതയിലുണ്ട്. കമ്പനി നിയമപ്രകാരം 1975 ജൂലൈ 23-നാണ് കെ.എസ്.എഫ്.ഡി.സി രജിസ്റ്റർ ചെയ്തത്. 1984-ൽ വഴുതക്കാട്ടുള്ള ആദ്യ പൊതുമേഖലാ സിനിമാ ഹാളായ കലാഭവൻ തിയേറ്റർ പ്രവർത്തനമാരംഭിച്ചു. തിയേറ്ററുകളിൽ പലതും ഇന്ന് കേരളത്തിന്റെ രാജ്യാന്തര ചലച്ചിത്രോത്സവത്തെ (ഐ.എഫ്.എഫ്.കെ) സ്ഥിരമായി ആതിഥേയത്വം വഹിക്കുന്നുണ്ട്. 'എലിപ്പത്തായം' എന്ന ചിത്രത്തിലൂടെയാണ് കോർപ്പറേഷന് ആദ്യ ദേശീയ അവാർഡ് ലഭിച്ചത്. എട്ട് ദേശീയ അവാർഡുകൾ, 24 സംസ്ഥാന അവാർഡുകൾ എന്നിവ ഇക്കാലയളവിൽ നേടിയിട്ടുള്ള ചലച്ചിത്ര വികസന കോർപ്പറേഷൻ ഈ രംഗത്ത് നേതൃത്വവും പ്രാമുഖ്യവും തുടരുന്നു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

തിരുവനന്തപുരത്തെ കൈരളി/ശ്രീ/നിള എന്നീ തിയേറ്ററുകളുടെ ആധുനികവൽക്കരണം പൂർത്തിയാക്കി മാർച്ച് 18, 2022 ന് തിയേറ്റർ വീണ്ടും തുറന്നു കൊടുക്കാൻ കഴിഞ്ഞു. ഒ.ടി.ടി പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനുള്ള സേവന ദാതാവിനെ ടെൻഡർ പ്രക്രിയയിലൂടെ തെരഞ്ഞെടുത്തു ഒ.ടി.ടി പ്ലാറ്റ്ഫോം 2022 ഡിസംബറോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

മൂന്ന് പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി തിരഞ്ഞെടുത്തിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിൽ കേരളത്തിലെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം, തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയെ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ ഒരു ഫിലിം സിറ്റിയാക്കി മാറ്റൽ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി) സാമ്പത്തിക സഹായത്തോടെ കെ.എസ്.എഫ്.ഡി.സിക്കായി കേരളത്തിലുടനീളം 100 തിയേറ്ററുകൾ നിർമ്മിക്കൽ എന്നിവയാണ്. പാലക്കാട്, കൊല്ലം, കാസർകോട് എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയത്തിന്റെയും കായംകുളം, അളഗപ്പ നഗർ, പയ്യന്നൂർ എന്നിവിടങ്ങളിലെ തിയേറ്റർ കോംപ്ലക്സിന്റെയും കൂടാതെ വിവിധ ജില്ലകളിലെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**മാർഗി**

ക്ഷേത്ര കലകളായ കഥകളി, കൂടിയാട്ടം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, പാഠകം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് മാർഗിയിൽ നടന്നുവരുന്നത്. തിരുവനന്തപുരത്ത് രണ്ടിടങ്ങളിലായിട്ടാണ് മാർഗിയുടെ അരങ്ങ് പ്രധാനമായും നടത്തിപ്പോരുന്നത്. മാർഗി കേന്ദ്രമായ വലിയശ്ശാലയിൽ കൂടിയാട്ടവും നങ്ങ്യാർകൂത്തും അരങ്ങേറുന്നു. കിഴക്കേക്കോട്ടയ്ക്ക് സമീപമുള്ള മറ്റൊരു കേന്ദ്രം കഥകളിക്ക് മാത്രമായി നീക്കിവച്ചിരിക്കുന്നു. രണ്ട് കേന്ദ്രങ്ങളിലും വിദ്യാർത്ഥികൾ അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന മേഖലകളിൽ പരിശീലനം നേടുന്നു. ചെണ്ട, മദ്ദളം, ഇടക്ക, തിമില തുടങ്ങിയ വാദ്യോപകരണങ്ങളുടെ പരിശീലനവും മാർഗിയിൽ നൽകുന്നുണ്ട്.

സ്ഥിര കോഴ്സുകൾക്ക് പുറമെ, ഹ്രസ്വകാല കോഴ്സുകളും മാർഗി നടത്തുന്നുണ്ട്, പ്രത്യേകിച്ച് വിദേശികൾക്കായുള്ള കോഴ്സുകളും മാർഗ്ഗി നടത്താറുണ്ട്. സ്കൂൾ കുട്ടികൾക്ക് കഥകളിയുടെ സംഗീതോപകരണങ്ങളിൽ സൗജന്യ ഓൺലൈൻ പരിശീലനം മാർഗി നൽകുന്നു. ശനി, ഞായർ ദിവസങ്ങളിൽ കൂടിയാട്ടം വിഭാഗം വിദ്യാർത്ഥികൾക്കായി ഓൺലൈൻ ക്ലാസുകൾ നടത്തുന്നുണ്ട്. ഇവക്കു പുറമേ 22 കുട്ടികൾക്ക് മാർഗി സൗജന്യ വിദ്യാഭ്യാസം നൽകുന്നു. കൂടിയാട്ടം, കഥകളി എന്നിവ പരിപോഷിപ്പിക്കുന്നതിനായി ക്ലാസുകളും നടത്തുന്നു.

**ബോക്സ് 9.1.2** വനിതാ ചലച്ചിത്ര സംവിധായകർക്കും എസ്.സി/എസ്.ടി വിഭാഗത്തിൽ നിന്നുള്ള ചലച്ചിത്ര സംവിധായകർക്കും പിന്തുണ നൽകുന്നതിനുള്ള പദ്ധതി

**വനിതാ സംവിധായകരുടെ സിനിമകൾ (സ്ത്രീ ശാക്തീകരണ ചലച്ചിത്ര നിർമ്മാണ പദ്ധതി)**
2019-20 സാമ്പത്തിക വർഷത്തിൽ, ചലച്ചിത്ര സംവിധാന മേഖലയിൽ സ്ത്രീകളുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വനിതാ സംവിധായകർക്കായുള്ള ചലച്ചിത്ര പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി ഒരു വിദഗ്ധ ജൂറിമുഖാന്തരം ശ്രീമതി താര രാമാനുജൻ, ശ്രീമതി മിനി ഐ.ജി. എന്നിവരെ സിനിമ നിർമ്മിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. താര രാമാനുജൻ സംവിധാനം ചെയ്ത 'നിഷിദ്ധോ' എന്ന ചിത്രം നവംബർ 11, 2022 ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. 26-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച നവാഗത സംവിധാനത്തിനുള്ള അവാർഡ് (എഫ്.എഫ്.എസ്.എ.-കെ.ആർ. മോഹനൻ അവാർഡ്) നേടിയ 'നിഷിദ്ധോ', കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകളിൽ മികച്ച രണ്ടാമത്തെ ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി.മിനി ഐ.ജിയുടെ 'ഡിവോഴ്സ്' എന്ന സിനിമ വിവിധ മേളകളിൽ പ്രദർശിപ്പിച്ചിരുന്നു, 'നിഷിദ്ധോ' എന്ന സിനിമയുടെ പ്രദർശനത്തിന് ശേഷം റിലീസ് ചെയ്യുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ, ശ്രീമതി ശ്രുതി നമ്പൂതിരി സംവിധാനം ചെയ്ത 'B32 മുതൽ 44 വരെ', ശ്രീമതി ഇന്ദു വി ആർ സംവിധാനം ചെയ്ത "നിള" എന്നീ സിനിമകൾ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ശ്രീമതി ശിവരഞ്ജനി ജെ യുടെ ('വിക്ടോറിയ'), ശ്രീമതി ഫർസാന ബി. യുടെ (മുംതാസ്) എന്നീ തിരക്കഥകൾ 2021-2022 സാമ്പത്തിക വർഷത്തേക്ക് ഈ വിഭാഗത്തിന് കീഴിലുള്ള സിനിമകളുടെ നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

**എസ്.സി, എസ്.ടി വിഭാഗങ്ങളിൽ നിന്നുള്ള സിനിമാ സംവിധായകരെ പിന്തുണയ്ക്കാനുള്ള സംരംഭം**
2020-21 സാമ്പത്തിക വർഷത്തിൽ, സംസ്ഥാന സർക്കാർ പട്ടികജാതി-പട്ടികവർഗ സംവിധായകരിൽ നിന്നുള്ള നിന്നുള്ള സിനിമകൾ നിർമ്മിക്കാനുള്ള പദ്ധതി ആരംഭിച്ചു. ശ്രീ വി എസ് സനോജ് സംവിധാനം ചെയ്ത 'അരിക്', ശ്രീ അരുൺ ജെ മോഹൻ സംവിധാനം ചെയ്ത 'പിരതി' എന്നീ തിരക്കഥകൾ മൂന്ന് ഘട്ടങ്ങളായുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ നിർമ്മാണത്തിനായി തെരഞ്ഞെടുത്തു. 2021-22 സാമ്പത്തിക വർഷത്തിൽ, ശ്രീ. മനോജ് കുമാർ സംവിധാനം ചെയ്ത 'പ്രളയ ശേഷം ഒരു ജലകന്യക', ശ്രീ. സുനീഷ് വടക്കുംപാടൻ സംവിധാനം ചെയ്ത 'കാട്' എന്നീ തിരക്കഥകൾ ഈ വിഭാഗത്തിൽ നിന്ന് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

അവലംബം: കെ.എസ്.എഫ്.ഡി.സി

**വാസ്തു വിദ്യാ ഗുരുകുലം, ആറന്മുള**
നമ്മുടെ ഭൗതിക ശിൽപ പാരമ്പര്യം, ചുമർ ചിത്രകലയുടെ പാരമ്പര്യം, ശിൽപങ്ങൾ, കരകൗശല വസ്തുക്കൾ, കാലാവസ്ഥാ സൗഹൃദവും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ സാങ്കേതിക വിദ്യകൾ എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യങ്ങളോടെ കഴിഞ്ഞ 30 വർഷമായി സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് വാസ്തു വിദ്യാ ഗുരുകുലം. പരിസ്ഥിതി സൗഹൃദ, കാലാവസ്ഥാ സൗഹൃദ നിർമ്മാണ സാങ്കേതികവിദ്യയുടെ പ്രോത്സാഹനത്തിനായി ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലിൽ നിന്ന് സ്ഥാപനത്തിന് അംഗത്വം ലഭിച്ചിട്ടുണ്ട്. സ്ഥാപനം ദേശീയ തലത്തിലുള്ള ചുമരെഴുത്ത് ശിൽപശാലയായ വരമുദ്ര-2022, പുരാവസ്തു വകുപ്പിന് കീഴിലുള്ള പത്ത് പ്രധാന പൈതൃക കെട്ടിടങ്ങളുടെ ഗ്രാഫിക് ഡോക്യുമെന്റേഷൻ, വാസ്തുവിദ്യാ പ്രവർത്തനങ്ങൾക്കായി കൺസൾട്ടൻസി സേവനങ്ങൾ നൽകൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സ്ഥാപനം നടപ്പാക്കിയിട്ടുണ്ട്. സ്ഥാപനം മ്യൂറൽ ആർട്ട്, ആർക്കിടെക്ചറൽ വിഷയങ്ങളിൽ അക്കാദമിക് കോഴ്സുകൾ നടത്തുന്നു. 2021, 2022 വർഷങ്ങളിലായി 150 വിദ്യാർത്ഥികൾ വീതം ഈ കോഴ്സിൽ ചേർന്നിട്ടുണ്ട്.

**വൈലോപ്പിള്ളി സംസ്കൃതി ഭവൻ**
കേരളത്തിലെ പരമ്പരാഗത കലകളെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ചുമതലപ്പെടുത്തിയിരിക്കുന്ന സ്ഥാപനമാണ് വൈലോപ്പിള്ളി സംസ്കൃതി ഭവൻ. സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക രൂപങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മാനവികത, ജനാധിപത്യം, മതനിരപേക്ഷത എന്നിവയിൽ വേരൂന്നിയ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുന്നതിനുമായി വൈലോപ്പിള്ളി സംസ്കൃതി ഭവൻ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

**പല്ലാവൂർ അപ്പുമാരാർ ആർട്ട് ഗാലറി സ്ഥാപിക്കൽ**: പല്ലാവൂർ അപ്പുമാരാരുടെ വാദ്യോപകരണങ്ങൾ സൂക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി പുതിയ ഒരു ആർട്ട് ഗാലറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തന്നെ കേരള ചരിത്ര പൈതൃക മ്യൂസിയം ആരംഭിച്ചിട്ടുണ്ട്. കൂത്തമ്പലം, നൃത്ത-സംഗീത എ/സി ഹാൾ, ചുമരിൽ പുതിയ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പൂർത്തിയായി.

**മറ്റ് പ്രവർത്തനങ്ങൾ**
**സംസ്കൃതി സാംസ്കാരികോത്സവം**- കേരളത്തിലെ വൈവിധ്യമാർന്ന കലകളെയും കരകൗശല പ്രവർത്തനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും ജനങ്ങൾക്ക് വിവിധ കലാരൂപങ്ങൾ ആസ്വദിക്കുന്നതിനുള്ള നാലോ അഞ്ചോ ദിവസത്തെ പ്രതിമാസ പരിപാടിയും കുട്ടികൾക്കായി പ്രശ്നോത്തരികൾ, ശിൽപശാലകൾ, ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ ആഘോഷങ്ങളെക്കുറിച്ചുള്ള 'ആസാദി കാ അമൃത് മഹോത്സവ്' പ്രതിമാസ ക്ലാസുകൾ എന്നിവയും നടത്തി.

**വാർഷിക സാംസ്കാരിക സമ്മേളനം:** മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ജന്മദിനവും ചരമവാർഷികവും പതിവായി ആഘോഷിച്ച് വരുന്നു.

**പഠന ശില്പശാലകൾ**: സ്കൂൾ കുട്ടികളിൽ ഭാഷാ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനായി "അക്ഷര ശ്ലോക കളരി" എന്ന പേരിൽ ഓൺലൈൻ ശിൽപശാലകൾ സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമായി വിദ്യാർത്ഥികൾ ഈ ശിൽപശാലയിൽ പങ്കെടുത്തു. (നിലവിൽ

മാസത്തിൽ രണ്ടുതവണ ഓൺലൈനായി ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നു).

**സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ഇ.പി)**

പ്രശസ്ത വിജ്ഞാനകോശങ്ങളായ 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക', 'അമേരിക്കാന' എന്നിവയുമായി താരതമ്യ പ്പെടുത്താവുന്നതും മലയാള ഭാഷയിൽ ഉന്നത നിലവാരമുള്ള വിജ്ഞാനകോശങ്ങളും സമാനമായ മറ്റ് റഫറൻസ് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നതിനായി സ്ഥാപിതമായ ഒരു സ്ഥാപനമാണ് സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്. 2021-22 ൽ വിജ്ഞാനകോശ വിവിധ വാല്യങ്ങളുടെ 5,000 കോപ്പികൾ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ചിട്ടുണ്ട്. വിജ്ഞാനകോശത്തിന്റെ 19, 20 വാല്യങ്ങളുടെയും ശീർഷക പട്ടികയുടെയും പ്രസിദ്ധീകരണം പുരോഗമിക്കുകയാണ്. സ്വാതന്ത്ര്യ സമര ചരിത്രത്തെക്കുറിച്ചുള്ള വിജ്ഞാനകോശം, മൂലകങ്ങളെക്കുറിച്ചുള്ള വിജ്ഞാനകോശം, മന:ശാസ്ത്ര ത്തെക്കുറിച്ചുള്ള വിജ്ഞാനകോശം, കേരളത്തെക്കുറിച്ചുള്ള വിജ്ഞാനകോശം എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനം ആരംഭിച്ചിട്ടുണ്ട്.

വിജ്ഞാനകോശങ്ങൾ തയ്യാറാക്കുന്നതിനുള്ള എഴുത്ത് ശിൽപശാലകളും സ്വാതന്ത്ര്യ സമര വിജ്ഞാനകോശം തയ്യാറാക്കലിന്റെ ഭാഗമായി സെമിനാറുകളും നടത്തി. സമൂഹത്തിനാകെ അറിവ് പകരുക എന്ന ലക്ഷ്യത്തോടെ തൃശ്ശൂർ, കൊല്ലം, കോട്ടയം, തിരുവനന്തപുരം ജില്ലകളിലായി 'വിജ്ഞാനോൽസവം' നടത്തുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളും ആരംഭിച്ചു. കുട്ടികൾക്കായുള്ള സെമിനാറുകൾ, പ്രശ്നോത്തരികൾ, ഉപന്യാസ രചനാ മത്സരങ്ങൾ എന്നിവ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി. 1998 ഓഗസ്റ്റിൽ സംസ്ഥാനത്തെ സിനിമയുടെ പ്രോത്സാഹനത്തിനായി ഈ സ്ഥാപനം സ്ഥാപിതമായി. ഇന്ത്യയിൽ ചലച്ചിത്ര പ്രോത്സാഹനത്തിനായി ആദ്യമായി രൂപീകരിക്കുന്ന സ്ഥാപനമാണ് ചലച്ചിത്ര അക്കാദമി. കേരളത്തിലെ ഏറ്റവും ജനപ്രിയമായ കലാരൂപമാണ് സിനിമ എന്ന വസ്തുത കണക്കിലെടുത്താണ് കേരളത്തിൽ ഇത്തരമൊരു സംരംഭത്തിന് അനുയോജ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കിയത്. ചലച്ചിത്രമേഖലയെ കച്ചവടവൽക്കരണത്തിന്റെ മാധ്യമമാക്കാനുള്ള ശ്രമം ചെറുക്കുവാനും, സമൂഹത്തിന്റെ ചരിത്രം സംരക്ഷിക്കുന്നതിനും രേഖപ്പെടുത്താനുമുള്ള ഉപകരണമായും, സമൂഹത്തിന്റെ സാംസ്കാരിക പ്രബുദ്ധതയ്ക്കായി സിനിമയുടെ ഭാഗത്തുനിന്നുള്ള സംഭാവനകളെ അംഗീകരിക്കത്തക്ക വിധമാക്കുകയുമാണ് അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങൾ. സിനിമയുടെ മൂല്യവും സാധ്യതകളും പ്രചരിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത വിവിധ സംരംഭങ്ങളിലൂടെ വിദ്യാർത്ഥികളിലേക്കും അധ്യാപകരിലേക്കും സാധാരണക്കാരിലേക്കും എത്തിച്ചേരുന്ന അക്കാദമി ഇന്ന് കേരളത്തിന്റെ സാംസ്കാരിക ഇടനാഴിയിലെ ഒഴിച്ചു കൂടാനാവാത്ത ഒരു സ്ഥാപനമായി മാറിയിട്ടുണ്ട്. അക്കാദമിയുടെ ദ്വിഭാഷാ മാസികയായ 'ചലചിത്ര സമീക്ഷ' 2017 ഓഗസ്റ്റ് മുതൽ പ്രസിദ്ധീകരിച്ചുവരുന്നു. മൺമറഞ്ഞു പോയ ചലച്ചിത്ര പ്രവർത്തകരുടെ സ്മരണ നിലനിർത്താനും പ്രണാമം അർപ്പിക്കുവാനുമുള്ള ലക്ഷ്യത്തോടെയുള്ള പുസ്തക പ്രസിദ്ധീകരണവും അക്കാദമി ആരംഭിച്ചിട്ടുണ്ട്.

**അക്കാദമിയിൽ നിന്നുള്ള പ്രധാന സംരംഭങ്ങളും പ്രവർത്തനങ്ങളും**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയും ആലപ്പുഴ സെന്റ് ജോസഫ് വിമൻസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗവും സംയുക്തമായി ചലച്ചിത്ര ആസ്വാദന സർട്ടിഫിക്കറ്റ് കോഴ്സ്, സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആൻഡ് ആർക്കൈവ്സിൽ (സി.ഐ.എഫ്.ആർ.എ) (അക്കാദമിയുടെ ഫിലിം റിസർച്ച് സെന്റർ) ചലച്ചിത്ര ശേഖരം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ചലച്ചിത്ര അക്കാദമിയും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി സിഫ്രയിൽ 'വൈഡ് ആംഗിൾ' എന്ന പേരിൽ ചലച്ചിത്ര ആസ്വാദന ശിൽപശാല എന്നിവ സംഘടിപ്പിച്ചു.

കേരളത്തിൽ മികച്ച ഒരു ടെലിവിഷൻ സംസ്കാരം പ്രചരിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച ശ്രീ. ശശികുമാറിന് കേരള സർക്കാരിന്റെ ആദ്യത്തെ ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി, പ്രശസ്ത പിന്നണി ഗായകൻ ശ്രീ.പി.ജയചന്ദ്രൻ 2020-ലെ ജെ.സി. ഡാനിയൽ അവാർഡിന് (കേരളത്തിലെ ഏറ്റവും ഉയർന്ന ചലച്ചിത്രപുരസ്കാരം) അർഹനാകുകയും ചെയ്തു. ജെ.സി. ഡാനിയൽ അവാർഡ് ജേതാക്കളുടെ ജീവിതത്തെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ സംവിധാനം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ അക്കാദമി ആരംഭിച്ചിട്ടുണ്ട്.

**ടൂറിംഗ് ടാക്കീസ് പദ്ധതി:** ഗ്രാമീണ മേഖലകളിൽ നല്ല സിനിമകൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടപ്പാക്കുന്ന പദ്ധതിയായ ടൂറിംഗ് ടാക്കീസ് എന്ന പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം പുന:രാരംഭിച്ചു. ഈ പരിപാടിയുടെ പ്രചാരണത്തിനായി കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലായി പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അക്കാദമി 2022 ജൂലൈ 16-18, തീയതികളിൽ കോഴിക്കോട്ട് വച്ച് മൂന്നാമത് അന്താരാഷ്ട്ര വനിതാ ചലച്ചിത്ര മേള സംഘടിപ്പിച്ചു. ശക്തമായ പൊതുജന പങ്കാളിത്തം മേളയെ കൂടുതൽ ജനകീയമാക്കി.

**പതിനാലാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേള (ഐ.ഡി.എസ്.എഫ്.എഫ്.കെ)**

പതിനാലാമത് ഐ.ഡി.എസ്.എഫ്.എഫ്.കെ 2022 ഓഗസ്റ്റ് 26 മുതൽ 31, വരെ തിരുവനന്തപുരത്ത് വച്ച് നടന്നു. 44 രാജ്യങ്ങളിൽ നിന്നുള്ള 261 ചിത്രങ്ങളാണ് ആറ് ദിവസങ്ങളിലായി മൂന്ന് സ്ക്രീനുകളിലായി പ്രദർശിപ്പിച്ചത്. 1,200 പ്രതിനിധികളും 300 ചലച്ചിത്ര പ്രവർത്തകരും ഉൾപ്പെടെ 1,500 ഓളം പേരുടെ സജീവ സാന്നിധ്യം മേളയെ ഉജ്ജ്വല വിജയമാക്കി. ഗീതിക നാരംഗ് അബ്ബാസി സംവിധാനം ചെയ്യുകയും നിർമ്മിക്കുകയും ചെയ്ത "എ.കെ.എ" കേരളത്തിലെ പതിനാലാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ മികച്ച ലോംഗ് ഡോക്യുമെന്ററിയായി തിരഞ്ഞെടുക്കപ്പെട്ടു. ദേവാങ്കൻ സിംഗ് സോളങ്കി സംവിധാനം ചെയ്ത 'ന്യൂ ക്ലാസ്റൂം', ബിജോയ് ചൗധരി സംവിധാനം ചെയ്ത 'മൈ സൺ

ആൻഡ് ഹിസ് ഗ്രാൻഡ്ഫാദർ' എന്നിവയാണ് മികച്ച ഹ്രസ്വ ഡോക്യുമെന്ററിക്കായുള്ള അവാർഡ് പങ്കിട്ടത്. മികച്ച കാമ്പസ് ചിത്രമായി അരുൺ എ ആർ, അഖിലേഷ് കെ എ, അനന്ദു കൃഷ്ണ എന്നിവർ സംവിധാനം ചെയ്ത "ദ ബോയ്നട്ട്", മികച്ച ഹ്രസ്വചിത്രം നവീൻ എം.യു സംവിധാനം ചെയ്ത 'ലിറ്റിൽ വിംഗ്സ്' എന്നിവ തെരഞ്ഞെടുത്തു. ഡോക്യുമെന്ററി സംവിധായികയും എഡിറ്ററുമായ ശ്രീമതി റീന മോഹനെ ഈ മേളയിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു.

**പ്രാദേശിക അന്താരാഷ്ട ചലച്ചിത്ര മേള (ആർ.ഐ.എഫ്.എഫ്.കെ)**

ഏപ്രിൽ 1, 2022 മുതൽ 5 വരെ കൊച്ചിയിൽ സംഘടിപ്പിച്ച പ്രാദേശിക അന്താരാഷ്ട ചലച്ചിത്ര മേളക്ക് (ആർ.ഐ.എഫ്.എഫ്.കെ) വലിയ ജനപ്രീതിയാണ് ലഭിച്ചത്. മൂന്ന് തിയേറ്ററുകളിലായി നടന്ന പരിപാടിയിൽ മൂവായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു. 26-ാമത് ഐ.എഫ്.എഫ്.കെ യിൽ മികച്ച ചിത്രങ്ങൾ എന്ന പ്രശംസ നേടിയ 73 സിനിമകൾ പ്രദർശിപ്പിച്ചിരുന്നു. തിരുവനന്തപുരത്ത് നടന്ന 26 മത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് പ്രാദേശിക ചലച്ചിത്ര മേള വഴി മികച്ച സിനിമകൾ കാണാനുള്ള അവസരമാണ് ഇതിലൂടെ അക്കാദമി ഒരുക്കിയിരുന്നത്. ആർ.ഐ.എഫ്.എഫ്.കെയിൽ പ്രതിനിധികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയിരുന്നു. വിദ്യാർത്ഥികൾക്ക് ഇരട്ട പാസ് അനുവദിക്കുകയും. മേളയിൽ പങ്കെടുക്കുന്ന വിദ്യാർഥി പ്രതിനിധികൾക്ക് കൊച്ചി മെട്രോയിൽ സൗജന്യ യാത്ര ഏർപ്പെടുത്തുകയും ചെയ്തു.

**കേരള ലളിതകലാ അക്കാദമി**

ചിത്രകല, ശിൽപം നിർമ്മാണം, വാസ്തുവിദ്യ, ഗ്രാഫിക്സ് തുടങ്ങിയ ദൃശ്യകലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1962-ൽ സ്ഥാപിതമായ ലളിതകലാ അക്കാദമി, കേരള സർക്കാരിന്റെ ഒരു സ്വയംഭരണ സാംസ്കാരിക സ്ഥാപനമാണ്. കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ, മികച്ച കലാകാരന്മാർ, സാംസ്കാരിക സംഘടനാ പ്രതിനിധികൾ എന്നിവരടങ്ങുന്ന 19 പേരടങ്ങുന്ന സമിതിയാണ് അക്കാദമിയുടെ ഭരണം നിർവ്വഹിക്കുന്നത്. കാർട്ടൂണുകൾ, ഫോട്ടോഗ്രാഫി തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്ന സാംസ്കാരിക, കലാ, വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കേന്ദ്രമായി അക്കാദമിക്ക് വളരാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ തനത് പരമ്പരാഗത നാടൻ കലകളെ സംരക്ഷിക്കുന്നതിൽ അക്കാദമി പ്രാധാന്യം നൽകിയിട്ടുണ്ട്. ക്യാമ്പുകൾ, ശില്പശാലകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവയിൽ പ്രമുഖ കലാകാരന്മാരെ അണിനിരത്തി സമകാലീന കലാരംഗം അക്കാദമി മുഖേന പ്രോത്സാഹിപ്പിക്കുന്നു. 2021–22 സാമ്പത്തിക വർഷത്തിലെ കോവിഡ്-19 മഹാമാരിക്കാലത്ത് കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ അക്കാദമി 'നിറകേരളം ക്യാമ്പ് II' നടത്തി. 14 ജില്ലകളിലെ കലാകാരന്മാർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. കൊമേഴ്സ്യൽ ആർട്ടിസ്റ്റുകൾ ഉൾപ്പെടെ 250 കലാകാരന്മാരിൽ 14 ഭിന്നശേഷിക്കാരും 22 ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുമുള്ള ആർട്ടിസ്റ്റുകളും പങ്കെടുത്തു. ക്യാമ്പിൽ പങ്കെടുത്ത എല്ലാ കലാകാരന്മാർക്കും അക്കാദമി 20,000 രൂപയും ക്യാൻവാസും നിറങ്ങളും നൽകി, പ്രശസ്ത കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജന്മദിനം കായംകുളം കൃഷ്ണപുരത്തുള്ള അക്കാദമിയുടെ കാർട്ടൂൺ മ്യൂസിയത്തിൽ (ഇന്ത്യയിലെ ആദ്യത്തെ ദേശീയ കാർട്ടൂൺ മ്യൂസിയം) സംഘടിപ്പിച്ചു.

**'ശിൽപകേരളം' ശിൽപകലാക്യാമ്പ്:** പകർച്ചവ്യാധിയുടെ കാലത്ത് ശിൽപികൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ വീട്ടിലിരുന്ന് ജോലി ചെയ്യുക എന്ന

**ബോക്സ് 9.1.3** അന്താരാഷ്ട്ര ചലച്ചിത്ര മേള

ഐ.എഫ്.എഫ്.കെ യുടെ 26-ാമത് മേള മാർച്ച് 18, 2022 മുതൽ 25 വരെ തിരുവനന്തപുരത്ത് അരങ്ങേറി. എട്ട് ദിവസത്തെ മേളയിൽ 60 രാജ്യങ്ങളിൽ നിന്നുള്ള 173 ചിത്രങ്ങൾ തലസ്ഥാനത്തെ 15 തിയേറ്ററുകളിലായി പ്രദർശിപ്പിച്ചു. ജനങ്ങളെ അകറ്റി നിർത്തുകയും ഒറ്റപ്പെടുത്തുകയും ചെയ്ത കോവിഡ്-19 ന് ശേഷം ചലച്ചിത്ര പ്രേമികളുടെ ഏറ്റവും വലിയ ഒത്തുചേരലായി മേള മാറി. പ്രസ്തുത മേളയിൽ വിദ്യാർഥികളുടെ പങ്കാളിത്തത്തിൽ ശ്രദ്ധേയമായ വർദ്ധനവുണ്ടായി. പ്രതിനിധികളും ക്ഷണിക്കപ്പെട്ട അതിഥികളും ചലച്ചിത്രപ്രവർത്തകരും ഉൾപ്പെടെ 13,000-ത്തോളം പേർ മേളയിൽ പങ്കെടുത്തു. തുർക്കിയിലെ ഐ.എസ് ഭീകരരുടെ ബോംബ് ആക്രമണത്തിൽ ഇരുകാലുകളും നഷ്ടപ്പെട്ട കുർദിഷ് സംവിധായിക ലിസ ചലാന് സ്പിരിറ്റ് ഓഫ് സിനിമാ അവാർഡ് സമ്മാനിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ചലച്ചിത്രമേള ഉദ്ഘാടനം ചെയ്തു. അന്തരിച്ച ചലച്ചിത്ര പ്രതിഭകളായ നെടുമുടി വേണു, കെ.പി.എ.സി ലളിത, ബുദ്ധദേവ് ദാസ് ഗുപ്ത, കെ.എസ് സേതുമാധവൻ, ഡെന്നീസ് ജോസഫ്, പി. ബാലചന്ദ്രൻ, ദിലീപ് കുമാർ, മാടമ്പ് കുഞ്ഞുകുട്ടൻ എന്നിവർക്ക് മേളയിൽ സ്മരണാഞ്ജലിയർപ്പിക്കുകയും അവരെ ആദരിക്കുകയും ചെയ്തു.

കുർദിഷ് സംവിധായിക ലിസ കാലൻ, ഉദ്ഘാടന ചിത്രമായ രഹാനയിലെ നായികയും ബംഗ്ലാദേശി നടിയുമായ അസ്മേരി ഹക്ക്, സംവിധായകരായ അനുരാഗ് കശ്യപ്, വെട്രിമാരൻ, ലിജോ ജോസ് പെല്ലിശ്ശേരി, ജൂറി ചെയർമാനും കന്നഡ സംവിധായകനുമായ ഗിരീഷ് കാസറവള്ളി, മലയാള നടി ഭാവന തുടങ്ങിയ അതുല്യ പ്രതിഭകളുടെ സാന്നിദ്ധ്യം കൊണ്ടും മേള ശ്രദ്ധേയമായി. സംവിധായകൻ ജി.അരവിന്ദന്റെ ചിരകാല സ്മരണകളാൽ നിറഞ്ഞുനിന്ന മേളയിൽ മലയാളം സിനിമയായ 'കുമ്മാട്ടി'യുടെ 4-കെ പതിപ്പ് പുറത്തിറക്കി.

നതാലി അൽവാരസ് മെസെൻ സംവിധാനം ചെയ്ത കോസ്റ്റാറിക്കൻ ചിത്രം 'ക്ലാര സോള' 26-ാമത് രാജ്യാന്തര ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള 'സുവർണ ചകോരം' നേടി. പുരുഷാധിപത്യ സാമൂഹിക വ്യവസ്ഥയ്ക്കെതിരായ പോരാട്ടമാണ് ചിത്രത്തിന്റെ പ്രമേയം, മികച്ച നവാഗത സംവിധായികയ്ക്കുള്ള രജത ചകോരവും ഈ ചിത്രത്തിലൂടെ അവർക്ക് ലഭിച്ചു. മികച്ച സംവിധായകനുള്ള രജതചകോരം ഇനെസ് മരിയ ബാരിയോന്യൂവോ 'കാമില കംസ് ഔട്ട് ടു നൈറ്റ്', ഉൾപ്പടെ മൂന്ന് പുരസ്കാരം വിനോത് രാജ് സംവിധാനം ചെയ്ത തമിഴ് ചിത്രം 'കൂഴങ്കൽ' നേടി. മികച്ച ഏഷ്യൻ ചിത്രത്തിനുള്ള നെറ്റ്പാക് പുരസ്കാരം, രാജ്യാന്തര മൽസര വിഭാഗത്തിൽ ജൂറി പുരസ്കാരം എന്നിവയാണ് 'കൂഴങ്കൽ' നേടിയത്. ഐഎഫ്എഫ്കെയുടെ 27-ാമത് മേള ഡിസംബർ 9, 2022 മുതൽ 16 വരെയുള്ള കാലയളവിൽ നടക്കുന്നതാണ്.

അവലംബം: കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

ആശയവുമായി ശിൽപ ക്യാമ്പ് അക്കാദമി സംഘടിപ്പിച്ചു. അക്കാദമി ഓണറേറിയമായി 20,000 രൂപയും ശിൽപ കലാ സാമഗ്രികൾ വാങ്ങാനായി 10,000 രൂപയും അനുവദിച്ചു.'

**ചിത്രകാരന്മാരുടെ ദേശീയ ക്യാമ്പ്:** കേരള ലളിതകലാ അക്കാദമിയും തഞ്ചാവൂരിലെ ദക്ഷിണ മേഖലാ സാംസ്കാരിക കേന്ദ്രവും സംയുക്തമായി ജനുവരി 16, 2022 മുതൽ 22 വരെ മൂന്നാറിൽ പരിപാടി സംഘടിപ്പിച്ചു.

ഓഗസ്റ്റ് 31, 2022 വരെയുള്ള കാലയളവിൽ അക്കാദമിയുടെ നേതൃത്വത്തിൽ മ്യൂറൽ പെയിന്റിംഗ് ക്യാമ്പ്, 'ആസാദി കാ അമൃത് മഹോത്സവ്', വനിതാ കലാകാരികളുടെ ശിൽപശാല, ദ്വിദിന വിഷ്വൽ ആർട്ട് ക്യാമ്പ്, കേരള മ്യൂറൽ പെയിന്റേഴ്സ് ക്യാമ്പ്, 'ഗാന്ധി സ്മൃതി' ആർട്ട് ക്യാമ്പ്, കുട്ടികൾക്കായി കൊല്ലത്ത് ശിൽപശാല, കോട്ടയത്ത് 'സമം' പദ്ധതിയുടെ ഭാഗമായ ശിൽപശാലകൾ, സെമിനാറുകൾ എന്നിവയും നടത്തി.

**കേരള സംഗീത നാടക അക്കാദമി**

സാംസ്കാരിക വകുപ്പിന് കീഴിൽ ഏപ്രിൽ 26, 1958 ന് സ്ഥാപിതമായ കേരള സംഗീത നാടക അക്കാദമി കേരളത്തിലെ വിവിധങ്ങളായ നൃത്തം, സംഗീതം, നാടകം, നാടൻ കലകൾ എന്നിവയെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ അടിസ്ഥാന ലക്ഷ്യത്തിനു പുറമേ, അപൂർവ്വവും ചരിത്രപരവുമായി പ്രാധാന്യമുള്ളതും ദുർബലമായ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷനും സംരക്ഷണവും അക്കാദമി ഏറ്റെടുക്കുന്നു. കലാ സമിതികൾക്ക് അഫിലിയേഷൻ നൽകിയും ന്യൂഡൽഹിയിലെ സംഗീത് നാടക അക്കാദമി പോലുള്ള സമാന സ്ഥാപനങ്ങളുമായി ചേർന്ന് സമാന മാതൃകയിൽ ഏകീകൃത രീതിയിൽ പ്രവർത്തിക്കുന്നു. മികച്ച കലാകാരന്മാർക്കായി അവാർഡുകൾ (ഓരോ കലാകാരന്മാർക്കും 30,000 രൂപ നിരക്കിൽ 17 അവാർഡുകൾ), ഫെലോഷിപ്പുകൾ (3 പേർക്ക്, ഓരോ കലാകാരന്മാർക്കും 50,000 രൂപ നിരക്കിൽ) എന്നിവ നൽകുകയും സെമിനാറുകളും ശിൽപശാലകളും നടത്തുകയും ചെയ്യുന്നുണ്ട്. അക്കാദമിക്ക് 'കേളി' എന്ന പേരിൽ ഒരു ഔദ്യോഗിക മുഖപത്രമുണ്ട്. അക്കാദമിയുടെ ആസ്ഥാനത്ത് പ്രശസ്ത സാഹിത്യകാരൻ എം.ആർ. ബിയുടെ സ്മരണയ്ക്കായി സ്ഥാപിച്ച ഓപ്പൺ ലൈബ്രറിയിൽ വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള മികച്ച റഫറൻസ് പുസ്തകങ്ങളുടെയും ജേണലുകളുടെയും ശേഖരം ഉണ്ട്. എല്ലാ വർഷവും അക്കാദമി വിവിധ കലാകാരന്മാർക്കും വ്യത്യസ്ത കലാമേളകൾക്കും പ്രൊഫഷണൽ നാടക അവാർഡുകളും ഫെലോഷിപ്പുകളും പ്രഖ്യാപിക്കുന്നു.

2021-2022 കാലയളവിൽ, അക്കാദമി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങുകളിൽ സ്വാതി സംഗീത പുരസ്കാരം 2020 ഡോ. കെ. ഓമനക്കുട്ടി, നാടകത്തിനുള്ള എസ്.എൽ. പുരം സദാനന്ദൻ അവാർഡ് 2020 ശ്രീ. ഇബ്രാഹിം വേങ്ങര എന്നിവർക്ക് സമ്മാനിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം അക്കാദമി 14 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അക്കാദമി വഴി പ്രസിദ്ധീകരിക്കുന്ന ഓരോ 500 പുസ്തകങ്ങളുടെ കോപ്പികൾക്കും എഴുത്തുകാർക്ക് 10 ശതമാനം റോയൽറ്റി വാഗ്ദാനം ചെയ്യുന്നു. കൂടാതെ തെരുവിനെ സജീവ കലാപരിപാടികൾക്കുള്ള ഇടമാക്കി ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ അക്കാദമി തൃശ്ശൂരിൽ തെരുവ് നാടകോത്സവം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നൃത്തം, സംഗീതം, നാടകം, കഥകളി കഥ, എന്നിവയുടെ പ്രചരണത്തിനായി അക്കാദമി മേളകളും ശിൽപശാലകളും നടത്തിവരുന്നുണ്ട്. നാടൻ കലാമേള, സംസ്ഥാന പ്രൊഫഷണൽ നാടകോത്സവം, അമേച്വർ നാടകോത്സവം, കഥാപ്രസംഗ മേള എന്നിവ 2021-22 വർഷത്തിൽ അക്കാദമി മുഖേന നടത്തിയിട്ടുണ്ട്.

**മലയാളം മിഷൻ**

പ്രവാസി മലയാളികൾക്കും അവരുടെ കുട്ടികൾക്കും മലയാളം പഠിക്കാനും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുന്നതിനുമായി കേരള സർക്കാർ രൂപീകരിച്ച ഒരു സ്വയംഭരണ വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനമാണ് മലയാളം മിഷൻ. മലയാളം പഠിക്കാൻ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ, 'എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം' എന്ന മുദ്രാവാക്യം ഉയർത്തി ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ ഉള്ള വിവിധ സ്ഥലങ്ങളിൽ മലയാളം മിഷൻ പ്രവർത്തനം ആരംഭിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 15 അംഗ മാനേജ്മെന്റ് കൗൺസിൽ അടങ്ങുന്നതാണ് മലയാളം മിഷൻ. ഈ സമിതിയിൽ, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള സെക്രട്ടറിമാർ ഔദ്യോഗിക അംഗങ്ങളായി പ്രവർത്തിക്കുന്നു. അതേസമയം സർക്കാർ നാമനിർദ്ദേശം ചെയ്ത പ്രശസ്തരായ സാഹിത്യകാരന്മാർ അനൗദ്യോഗിക അംഗങ്ങളായും പ്രവർത്തിക്കുന്നുണ്ട്. 24 സംസ്ഥാനങ്ങളിലും ഇന്ത്യയുൾപ്പെടെ 42 രാജ്യങ്ങളിലും മലയാളം മിഷൻ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ ഭാഷ പഠിക്കുന്നതിനായി ഇതിനോടകം തന്നെ 4037 അധ്യാപകരും 40665 കുട്ടികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മലയാളം മിഷന്റെ പാഠ്യപദ്ധതി മെച്ചപ്പെടുത്തുന്നതിനായും സാഹിത്യത്തെയും സംസ്കാരത്തെയും കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായും ഔദ്യോഗിക ഓൺലൈൻ മാസികയായ 'പൂക്കളം' എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു(വെബ്സൈറ്റ്-www.pookalam.kerala.gov.in).

നിരന്തരമായ ഗവേഷണങ്ങളിൽ നിന്നും ചർച്ചകളിൽ നിന്നുമായി കണിക്കൊന്ന (രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്), സൂര്യകാന്തി (ദ്വിവർഷ ഡിപ്ലോമ കോഴ്സ്), ആമ്പൽ (ത്രിവത്സര ഹയർ ഡിപ്ലോമ കോഴ്സ്), നീലക്കുറിഞ്ഞി (മൂന്ന് വർഷത്തെ സീനിയർ ഹയർ ഡിപ്ലോമ കോഴ്സ്) എന്നീ കോഴ്സുകൾ അടങ്ങുന്ന പാഠ്യപദ്ധതി മലയാളം മിഷനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. കോഴ്സ് പൂർത്തിയാക്കിയ പഠിതാക്കൾക്ക് മലയാളം മിഷൻ സർട്ടിഫിക്കറ്റ് നൽകുന്നുമുണ്ട്.

കഴിഞ്ഞ വാർഷിക പദ്ധതി കാലയളവിൽ 'ആസാദി കാ അമൃത് മഹോത്സവം', പഠന കേന്ദ്രങ്ങൾക്കുള്ള സഹായ വിതരണം, അധ്യാപക പരിശീലന പരിപാടികൾ, സമം സംരംഭത്തിന്റെ പ്രവർത്തനങ്ങൾ, സ്ത്രീ ശാക്തീകരണ പരിപാടികൾ എന്നിവ നടത്തി. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനുള്ള ചാപ്റ്റർ മീറ്റിംഗുകൾ, 'മലയാള ഭാഷാ ദിനാഘോഷം', ശിൽപശാലകൾ, പ്രശ്നോത്തരികൾ, വായനാ ദിനാചരണം, സെമിനാറുകൾ, മറ്റ് വിവിധ പരിപാടികളും ഇക്കാലയളവിൽ മലയാളം മിഷന് നടത്താൻ സാധിച്ചിട്ടുണ്ട്.

**ഭാരത് ഭവൻ**

സമൂഹവും സംസ്കാരവും തമ്മിലുള്ള സഹവർത്തിത്വത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1984-ൽ

**ബോക്സ് 9.1.4** ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് (ബി.എം.ഒ.ഒ.സി)

ഭൂമി മലയാളം മിഷൻ ഓപ്പൺ ഓൺലൈൻ കോഴ്സ് (ബി.എം.ഒ.ഒ.സി) പ്രോഗ്രാം മിഷൻ ആരംഭിച്ചു. ഇപ്പോൾ ആരംഭക്കാർക്കായുള്ള അദ്ധ്യായങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പരിപാടിയിലൂടെ മലയാളം മിഷന് മലയാള ഭാഷയുടെ വളർച്ചയിൽ വലിയൊരു നാഴികക്കല്ല് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. മലയാളത്തിൽ അടിസ്ഥാന പരിജ്ഞാനമില്ലാത്ത വിദ്യാർത്ഥികൾക്ക് അവരുടെ ഭവനത്തിലിരുന്നു തന്നെ ഭാഷ പഠിക്കാൻ സഹായിക്കുന്ന തരത്തിലാണ് ബി.എം.ഒ.ഒ.സി രൂപകല്പനചെയ്തിട്ടുള്ളത്. മലയാളം പഠിപ്പിക്കുന്ന ഒരേയൊരു ഓപ്പൺ ഓൺലൈൻ കോഴ്സായ ഈ പദ്ധതിയിലൂടെ എല്ലാവർക്കും സൗജന്യ രജിസ്ട്രേഷനോടൊപ്പം വേഗത്തിലും എളുപ്പത്തിലും പഠനം വാഗ്ദാനം ചെയ്യുന്നു. സൗജന്യ രജിസ്ട്രേഷനിലൂടെ ആർക്കും മൊബൈൽ ആപ്പ് വഴി മലയാളം പഠിക്കാം. www.bhoomimalayalam.kerala.gov.in എന്ന വെബ്സൈറ്റിലും ബി.എം.ഒ.ഒ.സി കോഴ്സ് ലഭ്യമാണ്. ലളിതമായ കളികളിലൂടെയും രസകരമായ പഠനത്തിലൂടെയും മലയാളം അക്ഷരങ്ങളും വാക്കുകളും എഴുതാൻ ഉപയോക്താക്കളെ സഹായിക്കുന്ന ഈ പ്രോഗ്രാം മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാണ്.

നിലവിൽ 30 രാജ്യങ്ങളിൽ നിന്നുള്ള ഏകദേശം 1,800 ഉപയോക്താക്കൾ ഈ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ബി.എം.ഒ.ഒ.സി വിദ്യാർത്ഥികൾക്കായി ഓൺലൈൻ വഴി നേരിട്ട് വിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. കോഴ്സിന് ശേഷം വിദ്യാർത്ഥിക്ക് മലയാളം മിഷൻ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കും. 150 പഠിതാക്കൾ ഈ കോഴ്സിന്റെ ആദ്യ ഘട്ടം പൂർത്തിയാക്കി

അവലംബം: മലയാളം മിഷൻ

സ്ഥാപിതമായ ഒരു സാംസ്കാരിക സ്ഥാപനമാണ് ഭാരത് ഭവൻ. ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ സാംസ്കാരിക വിനിമയ പ്രവർത്തനങ്ങൾ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഇടപെടലുകൾ ഈ സ്ഥാപനം നടത്തിവരുന്നു. കൂടാതെ, വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിയ വിവിധ ഭാഷാ ന്യൂനപക്ഷങ്ങൾക്കായി കേരളത്തിന്റെ സംസ്കാരം, കല, ചരിത്രം, ജീവിതശൈലി എന്നിവ പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഭാരത് ഭവൻ ഏകോപിപ്പിക്കുന്നു. കൂടാതെ ഇതര സംസ്ഥാനങ്ങളുടെ തനത് കലാരൂപങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും കേരളത്തിലും തിരിച്ചും പ്രചരിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ഈ സ്ഥാപനം ചെയ്യുന്നുണ്ട്.

2021-22 വർഷത്തിൽ ഭാരത് ഭവൻ അന്താരാഷ്ട്ര നൃത്ത ശിൽപശാല, ലോക കേരള സഭ വേദിയിലെ സാംസ്കാരിക പരിപാടികൾ, ഗുജറാത്തി നടൻകലാ നൃത്ത പരിപാടി, 75-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി 'ആസാദി കാ അമൃത് മഹോത്സവ്-ഇന്ത്യ എന്റെ രാജ്യമാണ്' എന്ന പേരിൽ പത്ത് ദിവസത്തെ കലാപരിപാടികൾ എന്നിവ നടത്തി. ഓണാഘോഷത്തിന്റെ ഭാഗമായി 'ഇന്ത്യൻ വസന്തോത്സവ്' എന്ന് പേരിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഇന്ത്യൻ സംസ്ഥാനങ്ങളുടെ തനത് നൃത്ത-ഗാന രൂപങ്ങളടങ്ങിയ പരിപാടി അവതരിപ്പിച്ചു. ഇന്ത്യൻ ഗ്രാമോത്സവം എന്ന പരിപാടിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ ഭാരത് ഭവൻ മുഖേന പ്രസ്തുത കാലയളവിൽ നടത്തി.

**മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് പദ്ധതി**

സാംസ്കാരിക വകുപ്പിന്റെ മൾട്ടിമീഡിയ മെഗാ ഡിജിറ്റൽ സ്ട്രീമിംഗ് പദ്ധതിയായ മഴമിഴി സംസ്ഥാന, ദേശീയ തലത്തിലുള്ള കലാകാരന്മാരുടെ പ്രകടനങ്ങൾ ഭാരത് ഭവൻ, സാംസ്കാരിക വകുപ്പ്, വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് അവതരിപ്പിക്കുന്നത്. ഗോത്രകലകൾ, വാദ്യോപകരണ സംഗീതം, മാപ്പിള കലകൾ, ക്രിസ്ത്യൻ കലകൾ, ശാസ്ത്രീയ കലാരൂപങ്ങൾ, ആയോധനകലകൾ, നാടൻ കലകൾ, അനുഷ്ഠാന കലകൾ തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാർ മുഖേന അവതരിപ്പിക്കുന്ന കലാരൂപങ്ങൾ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രകടനങ്ങൾ അതത് വേദികളിൽ ചിത്രീകരിച്ച ശേഷം ഭാവി തലമുറകൾക്ക് ഈ കലാരൂപങ്ങളെ അറിയാനും പ്രോത്സാഹനം നൽകുവാനും ഒരു വിഷ്വൽ ഡിജിറ്റൽ ലൈബ്രറിയായി സംരക്ഷിക്കുകയും ചെയ്യുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്.

**മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ്**

സാംസ്കാരിക കാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് മ്യൂസിയം, മൃഗശാല ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മ്യൂസിയം, മൃഗശാല, ആർട്ട് ഗാലറി, തൃശ്ശൂർ മൃഗശാല, കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയം എന്നിവ വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ് മുഖേന വന്യജീവികളെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും അവസരങ്ങൾ നൽകുന്നു. പ്രകൃതിദത്തവും കലാപരവും ചരിത്രപരവുമായ വസ്തുക്കളുടെ ഗണ്യമായ ശേഖരം വികസിപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും പ്രദർശിപ്പിക്കുന്നതിലും വകുപ്പ് ഏർപ്പെട്ടിരിക്കുന്നു. തിരുവനന്തപുരം മൃഗശാലയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കാൻ സ്ഥാപനത്തിന് 'ട്രിവാൻഡ്രം സൂ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉണ്ട്. മ്യൂസിയം വകുപ്പിന് കീഴിലുള്ള കേരളത്തിലെ പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ പട്ടിക **അനുബന്ധം 9.1.4**ൽ നൽകിയിട്ടുണ്ട്.

**വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

മൃഗങ്ങൾക്കുള്ള ക്വാറന്റൈൻ സ്റ്റേഷൻ: പുതുതായി എത്തുന്ന മൃഗങ്ങളെ മൃഗശാലയിലേക്ക് പാർപ്പിക്കുന്നതിനും മൃഗശാലയ്ക്കുള്ളിലെ മൃഗങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുമുള്ള ക്വാറന്റൈൻ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ വാർഷിക പദ്ധതി കാലയളവിൽ ആരംഭിച്ചു കൂടാതെ വനം-വന്യജീവി വാരാഘോഷം 2022-ന്റെ ഭാഗമായി 2022 ഒക്ടോബർ 02-ന് സ്ഥാപനം കോഫി ടേബിൾ ബുക്ക് പുറത്തിറക്കി.

**കണ്ണൂരിലെ കൈത്തറി മ്യൂസിയം സ്ഥാപിക്കൽ:** കൊളോണിയൽ ഭരണ കാലഘട്ടത്തിൽ നിർമ്മിച്ച പഴമയുള്ള കെട്ടിടത്തിൽ കണ്ണൂരിന്റെ നെയ്ത്ത്, തറി എന്നിവയുടെ ചരിത്രവും പാരമ്പര്യവും പരിണാമവും വിവരിക്കുന്ന മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**എ.കെ.ജി സ്മാരക മ്യൂസിയം, കണ്ണൂർ**: കേരള ചരിത്ര പൈതൃക മ്യൂസിയം വഴി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച മ്യൂസിയം 2024 മാർച്ചോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പൈതൃക മ്യൂസിയം, വയനാട്:** വയനാട് കുങ്കിച്ചിറയിൽ വകുപ്പ് പൈതൃക മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണം പൂർണ്ണതോതിലായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വകുപ്പിലെ മറ്റ് പ്രവൃത്തികളായ പോസ്റ്റ്മോർട്ടം മുറിയുടെ നിർമ്മാണവും സജ്ജീകരണവും, വ്യാഖ്യാന കേന്ദ്രം, ബാരിക്കേഡിന്റെ നവീകരണം, മറ്റ് അറ്റകുറ്റപ്പണികൾ, മൃഗങ്ങളുടെയും പക്ഷികളുടെയും കൂടുകളുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിവ പുരോഗമിക്കുകയാണ്.

### കേരള സംസ്ഥാന പുരാവസ്തു വകുപ്പ്

തിരുവിതാംകൂർ പുരാവസ്തു വകുപ്പും അക്കാലത്തെ കൊച്ചിയിലെ പുരാവസ്തു ഗവേഷണ കേന്ദ്രവും സംയോജിപ്പിച്ച് 1962 ലാണ് കേരള സംസ്ഥാന പുരാവസ്തു വകുപ്പ് രൂപീകരിച്ചത്. വിവിധ സ്ഥലങ്ങളിൽ നിന്ന് കണ്ടെത്തിയ ശിലാലിഖിതങ്ങളുടെ വാല്യങ്ങൾ പ്രസിദ്ധീകരിക്കുക, താമ്രഫലകങ്ങളിലെ എഴുത്തുകൾ പകർത്തുക, ഖനനങ്ങളും പര്യവേക്ഷണങ്ങളും നടത്തുക, ബി.സി 200 മുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന ചരിത്രസ്മാരകങ്ങളുടെ സംരക്ഷണ നടപടികൾ കൈക്കൊള്ളുക എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. പുരാവസ്തു വകുപ്പിന് കീഴിലായി 12 മ്യൂസിയങ്ങളുണ്ട്. അവയുടെ വിശദാംശങ്ങൾ **ബോക്സ് 9.1.5**ൽ നൽകിയിരിക്കുന്നു.

പൊതുജനങ്ങൾക്കായി തുറന്നിരിക്കുന്ന പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടെയും സ്മാരകങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം 9.1.5** നൽകിയിരിക്കുന്നു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെയും കേരളത്തിലെ പുരാവസ്തു വകുപ്പിന്റെയും കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ പട്ടിക യഥാക്രമം **അനുബന്ധം 9.1.6, അനുബന്ധം 9.1.7** എന്നിവയിൽ നൽകിയിരിക്കുന്നു.

### വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

തിരുവനന്തപുരം ജില്ലയിലെ ചിറയൻകീഴ് താലൂക്കിൽ സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിത സ്മാരകമായി വകുപ്പ് പ്രഖ്യാപിച്ചു. തൃശ്ശൂരിലെ ചേറ്റുവ കോട്ടയുടെ ഒന്നാം ഘട്ട സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. കേരള നിയമസഭ സുവർണ്ണ ജൂബിലി മ്യൂസിയത്തിൽ രണ്ടാം ഘട്ട സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ടിക്കറ്റിംഗ് സംവിധാനത്തിന്റെയും വെബ്സൈറ്റിന്റെയും ആധുനികവൽക്കരണം, പരിശീലനം, മ്യൂസിയം ജീവനക്കാർക്കുള്ള കാര്യശേഷി വികസനം എന്നിവ പുരോഗമിക്കുകയാണ്.

മലപ്പുറം ജില്ലയിലെ ഉഗ്രപുരത്തും കണ്ണൂർ ജില്ലയിലെ ശിവപുരത്തും കണ്ടെത്തിയ 'നന്നങ്ങാടികൾ', കൊട്ടാരക്കര സ്ഥിതി ചെയ്യുന്ന ജില്ലാ ട്രഷറിയിൽ സൂക്ഷിച്ചിരുന്ന രാജമുദ്രകൾ പതിച്ച മൂന്ന് ലോഹപ്പെട്ടികൾ എന്നിവ വകുപ്പ് ഏറ്റെടുത്തു.

വകുപ്പിൽ സൂക്ഷിച്ചിരിക്കുന്ന നാണയങ്ങളുടെ ഡോക്യുമെന്റേഷൻ പദ്ധതി പുരോഗമിക്കുകയാണ്. കേരളത്തെക്കുറിച്ചുള്ള ലിഖിതങ്ങൾ കണ്ടെത്തുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായി ആരംഭിച്ച "കേരള ആർക്കിയോളജിക്കൽ സീരീസിന്റെ" രണ്ടാം വാല്യം പ്രസിദ്ധീകരിച്ചു. വിവിധ സംരക്ഷിത സ്മാരകങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ബോക്സ് 9.1.5** പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ

- പഴശ്ശി ശവകുടീരം മ്യൂസിയം, മാനന്തവാടി, വയനാട്
- കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം, കോട്ടക്കൽ, വടകര
- പഴശ്ശിരാജാ മ്യൂസിയം, ഈസ്റ്റ് ഹിൽ, കോഴിക്കോട്
- ഗാന്ധി സ്മൃതി മ്യൂസിയം, പയ്യന്നൂർ, കണ്ണൂർ
- പ്രാദേശിക ചരിത്ര മ്യൂസിയം, കണ്ടോന്താർ, കണ്ണൂർ
- പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം, കൽപ്പാത്തി, പാലക്കാട്
- തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം, തൃശ്ശൂർ
- പുരാവസ്തു മ്യൂസിയം, ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശ്ശൂർ
- എറണാകുളം ജില്ലാ പൈതൃക മ്യൂസിയം, ബാസ്റ്റ്യൻ ബംഗ്ലാവ്, ഫോർട്ട് കൊച്ചി
- ഹിൽ പാലസ് ആർക്കിയോളജിക്കൽ മ്യൂസിയം, തൃപ്പൂണിത്തുറ, എറണാകുളം
- ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം, പൈനാവ്, ഇടുക്കി
- പുരാവസ്തു മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം, കായംകുളം
- കൊട്ടാരക്കര തമ്പുരാൻ മെമ്മോറിയൽ ക്ലാസിക്കൽ ആർട്ട്സ് മ്യൂസിയം, കൊട്ടാരക്കര, കൊല്ലം
- വേലുത്തമ്പി ദളവ മെമ്മോറിയൽ മ്യൂസിയം, മണ്ണടി, പത്തനംതിട്ട
- കോയിക്കൽ കൊട്ടാര മ്യൂസിയം, നെടുമങ്ങാട്, തിരുവനന്തപുരം
- പത്മനാഭപുരം കൊട്ടാര മ്യൂസിയം, തക്കല, കന്യാകുമാരി, തമിഴ്നാട്

അവലംബം: പുരാവസ്തു വകുപ്പ്, കേരള സർക്കാർ

**കേരള സംസ്ഥാന പുരാരേഖാ വകുപ്പ്**
1962 ലാണ് സംസ്ഥാന പുരാരേഖാ വകുപ്പ് രൂപീകരിച്ചത്. സംസ്ഥാന സർക്കാരിന്റെയും വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും നിലവിലുള്ളതും സ്ഥിര മൂല്യമുള്ളതുമായ എല്ലാ രേഖകളുടേയും സംരക്ഷണ ച്ചുമതല പുരാരേഖാ വകുപ്പിനാണ്. സർക്കാർ രേഖകൾ, താളിയോലകൾ, കൈയെഴുത്തുപ്രതികൾ തുടങ്ങിയ ചരിത്രപരമായ മൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പ് ഈ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നു. റഫറൻസ് ആവശ്യങ്ങൾക്കായുള്ള രേഖകളും മറ്റും വകുപ്പ് ശാസ്ത്രീയമായി സംരക്ഷിച്ചുപോരുന്നു.

**പ്രധാന നേട്ടങ്ങളും പ്രവർത്തനങ്ങളും**
തിരുവനന്തപുരത്തെ കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ സ്ഥാപിക്കുന്നതിന് കേരള സർവകലാശാലയുമായി വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കേരള മ്യൂസിയം മുഖേനയാണ് പദ്ധതി നടപ്പാക്കുക. നിർവ്വഹണ ഏജൻസിയായ കേരള മ്യൂസിയം വഴി കെട്ടിട നിർമ്മാണം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് കുന്നമംഗലം മിനി സിവിൽ സ്റ്റേഷനിൽ വകുപ്പിന്റെ ഒരു ഉപ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി പൈതൃക കേന്ദ്രം, ഇടുക്കി പുരാരേഖാ ഗാലറി എന്നിവ സെപ്തംബർ 19, 2022-ന് ഉദ്ഘാടനം ചെയ്തു. എ) തിരുവിതാംകൂറിലെ മാനസികാരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ പരിണാമം, ബി) സ്വാതന്ത്ര്യ സമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ- വാല്യം-4, സി) '1924ലെ പ്രളയം' തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ അച്ചടി വകുപ്പ് ആരംഭിച്ചു.

ഡിജിറ്റൈസേഷനാണ് വകുപ്പിന്റെ മറ്റൊരു പ്രധാന പ്രവർത്തനം: ഇതുവരെ 2,87,690 പേപ്പർ റെക്കോർഡുകൾ വകുപ്പ് ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ ഇപ്പോഴും പുരോഗമിക്കുകയാണ്.

**രേഖകളുടെ ശാസ്ത്രീയ സംരക്ഷണം** എന്ന പദ്ധതിയുടെ ഭാഗമായി നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെയും (പദ്ധതി വഴി 3020 പേജുകൾ സംരക്ഷിച്ച് പന്ത്രണ്ട് പുസ്തകങ്ങളുടെ ബൈൻഡിങ് നടപടികൾ പൂർത്തീകരിച്ചു) കണ്ണൂർ സെന്റ് ജോൺസ് ഇംഗ്ലീഷ് ചർച്ചിന്റെ (10,277 പേജുകൾ സംരക്ഷിച്ച് പദ്ധതി പൂർത്തിയാക്കി) സംരക്ഷണം പൂർത്തിയാക്കി.

**റെക്കോർഡുകളുടെ റഫറൻസ് മീഡിയ തയ്യാറാക്കൽ**: ഈ കാലയളവിൽ, 16,333 റെക്കോർഡുകളുടെ അനുക്രമണ പട്ടികകൾ പൂർത്തിയായി. ഡിജിറ്റൈസേഷൻ പ്രക്രിയയുടെ ഭാഗമായി, 13,788 രേഖകളുടെ ഫിസിക്കൽ വെരിഫിക്കേഷനും പൂർത്തിയായി.

ഡിജിറ്റൽ ഹെറിറ്റേജ് ആർക്കൈവ്സ്: ഡിപ്പാർട്ട്മെന്റ് കേരള സംസ്ഥാന ഐ.ടി മിഷൻ വഴി സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ 25 ടി.ബി വെബ് ക്ലൗഡ് സ്റ്റോറേജ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 'ഇ-ലിഖിതം' സോഫ്റ്റ്‌വെയർ സി-ഡിറ്റിലൂടെ നവീകരിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി തൃശ്ശൂരിലും കോഴിക്കോട്ടും വകുപ്പ് പ്രദർശനങ്ങളും സെമിനാറുകളും നടത്തി.

ഭൂരേഖകളുടെ ശാസ്ത്രീയ സംരക്ഷണവും ഡിജിറ്റൈസേഷനും: കേരള മ്യൂസിയം മുഖേനയുള്ള ശാസ്ത്രീയ സംരക്ഷണത്തിനും ഭൂരേഖാ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ പദ്ധതിക്കു കീഴിൽ 377 ഭൂപടങ്ങൾക്ക് വകുപ്പിന് സംരക്ഷണം നൽകാൻ സാധിച്ചിട്ടുണ്ട്.

**മുസിരിസ് പദ്ധതി**
ഐതിഹാസികമായ മുസിരിസ് തുറമുഖത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യം പുനഃസ്ഥാപിക്കുന്നതിനായി കേരള സർക്കാർ മുസിരിസ് പൈതൃക പദ്ധതിക്ക് തുടക്കമിട്ടു. ഈ പദ്ധതി പൂർണ്ണമായും രൂപകൽപ്പന ചെയ്തിരിക്കുന്നത് പ്രാദേശിക സമൂഹത്തെ അതിന്റെ ഉദ്ദേശിക്കുന്ന എല്ലാ വികസന സംരംഭങ്ങളിലും ഉൾപ്പെടുത്താനും സമന്വയിപ്പിക്കാനുമാണ്. സമ്പന്നവും പ്രൗഢവുമായ ചരിത്രത്തിന്റെ സമഗ്രമായ സംരക്ഷണത്തിനായി കേരള സർക്കാരിന്റെ ഒരു സുപ്രധാന സംരംഭമാണ് മുസിരിസ് പൈതൃക പദ്ധതി. ടൂറിസം വകുപ്പ് മുഖേനയാണ് ഈ പദ്ധതി സർക്കാർ നടപ്പാക്കുന്നത്. മുസിരിസ് പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇപ്രകാരമാണ്:

- മുസിരിസ് പൈതൃകത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സന്ദർശകർക്കായി 25-ലധികം മ്യൂസിയങ്ങൾ സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നു.
- പദ്ധതിയെ പിന്തുണയ്ക്കുന്നതിനായി ഒരു ഗവേഷണ-അക്കാദമിക് സ്ഥാപനം സ്ഥാപിക്കൽ
- വിവര ശേഖരണം, സർവേ മുതലായവയ്ക്കായി പ്രാദേശിക തലത്തിലുള്ള വിദ്ധ്യ ഏജൻസി മുഖേന പ്രാദേശിക കമ്മ്യൂണിറ്റികളുമായുള്ള സംയോജനം ഉറപ്പാക്കുന്നു

മുസിരിസ് പദ്ധതിയുടെ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ **അദ്ധ്യായം 5.2 (വിനോദ സഞ്ചാരം)** ൽ പരാമർശിച്ചിരിക്കുന്നു.

ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന എല്ലാ സംസ്ഥാനങ്ങളും കലയ്ക്കും സംസ്കാരത്തിനും വലിയ മൂല്യം നൽകുന്നു. വൈവിധ്യമാർന്ന കലാരൂപങ്ങളുടേയും ഉത്സവങ്ങളുടേയും പ്രധാന ഇടം എന്ന നിലയിലും കേരളം പ്രശസ്തമാണ്. വ്യത്യസ്തമായ കലാരൂപങ്ങൾ സൃഷ്ടിച്ചതിനും അവക്ക് പ്രചാരണം നൽകിയതിനും പുറകിൽ ഒരു നീണ്ട ചരിത്രമുണ്ട്. കേരളത്തിന്റെ പ്രത്യേകമായ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ സംസ്ഥാനത്തിന്റെ സാംസ്കാരിക വൈവിധ്യത്തിന് ചരിത്രപരമായി സംഭാവന നൽകിയിട്ടുണ്ട്. ദൃശ്യകലകൾ, കരകൗശലവസ്തുക്കൾ, ഭാഷകൾ, ചരിത്രം, ഉത്സവങ്ങൾ/മേളകൾ, ആയോധനകലകൾ, വസ്ത്രങ്ങൾ, മറ്റ് വശങ്ങൾ എന്നിവയുൾപ്പെടെ അതിന്റെ സംസ്കാരത്തിന്റെ നിരവധി വശങ്ങൾ ഈ വൈവിധ്യത്തിന്റെ വ്യാപ്തി കാണിക്കുന്നു. സംസ്ഥാനത്തിന്റെ പുരോഗതിയിൽ കലയുടെയും സംസ്കാരത്തിന്റെയും പ്രാധാന്യം കേരളം അംഗീകരിക്കുകയും മഹത്തായ സംഭാവനകൾ നൽകിയവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും ഈ മേഖലയിലെ സ്ഥാപനങ്ങളെ അകമഴിഞ്ഞ് പിന്തുണയ്ക്കാനും കലാകാരന്മാരെയും എഴുത്തുകാരെയും വളർത്തിയെടുക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

# 9.2 കായികവും, യുവജനകാര്യവും

കായിക പ്രവർത്തനങ്ങൾ ശാരീരികവും മാനസികവും വൈകാരികവുമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നു. ഇത് ആരോഗ്യകരമായ ഒരു ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നു. സ്പോർട്സിന് മത്സരക്ഷമതയുടെയും ടീം വർക്കിന്റെയും മനോഭാവം വളർത്തിയെടുക്കാൻ കഴിയും, അത് യുവാക്കളുടെ സമഗ്രമായ വികസനത്തിന് സഹായിക്കുന്നു. അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിക്കുന്നത് എല്ലായ്പ്പോഴും ദേശീയ അഭിമാനത്തിന്റെ സ്രോതസ്സാണ്, കൂടാതെ യുവാക്കൾക്കിടയിൽ ദേശീയ ഐക്യത്തിന്റെയും സ്വത്വത്തിന്റെയും വികാരം വളർത്തിയെടുക്കാൻ സഹായിക്കുന്നു.

ആധുനിക അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, നൂതനമായ ശാസ്ത്രീയ പിന്തുണ എന്നിവയുടെ ഉപയോഗം അന്താരാഷ്ട്ര തലത്തിൽ സ്പോർട്സിന്റെ സാഹചര്യത്തെ മാറ്റിമറിച്ചു. നൂതന അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, ശാസ്ത്രീയ പിന്തുണ എന്നിവയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത്, കേരള സർക്കാർ നിരവധി സംരംഭങ്ങൾ സ്വീകരിക്കുകയും കായിക താരങ്ങൾക്ക് പരിശീലനത്തിലൂടെയും അന്താരാഷ്ട്ര മത്സരങ്ങളിൽ വ്യക്തീകരണം ചെയ്യുന്നതിലൂടെയും ആവശ്യമായ സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ, സംസ്ഥാനത്തെ കായിക മേഖലയെ നവീകരിക്കാനും കായിക സംഘടനകളുടെ നയ നിർവഹണം അവതരിപ്പിക്കാനും കേരള കായിക നയം ലക്ഷ്യമിടുന്നു. കൂടാതെ, 2000-ലെ കേരള സ്പോർട്സ് ആക്റ്റ് അനുശാസിക്കുന്ന 'എല്ലാവർക്കും സ്പോർട്സ്, 'എല്ലാവർക്കും ആരോഗ്യം' എന്ന തത്വത്തിന് അനുസൃതമായി, സംസ്ഥാനത്തെ ജനങ്ങളിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും ആരോഗ്യകരമായ ജീവിതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു വാഹനമായി സ്പോർട്സിനെ ഉപയോഗപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ശ്രമം.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രാഥമികമായി ടൂറിസവും ഐടി മേഖലയും കേരളത്തിന്റെ ജിഎസ്ഡിപിയുടെ വളർച്ചയ്ക്ക് ഒരു പ്രധാന വിധത്തിൽ സംഭാവന നൽകുന്ന ഒരു സേവനമാണ്. ഈ മേഖലയ്ക്കകത്താണ് കേരള സ്പോർട്സ് അതിന്റെ സ്ഥാനം കണ്ടെത്തുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംഭാവന നൽകുകയും ചെയ്യേണ്ടത്. കായികവികസനം കമ്മ്യൂണിറ്റിയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം, കൂടാതെ സംസ്ഥാനം വർഷങ്ങളായി നേടിയെടുത്ത അസാധാരണമായ സാമൂഹിക മൂലധനം പ്രയോജനപ്പെടുത്തുകയും വേണം.

**കേരള സർക്കാരിനു കീഴിലുള്ള കായിക സ്ഥാപനങ്ങൾ**

കേരള സംസ്ഥാന സർക്കാർ ഈ മേഖലയ്ക്ക് കീഴിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്
2. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ
3. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
4. കേരള സംസ്ഥാന യുവജന കമ്മീഷൻ

**1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്**

1986 -ൽ സ്ഥാപിതമായ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് (ഡി.എസ്.വൈ.എ) കേരളത്തിലെ കായിക വിനോദങ്ങളുടെ വികസനത്തിനും ഉന്നമനത്തിനും വേണ്ടി ഒരു പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ്. ഉചിതമായതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടും കായിക രംഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം നൽകികൊണ്ടും, അന്താരാഷ്ട്ര നിലവാരത്തിലേക്ക് കായിക താരങ്ങളെ പരിശീലിപ്പിച്ച് സംസ്ഥാനത്തെ കായിക വിനോദങ്ങളുടെ ഉന്നമനവും വികസനവും ലക്ഷ്യമാക്കിയുമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, കേരളത്തിൽ നിന്നുള്ള കായിക രംഗത്തുള്ള വ്യക്തികളുടെ മത്സര നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും കായിക രംഗത്തുള്ള നൂതന ആശയങ്ങളും കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ കായിക യുവജനകാര്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നു.

**ഖേലോ ഇന്ത്യ യൂത്ത് ഗെയിമുകളിലെ പങ്കാളിത്തം**

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് (കെഐവൈജി), മുൻപ് ഖേലോ ഇന്ത്യ സ്കൂൾ ഗെയിംസ് (കെഐഎസ്ജി), എന്നത് വർഷം തോറും ജനുവരി അല്ലെങ്കിൽ ഫെബ്രുവരിയിൽ, 17 വയസ്സിന് താഴെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും 21 വയസ്സിന് താഴെയുള്ള കോളേജ് വിദ്യാർത്ഥികൾക്കും രണ്ട് പ്രായ വിഭാഗങ്ങളിലായി ഇന്ത്യയിൽ ദേശീയ തലത്തിൽ നടത്തി വരുന്നു. എല്ലാ വർഷവും മികച്ച 1,000 കുട്ടികൾക്ക് അന്താരാഷ്ട്ര കായിക മത്സരങ്ങൾക്കായി വാർഷിക സ്കോളർഷിപ്പായി 5 ലക്ഷം രൂപ വീതം നൽകും. നാലാമത്തെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2022 ജൂൺ 4 മുതൽ 2022 ജൂൺ 13 വരെ ഹരിയാനയിൽ പഞ്ച്കുള ആതിഥേയ നഗരമായി നടന്നു. 25 ഇനങ്ങളിലായി കേരളം 55 മെഡലുകൾ (18 സ്വർണം, 19 വെള്ളി, 18 വെങ്കലം) നേടി.

**കേരള ഷൂട്ടിംഗ് അക്കാദമി**

നാഷണൽ റൈഫിൾ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കേരളത്തിൽ നിന്നുള്ള ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കാൻ 2020 ഫെബ്രുവരി 3 -ന് കേരള ഷൂട്ടിംഗ് അക്കാദമി സ്ഥാപിച്ചു. ഒരു ബാച്ചിൽ 90 വിദ്യാർത്ഥികൾക്ക് അക്കാദമി പരിശീലനം നൽകുന്നു.

**പ്രത്യേക പദ്ധതികൾ**

**എ.ഗോൾ (കിക്ക് ഓഫ്):** ഫുട്ബോൾ കളിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഉപ-നഗര, ഗ്രാമീണ, ഗോത്രവർഗ്ഗ, മറ്റ് ദുർബല പ്രദേശങ്ങളിൽ നിന്നുള്ള ഫുട്ബോൾകളിയിൽ കഴിവുള്ള കുട്ടികളെ ചെറുപ്പത്തിൽ കണ്ടുപിടിച്ച് നല്ല കളിക്കാരായി വളർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള താഴെതട്ടിലുള്ള പരിശീലന പദ്ധതിയാണിത്. സംസ്ഥാനത്തൊട്ടാകെയുള്ള 33 കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്, ഇതിൽ 15 കേന്ദ്രങ്ങൾ പെൺകുട്ടികളെ പരിശീലിപ്പിക്കുന്നതിന് മാത്രമുള്ളതും ഓരോ കേന്ദ്രത്തിലും 25 വിദ്യാർത്ഥികൾ വീതവുമാണുള്ളത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള കിക്കോഫ് പ്രോഗ്രാം സംയോജിപ്പിച്ച് 'ഗോൾ' എന്ന് പുനർനാമകരണം ചെയ്തു.

**ബി. ഹൂപ്സ്:** ഗ്രാസ് റൂട്ട് ബാസ്കറ്റ് ബോൾ പ്രോഗ്രാം: ബാസ്ക്കറ്റ്ബോളിൽ താൽപര്യമുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി പരിശീലിപ്പിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി 2020-ൽ 5 ജില്ലകളിലെ 10 സ്കൂളുകളിൽ ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. ഓരോ കേന്ദ്രത്തിലും 5 നും 9 നും ഇടയിൽ പ്രായമുള്ള 120 വിദ്യാർത്ഥികൾക്ക് 6 മാസത്തിനുള്ളിൽ പരിശീലനം നൽകുകയാണ് ലക്ഷ്യം.

**സി. സ്പ്രിന്റ്:** അത്ലറ്റിക്സിനുള്ള ഗ്രാസ് റൂട്ട് പരിശീലന പരിപാടി: ചെറുപ്രായത്തിൽ തന്നെ ലോകോത്തര നിലവാരത്തിലുള്ള കായിക താരങ്ങളെ കണ്ടെത്തി രാജ്യാന്തര തലത്തിൽ കേരളത്തിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് സ്പ്രിന്റ്. പ്രകടനം മെച്ചപ്പെടുത്തുന്നതിന്, സംസ്ഥാനത്തുടനീളം ഗ്രാസ് റൂട്ട് തലത്തിലുള്ള പരിശീലനം, ഇന്റർ സ്കൂൾ, ഇന്റർ ഡിസ്ട്രിക്റ്റ് ടൂർണമെന്റുകൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനാൽ അത്ലറ്റിക്സിനെ മുൻഗണന നൽകേണ്ട കായിക വിഭാഗമായി തിരഞ്ഞെടുക്കേണ്ടതും 5 നും 12 നും ഇടയിൽ പ്രായമുള്ള സ്കൂളിൽ പോകുന്ന കുട്ടികൾക്ക് തുടർച്ചയായ പരിശീലനം നൽകുകയും വേണം. ഉപ നഗര, ഗ്രാമ, ആദിവാസി, ടാപ്പ് ചെയ്യപ്പെടാത്ത മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള കഴിവുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കണ്ണൂർ, കാസർകോട്, ഇടുക്കി, പത്തനംതിട്ട, കോട്ടയം, പാലക്കാട് എന്നീ 6 ജില്ലകളിലായി 6 കേന്ദ്രങ്ങളിലാണ് സ്പ്രിന്റ് പദ്ധതി നടപ്പാക്കുന്നത്.

**ഡി. ജൂഡോക്ക:** ജൂഡോയിൽ മികവ് പുലർത്താനും കായിക അച്ചടക്കത്തിന്റെ അടിസ്ഥാന വികസനത്തിനും വേണ്ടിയുള്ള സംസ്ഥാനത്തെ കായിക പ്രേമികളെ പ്രചോദിപ്പിക്കാൻ സ്വീകരിച്ച സുപ്രധാന ചുവടുവയ്പ്പാണ് ജൂഡോക്ക. 8-11 വയസ്സിനിടയിൽ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് അടിസ്ഥാന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് ജൂഡോയിൽ സംസ്ഥാന വ്യാപകമായി നടത്തുന്ന ഗ്രാസ്റൂട്ട് പരിശീലന പരിപാടിയാണ് ജൂഡോക്ക. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 10 കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുക.

**ഇ. 'ഹെൽത്തി കിഡ്സ്' (പ്ലേ ഫോർ ഹെൽത്ത്):** സ്പോർട്സിലേക്കും കളികളിലേക്കും കുട്ടികളെ എത്തിക്കുന്നതിലൂടെ അവരുടെ ശാരീരികവും മാനസി കവുമായ കഴിവുകൾ മെച്ചപ്പെടുത്തുകയാണ് 'ഹെൽത്തി കിഡ്സ്' പദ്ധതി ലക്ഷ്യമിടുന്നത്. കുട്ടികളെ ചിട്ടയായതും ശാസ്ത്രീയവുമായ പരിശീലനത്തിലൂടെ പിന്നീട് പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിൽ വിവിധ ഗെയിമുകളിൽ അഭിരുചി വളർത്താൻ സഹായിക്കുക എന്നതിലാണ് പ്രാഥമികമായി ശ്രദ്ധ ചെലുത്തുന്നത്. സ്കൂളുകളെ കായിക കേന്ദ്രങ്ങളായി മാറ്റുന്നതിനും സ്കൂൾ കുട്ടികൾക്കിടയിൽ പതിവ് ശാരീരിക പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ജനുവരി 25-ന് കണ്ണൂർ തലപ്പ് മിക്സഡ് അപ്പർ പ്രൈമറി സ്കൂളിൽ നടന്നു. കേരളത്തിലെ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി സ്പോർട്സിനെ ഉൾപ്പെടുത്തുക എന്നതാണ് അന്തിമ ലക്ഷ്യം. പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പാക്കിയ 25 കേന്ദ്രങ്ങൾക്കൊപ്പം 30 പുതിയ കേന്ദ്രങ്ങളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

**എഫ്. പഞ്ച്:** കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ ബോക്സിംഗ് പരിചയപ്പെടുത്തുന്നതിനും സംസ്ഥാന ദേശീയ അന്തർദ്ദേശീയ തലത്തിൽ മെഡലുകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി താഴേത്തട്ടിലെ പ്രതിഭാ വികസന ഘടന ശക്തിപ്പെടുത്തുന്നതിനായി കേരളത്തിലുടനീളം 5 കേന്ദ്രങ്ങളിൽ പഞ്ച് എന്ന പേരിൽ ബോക്സിംഗിനായുള്ള ഗ്രാസ് റൂട്ട് ലെവൽ പരിശീലന പരിപാടി അവതരിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിലുടനീളം ബോക്സിംഗിന്റെ അറിവും മൂല്യങ്ങളും പ്രചരിപ്പിക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

**സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ**

ഓരോ പൗരന്റെയും സമഗ്ര വികസനത്തിൽ കായിക വിനോദങ്ങളും, ശാരീരികക്ഷമതയും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ടീം സ്പിരിറ്റിനെ വളർത്തികൊണ്ട്, തന്ത്രപരവും വിശകലനപരവുമായി ചിന്തിക്കാനും, നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും, ലക്ഷ്യങ്ങളിൽ ഊന്നി നിൽക്കാനും, റിസ്ക് എടുക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നതിനും സാധിക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള എയർ കണ്ടീഷൻ ചെയ്ത സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ഇതിനകം സംസ്ഥാനത്ത് ഒമ്പത് സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ

**ബോക്സ് 9.2.1** ഗ്രാമീണ കളിസ്ഥലം (ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം)

ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം എന്ന പദ്ധതി എല്ലാ പഞ്ചായത്തിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഗ്രാമപ്രദേശങ്ങളിലും ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മാനസിക ശാരീരിക ശേഷി മെച്ചപ്പെടുത്തുന്നതിനായി വിപുലമായ ഫിറ്റ്നസ് പവലിയൻ, ജിം എന്നിവയുൾപ്പെടെ സാമൂഹിക നിലവാരവും സ്ത്രീ സൗഹൃദ അന്തരീക്ഷവും കണക്കിലെടുത്താണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വോളിബോൾ, ബാസ്ക്കറ്റ് ബോൾ തുടങ്ങിയവ കളിക്കാനുള്ള കോർട്ടുകൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലറ്റുകൾ, വസ്ത്രം മാറ്റുന്ന മുറികൾ, കോഫി ഷോപ്പ് തുടങ്ങിയ സൗകര്യങ്ങൾ ലേഔട്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. 1.00 ഏക്കറിൽ കുറയാത്ത വിസ്തീർണ്ണമുള്ള തുറസ്സായ സ്ഥലത്താണ് സൗകര്യങ്ങൾ നിർദേശിച്ചിരിക്കുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഒരെണ്ണം എന്ന കണക്കിൽ ഈ പദ്ധതി അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

ഒരു പദ്ധതിക്ക് സംസ്ഥാന ഫണ്ട് 50.00 ലക്ഷം രൂപയായി പരിമിതപ്പെടുത്തും. (ഒരു കളിസ്ഥലത്തിന്റെ ഏകദേശ ചെലവ് 100.00 ലക്ഷം രൂപയാണ്). സംസ്ഥാന പ്ലാൻ ഫണ്ട്, എംഎൽഎമാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സിഎസ്ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് ഫണ്ട് സ്വരൂപിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡൻറ് അധ്യക്ഷനും വാർഡ് കൗൺസിലർമാർ, കായിക വകുപ്പ്/സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സ് ക്ലബ്ബുകളുടെ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളുമായ കമ്മിറ്റിയാണ് ഇങ്ങനെ സൃഷ്ടിക്കുന്ന ആസ്തികൾ കൈകാര്യം ചെയ്യുന്നത്.

ഇത് പ്രധാനമായും സമൂഹത്തിന്റെ ആരോഗ്യം, ക്ഷേമം, സന്തോഷം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മെച്ചപ്പെട്ട സാമൂഹിക ഇടപെടലാണ് പദ്ധതിയുടെ അധിക നേട്ടം. മദ്യം, മയക്കുമരുന്ന്, വർഗീയ, മറ്റ് ഭിന്നതകൾ തുടങ്ങിയ സാമൂഹിക തിന്മകളിൽ നിന്ന് അകന്നു നിൽക്കാൻ യുവാക്കളെ സഹായിക്കുന്നു. സംസ്ഥാനത്തിന്റെ ഭാവി മനുഷ്യവിഭവശേഷിയിലേക്കുള്ള നിക്ഷേപമാണിത്.

2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുടനീളം 111 കളിസ്ഥലങ്ങൾ പദ്ധതിക്ക് കീഴിൽ തിരഞ്ഞെടുത്തു. ഒരു പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്ന നിലയിൽ അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജില്ലകളിലും അത്തരമൊരു കേന്ദ്രമെങ്കിലും സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രദേശത്തെ ജനങ്ങൾക്കിടയിൽ ഒരു കായിക സംസ്കാരം പ്രോത്സാഹിപ്പിക്കുമെന്നും ആരോഗ്യകരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

### സ്റ്റേഡിയങ്ങൾ

വളർന്നുവരുന്ന കായിക പ്രതിഭകൾ, മെച്ചപ്പെട്ട പ്രകടനത്തിന് ഊന്നൽ നൽകൽ, കുട്ടികളുടെയും യുവാക്കളുടെയും ആത്മവിശ്വാസം വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്ന ഒരു പ്രാഥമിക ആവശ്യകതയാണ് പരിസ്ഥിതി സൗഹാർദ്ദപരമായ ആവാസ വ്യവസ്ഥ. 36 സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ട്. കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച, വിവരങ്ങൾ **പട്ടിക. 9.2.1** ലും പൂർണ്ണമായ വിവരങ്ങൾ **അനുബന്ധം 9.2.1**-ലും നൽകിയിരിക്കുന്നു.

### സ്പോർട്സ് കേരള ഫൗണ്ടേഷൻ

സംസ്ഥാനത്തെ സ്റ്റേഡിയത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി, 2021-22 ൽ കേരള സർക്കാർ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതുമേഖലാ സംരംഭം (പിഎസ്‌ഇ) രൂപീകരിച്ചു. ആസ്തി നിർമ്മാണം, മാനേജ്മെന്റ് കമ്പനി എന്ന ഇരട്ട ലക്ഷ്യങ്ങളോടെ ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ ഇത് പ്രവർത്തിക്കുന്നു. സ്വയം സുസ്ഥിരമായ വരുമാനം ഉണ്ടാക്കുന്ന കായിക ആസ്തികൾ വികസിപ്പിക്കുന്നതിലും കേരളത്തിലെ കായിക വികസനത്തിനായി താഴെ തട്ടിലുള്ള വിവിധ പ്രോഗ്രാമുകളും പദ്ധതികളും നടത്തുന്നതിൽ ശ്രദ്ധ ഇത് കേന്ദ്രീകരിക്കുന്നു. കേരള സംസ്ഥാനത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള നോഡൽ ഏജൻസിയായും ഇത് പ്രവർത്തിക്കുന്നു.

### II. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

കേരള സ്പോർട്സ് ആക്ട് 2000 (2001 ലെ ആക്ട് 2) പ്രകാരം രൂപീകരിച്ച ഒരു നിയമപരമായ സ്ഥാപനമാണ് കേരള സംസ്ഥാന കായിക സമിതി. ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 1954 ൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്ഥാപിക്കുകയും കേരള സ്പോർട്സ് കൗൺസിൽ എന്ന പേരിൽ കേരളത്തിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിന് 1974 ൽ പുനസംഘടിപ്പിക്കുകയും ചെയ്തു. കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുകയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ വരികയും കേരള സ്പോർട്സ് ആക്ട് 2000, കേരള സ്പോർട്സ് റൂൾസ് 2008 എന്നിവ പ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു.

### സ്പോർട്സ് അക്കാദമികൾ

വിവിധ കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നതതല പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ **(അനുബന്ധം.9.2.2)** വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു. കൂടാതെ, കൗൺസിലിന്റെ സഹായത്തോടെ യഥാക്രമം 51 സ്പോർട്സ് അക്കാദമികളും 23 സ്പോർട്സ് അക്കാദമികളും കോളേജ്, സ്കൂൾ തലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്, പട്ടികകൾ **അനുബന്ധം. 9.2.3, അനുബന്ധം. 9.2.4** എന്നിവയിൽ നൽകിയിരിക്കുന്നു. ഭാവി വാഗ്ദാനമായ കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തിരഞ്ഞെടുക്കുന്നു. അക്കാദമികളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ്, ലോഡ്ജിംഗ് ചാർജുകളാണ് നൽകുന്നത്. കൂടാതെ, അവരുടെ ചികിത്സാ ചെലവുകളും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവുകളും ദൈനംദിന ചെലവുകളും കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ നേതൃത്വത്തിൽ വിദഗ്ധരാണ് ഇവർക്ക് പരിശീലനം നൽകുന്നത്. അക്കാദമികളിൽ പരിശീലനത്തിനായി

**പട്ടിക 9.2.1** ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ

| ക്രമ നം. | സ്റ്റേഡിയത്തിന്റെ പേര് | ഉപയോഗം | ഇരിപ്പിടങ്ങളുടെ എണ്ണം (ഏകദേശ എണ്ണം) |
|---|---|---|---|
| 1 | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ) | 80000 |
| 2 | കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, തിരുവനന്തപുരം | (ക്രിക്കറ്റ്/ഫുട്ബാൾ) | 50000 |
| 3 | ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം, കൊല്ലം | ഔട്ട് ഡോർ | 30000 |
| 4 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | ഔട്ട് ഡോർ (ഫുട്ബാൾ/അത്ലറ്റിക്സ്) | 25000 |
| 5 | മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട് | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ/അത്ലറ്റിക്സ് | 15000 |
| 6 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ) | 15000 |
| 7 | രാജീവ് ഗാന്ധി സ്റ്റേഡിയം, കൊച്ചി | ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോട്സ്) | 10000 |
| 8 | ഹോക്കി സ്റ്റേഡിയം, കൊല്ലം | ഔട്ട്ഡോർ സ്റ്റേഡിയം (ഹോക്കി) | 5000 |
| 9 | ഇൻഡോർസ്റ്റേഡിയം, കണ്ണൂർ | ഇൻഡോർ സ്റ്റേഡിയം (മൾട്ടി സ്പോട്സ്) | 5000 |
| 10 | നീന്തൽകുളം, പിരപ്പൻകോട്, തിരുവനന്തപുരം | നീന്തൽകുളം | 5000 |

ഉറവിടം: കായിക യുവജനകാര്യ ഡയറക്ടറേറ്റ്

**ബോക്സ് 9.2.2** കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ 2021-22 ലെ നേട്ടങ്ങൾ

- കായിക യുവജനകാര്യ ഡയറക്ടറേറ്റ്, ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് അന്താരാഷ്ട്ര പങ്കാളിത്ത പരിപാടിയിലൂടെ മാസ്റ്റർ ട്രെയിനർമാർക്കായി ഒരു പരിശീലന പരിപാടി നടത്തി.
- അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ കളിക്കാരെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് 2021-22 ൽ തിരുവനന്തപുരം ജിവി രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചു.
- കേരളം ആതിഥേയത്വം വഹിച്ച ഇരുപത്തിയാറാമത് സീനിയർ വനിതാ ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് വിജയകരമായി സംഘടിപ്പിച്ചു. 2021 നവംബർ 28 മുതൽ ഡിസംബർ 9 വരെ കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 4 വേദികളിലായി നടന്ന ചാമ്പ്യൻഷിപ്പിൽ 8 ഗ്രൂപ്പുകളിലായി 32 ടീമുകൾ പങ്കെടുത്തു.
- ഫിഫ വേൾഡ് കപ്പ് 2022, നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2021-22 എന്നിവയ്ക്ക് മുന്നോടിയായി, സ്കൂൾ കുട്ടികൾക്കിടയിൽ ഫുട്ബോൾ കളി ജനകീയമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വൺ മില്യൺ ഗോൾ കാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുമായി സഹകരിച്ച് കളരിപ്പയറ്റിനെ ലോകോത്തര കായിക ഇനമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി കളരിപ്പയറ്റിനെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ അടങ്ങിയ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- യുവജനങ്ങളിൽ നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും യുവ വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ ജില്ലാ ഭരണകൂടത്തിന് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുമായി സഹകരിച്ച് യുവ കേരള ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.
- നിലവിലുള്ള സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ, നീന്തൽക്കുളങ്ങൾ, മറ്റ് സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നവീകരണം 2021-22 വർഷത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടത്തി.
- കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ കുന്നംകുളം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ 2021-22ൽ പ്രവർത്തനം ആരംഭിച്ചു.
- തിരുവനന്തപുരത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിലും കണ്ണൂരിലെ സ്പോർട്സ് ഡിവിഷനിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുകയും ഈ സ്കൂളുകളിലെ കുട്ടികൾക്കായി "പോഷകാഹാര പദ്ധതികൾ", "ഇൻസ്പയർ സ്കോളർഷിപ്പുകൾ", "ടാലന്റ് ഹണ്ട്", "ക്യാഷ് അവാർഡ് ഇൻസെന്റീവ് സ്കീം" തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുകയും ചെയ്തു.
- ജി.വി.രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക പ്രകടനം വിലയിരുത്തുന്നതിനായി മസിൽ ബയോപ്സി ടെസ്റ്റ് നടത്തി.

ഉറവിടം: കായിക യുവജനകാര്യ ഡയറക്ടറേറ്റ്

കായിക ഉപകരണങ്ങളും സ്പോർട്സ് കിറ്റുകളും കൗൺസിൽ നൽകുന്നുണ്ട്.

### റൂറൽ കോച്ചിംഗ് സെന്ററുകളും ഡേ ബോർഡിംഗ് സെന്ററുകളും

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിലെ പരിശീലകർക്ക് പ്രതിഫലവും ഓരോ വിദ്യാർത്ഥിക്കും ഒരു ദിവസം 25 രൂപ വീതം പ്രതിമാസ ഗ്രാന്റും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി പ്രകാരം നൽകുന്നു. 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിലായി 61 ബോർഡിംഗ് സെന്ററുകളുണ്ട്. പരിശീലകർക്ക് ആവശ്യമായ കായിക ഉപകരണങ്ങളും ലഘുഭക്ഷണവും കൗൺസിൽ നൽകുന്നു. ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേനയാണ് ഡേ ബോർഡിംഗ് സ്കീമിനുള്ള ധനസഹായം നൽകുന്നത്.

### മികവിന്റെ കേന്ദ്രങ്ങൾ (എലൈറ്റ് ട്രെയിനിംഗ് സെന്റർ– അത്ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ)

കായിക പ്രതിഭകളായ യുവതാരങ്ങളിൽ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ, കോമൺവെൽത്ത്, ഒളിംപിക് ഗെയിംസുകളിൽ മെഡലുകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി

അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ വിവിധ മേഖലകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് സ്കീം നടപ്പാക്കിയിട്ടുണ്ട്.

മികച്ച കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തിരഞ്ഞെടുക്കുകയും അവർക്ക് വിദഗ്ധ പരിശീലകരുടെ കീഴിൽ പരിശീലനം, വൈദ്യചികിത്സ, പഠന സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു. നിലവിൽ എലൈറ്റ് സ്കീമിന് കീഴിൽ 4 മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു (**പട്ടിക 9.2.2**).

**പട്ടിക 9.2.2** എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ

| സെന്റർ | വിദ്യാർത്ഥികളുടെ എണ്ണം | കോച്ചുകളുടെ എണ്ണം |
|---|---|---|
| ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ കാര്യവട്ടം (അത്‌ലറ്റിക്സ്) | 10 | 2 |
| തൃപ്രയാർ വോളിബോൾ അക്കാദമി, തൃശ്ശൂർ | 23 | 1 |
| ബാസ്ക്കറ്റ് ബോൾ അക്കാദമി, കണ്ണൂർ | 9 | 1 |
| ഫുട്ബോൾ അക്കാദമി, എറണാകുളം | 6 | 1 |

ഉറവിടം: കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

**വിവിധ അവാർഡുകൾ**
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ തരം അവാർഡുകൾ **പട്ടിക 9.2.3** ലും 2019 ലെ അവാർഡ് ജേതാക്കളെ **അനുബന്ധം 9.2.5** ലും നൽകിയിരിക്കുന്നു.

**ഡോ. എപിജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി**
നമ്മുടെ സംസ്ഥാനത്തെ പ്രമുഖ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്നതാണ് ഡോ.എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി. ഈ സ്കീമിന് കീഴിൽ, 14 നും 20 നും ഇടയിൽ പ്രായമുള്ള 11 കായികതാരങ്ങൾക്ക് പ്രതിവർഷം ₹ 10,000/- സ്കോളർഷിപ്പ് നൽകുന്നു. അതാത് വർഷത്തെ പ്രകടനത്തിന്റെ അടിസ്ഥാ നത്തിലാണ് അർഹരായ കായികതാരങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 24 വയസ്സ് പൂർത്തിയാകുന്നതുവരെ അല്ലെങ്കിൽ പരമാവധി അഞ്ച് വർഷം വരെ സ്കോളർഷിപ്പ് നൽകും.

**കായിക ക്ഷമത മിഷൻ**
വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരിക ക്ഷമത മെച്ചപ്പെടുത്താൻ വിഭാവനം ചെയ്യുന്നതാണ് കായിക ക്ഷമത മിഷൻ. പദ്ധതിയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ, സ്കൂളിലെ വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള ഫിറ്റ്നസ് ലെവൽ വിലയിരുത്തിയതിൽ നിന്നും സ്കൂളുകളിലെ 80 ശതമാനത്തിലധികം വിദ്യാർത്ഥികളുടെയും ഫിറ്റ്നസ് ആവശ്യമുള്ള നിലവാരത്തിന് താഴെയാണെന്ന് പരിശോധനാഫലങ്ങൾ കാണിക്കുന്നു. കായിക ക്ഷമതാ മിഷന്റെ രണ്ടാം ഘട്ടത്തിൽ വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും ശാരീരിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിഭാവനം ചെയ്തിരിക്കുന്നു. പരിപാടിയുടെ നടത്തിപ്പിന്റെയും നിരീക്ഷണത്തിന്റെയും എളുപ്പത്തിനായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും നാല് ഗ്രൂപ്പുകളായി തരംതിരിച്ചിരിക്കുന്നു. വിഭാഗങ്ങൾ ഇവയാണ്:

- നഴ്സറി മുതൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
- അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ളവർക്കും യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും
- യുവാക്കളും ജോലി ചെയ്യുന്ന പ്രൊഫഷണലുകളും
- മുതിർന്ന പൗരന്മാർ

കേരള സർക്കാരിന്റെ വിവിധ വകുപ്പുകളായ കേരള സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**വനിതാ ഫുട്ബോൾ അക്കാദമി**
രാജ്യത്തെ ഏറ്റവും മികച്ച ഫുട്ബോൾ പാരമ്പര്യമാണ് കേരളത്തിനുള്ളത്. എന്നാൽ സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് പരിമിതമായ പദ്ധതികൾ മാത്രമാണുള്ളത്. താമസത്തിനും പരിശീലനത്തിനും അനുയോജ്യമായ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള അതുല്യമായ അക്കാദമിയാണ് ലക്ഷ്യം. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ അഞ്ച് വർഷമാണ് പരിശീലന കാലയളവ്. ഇത് രണ്ട് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. 3 വർഷത്തിനു ശേഷം (8 ,9,10) ഉയർന്ന നിലവാരം പുലർത്തുന്നവരെ അടുത്ത 2 വർഷത്തേക്ക് (+1,+2 ക്ലാസ്). 25 പെൺകുട്ടികളെ അക്കാദമിയിലേക്ക് തിരഞ്ഞെടുക്കും. എറണാകുളത്തെ പനമ്പിള്ളി നഗറിലാണ് അക്കാദമി സ്ഥാപിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പാക്കുന്നത്.

**കേരള സംസ്ഥാന സ്കൂൾ സ്പോർട്സും ഗെയിമുകളും**
പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വർഷവും സ്കൂൾ കുട്ടികൾക്കായി കായിക വിനോദങ്ങളും ഗെയിമുകളും നടത്തുന്നു. എല്ലാ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിലും ഗെയിംസ്, അത്‌ലറ്റിക്സ് എന്നിവയിൽ സ്കൂൾ തല മത്സരങ്ങൾ നടത്തപ്പെടുന്നു. അക്വാറ്റിക്സ്, അത്‌ലറ്റിക്സ്, 17 വിഭാഗം മറ്റ് ഗെയിമുകൾ എന്നിവയ്ക്കായി സീനിയർ (19 വയസ്സിന് താഴെ), ജൂനിയർ (17 വയസ്സിന് താഴെ), സബ് ജൂനിയർ (14 വയസ്സിന് താഴെ), കിഡ്ഡീസ് (12 വയസ്സിന് താഴെ), എൽപി കിഡ്ഡീസ് (10 വയസ്സിന് താഴെ) എൽപി മിനി (8 വയസ്സിൽ താഴെ)എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായാണ് സ്കൂൾതല മത്സരങ്ങൾ നടക്കുന്നത്. സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സ്പോർട്സും ഗെയിമുകളും നടത്തപ്പെടുന്നു. രണ്ട് മാസത്തേക്ക് മാത്രം ഓഫ്‌ലൈൻ ക്ലാസുകൾ നടത്തിയതിനാൽ 2021-22 വർഷത്തിൽ സംസ്ഥാന സ്കൂൾ സ്പോർട്സും ഗെയിമുകളും നടത്തിയില്ല.

2014-ലെ ദേശീയ യുവജന നയം, രാജ്യത്തെ യുവജനങ്ങൾക്കായുള്ള ഇന്ത്യാ ഗവൺമെന്റിന്റെ കാഴ്ചപ്പാട് നിർവചിക്കുകയും യുവജന വികസനം വേണ്ടത്ര പ്രാപ്തമാക്കുന്നതിനും എല്ലാ തല്പരകക്ഷികൾക്കും ആവശ്യമായ പ്രധാന മേഖലകൾ തിരിച്ചറിയാൻ ശ്രമിക്കുകയും അതിനുള്ള ഒരു ചട്ടക്കൂട് നൽകുന്നതിനും വേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് ഇന്ത്യയിലെ യുവജനങ്ങൾക്ക്

**പട്ടിക 9.2.3** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ

| നമ്പർ | അവാർഡുകൾ | വിവരണം |
|---|---|---|
| 1 | ജി വി രാജ അവാർഡ് | കേരളത്തിലെ ഏറ്റവും മികച്ച പുരുഷ-വനിതാ കായികതാരങ്ങൾക്കുള്ള ലെഫ്. കേണൽ ഗോദവർമ്മ രാജയുടെ പേരിൽ കൗൺസിൽ ഏർപ്പെടുത്തിയ പരമോന്നത കായിക ബഹുമതിയാണ് ജി.വി.രാജ അവാർഡ്.<br>മൂന്നുലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത് |
| 2 | ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് | ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സ്മരണാർത്ഥം ദേശീയ അന്തർദേശീയ കായികരംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികൾക്കായി ഏർപ്പെടുത്തിയ പുരസ്കാരമാണിത്.<br>ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത് |
| 3 | മികച്ച കായിക പരിശീലകൻ | കേരളത്തിലെ മികച്ച കായിക പരിശീലകന് ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും നൽകും. |
| 4 | മറ്റ് കായിക അവാർഡുകൾ | മികച്ച കായിക അധ്യാപകൻ (സ്കൂൾ തലം)<br>മികച്ച കായിക അധ്യാപകൻ (കോളേജ് തലം)<br>മികച്ച കായിക മികവു നേടിയ കോളേജ്<br>മികച്ച കായിക മികവു നേടിയ സ്കൂൾ<br>മികച്ച സ്പോർട്സ് അക്കാദമി - സ്കൂൾ തലം (ആൺകുട്ടികളും പെൺകുട്ടികളും)<br>മികച്ച സ്പോർട്സ് അക്കാദമി - കോളേജ് തലം (പുരുഷൻമാരും സ്ത്രീകളും)<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |
| 5 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മീഡിയ അവാർഡ് | മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർ<br>മികച്ച വിഷ്വൽ മീഡിയ ഫീച്ചർ<br>മികച്ച കായിക പുസ്തകം<br>മികച്ച സ്പോർട്സ് ജേർണലിസ്റ്റ്<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |

ഉറവിടം: കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

**ബോക്സ് 9.2.3.** ബർമിംഗ്ഹാം കോമൺവെൽത്ത് ഗെയിംസ് 2022

2022 ജൂലൈ 28 മുതൽ ഓഗസ്റ്റ് 8 വരെ ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ നടന്ന 2022 കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യ മത്സരിച്ചു. കോമൺവെൽത്ത് ഗെയിംസിലെ ഇന്ത്യയുടെ പതിനെട്ടാമത്തെ മത്സരമായിരുന്നു ഇത്. 106 പുരുഷന്മാരും 104 വനിതകളുമടങ്ങുന്ന ഇന്ത്യൻ ടീം 16 കായിക ഇനങ്ങളിലായി മത്സരിച്ചു. മെഡൽ പട്ടികയിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയത് ഗുസ്തിക്കാരായിരുന്നു, 3 സ്വർണമെഡലുകളോടെ ഏറ്റവും മികച്ച ഇന്ത്യൻ അത്‌ലറ്റായിരുന്നു ശരത് കമൽ. ഗെയിംസിൽ ഇന്ത്യ 61 മെഡലുകൾ (22 സ്വർണം, 16 വെള്ളി, 23 വെങ്കലം) നേടി നാലാം സ്ഥാനത്തെത്തി.

മൊത്തം 61 മെഡലുകളിൽ നിന്ന് ആറ് മെഡലുകൾ നേടിയത് കേരള അത്‌ലറ്റുകളാണ്. മെഡൽ വിശദാംശങ്ങൾ ഇപ്രകാരമാണ്

**ബർമിംഗ്ഹാം കോമൺവെൽത്ത് ഗെയിംസ് 2022, കേരളത്തിന്റെ മെഡൽ പട്ടിക**

| ഇനം | കായികതാരം | മെഡൽ |
|---|---|---|
| പുരുഷന്മാരുടെ ട്രിപ്പിൾ ജമ്പ് | എൽദോസ് പോൾ | സ്വർണ്ണം |
| പുരുഷന്മാരുടെ ട്രിപ്പിൾ ജമ്പ് | അബ്ദുല്ല അബൂബക്കർ | വെള്ളി |
| ലോങ് ജമ്പ് | മുരളി ശ്രീശങ്കർ | വെള്ളി |
| ബാഡ്മിന്റൺ ഡബിൾസ് | ട്രീസ ജോളി | വെങ്കലം |
| ബാഡ്മിന്റൺ മിക്സഡ് ഡബിൾസ് | ട്രീസ ജോളി | വെള്ളി |
| ഹോക്കി | പി.ആർ. ശ്രീജേഷ് (ഗോൾ കീപ്പർ) | വെള്ളി |

ഒരു സമഗ്രമായ കാഴ്ചപ്പാട് നൽകുന്നു, അത് "രാജ്യത്തെ യുവാക്കളെ അവരുടെ മുഴുവൻ കഴിവുകളും നേടുന്നതിന് ശാക്തീകരിക്കുകയും അവരിലൂടെ രാഷ്ട്രങ്ങളുടെ സമൂഹത്തിൽ അതിന്റെ ശരിയായ സ്ഥാനം കണ്ടെത്താൻ ഇന്ത്യയെ പ്രാപ്തരാക്കുകയും ചെയ്യുന്നു". 15-29 വയസ്സിനിടയിലുള്ള വ്യക്തികളെയാണ് നയം 'യുവജനങ്ങൾ' എന്ന് നിർവചിക്കുന്നത്.

### III. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985-ൽ രൂപീകരിച്ചു. യുവജനക്ഷേമ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ബോർഡിന്റെ പ്രധാന ലക്ഷ്യം.തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതിന് യൂത്ത് ക്ലബുകൾക്കും സംഘടനകൾക്കും ബോർഡ് ധനസഹായം നൽകി വരുന്നു.

**പ്രധാന പ്രവർത്തനങ്ങൾ:**

- **യുവശക്തി:** പ്രതിമാസ ഓണറേറിയം അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർമാരാണ് യുവശക്തി പരിപാടി ഏകോപിപ്പിക്കുന്നത്. യൂത്ത് ക്ലബ്ബുകൾ സംഘടിപ്പിക്കുക,

സാമൂഹിക വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, സാമൂഹിക വളർച്ചയ്ക്കുവേണ്ടിയുള്ള മറ്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കേരളോത്സവത്തിൽ യുവജന പങ്കാളിത്തം വർധിപ്പിക്കുക, ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ താഴെ തലത്തിലേക്ക് കൊണ്ടുവരിക എന്നിവയാണ് യൂത്ത് കോർഡിനേറ്റർമാരുടെ പ്രധാന ചുമതലകൾ.

- **വിവിധ ക്ലബ്ബുകൾ–** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ബോധവൽക്കരണ പരിപാടികൾ, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, ആരോഗ്യ പ്രചാരണങ്ങൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ, സ്പോർട്സ് കിറ്റ് വിതരണം, യൂത്ത് കേരള എക്സ്പ്രസ് റിയാലിറ്റി ഷോ എന്നിവയിലൂടെ പട്ടികജാതി-പട്ടികവർഗ കോളനികളിലെയും തീരപ്രദേശങ്ങളിലെയും യുവജന ക്ലബ്ബുകളെ ശാക്തീ കരിക്കാൻ ലക്ഷ്യമിടുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത വിവിധ ക്ലബ്ബുകളുടെ വിശദാംശങ്ങൾ **പട്ടിക 9.2.4** ൽ നൽകിയിരിക്കുന്നു.

2021-22ൽ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വിവിധ ക്ലബ്ബുകളിൽ നിന്ന് സംസ്ഥാനത്തുടനീളമുള്ള 1,11,800 യുവാക്കൾക്ക് പ്രയോജനം ലഭിച്ചു, ഇതിൽ 52,000 സ്ത്രീകളും 1,400 ട്രാൻസ്ജെൻഡർമാരുമാണ്. ഓരോ ക്ലബ്ബിന്റെയും പ്രവർത്തനങ്ങൾക്ക് 5,000 രൂപ സാമ്പത്തിക സഹായം നൽകുന്നു.

- **കേരളത്തിലെ ദേശീയ നാടോടി ഉത്സവം:** രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ തദ്ദേശീയ നാടോടി കലകളെ പ്രോത്സാഹിപ്പിക്കുവാനാണ് കേരളത്തിലെ ദേശീയ നാടോടി ഉത്സവം ലക്ഷ്യമിടുന്നത്. ദേശീയ ഫോക്ക് ഫെസ്റ്റിന്റെ പ്രതിനിധി സംഘത്തിൽ സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്നു, അവർ അവരുടെ തനത് നാടൻ കലകളും സാംസ്കാരിക പരിപാടികളും അവതരിപ്പിക്കുന്നു, സമൂഹത്തിലെ യുവ പ്രതിഭകളുമായി സംവദിക്കുകയും മറ്റുള്ളവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠി ക്കുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകൾക്ക് കേരളത്തിലെ കുടുംബ ങ്ങളുമായി പരിചയപ്പെടാനും ജനങ്ങളുടെ കുടുംബജീവിതം, സംസ്കാരം, ജീവിതരീതി എന്നിവ അനുഭവിച്ചറിയുന്നതിന് അവസരം ലഭിക്കുന്നു. 2021-22ൽ കേരളത്തിൽ നിന്നും

**പട്ടിക 9.2.4** വിവിധ തരം ക്ലബ്ബുകളും അവയുടെ പ്രവർത്തനങ്ങളും

| നമ്പർ | ക്ലബ്ബുകളുടെ പേര് | ക്ലബ്ബുകളുടെ/ ഗുണഭോക്താക്കളുടെ എണ്ണം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | കാർഷിക ക്ലബ്ബുകൾ (കതിർ) | 140/7000 | കൃഷിയിൽ താൽപ്പര്യമുള്ള യുവാക്കളെ പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും യുവജന സംഘങ്ങൾക്ക് അവസരങ്ങൾ നൽകാനും സഹായിക്കുന്നു. | കാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു |
| 2 | വനിതാ ക്ലബ്ബുകൾ (അവളിടം) | 1040/52000 | സ്ത്രീ ശാക്തീകരണത്തിന്റെയും യുവതികളെ മുഖ്യധാരായിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി, സ്വയം പര്യാപ്തത നേടാനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനും സഹായിക്കുന്നു. | സ്ത്രീധനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള പരിപാടികൾ, സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം, ആരോഗ്യ മുൻനിര സേവനങ്ങൾ. |
| 3 | ഭിന്നശേഷികാർക്കുള്ള ക്ലബ്ബുകൾ (യെസ്) | 14/1400 | ബുദ്ധിപരമായി വൈകല്യമുള്ളവരുടെ സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുകയും അവരിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | യാത്രകൾ സംഘടിപ്പിക്കുക, പ്രമുഖരുമായി ആശയവിനിമയം നടത്തുക, വിവിധ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക |
| 4 | ട്രാൻസ്ജെൻഡർ ക്ലബ്ബുകൾ (മാരിവില്ല്) | 14/1400 | സമൂഹത്തിലെ ട്രാൻസ്ജെൻഡറുകളെ മുഖ്യധാരയിലേക്ക് എത്തിക്കുകയും, അവരെ സ്വയംപര്യാപ്തരാക്കുകയും അവരിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നു. |
| 5 | യൂത്ത് ക്ലബ്ബുകൾ (യുവ) | 290/50000 | സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും സാമൂഹിക പ്രവർത്തന രംഗത്ത് അവരെ സജീവമായി ഉൾപ്പെടുത്തുകയും ചെയ്യുക. | യുവജനങ്ങൾക്ക് പ്രയോജനകരമായ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. |

ഉറവിടം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

**ബോക്സ് 9.2.4** 2021-22 ലെ കേരള യുവജനക്ഷേമ ബോർഡിന്റെ നേട്ടങ്ങൾ

- ജില്ലകളിൽ യുവ കർഷക സംഗമം, കാർഷിക ഉൽപന്ന പ്രദർശനം, കാർഷിക ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു.
- യുട്യൂബ് ചാനലിലൂടെയും ബോർഡിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പിഎസ്‌സി, യുപിഎസ്‌സി, റെയിൽവേ, സിവിൽ സർവീസസ്, കരിയർ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകി.
- പ്രമുഖ സാഹിത്യകാരന്മാരെയും വളർന്നുവരുന്ന യുവ എഴുത്തുകാരെയും പങ്കെടുപ്പിച്ചുകൊണ്ട് കോഴിക്കോട്, കൊല്ലത്ത് 2 സ്ഥലങ്ങളിൽ സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിച്ചു.
- റീൽസ് - 2021 എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും 158 സിനിമകൾ സ്ക്രീൻ ചെയ്യുകയും 30 ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. പത്ത് ചിത്രങ്ങളാണ് അവാർഡിനായി തിരഞ്ഞെടുത്തത്. റീൽസ് - ഷോർട്ട് ഫിലിം ഫെസ്റ്റിവലിന്റെ അന്തിമ പ്രദർശനവും അവാർഡ് വിതരണവും 2022 മാർച്ച് 21 ന് ആലപ്പുഴ ജില്ലയിലെ ശ്രീ തിയേറ്ററിൽ സംഘടിപ്പിച്ചു.
- ശ്രീ കലാഭവൻ മണിയുടെ ചരമവാർഷിക ദിനത്തിൽ "മണിനാദം" എന്ന പേരിൽ സംസ്ഥാനതല നാടോടിക്കഥ മത്സരം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ നടത്തി.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള 350 കലാകാരന്മാർ മൂന്ന് ദിവസത്തെ ഉത്സവത്തിൽ വിവിധ നാടൻ കലകൾ അവതരിപ്പിച്ചു.

- **കേരളോത്സവം:** സാംസ്കാരിക, കല, കായിക രംഗങ്ങളിൽ യുവാക്കൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം സംഘടിപ്പിക്കുന്നത്. ഈ ഫെസ്റ്റിവലിൽ 15-35 വയസ്സിനിടയിലുള്ള യുവജനങ്ങൾക്ക് ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സാംസ്കാരിക, കലാ, കായിക മത്സരങ്ങളിൽ പങ്കെടുക്കാം. 14 ജില്ലകളിലും പ്രാഥമിക ജില്ലാതല പരിപാടികൾ നടത്തുന്നു. ഈ പരിപാടിയിൽ പ്രതിവർഷം 5 ലക്ഷം യുവജനങ്ങളും 6000 ക്ലബ്ബുകളും പങ്കെടുക്കുന്നു. വിജയികൾക്ക് പ്രാദേശിക സർക്കാർ തലത്തിലും ജില്ലാതലത്തിലും ക്യാഷ് പ്രൈസും സംസ്ഥാന തലത്തിൽ ഉയർന്ന പോയിന്റ് നേടുന്ന വ്യക്തിഗത ചാമ്പ്യന്മാർക്കുള്ള ട്രോഫിയും നൽകും. 2021-22ൽ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ വഴിയാണ് ഓൺലൈൻ കേരളോത്സവം സംഘടിപ്പിച്ചത്. ജില്ലാതല കേരളോത്സവത്തിൽ 8013 മത്സരാർത്ഥികളും 929 ക്ലബ്ബുകളും പങ്കെടുത്തു. സംസ്ഥാനതല കേരളോത്സവത്തിൽ 517 മത്സരാർത്ഥികളും 112 ക്ലബ്ബുകളും പങ്കെടുത്തു. മത്സരാർത്ഥികളുടെയും ക്ലബ്ബുകളുടെയും പങ്കാളിത്തം കണക്കിലെടുക്കുമ്പോൾ, സംസ്ഥാനത്തുടനീളമുള്ള 70,000 യുവാക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

- **കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്(ടീം കേരള):** പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവജന സന്നദ്ധ പ്രവർത്തകരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സന്നദ്ധ സേനയാണ് കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സ് (കെ.വി.വൈ.എഫ്). ആദ്യ ഘട്ടത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച സന്നദ്ധ സേവന സേനയായ കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിനെ രൂപീകരിക്കുകയും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റൻമാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകുന്ന പദ്ധതിയും പൂർത്തിയാക്കി. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 1,034 ക്യാപ്റ്റൻമാർക്കാണ് പരിശീലനം നൽകിയത്. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ദുരന്തനിവാരണം, പ്രഥമശുശ്രൂഷ, കായിക പരിശീലനം, വ്യക്തിത്വ വികസനം, സാന്ത്വന പരിചരണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഓരോ ജില്ലയിൽനിന്നും 100 അംഗങ്ങളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി. ഇതുകൂടാതെ യൂണിഫോം, ഷൂ, തൊപ്പി എന്നിവയും തയ്യാറാക്കി പഞ്ചായത്ത് തല ക്യാപ്റ്റൻമാർക്ക് നൽകുന്നുണ്ട്. പരിശീലനം ലഭിച്ച കേരള ടീം അംഗങ്ങളുടെ നേതൃത്വത്തിൽ 2022 മാർച്ച് 30ന് ജനസഭ എന്ന പേരിൽ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. യുവാക്കളുടെ സ്വന്തം സന്നദ്ധ സേവന സേനയെ താഴെത്തട്ടിലെത്തിക്കുക, യുവാക്കളിൽ സന്നദ്ധസേവനം ചെയ്യാൻ താൽപര്യം ജനിപ്പിക്കുക, അവരെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക, ദുരന്തങ്ങൾ, പകർച്ചവ്യാധികൾ, മറ്റ് അടിയന്തര സാഹചര്യങ്ങൾ എന്നിവയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രാദേശിക യുവാക്കളെ സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ടീം കേരള പ്രവർത്തിക്കുന്നത്. ഈ സേനയുടെ പ്രവർത്തനം നമ്മുടെ സംസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായി മാറുന്നു. യുവാക്കളുടെ മാനവിക വിഭവശേഷി സാമൂഹിക നന്മയ്ക്കായി വിനിയോഗിക്കാനും അതിലൂടെ അവരിൽ അർപ്പണബോധവും ത്യാഗ സന്നദ്ധതയും വളർത്തിയെടുക്കാനും ടീം കേരളയ്ക്ക് കഴിയുന്നുണ്ട്. ഏകദേശം 60,000 യുവാക്കൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

### മറ്റ് യുവജന വികസന പരിപാടി

സമൂഹത്തിലെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച യുവതാരങ്ങൾക്ക് സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി ബോർഡ് ആദരിക്കുന്നു. മികച്ച യൂത്ത് ക്ലബ്ബിന് ജില്ലാടിസ്ഥാനത്തിൽ അവാർഡ് നൽകുകയും അവരിൽ ഒരാളെ സംസ്ഥാന തലത്തിൽ അവാർഡിന് തിരഞ്ഞെടുക്കുകയും ചെയ്യുന്നു. യുവ മാധ്യമപ്രവർത്തകർക്കും ജേർണലിസം വിദ്യാർത്ഥികൾക്കുമായി ബോർഡ് മീഡിയ ക്യാമ്പുകൾ സംഘടിപ്പിച്ചു. യുവജനങ്ങൾക്കായി വിവിധ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ജില്ലാ യുവജന കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ യുവജന പദ്ധതികൾക്ക് ധനസഹായം നൽകുകയും ചെയ്യുന്നു. മാധ്യമരംഗത്ത് ഉയർന്നുവരുന്ന പ്രവണതകളെക്കുറിച്ച് യുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സോഷ്യൽ മീഡിയ ശിൽപശാലകളും സെമിനാറുകളും സംഘടിപ്പിച്ചു. സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും 'ലഹരി വിരുദ്ധ കാമ്പയിൻ ജനസഭ' എന്ന ബാനറിൽ ലഹരിക്കെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. പരിസ്ഥിതി ദിനം, ഗാന്ധി ജയന്തി, സ്വാത

ന്ത്യ ദിനം, മയക്കുമരുന്ന് വിരുദ്ധ ദിനം, മറ്റ് പ്രധാന ദിനങ്ങൾ എന്നിവയെ അനുസ്മരിക്കുന്ന പരിപാടികൾ സംഘടിപ്പിച്ചു. ബോർഡിന്റെയും യൂത്ത് ക്ലബ്ബുകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം പ്രചരിപ്പിക്കുന്നതിനായി ബോർഡ് "യുവത" എന്ന പേരിൽ ഒരു മാസികയും പ്രസിദ്ധീകരിക്കുന്നു.

### IV. കേരള സംസ്ഥാന യുവജനകമ്മീഷൻ (കെ.എസ്.വൈ.സി)

കേരളത്തിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി 2013-ൽ രൂപീകരിച്ച ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കേരള സർക്കാരിന്റെ കീഴിൽ ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ യുവാക്കളെ നയിക്കുകയും സഹായിക്കുകയും നൽകുകയും വികസിപ്പിക്കുകയും യുവജനകാര്യങ്ങളുടെ സംരക്ഷകനായി പ്രവർത്തിക്കുകയും തൊഴിൽ മാന്യത നിലനിർത്തുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസവും തൊഴിലും ഉറപ്പാക്കുന്നതിനും യുവാക്കളെ ബോധവൽക്കരിക്കുകയുമാണ് കമ്മീഷന്റെ ലക്ഷ്യം.

### 2021–22 ലെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്;

- കോളേജുകളിലെ പ്രൊജക്ട് കോർഡിനേറ്ററിനു കീഴിലും യുവാക്കൾക്കുളള വേദികളിലും, എസ് സി/എസ്.ടി കോളനികളിലെ യുവാക്കൾക്കിടയിലും ബോധവൽക്കരണം നടത്തുക: 2021-22 ൽ, "യൂത്ത് ഡിഫൻസ് ഫോഴ്സ്" എന്ന പേരിൽ ഒരു പ്രത്യേക യുവ സന്നദ്ധ സംഘം രൂപീകരിച്ച് പദ്ധതിയുടെ നടത്തിപ്പിനായി പരിശീലനം നൽകുകയും ഇങ്ങനെ പരിശീലനം ലഭിച്ച യുവാക്കൾ 350 പരിപാടികൾ നടത്തുകയും ചെയ്തു. ഏകദേശം 40000 യുവാക്കൾ ഈ പരിപാടികളിൽ പങ്കെടുത്തു, കേരളത്തിലെ ഒരു ലക്ഷത്തിലധികം യുവാക്കൾക്കിടയിൽ കമ്മീഷന് അതിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ സാധിച്ചു.

- ജില്ലാ സെമിനാറുകൾ/സിമ്പോസിയങ്ങൾ/ശിൽപശാലകൾ: കമ്മീഷനും തിരുവനന്തപുരം നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് ലോ കോളേജും സംയുക്തമായി "സ്ത്രീകളുടെ പ്രത്യുത്പാദനവുമായി ബന്ധപ്പെട്ട സ്വാതന്ത്ര്യം, ഒരു മൗലികാവകാശം" എന്ന വിഷയത്തിൽ അന്താരാഷ്ട്ര തല സെമിനാറും "യുവജനതയെ പുനർനിർമ്മിക്കുക-കേരളം വിജ്ഞാന സമൂഹത്തിലേക്ക്" എന്ന വിഷയത്തിൽ ദേശീയ തല സെമിനാറും നടത്തി. തിരഞ്ഞെടുത്ത 75 പ്രതിനിധികൾ പങ്കെടുക്കുകയും വിവിധ മേഖലകളിലെ വിദഗ്ധർ അവരുടെ ചുമതലപ്രകാരം സെഷനുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

- അദാലത്തും പ്രാദേശിക തല സിറ്റിങ്ങുകളും: യുവാക്കൾക്ക് നീതി നിഷേധിക്കപ്പെടുന്നുവെന്ന പരാതികളിൽ കമ്മീഷൻ നടത്തിയ ഇടപെടലിലൂടെ നിരവധി യുവാക്കളുടെ അവകാശങ്ങൾ പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. 2021-22ൽ കമ്മീഷൻ മുൻവർഷത്തെ 279 പരാതികൾ പരിഗണിക്കുകയും 243 പുതിയ പരാതികൾ സ്വീകരിക്കുകയും അതിൽ 287 എണ്ണം പരിഹരിക്കുകയും ചെയ്തു. മറ്റ് പരാതികളിൽ നടപടി സ്വീകരിച്ചുവരികയാണ്.

- യൂത്ത് ഐക്കൺ അവാർഡുകൾ: കല, സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹിക പ്രവർത്തനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ മികവ് തെളിയിച്ച യുവജനങ്ങളെ ആദരിക്കുന്നതിനായി കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് നൽകുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളുടെ ശാക്തീകരണവും ആരോഗ്യ സംരക്ഷണവും: സാമൂഹ്യനീതി വകുപ്പുമായും പട്ടികവർഗ വകുപ്പുമായും സഹകരിച്ച്, ആദിവാസി സ്ത്രീകൾക്ക് ആരോഗ്യ അവബോധം നൽകാനും മറ്റ് ആദിവാസി കോളനികളിലെ യുവാക്കളുടെ തൊഴിൽ, ആരോഗ്യം, സാമൂഹിക വികസനം എന്നിവ പ്രോത്സാഹിപ്പിക്കാനും കമ്മീഷൻ ലക്ഷ്യമിടുന്നു. 2021-22 വർഷത്തിൽ, പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ പറമ്പിക്കുളം, കുരിയാർകുട്ടി, ചുങ്കം എന്നിവിടങ്ങളിലെ മൂന്ന് ആദി വാസി സെറ്റിൽമെന്റുകളിലും പത്തനംതിട്ട ജില്ലയിലെ സീതത്തോട് പഞ്ചായത്തിലെ മൂഴിയാറിലും കമ്മീഷൻ ആരോഗ്യ ക്യാമ്പ് നടത്തി. വിദ്യാഭ്യാസം, കരിയർ ഗൈഡൻസ്, സ്വയം തൊഴിൽ, ലിംഗസമത്വം എന്നീ വിഷയങ്ങളിൽ ആലപ്പുഴ ജില്ലയിലെ കലവൂർ, പാതിരപ്പള്ളി, കാട്ടൂർ എന്നിവിടങ്ങളിൽ യുവജന ഹോം മേക്കർമാർക്കായി ശില്പശാല നടത്തി. കൂടാതെ 100 യുവജനങ്ങൾക്കായി എറണാകുളം ഫോർട്ട് കൊച്ചിയിൽ ആയോധന കലകളെക്കുറിച്ചുള്ള പരിശീലന ക്യാമ്പും നടത്തി.

- യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ: സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നതും നിയമസഹായം ആവശ്യമുള്ളതുമായ യുവാക്കൾക്ക് 7511100900 എന്ന ടോൾ ഫ്രീ നമ്പരിലൂടെ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ. രണ്ട് നിയമ വിദഗ്ധർ അടങ്ങുന്ന ഒരു ടീമിനെ തിരഞ്ഞെടുക്കുകയും അവർ യുവാക്കൾക്ക് നിയമസഹായം സുഗമമാക്കുന്നതിന് വോഡഫോൺ-ഐഡിയ നെറ്റ്‌വർക്ക് സേവനങ്ങളുമായി സഹകരിച്ച് ഒരു പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുകയും ചെയ്തു.

- ഇ എം എസ് മെമ്മോറിയൽ അന്തർ സർവ കലാശാല പ്രഭാഷണ മത്സരവും ദേശീയ യുവജനദിന പരിപാടിയും: എല്ലാ വർഷവും സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നു. ദേശീയ യുവജനദിനത്തോടനുബന്ധിച്ച് ഇഎംഎസ് സ്മാരക അന്തർ സർവകലാശാല പ്രഭാഷണ മത്സരത്തിലെ വിജയികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

- ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ: ഹരിത യുവ ജന പരിപാടിയും വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കമ്മീഷൻ നടത്തുന്ന ഫെസിലിറ്റേഷൻ പ്രോഗ്രാമുകളാണ്. യുവജനങ്ങളുടെ കൂട്ടായ പരിശ്രമത്തിലൂടെ സാമൂഹികവും പൗരപരവും ജനസംഖ്യാപരവും പാരിസ്ഥിതികവുമായ അവബോധം വളർത്തിയെടുക്കാനും ആരോഗ്യകരമായ ജീവിതം ഉറപ്പാക്കാനും ഹരിത യുവജന പരിപാടി ലക്ഷ്യമിടുന്നു. കുടുംബശ്രീയുടെ ജെഎൽജി മാതൃകയിൽ തരിശായി കിടക്കുന്ന ഭൂമിയെല്ലാം കൃഷിഭൂമിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കമ്മീഷൻ ഗ്രീൻ സോൺ പദ്ധതിയും ആരംഭിച്ചു. യുവാക്കളിൽ കൃഷിയോടുള്ള അഭിനിവേശം വളർത്തുന്നതിനും കാർഷിക മേഖലയിലെ വൈദഗ്ധ്യം നൽകുന്നതിനുമായി ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ യുവകർഷകരുടെ സമ്മേളനം നടത്തി.

2021-22ൽ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാമിന് കീഴിൽ കണ്ണൂർ, പത്തനംതിട്ട, കൊല്ലം

ജില്ലകളിൽ ജോബ് ഫെസ്റ്റ് നടത്തി. കണ്ണൂർ ഫെസ്റ്റിൽ 40 കമ്പനികൾ രജിസ്റ്റർ ചെയ്യുകയും 1,423 ഉദ്യോഗാർത്ഥികളെ ജോലിക്ക് തിരഞ്ഞെടുക്കുകയും ഇതിൽ 187 ഉദ്യോഗാർത്ഥികളെ കമ്പനികൾ നേരിട്ട് റിക്രൂട്ട് ചെയ്യുകയും 462 ഉദ്യോഗാർത്ഥികൾ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. പത്തനംതിട്ട ജോബ് ഫെസ്റ്റിൽ 12 കമ്പനികൾ രജിസ്റ്റർ ചെയ്യുകയും 105 ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുകയും 173 ഉദ്യോഗാർത്ഥികളെ ഭാവി ഒഴിവുകളിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. കൊല്ലത്ത് നടന്ന ജോബ് ഫെസ്റ്റിൽ 14 കമ്പനികൾ രജിസ്റ്റർ ചെയ്യുകയും 116 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുകയും 212 ഉദ്യോഗാർത്ഥികൾ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു.

അദ്ധ്യായം

# 10

# പ്രവാസി മലയാളികൾ

# പ്രവാസി മലയാളികൾ

യുണൈറ്റഡ് നേഷൻസ് ന്റെ നിർവ്വചന പ്രകാരം, ഒരു രാജ്യത്തിനകത്തോ അന്തർദേശീയ അതിർത്തിക്ക് പുറത്തോ താൽക്കാലികമായോ സ്ഥിരമായോ വിവിധ കാരണങ്ങളാൽ തന്റെ സാധാരണ താമസസ്ഥലത്ത് നിന്ന് മാറുന്ന വ്യക്തിയാണ് കുടിയേറ്റക്കാരൻ (ഐ.ഒ.എം., യു.എൻ മൈഗ്രേഷൻ).

ഐക്യരാഷ്ട്രസഭ (അന്താരാഷ്ട്ര കുടിയേറ്റത്തിന്റെ സ്ഥിതി വിവരക്കണക്കുകൾ സംബന്ധിച്ച ശുപാർശകൾ) ഒരു അന്താരാഷ്ട്ര കുടിയേറ്റക്കാരനെ നിർവചിക്കുന്നത്, കുറഞ്ഞത് മൂന്ന് മാസമെങ്കിലും താമസ സ്ഥലം മാറിയവരോ ഹ്രസ്വകാല കുടിയേറ്റക്കാർ എന്നും കുറഞ്ഞത് ഒരു വർഷമെങ്കിലും രാജ്യം മാറിയവരെ ദീർഘകാല കുടിയേറ്റക്കാർ എന്നും വേർതിരിക്കുന്നു.

മാനവ കുടിയേറ്റവും ചലനാത്മകതയും ലോകമെമ്പാടുമുള്ള മിക്കവാറും എല്ലാ സമൂഹത്തെയും ബാധിക്കുന്ന ഒരു പുരാതന പ്രതിഭാസമാണെങ്കിലും, അവ പല രീതിയിലും മാറിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ നിലവിലെ ആഗോള കണക്ക് പ്രകാരം, 2020ൽ ലോകത്ത് ഏകദേശം 281 ദശലക്ഷം അന്താരാഷ്ട്ര കുടിയേറ്റക്കാർ ഉണ്ടായിരുന്നു, അത് ആഗോള ജനസംഖ്യയുടെ 3.6 ശതമാനത്തിന് തുല്യമാണ്. കോവിഡ്-19 സംബന്ധമായ ഒരു നിശ്ചലത എല്ലായിടത്തും സമൂഹത്തെ ബാധിച്ചതിനാൽ കഴിഞ്ഞ രണ്ട് വർഷമായി കുടിയേറ്റ പ്രക്രിയ വളരെ മന്ദഗതിയിലാണ്.

വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2022 അനുസരിച്ച്, കഴിഞ്ഞ 50 വർഷത്തിനിടെ അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചു. മൊത്തം ആഗോള ജനസംഖ്യയുടെ ഒരു വിഹിതമെന്ന നിലയിൽ അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ അനുപാതവും വർദ്ധിച്ചു, പക്ഷേ വർദ്ധനവിന്റെ തോത് കുറവാണ്.

കഴിഞ്ഞ അമ്പത് വർഷമായി യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക കുടിയേറ്റക്കാരുടെ പ്രധാന ലക്ഷ്യസ്ഥാനമായി തുടരുന്നു; 51 ദശലക്ഷത്തിലധികം അന്താരാഷ്ട്ര കുടിയേറ്റക്കാരുണ്ട് അമേരിക്കയിൽ. ഏകദേശം 16 ദശലക്ഷം അന്തർദ്ദേശീയ കുടിയേറ്റക്കാരുള്ള ജർമ്മനി ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ ലക്ഷ്യസ്ഥാനമായി മാറിയിരിക്കുന്നു. അതേസമയം 13 ദശലക്ഷമുള്ള അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ ഏറ്റവും വലിയ മൂന്നാമത്തെ ലക്ഷ്യസ്ഥാന രാജ്യമാണ് സൗദി അറേബ്യ. റഷ്യൻ ഫെഡറേഷനും യുണൈറ്റഡ് കിംഗ്ഡവും യഥാക്രമം 12 ദശലക്ഷവും 9 ദശലക്ഷവും അന്താരാഷ്ട്ര കുടിയേറ്റക്കാരുമായി യഥാക്രമം 4ഉം 5ഉം സ്ഥാനങ്ങൾ പങ്കിടുന്നു.

**പട്ടിക 10.1.1** അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം ഏറ്റവും കൂടുതലുള്ള അഞ്ച് രാജ്യങ്ങളെ കാണിക്കുന്നു. ഏകദേശം 18 ദശലക്ഷം ആളുകൾ വിദേശത്ത് താമസിക്കുന്ന, ലോകത്തിലെ ഏറ്റവും വലിയ കുടിയേറ്റ ജനസംഖ്യയുള്ള ഇന്ത്യയാണ് ആഗോളതലത്തിൽ ഏറ്റവും ഉയർന്ന രാജ്യം. ഏകദേശം 11 ദശലക്ഷമുള്ള മെക്സിക്കോ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ രാജ്യമാണ്. റഷ്യൻ ഫെഡറേഷനാണ് കൂടുതൽ കുടിയേറ്റക്കാരുള്ള മൂന്നാമത്തെ രാജ്യം; തൊട്ടുപിന്നിൽ ചൈനയാണ് (യഥാക്രമം 10.8 ദശലക്ഷവും 10 ദശലക്ഷവും). ഏറ്റവും കൂടുതൽ കുടിയേറ്റക്കാരുടെ അഞ്ചാമത്തെ

**പട്ടിക 10.1.1** അന്താരാഷ്ട്ര കുടിയേറ്റത്തെക്കുറിച്ചുള്ള പ്രധാന സൂചകങ്ങൾ

| | | |
|---|---|---|
| അന്താരാഷ്ട്ര കുടിയേറ്റക്കാർ | 281 മില്ല്യൻ 2020 | 272 മില്ല്യൻ 2019 |
| സ്ത്രീകൾ (എ) | 135 മില്ല്യൻ 2020 | 130 മില്ല്യൻ 2019 |
| പുരുഷന്മാർ (എ) | 146 മില്ല്യൻ 2020 | 141 മില്ല്യൻ 2019 |
| കുടിയേറ്റ തൊഴിലാളികൾ (ബി) | 169 മില്ല്യൻ 2019 | 164 മില്ല്യൻ 2017 |
| കാണാതായ കുടിയേറ്റക്കാർ (സി) | 2020ൽ ആഗോളതലത്തിൽ 3,900 പേർ മരിക്കുകയും കാണാതാവുകയും ചെയ്തു | ഇത് 2019 ൽ ഏകദേശം 5400 ആയിരുന്നു |

ഉറവിടം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2022
നോട്ട്: (എ) യു.എന് ഡിഇഎസ്എ, 2021, (ബി) ഐ.എല്.ഒ, 2021, (സി) ഇ.ഒ.എം, എൻഡി.എ

രാജ്യം സിറിയൻ അറബ് റിപ്പബ്ലിക്കാണ് അവിടത്തെ 8 ദശലക്ഷത്തിലധികം ആളുകൾ വിദേശത്ത് താമസിക്കുന്നു. പ്രധാനമായും കഴിഞ്ഞ ദശകത്തിൽ വലിയ തോതിലുള്ള കുടിയൊഴിപ്പിക്കൽ കാരണം അഭയാർത്ഥികളായവരാണ് കൂടുതലും.

**പട്ടിക 10.1.2** കുടിയേറ്റക്കാരുടെ പ്രധാന 5 പ്രഭവ കേന്ദ്രങ്ങൾ

| രാജ്യം | കുടിയേറ്റക്കാരുടെ എണ്ണം (മില്ല്യൻ ) |
|---|---|
| ഇന്ത്യ | 18 |
| മെക്സിക്കോ | 11 |
| റഷ്യൻ ഫെഡറേഷൻ | 10.8 |
| ചൈന | 10 |
| സിറിയൻ അറബ് റിപ്പബ്ലിക് | 8 |

ഉറവിടം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2022

അന്താരാഷ്ട്ര കുടിയേറ്റക്കാരിൽ 78 ശതമാനവും ജോലി ചെയ്യുന്ന പ്രായത്തിലുള്ളവരായിരുന്നു (15-64 ഇടയിൽ). 1990 മുതൽ, 19 വയസും അതിൽ താഴെയുമുള്ള അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ വിഹിതം 18.9 ശതമാനത്തിൽ നിന്ന് 14.6 ശതമാനമായി കുറഞ്ഞു. അതേസമയം 64 വയസ്സിന് മുകളിലുള്ള അന്തർദ്ദേശീയ കുടിയേറ്റക്കാർ ഏകദേശം 12.2 ശതമാനത്തിൽ സ്ഥിരമായി നിൽക്കുന്നു.

### സ്ത്രീ-പുരുഷ അന്താരാഷ്ട്ര കുടിയേറ്റക്കാർ

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, കുടിയേറ്റക്കാരായ പുരുഷൻമാരുടെ എണ്ണം സ്ത്രീകളേക്കാൾ കൂടുതലാണെന്ന് മാത്രമല്ല, സ്ത്രീ കുടിയേറ്റക്കാരുടെ എണ്ണം കുറഞ്ഞുവരികയുമാണ്. **ചിത്രം 10.1.1** സ്ത്രീ-പുരുഷ അന്താരാഷ്ട്ര കുടിയേറ്റക്കാരെക്കുറിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്നു.

### അന്താരാഷ്ട്ര പണമയയ്ക്കൽ (international Remittance)

കുടിയേറ്റക്കാർ അവരുടെ സ്വന്തം രാജ്യങ്ങളിലെ കുടുംബങ്ങളിലേക്കോ കമ്മ്യൂണിറ്റികളിലേക്കോ നേരിട്ട് നടത്തുന്ന സാമ്പത്തികമോ അല്ലാത്തതോ ആയ തരത്തിലുള്ള കൈമാറ്റങ്ങളാണ് പണമയയ്ക്കൽ എന്ന് സൂചിപ്പിക്കാം. എന്നിരുന്നാലും, പണമടക്കുന്നതിനെകുറിച്ചുള്ള കണക്കുകൾ, ഔപചാരികമോ അനൗപചാരികമോ ആയ ചാനലുകളിലൂടെ രേഖപ്പെടുത്താത്ത ഒഴുക്ക് കണക്കിലെടുക്കുന്നില്ല. അതിനാൽ ആഗോള പണമടയ്ക്കലിന്റെ യഥാർത്ഥ അളവ് ലഭ്യമായ കണക്കുകളേക്കാൾ വലുതായിരിക്കും (ലോക ബാങ്ക്, 2016).

2020-ൽ, ഇന്ത്യ, ചൈന, മെക്സിക്കോ, ഫിലിപ്പീൻസ്, ഈജിപ്ത് എന്നിവ ആയിരുന്നു (അവരോഹണക്രമത്തിൽ) പണമയയ്ക്കൽ സ്വീകർത്താക്കളായ ആദ്യ അഞ്ച് രാജ്യങ്ങൾ. മൊത്തം അന്താരാഷ്ട്ര പണലഭ്യത (inward remittance) 59 ബില്യൺ യുഎസ് ഡോളറിലധികം കവിഞ്ഞ് ഇന്ത്യയും ചൈനയും മറ്റുള്ളവയെക്കാൾ വളരെ മുകളിലാണ്.

### ഇന്ത്യയിലേക്കും കേരളത്തിലേക്കും ഉള്ള പണമയയ്ക്കൽ

വിദേശ നേരിട്ടുള്ള നിക്ഷേപത്തിന് ശേഷം താഴ്ന്ന-ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾക്ക് വിദേശ വരുമാനത്തിനുള്ള രണ്ടാമത്തെ പ്രധാന ഉറവിടമാണ് പണമയയ്ക്കൽ. ഗാർഹിക വരുമാനത്തിൽ അതിന്റെ സ്വാധീനവും ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ആസ്തി നിർമ്മാണത്തിനുള്ള സംഭാവനയും സാമ്പത്തിക ചരിത്രത്തിൽ നന്നായി അംഗീകരിക്കപ്പെട്ടിട്ടുണ്ട് (അസിസി, 2021; ബാസ്റ്റെറ്റ് എന്നിവർ, 2021; ഒഗുന്നിയി., 2020).

**പട്ടിക 10.1.4** 2020-21 ലെ ഇൻവാർഡ് റെമിറ്റൻസിൽ സംസ്ഥാനം തിരിച്ചുള്ള വിഹിതം

| നം | സംസ്ഥാനം | മൊത്തം പണമയക്കലിലെ പങ്ക് (ശതമാനം) |
|---|---|---|
| 1 | മഹാരാഷ്ട്ര | 35.2 |
| 2 | കേരളം | 10.2 |
| 3 | തമിഴ്നാട് | 9.7 |
| 4 | ഡൽഹി | 9.3 |
| 5 | കർണാടക | 5.2 |
| 6 | ആന്ധ്രാപ്രദേശ് | 4.4 |
| 7 | ഉത്തർ പ്രദേശ് | 3.7 |
| 8 | ഗുജറാത് | 3.2 |
| 9 | പഞ്ചാബ് | 3 |
| 10 | ജാർഖ | 1.9 |

ഉറവിടം: RBI റെമിറ്റൻസ് സർവേ, 2021

പണമയയ്ക്കലിനെക്കുറിച്ചുള്ള ആർബിഐയുടെ അഞ്ചാം റൗണ്ട് സർവേ പ്രകാരം, ജിസിസി മേഖലയിൽ നിന്നും ഇന്ത്യയിലേക്കുള്ള അന്താരാഷ്ട്ര പണലഭ്യതയുടെ പങ്ക് 2016-17ൽ (അവസാനം സർവേ നടത്തിയ കാലയളവ്) 50 ശതമാനത്തിൽ നിന്ന് 2020-21ൽ ഏകദേശം 30 ശതമാനമായി കുറഞ്ഞതായി കണക്കാക്കുന്നു.


ജിസിസി മേഖലയിൽ ശക്തമായ ആധിപത്യം പുലർത്തിയിരുന്ന പരമ്പരാഗത പണമയയ്ക്കൽ സ്വീകരിക്കുന്ന സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണാടക എന്നിവയുടെ വിഹിതം 2020-

**പട്ടിക 10.1.3** അന്താരാഷ്ട്ര പണമയയ്ക്കൽ സ്വീകരിക്കുന്ന മികച്ച 10 രാജ്യങ്ങൾ (2005–2020) (നിലവിലെ USD ബില്യൺ)

| 2005 | | 2010 | | 2015 | | 2020 | |
|---|---|---|---|---|---|---|---|
| ചൈന | 23.63 | ഇന്ത്യ | 53.48 | ഇന്ത്യ | 68.91 | ഇന്ത്യ | 83.15 |
| മെക്സിക്കോ | 22.74 | ചൈന | 52.46 | ചൈന | 63.94 | ചൈന | 59.51 |
| ഇന്ത്യ | 22.13 | മെക്സിക്കോ | 22.08 | ഫിലിപ്പിൻസ് | 29.80 | മെക്സിക്കോ | 42.88 |
| നൈജീരിയ | 14.64 | ഫിലിപ്പിൻസ് | 21.56 | മെക്സിക്കോ | 26.23 | ഫിലിപ്പിൻസ് | 34.91 |
| ഫ്രാൻസ് | 14.21 | ഫ്രാൻസ് | 19.90 | ഫ്രാൻസ് | 24.07 | ഈജിപ്റ്റ് | 29.60 |
| ഫിലിപ്പിൻസ് | 13.73 | നൈജീരിയ | 19.74 | നൈജീരിയ | 20.63 | പാകിസ്ഥാൻ | 26.11 |
| ബെൽജിയം | 6.88 | ജർമ്മനി | 12.79 | പാകിസ്ഥാൻ | 19.31 | ഫ്രാൻസ് | 24.48 |
| ജർമ്മനി | 6.86 | ഈജിപ്റ്റ് | 12.45 | ഈജിപ്റ്റ് | 18.33 | ബംഗ്ലാദേശ് | 21.75 |
| സ്പെയിൻ | 6.66 | ബെൽജിയം | 10.99 | ജർമ്മനി | 15.58 | ജർമ്മനി | 17.90 |
| പോളണ്ട് | 6.47 | ബംഗ്ലാദേശ് | 10.85 | ബംഗ്ലാദേശ് | 15.30 | നൈജീരിയ | 17.21 |

ഉറവിടം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2022

**ചിത്രം 10.1.1** സ്ത്രീ-പുരുഷ അന്തർദേശീയ കുടിയേറ്റക്കാർ 2000-2020 ശതമാന കണക്കിൽ




ഉറവിടം: യുഎൻഡിഇഎസ്എ, 2021 എ

21ൽ ഏതാണ്ട് പകുതിയായി കുറഞ്ഞു, അതായത് 2016-17 മുതലുള്ള മൊത്തം പണമയക്കലിന്റെ 25 ശതമാനം മാത്രമേ ഉള്ളൂ, അതേസമയം ഇപ്പോൾ കേരളത്തെ മറികടന്ന് ഏറ്റവും കൂടുതൽ സ്വീകരിക്കുന്ന സംസ്ഥാനമായി മഹാരാഷ്ട്ര ഉയർന്നു.

ആതിഥേയ രാജ്യത്തിന്റെ ചലനാത്മകതയ്ക്ക് പുറമെ, വേതന വ്യത്യാസങ്ങളിലെ കുറവ്, ജിസിസി മേഖലയിലേക്കുള്ള വൈറ്റ് കോളർ കുടിയേറ്റ തൊഴിലാളികളുടെ വർദ്ധനവ്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഏഷ്യൻ രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വേതനമുള്ള അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വരവ്, ഈ സംസ്ഥാനങ്ങളിലെ തൊഴിൽ രീതികളിലെ മാറ്റങ്ങൾ എന്നിവ ഈ ഘടനാപരമായ മാറ്റത്തിന് കാരണമാവാം.

**കേരളത്തിലെ എമിഗ്രേഷൻ ട്രെൻഡ്**

2018-ലെ കേരള മൈഗ്രേഷൻ സർവേ പ്രകാരം 21,21,887 പ്രവാസികൾ കേരളത്തിൽ നിന്നുള്ളവരാണ്. ഇത് 2016 കേരള മൈഗ്രേഷൻ സർവ്വേയേക്കാൾ 1.49 ലക്ഷവും, 2013 കേരള മൈഗ്രേഷൻ സർവ്വേയേക്കാൾ 2.78 ലക്ഷവും കുറവാണ്. കൂടാതെ, കഴിഞ്ഞ പത്തുവർഷമായി എമിഗ്രേഷനിൽ കുറവുണ്ടായിട്ടുണ്ട്. 2008 മുതൽ എമിഗ്രേഷൻ വളർച്ചാ നിരക്ക് തുടർച്ചയായി കുറയുന്നതായി കണക്കുകൾ കാണിക്കുന്നു. 2008 മുതൽ കുടിയേറ്റത്തിൽ ഒരു നെഗറ്റീവ് പ്രവണത കാണപ്പെടുന്നുണ്ടെങ്കിലും, ചില വർഷങ്ങളിൽ പ്രത്യേകിച്ച് 2011 ലും 2013 ലും വർദ്ധനവുണ്ടായി എന്നതും ശ്രദ്ധിക്കേണ്ടതാണ്. 2008 മുതൽ 2011 വരെയുള്ള കാലയളവിൽ 87000-ലധികം ആളുകളും 2011 മുതൽ 2013 വരെയുള്ള കാലയളവിൽ ഏകദേശം 1.1 ലക്ഷം പേരും കുടിയേറ്റത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

1998 മുതലുള്ള സർവ്വേതല വളർച്ചാ നിരക്ക് കുറഞ്ഞു. സർവ്വേകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഒരു ഇടവേളയിൽ നിന്ന് മറ്റൊന്നിലേക്ക് 4.7 ലക്ഷം (1998) മുതൽ 1.4 ലക്ഷം (2018) വരെ വ്യത്യാസപ്പെടുന്നു. ആദ്യ നാല് കാലയളവുകളിൽ പോസിറ്റീവ് വളർച്ചയും അവസാന കാലയളവുകളിൽ നെഗറ്റീവ് വളർച്ചയുമാണ് കാണിക്കുന്നത്. കേരളത്തിലെ റീ മൈഗ്രേഷൻ രംഗം ചലനാത്മകമാണ്. മൈഗ്രേഷന്റെ സ്ഥിതിവിവരക്കണക്ക് വിലയിരുത്തൽ കൃത്യതയോടെയും, തുടർച്ചയായും ഉണ്ടാവേണ്ടതുണ്ട്.

**പട്ടിക 10.1.5** പ്രവാസികളും സർവ്വേ തല വ്യതിയാനവും

| വർഷം | എമിഗ്രന്റ്സ് | ഇന്റർ സർവ്വേ വ്യത്യാസം | വർദ്ധനവ്/ കുറവ് |
|---|---|---|---|
| 1998 | 1361919 | - | |
| 2003 | 1838478 | 476559 | 25.9 |
| 2008 | 2193412 | 354934 | 16.2 |
| 2011 | 2280543 | 87131 | 3.8 |
| 2013 | 2400375 | 119832 | 5.0 |
| 2016 | 2271725 | -128650 | -5.7 |
| 2018 | 2121887 | -149838 | -7.1 |

ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സി.ഡി.എസ്, തിരുവനന്തപുരം

കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ പ്രവാസികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരള സർക്കാർ പ്രവാസി സമൂഹത്തിന് വേണ്ടി നല്ല ഇടപെടലുകൾ നടത്തുന്നുണ്ട്. പ്രവാസികളും കളും പ്രവാസം അവസാനിപ്പിച്ച് തിരിച്ചെത്തിയവരും ഉൾപ്പെടുന്ന വികസന-അധിഷ്ഠിതവും സാമൂഹിക നീതി അധിഷ്ഠിതവുമായ പ്രോജക്ട്കളും, പദ്ധതികളും ഇതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജില്ല തിരിച്ചുള്ള പ്രവാസികൾ**

**പട്ടിക 10.1.2** 2018-ൽ കേരളത്തിൽ നിന്നുള്ള ജില്ല തിരിച്ചുള്ള കുടിയേറ്റ ജനസംഖ്യ കാണിക്കുന്നു. ഏറ്റവും കൂടുതൽ പ്രവാസികൾ മലപ്പുറം ജില്ലയിലാണ് (4.06 ലക്ഷം), കണ്ണൂർ (2.49 ലക്ഷം), തൃശ്ശൂർ (2.41 ലക്ഷം), കൊല്ലം (2.40 ലക്ഷം) എന്നീ ജില്ലകൾ അതിനു പുറകിലായി വരുന്നു. കേരളത്തിലെ മലയോര ജില്ലകളായ വയനാടും ഇടുക്കിയുമാണ് ഏറ്റവും കുറവ് പ്രവാസികൾ ഉള്ളത്. അവ യഥാക്രമം 0.36 ലക്ഷം, 0.32 ലക്ഷം എന്നിങ്ങനെയാണ്.

**പട്ടിക 10.1.6** 2018 ലെ കേരളത്തിലെ ജില്ല തിരിച്ചുള്ള പ്രവാസികൾ

| കേരളത്തിൽ നിന്നുള്ള ഏകദേശ കുടിയേറ്റക്കാർ | |
|---|---|
| ജില്ല | 2018 |
| തിരുവനന്തപുരം | 137007 |
| കൊല്ലം | 240527 |
| പത്തനംതിട്ട | 109836 |
| ആലപ്പുഴ | 136857 |
| കോട്ടയം | 166625 |
| ഇടുക്കി | 32893 |
| എറണാകുളം | 53418 |
| തൃശ്ശൂർ | 241150 |
| പാലക്കാട് | 89065 |
| മലപ്പുറം | 406054 |
| കോഴിക്കോട് | 160691 |
| വയനാട് | 30650 |
| കണ്ണൂർ | 249834 |
| കാസറഗോഡ് | 67281 |
| ആകെ | 2121888 |

ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

### 2013, 2018 വർഷങ്ങളിലെ കേരളത്തിലെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

2013-ലും 2018-ലും കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 10.1.2**–ൽ നൽകിയിരിക്കുന്നു. കേരളത്തിലെ മൊത്തം പ്രവാസികളുടെ എണ്ണം 2013ൽ 24 ലക്ഷമായിരുന്നെങ്കിൽ 2018ൽ 21 ലക്ഷമായി കുറഞ്ഞിരിക്കുന്നു. അതായത് 5 വർഷത്തിനുള്ളിൽ 11.6 ശതമാനം കുറവ്. ഇതിൽ എറണാകുളം ജില്ല 72 ശതമാനം ഇടിവ് കാണിക്കുന്നു **(അനുബന്ധം 10.1.1)**

നിലവിൽ മൊത്തത്തിൽ കുറയുന്ന പ്രവണതയാണ് കാണിക്കുന്നതെങ്കിലും വയനാട്, പാലക്കാട്, തൃശ്ശൂർ, കോട്ടയം, ഇടുക്കി, ആലപ്പുഴ, കൊല്ലം തുടങ്ങിയ ജില്ലകളിൽ പ്രവാസികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു.

### റിട്ടേൺ എമിഗ്രേഷൻ

തിരിച്ചെത്തിയ പ്രവാസികൾ എന്ന് നിർവചിച്ചിരിക്കുന്നത്, ജോലിയ്ക്കോ, പഠനത്തിനോ അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കോ (ഇണകളും മാതാപിതാക്കളും ഉൾപ്പെടെ) കുറഞ്ഞത് ആറ് മാസമെങ്കിലും കേരളത്തിന് പുറത്ത് താമസിച്ച് ഇപ്പോൾ കേരളത്തിൽ താമസിക്കുന്നവരെയാണ്. കേരള മൈഗ്രേഷൻ സർവേ പ്രകാരം, കേരളത്തിലെ കുടിയേറ്റക്കാരിൽ 90 ശതമാനവും താൽക്കാലിക കരാർ ജോലികൾക്കായി ഗൾഫിലേക്ക് പോകുന്നു. ഗൾഫ് രാജ്യങ്ങൾ പൗരത്വം നൽകാത്തതിനാൽ, കരാർ അവസാനിച്ചാൽ ഇവരെല്ലാം കേരളത്തിലേക്ക് മടങ്ങണം (സക്കറിയ കെ.സി., രാജൻ എസ്. ഇരുദയ, ജനുവരി 2019)[1] .


### നോർക്ക റൂട്ട്സ്

മുൻപ് നോൺ റെസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി എന്നറിയപ്പെട്ടിരുന്ന നോർക്ക റൂട്സ്, 2002 മുതൽ നോർക്ക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ഫീൽഡ് ഏജൻസിയാണ്. പ്രവാസി ക്ഷേമം ഉറപ്പാക്കുകയും അവരെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങൾക്കും ഒരൊറ്റ കിയോസ്കായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഏജൻസിയുടെ പ്രധാന ലക്ഷ്യം.

### നോർക്ക റൂട്ട്സിന്റെ പ്രധാന പദ്ധതികൾ സാന്ത്വന

ഇത് പൂർണ്ണമായും ഒറ്റത്തവണ സഹായ പദ്ധതിയാണ്. സാന്ത്വന പദ്ധതിക്ക് അപേക്ഷിക്കുന്ന പ്രവാസി രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്തിരിക്കണം. അപേക്ഷകന്റെ/ ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ കവിയരുത്. ചികിത്സാ സഹായങ്ങൾ (50,000 വരെ), മരണാനന്തര ധന


**ചിത്രം 10.1.2** 2013 ലും 2018 ലും കേരളത്തിലെ മൊത്തം പ്രവാസികളുടെ എണ്ണം




ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സി.ഡി.എസ്, തിരുവനന്തപുരം

[1]സക്കറിയ കെ.സി., രാജൻ എസ്. ഇരുദയ, ജനുവരി 2019: 'എമിഗ്രേഷനും പണമയക്കലും: കേരള മൈഗ്രേഷൻ സർവേയിൽ നിന്നുള്ള പുതിയ തെളിവുകൾ, 2018'

**ചിത്രം 10.1.3** കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം 1998 മുതൽ 2018 വരെ




ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സി.ഡി.എസ്, തിരുവനന്തപുരം

സഹായം (1,00,000 വരെ) വിവാഹ ധന സഹായം (15,000 വരെ), വൈകല്യത്തെ ചെറുക്കുന്നതിനുള്ള ശാരീരിക സഹായഉപകരണങ്ങൾ വാങ്ങൽ (10,000 വരെ) എന്നിവയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുന്നു.

സാന്ത്വന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 4445 ഗുണഭോക്താക്കൾക്കും 2021-22ൽ 4614 ഗുണഭോക്താക്കൾക്കും 2022-23 വർഷത്തിൽ 751 ഗുണഭോക്താക്കൾക്കും (ഒക്ടോബർ 31 വരെ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

### മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം (എൻ.ഡി.പി.ആർ.ഇ.എം)

മടങ്ങിയെത്തിയ കുടിയേറ്റക്കാരുടെ പുനരധിവാസത്തിന്റെ ഭാഗമായി, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മടങ്ങിവരുന്ന പ്രവാസികൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം പ്രദാനം ചെയ്യുന്നതിനായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.ഇ.എം)' എന്നൊരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി, അഗ്രി-ബിസിനസ്, ട്രേഡിംഗ്, സർവീസ്, മാനുഫാക്ചറിംഗ് എന്നീ മേഖലകളിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന മടങ്ങി വന്ന പ്രവാസികളിൽ നിന്നുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്കീമിന് കീഴിൽ, ഓരോ അപേക്ഷകനും 30 ലക്ഷം വരെ മൂലധന ചെലവുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡി അനുവദിക്കും. യൂണിറ്റ് പ്രവർത്തിക്കുന്ന ആദ്യത്തെ 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡി നൽകാനുള്ള വ്യവസ്ഥയുണ്ട്. ഈ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 1000 ഗുണഭോക്താക്കളും 2022 ഒക്ടോബർ 31 വരെ 2022-23 സാമ്പത്തിക വർഷത്തിൽ 600 ഗുണഭോക്താക്കളുമുണ്ട്.

### പ്രവാസികളുടെ പുനരധിവാസം, പുനർ സംയോജനം, ഏകോപനം

പ്രവാസികളെ പുനരധിവസിപ്പിക്കാനും പുനഃ സംയോജിപ്പിക്കാനും പുതിയതും വിജയകരവുമായ ഒരു ജീവിതത്തിലേക്ക് ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്നവർക്ക് പുതിയ ജോലികളോ അവസരങ്ങളോ നൽകുക എന്നതാണ് സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്. അതിലൂടെ അവർക്ക് സ്ഥിരമായ വരുമാനം നേടാനാകും. പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

കോവിഡ്-19 മൂലം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിയവർക്കും സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്കും വേണ്ടി 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. പേൾ, മൈക്രോ, മെഗാ എന്നിങ്ങനെ മൂന്ന് ഉപപദ്ധതികളിലൂടെയാണ് ധനസഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 90.41 കോടി രൂപ വായ്പ നൽകുകയും 5,010 സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു.

### ലോക കേരള സഭ

ലോകമെമ്പാടുമുള്ള കേരളീയർക്ക് ഒരു പൊതുവേദിയായി ലോക കേരള സഭ (എൽകെഎസ്) രൂപീകരിക്കാൻ കേരള സർക്കാർ തീരുമാനിച്ചു; അസംഖ്യം കേരളീയരുടെ സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ സമന്വയത്തിനുള്ള ഒരു വേദിയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

2020 ജനുവരി 1, 2, 3 തീയതികളിൽ വിപുലമായ പ്രവാസി പങ്കാളിത്തത്തോടെ ലോക കേരള സഭയുടെ 2-ാമത് സമ്മേളനം സംഘടിപ്പിച്ചു. ഒന്നാം ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്ക് പുറമെ, പ്രളയം ഉൾപ്പെടെ കേരളം നേരിടുന്ന വെല്ലുവിളികളും പ്രവാസി ലോകത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും സഭയിൽ ചർച്ച ചെയ്തു.

പ്രവാസികളുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കാൻ സഹായിക്കുന്ന നിർദേശങ്ങൾക്കു പുറമെ നവകേരള നിർമാണത്തിന് സഹായകമായ ആശയങ്ങളും സഭയിൽ ഉയർന്നു. ലോക കേരള സഭയുടെ രൂപീകരണം സംസ്ഥാനത്തിന് പുറത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രവാസികളുമായി സഹവർത്തിത്വവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പൊതുവേദി അവർക്ക് സാധ്യമാക്കി.

ലോക കേരള സഭ പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നു. കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, വ്യാവസായിക വികസനത്തിനും ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകാനും പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും സഭ സഹായിക്കും.

ലോക കേരള സഭയുടെ മൂന്നാം പതിപ്പ് 2022 ജൂൺ 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വെച്ച് നടന്നു.

**നോർക്ക റൂട്ട്സിന്റെ പുതിയ സംരംഭം**

- ട്രിപ്പിൾ വിൻ പ്രോജക്റ്റ്:- കേരളത്തിൽ നിന്ന് ജർമ്മനിയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി (ബിഎ) യുമായി നോർക്ക റൂട്ട്സ് കരാറ് ഉറപ്പിച്ചു. ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ രണ്ട് നഴ്സുമാർ ഇതിനകം ജർമ്മനിയിലേക്ക് പോയിട്ടുണ്ട്. മറ്റുള്ളവരുടെ പരിശീലനം ഉടൻ പൂർത്തിയാകും.
- എസ്.എസ്.ഡബ്ല്യു പ്രോഗ്രാം (G2G ജപ്പാൻ റിക്രൂട്ട്മെന്റ് പ്രോഗ്രാം):- നൈപുണ്യമുള്ള തൊഴിലാളികൾക്ക് ജപ്പാനിൽ പ്രത്യേക പദവി നൽകുന്നതിനുള്ള നിർദ്ദിഷ്ട നൈപുണ്യ തൊഴിലാളി പ്രോഗ്രാമിനായി കേരളത്തിൽ നിന്ന് നോഡൽ ഏജൻസിയായി വിദേശകാര്യ മന്ത്രാലയം നോർക്ക റൂട്ട്സിനെ തിരഞ്ഞെടുത്തു.
- ദുബായ് എക്സ്പോ: - ദുബായിൽ നടന്ന വേൾഡ് എക്സ്പോയിൽ നോർക്കയുടെ വിവരങ്ങൾ ഉൾപ്പെടുത്തി കേരള പവലിയൻ ആരംഭിച്ചു.

**ഉക്രൈനിൽ കുടുങ്ങിക്കിടക്കുന്ന പ്രവാസികളെ നാട്ടിലെത്തിക്കാൻ നടത്തിയ ഇടപെടലുകൾ**

- ഉക്രൈനിലെ വിവിധ പ്രവിശ്യകളിൽ കുടുങ്ങിയ വിദ്യാർത്ഥികളെ നാട്ടിലെത്തിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിക്കുകയും കേന്ദ്ര വിദേശകാര്യ മന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തു.
- ഉക്രൈനിൽ കുടുങ്ങിക്കിടക്കുന്ന പ്രവാസി വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു
- നോർക്ക രജിസ്ട്രേഷൻ, ഇമെയിൽ, കോൾ, വാട്ട്സ് ആപ്പ് എന്നിവ വഴി നോർക്കയുമായി ബന്ധപ്പെട്ട ആളുകളുടെ വിവരങ്ങൾ യഥാസമയം കേന്ദ്ര സർക്കാരിനും ഇന്ത്യൻ എംബസിക്കും കൈമാറി.
- പ്രവാസികൾക്കും യുദ്ധക്കളത്തിൽ കുടുങ്ങിയ നാട്ടുകാർക്കും ബന്ധപ്പെടാൻ നോർക്ക റൂട്ട്സിന്റെ ഹെൽപ്പ് ലൈൻ നമ്പർ 1800 425 3939 ലഭ്യമാക്കി
- കേന്ദ്ര സർക്കാരിന്റെയും ഇന്ത്യൻ എംബസിയുടെയും അറിയിപ്പുകൾ കൃത്യസമയത്ത് വിദ്യാർത്ഥികൾക്ക് എത്തിച്ചു
- നാട്ടിലേക്ക് മടങ്ങിയ വിദ്യാർത്ഥികൾക്ക് നോർക്ക താൽക്കാലിക താമസ സൗകര്യം ഒരുക്കി
- മടങ്ങുന്ന വിദ്യാർത്ഥികളെ വീട്ടിലെത്തിക്കുന്നതിനായി ഡൽഹിയിൽ നിന്ന് കൊച്ചിയിലേക്ക് (മാർച്ച് 08, 2022 വരെ) 15 ചാർട്ടേഡ് വിമാനങ്ങൾ ക്രമീകരിച്ചു
- ഡൽഹിയിൽ നിന്ന് കൊച്ചി വിമാനത്താവളത്തിലെത്തുന്ന വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തേക്കും കാസർകോട്ടും പ്രത്യേക ബസ് സർവീസ് ഏർപ്പെടുത്തി.

**കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെഎൻആർകെഡബ്ല്യുബി)**

പ്രവാസി കേരളീയരുടെ (എൻ.ആർ.കെ) ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം അനുസരിച്ച് രൂപീകരിച്ച കേരള സർക്കാരിന്റെ നിയമപരമായ ബോർഡാണ് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്ത 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്ത പദ്ധതികളാണ് ബോർഡ് നടപ്പിലാക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആക്ടിന്റെയും സ്കീമിന്റെയും വ്യവസ്ഥകൾ അനുസരിച്ച് ഒരു ക്ഷേമനിധി രൂപീകരിക്കുന്നു.

ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, അസാധുവായ പെൻഷൻ, മരണ സഹായം, ചികിത്സാ സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം എന്നിങ്ങനെ വിവിധ സഹായങ്ങൾ ബോർഡ് നൽകുന്നു.

നോർക്ക വെൽഫെയർ ബോർഡ് നൽകുന്ന പെൻഷൻ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്നു.

**പട്ടിക 10.1.7** കെഎൻആർകെഡബ്ല്യുബി - 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (നവംബർ 2022 വരെ)

| വർഷം | പെൻഷൻകാരുടെ എണ്ണം | തുക |
|---|---|---|
| 2021-22 | 23117 | 525820325 |
| 2022-23 | 30808 | 772357127 |

ഉറവിടം: കെ.എൻ.ആർ.കെ.ഡബ്ല്യു.ബി, കേരള സർക്കാർ

2021-22 സാമ്പത്തിക വർഷത്തിൽ 23,117 അംഗങ്ങൾക്കായി നോർക്ക വെൽഫെയർ ബോർഡ് വഴി പെൻഷൻ ഇനത്തിൽ 52 കോടിയിലധികം രൂപ ചെലവഴിച്ചതായി പട്ടികയിൽ നിന്ന് വ്യക്തമാണ്. 2022-23 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്, 30,808 അംഗങ്ങൾക്കുള്ള പെൻഷനായി 77 കോടിയിലധികം ചെലവഴിച്ചു.

ലോകത്തെവിടെ നിന്നും പ്രവാസി ക്ഷേമനിധിയിൽ എൻറോൾ ചെയ്യാനും കുടിശ്ശിക അടയ്ക്കാനും സുതാര്യവും സുരക്ഷിതവുമായ ഓൺലൈൻ സൗകര്യമുണ്ട്.

കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് കിഫ്ബിയുമായി സഹകരിച്ച് പ്രവാസി ലാഭവിഹിത പദ്ധതി നടപ്പിലാക്കുന്നു. ഇത് ജന്മനാടിന്റെ വികസനത്തിനായി പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി

വിനിയോഗിക്കുന്നതിനുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ്. പ്രവാസി ഡിവിഡന്റ് സ്കീം പ്രവാസികൾക്കും അവരുടെ പങ്കാളികൾക്കും ആജീവനാന്ത സാമ്പത്തിക സാമൂഹിക സുരക്ഷ വാഗ്ദാനം ചെയ്യുന്നു. ഈ വരുമാന ഗ്യാരന്റി പദ്ധതിക്ക് പ്രവാസി കമ്മ്യൂണിറ്റികളിൽ നിന്ന് മികച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്. ഈ സ്കീമിന് കീഴിൽ ഇതുവരെ ഏകദേശം 310 കോടി രൂപ സമാഹരിച്ച് കിഫ്ബിയിലേക്ക് മാറ്റി.

കേരളത്തിന്റെ വികസനത്തിന് പ്രവാസികൾ നൽകുന്ന സംഭാവനകൾ സാമ്പത്തികമായി മാത്രം അളക്കാനാവില്ല. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി കേരള സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ചില പോരായ്മകൾ അവശേഷിക്കുന്നു. നോർക്ക റൂട്സ് അടിസ്ഥാന സൗകര്യങ്ങൾ, പ്രവാസികളെക്കുറിച്ചുള്ള കൃത്യമായ ഡാറ്റയുടെ അഭാവം, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികളുടെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കേണ്ടതുണ്ട്.

ആഗോള തൊഴിൽ ശക്തിയിൽ ഉണ്ടാവുന്ന വിപ്ലവകരമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കേരളത്തെ വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിനായി കേരള സർക്കാർ രൂപീകരിച്ച കേരള വിജ്ഞാന ദൗത്യം പ്രാപ്തമാണ്. മടങ്ങിവരുന്ന പ്രവാസികളുടെ പ്രതീക്ഷയാണിത്. അതുപോലെ, ഈസർക്കാർ കേരളത്തിലെ മൂലധന വളർച്ച ത്വരിതപ്പെടുത്തുന്നതിന് പ്രവാസികൾക്ക് വിവിധ നിക്ഷേപ അവസരങ്ങൾ ഉറപ്പാക്കുന്നു.

അദ്ധ്യായം

# 11

# പശ്ചാത്തല സൗകര്യം

# പശ്ചാത്തല സൗകര്യം

## 11.1 ഗതാഗതം

ഗതാഗത അടിസ്ഥാനസൗകര്യങ്ങളുടെ വികസനം സമ്പദ്‌വ്യവസ്ഥയിൽ പ്രത്യക്ഷവും പരോക്ഷവുമായ ധാരാളം ചലനങ്ങൾ സൃഷ്ടിക്കുമെന്നതിലുപരി ഒരു രാജ്യത്തിന്റെ വളർച്ചയെയും സമഗ്രവികസനത്തെയും സുസ്ഥിരതയെയും സ്വാധീനിക്കുന്നു. ഗതാഗത അടിസ്ഥാനസൗകര്യങ്ങളുടെ വ്യാപനം മെച്ചപ്പെട്ട കണക്റ്റിവിറ്റി പ്രദാനം ചെയ്യുന്നതിന് പുറമേ അപ്രാപ്യമായ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയും വ്യാപാരത്തിനും നിക്ഷേപത്തിനുമായി തുറന്നുകൊടുക്കുകയും ചരക്കു ഗതാഗതവും മികച്ച സേവനങ്ങളും സുഗമമാക്കുകയും,പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. 63,71,847 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് ശൃംഖല, 68,103 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവെ ലൈനുകൾ, 12 മേജർ തുറമുഖങ്ങളും, 205 നോൺ-മേജർ തുറമുഖങ്ങൾ, 29 അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, 272 ആഭ്യന്തര വിമാനത്താവളങ്ങൾ, 20,236 കിലോമീറ്റർ ജലപാത എന്നിവ ഉൾപ്പെടുന്ന വിപുലവും വൈവിധ്യപൂർണ്ണവുമായ ഗതാഗത സംവിധാനമാണ് ഭാരതത്തിനുള്ളത്.

**ഇന്ത്യയിലെ റോഡ് ശൃംഖല**

ഗതാഗത അടിസ്ഥാന സൗകര്യങ്ങൾക്ക് ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണായകമായ സ്ഥാനമാണുള്ളത്. ഒരു പ്രദേശത്തിന്റെ എല്ലാ അറ്റങ്ങളെയും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ജനവാസ മേഖലയിലേക്ക് കടന്നു ചെല്ലുന്നതുമായ ഒരു മാർഗ്ഗം എന്ന നിലയിൽ റോഡ് ഗതാഗതം ഏറ്റവും ചെലവ് കുറഞ്ഞതും എല്ലാവരും ഇഷ്ടപ്പെടുന്നതുമായ ഗതാഗത മാർഗങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കും സാമൂഹിക സമന്വയത്തിനും ഒരു നല്ല റോഡ് ശൃംഖല അത്യന്താപേക്ഷിതമാണ്. ഇത് വികസനത്തിന്റെ വേഗത, ഘടന, മാതൃക എന്നിവയെ സ്വാധീനിക്കുന്നു. ചരക്ക് ഗതാഗതത്തിനും വ്യാപകമായി റോഡ് മാർഗ്ഗം ഉപയോഗിച്ചുവരുന്നു. ഇപ്രകാരം രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹിക ഏകീകരണത്തിനും റോഡ് ഗതാഗതം വലിയ പങ്ക് വഹിക്കുന്നു. ലഭ്യത, വ്യക്തിഗത ആവശ്യങ്ങൾക്കുള്ള അനുയോജ്യത, കുറഞ്ഞ ചെലവ് എന്നിവ റോഡ് ഗതാഗതത്തിന്റെ ആകർഷക ഘടകങ്ങളാണ്. റെയിൽ ഗതാഗതം,ജല ഗതാഗതം, വ്യോമ ഗതാഗതം എന്നിവയ്ക്കുള്ള ഫീഡർ സേവനമായും റോഡ് ഗതാഗതം പ്രവർത്തിക്കുന്നു.

ഗതാഗതം കൈകാര്യം (യാത്രക്കാരും ചരക്കുകളും) ചെയ്യുന്നതിൽ ദേശീയ പാതകളുടെ ശേഷി സാമ്പത്തിക വളർച്ചയ്‌ക്കൊപ്പം നിൽക്കേണ്ടതുണ്ട്. 63.72 ലക്ഷം കിലോമീറ്റർ ദൈർഘ്യ വരുന്ന റോഡ് ശൃംഖലയുള്ള ഇന്ത്യ അമേരിക്ക കഴിഞ്ഞാൽ ലോകത്തിലെ രണ്ടാമത്തെ വലിയ റോഡ് ശൃംഖലയുള്ള രാജ്യമാണ്. ഇതിൽ ദേശീയ പാതകൾ, എക്സ്പ്രസ് വേകൾ, സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, മറ്റ് ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയിലെ റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ **പട്ടിക 11.1.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.1** ഇന്ത്യയിലെ റോഡ് ശൃംഖല

| റോഡിന്റെ തരം | ദൈർഘ്യം (കിലോമീറ്ററിൽ) |
|---|---|
| ദേശീയ പാത/എക്സ്പ്രസ്സ് ഹൈവേ | 1,40,995 |
| സംസ്ഥാന പാതകൾ | 1,71,039 |
| മറ്റു റോഡുകൾ | 60,59,813 |
| ആകെ | 63,71,847 |

അവലംബം: വാർഷിക റിപ്പോർട്ട് 2021-22, ഹൈവേ-റോഡ് ഗതാഗത മന്ത്രാലയം, ഭാരത സർക്കാർ

ഒരു രാജ്യത്തിന്റെ നാഡിവ്യൂഹമായി പ്രവർത്തിക്കുന്ന പാതകളാണ് ദേശീയ പാതകൾ. ഇന്ത്യയിലെ ദേശീയ പാതയുടെ ആകെ നീളം 1,40,995 കിലോമീറ്ററാണ്. ഇവയുടെ വികസനവും പരിപാലനവും ഭാരത സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്തമാണ്. ദേശീയ പാത വികസന പദ്ധതിയുടെ (എൻ.എച്ച്.ഡി.പി) വിവിധ ഘട്ടങ്ങളിലൂടെ ദേശീയ പാതകൾ നവീകരിക്കുന്നതിനും

ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രധാന സംരംഭങ്ങൾ ഭാരത സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ ഭാരത് മാല പരിയോജന എന്ന സമഗ്രപരിപാടിയിലൂടെയും മറ്റ് പദ്ധതികളിലൂടെയും ദേശീയ പാതകൾ നവീകരിക്കണ പദ്ധതികളുമായി മുന്നോട്ട് പോകുന്നു.

സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിലേക്ക് ഗതാഗതം എത്തിക്കുകയെന്നതാണ് സംസ്ഥാന പാതകൾ കൊണ്ടുദ്ദേശിക്കുന്നത്. മറ്റ് ജില്ലാ റോഡുകളും ഗ്രാമ പാതകളും പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും ജനങ്ങളുടെ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും കാർഷിക ഉത്പന്നങ്ങൾ ഗ്രാമങ്ങളിൽ നിന്ന് അടുത്തുള്ള വിപണികളിലേക്ക് എത്തിക്കുന്നതിനുമുള്ള മാർഗ്ഗം പ്രദാനം ചെയ്യുന്നു.

**കേരളത്തിലെ റോഡ് സംവിധാനം**

കേരളത്തിലെ റോഡുകളുടെ ആകെ ദൈർഘ്യം 2,30,934.18 കിലോമീറ്ററാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന ക്ലാസിഫൈഡ്, നോൺ-ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിലെ റോഡ് സാന്ദ്രത 100 ചതുരശ്ര കിലോമീറ്ററിന് 548 കിലോമീറ്ററാണ്, ഇത് ദേശീയ ശരാശരിയേക്കാൾ ഏകദേശം മൂന്നിരട്ടിയാണ്. ഒരു ലക്ഷം ജനസംഖ്യയ്ക്ക് റോഡിന്റെ ആകെ നീളം 993.54 കിലോമീറ്ററാണ്. കൂടാതെ, ആകെ റോഡ് ശൃംഖലയുടെ 90 ശതമാനവും ഒറ്റവരിപ്പാതയാണ്. പ്രാഥമിക ശൃംഖലയായി കണക്കാക്കപ്പെടുന്ന ദേശീയപാതകൾ മൊത്തം ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുമ്പോൾ സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എം.ഡി.ആർ)എന്നിവ ഉൾപ്പെടുന്ന ദ്വിതീയ ശൃംഖല റോഡ് ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുന്നുണ്ട്. ഇപ്രകാരം ഏകദേശം 12 ശതമാനം വരുന്ന റോഡ് ശൃംഖലയാണ് സംസ്ഥാന ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത്. സംസ്ഥാനത്തെ ഗതാഗത മേഖലയുടെ 2021 മുതലുള്ള പ്രധാന വികസന സൂചകങ്ങൾ **അനുബന്ധം 11.1.1.** ൽ നൽകിയിരിക്കുന്നു.


സംസ്ഥാനത്ത് ആകെ 1,781.36 കിലോമീറ്റർ നീളമുള്ള 11 ദേശീയ പാതകൾ (എൻ.എച്ച്) ഉണ്ട്. ഇതിൽ, 548 കിലോമീറ്റർ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാത വിഭാഗമാണ് പരിപാലിക്കുന്നത്. ശേഷിക്കുന്ന 1,233.36 കിലോമീറ്റർ റോഡ്, ഗതാഗത, ഹൈവേ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച്എഐ) യും പരിപാലിക്കുന്നു. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത) വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.2**-ലും സംസ്ഥാനത്തെ ദേശീയപാതകളുടെ ദൈർഘ്യം സംബന്ധിച്ചുള്ള വിവരങ്ങൾ **അനുബന്ധം 11.1.3**-ലും നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ പ്രധാന റോഡുകളുടെ വികസനവും പരിപാലനവും സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് നിർവഹിച്ച് വരുന്നത്. 2021-22 വർഷത്തെ കണക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പ് (പാലങ്ങളും റോഡുകളും) വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യം 29,522.15 കിലോമീറ്ററാണ്, ഇതിൽ 4,127.80 കി.മീ (13.98 ശതമാനം) സംസ്ഥാനപാതകളും 25,394.32 കി.മീ (86.01 ശതമാനം) പ്രധാന ജില്ല റോഡുകളുമാണ് (എം.ഡി.ആർ).സംസ്ഥാനപാതകളുടെ ആകെ നീളത്തിന്റെ 898.74 കിലോമീറ്റർ നാലുവരിപ്പാതകളും 3,193.50 കിലോമീറ്റർ രണ്ടുവരിപ്പാതകളും ബാക്കി 35.75 കിലോമീറ്റർ ഒറ്റവരിപ്പാതകളുമാണ്. സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ 83.19 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്, 12.78 ശതമാനം റോഡ് പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളും റോഡുകളും വിഭാഗവും 0.23 ശതമാനം ദേശീയ പാത വിഭാഗവുമാണ് പരിപാലിക്കുന്നത്. ശേഷിക്കുന്ന 3.8 ശതമാനം വരുന്ന മറ്റ് റോഡുകൾ റെയിൽവേ,കെഎസ്ഇബി, ജലസേചനം,വനം, ദേവസ്വം വകുപ്പുകൾ പരിപാലിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ, 1,600 കിലോമീറ്റർ റോഡുകൾ ബിറ്റുമിനസ് മക്കാഡം (ബി.എം), ബിറ്റുമിനസ് കോൺക്രീറ്റ് (ബി.സി) എന്നിവ ഉപയോഗിച്ച് നവീകരിച്ചു. 650 കിലോമീറ്റർ റോഡുകളുടെ പ്രതലം ചിപ്പിംഗ് കാർപെറ്റ് ഉപയോഗിച്ചും 350 കിലോമീറ്റർ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചും നടത്തി. ഇതേ കാലയളവിൽ, 500 കിലോമീറ്റർ റോഡ് നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ (എൻആർഎൻബി) ഉപയോഗിച്ചും സ്ഥിരത ലഭിക്കുന്നതിനായി 10 കിലോമീറ്റർ റോഡ് ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ചും മെച്ചപ്പെടുത്തി.

പൊതുമരാമത്ത് വകുപ്പ് (പാലങ്ങളും റോഡുകളും) വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ എണ്ണത്തിൽ/ ദൈർഘ്യത്തിൽ കോട്ടയം ജില്ലയാണ് മുന്നിൽ. ജില്ലയിലെ റോഡിന്റെ ദൈർഘ്യം 3,310.440 കിലോമീറ്ററാണ്. ഇത് വകുപ്പ് സംരക്ഷിക്കുന്ന ആകെ റോഡുകളുടെ 11.21 ശതമാനമാണ്. 856.95 കിലോമീറ്റർ (2.90 ശതമാനം) ദൈർഘ്യം മാത്രമുള്ള വയനാട് ജില്ലയാണ് റോഡുകളുടെ എണ്ണത്തിന്റെ/ ദൈർഘ്യത്തിന്റെ കാര്യത്തിൽ ഏറ്റവും പുറകിൽ. പൊതുമരാമത്ത് വകുപ്പ് (പാലങ്ങളും റോഡുകളും) പരിപാലിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.4**, **അനുബന്ധം 11.1.5** എന്നിവയിൽ നൽകിയിരിക്കുന്നു. വിവിധ വകുപ്പുകൾ സംരക്ഷിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ **ചിത്രം.11.1.1** ൽ നൽകിയിരിക്കുന്നു.

**ചിത്രം. 11.1.1** വിവിധ വകുപ്പുകൾ പരിപാലിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ, ശതമാനത്തിൽ




അവലംബം: വിവിധ വകുപ്പുകൾ

**പട്ടിക 11.1.2** വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ, ദൈർഘ്യം (കി.മി)

| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ടാർ റോഡ് | | കോൺക്രീറ്റ് / ഇന്റർലോക്ക് റോഡ് | | മൺറോഡ് | | ആകെ |
|---|---|---|---|---|---|---|---|
| | 3 മീറ്റർ വരെ വീതി | 3 മീറ്ററിൽ കൂടുതൽ വീതി | 3 മീറ്റർ വരെ വീതി | 3 മീറ്ററിൽ കൂടുതൽ വീതി | 3 മീറ്റർ വരെ വീതി | 3 മീറ്ററിൽ കൂടുതൽ വീതി | 3 മീറ്ററിന് മുകളിൽ മാത്രം |
| കോർപ്പറേഷനുകൾ | 1,630 | 4,813 | 614 | 984 | 307 | 124 | 8,472 |
| മുനിസിപ്പാലിറ്റി | 5,147 | 6,085 | 1,797 | 969 | 1,518 | 1,205 | 16,722 |
| ജില്ലാ പഞ്ചായത്ത് | 0.0 | 11,993 | 0.0 | 302 | 0.0 | 532 | 12,827 |
| ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് ആസ്തിയില്ല | | | | | | |
| ഗ്രാമപഞ്ചായത്ത് | 32,728 | 45,458 | 14,821 | 8,174 | 28,921 | 23,992 | 1,54,094 |
| ആകെ | 39,505 | 68,350 | 17,232 | 10,430 | 30,746 | 25,853 | 1,92,115 |

അവലംബം: തദ്ദേശ സ്വയംഭരണ വകുപ്പ്


2021-22 വർഷത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിച്ച റോഡുകളുടെ ആകെ നീളം 1,92,115 കിലോമീറ്ററാണ്. ഇതിൽ 1,66,921 കിലോമീറ്റർ (86.88 ശതമാനം) ജില്ലാ, ഗ്രാമപഞ്ചായത്തുകളും 16,722 കിലോമീറ്റർ (8.70 ശതമാനം) മുനിസിപ്പാലിറ്റികളും പരിപാലിക്കുന്നു. 8,472 കിലോമീറ്റർ (4.40 ശതമാനം) കോർപ്പറേഷനുകളാണ് പരിപാലിക്കുന്നത്. അസറ്റ് രജിസ്റ്റർ പ്രകാരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ **പട്ടിക 11.1.2**ൽ കൊടുത്തിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം ആകെ 2,798 പാലങ്ങൾ പരിപാലിക്കുന്നുണ്ട്. അതിൽ 546 പാലങ്ങൾ സംസ്ഥാന പാതകളിലും 2,152 പാലങ്ങൾ പ്രധാന ജില്ലാ റോഡുകൾ മറ്റ് ജില്ലാ റോഡുകളിലും 100 പാലങ്ങൾ ഗ്രാമീണ റോഡുകൾ റെയിൽ മേൽപ്പാലങ്ങൾ (ആർഒബി) എന്നിവിടങ്ങളിലും പൊതുമരാമത്ത് വകുപ്പ് സംരക്ഷിക്കുന്നു. 110 മീറ്റർ വീഥിയും 12 മീറ്റർ ഉയരവും 981 മീറ്റർ നീളവും ബോ സ്ട്രിംഗ് ആർച്ചോട്ടുകൂടിയതുമായ വലിയഴീക്കൽ പാലത്തിന്റെ പൂർത്തീകരണം 2021-22 ലെ വകുപ്പിന്റെ പ്രധാന നേട്ടമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 205 പാലം പണികൾക്ക് ഭരണാനുമതി നൽകുകയും 2022 ഓടെ 89 പാലങ്ങളുടെ പണികൾ പൂർത്തിയാക്കുകയും ചെയ്തു. ആദിവാസി സെറ്റിൽമെന്റുകൾ, ദ്വീപുകൾ/തുരുത്തുകൾ തുടങ്ങിയ അപ്രാപ്യമായ ആവാസ വ്യവസ്ഥകളിലേക്ക് പരസ്പര ബന്ധപ്പെടൽ എളുപ്പമാക്കാനും തകർന്ന പാലങ്ങൾ പുനർനിർമിക്കാനും വകുപ്പ് വിഭാവനം ചെയ്യുന്നു. 2022 മാർച്ച് 31-ന് പൊതുമരാമത്ത്(പാലം)വിഭാഗം നിർമ്മിച്ച പാലങ്ങളുടെയും കലുങ്കുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 11.1.6**ൽ നൽകിയിരിക്കുന്നു.

**റോഡ് ഗതാഗതം**

2022 മാർച്ച് വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 155.65 ലക്ഷം മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 4.83 ശതമാനം വർദ്ധനവ് കാണിക്കുന്നു. 2022 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം ആയിരം ആളുകൾക്ക് 466 വാഹനങ്ങളാണ് ഉള്ളത്. 2022 മാർച്ച് വരെയുള്ള കണക്ക് പ്രകാരം നിയമാനുസൃത രജിസ്ട്രേഷനുള്ള മോട്ടോർ വാഹനങ്ങളുടെ എണ്ണം 1,55,65,149 ആണ്. മുൻവർഷം ഇത് 1,48,47,163 ആയിരുന്നു. 2022 മാർച്ച് വരെ, സംസ്ഥാനത്ത് രജിസ്റ്റർ

**ചിത്രം 11.1.2** 2013 മുതൽ 2022 വരെ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്,





അവലംബം: മോട്ടോർ വാഹന വകുപ്പ്

ചെയ്തിട്ടുള്ള മൊത്തം ഇരുചക്രവാഹനങ്ങൾ (മോട്ടോർ സൈക്കിളുകൾ/ സ്കൂട്ടറുകൾ/മോപ്പഡുകൾ) 1,01,51,286 ആണ്, സംസ്ഥാനത്ത് 7,09,289 ഓട്ടോ റിക്ഷകളും 32,58,312 കാറുകളും ഉണ്ട്. 2022 മാർച്ച് വരെ സംസ്ഥാനത്ത് 77,649 കോൺട്രാക്ട് കാര്യേജുകളും (ഓമ്നി ബസ് ഉൾപ്പെടെ) 49,791 സ്റ്റേജ് കാര്യേജുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 11.1.7, അനുബന്ധം 11.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. 2013 മുതൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വളർച്ച **ചിത്രം 11.1.2**ൽ കാണിച്ചിരിക്കുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉള്ളത് എറണാകുളം ജില്ലയിലാണ്, 22,16,348 വാഹനങ്ങൾ (14.25 ശതമാനം). തൊട്ടടുത്തത് 19,34,013 (12.44 ശതമാനം) വാഹനങ്ങളുള്ള തിരുവനന്തപുരം ജില്ലയാണ്. ഏറ്റവും കുറവ് വാഹനങ്ങൾ ഉള്ളത് വയനാട് ജില്ലയിലാണ് 2,59,676 (1.67 ശതമാനം). കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.9** ൽ കൊടുത്തിരിക്കുന്നു. 2012-13 മുതൽ 2020-21 വരെയുള്ള കാലയളവിൽ കേരളത്തിലെ മോട്ടോർ വാഹന രജിസ്ട്രേഷനിലെ ഇനം തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.10**ൽ കൊടുത്തിരിക്കുന്നു. മോട്ടോർ വാഹനങ്ങളുടെ വളർച്ചയും റോഡുകളുടെ ശേഷി വർദ്ധനവും തമ്മിലുള്ള പൊരുത്തക്കേട് കേരളത്തിലുടനീളമുള്ള ഗതാഗതക്കുരുക്കിനും റോഡപകടങ്ങൾക്കും കാരണമാകുന്നു. 2021-22 ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ ശതമാനം **ചിത്രം 11.1.3**ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 11.1.3** 2021 മുതൽ 2022 വരെ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ എണ്ണം (ഇനം തിരിച്ച്), ശതമാനത്തിൽ




അവലംബം: മോട്ടോർ വാഹന വകുപ്പ്

## ഇ–മൊബിലിറ്റി

ഹരിത നയങ്ങളും പരിസ്ഥിതി സൗഹൃദ പരിപാടികളും സംസ്ഥാനം സജീവമായി പിന്തുടർന്നു വരുന്നു. ഇലക്ട്രിക് മൊബിലിറ്റി വൻതോതിൽ സ്വീകരിച്ചത് സംസ്ഥാനത്തിന് പാരിസ്ഥിതികമായും സാമ്പത്തികമായും ഗുണം ചെയ്തു. മുൻവർഷം രജിസ്റ്റർ ചെയ്ത 8,701 ഇലക്ട്രിക് വാഹനങ്ങളെ അപേക്ഷിച്ച് 2022 ജനുവരി മുതൽ സെപ്റ്റംബർ വരെ 26,087 ഇലക്ട്രിക് വാഹനങ്ങളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് മോട്ടോർ സൈക്കിൾ/സ്കൂട്ടർ രജിസ്ട്രേഷനുകളുടെ എണ്ണം 2021ൽ 5,843-ആയിരുന്നത് 2022 സെപ്റ്റംബറിൽ 21,729 ആയി ഉയർന്നത് ശ്രദ്ധേയമാണ്. മോട്ടോർ കാറുകളുടെ കാര്യത്തിലും, 2021ൽ 1,633 ആയിരുന്നത് 2022 സെപ്റ്റംബർ വരെ 2,700 ആയി ഉയർന്നു. കേരളത്തിലെ ഇ-വാഹന രജിസ്ട്രേഷൻ വിശദാംശങ്ങൾ **അനുബന്ധം 11.1.11**-ൽ നൽകിയിരിക്കുന്നു.

സർക്കാർ ഓഫീസുകളിലെ ഉപയോഗത്തിനും സംസ്ഥാനം ഇലക്ട്രിക് വാഹനങ്ങൾ വിപുലമായി പ്രോത്സാഹിപ്പിക്കുന്നുണ്ട്. വൈദ്യുതി മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (ഇഇഎസ്എൽ) നിന്ന് മോട്ടോർ വാഹന വകുപ്പും (എംവിഡി) മറ്റ് വകുപ്പുകളും ഡ്രൈ-ലീസിന് വാഹനങ്ങൾ 'പ്ലഗ്-ഇൻ ഇലക്ട്രിക് വെഹിക്കിൾസ്'ലൂടെ നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (അനർട്ട്) ഏജൻസി വഴി ഉപയോഗിച്ച് വരുന്നു.

## റോഡ് സുരക്ഷ

നല്ല രീതിയിൽ പരസ്പര ബന്ധിതമാണെങ്കിലും നഗര വ്യാപനവും വഴിയിലുടനീളമുള്ള അടുക്കും ചിട്ടയുമില്ലാത്ത വികസന രീതികളും കേരളത്തിലെ പ്രധാന റോഡ് ശൃംഖല രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്നതിന് കാരണമാകുന്നു. മിക്ക സ്ഥലങ്ങളിലും നിലവിലുള്ള റോഡിന്റെ ഗതാഗത നില റോഡ് ശേഷിക്കും അപ്പുറമാണ്. സംസ്ഥാന റോഡ് ശൃംഖലയിൽ സമ്മർദ്ദം സൃഷ്ടിച്ചുകൊണ്ട് റോഡുകളിലെ ഗതാഗതം പ്രതിവർഷം ശരാശരി 12 മുതൽ 14 ശതമാനം വരെ ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള റോഡുകളുടെ ശേഷി വർധിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പരിമിതമായ റൈറ്റ് ഓഫ് വേ, ഭൂമി ഏറ്റെടുക്കൽ മുതലായ പ്രശ്നങ്ങളാണ്.


സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എസ്സിആർബി) കണക്കുകൾ പ്രകാരം, 2021ൽ കേരളത്തിൽ 33,296 റോഡപകടങ്ങളിൽ 3,429 മരണങ്ങളും 36,775 പരിക്കുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 26,495 എണ്ണം ആശുപത്രി ചികിത്സ ആവശ്യമായ ഗുരുതര പരുക്കുകളായിരുന്നു. 2021 ആഗസ്റ്റ് വരെ 20,818 അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തത്. 2021ൽ തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ മരണങ്ങൾ (410) റിപ്പോർട്ട് ചെയ്തതെങ്കിൽ ഏറ്റവും കുറവ് വയനാട് (53) ജില്ലയിൽ ആണ്. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടനുസരിച്ച് 28,695 വാഹനാപകടങ്ങളിൽ 2,848 മരണങ്ങളാണ് 2022 ജനുവരി മുതൽ ഓഗസ്റ്റ് വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തത്.

റോഡ് ട്രാഫിക് അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ ഡ്രൈവിംഗ്, റോഡിന്റെയും അവസ്ഥ, വാഹനത്തിന്റെ അവസ്ഥ, പരിസ്ഥിതി എന്നിവയാണ്. റോഡ് സുരക്ഷ ഒരു സങ്കീർണ്ണമായ

പ്രശ്നമായതിനാൽ, ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിൽ നിന്നും സ്ഥിരവും ദീർഘവും യോജിച്ചതുമായ ശ്രമങ്ങൾ ആവശ്യമാണ്. നിയമങ്ങളും അച്ചടക്കവും പാലിക്കാൻ മോട്ടോർ വാഹന വകുപ്പും പോലീസും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും റോഡപകടങ്ങൾ വർദ്ധിച്ചുവരികയാണ്. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പ്രവണത ആശങ്കാജനകമാണ്. കേരളത്തിലെ ജില്ല തിരിച്ചുള്ള മോട്ടോർ വാഹന അപകടങ്ങളും റോഡപകടങ്ങളിൽ ഉൾപ്പെട്ട മോട്ടോർ വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 11.1.12, അനുബന്ധം 11.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് 2022 ജനുവരി മുതൽ ആഗസ്റ്റ് വരെ നടന്ന റോഡപകടങ്ങളിൽ ഭൂരിഭാഗവും (38 ശതമാനം) ഇരുചക്രവാഹനങ്ങളാണ്. വിവിധ റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടും ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടുന്ന റോഡപകടങ്ങൾ വർദ്ധിച്ചുവരികയാണ്. ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ട വാഹന അപകടങ്ങളുടെ എണ്ണം 2021ൽ 13,624 (പ്രതിദിനം 37) ആയിരുന്നു, എന്നാൽ 2022 ജനുവരി മുതൽ ആഗസ്റ്റ് വരെ ഇത് 10,840 (പ്രതിദിനം ഏകദേശം 44 അപകടങ്ങൾ) ആണ്. കേരളത്തിൽ 2022 ജനുവരി മുതൽ ആഗസ്റ്റ് വരെ നടന്ന വാഹന അപകടങ്ങളുടെ ശതമാനം **ചിത്രം 11.1.4**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 11.1.4** 2022 ജനുവരി മുതൽ ആഗസ്റ്റ് വരെ കേരളത്തിൽ ഉണ്ടായിട്ടുള്ള റോഡ് അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, ശതമാനത്തിൽ




അവലംബം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

2022 ജനുവരി മുതൽ ആഗസ്റ്റ് വരെ സംസ്ഥാനത്ത് ആകെ 2,045 ബസ് അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തത്. ഇതിൽ 328 അപകടങ്ങളിൽ കെഎസ്ആർടിസി ബസ്സുകളും 1,717 അപകടങ്ങളിൽ മറ്റ് ബസ്സുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. 2010-2022 കാലയളവിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത **ചിത്രം 11.1.5**ൽ കാണിച്ചിരിക്കുന്നു.

2010 മുതൽ 2022 ആഗസ്റ്റ് വരെ സംസ്ഥാനത്ത് നടന്ന മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത സൂചിപ്പിക്കുന്നത് സംസ്ഥാനത്ത് അപകടങ്ങളുടെ എണ്ണം ഈ കാലയളവിൽ ഏതാണ്ട് സ്ഥിരത പുലർത്തുകയും 2019 ൽ അത് ഉയരുകയും 2020 ൽ കുത്തനെ കുറഞ്ഞ് 2021 ൽ വീണ്ടും വർദ്ധിക്കുകയും ചെയ്തു എന്നാണ്. സംസ്ഥാനത്ത് 2019ൽ ഒരു ലക്ഷം വാഹനങ്ങൾക്ക് 289 അപകടങ്ങളാണ് രജിസ്റ്റർ ചെയ്തത്. അപകടങ്ങളുടെ നിരക്ക് സംസ്ഥാനത്ത് 2020ൽ 188 ആയി കുറഞ്ഞെങ്കിലും 2021ൽ അത് 214 ആയി ഉയർന്നു. 2021-22 സാമ്പത്തിക വർഷം മോട്ടോർ വാഹന വകുപ്പ് അമിത വേഗതയും ചുവപ്പ് ലൈറ്റ് ലംഘനത്തിനും ഉൾപ്പെടെ 5,12,009 മോട്ടോർ വാഹന നിയമ ലംഘനക്കേസുകൾ രജിസ്റ്റർ ചെയ്യുകയും വാഹന/റോഡ് നിയമങ്ങൾ ലംഘിച്ചതിന് 42,58,37,658 രൂപ പിഴയായി ഈടാക്കുകയും ചെയ്തു.

2011 മുതൽ ഓരോ വർഷവും ഒരു ലക്ഷം വാഹനങ്ങൾക്ക് ഉണ്ടാകുന്ന അപകടങ്ങളിൽ സ്ഥിരമായ കുറവ് വന്നിട്ടുണ്ട് എന്നത് എടുത്തുപറയേണ്ടതാണ്. റോഡുകളിൽ വരുത്തിയ പരിഷ്കാരങ്ങൾ വർഷങ്ങളായി അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ട്രാഫിക് പോലീസിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ഡ്രൈവർമാരുടെ പിഴവാണ് മിക്ക അപകടങ്ങൾക്കും കാരണം. എന്നിരുന്നാലും, റോഡ് രൂപകല്പനയിലെ പോരായ്മകൾ, മോശം റോഡ് അവസ്ഥ എന്നിവ പൊതുവെ അവഗണിക്കപ്പെടുന്ന വസ്തുതകളാണ്. വിവിധ വിഭാഗം റോഡ് ഉപയോക്താക്കൾക്കുള്ള റോഡ് സുരക്ഷാ പരിശീലനം, റോഡ് രൂപകൽപനയിലെ തിരുത്തൽ നടപടികൾ, റോഡ് നിർമ്മാണത്തിലും ആസൂത്രണത്തിലും പ്രവർത്തന ഘട്ടത്തിലും റോഡ് സുരക്ഷാ വശങ്ങൾ ഉൾപ്പെടുത്തുന്നതിലെ പോരായ്മകൾ എന്നിവ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് പ്രാഥമികമായി സ്വീകരിക്കേണ്ട വസ്തുതകളാണ്.

കേരള സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്ന് ലഭ്യമായ 2018 മുതൽ 2020 വരെയുള്ള ക്രാഷ് ഡാറ്റായുടെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ്(കെ.എസ്.സി.എസ്.ടി.ഇ)ന് കീഴിലുള്ള നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്) 2021 ൽ കേരളത്തിലുടനീളം ആകെ 4,592 ക്രാഷ് ബ്ലാക്ക് സ്പോട്ടുകൾ/അപകട സ്ഥലങ്ങളുണ്ടെന്ന് കണ്ടെത്തുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് (കെആർഎസ്എ) സമർപ്പിക്കുകയും ചെയ്തു. ഇത് പ്രകാരം ഏറ്റവും കൂടുതൽ ക്രാഷ് ബ്ലാക്ക് സ്പോട്ടുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (703), തുടർന്ന് തിരുവനന്തപുരം (694), തൃശ്ശൂർ (548) എന്നീ ജില്ലകളുമാണ്. ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയൽ, വിശകലനം, പരിഹാരം എന്നിവ റോഡ് അപകടങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദ സമീപനങ്ങളായി കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ ബ്ലാക് സ്പോട്ടുകളെകുറിച്ചുള്ള വിശദാംശങ്ങൾ **ബോക്സ് 11.1.1**ൽ നൽകിയിരിക്കുന്നു.

### റോഡ് മെച്ചപ്പെടുത്തലുകൾ

ദേശീയ പാത അതോറിറ്റിക്കുവേണ്ടി (എൻ.എച്ച്.എ.ഐ) ദേശീയ-സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ


**ബോക്സ് 11.1.1** ബ്ലാക്ക് സ്പോട്ടുകൾ

വിവിധ കാരണങ്ങളാൽ റോഡ് ശൃംഖലയിൽ സൃഷ്ടിക്കപ്പെടുന്ന, അപകടങ്ങൾ/മരണങ്ങൾ എന്നിവ ആവർത്തിച്ച് സംഭവിക്കുന്ന ചെറിയ ഇടങ്ങളാണ് (സ്ട്രെച്ചുകളാണ്) ബ്ലാക്ക് സ്പോട്ടുകൾ. ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയൽ, വിശകലനം, പരിഹാരം എന്നിവ റോഡ് അപകടങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ സമീപനങ്ങളിലൊന്നായി പരക്കെ കണക്കാക്കപ്പെടുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അപകടങ്ങളുടെ തീവ്രത സൂചിക (എഎസ്ഐ) അടിസ്ഥാനമാക്കി അപകടകരമായ സ്ഥലങ്ങൾ തീരുമാനിക്കുന്നു. ത്രെഷോൾഡ് മൂല്യത്തേക്കാൾ അപകട തീവ്രതാ സൂചിക ഉള്ള സ്പോട്ടുകൾ (ശരാശരി തീവ്രത + 1.5 *സ്റ്റാൻഡേർഡ് ഡിവിയേഷൻ) ബ്ലാക്ക് സ്പോട്ടുകളായി കണക്കാക്കുന്നു. ബ്ലാക്ക് സ്പോട്ടുകളിലെ മരണനിരക്കും അപകടങ്ങളുടെ ആവൃത്തിയും അടിസ്ഥാനമാക്കിയാണ് ബ്ലാക്ക് സ്പോട്ടുകളെ തരംതിരിക്കുന്നത്, അതായത് ക്ലാസ് I വിഭാഗത്തിൽ വരുന്ന ബ്ലാക്ക് സ്പോട്ടുകളിൽ അപകടത്തിനും മരണത്തിനും സാധ്യത കൂടുതലാണ്, ക്ലാസ് III ബ്ലാക്ക് സ്പോട്ടുകളിൽ ഇത് കുറവായിരിക്കും.

സംസ്ഥാനത്തെ ക്രാഷ് ബ്ലാക്ക് സ്പോട്ടുകളിൽ സംഭവിക്കുന്ന അപകടങ്ങളുടെ തീവ്രതയെ അടിസ്ഥാനമാക്കി മൊത്തം 374 മുൻഗണനാ ക്രാഷ് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി മുൻഗണന നൽകിയിട്ടുണ്ട്. 'പ്രയോറിറ്റി ക്രാഷ് ബ്ലാക്ക്സ്പോട്ടുകളെ 'പ്രയോറിറ്റി I ബ്ലാക്ക് സ്പോട്ടുകൾ (250 ലൊക്കേഷനുകൾ), പ്രയോറിറ്റി II ബ്ലാക്ക് സ്പോട്ടുകൾ (124 ലൊക്കേഷനുകൾ) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. കേരളത്തിലെ ദേശീയ പാതകളിൽ 227 'പ്രയോറിറ്റി ബ്ലാക്ക് സ്പോട്ടുകളും' സംസ്ഥാന പാതകളിൽ 84 എണ്ണവും മറ്റ് റോഡുകളിൽ 63 എണ്ണവും ആണ് ഉള്ളത്.

അവലംബം: നാറ്റ്പാക്ക്

**ചിത്രം 11.1.5.** 2010 മുതൽ 2022 വരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത




*വിശദാംശങ്ങൾ, 2022 ആഗസ്റ്റ് (ജനുവരി-ആഗസ്റ്റ്, 2022)
അവലംബം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

(എം.ഡി.ആർ.) എന്നിവയ്ക്കായുള്ള നയരൂപീകരണം, ആസൂത്രണം, ഡിസൈൻ, നിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണ്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി,പി.), കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.), റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർ.ഐ.സി.കെ) എന്നിവയും സംസ്ഥാനത്തെ റോഡ് പദ്ധതികൾ നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്.

കേന്ദ്ര ധനസഹായമാണ് ദേശീയപാത അറ്റകുറ്റപണികൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സ്. സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സിആർഐഎഫ്) സംസ്ഥാനങ്ങളുടെ/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണത്തെ അടിസ്ഥാനമാക്കി 30:70 വെയിറ്റേജ് അടിസ്ഥാനമാക്കിയാണ് ഫണ്ട് അനുവദിക്കുന്നത്. സിആർഐഎഫ്-ന് കീഴിൽ, സംസ്ഥാന സർക്കാരുമായി ഏകോപിച്ച് ഏറ്റെടുക്കേണ്ട പദ്ധതികളുടെ പട്ടികയ്ക്ക് റോഡ്-ദേശീയപാത മന്ത്രാലയം അംഗീകാരം നൽകുന്നു, അതിനുശേഷം സാങ്കേതിക അനുമതിയും സാമ്പത്തിക അനുമതിയും സംസ്ഥാന സർക്കാരാണ് നൽകേണ്ടത്. സംസ്ഥാന സർക്കാർ സാധാരണയായി സെൻട്രൽ റോഡ് ഫണ്ട് ജോലികൾക്കായി വരുന്ന ചെലവ് മുൻകൂറായി മുടക്കുകയും പിന്നീട് ഈ തുക ഗതാഗത മന്ത്രായലയം മടക്കി നൽകുകയുമാണ് ചെയ്യുന്നത്. സിആർഐഎഫ്

വർക്കുകളുടെ (സംസ്ഥാന പാതകൾ) 2022 മാർച്ച് വരെയുള്ള സ്ഥിതി **അനുബന്ധം 11.1.14**ൽ നൽകിയിരിക്കുന്നു.

ഇത് കൂടാതെ ദേശീയപാതയെ ഗതാഗതയോഗ്യമായ അവസ്ഥയിൽ നിലനിർത്തുന്നതിന്, സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ഫണ്ടുകൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാരും റോഡ് അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തൽ ജോലികളും നടത്തിവരുന്നു. നഗര പ്രദേശങ്ങളെ ദേശീയപാതകളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെയും,ദേശീയപാത ബൈ പാസ് റോഡുകളുടെയും മെച്ചപ്പെടുത്തൽ പ്രവൃത്തികളും അറ്റകുറ്റപ്പണികളും സംസ്ഥാന ദേശീയപാത വിഭാഗമാണ് നിർവഹിക്കുന്നത്. സംസ്ഥാനത്ത് അനിവാര്യമായ പതിവ് അറ്റകുറ്റപ്പണികൾ, ദേശീയ പാതകളിലെ ഗതാഗത സുരക്ഷാ ജോലികൾ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ പ്രവൃത്തികൾ, ബൈപാസ് പ്രവൃത്തികൾ എന്നിവ കേരള ബജറ്റ് വിഹിതം ഉപയോഗിച്ചാണ് നടത്തുന്നത്.
റോഡ് മെച്ചപ്പെടുത്തൽ, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തലും, റിലേയിംഗ്, നവീകരണം തുടങ്ങിയവയിലൂടെ ജ്യാമിതീയ മെച്ചപ്പെടുത്തൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, മറ്റ് സാങ്കേതിക തിരുത്തലുകൾ എന്നിവ പ്രസ്തുത കാലയളിവിൽ നടത്തപ്പെട്ട പ്രധാന പ്രവൃത്തികളാണ്. 2020-22ൽ, വിവിധ പദ്ധതികൾക്ക് കീഴിൽ 14,181 കിലോമീറ്റർ ബിറ്റുമെൻ മക്കാഡവും ബിറ്റുമെൻ കോൺക്രീറ്റും (ബിഎം, ബിസി) ഉൾപ്പെടെ മൊത്തം 14,724 കിലോമീറ്റർ റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലും നടത്തി. 2021-22ൽ 246.903 കിലോമീറ്റർ നീളമുള്ള സംസ്ഥാനപാതകളുടെ വികസനവും മെച്ചപ്പെടുത്തലും പൂർത്തിയായി, ഇതിൽ 177.80 കിലോമീറ്റർ ബിഎം/ ബിസി റോഡുകളും 89.71 കോടി രൂപ ചെലവിൽ 14,476.85 കിലോമീറ്റർ നീളമുള്ള (14,002.86 കിലോമീറ്റർ ബിഎംബി2) പ്രധാന ജില്ലാ റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലും ഉൾപ്പെടുന്നു. കൂടാതെ, 650 കിലോമീറ്റർ റോഡുകൾ ചിപ്പിംഗ് കാർപെറ്റ് ഉപയോഗിച്ച് പുനർനിർമ്മിച്ചു, 350 കിലോമീറ്റർ റോഡ് പ്രവൃത്തികൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചും 500 കിലോമീറ്റർ എൻആർഎംബി ഉപയോഗിച്ചും റോഡുകളിൽ ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ച് 10 കിലോമീറ്റർ സ്റ്റെബിലൈസേഷൻ ജോലികളും നടത്തി. സംസ്ഥാന പാതകളുടെയും (എസ്.എച്ച്) പ്രധാന ജില്ല റോഡുകളുടെയും(എം.ഡി.ആർ.) ദീർഘിപ്പിക്കൽ പ്രവൃത്തികൾ 2021-22 കാലയളവിൽ നടത്തിയിട്ടില്ല.

2019 ജൂലൈ മുതൽ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എം.എസ്) നടപ്പിലാക്കുന്നതിനാവശ്യമായ വിവരശേഖരണം റോഡ് മെയിന്റനൻസ് വിഭാഗം നടത്തിവരുന്നുണ്ട്. മെച്ചപ്പെട്ടതും ഉപയോക്തൃ സൗഹൃദവുമായ ഒരു വെബ് അധിഷ്ഠിത റോഡ് വിവര സംവിധാനം സ്ഥാപിക്കുക എന്നതാണ് ആർ.എം.എം.എസ്-ന്റെ ആത്യന്തിക ലക്ഷ്യം. അറ്റകുറ്റപ്പണികൾക്കായി ലഭ്യമായ തുക പരിമിതവുമായ വിഭവങ്ങളുടെ പരമാവധി വിനിയോഗം, റോഡ് അറ്റകുറ്റപ്പണികളുടെ ചിട്ടയായ സമീപനവും ആസൂത്രണവും, ശരിയായതും സമയോചിതവുമായ റോഡ് അറ്റകുറ്റപ്പണിയിലൂടെ മുഴുവൻ ഗതാഗത ചെലവുകളും കുറയ്ക്കുക എന്നിവയാണ് ആർഎംഎംഎസ്-ന്റെ മറ്റൊരു ലക്ഷ്യം. എല്ലാ സംസ്ഥാനപാതകളും ചില പ്രധാന ജില്ല റോഡുകളും ഉൾപ്പെടെ 7,000 കിലോമീറ്റർ റോഡ് ഭാഗം കോർ റോഡ് നെറ്റ്‌വർക്കായി (സിആർഎൻ) സർക്കാർ പ്രഖ്യാപിക്കുകയും 2021-22ൽ ഈ റോഡുകളിൽ ആർഎംഎം നടപ്പാക്കുകയും ചെയ്തു. 2022-23ൽ വകുപ്പിന് 378.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സാമ്പത്തിക പ്രാധാന്യം, സാമ്പത്തിക വളർച്ചാ കേന്ദ്രങ്ങളും തന്ത്രപ്രധാന ഇടനാഴികളുമായിട്ടുള്ള ബന്ധം, ഗതാഗത വ്യാപ്തി, വാണിജ്യ വാഹനങ്ങളുടെ എണ്ണം, പൊതുഗതാഗത റൂട്ടുകൾ, ദുരന്ത നിവാരണം, കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് കോർ റോഡ് നെറ്റ്‌വർക്കിന്റെ (സിആർഎൻ) മുൻഗണന കണക്കാക്കുന്നത്.

**തീരദേശ ഹൈവേ:** തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ ഹൈവേ, സംസ്ഥാനത്തെ ഏറ്റവും മനോഹരമായ തീരപ്രദേശത്ത് കേരള സർക്കാർ വിഭാവനം ചെയ്യുന്ന അഭിമാന പദ്ധതിയാണ് തീരദേശ ഹൈവേ. ദേശീയ പാത 66 ന് ബദലായി പ്രവർത്തിക്കുന്നതോടൊപ്പം ഏത് അടിയന്തര സാഹചര്യത്തിലും ഒരു ഒഴിപ്പിക്കൽ റൂട്ടായി ഇതിനെ മാറ്റാനും സാധിക്കും. 629 കിലോമീറ്റർ നീളമുള്ള തീരദേശ ഹൈവേ 9 ജില്ലകളിലൂടെ കടന്നുപോകുകയും ദേശീയ പാതയുടെ 45 കിലോമീറ്റർ ദൂരം ഓവർലാപ്പ് ചെയ്യുകയും ചെയ്യുന്നു. തീരദേശ ഹൈവേ, മറ്റ് ചെറുകിട തുറമുഖങ്ങൾ, ഹാർബറുകൾ എന്നിവ കൂടാതെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നിവയെയും പരസ്പരം ബന്ധിപ്പിക്കുന്നു. 2022 മാർച്ചിലെ കണക്കനുസരിച്ച്, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) പദ്ധതിക്കായി 2,620.63 രൂപ അനുവദിച്ചിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി) ആണ് പദ്ധതി നടത്തിപ്പിനുള്ള പ്രത്യേക ഉദ്ദേശ്യ സ്ഥാപനം. കിഫ്ബി അംഗീകരിച്ച തീരദേശ ഹൈവേയുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.15**ൽ നൽകിയിരിക്കുന്നു.

**മലയോര ഹൈവേ:** കേരളത്തിലെ ഏറ്റവും നീളം കൂടിയ സംസ്ഥാന പാത 59 (SH 59), ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡിലെ നന്ദാരപടവിൽ നിന്ന് തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ വ്യാപിച്ചുകിടക്കുന്നു. ഇതിനെ 'ഹിൽ ഹൈവേ' അഥവാ 'മലയോര ഹൈവേ' ആയി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ആകെ നീളം 1332.16 കിലോമീറ്ററാണ്. കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങളുടെയും മറ്റ് ഹൈറേഞ്ച് ഉൽപ്പന്നങ്ങളുടെയും വ്യാപാരം, കൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന മിക്കവാറും എല്ലാ നഗരങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാൽ നിർദ്ദിഷ്ട മലയോര ഹൈവേയെ "കേരള സ്പൈസസ് റൂട്ട്" എന്നും വിളിക്കുന്നു. ഹൈറേഞ്ചുകളിലെ വ്യാപാരം വർദ്ധിപ്പിക്കുക, സുഗന്ധവ്യഞ്ജനങ്ങൾ, കാർഷിക ഉൽപന്നങ്ങൾ എന്നിവയുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുക, അതുപോലെ തന്നെ കേരളത്തിലെ പ്രധാന മധ്യ പാതയിലെ ഗതാഗത തീവ്രത കുറയ്ക്കുകയും ചെയ്യുക എന്നിവയാണ് ഇത്തരമൊരു ഹൈവേ രൂപീകരിക്കുന്നതിന്റെ ലക്ഷ്യം. കെ.ആർ.എഫ്ബിയെ പദ്ധതിയുടെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി (എസ്.പി.വി) നിയമിച്ചിട്ടുണ്ട്.

2022 മാർച്ചിലെ കണക്കനുസരിച്ച്, മൊത്തം 625.96 കിലോമീറ്റർ ദൈർഘ്യമുള്ള 35 റീച്ചുകളിലെ പ്രവൃത്തികൾക്കായി 2,54,884 കോടി രൂപ കിഫ്ബി അനുവദിച്ചു. 4 റീച്ചുകളിലെ പണികൾ പൂർത്തിയാക്കി മറ്റ് റീച്ചുകളിലെ പണികൾ പുരോഗമിക്കുന്നു. കിഫ്ബി അംഗീകരിച്ച മലയോര ഹൈവേ സ്ട്രെച്ചുകൾ **അനുബന്ധം 11.1.16**-ൽ നൽകിയിരിക്കുന്നു

**വിദേശ സഹായ പദ്ധതികൾ**

**കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.ടി.പി):** കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നടപ്പിലാക്കുന്ന ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കിന്റെയും (കെഎഫ്ഡബ്ല്യു) ധനസഹായത്തോടെയുള്ള രണ്ട് പ്രധാന പദ്ധതികളാണ് i) ലോകബാങ്ക് ധനസഹായം നൽകുന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്-II, ii) ലോകബാങ്കും കെഎഫ്ഡബ്ല്യു ജർമ്മൻ ബാങ്കും ചേർന്ന കേരളത്തിന്റെ പുനർനിർമ്മാണം എന്നിവ. ലോകബാങ്കിന്റെ (ഐബിആർഡി) സഹായത്തോടെയുള്ള പദ്ധതിയാണ് കെഎസ്റ്റിപി - II, പദ്ധതിക്കായി 2,403 കോടി രൂപ (445 ദശലക്ഷം യുഎസ് ഡോളർ) ബാങ്ക് അംഗീകരിച്ചിട്ടുണ്ട്. 363 കിലോമീറ്റർ സംസ്ഥാനപാതകളുടെ നവീകരണം, റോഡ് സുരക്ഷാ പരിപാലനം, പൊതുമരാമത്ത് വകുപ്പിന്റെ (പിഡബ്ല്യുഡി) സ്ഥാപനപരമായ ശക്തിപ്പെടുത്തൽ എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ചെലവ് 445 ദശലക്ഷം യുഎസ് ഡോളറാണ് (2,403 കോടി രൂപ), ഇതിൽ 216 ദശലക്ഷം യുഎസ് ഡോളർ (1,166 കോടി രൂപ) ലോകബാങ്കിൽ നിന്നുള്ള വായ്പാ സഹായമാണ്. അർഹതയുള്ള ഇനങ്ങൾക്ക് (ഭൂമി ഏറ്റെടുക്കലും പ്രവർത്തനച്ചെലവും ഒഴികെ) ലോക ബാങ്കും കേരള സർക്കാരും തമ്മിലുള്ള വിതരണ അനുപാതം 56:44 ആണ്. യഥാർത്ഥ വായ്പാ തിരിച്ചടവ് തീയ്യതി 2019 ഏപ്രിൽ 30 ആയിരുന്നുവെങ്കിലും ഇത് 2021 ഏപ്രിൽ വരെ നീട്ടുകയും 2021 ഏപ്രിൽ അടച്ച് തീർക്കുകയും ചെയ്തു. 80 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ഡെമോൺസ്ട്രേഷൻ സുരക്ഷാ ഇടനാഴിയുടെ വികസനം, കേരള റോഡ് സുരക്ഷാ അതോറിറ്റി, പിഡബ്ല്യുഡി റോഡ് സുരക്ഷാ സെൽ, കമ്മ്യൂണിറ്റി പാർട്ടിസിപ്പേറ്ററി റോഡ്, അസറ്റ് മാനേജ്മെന്റ് പ്രോഗ്രാമുകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, പൊതുവിവരങ്ങളും പരാതി പരിഹാര സെല്ലും ശക്തിപ്പെടുത്തൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പിപിപി) റോഡ് മെച്ചപ്പെടുത്തുന്നതിനുള്ള പൈലറ്റ് പദ്ധതി തുടങ്ങിയ നൂതന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു. കെഎസ്ടിപി രണ്ടാം ഘട്ട പദ്ധതിയുടെ 11 റീച്ചുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു, 22.17 കിലോമീറ്റർ ദൈർഘ്യമുള്ള പ്ലാച്ചേരി-പൊൻകുന്നം റീച്ചിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ബാക്കി ഭാഗത്തെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. പദ്ധതിക്കായി 2022 മെയ് വരെ 2,815.93 കോടി രൂപ മൊത്തം ചെലവഴിച്ചു. കെഎസ്ടിപി രണ്ടാം ഘട്ട പ്രവൃത്തികളുടെ സ്ഥിതി **അനുബന്ധം 11.1.17**ൽ നൽകിയിരിക്കുന്നു.

**റീ–ബിൽഡ് കേരള:** റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർകെഐ) ഭാഗമായി, 2018-ലെ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും തകർന്ന റോഡുകളുടെ പുനർനിർമ്മാണം/ പുനരുദ്ധാരണം പ്രവർത്തനങ്ങൾ കെഎസ്ടിപി ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുന്നത് കൂടാതെ 3,346.09 കോടി രൂപയുടെ കാലാവസ്ഥാ പ്രതിരോധ, ഹരിത റോഡുകളുടെ പുനർനിർമ്മാണം നടപ്പിലാക്കുന്നതിന് 1,200 കോടി രൂപ ലോകബാങ്ക് സഹായവും 1,800.00 കോടി രൂപ കെഎഫ്ഡബ്ല്യു (ജർമ്മൻ ബാങ്ക്) സഹായവും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. വികസന നയ വായ്പയിൻ കീഴിൽ ലോകബാങ്ക് 100 ശതമാനം സഹായവും ജർമ്മൻ ബാങ്ക് (കെഎഫ്ഡബ്ല്യു) മതിപ്പുചെലവിന്റെ 70 ശതമാനം വായ്പാ സഹായവും ബാലൻസ് 30 ശതമാനം സംസ്ഥാന സർക്കാരും നൽകും. പൊതുമരാമത്ത് വകുപ്പ് നിർദേശിച്ച 62 റോഡുകളിൽ 59 റോഡുകൾ പുനർനിർമാണത്തിനും നവീകരണത്തിനുമായി ഏറ്റെടുത്തു. ഈ 59 റോഡുകളുടെ ആകെ നീളം 1,609 കിലോമീറ്ററാണ്; ഇതിൽ 16 എണ്ണം മലയോര റോഡുകളും (431.17 കി.മീ.) ബാക്കി 43 എണ്ണം ഇതര (1,177.83 കി.മീ) റോഡുകളുമാണ്.

**നഗര പാതകളുടെ മെച്ചപ്പെടുത്തൽ:** 2001-ലെ കേരള റോഡ് ഫണ്ട് ആക്റ്റ് (കെആർഎഫ് ആക്റ്റ്) പ്രകാരം സംസ്ഥാന സർക്കാരിന് കീഴിൽ 2002 ൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി). സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഈ ഏജൻസി നിർണ്ണായക പങ്ക് വഹിക്കുന്നു. ഇത് പ്രധാനമായും ബജറ്റ് ഇതര ഫണ്ടുകളുടെ മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും റോഡുകളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഫണ്ടുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള നഗര പാതകളുടെ മെച്ചപ്പെടുത്തൽ പദ്ധതി (പി.പി.പി) കളാണ് പ്രധാനമായും കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം സിറ്റിയിൽ 42.07 കിലോമീറ്റർ ദൈർഘ്യമുള്ള 16 സ്ട്രെച്ചുകളുടെ റോഡ് പണികൾ പൂർത്തീകരിച്ചു. ഇപ്പോൾ പദ്ധതി അതിന്റെ പ്രവർത്തന, പരിപാലന ഘട്ടത്തിലാണ്. 2022 മാർച്ചിലെ കണക്കനുസരിച്ച് 325.19 കോടി രൂപ കരാറുകർക്ക് ആന്വിറ്റിയായി നൽകിയിട്ടുണ്ട്. 211.00 കോടി രൂപ ചെലവിൽ ആറ് ഇടനാഴികൾ ഉൾപ്പെട്ട 22.25 കിലോമീറ്റർ കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഒന്നാം ഘട്ടം (എ) വികസനം കേരള റോഡ് ഫണ്ട് ബോർഡ് പൂർത്തിയാക്കി. ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.ടി) ആന്വിറ്റി മാതൃകയിൽ പദ്ധതി പൂർത്തിയാക്കുകയും 2022 മാർച്ച് വരെ, 203.85 കോടി രൂപ കരാറുകർക്ക് ആന്വിറ്റിയായി നൽകിയിട്ടുമുണ്ട്. സംസ്ഥാനത്ത് കിഫ്ബി നിക്ഷേപം നടത്തുന്ന റോഡ് പദ്ധതികളുടെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി കെആർഎഫ്ബിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സ്മാർട്ട് സിറ്റി പദ്ധതികൾ:** തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്ക് കീഴിൽ 54 കിലോമീറ്റർ റോഡ് സ്മാർട്ട് റോഡുകളായി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. വിശദമായ സ്ട്രിപ്പ് പ്ലാനുകൾ, ജംഗ്ഷൻ ഡിസൈനുകൾ, സൈക്കിൾ ട്രാക്ക്, ഫുട്പാത്ത് ഡിസൈൻ എന്നിവ ഉൾപ്പെടുത്തി നിലവിലുള്ള റോഡിന് ഓവർലേ ഡിസൈൻ നൽകുക എന്നതാണ് സ്മാർട്ട് റോഡ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് കീഴിൽ റോഡ് രൂപകൽപന, റോഡ് അടയാളപ്പെടുത്തൽ തുടങ്ങിയവ ചെയ്തുവരുന്നു.

തെരഞ്ഞെടുത്ത സംസ്ഥാന പാതകളുടെയും എംഡിആറുകളുടെയും വികസനം ലക്ഷ്യമിട്ട് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (എസ്ആർഐപി) നടപ്പിലാക്കുന്നതിന് കെആർഎഫ്ബി യുടെ കീഴിൽ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർഐസികെ) എന്ന പേരിൽ സംസ്ഥാന സർക്കാർ ഒരു പ്രത്യേക ഉദ്ദേശ സ്ഥാപനം (എസ് പി വി) രൂപീകരിച്ചു. എസ്ആർഐപി യിൽ രണ്ട് പാക്കേജുകളുണ്ട് -പുനരധിവാസത്തിന് പിപിപി ആന്വിറ്റി മോഡും, ബഹുമുഖ ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള അപ്ഗ്രഡേഷനും

പാക്കേജും. തിരുവനന്തപുരം, കോട്ടയം, കാസർകോട് ജില്ലകളിൽ എ, ബി എന്നീ രണ്ട് പാക്കേജുകളിലായി 83 കിലോമീറ്റർ റോഡ് നവീകരിക്കാനാണ് പുനരധിവാസ പാക്കേജ് ഉദ്ദേശിക്കുന്നത്. ഉപ്പള-കണിയാന റോഡ് (9.4 കി.മീ), വിദ്യാനഗർ-സീതാംഗോളി റോഡ് (15.6 കി.മീ), കാഞ്ഞിരപ്പള്ളി- കാഞ്ഞിരംകവല റോഡ് (36.10 കി.മീ), വെള്ളനാട്-ചെറ്റച്ചൽ റോഡ് (21.90 കി.മീ), കരമന-വെള്ളറട റോഡ് (35.5 കി.മീ) ഭൂമി ഏറ്റെടുക്കൽ എന്നിവയാണ് റിക്ക് ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ. ഭൂമി, റോഡ്നിർമ്മാണം, റെയിൽവേ മേൽപ്പാലങ്ങൾ,ടോൾ പിരിവ് അവകാശങ്ങൾ, ഇടപെടൽ, വിശദ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കൽ സ്ഥാവര-ജംഗമ സ്വത്തുക്കളും ആസ്തികളും കൈകാര്യം ചെയ്യുക, തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർബിഡിസികെ) എന്നൊരു കമ്പനിയും സംസ്ഥാന പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

**റോഡ് മേഖലയിലെ ഗവേഷണവും വികസനവും**

റോഡ് സംവിധാനം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പൊതുവായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, മിതവ്യയത്തിലൂടെ അടിസ്ഥാന സൗകര്യങ്ങളുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനുമുള്ള നൂതന മാതൃകകളും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്നതിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഡിസൈൻ, റിസർച്ച്, ഇൻവെസ്റ്റിഗേഷൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ് (ഡി.ആർ.ഐ.ക്യു ബോർഡ്), കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) എന്നിവയാണ് നിലവിൽ റോഡ് ഗതാഗത മേഖലയുടെ ഗവേഷണത്തിലും വികസനത്തിലും ഏർപ്പെട്ടിരിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ.

കേരള ദേശീയപാത ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (കെഎച്ച്ആർഐ), കേരളത്തിലെ റോഡ് മേഖലയെ നവീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപദേശക സമിതി/ബുദ്ധി കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു മികവിന്റെ കേന്ദ്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്.റോഡ് അസറ്റ് മാനേജ്മെന്റ്, റോഡ് സുരക്ഷാ മാനേജ്മെന്റ്, ഗുണനിലവാരം ഉറപ്പാക്കൽ,കരാർ മാനേജ്മെന്റ്, തദ്ദേശീയ ഗവേഷണ-വികസനപ്രവർത്തനങ്ങളുടെ പ്രോത്സാഹനം,ഡിസൈൻ/കൺസ്ട്രക്ഷൻ പ്രാക്ടീസ് എന്നീ നൂതനതത്വങ്ങളിൽ കെ.എച്ച്.ആർ.ഐ. ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ (കെ.എസ്.സി.എസ്.ടി.ഇ.)കീഴിൽ ഗതാഗത മേഖലയിലും അനുബന്ധ മേഖലകളിലുമുള്ള വികസന,ഗവേഷണ,വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്ന കേന്ദ്രമാണ് നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്). ഗതാഗതം, ട്രാഫിക് മാനേജ്മെന്റ്, റോഡ് സുരക്ഷ തുടങ്ങിയ എല്ലാ മേഖലകളിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സർക്കാരിനും മേഖലയിലെ വിവിധ ഉപയോക്തൃ ഏജൻസികൾക്കും കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിനും നാറ്റ്പാക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.റോഡ് സുരക്ഷ, ട്രാഫിക് എഞ്ചിനീയറിംഗ്, പരിസ്ഥിതി പ്രശ്നങ്ങൾ, നയങ്ങളും പരിപാടികളും, നഗര ഗതാഗതം, പൊതുഗതാഗത പ്രശ്നങ്ങൾ, ടൂറിസം, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ മേഖലകളിലാണ് നാറ്റ്പാക്-ന്റെ സേവനം ലഭ്യമാവുന്നത്.കേരളത്തിലെ ക്രാഷ് ബ്ലാക്ക് സ്പോട്ടുകൾ തിരിച്ചറിയുകയും മുൻഗണന നൽകുകയും ചെയ്യുക, അഡാപ്റ്റീവ് ട്രാഫിക് സിഗ്നൽ സംവിധാനത്തിലൂടെ റോഡ് സുരക്ഷ വർദ്ധിപ്പിക്കുക, മോഡൽ റോഡ് സുരക്ഷാ ഇടനാഴികളുടെ രൂപകല്പന, പൊതുഗതാഗത/ചരക്ക് നീക്ക പ്രവർത്തനങ്ങളുടെ സൂചികകൾ കാലാനുസൃതമായി പുതുക്കുക. പ്രധാന അപകട സ്ഥലങ്ങളുടെ(ബ്ലാക്ക് സ്പോട്ടുകൾ)കണ്ടെത്തൽ, അവയുടെ കാരണ വിശകലനവും ലഘൂകരണവും തുടങ്ങിയയവയാണ് സമീപ വർഷങ്ങളിൽ ഈ ഗവേഷണ സ്ഥാപനം നൽകിവന്ന ചില പ്രധാന സേവനങ്ങൾ. പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഘടനാപരമായ രൂപകല്പന, റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ, പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുക, വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകുക,ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക തുടങ്ങിയ സേവനങ്ങളാണ് പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചെയ്തുവരുന്നത്.

**കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി)**

സംസ്ഥാനത്തിന്റെ പൊതുഗതാഗത മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഗതാഗത സേവനങ്ങൾക്ക് പുറമെ (കെഎസ്ആർടിസി, കെയുആർടിസി, കെഎസ്ആർടിസി –സ്വിഫ്റ്റ് ലിമിറ്റഡ്) സ്വകാര്യ സ്റ്റേജ് ക്യാരേജുകളും ഉൾപ്പെടുന്നു. പൊതുഗതാഗത സംവിധാനത്തിൽ സ്വകാര്യ സ്റ്റേജ് ക്യാരേജുകളുടെ പങ്ക് കൂടുതലായതിനാൽ കോവിഡ് മഹാമാരി ഈ വ്യവസായത്തെയും സാരമായി ബാധിച്ചിട്ടുണ്ടെന്ന് ഏറ്റവും പുതിയ വിവരങ്ങൾ കാണിക്കുന്നു.

റോഡ്, ചരക്ക് സേവനങ്ങൾ എന്നിവ പൂർണ്ണമായും സ്വകാര്യമേഖലയുടെ ഉടമസ്ഥതയിലൂടെയാണ് പ്രവർത്തിപ്പിക്കു ന്നത്. സംസ്ഥാനത്ത് യാത്രാ ഗതാഗത പ്രവർത്തനങ്ങൾ നടത്തുന്ന ഏറ്റവും വലിയ ഏക പൊതുമേഖലാ സ്ഥാപനമാണ് കെഎസ്ആർടിസി. കോർപ്പറേഷൻ ഇപ്പോൾ മാറ്റത്തിന്റെ പാതയിലാണ്. അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും സമ്പൂർണ കംപ്യൂട്ടർവൽക്കരണവുമാണ് (ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസർമാരിലും ഇ-ഓഫീസ് നടപ്പാക്കൽ) കെഎസ്ആർടിസി ലക്ഷ്യമിടുന്നത്. കെഎസ്ആർടിസിയിൽ കംപ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം (സിവിടിഎംഎസ്) നടപ്പിലാക്കുന്നതിന് ഡൽഹി ഇന്റഗ്രേറ്റഡ് മൾട്ടിമോഡൽ ട്രാൻസിറ്റ് സിസ്റ്റത്തിന് (ഡിഐഎംടിഎസ്) ചുമതലപ്പെടുത്തുകയും, സോഫ്റ്റ് വെയർ പതിപ്പ് 2022 ആഗസ്റ്റിൽ പുറത്തിറക്കിയത് കൂടാതെ, ദൈനംദിന ബസ് സർവീസുകളുടെ കാര്യക്ഷമതയും പ്രഫഷണൽ മാനേജ്മെന്റും നിരീക്ഷിക്കുന്നതിന് ഒരു മൾട്ടി ഡിസിപ്ലിനറി പ്രൊജക്റ്റ് മോണിറ്ററിംഗ് യൂണിറ്റ് ടീമിനെ ചീഫ് ഓഫീസിൽ (പിഎംയു) വിന്യസിക്കുകയും ചെയ്തു.

വാഹനവ്യൂഹ നവീകരണത്തിന്റെ ഭാഗമായി, കെഎസ്ആർടിസി അതിന്റെ ഡീലർമാരിൽ നിന്ന് വെറ്റ് ലീസ് അടിസ്ഥാനത്തിൽ സ്കാനിയ പോലുള്ള മൾട്ടി ആക്സിൽ ബസ്സുകൾ ലഭ്യമാക്കി. അന്തർ സംസ്ഥാന റൂട്ടുകളിൽ

സർവീസ് നടത്തുന്നു. വെറ്റ് ലീസ് അടിസ്ഥാനത്തിൽ 2022 മാർച്ച് വരെ 6 ബസ്സുകളാണ് ഉള്ളത്. കെഎസ്ആർടിസി ഉടമസ്ഥതയിലുള്ള ബസ്സുകളുടെ എണ്ണം **അനുബന്ധം 11.1.18**-ലും കെഎസ്ആർടിസി ഉടമസ്ഥതയിലെ വാഹനങ്ങളുടെ കാലപ്പഴക്കം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.19**-ലും കെഎസ്ആർടിസിയുടെ പ്രധാന ആന്തരിക സൂചകങ്ങൾ **അനുബന്ധം 11.1.20**-ലും നൽകിയിട്ടുണ്ട്.സംസ്ഥാനത്തെ നഗര പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപികരിചിട്ടുള്ളതാണ് കേരളാ അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി). 2008-ൽ, ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ (ജെ.എൻ.എൻ.യു.ആർ.എം) കീഴിൽ നഗര ഗതാഗതം നമ്മുടെ രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ പ്രധാന ചാലകശക്തിയായി വർത്തിക്കുമെന്നും ജനങ്ങളുടെ യാത്ര ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുമെന്നുമുള്ള ആശയത്തിന്റെ അടിസ്ഥാനത്തിൽ നഗര ബസ്സുകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഭാരത സർക്കാർ ആവിഷ്കരിച്ചു. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം കോർപ്പറേഷനുകളെയാണ് നഗര ഗതാഗത സംവിധാനം നടപ്പാക്കാനായി തെരഞ്ഞെടുത്തത്. പദ്ധതി പ്രകാരം 320 ബസ്സുകൾ (80 എ.സി ബസ്സുകളും 240 നോൺ-എ.സി ബസ്സുകളും) ഈ നഗരങ്ങളിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 50 എ.സി ലോ-ഫ്ലോർ, 120 നോൺ-എസി ബസ്സുകൾ എറണാകുളത്തും 30 എ.സി ബസ്സുകളും 120 നോൺ എസി ബസ്സുകളും തിരുവനന്തപുരത്തുമാണ് സർവീസ് നടത്തുന്നത്. പദ്ധതിയുടെ 80 ശതമാനം കേന്ദ്രസർക്കാരും 10 ശതമാനം സംസ്ഥാന സർക്കാരും 10 ശതമാനം കെഎസ്ആർടിസിയും വഹിക്കുന്നു. 2022 ഓഗസ്റ്റ് വരെ കെയുആർടിസിക്ക് കീഴിൽ 479 ലോ ഫ്ലോർ ബസുകൾ വിന്യസിച്ചിട്ടുണ്ട്. കെ.യു.ആർ.ടി.സി-യുടെ പ്രവർത്തനക്ഷമത **അനുബന്ധം 11.1.21**ൽ നൽകിയിരിക്കുന്നു.

കെഎസ്ആർടിസിയുടെ പ്രകടന സൂചകങ്ങൾ കാണിക്കുന്നത് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 48 ശതമാനത്തിലധികം ബസുകളും പത്തോ അതിലധികമോ വർഷം പഴക്കമുള്ളവയാണ് (4,786 ബസ്സുകളിൽ 2,348). കെഎസ്ആർടിസി 2021-22ൽ ശരാശരി 2,509 ബസ്സുകളാണ് പ്രവർത്തിപ്പിച്ചത്. ഇവയുടെ ശരാശരി കാലപ്പഴക്കം 10.22 വർഷമാണ്. 2021-22 ലെ കണക്കനുസരിച്ച് കെഎസ്ആർടിസിയിൽ 26,801 ജീവനക്കാരാണ് ഉള്ളത്. ഒരു ബസ്സിലെ ഡ്രൈവർ-കണ്ടക്ടർ അനുപാതം 2.52ഉം 2.5ഉം ആണ്. മിനിസ്റ്റീരിയൽ മെക്കാനിക്കൽ-ജീവനക്കാർ തമ്മിലുള്ള അനുപാതം യഥാക്രമം 0.24ഉം 1.16ഉം ആണ്. 2022 ആഗസ്റ്റിലെ കണക്കനുസരിച്ച് ഒരു ബസിലെ ശരാശരി പ്രതി മാസ ഒക്കുപെൻസി നിരക്ക് 68 ആണ്. കെഎസ്ആർടിസിയുടെ പ്രവർത്തന കാര്യക്ഷമതയും ജില്ല തിരിച്ചുള്ള പ്രവർത്തന സ്ഥിതിവിവരക്കണക്കുകളും കാണിക്കുന്ന പ്രധാന സൂചകങ്ങൾ **അനുബന്ധം 11.1.22, അനുബന്ധം 11.1.23** എന്നിവയിൽ നൽകിയിരിക്കുന്നു.

കെഎസ്ആർടിസിയുടെ മൊത്ത വരുമാനം 2020-21ൽ 620.93 കോടി രൂപയായിരുന്നത് 2021-22ൽ 1,095.5 കോടി രൂപയായി വർദ്ധിച്ചത്, വ്യവസായം കോവിഡ്-19 മഹാമാരിയുടെ ആഘാതത്തിൽ നിന്ന് പുനരുജ്ജീവിപ്പിക്കപ്പെടുന്നു എന്നതിന്റെ നല്ല സൂചനയാണ്. 2020-21 ലെ 1,485.84 കോടി രൂപയെ അപേക്ഷിച്ച് 2021-22ൽ മൊത്ത റവന്യൂ ചെലവ് 2,707.66 കോടി രൂപയും 2020-21 ലെ 864.91 കോടി രൂപയെ അപേക്ഷിച്ച് 2021-22 കാലയളവിലെ പ്രവർത്തന നഷ്ടം 1,012.14 കോടി രൂപയുമാണ്.

സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ലോജിസ്റ്റിക്സ്, ഷോപ്പ് വൺ വീൽ, മൂന്നാറിലെ കെഎസ്ആർടിസി ബസ്സിൽ സ്റ്റേ, കെഎസ്ആർടിസി ലൂബ് ഷോപ്പ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് റീട്ടെയിൽ ഇന്ധനം നിറയ്ക്കുന്ന സ്റ്റേഷനുകൾ 'യാത്രാ ഇന്ധനം' എന്നീ നൂതന പദ്ധതികൾ കെഎസ്ആർടിസി അവതരിപ്പിച്ചു. എന്നിരുന്നാലും, വർഷങ്ങളായി, പ്രവർത്തനച്ചെലവിലെ വർദ്ധനവ്, പെൻഷൻ പ്രതിബദ്ധത വർദ്ധനവ്, പലിശ അടയ്ക്കൽ, സാമ്പത്തികമല്ലാത്ത റൂട്ടുകളിലെ സർവ്വീസ്, ഇളവുകളോടെയുള്ള യാത്രകൾ എന്നിവ കോർപ്പറേഷന്റെ നഷ്ടം വർദ്ധിക്കാൻ കാരണമായതിനാൽ കെഎസ്ആർടിസിയുടെ സാമ്പത്തിക സ്ഥിതി മോശമാണ്. പ്രവർത്തനത്തിലെ അപാകത, ഉയർന്ന ബസ്-സ്റ്റാഫ് അനുപാതം, ലാഭകരമല്ലാത്ത റൂട്ടുകളിലെ പ്രവർത്തനം, പ്രവർത്തനക്ഷമമല്ലാത്ത ഡിപ്പോകൾ എന്നിവയിലൂടെ ഉണ്ടാകുന്ന കനത്ത നഷ്ടവും കെഎസ്ആർടിസിക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. കെഎസ്ആർടിസിയുടെ പ്രവർത്തനങ്ങളിൽ സമൂല മാറ്റം ഉണ്ടാക്കുന്നതിനും യാത്ര ചെയ്യുന്ന പൊതുജനങ്ങൾക്ക് സൗകര്യങ്ങൾ നൽകാനും കോർപ്പറേഷന്റെ ലാഭം വർദ്ധിപ്പിക്കാനും 14-ാം പഞ്ചവത്സര പദ്ധതി ഉദ്ദേശിക്കുന്നു.

തകർന്ന മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും സ്വകാര്യ കമ്പനികൾക്ക് പിന്തുണ നൽകുന്നതിനുമായി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 'ഗ്രാമ വണ്ടി' എന്ന പേരിൽ ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, ഇത് സ്വകാര്യ ബസ് ഓപ്പറേറ്റർമാരെയും കൂടെ കെഎസ്ആർടിസിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കെഎസ്ആർടിസിയുടെ പുതിയ സംരംഭമായ 'ഗ്രാമവണ്ടി'യെക്കുറിച്ചുള്ള വിശദാംശങ്ങൾ **ബോക്സ് 11.1.2**-ൽ നൽകിയിരിക്കുന്നു.

കോർപ്പറേഷന്റെ മറ്റൊരു പുതിയ സംരംഭം സിറ്റി സർക്കുലർ (സിസി) സേവനമാണ്, ഇത് നഗരത്തിനുള്ളിലെ വിവിധ ഓഫീസുകൾ, ഷോപ്പുകൾ, മാർക്കറ്റുകൾ മുതലായവ സന്ദർശിക്കുന്ന പൊതുജനങ്ങൾക്ക് സൗകര്യപ്രദവും സുപ്രധാനവുമായ പരിഹാരമായിട്ടാണ് കണക്കാക്കുന്നത്. പതിവ് യാത്രക്കാരെ ലക്ഷ്യമിട്ട് ഹോപ്പ്-ഓൺ ഹോപ്പ്-ഓഫ് (എച്ച്ഒഎച്ച്ഒ) രീതിയിൽ നിശ്ചിത ഇടവേളകളിൽ സർക്കുലർ റൂട്ടുകളിലാണ് സർവീസ് നടത്തുന്നത്.

### വെല്ലുവിളികൾ

സംസ്ഥാനത്തെ ഒട്ടുമിക്ക റോഡുകൾക്കും നിലവിലുള്ള ഗതാഗതത്തിരക്ക് പരിഹരിക്കാൻ മതിയായ വീതിയില്ല. റോഡുകളുടെ നാലിലൊന്നിന് മാത്രമേ രണ്ടുവരി അല്ലെങ്കിൽ നാലുവരി ശേഷി ഉള്ളൂ, മിക്ക റോഡുകളും സിംഗിൾ ലെയ്ൻ അല്ലെങ്കിൽ ഇന്റർമീഡിയറ്റ് ലെയ്ൻ ശേഷി മാത്രം ഉള്ളവയാണ്. ദേശീയ പാതയുടെ കാര്യത്തിൽ, ഏകദേശം 12 ശതമാനം റോഡുകൾക്ക് മാത്രമേ നാല് വരി ശേഷി ഉള്ളൂ, ബാക്കിയുള്ള റോഡുകൾക്ക് രണ്ട് വരിയോ അല്ലെങ്കിൽ ഇടത്തരം പാതകൾ മാത്രമേയുള്ളൂ.

**ബോക്സ് 11.1.2** ഗ്രാമവണ്ടി

ഗ്രാമീണ മേഖലയിലെ കണക്ടിവിറ്റി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കെഎസ്ആർടിസി, 2022 ജൂലൈയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമവണ്ടി സർവീസുകൾ ആരംഭിച്ചു. പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കോർപ്പറേഷൻറേഷനിൽ നിന്ന് അവർക്ക് ഇഷ്ടമുള്ള റൂട്ടുകളിൽ ബസ്സ് സർവ്വീസ് നടത്താവുന്നതാണ്. ബസും ജീവനക്കാരും കെഎസ്ആർടിസി നൽകും, ഇന്ധനച്ചെലവ് തദ്ദേശ സ്ഥാപനങ്ങൾ വഹിക്കണം. സാമ്പത്തിക ബാധ്യത ഉണ്ടെങ്കിൽപ്പോലും ഗ്രാമീണ ബസ്സ് സർവീസിന് പരിഹാരമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതി സവിശേഷതയുള്ളതും രാജ്യത്ത് ഇത്തരത്തിലുള്ള ആദ്യത്തേതുമാണ്. കൂടാതെ, കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ മികച്ച പൊതുജന പങ്കാളിത്തത്തോടെ ഗതാഗത ആസൂത്രണം എന്ന വിഭാഗത്തിൽ 2022 നവംബറിൽ കെഎസ്ആർടിസിയുടെ ഗ്രാമവണ്ടി സർവീസ് നഗരഗതാഗതത്തിലെ മികവിനുള്ള അവാർഡ് കരസ്ഥമാക്കി.

അവലംബം: കെ.എസ്.ആർ.ടി.സി

മൊത്തം റോഡ് ശൃംഖലയുടെ 8 ശതമാനം മാത്രമുള്ള ദേശീയ, സംസ്ഥാന പാതകളാണ് അന്തർ-നഗര, അന്തർ സംസ്ഥാന ഗതാഗതത്തിന്റെ ഭൂരിഭാഗവും വഹിക്കുന്നത്. ആവശ്യകതയും ലഭ്യതയും തമ്മിലെ വിടവ് കണക്കിലെടുക്കുമ്പോൾ, നിലവിലുള്ള റോഡ് ശൃംഖലയുടെ നിലവാരമുയർത്തേണ്ടത് വലിയ തോതിൽ ആവശ്യമാണ്. ഗതാഗതക്കുരുക്കും കാലതാമസം ഒഴിവാക്കൽ, ലക്ഷ്യസ്ഥാനങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരൽ, അപകടസാധ്യതകൾ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ നിലവിലുള്ള റോഡ് ശൃംഖല ഗുണപരമായ മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ട്. മിക്ക പിഡബ്ല്യുഡി റോഡുകളും വീതികൂട്ടി റോഡ് സുരക്ഷാ സവിശേഷതകൾ ഉൾപ്പെടുത്തി വൻതോതിൽ നവീകരിക്കേണ്ടതുണ്ട്.

### മുന്നോട്ടുള്ള വഴി

സംസ്ഥാനത്ത് റോഡ് പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് കർമ്മപദ്ധതി തയ്യാറാക്കണം. പ്രൊഫഷണൽ ഡിസൈൻ, മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും വീതികൂട്ടുന്നതിന് ഊന്നൽ നൽകണം. ദേശീയ പാത നാലുവരിപ്പാതയാക്കൽ, ഹൈവേകൾ, തീരദേശ ഹൈവേകൾ, ബൈപാസുകൾ തുടങ്ങിയ പുതിയ റോഡ് വികസന സംരംഭങ്ങൾ 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൂർത്തിയാക്കേണ്ടതുണ്ട്.

ജ്യാമിതീയ മെച്ചപ്പെടുത്തൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, കാൽനട സൗകര്യങ്ങൾ, യൂട്ടിലിറ്റി ഡക്ടുകൾ, സാങ്കേതിക തിരുത്തലുകൾ എന്നിവ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കൽ, അറ്റകുറ്റപ്പണി കരാറുകളിൽ ഏർപ്പെടൽ എന്നിവയിലൂടെ സംസ്ഥാനപാതകളുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും സംസ്ഥാനത്തെ നഗര റോഡുകളുടെയും ഭാവി വികസനം ഏറ്റെടുക്കേണ്ടത് ആവശ്യമാണ്. സർവീസ് നിലവാരം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രശ്നമാണ് റോഡ് സൈഡ് പാർക്കിംഗ്.

### റെയിൽ ഗതാഗതം

റണ്ണിംഗ് ട്രാക്ക് ഉൾപ്പെടെ ആകെ 1,745 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേ ശൃംഖലയുള്ള കേരളത്തിന് ഇന്ത്യൻ റെയിൽ ഭൂപടത്തിൽ സുപ്രധാന സ്ഥാനമാണുള്ളത്. ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളുടെ കീഴിലാണ് സംസ്ഥാനത്തെ റെയിൽവേ സംവിധാനം പ്രവർത്തിക്കുന്നത്. ആകെ 577.74 കിലോമീറ്റർ റൂട്ട് ദൈർഘ്യമുള്ള പാലക്കാട് ഡിവിഷനിന് കീഴിൽ 99 മെയിൽ/എക്സ്പ്രസ്, 60 പാസഞ്ചർ തീവണ്ടികളും 64 ചരക്ക് തീവണ്ടികളും പ്രതിദിനം സർവീസ് നടത്തുന്നു. 623 കിലോമീറ്റർ റൂട്ട് ദൈർഘ്യമുള്ള തിരുവനന്തപുരം ഡിവിഷനിന് കീഴിൽ പ്രതിദിനം 170 മെയിൽ/എക്സ്പ്രസ്/ പാസഞ്ചർ തീവണ്ടികളും 8 ചരക്ക് തീവണ്ടികളും ഓടുന്നു. രണ്ടു ഡിവിഷനുകളുടെ കീഴിലുമായി സംസ്ഥാനത്ത് ആകെ 200 റെയിൽവേ സ്റ്റേഷനുകളുണ്ട്(പാലക്കാട് ഡിവിഷനിൽ 95, തിരുവനന്തപുരം ഡിവിഷനിൽ 105). സംസ്ഥാനത്തുകൂടി കടന്നുപോകുന്ന എല്ലാ റെയിൽവേ ലൈനുകളും ബ്രോഡ് ഗേജാക്കി നവീകരിക്കുകയും വിവിധ ഭാഗങ്ങളിൽ ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ, പുതിയ ചില പാതകളുടെ സാധ്യതാപഠനവും റെയിൽവേ മേഖലയിൽ നടന്നു വരുന്നു.

### കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ)

കേരള സർക്കാരിന് 51 ശതമാനവും ഭാരത സർക്കാരിന് 49 ശതമാനവും ഇക്വിറ്റി വിഹിത മുള്ള ഒരു സംയുക്ത സംരംഭമാണ് കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ്. കെ.ആർ.ഡി.സി.എൽ തലശ്ശേരിക്കും മൈസൂരിനും ഇടയിൽ (മാനന്തവാടി വഴി) നിലമ്പൂരിൽ നിന്ന് നഞ്ചൻഗോഡ് വരെയുള്ള ബ്രോഡ് ഗേജ് (ബിജി)പാതയുടെ പ്രാഥമിക സർവ്വേ ആരംഭിച്ചു. രണ്ട് ലൈനുകളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് പശ്ചിമഘട്ടത്തിന് കുറുകെ ഒരു പൊതു പ്രവേശന കവാടം കമ്പനി നിർദ്ദേശിച്ചിട്ടുണ്ട്. തലശ്ശേരി, മൈസൂർ പാതയുടെ കേരളത്തിലെ സ്ഥലങ്ങളുടെ സർവേ പൂർത്തിയാക്കി. ഇതിന്റെ നിർമ്മാണ ചുമതലയുള്ള കൊങ്കൺ റെയിൽ കോർപറേഷൻ ലിമിറ്റഡ്, 200 കിലോമീറ്റർ ഇടനാഴിയുടെ പുതുക്കിയ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 13,987 കോടി രൂപയാണ് പദ്ധതിയുടെ ഏകദേശ ചെലവ്. പദ്ധതിക്കായി കർണാടകയുടെ അനുമതികൂടി ആവശ്യമാണ്.

എറണാകുളത്ത് പുതിയ ടെർമിനൽ സ്റ്റേഷൻ വികസിപ്പിക്കുന്നതിനുള്ള വാണിജ്യ വികസന പദ്ധതിയുമായി ബന്ധപ്പെട്ട വിശദ പദ്ധതി രേഖ 2017 ഡിസംബറിൽ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. നിർദിഷ്ട സിൽവർ ലൈൻ, നിലവിലുള്ള കൊച്ചി മെട്രോയുമായി സംയോജിപ്പിക്കാനും ലഭ്യമായ ഭൂമി വാണിജ്യാടിസ്ഥാനത്തിൽ പരമാവധി പ്രയോജനപ്പെടുത്തി ഒരു ലോകോത്തര കോച്ചിംഗ് ടെർമിനലായി എറണാകുളം മാർഷലിംഗ് യാർഡിനെ വികസിപ്പിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ടും കെ.ആർ.ഡി.സി.എൽ സമർപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ റെയിൽവേയുടെ 1997-1998 വർക്കിംഗ് പ്രോഗ്രാമിൽ പുതിയതായി ഉൾപ്പെടുത്തിയ അങ്കമാലി-എരുമേലി-

**ബോക്സ് 11.1.3** അർദ്ധ അതിവേഗ റെയിൽ പദ്ധതി (രജത രേഖ)

കാസർഗോഡിനെയും തിരുവനന്തപുരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന 530 കിലോമീറ്റർ ദൈർഘ്യം വരുന്ന അർദ്ധ അതിവേഗ റെയിൽ ഇടനാഴി (സിൽവർ ലൈൻ), മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ ട്രെയിൻ ഗതാഗതം സാധ്യമാക്കുന്ന റെയിൽ പദ്ധതിയാണ്. 1,435 എം.എം സ്റ്റാൻഡേർഡ് ഗേജും ഇരട്ട ട്രാക്ക് ഉള്ളതും പദ്ധതിയിൽ തുടക്കത്തിൽ 9 കോച്ചുകളുള്ള റോളിംഗ് സ്റ്റോക്കാണ് ഉണ്ടായിരിക്കുക. ഇത് 12 ആയി ഉയർത്താവുന്നതാണ്. പദ്ധതി സാധ്യമാവുന്നതോടുകൂടി സംസ്ഥാനത്തിന്റെ വടക്കു-തെക്ക് അറ്റങ്ങൾ തമ്മിലുള്ള റെയിൽ ഗതാഗതം സുഗമമാവുകയും യാത്ര സമയം നിലവിലുള്ള 10-12 മണിക്കൂറിൽ നിന്ന് 4 മണിക്കൂറായി ചുരുങ്ങുകയും ചെയ്യും. പൂർണ്ണമായും ഒരു ഹരിത പദ്ധതിയായാണ് സിൽവർ ലൈൻ വിഭാവനം ചെയ്തിരിക്കുന്നത്. 11 ജില്ലകളിലൂടെ കടന്നുപോകുന്ന പദ്ധതിക്ക് 11 സ്റ്റേഷനുകളുണ്ട്. ഇത് വിമാനത്താവളങ്ങൾ, ഐടി പാർക്കുകൾ, ആശുപത്രികൾ, സാംസ്കാരിക സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവയെയും ബന്ധിപ്പിക്കും.

**നിലവിലെ സ്ഥിതി**

സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെ 17.06.2020-ന് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതിയുടെ ഡിപിആർ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. ഡിപിആർ പരിശോധനയുടെ ഭാഗമായി വിശദ സാങ്കേതിക പഠനം നടത്തുകയും റെയിൽവേ ബോർഡിന് സമർപ്പിക്കാൻ റിപ്പോർട്ട് ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

63,941 കോടി രൂപ വരുന്ന മൊത്തം പദ്ധതിച്ചെലവിൽ, വായ്പാ ഘടകം 33,700 കോടി രൂപയാണ്. നീതി ആയോഗ്, എക്സ്പെന്റിച്ചർ വകുപ്പ്, റെയിൽവേ മന്ത്രാലയം എന്നിവയുടെ ശുപാർശയോടെ സാമ്പത്തിക കാര്യ വകുപ്പിന് വായ്പ എടുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**പരിസ്ഥിതി ആഘാത വിലയിരുത്തൽ**

സിൽവർ ലൈൻ, വാഹനങ്ങളെയും ട്രക്കുകളെയും എണ്ണം നിരത്തിൽ കുറയ്ക്കുകയും 2028 ഓടെ ഏകദേശം 2,87,994 ടണ്ണും 2051 ഓടുകൂടി 5,94,636 ടൺ കാർബൺ ഡൈ ഓക്സൈഡ് പുറം തള്ളുന്നത് ഒഴിവാക്കുമെന്ന് കണക്കാക്കുന്നു. ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിക്കായി മൊത്തം സേവനങ്ങളും ഫീഡർ സേവനങ്ങളും ചരക്കുകളുടെ മൊബിലിറ്റിക്കായി റോ-റോ സേവനനവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് റോ-റോ സേവനത്തിന്റെ ഭാഗമായി 500-ലധികം ചരക്ക് വാഹനങ്ങൾ സിൽവർ ലൈൻ പദ്ധതി പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു കൂടാതെ പ്രതിദിനം 79,934 യാത്രക്കാരെ വഹിക്കാൻ സാധിക്കുകയും, അതിലൂടെ മലിനീകരണം ഉണ്ടാക്കുന്ന വ്യക്തിഗത റോഡ് വാഹനങ്ങളിൽ നിന്നും മലിനീകരണരഹിത പൊതു വാഹന സമ്പ്രദായത്തിലേക്ക് മാറാൻ ഇത് ഇടയാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. 1

പാരിസ്ഥിതിക ദുർബല മേഖലകളിലൂടെയോ വന്യജീവി മേഖലകളിലൂടെയോ ലൈൻ കടന്നുപോകുന്നില്ല. കഴിഞ്ഞ 100 വർഷത്തെ ഉയർന്ന വെള്ളപ്പൊക്ക വിവരത്തെ അടിസ്ഥാനമാക്കിയാണ് പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. നദികളിലെ ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടാതെയും, അരുവികളിലെ സ്വതന്ത്ര ഒഴുക്ക് സാധ്യമാക്കുന്ന വിധം കലുങ്കുകൾ നെൽവയലുകൾ തണ്ണീർത്തടങ്ങൾ എന്നിവയുടെ മനോഹാരിത സംരക്ഷിക്കുന്ന തരത്തിലുമാണ് നിർമ്മിതികൾ വിഭാവനം ചെയ്തിട്ടുള്ളത്. സിൽവർലൈനിന്റെ 530 കിലോമീറ്റർ ആകെ നീളത്തിൽ, 137 കിലോമീറ്ററും തുരങ്കങ്ങൾക്കും തൂണുകൾക്കും മുകളിലൂടെയാണ്. ജനങ്ങൾക്ക് ഇപ്പോഴുള്ള സഞ്ചാരം സൗകര്യം ഇതിലൂടെ തടസ്സപ്പെടുന്നില്ല. റോഡും സിൽവർലൈനിനും പരസ്പരം കടന്ന് പോകുന്ന സ്ഥലങ്ങളിൽ തടസ്സമില്ലാത്ത റോഡ് ഗതാഗതം ഉറപ്പാക്കാൻ റോഡ് ഓവർ ബ്രിഡ്ജുകൾ - അല്ലെങ്കിൽ റോഡ് അണ്ടർ ബ്രിഡ്ജുകൾ നിർമ്മിക്കും. ഓരോ 500 മീറ്ററിനുള്ളിലും ജനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയുന്ന തരത്തിൽ ഇടനാഴികൾ സ്ഥാപിക്കാനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

സിൽവർലൈൻ പദ്ധതിയുടെ ഭാഗമായി നടക്കുന്ന എല്ലാ ടെൻഡർ നടപടികളിലും പരിസ്ഥിതി, സാമൂഹിക മാനേജ്മെന്റ് പ്ലാൻ മോണിറ്ററിംഗ് സംവിധാനം ആസൂത്രണം ചെയ്തിട്ടുണ്ട്. ബഹുമുഖ ഫണ്ടിംഗ് ഏജൻസികൾക്ക് കർശന പാരിസ്ഥിതിക സാമൂഹിക സുരക്ഷാ നിർദ്ദേശങ്ങളും നിലവിലുണ്ട്. ഇതോടൊപ്പം കെആർഡിസിഎൽ തീരദേശ നിയന്ത്രണ മേഖല (CRZ) മാപ്പിംഗും കണ്ടൽ സംരക്ഷണ പദ്ധതി തയ്യാറാക്കലും നടത്തിവരുന്നു. തീരദേശ നിയന്ത്രണ മേഖല ക്ലിയറൻസ് ഉൾപ്പെടെ സമാന പദ്ധതികൾക്ക് പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ നിന്ന് (MoEFCC) നിർബന്ധിത ക്ലിയറൻസ് ആവശ്യമാണ്.

അവലംബം: കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ)

ശബരി റെയിൽപാതയ്ക്കും റെയിൽവേ ബോർഡിന്റെ പച്ചക്കൊടി ലഭിക്കേണ്ടതുണ്ട്. അർദ്ധ അതിവേഗ റെയിൽ പദ്ധതിയെ (സിൽവർ ലൈൻ)സംബന്ധിച്ച വിശദാംശങ്ങൾ **ബോക്സ് 11.1.3**ൽ നൽകിയിരിക്കുന്നു.


കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് പാരീസ് ആസ്ഥാനമായുള്ള സിസ്റ്റോവ എന്ന കമ്പനി മുഖേന നിർദിഷ്ട അർദ്ധ അതിവേഗ റെയിൽ പദ്ധതിക്കായി തയ്യാറാക്കിയ വിശദ പദ്ധതി രേഖയ്ക്ക് കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം പദ്ധതി 63,941 കോടി രൂപ ചെലവിൽ 2025-ഓടുകൂടി പൂർത്തീകരിക്കാനവുമെന്ന് വിഭാവനം ചെയ്യുന്നു.

**കൊച്ചി മെട്രോ റെയിൽ പദ്ധതി (കെ.എം.ആർ.പി)**

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള സർക്കാർ വിഭാവനം ചെയ്ത സുപ്രധാന പദ്ധതിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തവും സംയുക്ത ഉടമസ്ഥതയുമുള്ള ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്(കെ.എം.ആർ.എൽ) ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. 6,218.14 കോടി രൂപ ചെലവിൽ (പുതിക്കയത്) ആലുവ മുതൽ പേട്ട മുതൽ വരെ 25.2 കിലോമീറ്റർ നീളത്തിൽ 22 സ്റ്റേഷനുകളോടുകൂടിയ പൂർണമായും ഉയർത്തിയ മെട്രോ വയഡക്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്(ബ്ലൂ ലൈൻ) 2012 ജൂലൈയിൽ കേന്ദ്ര സർക്കാർ അനുമതി നൽകുകയും 2017 ജൂൺ 19-ന് കമ്മീഷൻ ചെയ്യുകയും ചെയ്തു.

പേട്ട മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ ബന്ധിപ്പിക്കുന്ന ഒന്നാം ഘട്ട പദ്ധതിയുടെ വിപുലീകരണത്തിന് രണ്ട് ഉപ ഘട്ടങ്ങളാണുള്ളത് (IA & IB). പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള ഘട്ടം IA യും എസ്.എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെയുള്ള ഘട്ടം IB യും. ഘട്ടം IA, ഘട്ടം IB എന്നിവയുടെ അംഗീകൃത ചെലവ് യഥാക്രമം ₹7,10.93 കോടിയും ₹448.33 (പുതുക്കിയത്) കോടിയുമാണ്. 2022 സെപ്റ്റംബർ 1-ന് ഉദ്ഘാടനം ചെയ്ത പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെ (1.8 കി.മീ.) ഘട്ടം

**ചിത്രം 11.1.6** 2017 മുതൽ 2022 വരെ കൊച്ചി മെട്രോ പദ്ധതിയുടെ വരുമാനവും ചെലവും (കോടി രൂപയിൽ)




അവലംബം: കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.ആർ.എൽ)

IA-യ്ക്ക്എസ്.എൻ. ജംഗ്ഷനിലും വടക്കേക്കോട്ടയിലുമായി രണ്ടു സ്റ്റേഷനുകളാണുള്ളത്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായ എസ്.എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെയുള്ള (1.20 കി.മീ) ഘട്ടം IB യുടെ വിപുലീകരണ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

കെ.എം.ആർ.എൽ കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന് (MOUHA)സമർപ്പിച്ച പുതുക്കിയ വിശദ പദ്ധതി രേഖ,ബദൽ വിശകലന റിപ്പോർട്ട്, സമഗ്ര പദ്ധതി എന്നിവ പരിഗണിച്ചുകൊണ്ട്, ജെ.എൻ.എൽ സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള (11.2 കി.മി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്(പിങ്ക് ലൈൻ) കേന്ദ്ര സർക്കാരിന്റെ എക്സ്പെൻഡിച്ചർ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 1957.05 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ ശിലാസ്ഥാപനം 2022 സെപ്റ്റംബറിൽ നടന്നു. 2017-2022 കാലയളവിലെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ വരുമാനവും ചെലവും **ചിത്രം. 11.1.6**ൽ കാണിച്ചിരിക്കുന്നു.


2020-21 സാമ്പത്തിക വർഷത്തിൽ 39.97 കോടി രൂപയായിരുന്ന കൊച്ചി മെട്രോയുടെ മൊത്ത വരുമാനം 2021-22 സാമ്പത്തിക വർഷത്തിൽ 67 കോടി രൂപയായി ഉയർന്നു. 2022 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷന് വരുമാന ഇനത്തിൽ 45 കോടി രൂപ ലഭിച്ചു. കൊച്ചി മെട്രോയുടെ 2021-22 ലെ മൊത്ത റവന്യൂ ചെലവ് 2020-21ൽ 112.36 കോടി രൂപ ആയിരുന്നത് 2021-2022ൽ 118 കോടി രൂപയായി വർദ്ധിച്ചു. 2020-21ൽ 38 ലക്ഷമായിരുന്ന യാത്രക്കാരുടെ എണ്ണം 2021-22ൽ 97 ലക്ഷമായി ഉയർന്നു. 2022 സെപ്റ്റംബർ മാസത്തിലെ കെ.എം.ആർ.എല്ലിന്റെ ശരാശരി റൈഡർഷിപ്പ് 72,484 ഉം ശരാശരി പ്രതിദിന വരുമാനം 22,56,640 ലക്ഷം രൂപയുമാണ്. കൊച്ചി മെട്രോയുടെ പ്രവർത്തനക്ഷമത കാണിക്കുന്ന പ്രധാന സൂചകങ്ങൾ **അനുബന്ധം 11.1.24**ൽ നൽകിയിരിക്കുന്നു.

ഒരു സംസ്ഥാനത്തെ വിവിധ നഗരങ്ങളിൽ മെട്രോ റെയിൽ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം മാത്രമേ സംസ്ഥാനങ്ങൾ രൂപീകരിക്കാവൂ എന്ന കേന്ദ്ര സർക്കാരിന്റെ ഹൗസിംഗ് ആൻഡ് അർബൻ അഫയേഴ്സ് മന്ത്രാലയത്തിന്റെ (MoHUA) നിർദ്ദേശാനുസൃതം, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്(കെ.ആർ.ടി.എൽ) നടപ്പാക്കിയിരുന്ന തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതിയുടെ വികസനവും ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണവും കേരള സർക്കാർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്(കെഎംആർഎൽ)കൈമാറി.കൂടാതെ, ലൈറ്റ് മെട്രോ പദ്ധതികൾക്കായി പുതുക്കിയ വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള ചുമതലയും കൊച്ചി മെട്രോയെ ഏൽപ്പിച്ചു.

### വാട്ടർ മെട്രോ പദ്ധതി

78 അത്യാധുനിക ഇലക്ട്രിക് ഹൈബ്രിഡ് ബോട്ടുകൾ ഉൾപ്പെടുത്തി വിശാലകൊച്ചി മേഖലയിൽ ആധുനിക ജലഗതാഗത അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് കൊച്ചി വാട്ടർ മെട്രോ. 15 റൂട്ടുകളിലൂടെ 76.2 റൂട്ട് കിലോമീറ്റർ ദൈർഘ്യത്തിൽ 38 ടെർമിനലുകൾ വഴി 10 ദ്വീപുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ ആകെ ചെലവ്(പുതുക്കിയത്) 1,064.83 കോടി രൂപയാണ്. ഇതിൽ 908.76 കോടി, ജർമ്മനി ആസ്ഥാനമായുള്ള കെ.എഫ്.ഡബ്ല്യൂ ബാങ്കും ശേഷിക്കുന്ന തുകയായ 156.07 കോടി രൂപ കേരള സർക്കാരും വഹിക്കും. ജലപാതകളുടെ വികസനം, ടെർമിനലുകളിലേക്കുള്ള പ്രവേശന റോഡുകളുടെ നിർമ്മാണം, ബോട്ട് യാർഡുകൾ, എമർജൻസി റെസ്പോൺസ് വാഹനങ്ങൾ, ഓപ്പറേഷൻ കൺട്രോൾ സെന്റർ, വാട്ടർ മെട്രോയുടെ സുരക്ഷിതവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് ആവശ്യമായ ആശയവിനിമയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവയും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. കാലാവസ്ഥാ സൗഹൃദ ബാറ്ററിയിൽ പ്രവർത്തിക്കുന്ന

**ചിത്രം 11.1.7** 2018 മുതൽ 2022 വരെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെയുള്ള യാത്രക്കാരുടെ എണ്ണം




അവലംബം: കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)

100 ഉം 50 ഉം യാത്രക്കാരെ വഹിക്കാൻ ശേഷിയുള്ള രണ്ട് തരം ബോട്ടുകളാണ് വാട്ടർ മെട്രോ പദ്ധതിയിലുള്ളത്. നിലവിൽ, 100 പാക്സ് ശേഷിയുള്ള 23 ബോട്ടുകൾ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിൽ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. 5 ബോട്ടുകളും 5 ടെർമിനലുകളുമായി പദ്ധതി ഉടൻ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വ്യോമ ഗതാഗതം**

ഇന്ത്യൻ വ്യോമ ഗതാഗത വ്യവസായം കഴിഞ്ഞ മൂന്ന് വർഷങ്ങളായി അതിവേഗം വളരുന്ന വ്യവസായങ്ങളിലൊന്നായി ഉയർന്നുവന്നിട്ടുണ്ട്. ഇന്ത്യൻ വ്യോമ ഗതാഗത സേവനങ്ങളെ ആഭ്യന്തര, അന്തർദേശീയ എയർലൈനുകൾ, ചാർട്ടർ/ എയർ ടാക്സി ഓപ്പറേറ്റർമാരും, ചരക്ക്/മെയിൽ ഗതാഗത സേവങ്ങളും ഉൾപ്പെടുന്ന നോൺ-ഷെഡ്യൂൾഡ് വ്യോമ ഗതാഗത സേവനങ്ങൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

ഇന്ത്യൻ വ്യോമഗതാഗത നീക്കം, മുൻവർഷത്തെ 300,405 നിന്ന് 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 104.24 ശതമാനം വർദ്ധിച്ച് 613,566 ആയത് സൂചിപ്പിക്കുന്നത്, കോവിഡ് -19 മഹാമാരി ആഘാതത്തിൽ നിന്നും ഇന്ത്യൻ വ്യോമ ഗതാഗത വ്യവസായം ഭാഗിഗമായി മുക്തമായിട്ടുണ്ട് എന്നാണ്.

**കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ)**

ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻഫീൽഡ് വിമാനത്താവളമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കാനഡയിലെ മോൺട്രിയലിൽ പ്രവർത്തിക്കുന്ന എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എസിഐ)2016-ൽ നടത്തിയ എയർപോർട്ട് സർവീസ് ക്വാളിറ്റി (എഎസ്ക്യൂ) സർവേയിൽ 50 മുതൽ 150 ലക്ഷം വരെ യാത്രികരുടെ ഗതാഗത നീക്കം കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ മൂന്നാമത്തെ മികച്ച വിമാനത്താവളമായി സിയാൽ അഥവാ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റെഡിനെ തെരഞ്ഞെടുത്തു. വിമാനത്താവളത്തിന് നിലവിലുള്ള ഒരു ലക്ഷം ചതുരശ്ര അടിവിസ്തീർണ്ണം കൂടാതെ 6 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആഭ്യന്തര ടെർമിനലും 3,400 മീറ്റർ നീളവും 45 മീറ്റർ വീതിയുള്ള കോഡ് ഇ-റൺവേയുണ്ട്. തിരക്കേറിയ സമയങ്ങളിൽ 2000 യാത്രക്കാരെ വരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ള 56 ചെക്ക് ഇൻ കൗണ്ടറുകൾ,11 ഗേറ്റുകൾ, 7 എയ്റോ ബ്രിഡ്ജുകൾ ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. 2021-ൽ സിയാൽ 4.3 ദശലക്ഷം യാത്രക്കാരെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചുകൊണ്ട് അന്താരാഷ്ട്ര വ്യോമ ഗതാഗത മേഖലയിൽ രാജ്യത്തെ മൂന്നാമത്തെ വലിയ വിമാനത്താവളമായി മാറി. ഷെഡ്യൂൾ ചെയ്ത വാണിജ്യ അന്താരാഷ്ട്ര വിമാന സേവനങ്ങൾ 2022 മാർച്ച് 27-ന് രാജ്യം പുനരാരംഭിച്ചതോടുകൂടി വർദ്ധിച്ച അന്താരാഷ്ട്ര, ആഭ്യന്തര ഗതാഗതത്തിന് സിയാൽ സാക്ഷ്യം വഹിച്ചു.2018 മുതൽ 2021 വരെയുള്ള കാലയളവിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം മുഖേനയുള്ള യാത്രക്കാരെ (ആഭ്യന്തരവും അന്തർദേശീയവുമായ) സംബന്ധിച്ച വിശദാംശങ്ങൾ **ചിത്രം. 11.1.7**ൽ കാണിച്ചിരിക്കുന്നു.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി 2021-22 സാമ്പത്തിക വർഷത്തിൽ 17,546 അന്താരാഷ്ട സർവ്വീസുകളും 25,649 ആഭ്യന്തര സർവ്വീസുകളും നടത്തിയിട്ടുണ്ട്. 2020-21 ൽ വിമാനത്താവളത്തിലൂടെ 8,129 അന്താരാഷ്ട വിമാന സർവ്വീസുകളും, 18,857 ആഭ്യന്തര

വിമാന സർവ്വീസുകളുമായിരുന്നു നടത്തിയിരുന്നത്. യാത്രക്കാരുടെ എണ്ണത്തിൽ 92.66 ശതമാനം വർദ്ധനവുണ്ടാവുകയും 2021-22 ൽ വിമാനത്താവളത്തിലൂടെ 22,31,256 അന്താരാഷ്ട്ര യാത്രക്കാരെയും 25,27,741 അഭ്യന്തര യാത്രക്കാരെയും ലക്ഷ്യസ്ഥാനങ്ങളിലെത്തിക്കുകയും ചെയ്തു. 2020-21ൽ കൊച്ചി വിമാനത്താവളത്തിലൂടെ യാത്ര ചെയ്ത അഭ്യന്തര, അന്താരാഷ്ട്ര വിമാന യാത്രക്കാരുടെ എണ്ണം യഥാക്രമം 15,50,750 ഉം 9,19,346 മാണ്. 2020-21 ലെ 10,202 മെട്രിക് ടൺ ആഭ്യന്തര ചരക്ക് നീക്കവും 35,642 മെട്രിക് ടൺ അന്താരാഷ്ട്ര ചരക്ക് നീക്കവുമായി താരതമ്യം ചെയ്യുമ്പോൾ, 2021-22ൽ വിമാനത്താവളം വഴി 46,042 മെട്രിക് ടൺ അന്താരാഷ്ട്ര ചരക്കും 13,540 മെട്രിക് ടൺ ആഭ്യന്തര ചരക്കും ഇക്കാലയളവിൽ കൈകാര്യം ചെയ്തിട്ടുണ്ട്. 2022 മാർച്ച് മാസം വരെ 418.63 കോടി രൂപ വരുമാനം സിയാൽ നേടിയിട്ടുണ്ട്. 2020-21-ലെ 67 കോടി രൂപയിൽ നിന്ന് 224.39 ശതമാനം വർദ്ധിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ കമ്പനി 217.34 കോടി രൂപയുടെ പ്രവർത്തന ലാഭം നേടി.

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം (കിയാൽ)**


കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും പ്രവർത്തനത്തിനുമായി കേരള സർക്കാർ സ്ഥാപിച്ച ഒരു കമ്പനിയാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അഥവാ കിയാൽ. കിയാൽ രണ്ട് ഘട്ടങ്ങളിലായാണ് വിമാനത്താവള പദ്ധതി വികസിപ്പിക്കുന്നത്. ആദ്യ ഘട്ടം 2016-17 മുതൽ 2025-26 വരെയും രണ്ടാം ഘട്ടം 2026-27 മുതൽ 2045-46 വരെയും ആണ്. ആദ്യഘട്ടം 2018 ഡിസംബറിൽ ഉദ്ഘാടനം ചെയ്തു. മധ്യ കിഴക്കൻ മേഖലയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികൾക്ക് (എൻ.ആർ.കെ) ഏറെ പ്രയോജനപ്രദമായ ഈ വിമാനത്താവളം വിനോദസഞ്ചാരവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതോടൊപ്പം നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നുണ്ട്.

3,050 മീറ്റർ (10,006.56 അടി) നീളമുള്ള റൺവേ, 96,000 ചതുരശ്ര മീറ്റർ ടെർമിനൽ കെട്ടിടം, 20 പാർക്കിംഗ് സ്റ്റാൻഡുകൾ (ഏപ്രോൺ), 22,000 ചതുരശ്ര മീറ്റർ കാർ/ബസ് പാർക്കിംഗ്, 1,200 ചതുരശ്ര മീറ്റർ എയർ ട്രാഫിക് കണ്ട്രോൾ/ടെക്നിക്കൽ ബിൽഡിംഗ്, ഏപ്രോൺ ഏരിയയ്ക്ക് സമീപത്തായുള്ള 7,750 ച.മീ വിസ്തൃതിയിലുള്ള ഗ്രൗണ്ട് സർവീസ് എക്യുപ്മെന്റ് പാർക്കിംഗ് ഏരിയ എന്നിവ വിമാനത്താവളത്തിലെ സൗകര്യങ്ങളിൽ ഉൾപ്പെടുന്നു. റൺവേയുടെ നീളം 3,050 മീറ്ററിൽ നിന്ന് 3,400 മീറ്ററായി നീട്ടാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചു, ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്.

മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ, യാത്രക്കാരുടെ എണ്ണത്തിൽ 63.43 ശതമാനം വർധനയാണ് കണ്ണൂർ വിമാനത്താവളത്തിൽ ഉണ്ടായത്. 2021-22ൽ വിമനാത്തവളം വഴി ആകെ 8,03,587 യാത്രക്കാരാണ് സഞ്ചരിച്ചത്. ഇതിൽ 2,81,247 ആഭ്യന്തര യാത്രക്കാരും 5,22,340 അന്താരാഷ്ട്ര യാത്രക്കാരും ഉൾപ്പെടുന്നു.

2022-23ൽ (2022 സെപ്റ്റംബർ വരെ) 34,016 ആഭ്യന്തര യാത്രക്കാരും 61,996 അന്താരാഷ്ട്ര യാത്രക്കാരും ഉൾപ്പെടെ മൊത്തം 96,012 യാത്രക്കാരെ വിമാനത്താവളം വഴി ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ യാത്രക്കാരുടെ (ആഭ്യന്തരവും അന്തർദേശീയവും) എണ്ണം **ചിത്രം 11.1.8** ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.1.8** 2018 മുതൽ 2022 വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെയുള്ള യാത്രക്കാരുടെ എണ്ണം




അവലംബം: കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (കിയാൽ)

2022-23ൽ (2022 ആഗസ്റ്റ് വരെ), വിമാനത്താവളം 1,787 മെട്രിക് ടൺ (കയറ്റുമതി), 2,541 MT മെട്രിക് ടൺ (ഇറക്കുമതി) ചരക്ക് കൈകാര്യം ചെയ്തു. 2021-22 സാമ്പത്തിക വർഷത്തിൽ കിയാലിന്റെ വരുമാനം 74.62 കോടിയും നടപ്പ് സാമ്പത്തിക വർഷം 2022 ആഗസ്റ്റ് വരെ വരുമാനം 41.59 കോടിയുമാണ്.

**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം**

കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ 1932-ൽ സ്ഥാപിക്കപ്പെട്ട തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സംസ്ഥാനത്തെ ആദ്യത്തെ വിമാനത്താവളമാണ്. എയർ ഇന്ത്യ വിമാനങ്ങൾ ഒഴികെയുള്ള ആഭ്യന്തര വിമാന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ടെർമിനൽ 1 ഉം എയർ ഇന്ത്യയുടെ എല്ലാ അന്താരാഷ്ട്ര ആഭ്യന്തര വിമാന പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന ടെർമിനൽ 2 ഉം ഉൾപ്പടെ വിമാനത്താവളത്തിന് രണ്ട് ടെർമിനലുകളാണുള്ളത്. 700 ഏക്കർ (280 ഹെക്ടർ) വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് 11,178 അടി (3,407 മീറ്റർ) നീളമുള്ള റൺവേയുണ്ട്. കേരളത്തിലെ രണ്ടാമത്തെ തിരക്കേറിയ വിമാനത്താവളവും ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ പതിനാലാമത്തെ വിമാനത്താവളവുമാണിത്. വിമാനത്താവളത്തിൽ നിന്ന് അന്താരാഷ്ട്ര ഗതാഗതം പ്രധാനമായും മിഡിൽ ഈസ്റ്റേൺ, തെക്ക് കിഴക്കൻ രാജ്യങ്ങളിലേക്കാണ് നടത്തുന്നത്.

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (എഎഐ) അഹമ്മദാബാദ്, ജയ്പൂർ, ലഖ്നൗ, ഗുവാഹത്തി, തിരുവനന്തപുരം, മംഗലാപുരം എന്നീ ആറ് വിമാനത്താവളങ്ങളുടെ പ്രവർത്തനം,നടത്തിപ്പ്,വികസനം തുടങ്ങിയ പദ്ധതികൾ അടുത്ത 50 വർഷത്തേക്ക് പൊതു സ്വകാര്യ പങ്കാളിത്ത(പിപിപി) രീതിയിൽ നടപ്പിലാക്കുന്നതിന് ആറ് വിമാനത്താവളങ്ങൾ അദാനി എയർപോർട്ട് ഹോൾഡിംഗ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് കൈമാറി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഔപചാരിക കൈമാറ്റം 2021 ഒക്ടോബറിൽ നടന്നു.

**ശബരിമല വിമാനത്താവള പദ്ധതി**

ശബരിമല തീർഥാടകരുടെ സൗകര്യാർത്ഥം കോട്ടയം ജില്ലയിലെ എരുമേലിയിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതിയാണ് ശബരി എയർപോർട്ട്. കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല പഞ്ചായത്തിലെ ചെറുവള്ളി എസ്റ്റേറ്റിൽ 2,263 ഏക്കർ (9.16 കി.മീ2) ശബരിമല ക്ഷേത്ര വഴിമധ്യേയാണ് നിർദ്ദിഷ്ട പദ്ധതി വരുന്നത്.ഇതിനായി ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഒരു കമ്മിറ്റിയെ സർക്കാർ നിയമിക്കുകയും സ്ഥലമെടുപ്പിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിർദിഷ്ട വിമാനത്താവളത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.യെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**എയർ സ്ട്രിപ്പുകൾ**

നിലവിലെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കൂടാതെ, പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ചെറിയ, ഒറ്റ എഞ്ചിൻ വിമാനങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്ന എയർസ്ട്രിപ്പുകൾ-ഹെലിപോർട്ടുകളുടെ ഒരു നിരതന്നെ കേരളത്തിന് ഉടൻ ഉണ്ടായേക്കും. സംസ്ഥാനത്തിന്റെ വ്യോമയാന മേഖലയുടെ സമഗ്ര വികസനമാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം. 8-10 സീറ്റുകളുള്ള ചെറിയ ഒറ്റ എൻജിൻ വിമാനങ്ങൾ പ്രവർത്തിപ്പിച്ച് സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് എയർലൈൻ സർവീസ് ആരംഭിക്കുക എന്നതാണ് എയർസ്ട്രിപ്പ്-ഹെലിപോർട്ടുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭഘട്ടത്തിൽ കാസർകോട്(ബേക്കൽ), വയനാട്(കല്പറ്റ), ഇടുക്കി എന്നിവിടങ്ങളിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കാനാണ് പദ്ധതി. നിർദ്ദിഷ്ട എയർ സ്ട്രിപ്പുകൾ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടുകളായി പ്രവർത്തിപ്പിക്കുന്നതിന് പ്രാദേശിക കണക്റ്റിവിറ്റി പദ്ധതിയായ-ഉഡാനിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ജലഗതാഗതം**

ഏറ്റവും പഴക്കമേറിയതും ചെലവുകുറഞ്ഞതുമായ ഗതാഗത മാർഗ്ഗമാണ് ജലഗതാഗതം. ജലഗതാഗതത്തിന്റെ പ്രവർത്തനച്ചെലവും വളരെ കുറവാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്നതിനും വിദേശവ്യാപാരത്തിന് ഒഴിച്ചുകൂടാനാകാത്തതിനാലും ഗതാഗത മേഖലയിൽ ജലഗതാഗതം വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിക്കുന്നുണ്ട്. കേരളത്തിൽ റോഡ്, റെയിൽ ഗതാഗതം എന്നിവയ്ക്ക് ഒരു അനുബന്ധ ഗതാഗതമാർഗ്ഗമാണ് ജലഗതാഗതം. വലിയ വാഹക ശേഷിയും ദൂരത്തേക്ക് വൻതോതിൽ സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള അനുയോജ്യത ജലഗതാഗതത്തെ കൂടുതൽ ആകർഷകമാക്കുന്നു. ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിന്, നാവിഗേഷന്റെ ഭാഗമായി ഒരു സമഗ്ര ചട്ടക്കൂട് സ്ഥാപിക്കേണ്ടതുണ്ട്. തീരദേശ ഷിപ്പിംഗ്, വിദേശ വ്യാപാരം, ഉൾനാടൻ ജലഗതാഗതം എന്നിവ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തുറമുഖങ്ങളുടെയും ഉൾനാടൻ ജലപാതകളുടെയും മൊത്തത്തിലുള്ള വികസനം ലക്ഷ്യമാക്കിയുള്ള ഈ മേഖലയുടെ പ്രകടനം, വിവിധ സർക്കാർ പദ്ധതികളുടെയും നയങ്ങളുടെയും ഫലപ്രാപ്തി എന്നിവ ഈ വിഭാഗത്തിൽ അവലോകനം ചെയ്യുന്നു.

**തുറമുഖ മേഖല**

ആഗോളതല വ്യാപാരത്തിന്റെയും ഉൽപ്പാദന വിതരണ ശൃംഖലയുടെയും നട്ടെല്ലാണ് സമുദ്ര ഗതാഗതം. യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡെവലപ്മെന്റ് (യുഎൻസിടിഎഡി) അതിന്റെ പ്രസിദ്ധീകരണമായ റിവ്യൂ ഓഫ് മാരിടൈം ട്രാൻസ്പോർട്ട് 2022 ൽ പ്രകാരം ആഗോള വ്യാപാരത്തിന്റെ 80 ശതമാനത്തിലധികവും കപ്പലുകൾ വഴിയാണ് നടക്കുന്നത്. 2020-ൽ 3.8 ശതമാനം കുറവ് രേഖപെടുത്തിയ അന്താരാഷ്ട്ര സമുദ്ര വ്യാപാരം 2021-ൽ 3.2 ശതമാനം വളർച്ചയോടെ 11.0 ബില്യൺ ടണ്ണിലേക്ക് എത്തിച്ചേരുകയുണ്ടായി (പാൻഡെമിക്കിന് മുൻപുള്ളതിൽ നിന്നും നേരിയ കുറവ്). ആവർത്തിച്ചുള്ള കോവിഡ്-19 തടസ്സങ്ങൾ മാത്രമല്ല, അഭൂതപൂർവമായ തുറമുഖ തിരക്കും ആഗോള ലോജിസ്റ്റിക് ലോഗ്ജാമും കാരണം സമുദ്ര വ്യാപാരത്തിലെ പുനരുജ്ജീവനം ഇപ്പോഴും തടസപ്പെടുന്നുണ്ട്. ഉപകരണങ്ങളുടെയും തൊഴിലാളികളുടെയും ദൗർലഭ്യം മൂലം ഈ പരിമിതികൾ ഉയർന്ന ചരക്ക് നിരക്കുകൾക്കും വിശ്വാസ്യത കുറഞ്ഞ സേവനങ്ങൾക്കും കാരണമാകുന്നുണ്ട്.

**പട്ടിക 11.1.3** സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം

| ക്രമ നം | പ്രോജക്റ്റ് തീം | ആകെ | | പൂർത്തീകരിച്ചത് | | നടപ്പിലാക്കി കൊണ്ടിരിക്കുന്നത് | |
|---|---|---|---|---|---|---|---|
| | | പദ്ധതികളുടെ എണ്ണം | പദ്ധതിചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിചെലവ് (കോടി രൂപ) |
| 1 | തുറമുഖ ആധുനികവത്ക്കരണം | 241 | 260419 | 78 | 27019 | 56 | 35471 |
| 2 | കണക്റ്റിവിറ്റി വർധിപ്പിക്കൽ | 208 | 136331 | 56 | 19489 | 69 | 84410 |
| 3 | തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം | 33 | 119846 | 9 | 45865 | 21 | 72706 |
| 4 | തീരദേശ സമൂഹ വികസനം | 76 | 8434 | 18 | 1423 | 15 | 1373 |
| 5 | തീരദേശ ഷിപ്പിംഗിന്റെയും ഉൾനാടൻ ജലപാതകളുടെയും പ്രോത്സാഹനം | 244 | 28918 | 24 | 993 | 50 | 15869 |
| | ആകെ | 802 | 553948 | 185 | 94789 | 211 | 209829 |

അവലംബം: വാർഷിക റിപ്പോർട്ട് 2021-22, തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

2022 ൽ, സമുദ്ര വ്യാപാര വളർച്ച 1.4 ശതമാനമായി കുറയുമെന്ന് യുഎൻസിടിഎഡി പ്രതീക്ഷിക്കുന്നത്.

തുറമുഖങ്ങൾ, ഷിപ്പിംഗ്, കപ്പൽ നിർമ്മാണം, കപ്പൽ അറ്റകുറ്റപ്പണികൾ, ഉൾനാടൻ ജലഗതാഗത സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഇന്ത്യയിലെ സമുദ്രഗതാഗതമേഖല. തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഇന്ത്യയ്ക്ക് സർക്കാർ ഉടമസ്ഥതയിലുള്ള 12 വൻകിട തുറമുഖങ്ങളും ഏകദേശം 200 ചെറുകിട, ഇടത്തരം തുറമുഖങ്ങളും ഉണ്ട്. മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് 2021-22 അനുസരിച്ച്, ഇന്ത്യൻ ഷിപ്പിംഗ് വ്യവസായം വർഷങ്ങളായി ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ ഗതാഗത മേഖലയിൽ നിർണായക പങ്ക് വഹിച്ചു വരുന്നു. ഇന്ത്യയുടെ വ്യാപാരത്തിന്റെ അളവിൽ 95 ശതമാനവും മൂല്യത്തിന്റെ 68 ശതമാനവും മാരിടൈം ട്രാൻസ്പോർട്ട് വഴിയാണ് നടക്കുന്നത്. അതിനാൽ, ഷിപ്പിംഗ്, സമുദ്ര വിഭവങ്ങൾ, കപ്പലിന്റെ രൂപകൽപ്പനയും നിർമ്മാണവും, തുറമുഖങ്ങളും ഹാർബറുകളും, മാനവ വിഭവശേഷി വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ധനകാര്യം, അനുബന്ധപ്രവർത്തനങ്ങൾ, പുതിയ സാങ്കേതികവിദ്യകൾ എന്നിവ മാറ്റങ്ങൾക്കനുസൃതമായി വികസിപ്പിക്കേണ്ടതുണ്ട്. ലോകത്തിലെ ഏറ്റവും കാര്യക്ഷമമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ ഷിപ്പിംഗ് വെല്ലുവിളികളില്ലാതെ തുടരുന്നു. തുറമുഖ, ഹാർബർ നിർമ്മാണ, പരിപാലന പദ്ധതികൾക്കായി ഓട്ടോമാറ്റിക് റൂട്ടിൽ 100 ശതമാനം വരെ നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) ഇന്ത്യാ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. 2022 മാർച്ച് 31 വരെയുള്ള കണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ വൻകിട തുറമുഖങ്ങൾക്ക് പ്രതിവർഷം 1,561 ദശലക്ഷം ടൺ (എംടിപിഎ) ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയുണ്ടായിരുന്നു.

2020-21-ൽ, ഇന്ത്യയിലെ മേജർ, നോൺ-മേജർ തുറമുഖങ്ങൾ ഏകദേശം 1,251.38 ദശലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തതായി രേഖപെടുത്തിയിട്ടുണ്ട്.

ഇന്ത്യയുടെ 7,517 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശം, 14,500 കിലോമീറ്റർ സഞ്ചാര യോഗ്യമായ ജലപാതകൾ, പ്രധാന അന്തർദേശീയ സമുദ്ര വ്യാപാര പാതകളിൽ തന്ത്രപ്രധാനമായ സ്ഥാനം എന്നിവ പ്രയോജനപ്പെടുത്തുന്നതിനും, പുതിയവയുടെ നവീകരണത്തിലൂടെയും വികസനത്തിലൂടെയും രാജ്യത്ത് തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യാ ഗവൺമെന്റ് സാഗർമാല പരിപാടി ആരംഭിച്ചു. തുറമുഖ ആധുനികവത്ക്കരണം, കണക്റ്റിവിറ്റി വർദ്ധിപ്പിക്കൽ, തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കൽ, തീരദേശ സമൂഹ വികസനം, തീരദേശ ഷിപ്പിംഗിന്റെയും ഉൾനാടൻ ജലപാതകളുടെയും പ്രോത്സാഹനം എന്നിവയാണ് ഈ പ്രോഗ്രാമിന് കീഴിൽ വരുന്ന ഘടകങ്ങൾ. ടി പദ്ധതിയുടെ കീഴിൽ 802 പ്രോജക്ടുകൾക്ക് നിക്ഷേപം നടത്തുന്നുണ്ട്. സാഗർമാല പ്രോഗ്രാമിന് കീഴിൽ 5.54 ലക്ഷം കോടിയുടെ പദ്ധതികളിൽ 94,789 കോടി രൂപയുടെ 211 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2.09 ലക്ഷം കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞവ കൂടാതെ 2.49 ലക്ഷം കോടി രൂപയുടെ 406 പദ്ധതികൾ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ പദ്ധതികൾ അതാത് കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ, വൻകിട തുറമുഖങ്ങൾ, മറ്റ് ഏജൻസികൾ എന്നിവ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ അല്ലെങ്കിൽ പി പി പി മോഡിലൂടെ നടപ്പിലാക്കുന്നു. സാഗർമാല പ്രോജക്റ്റിന് കീഴിൽ ഏറ്റെടുക്കുന്ന സ്കീമുകളുടെ ഒരു സംഗ്രഹം ചുവടെയുള്ള **പട്ടിക11.1.3** ൽ നൽകിയിരിക്കുന്നു.


ഇന്ത്യാ ഗവൺമെന്റ് സാഗർമാല ഡെവലപ്‌മെന്റ് കമ്പനി ലിമിറ്റഡ് (SDCL) രൂപീകരിക്കുകയും. പദ്ധതി ആവശ്യകത അനുസരിച്ച്, ഇന്ത്യാ ഗവൺമെന്റും മൾട്ടി-ലാറ്ററൽ, ഉഭയകക്ഷി ഫണ്ടിംഗ് ഏജൻസികളിൽ നിന്നും നൽകുന്ന വിഭവങ്ങൾ പ്രയോജനപ്പെടുത്തി ഡെറ്റ്/ഇക്വിറ്റി (ദീർഘകാല മൂലധനമായി) ഇത് ഫണ്ട് സ്വരൂപിക്കുകയും ചെയ്യുന്നുണ്ട്. സാഗർമാല പ്രോഗ്രാമിന്റെ അംഗീകൃത ഘടന അനുസരിച്ച്, ലൈൻ മന്ത്രാലയങ്ങൾ, സംസ്ഥാന ഗവൺമെന്റുകൾ/സംസ്ഥാന മാരിടൈം ബോർഡുകൾ (എസ്എംബികൾ), എസ്പിവികൾ പദ്ധതികൾ നടപ്പിലാക്കുകയും എസ്ഡിസിഎൽ ഒരു ഫണ്ടിംഗ് വിൻഡോ നൽകുകയും കൂടാതെ/അല്ലെങ്കിൽ ശേഷിക്കുന്ന പദ്ധതികൾ മാത്രം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

**ഇന്ത്യയിലെ ചരക്ക് ഗതാഗതം**

**ഇന്ത്യയിലെ വൻകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം**

ലോക സമ്പദ്‌വ്യവസ്ഥയിലെ വികസനം, അതായത് ലോക ഉല്പ്പാദനത്തിലും വ്യാപാരത്തിലുമുള്ള വളർച്ചയാണ് സമുദ്ര ഗതാഗത പ്രവർത്തനങ്ങളെ നയിക്കുന്നത്.

**ചിത്രം 11.1.9** 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത ചരക്കുകളുടെ പോർട്ട് തിരിച്ചുള്ള വിഹിതം





അവലംബം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

അതിനാൽ, തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന സമുദ്രമാർഗം വഴിയുള്ള ചരക്ക് ഗതാഗതത്തിന്റെ അളവ് പ്രധാനമായും രൂപപ്പെടുന്നത് ആഗോളവും ആഭ്യന്തരവുമായ പ്രവർത്തനങ്ങളിലെ മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ടാണ്. 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ ഇന്ത്യയിലെ 12 വൻകിട തുറമുഖങ്ങളിലെ ചരക്ക് 7.2 ശതമാനം വർധിച്ച് 720.29 ദശലക്ഷം ടണ്ണായി രേഖപെടുത്തുകയുണ്ടായി. ഇതിൽ 524.07 ദശലക്ഷം ടൺ ഓവർസീസ് കാർഗോയും (5 ശതമാനം വർദ്ധനവ്) 147.75 ദശലക്ഷം ടൺ കോസ്റ്റൽ കാർഗോയും (15.2 ശതമാനം വർദ്ധനവ്) ഉൾപ്പെടുന്നു.


2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ വൻകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുഗതാഗതത്തിൽ കാമരാജർ തുറമുഖം 49.3 ശതമാനം ഉയർന്ന വളർച്ച രേഖപ്പെടുത്തി, തുടർന്ന് ജെഎൻപിടി (17.3 ശതമാനം), മുംബൈ തുറമുഖം (12.3 ശതമാനം), ചെന്നൈ തുറമുഖം (11.5 ശതമാനം), കൊച്ചി തുറമുഖം (9.7 ശതമാനം), ദീൻദയാൽ തുറമുഖം (8.7 ശതമാനം), എൻഎംപിടി (7.7 ശതമാനം), വിഒസി തുറമുഖം (7.3 ശതമാനം), പാരദ്വീപ് തുറമുഖം (1.4 ശതമാനം) വും വളർച്ചരേഖപെടുത്തുകയുണ്ടായി. 2020-21 കാലയളവിനെ അപേക്ഷിച്ച് 2021-22 ഏപ്രിൽ-

**ചിത്രം 11.1.10.** 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ പോർട്ട് തിരിച്ചുള്ള വിഹിതം




അവലംബം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

**ചിത്രം 11.1.11.** 2021-22 ഏപ്രിൽ-മാർച്ച് മാസത്തിൽ ആറിൽ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം




അവലംബം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

മാർച്ച് കാലയളവിൽ മൊർമുഗാവോ തുറമുഖം (-)16.0 ശതമാനം, എസ്എംപി ഹൽദിയ ഡോക്ക് (-)5.7 ശതമാനം, വിശാഖപട്ടണം തുറമുഖം (-)1.2 ശതമാനം, എസ്എംപി കൊൽക്കത്ത (-)0.8 ശതമാനം എന്നിവയാണ് ഗതാഗതത്തിൽ നെഗറ്റീവ് വളർച്ച രേഖപ്പെടുത്തിയ വൻകിട തുറമുഖങ്ങൾ


2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ വൻകിട തുറമുഖങ്ങളിൽ, ദീൻദയാൽ തുറമുഖം 17.7 ശതമാനം വിഹിതത്തോടെ 127.78 ദശലക്ഷം ടൺ പരമാവധി ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് പാരദ്വീപ് തുറമുഖം (16.1 ശതമാനം), ജെഎൻപിടി (10.6 ശതമാനം), വിസാഗ് തുറമുഖം (9.6 ശതമാനം), മുംബൈ തുറമുഖം (8.3 ശതമാനം), ചെന്നൈ തുറമുഖം (6.7 ശതമാനം), എസ്എംപി ഹാൽദിയ ഡോക്ക് (6.0 ശതമാനം), എൻഎംപിടി (5.5 ശതമാനം), കാമരാജർ തുറമുഖം (5.4 ശതമാനം), കൊച്ചി തുറമുഖം (4.8 ശതമാനം), വിഒസി പോർട്ട് (4.7 ശതമാനം). മൊർമുഗാവോ തുറമുഖം (2.6 ശതമാനം), എസ്എംപി കൊൽക്കത്ത (2.1 ശതമാനം) എന്നിങ്ങനെയാണ് ചരക്ക് കൈകാര്യം ചെയ്തിട്ടുണ്ട്. **(ചിത്രം 11.1.9).**

വൻകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ 5.0 ശതമാനം വർദ്ധനവ് രേഖപ്പെടുത്തികൊണ്ടു, 2020-21 ഏപ്രിൽ-മാർച്ച് കാലയളവിലെ 524.07 ദശലക്ഷം ടണ്ണിൽ നിന്ന് 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ 550.06 ദശലക്ഷം ടണ്ണായി വർദ്ധിക്കുകയുണ്ടായി. വൻകിട തുറമുഖങ്ങളിൽ, 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം യഥാക്രമം ദീൻദയാൽ തുറമുഖം 20.5 ശതമാനം വിഹിതത്തോടെ 112.63 ദശലക്ഷം ടൺ പരമാവധി വിദേശ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് പാരദ്വീപ് തുറമുഖം (13.5 ശതമാനം), ജെഎൻപിടി (13.1 ശതമാനം), വിസാഗ് തുറമുഖം (8.7 ശതമാനം), ചെന്നൈ തുറമുഖം. (7.5 ശതമാനം), എസ്എംപി ഹാൽദിയ ഡോക്ക് (6.7 ശതമാനം), മുംബൈ തുറമുഖം (6.5 ശതമാനം), എൻഎംപിടി (5.4 ശതമാനം), വിഒസി തുറമുഖം (4.3 ശതമാനം), കൊച്ചി തുറമുഖം (4.1 ശതമാനം), കാമരാജർ തുറമുഖം (4.1 ശതമാനം), മോർമുഗാവോ തുറമുഖം (3.0 ശതമാനം), എസ്എംപി കൊൽക്കത്ത ഡോക്ക് (2.6 ശതമാനം) എന്നിങ്ങനെ ആണ്. **(ചിത്രം 11.1.10).**

വൻകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് 2020-21 ഏപ്രിൽ-മാർച്ച് കാലയളവിൽ 147.75 ദശലക്ഷം ടണ്ണിൽ നിന്ന് 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത 170.23 (15.2 ശതമാനം) ദശലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. വൻകിട തുറമുഖങ്ങളിൽ, 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം യഥാക്രമം പാരദീപ് തുറമുഖം 24.5 ശതമാനം വിഹിതത്തോടെ 41.76 ദശലക്ഷം ടൺ തീരദേശ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് മുംബൈ തുറമുഖം (14.2 ശതമാനം), വിശാഖപട്ടണം (12.4 ശതമാനം), കാമരാജർ തുറമുഖം (9.6 ശതമാനം), ദീൻദയാൽ. തുറമുഖം (8.9 ശതമാനം), കൊച്ചിൻ തുറമുഖം (7.0 ശതമാനം), വിഒസി തുറമുഖം (6.2 ശതമാനം), എൻഎംപിടി (5.8 ശതമാനം), ചെന്നൈ തുറമുഖം (4.2 ശതമാനം), എസ്എംപി ഹാൽദിയ (3.4 ശതമാനം), ജെഎൻപിടി (2.4 ശതമാനം), മൊർമുഗാവോ തുറമുഖം (1.2 ശതമാനം), എസ്എംപി കൊൽക്കത്ത (0.2 ശതമാനം) എന്നിങ്ങനെയാണ് **(ചിത്രം– 11.1.11).**


2021-22, 2020-21 വർഷങ്ങളിലെ വൻകിട തുറമുഖങ്ങളിലെ തുറമുഖം തിരിച്ചുള്ള ചരക്ക് ഗതാഗതം **അനുബന്ധം 11.1.25** ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.1.12.** നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം (തുറമുഖം തിരിച്ച്)





അവലംബം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം
*ഗോവ, കേരളം, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലെ നോൺമേജര് തുറമുഖങ്ങളില് ഈ കാലയളവിൽ വിദേശ ചരക്ക് ഗതാഗതം രേഖപ്പെടുത്തിയിട്ടില്ല.

**ചിത്രം 11.1.13.** 2021-22 ഏപ്രിൽ-നവംബർ വരെയുള്ള കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം




അവലംബം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

**ചിത്രം 11.1.14** 2021-22 ഏപ്രിൽ-നവംബർ വരെയുള്ള കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം




അവലംബം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

**ഇന്ത്യയിലെ നോൺ– മേജർ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം**

2021-22 ഏപ്രിൽ-നവംബർ കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം 8.1 ശതമാനം വർദ്ധിച്ച് 362.85 ദശലക്ഷം ടണ്ണിൽ നിന്നും 392.21 ദശലക്ഷം ടണ്ണായി വർദ്ധിക്കുകയുണ്ടായി. സംസ്ഥാന മാരിടൈം/സംസ്ഥാന ഡയറക്ടറേറ്റിൽ, 2021-22 ഏപ്രിൽ-നവംബർ കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം യഥാക്രമം ഗുജറാത്ത് മാരിടൈം ബോർഡ് 67.7 ശതമാനം വിഹിതത്തോടെ 265.69 ദശലക്ഷം ടൺ പരമാവധി ചരക്ക് കൈകാര്യം ചെയ്യുകയും തുടർന്ന് ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (15.2 ശതമാനം), മഹാരാഷ്ട്ര മാരിടൈം ബോർഡ് (7.5 ശതമാനം), തുറമുഖ ഡയറക്ടറേറ്റ്., ഒഡീഷ (7.3 ശതമാനം), തമിഴ്നാട് മാരിടൈം ബോർഡ് (1.2 ശതമാനം), തുറമുഖ ഡയറക്ടറേറ്റ്, പുതുച്ചേരി (0.8 ശതമാനം), എ ആൻഡ് എൻ ഐലൻഡ്സ് (0.2 ശതമാനം), ഡയറക്ടറേറ്റ് ഓഫ് പോർട്ട്സ് കർണാടക (0.1 ശതമാനം) എന്നിങ്ങനെയാണ് **(ചിത്രം 11.1.12)**.

2021-22 ഏപ്രിൽ-നവംബർ കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം 2020-21 ഏപ്രിൽ-നവംബർ കാലയളവിൽ 317.78 ദശലക്ഷം ടണ്ണിൽ നിന്ന് 6.2 ശതമാനം വർദ്ധിച്ച് 337.56 ദശലക്ഷം ടണ്ണായി. നോൺ- മേജർ തുറമുഖങ്ങളിൽ, 2021-22 ഏപ്രിൽ -നവംബർ വരെയുള്ള കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം യഥാക്രമം ഗുജറാത്ത് മാരിടൈം ബോർഡ് 70.3 വിഹിതവുമായി 237.14 ദശലക്ഷം ടൺ പരമാവധി വിദേശ ചരക്ക് കൈകാര്യം ചെയ്യുകയും, ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (15.4 ശതമാനം), തുറമുഖ ഡയറക്ടറേറ്റ്, ഒഡീഷ (7.9 ശതമാനം), മഹാരാഷ്ട്ര മാരിടൈം ബോർഡ്. (4.1 ശതമാനം), തമിഴ്നാട് മാരിടൈം ബോർഡ് (1.3 ശതമാനം), പുതുച്ചേരി (0.9 ശതമാനം), കർണാടകയിലെ തുറമുഖ ഡയറക്ടറേറ്റ് (0.1 ശതമാനം) എന്നിങ്ങനെയാണ് ചരക്ക ഗതാഗതം രേഖപ്പെടുത്തിയിട്ടുള്ളത് **(ചിത്രം 11.1.13)**.

2021-22 ഏപ്രിൽ-നവംബർ കാലയളവിൽ നോൺമേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം 2020-21 ഏപ്രിൽ-നവംബർ കാലയളവിൽ കൈകാര്യം ചെയ്ത 45.08 ദശലക്ഷം ടണ്ണിൽ നിന്ന് 21.2 ശതമാനം വർദ്ധിച്ച് 54.65 ദശലക്ഷം ടണ്ണായി രേഖപെടുത്തിയിട്ടുണ്ട്. നോൺ-മേജർ തുറമുഖങ്ങളിൽ, 2021-22 ഏപ്രിൽ -നവംബർ വരെയുള്ള കാലയളവിൽ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം യഥാക്രമം ഗുജറാത്ത് മാരിടൈം ബോർഡ് 52.2 ശതമാനം വിഹിതത്തോടെ 28.55 ദശലക്ഷം ടൺ പരമാവധി തീരദേശ ചരക്ക് കൈകാര്യം ചെയ്യുകയും, മഹാരാഷ്ട്ര മാരിടൈം ബോർഡ് (28.0 ശതമാനം), ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (13.7 ശതമാനം), തുറമുഖ ഡയറക്ടറേറ്റ്., ഒഡീഷ (3.4 ശതമാനം), എ ആൻഡ് എൻ ഐലൻഡ്സ് (1.6 ശതമാനം), തമിഴ്നാട് മാരിടൈം ബോർഡ് (0.6 ശതമാനം), കേരള മാരിടൈം ബോർഡ്, കർണാടകയിലെ തുറമുഖ ഡയറക്ടറേറ്റ് (0.2 ശതമാനം) എന്നിങ്ങനെയാണ് ചരക്ക് ഗതാഗതം രേഖപെടുത്തിയിട്ടുള്ളത് **ചിത്രം 11.1.14**).

2021-22, 2020-21 വർഷങ്ങളിലെ നോൺമേ-ജർ തുറമുഖങ്ങളിലെ പോർട്ട് തിരിച്ചുള്ള ചരക്ക ഗതാഗതം **അനുബന്ധം 11.1.26** നൽകിയിരിക്കുന്നു.

വൻകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും ശേഷി വർധിപ്പിക്കലും തുടർച്ചയായ പ്രക്രിയയാണ്. വൻകിട തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി

നവീകരണത്തിനും പുതിയ ബർത്തുകളുടെയും ടെർമിനലുകളുടെയും നിർമ്മാണം, നിലവിലുള്ള ബർത്തുകളുടെയും, ടെർമിനലുകളുടെയും യന്ത്രവൽക്കരണം, വലിയ കപ്പലുകൾ ആകർഷിക്കുന്നതിനുള്ള ഡ്രാഫ്റ്റുകളുടെ ആഴം കൂട്ടുന്നതിനുള്ള മൂലധന ഡ്രെഡ്ജിംഗ്, റോഡ്, റെയിൽ കണക്റ്റിവിറ്റി വികസനം തുടങ്ങി നിരവധി പദ്ധതികൾ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നടപ്പിലാക്കി വരുന്നു.

**കേരളത്തിലെ തുറമുഖങ്ങൾ**

കേരളത്തിന്റെ തീരദേശത്തിനു ഏകദേശം 590 കിലോമീറ്റർ നീളമുണ്ട്. കൊച്ചിയിൽ ഒരു വൻകിട തുറമുഖവും 17 നോൺ-മേജർ തുറമുഖങ്ങളും വിഴിഞ്ഞത്ത് വരാനിരിക്കുന്ന മറ്റൊരു വൻകിട തുറമുഖവും ഉണ്ട്. കേരളത്തിലെ 17 നോൺ- മേജർ തുറമുഖങ്ങളിൽ നാലെണ്ണം ബെർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, സംഭരണ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇന്റർമീഡിയറ്റ് തുറമുഖങ്ങളായി കണക്കാക്കപ്പെടുന്നു. വിഴിഞ്ഞം, ബേപ്പൂർ-കോഴിക്കോട്, അഴീക്കൽ, കൊല്ലം തുറമുഖങ്ങളാണ് അവ. നീണ്ടകര, ആലപ്പുഴ, വലിയതുറ, കായംകുളം, മനക്കോടം, മുനമ്പം-കൊടുങ്ങല്ലൂർ, പൊന്നാനി, തലശ്ശേരി, കോഴിക്കോട്, കണ്ണൂർ, ചെറുവത്തൂർ-നീലേശ്വരം, കാസർകോട് മഞ്ചേശ്വരം എന്നിവയാണ് സംസ്ഥാനത്തെ ശേഷിക്കുന്ന 14 തുറമുഖങ്ങൾ. കോട്ടയത്തെ നാട്ടകത്ത് ഒരു ഉൾനാടൻ തുറമുഖമുണ്ട്.

**കേരള മാരിടൈം ബോർഡ് (ഡയറക്ടറേറ്റ് ഓഫ് പോർട്ട്)**

കേരള സർക്കാരിന്റെ കീഴിലുള്ള കേരള മാരിടൈം ബോർഡാണ് സംസ്ഥാനത്തെ നോൺ-മേജർ തുറമുഖങ്ങളുടെ ഭരണം നടത്തുന്നത്. സംസ്ഥാനത്തെ നോൺ-മേജർ തുറമുഖങ്ങളുടെ ആസ്തികൾ സംരക്ഷിക്കുക എന്നതാണ് തുറമുഖ വകുപ്പിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തിന്റെ സമുദ്രവിഭവങ്ങളുടെ ഏറ്റവും മികച്ചതും സുസ്ഥിരവുമായ വിനിയോഗം അതിന്റെ സാമ്പത്തിക വളർച്ച ദ്രുതഗതിയിലാക്കും. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, തീരദേശ മേഖലയിലെ മറ്റ് സ്ഥലങ്ങളിൽ സമുദ്ര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനാൽ, തീരദേശ ഷിപ്പിംഗ് വികസനത്തിനായി ഒരു പദ്ധതി രൂപകൽപന ചെയ്യുകയും അത് തന്ത്രപരമായി നടപ്പിലാക്കുന്നതിനുള്ള ഒരു ബിസിനസ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ വഴി റോഡ്/റെയിൽ എന്നിവിടങ്ങളിൽ നിന്ന് തീരദേശ ജലപാതകളിലേക്ക് കാര്യമായ അളവിലുള്ള ചരക്ക്/യാത്രക്കാരെ തിരിച്ചുവിടാൻ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ ഗതാഗത/ലോജിസ്റ്റിക് മേഖലയെ മാറ്റം വരുത്തുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. തുറമുഖ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന തീരദേശ ഷിപ്പിംഗ് പദ്ധതി രാജ്യത്ത് ഇത്തരത്തിലുള്ള ആദ്യത്തേതാണ്, മത്സ്യബന്ധനം, വ്യവസായം, സമുദ്ര വിദ്യാഭ്യാസം, ടൂറിസം എന്നിവയുമായി സംയോജിപ്പിച്ച് ക്രോസ് സെക്ടറൽ നേട്ടങ്ങൾ ഉറപ്പാക്കും. കേരള ഇൻലാൻഡ് വെസൽസ് റൂൾസ് (കെഐവി റൂൾസ്) സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്തം കേരള മാരിടൈം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.

2017 സെപ്റ്റംബറിൽ കേരള മാരിടൈം ബോർഡ് നിയമത്തിന് അംഗീകാരം ലഭിച്ചതിന് ശേഷമാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. ഈ നിയമം അനുസരിച്ച്, കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾക്കായി കെഎംബി രൂപീകരിച്ചിട്ടുണ്ട്, കൂടാതെ നോൺ മേജർ തുറമുഖങ്ങളുടെയും ചില സ്ഥാപനങ്ങളുടെയും ഭരണം, നിയന്ത്രണം, മാനേജ്മെന്റ് എന്നിവ കെ എം ബി യിൽ നിക്ഷിപ്തമാണ്. തുറമുഖ ഡയറക്ടറേറ്റ് കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള മാരിടൈം സൊസൈറ്റി എന്നിവ സംയോജിപ്പിച്ച് സർക്കാർ കേരള മാരിടൈം ബോർഡ് രൂപീകരിച്ചു. ഒരു ചെയർമാൻ, ഒരു വൈസ് ചെയർമാൻ, 6 എക്സ് ഒഫീഷ്യോ അംഗങ്ങളും നാല് നോമിനേറ്റഡ് അംഗങ്ങളും അടങ്ങുന്നതാണ് ബോർഡ്. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും തുറമുഖങ്ങളുടെ നവീകരണവും ഷിപ്പിംഗ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തലും കേരള മാരിടൈം ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

**2021–22 കാലയളവിലെ കേരള മാരിടൈം ബോർഡിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.**

- കെ ഐ വി നിയമങ്ങൾ പ്രകാരം ഏകദേശം 1,500 ഉൾനാടൻ ജലയാനങ്ങൾ പരിശോധിക്കുകയുണ്ടായി
- വിഴിഞ്ഞത്ത് സീവാർഡ് വാർഫിലെ ബ്രേക്ക് വാട്ടറിന്റെ നവീകരണം പൂർത്തികരിച്ചു
- വിഴിഞ്ഞത്തെ ലീവാർഡ് വാർഫിലെ ബ്രേക്ക് വാട്ടറിന്റെ നവീകരണം പൂർത്തികരിച്ചു
- വിഴിഞ്ഞം തുറമുഖത്ത് ക്രൂ മാറാനുള്ള സൗകര്യം സ്ഥാപിച്ചു
- വിഴിഞ്ഞം തുറമുഖത്തെ സിഗ്നൽ സ്റ്റേഷന്റെ നവീകരണം പൂർത്തികരിച്ചു
- ആദ്യഘട്ടത്തിന്റെ ഭാഗമായി ഹെഡ് ഓഫീസിലെ ഇ-ഓഫീസ് നടപ്പാക്കൽ പൂർത്തികരിച്ചു
- അഴീക്കൽ തുറമുഖത്ത് ബ്രേക്ക് വാട്ടർ 50 ശതമാനം പൂർത്തികരിച്ചു
- അഴീക്കൽ തുറമുഖത്ത് 450 എച്ച്പി ടഗ്ഗ് വാങ്ങിച്ചു
- പൊന്നാനി ഡ്രഡ്ജിംഗ് പൂർത്തിയായി
- ആലപ്പുഴയിൽ മാരിടൈം ട്രെയിനിങ്ങ് ഹാൾ നിർമ്മാണം പൂർത്തികരിച്ചു
- തുറമുഖ സുരക്ഷയ്ക്കായി ബേപ്പൂർ തുറമുഖത്ത് ഐ.എസ്.പി.എസ് സർവ്വേ പൂർത്തികരിച്ചു
- ബേപ്പൂർ & അഴീക്കൽ തുറമുഖത്ത് ഇ ഡി ഐ സൗകര്യം സ്ഥാപിച്ചു
- ബേപ്പൂർ തുറമുഖത്ത് ഐ.എസ്.പി.എസ് കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

**കേരള ഇൻലാൻഡ് വെസ്സൽ (കെഐവി) നിയമങ്ങൾ, 2010**

2010 സെപ്റ്റംബർ 15-ന് കെ ഐ വി നിയമങ്ങൾ നിലവിൽ വന്നു. തുറമുഖ വകുപ്പ് ഡയറക്ടറായിരുന്നു നിർവഹണ അധികാരി, എന്നാൽ ഇപ്പോൾ കെഎംബിയുടെ മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്. കെഐവി ചട്ടങ്ങൾ പ്രകാരം വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നിവയുൾപ്പെടെ 6 പോർട്ട് ഓഫ് രജിസ്ട്രികളുണ്ട്. കെ ഐ വി നിയമങ്ങൾ അനുസരിച്ച്, കപ്പലുകളുടെ രജിസ്ട്രേഷൻ കാലയളവ് 5 വർഷമായി തീരുമാനിക്കുകയും വാർഷിക സർവേ സർട്ടിഫിക്കറ്റ് 1 വർഷത്തേക്ക് സാധുതയുള്ളതുമാണ്. ഈ രണ്ട് സർട്ടിഫിക്കറ്റുകളും കപ്പലിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. കൂടാതെ, 3 വർഷത്തിലൊരിക്കൽ ഡ്രൈ ഡോക്കിൽ കപ്പലുകൾ സർവ്വേ ചെയ്യണം. കെഐവി ചട്ടങ്ങൾ അനുസരിച്ച്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് 3 വർഷത്തേക്ക് വയബിലിറ്റി സർട്ടിഫിക്കറ്റും ഒരു വർഷത്തേക്ക് തേർഡ് പാർട്ടി

ഇൻഷുറൻസും നൽകിയാൽ മാത്രമേ ഹൗസ് ബോട്ടുകൾക്ക് സർവേ സർട്ടിഫിക്കറ്റ് നൽകാവൂ എന്നൊരു നിബന്ധനയും നിലവിലുണ്ട്.

**രജിസ്റ്റർ ചെയ്ത വെസ്സലുകൾ**

2021-22ൽ 616 വെസ്സലുകളാണ് കേരളത്തിലെ വിവിധ തുറമുഖങ്ങളിൽ എത്തി ചേർന്നത്. വിഴിഞ്ഞം (1), കൊല്ലം (103), ബേപ്പൂർ (501), അഴീക്കൽ (11) എന്നിവിടങ്ങളിലാണ് വെസ്സലുകൾ എത്തി ചേർന്നിരിക്കുന്നത്( വിശദ വിവരങ്ങൾ **അനുബന്ധം 11.1.29** നൽകിയിട്ടുണ്ട്). രജിസ്റ്റർ ചെയ്ത വെസ്സലുകൾ പാസഞ്ചർ വെസ്സൽ, സ്പീഡ് ബോട്ട്, ഹൗസ് ബോട്ട്, ചരക്ക് കപ്പൽ, ഫ്ലോട്ടിംഗ് റിസോർട്ട്, മോട്ടോർ ബോട്ട്, കട്ടർ സെക്ഷൻ ഡ്രെഡ്ജർ, ജങ്കാർ, ഷിക്കാരസ്, ടഗ്, റെസ്ക്യൂ ബോട്ട്, ക്രൂയിസ് ബോട്ട് എന്നിവയാണ്. 2021-22ൽ 535 വെസ്സലുകൾ പരിശോധിച്ചതിൽ 369 വെസ്സലുകൾ പരിശോധനയിൽ തകരാറുകൾ കണ്ടെത്തിയവയുമാണ്. 166 എണ്ണം തൃപ്തികരമായി പരിശോധന പൂർത്തീകരിച്ച വെസ്സലുകളുമാണ്. തുറമുഖ വകുപ്പ് കെഐവി നിയമങ്ങൾ നടപ്പാക്കുന്നതിനാൽ, പരിശോധനകൾ നടത്തുകയും കപ്പലുകളുടെ രജിസ്ട്രേഷൻ സുഗമമാക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.4, 11.1.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി)**

ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും നിർമ്മാണവും പരിപാലനവും, മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ (ഹാച്ചറികൾ, കുളങ്ങൾ, ഫാമുകൾ പോലുള്ളവ) തീരത്തെ അടിസ്ഥാനമാക്കിയുള്ള ടൂറിസം പദ്ധതികൾ, തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, തീരദേശ റോഡുകൾ എന്നിവയിലാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി) പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതുവരെ 21 ഫിഷറീസ് ഹാർബറുകളുടെ പ്രവൃത്തി പൂർത്തിയാക്കി. മറ്റ് 4 ഫിഷറീസ് ഹാർബറുകളുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരള തീരപ്രദേശത്ത് ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യ സീഡ് ഫാമുകൾ, ഹാച്ചറികൾ, ഫിഷറീസ് സ്കൂളുകൾ, ഡിസ്പെൻസറികൾ, തീരദേശ റോഡുകൾ, ജലവിതരണം, ശുചിത്വ പദ്ധതികൾ തുടങ്ങി നിരവധി സാമൂഹിക അടിസ്ഥാന സൗകര്യങ്ങളും വകുപ്പ് നടപ്പിലാക്കി വരുന്നു.

**ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് (എച്ച് എസ് ഡബ്ല്യു)**

തുറമുഖ മേഖലയിലെ സംസ്ഥാനത്തിന്റെ മറ്റൊരു ഏജൻസിയായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് (എച്ച്എസ്ഡബ്ല്യു) ഇൻവെസ്റ്റിഗേഷനുകൾ നടത്തുകയും ഡിജിറ്റലിലും അച്ചടിച്ച രൂപത്തിലും ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. അത്തരം ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ വാട്ടർ മാസ്സിന്റെ ആഴം, വെള്ളത്തിനടിയിലെ ഭൂപ്രകൃതി, രൂപരേഖകൾ, തീരത്തിന്റെയും കരയുടെയും സവിശേഷതകൾ, ജലത്തിന്റെ അടിഭാഗത്തിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള നേരിട്ടുള്ള വിവരങ്ങൾ നൽകുന്നു. ഈ വിംഗ് എല്ലാ ഹൈഡ്രോഗ്രാഫിക് ഡാറ്റയും ശേഖരിക്കുകയും നാവിഗേഷൻ ചാർട്ടുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസിലേക്ക് കൈമാറുകയും ചെയ്യുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനും തുറമുഖ വകുപ്പിനും വേണ്ടി ഈവിംഗ് എല്ലാ വർഷവും വിവിധ സ്ഥലങ്ങളിൽ 20 ഓളം സർവേകൾ നടത്തുകയും കേരള തീരത്തെ വിവിധ സ്ഥലങ്ങളിലെ വേലിയേറ്റ ഡാറ്റ ശേഖരിക്കുകയും ചെയ്യുന്നു. അക്കാദമിക് കോഴ്സുകൾ നടത്താനും, യോഗ്യതയുള്ള മാനവവിഭവശേഷി നൽകാനും ലക്ഷ്യമിട്ടുകൊണ്ട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (കിഹാസ്) സ്ഥാപിക്കുകയുണ്ടായി

ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം 2022 സെപ്റ്റംബർ 30 വരെ 51 സർവേകൾ നടത്തിയിട്ടുണ്ട്. സർവേയുടെ വിശദാംശങ്ങൾ **പട്ടിക 11.1.6** ചുവടെ നൽകിയിരിക്കുന്നു.

**കേരളത്തിലെ ഇന്റർമീഡിയറ്റ് മൈനർ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം**

കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിലെ ഇന്റർമീഡിയറ്റ് മൈനർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വിശദാംശങ്ങൾ **പട്ടിക 11.1.7** കാണിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കു പരിശോധിക്കുമ്പോൾ, കേരളത്തിലെ ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൈകാര്യം

**പട്ടിക 11.1.4** കെഐവി നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ

| ക്രമ നം | ഇനങ്ങൾ | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 1 | പരിശോധിച്ച വെസ്സലുകളുടെ എണ്ണം | 825 | 737 | 724 | 632 | 415 | 535 |
| 2 | തൃപ്തികരമായി പരിശോധന പൂർത്തീകരിച്ച വെസ്സലുകളുടെ എണ്ണം | 558 | 455 | 474 | 383 | 280 | 369 |
| 3 | പരിശോധനയിൽ പോരായ്മകൾ കണ്ടെത്തിയ വെസ്സലുകളുടെ എണ്ണം | 267 | 266 | 224 | 239 | 135 | 166 |
| 4 | പുറപ്പെടുവിച്ച ഡിറ്റൻഷൻ ഉത്തരവുകളുടെ എണ്ണം | 86 | 42 | 21 | 73 | 16 | 17 |

അവലംബം: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.5** കേരളത്തിൽ രജിസ്റ്റർ ചെയ്ത കപ്പലുകളുടെ എണ്ണം( കെ.ഐ.വി നിയമപ്രകാരം)

| ക്രമ നം. | ഇനങ്ങൾ | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 1 | ക്യാറ്റ് എ | 0 | 0 | 0 | 0 | 0 | 0 |
| 2 | ക്യാറ്റ് ബി | 34 | 5 | 13 | 28 | 23 | 34 |
| 3 | പുതിയതായി നിർമ്മിച്ച വെസ്സലുകൾ | 34 | 5 | 13 | 28 | 23 | 34 |
| 4 | രജിസ്ട്രേഷൻ പേര് മാറ്റിയവ | 76 | 49 | 37 | 52 | 71 | 102 |

അവലംബം: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.6** ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം നടത്തിയ സർവേയുടെ വിശദാംശങ്ങൾ

| ക്രമ നം | വകുപ്പ് | സർവേകളുടെ നമ്പർ |
|---|---|---|
| 1 | സംസ്ഥാന ജല ഗതാഗത വകുപ്പ് (എസ് ഡബ്ല്യുടി ഡി ) | 11 |
| 2 | കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ്(സി എസ് എൽ) | 7 |
| 3 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി) | 17 |
| 4 | കേരള മാരിടൈം ബോർഡ്(കെ എം ബി) | 3 |
| 5 | ജലസേചന വകുപ്പ് | 1 |
| 6 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്(കെ എം ആർ എൽ) | 11 |
| 7 | കൊച്ചിൻ പോർട്ട് ട്രസ്റ്റ് (സി പി ടി) | 1 |
| ആകെ | | 51 |

അവലംബം: ഹൈഡ്രോഗ്രാഫിക് സർവേ വിംഗ്

**പട്ടിക 11.1.7** കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ 2018 മുതൽ 2022 വരെ കൈകാര്യം ചെയ്ത ചരക്ക ഗതാഗതം (അളവ് ടണ്ണിൽ)

| വർഷം | ഇറക്കുമതി | | | കയറ്റുമതി | | | ആകെ |
|---|---|---|---|---|---|---|---|
| | തീരദേശ | വിദേശ | ആകെ | തീരദേശ | വിദേശ | ആകെ | |
| 2018 | 12174 | 0 | 12174 | 126619 | 0 | 126619 | 138793 |
| 2019 | 92542 | 4459 | 97001 | 122380 | 3767 | 126147 | 223148 |
| 2020 | 37338 | 908 | 38246 | 115968 | 0 | 115968 | 154214 |
| 2021 | 8074 | 119 | 8193 | 41118 | 69 | 41187 | 49380 |
| 2022 | 57253 | 0 | 57253 | 264989 | 549 | 265538 | 322791 |
| ആകെ | 207381 | 5486 | 212867 | 671074 | 4385 | 675459 | 888326 |

അവലംബം: കേരള മാരിടൈം ബോർഡ്

ചെയ്യുന്ന ചരക്കുകളുടെ അളവിൽ വലിയ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു. ഈ അഞ്ച് വർഷങ്ങളിലും, കയറ്റുമതി ചരക്ക് (കയറ്റുമതി = തീരദേശവും വിദേശവും) ഇറക്കുമതി ചരക്കുകളേക്കാൾ കൂടുതലാണ് (ഇറക്കുമതി = തീരദേശവും വിദേശവും). 2018ൽ 1,26,619 ടണ്ണും 2022ൽ 2,65,538 ടണ്ണുമായിരുന്നു കേരളത്തിൽ നിന്നുള്ള മൊത്തം ചരക്കു കയറ്റുമതി. കേരളത്തിൽ 4 തുറമുഖങ്ങൾക്ക് ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട്. അവ, ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നിവയാണ് (വിശദാംശങ്ങൾ **അനുബന്ധം 11.1.27** ൽ കാണിച്ചിരിക്കുന്നു).

**കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള വരുമാനം**

2018 മുതൽ 2022 വരെ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്ന് സമാഹരിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.8**-ൽ നൽകിയിരിക്കുന്നു. 2018-ൽ മൊത്തം വരുമാനം ഗണ്യമായി

**പട്ടിക 11.1.8** കേരളത്തിലെ ഇന്റർമീഡിയറ്റ മൈനർ തുറമുഖങ്ങളിൽ 2017 മുതൽ 2022 വരെ ശേഖരിക്കുന്ന വരുമാനം (തരം തിരിച്ച്) കോടി രൂപയിൽ

| വർഷം | തുറമുഖ കുടിശ്ശിക | | കയറ്റുമതി ഇറക്കുമതി കുടിശ്ശിക | | വ്യാപാരി ഓവർടൈം ചാർജ്ജുകൾ | | ഡ്രെഡ്ജ് ചെയ്ത മെറ്റീരിയൽ | | മറ്റുള്ളവ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | |
| 2018 | 0.08 | 0.53 | 0.31 | 2.06 | 0.15 | 1.00 | 11.69 | 77.8 | 2.79 | 18.56 | 15.03 |
| 2019 | 0.08 | 0.17 | 0.33 | 0.68 | 0.33 | 0.68 | 43.42 | 89.7 | 4.24 | 8.76 | 48.41 |
| 2020 | 0.04 | 0.07 | 0.05 | 0.09 | 0.46 | 0.79 | 52.73 | 90.9 | 4.73 | 8.15 | 58.02 |
| 2021 | 0.04 | 0.10 | 0.37 | 0.90 | 10.15 | 24.66 | 25.78 | 62.6 | 4.81 | 11.69 | 41.16 |
| 2022 | 0.12 | 0.23 | 0.55 | 1.05 | 0.74 | 1.42 | 39.51 | 75.7 | 11.28 | 21.62 | 52.17 |

അവലംബം: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.9** കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം (വർഷം തിരിച്ചുള്ള)

| | സാമ്പത്തിക വർഷം (2020-21) | | സാമ്പത്തിക വർഷം (2021-22) | |
|---|---|---|---|---|
| | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളുടെ വിഹിതം(ശതമാനത്തിൽ) | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളുടെ വിഹിതം(ശതമാനത്തിൽ) |
| ഓവർസീസ് | 20402 | 3.8 | 22704 | 4.1 |
| കോസ്റ്റൽ | 11101 | 7.5 | 11846 | 7 |
| ആകെ | 31503 | 4.6 | 34550 | 4.8 |

അവലംബം: ഗതാഗത ഗവേഷണ, തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ് പോർട്ടൽ

കുറഞ്ഞു. 2020-ൽ, മുമ്പത്തെ നിലവാരത്തേക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. ഒരു തുറമുഖത്തിന്റെ പ്രധാന പ്രവർത്തനം ചരക്ക് ഗതാഗതമായി കണക്കാക്കപ്പെടുന്നു. നിർഭാഗ്യവശാൽ, കയറ്റുമതി, ഇറക്കുമതി കുടിശ്ശികയുടെ വിഹിതം മൂന്ന് വർഷത്തിനുള്ളിൽ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനത്തിൽ താഴെയാണ്. തുറമുഖ വരുമാനത്തിന്റെ പ്രധാന പങ്ക് ഡ്രെഡ്ജ് ചെയ്ത മെറ്റീരിയലിൽ നിന്നാണ്. ഇത് 2018, 2019,2020, 2022 വർഷങ്ങളിലെ മൊത്തം വരുമാനത്തിന്റെ 75 ശതമാനമാണ്. തുറമുഖ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. 2021-22 കാലയളവിൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്ന് സമാഹരിച്ച വരുമാനത്തിന്റെ കാറ്റഗറി തിരിച്ച് **അനുബന്ധം 11.1.28** നൽകിയിരിക്കുന്നു.

### തുറമുഖ പദ്ധതികളും/പ്രവർത്തനങ്ങളും (കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ)

2021-22ൽ 17 നോൺ–മേജർ തുറമുഖങ്ങളിൽ നാല് തുറമുഖങ്ങൾ വ്യാപാര ആവശ്യത്തിനായി പ്രവർത്തനക്ഷമമാണ്. കൊല്ലം തുറമുഖത്തിന് അകത്തേക്കും പുറത്തേക്കും അരിയുടെയും പാറകളുടെയും ഗതാഗതവും, വിഴിഞ്ഞത്തിന് പച്ചക്കറികളുടെ വിദേശ ഗതാഗതവും ഉണ്ട്. അഴീക്കൽ, ബേപ്പൂർ (കോഴിക്കോട്) തുറമുഖങ്ങളിലും 2021-22 ൽ വ്യാപാര പ്രവർത്തനങ്ങൾ നടന്നു. വിശദാംശങ്ങൾ **അനുബന്ധം 11.1.27**ൽ നൽകിയിരിക്കുന്നു.

2021-22ൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി തുറമുഖവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ നിന്ന് 52.20 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. ഡ്രെഡ്ജ് ചെയ്ത മെറ്റീരിയലുകളിൽ നിന്നാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത് (39.51 കോടി രൂപ.). 2021-22ൽ മൊത്തം ഇറക്കുമതി കയറ്റുമതി ഡ്യൂസായായി 55 ലക്ഷം രൂപ വരുമാനമായി ലഭിക്കുകയുണ്ടായി. കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി ലഭിക്കുന്ന വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 11.1.28**-ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ പ്രവർത്തനക്ഷമമായ നാല് തുറമുഖങ്ങളിൽ ഏറ്റവും തിരക്കേറിയ തുറമുഖമാണ് ബേപ്പൂർ (കോഴിക്കോട്) തുറമുഖം (സ്റ്റീമറുകളുടെയും കപ്പലുകളുടെയും എണ്ണത്തിൽ). 2021-22 ൽ 305 സ്റ്റീമറുകളും 311 വെസ്സലുകളും കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഇതിൽ 202 സ്റ്റീമറുകളും 299 വെസ്സലുകളും ബേപ്പൂർ തുറമുഖം സന്ദർശിക്കുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 11.1.29**ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ നാല് തുറമുഖങ്ങളിൽ ഏറ്റവും വലിയ സൗകര്യങ്ങളുള്ളത് ബേപ്പൂർ തുറമുഖത്താണ്. ബേപ്പൂരിൽ 310 മീറ്റർ വാർഫും 800 മീറ്റർ ഗോഡൗൺ ഏരിയയും ഉണ്ട്. കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.30**-ൽ നൽകിയിരിക്കുന്നു.

### കൊച്ചി തുറമുഖം

കേരളത്തിലെ ഏക വൻകിട തുറമുഖമാണ് കൊച്ചി തുറമുഖം. ഇത് 827 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്നു. ഇതിന് 7.5 കിലോമീറ്റർ ജലമുഖമുണ്ട്. എൻ എച്ച് 544, എൻ എച്ച് 66, എൻ എച്ച് 185 എന്നിവയിലൂടെ തുറമുഖത്തിന് ഉൾപ്രദേശങ്ങളിലേക്ക് കണക്റ്റിവിറ്റി ഉണ്ട്. കൊങ്കൺ, ദക്ഷിണ റെയിൽവേ എന്നിവയിലേക്കുള്ള റെയിൽ ലിങ്കുകളും അതിന്റെ ഉൾപ്രദേശങ്ങളിലേക്ക് പ്രധാന റെയിൽ പ്രവേശനം നൽകുന്നു. കൊല്ലത്തെയും കോട്ടപ്പുറത്തെയും ബന്ധിപ്പിക്കുന്ന ഒരു ഉൾനാടൻ ജലപാത ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ ഇതുവരെ<u>ത്തും</u> വികസിപ്പിച്ച വരികയാണ്. അഭിമാനകരമായ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ പൂർത്തീകരണം കൊച്ചി തുറമുഖത്തെ ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ പ്രധാന തുറമുഖമാക്കി മാറ്റും. കൊച്ചി തുറമുഖത്തിന് 73.67 എം ടി പി എ ശേഷിയുള്ള 1 എസ് പി എം ഉൾപ്പെടെ 21 ബെർത്തുകളുണ്ട്. 2021-22 ഏപ്രിൽ മുതൽ ഫെബ്രുവരി വരെ, ഇന്ത്യയിലെ 12 പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്കിന്റെ 4.8 ശതമാനം കൊച്ചി തുറമുഖമാണ് കൈകാര്യം ചെയ്തത് **(പട്ടിക 11.1.9 കാണുക)**.

### വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ)

വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ആണ്. 18 മീറ്റർ സ്വാഭാവിക ആഴവും പ്രധാന അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിൽ നിന്ന് 10 നോട്ടിക്കൽ മൈൽ അകലവുമാണ് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന നേട്ടം. ടി തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കേരള സർക്കാർ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിസിൽ) എന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനം രൂപീകരിച്ചു. വിഴിഞ്ഞം തുറമുഖത്തിന് ഒരു അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കുന്നതിന് ഭൂമിശാസ്ത്രപരമായ നിരവധി നേട്ടങ്ങളുണ്ട്. തീരത്ത് നിന്ന് ഒരു നോട്ടിക്കൽ മൈലിനുള്ളിൽ 20 മീറ്റർ കോണ്ടൂർ ലഭ്യതയും തീരത്ത് കുറഞ്ഞ ലിറ്റോറൽ ഡ്രിഫ്റ്റും ആവശ്യമില്ലാത്ത ഡ്രെഡ്ജിംഗ്, ദേശീയ/പ്രാദേശിക റോഡ്, റെയിൽ ശൃംഖലയിലേക്കുള്ള ലിങ്കുകൾ, അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിന്റെ സാമീപ്യം, ഗ്രീൻഫീൽഡ് പ്രോജക്റ്റായി രൂപകല്പന ചെയ്യാനും വികസിപ്പിക്കാനുമുള്ള വഴക്കം എന്നിവ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

തുറമുഖ വികസനപ്രവർത്തനങ്ങൾ പിപിപി മാതൃകയിൽ സമ്മതപത്ര പ്രകാരമുള്ള കാലയളവിലേക്ക് ആസൂത്രണം ചെയ്തിട്ടുള്ളതാണ്. കണ്ടെയ്നർ യാർഡ്, ടെർമിനൽ കെട്ടിടങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും കാർഗോ

**ബോക്സ് 11.1.4** വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്

രാജ്യത്തിന്റെ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ (GoK) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസിപ്പിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകയിൽ നടപ്പാക്കുന്ന പദ്ധതി എം/എസ് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (എവിപിപിഎൽ) കൺസഷനയർ ആണ്. കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള കമ്പനിയായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ) ആണ് പദ്ധതിയുടെ നടത്തിപ്പ് നോഡൽ ഏജൻസി. ഈ പ്രോജക്ടിന്റെ കൺസഷൻ കരാറിലെയും എല്ലാ ഓർഗനൈസേഷൻസും ഉത്തരവാദിത്തങ്ങളും നിറവേറ്റുന്നതു ഈ അതോറിറ്റിയാണ്.

തന്ത്രപ്രധാനമായ സ്ഥാനവും പ്രകൃതിദത്തമായ സ്വാഭാവിക ഘടകങ്ങളും ഉള്ളതിനാൽ വിഴിഞ്ഞം തുറമുഖത്തിന് രാജ്യത്തിന്റെ കപ്പൽ ഗതാഗത വികസനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയും. വിഴിഞ്ഞത്ത് നിന്ന് 10 നോട്ടിക്കൽ മൈൽ മാത്രം അകലെ ഇന്ത്യൻ ഉപദ്വീപിന് തെക്കുള്ള അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിലൂടെയാണ് ചരക്ക് നീക്കത്തിന്റെ ഗണ്യമായ പങ്ക് നടക്കുന്നത്. നിലവിൽ ഇന്ത്യക്ക് ഡീപ്പ് വാട്ടർ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഇല്ല. ഇന്ത്യ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റിനായി കൊളംബോ, സിംഗപ്പൂർ, സലാല എന്നീ തുറമുഖങ്ങളെയാണ് ഇതിനായി ആശ്രയിക്കുന്നത്. ഇത് വിദേശ നാണ്യം നേടിയെടുക്കുന്നതിലും വരുമാനത്തിലും പ്രതിവർഷം ഏകദേശം 2,500 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നതായി കണക്കാക്കുന്നു. ഇതു വിഴിഞ്ഞം തുറമുഖത്തിന്റെ പൂർത്തീകരണത്തോടെ പരിഹരിക്കാൻ സാധിക്കും. 2021-ൽ പുറത്തിറക്കിയ 'മാരിടൈം ഇന്ത്യ വിഷൻ 2030'-ലെ മുൻഗണനാ പദ്ധതികളുടെ ലിസ്റ്റിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് -ഉം ഉൾപ്പെടുത്തിയിട്ടുമുണ്ട്.

അവലംബം: വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്

കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ടെർമിനൽ ഓപ്പറേറ്റർ(കൾ) ആവശ്യമാണ്. വിസിലിന്റെ വികസനത്തിനായുള്ള ഫണ്ടിംഗിനെ സംബന്ധിച്ചിടത്തോളം, ഏറ്റവും വലിയ വിഹിതം സംസ്ഥാന സർക്കാരിൽ നിന്നാണ് വരുന്നത്, ഇത് മൊത്തം ഫണ്ടിംഗിന്റെ 57.5 ശതമാനം വരും, തുടർന്ന് കൺസഷനയർ (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) 31.8 ശതമാനവും ബാക്കിയുള്ളവ 10.62 ശതമാനം ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവുമാണ്.

### മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ്

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (എംഐപിഎസ് ലിമിറ്റഡ്) എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ സാധ്യതയുള്ള മേഖലകളിലേക്ക് തുറമുഖത്തേക്കുള്ള ചരക്കുകളും സംരംഭക വിഭവങ്ങളും എത്തിക്കാൻ കഴിയുന്ന, സെസ്സുകൾ/ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുമായി ഇന്റർ മോഡൽ കണക്റ്റിവിറ്റിയുള്ള, ഒരു അന്തർദേശീയ, തീരദേശ ഷിപ്പിംഗ് തുറമുഖമായാണ് അഴീക്കൽ തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്.

അഴീക്കലിൽ കടലിൽ ആഭ്യന്തര, അന്തർദേശീയ ചരക്കുകൾക്കായി ഒരു പുതിയ തുറമുഖം വികസിപ്പിക്കുന്നത് 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത് - പനമാക്സ് വലുപ്പമുള്ള കപ്പലുകൾ വരെ (4000 മുതൽ 4500 കണ്ടെയ്നറുകൾ വരെ) കൈകാര്യം ചെയ്യാൻ കഴിയും. ഒന്നാം ഘട്ടത്തിൽ 500 മീറ്റർ ബെർത്തും, രണ്ടാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും, മൂന്നാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും ആസൂത്രണം ചെയ്തിട്ടുണ്ട്. അഴീക്കൽ പോർട്ട് പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്നതിനു 4500TUE പനാമാക്സ് കപ്പലുകൾ വരെ കൈകാര്യം ചെയ്യാനും, തുറമുഖത്തിന് കണ്ടെയ്നറുകൾ, ലിക്വിഡ് ബൾക്ക്, പെട്രോളിയം ഉൽപ്പന്നങ്ങൾ, ഡ്രൈ ബൾക്ക് / ബ്രേക്ക്-ബൾക്ക് ചരക്ക് മുതലായവ കൈകാര്യം ചെയ്യാൻ കഴിയും.

തുടക്കത്തിൽ 60 ഹെക്ടർ സർക്കാർ ഭൂമി ലഭ്യമാക്കി തുറമുഖം വികസിപ്പിക്കുന്നതാണ്. തുറമുഖം, റെയിൽ, റോഡ്, പ്രത്യേക സാമ്പത്തിക മേഖല/വ്യാവസായിക പാർക്കുകൾ മുതലായവയ്ക്ക് വേണ്ടി അധിക ഭൂമി വീണ്ടെടുക്കുന്നതും, ഭൂമി ഏറ്റെടുക്കുന്നതും കൂട്ടിച്ചേർക്കും. 2019 ലെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 3 ഘട്ടങ്ങളിലായി 3698.00 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്ന പദ്ധതിച്ചെലവ് (യഥാക്രമം.2263.00 കോടി രൂപ + 688.00 കോടി രൂപ + 747.00 കോടി രൂപ). നാഷണൽ ഹൈവേ വരെയുള്ള റോഡിനു 103.00 കോടി രൂപ (48.00 കോടി രൂപ + 2.00 കോടി രൂപ + 53.00 കോടി രൂപ) ആണ്. മൂന്നാം ഘട്ടത്തിൽ റെയിൽവേ കണക്റ്റിവിറ്റി നിർദ്ദേശിക്കുന്നു. ഡിപിആർ തയ്യാറാക്കലും ഇഐഎ പഠനവും അവസാന ഘട്ടത്തിലാണ്.

### വെല്ലുവിളികളും അവസരങ്ങളും

പുതിയ തുറമുഖങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, തുറമുഖങ്ങൾ യന്ത്രവൽക്കരിക്കുക, കണക്റ്റിവിറ്റിയും ലോജിസ്റ്റിക്സും മെച്ചപ്പെടുത്തി തുറമുഖ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ സർക്കാർ നിരവധി സംരംഭങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംരംഭങ്ങൾ ഉണ്ടായിരുന്നിട്ടും, ദേശീയമായോ അന്തർദേശീയമായോ മറ്റ് തുറമുഖങ്ങളുമായി കേരളത്തിന്റെ തുറമുഖ മേഖലയെ താരതമ്യപ്പെടുത്താനാവില്ല. തുറമുഖ മേഖലയിലെ അപര്യാപ്തമായ റോഡ് ശൃംഖല, ചരക്ക് കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും അപര്യാപ്തത, റെയിൽ, റോഡ്, ഹൈവേകൾ, തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജലപാതകൾ വഴിയുള്ള മോശം കണക്റ്റിവിറ്റി കാര്യക്ഷമതയില്ലാത്ത നാവിഗേഷൻ സഹായങ്ങൾ, സൗകര്യങ്ങൾ, ഐടി സംവിധാനങ്ങൾ എന്നിവയുടെ അപര്യാപ്തത, അപര്യാപ്തമായ ഡ്രെഡ്ജിംഗ് ശേഷി, സാങ്കേതിക വൈദഗ്ധ്യത്തിന്റെ അഭാവം, വലിയ അളവുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങളുടെ അഭാവം, തുടങ്ങിയവയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ. ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഒന്നിലധികം നിയമനിർമ്മാണങ്ങൾ അടങ്ങുന്ന റെഗുലേറ്ററി ചട്ടക്കൂട് സങ്കീർണ്ണമാണ്, കൂടാതെ സംയോജിതവും മികച്ച ഏകോപനവും സാധ്യമാക്കുന്നതിന് ലളിതവൽക്കരണം

ആവശ്യമാണ്. സംസ്ഥാനം അതിന്റെ തീരപ്രദേശത്തിന്റെ (തുറമുഖത്തിന്റെ) നേതൃത്വത്തിലുള്ള വികസനത്തിന്റെ പ്രയോജനങ്ങൾ പൂർണ്ണമായും സ്ഥിരമായും പ്രയോജനപ്പെടുത്തേണ്ടതുമാണ്. തീരദേശ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും, നിലവിലുള്ള ഇൻസന്റീവ് പദ്ധതികൾ വിപുലപ്പെടുത്തുന്നതിന് നയങ്ങൾ രൂപീകരിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ തീരദേശ ഗതാഗത സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തുറമുഖാധിഷ്ഠിത വ്യവസായങ്ങളും കാർഷിക യന്ത്രങ്ങളുടെ ഉല്പാദന കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ മാരിടൈം ക്ലസ്റ്ററിന്റെ വികസനം ആവശ്യമാണ്.

**ഉൾനാടൻ ജലഗതാഗതം**

യാത്രക്കാരുടെയും ചരക്കുകളുടെയും ഗതാഗതത്തിനുള്ള പ്രായോഗികമായ അനുബന്ധ മാതൃക എന്ന നിലയിൽ ദ്രുതഗതിയിൽ പുരോഗതി കൈവരിക്കുന്ന ഒരു മേഖലയാണ് ഉൾനാടൻ ജലഗതാഗതം. ഇത് ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ഗതാഗത മാർഗ്ഗമായി കണക്കാക്കപ്പെടുന്നു. റെയിൽ/റോഡ് ഗതാഗതത്തിലെ എന്തെങ്കിലും വിധത്തിലുള്ള തടസ്സം യാത്രക്കാർക്കും ചരക്ക് നീക്കത്തിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുക മാത്രമല്ല, രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ, ഉൾനാടൻ ജലഗതാഗത മേഖല വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

നദികൾ, കനാലുകൾ, കായലുകൾ, തോടുകൾ എന്നിങ്ങനെയുള്ള ഉൾനാടൻ ജലപാതകളുടെ വിപുലമായ ശൃംഖല ഇന്ത്യയിലുണ്ട്. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ജലപാതകൾ വഴിയുള്ള ചരക്ക് ഗതാഗതം രാജ്യത്ത് വളരെ കുറവാണ്. ഇന്ത്യയുടെ ഉൾനാടൻ കണക്റ്റിവിറ്റി പ്രധാനമായും ആഭ്യന്തര ജലപാതകളുടെ റോഡ്, റെയിൽ കണക്റ്റിവിറ്റിയെ അടിസ്ഥാനമാക്കിയുള്ളതാണ്. അമിതഭാരമുള്ള ചരക്കുകൾ നീക്കം ചെയ്യുന്നതിനുള്ള ശേഷി റെയിൽപ്പാതകൾക്കും റോഡ്‌വേകൾക്കും അനുബന്ധമായ ശേഷി ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തി (ഐ ഡബ്ല്യു ടി) നുണ്ട്. ചരക്ക് നീക്കത്തിന് പുറമേ, വാഹനങ്ങളുടെ ക്യാരേജ് (റോൾ-ഓൺ-റോൾ-ഓഫ് (റോ-റോ) മോഡ് ഓഫ് ക്രോസ് ഫെറി), വിനോദ സഞ്ചാരം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളിലും ഉൾനാടൻ ജലഗതാഗത മേഖല സൗകര്യം നൽകി വരുന്നു.

ഷിപ്പിംഗും നാവിഗേഷനും പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്തെ 111 ഉൾനാടൻ ജലപാതകൾ 2016-ലെ ദേശീയ ജലപാത നിയമ പ്രകാരം, 'ദേശീയ ജലപാതകൾ' (എൻ ഡബ്ല്യു) ആയി പ്രഖ്യാപിക്കുകയുണ്ടായി. ദേശീയ ജലപാത നിയമം, 2016 പ്രകാരം ദേശീയ ജലപതകളായി പ്രഖ്യാപിച്ചിട്ടുള്ള ജലപാതകളുടെ വികസനം, പരിപാലനം, നിയന്ത്രണം എന്നിവയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ഷിപ്പിംഗ് തുറമുഖ, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ (ഐഡബ്ല്യുഎഐ) ആണ് നടപ്പിലാക്കുന്നത്.

**ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തിലെ ചരക്ക് ഗതാഗതം**

സംസ്ഥാന സർക്കാർ ഉൾനാടൻ ജലഗതാഗത (ഐഡബ്ല്യുടി) വകുപ്പുകളിൽ നിന്നും മാരിടൈം ബോർഡുകളിൽ നിന്നും ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ (ഐഡബ്ല്യുഎഐ) ശേഖരിച്ച പ്രവർത്തനക്ഷമമായ ദേശീയ ജലപാതകളിലൂടെയുള്ള ചരക്ക് ഗതാഗതം 2020-21 സാമ്പത്തിക വർഷത്തിൽ 83.61 ദശലക്ഷം മെട്രിക് ടൺ (എംഎംടി) ആയി രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 28/02/22 വരെ 96.31 എം എം ടി ചരക്ക് ഗതാഗതം രേഖപ്പെടുത്തിയിട്ടുണ്ട്. മാരിടൈം വിഷൻ (എംഐവി) 2030 രേഖ പ്രകാരം, ദേശീയ ജലപാതകളിലെ ചരക്ക് നീക്കം 2030-ഓടെ 200 എം എം ടി ആയിട്ടാണ് വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നത്.

**കേരളത്തിലെ ദേശീയ ജലപാതകൾ**

കേന്ദ്രസർക്കാരിന്റെ ജലപാത വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി, 1993-ൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡലം, ചമ്പക്കര കനാലുകളും ദേശീയ ജലപാത 3 ആയി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 2016 ലെ ജലപാത നിയമ പ്രകാരം ദേശീയപാത-3 കോഴിക്കോട് വരെ നീട്ടുന്നു. 2016 ലെ ജലപാത നിയമം നിലവിൽ വന്നതിനു ശേഷം 2.20 മീറ്റർ ഡ്രാഫ്റ്റ്, 6.0 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ്, 32-40 മീറ്റർ വീതി എന്നിങ്ങനെ ക്ലാസ് 3 സ്പെസിഫിക്കേഷനിൽ മൂന്ന് കനാലുകൾ ദേശീയ ജലപാതകളിലേക്ക് ചേർത്തിട്ടുണ്ട്. കേരളത്തിലെ ദേശീയ ജലപാതകൾ **പട്ടിക 11.1.10**ൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

**പട്ടിക 11.1.10** കേരളത്തിലെ ദേശീയ ജലപാതകൾ

| ക്രമ നം | റൂട്ട് | നീളം (കിലോമീറ്ററിൽ) | ദേശീയ ജലപാത നം |
|---|---|---|---|
| 1 | ഡബ്ല്യുസിസിയുടെ കൊല്ലം - കോട്ടപ്പുറം ഭാഗം | 168 | ദേശീയ ജലപാത -3 |
| | ഉദ്യോഗമണ്ഡൽ കനാൽ | 23 | |
| | ചമ്പക്കര കനാൽ | 14 | |
| | ഡബ്ല്യുസിസിയുടെ കോട്ടപ്പുറം-കോഴിക്കോട് ഭാഗം | 160 | |
| 2 | ആലപ്പുഴ -ചങ്ങനാശ്ശേരി | 28 | ദേശീയ ജലപാത -8 |
| 3 | ആലപ്പുഴ- കോട്ടയം- അതിരമ്പുഴ | 38 | ദേശീയ ജലപാത -9 |
| 4 | കോട്ടയം-വൈക്കം | 28 | ദേശീയ ജലപാത -59 |
| 5 | പൂവാർ- എരയുമാന്തുറൈ-എവിഎം കനാൽ (തമിഴ്നാട്ടിലെ പ്രധാന ഭാഗം) | | ദേശീയ ജലപാത -13 |
| | ആകെ നീളം (എവിഎം കനാൽ ഒഴികെ) | 459 കിലോമീറ്റർ | |

അവലംബം: ഇൻലാൻഡ് വാട്ടർ വേസ് അതോറിറ്റി, കൊച്ചി

വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി), ഫീഡർ കനാലുകൾ എന്നിങ്ങനെയുള്ള പ്രധാന മാർഗങ്ങളിലെ ജലപാതകൾ സംസ്ഥാനത്തെ ജലപാതകളിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ ആകെ നീളം 1,700 കിലോമീറ്ററാണ്. വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി) യുടെ ആകെ നീളം 612.45 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെയും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, ടൂറിസം സ്പോട്ടുകൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളെയും ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകൾ ഉണ്ട്. ഡബ്ല്യുസിസിയെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം, അതായത് (1) കോവളം-കൊല്ലം (74.18 കി.മീ), (2) കൊല്ലം-കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കി.മീ), (3) കോട്ടപ്പുറം-കോഴിക്കോട് (160 കി.മീ), (4) കോഴിക്കോട്-നീലേശ്വരം (187.82 കി.മീ), (5) നീലേശ്വരം-കാസർഗോഡ് (22.45 കി.മീ). മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ നീളമുള്ള മൂന്ന് കരഭാഗങ്ങൾ ഉണ്ട്. നീലേശ്വരം മുതൽ ബേക്കൽ വരെ 41 കിലോമീറ്റർ നീട്ടുന്നതും പരിഗണനയിലാണ്.

പല കാരണങ്ങളാൽ ഓവർ ഡൈമൻഷണൽ കാർഗോ (ഒഡിസി) ഗതാഗതത്തിന് ഇൻലാൻഡ് വാട്ടർവേ ട്രാൻസ്പോർട്ട് (ഐഡബ്ല്യുടി) മോഡാണ് റോഡ് ഗതാഗതത്തെക്കാൾ മെച്ചം. റൂട്ട്, സമയ നിയന്ത്രണങ്ങൾ, ഒന്നിലധികം അനുമതികളുടെ ആവശ്യകത എന്നിവ പോലുള്ള കാര്യമായ വെല്ലുവിളികൾ റോഡ് ഗതാഗതം അഭിമുഖീകരിക്കേണ്ടി വരുന്നു. വാഗണുകൾ സ്റ്റാൻഡേർഡ് വലുപ്പം ആയതിനാൽ ഒ ഡി സി കൾ കൊണ്ടുപോകാൻ റെയിൽവേക്ക് കഴിയുന്നില്ല. ഉൾനാടൻ ജലഗതാഗത രീതി താരതമ്യേന സൗകര്യപ്രദമായ രീതിയിൽ ഒഡിസി ചരക്ക് നീക്കാൻ സാധിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ദേശീയ ജലപാത 3-ലെ ചരക്ക് നീക്കത്തിന്റെ വിശകലനം **പട്ടിക 11.1.11**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.11** കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത.3 ലെ ചരക്ക് നീക്കം - ലക്ഷം ദശലക്ഷം ടൺ (എം എം ടി)

| സാമ്പത്തിക വർഷം | ചരക്കു നീക്കം (എം എം ടി യിൽ) |
|---|---|
| 2018-19 | 0.42 |
| 2019-20 | 0.55 |
| 2020-21 | 0.73 |
| 2021-22 | 1.7 |
| 2022-23* | 1.06 |

അവലംബം: ഇൻലാൻഡ് വാട്ടർ വേസ് അതോറിറ്റി ഓഫ് ഇന്ത്യ, കൊച്ചി
* ഓഗസ്റ്റ് വരെ

**വകുപ്പിന്റെ/ഏജൻസികളുടെ സാമ്പത്തിക പുരോഗതി**

വകുപ്പ്/ഏജൻസികളുടെ സാമ്പത്തിക പുരോഗതി **പട്ടിക 11.1.12**-ൽ നൽകിയിരിക്കുന്നു.

**സംസ്ഥാന ജലപാതകൾ**

15 വർഷം മുമ്പ് ഈ മേഖലയിൽ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയത്. ഫണ്ടിന്റെ ദൗർലഭ്യവും കനാൽ തീരങ്ങളിലെ കൈയേറ്റങ്ങളും കാരണം പ്രവൃത്തികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. കോഴിക്കോട്-വടകര പാത ഭാഗികമായി സഞ്ചാരയോഗ്യമാണ്. നബാർഡ്, പതിമൂന്നാം ധനകാര്യ കമ്മീഷൻ, സംസ്ഥാന പദ്ധതി ഫണ്ട് എന്നിവയിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് വടകര-മാഹി (17.61 കിലോമീറ്റർ) കനാൽ രൂപീകരണകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ദേശീയ ജലപാത ക്ലാസ്-3 നിലവാരത്തിൽ ഈ റീച്ച് വികസിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. മാഹി-വളപട്ടണം കനാലിന് 58.51 കിലോമീറ്റർ നീളമുണ്ട്. ഇപ്പോൾ വളപട്ടണത്തിന് വടക്ക് മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ ഭാഗങ്ങൾ സംസ്ഥാന ജലപാത മാനദണ്ഡങ്ങൾക്കനുസൃതമായി സഞ്ചാരയോഗ്യമാണ്. ഡബ്ല്യുസിസി ബേക്കൽ വരെ നീട്ടുന്നതിനായി നീലേശ്വരം പുഴയും ചിറ്റാരി പുഴയും 6.5 കിലോമീറ്റർ ദൂരത്തിൽ പുതിയ കനാലു വഴി ബന്ധിപ്പിക്കേണ്ടതുണ്ട്. വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന് കേരള സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്. ഡബ്ല്യുസിസിയുടെ വിവിധ റീച്ചുകളുടെ നിലവിലെ പുരോഗതിപട്ടിക **അനുബന്ധം 11.1.32** ൽ നൽകിയിരിക്കുന്നു

**തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി എസ് ഐ എൻ ഡി)**

കേരളത്തിലെ ജലപാതകളുടെ വികസനവും ഉൾനാടൻ നാവിഗേഷന്റെ പ്രോത്സാഹനവും ആണ് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ സുപ്രധാന ലക്ഷ്യങ്ങൾ. വകുപ്പ് സംസ്ഥാന ജലപാതകളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ താത്കാലിക സ്റ്റീൽ പാലത്തിന്റെ(4 എണ്ണം) നിർമ്മാണം പൂർത്തിയായി. കൊല്ലം ജില്ലയിലെ കൊല്ലംതോട് റീച്ച് II പൂർത്തിയായി. ചില ജില്ലകളിൽ വിവിധ സ്ഥലങ്ങളിൽ ആവശ്യാനുസരണം പൂർത്തീകരിച്ച ചെയിൻ ലിങ്ക് ഫെൻസിങ്, ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. കോവളം മുതൽ പള്ളിത്തുറ വരെ അതിർത്തിയിൽ കല്ലിടുന്ന പ്രവൃത്തി പൂർത്തിയായി. തിരുവനന്തപുരം ജില്ലയിൽ കരിക്കകം സ്റ്റീൽ ലിഫ്റ്റിംഗ് ബ്രിഡ്ജ്, സെന്റ് ആൻഡ്രൂസ് പാലം തുടങ്ങിയവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. തിരുവനന്തപുരത്ത് വർക്കല തുരങ്കം വൃത്തിയാക്കൽ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് വെട്ടൂർ പഞ്ചായത്തിലെ ടിഎസ് കനാൽ വികസനം പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ വെളിയങ്കോട് (ഘട്ടം II) ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്.

**പട്ടിക 11.1.12** വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും 2020-21 മുതൽ 2022-23* വരെയുള്ള ചെലവും (രൂപ ലക്ഷത്തിൽ)

| വകുപ്പ് / ഏജൻസി | വാർഷിക പദ്ധതി 2020-21 | | വാർഷിക പദ്ധതി 2021-22 | | വാർഷിക പദ്ധതി 2022-23* | |
|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് |
| എസ് ഡബ്ലിയുഡി | 2610.00 | 1384.70 | 2761.00 | 1265.52 | 2979.00 | 603.90 |
| സി എസ് ഐ എൻ ഡി | 7482.00 | 4341.60 | 10982.00 | 6773.65 | 10356.00 | 4068.70 |
| കെ എസ് ഐ എൻ സി | 1018.00 | 1059.00 | 867.00 | 272.00 | 831.00 | 0 |

അവലംബം: ബജറ്റ് ഡോക്യുമെന്റ് 2022-23 (വാല്യം 1), ധനകാര്യ വകുപ്പ്, പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

### കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ. ലിമിറ്റഡ് (കെ എസ് ഐ എൻ സി)

കേരള ജലപാതകളിലെ ഉൾനാടൻ നാവിഗേഷന്റെ പ്രഥമപ്രവർത്തകരാണ് കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(കെഎസ്ഐഎൻസി), ഇത് കേരള സർക്കാരിൻ കീഴിൽ വരുന്ന സ്ഥാപനമാണ്. ചെറിയ ജലയാനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കെഎസ്ഐഎൻസിക്ക് രണ്ട് യാർഡുകൾ ഉണ്ട്. ഉപഭോക്തൃ ആവശ്യങ്ങൾക്ക് അനുസൃതമായ ജലയാനങ്ങൾ നിർമ്മിക്കുന്നതിലും പരിപാലിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും മേഖലകളിലും കെഎസ്ഐഎൻസി ഉയർന്ന നിലവാരം പുലർത്തുന്നു. കെ എസ് ഐ എൻ സി-യുടെ സ്വന്തം ക്രൂയിസ് വെസ്സലുകളായ പ്രീമിയർ സാഗരറാണി (I ഉം II ഉം) ആഡംബര കപ്പലായ നെഫെർറ്റിറ്റിയും ഇതിന്റെ എടുത്തു പറയാവുന്ന പ്രത്യേകതകളാണ്.

കെഎസ്ഐഎൻസി 2005-ൽ ടൂറിസം പ്രവർത്തനങ്ങൾ ആരംഭിച്ചു, വിനോദസഞ്ചാരികളെ 'സാഗരറാണി'യിൽ കടലിലേക്ക് കൊണ്ടുപോകുന്നു. ഇതിനായി നിലവിൽ രണ്ട് ജലയാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ യന്ത്രവൽകൃത ചരക്ക് നീക്കത്തിന്റെ മുൻ നിരക്കാരായി പ്രവർത്തിച്ചുവരുന്നു. കെഎസ്ഐഎൻസി ക്ക് ഇപ്പോൾ രണ്ട് കാർഗോ ബാർജുകളും നാല് പെട്രോളിയം ബാർജുകളും ഒരു ആസിഡ് ബാർജും രണ്ട് ജങ്കാറുകളും ഉണ്ട്. കൂടാതെ, 300 മെട്രിക് ടൺ വാഹക ശേഷിയുള്ള ഒരു ഓയിൽ ടാങ്കർ ബാർജ് നിർമ്മാണത്തിലാണ്. ഈ കാലയളവിൽ മറ്റൊരു 300 മെട്രിക് ടൺ ഭാരമുള്ള ബാർജിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. ഫിനിഷിംഗ് ജോലികൾ പുരോഗമിക്കുന്നു. 2022 നവംബർ അവസാനത്തോടെ ബാർജ് പ്രവർത്തനക്ഷമമാകും. എഫ് ആർ പി ബോട്ട് നിർമ്മാണത്തിനു പ്രത്യേക ഊന്നൽ നൽകി വരുന്നു. കെ എസ് ഐ എൻ സി കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ പ്രവർത്തിക്കുന്നതിനായി മൊത്തം 4.57 കോടി രൂപയുടെ 8 എഫ് ആർ പി ബോട്ടുകൾ വിവിധ സർക്കാർ വകുപ്പുകൾ / ഏജൻസികൾക്കായി വിതരണം ചെയ്തു. സാഗരറാണിയുടെ സമാനമായി ഒരു സൗരോർജ്ജം/വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഒരു വെസ്സൽ കോഴിക്കോട്ട് പ്രവത്തനം ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നെഫെർറ്റിറ്റി – 200 പാക്സ് സീ ഗോയിംഗ് ഡേ ക്രൂയിസ് വെസ്സൽ ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ ഉൾനാടൻ ജലഗതാഗത ഏജൻസികളുടെ (കെ എസ് ഐ എൻ സി) പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.33**ൽ നൽകിയിരിക്കുന്നു.

### കേരള വാട്ടർവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)

ജലപാതകൾ വികസിപ്പിക്കുന്നതിനായി, 2017-ൽ സംസ്ഥാന സർക്കാരിന്റെയും സിയാൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെയും (സിയാൽ) തുല്യ ഓഹരികളോടെ കേരള വാട്ടർവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കെഡബ്ല്യുഐഎൽ) എന്ന പേരിൽ ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം സംസ്ഥാനം രൂപീകരിച്ചു. (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ്(കിഫ്ബി) പ്രധാനമായും ഫണ്ട് നൽകുന്നത്. 2017-2021 കാലയളവിൽ, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിച്ച പ്രകാരം ഡബ്ലിയുസിസി യുടെ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ, കനാൽ ശുചീകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ക്വിൽ ഏറ്റെടുത്തു നടപ്പിലാക്കുന്നു.

### സംസ്ഥാന ജലഗതാഗത വകുപ്പ്

സംസ്ഥാന സർക്കാരിന് കീഴിലുള്ള അവശ്യ സേവന വകുപ്പാണ് സംസ്ഥാന ജലഗതാഗത വകുപ്പ് (എസ് ഡബ്ലിയു ഡി) ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലെ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ പ്രതിജ്ഞാബദ്ധമാണ്. പ്രതിവർഷം 160 ലക്ഷം യാത്രക്കാരെ മരം/ഉരുക്ക്/സോളാർ അധിഷ്ഠിത ഫൈബർ ഗ്ലാസ് പാസഞ്ചർ വെസ്സലുകൾ ഉപയോഗിച്ച് വകുപ്പ് ഗതാഗത ആവശ്യങ്ങൾ നടപ്പിലാക്കുന്നു. വകുപ്പിന്റെ സാമ്പത്തിക പുരോഗതി **പട്ടിക 11.1.12**-ലും വകുപ്പിന്റെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.34**-ലും നൽകിയിരിക്കുന്നു.

സംസ്ഥാന ജലഗതാഗത വകുപ്പ് അതിന്റെ പ്രവർത്തനം കേവലം യാത്രക്കാരുടെ ഗതാഗതത്തിൽ മാത്രം ഒതുക്കാതെ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിലും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വിനോദ സഞ്ചാര മേഖലയിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കുട്ടനാട് ഉൾനാടൻ ജലപാതകളുടെയും ഉൾനാടൻ പ്രാന്തപ്രദേശങ്ങളുടെയും വിനോദസഞ്ചാര സാധ്യതകളുടെ കണക്കിലെടുത്തുകൊണ്ട് വകുപ്പ് 90 യാത്രക്കാരുടെ ശേഷിയുള്ള 'സീ കുട്ടനാട്' എന്ന ആധുനിക ടൂറിസ്റ്റ് കം പാസഞ്ചർ വെസ്സൽ 2022 സെപ്റ്റംബറിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. 9 ദിവസത്തെ കളക്ഷൻ 3,25,000 രൂപയാണ്, പ്രതിവർഷം പ്രതീക്ഷിക്കുന്ന വരുമാനം 130 ലക്ഷം രൂപയാണ്. സീ കുട്ടനാട് പദ്ധതിയുടെ വിജയം വരിച്ചതിനാൽ വകുപ്പ്, 'സീ അഷ്ടമുടി' എന്ന പദ്ധതി ആരംഭിക്കാൻ ലക്ഷ്യമിടുന്നു. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്ന സാധാരണ യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും വേണ്ടി രൂപകൽപ്പന ചെയ്ത ഡബിൾ ഡെക്ക് പാസഞ്ചർ കം ടൂറിസ്റ്റ് വെസൽ പദ്ധതിയിലുണ്ടാകും.

വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായ സേവനം നൽകുന്നതിനായി വാട്ടർടാക്സി സേവനങ്ങളിലേക്കും വകുപ്പ് ചുവടുവെച്ചിട്ടുണ്ട്. ഇതിലെക്കായി നാല് വാട്ടർ ടാക്സികളാണ് നിർമ്മിച്ചിരിക്കുന്നത്, അതിൽ രണ്ടെണ്ണം തേജസ് 1, തേജസ് 2 എന്നിവ യഥാക്രമം ആലപ്പുഴ, പയ്യന്നൂർ റൂട്ടുകളിലാണ് ഗതാഗതം നടത്തിവരുന്നത്. ഈ വെസ്സലുകൾ ഇതുവരെ 75,000 എണ്ണം യാത്രക്കാരെ കൈകാര്യം ചെയ്യുകയും 32 ലക്ഷം രൂപയാണ് വരുമാനം ലഭിക്കുകയുമുണ്ടായി.

ഉൾനാടൻ ജലഗതാഗതത്തിന്റെയും ഉൾനാടൻ വിനോദസഞ്ചാരത്തിന്റെയും നിർണായക പങ്കും വ്യാപ്തിയും തിരിച്ചറിഞ്ഞുകൊണ്ട്, വകുപ്പ് ഇപ്പോൾ ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ 100 യാത്രക്കാരെ ഉൾക്കൊള്ളാൻ ശേഷിയുള്ള കറ്റമരൻ ബോട്ടുകൾ (7 എണ്ണം) നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. അത്തരത്തിലുള്ള രണ്ട് കാറ്റമരനുകൾ 2020-21ൽ പ്രവർത്തനം ആരംഭിച്ചിരുന്നു. ഡീസൽ എഞ്ചിനുകളുള്ള യാത്രാബോട്ടുകളുടെ അറ്റകുറ്റപ്പണികൾ

ചെലവ് വർദ്ധിച്ചതോടെ, സംസ്ഥാനത്തുടനീളമുള്ള വിവിധ റൂട്ടുകളിൽ സോളാർ-ഇലക്ട്രിക് വെസ്സലുകൾ നിർമ്മിക്കാനും പ്രവർത്തിപ്പിക്കാനും സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്ഡബ്ല്യുടിഡി) തീരുമാനിക്കുകയുണ്ടായി. 75 സീറ്റുകളുള്ള ഡീസലിൽ ഓടുന്ന ഹെവി വെസലുകളിൽ നിന്ന് വ്യത്യസ്തമായി, 30 സീറ്റുകൾ മാത്രമാണുള്ള സോളാർ ബോട്ടുകൾ വലുപ്പത്തിൽ ചെറുതായിരിക്കും.

ജലഗതാഗതം റെയിൽ റോഡ് ഗതാഗതത്തേക്കാളും കാര്യക്ഷമമാണ്, സോളാർ/ഇലക്ട്രിക് വെസ്സലുകളുടെ ഉപയോഗം കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിൽ നല്ല സ്വാധീനം ചെലുത്തും, അതിനാൽ പഴയ ഇന്ധന ബോട്ടുകളെ സോളാർ/ഇലക്ട്രിക്/സിഎൻജി വെസ്സലുകളാക്കി മാറ്റുന്നതിന് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. 2017 മുതൽ നാളിതുവരെ 17 ലക്ഷം യാത്രക്കാരെ കൈകാര്യം ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സോളാർ ഫെറി 'ആദിത്യ' യുടെ വിജയഗാഥ ഇന്ത്യയിൽ ആദ്യത്തേതും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയുമാണ്. ഇതുവഴി 420 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുകയും 1.65 ലക്ഷം ലിറ്റർ ഫോസിൽ ഇന്ധനം ലാഭിക്കുകയും ചെയ്യുന്നു.

**വെല്ലുവിളികളും അവസരങ്ങളും**

2025-ഓടെ ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി കോവളം-കാസർഗോഡ് ജലപാത പ്രവർത്തിപ്പിക്കുകയും, വികസന പദ്ധതികൾക്കും ചരക്കുനീക്കത്തിനും ഊന്നൽ നൽകുന്ന സംസ്ഥാനത്തെ ജലപാതകൾക്കായി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും, ആധുനിക കപ്പലുകളുടെ വാങ്ങലും അതുപോലെ തന്നെ യാത്രക്കാരുടെയും ചരക്കുകളുടെയും ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രോത്സാഹനം നൽകുക, തുറമുഖങ്ങളും ഉൾപ്രദേശങ്ങളും തമ്മിൽ ടെർമിനൽ സൗകര്യങ്ങളും കണക്റ്റിവിറ്റിയും സ്ഥാപിക്കുക, നദീതട വ്യാവസായിക ഇടനാഴികളും വിനോദസഞ്ചാരവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുകയും ഉൾനാടൻ ജലപാതകളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ദ്രാവ ഖര മാലിന്യം കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുക. ജലപാത അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നീ നടപടികൾ കൈകോള്ളേണ്ടതുമാണ്. സംയോജിത മൾട്ടിമോഡൽ ട്രാൻസ്പോർട്ട് നയത്തിന് അനുസൃതമായി ഐഡബ്ല്യുടി ഉപമേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്ന ഒരു മധ്യകാല, ദീർഘകാല കാഴ്ചപ്പാട് സർക്കാർ തയ്യാറാക്കേണ്ടതുണ്ട്. ഗതാഗത മേഖലയുടെ വികസനത്തിനുള്ള മോഡൽ ഓപ്ഷനുകൾ സാമൂഹികവും പാരിസ്ഥിതികവുമായ നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.

സുസ്ഥിര നാവിഗബിലിറ്റിയും ഗതാഗത പ്രാധാന്യവും അനുസരിച്ച് ഉൾനാടൻ ജലപാത ശൃംഖല പുനഃക്രമീകരിക്കേണ്ടതാണ്. കോർ ജലപാതകളിൽ തിരുവനന്തപുരത്തെയും ബേക്കലിനെയും മറ്റ് ദേശീയ ജലപാതകളെയും ബന്ധിപ്പിക്കുന്ന ഫെയർവേകളും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഇത് കോട്ടയത്തെ ഉൾനാടൻ തുറമുഖം ഉൾപ്പെടെ എല്ലാ തുറമുഖങ്ങളെയും ബന്ധിപ്പിക്കുന്നതും പ്രാദേശിക പട്ടണങ്ങളെ ബന്ധിപ്പിക്കുന്നതുമായിരിക്കണം. ജലപാത മാനേജ്മെന്റ് പ്ലാനിന് അനുസൃതമായി നെറ്റ്‌വർക്ക് വികസനവും ഡ്രെഡ്ജിംഗ് തന്ത്രവും തയ്യാറാക്കേണ്ടതാണ്. പുതിയ ഡ്രെഡ്ജിംഗ് തന്ത്രം സിഎസ്ഐഎൻഡിയുടെയും കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെഡബ്ല്യുഐഎൽ) പ്രോഗ്രാമുകളെ ഏകോപിപ്പിക്കുകയും സംയോജിപ്പിക്കുകയും വേണം.

ജലപാത മാനേജ്മെന്റ്, ഓപ്പറേഷൻസ്, ഉൾനാടൻ ജലഗതാഗത അടിസ്ഥാന വികസനം, ജലപാതകളുടെ ഡ്രെഡ്ജിംഗ്, മെയിന്റനൻസ്, ചരക്ക് കൈകാര്യം ചെയ്യുന്നതിൽ യന്ത്രവൽക്കരണം, ഉൾനാടൻ കണ്ടെയ്നർ ടെർമിനലുകളുടെ വികസനം, ജലപാതകളിലെ കണ്ടെയ്നർ ട്രാഫിക് എന്നിവയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. അതിനായി, ഉൾനാടൻ കപ്പൽ സുരക്ഷ, കപ്പൽ നിർമാണം, കപ്പൽ രൂപകൽപന, കപ്പൽ നിർമാണത്തിന്റെ മേൽനോട്ടം, സർവേ സർട്ടിഫിക്കറ്റുകൾ നൽകൽ, ഓരോ കപ്പലിനും ആവശ്യമായ തൊഴിലാളികളെ നിശ്ചയിക്കൽ തുടങ്ങിയവയുടെ നിലവിലുള്ള നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി പുതിയ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും തയ്യാറാക്കേണ്ടതാണ്. ഓരോ വിഭാഗത്തിനും വേണ്ടിയുള്ള സേവന പരിശീലന മൊഡ്യൂളുകളും വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം പരിശീലന സ്ഥാപനങ്ങൾ വിവിധ വിഭാഗങ്ങളിലെ ക്രൂവിന് കോംപിറ്റൻസി സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

# 11.2 ഊർജ്ജം

സുസ്ഥിരമായ രീതിയിൽ സാർവത്രികമായുള്ള ഊർജ്ജ ലഭ്യതയാണ് ഊർജ്ജമേഖലയെ നയിക്കുന്ന പ്രധാന തത്വം. പരമ്പരാഗത സ്രോതസ്സുകൾ മുതൽ പ്രായോഗികമായ പാരമ്പര്യേതര സ്രോതസ്സുകൾ വരെ ഉൾപ്പെടുന്നവയാണ് ഇന്ത്യയിലെ ഊർജസ്രോതസ്സുകൾ. കൽക്കരി, പ്രകൃതിവാതകം, ഖര ബയോമാസ് എന്നിവയിലൂടെയാണ് രാജ്യത്തെ ഊർജ്ജ ആവശ്യകതയുടെ 80 ശതമാനത്തോളം കണ്ടെത്തുന്നത്. (അവലംബം: ഇന്റർ നാഷണൽ എനർജി ഏജൻസി). ഇന്ത്യയിലെ പ്രതിശീർഷ ഊർജ്ജ ഉത്പാദനം വളരെ കുറഞ്ഞ തോതിൽ ആണെങ്കിലും സമ്പൂർണ്ണ തോതിലുള്ള ഹരിത വാതക ഉല്പാദനത്തിൽ ലോകത്തിലെ മൂന്നാമത്തെ വലിയ രാജ്യമാണിത്. (രാജ്യങ്ങൾ അടിസ്ഥാനമാക്കി) പൊതുവെ ഇന്ത്യയിലെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം പ്രത്യേകിച്ച് കേരളത്തിൽ ലോകശരാശരിയേക്കാൾ വളരെ താഴെയാണ്.

ഊർജ്ജ സുരക്ഷ, ഊർജ്ജ സമത്വം, പാരിസ്ഥിതിക സുസ്ഥിരത, കൺട്രി കോൺടക്സ്റ്റ് ഡൈമൻഷൻ എന്നിവയെ അടിസ്ഥാനമാക്കി പ്രതിവർഷം 127 രാജ്യങ്ങളുടെ ഊർജ്ജ സംവിധാന പ്രവർത്തനങ്ങൾ കണക്കാക്കുന്ന വേൾഡ് എനർജി ട്രൈലമ ഇൻഡക്സ് (ഡബ്ല്യു.ഇ.റ്റി) 2022 ൽ ഇന്ത്യ 63-ാംസ്ഥാനത്താണ്. ക്ലീൻ എനർജി ട്രാൻസ്മിഷൻ, കാലാവസ്ഥാ വ്യതിയാന ലഘൂകരണം എന്നിവയിൽ ലോക രാജ്യങ്ങളുടെ ഇടയിൽ കേന്ദ്രസ്ഥാനം വഹിക്കുന്ന രാജ്യങ്ങളിലൊന്നായ ഇന്ത്യ, കാലാവസ്ഥാ വ്യതിയാന പ്രകടന സൂചികയിൽ (സിസിപിഐ 2023) മികച്ച രാജ്യങ്ങളിൽ എട്ടാം സ്ഥാനത്താണ്.

**ഇന്ത്യയിലെ ഊർജ്ജ മേഖല**

2022 ജൂൺ 30 ആയപ്പോഴേക്കും രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷി 4,03,759 മെഗാവാട്ടാണ്. ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് ഊർജ്ജ സ്രോതസ്സുകളിൽ പ്രധാനമായിട്ടുള്ളത്. 2022 ജൂൺ 30 ന്റെ കണക്കനുസരിച്ച് ഇത് രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷിയുടെ 58 ശതമാനം വരുന്നു. നാഷണൽ ഗ്രിഡിലേക്ക് വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ വിഹിതം **പട്ടിക 11.2.1**ൽ കൊടുത്തിരിക്കുന്നു. അടുത്തകാലത്ത്, പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം ജല വൈദ്യുതി ഉൽപാദനത്തെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളി രണ്ടാം സ്ഥാനത്തെത്തി. ഊർജ്ജോൽപാദനത്തിന്റെ മേഖല തിരിച്ചുള്ള ആകെ കണക്കുകൾ **പട്ടിക 11.2.2**ൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രകാരം 2022 ജൂൺ 30 ആയപ്പോഴേക്കും ഇന്ത്യയിലെ മൊത്തം ഊർജ ഉല്പാദനത്തിന്റെ 1,04,969 മെഗാവാട്ട് (25.99 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും 99,005 മെഗാവാട്ട് (24.52 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും 1,99,785 മെഗാവാട്ട് (49.48 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്.

**കേരളത്തിലെ ഊർജ്ജ മേഖല**

ഊർജ്ജ മേഖലയെ മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള സംസ്ഥാ നങ്ങളുടെ ശ്രമങ്ങളെ അളക്കുന്നതിനായി 2022ൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച സ്റ്റേറ്റ് എനർജി & ക്ലൈമറ്റ് ഇൻഡക്സ് (SECI) പ്രകാരമുള്ള ഏറ്റവും മികച്ച സംസ്ഥാനമാണ് കേരളം. കേരളത്തിലെ വൈദ്യുതി ഉപഭോഗം പ്രധാനമായും ഗാർഹിക, വാണിജ്യ

**പട്ടിക 11.2.1** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 2021-22 ൽ

| ഇന്ധനം | 2021-22 സ്ഥാപിത ശേഷി (മെഗാവാട്ട്) | | | |
|---|---|---|---|---|
| | മാർച്ച് 31, 2022 ൽ | ശതമാനം | ജൂൺ 30, 2022 ൽ | ശതമാനം |
| താപവൈദ്യുതി | 2,36,108.72 | 59.10 | 2,36,065 | 58.46 |
| ജലവൈദ്യുതി | 46,722.52 | 11.69 | 46,850 | 11.60 |
| ആണവോർജ്ജം | 6,780.00 | 1.69 | 6,780 | 1.67 |
| പുനരുപയോഗ ഊർജ്ജം | 1,09,885.38 | 27.50 | 1,14,064 | 28.25 |
| ആകെ | 3,99,496.62 | | 4,03,759.00 | |

അവലംബം: സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

**പട്ടിക 11.2.2** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്), 2021-22ൽ

| മേഖല | സ്ഥാപിതശേഷി (മെഗാവാട്ട്) | | | |
|---|---|---|---|---|
| | മാർച്ച് 31, 2022ൽ | ശതമാനം | ജൂൺ 30, 2022ൽ | ശതമാനം |
| സംസ്ഥാന മേഖല | 99,004.93 | 24.78 | 99,005 | 24.52 |
| കേന്ദ്ര മേഖല | 1,04,854.98 | 26.24 | 1,04,969 | 25.99 |
| സ്വകാര്യ മേഖല | 1,95,636.71 | 48.97 | 1,99,785 | 49.48 |
| ആകെ | 3,99,496.62 | | 4,03,759 | |

അവലംബം: സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

മേഖലയിലാണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ഊർജ്ജ ഉപഭോഗത്തിന്റെ ഭൂരിഭാഗവും വ്യവസായം,, കൃഷി തുടങ്ങിയ ഉല്പാദന മേഖലകളിലാണ്. സംസ്ഥാനത്തിന്റെ നിലവിലെ ആവശ്യകതയുടെ 30 ശതമാനവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നാണ് നിറവേറ്റുന്നത്.

2021 മെയ് മാസത്തിലെ ടൗട്ടെ ചുഴലിക്കാറ്റ് വൈദ്യുത ഉപകരണങ്ങൾക്ക് കേടുപാടുകൾ വരുത്തുകയും മിക്കവാറും സ്ഥലങ്ങളിൽ വൈദ്യുതി തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ട് തെക്കൻ, മദ്ധ്യജില്ലകളിലെ സാരമായി ബാധിച്ചു. കൂടാതെ സംസ്ഥാനത്തുടനീളമുള്ള 38 ലക്ഷത്തോളം ഉപഭോക്താക്കളെയും ബാധിക്കുകയുണ്ടായി.

കേരള സംസ്ഥാനത്തിന്റെ കഴിഞ്ഞ 5 വർഷത്തെ ഊർജ്ജ സംവിധാനത്തിന്റെ വളർച്ചയുടെ വിശദാംശങ്ങൾ **പട്ടിക 11.2.3**ൽ കൊടുത്തിരിക്കുന്നു.

### ഊർജ്ജമേഖലയിലെ ഏജൻസികൾ

കേരളത്തിൽ ഊർജ്ജ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി. എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നീ നാല് ഏജൻസികൾ മുഖേനയാണ് മുഖ്യമായും നടപ്പിലാക്കി വരുന്നത്.

### കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 (കേന്ദ്ര നിയമം 1956 ന്റെ ആക്ട് 1) പ്രകാരം സംയോജിക്കപ്പെട്ട പവർ യൂട്ടിലിറ്റി കമ്പനിയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ). 2003 ലെ ഇലക്ട്രിസിറ്റി ആക്ട്, വകുപ്പ് 131 പ്രകാരം കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ളതാണെങ്കിലും വകുപ്പ് 131, 133 എന്നിവയുടെ ഉപവകുപ്പ് 2 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന പ്രവർത്തനങ്ങളും, പ്രത്യേകതകളും,, അവകാശങ്ങളും, ബാധ്യതകളും, ഉത്തരവുകളും, പഴയ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 2013 ഒക്ടോബർ 31 ന് തിരികെ ഏല്പിച്ചു. വിതരണം, പ്രസരണം, ഉൽപാദനം എന്നീ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകളുള്ള സിംഗിൾ ഹോൾഡിംഗ് കമ്പനിയായ ബോർഡ് സംസ്ഥാനത്തെ വൈദ്യുതിയുടെ ഉത്പാദനം, പ്രസരണം,വിതരണം എന്നിവ നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ 99 ശതമാനം ഉപഭോക്താക്കൾക്കും ബോർഡ് നേരിട്ട് വൈദ്യുതി നൽകുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ എല്ലാവർക്കും ആവശ്യാനുസരണം വൈദ്യുതി നൽകുകയും ചെയ്യുന്നു.

കേരളത്തിൽപാരമ്പര്യേതര പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ നിയന്ത്രണ ഏജൻസികളാണ് (i) ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) (ii) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)

### ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി(അനർട്ട്). സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജപ്രചരണത്തിനും നടപ്പാക്കലിനും അധികാരമുള്ള നോഡൽ ഏജൻസിയായ അനർട്ട് കേരളത്തിൽ കേന്ദ്രസർക്കാർ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ. ഇ) നോഡൽ ഏജൻസി കൂടിയാണ്.

**പട്ടിക 11.2.3** കേരള സംസ്ഥാനത്തിന്റെ ഊർജ്ജ സംവിധാനത്തിന്റെ വളർച്ച ഒറ്റനോട്ടത്തിൽ (2017-22)

| ക്രമ നം | ഘടകം | യൂണിറ്റ് | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 1 | സ്ഥാപിത ശേഷി | മെഗാവാട്ട് | 2975.56 | 3000.35 | 3063.15 | 3029.65 | 3145.82 |
| 2 | പരമാവധി ആവശ്യകത | മെഗാവാട്ട് | 3884 | 4242 | 4316 | 4284 | 4380.04 |
| 3 | വാർഷിക ഉല്പാദനം | മില്യൺ യൂണിറ്റ് | 5474.47 | 7593.12 | 5722.81 | 7057.90 | 9742.29 |
| 4 | വാർഷിക വിതരണം | മില്യൺ യൂണിറ്റ് | 21159.19 | 21750.25 | 23058.91 | 22540.30 | 23983.42 |
| 5 | ആളോഹരി ഉപോഭോഗം | കിലോവാട്ട് | 613 | 626 | 657 | 619 | 676 |
| 6 | വാർഷിക എക്സ്പോർട്ട് | മില്യൺ യൂണിറ്റ് | 166.89 | 1030.20 | 323.84 | 633.39 | 2244.73 |
| 7 | വാർഷിക ഇപോർട്ട് | മില്യൺ യൂണിറ്റ് | 18677.46 | 17982.15 | 20827.12 | 18708.40 | 19156.36 |
| 8 | ഉപഭോക്താക്കൾ | എണ്ണം (ലക്ഷത്തിൽ) | 122.76 | 125.52 | 128.26 | 131.43 | 134.22 |
| 9 | തെരുവ് വിളക്കുകൾ | എണ്ണം | 1417639 | 1422764 | 1447820 | 1476776 | 2301556 |
| 10 | ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ | എണ്ണം | | | 8 | 56 | 219 |
| 11 | മൊത്തം വാർഷിക വരുമാനം | രൂപ കോടിയിൽ | 12260.00 | 14002.94 | 14718.59 | 15169.39 | 15664.92 |

അവലംബം: കെ.എസ്.ഇ.ബി.എൽ

### എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും 2001 ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കുന്നതിനും വേണ്ടിയുള്ള കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സംസ്ഥാന അംഗീകൃത ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി). ചെറുകിട/ഇടത്തര/ സൂക്ഷ്മ ജല വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും ഇ എം സി ആണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിന് പ്രചോദനം നൽകുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി വകുപ്പിന് കീഴിൽ രൂപീകരിച്ച സ്മാൾ ഹൈഡ്രോ പ്രൊമോഷൻ (എസ്.എച്ച്.പി.)സെൽ ഇ.എം. സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

### ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രവർത്തിക്കുന്നു. സുരക്ഷാ പരിശോധനകൾ നടത്തുന്നതും ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആണ്. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്ൽ) യുടെ ലക്ഷ്യം. വോൾട്ടേജ്, കറന്റ്, റെസിസ്റ്റൻസ്, ഫ്രീക്വൻസി, പവർ, പവർ ഫാക്ടർ, എനർജി മുതലായവയുടെ കാലിബ്രേഷൻ അളക്കുന്നതിനുള്ള സൌകര്യങ്ങൾ നിലവിൽ ഇവിടെ ലഭ്യമാണ്. പ്രൊട്ടക്ഷൻ റിലെ, ഇൻസ്ട്രുമെന്റ് ട്രാൻസ്ഫോർമർ എന്നിവയ്ക്കുള്ള പ്രീ-കമ്മീഷണിംഗ് ടെസ്റ്റിംഗ് സൗകര്യം എന്നിവ ഇതിലുൾപ്പെടുന്നു. പവർ ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, സർക്യൂട്ട് ബ്രേക്കുകൾ എന്നിവയ്ക്കുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റുകൾ എന്നിവ ഇവിടെ നടത്തപ്പെടുന്നു. ഇവിടെ നടത്തുന്ന എല്ലാ കാലിബറേഷനുകളും ടെസ്റ്റുകളും ദേശീയ, അന്തർ ദേശീയ നിലവാരത്തിനൊത്തതാണ്. സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും അന്വേഷിക്കുന്നതും അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുന്നതും അപകടങ്ങൾക്ക് ഉത്തരവാദികളാകുന്ന വ്യക്തി/ അധികാരികൾ എന്നിവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതും ഈ വകുപ്പാണ്.

ഈ വകുപ്പുകളുടെ 2021-22, 2022-23 എന്നീ വർഷങ്ങളിലെ വാർഷിക പദ്ധതി, വിഹിതം, ചെലവ്, ചെലവിന്റെ ശതമാനം എന്നിവ **പട്ടിക 11.2.4** ൽ കൊടുത്തിരിക്കുന്നു.

### ഊർജ്ജ ലഭ്യത

കേന്ദ്ര സ്റ്റേഷനുകൾ, സ്വകാര്യ ഉല്പാദകർ, പവർ എക്സ്ചേഞ്ചുകൾ, ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസേഴ്സ് (ഐപിപി), ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ (സിപിപി), പ്രൊസ്യൂമർ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള ആന്തരിക സ്രോതസ്സുകളിൽ നിന്നാണ് സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള വൈദ്യുതിയുടെ അളവ് കണ്ടെത്തിയിട്ടുള്ളത്. വിശദാംശങ്ങൾ **പട്ടിക 11.2.5**ൽ കൊടുത്തിരിക്കുന്നു.

### വൈദ്യുതി ആവശ്യകത

സംസ്ഥാനത്ത് 2020-21 ലെ 4284 മെഗാവാട്ട് എന്നതിൽ നിന്ന് 2.24 വർദ്ധവ് രേഖപ്പെടുത്തിക്കൊണ്ട് 2021-22ൽ മാർച്ച് 17, 2022ൽ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത 4,380.04 മെഗാവാട്ടായിരുന്നു. 2021-2022 പ്രഭാത സമയത്തെ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത 3500 മെഗാവാട്ടും, ശരാശരി ആവശ്യകത 3,337.44 മെഗാവാട്ടും, ദൈനംദിന ശരാശരി ആവശ്യകത 2,885.40 മെഗാവാട്ടും ആയിരുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഊർജ്ജ ആവശ്യകതയും ഊർജ്ജത്തിന്റെ പരമാവധി ആവശ്യകതയും **ചിത്രം 11.2.1**ൽ കൊടുത്തിരിക്കുന്നു.

### ഊർജ്ജ ഉപഭോഗത്തിന്റെ രീതി

കേരളത്തിൽ 2021-22 ലെ വൈദ്യുതോർജ്ജ ഉപഭോഗം 2020-21 ലെ 22540.32 എം.യു.യിൽ നിന്ന് 6.40 ശതമാനം വർദ്ധിച്ച് 23983.40 മില്യൺ (ഓപ്പൺ ആക്സസ് ഉപഭോഗം ഉൾപ്പെടെ) ആയി. 2017-18 മുതൽ 2021-22 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 11.2.2**ൽ നൽകിയിരിക്കുന്നു. 2022 മാർച്ച് 31ൽ മൊത്തം ഉപഭോക്താക്കളുടെ എണ്ണം 1,34,22,642 ആയിരുന്നു.

കേരളത്തിൽ വൈദ്യുതി ഉപഭോഗം പ്രധാനമായും ഗാർഹിക (76.34 ശതമാനം) വാണിജ്യ (12.34 ശതമാനം) മേഖലകളിൽ ആണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ഊർജ്ജ ഉപഭോഗത്തിന്റെ ഭൂരിഭാഗം വ്യവസായ, കാർഷിക മേഖലകളിലാണ്.

ഉപഭോക്താക്കൾക്കും മറ്റ് ബൾക്ക് ലൈസൻസികൾക്കുമായി 23,499.59 മില്യൺ വൈദ്യുതി കെഎസ്ഇബി സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുകയുണ്ടായി. 2021-22 ൽ ഇത് മുഖേന 15,766.34 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. 2021-22 ലെ വൈദ്യുതി ഉപഭോഗം, ലഭ്യമായ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.2.4** വാർഷിക പദ്ധതി 2021-22, 2022-23 ന്റെ പദ്ധതി വിഹിതവും ചെലവുകളും (രൂപ കോടിയിൽ)

| ക്രമ നമ്പർ | വകുപ്പിന്റെ/ ഏജൻസിയുടെ പേര് | വാർഷിക പദ്ധതി 2021-22 | | | വാർഷിക പദ്ധതി 2022-23 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ചെലവ് ശതമാനത്തിൽ | വിഹിതം | ചെലവ്* | ചെലവ് ശതമാനത്തിൽ |
| 1 | കെ.എസ്.ഇ.ബി.എൽ | 1093.75 | 898.28 | 82.1 | 1093.75 | 590.48 | 53.9 |
| 2 | അനെർട്ട് | 43.13 | 20.04 | 46.5 | 44.44 | 6.55 | 14.7 |
| 3 | ഇ.എം.സി | 7.63 | 3.98 | 52.2 | 9.14 | 2.20 | 24 |
| 4 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 5.60 | 1.96 | 35 | 5.60 | 0.61 | 1.3 |
| | ആകെ | 1150.11 | 924.26 | 80.36 | 1152.93 | 599.84 | 52.03 |


*ഡിസംബർ 1, 2022 വരെ
അവലംബം: പ്ലാൻസ്പേസ്

**പട്ടിക 11.2.5** 2021-22 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും

| ക്രമ നം | വിശദാംശങ്ങൾ | | വൈദ്യുതി (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി.എൽന്റെ മൊത്തം ഊർജ്ജ ഉത്പാദനം | എ | 9763.05 |
| 2 | കേരള ചുറ്റളവിലുള്ള സിജിഎസിൽ നിന്ന് വൈദ്യുതി വാങ്ങൽ | ബി | 9505.47 |
| 3 | ദീർഘകാല / ഇടത്തരം / ഹ്രസ്വകാല കരാറുകളിലൂടെ / സ്വാപ്പ് വഴി കേരള ചുറ്റളവിൽ വൈദ്യുതി വാങ്ങൽ | സി | 8628.08 |
| 4 | സംസ്ഥാനത്തിനുള്ളിലെ ഐപിപി / സിപിപിയിൽ നിന്നുള്ള മൊത്തം വൈദ്യുതി വാങ്ങൽ | ഡി | 753.74 |
| 5 | കേരള ചുറ്റളവിൽ മൊത്തം വൈദ്യുതി വാങ്ങൽ | ഇ=എ+ബി+സി+ഡി | 18887.67 |
| 6 | ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി ജനറേറ്റർ വഴിയുള്ള വൈദ്യുതി | എഫ് | 49.28 |
| 7 | കേരള ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി ലഭിച്ച ഊർജ്ജം | ജി | 268.69 |
| 8 | കുറയ്ക്കേണ്ട സഹായ ഉപഭോഗം. | എച്ച് | 20.77 |
| 9 | കയറ്റുമതി- കെ എസ് ബി എൽ വഴിയുള്ള ഉർജ്ജവില്പന, സ്വാപ്പിനുള്ള തിരിച്ചുവരവ് കൂടാതെ ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി ജനറേറ്റർ വഴിയുള്ള വൈദ്യുതി ഓപ്പൺ ആക്സിസിലൂടെയുള്ള വൈദ്യുതി ഉൾപ്പെടെ കേരള ചുറ്റളവിൽ സംസ്ഥാനത്തിന്റെ ഉപഭോഗത്തിനുള്ള വൈദ്യുതി ഇൻപുട്ട് | ഐ | 2244.73 |
| 10 | ഓപ്പൺ ആക്സിസിലൂടുള്ള വൈദ്യുതി ഉൾപ്പെടെ ഉപഭോക്താക്കൾക്കുള്ള മൊത്തം ഊർജ്ജം | ജെ=എ+ഇ+എഫ്+ജി -എച്ച് - ഐ | 26703.19 |


അവലംബം: കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.1** കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഊർജ്ജ ആവശ്യകതയും ഊർജ്ജത്തിന്റെ പരമാവധി ആവശ്യകതയും




അവലംബം: കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.2** 2017-18 മുതൽ 2021-22 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം




അവലംബം: കെ.എസ്.ഇ.ബി.എൽ

**മൊത്തം സാങ്കേതിക വാണിജ്യ (എ. റ്റി. ആൻഡ് സി) നഷ്ടങ്ങൾ**


2021-22ൽ മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 7.76 ശതമാനത്തിൽ നിന്നും 8.26 ശതമാനമായി വർദ്ധിക്കുകയും, പ്രസരണ വിതരണ നഷ്ടം 10.32 ശതമാനത്തിൽ നിന്നും 10.19 ശതമാനമായി കുറയുകയും ചെയ്തു.

ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിതരണ സംവിധാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പദ്ധതിലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിർണ്ണായക മുന്നേറ്റം നടത്തുകയും അതിൽ ഏറ്റവും പ്രകടമായ നേട്ടമെന്ന് പറയുന്നത് ഊർജ്ജ സംവിധാനത്തിലെ പ്രസരണ വിതരണ (റ്റി & ഡി) നഷ്ടം 2017-18 ലെ 13.07 ശതമാനത്തിൽ നിന്ന് 2021-22 ൽ 10.19 ശതമാനമായി കുറഞ്ഞതുമാണ്. കഴിഞ്ഞ അഞ്ച് വർഷമായുള്ള എ.റ്റി. & സി നഷ്ടം **അനുബന്ധം 11.2.2** ൽ കൊടുത്തിരിക്കുന്നു. 2017-18 മുതൽ 2021-22 വരെ മൊത്തം സാങ്കേതിക വാണിജ്യ (എ.റ്റി. &സി) നഷ്ടത്തിലും പ്രസരണ വിതരണ (റ്റി&ഡി) നഷ്ടത്തിലും ഉണ്ടായിട്ടുള്ള പ്രവണത **ചിത്രം 11.2.3**ൽ കൊടുത്തിരിക്കുന്നു.

**ഉല്പാദനം**

2022 മാർച്ച് ആയപ്പോൾ കേരളത്തിലെ മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 3,145.82 മെഗാവാട്ട് ആണ്. ഇതിൽ ഏറ്റവും കൂടുതൽ ഉല്പാദനം,അതായത് 2,136.91 മെഗാവാട്ട് (67.92 ശതമാനം) ജല വൈദ്യുത പദ്ധതികളിൽ നിന്നും, 529.54 മെഗാവാട്ട്(16.83 ശതമാനം) താപവൈദ്യുത പദ്ധതികളിൽ നിന്നും, 409.09 മെഗാവാട്ട്(13 ശതമാനം) സൗരോർജ്ജത്തിൽ നിന്നും, 70.28 മെഗാവാട്ട് (2.23 ശതമാനം) കാറ്റിൽ നിന്നും, ഉൽപാദിപ്പിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ ഊർജ്ജ സ്രോതസ്സിന്റെയും അതിന്റെ സ്ഥാപിത ശേഷിയുടെയും വിശദാംശങ്ങൾ **അനുബന്ധം 11.2.3** ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.4** ലും കൊടുത്തിരിക്കുന്നു. ജലം, താപം, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 11.2.4**ൽ കൊടുത്തിരിക്കുന്നു.


**ചിത്രം 11.2.4** 2021-22ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ)




അവലംബം: കെ.എസ്.ഇ.ബി.എൽ

2021-22 ലെ മൊത്തം സ്ഥാപിത ശേഷിയായ 3,145.82 മെഗാവാട്ടിൽ സംസ്ഥാന മേഖലയുടെ സംഭാവന 2,258.47 മെഗാവാട്ട് (71.97 ശതമാനം), കേന്ദ്ര മേഖല 359.58 മെഗാവാട്ട് (11.40 ശതമാനം), സ്വകാര്യ മേഖല 527.77 മെഗാവാട്ട് (16.77 ശതമാനം) എന്നിങ്ങനെയാണ്. കഴിഞ്ഞ 5 വർഷത്തെ ഊർജ്ജ ലഭ്യതയുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.5**ൽ കൊടുത്തിരിക്കുന്നു. കെഎസ്ഇബിയുടെ ഉടമസ്ഥതയിലുള്ള 2,066.20 മെഗാവാട്ടിന്റെ സ്ഥാപിത ശേഷിയുള്ള 40 ജലവൈദ്യുത പദ്ധതികളും 159.96 മെഗാവാട്ട് താപ വൈദ്യുത നിലയങ്ങളും (2എണ്ണം) 30.28 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളും 2.03 മെഗാവാട്ടിന്റെ ഒരു കാറ്റാടി പാടവും ചേർന്ന് മൊത്തം

**ചിത്രം 11.2.3** എ. റ്റി & സി നഷ്ടവും, റ്റി & ഡി നഷ്ടവും ശതമാനത്തിൽ (2017-18 മുതൽ 2021-22 വരെ )




അവലംബം: കെ.എസ്.ഇ.ബി.എൽ

2,258.47 മെഗാ വാട്ട് ആണ് കെ എസ് ഇ ബി ൽ ന്റെ ആഭ്യന്തര ഉത്പാദന ശേഷി. വിശദാംശങ്ങൾ **പട്ടിക 11.2.6**ൽ ചേർത്തിരിക്കുന്നു. ഉയർന്ന യൂണിറ്റ് കോസ്റ്റ് കാരണം 2021-22 ൽ താപ വൈദ്യുതിയുടെ അഭ്യന്തര ഉല്പാദനം നടന്നിട്ടില്ല. കെ എസ് ഐ ബി എൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 201.5 മെഗാ വാട്ട് സ്ഥാപിത ശേഷിയോടുകൂടിയ 9 ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.6**ൽ നൽകിയിരിക്കുന്നു. കെഎസ്ഇബിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതി കളുടെ ലിസ്റ്റ് **അനുബന്ധം 11.2.7**ലും നിലവിലുള്ള സൗരോർജ്ജ പ്ലാന്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.8**ലും നൽകിയിരിക്കുന്നു.

**പട്ടിക 11.2.6** കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉല്പാദന ശേഷി

| ക്രമ നമ്പർ | ഇനം | 31.03.2022ൽ ഉത്പാദന ശേഷി (മെഗാ വാട്ട്) | 2021-22ൽ ആകെ ഉല്പാദനം (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | ജല വൈദ്യുതി | 2066.20 | 9836.91 |
| 2 | താപവൈദ്യുതി | 159.96 | 0 |
| 3 | കാറ്റ് | 30.28 | 20.20 |
| 4 | സൗരോർജ്ജം | 2.03 | 1.16 |
| | ആകെ | 2258.47 | 9858.27 |

അവലംബം: കെ.എസ്.ഇ.ബി.എൽ

#### പ്രസരണം

കേരളത്തിൽ 14,837 സർക്യൂട്ട് കിലോമീറ്റർ ലൈനുകളുള്ള 24,911.50 എംവിഎ ട്രാൻസ്ഫോർമേഷൻ കപ്പാസി റ്റിയോടുകൂടിയ 434 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളുണ്ട്, അതിൽ 428 സബ്സ്റ്റേഷനുകൾ കെഎസ്ഇബിഎല്ലിന്റെ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കുന്നവയാണ്. 2021-22 ൽ മൊത്തം 1,106.78 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും 8 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളും കമ്മീഷൻ ചെയ്യപ്പെട്ടു.

2021-22 മാർച്ച് 31 വരെ സബ്സ്റ്റേഷനുകൾ, അതിന്റെ ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, നെറ്റ്വർക്ക് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുന്ന കേരളത്തിന്റെ ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ **അനുബന്ധം 11.2.9** ലും **അനുബന്ധം 11.2.10** ലും നൽകിയിരിക്കുന്നു.

#### വിതരണം

2021 മാർച്ച് 31 ലെ കണക്ക് പ്രകാരം കെ എസ് ഇ ബി ലിമിറ്റഡിന് വിതരണ വിഭാഗത്തിൽ 66486 സർക്യൂട്ട് കിലോമീറ്റർ 11 കെ വി ലൈനുകളും 3,00,439 സർക്യൂട്ട് കിലോമീറ്റർ എൽ റ്റി ലൈനുകളും 10,448 മെഗാ വോൾട്ട് ആംപിയർ സ്റ്റെപ്പ് ഡൗൺ കപ്പാസിറ്റിയുള്ള 85,594 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ട്. 2021-22 ൽ വിതരണ വിഭാഗത്തിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 11.2.11**ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ മൊത്തം 12 വിതരണ ലൈസൻസികളാണുള്ളത്. അതിൽ സംസ്ഥാന വിതരണ കമ്പനി കെഎസ്ഇബി ആണ്. കൂടാതെ 8 ലൈസൻസികൾ അവയുടെ മേഖലകളിൽ വിതരണത്തിനായി കെഎസ്ഇബിയിൽ നിന്ന് വൈദ്യുതി സംഭരിക്കുന്നു. സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉപഭോക്താക്കളിൽ 99 ശതമാനത്തിലധികം പേർക്കും കെഎസ്ഇബി സേവനം നൽകുന്നു. വിശദാംശങ്ങൾ **പട്ടിക 11.2.7**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 11.27** കേരളത്തിലെ വിതരണ ലൈസൻസികൾ

| ക്രമ നം | വിതരണ ലൈസൻസികൾ | ഉപഭോഗം 2021-22 (മില്യൺ യൂണിറ്റ്) |
|---|---|---|
| 1 | കെഎസ്ഇബിഎൽ | 22992.66 |
| 2 | സ്മാർട്ട് സിറ്റി | 3.93 |
| 3 | മിലിറ്ററി എഞ്ചിനീയറിംഗ് സർവ്വീസ്(എം ഇ എസ്) | 67.04 |
| 4 | ചാമുണ്ഡേശ്വരി ഇലക്ട്രിസിറ്റി കോർപ്പറേഷൻ കർണാടക (സിഇഎസ് സികെ) | 0.89 |
| 5 | തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ | 137.59 |
| 6 | കെഡിഎച്ച്പിസിഎൽ മൂന്നാർ | 48.40 |
| 7 | കൊച്ചിൻ പോർട്ട് ട്രസ്റ്റ് | 36.36 |
| 8 | ടെക്നോപാർക്ക് | 51.01 |
| 9 | ഇൻഫോപാർക്ക് | 7.11 |
| 10 | കൊച്ചിൻ സ്പെഷ്യൽ ഇക്കോണോമിക് സോൺ (CSEZA) | 54.04 |
| 11 | KINESCO പവർ & യൂട്ടിലിറ്റീസ് ലിമിറ്റഡ് | 67.40 |
| 12 | റബ്ബർ പാർക്ക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് (RPIL) | 33.14 |
| | ആകെ | 223499.57 |

അവലംബം: കെ.എസ്.ഇ.ബി.എൽ

#### വൈദ്യുത അപകടങ്ങൾ

സംസ്ഥാനത്ത് ഓരോ വർഷവും ഏകദേശം 450 വൈദ്യുത അപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഈ വാർഷിക കണക്ക് കഴിഞ്ഞ 10 വർഷമായി മാറ്റമില്ലാതെ തുടരുന്നു. 2021-22 ൽ സംസ്ഥാനത്ത് 476 അപകടങ്ങളാണ് മനുഷ്യർ/മൃഗങ്ങളെ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ **പട്ടിക 11.2.8**ൽ കൊടുത്തിരിക്കുന്നു.

#### പ്രധാന ഭൗതിക നേട്ടങ്ങൾ

#### കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ എസ്ഇ ബി എൽ)

- 2021-22ൽ കെഎസ്ഇബിയുടെ ആകെ വരുമാനം 16985.62 കോടി രൂപയായിരുന്നു, ഇത് 2020-21 നെ അപേക്ഷിച്ച് 7.21 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. 2021-22ൽ ബോർഡ് 736.27 കോടി രൂപ ലാഭം രേഖപ്പെടുത്തി.
- ഉത്പാദനത്തിൽ 20.77 മെഗാവാട്ട് ശേഷി കൂട്ടി, അതിൽ 8.77 മെഗാവാട്ട് സൗര പദ്ധതിയിലൂടെ റൂഫ് ടോപ് സോളാറിൽ നിന്നാണ്.
- 2021-22ൽ കമ്മീഷൻ ചെയ്ത പദ്ധതികൾ : അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി (2 മെഗാവാട്ട്), ചാത്തങ്കോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി - ഘട്ടം II (6 മെഗാവാട്ട്), അഗളിയിലെ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ് (1 മെഗാവാട്ട്), കഞ്ചിക്കോട് (3 മെഗാവാട്ട്).
- അവലോകന കാലയളവിൽ പ്രാബല്യത്തിൽ വന്ന പുതിയ സേവന കണക്ഷനുകളുടെ എണ്ണം 3.62 ലക്ഷം ആണ്.
- ട്രാൻസ്മിഷൻ മേഖലയിൽ രണ്ട് 220 കെവി സബ്

**പട്ടിക 11.2.8** 2021-22ൽ കേരളത്തിൽ നടന്ന വൈദ്യുത അപകടങ്ങൾ

| ക്രമ നം | കാരണങ്ങൾ | മനുഷ്യർ | | മൃഗങ്ങൾ | | ആകെ |
|---|---|---|---|---|---|---|
| | | മാരകം | മാരകമല്ലാത്തവ | മാരകം | മാരകമല്ലാത്തവ | |
| 1 | കണ്ടക്ടറുകളുടെ സ്റ്റാപ്പിംഗ് | 14 | 14 | 51 | 0 | 79 |
| 2 | ഇലക്ട്രിക് വയർ/ഉപകരണങ്ങളുമായി സമ്പർക്കം | 92 | 62 | 19 | 0 | 173 |
| 3 | സുരക്ഷാ മാർഗ്ഗങ്ങൾ ലംഘിക്കൽ/മേൽനോട്ടത്തിന്റെ അഭാവം | 38 | 52 | 2 | 0 | 92 |
| 4 | തകരാർ സംഭവിച്ച വീട്ടുപകരണങ്ങൾ | 28 | 5 | 3 | 0 | 36 |
| 5 | അറ്റകുറ്റപ്പണികളുടെ അഭാവം | 5 | 4 | 9 | 0 | 18 |
| 6 | അംഗീകൃതമല്ലാത്ത പ്രവർത്തനങ്ങൾ | 16 | 7 | 0 | 0 | 23 |
| 7 | മറ്റുള്ളവ * | 43 | 8 | 4 | 0 | 55 |
| | ആകെ | 236 | 152 | 88 | 0 | 476 |

*താല്കാലിക എക്സ്റ്റൻഷനുകളുടെ ദുരുപയോഗം

2021-22 ൽ സംഭവിച്ച അപകടങ്ങൾ ഏകദേശം 50 ശതമാനത്തോളം മനുഷ്യർക്ക് സംഭവിച്ച മാരക അപകടങ്ങളും 31.93 ശതമാനം അല്ലാത്തവയുമാണ്

സ്റ്റേഷനുകളും അഞ്ച് 110 കെവി സബ്സ്റ്റേഷനുകളും ഒരു 33 കെവി സബ്സ്റ്റേഷനും 33 കെവിയും അതിനുമുകളിലും ഉൾപ്പെടെയുള്ള വോൾട്ടേജ് ലെവലുകളിൽ 553.43 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും നിർമ്മിച്ചു.

- 2391 കിലോമീറ്റർ 11 കെവി ലൈനുകളും 3,984 കിലോമീറ്റർ എൽടി ലൈനുകളും നിർമ്മിച്ചു.
- 2355 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.
- ഇക്യു ഇന്റർനാഷണൽ മാഗസിന്റെ റൂഫ്ടോപ്പ് സോളാർ എനേബ്ലർ അവാർഡ് കെഎസ്ഇബി നേടി.
- ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് കീഴിൽ നാല് പ്രവൃത്തികൾ പൂർത്തിയായി.
- സംസ്ഥാനത്തെ വൈദ്യുതി സംവിധാനത്തിന്റെ സംയോജിത പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം നിർവഹിക്കുന്നതിലെ മികവിനുള്ള അംഗീകാരമായി കെഎസ്ഇബി നിയന്ത്രിക്കുന്ന കേരള ലോർഡ്സ് ഡെസ്പാച്ച് സെന്ററിന് 9-ാമത് പവർ സിസ്റ്റംസ് (ഐസിപിഎസ്)-2021-ലെ 9-ാമത് അന്താരാഷ്ട്ര സമ്മേളനത്തിൽ എൽഡിസി എക്സലൻസ് അവാർഡ് ലഭിച്ചു.
- 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകി.
- കെഎസ്ഇബി രൂപീകരിച്ച മൂന്ന് ഉപഭോക്തൃ പരാതി പരിഹാര ഫോറങ്ങൾ (സിജിആർഎഫ്) വഴി 280 പരാതികൾ തീർപ്പാക്കി.
- കെഎസ്ഇബിയുടെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (എപിടിഎസ്) 33,591 പരിശോധനകൾ നടത്തി 2517 ക്രമക്കേടുകളും 358 വൈദ്യുതി മോഷണവും 1181 ദുരുപയോഗ കേസുകളും കണ്ടെത്തി.
- മുച്ചക്ര വാഹനങ്ങൾക്കും ഇരുചക്രവാഹനങ്ങൾക്കുമായി 10 ചാർജിംഗ് പോളുകളുടെ പൈലറ്റ് പദ്ധതി കോഴിക്കോട്ട് കമ്മീഷൻ ചെയ്തു.
- ഊർജ കേരള മിഷന്റെ ഉപപദ്ധതിയായ 'ഫിലമെന്റ് ഫ്രീ കേരള'യുടെ ഭാഗമായി ആകെ 26,01,253 എൽഇഡി ബൾബുകൾ വിതരണം ചെയ്തു.
- എല്ലാ പരമ്പരാഗത രീതിയിലുള്ള തെരുവ് വിളക്കുകളും LED തെരുവ് വിളക്കുകൾ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതിയായ NILAAVU പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും 411 ഗ്രാമപഞ്ചായത്തുകളിലും 35 മുനിസിപ്പാലിറ്റികളിലുമായി രണ്ട് ലക്ഷം എൽഇഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു.
- ലോകബാങ്ക് സഹായത്തോടെയുള്ള ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ (DRIP) ഒന്നാം ഘട്ടം പൂർത്തിയായി.

**ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)**

- 15 സ്ഥാപനങ്ങളിൽ നിലവിലുള്ള ഓഫ് ഗ്രിഡ് പവർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പവർ പ്ലാന്റുകളാക്കി (248 കിലോ വാട്ട്) മാറ്റി.
- സർക്കാരിൽ വാക്സിനുകൾ സൂക്ഷിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജില് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന കോൾഡ് സ്റ്റോറേജ്, എസ്ടിഐഎസിയിൽ (കുസാറ്റ്) സോളാർ ഇൻവെർട്ടർ ടെസ്റ്റ് സൗകര്യം സ്ഥാപിച്ചു.
- രാമക്കൽമേട്ടിൽ തദ്ദേശീയമായി വികസിപ്പിച്ച പവർ കണ്ടീഷനിംഗ് യൂണിറ്റിനൊപ്പം 1 മെഗാവാട്ട് സോളാർ പ്ലാന്റ് പൂർത്തിയാക്കി.
- സംസ്ഥാനത്തെ പൊതു കെട്ടിടങ്ങളുടെ സൗരോർജ്ജീകരണത്തിനുള്ള ഒരു മാതൃകാ പദ്ധതി 4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജയകരമായി നടപ്പിലാക്കി
- 8 ജില്ലകളിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ 36 സ്ഥലങ്ങളിൽ 212 കിലോവാട്ട് ഗ്രിഡില് കണക്റ്റ് ചെയ്തിട്ടുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ 8 ജില്ലകളിലെ 20 സ്ഥലങ്ങളിൽ 98 കിലോവാട്ട് ശേഷിയുള്ള ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.
- സമ്പൂർണ വൈദ്യുതീകരണ കാമ്പയിന്റെ ഭാഗമായി ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ 54 വിദൂര ഗ്രാമങ്ങളിൽ 2300 വീടുകളിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചു.
- സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീ കരിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സൈലന്റ് വാലി റിസർവിലെ താഴേ തുടുക്കി പട്ടികവർഗ്ഗ സങ്കേതങ്ങളിലും വയനാട്ടിലെ വേലപ്പൻകണ്ടി ട്രൈബൽ കോളനിയിലും യഥാക്രമം 50 കിലോവാട്ടിന്റെ ഒരു സോളാർ പവർ പ്ലാന്റും 1.5 കിലോവാട്ട് ശേഷിയുള്ള 10 പ്ലാന്റുകളും സ്ഥാപിച്ചു.
- കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കുമായി മൊത്തം 146 ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്ക് നൽകി.
- ഗവൺമെന്റ് ഓഫ് ഇന്ത്യ ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിൽ എനർജി എഫിഷ്യൻസി സർവീസസിന്റെ പിന്തുണയോടെയും വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെയും ഇലക്ട്രിക് വെഹിക്കിള് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 10 ചാർജിംഗ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു.

- സംയോജിത സോളാർ അഗ്രോ ഫാം പദ്ധതിയുടെ ഭാഗമായി പാലക്കാട്ട് 25 കിലോവാട്ട് പീക്ക് പവർ ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു.
- 14 ബാച്ചുകളിലായി 30 വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകി.
- ഗോത്രവർഗക്കാർക്കായി വികസിപ്പിച്ചെടുത്ത പോർട്ടബിൾ ഉപകരണമായ 109 സൗര സുവിധ കിറ്റുകൾ ശബരിമലയിലെ നിലക്കലിൽ വിതരണം ചെയ്തു.
- 2310 ഇലക്ട്രീഷ്യൻമാർക്കും 30 ആർട്സ് ആൻഡ് സയൻസ് വിദ്യാർത്ഥികൾക്കും അനർട്ടിന്റെ വിവിധ പരിശീലന പരിപാടികളിലൂടെ പരിശീലനം നൽകി.

**എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി )**

- കോഴിക്കോട് ജില്ലയിൽ 8 മെഗാവാട്ട് (ആനക്കൊമ്പിൽ എസ്എച്ച്പി) 4.5 മെഗാവാട്ട് (അരിപ്പാറ എസ്എച്ച്പി) സ്ഥാപിത ശേഷി വർദ്ധനവോടു കൂടി രണ്ട് ചെറുകിട ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു.
- 367 ബോധവൽക്കരണ പരിപാടികൾ, 52 ശിൽപശാലകൾ/പരിശീലനങ്ങൾ, 135 ഊർജ്ജ സംരക്ഷണ റാലികൾ, വനിതകൾക്കായുള്ള 66 പരിപാടികൾ എന്നിവ ഉൾപ്പെടുന്ന 620 ഊർജ്ജ കാര്യക്ഷമത പരിപാടികൾ നടത്തി. മൊത്തം 50,000-ത്തിലധികം വ്യക്തികൾക്ക് പ്രയോജനം ലഭിച്ചു.
- ഊർജ സംരക്ഷണ ശ്രമങ്ങളുടെ ഫലമായി 621 മില്യണ് യൂണിറ്റ്വൈദ്യുതിയും 45,345 ToE ഓയിലും ലാഭിക്കാനായി.
- സർക്കാർ ആശുപത്രികളിലും (2 എണ്ണം) സർക്കാർ കെട്ടിടങ്ങളിലും (2 എണ്ണം) ഊർജ്ജ കാര്യക്ഷമത പദ്ധതികൾ നടപ്പിലാക്കി.
- തൃശ്ശൂർ ജില്ലയിലെ 34 സർക്കാർ കെട്ടിടങ്ങൾ, 111 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്, ആറന്മുള ഗ്രാമപഞ്ചായത്തിലെ എല്ലാ സർക്കാർ കെട്ടിടങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ 166 പമ്പിംഗ് സ്റ്റേഷനുകൾ, 50 ലധികം സ്കൂളുകൾ എന്നിവയുടെ ഊർജ്ജ ഓഡിറ്റ് നടത്തി.
- ക്ലീൻ എനർജി ഇന്നൊവേഷൻ & ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിച്ചു
- കേന്ദ്ര ഊർജ മന്ത്രാലയം സ്ഥാപിച്ച സംസ്ഥാന ഊർജ്ജ കാര്യക്ഷമത സൂചികയിൽ സംസ്ഥാന നിയുക്ത ഏജൻസി വിഭാഗത്തിൽ ഇഎംസിക്ക് രണ്ടാം സ്ഥാനം ലഭിച്ചു.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്**

- നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് (NABL) പ്രകാരം റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറി ആലപ്പുഴ ജില്ലയിൽ സ്ഥാപിച്ചു.
- ഇടുക്കിയിലെ റീജിയണൽ മീറ്റർ ടെസ്റ്റിംഗിനും സ്റ്റാൻഡേർഡ് ലബോറട്ടറിക്കുമുള്ള NABL അക്രഡിറ്റേഷൻ.
- ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിൽ നിന്ന് IS 15700: 2018 പ്രകാരം ഡിപ്പാർട്ട്മെന്റ് സേവോത്തം സർട്ടി ഫിക്കേഷൻ നേടി.
- 100-ലധികം സുരക്ഷാ ബോധവത്കരണ കാമ്പെയ്നുകൾ നടത്തി
- 2021-22ൽ വകുപ്പിൽ നിന്നുള്ള വരുമാനം 67.64 കോടി രൂപയാണ്.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

ഉപഭോക്തൃ പരാതി പരിഹാര ഫോറം അവരുടെ പരാതികൾ പരിഹരിക്കാത്തതിനാൽ ബുദ്ധിമുട്ടുന്ന ഉപഭോക്താക്കളുടെ പരാതികൾ തീർപ്പാക്കാൻ 2003 ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 42-ലെ ഉപവകുപ്പ് (6) പ്രകാരം കമ്മീഷൻ നിയമിച്ച നിയമപരമായ അധികാരിയാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ. 2021-ൽ തീർപ്പാക്കിയ 93 ഹർജികളിൽ 45 അപ്പീലുകൾ ഉപഭോക്താക്കൾക്ക് അനുകൂലമായിരുന്നു, 2021-22 കാലയളവിൽ 98 സിറ്റിങ്ങുകൾ നടത്തി.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC)**

സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ ന്യായവും സുതാര്യവും വസ്തുനിഷ്ഠവുമായ ഒരു നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിന് ഉത്തരവാദിത്തമുള്ള ഒരു അർദ്ധ ജുഡീഷ്യൽ നിയമപരമായ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രക്ഷേപണം, ചില്ലറ വിൽപ്പന എന്നിവയ്ക്കുള്ള താരിഫ് നിർണ്ണയിക്കുക എന്നതാണ് കമ്മിഷന്റെ പ്രധാന പ്രവർത്തനം. സംസ്ഥാനത്തെ വിതരണ ലൈസൻസികളുടെ പവർ പർച്ചേസ്, കരാറുകളുടെ അംഗീകാരം, ലൈസൻസികൾ/ ജനറേറ്റിംഗ് കമ്പനികൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കൽ, താരിഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, 2003 ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കൽ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങൾക്കും ഇത് നിക്ഷിപ്തമാണ്. 2021-22ൽ 97 ഹിയറിംഗുകൾ നടത്തുകയും 101 ഹർജികൾ തീർപ്പാക്കുകയും ചെയ്തു.

**വെല്ലുവിളികൾ**

- പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം
- ജലവൈദ്യുതി ഉൽപ്പാദനത്തിൽ വലിയ തടസ്സമായ പാരി സ്ഥിതിക, വനാനുമതി ലഭിക്കുക
- റിന്യൂവബിൾ എനർജി സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സംഭരണത്തിൽ സുതാര്യമായ നയത്തിന്റെ അഭാവം
- കെ.എസ്.ഇ.ബി.ക്ക് ലഭിക്കേണ്ട കുടിശ്ശിക കാരണം വർദ്ധിച്ചുവരുന്ന സാമ്പത്തിക ബാധ്യത

**മുന്നോട്ട്**

കേരളത്തിന്റെ ഭൂരിഭാഗവും പരിസ്ഥിതി ലോല മേഖലയുടെ പരിധിയിൽ വരുന്ന ഒരു ചെറിയ സംസ്ഥാനമായതിനാൽ വൈദ്യുതി ഉൽപാദനത്തിന് അതിന്റേതായ പരിമിതികളുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്, പുനരുപയോഗ ഊർജ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനത്ത് ലഭ്യമായ ഊർജ സ്രോതസ്സുകളെ നൂതന ആശയങ്ങളോടെ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിനുള്ള വിപുലമായ ഗവേഷണ വികസന പ്രവർത്തനങ്ങളിലേക്ക് സംസ്ഥാനം നീങ്ങേണ്ടതുണ്ട്. മാറിക്കൊണ്ടിരിക്കുന്ന വികസന സാഹചര്യത്തെ നേരിടാനും കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരാനും സമീപഭാവിയിൽ കേരളത്തിന് കൂടുതൽ ഊർജ്ജം ആവശ്യമാണ്. സംസ്ഥാനം കൂടുതൽ വൈദ്യുത വാഹനങ്ങളിലേക്ക് മാറുന്നതിനാൽ വൈദ്യുതിയിൽ അധിക ഭാരം പ്രതീക്ഷിക്കുന്നു. അതിനാൽ, ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ധാരാളം ചെറുകിട വൈദ്യുതി ഉൽപാദന സംവിധാനങ്ങൾ സംസ്ഥാനം കണ്ടെത്തേണ്ടതുണ്ട്.

# 11.3 വാർത്താവിനിമയം

### ടെലികമ്മ്യൂണിക്കേഷൻസ്

ആഗോള ആവശ്യങ്ങളോട് പ്രതികരിക്കുന്ന ഒരു ആധുനിക വ്യവസായ, സേവന മേഖല കെട്ടിപ്പടുക്കുന്നതിൽ ടെലികമ്മ്യൂണിക്കേഷനും അനുബന്ധ വിജ്ഞാന അടിസ്ഥാന സൗകര്യങ്ങളും നിർണായക പങ്ക് വഹിക്കുന്നു. 2022 മാർച്ച് വരെ 1.16 ശതകോടി വരിക്കാരുടെ (വയർലെസ് + വയർ ലൈൻ വരിക്കാർ) അടിത്തറയുള്ള ഇന്ത്യയിലെ ടെലികോം വ്യവസായം ലോകത്തിലെ രണ്ടാമത്തെ വലിയ വ്യവസായമാണ്. 2022 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം ഇന്ത്യയിലെ ആകെ ടെലി സാന്ദ്രത 84.88 ശതമാനമാണ്, ഇതിൽ ഗ്രാമീണ മേഖലയിലെ ടെലി സാന്ദ്രത 58.07 ശതമാനവും, നഗര മേഘലയിൽ 134.94 ശതമാനവുമാണ്.

### ടെലിഫോൺ വരിക്കാരുടെ വിവരങ്ങൾ


വരിക്കാരുടെ എണ്ണത്തിൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ടെലികോം മേഖലയാണ് ഇന്ത്യൻ ടെലികോം വ്യവസായം. പ്രാപ്യമായ താരിഫുകൾ, വിപുലമായ സേവന ലഭ്യത, 3G, 4G പോലുള്ള പുതിയ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും വ്യാപനം, വരിക്കാരുടെ സേവന ഉപഭോഗ രീതികളിൽ വന്ന മാറ്റം, കാര്യക്ഷമമായ നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങളുടെ ഫലമായി കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ മേഖല ഗണ്യമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു.

ഇന്ത്യയിലെ വയർ ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണം 2021 ഡിസംബർ അവസാനം 1,178.41 ദശലക്ഷത്തിൽ നിന്ന് 2022 മാർച്ച് അവസാനത്തോടെ 1,166.93 ദശലക്ഷമായി കുറഞ്ഞു, ഇപ്രകാരം ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിൽ 0.97 ശതമാനം കുറവ് ഈ പാദവർഷത്തിൽ രേഖപ്പെടുത്തി. 2021 ഡിസംബർ അവസാനം 655.20 ദശലക്ഷമായിരുന്ന നഗരപ്രദേശത്തെ ടെലിഫോൺ വരിക്കാരുടെ എണ്ണം 2022 മാർച്ച് മാസത്തിൽ എത്തുമ്പോൾ 647.11 ദശലക്ഷമായി കുറഞ്ഞു. ഇതേ കാലയളവിൽ ഗ്രാമീണ വരിക്കാരുടെ എണ്ണവും 523.21 ദശലക്ഷത്തിൽ നിന്ന് 519.82 ദശലക്ഷമായി കുറഞ്ഞു. മേല്പറഞ്ഞ പാദവർഷ കാലയളവിലെ നഗര, ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിലെ വളർച്ചാ നിരക്ക് യഥാക്രമം (-)1.23 ശതമാനവും (-)0.64 ശതമാനവുമാണ്.

ഇന്ത്യയിലെ ആകെ ടെലി സാന്ദ്രത 2021 ഡിസംബറിൽ 85.91 ശതമാനമായിരുന്നത് 2022 മാർച്ച് അവസാനത്തോടെ 84.88 ശതമാനമായി കുറഞ്ഞു. ഇതേ കാലയളവിൽ തന്നെ 137.26 ശതമാനമായിരുന്ന നഗര ടെലി സാന്ദ്രത 2021 മാർച്ച് അവസാനത്തോടെ 134.94 ശതമാനമായി കുറഞ്ഞു എന്നാൽ, ഗ്രാമീണ ടെലി സാന്ദ്രത ഇതേ പാദവർഷത്തിൽ 58 ശതമാനമായി തന്നെ നിന്നു. 2022 മാർച്ച് അവസാനത്തോടെ ആകെ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിൽ നഗര, ഗ്രാമ വരിക്കാരുടെ പങ്ക് യഥാക്രമം 55.45 ശതമാനവും 44.55 ശതമാനവുമാണ്.

2021 ഡിസംബർ മാസം വരെ 128.01 ശതമാനമായിരുന്ന കേരളത്തിന്റെ ആകെ ടെലി സാന്ദ്രത 2.23 ശതമാനം കുറഞ്ഞ് 2022 മാർച്ച് അവസാനത്തോടുകൂടി 125.15 ശതമാനത്തിലെത്തി. 44.68 ദശലക്ഷം വരിക്കാരുടെ അടിത്തറയുള്ള (43.37 വയർലെസ്, 1.31 വയർ ലൈൻ) കേരളത്തിൽ, 2022 മാർച്ച് വരെയുള്ള കണക്കനുസരിച്ച് ആകെ 4,33,74,472 വയർലെസ് വരിക്കാരാണുള്ളത്. 1,59,53,380 ഉപഭോക്താകളുള്ള വോഡഫോൺ ഐഡിയ(VI) യാണ് ഏറ്റവും വയർലെസ് കണക്ഷൻ ദാതാവ്. 1,05,20,191 വരിക്കാരുള്ള ബി.എസ്.എൻ.എൽ ആണ് രണ്ടാമത്തെ വലിയ വയർലെസ് കണക്ഷൻ ദാതാവ്. റിലയൻസ് ജിയോയ്ക്ക് 91,66,678 വരിക്കാരും ഭാരതി എയർടെല്ലിന് (ടാറ്റ ടെലി സേവനങ്ങൾ ഉൾപ്പെടെ) 77,34,058 വരിക്കാരുമാണുള്ളത്. റിലയൻസ് കമ്മ്യൂണിക്കേഷന് ആകെ 165 വരിക്കാർ മാത്രമാണുള്ളത്. വിവിധ വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.1**ൽ നൽകിയിരിക്കുന്നു.


**ചിത്രം 11.3.1** വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം




അവലംബം: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം, 2022

സംസ്ഥാനത്തെ ആകെ വയർലൈൻ വരിക്കാരുടെ എണ്ണം 2022 മാർച്ച് വരെയുള്ള കണക്കുകൾ അനുസരിച്ച് 13,19,942 ആണ് . 10,54,283 കണക്ഷനുകളുള്ള ബി.എസ്.എൻ.എൽ ആണ് ഏറ്റവും വലിയ വയർലൈൻ സേവന ദാതാവ്. 1,53,820 വരിക്കാരുള്ള റിലയൻസ് ജിയോ ആണ് ഏറ്റവും വലിയ രണ്ടാമത്തെ വയർലൈൻ സേവന ദാതാവ്. 4,666 കണക്ഷനുകളുടെ അടിത്തറ മാത്രമുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻസ് ആണ് ഏറ്റവും കുറഞ്ഞ വരിക്കാരുള്ള വയർലൈൻ ടെലികോം സേവന ദാതാവ്. വിവിധ വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.2** ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.3.2** വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം




അവലംബം: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം,2022

**ഇന്റർനെറ്റ് വരിക്കാരുടെ വിവരങ്ങൾ**

2022 മാർച്ച് അവസാനം വരെ ഇന്ത്യയിലെ മൊത്തം ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 824.89 ദശലക്ഷമാണ്. ഇതിൽ ഭൂരിഭാഗവും വയർലെസ് കണക്ഷൻ ഉപഭോക്താക്കളാണ്. ആകെ ഇന്റർനെറ്റ് വരിക്കാരിൽ 797.61 ദശലക്ഷം പേർ വയർലെസ് ഇന്റർനെറ്റ് ഉപഭോക്താക്കളാണ്, ഇത് ആകെ വരിക്കാരുടെ 96.69 ശതമാനമാണ്. ആകെ ഇന്റർനെറ്റ് വരിക്കാരുടെ 3.31 ശതമാനം മാത്രമാണ്. കേവലം 27.27 ദശലക്ഷം പേർ വരുന്ന വയർലൈൻ ഇന്റർനെറ്റ് ഉപഭോക്താക്കൾ കേരളത്തിൽ 31,713 ടെലിഫോൺ ടവറുകൾ ഉണ്ട്. 10,101 ടവറുകൾ ഉള്ള റിലയൻസ് ജിയോ ആണ് ഏറ്റവും കൂടുതൽ ടവറുകൾ ഉള്ള സേവന ദാതാവാണ്. വോഡഫോൺ ഐഡിയയ്ക്ക് 8,593 ടവറുകളും. ബി.എസ്.എൻ.എല്ലി-ന് 6,012 ടവറുകളുമുണ്ട് .

കേരള ടെലികോം സിർക്കിളിൽ, കേരളം കൂടാതെ കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപും പുതുച്ചേരിയുടെ ചില ഭാഗങ്ങളും (മാഹിയും) ഉൾപ്പെടുന്നു. സർക്കിളിന് 11 പ്രധാന സെക്കൻഡറി സ്വിച്ചിംഗ് ഏരിയകളും (എസ്എസ്എ) ലക്ഷദ്വീപിൽ ഒരു മൈനർ സ്വിച്ചിംഗ് ഏരിയയും ഉണ്ട്. സർക്കിളിന് കീഴിൽ 21,51,842 നമ്പർ ശേഷിയുള്ള 1,355 ടെലിഫോൺ എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. കൂടാതെ 1,07,27,63 (1,01,84,966 മൊബൈൽ, 5,42,667 ലാൻഡ്‌ലൈൻ കണക്ഷനുകൾ) സജീവ കണക്ഷനുകളുമുണ്ട്. ബി.എസ്.എൻ.എൽ കേരള ടെലിഫോൺ നെറ്റ്‌വർക്കിന്റെ 2022, ഒക്ടോബർ വരെയുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.3.1**ൽ നൽകിയിരിക്കുന്നു.

**വാർത്താവിനിമയ അടിസ്ഥാനസൗകര്യങ്ങൾ**

സംസ്ഥാനത്തെ പ്രധാന ഇ-ഗവേണൻസ് അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുന്നവയാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ്‌വേ, പബ്ലിക് വൈ-ഫൈ പ്രോജക്റ്റ് എന്നിവ. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലുമായി വ്യാപിച്ച് കിടക്കുന്ന സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്ഐഐ) നട്ടെല്ലാണ് കെസ്വാൻ. വിവിധ സർക്കാർ വകുപ്പുകളുടെ 3,500 ഓഫീസുകളെ തമ്മിൽ പാട്ടത്തിനെടുത്ത വയർലെസ് ലൈനുകൾ, ലോക്കൽ ഏരിയ നെറ്റ്‌വർക്ക് എന്നിവയിലൂടെ ഈ ശൃംഖല ബന്ധിപ്പിക്കുന്നു. കെസ്വാൻ രണ്ട് സംസ്ഥാന ഡാറ്റാ സെന്ററുകളുമായി പരിധികളില്ലാതെ സംയോജിപ്പിച്ചിരിക്കുന്നതിനാൽ സർക്കാരുകൾ തമ്മിലും സർക്കാർ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും സുരക്ഷിതമായ ഇൻട്രാനെറ്റിലൂടെ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകാൻ നെറ്റ്‌വർക്ക് പ്രാപ്തമാകുന്നു.

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ), ഡിജിറ്റൽ വിടവ് ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ പ്രധാന പദ്ധതിയാണ്. സംസ്ഥാനത്ത് നിലവിലുള്ള ടെലികോം സംവിധാനത്തിന് പൂരകമായതും ട്രായി (TRAI) യുടെ നിർദേശ പ്രകാരമുള്ള വിവേചനരഹിത തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമായ ഒരു അടിസ്ഥാന സൗകര്യപദ്ധതിയാണിത്. ശക്തമായ കോർ, മിഡിൽ-മൈൽ ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കുന്നതിലൂടെ ഒരു

ഇൻഫർമേഷൻ സൂപ്പർ-ഹൈവേ ആയി കെ-ഫോൺ പ്രവർത്തിക്കുന്നു. വിപണി ശക്തികളെ നയിക്കാനും പൗരന്മാർക്ക് മികച്ച കണക്റ്റിവിറ്റി സേവനങ്ങൾ നൽകുന്നതിൽ മത്സരം വർദ്ധിപ്പിക്കാനും ഈ മാതൃകയ്ക്ക് കഴിയും. കൂടാതെ, എല്ലാ G2G, G2C, B2C ഇടപാടുകൾക്കും ശക്തമായ അടിത്തറയായി പ്രവർത്തിക്കുകയും ചെയ്യുന്നു. 1,061.73 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2017-18 ൽ കിഫ്ബി അംഗീകാരം നൽകി. ഒന്നാം ഘട്ടത്തിൽ 30,000 സർക്കാർ സ്ഥാപനങ്ങൾക്ക് 30,000 കിലോമീറ്റർ ഫൈബർ ദൈർഘ്യത്തിൽ 375 പോയിന്റ് ഓഫ് പ്രെസൻസ് (പി.ഒ.പി) ഉള്ള ഇന്റർനെറ്റ് കണക്ഷൻ നൽകാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുവരെ പദ്ധതിക്ക് കീഴിൽ 25,000 കണക്ഷനുകൾ നൽകിയിട്ടുണ്ട്, പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാവുന്ന സ്ഥിതിയിലാണ്.

### തപാൽ ശൃംഖല

കേരളം, കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പുതുച്ചേരിയുടെ ഭാഗമായ മാഹി എന്നിവ ഉൾപ്പെടുന്നതാണ് കേരള തപാൽ സർക്കിൾ. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഒരു തപാൽ ഓഫീസെങ്കിലും പ്രവർത്തിക്കുന്നുണ്ട്. 2022 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം, കേരള തപാൽ സർക്കിളിൽ 5,063 തപാൽ ഓഫീസുകളും, 1509 ഡിപ്പാർട്ട്മെന്റൽ തപാൽ ഓഫീസുകളും ബാക്കി 3,554 എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ തപാൽ (ബ്രാഞ്ച് തപാൽ ഓഫീസുകൾ) ഓഫീസുകളുമാണുള്ളത്. കേരളത്തിലെ ഓരോ തപാൽ ഓഫീസും ഏകദേശം 7.7 ചതുരശ്രകിലോമീറ്റൽ 6,613ത്തോളം വരുന്ന ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യു മ്പോൾ ദേശീയ ശരാശരി 21.21 ചതുരശ്ര കിലോമീറ്ററിന് 7,175 ആകെ തപാൽ ആഫീസുകളിൽ 82.2 ശതമാനം തപാൽ ഓഫീസുകളും ഗ്രാമ പ്രദേശങ്ങളിലാണ്. 2022, ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/ കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 11.3.1**ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ തപാൽ ശൃംഖലയുടെ വിപുലമായ വ്യാപ്തി കണക്കിലെടുത്ത്, പുതിയതായി വികസിച്ച നഗര-ഗ്രാമ പ്രദേശങ്ങളിൽ പുതിയ തപാൽ ഓഫീസുകൾ തുറന്നോ നിലവിലുള്ള എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ തപാൽ ഓഫീസുകൾ (ഇ.ഡി.ബി.ഒ.) മുഴുവൻ സമയ തപാൽ ഓഫീസുകളാക്കി ഉയർത്തിയോ തപാൽ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് നിരന്തര ശ്രമങ്ങൾ നടന്നു വരുന്നു. കേരളത്തിലെ എല്ലാ തപാൽ ഓഫീസുകളും ഒരു സിറ്റിസൺ ഹബ്ബ് എന്ന നിലയിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഹബ്ബുകളുടെ സേവനം ഓരോ പൗരനും അവന്റെ/അവളുടെ വീട്ടുവാതിൽക്കൽ ഇപ്പോൾ ലഭ്യമാണ്. വിശദാംശങ്ങൾ **അനുബന്ധം 11.3.2 11.3.3, 11.3.4, 11.3.5** എന്നിവയിൽ നൽകിയിരിക്കുന്നു.

സംസ്ഥാന തപാൽ ശൃംഖല, 5 ദേശീയ ഹബ്ബുകൾക്ക് കീഴിലുള്ള 14 സ്പീഡ് പോസ്റ്റ് പ്രോസസ്സിംഗ് സെന്ററുകളും, സാങ്കേതിക വിദ്യയുടെ സഹായത്തോടെ തപാൽ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് തപാൽ സ്വീകരിക്കുന്നത് മുതൽ വിതരണം ചെയ്യുന്നത് വരെയുള്ള ട്രാക്ക് ആൻഡ് ട്രെയിസ് സൗകര്യത്തോടെ നവീകരിച്ചു. രജിസ്റ്റർ ചെയ്ത മെയിലുകളുടെ വിഭാഗത്തിലും ട്രാക്ക് ആൻഡ് ട്രെയ്സ് സൗകര്യം ഇപ്പോൾ ലഭ്യമാണ്. ദേശീയ നയത്തിന്റെ ഭാഗമായി, ഈ മേഖലയിൽ മികച്ച സേവന നിലവാരം ഉറപ്പാക്കുന്നതിന് സാധാരണ മെയിലുകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള നെറ്റ്‌വർക്ക് സർക്കിൾ നവീകരിക്കുകയും സർക്കിളിലെ 1,509 ഡിപ്പാർട്ട്മെന്റ് തപാൽ ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കുകയും ചെയ്തു. കേരള തപാൽ സർക്കിളിന്റെ പുതിയ ഇ-അധിഷ്ഠിത മൂല്യവർദ്ധിത സേവനങ്ങൾ **പട്ടിക 11.3.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.3.1** കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം, 2022, ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്

| ക്രമ. നമ്പർ | ജില്ല/ കേന്ദ്ര ഭരണ പ്രദേശം | തപാൽ ഓഫീസികളുടെ എണ്ണം |
|---|---|---|
| 1 | കാസറഗോഡ് | 231 |
| 2 | കണ്ണൂർ | 382 |
| 3 | വയനാട് | 163 |
| 4 | കോഴിക്കോട് | 407 |
| 5 | മലപ്പുറം | 438 |
| 6 | പാലക്കാട് | 455 |
| 7 | തൃശ്ശൂർ | 484 |
| 8 | എറണാകുളം | 391 |
| 9 | ഇടുക്കി | 296 |
| 10 | കോട്ടയം | 406 |
| 11 | ആലപ്പുഴ | 300 |
| 12 | പത്തനംതിട്ട | 317 |
| 13 | കൊല്ലം | 365 |
| 14 | തിരുവനന്തപുരം | 414 |
| 15 | കേന്ദ്രഭരണ പ്രദേശം-ലക്ഷദ്വീപ് | 4 |
| 16 | കേന്ദ്രഭരണ പ്രദേശം പുതുച്ചേരി (മാഹി മാത്രം) | 10 |
| ആകെ | | 5063 |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം

### കേരള സർക്കിൾ ഏറ്റെടുത്ത ബിസിനസ് സംരംഭങ്ങൾ

- കേരളത്തിലുടനീളമുള്ള 152 എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് സർവകലാശാലയുടെ സെൻസിറ്റീവ് പരീക്ഷാ സാമഗ്രികകൾ ശേഖരി ക്കുന്നതിനും ബുക്കിംഗ്, വിതരണം എന്നിവ നടത്തുന്നതിനും എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായി ധാരണയുണ്ടാക്കി.
- 73 പോളിടെക്നിക് കോളേജുകൾ, 11 ടെക്നിക്കൽ ഹൈസ്കൂളുകൾ, 17 സർക്കാർ വാണിജ്യ സ്ഥാപ നങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള സെൻസിറ്റീവ് പരീക്ഷാ സാമഗ്രികൾ ബുക്ക് ചെയ്യുന്നതിനും അയക്കുന്നതിനും കേരളത്തിലെ സാങ്കേതിക പരീക്ഷാ കൺട്രോളറുമായി യോജിച്ചുള്ള പ്രവർത്തനം.
- ഉപഭോക്താക്കൾക്ക് പാസ്പോർട്ട് ലഭിക്കുന്ന നടപടികൾ സുഗമമാക്കുന്നതിന് പത്തനംതിട്ട, കവരത്തി, കാസർകോട്, ചെങ്ങന്നൂർ, കട്ടപ്പന, ഒലവക്കോട്, ആറ്റിങ്ങൽ, നെന്മാറ എന്നിവിടങ്ങളിൽ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാകേന്ദ്രങ്ങൾ സ്ഥാപിച്ചു.

**പട്ടിക 11.3.2** കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിത മൂല്യവർദ്ധിത സേവനങ്ങൾ

| ക്രമ നമ്പർ. | സേവനം | പ്രവർത്തനം |
|---|---|---|
| 1 | ഇ-പോസ്റ്റ് | ഭൗതിക പ്രക്ഷേപണം ഒഴിവാക്കിക്കൊണ്ട് ലക്ഷ്യസ്ഥാനത്തേക്ക് ആശയവിനിമയം വേഗത്തിൽ സാധ്യമാക്കുന്നതോടൊപ്പം പോസ്റ്റ്മാൻ വഴി ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുകയും ചെയ്യുന്നു. 2021, മാർച്ച് 31 വരെ 1338 പോസ്റ്റ് ഓഫീസുകളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| 2 | മെനി ടു വൺ | ഒന്നിലധികം പ്രേഷിതരിൽ നിന്നും ഇ-പോസ്റ്റ് സന്ദേശം ഒരു സ്വീകർത്താവിന്റെ ഇമെയിൽ ഇൻബോക്സിലേയ്ക്ക് അയയ്ക്കാൻ സഹായിക്കുന്നു. |
| 3 | വൺ ടു മെനി | ഒരേ ഇ-പോസ്റ്റ് സന്ദേശം ഒരാളിൽനിന്നും അനേകം സ്വീകർ ത്താക്കൾക്ക് അയയ്ക്കാൻ ഇത് സഹായിക്കുന്നു. |
| 4 | ഇ-മണി ഓർഡർ | 2008- ലാണ് ഇ-മണി ഓർഡർ സംവിധാനം രാജ്യത്ത് നിലവിൽ വന്നത്. ഇന്ന് ഏകദേശം 98 ശതമാനത്തോളം വരുന്ന മണി ഓർഡർ കൈമാറ്റങ്ങൾ ഇലക്ട്രോണിക് രീതിയിലാണ് നടന്നു വരുന്നത്. നിലവിൽ കേരള സർക്കിളിലെ 1508 പോസ്റ്റ് ഓഫീസിസുകളിൽ ഈ സേവനം ലഭ്യമാണ്. |
| 5 | ഇ-പേയ്മെന്റ് | എല്ലാ കമ്പ്യൂട്ടറൈസ്ഡ് പോസ്റ്റോഫീസുകളിൽ നിന്നും വിവിധ സേവന ദാതാക്കളുടെ പേരിൽ യൂട്ടിലിറ്റി ബില്ലുകൾ ഉൾപ്പെടെയുള്ള ബില്ലുകൾ ശേഖരിക്കാനും സമയപരിധി നിശ്ചയിച്ച് ക്ലയന്റ് ഓർഗനൈസേഷന് പണം നൽകുന്നതിനുമുള്ള സേവനം. നിലവിൽ കേരളത്തിലെ 1508 പോസ്റ്റ് ഓഫീസിസുകളിൽ(ഹെഡ് പോസ്റ്റ് ഓഫീസുകളിലും സബ് പോസ്റ്റ് ഓഫീസുകളിലും)ഈ സൗകര്യം ലഭ്യമാണ്. |
| 6 | അന്താരാഷ്ട്ര സ്പീഡ് പോസ്റ്റ് അഥവാ ഇ.എം.എസ് | ഇന്ത്യയിൽ നിന്ന് 99 രാജ്യങ്ങളിലേക്ക് ഈ സൗകര്യം ലഭ്യമാണ് |
| 7 | ഡയറക്ട് പോസ്റ്റ് | ടാർഗെറ്റഡ് മാർക്കറ്റിംഗിലൂടെ സ്ഥാപനങ്ങൾക്ക് അവരുടെ നിലവിലുള്ള അല്ലെങ്കിൽ വരാനിരിക്കുന്ന ക്ലയന്റുകളുമായി ബന്ധപ്പെടാൻ അനുവദിക്കുന്ന സേവനമാണ് ഡയറക്ട് പോസ്റ്റ്. ഏതെങ്കിലും ലഘുലേഖയോ ബ്രോഷറോ ഹാൻഡ് ബില്ലുകളോ അവർക്ക് ഡയറക്ട് പോസ്റ്റിന് കീഴിൽ വിലാസമില്ലാത്ത മെയിലായി അയയ്ക്കാം, കൂടാതെ ഉപഭോക്താവുമായി കൂടിയാലോചിച്ച് പോസ്റ്റോഫീസുകൾ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാനത്തിൽ അവ ടാർഗെറ്റ് ഉപഭോക്താക്കൾ താമസിക്കുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ചെയ്യാം. |
| 8 | പാക്ക് പോസ്റ്റ് സേവനം | 30 കിലോഗ്രാം വരെ ഭാരമുള്ള സാധനങ്ങൾ ലോകത്തെവിടെയും അയക്കാനുള്ള മാർഗമാണ് പാക്ക് പോസ്റ്റ്. പ്രധാന പോസ്റ്റ് ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പാഴ്സൽ പാക്കേജിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |
| 9 | പാർസൽ, ലോജിസ്റ്റിക് സേവനങ്ങൾ | (i) പാഴ്സൽ സേവനം: 5 കിലോ വരെ ഭാരമുള്ള പാഴ്സലുകൾ പോസ്റ്റ്മാൻ ഉപഭോക്താക്കൾക്ക് അവരുടെ വാതിൽപ്പടിയിൽ എത്തിക്കുന്നതിനുള്ള സൗകര്യമാണിത്. 5 കിലോയ്ക്ക് മുകളിൽ ഭാരമുള്ളതും പാഴ്സലുകൾക്ക്, 20 കിലോ വരെ തൂക്കമുള്ളതുമായ ഏത് പാഴ്സലിനും ₹ 5 ഡെലിവറി ഫീസ് ഈടാക്കുന്നു. വിദൂര പ്രദേശങ്ങളിൽ പോലും സ്ഥിതി ചെയ്യുന്ന ഏത് ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസിൽ നിന്നും അംഗീകൃത എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസിൽ നിന്നും പാഴ്സൽ ബുക്ക് ചെയ്യാം.<br>(ii)ബിസിനസ് പാഴ്സൽ: "ബിസിനസ് പാഴ്സൽ" എന്നത് ഉപരിതല ഗതാഗതം വാഗ്ദാനം ചെയ്യുന്ന വളരെ ജനപ്രിയമായ ഒരു പാഴ്സൽ ഉൽപ്പന്നമാണ്; 02.12.2013-ന് കേരള പോസ്റ്റൽ സർക്കിളിൽ ആരംഭിച്ചു.<br>(iii) ലോജിസ്റ്റിക്സ് പോസ്റ്റ്: ലോജിസ്റ്റിക്സ് പോസ്റ്റ് സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിലേക്കും ഏത് തരത്തിലുള്ള പാഴ്സലുകളും അയയ്ക്കുന്നതിന് സഹായിക്കുന്നു.കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ആലുവ, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ കേന്ദ്രങ്ങൾ വഴിയാണ് സേവനങ്ങൾ സ്ഥിരമായി നൽകുന്നത്. |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം.

- യുഐഡിഎഐയുമായി സഹകരിച്ച് ആധാർ എൻറോൾമെന്റ് കം അപ്ഡേറ്റ് സെന്ററുകൾ ആരംഭിച്ചു.
- ഗംഗോത്രിയിൽ നിന്ന് ലഭിക്കുന്ന ഗംഗാജലത്തിന്റെ വിൽപ്പന.
- ഉജാല പദ്ധതിയിൽ വിതരണം ചെയ്യുന്ന എൽഇഡി ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, എനർജി എഫിഷ്യന്റ് ഫാനുകൾ എന്നിവയുടെ വിൽപ്പനയ്ക്കായി കേരള പോസ്റ്റൽ സർക്കിൾ എം/എസ് എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടു.
- അധ്യാപകർ നടത്തിയ പരിശ്രമങ്ങളുടെ സ്മരണയ്ക്കായി "ആചാര്യ ദേവോ ഭവ" കാമ്പെയ്നിനൊപ്പം "ഗിഫ്റ്റ് പോസ്റ്റ്" എന്ന ബിസിനസ് പരിപാടി അവതരിപ്പിച്ചു. ഈ സേവനത്തിൽ, വിദ്യാർത്ഥികൾക്ക് അവരുടെ അധ്യാപകർക്കായി ഇ-പോസ്റ്റ് സന്ദേശങ്ങൾ അയക്കുകയോ അല്ലെങ്കിൽ അടുത്തുള്ള പോസ്റ്റ് ഓഫീസിൽ ഓർഡർ ഫോം പൂരിപ്പിച്ച് കാറ്റലോഗിൽ നിന്ന് ചില സമ്മാനങ്ങൾ തിരഞ്ഞെടുക്കുകയോ ചെയ്യാം.
- ഇന്ത്യയിലുടനീളമുള്ള അയ്യപ്പഭക്തർക്ക് സ്പീഡ് പോസ്റ്റിലൂടെ ശബരിമല പ്രസാദം ബുക്ക് ചെയ്യു

ന്നതിനും വിതരണം ചെയ്യുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡുമായി കരാറിലേർപ്പെട്ടു.

- എൻഡിഎ, സ്റ്റേറ്റ് പിഎസ്‌സി, യുപിഎസ്‌സി, എസ്എസ്‌സി തുടങ്ങിയ സ്ഥാപനങ്ങൾക്ക് എന്നിവർക്ക് പ്രത്യേക ബുക്കിംഗുകൾ നടത്തുന്നതിന് പോസ്റ്റ് ഓഫീസുകളിൽ പ്രത്യേക സ്പീഡ് പോസ്റ്റ് ബുക്കിംഗ് കൗണ്ടർ ക്രമീകരിച്ചു.
- 2021-ലെ സെൻസസിനുള്ള ഇന്ത്യയുടെ രജിസ്ട്രാർ ജനറലിന്റെ സെൻസസ് മെറ്റീരിയലുകൾ ഇന്ത്യയിലുടനീളമുള്ള തഹസിൽദാർ/ താലൂക്ക്തല വിലാസങ്ങൾ എന്നിവർ വരെയുള്ള അഡ്മിനിസ്ട്രേറ്റീവ് അധികാരികൾക്ക് വിതരണം ചെയ്യുന്ന പദ്ധതി ഡിപ്പാർട്മെന്റ് ഓഫ് പോസ്റ്റ് ഏറ്റെടുത്തു.

**ഫിലാറ്റലി**

ഫിലാറ്റലി ഒരു ഹോബിയായി പ്രോത്സാ ഹിപ്പിക്കുന്നതിനായുള്ള ശ്രമങ്ങളുടെ ഭാഗമായി, വിവിധ നടപടികൾ കേരള തപാൽ സർക്കിൾ സ്വീകരിച്ചിട്ടുണ്ട്. കേരള തപാൽ സർക്കിളിൽ 4 ഫിലാറ്റലിക് ബ്യൂറോയും 47 ഫിലാറ്റലിക് കൗണ്ടറുകളും 45 മൈ സ്റ്റാമ്പ് കൗണ്ടറുകളും 33 അംഗീകൃത കൗണ്ടറുകളും ഫിലാറ്റലിയുടെ പ്രചാരണത്തിനായി പ്രവർത്തിക്കുന്നു. ഇതിനായി തിരുവനന്തപുരം ജിപിഒ, എറണാകുളം ഹെഡ് ഓഫീസ്, തൃശ്ശൂർ ഹെഡ് ഓഫീസ്, കോഴിക്കോട് ഹെഡ് ഓഫീസ്, എന്നിവിടങ്ങളിൽ നാല് ഫിലാറ്റലിക് ബ്യൂറോകൾ പ്രവർത്തനം ആരംഭിച്ചു.

**മൈ സ്റ്റാമ്പ്**

വ്യക്തിഗത സ്റ്റാമ്പ് ഷീറ്റിന്റെ ബ്രാൻഡ് നാമമാണ് 'മൈ സ്റ്റാമ്പ്'. ഇത് രണ്ട് സ്റ്റാമ്പുകളുടെ സംയോജനമാണ്. ഒന്ന് ഇന്ത്യാ പോസ്റ്റിന്റെ ഒരു സ്മാരക തപാൽ സ്റ്റാമ്പും മറ്റൊന്ന് ഉപഭോക്താവിന്റെ ഫോട്ടോ അച്ചടിക്കുന്നതിനുള്ള ഇടവുമാണ്. ഈ പദ്ധതിക്ക് കീഴിൽ, ഏതൊരു വ്യക്തിക്കും അവരുടെ ഫോട്ടോയോടുകൂടിയ വ്യക്തിഗത സ്റ്റാമ്പുകൾ ലഭിക്കും. സ്വകാര്യ സ്ഥാപനങ്ങൾ/ ഓർഗനൈസേഷനുകൾക്കായി തപാൽ വകുപ്പ് അടുത്തിടെ 'കോർപ്പറേറ്റ് മൈ സ്റ്റാമ്പ്' എന്ന പദ്ധതി ആരംഭിച്ചു. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് പൂർണ്ണമായും സ്റ്റാമ്പുകൾ കസ്റ്റമൈസ് ചെയ്ത് ലഭിക്കുന്ന സേവനമാണിത്.

**പോസ്റ്റൽ എക്സിബിഷൻ**

തപാൽ വകുപ്പ് വിവിധ തലങ്ങളിൽ ഫിലാറ്റലിക് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഫിലാറ്റലി പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി സ്ഥിരമായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. അതാത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഫിലാറ്റലിക് സംഘടനകളുടെ സഹകരണത്തോടെയാണ് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നത്.

**ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐ.പി.പി.ബി)**

1934 ലെ ആർ.ബി.ഐ നിയമത്തിന്റെ പട്ടിക-2ൽ ചേർത്ത ഇന്ത്യയിലെ ആദ്യത്തെ പേയ്മെന്റ് ബാങ്കാണ് ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐ.പി.പി.ബി). സർക്കാർ ഉടമസ്ഥതയിലുള്ള പേയ്മെന്റ് ബാങ്കിന് ഉപഭോക്താക്കളിൽ നിന്ന് ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ സ്വീകരിക്കാൻ കഴിയും. എന്നാൽ ഉയർന്ന പലിശനിരക്കും അപകടസാധ്യതയുള്ളതുമായ വായ്പകൾ അഡ്വാൻസ് ചെയ്യുവാനോ ഈ ഫണ്ടുകൾ ഉപയോഗിക്കുവാനോ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്കിന് അവകാശമില്ല. ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനം (എ.ഇപി.എസ്) സേവനങ്ങൾ ആരംഭിച്ചതോടെ, ഏത് ബാങ്കിന്റെയും ഉപഭോക്താക്കൾക്ക് ബാങ്കിംഗ് സേവനങ്ങൾ തടസ്സം കൂടാതെ ലഭ്യമാക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ഏക പ്ലാറ്റ്ഫോമായി ഐ.പി.പി.ബി മാറി.

**ലൈഫ് ഇൻഷുറൻസ്**

ഇന്ത്യാ പോസ്റ്റ് പൗരന്മാർക്ക് തപാൽ ലൈഫ് ഇൻഷുറൻസ്, ഗ്രാമീണ തപാൽ ലൈഫ് ഇൻഷുറൻസ് എന്നീ പദ്ധതികളിലൂടെ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. തപാൽ ലൈഫ് ഇൻഷുറൻസ് എന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പ്രതിരോധ ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ്/കൊമേഴ്‌സ്യൽ ബാങ്കുകൾ മുതലായവയിലെ ജീവനക്കാർ എന്നിവർക്ക് നൽകുന്ന ഇൻഷുറൻസ് പദ്ധതിയാണ്. ഇപ്പോൾ, ഇത് എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപക/അനധ്യാപക ജീവനക്കാർ, പ്രൊഫഷണലുകൾ തുടങ്ങിയവരിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഗ്രാമീണ ലൈഫ് ഇൻഷുറൻസ് മുഖേന ജീവിതം ഇൻഷ്വർ ചെയ്യുന്നതിലൂടെ, ഗ്രാമീണ മേഘലയിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിന് കേരള തപാൽ സർക്കിൾ പ്രത്യേക പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

# 11.4 കുടിവെള്ളം

കുടിവെള്ളം, ശുചിത്വം, ശുചീകരണം എന്നിവ എല്ലാവർക്കും ലഭ്യമാക്കുക എന്നത് ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2022 പ്രകാരം, 2030-ഓടെ ആഗോളതലത്തിൽ സാർവത്രികമായി കുടിവെള്ളലഭ്യത ഉറപ്പാക്കുന്നതിനായി നിലവിലെ പുരോഗതിയുടെ നിരക്ക് നാലിരട്ടി വർദ്ധിപ്പിക്കേണ്ടതുണ്ട്. ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധന, നഗരവൽക്കരണം, കൃഷി, വ്യവസായം, ഊർജ്ജം എന്നീ മേഖലകളിൽ നിന്ന് വർദ്ധിച്ചുവരുന്ന സമ്മർദ്ദം കാരണം ജലത്തിന്റെ ആവശ്യം ഉയർന്നു വരികയാണ്. പതിറ്റാണ്ടുകളായി ശുദ്ധജലത്തിന്റെയും ഭൂഗർഭജല സ്രോതസ്സുകളുടെയും ദുരുപയോഗം, അമിതമായ ജല ചൂഷണം, മലിനീകരണം എന്നിവ ജല സമ്മർദ്ദം വർദ്ധിപ്പിക്കുകയും ജലവുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥയെ മോശമാക്കുകയും ചെയ്യുന്നു. ഇത് മനുഷ്യന്റെ ആരോഗ്യം, സാമ്പത്തിക പ്രവർത്തനങ്ങൾ, ഭക്ഷണം, ഊർജ്ജ വിതരണങ്ങൾ എന്നിവയെ ബാധിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ 2021 ലെ ലോക ജലവികസന റിപ്പോർട്ട് "ജലത്തിന്റെ മൂല്യനിർണ്ണയം" എന്ന വിഷയത്തിൽ അഞ്ച് പരസ്പരബന്ധിതമായ വീക്ഷണങ്ങൾ പരിഗണിച്ച് ജലത്തിന്റെ ശരിയായ മൂല്യനിർണ്ണയത്തിന് ഊന്നൽ നൽകിയിട്ടുണ്ട്: ജല സ്രോതസ്സുകൾ, ജല അടിസ്ഥാന സൗകര്യങ്ങൾ, ജല സേവനങ്ങൾ, ഉൽപാദനത്തിനും സാമൂഹിക-സാമ്പത്തിക വികസനത്തിനും ജലത്തിന്റെ സാമൂഹിക-സാംസ്കാരിക മൂല്യങ്ങൾക്കും ജലം ഒരു അടിസ്ഥാനഘടകമാണ്. 2022 ലെ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്ന റിപ്പോർട്ട് അനുസരിച്ച്, സുരക്ഷിതമായി കൈകാര്യം ചെയ്യുന്ന കുടിവെള്ള സേവനങ്ങൾ ഉപയോഗിക്കുന്ന ആഗോള ജനസംഖ്യയുടെ അനുപാതം 2015-ൽ 70 ശതമാനത്തിൽ നിന്ന് 2020-ൽ 74 ശതമാനമായി വർദ്ധിച്ചു. നിലവിലെ പുരോഗതിയുടെ നിരക്കിൽ, 2030 ഓടെ ലോകത്ത് 81 ശതമാനം പേർക്കും ശുദ്ധജലം ലഭ്യമാക്കും. ഈ ലക്ഷ്യം കൈവരിക്കാതെ 1.6 ബില്യൺ ആളുകൾക്ക് സുരക്ഷിതമായി കൈകാര്യം ചെയ്യുന്ന കുടിവെള്ളം ലഭിക്കാതെ വരികയും ചെയ്യും. 2015 മുതൽ 2020 വരെ, സുരക്ഷിതമായി കൈകാര്യം ചെയ്യുന്ന ശുചിത്വ സേവനങ്ങൾ ഉപയോഗിക്കുന്ന ലോകജനസംഖ്യ 47 ശതമാനത്തിൽ നിന്ന് 54 ശതമാനമായി ഉയർന്നു. ചരിത്രപരമായ പുരോഗതി തുടരുകയാണെങ്കിൽ, 2030 ഓടെ ലോകം 67 ശതമാനം ജനസംഖ്യക്കും കുടിവെള്ളം ലഭ്യമാക്കാൻ കഴിയും. 2.8 ബില്യൺ ആളുകൾക്ക് ശുദ്ധജലം ലഭിക്കാതെ വരികയും ചെയ്യും.

വർദ്ധിച്ചുവരുന്ന ജല പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഫലപ്രദമായി ജല പരിപാലനം സാധ്യമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ (എൻ.ഐ.ടി.ഐ)-നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്യു.എം.ഐ) വികസിപ്പിച്ചെടുത്തു. നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചികയിലെ - 2019-ന്റെ ഒരു റിപ്പോർട്ട് പറയുന്നത്, 2030-ഓടെ ഇന്ത്യയുടെ നഗര ജനസംഖ്യ 600 ദശലക്ഷത്തിലെത്തുമെന്നും അവരുടെ ജല ആവശ്യങ്ങൾ നിറവേറ്റുന്നത് വലിയ വെല്ലുവിളിയായിരിക്കുമെന്നും പറയുന്നു. റിപ്പോർട്ട് അനുസരിച്ച്, ലോക ജനസംഖ്യയുടെ 17 ശതമാനം ഇന്ത്യയിലാണെങ്കിലും ലോകത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ 4 ശതമാനം മാത്രമാണ് രാജ്യത്തുള്ളത്.

സ്ഥാപിതമായ സാമൂഹിക മാനദണ്ഡങ്ങളും മെച്ചപ്പെട്ട പൊതു ശുചിത്വത്തിനും ശുചീകരണത്തിനും വേണ്ടിയുള്ള ആവശ്യവും കാരണം ദേശീയ ശരാശരിയേക്കാൾ ഉയർന്ന ജല ആവശ്യകതയാണ് കേരളത്തിലുള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 62 ശതമാനവും കിണറുകളെയാണ് പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. ജനസംഖ്യയുടെ 29 ശതമാനം പേർക്ക് പൈപ്പ് ജലവിതരണം ലഭ്യമാണ്. അതേസമയം 78 ശതമാനം കുടുംബങ്ങൾക്ക് ചുറ്റുവട്ടത്തിൽ തന്നെ ജലസ്രോതസ്സുകളുള്ളപ്പോൾ 14 ശതമാനം കുടുംബങ്ങൾ വീടിനു സമീപത്തുള്ള ജലസ്രോതസ്സുകളാണ് ഉപയോഗിക്കുന്നത്. 2011-ലെ സെൻസസ് അടിസ്ഥാനമാക്കിയുള്ള സംസ്ഥാന സാനിറ്റേഷൻ കവറേജ് കാണിക്കുന്നത് 67 ശതമാനം കുടുംബങ്ങൾക്ക്

**ബോക്സ് നമ്പർ 11.4.1** 14-ാം പഞ്ചവത്സര പദ്ധതിയിൽ കുടിവെള്ളവും മലിനജല നിവാരണവും മേഖലയ്ക്കുള്ള കർമ്മ സമിതി നിർദ്ദേശങ്ങൾ

പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിൽ കുടിവെള്ളവും മലിനജല നവീകരണവും സംബന്ധിച്ച് കർമ്മ സമിതി സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കൈവരിക്കേണ്ട മുൻഗണനാ മേഖലകൾ/ലക്ഷ്യങ്ങൾ കർമ്മ സമിതി കണ്ടെത്തുകയുണ്ടായി.

വിവിധ തലങ്ങളിൽ കൈവരിക്കേണ്ട പ്രധാന ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്.

**കുടിവെള്ള വിതരണം**

- 2024-ഓടെ ഗ്രാമപ്രദേശങ്ങളിൽ 100 എൽ.പി.സി.ഡി സേവന നിലവാരത്തിൽ 100 ശതമാനം കുടുംബങ്ങളെയും പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ (എഫ്.എച്ച്.ടി.സി) കവർ ചെയ്യാനും 2026-ഓടെ നഗരപ്രദേശങ്ങളിൽ 150 എൽ.പി.സി.ഡി സേവന നിലവാരത്തിൽ 100 ശതമാനം കവറേജ് നേടാനും ഉദ്ദേശിക്കുന്നു.
- വിതരണം ചെയ്യുന്ന എല്ലാ കുടിവെള്ളവും കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച ഇന്ത്യൻ നിലവാരത്തിന് അനുസൃതമാണെന്ന് ഉറപ്പാക്കുക (IS:10500, 2012).
- 2026-ഓടെ എല്ലാ നഗര ജലവിതരണ സംവിധാനങ്ങളെയും 24X7 സംവിധാനങ്ങളാക്കി മാറ്റുക, കപാസിറ്റി വർദ്ധിപ്പിക്കൽ, എൻ.ആർ.ഡബ്ല്യു മാനേജ്മെന്റ്, വിതരണ സംവിധാനം, മാനേജ്മെന്റിൽ സാങ്കേതികവിദ്യയുടെ ഉപയോഗം എന്നിവ ഉപയോഗിച്ച് സിസ്റ്റങ്ങളുടെ പ്രവർത്തനം പ്രയോഗത്തിൽ കൊണ്ടുവരിക.
- എൻ.ആർ.ഡബ്ല്യു യിൽ 50 ശതമാനം കുറവ് കൈവരിക്കുക, അതുവഴി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിന് 20% ബെഞ്ച്മാർക്ക് എന്ന കണക്കിലെത്താനാകും.
- ഉപരിതല ജലത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ ഭൂഗർഭജലത്തെ അടിസ്ഥാനമാക്കിയുള്ള മിനി/മൈക്രോ പദ്ധതികൾ സ്വീകരിക്കാവുന്നതാണ്.
- സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ ജലമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, - പ്രത്യേകിച്ച് ജലവിതരണ പദ്ധതികളുടെ ഒ&എം, ജല ഗുണനിലവാര നിരീക്ഷണത്തിനും പരിശോധനയ്ക്കും (ഡബ്ല്യു.ക്യു.എം.&എസ്) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശൃംഖല സ്ഥാപിക്കുക എന്നിവയിൽ.

**മലിനജല നിവാരണം**

- 1500/ച.കി.മീ ജനസാന്ദ്രതയുള്ള എല്ലാ പട്ടണങ്ങളിലും മുൻഗണനാക്രമത്തിൽ ഉചിതമായ മലിനജല സംവിധാനങ്ങൾ നിർമ്മിക്കാനും 1500/ച.കി.മീറ്ററിൽ താഴെ ജനസാന്ദ്രതയുള്ള എല്ലാ പ്രദേശങ്ങളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ നിർമ്മിക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.
- വ്യാവസായിക ആവശ്യങ്ങൾക്കും ഗാർഹിക ഇതര ആവശ്യങ്ങൾക്കുമായി സംസ്കരിച്ച മലിനജലം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ഇരട്ട പൈപ്പ് സംവിധാനം ഒന്ന് കുടിവെള്ളത്തിനും മറ്റൊന്ന് വ്യാവസായിക ഉപയോഗത്തിനും കൊണ്ടുവരികയും ചെയ്യുക.
- പ്രധാന വ്യവസായങ്ങളിൽ സീറോ ഡിസ്ചാർജ് സംവിധാനങ്ങൾ കൈവരിക്കുന്നതിന് റെഡ്യൂസ് (Reduce), പുനരുപയോഗം (Re-use), പുനചംക്രമണം (Recycle)എന്ന ആശയം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

**ജല സംരക്ഷണം**

- ഓരോ വർഷവും ഓരോ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ സർക്കാർ കെട്ടിടങ്ങളിൽ കുറഞ്ഞത് 5 ആർ.ഡബ്ല്യു.എച്ച് (മഴവെള്ള സംഭരണ) ഘടനകൾ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.
- റീചാർജ്, സാനിറ്ററി സംരക്ഷണം എന്നിവയിലൂടെ കിണറുകളെ വെള്ളത്തിന്റ പിന്തുണാ ഉറവിടമായി പ്രോത്സാഹിപ്പിക്കുക.

**വരുമാന മാതൃകകൾ**

- ബ്രേക്ക് ഈവൻ ലെവൽ നേടുന്നതിന് താരിഫ് യുക്തിസഹമാക്കുക.
- വരുമാനം വർദ്ധിപ്പിക്കുന്നതിന് വരുമാന രഹിത ജലം പ്രോത്സാഹിപ്പിക്കുക.
- മലിനജല സേവനത്തിനും ജലവിതരണത്തിനും തുല്യമായി നിരക്ക് ഈടാക്കുകയും റവന്യൂ ചെലവ് പ്രയോഗത്തിൽ കൊണ്ട് വരികയും ചെയ്യുക.

ടോയ് ലറ്റുകളുണ്ടെന്നും 95 ശതമാനത്തിന് ചുറ്റുവട്ടത്തിൽ തന്നെ ടോയ് ലറ്റ് സൗകര്യമുണ്ടെന്നുമാണ്. എന്നിരുന്നാലും, ആഗസ്റ്റ് 31, 2022 പ്രകാരം കേരള ജനസംഖ്യയുടെ 66.26 ശതമാനം പേർക്ക് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ജലവിതരണം ലഭിക്കുന്നു.

സുസ്ഥിര വികസനത്തിന് ജലം നിർണായകമായതിനാൽ കേരളത്തിൽ കുടിവെള്ള മേഖലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. കുടിവെള്ളവും മലിനജല നിവാരണവും എന്നിവയെക്കുറിച്ച് 14-ാം പഞ്ചവത്സര പദ്ധതി രൂപികരിച്ച കർമ്മ സമിതി സംസ്ഥാനത്തെ ജല-ശുചീകരണ മേഖലയുടെ വികസനത്തിനും സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യു.എം.ഐ) റാങ്കിംഗുമായി ബന്ധപ്പെട്ട് അതിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും വ്യക്തമായ ഒരു റോഡ്മാപ്പ് രൂപപ്പെടുത്താൻ ലക്ഷ്യമിടുന്നു. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സമയബന്ധിതമായ നേട്ടങ്ങൾക്കായി കുടിവെള്ള വിതരണം, മലിനജല നിവാരണം, ജലസംരക്ഷണം, വരുമാനം മെച്ചപ്പെടുത്തൽ തുടങ്ങിയവയ്ക്ക് കീഴിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയും (കെ.ഡബ്യു.എ) കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസിയുമാണ് (കെ.ആർ.ഡബ്യു.എസ്.എ) കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ പ്രധാന നിർവ്വഹണ ഏജൻസികൾ. പ്രാദേശിക സർക്കാരുകളും ഒരു പ്രധാന പങ്ക് വഹിക്കുന്നു.

### കേരള വാട്ടർ അതോറിറ്റി (കെ.ഡബ്യു.എ)

കേരളത്തിലെ ജലവിതരണത്തിന്റെ വികസനത്തിനും ക്രമീകരണത്തിനും മലിനജല ശേഖരണത്തിനും നീക്കം ചെയ്യലിനുമായി കെ.ഡബ്യു.എ 1984 ൽ സ്ഥാപിച്ചു. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, പ്രോജക്ടുകൾ,

പ്രോജക്ട് ആസൂത്രണം, വികസനം, ഗുണ നിലവാര നിയന്ത്രണം, കൺസൾട്ടൻസി, സിവറേജ് വെർട്ടിക്കൽസ് എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തന യൂണിറ്റുകൾ. കേരള വാട്ടർ അതോറിറ്റിക്ക് വിപുലീകരിച്ച ജലഗുണനിലവാര പരിശോധനയ്ക്കായി-കൊച്ചിയിൽ ഒരു സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും, 14 ജില്ലാ ലാബുകളും 70 സബ് ഡിവിഷണൽ ലാബുകളും ഉണ്ട്. കെ.ഡബ്ല്യു.എ -യുടെ കീഴിലുള്ള 82 ലാബുകൾക്ക് ഐ.എസ്.ഒ/ ഐ.ഇ.സി/17025:2017 മാനദണ്ഡങ്ങൾക്കനുസൃതമായി എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറീസ്) അക്രഡിറ്റേഷൻ നേടിയിട്ടുണ്ട്.

**മലിന ജലനിവാരണം**

മലിനജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. ഇത് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ആവശ്യമുള്ള വലുപ്പത്തിൽ കുറവുള്ള ലൈനുകൾ വർദ്ധിപ്പിക്കുക, മലിനജലം കവിഞ്ഞൊഴുകുന്നത് ഒഴിവാക്കാൻ കേടായ മാൻഹോളുകൾ നന്നാക്കുക, മലിനജല നിർമ്മാർജന സംവിധാനത്തിന്റെ മറ്റ് ഉറവിടങ്ങളില്ലാത്ത പ്രദേശങ്ങളിൽ ചെറിയ വിപുലീകരണങ്ങളിലൂടെ മലിനജല സൗകര്യം നൽകുക എന്നിവയാണ് നിലവിൽ ഈ തലത്തിന് കീഴിൽ ഏറ്റെടുക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. പാരിസ്ഥിതിക നാശത്തിന്റെ ഭീഷണി മറികടക്കാൻ, നിലവിലുള്ള മലിനജല സംവിധാനം ശക്തിപ്പെടുത്തുന്നതിന് മതിയായ ശ്രദ്ധ അത്യാവശ്യമാണ്. മലിനജല മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്നിരുന്നാലും പണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മലിനജല മാനേജ്മെന്റ് പ്ലാന്റുകൾ, പമ്പ് ഹൗസുകൾ എന്നവയ്ക്കെതിരായ ജനങ്ങളുടെ പ്രതിഷേധം, ഭൂമി ലഭിക്കുന്നതിലും റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനായുള്ള കാലതാമസം എന്നിവ മലിനജല മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുമ്പ് പരിശോധി ക്കേണ്ടതുണ്ട്. 20 മില്ല്യൻ ലിറ്റർ പ്രതിദിനം (എം.എൽ.ഡി) വരെ മലിനജലം സംസ്കരിക്കുന്നതിന് വിവിധ ശേഷിയുള്ള ചെറിയ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ ലഭ്യമാക്കുന്നതിനായി 2 മുതൽ 3 വരെ വാർഡുകൾ ഒരു ക്ലസ്റ്ററായി എടുത്ത് പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുക്കാൻ കെ.ഡബ്ല്യു.എ വിഭാവനം ചെയ്യുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) നിർദ്ദേശ പ്രകാരം ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗം ഉൾക്കൊള്ളുന്ന ഏറ്റവും പുതിയ സാങ്കേതിക വിദ്യകളാണ് ഈ പദ്ധതികളിൽ ഉപയോഗിക്കേണ്ടത്. നിലവിലുള്ള പ്ലാന്റിന്റെയും മലിനജല ശൃംഖലയുടെയും അറ്റകുറ്റപ്പണികളും നവീകരണവും ആവശ്യമാണ്. ചെറുകിട പദ്ധതികൾക്കായി, ഭൂമി ലഭ്യമാക്കുകയും, അഴുക്കുചാലുകൾ/സെപ്റ്റേജ് ജോലികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തദ്ദേശ സ്ഥാപനങ്ങൾ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും വേണം.

ഗുരുവായൂരിൽ 2021 സെപ്റ്റംബർ 30 ന് മലിനജല പദ്ധതി കമ്മീഷൻ ചെയ്തു കഴിഞ്ഞു. പഴയ മലിനജല ലൈനുകൾ മാറ്റി സ്ഥാപിക്കൽ, മലിനജല ശൃംഖല നീട്ടൽ, പഴയ മാൻഹോളുകളുടെ പുനരുദ്ധാരണം, പുതിയ മാൻഹോളുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന 37 പ്രവർത്തികൾ 2021-22 ൽ പൂർത്തീകരിക്കുകയുണ്ടായി. 2021-22 ലെ ബജറ്റ് വിഹിതമായ 2460.00 ലക്ഷം രൂപയിൽ, 1758.07 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.


**ജലവിതരണ കവറേജ്**

കേരളത്തിലെ 40.76 ലക്ഷം കണക്ഷനുകളിലൂടെയും 1.81 ലക്ഷം പൊതു ടാപ്പുകളിലൂടെയും കെ.ഡബ്ല്യു.എ പരിപാലിക്കുന്ന 911 ജലവിതരണ പദ്ധതികളിൽ നിന്ന് ഏകദേശം 2.46 കോടി ജനങ്ങൾക്ക് ജലവിതരണം ലഭ്യമാക്കുന്നു. പൈപ്പ് വെള്ളത്തിന്റെ ശരാശരി പ്രതിശീർഷ ലഭ്യത പ്രതിദിനം 83 ലിറ്ററാണ് (എല്ലാ ജില്ലകളിലേയും ആവാസ വ്യവസ്ഥകളിൽ പ്രതിശീർഷ ലഭ്യത വ്യത്യസ്തമാണ്). കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളുടെയും പദ്ധതികളുടെയും (ജെ.ജെ.എം, നബാർഡ്, സംസ്ഥാന പദ്ധതി, എൻ.ആർ.ഡി.ഡബ്ല്യു.പി, കിഫ്ബി, അമൃത് മുതലായവ) സഹായത്തോടെ നടപ്പിലാക്കിയ വിവിധ ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തു കൊണ്ട് ഗ്രാമീണ നഗര ജലവിതരണ മേഖലകളിൽ ഇത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. 14,000 കോടിയിലധികം രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരികയാണ്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ അടുത്ത 3 വർഷത്തിനുള്ളിൽ 1,400 എം.എൽ.ഡി (പ്രതിദിനം ദശലക്ഷം ലിറ്റർ) വെള്ളം അധികമായി വിതരണത്തിന് ലഭ്യമാകും. സംസ്ഥാന പദ്ധതിയുടേയും നബാർഡിന്റെയും പദ്ധതികൾ ഏറ്റെടുക്കുന്നതു കൂടാതെ കിഫ്ബി (കെ.ഐ.ഐ.എഫ്.ബി), ആർ.കെ.ഐ എന്നിവയ്ക്ക് കീഴിലും പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2021-22ൽ അമൃതിന് കീഴിൽ ഒരു പുതിയ പദ്ധതിയും ആർ.കെ.ഐയുടെ കീഴിൽ രണ്ട് പദ്ധതികളും അനുവദിക്കുകയുണ്ടായി. സംസ്ഥാന പദ്ധതിക്ക് കീഴിലുള്ള 19 പദ്ധതികളും നബാർഡിന് കീഴിൽ 6 പദ്ധതികളും അമൃതിന് കീഴിൽ 45 പദ്ധതികളും ആർ.കെ.ഐയുടെ കീഴിലുള്ള 2 പദ്ധതികളും കിഫ്ബിയുടെ കീഴിലുള്ള 2 ജലവിത രണ പദ്ധതികളും 16 റീപ്ലേസ്മെന്റ് ജോലികളും 2021-22 കാലയളവിൽ പൂർത്തിയായിട്ടുണ്ട്. ജൽജീവൻ മിഷന് (ജെ.ജെ.എം) കീഴിൽ 6.63 ലക്ഷം പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ (എഫ്.എച്ച്.ടി.സി) നൽകി കഴിഞ്ഞു. ആഗസ്റ്റ് 31, 2022 പ്രകാരം കേരള ജനസംഖ്യയുടെ 66.26 ശതമാനം (62.15 ശതമാനം ഗ്രാമീണരും 79.62 ശതമാനം നഗരീകരും) പേർക്ക് കെ.ഡബ്ല്യു.എ യുടെ നിലവിലുള്ള പദ്ധതികളിൽ നിന്ന് പൈപ്പ് ജലവിതരണം ലഭിക്കുന്നു.

2022 ആഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ജലവിതരണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള, ജനസംഖ്യ ശതമാനത്തിൻറെ ജില്ല തിരിച്ചുള്ള **ചിത്രം 11.4.1**-ൽ കാണിച്ചിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ 90.80 ശതമാനത്തോടെ ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജുള്ളത്. 90.51 ശതമാനത്തോടെ എറണാകുളം ജില്ല പിന്നിൽത്തന്നെയുണ്ട്. കാസർഗോഡ് ജില്ലയിലാണ് കവറേജ് ഏറ്റവും കുറവ് (35.77 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 11.4.1**-ൽ നൽകിയിട്ടുണ്ട്. 2022 ആഗസ്റ്റ് 31 പ്രകാരം ജില്ലാതലത്തിലും ഇനം തിരിച്ചുമുള്ള വിശകലനം കാണിക്കുന്നത് എറണാകുളത്താണ് ഏറ്റവും കൂടുതൽ ജലവിതരണ പദ്ധതികളെന്നും (93), വയനാട് ഏറ്റവും കുറവ് ജലവിതരണ പദ്ധതികളെന്നും (22) ആണ്. ഏറ്റവും കൂടുതൽ നഗര ജലവിതരണ പദ്ധതികൾ കോഴിക്കോടും (16) ഏറ്റവും കുറവ് പാലക്കാടും (1) ആണ് **അനുബന്ധം 11.4.2.**

ഗാർഹിക സേവന കണക്ഷനുകൾ (എച്ച്.എസ്.സി), തെരുവു ടാപ്പുകൾ എന്നിവയിലൂടെ കെ.ഡബ്ല്യു.എ കുടിവെള്ളം വിതരണം ചെയ്യുന്നു. ഗാർഹിക, ഗാർഹികേതര (പ്രത്യേക കണക്ഷനുകൾ ഉൾപ്പെടെ), വ്യാവസായിക കണക്ഷനുകളുടെ ആകെ എണ്ണം യഥാക്രമം (38,10,577), (2,63,271), (2,869) എന്നിവയാണ്. 2022 ആഗസ്റ്റ് 31 വരെ

**ചിത്രം 11.4.1** ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2022 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം




ഉറവിടം: കേരള വാട്ടർ അതോറിറ്റി

ആകെ 1,81,622 തെരുവ് ടാപ്പ് കണക്ഷനുകളിൽ 1,37,320 എണ്ണം പഞ്ചായത്തിലും 27,981 എണ്ണം മുൻസിപ്പാലിറ്റികളിലും 16,321 എണ്ണം കോർപ്പറേഷനുകളിലുമാണ്. **(അനുബന്ധം 11.4.3**). 2022 ആഗസ്റ്റ് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റിയ കെ.ഡബ്ല്യു.എ യുടെ ഗ്രാമീണ ജലവിതരണ പദ്ധതികളുടെ എണ്ണം 698-ഉം 14 ജില്ലകളിലേയും ആകെ ജനസംഖ്യാ കവറേജ് 11,01,160 ഉം ആണ്. പ്രാദേശിക സർക്കാരുകളിലേക്ക് മാറ്റിയ ജലവിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 11.4.4**-ൽ കൊടുത്തിരിക്കുന്നു. **ചിത്രം 11.4.2**-ൽ കാണിച്ചിരിക്കുന്ന 2022 ആഗസ്റ്റ് 31 ലെ ജല ലഭ്യതാ ഡാറ്റ പ്രകാരം എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ജലലഭ്യത (188 എൽ.പി.സി.ഡി) കാസർഗോഡാണ് ഏറ്റവും കുറഞ്ഞ ലഭ്യത (22 എൽ.പി.സി.ഡി). **അനുബന്ധം 11.4.5**.

### വരുമാനം

കെ.ഡബ്ല്യു.എ യുടെ പ്രധാന വരുമാനം ജലവില്പനയിൽ നിന്നാണ്. കൂടാതെ 100 ശതമാനവും മീറ്റർ റീഡ് ചെയ്യുന്ന ജല കണക്ഷനുകളുള്ള, രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. ബ്ലോക്ക് താരിഫ് ഘടനയോടു കൂടിയ (ഉപഭോഗം കൂടുന്നതിനനുസരിച്ച് നിരക്ക് വർദ്ധിക്കുന്നു) ജലതാരിഫ് സംസ്ഥാനത്തുടനീളം ഒരുപോലെയാണ്. ജലതാരിഫിൽ അവസാനം മാറ്റം വരുത്തിയത് 2014 ഒക്ടോബർ 1 ലാണ്. 2021-22 കാലയളവിൽ സമാഹരിച്ച ആകെ വരുമാനം 583.24 കോടി രൂപയാണ്. ജലവില്പനയിൽ നിന്നുള്ള വരുമാനം, കേരള സർക്കാരിൽ നിന്നുള്ള പദ്ധതിയേതര ഗ്രാന്റ്, മറ്റ് വരുമാനം എന്നിവയാണ് വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാന സ്രോതസ്സുകൾ.

ഗാർഹിക ഗാർഹികേതര വ്യാവസായിക പദ്ധതികളുടെ ജല നിരക്കുകളിൽ നിന്നുള്ള വരുമാനം 2021-22, 2022-23-വർഷങ്ങളിൽ (2022 ഓഗസ്റ്റ് 31 വരെ) യഥാക്രമം 48,679 ലക്ഷം രൂപയും 22,487 ലക്ഷം രൂപയും തെരുവ് ടാപ്പുകളിൽ നിന്ന് ലഭിച്ചത് 9,645 ലക്ഷം 3,674 ലക്ഷം രൂപയുമാണ്. **(അനുബന്ധം 11.4.6).**

### സംസ്ഥാന പദ്ധതികൾ

#### സർവ്വേയും അന്വേഷണവും


കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുക എന്നതാണ് കെ.ഡബ്ല്യു.എ യുടെ ലക്ഷ്യം. ഇതിനായി പദ്ധതികളുടെ ഷെൽഫ് തയ്യാറാക്കുന്നതിനായി വിശദമായ സർവ്വേകൾ നടത്തണം. 2021-22 കാലയളവിൽ 14 ജോലികൾ പൂർത്തീകരിക്കുകയും ആകെ 90.90 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### നബാർഡ് സഹായ ഗ്രാമീണ ജലവിതരണ പദ്ധതികൾ– ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്

നബാർഡിന്റെ വായ്പാ സഹായത്തോടെ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ കെ.ഡബ്ല്യു.എ നടപ്പിലാക്കുന്നു. 2022 മാർച്ച് 31 വരെ അനുവദിച്ച മൊത്തം 29 പദ്ധതികളിൽ 11 പ്രോജക്ടുകൾ പൂർത്തിയാക്കുകയും 4 പ്രോജക്ടുകൾ ഉപേക്ഷിക്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷത്തിൽ (2022 ഓഗസ്റ്റ് 31 വരെ) ഒരു പ്രോജെക്റ്റ് പൂർത്തിയാക്കി. 2022-23 സാമ്പത്തിക വർഷത്തിൽ എട്ട് പദ്ധതികൾ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. (ട്രാഞ്ച് XX, XXII എന്നിവയുടെ ബാലൻസ് വർക്കുകളും XXIII, XXIV ട്രഞ്ചുകളിലെ ചില പ്രവൃത്തികളും).

പാലക്കാട് അഗളിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി (സി ഡബ്ല്യു എസ് എസ്), പെറുനാട് പഞ്ചായത്തിലെ നിലക്കൽ പ്ലാപ്പള്ളി പ്രദേശത്തേക്കും സീതത്തോട് പഞ്ചായത്തിലേക്കും, പൂവാർ പഞ്ചായത്തിലേക്കും,കുളകട, വിതുര തൊളിക്കോട് എന്നിവിടങ്ങളിലേക്കുമുള്ള ജലവിതരണ പദ്ധതികൾ- എന്നിങ്ങനെ ചില പ്രധാന ജോലികൾ നബാർഡിന് കീഴിൽ അനുവദിച്ചു. മുട്ടം, കരികുന്നം, കുടയത്തൂർ

**ചിത്രം 11.4.2** 2022 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത




ഉറവിടം: കേരള വാട്ടർ അതോറിറ്റി

പഞ്ചായത്തുകളിലേക്കുള്ള ജല വിതരണ പദ്ധതിയും മേലില പഞ്ചായത്തുകളിലേക്കുള്ള ജല വിതരണ പദ്ധതിയുമാണ് 2020-21-ൽ ട്രാൻചേ XXVI-ൽ അനുവദിച്ച രണ്ട് പ്രധാന പദ്ധതികൾ. കോവിഡ്-19 കാരണം 2020-21ൽ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാത്തതിനാൽ 2021-22ൽ വീണ്ടും അനുമതി ലഭിച്ചു. കുന്നത്തൂർ താലൂക്കിലെ കുന്നത്തൂർ പോരുവഴി, ശൂരനാട് വടക്ക് പഞ്ചായത്തുകളിലേക്കും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ തൊടിയൂർ, കുലശേഖരപുരം പഞ്ചായത്തുകളിലേക്കുമുള്ള ജല വിതരണ പദ്ധതിയും കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ മാങ്ങാട്ടിടം പഞ്ചായത്തിലെ മാങ്ങാട്ടിടം സോൺ IIIലേക്കുമുള്ള ജലവിതരണ പദ്ധതിയുമാണ് 2021-22ൽ അനുവദിച്ച രണ്ട് പ്രധാന പദ്ധതികൾ.

**കുപ്പിവെള്ളത്തിനുള്ള നിർമ്മാണ യൂണിറ്റുകൾ**

പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് ഗുണനിലവാരമുള്ള, പാക്കേജ് ചെയ്ത/കുപ്പിവെള്ളം കെ ഡബ്ല്യു എ വഴി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരത്ത് ഒരു കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സിവിൽ മെക്കാനിക്കൽ ജോലികൾ പൂർത്തിയായി. കുപ്പിവെള്ള പ്ലാന്റ് കെ.ഐ.ഐ.ഡി.സി (കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ)-ക്ക് കൈമാറി. ഇപ്പോൾ പ്ലാന്റ് പ്രവർത്തിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് കെ.ഐ.ഐ.ഡി.സി ആണ്.

**കെ.ഡബ്ല്യു.എ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം**

സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, സംരക്ഷണം, നവീകരണം എന്നിവയുടെ അഭാവം മൂലം കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളെ നവീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഓഫീസ് കെട്ടിടങ്ങൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഇൻടേക്ക്, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയ വിവിധ സിവിൽ ഘടനകളുടെ വാർഷിക അറ്റകുറ്റപ്പണികൾ സംസ്ഥാനത്തുടനീളം നടത്തേണ്ടതുണ്ട്. അതിനാൽ സൃഷ്ടിച്ച നേട്ടങ്ങളെ സംരക്ഷിക്കുവാനും സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സിവിൽ ഘടനകളുടെ ഘട്ടം ഘട്ടമായുള്ള പരിപാലനവും നിർദ്ദേശിക്കുന്നു. ഡബ്ല്യു.ടി.പി.കൾ, കെ.ഡബ്ല്യു.എ ഓഫീസുകൾ, ഒഴിഞ്ഞ പ്ലോട്ടുകൾ എന്നിവയ്ക്ക് ചുറ്റും കോമ്പൗണ്ട് മതിലുകൾ നിർമ്മാണവും ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്നു. സാമൂഹിക വിരുദ്ധരുടെ കയ്യേറ്റവും കടന്നുകയറ്റവും തടയുന്നതിന് കെ.ഡബ്ല്യു.എ യുടെ ഉടമസ്ഥതയിലുള്ള ഭൂമി വ്യക്തമായി നിർണ്ണയിക്കാൻ ഇത് സഹായിക്കും.

2021-22ൽ 300 ലക്ഷം രൂപ വകയിരുത്തിയതോടെ വിവിധ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ, ടാങ്കുകൾ, പമ്പ് ഹൗസുകൾ എന്നിവയുടെ അറ്റ കുറ്റപ്പണികൾ ഉൾപ്പടെ 26 ജോലികൾ ഈ ബജറ്റ് വിഹിതത്തിൽ പൂർത്തിയായി. 767.48 ലക്ഷം രൂപയാണ് ചെലവായത്.

**നൂതന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും**

പുതിയ സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും സ്വീകരിച്ച് സേവന വിതരണവും ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. നൂതന ആശയങ്ങൾ പരിശീലിപ്പിക്കുന്നതിലൂടെ പരിഹരിക്കാനോ മെച്ചപ്പെടുത്താനോ കഴിയാത്ത ചില പ്രശ്നങ്ങൾ പരിഹരിക്കാനോ മെച്ചപ്പെടുത്താനോ കഴിയും.

ആട്ടോമേറ്റഡ് നെറ്റവർക്കുകൾ ഫ്ലോ മീറ്ററുകൾ സ്മാർട്ട് മീറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ വരുമാന രഹിതജലം (എൻ.ആർ.ഡബ്ല്യു) കുറക്കുന്നതിനായി നടപടികൾ കൈകൊള്ളാനാകും. എല്ലാ പ്രധാന പദ്ധതികളിലും ബൾക്ക് മീറ്ററുകൾ വാങ്ങാനും ഇവ സൂപ്പർ വൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷനുമായി (എസ്.സി.എ.ഡി.എ) സംയോജിപ്പിക്കുവാനും പദ്ധതി വിഭാവനം ചെയ്യുന്നു. ചോർച്ച കണ്ടുപിടിക്കുന്ന(leak detection) ഉപകരണങ്ങളുടെ സംഭരണം, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, ഡബ്ല്യൂ.ടി.പി കൾ വർദ്ധിപ്പിക്കുന്നതിന് ഡ്യൂവൽ മീഡിയയുടെ ഉപയോഗം ജല വിതരണ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പമ്പിംഗിലെ ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുവേണ്ടി പമ്പുകളുടെ കാര്യക്ഷമതാ പഠനം, ശുദ്ധീകരിച്ച ജലത്തിന്റെ പാഴാക്കൽ കുറയ്ക്കൽ, വരുമാന വർദ്ധനവ് എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2021-22 ൽ 17 ജോലികൾ പൂർത്തീകരിക്കുകയുണ്ടായി. കെ.ഡബ്ല്യു.എ കെട്ടിടത്തിന്റെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, എറണാകുളത്തെ നെട്ടൂരിലുള്ള സ്റ്റേറ്റ് ക്വാളിറ്റി കൺട്രോൾ ലാബിന് പുതിയതും അത്യാധുനികവുമായ ഉപകരണങ്ങൾ വാങ്ങൽ നിരീക്ഷണ ക്യാമറ, ഫ്ലോ മീറ്ററുകൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

### മാനവ വിഭവ ശേഷി, ഗവേഷണവും, വികസനവും ഗുണനിലവാര നിയന്ത്രണവും

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുതിയ ഹൈ.ടെക് സംവിധാനങ്ങൾ പരിപാലിക്കുന്നതിനും വേണ്ടി ആധുനിക മാനേജ്മെന്റ് രീതികളും വിദ്യകളും പരിശീലിപ്പിച്ചുകൊണ്ട് എഞ്ചിനിയർമാരേയും മറ്റ് സ്റ്റാഫിനേയും സജ്ജരാക്കേണ്ടതുണ്ട്. 6,088 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 224 ഇൻ-ഹൗസ് ഔട്ട്സ്റ്റേഷൻ പരിശീലന കോഴ്സുകൾ നടത്തി എന്നതാണ് 2021-22 സാമ്പത്തിക വർഷത്തിലെ ഒരു പ്രധാന നേട്ടം.

### നഗര ജലവിതരണ പദ്ധതിയുടെ പുനരധിവാസം, മെച്ചപ്പെടുത്തൽ, പ്രവർത്തനങ്ങൾ

നഗര പ്രദേശങ്ങളിൽ 100 ശതമാനം കവറേജ് നേടുക, പരിധിയില്ലാത്ത നഗര തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുക, ഉൽപാദന ഘടകങ്ങൾ പൂർത്തീകരിച്ച പദ്ധതികളിൽ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. 2021-22ൽ നാല് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ആകെ 645.44 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### ഗ്രാമീണ ജല വിതരണപദ്ധതികൾ

പൈപ്പ് ജലവിതരണത്തിലൂടെ ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്ത ഗ്രാമീണ വീടുകളിൽ ജലവിതരണം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2020 ഏപ്രിൽ 1 ലെ കണക്കുകൾ പ്രകാരം ഏകദേശം 34 ശതമാനം ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് ജലവിതരണമുള്ളത്. 2024-ഓടെ എല്ലാ വീടുകളിലും പൈപ്പ് ജലവിതരണം ലക്ഷ്യമിട്ടുള്ള ജൽ ജീവൻ മിഷൻ ആരംഭിച്ചതോടെ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. പുതിയ ഗ്രാമീണ പദ്ധതികൾ, തുടർന്നു വരുന്ന ഗ്രാമീണ പദ്ധതികളുടെ പൂർത്തീകരണം നിലവിലുള്ള സ്കീമുകളുടെ നവീകരണം എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. 2021-22 ൽ 4 പദ്ധതികൾ പൂർത്തീകരിക്കുകയും 5,618.96 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി

മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ഗ്രാമീണ സ്കൂളുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലെയുള്ള ചില പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്ക് തടസ്സമില്ലാതെ ജലവിതരണം നൽകാനും സിവിൽ സ്റ്റേഷൻ പരിസരം, ജയിൽ, കറക്ഷൻ ഹോം തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലും ശബരിമല പോലുള്ള സന്ദർശന കേന്ദ്രങ്ങളിലെ തീർത്ഥാടകർക്ക് മതിയായ അളവിൽ കുടിവെള്ളം നൽകാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2021-22ൽ നാല് പ്രവൃത്തികൾ പൂർത്തീകരിച്ചു. ഉഴവൂർ പഞ്ചായത്തിലെ കെ.ആർ.നാരായണൻ ആശുപത്രിക്ക് സമീപം പാലാ കൂത്താട്ടുകുളം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ, മെഡിക്കൽ കോളേജ്, കോട്ടയം, കാസർകോട്, വിദ്യാനഗർ, സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലെ ഗവൺമെന്റ് കോളേജിൽ ജലവിതരണ സൗകര്യം, തവനൂർ പഞ്ചായത്തിലെ തൃക്കണ്ണാപുരത്തുള്ള സെൻട്രൽ ജയിലിലേക്കും കറക്ഷണൽ ഹോമിലേക്കും പൈപ്പ് ലൈൻ നീട്ടലും വാട്ടർ കണക്ഷനും എന്നിവയാണ് പൂർത്തീകരിച്ച പ്രവർത്തികൾ.

### അരുവിക്കര പമ്പിംഗ് സ്റ്റേഷൻ നവീകരണം

തിരുവനന്തപുരം നഗരത്തിലേക്കുള്ള ജലവിതരണത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി കെ.ഡബ്ല്യു.എ യുടെ ഒരു പ്രധാന പദ്ധതിയാണ് അരുവിക്കരയുടെ ആധുനികവൽക്കരണം. പഴയതും കേടായതുമായ പമ്പുകൾ മാറ്റി സ്ഥാപിക്കൽ, മോട്ടോറുകൾ, ജല ശുദ്ധീകരണ പ്ലാന്റുകളിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഇൻസ്റ്റാലേഷനുകൾ, പമ്പ് ഹൗസുകൾ, ചിത്തിരക്കുന്ന്, അരുവിക്കര 86 എം.എൽ.ഡി കാമ്പസിലെ സബ്സ്റ്റേഷനുകൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവർത്തികൾ. 2021-22 സാമ്പത്തിക വർഷത്തെ മൊത്തം വകയിരുത്തിയ തുകയും (100.00 ലക്ഷം രൂപ) ചെലവഴിക്കുകയുണ്ടായി.

### ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക

നിലവിലുള്ള പദ്ധതികളിലൂടെയുള്ള പ്രയോജനങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. തടസ്സമില്ലാത്ത ജലവിതരണം, ചോർച്ച, പൊട്ടൽ എന്നിവയിലുള്ള ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം എന്നിവ ഉറപ്പാക്കാനാണ് ഇതു ഉദ്ദേശിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ 191 ജോലികൾ പൂർത്തിയാക്കി. പഴയ ജലശുദ്ധീകരണ പ്ലാന്റുകളുടെ നവീകരണം, നിലവിലുള്ള ഡബ്ല്യു.എസ്.എസ് പൈപ്പുകളുടെ മാറ്റി സ്ഥാപിക്കലും പൈപ്പുകൾ നീട്ടുകയും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുകയും ചെയ്യുക എന്നിവ അവയിൽ ഉൾപ്പെടുന്നു. 2021-22 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 14,773.64 ലക്ഷം രൂപയാണ്.

### ഉറവിടം മെച്ചപ്പെടുത്തലും ജലസംരക്ഷണവും

വേനൽക്കാലത്ത്/വരൾച്ചാ കാലാവസ്ഥയിൽ മതിയായ വെള്ളം ഉറവിടത്തിൽ ലഭ്യമാണെന്ന് ഉറപ്പാക്കുകയും ജല സ്രോതസ്സുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഇത് പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജല നിരപ്പിലെ കാലാനുസൃതമായ വ്യതിയാനങ്ങൾ പരിഹരിക്കുന്നതിനും സഹായിക്കും. 2021-22 കാലയളവിൽ ഉറവിടം ശക്തിപ്പെടുത്തുന്നതിനും

സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്തു. അതിൽ പ്രധാനമായും ചെക്ക് ഡാമുകളുടെയും റെഗുലേറ്ററുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. ട്യൂബ് കിണറുകൾ, തുറന്ന കിണറുകൾ, വെള്ളം അരിച്ച് എടുക്കുന്ന ഗാലറി, പ്രധാന കനാൽ തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജലസംഭരണികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ, അണകളിലെ പാർശ്വ സംരക്ഷണം, ചെക്ക് ഡാമുകൾ എന്നിവ നടത്തുകയും നിലവിലുള്ള ഘടനകളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമാണ്. ഈ പ്രവർത്തനത്തിലൂടെ വേനൽക്കാലത്തെ ജല സമ്മർദ്ദം വലിയൊരളവിൽ ലഘൂകരിക്കാനാകും. 2021-22 കാലയളവിൽ 13 ജോലികൾ പൂർത്തീകരിക്കുകയും ഇതിനായി 179.84 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### കുടിവെള്ള വരൾച്ച ലഘൂകരണം

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും മുൻകൂട്ടി പ്രതീക്ഷിക്കാത്ത അടിയന്തിര ഇടപെടലുകളും ഈ പദ്ധതിയിൽ ഏറ്റെടുക്കുന്നു. ഇവയ്ക്ക് പുറമേ വലിയ വ്യാസമുള്ള പൈപ്പ് പൊട്ടുമ്പോൾ വസ്തുവകകൾക്കും ജലവിതരണ സംവിധാനങ്ങൾക്കും സംഭവിക്കുന്ന നാശ നഷ്ടങ്ങൾ എന്നിവ പോലുള്ള ദുരന്തോൻമുഖ സാഹചര്യങ്ങളിലും പ്രകൃതിദുരന്ത സമയത്ത് അടിയന്തിര ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ജലവിതരണം എന്നിവയും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കേണ്ടതുണ്ട്. വരൾച്ചാ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരണം, വരൾച്ചാക്കാലത്ത് അധിക പമ്പിംഗ്, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22ൽ 218 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 55 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് തുകയായ 1000.00 ലക്ഷം രൂപയിൽ 997.44 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി – (കെ.യു.ഡബ്ല്യു.എസ്.ഐ.പി)

എൻ.ആർ.ഡബ്ല്യു (വരുമാന രഹിതജലം) ഗണ്യമായി കുറയ്ക്കുകയും കാര്യക്ഷമതയുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലും വഴി പഴയ ഉൽപ്പാദന ഘടകങ്ങളെയും ശൃംഖലയെയും പുനരധിവസിപ്പിച്ച് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലെ ജലവിതരണം മെച്ചപ്പെടുത്തുകയും മേൽപ്പറഞ്ഞ മേഖലകളിൽ 24*7 വിതരണം നേടുകയുമാണ് എ.ഡി.ബി സഹായത്തോടെയുള്ള കെ.യു.ഡബ്ല്യു.എസ്.ഐ.പി ലക്ഷ്യമിടുന്നത്. നിലവിലുള്ള ഉൽപ്പാദന സൗകര്യങ്ങൾ പഴയതും പുനരധിവാസം ആവശ്യമുള്ളതുമാണ്. അതുപോലെ തന്നെ വിതരണ ശൃംഖലയിലെ ചോർച്ച, ഉയർന്ന എൻ.ആർ.ഡബ്ല്യു-വിന് കാരണമാവുകയും ചെയ്യുന്നു. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും (എം.ഐ.എസ്) ശാക്തീകരിക്കേണ്ടതുണ്ട്.

### എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി), ഇ–ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ്

കേരള വാട്ടർ അതോറിറ്റിയിൽ സുസജ്ജമായ വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഐടി റോഡ്മാപ്പിലെ പ്രധാന നാഴികക്കല്ലുകളിലേക്ക് 2022-23 ൽ കെ.ഡബ്ല്യു.എ ചുവടുവച്ചു. ശ്രദ്ധേയമായ നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്: -

**ഇ അബാക്കസ്സ്:** കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യു.എ) ഉപഭോക്തൃ മാനേജ്മെന്റിനായി ഉപയോഗിക്കുന്ന ഓൺലൈൻ ഇടപാട് പ്രോസസ്സിംഗ് സംവിധാനമുള്ള ഇ-അബാക്കസ് എന്റർപ്രൈസ് ബില്ലിംഗ് ആപ്ലിക്കേഷൻ എല്ലാ ഉപവിഭാഗങ്ങളിലേക്കും വ്യാപിപ്പിച്ചു. 37.83 ലക്ഷം ഉപഭോക്താക്കൾ അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ.ഡബ്ല്യു.എ യുടെ എല്ലാ ഉപഭോക്താക്കളെയും ഈ സംവിധാനത്തിനു കീഴിൽ കൊണ്ടുവന്നിട്ടുണ്ട്, എടുത്തു പറയേണ്ട ഒരു നാഴിക കല്ലാണിത്.

### സമഗ്രമായ ഐ.ടി സൊല്യൂഷൻ:

നിലവിലുള്ളതും പുതുതായി ആസൂത്രണം ചെയ്തിട്ടുള്ളതുമായ എല്ലാ ഫംഗ്ഷണൽ സോഫ്റ്റ്‌വെയറുകളും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അക്കൗണ്ടിംഗ്, പ്രൊക്യുർമെന്റ്, പ്രോജക്റ്റ് മാനേജ്മെന്റ്, റിസ്ക് മാനേജ്മെന്റ്, കംപ്ലയൻസ്, സപ്ലൈ ചെയിൻ പ്രവർത്തനങ്ങൾ തുടങ്ങിയ ഓർഗനൈസേഷനിലെ ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് സമഗ്രമായ ഐടി സൊല്യൂഷൻ നടപ്പിലാക്കാൻ കെ.ഡബ്ല്യു.എ പദ്ധതിയിടുന്നുണ്ട്. ഒരു ജീവനക്കാരന് ഒരു യൂസർ നെയിം പ്രവർത്തനക്ഷമമായ സോഫ്റ്റ്‌വെയറുകളിലേക്കുള്ള ഒരു ഗേറ്റ്‌വേ, എന്നിവ ഈ സൗകര്യത്തിന്റെ പ്രധാന സവിശേഷതയാണ്. കൂടാതെ, എല്ലാ ഡാറ്റയും ഒരൊറ്റ റിലേഷണൽ ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റത്തിൽ (ആർ.ഡി.ബി.എം.എസ് ) സംഭരിക്കും. എല്ലാ ഫങ്ഷണൽ മൊഡ്യൂളുകളും ആർ.ഡി.ബി.എം.എസ് ലെയറിനു മുകളിൽ സ്ഥാപിക്കും. സമഗ്രമായ ഐ.ടി സൊല്യൂഷൻസിന്റെ വികസനം പുരോഗമിക്കുകയാണ്.

### ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്)

സംസ്ഥാനത്തെ ജലവിതരണ സംവിധാനം കൈകാര്യം ചെയ്യുന്നതിൽ കേരള വാട്ടർ അതോറിറ്റിയെ സഹായിക്കുന്ന ഒരു പ്രധാന ഉപകരണമാണ് ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്). കെ.ഡബ്ല്യു.എ യുടെ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള അസറ്റ് മാപ്പിംഗ് പൂർത്തിയാക്കി, പുതിയ കസ്റ്റമൈസ്ഡ് ജി.ഐ.എസ് പോർട്ടൽ സമാരംഭിച്ചു, അതിൽ ഇൻ-ഹൗസ് അപ്ഡേറ്റ് സാധ്യമാണ്. ജി.ഐ.എസ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കെ.ഡബ്ല്യു.എ അഞ്ച് ആർക്ക് ജി.ഐ.എസ് ലൈസൻസുകൾ വാങ്ങി.

### കിഫ്ബി പദ്ധതികൾ

കിഫ്ബിയുടെ കീഴിൽ കെ.ഡബ്ല്യു.എ യുടെ 72 കുടിവെള്ള പദ്ധതികൾക്ക് കേരള സർക്കാർ അനുമതി നൽകിയിരുന്നു. 72 പദ്ധതികൾക്ക് 4,498.98 കോടി രൂപയുടെ ധനസഹായം നൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 4091.36 കോടി രൂപയുടെ 61 ജലവിതരണ പദ്ധതികളും 11 സർക്കിളുകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, കൊച്ചി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 407.62 കോടി രൂപയുടെ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കലും ഉൾപ്പെടുന്നു. ഇതിൽ 335.65 കോടി രൂപയുടെ 14 ജലവിതരണ പദ്ധതികളും 103.08 കോടി രൂപയുടെ 40 പുനഃസ്ഥാപന പ്രവൃത്തികളും ഇതിനോടകം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ, 521.2 കോടി രൂപയ്ക്ക് രണ്ടാം ഘട്ടത്തിലെ 5 പദ്ധതികൾക്ക് കേരള സർക്കാർ ഭരണാനുമതി നൽകുകയുമുണ്ടായി.

### അടൽ മിഷൻ ഫോർ റിജുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (എ.എം.ആർ.യു.റ്റി–അമൃത്)

കേരളത്തിലെ 9 നഗരങ്ങളിൽ ജലവിതരണത്തിലും മലിനജലത്തിലും അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) പദ്ധതികൾ നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നിങ്ങനെ 3 മുനിസിപ്പാലിറ്റികളിലുമായി കെ.ഡബ്ല്യു.എ യുടെ ജലവിതരണ പദ്ധതികൾ വ്യാപിച്ചുകിടക്കുന്നു. ഡബ്ല്യു. ഡി.പികളുടെ നിർമ്മാണം, ഓവർ ഹെഡ് സ്റ്റോറേജ് റിസർവോയറുകൾ (ഒ.എച്ച്.എസ്.ആർ), പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ, കേടായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, ഫ്ലോ മീറ്ററുകൾ, പുതിയ ഹൗസ് കണക്ഷനുകൾ നൽകുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

അമൃതിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിൽ കെ.ഡബ്ല്യു.എ മലിനജല നിവാരണ പ്രവൃത്തികൾ നടത്തി വരുന്നു. അമൃതിന്റെ കീഴിലുള്ള ജലവിതരണ പ്രവർത്തനങ്ങൾ. നിലവിലുള്ള നെറ്റ്വർക്കുകളുടെയും കേടായ പമ്പുകളുടെയും പുനരുദ്ധാരണം, കാണാതായ പ്രദേശങ്ങളിൽ പുതിയ നെറ്റ്വർക്ക് നൽകുക, പുതിയ പമ്പ് ഹൗസുകളുടെ നിർമ്മാണം, പമ്പിംഗ് മെയിനുകൾ സ്ഥാപിക്കൽ, ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കൽ, എസ്. റ്റി.പി മുട്ടത്തറയിലെ സ്ലഡ്ജ് ഡ്രൈയിംഗ് യൂണിറ്റ്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വികേന്ദ്രീകൃത 5 എം.എൽ.ടി എസ്.ടി.പി, കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 എംഎൽഡി എസ്ടിപിയും കൊച്ചി കോർപ്പറേഷനിലെ ഏലംകുളത്ത് അഞ്ച് എംഎൽഡി എസ്ടിപിയുമാണ് തിരുവനന്തപുരത്ത് അമൃതിന്റെ കീഴിൽ കെ.ഡബ്ല്യു.എ നടപ്പിലാക്കുന്ന മലിനജല പ്രവർത്തനങ്ങൾ. 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 വരെ അഞ്ച് വർഷമാണ് പദ്ധതി കാലയളവ്. ഇത് ഇപ്പോൾ 2023 മാർച്ച് 31 വരെ നീട്ടിയിട്ടുണ്ട്. മേൽപ്പറഞ്ഞ നഗരങ്ങളിൽ 173 ജലവിതരണ പ്രവർത്തനങ്ങളും (1,156.03 കോടി രൂപ) 116 മലിനജല പദ്ധതികളും (321.45 കോടി) നടപ്പാക്കുന്നതിന് ഭരണാനുമതി കെ.ഡബ്ല്യു. എ ക്ക് നൽകിയിട്ടുണ്ട്. ആകെ പദ്ധതി വിഹിതം 50:30:20 അനുപാതത്തിൽ യഥാക്രമം കേന്ദ്ര, സംസ്ഥാന, അതത് നഗര പ്രാദേശിക സർക്കാരുകൾ എന്നതാണ് ഫണ്ടിംഗ് രീതി. ഇവയിൽ 799.26 കോടി രൂപയുടെ 158 ജലവിതരണ പദ്ധതികളും 65.64 കോടി രൂപയുടെ 90 മലിനജല പദ്ധതികളും ഇതുവരെ പൂർത്തീകരിച്ചു, ബാക്കിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്.

ഗാർഹിക വാട്ടർ ടാപ്പ് കണക്ഷനോടൊപ്പം സാർവത്രിക പൈപ്പ് ജലവിതരണം നൽകുന്നതിനായി ഇന്ത്യാ ഗവൺമെന്റ് (GoI) അമൃത് 2.0 ആരംഭിക്കുകയുണ്ടായി. എല്ലാ 4800 നിയമാനുസൃത പട്ടണങ്ങളിലും ജലവിതരണത്തിന്റെ സാർവത്രിക കവറേജും 500 അമൃത് നഗരങ്ങളിൽ 100 ശതമാനം മലിനജല/സെപ്റ്റേജ് മാനേജ്മെന്റും നൽകുക എന്നതാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ഏകദേശം 3500.00 കോടി രൂപ വിഹിതത്തിൽ ഉൾപ്പെടുത്തി കേരളത്തിൽ 93 യു.എൽ.ബികൾക്ക് ജലവിതരണത്തിന്റെ സാർവത്രിക കവറേജും 9 അമൃത് നഗരങ്ങളിൽ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റും നൽകണം. ഇതിൽ 1713.40 കോടി രൂപ ജലവിതരണത്തിനും 1638.32 കോടി രൂപ മലിനജല/സെപ്റ്റേജ് മാനേജ്മെന്റിനും ബാക്കി തുക ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനും ഹരിത ഇടങ്ങളും പാർക്ക് പദ്ധതികളും വികസിപ്പിക്കുന്നതിനും നീക്കിവച്ചിരിക്കുന്നു. അമൃത് 2.0 യുടെ ഭാഗമായി 93 യു.എൽ.ബി.കൾക്കായി 1971.177 കോടി രൂപയുടെ പ്രോപോസലുകൾ സമർപ്പിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷമാണ് പദ്ധതിയുടെ ദൗത്യ കാലയളവ്. (കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും എന്ന അധ്യായം കാണുക)

### റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ)

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) ൻറെ കീഴിൽ 202.32 കോടി രൂപയുടെ പതിനൊന്ന് ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകി. ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി, ടിവി പുരം പഞ്ചായത്തിലേയ്ക്കുള്ള ഗ്രാമീണ ജലവിതരണ പദ്ധതിക്കു വേണ്ടിയുള്ള വിതരണ ശൃംഖല, കടുത്തുരുത്തിയിലേക്കും സമീപ ഗ്രാമങ്ങളിലേക്കുമുള്ള ജലവിതരണ പദ്ധതി, എരുമേലി മേഖല (I,III,V ഭാഗം) ജലവിതരണ സംവിധാനത്തേക്കുള്ള ജലവിതരണ പദ്ധതി, ചാവക്കാട് താലൂക്ക് ഘട്ടം 2-ലെ മുല്ലശ്ശേരി പവറട്ടി പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ പദ്ധതി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി, നൂൽപ്പുഴ, മുട്ടിൽ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലേക്കുള്ള ജല വിതരണ പദ്ധതികൾ, എരുമേലി പഞ്ചായത്ത് സ്ഥാപിക്കുന്ന സോൺ 4 കനകപ്പള്ളം മേഖല വിതരണ സംവിധാനത്തിലേക്കുള്ള ജലവിതരണ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2021-22-ൽ, രണ്ട് പ്രവൃത്തികൾ, അതായത്, തിരഞ്ഞെടുത്ത 28 നഗര തദ്ദേശ സ്ഥാപനങ്ങളിലെ (യുഎൽബി) ടോപ്പോഗ്രാഫിക്കൽ സർവേയും, മലിന ജലനിവാരണം നടപ്പിലാക്കുന്നതിനായി കൊല്ലം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ 4 മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ടോപ്പോഗ്രാഫിക്കൽ സർവേ ഉൾപ്പെടെയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ) തയ്യാറാക്കലും റ്റൂറൽ പമ്പ് ഹൗസുകളുടെ സിസ്റ്റവും ഓട്ടോമേഷനും യഥാക്രമം 6 കോടി രൂപയും 11.42 കോടി രൂപയും ആർകെഐ പ്രകാരം അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ആർ. കെ.ഐ വർക്കുകളിൽ, നാല് പ്രവൃത്തികൾ - ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി മെച്ചപ്പെടുത്തൽ, ടിവി പുരം പഞ്ചായത്തിലേയ്ക്കുള്ള ഗ്രാമീണ ജലവിതരണ പദ്ധതിക്കു വേണ്ടിയുള്ള വിതരണ ശൃംഖല, എരുമേലി പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി സോൺ 4 - കനകപള്ളത്തിൽ വിതരണ സംവിധാനം സ്ഥാപിക്കൽ, പമ്പിംഗ് സ്റ്റേഷനുകളുടെ ഊർജ്ജ ഓഡിറ്റ് എന്നിവയാണ് പൂർത്തിയാക്കിയ പ്രവർത്തികൾ. മറ്റെല്ലാ ജോലികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

### ജപ്പാൻ ഇന്റർ നാഷണൽ കോ–ഓപ്പറേഷൻ ഏജൻസി (ജൈക്ക) സഹായ കേരള ജലവിതരണ പദ്ധതി

തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ അഞ്ച് ജലവിതരണ പദ്ധതികൾ നടപ്പാക്കാനാണ് ജെ.ഐ.സി.എ (ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) സഹായ ജലവിതരണ പദ്ധതി വിഭാവനം ചെയ്യുന്നത്.

**ബോക്സ് 11.4.2** കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ) യുടെ പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ

"കൃത്യതയും വേഗതയും കാര്യക്ഷമതയും" ഉറപ്പാക്കുന്നതിനായി കെ.ഡബ്ല്യു.എ യുടെ ഐടി വിംഗ് വിവിധ ഡിജിറ്റൽ സംരംഭങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. അവ ഇപ്രകാരമാണ്:

- പരാതി പരിഹാരത്തിനായി 24 മണിക്കൂർ കോൾ സെന്റർ നടപ്പിലാക്കി (1916).
- അക്വാലൂം: ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി ജലഭവനിലെ ഹെഡ് ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര യൂണിറ്റ് സ്ഥാപിച്ചു. പരാതി പരിഹാര സംവിധാനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും രജിസ്ടർ ചെയ്ത പൊതു പരാതികളുടെ പുരോഗതി ട്രാക്ക് ചെയ്യുന്നതിനും നിരീക്ഷണത്തിനുമുള്ള ഒരു സോഫ്റ്റ് വെയർ "അക്വാലൂം" ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.
- ഇ-ടാപ്പ്: ഓൺലൈനായി വാട്ടർ കണക്ഷനുകൾ, മലിനജല കണക്ഷനുകൾ, ഉപഭോക്തൃ സേവന പോർട്ടൽ എന്നിവ സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ചു.
- ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കുന്നതിന്, ജലത്തിന്റെ ഗുണനിലവാര സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനം കെ.ഡബ്ല്യു.എയിൽ നടപ്പിലാക്കിയിട്ടുണ്ട്.
- സംസ്ഥാനത്തുടനീളമുള്ള എല്ലാ ഓഫീസുകളിലും പേപ്പർലെസ് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ (ഡിഡിഎഫ്എസ്) വികസിപ്പിച്ചിട്ടുണ്ട്. ഗ്രീൻ ഓഫീസ് സംരംഭത്തിന്റെ ഭാഗമായി എല്ലാ ബില്ലുകളും രസീതുകളും പേയ്മെന്റുകളും ഓപ്ഷണലായി പേപ്പർ രഹിതമായി നടത്തുന്നു.
- കേന്ദ്ര ഗവൺമെന്റ് സംരംഭമായ "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" നടപ്പിലാക്കുന്നത് വിജയകരമായി പൂർത്തീകരിച്ചു. വകുപ്പിനെ സംരംഭക സൗഹൃദമാക്കിക്കൊണ്ട്, വ്യാവസായിക, ഗാർഹികേതര ആവശ്യങ്ങൾക്കായുള്ള ജലവിതരണത്തിനുള്ള അപേക്ഷ കെ.എസ്.ഐ.ഡി.സിയുടെ കെ-സ്വിഫ്റ്റ് സ്റ്റേറ്റ് പോർട്ടലുമായി സംയോജിപ്പിച്ചിരിക്കുന്നു.

ഉറവിടം: കെ.ഡബ്ല്യു.എ

എല്ലാ അഞ്ച് പദ്ധതികളും കമ്മീഷൻ ചെയ്യുകയും ഗുണഭോക്താക്കൾക്ക് ജലവിതരണ സംവിധാനം നടത്തുകയും ചെയ്യുന്നു. തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നിവിടങ്ങളിൽ വിഭാവനം ചെയ്ത വിതരണ ശൃംഖലകൾ പൂർണമായും സജ്ജമായി. തിരുവനന്തപുരത്ത് രണ്ട് ഡബ്ല്യു.ഡി.പികളുടെ പുന:സ്ഥാപിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോഴിക്കോട് മീനാട് പദ്ധതികൾക്കായി, വിതരണ സംവിധാനത്തിന്റെ ഒരു ഭാഗം ഒഴികെയുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുകയും പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. 2036-ഓടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ 5 ജില്ലകളിലായി ഏകദേശം 41 ലക്ഷം ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**ജൽജീവൻ മിഷൻ (ജെ.ജെ.എം.)**

2024 ഓടെ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഭാരത സർക്കാർ പദ്ധതിയാണ് ജൽജീവൻ മിഷൻ (ജെ.ജെ.എം.). എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തോടുകൂടിയതും മതിയായ അളവിലും തുടർച്ചയായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം. മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജ്, ഗാർഹിക മലിനജലത്തെ കൃഷിക്ക് പുനരുപയോഗിക്കുന്നതിനു വേണ്ടിയുള്ള പരിപാലനം തുടങ്ങിയ ഉറവിട സുസ്ഥിരതയ്ക്കായി പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ ഉൾപ്പെടെ പ്രാദേശിക തലത്തിൽ ജലത്തിന്റെ ആവശ്യ-വിതരണ വശത്തിന്റെ സമഗ്രമായ മാനേജ്മെന്റിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. രാജ്യത്തുടനീളം സുസ്ഥിര ജലവിതരണ പരിപാലനത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മിഷൻ മറ്റ് കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികളുമായി ഒത്തുചേരും. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 50 ശതമാനം സംസ്ഥാന വിഹിതത്തിൽ 15 ശതമാനം പഞ്ചായത്ത് വഹിക്കുകയും 10 ശതമാനം ഗുണഭോക്തൃ വിഹിതമായി ഉറപ്പാക്കുകയും വേണം.

2021-22ൽ ജെ.ജെ.എമ്മിന് കീഴിൽ 25.51 ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകാൻ ലക്ഷ്യമിട്ട് 24,642.12 കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചു. കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് 1353.44 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചു. മൊത്തം തുകയിൽ 957.44 കോടി രൂപ കേന്ദ്ര വിഹിതത്തിൽ നിന്ന് ഒപ്പണിംഗ് ബാലൻസ് ഉൾപ്പെടെ വിനിയോഗിച്ചു. 2021-22 ൽ സംസ്ഥാന മാച്ചിംഗ് ഷെയർ ഉൾപ്പെടെ ജെ.ജെ എമ്മിന് കീഴിൽ ഉപയോഗിച്ച മൊത്തം ഫണ്ട് 2,017.01 കോടി രൂപയാണ്. 2021-22ൽ ജെ.ജെ. എമ്മിന് കീഴിൽ കേരളം 6,63,862 ഗ്രാമീണ ഗാർഹിക കണക്ഷൻ നൽകുക ഉണ്ടായി.

**ജലനിധി**

ലോകബാങ്ക് സഹായത്തോടെ ജലനിധി നടപ്പാക്കുന്നതിനുള്ള ഒരു പ്രത്യേകോദ്ദേശ്യമായാണ് കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ. ആർ.ഡബ്ല്യു.എസ്.എ) രൂപീകരിച്ചത്. 2000-2008 കാലയളവിൽ ജലനിധി ഘട്ടം -1, 2012-19 കാലയളവിൽ ഘട്ടം 2 എന്നിങ്ങനെ ജലനിധിയുടെ രണ്ട് ഘട്ടങ്ങൾ കെ.ആർ.ഡബ്ല്യു.എസ്.എ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ജലനിധിയുടെ കീഴിൽ സമൂഹാധിഷ്ഠിത ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്കുണ്ട്. പങ്കാളിത്ത, സാമൂഹിക നിയന്ത്രിത ജലവിതരണവും ശുചിത്വ സൗകര്യങ്ങളും അവരുടെ തന്നെ ഉടമസ്ഥതയിലുള്ളതും പരിപാലിക്കപ്പെടുന്നതുമായ രീതിയിൽ നടപ്പിലാക്കുന്നതിനായി കെ.ആർ.ഡബ്ല്യു. എസ്.എ എൻ.ജി.ഓകളുടെ വിപുലമായ ഒരു ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിലെ പ്രധാനമായും പട്ടികജാതി, പട്ടികവർഗ്ഗ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ തുല്യതയും ഉൾകൊള്ളുന്നതും വികേന്ദ്രീകൃതവുമായ ഒരു വിതരണ സംവിധാനം ജലനിധി ഈ പദ്ധതി മാതൃകയിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി കൂടിയാണ് കെ.ആർ.ഡബ്ല്യു.എസ്.എ. കൂടാതെ, സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതിയും (ആർ.ഡബ്ല്യു.എച്ച്) ഭൂഗർഭ പുനരുജ്ജീവന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി 2004-ൽ 'മഴകേന്ദ്രം' രൂപീകരിച്ചു. സംസ്ഥാനത്തെ ജനങ്ങൾ, പ്രത്യേകിച്ച് മലയോര, തീരദേശ, വിദൂര പ്രദേശങ്ങളിൽ പരിമിതമായ കുടിവെള്ള ലഭ്യതയുള്ളവർ ഈ പരിപാടിക്ക് നല്ല സ്വീകാര്യതയാണ് നൽകുന്നത്. പദ്ധതിയുടെ സഹായം ഇപ്പോൾ സർക്കാർ, എയ്ഡഡ് മേഖലകളിൽ ഉൾപ്പെടുന്ന സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു. 'ജലസൗഹൃദ വിദ്യാലയം' എന്ന് പേരിട്ടിരിക്കുന്ന ഈ പരിപാടി സംസ്ഥാനമൊട്ടാകെ തെരഞ്ഞെടുത്ത എയ്ഡഡ്/സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണ ഘടനകൾ നിർമ്മിക്കുന്നതിനായി നടപ്പിലാക്കി. സംസ്ഥാനത്തെ ജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കെ.ആർ.ഡബ്ല്യു.എസ്.എ-യെ കേരള സർക്കാരിന്റെ വാട്ടർ ആന്റ് സാനിറ്റേഷൻ സപ്പോർട്ട് ഓർഗനൈസേഷൻ (ഡബ്ല്യു.എസ്.എ.ഒ) ആയി നിയമിച്ചു. 2020-24 കാലയളവിൽ സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതിനുള്ള നിർവഹണ ഏജൻസികളിലൊന്നായി കേരള സർക്കാർ കെ.ആർ.ഡ.ബ്ല്യു.എസ്.എയെ തെരഞ്ഞെടുത്തു.

2022 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ **പട്ടിക 11.4.1**–ൽ നൽകിയിട്ടുണ്ട്.

**പട്ടിക 11.4.1** 2022 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ

| ക്രമ നം | ജില്ല | ഗാർഹിക കണക്ഷനുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 4,572 |
| 2 | കൊല്ലം | 22,235 |
| 3 | പത്തനംതിട്ട | 5,977 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 52,541 |
| 6 | ഇടുക്കി | 40,160 |
| 7 | എറണാകുളം | 2,173 |
| 8 | തൃശ്ശൂർ | 66,123 |
| 9 | പാലക്കാട് | 50,631 |
| 10 | മലപ്പുറം | 95,040 |
| 11 | കോഴിക്കോട് | 50,890 |
| 12 | വയനാട് | 39,340 |
| 13 | കണ്ണൂർ | 24,404 |
| 14 | കാസർഗോഡ് | 22,416 |
| ആകെ | | 4,76,502 |

ഉറവിടം: കെ.ആർ.ഡബ്യു.എസ്.എ

**പദ്ധതി നേട്ടങ്ങൾ**

ജലനിധി ഘട്ടം1-ൽ മൊത്തത്തിൽ 10.56 ലക്ഷം ജനങ്ങൾക്ക് പ്രയോജനകരമാംവിധം 3,694 ചെറിയ ജലവിതരണ പദ്ധതികളും 16 വലിയ ജലവിതരണ പദ്ധതികളും കമ്മീഷൻ ചെയ്തു. ജലവിതരണ പദ്ധതികൾക്ക് പുറമേ ഭൂഗർഭജല റീച്ചാർജ്ജ് പ്രവർത്തനങ്ങൾ, ശൗചാലയങ്ങൾ, പരിസ്ഥിതി ശുചിത്വ നടപടികൾ, മഴവെള്ള സംഭരണം തുടങ്ങിയ ഘടകങ്ങളും ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. 112 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുകയും 411 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

115 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി ഘട്ടം II പദ്ധതി നടപ്പിലാക്കി. ആവശ്യമായ കാര്യശേഷി വർദ്ധിപ്പിച്ചുകൊണ്ടും ഐ.ഇ.സി പ്രവർത്തനങ്ങൾ നടപ്പാക്കികൊണ്ടും 2,174 ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്ത് പ്രവർത്തനത്തിനും പരിപാലനത്തിനുമായി ഗുണഭോക്തൃ ഗ്രൂപ്പിലേക്ക് കൈമാറി. 11.70 ലക്ഷം ജനങ്ങളുടെ ജലക്ഷാമ പ്രശ്നം പദ്ധതി മൂലം പരിഹരിക്കപ്പെട്ടു. ഈ പദ്ധതിയ്ക്കായി 1,360 കോടി രൂപയാണ് ചെലവഴിച്ചത്.

ജലനിധി ഘട്ടം-1 നും 2-നും ഒരുമിച്ച് 227 ഗ്രാമപഞ്ചായത്തുകളിലായി 23 ലക്ഷം ജലനിധി ഗുണഭോക്താക്കളാണ് ഇപ്പോൾ കേരളത്തിലുള്ളത്. ജലവിതരണ ശുചിത്വ പദ്ധതികൾ കൈകാര്യം ചെയ്യാനും, ആവശ്യപ്പെടാനും, ആസൂത്രണം ചെയ്യാനും, രൂപകല്പന ചെയ്യാനും, നടപ്പാക്കാനും ഭാഗിക മൂലധന നിക്ഷേപത്തിന് സംഭാവന നൽകാനും പ്രവർത്തനത്തിന്റെയും പരിപാലനത്തിന്റെയും മൊത്തം ചെലവ് വഹിക്കാനും തീരെ ദരിദ്രരും ദുർബലരുമായ ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള സമുദായങ്ങൾക്ക് കഴിയുമെന്ന് ജലനിധി മാതൃക വിജയകരമായി തെളിയിച്ചു. മുഴുവൻ പ്രവർത്തന പരിപാലന ചെലവ് (ഓ&എം) സമുദായങ്ങൾ വഹിക്കുന്നതിനാൽ ജലനിധി പദ്ധതികൾ പൊതു ഖജനാവിന് കൂടുതൽ ബാധ്യതയല്ല. കഴിഞ്ഞ 20 വർഷമായി ജലനിധി കാര്യക്ഷമവും സുസ്ഥിരവുമായ ഗ്രാമീണ കുടിവെള്ള വിതരണ മാനേജ്മെന്റ് പ്രകടമാക്കുന്നു.

ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജില്ലതിരിച്ചുള്ള ഗ്രാമീണ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജ് ഉള്ളത് (26.16 ശതമാനം). കോഴിക്കോട് ഏറ്റവും കൂടുതൽ പദ്ധതികൾ (1,052) ഉള്ളപ്പോൾ ആലപ്പുഴയ്ക്ക് പദ്ധതികളൊന്നുമില്ല. 2022 ആഗസ്റ്റ് 31 പ്രകാരം 5,884 പദ്ധതികളുടെ പരിധിയിൽ ആകെ 23,14,743 ഗ്രാമീണർ ഉൾപ്പെടുന്നു. 2022 ആഗസ്റ്റ് 31 പ്രകാരം ആകെ 4,76,502 ജലവിതരണ ഗാർഹിക കണക്ഷനുകളിൽ മലപ്പുറത്ത് ഏറ്റവും കൂടുതൽ എണ്ണവും (95,040) തൃശ്ശൂരിന് രണ്ടാമത് ഏറ്റവും കൂടുതൽ എണ്ണവും (66,123) കണക്ഷനുകൾ ഉണ്ട്. ജലനിധി പ്രോജക്ട് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം, മുഴുവൻ പ്രവർത്തനങ്ങളും പരിപാലനവും (ഓ&എം) ഗുണഭോക്തൃ സമൂഹങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിനാൽ, അതത് പദ്ധതി മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ഒരോ പദ്ധതിക്കും ജലനിരക്കുകൾ വ്യത്യസ്തപ്പെടുന്നു. മിക്ക പദ്ധതികളിലും ഓരോ കുടുംബങ്ങൾക്കും 10,000 ലിറ്ററിന് പ്രതിമാസം ഈടാക്കുന്നത് ശരാശരി 100 രൂപയാണ്. എല്ലാ ജില്ലകളിലേയും ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പ്രതിശീർഷ പ്രതിദിന (എൽ.പി.സി.ഡി) ജല ലഭ്യത 70 എൽ.പി.സി.ഡിയാണ്.

2008-ൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയതിനു ശേഷം 35 ശതമാനത്തോളം സ്കീമുകളും തുടർച്ചയായ പ്രവർത്തനത്തിനിടയിൽ സാങ്കേതികവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളുമായി ഭാഗികമായോ

**ബോക്സ് 11.4.3** എൻ.എ.ബി.എൽ അംഗീകൃത ലബോറട്ടറികൾ മുഖേനയുള്ള ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും പരിശോധനയും

പൊതുജനാരോഗ്യത്തിന്റെ പ്രധാന ആവശ്യങ്ങളിലൊന്നാണ് ശുദ്ധമായ കുടിവെള്ളത്തിലേക്കുള്ള ചുവടുവെപ്പ്. സുരക്ഷിതമായ കുടിവെള്ള വിതരണം കൈകാര്യം ചെയ്യുന്നതിനുള്ള അടിസ്ഥാന ഉപകരണമാണ് ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം. ഐ.എസ്.ഒ നിർവചിച്ചിരിക്കുന്നതുപോലെ - ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നത് പലപ്പോഴും നിർദ്ദിഷ്ട ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള വിവിധ ജല സ്വഭാവങ്ങളുടെ സാമ്പിൾ, അളക്കൽ, തുടർന്നുള്ള റെക്കോർഡിംഗ് അല്ലെങ്കിൽ സിഗ്നലിംഗ് അല്ലെങ്കിൽ ഇവ രണ്ടും പ്രോഗ്രാം ചെയ്ത പ്രക്രിയയാണ്.

വിവിധ തലങ്ങളിലുള്ള ലബോറട്ടറികളുടെ ശൃംഖലയിലൂടെ ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനുള്ള സുസ്ഥിരമായ സംവിധാനം കേരള വാട്ടർ അതോറിറ്റിക്കുണ്ട്. വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കലും പരിശോധനയുമാണ് ക്വാളിറ്റി കൺട്രോൾ വിംഗിന്റെ പ്രധാന പ്രവർത്തനം. നദീസ്രോതസ്സുകൾ, കിണറുകൾ, സ്വകാര്യ സാമ്പിളുകൾ തുടങ്ങിയവയിലെ വെള്ളത്തിന്റെ ഗുണനിലവാരവും ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള ലാബുകളിൽ പരിശോധിക്കുന്നു. ഇതിനുപുറമെ, ജലശുദ്ധീകരണത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കളുടെ ഗുണനിലവാര സർട്ടിഫിക്കേഷനും ഈ ലാബുകളിൽ നടക്കുന്നു.

2009-ൽ സ്ഥാപിതമായ എറണാകുളത്തെ നെട്ടൂരിലെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റി (എസ്.ആർ.ഐ) എന്ന സ്റ്റേറ്റ് ലാബ് ജലഗുണനിലവാര നിരീക്ഷണത്തിനും നിരീക്ഷണ പ്രവർത്തനങ്ങൾക്കുമുള്ള പരമോന്നത സ്ഥാപനമാണ്. സംസ്ഥാന ലാബിന് 2017-ൽ എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറീസ്) അക്രഡിറ്റേഷൻ ലഭിച്ചു. ഏകദേശം 29 പരാമീറ്ററുകളിൽ വരുന്ന ജില്ലാ ലാബുകളിൽ ഫിസിക്കൽ, കെമിക്കൽ, ബാക്റ്റീരിയോളജിക്കൽ പാരാമീറ്ററുകൾ പരീക്ഷിക്കുന്നതിന് പുറമെ ഹെവി മെറ്റൽ വിശകലനത്തിനും കീടനാശിനി വിശകലനത്തിനും സൗകര്യമുണ്ട്. ആറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോഫോട്ടോമീറ്റർ, ഗ്യാസ് ക്രോമാറ്റോഗ്രാഫ് എം.എസ്/എം.എസ്, അയോൺ ക്രോമാറ്റോഗ്രാഫ്, എൽ.സി.എം.എസ് തുടങ്ങിയ ഹൈ എൻഡ് ഉപകരണങ്ങൾ അവലംബിച്ച് കൂടുതൽ പാരാമീറ്ററുകൾ പരിശോധിക്കുന്നതിനായി ലാബ് അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശിക്കുന്നു.

സംസ്ഥാന ലാബും 14 ജില്ലാ ലാബുകളും കൂടാതെ, ഗ്രാമീണ ആവാസ വ്യവസ്ഥകളിലെ സ്വകാര്യ ജലസ്രോതസ്സുകൾ പരിശോധിക്കുന്നതിനായി മുൻകാല എൻ.ആർ.ഡി.ഡബ്ല്യു.പി, ജെ.ജെ.എം എന്നിവയുടെ കീഴിൽ സ്ഥാപിതമായ 70 ഉപജില്ലാ ലബോറട്ടറികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. നിരീക്ഷണത്തിന്റെയും നിരീക്ഷണ പ്രവർത്തനങ്ങളുടെയും നട്ടെല്ലായ ജലപരിശോധനാ ലാബുകൾ അക്രഡിറ്റേഷനിൽ ഇതുവരെ 98 ശതമാനം നേട്ടം കൈവരിച്ചിട്ടുണ്ട്. ഈ ലാബുകൾ സംസ്ഥാനത്തുടനീളം സ്ഥിതിചെയ്യുന്നു.

14 ജില്ലകളിലും ജില്ലാതല ലബോറട്ടറികളുണ്ട്, കൂടാതെ 14 എണ്ണവും നവീകരിക്കുകയും ജെ.ജെ.എം 2020-21/ജെ.ജെ.എം 2021-22 പ്രകാരം എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നേടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 67 ഉപജില്ല ലാബുകൾ ഇപ്പോൾ എൻ.എ.ബി.എൽ അംഗീകാരമുള്ളതാണ്. ഈ ലാബുകൾ pH, നിറം, ദുർഗന്ധം, ടർബിഡിറ്റി, വൈദ്യുതചാലകത, അസിഡിറ്റി, ക്ഷാരം, സൾഫേറ്റ്, അലിഞ്ഞുപോയ ഖരപദാർഥങ്ങൾ, കാഠിന്യം, കാൽസ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ലൂറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, അവശിഷ്ട ക്ലോറിൻ തുടങ്ങിയ പാരാമീറ്ററുകൾ പരിശോധിക്കുന്നതിനായുള്ള അംഗീകൃത സ്ഥാപനങ്ങളാണ്.

ഗുണനിലവാര നിരീക്ഷണവും പരിശോധനയും കൂടുതൽ ഫലപ്രദമാക്കുന്നതിനും പൊതുജനങ്ങൾക്ക് അവരുടെ ജലസാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള എളുപ്പവഴി പ്രാപ്തമാക്കുന്നതിനുമായി സംസ്ഥാനത്തെ ഓരോ ജില്ലയിലും 4-7 ഉപജില്ലാ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഐ.എസ്.ഒ/ഐ.ഇ.സി 17025:2017 അനുസരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ലബോറട്ടറി ശൃംഖലകൾ 2022-ഓടെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തി പരിപാലിക്കേണ്ടതുണ്ട്.

വെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ബി.ഐ.എസ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് സംസ്ഥാന ലാബ് ക്രമേണ നവീകരിക്കും. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനായി (എസ്.ആർ.ഐ) നിർമിക്കുന്ന പുതിയ കെട്ടിടത്തിന്റെ ഭാഗമായി മെറ്റീരിയൽ ടെസ്റ്റിംഗ് ലബോറട്ടറിയും പൈപ്പ് ടെസ്റ്റിംഗ് ലബോറട്ടറിയും സ്ഥാപിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്. അങ്ങനെ കെ.ഡബ്ല്യു.എ യ്ക്ക് മീറ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾക്കൊപ്പം ഒരു പുതിയ പരീക്ഷണ രംഗത്തേക്ക് പ്രവേശിക്കാൻ കഴിയും.

ഉറവിടം: സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, കെ.ഡബ്ല്യു.എ

പൂർണമായോ പ്രവർത്തനരഹിതമായി എന്ന് 2015-ൽ സി.എ.ജി നടത്തിയ വിലയിരുത്തലിൽ കണ്ടെത്തുകയുണ്ടായി. നടത്തിയ നിക്ഷേപങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി, ഭാഗികമായോ പൂർണ്ണമായോ മുടങ്ങിക്കിടക്കുന്ന സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് വേണ്ടി കേരള സർക്കാർ അനുവദിച്ച പദ്ധതിയാണ് സുസ്ഥിര പിന്തുണ പദ്ധതി. ഈ പദ്ധതിയ്ക്കായി 2018 മുതൽ ബഡ്ജറ്റ് വിഹിതം നീക്കിവെയ്ക്കാറുമുണ്ട്. ഈ പ്രോജക്റ്റിന് കീഴിൽ 2022 ഓഗസ്റ്റ് 31-ന് കെ.ആർ.ഡബ്ല്യു.എസ്.എയ്ക്ക് 891 പദ്ധതികൾ പുനഃസ്ഥാപിക്കാനാകും. 221 പദ്ധതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ശുചീകരണ പ്രവർത്തനങ്ങളുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ജില്ല തിരിച്ചുള്ള നേട്ടങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിൽ 26,385 മീറ്റർ ഡ്രെയിനേജ് കവറേജ് ഉണ്ടെന്നും ഇത് 14 ജില്ലകളിൽ വച്ച് ഏറ്റവും ഉയർന്നതാണെന്നും ആണ്. ആഗസ്റ്റ് 31, 2022 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ (557) കോട്ടയത്താണ് (**അനുബന്ധം 11.4.7**). ഓഗസ്റ്റ് 31, 2022 ലെ കണക്കനുസരിച്ച് ഭൂഗർഭജല റീചാർജ് (ജി.ഡബ്ല്യു.ആർ) ഘടനകളുടെ ആകെ എണ്ണം 2,912 ആണ്. ആഗസ്റ്റ് 31, 2022 വരെയുള്ള ഭൂഗർഭ ജലറീച്ചാർജ്ജ് (ജി.ഡബ്ല്യു.ആർ) ഘടനകളുടെ ഭൂരിഭാഗവും (988) കോട്ടയത്താണ്. അതുപോലെ കെ.ആർ.ഡബ്യു.എസ്.എ സംസ്ഥാനത്ത് സ്ഥാപിച്ച മൊത്തം മഴവെള്ള സംഭരണ (ആർ.ഡബ്യു.എച്ച്) ടാങ്കുകളുടെ എണ്ണം ആഗസ്റ്റ് 31, 2022 വരെ 33,865 ആണ്. ഇത് ഏറ്റവും കൂടുതൽ എണ്ണം (10,297) ഇടുക്കിയിലും ഏറ്റവും കുറവ് (251) വയനാട്ടുമാണ് **അനുബന്ധം 11.4.8**. കെ.ആർ.ഡബ്യു.

എസ്.എ യുടെ കണക്കനുസരിച്ച് ആഗസ്റ്റ് 31, 2022 പ്രകാരമുള്ള 5,884 പദ്ധതികളിൽ പ്രവർത്തനക്ഷമമായുള്ള 5,353 ചെറുകിട ജലവിതരണ പദ്ധതികളും 42 വൻകിട ജലവിതരണ പദ്ധതികളും ഇവയുടെ ഭാഗമായി 4,76,502 കുടുംബങ്ങളും ഉൾപ്പെടുന്ന പദ്ധതികളാണ്. **(അനുബന്ധം 11.4.9**).

പൊതുജനാരോഗ്യവും സമൂഹത്തിന്റെ ക്ഷേമവും ഉറപ്പാക്കുന്നതിന് കുടിവെള്ള വിതരണവും മലിനജല നിവാരണവും നടപ്പാക്കേണ്ടത് നിർണായകമാണ്. സ്വാതന്ത്ര്യാനന്തരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജലത്തിന്റെയും മലിനജലത്തിന്റെയും പരിപാലനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വിവിധ പരിപാടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പ് വഴിയുള്ള ജലവിതരണ കവറേജിൽ പിന്നിലാണെങ്കിലും, നമ്മുടെ വീട്ടുമുറ്റത്ത് ദശലക്ഷക്കണക്കിന് പരമ്പരാഗത കിണറുകൾ ഉള്ളതിനാൽ ജലലഭ്യതയുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തിന് മികച്ച സ്ഥാനമാണുള്ളത്. കേരള സംസ്ഥാനം അതിന്റെ ഉയർന്ന അംഗീകാരം നേടിയ വികസന സൂചികകൾ നിലനിർത്തണമെങ്കിൽ മികച്ച മലിനജല/സെപ്റ്റേജ് മാനേജ്മെന്റ് സേവനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

# 11.5 പാർപ്പിടം

ഒരു സാമൂഹിക സംവിധാനത്തിൽ ദുർബല ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഭക്ഷണം, വൈദ്യപരിചരണം എന്നിവ പോലെ പരമപ്രധാനമായ ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം എന്നത്. സാമ്പത്തിക സാമൂഹ്യ പൗരത്വ വികസനത്തിന് ആവശ്യമായ നിർണ്ണായകമായ ഘടകം കൂടിയാണിത്. സാമ്പത്തിക ഉന്നമനം, പണപ്പെരുപ്പത്തിൽ നിന്നുള്ള പ്രതിരോധം, വരുമാനദായക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചുറ്റുപാടുകൾ സൃഷ്ടിക്കൽ, വായ്പകളുടെ ലഭ്യത തുടങ്ങിയവയെല്ലാം പാർപ്പിടം അനിവാര്യ ഘടകമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനം മുന്നോട്ട് വെച്ചിട്ടുള്ള നയങ്ങൾ പലതും സമാനതകളില്ലാത്ത മാനവ വികസനം സംസ്ഥാനത്ത് സാധ്യമാക്കുന്നതിന് നിദാനമായിട്ടുള്ളതായി കാണാം. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനും പാർപ്പിടത്തിന് വലിയ പ്രാധാന്യവും ഉണ്ട്. കഴിഞ്ഞ 5 വർഷക്കാലമായി സംസ്ഥാനത്തെ ഏറ്റവും അത്യാവശ്യക്കാർക്ക് ഗുണനിലവാരമുള്ള ഭവനങ്ങൾ ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രത്യേകമായ ശ്രദ്ധ നൽകുന്നുവെന്ന് കാണാവുന്നതാണ്. ഇത്തരത്തിൽ സംസ്ഥാനം മുന്നോട്ട് വെച്ച ജനകീയ ഭവന പദ്ധതിയാണ് ലൈഫ് മിഷൻ.

**1.ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം (ലൈഫ്) മിഷൻ**

സംസ്ഥാനത്തെ ഭവന രഹിതരുടെയും ഭൂരഹിതരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായിട്ട് ഒരു ഫ്ലാഗ് ഷിപ്പ് പദ്ധതി എന്ന നിലയിലാണ് 2016-ൽ സംസ്ഥാന സർക്കാർ ലൈഫ് മിഷന് തുടക്കമിട്ടത്. സംസ്ഥാനത്ത് നാളിത് വരെ നടപ്പിലാക്കിയ ഭവന പദ്ധതികളിലെ പോരായ്മകൾ പരിഹരിക്കാൻ ഒരു ബഹുമുഖ സമീപനത്തോടുകൂടി ഏറ്റവും പാവപ്പെട്ടവർക്കായുള്ള ഭവന പരിപാടി സമയബന്ധിതമായി നടപ്പിലാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പാവപ്പെട്ടവർക്ക് ഭവനം നൽകുന്നതോടൊപ്പം നൈപുണ്യ വികസനത്തിലൂടെ സുസ്ഥിരമായ ഉപജീവന മാർഗ്ഗം ഉറപ്പാക്കി സാമ്പത്തിക സ്വാശ്രയത്വവും സമഗ്രമായ പുനരധിവാസവും മിഷൻ ലക്ഷ്യം വയ്ക്കുന്നു. പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിന് പുറമേ, ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ പുനരുദ്ധാരണം, സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക, ഭൂരഹിത-ഭവനരഹിതരായ ഗുണഭോക്താക്കളെ അപ്പാർട്ട്മെന്റ് സമുച്ചയങ്ങളിൽ പുനരധിവസിപ്പിക്കുക എന്നിവയും മിഷൻ ലക്ഷ്യം വയ്ക്കുന്നുണ്ട്.

മൂന്ന് ഘട്ടങ്ങളായിട്ടാണ് ലൈഫ് മിഷൻ പദ്ധതി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഭാഗികമായി നിർമ്മിച്ചതും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. 2022 ഒക്ടോബർ 31 വരെയുള്ള കണക്ക് പ്രകാരം പൂർത്തീകരിക്കാത്തതായി കണ്ടെത്തിയ 54,116 വീടുകളിൽ 52,680 വീടുകളുടെയും (97.34 ശതമാനം) നിർമ്മാണം ഈ ഘട്ടത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ, സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് നൽകുന്നത്. ഈ ഘട്ടത്തിൽ 1,02,542 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഇതിൽ 98,234 ഗുണഭോക്താക്കൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് നാല് ഘട്ടമായി 4 ലക്ഷം രൂപ സാമ്പത്തിക സഹായമായി അനുവദിച്ചുവരുന്നു. വിദൂരമായ പട്ടിക വർഗ്ഗ ഊരുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 5 ഗഡുക്കളായി 6 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. 2022 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം 94.501 (96.2 ശതമാനം) ഗുണഭോക്താക്കൾ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

കൂടാതെ ലൈഫ്-പി.എം.എ.വൈ (നഗരം) പദ്ധതിയിൽ പൂർത്തിയാക്കിയ 74,527 വീടുകളും, ലൈഫ്-പി. എം.എ.വൈ (ഗ്രാമം) ൽ പൂർത്തീകരിച്ച 23,074 വീടുകളും,

പട്ടികജാതി വകുപ്പിന്റെ കീഴിൽ പൂർത്തിയാക്കിയ 21,386 വീടുകളും, പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പൂർത്തിയാക്കിയ 10,692 വീടുകളും, ഫിഷറീസ് വകുപ്പിന് കീഴിൽ പൂർത്തിയാക്കിയ 6,009 വീടുകളും, ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പൂർത്തിയാക്കിയ 2,363 വീടുകളും ലൈഫ് മിഷന്റെ നേട്ടമാണ്. പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകളുടെ അഡീഷണൽ ലിസ്റ്റ് പ്രകാരം 12,009 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

സ്ഥലവും വീടുമില്ലാത്ത ഗുണഭോക്താക്കളുടെ പുനരധിവാസമാണ് മിഷൻ മൂന്നാം ഘട്ടത്തിൽ ലക്ഷ്യം വയ്ക്കുന്നത്. മൂന്നാം ഘട്ടത്തിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ലൈഫ് മിഷൻ നടത്തിയ സർവ്വേയിലൂടെ സ്ഥലവും വീടും ഇല്ലാത്ത 3.37 ലക്ഷം ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. വസ്തുനിഷ്ഠമായി ഗുണഭോക്തൃ ലിസ്റ്റ് പരിശോധന നടത്തുകയും, 1,28,351 പേരെ അർഹരായവരായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ 16,214 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ ലൈഫ് മിഷൻ 3,13,455 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

31-10-2022 വരെ ലൈഫ് മിഷനിൽ നിർമ്മിച്ച വീടുകളുടെ ജില്ലാതല വിവരങ്ങൾ **പട്ടിക 11.5.1**ൽ കൊടുത്തിരിക്കുന്നു.

കൂടാതെ പട്ടികജാതി/ പട്ടിക വർഗ്ഗ/ ഫിഷറീസ് വകുപ്പുകളുടെ അഡീഷണൽ ലിസ്റ്റ് പ്രകാരം 21,859 പട്ടികജാതി ഗുണഭോക്താക്കളും, 4,991 പട്ടിക വർഗ്ഗ ഗുണഭോക്താക്കളും, 3,269 ഫിഷറീസ് ഗുണഭോക്താക്കളും ഉൾപ്പെടെ 30,119 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ ആകെ 1,58,470 ഗുണഭോക്താക്കളെ ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 32,376 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2022-23 മുതൽ 2026-27 വരെ പ്രതിവർഷം ഒരു ലക്ഷം വീടുകൾ നിർമ്മിച്ച് അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് ലക്ഷം വീടുകൾ നിർമ്മിക്കാൻ ലൈഫ് മിഷൻ ലക്ഷ്യമിടുന്നു. ഇതിൽ പൊതുവിഭാഗത്തിന് 3,00,000 വീടുകളും പട്ടികജാതി വിഭാഗക്കാർക്ക് 1,50,000 വീടുകളും പട്ടികവർഗ വിഭാഗക്കാർക്കും മത്സ്യബന്ധന തൊഴിലാളികൾക്കും 25,000 ഉം വീടുകൾ വീതം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. 27/07/2020 ലെ GO (MS) നമ്പർ 112/2020/LSGD ഉത്തരവ് പ്രകാരം ലൈഫ് പുതിയ അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 9,20,260 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ നിന്നും സൂക്ഷ്മപരിശോധനയ്ക്ക് ശേഷം, 5,65,213 ഗുണഭോക്താക്കളെ യോഗ്യരായി കണ്ടെത്തുകയും അതിൽ 3,68,422 ഗുണഭോക്താക്കൾ ഭൂമിയുള്ള ഭവനരഹിതരും 1,96,791 പേർ ഭൂരഹിത ഭവനരഹിതരുമാണ്.

ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കളെ ഹൗസിംഗ് കോംപ്ലക്സുകളിൽ പുനരധിവസിപ്പിക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. സമയവും അദ്ധ്വാനവും കുറയ്ക്കുന്നതിന്റെ ഭാഗമായി മൂന്നാം ഘട്ടത്തിലുള്ള എല്ലാ ഹൗസിംഗ് കോംപ്ലക്സുകളും പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഹൗസിംഗ് കോംപ്ലക്സ് 24.82 കോടി

**പട്ടിക 11.5.1** - ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (2022 ഒക്ടോബർ 31 വരെ)

| ജില്ല | ഘട്ടം 1 | ഘട്ടം 2 | ഘട്ടം 3 | പി.എം.എ.വൈ (യു) | പി.എം.എ.വൈ (ആർ) | എസ്.സി വകുപ്പ് | എസ്.റ്റി വകുപ്പ് | ഫിഷറീസ് വകുപ്പ് | ന്യൂനപക്ഷ വകുപ്പ് | അഡീഷണൽ ലിസ്റ്റ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6050 | 15357 | 908 | 10837 | 3790 | 2399 | 351 | 2007 | 152 | 744 | 42595 |
| കൊല്ലം | 3618 | 8483 | 2831 | 5960 | 2065 | 1986 | 152 | 824 | 107 | 929 | 26955 |
| പത്തനംതിട്ട | 1176 | 2034 | 667 | 1469 | 1045 | 1195 | 42 | 25 | 75 | 653 | 8381 |
| ആലപ്പുഴ | 2728 | 9310 | 816 | 4536 | 1131 | 1324 | 89 | 822 | 193 | 1327 | 22276 |
| കോട്ടയം | 1102 | 4280 | 1671 | 2222 | 722 | 959 | 61 | 104 | 81 | 684 | 11886 |
| ഇടുക്കി | 3138 | 10151 | 1110 | 1744 | 982 | 855 | 940 | 71 | 97 | 567 | 19655 |
| എറണാകുളം | 1059 | 5651 | 1617 | 9879 | 946 | 1965 | 107 | 420 | 79 | 1125 | 22848 |
| തൃശ്ശൂർ | 2997 | 5159 | 1467 | 7413 | 2103 | 2264 | 50 | 180 | 118 | 775 | 22526 |
| പാലക്കാട് | 7628 | 12562 | 1090 | 5932 | 3174 | 2812 | 526 | 53 | 127 | 749 | 34653 |
| മലപ്പുറം | 2735 | 6479 | 1445 | 9750 | 2664 | 2158 | 3497 | 509 | 678 | 1223 | 31138 |
| കോഴിക്കോട് | 6484 | 5079 | 393 | 5840 | 1687 | 1340 | 330 | 398 | 124 | 1107 | 22782 |
| വയനാട് | 8440 | 3927 | 638 | 2724 | 1169 | 948 | 2533 | 0 | 218 | 888 | 21485 |
| കണ്ണൂർ | 2645 | 2489 | 804 | 4539 | 805 | 558 | 917 | 372 | 176 | 851 | 14156 |
| കാസർഗോഡ് | 2880 | 3540 | 757 | 1682 | 791 | 623 | 1097 | 224 | 138 | 387 | 12119 |
| ആകെ | 52680 | 94501 | 16214 | 74527 | 23074 | 21386 | 10692 | 6009 | 2363 | 12009 | 313455 |

രൂപയ്ക്ക് ലൈഫ് മിഷൻ ഏറ്റെടുക്കുകയും ഏഴ് നിലകളിലായുള്ള 217 അപ്പാർട്ടുമെന്റുകളിൽ 163 എണ്ണം ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. 460 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഓരോ അപ്പാർട്ട്മെന്റും ലിഫ്റ്റ്, അലക്കുന്നതിനായുള്ള സ്ഥലം, കമ്പോസ്റ്റ് പ്ലാന്റ്, ആരോഗ്യ ഉപകേന്ദ്രം, കുടുംബശ്രീ കൗൺസിലിംഗ് കേന്ദ്രം, യൂത്ത് ക്ലബ്ബ്, ജെൻഡർ ക്ലബ്ബ്, ക്രഷ് തുടങ്ങിയവ പൊതു സൗകര്യങ്ങളോട് കൂടിയതുമാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുന്നതിനായി വിവിധ പരിശീലന പരിപാടികളും നൽകുന്നുണ്ട്.

ലൈഫ് മിഷൻ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് 36 അപ്പാർട്ട്മെന്റ് സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. രണ്ട് ലൈഫ് ടവറുകളുടെ (കടമ്പൂർ-കണ്ണൂർ, പുനലൂർ-കൊല്ലം) നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് 27 അപ്പാർട്ട്മെന്റ് സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ സഹകരണ വകുപ്പിന്റെ കെയർ ഹോം എന്ന പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തുടനീളം 14 അപ്പാർട്ട്മെന്റ് സമുച്ചയങ്ങളും ഉടൻ നിർമ്മിക്കുന്നതാണ്.

സംസ്ഥാനത്തെ വിവിധ തൊഴിൽ സൃഷ്ടിക്കുന്ന പരിപാടികളുമായി ലൈഫ് മിഷന്റെ സംയോജനം ഉറപ്പാക്കിയിട്ടുണ്ട്. ലൈഫ് മിഷനു കീഴിൽ വീടുകൾ നിർമ്മിക്കുമ്പോൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ (എംജിഎൻആർഇജിഎസ്) ഗ്രാമപ്രദേശങ്ങളിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ (എയുഇജിഎസ്) നഗരപ്രദേശങ്ങളിലും 90 വീതം തൊഴിൽ ദിനങ്ങൾ ഭവന നിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി കുടുംബശ്രീ വനിതാ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചതും ശ്രദ്ധേയമായ സവിശേഷതയാണ്.

ഭവന നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില ലൈഫ് ഗുണഭോക്താക്കൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ്. ലൈഫ് മിഷൻ ഈ വിഷയം വിവിധ വെണ്ടർമാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉല്പന്നത്തിന്റെ പരമാവധി വിൽപ്പന വിലയേക്കാളും 20-60 ശതമാനം വരെ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളായിട്ടുണ്ട്. തത്ഫലമായി ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, വയറിംഗ് സാധനങ്ങൾ, പെയിന്റ്, സെറാമിക് മെറ്റീരിയൽ, ടാപ്പ് ഫിറ്റിംഗ്സ്, വാട്ടർ ടാങ്കുകൾ, സിമന്റ് എന്നിവ കുറഞ്ഞ നിരക്കിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. ഇതുമൂലം ലൈഫ് ഗുണഭോക്താക്കൾക്ക് 50,000 രൂപ മുതൽ 1,00,000 രൂപയുടെ വരെ ചെലവ് ചുരുക്കാൻ കഴിയുന്നുണ്ട്.

ഭൂമി ഉപയോഗിക്കുന്നതിലെ നിയമപരമായ തടസ്സങ്ങൾ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിൽ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണമായി സ്വന്തമായി ഭൂമിയുള്ള ധാരാളം ഗുണഭോക്താക്കളുടെ ഭൂമി CRZ/ തണ്ണീർത്തട മേഖലയ്ക്ക് കീഴിൽ വരുന്നതിനാൽ ആ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം നടത്തുന്നതിന് നിയന്ത്രണമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മിഷൻ ചില നിയമ ഭേദഗതികൾ വരുത്തുന്നുണ്ട്. ഉയർന്ന ജനസാന്ദ്രത, ഭൂമിയുടെ അപര്യാപ്തത എന്നിവ കാരണം മൂന്നാമത്തെ വിഭാഗത്തിലുള്ള ഗുണഭോക്താക്കളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ ഭൂമിയും സ്ഥലവും കണ്ടെത്തുകയെന്നത് വളരെ ബുദ്ധിമുട്ടാണ്. ഈ പശ്ചാത്തലത്തിലാണ് ഒരു പരോപകാരമായ പ്രവർത്തനമെന്ന രീതിയിൽ സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംസ്ഥാന സർക്കാർ തുടക്കം കുറിച്ചത്.

സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ദരിദ്രർക്ക് സ്ഥായിയായ ജീവനോപാധികൾ ഉൾപ്പെടെ സുരക്ഷിതമായ പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിൽ ലൈഫ് മിഷൻ വലിയ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി, വിവിധ പരിപാടികളിലൂടെയും സ്ഥാപനതലത്തിലുള്ള സംയോജനത്തിലൂടെയും പാവപ്പെട്ടവർക്ക് വീട് നൽകുന്നതിൽ വേറിട്ടതും അനുകരണീയവുമായ മാതൃകകളാണ് മിഷൻ സ്വീകരിച്ചിട്ടുള്ളത്. എല്ലാ ഭവനരഹിതർക്കും ഭവനം നൽകുക എന്ന ലക്ഷ്യം നേടി എടുക്കാനുള്ള നൂതന തന്ത്രമെന്ന നിലയിൽ ലൈഫ് പദ്ധതി ദേശീയ തലത്തിലും ആഗോളതലത്തിലും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് വലിയ കുതിച്ച് ചാട്ടം തന്നെ നടത്താൻ ലൈഫ് മിഷൻ വഴി സാധിക്കുമെന്നും കരുതുന്നു.

ഇത് കൂടാതെ, മറ്റ് ഏജൻസികളായ i) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ii) ഭവന (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്) iii) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവയും സംസ്ഥാനത്ത് ഭവന പദ്ധതികൾ നടപ്പിലാക്കുന്നവയിൽ ഉൾപ്പെടുന്നു. പട്ടികജാതി വികസന വകുപ്പ്, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും സംസ്ഥാനത്ത് ഭവന പദ്ധതി നടപ്പാക്കുന്നതിൽ പങ്കാളികളാണ്.

**II. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

കേരള സർക്കാരിന്റെ കീഴിലുള്ള ഭവന നിർമ്മാണ മേഖലയിലെ പ്രധാന നിർവ്വഹണ ഏജൻസികളിലൊന്നായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്. എച്ച്. ബി) ഭവന നിർമ്മാണത്തിനുള്ള വായ്പാ സഹായത്തിന് പുറമെ പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്നുണ്ട്. 2021-22 ൽ ആകെ 138 വീടുകൾ കെ.എസ്. എച്ച്. ബിയുടെ വിവിധ ഭവന പദ്ധതികളിലൂടെ നിർമ്മിച്ചു. ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും (ഇ.ഡബ്ല്യൂ.എസ്)/താഴ്ന്ന വരുമാനക്കാർക്കുമുള്ള (എൽ.ഐ.ജി) ഭവന പദ്ധതി, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി എന്നിവയാണ് 2021-22 ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ. ഗൃഹശ്രീ ഭവന പദ്ധതി വഴി 2017-18 മുതൽ 2021-22 വരെ ആകെ 1,071 വീടുകൾ നിർമ്മിച്ചു. 2021 മാർച്ച് 31 വരെ 12 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ കെ.എസ്.എച്ച്.ബി നിർമ്മിച്ചു. കാസറഗോഡ് ജില്ലയിലെ മധൂരിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 2021-22ൽ കണ്ണൂർ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ്

സ്ഥലത്ത് 106 കിടക്കകളുള്ള മൂന്ന് നിലകളുള്ള കെട്ടിടം ആശ്വാസ് വാടക ഭവനം പദ്ധതിയിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചു.

### III. ഭവന (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്)

ഭവന നിർമ്മാണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള സംസ്ഥാനതല സാങ്കേതിക സെല്ലും നോഡൽ വകുപ്പുമായി 1980 ലാണ് ഭവന (സാങ്കേതിക സെൽ) വകുപ്പ് രൂപീകരിച്ചത്. വിവരങ്ങൾ ലഭ്യമാക്കുകയും, സാങ്കേതിക മാർഗ്ഗനിർദേശവും നയങ്ങളുടെയും പ്രോഗ്രാമുകളുടെയും അവലോകനം, ലക്ഷ്യങ്ങൾ നിശ്ചയിക്കൽ, ഭവനനിർമ്മാണ മേഖലയിൽ തീരുമാനമെടുക്കൽ സുഗമമാക്കാനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികൾക്കും ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതികവും മറ്റ് പിന്തുണയും ലഭ്യമാക്കുക എന്നിവ ഈ വകുപ്പ് മുഖേന നൽകുന്നു. ഭവന നിർമ്മാണത്തിൽ സംസ്ഥാന വ്യാപകമായി ഒരു സ്പേഷ്യൽ ഡാറ്റാബേസ് വികസിപ്പിക്കുന്നതിന് 2021-22 ൽ കേരളത്തിനായി 'ജി.ഐ.എസ് അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം' (GIS based Housing Status Information System for Kerala) എന്ന പദ്ധതിക്ക് കീഴിൽ, തിരുവനന്തപുരം ജില്ലയിലെ പൂവാർ, അഞ്ചുതെങ്ങ്, ഇടവ എന്നിവിടങ്ങളിൽ സ്പേഷ്യൽ ഡാറ്റയും ഗാർഹിക വിശദാംശങ്ങളും സംയോജിപ്പിക്കുന്നതിനുള്ള പ്രാരംഭ പഠനത്തിന്റെ ഭാഗമായി സർവ്വേകൾ നടത്തുകയുണ്ടായി. പൂവാർ, അഞ്ചുതെങ്ങ് എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ജി.ഐ.എസ് പ്ലാറ്റ്ഫോമിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കാസറഗോഡ് ജില്ലയിലെ കുമ്പള, പള്ളിക്കര, വലിയപറമ്പ് എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകളുടെ പണി പുരോഗമിക്കുകയാണ്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആസ്തികളും പദ്ധതികളും ജി.ഐ.എസ് പ്ലാറ്റ്ഫോമിലേക്ക് മാപ്പ് ചെയ്തിട്ടുണ്ട്.

### IV. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

1989-ൽ സ്ഥാപിതമായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) കേരള സർക്കാരിന്റെ ഭവന വകുപ്പിന് കീഴിലുള്ള ഒരു അംഗീകൃത ഏജൻസിയാണ്. നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കൽ, നിർമ്മാണ സംബന്ധമായ ട്രേഡുകളിൽ തൊഴിലില്ലാത്ത യുവാക്കൾക്കും പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും നൈപുണ്യ വികസനത്തിന് പരിശീലന പരിപാടികൾ നടത്തുക, ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം, നിർമ്മാണ സാമഗ്രികൾ സബ്സിഡി നിരക്കിൽ വിൽക്കുക, നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അതിന്റെ ടെസ്റ്റിംഗ് ലാബുകൾ വഴി നിർമ്മാണ സാമഗ്രികൾ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നീ ഭവന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. കെസ്നിക്കിന്റെ നേതൃത്വത്തിൽ കാട്ടാക്കടയിൽ 30 പാർപ്പിട യൂണിറ്റുകൾ അടങ്ങുന്ന ഒരു മാതൃകാ സുസ്ഥിര ഗ്രാമത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ആദ്യഘട്ടത്തിൽ 16 പാർപ്പിട യൂണിറ്റുകൾ പൂർത്തിയാക്കുകയും കാട്ടാക്കട ഗ്രാമപഞ്ചായത്തിന് കൈമാറുകയും ശേഷിക്കുന്ന പാർപ്പിട യൂണിറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്.

നിർമ്മാണ മേഖലയിൽ നൈപുണ്യ വികസനം നൽകുന്നതിനായി 2021-22 ൽ കെസ്നിക് ആർട്ടിസാൻ പരിശീലനം നടത്തുകയും 270 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. കെസ്നിക് കലവറകൾ ബി.പി.എൽ/ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കായി സർക്കാർ പദ്ധതികൾക്ക് കീഴിൽ വീടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 15 ശതമാനം സബ്സിഡി നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നു. 40 വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തും എറണാകുളത്തും 'ഫിനിഷിംഗ് സ്കൂൾ ഫോർ സ്കിൽ ഇംപ്രൂവ്മെന്റ് ഫോർ സിവിൽ, ആർക്കിടെക്ചർ എഞ്ചിനീയറിംഗ് ബിരുദധാരികൾ' എന്ന പേരിൽ 3 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സും കെസ്നിക് നടത്തിയിരുന്നു. പഞ്ചായത്തിന്റെയും കുടുംബശ്രീ യൂണിറ്റിന്റെയും സഹായത്തോടെ സ്ത്രീകൾ നടത്തുന്ന കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റ് തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു. നൂതന നിർമ്മാണ സാമഗ്രികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കെസ്നിക്കിന്റെ ഭാവി സംരംഭങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ചാത്തമംഗലത്ത് ഒരു പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിച്ചു. പൊതു-സ്വകാര്യ പങ്കാളിത്ത (പിപിപി) രീതിയിലാണ് ഇത് നടപ്പാക്കിയത്. ഇവ കൂടാതെ, സുസ്ഥിര നിർമ്മാണം, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം എന്നിവയെക്കുറിച്ച് കെസ്നിക് പ്രൊഫഷണലുകൾക്കും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടി നടത്തിയിരുന്നു. വിശദമായ വാസ്തുവിദ്യാ രൂപകല്പനകൾ വികസിപ്പിക്കുന്നതിനും കെട്ടിട നിർമ്മാണത്തിന് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി കെസ്നിക്കിലെ ലാബിഷാസിൽ ഒരു ക്യാറ്റ് ലാബിഷാസ് ഡിസൈൻ ലാബ് (സി.എൽ.ഡി.എൽ) സ്ഥാപിച്ചു. 50 കോടി രൂപയുടെ പദ്ധതികളുടെ രൂപകല്പന സി.എൽ.ഡി.എൽ 2021-22 ൽ പൂർത്തിയാക്കി.

### V. കേരള സംസ്ഥാന കോ–ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ

കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് അതിന്റെ കീഴിലുള്ള സംസ്ഥാനത്തെ പ്രാഥമിക സഹകരണ ഹൗസിംഗ് സൊസൈറ്റികളിലെ അംഗങ്ങൾക്ക് ലളിതമായ തിരിച്ചടവ് വ്യവസ്ഥയിൽ സാധ്യമായ ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള അപ്പക്സ് ബോഡിയാണ്. ഫെഡറേഷന്റെ ഫണ്ടുകളുടെ പ്രധാന സ്രോതസ്സുകൾ അംഗങ്ങളായിയുള്ള സംഘങ്ങളിൽ നിന്നും, സംസ്ഥാന സർക്കാരിൽ നിന്നുള്ള ഓഹരി മൂലധന സംഭാവനയും എൽ.ഐ.സി, നാഷണൽ ഹൗസിംഗ് ബാങ്ക്, മറ്റ് വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നുള്ള വായ്പയുമാണ്. കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിനും (EWS), മധ്യവർഗ്ഗ വിഭാഗത്തിനും (MIG) ഭവനവായ്പയും അറ്റകുറ്റപ്പണികൾക്ക് ഭവനവായ്പയും നൽകി വരുന്നു. 2017-18 മുതൽ 2022-23 (ഓഗസ്റ്റ് 31, 2022) വരെ, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ 8312 ഭവന വായ്പ അനുവദിച്ചു. വിശദാംശങ്ങൾ **അനുബന്ധം 11.5.1**ൽ നൽകിയിരിക്കുന്നു.

### VI. ഹൗസിംഗ് ഫിനാൻസ്

ഭാവനനിർമ്മാണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ചെലവു വഹിക്കാൻ സഹായകമായ ഒരു പ്രധാന മാർഗ്ഗമാണ് വീട് നിർമ്മാണത്തിനുള്ള ധനസഹായം. ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, സബ്സിഡികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള ഗ്രാന്റുകൾ, സംസ്ഥാന പദ്ധതികൾ, പഞ്ചായത്തുകളുടെ സ്വന്തം ഫണ്ട്, പ്രാദേശിക സർക്കാർ വിഹിതം, വായ്പകൾ എന്നിവ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിൽ ഉൾപ്പെടുന്നു. ആർ.ബി.ഐ നിയമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ പ്രധാന ഷെഡ്യൂൾഡ് ബാങ്കുകളും വിവിധ ബാങ്ക് സ്കീമുകളിലൂടെ ഭവനവായ്പ നൽകി വരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം, താഴ്ന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, ഉയർന്ന വരുമാനക്കാർ എന്നിവർക്ക് സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിലൂടെ ബാങ്കുകൾ വായ്പ നൽകി വരുന്നു. ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.ആർ.ഡി), ചെറുകിട ധനകാര്യ ബാങ്കുകളായ ഹൗസ്ഫെഡ്, ഹഡ്കോ, എച്ച്.ഡി.എഫ്.സി എന്നിവയാണ് സംസ്ഥാനത്തെ സർക്കാർ ഏജൻസികൾക്കൊപ്പം വീട് നിർമ്മാണത്തിന് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ. ഇന്ത്യ ഗവൺമെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ പ്രഖ്യാപനങ്ങൾക്കനുസരിച്ച് ഭവന വായ്പകളുടെ പലിശ നിരക്കുകൾ മാറുന്നു. മാർച്ച് 31, 2022 വരെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ ഭവന വായ്പകളുടെ പലിശ നിരക്ക് **അനുബന്ധം 11.5.2**-ൽ നൽകിയിരിക്കുന്നു.

### മുന്നോട്ടുള്ള വഴികൾ

ജനങ്ങളുടെ ക്ഷേമവും ഉയർന്ന സാമൂഹികവും സാമ്പത്തികവുമായ ചലനാത്മകത ഉറപ്പാക്കുന്നതിൽ ഭവനനിർമ്മാണത്തിന്റെ പ്രധാന പങ്ക് കണക്കിലെടുത്ത്, ദരിദ്രരുടെ ഭവന ആവശ്യകതകൾ അതീവ മുൻഗണനയോടെ നിറവേറ്റണ്ട്. അതോടൊപ്പം, താഴ്ന്ന-ഇടത്തര വരുമാന വിഭാഗങ്ങളുടെ ഭവന ആവശ്യങ്ങളും പരിഹരിക്കപ്പെടണം. ആവിശ്യങ്ങൾ വിലയിരുത്തുന്നതിനും വിഭവങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ ഭവനനിർമ്മാണ മേഖലയിൽ ശക്തവും ചലനാത്മകവുമായ ഒരു ഡാറ്റാബേസ് ആവശ്യമാണ്. ഭവന താല്പര്യങ്ങൾ, സാങ്കേതികവിദ്യകൾ, സാമഗ്രികൾ, വിലകൾ എന്നിവയെക്കുറിച്ച് പ്രത്യേക ഉപദേശം നൽകേണ്ടത് അത്യാവശ്യമാണ്. മിതമായ നിരക്കിൽ ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികളും മറ്റും വാങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് താഴ്ന്ന വരുമാനമുള്ള വിഭാഗങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യും.

# 11.6 നവകേരള നിർമ്മാണം

സംസ്ഥാനത്ത് 2018-ലും 2019-ലും തീവ്രമായ മഴയും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും അനുഭവപ്പെട്ടു. ദുരന്ത പ്രതിരോധശേഷിയുള്ള കേരളം പുനസ്ഥാപിക്കുന്നതിനായി, കേരള സർക്കാർ കേരള പുനർനിർമ്മാണ പദ്ധതി (ആർ കെ ഐ) ആരംഭിച്ചു. ഇതിലൂടെ മെച്ചപ്പെട്ടതും പാരിസ്ഥിതികവുമായ അടിസ്ഥാന സൗകര്യങ്ങൾ, ഉയർന്ന ജീവിത സാഹചര്യങ്ങൾ എന്നിവയോടെ ഹരിതവും പ്രതിരോധശേഷിയുള്ളതുമായ കേരളം വിഭാവനം ചെയ്യുന്നു. അത് ഭാവിയിലെ ദുരന്തങ്ങളെ നേരിടാൻ ജനങ്ങൾക്കും, ആസ്തികളുടെ സംരക്ഷണത്തിനും കഴിയുമെന്ന് ഉറപ്പാക്കുന്നു.

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുകൾ (ആർകെഡിപി) വികസിപ്പിക്കാനും ഏകോപിപ്പിക്കാനും സുഗമമാക്കാനും നിരീക്ഷിക്കാനുമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ലക്ഷ്യമിടുന്നത്. വിവിധ മേഖലകളിലേയും ക്രോസ് കട്ടിംഗ് മേഖലകളിലേയും നയങ്ങളും, മുൻഗണനാ നിക്ഷേപ പരിപാടികൾക്കൊപ്പം സ്ഥാപന തലത്തിലുള്ള ഇടപെടലുകളും നിയന്ത്രണങ്ങളും ഉൾപ്പെടുന്ന സുസ്ഥിരവും പ്രതിരോധശേഷിയോടും കൂടിയ സംസ്ഥാനത്തിന്റെ തന്ത്രപരമായ സമീപനമാണ് ആർകെഡിപി. സംയോജിത ജലവിഭവ പരിപാലനം, ജലവിതരണം, ശുചിത്വം, നഗര കേന്ദ്രീകരണം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ജീവനോപാധിമാർഗം, ഭൂവികസനം, ആരോഗ്യം, നവകേരളം എന്നിവയാണ് പുനർനിർമ്മിക്കുന്ന കേരള വികസന പരിപാടിയുടെ പ്രധാന മേഖലാ മുൻഗണനകൾ. ഈ പ്രധാന മേഖലകൾക്ക് പുറമേ, ദുരന്തസാധ്യതാ മാനേജ്മെന്റും പ്രതിരോധശേഷിയും, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, സ്ഥാപനങ്ങളുടെ കാര്യക്ഷമതയും പ്രതിരോധശേഷിയും ശക്തിപ്പെടുത്തൽ, ഓപ്പൺ ഡാറ്റ എന്നിങ്ങനെ നാല് ക്രോസ് കട്ടിംഗ് മേഖലകളുമുണ്ട്.

**റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (ആർകെഡിപി) ധനസഹായം**

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുകൾക്കായി (ആർകെഡിപി) മൊത്തം 36,500 കോടി രൂപയാണ് കണക്കാക്കുന്നത്. 2019 മുതൽ 2027 വരെയുള്ള കാലയളവിലാണ് പ്രസ്തുത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. ആർകെഐക്ക് കീഴിലുള്ള പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി സംസ്ഥാന സർക്കാർ 2019-20 ലും 2020-21 ലും 1,000 കോടി രൂപ വീതവും 2021-22-ൽ 1830 കോടി രൂപയും 2022-23-ൽ 1,600 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകൾ/പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികളുടെ ആവശ്യാനുസരണം തുക വിതരണം ചെയ്തു വരുന്നു.

**ലോക ബാങ്കിന്റെ വികസന നയ വായ്പ (ഡിപിഎൽ)**

കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിക്കായുള്ള ധനസഹായം രണ്ട് ഡെവലപ്മെന്റ് പോളിസി ഓപ്പറേഷനുകളിലൂടെ (ഡിപിഒ) വികസന നയ വായ്പയായി നൽകുന്നതിന് ലോകബാങ്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഡിപിഒ-1 ന് കീഴിൽ ആദ്യഘട്ട വായ്പ ലഭ്യമാക്കുന്നതിനുള്ള മുൻകൂർ നടപടികൾ വിവിധ വകുപ്പുകൾ പൂർത്തിയാക്കുകയും, ലോകബാങ്ക് ഡിപിഎൽ-1 അംഗീകരിക്കുകയും 2019ൽ 250 മില്യൺ യുഎസ് ഡോളർ വിതരണം ചെയ്യുകയും ചെയ്തു. ഡിപിഒ-1 ന്റെ ഈ മുന്നൊരുക്ക നടപടികൾ കേരളത്തിന്റെ തന്ത്രപരമായ മേഖലകളിൽ സ്വാധീനം ചെലുത്തുന്ന നയപരമായ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമാക്കുന്നതും സമഗ്ര നദീതട പരിപാലനം, സുസ്ഥിരവും കാലാവസ്ഥ

പ്രതിരോധശേഷിയുള്ളതുമായ കൃഷി, അപകടസാധ്യത ഒഴിവാക്കി കൊണ്ടുള്ള ഭൂവിനിയോഗ ആസൂത്രണവും ബഹുവർഷ മൂലധനാധിഷ്ഠിത ആസൂത്രണവും, എല്ലാ തലങ്ങളിലുമുള്ള ദുരന്ത നിവാരണ പദ്ധതികൾ എന്നിവ പ്രാപ്തമാക്കുന്നതുമാണ്. ലോകബാങ്ക് സംസ്ഥാനവുമായുള്ള പങ്കാളിത്തത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ ഡെവലപ്മെന്റ് പോളിസി ഓപ്പറേഷൻ (ഡിപിഒ)-2 ന് ധനസഹായം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ, കോവിഡ് -19 മഹാമാരിയുടെ വ്യാപനവും ലോക ബാങ്ക് ധനസഹായം വിനിയോഗിക്കുന്നതിൽ ഇന്ത്യയുടെ നയമാറ്റം മൂലവും കേന്ദ്ര സർക്കാർ ഡിപിഒ -2 നുള്ള അഭ്യർത്ഥന ഉപേക്ഷിച്ചു. ഡിപിഒ-2 പിന്നീട് പ്രോഗ്രാം ഫോർ റിസൽട്ട് (PforR) ആയി പുനഃക്രമീകരിക്കപ്പെട്ടു.

പ്രധാന നയ നടപടികളിൽ ഭൂരിഭാഗവും കേരള സർക്കാർ കൈവരിച്ചതിനാൽ, ലോകബാങ്ക്-കെഎഫ്ഡബ്ല്യു സംയുക്ത സംഘം സംസ്ഥാനത്തിന് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തു. 2020-ൽ, കേന്ദ്ര സർക്കാരും ജർമ്മൻ ബാങ്കും (കെ എഫ് ഡബ്ല്യൂ) 'കേരള പരിപാടികൾക്ക് കാലാവസ്ഥാ വായ്പ' എന്ന പരിപാടിയിൻ കീഴിൽ 100 ദശലക്ഷം യൂറോയുടെ വായ്പ കരാറിലും 2 ദശലക്ഷം യൂറോയുടെ ഗ്രാന്റ് കരാറിലും ഒപ്പുവച്ചു. ഇത് നയപരമായ മുൻകൂർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പൊതു ബജറ്റ് ധനസഹായമായുള്ള 100 മില്യൺ യൂറോയുടെ പോളിസി അടിസ്ഥാനമാക്കിയുള്ള വായ്പ (പിബിഎൽ) സഹായവും, ഡിപിഒ -1 ൽ പ്രതിപാദിക്കുന്ന നയപരമായ ലക്ഷ്യങ്ങളും നേട്ടങ്ങളും നേരിട്ട് കൈവരിച്ചു കൊണ്ട് ദീർഘകാലനേട്ടങ്ങൾക്കും പുനനിർമ്മാണത്തിനും തുടർ സഹായമായുള്ള 2 മില്യൺ യൂറോ ഗ്രാന്റും ആണ്.

### പ്രോഗ്രാം ഫോർ റിസൽട്ട്സ് (പിഎഫ്ആർ) ധനസഹായം

ഡിപിഒ1-ന് കീഴിലുള്ള നയപരമായ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കി കൊണ്ട് അവ ഫലപ്രദമായി നേടിയെടുക്കുന്നതിനാണ് പിഎഫ്ആർ ഉദ്ദേശിക്കുന്നത്. ലക്ഷ്യമിട്ടിട്ടുള്ള നേട്ടം കൈവരിക്കുന്നതിനായി സംയോജിതവും വിവിധ മേഖലകളിലെ പ്രതിരോധ ചട്ടക്കൂടിലും പ്ലാറ്റ്ഫോമിലും ഒത്തുചേരുന്നതിന് വിവിധ തലങ്ങളിലുള്ള തൽപ്പരകക്ഷികൾക്ക് ഇൻസെന്റീവായി ധനസഹായം നൽകുന്നു. കൃഷി, ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗ് ആൻഡ് ഇൻഷുറൻസ് (ഡിആർഎഫ്ഐ), ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് (ഡിആർഎം), സാമ്പത്തികവും ഭരണവും, ആരോഗ്യം, റോഡുകൾ, നഗരകാര്യം, ജലവിഭവ മാനേജ്മെന്റ് എന്നിവയാണ് പിഎഫ്ആർ ന്റെ പ്രസക്തമായ മേഖലകൾ. കോവിഡ്-19 ന്റെ ആഘാതങ്ങൾ നേരിടുന്നതിനും ഭാവിയിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾക്കും രോഗങ്ങൾക്കും എതിരെ സംസ്ഥാനത്തെ സജ്ജമാക്കുന്നതിനായി പൊതുജനാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ പരിപാടി സഹായിക്കുന്നു.

2022 മുതൽ 2027 വരെയുള്ള അഞ്ച് വർഷ കാലയളവിലാണ് പരിപാടി നടപ്പിലാക്കുന്നത്. ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റിന്റെ (ഐബിആർഡി) ധനസഹായമായ 125 മില്യൺ യുഎസ് ഡോളറും, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (എഐഐബി) ധനസഹായമായ 125 ദശലക്ഷം യുഎസ് ഡോളറും, ഫ്രഞ്ച് വികസന ബാങ്കായ ഏജൻസി ഫ്രാങ്കെയ്സ് ഡി ഡെവലപ്മെന്റ് (എഎഫ്ഡി) ധനസഹായമായ 100 മില്യൺ യൂറോയും (120 മില്യൺ യുഎസ് ഡോളർ) ഉൾപ്പടെ മൊത്തം 370 മില്യൺ യുഎസ് ഡോളറാണ് ധനസഹായമായി ലഭിക്കുന്നത്. 2021 ജൂലൈയിൽ വേൾഡ് ബാങ്കുമായും 2021 ഓഗസ്റ്റിൽ എഐഐബിയുമായും ഇതിനായുള്ള കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്. എഎഫ്ഡി-യിൽ നിന്നുള്ള 120 ദശലക്ഷം ഡോളർ അധിക ധനസഹായത്തിനുള്ള നടപടിക്രമങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തിക കാര്യ വകുപ്പിൽ പുരോഗമിച്ചു വരുന്നു. 2022 ജൂൺ 30 വരെ, ലോകബാങ്കിൽ നിന്നും എഐഐബിയിൽ നിന്നും ധനസഹായമായി സംസ്ഥാനത്തിന് 14 മില്യൺ യുഎസ് ഡോളർ ലഭിക്കുകയും, കൂടാതെ 9.2 മില്യൺ യുഎസ് ഡോളർ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

### ആർകെഡിപി യുടെ നിർവ്വഹണം

2022 നവംബർ 15 വരെ, 14 വകുപ്പുകൾക്ക് കീഴിലുള്ള വിവിധ പദ്ധതികൾക്കായി 8,082.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളുടെ ഭരണാനുമതി തുക 64 ശതമാനവും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും റവന്യൂ, ദുരന്തനിവാരണ മാനേജ്മെന്റിന്റെയും യഥാക്രമം 10.9 ശതമാനവും 7.9 ശതമാനവുമാണ്. മൊത്തം 5,590.73 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്യുകയും 2,356.45 കോടി രൂപ വിവിധ നിർവഹണ സ്ഥാപനങ്ങൾക്കായി ആർകെഐ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെയുള്ള ആകെ ചെലവ് 2098.33 കോടി രൂപയാണ്. വിശദാംശങ്ങൾ **പട്ടിക 11.6.1** ൽ നൽകിയിരിക്കുന്നു.

### RKI യുടെ കീഴിൽ പൂർത്തിയാക്കിയ പ്രോജക്ടുകൾ

2022 നവംബർ 15 വരെയുള്ള കണക്കനുസരിച്ച് 376.3 കോടി രൂപ കൃഷി, പരിസ്ഥിതി, മൃഗസംരക്ഷണം, ക്ഷീര വികസനം, ജീവനോപാധിമാർഗം, മത്സ്യബന്ധനം, ജലസേചനം, ജലവിഭവങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നീ മേഖലകൾക്ക് കീഴിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ചെലവഴിച്ചു. കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേന യൂണിറ്റുകളും ശക്തിപ്പെടുത്തുന്നതിന് 5 കോടി രൂപയും, ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് സംയോജിത കൃഷിയിലൂടെ ജീവനോപാധി മാർഗം മെച്ചപ്പെടുത്തുന്നതിന് 49.99 കോടി രൂപയും ഉൾപ്പെടെ കാർഷിക മേഖലയിൽ, മൊത്തം 55.61 കോടി രൂപ ചെലവഴിച്ചു. തൊഴിൽ/വാണിജ്യ സാധ്യതയുള്ള ജൈവവിഭവങ്ങളുടെ ഡാറ്റാബേസ്, നദീതീര ജൈവവൈവിധ്യ പുനരുജ്ജീവനം, കാർഷിക ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കായി പരിസ്ഥിതി വകുപ്പ് 4 കോടി രൂപ വിനിയോഗിച്ചു. മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനുമുള്ള ഉപജീവന പാക്കേജിന്റെ ഭാഗമായി 77 കോടി രൂപ ചെലവഴിച്ചു. സംസ്ഥാന കുടുംബശ്രീ മിഷൻ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്, വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവയ്ക്കായി 77 കോടി രൂപ ചെലവഴിച്ചു. വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവോയറിൽ പട്ടികവർഗ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ കൂടുകളിലെ മത്സ്യ കൃഷിക്കായി 2.78 കോടി രൂപ വിനിയോഗിച്ചു. വെള്ളപ്പൊക്കത്തിനുശേഷമുള്ള അണക്കെട്ടുകൾ/റെഗുലേറ്ററുകൾ/കനാലുകൾ ജലസേചന നിർമ്മിതികൾ (62 എണ്ണം) എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും 68.51 കോടി രൂപ ചെലവഴിച്ച് എൽഎസ്ജിഡി റോഡുകളുടെയും (196 എണ്ണം) പ്രളയത്തിൽ തകർന്ന 2 പാലങ്ങളുടെയും

**പട്ടിക 11.6.1** വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിന്റെയും ചെലവഴിച്ചിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ, 2022 നവംബർ 15 വരെ (തുക രൂപ കോടിയിൽ)

| ക്രമ നം. | മേഖല | വകുപ്പ് | നിർവ്വഹണ സ്ഥാപനം | ഭരണാനുമതിതുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | റോഡുകൾ /പാലങ്ങൾ | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് -റോഡ്സ് & ബ്രിഡ്ജസ് വിഭാഗം<br>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ് (KSTP) | 5200.29 | 1401.49 |
| 2.1 | റോഡുകൾ/ പാലങ്ങൾ | തദ്ദേശ സ്വയം ഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്/റോഡ്സ് വിഭാഗം | 590.04 | 64.96 |
| 2. 2 | ജീവനോപാധിമാർഗ്ഗം | തദ്ദേശ സ്വയം ഭരണ വകുപ്പ് | സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | 250.00 | 201.74 |
| 2.3.1 | ശുചിത്വം | തദ്ദേശ സ്വയം ഭരണ വകുപ്പ് | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 21.25 | 2.68 |
| 2.3.2 | ശുചിത്വം | തദ്ദേശ സ്വയം ഭരണ വകുപ്പ് | ഇംപാക്റ്റ് കേരള ലിമിറ്റഡ് | 22.34 | 0.00 |
| 3.1 | സംയോജിത ജല വിഭവ മാനേജ് മെന്റ് | ജലവിഭവ വകുപ്പ് | ജലസേചന വകുപ്പ് | 152.05 | 56.18 |
| 3.2 | ജല വിതരണം | ജലവിഭവ വകുപ്പ് | കേരള വാട്ടർ അതോറിറ്റി | 201.77 | 67.48 |
| 3.3 | ശുചിത്വം | ജലവിഭവ വകുപ്പ് | കേരള വാട്ടർ അതോറിറ്റി | 14.36 | 0.60 |
| 4 | കൃഷി | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 522.00 | 161.65 |
| 5.1 | മൃഗസംരക്ഷണം | മൃഗസംരക്ഷണ വകുപ്പ് | മൃഗസംരക്ഷണ വകുപ്പ് | 157.88 | 77.09 |
| 5.2 | ക്ഷീരവികസനം | ക്ഷീരവികസന വകുപ്പ് | മിൽമ | 5.40 | 3.00 |
| 6.1 | മത്സ്യബന്ധനം | ഫിഷറീസ്, തുറമുഖ വകുപ്പ് | ഫിഷറീസ് വകുപ്പ് | 6.35 | 4.82 |
| 6.2 | മത്സ്യബന്ധനവും തുറമുഖവും | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 52.90 | 0.37 |
| 7 | വനം വന്യജീവി | വനം വകുപ്പ് | വനം വകുപ്പ് | 130.41 | 19.85 |
| 8 | പരിസ്ഥിതിയും, കാലാവസ്ഥ വ്യതിയാനവും | പരിസ്ഥിതി വകുപ്പ് | കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് | 5.00 | 3.97 |
| 9 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | ഊർജ്ജം | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 53.55 | 0.46 |
| 10 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ്/ഓപ്പൺ ഡേറ്റ | ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി | ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി | 3.49 | 1.04 |
| | | ഫിനാൻസ് | കേരള സംസ്ഥാന IT മിഷൻ (KSITM) | 34.32 | 2.51 |
| 11.1 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | റവന്യൂവും ദുരന്ത നിവാരണവും | റവന്യൂ, ദുരന്ത നിവാരണ വകുപ്പ് | 198.38 | 20.30 |
| 11.2 | ഭൂ വികസനം | റവന്യൂ ദുരന്ത നിവാരണ വകുപ്പ് | സർവെ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പ് | 438.46 | 0.84 |
| 11.3 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | റവന്യൂവും ദുരന്ത നിവാരണവും | കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ് മെന്റ് അതോറിറ്റി (KSDMA)/ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) | 7.30 | 7.30 |
| 12 | ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് | വനിത ശിശു വികസന വകുപ്പ് | വനിത ശിശു വികസന വകുപ്പ് | 8.19 | 0.00 |
| 13 | ആരോഗ്യം | ആരോഗ്യവും കുടുംബക്ഷേമവും | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് | 1.28 | 0.00 |
| 14 | നവകേരള കർമ്മ പദ്ധതി | ഹരിത കേരള മിഷൻ | ഹരിത കേരള മിഷൻ | 5.19 | 0.00 |
| | ആകെ | | | 8082.20 | 2098.33 |

പുനർനിർമ്മാണം പൂർത്തിയാക്കി. റവന്യൂ ദുരന്തനിവാരണ വകുപ്പിന് കീഴിൽ 35.2 കോടി രൂപ വിനിയോഗിച്ച് 33 വില്ലേജ് ഓഫീസുകളുടെയും 20 റവന്യൂ കെട്ടിടങ്ങളുടെയും പുനർനിർമ്മാണം പൂർത്തിയാക്കി. ആർകെഐ-ന് കീഴിൽ പൂർത്തിയാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ **പട്ടിക 11.6.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.6.2** ആർകെഐ യുടെ കീഴിൽ പൂർത്തിയാക്കിയ പ്രോജക്ടുകൾ, 2022 നവംബർ 15 വരെ (തുക രൂപ കോടിയിൽ)

| ക്രമനം | മേഖല | വകുപ്പും/പദ്ധതി നടപ്പാക്കുന്ന ഏജൻസിയും | പദ്ധതി | ഭരണാനുമതി തുക | ചെലവഴിച്ച തുക | പദ്ധതിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | കൃഷി | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്-കേരള സ്റ്റേറ്റ് അഗ്രികൾച്ചർ മെക്കനൈസേഷൻ മിഷൻ(KSAMM) | അഗ്രോ സർവീസ് സെന്ററുകളും കാർഷിക കർമ്മസേന യൂണിറ്റുകളും ശക്തിപ്പെടുത്തിക്കൊണ്ട് മേഖല തിരിച്ചുള്ള സേവന വിതരണത്തിനുള്ള പിന്തുണ | 5.00 | 5.00 | പൂർത്തിയായി |
| 2 | കൃഷി | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്-കേരള സ്റ്റേറ്റ് അഗ്രികൾച്ചർ മെക്കനൈസേഷൻ മിഷൻ (KSAMM) | ഇടുക്കിയിലും വയനാട്ടിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് സംയോജിത കൃഷിയിലൂടെ ഉപജീവനം വർധിപ്പിക്കൽ | 50.00 | 49.99 | പൂർത്തിയായി |
| 3 | കൃഷി | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ മാനവ വിഭവശേഷി വികസനം | 0.4 | 0.13 | പൂർത്തിയായി |
| 4 | കൃഷി | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് | കേരളത്തിലെ കാർഷിക ഇൻഷുറൻസിനെക്കുറിച്ചുള്ള പഠനം | 0.4 | 0.34 | പൂർത്തിയായി |
| 5 | കൃഷി | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് -വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK) | സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലെ സാങ്കേതിക വിടവുകളെക്കുറിച്ചും നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകതകളെക്കുറിച്ചുമുള്ള സമഗ്ര പഠനം | 0.15 | 0.15 | പൂർത്തിയായി |
| 6 | പരിസ്ഥിതി | പരിസ്ഥിതി വകുപ്പ് | തൊഴിൽ/വാണിജ്യ സാധ്യതയുള്ള ജൈവവിഭവങ്ങളുടെ ഡേറ്റാബേസ് | | | പൂർത്തിയായി |
| 7 | പരിസ്ഥിതി | പരിസ്ഥിതി വകുപ്പ് | നദീതട ജൈവവൈവിധ്യ പുനരുജ്ജീവനം | 5.00 | 4.00 | പൂർത്തിയായി |
| 8 | പരിസ്ഥിതി | പരിസ്ഥിതി വകുപ്പ് | കാർഷിക ജൈവ വൈവിധ്യ സംരക്ഷണം | | | പൂർത്തിയായി |
| 9 | മൃഗസംരക്ഷണവും ക്ഷീരവികസനവും | മൃഗസംരക്ഷണം & ക്ഷീരവികസനവകുപ്പ് | ഉപജീവന സഹായ പാക്കേജ് | 77.00 | 77.00 | പൂർത്തിയായി |
| 10 | ജീവനോപാധിമാർഗ്ഗം | എൽ എസ് ജി ഡി -സംസ്ഥാന കുടുംബശ്രീ മിഷൻ | കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് | 18.47 | 18.47 | പൂർത്തിയായി |
| 11 | ജീവനോപാധിമാർഗ്ഗം | എൽ എസ് ജി ഡി -സംസ്ഥാന കുടുംബശ്രീ മിഷൻ | വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് | 26.00 | 26.00 | പൂർത്തിയായി |
| 12 | ജീവനോപാധിമാർഗ്ഗം | എൽ എസ് ജി ഡി -സംസ്ഥാന കുടുംബശ്രീ മിഷൻ | ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് | 32.53 | 32.53 | പൂർത്തിയായി |
| 13 | മത്സ്യബന്ധനം | മത്സ്യബന്ധന തുറമുഖ വകുപ്പ് | വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവോയറിൽ പട്ടികവർഗ ഗുണഭോക്താക്കളുടെ പങ്കാളിത്ത സമീപനത്തിലൂടെ കൂടുകളിലെ മത്സ്യ ഉൽപ്പാദനം. | 3.2 | 2.78 | പൂർത്തിയായി |
| 14 | ജലസേചനം | ജലവിഭവ വകുപ്പ്-ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (IDRB) | വെള്ളപ്പൊക്കത്തിനു ശേഷമുള്ള അണക്കെട്ടുകൾ/കനാലുകൾ/റഗുലേറ്ററുകൾ/ജലസേചന നിർമ്മിതികൾ-(99 എണ്ണം) എന്നിവയുടെ പരിപാലനവും അറ്റകുറ്റപ്പണികളും | 40.33 | 34.96 | 99 വർക്കുകളിൽ 62 എണ്ണം പൂർത്തിയായി |
| 15 | ജലവിതരണം | ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി (KWA) | ഏകദേശം പൂർത്തിയായ കേരള വാട്ടർ അതോറിറ്റി സ്കീമുകളുടെ പൂർത്തീകരണം-7 എണ്ണം. | 35.3 | 19.05 | 7 വർക്കുകളിൽ 3 എണ്ണം പൂർത്തിയായി |

| | | | | | | |
|---|---|---|---|---|---|---|
| 16 | ജലവിതരണം | ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി (KWA) | എനർജി ഒപ്റ്റിമൈസേഷനും 16 HT പമ്പിംഗ് സ്റ്റേഷനുകളുടെ കാര്യക്ഷമമല്ലാത്ത പമ്പിംഗ് സിസ്റ്റങ്ങൾ മാറ്റിസ്ഥാപിക്കലും | 0.3 | 0.28 | പൂർത്തിയായി |
| 17 | റോഡുകൾ | തദ്ദേശ സ്വയം ഭരണ വകുപ്പ്-പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് | 7 ജില്ലകളിലെ തിരഞ്ഞെടുത്ത റോഡുകളുടെ പരിശോധന/ വിവരശേഖരണം | 4.57 | 1.15 | 77 വർക്കുകളിൽ 7എണ്ണം പൂർത്തിയായി |
| 18 | റോഡുകൾ | തദ്ദേശ സ്വയം ഭരണ വകുപ്പ്-പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് | ആലപ്പുഴ, കോട്ടയം,എറണാകുളം, തൃശ്ശൂർ എന്നീ 4 ജില്ലകളിൽ എൽഎസ്ജിഡി റോഡുകളുടെ പുനർ നിർമ്മാണം | 53.136 | 24.47 | 25 വർക്കുകളിൽ 15 എണ്ണം പൂർത്തിയായി |
| 19 | റോഡുകൾ | തദ്ദേശ സ്വയം ഭരണ വകുപ്പ്-പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് | പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിലെ പ്രളയബാധിത റോഡുകളുടെ രൂപരേഖ തയ്യാറാക്കുന്നതിനും ഡിപിആർ തയ്യാറാക്കുന്നതിനുമുള്ള കൺസൾട്ടൻസി | 1.605 | 0.775 | പൂർത്തിയായി |
| 20 | റോഡുകൾ | തദ്ദേശ സ്വയം ഭരണ വകുപ്പ്-പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് | ആലപ്പുഴ, കോട്ടയം,എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ 5 ജില്ലകളിലെ എൽഎസ്ജിഡി റോഡുകളുടെ പുനർ നിർമ്മാണം | 40.00 | 7.07 | 21 റോഡുകളിൽ 3 എണ്ണം പൂർത്തിയായി |
| 21 | റോഡുകൾ | തദ്ദേശ സ്വയംഭരണ വകുപ്പ്-പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് | പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ, വയനാട് എന്നീ 6 ജില്ലകളിലെ 19 എൽഎസ്ജിഡി റോഡുകളുടെ പുനർ നിർമ്മാണം | 42.32 | 4.67 | 19 റോഡുകളിൽ 2 എണ്ണം പൂർത്തിയായി |
| 22 | റോഡുകൾ | ചീഫ് എഞ്ചിനീയർ- തദ്ദേശ സ്വയംഭരണ വകുപ്പ് | 7 ജില്ലകളിലെ പ്രളയത്തിൽ തകർന്ന കാറ്റഗറി ബി (RoW<5 മീറ്റർ) പാക്കേജുകളുടെ 194.63 കിലോ മീറ്റർ എൽഎസ്ജിഡി റോഡുകളുടെ പുനർ നിർമ്മാണം | 67.9 | 31.00 | 248 റോഡുകളിൽ 176 എണ്ണം പൂർത്തിയായി |
| 23 | റോഡുകൾ | ചീഫ് എഞ്ചിനീയർ- തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 5 പാലങ്ങളുടെ പുനർ നിർമ്മാണം | 2.535 | 1.3 | 5 പാലങ്ങളിൽ 2 എണ്ണം പൂർത്തിയായി |
| 24 | റവന്യൂ | റവന്യൂ, ദുരന്തനിവാരണ വകുപ്പ് | 255 വില്ലേജ് ഓഫീസുകളുടേയും 38 റവന്യൂ കെട്ടിടങ്ങളുടേയും പുനർ നിർമ്മാണം | 198.381 | 35.2 | 255 വില്ലേജ് ഓഫീസുകളിൽ 33 എണ്ണവും, 38 റവന്യൂ കെട്ടിടങ്ങളിൽ 20 എണ്ണവും പൂർത്തിയായി |
| | | | ആകെ | 704.53 | 376.3 | |

# 11.7 കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

സംസ്ഥാന സർക്കാരിൻറെ മൂലധനച്ചെലവുകൾക്കായി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ഏജൻസിയായി 1999ൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) രൂപീകരിച്ചു. 2016-ലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമത്തിൽ വരുത്തിയ സമഗ്ര ഭേദഗതിക്കുശേഷം ഘടനാപരമായി പുനഃസംഘടിപ്പിക്കപ്പെട്ട കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി), കൂടുതൽ മൂലധന ചെലവുള്ളതും പ്രധാനപ്പെട്ടതുമായ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രധാന ഏജൻസിയായി പ്രവർത്തിക്കുന്നു.

സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി), റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) എന്നിവ അംഗീകരിച്ച സാമ്പത്തിക നിർദ്ദേശങ്ങൾക്കനുസരിച്ച്, വികസനത്തിന്റെ അവിഭാജ്യ ഘടകമായ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ ആസൂത്രിതവും, തടസ്സരഹിതവും സുസ്ഥിരവുമായ വികസനത്തിന് കിഫ്ബി ധനസഹായം നൽകുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ ഭരണവകുപ്പുകളെ സഹായിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി(എസ്.പി.വി) കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ ഏജൻസികളുമായി കിഫ്ബി കൈകോർക്കുന്നു.

**പദ്ധതി വൈവിധ്യം**

അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഭൂമി ഏറ്റെടുക്കൽ പദ്ധതികളും കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നു. 2022 മാർച്ച് വരെ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡുകൾ, ഗതാഗതം, ജലസേചനം, ജലവിതരണം, വൈദ്യുതി, തുറമുഖങ്ങൾ, ഉൾനാടൻ ഗതാഗതം, അഴുക്കുചാൽ സംവിധാനം, ഖരമാലിന്യ സംസ്കരണം എന്നിങ്ങനെ 70,762 കോടി രൂപയുടെ 962 അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി. കൂടാതെ ലാൻഡ് അക്വിസിഷൻ പൂളിന് കീഴിൽ 20,000 കോടി രൂപയുടെ 7 വൻകിട ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. 2020-21 കാലയളവിൽ, 9,340.03 കോടി രൂപയുടെ 206 അടിസ്ഥാന സൗകര്യ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയതെങ്കിൽ, 2021-22 സാമ്പത്തിക വർഷത്തിൽ 8,027.09 കോടി രൂപയുടെ 60 പദ്ധതികൾക്കാണ് ബോർഡ് അംഗീകാരം നൽകിയത്. 2021-22 സാമ്പത്തിക വർഷത്തിൽ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ഏകീകൃത വിശദാംശങ്ങൾ **പട്ടിക 11.7.1**ലും അംഗീകരിച്ച പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.7.1**ലും നൽകിയിരിക്കുന്നു.

2021-22ൽ കിഫ്ബി അംഗീകരിച്ച പ്രധാന പദ്ധതികളിലൊന്നാണ് കോഴിക്കോട്, വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി(എ.എം) തുരങ്കപാത. 8.735 കിലോമീറ്റർ (ഇരുവശത്തുമുള്ള

**പട്ടിക 11.7.1.** 2022 മാർച്ച് വരെ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ഏകീകൃത വിശദാംശങ്ങൾ (രൂപ കോടിയിൽ)

| പദ്ധതി ഇനം | 2020-21 | | 2021-22 | | ആകെ (2016-22) | |
|---|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | അടങ്കൽ | എണ്ണം | അടങ്കൽ |
| അടിസ്ഥാന സൗകര്യ പദ്ധതികൾ | 206 | 9,340.03 | 60 | 8,027.09 | 955 | 50,762.00 |
| ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | | | | | 7 | 20,000.00 |
| ആകെ | | | | | 962 | 70,762.00 |

അവലംബം: കിഫ്ബി

സമീപ റോഡുകൾ ഉൾപ്പെടെ) ആകെ നീളമുള്ള നാലുവരി തുരങ്കപാതയാണിത്. തുരങ്കത്തിന്റെ നീളം 8.11 കിലോമീറ്ററാണ്. താമരശ്ശേരി ചുരം റോഡിന് ബദലായി വിശ്വസനീയവും സുരക്ഷിതവും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യവുമായ ഈ തുരങ്കം റോഡ് കണക്റ്റിവിറ്റി പ്രദാനം ചെയ്യുന്നു. കിഫ്ബി 2,134.5 കോടി രൂപ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പ് പുറത്തിറക്കിയ പുതിയ വ്യവസായ നയം സംസ്ഥാനത്തിന്റെ വ്യാവസായിക കാലാവസ്ഥയിൽ അർത്ഥവത്തായ മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടികൾ നിർദേശിക്കുന്നു. കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ (കെ.ബി.ഐ.സി) ഭാഗമായി, ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് ക്ലസ്റ്റർ (എൽ.എം.സി) വികസിപ്പിക്കുന്നതിന് 1,038 കോടി രൂപ ചെലവിൽ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) പാലക്കാട് ജില്ലയിൽ 1,351 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അങ്കമാലിയിൽ 'ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ് (ഗിഫ്റ്റ്) സിറ്റി' എന്ന പേരിൽ ബിസിനസ് കേന്ദ്രമായി പ്രവർത്തിക്കുന്നതിനുള്ള ഒരു നോൺ-മാനുഫാക്ചറിംഗ് ക്ലസ്റ്റർ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിൽ 144.9759 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി 850 കോടി രൂപ ഇതിനോടകം അനുവദിച്ചു കഴിഞ്ഞു.

കിഫ്ബി ഫണ്ടിന്റെ പ്രധാന പങ്ക് റോഡുകൾക്കും റോഡ് ഗതാഗത മേഖലയ്ക്കുമായി നീക്കിവച്ചിട്ടുണ്ട്, 2022 മാർച്ച് വരെ ഇത് 33,027.75 കോടി രൂപയാണ്. ആനക്കാംപൊയിൽ കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി ഉൾപ്പെടെയുള്ള വിവിധ റോഡ് പദ്ധതികൾക്ക് 32,523.28 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് 400 ഡീസൽ ബസുകൾ എൽ.എൻ.ജി ആക്കി മാറ്റുന്നതിന് അനുമതി നൽകിയതിന് പുറമെ 310 സി.എൻ.ജി, 50 ഇലക്ട്രിക് ബസുകൾകൂടി വാങ്ങുന്നതിന് 3,60.91 കോടി രൂപ കെ.എസ്.ആർ.ടി.സി-ക്ക് ബോർഡ് അനുവദിച്ചു. മലയോര ഹൈവേ പദ്ധതിക്കുവേണ്ടി ആകെ 2,548.84 കോടി രൂപ കിഫ്ബി അംഗീകരിച്ചു കഴിഞ്ഞു , കൊല്ലം, കാസറഗോഡ് ജില്ലകളിലെ മലയോര ഹൈവേയുടെ ഭാഗങ്ങൾ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്ബി) ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. ആലപ്പുഴ മൊബിലിറ്റി ഹബ് ഒന്നാം ഘട്ടം, ആലപ്പുഴ കെഎസ്ആർടിസി ബസ് ടെർമിനൽ കോംപ്ലക്സ് എന്നിവയുടെ നിർമാണത്തിനും ബോർഡ് തുക അനുവദിച്ചിട്ടുണ്ട്. റോഡ്, റോഡ് ഗതാഗത മേഖലയ്ക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.7.2**ൽ കാണിച്ചിരിക്കുന്നു.

ഭീമമായ ഭൂമി ഏറ്റെടുക്കൽ ചെലവ് സംസ്ഥാനത്തിന്റെ ദേശീയപാത വികസനത്തിന് വലിയ തടസ്സമായിരുന്നു. എന്നാൽ, ദേശീയ പാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം കിഫ്ബി മുഖേന സംസ്ഥാനം വഹിക്കാൻ തീരുമാനിച്ചതോടെ ഇതിന് വലിയൊരളവിൽ പരിഹാരമായി. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ആകെ വകയിരുത്തിയ 6,769.01 കോടി രൂപയിൽ, 3,016.24 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് (എൻ.എച്ച്.എ.ഐ) കൈമാറിയതോട്ടുകൂടി 2022 മാർച്ച് വരെ ദേശീയ പാത അതോറിറ്റിക്ക് കൈമാറിയ ആകെ തുക 5,580.74 കോടി രൂപയായി.

**പട്ടിക 11.7.2.** 2022 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയ്ക്ക് കിഫ്ബി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ (രൂപ കോടിയിൽ)

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | തീരദേശ ഹൈവേ | 2,620.63 |
| 2 | മലയോര ഹൈവേ | 2,548.84 |
| 3 | ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി(എ.എം) തുരങ്കപാത | 2,134.5 |
| 4 | മറ്റ് റോഡ് പദ്ധതികൾ | 25,219.31 |
| 5 | മറ്റ് റോഡ് ഗതാഗത പദ്ധതികൾ | 504.47 |
| | ആകെ | 33,027.75 |


അവലംബം: കിഫ്ബി

റോഡ്, റോഡ് ഗതാഗത മേഖല കഴിഞ്ഞാൽ കിഫ്ബി ധനസഹായത്തിന്റെ ലഭ്യതയുടെ കാര്യത്തിൽ ജലവിഭവം (5,876 കോടി രൂപ),വൈദ്യുതി(5,200 കോടി രൂപ) മേഖലകളാണ് മുന്നിട്ടു നിൽക്കുന്നത്. 344.2 കോടി രൂപ ചെലവിൽ ചെല്ലാനത്തെ തകർന്ന കടൽഭിത്തിയുടെ പുനർനിർമ്മാണവും ഗ്രോയിൻ ഫീൽഡ് നിർമ്മാണ പദ്ധതിയും ജലവിഭവ മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സുപ്രധാന പദ്ധതികളാണ്. കൂടാതെ, അഞ്ച് സീ പിയർ നിർമ്മാണ പ്രവൃത്തികൾ, രണ്ട് കനാൽ നവീകരണ പ്രവർത്തനങ്ങൾ, പത്ത് ചെക്ക് ഡാമുകളുടെ നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിവയും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നവയാണ്. കൊച്ചി നഗര പുനരുജ്ജീവന -സംയോജിത ജലഗതാഗത പദ്ധതിക്കായി 556.51 കോടി രൂപ ബോർഡ് അനുവദിച്ചു. കൂടാതെ, 2022-23-ൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനത്തിനായി 915.84 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.7.1**ൽ കാണിച്ചിരിക്കുന്നു.

വൈദ്യുതി വിതരണ സംവിധാനത്തിന്റെ വിശ്വാസ്യതയും സുരക്ഷയും വർദ്ധിപ്പിക്കാനും, പരിസ്ഥിതിക്കും പൊതുജനങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും പ്രസരണനഷ്ടം കുറഞ്ഞതും കാര്യക്ഷമവുമായ ഒരു ഊർജ്ജ വിതരണ സംവിധാനമെന്ന ഹരിത കാഴ്ചപ്പാടോടെയാണ് കെ.എസ്.ഇ.ബി.എൽ 'ട്രാൻസ്ഗ്രിഡ് 2.0' പദ്ധതിക്ക് തുടക്കമിട്ടത്. പദ്ധതിക്ക് 5,200 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുന്നതോടുകൂടി പീക്ക് ലോഡ് സിസ്റ്റം നഷ്ടം ഏകദേശം 107.8 മെഗാവാട്ട് കുറയ്ക്കാനും അതിലൂടെ 522.21 ദശലക്ഷം യൂണിറ്റ് (എം.യു) വാർഷിക ഊർജ്ജ ലാഭം ഉണ്ടാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആയുഷ് പദ്ധതി ഉൾപ്പെടെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കീഴിലെ പദ്ധതികൾക്കായി 5,064 കോടി രൂപ കിഫ്ബി അനുവദിച്ചു. ഇത് ബോർഡ് അംഗീകരിച്ച മൊത്തം പദ്ധതികളുടെ 9.97 ശതമാനമാണ് താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ , കൊച്ചിൻ കാൻസർ സെന്റർ, മട്ടന്നൂരിലെ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തുടങ്ങിയ സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ സംസ്ഥാനത്തെ 55 ആശുപത്രികളുടെ വികസനത്തിനുള്ള പദ്ധതിയും

**ചിത്രം 11.7.1** മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ




അവലംബം: കിഫ്ബി

ഇതിൽ ഉൾപ്പെടുന്നു. എറണാകുളം ജനറൽ ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മണവും തിരുവനന്തപുരം മെഡിക്കൽ കോളജിന്റെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ ഒന്നാം ഘട്ടം മെച്ചപ്പെടുത്തലും 2021-22ൽ പൂർത്തിയായി. 10 ക്രിട്ടിക്കൽ കെയർ യൂണിറ്റ് (സിസിയു), 9 കാത്‌ലാബ്, 43 ഡയാലിസിസ് യൂണിറ്റുകൾ എന്നിവയുടെ സജ്ജീകരണവും ഇതേ വർഷം പൂർത്തിയായി. ഇതിനുപുറമെ, 140 നിയമസഭാ മണ്ഡലങ്ങളിലും 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി 2021-22 വർഷത്തിൽ 236.30 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്, ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക്, കിഫ്ബി 3,972 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1,100 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കാണ് നീക്കി വച്ചിരുന്നത്. കൂടാതെ, 55 ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നവീകരണ പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 5 കോളേജുകൾ പൈതൃക കോളേജുകളുടെ വികസന പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കും. കൂടാത, 4 എഞ്ചിനീയറിംഗ് കോളേജുകൾ, 8 പോളിടെക്നിക്കുകൾ, 5 സർവകലാശാലകൾ എന്നിവയുടെ വികസനത്തിനായി 560.43 കോടി രൂപയുടെ പദ്ധതികൾ ബോർഡ് അംഗീകരിച്ചു. വികസനത്തിനായി ഏറ്റെടുത്ത 5 സർവ്വകലാശാലകളിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലശാല (കുസാറ്റ്) യ്ക്കാണ് കൂടുതൽ വിഹിതം ലഭിക്കുന്നത്. അക്കാദമിക ഗവേഷണ മേഖലയിലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 241.72 കോടി രൂപയാണ് കുസാറ്റിന് അനുവദിച്ചിട്ടുള്ളത്.


പൊതുവിദ്യാഭ്യാസ മേഖലയിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ(പി.പി.ഇ) ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലും ഓരോ സ്കൂൾ വീതം നവീകരിക്കുന്നതിന് 702.29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി ധനസഹായത്തോടെ 785 കോടി രൂപയുടെ ഹൈടെക് പദ്ധതികൾ പൂർത്തീകരിച്ചു. സംസ്ഥാനത്തെ വിവിധ സെക്കന്ററി , ഹയർ സെക്കന്ററി സ്കൂളുകളിലായി 45,000 ഹൈടെക് ക്ലാസ് മുറികൾ, എൽപി, യുപി സ്കൂളുകളിലെ ഹൈടെക് ലാബുകളുടെ(1,1250) നിർമ്മാണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു

2017-18-ൽ 1061.73 കോടി രൂപ ചെലവ് വകയിരുത്തിയ കിഫ്ബി പദ്ധതിയാണ് കേരളാ ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്(കെ-ഫോൺ). 30,000 സർക്കാർ സ്ഥാപനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പ്രസ്തുത പദ്ധതി, ഗ്രാമീണ മേഖലയിൽ മികച്ച നെറ്റ്‌വർക്ക് കണക്റ്റിവിറ്റി പ്രദാനം ചെയ്യുന്നതിന് ഊന്നൽ നൽകുന്നു. കൂടാതെ, കാര്യക്ഷമമായ സേവനം ഉറപ്പുനൽകുന്നതിനും, സേവനത്തിന്റെ ഗുണനിലവാരം (QoS), വിശ്വാസ്യത,ആവൃത്തി,സുരക്ഷ എന്നിവ ഉറപ്പാക്കുകയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ബാൻഡ്‌വിഡ്ത്ത് ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തവുമായ സംസ്ഥാന വ്യാപക കോർ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് കെ-ഫോൺ മുഖേന സജ്ജീകരിക്കും. പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ച് വരുന്നു.

ഐടി മേഖലയിൽ 351.13 കോടി രൂപ അടങ്കലുള്ള രണ്ട് ഐടി പാർക്കുകളുടെ(കളമശ്ശേരിയിലും കഴക്കൂട്ടത്തും) വികസനത്തിനായി കിഫ്ബി ധനസഹായം നൽകുന്നുണ്ട്.

അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്, 43 സ്റ്റേഡിയങ്ങൾ, രണ്ട് കായിക സ്കൂളുകളുടെ വികസനം എന്നിവയുൾപ്പെടെ സ്പോർട്സ് മേഖലയിൽ 773.74 കോടി രൂപയുടെ 37

**ചിത്രം 11.7.2** 2022 ഒക്ടോബർ വരെയുള്ള കിഫ്ബി പദ്ധതികളുടെ ഭൗതിക പ്രകടനം




അവലംബം: കിഫ്ബി

പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ആലപ്പുഴ, തലശ്ശേരി പൈതൃക പദ്ധതികളും 117.51 കോടി രൂപ ചെലവിൽ ആക്കുളം തടാകത്തിന്റെയും നീർത്തടത്തിന്റെയും പുനരുജ്ജീവന പ്രവർത്തവും ഉൾപ്പടെ 417.02 കോടി രൂപയുടെ വിനോദസഞ്ചാര പദ്ധതികൾക്ക് 2022 മാർച്ച് വരെ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 9 തിയേറ്റർ കോംപ്ലക്സുകൾ, 8 സാംസ്കാരിക സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണം, ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയായി വികസിപ്പിക്കുക തുടങ്ങിയ സാംസ്കാരിക പദ്ധതികൾക്കും കിഫ്ബി തുക വകയിരുത്തിയിട്ടുണ്ട്.

10.5 ലക്ഷം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ള എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന 'നിലാവ്' പദ്ധതിക്ക് 298.38 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി തിരഞ്ഞെടുത്തിട്ടുള്ള ഈ പദ്ധതിയുടെ നിർവഹണ ഏജൻസി കെ.എസ്.ഇ.ബി.യാണ്. 'ഫിലമെന്റ് രഹിത കേരളം' എന്ന ലക്ഷ്യത്തെ മുൻനിർത്തി ആരംഭിച്ച പ്രസ്തുത പദ്ധതി ഇതിനോടകം തന്നെ സംസ്ഥാനത്തിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഒരു നാഴികക്കല്ലായി മാറിയിട്ടുണ്ട്. കൂടാതെ, പദ്ധതി നടപ്പിൽ വരുന്നതോടുകൂടി പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### കിഫ്ബി ധനസമാഹരണം

**കടമെടുക്കലുകൾ:** നിലവിൽ ഒരു ബീറ്റാ പതിപ്പായ അസറ്റ് ലയബിലിറ്റി മാനേജ്മെന്റിന്റെ (എഎൽഎം) ഒരു സിസ്റ്റം/ പ്രോസസ്സ് കമ്പ്യൂട്ടേഷൻ കിഫ്ബി ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബിയുടെ ധനസമാഹരണ പദ്ധതി നിലവിൽ ഈ സംവിധാനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

### പദ്ധതി പ്രവർത്തന പുരോഗതി

കിഫ്ബി അനുവദിച്ച 928 നിർമ്മാണ പ്രവൃത്തികളിൽ 101 എണ്ണം പൂർത്തിയായി , 369 പ്രവൃത്തികൾ പുരോഗമിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ(2022 ഒക്ടോബർ വരെ) 16 പ്രവൃത്തികൾക്കായി സാങ്കേതിക അനുമതി (ടി.എസ്) നൽകിയിട്ടുണ്ട്, 6 പദ്ധതികളുടെ സാങ്കേതികാനുമതിയ്ക്കായുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 41 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും 53 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് . കിഫ്ബി പദ്ധതികളുടെ ഭൗതിക പ്രകടനം **ചിത്രം 11.7.2**ൽ നൽകിയിരിക്കുന്നു.

വിവിധ പദ്ധതികളുടെ നിർവഹണത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ 459.47 കോടി രൂപ കിഫ്ബി വിതരണം ചെയ്തിട്ടുണ്ട്, മുൻ സാമ്പത്തിക വർഷത്തിൽ ഇത് 5,484.88 കോടി രൂപയായിരുന്നു. 2022 മാർച്ച് വരെ വിവിധ കിഫ്ബി അംഗീകൃത പദ്ധതികൾക്കായി(ഭൂമി ഏറ്റെടുക്കലുകൾ ഉൾപ്പടെ) വിതരണം നടത്തിയത് 20,454.63 കോടി രൂപയാണ്. വിശദാംശങ്ങൾ **പട്ടിക 11.7.3**ൽ നൽകിയിരിക്കുന്നു.


2022 മാർച്ച് മാസം വരെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്ക് മാത്രമായി കിഫ്ബി 7,932.53 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്, ഇത് മൊത്തം വിതരണത്തിന്റെ 33 ശതമാനത്തിൽ കൂടുതലാണ്. ഇതിൽ 5580.74 കോടി രൂപ ദേശീയ പാതയ്ക്കും, 1,756.26 കോടി രൂപ 3 വ്യവസായ പാർക്ക് പദ്ധതികൾക്കും, 145.60 കോടി രൂപ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കലിനും, 449.93 കോടി കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി പദ്ധതിക്കുമായാണ് വിതരണംചെയ്തിട്ടുള്ളത്.2022 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം **ചിത്രം 11.7.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.7.3** അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്യുസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ

| പദ്ധതികൾ | പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | വിതരണം ചെയ്ത തുക |
|---|---|---|---|
| അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ | 955 | 50,762.00 | 12,522.1 |
| ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 7 | 20,000.00 | 7,932.53 |
| ആകെ | 962 | 70,762.00 | 20,454.63 * |

* വിശദാംശങ്ങൾ 2022, മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം
അവലംബം: കിഫ്ബി

**ചിത്രം 11.7.3** 2022 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം




അവലംബം: കിഫ്ബി

ഗ്ലോബൽ റേറ്റിംഗ് ഏജൻസിയായ സ്റ്റാൻഡേർഡ് ആൻഡ് പുവർ (S&P), 2022 സെപ്റ്റംബറിൽ കിഫ്ബിക്ക് സ്റ്റേബിൾ ഔട്ട്‌ലുക്കോടെയുള്ള 'ബിബി-/ബി' റേറ്റിംഗ് നൽകിയിട്ടുണ്ട്. കൂടാതെ, അടിസ്ഥാന സൗകര്യ വികസന മേഖലയിലെ മികച്ച പ്രകടനത്തിന് 'മികച്ച പെർഫോമിംഗ് ലോണിംഗ് ഏജൻസികൾ' എന്ന വിഭാഗത്തിൽ ഹഡ്കോയുടെ മികച്ച പ്രകടനത്തിനുള്ള അവാർഡും കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്.

# 11.8 കാസറഗോഡ് വികസന പാക്കേജ്

കാസറഗോഡ് ജില്ലയിലെ വിവിധ മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിക്കുന്നതു വഴി ജില്ലയുടെ സമഗ്രമായ പുരോഗതിയാണ് കാസറഗോഡ് പാക്കേജിൽ ലക്ഷ്യമിടുന്നത്. കാസറഗോഡ് ജില്ലയ്ക്കായി ഒരു സംയോജിത വികസന പദ്ധതി തയ്യാറാക്കാൻ സർക്കാർ ഡോ.പി.പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ജില്ലയിലെ പിന്നോക്ക മേഖലകളെയും പ്രദേശങ്ങളെയും കണ്ടെത്തി കാസറഗോഡിന്റെ സമഗ്ര വികസനത്തിനായി ഒരു പാക്കേജ് കമ്മീഷൻ നിർദ്ദേശിച്ചു. വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന 11,123.07 കോടി രൂപയുടെ പ്രവൃത്തികളാണ് പാക്കേജിൽ വിഭാവനം ചെയ്യുന്നത്. ഇതിൽ 2,524.56 കോടി രൂപയാണ് കേരള സർക്കാരിന്റെ പദ്ധതി വിഹിതം, 756.19 കോടി രൂപ ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവും, 543.00 കോടി രൂപ മറ്റ് ഏജൻസികൾ വഴിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായി 7,264.16 കോടി രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് 35.16 കോടി രൂപയുമാണ് ആകെ പദ്ധതി അടങ്കൽ.

കാസറഗോഡ് വികസന പാക്കേജിൽ പരാമർശിച്ച പദ്ധതികൾ 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചതാണ്. 2013-14 മുതൽ 2022-23 വരെ പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന ബജറ്റിൽ നിന്നും 77,695 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2013-14 മുതൽ 2022-23 ഒക്ടോബർ വരെ 77,930.54 ലക്ഷം രൂപ 558 പ്രോജക്ടുകൾക്കായി അനുവദിച്ചു. ഇതിൽ 394 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 164 പ്രോജക്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും ആണ്. പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, ചെലവഴിച്ച

**പട്ടിക 11.8.1** കാസറഗോഡ് വികസന പാക്കേജ് - സാമ്പത്തിക പുരോഗതി (31.10.2022 വരെ)

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ഭരണാനുമതി തുക | ചെലവ് |
|---|---|---|---|
| 2013-14 | 2500.00 | 2790.67 | 2309.05 |
| 2014-15 | 7500.00 | 9332.94 | 5367.07 |
| 2015-16 | 8500.00 | 9751.49 | 4778.21 |
| 2016-17 | 8798.00 | 14299.84 | 5638.33 |
| 2017-18 | 9000.00 | 7629.72 | 2468.71 |
| 2018-19 | 9500.00 | 7882.22 | 275.27 |
| 2019-20 | 9065.00 | 9048.73 | 2102.91 |
| 2020-21 | 7500.00 | 7500.00 | 4932.17 |
| 2021-22 | 7832.00 | 7892.57 | 6480.64 |
| 2022-23 | 7500.00 | 1802.37 | 2908.70 |
| ആകെ | 77695.00 | 77930.54 | 37261.06 |

| **പട്ടിക 11.8.2** കാസറഗോഡ് വികസന പാക്കേജ് - ഭൗതിക പുരോഗതി (31.10.2022 വരെ) | | | |
|---|---|---|---|
| സാമ്പത്തിക വർഷം | പദ്ധതികൾ അനുവദിച്ചത് | പദ്ധതികൾ പൂർത്തിയാക്കിയത് | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ |
| 2013-14 | 28 | 28 | 0 |
| 2014-15 | 24 | 23 | 1 |
| 2015-16 | 76 | 74 | 2 |
| 2016-17 | 81 | 80 | 1 |
| 2017-18 | 62 | 55 | 7 |
| 2018-19 | 80 | 63 | 17 |
| 2019-20 | 55 | 32 | 23 |
| 2020-21 | 73 | 31 | 42 |
| 2021-22 | 62 | 8 | 54 |
| 2022-23 | 17 | 0 | 17 |
| ആകെ | 558 | 394 | 164 |

തുകയിലും പൂർത്തീകരിച്ച പ്രവർത്തികളുടെ എണ്ണത്തിലുമുള്ള വ്യത്യാസം വർഷാവർഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ജലസേചനത്തിനും ജലസംരക്ഷണത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകളാണ് ഏറ്റെടുത്ത് പൂർത്തിയാക്കിയ പദ്ധതികളിൽ പ്രധാനപ്പെട്ടവ. 2021-22 സാമ്പത്തിക വർഷത്തെ കാർഷിക മേഖലയിലെ പദ്ധതികൾക്കായി 948.47 ലക്ഷം രൂപ അനുവദിച്ചു. വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകി 2,546.00 ലക്ഷം രൂപ വകയിരുത്തി. ആരോഗ്യമേഖലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കി.

കാസറഗോഡ് പാക്കേജിൽ 5 കോടി രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 16 അംഗ ജില്ലാതല സമിതി സർക്കാർ രൂപീകരിച്ചു. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഏകോപനത്തോടെ സംസ്ഥാനതല ഉന്നതാധികാര സമിതി (എസ്.എൽ.ഇ.സി) കാസറഗോഡ് വികസന പാക്കേജിന് കീഴിലുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി നിരന്തരം അവലോകനം ചെയ്യുന്നു.

അദ്ധ്യായം

# 12

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

**വികേന്ദ്രീകരണത്തിന്റെ കാൽ നൂറ്റാണ്ട് അനുഭവങ്ങൾ – ഒരു അവലോകനം**

പ്രാദേശിക സർക്കാരുകളുടെ ഘടനയിലും പ്രവർത്തനങ്ങളിലും ചുമതലകളിലും ലക്ഷ്യങ്ങളിലും ഘടനാപരമായ മാറ്റങ്ങൾക്ക് നിദാനമായ ജനകീയാസൂത്രണ പ്രസ്ഥാനം സംസ്ഥാനത്ത് ആരംഭിച്ചിട്ട് 2021 ൽ കാൽ നൂറ്റാണ്ട് പിന്നിടുകയാണ്. അധികാരങ്ങളിലും സാമ്പത്തിക സ്രോതസ്സുകളിലും വികേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കിയതോടെ, ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും താഴെത്തട്ടിൽ പരിഹാരങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രാദേശിക സർക്കാരുകൾ പ്രാപ്തമായിട്ടുണ്ട്. സാമൂഹിക ക്ഷേമം, സാമൂഹിക നീതി, സാമൂഹിക സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുന്നതിലും അവ വളരെ പ്രധാന പങ്കു വഹിച്ചു. വിവിധ മേഖലകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ വിജയിച്ചതായി വിലയിരുത്തപ്പെടുന്നു. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, പശ്ചാത്തലവികസനം എന്നീ മേഖലകളിലെ ഇടപെടലുകൾ കൊണ്ട് ശ്രദ്ധേയമാണ് പ്രാദേശിക സർക്കാരുകളുടെ കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തെ അനുഭവങ്ങൾ. 2018 ലെ മഹാപ്രളയത്തിലും കോവിഡ്-19 മഹാമാരിയിലും പ്രാദേശിക സർക്കാരുകൾ ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുകയും ഈ കാലഘട്ടങ്ങളിൽ അവ പൗര സഹകരണത്തിന്റെ വിശാലവും അത്ഭുതപൂർവവുമായ ശ്രമങ്ങളുടെ സംഘാടകരായി മാറുകയും ചെയ്തു.

"ജനകീയാസൂത്രണ പ്രസ്ഥാനം" എന്ന പേരിൽ ഒമ്പതാം പദ്ധതി കാലയളവിലാണ് ജനങ്ങൾക്കും ജനപ്രതിനിധികൾക്കും പ്രാദേശിക സർക്കാരുകളിലെ ഉദ്യോഗസ്ഥർക്കും തികച്ചും നൂതനമായിരുന്ന പങ്കാളിത്ത ആസൂത്രണം എന്ന ആശയത്തിന്, കേരളത്തിൽ തുടക്കമിട്ടത്. പത്താം പദ്ധതിക്കാലത്ത്, കേരളത്തിലെ വികേന്ദ്രീകരണ പരിപാടി പുനഃക്രമീകരിക്കുകയും "കേരള വികസന പദ്ധതി" (കെഡിപി) എന്ന് നാമകരണം ചെയ്യുകയുമുണ്ടായി. പതിനൊന്നാം പദ്ധതി സമയത്ത്, വികേന്ദ്രീകരണത്തിന്റെ സ്ഥാപനവൽക്കരണം പൂർത്തിയാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, "ജനകീയാസൂത്രണം" എന്ന ആശയം തിരികെ കൊണ്ടുവന്നുകൊണ്ട് ഈ പ്രക്രിയയെ വീണ്ടും നവീകരിക്കുകയുണ്ടായി. വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതിനുള്ള ചില മൂർത്തമായ നടപടികൾ പന്ത്രണ്ടാം പദ്ധതിയുടെ സമീപനത്തിൽ വിഭാവനം ചെയ്യുകയുണ്ടായി. പതിമൂന്നാം പഞ്ചവത്സര പദ്ധതി, ആസൂത്രണ പ്രക്രിയയിൽ താഴെത്തട്ടിലുള്ള ജനങ്ങളുടെ കൂടുതൽ അർത്ഥവത്തായ പങ്കാളിത്തം ഉണ്ടാക്കുവാൻ ശ്രമിക്കുകയുണ്ടായി. പതിമൂന്നാം പദ്ധതിയിൽ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി നിർവ്വഹണത്തിന് കൂടുതൽ സമയം ലഭ്യമാക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആവശ്യമായ അനുമതികൾ നൽകി ആസൂത്രണ പ്രക്രിയ ത്വരിതപ്പെടുത്തി പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. നിലവിലെ പതിനാലാം പദ്ധതി, ജനപങ്കാളിത്തം, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വിവിധ വികസന മേഖലകളുടെ ഉൽപ്പാദനക്ഷമതയും പ്രകടനവും വർധിപ്പിക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളും മാനേജ്മെന്റ് ആശയങ്ങളും, ഗവേഷണ വികസന സ്ഥാപനങ്ങളുമായുള്ള മികച്ച ബന്ധം, സാമൂഹിക ക്ഷേമ ഇടപെടലുകൾ വിപുലപ്പെടുത്തൽ, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം, കാര്യക്ഷമമായ മാലിന്യ നിർമാർജ്ജനം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കൽ എന്നിവയ്ക്ക് മുൻഗണന നൽകുന്നു.

നിലവിൽ സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിങ്ങനെ ആകെ 1,200 പ്രാദേശിക സർക്കാരുകൾ

ആണ് ഉള്ളത്. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ പ്രകാരം മൂന്ന് വിഭാഗങ്ങളിലായി ഫണ്ടുകൾ പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്നു. പരമ്പരാഗത ചുമതലകൾക്കും സ്ഥാപന ചെലവുകൾക്കുമുള്ള ജനറൽ പർപ്പസ് ഫണ്ട്, വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്യപ്പെട്ടവ ഉൾപ്പെടെയുള്ള പ്രാദേശിക സർക്കാരുകളുടെ ആസ്തികൾ പരിപാലിക്കുന്നതിനുള്ള മെയിന്റനൻസ് ഫണ്ട്, വികസന ചെലവുകൾ നിറവേറ്റുന്നതിനുള്ള വികസന ഫണ്ട് (പ്ലാൻ വിഹിതം) എന്നിവയാണവ.

2021-22ൽ, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 4 ശതമാനം ജനറൽ പർപ്പസ് ഫണ്ടായും തനത് നികുതി വരുമാനത്തിന്റെ 6.5 ശതമാനം മെയിന്റനൻസ് ഫണ്ടായും പ്രാദേശിക സർക്കാരുകൾക്ക് കൈമാറി. 2021-22 ൽ പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ട്, സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനമായും (2020-21 ലെ 25 ശതമാനം) പിന്നീട് തുടർന്നുള്ള ഓരോ വർഷവും 0.5 ശതമാനം എന്ന നിരക്കിൽ വർധിപ്പിച്ച് 30 ശതമാനത്തിൽ എത്തിക്കണം എന്നുമുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശ സർക്കാർ അംഗീകരിക്കുകയും ഇതിന് അനുസൃതമായി, 2021-22ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനവും 2022-23ൽ 26.5 ശതമാനവും പ്രാദേശിക സർക്കാരുകൾക്ക് പ്ലാൻ ഫണ്ടായി വകയിരുത്തുകയും ചെയ്തു.

പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്‌സിഎസ്പി), പട്ടികവർഗ ഉപപദ്ധതി (ടിഎസ്പി) എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ട് അനുവദിക്കുന്നത്. ഫോർമുല അധിഷ്ഠിത വികേന്ദ്രീകരണം സംസ്ഥാനത്തിന്റെ എല്ലാ കോണിലും ഫണ്ടുകൾ എത്തുന്നുവെന്ന് ഉറപ്പാക്കുകയും പിന്നാക്ക പ്രദേശങ്ങൾക്ക് കൂടുതൽ നൽകുകയും അതുവഴി പ്രാദേശിക വികസനം വർദ്ധിപ്പിക്കുകയും ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

**13-ാം പഞ്ചവത്സര പദ്ധതിയുടെ അവലോകനം നവകേരളത്തിന് ജനകീയാസൂത്രണം – സുസ്ഥിര വികസനത്തിനായുള്ള ജനകീയ പദ്ധതി**

13-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ സമൂലവും നൂതനവുമായ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. പ്രാദേശിക സർക്കാരുകൾക്ക് അവരുടെ പദ്ധതികൾ കൃത്യസമയത്ത് തയ്യാറാക്കാൻ പ്രാപ്തമാക്കുന്നതിനായി പദ്ധതി പ്രക്രിയ പുനഃക്രമീകരിക്കൽ, പദ്ധതിയും ബജറ്റും സംയോജിപ്പിക്കൽ, സമയബന്ധിതമായി നടപ്പാക്കൽ, ഫണ്ടുകളുടെ മെച്ചപ്പെട്ട വിനിയോഗം, നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുള്ള അവസരം, എന്നിവ ഈ മാറ്റങ്ങളിൽപ്പെടുന്നു. കൂടാതെ ഉൽപ്പാദന മേഖലയിലേക്ക് കൂടുതൽ വിഹിതം ഉറപ്പാക്കൽ, ജില്ലകളെ കേന്ദ്രീകരിച്ചുള്ള ആസൂത്രണ പ്രക്രിയയ്ക്ക് ഊന്നൽ നൽകുന്നതിന് ജില്ലാ പദ്ധതികൾ തയ്യാറാക്കൽ , ജില്ലാ റിസോഴ്സ് സെന്ററുകളുടെ രൂപീകരണം, പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാര്യക്ഷമമായ ദുരന്ത മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവയും ഇതിന്റെ ഭാഗമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, പ്രാദേശിക സർക്കാരുകളുടെ കർത്തവ്യങ്ങളും പ്രാധാന്യവും മുമ്പെങ്ങുമില്ലാത്തവിധം വർദ്ധിക്കുകയുണ്ടായി.

13-ാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക സർക്കാരുകൾക്കുള്ള ബജറ്റ് വിഹിതം (വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്) **പട്ടിക 12.1.1, പട്ടിക 12.1.2** എന്നിവയിൽ വിവരിച്ചിരിക്കുന്നു. വികസന ഫണ്ട്, സംസ്ഥാന പദ്ധതിയുടെ 23.5 ശതമാനത്തിൽ നിന്ന് 26 ശതമാനമായി വർധിച്ചതായും മെയിന്റനൻസ് ഫണ്ടിലും ജനറൽ പർപ്പസ് ഗ്രാന്റിലും ശ്രദ്ധേയമായ വർദ്ധനവുണ്ടായതായും കണക്കുകൾ വ്യക്തമാക്കുന്നു.

**13-ാം പഞ്ചവത്സര പദ്ധതിയുടെ പ്രകടനം**

പ്രാദേശിക സർക്കാരുകൾ, അവരുടെ പ്ലാൻ ഫണ്ടുകൾ പ്രധാനമായും ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകൾക്കായി നീക്കിവയ്ക്കുന്നു. കൃഷിയും അനുബന്ധ മേഖലകളും, മണ്ണ്, ജല സംരക്ഷണം, ജലസേചനം, വ്യവസായങ്ങൾ എന്നിവയും ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസവും അനുബന്ധ മേഖലകളും, ആരോഗ്യവും അനുബന്ധ സേവനങ്ങളും, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, വയോജന ക്ഷേമം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സേവന മേഖല. ഊർജം, ഗതാഗതം,

**പട്ടിക 12.1.1** 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ) പ്രാദേശിക സർക്കാരുകൾക്കുള്ള ബജറ്റ് വിഹിതം (വികസന ഫണ്ട്) (₹ കോടിയിൽ)

| വർഷം | സംസ്ഥാന പദ്ധതി അടങ്കൽ | പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതം | | | | | സംസ്ഥാന പദ്ധതി അടങ്കലിന്റെ % |
|---|---|---|---|---|---|---|---|
| | | പൊതു വിഭാഗം | | പട്ടിക ജാതി ഉപപദ്ധതി | പട്ടികവർഗ ഉപപദ്ധതി | ആകെ | |
| | | സാധാരണ വിഹിതം | കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | | | | |
| 2017-18 | 26,500 | 3,371.57 | 1,507.88 | 1,172.05 | 176.00 | 6,227.50 | 23.5 |
| 2018-19 | 29,150 | 3,777.58 | 1,739.56 | 1,289.26 | 193.60 | 7,000.00 | 24.0 |
| 2019-20 | 30,610 | 3,604.62 | 2,338.55 | 1,353.84 | 202.99 | 7,500.00 | 24.5 |
| 2020-21 | 27,610 | 3,534.60 | 1,964.15 | 1,221.15 | 183.10 | 6,903.00 | 25.0 |
| 2021-22 | 27,610 | 3,421.75 | 2454.00 | 1,221.15 | 183.10 | * 7,180.00 | 26.0 |
| ആകെ | 1,41,480 | 17,710 | 10,004 | 6,257 | 939 | 27,630.50 | 25.0 |

* കേന്ദ്ര ധനകാര്യ കമ്മീഷന്റെ ആരോഗ്യ ഗ്രാന്റ് വിഹിതം 559.00 കോടി രൂപ ഉൾപ്പടെ

സ്രോതസ്സ്: ബജറ്റ് രേഖകൾ

**പട്ടിക 12.1.2** 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ) പ്രാദേശിക സർക്കാരുകൾക്കുള്ള ബജറ്റ് വിഹിതം (മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്) (₹ കോടിയിൽ)

| വർഷം | മെയിന്റനൻസ് ഫണ്ട് | | | ജനറൽ പർപ്പസ് ഗ്രാന്റ് | ആകെ |
|---|---|---|---|---|---|
| | റോഡിതരം | റോഡ് | ആകെ | | |
| 2017-18 | 655.03 | 1,528.41 | 2,183.44 | 1,364.66 | 3,548.10 |
| 2018-19 | 703.16 | 1,640.72 | 2,343.88 | 1,426.71 | 3,770.59 |
| 2019-20 | 822.34 | 1,918.78 | 2,741.12 | 1,626.09 | 4,367.21 |
| 2020-21 | 883.15 | 2,060.68 | 2,943.83 | 1,717.23 | 4,661.06 |
| 2021-22 | 1,218.62 | 1,949.80 | 3,168.42 | 1,949.80 | 5,118.22 |
| ആകെ | 4,282.83 | 9,098.39 | 13,380.69 | 8,084.49 | 21,465.18 |

സ്രോതസ്സ്: ബജറ്റ് രേഖകൾ

കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പശ്ചാത്തല മേഖല. പതിമൂന്നാം പദ്ധതിയിൽ വിവിധ വികസന മേഖലകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമായ മൊത്തം പ്ലാൻ ഗ്രാന്റ്-ഇൻ-എയ്ഡ് 34810.50 കോടി രൂപയാണ്. ആകെ ലഭ്യമായ ഫണ്ടിൽ 27797.13 കോടി രൂപ വിവിധ മേഖലകൾക്കായി വിനിയോഗിച്ചു. പതിമൂന്നാം പദ്ധതിയിലെ അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 12.1.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 12.1.3** 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ) വികസന ഫണ്ട് വിഹിതവും ചെലവും, (₹ കോടിയിൽ)

| വർഷം | ബജറ്റ് വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 6,227.50 | 5292.71 | 84.99 |
| 2018-19 | 7,000.00 | 5696.08 | 81.37 |
| 2019-20 | 7,500.00 | 4027.44 | 53.70 |
| 2020-21 | 6,903.00 | 6927.83 | 100.36 |
| 2021-22 | * 7,180.00 | 5853.07 | *88.38 |
| ആകെ | 34,810.50 | 27,797.13 | 79.85 |

* ആരോഗ്യ ഗ്രാന്റായ 559 കോടി രൂപ അനുവദിച്ചു നൽകിയിട്ടില്ല.

സ്രോതസ്സ്: ബജറ്റ് രേഖകൾ & എൽ.എസ്.ജി.ഡി വെബ്സൈറ്റ്

### 13-ാം പഞ്ചവത്സര പദ്ധതിയിൽ പട്ടികജാതി – പട്ടികവർഗ ഉപപദ്ധതികൾ

കേരളത്തിലെ പട്ടികജാതി ഉപപദ്ധതിയും (എസ്‌സിഎസ്‌പി) പട്ടികവർഗ ഉപപദ്ധതിയും (ടിഎസ്‌പി) പട്ടികജാതി -പട്ടികവർഗ ജനവിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്ന തിനായുള്ള പ്രത്യേക സംരക്ഷണ നടപടികളാണ് ലക്ഷ്യമിടുന്നത്. ഇത് സാമൂഹ്യനീതിയുടെ സമഗ്രമായ നടപടികളിലൂടെ സാമൂഹിക സമത്വം ഉറപ്പാക്കുന്നു. സാമൂഹിക സമത്വം എന്നാൽ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കിടയിലും മറ്റ് വിഭാഗങ്ങൾക്കിടയിലും, ജീവിത-സാമ്പത്തിക, തൊഴിൽ, വിദ്യാഭ്യാസ, പാർപ്പിട സൗകര്യങ്ങൾ, ആരോഗ്യം, പോഷകാഹാരം തുടങ്ങിയ എല്ലാ മേഖലകളിലും സമത്വം ഉറപ്പാക്കുക എന്നതാണ്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്തുകയും അവരുടെ ജീവിത ഗുണനിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണ്. പ്രത്യേക ഘടക പദ്ധതികൾക്ക് ജീവിത നിലവാരം ഉയർത്തുന്നതിൽ പ്രധാന പങ്കുണ്ടെന്ന് കാണാവുന്നതാണ്.

സംസ്ഥാന പദ്ധതി അടങ്കലിൽ നിന്ന് എസ്‌സിഎസ്‌പിക്കും ടിഎസ്‌പിക്കും ഫണ്ട് വകയിരുത്തുന്നത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ പട്ടികജാതി, പട്ടികവർഗ ജനസംഖ്യയുടെ അനുപാതം അനുസരിച്ചാണ്. എന്നാൽ, സംസ്ഥാനത്തിൽ, ഈ രണ്ട് മേഖലകളിലും അവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ഉറപ്പാക്കാൻ കൂടുതൽ ഫണ്ട് വകയിരുത്തുന്നു എന്നതാണ് ശ്രദ്ധേയമായ സവിശേഷതകളിലൊന്ന്. മൊത്തം എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതി വിഹിതത്തിൽ, വികേന്ദ്രീകൃത ആസൂത്രണത്തിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു നിശ്ചിത ശതമാനം ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് നീക്കിവച്ചിരിക്കുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പിക്ക് കീഴിലുള്ള പദ്ധതികളെ ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾ, പശ്ചാത്തലവികസന പദ്ധതികൾ എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. ഓരോ വിഭാഗത്തിനുമുള്ള വിഹിതവും ചെലവും **പട്ടിക 12.1.4**ൽ കാണിച്ചിരിക്കുന്നു. വർഷങ്ങളായി എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളിലെ ചെലവുകളിൽ ഉയർന്ന പ്രവണതയാണ് കാണിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ചെലവിൽ ഗണ്യമായ വർധനവുണ്ടായി എന്നതും കണക്കുകളിൽ നിന്നും വ്യക്തമാണ്.

### 13-ാം പദ്ധതിയിലെ (2017–18 മുതൽ 2021–22 വരെ) എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും പ്രകടനം

പതിമൂന്നാം പദ്ധതി കാലയളവിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി മേഖലകളിൽ ചെലവ് വർധിക്കുന്ന പ്രവണതയുണ്ടെന്നത് ശ്രദ്ധേയമാണ്. 2017-18ൽ എസ്‌സിഎസ്‌പിയിലെ ചെലവ് 78.45 ശതമാനമായിരുന്നു, 2021-22ൽ അത് 92.64 ശതമാനമായി ഉയർന്നു. എന്നിരുന്നാലും, 2019-20 വർഷം പ്രകൃതി ദുരന്തങ്ങൾ കാരണം ചെലവിൽ കുറവുണ്ടായിട്ടുണ്ട്. അതുപോലെ, ടിഎസ്‌പി ചെലവ് 2017-18 ലെ 87.89 ശതമാനത്തിൽ നിന്ന് 2021-22ൽ 101.81 ശതമാനമായതായും കാണാം (സ്പിൽ ഓവർ ഉൾപ്പടെ). വിശദാംശങ്ങൾ **ചിത്രം 12.1.1**ൽ നൽകിയിരിക്കുന്നു.

### 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിലെ ചെലവ്


2017-18 മുതൽ 2021-22 വരെയുള്ള ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിലെ പ്രകടനം വിലയിരുത്തിയാൽ, ഉൽപ്പാദന മേഖലയിൽ 2017-18 ലെ ചെലവ് 14.08 ശതമാനമായിരുന്നത് തുടർന്നുള്ള വർഷങ്ങളിലും സ്ഥിരമായി നിൽക്കുന്നതായി കാണാം. സേവന മേഖലയിലെ ചെലവ് 2017-18 ൽ 56.84 ശതമാനത്തിൽ നിന്ന് 2021-22 ൽ 72.19 ശതമാനമായി വർധിച്ചുവെന്ന്

**പട്ടിക 12.1.4** 13-ാം പഞ്ചവത്സര പദ്ധതിയിലെ (2017-18 മുതൽ 2021-22 വരെ) എസ്‌സിഎസ്‌പി, ടിഎസ്‌പി വിഹിതവും ചെലവും (₹ കോടിയിൽ)

| ക്രമ നം | വർഷം | എസ്‌സിഎസ്‌പി | | | ടിഎസ്‌പി | | |
|---|---|---|---|---|---|---|---|
| | | **ബജറ്റ് വിഹിതം** | **ചെലവ്** | **ശതമാനം** | **ബജറ്റ് വിഹിതം** | **ചെലവ്** | **ശതമാനം** |
| 1 | 2017-18 | 1196.377 | 938.598 | 78.45 | 178.737 | 157.098 | 87.89 |
| 2 | 2018-19 | 1289.260 | 1070.070 | 83.00 | 193.600 | 164.735 | 85.09 |
| 3 | 2019-20 | 1353.902 | 748.533 | 55.29 | 202.990 | 115.691 | 56.99 |
| 4 | 2020-21 | 1221.210 | 1147.062 | 93.93 | 183.200 | 179.411 | 97.93 |
| 5 | 2021-22 | 1221.150 | 1131.307 | 92.64 | 183.100 | 186.413 | 101.81 |
| | ആകെ | 6281.89 | 5035.57 | 80.16 | 941.62 | 803.34 | 85.31 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022


**ചിത്രം 12.1.1** എസ്‌സിഎസ്‌പി, ടിഎസ്‌പി എന്നിവയിലെ 2017-18 മുതൽ 2021-22 വരെയുള്ള മേഖല തിരിച്ചുള്ള പ്രകടനം (ശതമാനത്തിൽ)




സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

കാണാം. പശ്ചാത്തല മേഖലയെ സംബന്ധിച്ചിടത്തോളം, 2017-18ൽ 29.08 ശതമാനവും 2021-22ൽ 14.18 ശതമാനവുമാണ് ചെലവ്. അടിസ്ഥാന സൗകര്യങ്ങളിലുള്ള ചെലവുകൾ ഓരോ വർഷവും ഉയർച്ച താഴ്ചകൾ നേരിടുന്നുവെന്നാണ് വ്യക്തമാകുന്നത്. വിശദാംശങ്ങൾ **ചിത്രം 12.1.2**ലും **അനുബന്ധം 12.1.1**ലും കാണിച്ചിരിക്കുന്നു.

**ചിത്രം 12.1.2** 13-ാം പദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22 വരെ), ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിലെ ചെലവ് (ശതമാനത്തിൽ)




സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022


### 13–ാം പദ്ധതി കാലയളവിൽ (2017–18 മുതൽ 2021–22 വരെ) ഉൽപ്പാദന ഉപമേഖലകളിലെ ചെലവ്

ഉൽപ്പാദന മേഖലയിലെ ആകെ ചെലവിന്റെ അടിസ്ഥാനത്തിൽ ഉല്പാദന ഉപമേഖലകളെ കൂടുതൽ വിശകലനം ചെയ്യുമ്പോൾ, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കാർഷിക മേഖലയിലെ പ്രാദേശിക സർക്കാരുകളുടെ ചെലവ്, ചെറിയ വ്യതിയാനത്തോടെ സ്ഥിരമായി തുടരുന്നതായി കാണാം. 2017-18ൽ കാർഷികമേഖലയിലെ ചെലവ് 41.43 ശതമാനവും 2021-22ൽ 40.00 ശതമാനവുമാണ്. അതുപോലെ മൃഗസംരക്ഷണത്തിൽ, 2017-18ൽ, ചെലവ് 20.88 ശതമാനവും 2021-22ൽ 21.37ഉം ആയിരുന്നു. ക്ഷീരമേഖലയിൽ ചെലവ് 2017-18 ൽ 12.84 ശതമാനവും 2021-22ൽ 15.87 ശതമാനവുമായി സ്ഥിരതയുടെ പ്രവണതയാണ് കാണിക്കുന്നത്. മത്സ്യബന്ധന മേഖലയിൽ 2017-18ൽ 0.77 ശതമാനമായിരുന്ന ചെലവ് 2021-22 ൽ 2.57 ആയി ഉയർന്നു. മറുവശത്ത്, സ്വയം തൊഴിൽ, വ്യവസായം തുടങ്ങിയ മേഖലകളിലെ ചെലവ് 2017-18ൽ 7.55 ശതമാനവും 2021-22 ൽ 6.63 ശതമാനവുമാണ്. വിശദാംശങ്ങൾ **ചിത്രം 12.1.3 (എ)**, **12.1.3** (ബി) എന്നിവയിലും **അനുബന്ധം 12.1.2**ലും കാണിച്ചിരിക്കുന്നു.

### പ്രാദേശിക സർക്കാരുകളുടെ 2021–22 ലെ പദ്ധതി നിർവഹണ അവലോകനം


ഇതിനകം സൂചിപ്പിച്ചതുപോലെ, പ്രാദേശിക സർക്കാരുകളുടെ പ്രധാന ധനസ്രോതസ്സ് വികസന ഫണ്ടാണ്. 2021-22 ബജറ്റിൽ പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് വിഹിതം 7,180.00 കോടി രൂപയാണ്. ഇതിൽ ആരോഗ്യ ഗ്രാന്റായ 559.00 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടില്ല എന്നും കാണാവുന്നതാണ്. ബജറ്റ് തുകയുടെ 88.38 ശതമാനമായ 5,853.07 കോടി രൂപയാണ് 2021-22ൽ പ്രാദേശിക സർക്കാരുകൾ ചെലവഴിച്ചത്.

**ചിത്രം 12.1.3 (എ)** 13-ാം പദ്ധതിയിൽ (2017-18 മുതൽ 2021-22 വരെ) ഉൽപ്പാദന ഉപമേഖലകളിലെ ചെലവ് (ശതമാനത്തിൽ)





സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

**ചിത്രം 12.1.3** (ബി) 13-ാം പദ്ധതിയിൽ (2017-18 മുതൽ 2021-22 വരെ) ഉൽപ്പാദന ഉപമേഖലകളിലെ ചെലവ് (ശതമാനത്തിൽ)




സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

ചിത്രം 12.1.4 2021-22 ലെ ബജറ്റ് വിഹിതം അനുസരിച്ചുള്ള ചെലവ് ശതമാനം





സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ മൊത്തത്തിലുള്ള ചെലവ് 90 ശതമാനത്തിനും മുകളിലാണ്; ജില്ലാ പഞ്ചായത്തുകളിൽ ഇത് 83.05 ശതമാനമായിരുന്നു. നഗരഭരണ സ്ഥാപനങ്ങളിൽ (മുനിസിപ്പാലിറ്റികൾ) ഇത് 84.26 ശതമാനവുമാണ്. മുനിസിപ്പൽ കോർപ്പറേഷനുകളുടെ ചെലവ് 70 ശതമാനത്തിന് മുകളിലാണ്. പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം 12.1.4**ൽ നൽകിയിരിക്കുന്നു.

### 2021–22 ലെ വിഭാഗം തിരിച്ചുള്ള ചെലവ്

പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് വിഹിതം മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു - പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്‌സിഎസ്‌പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടിഎസ്‌പി) എന്നിവയാണവ. ആകെ ചെലവ് ₹5853.07 കോടി രൂപയാണ്. ചെലവ് വിശകലനം ചെയ്യുമ്പോൾ പൊതുവിഭാഗത്തിൽ ₹4535.35 കോടിയും എസ്‌സിഎസ്‌പിയിൽ ₹1131.30 കോടിയും ടിഎസ്‌പിയിൽ ₹186.41 കോടിയുമാണ്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ, പൊതുവിഭാഗം ഫണ്ടുകളെ അപേക്ഷിച്ച് 2021-22 ൽ എസ്‌സിഎസ്‌പി, ടിഎസ്‌പി എന്നിവയുമായി ബന്ധപ്പെട്ട ചെലവ് പ്രകടനം ഉയർന്നതാണ് എന്നത് ശ്രദ്ധേയമാണ്. പൊതുവിഭാഗം ഫണ്ടുകളെ അപേക്ഷിച്ച് നഗര പ്രാദേശിക സർക്കാരുകളും എസ്‌സിഎസ്‌പി ഫണ്ട് വിനിയോഗത്തിൽ ഉയർന്ന ചെലവ് കൈവരിച്ചിട്ടുണ്ട് എന്നും കാണാവുന്നതാണ്. വിശദാംശങ്ങൾ **ചിത്രം 12.1.5, അനുബന്ധം 12.1.3** എന്നിവയിൽ നൽകിയിരിക്കുന്നു.

ചിത്രം 12.1.5 പ്രാദേശിക സർക്കാരുകളുടെ വിഭാഗം തിരിച്ചുള്ള ചെലവ് -2021-22 ബജറ്റ് വിഹിതം അടിസ്ഥാനത്തിൽ (ശതമാനത്തിൽ)





സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 20222

**2021–22 ലെ മേഖലാടിസ്ഥാന ചെലവ് വിശകലനം**

വാർഷിക പദ്ധതി മാർഗ്ഗരേഖകൾ പ്രകാരമുള്ള മേഖലാ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലാണ് പ്രാദേശിക സർക്കാരുകൾ ഫണ്ടുകൾ വകയിരുത്തേണ്ടത്. സർക്കാർ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 30 ശതമാനമെങ്കിലും ഉൽപ്പാദന മേഖലയ്ക്ക് (നഗര പ്രാദേശിക സർക്കാരുകൾ ഉൽപ്പാദന മേഖലയ്ക്ക് 10%) നീക്കിവയ്ക്കണം. എല്ലാ പ്രാദേശിക സർക്കാരുകളും പൊതുവിഭാഗം സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവയുടെ ആകെ തുകയുടെ 10 ശതമാനമെങ്കിലും വനിതാ ഘടക പദ്ധതിക്കും അഞ്ച് ശതമാനം കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും അഞ്ച് ശതമാനമെങ്കിലും വയോജനങ്ങളുടെയും സാന്ത്വന പരിചരണത്തിന് വേണ്ടിയും നീക്കിവയ്ക്കണം. ഗ്രാമപഞ്ചായത്തുകൾ പൊതുവികസന ഫണ്ടിൽ സാധാരണ വിഹിതത്തിന്റെ 30 ശതമാനത്തിൽ കൂടുതൽ പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഇത് യഥാക്രമം 25 ശതമാനവും 45 ശതമാനവുമാണ്. നഗര പ്രാദേശിക സർക്കാരുകളിൽ ഇത് 50 ശതമാനമാണ്.

2021-22 ൽ ആകെ ചെലവായ 5853.07 കോടി രൂപയിൽ, ഉൽപ്പാദന മേഖലയിലെ ചെലവ് 797.97 കോടി രൂപയും സേവന മേഖലയിലെ ചെലവ് 4225.17 കോടി രൂപയും പശ്ചാത്തല മേഖലയിലെ ചെലവ് 829.92 കോടി രൂപയുമാണ്. മൊത്തം ചെലവിൽ സേവനമേഖലയുടെ വിഹിതം 72.19 ശതമാനവും ഉൽപ്പാദനമേഖലയുടെ വിഹിതം 13.63 ശതമാനവുമാണ്. പശ്ചാത്തല മേഖലയുടെ വിഹിതം 14.18 ശതമാനവുമാണ്. മേഖല തിരിച്ചുള്ള വിശകലനം **ചിത്രം 12.1.6**ൽ കൊടുത്തിരിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 12.1.4**ൽ നൽകിയിരിക്കുന്നു.

**ചിത്രം** 12.1.6– 2021–22ൽ പ്രാദേശിക സർക്കാരുകൾ കൈവരിച്ച മൊത്തം ചെലവിൽ വിവിധ മേഖലകളുടെ വിഹിതം (ശതമാനത്തിൽ)





സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

**2021–22 ലെ ഉൽപ്പാദന മേഖല ചെലവ്**

പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന മേഖലയിലെ ഉപവിഭാഗം തിരിച്ചുള്ള ചെലവ് **ചിത്രം 12.1.7**ൽ കാണിക്കുന്നു. ഉൽപ്പാദന മേഖലയ്ക്ക് കീഴിലുള്ള ഉപമേഖലകളിലെ ആകെ ചെലവിൽ 40.85 ശതമാനവും കാർഷിക മേഖലയിലാണ് എന്ന് കാണാം. തുടർന്ന് മൃഗസംരക്ഷണം (21.80 ശതമാനം), ക്ഷീര വികസനം (16.31 ശതമാനം), മണ്ണ്-ജല സംരക്ഷണം (8.04 ശതമാനം) വ്യവസായം, സ്വയം തൊഴിൽ (5.86 ശതമാനം), മത്സ്യബന്ധനം (2.74 ശതമാനം), ജലസേചനം (2.55 ശതമാനം) എന്നിങ്ങനെയാണ് ചെലവ് വന്നിട്ടുള്ളത്.. വിശദാംശങ്ങൾ **അനുബന്ധം 12.1.5**ൽ നൽകിയിരിക്കുന്നു.

**ചിത്രം 12.1.7** 2021-22 ൽ പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)




സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

### 2021–22 ലെ സേവന മേഖല ചെലവ്

ഭവനം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യം തുടങ്ങി സേവനമേഖലയ്ക്ക് കീഴിൽ 19 ഉപമേഖലകളുണ്ട്. ഈ ഉപമേഖലകളിലെ ചെലവ് പരിഗണിക്കുമ്പോൾ, ചെലവിന്റെ 38.03 ശതമാനം തുകയും ഭവന, ഭവന വൈദ്യുതീകരണ മേഖലയ്ക്കായി ചെലവഴിച്ചുവെന്ന് കാണാം. 10.82 ശതമാനം തുക ശുചീകരണത്തിനും മാലിന്യ സംസ്കരണത്തിനുമാണ്. വിദ്യാഭ്യാസ മേഖലയിൽ 9.62 ശതമാനവും കുടിവെള്ള മേഖലയിൽ 8.41 ശതമാനവുമാണ് ചെലവ്. പ്രാദേശിക സർക്കാരുകൾ ഭവന നിർമ്മാണത്തിന് നിർബന്ധമായും വിഹിതം മാറ്റി വയ്ക്കുന്നത് ഭവന നിർമ്മാണത്തിലെ ഉയർന്ന ചെലവിന് കാരണമാകുന്നതായി കാണാം. പൊതുവിഭാഗം, എസ്‌സിഎസ്പി, ടിഎസ്‌പി എന്നിവയുടെ സാധാരണ വിഹിതത്തിന് കീഴിലുള്ള മൊത്തം ഫണ്ടിന്റെ 20 ശതമാനം പ്രാദേശിക സർക്കാരുകൾ നിർബന്ധമായും ഭവന മേഖലയിൽ വകയിരുത്തണം, ഇതിനുപുറമെ, പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) പ്രകാരം നിർമിച്ച വീടുകളുടെ യൂണിറ്റ് ചെലവ് വർധിപ്പിക്കുന്നതിനുള്ള ചെലവുകളും ഭവനത്തിൽ ഉൾപ്പെടുന്നു. പോഷകാഹാരം, പാർപ്പിടം, വീട് വൈദ്യുതീകരണം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ നൽകുന്നതിന് പ്രാദേശിക സർക്കാരുകൾ കൂടുതൽ പ്രാധാന്യം നൽകുന്നതായി ചെലവ് കണക്കുകൾ വ്യക്തമാക്കുന്നു. കുടിവെള്ളത്തിനും ശുചീകരണത്തിനുമുള്ള ചെലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിർദേശപ്രകാരമുള്ള ഈ മേഖലകളിലെ നിർബന്ധിത ചെലവുകളുടെ പ്രതിഫലനമാണ്. വിശദാംശങ്ങൾ **ചിത്രം 12.1.8, അനുബന്ധം 12.1.6** എന്നിവയിൽ നൽകിയിരിക്കുന്നു.


### 2021–22 ലെ പശ്ചാത്തല മേഖല ചെലവ്

ഗതാഗതം, പൊതു കെട്ടിടങ്ങൾ, തെരുവ് വിളക്കുകൾ തുടങ്ങി പശ്ചാത്തല മേഖലയ്ക്ക് കീഴിൽ 7 ഉപമേഖലകളുണ്ട്. 2021-22 ൽ, പശ്ചാത്തല മേഖലയ്ക്ക് കീഴിലുള്ള മൊത്തം ചെലവിൽ, പ്രധാന ഭാഗം (64.65 ശതമാനം) റോഡുകൾ ഉൾപ്പെടുന്ന ഗതാഗത ഉപമേഖലയ്ക്കായി വിനിയോഗിച്ചതായി കാണാം. പാലങ്ങൾ, പൊതു കെട്ടിടങ്ങൾ എന്നിവയ്ക്ക് 16.96 ശതമാനവും തെരുവ് വിളക്കുകൾ, വൈദ്യുതീകരണം എന്നിവയ്ക്ക് 14.77 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. 2021-22 ലെ പശ്ചാത്തല മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം 12.1.9, അനുബന്ധം 12.1.7** എന്നിവയിൽ നൽകിയിരിക്കുന്നു.

### പ്രത്യേക മേഖലാ പദ്ധതികളുടെ വിശകലനം 2021–22


പ്രാദേശിക സർക്കാരുകളുടെ വനിതാ ഘടക പദ്ധതിയും (ഡബ്ല്യുസിപി) പിന്നാക്ക വിഭാഗങ്ങൾക്കുള്ള (വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, സാന്ത്വന പരിചരണം, ട്രാൻസ്ജെൻഡർ) പദ്ധതികളും കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ശ്രദ്ധേയമായ സവിശേഷതകളാണ്. പൊതുവിഭാഗം സാധാരണ വിഹിതം, എസ്‌സിപി, ടിഎസ്‌പി എന്നിവയുടെ മൊത്തം തുകയുടെ 10 ശതമാനം വനിതാ ഘടക പദ്ധതിക്കും (ഡബ്ല്യുസിപി) അഞ്ച് ശതമാനം കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ട്രാൻസ്ജെൻഡർമാർക്കും, അഞ്ച് ശതമാനം വയോജന, സാന്ത്വന പരിചരണ പദ്ധതികൾക്കുമായി പ്രാദേശിക സർക്കാരുകൾ നിർബന്ധമായും നീക്കിവയ്ക്കണം. 2021-22ൽ വനിതാ ഘടക പദ്ധതിയുടെ ചെലവ് 327.44 കോടി രൂപയായിരുന്നു. കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും

**ചിത്രം 12.1.8** -2021-22ൽ സേവനമേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിഹിതം (ശതമാനത്തിൽ)




സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

**ചിത്രം 12.1.9** 2021-22 ൽ പശ്ചാത്തല മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (ശതമാനത്തിൽ)




സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 20222

വേണ്ടിയുള്ള പ്രത്യേക പരിപാടിയുടെ കാര്യത്തിൽ ഇത് യഥാക്രമം 164.76 കോടി രൂപയും 81.95 കോടി രൂപയും വരുമ്പോൾ പ്രായമായവർക്ക് 107.36 കോടി രൂപയും സാന്ത്വന പരിചരണത്തിന് 88.06 കോടി രൂപയുമാണ് ചെലവഴിച്ചത്. ട്രാൻസ്ജെൻഡേഴ്സ് പദ്ധതികളുടെ കാര്യത്തിൽ ചെലവ് 0.07 കോടിയാണ്. 2021-22 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 12.1.5**ലും **അനുബന്ധം 12.1.8**ലും നൽകിയിരിക്കുന്നു.

**പട്ടിക: 12.1.5** പ്രത്യേക മേഖലാ പദ്ധതികളിലെ ചെലവിന്റെ വിവരങ്ങൾ 2021-22 (₹ കോടിയിൽ)

| ക്രമം | പ്രത്യേക മേഖലകൾ | ചെലവ് |
|---|---|---|
| 1 | വനിതാ ഘടക പദ്ധതി | 327.44 |
| 2 | കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി | 164.76 |
| 3 | വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി | 107.36 |
| 4 | ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക പദ്ധതി | 81.95 |
| 5 | സാന്ത്വന പരിചരണം | 88.06 |
| 6 | ഭിന്നലിംഗക്കാർക്കുള്ള പ്രത്യേക പദ്ധതി | 0.07 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

### 13–ാം പദ്ധതിയിൽ വനിതാ ഘടക പദ്ധതിയുടെ അവലോകനം (2017–18 മുതൽ 2021–22 വരെ)

പ്രാദേശിക സർക്കാരുകളുടെ വനിതാ ഘടക പദ്ധതി (WCP) കേരളത്തിന്റെ വികേന്ദ്രീകരണത്തിലെ പ്രധാന സവിശേഷതകളിൽ ഒന്നാണ്. പൊതുവേ, സ്ത്രീകളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ മൊത്തം പദ്ധതി വിഹിതത്തിന്റെ 10% (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഒഴികെ) നിർബന്ധമായും സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികൾക്കായി നീക്കിവയ്ക്കണം. അവരുടെ വരുമാനവും സാമൂഹിക-സാമ്പത്തിക നിലയും മെച്ചപ്പെടുത്തുന്നതിലൂടെ അവരെ ശാക്തീകരിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പ്രാദേശിക ആസൂത്രണ പ്രക്രിയയിലെ ലിംഗപരമായ ആശങ്കകൾ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമമാണ് ഇത് വഴി ലക്ഷ്യം വെയ്ക്കുന്നത്.

13-ാം പദ്ധതി കാലയളവിൽ പ്രാഥമിക മേഖലയിലെ അടിസ്ഥാന ഉപജീവന പ്രവർത്തനങ്ങളിലാണ് വനിതാ ഘടക പദ്ധതികൾ കൂടുതലായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, മൃഗസംരക്ഷണത്തിലാണ് ഏറ്റവും കൂടുതൽ പദ്ധതികൾ (16,353) ഏറ്റെടുത്തിട്ടുള്ളത്. തുടർന്ന് കൃഷി (9496), സ്വയം തൊഴിൽ, വ്യവസായം (7236), ക്ഷീരവികസനം (1347), ചെറുകിട വ്യവസായങ്ങൾ (1170) എന്നിവയുണ്ട്. മത്സ്യബന്ധനത്തിൽ (346) വളരെ കുറച്ച് പദ്ധതികളേ എടുത്തിട്ടുള്ളൂ. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള മൊത്തം ചെലവിൽ, മൃഗസംരക്ഷണത്തിനാണ് (47.22 %) ഏറ്റവും ചെലവ് കൈവരിച്ചിട്ടുള്ളത്. തുടർന്ന് കൃഷി (22.75 %), സ്വയം തൊഴിൽ, വ്യവസായങ്ങൾ (20.24 %), ക്ഷീരമേഖല (6.94 %) എന്നിങ്ങനെയാണ് എന്ന് കാണാം.. വിശദാംശങ്ങൾ **പട്ടിക 12.1.6 (a), 12.1.6 (b)** എന്നിവയിലും **അനുബന്ധം 12.1.9**ലും കാണിച്ചിരിക്കുന്നു.

സ്ത്രീകളുടെ വികസനത്തിന് സംസ്ഥാനം ഉയർന്ന മുൻഗണന നൽകുന്നതിനാൽ, വനിതാ ഘടകപദ്ധതിയുടെ കീഴിലുള്ള പദ്ധതികളുടെ രൂപീകരണവും നടപ്പാക്കലും സമഗ്രമായി വിലയിരുത്തേണ്ടതുണ്ട്. ഗുണഭോക്താക്കൾക്ക് വിവിധ സാമഗ്രികൾ വിതരണം ചെയ്യുന്ന പരമ്പരാഗത പ്രോജക്ട്കൾക്ക് പകരം, ലിംഗപരമായ ആശങ്കകൾ പരിഹരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകത്വ വികസനത്തിന് സാഹചര്യമൊരുക്കുകയും ചെയ്യുന്ന സമഗ്ര വളർച്ച ലക്ഷ്യമിടുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. ഫലാധിഷ്ഠിത പദ്ധതികൾ ഏറ്റെടുക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്ക് മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകുക വഴി ആസൂത്രണത്തിന്റെ ഗുണമേന്മ ഉറപ്പാക്കേണ്ടത് വനിതാ ഘടക പദ്ധതികളുടെ കാര്യത്തിൽ അനിവാര്യമാണ്.

### ദുരന്ത നിവാരണ പദ്ധതികൾ

കഴിഞ്ഞ കുറച്ച് വർഷങ്ങളായി അടിക്കടിയുള്ള പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും സംസ്ഥാനത്തെ ബാധിക്കുന്നു. വെള്ളപ്പൊക്കം, തീരദേശ ശോഷണം,

**പട്ടിക 12.1.6 (എ)** വനിതാ ഘടക പദ്ധതി - കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിലെ പ്രോജക്ടുകളും ചെലവ് ശതമാനവും (2017-18 മുതൽ 2021-22 വരെ)

| വർഷം | കൃഷി | | മൃഗസംരക്ഷണം | | ക്ഷീരവികസനം | |
|---|---|---|---|---|---|---|
| | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % |
| 2017-18 | 1616 | 21.78 | 3015 | 53.07 | 202 | 5.41 |
| 2018-19 | 1803 | 21.60 | 2968 | 47.52 | 208 | 5.23 |
| 2019-20 | 1744 | 19.70 | 3272 | 51.68 | 261 | 7.90 |
| 2020-21 | 2436 | 25.24 | 3738 | 39.01 | 362 | 7.21 |
| 2021-22 | 1897 | 23.54 | 3360 | 48.82 | 314 | 8.69 |
| Total | 9496 | 22.75 | 16353 | 47.22 | 1347 | 6.94 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

**പട്ടിക 12.1.6 (ബി)** വനിതാ ഘടക പദ്ധതി - ഫിഷറീസ്, ചെറുകിട തൊഴിൽ, സ്വയംതൊഴിൽ, വ്യവസായം എന്നീ മേഖലകളിലെ പ്രോജക്ടുകളും ചെലവ് ശതമാനവും (2017-18 മുതൽ 2021-22 വരെ)

| വർഷം | ഫിഷറീസ് | | ചെറുകിട തൊഴിൽ | | സ്വയം തൊഴിൽ, വ്യവസായം | |
|---|---|---|---|---|---|---|
| | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % | പ്രോജക്ടുകളുടെ എണ്ണം | ചെലവ് % |
| 2017-18 | 37 | 0.38 | 0 | 0 | 1457 | 19.37 |
| 2018-19 | 32 | 0.17 | 46 | 0.64 | 1785 | 24.83 |
| 2019-20 | 24 | 0.07 | 267 | 1.63 | 1443 | 19.02 |
| 2020-21 | 100 | 0.41 | 463 | 4.74 | 1476 | 23.39 |
| 2021-22 | 153 | 0.80 | 394 | 3.86 | 1075 | 14.28 |
| Total | 346 | 0.40 | 1170 | 2.45 | 7236 | 20.24 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

വരൾച്ച, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഗുരുതരമായ വെല്ലുവിളികളാണ് സംസ്ഥാനത്തിന് ഉയർത്തുന്നത്. ഇത്തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും ദുരന്തനിവാരണ മുന്നൊരുക്കങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി രാജ്യത്ത് തന്നെ ആദ്യമായി, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും 2019-20 ൽ പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കിയിരുന്നു. പ്രാദേശിക സർക്കാരുകളുടെ ഈ ദുരന്തനിവാരണ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(എ) പ്രാദേശിക സർക്കാരുകളുടെ അടിസ്ഥാന വിവരങ്ങൾ

(ബി) അപകടങ്ങളുടെയും ദുർബല മേഖലയുടെയും വിവരങ്ങൾ

(സി) പ്രാദേശിക സർക്കാരുകളുടെ ശേഷിയും വിഭവങ്ങളും

(ഡി) പ്രതികരണ പദ്ധതികൾ

(ഇ) തയ്യാറെടുപ്പ്, ലഘൂകരണം, കമ്മ്യൂണിറ്റി പുന സ്ഥാപന പദ്ധതി

അതായത് പ്രാദേശിക സർക്കാരുകളുടെ പ്രകൃതി ദുരന്തങ്ങൾക്കുള്ള സാധ്യതയും അത് നേരിടാനുള്ള നിലവിലുള്ള ശേഷിയും കണക്കിലെടുത്ത് പ്രാദേശിക സർക്കാരുകൾ അവരുടെ വാർഷിക പദ്ധതികളിൽ ദുരന്തനിവാരണത്തിനും ലഘൂകരണത്തിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം. പ്രകൃതി ദുരന്തങ്ങളുടെ തീവ്രത, ആവൃത്തി, അനിശ്ചിതത്വം എന്നിവ കണക്കിലെടുക്കുമ്പോൾ രാജ്യമെമ്പാടും അനുകരിക്കേണ്ട ഒരു മാതൃക തന്നെയാണ് സംസ്ഥാനത്തിന്റെ ദുരന്തനിവാരണ പദ്ധതി. സർക്കാർ സ്വീകരിച്ച നവീനവും ഉചിതമായതുമായ നടപടി കൂടിയാണിത്. ഇത് പ്രതിരോധശേഷി കെട്ടിപ്പടുക്കുന്നതിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും അപ്പുറം അത് നേടിയെടുക്കാനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് സമൂഹത്തെ അവബോധനം നടത്തുകയും ചെയ്യുന്നു. 2021-22ലെ ദുരന്ത നിവാരണ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 12.1.7, അനുബന്ധം 12.1.10** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 12.1.7** പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള ദുരന്ത നിവാരണ പദ്ധതികൾ (2021-2022)

| ക്രമ നം | പ്രാദേശിക സർക്കാർ തരം | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവ് (₹ കോടിയിൽ) |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 1883 | 28.00 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 122 | 4.75 |
| 3 | ജില്ലാ പഞ്ചായത്ത് | 35 | 6.01 |
| 4 | മുനിസിപ്പാലിറ്റി | 215 | 8.98 |
| 5 | കോർപ്പറേഷൻ | 84 | 2.04 |
| | ആകെ | 2339 | 49.79 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

**കോവിഡ് –19 മഹാമാരിയും പ്രാദേശിക സർക്കാർ ഇടപെടലുകളും**

സംസ്ഥാനത്ത് കോവിഡ്-19 മഹാമാരി നിയന്ത്രിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ നിർണായക പങ്ക് വഹിക്കുകയുണ്ടായി. കോവിഡിന്റെ വ്യാപനം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ജീവിതത്തിൽ അതിന്റെ ആഘാതം ലഘൂകരിക്കുന്നതിനുമുള്ള ബൃഹത്തായ ശ്രമങ്ങളുടെ ഭാഗമായി, 2021-22 കാലയളവിൽ വാർഷിക പദ്ധതിയിൽ പ്രത്യേക പദ്ധതികൾ രൂപീകരിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകുകയുണ്ടായി. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, മരുന്നുകൾ വാങ്ങുക, കോവിഡിന് ശേഷമുള്ള ചികിത്സാ സംവിധാനങ്ങൾ രൂപപ്പെടുത്തുക, ആശുപത്രികൾക്കുള്ള സൗകര്യങ്ങൾ, രോഗികൾക്ക് സഹായം നൽകുക, പാവപ്പെട്ടവർക്ക് ഭക്ഷണവും മരുന്നും ഉറപ്പാക്കുക, തുടങ്ങിയ കാര്യങ്ങൾക്കായി പ്രാദേശിക സർക്കാരുകൾ പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയുണ്ടായി. വിശദാംശങ്ങൾ **പട്ടിക 12.1.8, അനുബന്ധം 12.1.11** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 12.1.8** 2021-2022 വാർഷിക പദ്ധതിയിലെ കോവിഡ് സ്പെഷ്യൽ പ്രോജക്ടുകൾ (₹ കോടിയിൽ)

| ക്രമ നം | പ്രാദേശിക സർക്കാർ തരം | കോവിഡ് സ്പെഷ്യൽ പ്രോജക്ടുകളുടെ എണ്ണം | ചെലവ്% |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 2095 | 42.42 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 357 | 9.93 |
| 3 | ജില്ലാ പഞ്ചായത്ത് | 79 | 16.44 |
| 4 | മുനിസിപ്പാലിറ്റി | 262 | 27.10 |
| 5 | കോർപ്പറേഷൻ | 36 | 6.50 |
| | ആകെ | 2829 | 20.48 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

2020-21 ലെ വാർഷിക പദ്ധതിയിൽ കോവിഡ്-19 ന്റെ ഭാഗമായി ആകെ 784 പദ്ധതികളാണ് വിവിധ തലങ്ങളിലുള്ള പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിരുന്നത്. 2021-22 ൽ ഇത് 2829 പദ്ധതികളായി വർദ്ധിച്ചതായും കാണാം.

**15–ാം കേന്ദ്ര ധനകാര്യ കമ്മീഷൻ – പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റുകളുടെ അവാർഡ് (2021–22) – കൂടുതൽ ബന്ധിത പ്രവർത്തനങ്ങളിലേക്കുള്ള മാറ്റം.**

15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ (യുഎഫ്സി) ശുപാർശകൾ പരിശോധിച്ചാൽ, നഗരപ്രദേശങ്ങളുടെ കാര്യത്തിൽ മുൻ കേന്ദ്ര ധനകാര്യ കമ്മീഷനുകളിൽ നിന്ന് ഗണ്യമായ വ്യതിയാനം വരുത്തിയതായി കാണാം. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെ ഗ്രാമതലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഗ്രാന്റുകൾ നൽകാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്; 14-ാം ധനകാര്യ കമ്മീഷൻ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് ഗ്രാന്റുകൾ അനുവദിച്ചത്. മുൻ രീതിയിൽ നിന്ന് ഒരു പ്രധാന വ്യത്യാസം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആദ്യമായി നഗരഭരണ സ്ഥാപനങ്ങളെ രണ്ട് വിഭാഗങ്ങളാക്കി പ്രത്യേകമായി ഗ്രാന്റുകൾ ശുപാർശ ചെയ്യുകയുണ്ടായി. (എ) ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗര സഞ്ചയങ്ങൾ/ നഗരങ്ങൾ, (ബി) ഒരു ദശലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മറ്റെല്ലാ നഗരങ്ങളും പട്ടണങ്ങളും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് വിനിയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ ങ്ങളിൽ, ധനകാര്യ കമ്മീഷൻ നൽകുന്ന നിർദ്ദേശപ്രകാരം ഓരോ പ്രാദേശിക സർക്കാരുകളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഉപപദ്ധതി തയ്യാറാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

15-ാം ധനകാര്യ കമ്മിഷന്റെ വ്യവസ്ഥകൾ പരിശോധിച്ചാൽ തുക വിനിയോഗിക്കുന്നതിലെ സ്വാതന്ത്ര്യം ഗണ്യമായി കുറച്ചിരിക്കുന്നു എന്ന് കാണാവുന്നതാണ്. 14-ാം ധനകാര്യ കമ്മീഷൻ ആകട്ടെ വിഹിതം "അടിസ്ഥാന ഗ്രാന്റ്" ആയി പ്രാദേശിക സർക്കാരുകൾക്ക് നൽകുകയും ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക് കമ്മ്യൂണിറ്റി ആസ്തികളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾ ഉൾപ്പെടെ അടിസ്ഥാന പൗര സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാൻ സ്വാതന്ത്ര്യവും നൽകിയിരുന്നു. എന്നാൽ 15-ാം ധനകാര്യ കമ്മീഷൻ, ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾക്കുള്ള മുഴുവൻ ഗ്രാന്റും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ടൈഡ് ഗ്രാന്റുകൾ) ആക്കുകയുണ്ടായി. മറ്റ് നഗരങ്ങളുടെയും ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെയും കാര്യത്തിൽ, ഗ്രാന്റുകളുടെ 60 ശതമാനം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ആക്കി. ഈ ടൈഡ് ഗ്രാന്റുകൾ 50 ശതമാനം വീതം, ജലം, ശുചിത്വം എന്നീ രണ്ട് നിർണായക സേവനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് ഗ്രാന്റുകൾ നൽകുന്നതിന് സംസ്ഥാനങ്ങൾ മുഖേന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നത് സഹകരണ ഫെഡറലിസത്തിന് നിരക്കുന്നതല്ല. ഓരോ സംസ്ഥാനത്തിനും വികസനത്തിന്റെ തലങ്ങൾ വ്യത്യസ്തമായതിനാൽ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഗ്രാന്റുകളുടെ വിനിയോഗത്തിൽ പൂർണ്ണമായ സ്വാതന്ത്ര്യം ആവശ്യമാണ്. വിശദാംശങ്ങൾ **പട്ടികകൾ 12.1.9, 12.1.10** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 12.1.9** 15-ാം ധനകാര്യ കമ്മീഷൻ അൺടൈഡ് ഗ്രാന്റുകൾ - പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള വിശദാംശങ്ങൾ - 2021-2022 (₹കോടിയിൽ)

| ക്രമ നം | പ്രാദേശിക സർക്കാർ തരം | അൺടൈഡ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ എണ്ണം | ചെലവ് |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 15656 | 334.32 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 1875 | 76.03 |
| 3 | ജില്ലാ പഞ്ചായത്ത് | 677 | 64.49 |
| 4 | മുനിസിപ്പാലിറ്റി | 4105 | 117.74 |
| 5 | കോർപ്പറേഷൻ | 0.00 | 0.00 |
| | ആകെ | 22313 | 592.57 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

**നൂതന പദ്ധതികൾക്കുള്ള പ്രത്യേക സംവിധാനം**

പതിമൂന്നാം പദ്ധതിയുടെ പ്രധാന സവിശേഷതകളിലൊന്ന് പ്രസക്തവും നൂതനവുമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതിനായി 'നൂതന പരിപാടികൾക്ക് പ്രത്യേക

**പട്ടിക 12.1.10** 15-ാം ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റുകൾ - പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള വിശദാംശങ്ങൾ - 2021-2022

| ക്രമ നം | പ്രാദേശിക സർക്കാർ തരം | ടൈഡ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ എണ്ണം | ചെലവ് (₹കോടിയിൽ) |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 19706 | 385.25 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2374 | 86.60 |
| 3 | ജില്ലാ പഞ്ചായത്ത് | 1149 | 65.07 |
| 4 | മുനിസിപ്പാലിറ്റി | 3759 | 154.25 |
| 5 | കോർപ്പറേഷൻ | 932 | 59.94 |
| | ആകെ | 27920 | 751.11 |

സ്രോതസ്സ്: ഇൻഫർമേഷൻ കേരള മിഷൻ 2022

**ബോക്സ്** 12.1.1 ആരോഗ്യ ഗ്രാന്റ്

15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ, അതിന്റെ അന്തിമ റിപ്പോർട്ടിൽ (അധ്യായം 7- പ്രാദേശിക ഗവൺമെന്റിനെ ശാക്തീകരിക്കൽ)) 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ പ്രാദേശിക സർക്കാരുകൾക്ക് 4,27,911.00 കോടി രൂപ മൊത്തം ഗ്രാന്റ് തുകയായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ പ്രാഥമിക ആരോഗ്യ പരിപാലന തലം ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ പരിപാലന സംവിധാനത്തിലെ നിർണായക വിടവുകൾ നികത്തുന്നതിനുമായി 70,051.00 കോടി രൂപയാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ഗ്രാമ, നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിനായി ചില ഇടപെടലുകൾ ധനകാര്യ കമ്മീഷൻ നടത്തിയിട്ടുണ്ട്.

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിൽ, ആശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ & ഡിസ്പെൻസറികൾ, കുടുംബക്ഷേമം എന്നിവ ഉൾപ്പെടെയുള്ള ആരോഗ്യവും ശുചിത്വവും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെ കീഴിലാണ് പട്ടികപ്പെടുത്തിയിട്ടുള്ളത്. അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ, മുനിസിപ്പാലിറ്റികൾക്കായി പൊതുജനാരോഗ്യം, ശുചിത്വ സംരക്ഷണം, ഖരമാലിന്യ സംസ്കരണം എന്നിവയും പട്ടികപ്പെടുത്തിയിട്ടുണ്ട്. സാർവത്രിക ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്ന തിനായി പ്രാഥമിക ആരോഗ്യ പരിപാലന സേവനത്തിന്റെ വിതരണത്തിൽ, ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക് ഒരു സുപ്രധാന പങ്ക് വഹിക്കാനാകും. വിഭവങ്ങൾ, ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ, കാര്യശേഷി വികസനം എന്നിവയിൽ പ്രാദേശിക ഭരണകൂടത്തെ ശക്തിപ്പെടുത്തുന്നത് പ്രതിസന്ധി ഘട്ടങ്ങളിൽ ആരോഗ്യ പരിപാലന സേവന വിതരണത്തിൽ വളരെ വലിയ പങ്ക് വഹിക്കാൻ അവരെ പ്രാപ്തരാക്കും. അതിനാൽ തന്നെ പ്രാഥമികാരോഗ്യ സ്ഥാപനങ്ങളുടെ മേൽനോട്ട ഏജൻസികളായി പ്രാദേശിക സർക്കാരുകളെ നിയോഗിക്കുന്നത് മൊത്തത്തിലുള്ള പ്രാഥമിക ആരോഗ്യ പരിരക്ഷാ സംവിധാനത്തെ ശക്തിപ്പെടുത്തുകയും പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ മൂലം ആരോഗ്യ സംവിധാനം ജനങ്ങളോട് കൂടുതൽ ഉത്തരവാദിത്തമുള്ളതാവുകയും ചെയ്യും. മേൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ, ഗ്രാന്റിന്റെ ഒരു ഭാഗം പ്രാഥമികാരോഗ്യ സംരക്ഷണത്തിനായി നൽകാൻ 15-ാം ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയുണ്ടായി. കേരളത്തിലെ ഗ്രാമീണ, നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ പരിപാലന അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനായി കണ്ടെത്തിയ ഘടകങ്ങൾ **പട്ടിക 12.1.11**ൽ നൽകിയിരിക്കുന്നു.

സംവിധാനം' അവതരിപ്പിച്ചതാണ്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വിഭവ ശേഷിയെ അടിസ്ഥാനമാക്കി അനുയോജ്യമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയുമാണ്. പ്രാദേശികമായി ഉയർന്നുവരുന്ന ചില പ്രോജക്ടുകൾ നിലവിലുള്ള സബ്സീഡി മാനദണ്ഡങ്ങൾക്കനുസൃത മായി നടപ്പിലാക്കാൻ പറ്റിയെന്നുവരില്ല. അത്തരം പ്രോജക്ടുകളുടെ പരിശോധനയ്ക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാതല വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി. വിവിധ തലങ്ങളിലെ പ്രാദേശിക സർക്കാരുകളുടെ നൂതന പ്രോജക്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് ഈ സമിതിയാണ്. 2021-22 ൽ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത നൂതന പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 12.1.12** കാണിക്കുന്നു.

നൂതന പദ്ധതികളായി ഉൽപാദന മേഖലയിൽ 85 പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ ചെലവ് 4.21 കോടി രൂപയാണ് എന്നും കാണാം. സേവന മേഖലയിലെ 72 പദ്ധതികൾക്കായി 4.33 കോടി രൂപയാണ് ചെലവായിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ നൂതന പദ്ധതികളൊന്നും തന്നെ ഇല്ല എന്നതും വിശകലനത്തിൽ നിന്നും വ്യക്തമാണ്. നൂതന ആശയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ പ്രാദേശിക സർക്കാരുകൾ പൂർണ്ണമായി ഉപയോഗിക്കുന്നുണ്ടോ എന്നത് വിശദമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. പുതിയ ആശയങ്ങളിലേക്കും അവ എങ്ങനെ പ്രൊജക്റ്റുകളാക്കി മാറ്റാം എന്നതിനെക്കുറിച്ചും പ്രാദേശിക സർക്കാരുകൾക്ക് പരിശീലനം നൽകേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

**പട്ടിക 12.1.11** 15-ാം ധനകാര്യ കമ്മീഷൻ -ആരോഗ്യ മേഖലയിലെ കേരളത്തിനുള്ള ഗ്രാന്റുകളുടെ വിശദാംശങ്ങൾ (₹ കോടിയിൽ)

| പ്രവർത്തനങ്ങൾ | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 | ആകെ |
|---|---|---|---|---|---|---|
| **ആകെ ആരോഗ്യ ഗ്രാന്റ്** | 559 | 559 | 587 | 616 | 647 | 2968 |
| **ഗ്രാമീണ ഘടകങ്ങൾ** | | | | | | |
| കെട്ടിടമില്ലാത്ത ഉപ ആരോഗ്യ കേന്ദ്രങ്ങൾ, പിഎച്ച്സികൾ, സിഎച്ച്സികൾ എന്നിവയ്ക്കുള്ള സഹായം | 0.5 | 0.5 | 0.52 | 0.55 | 0.58 | 2.65 |
| പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ | 30.59 | 30.59 | 32.12 | 33.72 | 35.41 | 162.43 |
| പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലേക്കുള്ള ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചറിനുള്ള പിന്തുണ | 89.19 | 89.19 | 93.66 | 98.28 | 103.25 | 473.57 |
| ഗ്രാമീണ ഉപ ആരോഗ്യ കേന്ദ്രങ്ങളെയും പിഎച്ച്സികളെയും ഹെൽത്ത് & വെൽനെസ്സ് സെന്ററുകളാക്കി മാറ്റുക | 105.43 | 105.43 | 110.7 | 116.23 | 122.04 | 559.83 |
| **നഗര ഘടകങ്ങൾ** | | | | | | |
| പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലേക്കുള്ള ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചറിനുള്ള പിന്തുണ | 11.05 | 11.05 | 11.61 | 12.19 | 12.8 | 58.7 |
| അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ (HWCS) | 322.22 | 322.22 | 338.34 | 355.25 | 373.01 | 1711.04 |

സ്രോതസ്സ്: ധനകാര്യ മന്ത്രാലയം, ഭാരത സർക്കാർ

**പട്ടിക 12.1.12** പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള നൂതന പദ്ധതികളുടെ വിശദാംശങ്ങൾ 2021-22 (₹ കോടിയിൽ)

| ക്രമ നം | പ്രാദേശിക സർക്കാർ തരം | ഉല്പാദന മേഖല | | സേവന മേഖല | | ആകെ | |
|---|---|---|---|---|---|---|---|
| | | പ്രോജക്ടുകളുടെ എണ്ണം | ചെലവ് | പ്രോജക്ടുകളുടെ എണ്ണം | ചെലവ് | പ്രോജക്ടുകളുടെ എണ്ണം | ചെലവ് |
| 1 | ഗ്രാമപഞ്ചായത്ത് | 34 | 0.32 | 26 | 0.17 | 60 | 0.49 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 28 | 2.05 | 28 | 1.31 | 56 | 3.35 |
| 3 | ജില്ലാ പഞ്ചായത്ത് | 16 | 1.83 | 13 | 2.62 | 29 | 4.45 |
| 4 | മുനിസിപ്പാലിറ്റി | 6 | 0.00 | 4 | 0.25 | 10 | 0.25 |
| 5 | കോർപ്പറേഷൻ | 1 | 0.00 | 1 | 0.00 | 2 | 0.00 |
| | ആകെ | 85 | 4.21 | 72 | 4.33 | 157 | 8.55 |

സ്രോതസ്സ്: ധനകാര്യ മന്ത്രാലയം, ഭാരത സർക്കാർ 22

**14-ാം പഞ്ചവത്സര പദ്ധതി (2022–27) – സുസ്ഥിര വികസനവും പ്രാദേശിക സാമ്പത്തിക വികസനവും**

14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ, മുൻകാല അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ജനാധിപത്യ ഭരണ സംവിധാനത്തിന്റെ പുനരുജ്ജീവനമാണ് സംസ്ഥാനം വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയുടെ സമീപനങ്ങൾക്ക് അനുസൃതമായി പ്രാദേശിക സർക്കാരുകളുടെ സമീപനങ്ങളിലും കാര്യമായ മാറ്റങ്ങൾ, ഉണ്ടായി എന്നും കാണാവുന്നതാണ്.

14-ാം പഞ്ചവത്സര പദ്ധതി, കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തിയഞ്ച് വർഷത്തെ നേട്ടങ്ങളെ അടയാളപ്പെടുത്തിയിട്ടുണ്ട്. ഈ അനുഭവം സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകളുടെ കാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുകയും വൈവിധ്യമാർന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അവരുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യും. ഉയർന്നുവരുന്ന നിരവധി വെല്ലുവിളികളെ നേരിടുന്നതിൽ പ്രാദേശിക സർക്കാരുകളുടെ ശേഷിയും കാര്യക്ഷമതയും കൂടുതൽ വർദ്ധിപ്പിക്കാൻ 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. അനാവശ്യമായ കാലതാമസം വരുത്തുന്ന നടപടിക്രമങ്ങളും മറ്റ് നിയന്ത്രണങ്ങളും കുറച്ചുകൊണ്ട് വികസന പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ലളിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള

ശ്രമങ്ങൾ തുടരുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്നാണ്. പ്രാദേശിക സർക്കാരുകളുടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വിവിധ തലങ്ങളിൽ വികസന വകുപ്പുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഏകോപിത പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ലക്ഷ്യമിടുന്നു.

പതിനാലാം പദ്ധതിയുടെ പൊതു സമീപനം പ്രാദേശിക സർക്കാരുകളെ സുസ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങളായി വികസിപ്പിക്കുക എന്നതാണ്. പ്രാഥമിക മേഖലയിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, ദ്വിതീയ, സേവന മേഖലകളിലെ വളർച്ചയും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും, ശാസ്ത്രീയമായ പ്രകൃതിവിഭവ മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനും, സമഗ്രവികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സേവന വിതരണത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തം അനിവാര്യമാണ്.

പദ്ധതി അടങ്കലിന്റെ 25 ശതമാനത്തിലധികം പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്ന ഏക സംസ്ഥാനമാണ് കേരളം. യഥാർത്ഥത്തിൽ, ഗ്രാമവികസനം, നഗരവികസനം, പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര പിന്തുണയുള്ള പദ്ധതികൾ, അനുബന്ധ പരിപാടികൾ എന്നിങ്ങനെ പ്ലാൻ ബജറ്റിന്റെ 40 ശതമാനത്തോളം തുക പ്രാദേശിക സർക്കാറുകളാണ് ചെലവഴിക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിപുലമായ പദ്ധതികളുടെയും പരിപാടികളുടെയും വിജയത്തിന് പിന്നിലും പ്രാദേശിക സർക്കാരുകൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്.

കൂടുതൽ വ്യക്തമായി പറഞ്ഞാൽ, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രാദേശിക സർക്കാരുകളുടെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. വ്യവസായത്തിലും സേവനങ്ങളിലും തൊഴിലവസരങ്ങളുടെ വളർച്ചയ്ക്ക് പ്രാദേശിക സർക്കാരുകൾ സഹായകമാകും. നിക്ഷേപവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും അതുവഴി സംസ്ഥാനത്തെ എല്ലാ രീതിയിലുമുള്ള വ്യാവസായികവും, മറ്റ് മൂലധന നിക്ഷേപങ്ങളുടെയും വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകൾ നിർണായകമാണ്. പ്രാദേശിക സർക്കാരുകളുടെ വികസന പരിപാടികളുമായി സംയോജിപ്പിച്ച്, അവർ ഏറ്റെടുക്കുന്ന വികസന ഇടപെടലുകളും സംരംഭങ്ങളും വിപുലീകരിച്ച് കുടുംബശ്രീയുടെ പരിപാടികൾ കൂടുതൽ ശക്തിപ്പെടുത്തുവാനും ലക്ഷ്യംവയ്ക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്.) വ്യവസ്ഥകൾ പ്രാഥമിക മേഖലയിലെ ഉൽപ്പാദനത്തിനും സാമൂഹിക ആസ്തികൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രാദേശിക തലത്തിലുള്ള വികസന പരിപാടികളുമായി സംയോജിപ്പിക്കാൻ പ്രാദേശിക സർക്കാരുകൾ പദ്ധതിയിടുന്നു. രാജ്യത്ത് നഗര തൊഴിലുറപ്പ് പദ്ധതികൾക്ക് തുടക്കം കുറിച്ചത് കേരളമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) ശക്തിപ്പെടുത്തും.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനായി ആസൂത്രണം ചെയ്യുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക ചുമതലയുണ്ട്. ഈ മേഖലയിൽ ക്ഷേമവും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് പട്ടികജാതി ഉപപദ്ധതി, ആദിവാസി ഉപപദ്ധതി, വികസന ഫണ്ടുകൾ എന്നിവ വിനിയോഗിക്കുന്നതിനുള്ള പ്രാദേശിക സർക്കാരുകളുടെ ശ്രമങ്ങളെ 14-ാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർമാർ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, സാന്ത്വന പരിചരണത്തിന് കീഴിലുള്ള വ്യക്തികൾ എന്നിവരുടെ പ്രത്യേക ആവശ്യങ്ങൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന പ്രത്യേക-മേഖലാ പരിപാടികളുടെ ഒരു ശ്രേണി പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി ഈ നടപടികളെ പിന്തുണയ്ക്കുന്നത് തുടരും.

കേരള സർക്കാർ, ഹരിതകേരളം, ഉപജീവനം-ഉൾപ്പെടുത്തൽ-സാമ്പത്തിക ശാക്തീകരണം (ലൈഫ്), ആർദ്രം (ആരോഗ്യവുമായി ബന്ധപ്പെട്ടത്), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട്, ഇപ്പോൾ

**ബോക്സ് 12.1.2** പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഘടകങ്ങൾ

പ്രാദേശിക സാമ്പത്തിക വികസനം

| | |
|---|---|
| തൊഴിൽ സംരംഭങ്ങൾ | നൈപുണ്യ വികസനം |
| സംരംഭകർക്ക് പലിശ സബ്സിഡി | |
| ടെക്നോളജി ഫണ്ട് കൈമാറ്റം | |
| ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്: | |
| ഇന്നൊവേഷൻ ഫണ്ട് | |
| ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് | |
| ഇൻകുബേഷൻ ഫണ്ട് | |
| സീഡ് സപ്പോർട്ട് സ്കീം | |

വിദ്യാ കിരണം എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിരിക്കുന്നു) എന്നിവയെ ഏകീകൃത നവകേരള കർമ്മപദ്ധതിയാക്കി മാറ്റി. ഇത് വിജയകരമായി നടപ്പാക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ നിർണായകമാണ്.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (SDGs) ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ നേട്ടങ്ങൾ നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രാദേശിക സർക്കാരുകളുടെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

**14–ാം പഞ്ചവത്സര പദ്ധതിയിലെ പുതിയ സംരംഭങ്ങൾ**

14-ാം പഞ്ചവത്സര പദ്ധതി കേരളത്തിലെ അതിവേഗ നഗരവൽക്കരണം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. നഗരവൽക്കരണം മൂലം ഉയർത്തപ്പെടുന്ന വെല്ലുവിളികളെയും അവസരങ്ങളെയും നേരിടാൻ ഉചിതമായ തന്ത്രങ്ങളും പരിപാടികളും വികസിപ്പിക്കേണ്ട തിന്റെ പ്രാധാന്യവും തിരിച്ചറിയുന്നു.

**ജില്ലാ റിസോഴ്സ് സെന്ററുകൾ**

പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പദ്ധതികളുടെ വിജ്ഞാന ഉള്ളടക്കം വർധിപ്പിക്കുന്നതിനും ആസൂത്രണ പ്രക്രിയ കൂടുതൽ പങ്കാളിത്തമുള്ളതാക്കുന്നതിനുമായി ആരംഭിച്ചതാണ് ജില്ലാ റിസോഴ്സ് സെന്ററുകൾ. പ്രാദേശിക പദ്ധതികളുടെ ഗുണനിലവാരവും വിജ്ഞാന ഉള്ളടക്കവും മെച്ചപ്പെടുത്തുന്നതിനായി വിദഗ്ധർ, അക്കാദമിക് സ്ഥാപനങ്ങൾ, വികസന-ഗവേഷണ-സാങ്കേതിക സ്ഥാപനങ്ങളിലെയും സർക്കാർ വകുപ്പുകളിലെയും പ്രൊഫഷണലുകളുടെ സേവനം ഉറപ്പാക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലകളിൽ രൂപീകരിക്കുന്ന വിദഗ്ധ സമിതികളാണ് ജില്ലാ റിസോഴ്സ് സെന്ററുകൾ. ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കാൻ 2019 സെപ്റ്റംബറിൽ സർക്കാർ എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (ഡിപിസി) നിർദ്ദേശം നൽകുകയുണ്ടായി. ഡി.ആർ.സി യുടെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.

എ) ഡി.പി.സിക്കും പ്രാദേശിക സർക്കാരുകൾക്കും ആവശ്യമായ മേഖലകളിലും വിഷയങ്ങളിലും പഠനങ്ങൾ നടത്തുക. ബി) പ്രാദേശിക സർക്കാരുകളുടെ പദ്ധതികളുടെ വിജ്ഞാന ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക ഉപദേശം നൽകുക. സി) പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക. ഡി) പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയ പദ്ധതികളുടെ സൂക്ഷ്മപരിശോധന നടത്തുകയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ നിർദ്ദേശിക്കുക ഇ) മാതൃകാ പദ്ധതികൾ പഠന വിധേയമാക്കുകയും അത് സംസ്ഥാനത്തിന്റെ ശ്രദ്ധയിൽ കൊണ്ട് വരുക. എഫ്) ജില്ലാ പദ്ധതിയുടെ വാർഷിക പരിഷ്കരണം.

പ്രാദേശിക സർക്കാരുകളുടെ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുവാനും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലകൾക്ക് ഊന്നൽ നൽകുവാനും ജില്ലാ റിസോഴ്സ് സെന്ററുകൾക്ക് സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**അതിദാരിദ്ര്യ നിർമാർജനവും മൈക്രോ പ്ലാനും**

പതിനാലാം പദ്ധതി കാലയളവിൽ സംസ്ഥാനത്തെ അതി ദാരിദ്ര്യം തുടച്ചുനീക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. അതിദാരിദ്ര്യ നിർമാർജനം സംസ്ഥാന സർക്കാരിന്റെ പ്രധാനപ്പെട്ട ഒരു വാഗ്ദാനമായിരുന്നു. അതിനായി അതിദാരിദ്ര്യ ഉപപദ്ധതി ആവിഷ്കരിക്കുകയുണ്ടായി. സംസ്ഥാനത്തെ പരമദരിദ്രരെ കണ്ടെത്തുകയെന്ന ദൗത്യം ജനകീയ പങ്കാളിത്തത്തോടെ പൂർത്തീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് ആകെ 64,006 കുടുംബങ്ങൾ അതീവ ദരിദ്രരായി കണ്ടെത്തുകയുണ്ടായി. അതിൽ 12,763 പേർ പട്ടികജാതി വിഭാഗത്തിലും 3,021 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും 48,222 മറ്റുള്ളവരുമാണ്. ഭക്ഷണം, പാർപ്പിടം, ഉപജീവനമാർഗം, ശാരീരിക അവസ്ഥ, വൈദ്യസഹായം എന്നിവയെ അടിസ്ഥാനമാക്കിയാണ് അതി ദരിദ്രരെ

**ബോക്സ് 12.1.3** തൊഴിൽ സഭകൾ

യുവജനങ്ങളെ തൊഴിൽ മേഖലയിലേക്കും സംരംഭകത്വത്തിലേക്കും നയിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ മികച്ച ഒരു ആശയത്തിന്റെ ഭാഗമായാണ് തൊഴിൽ സഭകൾ ആരംഭിച്ചത്. തൊഴിലന്വേഷകരെ വാർഡ് അടിസ്ഥാനത്തിൽ ഗ്രാമസഭാ മാതൃകയിൽ സംഘടിപ്പിച്ച് പ്രാദേശിക സർക്കാർ തലത്തിൽ തൊഴിൽ ആസൂത്രണം സാധ്യമാക്കുന്നതിനുള്ള മൈക്രോ ലെവൽ പ്ലാറ്റ്ഫോമുകളാണ് തൊഴിൽ സഭകൾ.

വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും തൊഴിൽ, സംരംഭകത്വ പദ്ധതികളും പരിപാടികളും തൊഴിലന്വേഷകരിലേക്കും പുതു സംരംഭകരിലേക്കും നേരിട്ട് എത്തിക്കുന്നതിനുള്ള വേദി കൂടിയാണ് തൊഴിൽ സഭകൾ. ഇതിനായി കെ-ഡിസ്കിന്റെ കീഴിലുള്ള നോളജ് ഇക്കണോമി മിഷൻ വഴി പരിശീലനം നൽകി അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമുള്ള ജോലികൾ കണ്ടെത്താനുള്ള സാധ്യതകൾ തുറന്നുകൊടുക്കുക കൂടിയാണ് തൊഴിൽസഭകൾ. പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെയുള്ള സംരംഭകത്വ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീയുടെ ഷീ-സ്റ്റാർട്ട്സിനും തൊഴിൽ സഭകളിൽ വേദികളാകും.

യുവജനങ്ങളെ പ്രാദേശികമായി സംഘടിപ്പിച്ച് പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന തൊഴിൽസഭകൾ എന്ന ആശയം ആഗോളതലത്തിൽ തന്നെ ആദ്യത്തേതായിരിക്കും. പ്രാദേശിക സംരംഭങ്ങളും തൊഴിലവസരങ്ങളും കണ്ടെത്തി തൊഴിലന്വേഷകരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും നൈപുണ്യ വികസനത്തിലൂടെ അവരെ കൂടുതൽ തൊഴിൽ യോഗ്യരാക്കുന്നതിനുമാണ് തൊഴിൽ സഭകളിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിനായി പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളുമായി കൈകോർക്കുന്നതിലൂടെ വികസനത്തിന്റെ മറ്റൊരു ഘട്ടത്തിലേക്ക് കടക്കുകയാണ് കേരളം.

കണ്ടെത്തിയത്. ഈ കുടുംബങ്ങളുടെ വിവരങ്ങൾ കൃത്യമായി ശേഖരിച്ച ശേഷം അതി ദാരിദ്ര്യത്തിന് കാരണമാകുന്ന ഘടകങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി പ്രാദേശിക സർക്കാരുകൾ സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കാൻ തുടങ്ങിയിട്ടുണ്ട്. മൈക്രോ പ്ലാൻ തയ്യാറാക്കുമ്പോൾ അതിദാരിദ്ര്യ കുടുംബങ്ങളുടെ ആശയങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിക്കണമെന്ന് ഇതിനായി പുറപ്പെടുവിച്ച മാർഗനിർദേശങ്ങളിൽ വ്യക്തമാക്കുന്നു. മൈക്രോപ്ലാനിന്റെ ഉള്ളടക്കങ്ങൾ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു;

1. അടിയന്തിര പരിചരണ പദ്ധതി
2. ഇന്റർമീഡിയറ്റ് പ്ലാൻ
3. ദീർഘകാല സമഗ്ര പദ്ധതി

ഉടനടി നൽകേണ്ട സേവനങ്ങൾ അടിയന്തിര പരിചരണ പദ്ധതിക്ക് കീഴിലാണ് ഉൾപ്പെടുന്നത്. കുടുംബങ്ങൾക്ക് റേഷൻ കാർഡ്, ആധാർ കാർഡ്, ആരോഗ്യ ഇൻഷുറൻസ്, ഭക്ഷണം, ആരോഗ്യ സംരക്ഷണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3 മാസം മുതൽ 2 വർഷം വരെയുള്ള കാലയളവിൽ നൽകാൻ കഴിയുന്ന സേവനങ്ങളോ സ്കീമുകളോ ഇന്റർമീഡിയറ്റ് പ്ലാനിന് കീഴിൽ വരും. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, വിദ്യാഭ്യാസ സഹായം, തെരുവിൽ കഴിയുന്നവരെ കെയർ ഹോമുകളിലേക്ക് പുനരധിവസിപ്പിക്കൽ, നിരന്തര വൈദ്യസഹായം, തിരിച്ചറിഞ്ഞ കുടുംബങ്ങളെ വിവിധ സർക്കാർ ആരോഗ്യ പദ്ധതികളുമായി ബന്ധിപ്പിക്കൽ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഉടനടി അല്ലെങ്കിൽ ഇടക്കാല ഇടപെടൽ പര്യാപ്തമല്ലെങ്കിൽ, പ്രാദേശിക ഭരണകൂടം ദീർഘകാല സമഗ്ര പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

പ്രാദേശിക സർക്കാർ തലത്തിൽ, മൈക്രോ പ്ലാനിൽ കണ്ടെത്തിയ വിവിധ ഇടപെടലുകൾ മേഖലകളിലായി തരംതിരിക്കുകയും അതാത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ കീഴിലുള്ള ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും. ജില്ലാ ആസൂത്രണ സമിതിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം നിർവഹണ നടപടികൾ ആരംഭിക്കും. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിലും അവയുടെ നടത്തിപ്പിലും നിരീക്ഷണത്തിലും പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതിനുള്ള ചുമതല കുടുംബശ്രീയ്ക്കാണ്.

അതിദാരിദ്ര്യ നിർമാർജന സെല്ലിൽ നിന്നുള്ള ഏറ്റവും പുതിയ കണക്കുകൾ പ്രകാരം (2022 ഒക്ടോബർ) 2516 പേർക്ക് റേഷൻ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. 2262 പേർക്ക് ആധാർ കാർഡും 6770 പേർക്ക് വോട്ടേഴ്സ് ഐഡിയും നൽകിയിട്ടുണ്ട്. 22233 പേരെ ആരോഗ്യ സംവിധാനവുമായി ബന്ധിപ്പിക്കുകയും 14618 പേർക്ക് ഭക്ഷണവും നൽകിയിട്ടുണ്ട്.

**ഉപസംഹാരം**

പങ്കാളിത്താധിഷ്ഠിതവും വികേന്ദ്രീകൃതവുമായ വികസനം കേരളത്തിന്റെ മുദ്രാവാക്യമാണ്. ഈ മാതൃക ദേശീയതലത്തിലും ആഗോളതലത്തിലും ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. എല്ലാ പ്രാദേശിക സർക്കാരുകളുടെയും സഹകരണത്തോടെ ദീർഘവീക്ഷണത്തോടെയുള്ള ജില്ലാ പദ്ധതികൾ ആവിഷ്കരിക്കുക, സാമൂഹിക ഓഡിറ്റുകളുടെ കാലാനുസൃതമായ നടത്തിപ്പ്, ജില്ലാ റിസോഴ്സ് സെന്ററുകൾ, ഗ്രാമസഭ/വാർഡ് സഭകളുടെ പുനരുജ്ജീവനം, പ്രാദേശിക തലത്തിലുള്ള ആസൂത്രണത്തിൽ കൂടുതൽ ജനകീയ പങ്കാളിത്തം എന്നിവയെല്ലാം നിലവിലെ നേട്ടങ്ങളെ കൂടുതൽ ഫലപ്രദമാക്കുന്നുണ്ട്. ഇത് പ്രാദേശിക തലത്തിലുള്ള ആസൂത്രണത്തിലും വികസനത്തിലും കൂടുതൽ ഉയരങ്ങൾ താണ്ടിപ്പിടിക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കും. കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം, വികേന്ദ്രീകരണത്തിൽ കേരളത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളിലും ജനകീയ പദ്ധതി കാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട് കഴിഞ്ഞിരിക്കുന്നു.

പതിനാലാം പദ്ധതി നടപ്പിലാക്കുന്നതോടെ പ്രാദേശിക സാമ്പത്തിക വളർച്ചയിലും പ്രാദേശിക സർക്കാർ തലത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ മാറ്റങ്ങളുണ്ടാകും. നൈപുണ്യ വികസന മേഖലയിലും വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. അതിദാരിദ്ര്യ നിർമാർജനം, കാലാവസ്ഥാ വ്യതിയാനത്തിനായുള്ള പ്രാദേശിക പ്രവർത്തനങ്ങൾ, ദുരന്തനിവാരണം, ഫലപ്രദമായ മാലിന്യ സംസ്കരണ രീതികൾ, നഗരവൽക്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ തുടങ്ങിയ ഇടപെടലുകളും സംസ്ഥാനത്തെ വികസനത്തിന്റെ അടുത്ത തലത്തിലേക്ക് കൊണ്ടുപോകും എന്ന് പ്രതീക്ഷിക്കുന്നു.

**പ്രാദേശിക സർക്കാരുകളുടെ മേഖലയിൽ കേന്ദ്ര– സംസ്ഥാന പരിപാടികളുടെ അവലോകനം**

വിവിധ വികസന മേഖലകളിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ നിലനിർത്താനും സാമ്പത്തിക വളർച്ച വർദ്ധിപ്പിച്ച് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും 14-ാം പഞ്ചവത്സരപദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ ഉൽപ്പാദന ശക്തികളെ പുനരുജ്ജീവിപ്പിച്ച് വിവിധ വികസന മേഖലകളിൽ നിക്ഷേപം സമാഹരിച്ചുകൊണ്ടാണ് ഇത് നടപ്പാക്കുന്നത്. ഈ പ്രക്രിയയിൽ, ഉന്നത വിദ്യാഭ്യാസം, ഗവേഷണ-വികസന സ്ഥാപനങ്ങൾ, നൂതനാശയ പരിപോഷണം എന്നിവയിലൂടെ വിജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സ്വകാര്യ നിക്ഷേപത്തിന് പുറമെ സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിൽ നിന്നും മികച്ചതും കാര്യക്ഷമവുമായ വിഭവ സമാഹരണം ഈ ശ്രമങ്ങൾക്ക് ആവശ്യമാണ്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ പ്രധാന പങ്കുണ്ട്, കാരണം പ്രധാന മേഖലകളിൽ സംസ്ഥാനവും കേന്ദ്രവും സ്പോൺസർ ചെയ്യുന്ന പല പരിപാടികളും നടപ്പിലാക്കുക എന്നത് അവരുടെ ഉത്തരവാദിത്തം കൂടിയാണ്. ഇത് വികസന പരിപാടികളുടെ സംയോജനം ലക്ഷ്യമിട്ട് വികസന വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. നഗര സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും, ഗ്രാമീണ മേഖലയിൽ കണക്റ്റിവിറ്റി സൃഷ്ടിക്കുന്നതിനും, ശുചിത്വ, മാലിന്യ സംസ്കരണം അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും, ഗ്രാമങ്ങളിലും നഗരങ്ങളിലും ഭവന നിർമ്മാണം, തൊഴിലവസരങ്ങളും ഉപജീവനമാർഗ്ഗങ്ങളും സൃഷ്ടിക്കൽ എന്നിവയ്ക്കായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് പ്രാദേശിക സർക്കാരുകൾക്ക് ഫണ്ട് ലഭിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനായി നിർബന്ധമായും സംസ്ഥാന വിഹിതം വകയിരുത്തേണ്ടതായിട്ടുണ്ട്. അതിനാൽ തന്നെ അത്തരം പരിപാടികൾ ഫലപ്രദമായി ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങളുടെ സംയോജനം അത്യന്താപേക്ഷിതമാണ്.

വിവിധ വികസന മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കേന്ദ്രവിഷ്കൃതവും സംസ്ഥാനം സ്പോൺസർ ചെയ്യുന്നതുമായ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

### അടിസ്ഥാന സൗകര്യം

പല വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സാമൂഹിക, സേവന അടിസ്ഥാന സൗകര്യങ്ങളിൽ വികേന്ദ്രീകൃതാസൂത്രണം ഉയർന്ന നിക്ഷേപം സാധ്യമാക്കിയിട്ടുണ്ട്. ജീവിത നിലവാരവും അതിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്ന കുടിവെള്ളം, ശുചിത്വം, ഡ്രെയിനേജ് സൗകര്യങ്ങൾ തുടങ്ങി ഭവനങ്ങളിലും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ അളവിൽ സാധിച്ചിട്ടുണ്ട്.

### പാർപ്പിടം

ലൈഫ് മിഷൻ മുഖേന സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് നൽകുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് കേരള സർക്കാർ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഭവന പദ്ധതികളുടെ സംയോജനമാണ് ഈ പരിപാടി വിഭാവനം ചെയ്യുന്നത്. കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികൾ നൽകുന്ന സഹായം പാവപ്പെട്ടവരുടെ ഭവന ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലാത്തതിനാൽ ഈ സംയോജനം അത്യാവശ്യമായിരുന്നു. ഭവനരഹിതരായ ദരിദ്രർക്ക് അവരുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിനും ദാരിദ്ര്യത്തിലേക്ക് അവരെ നയിക്കുന്ന ഘടകങ്ങളെ മറികടക്കുന്നതിനും ഇടപെടലും ആവശ്യമായിരുന്നു. പാവപ്പെട്ടവരുടെ ഉപജീവനവും, ഉൾപ്പെടുത്തലും സാമ്പത്തിക ശാക്തീകരണവും (ലൈഫ്) ഉറപ്പാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിക്കാണ് സർക്കാർ രൂപം നൽകിയത്.

### പ്രധാനമന്ത്രി ആവാസ് യോജന– ഗ്രാമീൺ (പിഎംഎവൈ–ജി)

പിഎംഎവൈ-ഗ്രാമീൺ, ഗ്രാമ പ്രദേശങ്ങൾക്കായുള്ള ഭവന പദ്ധതിയാണ്. തകർന്ന വീട്ടുള്ളവർക്കും വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും 2024 ഓടെ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള പക്കാ വീടുകൾ നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു. വീടിന്റെ ഏറ്റവും കുറഞ്ഞ വലുപ്പം 25 ചതുരശ്ര മീറ്ററായിട്ടാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചതെങ്കിലും സംസ്ഥാനത്ത് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടി 36 ചതുരശ്ര മീറ്ററായി ഇത് നിജപ്പെടുത്തിയിരിക്കുന്നു. അനുവദിച്ച തീയതി മുതൽ 12 മാസത്തിനുള്ളിൽ വീടിന്റെ നിർമ്മാണം പൂർത്തിയാക്കണം. പിഎംഎവൈ- ഗ്രാമീൺ പ്രകാരം ഒരു വീടിന് കേന്ദ്ര ഗ്രാമീണ മന്ത്രാലയം നിശ്ചയിച്ചത് 1.20 ലക്ഷം രൂപയാണ്, ഇത് 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പങ്കിടുന്നു. കൂടാതെ കേരളത്തിൽ ഇ പദ്ധതിയെ ലൈഫ് മിഷനുമായി സംയോജിപ്പിച്ചതിനാൽ ധനസഹായം 4.00 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിനാവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ വകയിരുത്തുന്നു. 2011-ലെ സാമൂഹ്യ-സാമ്പത്തിക, ജാതി സെൻസസ് (SECC) അടിസ്ഥാനമാക്കിയാണ് കേന്ദ്ര സർക്കാർ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. ഭവന രഹിതരുടെയും സാമൂഹിക അനാസ്ഥയുടെ മറ്റ് മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രാമസഭകളിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതും തിരഞ്ഞെടുക്കുന്നതും. ഗുണഭോക്താക്കളുടെ ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകളിലേക്ക് മൂന്ന് ഗഡുക്കളായി വീട് നിർമാണ ചെലവ് നേരിട്ട് വിതരണം ചെയ്യുന്നു.

ഈ പദ്ധതിയുടെ ഭാഗമായ ഒരു ഗുണഭോക്താവിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 70,000/-രൂപ വരെ ധനസഹായം ലഭ്യമാക്കാൻ സൗകര്യമൊരുക്കുന്നുണ്ട്. ഒരു പിഎംഎവൈ-ജി ഗുണഭോക്താവിന് വീട് നിർമാണത്തിന്റെ ഭാഗമായി എംജിഎൻആർഇജിഎസ് വഴി 90 ദിവസത്തെ അവിദഗ്ധ ജോലിയുടെ വേതനം നേടാൻ അർഹതയുണ്ട്. കക്കൂസുകളുടെ നിർമാണത്തിന് സ്വച്ഛ് ഭാരത് മിഷനിൽ (ഗ്രാമീൺ) നിന്ന് 12,000/- രൂപയും നൽകുന്നു.

പിഎംഎവൈ- ജി ഒന്നാം ഘട്ടത്തിൽ 42,431 വീടുകൾ (2016-17ൽ 32,559 പുതിയ വീടുകളും 2017-18ൽ 9,872 പുതിയ വീടുകളും) നിർമിക്കാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ പൊതുവെ കേരളത്തിന് അനുയോജ്യമല്ലാത്തതിനാൽ ലക്ഷ്യം നേടാനായില്ല. 2020 ൽ ലക്ഷ്യം 42,431 ൽ നിന്ന് 28,905 ആയി പുനഃക്രമീകരിച്ചു. അതിൽ 21,995 വീടുകൾക്ക് അനുമതി ലഭിക്കുകയും 20,427 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 503 ഗുണഭോക്താക്കൾക്ക് ഭൂമിയില്ലാത്തതിനാൽ അനുമതി ലഭിച്ചിട്ടില്ല. ഇവർക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ നടപടി ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ, കേന്ദ്ര സർക്കാർ അംഗീകാരം നൽകിയ 13,307 വീടുകളിൽ 12,649 വീടുകൾക്ക് അനുമതി നൽകുകയുണ്ടായി. 2022 സെപ്റ്റംബർ വരെ 979 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അധികാരാവകാശം, ഡോക്യുമെന്റേഷൻ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ കാരണം ബാക്കിയുള്ള 658 വീടുകൾ പൂർത്തിയായിട്ടില്ല. പിഎംഎവൈ- ഗ്രാമീൺ ന്റെ 2021-22, 2022-23 (2022 സെപ്റ്റംബർ 30 വരെ) സാമ്പത്തികവും ഭൗതികവുമായ പുരോഗതി **അനുബന്ധം 12.1.12, 12.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

### പ്രധാന മന്ത്രി ആവാസ് യോജന(നഗരം)

നഗരങ്ങളിലെ ചേരിനിവാസികൾ ഉൾപ്പെടെ വീടില്ലാത്ത എല്ലാ പാവപ്പെട്ടവർക്കും 2022 ഓടെ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിയുടെ കാലാവധി ഡിസംബർ 31, 2024 വരെ ആക്കിയിട്ടുണ്ട്. പി.എം.എ.വൈ (നഗരം) പദ്ധതിയുടെ അംഗീകരിച്ച മൊത്തം പദ്ധതി തുക (2022 നവംബർ 18 വരെ ) 5222.48 കോടി രൂപയാണ്. ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 1194.90 കോടി രൂപയും 414.84 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2021-22ലും 2022-23 (നവംബർ 18 വരെ) 240.90 കോടി രൂപ കേന്ദ്ര വിഹിതമായും 9.23 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്.

പി.എം.എ.വൈ (നഗരം) പദ്ധതിയ്ക്ക് വിവിധ ഘടകങ്ങളാണുള്ളത്. പി.എം.എ.വൈ.നഗരം ഭവന പദ്ധതിയുടെ ഗുണഭോക്തൃ നേതൃത്വത്തോടെയുള്ള ഭവന നിർമ്മാണമെന്ന (പുതിയ വീടുകൾ) മുഖ്യ ഘടകത്തിൽ, 93 നഗര തദ്ദേശ സ്ഥാപനങ്ങളുടേയും മൂന്ന് വികസന അതോറിറ്റികളുടെയും (തിരുവനന്തപുരം വികസന അതോറിറ്റി, കൊച്ചി വികസന അതോറിറ്റി, ഗോശ്രീ ഐലന്റ് വികസന അതോറിറ്റി) പരിധിയിൽ വരുന്ന 34 പഞ്ചായത്തുകൾ ഉൾപ്പെടെ സമർപ്പിച്ച 742 വിശദമായ പദ്ധതി രേഖകളുടെ (ഡി.പി.ആർ) അടിസ്ഥാനത്തിൽ

1,30,562 വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം (എം.ഒ.എച്ച്.യു.എ) അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 3,668 വീടുകൾ വികസന അതോറിറ്റിയുടെ പരിധിയിലാണ് വരുന്നത്. സമർപ്പിച്ച ഡി.പി.ആറുകൾ പ്രകാരം 97,394 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇതിൽ 2022 നവംബർ 18 വരെ 75,194 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

'പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നഗര ദരിദ്രർക്ക് പാർപ്പിടങ്ങൾ' എന്ന ഘടകത്തിൽ ലൈഫ് മിഷന്റെ സഹായത്തോടെ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 970 യൂണിറ്റുകൾ ഉൾപ്പെട്ട 14.55 കോടി രൂപയുടെ 11 ഡി.പി.ആറുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. അത്യാവശ്യ സൗകര്യങ്ങൾ ഉറപ്പാക്കി സംസ്ഥാന സർക്കാർ കൂടുതൽ തുക വകയിരുത്തി ലൈഫ് മിഷനിലൂടെയാണ് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. ഈ ഘടകത്തിൽ 938 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 316 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി ഘടകത്തിലൂടെ അർഹരായ നഗര ദരിദ്രർക്ക് വീട് വയ്ക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ഭവന വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്നു. ഈ ഘടകത്തിലൂടെ 33,293 ഗുണഭോക്താക്കളെ കണ്ടെത്തുകയും 28,715 ഗുണഭോക്താക്കൾക്ക് ഭവന സബ്സിഡി നൽകിയിട്ടുമുണ്ട്. എന്നിരുന്നാലും, നഗരദരിദ്രരുടെ ഭവന ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള ഈ ഘടകം മാർച്ച് 31, 2021 മുതൽ കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയിട്ടുണ്ട്.

കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം പി.എം.എ.വൈ (നഗരം) പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിനുള്ള നിരക്ക് 1.50 ലക്ഷം രൂപയാണ്. ഫണ്ട് 40 ശതമാനം, 40 ശതമാനം, 20 ശതമാനം എന്നിങ്ങനെ മൂന്ന് തവണകളായാണ് അത് ലഭിക്കുന്നത്. പി.എം.എ.വൈ (നഗരം) ഭവന പദ്ധതിയുടെ 2022 നവംബർ 18 വരെയുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.14**ലും നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഗുണഭോക്തൃ നേതൃത്വത്തോടെയുള്ള ഭവനനിർമാണ ഘടകത്തിന്റെയും നഗരദരിദ്രർക്ക് പാർപ്പിടങ്ങൾ എന്ന ഘടകത്തിന്റെയും ഭൗതിക പുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.15, 12.1.16**ലും ചേർത്തിരിക്കുന്നു.

ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികളുമായി ഈ പദ്ധതിയെ സംയോജിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, ദേശീയ നഗര ഉപജീവന ദൗത്യം എന്നീ പദ്ധതികളുടെ സംയോജനത്തിലൂടെ ഗുണഭോക്താക്കൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുന്നതിനുള്ള സഹായവും നൽകുന്നുണ്ട്. നൈപുണ്യ വികസനത്തിലൂടെയും സ്വയം തൊഴിൽ സംരംഭങ്ങളിലൂടെയും നഗരങ്ങളിലെ വീടില്ലാത്തവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ സംയോജനത്തിലൂടെ വിഭാവനം ചെയ്യുന്നത്. തൊഴിൽ ലഭ്യമാക്കലും തൊഴിൽ സൗകര്യം ഉറപ്പിക്കലും എന്ന എൻ.യു.എൽ.എം പദ്ധതി ഘടകത്തിലൂടെ 968 അംഗങ്ങൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ സ്വയം തൊഴിൽ പദ്ധതി ഘടകത്തിലൂടെ 335 കുടുംബങ്ങൾ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനത്തിലൂടെ പി.എം.എ.വൈ (നഗരം) പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകാനും സാധിച്ചിട്ടുണ്ട്. വിവിധ ജീവനോപാധി പരിപാടികളും സാമൂഹ്യാധിഷ്ഠിത പരിപാടികളുമായി പി.എം.എ.വൈ (നഗരം) ഭവന പദ്ധതിയുടെ സംയോജനം വളരെ ഫലപ്രദമായി നടപ്പിലാക്കിയതിന് സംസ്ഥാനത്തിന് രണ്ട് തവണ ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം ഭവന നിർമ്മാണത്തിനുള്ള നിരക്ക് ഗ്രാമപ്രദേശങ്ങളിൽ 1.20 ലക്ഷം രൂപയും നഗരപ്രദേശങ്ങളിൽ 1.50 ലക്ഷം രൂപയുമാണ്. ഭൂമിയുള്ള ഭവനരഹിതർക്കായി ലൈഫ് മിഷൻ വിദൂരത്തും ഒറ്റപ്പെട്ടും നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരന് ഭവനനിർമ്മാണത്തിനായി 6.00 ലക്ഷം രൂപയും മറ്റ് എല്ലാ ഗുണഭോക്താക്കൾക്കും 4.00 ലക്ഷം രൂപയും നൽകുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ 11.5 (പാർപ്പിടം) അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

**ശുചിത്വവും മാലിന്യ നിർമ്മാർജ്ജനവും**

ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും ശുചിത്വവും മാലിന്യ സംസ്കരണവും പ്രധാന പ്രശ്നമായി മാറിയിരിക്കുകയാണ്. മാലിന്യം സംസ്കരിച്ച് റീ സൈക്കിൾ ചെയ്ത് ഡിസ്പോസ് ചെയ്യുന്നതിനുള്ള അനുയോജ്യമായ സംവിധാനങ്ങളുടെ അഭാവം പരിസ്ഥിതിയെ മലിനമാക്കുകയും വിവിധ തരത്തിലുള്ള വ്യാധികൾ ഉണ്ടാകുന്നതിനും കാരണമാകുന്നുണ്ട്. മാലിന്യ സംസ്കരണം രൂക്ഷമായ പ്രശ്നമായതുകൊണ്ട് ഇത് പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിലും പ്രദേശിക തലത്തിലും ധാരാളം തന്ത്രങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാന തല പ്രചാരണങ്ങൾക്കും പരിപാടികൾക്കുമുപരിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും മാലിന്യ സംസ്കരണം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാനാവിഷ്കൃതവുമായ പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഖരദ്രവ മാലിന്യ നിർമ്മാർജ്ജന നയങ്ങളും പ്രോജക്ടുകളും രൂപീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്കും സംസ്ഥാന സർക്കാരിനും ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും നിർവ്വഹണ തന്ത്രം രൂപപ്പെടുത്തുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് ശുചിത്വ മിഷൻ.

സംസ്ഥാനത്ത് പ്രതിദിനം 10,044 ടൺ (ടിപിഡി) ഖരമാലിന്യം ഉത്പാദിപ്പിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ 3,472 ടൺ നഗര തദ്ദേശഭരണ സ്ഥാപനങ്ങളും 6,572 ടൺ ഗ്രാമപഞ്ചായത്തുകളുമാണ്. ഇതിൽ 49 ശതമാനം മാലിന്യം വീടുകളിൽ നിന്നും 36 ശതമാനം സ്ഥാപനങ്ങളിൽ നിന്നും 15 ശതമാനം പൊതുസ്ഥലങ്ങളിലുമാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. മൊത്തം മാലിന്യത്തിന്റെ 77 ശതമാനം (7,732 ടൺ) മാലിന്യം ജീർണ്ണിക്കുന്നവയും 18 ശതമാനം ജീർണ്ണിക്കാത്തവയും 5 ശതമാനം നിർജ്ജീവവുമാണ് (ഇനെർട്ട്). പ്രതിദിനമുള്ള 7732 ടൺ ജൈവമാലിന്യവും 1808 ടൺ (18 ശതമാനം) അജൈവമാലിന്യവും സംസ്കരിക്കേണ്ടത് അടിയന്തിര പ്രാധാന്യം ഉള്ള ഘടകങ്ങളാണ്.

സംസ്ഥാനത്ത് ജൈവനശീകരണ മാലിന്യത്തിന്റെ 75 ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും നിലവിൽ സംസ്കരിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള പ്രോജക്റ്റായ 14,99,000 വീട്ടുതല കമ്പോസ്റ്റിംഗും അല്ലെങ്കിൽ ബയോ മെത്തനൈസേഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതിലൂടെ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി 85 ശതമാനം വർദ്ധിപ്പിക്കാൻ സാധിക്കും. ഹരിതകർമ്മസേനാ യൂണിറ്റുകളും മറ്റിതര ഏജൻസികളും ചേർന്ന് 48.05 ലക്ഷം സ്രോതസ്സുകളിൽനിന്നും (36.35 ലക്ഷം ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങളിലും 11.70 ലക്ഷം നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലും) അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളിൽ (എം.സി.എഫ്), മിനി എം.സി. എഫ് എന്നിവയിൽ താത്ക്കാലികമായി സൂക്ഷിക്കുകയും ചെയ്യുന്നു. എം.സി.എഫുകളിൽ സൂക്ഷിച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം വീണ്ടും തരംതിരിച്ചതിന് ശേഷം ഷ്രെഡ് ചെയ്ത് ബെയ്ൽ ചെയ്യുന്നതിന് റിസോഴ്സ് റിക്കവറി കേന്ദ്രങ്ങളിലേക്ക് കൈമാറുന്നു. റോഡ് ടാറിംഗിന് പ്രത്യേകിച്ച് ഇത് ഉപയോഗിക്കുന്നതിലേക്കായി ക്ലീൻ കേരള കമ്പനിക്ക് വിൽക്കുകയും ചെയ്യുന്നു. പൊതു പ്രവൃത്തികളുടെ ഭാഗമായിട്ട് ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്കുകൾ റോഡ് ടാറിംഗിന് ഉപയോഗിക്കുന്നത് സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാനത്താകമാനം 1170 എം.സി.എഫും 184 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫും) 10578 മിനി എംസിഎഫ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. 1,033 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയും നിലവിലുണ്ട്. ഹരിതകർമ്മസേന, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കേന്ദ്രങ്ങൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ച 2022 ഒക്ടോബർ 31 വരെയുള്ള ജില്ലാതല വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.17**ലും **അനുബന്ധം 12.1.18**ലും കൊടുത്തിരിക്കുന്നു.

**ശുചിത്വകേരളം (ഗ്രാമവും നഗരവും)**

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉറവിടതല മാലിന്യ സംസ്കരണത്തിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നത്. ശുചിത്വകേരളം പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഭാഗികമായ സഹായം സർക്കാർ നൽകുന്നു. സംസ്ഥാനത്ത് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, നാഷണൽ ഹെൽത്ത് മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുമായി സഹകരിച്ചാണ് മൺസൂണിന് മുമ്പുള്ള ക്ലീനിംഗ് ക്യാമ്പയിൻ നടത്തുന്നത്. ശുചിത്വകേരളം നഗരം പദ്ധതിയിലൂടെ 11 നഗരതദ്ദേശഭരണ സ്ഥാപനങ്ങൾ മൊത്തം 7.40 കോടി രൂപയുടെ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകളും ശുചിത്വകേരളം ഗ്രാമം പദ്ധതിയിലൂടെ 22 ഗ്രാമപഞ്ചായത്തുകൾ 3.84 കോടി രൂപയുടെ പ്രോജക്ടുകളും ഏറ്റെടുക്കുകയുണ്ടായി.

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും അവബോധം വളർത്തുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിച്ചതിലൂടെ ജനങ്ങൾക്കിടയിൽ ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ശീലം വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. 2021-22 ൽ 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന മുദ്രാവാക്യം വ്യാപകമായി പ്രചരിപ്പിക്കുകയും അത് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ ചെറുതും, ഇടത്തരവും വലുതുമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചതിലൂടെ സംസ്ഥാനത്തെ 2,13,962 വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യം കൈകാര്യം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

**സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ)**

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും വൃത്തിയായ ടോയിലറ്റുകൾ ഉറപ്പാക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. 2016 നവംബർ 1 മുതൽ സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ വെളിയിട വിസർജ്ജന മുക്തമായി (ഒ.ഡി.എഫ്) പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ 1,74,720 വ്യക്തിഗത ടോയിലറ്റുകൾ (ഐ.എച്ച്.എച്ച്.എൽ) നിർമ്മിച്ചതിലൂടെ വെളിയിട വിസർജ്ജന മുക്തമായ (ഒ.ഡി.എഫ്) സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. വെളിയിട വിസർജ്ജന മുക്ത നിലവാരം സുസ്ഥിരമായി നിലനിർത്താൻ ശ്രമിക്കുന്നതോടൊപ്പം ഒ.ഡി.എഫ് പ്ലസ് പ്രവർത്തനങ്ങളിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ എസ്.ബി.എം (ജി) പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ (ബി.പി.എൽ), കണ്ടെത്തിയ എ.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് ഒരു വ്യക്തിഗത ടോയിലറ്റ് (ഐ.എച്ച്.എച്ച്.എൽ) നിർമ്മിക്കുന്നതിനും ശുചീകരണത്തിനും ടോയിലറ്റ് വൃത്തിയാക്കുന്നതിനുമുള്ള ജലലഭ്യതയും ജലസംഭരണ സംവിധാനവും ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് 12,000 രൂപ വരെയാണ് പ്രോത്സാഹന ധനസഹായമായി നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതമായി 7,200 രൂപയും (60 ശതമാനം) സംസ്ഥാന വിഹിതമായി 4,800 രൂപയും (40 ശതമാനം) സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയിലൂടെ പ്രോത്സാഹന ധന സഹായമായി ശുചിത്വ മിഷൻ നൽകുന്നു. 01-04-2021 മുതൽ സെപ്റ്റംബർ 30, 2022 വരെ ആകെ 6,261 വ്യക്തിഗത ടോയിലറ്റുകൾ നിർമ്മിക്കുകയും 4,135 വ്യക്തിഗത ടോയിലറ്റുകളുടെ നിർമ്മാണം പുരോഗതിയിലുമാണ്.

**ഒ.ഡി.എഫ് പ്ലസ്**

എല്ലാ ഗ്രാമപഞ്ചായത്തുകളും ഒ.ഡി.എഫ് പ്ലസ് നേടുന്നതിന് കേന്ദ്ര കുടിവെള്ള ശുചിത്വമന്ത്രാലയം നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും നേടിയെടുക്കുന്നതിലുള്ള പരിശ്രമത്തിലാണ്. എല്ലാ വ്യക്തികൾക്കും ടോയിലറ്റ് സൗകര്യം, ടോയിലറ്റുകളുടെ ശരിയായ ഉപയോഗം, ഖരദ്രവമാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യൽ, പൊതുശുചീകരണ സംവിധാനങ്ങൾ ഉറപ്പാക്കൽ എന്നിവയാണ് ഒ.ഡി.എഫ് പ്ലസ് നേടുന്നതിനുള്ള മാനദണ്ഡങ്ങൾ. ദ്രവമാലിന്യ സംസ്കരണം ഫലപ്രദമായി കൈകാര്യം ചെയ്താൽ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ഒ.ഡി.എഫ് പ്ലസ് കൈവരിക്കാൻ സാധിക്കുകയുള്ളൂ. ടോയിലറ്റുകളിൽ നിന്നുള്ള മലിനജലം പൊതുസ്ഥലങ്ങളിലും ജല സ്രോതസ്സുകളിലും മറ്റ് ജലാശയങ്ങളിലും ഒഴുകുന്നത് തടയേണ്ടതും അതുപോലെ ഉപരിതലജല മലിനീകരണവും തടയേണ്ടതാണ്. മലിനജലം കൈകാര്യം ചെയ്യുന്നതിന് സെപ്റ്റിക് ടാങ്കുകളും ട്വിൻ പിറ്റ്സുകളുമാണ് ഉചിതം. സോക്ക് പിറ്റ്സുകൾ/ലീച്ച് പിറ്റ്സുകൾ എന്നിവയിലൂടെ ഗ്രേ വാട്ടർ കൈകാര്യം ചെയ്യേണ്ടതുമാണ്. 2022 സെപ്റ്റംബർ 30 വരെ 554 വില്ലേജുകൾ ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി എല്ലാ വില്ലേജുകളും ഒ.ഡി.എഫ് പ്ലസ് ആകുന്നതിനായി ലക്ഷ്യമിടുന്നു.

**ഖരദ്രവമാലിന്യ സംസ്ക്കരണം**

സംസ്ഥാനത്തെ 8,683 ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി സെപ്റ്റംബർ 30, 2022 വരെ 41.11 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഏപ്രിൽ 01, 2021 മുതൽ സെപ്റ്റംബർ 30, 2022 വരെ 6.11 കോടി രൂപയുടെ 269 പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ/പൊതു ടോയിലറ്റുകൾ എന്ന ഘടകത്തിൽ സെപ്റ്റംബർ 30, 2022 വരെ 170 സാനിറ്ററി കോംപ്ലക്സുകൾ/പൊതു ടോയിലറ്റുകൾ നിർമ്മിക്കുകയും 2.29 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഒ.ഡി.എഫ് നിലവാരം നിലനിർത്തുന്നതിന് വിവിധ തരത്തിലുള്ള വിവരവിദ്യാഭ്യാസ വിനിമയ/കാര്യശേഷി വികസന പ്രവർത്തനങ്ങളും 2021-22 ൽ ഏറ്റെടുത്തിട്ടുണ്ട്.

എസ്.ബി.എം ഗ്രാമീണിന്റെ ഒന്നാം ഘട്ടത്തിൽ ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കുള്ള ഫണ്ട് കണക്കാക്കിയിരുന്നത് 500 കുടുംബങ്ങളിൽ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 20 ലക്ഷം രൂപ എന്ന രീതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള ആകെ കുടുംബങ്ങളുടെ അടിസ്ഥാനത്തിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്നനുപാതത്തിലാണ് എസ്.ബി.എം ഗ്രാമീണിന്റെ കീഴിലുള്ള ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. എസ്.ബി.എം ഗ്രാമീണിന്റെ ഒന്നാം ഘട്ടം അവസാനിച്ചെങ്കിലും പ്രോജക്ടുകൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണിന്റെ രണ്ടാം ഘട്ടമായിട്ടാണ് പ്രോജക്ട് ഏറ്റെടുക്കുന്നത്.

ഖരദ്രവമാലിന്യ സംസ്കരണമാണ് സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) ന്റെ രണ്ടാം ഘട്ടത്തിലെ ഒരു പ്രധാന ഘടകം. ഇതിലൂടെ ജനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. കൂടാതെ കമ്മ്യൂണിറ്റി/ ഗ്രാമപഞ്ചായത്തുകൾക്ക് പ്രോത്സാഹനം നൽകി മുന്നോട്ട് കൊണ്ടുവരുന്നതിനും, ഈ സംവിധാനത്തെ നിലനിർത്തുന്നതിന് ശ്രമിക്കേണ്ടതുമാണ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ സാങ്കേതിക വിദ്യകൾ സംസ്ഥാനം തീരുമാനിക്കേണ്ടതാണ്. വീടുകളിലെ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് ശരിയായ രീതിയിൽ നീക്കം ചെയ്യുന്നതിന് വികേന്ദ്രീകൃത സംവിധാനങ്ങളായ ഗാർഹിക കമ്പോസ്റ്റിംഗ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും അനുവദിക്കാവുന്നതാണ്. ഓർഗാനിക് ഖരമാലിന്യം പരമാവധി പുനരുപയോഗത്തിലൂടെ വളമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

**ഗോബർധൻ (ഗാൽവനൈസിംഗ് ഓർഗാനിക് ബയോ–അഗ്രോ റിസോഴ്സ് ധൻ) പദ്ധതി**

2018 ഏപ്രിലിൽ ആരംഭിച്ച എസ്.ബി.എം (ജി) പദ്ധതിയുടെ പ്രധാനഘടകമായ ഗോബർധനിലൂടെ ജന്തുമാലിന്യം ഉൾപ്പെടെയുള്ള ജൈവമാലിന്യം, അടുക്കളയിൽ ബാക്കി വന്ന അവശിഷ്ടങ്ങൾ, കമ്പോള മാലിന്യം തുടങ്ങിയവ ബയോ ഗ്യാസാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. സെപ്റ്റംബർ 30, 2022 വരെ ഇത്തരത്തിലുള്ള 43 പ്രോജക്ടുകൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിനായി സെപ്റ്റംബർ 30, 2022 വരെ 33.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**സ്വച്ഛ്ഭാരത് മിഷൻ (നഗരം)**

രാജ്യത്താകമാനം വൃത്തി, മാലിന്യസംസ്കരണം, ശുചിത്വം എന്നിവ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതി ആരംഭിച്ചത്. വ്യക്തിഗത ടോയിലറ്റുകൾ, പൊതുടോയിലറ്റുകൾ, ഖരമാലിന്യ സംസ്കരണം, ഓഫീസ് ചെലവ്, കാര്യശേഷി വികസനം, വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പ്രോജക്ടിന്റെ അഞ്ച് പ്രധാന ഘടകങ്ങൾ.

നഗരപ്രദേശങ്ങളിൽ 29,578 വ്യക്തിഗത ടോയിലറ്റുകൾ നിർമ്മിക്കുക വഴി സംസ്ഥാനത്തെ 92 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഒ.ഡി.എഫ് സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. വ്യക്തിഗത ടോയിലറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ 4,000 രൂപയും, സംസ്ഥാനം കുറഞ്ഞത് 2,667 രൂപയും പ്രോത്സാഹന സഹായമായി നൽകുന്നുണ്ട്. ഒഡിഎഫ് നിലവാരം നിലനിർത്തുന്നതിന് 1350 വ്യക്തിഗത ടോയിലറ്റുകളും നിർമിച്ചിട്ടുണ്ട്. നിലവിൽ 32 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒഡിഎഫ് പ്ലസ് സർട്ടിഫിക്കേഷനും കൽപ്പറ്റ മുനിസിപ്പാലിറ്റിക്ക് ഒ.ഡി.എഫ് പ്ലസ് പ്ലസ് സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

പൊതു ടോയിലറ്റുകളും മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് ഓരോ ടോയിലറ്റ് ബ്ലോക്കിനും 40 ശതമാനം ഗ്രാന്റ്/വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്) എന്ന നിരക്കിലാണ് കേന്ദ്ര സർക്കാർ ഇൻസെന്റീവായി നൽകുന്നത്. സ്വച്ഛ്ഭാരത് മിഷന്റെ ഒന്നാം ഘട്ടത്തിൽ 658 പൊതു ടോയിലറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ 1,97,303 വ്യക്തിഗത മാലിന്യസംസ്കരണ സംവിധാനങ്ങൾ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുകയും, 224 കമ്മ്യൂണിറ്റിതല പ്ലാന്റുകളും, 25 ആർ.ആർ.എഫുകളും, 665 എംസി.എഫ്/മിനി എം.സി.എഫുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എസ്.ബി.എം നഗരം 2.0 യിൽ പൊതു ടോയിലറ്റുകൾക്കും കമ്മ്യൂണിറ്റി ടോയിലറ്റുകൾക്കുമുള്ള യൂണിറ്റ് നിരക്ക് ഒരു സീറ്റിന് 98,000/- രൂപയിൽ നിന്ന് 1,50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

**എസ്.ബി.എം (നഗരം) പദ്ധതിയുടെ കീഴിലെ ഖരമാലിന്യ സംസ്ക്കരണം (എസ്.ഡബ്ല്യൂ.എം)**

2021-22 ൽ സംസ്ഥാനത്തെ 82 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കുകയും ശുചിത്വത്തിന്റെ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയ്ക്ക് (എസ്.എൽ.ഇ.സി) സമർപ്പിക്കുകയും ആകെ 295.09 കോടി രൂപ (കേന്ദ്ര വിഹിതം - 103.28 കോടി രൂപ, സംസ്ഥാനവിഹിതം - 68.75 കോടി രൂപ, നഗര തദ്ദേശഭരണ സ്ഥാപനം - 123.05 കോടി രൂപ) യുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭവന നഗരകാര്യ മന്ത്രാലയവും 82 ഡി.പി.ആർ അംഗീകരിച്ചിട്ടുണ്ട്. ഖരമാലിന്യസംസ്കരണ പ്രോജക്ടുകൾക്ക് കേന്ദ്ര ഗവൺമെന്റ് പരമാവധി 35 ശതമാനമാണ് ഇൻസെന്റീവ് ഗ്രാന്റായി നൽകുന്നത്. 82 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആകെ 78.53 കോടി രൂപ ആദ്യ ഗഡുവായി അനുവദിക്കുകയും ഇതിന്റെ ഭാഗമായി 295.09 കോടി രൂപയുടെ 633 പ്രോജക്ടുകൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും ഇതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

സ്വച്ഛ്ഭാരത് മിഷൻ-നഗരം പദ്ധതിയുടെ കീഴിൽ സംസ്ഥാനം അംഗീകാരം നൽകിയ ഡി.പി.ആർ പ്രകാരം നാല് ലക്ഷം രൂപയിൽ കൂടുതൽ വരുന്ന ഉറവിടതല മാലിന്യസംസ്കരണ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ നഗര പ്രാദേശിക സർക്കാരുകൾ രൂപീകരിക്കുകയുണ്ടായി. അതിൽ 138983 യൂണിറ്റുകൾ അതായത് വിഭാവനം ചെയ്ത ടാർജറ്റിന്റെ 33 ശതമാനം വിതരണം ചെയ്യുകയുണ്ടായി. വിഭാവനം ചെയ്ത ടാർജറ്റ് നേടുന്നതിലൂടെ എസ്.ബി.എം നഗരം പ്രോജക്ടിന്റെ ഭാഗമായി നഗര കുടുംബങ്ങളിലെ 10 ശതമാനത്തിൽ കൂടുതൽ വരുന്ന കുടുംബങ്ങൾക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ലഭ്യമാകുന്നതാണ്.

ഉറവിടതല മാലിന്യം വേർതിരിക്കൽ, വീടുകൾ തോറുമുള്ള മാലിന്യ ശേഖരണം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, ലെഗസി വേസ്റ്റ് നിർമാർജ്ജനം, ഉപയോഗിച്ച വെള്ളത്തിന്റെ സംസ്കരണവും പരിപാലനവും 100 ശതമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0, ഒക്ടോബർ 01, 2021ന് ആരംഭിച്ചത്. രണ്ടാം ഘട്ടത്തിൽ, എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെയും വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, കാര്യശേഷി വികസനം, ഖരമാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട കർമ്മ പദ്ധതികൾക്ക് സംസ്ഥാനതല സാങ്കേതിക സമിതി അംഗീകരിച്ച് ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**സ്മാർട്ട് ഗാർബേജ് മാനേജ് മെന്റ്**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്ക്കരണം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച മറ്റൊരു പ്രധാന സംവിധാനമാണ് സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ്. മാലിന്യത്തിന്റെ ഉറവിടം, മാലിന്യം കുറയ്ക്കൽ, ശരിയായ രീതിയിലുള്ള സംസ്കരണം, തരംതിരിക്കൽ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച പൂർണ്ണമായ ഒരു ഡാറ്റാബെയ്സ് ഉറപ്പാക്കുന്ന ഐ.ടി അധിഷ്ഠിതമായ മാലിന്യസംസ്കരണ മോണിറ്ററിംഗ് സംവിധാനമാണ് സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ്. ജനപങ്കാളിത്തത്തോടെ സംസ്ഥാനത്തിന്റെ ശുചിത്വനിലവാരം ഉറപ്പാക്കുന്നതിനുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോമും കൂടിയാണിത്. തദ്ദേശഭരണ സ്ഥാപനതലത്തിൽ കാൾസെന്റർ സൗകര്യവും സംസ്ഥാന തലത്തിൽ ഒരു കേന്ദ്രീകൃത കൺട്രോൾ റൂമും ഉൾപ്പെടെയുള്ള ഒരു കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോമും കൂടിയാണിത്. ഇവർക്ക് സാങ്കേതിക സഹായം നൽകുന്നത് കെൽട്രോൺ ആണ്.

ഈ അവലോകന കാലയളവിൽ 374 തദ്ദേശഭരണ സ്ഥാപനങ്ങൾ (4 കോർപ്പറേഷനുകൾ, 58 മുനിസിപ്പാലിറ്റികൾ, 312 ഗ്രാമപഞ്ചായത്തുകൾ) ഈ സംവിധാനം ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തിക്ക് അനുമതി നൽകുകയും ശുചിത്വമിഷനും കെൽട്രോണുമായി ചേർന്ന് കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. 374 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉടൻ ഇത് പ്രവർത്തനക്ഷമമാകുന്നതാണ്. 2022-23 അവസാനത്തോടെ ബാക്കിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇത് പ്രാവർത്തികമാക്കുന്നതാണ്. ആകെ 158 തദ്ദേശഭരണസ്ഥാപനങ്ങൾ (52 മുനിസിപ്പാലിറ്റികളും 106 ഗ്രാമപഞ്ചായത്തുകളും) കസ്റ്റമർ എൻട്രോൾമെന്റ് നടത്തി ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനകൾ ഈ ആപ്പിലൂടെ ആകെ 1.93 ലക്ഷം ആസ്തികൾ മാപ്പ് ചെയ്തിട്ടുണ്ട്. കണ്ണൂരിൽ 1.03 ലക്ഷം ആസ്തികൾ മാപ്പ് ചെയ്തിട്ടുണ്ട്. 2022-23 ൽ (സെപ്റ്റംബർ 30, 2022 വരെയുള്ള) സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പുരോഗതി സംബന്ധിച്ച ജില്ലാതല വിവരങ്ങൾ **പട്ടിക 12.1.13**ൽ കൊടുത്തിട്ടുണ്ട്.

**നഗര അടിസ്ഥാന സൗകര്യങ്ങൾ**

സുസ്ഥിരമായ നഗരവളർച്ച സാധ്യമാക്കുന്നതിന് മറ്റു ഘടകങ്ങളൊടൊപ്പം ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനത്തിന്റെ ശേഷിയെ ആശ്രയിച്ചായിരിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം. മെച്ചപ്പെട്ട രീതിയിലുള്ള സേവനം ലഭ്യമാക്കുന്നതിന്, നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കേണ്ടതും വികസന പ്രോജക്ടുകൾക്ക് പൊതു-സ്വകാര്യ സാമൂഹ്യ/ കമ്മ്യൂണിറ്റി പങ്കാളിത്ത രീതികൾ കണ്ടെത്തുന്നതിന് ശ്രമിക്കേണ്ടതുമാണ്.

**ബോക്സ്: 12.1.4** - ടേക്ക് എ ബ്രേക്ക് (ടി.എ.ബി)

മറ്റേതൊരു വികസന മേഖലയിൽ എന്നപോലെ, മാലിന്യ സംസ്കരണത്തിലും അതുപോലെ ശുചിത്വത്തിലുമുള്ള വിവിധ പദ്ധതികളുടെ സ്വാധീനം ഫലപ്രദമാക്കുന്നതിലേക്കായി കേരള സർക്കാർ നൂതനമായ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. റിഫ്രഷ്മെന്റ് സൗകര്യങ്ങളും ടോയ്ലറ്റ് കോംപ്ലക്സുകളും നിർമ്മിച്ചുകൊണ്ട് സംസ്ഥാനത്തെ ഗുണനിലവാരമുള്ള പൊതു ടോയിലറ്റുകളുടെ അഭാവം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സുപ്രധാന കാൽവെയ്പ്പാണ് ടേക്ക് എ ബ്രേക്ക്. ദേശീയ, സംസ്ഥാന ഹൈവേകൾ, ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. സുരക്ഷിതത്വവും, വൃത്തിയും ടേക്ക് എ ബ്രേക്ക് ടോയിലറ്റുകളിൽ വളരെ പ്രാധാന്യമുള്ളതാണ്. നാപ്കിൻ വെൻഡിംഗ് മെഷീനുകൾ, നാപ്കിൻ നശീകരണ സംവിധാനങ്ങൾ, വേസ്റ്റ് ബിന്നുകൾ, വൃത്തിയാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, കോഫി ഷോപ്പുകൾ, വിശ്രമസ്ഥലങ്ങൾ എന്നിവയും ഇതിന്റെ ഭാഗമാണ്. സംസ്ഥാനത്ത് ഘട്ടംഘട്ടമായി 1842 ടി.എ.ബികളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ സെപ്റ്റംബർ 30, 2022 വരെ 1783 ടി.എ.ബി പ്രോജക്ടുകൾ ഏറ്റെടുക്കുകയും 1453 ടി.എ.ബി പ്രോജക്ടുകളുടെ ടെൻഡറിംഗ് നടപടികൾ പൂർത്തിയാക്കുകയും 646 ടി.എ.ബികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 630 ടി.എ.ബികൾ നിർമ്മാണത്തിലുമാണ്. ഈ പ്രോജക്ടുകളിലൂടെ ടൂറിസ്റ്റുകൾക്ക് പൊതുശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുകയെന്ന ദീർഘകാല ആവശ്യവും പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വലിയൊരു കുതിച്ച് ചാട്ടം തന്നെ ഇത് വഴി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടിക 12.1.13** സ്മാർട്ട് ഗാർബേജ് ആപ്പിന്റെ ജില്ലാതല പുരോഗതി സംബന്ധിച്ച വിവരങ്ങൾ 2022-23 (30.09.2022 വരെ)

| ക്രമ നം. | ജില്ല | കോർപ്പറേഷനുകൾ | മുനിസിപ്പാലിറ്റി കൾ | ഗ്രാമപഞ്ചായത്തുകൾ | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 4 | 25 | 30 |
| 2 | കൊല്ലം | 1 | 4 | 27 | 32 |
| 3 | പത്തനംതിട്ട | | 4 | 12 | 16 |
| 4 | ആലപ്പുഴ | | 6 | 37 | 43 |
| 5 | കോട്ടയം | | 3 | 18 | 21 |
| 6 | ഇടുക്കി | | 1 | 26 | 27 |
| 7 | എറണാകുളം | | 9 | 25 | 34 |
| 8 | തൃശ്ശൂർ | 1 | 5 | 16 | 22 |
| 9 | പാലക്കാട് | | 5 | 11 | 16 |
| 10 | മലപ്പുറം | | 5 | 29 | 34 |
| 11 | കോഴിക്കോട് | 1 | 7 | 35 | 43 |
| 12 | വയനാട് | | 1 | 8 | 9 |
| 13 | കണ്ണൂർ | | 2 | 31 | 33 |
| 14 | കാസർഗോഡ് | | 2 | 12 | 14 |
| | ആകെ | 4 | 58 | 312 | 374 |

അവലംബം: ശുചിത്വമിഷൻ, കേരള സർക്കാർ

**ബോക്സ് 12.1.5** തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ

സംസ്ഥാനത്തെ ജലമലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രധാന പരിപാടിയായി 'ശുദ്ധജലം ഒഴുകുന്ന നവകേരളം' എന്നർത്ഥം വരുന്ന 'തെളിനീരൊഴുകും നവകേരളം' എന്ന പേരിൽ ഒരു ജനകീയ ക്യാമ്പയിൻ സംസ്ഥാനവ്യാപകമായി നടപ്പിലാക്കുകയുണ്ടായി. 44 നദികൾ, 34 തടാകങ്ങൾ, 5 ശുദ്ധജല തടാകങ്ങൾ, 81 അണക്കെട്ടുകൾ, ലക്ഷക്കണക്കിന് കുളങ്ങൾ, കിണറുകൾ എന്നിങ്ങനെ സംസ്ഥാനത്തിന് സമൃദ്ധമായ ഒട്ടനവധി ജലസ്രോതസ്സുകളുണ്ട്. ശരാശരി 3000 മില്ലിമീറ്റർ വാർഷിക മഴ സംസ്ഥാനത്ത് ലഭിക്കുന്നുണ്ട്. എന്നിരുന്നാലും, ഈ ജലാശയങ്ങളിൽ ഭൂരിഭാഗവും വിവേചനരഹിതമായി വലിച്ചെറിയുന്ന ഖരമാലിന്യങ്ങളാലും അവയിലേക്ക് സെപ്റ്റേജ് ഒഴുകുന്നതും കാരണം മലിനമാകുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. അന്താരാഷ്ട്ര ഭൗമദിനമായ 2022 ഏപ്രിൽ 22-ന് തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ സംസ്ഥാനത്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി.

കേരളത്തിലെ എല്ലാ ജലാശയങ്ങളിലെയും ജലത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ശുചിത്വ മിഷൻ വികസിപ്പിച്ചെടുത്ത ആൻഡ്രോയിഡ് ആപ്ലിക്കേഷനായ 'തെളിനീർ' മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കിയത്. ജിഐഎസ് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഈ ആപ്പിലൂടെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഡാറ്റ നൽകുകയുണ്ടായി. ഇതിലൂടെ തദ്ദേശസ്ഥാപന എഞ്ചിനീയർമാർക്കും മറ്റ് സാങ്കേതിക ജീവനക്കാർക്കും മലിനീകരണ സ്രോതസ്സുകൾ, മലിനമായ ജലാശയങ്ങൾ, കൃത്യമായ സ്ഥലങ്ങൾ എന്നിവയെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ വിവരങ്ങൾ ലഭ്യമാകുകയുണ്ടായി.

ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും വിദഗ്ധർ എന്നിവർ ഈ ക്യാമ്പയിനിൽ പങ്കെടുക്കുകയുണ്ടായി. ഏറ്റവും വലിയ ജലപരിശോധനാ ഡ്രൈവായി സംസ്ഥാനത്തുടനീളമുള്ള ജലസ്രോതസ്സുകളിലെ 62,398 വാട്ടർ പോയിന്റുകൾ ബാക്ടീരിയോളജിക്കൽ ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് H2SVials സ്ട്രിപ്പ് രീതിയിലൂടെ ഉപയോഗിച്ച് പരിശോധിക്കുകയുണ്ടായി. തദ്ദേശഭരണ തലത്തിൽ 25,680 പേരും ജില്ലാ തലത്തിൽ 7,900 പേരും സംസ്ഥാന തലത്തിൽ 732 പേരും ക്യാമ്പയിനിൽ പങ്കെടുക്കുകയുണ്ടായി. നദികൾ, തോടുകൾ, കനാലുകൾ, കുളങ്ങൾ മുതലായവയിലെ മലിനമായ പോയിന്റുകൾ മാപ്പ് ചെയ്യുന്നതിനായി വാർഡ് തല ജലകമ്മിറ്റികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓരോ വാർഡിലും ജല നടത്തം സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിക്ക് വലിയ ജനപങ്കാളിത്തം ലഭിക്കുകയുണ്ടായി. കമ്മ്യൂണിറ്റിതല പ്രതിനിധികളും സന്നദ്ധപ്രവർത്തകരും സംസ്ഥാനത്തെ ജലാശയങ്ങളുടെ സുസ്ഥിരതയെ സംബന്ധിച്ച് ആശങ്ക പ്രകടിപ്പിക്കുകയുമുണ്ടായി. ഈ ക്യാമ്പയിനിന്റെ ഭാഗമായി ജലസഭകൾ അല്ലെങ്കിൽ വാട്ടർ ഫോറങ്ങളും സംഘടിപ്പിക്കുകയുണ്ടായി. മലിനമായ ജലാശയങ്ങളും മലിനീകരണത്തിന്റെ സ്രോതസ്സുകളും കണ്ടെത്തിയ ശേഷം, ജലകമ്മിറ്റികൾ അവ വൃത്തിയാക്കുന്നതിനും മലിനീകരണം തടയുന്നതിനുമായി കമ്മ്യൂണിറ്റിതല ജല ശുചിത്വ ഡ്രൈവുകൾ സംഘടിപ്പിക്കുയുണ്ടായി. സംസ്ഥാനത്തുടനീളം നടത്തിയ 8,438 ക്ലീനിംഗ് ഡ്രൈവുകളിലൂടെ 939.67 ടൺ ഖരമാലിന്യമാണ് ജലാശയങ്ങളിൽ നിന്ന് ശേഖരിച്ചത്. ഖരമാലിന്യങ്ങൾ ശേഖരിച്ചതിന് ശേഷം, ജൈവ-അജൈവ മാലിന്യങ്ങളായി തരംതിരിച്ച് വീണ്ടും സംസ്കരണത്തിന് വിധേയമാക്കുകയുണ്ടായി.

കുടിവെള്ള വിതരണം, മാലിന്യ സംസ്കരണ സംവിധാനം, നഗര ശുചീകരണം, പൊതു ശൗചാലയങ്ങളുടെ സ്ഥാപനവും വ്യാപനവും, അഴുക്കുചാൽ നിർമ്മാണവും നന്നാക്കലും, ഓവുചാലുകളുടെ നിർമ്മാണം, ഫലപ്രദമായ വാഹന പാർക്കിംഗ് നയവും, ആധുനിക രീതിയിലുള്ള പാർക്കിംഗ് സംവിധാനവും, നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കൽ, ഹരിത നഗരം സൃഷ്ടിക്കുക, യന്ത്രവൽകൃതമല്ലാത്ത നഗര ഗതാഗത സംവിധാനങ്ങളുടെ സ്ഥാപനം തുടങ്ങിയ പ്രവർത്തനങ്ങളാണ് നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികളിൽ ഉൾപ്പെടുന്നത്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പ്രധാന നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികൾ ചുവടെ വിവരിക്കുന്നു.

**അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 1.0 (അമൃത്1.0)**

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 1.0 (അമൃത് 1.0) എന്ന പദ്ധതി കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമ്മാണം, കക്കൂസ് മാലിന്യ നിർമ്മാർജ്ജനം, മഴവെള്ള ഓവുചാലുകളുടെ നിർമ്മാണം, നഗര ഗതാഗതം, ഹരിത പ്രദേശങ്ങൾ, പാർക്കുകൾ, കാര്യശേഷി വികസനം തുടങ്ങി നഗര മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും നഗര പ്രദേശത്തെ ഭൗതികവും സ്ഥാപനപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളെയും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളെയും അമൃത് പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. 2015-16 ൽ ആരംഭിച്ച് 2019-20 വരെയുള്ള അഞ്ച് വർഷമായിരുന്നു പദ്ധതി കാലാവധിയെങ്കിലും 2023 മാർച്ച് വരെ കാലാവധി നീട്ടിയിട്ടുണ്ട്. മൂന്ന് സംസ്ഥാന വാർഷിക കർമ്മ പദ്ധതി (സാപ്പ്) കളിലൂടെ (2015-16, 2016-17, 2017-18) 2357.69 കോടി രൂപയുടെ 1000 ഉപ പ്രോജക്ടുകൾ ഉൾപ്പെടുന്ന പദ്ധതികളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

കേന്ദ്രവും സംസ്ഥാനവും നഗര തദ്ദേശഭരണ സ്ഥാപനവും 50:30:20 എന്ന അനുപാതത്തിൽ ഫണ്ട് വകയിരുത്തുന്നു. 1000 ഉപ പ്രോജക്ടുകളിൽ 999 പ്രോജക്ടുകൾ ടെൻഡർ ചെയ്യുകയും 985 പ്രോജക്ടുകൾ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ സെപ്റ്റംബർ 30, 2022 വരെയുള്ള കണക്കുകൾ പ്രകാരം 827 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളും പുരോഗതിയിലിരിക്കുന്ന പ്രോജക്ടുകളും ഉൾപ്പെടെ 30.9.2022 വരെയുള്ള മൊത്തം ചെലവ് 1405.74 കോടി രൂപയാണ്. കുടിവെള്ള വിതരണവും അഴുക്കുചാൽ നിർമ്മാണവുമാണ് അമൃത് പദ്ധതിയിൽ മുൻഗണന നൽകുന്ന പ്രധാന മേഖലകൾ.

എല്ലാ കുടുംബങ്ങൾക്കും പൈപ്പ് കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് കുടിവെള്ള വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജലവിഭവങ്ങൾ പുനരുജ്ജീവിപ്പിക്കുക, ജലസംഭരണികളും, ജല സംഭരണ പ്ലാന്റുകളും നിർമ്മിക്കുക, പുതിയ പൈപ്പ് ലൈൻ ഇടുക, പഴയ പൈപ്പുകൾ മാറ്റുക എന്നിവയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുന്ന പ്രധാന പ്രവൃത്തികൾ. ഈ മേഖലയിൽ 1134.88 കോടി രൂപയുടെ 172 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 163 പ്രോജക്ടുകൾ കേരള ജല അതോറിറ്റി മുഖേനയും ശേഷിക്കുന്നവ നഗര തദ്ദേശ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഇതിൽ 135 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ഈ മേഖലയിൽ പൂർത്തീകരിച്ച പ്രോജക്ടിനായി 566.70 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

അഴുക്കുചാൽ നിർമ്മാണവും കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള പ്രോജക്ടുകളിലൂടെ അമൃത് നഗരങ്ങളിൽ ശാസ്ത്രീയമായി ദ്രവമാലിന്യം കൈകാര്യം ചെയ്യുന്നതിനും എല്ലാ കുടുംബങ്ങൾക്കും സ്വീവറേജ് കണക്ഷനിലൂടെ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. അഴുക്കുചാൽ നിർമ്മാണവും കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്ന പ്രോജക്ടുകളിലേക്കായി 648.85 കോടി രൂപയുടെ 138 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 118 പ്രോജക്ടുകൾ കേരള ജല അതോറിറ്റി മുഖേനയും ശേഷിക്കുന്നവ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഇതുവരെ 90 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ഈ മേഖലയിൽ പൂർത്തീകരിച്ച പ്രോജക്ടിനായി 41.82 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഓടകളും മഴവെള്ള ഓവുചാലുകളും നിർമ്മിക്കുകയും നന്നാക്കുകയും ചെയ്യുന്നതിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനാണ് മഴവെള്ള ഡ്രെയിനേജ് മേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ 349.56 കോടി രൂപയുടെ 495 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 459 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ഈ മേഖലയിൽ പൂർത്തീകരിച്ച പ്രോജക്ടിനായി 208.60 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നഗര പ്രദേശങ്ങളിൽ മോട്ടോർ രഹിത ഗതാഗത സൗകര്യം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളാണ് നഗര ഗതാഗതമേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ സ്കൈ വാക്ക്, നടപ്പാത, സൈഡ് വാക്ക്, മേൽപ്പാലം എന്നിവയുടെ നിർമ്മാണവും ബഹുനില പാർക്കിംഗ് സൗകര്യം എന്നീ പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. 212.04 കോടി രൂപയുടെ 123 പ്രോജക്ട്ുൾ ഉൾപ്പെട്ട ഈ പദ്ധതിയിൽ 87 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ പൂർത്തീകരിച്ച പ്രോജക്ടിനായി 53.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹരിത ഇടങ്ങളും പാർക്കുകളും എന്ന മേഖലയിൽ ബാല സൗഹൃദ ഘടകങ്ങൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് ഹരിത ഇടങ്ങളും പാർക്കുകളും വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 48.59 കോടി രൂപയുടെ 72 പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. അതിൽ 56 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിച്ച പ്രോജക്ടുകൾക്കായി 26.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അമൃത് പ്രോജക്ടിന്റെ 2022 സെപ്റ്റംബർ 30 വരെയുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.19**ൽ കൊടുത്തിരിക്കുന്നു. ഒമ്പത് നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ അമൃത് പ്രോജക്ടിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.20**ലും മേഖലാ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.21**ലും കൊടുത്തിരിക്കുന്നു.

അമൃത് 1.0 ന്റെ ഭാഗമായി അമൃത് നഗരങ്ങളിൽ വിവിധ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനം ഇവയാണ്. തിരുവനന്തപുരം കോർപ്പറേഷൻ കോമ്പൗണ്ടിൽ 102 കാറുകൾ പാർക്ക് ചെയ്യാനുള്ള സൗകര്യമുള്ള ബഹുനില പാർക്കിംഗ് സംവിധാനവും തിരുവനന്തപുരം സർക്കാർ

മെഡിക്കൽ കോളേജിൽ 5 എം.എൽ.ഡി.യുടെ മലിനജല സംസ്കരണ പ്ലാന്റും നിർമ്മിച്ചിട്ടുണ്ട്. മഴവെള്ള ഓവുചാലുകൾ മേഖലയിൽ കൊല്ലം ജില്ലയിലെ ഉളിയക്കോവിൽ, കാവനാട്, ശക്തികുളങ്ങര എന്നിവിടങ്ങളിൽ തടയണകളുടെ നിർമാണവും 100 എം.എൽ.ഡി.യുടെ ജലവിതരണ പദ്ധതിയും പൂർത്തിയായിട്ടുണ്ട്. ആലപ്പുഴയിൽ ജലശുദ്ധീകരണ പ്ലാന്റിന്റെ നിർമാണവും നടപ്പാത നിർമാണവും പൂർത്തിയായിട്ടുണ്ട്. കൊച്ചി തേവരയിൽ 10 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ നിർമ്മാണവും ഏലംകുളത്ത് 5 എം.എൽ.ഡി.യുടെ മലിനജല ശുദ്ധീകരണ പ്ലാന്റും പൂർത്തിയായി. തൃശ്ശൂരിൽ, 'ജലകാര്യക്ഷമതയുള്ള' തൃശ്ശൂർ പദ്ധതി പുരോഗതിയിലാണ്. അച്യുതമേനോൻ പാർക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുമുണ്ട്. ഗുരുവായൂരിൽ ബഹുനില കാർ പാർക്കിങ് കോംപ്ലക്സിന്റെയും പൂക്കോട് സാംസ്കാരികനിലയം പാർക്കിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പാലക്കാട് 45 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലശുദ്ധീകരണ പ്ലാന്റും, മൈത്രി നഗർ, സലാമത്ത് നഗർ, നീലാനഗർ എന്നിവിടങ്ങളിലെ പാർക്കുകളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിർമിക്കുന്ന ദ്രവമാലിന്യ സംസ്കരണ പ്ലാന്റിന്റെ 30 ശതമാനം നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കണ്ണൂരിൽ ഏറ്റെടുത്ത എല്ലാ കുടിവെള്ള പദ്ധതികളുടെയും ചേലോറയിലെ പാർക്കിന്റെയും നിർമാണവും പൂർത്തിയായിട്ടുണ്ട്.

ഗവേണൻസ് മെച്ചപ്പെടുത്തുന്നതിനുള്ള ചില പരിഷ്കാരങ്ങളാണ് ഇൻസെന്റീവ് ഫോർ റിഫോം പരിപാടിയിലൂടെ മിഷൻ ലക്ഷ്യമിടുന്നത്. ഇക്കാലയളവിൽ പതിനൊന്ന് പരിഷ്ക്കരണങ്ങൾ നടപ്പിലാക്കാനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. ഇവ നടപ്പിലാക്കുന്നതിനായി വാർഷിക പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ഓരോ വർഷവും മാറ്റി വയ്ക്കുകയും ഇത് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി പരിഷ്ക്കരണ നേട്ടത്തിന് ഇൻസെന്റീവായി നൽകുകയും ചെയ്യുന്നു. മുൻവർഷത്തെ ഇൻസെന്റീവ് വിഹിതം തുടർന്നു വരുന്ന ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്. ഓരോ സംസ്ഥാനവും അവരുടെ സ്വയം വിലയിരുത്തൽ മിഷന് ലഭ്യമാക്കുമ്പോൾ മിഷന്റെ കേന്ദ്ര ഡയറക്ടറേറ്റ് സംസ്ഥാനങ്ങൾക്കുള്ള ഇൻസെന്റീവ് തുക പ്രഖ്യാപിക്കും. കഴിഞ്ഞ നാലുവർഷക്കാലവും തുടർച്ചയായി സംസ്ഥാനത്തിന് ഇൻസെന്റീവ് ഇനത്തിൽ തുക ലഭിക്കുകയും ദേശീയതലത്തിൽ സംസ്ഥാനം ഏഴാം സ്ഥാനത്ത് നിൽക്കുകയും ചെയ്യുന്നു. നാളിതുവരെ റിഫോം ഇൻസെന്റീവായി കേരളത്തിന് 59.52 കോടി രൂപ ലഭിച്ചിട്ടുണ്ട്.

ജലക്ഷാമം കുറയ്ക്കാനും അതുവഴി ശുദ്ധജലത്തിന്റെ ഉപയോഗം സുസ്ഥിരമായി വർദ്ധിപ്പിക്കാനും നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജലവിതരണം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ട് 2021 ഒക്ടോബർ 1-ന് അമൃത് 1.0 വിപുലീകരിച്ച് അമൃത് 2.0 ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തെ 93 നഗര തദ്ദേശഭരണസ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, അമൃത് 1.0 നഗരങ്ങളിൽ (ആറ് കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളും) മലിനജല/സെപ്റ്റേജ് മാനേജ്മെന്റ് പൂർത്തിയാക്കാനും മിഷൻ ലക്ഷ്യമിടുന്നു. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷമാണ് അമൃത്-2.0-ന്റെ പദ്ധതി കാലയളവ്. അമൃത് 2.0-ന് കീഴിലുള്ള പ്രോജക്ടുകളിൽ ഗാർഹിക കുടിവെള്ള ടാപ്പ് കണക്ഷൻ, അമൃത് നഗരങ്ങളിലെ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുജ്ജീവനം, ഹരിത ഇടങ്ങളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. മൊത്തം പദ്ധതി അടങ്കൽ 3,495.00 കോടി രൂപയാണ്, അതിൽ കേന്ദ്രവിഹിതം 1,372.00 കോടി രൂപയാണ്. അമൃത് 2.0-ന് കീഴിൽ ധനസഹായം ജനസംഖ്യാടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതിച്ചെലവിന്റെ 50 ശതമാനം കേന്ദ്ര സഹായമായും ഒരു ലക്ഷം മുതൽ പത്തു ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതി തുകയുടെ 33.3 ശതമാനവും 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതി ചെലവിന്റെ 25 ശതമാനവും കേന്ദ്ര സഹായമായിട്ട് ലഭിക്കും.

സംസ്ഥാനത്തെ 93 നഗര തദ്ദേശഭരണ സ്ഥാപനങ്ങളും അതത് പ്രദേശങ്ങളിലെ ജലാശയങ്ങൾ, ജലസംസ്കരണം, വിതരണം എന്നിവയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സിറ്റി വാട്ടർ ബാലൻസ് പ്ലാൻ (സിഡബ്ല്യുബിപി) സമർപ്പിച്ചിട്ടുണ്ട്. അതിനെ തുടർന്ന്, മിഷൻ ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ അടങ്ങുന്ന സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ (CWAP) സമർപ്പിക്കുകയുമുണ്ടായി. എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെയും CWAP ക്രോഡീകരിച്ചാണ് സംസ്ഥാന ജല ആക്ഷൻ പ്ലാനിന് (SWAP) സംസ്ഥാനം രൂപം നൽകുന്നത്. സംസ്ഥാനം SWAP-I പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഇതിൽ 1,938.52 കോടി രൂപയുടെ പദ്ധതികൾക്ക് (199 ജലവിതരണ പദ്ധതികളും 23 മലിനജല പദ്ധതികളും ഉൾപ്പെടെ) അനുമതിയും ലഭിക്കുകയുണ്ടായി. നിലവിൽ 683.08 കോടി രൂപയുടെ SWAP-II പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്, അവ പരിഗണനയിലാണ്.

**സ്മാർട്ട് സിറ്റി മിഷൻ**

പൗരൻമാർക്ക് പ്രധാന അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ, വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതിയും, സ്മാർട്ട് സൊല്യൂഷനുകളും ഉറപ്പാക്കിക്കൊണ്ട് നഗരങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം 2015-ൽ ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തെയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2023 ജൂൺ വരെയാണ്.

**സ്മാർട്ട് സിറ്റി, കൊച്ചി**

കൊച്ചി സ്മാർട്ട് സിറ്റിക്ക് പ്രോജക്ട് ചെലവായി കണക്കാക്കിയിരിക്കുന്നത് 2,076.00 കോടി രൂപയാണ്. ഇതിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം 500.00 കോടി രൂപ വീതമാണ്. കൊച്ചി കോർപ്പറേഷൻ, 70.00 കോടി രൂപയും മറ്റ് പദ്ധതികളുമായുള്ള സംയോജനം വഴി 1,006.00 കോടി രൂപയും കണ്ടെത്തുന്നു. സെപ്റ്റംബർ 30, 2022 വരെ കേന്ദ്ര സംസ്ഥാന വിഹിതമായി 592.00 കോടി രൂപ ലഭിക്കുകയും 446.86 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൊച്ചി കോർപ്പറേഷൻ പ്രദേശത്തെ ആസൂത്രിതമായ സമഗ്ര വികസനമാണ് കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിൽ

70 പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 18 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. ഇതിൽ 19 പ്രോജക്ടുകൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 19 പ്രോജക്ടുകളുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ, 68.73 കോടി രൂപയുടെ 14 പ്രോജക്ടുകൾ മറ്റ് ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ, ഏറണാകുളത്ത് സ്മാർട്ട് റോഡുകൾ ആശുപത്രി റോഡിൽ ആധുനിക രീതിയിലുള്ള നടപ്പാതകൾ, സർക്കാർ കെട്ടിടത്തിലെ ഗ്രിഡ് കണക്ടഡ് റൂഫ് ടോപ്പ് സംവിധാനം, ഇന്റലിജന്റ് ട്രാഫിക്ക് മാനേജ്മെന്റ് സംവിധാനം, സർക്കാർ കെട്ടിടത്തിൽ സോളാർ പാനലുകൾകൾ സ്ഥാപിക്കൽ, ജനറൽ ഹോസ്പിറ്റലിൽ ഇ-ഹെൽത്ത് സംവിധാനം, വീടുകളിലേയും തെരുവുകളിലേയും ബിന്നുകൾ, ഡച്ച് പാലസിന്റെ പ്രവേശന കവാടത്തിന്റെ നവീകരണം, ഫോർട്ട് കൊച്ചിയിലെ ഓപ്പൺ എയർ തിയേറ്റർ, വാസ്കോ സ്ക്വയറിലെ ബീച്ച് കം ഫ്രണ്ട് നവീകരണം, ഹെൽത്ത് എ.ടി.എം., പോലീസ് കിയോസ്കുകൾ, സി.എച്ച് ഗ്രൗണ്ട് മുതൽ മംഗളവനം വരെ ബന്ധിപ്പിക്കുന്ന പൊതു ഇടനാഴി എന്നിവയാണ് പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പ്രധാനമായും ഉൾപ്പെടുന്നത്. ഈ പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ച ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ പ്രധാനമായും രോഗികളെ മാറ്റുന്നതിനും ഓക്സിജൻ സിലിണ്ടർ മോണിറ്ററിംഗ് ചെയ്യുന്നതിനും, ടെലി മെഡിസിൻ സേവനങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. തുരുത്തി ടവറിലെ ബഹുനില ഭവന പ്രോജക്ട്, മുല്ലശ്ശേരി കനാലിന്റെ നവീകരണം, കലൂർ മാർക്കറ്റിന്റെ നവീകരണം, സ്മാർട്ട് വാട്ടർ മീറ്ററുകൾ സ്ഥാപിക്കൽ, വിവിധ പാർക്കുകളുടെ നവീകരണം എന്നിവയാണ് മറ്റ് ഏജൻസികൾക്ക് കൈമാറിയ പ്രോജക്ടുകൾ.

**സ്മാർട്ട് സിറ്റി, തിരുവനന്തപുരം**

സ്മാർട്ട് സിറ്റി തിരുവനന്തപുരത്തിന്റെ മൊത്തം പ്രോജക്ട് ചെലവ് ആകെ 1,538.20 കോടി രൂപയാണ്. ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 500.00 കോടി രൂപ വീതമാണ്. തിരുവനന്തപുരം കോർപ്പറേഷൻ 135.7 കോടി രൂപ, മറ്റ് സംയോജിത പ്രോജക്ടുകളിലൂടെ 260.10 കോടി രൂപ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 142.40 കോടി രൂപ എന്നിങ്ങനെയാണ്. കേന്ദ്ര സംസ്ഥാന വിഹിതമായി 492.24 കോടി രൂപ ലഭിക്കുകയും സെപ്റ്റംബർ 2022 വരെ 363.49 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 42 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 23 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. 19 പ്രോജക്ടുകളുടെ നിർവ്വഹണം പുരോഗതിയിലാണ്. പാളയത്തും തമ്പാനൂരിലും ബഹുനില കാർ പാർക്കിങ്ങിന്റെ നിർമ്മാണം, മഴവെള്ള സംഭരണം, ഇന്റഗ്രേറ്റഡ് കമാന്റ് ആന്റ് കൺട്രോൾ സെന്ററിന്റെ നിർമ്മാണം, രാജാജി നഗറിൽ സംയോജിത സോഷ്യൽ ഹൗസിംഗ് കോംപ്ലക്സിന്റെ നിർമ്മാണം, രാജാജി നഗറിലെ പൊതു ആരോഗ്യ കേന്ദ്രം മെച്ചപ്പെടുത്തൽ, ട്രിഡയ്ക്കായി ഒരു പുനരധിവാസ ബ്ലോക്ക്, പുത്തരിക്കണ്ടത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമ്മാണം, കേരള ജല അതോറിറ്റിയുടെ പരിസരത്ത് കുട്ടികളുടെ പാർക്കിന്റെയും നിർമാണം, അഞ്ച് സ്ഥലങ്ങളിൽ സോളാർ റൂഫ് ടോപ്പുകൾ, അംഗൻവാടികളുടെ നവീകരണം, ഇൻഫർമേഷൻ കിയോസ്കുകളുടെയും കുടിവെള്ള കിയോസ്കുകളുടെയും നിർമ്മാണം എന്നിവയാണ് പ്രധാന പ്രോജക്ടുകൾ. 15 ഇലക്ട്രിക് ഓട്ടോയും, 15 ഇലക്ട്രിക് റിക്ഷായും, സ്മാർട്ട് ഇവി ചാർജർ എന്നിവ വാങ്ങിയതും, 25 കുടിവെള്ള കിയോസ്കുകളുടെ നിർമാണം, മൂന്ന് അംഗൻവാടികളുടെ നവീകരണം, ഓപ്പൺ ജിംനേഷ്യവും, കുട്ടികൾക്ക് വിനോദത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയതും, സ്മാർട്ട് ബസ്ഷെൽട്ടറിന്റെ നിർമ്മാണം, ഇന്ററാക്ടീവ് ഇൻഫർമേഷൻ കിയോസ്കുകളും ഡിസ്പ്ലേ ബോർഡുകളും, പൊതുടോയിലറ്റുകളുടെ നവീകരണം, അനെർട്ടിന്റെ സോളാർ പി.വി പവർ പ്ലാന്റിന്റെ നിർമാണം, പൊന്നറ ശ്രീധർ പാർക്കിന്റെ നവീകരണം, 12 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് മൊസ്കിറ്റോ ഡെൻസിറ്റി സംവിധാനം, പാളയത്തെ മാലിന്യത്തിന്റെ ബയോമൈനിംഗ് എന്നിവ പൂർത്തിയാക്കിയ പ്രോജക്ടുകളിൽപ്പെടുന്നവയാണ്.

**ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ**

ഗ്രാമങ്ങളെ റോഡ് മാർഗ്ഗം ബന്ധിപ്പിച്ച് ജനങ്ങൾക്ക് സാമ്പത്തികവും സാമൂഹികവുമായ സേവനങ്ങൾ പ്രാപ്യമാക്കുക അതുവഴി കാർഷിക വരുമാനം വർദ്ധിപ്പിക്കുക, ഉത്പാദനക്ഷമമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവ ഗ്രാമീണ വികസനത്തിന്റെ ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നാണ്. ഗ്രാമീണ റോഡുകൾ ഉത്പന്നങ്ങളുടെ വിതരണം സുഗമമാക്കുകയും മാർക്കറ്റ് കേന്ദ്രങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും കർഷകർക്ക് വരുമാനം ഉണ്ടാക്കാൻ ഇത് പ്രചോദനം നൽകുകയും ചെയ്യും. റോഡ് ശൃംഖലകൾ, കാർഷിക യന്ത്രവത്ക്കരണവും വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ മികച്ച ഉപയോഗവും എന്നിവ സാധ്യമാക്കുന്നു.

**മുഖ്യമന്ത്രിമാരുടെ പ്രാദേശിക റോഡ് പുനർനിർമാണ പദ്ധതി (CMLRRP)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽവരുന്നതും 2018 ലെയും 2019 ലെയും പ്രളയത്തിൽ തകർന്നതുമായ റോഡുകൾ പുന:സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമ്മാണ പദ്ധതി (സിഎംഎൽആർആർപി). പദ്ധതിക്ക് കീഴിൽ അനുമതി ലഭിച്ച 5,046 പ്രവൃത്തികളിൽ 4,171 എണ്ണം പൂർത്തീകരിക്കുകയുണ്ടായി (92,570.46 കി.മീ).


**പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ)**

പി.എം.ജി.എസ്.വൈ യുടെ പ്രാഥമിക ലക്ഷ്യം എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ വഴി (ആവശ്യമായ കലുങ്കുകളും ക്രോസ് ഡ്രെയിനേജോട് കൂടിയതും വർഷം മുഴുവൻ പ്രവർത്തിക്കാവുന്ന) ഗ്രാമപ്രദേശങ്ങളിലെ ബന്ധിക്കപ്പെടാത്ത ആവാസ വ്യവസ്ഥകളെ ബന്ധിപ്പിക്കുക എന്നതാണ്. സമതല പ്രദേശങ്ങളിൽ 500 ഉം അതിന് മുകളിലും, കുന്ന്-മരുഭൂമി-ആദിവാസ മേഖലകളിൽ 250 ന് മുകളിൽ ജനങ്ങൾ വസിക്കുന്ന ആവാസ വ്യവസ്ഥകളെയാണ് റോഡ് മാർഗ്ഗം ബന്ധിപ്പിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണ നിവാസികൾക്ക് ഏറെ പ്രയോജനപ്രദവും ഗ്രാമീണ മേഖലയെ പരസ്പരം ബന്ധിപ്പിക്കുന്നതുമായ പദ്ധതിയാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ). ദേശീയം, സംസ്ഥാനം, ജില്ല എന്നീ മൂന്ന് തലത്തിൽ ഗുണനിലവാര പരിശോധനാസംവിധാനം നിലവിലുള്ള

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിക്കുന്ന റോഡുകൾ ഉയർന്ന ഗുണനിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാണ്. സംസ്ഥാനത്തെ നോഡൽ ഏജൻസിയായ കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) യാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന തുകയിൽ നിന്നും പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മാത്രമെ ചെലവഴിക്കാൻ പാടുള്ളൂ. ടെണ്ടർ എക്സെസ്സ്, സാധന സാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, പണി പൂർത്തീകരിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി കേന്ദ്ര വിഹിതം ഉപയോഗിക്കാൻ പാടുള്ളതല്ല. അതിനാൽ സംസ്ഥാന സർക്കാർ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ സംസ്ഥാന വിഹിതമായി വകയിരുത്തുന്ന 40 ശതമാനം തുകയ്ക്ക് ഉപരിയായി പി.എം.ജി.എസ്.വൈ. പദ്ധതിക്കായുള്ള സംസ്ഥാന സഹായം' എന്ന പദ്ധതിയിലൂടെ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയുടെ പരിധിയിൽ വരാത്ത മുകളിൽ പ്രതിപാദിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി തുക വകയിരുത്തുന്നുണ്ട്.

പതിമൂന്നാം പദ്ധതിക്കാലത്ത് 1,850 കിലോമീറ്റർ റോഡിന്റെ നിർമ്മാണം ലക്ഷ്യമിട്ടിരുന്നു, എന്നാൽ 934.7 കിലോമീറ്റർ പൂർത്തീകരിക്കുകയുണ്ടായി. 2021-22 (2022 സെപ്റ്റംബർ 30 വരെ) പിഎംജിഎസ്.വൈ സ്കീമിന് കീഴിൽ നിർമിച്ച റോഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.22**ൽ നൽകിയിരിക്കുന്നു. പ്രസ്തുത സ്കീമിന്റെ ഭൗതിക നേട്ടങ്ങൾ വർഷം തിരിച്ച് **ചിത്രം 12.1.10**ൽ കാണിച്ചിരിക്കുന്നു. സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന നിർമാണ മാനദണ്ഡങ്ങൾ പാലിക്കുന്നതിലെ ബുദ്ധിമുട്ട് കാരണം പദ്ധതിയുടെ നടത്തിപ്പിൽ തടസ്സങ്ങൾ നേരിടുന്ന എന്നത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

**ചിത്രം:** 12.1.10-പതിമൂന്നാം പദ്ധതി കാലയളവിലെ പിഎംജിഎസ്.വൈ യുടെ ഭൗതിക നേട്ടങ്ങൾ




പത്തിൽ ഒന്ന് എന്ന രീതിയിൽ ഗ്രേഡിയന്റ് നിലനിർത്തുക, കാൻഡിഡേറ്റ് റോഡിന്റെ ദൈർഘ്യം 5 കിലോമീറ്ററായി പരിമിതപ്പെടുത്തുക തുടങ്ങിയ നിബന്ധനകൾ, സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുത്ത് പാലിക്കാൻ പ്രയാസമാണ്. മാത്രമല്ല, റോഡ് അതിർത്തിയോട് ചേർന്നുള്ള ഇടതൂർന്ന ബിൽറ്റ്-അപ്പ് പ്രദേശങ്ങളുടെ സാമീപ്യവും ഈ നിബന്ധനകൾ പാലിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. കേന്ദ്ര സർക്കാർ നിലവിലെ വ്യവസ്ഥകൾ പുന:പരിശോധിക്കേണ്ടതും പ്രാദേശികവും ഭൂമിശാസ്ത്രപരമായ സവിശേഷതകളും സംസ്ഥാന മുൻഗണനകളും പരിഗണിച്ച് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കേണ്ടതുമാണ്.

### പ്രകൃതിവിഭവ മാനേജ്മെന്റ്

കേന്ദ്രസർക്കാർ 2015-16 ൽ സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ ലയിപ്പിക്കുകയുണ്ടായി. അതിനുശേഷം സമഗ്ര നീർത്തട പരിപാലന പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ നീർത്തട ഘടകമായി നടപ്പിലാക്കിവരുന്നു.

### പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ) നീർത്തട ഘടകം

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ഇതിന് വിഹിതം വകയിരുത്തുന്നത്. കൃഷിവകുപ്പാണ് പി.എം.കെ.എസ്.വൈ യുടെ നോഡൽ വകുപ്പായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.

പദ്ധതി നടത്തിപ്പ് സംസ്ഥാന തലത്തിൽ സംസ്ഥാനതല നോഡൽ ഏജൻസി (SLNA), ജില്ലാതലത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ രൂപീകരിച്ച വാട്ടർസെൽ കം ഡാറ്റാ സെന്റർ (WCDC) വഴിയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി (PIA) മുഖേനയും ഗ്രാമപഞ്ചായത്ത് തലത്തിലോ, നീർത്തട തലത്തിലോ ഇതിനായി പ്രത്യേകം രൂപീകരിച്ച നീർത്തട സമിതികൾ വഴി നിയന്ത്രിക്കുന്നു.

മണ്ണൊലിപ്പ് തടയൽ, പ്രകൃതിദത്ത സസ്യങ്ങളുടെ പുനരുജ്ജീവനം, മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജിംഗ്, തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്നിവയാണ് ഈ പരിപാടിയുടെ പ്രധാന പ്രവർത്തനങ്ങൾ. നീർത്തട വികസന പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ കാർഷിക മേഖലയിൽ ഒന്നിലധികം വിളവുകൾ സാധ്യമാക്കുകയും വിവിധ കാർഷികാധിഷ്ഠിത പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലൂടെ നീർത്തട മേഖലയിലെ ഗ്രാമീണ ജനതയുടെ ജീവനോപാധികൾ സുസ്ഥിരമായി നിലനിർത്തുകയും ചെയ്യുക എന്നതാണ് ആത്യന്തികമായി ഈ പദ്ധതിയിലൂടെ ലക്ഷ്യംവെയ്ക്കുന്നത്. 4,000 മുതൽ 6,000 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള 5 മുതൽ 10 വരെ ചെറു നീർത്തടങ്ങൾ അടങ്ങിയ ഒരു ക്ലസ്റ്ററിനെയാണ് പ്രോജക്ട് ഏരിയ ആയി കണക്കാക്കുന്നത്. ബ്ലോക്ക്പഞ്ചായത്തുകളാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഹെക്ടറിന് നിരപ്പ് ഭൂമിയാണെങ്കിൽ 12,000 രൂപയും മലയോരപ്രദേശമാണെങ്കിൽ 15,000 രൂപയുമാണ് നൽകുന്നത്.

കേന്ദ്ര സർക്കാർ 2009-10ൽ പദ്ധതി ആരംഭിച്ചതെങ്കിലും 2010-11 ലാണ് സംസ്ഥാനത്തിന് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചത്. കേരളത്തിൽ അംഗീകാരം ലഭിച്ച 83 പ്രോജക്ട്കളിൽ നിന്ന് 69 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ അടങ്കൽ

തുക 581.61 കോടി രൂപയായിരുന്നെങ്കിലും 249.98 കോടി രൂപ റീലിസ് ചെയ്തിട്ടുണ്ട്. ഇതിൽ 237.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെക്ക് ഡാമുകൾ, പെർകൊളേഷൻ ടാങ്കുകൾ, ഫാം കുളങ്ങൾ, ഡ്രെയിനേജ് ലൈൻ ട്രീറ്റ്മെന്റ് പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണം പദ്ധതിക്ക് കീഴിലുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഏകദേശം 99,676 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 33,897 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. ഈ പ്രവർത്തനങ്ങളിലെല്ലാം പ്രകൃതിവിഭവ സംരക്ഷണത്തിനാണ് പ്രാഥമിക ഊന്നൽ നൽകിയത്. പദ്ധതി പ്രദേശത്തെ മണ്ണൊലിപ്പ് ഗണ്യമായി കുറയ്ക്കുകയും ഭൂഗർഭജലം സമ്പുഷ്ടമാക്കുകയും ചെയ്തു. എൻജിനീയറിംഗ് ഘടനകളുടെ സ്ഥാനത്ത്, പ്രകൃതിവിഭവ മാനേജ്മെന്റിനായി അഗ്രോണമിക് നടപടികൾ പരമാവധി ഉപയോഗിച്ചു. വിവിധ പ്രവർത്തനങ്ങളിൽ കർഷകർക്ക് സ്ഥിരമായ അധിക വരുമാനം ഉറപ്പാക്കുന്നതിനും നീരുറവകളുടെ പുനരുജ്ജീവനത്തിനും ഹോർട്ടികൾച്ചറൽ തോട്ടങ്ങളിലെ ജലലഭ്യതയ്ക്കും ഊന്നൽ നൽകി.

2021-22ൽ പി.എം.കെ.എസ്.വൈ 2.0 ന് തുടക്കം കുറിച്ചു. 73.26 ലക്ഷം രൂപ പദ്ധതി അടങ്കലിൽ 26,163 ഹെക്ടർ വരുന്ന 37 മൈക്രോ വാട്ടർ ഷെഡുകൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി. ഇതിന്റെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a. പ്രകൃതിവിഭവ മാനേജ്മെന്റ്
b. ഉൽപ്പാദന സംവിധാനം
c. മൈക്രോ സംരംഭങ്ങളും ഉപജീവന മാർഗ്ഗങ്ങളും

പി.എം.കെ.എസ്.വൈ 2.0 നിർവ്വഹണ നടപടികൾ തുടങ്ങുകയും, എൻട്രി പോയിന്റ് പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭരണപരവും സാങ്കേതികവുമായി എല്ലാ അനുമതികളും ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.

### തൊഴിലിനും ഉപജീവനത്തിനുമുള്ള സഹായം

ഗ്രാമീണ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർ.ഇ.ജി.എസ്). അവിദഗ്ധ തൊഴിൽ ചെയ്യാൻ കഴിവും താല്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് എല്ലാ സാമ്പത്തിക വർഷവും 100 ദിവസം വേതനത്തോടുകൂടി തൊഴിൽ ഉറപ്പുവരുത്തുന്നതിലൂടെ ഗ്രാമീണ മേഖലയിലെ കുടുംബങ്ങളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നു.

ദേശീയ തലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 363.29 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. മൊത്തം തൊഴിൽദിനങ്ങളിൽ, 54.7 ശതമാനം സ്ത്രീകൾക്കും, 19.17 ശതമാനം പട്ടികജാതി വിഭാഗക്കാർക്കും 18.32 ശതമാനം പട്ടികവർഗ്ഗ വിഭാഗക്കാർക്കുമാണ് ലഭിച്ചിട്ടുള്ളത്. ഒരു കുടുംബത്തിന് ശരാശരി 50.07 ദിവസത്തെ തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. 59.17 ലക്ഷം ആളുകൾക്ക് 100 ദിവസം തൊഴിൽ നൽകാനും സാധിച്ചു. 5.73 ലക്ഷം ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകാനും സാധിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത മൊത്തം പ്രവൃത്തികളുടെ 79.81 ശതമാനം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളിലാണ്. 2021-22 സാമ്പത്തിക വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എ തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് വേതനത്തിന്റെ 99 ശതമാനവും സാങ്കേതിക സംവിധാനങ്ങളിലൂടെ നൽകിയിട്ടുണ്ട്.

കേരളത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ, മൊത്തം 10.59 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടതിൽ 18.31 ശതമാനം പട്ടികജാതി വിഭാഗക്കാർക്കും 6.34 ശതമാനം പട്ടികവർഗ്ഗ വിഭാഗക്കാർക്കും ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ഭൂരിഭാഗം ഗുണഭോക്താക്കളും സ്ത്രീകളാണ് എന്നത് ശ്രദ്ധേയമാണ്. ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ 89.57 ശതമാനം സ്ത്രീകൾക്കാണ് എന്നത് ശ്രദ്ധേയമാണ്. ഒരു കുടുംബത്തിന് ശരാശരി 64.41 ദിവസത്തെ തൊഴിൽ നൽകാൻ സാധിച്ചു. 5.12 ലക്ഷം കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ പൂർത്തീകരിച്ചു.

ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിക്കായി ആകെ 4,106.05 കോടി രൂപയാണ് സംസ്ഥാനം ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 3,115.22 കോടി രൂപ അവിദഗ്ധ തൊഴിൽ വേതനത്തിനായും 797.98 കോടി രൂപ (19.4 ശതമാനം) മെറ്റീരിയൽ ചെലവ്/അർദ്ധ-വിദഗ്ധ/വിദഗ്ധ തൊഴിൽ വേതനമാണ് വിനിയോഗിച്ചിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2020-21, 2021-22 (2022 സെപ്റ്റംബർ 30 വരെ) സാമ്പത്തിക വർഷത്തെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.23, 12.1.24, 12.1.25, 12.1.26** എന്നിവയിൽ നൽകിയിരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച പോലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ഫലപ്രാപ്തി വർദ്ധിപ്പിക്കാനും സംസ്ഥാനത്തിന്റെ പ്രത്യേകമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമാന ഘടകങ്ങളുടെ ഏകോപനം സാദ്ധ്യമാക്കാനും പുതിയ ചില തലങ്ങൾ കൂടി ഇതിന്റെ ഭാഗമാക്കിയിട്ടുണ്ട്. എംജിഎൻആർഇജിഎസി-ന്റെ മാനദണ്ഡങ്ങൾ മറ്റ് സംസ്ഥാന പദ്ധതികളുമായി സമന്വയിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2017-18 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷനുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനായി മറ്റ് വകുപ്പുകളുടെ പദ്ധതികളുമായി സംയോജനം സാധ്യമാക്കിയിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തെ പദ്ധതിയുടെ പ്രകടനം നോക്കിയാൽ (**പട്ടിക 12.1.14**)വലിയ പുരോഗതി കാണുവാൻ സാധിക്കും. കോവിഡ്-19 മഹാമാരിയും തുടർന്നുള്ള ലോക്ഡൗണിലും സാമൂഹ്യ സുരക്ഷ ഉറപ്പാക്കാൻ പദ്ധതി വഴി സാധിച്ചിട്ടുണ്ട്. പദ്ധതി വഴി തൊഴിൽ നേടുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിലും പദ്ധതി ഏറെ സഹായിച്ചിട്ടുണ്ട്. മെറ്റീരിയൽ ഘടകത്തിനുള്ള ചെലവിൽ 8.51 ശതമാനം (2018-19)ൽ നിന്നും (2021-22ൽ 19.43 ശതമാനമായി എന്നത് ഇക്കാര്യം സൂചിപ്പിക്കുന്നു.

**പട്ടിക 12.1.14** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ പ്രകടനം


| സൂചിക | 2021-22 | 2020-21 | 2019-20 | 2018-2019 |
|---|---|---|---|---|
| ലേബർ ബഡ്ജറ്റിൽ അംഗീകരിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 1000 | 1000 | 700 | 700 |
| നേട്ടം ശതമാനത്തിൽ | 105.96 | 102.3 | 114.61 | 139.32 |
| വനിതകൾക്കായി സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ (%) | 89.42 | 90.49 | 89.8 | 90.41 |
| പട്ടികജാതി കുടുംബങ്ങൾക്കായി സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ (%) | 18.31 | 18.41 | 15.52 | 15.94 |
| പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ (%) | 6.34 | 6.54 | 6.89 | 5.54 |
| ശരാശരി തൊഴിൽദിനങ്ങൾ | 64.41 | 63.25 | 55.75 | 65.97 |
| 100 ദിവസം തികച്ച കുടുംബങ്ങൾ | 5,12,823 | 4,70,410 | 2,51,141 | 4,41,479 |

അവലംബം: ഉറവിടം : എം.ജി.എൻ.ആർ.ഇ.ജി.എ വെബ്സൈറ്റ്


കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വനം എന്നീ മേഖലകളിലെ ഉത്പാദനം, വികസനം എന്നിവ വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലകളിലെ വ്യക്തിഗതവും പൊതുവായതുമായ ഉത്പാദന ആസ്തികൾ സൃഷ്ടിക്കുന്നതിന് പ്രത്യേകമായ ഊന്നൽ നൽകുന്നു. വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ, കളിസ്ഥലം എന്നിവയുടെ നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം എന്നിങ്ങനെയുള്ള പൊതു ആസ്തികൾ സൃഷ്ടിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നു. കന്നുകാലികൾ, ആട്, കോഴി എന്നിവയ്ക്കായുള്ള ഷെഡുകൾ പോലെയുള്ള വ്യക്തിഗത ഉപജീവന ആസ്തികളും നിർമ്മിക്കുന്നുണ്ട്. അനുവദനീയമായ എല്ലാ പ്രവർത്തികളും ഉൾപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത പദ്ധതിയുടെ അടിസ്ഥാനത്തിൽ ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സംവിധാനത്തിന്റെ (ജി.ഐ.എസ്) സാധ്യതകൾ കൂടി ഉപയോഗിച്ചുകൊണ്ട് എം.ജി.എൻ.ആർ.ഇ.ജി.എ യിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ 2019 ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. തൻവർഷം പ്രാരംഭമായി 100 ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.സ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സമഗ്ര പ്ലാൻ തയ്യാറാക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ദരിദ്രരുടെ ഉപജീവന അടിത്തറ ശക്തിപ്പെടുത്തുന്നതിന് ഉത്പാദന ആസ്തികൾ സൃഷ്ടിക്കുന്നതിനുമായി സുഭിക്ഷ കേരളം പദ്ധതിക്ക് തുടക്കമിടുകയും ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിയുടെ സാധ്യതൾ കൂടി വിനിയോഗിക്കുന്നതിന് പ്രത്യേക ഊന്നൽ സർക്കാർ നൽകുകയുണ്ടായി. ശ്രദ്ധേയമായ ഇടപെടൽ പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള പ്രത്യേക സഹായം (സംസ്ഥാനാവിഷ്കൃത ഘടകം) **ബോക്സ് 12.1.6**

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ പ്രകടനം ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ (**ചിത്രം 12.1.11**) സ്ത്രീകൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്ന കാര്യത്തിൽ കേരളം മുന്നിലാണ് (89.57 ശതമാനം). ആകെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ കേരളം രണ്ടാമതാണ് (105.97 ശതമാനം). എന്നാൽ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്ന കാര്യത്തിൽ സംസ്ഥാനം ഇനിയും ഏറെ മുന്നേറാനുണ്ടെന്ന് കാണാം. ഇതിന്റെ കാരണങ്ങൾ പഠനവിധേയ മാക്കേണ്ടതാണ്.

**ചിത്രം 12.1.11** എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ പ്രകടനം, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ താരതമ്യം (2021-22)



**ചിത്രം 12.1.12** എം.ജി.എൻ.ആർ.ഇ.ജി.എസ്-ന് കീഴിൽ ഏറ്റെടുത്ത പ്രവർത്തികളുടെ അന്തർ സംസ്ഥാന താരതമ്യം (2021-22)




കേരളത്തിന് ഒരു കുടുംബത്തിന് ശരാശരി 64.41 ദിവസത്തെ തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെങ്കിൽ മറ്റ സംസ്ഥാനങ്ങളിൽ ആകട്ടെ വെറും 50 ദിവസത്തെ തൊഴിലേ നൽകാൻ സാധിച്ചിട്ടുള്ളൂ. അതേപോലെ കേരളത്തിൽ 5 ലക്ഷം കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിൽ മറ്റ സംസ്ഥാനങ്ങളിൽ ഇതിന്റെ കണക്ക് കുറഞ്ഞതായിട്ടാണ് കാണിക്കുന്നത്.

മാർഗ്ഗരേഖ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന് കീഴിൽ വരുന്ന പ്രവൃത്തികളെ കാറ്റഗറി എ) പ്രകൃതിവിഭവ പരിശീലനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പൊതു പ്രവൃത്തികൾ, കാറ്റഗറി ബി) ദുർബലവർഗ്ഗ വിഭാഗക്കാർക്കുള്ള ആസ്തി നിർമാണം, കാറ്റഗറി സി) സ്വയംസഹായ സംഘങ്ങൾക്കുള്ള ആസ്തി നിർമാണം, കാറ്റഗറി ഡി-ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ തരംതിരിക്കാം.

മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ (**ചിത്രം 12.1.12**) കൃഷി അനുബന്ധ മേഖലകളിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ കേരളം ഏറെ മുന്നിലാണ്. എന്നാൽ കാറ്റഗറി ബി-യിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളിൽ സംസ്ഥാനം ഇനിയും ഏറെ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

**ബോക്സ് 12.1.6** പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക സഹായം (സംസ്ഥാന പദ്ധതി)

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിലുള്ള പോരായ്മകൾ പരിഹരിച്ച് പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാർ ശ്രദ്ധ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ നടത്തിയ ഇടപെടലുകളിൽ ശ്രദ്ധേയമായ ഒന്നാണ് ട്രൈബൽ പ്ലസ് സ്കീം.

എം.ജി.എൻ.ആർ.ഇ.ജി.എസ് വഴി 100 ദിവസത്തെ തൊഴിൽ കൂടാതെ പട്ടികവർഗ്ഗക്കാർക്ക് 100 ദിവസം അധിക തൊഴിൽ നൽകുന്നതിനായി സംസ്ഥാന സർക്കാർ 2017-18 ൽ ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതിക്കുള്ള ചെലവ് പട്ടികവർഗ്ഗ വകുപ്പാണ് വഹിക്കുന്നത്. എം.ജി.എൻ.ആർ.ഇ.ജി.എസ് വഴി 100 ദിവസം തൊഴിൽ പൂർത്തീകരിക്കുന്ന എല്ലാ പട്ടികവർഗ്ഗക്കാർക്കും ട്രൈബൽ പ്ലസ് വഴി 100 ദിവസ അധിക തൊഴിലിന് അർഹതയുണ്ട്.

കൂടാതെ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പട്ടികവർഗ്ഗ തൊഴിലാളികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂറായി വേതനം കുടുംബശ്രീ മുഖേന നൽകുന്നു. ഇതിനായി ഒരു സംവിധാനം സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഓരോ ആഴ്ചയും അവിദഗ്ധ വേതനം മുൻകൂറായി നൽകുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തുമ്പോൾ ഗുണഭോക്താക്കളുടെ സമ്മതത്തോടെ, മുൻകൂറായി നൽകിയ വേതനം തിരിച്ചുപിടിക്കുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഈ നൂതന ആശയത്തിന്റെ ഫലമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ ദിനങ്ങളുടെ എണ്ണം 55.27 ലക്ഷത്തിൽ നിന്ന് 2020-21 ൽ 67.15 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 29,644 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.


ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഒട്ടനവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട് . ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം ചെയ്യാവുന്ന പ്രവൃത്തികളുടെ എണ്ണം 20 ആയി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ തുടർച്ചയായ ആവശ്യത്തെ തുടർന്ന് ഗ്രാമീണ മന്ത്രാലയം ഇത് 50 ആയി ഉയർത്തിയിട്ടുണ്ട്. മറ്റൊരു വിഷയം തൊഴിൽപങ്കാളിയുടെ വേതനം മെറ്റീരിയൽ ഘടകത്തിൽ നിന്ന് നൽകണമെന്ന വ്യവസ്ഥയായിരുന്നു. മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനം കേന്ദ്ര സർക്കാരാണ് നൽകുന്നത്. ഇതിൽ നിന്നുള്ള ഫണ്ട് ലഭ്യതയിലെ ക്രമരാഹിത്യം കാരണം പങ്കാളികൾക്ക് സമയത്തിന് വിദഗ്ധ വേതനം നൽകാൻ സാധിക്കുന്നില്ല. എന്നാൽ, അവിദഗ്ധ വേതനത്തിന്റെ കാര്യത്തിൽ 15 ദിവസത്തിനകം നൽകിയില്ലെങ്കിൽ കേന്ദ്ര സർക്കാർ നഷ്ടപരിഹാരം നൽകേണ്ടതായിട്ടുണ്ട്. ഇതുകാരണം മേറ്റുമാർ സ്വയം അവിദഗ്ധ തൊഴിലാളികളായി മാറപ്പെടുന്ന സാഹചര്യം സംസ്ഥാനത്ത് ഉണ്ട്. ഇപ്പോൾ സംസ്ഥാനങ്ങളിൽ നിന്നുള്ള നിരന്തരമായ ഇടപെടലുകൾ കാരണം മേറ്റുമാരുടെ ഹാജരും വേതനവും രേഖപ്പെടുത്തുന്ന പ്രക്രിയ ഗ്രാമീണ മന്ത്രാലയം കാര്യക്ഷമമാക്കുകയും അവിദഗ്ധ തൊഴിലാളികൾക്കുള്ള മസ്റ്റർറോൾ രൂപീകരണത്തിന് ശേഷം ഉടൻതന്നെ മേറ്റുമാരുടെ മസ്റ്റർറോൾ ലഭ്യമാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. മേറ്റുമാരുടെ പേയ്മെന്റുകളിലെ പ്രതിദിനമുള്ള മുടങ്ങൽ സംബന്ധിച്ച റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യാനും വെണ്ടർമാർക്ക് ഫണ്ട് വിതരണം ചെയ്യുന്നതിന് മുമ്പ് തന്നെ സംസ്ഥാനങ്ങൾ മേറ്റുമാരുടെ പേയ്മെന്റുകൾ ശരിയാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി (എയുഇജിഎസ്)**
നഗരദരിദ്രർക്ക് തൊഴിൽ നൽകുന്നതിനായി കേരളം മുന്നോട്ടുവച്ച പരിപാടിയാണ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി. അവിദഗ്ധ തൊഴിൽ ചെയ്യാൻ താൽപര്യമുള്ള നഗരപ്രദേശ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ നൽകികൊണ്ട് ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഒരു സംസ്ഥാന പദ്ധതിയാണിത്. 2009-10 ലാണ് സംസ്ഥാന സർക്കാർ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ മാതൃകയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. നഗരതദ്ദേശ സ്ഥാപനങ്ങളിൽ സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഫണ്ട് വിനിയോഗിക്കുന്നത്.

2021-22ൽ 100.00 കോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നു. ഇതിൽ മൊത്തം തുകയും ചെലവഴിക്കുകയും വിവിധ കോർപ്പറേഷനിലും നഗരസഭകളിലുമായി 46,33,552 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 ൽ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 1,89,722, 51,425, 3,995 കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ ഇക്കാലയളവിൽ നൽകുകയുണ്ടായി. അതിൽ 49,060 പുരുഷൻമാരും 1,96,271 സ്ത്രീകളും ഉൾപ്പെടുന്നു. ഈ കാലയളവിൽ 96,990 കുടുംബങ്ങൾക്കും 96,456 സ്ത്രീകൾക്കും തൊഴിൽ നൽകുകയും 9,333 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2022-23 വർഷം അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി 125.00 കോടി രൂപ വകയിരുത്തിയിരുന്നു. 2022 സെപ്റ്റംബർ 30 വരെ ഇതിൽ 78.20 കോടി രൂപ ചെലവഴിച്ച് 20,62,951 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2022, ഒക്ടോബർ 31 വരെ 48,495 കുടുംബങ്ങൾക്കും 48,228 സ്ത്രീകൾക്കും തൊഴിൽ ലഭിക്കുകയും 4,667 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 2,02,834, 53,816, 3,673 വ്യക്തികൾക്ക് തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 52,061 പുരുഷൻമാരും 2,08,262 സ്ത്രീകളും ഉൾപ്പെടുന്നു.

**ചിത്രം 12.1.13**: അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭൗതിക പുരോഗതി സംബന്ധിച്ച വിവരങ്ങൾ (2017-18 മുതൽ 2021-22 വരെ)



സുഭിക്ഷകേരളം പദ്ധതി, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, ജലസംരക്ഷണം, വനവൽക്കരണം, പി.എം.എ.വൈ പദ്ധതിയുടെ കീഴിലുള്ള ഭവന നിർമ്മാണം എന്നിവയാണ് എ.യു.ഇ.ജി.എസ്ന്-കീഴിൽ എടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. 2016-17 സാമ്പത്തിക വർഷം മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധേയമായ പുരോഗതിയുണ്ടായി. 2015-16 ൽ 15.00 കോടി രൂപ മാത്രമായ ഈ പദ്ധതിയുടെ വിഹിതം 2022-23ൽ 125.00 കോടി രൂപയായി ഉയർന്നിട്ടുണ്ട്. അതോടൊപ്പം 2015-16 സാമ്പത്തിക വർഷം 3 ലക്ഷം തൊഴിൽദിനങ്ങൾ ആയിരുന്നത് 2021-22 സാമ്പത്തിക വർഷാവസാനത്തോടെ 46.33 ലക്ഷം തൊഴിൽ ദിനങ്ങൾ ആയി മാറിയത് ശ്രദ്ധേയമാണ്. 2017-18ൽ 8,46,352 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ, പദ്ധതി പ്രകാരം രജിസ്ടർ ചെയ്ത 3,50,000 കുടുംബങ്ങളിൽ 1,00,000 കുടുംബങ്ങൾ സ്ഥിരമായി പദ്ധതിയെ ആശ്രയിക്കുന്നു. പദ്ധതിയുടെ പുരോഗതി **ചിത്രം 12.1.13**ൽ കൊടുത്തിട്ടുണ്ട്.

2019-20ൽ ക്ഷീരോൽപാദനവും ഈ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. രണ്ട് കന്നുകാലികളിൽ കൂടുതലുള്ള ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ 10 ലിറ്ററിൽ കുറയാതെ പാൽ നൽകുന്ന കർഷകർക്ക് ഈ പദ്ധതിയിലൂടെ ഒരു ദിവസത്തെ വേതനം നൽകുകയുണ്ടായി. പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് ഭവന നിർമാണത്തിനുള്ള സാധനങ്ങളും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകുന്നുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2021-22, 2022-23 (സെപ്റ്റംബർ 30, 2022 വരെ) വർഷങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.27**ലും പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.28**ലും കൊടുത്തിരിക്കുന്നു.

**ദരിദ്രർക്കായുള്ള ഉപജീവനമാർഗ്ഗ വികസനം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും തൊഴിൽ വേതനം ഉറപ്പാക്കുമ്പോൾ ഉപജീവന വികസനത്തിനും സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ ഉപജീവനം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട പദ്ധതികളാണ് ഗ്രാമീണ മേഖലകളിൽ ഡേ- എൻ.ആർ.എൽ.എം ഉം നഗര മേഖലകളിൽ ഡേ-എൻ.യു.എൽ.എം ഉം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ധനസഹായം പങ്കിടുന്നത്.

**ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡേ– എൻ.ആർ.എൽ.എം)**

ഗ്രാമീണ ദരിദ്രരുടെ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യകതയ്ക്ക് അനുസരിച്ച് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണ് ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ. ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ) സ്റ്റാർട്ട്-അപ്പ് ഗ്രാമീണ സംരംഭക്ത്വ പരിപാടി (എസ്.വി.ഇ.പി) മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി) എന്നിവ ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപ പദ്ധതികളാണ്. ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ തൊഴിൽ വൈദഗ്ധ്യം നൽകി ജോലി ലഭ്യമാക്കുന്നതിനുമുള്ള പരിപാടിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന. 2022 ഓഗസ്റ്റ് 31 വരെ, ഈ പദ്ധതി വഴി പരിശീലനം നൽകിയ 65,495 ഗുണഭോക്താക്കളിൽ 47387 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

ഗ്രാമീണ മേഖലകളിലെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുന്നതിനും ഗ്രാമീണ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും പിന്തുണയും എസ്.വി.ഇ.പി. യിലൂടെ നൽകുന്നു. സാമൂഹിക അടിസ്ഥാനത്തിലുള്ള സംഘടനാ ശൃംഖല പിന്തുണയ്ക്കുന്ന സംരംഭങ്ങൾക്ക് ബിസിനസ്സ് വൈദഗ്ധ്യം, സമാന മേഖലകളുമായി സമ്പർക്ക സാധ്യത, സംരംഭങ്ങൾ തുടങ്ങുന്നതിനും വായ്പയും സംരംഭത്തിന്റെ നിർണ്ണായകമായ ആദ്യത്തെ ആറ് മാസത്തേയ്ക്ക് വാണിജ്യ സഹായവും എസ്.വി.ഇ.പി നൽകുന്നു. 2022 ഓഗസ്റ്റ് 31 വരെ എസ്.വി.ഇ.പി യുടെ കീഴിൽ 26844 സംരംഭങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ ലിംഗപരമായ വിടവ് കുറയ്ക്കുക, കാർഷിക വൃത്തിയിൽ നിന്നും പിൻവാങ്ങുന്ന പ്രവണത കുറയ്ക്കുക സ്ത്രീ കർഷകർ സുസ്ഥിര കാർഷിക രീതികൾ സ്വീകരിക്കുക എന്നിവയ്ക്കാണ് എം.കെ.എസ്.പി പ്രധാന്യം നൽകുന്നത്. കുടുംബശ്രീയുടെ സംയുക്ത ഉത്തരവാദിത്ത സംഘങ്ങളുടെ (ജെ.എൽ.ജി) ശൃഖല ഉപയോഗിച്ചാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**ദീൻദയാൽ അന്ത്യോദയ യോജന– ഡേ–എൻ.യു.എൽ.എം**

നഗരദരിദ്രർക്കിടയിലെ ദാരിദ്ര്യം, കഷ്ടതകൾ എന്നിവ ലഘൂകരിക്കാനായി ലക്ഷ്യമിട്ടുന്ന പദ്ധതിയാണ് ഡേ-എൻ.യു.എൽ.എം. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനം കഴിഞ്ഞ കുറേ വർഷങ്ങളായി ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ നടത്തിപ്പിൽ മികച്ച പ്രകടനം നടത്തിയ സംസ്ഥാനത്തിനുള്ള ദേശീയ അവാർഡ് കഴിഞ്ഞ 4 വർഷമായി സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാനത്തിന് നിലവിലുള്ള പദ്ധതി വിഹിതത്തിനുപരിയായി 65.94 കോടി രൂപ അധികമായി ലഭിക്കുകയുണ്ടായി.

'ഭവന രഹിതർക്ക് അഭയകേന്ദ്രം' എന്ന പദ്ധതി ഘടകത്തിലൂടെ 3,196 ഭവന രഹിതരെ കണ്ടെത്തിയിട്ടുണ്ട്. 'നഗരത്തിലെ വഴിയോര കച്ചവടക്കാർക്ക് സഹായം' എന്ന ഘടകത്തിൽ (സെപ്റ്റംബർ 30 2022 വരെ) 25,834 വഴിയോര കച്ചവടക്കാരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 18,491 വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയുമുണ്ടായി. 2021-22, 2022-23 (സെപ്റ്റംബർ 30 വരെ) 'നൈപുണ്യവികസനവും ജോലി ഉറപ്പാക്കലും' എന്ന ഘടകത്തിൽ 4,290 പേരെ ഉൾപ്പെടുത്തിയതിൽ 3,278 പേർക്ക് സർട്ടിഫിക്കറ്റ് നൽകുകയും 1453 പേർക്ക് ജോലി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ തൊഴിൽ രഹിതരായ ദരിദ്ര ജനങ്ങൾക്ക് സൈബർ സുരക്ഷിതത്വം, അക്കൗണ്ടിംഗ്, ആരോഗ്യ സംരക്ഷണം, പ്ലാസ്റ്റിക് സാങ്കേതിക വിദ്യ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, ആയുർവേദ നഴ്സിംഗ്, ഹോസ്പിറ്റാലിറ്റി, ടെലികോം, ഭക്ഷ്യ സംസ്കരണം തുടങ്ങി 74 ഓളം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ സ്വയം തൊഴിൽ പരിപാടിയിലൂടെ 1,494 വ്യക്തിഗത തൊഴിൽ സംരംഭങ്ങളും,

509 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ 'സാമൂഹ്യവിഭവ സമാഹരണവും സ്ഥാപന ശാക്തീകരണവും' എന്ന ഘടകത്തിലൂടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 2,954 പുതിയ അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 5,488 അയൽക്കൂട്ട സംഘങ്ങൾക്കും 120 പ്രാദേശിക വികസന സൊസൈറ്റികൾക്കും (എ.ഡി.എസ്) റിവോൾവിംഗ് ഫണ്ട് സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഡേ-എൻ.യു.എൽ.എം പദ്ധതിയുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.29**ലും **12.1.30**ലും കൊടുത്തിരിക്കുന്നു. ജില്ലാതല സൂക്ഷ്മ സംരംഭങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും വായ്പാബന്ധിത അയൽക്കൂട്ടങ്ങളെ സംബന്ധിച്ച വിവരങ്ങളും യഥാക്രമം **അനുബന്ധം 12.1.31**ലും **12.1.32**ലും കൊടുത്തിരിക്കുന്നു.

### കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ അഥവാ കുടുംബശ്രീ രൂപീകൃതമായത്. 1998-ൽ സംസ്ഥാന സർക്കാർ ആരംഭിച്ച നൂതന സ്ത്രീ കേന്ദ്രീകൃത പങ്കാളിത്ത ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയായ കുടുംബശ്രീയിൽ 45 ലക്ഷത്തോളം വനിതകളുടെ പങ്കാളിത്തം ഉണ്ട്. കുടുംബശ്രീ തുടങ്ങിവെച്ച മോഡലുകൾ ദേശീയ അന്തർദേശീയ തലത്തിൽ വിഖ്യാതമാണ്. കുടുംബശ്രീയുടെ മുഖഛായ വൈവിധ്യമാർന്ന മേഖലകളിൽ സംരംഭങ്ങളും ഏറ്റെടുത്തുകൊണ്ട് ദിനംപ്രതി വർദ്ധിച്ചുവരികയുമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.), ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം.), പ്രധാന മന്ത്രി ആവാസ് യോജന (നഗരം) എന്നിവയുടെ നിർവ്വഹണം നടത്തുന്ന നോഡൽ ഏജൻസി കൂടിയാണ് കുടുംബശ്രീ. ഇതിനു പുറമെ സംസ്ഥാനത്തെ ഒട്ടനവധി പ്രവർത്തനങ്ങളിലും കുടുംബശ്രീയുടെ സാന്നിദ്ധ്യമുണ്ട്.

ദരിദ്രരിൽ ദരിദ്രരുടെ പുനരധിവാസം ലക്ഷ്യമിടുന്ന 'ആശ്രയ' പദ്ധതിയുടെ പേരും വ്യാപ്തിയും വിശാലമാക്കിക്കൊണ്ട് 'അഗതിരഹിത കേരളം' ഡെസ്റ്റിറ്റ്യൂട്ട് ഫ്രീ കേരള (ഡി.എഫ്.കെ) പദ്ധതി കുടുംബശ്രീ ആരംഭിക്കുകയുണ്ടായി. നിരാലംബരായ അഗതികളുടെ ആവശ്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ രൂപീകരിക്കുകയും ചെയ്യും. അഗതിരഹിത കേരളം പൊതുവിഭാഗ പദ്ധതികളിൽ ആകെ പദ്ധതി ചെലവിന്റെ നാൽപത് ശതമാനം (പരമാവധി പൊതുവിഭാഗം നാൽപത് ലക്ഷം രൂപ, പട്ടികവർഗ്ഗം 50 ലക്ഷം രൂപ) കുടുംബശ്രീ ചലഞ്ച് ഫണ്ടായി നൽകുന്നു. നിലവിൽ 1.57 ലക്ഷം ഗുണഭോക്താക്കൾക്ക് അഗതിരഹിത കേരളം പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. 1,014 ഓളം തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം തുടങ്ങി ഗുണഭോക്താക്കളുടെ അടിസ്ഥാന പരിചരണം ആവശ്യമുള്ള പദ്ധതികളിലും കുടുംബശ്രീ ചലഞ്ച് ഫണ്ട് വിനിയോഗിക്കുന്നുണ്ട്.

### വിഭിന്ന ശേഷിയുള്ള കുട്ടികൾക്കായി ബഡ്സ് സ്ഥാപനങ്ങൾ

പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള വിഭിന്നശേഷി കുട്ടികൾക്കായുള്ള ബഡ്സ് സ്ഥാപനങ്ങൾ കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2018-19 ൽ 12.50 ലക്ഷം രൂപ 200 പ്രാദേശിക സർക്കാരുകൾക്ക് പുതിയതായി ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ നൽകുകയുണ്ടായി. സെപ്റ്റംബർ 2022 വരെ 342 ബഡ്സ് സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2020-21 കാലയളവിൽ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കായി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുകയും മാതാപിതാക്കൾക്കും ബഡ്സ് കുട്ടികൾക്കും ഓൺലൈൻ തെറാപ്പി നൽകുന്നതിനായി കോഴിക്കോട് ആസ്ഥാനമായുള്ള കോംപോസിറ്റ് റീജിയണൽ സെന്ററുമായി കൂടിച്ചേർന്ന് സംയുക്ത പരിപാടിക്ക് തുടക്കമിടുകയുണ്ടായി. സഞ്ജീവനി എന്ന പേരിൽ അഗ്രി തെറാപ്പിയിലൂടെ അംഗങ്ങളുടെ മാനസികവും ശാരീരികവുമായ വികസനം ലക്ഷ്യം വയ്ക്കുന്നു. ബഡ്സ്, ബി.ആർ.സി.യിലൂടെ കുട്ടികൾക്ക് പച്ചക്കറി കൃഷി ചെയ്യാനുള്ള ഒരു പദ്ധതി കുടുംബശ്രീ വിഭാവനം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കുറഞ്ഞത് 2 സെന്റ് സ്ഥലം കൃഷി ചെയ്യാൻ ഉപയോഗിക്കാം. സംസ്ഥാനത്ത് ആകെ 342 ബഡ്സ് സ്ഥാപനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നത് (18 വയസ്സിന് താഴെയുള്ള വൈകല്യമുള്ള കുട്ടികൾക്കായി 177 ബഡ്സ് സ്കൂളുകളും 18 വയസ്സിന് മുകളിലുള്ള ബുദ്ധിപരമായി വൈകല്യമുള്ളവർക്കായി 165 ബി.ആർ.സിയും).

നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പൾസി, മെന്റൽ റിട്ടാർഡേഷൻ, ഒന്നിലധികം വൈകല്യങ്ങൾ എന്നിവയുള്ളവർക്ക് സഹായകമായി നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നുണ്ട്.

അഭിപ്രായം പ്രകടിപ്പിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും, പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുമുള്ള വേദികളാണ് ബാലസഭ. നിലവിൽ 28,690 ബാലസഭകളിലായി 3,88,348 കുട്ടികളാണ് അംഗങ്ങളായുള്ളത്. ഹരിതകേരളം മിഷനുമായി ചേർന്ന് ബാലസഭാ കുട്ടികൾക്കായി സംഘടിപ്പിച്ച പെൻസിൽ ക്യാമ്പ് പരിപാടി കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലിയും ആരോഗ്യകരമായ കുടുംബവും സമൂഹവും കെട്ടിപ്പടുക്കുന്നതിനും ലക്ഷ്യം വച്ചുള്ളതായിരുന്നു. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗര കോർപ്പറേഷൻ തലങ്ങളിൽ പെൻസിൽ ക്യാമ്പിന്റെ പരിശീലന സെക്ഷനുകൾ പൂർത്തിയാക്കുകയുണ്ടായി.

### ആഴ്ച ചന്തകൾ

450 ആഴ്ച ചന്തകൾ/നാട്ടുചന്തകൾക്ക് അടിസ്ഥാന സൗകര്യങ്ങളും റിവോൾവിംഗ് ഫണ്ടും കുടുംബശ്രീവഴി നൽകിയതിന്റെ ഫലമായി 14 കോടി രൂപയുടെ വില്പന നടക്കുകയും 2,918 ടണ്ണിലധികം പച്ചക്കറികൾ, വാഴപ്പഴം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾ വഴി (JLG) വിൽക്കുകയും ചെയ്യുകയുണ്ടായി. പുതിയതായി 4,481 സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾകൂടി (JLG) സുഭിക്ഷ കേരളത്തിന്റെ ഭാഗമായി രൂപീകരിക്കാനും പ്രവർത്തനം നിലച്ചിരുന്ന 1,575 ജെ.എൽ.ജികളെ പ്രവർത്തന സജ്ജമാക്കാനും സാധിച്ചു. ഉല്പാദന മേഖലയിലെ സംരംഭകത്വം സംബന്ധിച്ച 631 സൂക്ഷ്മ സംരംഭങ്ങളും 2,714 മൃഗസംരക്ഷണ യൂണിറ്റുകളും ആരംഭിക്കുകയുണ്ടായി.

പട്ടികവർഗ്ഗ സമുദായങ്ങൾക്കിടയിൽ കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി, ആദിവാസി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും (കൃഷി സംഘങ്ങളും) ഗോത്ര സംയുക്ത ഉത്തരവാദിത്ത സംഘ മൂല്യനിർണ്ണയ ഏജന്റ് (JEVA) കൾ രൂപീകരിക്കുകയുണ്ടായി. പാരമ്പര്യ കൃഷി നടത്തുന്ന 1,057 പുതിയ ആദിവാസി ജെ.എൽ.ജി കളും 34 സംയുക്ത ഉത്തരവാദിത്ത സംഘ മൂല്യ നിർണ്ണയ ഏജന്റുകളും സംസ്ഥാനത്ത് രൂപീകരിക്കുകയുണ്ടായി. ഈ ജെ.എൽ.ജി കളെ സാമ്പത്തികമായി സഹായിക്കുന്നതിനായി 188 പുതുതായി രൂപീകരിച്ച ജെ.എൽ.ജി കൾ 15,000 എന്ന നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകുകയുണ്ടായി.

ബുദ്ധി വൈകല്യമുള്ള കുട്ടികളുടെ അമ്മമാർ, അംഗവൈകല്യമുള്ളവർ, പ്രായമായവർ, കുറ്റകൃത്യങ്ങൾക്ക് ഇരയായിട്ടുള്ള സ്ത്രീകൾ, വിധവകൾ, കഠിന രോഗബാധിതർ, കിടപ്പുരോഗികളുടെ ആശ്രിതർ തുടങ്ങി ദുർബലരായ സ്ത്രീകൾക്കിടയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "പ്രത്യാശ" പദ്ധതിയിലൂടെ 668 സ്ത്രീ സംരംഭകർക്ക് പ്രയോജനം ലഭിക്കുകയും 520 "പ്രത്യാശ" സംരംഭങ്ങൾ രൂപീകരിക്കുകയുണ്ടായി.

**പരിശീലനം**

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ സഹായിക്കുന്ന ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുന്നത് കുടുംബശ്രീയാണ്. 917 പ്രാദേശിക സർക്കാരുകളിൽ 28,000 വനിതകൾക്കും 19,911 ഹരിതകർമ്മ സേന അംഗങ്ങൾക്കും കുടുംബശ്രീ പരിശീലനം നൽകിയിട്ടുണ്ട്.

നിർമ്മാണ മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി പരിശീലനം നൽകുകയും അവരെ അതത് പ്രാദേശിക സർക്കാരുകളുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രാദേശിക സർക്കാരുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 2019-20ൽ 2,376 അംഗങ്ങൾ ഉൾപ്പെട്ട 288 കുടുംബശ്രീ വനിതാ നിർമ്മാണ സംഘങ്ങൾ (257 ഗ്രാമീണ ഗ്രൂപ്പുകളും 31 നഗര ഗ്രൂപ്പുകളും) സംസ്ഥാനത്ത് രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും വിവിധ പദ്ധതികളിലായി 512 വീടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ശാരീരിക, മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെൻഡർ, വയോജനങ്ങൾ തുടങ്ങിയവർക്ക് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനായി 'റിലേഷൻഷിപ്പ് കേരള' എന്ന പ്രോഗ്രാമിന് കുടുംബശ്രീ തുടക്കം കുറിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 16,195 വയോജന അയൽക്കൂട്ടങ്ങൾ (1,78,902 അംഗങ്ങൾ), ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 1,847 അയൽക്കൂട്ടങ്ങളും (15,001 അംഗങ്ങൾ), 12 ട്രാൻസ് ജെൻഡർ അയൽക്കൂട്ടങ്ങളും (140 അംഗങ്ങൾ) രൂപീകരിക്കുകയുണ്ടായി.

തീരദേശ നിവാസികളുടെ വികസനത്തിലൂടെ തീരദേശ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീ 'തീരശ്രീക്ക്' തുടക്കം കുറിക്കുകയുണ്ടായി. ഇതിനായി 91 തീരദേശ കമ്മ്യൂണിറ്റി വോളണ്ടിയർമാരെ നിയോഗിക്കുകയും 2019-20 സാമ്പത്തിക വർഷത്തിൽ 707 പുതിയ തീരദേശ അയൽക്കൂട്ടങ്ങൾ (8,730 അംഗങ്ങൾ) രൂപീകരിക്കുകയും, 179 നിർജീവമായി കിടന്ന അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയുണ്ടായി. 1,761 തീരദേശ അയൽകൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വഴി 107 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും ചെയ്യുകയുണ്ടായി. ഇതിനു പുറമേ പ്രതിഭാ തീരം, കായികതീരം എന്ന രണ്ട് ഉപ പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്യുകയുണ്ടായി. തീരദേശ മേഖലയിലെ കുട്ടികളുടെ സർഗ്ഗവാസനകൾ, വിദ്യാഭ്യാസം എന്നിവ പരിപോഷിപ്പിക്കുന്നതിന് വൈകുന്നേരങ്ങളിൽ പ്രത്യേക ട്യൂഷനുകളും ജീവിത നൈപുണ്യ വിദ്യാഭ്യാസവും നൽകുന്നതിനാണ് പ്രതിഭാ തീരം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി, 62 കേന്ദ്രങ്ങൾ ആരംഭിക്കുകയും തീരപ്രദേശങ്ങളിൽ നിന്നുള്ള 1,312 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി. കായിക മേഖലയിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി, യുവജനങ്ങൾക്ക് പ്രത്യേക കായിക പരിശീലനം നൽകുന്ന പരിപാടിയാണ് കായികതീരം.

**ജനകീയ ഹോട്ടൽ**

കോവിഡ് കാലത്ത് "പട്ടിണി രഹിത കേരളം പദ്ധതിയുടെ" ഭാഗമായി 1196 ജനകീയ ഹോട്ടലുകൾ കുടുംബശ്രീ ആരംഭിക്കുകയുണ്ടായി (ഒരു ഊണിന് 20 രൂപ നിരക്കിൽ). സംസ്ഥാനത്തുടനീളം വിജയകരമായി പ്രവർത്തിച്ചു വരുന്ന ഈ ഹോട്ടലുകൾ വഴി ശരാശരി 1.65 ലക്ഷം ഊണ് പ്രതിദിനം വിൽക്കപ്പെടുന്നുണ്ട്. ജനശ്രദ്ധ ഏറെ പിടിച്ച് പറ്റിയ ഈ സംരംഭം ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവർക്ക് ഏറെ സഹായകമായിരിക്കും.

**കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ**

യുവതികളുടെ സാമൂഹിക, സാംസ്കാരിക ഉപജീവന ഉന്നമനത്തിനായി പുതിയൊരിടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ തുടക്കമിട്ട പുതു സംവിധാനമാണ് ഓക്സിലറി ഗ്രൂപ്പുകൾ. കുടുംബശ്രീ കൂട്ടായ്മയിലേക്ക് കൂടുതൽ യുവജനങ്ങളെ ഭാഗമാക്കാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സാമൂഹിക, സാമ്പത്തിക സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ അവബോധം നൽകുവാനും ഓക്സിലറി ഗ്രൂപ്പുകൾ ലക്ഷ്യം വയ്ക്കുന്നു. യുവജന കമ്മീഷൻ, യൂത്ത് വെൽഫെയർ ബോർഡ് തുടങ്ങി യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതും ഇതിന്റെ ഉദ്ദേശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സഹകരണവകുപ്പ് തുടങ്ങിയവ വഴി നടപ്പിലാക്കുന്ന വിവിധ ഉപജീവന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും അതുവഴി സുസ്ഥിരമായ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും ഇവ ലക്ഷ്യമിടുന്നു.

ഓരോ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിയും അവരുടെ പരിധിയിൽ വരുന്ന എല്ലാ വാർഡുകളിലും ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കും. 18 നും 40 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് ഈ ഗ്രൂപ്പുകളിൽ അംഗമാകാം. ഒരു ഗ്രൂപ്പിൽ പരമാവധി 50 അംഗങ്ങളെ ഉൾപ്പെട്ട 20,000 ഗ്രൂപ്പുകൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. സെപ്റ്റംബർ 2022 വരെ 3,02,595 അംഗങ്ങൾ ഉള്ള 19,555 ഓക്സിലറി ഗ്രൂപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 50-ൽ കൂടുതൽ വനിതകൾ ഒരു

വാർഡിൽ വരുകയാണെങ്കിൽ കൂടുതൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കാം. സി.ഡി.എസുകളുടെ ശുപാർശയോടെ ഗ്രൂപ്പുകൾ കുടുംബശ്രീ ജില്ലാ മിഷനിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കേരള ചിക്കൻ**

കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ഗുണമേൻമയുള്ള ബ്രോയിലർ കോഴിയിറച്ചി ന്യായമായ നിരക്കിൽ ലഭ്യമാക്കുന്നതിനായിട്ടാണ് കുടുംബശ്രീ കേരള ചിക്കൻ ആരംഭിച്ചത്. മൃഗസംരക്ഷണ വകുപ്പുമായും കെപ്കോയുമായും ചേർന്നാണ് കുടുംബശ്രീ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെയും അതിനുള്ള തീറ്റയും മരുന്നുകളും സഹിതം കർഷകർക്ക് നൽകുകയും 40 ദിവസത്തിനു ശേഷം അവയെ തിരികെ വാങ്ങുകയും ചെയ്യുന്നു. സംസ്ഥാനത്തുടനീളമുള്ള 248 ഫാമുകളും 84 ഔട്ട് ലെറ്റുകളും വഴി കേരള ചിക്കൻ വിതരണം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി 152 കർഷകർക്ക് ഫാം മാനേജ്മെന്റ്, കരാർ കൃഷി എന്നിവയിൽ പരിശീലനം നൽകുകയുണ്ടായി. സംസ്ഥാനത്തുടനീളം 350 സ്ത്രീകൾക്ക് ഈ പദ്ധതിയിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്താനായിട്ടുണ്ട്.

# ശബ്ദാവലി

## അടിസ്ഥാന വില
ഒരു ഉൽപാദകന് അയാളുടെ ഉൽപാദനത്തിന്റെയോ വിൽപ്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ ഒരു യൂണിറ്റിന് (സാധനത്തിന്റെയോ സേവനത്തിന്റെയോ) വാങ്ങുന്ന ആളിൽ നിന്നും ലഭ്യമാക്കുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും , ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉള്ളതാണ് അടിസ്ഥാന വില. ഉൽപാദകൻ പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകൾ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

## കാഷ്വൽ ലേബർ
മറ്റുള്ളവരുടെ കൃഷി അല്ലെങ്കിൽ കൃഷി ഇതര സംരംഭങ്ങളിൽ (ഗാർഹിക, ഗാർഹിക-ഇതര)ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക് അതിലൂടെ ദിവസ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിശ്ചിത ഇടവേളകളിലോ തൊഴിൽ കരാറിന്റെ നിബന്ധനകൾക്കനുസൃതമായി വേതനം ലഭിച്ചു എങ്കിൽ, ഇത് ഒരു കാഷ്വൽ ലേബർ ആയി കണക്കാക്കപ്പെടുന്നു.

## നിലവിലെ ദൈനംദിന പ്രവർത്തന നില
(സി.ഡി.എസ്): റഫറൻസ് ആഴ്ചയിലെ ഓരോ ദിവസവും ഓരോ വ്യക്തിയുടെയും മുൻഗണനയും പ്രധാന പ്രവർത്തന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്ന പ്രവർത്തന നിലയുടെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ നിലവിലെ ദൈനംദിന പ്രവർത്തന നില (സി.ഡി.എസ്) നിർണ്ണയിക്കുന്നത്.

## ഉപഭോക്തൃവില സൂചിക (സിപിഐ)
ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വില്പന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

## നിലവിലെ പ്രതിവാര നില (സി.ഡബ്ല്യൂ.എസ്)
സർവേ തീയതിക്ക് മുമ്പുള്ള ഏഴു ദിവസത്തെ കാലയളവിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന പ്രവർത്തന നിലയെയാണ് ഒരു വ്യക്തിയുടെ നിലവിലെ പ്രതിവാര പ്രവർത്തന നില (സി.ഡബ്ല്യൂ.എസ്) എന്ന് കണക്കാക്കപ്പെടുന്നത്. ഒരു നിശ്ചിത മുൻഗണനാക്രമവും പ്രധാന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിക്കുന്നത്. മുൻഗണനാ മാനദണ്ഡമനുസരിച്ച്, ജോലി ചെയ്യുന്ന നിലയ്ക്ക്, ജോലി ചെയ്യുന്നില്ല, പക്ഷെ ജോലി അന്വേഷിക്കുന്നു അല്ലെങ്കിൽ ജോലി ലഭ്യമാണ് എന്ന നിലയേക്കാൾ മുൻഗണന ലഭിക്കുന്നു, ഇത് ജോലി ചെയ്യുന്നില്ല അല്ലെങ്കിൽ ജോലി ലഭ്യമല്ല എന്ന നിലയെക്കാൾ മുൻഗണന നൽകുന്നു.

## ജനസാന്ദ്രത
ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം എന്നിവയാണ് ഇതിന്റെ ഭൂമിശാസ്ത്രപരമായ യൂണിറ്റ്.

## മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ)
മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമ്മാണത്തിനും ഇറക്കുമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ട പരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനത്തിന്റെ ആകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്തം ദേശീയ വരുമാനം മുമ്പ് ദേശീയ കണക്കുകളിൽ ഉപയോഗിച്ചിരുന്ന മൊത്തം ദേശീയ ഉൽപ്പന്നത്തിന് (ജിഎൻപി) സമാനമാണെന്ന് ശ്രദ്ധിക്കുക)

## ശിശു മരണ നിരക്ക്
ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ (ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണം) കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

## വാർധക്യ ആശ്രയ നിരക്ക്
60-നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക്.

## സമത്വ സൂചിക
സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

## ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012
ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ചു പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

### തൊഴിൽ ശക്തി

ഒന്നുകിൽ ജോലി ചെയ്യുന്ന (അല്ലെങ്കിൽ തൊഴിൽ ഉള്ള) അല്ലെങ്കിൽ തൊഴിൽ അന്വേഷിക്കുന്ന അല്ലെങ്കിൽ ജോലിയ്ക്കായി ലഭ്യമായ വ്യക്തികൾ (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ ശക്തിയായി കണക്കാക്കപ്പെടുന്നു.

### തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.)

രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്.

### സാക്ഷരതാ നിരക്ക്

ആറു വയസിനും അതിന് മുകളിലും പ്രായമുള്ള ജനങ്ങളിൽ നിത്യ ജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും, ചെറിയ ലളിതമായ സ്റ്റേറ്റ്മെന്റുകൾ മനസിലാക്കാനും കഴിയുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

### ചില്ലറ വില്പന വില

ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

### മൊത്തവ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)

ഇടപാടിന്റെ ആദ്യഘട്ട തലത്തിൽ ബൾക്ക് (മൊത്ത) വിൽപ്പനയ്ക്കുള്ള ചരക്കുകളുടെ വിലയുടെ ശരാശരി മാറ്റങ്ങളെ അളക്കുന്നു.

### തൊഴിലാളി ജനസംഖ്യ നിരക്ക് (വർക്ക് പോപ്പുലേഷൻ റേഷ്യോ, (ഡബ്ല്യൂപിആർ))

മൊത്ത ജനസംഖ്യയുടെ തൊഴിലിലേർപ്പെട്ട വ്യക്തികളുടെ ശതമാനമായി ഡബ്ല്യൂപിആർ നിർവചിക്കപ്പെടുന്നു

# ചുരുക്കെഴുത്തുകൾ

**എഎവൈ:**
അന്ത്യോദയ അന്ന യോജന

**എഡിബി :**
ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്

**എ.എച്ച്.ഐ.ഡി.എഫ്:**
അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ടക്ചർ ഡെവലപ്മെന്റ് ഫണ്ട്

**എ.ഐ:**
ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ

**എ.ഐ.ഐ.ബി:**
ഏഷ്യൻ ഇൻഫ്രാസ്ടക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്

**എ.കെ.സി:**
അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റേഴ്സ്

**അമുൽ:**
ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്

**അനെർട്ട് :**
ഏജൻസി ഫോർ നോൺ-കണവെൻഷനൽ എനർജി ആന്റ് റൂറൽ ടെക്നോളജി

**എഎൻപി :**
അന്നപൂർണ്ണ സ്കീം

**ആപ്കോസ്:**
ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

**എ.പി.ഇ.ഡി.എ:**
അഗ്രിക്കൾച്ചറൽ ആന്റ് പ്രോസ്സ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി

**എപിഎൽ:**
എബൗ പോവർട്ടി ലൈൻ

**എആർഡി :**
ഓതറൈസ്ഡ് റീട്ടെൽ ഡിസ്ട്രിബ്യൂട്ടേഴ്സ്

**ആംസ്:**
അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം

**എ.എസ്.സി:**
അഗ്രോ സർവ്വീസ് സെന്റേഴ്സ്

**എ.എസ്.സി.എ.ഡി:**
അസിസ്റ്റന്റ്സ് ടു സേറ്റേറ്റ്സ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസസ്

**ആസിയാൻ:**
അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ്

**ബി.എം.സി:**
ബയോഡൈവേഴ്സിറ്റി മാനേജ്മന്റ് കമ്മിറ്റികൾ

**ബി.എം.ഡബ്ല്യു:**
ബയോമെഡിക്കൽ വേസ്റ്റ്

**ബി.ഒ.ഡി:**
ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ്

**ബി.ഒ.ക്യു.സി.എൽ:**
ബയോ ഫെർട്ടിലൈസർ ആന്റ് ഓർഗാനിക് മന്യൂവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി

**ബി.പി.എൽ:**
ബിലോ പോവെർട്ടി ലൈൻ (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ)

**സി.എ.എ.ക്യു.എം.എസ്:**
കണ്ടിന്യുവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകൾ

**സി.എ.ജി.ആർ:**
കോമ്പൗണ്ട് ആന്വൽ ഗ്രോത്ത് റേറ്റ്

**സി.എ.എം.പി.എ:**
കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് അതോറിറ്റി

**സി.എ.പി.ഇ:**
കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ

**കാപെക്സ് :**
കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**സി.ബി.ഡി:**
ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള കൺവെൻഷൻ

**സി.ബി.ഡബ്ല്യു.റ്റി.ഡി.എഫ്:**
കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ആൻഡ് ഡിസ്പോസൽ ഫെസിലിറ്റി

**സി–ഡാക്:**
സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ്

**സി.എച്ച്.സി:**
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**സി.എച്ച്.സി:**
കസ്റ്റം ഹയറിംഗ് സെന്റേഴ്സ്

**സി.എച്ച്.ഐ.എസ്:**
കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് സ്കീം

**കോട്പാ:**
സിഗരറ്റും മറ്റ് പുകയില ഉല്പന്നങ്ങളുടെയും നിയന്ത്രണം സംബന്ധിച്ച നിയമം

**സി.പി.സി:**
സെന്റർലൈസ്ഡ് പ്രോസസിംഗ് സെന്റർ

**സി.പി.സി:**
കോക്കോനട്ട് പ്രൊഡ്യൂസർ കമ്പനീസ്

**സി.പി.എഫ്:**
കോക്കോനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻസ്

**സി.പി.ഐ:**
കൺസ്യൂമർ പ്രൈസ് ഇൻഡക്സ്

**സി.പി.എസ്:**
കോക്കോനട്ട് പ്രൊഡ്യൂസർ സൊസൈറ്റീസ്

**സി.എസ്.ഒ:**
സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്

**സി.ഡബ്ല്യു.ആർ.ഡി.എം:**
സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മന്റ് ആൻഡ് മാനേജ്മന്റ്

**സി.ഇസഡ്.എം.പി:**
തീരദേശപരിപാലന പദ്ധതി

**ഡി.സി.എസ്:**
ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**ഡി.ഇ.എസ്:**
ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

**ഡി.ഒ.ഇ.സി.സി:**
ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ച്

**ഡി.പി.എൽ:**
വികസന നയ വായ്പ

**ഡി.ആർ.എഫ്.ഐ:**
ഡിസാസ്റ്റർ റിസ്ക് ഫൈനാൻസിംഗ് ആൻഡ് ഇൻഷുറൻസ്

**ഇ.ഡി.സി:**
പരിസ്ഥിതി വികസന സമിതികൾ

**ഇ.ഇ.എ:**
യൂറോപ്യൻ എൻവയോൺമെന്റ് ഏജൻസി

**ഇ.ഇ.ഇസഡ്:**
എക്സ്ക്ലൂസീവ് ഇക്കോണമിക് സോൺ

**ഇ.പി.ഐ:**
പരിസ്ഥിതി പ്രകടന സൂചിക

**ഇ.റ്റി.എസ്:**
ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ

**ഇ–പോസ്:**
ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ

**ഇ ആർ എസ് എസ്:**
എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം

**എഫ്.എ.ഒ:**
ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ

**എഫ് സി ഐ:**
ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

**എഫ് ഡി എ:**
വന വികസന ഏജൻസി

**എഫ്.എഫ്.ഇ.ഡബ്ല്യ.എസ്:**
ഫ്ലഡ് ഫോർകാസ്റ്റിംഗ് ആന്റ് ഏർളി വാണിംഗ് സിസ്റ്റം

**എഫ്.പി.എം.എസ്:**
ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് സ്കീം

**എഫ്.പി.ഒ:**
ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

**എഫ്.എസ്.ഐ:**
ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ

**എഫ്.എസ്.എസ്:**
ഫാർമേഴ്സ് സർവ്വീസ് സൊസൈറ്റീസ്

**എഫ്.ടി.എ:**
ഫ്രീ ട്രേഡ് എഗ്രിമെന്റ്

**ജി.ഡി.ഐ:**
ജെൻഡർ ഡെവലപ്മെന്റ് ഇൻഡക്സ്

**ജി.ഡി.പി:**
മൊത്തം ആഭ്യന്തര ഉൽപ്പാദനം

**ജി.എച്ച്.ജി:**
ഹരിത ഗൃഹ വാതകങ്ങൾ

**ജി.ഐ.എം:**
ഗ്രീൻ ഇന്ത്യ മിഷൻ

**ജി.ഐ.എസ്:**
ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം

**ജി.എൽ.സി:**
ഗ്രൗണ്ട് ലെവൽ ക്രെഡിറ്റ്

**ജി.എൻ.ഐ:**
മൊത്തം ദേശീയ വരുമാനം

**ജി.പി.എസ്:**
ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം

**ജി.എസ്.ഡി.പി:**
മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം

**ജി.എസ്.വി.എ:**
ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

**ജിവിഎ:**
ഗ്രോസ് വാല്യൂ ആഡഡ്

**ജി ഒ ഐ:**
ഗവൺമെന്റ് ഓഫ് ഇന്ത്യ

**എച്ച്.എ.സി.സി.പി:**
ഹസാഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ്

**എച്ച് ഡി സി കെ:**
ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ഹഡ്കോ:**
ഹൗസിംഗ് ആന്റ് അർബൻ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**എച്ച്.ഡബ്ല്യ.എ:**
മനുഷ്യ വന്യജീവി സംഘർഷം

**ഐ.ഐ.ഐ.റ്റി.എംകെ:**
ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

**ഐ.പി.സി.സി:**
ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയിഞ്ച്

**ഐ.പി.ബി.ഇ.എസ്:**
ഇന്റർ ഗവൺമെന്റൽ സയൻസ് - പോളിസി പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആന്റ് ഇക്കോസിസ്റ്റം സർവ്വീസസ്

**ഐ.ഡബ്ല്യ.ആർ.എം:**
ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്

**ജെ.ഐ.സി.എ:**
ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി

**ജെ.ജെ:**
ജുവനൈൽ ജസ്റ്റിസ്

**ജെ.ജെ.എസ്:**
ജന ജാഗ്രതാ സമിതി

**ജെ.എൻ.റ്റി.ബി.ജി.ആർ.ഐ:**
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എ.ഐ.സി.ഒ:**
കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എ.എൽ.എൻ.ഇ.റ്റി:**
കേരള അക്കാഡമിക് ലൈബ്രറി നെറ്റ് വർക്ക്

**കെ.എ.എം.സി.ഒ:**
കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ

**കെ.എ.ആർ.എസ്.എ.പി:**
കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ

**കെ.എ.എസ്.പി:**
കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

**കാവിൽ:**
കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്

**കെ.സി.സി:**
കിസാൻ ക്രെഡിറ്റ് കാർഡ്

**കെ. സി .ഇ. എം .എസ്:**
കേരള ക്യാപ്റ്റീവ് എലിഫെന്റ് മാനേജ്മെന്റ് സിസ്റ്റം

**കെ.സി.എം.എം.എഫ്:**
കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

**കെ.സി.ഇസഡ്.എം.എ:**
കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

**കെ.ഇ.എസ്.ആർ.യു:**
കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്

**കെ.എഫ്.എൽ:**
കേരള ഫീഡ്സ് ലിമിറ്റഡ്

**കെ.എഫ്. ആർ.ഐ:**
കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എഫ്.ഡബ്ല്യൂ.എഫ്.ബി:**
കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്

**കെ.ഐ.ഐ.എഫ്.ബി:**
കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

**കിൻഫ്ര:**
കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെഐറ്റിറ്റിഎസ്:**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

**കൈറ്റ്:**
കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

**കെ.കെ.എസ്:**
കാർഷിക കർമ്മ സേന

**കെ.എൽ.ഡി.ബി:**
കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

**കെ.എം.എം.എൽ:**
കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

**കെ–ഫോൺ:**
കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക്

**കെ.ആർ.ഡി.സി.എൽ:**
കേരള റെയിൽ വികസന കോർപ്പറേഷൻ

**കെ.ആർ.എഫ്.ബി:**
കേരള റോഡ് ഫണ്ട് ബോർഡ്

**കെ.എസ്.എ.എം.എം:**
കേരളാ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ

**കെ എസ് ബി ബി:**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കെ.എസ്.സി.എ.ഡി.സി:**
കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.ഇ.ബി.എൽ:**
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

**കെ.എസ്.ഇ.ആർ.സി:**
കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷൻ

**കെ.എസ്.ഐ.ഡി.സി:**
കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

**കെ.എസ്.ഐ.ഇ:**
കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

**കെ.എസ്.ഐ.എൻ.സി:**
കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.ഐ.എൽ:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.എം:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

**കെ.എസ്.എൽ.എം.എ:**
കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**കെ.എസ്.ഒ.എം:**
കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

**കെ. എസ് .പി .സി. ബി:**
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**കെ.എസ്.പി.ഡി.സി:**
കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.എൽ.എം.എ:**
കേരള സാക്ഷരത മിഷൻ അതോറിറ്റി

**കെ.സ്വിഫ്റ്റ് :**
വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം

**കെ.യു.എഫ്.ഒ.എസ്:**
കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

**കെ.വി.എ.എസ്.യു:**
കേരള വെറ്റിറിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

**എൽ.ബി.എച്ച്.എസ്:**
ലോക്കൽ ബയോ ഡൈവേഴ്സിറ്റി ഹെറിട്ടേജ് സൈറ്റ്സ്

**എൽ.എഫ് .പി.ആർ:**
ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക്

**എൽ.ജിഎസ്:**
ലോക്കൽ ഗവൺമെന്റുകൾ

**ലൈഫ് :**
ലൈവ് ലിഹുഡ് ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപവർമെന്റ്

**എൽപിജി:**
ദ്രവീകൃത പെട്രോളിയം ഗ്യാസ്

**എൽ.എസ്.ജി.ഡി:**
ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്

**എൽ.റ്റി.ആർ.സി.എഫ്:**
ലോങ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്

**എം.ബി.ജി.ഐ.പി.എസ്:**
മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻ സയൻസസ്

**എം.ഡി.ഡി.റ്റി:**
മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം

**എം.എഫ്.പി:**
ചെറുകിട വന ഉൽപ്പന്നങ്ങൾ

**എം.ജി.എൻ.ആർ.ഇ.ജി.എസ്:**
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

**എം.പി.സി:**
മോണിറ്ററി പോളിസി കമ്മിറ്റി

**എം.പി.ഐ:**
മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

**എം .എം.ആർ:**
മാതൃമരണ നിരക്ക്

**എം.എസ്.എം.ഇ:**
മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ്

**എം.റ്റി:**
മെട്രിക് ടൺ

**നബാർഡ്:**
ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്

**എൻ.എ.ബി.എൽ:**
നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്

**എൻ.എ.എഫ്.ഇ.ഡി:**
നാഷണൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

**എൻ.എ.എം.പി:**
നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എൻ.എ.പി സി.സി:**
കാലാവസ്ഥാ വ്യതിയാനത്തിനായുള്ള ദേശീയ കർമ്മ പദ്ധതി

**എൻ.എ.എസ്:**
നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ്

**നാറ്റ്പാക്:**
നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ

**എൻ.സി.ഡി.സി:**
നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ

**എൻ.ഡി.ഡി.ബി:**
നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്

**എൻ.ഡി.പി:**
അറ്റ ആഭ്യന്തരോൽപ്പന്നം

**എൻ.ഡി.പി.ആർ.ഇ. എം:**
പ്രവാസി പുനരധിവാസ പദ്ധതി

**എൻഡി.പി.എസ്:**
നർക്കോട്ടിക്ക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ്

**എൻഇറ്റിഎഫ്.ഐഎസ്എച്ച്:**
നെറ്റ്വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മന്റ് ആന്റ് സസ്റ്റൈനബിൾ ഫിഷിംഗ്

**എൻഎഫ്എച്ച്എസ്:**
ദേശീയ കുടുംബ ആരോഗ്യ സർവേ

**എൻഎഫ്എസ്എ:**
ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

**എൻഎച്ച്എഐ:**
നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ

**എൻഎച്ച്എം:**
ദേശീയ ആരോഗ്യ ദൗത്യം

**എൻഎൻഐ:**
അറ്റ ദേശീയ വരുമാനം

**നോർക്ക:**
പ്രവാസി കേരളകാര്യങ്ങൾ

**എൻ.പി.സി.എ:**
അക്വാട്ടിക് ഇക്കോസിസ്റ്റംസ് സംരക്ഷണത്തിനുള്ള ദേശീയ പദ്ധതി

**എൻപിഎസ്:**
മുൻഗണനേതര സബ്സിഡി

**എൻ.ആർ.സി.ബി:**
നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന

**എൻ.എസ്.ഒ:**
നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

**എൻ.എസ്.എസ്:**
നാഷണൽ സാമ്പിൾ സർവേ

**എൻഎസ്എസ്ഒ:**
നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ

**എൻ.റ്റി.എഫ്.പി:**
തടി ഇതര വന ഉൽപ്പന്നം

**എൻ.യു.എ.എൽ.എസ്:**
നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

**എൻ.യു.എൽ.എം:**
ദേശീയ നഗര ഉപജീവന ദൗത്യം

**എൻ.ഡബ്ല്യു.എം.പി:**
നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**ഒ.എഫ്.പി:**
ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം

**പി.എ.സി.എസ്:**
പ്രൈമറി അഗ്രികൾച്ചർ ക്രഡിറ്റ് സൊസൈറ്റീസ്

**പി.ബി.ആർ:**
പീപ്പിൾസ് ജൈവവൈവിധ്യ രജിസ്റ്റർ

**പി.ഡി.എസ്:**
പൊതു വിതരണ സമ്പ്രദായം

**പി.എഫ്.എം.എസ്:**
പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

**പി.എഫ്.ആർ:**
പ്രോഗ്രാം ഫോർ റിസൾട്ട്

**പി.എച്ച്.എച്ച്:**
മുൻഗണനാ കുടുംബം

**പി.എൽ.എഫ്.എസ്:**
ആനുകാലിക ലേബർ ഫോഴ്സ് സർവേ

**പി.എം.എഫ്.ബി.വൈ:**
പ്രധാനമന്ത്രി ഫസൽ ബീമ യോജന

**പി.പി.സി:**
പ്രൈമറി പ്രോസസ്സിംഗ് സെന്റേഴ്സ്

**പ്രൗഡ്:**
പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്

**പി.ആർ.ടി:**
പ്രൈമറി റെസ്പോൺസ് ടീംസ്

**പി.എസ്.എ:**
പ്രയോറിട്ടി സെക്ടർ അഡ്വാൻസ്

**പി.എസ്.യു:**
പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്

**ആർ.ബി.സി.എം.എ:**
റിവർ ബേസിൻ കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി

**ആർ.ബി.ഡി.സി.കെ:**
റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ആർ.സി.സി:**
പ്രാദേശിക കാൻസർ സെന്റർ

**ആർ.സി.ഇ.പി:**
റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ്

**ആർ.സി.എസ്:**
രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

**ആർ.കെ.ഡി.പി:**
കേരള പുനർനിർമ്മാണ വികസന പരിപാടി

**ആർ.കെ.ഐ:**
റീബിൽഡ് കേരള ഇനിഷിയേറ്റീവ്

**ആർ.ആർ.ടി:**
റാപിഡ് റെസ്പോൺസ് ടീംസ്

**ആർ.ടി:**
ഉത്തരവാദിത്ത ടൂറിസം

**റൂസ:**
രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ

**ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്:**
റീസ്ട്രക്ച്ചേർഡ് വെതർ ബെയ്സ്ഡ് ക്രോപ് ഇൻഷ്വറൻസ് സ്കീം

**എസ്.എ.സി.സി.**
സ്റ്റുഡന്റ് അഫയേഴ്സ് ആന്റ് കൗൺസിലിംഗ് സെന്റർ

**എസ്.എ.എഫ്:**
സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമൺ

**എസ്.എ.എം.പി:**
സംസ്ഥാന ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്.എ.പി.സി.സി:**
കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി

**എസ്.ഡി.ജി:**
സസ്റ്റെയിനബിൾ ഡവലപ്മെന്റ് ഗോൾ

**എസ്.എഫ്.എ.സി :**
സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർട്ടിയം

**എസ്എഫ്സി:**
സംസ്ഥാന ധനകാര്യ കമ്മീഷൻ

**ഷീ:**
സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ

**എസ്.എച്ച്.ജി സ്:**
സെൽഫ് ഹെൽപ് ഗ്രൂപ്പ്

**എസ്.എച്ച്.എം:**
സ്റ്റേറ്റ് ഹോർട്ടീക്കൾച്ചർ മിഷൻ

**എസ് ഐ–എം ഇ റ്റി:**
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി

**എസ്.ജെ.ഡി:**
സാമൂഹിക നീതി വകുപ്പ്

**എസ് എൽ ബി സി:**
സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

**എസ്.എൽ.ബി.പി:**
സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം

**എസ്എൽഇസി:**
സംസ്ഥാനതല എംപവേർഡ് കമ്മിറ്റി

**എസ്.എം.പി:**
സ്കിംഡ് മിൽക്ക് പൗഡർ

**എസ് ഒ എൻ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി ഇതര വരുമാനം

**എസ് ഒ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

**എസ്പിബി:**
സംസ്ഥാന ആസൂത്രണ ബോർഡ്

**എസ്.ആർ.ഐ.ബി.എസ്:**
ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്സ്

**സപ്ലൈകോ:**
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

**എസ്.ഡബ്ല്യൂ.എം.പി:**
സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്ഡബ്ല്യൂടിഡി:**
സംസ്ഥാന ജലഗതാഗത വകുപ്പ്

**ടിഡിഎസ്:**
ടാർജറ്റ്ഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

**ടി എസ് ജി:**
സാങ്കേതിക പിന്തുണ ഗ്രൂപ്പുകൾ

**ടി.ടി.ഡി.ഐ:**
ട്രാവൽ ആന്റ് ടൂറിസം ഡവലപ്മെന്റ് ഇൻഡക്സ്

**യുഎൻ ഡിഇഎസ്എ:**
യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആന്റ്സോഷ്യൽ അഫയേഴ്സ്

**യു.എൻ.ഇ.പി:**
യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം

**യു.പി.എ.എസ്.ഐ:**
യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ

**വി.എ.റ്റി:**
മൂല്യവർധിത നികുതി

**വി.ഡി.വി.കെ**
വൻ ധൻ വികാസ് കേന്ദ്ര

**വി.എഫ്.പി.സി.കെ:**
വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള

**വി.എസ്.എസ്:**
വനസംരക്ഷണ സമിതികൾ

**ഡബ്ല്യൂ.എച്ച് ഒ:**
ലോകാരോഗ്യ സംഘടന

**ഡബ്ല്യൂ.എം.ഒ:**
വേൾഡ് മിറ്റിയറോളജിക്കൽ ഓർഗനൈസേഷൻസ്

**ഡബ്ല്യൂ.പി.ഐ:**
മൊത്ത വില സൂചിക

**ഡബ്ല്യൂ.പി.ആർ:**
തൊഴിലാളി ജനസംഖ്യാ അനുപാതം

**ഡബ്ല്യൂ.ഡബ്ല്യൂ.എഫ്:**
വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്

**ഇസഡ്.എസ്.ഐ:**
സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ



കേരള സർക്കാർ

## സാമ്പത്തിക അവലോകനം 2022

### കേരള സംസ്ഥാന ആസൂത്രണ ബോർഡ്

രൂപകല്പന: സിഡിറ്റ്, www.cdit.org

അച്ചടി: സർക്കാർ മുദ്രാലയം